# സ്നേഹം
# സ്വാതന്ത്ര്യം
# പുതിയ മാനവികത

(Malayalam)

**Sampoorna Malayala Rajanakal Vol. 1**

# Sneham, Swathandhriam, Puthia Manavikatha

## Paulos Mar Gregorios

Compiled and Published by Joice Thottackad on behalf of Gregory of India Study Centre for the glory of God and for the benefit of humankind.

First Edition: November 24, 2006

Second Edition: September 2014

Distributors: **Sophia Books**, Thekkenada,Kottayam Ph: 91 - 481 - 3255054

Typesetting & Printing : Sophia Print House, Kottayam

**Rs. 400/-**

സമ്പൂർണ മലയാള രചനകൾ: വാല്യം 1

# സ്നേഹം
# സ്വാതന്ത്ര്യം
# പുതിയ മാനവികത

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

സോഫിയാ ബുക്സ്
കോട്ടയം

## ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

ലോകപ്രശസ്ത, ദാർശനികനും, ചിന്തകനും, വേദശാസ്ത്രജ്ഞനും ഗ്രന്ഥകാരനും. 1922 ഓഗസ്റ്റ് 9-ന് തൃപ്പൂണിത്തുറയിൽ ജനിച്ചു. പിതാവ്: പൈലി, മാതാവ്: ഏലി. 1937-ൽ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. അതുകഴിഞ്ഞ് പത്രലേഖകൻ (1937-'42), ട്രാൻസ്പോർട്ട് കമ്പനിയിൽ ഗുമസ്തൻ, പി. ആൻഡ് ടി. വകുപ്പിൽ ഗുമസ്തനും പോസ്റ്റ്മാസ്റ്ററും (1942-'47). അക്കാലത്ത് പി. ആൻഡ് ടി. യൂണിയൻ തിരുവിതാംകൂർ - കൊച്ചി അസ്സോസിയേറ്റ് സെക്രട്ടറി. പിന്നീട് എത്യോപ്യയിൽ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകൻ (1947-'50). അമേരിക്കൻ സർവ്വകലാശാലകളിൽ പഠിച്ച് ഉന്നതബിരുദങ്ങൾ നേടി (1950-'54). ആലുവാ ഫെലോഷിപ്പ് ഹൗസ് ബർസാർ ആയി പ്രവർത്തിച്ചു (1954-'56). എത്യോപ്യൻ ചക്രവർത്തി ഹെയ്ലി സെലാസിയുടെ പേഴ്സണൽ അസിസ്റ്റന്റും ഉപദേശകനും (1956-'59). 1959 ജനുവരിയിൽ ശെമ്മാശനായി. യേൽ സർവ്വകലാശാലയിലും ഓക്സ്ഫഡിലും ഉപരിപഠനം നടത്തി (1959-'61). 1961-ൽ വൈദികനായി. ക്രൈസ്തവസഭകളുടെ അഖില ലോക കൗൺസിലിന്റെ (W.C.C.) അസോസിയേറ്റ് ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു (1962-'67). സോവിയറ്റ് യൂണിയനിലേക്കു പോയ W.C.C.യുടെ ഡെലിഗേഷന്റെയും (1962), യുനെസ്കോ ഡെലിഗേഷന്റെയും (1967) നേതാവ്. 1967 മുതൽ 1996 വരെ ഓർത്തഡോക്സ് സെമിനാരിയുടെ പ്രിൻസിപ്പൽ. 1975-ൽ മെത്രാപ്പോലീത്തായായി. 1976 മുതൽ 1996 വരെ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ. ക്രൈസ്തവസഭകളുടെ ലോകകൗൺസിൽ (W.C.C.) പ്രസിഡന്റുമാരിലൊരാളായി പ്രവർത്തിച്ചു (1983-'91). ലോകസമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശവുമായി ആഗോളതലത്തിൽ സഞ്ചരിച്ചു. ഒട്ടധികം അന്താരാഷ്ട്ര സംഘടനകളുടെ നേതൃത്വം വഹിച്ചിരുന്നു. സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, ഓട്ടോ നുഷ്കെ പ്രൈസ് ഫോർ ദി പീസ് (ജർമ്മനി) തുടങ്ങി ഇരുപതോളം രാജ്യാന്തര അവാർഡുകളും ഒട്ടേറെ ബഹുമതികളും ലഭിച്ചിട്ടുണ്ട്. ഗ്രിഗറി ഓഫ് നിസ്സായെക്കുറിച്ചുള്ള ഗവേഷണപഠനത്തിന് 1975-ൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ്. കൂടാതെ റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാഡമി, ഹംഗറിയിലെ ബുഡാപ്പസ്റ്റ് ലൂതറൻ തിയോളജിക്കൽ അക്കാഡമി, ചെക്കോസ്ലോവാക്യയിലെ ജാൻഹസ് ഫാക്കൽറ്റി എന്നിവിടങ്ങളിൽ നിന്ന് ഓണററി ഡോക്ടറേറ്റ്. ജോയ് ഓഫ് ഫ്രീഡം, ഫ്രീഡം ഓഫ് മാൻ, കോസ്മിക്മാൻ, ഹ്യൂമൻ പ്രസൻസ്, എൻലൈറ്റൻമെന്റ് ഈസ്റ്റ് ആന്റ് വെസ്റ്റ്, സയൻസ് ഫോർ സെയിൻ സൊസൈറ്റീസ്, എ ലൈറ്റ് റ്റൂ ബ്രൈറ്റ്, എ ഹ്യൂമൻ ഗോഡ്, ലൗവ്സ് ഫ്രീഡം തുടങ്ങി 26 ഇംഗ്ലീഷ് ഗ്രന്ഥങ്ങളും 11 മലയാളഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടാത്ത മലയാളം, ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിലുള്ള പ്രബന്ധങ്ങൾ ആയിരത്തോളമുണ്ട്. 1996 നവംബർ 24-നു കാലംചെയ്തു. ഓർത്തഡോക്സ് സെമിനാരിചാപ്പലിൽ അന്ത്യവിശ്രമം കൊള്ളുന്നു.



“മറ്റുള്ളവരെക്കുറിച്ചു വിചാരമില്ല.
അവനവനെക്കുറിച്ചുള്ള ചിന്തയേയുള്ളു.
അങ്ങനെയായാൽ
ഇരുട്ടിന്റെ സന്തതിയായിപ്പോകും.”
ഒരിക്കൽ പൗലോസ് മാർ ഗ്രീഗോറിയോസ്
തിരുമേനി സ്നേഹപൂർവ്വമായ ശാസനയോടെ
എന്നോടു പറഞ്ഞതാണിത്.
ഈ വാക്കുകൾ നന്മ ചെയ്യുവാനുള്ള
പ്രചോദനം എന്നും തന്നുകൊണ്ടിരിക്കുന്നു.
സ്നേഹനിധിയായ തിരുമേനിയുടെ
ഓർമ്മയ്ക്കു മുമ്പിൽ ശിരസ്സു നമിച്ചുകൊണ്ട്
ഈ ഗ്രന്ഥം ആ തൃപ്പാദത്തിൽ
സമർപ്പിക്കുന്നു.

– ജോയ്സ് തോട്ടയ്ക്കാട്

# ദൈവതേജസ്സിന്റെ നറുനിലാവ്

പൊട്ടിത്തെറിക്കുകയും വഴക്കിടുകയും, എല്ലാ മതങ്ങളെയും മനുഷ്യ രാശിയെ മുഴുവനും, പ്രകൃതിയെയും സൃഷ്ടികളെ മുഴുവനും, സ്നേഹി ക്കുകയും ആദരിക്കുകയും, ആരെയും കൂസാതെ ജീവിക്കുകയും, അതേ സമയം ദൈവതിരുമുമ്പാകെ വിനയവാനായിരിക്കുകയും ചെയ്ത ഒരു അപൂർവ്വ മനുഷ്യൻ - ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്.

'അഹങ്കാരി'യെന്നും 'കർക്കശക്കാരനെ'ന്നും 'മനുഷ്യരോട് ദാക്ഷിണ്യം ഇല്ലാത്തവനെ'ന്നും പലരും അദ്ദേഹത്തെക്കുറിച്ച് ധരിച്ചു. യഥാർത്ഥത്തിൽ ആ മനുഷ്യൻ ആരാണ്? എന്താണ്?

1992 മുതൽ ഞങ്ങളീ അന്വേഷണത്തിലാണ്. അതിന്റെ ഫലമായി ഗ്രിഗോറിയൻ ദർശനങ്ങൾ സമാഹരിച്ച് 15 പുസ്തകങ്ങൾ പ്രസിദ്ധീക രിച്ചു.

*ദാർശനികന്റെ വിചാരലോകം (പഠനം),* മതം, മാർക്സിസം, മതനിര പേക്ഷത, *പ്രകാശത്തിലേക്ക് ഒരു തീർത്ഥയാത്ര (ജീവചരിത്രം), വിശ്വമാന വികതയുടെ വിശുദ്ധ പ്രവാചകൻ (പഠനം), ജ്ഞാനത്തിന്റെ ഗ്രിഗോറി യൻ പർവം (പഠനം), കുട്ടികളുടെ തിരുമേനി (ജീവചരിത്രം), ഗുരുമു ഖത്തു നിന്നും, രണ്ടാം ഭാഗം (പഠനം), ഡോ. പൗലോസ് മാർ ഗ്രിഗോറി യോസ് സംവദിക്കുന്നു (രണ്ടു പതിപ്പുകൾ), നന്മയുടെ നീർച്ചാലുകൾ (രണ്ടു പതിപ്പുകൾ), The Faith of Our Fathers, New Vision New Humanity (Study), The Mission of the Church, Gregorian Vision (Study), Worship in a Secular Age (Second & Third Editions), On Choosing the Good Portion.*

ധിഷണയുടെ സൂര്യവെളിച്ചം ആത്മാവിൽ സ്വീകരിച്ചു ലോക ചിന്ത യുടെ ഉന്നത സിംഹാസനങ്ങൾ കീഴടക്കിയ, വിശ്വമാനവികതയുടെ എക്കാലത്തെയും പ്രചാരകനും പ്രയോക്താവുമായിരുന്ന, പ്രവാചകസമാ നമായ ക്രാന്തദർശിത്വത്തോടെ, ഉറപ്പേറിയ ആശയങ്ങൾകൊണ്ടു ലോക ധൈഷണികവേദികളെ ഊർജ്ജവത്താക്കിയ, മനുഷ്യരാശിയുടെ മുഴു വൻ നന്മയ്ക്കായി സ്വന്തം ജീവിതം ഉഴിഞ്ഞുവച്ച ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് എന്ന മനുഷ്യന്റെ ജീവിതത്തെയും ദർശനത്തെയും വാക്കുകളിൽ ആവിഷ്ക്കരിക്കുവാനുള്ള ചെറിയ ചെറിയ ശ്രമങ്ങൾ...

ഈ ശ്രമങ്ങളിലൂടെ ഞങ്ങൾക്ക് ബോധ്യമായ ഒരു കാര്യം, മെത്രാ പ്പോലീത്തായുടെ ജീവിതത്തെയും വ്യക്തിത്വത്തെയും സമ്പൂർണമായി ഒരിക്കലും വാക്കുകളിൽ ആവിഷ്ക്കരിക്കുവാനാവില്ല എന്നതായിരുന്നു.

എങ്കിലും കിട്ടിയ അനുഭവങ്ങൾ, അറിവുകൾ, ഗ്രിഗോറിയൻ രചനകൾ... പങ്കുവയ്ക്കാൻ അടങ്ങാത്ത ആഗ്രഹം... ആ ആഗ്രഹത്തിൽ നിന്നും ഈ ഗ്രന്ഥവും പിറക്കുന്നു.

*    *    *    *    *

പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി നമ്മിൽ നിന്നും വാങ്ങിപ്പോയിട്ട് പതിനെട്ടു വർഷം തികയുന്നു. അദ്ദേഹത്തിന്റെ അഭാവം സൃഷ്ടിച്ച ശൂന്യത നമ്മുടെ ബൗദ്ധിക മേഖലയിലും ആത്മീയ മേഖലയിലും പരിഹരിക്കപ്പെടാതെ തന്നെ കിടക്കുന്നു.

ലോകത്തിനും, പ്രത്യേകിച്ച് ഭാരതത്തിനും മലങ്കരസഭയ്ക്കും ദൈവം നൽകിയ വലിയ ദാനമായിരുന്നു മാർ ഗ്രിഗോറിയോസ്. പക്ഷേ അങ്ങനെയൊരു മനുഷ്യന്റെ സമ്പൂർണ്ണമായൊരു ജീവചരിത്രം തയ്യാറാക്കുന്നതിനോ, വിവിധ ഭാഷകളിലായി അദ്ദേഹം രചിച്ച ആയിരത്തിലധികം വരുന്ന പ്രബന്ധങ്ങൾ മുഴുവൻ സമ്പാദനം ചെയ്യുവാനോ, പ്രസിദ്ധീകരിക്കുവാനോ നമുക്കിനിയും കഴിഞ്ഞിട്ടില്ല.

ഈ ഒരു സാഹചര്യത്തിലാണ് ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്ററും സോഫിയാ ബുക്സും ഈ രംഗത്ത് പ്രസക്തമായ ചില കാര്യങ്ങൾ ചെയ്യുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ദാർശനികൻ, ചിന്തകൻ, വേദശാസ്ത്രജ്ഞൻ തുടങ്ങി നിരവധി മേഖലകളിൽ വിശ്വവിശ്രുതനായ പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ മലയാള രചനകളെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുവാനുള്ള ഒരു എളിയ ശ്രമമാണീ ഗ്രന്ഥം.

ഗ്രിഗോറിയൻ രചനകൾ (ഇംഗ്ലീഷിലുള്ളവ) ഭൂരിഭാഗവും സമാഹരിക്കപ്പെട്ടിട്ടുണ്ട്. സമാഹരിച്ചവയിൽ തന്നെ വളരെ കുറച്ചു മാത്രമേ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളൂ. ഗ്രിഗോറിയൻ ദർശനങ്ങൾക്ക് പ്രസക്തിയേറുന്ന ഈ കാലഘട്ടത്തിൽ ആ രചനകൾ പ്രസിദ്ധീകരിച്ചു കാണുവാൻ അനേകർ ആഗ്രഹിക്കുന്നുണ്ട്. അതിനാൽ ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്റർ ആ ദൗത്യം ഏറ്റെടുക്കുകയാണുണ്ടായത്.

മെത്രാപ്പോലീത്തായുടെ വാമൊഴികൾ സമാഹരിക്കുവാനുള്ള ശ്രമങ്ങൾ 1992-ൽ മാത്രമേ ആരംഭിച്ചുള്ളു. ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്ററാണ് ഭാവിതലമുറകൾക്കു വേണ്ടി ഗ്രിഗോറിയൻ വാമൊഴികൾ സമാഹരിച്ച് സൂക്ഷിക്കുവാൻ ആദ്യമായി മുന്നിട്ടിറങ്ങിയത്. മെത്രാപ്പോലീത്തായെ നിഴൽ പോലെ പിൻതുടർന്ന് അനേകം പ്രസംഗങ്ങളും ക്ലാസ്സുകളും ഞങ്ങൾ സമാഹരിച്ചു (ഓർത്തഡോക്സ് സെമിനാരിയിലെ മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷനിൽ ഓഡിയോ കാസറ്റുകളിൽ - ഇപ്പോൾ സി.ഡി. യിലാക്കിയും - ഇവ സൂക്ഷിച്ചിരിക്കുന്നു).

മെത്രാപ്പോലീത്തായുടെ പ്രഭാഷണങ്ങളുടെ പ്രസക്തി മനസ്സിലാക്കിയ ഒറ്റപ്പെട്ട ചില വ്യക്തികൾ സമാഹരിച്ച ഏതാനും പ്രഭാഷണങ്ങളും ഞങ്ങൾ സമാഹരിച്ച പ്രഭാഷണങ്ങളുമാണ് ഈ ഗ്രന്ഥത്തിൽ 'ഗ്രിഗോറിയൻ വാമൊഴികൾ' എന്ന പേരിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഗ്രിഗോറിയൻ രചനകൾ മനുഷ്യരാശിയുടെ ആകെ സമ്പത്താണ് എന്ന തത്ത്വത്തിലൂന്നി കോപ്പിറൈറ്റ് പ്രശ്നങ്ങളെയൊന്നും കൂസാതെ അവ പ്രസിദ്ധീകരിക്കാൻ ഞങ്ങൾ മുമ്പ് പല തവണ ശ്രമിച്ചിട്ടുണ്ട്. അങ്ങനെയാണ് മെത്രാപ്പോലീത്തായുടെ "ദ് ഫെയ്ത്ത് ഓഫ് ഔവർ ഫാദേഴ്സ്" എന്ന ഇംഗ്ലീഷ് ഗ്രന്ഥവും (1996-ൽ) "മതം, മാർക്സിസം, മതനിരപേക്ഷത" എന്ന മലയാള ഗ്രന്ഥവും (1998-ൽ) പ്രസിദ്ധീകരിച്ചത്.

കാലം ചെയ്യുന്നതിന് ഏതാനും മാസങ്ങൾക്കു മുമ്പ് വളരെയേറെ ക്ഷീണിതനായിരുന്ന മെത്രാപ്പോലീത്താ, ഞങ്ങൾക്കൊരു അഭിമുഖ സംഭാഷണത്തിന് സമയം നൽകി. ആ അഭിമുഖത്തിൽ, മെത്രാപ്പോലീത്തായുടെ രചനകൾ പ്രസിദ്ധീകരിക്കുവാൻ ബന്ധപ്പെട്ടവർ ഉത്സാഹം കാണിക്കാത്തതിൽ ഞങ്ങൾ ഉൽക്കണ്ഠ പ്രകടിപ്പിച്ചപ്പോൾ 'എന്റെ രചനകൾ പ്രസിദ്ധീകരിക്കുവാൻ ഞാനിനി ഉത്സാഹിക്കുകയില്ലെന്നും അതിന്റെ മൂല്യം മനസ്സിലാക്കുന്ന ആരെങ്കിലും അത് എന്നെങ്കിലും പ്രസിദ്ധീകരിക്കട്ടെ' എന്നും മെത്രാപ്പോലീത്താ പറഞ്ഞു. ആ വാക്കുകൾ രണ്ടു കൈയും വിട്ടുള്ള ഇത്തരം സാഹസപ്രവൃത്തികൾക്ക് ഞങ്ങൾക്ക് എന്നും പ്രചോദനം നൽകിക്കൊണ്ടിരിക്കുന്നു.

ഭാഗ്യവശാൽ ഫാ. ഡോ. ജേക്കബ് കുര്യൻ ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പലായതിനെ തുടർന്ന്, പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ രചനകൾ പ്രസിദ്ധീകരിക്കുന്ന കാര്യത്തിൽ ഞങ്ങൾ കൊടുത്ത ഒരു പ്രൊപ്പോസൽ അതേപടി സെമിനാരി ഫാക്കൽറ്റിയും മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷനും അംഗീകരിക്കുകയും അതനുസരിച്ച് ഇപ്പോൾ സോഫിയാ ബുക്സ് പണം മുടക്കി മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷന്റെ പേരിൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു വരുകയും ചെയ്യുന്നു.

ഏലിയായ്ക്ക് കാക്ക മുഖാന്തിരം അപ്പവും ഇറച്ചിയും കൊടുത്ത ദൈവത്തിൽ (1 രാജാക്കന്മാർ 17:4-6) പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയ്ക്ക് അടിയുറച്ച വിശ്വാസമുണ്ടായിരുന്നു. ഞങ്ങളും ദൈവത്തിന്റെ അത്ഭുതകരമായ നടത്തിപ്പിനായി ഞങ്ങൾക്ക് ലഭിച്ച താലന്തുകളെ പ്രയോജനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. അസാധ്യമായവയെ സാധ്യമാക്കുന്ന ദൈവത്തിന്റെ അത്ഭുതകരമായ നടത്തിപ്പിനായി കാത്തിരിക്കുന്നു. ദൈവകാരുണ്യം ഞങ്ങളിലേക്കു പ്രവഹിക്കുന്ന ഈ നാളുക

ളിൽ തിരുമേനിയുടെ അനുഗ്രഹത്തോടെ ഈ ഗ്രന്ഥ പ്രസാധനം ഞങ്ങൾ നിർവഹിക്കുകയാണ്.

പൗലോസ് മാർ ഗ്രിഗോറിയോസ് എന്ന മനുഷ്യനെയും ചിന്തകനെയും അടുത്തറിയാനും ഗ്രിഗോറിയൻ വിചാരലോകത്തേക്ക് പ്രവേശിക്കാനും ഈ ഗ്രന്ഥം വഴികാട്ടിയാവുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. തിരുമേനിയുടെ ദർശനങ്ങൾ മനുഷ്യരാശിക്കു പരിചയപ്പെടുത്തുവാൻ വേണ്ടിയുള്ള ഞങ്ങളുടെ ശ്രമങ്ങളൊന്നും, തിരുമേനിയുടെ വാത്സല്യത്തിനും സ്നേഹത്തിനും പകരമാവില്ല എന്നറിഞ്ഞുകൊണ്ടു തന്നെ, ദൈവതേജസ്സിന്റെ നറുനിലാവായി സർവസൃഷ്ടികളിലേയ്ക്കും പ്രകാശത്തെ പകർന്നു നൽകിയ തിരുമേനി, തന്റെ രചനകളിലൂടെ പ്രശോഭിപ്പിച്ച വെളിച്ചത്തെ മലയാളികൾക്കായി സമർപ്പിക്കുന്നു.

ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച 'paulosmargregorios.in' എന്ന വെബ്സൈറ്റ് ഗ്രിഗോറിയൻ വിചാരലോകത്തേക്ക് വഴികാട്ടിയായി അനേകർക്ക് പ്രയോജനപ്പെടുന്നു എന്നതിൽ സന്തോഷിക്കുന്നു. ഈ സംരംഭത്തിൽ എന്നോടൊപ്പമുള്ള ശ്രീ. ജോൺ കുന്നത്തിനെയും; ഗ്രിഗോറിയൻ ദർശനങ്ങളെ മാനവരാശിക്ക് പരിചയപ്പെടുത്തുവാനുള്ള ഞങ്ങളുടെ പരിശ്രമങ്ങളെ സാമ്പത്തികസഹായം കൊണ്ടും പ്രോത്സാഹനം കൊണ്ടും സഹായിച്ചവരെയും, തിരുമേനിയെക്കുറിച്ചുള്ള പഠനത്തിലും അന്വേഷണത്തിലും 1992 മുതൽ എന്നോടൊപ്പമുള്ള എന്റെ ആത്മ സ്നേഹിതൻ ശ്രീ. ജോൺസൺ ജേക്കബിനെയും, ഞങ്ങളുടെ അഭ്യുദയകാംക്ഷികളായ മറ്റു സ്നേഹിതന്മാരെയും നന്ദിപൂർവ്വം ഓർക്കുന്നു. എന്നോടുള്ള സ്നേഹവാത്സല്യങ്ങളെപ്രതി തിരുമേനിയുടെ ഗ്രന്ഥങ്ങൾ മുൻകൂട്ടി പണം വാങ്ങാതെ അച്ചടിച്ചുതന്നു സഹായിക്കുന്ന കോട്ടയം റോയൽ പ്രസ്സിലെ ജോസ് സാറിനെ ഓർക്കാതെ വയ്യ. അദ്ദേഹത്തിന്റെ കാരുണ്യത്തിനു മുമ്പിൽ നമിക്കുന്നു.

ഈ ഗ്രന്ഥ പ്രസിദ്ധീകരണങ്ങൾ വരുത്തിവയ്ക്കുന്ന സാമ്പത്തിക ഭാരം ഓർത്ത് നടുങ്ങുമ്പോഴും, ഭാവിയിൽ ഗ്രിഗറി ഓഫ് ഇന്ത്യയുടെ ജീവിതവും ദർശനവും പഠിക്കുവാനാഗ്രഹിക്കുന്ന ഏതോ അജ്ഞാതരായ ഗവേഷകർക്ക്, ഈ ഗ്രന്ഥങ്ങൾ ഒരു വഴികാട്ടിയായി ഭവിക്കും എന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. അതാണ് എന്റെ ലാഭം. നന്ദി.

**ജോയ്സ് തോട്ടയ്ക്കാട്**

# ഉള്ളടക്കം

## പുസ്തകങ്ങൾ


1. സ്നേഹത്തിന്റെ സ്വാതന്ത്ര്യം: ഒരു മഹാ രഹസ്യം 13

2. യീഹൂദായുടെ സിംഹത്തോടൊപ്പം 178

3. സ്വാതന്ത്ര്യദീപ്തി 212

4. ദർശനത്തിന്റെ പൂക്കൾ

5. മതനിരപേക്ഷത - ഒരു സംവാദം 397

6. പാശ്ചാത്യ പ്രബുദ്ധതയും ആധുനികോത്തരതയും 439


## പ്രഭാഷണങ്ങൾ


1. ഗ്രിഗോറിയൻ വാമൊഴികൾ 480


## ലേഖനങ്ങൾ


ദളം 1.

മതം, മാർക്സിസം, പുതിയ മാനവികത 573

ദളം 2

കലയും വചനവും ഓർത്തഡോക്സ് ചിന്തയിൽ 610



# സ്നേഹത്തിന്റെ സ്വാതന്ത്ര്യം

## ഒരു മഹാ രഹസ്യം

**യാഥാർത്ഥ്യത്തിന്റെ ഹൃദയസ്ഥാനത്ത് ഒരു മഹാ രഹസ്യമായി,**
**പരിശുദ്ധാത്മാവിലുള്ള സർഗ്ഗാത്മക സ്വാതന്ത്ര്യത്തോടൊപ്പം**
**എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന സ്നേഹം.**
**ഒരു മനുഷ്യന്റെ ദർശനം**

## ഒരു ആദ്ധ്യാത്മിക ആത്മകഥ

**വിവർത്തനം**

**എം. കുര്യൻ**

---


**സ്നേഹത്തിന്റെ സ്വാതന്ത്ര്യം**

**(ഒരു ആദ്ധ്യാത്മിക ആത്മകഥ)**

**പൗലോസ് മാർ ഗ്രിഗോറിയോസ്**

മൂലകൃതി : ***Love's Freedom***
***A Grand Mystery***
A Spiritual Autobiography

വിവർത്തനം : എം. കുര്യൻ
ഒന്നാംപതിപ്പ് : 1999 നവംബർ 24

# ഉള്ളടക്കം


പ്രസാധകക്കുറിപ്പ്

1. യോഗ്യതാപത്രം: വ്യക്തിപരമായ കുമ്പസാരത്തിന് ഒരു ക്ഷമാപണം

2. കഷ്ടത: രഹസ്യത്തിലേക്കുള്ള താക്കോൽ: കൗമാരത്തിലെ വ്യഥകൾ

3. ഇന്ത്യയിൽ നിന്ന് എത്യോപ്യയിലേക്ക്: ദൈവത്തിന്റെ നിർണയാതീത വഴികൾ

4. ഹെയ്‌ലി സെലാസി പ്രഥമൻ : അന്ത്യംവരെ സ്നേഹധനനായ ധീരൻ. അന്ത്യത്തിൽ വഴി തെറ്റിയോ?

5. എത്യോപ്യാ II

6. അമേരിക്കയും പാശ്ചാത്യദേശങ്ങളും

7. എക്യുമെനിക്കൽ പ്രസ്ഥാനം : റോമും, കോൺസ്റ്റാന്റിനോപ്പിളും ശേഷം നമ്മളും

8. സോവിയറ്റ് യൂണിയൻ : കമ്മ്യൂണിസം, സോഷ്യലിസം, ലിബറലിസം, മറ്റ് ഇസങ്ങൾ

**അനുബന്ധം:**

1. എന്റെ ആത്യന്തിക ദർശനം

2. അന്ത്യസന്ദേശം

# പ്രസാധകക്കുറിപ്പ്

സമാരാധ്യനായ പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഇംഗ്ലീഷിൽ രചിച്ച അപൂർണ്ണമായ ആത്മകഥ അദ്ദേഹത്തിന്റെ ഒന്നാം ചരമവാർഷികത്തിൽ മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ചു. ആത്മകഥാപരമായ അദ്ദേഹത്തിന്റെ മറ്റുചില രചനകളും ചേർത്ത് പ്രസിദ്ധീകരിച്ച ആ പുസ്തകം (Love's Freedom: A Grand Mystery) ഇതിനോടകം ശ്രദ്ധേയമായിക്കഴിഞ്ഞു.

വായനക്കാരുടെ ഹൃദയങ്ങളെ ആർദ്രമാക്കുന്ന അദ്ദേഹത്തിന്റെ ബാല്യകാലജീവിതവും എത്യോപ്യയിലെ പ്രശസ്തമായ സേവനരംഗങ്ങളും മാത്രമേ മുഖ്യമായി എഴുതി പൂർത്തിയാക്കാൻ തിരുമേനിക്ക് കഴിഞ്ഞുള്ളു. സ്വന്തം കമ്പ്യൂട്ടറിൽ എഴുതിക്കൊണ്ടിരുന്ന ആ പുസ്തകത്തിന്റെ എല്ലാ അദ്ധ്യായങ്ങളുടെയും ശീർഷകങ്ങൾ നൽകിയിരുന്നു. എന്നാൽ 1993-ൽ ഓക്സ്ഫഡിൽ നിന്ന് ജർമ്മനിയിലേക്ക് പറന്ന വിമാനത്തിൽ വച്ച്, ഇടതുവശം തളർന്ന്, രോഗക്കിടക്കയിലേക്ക് വീണ തിരുമേനിക്ക് ബാക്കി അധികമൊന്നും എഴുതി പൂർത്തിയാക്കാൻ സാവകാശം ലഭിച്ചില്ല.

തന്റെ രോഗക്കിടക്കയെ ആത്മികവും ബൗദ്ധികവുമായ അന്വേഷണത്തിന്റെ ശരശയ്യയാക്കി മാറ്റിയ തിരുമേനിക്ക് വേദനകൾ ഒരിക്കലും അന്യമായിരുന്നില്ല. വിശ്വാസപൂർവ്വം ക്രിസ്തുവിൽ സമർപ്പിക്കപ്പെട്ട ആ വേദനകളാണ് തന്റെ ആത്മകഥയുടെ സംവേദനരഹസ്യം. ഇംഗ്ളീഷിൽ തന്റെ വാമൊഴിക്കുള്ള ഒഴുക്കുംവഴക്കവും എഴുതുമ്പോൾ ലഭിക്കാറില്ല എന്ന് തിരുമേനി പറയുമായിരുന്നു. എങ്കിലും സുഭഗമായ രചനയാണ് അദ്ദേഹത്തിന്റെ ആത്മകഥയെന്ന് വായനക്കാർ സാക്ഷിക്കുന്നു.

വിശുദ്ധനായ അസീസ്സിയിലെ ഫ്രാൻസിസ് മുതൽ "വിശ്വസഭാവേദിയിലെ വിശ്രുതനായിക" സാറാ ചാക്കോ വരെയുള്ള പല മഹൽവ്യക്തികളുടെ ജീവചരിത്രമെഴുതി കൃതഹസ്തനായ ശ്രീ എം. കുര്യനാണ് ഈ കൃതിയുടെ വിവർത്തനം നിർവ്വഹിച്ചിരിക്കുന്നത്. സാഹിത്യം, വേദശാസ്ത്രം, ജർണ്ണലിസം തുടങ്ങിയ മേഖലകളിലെല്ലാം കൈവന്ന വിപുലമായ പരിചയസമ്പത്ത് ഈ തർജ്ജമയിൽ അദ്ദേഹത്തിന് സഹായകമായി. സഭയുടെയും സമൂഹത്തിന്റെയും തീർത്ഥാടനപാതയിൽ തിരിച്ചറിവിന്റെ വെളിച്ചം വിതറുന്ന നിരവധി പ്രകാശസ്രോതസുകളെ ശ്രീ എം. കുര്യൻ നമുക്ക് പരിചയപ്പെടുത്തിയിട്ടുണ്ട്. ഈ വിവർത്തനവും ആ കുലീനയത്നത്തിന്റെ ഭാഗമാണ്.

ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവരോടും, പ്രത്യേകിച്ച്, ഈ ഗ്രന്ഥം സ്പോൺസർ ചെയ്ത ശ്രീ കെ. വി. തോമസിനോടും നന്ദിയും സ്നേഹവും രേഖപ്പെടുത്തിക്കൊണ്ട് സന്തോഷപൂർവ്വം ഞങ്ങൾ "സ്നേഹത്തിന്റെ സ്വാതന്ത്ര്യം" പ്രകാശിപ്പിച്ചുകൊള്ളുന്നു.

കോട്ടയം
24-10-1999

**പ്രസിഡണ്ട്**
**മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ**

# 1

# യോഗ്യതാപത്രം: വ്യക്തിപരമായ കുമ്പസാരത്തിന് ഒരു ക്ഷമാപണം

ഇത് എന്റെ കഥ. അത് എന്നിലും എന്റെ ചുറ്റിലുമായി വാസ്തവത്തിൽ എങ്ങനെ സംഭവിച്ചു എന്നു പറയാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചുപോകുന്നു. എനിക്ക് ഇപ്പോഴുള്ളതിനേക്കാൾ കൂർമമായ ഓർമ ശക്തി അതിനു വേണ്ടിവരും. അതുമാത്രം പോരാ. ഉദാഹരണത്തിന്, സ്വയം തുറന്നു പ്രകാശിപ്പിക്കാൻ ഭയമില്ലാത്ത ഒരുൽകൃഷ്ടമനസ്സ് അതിനാവശ്യമാണ്. കൂടുതൽ സത്യസന്ധതയോടെ ഉള്ളിലേക്കു നോക്കാൻ കഴിവുള്ള ഭദ്രമായ ഒരു വ്യക്തിത്വബോധം അതിനുവേണം. പൊങ്ങച്ചത്തിനോ വീമ്പിളക്കാനോ ഉള്ള ആവശ്യത്തിൽനിന്നു സ്വാതന്ത്ര്യം വേണം. അർഹമായ സ്ഥാനങ്ങൾക്കു പ്രശംസ അർപ്പിക്കാനും മറ്റുള്ളവരോടുള്ള അനേകമനേകം കടപ്പാട് വകവച്ചുകൊടുക്കാനും കഴിവുവേണം. സ്വന്തം നേട്ടങ്ങളെപ്പറ്റിയും പരാജയങ്ങളെപ്പറ്റിയും സംസാരിക്കുമ്പോൾ, നേട്ടങ്ങൾ വാനോളം പുകഴ്ത്താതെ സ്വന്തം സാധാരണത്വത്തെ തുറന്നുകാണാനുള്ള സന്നദ്ധതയും ആവശ്യമായിത്തീരും.

എന്റെ ഓർമ്മശക്തി അത്ഭുതാവഹമാംവിധം കൃത്യമാണെങ്കിൽ പോലും, സ്വന്തം കഥ പറയുമ്പോൾ വ്യാഖ്യാനങ്ങളെ വസ്തുതകളിൽ നിന്നു പരിച്ഛേദം ഒഴിച്ചുനിറുത്തുക അസാദ്ധ്യമാണെന്ന് എനിക്കു നന്നായി അറിയാം. മാത്രമല്ല, ഞാൻ ഓർക്കുന്ന കാര്യങ്ങൾപോലും പൂർണമായി വെളിപ്പെടുത്താൻ എനിക്കു ധൈര്യംപോരാ. എന്റെ കഥയിൽ എനിക്കു ലജ്ജ തോന്നുന്ന വളരെയേറെ കാര്യങ്ങളുണ്ട്. ചില കാര്യങ്ങൾ ഓർക്കുന്നതുപോലും എനിക്കു മനംപിരട്ടലുണ്ടാക്കും. ചില കാര്യങ്ങൾ എന്റെ ഓർമ്മയുടെ ഉപബോധതലത്തിൽ നിന്നും അബോധതലത്തിൽ നിന്നും കുഴിച്ചു പുറത്തെടുക്കാൻ എനിക്കു കരുത്തുപോരാ. എന്നെ സംബന്ധിക്കുന്ന മറ്റുചില സംഭവങ്ങൾ പുറത്താക്കുന്നത് മറ്റുചിലർക്ക് അപകീർത്തികരമായേക്കും.

അതുകൊണ്ട് ഞാൻ എന്തെഴുതിയാലും മറ്റുള്ളവരിൽ ഒരു മതിപ്പുളവാക്കണമെന്ന ആഗ്രഹം എന്റെ സാക്ഷ്യത്തെ കോട്ടിമാട്ടും. കയ്യടി എനിക്ക് ഇഷ്ടമാണ്. മിക്ക മനുഷ്യരെയുംപോലെ കുറ്റപ്പെടുത്തലും ശാസനയും എന്നെ വേദനിപ്പിക്കുന്നു. താറാവിന്റെ പുറത്തുനിന്നു വെള്ളത്തുള്ളികൾ തെറിച്ചുപോകുന്നതുപോലെ നിന്ദയും സ്തുതിയും ഒരുപോലെ എന്നെ സ്പർശിക്കാതെ തൊലിപ്പുറത്തുനിന്നും തെറിച്ചുപോകുന്നവിധത്തിലുള്ള ആത്മികനില ഞാൻ പ്രാപിച്ചിട്ടില്ല. മറ്റുള്ളവർ എനിക്കെതിരായി എന്തെങ്കിലും പറയുമ്പോൾ ഞാൻ അസന്തുഷ്ടനാകും. അനുകൂലമായ ഒരു

പുസ്തകാഭിപ്രായം എന്നെ എത്രയധികം സന്തുഷ്ടനാക്കുമെന്നോ!

ഇങ്ങനെയല്ല നടക്കേണ്ടതെന്ന് തത്വത്തിൽ എനിക്കറിയാം. എന്റെ ആത്മാഭിമാനം മറ്റു മനുഷ്യർ എന്നെപ്പറ്റി നടത്തുന്ന വിലയിരുത്തലിനെ ആശ്രയിച്ചായിരുന്നുകൂടാ. എന്റെ എല്ലാ പരാജയങ്ങളും തെറ്റുകളും കുറ്റങ്ങളും ഉണ്ടായിട്ടും ദൈവം എന്നെ സ്നേഹിക്കുന്നുവെന്ന ലളിതമായ വസ്തുതകൊണ്ടുതന്നെ ഞാൻ എന്നെ വിലമതിക്കണം, സ്നേഹിക്കണം. തത്വത്തിൽ ഇതെനിക്കറിയാം. പക്ഷെ പ്രയോഗത്തിൽ ആ സമചിത്തത പൂർണ്ണമായി നേടണമെങ്കിൽ ദൈവസ്നേഹത്തിൽ എന്റെ വേരുകൾ ആഴ്ന്നിറങ്ങണം. ദൈവത്തിന്റെ കരുതലും ആശ്രയിക്കാവുന്ന സ്നേഹവും എന്നെ ചുറ്റിപ്പൊതിയുന്നുവെന്നും അവിടെ ഞാൻ സുരക്ഷിതനാകുന്നുവെന്നുമുള്ള ബോധം വർദ്ധിക്കുന്നതോടെ മറ്റുള്ളവരുടെ സ്തുതിവാക്കുകളോ ആരോപണങ്ങളോ ശാസനകളോ പ്രശംസകളോ നിരാകരണമോ അംഗീകാരമോ എന്നെ ബാധിക്കാതെ കഴിക്കുന്നതിനുള്ള കഴിവ് എന്നിൽ വളരും. അങ്ങനെയുള്ള സുരക്ഷിതത്വബോധം ഇപ്പോൾ എന്നിൽ സാമാന്യം തരക്കേടില്ല എന്നല്ലാതെ പൂർണ്ണമാണെന്നോ അതിനടുത്തെ ഞാൻ എത്തുമെന്നോ പറഞ്ഞുകൂടാ.

അങ്ങനെയെങ്കിൽ എന്റെ ഈ വിചിത്രമായ 'ആദ്ധ്യാത്മിക ആത്മകഥ'യുടെ സാംഗത്യമെന്താണ്? എന്തിന് ആരെങ്കിലും ഇതു വായിക്കണം? എന്തിനാണു ഞാനിത് എഴുതുന്നത്?

ആദ്യത്തേത് ഒരു സ്വാർത്ഥചിന്തയാണ്. ഞാൻ ജീവിതത്തിൽ നിന്നു പഠിച്ച കാര്യങ്ങൾ എനിക്കുതന്നെ ഒന്നു കാണണം - അവയിൽ അധികപങ്കും ജീവിതത്തിൽ പ്രായോഗികമാക്കാൻ എനിക്കു കഴിഞ്ഞില്ലെന്നു വരുകിലും. ഒരു നവജാതശിശുവായി ഞാൻ ഈ ഭൂമിയിൽ എത്തിയിട്ട് ഏതാണ്ട് 71 സംവത്സരമാകുന്നു. ഏതാണ്ടു പൂർണ്ണമെന്നു പറയാവുന്ന ഈ ജീവിതത്തിൽ ഈ വർഷങ്ങളിലൂടെ ഞാൻ പല കാര്യങ്ങൾ പഠിച്ചു കാണണം. പല ഉൾക്കാഴ്ചകൾ കൈക്കലാക്കിയിരിക്കണം. അവയെ പങ്കിടുന്നപക്ഷം പലർക്കും അവ പ്രയോജനപ്രദമായേക്കും. സമൂഹത്തിലുള്ള എന്റെ പ്രതിച്ഛായയിലൂടെ എന്നെ അറിഞ്ഞിട്ടുള്ളവർ ഈ ഗ്രന്ഥത്തിൽ പറയുന്ന പല കാര്യങ്ങളിലും നിരാശരായേക്കാം. ഒരു പക്ഷെ അതങ്ങനെതന്നെ ഇരിക്കുന്നതാണു നല്ലത്. വ്യാജപ്രതിച്ഛായകൾ സ്ഥിരമായ നിലനില്പ് അർഹിക്കുന്നില്ല. ഞാൻ ജീവിതത്തിൽ നിന്നു പഠിച്ച കാര്യങ്ങളെപ്പറ്റി എനിക്കെന്തുപറയാൻ കഴിയുമെന്നു കാണണമെന്നുണ്ട്. അതു പറയുന്നതുതന്നെ എന്നെ സംബന്ധിച്ചിടത്തോളം പുതിയ ഒരു പഠനമായിരിക്കും. മറുവശത്താകട്ടെ, എന്റെ അനുഭവങ്ങൾ, ഞാൻ പറയുന്ന കാര്യങ്ങൾ ഇവിടെ ഉപന്യസിക്കുന്നതിനുള്ള എന്റെ സാക്ഷ്യപത്രമായി കരുതാം. മറ്റൊരിടത്ത്, തീർത്തും വിരസമല്ലാത്ത എന്റെ ജീവിതത്തിന്റെ ഒരു ഒഴുക്കൻ ബാഹ്യരേഖ കൊടുക്കാൻ ശ്രമിക്കുന്നുണ്ട്.

രണ്ടാമത്, എനിക്കും മറ്റുള്ളവർക്കും വേണ്ടി ചെയ്ത കാര്യങ്ങൾക്ക് ദൈവത്തോട് നന്ദി പറയണമെന്നുണ്ട്. മനുഷ്യരാശിയോടു ചേർന്ന് എനിക്ക് ദൈവത്തെ സ്തുതിക്കണം; ആദരിക്കണം. എന്റെ സ്തുതി

സ്തോത്രങ്ങളുടെ കീർത്തനങ്ങൾ വളരെ ചുരുക്കം മനുഷ്യർ മാത്രമേ കേൾക്കുകയുള്ളായിരിക്കാം. എന്നിലും എന്റെ വാക്കുകളിലും പ്രവൃത്തികളിലും നന്മയായിട്ടുള്ളതെല്ലാം പൂർണ്ണമായും ദൈവത്തിൽനിന്നു വന്നതാണെന്ന് എനിക്കു തുറന്നു സമ്മതിക്കണം. കാരണം സർവ്വനന്മയുടെയും സ്രോതസ്സ് അവിടുന്ന് ആകുന്നു. അതു ഞാൻ അംഗീകരിക്കുന്നു.

ദൈവാഭിമുഖ്യമുള്ള ഇത്തരം ഭാഷതന്നെ ചില വായനക്കാർക്ക് അരോചകമായിതോന്നിയേക്കാം. ചിലർക്ക് ഏതു ദൈവഭാഷയും (God - language) തത്വജ്ഞാനദൃഷ്ട്യാ സന്ദേഹാസ്പദമായും അതിരുകടന്ന ഭക്തി പ്രകടനമായും കപടഭക്തിപ്രകടനമായും തോന്നാം. ഇക്കാരണങ്ങളാൽ അതിന്റെ വിശ്വസനീയത അവർക്കു നഷ്ടപ്പെടുകയും ചെയ്യും.

രണ്ടു കാരണങ്ങളാൽ ഞാൻ അവരോടു പൊതുവേ യോജിക്കുന്നു. മനുഷ്യമതത്തിന്റെയും തത്വജ്ഞാനത്തിന്റെയും ചരിത്രത്തിൽ യുക്തിഭദ്രമോ കാല്പനികമായി കുറ്റമറ്റതോ ആയ ഒരു താത്വിക ദൈവവിശ്വാസം ഉള്ളതായി എനിക്കറിവില്ല. ക്രൈസ്തവരായ എന്റെ മിക്ക ദൈവശാസ്ത്രസഹപ്രവർത്തകരുടെയും തത്വജ്ഞാനപരമായ പച്ചപരമാർത്ഥതയിൽ നിന്ന് വളരെയേറെ കഷ്ടപ്പെട്ടിട്ടുള്ള ഒരാളാണു ഞാൻ. വിമർശനാത്മകമായ ആധുനികയുക്തിവിചാരത്തിന്റെ ലോകത്തിൽ ദൈവ - ഭാഷ തത്വജ്ഞാനദൃഷ്ട്യാ പ്രശ്നസങ്കുലമാണെന്ന് എനിക്കു നന്നായറിയാം.

മനുഷ്യചരിത്രത്തിൽ ദൈവ-ഭാഷ (God-talk) ഇത്രയേറെ അയഥാർത്ഥമായും അബദ്ധജടിലമായും കേൾക്കായ കാലഘട്ടം മുമ്പുണ്ടായിട്ടില്ലെന്നും എനിക്കു ബോധമുണ്ട്. മൗലികമായും പ്രവർത്തനരീതി പ്രകാരവും ദൈവത്തെ പ്രധാനമെന്നു നാം പരിഗണിക്കുന്ന സകലത്തിൽ നിന്നും - നമ്മുടെ ശാസ്ത്ര - സാങ്കേതിക രംഗത്തുനിന്നും, നമ്മുടെ സാഹിത്യത്തിൽ നിന്നും, കലാ - സംഗീതരംഗങ്ങളിൽ നിന്നും, പൗരധർമ്മരംഗത്തുനിന്നും, ഭരണവ്യവസ്ഥിതിയിൽ നിന്നും, നമ്മുടെ സാമൂഹ്യശാസ്ത്രങ്ങളിൽ നിന്നും, നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും, നമ്മുടെ ആരോഗ്യ (ശാസ്ത്രവും കലയും) വ്യവസ്ഥയിൽ നിന്നും - നാം നിർമാർജനം ചെയ്തിരിക്കുന്നു. ഇങ്ങനെ വിചിത്രമായ ആധുനിക മതേതര നാഗരികതയിൽ അവിശ്വസനീയമാംവിധം കൂടുതലായി നാം ദൈവത്തെപ്പറ്റി സംസാരിക്കാറുണ്ട്. നാം ദൈവത്തെ നമ്മുടെ ജീവിതത്തിൽനിന്നു തീർത്തും നിഷ്കാസനം ചെയ്തിട്ടില്ലെന്നു നമ്മെത്തന്നെ ബോധ്യപ്പെടുത്താൻ വെപ്രാളംപിടിച്ചരീതിയിൽ കഠിനയത്നം ചെയ്യുന്നതുപോലെ.

ഒരുപക്ഷേ, ദൈവത്തെ പരാമർശിക്കാതെ തന്നെ അതേ കാര്യങ്ങൾ പറയാനും എനിക്കു കഴിഞ്ഞേക്കും. എന്നാൽ പണ്ഡിതലോകത്തിലോ ഉൽകൃഷ്ട സദസ്സുകളിലോ ദൈവത്തെപ്പറ്റി പറഞ്ഞുകൂടാ എന്ന വിലക്ക് ഉല്ലംഘിക്കാൻ ഉള്ളിൽ നിന്നൊരു പ്രേരണ എന്നെ ഹേമിക്കുന്നു. ദൈവനാമം വൃഥാ ഉപയോഗിക്കാൻ എനിക്കാഗ്രഹമില്ല. അതിനെ ദുരുപയോഗപ്പെടുത്തി രാഷ്ട്രീയനേട്ടം കൊയ്യുവാനും ഞാൻ ഉദ്ദേശിക്കുന്നില്ല. അതേസമയം ധിക്കാരം മുറ്റിയ മതനിരപേക്ഷസംസ്ക്കാരത്തിന്റെ ഭീഷണിക്കു വഴങ്ങാനും എനിക്കാഗ്രഹമില്ല. മനുഷ്യജീവി സ്വയം ഉത്ഭൂതമായി നില

നില്ക്കുന്നതാണെന്നും അല്ലെങ്കിൽ പ്രകൃതിസഹജമായ പരിണാമത്തിന്റെ ഫലമായി ഒരു അത്യാഹിതമെന്നോണം സംഭവിച്ചതാണെന്നും ആ നിലയ്ക്ക് ദൈവത്തോട് മനുഷ്യന് ഒരു കടപ്പാടുമില്ലെന്നുമുള്ള ഒരു സിദ്ധാന്തമാണ് ആ മതനിരപേക്ഷസംസ്ക്കാരം എന്റെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത്. ആ സിദ്ധാന്തത്തെ പിന്താങ്ങുന്നതായി യാതൊരു തെളിവുമില്ല. ശാസ്ത്രത്തിന് ഒരു ദൈവസങ്കല്പം (God hypothesis) ആവശ്യമില്ലെന്നു പറയുമ്പോൾ ലാപ്ലെയ്സ് ധിക്കാരിയായ ഒരു കൗമാരപ്രായക്കാരനെപ്പോലെ സംസാരിക്കുന്നതായി ഞാൻ കണ്ടിട്ടുള്ള തെളിവുകൾ എന്നെ ബോദ്ധ്യപ്പെടുത്തുന്നു. എന്റെ ദൈവ – സിദ്ധാന്തം (God - concept) മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻ എനിക്കു ലവലേശം ആഗ്രഹമില്ല. അതേസമയം ദൈവം നിലവിലുണ്ട് എന്നതിനു അവിതർക്കിതമായ തെളിവു നല്കാൻ ശാസ്ത്രത്തിനു കഴിവില്ലെന്ന കാരണത്താൽ സർവ്വജീവന്റെയും സ്രോതസ്സും അടിസ്ഥാനവും വഴികാട്ടിയുമായവനെ സ്തുതിക്കുന്നതിൽ നിന്ന് ഒഴിഞ്ഞിരിക്കാൻ എനിക്കു നിർവാഹമില്ലെന്നുകൂടി പറഞ്ഞുവയ്ക്കട്ടെ.

മൂന്നാമത്തെ കാരണവും, കുറഞ്ഞപക്ഷം എന്നെ സംബന്ധിച്ചെങ്കിലും, ശ്രദ്ധേയംതന്നെ. മൂന്നോ നാലോ പുസ്തകങ്ങൾ എന്റെ മസ്തിഷ്ക്കത്തിലുണ്ട്. തൃപ്തികരമായ രീതിയിൽ അവ പൂർത്തിയാക്കാൻ ഇനി സമയം കിട്ടുമെന്നു തോന്നുന്നില്ല. നാലു ഭൂഖണ്ഡങ്ങളിലും അനേകം സംസ്ക്കാരങ്ങളിലുമായി നീണ്ടുകിടക്കുന്ന സുദീർഘജീവിതത്തിൽ ഞാൻ കണ്ടുമുട്ടിയ ആശയങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും ചിലതു പ്രത്യവലോകനം ചെയ്യുന്ന അവസരമായിക്കൂടി ഞാൻ ഈ ഗ്രന്ഥത്തെ ഉപയോഗിക്കാം. എന്റെ ജീവിതകഥ രചിക്കാൻ പല ആളുകളും എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് വായനക്കാരുടെ അനുവാദത്തോടുകൂടി, എന്റെ ജീവിതകഥ ജീവിതസായാഹ്നത്തിൽ മനസ്സിൽ തിങ്ങിക്കൂടുന്ന അനേകം ആശയങ്ങളെ സ്പർശിക്കാനുള്ള ചട്ടക്കൂടായി ഞാൻ ഉപയോഗിക്കട്ടെ.

എന്റെ വായനക്കാരെ ഞാൻ മുഷിപ്പിക്കുകയല്ലെങ്കിൽ, എന്റെ ജീവിതകഥയുടെ രത്നച്ചുരുക്കം ഏതാനും ഖണ്ഡികകളിൽ അവതരിപ്പിക്കാൻ എന്നെ അനുവദിച്ചാലും. എന്റെ ജീവിതത്തിന്റെ ആകമാനചട്ടക്കൂട് ഓരോ സംഭവത്തെയും ശരിയായ വീക്ഷണകോണത്തിൽ പ്രതിഷ്ഠിക്കാൻ ഒരു പക്ഷേ ഉതകിയേക്കാം. എന്റെ ജീവിതം ലോകവ്യാപകവും ഭൂഖണ്ഡാന്തരവ്യാപ്തവും വിവിധ സംസ്ക്കാരങ്ങളെ സ്പർശിക്കുന്നതുമായിപ്പോയി.

## II. എന്റെ ജീവിതത്തിന്റെ ഒരു ലഘു രേഖാചിത്രം

രണ്ടു ഘട്ടങ്ങളിലായി (1947–'50, 1956–'59) ഞാൻ ആറിൽപരം വർഷം ആഫ്രിക്കയിൽ ജീവിച്ചു. അതിൽ അധികപങ്കും എത്യോപ്യയിലായിരുന്നു. ആ ഭൂഖണ്ഡത്തിൽ ഒരു ഡസനിലേറെ മറ്റു രാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്തു. ഏഴു വർഷക്കാലം ഞാൻ അമേരിക്കൻ ഭൂഖണ്ഡത്തിൽ ചെലവഴിച്ചു (1950–'54, 1959–'60 എന്നിങ്ങനെ രണ്ടു ഘട്ടങ്ങളിലായി കാനഡ, മെക്സിക്കോ, ബ്രസീൽ, അർജന്റീന, ചിലി, പെറു, ക്യൂബ, ജമൈക്ക

എന്നീ രാജ്യങ്ങളും ലാറ്റിൻ അമേരിക്കയും കരീബിയൻ പ്രദേശങ്ങളും സന്ദർശിച്ചിട്ടുമുണ്ട്). ഏഴെട്ടു വർഷം ഞാൻ യൂറോപ്പിൽ ജീവിച്ചു (അതിൽ അധികപങ്കും 1962–'67 സ്വിറ്റ്സർലന്റിൽ, 1960–61–ൽ ഇംഗ്ലണ്ടിൽ, 1972–ൽ ജർമ്മനി). ഇതിനിടയിൽ പലപ്രാവശ്യം പൂർവ്വയൂറോപ്പിലെയും പശ്ചിമ യൂറോപ്പിലെയും മിക്കവാറും മറ്റെല്ലാ രാജ്യങ്ങളും സന്ദർശിക്കുകയുണ്ടായി. 1962 നും 1992 നും ഇടയിൽ കുറഞ്ഞപക്ഷം 45 പ്രാവശ്യം ഞാൻ സോവിയറ്റുയൂണിയൻ സന്ദർശിച്ചിട്ടുണ്ട്.

ജീവിതത്തിന്റെ ശേഷംഭാഗം ഞാൻ ഏഷ്യയിലാണു ചെലവഴിച്ചത്. അതിൽ ആദ്യത്തെ 25 വർഷം ഇന്ത്യയിൽ തന്നെയായിരുന്നു. ചൈന, ജപ്പാൻ, കൊറിയ, മംഗോളിയ, സോവിയറ്റ് വിദൂര കിഴക്കൻ ഭാഗം, തായ്‌ലണ്ട്, ഫിലിപ്പിൻസ്, ഇൻഡോനേഷ്യ, ബർമ, ശ്രീലങ്ക എന്നീ രാജ്യങ്ങൾ ഞാൻ സന്ദർശിച്ചു. അവയിൽ ചില രാജ്യങ്ങളിൽ പല പ്രാവശ്യം പര്യടനം നടത്തി. പശ്ചിമേഷ്യയിലെ മിക്ക രാജ്യങ്ങളും ഞാൻ സന്ദർശിച്ചു. ആസ്ട്രേലിയയും ന്യൂസിലന്റും ഞാൻ വിട്ടുകളഞ്ഞില്ല. ഇതെല്ലാം മനുഷ്യരാശിയെപ്പറ്റിയും അതിന്റെ ബഹുവർണ്ണ സംസ്ക്കാരത്തെപ്പറ്റിയും എനിക്ക് ഏതാണ്ടൊരു ജ്ഞാനം നൽകി.

**ഭാഷകൾ**

ഞാൻ ധാരാളം വായിച്ചു. അതിലേറെ കേൾക്കുകയും ചെയ്തു. പല വിഭാഗത്തിലുള്ള ആളുകളെപ്പറ്റി വായിക്കുന്നതിനും കേട്ടറിയുന്നതിനും ഭാഷകൾ സഹായിക്കുന്നു. ഏതെങ്കിലും ഭാഷ പൂർണ്ണമായി വശമാക്കിയെന്നു പറഞ്ഞുകൂടാ. ഇംഗ്ലീഷ് ഭാഷ സാമാന്യം നന്നായി ഉപയോഗിക്കാൻ എനിക്കു കഴിയും (അതെന്റെ മാതൃഭാഷയല്ല. പക്ഷെ ആ ഭാഷയാണ് ഏറ്റവുമധികം അനർഗളമായി എനിക്ക് ഉപയോഗിക്കാൻ സാധിക്കുന്നത്). യഥാർത്ഥത്തിൽ സാഹിത്യ രചനയ്ക്കു കഴിവുണ്ടെന്ന് ഞാൻ അവകാശപ്പെടുന്നില്ല; മറ്റുള്ളവരിൽ അങ്ങനെയുള്ള കഴിവ് കണ്ടാൽ അഭിനന്ദിക്കുന്നു, ചിലപ്പോഴൊക്കെ  അസൂയപ്പെടാറുമുണ്ട്. ഏതാണ്ട് 15 ഗ്രന്ഥങ്ങൾ ഞാൻ ഇംഗ്ലീഷിൽ രചിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നതു മറ്റൊരു കാര്യം.

എനിക്കിപ്പോഴും മാതൃഭാഷയായ മലയാളം സുഗമമായി ഉപയോഗിക്കാൻ കഴിയും. വളരെനാൾ ഉപയോഗിക്കാതിരുന്നതിന്റെ ദൗർബല്യം ഉണ്ടെന്നുവരികിലും. ആ ഭാഷയിൽ സാഹിത്യ രചനയോ പത്രപ്രവർത്തനരചനയോ ധാരാളം ഞാൻ ചെയ്യാറുണ്ട്. ധാരാളം പ്രഭാഷണങ്ങൾ ആ ഭാഷയിൽ ചെയ്യേണ്ടതായും വരുന്നു.

ഒരിക്കൽ (43 വർഷം മുമ്പ് ) ഞാൻ അന്ന് ഔദ്യോഗിക എത്യോപ്യൻ ഭാഷയായിരുന്ന അംഹാരിക്ക് ഉപയോഗിക്കുന്നതിൽ നൈപുണ്യം നേടി. അംഹാരിക്ക് സംസാരിക്കുന്ന എത്യോപ്യൻ വിദ്യാർത്ഥികളെ (12 –ാം ഗ്രേഡിലുള്ളവർ) ആ ഭാഷ പഠിപ്പിക്കേണ്ടിയിരുന്നതിനാലാണ് 18 മാസം കൊണ്ട് ഞാൻ ഭാഷ വശമാക്കിയശേഷം പഠിപ്പിക്കാൻ തയാറായത്. കഴിഞ്ഞ എതാണ്ടു 34 വർഷങ്ങളിൽ ആ ഭാഷ കൈകാര്യം ചെയ്യാൻ

അവസരമുണ്ടായിട്ടില്ല. കാരണം, 1959 ൽ ഞാൻ എത്യോപ്യൻ സിവിൽ സർവ്വീസ് വിട്ടു.

അങ്ങനെ ഒരു യൂറോ – അമേരിക്കൻ ഭാഷയും ഒരു ഏഷ്യൻ ഭാഷയും ഒരു ആഫ്രിക്കൻ ഭാഷയും ഞാൻ വശമാക്കേണ്ടി വന്നു. വിവിധ സംസ്ക്കാരങ്ങൾ മനസ്സിലാക്കുന്നതിൽ ഇതെല്ലാം എനിക്ക് ഉതകി എന്നു പറയാം.

ഒരു ഡസനിലേറെ മറ്റു ഭാഷകളിലും ഞാൻ കൈവച്ചിട്ടുണ്ട്. പക്ഷേ ആ ഭാഷകൾ എനിക്കു നന്നായി അറിയാമെന്നു പറഞ്ഞുകൂടാ. ഫ്രഞ്ചു വായിക്കാനും ഗ്രഹിക്കാനും എനിക്കാവും. പക്ഷേ എഴുതാൻ കഴിവില്ല. വിഷമിച്ചു സംസാരിക്കാം. ജർമൻ ഭാഷയുടെ കാര്യത്തിലും ഇതൊക്കെ വാസ്തവം; ഫ്രഞ്ചു ഭാഷയിലെയത്രപോലും പദങ്ങൾ എനിക്കറിഞ്ഞുകൂടാ. ഭാരതീയ ഭാഷകളായ ഹിന്ദിയും തമിഴും കുറച്ചൊക്കെ ഉപയോഗിക്കാൻ കഴിയും. പലതരം ഗ്രീക്കു ഭാഷയിലും എനിക്ക് കുറേ അറിവുണ്ട്. ബൈബിൾ രചിച്ചിട്ടുള്ള കൊയിനെ ഗ്രീക്ക്, ക്ലാസ്സിക്കൽ ഗ്രീക്ക്, പട്രിസ്റ്റിക് ഗ്രീക്ക് എന്നിവയും ആധുനിക യവന ഭാഷ (ഡമോട്ടിക്കി ഗ്രീക്ക്) പോലും അക്കൂട്ടത്തിൽ പെടും. ഇന്ത്യൻ ക്ലാസ്സിക്കൽ ഭാഷയായ സംസ്കൃതവും യൂറോപ്യൻ ക്ലാസിക്കൽ ഭാഷയായ ലത്തീനും എനിക്കു കുറെയെല്ലാം അറിയാം. സ്പാനിഷ്, ഇറ്റാലിയൻ, പോർട്ടുഗീസ് ഭാഷകൾ ക്ലേശിച്ചു വായിക്കാം. റഷ്യൻ, അറബി, എത്യോപ്യയിലെ ക്ലാസിക്കൽ ഭാഷയായ ഗീസ് എന്നിവയും പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്. വേണ്ടത്ര ഫലിച്ചുവെന്നു പറഞ്ഞുകൂടാ.

ബിബ്ലിക്കൽ ഹീബ്രു, അരമായ സുറിയാനി എന്നീ ഭാഷകളും മറ്റു ചില സെമിറ്റിക് ഭാഷകളും വായിക്കാൻ വേണ്ടത്ര അറിവു ഞാൻ നേടി. ഇതെല്ലാം എനിക്ക് സെമിറ്റിക് സംസ്ക്കാരത്തിന്റെ ചില വശങ്ങളെപ്പറ്റി ചില ഉൾക്കാഴ്ചകൾ നല്കി. ഞാൻ അമേരിക്കയിലെ ഒക്‌ലഹോമ യൂണിവേഴ്സിറ്റിയിൽ വച്ച് 1950 വേനൽക്കാലത്ത് ആറാഴ്ചകൊണ്ട് പഠിച്ച മറ്റൊരു ഭാഷയെപ്പറ്റിക്കൂടി പരാമർശിക്കേണ്ടിയിരിക്കുന്നു. ഒക്‌ലഹോമയിലെ ഒരു ചെറിയ അമേരിക്കൻ ആദിവാസി ഗോത്രത്തിന്റെ ഭാഷയാണ് 'കയാവ'. അത് ലിഖിത ഭാഷയല്ല. മിസിസ്സ് ഹെലൻ സ്പോട്ടഡ് ഹോഴ്സ് എന്ന ആദിവാസി വനിതയിൽ നിന്നാണ് ഞാൻ ആ ഭാഷ പഠിച്ചത്.

ഇത്രയുമാണ് ഭാഷകളുടെ കാര്യം. ആകെ എത്ര ഭാഷ വരുമെന്ന് എനിക്കറിഞ്ഞു കൂടാ. അമേരിക്കൻ ബൈബിൾ സൊസൈറ്റിയിലെ ഡോ. യൂജീൻ നിഡാ എന്ന എന്റെ സുഹൃത്തിന്റെ കഴിവ് എനിക്കു കിട്ടിയിരുന്നുവെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കാറുണ്ട്. 120–ൽ പരം ഭാഷകളുടെ ഘടന അപഗ്രഥിക്കാൻ അദ്ദേഹത്തിനു കഴിയും പോൽ!

ഭാഷകളിൽ എനിക്കുള്ള പരിമിതമായ അറിവുതന്നെ, മറ്റു സംസ്ക്കാരങ്ങളും ജനങ്ങളുടെ മനോഭാവങ്ങളും ഗ്രഹിക്കാൻ എനിക്കു സഹായമായി എന്നു തുറന്നു പറയട്ടെ. എന്റെ വിദേശയാത്രകളിൽ മറ്റു സംസ്ക്കാരങ്ങളിൽ മുങ്ങിക്കുളിച്ചതിന്റെ തീവ്രത ആ പ്രദേശങ്ങളിലെ ഇന്ത്യൻ സമൂഹത്തിൽ നിന്നു ഞാൻ എത്രമാത്രം അകന്നു കഴിഞ്ഞുവെന്നതിന് ആനു

പാതികമാണെന്നു പറയാം. ഈ വിധത്തിലുള്ള അകൽച്ച എന്റെ പൊങ്ങച്ചമായോ ഗർവ്വായോ എന്റെ നാട്ടുകാർ ചിലപ്പോൾ തെറ്റിദ്ധരിക്കാൻപോലും ഇടയാക്കിയിട്ടുണ്ട്. മറ്റു സംസ്ക്കാരങ്ങൾ മനസ്സിലാക്കാനുള്ള എന്റെ പ്രയത്നത്തിൽ, ആ പ്രദേശങ്ങളിലെ എന്റെ നാട്ടുകാരുമായി വിനോദങ്ങളിലേർപ്പെടുന്നതിനോ, വെടിപറയുന്നതിനോ, വൃഥാ സല്ലാപങ്ങളിലേർപ്പെടുന്നതിനോ സമയം അനുവദിച്ചില്ല എന്നതാണു വാസ്തവം.

### പല ജോലികൾ

ഞാൻ ധാരാളം കാണുകയും കേൾക്കുകയും ചെയ്തുവെന്നതു വാസ്തവം. എനിക്കു ലഭിച്ച മറ്റൊരാനുകൂല്യം അനേകം ജോലികൾ ചെയ്യാൻ എനിക്കിടയായി എന്നതാണ്. ഇതിൽ അധികപങ്കും വ്യക്തിപരമായി ഞാൻ തെരഞ്ഞെടുത്തതല്ല. പ്രധാനപ്പെട്ട ചില ജോലികൾ ഇവിടെ കുറിക്കാം. എന്റെ സെക്കന്ററി വിദ്യാഭ്യാസം മുഴുവൻതന്നെ, എന്റെ സ്വദേശമായ തൃപ്പൂണിത്തുറയിലെ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിലായിരുന്നു. 1937 മാർച്ചിൽ ഞാൻ പരീക്ഷ പാസ്സായി. അന്നെനിക്ക് 15 വയസ്സ് തികഞ്ഞിട്ടില്ല. ഞാൻ 1922 ആഗസ്റ്റ് 9-ാം തീയതി ജനിച്ചതായാണ് എന്റെ ഓർമ. രേഖകൾ പറയുന്നത് കൊല്ലവർഷം 1097 കർക്കിടകം 25-ാം തീയതിയെന്നാണ്. തിട്ടമില്ല. സെക്കന്ററി സ്കൂൾ ഫൈനൽ പരീക്ഷ ഒന്നാം ക്ലാസ്സോടെ ഞാൻ പാസ്സായി. കൊച്ചി സംസ്ഥാനത്ത് എനിക്ക് ആറാമതു റാങ്ക് ഉണ്ടായിരുന്നു. എന്റെ സ്കൂളിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്കു വാങ്ങി ജയിച്ചുവെന്നാണ് എന്റെ ഓർമ. ഞാൻ പരീക്ഷ എഴുതേണ്ടിവന്ന പരിതസ്ഥിതികൾ പരിഗണിക്കുമ്പോൾ അതത്ര മോശമല്ല. അക്കാര്യത്തെപ്പറ്റി പിന്നീട്.

സംസ്ഥാനത്ത് ഒരു മെരിറ്റ് സ്കോളർഷിപ്പിന് ഞാൻ അർഹനായി. (പ്രതിമാസം നാലരരൂപ-നാലുവർഷത്തേക്ക്). മദ്രാസ് യൂണിവേഴ്സിറ്റിയിൽ കോളജ് ഫീസ് അടയ്ക്കാൻ ഈ തുക മതിയാകും. പക്ഷേ ഏറ്റവും അടുത്തുള്ള കോളജ് എറണാകുളം മഹാരാജാസ് ആണ്. ആറുമൈൽ അകലെ. ബസ് ചാർജ് നൽകാനും ഉച്ചഭക്ഷണത്തിനുമായി വേറൊരു അഞ്ചുരൂപാ കൂടിവേണം. ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകനായ എന്റെ പിതാവിന് അന്ന് ശമ്പളം പ്രതിമാസം 28 രൂപ. ഈ തുകകൊണ്ട് അദ്ദേഹം എന്റെ അമ്മയും അഞ്ചുപുത്രന്മാരും ഉൾപ്പെട്ട കുടുംബത്തെ പോറ്റണം. ഈ സാഹചര്യത്തിൽ കോളജിൽ പോകാൻ വേണ്ടതായ കൂടുതൽ ചെലവ് വഹിക്കാനാവില്ലെന്ന് പിതാവു പറഞ്ഞു.

അങ്ങനെ, പതിനഞ്ചു വയസ്സ് തികയുന്നതിനു മുമ്പായിത്തന്നെ ജോലി നേടാൻ ഞാൻ നിർബന്ധിതനായി. ജീവസന്ധാരണത്തിനു പണം തേടുകയെന്നതിനേക്കാൾ കൂടുതലായി, സമയം പ്രയോജനകരമായി വിനിയോഗിക്കുകയെന്നതായിരുന്നു പ്രധാനം. കോളജിൽ ചേർന്നു പഠിക്കാൻ ആവശ്യമായ അഞ്ചുരൂപ തന്നു സഹായിക്കാൻ എന്റെ അമ്മാച്ചന്മാരോ മറ്റു ബന്ധുക്കളോ തയാറായില്ല. കോളജിൽ പോകാൻ വേണ്ടത്ര പണം സ്വരൂപിക്കുന്നതിനുമുമ്പ് ഞാൻ 13 ദീർഘവർഷങ്ങൾ ജോലിചെയ്തു. 28-ാ

മത്തെ വയസ്സിലാണു ഞാൻ കോളജിൽ ചേർന്നത്. അതാകട്ടെ അമേരിക്കയിലും.

കൗമാരത്തിൽതന്നെ ഞാൻ ഒരു പത്രപ്രവർത്തകനായി ജോലിനോക്കി. റോമൻ കത്തോലിക്കാ ദിനപത്രമായ മലബാർ മെയിലിന് പ്രധാനവാർത്തകൾ റിപ്പോർട്ടു ചെയ്തു. 16-ാം വയസ്സിൽതന്നെ ഇന്ത്യയിലെ പല ഇംഗ്ലീഷ് വാരികകളിലും മാസികകളിലും ഇംഗ്ലീഷിൽ ലേഖനങ്ങൾ എഴുതി ഫ്രീലാൻസ് എഴുത്തുകാരനായി. മാതൃദേശമായ തൃപ്പൂണിത്തുറയിൽ പബ്ലിക് ലൈബ്രറിയുടെയും റീഡിംഗ് റൂമിന്റെയും സെക്രട്ടറിയായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് കൊച്ചിയിലെ ഒരു ട്രാൻസ്പോർട്ടേഷൻ - ഷിപ്പിംഗ് കമ്പനിയിൽ ഗുമസ്തനായി. രണ്ടുവർഷത്തിനുശേഷം ഒരു മത്സരപരീക്ഷയിൽ ജയിച്ചതിനെ തുടർന്ന് ഇന്ത്യൻ പോസ്റ്റ് - ടെലിഗ്രാഫ് ഡിപ്പാർട്ട്മെന്റിൽ ഗുമസ്തനായി നിയമനം കിട്ടി. കൊച്ചിയിലും തിരുവിതാംകൂറിലും പല ചെറിയ പട്ടണങ്ങളിൽ ഞാൻ ടെലിഗ്രാഫിസ്റ്റായും പോസ്റ്റ്മാസ്റ്ററായും ജോലിനോക്കി. അവസാനം ഞാൻ അഖിലേന്ത്യാ പോസ്റ്റ് - ടെലിഗ്രാഫ് യൂണിയന്റെ തിരുക്കൊച്ചി യൂണിയനിൽ അസ്സോഷ്യേറ്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. സ്വാതന്ത്ര്യത്തിനു മുമ്പ് ബ്രിട്ടീഷ് രാജിനെതിരായി ഒരു മുഖ്യദേശീയ പണിമുടക്ക് സംഘടിപ്പിക്കുന്നതിൽ സഹായിക്കുകയും ചെയ്തു.

ആയിരത്തിതൊള്ളായിരത്തി നാല്പത്തിയേഴുമുതൽ മൂന്നുവർഷം ഞാൻ എത്യോപ്യയിലെ ഗവൺമെന്റു സ്കൂളുകളിൽ അദ്ധ്യാപകനായിരുന്നു. പ്രൈമറി മുതൽ സെക്കണ്ടറി വരെ എല്ലാ ക്ലാസ്സുകളിലും, കോളജ് തലത്തിലും ഞാൻ പഠിപ്പിച്ചു. എങ്ങനെ ഞാൻ എത്യോപ്യയിലെത്തിയെന്ന കഥ പിന്നീടു പറയാം. എത്യോപ്യയിൽ ചെലവഴിച്ച മൂന്നു വർഷക്കാലം ഞാൻ വളരെയധികം കാര്യങ്ങൾ പഠിച്ചു. സംഭവബഹുലവും പ്രക്ഷുബ്ധവും പ്രത്യുത്പാദനപരവുമായ വർഷങ്ങൾ. എതിർപ്പും അഭിനന്ദനവും എനിക്കു കിട്ടി. അതൊരു നീണ്ട കഥ. അതും പിന്നീടു പറയാം.

1950-ൽ ഞാൻ എത്യോപ്യ വിട്ടു. പ്രായംകൂടുന്നതിനു മുമ്പ് കുറേക്കൂടി ഔപചാരിക വിദ്യാഭ്യാസം ആർജ്ജിക്കേണ്ടിയിരുന്നു. അന്നു 28 വയസ്സായെങ്കിലും ഞാൻ കോളജിൽ പോയിരുന്നില്ല. അമേരിക്കയിൽ ഗോഷൻ കോളജിലേക്കുള്ള യാത്രാമദ്ധ്യേ, ഒരു ടൂറിസ്റ്റായി ഞാൻ മദ്ധ്യപൂർവ്വദേശവും യൂറോപ്പും സന്ദർശിച്ചു. പുതിയ സംസ്ക്കാരങ്ങളിലേക്ക് അങ്ങനെ പല വാതിലുകൾ തുറന്നുകിട്ടി. നാലു വർഷം (1950 – '54) ഞാൻ അമേരിക്കയിൽ വിദ്യാർത്ഥിയായി കഠിനാദ്ധ്വാനം ചെയ്തു. ഗോഷൻ കോളജിൽ നിന്നു ബി. എ. ഡിഗ്രിയും പ്രിൻസ്ടൺ വൈദികസെമിനാരിയിൽ നിന്ന് ബി. ഡി. ഡിഗ്രിയും (പിന്നീടത് മാസ്റ്റർ ഓഫ് ഡിവിനിറ്റി ആയി മാറ്റി) നേടി. അമേരിക്ക വ്യത്യസ്തമായ ഒരു സാംസ്ക്കാരികാനുഭൂതി ആയിരുന്നു. സമ്പുഷ്ടവും സമൃദ്ധവുമായ ഒരു അനുഭൂതി. ആ നാലുവർഷങ്ങളിൽ ഇന്ത്യാനയിലെ എൽക്ഹാർട്ടിലും ന്യൂജേഴ്സിയിലെ പ്രിൻസ്ടണിലും നീഗ്രോകളുടെ രണ്ടു ബാപ്ടിസ്റ്റു പള്ളികളിൽ അസിസ്റ്റന്റ് പാസ്റ്ററായി

സേവനമനുഷ്ഠിക്കാൻ അവസരം ലഭിച്ചത് പൗരസ്ത്യ ഓർത്തഡോക്സ് സഭയിലെ അത്മേനിയായ എനിക്ക് ഏറ്റവും മികച്ച അനുഭവമായി.

ഇന്ത്യയിൽ മടങ്ങിയെത്തിയ ഞാൻ 1954-ൽ ആലുവാ ഫെലോഷിപ്പ് ഹൗസിൽ താമസിച്ചുകൊണ്ട് യൂണിയൻ ക്രിസ്റ്റ്യൻ കോളജിലെ വിദ്യാർത്ഥികൾക്കും മറ്റു യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കും മതബോധനം നൽകാൻ തുടങ്ങി. ഇന്ത്യൻ സ്റ്റുഡന്റ് ക്രിസ്റ്റ്യൻ മൂവ്മെന്റിന്റെ ഓണററി അസോഷ്യേറ്റ് സെക്രട്ടറിയായും ഞാൻ കുറെക്കാലം പ്രവർത്തിച്ചു. ഇന്ത്യയൊട്ടുക്ക് ഓർത്തഡോക്സുകാരും പ്രൊട്ടസ്റ്റന്റുകാരുമായ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഇടയിലായിരുന്നു പ്രവർത്തനം. അതേ കാലത്തു ഞാൻ ഓർത്തഡോക്സ് സ്റ്റുഡന്റ് കോൺഫറൻസിന്റെ ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. ആ നിലയിൽ ഞാൻ 'ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ് മൂവ്മെന്റ് ഓഫ് ഇന്ത്യ' എന്ന സംഘടന രൂപീകരിക്കുന്നതിൽ നേതൃത്വം നൽകി. ഇതെല്ലാം എന്റെ ചിന്തയും ആദ്ധ്യാത്മികതയും രൂപപ്പെടുത്തുന്നതിൽ അമൂല്യങ്ങളായ അനുഭവങ്ങളായി.

വീണ്ടും 1956-ൽ ഞാൻ എത്യോപ്യയിലേക്കു പോയി. ലയ്സൺ ഓഫീസറും ഹെയിലി സെലാസി ചക്രവർത്തിയുടെ സ്പെഷ്യൽ അഡ്വൈസറുമായിട്ടായിരുന്നു ഇത്തവണ നിയമനം. ഒരു ഗവൺമെന്റു ഘടന എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിലേക്കു പല ഉൾക്കാഴ്ചകളും ഈ കാലഘട്ടത്തിൽ ലഭിച്ചു (എത്യോപ്യൻ വ്യവസ്ഥ വളരെയേറെ വികസിതമായിരുന്നില്ലെങ്കിലും). ഈ കഥയും പിന്നാലെ പറയാം.

വളരെ പ്രയാസത്തോടുകൂടി ഞാൻ 1959-ൽ എത്യോപ്യയിലെ ജോലി രാജിവച്ച്, ദൈവശാസ്ത്രവും തത്വശാസ്ത്രവും സംബന്ധിച്ച ഉപരിപഠനത്തിനായി അമേരിക്കയിൽ യേൽ യൂണിവേഴ്സിറ്റിയിലേക്കു പോയി. ആ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രപഠനത്തിനുള്ള സൗകര്യങ്ങൾ പോരെന്ന് എനിക്കു തോന്നി. അതേസമയം യേൽ ഗ്രാഡ്വേറ്റ് സ്കൂളിലെ പഠനം ഒന്നാംതരമാണെന്നു ഞാൻ കണ്ടു. ആധുനിക പാശ്ചാത്യതത്വശാസ്ത്രത്തിലും, പ്രത്യേകിച്ച് കാന്റ്, ഹുസേൾ തുടങ്ങിയ ജർമൻ തത്വശാസ്ത്രജ്ഞന്മാരെ മനസ്സിലാക്കുന്നതിലും പ്രസ്തുത സ്കൂൾ മികച്ചുനിന്നു. ആദ്യവർഷം ഞാൻ അമേരിക്കയിലെ യുണൈറ്റഡ് പ്രസ്ബിറ്റീരിയൻ സഭയുടെ എക്യുമെനിക്കൽ മിഷൻ സംബന്ധിച്ച കമ്മിഷന്റെ ഉപദേഷ്ടാവായും സേവനമനുഷ്ഠിക്കുകയുണ്ടായി. വളരെ വിപുലമായ അമേരിക്കൻ പ്രൊട്ടസ്റ്റന്റ് സഭാവിഭാഗത്തിന്റെ ആന്തരിക പ്രവർത്തനം സംബന്ധിച്ച ചില സുപ്രധാന ഉൾക്കാഴ്ചകൾ ലഭിക്കാൻ ഈ പ്രവർത്തനം സഹായിച്ചു.

പൗരസ്ത്യ ദൈവശാസ്ത്രവും സഭാപിതാക്കന്മാരുടെ രചനകളും കൂടുതൽ മെച്ചമായി ഗ്രഹിക്കാൻ കഴിയുമെന്ന പ്രത്യാശയിൽ ഞാൻ യേലിനോടു യാത്രപറഞ്ഞ് ഓക്സ്ഫഡിലേക്കു പോയി. ഓക്സ്ഫഡിൽ ഡോക്ടർ ഓഫ് ഫിലോസഫിക്ക് (ഡി. ഫിൽ.) രജിസ്റ്റർ ചെയ്തു. കെബിൾ കോളജിലാണു പഠനമെങ്കിലും താമസം ഓക്സ്ഫഡിൽ കാന്റർബറി

റോഡിലെ സെന്റ് ഗ്രിഗറി - സെന്റ് മക്രീന മന്ദിരത്തിലാണ്. പൊതുവെ പറഞ്ഞാൽ ഓക്സ്ഫഡ് എന്നെ നിരാശനാക്കി. എന്റെ അഭിരുചിക്കു ചേരാത്ത വിധത്തിൽ യാഥാസ്ഥിതികവും സൈദ്ധാന്തികവും ഒറ്റപ്പെട്ടതുമായി തോന്നി അവിടം. അതേസമയം ആഡംബരപ്രധാനവും ആധികാരികത കുറഞ്ഞതും. പക്ഷേ പ്രഗത്ഭരായ ചില അദ്ധ്യാപകർ സഹായകരായി. മൈക്കൾ പൊളാനിയെപ്പോലുള്ള പണ്ഡിതശ്രേഷ്ഠന്മാർ മനുഷ്യവിജ്ഞാനത്തിന്റെയും ധൈഷണിക നിശ്ചയത്തിന്റെയും ചില പ്രശ്നങ്ങളിലേക്ക് എന്നെ വഴിനടത്തി. ഗോഷനിൽവച്ചു പ്രാരംഭ പാഠത്തോടെ ആരംഭിച്ചതും പ്രിൻസ്ടണിലും യേലിലും വച്ച് ഗണ്യമായി വികസിച്ചതുമായ എന്റെ ദാർശനിക തീർത്ഥയാത്ര ഓക്സ്ഫഡിൽ പക്വതയുടെ ഒരു പുതിയ തലത്തിൽ എത്തിപ്പെട്ടു. ഗിൽബർട് റൈൽ (Gilbert Ryle), അയാൻ റാംസേ (Ian Ramsey), ഹെൻറി ചാഡ്വിക് (Henry Chadwick), ആർ. സി. സാനർ (R. C. Zahner) എന്നിങ്ങനെയുള്ള ശ്രേഷ്ഠാദ്ധ്യാപകരുടെ പ്രബോധനങ്ങളോട് എന്റെ മനസ്സ് വിമർശനബുദ്ധ്യാ പ്രതികരിക്കുകയും ചെയ്തു.

ഞാൻ ഓക്സ്ഫഡിലായിരിക്കുമ്പോൾ, സഭകളുടെ ലോകകൗൺസിലിന്റെ ജനറൽ സെക്രട്ടറി ഡോ. വിസർട്ട് ഹൂഫ്ട് എന്നെ ജനീവയിലേക്കു ക്ഷണിച്ചു. ജനീവയിൽ ലോകകൗൺസിലിന്റെ സ്റ്റാഫിൽ ചേരുന്നതിന് അദ്ദേഹം ആവശ്യപ്പെട്ടു. കൗൺസിൽ അമിതമായി പാശ്ചാത്യ വീക്ഷണങ്ങൾ നിറഞ്ഞതും അതീവ പ്രൊട്ടസ്റ്റന്റ് മയവുമായതിനാൽ എനിക്ക് പൊരുത്തപ്പെട്ടുപോകാൻ പ്രയാസമായിരിക്കുമെന്നു ഞാൻ പറഞ്ഞു. അക്കാരണംകൊണ്ടുതന്നെയാണ് എന്നെ ക്ഷണിക്കുന്നതെന്ന് അദ്ദേഹം മറുപടി നല്കി. നിലവിലുള്ള പ്രവണതയെ തിരുത്തിക്കുറിക്കുന്നതിനും ഏകപക്ഷീയത പരിഹരിച്ചു സമതുലിതമാക്കുന്നതിനും. ഹൂഫ്ട് ആവശ്യപ്പെട്ടതുപോലെ പ്രവർത്തിക്കാൻ എനിക്കു കഴിവുപോരെന്നു ഞാൻ ചൂണ്ടിക്കാട്ടി; മാത്രമല്ല, ഓക്സ്ഫഡിലെ പഠനം പൂർത്തീകരിക്കുകയും വേണം.

സഭകളുടെ ലോകകൗൺസിലിന്റെ മൂന്നാമത് അസംബ്ലി 1961-ൽ ന്യൂഡൽഹിയിൽ ചേർന്നപ്പോൾ മൂന്നു പ്രധാന ബൈബിൾ പഠന നേതാക്കളുടെ കൂട്ടത്തിൽ ഒരാളായി എന്നെയും ക്ഷണിച്ചു. ജർമനിയിലെ ഡോ. മാർട്ടിൻ നീ മുള്ളറും യേൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. പോൾ മിനീയറും ആയിരുന്നു മറ്റു രണ്ടുപേർ. ഞാൻ അംഗമായ ഇന്ത്യൻ ഓർത്തഡോക്സ് സഭ (കൗൺസിലിന്റെ ഒരു സ്ഥാപകാംഗം) ഒരു പ്രതിനിധിയായി അസംബ്ലിയിൽ സംബന്ധിക്കാൻ എന്നോടാവശ്യപ്പെട്ടു. രണ്ടു ക്ഷണങ്ങളും ഞാൻ സ്വീകരിച്ചു. പ്രസ്തുത അസംബ്ലി എക്യുമെനിക്കൽ പ്രസ്ഥാനത്തിലേക്കുള്ള എന്റെ പ്രവേശനത്തിന് ഒരു വലിയ അവസരമായി ഉതകി. ഈ പ്രസ്ഥാനത്തിൽനിന്ന് അതുവരെ ഞാൻ ഒരകലം പാലിച്ചു നിൽക്കുകയായിരുന്നു; ഒരു സൗഹാർദ്ദ വിമർശകൻ എന്ന നിലയിൽ.

അസംബ്ലിയിൽ സംബന്ധിച്ച ആയിരത്തോളം പേരെ മൂന്നായി ഭാഗിച്ച് അതിൽ ഒരു വിഭാഗത്തിനെ അഞ്ചു ദിവസം ബൈബിൾ പഠിപ്പിക്കുന്ന പദവിയാണ് എനിക്കു ലഭിച്ചത്. ആദ്യത്തെ ബൈബിൾക്ലാസ് ഒരു വലിയ

വിജയമായി. പിറ്റേദിവസം പല പ്രമുഖന്മാരും സ്വന്തം പഠനവിഭാഗം വിട്ട് എന്റെ ബൈബിൾ ക്ലാസ്സിലേയ്ക്ക് വന്നു. അവരിൽ ഒരാളാണു കാന്റർബറി ആർച്ചു ബിഷപ്പ് മൈക്കൽ റാംസെ. അദ്ദേഹം എന്റെയൊരു ആജീവനാന്ത സുഹൃത്തും ആരാധകനുമായി മാറി.

സഭകളുടെ ആഗോളകൗൺസിൽ 1948-ൽ ആരംഭിച്ചപ്പോൾതന്നെ പല ഓർത്തഡോക്സ് സഭകളും സ്ഥാപകാംഗങ്ങളായിത്തീർന്നു. ഇന്ത്യ, ഈജിപ്ത്, എത്യോപ്യ, ഗ്രീസ് എന്നീ രാജ്യങ്ങളിലെ ഓർത്തഡോക്സ് സഭകൾ ആ കൂട്ടത്തിൽ പെടുന്നു. എന്നാൽ ബഹുഭൂരിപക്ഷം ഓർത്തഡോക്സ് സഭകളെയും, അവ കമ്മ്യൂണിസ്റ്റ് ഭരണത്തിൻകീഴിലായിരുന്നതിനാൽ കൗൺസിലിൽ ചേരുന്നതിൽ നിന്നു വിലക്കിയിരുന്നു. 1961-ലെ ന്യൂഡൽഹി അസംബ്ലിയിൽ മിക്കവാറും എല്ലാവരുംതന്നെ വന്നെത്തി. റഷ്യൻ, റുമേനിയൻ, ജ്യോർജ്യൻ, അർമീനിയൻ, ബൾഗേറിയൻ, സേർബിയൻ തുടങ്ങിയ മിക്ക ഓർത്തഡോക്സ് സഭകളും എത്തിച്ചേർന്നത് ഒരു മഹാസംഭവമായി. അതോടെ സഭകളുടെ ലോകകൗൺസിലിൽ മൂന്നിലൊരുഭാഗം ഓർത്തഡോക്സുകാരും മൂന്നിൽരണ്ടുഭാഗം പ്രൊട്ടസ്റ്റന്റുകാരുമായി. എന്നാൽ ജനീവയിലെ സ്റ്റാഫംഗങ്ങൾ എല്ലാംതന്നെ പ്രൊട്ടസ്റ്റന്റുകാരായിരുന്നു. ഗ്രീസിലെ സഭയിൽനിന്നുള്ള പ്രൊഫസർ നിക്കോസ് നിസ്സിയോട്ടിസ് എന്ന അത്മേനി മാത്രമായിരുന്നു പ്രൊട്ടസ്റ്റന്റ് അല്ലാത്ത വ്യക്തി.* സ്റ്റാഫിൽ നിയമിക്കുന്നതിന് പാശ്ചാത്യഭാഷകളിൽ നൈപുണ്യമുള്ളവരും യോഗ്യരുമായ ഓർത്തഡോക്സുകാരെ കിട്ടാതിരുന്നതാണ് അതിനു കാരണം. ആ സ്ഥിതിയിൽ ഒരു യുവഭാരതീയ വൈദികനായ ഞാൻ (ഫാദർ പോൾ വറുഗീസ് എന്നാണ് ഞാൻ അറിയപ്പെട്ടിരുന്നത്) അസംബ്ലിയിലെത്തിയപ്പോൾ അതുവലിയ മതിപ്പുളവാക്കി. ഓർത്തഡോക്സ് പ്രതിനിധികൾ അത്യാഹ്ലാദഭരിതരായി, അഭിമാനപുളകിതരും. അന്നെനിക്ക് 39 വയസ്സുണ്ട്. ഏതാനും മാസം മുമ്പാണ് ഞാൻ വൈദികപട്ടം സ്വീകരിച്ചത്. ന്യൂഡൽഹി അസംബ്ലിയിൽ സംബന്ധിച്ചിരുന്ന ഓർത്തഡോക്സ് പ്രതിനിധികളിൽ പലരും ഏതാണ്ട് മൂവായിരം കിലോമീറ്റർ അകലെ കേരളത്തിലേക്കു പോകാൻ തയ്യാറായി. ഓർത്തഡോക്സ് സഭകളുടെ പ്രതിനിധിയായി ജനീവയിലെ സ്റ്റാഫിൽ ചേരാനും ഓർത്തഡോക്സ് വക്താവായി പ്രവർത്തിക്കാനും എന്നെ അനുവദിക്കണമെന്ന് എന്റെ സഭാമേലദ്ധ്യക്ഷനോട് അഭ്യർത്ഥിക്കാൻ.

അങ്ങനെ 1962-ൽ എന്റെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം തുടങ്ങി. സഭകളുടെ ലോകകൗൺസിലിന്റെ സ്റ്റാഫംഗം എന്ന നിലയിൽ വിശ്വവ്യാപകമായ സേവനത്തിനും അനുഭവങ്ങൾക്കും രംഗം തുറന്നുകിട്ടി. അതിനു ഞാൻ എക്കാലത്തും കൃതജ്ഞതാനിർഭരനാണ്. 1962 മുതൽ 1967 വരെ ഞാൻ അസ്സോഷ്യേറ്റ് ജനറൽ സെക്രട്ടറിയും എക്യുമെനിക്കൽ ആക്ഷൻ എന്ന വകുപ്പിന്റെ ഡയറക്ടറുമായി സേവനമനുഷ്ഠിച്ചു.

---

* മലങ്കര ഓർത്തഡോക്സ് സഭാംഗമായ സി. ഐ. ഇട്ടി ഈ സമയത്ത് ഡബ്ലിയു. സി. സി. സ്റ്റാഫിൽ പ്രവർത്തിച്ചിരുന്നു. - പ്രസാധകർ

ലോകത്തിലെ മിക്കവാറും പ്രൊട്ടസ്റ്റന്റ് – ഓർത്തഡോക്സ് സഭകൾ സന്ദർശിക്കാൻ എനിക്ക് അവസരം കിട്ടി. രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഒരു നിരീക്ഷകനായി സംബന്ധിക്കാൻ ലഭിച്ച അവസരം ലോകത്തിലെ ക്രൈസ്തവസഭകളുടെ ഉള്ളുകള്ളികൾ ഏറെക്കുറെ മനസ്സിലാക്കാൻ ഉതകി. പ്രകൃതിസുന്ദരമായ ജനീവാ നഗരത്തിൽ സ്വന്തമായ ഒരു അപ്പാർട്ടുമെന്റിൽ സ്വയം ഭക്ഷണം പാചകംചെയ്തും തുണിനനച്ചും ഷോപ്പിംഗ് നടത്തിയും തനിയെ താമസിച്ചിരുന്നത് പുതിയ ഒരു അനുഭവമായി. സഭാകൗൺസിലിലെ ജീവിതാനുഭവങ്ങളെപ്പറ്റിപിന്നീടു പറയാം.

എന്റെ ജനീവയിലെ ഉദ്യോഗം തുടരുന്നതിനുള്ള മറ്റൊരു കരാർ 1967-ൽ ഞാൻ കർശനമായി നിരാകരിച്ചു. എന്റെ സഭയിലെ വൈദികരെ പരിശീലിപ്പിക്കുന്നതിന് കേരളത്തിൽ കോട്ടയത്തു സ്ഥാപിച്ചിരുന്ന ഓർത്തഡോക്സ് വൈദികസെമിനാരിയുടെ പ്രിൻസിപ്പൽ പദവി ഏറ്റെടുക്കാൻ ഞാൻ കോട്ടയത്തിനു യാത്രയായി. അന്നുമുതൽ ഇന്നുവരെ ഞാൻ ആ പദവിയിൽ തുടരുന്നു. ആ അനുഭവത്തിൽ രണ്ടു കാര്യങ്ങൾ അവിസ്മരണീയമായി. മിക്കവാറും മുഴുവൻ സമയംതന്നെ അദ്ധ്യാപനത്തിനുള്ള അവസരം. രണ്ടാമതായി, വൈദികപരിശീലനത്തിനെത്തുന്ന യുവാക്കളുടെ ജീവിതവും ചിന്തയും രൂപപ്പെടുത്താനുള്ള കനകാവസരം. അതിനും പുറമെ, എന്റെ വിദ്യാർത്ഥികളുടെയും സഹപ്രവർത്തകരുടെയും സഹായത്തോടെ സെമിനാരിയെ ഒന്നാംകിട പരിശീലനസ്ഥാപനമായി ഉയർത്തുന്നതിനു ദൈവം എനിക്കു കൃപ നൽകി.

ജനീവയ്ക്കു പോകാൻസമയത്ത് ഓക്സ്ഫഡിലെ എന്റെ ഡോക്ടറൽ ഗവേഷണപരിപാടി പൂർത്തിയായിരുന്നില്ല. ഇപ്പോഴത് വീണ്ടും സ്വയമായി ആരംഭിക്കാൻ സമയമായി. പക്ഷെ സെമിനാരിയിൽനിന്നും എന്റെ സഭയിൽ നിന്നുതന്നെയും പല ആവശ്യങ്ങൾക്കും സമയം കണ്ടുപിടിക്കേണ്ടിവന്നതിനാൽ സ്വതന്ത്രമായ പഠനത്തിന് സമയംകിട്ടിയില്ല. അനേകം സാർവദേശീയ സെമിനാറുകളിൽ പങ്കെടുക്കേണ്ടി വന്നതും, ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഈജിപ്ത്, സിറിയ, അർമീനിയ, ഇന്ത്യ, എത്യോപ്യ എന്നിവിടങ്ങളിൽ നടന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടി വന്നതും കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലെ സഭകളുടെ സേവനങ്ങൾക്ക് ഉത്തേജനം നൽകേണ്ടിവന്നതുമെല്ലാം എന്റെ ഒട്ടേറെ സമയം അപഹരിച്ചു. പാശ്ചാത്യസഭകളിൽ മാത്രമല്ല, ആഫ്രിക്കയിലും ഏഷ്യയിലും ഒരു പ്രസംഗകൻ എന്ന നിലയിൽ എന്റെ സേവനത്തിന് ആവശ്യം വർദ്ധിച്ചുകൊണ്ടിരുന്നു.

വാസ്തവം പറഞ്ഞാൽ, ജനീവയിൽ സഭകളുടെ ലോകകൗൺസിലിന്റെ സ്റ്റാഫിൽ പ്രവർത്തിക്കുമ്പോഴത്തേക്കാൾ കൂടുതൽ വ്യാപകമായി എന്റെ സാർവ്വദേശീയ പ്രവർത്തനങ്ങൾ. സഭകളുടെ ലോകകൗൺസിലിന്റെ സെൻട്രൽ കമ്മിറ്റിയിൽ അംഗമായി എന്റെ സഭ 1968-ൽ എന്നെ നാമനിർദ്ദേശം ചെയ്തു. 1968 മുതൽ 1975 വരെ കൗൺസിലിന്റെ ഫെയ്ത്ത് ആന്റ് ഓർഡർ കമ്മിഷനിൽ ഞാൻ അംഗമായിരുന്നു. എന്റെ സഭയുടെ ഇന്റർ ചർച്ച് റിലേഷൻസ് സെക്രട്ടറിയായും ഞാൻ നിയോഗിക്കപ്പെട്ടു.

വത്തിക്കാനും ഡബ്ലിയു. സി. സി. യും ചേർന്നുള്ള ജോയിന്റ് വർക്കിംഗ് ഗ്രൂപ്പിന്റെ ഒരു സ്ഥാപകാംഗം എന്ന നിലയിൽ ഒരു വ്യാഴവട്ടക്കാലം (1963 –1975) പ്രവർത്തിക്കാനായതും പലവിധത്തിൽ പ്രയോജനകരമായി. ഗ്രീക്ക് ഓർത്തഡോക്സ് സഭാംഗമായ പ്രൊഫ. നിസ്സിയോട്ടിസിനോടു സഹകരിച്ചു പ്രവർത്തിക്കാനും എനിക്ക് അവസരം കിട്ടി. ഓറിയന്റൽ ഓർത്തഡോക്സ് സഭകളിലെയും പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെയും ദൈവശാസ്ത്രജ്ഞന്മാർ തമ്മിലുള്ള ചരിത്രപ്രധാനമായ അനൗപചാരിക കൂടിയാലോചനകളുടെ ജോയിന്റ് കൺവീനർമാരായിരുന്നു ഞങ്ങൾ (ഈ സഭകൾ തമ്മിൽ 13 നൂറ്റാണ്ടുകൾക്കു മുമ്പ് പരസ്പര കുർബാനാനുഭവം വിഛേദിച്ചിരുന്നു.) ഇപ്പറഞ്ഞ ഉത്തരവാദിത്വങ്ങളെല്ലാം പണ്ഡിതോചിതമായ ഗവേഷണം അസാധ്യമാക്കിയെന്നു പറഞ്ഞാൽ മതി.

എന്റെ ഡോക്ടറൽ പ്രബന്ധം എഴുതിത്തീർക്കാൻ ഞാൻ 1972-ൽ സെമിനാരിയിൽ നിന്ന് ആറുമാസത്തെ അവധിയെടുത്ത് പശ്ചിമജർമ്മനിയിൽ വെസ്റ്റ്ഫാലിയയിലെ മ്യൂൻസ്റ്ററിലേക്കു പോയി.

“നിസ്സായിലെ വിശുദ്ധ ഗ്രിഗോറിയോസിന്റെ രചനകളിൽ ദൈവവും ലോകവും മനുഷ്യനും തമ്മിലുള്ള ബന്ധം” എന്നതായിരുന്നു പ്രബന്ധവിഷയം. നിസ്സായിലെ വിശുദ്ധ ഗ്രിഗോറിയോസിന്റെ രചനകൾ പഠിക്കുന്നതിനുള്ള ഒരു പ്രത്യേക യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് മ്യൂൺസ്റ്ററിലുണ്ടായിരുന്നു. സെമിനാരി വിദ്യാഭ്യാസം പൂർത്തിയാക്കിയ റോമൻ കത്തോലിക്കാ വൈദികരുടെ ഉപരിപഠനത്തിന് ഉദ്ദേശിച്ചിട്ടുള്ള ഒരു കത്തോലിക്കാ മന്ദിരത്തിലാണു ഞാൻ താമസിച്ചത്. സെമിനാരി കഴിവുള്ളത്ര മികച്ച സൗകര്യങ്ങൾ എനിക്ക് നല്കി. സമയത്തിനകംതന്നെ ഞാൻ പ്രബന്ധം എഴുതിത്തീർത്തു. ജർമ്മൻ സംസ്ക്കാരം കുറച്ചുകൂടി നന്നായി മനസ്സിലാക്കാൻ അവിടുത്തെ വാസം ഉതകി. എന്റെ ഡോക്ടറൽ പ്രബന്ധം സെറാമ്പൂർ യൂണിവേഴ്സിറ്റിക്കു സമർപ്പിക്കുകയും കുറച്ചൊന്നു ചുരുക്കിയെഴുതിയശേഷം അംഗീകരിക്കപ്പെടുകയും ചെയ്തു. 1975-ൽ ഡോക്ടർ ഓഫ് തിയോളജി എന്ന ഡോക്ടർ ബിരുദത്തിനു ഞാൻ അർഹനായി.

1975-ൽ മെത്രാപ്പോലീത്തായായി ഞാൻ അഭിഷേകം ചെയ്യപ്പെട്ടു. പുതുതായി രൂപവൽക്കരിക്കപ്പെട്ട ഡൽഹി ഭദ്രാസനത്തിന്റെ ഉത്തരവാദിത്വം എനിക്ക് നല്കി. ഇതൊരു പാർട് - ടൈം ജോലിയായിരുന്നു. സഭയിലെ എന്റെ മറ്റു പ്രവർത്തനങ്ങൾക്കു പുറമെയാണിത്. 1975-ൽ ഡൽഹിയിൽ മെത്രാപ്പോലീത്തായ്ക്ക് ഓഫീസോ അരമനയോ ഉണ്ടായിരുന്നില്ല. വടക്കുപടിഞ്ഞാറേ ഇന്ത്യ മുഴുവനും അതിനു പുറമെ ഗൾഫ് രാജ്യങ്ങളും യൂറോപ്പും എന്റെ ഭദ്രാസനത്തിൽ ഉൾപ്പെട്ടിരുന്നു. ഡൽഹി, കോട്ടയത്തു നിന്നു 3000 കിലോമീറ്റർ അകലെയും. അപ്പോൾ എന്റെ യാത്രയുടെ വ്യാപ്തി ഊഹിക്കുകയേ വേണ്ടു. ദൈവകൃപയാൽ ശില്പകലാ സുന്ദരമായ ഒരു ഭദ്രാസനാസ്ഥാനം പണിയിക്കുന്നതിനും ഇരുപതോളം പുതിയ പള്ളികൾ നിർമ്മിക്കുന്നതിന് നേതൃത്വം നൽകുന്നതിനും എനിക്കു കഴിഞ്ഞു. ഇതിനെല്ലാം സമയവും പ്രയത്നവും എത്രമാത്രം വേണ്ടിവന്നു എന്നത് ചിന്ത്യം.

സഭകളുടെ ലോകകൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമായി 1975-ൽ എന്നെ തെരഞ്ഞെടുത്തു. കൗൺസിൽ യോഗങ്ങൾക്കു മാത്രമായി ആണ്ടിൽ മൂന്നുതവണ വിദേശയാത്ര നടത്താൻ അതോടെ ഞാൻ നിർബന്ധിതനായി. 1983-ൽ കാനഡയിലെ വാൻകൂവറിൽവച്ച് സഭകളുടെ ലോകകൗൺസിലിന്റെ ഒരു പ്രസിഡന്റായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. 1991 വരെ ഞാൻ ആ സ്ഥാനം വഹിച്ചു. ചെക്കോസ്ലോവാക്കിയയിലെ പ്രാഗ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ പീസ് കോൺഫറൻസിന്റെ വൈസ് പ്രസിഡന്റായി കുറെ മുമ്പുതന്നെ എന്നെ തെരഞ്ഞെടുത്തിരുന്നു. ഇതിനോടനുബന്ധിച്ച പല സാർവ്വദേശീയ യോഗങ്ങൾക്കും വിദേശയാത്ര വേണ്ടിവന്നു.

കേരളത്തിൽതന്നെ ഒരു പ്രസംഗകനെന്ന നിലയിൽ എന്റെ സേവനം പലരും ആവശ്യപ്പെട്ടതിനു പുറമെ, കേരളയൂണിവേഴ്സിറ്റി സെനറ്റംഗമായും (1972-76) സെറാമ്പൂർ യൂണിവേഴ്സിറ്റി സെനറ്റംഗമായും (1970-74, 1984-93) ഞാൻ സേവനമനുഷ്ഠിച്ചു. കേരള ഫിലോസഫിക്കൽ കോൺഗ്രസ്സിന്റെ വൈസ്പ്രസിഡന്റായി 1968-ൽ എന്നെ തെരഞ്ഞെടുത്തു. 1975-ൽ ഇന്ത്യൻ ഫിലോസഫിക്കൽ കോൺഗ്രസിന്റെ വാർഷിക സമ്മേളനത്തിന് ഞങ്ങൾ ആതിഥേയത്വം വഹിച്ചു. സ്വീകരണകമ്മിറ്റിയദ്ധ്യക്ഷനായും ഞാൻ പ്രവർത്തിച്ചു. ഇന്ത്യൻ ഫിലോസഫിക്കൽ കോൺഗ്രസ്സിലെ ഭാരതീയദാർശനികന്മാരും ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസേർച്ചിലെ ഭാരതീയ തത്വചിന്തകരുമായും 1974 മുതൽ എനിക്കുണ്ടായ സമ്പർക്കബന്ധങ്ങൾ ഭാരതത്തിന്റെ മഹത്തും സമൃദ്ധവുമായ ദാർശനികപാരമ്പര്യത്തെപ്പറ്റി കൂടുതലായി മനസ്സിലാക്കാൻ എന്നെ വളരെയേറെ സഹായിച്ചു. എൺപതു സംവത്സരം മുമ്പ് രവീന്ദ്രനാഥ ടാഗോറും എസ്. രാധാകൃഷ്ണനും ചേർന്ന് സ്ഥാപിച്ച ഇന്ത്യൻ ഫിലോസഫിക്കൽ കോൺഗ്രസ്സിന്റെ ജനറൽ പ്രസിഡന്റായി പിൽക്കാലത്തു ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. ആ സ്ഥാനം വഹിക്കുന്ന ആദ്യത്തെ ഭാരതീയ ക്രിസ്ത്യാനിയാണ് ഞാൻ എന്നു തോന്നുന്നു. ഞാൻ അർഹിക്കാത്ത ഒരു ബഹുമതിയാണതെങ്കിലും, ജനറൽ പ്രസിഡന്റു പദവി ഭൂരിപക്ഷ സമൂഹത്തിലെ അംഗങ്ങൾക്കു മാത്രമായി നല്കിയാൽപോരെന്ന് ആ പ്രസ്ഥാനത്തിലെ എന്റെ ചില സുഹൃത്തുക്കൾ ചിന്തിച്ചു.

## പ്രഭാഷണങ്ങളും പ്രസിദ്ധീകരണങ്ങളും

അമേരിക്കൻ ഭൂഖണ്ഡത്തിലും എനിക്ക് സന്തുഷ്ടവും പ്രയോജനകരവുമായ പല സമ്പർക്കങ്ങൾ ഉണ്ടായി. മൂന്നു ലൂതറൻ സെമിനാരികളിൽ ഹെയിൻ (Hein) മെമ്മോറിയൽ പ്രഭാഷണം നടത്താൻ 1968-ൽ ലൂതറൻ സഭ എന്നെ ക്ഷണിച്ചു. അന്നാണ് ലേഖനങ്ങൾക്കും പ്രബന്ധങ്ങൾക്കും പുറമെ ദീർഘവും ഗഹനവുമായ ഗ്രന്ഥരചനയിലേക്ക് എന്റെ ശ്രദ്ധതിരിഞ്ഞത്. ഈ പ്രസംഗങ്ങൾ 1972-ൽ ഫിലഡൽഫിയയിലെ വെസ്റ്റ്മിൻസ്റ്റർ പ്രസ്സ് പ്രസിദ്ധീകരിച്ച *The Freedom of Man* (മനുഷ്യന്റെ സ്വാതന്ത്ര്യം) എന്ന ഗ്രന്ഥത്തിലും 1974-ൽ മദ്രാസിലെ ക്രിസ്ത്യൻ ലിറ്ററച്ചർ സൊസൈറ്റി പ്രസിദ്ധീകരിച്ച *Freedom and Authority* (സ്വാതന്ത്ര്യവും അധികാരവും) എന്ന

ഗ്രന്ഥത്തിലും ഉൾപ്പെടുത്തി.

എന്റെ ആദ്യത്തെ പ്രമുഖ ഗ്രന്ഥം പൗരസ്ത്യ ക്രിസ്തീയാരാധനയുടെ സവിശേഷതകൾ സംബന്ധിച്ചായിരുന്നു. ന്യൂയോർക്കിലെ അസ്സോസിയേഷൻ പ്രസ്സും ലണ്ടനിലെ ലൂട്ടർവർത്ത് പ്രസ്സും സംയുക്തമായി 1967-ൽ *The Joy of Freedom, Eastern Worship and Modern Man* എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. ഗ്രന്ഥം പെട്ടെന്നു വിറ്റുതീർന്നു. വിലകുറഞ്ഞ ഒരു ഇന്ത്യൻ പതിപ്പ് 1987-ൽ മദ്രാസിലെ സി. എൽ. എസ്. പ്രസിദ്ധീകരിച്ചു. അവർ നേരത്തെ തന്നെ എന്റെ ചില ബൈബിൾ പഠനങ്ങളും ധ്യാനങ്ങളും പ്രസിദ്ധീകരിച്ചിരുന്നു- *The Gospel of the Kingdom* 1968 ലും *Be Still and Know* 1974 ലും.

കേരളത്തിലെ പ്രസിദ്ധനായ സാഹിത്യവിമർശകനും എഴുത്തുകാരനുമായ ഡോ. കെ. എം. തരകൻ എന്റെ *Joy of Freedom* എന്ന കൃതി 'സ്വാതന്ത്ര്യദീപ്തി' എന്ന ശീർഷകത്തിൽ മലയാളത്തിലേക്കു വിവർത്തനം ചെയ്തു. 'പൗലോസ് മാർ ഗ്രിഗോറിയോസ് - മനുഷ്യനും ചിന്തകനും' എന്നൊരു ജീവചരിത്രഗ്രന്ഥം അദ്ദേഹം രചിക്കുകയും ചെയ്തു. എന്റെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ചേർന്ന് രണ്ട് അഭിനന്ദന വാല്യങ്ങൾ പുറത്തിറക്കി - എന്റെ അറുപതാം പിറന്നാളിൽ (1982) *Freedom, Love, Community* എന്ന ഗ്രന്ഥവും; എഴുപതാം പിറന്നാളിൽ (1992) *Towards a New Humanity* എന്ന ഗ്രന്ഥവും.

ഓർത്തഡോക്സ് സഭയിലെ കോളജ് വിദ്യാർത്ഥികൾക്കുവേണ്ടി ഞാൻ പൗരസ്ത്യ ക്രിസ്ത്യൻ പിതാക്കന്മാരിൽ ചിലരുടെ ലഘു ജീവചരിത്രവും പ്രബോധനങ്ങളും എഴുതി. *The Faith of Our Fathers* എന്ന ശീർഷകത്തിൽ 1969 -ൽ അത് കോട്ടയത്ത് നിന്നു പ്രസിദ്ധപ്പെടുത്തി. 1975 - ൽ ഇന്ത്യൻ ഫിലോസഫിക്കൽ കോൺഗ്രസിന്റെ ആലുവാ സമ്മേളനത്തിന്റെ തയ്യാറെടുപ്പിന് ആധുനികയൂറോപ്യൻ ഫിലോസഫിക്ക് ഹ്രസ്വമായ ഒരു ആമുഖം തയ്യാറാക്കി: *The Quest for Certainty* എന്ന ശീർഷകത്തിൽ. തിരുപ്പതിയിലെ ശ്രീ വെങ്കിടേശ്വര യൂണിവേഴ്സിറ്റിയിൽ ഞാൻ നല്കിയ രണ്ടു ദാർശനിക പ്രഭാഷണങ്ങൾ 1978-ൽ ആ യൂണിവേഴ്സിറ്റി തന്നെ *Truth Without Tradition?* എന്ന പേരിൽ പ്രസിദ്ധപ്പെടുത്തി.

സഭകളുടെ ലോകകൗൺസിലിന്റെ "വിശ്വാസം, ശാസ്ത്രം, ഭാവി" എന്ന ലോകസമ്മേളനത്തിന്റെ പ്രിപ്പേരറ്ററി കമ്മിറ്റിയിൽ 1978-ൽ ഞാൻ അദ്ധ്യക്ഷത വഹിക്കുന്ന സമയത്ത് എന്റെ ശ്രദ്ധയിൽപ്പെട്ട ഒരു ഗ്രന്ഥം എന്നെ രോഷാകുലനാക്കി. എന്റെ കമ്മിറ്റിയിൽതന്നെ ഒരംഗമായിരുന്നു ഗ്രന്ഥകർത്താവ്. പരിസ്ഥിതി പ്രശ്നത്തിലേക്കുള്ള സമീപനത്തിന്റെ ക്രിസ്തീയദൈവശാസ്ത്രാടിസ്ഥാനമായിരുന്നു പ്രതിപാദ്യവിഷയം. അമിതമായി കാൽവിന്റെ അഭിപ്രായങ്ങളുടെ ചുവടുപിടിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥം. എന്റെ വീക്ഷണത്തിൽ അതു ക്രിസ്തീയമെന്നു തന്നെ പറഞ്ഞുകൂടാ. ഞാൻ റോമിലെ ഗ്രിഗോറിയൻ ലൈബ്രറിയിലിരുന്ന് മൂന്നാഴ്ചകൊണ്ട് അതിനൊരു പ്രത്യാഖ്യാനം തയാറാക്കി: *The Human Presence* എന്ന ശീർഷകത്തിൽ. അതേ പ്രശ്നത്തിനുള്ള പൗരസ്ത്യ ഓർത്തഡോക്സ്

ക്രിസ്ത്യൻ സമീപനമാണു ഞാനതിൽ വ്യക്തമാക്കിയത്. ആ ഗ്രന്ഥം 1978 -ൽ ഡബ്ല്യു. സി. സി. ജനീവയിൽ പ്രസിദ്ധപ്പെടുത്തി. അതു പെട്ടെന്നു വിറ്റുതീർന്നതിനാൽ, അടുത്തവർഷം രണ്ടാമതൊരു പതിപ്പു വേണ്ടിവന്നു. മദ്രാസിലെ സി. എൽ. എസ്. പിറ്റേവർഷം വിലകുറഞ്ഞ ഒരു പതിപ്പു പുറത്തിറക്കി. ന്യൂയോർക്കിലെ അമിറ്റിഹൗസ് 1987-ൽ ഒരു അമേരിക്കൻ പതിപ്പ് പ്രസിദ്ധീകരിച്ചു. പുസ്തക വില്പനയും അനുകൂലനിരൂപണങ്ങളും പരിഗണിക്കുമ്പോൾ എന്റെ ഏറ്റവും സഫലമായ ഗ്രന്ഥങ്ങളിലൊന്നാണിത്. ഗ്രന്ഥത്തിലെ *Mastery and Mystery* എന്ന അദ്ധ്യായം വ്യാപകമായി ഉദ്ധരിക്കപ്പെട്ടു.

'വിശ്വാസം , ശാസ്ത്രം, ഭാവി' എന്ന ലോകസമ്മേളനം 1979-ൽ മസ്സാച്ചുസെറ്റ്സ് ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിൽ ചേർന്നു. 500 ഭൗതികശാസ്ത്രജ്ഞന്മാർ സന്നിഹിതരായി. സാമൂഹ്യശാസ്ത്രജ്ഞന്മാരുടെയും ദൈവശാസ്ത്രജ്ഞന്മാരുടെയും സംഖ്യയും അത്രത്തോളം വരും. എന്റെ അദ്ധ്യക്ഷതയിൽ അഞ്ചുവർഷം നടന്ന പ്രാരംഭ സജ്ജീകരണങ്ങൾക്കു ശേഷമാണ് സമ്മേളനം ചേർന്നത്. എന്റെ ചിന്താമണ്ഡലത്തിലെ ഏറ്റവും പ്രധാനമായ വഴിത്തിരിവായി ഈ സമ്മേളനത്തെ കണക്കാക്കാം. അറിവിലേക്കുള്ള ഏറ്റവും പ്രധാനമായ മാർഗമായി ആധുനിക ശാസ്ത്രത്തെയും, സമൂഹത്തെയും പരിസ്ഥിതിയെയും പരിവർത്തനം ചെയ്യിക്കുന്നതിനുള്ള മുഖ്യ ഉപകരണമായി ആധുനിക സാങ്കേതിക വിദ്യയെയും പരിഗണിക്കുന്ന അനേകം ലോകചിന്തകന്മാരുമൊന്നിച്ചു പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചു. സമ്മേളനം പലദിവസങ്ങൾ നീണ്ടുനിന്നു. അതിൽ അദ്ധ്യക്ഷത വഹിക്കുന്നതിനുള്ള നിസ്തുലമായ ബഹുമതി എന്റേതായി. സമ്മേളനത്തെപ്പറ്റി കൂടുതൽ കാര്യങ്ങൾ പീന്നീടു പറയാം.

സമ്മേളനത്തിന്റെ തയാറെടുപ്പ് എന്ന നിലയിൽ പ്രസിദ്ധീകരിച്ച *Science and Our Future* (മദ്രാസ്, 1978) എന്ന ഗ്രന്ഥം ഞാനാണ് എഡിറ്റു ചെയ്തത്. അതിൽ ഒരു ഭാഗം ഞാൻ തന്നെ എഴുതേണ്ടിയും വന്നു. ഭാരതീയ ശാസ്ത്രജ്ഞരും ചിന്തകരുമായിരുന്നു പ്രധാനപ്പെട്ട ലേഖകർ. നമ്മെ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങൾ ക്രോഡീകരിക്കുന്നതായിരുന്നു എന്റെ ലേഖനം. സമ്മേളനം അവസാനിച്ചപ്പോൾ അതു സംബന്ധിച്ച എന്റെ സ്വന്തം ചിന്തകൾ ഞാൻ രേഖപ്പെടുത്തി *Science for Sane Societies* (ശാസ്ത്രം സുബോധമുള്ള സമൂഹങ്ങൾക്ക്) എന്ന പേരിൽ മദ്രാസ് സി.എൽ. എസ്. അത് 1980-ൽ പ്രസിദ്ധീകരിച്ചു. ന്യൂയോർക്കിലെ പാരഗൺ ഹൗസ് 1987-ൽ ആ ഗ്രന്ഥം പുനഃപ്രസിദ്ധീകരിച്ചു.

ജർമ്മൻ വായനക്കാർക്കുവേണ്ടി ഓറിയന്റൽ ഓർത്തഡോക്സ് സഭകളെ സംബന്ധിച്ച് രണ്ടു ഗ്രന്ഥങ്ങൾ തയാറാക്കാൻ എന്നോടാവശ്യപ്പെട്ടു. ഭാഗികമായി ഞാൻ അതു രചിച്ചു. ബാക്കി ഭാഗം രചിച്ചത് അതതു സഭകളിൽ നിന്നുള്ളവരാണ്. ഞങ്ങൾ ഇംഗ്ലീഷിലാണതു രചിച്ചത്. ഞാൻ ഗ്രന്ഥം എഡിറ്റു ചെയ്തു. അനന്തരം അതു ജർമൻ ഭാഷയിലേക്കു വിവർത്തനം ചെയ്യുകയായിരുന്നു. ആദ്യഗ്രന്ഥം ഈജിപ്ഷ്യൻ, എത്യോപ്യൻ സഭകളെപ്പറ്റി പ്രതിപാദിച്ചു. *Koptisches Christentum* എന്ന പേരിൽ അതു 1973 ൽ

സ്റ്റുട്ഗാർട്ടിൽ പ്രസിദ്ധീകരിച്ചു - *Kirchen Der Welt* എന്ന ഗ്രന്ഥാവലിയുടെ ഭാഗമായി. കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിലെ വിവിധ ഗ്രൂപ്പുകളെപ്പറ്റി പ്രതിപാദിക്കുന്ന രണ്ടാം ഗ്രന്ഥം *Die Syrischen Kirchen in Indien* എന്ന ശീർഷകത്തിൽ 1974- ൽ സ്റ്റുട്ഗാർട്ടിൽ പുറത്തിറക്കി. റോമൻ കത്തോലിക്കരും, മാർത്തോമാക്കാരും മറ്റുമായ പണ്ഡിതന്മാരുടെ ലേഖനങ്ങൾ അതിലുൾപ്പെടുത്തിയിരുന്നു.

വലതുപക്ഷത്തു നിന്നും ഇടതുപക്ഷത്തു നിന്നുമുള്ള കേരളീയ ബുദ്ധിജീവികൾ ഉൾപ്പെടുന്ന കേരള സ്റ്റഡിഗ്രൂപ്പ് ഞങ്ങൾ ആരംഭിച്ചു. മലയാള മനോരമ ചീഫ് എഡിറ്റർ പത്മശ്രീ കെ. എം. ചെറിയാൻ, കേരളത്തിലെ മുൻ മുഖ്യമന്ത്രി സി. അച്യുതമേനോൻ എന്നിവരും ഇതിൽ അംഗങ്ങളായിരുന്നു. ദേശീയവും സാർവദേശീയവുമായ പ്രശ്നങ്ങൾ അവിടെ ചർച്ചാവിഷയമായി. പഠനത്തിനായി ഒരു ലഘുഗ്രന്ഥം ഞാൻ തയാറാക്കി. ട്രാൻസ് നാഷണൽ കോർപ്പറേഷനുകളുടെ (ബഹുരാഷ്ട്രകുത്തകകളുടെ) പങ്കിനെപ്പറ്റിയായിരുന്നു മുഖ്യമായി അതിലെ പ്രതിപാദ്യം. അതിൽ അധികപങ്കും ഞാനാണു രചിച്ചത്. മറ്റു പലരുടെയും ഹ്രസ്വമായ രചനകളും ഉൾക്കൊള്ളിച്ചു. ഞാനാണു ഗ്രന്ഥം എഡിറ്റു ചെയ്തത്. *Burning Issues* എന്ന ശീർഷകത്തിൽ അത് 1977-ൽ കോട്ടയത്തുനിന്നു പ്രസിദ്ധീകരിച്ചു. ഈ ലഘുഗ്രന്ഥം വലിയ വിജയമായി. മാർക്സിസ്ററുകൾ പോലും ഈ വിഷയത്തെക്കുറിച്ച് പഠിക്കാൻ പഠനക്ലാസ്സുകളിൽ അത് ഉപയോഗിച്ചു.

സഭകളുടെ ലോകകൗൺസിലുമായി ബന്ധപ്പെട്ട എന്റെ അനുഭവങ്ങളിൽ ശ്രദ്ധേയമായ ഒരു കാര്യം, നാല് അനൗദ്യോഗിക സംഭാഷണങ്ങൾ സംഘടിപ്പിച്ചതാണ്. ഓറിയന്റൽ ഓർത്തഡോക്സ് സഭകളിലെയും പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെയും ദൈവശാസ്ത്രജ്ഞന്മാർ തമ്മിലുള്ള ഈ സംഭാഷണം നടന്നത് ആർഹൂസിലും (1964) ബ്രിസ്ടലിലും (1967) ജനീവയിലും (1970)ആഡിസ് അബാബയിലും (1971) ആയിരുന്നു. പ്രൊഫ. നിസ്സിയോട്ടിസും ഞാനും ആയിരുന്നു സംയുക്ത കൺവീനർമാർ. 1500 വർഷത്തെ പിളർപ്പിനും തർക്കവിതർക്കങ്ങൾക്കും ശേഷം രണ്ടു കൂട്ടരും ഒരേവിശ്വാസത്തിൽ പങ്കാളികളാണെന്നു ഞങ്ങൾ കണ്ടെത്തി. ഞങ്ങളെ വിസ്മയസ്തബ്ധരാക്കിയ ഒരു വസ്തുതയാണത്. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ ദൈവ സ്വഭാവവും മനുഷ്യസ്വഭാവവും വാസ്തവത്തിൽ ഒന്നാണോ അതോ രണ്ടായി പരിഗണിക്കണമോ എന്ന ക്രിസ്തുശാസ്ത്രപ്രശ്നമാണ് അഞ്ചും ആറും നൂറ്റാണ്ടുകളിൽ സഭകളെ ഭിന്നിപ്പിച്ചു നിറുത്തിയിരുന്നത്. എന്നാൽ വാസ്തവത്തിൽ അതിൽ കഴമ്പില്ലെന്നും പദപ്രയോഗത്തിലുള്ള വ്യത്യാസം മാത്രമേയുള്ളുവെന്നും ഈ സംഭാഷണങ്ങളിൽ വ്യക്തമായി. നിസ്സിയോട്ടിസ്സും ഞാനും സംയുക്തമായി എഡിറ്റു ചെയ്ത ഈ റിപ്പോർട്ടുകൾ മസ്സാച്ചുസെറ്റ്സിലെ ബ്രൂക്ക്ലിനിലെ ഹെലനിക് കോളജ് പ്രസിദ്ധീകരിക്കുന്ന *ഗ്രീക്ക് ഓർത്തഡോക്സ് തിയോളജിക്കൽ റിവ്യൂ*വിൽ പ്രത്യക്ഷപ്പെട്ടു. ഇതിന്റെ ഒരു സംഗ്രഹം സഭകളുടെ ലോകകൗൺസിൽ ജനീവയിൽ (1981) പ്രസിദ്ധീകരിച്ചു:

"കൽക്കദൂന്യ- പിളർപ്പുണ്ടാക്കുന്നോ യോജിപ്പിക്കുന്നുവോ" (*Does Chalcedon Divide or Unite?*) എന്ന ശീർഷകത്തിൽ.

സെറാമ്പൂർ യൂണിവേഴ്സിറ്റിക്കു സമർപ്പിച്ച എന്റെ ഡോക്ടറൽ പ്രബന്ധം *Cosmic Man* എന്ന ശീർഷകത്തിൽ ന്യൂഡൽഹിയിലെ സോഫിയാ പബ്ലിക്കേഷൻസ് 1980-ൽ പ്രസിദ്ധീകരിച്ചു. മൂന്നാം നൂറ്റാണ്ടിലെ പൗരസ്ത്യ ക്രിസ്തീയ പിതാവായ നിസ്സായിലെ മാർ ഗ്രിഗോറിയോസിന്റെ രചനകളിലെ, ദൈവം, മനുഷ്യരാശി, ലോകം എന്നിവ തമ്മിലുള്ള ബന്ധമാണ് അതിലെ പ്രതിപാദ്യം. 1988-ൽ ന്യൂയോർക്കിലെ പാരഗൺ ആ ഗ്രന്ഥം പുനഃപ്രസിദ്ധീകരിച്ചു. ഈ കൃതി പൊതുവെ നല്ല രീതിയിൽ സ്വീകരിക്കപ്പെടുമെന്നായിരുന്നു എന്റെ പ്രതീക്ഷ. പക്ഷേ സംഭവിച്ചതങ്ങനെയായിരുന്നില്ല. ഈ കൃതി ഭാവിയിൽ കൂടുതൽ ഗൗരവബുദ്ധിയോടെ ആളുകൾ പഠിക്കുമെന്ന് ഞാൻ കരുതുന്നു. ക്രിസ്തീയമായ ദൈവവിശ്വാസത്തിലെ അടിസ്ഥാന പ്രശ്നങ്ങളിലൊന്നിനെപ്പറ്റിയാണ് അതിൽ പ്രതിപാദിക്കുന്നത്. ദൈവവിശ്വാസികൾ സാധാരണയായി ദൈവം, മനുഷ്യത്വം, ലോകം എന്നിവയെ മൂന്ന് സത്തകളായിട്ടാണ് (entity) പരിഗണിക്കുന്നത്. പൗരസ്ത്യ സഭാപിതാവായ നിസ്സായിലെ വിശുദ്ധ ഗ്രിഗോറിയോസാകട്ടെ, സ്രഷ്ടാവിനെയും സൃഷ്ടിയെയും വ്യത്യസ്തങ്ങളായ രണ്ടു സത്തകളായി കാണുന്നതിലെ ദാർശനികപ്രശ്നത്തെ  മുൻകൂട്ടി ധരിച്ചിരുന്നു. ഹിന്ദു അദ്വൈത വേദാന്തിയുടെ വീക്ഷണം അടിസ്ഥാനപരമായി ഭദ്രവും നിയമാനുസൃതവുമാണെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏഷ്യാമൈനറിലെ (ഇന്നത്തെ തുർക്കി) കപ്പദോക്യയിൽ നിന്നുള്ള ഈ പ്രാചീന ഏഷ്യൻ ഗ്രന്ഥകാരൻ അതു വ്യത്യസ്തരീതിയിൽ രൂപപ്പെടുത്തുകയും വ്യാഖ്യാനിക്കുകയും ചെയ്തുവെന്നു മാത്രം. നിസ്സായിലെ ഗ്രിഗറി ജീവിച്ചതും എഴുതിയതും ഇന്ത്യയിൽ ശങ്കരാചാര്യർ ജീവിച്ചതിന് മുന്നോ, നാലോ നൂറ്റാണ്ടുകൾ മുമ്പാണ്.

കർത്താവായ യേശുക്രിസ്തുവിന്റെ പന്ത്രണ്ടു അപ്പോസ്തലന്മാരിൽ ഒരാളായ വിശുദ്ധ തോമ്മസ് എ. ഡി. 52- ൽ ഇന്ത്യയിലെത്തി ക്രൈസ്തവ സഭ സ്ഥാപിച്ചതായി വിശ്വസിക്കപ്പെടുന്നു. പാരമ്പര്യമനുസരിച്ച് അദ്ദേഹം എ.ഡി. 52-ൽ മദ്രാസിനു സമീപം ഒരു (ഈ സ്ഥലം ഇപ്പോൾ സാൻതോം എന്ന് വിളിക്കപ്പെടുന്നു) സ്ഥലത്തുവച്ച് ഹിന്ദുക്കളുടെ കുന്തമേറ്റു രക്തസാക്ഷിമരണം പ്രാപിച്ചു. ഈ സംഭവത്തിന്റെ 19-ാം ശതവാർഷികം ഇന്ത്യൻ ഓർത്തഡോക്സ് സഭ,  വിശുദ്ധ തോമ്മസാണു സ്ഥാപകനെന്ന് അവകാശപ്പെടുന്ന മറ്റു തോമ്മസ് ക്രിസ്ത്യാനികളുമായി ചേർന്ന് ആഘോഷിക്കുകയുണ്ടായി. 1982ൽ സഭ കാതോലിക്കറ്റ് സപ്തതി ആഘോഷിച്ചപ്പോൾ ഇന്ത്യൻ പ്രസിഡണ്ട് ഗ്യാനി സെയിൽസിംഗ്, ജ്യോർജിയയിലെ പാത്രിയർക്കീസ് ഇലിയ തുടങ്ങി അനേകം അതിഥികൾ വിദൂരദേശങ്ങളിൽ നിന്ന് എത്തിച്ചേർന്നു. ആഘോഷങ്ങളുടെ പ്രധാനചുമതല എനിക്കായിരുന്നു. വലിയ ഒരു സംഘം ആൾക്കാർ എനിക്ക് ആവശ്യമായ സഹായം നല്കി. അതിഥികൾക്ക് നല്കാൻ ഞങ്ങളുടെ സഭയുടെ ചരിത്രം സംബന്ധിച്ച് ഒരു ലഘു ഗ്രന്ഥം വേണ്ടിയിരുന്നു. ഒരാഴ്ചക്കകം ഞാൻ

തന്നെ ഒരെണ്ണം എഴുതി തയാറാക്കേണ്ടിവന്നു. *The Indian Orthodox Church - An Overview* എന്ന പേരിൽ അതു പ്രസിദ്ധീകരിച്ചു.

സഭകളുടെ ലോകകൗൺസിൽ പ്രചരിപ്പിച്ച തെറ്റായ ചില ദൈവശാസ്ത്രചിന്തകളെപ്പറ്റി 1980-കളിൽ ഞാൻ തികച്ചും അസ്വസ്ഥനായി. 1983-ൽ എന്നെ കൗൺസിലിന്റെ ഒരു പ്രസിഡണ്ടായി തെരഞ്ഞെടുത്തു. മുൻപറഞ്ഞ സ്ഖലിതങ്ങളെപ്പറ്റി ജനീവയിലെ കൗൺസിൽ സ്റ്റാഫിന് ഏതാനും പ്രസംഗങ്ങൾ നല്കേണ്ടതാവശ്യമാണെന്ന് ഞാൻ ശഠിച്ചു. സ്റ്റാഫിലെ സ്വാധീനമുള്ള അംഗങ്ങൾ ഈ നിർദ്ദേശത്തെ സർവശക്തിയുമുപയോഗിച്ച് എതിർത്തു. അവസാനം ജനറൽ സെക്രട്ടറി ഡോ. എമിലിയോ കാസ്ട്രോ എന്റെ നിർദ്ദേശം അംഗീകരിച്ചു. ജനീവയിലെ കൗൺസിൽ ആസ്ഥാനത്ത് വിവിധ രാജ്യങ്ങളിൽ നിന്നായി ഏതാണ്ട് 80 എക്സിക്യൂട്ടീവുകളും അവരെ സഹായിക്കുന്ന വേറെ 200 സ്റ്റാഫംഗങ്ങളും അന്നു പ്രവർത്തിക്കുന്നുണ്ടായിരുന്നു. ജനീവയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റിതര സംഘടനകളിൽ ഏറ്റവും വലുതാണ് കൗൺസിൽ. ഞാൻ പ്രസംഗങ്ങൾ തയാറാക്കാൻ ആരംഭിച്ചു. അതിനിടയിൽ എനിക്കൊരു നിർദ്ദേശം കിട്ടി. എന്റെ പ്രസംഗങ്ങൾ കൗൺസിലിന്റെ മൂന്നു യൂണിറ്റുകളിൽ ഒരെണ്ണം തെരഞ്ഞെടുക്കുന്ന വിഷയത്തെപ്പറ്റി ആയിരിക്കണം. ഡയോക്കോണിയ (സേവനം) എന്ന വിഷയമാണവർ നല്കിയത്. ഇത് സ്റ്റാഫിന്റെ ഒരു അട്ടിമറിയാണെന്ന് എനിക്കു മനസ്സിലായി! അവരുടെ കളിതന്നെ കളിക്കാൻ തീരുമാനിച്ചുകൊണ്ട് ഞാൻ പ്രസംഗത്തിനു സമ്മതിച്ചു. അവിടെ ചെയ്ത അഞ്ചോ ആറോ പ്രസംഗങ്ങൾ ഒന്നിച്ചുചേർത്ത് *The Meaning and Nature of Diakonia* എന്നൊരു ഗ്രന്ഥം 1988-ൽ സഭകളുടെ ലോകകൗൺസിൽ ജനീവയിൽ പ്രസിദ്ധീകരിച്ചു. ഗ്രന്ഥത്തിന് ചിലയിടങ്ങളിൽ നല്ല നിരൂപണം കിട്ടി. പക്ഷേ സ്റ്റാഫിൽ അതു മതിപ്പുളവാക്കിയില്ല. അവർ വീണ്ടും പഴയ തെറ്റുകൾ തന്നെ പ്രചരിപ്പിക്കുന്നു. ഈയിടെയായി അവയെക്കാൾ ഗുരുതരമായ തെറ്റും പരത്തുന്നുണ്ട്. സീനിയർ സ്റ്റാഫംഗങ്ങളിൽ പലരും എന്നെ ശത്രുവായി കാണാൻ തുടങ്ങി. ഇപ്പോഴും അങ്ങനെ തന്നെയാണെന്നു തോന്നുന്നു.

വായിച്ചു മനസ്സിലാക്കാൻ സഹായകമായ എന്റെ ദൈവശാസ്ത്ര ഗ്രന്ഥങ്ങളിൽ പ്രധാനം - എന്റെ നോട്ടത്തിൽ - രണ്ടെണ്ണമാണ്. *The Joy of Freedom, The Human Presence* എന്നിവ. സാരാംശം പരിഗണിച്ചാൽ *Cosmic Man - The Divine Presence* ആയിരിക്കും ഏറ്റവും ശ്രേഷ്ഠം. എന്റെ സപ്തതി (1992) പ്രമാണിച്ചു കേരളത്തിലെ സുഹൃത്തുക്കൾ രൂപവല്ക്കരിച്ച മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ, ഞാൻ ആദ്യകാലത്തു രചിച്ച കുറെ ലേഖനങ്ങൾ *A Human God* എന്നപേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചു. ക്രിസ്തുവിനെപ്പറ്റിയുള്ള നമ്മുടെ ധാരണയിലെ ചില പ്രശ്നങ്ങളാണ് അവയിൽ പ്രതിപാദിക്കുന്നത്. മൗലികമായ ചില പാശ്ചാത്യനിലപാടുകൾ സംബന്ധിച്ച വിവാദം അവയിൽ തുടരുകയും ചെയ്യുന്നു. എന്റെ പരശ്ശതം ലേഖനങ്ങൾ ഫൗണ്ടേഷന്റെ കൈവശമുണ്ട്. അവയിൽ പലതും ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ളവയല്ല. "ദർശനത്തിന്റെ പൂക്കൾ" എന്ന പേരിൽ എന്റെ

ചില മലയാളം പ്രബന്ധങ്ങളും എന്റെ ചില സ്നേഹിതർ ചേർന്ന് 1992-ൽ പ്രകാശിപ്പിച്ചു. എന്റെ പ്രബന്ധങ്ങൾ ഭാവിയിൽ പല വാല്യങ്ങളിലായി പ്രസിദ്ധീകരിക്കാനും ഫൗണ്ടേഷനു പരിപാടിയുണ്ട്. പക്ഷേ ദൈവ ശാസ്ത്ര രചനകളിൽ - പ്രത്യേകിച്ചും വിവാദരചനകളിൽ - ഞാൻ മടുത്തു. ദൈവം ആയുസ്സും ആരോഗ്യവും നല്കുന്ന പക്ഷം, മറ്റൊരു ദൈവ ശാസ്ത്രഗ്രന്ഥം രചിക്കണമെന്നുണ്ട്. യാതൊരു വിവാദങ്ങളിലും ഏർപ്പെടാതെ, വിശ്വാസം സംബന്ധിച്ച എന്റെ ധാരണ സംഗ്രഹിക്കാനായി ഒരു ഗ്രന്ഥം.

അടുത്തകാലത്തായി ഞാൻ ശ്രദ്ധേയമായ ചില രചനകൾ നടത്തി - ദൈവശാസ്ത്രത്തിൽനിന്നു വ്യത്യസ്തമായി. സിംലയിലെ രാഷ്ട്രപതി നിവാസിൽ (മുമ്പ് വൈസ്റീഗൽ ലോഡ്ജ്) പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി എനിക്കൊരു പഠന ഫെലോഷിപ്പ് നല്കി. അങ്ങനെ രചിച്ച "*പ്രബുദ്ധത-പൗരസ്ത്യവും പാശ്ചാത്യവും*" (*Enlightenment-East and West*) എന്ന ഗ്രന്ഥം ഇൻസ്റ്റിട്യൂട്ട് തന്നെ പ്രസിദ്ധീകരിച്ചു. ഇന്ത്യയിൽ ആ ഗ്രന്ഥത്തെപ്പറ്റി നല്ല പുസ്തകാഭിപ്രായങ്ങൾ ഉണ്ടായി. ഇൻസ്റ്റിട്യൂട്ടിനോടു ചേർന്ന് സംയുക്തമായി അതു പ്രസിദ്ധീകരിക്കാൻ ന്യുയോർക്ക് സ്റ്റേറ്റ് യൂണിവേഴ്സിറ്റി പ്രസ് ആഗ്രഹം പ്രകടിപ്പിച്ചു. പക്ഷേ എന്തോ കാരണത്താൽ ഇൻസ്റ്റിട്യൂട്ട് മനസ്സുവച്ചില്ല. ഇൻസ്റ്റിട്യൂട്ട് അധികൃതർക്ക് അസൂയയാണെന്ന് ഞാൻ ചിന്തിക്കുന്നപക്ഷം എന്റെ ഭാഗത്തു നിന്ന് അനാവശ്യ സംശയമാണെന്ന് ആരോപണമുണ്ടായേക്കും.

എന്തായാലും സിംലാഗ്രന്ഥം ഇന്ത്യൻ വായനക്കാരെ മനസ്സിൽ കണ്ടുകൊണ്ടാണ് ഞാൻ എഴുതിയത്. നമ്മുടെ രാഷ്ട്രത്തിന്റെ മഹാനായ സ്ഥാപകപിതാവ് ജവഹർലാൽ നെഹ്റു പ്രാഥമികമായി യൂറോപ്യൻ പ്രബുദ്ധതയുടെ സന്താനമായിരുന്നെന്നും ഇന്ത്യൻ പൈതൃകത്തിന്റെ അഭിവർദ്ധകനല്ലെന്നുമാണ് ഞാൻ അതിൽ ചൂണ്ടിക്കാട്ടിയത്. ന്യൂയോർക്ക് സ്റ്റേറ്റ് യൂണിവേഴ്സിറ്റി പ്രസിനുവേണ്ടി ഞാൻ മറ്റൊരു പുസ്തകം തയാറാക്കി. പാശ്ചാത്യ വായനക്കാരെ മനസ്സിൽ കണ്ടുകൊണ്ട്. വിഷയം മറ്റതു തന്നെ. ആ ഗ്രന്ഥം "പ്രദീപ്തമായ പ്രകാശം-പ്രബുദ്ധത ഇന്ന്" (*A Light Too Bright - The Enlightenment Today*) എന്ന പേരിൽ 1992-ൽ പുറത്തുവന്നു. പുസ്തകാഭിപ്രായങ്ങൾ അനുകൂലതരമായിരുന്നു-അത്യുക്തികളില്ലാതെ.

ഇതുവരെ പറഞ്ഞതിനു പുറമെ പരശ്ശതം ലേഖനങ്ങളും പ്രബന്ധങ്ങളും ഞാൻ രചിച്ചു; മാസികകൾക്കും സിമ്പോസിയങ്ങൾക്കും വിജ്ഞാന കോശങ്ങൾക്കുംവേണ്ടി. 1979-ൽ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ ഞാൻ 'ഡഡ്ലി' ലക്ചർ നല്കി. മതനിരപേക്ഷവത്കരണം (സെക്കുലറൈസേഷൻ) തിരിച്ചിടാൻ വയ്യാത്ത (irreversible) പ്രക്രിയയാണെന്ന നിലവിലുള്ള സിദ്ധാന്തത്തെ ഖണ്ഡിക്കുകയായിരുന്നു അതിൽ. ഏതെങ്കിലും പുതിയ രൂപത്തിൽ മതം പൊതുജീവിതത്തിൽ മടങ്ങിയെത്തിയേ തീരു എന്നു ഞാൻ അന്നു മനസ്സിലാക്കി. അതു താമസിയാതെ ഉണ്ടാകുമെന്നും ഞാൻ മുൻകൂട്ടി കണ്ടു. നിയമാനുസൃതസ്ഥാപനങ്ങളെയോ അധികാരസ്ഥാനങ്ങളെയോ സംബന്ധിച്ചിടത്തോളം ഈ അഭിപ്രായം പരിഷ്കൃതയുഗ

ത്തിനു ചേർന്നതല്ല. തന്മൂലം എന്റെ പ്രഭാഷണം പ്രസിദ്ധീകരിക്കാമെന്ന് മുൻകൂട്ടിതന്ന കരാറിൽ നിന്ന് ഹാർവാഡ് തിയോളജിക്കൽ റിവ്യൂ പിറകോട്ടുപോയി. കരാർ പാലിക്കാൻ കഴിയാതെപോയതിൽ അവർ ഖേദം രേഖപ്പെടുത്തി.

ഈവിധത്തിൽ അധികാരസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും എതിരായ നിലപാട് പലപ്പോഴും എനിക്ക് എടുക്കേണ്ടിവന്നിട്ടുണ്ട്. പൊതുവേ അപ്രിയമായ നിലപാട്. പക്ഷേ എന്റെ ഏറ്റവും രൂക്ഷമായ എതിർപ്പ് മിഷനെക്കുറിച്ചുള്ള പാശ്ചാത്യധാരണയ്ക്കെതിരായിട്ടായിരുന്നു. ചില ദൈവശാസ്ത്ര രചനകളിലും പ്രഭാഷണങ്ങളിലുമായി ഞാനിത് പ്രകാശിപ്പിച്ചു. മിഷന്റെ കേന്ദ്രസ്ഥാനം സംബന്ധിച്ച് നിലവിലുള്ള ക്രിസ്തീയ ധാരണ, നൂറ്റാണ്ടുകളായി സഭയിൽ രൂപംകൊണ്ട പ്രബോധനം എന്നതിനേക്കാൾ പാശ്ചാത്യസാമ്രാജ്യത്വത്തിന്റെ സൃഷ്ടിയാണെന്നുള്ളതായിരുന്നു എന്റെ വീക്ഷണം. എന്റെ സഭയിലെ അംഗങ്ങൾ പോലും, പാശ്ചാത്യ പ്രചാരണത്താൽ ശക്തമായ മസ്തിഷ്കപ്രക്ഷാളനത്തിനു വിധേയരാകുകയാൽ, എന്റെ ഇത്തരം അഭിപ്രായങ്ങൾ എന്റെ വ്യക്തിപരമായ ചിന്താവൈചിത്ര്യമായി തള്ളി. ചില പാശ്ചാത്യ ക്രിസ്ത്യാനികൾ സഭയുടെ മേലും ലോകത്തിന്റെ മേലും ക്രിസ്തുവിന്റെ കർതൃത്വത്തെപ്പറ്റി സംസാരിക്കുന്ന രീതിയും, മറ്റു മതങ്ങളെപ്പറ്റിയും മറ്റ് സംസ്കാരങ്ങളെപ്പറ്റിയും അവർ കാണിക്കുന്ന ധാരണക്കുറവും, ക്രിസ്തീയ വിശ്വാസത്തിൽ നിന്നെന്നതിനേക്കാൾ കൂടുതലായി പാശ്ചാത്യസംസ്ക്കാരത്തിന്റെ ശ്രേഷ്ഠതയിൽ അവർക്കുള്ള ന്യായരഹിതമായ ആത്മവിശ്വാസത്തിൽ നിന്ന് ഉയിർക്കൊള്ളുന്നതാണെന്നുകൂടി ഞാൻ പറഞ്ഞുവച്ചു.

ഈവിധത്തിൽ പൊതുവേ അപ്രിയകരങ്ങളായ അഭിപ്രായങ്ങൾ എന്നിൽ നിന്നുണ്ടായിട്ടും ക്രിസ്തീയരായ എന്റെ അമേരിക്കൻ സുഹൃത്തുക്കൾ അമേരിക്കയിൽ പഠിപ്പിക്കാനും പ്രഭാഷണം നടത്താനും എന്നോടു പലപ്പോഴും ആവശ്യപ്പെട്ടുവെന്നത് അവരുടെ ന്യായദീക്ഷയ്ക്കു ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കട്ടെ. 1978-ലെ വേനൽക്കാലത്ത് ഡൻവറിലെ (കോളറാഡോ) ഐലിഫ് സ്കൂൾ ഓഫ് തിയോളജിയിൽ മേരി ലൂയി ഐലിഫ് വിശിഷ്ട സന്ദർശക പ്രഭാഷകനായി ഞാൻ സേവനമനുഷ്ഠിച്ചു. ഒഹായോയിലെ വൂസ്റ്റർ കോളജിൽ കുറെക്കാലം ഞാൻ വിശിഷ്ട സന്ദർശക പ്രൊഫസറായിരുന്നു. 1986-ലും 1988-ലും പ്രിൻസ്ടൺ തിയോളജിക്കൽ സെമിനാരിയിൽ വിസിറ്റിങ്ങ് ഫെലോ ആയും ഞാൻ സേവനമനുഷ്ഠിച്ചു.

## സമ്മാനങ്ങൾ, അവാർഡുകൾ, ബഹുമതികൾ

സമ്മാനങ്ങളും ബഹുമതികളും ഒരു മനുഷ്യന്റെ യഥാർത്ഥ മൂല്യത്തിന്റെ വിശ്വസനീയമായ അളവുകോലല്ലെന്ന് എനിക്കറിയാം. എന്നിരിക്കിലും യോഗ്യതാപത്രങ്ങളെക്കുറിച്ച് പറഞ്ഞുവരുന്ന നിലയ്ക്ക് എനിക്കു ലഭിച്ച അവാർഡുകളെ മൂന്നു കൂട്ടങ്ങളായി തിരിച്ച് - ഇന്ത്യൻ, കിഴക്കേ യൂറോപ്യൻ, പാശ്ചാത്യം - താഴെ ചേർക്കുന്നു.

## ഇന്ത്യ

1988-ൽ എനിക്കു സമ്മാനിച്ച സോവിയറ്റ്ലാന്റ് നെഹ്രു അവാർഡ് ഇന്ത്യയിൽ ആദരിക്കപ്പെടുന്ന ഒന്നാണ്. പ്രശസ്തരായ ഏതാനും ഇന്ത്യക്കാരും സോവിയറ്റ് പൗരന്മാരും ചേർന്നു രൂപവല്ക്കരിച്ച ഈ അവാർഡ് സമാധാനത്തിനും നീതിക്കും അസാധാരണമായ സേവനം അനുഷ്ഠിച്ചവരെ ആദരിക്കാൻ ഏർപ്പെടുത്തിയതാണ്. എനിക്കു ലഭിച്ചതിന് പിറ്റേവർഷമാണു മദർ തെരേസയ്ക്ക് ഈ അവാർഡ് സമ്മാനിച്ചത്.

ഭായി പരംവീർ സിംഗ് ഇന്റർനാഷണൽ അവാർഡ് 1990-ൽ എനിക്കു ലഭിച്ചു. പഞ്ചാബി പഠനത്തിനുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തിയ ഈ അവാർഡ് ഇന്ത്യയിലെ സിക്ക് സമൂഹം നിയന്ത്രിക്കുന്നു. ഇന്ത്യയിലും വിദേശത്തും, മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദം വർദ്ധിപ്പിക്കാൻ ഞാൻ ചെയ്ത എളിയ സേവനത്തിനുള്ള അംഗീകാരമാണ് ഈ അവാർഡ് എനിക്കു നല്കിയതെന്നു തോന്നുന്നു.

മാനവികതയെപ്പറ്റി പഠിപ്പിക്കുന്ന ഭാരതീയ ആചാര്യന്മാരെ ആദരിക്കാൻ കേരളത്തിൽ ഏർപ്പെടുത്തിയ ആചാര്യ അവാർഡ് 1992-ൽ എനിക്കു ലഭിച്ചു. എനിക്കാണ് ആദ്യമായി ഈ അവാർഡ് സമ്മാനിച്ചതെന്നു തോന്നുന്നു. "ഇന്ത്യ ഹൂ ഈസ് ഹൂ", "കേരള ഹൂ ഈസ് ഹൂ" തുടങ്ങിയ ജീവചരിത്ര പ്രസിദ്ധീകരണങ്ങളിൽ എന്റെ പേര് പ്രത്യക്ഷപ്പെട്ടു.

## പൂർവ്വയൂറോപ്പ്

പൂർവ്വയൂറോപ്പിലെ സോഷ്യലിസ്റ്റ് രാജ്യങ്ങളിലുള്ള ക്രിസ്ത്യാനികൾക്ക് സേവനം നല്കുന്നതിനും ലോകത്തിലെ കമ്മ്യൂണിസ്റ്റുകളും കമ്മ്യൂണിസ്റ്റിതരരും തമ്മിൽ സംവാദം പുലർത്തുന്നതിനും മുപ്പതിൽപ്പരം വർഷങ്ങളായി ഞാൻ കിണഞ്ഞുപരിശ്രമിച്ചതിനിടയിൽ പല ബഹുമതികളും എനിക്കു ലഭിച്ചു (ഇന്നു പലരും അവയെ അവമതികളായാണു കാണുന്നത്. പക്ഷേ ഞാൻ ഇന്നും അവയെ വിലമതിക്കുന്നു).

റഷ്യൻ ഓർത്തഡോക്സ്സഭ വക ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാദമിയിൽ നിന്നു തിയോളജിയിൽ ആദ്യമായി ഓണററി ഡോക്ടറേറ്റ് ലഭിക്കുന്ന ഒന്നാമത്തെ വിദേശീയനാണു ഞാൻ. വത്തിക്കാനിലെ കർദ്ദിനാൾ വില്ലി ബ്രാൻഡ്സിനും മറ്റും പിന്നീടതു ലഭിച്ചിട്ടുണ്ട്. അക്കാദമിയിൽ തിയോളജിയിൽ ഓണററി ലക്ചററായി എന്നെ നാമനിർദ്ദേശം ചെയ്യുകയുമുണ്ടായി.

ബുഡാപെസ്റ്റിലെ (ഹംഗറി) ലൂതറൻ തിയോളജിക്കൽ അക്കാദമി എനിക്കു മറ്റൊരു ഓണററി ഡോക്ടറേറ്റ് നല്കി. മൂന്നാമതൊരു ഓണററി ഡോക്ടറേറ്റ് എനിക്കു ലഭിച്ചത് പ്രാഗിലെ (ചെക്കോസ്ലോവാക്യ) 'അയാൻ ഹൂസ്' ഫാക്കൽറ്റിയിൽ നിന്നാണ്. ഒരു ഓണററി ഡോക്ടറേറ്റ് സ്വീകരിക്കാൻ ചെക്കോസ്ലോവാക്കിയയിലെ ഓർത്തഡോക്സ് തിയോളജിക്കൽ ഫാക്കൽറ്റി എന്നെ ക്ഷണിച്ചതാണ്. പക്ഷേ നേരിട്ടുചെന്ന് അത് സ്വീകരിക്കാൻ എനിക്കു കഴിഞ്ഞില്ല.

വളരെ ആദരിക്കപ്പെടുന്ന മറ്റു രണ്ടു ബഹുമതികൾ കൂടി റഷ്യൻ

ഓർത്തഡോക്സ് സഭ എനിക്കു സമ്മാനിച്ചു. ഒന്ന്, ഓർഡർ ഓഫ് സെന്റ് വ്ളാദിമിർ. രണ്ട്, ഓർഡർ ഓഫ് സേർജിയസ് ഒന്നാം റാങ്ക്. പോളീഷ് ഓർത്തഡോക്സ് സഭ ഓർഡർ ഓഫ് സെന്റ് മേരി മാഗ്ഡലിൻ (ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് ആദ്യത്തെ സാക്ഷി മേരി ആയിരുന്നു വല്ലോ) എന്ന അവാർഡും, പോളണ്ടിലെ ഓൾഡ് കാത്തലിക് സഭ ഓർഡർ ഓഫ് ബിഷപ്പ് ഫ്രാൻസിസ്കെ ഹോഡർ ഫസ്റ്റ് ക്ലാസ് എന്ന അവാർഡും എനിക്കു സമ്മാനിച്ചു.

അന്നത്തെ പൂർവ്വജർമ്മനി 1988-ൽ എനിക്കു സമാധാനത്തിനുള്ള ഓട്ടോനുഷ്കെ പ്രൈസ് സമ്മാനിച്ചു. ക്രിസ്ത്യൻ ഡമോക്രാറ്റിക് യൂണിയന്റെ (സി. ഡി. യു.) സ്ഥാപകന്റെ പേരിലുള്ള ഈ സമ്മാനം സ്വീകരിക്കുന്ന ആദ്യത്തെ വിദേശീയനും ഞാനാണ്. ഈ അവാർഡിനോടു ബന്ധിച്ചു രസകരമായ ഒരു കഥയുണ്ട്. അവാർഡിനെത്തുടർന്നുള്ള എന്റെ പ്രസംഗത്തിന്റെ കയ്യെഴുത്തുപ്രതി ജർമൻ ഭാഷയിലാണു ഞാൻ തയ്യാറാക്കിയത്. സി. ഡി. യു.വിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയിലാണു ഞാൻ പ്രസംഗിക്കേണ്ടിയിരുന്നത്. അന്നു മിഖായേൽ ഗോർബച്ചേവ് സോവിയറ്റ് യൂണിയനിൽ ഏർപ്പെടുത്തിക്കൊണ്ടിരുന്ന പരിഷ്ക്കാരങ്ങളെപ്പറ്റിയും പുനഃസംശോധനത്തെപ്പറ്റിയും അടിസ്ഥാനപരമായ ചില പ്രശ്നങ്ങൾ ഞാൻ പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. എന്റെ വിമർശനം ജർമൻ കമ്മ്യൂണിസ്റ്റുകൾക്ക് ഇഷ്ടപ്പെടുമെന്നാണ് ഞാൻ കരുതിയത്. കയ്യെഴുത്തുപ്രതി മുൻകൂട്ടി വായിക്കാൻ സി. ഡി. യു. പ്രസിഡന്റിനു ഞാൻ അയച്ചിരുന്നു. 25 വർഷമായി എന്റെ സ്നേഹിതനാണ് അദ്ദേഹം. മാത്രമല്ല ഡി. ഡി. ആർ. ഗവൺമെന്റിൽ രണ്ടാംസ്ഥാനക്കാരനും. പ്രസംഗത്തിന് തലേന്ന് അദ്ദേഹം തന്റെ അസിസ്റ്റന്റിനെ ഹോട്ടലിൽ എന്റെ മുറിയിലേയ്ക്കയച്ചു. ഗോർബച്ചേവിനെപ്പറ്റിയുള്ള എല്ലാ പരാമർശങ്ങളും നീക്കംചെയ്യണമെന്ന നിർദ്ദേശത്തോടുകൂടി. നാലുപേജുകൾ വെട്ടിക്കളയാൻ വളരെ വൈമനസ്യത്തോടെ ഞാൻ സമ്മതിച്ചു. പിറ്റേദിവസം പ്രസംഗത്തിന് ഒരുമണിക്കൂർ മുമ്പ് എനിക്കു കിട്ടിയ നിർദ്ദേശം; ആ പ്രസംഗം പാടേ മാറ്റിവച്ച ശേഷം, സമാധാനത്തെപ്പറ്റി പൊതുവെ പ്രസംഗിക്കണമെന്നാണ്. അങ്ങനെ ഞാൻ മറ്റൊരു പ്രസംഗമാണ് ചെയ്തത്!

**അമേരിക്കയും പാശ്ചാത്യരാജ്യങ്ങളും**

അമേരിക്കക്കാർ വളരെ ഉദാരതയോടുകൂടിയാണ് എന്നോട് പെരുമാറിയത്. പ്രത്യേകിച്ച് അമേരിക്കൻ ബയോഗ്രഫിക്കൽ അസോസ്യേഷൻ. ലോകത്തിലെ ജീവചരിത്രസംബന്ധമായ റഫറൻസ് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്ന ഈ സംഘടന എനിക്കു പല ബഹുമതികൾ സമ്മാനിച്ചു. നാഷണൽ രജിസ്ട്രർ ഓഫ് പ്രോമിനെന്റ് അമേരിക്കൻസ് ആൻഡ് ഇന്റർനാഷണൽ നോട്ടബിൾസ്, ഹൂ ഈസ് ഹൂ ഇൻ അമേരിക്ക എന്നീ ഗ്രന്ഥങ്ങളിൽ അവർ എന്റെ പേര് ഉൾക്കൊള്ളിച്ചു. ഡിക്ഷനറി ഓഫ് ഇന്റർനാഷണൽ ബയോഗ്രഫി, ഇന്റർനാഷണൽ ഹൂ ഈസ് ഹൂ, വേൾഡ് ഹൂ ഈസ് ഹൂ എന്നിവയുടെ പല പതിപ്പുകളിൽ എന്റെ പേരു കാണാം. ഹൂ ഈസ് ഹൂ ഇൻ റിലീജിയൻ, ഇന്റർനാഷണൽ ഹൂ ഈസ് ഹൂ ഓഫ്

ഇന്റലചാൽസ്, ഇന്റർനാഷണൽ ഓതേഴ്സ് ആന്റ് റൈറ്റേഴ്സ് ഹൂ ഈസ് ഹൂ, ഡിക്ഷനറി ഓഫ് ഇന്റർനാഷണൽ കമ്മ്യൂണിറ്റി സർവ്വീസ് എന്നിവ യിലും എന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദി ഇന്റർനാഷണൽ ബുക്ക് ഓഫ് ഓണർ, ഇന്റർനാഷണൽ ഡിക്ഷനറി ഓഫ് ഡിസ്റ്റിംഗ്വിഷ്ഡ് സ്കോളർഷിപ്പ് എന്നിവയിൽ എന്റെ പേരു വന്ന തായിരിക്കണം ഒരുപക്ഷേ കുറെക്കൂടി ഉയർന്ന തലത്തിലുള്ള അംഗീകാ രവും ബഹുമതിയും.

മെൻ ഓഫ് അച്ചീവ്മെന്റ്, മെൻ ആന്റ് വിമൺ ഓഫ് ഡിസ്റ്റിംഗ്ഷൻ, ഫൈവ് തൗസന്റ് പേഴ്സണാലിറ്റീസ് ഓഫ് ദി വേൾഡ്, ഫൈവ് ഹണ്ട്രഡ് ലീഡേഴ്സ് ഓഫ് ഇൻഫ്ളുവെൻസ് എന്നീ കൃതികളിൽ പേരുവന്നത് എന്നെ വിസ്മയാധീനനാക്കി. ഈ ബഹുമതികളോടനുബന്ധിച്ച് ചില അവാർഡുകളും ലഭിച്ചു. ദി ഡിസ്റ്റിംഗ്വിഷ്ഡ് ലീഡർഷിപ്പ് അവാർഡ് ഫോർ എക്സ്ട്രാഓർഡിനറി സർവ്വീസ് റ്റു പീസ് ആന്റ് ഹ്യൂമൻ യൂണിറ്റി, ദി ഇന്റർനാഷണൽ ബയോഗ്രഫിക്കൽ റോൾ ഓഫ് ഓണർ ഫോർ ഡിസ്റ്റിം ഗ്വിഷ്ഡ് സർവ്വീസ് റ്റു വേൾഡ് യൂണിറ്റി ആന്റ് അണ്ടർസ്റ്റാന്റിംഗ് എമങ്ങ് റിലീജിയൻസ്, ദി ഹാൾ ഓഫ് ഫെയിം അവാർഡ് എന്നിവ. അമേരിക്കൻ ജീവചരിത്ര സംഘടനയുടെ പ്രഖ്യാതമായ മെൻ ഓഫ് ദി ഇയർ അവാർഡ് 1990-ലും ഗോൾഡൻ അക്കാദമി അവാർഡ് ഫോർ ലൈഫ് ടൈം അച്ചീ വ്മെന്റ് 1991-ലും എനിക്കു സമ്മാനിച്ചു.

ഞാൻ ആദ്യത്തെ രണ്ടു ബിരുദങ്ങളും എടുത്ത എന്റെ അമേരിക്കൻ മാതൃവിദ്യാലയങ്ങൾ രണ്ടും എന്നെ ബഹുമാനിക്കുകയുണ്ടായി. ഗോഷൻ കോളജ്, കൾച്ചർ ഫോർ സർവ്വീസ് അവാർഡ് നല്കിയും പ്രിൻസ്ടൺ തിയോളജിക്കൽ സെമിനാരി അവരുടെ പ്രഖ്യാതമായ ഡിസ്റ്റിംഗ്വിഷ്ഡ് അലുംനസ് അവാർഡ് നല്കിയും. അമേരിക്കൻ സൈക്യാട്രിക് അസോ സ്യേഷൻ 1992-ൽ വാഷിംഗ്ടൺ ഡി. സി.യിൽ ചേർന്ന അവരുടെ വാർഷിക സമ്മേളനത്തിൽ വച്ച് ഒസ്ക്കാർ ഫിസ്റ്റർ അവാർഡ് എനിക്കു സമ്മാനിച്ചു. അമേരിക്കയൊട്ടുക്കു നിന്നു 20,000 ഓളം സൈക്യാട്രിസ്റ്റു കൾ സന്നിഹിതരായിരുന്നു. റിലീജിയൻ ആൻഡ് സൈക്യാട്രി എന്ന വിഷ യത്തെപ്പറ്റി ഞാൻ അവരുടെ മുമ്പിൽ ഒസ്കാർ ഫിസ്റ്റർ പ്രഭാഷണം നട ത്തുകയും ചെയ്തു.

ഹൂ ഈസ് ഹൂ ഇൻ സ്വിറ്റ്സർലന്റ്, ഹൂ ഈസ് ഹൂ ഇൻ ദി ഫാർ ഈസ്റ്റ് എന്നീ രണ്ടു പാശ്ചാത്യപ്രസിദ്ധീകരണങ്ങളിലും എന്റെ പേരു പ്രത്യക്ഷപ്പെട്ടു.

എന്റെ യോഗ്യതാപത്രം നിങ്ങൾ ആവശ്യപ്പെട്ടില്ല. പക്ഷേ ഞാൻ തനിയെ ഒട്ടേറെ കാര്യങ്ങൾ നിങ്ങൾക്കു എറിഞ്ഞുതന്നിരിക്കുന്നു. ഈ അധികപ്രസംഗം നിങ്ങൾ ക്ഷമിച്ചാലും. തല്ക്കാലം എന്റെ പെരുമ്പറയടി നിർത്തിയിട്ട്, ഞാൻ കുറേക്കൂടി ഗൗരവമേറിയ കാര്യങ്ങളിലേക്ക് പ്രവേ ശിക്കട്ടെ - എന്റെ വ്യക്തിത്വവും ചിന്തയും രൂപപ്പെടുത്തിയ കാര്യങ്ങളി ലേക്ക്.

# 2

# കഷ്ടപ്പാട്: രഹസ്യത്തിലേക്കുള്ള താക്കോൽ

## കൗമാരത്തിലെ വ്യഥകൾ

കഷ്ടത, അത് ഏത് രൂപത്തിലായാലും, ഇല്ലാതാക്കുകയോ രക്ഷപ്പെടുകയോ ഒഴിവാക്കുകയെങ്കിലുമോ ചെയ്യേണ്ട ഒന്നായി ജനങ്ങൾ കരുതുന്നതായി തോന്നുന്നു. അടിസ്ഥാനപരമായി നല്ലതും അഭികാമ്യവുമായി കഷ്ടപ്പാടിനെ പരിഗണിക്കാൻ സന്നദ്ധരാവുന്നവർ വളരെ ചുരുക്കം. യഥാർത്ഥത്തിൽ സ്വർഗ്ഗം, പറുദീസാ, മോക്ഷം, നിർവാണം എന്നിവയെപ്പറ്റിയുള്ള നമ്മുടെ ധാരണകൾ; ആനന്ദം, ആസ്വാദനം എന്നിങ്ങനെ കഷ്ടപ്പാടിന് നേരെ കടകവിരുദ്ധമായ ചില ആശയങ്ങളിൽനിന്ന് രൂപപ്പെടുത്തിയെടുത്തിട്ടുള്ളതാണെന്ന് തോന്നുന്നു. കഷ്ടപ്പാട്, ഏത് വിധമായാലും ഒരു യാഥാർത്ഥ്യമോ അല്ലെങ്കിൽ ഒരു സാധ്യതയെങ്കിലുമോ ആയിരിക്കാനാവില്ല. ഇതാണ് മുൻപറഞ്ഞ അനുഗൃഹീതവും കാമ്യവുമായ അവസ്ഥയുടെ അവശ്യഘടകം എന്നു ധരിച്ചിരിക്കുന്നുവെന്ന് സാരം.

വേറൊരുവിധത്തിൽ ചിന്തിച്ചാൽ, കഷ്ടപ്പാട് - ഭാവനാപരമോ അഭിനയമോ യഥാർത്ഥമോ ആയിക്കൊള്ളട്ടെ-മറ്റു മനുഷ്യരുടെ സഹാനുഭൂതിയും സ്നേഹവും നേടുന്നതിനുള്ള മാർഗമായി ഉപയോഗിക്കുന്ന ആളുകളുണ്ട്. ചിലപ്പോൾ ഞാനും ആ ദിശയിൽ ചരിക്കാനുള്ള അപകടമുണ്ടെന്നു തോന്നിപ്പോകുന്നു. കഷ്ടപ്പാടിന്റെ പ്രയോജനങ്ങളെപ്പറ്റി ചില കാര്യങ്ങൾ പിന്നീടു പ്രസ്താവിച്ചുകൊള്ളാം.

എന്റെ ഒരു സുഹൃത്തായ ഡോക്ടർ ഒരിക്കലെന്നോട് ഇങ്ങനെ പറയുകയുണ്ടായി. രോഗികളായി തന്റെ അടുക്കൽ വരുന്നവരിൽ 60% പേർക്കും ശാരീരികമായ എന്തെങ്കിലും രോഗമുള്ളതായി കണ്ടുപിടിക്കുവാനാവുന്നില്ലെന്ന്. പ്രത്യേകിച്ച് നമ്മുടെ ഭാരതസംസ്കാരത്തിൽ ഒരു സർക്കാർ ആശുപത്രിയിൽ പോകാൻ വലിയ ചെലവൊന്നുമില്ലാത്ത നിലയ്ക്ക്. ഒരു ആശുപത്രിയിൽ ചികിത്സയ്ക്കുപോകാൻതക്കവിധം രോഗമുണ്ടെന്നു നിങ്ങൾ പറയുന്നപക്ഷം, കുടുംബാംഗങ്ങൾ നിങ്ങൾക്കു പ്രത്യേക പരിഗണന നൽകേണ്ടതായുണ്ട്-എപ്പോഴും കിട്ടാത്ത ഒരു പദവിയാണത്. ഇത്തരക്കാരോട് അവർക്കു കുഴപ്പമൊന്നുമില്ലെന്നു തുറന്നു പറയുന്നതാണ് അവരോടു ചെയ്യാവുന്ന ഏറ്റവും മോശമായ അപകാരമെന്ന് എന്റെ ഡോക്ടർ സുഹൃത്ത് പറഞ്ഞു. അവരെ കൂടുതൽ ഗൗരവത്തോടെ പരിഗണിക്കുന്ന മറ്റൊരു ഡോക്ടറെ തേടിപ്പോകും അവർ. അക്കാരണത്താൽ എന്റെ സുഹൃത്ത് അവർക്ക് നിരുപദ്രവകരമായ കുറെ ഗുളികകളോ കുടിക്കാൻ മരുന്നോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകുകയാണ് പതിവ്. ഈ ചികിത്സാവിധി ഫലിക്കുകതന്നെ ചെയ്യും! രോഗങ്ങൾ സ്വയം പൊറു

പ്പിക്കുന്നതിന് ശരീരത്തിന് സ്വതേ ഒരു കഴിവുണ്ടല്ലോ.

ബുദ്ധമതത്തിൽ, വീണ്ടെടുക്കപ്പെടാത്ത മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപരവും അഭിവ്യാപകവുമായ പ്രശ്നമെന്ന നിലയിൽ കഷ്ടപ്പാട് അഥവാ ദുഃഖം കേന്ദ്രസ്ഥാനത്ത് നിൽക്കുന്നു. ദുഃഖം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് ഇംഗ്ളീഷിൽ suffering എന്ന വാക്കുകൊണ്ട് അഭിവ്യഞ്ജിപ്പിക്കുന്നത് മാത്രമല്ല. വിശ്രമരാഹിത്യം, സങ്കടം, അസ്വാസ്ഥ്യം, ഭാഗ്യവിപര്യയം, അസംതൃപ്തി, സമ്മർദ്ദം, സംഘർഷം, ആകുലചിന്ത, ഉൽക്കണ്ഠ, അസന്തുഷ്ടി, വേദന, കഠിനവേദന, പ്രലാപം, ഏതു രൂപത്തിലുള്ള ദുരിതവും – ഇവയെല്ലാം അതിന്റെ പരിധിയിൽ വരും. ബുദ്ധമതത്തിൽ 'ദുഃഖം', പ്രബുദ്ധതയും വിമോചനവും പ്രാപിക്കുന്നതിനുമുമ്പുള്ള മനുഷ്യജീവിതത്തിന്റെ സാർവത്രികവും അപരിഹാര്യവുമായ കൂടപ്പിറപ്പാണ്. ദുഃഖത്തിൽ നിന്നു കരകയറാനുള്ള ഏകമാർഗം അതിന്റെ മൂലകാരണം കണ്ടെത്തി അത് നശിപ്പിക്കുകയും നിർവാണമോ യഥാർത്ഥ വിമോചനമോ പ്രാപിച്ച്, ജനനത്തിന്റെയും പുനർജനനത്തിന്റെയും ശല്യഹേതുകവും അനുസ്യൂതവുമായ ചക്രവ്യൂഹത്തിൽ നിന്ന് രക്ഷപ്പെടുകയുമാണ്. മൂലകാരണം അതായത് ഹേതു എല്ലായ്പ്പോഴും തൃഷ്ണ (ആഗ്രഹം അല്ലെങ്കിൽ ആസക്തി) യാണ് – അനുഭവത്തിനുവേണ്ടിയുള്ള അത്യാവേശം, നിരവധി കാര്യങ്ങൾക്കായുള്ള ദുരാർത്തി, സമ്പാദിക്കാനും കൈവശം വയ്ക്കാനുമുള്ള അത്യാർത്തി, പ്രവർത്തിക്കാനും പ്രസംഗിക്കാനുമുള്ള തീവ്രാഭിലാഷം, പണത്തിനും സുഖത്തിനും അധികാരത്തിനും അധിനിവേശത്തിനും പ്രശസ്തിക്കും കീർത്തിക്കും വേണ്ടിയുള്ള അമിതാസക്തി – തൃപ്തിയടയുന്നതിനുവേണ്ടിയുള്ള ഒരിക്കലും സംതൃപ്തമാകാത്ത ആഗ്രഹം; തൃപ്തി ആത്യന്തികമായി ആസക്തി വർദ്ധിപ്പിക്കുന്നതേയുള്ളു. ഒരിക്കൽ തൃഷ്ണ ശമിച്ചുകഴിഞ്ഞാൽ, കഷ്ടപ്പാട് അവസാനിക്കുന്നു. 'ധർമ'ത്തിലൂടെയും – അതായത് യാഥാർത്ഥ്യത്തെ അതിന്റെ ശരിയായ സ്ഥിതിയിൽ ഗ്രഹിക്കുന്നതിലൂടെ –, സംഘത്തിലൂടെയും – അതായത് ധർമം പ്രയോഗത്തിലാക്കുന്ന സമൂഹത്തിലൂടെ –, 'വിനയ'ത്തിലൂടെയും – അതായത് ഭിക്ഷുവിനെ തൃഷ്ണയകറ്റാൻ പരിശീലിപ്പിക്കുന്ന ശിക്ഷണത്തിലൂടെ – എങ്ങനെ ആഗ്രഹത്തെ നിഗ്രഹിക്കാം എന്നതാണ് ബുദ്ധന്റെ പ്രബോധനങ്ങളുടെ മൗലികഭാഗം.

പതിമൂന്നു വയസ്സുള്ളപ്പോൾ ബുദ്ധമതത്തെപ്പറ്റി എനിക്കൊന്നും അറിഞ്ഞുകൂടായിരുന്നു. ഞാൻ വളരെയേറെ കഷ്ടത അനുഭവിച്ചറിഞ്ഞു. അന്നെനിക്ക് ബുദ്ധധർമ്മം അറിയുമായിരുന്നെങ്കിൽ കഷ്ടതയിൽനിന്നു കരകയറാനുള്ള മാർഗം അതെനിക്ക് കാണിച്ചുതരുമായിരുന്നുവെന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. പക്ഷേ ഇത്തരം ചിന്ത എന്നെ എവിടേക്കും നയിക്കുന്നില്ല. കൗമാരത്തിലെ എന്റെ കഷ്ടതയെപ്പറ്റി ഒരു വിവരണം നിങ്ങൾക്കു ഞാൻ നൽകുകയാണ് വേണ്ടത്. കഷ്ടപ്പാടൊക്കെ ആരംഭിക്കുന്നതിനു മുമ്പുള്ള എന്റെ ബാല്യകാലം മിക്കവാറും പ്രശാന്തമായിരുന്നതുകൊണ്ട്, എന്നെ സംബന്ധിച്ചിടത്തോളം കൗമാരം ഒരു നരകം തന്നെയായിരുന്നു. അതിൽനിന്നു കരകയറാൻ ഞാൻ ഒരു മാർഗവും കണ്ടില്ല.

മനുഷ്യജീവിതത്തിൽ ഏറ്റവും വ്യക്തിപരവും ദൃഢബദ്ധവുമായ അനുഭവമാണ് കഷ്ടപ്പാട്. "ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാൻ ഉണ്ട്" (I think, therefore I am) എന്ന് ഡക്കാർത്ത് പറഞ്ഞുതുടങ്ങിയപ്പോൾതന്നെ അദ്ദേഹത്തിനു തെററുപറ്റി. ബുദ്ധിജീവികൾ ഒഴികെയുള്ള മിക്ക സാധാരണക്കാർക്കും പറയുവാൻ കഴിയുന്നത് ഈ വിധത്തിലായിരിക്കും: "ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാനുണ്ട്, ഞാൻ ചിന്തിക്കുന്നു..."(I think, therefore I am, I think...). ചിന്തയുടെ പ്രവർത്തനം സംബന്ധിച്ചു ഡക്കാർത്തയുടെ നിശ്ചയദാർഢ്യം സാധാരണക്കാരിൽ കാണുകയില്ല. ദൈനംദിന ജീവിതത്തിൽ നിന്ന് അകന്നുനില്ക്കുന്ന ചിന്തകർക്കാണ് ചിന്തയുടെ സുനിശ്ചിതത്വം സംബന്ധിച്ച് പറയുവാൻ കഴിയുക. നേരെമറിച്ച് ഡക്കാർത്ത് "ഞാൻ കഷ്ടപ്പെടുന്നു, അതുകൊണ്ടു ഞാൻ ഉണ്ട്" എന്ന് പറഞ്ഞുകൊണ്ട് ആരംഭിച്ചിരുന്നെങ്കിൽ ഒരുപക്ഷേ അദ്ദേഹം വളരെ ഭിന്നമായ നിഗമനങ്ങളിൽ എത്തുമായിരുന്നിരിക്കണം. കുറഞ്ഞപക്ഷം, സാധാരണക്കാർക്കു മനസ്സിലാകുന്ന രീതിയിൽ എഴുതാനെങ്കിലും അദ്ദേഹത്തിനു കഴിഞ്ഞേനേ. കാരണം, എന്റെ കഷ്ടപ്പാട് എന്റേതുമാത്രം. തികച്ചും വ്യക്തിപരമായി, ഉറ്ററീതിയിൽ. മറ്റുള്ളവർക്ക് മനസ്സിലായില്ലെങ്കിലും എനിക്കത് ഒരിക്കലും സംശയിക്കാനാവില്ല. സാർവ്വത്രികനായ "ഞാൻ" ഒരു ചിന്തകൻ എന്നതിനേക്കാൾ കൂടുതലായി കഷ്ടപ്പെടുന്നവനാണ്. ചെക്കോസ്ളോവാക്കിയക്കാരനായ ദാർശനികനും നോവലിസ്റ്റുമായ മിലാൻ കുണ്ടേറ ഈ വസ്തുത *Immortality* (അനശ്വരത) എന്ന നോവലിൽ പറഞ്ഞിട്ടുണ്ടെന്നാണെന്റെ ഓർമ്മ.

### പ്രശാന്തമായ ബാല്യകാലം

എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ബാല്യകാലസ്മരണകൾ കുറവാണ്. സാഹസകൃത്യങ്ങളൊന്നുംതന്നെയില്ല. ജീവിതചക്രവാളം വളരെ പരിമിതമായിരുന്നു. എന്റെ ഇളയ രണ്ട് സഹോദരന്മാരുടെ ജനനം പോലും എനിക്ക് ഓർമ്മ വരുന്നില്ല. സ്കൂളിൽ പോക്ക്, ഞായറാഴ്ചകളിൽ പള്ളിയിൽ പോക്ക്, ആറുമൈലിനുള്ളിൽ പാർക്കുന്ന ചില അമ്മാച്ചന്മാരെയും ബന്ധുക്കളെയും ഇടയ്ക്കിടയ്ക്ക് സന്ദർശിക്കൽ-ഇതിലൊക്കെ ഒതുങ്ങിനിന്നു എന്റെ അനുഭവങ്ങൾ. ചിലപ്പോൾ എന്റെ പിതാവ്, ചില അമ്പലങ്ങളിലെ ഉത്സവങ്ങൾക്ക് എന്നെ കൂടെക്കൊണ്ടുപോകും. സായാഹ്നങ്ങളിൽ അത്താഴം കഴിഞ്ഞാണ് പുറപ്പെടുന്നത്. കഥകളി കാണുകയാണ് മുഖ്യലക്ഷ്യം. തുറന്ന മൈതാനത്ത് രാത്രികാലങ്ങളിലാണ് അരങ്ങേറ്റം. ഏതാണ്ട് ഒമ്പതുമണിയോടെ ആരംഭിക്കുന്ന കഥകളി വെളുപ്പാൻകാലം വരെ നീണ്ടുപോകും. ചിലപ്പോൾ ഉത്സവത്തോടനുബന്ധിച്ചുള്ള വെടിക്കെട്ട് കാണാനും പോകാറുണ്ട്. എന്റെ ജന്മനാടായ തൃപ്പൂണിത്തുറയിൽ 'നിശബ്ദ ചലച്ചിത്രങ്ങൾ' വന്നെങ്കിലും ഞങ്ങൾ സിനിമ കാണാൻ പോയിരുന്നില്ല.

ജീവിതം പ്രശാന്തമോഹനമായിരുന്നുവെന്നൊന്നും ഞാൻ പറയുന്നില്ല. ഞങ്ങളുടെ കുടുംബം ദരിദ്രമെങ്കിലും മാന്യവും ആദരണീയവുമായ ശൈലി പുലർത്തിപ്പോന്ന ഒന്നായിരുന്നു. എന്റെ പിതാമഹൻ ഒരുകാലത്ത്

ഒരുവിധം സമ്പന്നൻ ആയിരുന്നുവെന്ന് കേട്ടിട്ടുണ്ട്. നിലംപുരയിടങ്ങളും പാടങ്ങളും സ്വന്തമായുള്ളയാൾ. ധനത്തിലധികപങ്കും അദ്ദേഹം ധൂർത്തടിച്ചു നശിപ്പിച്ചുവത്രെ. നിലം ഈടുനല്കി അയൽപക്കക്കാരിൽനിന്ന് അദ്ദേഹം പണം കടമെടുത്തിരിക്കണം. ഞങ്ങളുടെ അയൽപക്കത്തുള്ള നിലംപുരയിടങ്ങളിൽ അധികപങ്കും ഒരുകാലത്ത് എന്റെ പിതാമഹനായ തടിക്കൽ കുഞ്ഞിപ്പൈലിയുടെ സ്വന്തമായിരുന്നുവെന്ന് ബാല്യത്തിൽ ഞാൻ കേട്ടിട്ടുണ്ട്. എന്റെ ജനനത്തിനുമുമ്പ് അദ്ദേഹം മരിച്ചു. അദ്ദേഹത്തെപ്പറ്റി എന്റെ പിതാവും മറ്റുള്ളവരും പറഞ്ഞിട്ടുള്ള കാര്യങ്ങൾ മാത്രമാണ് എന്റെ അറിവിന് ആധാരം. അദ്ദേഹം ഒരു ധാരാളിയും കുറച്ചൊരു സുഖിമാനുമായിരുന്നുവെന്ന് തോന്നുന്നു. ഇതൊക്കെയാണെങ്കിലും അദ്ദേഹം സമൂഹത്തിലെ ഒരു നേതാവ് തന്നെയായിരുന്നു.

എന്റെ പിതൃമാതാവും എന്റെ ജനനത്തിനുമുമ്പ് മരിച്ചു. അവരെപ്പറ്റിയൊന്നും അഭിപ്രായം പറയാൻ എനിക്കൊരു മാർഗ്ഗവുമില്ല. എന്റെ അമ്മയുടെ അപ്പൻ മുളന്തുരുത്തി പോണോടത്തു ചെറിയാനെയും എനിക്കറിഞ്ഞുകൂടാ. എന്റെ അമ്മയുടെ അമ്മയെ മരണക്കിടക്കയിൽ കണ്ടതിന്റെ നേരിയ ഓർമ്മ മാത്രമുണ്ട്; ശവസംസ്ക്കാരത്തിന് എന്റെ അമ്മ കുരുന്നു ബാലനായ എന്നെ കൂടെക്കൊണ്ടുപോയിരുന്നു.

ഏതായാലും സാർത്രെയ്ക്ക് അനുഭവപ്പെട്ടതുപോലെ പിതാമഹന്മാരുടെയോ പിതാമഹിമാരുടെയോ ലാളനമൂലം വഷളാകാൻ എനിക്കിടയായിട്ടില്ല. ഞാൻ രംഗത്തു വരുന്നതിനുമുമ്പോ അതിനു തൊട്ടുശേഷമോ അവർ നിഷ്ക്രമിച്ചിരുന്നു. അപ്പൂപ്പന്മാരുടെയോ അമ്മൂമ്മമാരുടെയോ കുറച്ചൊരു അമിതലാളന വളരുന്ന കുട്ടികൾക്ക് ബാല്യത്തിൽ നല്ലതല്ലേ എന്ന ചിന്ത ഒരിക്കൽ എന്നിൽ ബലപ്പെട്ടിരുന്നു. സ്വന്തം മാതാപിതാക്കന്മാരോടോ സഹോദരീസഹോദരന്മാരോടോ സാധ്യമല്ലാത്ത രീതിയിലുള്ള സ്നേഹോദാരവും സഹിഷ്ണുതാപൂർവ്വവും ലോലമസൃണവുമായ ഒരു വ്യത്യസ്ത ബന്ധവും അവരുമായി സാധ്യമായിരുന്നിരിക്കണം. അനുഭവങ്ങളിലൂടെ നേടിയ ഈ വയോവൃദ്ധരുടെ വിജ്ഞാനവും ഇടപെടലും ഒരുപക്ഷേ മാതാപിതാക്കന്മാരുമായുള്ള സംഘർഷങ്ങളിൽ നിന്നും ഒരു പോംവഴിയായി ഉതകുമായിരുന്നിരിക്കാം. അതെന്തായാലും ആ വിധത്തിലുള്ള ഭാഗ്യമൊന്നും എന്റെ സഹോദരന്മാർക്കോ എനിക്കോ ലഭിക്കാനിടയായില്ല.

എനിക്ക് പിതൃസഹോദരന്മാർ ഉണ്ടായിരുന്നില്ല. പിതൃസഹോദരിമാരുമില്ലായിരുന്നു. എന്റെ പിതാവ് ഒരൊറ്റ സന്താനമായിരുന്നു. സ്വന്തം അമ്മ തന്നെയാണ് അദ്ദേഹത്തെ വളർത്തിയത്. സമസൃഷ്ടങ്ങളുമായി ഇടപെടുമ്പോഴാണ് ഇത്തരം വളർത്തലിന്റെ പോരായ്മകൾ ബോദ്ധ്യമാകുന്നത്. എന്റെ അമ്മ നാലുസഹോദരന്മാർക്ക് ഒരൊറ്റ സഹോദരിയായിരുന്നു - ലാളനകൊണ്ട് അല്പം വഷളായ ഒരു കൊച്ചുമാലാഖ. അമ്മ അതീവബുദ്ധിമതിയായ ഒരു മാലാഖ തന്നെയായിരുന്നു. നാലാംക്ലാസ് വരെ മാത്രമേ പഠിച്ചിട്ടുള്ളു. 19-ാം നൂറ്റാണ്ടിലെ ഗ്രാമീണബാലികമാരുടെ നില പരിഗണിക്കുമ്പോൾ അത്ര മോശമല്ല. അമ്മയ്ക്ക് എഴുതാനും വായിക്കാനും അറിയാം. അമ്മയുടെ ഒരാങ്ങള അന്നത്തെ നില വച്ചുനോക്കു

മ്പോൾ അഭ്യസ്തവിദ്യനായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം മുളന്തുരുത്തി ഗ്രാമത്തിലെ വിദ്യാലയത്തിൽ അദ്ധ്യാപകനായി. ആ ഗ്രാമത്തിലെ എല്ലാ വിദ്യാർത്ഥികളും ആ വിദ്യാലയത്തിലാണ് പഠിച്ചിരുന്നത്. പോണോടത്ത് എബ്രഹാം മാസ്റ്റർ എല്ലാവർക്കും ആദരണീയനായ ഒരു ഗുരുഭൂതനായിരുന്നു. എനിക്ക് എത്രയും പ്രിയങ്കരനായ അമ്മാച്ചൻ – പണ്ഡിതനും സ്വഭാവശ്രേഷ്ഠതയുള്ളവനുമായ മാതൃകാപുരുഷൻ.

എട്ടാംക്ലാസിൽ എന്റെ പിതാവ് പഠിത്തം നിർത്തി. കാരണമെന്താണെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല. ഞങ്ങൾ ചോദിച്ചിട്ടുമില്ല. സ്വന്തം പിതാവ് ജീവിച്ചിരുന്നില്ല എന്നതായിരിക്കാം കാരണം. അദ്ദേഹം ബുദ്ധിമാനായിരുന്നു. ഇന്നത്തെ യൂണിവേഴ്സിറ്റി ബിരുദധാരികളേക്കാൾ നന്നായി ഇംഗ്ലീഷിൽ സംസാരിക്കുകയും എഴുതുകയും ചെയ്യും. അദ്ദേഹം ഒരു എലിമെന്ററി സ്കൂൾ അദ്ധ്യാപകനായി. ഇന്നത്തെ നില വച്ചു നോക്കുമ്പോൾ സാമാന്യം വ്യുല്പത്തിയുള്ള വ്യക്തിയായിരുന്നു അദ്ദേഹം. വീട്ടിൽനിന്നും അകലെയായിരിക്കുമ്പോൾ എന്റെ പിതാവുമായി ഇംഗ്ലീഷിലാണ് ഞാൻ എഴുത്തുകുത്തുകൾ നടത്തിപ്പോന്നത്.

വിവാഹിതരാകുമ്പോൾ എന്റെ പിതാവിന് പതിമൂന്നും മാതാവിന് പത്തും വയസുണ്ട്. അന്നത്തെ രീതിയതാണ്. കുടുംബങ്ങൾ ആലോചിച്ചു നടത്തുന്ന ശൈശവ വിവാഹങ്ങളിൽ അസാധാരണത്വമൊന്നുമില്ല. അസാധാരണമായി തോന്നാവുന്ന ഒരു കാര്യം അഞ്ചുപുത്രന്മാരെ വളർത്തേണ്ടിവന്ന ഒരു ന്യൂക്ലിയർ കുടുംബം ആയിരുന്നു അവരുടേതെന്നതാണ്. ഞങ്ങളുടെ പരിചയസീമയിലുള്ള മറ്റെല്ലാ കുടുംബങ്ങളിലും ഒരമ്മൂമ്മയോ ഒരപ്പൂപ്പനോ കാണും. അപ്പൂപ്പനമ്മൂമ്മമാരുടെ തുണയൊന്നുമില്ലാതെ അഞ്ചു മക്കളെ പോറ്റിപുലർത്താൻ എന്റെ മാതാപിതാക്കൾ വല്ലാതെ ക്ലേശിച്ചു കാണണം. അഞ്ചു ബാലന്മാർ. ഒരു ബാലിക പോലുമില്ല. ആദ്യജാത പെൺകുഞ്ഞായിരുന്നുവെന്നും, കാലം തികയുന്നതിനുമുമ്പുള്ള പ്രസവമായിരുന്നതിനാൽ താമസിയാതെ കുഞ്ഞ് മരിച്ചുവെന്നും കേട്ടിട്ടുണ്ട്.

മൂന്നാമത്തെ കുഞ്ഞായിരുന്നു ഞാൻ. മാമോദീസാപ്പേര് ജോർജ് (ഗീവർഗീസ്). യവനനാമമായ ജോർജസിന്റെ (അർത്ഥം കർഷകൻ) രൂപഭേദങ്ങളാണ് രണ്ടും. കേരളത്തിൽ 'വർഗീസ്' എന്നുപയോഗിക്കും. സുറിയാനി രൂപമായ 'ഗീവർഗീസ്' ലോപിച്ചതാണ് അത്. ബാല്യത്തിൽ ഞാൻ ടി. പി. വർഗീസ് (തടിക്കൽ പൈലി വർഗീസ്) ആയിരുന്നു. പിന്നീട് 1975-ൽ റമ്പാനാകുന്നതുവരെ പോൾ വർഗീസ് എന്നറിയപ്പെട്ടു. റമ്പാനായ സമയത്ത് ആശ്രമസ്ഥനാമമായ പൗലോസ് എന്ന നാമമാണ് ഞാൻ സ്വയം സ്വീകരിച്ചത്. ഭാഗികമായി എന്റെ പഴയ പേരിന്റെ തുടർച്ച അതു നിലനിർത്തും. ഭാഗികമായി അപ്പോസ്തോലനായ പൗലോസിനെയും അതോടൊപ്പം എന്റെ മരിച്ചുപോയ പിതാവിനെയും സീമന്ത സഹോദരനെയും ആദരിക്കാൻ അത് ഉതകുകയും ചെയ്യും (ഇരുവരുടെയും മാമോദീസാപ്പേര് പൗലോസ് എന്നായിരുന്നു. ഇരുവരും 1975-നു വളരെ മുമ്പുതന്നെ അന്തരിച്ചു).

എന്റെ ജ്യേഷ്ഠന്മാരായ പൗലോസും (എന്റെ പിതാവിന്റെയും പിതാമഹന്റെയും പേരുകാരൻ) ചെറിയാനും (ബൈബിളിലെ സഖറിയ എന്ന പേരിന്റെ മലയാളനാമം, അമ്മയുടെ അപ്പന്റെ പേരുകാരൻ) ഈ ദുഃഖഭൂയിഷ്ഠമായ ലോകത്തിലെ ജീവിതം ദുസ്സഹമെന്നുകണ്ട് നേരത്തെ ഇവിടം വിട്ടുപോയി. അതിനെപ്പറ്റി പിന്നീട്.

എന്റെ രണ്ട് ഇളയസഹോദരന്മാരിൽ ജേക്കബ് തൃപ്പൂണിത്തുറയിൽ താമസിക്കുന്നു. ശാന്തനും ദൈവഭക്തനും സാഹസികതകൾ തീണ്ടാത്തവനും ആണ് അദ്ദേഹം. അദ്ദേഹത്തിനും പത്നിയ്ക്കും രണ്ട് പുത്രൻമാരും രണ്ട് പുത്രിമാരും ഒരു പൗത്രനുമുണ്ട്. കനിഷ്ഠസഹോദരനായ എബ്രഹാമിനോടാണ് എനിക്ക് കൂടുതൽ പ്രീയം. എന്നെക്കാൾ ആറ് വയസ്സ് ഇളപ്പമുണ്ട്. ഇപ്പോൾ കാനഡയിലെ വാൻകൂവറിൽ താമസിക്കുന്നു. മുമ്പ് ഒരു ഹിന്ദുവായിരുന്ന മലയാളി വനിതയാണ് ഭാര്യ. വളരെ ഉത്തമനായ എബ്രഹാം വളരെ ജനസമ്മതിയുള്ളവൻ. നല്ല നർമ്മബോധവുമുണ്ട്. അവരുടെ ഒരു മകനും ഒരു മകളും കാനഡയിൽ വിദ്യാഭ്യാസം കഴിഞ്ഞ് അവിടെത്തന്നെ ജോലി നോക്കുന്നു. ഒരാൾ ഒട്ടാവയിലും മറ്റേയാൾ വാൻകൂവറിലും. കാനഡയിൽ കുടിയേറിപ്പാർക്കുന്നതിന് മുമ്പ് എന്റെ സഹോദരനും ഭാര്യയും എത്യോപ്യയിൽ ആയിരുന്നു. എബ്രഹാം ഏതാനും വർഷം അവിടെ ഒരു കമേഴ്സ്യൽ വിദ്യാലയത്തിൽ അദ്ധ്യാപകനായിരുന്നു. അവിടെവച്ചാണ് കുട്ടികൾ ഇരുവരും ജനിച്ചത്. സഹോദരപുത്രനായ പോൾ എബ്രഹാം ഒട്ടാവയിൽ കാനഡയുടെ ഇന്റേർണൽ റവന്യൂ സർവീസിൽ ഉദ്യോഗസ്ഥനാണ്. ഭാര്യ ജീന ബുദ്ധിശാലിയും അഭ്യസ്തവിദ്യയുമാണ്. സാഷ, റോഷിൻ എന്നിവർ അവരുടെ ഇരട്ടമക്കൾ. ഉത്തമസ്വഭാവികളായ രണ്ട് സുന്ദരകുട്ടന്മാർ. എനിക്കവരെ വളരെ ഇഷ്ടമാണ്.

മൂന്ന് കുട്ടികൾക്കെങ്കിലും പേരപ്പൻ ആണെന്നുള്ളതിൽ ഞാൻ സന്തുഷ്ഠനാണ്. പക്ഷേ അവരെ കൊഞ്ചിച്ച് വഷളാക്കാൻ എനിക്ക് അവസരം കിട്ടാറില്ല. എന്റെ സഹോദരന്മാരും അവരുടെ കുടുംബങ്ങളും പ്രകടനമൊന്നും ഇല്ലാത്ത ക്രിസ്ത്യാനികൾ തന്നെ.

### പ്രായത്തിൽ കവിഞ്ഞ ബുദ്ധി?

കുറച്ചൊരു അകാലപരിണതിയെന്നോ പ്രായത്തിൽ കവിഞ്ഞ ബുദ്ധിയെന്നോ പറയാമായിരിക്കും - നാലു വയസ്സ് കഴിഞ്ഞതേയുള്ളു ഞാൻ സ്കൂളിൽ ചേർന്നപ്പോൾ. അന്ന് സ്ഥലത്തെ ബോയ്സ് ഹൈസ്കൂളിൽ പ്രാഥമികവിഭാഗത്തിൽ അദ്ധ്യാപകനായിരുന്ന പിതാവ് എന്നെയും കൂട്ടി ഹെഡ്മാസ്റ്ററുടെ അടുക്കലേയ്ക്ക് ചെന്നു. ഒന്നാം ക്ലാസിൽ ചേർക്കണമെങ്കിൽ അഞ്ചുവയസ്സ് തികയണം. വയസ് നിബന്ധനയിൽനിന്ന് ഒഴിവ് തേടിയാണ് ഞങ്ങൾ പോയത്. ഹെഡ്മാസ്റ്റർ ഒരു അയ്യങ്കാരായിരുന്നുവെന്നാണ് എന്റെ ഓർമ്മ.കഴുത്തുവരെ ബട്ടണിട്ടു, കറുത്ത കോട്ടണിഞ്ഞ്, തലപ്പാവ് കെട്ടി, വായ്നിറയെ താമ്പൂലവും ചവച്ച ആ രൂപം ഒരളവിൽ ഭയം ജനിപ്പിക്കുന്നതായിരുന്നു. മുണ്ടുടുത്തു ബട്ടണെല്ലാമിട്ട കോട്ടുധരിച്ച് വെളുത്ത തലപ്പാവും കെട്ടി നിൽക്കുന്ന പിതാവിന്റെ രൂപവും എന്റെ ഓർമ്മയിലുണ്ട്. ആ രംഗം എന്റെ മനസ്സിൽ ഇന്നും സജീവമാണ്. കാരണം ഒരു

നാലു വയസുകാരന് അതു നല്ലതുപോലെ ഭീതിജനകമായിരുന്നു.

ഹെഡ്മാസ്റ്റർ ഇപ്രകാരം ഗർജിച്ചതായി എനിക്കു തോന്നി: "നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്, പൈലി മാസ്റ്റർ? ദിവസേന പയ്യനെ താങ്കളുടെ കോട്ടിന്റെ പോക്കറ്റിലാക്കി സ്കൂളിൽ കൊണ്ടുവരാനോ?" എനിക്കു പ്രവേശനം അനുവദിച്ചു. ഏതായാലും ഹെഡ്മാസ്റ്ററുടെ ഓഫീസിൽ നിന്ന് പുറത്തുകടന്നതോടെ ആശ്വാസമായി. ഞാൻ അത്രമാത്രം ഭയന്നുപോയിരുന്നു.

നാലാം ക്ലാസ്സിൽ എത്തിയതോടെ എന്റെ പ്രായത്തിൽ കവിഞ്ഞ ബുദ്ധി സ്കൂളിൽ ശ്രദ്ധിക്കപ്പെട്ടുതുടങ്ങി. എന്റെ ഏറ്റവും മൂത്ത ജ്യേഷ്ഠന്റെ സഹപാഠികൾ (എന്നേക്കാൾ ആറുവർഷം പ്രായം കൂടുതലുള്ളവർ) ഇംഗ്ലീഷ് പാഠപുസ്തകങ്ങളുമായി എന്റെ അടുക്കൽ വരുമായിരുന്നു-അർത്ഥമറിയാതെയാണെങ്കിലും ഞാനവ ഉച്ചത്തിൽ വായിക്കുന്നതു കേൾക്കുവാൻ.

എന്റെ ക്ലാസ്സിൽ ഏറ്റവും നന്നായി പഠിക്കുന്ന കുട്ടികളിൽ ഒരാളായിരുന്നു ഞാനെങ്കിലും, എന്റെ ഹൈന്ദവാദ്ധ്യാപകരിൽ പലരും എന്നെ പരിഹസിക്കുന്നതിലും ശകാരിക്കുന്നതിലും ആഹ്ലാദം കണ്ടെത്തി. അന്നത്തെ രീതി അതായിരുന്നു. എന്റെ മലയാളം അദ്ധ്യാപകൻ ശ്രീ ശങ്കരമേനോൻ പ്രത്യേകിച്ചും പരുഷഭാഷയിൽ ഭർത്സിക്കുമായിരുന്നു. അദ്ദേഹം പലപ്പോഴും ക്ലാസ്സിൽ പറഞ്ഞു: "മലയാളംപോലൊരു സാഹിത്യഭാഷ പഠിക്കാൻ നിങ്ങളെപ്പോലെ ചെമ്മീൻ കഴിക്കുന്ന ക്രിസ്ത്യാനികൾക്ക് എങ്ങനെ കഴിയാനാണ്?" ഇതെല്ലാം പരുക്കൻ സ്നേഹത്തിൽ നിന്ന്-വർഗീയവിദ്വേഷത്തിൽ നിന്നല്ല-ഉത്ഭവിക്കുന്നതാണ്. പക്ഷേ ക്രിസ്തീയ വിശ്വാസത്തോടുള്ള വിധേയത്വത്തെപ്പറ്റി ലജ്ജിക്കാൻ വിസമ്മതിക്കുന്ന വികാരവാനായ ഒരു ബാലകന് ഇതെല്ലാം ദുസ്സഹമായിരുന്നു. ആ പ്രദേശത്തെ ജനങ്ങളിൽ മൂന്നിലൊരു ഭാഗം ക്രിസ്ത്യാനികളാണ്. എന്റെ കുടുംബം പുരാതന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സമൂഹത്തിൽപ്പെട്ടതുമാണ്. ലോകത്തിൽ ക്രിസ്തുമതം ആരംഭിച്ച കാലംതൊട്ട് ഞങ്ങളുടെ പൂർവ്വികന്മാർ ക്രിസ്ത്യാനികളായി ഇവിടെ കഴിയുന്നു. യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരാളായ തോമ്മസ് ഇവിടെ സഭ സ്ഥാപിച്ചുവെന്നാണ് പാരമ്പര്യവിശ്വാസം.

പക്ഷേ, അദ്ധ്യാപകരുടെ ശകാരപരിഹാസങ്ങൾ, അന്നത്തെ സമൂഹത്തിൽ സ്കൂൾ വിദ്യാഭ്യാസമാകുന്ന കളിയുടെ ഭാഗമായിരുന്നു. അതെല്ലാം സഹിച്ചേ പറ്റൂ. എന്റെ സഹപാഠികളെ അപേക്ഷിച്ച് നന്നേ ചെറിയ കുട്ടിയായിരുന്നു ഞാൻ. അല്പം വിളറിയ ശരീരപ്രകൃതി. അന്നെനിക്കു കിട്ടിയ പരിഹാസപ്പേരാണ് "മഞ്ഞത്തവള." അതും സാരമാക്കാതെ ജീവിക്കേണ്ടിവന്നു. "കൊട്ടോടിത്തലയൻ" എന്നതായിരുന്നു മറ്റൊരു പേര്. ഒരേ സമയം പ്രശംസയും പരിഹാസവും ദ്യോതിപ്പിക്കുന്ന ആ പേരിൽ ഹാസ്യരസം കലർന്ന അസൂയ കണ്ടേക്കാം. നീണ്ട തലയേക്കാൾ എന്റെ ചെറിയ കോലത്തിനാണത് കൂടുതൽ ചേരുന്നതെന്ന് തോന്നുന്നു. എന്റെ ശിരസ്സിനു ചേരുന്ന തൊപ്പി വാങ്ങിക്കുവാൻ ഇന്നും ഞാൻ വിഷമിക്കാറുണ്ട്. ഏഴര സൈസ് ശരിക്കും പാകമല്ല. എന്റെ ശിരസിന്റെ വലുപ്പത്തിന് അതിലെ

ഉള്ളടക്കത്തോട് എന്തെങ്കിലും ബന്ധമുള്ളതായി എനിക്കു തോന്നിയിട്ടില്ല. ചില സന്ദർഭങ്ങളിൽ ശിരസ് അല്പം വീങ്ങിയതായി തോന്നുമായിരിക്കും!

നാടകീയമായ ചില നേട്ടങ്ങൾ എനിക്കു കൈവന്നു. സ്പോർട്ട്സിലോ കലകളിലോ ആയിരുന്നില്ല. അധികപങ്കും പ്രസംഗമത്സരങ്ങൾക്കും ഉപന്യാസമത്സരങ്ങൾക്കുമാണ് സമ്മാനം കിട്ടിയത്. ഒമ്പതാംക്ലാസ്സുകാരൻ നടത്തിയ ഒരു പ്രസംഗം തികച്ചും ഒരുഗ്രൻ പ്രകടനമായി പരിഗണിക്കപ്പെട്ടു. ശബ്ദഘോഷംനിറഞ്ഞ പദാവലികൾ കൊരുത്ത ഒരു ഉപന്യാസ ഭാഗം ഒരു ഇന്ത്യൻ നർമ്മമാസികയിൽ കണ്ടത് ഞാൻ ഹൃദിസ്ഥമാക്കി. അത് ഒരു പ്രസംഗമത്സരത്തിൽ ഉദ്ധരിച്ചു. ഞാനത് എഴുതിയിരിക്കാനിടയില്ലെന്ന് എല്ലാവർക്കും അറിയാമായിരുന്നു. അങ്ങനെ ഞാൻ അവകാശപ്പെട്ടുമില്ല. വാസ്തവത്തിൽ ഞാൻ അന്നുപറഞ്ഞ ഭാഗത്തിൽ പകുതിവാക്കുകളുടെ പോലും അർത്ഥം എനിക്ക് അറിയില്ല. പക്ഷേ വളരെ ഭംഗിയായി ഞാനത് അവതരിപ്പിച്ചു. എന്റെ വലുപ്പവും ഞാനുപയോഗിച്ച പദങ്ങളുടെയും വാക്യങ്ങളുടെയും വലുപ്പവും തമ്മിലുള്ള ഹാസ്യാത്മകമായ പൊരുത്തക്കുറവായിരിക്കണം ജഡ്ജിമാരെയും ശ്രോതാക്കളെയും ആകർഷിച്ചത്. അതിന്റെ ചില ഭാഗങ്ങൾ ഇന്നും എന്റെ ഓർമ്മയിലുണ്ട്.

“In promulgating your esoteric cogitations, or articulating your superficial sentimentalities and amicable philosophical or psychological observations, beware of platitudinous ponderosity. Let your extemporaneous descantings and unpremeditated expatiations have intelligibility and veracious vivacity, without rhodomontade or parsmical bombast. Sedulously avoid all pollysyllabic profundity, pompous prolixity, psittaceous vacuity, ostentatious vapidity and ventriloquy verbosity. Let your conversational communications possess a clarified conciseness, a compact comprehensibility, a coalescent consistency and a concatenated cogency. Eschew all conglomerations of flatulent garrulity, jejune babblement and asinine affectations.”

ആലങ്കാരിക ശൈലിയിലുള്ള ആ പ്രസംഗം സരസമായി ഈ വിധത്തിലാണ് ഉപസംഹരിച്ചത്: “ചുരുക്കിപ്പറഞ്ഞാൽ, വ്യക്തമായി യുക്തിയുക്തമായി വിവേകപൂർവ്വം, സ്വാഭാവികമായി, ചുരുക്കി സംസാരിക്കുക. എന്താണർത്ഥമാക്കുന്നതെന്ന് പറയുക. പറയുന്നത് അർത്ഥമാക്കുക. വലിയ പദങ്ങൾ ഉപേക്ഷിക്കുക”.

ഞാൻ ഉദ്ദേശിച്ചതിനേക്കാൾ മെച്ചമായിരുന്നു പ്രകടനം എന്നു തോന്നി. എനിക്കു സമ്മാനം കിട്ടി. എന്റെ ശിരസ് അല്പംകൂടി വീർത്തു!

### ഒരു ബാലന്റെ മതജീവിതം

ഒരു ബാലനെന്ന നിലയിൽ എന്റെ മതപരമോ സഭാപരമോ ആയ ജീവിതത്തെ സംബന്ധിച്ചും ചില കാര്യങ്ങൾ പറയേണ്ടിയിരിക്കുന്നു. കാരണം, എന്റെ വ്യക്തിത്വ രൂപവൽക്കരണത്തിൽ മുഖ്യസ്വാധീനഘടകമായിരുന്നത് അവയായിരുന്നു. എന്റെ മാതാപിതാക്കൾ ക്രമമായി പള്ളിയിൽ പോകുമായിരുന്നു; പ്രത്യേകിച്ചും അമ്മ. കുട്ടികളായ ഞങ്ങൾ എല്ലാവരും ഞായറാഴ്ചതോറും പള്ളിയിൽ പൊയ്ക്കൊള്ളണം; പ്രധാന പെരുന്നാൾ ദിവ

സങ്ങളിലും. വീട്ടിൽ രാവിലെയും വൈകിട്ടും കുടുംബപ്രാർത്ഥനയുണ്ട്. സഭ നിഷ്കർഷിച്ചിട്ടുള്ള നോമ്പുകളെല്ലാം ആചരിക്കും. അക്കാലത്തെ ഓർത്തഡോക്സ് ക്രിസ്ത്യൻ കുടുംബങ്ങളിലെല്ലാം ഇതായിരുന്നു സ്ഥിതി.

സിദ്ധാന്തങ്ങൾ പഠിപ്പിക്കുന്നതിലുപരി ക്രമമായ ആചരണത്തിനായിരുന്നു മതപരമായ വ്യക്തിത്വത്തിന്റെ വളർച്ചയിൽ ഓർത്തഡോക്സ് പാരമ്പര്യത്തിൽ പ്രധാന പങ്ക്. കുടുംബപ്രാർത്ഥനകളും ഞായറാഴ്ച ആരാധനയും മർമ്മപ്രധാനം; അവയിൽ എത്രമാത്രം മനസിലായിയെന്നതു പ്രധാനമല്ല. പങ്കാളിത്തമാണ് സാരവത്തായ കാര്യം. ഇങ്ങനെയുള്ള പങ്കാളിത്തം നൽകുന്ന അനുഭവം അതിലോലമായ, സൂക്ഷ്മമായ രീതിയിൽ, അബോധപൂർവമായിത്തന്നെ, വ്യക്തിത്വത്തിന്റെ ഘടനയെ സ്പർശിക്കുന്നു.

ഈ ആചരണങ്ങളിൽ മനസ് എന്നതുപോലെതന്നെ ശരീരവും പ്രധാനമാണ്. അല്ലാതെ കണ്ണു കണ്ടതും ചെവി കേട്ടതും മാത്രമല്ല. ബോധപൂർവ്വമായ ഉൾക്കൊള്ളൽ ഇല്ലെങ്കിൽത്തന്നെ, ഒരർത്ഥത്തിൽ കാഴ്ചയും കേൾവിയും അടിസ്ഥാനപരമാണ്. മറ്റ് ഇന്ദ്രിയാനുഭവങ്ങളും തുല്യ പ്രധാനമാണ്. പള്ളിയാരാധനയിലെ കുന്തിരിക്കത്തിന്റെ സുഗന്ധം, കുർബാനാനുഭവത്തിലെ അപ്പവീഞ്ഞുകളുടെ രുചി, പള്ളിയിലെ വിളക്കിൽ നിന്ന് എണ്ണ തൊട്ടു നെറ്റിയിൽ വെയ്ക്കുന്നത്, കുരിശുചുംബനവും കുരിശുവരയും, പലവിധത്തിലുള്ള ആംഗ്യവിക്ഷേപങ്ങളും കുമ്പിടലും, ദുഃഖവെള്ളിയാഴ്ച ദിവസം കമർപ്പുള്ള ചൊറുക്കാ കുടിക്കുന്നത്, ഓശാന ഞായറാഴ്ച കുരുത്തോല ഏന്തിയുള്ള പ്രദക്ഷിണം, ആരാധനാവേളയിലുള്ള കൈകസ്തൂരി, മെത്രാപ്പോലീത്താമാരുടെയും അച്ചന്മാരുടെയും മോടിയിലുള്ള വർണാഭമായ വസ്ത്രധാരണം, കൂട്ടമണിയുടെ മുഴക്കം, ഉച്ചത്തിലും ആത്മാവുനിറഞ്ഞും സ്വന്തം സ്വരം ഉയർത്തിയുമുള്ള പാട്ടും ഉച്ചാരണവും (കൂട്ടത്തിൽ പാടുന്നവരുടെ ഈണവുമായി ചേർന്നു പൊയ്ക്കൊള്ളണമെന്നില്ല.) വെള്ള വസ്ത്രം ധരിച്ച ശെമ്മാശ്ശന്മാർ, മദ്ബഹായിലെ വർണശബളമായ അലങ്കാരങ്ങൾ, ഇവയെല്ലാം - അങ്ങനെ പഞ്ചേന്ദ്രിയങ്ങൾ മുഴുവൻ (കാഴ്ച, കേൾവി, ഗന്ധം, സ്പർശം, രുചി) ആരാധനയിൽ ഭാഗഭാക്കായിരിക്കും. ആത്മാവും, മനസ്സും എന്നപോലെ ശരീരവും പ്രാർത്ഥന അർപ്പിക്കണം. കാലും കൈയും നാവും അധരങ്ങളും ശബ്ദവും ശ്വാസവും, ശരീരനിലയും ചലനവും എല്ലാം.

ഞങ്ങൾ വളർന്നുവന്ന വ്യവസ്ഥിതിയിതാണ്. അടിസ്ഥാനപരമായി അത് ഭദ്രമാണെന്ന് ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. വളരെയേറെ മെച്ചപ്പെടുത്താൻ കഴിയുമെന്നത് വേറെ കാര്യം. എന്റെ *'ജോയ് ഓഫ് ഫ്രീഡം'* (*'സ്വാതന്ത്ര്യദീപ്തി'*, സി. എസ്. എസ്., തിരുവല്ല) എന്ന ഗ്രന്ഥത്തിൽ ഞാൻ ഇതിനെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ബാല്യത്തിൽ നിന്നു പ്രൗഢപ്രായത്തിലേക്ക് ഞാൻ ആവഹിച്ച മനോഭാവങ്ങളും അഭിരുചികളും അധികപങ്കും ഈ വ്യവസ്ഥിതിയിൽ നിന്നു ലഭിച്ചവയാണ്.

ഇതെല്ലാം അർത്ഥശൂന്യമായ അന്ധവിശ്വാസമാണെന്നും വേദപുസ്തകം വായിക്കുകയും ആംഗ്ലിക്കൻ സഭയുടെ പ്രാർത്ഥനാപുസ്തകം ചൊല്ലുകയും ആത്മീയഗാനങ്ങൾ ആലപിക്കുകയും ചെയ്താൽ മതി

യെന്നും, പത്തൊമ്പതാം നൂറ്റാണ്ടിൽ ഇരുപതുകളിലും മുപ്പതുകളിലും 'സഹായദൗത്യ' (Mission of help) വുമായി ഇവിടെയെത്തിയ ബ്രിട്ടീഷ് മിഷനറിമാർ ഞങ്ങളോടു പറയാൻ ശ്രമിച്ചു.

അവർ പാശ്ചാത്യ പ്രൊട്ടസ്റ്റന്റ് സുവിശേഷത്തിന്റേതുപോലെതന്നെ 17, 18 നൂററാണ്ടുകളിലെ യൂറോപ്യൻ പ്രബുദ്ധതയുടെയും പ്രചാരകമിഷനറിമാരായിരുന്നു. അവരുടെ സ്വാധീനം ഇന്നും നമ്മുടെ മധ്യത്തിൽ പ്രകടമാണ്. നമ്മുടെ സംസ്ക്കാരത്തിൽ തന്നെ അത് പടർന്നുകയറിയിട്ടുണ്ട്. ഒരു ശിശു അതിനു പറഞ്ഞുകൊടുക്കുന്ന കാര്യങ്ങളാണ് പ്രധാനമായി ഗ്രഹിക്കുന്നതെന്ന് അനേകം പേർ ഇന്നും ചിന്തിക്കുന്നതായി തോന്നുന്നു.

എല്ലാ പുരാതനമതങ്ങളിലും ഇതുപോലെ എന്തെങ്കിലും ചില ആചാരാനുഷ്ഠാനങ്ങൾ കാണാതിരിക്കില്ല. മതസിദ്ധാന്തങ്ങളോ ആചാരാനുഷ്ഠാനങ്ങളോ ഒന്നുമില്ലാത്ത 'കേവല' ആദ്ധ്യാത്മികതയെപ്പറ്റി പറയാനും പുതുതായി എന്തെങ്കിലും സൃഷ്ടിക്കാനും എളുപ്പമാണ്. പക്ഷേ, രണ്ട് തലമുറയ്ക്കപ്പുറം നിലനിൽക്കുന്ന ഏതൊരു മതവും സ്വന്തമായി ചില ആചാരങ്ങളും സിദ്ധാന്തങ്ങളും ആവിഷ്ക്കരിക്കുകതന്നെ ചെയ്യും. ക്വേക്കർ സമൂഹംപോലും ഇതിനൊരപവാദമല്ല. സിദ്ധാന്തങ്ങളെ ആ വിധത്തിലായിരിക്കില്ല ഉപന്യസിക്കുന്നത്. ആചാരങ്ങളെ വിദഗ്ദ്ധമായി ഒളിച്ചുവെച്ചുവെന്നും വരാം. മതം എപ്പോഴും ഒരു സാമൂഹിക കാര്യമാണ്. അത് വ്യക്തിപരമായ തിരഞ്ഞെടുപ്പാണെന്നുള്ള ആശയം നമ്മുടെ മതനിരപേക്ഷസംസ്ക്കാരത്തിൽ പുറമെ അംഗീകരിക്കാത്ത മതത്തിന്റെ വിചിത്രവും വികലവുമായ സിദ്ധാന്തമാണ്. ഒരു സമൂഹപാരമ്പര്യം കൂടാതെ യാതൊരു മതവ്യവസ്ഥിതിയും സ്വയം വളരുന്നില്ല. ആ പാരമ്പര്യമാകട്ടെ, ചില പ്രബോധന സമ്പ്രദായങ്ങളും ഏതാനും ആചാരാനുഷ്ഠാനങ്ങളും ഉൾക്കൊള്ളുന്നതാവും. മനുഷ്യവ്യക്തിയുടെ പ്രകൃതിയിൽ തന്നെ അത് അലിഞ്ഞുചേർന്നിരിക്കുന്നു. ഏറ്റവും വലിയ നിരീശ്വരൻപോലും വിമർശനാത്മക യുക്തിചിന്തകൊണ്ടോ വ്യക്തിപരമായ തിരഞ്ഞെടുപ്പു മാത്രം കൊണ്ടോ ജീവിക്കുന്നില്ല. അതെപ്പറ്റി കൂടുതലായി പിന്നീട്.

### സൺഡേസ്ക്കൂൾ

മുകളിൽ പറഞ്ഞതെന്തായാലും, പഠിപ്പിക്കൽ സഹായകമാണ് - ഉപബോധാർത്ഥത്തോടുകൂടിയ പ്രതീകാത്മകമായ വ്യവസ്ഥിതിയുടെ പശ്ചാത്തലത്തിൽ അതു നല്കപ്പെടുമ്പോൾ. പ്രത്യേകിച്ചും സൺഡേസ്ക്കൂളിൽ നിന്ന് എനിക്കു ലഭിച്ച പ്രയോജനം കുറച്ചൊന്നുമല്ല. സൺഡേസ്ക്കൂൾ 18-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ആരംഭിച്ച ഒരു പ്രസ്ഥാനമാണ്. ക്രിസ്ത്യാനികളാണത് ആരംഭിച്ചതെങ്കിലും ആദ്യലക്ഷ്യം മതപരമായിരുന്നില്ല; ചേരിയിലെ കുട്ടികൾക്ക് സാമാന്യ വിദ്യാഭ്യാസം നൽകുകയായിരുന്നു. ചേരിയിലെ അവഗണിക്കപ്പെട്ട, നിരക്ഷരരായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന്, 'ഗ്ലസ്റ്റർ ജേർണലി'ന്റെ പ്രസാധകനായ റോബർട്ട് റെയ്ക്സ് ആണ് ഈ പ്രസ്ഥാനമാരംഭിച്ചത്. സന്നദ്ധസേവനം നൽകുന്നവരായിരുന്നു അദ്ധ്യാപകർ. തന്മൂലം ഞായറാഴ്ച (സണ്ടേ) യാണ് സ്കൂൾ നടത്തിത്തുടങ്ങിയത്. ഈ ആശയത്തെ അവതരിപ്പിച്ചുകൊണ്ട് റെയ്ക്സ് തന്റെ മാസി

കയിൽ ഒരു ലേഖനം എഴുതുകയും ചെയ്തു. അതോടെ ഈ ആശയം നീറിപ്പിടിച്ചു, കത്തിക്കയറി, ഇംഗ്ലണ്ടിൽ മാത്രമല്ല, യൂറോപ്യൻ ഭൂഖണ്ഡത്തിലും അമേരിക്കയിലും. 19-ാം നൂറ്റാണ്ടിൽ സാമാന്യവിദ്യാഭ്യാസം പാശ്ചാത്യരാജ്യങ്ങളിലെങ്ങും കൂടുതൽ വ്യാപകമായിത്തീർന്നതോടെ സണ്ടേസ്കൂൾ പ്രസ്ഥാനം മതവിദ്യാഭ്യാസത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ തുടങ്ങി. ചേരികളിലെ കുട്ടികൾക്ക് മാത്രമല്ല, പള്ളിയിൽ പോകുന്ന എല്ലാ കുട്ടികൾക്കും അത് നൽകാൻ പദ്ധതിയുണ്ടാക്കി.

ഈ പ്രസ്ഥാനം ഇന്ത്യയിലെ ക്രിസ്തീയ സഭകളിലെത്തിയത് ഏതാണ്ട് നൂറുകൊല്ലം മുമ്പാണ്. എന്റെ ഇടവകപള്ളിയായ നടമേൽ സെന്റ് മേരീസ് (വീട്ടിൽനിന്ന് അരമൈൽ മാത്രം അകലെ) പള്ളിയിൽ നാലുക്ലാസുമായി സണ്ടേസ്കൂൾ തുടങ്ങി. ഒമ്പതു വയസായതോടെ ഞാൻ നാലാംക്ലാസ്സ് പാസ്സാവുകയും ചെയ്തു. വീട്ടിൽനിന്നും രണ്ട് മൈൽ അകലെയുള്ള സമീപഇടവകയിൽ (കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് പള്ളി) ഏഴുക്ലാസ്സുണ്ടായിരുന്നതിനാൽ ഞാൻ അഞ്ചാംക്ലാസ് വിദ്യാർത്ഥിയായി അവിടെ ചേർന്നു. എന്റെ ഇടവകപ്പള്ളിയിലെ സണ്ടേസ്കൂളിൽ പഠിപ്പിക്കാൻ താമസിയാതെ എന്നോടാവശ്യപ്പെട്ടു. ഞാൻ സമ്മതിച്ചു. സെന്റ് ജോർജ് പള്ളിയിലെ സണ്ടേസ്കൂൾ വിദ്യാർത്ഥിയായിരിക്കെത്തന്നെ ഞാൻ എന്റെ ഇടവകപ്പള്ളിയിലെ സണ്ടേസ്കൂൾ അദ്ധ്യാപകനായി. രണ്ട് സണ്ടേസ്കൂളുകളും ഞായറാഴ്ച രണ്ട് സമയത്ത് പ്രവർത്തിച്ചിരുന്നതിനാലാണിത് സാധ്യമായത്. ഞാൻ രാവിലെ കരിങ്ങാച്ചിറ പള്ളിയിൽ പോയി വി. കുർബ്ബാനയിൽ സംബന്ധിക്കും. അനന്തരം അവിടെ സണ്ടേസ്കൂൾ പഠിക്കും. ഉച്ചയ്ക്ക് വീട്ടിലെത്തി ആഹാരം കഴിച്ചശേഷം എന്റെ ഇടവകസണ്ടേസ്കൂളിൽ പോയി പഠിപ്പിക്കും. ഈ സമ്പ്രദായം വളരെ നല്ലതായിരുന്നു. അദ്ധ്യാപനം പഠിക്കാൻ നല്ലൊരുപാധിയാണ്.

ഈ അനുഭവത്തിന് ഞാൻ കൃതജ്ഞനാണ്. കരിങ്ങാച്ചിറ പള്ളി സണ്ടേസ്കൂൾ അദ്ധ്യാപകരിൽ ഒരാളായ പുന്നച്ചാലിൽ ചാക്കോ മാസ്റ്റർ പണ്ഡിതനായിരുന്നു, മറ്റുള്ളവരിൽ പ്രചോദനം പകരാൻ സമർത്ഥനും. അവിടെവച്ച് ദൈവത്തോടും യേശുക്രിസ്തുവിനോടുമുള്ള എന്റെ പ്രതിബദ്ധത ആഴമുള്ളതായി. പതിനൊന്നു വയസ്സുള്ള അദ്ധ്യാപകനെന്ന നിലയിൽ ഞാൻ പ്രസിദ്ധനായി. എന്റെ വിശ്വാസത്തിൽ ഒരു ഭാഗം എന്റെ സ്വന്തം വിദ്യാർത്ഥികൾക്ക് (അവരുടെ വിദ്യാർത്ഥിയായ അദ്ധ്യാപകനേക്കാൾ വളരെ കുറച്ച് വർഷം മാത്രം ഇളപ്പമാണവർക്ക്) പകർന്നുകൊടുക്കാൻ കഴിഞ്ഞുവെന്നാണെന്റെ ഓർമ്മ.

പിൽക്കാല ജീവിതത്തിൽ ഞാൻ ഇതിനെപ്പറ്റി പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ഈ ഇടവകകളൊന്നും ഇന്നത്തെ ഭാഷയിൽ "ആത്മാവുകൊണ്ട് ജ്വലിക്കുന്നവ" ആയിരുന്നില്ല. ഒരുപാട് ഉപജാപങ്ങളും അല്ലറചില്ലറ കലഹങ്ങളും എക്കാലത്തും കാണും. ഇങ്ങനെയൊക്കെയാണെങ്കിലും, സാധാരണക്കാരായ സ്ത്രീപുരുഷന്മാർ ജീവിച്ച അതിസാധാരണമായ ഈ ഇടവകകളിൽ നിന്നാണ് ഞാൻ എന്റെ ഇന്നത്തെ വിശ്വാസത്തിന്റെ പ്രാഥമിക പാഠങ്ങൾ ആർജിച്ചത്. തന്മൂലം പള്ളികളെ അപ്രസക്തമെന്നോ ക്രിസ്തീ

യതയിൽ താണതെന്നോ മുദ്രകുത്തുവാൻ എനിക്കാവില്ല. എന്തെല്ലാം തെറ്റുകുറ്റങ്ങൾ ഉണ്ടായാലും - ഇന്നത്തെ മാനദണ്ഡമനുസരിച്ച് തെറ്റുകുറ്റങ്ങൾ പലതുമുണ്ടാവാം - ഈ പള്ളികളിൽ വിശ്വാസത്തിന്റെ സംക്രമണം നടന്നുകൊണ്ടേയിരിക്കുന്നു. കുട്ടികളും പ്രായമുള്ളവരും ദൈവത്തെ അറിയാൻ ഇടവരുന്നു. അത് പ്രധാനപ്പെട്ട കാര്യമല്ലേ? ആ നിലയ്ക്ക് എങ്ങനെയാണ് ഞാൻ പള്ളികളെ നിഷ്പ്രയോജനമെന്നോ അനാദ്ധ്യാത്മികമെന്നോ പറഞ്ഞുതള്ളുക?

പള്ളികളിലെ പ്രസംഗങ്ങളും സുവിശേഷപ്രബോധനങ്ങളും ഉദ്ബോധനജനകമോ വിശ്വാസവർദ്ധകമോ ഒന്നുമായിരുന്നില്ല. പ്രസംഗകർ നല്ല വിദ്യാഭ്യാസം ലഭിച്ചവരായിരുന്നില്ല. പലപ്പോഴും പ്രസംഗങ്ങൾ വിരസങ്ങളായിരിക്കും. എന്നാൽ വേദപുസ്തക വായനകൾ മനസ്സിൽ പതിഞ്ഞു കാണണം. പന്ത്രണ്ടു വയസ്സായതോടെ എനിക്ക് ദൈവത്തെപ്പറ്റി വ്യക്തിഗതമായ അറിവും ക്രിസ്തുവിനോട് ഏതാണ്ടൊരു പ്രതിബദ്ധതയും ഉണ്ടായി. വാസ്തവം പറഞ്ഞാൽ, ദൈവവുമായും യേശുക്രിസ്തുവുമായും ഞാൻ സംഭാഷണത്തിന്റെ ഭാഷയിലായി. യേശുക്രിസ്തുവിനെ എന്റെ ജീവിക്കുന്ന കർത്താവും ഗുരുവുമായും ദൈവത്തിന്റെ യഥാർത്ഥ വെളിപ്പെടൽ ആയും ഞാൻ അംഗീകരിച്ചു.

### പത്രോസ് ശെമ്മാശൻ

എന്റെ പിതാവിന്റെ ഒരു രണ്ടാം മച്ചുനൻ (കസിൻ) ആയ പത്രോസ് ശെമ്മാശൻ എം. എ., ബി. ഡി., എൽ. റ്റി. എന്റെ ബാല്യകാലത്തെ ആരാധനാപുരുഷനായിരുന്നു. പിന്നീടദ്ദേഹം ഞങ്ങളുടെ സഭയിലെ ഒരു മെത്രാപ്പോലീത്തായായി-മൂക്കഞ്ചേരിയിൽ പത്രോസ് മാർ ഒസ്താത്തിയോസ്. അക്കാലത്തെ ഒരു പ്രമുഖ സാമൂഹ്യപ്രവർത്തകനായിരുന്നു അദ്ദേഹം. തിരുവിതാംകൂറിലെയും കൊച്ചിയിലെയും 'അസ്പൃശ്യരുടെ' - തൊട്ടുകൂടാത്തവരുടെ - ഉന്നമനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഉജ്ജ്വലനായ ഒരു വാഗ്മിയായിരുന്നു അദ്ദേഹം. സദാ സഞ്ചാരത്തിലായിരിക്കും. അതിലളിതമായ ജീവിതം നയിച്ച് നാടുനീളെ നടക്കുന്ന ഒരു ത്യാഗധനൻ. ആരുടെയിടയിൽ പ്രവർത്തിച്ചുവോ ആ പാവപ്പെട്ടവരുടെ ജീവിതരീതികളുമായി പൊരുത്തപ്പെട്ടു ജീവിക്കാൻ അദ്ദേഹം നിഷ്ഠവച്ചു.

ഒരു ദിവസം അദ്ദേഹം തന്റെ പൂർവ്വിക കുടുംബം സന്ദർശിക്കാനെത്തി. ഞങ്ങളുടെ വീടിനു തൊട്ടടുത്താണത്. ഒരു കൊച്ചുകുട്ടിയായ ഞാൻ ആ വീട്ടിലേക്ക് കയറിച്ചെന്നു. ആദ്യമെ ഞാനവിടെ കണ്ടത് ശെമ്മാശന്റെ മൂത്ത സഹോദരനെയാണ് - ശ്രീ എം. പി. വർക്കി, യുക്തിവാദിയായ ഒരു നാസ്തികൻ. അദ്ദേഹവും പൂർവ്വികഗൃഹത്തിൽ ഒരു ഹ്രസ്വസന്ദർശനത്തിനെത്തിയതാണ്. "മോൻ ആരെക്കാണാനാണ് വന്നത്?" അദ്ദേഹം എന്നോടു ചോദിച്ചു. അദ്ദേഹം തുടർന്നു: "ദൈവത്തെ കാണണമെന്നുണ്ടെങ്കിൽ അതാ അദ്ദേഹം അടുത്ത മുറിയിലുണ്ട്. അതല്ല, പിശാചിനെയാണ് കാണേണ്ടതെങ്കിൽ, ആ ആൾ ഇതാ നിന്റെ മുമ്പിൽതന്നെ നിൽക്കുന്നു." ആ ചോദ്യം എന്നെ കുറച്ചൊന്ന് അമ്പരപ്പിക്കാതിരുന്നില്ല. ചോദ്യകർത്താവ് എനിക്ക് അമ്മാച്ചനാണ്, വയസ് അറുപത് കഴിഞ്ഞിരിക്കുന്നു. അദ്ദേഹ

ത്തോട് ഒരു വാദപ്രതിവാദം നടത്താൻ എനിക്ക് സാധിക്കുകയില്ല. അതുകൊണ്ട് പത്രോസ് ശെമ്മാശനെ കാണാനാണ് വന്നതെന്നു മാത്രം മറുപടി പറഞ്ഞുകൊണ്ട് ഞാൻ അടുത്ത മുറിയിലേക്കു പോയി. പത്രോസ് ശെമ്മാശൻ സ്നേഹത്തോടെ എന്നെ സ്വീകരിച്ചു. ലളിതമായി ജീവിക്കണമെന്നും പാവങ്ങളെ സേവിക്കണമെന്നും എനിക്ക് ഉപദേശവുംതന്നു. എന്റെ വല്യപ്പച്ചൻ തന്റെ തലതൊട്ടപ്പനായിരുന്നുവെന്ന് ശെമ്മാശൻ പറഞ്ഞു. അദ്ദേഹത്തിന്റെ വല്യമ്മച്ചി എന്റെ വല്യപ്പച്ചന്റെ പെങ്ങളാണെന്നു തോന്നുന്നു. ഏതായാലും വളരെ പ്രചോദനപ്രേരകമായ ഒരു സന്ദർശനമായിരുന്നു അത്. അദ്ദേഹം അല്പം തീപ്പൊരി എന്നിലേയ്ക്ക് പകർന്നിരിക്കണം.

പിൽക്കാലത്ത് ഞാൻ ആദ്യമായി അമേരിക്കയിൽനിന്ന് മടങ്ങിവന്നപ്പോൾ അദ്ദേഹത്തോടൊന്നിച്ചു പ്രവർത്തിക്കാൻ ഞാനൊരു ശ്രമം നടത്തി. എന്തുകൊണ്ടോ അത് വിജയിച്ചില്ല. ദരിദ്രരോടൊന്നിച്ചു പ്രവർത്തിക്കുന്നതും തൊഴിലാളികൾക്കു പിന്തുണ നൽകുന്നതും സംബന്ധിച്ച എന്റെ ആശയങ്ങൾ ശെമ്മാശന്റേതുമായി പൊരുത്തപ്പെട്ടില്ല. അദ്ദേഹത്തിന്റെ രീതി വളരെ കർക്കശമായി രൂപപ്പെട്ടതായിരുന്നു. അതിൽ മാറ്റംവരുത്താൻ അദ്ദേഹം വിസമ്മതിച്ചു. ഞാൻ മറ്റു വഴികൾ തേടിപ്പോയി.

### ഒരു പാമ്പുകടിയുടെ കഥ

ഇതാ ഓർമ്മയിൽനിന്നൊരു തൂലികാചിത്രം. എനിക്കന്ന് പത്ത് വയസ്സ് കാണണം. ഞങ്ങളുടെ വീടിനുമുമ്പിൽ റോഡിന് ഇരുവശത്തുമുള്ള ഓടകളിൽ വെള്ളം നിറഞ്ഞൊഴുകുന്നു. നദിയിൽ നിന്ന് ഒഴുകിക്കയറി വന്ന ചെറുവിരലോളമുള്ള മീനുകൾ ഓടയിലെ വെള്ളത്തിൽ തത്തിക്കളിക്കുന്നു. നെല്ല് കൊയ്തുകൊണ്ടുവന്ന കറ്റകൾ മുറ്റത്ത് നിരത്തിവച്ചിട്ടുണ്ട്. പുലയസ്ത്രീകൾ (താണജാതിക്കാരായ ഇവരെ തൊട്ടുകൂടാത്തവരായാണ് അന്ന് കണക്കാക്കിയിരുന്നത്. അക്കാലത്ത് ഹിന്ദുക്കൾ തൊട്ടുകൂടായ്മ ആചരിച്ചിരുന്നു. പക്ഷേ ക്രിസ്ത്യാനികളോട് ഇവർക്ക് തൊട്ടുകൂടായ്മ ഇല്ലായിരുന്നു) ആയിരുന്നു ഞങ്ങളുടെ കൃഷിസ്ഥലത്തെ കുടിയാന്മാർ. അവർ കറ്റകൾ വരാന്തയിലിട്ട് മെതിച്ചുകൊണ്ടിരുന്നു.

വെള്ളം പൊങ്ങിയ ഓടകളിലേയ്ക്ക് ഇറങ്ങിപ്പോകരുതെന്ന് മാതാപിതാക്കൾ എന്നെ കർശനമായി വിലക്കിയിരുന്നു. അവർ മറ്റു കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച സന്ദർഭത്തിൽ ഞാൻ പുറത്തിറങ്ങി. രണ്ടുകൈകൊണ്ടും ചെറുമീനുകളെ പിടിക്കാൻ ഞാനൊരു ശ്രമം നടത്തി. ക്ലേശകരമായ ഒരു വിഫലയത്നം. റോഡിന്റെ എതിർവശത്തെ വീട്ടിലെ ഒമ്പതു വയസുകാരനായ ബാലൻ (അവനും പുറത്തിറങ്ങരുതെന്ന കർശനമായ വിലക്കിലാണ്) താല്പര്യപൂർവ്വം എന്റെ പ്രവർത്തനം നിരീക്ഷിക്കുകയാണ്. "അതാ അവിടെയൊരു വലിയ മീൻ. ഞാൻ കണ്ടതാണ്." അവൻ ഓടയിലെ ഒരു പ്രത്യേകസ്ഥാനം ചൂണ്ടിക്കാട്ടിക്കൊണ്ടു പറഞ്ഞു. മീനിനെ (അഥവാ മീനെന്നു തോന്നിയ ഒന്നിനെ) ഞാനും കണ്ടു. ഞാൻ രണ്ടു കൈയും നീട്ടി അതിനെ പിടിക്കാൻ ശ്രമിച്ചു. എനിക്ക് 'മീനിനെ' കിട്ടിയില്ല എന്നു മാത്രവുമല്ല വെള്ളത്തിൽനിന്ന് കൈകൾ തിരിച്ചെടുത്തപ്പോൾ നടു

വിരലിൽ രക്തം വരുന്നു. എന്ത്സംഭവിച്ചുവെന്ന് എനിക്കൊരു രൂപവുമില്ല. മറ്റേ കൈയുടെ ഒരു വിരൽകൊണ്ട് മുറിവ് മറച്ചുപിടിക്കുവാൻ ശ്രമം നടത്തിക്കൊണ്ട് വീട്ടിലെ സുരക്ഷിതത്വത്തിലേക്ക് പിൻവലിയുവാൻ ഞാൻ ശ്രമിച്ചു. മെതിച്ചുകൊണ്ടിരിക്കുന്നവരിൽ ഒരു സ്ത്രീ (ഒരു കുട്ടി എന്ന നിലയിൽ എന്നോട് പ്രത്യേക വാത്സല്യമാണവർക്ക്) രക്തംപുരണ്ട കൈ കണ്ട് അമ്മയോട് നിലവിളിച്ചു: "ഇതാ കുഞ്ഞിന് എന്തോ പറ്റി." അമ്മ ഓടിയെത്തി മുറിവ് ശ്രദ്ധിച്ചു. എന്റെ മൂത്ത സഹോദരൻ എന്നെ കടിച്ച 'മീനിനെ' കണ്ടെത്താനായി വീടിനു പുറത്തിറങ്ങി. ഞാൻ അത്ഭുതത്തോടും, സംഭ്രമത്തോടുമിരിക്കുമ്പോൾ, ജ്യേഷ്ഠൻ ഒരു വലിയ കത്തിയുടെ സഹായത്തോടെ ഓടയിലെ പൊത്തുകളിലും റോഡിലെ ഗട്ടറുകളിലും പരതി. അതാ മൂന്നടിയോ അതിലേറെയോ നീളം വരുന്ന ഒരു വലിയ നീർക്കോലി (Watersnake) വെളിയിൽ വരുന്നു. എന്താണ് സംഭവിച്ചതെന്ന് പെട്ടെന്ന് ഞാൻ തിരിച്ചറിഞ്ഞു. ജ്യേഷ്ഠൻ അതിനെ വെള്ളത്തിൽനിന്ന് വലിച്ച് കരയ്ക്കിട്ടു. അത് ഓടിപ്പോവുകയോ, അതിനെ ആക്രമിച്ചവരെ എതിർക്കുവാൻ ശ്രമിക്കുകയോ ചെയ്യാത്തതിൽ ഞാൻ അത്ഭുതംകൂറി. എന്നെ കടിച്ചതിൽ തനിക്ക് സങ്കടമുണ്ടെന്ന് ആ ജീവി പറയുന്നതായി എനിക്കു തോന്നി. അത് ശാന്തമായി തറയിൽ കിടന്നു. എന്റെ ജ്യേഷ്ഠനും മറ്റുള്ളവരും ചേർന്ന് അതിനെ തല്ലിക്കൊന്നു. ഞാൻ ദുഃഖത്തോടെയും മനോവേദനയോടെയും ആ രംഗം വീക്ഷിച്ചു. എന്റെ കാര്യത്തിലല്ല, ആ പാവം പാമ്പിന്റെ സ്ഥിതിയിൽ എനിക്ക് ദുഃഖം തോന്നി.

വർക്കിപ്പിള്ളയെ (എന്റെ ഓമനപ്പേര്) പാമ്പുകടിച്ചുവെന്ന വാർത്തയറിഞ്ഞ് അയൽക്കാർ വന്നുതുടങ്ങി. എന്നെ കൈയോടെ വിഷവൈദ്യന്റെ അടുക്കലേക്ക് കൊണ്ടുപോയി. വളപ്പിൽ വർഗീസ്ചേട്ടൻ താമസിക്കുന്നത് വളരെ അകലെയായിരുന്നില്ല. പരിചയസമ്പന്നനായ വൈദ്യൻ ശ്രദ്ധാപൂർവ്വം പരിശോധിച്ചശേഷം വിധി പ്രഖ്യാപിച്ചു: "കടിച്ചത് വിഷമുള്ള പാമ്പാണ്. നടുവിരലിൽ കടിച്ചതിന്റെ രണ്ട് പാടുകൾ വളരെ വ്യക്തമായി കാണാം. പക്ഷേ എന്തോ വിചിത്രമായ കാരണത്താൽ, പാമ്പ് വിഷം വമിച്ചിട്ടില്ല. ഭക്ഷണത്തിനുവേണ്ടി തവളയെയോ മറ്റോ കടിക്കുകയാണെന്നാവും വിചാരിച്ചത്". മരണകാരണമൊന്നുമില്ലെന്ന് വിഷവൈദ്യൻ എന്റെ മാതാപിതാക്കളെ സമാശ്വസിപ്പിച്ചു. മുറിവിൽ പുരട്ടാൻ തൈലവും മരുന്നുകളും അദ്ദേഹം നൽകി.

ഞങ്ങൾ വീട്ടിൽ തിരിച്ചെത്തിയപ്പോഴേക്കും വിവരമറിഞ്ഞ് അമ്മാച്ചന്മാരും സമൂഹത്തിലെ പ്രമാണിമാരുമായി ഒട്ടേറെപ്പേർ വന്നുകൂടിയിട്ടുണ്ട്. അവർ ഒരു വൃത്തത്തിലിരുന്നു. എന്നെ നടുവിലിരുത്തി. എന്റെ കൈയിൽ തൈലം പുരട്ടി. പ്രായമുള്ളവരിൽ ചിലർ എന്നെ നന്നായി ശകാരിച്ചു: "ഏത് വലിയ മീൻ പിടിക്കാനാണ് നീ പോയത്? നന്മീനോ? മോതയോ? നീ അർഹിക്കുന്നത് നിനക്ക് കിട്ടി." അതിങ്ങനെ തുടർന്നു. അത് വേദനാജനകമായിരുന്നു.

സംഭവത്തെപ്പറ്റി ഞാൻ പ്രത്യവലോകനം ചെയ്യുകയായിരുന്നു. ഞാൻ മരണത്തോട് വളരെ അടുത്തായിരുന്നു. ഞാൻ മരിച്ചിരുന്നെങ്കിൽ എന്തു

ണ്ടാകുമായിരുന്നു? എന്റെ മാതാപിതാക്കളുടെ ദുഃഖം എത്ര കനത്തതായിരിക്കും. മറുവശത്ത് ആ പാമ്പിനെപ്പറ്റി എനിക്ക് ദുഃഖം തോന്നി. അത് എന്നിലേക്ക് വിഷം പകരാതിരുന്നതിനാൽ, എന്നോട് കരുണ കാണിച്ചതാണ്. നിർഭാഗ്യവശാൽ അത് കൊല്ലപ്പെട്ടു. വേറൊരുവിധത്തിൽ ചിന്തിച്ചപ്പോൾ, കുറ്റാരോപണങ്ങളിൽ നിന്ന് രക്ഷപെടുവാനുള്ള ശ്രമത്തിൽ, ഞാൻ കുറ്റമെല്ലാം അയൽക്കാരനായ പയ്യനിൽ (ബേബി എന്നാണ് അവന്റെ പേര്) ചുമത്തി. അവനാണല്ലോ 'മീനിനെ' എനിക്ക് ചൂണ്ടിക്കാണിച്ചുതന്നത്. അവനാണ് കുഴപ്പത്തിനെല്ലാം കാരണമെന്ന് ഞാൻ ചിന്തിച്ചു.

നന്നേ ചെറുപ്പത്തിൽത്തന്നെ മരണസാധ്യത അഭിമുഖീകരിക്കേണ്ടിവന്നുവെന്നതാണു പ്രധാനകാര്യം. സമചിത്തത ഒരളവിൽ പാലിക്കുവാൻ എനിക്കു കഴിഞ്ഞു. എന്നിൽ ചിന്താക്കുഴപ്പമുണ്ടായി. പക്ഷേ ഞാൻ പേടിച്ചരണ്ടുപോയൊന്നുമില്ല. ഒരു കൊച്ചുകുട്ടി എന്ന നിലയിൽ, മരണം നമുക്കെല്ലാവർക്കും എത്രയോ സമീപസ്ഥമാണെന്ന് തിരിച്ചറിയുവാൻ എനിക്കു കഴിഞ്ഞു.

### അസ്വാസ്ഥതകൾ വളരുന്നു

കുറെക്കാലമായി അസ്വാസ്ഥതകൾ വർദ്ധിക്കുകയാണ്. സ്ഥലത്തെ ഹൈസ്കൂളിൽ പ്രാഥമികക്ലാസ്സുകളിൽ പഠിപ്പിച്ചിരുന്ന പിതാവിന് പ്രമോഷനും സ്ഥലംമാറ്റത്തിനും സമയമായി. വീട്ടിൽ നിന്നു വളരെ ദൂരത്തിലുള്ള ഒരു ഗ്രാമത്തിലെ പ്രൈമറി സ്കൂളിൽ ഹെഡ്മാസ്റ്ററായാണു നിയമനം ലഭിച്ചത്. ഒരൊറ്റ ബസ്സിൽ കയറിയാൽ അവിടെ എത്താമായിരുന്നുവെങ്കിൽ പിതാവിന് വീട്ടിൽ താമസിച്ചുകൊണ്ട് ജോലിക്കു പോയി വരാമായിരുന്നു – ബസ്സ് ചാർജ് കൊടുക്കണമെന്നിരുന്നാലും. അന്ന് പിതാവ് ജോലിചെയ്തിരുന്ന സ്ഥലങ്ങളുടെ പേരുകൾ എന്റെ ഓർമ്മയിൽനിന്നു നഷ്ടപ്പെട്ടു. ഒരെണ്ണം തൂശം എന്ന സ്ഥലത്തെ ഒരു മലയാളം സ്കൂളായിരുന്നു. അത് എവിടെയാണെന്ന് ഇന്നുമെനിക്കറിയില്ല. പിതാവ് ജോലിചെയ്ത സ്ഥലങ്ങളിൽ ചെന്നെത്തണമെങ്കിൽ അര ദിവസം യാത്ര ചെയ്യണം. ചിലയിടത്ത് കടത്ത് കടക്കണം. പലപ്പോഴും അവിടെ വള്ളക്കാരനുണ്ടാവില്ല. കടത്ത് അപകടസാധ്യതയുള്ളതാവാം. ചുരുക്കത്തിൽ, തിങ്കളാഴ്ച അതിരാവിലെ വീട്ടിൽ നിന്നിറങ്ങിയാൽ വെള്ളിയാഴ്ച രാത്രി വൈകിയാണു വീട്ടിൽ തിരിച്ചെത്താൻ കഴിയുക. ഓലമേഞ്ഞ ഏതെങ്കിലും വാടകക്കുടിലിലാവും ഈ ദിവസങ്ങളിൽ അദ്ദേഹം കഴിച്ചുകൂട്ടുക. വർഷകാലത്ത് കടത്തുകൾ അപകടപൂർണ്ണമാണ്. താൻ സുരക്ഷിതനായി വിദ്യാലയത്തിൽ എത്തിച്ചേർന്ന വിവരം വീട്ടിൽ അറിയിക്കാനൊരു മാർഗ്ഗവുമില്ല. ഈ സ്ഥിതി അമ്മയിൽ സംഘർഷം വളർത്തി. ഞങ്ങൾ അഞ്ച് ആൺമക്കളും ആ സംഘർഷത്തിൽ പങ്കുചേർന്നു.

ഞങ്ങളുടെ ഭവനത്തിലെ ദാരിദ്ര്യവും കുടുംബത്തിലെ സംഘർഷത്തിന് ആക്കംകൂട്ടി. അടുത്തുള്ള മിക്ക വീട്ടുകാരും എന്റെ മാതാപിതാക്കളെ ഭാഗ്യവാന്മാരായി എണ്ണി, കുറച്ചൊന്ന് അസൂയപ്പെടുകയും ചെയ്തു. അവർക്ക് അഞ്ചു പുത്രന്മാരാണ്. സാമാന്യം മിടുക്കന്മാർ. ഭാവിയിൽ അവർ

നല്ല ജോലി സമ്പാദിക്കുമെന്നുവേണം പ്രതീക്ഷിക്കുവാൻ. പെൺമക്കളാരുമില്ല. ആ സമൂഹത്തിൽ പുത്രന്മാർ ധനവും പുത്രിമാർ ബാദ്ധ്യതയുമായിരുന്നു. പുത്രന്മാർ കുടുംബത്തിനു വരുമാനമുണ്ടാക്കുമെന്നു മാത്രമല്ല സ്ത്രീധനം വീട്ടിലേക്ക് കൊണ്ടുവരുവാൻ ഇടയാക്കുകയും ചെയ്യും. പുത്രിമാർ വരുമാനമുണ്ടാക്കിയാൽ തന്നെ ഭർത്താവിന്റെ കുടുംബത്തിനു മാത്രമേ പ്രയോജനപ്പെടൂ. നല്ല സ്ത്രീധനം നല്കി അവരെ വിവാഹം ചെയ്തയയ്ക്കുകയും വേണം. ഇത് സ്വാഭാവികമായി കുടുംബത്തിന്റെ സ്വത്തിൽ കുറവ് വരുത്തുമല്ലോ. അക്കാലത്തുപോലും മനുഷ്യമൂല്യം സാമ്പത്തിക പരിഗണനയിലാണു അളന്നുതിട്ടപ്പെടുത്തിപ്പോന്നത്.

1930-കളിൽ 28 രൂപ ശമ്പളം കിട്ടുന്ന പിതാവിന്റെ വരുമാനംകൊണ്ട് ഏഴുപേരുടെ ആവശ്യങ്ങൾ നിർവ്വഹിക്കണമെന്നത് ബുദ്ധിമുട്ടായിരുന്നു. പെൺകുട്ടികളെ കെട്ടിച്ചയയ്ക്കുന്നതിനെപ്പറ്റി ക്ലേശിക്കേണ്ടതില്ലെങ്കിലും, ഇതൊരു വലിയ ഭാരമായിരുന്നു. പുറമേ നിന്നുള്ള വരുമാനം ഞങ്ങളുടെ അരയേക്കർ പാടത്തുനിന്നു വർഷത്തിൽ രണ്ടു തവണ കൃഷി ചെയ്തു കിട്ടുന്ന നെല്ലും, മാസംതോറും കിട്ടുന്ന ഏതാനും തേങ്ങയും മാത്രമാണ്. കുട്ടികൾ വളർന്നു. മൂത്തയാളെ കോളജിൽ ചേർത്തു. അതോടെ ഭാരം ദുർവഹമായി. ആവശ്യത്തിനു ഭക്ഷണമുണ്ടാവില്ല, പുതിയ വസ്ത്രങ്ങൾ വാങ്ങലുണ്ടാവില്ല, അതിഥിസൽക്കാരം പഴയപടി നടപ്പില്ല.

പിതാവ് എങ്ങനെയോ തൊട്ടടുത്തുള്ള ഒരു ചെറിയ കെട്ടിടം വാങ്ങിച്ചു. അത് വാടകയ്ക്കുകൊടുത്താൽ വരുമാനം അല്പം കൂടുമെന്നായിരുന്നു കണക്കുകൂട്ടൽ. പ്രതിമാസവാടക രണ്ടര രൂപയായിരുന്നുവെന്നാണ് എന്റെ ഓർമ്മ. ദേവദാസി സമൂഹത്തിൽനിന്നുള്ള ഒരു അർദ്ധകുറ്റവാളിക്കാണ് കെട്ടിടം വാടകയ്ക്കുകൊടുത്തത്. അയാൾ വാടക ക്രമമായി തന്നില്ലെന്നു മാത്രമല്ല, സ്വന്തം ഭാര്യയെയും കുട്ടികളെയും ഉപദ്രവിക്കുകയും, ഞങ്ങൾ പിടിച്ചുപറിക്കാരാണെന്ന് അമ്മയെയും ഞങ്ങളെയും ചീത്ത പറയുകയും ചെയ്തു. അയാളെ ഇറക്കിവിടുവാൻ ഒരു വഴിയും കണ്ടില്ല. ഇറങ്ങിപ്പോകാൻ അയാൾ തീർത്തും വിസമ്മതിച്ചു. അത് ഞങ്ങളുടെ ജീവിതത്തിലെ സംഘർഷം കൊടുമ്പിരിക്കൊള്ളുവാൻ ഇടയാക്കി-പിതാവ് സ്ഥലത്തില്ലാതിരുന്ന ദിവസങ്ങളിൽ പ്രത്യേകിച്ചും.

സംഘർഷത്തിന് മറ്റുകാരണങ്ങളും ഉണ്ടായിരുന്നിരിക്കാം - മാതാപിതാക്കൾ ഞങ്ങളെ അറിയിക്കാതെ കഴിച്ച കാരണങ്ങൾ. ഇതിനെല്ലാമിടയിൽ എന്റെ അമ്മ ദാനധർമ്മങ്ങളുടെയും സൗമനസ്യത്തിന്റെയും അനുകരണീയമായ നിദർശനമായി വർത്തിച്ചു. എന്തെങ്കിലും ആവശ്യവുമായി വരുന്നവരെ പരമാവധി സഹായിക്കാൻ അമ്മ സദാ തയ്യാറായിരുന്നു. ഭിക്ഷാടകരോടും അയൽപക്കങ്ങളിൽ രോഗികളായി കിടക്കുന്നവരോടും യാത്രക്കാരോടും നിരാലംബരോടും അമ്മയുടെ ആർദ്രമായ കാരുണ്യം ഞാൻ നന്നായി ഓർക്കുന്നു. ചന്തയിൽ വിൽക്കാൻ ഭാരിച്ച വൈക്കോൽ ചുമടും പച്ചക്കറികളുമായി വരുന്ന പാവപ്പെട്ട കർഷകരോട് അമ്മയ്ക്ക് പ്രത്യേകം കനിവ് തോന്നിയിരുന്നു.

ചന്ത ഞങ്ങളുടെ വീട്ടിൽനിന്ന് ഏതാനും വാര മാത്രം അകലെയാണ്. ചരക്കുകൾ വിറ്റുകഴിഞ്ഞശേഷം കർഷകർ സ്വന്തമായി കുറച്ചു കഞ്ഞി തയ്യാറാക്കി കഴിക്കാൻ ഞങ്ങളുടെ വീട്ടിൽ കയറും. ഒരു സംഭവം മനസ്സിൽ ഇന്നും പച്ചപിടിച്ചു നിൽക്കുന്നുണ്ട്. യാതൊരു ഔപചാരിക വിദ്യാഭ്യാസവും ലഭിച്ചിട്ടില്ലാത്ത ഒരു ക്രിസ്തീയ കർഷകൻ. പേര് എസ്തപ്പാനോസ് (സ്റ്റീഫൻ). പ്രായം അമ്പത് കഴിഞ്ഞിട്ടുണ്ടാവും. അഞ്ച്മൈൽ അകലെനിന്ന് തലച്ചുമടായി കൊണ്ടുവന്ന ഒരുകെട്ടു വൈക്കോൽ വിൽക്കാനെത്തിയതാണ്. അയാൾ പുതിയ ഒരു മൺകലം വാങ്ങി. അതിൽ ഒരു കപ്പ് അരി വേവിക്കണം. അതിനാണ് വീട്ടിൽ കയറിയത്. എന്റെ അമ്മ അടുപ്പും വിറകും കൊടുത്തു. അയാൾ ഞങ്ങളുടെ പിറകുവശത്തെ മുറ്റത്ത് അടുപ്പുകൂട്ടി അരിവേവിച്ചു. അത് ശരിയായി ആറിത്തണുക്കുന്നതിനുമുമ്പു തന്നെ, വിശപ്പിന്റെ ആധിക്യം കൊണ്ടാവാം, അമ്മ കൊടുത്ത ഒരു ചിരട്ടത്തവി ഉപയോഗിച്ച് ആവി പറക്കുന്ന കഞ്ഞി കോരി വായിലൊഴിക്കുന്നു. ഒരു കൊച്ചുകുട്ടിയായ ഞാൻ ഇത് കണ്ടുകൊണ്ട് നിൽക്കുകയാണ്. എനിക്ക് അത്ഭുതം തോന്നി. അയാൾക്ക് നന്നായി വിശക്കുന്നുണ്ടെന്ന് വ്യക്തം. കറിയോ ചമ്മന്തിയോ ഒന്നുമില്ലാതെ ചൂടുകഞ്ഞി വാരി വായിൽ ഒഴിക്കുന്നത് ഞാൻ വിസ്മയത്തോടെ നോക്കിനിന്നു. കഞ്ഞി ധൃതിയിൽ വിഴുങ്ങിക്കൊണ്ടിരിക്കുന്നതിനിടയിലെ അനുയോജ്യമായ ഒരു ഇടവേളയിൽ ഞാൻ ചോദിച്ചു: “എസ്തപ്പാനോസ് ചേട്ടാ, കറിയൊന്നുമില്ലാതെ ഈ കഞ്ഞി എങ്ങനെ കുടിക്കും?” അയാളുടെ മറുപടി ഇന്നും ഞാൻ ഓർമ്മിക്കുന്നു: “എന്റെ വയർ നിറയാൻമാത്രം കഞ്ഞി ഇതിലുണ്ട്. പിന്നെ കറിയെന്തിന്? എനിക്ക് നല്ല വിശപ്പുണ്ടുതാനും”. അയാളുടെ വൈക്കോൽ കെട്ടിന് രണ്ടുരൂപയോ അതിൽ താഴെയോ വില കിട്ടിക്കാണും. അതിൽ നിന്നു കാൽ രൂപ കലത്തിനു കൊടുത്തു. അത് വീട്ടിൽ കൊണ്ടുപോയി ഭാര്യയെ ഏല്പിക്കാനുള്ളതാണ്. എട്ടിലൊന്നു രൂപയ്ക്ക് അരി വാങ്ങിച്ചു. ബാക്കി കാശുകൊണ്ടുവേണം അയാളുടെ കുടുംബം കുറെയേറെ ദിവസങ്ങൾ ചെലവു കഴിക്കുവാൻ. അക്കാലത്തെ പാവപ്പെട്ടവരുടെ ദയനീയ സ്ഥിതിയാണിത്. കഠിനമായി അദ്ധ്വാനിക്കുക, ഉള്ളപ്പോൾ കഴിക്കുക, ഒന്നുമില്ലാത്തപ്പോഴും അഭിമാനം പുലർത്തി ജീവിക്കുക. സ്വന്തം ജീവിതത്തിൽ അസ്വസ്ഥതകളും പ്രയാസങ്ങളും ഉണ്ടായിട്ടും, അന്തസ്സ് കൈവിടാതെ ആവശ്യത്തിലുള്ളവരെ സഹായിച്ചതിന് എന്റെ അമ്മയിൽ എനിക്കഭിമാനം തോന്നി.

## ഒരു കൊടുംവിപത്തിന്റെ ആഘാതം

രംഗം എനിക്ക് വ്യക്തമായി ഓർമ്മയില്ല. 1935-ൽ ആയിരിക്കണം. അന്നെനിക്ക് വയസ് പതിമൂന്ന്. അമ്മ പനിപിടിച്ചു കിടപ്പാണ്. പെട്ടെന്ന് അമ്മ പുതുതായി ഒരു ബലം കിട്ടിയതുപോലെ ചാടിയെഴുന്നേറ്റ് വീടിനു പുറത്തുപോയി ഗേറ്റ് തുറന്ന് വഴിയെ പോയവരോട് ഉച്ചത്തിൽ സംസാരിച്ചു തുടങ്ങി. ശരിയായ ബോധത്തോടെയല്ല സംസാരം. ഞാൻ ഭയത്തോടെ അത് കണ്ടുനിന്നു. എന്താണ് സംഭവിച്ചതെന്ന് എനിക്കു മനസ്സിലായില്ല. ആളുകൾ അമ്മയെ ബലംപ്രയോഗിച്ച് വീട്ടിനുള്ളിൽ കൊണ്ടുവ

ന്നശേഷമാണ്, എന്റെ പ്രിയപ്പെട്ട അമ്മയ്ക്ക് സമനിലതെറ്റിയിരിക്കുന്നെന്ന് എനിക്ക് മനസ്സിലായത്. അമ്മ മനോരോഗിണിയായി, വിഷാദരോഗവും വിഭക്തചിത്തതയും (schizophrenic – മാനസികരോഗം) അമ്മയെ ബാധിച്ചു.

എന്റെ അമ്മയുടെ അപ്പോഴത്തെ പ്രവൃത്തികൾ വിശദമായി വിവരിക്കുവാൻ ഞാൻ അശക്തനാണ്. പിതാവിനും ഞങ്ങൾ അഞ്ച് ആൺമക്കൾക്കും ആ സ്ഥിതിഗതിയെ നേരിടുവാനുണ്ടായ കഴിവില്ലായ്മയെക്കുറിച്ചും വേദനയോടെയേ വിശദീകരിക്കാനാവൂ. എല്ലാത്തരം ചികിത്സാരീതികളും ചെയ്തുനോക്കി, പ്രധാനമായും ആയുർവേദം. എല്ലാം വിഫലം. രോഗം മൂർച്ഛിക്കുമ്പോൾ അമ്മ അക്രമാസക്തയാവും. അപ്പോൾ ആർക്കും അമ്മയെ നിയന്ത്രിക്കാനാവില്ല. പലപ്പോഴും ആരും കാണാതെ അമ്മ വീട്ടിൽനിന്ന് ഇറങ്ങിപ്പോകും. ദീർഘദൂരം നടക്കും. പല ദിവസങ്ങൾ അലഞ്ഞുനടന്നശേഷം തീർത്തും പരിക്ഷീണയായി മടങ്ങിവരും. ആ യാത്രയിലൊക്കെ അമ്മ എങ്ങനെ ഭക്ഷണം തേടി എന്ന് അറിഞ്ഞുകൂടാ. അമ്മ സ്വന്തം സഹോദരന്മാരുടെയും ബന്ധുജനങ്ങളുടെയും വീടുകളിൽ പോയിരിക്കണം. അതിനുശേഷം ഈ സന്ദർശനങ്ങളുടെ കഥകൾ ഞങ്ങളുടെ ചെവികളിലെത്തിക്കൊണ്ടിരുന്നു. ചില ദിവസങ്ങളിൽ തിരിച്ചുവരുമ്പോൾ വസ്ത്രങ്ങൾ മുഷിഞ്ഞിരുന്നു; വഴിയിൽ കിടന്നുറങ്ങിയതുപോലെ. പിതാവ് അമ്മയെ പലപ്പോഴും തല്ലിനോക്കി. മക്കളായ ഞങ്ങൾ നിസ്സഹായരായി നോക്കിനിന്നു; ചിലപ്പോൾ തടയാൻ ശ്രമിച്ചുനോക്കി.

ഞങ്ങൾ അഞ്ചു പുത്രന്മാരും അമ്മയെ അതിരറ്റു സ്നേഹിച്ചിരുന്നു. അതുകൊണ്ട് ഈ സ്ഥിതി ഞങ്ങൾക്ക് ദുസ്സഹമായി. കുടുംബജീവിതം പാടേ തകർന്നു. വീട്ടിൽ വേലക്കാരാരുമുണ്ടായിരുന്നില്ല. മിക്കപ്പോഴും കുട്ടികളായ ഞങ്ങൾ തന്നെയാണ് അത്യാവശ്യംവേണ്ട പാചകങ്ങൾ ചെയ്തിരുന്നത്. ചിലപ്പോൾ ഒന്നും കഴിക്കാതെയാവും സ്കൂളിൽ പോവുക. ആർജവത്വത്തിനും സ്വാതന്ത്ര്യബോധത്തിനും പേരുകേട്ട പിതാവ് പെട്ടെന്ന് വിഷണ്ണനും ശുണ്ഠിക്കാരനും മുൻകോപിയും ഗർവ്വിഷ്ഠനുമൊക്കെയായി മാറി. ഭവനത്തിൽ നിന്ന് ആഹ്ലാദം ഓടിയൊളിച്ചു. മ്ലാനത അന്തരീക്ഷത്തെ മൂടിനിന്നു.

രണ്ട് കാര്യങ്ങൾ എനിക്ക് അലോസരമുണ്ടാക്കി. ഒന്ന് അക്രമത്തിന്റേതായ അന്തരീക്ഷം, രണ്ട് സമൂഹത്തിന്റെ അവജ്ഞ.

അമ്മയുടെ കോപ്രായങ്ങൾ കണ്ട് രോഷാകുലനാകുമ്പോൾ പിതാവ് നിഷ്ഠൂരനായി മാറും. അദ്ദേഹം അമ്മയെ കഠിനമായി പ്രഹരിക്കും; വെറും കൈകൊണ്ടോ വടി ഉപയോഗിച്ചോ. അടി കൊള്ളുന്തോറും അമ്മ കൂടുതൽ ചീത്ത പറയാൻ തുടങ്ങും. ഇരുവരെയും സ്നേഹിച്ചിരുന്ന പുത്രന്മാരായ ഞങ്ങൾ വേദനയോടും നിരാശയോടും ഇതെല്ലാം നിസ്സഹായരായി നോക്കിനിൽക്കേണ്ടിവന്നു. ഈ കഷ്ടപ്പാടിന് ഒരു അറുതിയും കാണാനായില്ല. ഇന്ന് ഞാൻ ഇതൊക്കെ ഓർക്കുമ്പോൾ ദേഹമാസകലം ഞെട്ടുകയാണ്.

പെട്ടെന്ന് വികാരഭരിതനാകുന്ന ഒരു കൗമാരപ്രായക്കാരന് സാമൂഹ്യ

മായ അവജ്ഞ ദുർവഹമായി തോന്നി. പിതാവ് സ്ഥലത്തില്ലാത്ത ചില ദിവസങ്ങളിൽ അമ്മ വീടിന്റെ തെക്കുവശത്ത് റോഡിന്റെ അരികിലായുള്ള വരാന്തയിൽ പോയിനിന്ന് പലതരം ചാപല്യങ്ങൾ കാണിക്കുകയും ചപലഭാഷണം നടത്തുകയും ചെയ്യും. റോഡ് നിറയെ സ്കൂളിൽ പോകുന്ന കുട്ടികളുള്ള സമയത്താണിതധികവും. അവർ എന്റെ ക്ലാസ്സിൽ പഠിക്കുന്നവരും സ്കൂളിൽ പഠിക്കുന്നവരുമായിരുന്നതിനാൽ ഞാൻ ലജ്ജിച്ചു തല താഴ്ത്തി.

ഒരു സംഭവം പ്രത്യേകിച്ചും വേദനാജനകമായി ഓർമ്മയിൽ തങ്ങുന്നു. 1937-ൽ സെക്കണ്ടറി സ്കൂൾ പബ്ലിക് പരീക്ഷയ്ക്കു ചേരാൻ ഞാൻ തയ്യാറെടുക്കുകയാണ്. അമ്മ രോഗാതുരയായിട്ട് രണ്ടു വർഷമായി. അക്രമാസക്തമായ ഒരു ഘട്ടത്തിലാണ് അമ്മ. അടുക്കളയിൽനിന്ന് സാധനങ്ങളൊക്കെ മാറ്റി അമ്മയെ ആ മുറിയിലിട്ടു പൂട്ടുവാൻ കുടുംബാംഗങ്ങൾ തീരുമാനിച്ചു. അമ്മ ഉച്ചത്തിൽ പ്രതിഷേധിക്കുന്നുണ്ട്. വാതിൽതുറന്ന് തന്നെ പുറത്തുവിടാൻ ഞങ്ങളോട് ആവർത്തിച്ച് ആവശ്യപ്പെടുന്നുമുണ്ട്. എനിക്ക് കഠിനമായ ദുഃഖം തോന്നി. പക്ഷേ കുടുംബാംഗങ്ങളുടെ കൂട്ടായ തീരുമാനത്തെ എനിക്ക് അനുസരിച്ചേ പറ്റൂ. ഞാൻ കരഞ്ഞു കണ്ണീരൊഴുക്കി. പബ്ലിക് പരീക്ഷ തുടങ്ങി. അമ്മയെ പൂട്ടിയിട്ടിരിക്കുന്ന അടുക്കളയുടെ പടിയിലിരുന്ന് ഞാൻ പഠിക്കുകയാണ്. ഇടയ്ക്കിടെ ഞാൻ പൊട്ടിക്കരയും. പരീക്ഷ തുടങ്ങുന്നതിനുമുമ്പ് സ്കൂളിൽ എത്തിച്ചേരത്തക്കവിധം ഞാൻ എഴുന്നേറ്റു പോകും. പലപ്പോഴും പ്രഭാതഭക്ഷണം ഉണ്ടാകാറില്ല; തയ്യാറാക്കാൻ വീട്ടിൽ ആരും ഇല്ലല്ലൊ. ഞങ്ങൾ പലപ്പോഴും വിശന്നിരുന്നു; ആരുംതന്നെ ഭക്ഷണം തയ്യാറാക്കുവാനുള്ള മാനസികാവസ്ഥയിലായിരുന്നില്ല.

എന്റെ ഏറ്റവും മൂത്ത സഹോദരനായ പൗലോസ് മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബി. എ. ഡിഗ്രി സമ്പാദിച്ചയുടൻ എല്ലാറ്റിൽനിന്നും രക്ഷപെടാൻ വേണ്ടി ബ്രിട്ടീഷ് ഇന്ത്യൻ നേവിയിൽ പെറ്റി ഓഫീസറായി ചേർന്നു. എന്റെ തൊട്ടുമൂത്ത സഹോദരനായ ചെറിയാൻ ഹൈസ്കൂൾ വിദ്യാഭ്യാസവും ടൈപ്പിംഗും ഷോർട്ട്ഹാന്റും പൂർത്തിയാക്കി എറണാകുളത്ത് ക്രിസ്ത്യൻ കമ്പനി എന്നപേരിലുള്ള ചെറിയൊരു സ്വകാര്യസ്ഥാപനത്തിൽ ജോലി സ്വീകരിച്ചു. സെന്റ് മേരീസ് പള്ളിക്കെട്ടിടത്തിലായിരുന്നു സ്ഥാപനം നടന്നിരുന്നത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ ശമ്പളം മാസം പത്തുരൂപയായിരുന്നു.

ചെറിയാനു പള്ളിക്കെട്ടിടത്തിൽ താമസിക്കാം. അടുത്തുള്ള ഹോട്ടലിൽനിന്ന് ഭക്ഷണവും കഴിക്കാം. ബാക്കിയുള്ള മൂന്നു കുട്ടികളിൽ മൂത്തവനായി ഞാൻ വീട്ടിൽ അവശേഷിച്ചു. സ്കൂളിൽ പോകുന്ന രണ്ട് അനുജന്മാരെ നോക്കേണ്ട ചുമതല എന്റെ തലയിലായി.

ഞങ്ങളുടെ ദയനീയസ്ഥിതി ഊഹിക്കാവുന്നതേയുള്ളു. ആശ്വസിപ്പിക്കാൻ ആരുമില്ല. നിശബ്ദം കേഴുവാൻ മാത്രമേ സാധിക്കുമായിരുന്നുള്ളു. ഇടയ്ക്കിടയ്ക്ക് ഔദ്യോഗിക ചടങ്ങുകളും പൊതുസമ്മേളനങ്ങളും, പത്രങ്ങൾക്കുവേണ്ടി റിപ്പോർട്ട് ചെയ്യുവാനായി വീടിനു പുറത്തുപോകുന്ന

അവസരങ്ങൾ താല്ക്കാലികമായ ഒരു ആശ്വാസം നൽകി.

### ഡോ. ജെക്കിളും മി. ഹൈഡും

സ്കൂൾ വിട്ടശേഷം ഞാൻ വായനയിൽ മുഴുകി. ആദ്യമേ അധികം വായനയും അപസർപ്പകനോവലുകളായിരുന്നു. ഗ്രന്ഥങ്ങൾ കിട്ടുന്ന മുറയ്ക്ക് ഗൗരവമുള്ള ഇംഗ്ലീഷ് സാഹിത്യകൃതികളും വായിച്ചു. "ഡോ. ജെക്കിൾ ആന്റ് മി. ഹൈഡ്" എന്നതാണ് വായിച്ച ഒരു ഗ്രന്ഥം. പ്രസ്തുത ഗ്രന്ഥം എന്നെ വല്ലാതെ ആകർഷിച്ചു. വ്യക്തിത്വം വിഭജിച്ച ഒരു മനുഷ്യന്റെ (പണ്ഡിതനും ശാസ്ത്രജ്ഞനും) കഥയാണത്. ഡോ. ജെക്കിൾ എന്ന ഉത്തമനായ മനുഷ്യൻ ഇടയ്ക്കിടയ്ക്ക്, മുന്നറിയിപ്പൊന്നുമില്ലാതെ, മി. ഹൈഡ് എന്ന ഭീകരമനുഷ്യനായി രൂപാന്തരപ്പെടുന്നു. ആ ഘട്ടത്തിൽ അയാൾ ചെയ്യാത്ത കൊള്ളരുതായ്മകളില്ല.

എന്റെ തന്നെ സ്വഭാവത്തിലെ അബോധപൂർവ്വമായ ഒരു വശത്തെ ആ ഗ്രന്ഥം സ്പർശിച്ചു കാണണം. എന്നിൽ കുറെയേറെ നന്മകളുണ്ടായിരുന്നു. അതോടൊപ്പംതന്നെ അതിനടിയിലായി ഒട്ടേറെ ദുഷ്ടത അമർന്നുകിടക്കുന്നതായി എനിക്കറിയാം. ആധിപത്യത്തോടും അധികാരത്തോടുമുള്ള സ്നേഹത്തിൽനിന്നോ അഭിനന്ദനത്തിനും മുഖസ്തുതിക്കുമുള്ള ആഗ്രഹത്തിൽനിന്നോ ഉൽക്കർഷാഭിവാഞ്ഛയെ മിക്കപ്പോഴും തിരിച്ചറിയാനാവില്ല. സ്നേഹവാത്സല്യങ്ങൾക്കുള്ള അഭിലാഷം പലപ്പോഴും മഹത്വത്തിനും ആദരവിനുമുള്ള അന്വേഷണത്തിന്റെ രൂപം അവലംബിക്കും. ചെറുപ്പക്കാരനായ ഒരു എഴുത്തുകാരനെ തേടിയെത്തുന്ന പുകഴ്ച്ചയ്ക്കും അഭിനന്ദനത്തിനുമുള്ള ആസക്തി എന്നിൽ വളർന്നു. ലേഖനത്തോടൊപ്പം എന്റെ പേര് അച്ചടിച്ച് കാണുന്നതിൽ ഞാൻ ആഹ്ലാദിച്ചു. പത്രങ്ങളിൽ എന്റെ റിപ്പോർട്ടുകൾ അച്ചടിച്ചുവരുമ്പോൾ ഞാൻ മതിമറന്ന് സന്തോഷിച്ചു. ഞാനവ മിക്കപ്പോഴും സുഹൃത്തുക്കളെ കാണിച്ചു. പ്രശംസ ഞാൻ ഇഷ്ടപ്പെട്ടു. പക്ഷേ സ്നേഹിക്കപ്പെടുവാൻ എനിക്കു ഭയമായിരുന്നു. സ്നേഹം പിൻവലിക്കപ്പെട്ടാലെന്തു സംഭവിക്കുമെന്ന ആശങ്കയായിരുന്നു അതിനു നിദാനം. ഒരിക്കൽ എന്റെ അമ്മ എന്നെ അത്യധികം സ്നേഹിച്ചിരുന്നു. അമ്മയുടെ രോഗം മൂലം ആ സ്നേഹം എനിക്കു നഷ്ടപ്പെട്ടപ്പോൾ അതെന്നെ വേദനിപ്പിച്ചു. അതിൽനിന്ന് എനിക്കു മോചനം കിട്ടിയില്ല. എന്റെ വ്യക്തിത്വം ദ്വന്ദ്വഭാവങ്ങളുള്ളതും ഉദ്ഗ്രഥനാതീതവുമായിരുന്നുവെന്നു വ്യക്തം.

ഈ പ്രതിസന്ധിയിൽ ഒരു മോചനം കിട്ടുമെന്നു കരുതിയോ എന്തോ "ഡോ. ജെക്കിളും മി. ഹൈഡും" എന്ന ഗ്രന്ഥം ഞാൻ മലയാളത്തിലേക്കു തർജ്ജമ ചെയ്യാൻ തുടങ്ങി. നൂറുപേജുള്ള ഒരു നോട്ടുബുക്കിൽ തർജമ പൂർത്തിയാക്കി. പക്ഷേ അത് പ്രസാധകനെ തേടുകയുണ്ടായില്ല.

### ഒരു യുവറിപ്പോർട്ടറുടെ സാഹസങ്ങൾ

നാടകീയമായ എന്റെ റിപ്പോർട്ടിംഗ് ശൈലി ഒരിക്കൽ എന്നെ വല്ലാത്ത കുഴപ്പത്തിൽ ചാടിച്ചു. വയലാറൻ ശൗരി എന്നൊരു കുപ്രസിദ്ധനായ തട്ടിപ്പുകാരനെ പിടികൂടിയതാണു സംഭവം. ശൗരി സുമുഖനും സുന്ദരനുമാ

യിരുന്നു. ആവശ്യമുള്ളപ്പോൾ ആകർഷകമാംവിധം വസ്ത്രധാരണം ചെയ്താണു നടപ്പ്. നല്ല ഉയരം. ഗാംഭീര്യമിയന്ന ഭാവം. അയാളുടെ വീര കൃത്യങ്ങൾ സംബന്ധിച്ചു പല കഥകളും പ്രചരിച്ചിരുന്നു. പോലീസിനു പിടികൊടുക്കാതെ രക്ഷപെടുന്നതാണു മിക്കതും. കൊച്ചീക്കായലിൽ ഒരു ചെറിയ ദ്വീപിൽ സ്വയം നിർമ്മിച്ച ഒരു കൊച്ചുകുടിലിൽ അയാൾ തനിയെ പാർക്കുന്നതായി പോലീസിനു വിവരംകിട്ടി. 50 അടി മാത്രം വ്യാസമുള്ള ആ ദ്വീപിലെ ഏകതാമസക്കാരനാണയാൾ.

കൊച്ചി സംസ്ഥാനപോലീസിലെ അഞ്ചോ ആറോ പേരുള്ള ഒരു സംഘം ഒരു പ്രഭാതത്തിൽ ഒരു ചെറിയ തോണിയിൽ ഈ കൊച്ചുദ്വീപി ലിറങ്ങി. അവർ കുടിലിനെ വളഞ്ഞു. ശൗരി കുടിലിനകത്തുണ്ട്. പക്ഷേ പോലീസുകാർക്കു കാണാൻ വയ്യ. അവർ അട്ടഹസിച്ചു: “ശൗരീ, നീ പിടി ക്കപ്പെട്ടിരിക്കുന്നു. പുറത്ത് വന്ന് അറസ്റ്റ് വരിക്കുക”. “യജമാനന്മാരേ”, ശൗരി കുടിലിനകത്തുനിന്നു വിളിച്ചുപറഞ്ഞു: “എനിക്ക് ഒരു നിമിഷം സമയം തന്നാലും. ഞാൻ അല്പം കഞ്ഞി കുടിക്കുകയാണ്. ഇന്നലെ മുതൽ ഞാൻ യാതൊന്നും കഴിച്ചിട്ടില്ല, ഞാൻ എന്റെ പ്രാതൽ കഴിച്ചോ ട്ടെ. അതുകഴിഞ്ഞു ഞാൻ പുറത്തു വരാം.”

പോലീസ് ഓഫീസർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: “ശൗരി, ധൃതി വേണ്ട. സാവകാശം കഞ്ഞികുടിച്ചോളൂ. പക്ഷേ നിന്റെ വേലത്തരം ഒന്നും എടുത്തേക്കരുത്. നിനക്ക് രക്ഷപെടാൻ ഇത്തവണ ഒരു പഴുതുമില്ല. ഞങ്ങൾ പൂർണ്ണമായും നിന്നെ വളഞ്ഞുകഴിഞ്ഞു”.

“അങ്ങനെ തന്നെ, എനിക്ക് ഒരു മിനിട്ടേ വേണ്ടൂ.” ശൗരി ദുഃഖശബ്ദ ത്തിൽ അകത്തുനിന്നു പറഞ്ഞു.

ഒരു നിമിഷത്തിനകം ശൗരി പുറത്തുവരികതന്നെ ചെയ്തു. പക്ഷേ അയാളുടെ ധാർഷ്ട്യം പോലീസിനെ അമ്പരപ്പിച്ചു. ശൗരി വിനയപൂർവ്വം കീഴടങ്ങുമെന്നാണ് അവർ പ്രതീക്ഷിച്ചത്. ശാന്തമായി കൈവിലങ്ങണി യിക്കുന്ന നടപടിയേ വേണ്ടിവരൂ എന്നവർ ചിന്തിച്ചു. പക്ഷേ, ഭീകരനായി ട്ടാണ് ശൗരി കുടിലിനു വെളിയിലിറങ്ങിയത്. ഒമ്പതിഞ്ചുവരുന്ന മൂർച്ച യേറിയ ഒരു കഠാര കൈയിൽ ചുഴറ്റിക്കൊണ്ടാണ് വരവ്. അയാൾ ആക്രോ ശിച്ചു: “നിങ്ങളുടെ തലകൾ അരിഞ്ഞുകളയും ഞാൻ”. തന്റെ ഇടതുകര ത്തിലെ നടുവിരലിൽനിന്ന് ഒരിഞ്ചുവരുന്ന ദശ ഛേദിച്ചുകളഞ്ഞുകൊണ്ട് അയാൾ അലറി: “ഇങ്ങനെ ചെയ്തുകളയും ഞാൻ”.

ശൗരിയുടെ കഠാരയിൽനിന്ന് ചോര ഇറ്റിറ്റു വീഴുന്ന വിരൽഭാഗം കായൽ വെള്ളത്തിൽ പറന്നുവീണു. പോലീസുകാർ അമ്പരന്നു. അവർ ഇതികർത്തവ്യതാമൂഢരായി നിന്നു. അര നിമിഷത്തിനുള്ളിൽ ശൗരി വെള്ളത്തിൽചാടി അതിവേഗം നീന്തി. ഇടയ്ക്ക് നീർക്കാംകുഴിയിടാനും തുടങ്ങി. അലക്കിത്തേച്ച യൂണിഫോം അണിഞ്ഞിരുന്ന പോലീസുകാർ വെള്ളത്തിൽ ചാടാൻ ഒരുമ്പെട്ടില്ല. അവർ തോണിയിൽ കയറി. ക്രോധാ വിഷ്ടരായ പോലീസുകാർ ഉഗ്രവേഗത്തിൽ തുഴയാനാരംഭിച്ചു – ശൗരി പോയിയെന്ന് അവർ സംശയിച്ച മാർഗ്ഗത്തിൽ. അപ്രതീക്ഷിതമായി ശൗരി

വെള്ളത്തിനടിയിൽനിന്നു പൊങ്ങി, പിന്നിൽനിന്ന് വള്ളം മറിച്ചിട്ടു. പോലീസുകാരിൽ ആരുംതന്നെ നല്ലപോലെ നീന്തലറിയാവുന്നവരായിരുന്നില്ല. എങ്ങനെയും വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ അവർ ഭ്രാന്തമായി പാടുപെട്ടു. ഇതിനിടയിൽ ശൗരി എവിടെയോ രക്ഷപ്പെട്ടു.

കൊച്ചിപ്രദേശത്ത് ഈ കഥ അങ്ങാടിപ്പാട്ടായിരുന്നു. കാരണം ആ പോലീസുകാർ തന്നെയാണ് അതു തങ്ങളുടെ സുഹൃത്തുക്കളോട് ആഖ്യാനം ചെയ്തത്. അങ്ങനെ കഥയ്ക്കു പെട്ടെന്ന് പ്രചാരംകിട്ടി. പത്രങ്ങൾ കഥയുടെ ഒരു ലഘുസംഗ്രഹം മാത്രമേ പ്രസിദ്ധീകരിച്ചുള്ളു. പോലീസുകാരുടെ ചാതുര്യക്കുറവിന്റെയും കഴിവില്ലായ്മയുടെയും കഥ പുറത്താക്കി അവരെ അപമാനിക്കേണ്ടെന്ന് പത്രങ്ങൾ നിശ്ചയിച്ചു. ശൗരി പൊതുജനദൃഷ്ടിയിൽ ഇതിഹാസപുരുഷനായി മാറി.

അവസാനം ശൗരിയെ പിടികൂടിക്കഴിഞ്ഞപ്പോൾ – അതും ഒരു സ്ത്രീയുടെ കരങ്ങളാൽ – അതു വലിയ വാർത്തയായി. എന്റെ പത്രപ്രവർത്തകസുഹൃത്തുക്കളിൽ നിന്നും മറ്റു സുഹൃത്തുക്കളിൽനിന്നുമാണ് എനിക്ക് ആ കഥ കിട്ടിയത്. ഇന്നാണെങ്കിൽ ആ റിപ്പോർട്ട് മലബാർ മെയിലിൽ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് വളരെയധികം സൂക്ഷ്മാന്വേഷണങ്ങൾ ഞാൻ നടത്തേണ്ടിവരുമായിരുന്നു. വരിക്കാർ വളരെ കൂടുതലുള്ളതും ആദരപൂർവ്വം ആളുകൾ പരിഗണിക്കുന്നതുമായ മലയാള മനോരമ ആ റിപ്പോർട്ട് മലബാർ മെയിലിൽ നിന്ന് ഒന്നാം പേജിൽ രണ്ടുകോളം ശീർഷകത്തോടെ ഉദ്ധരിച്ചു: “പെൺപിള്ള സിംഹം” എന്നായിരുന്നു ശീർഷകം.

ആ കഥ ഇങ്ങനെ സംഗ്രഹിക്കാം. ഞങ്ങളുടെ അയൽസംസ്ഥാനമായിരുന്ന തിരുവിതാംകൂറിലെ ഒരു റബ്ബർകർഷകൻ റബ്ബർഷീറ്റ് വിൽക്കാൻ കോട്ടയത്തിനു പോയി. തിരികെ വരുമ്പോൾ ഇരുട്ടി. കൈയിലുള്ള സഞ്ചിയിൽ റബ്ബർ വിറ്റ രൂപയുണ്ട്. ബസ്സിറങ്ങി വീട്ടിലേക്കു നടക്കുമ്പോൾ മാന്യമായി വസ്ത്രം ധരിച്ച ഗാംഭീര്യമിയന്ന ഒരു യാത്രക്കാരൻ കർഷകന്റെ ഒപ്പമെത്തി. ഒരേ ദിശയിലേക്കായിരുന്നു യാത്ര. അവർ സംഭാഷണമാരംഭിച്ചു. യാത്രക്കാരൻ കർഷകനിൽ വലിയ മതിപ്പുളവാക്കി. വീടടുക്കാറായപ്പോൾ, റബ്ബർ കർഷകൻ അപരന്റെ പേരും വീട്ടുപേരുമെല്ലാം ചോദിച്ചു. അതു ശൗരിയായിരുന്നു. പക്ഷേ റബ്ബർ കർഷകന് തൃപ്തികരമായി തോന്നിയവിധത്തിൽ അയാൾ മറുപടി നല്കി. മറ്റൊരു ടൗണിൽ സുഹൃത്തുക്കളെ കാണാൻ പോയതാണെന്നും നടന്നുനടന്ന് സമയം വൈകിയതറിഞ്ഞില്ലെന്നും തന്റെ സ്ഥലത്തേക്കുള്ള അവസാനബസ്സും പോയിക്കഴിഞ്ഞെന്നും അയാൾ പറഞ്ഞു. തന്റെ വീട്ടിൽ രാപാർക്കാൻ അപരനെ റബ്ബർ കർഷകൻ ക്ഷണിച്ചു. നേരംവെളുത്തു യാത്രതുടരുകയാണു നല്ലതെന്നു പറയുകയും ചെയ്തു. “നിങ്ങളെ ബുദ്ധിമുട്ടിക്കുന്നതിൽ ഖേദമുണ്ട്” തുടങ്ങിയ മുട്ടുശാന്തികൾ ഉരുക്കഴിച്ചെങ്കിലും, ശൗരി ക്ഷണം സ്വീകരിച്ചു.

അങ്ങനെ അവർ സമ്പന്നമായ കർഷകകുടുംബത്തിലെത്തി, കുളിച്ചു, കുശാലായി ആഹാരം കഴിച്ചു. ആ സമയത്ത് ഒരു സന്ദേശവാഹകൻ അവിടെയെത്തി കർഷകന്റെ ഒരാത്മസുഹൃത്ത് പെട്ടെന്ന് മരിച്ചതായി അറിയിച്ചു.

കർഷകന് വിലാപഭവനത്തിലേക്ക് ആഗതന്റെ കൂടെ ഉടനെ പോകേണ്ടിയിരുന്നു. അയാൾ പുറത്തെ വരാന്തയിൽ അതിഥിക്കു കിടക്കവിരിച്ചുകൊടുത്തു. സ്വന്തം ഭാര്യയേയും വേലക്കാരികളെയും തനിയെവിട്ടിട്ട് മരണവീട്ടിലേക്കു തിരിച്ചു. പിറ്റേദിവസം കഴിയുന്നത്ര നേരത്തെ മടങ്ങിയെത്താമെന്ന് ഭാര്യയ്ക്ക് ഉറപ്പും നല്കി.

ശൗരി വരാന്തയിൽ കിടന്നു. വീടിന്റെ കതകുകൾ അകത്തുനിന്ന് അടച്ചു. വെളുപ്പിന് ശൗരി ഉണർന്ന് ബഹളംവച്ചു. പാമ്പുകടിച്ചുവെന്ന് വിളിച്ചുകൂകി. യാതൊന്നും സംശയിക്കാതെ ഗൃഹനായിക സംഭവം എന്താണെന്നറിയാൻ വാതിൽ തുറന്നു. ശൗരി ഉടൻ വീടിനകത്തു ചാടിക്കയറി. ഭീകരമായ തന്റെ കഠാരചുഴറ്റിക്കൊണ്ടു ഭീഷണി മുഴക്കി: "വിലപിടിപ്പുള്ള ആഭരണങ്ങളും പണവും സൂക്ഷിച്ചിട്ടുള്ള നിലവറയുടെ താക്കോൽ തരൂ. അല്ലെങ്കിൽ നിന്നെ കൊന്നുകളയും." ഗൃഹനായിക നിശബ്ദയായി കിടപ്പുമുറിയിലേക്കു നടന്നു. അക്രമിയും പുറകെയുണ്ട്. അവൾ താക്കോലുമായി പുറത്തുവന്നു. ഒരക്ഷരം ഉരിയാടാതെ അവൾ നിശബ്ദം നടന്നു. നിലവറയുടെ വാതിൽ തുറന്നു. ശൗരി അതിനകത്തു കയറിയയുടൻ അവൾ ഉള്ളറയുടെ വാതിൽ പുറത്തുനിന്നു പൂട്ടി അയാളെ തടങ്കലിലാക്കി. ശൗരി സഹായത്തിനായി വിളിച്ചു കൂകി, അട്ടഹസിച്ചു.

ഗൃഹനായിക ആ പുലർകാലവേളയിൽ നല്ല തന്റേടത്തോടെ വീടിനു പുറത്തിറങ്ങി – സഹായത്തിന് ആളെ വിളിക്കാൻ. അവരുടെ പറമ്പിന്റെ മൂലയിൽ കുടിൽകെട്ടി താമസിച്ചിരുന്ന, ആ കുടുംബത്തോട് കൂറുള്ള ഒരു പുലയൻ ശൗരിയെ പിടിച്ചുകെട്ടാൻ മനസ്സുവച്ചു. തനിക്ക് എന്തെങ്കിലും സംഭവിച്ചാൽ ഗൃഹനായികയുടെ കുടുംബം അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊള്ളാമെന്ന വ്യവസ്ഥയിൽ. ഇതിനിടയിൽ പലരും പുലയനെ സഹായിക്കാൻ വന്നുകൂടി. അന്നവിടെയെങ്ങും ടെലിഫോൺ ഇല്ലായിരുന്നതിനാൽ പോലീസിന് ആളയക്കേണ്ടിവന്നു. പോലീസുകാർ വന്നെത്തിയപ്പോഴേക്കും പുലയനും മറ്റുള്ളവരും ചേർന്ന്, നിലവറയുടെ പൂട്ടു തുറന്ന്, ശൗരിയെ കീഴടക്കി കയറുകൊണ്ടു ഭദ്രമായി ബന്ധിച്ചുകഴിഞ്ഞിരുന്നു.

ഏതാണ്ടിത്രയുമായിരുന്നു എന്റെ റിപ്പോർട്ടിന്റെ സംഗ്രഹം. വിശ്വസനീയമായ വൃത്തങ്ങളെ അടിസ്ഥാനമാക്കിയാണ് ഞാനിതു തയ്യാറാക്കിയത്. റിപ്പോർട്ട് ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഉദ്വേഗജനകവും പൊതുജനശ്രദ്ധയെ പിടിച്ചടക്കുന്നതുമായി. എല്ലാവരുംതന്നെ ശൗരിയെപ്പറ്റിയും അയാളുടെ വിക്രിയകളെപ്പറ്റിയും അറിഞ്ഞിരുന്നു. മറ്റു റിപ്പോർട്ടർമാർ എന്തുകൊണ്ട് ഈ കഥ സ്വയമായി തെരക്കിപ്പിടിച്ച് അവരവരുടെ പത്രങ്ങളിൽ കൊടുത്തില്ല എന്ന ചോദ്യം എന്നോടുതന്നെ ചോദിക്കാനുള്ള മിടുക്ക് എനിക്കില്ലാതെ പോയി. നേരത്തെ എന്റെ സ്വന്തം സംസ്ഥാനമായ കൊച്ചിയിലെ പോലീസ് ശൗരിയെ പിടിക്കാൻ നടത്തിയ ശ്രമവും അവർക്കു നേരിട്ട പരാജയവും സംബന്ധിച്ച വിശദവിവരങ്ങൾ ഞാൻ റിപ്പോർട്ടു ചെയ്തിരുന്നില്ല. പോലീസല്ല ഒരു സാധാരണക്കാരിയായ, സമർത്ഥയായ ക്രിസ്ത്യൻ ഗൃഹനായികതന്നെ ശൗരിയെ പിടികൂടിയ കാര്യ

മാണു ഞാൻ റിപ്പോർട്ടു ചെയ്തത്. ഈ സംഭവം നടന്നത് എന്റെ അയൽ സംസ്ഥാനമായ തിരുവിതാംകൂറിലെ മഹാരാജാവിന്റെ ഭരണസീമയിൽപ്പെട്ട സ്ഥലത്താണ്. അവിടത്തെ പോലീസ് അഴിമതിക്കു കുപ്രസിദ്ധമായിരുന്നു. അന്നു തിരുവിതാംകൂർ യഥാർത്ഥത്തിൽ ഭരിച്ചിരുന്നത് പണ്ഡിതനായ ദിവാൻ സർ സി. പി. രാമസ്വാമി അയ്യരാണ്. സംസ്ഥാനത്തെ ജനങ്ങളിൽ 40 ശതമാനത്തോളം വരുന്ന ക്രിസ്തീയ സമൂഹത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ ശക്തി പാടേ നശിപ്പിക്കാൻ അദ്ദേഹം ബദ്ധകങ്കണനായി. ഈ ലക്ഷ്യത്തോടുകൂടി അദ്ദേഹം ജർമ്മനിയിൽ യഹൂദന്മാർക്കെതിരായി ഹിറ്റ്ലർ പ്രയോഗിച്ച ചില പ്രവർത്തനസമ്പ്രദായങ്ങൾ ഇവിടെയും അനുവർത്തിച്ചു. പോലീസിനെ പ്രധാനമായും ഉപയോഗിച്ചാണ് സർ സി. പി. കരുക്കൾ നീക്കിയത്.

ശൗരിയെ പിടികൂടിയ വാർത്ത റിപ്പോർട്ട് ചെയ്തശേഷം ഞാൻ അത് സംബന്ധിച്ച അന്വേഷണം തുടരണമായിരുന്നു. പ്രത്യേകാന്വേഷണത്തിനുള്ള വിഭവസൗകര്യമില്ലായ്കയാൽ ഞാൻ ഒന്നും ചെയ്തില്ല. കൗമാരപ്രായക്കാരനായ ഒരു റിപ്പോർട്ടർ തിരുവിതാംകൂർ പോലീസുമായി കോർക്കുന്നത് അപകടകരമായിരുന്നു. പ്രതി മുമ്പ് നടത്തിയ മോഷണങ്ങളിലെ തൊണ്ടിസാധനങ്ങളധികവും പോലീസ് അയാളിൽനിന്ന് വീണ്ടെടുത്തുവെന്നും അതെല്ലാം അവർ പങ്കിട്ടുവെന്നും (വളരെയേറെ സ്വർണ്ണാഭരണങ്ങൾ ഇങ്ങനെ ശൗരിയിൽ നിന്ന് വീണ്ടെടുത്തുവെന്നാണ് ഞാൻ കേട്ടത്) അയാളെ പിടികൂടിയ വിവരം റിക്കാർഡിലാക്കാതെ അയാളെ സ്വതന്ത്രനായി വിട്ടയച്ചുവെന്നും അന്വേഷണം തുടർന്നിരുന്നുവെങ്കിൽ ഞാൻ മനസ്സിലാക്കിയേനെ.

ഞാൻ കുഴപ്പത്തിൽചാടിയെന്ന് ക്ഷണേന എനിക്കു മനസ്സിലായി. എന്റെ വാർത്തയുടെ സ്രോതസ്സ് തിരക്കി ആദ്യമേ എന്നെ ചോദ്യം ചെയ്യാൻ എത്തിയത് തിരുവിതാംകൂറിലെ ഒരു രഹസ്യപോലീസ് ഇൻസ്പെക്ടറാണ്. കേവലം ബാലനെപ്പോലെ തോന്നിയ എന്നെ കണ്ടിട്ട് അദ്ദേഹത്തിന് വിനോദം തോന്നിക്കാണണം. ദയാപുരസ്സരമാണ് അദ്ദേഹം വിവരങ്ങൾ തിരക്കിയത്. ഞാനാണ് റിപ്പോർട്ട് എഴുതിയതെന്ന വിവരം എവിടെനിന്നു കിട്ടിയെന്നു ഞാൻ ചോദിച്ചു. എന്റെ പത്രത്തിന്റെ തന്നെ എഡിറ്റോറിയൽ സ്റ്റാഫിൽ നിന്നാണെന്നായിരുന്നു മറുപടി. അവർക്കങ്ങനെ പറയാൻ കാര്യമില്ലായിരുന്നുവെന്നു ഞാൻ തിരിച്ചടിച്ചു. പക്ഷേ ഞാനായിരുന്നു റിപ്പോർട്ടറെന്ന വസ്തുത ഞാൻ നിഷേധിച്ചില്ല. എന്റെ റിപ്പോർട്ടിന് ഒരടിസ്ഥാനവുമില്ല എന്നൊരു പ്രസ്താവന ഞാൻ എഴുതിക്കൊടുക്കണമെന്നാണ് അദ്ദേഹം ആദ്യമേ ആവശ്യപ്പെട്ടത്. ഞാൻ അതു നിരാകരിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, ഒന്നും എഴുതിക്കൊടുക്കേണ്ട, തിരുവിതാംകൂർ സംസ്ഥാനത്ത് എന്റെ വാർത്താ സ്രോതസ്സ് ആരാണെന്നു പറയുകമാത്രം ചെയ്താൽ മതിയെന്ന്. ആ വ്യക്തിയെക്കണ്ട് ഒരു നിഷേധക്കുറിപ്പ് അദ്ദേഹം വാങ്ങിക്കൊള്ളാമത്രെ. അതു പത്രപ്രവർത്തന സദാചാരത്തിൽ (മര്യാദയിൽ) പെടുന്നതല്ലെന്ന് ഞാൻ മറുപടി പറഞ്ഞു.

അതുവരെ ഞങ്ങളിരുവരും മര്യാദപാലിച്ചു. ഞങ്ങൾ എന്റെ ഒരു സുഹൃ

ത്തിന്റെ കടയിലിരുന്ന് സ്വകാര്യസംഭാഷണം നടത്തുകയായിരുന്നു. ഇത്രയുമായപ്പോൾ ഇൻസ്പെക്ടറുടെ സ്വരംമാറി. എനിക്കെതിരായി നിയമനടപടിയെടുക്കാൻ തിരുവിതാംകൂർ പോലീസിന് കഴിയുമെന്ന് അറിയാമോ എന്ന് അദ്ദേഹം ചോദിച്ചു. ഞാൻ കൊച്ചീരാജ്യത്തെ പ്രജയാണെന്നും തിരുവിതാംകൂർസംസ്ഥാനത്തോട് എനിക്ക് ഒരു കടപ്പാടുമില്ലെന്നും ഞാൻ മറുപടി പറഞ്ഞു. അദ്ദേഹം ചോദിച്ചു: "നിങ്ങൾക്ക് എന്തു പ്രായമുണ്ട്?" പ്രോസിക്യൂട്ടു ചെയ്യാൻ തക്ക പ്രായം എനിക്കില്ലെന്ന് അദ്ദേഹം സംശയിച്ചിരിക്കണം. എനിക്ക് പതിനാറുവയസ്സേ ഉണ്ടായിരുന്നുള്ളുവെന്നു ഞാൻ വെളിപ്പെടുത്താൻ പോയില്ല. അല്പം പരുക്കൻ ഭാഷയിൽ ഞാൻ തിരക്കി: "എന്താ എനിക്കു കല്യാണം ആലോചിക്കാൻ പ്ലാനുണ്ടോ?" ഞങ്ങളുടെ സമൂഹത്തിൽ സാധാരണ ഇടനിലക്കാരാണു കല്യാണമാലോചിക്കുന്നത്. പോലീസ് ഇൻസ്പെക്ടർ അവസാനമായി ഇത്രയുമേ പറഞ്ഞുള്ളൂ: "ഇക്കാര്യത്തെപ്പറ്റി പോലീസിൽനിന്നു നിങ്ങൾ വീണ്ടും കേൾക്കും." അതോടെ ആ സംഭാഷണം അവസാനിച്ചു.

താമസിയാതെതന്നെ അതുപോലെ നടന്നു. ഇത്തവണ ഒരു വലിയ തടിയൻ പോലീസ് ഓഫീസറാണു തിരുവിതാംകൂറിൽനിന്നു വന്നത്. ആനയടി പത്മനാഭൻ പിള്ള. കുപ്രസിദ്ധനായ ഒരു എ. എസ്. പി. വരവ് ഔദ്യോഗികപാതകളിൽക്കൂടിതന്നെ. എന്നെ സ്ഥലത്തെ പോലീസ് സ്റ്റേഷനിലേയ്ക്കു വിളിക്കാൻ തൃപ്പൂണിത്തുറ പോലീസ് സബ് ഇൻസ്പെക്ടർ എൻ. ആർ. സുബ്രഹ്മണ്യ അയ്യർ ഒരു കോൺസ്റ്റബിളിനെ എന്റെ വീട്ടിലേയ്ക്കയച്ചു. ഞാൻ ഉടനെ പോയി. പോലീസ് സ്റ്റേഷൻ ഞങ്ങളുടെ വീടിനടുത്തായിരുന്നെങ്കിലും അതുവരെ ഞാൻ ഒരു പോലീസ് സ്റ്റേഷനിലും പോയിട്ടില്ല. ഞാൻ മനസ്സിൽ പ്രാർത്ഥിച്ചു. കുറച്ചൊരു ഉൽകണ്ഠയുണ്ടെങ്കിലും ഭീഷണിക്കും വിരട്ടലിനും വഴങ്ങരുതെന്ന് ഞാൻ ദൃഢനിശ്ചയം ചെയ്തു.

ആനയടിയും ഞങ്ങളുടെ എസ്. ഐ.യും പോലീസ് സ്റ്റേഷനിലുണ്ട്. ആനയടി പറഞ്ഞു: "ഹോ! ഇത്ര ചെറുപ്പമോ? എന്റെ പൗത്രന്റെ പ്രായമേ കാണൂ. എന്റെ ചോദ്യങ്ങൾക്കു മറുപടി പറയുക മാത്രം ചെയ്താൽ മതി. പിന്നീട് ഒരു കുഴപ്പവുമുണ്ടാകില്ല". അങ്ങനെയാണ് അദ്ദേഹം എന്നെ എതിരേറ്റത്. വളരെ സൗഹൃദവും പിതൃസഹജവുമായ സ്വരത്തിൽ അദ്ദേഹം പറഞ്ഞു: "ശൗരിയെ പിടികൂടിയ സംഭവം സംബന്ധിക്കുന്ന വിവരം നിനക്ക് ആരു തന്നു? ഇങ്ങനെയൊരു അറസ്റ്റിനെപ്പറ്റി ഞങ്ങൾക്കു യാതൊരു വിവരവുമില്ല. രേഖകളിലൊന്നും അതു കാണുന്നില്ല. ശൗരി ഇപ്പോൾ എവിടെയാണെന്നുപോലും ഞങ്ങൾക്ക് അറിഞ്ഞുകൂടാ. നിനക്ക് വിവരം തന്ന ആളുടെ പേരു മാത്രം പറഞ്ഞാൽ മതി. നിന്നെ മറ്റു വിഷമതകളിൽനിന്നെല്ലാം ഞാൻ രക്ഷപ്പെടുത്താം".

ഞാൻ പറഞ്ഞു: "ഖേദിക്കുന്നു, സാർ. ആ വിവരം തരാൻ എനിക്കു നിവർത്തിയില്ല". ഒരു വല്ല്യപ്പച്ചന്റെ രീതിയിൽ അദ്ദേഹം എന്നെ പ്രേരിപ്പിക്കാൻ നോക്കി. ബുദ്ധിപൂർവ്വമായ ഉപദേശമാണു താൻ നല്കുന്നതെന്നും ഞാൻ വിവരം പോലീസിൽനിന്നു മറച്ചുപിടിക്കരുതെന്നും അദ്ദേഹം പറഞ്ഞു. ഞാൻ നിഷേധരൂപത്തിലുള്ള മറുപടിയിൽ ഉറച്ചുനിന്നു. ഒരു

പത്രറിപ്പോർട്ടർ എന്ന നിലയിൽ എന്നെ നന്നായി അറിഞ്ഞിരുന്ന ഞങ്ങളുടെ എസ്. ഐ.യും എന്നെ ഉപദേശിച്ചു: "ആ വിവരം അദ്ദേഹത്തോടു പറയുക. അതാണു നിനക്ക് നല്ലത്". ഞാൻ നിഷേധം തുടർന്നപ്പോൾ എസ്. ഐ. എന്നോടു ചോദിച്ചു: "നിന്നെ അറസ്റ്റു ചെയ്തു തിരുവിതാംകൂറിലേക്കയയ്ക്കാൻ എനിക്കു കഴിയുമെന്നറിയാമോ?"

തിരുവിതാംകൂറിനെ അപേക്ഷിച്ചു അഴിമതി വളരെ കുറവുള്ള സംസ്ഥാനമായിരുന്നു കൊച്ചി. ഞങ്ങളുടെ പോലീസിന് എന്നെ പ്രഹരിക്കാൻ കഴിയും. ദൈവത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ആ അപകടസാധ്യത നേരിടാൻ ഞാൻ തയ്യാറായി. അതുകൊണ്ട് ഉള്ളിൽ പേടിയുണ്ടെങ്കിലും പുറമെ ധൈര്യം അവലംബിച്ചുകൊണ്ടുതന്നെ ഞാൻ പറഞ്ഞു: "മി. എൻ. ആർ. സുബ്രഹ്മണ്യ അയ്യർ, നമ്മുടെ സംസ്ഥാന നിയമങ്ങൾ അങ്ങനെ പ്രവർത്തിക്കാനുള്ള അവകാശം അങ്ങേയ്ക്കു നല്കുന്നില്ല. എന്റെ പേരിൽ ഒരു കേസുമില്ല. ആ നിലയിൽ അങ്ങേയ്ക്ക് എന്നെ അറസ്റ്റുചെയ്യാനൊക്കുകയില്ല".

രണ്ടു പോലീസ് ഓഫീസർമാരും ഒരു നിമിഷനേരത്തേക്കു പരസ്പരം നോക്കിയിരുന്നു. അനന്തരം മി. അയ്യർ പറഞ്ഞു: "മി. വറുഗീസ്, നിങ്ങൾക്കു പോകാം."

അതാണു കഥയുടെ പര്യവസാനം. പോലീസിൽനിന്നു പിന്നീടൊന്നും ഞാൻ കേൾക്കുകയുണ്ടായില്ല. എന്തെങ്കിലും സംഭവിച്ചേക്കാമെന്ന് കുറേക്കാലത്തേക്ക് എനിക്കു ഭയമുണ്ടായിരുന്നു. ഒന്നുമുണ്ടായില്ല.

## ഒരു കൗമാരപ്രായക്കാരന്റെ രാഷ്ട്രീയ ജീവിതം

1937-ലും '38-ലും ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനം ശക്തിയാർജിക്കാൻ തുടങ്ങി. പൊതുവേ പറഞ്ഞാൽ ക്രിസ്ത്യാനികൾ ഇക്കാര്യത്തിൽ ആവേശമോ അത്യുത്സാഹമോ കാണിച്ചില്ല. സ്വയംഭരണത്തേക്കാൾ ഭേദം ബ്രിട്ടീഷ് സാമ്രാജ്യഭരണമാണെന്നായിരുന്നു അവരിൽ ബഹുഭൂരിപക്ഷത്തിന്റെയും വിചാരം. കോളനിഭരണകർത്താക്കളും ക്രിസ്ത്യാനികളായിരുന്നുവല്ലൊ! ഈ വീക്ഷണഗതി എനിക്ക് സ്വീകാര്യമായി തോന്നിയില്ല. പ്രത്യേകിച്ചും കൊച്ചിയിലും തിരുവിതാംകൂറിലും മഹാരാജാക്കന്മാരാണ് ഭരിച്ചിരുന്നത്; ബ്രിട്ടീഷുകാർ നേരിട്ടല്ല. വളരെ ചുരുക്കം ബ്രിട്ടീഷുകാരെ മാത്രമേ ഞങ്ങൾ കണ്ടിരുന്നുള്ളു. അവർ ഞങ്ങളുടെ സാമൂഹ്യജീവിതത്തിന്റെ ഭാഗമായിരുന്നുമില്ല.

കൊച്ചിയിലെ ഞങ്ങളുടെ മഹാരാജാക്കന്മാർ - സാധാരണഗതിയിൽ എൺപതു വയസ്സോളമുണ്ടാകും - പ്രായേണ ദയാതല്പരരും ദൈവഭയമുള്ളവരുമായിരുന്നു. ഏതാണ്ട് 600 അംഗങ്ങളുള്ള രാജകുടുംബത്തിലെ ഏറ്റവും പ്രായംകൂടിയ പുരുഷനാണ് സാധാരണഗതിയിൽ സിംഹാസനാരൂഢനാകുന്നത്. അപ്പോൾ അദ്ദേഹത്തിന് സാധാരണയായി എൺപത് വയസ്സുണ്ടാകും. അതിനുശേഷം അദ്ദേഹം അധികകാലം ജീവിച്ചിരിക്കാറില്ല. ഞങ്ങളുടെ വീട് ഹിൽപാലസ് റോഡിലായിരുന്നു. ഏതാണ്ട് ഒരു മൈൽ അകലെയുള്ള മഹാരാജാവിന്റെ കൊട്ടാരത്തിലേക്ക് പോകാനുള്ള

പാതയാണത്. ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെ മഹാരാജാവ് കടന്നുപോകുന്നത് ഞങ്ങൾ മിക്കവാറും കാണാറുണ്ട്.

ഉത്സവദിവസങ്ങളിലൊഴികെ വലിയ ആർഭാടങ്ങളോ ആഡംബരങ്ങളോ ഉണ്ടാകാറില്ല. സ്കൂൾ കുട്ടികളായിരുന്നപ്പോൾ ഞങ്ങൾ ആണ്ടിലൊരിക്കൽ കൊട്ടാരത്തിൽ പോകുമായിരുന്നു. അവിടെ ഞങ്ങൾക്ക് മധുരപലഹാരങ്ങൾ നല്കി. രാജകൊട്ടാരത്തിലെ പല ചെറുപ്പക്കാരും എന്റെ സഹപാഠികളായിരുന്നു. ഞങ്ങളുമായി സാമൂഹികമായി ഇടപെടുന്നതിൽ നിന്ന് അവരെ വിലക്കിയിരുന്നു. ചില മഹാരാജാക്കന്മാർ മികച്ച പണ്ഡിതന്മാരായിരുന്നു. പ്രത്യേകിച്ച് സംസ്കൃതത്തിൽ. ചില മഹാരാജാക്കന്മാരാകട്ടെ ശുദ്ധഗതിക്കാരും. പല തമാശകളും അവരെപ്പറ്റി പറയുന്നുണ്ട്.

ഒരു തമാശ ഇതാണ്. എൺപതു വയസ്സുള്ള അദ്ദേഹം ഒരു ഫുട്ബോൾ മത്സരത്തിൽ മുഖ്യാതിഥിയായിരുന്നു. അദ്ദേഹം ആദ്യമായാണ് ഫുട്ബോൾ കളി കാണുന്നത്. 22 പേർ ഒരു പന്തിനുവേണ്ടി പന്തിന്റെ പിന്നാലെ പരക്കംപായുന്നതു കണ്ടിട്ട് അദ്ദേഹം മന്ത്രിയോടു പറഞ്ഞു: “ഒരു പന്തിനുവേണ്ടി എന്തിനാണ് ഇവരെല്ലാംകൂടി ഉന്തും തള്ളും നടത്തുന്നതും ബഹളം വയ്ക്കുന്നതും? രണ്ടു ഡസൻ പന്തുകൾ വാങ്ങിക്കൊടുത്താൽ ഓരോരുത്തനും ഓരോ പന്തു കിട്ടുമല്ലോ.”

ഇത്തരം ഓമനത്തമുള്ള ശുദ്ധാത്മാക്കൾ ഭരിച്ചിരുന്നതിനാൽ ബ്രിട്ടീഷ് സാമ്രാജ്യഭരണത്തിന്റെ ഭാരം ഞങ്ങൾക്ക് അനുഭവപ്പെട്ടിരുന്നില്ല. സമൂഹത്തിൽ ഒട്ടേറെ മർദ്ദനവും ചൂഷണവും അനേകം അസമത്വങ്ങളും അനീതികളും നടമാടിയിരുന്നെങ്കിലും അക്കാലത്ത് അതൊന്നും എന്നെ ആവേശംകൊള്ളിച്ചില്ല.

മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്രുവും അന്നു ഞങ്ങളുടെ വലിയ നേതാക്കന്മാരായിരുന്നു. പക്ഷേ അവരെ ഞങ്ങൾ ദുർലഭമായേ കണ്ടിരുന്നുള്ളു. യുവാവായിരിക്കുമ്പോൾ ഞാൻ ഒരിക്കൽ നെഹ്രുവിന്റെ പ്രസംഗം കേട്ടു. അദ്ദേഹം പറഞ്ഞ കാര്യങ്ങളും അവ പറഞ്ഞ രീതിയും എന്നിൽ മതിപ്പു വളർത്തി. ഗാന്ധിജി ഒരിക്കൽ ഞങ്ങളുടെ പട്ടണം സന്ദർശിച്ചു. അദ്ദേഹത്തിന്റെ ലാളിത്യവും പല്ലില്ലാത്ത പുഞ്ചിരിയും എന്നെ ആകർഷിച്ചു. പക്ഷേ ഞങ്ങളുടെ നാട്ടിലൊരാൾ ഒരു വൃത്തികേടു കാണിച്ചു. തനിക്കു കിട്ടുന്നതെന്തും ഗാന്ധിജി ലേലം വിളിക്കുമായിരുന്നു. കിട്ടുന്ന തുക ഏതെങ്കിലും ധർമ്മകാര്യങ്ങൾക്കു നല്കും. എന്റെ പട്ടണത്തിൽ അദ്ദേഹത്തിനു നല്കിയ മംഗളപത്രം (ഗിൽറ്റിട്ടത്) ലേലം ചെയ്തു. ഏറ്റവും കൂടുതൽ തുകയ്ക്കു ലേലം കൊണ്ടത് ഒരു കൃഷ്ണൻകുട്ടിയായിരുന്നു. അന്നു നാല്പതു രൂപ ഒരു വലിയ തുകയാണ്. കൃഷ്ണൻകുട്ടി വ്യാജ നോട്ടു വിൽപ്പനക്കാരനാണെന്ന് ഞാൻ പിന്നീടു മനസ്സിലാക്കി. അയാൾ ഗാന്ധിജിക്കു നൂറുരൂപയുടെ ഒരു കള്ളനോട്ടു നല്കി. ബാക്കികിട്ടിയ അറുപതുരൂപയുടെ നല്ല നോട്ടുകൾ അയാൾ പോക്കറ്റിലാക്കുകയും ചെയ്തു. അതിനുംപുറമെ നന്നായി ഫ്രെയിം ചെയ്ത, ഗിൽറ്റിട്ട, മംഗളപത്രം അയാൾക്കു സ്വന്തമായി.

കൗമാരപ്രായക്കാരനെന്ന നിലയിൽ സ്വന്തസ്ഥലത്തെയും സംസ്ഥാനത്തെയും രാഷ്ട്രീയത്തിലായിരുന്നു എനിക്കു കൂടുതൽ താല്പര്യം. അയിത്തം സമൂഹത്തിൽ നിന്നു വിപാടനം ചെയ്യേണ്ടതിന്റെ ആവശ്യകത എനിക്കു മനസ്സിലായിത്തുടങ്ങി. അതിനുവേണ്ടിയായിരുന്നല്ലൊ ഗാന്ധിജി പോരാടിക്കൊണ്ടിരുന്നത്. കാലംകഴിഞ്ഞതോടെ, സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത എനിക്കു ബോധ്യമായി. ഒരു റിപ്പോർട്ടറെന്ന നിലയിൽ, ഞാൻ റിപ്പോർട്ടു ചെയ്ത രാഷ്ട്രീയ യോഗങ്ങൾ എന്റെ അവബോധരൂപവൽക്കരണ പ്രക്രിയയെ സഹായിച്ചു.

ഞങ്ങളുടെ സംസ്ഥാനത്തെ പിന്നോക്ക ഈഴവസമുദായത്തിൽനിന്നുള്ള വലിയ സാമൂഹിക പരിഷ്ക്കർത്താക്കളിൽ ഒരാളായ സഹോദരൻ അയ്യപ്പൻ പ്രസംഗിച്ച ഒരു മഹായോഗം റിപ്പോർട്ടുചെയ്യുകയായിരുന്നു ഞാൻ. സാമൂഹ്യപരിഷ്ക്കാരത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ വാദമുഖങ്ങൾ എന്നെ ആകർഷിച്ചു. ചർച്ചാവേളയിൽ ഞാൻ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിച്ചു (പ്രസ് ഗാലറിയിൽനിന്ന് അങ്ങനെയൊരു ചോദ്യം അന്ന് തീരെ അപ്രതീക്ഷിതമായിരുന്നു): "പതിനാറുവയസുകാരനായ എന്നെപ്പോലുള്ളവരെ, നേതാക്കന്മാരായ നിങ്ങൾ, രാഷ്ട്രീയത്തിൽ ചേരാൻ അനുവദിക്കാത്തതെന്താണ്?" അദ്ദേഹത്തിന്റെ മറുപടി അതിശ്രദ്ധേയമായിരുന്നു. ഇന്നും അതെന്റെ ചെവികളിൽ മുഴങ്ങുന്നു: "വയലിൽനിന്ന് നെല്ലിൻഞാറുകൾ പിഴുതെടുത്ത് കന്നുകാലികൾക്കു കൊടുക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല." ഞാൻ എവിടെ നില്ക്കുന്നുവെന്ന് അങ്ങനെ ഞാൻ മനസ്സിലാക്കി. ഞാൻ വെറും ഞാറിൻതൈ മാത്രം.

എന്നിരിക്കിലും അനുവദനീയമായ ഇടങ്ങളിൽ ഞാൻ രാഷ്ട്രീയമായി സജീവം പ്രവർത്തിച്ചു. ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ നിന്ന് കൊച്ചി നിയമസഭയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിക്കുവേണ്ടിയുള്ള തെരഞ്ഞെടുപ്പു പ്രചാരണത്തിൽ ഞാൻ പങ്കെടുത്തു. എന്റെ റിപ്പോർട്ടിങ്ങും രാഷ്ട്രീയമായി അർത്ഥവത്തായിരുന്നു. ഇതൊക്കെയാണെങ്കിലും രാഷ്ട്രീയമായ എന്റെ സംവേദനക്ഷമത വികസിക്കുന്നത് വർഷങ്ങൾക്കു ശേഷമാണ്. എനിക്ക് പതിനേഴു വയസ്സുള്ളപ്പോൾ എന്റെ പട്ടണത്തിലെ പബ്ലിക് ലൈബ്രറിയുടെയും വായനശാലയുടെയും ഓണററി സെക്രട്ടറിയായി എന്നെ തെരഞ്ഞെടുത്തു. ഒരു ചെറുപ്പക്കാരനിൽ പ്രായമായവർക്കുള്ള വിശ്വാസത്തിന് തെളിവാണത്. ഞാൻ വളരെ കാര്യക്ഷമമായി ആ ജോലി നിർവ്വഹിച്ചു. ആ ലൈബ്രറിയിലെ ഗ്രന്ഥങ്ങളിൽ മിക്കതും ഞാൻ വായിച്ചുതീർക്കുകയും ചെയ്തു.

കഷ്ടാനുഭവത്തിന്റെ അർത്ഥം സംബന്ധിച്ച ചർച്ചയോടു കൂടിയാണ് ഈ അദ്ധ്യായം ആരംഭിച്ചത്. ബുദ്ധമതത്തോട് എനിക്ക് ബഹുമാനമുണ്ടെങ്കിലും ബുദ്ധമതരീതിയിൽ കഷ്ടാനുഭവപ്രശ്നത്തെ മനസ്സിലാക്കാൻ എനിക്കു കഴിയുന്നില്ല. കഷ്ടാനുഭവത്തെ മനസ്സിലാക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന യവന രീതിയും ക്രിസ്തീയരീതിയും എന്നെ കൂടുതലായി അമ്പരപ്പിച്ചിട്ടേയുള്ളു.

കഷ്ടാനുഭവത്തെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളവരിൽ യവനരിൽ സ്റ്റോയിക്ക് വിഭാഗക്കാർ മുമ്പിലാണ്. അവരുടെ വലിയ ഗുണം കാണിക്കുന്ന പദമാണ് Apatheia (അതിന്റെ അർത്ഥം നിർവ്വികാരതയെന്നോ ഉദാസീനതയെന്നോ അല്ല). അക്ഷരാർത്ഥത്തിൽ apatheia 'കഷ്ടാനുഭവമല്ലായ്ക' (non-suffering) എന്നു തർജമചെയ്യാം. അവരെ സംബന്ധിച്ചിടത്തോളം സന്തുഷ്ടി (eudaimonia), സ്വാതന്ത്ര്യം (eleutheria) എന്നിവയുടെ പര്യായമായമാണത്. Apatheia എന്നതിനു impassibility എന്നു പറയുന്നതാണു കൂടുതൽ ശരി. അരിസ്റ്റോട്ടിലാണ് ഇത് ആദ്യമായി 'കഷ്ടാനുഭവത്തിന് കഴിവില്ലാത്ത' എന്ന അർത്ഥത്തിൽ ഉപയോഗിച്ചത്. സ്റ്റോയിക്കു വിഭാഗക്കാർ ദൈവത്തെ പരാമർശിക്കാൻ ഈ പദം ഉപയോഗിച്ചു. Apatheia ദൈവത്തിന്റെ ഒരു വിശേഷണമാണ്. ദൈവത്തിന് കഷ്ടാനുഭവം സാധ്യമല്ല. അദ്ദേഹം നിർവികാരനാണ്. കഷ്ടാനുഭവസീമയ്ക്ക് അപ്പുറമാണ്. മനുഷ്യരാശിയുടെ ആദർശവും അതായിരിക്കണം. കഷ്ടാനുഭവത്തിനുമപ്പുറം; കഷ്ടാനുഭവത്താൽ ബാധിക്കപ്പെടാതെ. ദൈവത്തിന്റെ നിർവികാരത സ്റ്റോയിക്കുകാരുടെ സാന്മാർഗ്ഗിക മാനദണ്ഡമായി. സ്റ്റോയിക്കുകാർ എല്ലാവികാരങ്ങളിൽനിന്നുമുള്ള സ്വാതന്ത്ര്യം സൂചിപ്പിക്കാൻ apatheia എന്ന പദം ഉപയോഗിച്ചു. ഒരു സംഭവത്താലും സ്പർശിക്കപ്പെടാത്ത ഒരവസ്ഥ. ദൈവികമായ നിർവികാരത അഥവാ ഏതു ബാഹ്യസാഹചര്യങ്ങളിൽ നിന്നുമുള്ള വ്യതിരിക്തത, സമചിത്തത. എ. ഡി. 55 നും 135 നും ഇടയ്ക്കു ജീവിച്ചിരുന്ന മഹാനായ സ്റ്റോയിക് ദാർശനികനായ എപ്പിക്ടേറ്റസ് കൂടുതൽ വ്യക്തമായി ഉപന്യസിച്ച സിദ്ധാന്തം ക്രിസ്ത്യാനികളെ സ്വാധീനിച്ചിരുന്നു. യഥാർത്ഥത്തിൽ സന്തുഷ്ടനാവണമെങ്കിൽ ഒരുവൻ ഭാഗധേയത്തിന്റെ ഭാഗ്യവിപര്യയങ്ങളിൽ നിന്നോ വേദനയോ സുഖാനുഭൂതിയോ സ്വാധീനിക്കുന്നതിൽനിന്നോ അവയോടു പ്രതിസ്പന്ദിക്കുന്ന അവസ്ഥയിൽ നിന്നോ സ്വതന്ത്രനാകണമെന്നർത്ഥം. നമുക്കു നിയന്ത്രിക്കുവാൻ കഴിയാത്തതോ അധികാരമില്ലാത്തതോ ആയ കാര്യങ്ങൾക്കു വിധേയമായിരുന്നുകൂടാ നമ്മുടെ സന്തുഷ്ടി. അതു ഒരു മനുഷ്യന്റെ സ്വത്വത്തിനും അവന്റെ ഇച്ഛാശക്തിക്കും പൂർണ്ണമായും വിധേയമായിരിക്കണം. അങ്ങനെയാവുമ്പോൾ കഷ്ടാനുഭവത്തിന് നമ്മുടെമേൽ യാതൊരു അധികാരവുമുണ്ടായിരിക്കുകയില്ല. അതാണു സ്വാതന്ത്ര്യം. അതാണു സന്തുഷ്ടി. സ്വയം ഭരണം (autonomy) സംബന്ധിച്ച അത്യന്താധുനികാശയത്തിന് അതു ഒരു പരിധിവരെ അടിസ്ഥാനം നല്കുന്നതായും തോന്നുന്നു. നിഷ്കാമകർമ്മത്തോടുകൂടിയ സമചിത്തതയാണ് ഇന്ത്യൻ വിജ്ഞാനത്തിന്റെ സാരാംശമെന്ന് ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന രാജീവ്ഗാന്ധി ഒരിക്കൽ പറയുകയുണ്ടായി "Unflappability is the better part of valor." ഇന്ത്യൻ വിജ്ഞാനത്തിന്റെ സാരാംശമാണെങ്കിലും അല്ലെങ്കിലും അത് ബുദ്ധിപൂർവമായി. പിന്നീട് അതിലേക്കു വരാം.

*Civilization and its Discontents*[1] എന്ന ഗ്രന്ഥത്തിൽ ഫ്രോയിഡ് കഷ്ടാനുഭവത്തെ മൂന്നിനമായി ലളിതവൽക്കരിക്കുന്നുണ്ട്. 1) പ്രകൃതിയുടെ മേൽത്തരം ശക്തിയാൽ ഉണ്ടാകുന്നവ. ഉദാ. വെള്ളപ്പൊക്കം, ഭൂകമ്പം, വരൾച്ച തുടങ്ങിയവ. 2) നമ്മുടെ ശരീരങ്ങളുടെ ചീയലും അന്തിമമായ

മരണവും നിമിത്തമുണ്ടാകുന്നവ. ഉദാ. രോഗങ്ങൾ. 3) നമ്മുടെ സാമൂഹിക ബന്ധങ്ങളുടെയും സ്ഥാപനങ്ങളുടെയും പോരായ്മകൾ നിമിത്തമുണ്ടാകുന്നവ. ആദ്യം പറഞ്ഞതു രണ്ടും അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. അവയിലധികപങ്കും തടയാൻ കഴിയുന്നവയാണെന്ന് നാം ഇക്കാലത്തു പറയാറുണ്ടെങ്കിലും മൂന്നാമത്തേതിന് അദ്ദേഹം പരിഹാരമായി നിർദ്ദേശിച്ചത് എല്ലാ പ്രശ്നങ്ങളുടെ നേർക്കും കൂടുതൽ യുക്തിപൂർവ്വവും മനോരോഗവിമുക്തവുമായ സമീപനമാണ്-അന്തിമമായി "മത"മെന്ന വ്യാമോഹത്തെ ഒഴിവാക്കലും. എന്റെ ദൃഷ്ടിയിൽ ഇത് അതീവ ലളിതവൽക്കരിച്ചതും ചപലവുമായ സമീപനമാണ്. അത് ചർച്ചപോലും അർഹിക്കുന്നില്ല.

സന്യാസത്തിലെന്നപോലെ നാം സ്വയം തെരഞ്ഞെടുക്കുന്ന കഷ്ടപ്പാടുകളുണ്ട്. മാതാപിതാക്കന്മാരുടെ സ്നേഹത്തിലും മറ്റുള്ളവർക്കുവേണ്ടി അനുഷ്ഠിക്കുന്ന വ്യക്തിപരത്യാഗത്തിലും ഇതുതന്നെ കാണാം. മറ്റു മനുഷ്യർ അടിച്ചേൽപ്പിക്കുന്ന കഷ്ടാനുഭവമാണു മറ്റൊരിനം. അബദ്ധംമൂലം സംഭവിക്കുന്നതോ സോദ്ദേശ്യം അടിച്ചേൽപ്പിക്കുന്നതോ അജ്ഞതമൂലമുണ്ടാകുന്നതോ ആകാം അത്. പൈതൃകമായി നാം ആർജ്ജിച്ചിട്ടുള്ള ഇന്നത്തെ നമ്മുടെ കായികവും സാമൂഹികവുമായ പരിതോവസ്ഥ സൃഷ്ടിക്കാൻ പൂർവതലമുറകൾ അനുഷ്ഠിച്ചിട്ടുള്ള കാര്യങ്ങൾ നിമിത്തം ഉണ്ടായിട്ടുള്ള കഷ്ടാനുഭവം മറ്റൊന്നാണ്. സ്നേഹവും കരുതലും ഇല്ലാതെപോയതിനാൽ, ആവശ്യത്തിനു ജീവിതവിഭവങ്ങൾ ലഭ്യമല്ലാതെ വന്നതിനാൽ, ഉളവായ കഷ്ടാനുഭവം വേറൊരിനം. മറ്റുള്ളവരുടെ കഷ്ടാനുഭവത്തോടുള്ള സഹാനുഭൂതി ഉണർത്തുന്ന കഷ്ടാനുഭവമാണു മറ്റൊരിനം. മടയത്തരവും വിവേകരാഹിത്യവും മൂലം സ്വയം വരുത്തിവയ്ക്കുന്ന കഷ്ടാനുഭവം വേറെ ഒരു ഗണമാണ്. പ്രകൃതിസഹജവും അല്ലാത്തതുമായ അപകടങ്ങൾ മൂലം കഷ്ടാനുഭവമുണ്ടാകാറുണ്ട്. ഒരാളുടെ ജീവിതത്തിലെ പദവിയോ തൊഴിലോ നിമിത്തം ഉണ്ടാകുന്ന കഷ്ടാനുഭവങ്ങളും, ആധുനിക ജീവിതത്തിലെ അസ്വസ്ഥതകളും ഞെരുക്കങ്ങളും അതിപ്രയത്നങ്ങളും ഹേതുവായുണ്ടാകുന്ന കഷ്ടാനുഭവവുമുണ്ട്. ആശങ്കകളും വിരസതയും വിട്ടുമാറാത്ത കുറ്റബോധവും ഉണർത്തുന്ന കഷ്ടാനുഭവങ്ങളാണു മറ്റൊരിനം. അനീതിയുടെ ഘടനകൾ അടിച്ചേൽപ്പിക്കുന്നവയാണു ഇനിയുമൊരിനം. കഷ്ടതകൾ ഇങ്ങനെ അനേകം വിധം.

വ്യക്തിഗതമായ കഷ്ടാനുഭവത്തിന്റെ കാരണം തേടിപ്പോകേണ്ടതില്ലെന്നും അനർഹമായ കഷ്ടാനുഭവത്തിന്റെ പ്രശ്നങ്ങൾ ദാർശനികമായി പരിഹരിക്കാൻ നോക്കേണ്ടതില്ലെന്നുമാണ് ക്രിസ്തീയ പാരമ്പര്യം എന്നെ പഠിപ്പിച്ചിട്ടുള്ളത്. സ്വയംശിക്ഷണവും സഹാനുഭൂതിയും പരിശീലിക്കാൻ എന്റെ മാർഗ്ഗത്തിൽ വരുന്ന കഷ്ടാനുഭവത്തെ ഉപയോഗിക്കുകയാണ് എന്റെ കർത്തവ്യം. എന്തുകൊണ്ടാണ് നമ്മൾ കഷ്ടമനുഭവിക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ കഷ്ടാനുഭവമില്ലാത്തിടത്തു സ്വഭാവവികസനം നടക്കുന്നില്ലെന്ന് എനിക്കറിയാം. മറ്റുള്ളവരുടെ കഷ്ടതകളിൽ നാം പ്രവേശിക്കുന്നതുകൊണ്ടും നമ്മുടെ കഷ്ടതകളിൽ മറ്റുള്ളവരെ പങ്കെ

ടുപ്പിക്കുന്നതുകൊണ്ടും ഒരുപരിധിവരെ സഹാനുഭൂതി പഠിക്കാനും പഠിപ്പിക്കാനും നമുക്കു കഴിയുമെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. കഷ്ടാനുഭവമാണു സ്നേഹത്തിന്റെ മാർഗ്ഗമെന്നു തോന്നുന്നു-ഇഹത്തിലെങ്കിലും.

കഷ്ടാനുഭവം സ്വതവേ വാതിൽ തുറക്കുന്നില്ല. താക്കോൽ തിരിക്കണം. സ്നേഹത്താൽ കഷ്ടാനുഭവത്തെ രൂപാന്തരപ്പെടുത്തണം. അതിനെ വിഷമാക്കാനാണ് വിദ്വേഷവും നിരാശയും ഉദ്യമിക്കുക. കഷ്ടതകൾ നിറഞ്ഞ എന്റെ കൗമാരത്തിൽ കടുത്ത നിരാശയോടു ഞാൻ അടുത്തെത്തിയെങ്കിലും ഞാൻ പൂർണ്ണമായി വഴങ്ങിക്കൊടുത്തില്ല എന്നതിൽ ദൈവത്തോടു നന്ദിയുള്ളവനാണ്. പ്രത്യാശയിൽ തൂങ്ങിക്കിടക്കുവാൻ അല്പമായ എന്റെ വിശ്വാസം ഉതകി.

ഈ ലോകത്തിലെ ജീവിതത്തിന്റെ നിഗൂഢതയിലേയ്ക്കുള്ള താക്കോൽ കഷ്ടാനുഭവമാണ്. അതുകൊണ്ടാണ് എല്ലാ കഷ്ടാനുഭവങ്ങളിൽ നിന്നും സ്വതന്ത്രനാണെന്നു നാം കരുതുന്ന ദൈവം സ്വയമായി ഭൂമിയിലവതരിച്ച് സ്വയം അതിന്റെ ഭാഗമായിത്തീരാൻ തീരുമാനിച്ചത്. അവിടെയാണ് അത്യുൽകൃഷ്ടമായ, അതിശ്രേഷ്ഠമായ രഹസ്യം (mystery). ഇന്നു ദൈവം ക്രിസ്തുവിൽ, നമ്മിൽ കഷ്ടമനുഭവിച്ചുകൊണ്ടിരിക്കുന്നു.



പോൾ വർഗീസ് പി. ആൻഡ് ടി. യിൽ ജോലി നോക്കുമ്പോൾ (ഇടത്ത്) പോൾ വർഗീസ് ഗോഷൻ കോളജിൽ പഠിക്കുന്ന കാലത്ത് (വലത്ത്).





സഹോദരങ്ങളോടൊപ്പം. പോൾ വർഗീസ്, റ്റി. പി. ഏബ്രഹാം, റ്റി. പി. ജേക്കബ്, റ്റി. പി. പൗലോസ്.

# 3

# ഇന്ത്യയിൽ നിന്ന് എത്യോപ്യയിലേയ്ക്ക്

## ദൈവത്തിന്റെ നിർണയാതീത വഴികൾ

### രണ്ട് നായകന്മാർ

കൗമാരപ്രായത്തിൽ എനിക്ക് രണ്ട് ലോകനേതാക്കളോട് വലിയ ആദരഭാവം തോന്നിയിരുന്നു. ഉദ്ധതമായ അധികാരത്തെ ദൃഢമനസ്ക്കരായി ചെറുത്തുനിന്നുവെന്നതാണ് ആ രണ്ടു പേരിലും പൊതുവായി കാണാവുന്ന സവിശേഷത. അവരുടെ എതിർപ്പിനു വിധേയമായ ഫാസിസ്റ്റ് അധികാരം മൂർത്തീകരിച്ചവരാണ് ബനീത്തോ മുസ്സോളിനിയും അഡോൾഫ് ഹിറ്റ്ലറും. അവരെ ചെറുത്തുനിന്ന ധീരപുരുഷരാണ് എത്യോപ്യയിലെ ഹെയ്‌ലി സെലാസി ചക്രവർത്തിയും ജർമ്മനിയിലെ പാസ്റ്റർ മാർട്ടിൻ നീമുള്ളറും. പത്രപ്രവർത്തകനായിരിക്കുമ്പോൾ ഞാൻ രണ്ടുപേരേക്കുറിച്ചും ലേഖനങ്ങൾ എഴുതിയിരുന്നു. വിചിത്രമായ നിയോഗമായിരിക്കാം, പിൽക്കാലത്ത് അവരിരുവരെയും അടുത്തറിയുന്നതിന് എനിക്കിടയായി.

വിൻസ്റ്റൺ ചർച്ചിലും ഹിറ്റ്ലറെ ചെറുത്തുനിന്ന നേതാവാണ്. പക്ഷേ അദ്ദേഹം എന്റെ ആദരവിനെ അത്രകണ്ടു പിടിച്ചുപറ്റിയില്ല. ബ്രിട്ടീഷ് പ്രധാനമന്ത്രി, ചെറുപ്പക്കാരനായ എന്റെ ദൃഷ്ടിയിൽ, പൗരുഷവും തന്റേടവുമുള്ള വ്യക്തിയായിരുന്നു. അതധികവും ജാടയും പ്രഭാഷണകസർത്തുമായി എനിക്ക് തോന്നി. നീതിക്കും സമത്വത്തിനും വേണ്ടിയുള്ള ഉൽക്കണ്ഠ കുറവായിരുന്നു. സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ലിക്വിഡേഷന് അദ്ധ്യക്ഷത വഹിക്കാനല്ല ഞാൻ ബ്രിട്ടീഷ് പ്രധാനമന്ത്രിയായതെന്ന് അദ്ദേഹം ഒരിക്കൽ പ്രഖ്യാപനം ചെയ്യുകയുണ്ടായല്ലോ. എന്റെ ജനങ്ങൾ സാമ്രാജ്യത്വത്തിന്റെ നുകത്തിൽനിന്നു മോചനംപ്രാപിക്കത്തക്കവിധം ആ സാമ്രാജ്യം ലിക്വിഡേറ്റു ചെയ്തുകാണാൻ തീവ്രമായി ആഗ്രഹിച്ച ലക്ഷങ്ങളിൽ ഒരുവനായിരുന്നു ഞാൻ.

നീമുള്ളറുമായുള്ള ബന്ധത്തെക്കുറിച്ച് പിന്നീട് വിവരിക്കാം. ഹെയ്‌ലി സെലാസിയുമായുള്ള ബന്ധത്തെപ്പറ്റി ഇവിടെ പറയാം. അതിലേയ്ക്ക് നയിച്ച ഏതാനും സംഭവങ്ങളെ ആദ്യമായി അനുസ്മരിക്കട്ടെ. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ച 1947-ൽ തന്നെയാണ് അതിന്റെയും ആരംഭം.

### വീട്ടിൽനിന്നകലെ

1940-ൽ എനിക്ക് പതിനെട്ടു വയസ്സുള്ളപ്പോൾ കനിവുള്ള ഒരു വ്യക്തി എനിക്കൊരു ജോലിതന്നു. ഞാനത് സ്വീകരിച്ചു. വീട്ടിലെ ദുരിതത്തിൽ നിന്നു പുറത്തുകടക്കുകയായിരുന്നു മുഖ്യലക്ഷ്യം. ഏതാണ്ട് പന്ത്രണ്ട് കിലോമീറ്റർ അകലെ കൊച്ചിയിലെ മട്ടാഞ്ചേരിയിലായിരുന്നു ജോലി.

കൊച്ചിൻ ട്രാൻസ്പോർട്ട് കമ്പനി എന്നൊരു ചെറിയ കമ്പനിയിൽ ക്ലാർക്ക് ഉദ്യോഗം. മാനേജിംഗ് ഡയറക്ടർക്കും എനിക്കും പുറമെ വേറെ രണ്ടു പേർ കൂടിയേ ജോലിക്കാരായി ഉണ്ടായിരുന്നുള്ളു. ശമ്പളം പ്രതിമാസം 15 രൂപ. എനിക്ക് ഓഫീസിൽതന്നെ കിടന്നുറങ്ങാം. ഭക്ഷണം അടുത്തുള്ള ഹോട്ടലിൽ. ദിവസേന രണ്ട് ഊണിന് ഒരു മാസം ആറു രൂപ അന്ന് മതിയാവും. ഓഫീസിൽ എല്ലാവരും സുറിയാനി ക്രിസ്ത്യാനികളാണ്. മനസ്സിനിണങ്ങിയ അന്തരീക്ഷം. പക്ഷേ അയൽപക്കത്തെ രണ്ടുപേർ അതിനൊരപവാദമായി. ഒരാൾ യുവാവായ ബാലകൃഷ്ണപിള്ള. തൊട്ടടുത്തുള്ള ഓഫീസിലാണ് അയാളുടെ ജോലിയും താമസവും. എന്നേക്കാൾ രണ്ട് വയസ്സ് പ്രായക്കൂടുതൽ കാണും. യൗവനപ്രായം ആസ്വദിക്കുവാനുള്ളതാണെന്നാണ് പിള്ളയുടെ കാഴ്ചപ്പാട്. മദ്യവും സ്ത്രീയും വിലക്കപ്പെട്ട വിനോദോപാധികളാണെന്നുള്ള എന്റെ നാടൻ അഭിപ്രായം അയാൾക്കു മനസ്സിലാക്കാനായില്ല. ഇവ രണ്ടും അന്ന് നഗരത്തിൽ സുലഭം. പകുതി മര്യാദയ്ക്കുവേണ്ടിയും പകുതി ജിജ്ഞാസകൊണ്ടുമായിരിക്കണം, ഒരു രാത്രി നഗരത്തിലെ ഇരുൾമൂടിയ, മലിനമായ, ചില ഭാഗങ്ങളിലേക്ക് അയാളോടൊപ്പം ഞാൻ പോവുകയുണ്ടായി. അതോടെ മതിയായി. വേദനാജനകമായ ചില ഓർമ്മകൾ അത് അവശേഷിപ്പിച്ചു. ഭാവിയിലൊരിക്കലും ഇത്തരം സുഖാസ്വാദനപര്യടനങ്ങൾക്ക് ഇറങ്ങിത്തിരിക്കുന്നതിൽ നിന്ന് അതെന്നെ വിലക്കി.

## പണത്തിനു വേണ്ടി ജീവിക്കുന്ന മനുഷ്യൻ

മറ്റെയാൾ ഒരു 'സാട്ടാ' കച്ചവടക്കാരനായിരുന്നു. അതേ കെട്ടിടത്തിൽ മറ്റൊരു ഓഫീസിൽ. ടെലിഫോൺ മുഖേന ഓഹരികൾ വിൽക്കലും വാങ്ങലുമാണ് ജോലി. അയാൾ ധനികനാണെന്നാണ് ശ്രുതി. പക്ഷേ ഒരു മുറിയിലാണ് അയാളുടെ ജോലിയും താമസവുമെല്ലാം. ഒരു കസേര, ചെറിയ ഒരു കട്ടിൽ, ഒരു ടെലിഫോൺ, പണവും പ്രമാണങ്ങളും സൂക്ഷിക്കാൻ ഒരു വലിയ സേഫ് – തീർന്നു അവിടത്തെ ഉപകരണങ്ങൾ. പ്രഭാതം മുതൽ രാത്രിവരെ അയാൾ സദാ ടെലിഫോണിന്റെ അരികിലാണ്. അതുകൊണ്ട് അയാളെ അടുത്തറിയാൻ ഇടയായില്ല. സ്റ്റോക്കിനെപ്പറ്റിയും ഷെയറിനെപ്പറ്റിയും പണത്തെപ്പറ്റിയും മാത്രമേ അയാൾക്ക് ചിന്തയുള്ളു, സംസാരിക്കാനും കഴിയൂ. അയാൾക്ക് കുടുംബമില്ലെന്നു തോന്നി. സാമൂഹ്യജീവിതമില്ല, സുഹൃത്തുക്കളില്ല, പണത്തിനുവേണ്ടിയാണ് അയാൾ ജീവിച്ചത്.

ഒരു പ്രഭാതത്തിൽ ആ വാർത്തകേട്ടു ഞങ്ങൾ ഞെട്ടി. അയാൾ രാത്രിയിൽ മരിച്ചുപോയി! ഹൃദ്രോഗമായിരുന്നു. അയാൾ കിടക്കയിൽ നിന്ന് എണീറ്റ്, സേഫിന്റെ അടുക്കലെത്തി സേഫിന്റെ പിടിയിൽ കൈവച്ചപ്പോഴാണ് കുഴഞ്ഞുവീണത്. ആ രംഗം എന്നെ ചിന്താധീനനാക്കി. ഓഫീസിൽ ഞങ്ങൾ അക്കാര്യത്തെപ്പറ്റി ദീർഘമായി സംസാരിച്ചു. പക്ഷേ തനിച്ചിരുന്നപ്പോൾ ആ സംഭവത്തിന്റെ അർത്ഥത്തെപ്പറ്റി ഞാൻ ചിന്തിക്കാൻ തുടങ്ങി. ഇത്തരത്തിലുള്ള ചെറിയ സംഭവങ്ങൾ നമ്മുടെ ജീവിതവീക്ഷണത്തെ ഗണ്യമായി സ്വാധീനിക്കുന്നതായി എനിക്കു തോന്നി. ബോധപൂർവ്വമായ പര്യാലോചനകളിലൂടെയോ യുക്തിപൂർവ്വമായ തീരുമാനമെടുക്കലിലൂ

ടെയോ അല്ലായിരിക്കാം; ധാരണകൾ മനസ്സിൽ പതിയാൻ വ്യഗ്രതകാട്ടുന്ന ആ പ്രായത്തിൽ ലഭിക്കുന്ന ഉൾക്കാഴ്ചകൾ ദീർഘകാലം ഉപബോധമനസ്സിൽ ഒളിഞ്ഞുകിടക്കുന്നതിന്റെ ഫലമായിട്ടാവാം അത്.

### മത്സരപരീക്ഷയിൽ പങ്കെടുക്കുന്നു

രണ്ടുവർഷത്തോളം ഞാൻ കൊച്ചിൻ ട്രാൻസ്പോർട്ട് കമ്പനിയിൽ ജോലി നോക്കി. അതിനിടയ്ക്ക് 1941-ൽ ഒരു മത്സരപരീക്ഷയിൽ ഞാൻ പങ്കെടുത്തു. ഇന്ത്യൻ പോസ്റ്റ് ആന്റ് ടെലിഗ്രാഫ് ഡിപ്പാർട്ട്മെന്റിൽ ക്ലാർക്കുമാരെ റിക്രൂട്ടു ചെയ്യുന്നതിനുള്ളതായിരുന്നു പരീക്ഷ. പന്ത്രണ്ട് ഒഴിവുകളിലേക്കായി മുന്നൂറോളം പേർ പരീക്ഷയെഴുതി. 80 ശതമാനം പേരും ബിരുദധാരികളാണെന്നു ഞാനറിഞ്ഞു. എനിക്കാകട്ടെ ഹൈസ്കൂൾ വിദ്യാഭ്യാസമേയുള്ളു താനും.

സെലക്ഷൻ കിട്ടുമെന്ന് എനിക്ക് ആശ ഉണ്ടായിരുന്നില്ല. ഏതാണ്ടൊരു അനായാസഭാവത്തോടെയാണ് ഞാൻ പരീക്ഷ എഴുതിയതുതന്നെ. ഏഴു 'പഗോഡ'കളെപ്പറ്റി കുറിപ്പെഴുതുവാനായിരുന്നു ഒരു ചോദ്യം. എത്ര ആലോചിച്ചിട്ടും എനിക്കൊന്നും ഓർമ്മവന്നില്ല. എന്നിട്ടും ഞാൻ ഇങ്ങനെ തട്ടിവിട്ടു: "ഏഴു പഗോഡകൾ അമേരിക്കയിലോ യൂറോപ്പിലോ ആസ്ട്രേലിയയിലോ ആയിരിക്കാനിടയില്ല. ആഫ്രിക്കയിലാണെന്നും തോന്നുന്നില്ല. ആ സ്ഥിതിക്ക് അവ ഏഷ്യയിലായിരിക്കണം."

അതുപോലെതന്നെ അറ്റ്ലാന്റിക് ചാർട്ടറിനെപ്പറ്റിയും കുറിപ്പെഴുതുവാൻ ചോദിച്ചിരുന്നു (പരീക്ഷയ്ക്ക് ഏതാനും മാസംമുമ്പാണ് റൂസ്വെൽറ്റും ചർച്ചിലും ചേർന്ന് ചാർട്ടറിന് ഒപ്പുവച്ചത്). ഞാൻ കുറച്ചൊരു ധിക്കാരഭാവത്തിൽ എഴുതി: "അറ്റ്ലാന്റിക് ചാർട്ടർ, അതെവിടെ ഉയർന്നു വന്നുവോ (അറ്റ്ലാന്റിക് സമുദ്രമദ്ധ്യേ) അവിടെത്തന്നെ ചവിട്ടിത്താഴ്ത്തണം."

അറ്റ്ലാന്റിക് ചാർട്ടറിനെപ്പറ്റിയോ അതിന്റെ ഉദ്ദേശ്യങ്ങളെപ്പറ്റിയോ നല്ല ധാരണ അന്നെനിക്കുണ്ടായിരുന്നുവെന്ന് പറഞ്ഞുകൂടാ. ഞാൻ എഴുതിയത് ഉൾക്കാഴ്ചയേക്കാളധികമായി സഹജാവബോധത്തെയാണ് പ്രകടമാക്കുക. ഇന്നെനിക്കറിയാം, ഐക്യകക്ഷികൾ യുദ്ധത്തിൽ തോല്ക്കുമെന്ന നിലവന്നപ്പോൾ അമേരിക്കയെ യുദ്ധയത്നത്തിലേക്ക് ആകർഷിയ്ക്കാൻ ചർച്ചിൽ അവലംബിച്ച ഒരു ഒത്തുതീർപ്പാണതെന്ന്. റൂസ്വെൽറ്റ് തെന്നിമാറാൻ ശ്രമിച്ചു. ജർമ്മൻകാർക്കും ജപ്പാൻകാർക്കും എതിരായി സ്വന്തം സാമ്രാജ്യങ്ങളെ രക്ഷിക്കാനാണ് ബ്രിട്ടനും ഫ്രാൻസും യുദ്ധം ചെയ്യുന്നതെന്നായിരുന്നു റൂസ്വെൽറ്റിന്റെ ചിന്ത. 1941-ലെ പേൾ ഹാർബർ സംഭവം വരെ റൂസ്വെൽറ്റ് ഓർത്തത് യുദ്ധത്തിൽ നേരിട്ടിടപെടാതെ ഐക്യകക്ഷികൾക്ക് ആയുധമുണ്ടാക്കി വിറ്റ് ലാഭം കൊയ്തുകൊണ്ടിരിക്കുകയാണ് അമേരിക്കയുടെ സാമ്പത്തിക നേട്ടത്തിന് ഉത്തമമെന്നാണ്. അമേരിക്കയുടെ ആയുധനിർമ്മാണ വ്യവസായം അഭൂതപൂർവമായി വികസിച്ചു. അമേരിക്കൻ സമ്പദ്വ്യവസ്ഥ കുതിച്ചുകയറി.

1941 ആഗസ്റ്റ് 14-ാം തീയതി ബ്രിട്ടനും അമേരിക്കയും അറ്റ്ലാന്റിക് ചാർട്ട

റിൽ ഒപ്പിട്ടു. സ്വന്തം ഗവൺമെന്റിനെ തിരഞ്ഞെടുക്കാൻ ജനങ്ങൾക്കുള്ള അവകാശം സംബന്ധിച്ച വകുപ്പുകളും മറ്റും റൂസ്‌വെൽറ്റിന്റെ പ്രേരണയ്ക്കു വിധേയനായി ചർച്ചിൽ സമ്മതിച്ചുകൊടുക്കേണ്ടിവന്നു. ഇന്ത്യയിൽ, മഹാത്മാഗാന്ധി യുദ്ധത്തെ എതിർത്തു-തത്വത്തിൽ അത് തെറ്റാണെന്നുള്ള ന്യായത്തിൽ. ബ്രിട്ടീഷ് യജമാനന്മാർ ഗാന്ധിജിയെ അറസ്റ്റുചെയ്തു. ബ്രിട്ടൻ ദുർബലമാകുംതോറും ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്നതിനുള്ള അവസരം വർദ്ധിക്കുമെന്നായിരുന്നു നമ്മുടെ ചിന്ത. അമേരിക്ക ബ്രിട്ടീഷുകാരോടു കൂടെ ചേർന്നതിനാൽ നമ്മുടെ സ്വാതന്ത്ര്യപ്രാപ്തി വീണ്ടും അകലുകയാണെന്നു നാം കണക്കാക്കി. മാത്രമല്ല, അറ്റ്ലാന്റിക് ചാർട്ടറിലെ വാചകക്കസർത്ത്, സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും ന്യായീകരിക്കുന്നതിന്റെ പേരിൽ വുഡ്രോ വിൽസൺ ഒന്നാം ലോകമഹായുദ്ധ പ്രത്യയശാസ്ത്രത്തെ പിന്തുണച്ച അതേ വാക്യങ്ങളുടെ പുനരുത്ഥാനം മാത്രമായിരുന്നു. എല്ലാ ജനതകൾക്കും സ്വയം നിർണയാവകാശം; നല്ലത് - പക്ഷേ ബ്രിട്ടീഷ് കോളനികൾക്കില്ല. അക്കാലത്ത് ആ കാപട്യത്തിന്റെ ഒരു ഭാഗം മാത്രമേ ഞാൻ മനസ്സിലാക്കിയുള്ളു.

## പോസ്റ്റൽ ജീവനക്കാരൻ

ഏതായാലും എന്റെ ഔദ്ധത്യമൊക്കെയുണ്ടായിട്ടും ഞാൻ മത്സരപ്പരീക്ഷയിൽ വിജയിയായി. കൊളോണിയൽ ഗവൺമെന്റിന്റെ പോസ്റ്റ് ആന്റ് ടെലിഗ്രാഫ് ഡിപ്പാർട്ടുമെന്റിൽ ഞാൻ ജോലിക്കു കയറി. എന്റെ ശമ്പളം പെട്ടെന്ന് 15 രൂപയിൽ നിന്ന് 39 രൂപയായി ഉയർന്നു-പ്രതിമാസം. കൊച്ചിയിലെ ഹെഡ് പോസ്റ്റോഫീസിൽ കുറച്ചു കാലം ജോലി ചെയ്ത ശേഷം ഞാൻ മദ്രാസിൽ മോഴ്സ് ടെലിഗ്രാഫിക് സിഗ്നലിങ്ങിൽ പരിശീലനത്തിനു നിയോഗിതനായി. മദ്രാസിലെ കോടമ്പാക്കത്തായിരുന്നു ഞങ്ങളുടെ പരിശീലനകേന്ദ്രം. അടുത്തൊരു ലോഡ്ജിൽ മറ്റു പരിശീലിതരോടൊപ്പം ഞാൻ താമസിച്ചു. തമിഴ്, തെലുങ്ക്, കന്നഡ എന്നീ നാടുകളിലെ യുവാക്കളുമായി എന്റെ ആദ്യസമ്പർക്കം. എല്ലാവരും സമർത്ഥരായ യുവാക്കൾ; നല്ല സുഹൃത്തുക്കളായി ഞങ്ങൾ.

ടെലിഗ്രാഫി പഠിക്കുന്നതിനു പുറമെ സ്വന്തമായി ഞാൻ കുറെ പഠനങ്ങളിലേർപ്പെട്ടു. തമിഴ് എഴുതാനും വായിക്കാനും ഞാൻ പഠിച്ചു - ചില തമിഴ് സുഹൃത്തുക്കളുടെ സഹായത്തോടെ. തമിഴും മലയാളവും ദ്രാവിഡ കുടുംബത്തിൽപെട്ട സഹോദരഭാഷകളാണ് - മലയാളത്തിൽ സംസ്കൃതത്തിന്റെ സ്വാധീനം കുറച്ചു കൂടുതലുണ്ടെന്നു മാത്രം.

തമിഴരുടെ ചില രീതികൾ എന്നിൽ താല്പര്യമുണർത്തി. തമിഴ് ഭക്ഷണരീതി ഞാൻ പ്രയാസം കൂടാതെ സ്വായത്തമാക്കി. വീട്ടിൽ ഞാൻ ഭക്ഷണത്തിൽ പ്രത്യേകിച്ചു ഇഷ്ടാനിഷ്ടങ്ങൾ വളർത്തിയിട്ടില്ലായിരുന്നുവെന്നത് ഉപകാരമായി. പാൽക്കാരൻ പശുവിനെ നമ്മുടെ വീട്ടിൽ കൊണ്ടുവന്ന് നമ്മുടെ പാത്രത്തിലേക്കു പാൽ കറന്നു വീഴ്ത്തിത്തരുമെന്നത് ആഹ്ലാദകരമായിരുന്നു. സ്വാഭാവികമായ ചൂടോടുകൂടി പാൽ കുടിക്കാൻ അത് അവസരം നല്കി. കൊച്ചിയേക്കാൾ വളരെവലിയ പട്ടണമായിരുന്നു

മദ്രാസ്. പക്ഷേ സുഹൃത്തുക്കളോടൊന്നിച്ചു കുറച്ചു സ്ഥലങ്ങൾ കണ്ടു എന്നതൊഴിച്ചാൽ സാഹസികോദ്യമങ്ങൾക്കൊന്നും ഞാൻ ഒരുമ്പെട്ടില്ല.

## ക്വിറ്റിന്ത്യാപ്രസ്ഥാനം

1942-ലെ ക്വിറ്റിന്ത്യാ പ്രസ്ഥാനമാണ് മനസ്സിൽ തങ്ങിനില്ക്കുന്ന ഒരോർമ. ജപ്പാൻകാർ 1941 ഡിസംബറിൽ പേൾ ഹാർബർ ആക്രമിച്ചു. ഇന്ത്യയെയും അവർ ആക്രമിച്ചേക്കുമെന്ന ഭയപ്പാടു പൊന്തിനിന്നു. അങ്ങനെ സംഭവിച്ചാൽ ഇന്ത്യക്കാരുടെ കൂറ് ആരോടായിരിക്കുമെന്നതു സംശയാസ്പദമായി. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ചട്ടക്കൂടിനുള്ളിൽ ഇന്ത്യയ്ക്കു "പൂർണ്ണഡൊമീനിയൻ പദവി" നൽകി ഇന്ത്യയെ പ്രീണിപ്പിക്കാമെന്ന ലാക്കോടെ ചർച്ചിൽ തന്റെ പ്രത്യേക പ്രതിനിധിയായി സർ സ്റ്റാഫോർഡ് ക്രിപ്സിനെ ഇന്ത്യയിലേക്കയച്ചു. ക്രിപ്സ് ഒരു സോഷ്യലിസ്റ്റും നെഹ്രുവിന്റെയും മറ്റും സുഹൃത്തുമായിരുന്നു. എന്നാൽ ഇന്ത്യൻ ജനത ആവശ്യപ്പെട്ടത് പൂർണ്ണസ്വരാജ് - പൂർണ്ണസ്വാതന്ത്ര്യം - ലഭിക്കണമെന്നതായിരുന്നു. കൂടിയാലോചിക്കാൻ ക്രിപ്സിനെ അധികാരപ്പെടുത്തിയിരുന്നില്ല. കോളനിപദവിയിൽ നിന്നു ഡൊമീനിയൻ പദവിയിലേക്കുള്ള ഉയർച്ച വാഗ്ദാനം ചെയ്യുകമാത്രം. ആ നിർദേശം ഇന്ത്യ നിരാകരിച്ചു.

ജപ്പാന്റെ ഭീഷണി നിലനില്ക്കുന്നിടത്തോളം സ്വാതന്ത്ര്യം നേടുക ഇന്ത്യയ്ക്ക് വിപല്ക്കരമാണെന്നും ഇന്ത്യ സംരക്ഷണാർത്ഥം ബ്രിട്ടന്റെ കുടക്കീഴിൽ നില്ക്കണമെന്നുമുള്ളതായിരുന്നു ബ്രിട്ടന്റെ ഒരു വാദം. മഹാത്മാഗാന്ധിയിലൂടെ ഇന്ത്യ ഇതിനു മറുപടി നല്കി: "ജോൺ ബുൾ, നിങ്ങൾ ഇന്ത്യ വിട്ടുപോവുക. സ്വതന്ത്രഭാരതം, സ്വകീയമായ അക്രമരഹിതമാർഗ്ഗങ്ങളുപയോഗിച്ച് ജപ്പാൻകാരെ കൈകാര്യം ചെയ്തുകൊള്ളും. ഞങ്ങളുടെ മണ്ണിൽ നിങ്ങളുടെ സാന്നിധ്യം ജപ്പാൻകാരെ പ്രകോപിപ്പിക്കുകയേയുള്ളു." ഇന്ത്യ വിട്ടുപോകാൻ ജോൺ ബുൾ വിസമ്മതിച്ചു. ഏതാണ്ട് 60,000 ഇന്ത്യക്കാരെ അവർ ജയിലിലടച്ചു. ഇന്ത്യൻ ജനതയെ ഭയപ്പെടുത്തി വിപ്ലവം അടിച്ചമർത്താൻ ബ്രിട്ടീഷുകാർ ഞങ്ങളുടെ ഏതാനും നഗരങ്ങളെ ബോംബർ വിമാനങ്ങളുപയോഗിച്ച് ആക്രമിക്കുകപോലുമുണ്ടായി.

അറ്റ്ലാന്റിക് ചാർട്ടറിനെപ്പറ്റിയുള്ള ഇന്ത്യയുടെ ധാരണ ശരിയായിരുന്നു. 1942-ൽ അമേരിക്ക സഖ്യകക്ഷികളുടെ യുദ്ധോദ്യമങ്ങളിൽ ചേർന്നതോടെ, ഇന്ത്യയിലെ വിപ്ലവത്തെ കൈകാര്യം ചെയ്യാൻ ബ്രിട്ടീഷുകാർക്ക് ഇടവേള ലഭിച്ചു. അവർ ആ തക്കം മൃഗീയമായരീതിയിലും കാര്യക്ഷമമായും വിനിയോഗിച്ചു. ജപ്പാൻകാർക്കെതിരായി ആഞ്ഞടിക്കാൻ അമേരിക്കൻ യുദ്ധവിമാനങ്ങൾ ബോംബെയിൽനിന്നും കൽക്കട്ടായിൽ നിന്നും ഉയർന്നുപൊങ്ങിയ സമയത്തു ബ്രിട്ടീഷുകാർ ഇന്ത്യയിൽ വിപ്ലവകാരികളെ വെടിവച്ചു വീഴ്ത്തുന്നതിൽ വ്യാപൃതരായി.

ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഞാൻ മദ്രാസിലാണ്. എന്റെ രാജ്യാഭിമാനം ജ്വലിച്ചു. യൂണിവേഴ്സിറ്റി വിദ്യാർത്ഥികളോടൊപ്പം ഞാനും തൊണ്ടതുറന്നു പ്രതിഷേധ സ്വരം മുഴക്കി: "ജോൺ ബുൾ, ഇന്ത്യ വിട്ടു പോകൂ. ഈങ്ക്വിലാബ് സിന്ദാബാദ്" (വിപ്ലവം നീണാൾ വാഴട്ടെ എന്ന

തിന്റെ ഉറുദുരൂപം). യാത്ര മുടക്കാൻ ലോക്കൽ ട്രയിനുകളിൽ അലാറം ചെയിൻ പിടിച്ചുവലിക്കുന്ന കോളജുവിദ്യാർത്ഥികളുടെ കൂട്ടത്തിൽ ഞാനും ചേർന്നു. ഞാൻ ചെയിൻ വലിച്ചില്ലെങ്കിലും ആ ഗണത്തിൽ ചേരുക ആ ഉദ്യമത്തോടു താദാത്മ്യം പ്രാപിക്കുകയാണല്ലോ. ആഹ്ലാദപ്രദമെങ്കിലും അപകടകരമായിരുന്നു ആ ഉദ്യമം. ഞങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ "ഏറ്റവും അനുസരണയുള്ള ഭൃത്യന്മാരാ"ണെന്നു പരിഗണിക്കപ്പെട്ടിരുന്നു.

മദ്രാസിനു സമീപം (നഗരത്തിലല്ല) ജപ്പാൻകാർ ഒരു ബോംബിട്ടതായി താമസിയാതെ കേട്ടു. വേണ്ടിവന്നാൽ ഞങ്ങൾക്ക് ഇന്ത്യയിൽ ബോംബു വർഷിക്കാൻ കഴിയുമെന്ന് ബ്രിട്ടീഷുകാരെ ധരിപ്പിക്കുകയായിരുന്നിരിക്കാം അതിന്റെ ഉദ്ദേശ്യം. ആർക്കറിയാം, അതു ബ്രിട്ടീഷ് പോർവിമാനങ്ങളുടെ ഒരു സൂത്രമായിരുന്നില്ലെന്ന്! ഒരു ബോംബ് ഇട്ടെന്നും അതൊരു കോഴിയെ കൊന്നുവെന്നും മനുഷ്യരാരും മരിച്ചിട്ടില്ലെന്നും പത്രവാർത്ത വായിച്ച തോർക്കുന്നു.

## സുഭാഷ് ചന്ദ്രബോസ്

ഈ ഘട്ടത്തിലാണ് ധീരനും പ്രഗത്ഭനുമായ ഒരു ദേശീയ നേതാവായിരുന്ന സുഭാഷ് ചന്ദ്രബോസ് (1938-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡണ്ട്. 1940-ൽ അദ്ദേഹം ഗാന്ധിജിയോടും നെഹ്രുവിനോടും തെറ്റിപ്പിരിഞ്ഞു.) ഇന്ത്യൻ നാഷണൽ ആർമി സംഘടിപ്പിക്കാൻ തുടങ്ങിയത്. ജപ്പാന്റെയും ജർമ്മനിയുടെയും പിന്തുണയോടു കൂടി ഇന്ത്യയെ ആക്രമിച്ച് ബ്രിട്ടീഷുകാരിൽനിന്നു ഇന്ത്യയെ മോചിപ്പിക്കുകയായിരുന്നു ബോസിന്റെ ലക്ഷ്യം. ജർമ്മനിയിൽ യുദ്ധത്തിൽ പിടിക്കപ്പെട്ട ഇന്ത്യക്കാർ, വിമോചിതരായ ബ്രിട്ടീഷ് ഇന്ത്യൻ യുദ്ധത്തടവുകാർ (പ്രത്യേക ഉദ്ദേശ്യത്തോടെ ജപ്പാൻകാർ ഈ തടവുകാരെ വിട്ടയയ്ക്കുകയായിരുന്നു), മലേഷ്യ,സിംഗപ്പൂർ, ബർമ എന്നിവിടങ്ങളിൽ നിന്നും മറ്റുമായി ചേർന്ന ഇന്ത്യൻ വോളണ്ടിയർമാർ എന്നിവരാണ് ഈ വോളണ്ടിയർ സൈന്യത്തിൽ അംഗങ്ങൾ. ജപ്പാൻ, ജർമ്മനി എന്നീ രാജ്യങ്ങളുടെ സഹായത്തോടെ 50,000 വരുന്ന ഒരു സൈന്യത്തിനു ബോസ് പരിശീലനം നല്കി.

ബോസ് 1943 ഒക്ടോബറിൽ ഒരു സ്വതന്ത്ര ഇന്ത്യൻ ഗവൺമെന്റ് രൂപവല്ക്കരിച്ചതായി പ്രഖ്യാപനം ചെയ്തു. ബർമ (മ്യാൻമർ) യിൽ നിന്ന് ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശത്തെ (ഇംഫാൽ) ആക്രമിക്കുകയും ചെയ്തു. വാഗ്ദാനപ്രകാരം ജാപ്പനീസ് വിമാനങ്ങളുടെ പിന്തുണ ലഭിക്കാതെ വന്നതിനാൽ, ബ്രിട്ടീഷ് ഇന്ത്യൻ ആർമിക്ക്, ഇന്ത്യൻ നാഷണൽ ആർമിയെ ക്ഷണേന തുരത്താൻ കഴിഞ്ഞു. ബോസ് തിരോധാനം ചെയ്തു. അതിനുശേഷം അദ്ദേഹം എവിടെയും പ്രത്യക്ഷനായിട്ടില്ല. ഒരു വിമാനാപകടത്തിനുശേഷം അദ്ദേഹം തായ്‌വാനിൽ ഒരു ആശുപത്രിയിൽ മരിച്ചതായി പറയപ്പെടുന്നു.

അമ്പതുവർഷം മുമ്പാണത്. മൊത്തത്തിൽ ഈ പ്രതിഭാസത്തോടുള്ള എന്റെ പ്രതികരണം പരസ്പരവിരുദ്ധമായിരുന്നു. "രാജ്യാഭിമാനികളിൽ രാജ്യാഭിമാനി" എന്നാണു മഹാത്മാഗാന്ധി ബോസിനെ വിശേഷിപ്പിച്ചത്.

ആ വിശേഷണം ബോസ് അർഹിക്കുന്നുവെന്നാണെന്റെ പക്ഷവും. ബോസ് ധീരനും ത്യാഗിയും യാഥാർത്ഥ്യബോധമുള്ള നേതാവുമായിരുന്നു. ബ്രിട്ടന്റെ അധികാരത്തോടുള്ള അദ്ദേഹത്തിന്റെ മറുതലിപ്പ് എന്റെ ആദരം പിടിച്ചുപറ്റി.

അതിപ്രശസ്തമായ ഇന്ത്യൻ സിവിൾ സർവ്വീസ് പരീക്ഷ അദ്ദേഹം കേംബ്രിഡ്ജിൽ വച്ചു പാസായി. പക്ഷേ സാമ്രാജ്യത്വസമ്പ്രദായത്തോടുള്ള തന്റെ അവഹേളനത്തിന്റെ സൂചനയായി ബോസ് തന്റെ സർട്ടിഫിക്കറ്റ് പരസ്യമായി കീറിക്കളഞ്ഞു. ഈ നടപടിയും എന്നെ ആവേശംകൊള്ളിച്ചു. പക്ഷേ രണ്ടു കാര്യങ്ങൾ എനിക്ക് അംഗീകരിക്കാനായില്ല. ഇന്ത്യയുടെ മോചനത്തിന് നാസി ജർമ്മനിയുടെ പിന്തുണ തേടിയതും, പരാജയപ്പെടുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ ഇന്ത്യയെ ആക്രമിച്ച മൗഢ്യവും. ബോസിന് കരുത്തുണ്ടായിരുന്നു. അല്പംകൂടി വ്യത്യസ്തമായ തന്ത്രജ്ഞത പ്രദർശിപ്പിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന് വേറൊരു തരത്തിലുള്ള സ്വതന്ത്രഭാരതം കരുപ്പിടിപ്പിക്കാൻ കഴിഞ്ഞേനേ.

മറുവശത്ത് മഹാത്മാഗാന്ധി ആദ്ധ്യാത്മികമായി കൂടുതൽ ആകർഷകനായ വ്യക്തിയായിരുന്നു. യഥാർത്ഥത്തിൽ ഭാരതീയനും യഥാർത്ഥത്തിൽ സാർവലൗകികനും. കഴിഞ്ഞ രണ്ടു നൂറ്റാണ്ടിനകത്ത് ലോകം കണ്ടിട്ടുള്ള ഏറ്റവും ഉത്തമമായ മനുഷ്യമാതൃക! ബോസ് നെഹ്രുവിനെപ്പോലെ കേംബ്രിഡ്ജിൽ പരിശീലിച്ച പാശ്ചാത്യ ഉൽപതിഷ്ണുവായിരുന്നു. തന്റെ വിപ്ലവമാർഗങ്ങളിൽ കുറെക്കൂടി തീക്ഷ്ണവാനായിരുന്നുവെന്നു മാത്രം. ഗാന്ധിജിയാകട്ടെ കലർപ്പില്ലാത്ത ആർജവത്വത്തിന് ഉടമയായിരുന്നു. എല്ലാവരോടും ആത്മാർത്ഥമായ സ്നേഹവും സഹാനുഭൂതിയും ഉള്ള ഒരു മനുഷ്യസ്നേഹി. ദരിദ്രരോടും കഷ്ടപ്പെടുന്നവരോടും അദ്ദേഹം അടുപ്പം പുലർത്തി. ലാളിത്യംകൊണ്ട് അവരോട് താദാത്മ്യപ്പെട്ടു. ആഴമേറിയ മതാത്മകതയും രാഷ്ട്രീയമായ കൂർമബുദ്ധിയും അദ്ദേഹത്തിൽ വെട്ടിത്തിളങ്ങി.

ഞാൻ ആദരിച്ച മറ്റൊരു ഭാരതീയനാണ് രവീന്ദ്രനാഥ ടാഗോർ. അദ്ദേഹത്തിന്റെ ഗീതാഞ്ജലിയും പോസ്റ്റോഫീസും ഫലവർഗ്ഗം ശേഖരിക്കുന്നവനും (fruit gathering) മറ്റു കവിതകളും എന്റെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു. ജീവിതനിഗൂഢതയെ ടാഗോർ സ്പർശിച്ചറിഞ്ഞു. അദ്ദേഹം പാശ്ചാത്യ ഉൽപതിഷ്ണുവായിരുന്നില്ല. അദ്ദേഹം അദൃശ്യമായതിന്റെ കവിയും യഥാർത്ഥ സൗന്ദര്യത്തിന്റെ ഗായകനും പരിശുദ്ധിയുടെ ആവിഷ്കർത്താവുമായിരുന്നു. പോസ്റ്റോഫീസിൽ എന്റെ സഹപ്രവർത്തകനും സുഹൃത്തുമായ വർഗീസ് മാത്യു (ചിന്തകൻ എന്നാണു ഞങ്ങൾ സ്നേഹപൂർവ്വം അദ്ദേഹത്തെ വിളിക്കുക) ടാഗോറിന്റെ കൃതികൾ എന്നെ വായിച്ചു കേൾപ്പിക്കുകയും ഓർമയിൽ നിന്ന് പലതും എന്നെ പാടികേൾപ്പിക്കുകയും ചെയ്യുമായിരുന്നു. ഇന്ത്യയുടെ മോചനം തന്റേതായ വീക്ഷണത്തിൽ അദ്ദേഹം ഗാഢമായി ആഗ്രഹിച്ചു. എങ്കിലും ഗാന്ധിജിയിൽ നിന്നും നെഹ്രുവിൽ നിന്നും അദ്ദേഹം കുറെ അകന്നുനിന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം ഒരിക്കലും കേന്ദ്രസ്ഥാനത്തു പ്രവേശിച്ചില്ല.

1947-ൽ സ്വാതന്ത്ര്യം നേടിയ ഇന്ത്യയുടെ ത്രിമൂർത്തികളായി ഗാന്ധിയെയും ടാഗോറിനെയും നെഹ്രുവിനെയും ഞാൻ വിഭാവനം ചെയ്തു.

## ട്രേഡ്യൂണിയൻ സെക്രട്ടറി

ഇന്ത്യൻ പോസ്റ്റ് ആന്റ് ടെലിഗ്രാഫ് യൂണിയന്റെ തിരുവിതാംകൂർ - കൊച്ചി സംസ്ഥാനങ്ങളിലെ അസോഷ്യേറ്റ് സെക്രട്ടറിയായി താമസിയാതെ ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. ആ നിലയ്ക്കു ഈ രണ്ടു സംസ്ഥാനങ്ങളിലും ബ്രിട്ടീഷുകാർക്കെതിരായി ഒന്നാമത്തെ ദേശവ്യാപകമായ പോസ്റ്റ് - ടെലിഗ്രാഫ് തൊഴിലാളികളുടെ പണിമുടക്കു സംഘടിപ്പിക്കുന്ന ചുമതല എന്റെ തോളിൽപതിച്ചു. ന്യായയുക്തമായ ഞങ്ങളുടെ പല ഡിമാന്റുകളും കൊളോണിയൽ ഭരണകൂടം അനുവദിച്ചു. അവസാനനിമിഷം പൊതുജനങ്ങളുടെ അസൗകര്യം ഒഴിവാക്കാൻ പണിമുടക്ക് പിൻവലിക്കുകയുണ്ടായി.

1947-ൽ ഞാൻ പോസ്റ്റ്ഓഫീസിലെ എന്റെ ജോലി രാജിവച്ച് എത്യോപ്യയിലേക്കു പുറപ്പെട്ടപ്പോൾ ഇന്ത്യൻ ട്രേഡ് യൂണിയൻ ജേണൽ എന്റെ ചിത്രവും ഒരു അഭിനന്ദനക്കുറിപ്പും പ്രസിദ്ധീകരിക്കുകയുണ്ടായി.

## ചുക്കാനില്ലാത്ത പ്രയാണം

1947-ൽ ഞാൻ എറണാകുളത്തു ജോലി നോക്കുകയായിരുന്നു. ഒരു വീടു വാടകയ്ക്കെടുക്കാനും ഒരു ഭൃത്യനെ ജോലിക്കു നിയോഗിക്കാനും അന്നെനിക്കു കഴിയും. എന്റെ കനിഷ്ഠ സഹോദരൻ എബ്രഹാം അന്ന് എന്നോടൊപ്പം താമസിച്ചു ബി. കോമിനു പഠിക്കുന്നു. എന്റെ സീമന്ത സഹോദരൻ പൗലോസ് ബ്രിട്ടീഷ് ഇന്ത്യൻ നേവിയിലാണ്. ആസ്ഥാനം ബോംബെ. അദ്ദേഹത്തിന്റെ യുവതിയായ ഭാര്യയും ഞങ്ങളോടൊപ്പം എറണാകുളത്തു പാർക്കുന്നു. തൃപ്പൂണിത്തുറയിലെ വീട്ടിലെ ചുറ്റുപാടുകൾ അന്നും ദുസ്സഹമായി തുടരുകയാണ്.

ഒരളവിൽ ജനസമ്മതിയുള്ള, സാധാരണഗതിയിൽ സന്തുഷ്ടനായ യുവാവാണു ഞാൻ. പക്ഷേ അടിസ്ഥാനപരമായി എന്റെ ജീവിതരീതി എനിക്കു സംതൃപ്തി തന്നില്ല എന്നതാണു വാസ്തവം. ഞാൻ ക്രമമായി പള്ളിയിൽ പോയിരുന്നു. ദൈവവുമായുള്ള സംഭാഷണം ഈ വർഷങ്ങളിൽ തുടർന്നുപോന്നു. എന്റെ ജീവിതരീതിയ്ക്ക് ഞാൻ ഓരോ ഒഴിവുകഴിവു ദൈവത്തോടു പറയും. പ്രകടമായി ദുഷ്ടമോ പാപമയമോ ആയിരുന്നില്ലെങ്കിലും സാമാന്യേന അർത്ഥരഹിതമായ ജീവിതരീതി ആയിരുന്നു എന്റേതെന്നു പറയാം. ലക്ഷ്യനിഷ്ഠമല്ലാത്ത യാത്ര, ഗൗരവം കുറഞ്ഞ ജീവിതശൈലി, പറയത്തക്ക റൊമാൻസു പോലുമില്ല. എന്റെ സങ്കല്പഭാവനയ്ക്കു ശോഭ പകർന്ന ആരെയും ഞാൻ കണ്ടുമുട്ടിയില്ല.

## സുഹൃത്തിന്റെ മരണം - ഒരു സുപ്രധാന വഴിത്തിരിവ്

മദ്ധ്യവയസ്കനും ഒരു സുഹൃത്തുമായിരുന്ന ഡോ. പുത്തൂരാൻ അന്തരിച്ച വാർത്ത ഒരു ദിവസം എത്തിച്ചേർന്നു. വിജയശ്രീലാളിതനായ ഒരു കണ്ണുരോഗവിദഗ്ധനായിരുന്നു അദ്ദേഹം. അരോഗദൃഢഗാത്രൻ, ഊർജ്ജസ്വലനായ സ്പോർട്ട്സ്മാൻ. ഹൃദ്രോഗം നിമിത്തമാണ് അദ്ദേഹം മരിച്ചത്.

കൈയിൽ ടെന്നിസ് റാക്കറ്റുമായി ടെന്നിസ് ക്ലബിലേയ്ക്കു പ്രവേശിക്കുന്ന കവാടത്തിങ്കൽവച്ചായിരുന്നു അന്ത്യം. ഞാൻ ഞെട്ടി. ശോകം എന്നെ വികാരവിധുരനാക്കി. ജീവിതത്തിന്റെ നശ്വരതയെപ്പറ്റി കൂടുതലായി ചിന്തിക്കാൻ ഈ സംഭവം പ്രേരണ ചെലുത്തി. അന്നുരാത്രി എന്റെ കിടക്കമുറിയുടെ ഏകാന്തതയിൽ ഞാനെന്റെ ദൈവവുമായി ദീർഘമായി സംഭാഷിച്ചു.

"അതേ, കർത്താവേ, അദ്ദേഹത്തെപ്പോലെ ഞാനും മരിച്ചേക്കാമെന്ന് ഞാനറിയുന്നു. എന്റെ ജീവിതം ഭേദഗതി ചെയ്ത് മേൽത്തരം ഫലം കായ്ക്കത്തക്കവിധമാക്കണം. എനിക്കാഗ്രഹമുണ്ടെന്ന് അവിടുത്തേക്കറിയാമല്ലോ. പക്ഷേ എന്റെ സുഹൃത്തുക്കളേയും അങ്ങേയ്ക്ക് അറിയാം. ഞാൻ നാളെ പൊടുന്നനവേ പ്രകടമായ ഭക്തിജീവിതത്തിലേക്കു തിരിഞ്ഞാൽ അവരെന്നെ പരിഹസിക്കും. അതെനിക്കു സഹിക്കാൻ വയ്യ. ഈ സമൂഹത്തിൽ ജീവിതം തുടരുന്നിടത്തോളം അനുതപിക്കാനോ ശൈലിമാറ്റാനോ എനിക്കു ധൈര്യമില്ല. പക്ഷേ ഞാനൊന്നു വാഗ്ദാനം ചെയ്യുന്നു. എന്നെ തികച്ചും പുതിയ ഒരു സാഹചര്യത്തിൽ മാറ്റി പ്രതിഷ്ഠിക്കുന്ന പക്ഷം, ഞാനൊരു വ്യത്യസ്ത വ്യക്തിയായിത്തീരും. അവിടുത്തോട് പൂർണ അനുസരണവും പൂർണസമർപ്പണവും വിധേയത്വവുമുള്ള വ്യക്തി. ഞാൻ വാഗ്ദാനം ചെയ്യുന്നു."

ആ വാഗ്ദാനത്തിനു പകുതി ഗൗരവമേയുള്ളുവെന്ന് എനിക്കറിയാമായിരുന്നു. ദൈവം എന്റെ വാഗ്ദാനത്തെ പൂർണഗൗരവത്തോടെ എടുക്കുകയില്ലെന്നും ഞാൻ കരുതി. ഞാൻ പകുതി ഗൗരവത്തിലായതിനാൽ അദ്ദേഹം അതു കാര്യമായി എടുക്കാനും മതി. അദ്ദേഹം അതിനു തയ്യാറായിയെന്നു താമസിയാതെ വ്യക്തമായി.

പിറ്റേദിവസമായിരുന്നു പുത്തൂരാന്റെ ശവസംസ്ക്കാരം. ഓർത്തഡോക്സ് സഭയുടെ രീതിയിലുള്ള ലളിതമായ പരമ്പരാഗത ചടങ്ങ് 10 മണിയോടെ തീർന്നു. അന്ന് ഉച്ചതിരിഞ്ഞു രണ്ടുമണി മുതൽ ഒമ്പതു മണിവരെയായിരുന്നു എനിക്ക് ടെലഗ്രാഫ് ഡ്യൂട്ടി.

ശവസംസ്ക്കാരം കഴിഞ്ഞു ഞാൻ ഡോക്ടർ പുത്തൂരാന്റെയും എന്റെയും പൊതുസുഹൃത്തായ മാത്യു ചൂളക്കലിന്റെ റേഡിയോ സ്റ്റോർമുറിയിലിരുന്നു സ്മര്യപുരുഷനെപ്പറ്റി പലതും സംസാരിച്ചു. പെട്ടെന്നു മാത്യു പറഞ്ഞു, 'എനിക്ക് ഉടൻ ആലുവായ്ക്കു പോകണം. കൂടെ വരുന്നോ? ജോലിക്കുകയറുന്ന സമയത്തുതന്നെ തിരിച്ചെത്താം.' ശവസംസ്ക്കാരത്തിനുശേഷം ഒരു മാറ്റം ഞാനും ആഗ്രഹിച്ചതാണ്. ഞാൻ ഉടൻതന്നെ സമ്മതം മൂളി.

ആ സമയത്ത് സമീപത്തുള്ള ഇൻഡ്യൻ എയർലൈൻസ് ഓഫീസിലെ വെള്ള യൂണിഫോം അണിഞ്ഞ ഒരു ഉദ്യോഗസ്ഥൻ കടയിലേക്കു കയറി വന്നു. കൂടെ ഒരു വെള്ളക്കാരനുമുണ്ട്. ഉദ്യോഗസ്ഥൻ വിദേശിയനെ ഞങ്ങൾക്കു പരിചയപ്പെടുത്തി: "ഇദ്ദേഹത്തിന് ആലുവാ വരെ പോകണം. അവിടെയെത്താൻ ഏതു ബസ്സിൽ കയറണമെന്നു പറഞ്ഞു കൊടുക്കാമോ?"

'ഞങ്ങൾ ഇപ്പോൾത്തന്നെ കാറിൽ ആലുവായ്ക്കു പുറപ്പെടുകയായി.

ചെറിയ കാറാണ്. അസൗകര്യം തോന്നുന്നില്ലെങ്കിൽ ഞങ്ങളുടെ കൂടെ വന്നാലും.' എന്റെ സുഹൃത്ത് പറഞ്ഞു.

കാനഡാക്കാരനായ ഡോ. റോബർട്ട് എൻ. തോംസൺ ആയിരുന്നു ആ വിദേശിയൻ. എത്യോപ്യയിൽ നിന്നു വന്നതാണ്. എത്യോപ്യയെപ്പറ്റിയും ഹെയ്‌ലി സെലാസി ചക്രവർത്തിയെപ്പറ്റിയും വിവരങ്ങൾ ശേഖരിക്കാൻ എനിക്കാഗ്രഹം തോന്നി. ഞങ്ങൾ കുറെനേരം സംസാരിച്ചശേഷം കാറിൽ കയറി. കാറിലിരുന്നും ഞാൻ എത്യോപ്യയെപ്പറ്റി പലവിധ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു.

പത്തുമിനിട്ടിനകം ഞങ്ങൾ കൊച്ചിയുടെ അതിർത്തികടന്നു തിരുവിതാംകൂറിനുള്ളിൽ പ്രവേശിച്ചു. ആലുവാ, തിരുവിതാംകൂർ പ്രദേശത്താണ്. പെട്ടെന്ന് കാർ നിർത്തി. അവിടെ റോഡിൽ ഒരു അപകടം സംഭവിച്ചിരിക്കുന്നു. ഒരു തിരുവിതാംകൂർ മിലിട്ടറി ട്രക്ക് ഒരു പാലത്തിലേക്കുള്ള പ്രവേശനത്തിങ്കൽ ഒരു കാളവണ്ടിമേൽ ചെന്നിടിക്കാൻ പരുവത്തിലായി. കാളവണ്ടിയിലിടിക്കാതെ തെന്നിമാറാനുള്ള ശ്രമത്തിൽ ട്രക്ക് റോഡിൽനിന്നു പാളി ഇരുപതടി താഴെ ഒരു പാടത്തേക്കു വീണു. ട്രക്കിനകത്തു നിന്നുയാത്ര ചെയ്തിരുന്ന പട്ടാളക്കാരിൽ പലരും വാഹനത്തിൽ നിന്നു തെറിച്ചു പാടത്തു വീണുകിടന്നു. അവരിൽ ഒരാളുടെ ശിരസിൽനിന്ന് രക്തം ഊർന്നുവീഴുന്നുണ്ട്. ഒരു ചെറിയ ആൾക്കൂട്ടം വന്നുചേർന്നിരുന്നു. പക്ഷേ ആരും സഹായിക്കാൻ മുതിർന്നില്ല.

തോംസൺ ചോദിച്ചു, "ആരും ഒന്നും ചെയ്യാത്തതെന്താണ്? പ്രഥമ ശുശ്രൂഷ നൽകാത്തപക്ഷം ആ മനുഷ്യൻ മരിക്കും."

മാത്യു പറഞ്ഞു: "തിരുവിതാംകൂർ മിലിട്ടറിയുമായോ പോലീസുമായോ ഇടപെടാൻ ആർക്കും മനസ്സില്ല."

തോംസൺ പറഞ്ഞു, "എന്തുചെയ്യാൻ കഴിയുമെന്നു നോക്കാൻ ഞാൻ ഇറങ്ങുകയാണ്."

"ഞാനും കൂടെ വരുന്നു" എന്നു പറഞ്ഞുകൊണ്ട് തോംസന്റെ പിറകെ ഞാൻ കാറിൽനിന്നിറങ്ങി. കുറച്ചു തുണിയും വെള്ളവും സംഘടിപ്പിക്കാൻ ഞങ്ങൾ കൂടെ നിന്നവരിൽ ചിലരെ പ്രേരിപ്പിച്ചു. ആ മനുഷ്യന്റെ മുറിവ് വൃത്തിയാക്കി ഞങ്ങൾ വച്ചുകെട്ടി. തോംസൺ ഒരു ഞരമ്പുരോഗ ഡോക്ടറാണെന്നു പിന്നീട് മാത്രമാണ് ഞാൻ മനസ്സിലാക്കിയത്. ഇതിനിടയിൽ മാത്യു കാറിൽപോയി ഒരു ആംബുലൻസ് വിളിച്ചുകൊണ്ടുവന്നു. എല്ലാം കൂടി ഇരുപതു മിനിട്ടു സമയമേ എടുത്തുള്ളു. ഇതിനിടയിൽ തോംസണും എനിക്കും തമ്മിൽ ഒരു ബന്ധം വളർന്നു.

ഞങ്ങൾ യാത്ര തുടർന്നു. തന്റെ വാസ്തവത്തിലുള്ള ലക്ഷ്യം കോട്ടയമാണെന്നും ആ സ്ഥലത്തേക്കുള്ള ബസിൽകയറുവാനാണ് ആലുവായ്ക്കു പോകുന്നതെന്നും കാറിൽവച്ച് തോംസൺ പറഞ്ഞു. ആംഗ്ലിക്കൻ സഭയിലെ ബിഷപ്പ് സി. കെ. ജേക്കബ് തിരുമേനിയെ സന്ദർശിക്കാനാണ് അദ്ദേഹം പോകുന്നത്. ഞങ്ങൾ തോംസണെ ആലുവാ ബസ് സ്റ്റേഷനിൽ ഇറക്കിവിട്ടു. മാത്യു ആലുവായിൽ എന്തോ കാര്യം സാധി

ക്കാൻ പോയപ്പോൾ തോംസണു ടിക്കറ്റ് ശരിയാക്കിക്കൊടുക്കാൻ എന്നെ നിയോഗിച്ചു. മാത്യു വേഗം തന്നെ തിരികെ വന്നു. എനിക്ക് ടെലിഗ്രാഫ് ഓഫീസിൽ ജോലിക്ക് സമയത്തെത്തണം. ഞാൻ കാറിൽ കയറിയിരുന്നു. തോംസൺ ഡ്രൈവിംഗ് വീലിനു സമീപംനിന്ന് മാത്യുവിനോടു യാത്ര പറഞ്ഞു. അനന്തരം അദ്ദേഹം എന്റെ അടുത്തേക്കു നീങ്ങി. എന്റെ കരങ്ങൾ കൈയിലെടുത്തുകൊണ്ടു തോംസൺ പറഞ്ഞു: “എനിക്കു താങ്കളിൽ മതിപ്പുതോന്നുന്നു. എത്യോപ്യൻ സ്കൂളുകളിലേയ്ക്ക് അദ്ധ്യാപകരെ തെരഞ്ഞെടുക്കാനാണ് ഞാൻ വന്നിട്ടുള്ളത്. പരസ്യം ഈയാഴ്ച പത്രങ്ങളിൽ വരും. താങ്കളുടെ ശുപാർശ സഹിതം താങ്കളുടെ സുഹൃത്തുക്കളിലാരെങ്കിലും അപേക്ഷിക്കുന്നപക്ഷം അവരുടെ കാര്യം ഞാൻ പ്രത്യേകം പരിഗണിക്കുന്നതാണ്”.

പലകാര്യങ്ങൾ ഒരു മിന്നായംപോലെ എന്റെ തലയ്ക്കുള്ളിലൂടെ കടന്നുപോയിക്കാണണം. ഒരു പുതിയ സാഹചര്യം നൽകിയാൽ ഒരു പുതുജീവിതം ആരംഭിക്കാമെന്നു ദൈവത്തോടു ചെയ്ത വാഗ്ദാനം ഉൾപ്പെടെ. ചിന്തിക്കാൻ അധികം സമയമില്ല. എന്റെ വായിൽനിന്നു ഈ വാക്കുകൾ പൊട്ടിപ്പുറത്തുവന്നു: “കൂട്ടുകാരുടെ കാര്യം എനിക്കു നിശ്ചയമില്ല. എന്നാൽ എത്യോപ്യയിൽ വന്നു പഠിപ്പിക്കാൻ ഞാൻ തയ്യാറാണ്.”

“കളിപറയാതെ ജോലിക്കു മടങ്ങിപ്പോയാലും. സമയം വൈകുന്നു” തോംസൺ പറഞ്ഞു.

“ഞാൻ കളിതമാശ് പറയുകയല്ല. ഞാൻ കാര്യമായിത്തന്നെ പറഞ്ഞതാണ്”.

“കാറിൽ നിന്നു പുറത്തിറങ്ങി, അതു തെളിയിക്കുക” തോംസൺ പറഞ്ഞു.

ഞാൻ ക്ഷണേന പുറത്തിറങ്ങി; എനിക്കുവേണ്ടി കാത്തുനിൽക്കാൻ മാത്യുവിനോട് ആംഗ്യം കാണിച്ചശേഷം. ഇരുന്നു സംസാരിക്കാൻ ബസ്സ്റ്റേഷനിൽ എങ്ങും ഒരിടം കണ്ടില്ല. ടിക്കറ്റ് ഓഫീസിലെ ഒരു ബഞ്ചിൽ ഞങ്ങളിരുന്നു.

“താങ്കൾ ഭംഗിയായി ഇംഗ്ലീഷ് സംസാരിക്കുന്നു. താങ്കൾക്ക് എഴുതാനും വായിക്കാനും കഴിയുമോ” തോംസൺ ചോദിച്ചു. അദ്ദേഹം ഒരു പത്രം പുറത്തെടുത്ത് ഒരു പേനയും വച്ചുനീട്ടി. “താങ്കളുടെ പേരും മേൽവിലാസവും അതിന്മേൽ എഴുതൂ.”

അതെഴുതിക്കൊടുത്തപ്പോൾ വേറെ ഏതാനും വാചകങ്ങൾ ഇംഗ്ലീഷിലെഴുതാൻ (അതേ പത്രത്തിൽ തന്നെ) അദ്ദേഹം നിർദ്ദേശിച്ചു. അതെല്ലാം കുറച്ചൊരു അപമാനമായി തോന്നാതിരുന്നില്ല. അദ്ദേഹത്തിനു വേണമെങ്കിൽ കഠിനമായ ഒരു എഴുത്തുപരീക്ഷ നല്കാമായിരുന്നു.

“ഞാൻ ഒരു അപേക്ഷാഫോറം തരാം. അതു പൂരിപ്പിച്ച് മദ്രാസിൽ ഒരു മേൽവിലാസത്തിലേക്ക് അയയ്ക്കുക. താങ്കളെ ഒരു ഇന്റർവ്യൂവിനു വിളിക്കും. എത്യോപ്യക്കാരനായ എന്റെ സഹപ്രവർത്തകൻ മദ്രാസിലുണ്ട്. എനിക്കു തനിയെ ഒരു തീരുമാനമെടുക്കാനാവില്ല.”

അങ്ങനെ ഞങ്ങൾ പിരിഞ്ഞു. എല്ലാ കാര്യങ്ങളും പരിപാടിയനുസരിച്ചു നീങ്ങി. ഞാനാരോടും ആലോചിക്കാൻ പോയില്ല. അപേക്ഷ അയച്ചു. മദ്രാസിൽ ഇന്റർവ്യൂവിനു പോയി. സെലക്ഷൻ കിട്ടി. യൂണിവേഴ്സിറ്റി ഡിഗ്രിയടക്കം ഒരു അദ്ധ്യാപകനാകാൻ വേണ്ട യോഗ്യതയൊന്നും എനിക്കില്ലെന്നും, എന്നാൽ ഒരു പ്രത്യേക പരിഗണനയിലാണ് എന്നെ സെലക്ടു ചെയ്യുന്നതെന്നും അവർ വ്യക്തമാക്കി. കരാറിൽ ഒപ്പുവച്ചു. പിന്നീടു മാത്രമേ ഞാൻ വീട്ടിലെത്തി പിതാവിനോടു വിവരം പറഞ്ഞുള്ളു. ഗവൺമെന്റിലെ സുരക്ഷിതമായ ഒരു ജോലിയുപേക്ഷിച്ച് അജ്ഞാതമായ ആഫ്രിക്കയിലേക്കുള്ള ഈ പോക്ക് ശുദ്ധ കിറുക്കാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പിതാവിനോടു യുക്തിവാദം നടത്തിയിട്ടു കാര്യമില്ല. പത്തുവർഷം മുമ്പ് – 1937 ൽ തന്നെ – ഞാനെന്റെ സ്വാതന്ത്ര്യം വ്യക്തമാക്കിയതാണ്; എന്നെ കോളജിൽ അയയ്ക്കാൻ പണമില്ലെന്ന് അപ്പൻ പറഞ്ഞ വേളയിൽ. ഞാൻ എന്റെ അമ്മയോടും സഹോദരന്മാരോടും യാത്രപറഞ്ഞു.

## എത്യോപ്യയിലേക്ക്

ചിരസ്മരണാർഹമായ ഒരു യാത്രയായിരുന്നു അത്. ഇരുപതോളം പരിചയസമ്പന്നരായ അദ്ധ്യാപകർ – കേരളീയരും തമിഴ്നാട്ടുകാരും – അധികപങ്കും ക്രിസ്ത്യാനികൾ. യോഗ്യതയില്ലാത്തത് എനിക്കുമാത്രം. ഞങ്ങളെ കൊണ്ടുപോകാൻ എത്യോപ്യൻ വിദ്യാഭ്യാസമന്ത്രികാര്യാലയം ഒരു ഡി. സി. 3 ഡക്കോട്ട വിമാനം അയച്ചിരുന്നു. ചരക്കുസാമാനങ്ങൾ കയറ്റാനാണ് അതുപയോഗിച്ചിരുന്നത്. വശങ്ങളിൽ ലോഹനിർമ്മിതമായ രണ്ടു ബഞ്ചുണ്ട് കുഷനില്ല. പുതപ്പുകൾ മാത്രം വേണ്ടുവോളമുണ്ട്. ഇന്നത്തെ വിമാനയാത്രയുടെ യാതൊരു സൗകര്യവുമില്ല. 1947-ലെ യാത്രാവിമാനത്തിലെ സൗകര്യംപോലുമില്ല. ഞങ്ങൾ ബോംബെയിൽനിന്ന് വിമാനത്തിൽ കയറി. ഇന്ത്യൻ തീരത്തും അറേബ്യയിലും പലയിടത്തിറങ്ങി. മസീറ ദ്വീപ്, ഏഡൻ, ഡീറേഡാവാ, അവസാനം ആഡിസ് അബാബ. 18 നീണ്ട മണിക്കൂറുകൾ (ഇന്നാകട്ടെ ബോംബെ – ആഡിസ് അബാബ വിമാനയാത്രയ്ക്കു മൂന്നരമണിക്കൂർ മതിയാവും).

ആഡിസ് അബാബയിലെത്തിയപ്പോഴേക്കും ഞങ്ങൾ തളർന്നിരുന്നു. ചില അദ്ധ്യാപകർ കൊച്ചുകുട്ടികളുമൊന്നിച്ചാണ് പോന്നത്. തീർത്തും അരോചകമായ ഒരു വിസ്മയം വിമാനത്താവളത്തിൽ ഞങ്ങളെ കാത്തുനിന്നിരുന്നു. ഇമിഗ്രേഷനുമുമ്പായി ഞങ്ങളെ വളരെനേരം തടഞ്ഞുവച്ചു. മഞ്ഞപ്പനിക്കും കോളറായ്ക്കും എതിരായ കുത്തിവയ്പു സർട്ടിഫിക്കറ്റുകൾ ക്രമാനുസൃതമല്ലായ്കയാൽ ഞങ്ങളെ അവിടെ ഇറങ്ങാൻ അനുവദിച്ചില്ല. ഇന്ത്യയിൽ കോളറാ പൊട്ടിപ്പുറപ്പെട്ട കാലമായിരുന്നു അത്.

ഞങ്ങൾ ക്വാറന്റൈനിൽ കഴിയാൻ വിധിക്കപ്പെട്ടു. ഞങ്ങളെ നേരെ ടൗണിലൊരു ഹോസ്പിറ്റലിലെ ഐസലേഷൻ വാർഡിലേക്കാണയച്ചത്. ഒരാഴ്ചയോളം ഞങ്ങൾ അവിടെ ഏകാന്തതടവിൽ കഴിച്ചുകൂട്ടണം.

മൂന്നാം ദിവസം ഹെയ്‌ലി സെലാസി ചക്രവർത്തി ഞങ്ങളെ സന്ദർശിക്കാൻ ആശുപത്രിയിലെത്തി. ഞങ്ങളെ സ്വാഗതം ചെയ്യാനും അസൗക

ര്യങ്ങൾക്കു ക്ഷമ ചോദിക്കാനും. ആശുപത്രിയുടെ പൂട്ടപ്പെട്ട വാതിലിനുള്ളിലായി ഞങ്ങളെ വിളിച്ചുകൂട്ടി. ചക്രവർത്തി വെളിയിൽ നിന്ന് ഒരു ദ്വിഭാഷി വഴിയായി ഞങ്ങളോടു സംസാരിച്ചു. മതിപ്പു തോന്നേണ്ട സന്ദർഭം. പക്ഷേ ഞങ്ങളെല്ലാവരും തീർത്തും പരിക്ഷീണരായിരുന്നതിനാൽ സന്ദർശനം ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വിരസതയോ അസഹ്യതയോ ആയി പരിണമിച്ചതിൽ വിസ്മയിക്കാനില്ല. ഏതായാലും ആ മഹാപുരുഷനെ ഞങ്ങൾ നേരിട്ടുകണ്ടു. അത്രയും നന്ന്.

## നസറേത്തിൽ അദ്ധ്യാപനം

ഏതാണ്ട് ഒരാഴ്ചയിലേറെ ഐസലേഷൻ വാർഡിൽ ചെലവഴിച്ചുകഴിഞ്ഞപ്പോൾ ഞങ്ങളെ വിട്ടയച്ചു. ഇറ്റേഗു ഹോട്ടലിലേക്കു ഞങ്ങളെ കൊണ്ടുപോയി. അന്ന് ആഡിസ് അബാബയിൽ പാശ്ചാത്യശൈലിയിലുള്ള ഏക ഹോട്ടലാണത്. ഒരാഴ്ച ഹോട്ടലിൽ താമസിച്ചശേഷം ഞങ്ങൾക്കു ജോലി നൽകി. രണ്ടു തമിഴ് ക്രിസ്ത്യാനികളോടൊപ്പം എന്നെ നൂറു കിലോമീറ്റർ കിഴക്കുമാറി ഒരു പുതിയ സ്കൂളിലേക്കു നിയോഗിച്ചു. മുമ്പു ഹഡാമ എന്നറിയപ്പെട്ടിരുന്ന ആ സ്ഥലം ഇപ്പോൾ നസറേത്ത് ആണ്. മൂന്നു ബഡ്റൂം ഉള്ള ഒരു പുതിയ വീട്ടിൽ ഞങ്ങൾ പാർപ്പുതുടങ്ങി. എന്നേക്കാൾ, അനേക വർഷം സീനിയറായ മി. ഡാനിയേൽ ആയിരുന്നു ഹെഡ്മാസ്റ്റർ. അദ്ദേഹവും ഭാര്യയുംകൂടി മാസ്റ്റർ ബഡ്റൂം ഉപയോഗിച്ചു. അവിവാഹിതരായ ഞങ്ങൾ രണ്ടുപേർ ചെറിയ ബഡ്റൂമുകളിൽ ഓരോന്നു കയ്യടക്കി.

എനിക്കന്ന് വയസ്സ് 25. ഏതു പുതിയ അനുഭവങ്ങളും നേരിടാൻ തയ്യാർ. പക്ഷേ ദൈവത്തിനു നല്കിയിരുന്ന വാഗ്ദാനം ഞാൻ സൗകര്യപൂർവ്വം മറന്നു. ആഴ്ചയിലഞ്ചുദിവസം പഠിപ്പിക്കും. പിന്നീട് രണ്ടു ദിവസം തുടർച്ചയായി ചീട്ടുകളിയാണ്, സഹാദ്ധ്യാപകരുമായി. വെള്ളിയാഴ്ച വൈകിട്ട് ആരംഭിക്കുന്ന കളി ചിലപ്പോൾ ഞായറാഴ്ച രാത്രി വളരെ ഇരുട്ടിയേ അവസാനിക്കൂ. നസറേത്തിൽ മറ്റൊന്നും ചെയ്യാനില്ല.

മൂന്നും അഞ്ചും ഗ്രേഡുകളിലാണു ഞാൻ പഠിപ്പിച്ചിരുന്നത്. മിക്കവാറും എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യണം. കുട്ടികൾ നല്ലവരും കളികൾക്കു സമർത്ഥരും അദ്ധ്യാപകരോടു ബഹുമാനമുള്ളവരുമാണ്. ആദരസൂചകമായി പെൺകുട്ടികൾ കാലിൽതൊട്ടു നമിക്കുന്നത് എന്നെ വിസ്മയാധീനനാക്കി. ഇത് തികച്ചുമൊരു ഭാരതീയാചാരം ആണെന്നായിരുന്നു എന്റെ ധാരണ. സബ്സഹാറാ ആഫ്രിക്കയിലെ അക്ഷരാഭ്യാസമുള്ള പുരാതനസംസ്ക്കാരം എത്യോപ്യയിലേതു മാത്രമാണ്. ആ വ്യത്യാസം പ്രകടമായി കാണാനുണ്ടുതാനും. എനിക്കു പഠിപ്പിക്കൽ ഇഷ്ടമായി. കുട്ടികളെയും ഇഷ്ടപ്പെട്ടു. മര്യാദക്കാരും സംസ്കൃതചിത്തരുമായ കുട്ടികൾ. അവിടത്തെ സംസ്ക്കാരവുമായി ഞാൻ താമസിയാതെ താദാത്മ്യം പ്രാപിച്ചു. എന്റെ ചില ഇന്ത്യൻ - സുഡാനീസ് സുഹൃത്തുക്കൾ പലപ്പോഴും പൊങ്ങച്ചം കാണിക്കാനായി എത്യോപ്യക്കാരെപ്പറ്റി ആക്ഷേപപൂർവ്വം സംസാരിക്കുന്നത് എനിക്കു അസഹനീയമായി തോന്നി.

അംഹാരിക് ആണ് എത്യോപ്യയിലെ ഔദ്യോഗിക ഭാഷ. ഞങ്ങളുടെ

സ്കൂളിലെ അംഹാരിക് അദ്ധ്യാപകൻ സമർത്ഥനായ ഒരു യുവാവായിരുന്നു. എന്നേക്കാൾ അല്പം മാത്രം പ്രായമേറും. പേര് ആറ്റോ ടെലാഹുൻ ഡാംതെ (ആറ്റോ എന്നാൽ മിസ്റ്റർ എന്നർത്ഥം). ഞാൻ സ്വകാര്യമായി ആ യുവാവിൽനിന്ന് അംഹാരിക് ഭാഷ പഠിക്കാൻ തുടങ്ങി.

വിദ്യാലയത്തിനു വെളിയിലുള്ള ഏക സാമൂഹ്യസമ്പർക്കം സ്ഥലത്ത് അമേരിക്കൻ മെനോനൈറ്റ് മിഷനറിമാർ നടത്തിപ്പോന്ന ആശുപത്രിയുമായിട്ടായിരുന്നു. ഡോ. പോൾ കോൺറാഡ്, പത്നി നാൻസി, ഡോഴ്സാ മിഷ്ലർ, മേരി മിഷ്ലർ, ഡാൻ സെൻസനിംഗും പത്നിയും മകളും–എന്നിവരെ ഞാൻ പ്രത്യേകിച്ചും ഓർക്കുന്നു. അവരെല്ലാം എന്നോടു സ്നേഹപൂർവ്വം പെരുമാറി. അവരാണു വാസ്തവത്തിൽ വെള്ളക്കാരായ പാശ്ചാത്യരുമായുള്ള എന്റെ സാമൂഹ്യസമ്പർക്കത്തിലെ ആദ്യ വ്യക്തികൾ. അവരുടെ ജീവിതരീതി മനസിലാക്കാൻ എനിക്ക് കുറെസമയം വേണ്ടിവന്നു. ചിലപ്പോഴൊക്കെ ഞാൻ അവരുടെ ഞായറാഴ്ച ആരാധനയിൽ സംബന്ധിച്ചു. അവരിൽ ആരുടെയെങ്കിലും വീട്ടിലാണ് അതു നടത്തിയിരുന്നത്. ഒരിക്കൽ ഞാൻ എത്യോപ്യൻ ഓർത്തഡോക്സ് പള്ളിയിൽ പോയി. പക്ഷേ ആരാധന ഭാഷയിലും രൂപത്തിലും എനിക്ക് ഉൾക്കൊള്ളാനായില്ല. ആശുപത്രിയിലെ അമേരിക്കൻ പ്രാർത്ഥനായോഗങ്ങൾ പ്രതീകങ്ങളോ അനുഷ്ഠാനങ്ങളോ അശേഷമില്ലാത്തതായിരുന്നു. പക്ഷേ ഭാഷ മനസിലായതിനാൽ പ്രാർത്ഥനയുടെ യാഥാർത്ഥ്യം അനുഭവിച്ചറിയാൻ കഴിഞ്ഞു. അവർക്ക് “മി. ജോർജിനെ” ഇഷ്ടപ്പെട്ടു. വറുഗീസ് എന്ന പദത്തിന്റെ അർത്ഥം ‘ജോർജ്’ എന്നാണെന്നു ഞാൻ പറഞ്ഞതിനാൽ അങ്ങനെയാണവർ എന്നെ വിളിച്ചുപോന്നത്.

### ഒരു ദൈവിക ആഘാതം എന്നെ ഉണർത്തുന്നു

ഒരു ദിവസം അഞ്ചാം ഗ്രേഡിലെ ഒരു വിദ്യാർത്ഥി എന്നെ സമീപിച്ച് തനിക്കു സുഖമില്ലെന്നു പറഞ്ഞു. പനിയുണ്ടോ എന്നറിയാൻ ഞാൻ നെറ്റിയിൽ കൈവച്ചു നോക്കി. പനിയുണ്ട്. അവന്റെ നെറ്റിയിൽ ഒരു വ്രണം കണ്ടു. അതെന്താണെന്നു ഞാൻ ചോദിച്ചു. ബാലനറിയില്ല. വീട്ടിൽപോയി വിശ്രമിച്ചശേഷം ആശുപത്രിയിലെത്തി ഡോക്ടറെക്കാണാൻ ഞാൻ ഉപദേശിച്ചു. ആ ബാലൻ ചിക്കൻപോക്സ് ബാധിച്ചു കിടപ്പിലായി. ഏതാനും ദിവസത്തേക്കു സ്കൂളിൽ വന്നില്ല. ബാലന്റെ നെറ്റി തടവി രണ്ടാഴ്ച കഴിഞ്ഞപ്പോൾ എനിക്ക് ചിക്കൻപോക്സ് പിടിപെട്ടു. സാധാരണഗതിയിൽ ഇതൊരു ബാലരോഗമാണ്. ചെറുപ്പകാലത്ത് മയത്തിലൊന്നു ബാധിച്ചു കഴിഞ്ഞാൽ പിന്നീട് ജീവിതകാലത്തൊരിക്കലും അത് പിടികൂടപ്പെടുകയില്ലെന്നാണ് പറയപ്പെടുന്നത്. എനിക്ക് ചെറുപ്പകാലത്ത് ഈ രോഗം ഉണ്ടായിട്ടില്ല. തന്മൂലം രോഗത്തിൽ നിന്നുള്ള പ്രതിരോധ ശക്തി കിട്ടിയിരുന്നുമില്ല.

25–ാമത്തെ വയസ്സിൽ രോഗാക്രമണം മയത്തിലൊന്നുമായിരുന്നില്ല. വ്രണങ്ങൾക്കു ചെറിപ്പഴത്തിന്റെ വലുപ്പം ഉണ്ടായിരുന്നു. ദേഹമാസകലം വ്രണം. ഭയങ്കരമായ വേദനയും. ദിവസംതോറും പുതിയ വ്രണങ്ങൾ പൊങ്ങിവന്നുകൊണ്ടിരുന്നു. തലയിലും മുഖത്തും പുറത്തും നെഞ്ചത്തും

ചന്തിയിലും എല്ലാം നിറയെ വ്രണങ്ങൾ. ഇവകാരണം എനിക്ക് ഇരിക്കാനോ കിടക്കാനോ നിവർത്തിയില്ല. എന്നെ എന്റെ മുറിയിൽ അടച്ചിട്ടു. മുറിയുടെ വാതിൽ പൂട്ടിയിടണമെന്നും വെളിയിലിറങ്ങരുതെന്നും ആ വീട്ടിൽ പാർത്തിരുന്ന മി. ഡാനിയലും മി. രത്തിനസ്വാമിയും എന്നോടാവശ്യപ്പെട്ടു. വീട്ടിൽ മറ്റാർക്കും ഞാൻ രോഗം പകരാനനുവദിക്കാതെ കഴിയ്ക്കാനുള്ള മുൻകരുതലാണത്. ആരും എന്നെ കാണാൻ വന്നില്ല. വല്ലപ്പോഴും എന്തെങ്കിലും ഭക്ഷണം വാതിലിനടിയിലൂടെ അകത്തേക്കു തള്ളിവയ്ക്കും. കുറ്റവാളിക്കോ തടവുകാരനോ നല്കുന്ന രീതിയിൽ.

നിശിതമായ വേദനയായിരുന്നു. ഏകാന്തത അതിലേറെ ദുസ്സഹം. വിദ്യാർത്ഥികൾക്ക് എന്നെ വന്നു കണ്ടാൽകൊള്ളാമെന്നുണ്ട്.അവരെ അതിൽനിന്നു വിലക്കി. അധികൃതരുടെ നടപടി മനസിലാക്കാവുന്നതേയുള്ളു. ദാഹിക്കുമ്പോൾ ചൂടുള്ള എന്തെങ്കിലും ചോദിച്ചുവാങ്ങാൻ നിവർത്തിയില്ല. എനിക്ക് ദേഹം ശുചിയാക്കാനോ പല്ലും മുഖവും വൃത്തിയാക്കാനോ കഴിഞ്ഞില്ല. ഇരിക്കാനോ കിടക്കാനോ നിവൃത്തിയില്ലാതെ ഞാൻ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. എന്നെ ദൈവം ഇത്രയേറെ വേദനയിലൂടെ കടത്തിവിടുന്നത് ശരിയല്ലെന്ന് എനിക്കു തോന്നി. ഒരു വിശദീകരണം നല്കാൻ ഇയ്യോബിനേപ്പോലെ ദൈവത്തോടാവശ്യപ്പെടാൻ ഞാനും സന്നദ്ധനായി.

അതുതന്നെയാണ് അവസാനം ഞാൻ ചെയ്തതും. നാലാം ദിവസം എന്റെ വേദന രൂക്ഷമായ സമയത്തു ഞാൻ കടിച്ചുപിടിച്ച് എന്റെ കസേരയിൽ പോയി ഇരുന്നു. ചന്തി വല്ലാതെ വേദനിച്ചു. ഞാൻ പല്ല് ഇറുക്കി കടിച്ചു. നേരെമുമ്പിൽ ഭിത്തിയിൽ ക്രിസ്തുവിന്റെ ഒരു വർണ്ണചിത്രം തൂങ്ങുന്നുണ്ട് (സാൽമൽ വരച്ച 'ക്രിസ്തു ശിരസ്'). ഞാൻ സംവാദം തുടങ്ങി. ദൈവം നിഷ്ഠൂരനും ന്യായരഹിതനും സഹാനുഭൂതിയില്ലാത്തവനുമാണെന്നു ഞാൻ കുറ്റപ്പെടുത്തി. മനുഷ്യർ അർഹിക്കുന്നതിനേക്കാൾ വലിയ കഷ്ടാനുഭവമാണവർക്കു നൽകുന്നത്. എന്റെ വേദന വരുത്തിവച്ച വ്യഥയും മുറിയിലെ ഏകാന്തതയും കാരണം ഉച്ചത്തിലാണെന്റെ സംഭാഷണം. ക്രിസ്തുവിന്റെ ചിത്രത്തെ നോക്കി ഞാൻ ഒരുപാടു ശകാരങ്ങൾ ചൊരിഞ്ഞു. എന്റെ പദങ്ങളുടെ പ്രവാഹം വർദ്ധിച്ചതോടെ എന്റെ പദധോരണിയുടെ കാർക്കശ്യവും എന്റെ താന്തോന്നിത്തവും വർദ്ധിച്ചുകൊണ്ടേയിരുന്നു.

അവസാനം, യാതൊരു വൈമനസ്യവും കൂടാതെ ഞാൻ വച്ചുകാച്ചി (വളരെ ധിക്കാരമാണതെന്നു എനിക്കറിയാം): "ക്രൂശിൽ അങ്ങേയ്ക്കുണ്ടായ പീഡാനുഭവം ഞാനിപ്പോൾ കടന്നുപോകുന്ന ദുരിതങ്ങളുടെ അയൽപക്കത്തെങ്ങാൻ വരുന്നതാണോ?" എന്റെ പരുഷപദപ്രവാഹത്തിന് അവിടെ ഒരു പൂർണ്ണവിരാമം ഇടേണ്ടിവന്നു. പറയാൻ അർഹതയുള്ളതിലേറെ ഞാൻ പറഞ്ഞുകഴിഞ്ഞതായി എനിക്കു തോന്നി. ഒരു പ്രശാന്തത കളിയാടി. തുടർന്നുണ്ടായ അനുഭവം വളരെ വേദനാജനകമാണ്. അവയെ സമർത്ഥമായി വർണ്ണിക്കാൻ വാക്കുകൾ കിട്ടുന്നില്ല.

വളരെ വ്യക്തമായി ഒരു ശബ്ദം എനിക്കു കേൾക്കായി. എന്റെ

ചെവിയിൽ എത്തിപ്പെട്ട ശബ്ദവീചികളെയോ എന്റെ ഹൃദയത്തിൽ ആഞ്ഞുതറച്ച അർത്ഥത്തെയോ ഏതെങ്കിലും ആധുനികോപകരണത്തിനു പിടിച്ചെടുക്കാൻ ആവുമായിരുന്നോ എന്നെനിക്കു സംശയമാണ്.

ആ വാക്കുകൾ ഞാൻ കേട്ടു. അവ എവിടെനിന്നു വന്നു എന്നെനിക്കു നിശ്ചയമില്ല. ഇംഗ്ലീഷിലാണ് ഞാൻ ദൈവത്തോടു സംസാരിച്ചത്. മറുപടിയും ഇംഗ്ലീഷിലായിരുന്നു. സ്വരം ശാസനയുടേതോ കുറ്റാരോപണത്തിന്റേതോ ആയിരുന്നില്ല. നേരെമറിച്ച്, സഹാനുഭൂതിയും സ്നേഹമസൃണതയും മുറ്റിനിന്ന സ്വരം: "അതേ, എന്റെ മകനേ, അങ്ങനെയായിരുന്നു."

അത്രമാത്രമാണു പറഞ്ഞത്. എന്നിരിക്കിലും അത് എന്റെ അവസ്ഥയിൽ സമ്പൂർണ്ണമായ ഒരു പരിവർത്തനമുണ്ടാക്കി. എന്റെ വേദന ഓടിയൊളിച്ചു. വ്രണങ്ങൾ തുടരുന്നുണ്ടെങ്കിലും വേദനയ്ക്ക് എത്തിനോക്കാനാവാത്ത ഒരു ഉയർന്ന ആനന്ദത്തിന്റെ തലത്തിലേയ്ക്ക് എന്നെ എടുത്തുയർത്തിയ അനുഭവം. അവാച്യമായ ഭാരരാഹിത്യം ശരീരത്തിന് അനുഭവപ്പെട്ടു. ആഹ്ലാദത്തിന്റെ ചിറകുകളിൽ ആരോ എന്നെ അയത്നലളിതമായി ആരോഹണം ചെയ്യിക്കുന്നതുപോലെ.

വിനീതമായ ആരാധനയിൽ ഞാൻ തലവണക്കി. നിരുപാധികം ഞാൻ ക്രിസ്തുവിൽ ദൈവത്തിന്റെ സ്നേഹകരങ്ങളിലേക്ക് എന്നെത്തന്നെ സമർപ്പിച്ചു: ആഴമേറിയ പശ്ചാത്താപത്തോടെ ഞാൻ പറഞ്ഞു: "കർത്താവേ, നിന്റെ മുമ്പിൽ ഞാൻ എന്റെ തലനമിക്കുന്നു. എന്നെത്തന്നെ ഞാൻ സമർപ്പിക്കുന്നു. ഞാൻ അവിടുത്തേതാണ്. എന്റെ വിഢ്ഢിത്തങ്ങളും മൗഢ്യങ്ങളും ആക്ഷേപവും ക്ഷമിച്ചാലും. എന്നെ എടുത്ത് അവിടുത്തെ ഹിതംപോലെ എന്നോടു ചെയ്താലും. വേണ്ടിവന്നാൽ എന്നെ തകർത്താലും. അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കാൻ കൃപയും വിവേകവും കരുത്തും എനിക്ക് കിട്ടിയാൽ മതി. പൂർണ്ണഹൃദയത്തോടെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. അനുഗ്രഹിക്കുന്നു."

മുമ്പത്തെപ്പോലെ വ്രണങ്ങൾ അവിടെത്തന്നെയുണ്ട്. അത്ഭുതരോഗശാന്തിയൊന്നും ഉണ്ടായില്ല. വേദന തിരികെവരാൻ തുടങ്ങി. പക്ഷേ ഇപ്പോൾ എന്റെ കരുത്ത് വർദ്ധിച്ചിരിക്കുന്നു. വേദന അനായാസം ആഹ്ലാദത്തോടെ അനുഭവിക്കാൻ കഴിയുന്നു. ചിക്കൻപോക്സ് കരിയാൻ സാധാരണ സമയമെടുത്തു. പക്ഷേ ഞാൻ സമൂലം പരിവർത്തിതനായ വ്യക്തിയായിട്ടാണ് ആ രോഗത്തിൽനിന്നു വെളിയിൽ വന്നത്. വളരെയധികം പേരുമായി എന്റെ അനുഭവം പങ്കിടാൻ എനിക്കായില്ല. പക്ഷേ ആ ദിവസങ്ങളിൽ എന്റെ സമർപ്പണം പല തവണ ഞാൻ ആവർത്തിച്ചു.

## നസറേത്തിൽ നിന്ന് ജിമ്മയിലേക്ക്

ഏതാനും മാസങ്ങൾ മാത്രമേ (1947 നവംബർ മുതൽ 1948 ജൂൺ വരെ) ഞാൻ നസറേത്തിൽ തങ്ങിയുള്ളു. അടുത്ത വിദ്യാലയവർഷം ആരംഭിച്ചതോടെ ജിമ്മയിൽ ഒരു പുതിയ തസ്തിക ഏറ്റെടുക്കാൻ ഞാനൊരു ഗവൺമെന്റ് ട്രക്കിൽ യാത്രയായി. ആഡിസ് അബാബയിൽനിന്നു 300 കിലോമീറ്റർ തെക്കുപടിഞ്ഞാറു മാറി കാഫായിലെ കാപ്പിവനങ്ങളിലാണ്

ജിമ്മ. പ്രായോഗിക കലകൾ സംബന്ധിച്ച യു. എൻ. ആർ. ആർ. എ. സ്കൂൾ ആണ് എന്റെ പുതിയ താവളം. യു. എൻ. റിലീഫ് ആന്റ് റിഹാബിലിറ്റേഷൻ അസ്സോസിയേഷന്റെ സഹായത്തോടെ 1947-ൽ സ്ഥാപിച്ച വിദ്യാലയം. മുസ്സോളിനിയുടെ ആക്രമണകാലത്ത് (1935-41) അനാഥരായിത്തീർന്ന് അതിനുശേഷം തെരുവിൽ വളർന്ന യുവാക്കൾക്ക് സ്കൂൾ വിദ്യാഭ്യാസവും കലകളിലും ശില്പവേലകളിലും പരിശീലനവും നല്കുന്നതിന് സ്ഥാപിച്ച വിദ്യാലയം. ഫാസിസ്റ്റ് ഭരണത്തിലമർന്ന പ്രദേശങ്ങളുടെ പുനരധിവാസത്തിനു യുദ്ധാനന്തരം യു. എൻ. ആരംഭിച്ച സംവിധാനത്തിന്റെ ഭാഗമാണിത്. ആദ്യവർഷം ഒമ്പതു കനേഡിയൻ കുടുംബങ്ങൾ ചേർന്നാണ് ഈ പ്രോജക്ട് നടത്തിയത്. സ്കൂളും അദ്ധ്യാപകർക്കുള്ള ഫാമിലിക്വാർട്ടേഴ്സും ഉൾപ്പെട്ട വലിയ ക്യാമ്പസ് ഉന്നതമായ ഭിത്തികളാലും മുള്ളുകമ്പിവലിച്ച വേലികളാലും സംരക്ഷിച്ചു പോന്നു. അറുപതോളം വരുന്ന എത്യോപ്യൻ ബാലന്മാർ പലപ്പോഴും അക്രമവാസനകൾ പ്രദർശിപ്പിച്ചു. ചിലർക്കു കുറ്റവാസനയുമുണ്ടായിരുന്നു.

ഒമ്പതു കനേഡിയൻ കുടുംബങ്ങളിൽ ഏഴെണ്ണം ആദ്യവർഷംതന്നെ വിട്ടുപോയി; കുട്ടികളുടെ അക്രമം നിമിത്തം. ദക്ഷിണേന്ത്യക്കാരനായ മി. ശർമ്മയ്ക്കായിരുന്നു ക്ലാസ്സ്റൂം ജോലിയുടെ ചുമതല(അഞ്ചുഗ്രേഡുകളിൽ). അതേസമയം കാനഡക്കാർ കൃഷിയിലും പ്രായോഗിക കലകളിലും പരിശീലനം നല്കി. മി. ശർമ്മയിൽ നിന്ന് ചാർജ് ഏറ്റെടുക്കാനാണു ഞാൻ നിയോഗിക്കപ്പെട്ടത്. എന്നെ ഇന്ത്യയിൽ വച്ചു ജോലിക്കു തെരഞ്ഞെടുത്ത ഡോ. ആർ. എൻ. തോംസന്റെ സഹോദരനായ മി. ഹോവാർഡ് തോംസണായിരുന്നു സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള ചുമതല. ഹോവാർഡ് മുമ്പ് കനേഡിയൻ അശ്വാരൂഢ പോലീസിൽ ഉദ്യോഗം വഹിച്ചയാളാണ്. എന്നിരിക്കിലും വിദ്യാലയത്തിൽ അച്ചടക്കം പുലർത്തുന്നതിൽ അമ്പേ പരാജയപ്പെട്ടു.

കുണ്ടും കുഴിയും നിറഞ്ഞ പാതകൾ താണ്ടി എട്ടുമണിക്കൂർ നേരത്തെ ക്ലേശകരമായ ട്രക്കുയാത്രയ്ക്കുശേഷം സ്കൂൾ കോമ്പൗണ്ടിൽ പ്രവേശിച്ച ഞാൻ ആദ്യമായി ദർശിച്ച രംഗം വളരെ നാടകീയമായിരുന്നു. ഡയറക്ടറുടെ രണ്ടുനിലവീടിന്റെ ബാൽക്കണിയിൽ മി. തോംസണും പത്നിയും നില്ക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വീടിനു മുമ്പിൽ തടിച്ചുകൂടിയ വിദ്യാർത്ഥികൾ നേതാവിലൂടെ ഇപ്രകാരം പറഞ്ഞു: "താങ്കൾക്ക് തന്റേടം ഉണ്ടെങ്കിൽ ആ ബാൽക്കണിയിൽനിന്നു താഴോട്ട് ഇറങ്ങി വരുക. ഞങ്ങൾ താങ്കളെ കൊന്നുകുഴിച്ചുമൂടും." അവർ ഡയറക്ടറോടു പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങളുടെ രത്നച്ചുരുക്കമാണിത്. അവരുടെ നോട്ടംപോലും ഭീതിജനകമായിരുന്നു. അവർ വാസ്തവത്തിൽ കാര്യം മനസ്സിലാക്കിക്കൊണ്ടുതന്നെയോ സംസാരിക്കുന്നതെന്ന് ഞാൻ ഓർത്തു.

മധ്യവയസ്ക്കനായ ഒരു എത്യോപ്യൻ മാന്യൻ, അരഡസനോളം ആളുകളാൽ അനുഗതനായി അടുത്തൊരു കെട്ടിടത്തിലെ ഓഫീസിൽ നിന്നു വെളിയിൽ വന്ന് വിദ്യാർത്ഥികളെ സമീപിച്ചു - കുറച്ചൊരു അധികാരഭാവത്തിൽത്തന്നെ. മി. കിരുബൽ എന്ന പേരുള്ള എത്യോപ്യക്കാരനായ ഒരു

റോമൻ കത്തോലിക്കനായിരുന്നു അദ്ദേഹം. ജെസ്വിറ്റാകാൻ പഠിച്ചു, പില്ക്കാലത്ത് ആർമിയിൽ സേവനമനുഷ്ഠിച്ചിരുന്നു. യൂറോപ്യൻവേഷം. നന്നായി വസ്ത്രധാരണം ചെയ്തിരുന്നു. ജാക്കറ്റിനു മുകളിൽ ഒരു വെള്ളഷാൾ പുതച്ചിട്ടുണ്ട്. നന്നായി കത്രിച്ചു സൂക്ഷിച്ച താടി. അദ്ദേഹം പ്രൊവിൻഷ്യൽ എഡ്യുക്കേഷന്റെ ഡയറക്ടറാണ്. കാഫാ പ്രവിശ്യയിലെ എല്ലാവിദ്യാലയങ്ങളുടെയും ഉത്തരവാദിത്വം അദ്ദേഹത്തിനായിരുന്നു. ആ കാമ്പസിലാണ് അദ്ദേഹത്തിന്റെ വാസം. ഓഫീസും കാമ്പസിനുള്ളിൽ ത്തന്നെ. കാനഡക്കാർ ഉപേക്ഷിച്ചുപോയ വീടുകളിലൊന്നിലാണ് അദ്ദേഹം പാർക്കുന്നത്.

അംഹാരിക് ഭാഷയിൽ കിരുബൽ ആജ്ഞാപിച്ചു: "ഇപ്പോൾ നിങ്ങൾ നിങ്ങളുടെ ഹോസ്റ്റലിലേക്കു മടങ്ങിപ്പോവുക. അല്ലാത്തപക്ഷം ഞാൻ പോലീസിനെ വിളിക്കും". വിദ്യാർത്ഥികൾ കിരുബലുമായി വാഗ്വാദത്തി ലേർപ്പെട്ടു. വാദഗതി എനിക്കു പിടികിട്ടിയില്ല. ഏതായാലും അവർ മുറു മുറുത്തുകൊണ്ട് പിരിഞ്ഞുപോയി. ഞാൻ എന്റെ പിക്കപ്പ് വാനിൽനിന്ന് എന്റെ സാധനങ്ങൾ എടുത്തുകൊണ്ട് മി. ശർമ്മയുടെ വസതിയിലേക്ക് നടന്നു. അതായിരുന്നു എനിക്കു താമസിക്കാൻ നിശ്ചയിച്ചിരുന്നത്.

ശർമ്മ പശ്ചാത്തല വിവരണം ഏതാണ്ടെല്ലാം എനിക്കു പറഞ്ഞുതന്നു. ഒരു സഹഭാരതീയനെ കണ്ടതിൽ അദ്ദേഹം സന്തുഷ്ടനായി. "അക്രമ മെല്ലാം വെള്ളക്കാരായ അദ്ധ്യാപകർക്കെതിരായാണ്. എനിക്ക് കുട്ടികൾ ഒരു ശല്യവും ഉണ്ടാക്കിയിട്ടില്ല" എന്നാണു ശർമ്മ പറഞ്ഞത്. "താങ്കൾക്കും അവരിൽനിന്നു ശല്യമൊന്നും ഉണ്ടാകാൻ പോകുന്നില്ല."എനിക്ക് ഉറപ്പു തരാനെന്നോണം ശർമ്മ പറഞ്ഞു. ശർമ്മ ബ്രാഹ്മണനും നല്ല പാചകക്കാ രനുമായിരുന്നു. ഞാൻ അദ്ദേഹത്തോടൊപ്പം താമസിച്ച രണ്ടു ദിവസവും അദ്ദേഹം രുചികരമായ സസ്യഭക്ഷണം പാചകം ചെയ്തുതന്നു.

ശർമ്മ സ്ഥലംവിട്ടശേഷം കാനഡക്കാർ വിട്ടുപോയ വിസ്തൃതമായ ആ വീട്ടിൽ താമസത്തിനുവേണ്ട സൗകര്യങ്ങൾ ചെയ്തു. ഞാൻ ഒരു പാചകക്കാരനെ ഏർപ്പെടുത്തി (ശർമ്മയ്ക്ക് അതാവശ്യമില്ലായിരുന്നു). ഞാൻ സ്കൂളിൽപോയി എന്റെ വിദ്യാർത്ഥികളോടു സംസാരിച്ചു. അവർ കാര്യങ്ങൾ ആദരവോടെ ശ്രദ്ധാപൂർവ്വം കേട്ടു. അക്രമത്തിന്റെയോ എതിർപ്പിന്റെയോ ലാഞ്ഛനപോലും കണ്ടില്ല. വിദ്യാർത്ഥികളിൽ പലരും എന്നേക്കാൾ പ്രായംകൂടിയവരാണ്. എനിക്ക് 26 വയസ്സേ ആയിരുന്നുള്ളു. അന്നു നാലുമണിക്കു ഞാൻ വിദ്യാർത്ഥികളെ ചായ കഴിക്കാൻ എന്റെ വീട്ടിലേക്കു ക്ഷണിച്ചു. അധികംപേരും എത്തിച്ചേർന്നിരുന്നു. ഇരുന്നു ചായകുടിച്ചും വർത്തമാനം പറഞ്ഞും ഞങ്ങൾ കുറേസമയം സന്തോഷ മായി കഴിച്ചുകൂട്ടി. ആറുമണിയോടടുത്ത് അവർ പിരിഞ്ഞുപോയി.

വിദ്യാർത്ഥികളുടെ പ്രതിനിധികളായി മൂന്നു പേർ തിരികെ വന്നു. അവ രിൽ നേതാവായ ആൾ മര്യാദയോടുകൂടി ഇപ്രകാരം പറഞ്ഞു: "ഇന്നത്തെ ഈ സംഭവം ഞങ്ങളെ ഗാഢമായി സ്പർശിച്ചു. ഇതാദ്യമാണ് ഒരദ്ധ്യാപ കൻ ഞങ്ങളെ വീട്ടിലേയ്ക്ക് ക്ഷണിക്കുന്നതും സൽക്കരിക്കുന്നതും. താങ്കൾ ഞങ്ങളെ മനുഷ്യരെപ്പോലെ പരിഗണിച്ചു, തദനുസരണം പെരു

മാറി. കള്ളന്മാരോ കുറ്റവാളികളോ ആയിട്ടല്ല ഞങ്ങളോടിടപെട്ടത്. അത് വളരെ വലിയ വ്യത്യാസം ഞങ്ങളിലുണ്ടാക്കി. ഞങ്ങൾ മനുഷ്യവ്യക്തികളാണെന്ന് വീണ്ടും തോന്നിത്തുടങ്ങി."

ആ പ്രസ്താവന എന്നെ സ്പർശിച്ചു. കണ്ണിൽ നീർകണങ്ങൾ പൊടിഞ്ഞു. ലളിതമായും അതേസമയം അന്തസ്സോടെയുമാണയാൾ സംസാരിച്ചത്. എന്റെ യുവമനസ്സിനെ അത് ഗാഢമായി സ്വാധീനിച്ചു.

ആലോചിക്കാതെ ഞാൻ പറഞ്ഞു: "എല്ലാ ദിവസവും നാലു മണിക്ക് ഇങ്ങോട്ടുവരൂ. എന്റെ വീട്ടിൽവന്നു ചായ കുടിക്കാം. അതിനുപുറമെ നമുക്ക് ദൈവത്തെപ്പറ്റി ചിന്തിക്കാനും ബൈബിൾ ഒന്നിച്ചു പഠിക്കാനും കുറെ സമയം ചെലവിടാം."

അങ്ങനെ ദിവസേന ബൈബിൾ പഠനപരിപാടി എന്റെ വീട്ടിൽ ആരംഭിച്ചു – തികച്ചും സ്വതന്ത്രമനസ്സോടെ അനൗപചാരികവും സൗഹൃദപൂർണ്ണവുമായ ഒരു പരിപാടി. പകുതിയിലേറെ കുട്ടികൾ വന്നുകൊണ്ടിരുന്നു. ആ ചെറുപ്പക്കാരുടെ കൂടെ ജീവിക്കുന്നതിലും പ്രവർത്തിക്കുന്നതിലും ഞാൻ എന്റെ സകല ഊർജ്ജവും വിനിയോഗിച്ചു. അവർ കേവലം സ്കൂൾ കുട്ടികളല്ല. 16-നും 27-നും മദ്ധ്യേ പ്രായമുള്ളവരാണ്. തെരുവിലാണവർ വളർന്നത്. ചെറിയ മോഷണവും മദ്യപാനവും പെട്ടെന്നുള്ള ലഹളകളും അവരുടെ സ്വഭാവത്തിന്റെ ഭാഗമാണ്. എന്റെ സഹപ്രവർത്തകർക്കിടയിലും പട്ടണത്തിലും അവർക്ക് ചീത്തപ്പേരാണുണ്ടായിരുന്നത്. അവരെ അമർത്താൻ അധികാരികൾ പോലീസിന്റെ സഹായം തേടി. ഫലമോ? കൊള്ളയുടെയും മദ്യത്തിന്റെയും ഒരുഭാഗം പോലീസുമായി പങ്കുവയ്ക്കേണ്ടിവന്നു. ഒരു അദ്ധ്യാപകൻ കൂടെയില്ലാതെ അവർക്കു ടൗണിൽപോകാൻ അനുവാദമില്ല. മുള്ളുകമ്പികളാൽ വലയിതമായ അടഞ്ഞ കോമ്പൗണ്ടിനുള്ളിൽ അവർ വാസ്തവത്തിൽ തടവുകാർതന്നെ.

## കഴുതപ്പുലിയുമായി മല്ലയുദ്ധം

ഒരുദിവസം ഞാൻ വിദ്യാർത്ഥികളെയുംകൂട്ടി നാട്ടിൻപുറത്തേക്കു നടക്കാൻ പോയി. ഞങ്ങൾ 50 പേരോളമുണ്ട്. രണ്ടുവരിയായിട്ടാണു ഞങ്ങളുടെ യാത്ര. വളരെ ശിക്ഷണബോധവും അനുസരണശീലവും അവർ പ്രകടിപ്പിച്ചു. പെട്ടെന്ന് അവർ നിരയെല്ലാം തെറ്റിച്ച് ഒരു വയലിലേക്ക് പായുന്നതു കണ്ടു. നല്ല കാരണംകൂടാതെ അവർ ഓടിപ്പോകുകയില്ലെന്ന് എനിക്ക് ഉറപ്പാണ് (ഞാൻ ജിമ്മയിലെത്തി ഒരു മാസത്തിനകം കൂറും വിശ്വസ്തതയുമുള്ള ഒരുസംഘം വിദ്യാർത്ഥികളെ കണ്ടെത്താൻ കഴിഞ്ഞു). ആ യാത്രാസംഘത്തിന്റെ ഏറ്റവും മുന്നിൽ ഞാനായിരുന്നു. തന്മൂലം എന്താണു സംഭവിച്ചതെന്ന് എനിക്കു പെട്ടെന്ന് മനസ്സിലായില്ല. ഞാൻ തിരിഞ്ഞ് അവരുടെ പിന്നാലെ ഓടി. പക്ഷേ അവർക്കൊപ്പം എത്താനായില്ല. വയലിലെത്തിയതോടെ അവർ ഒരു വൃത്തത്തിൽ നിന്നു. ചിലരുടെ കൈയിൽ വലിയ കൽകഷണങ്ങളുണ്ട്. അവരുടെ നടുവിലായി ഒരു വലിയ കാട്ടുകഴുതപ്പുലിയും. അസാധാരണമാംവിധം രോഷാകുലനാണ് ആ മൃഗം. ചാടി ആക്രമിക്കാൻ തയ്യാറെടുത്തുനിൽക്കുന്നു. കഴുതപ്പുലി

കൾ ഉറങ്ങുന്ന ആളുകളെയും വളർത്തുമൃഗങ്ങളെയും മാത്രമേ ആക്രമിക്കാറുള്ളു. അങ്ങോട്ട് ആക്രമിക്കുമ്പോൾ അവ വന്യമായരീതിയിൽ വർത്തിക്കും. ഒരു വിദ്യാർത്ഥി മൂർച്ചയുള്ള ഒരു കല്ലുകൊണ്ട് കഴുതപ്പുലിയെ എറിയുന്നതു ഞാൻ ശ്രദ്ധിച്ചു. താഴത്തെ താടിയെല്ലു തകർന്നു. അതോടെ കുട്ടികൾക്കും വാശിയായി. ഏറിന്റെ ശരവർഷം! വേഗം അവർ കഴുതപ്പുലിയെ കീഴടക്കി. എവിടെനിന്നോ ഒരു കയർകൊണ്ടുവന്ന് അവർ ആ മൃഗത്തെ കെട്ടി. അതിനെ ഒരു കമ്പിൽ കെട്ടിത്തൂക്കി (അതു ചത്തിരുന്നില്ല; നാലു വിദ്യാർത്ഥികൾ അതിനെ ചുമന്നുകൊണ്ടു ജിമ്മയുടെ തെരുവിലൂടെ വിജയഘോഷയാത്രയായി നീങ്ങി. എല്ലാവരും ദേശാഭിമാനദ്യോതകമായ ഗാനങ്ങൾ ആലപിച്ചു. ഇറ്റലിക്കാരുമായുള്ള സമരത്തിൽ എത്യോപ്യൻ പട്ടാളക്കാർ പാടിയ ദേശാഭിമാനമുണർത്തുന്ന പാട്ടാണ് വിദ്യാർത്ഥികൾ ആലപിച്ചത്. ഞങ്ങൾ കഴുതപ്പുലിയെ കൊണ്ടുപോയി എന്റെ വീട്ടുമുറ്റത്ത് ഒരു മരത്തിൽ കെട്ടിയിട്ടു. അതിനെ മരുന്നുപുരട്ടി സുഖപ്പെടുത്തിയശേഷം വളർത്താനായിരുന്നു ഉദ്ദേശ്യം. പക്ഷേ ആരോ എന്റെ അനുവാദം ചോദിക്കാതെ അതിനെ വെടിവച്ചുകൊന്നു. അന്നവിടെ കിരുബലിനു മാത്രമേ കൈത്തോക്കുള്ളു. കഴുതപ്പുലിയുടെ തോൽ ഞാൻ ജിമ്മയിൽ നിന്നു പോകുന്നതുവരെ വീട്ടിൽ സൂക്ഷിച്ചിരുന്നു.

### കിരുബലുമായി അഭിപ്രായവ്യത്യാസം

യു. എൻ. അസോസ്യേഷനിൽ നിന്നു സുലഭമായി ലഭിച്ചുപോന്ന കമ്പിളിപ്പുതപ്പുകളിൽ ചിലതു കുട്ടികൾ മോഷ്ടിക്കുക പതിവായിരുന്നു. രണ്ടു പുതപ്പു വിറ്റാൽ അരഡസൻപേർക്കു നല്ലൊരു മദ്യസൽക്കാരത്തിനു വേണ്ട കാശു കിട്ടും. ഈ പ്രക്രിയ കുറെക്കാലമായി നടന്നുപോരുന്നു. ഓരോരുത്തർക്കും രണ്ടു പുതപ്പുകൊടുത്തിരുന്നത് ഇപ്പോൾ പലർക്കും ഓരോന്നു മാത്രമേ ഉള്ളു. ചിലർക്ക് ഒന്നുമില്ല.

ഞാൻ വന്നതിനുശേഷം മോഷണം പൂർണ്ണമായി നിലച്ചു. അധികൃതർ വിസ്മയഭരിതരായി. എന്റെ സ്വാധീനശക്തി ഇതിലെവിടെയോ ഉണ്ടെന്ന് അവർക്ക് സംശയം തോന്നി. പക്ഷേ മി. കിരുബൽ അതു സമ്മതിക്കില്ല. അദ്ദേഹം ഒരുദിവസം എന്നെ ഓഫീസിൽ വിളിപ്പിച്ച് അച്ചടക്കത്തെപ്പറ്റി ഒരു പ്രസംഗം നടത്തി. താൻ പട്ടാളത്തിൽ പരിചയിച്ച വ്യക്തിയാണെന്നും സ്കൂളിൽ അച്ചടക്കം പുലർത്തണമെങ്കിൽ കർശനമായ ശിക്ഷയെപ്പറ്റി ഭയമുണ്ടാകണമെന്നു താൻ പഠിച്ചിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വിദ്യാർത്ഥികളോട് അടുത്ത സൗഹൃദം പുലർത്തുന്നത് അവിവേകമാണെന്നും ഞാൻ സൗമനസ്യം കാണിച്ച് സ്കൂളിലെ അച്ചടക്കം നശിപ്പിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. “അവർക്കു നന്നായി മനസിലാകുന്ന ഭാഷ വടിയുടേതു മാത്രം” കിരുബൽ അഭിപ്രായപ്പെട്ടു. വടിയുടെ ശക്തിയേക്കാൾ സ്നേഹപൂർവ്വമായ പ്രേരണയിലാണ് ഞാൻ വിശ്വസിക്കുന്നതെന്നും എന്റെ മാർഗം പരീക്ഷിച്ചുനോക്കാൻ എന്നെ അനുവദിക്കണമെന്നും ഞാൻ മര്യാദയോടെ പറഞ്ഞു. അഭിപ്രായവ്യത്യാസം നിലനിർത്തിക്കൊണ്ടു ഞങ്ങൾ സുഹൃത്തുക്കളായി പിരിഞ്ഞു; കുറഞ്ഞപക്ഷം അങ്ങനെയാണു ഞാൻ ചിന്തിച്ചത്.

ഒരു ദിവസം അതു സംഭവിച്ചു. ഞാൻ ജിമ്മയിലെത്തി ഏതാനും മാസം കഴിഞ്ഞാണ്. രണ്ടു കമ്പിളിപ്പുതപ്പുകൾ മോഷണംപോയി. കുറ്റവാളികളെ പിടികൂടി കർശനമായി ശിക്ഷിക്കുമെന്ന് മി. കിരുബൽ പ്രസ്താവിച്ചു. പക്ഷേ അയാളുടെ രീതിയിൽ മോഷ്ടാക്കളെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. മുഴുവൻ വിദ്യാർത്ഥികളെയും ശിക്ഷിക്കണമെന്ന് അയാൾ തീരുമാനിച്ചു. മോഷ്ടാക്കളാരാണെന്നു കണ്ടുപിടിക്കാൻ ഞാൻ ശ്രമിക്കാമെന്നും പിടികൂടിയാൽ കിരുബലിനെ ഏൽപ്പിക്കാമെന്നും ഞാൻ പറഞ്ഞു. ക്ലാസ്സുകളുടെ ചാർജ് എനിക്കാകയാൽ ശിക്ഷ നടത്താൻ എന്നെ അനുവദിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചു. പ്രവിശ്യയുടെ മൊത്തം ചുമതല തന്നിൽ നിക്ഷിപ്തമാണെന്നും തനിക്ക് ഉചിതമായി തോന്നുന്ന രീതിയിൽ താൻ കുറ്റവാളികളെ കൈകാര്യം ചെയ്യുമെന്നും കിരുബൽ ശഠിച്ചു. കരുണകാണിക്കണമെന്നും അതികർക്കശമായി ശിക്ഷിക്കരുതെന്നും ഞാൻ കിരുബലിനോട് അപേക്ഷിച്ചു. അവരെ എന്തുചെയ്യണമെന്നു തനിക്കറിയാമെന്നായിരുന്നു കിരുബലിന്റെ മറുപടി.

അന്നു സ്കൂളിൽ 56 വിദ്യാർത്ഥികളാണുണ്ടായിരുന്നതെന്നാണ് എന്റെ ഓർമ. ഞാൻ അവരെയെല്ലാം വിളിച്ചുകൂട്ടി, മോഷണത്തെപ്പറ്റിയും മറ്റും അവരോടു സംസാരിച്ചു. സാന്മാർഗികവും മതപരവുമായ പശ്ചാത്തലം ഞാൻ വ്യക്തമാക്കി. ശ്രോതാക്കൾ വികാരഭരിതരായതുപോലെ തോന്നി.

"നിങ്ങളുടെ കൂട്ടത്തിൽ ആരാണിതു ചെയ്തതെന്ന് നിങ്ങൾക്കറിയാം. എനിക്കറിഞ്ഞുകൂടാ. അതു ചെയ്തവർ മുന്നോട്ടുവന്നു തങ്ങളുടെ കുറ്റം ഈ അസംബ്ലിയുടെ മുമ്പാകെ ഏറ്റുപറയണമെന്നു ഞാനഭ്യർത്ഥിക്കുന്നു".

അവർ പരസ്പരം നോക്കി. പക്ഷേ ആരും ഒന്നും പറഞ്ഞില്ല. ഞാനവർക്കു ചിന്തിക്കാൻ സമയം കൊടുത്തു. അവർ പരസ്പരം സംസാരിച്ചു. അവരിൽ പലരും ഒരു പ്രത്യേക ദിശയിൽ രഹസ്യമായി ദൃഷ്ടികളെ പായിക്കുന്നതായി എനിക്കു നേരിയ സംശയം തോന്നി. എങ്കിലും ആരും കുറ്റം ഏറ്റുപറഞ്ഞില്ല.

ഞാൻ ഒരു ചെറിയ പെട്ടിയും 56 കഷണം കടലാസും കൊണ്ടുവന്നു. ഓരോ വിദ്യാർത്ഥിക്കും ഓരോ കടലാസു കഷണം കൊടുത്തിട്ട് പുതപ്പു മോഷ്ടിച്ചതായി അവർ സംശയിക്കുന്ന രണ്ടു പേരുകൾ കടലാസിൽ എഴുതാൻ ആവശ്യപ്പെട്ടു. അവർ ഒപ്പിടേണ്ട. അവർ അപ്രകാരം രണ്ടു പേരുകൾ എഴുതി, കടലാസുകഷണം പെട്ടിയിലിട്ടു.

ഞാൻ കടലാസുകഷണങ്ങൾ പുറത്തെടുത്തു, ഇനം തിരിച്ചു. വിചിത്രമെന്നു പറയട്ടെ. 54 ഷീറ്റിലും ഒരേ രണ്ടു ആളുകളുടെ പേരുകൾ. രണ്ടു കടലാസിൽ മാത്രം രണ്ടു വിഭിന്ന നാമങ്ങൾ(അവ മോഷ്ടാക്കൾ തന്നെ എഴുതിയതാവണം). ആ രണ്ടു പേരും ഉച്ചഭക്ഷണത്തിനു മുമ്പ് എന്നെ വീട്ടിൽവന്നു കാണണമെന്നു ഞാൻ പറഞ്ഞു.

അവർ കൃത്യസമയത്തുതന്നെ വന്നു. ഇരുവരും കരയുന്നുണ്ടായിരുന്നു.

"എന്തിനാണിതു ചെയ്തത്?" വാത്സല്യപൂർവ്വം ഞാൻ തിരക്കി.

'നിങ്ങളിതു ചെയ്തോ' എന്നു ചോദിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. മറുപടി സത്യസന്ധമാക്കാൻ അവർ ശ്രമിച്ചു.

"എന്തിനെന്ന് അറിഞ്ഞുകൂടാ, സാർ. മോഷ്ടിക്കാനുള്ള പ്രേരണ ഉണ്ടായാൽ പിന്നെ ഞങ്ങൾ നിസ്സഹായരാണ്. മോഷണത്തിനു ഞങ്ങൾ ഹേമിക്കപ്പെടുന്നതുപോലെയാണ്."

എനിക്കവരോടു സഹതാപം തോന്നി. ബാല്യത്തിൽ കരഗതമാകുന്ന ഈ ശീലങ്ങൾ ആവർത്തിക്കപ്പെടുന്നതോടെ ഹേമമായി മാറുകയാണ്. അവരെ ശിക്ഷിക്കാൻ എനിക്കു മനസ്സില്ലായിരുന്നു. എനിക്കവരെ ആശ്ലേഷിച്ചാൽകൊള്ളാമെന്നു തോന്നി. എന്നിരിക്കിലും കർശനമായ നിലയെടുക്കാൻ ഞാൻ പാടുപെട്ടു. അവർ ചെയ്തതു തെറ്റാണെന്നും അവർ സ്കൂളിനോടും സഹപാഠികളോടും മാത്രമല്ല തങ്ങളോടുതന്നെയും തെറ്റു ചെയ്തുവെന്നും ഞാൻ ഗൗരവസ്വരത്തിൽ പറഞ്ഞു. ഞാൻ അവരോടൊന്നിച്ചു പ്രാർത്ഥിച്ചു. ദൈവത്തിന്റെ ക്ഷമയ്ക്കുവേണ്ടി യാചന നടത്തി.

"മറ്റുള്ളവരെ പ്രതി നിങ്ങളെ ശിക്ഷിച്ചേ മതിയാവൂ. എന്തു ശിക്ഷയാണ് നല്കേണ്ടതെന്നു നിങ്ങൾ തന്നെ പറയൂ."

"സർ, അവിടുത്തേയ്ക്ക് ഇഷ്ടമുള്ള ശിക്ഷ തന്നാലും. അതു ഞങ്ങൾ സന്തോഷപൂർവ്വം സ്വീകരിക്കും. ദയവുചെയ്തു ഞങ്ങളെ മി. കിരുബലിന്റെ കയ്യിൽ ഏൽപ്പിക്കരുതേ."

"അതു കൂടാതെ നിവൃത്തിയില്ല. ഞാൻ നിങ്ങളുടെ അദ്ധ്യാപകനാണെങ്കിലും നിങ്ങളെ ശിക്ഷിക്കാനുള്ള അവകാശം തനിക്കാണെന്നാണ് അദ്ദേഹം പറഞ്ഞത്. എനിക്കതു മനസ്സിലാകുന്നില്ല. പക്ഷേ, നിങ്ങളെ കിരുബലിന്റെ അടുക്കൽ ഏല്പിച്ചേ മതിയാവൂ. ദയ കാണിക്കണമെന്നു ഞാൻ പറയാം. പക്ഷേ വാഗ്ദാനം ചെയ്യാൻ നിവൃത്തിയില്ല."

കിരുബലിന്റെ അടുക്കൽ ചെന്നപ്പോൾ ആ മനുഷ്യൻ ഹ്രസ്വമായി ഇത്രമാത്രം പറഞ്ഞു: "അവരെ ഇവിടെ ഏല്പിച്ചേക്കൂ. എന്തുചെയ്യണമെന്ന് എനിക്കറിയാം. അതു താങ്കളുടെ ജോലിയേയല്ല."

അയാളുടെ ജോലി അയാൾക്കറിയാം. അയാൾ ചെയ്തതു കണ്ടപ്പോൾ എനിക്കു ദുഃഖവും ക്ലേശവും തോന്നി. പക്ഷേ എനിക്കൊന്നുംതന്നെ ചെയ്യുവാൻ കഴിയുമായിരുന്നില്ല. കോമ്പൗണ്ടിൽ രണ്ടു കാവൽപ്പുരകൾ സ്ഥാപിച്ചിരുന്നു. മൂന്നടി നീളം, മൂന്നടി വീതി, ആറടി ഉയരംവരും അതിന്. മുകളിലായി രണ്ടടി ഉയരമുള്ള ഒരു മട്ടച്ചുമരും. കുറ്റക്കാരായ വിദ്യാർത്ഥികളിൽ ഓരോരുത്തരെ ഓരോ കാവൽപ്പുരക്കകത്താക്കി വെളിയിൽ നിന്നു വാതിൽ പൂട്ടി. മി. കിരുബൽ വിടുതൽ ചെയ്യുവാൻ തീരുമാനിക്കുന്നതുവരെ അവർ പെട്ടിക്കകത്തു കഴിയണം. ഏതു മാനദണ്ഡം വച്ചുനോക്കിയാലും മനുഷ്യത്വഹീനമായ ശിക്ഷയായിരുന്നു അത്. മലമൂത്രവിസർജ്ജനത്തിനു പോലും സ്ഥലമില്ല. ഇരിക്കാൻവയ്യ, കിടക്കാൻ വയ്യ. ആ നിലയിൽ അവർ രണ്ടു ദിവസം അതിനുള്ളിൽ കഴിച്ചുകൂട്ടി. ഞാൻ കോപാക്രാന്തനായി. പക്ഷേ എനിക്കൊന്നും ചെയ്യാനായില്ല. വിദ്യാർത്ഥികൾ എന്നോടൊപ്പം നിന്നു. കനേഡിയൻ ഡയറക്ടർ തോംസൺ കുറെ മുമ്പുതന്നെ മാറിപ്പോ

യിരുന്നു. പകരം വന്ന ഡയറക്ടർ (ഒരു നോർവേക്കാരൻ) സഹാനുഭൂതി പ്രദർശിപ്പിച്ചു.

അദ്ധ്യാപകരും എന്നോടു ചേർന്നുനിന്നു. എന്റെ വീട്ടിലെ ബൈബിൾ ക്ലാസ് പതിവുപോലെ തുടർന്നു. ഒരു ദിവസം ക്ലാസിൽ സംബന്ധിക്കാൻ മിസ്സിസ്സ് കിരുബൽ അനുവാദം ചോദിച്ചപ്പോൾ എനിക്കെന്തോ പന്തികേടുതോന്നാതിരുന്നില്ല.

അതിനുശേഷം ഏതാനും ദിവസം കഴിഞ്ഞപ്പോൾ ആഡിസ് അബാബയിലെ വിദ്യാഭ്യാസമന്ത്രികാര്യാലയത്തിൽ നിന്ന് എനിക്കൊരു മെമ്മോ കിട്ടി–ഞങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥികൾ ഒരു കാര്യത്തിനും അദ്ധ്യാപകരുടെ ഭവനത്തിൽ പോയിക്കൂടാ എന്നു നിഷ്കർഷിക്കുന്നതായിരുന്നു മെമ്മോ. വിദ്യാർത്ഥികളെ എന്റെ വീട്ടിൽ വിളിച്ചുകൂട്ടുന്നതിനോ അവരെ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിനോ എനിക്ക് അവകാശമില്ലെന്നും അതിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഇതിനു പുറമെ മി. കിരുബൽ വിദ്യാർത്ഥികളുടെ അടുക്കലെത്തി, എന്റെ വീട്ടിൽ പോയിക്കൂടെന്നു വിലക്കുകയും ചെയ്തു.

വിദ്യാർത്ഥികൾ വന്നു പറയുന്നതുവരെ ഈ വിവരം ഞാൻ അറിഞ്ഞിരുന്നില്ല. കിരുബൽ സംസാരിച്ച ദിവസം ഒരുസംഘം വിദ്യാർത്ഥികൾ സാധാരണപോലെ എന്റെ വീട്ടിലെത്തി. ഞങ്ങൾ ചായ കുടിച്ചു. ബൈബിൾ ക്ലാസ് നടത്തി. അനന്തരം വിലക്കിന്റെ വിവരം അവരെന്നെ ധരിപ്പിച്ചു. ആജ്ഞ ധിക്കരിക്കാൻ അവർ തയ്യാറായിരുന്നു. വിലക്കു ധിക്കരിച്ചുകൂടെന്നു ഞാൻ അവരെ ഉപദേശിച്ചു. സംഭവമെന്താണെന്ന് അധികൃതരോടു തിരക്കാമെന്നു ഞാൻ പറഞ്ഞു. പിറ്റേന്നു ഞാൻ മി. കിരുബലിന്റെ ഓഫീസിൽ ചെന്നു. കിരുബലിന്റെ ഓഫീസിലെ ഗുമസ്തന്മാർ എന്നെ പരസ്യമായി ആക്ഷേപിച്ചതു കണ്ടു ഞാൻ വിസ്മയാധീനനായി.

“നീ ഇന്ത്യയിൽ നിന്നു വന്നു ഞങ്ങളുടെ ചെലവിൽ തിന്നുതടിച്ചു” – ഇത്തരത്തിലുള്ള പദപ്രയോഗങ്ങൾ. എത്യോപ്യക്കാരായ ഈ സ്റ്റാഫംഗങ്ങൾ മുമ്പ് എന്നോട് വളരെ സൗഹൃദത്തോടെ വർത്തിച്ചിരുന്നവരാണ്. എന്തൊരു മാറ്റം! എനിക്ക് മി. കിരുബലിനോട് സംസാരിക്കണമായിരുന്നു. പക്ഷേ കിരുബൽ ആഡിസ് അബാബയ്ക്കു പോയിയെന്ന മറുപടിയാണെനിക്കു ലഭിച്ചത്.

ഞാൻ വീട്ടിലെത്തി വിദ്യാഭ്യാസമന്ത്രി കാര്യാലയത്തിൽ നിന്നു കിട്ടിയ മെമ്മോയ്ക്ക് കർശനസ്വരത്തിലുള്ള ഒരു മറുപടി തയ്യാറാക്കി.

### പരീക്ഷണത്തിന്റെയും പ്രാർത്ഥനയുടെയും കാലഘട്ടം

ജിമ്മ ടൗണിലെ അന്തരീക്ഷം മുഴുവൻ മാറിയതായി ഞാൻ ക്ഷണേന മനസ്സിലാക്കി. കോമ്പൗണ്ടിനു വെളിയിലും എത്യോപ്യക്കാരെല്ലാം എനിക്കെതിരായി. ജിമ്മയിലെ തെരുവുകളിലൂടെ ഞാൻ നടന്നുപോകുമ്പോൾ ആളുകൾ എന്റെ നേർക്കു വിരൽചൂണ്ടി പരസ്പരം സംസാരിക്കുന്നത് ഞാൻ കണ്ടു. അവർ എന്നെ പരിഹസിക്കുന്നതായി എനിക്കു തോന്നി. എന്റെ വിദ്യാർത്ഥികൾക്കിടയിൽ പോലും പഴയ സൗഹൃദം നഷ്ടപ്പെട്ടിരിക്കുന്നു. സംശയത്തിന്റെ മൂടുപടം സമൂഹത്തെ ആവരണം ചെയ്തതു

പോലെ. ചില വിദ്യാർത്ഥികൾ എന്റെ ദൃഷ്ടിപഥത്തിൽനിന്ന് ഒളിക്കാൻ ശ്രമിക്കുന്നതുപോലെ തോന്നി. സീനിയർ വിദ്യാർത്ഥികളിൽ ചിലർ എന്നോട് അടുപ്പം പുലർത്തി. എന്നെപ്പറ്റി ആരോ പട്ടണം മുഴുവൻ കഥകൾ പ്രചരിപ്പിക്കുന്നതായി അവർ എന്നെ ധരിപ്പിച്ചു. കഥകൾ എന്താണെന്ന് അവർ വെളിപ്പെടുത്തിയില്ല. അതറിയാൻ ഏതാനും മാസങ്ങൾ വേണ്ടി വന്നു.

ഞാൻ രാത്രിയോ പകലോ വീടിനു വെളിയിൽ പോകുമ്പോൾ ആരോ എന്നെ പിന്തുടരുന്നുണ്ടെന്ന് എനിക്കു തോന്നി. ഒരുദിവസം ഏതാനും സീനിയർ വിദ്യാർത്ഥികൾ പറഞ്ഞു: "സാറിന്റെ വീട്ടിൽ വരുന്നതിൽനിന്നു മാത്രമേ വിലക്കിയിട്ടുള്ളു. ക്യാമ്പസിൽ നടക്കാൻ പോകുന്നതിനു വില ക്കേർപ്പെടുത്തിയിട്ടില്ലല്ലോ. നമുക്ക് ആ കുന്നിൻ മുകളിൽ മരങ്ങൾക്കിട യിൽ പോയിരുന്നു പ്രാർത്ഥിക്കാം".

നിലാവുള്ള രാത്രിയായിരുന്നു അന്ന്. വലിയ തണുപ്പില്ല. ഞങ്ങൾ വെളി യിൽ പോയി മരങ്ങൾക്കിടയിൽ ഒരു വെളിമ്പ്രദേശത്ത് ഇരുന്നു. ഞങ്ങൾ സംസാരിക്കുന്നതിനിടയിൽ മരക്കൂട്ടത്തിനിടയിൽ ഒരു ചലനം കേട്ടതു പോലെ തോന്നി. ശ്രദ്ധിച്ചുനോക്കിയപ്പോൾ ഒരു വെളുത്ത കോട്ടിന്റെ ഭാഗ ങ്ങൾ ദൃഷ്ടിയിൽപെട്ടു. എന്റെ കൂടെവന്ന അരഡസൻ കുട്ടികളോട് ഞാൻ പറഞ്ഞു: "എത്യോപ്യക്കാരായ നിങ്ങൾ നല്ല സമർത്ഥരാണെന്നായിരുന്നു ഞാൻ കരുതിയത്. നിലാവുള്ള ഒരു രാത്രിയിൽ ആരുടെയെങ്കിലും മേൽ ചാരവൃത്തിനടത്താൻ നിങ്ങളിലൊരുവൻ വെളുത്ത കോട്ട് ധരിക്കുമെന്ന് ഞാനോർത്തില്ല". അംഹാരിക് ഭാഷയിലാണു ഞാനിത് പറഞ്ഞത്. മര ക്കൂട്ടത്തിനിടയിൽ പാത്തുനിന്ന ആൾ കേൾക്കത്തക്കവണ്ണം ഉച്ചസ്വരത്തി ലും. പെട്ടെന്ന് കുറ്റിമരങ്ങൾ വല്ലാതെ ഇളകി ആടിയുലഞ്ഞു. വെള്ള കോട്ടു ധരിച്ച ഒരു വിദ്യാർത്ഥി ഞങ്ങൾ തിരിച്ചറിയാതിരിക്കാൻ ഓടിപ്പോകുന്ന തു ഞാൻ കണ്ടു. ഞങ്ങൾ ചിരിച്ചു.

ദിവസങ്ങൾ കഴിയുന്തോറും ആരോ എന്നെ രഹസ്യമായി വീക്ഷിക്കു കയും പിന്തുടരുകയും ചെയ്യുന്നുവെന്ന ബോധം വളർന്നുകൊണ്ടിരുന്നു. പലഭാഗത്തുനിന്നും പീഡനത്തിന്റെ പീരങ്കി എന്റെ നേർക്കു തിരിച്ചുവച്ച തുപോലെ. ആളുകൾ എന്നോടു സംസാരിക്കാൻ വിസമ്മതിക്കുന്നതു കാണുമ്പോൾ എനിക്കു വേദനിക്കും. ആളുകൾ എന്നെ ദോഷിക്കുകയോ പരിഹസിക്കുകയോ ചെയ്യുമ്പോഴാണത്. അവർ എന്നെ നിന്ദിക്കുകയും വെറുക്കുകയും ചെയ്യുന്നുവെന്ന് ഞാൻ മനസ്സിലാക്കി.

ഞാൻ ജിമ്മ വിടുന്നതിന് മുമ്പുള്ള ഏതാനും ആഴ്ചകൾ നരക സദൃ ശമായിരുന്നു. ഇന്ത്യയിൽ എന്റെ അമ്മ രോഗിണിയായിത്തീർന്നപ്പോഴത്തെ ദുരിതാവസ്ഥതന്നെ. പക്ഷേ ഒരു വ്യത്യാസം ശ്രദ്ധേയമാണ്. ആദ്ധ്യാത്മി കമായി എന്റെ ജീവിതത്തിലെ ഏറ്റവും സമൃദ്ധമായ അനുഭവങ്ങളുടെ കാലഘട്ടമാണിത്. പീഡനത്തിന്റെ മധ്യത്തിലും എനിക്ക് ആന്തരികമായി ആഹ്ലാദിക്കാൻ കഴിഞ്ഞു. യേശുവിന്റെ വാക്കുകൾക്ക് പുതിയ അർത്ഥം കൈവന്നു: "മനുഷ്യർ എന്നെപ്രതി നിങ്ങളെ നിന്ദിക്കുകയും പീഡി പ്പിക്കുകയും സത്യവിരുദ്ധമായ സർവ്വവിധ ദൂഷണങ്ങളും പറയുകയും

ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. അപ്പോൾ നിങ്ങൾ ആനന്ദിക്കുക, ആഹ്ലാദിക്കുക, സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും".

യേശു മരണാനന്തര ജീവിതത്തിലെ എന്തെങ്കിലും പ്രതിഫലത്തെപ്പ റ്റിയല്ല പറയുന്നതെന്ന് എനിക്ക് വ്യക്തമായിരുന്നു-പ്രതിഫലം ഇവിടെ ഇപ്പോൾതന്നെ അനുഭവവേദ്യമാകണം. ആന്തരികമായി ഞാൻ സന്തുഷ്ട നായിരുന്നു. ഒരേ സമയത്തു മണിക്കൂറുകളോളം പ്രാർത്ഥിക്കാൻ എനിക്കു കഴിഞ്ഞു. കഷ്ടാനുഭവമധ്യത്തിൽ ആഹ്ലാദിക്കാൻ കഴിയുകയെന്ന നിഗൂ ഢത അനുഭവവേദ്യമാക്കാൻ അർഹത നൽകിയതിന് ഞാൻ ദൈവത്തെ സ്തുതിച്ചു. സ്വാഭാവികവും ഉന്മേഷദായകവും ജീവദായകവുമായ ആനന്ദം അതു നല്കി. നസറേത്തിലെ എന്റെ മുറിയിൽ വച്ച് ഏതാനും മാസം മുമ്പു മാത്രം നടന്നതായ സംഭവംപോലെ ഇതും എന്റെ ആദ്ധ്യാത്മിക ജീവിതത്തിന്റെ സജീവാംശമായി മാറി. നസറേത്തിലെ പേടിസ്വപ്നവും യേശുവുമായുണ്ടായ ശുദ്ധീകരണക്ഷമമായ അഭിമുഖീകരണവും ഇല്ലാ യിരുന്നെങ്കിൽ ജിമ്മയിലെ ആഹ്ലാദം സാധ്യമാകുമായിരുന്നോ എന്നു സംശ യമാണ്. എന്തൊക്കെയായാലും ആ ആഴ്ചകളിൽ ഒരുവശത്ത് പരിഹാ സവും പീഡനവും അസ്പൃശ്യതയും ഉൽപാദിപ്പിക്കുന്ന ഹൃദയവ്യഥയുടെ ആഴം ഞാൻ കണ്ടു. അതേസമയം മറുവശത്ത് ആ കഷ്ടാനുഭവത്തിന്റെ നടുക്കയത്തിൽ, പ്രത്യേകിച്ചും പ്രാർത്ഥനായാമങ്ങളിൽ, ആദ്ധ്യാത്മികാ നന്ദത്തിന്റെ തിരത്തള്ളലും എനിക്ക് അനുഭവവേദ്യമായി.

ആഡിസ്അബാബയ്ക്ക് അയച്ച പരുഷമായ എന്റെ പ്രതിഷേധകത്തി നുള്ള മറുപടി എത്തിച്ചേരാൻ വൈകി. അതൊരു ഹ്രസ്വമായ ടെലിഗ്രാം മട്ടിലായിരുന്നു. "താങ്കൾ സാധനങ്ങളൊക്കെ പായ്ക്കു ചെയ്ത് ആഡിസ് അബാബയിൽ എത്തുക." ഒരാഴ്ചകഴിഞ്ഞ് ഞാൻ ആഡിസ്അബാബയി ലെത്തി. ഇന്ത്യയിലേക്കു വിമാനം കയറാൻ തയ്യാറായിട്ടാണ് എന്റെ വരവ്.

ആഡിസ്അബാബയിൽ വിദ്യാഭ്യാസമന്ത്രി കാര്യാലയത്തിൽ ഡയറ ക്ടർ ജനറൽ മി. അകാലേവർക്ക് ഹാബ്ടേവോൾഡിന്റെ ഓഫീസിൽ ഞാൻ റിപ്പോർട്ടു ചെയ്തു. എനിക്കു കിട്ടിയ ടെലിഗ്രാം ഞാൻ പ്രൈവറ്റ് സെക്രട്ടറിയെ (ഒരു ഗോവാക്കാരൻ) കാണിച്ചു. അയാൾ വിസ്മയാധീന നായി. ആ ടെലിഗ്രാം ആരയച്ചതാണെന്ന് അയാൾക്കു പിടികിട്ടിയില്ല. തെര ക്കാമെന്നു പറഞ്ഞു.

മുപ്പതിലേറെ ദിവസങ്ങൾ ഞാൻ വിദ്യാഭ്യാസമന്ത്രി കാര്യാലയത്തിൽ പോയി സന്ദർശകമുറിയിൽ കാത്തുനിന്നു. എന്നെ എന്തിനു വിളിച്ചുവരു ത്തിയെന്നു കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഒരുദിവസം ഡെപ്യൂട്ടി ഡയറ ക്ടർ ജനറൽ മി. എഫ്രയിം ബോദ എന്റെ ഫയലുകൾ പരിശോധിച്ചപ്പോൾ അതിലെ അനീതി ശ്രദ്ധിച്ചു. അദ്ദേഹം തന്റെ ചീഫുമായി സംഘർഷത്തിൽ കഴിയുന്ന സമയമാണ്. ഒരു ദിവസം അദ്ദേഹം എന്നെ ഡയറക്ടർ ജനറ ലിന്റെ മുമ്പിലേക്കു വലിച്ചിഴച്ചു. "ഈ മനുഷ്യനെ എന്തിനാണിവിടെ വിളി ച്ചുവരുത്തിയതെന്നു പറയാമോ? മൂന്നാഴ്ചയിലേറെയായി അയാൾ ഇവിടെ കാത്തുകിടക്കുന്നു. ഇപ്പോഴും അയാൾക്കറിഞ്ഞുകൂടാ, എന്തിനാണെന്ന്."

മി. അകാലേവർക് കസേരയിൽനിന്ന് എഴുന്നേല്ക്കുകപോലും ചെയ്യാതെ മി. എഫ്രയിമിനോടു പറഞ്ഞു: "എനിക്കയാളുടെ മുഖം കാണുകയേ വേണ്ട. അയാളെ ഇവിടെനിന്നു കൊണ്ടുപോകൂ".

വ്യക്തിപരമായി എന്നെ പരിഹസിക്കുന്ന പ്രസ്താവനയാണത്. മി. എഫ്രയിം എന്നെ അയാളുടെ ഓഫീസിലേയ്ക്കു കൊണ്ടുപോയി. അയാൾ നീരസദ്യോതകമായി തലമുടി കശക്കി: "ഈ നശിച്ച സ്ഥലത്ത് ഇനി എനിക്ക് ജോലിനോക്കണമെന്നില്ല, രാജിവച്ചാൽ മതി." അല്പം ശാന്തനായശേഷം അദ്ദേഹം തുടർന്നു: "നിരാശനാകരുത്. ചക്രവർത്തിക്ക് അപ്പീൽ കൊടുക്കൂ."

എത്യോപ്യയിലെ ഇന്ത്യൻ അസോസിയേഷൻ എന്റെ കാര്യം അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമം തുടങ്ങിയിരുന്നു. അവർ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടി, എന്നെ പ്രസംഗിക്കാൻ ക്ഷണിച്ചു. എന്റെ കാര്യത്തിൽ പ്രദർശിപ്പിച്ച താല്പര്യത്തിന് ഞാൻ എന്റെ നാട്ടുകാരോടു നന്ദിപറഞ്ഞു. കേസിന്റെ രത്നച്ചുരുക്കം ഞാൻ അവരെ ധരിപ്പിച്ചു. ക്രിസ്തുവിനുവേണ്ടിയാണു ഞാനിതു സഹിക്കുന്നതെന്നും അവർ എന്റെ കാര്യത്തിൽ ബുദ്ധിമുട്ടേണ്ടതില്ലെന്നും ഞാൻ പറഞ്ഞു.

ചക്രവർത്തിക്ക് അപ്പീൽ കൊടുക്കുക മാത്രമാണ് ഇനിയും കരണീയം. വിദ്യാഭ്യാസമന്ത്രികാര്യാലയത്തിലെ ഉപദേഷ്ടാവും കാനഡാക്കാരനുമായ ആർ. എൻ. തോംസണെ ഞാൻ കണ്ടു. അദ്ദേഹം സഹതാപം പ്രകടിപ്പിച്ചു. സ്വാധീനശക്തിയുള്ള തോംസൺ എന്റെ പേരിലുള്ള ആരോപണങ്ങൾ കണ്ടുപിടിച്ചു (അന്നദ്ദേഹം അവ എന്നോടു പറഞ്ഞില്ല). പിന്നീടുമാത്രമാണ് മൂന്ന് ആരോപണങ്ങൾ എന്റെ പേരിൽ ഉള്ളതായി ഞാൻ മനസ്സിലാക്കിയത്. അവ:

1. ഞാൻ എത്യോപ്യയെയും ചക്രവർത്തിയെയും അധിക്ഷേപിച്ചു.

2. അധ്യാപകനെന്ന നിലയിലുള്ള എന്റെ പദവി, എത്യോപ്യൻ ഗവൺമെന്റുമായുള്ള എന്റെ കരാറിനു വിരുദ്ധമായി ഞാൻ മതപ്രചരണത്തിനും വിദ്യാർത്ഥികളുടെ മതംമാറ്റത്തിനും ദുർവിനിയോഗം ചെയ്യുന്നു.

3. വിദ്യാർത്ഥികളെ ഞാൻ എന്റെ വീട്ടിലേക്കു ക്ഷണിച്ചതിന്റെ യഥാർഥ ലക്ഷ്യം സ്വവർഗഭോഗമാണ്.

"അനാശാസ്യനായ വിദേശിയൻ" എന്ന മുദ്രകുത്തി എന്നെ ഇന്ത്യയിലേക്കു മടക്കി അയക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, ഈ വിവരം ഇന്ത്യാ ഗവൺമെന്റിനെ എഴുതി അറിയിച്ചിട്ടുണ്ടെന്നും തോംസൺ എന്നോടു പറഞ്ഞു. ബോംബെയിലേക്കുള്ള എന്റെ വിമാനടിക്കറ്റ് വാങ്ങിക്കഴിഞ്ഞു. ഏതു സമയത്തും എന്നെ പറഞ്ഞയക്കാം.

ഹെയ്‌ലി സെലാസി ചക്രവർത്തിക്ക് ഒരു പരാതി തയ്യാറാക്കുന്നതിൽ തോംസൺ എന്നെ സഹായിച്ചു. ചക്രവർത്തിയുടെ പ്രൈവറ്റ് സെക്രട്ടറി മി. ടെഫറാവർക്കിനെ തോംസൺ നേരിട്ട് അത് ഏല്പിക്കുകയും ചെയ്തു. വിദ്യാഭ്യാസ ഡയറക്ടർ ജനറൽ മി. അകാലേവർക്കിന്റെ ഒരുറ്റമിത്രമായിരുന്നു ടെഫറാവർക്ക് എന്നതിനാൽ എന്റെ പരാതി ചക്രവർത്തിയുടെ

പക്കൽ എത്തുമെന്ന് എനിക്ക് പ്രതീക്ഷയില്ലായിരുന്നു. തന്മൂലം ഇന്ത്യയിലേക്കു മടങ്ങിപ്പോകാൻ ഞാൻ തയ്യാറെടുത്തു.

അടുത്ത ദിവസം നാടകീയമായ ഒരു സംഭവവികാസമുണ്ടായി. മി. അകാലേവർക്കിന്റെ ഗോവാക്കാരനായ സെക്രട്ടറിവന്ന് എന്നോടു പറഞ്ഞു, ഉടൻ തന്നെ ഡയറക്ടർ ജനറലിനെ കാണണമെന്ന്. പിരിച്ചുവിടൽ ഉത്തരവു പ്രതീക്ഷിച്ചുകൊണ്ടു ഞാൻ ഓഫീസിലേക്കു ചെന്നു. ഒരു ദ്വിഭാഷി സമീപമുണ്ട്. അകാലേവർക്ക് ഇംഗ്ലീഷ് സംസാരിക്കില്ല.

"താൻ ആരാണ്?" അയാൾ പരുക്കൻ സ്വരത്തിൽ ആരാഞ്ഞു. ഇംഗ്ലീഷിലാണു ഞാൻ മറുപടി പറയേണ്ടത്. എന്നാൽ തെറ്റുകളുള്ള എന്റെ അംഹാരിക്കിൽ മറുപടി പറയാൻ ഞാൻ നിശ്ചയിച്ചു.

"ഞാൻ പോൾ വറുഗീസ്. വിനീതനായ ഒരു ഇന്ത്യൻ അദ്ധ്യാപകൻ. നിങ്ങളുടെ മന്ത്രികാര്യാലയത്തിന്റെ നിയോഗാനുസരണം ഇതുവരെ ജിമ്മയിൽ ജോലിനോക്കി. താങ്കൾ അയച്ച ടെലിഗ്രാം അനുസരിച്ച് ഞാൻ ആഡിസ്അബാബയിലെത്തി. 35 ദിവസമായി ഞാൻ ഇവിടെ കറങ്ങുന്നു. എന്നെ എന്തിനാണ് വിളിച്ചതെന്നു മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. വളരെ മോശമായ പെരുമാറ്റമാണ് എനിക്ക് ഇവിടെ ലഭിച്ചത്. ഞാൻ എന്റെ ജോലി ഉത്തരവാദിത്വബോധത്തോടെ നിർവഹിച്ചു. താങ്കൾ ഇത്ര ആക്ഷേപാർഹമായ നിലയിൽ എന്നോടു പെരുമാറുന്നതെന്താണെന്നറിഞ്ഞാൽ കൊള്ളാം."

സാമാന്യം ഒഴുക്കുള്ള, സാഹിത്യപരമായ അംഹാരിക്കിലാണ് ഞാനിത്രയും പറഞ്ഞത്. അകാലേവർക് വിസ്മയാധീനനായി. പരിഭാഷപ്പെടുത്താൻ അവസരം ലഭിക്കാതെ പോയ ദ്വിഭാഷിക്കും മതിപ്പുതോന്നിയെന്ന് എനിക്ക് മനസ്സിലായി. ഡയറക്ടർ ജനറൽ മേശവലിപ്പ് തുറന്ന് ഒരു കടലാസു കഷണം പുറത്തെടുത്തു. ഞാൻ മാസങ്ങൾക്കു മുമ്പയച്ച പ്രതിഷേധകത്താണതെന്ന് എനിക്കു മനസ്സിലായി.

"മര്യാദയില്ലാത്ത ഇത്തരമൊരു കത്ത് നിങ്ങളുടെ രാജ്യത്തെ നിങ്ങളുടെ ഗവൺമെന്റിന് നിങ്ങൾ എഴുതുമോ?" ആ കത്ത് എടുത്തു വീശിക്കൊണ്ട് അദ്ദേഹം ചോദിച്ചു.

"സാർ, താങ്കൾ എനിക്കെഴുതിയപോലെ ആക്ഷേപാർഹമായ കത്ത് (അതിനു മറുപടിയാണ് എന്റെ കത്ത്) ഒരു ഗവൺമെന്റാഫീസർ എന്റെ രാജ്യത്ത് എഴുതുന്നപക്ഷം ഞാൻ ഒരു പക്ഷേ അയാളെ കോടതികയറ്റും." അതൊരു വീരവാദമായിരുന്നു. ഞാൻ അതേ സ്വരത്തിൽ തുടർന്നു: "സാർ, എത്യോപ്യയിലെ ആളുകളെ എനിക്കിഷ്ടമാണ്. എത്യോപ്യയെ സേവിക്കാൻ എനിക്കു കിട്ടിയ ഒരു വർഷത്തിനിടയിൽ ഞാൻ ഇവിടത്തെ ആളുകളെ നന്നായി സേവിച്ചുവെന്നാണ് എന്റെ ബോധ്യം. എത്യോപ്യൻ ജനതയുടെ സുഹൃത്തായി ഞാൻ മടങ്ങിപ്പൊയ്ക്കൊള്ളാം. ഇന്ത്യയിൽ മറ്റൊരു ജോലി എനിക്കു തരപ്പെടുകയില്ലെന്ന ഉൽകണ്ഠ വേണ്ട. പല വർഷക്കാലം ഞാനൊരു ജേർണലിസ്റ്റായിരുന്നു. എന്റെ ഉപജീവനമാർഗം സുരക്ഷിതം. എത്യോപ്യയിലെ എന്റെ അനുഭവങ്ങളെപ്പറ്റിയും വിദ്യാഭ്യാസ

മന്ത്രികാര്യാലയത്തെപ്പറ്റിയും പത്രങ്ങളിൽ ഞാൻ കുറെ ലേഖനങ്ങളെഴുതുകയേ വേണ്ടൂ. നന്ദി. ഗുഡ്ബൈ".

എന്റെ വീരവാദം ഞാൻ പ്രതീക്ഷിച്ചതിലേറെ കാര്യമായി പ്രവർത്തിച്ചു. ദൈവത്തിന്റെ കരമാണു പ്രവർത്തിച്ചതെന്ന് ഇപ്പോൾ ഞാൻ വിശ്വസിക്കുന്നു. ഡയറക്ടർ ജനറൽ പുഞ്ചിരിതൂകി. ഞാൻ നില്ക്കുകയാണ്.

"മി. വറുഗീസ് ഇരുന്നാലും. താങ്കൾ പോകണമെന്നു ഞങ്ങൾക്കില്ല. താങ്കളുടെ വ്യക്തിത്വവും ഞങ്ങളുടെ ഭാഷയിലുള്ള അവഗാഹവും എന്നിൽ മതിപ്പുളവാക്കി. താങ്കളെപ്പറ്റി എനിക്കു ലഭിച്ച റിപ്പോർട്ട് തെറ്റിദ്ധാരണാജനകമായിരിക്കണം. അതിനെപ്പറ്റി ഞാൻ തെരക്കിക്കൊള്ളാം. താങ്കളെ ഇന്ത്യയിലേക്കു മടക്കി അയക്കാൻ ഞങ്ങൾ തീരുമാനിച്ചതാണ്. ഇനിയിപ്പോൾ ആ തീരുമാനം റദ്ദാക്കുകയാണ്. താങ്കൾ ഇവിടെ ഒരദ്ധ്യാപകനായി പ്രവർത്തിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു-മറ്റൊരു സ്കൂളിൽ മറ്റൊരു പ്രവിശ്യയിൽ. അതിലേയ്ക്ക് താങ്കളുടെ ഒരു ക്ഷമാപണക്കുറിപ്പ് വേണം. ഫയലിലിടുന്നതിനുവേണ്ടി മാത്രം".

"സാർ, ഏതുകാര്യത്തിനാണു ക്ഷമാപണം ചെയ്യേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ മനസ്സാക്ഷി ശുദ്ധമാണ്. എനിക്കൊന്നും ഏറ്റുപറയാനില്ല. ഈ രാജ്യത്ത് അദ്ധ്യാപകനായി ജോലി തുടരുന്ന കാര്യമാണെങ്കിൽ, എന്റെ ഇപ്പോഴത്തെ കരാർ (1950 വരെ) പൂർത്തിയാക്കാൻ എനിക്കു സമ്മതം. ഈ രാജ്യത്ത് ഒരു ദിവസം കൂടുതലായി ഞാൻ ജോലി ചെയ്യുകയില്ല." ദൈവത്തിലുള്ള എന്റെ വിശ്വാസവും അന്തസ്സും പൂർണ്ണമായി ഉറപ്പുവരുത്തിക്കൊണ്ടായിരുന്നു എന്റെ സംഭാഷണം. ഞാൻ സൗമ്യമായി പുഞ്ചിരിക്കുന്നുണ്ടായിരുന്നു; മര്യാദാപൂർവ്വം. അകാലേവർക്കും മന്ദഹസിച്ചു-സൗഹൃദം കലർന്ന മന്ദഹാസം.

"എത്രകാലം ഞങ്ങളോടൊന്നിച്ചു ജോലിചെയ്യണമെന്നതിനെപ്പറ്റി തീരുമാനിക്കാൻ ധൃതിപിടിക്കാതെ. അതു പിന്നീടു തീരുമാനിക്കാം. ക്ഷമാപണക്കുറിപ്പിൽ താങ്കൾ എന്തെഴുതിയാലും കുഴപ്പമില്ല. ഫയലിൽ ഇടാൻ ഒരു കത്തുവേണം അത്രതന്നെ. താങ്കൾക്കിഷ്ടമുള്ളത് എഴുതിക്കൊള്ളുക".

"സാർ, താങ്കൾ ആവശ്യപ്പെട്ടതനുസരിച്ചാണ് ഞാൻ ക്ഷമാപണക്കുറിപ്പെഴുതുന്നതെന്ന് കത്തിൽ എനിക്കു ചൂണ്ടിക്കാട്ടാമോ?"

"എന്ത് എഴുതിയാലും വേണ്ടില്ല. കഴിയുമെങ്കിൽ ഇന്നുതന്നെ അതെന്റെ സെക്രട്ടറിയെ ഏല്പിച്ചേക്കൂ". കൈവീശി ഇത്രയും പറഞ്ഞുകൊണ്ട് അദ്ദേഹം എഴുന്നേറ്റു. അഭിമുഖം അവസാനിച്ചു. ഞാൻ എഴുതിക്കൊടുത്ത ക്ഷമാപണക്കത്ത് താഴെ കൊടുക്കുന്നു:

ആഡിസ് അബാബ,

മാർച്ച് 1, 1949.

From

റ്റി. പി. വർഗീസ്, C/O മി. കെ. ഒ. ഫിലിപ്പ്,

ഹെയ്‌ലി സെലാസി സെക്കണ്ടറി സ്കൂൾ, ആഡിസ് അബാബ

To

ആറ്റോ അകാലെവർക് ഹാബ്ടെവോൾഡ്,

ഡയറക്ടർ ജനറൽ, മിനിസ്ട്രി ഓഫ് എഡ്യുക്കേഷൻ,

ആഡിസ് അബാബ

Ref. Yr. letter 4820/2263 dated 17-5-41.

ബഹുമാന്യനായ സർ,

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന എഴുത്തിൻപ്രകാരവും ഇന്നുകാലത്ത് പത്തുമണിക്ക് നമ്മൾ തമ്മിൽ നടത്തിയ അഭിമുഖസംഭാഷണത്തിൻ പ്രകാരവും; കാഫാ ജില്ലയിലെ സ്കൂൾ ഡയറക്ടർ ആറ്റോ കിരുബൽ ബാഷയ്ക്ക് 1941 തഹസസ് മാസം 21-ാം തീയ്യതി ഞാൻ എഴുതിയ എഴുത്ത് താങ്കളുടെ വികാരങ്ങളെ വ്രണപ്പെടുത്തിയെന്ന് ഞാൻ മനസ്സിലാക്കുകയും അതിൽ ഖേദിക്കുകയും ചെയ്യുന്നു.

എന്റെ ഭാഗം പരിപൂർണ്ണമായി നീതിപൂർവമെന്ന് എനിക്ക് ബോദ്ധ്യമുണ്ടെങ്കിലും മുകളിൽ സൂചിപ്പിച്ച കത്ത് നിങ്ങൾക്ക് അനുചിതമായി അനുഭവപ്പെട്ടു എന്നതിനാൽ താങ്കളുടെ അഭ്യർത്ഥനയിൻപ്രകാരം ക്ഷമ ചോദിക്കുന്നതിൽ എനിക്ക് സന്തോഷമേ ഉള്ളു. മുഖദാവിൽ കണ്ട് കാര്യങ്ങൾ വിശദീകരിക്കുന്നതിന് അനുവദിച്ച താങ്കളോടുള്ള കൃതജ്ഞതയും ഈയവസരത്തിൽ അറിയിക്കുന്നു. തുടർന്നുള്ള ഉത്തരവുകൾക്കായി പ്രതീക്ഷിച്ചുകൊണ്ട്.

ബഹുമാനപുരസ്സരം

റ്റി. പി. വർഗീസ്

ഏതാനും ദിവസങ്ങൾക്കകം ഗവൺമെന്റിൽനിന്ന് എനിക്കൊരു പുതിയ നിയമന ഉത്തരവ് കിട്ടി. ആഡിസ്അബാബയിൽനിന്ന് നൂറിൽതാഴെ കിലോമീറ്റർ അകലെ ആംബോയിലെ പ്രശസ്തമായ അഗ്രികൾച്ചറൽ കോളജിൽ ഇംഗ്ളീഷും മാത്തമാറ്റിക്സും പഠിപ്പിക്കുന്ന അദ്ധ്യാപകനായാണ് നിയമനം.

ഒരു കടുത്ത പരീക്ഷണത്തിന്റെ കാലഘട്ടത്തിന് അങ്ങനെ തിരശ്ശീല വീണു. ജിമ്മയിലെ അനുഭവവും ആഡിസ്അബാബയിലെ അതിന്റെ അവശിഷ്ടവും എനിക്കൊരു പ്രാർത്ഥനാവിദ്യാലയമായി പരിണമിച്ചു. ഹൃദയത്തിൽ ആനന്ദത്തോടും ദൈവസാന്നിദ്ധ്യത്തെപ്പറ്റി വ്യക്തമായ ബോധത്തോടും ഞാൻ മണിക്കൂറുകൾ പ്രാർത്ഥനയിൽ ചിലവഴിച്ചു. ദൈവത്തിനുവേണ്ടിയുള്ള അല്പമാത്രമായ കഷ്ടാനുഭവം എന്നെ കഴുകി ശുദ്ധീകരിക്കാനാരംഭിച്ചു. ദൈവാത്മാവിനാൽ ഞാൻ ജ്വലിച്ചു. എന്റെ ഹൃദയത്തിലെ ആ ഉജ്ജ്വലപ്രകാശത്തിന് സ്വർഗ്ഗീയ സ്പർശനമുണ്ടായിരുന്നു.

എന്റെ കഷ്ടത ജീവിതനിഗൂഢത അനാവരണം ചെയ്യുന്ന താക്കോലായി പരിണമിക്കുകയായിരുന്നു. സത്യത്തിനുവേണ്ടി കഷ്ടമനുഭവിക്കുക

യെന്നത് ഏതെങ്കിലും കഷ്ടതയിലൂടെ (ഉദാഹരണത്തിന്, ഇന്ത്യയിൽ ആദ്യകാലത്ത് എനിക്കുണ്ടായ കഷ്ടതയോ നസറേത്തിൽ അനുഭവപ്പെട്ട കഷ്ടതപോലുമോ) കടന്നുപോവുക എന്നതല്ലെന്നതാണ് ഞാൻ ആദ്യ മായി പഠിച്ച സുപ്രധാന പാഠം. സത്യത്തിനുവേണ്ടി അന്യായമായി കഷ്ട മനുഭവിക്കുക, നിങ്ങൾ അനുഷ്ഠിച്ച നല്ലകാര്യത്തിനു വേണ്ടി ആക്ഷേപി ക്കപ്പെടുക എന്നിതെല്ലാം ഉദാത്തമാക്കുന്ന അനുഭവമായിത്തീർന്നു. അനു ഭവത്തെ ശക്തിപ്പെടുത്താൻ വിശ്വാസം ഉണ്ടായിരിക്കണം എന്നതു പ്രധാ നം. ശുദ്ധമായ മനസ്സാക്ഷിയാണു മറ്റൊരു തുല്യപ്രധാനമായ ആവശ്യം. കഷ്ടമനുഭവിക്കുമ്പോൾ ലേശംപോലും വിരോധമോ വിദ്വേഷമോ ഉണ്ടാ യിരുന്നുകൂടാ.

കഷ്ടാനുഭവത്തിന്റെ മധ്യത്തിൽ ആനന്ദിക്കുന്ന അനുഭവം സ്നേഹ പൂർണ്ണനായ ഒരു കർത്താവിലുള്ള വിശ്വാസത്തിനു മുദ്രയിടുന്നു. എല്ലാ സംശയങ്ങളും അന്തർദ്ധാനം ചെയ്യുന്നു. വിശ്വാസം പുതിയതും ആഴമേ റിയതുമായ വേരുകൾ തേടിപ്പിടിക്കുന്നു. വേദനയെ സൃഷ്ടിക്കുന്ന കഷ്ടാ നുഭവത്തിന്റെ മദ്ധ്യത്തിൽ ആനന്ദം സൃഷ്ടിക്കുന്ന ദൈവസ്നേഹം ആസ്വ ദിച്ചറിയുന്ന അനുഭവം ഒരുവന്റെ വിശ്വാസത്തെ കരുത്തുറ്റതും സുരക്ഷി തവുമാക്കുന്നു. അപ്പോൾ ദൈവത്തെ അനുസരിക്കാൻ വേണ്ടി ആപൽ സാധ്യതകൾ ഏറ്റെടുക്കുക കൂടുതൽ അനായാസമായിത്തീരും, ഉൽക്ക ണ്ഠാരഹിതമായ പ്രക്രിയയായിത്തീരും. പക്ഷേ, നാം നീങ്ങിക്കൊണ്ടേയി രിക്കണം, സദായ്പോഴും.



**ഡീക്കൻ പോൾ വർഗീസ്**



**പോൾ വർഗീസ്**
**ഗോഷൻ കോളജിൽ**

# 4

# ഹെയ്‌ലി സെലാസി പ്രഥമൻ അന്ത്യംവരെ സ്നേഹധനനായ ധീരൻ, അന്ത്യത്തിൽ, വഴിതെറ്റിയോ?

കൃഷിവകുപ്പും വിദ്യാഭ്യാസവകുപ്പും സംയുക്തമായി നടത്തുന്ന ആംബോയിലെ അഗ്രിക്കൾച്ചറൽ കോളജ് കനേഡിയൻ ക്രിസ്ത്യാനികളായ ഒരുസംഘം അദ്ധ്യാപകരുടെ ചുമതലയിലായിരുന്നു. ജിമ്മാ സംഭവം അവരെല്ലാം കേട്ടിരുന്നതിനാൽ അവരെനിക്ക് ഒരു വീരനേതാവിനു ചേർന്ന സ്വാഗതമാണ് നല്കിയത്. ആദ്യം കുറെ ആഴ്ചത്തേയ്ക്ക് വൃത്തികുറഞ്ഞ ഒരു ഹോട്ടലാണ് എനിക്കു താമസിക്കാൻ കിട്ടിയത്. താമസിയാതെ ഞാൻ ക്യാമ്പസിലേക്കു മാറി. ഒരു കനേഡിയൻ അദ്ധ്യാപകന്റെ വീട്ടിലേക്ക്. അദ്ദേഹവും ഭാര്യയും കുട്ടികളും ഒന്നിച്ചാണ് കഴിഞ്ഞിരുന്നത്. അവർ വേഗം തന്നെ സ്ഥലംമാറിപ്പോയി. വീട് എനിക്ക് സ്വയമായി വിട്ടുകിട്ടി.

അവിടെ അദ്ധ്യാപനം എനിക്കു കുറെ ബുദ്ധിമുട്ടായി. ഇംഗ്ലീഷും കണക്കും പഠിപ്പിക്കാനാണ് എന്നെ നിയോഗിച്ചിരുന്നത്. ഇംഗ്ലീഷും ആൾജിബ്രയും പ്രയാസമില്ലായിരുന്നു. ഹൈസ്കൂളിൽ എനിക്കു പ്രിയപ്പെട്ട വിഷയങ്ങളായിരുന്നു അവ. പക്ഷേ ഞാൻ സ്കൂളിൽ പഠിച്ചിട്ടില്ലായിരുന്ന ട്രിഗണോമെട്രി (ത്രിമാനഗണിതം) ആണ് എനിക്കു ബുദ്ധിമുട്ടായത്.

ട്രിഗണോമെട്രി ക്ലാസ്സിൽ പല വിദ്യാർത്ഥികളും എന്നേക്കാൾ പ്രായം കൂടിയവരാണ് (എനിക്കന്ന് 26 വയസ് കഴിഞ്ഞതേയുള്ളു). ഇതുവരെ ആ വിഷയം പഠിച്ചിട്ടില്ലാത്ത ഒരാളെ അദ്ധ്യാപകനായി കിട്ടിയത് അവരുടെ നിർഭാഗ്യമാണെന്ന് ഞാൻ വിദ്യാർത്ഥികളോടു തുറന്നുപറഞ്ഞു. വിഷയം മുൻകൂട്ടി വീട്ടിലിരുന്ന് പഠിച്ചുകൊണ്ടുവരാമെന്ന് ഞാൻ വാക്കുകൊടുത്തു. എനിക്കു പരിഹാരം കിട്ടാത്ത ചില പ്രശ്നങ്ങൾ വരുന്നിടത്ത് ഞാൻ മണ്ടത്തരം എഴുന്നള്ളിച്ച് അവരെ കബളിപ്പിക്കാൻ പോയില്ല. എനിക്ക് അത് അറിഞ്ഞുകൂടെന്നു ഞാൻ തുറന്നുപറഞ്ഞു. ആ വിധത്തിലുള്ള സത്യസന്ധത അവർക്ക് ഇഷ്ടമായി. അവർ ആത്മാർത്ഥമായി സഹകരിച്ചു. ചിലപ്പോൾ സമർത്ഥനായ ഏതെങ്കിലും വിദ്യാർത്ഥി പരിഹാരം നിർദ്ദേശിച്ചെന്നുമിരിക്കും. വളരെ ഉപചാരഭാവത്തിൽത്തന്നെ. എന്നെ കൊച്ചാക്കാനൊന്നും ആരും ശ്രമിച്ചില്ല.

ആംബോ ഒരു ആരോഗ്യസ്നാനകേന്ദ്രമായിരുന്നു. ധാരാളം ഉഷ്ണജല സ്രോതസുകളുള്ള പട്ടണം. മണ്ണ് അഗ്നിപർവതാംശങ്ങൾ കലർന്നതായിരുന്നു. ഭൂഗർഭജലം ധാതുലവണങ്ങൾ കലർന്ന ഉഷ്ണജലം. വീടുകളിലെ ടാപ്പുകൾ തുറന്നാൽ നല്ല ചൂടുള്ള ധാതുസമ്പുഷ്ടമായ ജലമാണ് കിട്ടുക. ആരോഗ്യദായകമായ അവിടത്തെ വെള്ളത്തിൽ കുളിക്കാൻ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ധാരാളം ആളുകൾ എത്തിക്കൊ

ണ്ടിരുന്നു. ആംബോയിലെ ജലം കുപ്പികളിലാക്കി രാജ്യത്തെമ്പാടും വിറ്റു പോന്നു.

ഹെയ്‌ലി സെലാസി ചക്രവർത്തിക്ക് ഞങ്ങളുടെ കോളജിനു സമീപം ഒരു കൊട്ടാരമുണ്ടായിരുന്നു-കുറേദിവസം വിശ്രമിക്കണമെന്നു തോന്നുമ്പോൾ ഉപയോഗിക്കാൻ. ചക്രവർത്തിയുടെ ഏറ്റവും പ്രായമുള്ള പൗത്രി അയിഡാ (Aida) രാജകുമാരി ഭർത്തൃസമേതം അവിടെ താമസിച്ചിരുന്നു. ആംബോ ആസ്ഥാനമായുള്ള ജില്ലയുടെ ഗവർണറാണ് രാജകുമാരിയുടെ ഭർത്താവായ മംഗേഷാസേയും (Mangesha Seyoum) രാജകുമാരൻ. രാജകുമാരനെയും രാജകുമാരിയെയും ഞാൻ പരിചയപ്പെട്ടു. അവർക്കെന്നെ ഇഷ്ടമായിയെന്നു തോന്നുന്നു. വല്ലപ്പോഴുമൊരിക്കൽ ഭക്ഷണത്തിന് അവരെന്നെ ക്ഷണിച്ചിരുന്നു.

വിദ്യാലയത്തിലെ അന്തരീക്ഷം എനിക്ക് വളരെ ഹൃദ്യമായി. കുട്ടികളുമായി ഇണങ്ങിപ്പോകാൻ പ്രയാസമുണ്ടായില്ല. എല്ലാവരുംതന്നെ ഇരുപതുകളിൽ പെടുന്നവർ. അദ്ധ്യാപകരും സ്നേഹസമ്പന്നരും സഹകരിക്കാൻ തയ്യാറുള്ളവരുമായിരുന്നു. കുട്ടികളെല്ലാം ക്യാമ്പസിലെ ഹോസ്റ്റലുകളിലാണ് പാർത്തിരുന്നത്. എല്ലാവരും ആൺകുട്ടികൾ. ചിലപ്പോൾ ഞാൻ ക്ലാസ്സിലുള്ള കുട്ടികളെയെല്ലാം വാരാന്ത്യ പര്യടനത്തിനായി സമീപമുള്ള പർവതത്തിലേക്കു കൊണ്ടുപോകുമായിരുന്നു.

ഇരുപതു കിലോമീറ്റർ അകലെ ഒരു അഗ്നിപർവതമുഖമുണ്ടെന്നും അതിനു നടുവിലായി ഒരു ദ്വീപുണ്ടെന്നും ഞങ്ങൾ കേട്ടു. സ്വന്തം ഭാഷയും ആചാരാനുഷ്ഠാനങ്ങളുമുള്ള ചില കിരാതന്മാർ അവിടെ പാർക്കുന്നുണ്ടത്രെ. അവിടെയെത്താൻ റോഡില്ല. അഗ്നിപർവതമുഖംവരെ വഴിനടന്നുണ്ടായ ഒരു നടപ്പാത മാത്രമുണ്ട്. ഈ ദ്വീപിലേക്കു യാത്രപോകണമെന്നു ചില കുട്ടികൾ ആഗ്രഹം പ്രകടിപ്പിച്ചു. അതിലന്തർഭവിച്ചിട്ടുള്ള അപകടസാധ്യതകൾ അവർ സാരമാക്കിയില്ല. പോകാൻതന്നെ ഞങ്ങൾ തീരുമാനിച്ചു.

പതിനഞ്ചുപേരടങ്ങിയ ഞങ്ങളുടെ സംഘം ഒരു പ്രഭാതത്തിൽ യാത്ര പുറപ്പെട്ടു.  അത്രയും ദൂരം നടക്കാൻ എനിക്കു കഴിവില്ലായിരിക്കുമെന്ന വിചാരത്തിൽ കുട്ടികൾ എനിക്കു കയറിപ്പോകാൻ ഒരു കോവർകഴുതയെ കൊണ്ടുവന്നു. യാത്രയിൽ ഒരു ഭാഗം ഞാൻ നടന്നുതന്നെ പോയി. മറ്റൊരു കോവർ കഴുതയുടെ പുറത്ത് പുതപ്പുകളും ഭക്ഷണപദാർഥങ്ങളും കയറ്റി. അന്നു രാത്രി അവിടെ തങ്ങാൻ തയാറായിട്ടാണ് ഞങ്ങളുടെ യാത്ര. സാഹസികയാത്ര ഉന്മേഷപ്രദമായിരിക്കുമെന്ന് ഞങ്ങൾ സങ്കല്പിച്ചു.

ഞങ്ങൾ പകൽ മുഴുവൻ നടന്നിട്ടും അഗ്നിപർവതമുഖം കണ്ടില്ല. രാത്രി ഇരുട്ടുന്നു. മടങ്ങിപ്പോകാൻ സമയവുമില്ല. ഞാൻ ഉൽകണ്ഠാകുലനായി. തടാകവും ദ്വീപും വാസ്തവത്തിൽ ഉള്ളതായിരിക്കുമോ? അതോ ഞങ്ങൾക്കു വഴി തെറ്റിക്കാണുമോ?

അവസാനം ഞങ്ങൾ അഗ്നിപർവതത്തിന്റെ ഓരത്തെത്തി. നേരം രാത്രി എട്ടുമണിയായി. അങ്ങകലെ താഴെയായി തടാകം ഞങ്ങൾക്കു കാണാം.

ചില കുടിലുകളിൽ നിന്നുള്ള എണ്ണവിളക്കുകളുടെ അവ്യക്ത പ്രകാശത്തിൽ ദ്വീപും ഞങ്ങൾക്കു കാണാം. അഗ്നിപർവതത്തിലേക്കുള്ള ഇറക്കം ഞങ്ങൾ ഇറങ്ങാനാരംഭിച്ചു. ജലവിതാനം പർവതമുഖത്തിന്റെ അരികിൽ നിന്ന് ഏതാണ്ടു മൂന്നുകിലോമീറ്ററെങ്കിലും കീഴെയാണ്. താഴോട്ടുള്ള വഴി കിഴുക്കാംതൂക്കാണ്. ശരിയായ വഴിയൊട്ടില്ല താനും. ഉയരംകൂടിയ ധാരാളം മരങ്ങളുണ്ട്.

മൂന്നിലൊന്നുവഴി പോയപ്പോൾ ഞങ്ങൾ നിന്നു, ആലോചിച്ചു. ഇരുട്ടു കൂടിവന്നതിനാൽ ദ്വീപിലേക്കു പോകാൻ താഴെ വള്ളമുണ്ടോ എന്നു കാണാൻ കഴിഞ്ഞില്ല. അവിടെയുള്ള ആളുകൾ നേരത്തെ കേട്ടിരുന്നതു പോലെ കിരാതന്മാരാണെങ്കിൽ, രാത്രിസമയം അവരെ അഭിമുഖീകരിക്കുകയെന്ന അപകടസാധ്യതയ്ക്ക് ഒരുമ്പെടണമോ? രാത്രി അവിടെ താമസിക്കുവാൻ തന്നെ ഞങ്ങൾ തീരുമാനിച്ചു. ടെന്റുകെട്ടാൻ അവിടെ സമതല ഭൂമിയൊന്നുമില്ല. 70 ഡിഗ്രിയിലുള്ള ചരിവാണു ആ പ്രദേശം. രാത്രിയിൽ മുമ്പോട്ടു പോകാൻ തന്നെ എനിക്കു പ്രയാസമായി.

ഓരോ വ്യക്തിയും ഓരോ കമ്പിളിപുതച്ച് ആ ചരിവുഭൂമിയിൽ ഉറങ്ങാൻ കിടന്നു. ചിലർ കല്ലുകൾ തലയിണയാക്കി. ഉരുണ്ടുപോകാതിരിക്കാൻ ഓരോരുത്തരും രണ്ടു മരങ്ങളിൽ ചാരിയാണ് കിടന്നത്. ചന്ദ്രപ്രകാശമില്ലാത്ത രാത്രി. ആകാശം മേഘാവൃതമായിരുന്നു. പിറ്റേദിവസത്തെപ്പറ്റിയുള്ള ഉൽകണ്ഠയൊക്കെ മറന്നു ഞങ്ങൾ നന്നായി ഉറങ്ങിയെന്നാണ് എന്റെ ഓർമ. ഞങ്ങളെല്ലാം നന്നേ ക്ഷീണിച്ചിരുന്നു. രാത്രി സാമാന്യം തണുപ്പുമുണ്ടായിരുന്നു.

പിറ്റേന്ന് നേരം പുലരുന്നതേയുള്ളു. ദ്വീപിൽനിന്ന് ഒരു വള്ളം ഞങ്ങളുടെ ഭാഗത്തുള്ള അഗ്നിപർവ്വതമുഖത്തു വന്നുനില്ക്കുന്നത് ഞങ്ങൾ കണ്ടു. കൈയിൽ മണ്ണെണ്ണവിളക്കുകളേന്തി ഒരുസംഘം ആളുകൾ മുകളിലേക്കു കയറുകയാണ്. അവരെ അഭിവാദ്യം ചെയ്യാൻ ഞങ്ങൾ താഴോട്ടിറങ്ങി. ഏതാണ്ട് പകുതി വഴിക്ക് ഞങ്ങൾ പരസ്പരം കണ്ടുമുട്ടി. അവരുടെ നേതാവ് നല്ല അംഹാരിക് ഭാഷയിൽ ഞങ്ങളോടു ചോദിച്ചു: "നിങ്ങൾ എന്തന്യായമാണ് ഞങ്ങളോട് ചെയ്തത്? നിങ്ങൾ രാത്രിയിലെത്തി അപകടകരമായ ഈ വനത്തിൽ തങ്ങിയതെന്തിന്? കഴുതപ്പുലിയും മറ്റു വന്യമൃഗങ്ങളും ഇവിടെ ധാരാളം. നിങ്ങൾക്കെന്തെങ്കിലും സംഭവിച്ചിരുന്നെങ്കിൽ നിങ്ങളെ വേണ്ടവിധത്തിൽ സംരക്ഷിക്കാത്തതിനു ഞങ്ങളെ കുറ്റപ്പെടുത്തുകയില്ലായിരുന്നുവോ?" വളരെ സൗഹൃദഭാവത്തിലാണ് നേതാവ് ഇതെല്ലാം പറഞ്ഞത്. ഞാൻ ലജ്ജിതനായി.

എന്റെ സംഘത്തിനുവേണ്ടി ഞാൻ മാപ്പുപറഞ്ഞു. അതൊന്നും ശ്രദ്ധിക്കാതെ സ്നേഹാർദ്രസ്വരത്തിലാണെങ്കിലും അദ്ദേഹം ശാസന തുടർന്നു. "ഞങ്ങൾ കാട്ടുമൃഗങ്ങളാണെന്നു നിങ്ങൾ കരുതിയോ? അതോ ദുർദേവതകളാണെന്നോ? നിങ്ങൾ നേരത്തെ വന്നിരുന്നെങ്കിൽ ഞങ്ങളുടെ വിനീതമായ കുടിലുകളിൽ നിങ്ങൾക്ക് ഉറങ്ങാൻ സ്ഥലമൊരുക്കുമായിരുന്നു. ഇനിയിപ്പോൾ വരൂ. നമുക്കുപോയി എന്തെങ്കിലും കഴിക്കാം."

അവരോടൊപ്പം ഞങ്ങൾ നടന്നു. ദ്വീപിലേക്കു വള്ളത്തിൽ പോയി. അവിടെ ഞങ്ങളെ സ്വീകരിക്കാൻ ഒരു വലിയ സംഘം ഒരുങ്ങിനിന്നിരുന്നു. മൺതറയോടുകൂടിയതും മേഞ്ഞതും വൃത്താകൃതിയുള്ളതുമായ ഒരു വിസ്തൃതമായ ഇടത്തേക്കു അവർ ഞങ്ങളെ നയിച്ചു. അവർ സമ്മേളിക്കാറുള്ള വേദിയായിരിക്കണമത്. നിലത്തിരിക്കാൻ ഞങ്ങൾക്കെല്ലാം ഇരിപ്പിടം നല്കി. ബാർലി പുളിപ്പിച്ച ബിയർ ഞങ്ങൾക്കു കുടിക്കാൻ തന്നു. എവിടെനിന്നാണു വരുന്നതെന്ന് ഞങ്ങൾ അവരോടു പറഞ്ഞു. അവരെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും അവർ വിശദമായി വിവരിച്ചുതന്നു. കന്നുകാലികളെ വളർത്തുണ്ടെങ്കിലും അവർ മാംസം ഭക്ഷിക്കുകയില്ല. എല്ലാവരും സസ്യാഹാരം ശീലിച്ചവർ. ധാന്യങ്ങളും മത്സ്യവുമാണവരുടെ പ്രധാന ഭക്ഷണം. എല്ലാവരും നല്ല ആരോഗ്യശാലികളായി തോന്നി. പ്രസന്നവദനരും. ബാഹ്യലോകത്തു നിന്നുള്ള ഈ വിചിത്ര സന്ദർശകരെ കാണുന്നതിൽ സ്ത്രീകളും കുട്ടികളും ജിജ്ഞാസുക്കളായിരുന്നു.

അവർ ഞങ്ങൾക്കുവേണ്ടി ഒരു വലിയ വിരുന്ന് ഒരുക്കാൻ തുടങ്ങി. പെട്ടെന്നു ഞങ്ങൾ കേട്ടു, ആ ജില്ലയിലെ ഗവർണറായ മംഗേഷാസേയും രാജകുമാരൻ ഉടൻ അവിടെ എത്തുമെന്ന്. വേറൊരുവഴിയായി ജീപ്പിലാണ് അദ്ദേഹം വരുന്നത്. അദ്ദേഹം മൂന്നു മണിക്കൂർ മാത്രമേ യാത്രയ്ക്ക് എടുക്കൂ. ഗവർണറുടെ ആദ്യത്തെ ദ്വീപു സന്ദർശനമാണത്. ദ്വീപുവാസികൾ അതൊരു മഹാസംഭവമാക്കാനുള്ള പുറപ്പാടിലാണ്. നൃത്തവും വിഭവസമൃദ്ധമായ വിരുന്നും അവർ ഒരുക്കി. മാംസം മാത്രമില്ല. ഞങ്ങൾ പോരുന്ന കാര്യം അറിഞ്ഞിരുന്നെങ്കിൽ ഗവർണറുടെ സംഘത്തോടൊപ്പം ജീപ്പിൽ യാത്രചെയ്യാമായിരുന്നുവെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. ഏതായാലും ഞങ്ങൾ വിരുന്നു സല്ക്കാരത്തിൽ പങ്കെടുത്തു. ബാർലികൊണ്ടുള്ള പാൻകേക്കുകളും സുഗന്ധവർഗങ്ങൾ ചേർന്ന കറികളും എല്ലാം ഇഷ്ടംപോലെ. ഇറച്ചി മാത്രമില്ല.

പ്രധാനപ്പെട്ട കാര്യം ഇതാണ്. ഒറ്റപ്പെട്ട ഈ ദ്വീപിലെ ആളുകൾ, രാജ്യത്തെ അംഹാരജനതയുമായി യാതൊരു സാമൂഹ്യ സമ്പർക്കവുമില്ലാതെ കഴിയുകയാണെങ്കിലും, അവർ കിരാതന്മാരോ കാട്ടുജാതികളോ ആയിരുന്നില്ല. നല്ല അന്തസ്സും സംസ്ക്കാരവും മര്യാദയുമുള്ള ഒരു ജനതയാണവർ. അതിഥികളെ ഭംഗിയായി സല്ക്കരിക്കുന്നവരും. മറ്റു മനുഷ്യരെപ്പറ്റി ആളുകൾ പറഞ്ഞുപരത്തുന്ന കഥകൾ അതേപടി വിശ്വസിക്കരുതെന്ന് ഞാൻ കുട്ടികളോടു പറഞ്ഞു. പ്രാകൃത മനുഷ്യരെപ്പറ്റി എനിക്കുണ്ടായിരുന്ന ചില മുൻവിധികൾ മനസ്സിൽനിന്നു പിഴുതുമാറ്റാൻ ഞാൻ ആരംഭിച്ചു. ചില ആളുകൾക്കു എഴുത്തും വായനയും അറിയില്ലായിരിക്കാം. പക്ഷേ നൈസർഗികമായ അർത്ഥത്തിൽ അവർ സംസ്കൃതചിത്തരായിരിക്കാം. അതുപോലെ, സ്നേഹസമ്പന്നമായ മാനുഷികതയ്ക്ക് ഉടമകളും.

## പുതിയ പരിവർത്തന ബിന്ദു

സുന്ദരമായ ഒരു ദിവസം. ഏതാനും നാളത്തെ അവധിക്കാലം ആസ്വദിക്കാനായി ചക്രവർത്തി ആംബോ കൊട്ടാരത്തിൽ എത്തിച്ചേർന്നിട്ടുണ്ടെന്നു ഞങ്ങൾ അറിഞ്ഞു. അദ്ദേഹം ഞങ്ങളുടെ കോളജ് സന്ദർശിക്കാൻ

മനസ്സുവച്ചു. അദ്ദേഹത്തിന്റെ സന്ദർശനവേളയിൽ ഒരു പ്രത്യേക പരിപാടി അവതരിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചു. വളരെ കുറച്ചു ദിവസത്തിനുള്ളിൽ ഞങ്ങൾ അംഹാരിക്ക് ഭാഷയിൽ ഒരു നാടകം എഴുതിയുണ്ടാക്കി. അതിന്റെ റിഹേഴ്സലും നടത്തി. എന്റെ നേതൃത്വത്തിൽ ഇംഗ്ലീഷിൽ ചില നാടക ഭാഗങ്ങൾ അഭിനയിക്കാനും വിദ്യാർത്ഥികൾ തീരുമാനിച്ചു. ഷേക്സ്പിയറുടെ ജൂലിയസ് സീസർ എന്ന നാടകത്തിൽ സീസറിന്റെ വധവും മാർക്ക് ആന്റണിയുടെ പ്രസിദ്ധമായ ചരമപ്രഭാഷണവുമായിരുന്നു അഭിനയിക്കാൻ തെരഞ്ഞെടുത്ത രംഗങ്ങൾ. ദീർഘമായ പ്രഭാഷണങ്ങൾ ഹൃദിസ്ഥമാക്കാൻപാകത്തിന് ഇംഗ്ലീഷ് പരിജ്ഞാനം വിദ്യാർത്ഥികളിലാർക്കും ഇല്ലായ്കയാൽ മാർക്ക് ആന്റണിയുടെ ഭാഗം ഞാൻ തന്നെ അഭിനയിക്കേണ്ടിവന്നു. ഷേക്സ്പിയറുടെ വാഗ്മിത്വം എനിക്കു വളരെ ഇഷ്ടപ്പെട്ടതുകൊണ്ടാവണം, നാല്പത്തിയെട്ടു വർഷം മുമ്പ് ഞാൻ വേഗം ഹൃദിസ്ഥമാക്കിയ ചില വരികൾ ഇന്നും എനിക്കു ഓർക്കാൻ കഴിയുന്നത്:

> “സുഹൃത്തുക്കളേ, റോമൻ പൗരന്മാരേ, നാട്ടുകാരേ, എനിക്ക് നിങ്ങളുടെ ചെവി തരുവീൻ - സീസറിനെ പ്രശംസിക്കാനല്ല, സംസ്ക്കരിക്കാനാണ് ഞാൻ വന്നിട്ടുള്ളത്.
>
> മനുഷ്യൻ ചെയ്യുന്ന തിന്മകൾ അവരുടെ കാലശേഷവും നിലനില്ക്കുന്നു.
>
> അവർ ചെയ്യുന്ന നന്മയോ അവരുടെ അസ്ഥികളോടൊപ്പം അടക്കം ചെയ്യുന്നു.
>
> സീസറുടെ കഥയും അങ്ങനെ ആയിരിക്കട്ടെ.
>
> സീസർ അതിമോഹിയായിരുന്നെന്ന് ബ്രൂട്ടസ് പ്രഭു നിങ്ങളോടു പറഞ്ഞു. അങ്ങനെയായിരുന്നെങ്കിൽ, അതു വേദനാജനകമായ കാര്യംതന്നെ. ദരിദ്രർ വിലപിച്ചപ്പോൾ സീസർ കരഞ്ഞു; അതിമോഹിയായവനു കൂടുതൽ കഠിനമായ ഹൃദയം വേണമായിരുന്നു. എന്നിട്ടും, ബ്രൂട്ടസ് പറയുന്നു സീസർ അതിമോഹിയായിരുന്നെന്ന്. ബ്രൂട്ടസ് മാന്യനായ മനുഷ്യനാണ്. ലൂപർകാൾ മഹോത്സവത്തിൽ മൂന്നു തവണ ഞാൻ രാജകീയ കിരീടം സമ്മാനിച്ചത് നിങ്ങളെല്ലാം കണ്ടതാണ്. മൂന്നുതവണയും അദ്ദേഹം അതു നിരാകരിച്ചു. ഇതാണോ അതിമോഹം? എന്നിട്ടും ബ്രൂട്ടസ് പറയുന്നു, അദ്ദേഹം അതിമോഹിയായിരുന്നെന്ന്. തീർച്ചയായും അദ്ദേഹം മാന്യവ്യക്തിയാണ്. ബ്രൂട്ടസ് പറഞ്ഞത് ഖണ്ഡിക്കാനല്ല ഞാനിതു പറയുന്നത്. എനിക്കറിയാവുന്ന വസ്തുതകൾ ഞാനിവിടെ നിരത്തുന്നുവെന്നു മാത്രം. നിങ്ങളേവരും ഒരിക്കൽ അദ്ദേഹത്തെ ഗാഢമായി സ്നേഹിച്ചിരുന്നു, കാരണമില്ലാതെയല്ല. ഇപ്പോൾ അദ്ദേഹത്തെപ്പറ്റി വിലപിക്കുന്നതിൽനിന്നു നിങ്ങളെ തടയുന്നതെന്താണ്? അല്ലയോ വിധിപ്രഖ്യാപനമേ, നീ ക്രൂരമൃഗങ്ങളുടെ ഇടയിലേക്കു പലായനം

> ചെയ്തുവോ? മനുഷ്യർക്ക് യുക്തിചിന്ത നഷ്ടപ്പെട്ടിരിക്കുന്നു..... എന്നോടു പൊറുക്കുക. എന്റെ ഹൃദയം അവിടെ സീസറുടെ ശവമഞ്ചത്തിലാണ്. അതു തിരിച്ചുവരുന്നതുവരെ ഞാൻ കാത്തിരിക്കണം" (അദ്ദേഹം പൊട്ടിക്കരയുന്നു).

നാടകപ്രകടനം വളരെ നന്നായിരുന്നു. ഹെയ്‌ലി സെലാസി ചക്രവർത്തിക്ക് സന്തോഷമായിയെന്നു തോന്നി. മാർക്ക് ആന്റണിയുടെ ഭാഗം അഭിനയിച്ചതിനുപുറമേ, അംഹാരിക്കിലും ഇംഗ്ലീഷിലുമുള്ള നാടകങ്ങൾ സംവിധാനം ചെയ്തതും ഞാനായിരുന്നു. പ്രകടനത്തിന്റെ അവസാനം ഞാൻ അംഹാരിക്കിൽ ഒരു ലഘുപ്രസംഗം നടത്തി. സന്ദർശനം കൊണ്ടു ഞങ്ങളെ മാനിച്ചതിനു ചക്രവർത്തിക്കും ചക്രവർത്തിനിക്കും ഞാൻ നന്ദി പറഞ്ഞു.

എന്റെ പ്രസംഗം കഴിഞ്ഞയുടൻ ചക്രവർത്തി തന്റെ അടുത്തേക്കു ചെല്ലാൻ ആംഗ്യം കാണിച്ചു. അദ്ദേഹം ചോദിച്ചു: "നിങ്ങൾ അംഹാരിക് എവിടെനിന്നു പഠിച്ചു?"

"ഇവിടെ ഈ രാജ്യത്തുവച്ചു തന്നെ, തിരുമേനീ", തെറ്റില്ലാത്ത അംഹാരിക്കിൽത്തന്നെ ഞാൻ മറുപടി പറഞ്ഞു.

"ഇവിടെ വച്ചോ? നിങ്ങൾ ഈ രാജ്യത്തു വന്നിട്ട് എത്ര കാലമായി?"

"ഒരു വർഷവും ഏതാനും മാസവും കഴിഞ്ഞു, തിരുമേനീ." ഞാൻ തല നമിച്ച് ആദരം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു.

"ഒരു വർഷവും ഏതാനും മാസവും മാത്രമോ? എത്യോപ്യയിൽ നാല്പതു വർഷമായി പാർക്കുന്ന ചില അർമീനിയക്കാർക്കു നിങ്ങളോളം നന്നായി ഞങ്ങളുടെ ഭാഷ ഉപയോഗിക്കാൻ കഴിയുന്നില്ലല്ലോ." ചക്രവർത്തി സൗമനസ്യത്തോടെ ചിരിച്ചു.

സ്വാഭാവികമായും എനിക്ക് അഭിമാനവും സന്തോഷവും തോന്നി. അദ്ദേഹം അംഹാരിക്കിൽ തന്നെ തുടർന്നു സംസാരിച്ചു. "നാം ജൂലിയസ് സീസറിനെപ്പറ്റി കേട്ടിട്ടില്ല. ആ നാടകം അഭിനയിച്ചു കണ്ടിട്ടുമില്ല. ഇന്നു രാത്രി വായിക്കാനായി ആ നാടകത്തിന്റെ ഇംഗ്ലീഷിലുള്ള ഒരു പ്രതി എനിക്കു കൊടുത്തയക്കാമോ?"

ഞാൻ സമ്മതിച്ചു. ഒരു പുസ്തകം കൊടുത്തയക്കുകയും ചെയ്തു. ഒരു സീസറുടെ (രാജാവിന്റെ) കൊലപാതകം എന്തുകൊണ്ട് അദ്ദേഹത്തിന് ഇത്രയേറെ ആകർഷകമായി തോന്നിയെന്നത് ഏതാനും വർഷങ്ങൾക്കു ശേഷമേ ഞാൻ മനസ്സിലാക്കിയുള്ളു. ഹെയ്‌ലി സെലാസി തന്നെ സദാ വധഭീഷണിയിലായിരുന്നു. അകത്തുതന്നെയുള്ള ശത്രുക്കളോ സിംഹാസന സ്ഥാനമോഹികളോ അദ്ദേഹത്തെ ഏതുസമയത്തും കൊലപ്പെടുത്തിയേക്കാമെന്ന ഭീഷണി. ചക്രവർത്തിയുടെ ഇംഗ്ലീഷിലുള്ള സംഭാഷണം അത്ര മെച്ചമായിരുന്നില്ല. പക്ഷേ, മാർക്ക് ആന്റണിയുടെ പ്രഭാഷണം അദ്ദേഹം വർദ്ധിച്ച താല്പര്യത്തോടെ വായിച്ചു. ചെറുപ്പത്തിൽ ഫ്രഞ്ചു ഭാഷയിലാണ് അദ്ദേഹത്തിനു പരിശീലനം കിട്ടിയത്. ഫ്രഞ്ചുകാരായ കനേഡിയൻ ജെസ്വിറ്റുകളാണ് അദ്ദേഹത്തെ പഠിപ്പിച്ചത്. ഇംഗ്ലീഷി

ലേക്കാൾ ഫ്രഞ്ചുഭാഷയിൽ അനർഗളം സംസാരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. എന്നാൽ രാജ്യഭ്രഷ്ടനായി ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന കാലത്ത് അദ്ദേഹം ഇംഗ്ലീഷ് ഭാഷ നന്നായി മനസ്സിലാക്കി. മുസ്സോളിനി എത്യോപ്യ കീഴടക്കിവാണിരുന്ന അനേകം വർഷങ്ങളിൽ ഹെയ്‌ലി സെലാസി കുടും ബസമേതം ഇംഗ്ലണ്ടിലെ ബാത്തിലാണു പാർത്തിരുന്നത്.

എന്റെ ചെറുപ്പത്തിലെ ആരാധ്യപുരുഷന്മാരിൽ ഒരാളുമായുള്ള ഈ സംഗമം ആവേശകരമായ ഒരനുഭവമായിരുന്നു. ഞാൻ ലോകം അധിക മൊന്നും കണ്ടിരുന്നില്ല. ചക്രവർത്തിയിൽ നിന്നു കിട്ടിയ ഈ അംഗീകാരം എന്റെ പ്രകൃതിസിദ്ധമായ പൊങ്ങച്ചത്തിനു മാറ്റുകൂട്ടി. ജിമ്മയിലെ അനു ഭവത്തിൽ നിന്നു വ്യത്യസ്തമായി എന്റെ പ്രതിച്ഛായയ്ക്ക് ഇവിടെ ലഭിച്ച മൗലികമായ പരിവർത്തനത്തിനു ഞാൻ ദൈവത്തോടു നന്ദി പറഞ്ഞു. ദൈവത്തിന്റെ വഴികൾ വിചിത്രങ്ങളാണ്. തുടർന്നുണ്ടായ സംഭവം ഇതിലും വലിയ വിസ്മയമാണ് എന്നിലുണർത്തിയത്.

## അംഹാരിക്കിൽ സീനിയർ അദ്ധ്യാപകൻ

1948 ഡിസംബർ മൂന്നാംവാരത്തിൽ വിദ്യാഭ്യാസമന്ത്രികാര്യാലയത്തിൽ നിന്നു വിചിത്രമായ ഒരു ഉത്തരവ് എനിക്കു ലഭിച്ചു. ആംബോയിൽ നിന്ന് എന്നെ ആഡിസ്അബാബയിലെ ഹെയ്‌ലി സെലാസി സെക്കണ്ടറി സ്ക്കൂളിലേക്ക് സ്ഥലംമാറ്റിക്കൊണ്ടുള്ള ഉത്തരവ്. അന്നു രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാലയമായിരുന്നു അത്. ആ വിദ്യാലയത്തിലെ സീനിയർ അംഹാരിക്ക് അദ്ധ്യാപകനായിരിക്കും ഞാൻ. ചക്രവർത്തിയുടെ ഹിതാനുസരണമാണ് ഈ മാറ്റമെന്നും ഉത്തരവിൽ കാണിച്ചിരുന്നു! ഇതെന്നെ ഇതികർത്തവ്യതാമൂഢനാക്കി. എനിക്കു വേണമെങ്കിൽ ഉത്ത രവു നിരാകരിക്കാം. സ്ഥിതിഗതി നിർഭയം നേരിടാൻ തന്നെ ഞാനുറച്ചു.

അംഹാരിക്ക് വായിക്കാനും എഴുതാനും പ്രസംഗിക്കാനും എനിക്കു കഴിയും. പക്ഷേ ആ ഭാഷയിൽ ശാസ്ത്രീയമായ വിജ്ഞാനം എനിക്കില്ല. നസറേത്തിൽ വച്ച് മി. ടെലഹൂൺ ഡാംടെ (Telahun Damte) എന്ന സഹ അദ്ധ്യാപകൻ പഠിപ്പിച്ച ഭാഷാപരിചയമേ എനിക്കുള്ളു. വായിച്ചുപഠിക്കാൻ വേണ്ടത്ര ഗ്രന്ഥങ്ങൾ എനിക്കു ലഭിച്ചിരുന്നില്ല. സി. എച്ച്. ആംബ്രസ്റ്റർ (C. H. Armbruster) രചിച്ച ഒരു വ്യാകരണപ്പുസ്തകമാണ് എനിക്ക് ആകെ കിട്ടിയത്. ഒരു തടിച്ച വലിയ ഗ്രന്ഥം. എത്യോപ്യക്കാരായ യുവ വിദ്യാർത്ഥി കൾക്കു മനസ്സിലാകുന്ന രീതിയിലല്ല ആ ഗ്രന്ഥം രചിച്ചിരുന്നത്. തന്മൂലം സ്വന്തമായി അംഹാരിക്കിൽ ഒരു പുതിയ വ്യാകരണം രചിക്കാൻ ഞാൻ തീരുമാനിച്ചു. ഒരു ഹൈസ്ക്കൂൾ നോട്ടുബുക്കിലാണ് ഞാനത് എഴുതി യത്. ക്രിസ്മസ് അവധിക്കാലം മുഴുവൻ വേണ്ടിവന്നു എഴുതി പൂർത്തി യാക്കാൻ.

ആഡിസ്അബാബ നഗരത്തിനു തൊട്ടുവെളിയിൽ സുന്ദരമായ കുന്നി നുമുകളിൽ കൊറ്റാബയിലെ പ്രസിദ്ധമായ ഹെയ്‌ലി സെലാസി സെക്ക ണ്ടറി സ്കൂളിൽ ഞാൻ ജോലിയിൽ പ്രവേശിച്ചു. വിദ്യാർത്ഥികളിൽ അധി കപങ്കും ബോർഡിംഗിൽ താമസിക്കുന്നവർ. സമൂഹത്തിലെ മുന്തിയ

സമൂഹങ്ങളിൽ നിന്നുള്ളവർ. എത്യോപ്യയിലെ വിദ്യാർത്ഥികളുടെ ഇട യിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർ. എനിക്ക് ഒരു ഹോസ്റ്റലിൽ പ്രത്യേക താമസസൗകര്യം ഏർപ്പെടുത്തിയിരുന്നു. സ്കൂളിന്റെ ഡയറക്ടർ അന്ന് ഡോ. റോബർട്ട് എൻ. തോംസൺ ആണ്. രണ്ടു കൊല്ലം മുമ്പ് എന്നെ ഇന്ത്യയിൽ വച്ചു റിക്രൂട്ടു ചെയ്ത മാന്യദേഹം. ജിമ്മക്കേസിൽ ചക്ര വർത്തിക്ക് അപ്പീൽ സമർപ്പിക്കാൻ എന്നെ സഹായിച്ച സുഹൃത്ത്.

അന്ന് എത്യോപ്യയിൽ യൂണിവേഴ്സിറ്റി വിദ്യാഭ്യാസം ആരംഭിച്ചിട്ടില്ല. പ്രസിദ്ധങ്ങളായ മറ്റു രണ്ടു സെക്കണ്ടറിസ്കൂൾ കൂടി അന്നു നിലവിലു ണ്ട്. ബ്രിട്ടീഷ് മാനേജുമെന്റിലുള്ള ജനറൽ വിൻഗേറ്റ് സ്കൂളും ഫ്രഞ്ചു ജസ്യൂട്ടുകളുടെ ഭരണത്തിലുള്ള ടഫാരി മാക്കോന്നൻ സ്കൂളും. അധിക പങ്കും കനേഡിയൻ മാനേജുമെന്റിലുള്ള ഞങ്ങളുടെ സ്കൂളായിരുന്നു ഒന്നാം സ്ഥാനത്ത്. മറ്റു രണ്ടു സ്കൂളിലെയും അംഹാരിക്ക് അദ്ധ്യാപകർ (ഒരു ഇംഗ്ലീഷുകാരനും ഒരു ഫ്രഞ്ചുകാരനും) അംഹാരിക്ക് ഭാഷയും അനു ബന്ധ ഭാഷകളും പല വർഷങ്ങൾ പഠിച്ച് അവഗാഹം നേടിയ പണ്ഡിത ന്മാരായിരുന്നു. അവരുടെ ഉച്ചാരണരീതി അത്ര ശരിയായിരുന്നില്ലെന്നു മാത്രം. ഉച്ചാരണത്തിന്റെ ശരിയായ ഊന്നലിലും വാഗ്മിത്വത്തിലും മാത്ര മായിരുന്നു ഞാൻ അവരേക്കാൾ മികവു കാട്ടിയത്.

11, 12 ഗ്രേഡുകളിൽ ഞാൻ പഠിപ്പിക്കാൻ നിയുക്തനായി. എനിക്ക് ഒരു അസിസ്റ്റന്റിനെ ലഭിച്ചു-എത്യോപ്യയിലെ പ്രസിദ്ധനായ ഒരു സാഹിത്യ കാരൻ. പണ്ഡിതനും വൈദികനും. പേര് കൻഗേത ഹെയ്‌ലി ഗോർജിസ് (Kanhgeta Hailegiorgis). സൗഹൃദം പുലർത്തുന്ന സഹൃദയൻ. യുവാവായ ഒരു വിദേശിയനെ തന്റെ മുകളിൽ പ്രതിഷ്ഠിച്ചതിൽ അദ്ദേഹം അല്പം പോലും നീരസം ഭാവിച്ചില്ല. അദ്ദേഹത്തിന്റെ വിജ്ഞാനത്തിന്റെ പത്തി ലൊരംശം എനിക്കില്ല. ഭാഷയിൽ അത്രത്തോളം നിയന്ത്രണവുമില്ല. അംഹാരിക്കിൽ സംശയം തോന്നിയപ്പോഴൊക്കെ ഞാൻ അദ്ദേഹത്തോടു സംസാരിച്ചു. അദ്ദേഹത്തിനു സംശയനിവൃത്തി സാധ്യമല്ലാതെ വന്നാൽ, നീതിന്യായമന്ത്രി മി. മാർസേഹസ്സാനെ (Marsae Hazan) എനിക്കു സമീപി ക്കാമായിരുന്നു. അദ്ദേഹം അതിനകം അംഹാരിക്കിൽ ഒരു വ്യാകരണം രചിച്ചിരുന്നു. അദ്ദേഹം എന്റെ ഒരു ഉത്തമ സുഹൃത്തായിത്തീർന്നു.

ആംബോയിലെ നയംതന്നെ ഞാൻ ഇവിടെയും പിന്തുടർന്നു. ആദ്യദി വസം തന്നെ ഞാൻ ക്ലാസ്സിൽ പറഞ്ഞു. അവർ ശൈശവം മുതൽ പഠി ക്കുന്ന ഭാഷയാണിത്. പത്തുപതിനൊന്നു വർഷം അവർ സ്കൂളിൽ തന്നെ ഭാഷ പഠിച്ചുകാണും. ഞാനാകട്ടെ അറച്ചറച്ചു വിദേശഭാഷ പഠിക്കുന്ന ഒരു വിദ്യാർത്ഥി. അവർ എന്നിൽനിന്നു പഠിക്കുന്നതിനേക്കാൾ കൂടുത ലായി എനിക്ക് അവരിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞേക്കും. ഇതെല്ലാം ഞാൻ അവരോടു തുറന്നുപറഞ്ഞു. അവർ സത്യസന്ധമായ ഈ നിലപാ ടിനോടു രചനാത്മകമായിത്തന്നെ പ്രതിസ്പന്ദിച്ചു.

കുറേക്കാലത്തേക്ക് ഗവൺമെന്റിലെ എല്ലാ മന്ത്രിമാരും ഞങ്ങളുടെ സ്കൂളിൽ നിന്നു പാസ്സായവരായിരുന്നു (ഹൈസ്കൂൾ വിദ്യാഭ്യാസം കഴി ഞ്ഞുകിട്ടിയാൽ മതി). എന്റെ വിദ്യാർത്ഥികളിലൊരാൾ പിൽക്കാലത്ത്

നിയമം പഠിച്ച് എത്യോപ്യയിലെ ചീഫ്ജസ്റ്റീസ് ആയി.

മൂന്നു സെക്കണ്ടറി സ്കൂളുകളും ലണ്ടൻ യൂണിവേഴ്സിറ്റിയുടെ പരീക്ഷയാണ് നടത്തുന്നത്. എന്റെ ആദ്യവർഷത്തെ അദ്ധ്യാപനം കഴിഞ്ഞു നടന്ന പരീക്ഷയിൽ എന്റെ വിദ്യാർത്ഥികൾ മറ്റു രണ്ടു സ്കൂളുകളെയും കവച്ചുവച്ചുവെന്നുമാത്രമല്ല, ലണ്ടൻ യൂണിവേഴ്സിറ്റിയുടെ അംഹാരിക്ക് പരീക്ഷയിലെ മുൻ റിക്കോർഡ് തകർക്കുകകൂടി ചെയ്തു. ഇതിൽ ഞാൻ അഭിമാനഭരിതനായി. അത് എന്റെ അദ്ധ്യാപനമേന്മ കൊണ്ടൊന്നുമല്ല. എന്നോടൊന്നിച്ചു ജോലി ചെയ്യുന്നതിൽ അവർ കാണിച്ച ആവേശപൂർവ മായ താല്പര്യം ഒന്നുമാത്രമാണതിനു നിദാനം.

മാത്രമല്ല, അതു ചക്രവർത്തിയുടെ പ്രിയംകര വിദ്യാലയമായിരുന്നു. മിക്കവാറും എല്ലാ മാസവുംതന്നെ അദ്ദേഹം ഞങ്ങളെ സന്ദർശിച്ചു. എത്യോപ്യയുടെ ഭാവിപ്രത്യാശ ഈ വിദ്യാലയത്തെ ആശ്രയിച്ചിരുന്നു വെന്നു വ്യക്തം. മിക്കപ്പോഴും ചക്രവർത്തി ട്രക്ക് നിറയെ മധുരപലഹാര ങ്ങളും ഫലവർഗങ്ങളുമായാണ് വരുന്നത്. വിദ്യാർത്ഥികൾക്കിടയിൽ വിത രണം ചെയ്യാൻ. ചിലപ്പോൾ ഡയറക്ടറുടെ ഓഫീസിൽനിന്ന് അദ്ദേഹം എനിക്കാളയയ്ക്കും. അദ്ദേഹത്തിന്റെ ഭാഷയിൽ ഞാൻ സംസാരിക്കുന്നതു കേൾക്കാൻ (ഒരിക്കൽ ചക്രവർത്തി ഈ വിവരം എന്റെ സാന്നിധ്യത്തിൽ ചക്രവർത്തിനിയോടു പറയുന്നതു ഞാൻ കേട്ടതാണ്).

ഈ സമയത്താണ് ഞാൻ ബൈബിൾ സംബന്ധിച്ച് സ്വകാര്യപഠന ക്ലാസ്സുകൾ ക്രമമായി ആരംഭിച്ചത്. അനേകം വിദ്യാർത്ഥികൾ സ്വമനസ്സാ വന്നുചേർന്നു. ഞാൻ ഒരു അയ്മേനി മാത്രമായിരുന്നു അന്ന്. അതു കൊണ്ടു നഗരത്തിലെ ഒരു സന്യാസി വൈദികനെ ഞാൻ സഹായത്തിനു ക്ഷണിച്ചു - തക്സാ അനുസരിച്ചുള്ള ആരാധനാശുശ്രൂഷകൾ നടത്തു ന്നതിൽ അദ്ദേഹം സഹായം നല്കി. അബ്ബാ ഹബ്തേമറിയാം (Abba Habtemariam) എന്നായിരുന്നു വൈദികന്റെ പേര്. അതിബുദ്ധിമാനും സമർപ്പണജീവിതത്തിന്റെ ഉടമയുമായ ഒരു നല്ല വൈദികൻ. പില്ക്കാലത്ത് എത്യോപ്യയിൽ എന്റെ രണ്ടാമത്തെ വാസക്കാലത്ത് അദ്ദേഹത്തെ ചക്ര വർത്തിക്കു പരിചയപ്പെടുത്താൻ എനിക്കു കഴിഞ്ഞു. ചക്രവർത്തിയുടെ ട്രിനിറ്റി കത്തീഡ്രലിലെ (അന്ന് എത്യോപ്യയിലെ ഏറ്റവും വലിയ ദേവാ ലയം) റെക്ടർ എന്ന നിലയിൽ അബ്ബാ ഹബ്തേമറിയം പ്രസിദ്ധിയാർജിച്ചു.

അബ്ബാ ഹബ്തേമറിയാമും ഞാനും ചേർന്നു മതപരിപാടികൾ നടത്തി ക്കൊണ്ടിരുന്നു. എത്യോപ്യൻ ഓർത്തഡോക്സ് സഭയിലെ പരമ്പരാഗത ആചാരങ്ങളെ ഉല്ലംഘിക്കുകയോ എതിർക്കുകയോ ചെയ്യാതെതന്നെ. ജിമ്മാ സംഭവം ബഹുകാതം പിന്നിലായിക്കഴിഞ്ഞു. ബൈബിൾ ക്ലാസു കൾ എടുക്കുന്നതിൽ നിന്ന് ആരും എന്നെ ഇത്തവണ തടയുകയില്ലെന്ന് എനിക്കുറപ്പായിരുന്നു. ബൈബിളിന്റെ കാര്യത്തിലും മറ്റു മത കാര്യങ്ങൾ സംബന്ധിച്ചും എന്റെ അജ്ഞത എത്രയോ അപാരമാണെന്ന് ഈ സ്വകാ ര്യപഠന പരിപാടിയുടെ വേളയിലാണ് എനിക്ക് ബോധ്യമായത്. അമേരി ക്കയിൽ പോയി കോളജിൽ ചേരുന്നതിനും അതേസമയം തന്നെ ദൈവ

ശാസ്ത്രപഠനം കൂടി നടത്തുന്നതിനും, അതു നടക്കാത്തപക്ഷം കോളജിൽ നിന്നു ബിരുദം നേടിയശേഷം ദൈവശാസ്ത്രം പഠിക്കുന്നതിനുമായി അമേരിക്കയിലെ ചില പ്രൊട്ടസ്റ്റന്റ് സ്ഥാപനങ്ങളുമായി എഴുത്തുകുത്തുകൾ നടത്താൻ ഞാൻ തീരുമാനിച്ചു.

കൂടുതൽ യാഥാസ്ഥിതികരായ ഫണ്ടമെന്റലിസ്റ്റ് ബൈബിൾ സ്കൂളുകളാണ് എനിക്ക് അമേരിക്കയിൽ സ്കോളർഷിപ്പു നല്കാൻ തയാറായത്. ഇതിൽ ഞാൻ സന്തുഷ്ടനല്ലായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ദൈവത്തിന്റെ വഴി തുറന്നുകിട്ടി.

## ഗോഷനിലേക്കുള്ള മാർഗം

ഒരു ദിവസം ഞാൻ ഡബ്രെബ്രസീറ്റിലേക്കുള്ള (ബഷോഫ്ടു) തീവണ്ടിയിൽ യാത്രചെയ്യുകയാണ്. ആഡിസ്അബാബയ്ക്ക് കിഴക്കുമാറി 40 കിലോമീറ്റർ അകലെ സുഖവാസസ്ഥലമാണു ലക്ഷ്യം. എന്നെ സംബന്ധിച്ചിടത്തോളം അതൊരു വാരാന്ത്യ വിശ്രമവേളയായിരുന്നു. പക്ഷേ, ദൈവത്തിന് എന്തോ ഉദ്ദേശ്യം ഉണ്ടായിരുന്നിരിക്കണം. നസറേത്തിൽ ഞാൻ പരിചയപ്പെട്ടിരുന്ന ചില അമേരിക്കൻ മെനോനൈറ്റ് മിഷനറിമാർ ആ കംപാർട്ടുമെന്റിൽ എന്നോടൊപ്പം ഉണ്ടായിരുന്നു. അവരുടെ പഴയ സുഹൃത്തായ "മി. ജോർജിനെ" ഇങ്ങനെ കണ്ടുമുട്ടിയതിൽ അവർ ആഹ്ലാദഭരിതരായി. അവരുടെ കൂടെയുണ്ടായിരുന്ന (എനിക്കു പരിചയമില്ലായിരുന്ന) സഹയാത്രികനെ അവർ എനിക്കു പരിചയപ്പെടുത്തി. അമേരിക്കയിൽ മെനോനൈറ്റ് സെൻട്രൽ കമ്മിറ്റി സെക്രട്ടറി ഓരി ഒ. മില്ലർ ആയിരുന്നു അദ്ദേഹം. ലോകമൊട്ടുക്കുള്ള മെനോനൈറ്റ് റിലീഫ് പ്രവർത്തനങ്ങളുടെ മേധാവി കൂടിയാണദ്ദേഹം. എത്യോപ്യയിലെ മിഷൻകേന്ദ്രങ്ങൾ സന്ദർശിച്ചുകൊണ്ടിരിക്കുകയാണദ്ദേഹം. എന്റെ ജിമ്മാ അനുഭവങ്ങളെക്കുറിച്ചും അംഹാരിക് ഭാഷയിലുള്ള സാഹസങ്ങളെക്കുറിച്ചും അദ്ദേഹത്തിനറിയാം. ഭാവിയിലേക്കുള്ള എന്റെ പദ്ധതികൾ അറിയുന്നതിൽ അദ്ദേഹം താല്പര്യം പ്രകടിപ്പിച്ചു. കൂടുതൽ പഠനത്തിനായി അമേരിക്കയിൽ പോകാൻ ആഗ്രഹിക്കുന്നതായി ഞാൻ പറഞ്ഞു. എനിക്കു ബി. എ. ഡിഗ്രി ഇല്ലാത്തതിനാൽ നിലവാരമുള്ള ഏതെങ്കിലും വൈദികകോളജിൽ പ്രവേശനം കിട്ടുക പ്രയാസമായിരിക്കുമെന്നും ഞാൻ അറിയിച്ചു. അദ്ദേഹത്തിന്റെ ഉപദേശം ഞാൻ തേടി.

"ദൈവശാസ്ത്രപഠനത്തിനു ഡിഗ്രി അത്യന്താപേക്ഷിതമാണ്. എന്റെ സഹോദരനായ ഏണസ്റ്റ് മില്ലർ (ഒരിക്കൽ അദ്ദേഹം ഇന്ത്യയിൽ മിഷനറിയായിരുന്നു) ഇപ്പോൾ ഗോഷൻ കോളജിന്റെ പ്രസിഡണ്ട് ആണ്. താങ്കൾക്ക് അഡ്മിഷൻ തരാൻ അദ്ദേഹത്തിനു ബുദ്ധിമുട്ടുണ്ടാവില്ല. നല്ല ഒന്നാം തരം കോളജാണു ഗോഷൻ. ഇന്ത്യാനയിലാണത്. ഷിക്കാഗോയിൽ നിന്നു വലിയ ദൂരമില്ല. വിവരങ്ങൾ എഴുതിത്തരിക. എന്തു ചെയ്യാൻ കഴിയുമെന്നു ഞാൻ നോക്കട്ടെ."

അദ്ദേഹം വേണ്ടതുപോലെ ചെയ്തു. ആവശ്യമായ കടലാസുകൾ ഞാൻ പൂരിപ്പിച്ചയച്ചു. എന്റെ പ്രവേശനം ഉറപ്പായി. എന്റെ യാത്ര ഒഴികെ

മറ്റെല്ലാ ചിലവുകളും നേരിടാവുന്ന സ്കോളർഷിപ്പും നല്കാമെന്നു പറഞ്ഞു. ടിക്കറ്റിനാവശ്യമായ പണം ഞാൻ മിച്ചം വച്ചിട്ടുണ്ടായിരുന്നു.

### എത്യോപ്യ വിടൽ: വിഷമപ്രശ്നം

1950 ജൂണിൽ സ്കൂൾ വർഷം അവസാനിക്കുന്നതോടെ എത്യോപ്യൻ ഗവൺമെന്റുമായി ഉണ്ടാക്കിയിരുന്ന മൂന്നു വർഷക്കരാർ അവസാനിക്കുകയാണ് (വാസ്തവത്തിൽ എത്യോപ്യയിൽ ചെലവിട്ടകാലം രണ്ടു വർഷവും ഏഴുമാസവും. 1947 നവംബറിലേ ഞാൻ അവിടെ എത്തിയുള്ളു).

എന്റെ ഉദ്യോഗകരാർ മൂന്നു വർഷത്തേക്കുകൂടി പുതുക്കാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു കത്ത് വിദ്യാഭ്യാസ മന്ത്രികാര്യാലയത്തിൽ നിന്ന് മാർച്ചു മാസത്തിൽ എനിക്കു കിട്ടി. ജിമ്മാ സംഭവകാലത്തു ഞാൻ ഡയറക്ടർ ജനറലിനോടു വ്യക്തമാക്കിയതുപോലെ ഇപ്പോഴത്തെ കരാർകാലാവധി കഴിഞ്ഞ് ഒരൊറ്റ ദിവസം പോലും ഇവിടെ തങ്ങാൻ എനിക്കു സമ്മതമില്ലെന്ന് വളരെ ഭവ്യമായി ഞാൻ മറുപടികൊടുത്തു. കരാർ പുതുക്കുന്നതിനുള്ള നിർദ്ദേശം ഞാൻ നിരാകരിച്ചു. പഠനം തുടരാൻ ഞാൻ വിദേശത്തു പോകാൻ ഉദ്ദേശിക്കുന്നതായി കത്തിൽ ഞാൻ ചൂണ്ടിക്കാട്ടി.

സ്കൂൾ വർഷം അവസാനിക്കുന്നതിനു തൊട്ടുമുമ്പുള്ള ഒരു ദിവസം ഞാൻ ഓർക്കുന്നു. പരീക്ഷകൾ കഴിഞ്ഞു. വാർഷിക സ്പോർട്സ്, സ്കൂൾ ഗ്രൗണ്ടിൽ നടക്കുകയാണ്. രാജ്യമൊട്ടുക്കുള്ള സ്പോർട്സ് ടീമുകൾ വന്നെത്തിയിട്ടുണ്ട്. ആർമി, എയർഫോഴ്സ്, ചക്രവർത്തിയുടെ അംഗരക്ഷക സംഘം, പോലീസ്, മറ്റു സ്കൂളുകൾ ഇങ്ങനെ എല്ലാ ടീമുകളും. ചക്രവർത്തിയും ചക്രവർത്തിനിയുമാണു മുഖ്യാതിഥികൾ. എല്ലാ സീനിയർ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും നയതന്ത്ര പ്രതിനിധികളും സന്നിഹിതരാണ്.

പ്രധാന മത്സരങ്ങളും ഫലങ്ങളും മൈക്കിലൂടെയും ഉച്ചഭാഷിണിയിലൂടെയും ജനങ്ങൾക്ക് വിശദീകരിക്കുന്ന ചുമതല (അനൗൺസർ) എനിക്കായിരുന്നു. ഇംഗ്ലീഷിലും അംഹാരിക്കിലുമായി ഞാൻ അതു നിർവഹിച്ചു. എന്റെ ജോലി ജനങ്ങളിൽ മതിപ്പുളവാക്കിക്കാണണം. അക്കാലത്ത് സ്പോർട്സ് കാര്യങ്ങൾ ഇംഗ്ലീഷിലും അംഹാരിക്കിലും ഒരുപോലെ അനർഗളമായി വിശദീകരിക്കാൻ കഴിവുള്ളവർ ദുർലഭമായിരുന്നു. ഇംഗ്ലീഷിൽ നന്നായി സംസാരിക്കുന്നവർക്ക് അംഹാരിക്കിൽ ഉച്ചാരണ ശുദ്ധി ഉണ്ടാവില്ല. അനൗൺസറെപ്പറ്റി പ്രധാന വ്യക്തികൾ ഓരോന്നു പറയുന്നുണ്ടായിരുന്നു. കൂട്ടത്തിൽ കപോലകല്പിതമായ പുരാവൃത്തങ്ങളും. വീണ്ടും അത് എന്റെ വിജയത്തിന്റെ മറ്റൊരു ദിവസമായി. ഞാൻ ഒരു ഇതിഹാസ കഥയും വിഖ്യാത പുരുഷനുമായി മാറിക്കൊണ്ടിരുന്നു.

### ചക്രവർത്തിയും രാജകുടുംബവുമായി സുപ്രധാന കൂടിക്കാഴ്ച

സ്പോർട്സ് അവസാനിച്ചപ്പോൾ സ്കൂൾ ചുറ്റിനടന്നു കാണാൻ കുടുംബാംഗങ്ങൾക്ക് അവസരം നൽകണമെന്നു ചക്രവർത്തിയും ചക്രവർത്തിനിയും തീരുമാനിച്ചു. അവരുടെ അഭിമാനപാത്രമായിരുന്നു ഈ വിദ്യാലയം.

കുടുംബം വളരെ വിശാലമായ ഒന്നുതന്നെ. കിരീടാവകാശിയായ അസ ഫാവു വോസൻ (Asfau Wossen) രാജകുമാരൻ (സീമന്തപുത്രൻ), ജീവ നോടിരിക്കുന്ന ഏകപുത്രി ടെനാഗ്ന്യൂർക്ക് (Tenagneworq) രാജകുമാരി, ചക്രവർത്തിയുടെ വത്സലപുത്രനായി ആളുകൾ പരിഗണിക്കുന്ന മക്കോ ന്നൻ രാജകുമാരൻ, രണ്ടു രാജകുമാരന്മാരുടെയും പത്നിമാർ, അരഡസ നിലേറെ വരുന്ന പൗത്രന്മാർ, അവിവാഹിതനായ കനിഷ്ഠ പുത്രൻ സഹ്‌ലേ സെലാസി (Sahle Sellassie) രാജകുമാരൻ. ചക്രവർത്തി മുമ്പേ നടന്നു. അദ്ദേഹം എന്നെ അടുത്തേക്കു വിളിച്ചു. നടക്കുന്നതിനിടയിൽ അംഹാരിക്ക് ഭാഷയിൽ സംസാരിച്ചുകൊണ്ടിരുന്നു.

“താങ്കൾ ഈ രാജ്യം വിട്ടുപോവുകയാണെന്നു കേട്ടല്ലോ. എന്തു കൊണ്ട്?” ചക്രവർത്തി എന്നോടു ചോദിച്ചു.

“അതോ, തിരുമേനീ, എനിക്കു കൂടുതൽ പഠിക്കണം.”

“എന്തു പഠിക്കാൻ?” ചക്രവർത്തി ചോദിച്ചു.

“ദൈവശാസ്ത്രം പഠിക്കണമെന്നുണ്ട്, തിരുമേനീ.”

“എവിടെയാണ് ദൈവശാസ്ത്രം പഠിക്കുക?”

“അമേരിക്കയിൽ, തിരുമേനീ. എനിക്കൊരു സ്കോളർഷിപ്പു തരാമെന്നു സമ്മതിച്ചിട്ടുണ്ട്.”

“ദൈവശാസ്ത്രം അമേരിക്കയിലോ? അവിടെ അവരതു പഠിപ്പിക്കു ന്നുണ്ടോ?”

“ഉവ്വ്, തിരുമേനീ. ആദ്യമേ എനിക്കു കോളജു ബിരുദം സമ്പാദിക്ക ണം.”

“നീ ഒരു ദൈവശാസ്ത്രവും പഠിക്കേണ്ടതില്ല. ഇപ്പോൾത്തന്നെ നിനക്ക് ആവശ്യത്തിനറിയാം. നീ ഇവിടെ താമസിച്ച് എനിക്കുവേണ്ടി ജോലി ചെയ്യു ക. ഞങ്ങൾക്ക് നിന്നെ ഇവിടെ ആവശ്യമുണ്ട്.”

“തിരുമേനീ, എനിക്കൊരു സ്കോളർഷിപ്പുണ്ട്, ഞാൻ വിമാന ടിക്കറ്റും വാങ്ങിച്ചു കഴിഞ്ഞു.” ഞാൻ ഒരു മടയനെപ്പോലെ സംസാരിച്ചു.

“അതൊരു വലിയ പ്രശ്നമല്ല. താങ്കൾ ഇവിടെത്തന്നെ താമസിക്കുക. എന്റെ സ്വന്തം സ്റ്റാഫിൽ താങ്കളെ ആവശ്യമുണ്ട്.”

ഇതിനെന്തു മറുപടി പറയണമെന്നു ഞാൻ ഒന്നു സന്ദേഹിച്ചു. നിർ ദ്ദേശം ഞാൻ നിരാകരിക്കാൻ തുടങ്ങുകയാണെന്നു മനസ്സിലാക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു. “ഇപ്പോഴൊന്നും പറയേണ്ട. നാം കിരീടാവകാശിയോടു പറയാം. താങ്കൾക്ക് അദ്ദേഹവുമായി ഇക്കാര്യം ചർച്ച ചെയ്യാം.”

കിരീടാവകാശിയായ രാജകുമാരൻ തൊട്ടുപിന്നാലെ നടക്കുന്നുണ്ടാ യിരുന്നു - ഈ സംഭാഷണം ശ്രദ്ധിച്ചുകൊണ്ട്. ചക്രവർത്തി പുത്രനെ വിളിച്ച്, എന്തോ പറഞ്ഞു. ഞാൻ അതു ശ്രവിക്കാതെ അവിടെ നിന്നു മാറി.

കിരീടാവകാശി അനന്തരം എന്റെ അടുക്കൽ വന്നു, എന്നോടു

ചോദിച്ചു. “എനിക്കൊരു കാര്യം സംസാരിക്കാനുണ്ട്. നാളെ രാവിലെ എട്ടു മണിക്ക് എന്റെ കൊട്ടാരത്തിൽ പ്രാതലിനുവരുമോ?”

പിറ്റേന്നു രാവിലെ ഞാൻ കിരീടാവകാശിയുടെ വീട്ടിലെത്തി. ചക്രവർത്തിയുടെ കനത്ത കാവലുള്ള കൊട്ടാരത്തിനു തൊട്ടുവെളിയിലാണത്. ആറുറോഡുകൾ സന്ധിക്കുന്ന ആ കവലയ്ക്ക് സിദ്ദിസ്റ്റ് കൈലോ എന്നു പേർ. സ്വീകരണം വളരെ ഹൃദ്യമായിരുന്നു. പ്രാതൽ വിഭവസമൃദ്ധവും. ഇവിടെത്തന്നെ താമസിക്കാൻ എന്നെ പ്രേരിപ്പിക്കുന്നതിനു പിതാവ് തന്നോടാവശ്യപ്പെട്ടതായി രാജകുമാരൻ പറഞ്ഞു. എനിക്ക് എന്തു ശമ്പളവും ചോദിക്കാം. ഞാൻ അദ്ധ്യാപകനായിരിക്കുകയില്ല. ചക്രവർത്തിയുടെ സ്റ്റാഫിലായിരിക്കും എനിക്കു ജോലി. ചക്രവർത്തിക്ക് എന്നെ ഇഷ്ടപ്പെട്ടുവെന്നു രാജകുമാരൻ പറഞ്ഞു. ചക്രവർത്തിക്കു ചുറ്റിലും വിശ്വസ്തരായ അനുയായികളെ വേണം. കൂടുതൽ ചോദ്യങ്ങൾ ഉന്നയിക്കാതെ ഇപ്പോഴത്തെ നിർദ്ദേശം അംഗീകരിക്കാൻ രാജകുമാരൻ ഉപദേശിച്ചു.

കുറച്ചൊരു അമ്പരപ്പോടെ, എന്നാൽ സുവ്യക്തമായി തന്നെ, ഞാൻ രാജകുമാരനോടു പറഞ്ഞു, എന്റെ ജീവിതവിളി അവശ്യമായും മതപരമാണെന്ന്. എനിക്കു വയസ്സ് 28 ആയി. ഇതുവരെ കോളജു വിദ്യാഭ്യാസം കിട്ടിയിട്ടില്ല. കുറച്ചൊരു വിദ്യാഭ്യാസം നേടുന്നതിനുള്ള സന്ദർഭമാണിത്. എത്യോപ്യൻ ജനതയോട് എനിക്കു വളരെയേറെ സ്നേഹമുണ്ട്. ചക്രവർത്തിതിരുമേനിയോട് എനിക്ക് അത്യധികമായ ആദരവും സ്നഹവും ഉണ്ട്. ചക്രവർത്തിയുടെ സ്നേഹവായ്പ് എന്നെ ഗാഢമായി സ്പർശിച്ചു. അദ്ദേഹത്തിന് എന്നിലുള്ള വിശ്വാസത്തിനു ഞാൻ നന്ദി പ്രകാശിപ്പിച്ചു. പക്ഷേ എനിക്കു പോയേ മതിയാവു. കാരണം, ഇതു ദൈവവിളിയാണ്.

അസഫാവ് വോസ്സൻ രാജകുമാരന്റെ ഹൃദയത്തെ അത് ഗാഢമായി സ്പർശിച്ചതുപോലെ തോന്നി. ചക്രവർത്തിയിൽ നിന്ന് ഇതുപോലെ ഒരു ഉദ്യോഗനിർദ്ദേശം നിരാകരിക്കുന്ന എന്നേപ്പോലൊരു വ്യക്തിയെ താൻ കണ്ടിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. എന്റെ തീരുമാനത്തെ അദ്ദേഹം ആദരിക്കുന്നുവെന്നും വിവരം തന്റെ പിതാവിനെ ധരിപ്പിക്കാമെന്നും രാജകുമാരൻ ചൂണ്ടിക്കാട്ടി.

### സമ്മർദം തുടരുന്നു

ഏതായാലും സമ്മർദ്ദതന്ത്രം അവിടെ അവസാനിച്ചില്ല. ആഡിസ് അബാബയിൽ പാർക്കുന്ന ഹാരാർ ആർച്ചുബിഷപ്പും അതിശക്തനുമായ ആബൂനാ തെയോഫിലോസ് എന്നെ വിളിച്ചു. അദ്ദേഹം ചക്രവർത്തിയുടെ വളരെ അടുത്ത വ്യക്തിയായി അറിയപ്പെട്ടിരുന്നു. എനിക്ക് അദ്ദേഹത്തെ അടുത്തറിയാം. എത്യോപ്യൻ പാരമ്പര്യത്തിൽ അദ്ദേഹം വലിയ പണ്ഡിതനുമായിരുന്നു. നേരത്തെ ലിഖ് ലിഖാവെന്റ് മഹാരി എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ചക്രവർത്തിയുടെ ഹോളി ട്രിനിറ്റി കത്തീഡ്രലിന്റെ മേധാവി കൂടിയായിരുന്നു അദ്ദേഹം.

ആബൂനാ തെയോഫിലോസ് എന്നെ സ്വന്തം അരമനയിലേക്കു ക്ഷണിച്ചു. മറ്റൊരു തന്ത്രമാണ് അദ്ദേഹം ഉപയോഗിച്ചത് – ശകാരതന്ത്രം.

"നീ ഒരു ഭാരതീയൻ," കളിയാക്കുന്ന സ്വരത്തിൽ, എന്നാൽ സ്നേഹവായ്പോടും വർഗീയതാസ്പർശം കൂടാതെയും, അദ്ദേഹം പറഞ്ഞു. "നന്ദികെട്ടവൻ എന്ന സ്വഭാവത്തിനു കുപ്രസിദ്ധരാണ് ഭാരതീയർ," എന്നെ പ്രകോപിപ്പിക്കുകയായിരുന്നു ലക്ഷ്യം. ജിമ്മാ സംഭവത്തെപ്പറ്റിയും എന്റെ എത്യോപ്യൻ ജീവിതത്തിലെ ശിഷ്ടം കാര്യങ്ങളെപ്പറ്റിയുമെല്ലാം അദ്ദേഹം നന്നായി അറിഞ്ഞിരുന്നു. വാസ്തവത്തിൽ അദ്ദേഹത്തിന് എന്നെ ഇഷ്ടമായിരുന്നു. ഞാൻ അദ്ദേഹത്തെ ഇടയ്ക്കിടക്കു സന്ദർശിക്കാറുണ്ടായിരുന്നു താനും. ജിമ്മയിൽ എനിക്കുണ്ടായ അനുഭവങ്ങളിൽ ചിലത് ഞാൻ ആവർത്തിച്ചു പറഞ്ഞു. അനന്തരം ഞാൻ ചോദിച്ചു. "ആരാണു കൃതഘ്നർ?" ഭാരതീയരോ എത്യോപ്യക്കാരോ?"

"ഈ കഥകളൊക്കെ വീണ്ടും പൊക്കിക്കൊണ്ടുവന്ന നീ ഒരു ധിക്കാരിയാണ്. ഞങ്ങളെ മനസ്സിലാക്കുന്നതിനുള്ള നിന്റെ പാതയിലെ ഒരു ഭാഗമായിരുന്നു അത്. ഇപ്പോൾ നീ ഞങ്ങളിൽ ഒരാളായി കഴിഞ്ഞിരിക്കുന്നു."

പരിഹസിക്കുകയും ശകാരിക്കുകയും ചെയ്യുന്ന തന്ത്രം തുടർന്നുകൊണ്ട് ആബൂനാ തെയോഫിലോസ് ഒരു ഉപമ പറഞ്ഞു. ഒരു പിടക്കോഴി ഏതാനും മുട്ടയിട്ടു. അവയെ വിരിക്കാൻ വച്ചു. ഏതോ അവിചാരിത സംഭവത്തിന്റെ ഫലമായി വിരിയിക്കാനുള്ള മുട്ടകളുടെ കൂട്ടത്തിൽ ഒരു താറാവിന്റെ മുട്ടയും വന്നുപെട്ടു. മുട്ട വിരിഞ്ഞപ്പോൾ മാത്രമേ ഒരെണ്ണം താറാവിന്റെ കുഞ്ഞാണെന്നു പിടക്കോഴിക്കു മനസ്സിലായുള്ളൂ. അവൾ അതിനെ കോഴിക്കുഞ്ഞുങ്ങളുടെ കൂടെ വളർത്തി. താറാവിൻ കുഞ്ഞിനു ചിറകു വിരിഞ്ഞപ്പോൾ അതു കോഴിക്കുഞ്ഞുങ്ങളെ വിട്ടു പറന്നുപോയി. കഥയുടെ ഗുണപാഠം: എത്യോപ്യൻ പിടക്കോഴി വിരിയിച്ച കൃതഘ്നയായ താറാവിൻ കുഞ്ഞാണു ഞാൻ. ഇപ്പോൾ പറന്നുപോകാൻ ഉത്സാഹിക്കുന്നു.

ഞാൻ ഒരു മടയനാണെന്നും ശരിയായ തീരുമാനങ്ങൾ എടുക്കാൻ അറിയാത്തവനാണെന്നും ആർച്ചുബിഷപ്പ് പറഞ്ഞു. ഞാൻ വാസ്തവത്തിൽ മടയനാണെന്നും തല്ക്കാലത്തേക്കു എത്യോപ്യ വിടുന്നതിനുള്ള എന്റെ തീരുമാനം വ്യത്യാസപ്പെടുത്താൻ കഴിയാത്തതിനു കാരണമതാണെന്നും ഞാൻ മറുപടി പറഞ്ഞു. ഞാൻ ദീർഘമായും ഗാഢമായും പ്രാർത്ഥിച്ച കാലഘട്ടമാണിത്. ദൈവവിളി സംബന്ധിച്ച എന്റെ മനോബോധ്യം അചഞ്ചലമായിരുന്നു.

അവിടെയും കാര്യങ്ങൾ തീർന്നില്ല. എത്യോപ്യക്കാരും ഇന്ത്യക്കാരും കാനഡക്കാരും ആയി അനേകംപേർ - ചിലർ ചക്രവർത്തിയുടെ പ്രേരണമൂലവും ചിലർ അല്ലാതെയും - എന്റെ തീരുമാനത്തിൽ നിന്ന് എന്നെ പിന്തിരിപ്പിക്കുവാൻ ഉദ്യമിച്ചു. അവസാനത്തെ ഒരു ശ്രമത്തെ അല്പം നർമബോധത്തോടെ മാത്രമേ കാണാനാവൂ. വലിയ അംഹാരിക് പണ്ഡിതനും നീതിന്യായവകുപ്പു മന്ത്രിയുമായ ബ്ലാറ്റ മാർസെ ഹസനെപ്പറ്റി ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന് എന്നെ ഇഷ്ടമായിരുന്നു. ഒരു ദിവസം അദ്ദേഹം എന്നെ വീട്ടിലേക്കു ക്ഷണിച്ചു. പ്രാരംഭ ഉപചാരങ്ങൾക്കും ആശ്ലേഷങ്ങൾക്കും ശേഷം ഞങ്ങൾ ഒരു ചെറുകട്ടിലിൽ ഇരുന്നു. എന്നോടു സംസാരിക്കാൻ ചക്രവർത്തി തന്നോടാവശ്യപ്പെട്ടതായി

അദ്ദേഹം വളച്ചുകെട്ടില്ലാതെ പറഞ്ഞു. എത്യോപ്യ വിടുന്നതിനുള്ള എന്റെ തീരുമാനം അപക്വവും വഴിതെറ്റിയതുമാണെന്നു പൈതൃക വാത്സല്യത്തോടെ അദ്ദേഹം ചൂണ്ടിക്കാട്ടി. അദ്ദേഹം രണ്ടു നിർദ്ദേശങ്ങൾ മുമ്പിൽ വച്ചു. ആദ്യത്തേത് ഔദ്യോഗികം. നീതിന്യായവകുപ്പുമന്ത്രി എന്ന നിലയിൽ എനിക്ക് എത്യോപ്യൻ പൗരത്വം നൽകാൻ അദ്ദേഹം തയ്യാറാണ്. രണ്ടാമത്തേതു വ്യക്തിപരമാണ്. ഞാൻ ഒരു എത്യോപ്യൻ ബാലികയെ വിവാഹം കഴിച്ച് ജീവിതകാലം മുഴുവൻ ഇവിടെ ചെലവഴിക്കണം. അദ്ദേഹത്തിനു പ്രായപൂർത്തിയായ ഒരു മകളുണ്ട്. ഒരു സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനി. ഇപ്പോൾ ബോർഡിംഗ് സ്കൂളിലാണ്. അവളുടെ ഫോട്ടോ അദ്ദേഹം എന്നെ കാണിച്ചു. "അവൾ ബുദ്ധിമതിയാണ്; സുമുഖിയും. സ്വഭാവം അത്യുൽകൃഷ്ടം." അനന്തരം അദ്ദേഹം അവളുടെ നോട്ടുബുക്കുകൾ എന്നെ കാണിച്ചു.

ഇതെന്നെ കുറച്ചൊന്നു പരിഭ്രമിപ്പിച്ചുവെന്നു പറയേണ്ടതില്ലല്ലോ. അല്പമൊരു ചിന്താക്കുഴപ്പവും എനിക്കുണ്ടായി. രണ്ടു നിർദ്ദേശങ്ങളും അപ്പാടെ നിരാകരിക്കുക മര്യാദയല്ല. എന്റെ വിദ്യാഭ്യാസം പൂർത്തിയാകുന്നതു വരെ ഞാൻ വിവാഹകാര്യം ആലോചിക്കുന്നില്ലെന്നും മറ്റും ചില മുട്ടുശാന്തികൾ പറഞ്ഞ് ഞാൻ കഷ്ടിച്ചു തലയൂരി. എത്യോപ്യൻ പൗരത്വം സ്വീകരിക്കുകയെങ്കിലും ചെയ്യണമെന്ന് അദ്ദേഹം ശഠിച്ചു. ഏതാനും ദിവസത്തിനകം ഞാൻ രാജ്യം വിടുന്ന സ്ഥിതിക്ക് അക്കാര്യത്തെപ്പറ്റി ഇപ്പോൾ പരിഗണിക്കാനാവില്ലെന്നും ഞാൻ പറഞ്ഞു. എനിക്കു വളരെ വിഷമകരമായി തോന്നിയ ഒരു സംഭാഷണം അങ്ങനെ അവസാനിച്ചു.

1950 ജൂൺ മാസത്തിൽ ഞാൻ എത്യോപ്യ വിട്ടു.

### ചക്രവർത്തി ശ്രമം തുടരുന്നു

ഇൻഡ്യാനയിലെ ഗോഷനിൽ 1950-52-ൽ ഞാനൊരു ബി. എ. വിദ്യാർത്ഥിയായിരുന്നു. 1950 നവംബറിൽ ഒരു കമ്പി കിട്ടി. ചക്രവർത്തിയുടെ ദ്വിതീയപുത്രനായ മക്കോന്നൻ ഹെയ്‌ലി സെലാസി രാജകുമാരനിൽ നിന്ന്. അദ്ദേഹം അമേരിക്കൻ പര്യടനത്തിലാണ്. ഏതാനും ദിവസം ഷിക്കാഗോയിലുണ്ടാകും. ആ നഗരത്തിലെ ബ്ലാക്ക്സ്ടൺ ഹോട്ടലിൽ വച്ച് അദ്ദേഹത്തിന് എന്നെ കാണാൻ താല്പര്യമുണ്ട്.

ഞാൻ പോയി. ഗോഷനിൽ നിന്നു 120 മൈൽ അകലെയാണു ഷിക്കാഗോ. അദ്ദേഹം എനിക്കുവേണ്ടി ഒരു ഹോട്ടൽ മുറി ബുക്കു ചെയ്തിരുന്നു.

ആഡംബരപൂർണമായ ഒരു മുറി. എന്നെ കണ്ടതിൽ രാജകുമാരൻ സന്തുഷ്ടനായി. തന്റെ പിതാവ് രണ്ടു പ്രധാന ചുമതലകൾ തന്നെ ഭരമേല്പിച്ചതായി അദ്ദേഹം പറഞ്ഞു. ഒന്ന് – എണ്ണ പര്യവേക്ഷണത്തിനു സമർത്ഥമായ ഒരു കമ്പനി അമേരിക്കയിൽ തപ്പിപ്പിടിക്കുക. എത്യോപ്യയിൽ എണ്ണയുണ്ടെങ്കിൽ കുഴിച്ചെടുക്കുക. രണ്ടാമത്തെ ദൗത്യം എന്നെ എത്യോപ്യയിലേക്കു മടക്കിക്കൊണ്ടുപോകാനായിരുന്നു.

രാജകുമാരന് എന്നേക്കാൾ ഏതാനും വർഷത്തെ പ്രായക്കൂടുതലുണ്ട്.

പക്ഷേ, ഞങ്ങൾ കാര്യങ്ങൾ തുറന്നുപറഞ്ഞു. ഞാൻ പഠിത്തമാരംഭിച്ചിട്ടു കുറച്ചുമാസങ്ങളേ ആയിട്ടുള്ളുവെന്നും ഇനിയെന്തെങ്കിലും ഏറ്റെടുക്കുന്നതിനു മുമ്പ് എനിക്കു ബിരുദം പൂർത്തിയാക്കണമെന്നും ഞാൻ വ്യക്തമാക്കി. എന്റെ കോഴ്സു തീരാൻ എത്രകാലം കൂടിയുണ്ടെന്ന് അദ്ദേഹം തെരക്കി. ഒരു ബിരുദം കിട്ടാൻ 120 'ക്രെഡിറ്റു മണിക്കൂറുകൾ' പഠനം വേണം. സാധാരണഗതിയിൽ ഇതിനു നാലു വർഷം വേണം. എന്നാൽ ഓവർടൈം ജോലിചെയ്ത് അതു രണ്ടുവർഷംകൊണ്ടു പൂർത്തിയാക്കാനാണ് എന്റെ ശ്രമം. ആ രണ്ടു വർഷം തീരുന്നയുടൻ എത്യോപ്യയിലേക്കു മടങ്ങണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇപ്പോൾ ഒന്നും തീർച്ചപ്പെടുത്താനാവില്ലെന്നു ഞാൻ വ്യക്തമാക്കി.

'ഏതായാലും താങ്കൾ വന്നതിൽ ഞാൻ സന്തുഷ്ടനാണ്. ഷിക്കാഗോയിൽ ഷോപ്പിംഗ് നടത്തുന്നതിൽ താങ്കൾ എന്നെ സഹായിക്കണം. ഞാൻ ചില കടകളിൽ പോയി. ഹാവു! എന്റെ ദൈവമേ! എന്തൊരു വർണവിവേചനം! എന്റെ നിറം കാരണം ചിലർ വളരെ അപമര്യാദതന്നെ കാണിച്ചു. ഇന്നു നമ്മൾ രണ്ടു പേരും കൂടി മുന്തിയ ചില കടകളിൽ പോകും. ഞാൻ ഇംഗ്ലീഷിൽ യാതൊന്നും പറയില്ല. ഇംഗ്ലീഷ് ഒട്ടുമേ മനസ്സിലാകുന്നില്ലെന്നു ഭാവിക്കും. അംഹാരിക്ക് ഭാഷയിൽ ഞാൻ പറയുന്നത് താങ്കൾ തർജമ ചെയ്യണം. നിറം കറുപ്പാണെങ്കിൽ പോലും അവർ വിദേശികളോടു കൂടുതൽ മര്യാദകാണിക്കുമെന്നു ഞാൻ കേട്ടിട്ടുണ്ട്. ഞാൻ ഒരു രാജകുമാരനാണെന്നും മറ്റും താങ്കൾക്ക് അവരെ ധരിപ്പിക്കാം. എന്താണു സംഭവിക്കുന്നതെന്നു കാണാൻ രസമുണ്ടാകും."

അങ്ങനെ ഞങ്ങൾ ഒരുമിച്ചു ഷോപ്പിങ്ങിനു പോയി. ചില സാധനങ്ങളുടെ വിലയോ ഗുണമോ അദ്ദേഹം അംഹാരിക്കിൽ ചോദിക്കും. ഞാൻ അത് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യും: "ഈ ക്രിസ്റ്റൽ വാസിന് എന്തു വില വരുമെന്ന് മഹാരാജാവ് തിരുമേനി തിരക്കുന്നു. ഇത് യഥാർത്ഥ ക്രിസ്റ്റൽ ആണോ എന്നും അദ്ദേഹത്തിനറിയണം." വില്പന നടത്തുന്നവരുടെ മനോഭാവത്തിൽ പ്രകടമായ മാറ്റം കാണാനായി. ഷിക്കാഗോയിലെ പല സ്റ്റോറുകളിലും ബഹുനേരമ്പോക്കായിരുന്നു. 1950-ൽ എനിക്ക് അമേരിക്കക്കാരുടെ വർണവിവേചനം സംബന്ധിച്ച് നല്ല ഒരു പാഠം അങ്ങനെ പഠിക്കാനായി. രാജകുമാരനോടുള്ള എന്റെ സഖിത്വം കൂടുതൽ ഗാഢതരമായി, അമേരിക്കൻ വർഗീയത സംബന്ധിച്ചു ഞങ്ങൾ പലപ്പോഴും സംസാരിക്കുകയും ചെയ്തു.

## ചക്രവർത്തി വീണ്ടും പിന്നാലെ

പ്രിൻസ്ടൺ തിയോളജിക്കൽ സെമിനാരിയിൽ എന്റെ അവസാന വർഷം (1954). ഹെയ്‌ലി സെലാസി ചക്രവർത്തി അമേരിക്കയിൽ ഔദ്യോഗിക സന്ദർശനത്തിനു വരുന്നുവെന്നും സന്ദർശന പരിപാടിയിൽ പ്രിൻസ്ടൺ യൂണിവേഴ്സിറ്റിയും ഉൾപ്പെടുന്നുണ്ടെന്നും ഞങ്ങൾ കേട്ടു. പരസഹസ്രം വിദ്യാർത്ഥികൾ പഠിക്കുന്ന സർവകലാശാലയിൽ അദ്ദേഹം വിദ്യാർത്ഥി സമൂഹത്തെ അഭിസംബോധന ചെയ്യാൻ സാധ്യതയില്ലാഞ്ഞതിനാൽ, വിദൂരത്തിൽ നിന്ന് അദ്ദേഹത്തെ കാണാൻ സാധിച്ചേക്കാമെന്ന

അവ്യക്തമായ പ്രതീക്ഷയേ എനിക്കുണ്ടായിരുന്നുള്ളു. അതുകൊണ്ട്, ഒരു ദിവസം ഞങ്ങളുടെ സെമിനാരിയുടെ പ്രഖ്യാതനായ പ്രസിഡണ്ട് ഡോ. ജോൺ മാക്കേ (പാത്രിയർക്കീസ് മാക്കേ എന്നാണ് വിദ്യാർത്ഥികൾ അദ്ദേഹത്തെ കളിയാക്കി വിളിച്ചിരുന്നത്) എന്നെ തന്റെ ഓഫീസിലേക്കു വിളിപ്പിച്ചപ്പോൾ ഞാൻ വിസ്മയഭരിതനായി. ചക്രവർത്തിക്ക് ഒരു സ്വീകരണം നല്കുന്നുണ്ടെന്നും ഫാക്കൽറ്റി ഡിപ്പാർട്ടുമെന്റുകളുടെ തലവന്മാരെ മാത്രമേ ക്ഷണിക്കുന്നുള്ളുവെന്നും (പ്രിൻസ്ടണിലെ വിഖ്യാതരായ ഫാക്കൽറ്റി മുഴുവനെടുത്താൽ അതു തന്നെ പരശ്ശതം ആളുകളുണ്ടാവും) എല്ലാ ഫാക്കൽറ്റി അംഗങ്ങളെയും പരിചയപ്പെടുത്താൻ തന്നെ സമയം കിട്ടില്ലെന്നും, അദ്ദേഹം എന്നോടു പറഞ്ഞു. ചക്രവർത്തി എന്നെ കാണുന്നതിന് പ്രത്യേക താല്പര്യം പ്രകടിപ്പിച്ച നിലയ്ക്കു പ്രസിഡണ്ട് എന്നെ പ്രത്യേകമായി സ്വീകരണത്തിനു ക്ഷണിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രസിഡണ്ടിനു ഇക്കാര്യം വിസ്മയമുളവാക്കിയിട്ടുണ്ടാവുമെന്നു തോന്നി. സ്വീകരണത്തിൽ ഡിപ്പാർട്ടുമെന്റ് മേധാവികളും വിവിധ സ്കൂളുകളുടെ തലവന്മാരുമായി അമ്പതോളം പേരുണ്ടായിരുന്നു. സന്നിഹിതരായവരിൽ വിദ്യാർത്ഥി ഞാൻ മാത്രം. ഒരു വലിയ സ്വീകരണമുറിയിൽ ഞങ്ങൾ ഒരു വൃത്തമായി നിന്നു. പ്രസിഡണ്ട് മാക്കേ ചക്രവർത്തിയോടൊപ്പം നടന്ന് ഓരോ പ്രൊഫസറെയും ചക്രവർത്തിക്കു പരിചയപ്പെടുത്തി. ചക്രവർത്തി ഓരോരുത്തർക്കും ഹൃദ്യമായി ഹസ്തദാനം നല്കി. പക്ഷേ ആരുമായും സംസാരിക്കാൻ മെനക്കെട്ടില്ല. അദ്ദേഹം എന്നെ ആ വൃത്തത്തിൽ കണ്ടതു മുതൽ പുഞ്ചിരിക്കാൻ തുടങ്ങി. പരിചയപ്പെടുത്തുന്ന പ്രൊഫസർമാരെയല്ല, എന്നെയാണ് അദ്ദേഹം നോക്കുന്നതെന്ന് കണ്ടു ഞാൻ അമ്പരന്നുപോയി.

എന്റെ അടുക്കലെത്തിയപ്പോൾ യൂണിവേഴ്സിറ്റി പ്രസിഡണ്ടു പറഞ്ഞു. “തിരുമേനി കാണാനാഗ്രഹിച്ച യുവാവ് മി. പോൾ വറുഗീസ്.”

“ഉവ്വ്. എനിക്കറിയാം.” ചക്രവർത്തി പ്രകാശപൂർണമായ പുഞ്ചിരിയോടെ മറുപടി നല്കി. അനന്തരം ചക്രവർത്തി അംഹാരിക്ക് ഭാഷയിൽ എന്നോടു പറഞ്ഞു: “അപ്പോൾ ഇതാണു നിന്റെ യൂണിവേഴ്സിറ്റി. നാം നിന്നെത്തേടി ഇവിടെയെത്തി. നിന്റെ പഠിത്തം തീർന്നുവെന്നും ഏതാനും ദിവസത്തിനകം നിന്റെ ബിരുദം കിട്ടുമെന്നും നമുക്കറിയാം. നീ നമ്മോടു കൂടി എത്യോപ്യയിലേക്കു വരുകയാണ്. ഇനിയും ഒഴികഴിവുകൾ ഇല്ല.”

ഞാൻ തികച്ചും അമ്പരന്നു. വേദനയും തോന്നി. വീണ്ടും ചക്രവർത്തിയോട് ഒക്കുകയില്ലെന്ന് എങ്ങനെ പറയും. മനസ്സിൽ തീവ്രമായി പ്രാർത്ഥിച്ചുകൊണ്ടു ഞാൻ പറഞ്ഞു: “തിരുമേനീ, ഇതെന്നെ ഗാഢമായി സ്പർശിച്ചു. തിരുമേനിയുടെ വാത്സല്യത്തിനും താല്പര്യത്തിനും ഞാൻ കൃതജ്ഞനാണ്. അങ്ങയെയും എത്യോപ്യയെയും സേവിക്കാൻ എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ ഞാൻ ഇന്ത്യ വിട്ടുപോന്നിട്ട് (1947-ൽ) ഏഴു വർഷമാകുന്നു. എനിക്ക് ഇന്ത്യയിലേക്കു മടങ്ങിപ്പോകണം. അവിടെ വച്ചു മാത്രമേ തീരുമാനങ്ങളെടുക്കാനാകു.”

“ഇനി തീരുമാനമൊന്നുമെടുക്കാനില്ല. നാം ഏതാനും ദിവസത്തിനകം മടങ്ങിപ്പോവുകയാണ്. നീയും എന്റെ കൂടെ ഉണ്ടാകണം. എത്യോപ്യയിൽ നാം നിനക്ക് ഒരു സ്ഥാനം കണ്ടുവച്ചിട്ടുണ്ട്. ഇനിയും മർക്കടമുഷ്ടി പിടിക്കരുത്.”

ഇന്ത്യക്കാരനായ ഒരു സെമിനാരി വിദ്യാർത്ഥിയോട് ചക്രവർത്തി ഇത്ര ദീർഘമായി സംസാരിക്കുന്നതെന്താണെന്ന് പ്രസിഡണ്ടും മുറിയിലുണ്ടായിരുന്ന മറ്റുള്ളവരും അത്ഭുതപ്പെടുന്നുണ്ടായിരുന്നു. തല്ക്കാലം രക്ഷപ്പെടാൻ വേണ്ടി ഞാൻ പറഞ്ഞു: “ഞാൻ തിരുമേനിയുടെ സെക്രട്ടറിയോടു സംസാരിച്ചുകൊള്ളാം.” പിന്നീടു ഞാൻ സെക്രട്ടറിയെ കണ്ടു കാര്യം പറഞ്ഞു. ഇപ്പോൾ എത്യോപ്യയിലേക്ക് വരുക പ്രയാസമാണെന്നും എനിക്ക് ഇന്ത്യയിലേക്കു പോയേ മതിയാവൂ എന്നും.

## സന്ദർശകനു സമ്മാനം വേണം

ഞാൻ 1954-ൽ ഇന്ത്യയിൽ മടങ്ങിയെത്തി. തല്ക്കാലത്തേക്ക് ഞാൻ എത്യോപ്യയെപ്പറ്റി എല്ലാം മറന്നു. ഇന്ത്യയിൽ പല കാര്യങ്ങൾ ചെയ്യാനുണ്ടായിരുന്നു. ജീവിതം പൂർണതയിലെത്തിയതു പോലെ. ഞാൻ ഇപ്പോഴും ഒരു അയ്മേനി തന്നെ. ആലുവാ ഫെലോഷിപ്പ് ഹൗസിൽ ക്രിസ്ത്യാനികളായ അയ്മേനികളെ ലക്ഷ്യമാക്കി ധ്യാനങ്ങളും ബൈബിൾ പഠനങ്ങളും നടത്തി. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജ് കേന്ദ്രമാക്കി മതം പഠിപ്പിച്ചു. ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ് മൂവ്മെന്റ് ഓഫ് ഇന്ത്യയുടെ ഓണററി ജനറൽ സെക്രട്ടറിയായും സ്റ്റുഡന്റ് ക്രിസ്ത്യൻ മുവ്മെന്റ് ഓഫ് ഇന്ത്യയുടെ ഓണററി സെക്രട്ടറിയായുമൊക്കെ ഞാൻ സേവനമനുഷ്ഠിച്ചു.

1956-ൽ ചക്രവർത്തി ഇന്ത്യ സന്ദർശിച്ചു. ജവഹർലാൽ നെഹ്രുവാണു പ്രധാനമന്ത്രി. ഉത്തരേന്ത്യ സന്ദർശിച്ച ശേഷം ഹെയ്‌ലി സെലാസി തെക്കേ ഇന്ത്യയിലേക്കു വന്നു. കൊച്ചിയിലെ ഗംഭീര സ്വീകരണ വേളയിൽ ഒരു നോക്കു കാണാമെന്നു ഞാൻ ആഗ്രഹിച്ചെങ്കിലും നടന്നില്ല. ഞാൻ പ്രധാനപ്പെട്ട ആരുമായിരുന്നില്ല. ചക്രവർത്തി കൊച്ചിക്കു സമീപം ബോൾഗാട്ടി കൊട്ടാരത്തിലാണ് താമസം. ചക്രവർത്തിയെ കയറ്റിക്കൊണ്ടു പോയ ബോട്ടിന് സമീപമെങ്ങും എത്താൻ പോലും എനിക്കു കഴിഞ്ഞില്ല. അങ്ങനെ ഏതാണ്ട് നിരാശയിൽ ഞാൻ ബോട്ടുജെട്ടിയിൽ നില്ക്കുമ്പോൾ ചക്രവർത്തിയുടെ സംഘത്തിൽ പിന്നിലായി പോയ ഒരു ഭാഗം ആ വഴി വന്നു. അവർ വേറൊരു ബോട്ടിൽ കയറാൻ തുടങ്ങുകയാണ്. തത്സമയം, ബോട്ടിൽ കയറിയവരിൽ ഒരാൾ പെട്ടെന്നു പുറത്തിറങ്ങി ഇങ്ങനെ അട്ടഹസിച്ചു: “അതാ അവൻ. ഇവനെപ്പറ്റിയാണു ഞാൻ പറഞ്ഞുകൊണ്ടിരുന്നത്!” ഹാരാറിലെ പ്രഭുവായ മാക്കോന്നൻ രാജകുമാരൻ മുമ്പോട്ടുവന്ന് എന്നെ ആലിംഗനം ചെയ്തു. “അവസാനം ഞങ്ങൾ നിന്നെ കണ്ടെത്തി. എന്റെ പിതാവിനു നിന്നെ കണ്ടേ മതിയാവൂ. ഡൽഹിയിലെ ഞങ്ങളുടെ സ്ഥാനപതി റാസ് ഇമ്രു അക്കാര്യം നിന്നോടു സംസാരിക്കും. ഇപ്പോൾ എനിക്ക് ദ്വീപിലേക്കു പോകണം. പിതാവ് നിന്നെ കാത്തിരിക്കും. ഞാൻ നിന്നെ

കണ്ടുവെന്നു പിതാവിനോടു പറയാം." രാജകുമാരൻ ബോട്ടിൽ കയറി. സമ്പർക്കം പുലർത്താനെങ്കിലും കഴിഞ്ഞതിൽ ഞാൻ സന്തുഷ്ടനായി.

അന്നത്തെ സായാഹ്നത്തിൽ ഔപചാരികമായ സമ്പർക്കങ്ങൾ ആരംഭിച്ചു. ആദ്യ വ്യക്തി ഡൽഹിയിലെ എത്യോപ്യൻ അംബാസഡറായിരുന്നു. ചക്രവർത്തിയുടെ ഒരു കസിനും കവിയും എത്യോപ്യയിൽ ഒട്ടുക്കു ആദരിക്കപ്പെടുന്ന വ്യക്തിയുമായ റാസ് ഇമ്രു ഹെയ്‌ലി സെലാസി പ്രഭു. ചക്രവർത്തി എന്നെപ്പറ്റി തന്നോടു സംസാരിച്ചുവെന്നും ഇന്ത്യയിൽ എത്തുന്നതിനു മുമ്പുതന്നെ അദ്ദേഹം എന്നെപ്പറ്റി ധാരാളം കേട്ടിട്ടുണ്ടെന്നും പ്രഭു പറഞ്ഞു. എത്യോപ്യയിലേക്കു പോകാൻ എന്നെ പ്രേരിപ്പിക്കാനാണു ചക്രവർത്തി അദ്ദേഹത്തോട് ആവശ്യപ്പെട്ടത്. ഇന്ത്യയിൽ മതപരമായ പ്രവർത്തനങ്ങളിൽ ഞാൻ ഗാഢമായി മുഴുകിയിരിക്കുകയാണെന്നും കുറച്ചുകാലംകൂടി ആ രീതിയിൽ ഇവിടെത്തന്നെ തുടരാനാഗ്രഹമുണ്ടെന്നും ഞാൻ സവിനയം അറിയിച്ചു. റാസ് ഇമ്രു പില്ക്കാലത്ത് എന്റെയൊരു ഉറ്റമിത്രമായിത്തീർന്നു. ആഡിസ്അബാബയിലും ന്യൂഡൽഹിയിലും വച്ച് ഞങ്ങൾ പിൻവർഷങ്ങളിൽ മിക്കപ്പോഴും കണ്ടുമുട്ടി.

അടുത്ത സമ്പർക്കം പിറ്റേന്നു രാവിലെ ഉണ്ടായി. എത്യോപ്യൻ സംഘത്തിന് ഇന്ത്യയിൽ ആതിഥ്യം വഹിക്കുന്ന മന്ത്രിയെ ചെന്നുകാണുവാൻ ഇന്ത്യാ ഗവൺമെന്റ് ഔദ്യോഗികമായി എന്നോടാവശ്യപ്പെട്ടു. കേണൽ ജെ. കെ. ഭോൺസ്ലേ ആയിരുന്നു മന്ത്രി. 1942-ൽ ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി സുഭാഷ് ചന്ദ്രബോസിന്റെ വോളണ്ടിയർ ആർമിയിൽ പോരാടി എന്നതായിരുന്നു അദ്ദേഹത്തിന്റെ യോഗ്യത. എറണാകുളത്തെ ഗവൺമെൻറ് ഗസ്റ്റ് ഹൗസിൽവച്ചാണ് ഞാൻ ഭോൺസ്ലേയെ കണ്ടത്. ലളിതമായ ഖാദിമുണ്ടും ജുബായുമായിരുന്നു എന്റെ വേഷം.

അദ്ദേഹം എന്നെ മേൽകീഴ് നോക്കി, ഏതാണ്ടൊരു പരിഹാസഭാവത്തോടെ.

"അപ്പോൾ നിങ്ങളാണ് ആ വ്യക്തി. ഞാൻ കാര്യങ്ങൾ വിശദമാക്കട്ടെ. ഇന്ത്യാ ഗവൺമെന്റ് എപ്പോഴും തന്നെ പ്രശസ്താതിഥികളെ സന്തുഷ്ടരാക്കാനാണു നോക്കുന്നത്. ഇപ്പോഴത്തെ അതിഥിയാകട്ടെ ആവശ്യപ്പെട്ടിരിക്കുന്ന കാര്യം ഗവൺമെന്റ് അധികാരത്തിൽപ്പെട്ടതല്ല. നമ്മുടെ ഒരു പൗരനെയാണു അദ്ദേഹത്തിന് ആവശ്യം. പ്രധാനമന്ത്രി നെഹ്രുവിനും ഇന്ത്യാ ഗവൺമെന്റിനും വേണ്ടി ഞാൻ താങ്കളോട് അഭ്യർത്ഥിക്കുന്നത് ചക്രവർത്തിയുടെ നിർദ്ദേശം സ്വീകരിച്ച് എത്യോപ്യയിൽ ചക്രവർത്തിയുടെ സ്വന്തം സ്റ്റാഫിൽ ഉദ്യോഗം സ്വീകരിക്കണമെന്നാണ്. നിങ്ങളുടെ ശമ്പളം തുടങ്ങിയ കരാർ വ്യവസ്ഥകൾ ആവശ്യപ്പെടാം. നിങ്ങൾ ആവശ്യപ്പെടുന്നതെന്തും നൽകാൻ ചക്രവർത്തി സന്നദ്ധനാണ്. അഭിനന്ദനങ്ങൾ."

അദ്ദേഹത്തിന്റെ കണ്ണുകളിലും സ്വരത്തിലും നിന്ദാഭാവം പ്രകടമായിരുന്നു. ഒരു സാധാരണക്കാരന് ഇത്രയും ആലോചനാശൂന്യമായ ഒരു ഉദ്യോഗദാനം നടത്താൻ ആഗ്രഹിക്കുന്ന ചക്രവർത്തി ഒരു മടയനായിരിക്കണം?

ഈദൃശ ചിന്തകളാവണം അദ്ദേഹത്തിന്റെ മനസ്സിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്നത്.

ഞാൻ മറുപടി പറഞ്ഞു. “സർ, ചക്രവർത്തിയുടെ ഉദ്യോഗവാഗ്ദാനത്തിൽ ഞാൻ അതീവധന്യനാണ്. ഈ വിവരം എന്നെ അറിയിച്ചതിന് ഇന്ത്യാ ഗവൺമെന്റിനോട് എനിക്കു നന്ദിയുണ്ട്. ഈ ഉദ്യോഗം സ്വീകരിക്കാൻ കഴിയാത്തതിൽ ഞാൻ ഖേദിക്കുന്നു. ക്രിസ്തീയ സഭയുടെ ഒരു സാധാരണ പ്രവർത്തകൻ മാത്രമാണു ഞാൻ. എനിക്കു പ്രതിമാസം 75 രൂപ ശമ്പളമായി കിട്ടുന്നുണ്ട്. ഈ ശമ്പളവും ജോലിയും എനിക്ക് സന്തുഷ്ടി നൽകുന്നു. ഇപ്പോഴത്തെ ജോലിയിൽ തുടരാനാണ് ഞാൻ ആഗ്രഹിക്കുന്നത്.”

“എന്ത്? അസാധാരണമായ ഒരു ഉദ്യോഗാവസരമാണു നിങ്ങൾ നിരാകരിക്കുന്നതെന്ന് ഓർമയുണ്ടോ? നിങ്ങൾക്കു വാഗ്ദാനം ചെയ്തിരിക്കുന്നത് എന്താണെന്നു മനസ്സിലായോ?”

“അറിയാമെന്നു വിശ്വസിക്കുന്നു, സർ. പക്ഷേ എന്റെ ജീവിതവിളി കൊട്ടാരങ്ങളിൽ പണിയെടുക്കാനല്ല. ഇന്നു ചെയ്യുന്നതുപോലെ സാധാരണക്കാരെ സേവിക്കുകയാണ്.”

ഭോൺസ്ലേ പറഞ്ഞു. “നിങ്ങൾ ഒരു അസാധാരണ മനുഷ്യൻ തന്നെ. നിങ്ങളെപ്പോലുള്ള വ്യക്തികളെയാണു പ്രധാനമന്ത്രി നെഹ്റു ഇപ്പോൾ തേടിക്കൊണ്ടിരിക്കുന്നത്.”

അദ്ദേഹം ഒന്നു നിർത്തി. ഇനി എന്താണാവോ പറയാൻ പോകുന്നത്, എന്നു ഞാൻ വിസ്മയിച്ചു. അദ്ദേഹം തുടർന്നു:

“നമ്മുടെ രാഷ്ട്രത്തിൽ കുറച്ചൊരു ശിക്ഷണം വരുത്തുന്നതിന് പ്രധാനമന്ത്രി നെഹ്റു ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. രാജ്യത്തെ ഹൈസ്കൂളുകളിൽ ഇത് ആരംഭിക്കാനാണ് ഉദ്ദേശ്യം. ‘ദേശീയ ശിക്ഷണ പദ്ധതി ’യെന്നാണ് പേര്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനുമുമ്പ് ഓരോ ഹൈസ്കൂൾ വിദ്യാർത്ഥിയും ഒരു നിശ്ചിത കാലഘട്ടം നമ്മുടെ ഗ്രാമങ്ങളിൽ സേവനമനുഷ്ഠിച്ചിരിക്കണം എന്നതാണ് അതിന്റെ കാതൽ. ഈ ദേശീയ പരിപാടിയുടെ ചുമതല വഹിക്കാൻ സ്വഭാവശുദ്ധിയുള്ള ഒരാളെ പ്രധാനമന്ത്രി അന്വേഷിക്കുന്നു. നിങ്ങളെപ്പോലെ ഒരാളെ കണ്ടുപിടിക്കാൻ അദ്ദേഹം എന്നെ ഭരമേല്പിച്ചിരിക്കുന്നു. ഡൽഹിയിലേക്കു വരൂ. താങ്കൾ ഈ ജോലി ഏറ്റെടുക്കണം.”

പരിഹാസച്ചുവ മാറി, അദ്ദേഹം മറച്ചുപിടിക്കാത്ത ആദരവു കാണിക്കാൻ തയ്യാറായി. നല്ലൊരു അവസരവാദിയായിട്ടാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഐ. എൻ. എ. യിലെ ജോലി, പരമാവധി പറഞ്ഞാൽ, സന്ദിഗ്ധ സ്വഭാവമുള്ളതാണ്. സംഭാഷണത്തിനിടയിലും അദ്ദേഹത്തെപ്പറ്റി വലിയ മതിപ്പുളവാക്കുന്ന യാതൊന്നും നടന്നില്ല. ഈ അഭിമുഖീകരണങ്ങളിലെല്ലാം ദൈവകൃപ എന്നെ നയിക്കുമെന്നു ഞാൻ ഉറച്ചു വിശ്വസിച്ചു. മറുപടി പറയാനുള്ള പദങ്ങൾ എന്റെ അധരങ്ങളിൽ ഒഴുകിയെത്തി.

“നന്ദി, സർ. അങ്ങു പ്രദർശിപ്പിച്ച വിശ്വാസത്തിന് ഞാൻ കൃതജ്ഞ

നാണ്. ഈ ഉദ്യോഗവാഗ്ദാനത്തിന് ഇന്ത്യാ ഗവൺമെന്റിനോടും എന്റെ നന്ദി. പക്ഷേ ഈ ജോലി ഒട്ടേറെ സംഘാടകവിരുത് ആവശ്യപ്പെടുന്നതാണ്. അതെനിക്കില്ല. ജനങ്ങളോടു നേരിട്ട് ഇടപെട്ടു പ്രവർത്തിക്കാനാണു ഞാൻ ശീലിച്ചിട്ടുള്ളത്."

"ഹൈസ്കൂളുകളിലെ യുവജനങ്ങളുമായി നേരിട്ടിടപെടാൻ താങ്കൾക്ക് ധാരാളം അവസരം കിട്ടും. സംഘടനാകാര്യങ്ങൾ സംബന്ധിച്ചാണെങ്കിൽ ഗവൺമെന്റിന് സ്വന്തമായി ആ മണ്ഡലത്തിൽ ആവശ്യമായ ഘടനാ സംവിധാനമുണ്ട്. അതിനെപ്പറ്റി വിഷമിക്കേണ്ട. പ്രചോദനപ്രദമായ നേതൃത്വം നല്കിയാൽ മതി. മൂന്നുനാലു ദിവസത്തിനകം ഞാൻ ഡൽഹിക്കു മടങ്ങും. അവിടെ വന്ന് എന്നെ കാണുക."

"നന്ദി സാർ, എന്നെ ദൈവം വിളിക്കുന്നത് ആ പ്രത്യേക ജോലിക്കാണെന്ന് എനിക്കു തോന്നുന്നില്ല. ഞാൻ ഇന്നത്തെ ജോലിയിൽ തുടർന്നോളാം, അതിൽ ഞാൻ സന്തുഷ്ടനാണ് താനും."

ഭോൺസ്ലേയുടെ ഭാവം സൗഹൃദമായി മാറി. എന്നെപ്പറ്റി പല കാര്യങ്ങളും അദ്ദേഹം ചോദിച്ചറിഞ്ഞു. അടുത്തമുറിയിലുണ്ടായിരുന്ന ഭാര്യയെ അദ്ദേഹം വിളിച്ചു. അവരെ കണ്ടിട്ട് പച്ചപ്പരിഷ്ക്കാരിയായ ഒരു കുഴഞ്ഞാട്ടക്കാരിയെപ്പോലെ തോന്നി. സിംഗപ്പൂരിൽ വച്ചു കണ്ടു വിവാഹം ചെയ്ത ഒരു യുവതി. അദ്ദേഹം എന്നെ പരിചയപ്പെടുത്തി: "നോക്കു, ഈ യുവാവ് ചക്രവർത്തിയുടെ ഉദ്യോഗ വാഗ്ദാനം നിരാകരിച്ചു. പ്രധാനമന്ത്രിക്കു വേണ്ടി ദേശീയ ശിക്ഷണപദ്ധതിയിൽ ഞാൻ നല്കിയ ഉദ്യോഗവാഗ്ദാനവും തള്ളിക്കളഞ്ഞു. ഒരു അസാധാരണ മനുഷ്യൻ തന്നെ!" ഞങ്ങൾ കുറേനേരം കൂടി സംസാരിച്ചിരുന്നു. അതു കഴിഞ്ഞതോടെ എനിക്കാശ്വാസമായി. അടുത്ത തവണ ഡൽഹിയിലെത്തുമ്പോൾ തന്നെ കാണണമെന്നു ഭോൺസ്ലേ പ്രത്യേകം പറഞ്ഞു. അങ്ങനെയാകട്ടെയെന്നു ഞാൻ സമ്മതിച്ചു. ചക്രവർത്തിയുടെ പര്യടനവേളയിൽ പലയിടത്തുവച്ചും മിസ്സിസ്സ് ഭോൺസ്ലേയോടു ഞാൻ സംഭാഷിക്കേണ്ടിവന്നു. അവരുടെ കുഴഞ്ഞാട്ടത്തിൽ എനിക്കു ഭയമായിരുന്നു. ഡൽഹിയിൽ ചെല്ലുമ്പോൾ അവരെ സന്ദർശിക്കണമെന്ന് ആ സ്ത്രീയും ക്ഷണിച്ചു. വളരെ മര്യാദയ്ക്കു ഞാൻ അങ്ങനെയാകട്ടെയെന്ന് സമ്മതംമൂളി. പക്ഷേ വിവേകപൂർവം ഞാൻ പിന്തിരിഞ്ഞു.

### അന്തിമ നീക്കം

ഞാനിതുവരെ ചക്രവർത്തിയെ നേരിട്ടു കണ്ടിരുന്നില്ല. സന്ദർശനത്തിന് അനുമതി തേടിയുമില്ല. അടുത്ത ദിവസം കോതമംഗലത്തു ഞങ്ങളുടെ സഭവക എൻജിനിയറിംഗ് കോളജിൽ വച്ച് ചക്രവർത്തിക്ക് ഒരു ഗംഭീര പൗരസ്വീകരണം നല്കുന്നുണ്ടായിരുന്നു. എന്നെയും ക്ഷണിച്ചിരുന്നു. വമ്പിച്ച സദസ്സിന്റെ ആദ്യനിരയിൽ ഞാൻ ഉപവിഷ്ടനായി. പലതവണ ചക്രവർത്തിയുടെ ശ്രദ്ധയിൽപ്പെടാൻ ശ്രമിച്ചു. മനസ്സിലാക്കിയതായി ഒരു പുഞ്ചിരിയെങ്കിലും ഞാൻ പ്രതീക്ഷിച്ചു. വേദിയിലിരുന്ന് അദ്ദേഹം എന്നെ കണ്ടു. പുഞ്ചിരിക്കു പകരം അദ്ദേഹം ഉഗ്രമായി എന്നെ നോക്കി. കുപിത

നാണെന്നു വ്യക്തം. ഞാൻ വിഷണ്ണനായി. ഞാൻ ചക്രവർത്തിയെ ഗാഢ മായി ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു.

പിറ്റേദിവസം ചക്രവർത്തി കോട്ടയത്ത് എന്റെ സഭയുടെ പരമാദ്ധ്യ ക്ഷനെ സന്ദർശിക്കുന്നുണ്ടായിരുന്നു. ചക്രവർത്തിയുടെ സഭയായ എത്യോ പ്യൻ ഓർത്തഡോക്സ് സഭയും എന്റെ സഭയായ ഇന്ത്യൻ ഓർത്ത ഡോക്സ് സഭയും പരസ്പരം കുർബാനാ സംസർഗത്തിലാണ്. ഓർത്ത ഡോക്സ് സഭാകുടുംബ പാരമ്പര്യത്തിൽപ്പെട്ട സഭകളിൽ "ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ" എന്നൊരു കുടുംബവും ബൈസന്റയിൻ (പൗര സ്ത്യ ഓർത്തഡോക്സ് സഭകൾ) എന്നൊരു കുടുംബവും ഇങ്ങനെ രണ്ടു വിഭാഗങ്ങളാണുള്ളത്. ഈജിപ്ഷ്യൻ (കോപ്റ്റിക്), സിറിയൻ, അർമേനി യൻ, ഇന്ത്യൻ, എത്യോപ്യൻ എന്നീ അഞ്ചു സഭകളാണ് ഓറിയന്റൽ ഓർ ത്തഡോക്സ് വിഭാഗത്തിൽ. ഗ്രീസ്, റഷ്യ, കോൺസ്റ്റാന്റിനോപ്പിൾ, ബൾഗേ റിയ, റൊമേനിയ, സേർബിയ തുടങ്ങിയ ഇരുപതോളം ഓർത്തഡോക്സ് സഭകളാണ് ബൈസന്റയിൻ കുടുംബത്തിലുള്ളത്. കൽക്കദൂൻ സുന്നഹ ദോസിനെ (451 എ. ഡി.) തുടർന്ന് ക്രിസ്തുശാസ്ത്രം സംബന്ധിച്ച് അഞ്ചു ആറും നൂറ്റാണ്ടുകളിൽ ഉണ്ടായ വിവാദങ്ങളുടെ ഫലമായി ഈ രണ്ടു കുടുംബങ്ങളും ഭിന്നിച്ചു മാറി നില്ക്കുകയാണ്.

ഇന്ത്യൻ സഭയുടെ തലവനും പൗരസ്ത്യ കാതോലിക്കായുമായ ബസേ ലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്ക് തൊണ്ണൂറു വയസ്സു കഴി ഞ്ഞു. പ്രതാപശാലിയായ ഒരു വിശുദ്ധൻ. സർവാദരണീയനായ ഈ സഭാ ദ്ധ്യക്ഷനെ ഒരിക്കൽ പ്രധാനമന്ത്രി നെഹ്രുവും മറ്റു നേതാക്കളും സന്ദർശി ച്ചിരുന്നു. എനിക്ക് അദ്ദേഹത്തെ നന്നായി അടുത്തറിയാമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ പ്രത്യേക പരിഗണനയ്ക്കു പാത്രമായവരിൽ ഒരാളായി രുന്നു. കാതോലിക്കാബാവായ്ക്ക് ഇംഗ്ലീഷ് ഒഴുക്കിൽ സംസാരിക്കാൻ കഴി യാത്തതിനാൽ സംഭാഷണം പരിഭാഷപ്പെടുത്താൻ എന്നെ നിയോഗിച്ചു. എനിക്കാണെങ്കിൽ മലയാളത്തിൽ നിന്നു അംഹാരിക്കിലേക്കും മറിച്ചും പരിഭാഷപ്പെടുത്താൻ കഴിയുകയും ചെയ്യും.

വയോധികനായ ബാവാ, ചക്രവർത്തിയെ സ്വീകരിക്കാൻ ദേവലോക ത്തുള്ള അരമനയുടെ മുൻവാതിൽക്കലോളം ചെന്നു. ഞാനും മറ്റുള്ളവരും കൂടെയുണ്ട്. സ്വാഗതത്തിന്റെ ഔപചാരികതകൾ കഴിഞ്ഞയുടൻ രണ്ടു ശെമ്മാശന്മാരുടെ സഹായത്തോടെ ബാവാ സ്വീകരണ മുറിയിലേക്കു നട ന്നു. അവിടെയാണ് ചക്രവർത്തിയുമായി സംഭാഷണം നടക്കുന്നത്. ചക്ര വർത്തിയെ സ്വീകരണമുറിയിലേക്കു നയിച്ചുകൊണ്ടു ഞാൻ പിറകെ ചെന്നു. ചക്രവർത്തി എന്റെ നേർക്ക് ഒന്നു പുഞ്ചിരിച്ചതുപോലുമില്ല. അദ്ദേ ഹം അംഹാരിക്കിൽ സംസാരിക്കാൻ തുടങ്ങി.

"ഞാൻ ജീവിതത്തിൽ കണ്ടിട്ടുള്ളവരിൽ ഏറ്റവും ദുഷ്ടനാണു നീ." ആ സ്വരത്തിലെ പകയും വിദ്വേഷവും പ്രകടമായിരുന്നു. ചക്രവർത്തി യുടെ വികാരങ്ങളെ മുറിപ്പെടുത്താൻ ഞാൻ തീർച്ചയായും ആഗ്രഹിച്ചി ല്ല. അദ്ദേഹത്തോടെനിക്ക് വലിയ ആദരവും ആത്മാർത്ഥമായ സ്നേഹവും ഉണ്ടായിരുന്നു. അധികമൊന്നും ആലോചിക്കാതെ ഞാൻ പറഞ്ഞു.

"തിരുമേനീ, അതു ദുഷ്ടതയല്ല. ഞാൻ സഭയുടെ ഒരു ദാസനാണ് (മുമ്പിൽ നീങ്ങുന്ന കാതോലിക്കായെ ചൂണ്ടി). അദ്ദേഹമാണ് എന്റെ സഭയുടെ തലവൻ. അദ്ദേഹം പറയുന്നതെന്തും ഞാൻ ചെയ്യും."

"നീ പറയുന്നതു ഞാൻ വിശ്വസിക്കുന്നില്ല" ചക്രവർത്തി പറഞ്ഞു. "അദ്ദേഹത്തിനെന്നല്ല, ദൈവം തമ്പുരാനു പോലും നിന്റെ നിർബന്ധബുദ്ധിയോ മർക്കടമുഷ്ടിയോ വളയ്ക്കാനാവില്ല." അദ്ദേഹം രോഷാകുലനായിരുന്നു.

ചക്രവർത്തിയും കാതോലിക്കാബാവായും തമ്മിലുള്ള ഔപചാരിക സംഭാഷണം താമസിയാതെ ആരംഭിച്ചു. അതു പരിഭാഷപ്പെടുത്തുക ഒരാനന്ദമായിരുന്നു. കാതോലിക്കാബാവാ ഇങ്ങനെ തുടങ്ങി: "തിരുമേനീ, ഈ സമയത്ത് എന്റെ വികാരങ്ങൾ ജറുസലേം ദേവാലയത്തിൽ യേശുകുഞ്ഞിനെ സ്വാഗതം ചെയ്ത വൃദ്ധൻ ശിമയോന്റേതു തന്നെയാണ്. നമ്മുടെ സഭകളിലെ ഏക ചക്രവർത്തിയെ എന്റെ കണ്ണുകൾ നേരിൽ കണ്ടിരിക്കുന്നതിനാൽ ഇപ്പോഴെനിക്കു സമാധാനത്തോടെ മരിക്കാം."

"പരിശുദ്ധ പിതാവേ, അങ്ങയെപ്പോലൊരു പരിശുദ്ധന്റെ മുഖം ദർശിക്കുന്നതിലധികമായ എന്തൊരു ആനന്ദമാണ് രാജ്യഭരണക്ലേശങ്ങളാൽ പരിക്ഷീണനായ ഒരു രാജാവിനു കിട്ടുവാനുള്ളത്?"

ഈ സംഭാഷണം ആ രണ്ടു മഹാവ്യക്തികളോടുമുള്ള എന്റെ ആദരവു വർദ്ധിപ്പിച്ചു. അവസാനം ചക്രവർത്തി പറഞ്ഞു: (അതും ഞാൻ പരിഭാഷപ്പെടുത്തേണ്ടിയിരുന്നു)

"ഈ ദുശ്ശാഠ്യക്കാരനായ (Stubborn) ചെറുപ്പക്കാരന്റെ കാര്യം എങ്ങനെയാ? അയാളെ എനിക്കു എത്യോപ്യയിൽ വേണം. അയാൾ വരാൻ വിസമ്മതിക്കുകയാണ്."

കാതോലിക്കാബാവാ മറുപടി പറഞ്ഞു. "സ്വന്തം ഹിതത്തിനെതിരായി അയാളെ പ്രേരിപ്പിച്ചു പിന്തിരിപ്പിക്കാൻ ഒരു മനുഷ്യനെക്കൊണ്ടും സാധിക്കില്ല, തിരുമേനീ. ഒരു കാര്യം വ്യക്തം. നന്മ മുൻനിർത്തിയുള്ളതും ശരിയുമായ കാര്യങ്ങളേ അയാൾ പ്രവർത്തിക്കൂ."

ബാവായുടെ മറുപടി എന്നെ സന്തുഷ്ടനാക്കി. എന്റെ മേൽ സ്വന്തം അധികാരം അടിച്ചേല്പിച്ചോ ചക്രവർത്തി പറയുന്നതനുസരിച്ചു പ്രവർത്തിക്കാൻ എന്നോടാവശ്യപ്പെട്ടോ സ്വന്തം അധികാരം പ്രകടിപ്പിക്കാനൊന്നും ബാവാതിരുമേനി ഉദ്യമിച്ചില്ല. അദ്ദേഹത്തിന്റെ മറുപടി വളരെ സൂക്ഷിച്ചും കരുതലോടെയുമായിരുന്നു. അദ്ദേഹം എന്റെ സ്വാതന്ത്ര്യത്തെ നിലനിറുത്തി. കാര്യം അടച്ചിടാതെ തുറന്നിടുകയും ചെയ്തു. ഡൽഹിയിലെ മേൽവിലാസം എനിക്കു നല്കാൻ അംഗരക്ഷകരോട് ചക്രവർത്തി നിർദ്ദേശിച്ചു. അദ്ദേഹം പിറ്റേന്നു ഡൽഹിയിലേക്കു മടങ്ങുകയാണ്. ചക്രവർത്തി എന്നിൽ നിന്ന് ഒരു മറുപടി പ്രതീക്ഷിക്കുന്നുവെന്നു പ്രകടം.

ചക്രവർത്തി വിടപറഞ്ഞുപോയതിനുശേഷം കാതോലിക്കാബാവാ എന്നെ അടുക്കലേക്കു വിളിച്ച് ഇപ്രകാരം പറഞ്ഞു: (പല തിരുമേനിമാരും സഭയിലെ ഏതാനും നേതാക്കന്മാരും സന്നിഹിതരായിരുന്നു)

"എല്ലാവർക്കും പോൾ വർഗീസിനെ വേണം. എനിക്ക് അയാളെ നമ്മുടെ സഭയിൽ വേണ്ടിയിരിക്കുന്നു. ചക്രവർത്തിക്ക് അയാളെ അങ്ങേരുടെ രാജ്യത്തു വേണം. പക്ഷേ പോൾ വർഗീസ് ഒരാൾ മാത്രമേയുള്ളൂ. താൻ എത്യോപ്യയിൽ പോയി ചക്രവർത്തിയോടൊപ്പം പ്രവർത്തിക്കുന്നത് നമ്മുടെ സഭയ്ക്കു നല്ലതാണ്. അദ്ദേഹം നമ്മുടെ ചക്രവർത്തിയാണ്. അവിടെയിരുന്നുകൊണ്ട് നമ്മുടെ സഭയെ വളരെയേറെ സഹായിക്കാൻ തനിക്കു കഴിയും. എന്നാൽ താൻ ഇവിടെ താമസിച്ചു ജോലി തുടരുന്നതും നല്ല കാര്യം തന്നെ. താൻ എന്തു ചെയ്യണമെന്നു പറയാൻ എനിക്കറിവില്ല. താൻ വീട്ടിൽ പോയി തീക്ഷ്ണതയോടെ പ്രാർത്ഥിക്കുക. വീണ്ടും പ്രാർത്ഥനയിലൂടെ തന്നെ ഒരു തീരുമാനമെടുക്കുക."

അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചു ഞാൻ യാത്രപറഞ്ഞു. അരമനയ്ക്കു പുറത്തുകടന്ന് ഏതാനും വാര ഞാൻ മുമ്പോട്ടു നടന്നപ്പോൾ ഒരു ശെമ്മാശൻ ഓടിവന്ന് ബാവാ വിളിക്കുന്നെന്നു പറഞ്ഞു. ഞാൻ അകത്തു കടന്നപ്പോൾ ബാവാ മറ്റുള്ളവരെയെല്ലാം പറഞ്ഞയച്ച ശേഷം എന്നോട് മുമ്പിൽകിടന്ന പായയിൽ ഇരിക്കാൻ ആവശ്യപ്പെട്ടു. വളരെ വാത്സല്യത്തോടെ അദ്ദേഹം കുറെനേരം എന്നോടു സംസാരിച്ചു. ശരിയായ തീരുമാനം ചെയ്യുക വളരെ പ്രയാസമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മറ്റുള്ളവരുടെ മുമ്പിൽ വച്ച് എന്നെപ്പറ്റി പറഞ്ഞതു വളരെ വാസ്തവം തന്നെയാണെന്ന് ബാവാ പറഞ്ഞു. എന്റെ ആത്മീയവേല അസാധാരണമായ രീതിയിൽ അനുഗ്രഹപ്രദമാക്കാൻ ദൈവം പ്രസാദിച്ചുവെന്നും ആ പശ്ചാത്തലത്തിൽ എന്റെ സാന്നിദ്ധ്യം സഭയുടെ പ്രവർത്തനത്തിന് ആവശ്യമാണെന്നും ബാവാ അഭിപ്രായപ്പെട്ടു. അതേസമയം എത്യോപ്യയിൽപോയി ചക്രവർത്തിയുടെ പ്രൈവറ്റ് സ്റ്റാഫിൽ പ്രവർത്തിക്കുന്നത് എനിക്കും നമ്മുടെ സഭയ്ക്കും തുല്യനിലയിൽ പ്രയോജനപ്രദമാണെന്നും അദ്ദേഹം കാണുന്നുണ്ട്. അതു നമ്മുടെ സഭയ്ക്കു വലിയ ബഹുമതിയായിരിക്കും. എന്നിലൂടെ ചക്രവർത്തി നമ്മുടെ സഭയെ സഹായിക്കാൻ മുഖാന്തരമാവുകയും ചെയ്യും.

ഞാൻ പ്രാർത്ഥിക്കണമെന്നും പ്രാർത്ഥനയുടെ പശ്ചാത്തലത്തിൽ ഒരു തീരുമാനത്തിലെത്തണമെന്നും ബാവാ ആവർത്തിച്ചു പറഞ്ഞു. ഞാൻ ശരിയായ തീരുമാനമെടുക്കാൻ സഹായകമായി ബാവായും പ്രാർത്ഥിക്കാമെന്ന് എനിക്ക് ഉറപ്പുനല്കി. പ്രാർത്ഥനയിൽ എന്റെ പ്രത്യേകഹിതം ദൈവത്തിന്മേൽ അടിച്ചേല്പിച്ചിട്ട് അത് പ്രാർത്ഥനയിൽ ലഭിച്ച ഉത്തരമാണെന്ന് വീമ്പിളക്കരുതെന്ന് ബാവാ താക്കീതുനല്കി. ഭക്തരായ രണ്ടു സുവിശേഷകന്മാർ മക്കളുടെ വിവാഹത്തെപ്പറ്റി ദൈവഹിതം തേടിയ കഥ ബാവാ എന്നോടു പറഞ്ഞു. അവരിലൊരാളുടെ മകൻ അപരന്റെ മകളെ വിവാഹം ചെയ്യാനായിരുന്നു ആലോചന. സുവിശേഷകരും ഉപദേശിമാരും സാധാരണ ചെയ്യാറുള്ളതുപോലെ ഇരുവരും ദീർഘമായി പ്രാർത്ഥിച്ചു. വധുവിന്റെ ഭവനത്തിൽ നിന്ന് ഒരു വലിയ തുക സ്ത്രീധനമായി കിട്ടണമെന്നു വരന്റെ പിതാവു പ്രാർത്ഥിച്ചു. അതേസമയം, സ്ത്രീധനത്തുക കഴിവതും കുറച്ചുകിട്ടണമെന്നായിരുന്നു വധുവിന്റെ പിതാവ് പ്രാർത്ഥിച്ചത്. എന്റെ

ഹിതം നടന്നുകിട്ടാൻ ദൈവത്തെ ഹേമിക്കരുതെന്ന് കാതോലിക്കാബാവാ ഒരിക്കൽകൂടി അനുസ്മരിപ്പിച്ചു.

അവിടെനിന്നു വിടവാങ്ങിയപ്പോൾ ഞാൻ ഗാഢമായി മനസ്സാ പ്രാർത്ഥിച്ചു. സ്വാർത്ഥചിന്തകളിൽ നിന്നു എന്നെ പൂർണമായും മുക്തനാക്കണമെന്നും, അവ്യാജമായും ആത്മാർത്ഥമായും ദൈവഹിതത്തിനു വിധേയനാകാൻ എന്നെ സഹായിക്കണമെന്നും ഞാൻ മനമുരുകി പ്രാർത്ഥിച്ചു. ചക്രവർത്തിയുടെ ആവശ്യം നിരാകരിച്ച നടപടിയെ ജനങ്ങൾ കൈയടിച്ച് അഭിനന്ദിച്ചുവെന്നത് എന്റെ തലക്കനം കൂട്ടാൻ ഒരുപക്ഷേ കാരണമാക്കിയിരിക്കാം. ഹൃദയത്തിന്റെ വഴികൾ ആർക്കറിയാം?

എങ്ങനെ മുമ്പോട്ടു നീങ്ങണമെന്നതു സംബന്ധിച്ച് ദൈവം എനിക്കൊരു ആശയം നല്കി. ആലുവാ ഫെലോഷിപ്പ് ഹൗസിലെ എന്റെ താമസസ്ഥലത്തേക്കു ഞാൻ മടങ്ങി. എന്റെ സഭയിൽ അംഗങ്ങളായ മൂന്നു സുഹൃത്തുക്കളെ ഞാൻ വിളിച്ചുകൂട്ടി. യൂണിയൻ ക്രിസ്ത്യൻ കോളജിലെ ഇംഗ്ലീഷ് ലക്ചറർ റവ. ഡോ. കെ. സി. ജോസഫ്, ബോട്ടണി ലക്ചറർ പ്രൊഫ. ടി. സി. ജോസഫ്, ഫെലോഷിപ്പ് ഹൗസ് സെക്രട്ടറി എം. തൊമ്മൻ എന്നിവരെ ഞാൻ കഴിഞ്ഞ മൂന്നുനാലു ദിവസത്തെ സംഭവവികാസങ്ങൾ വിവരിച്ചു പറഞ്ഞുകേൾപ്പിച്ചു. എന്റെ സ്വന്തം ഇച്ഛാശക്തിയെ എനിക്കു വിശ്വസിക്കാനാവില്ലെന്നും ഞാൻ അവരെ ധരിപ്പിച്ചു. ഞാൻ എത്യോപ്യയിലേക്കു പോകണമോ വേണ്ടയോ എന്നതാണു പ്രശ്നം. അവർ മൂവരും ചേർന്നു പ്രാർത്ഥനയിൽ എടുക്കുന്ന ഏകകണ്ഠമായ ഏതു തീരുമാനവും അംഗീകരിക്കാൻ തയ്യാറാണെന്നു ഞാൻ അവരോടു പറഞ്ഞു. അവരുടെ സംയുക്ത തീരുമാനം എന്തുതന്നെയായാലും അതു ചോദ്യം ചെയ്യാതെ ദൈവഹിതമായി അംഗീകരിക്കാനും തദനുസരണം പ്രവർത്തിക്കാനും ഞാൻ സന്നദ്ധനാണെന്നും ഞാൻ അറിയിച്ചു.

ഒരു ഗ്രൂപ്പായി ഒന്നിച്ചു പ്രാർത്ഥിക്കുക ഞങ്ങളുടെ പതിവായിരുന്നു. ഈ സന്ദർഭത്തിലും ഞങ്ങൾ ഒന്നിച്ചു പ്രാർത്ഥിച്ചു-ദൈവഹിതം നിവർത്തിക്കപ്പെടണമേയെന്ന്. പെട്ടെന്ന് ഒരു തീരുമാനം എടുക്കാൻ സാധിക്കാത്തവണ്ണം അതീവ ഗുരുതരമാണു പ്രശ്നം. ഞങ്ങൾ 24 മണിക്കൂർ പ്രാർത്ഥനയിൽ ജാഗ്രതയോടെ കാത്തിരിക്കാനും അനന്തരം മൂന്നു പേരും ഒന്നിച്ചു ചേർന്ന് ഒരു തീരുമാനമെടുക്കാനും സമ്മതിച്ചു.

പിറ്റേദിവസം ഞങ്ങൾ നാലുപേരും വീണ്ടും ഒന്നിച്ചുകൂടി. മറ്റു മൂന്നു പേരും ചേർന്ന് ഒരു തീരുമാനമെടുത്ത് കഴിഞ്ഞിരുന്നു. ഏതു തീരുമാനവും അംഗീകരിക്കാൻ പറ്റിയ മാനസികാവസ്ഥയിലായിരുന്നു ഞാൻ. എന്റെ സഹപ്രവർത്തകനായ ശ്രീ. തൊമ്മനാണ് ഗ്രൂപ്പിന്റെ തീരുമാനം വെളിപ്പെടുത്തിയത്. അദ്ദേഹം പറഞ്ഞു: "വറീച്ചാ, താങ്കൾ കാരണം ദൈവം ഈ സ്ഥാപനത്തെ (ഫെലോഷിപ്പ് ഹൗസ്) അനുഗ്രഹിച്ചതെല്ലാം ഞങ്ങൾക്കു നന്നായി അറിയാം. ഇപ്പോൾ അനേകം പേർക്കു പ്രകാശം നല്കുന്ന ഒരു സ്ഥാപനമായി ഇത് വളർന്നിരിക്കുന്നു. താങ്കളുടെ അസാന്നിധ്യത്തിൽ അതിന്റെ വളർച്ച താഴോട്ടു പോകാനാണു സാധ്യത. താങ്കളെ കൂടാതെ ഇവിടത്തെ പ്രവർത്തനം തുടർന്നുകൊണ്ടു പോകാൻ ഞാൻ വിഷമിക്കും.

ക്രിസ്തീയ സ്ഥാപനങ്ങളും വ്യക്തികളും, കേരളത്തിൽ മാത്രമല്ല, ഇന്ത്യയൊട്ടുക്കു ഒട്ടനേകം പേരും താങ്കളുടെ അസാധാരണ കഴിവുകളിൽ നിന്ന് വളരെയേറെ പ്രയോജനം പ്രാപിച്ചവരാണ്. താങ്കളുടെ സാന്നിദ്ധ്യം നമ്മുടെ സഭയ്ക്ക് ആവശ്യമുണ്ട്."

"പക്ഷേ കാര്യത്തിനു മറ്റൊരു വശമുണ്ടെന്നു ചൂണ്ടിക്കാണിക്കട്ടെ. ചക്രവർത്തിയുടെ ഉദ്യോഗവാഗ്ദാനം നിരാകരിക്കുകവഴി ഒരു കനകാവസരമാണു താങ്കൾ വീരോചിതം പരിത്യജിച്ചത്. ഇതെല്ലാവർക്കും പരക്കെ അറിവുള്ള കാര്യമാണ്. പത്രങ്ങളിലും ഇക്കാര്യം വന്നിരുന്നു. താങ്കൾ ഒരു ഡസൻ തവണയെങ്കിലും ഉദ്യോഗം നിരസിച്ചുവെന്നാണ് റിപ്പോർട്ട്. ഈ വലിയ ത്യാഗത്തെ എല്ലാവരും അഭിനന്ദിക്കുന്നു. താങ്കളുടെ ത്യാഗത്തെയും വിശ്വാസദാർഢ്യത്തെയും ഞങ്ങളും വിലമതിക്കുന്നു. ഈ പതിമൂന്നാം പ്രാവശ്യവും താങ്കൾ ചക്രവർത്തിയുടെ ഉദ്യോഗവാഗ്ദാനം നിരാകരിക്കുന്ന പക്ഷം, താങ്കൾ സ്വന്തം ത്യാഗത്തെപ്പറ്റി അതീവ ഗർവിഷ്ഠനായി തീർന്നേക്കാമെന്നും അതോടുകൂടി താങ്കളോടുകൂടിയുള്ള ജീവിതം വിഷമകരമായിത്തീരാൻ സാധ്യതയുണ്ടെന്നും ഞങ്ങൾക്ക് ആശങ്കയുണ്ട്. താങ്ക ളുടെ തന്നെ ആത്മീയസുസ്ഥിതിയും ക്ഷേമവും വിനയവും പരിഗണിക്കുമ്പോൾ ചക്രവർത്തിയുടെ ഉദ്യോഗവാഗ്ദാനം താങ്കൾ സ്വീകരിക്കുന്നതാണ് ഉചിതമെന്നു ഞങ്ങൾക്കു തോന്നുന്നു. താങ്കൾ എത്യോപ്യയിലേക്കു പോകണം. ഇതാണു ഞങ്ങളുടെ ഏകകണ്ഠമായ തീരുമാനം."

ഈ വാദമുഖത്തിന്റെ ന്യായാന്യായങ്ങൾ ചോദ്യം ചെയ്യുക എന്റെ ജോലിയല്ല. ഞാൻ ദൈവതിരുമുമ്പാകെ അവർക്ക് എന്റെ വാക്കു കൊടുത്തിരുന്നു. അത് അനുസരിക്കുക മാത്രമാണ് എന്റെ കടമ. ശേഷമെല്ലാം ദൈവത്തിന്റെ കർത്തവ്യമാണ്. അതുകൊണ്ട് ഞാൻ തലനമിച്ച് അവരുടെ തീരുമാനം ശിരസ്സാവഹിച്ചു. അനന്തരം ഞങ്ങൾ ഒന്നിച്ചു കുറേനേരം പ്രാർത്ഥിച്ചു.

ചക്രവർത്തി ഇതിനകം കേരളം വിട്ടു ഡൽഹിയിൽ എത്തിച്ചേർന്നിരുന്നു. ഉദ്യോഗവാഗ്ദാനം സ്വീകരിച്ചുകൊണ്ടു ഞാൻ അദ്ദേഹത്തിനു കമ്പിയടിച്ചു. മൂന്നു ദിവസത്തിനുശേഷം കൽക്കട്ടയിലെത്തി ചക്രവർത്തിയെ വീണ്ടും കാണാൻ നിർദ്ദേശിച്ചുകൊണ്ട് പിറ്റേന്ന് എനിക്ക് മറുപടികമ്പി കിട്ടി. മൂന്നു ദിവസത്തിനുശേഷം ഞാൻ കൽക്കട്ടയിലെത്തി (ആലുവായിൽ നിന്നു മൂവായിരത്തോളം കിലോമീറ്റർ അകലെയാണ് ആ നഗരം) ചക്രവർത്തിയെ കണ്ടു. സന്ദർശനത്തിൽ അദ്ദേഹം സന്തുഷ്ടനായിരുന്നു. അദ്ദേഹം എനിക്ക് മൂന്ന് ആയിരം രൂപാ നോട്ടുകൾ തന്നു (ആ വിലയ്ക്കുള്ള ഇന്ത്യൻ നോട്ട് ഞാൻ ആദ്യം കാണുകയാണ്. അതിൽ പിന്നീടും കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല). ആവശ്യമുള്ള വസ്ത്രങ്ങളും മറ്റ് അനുസാരികളും വാങ്ങാനായിരുന്നു പണം. യാത്രയ്ക്കുള്ള വിമാനടിക്കറ്റ് യഥാസമയം കേരളത്തിലേക്കയച്ചേക്കാമെന്ന് അദ്ദേഹം പറഞ്ഞു.

രണ്ടു ദിവസംകൂടി ചക്രവർത്തിയുടെ സംഘത്തോടൊപ്പം അവിടെ താമസിക്കാനും അദ്ദേഹം എന്നോടു പറഞ്ഞുവെന്നാണെന്റെ ഓർമ. പിറ്റേദിവസം ചക്രവർത്തി കുതിരപ്പന്തയം കാണാൻ പോയി. ഞാൻ

മാക്കോന്നൻ രാജകുമാരനെ അനുഗമിച്ചു. പന്തയത്തിൽ പങ്കെടുക്കുന്നതിൽ അദ്ദേഹത്തിനു കമ്പമായിരുന്നു. ഞാനും പന്തയം വയ്ക്കണമെന്നു രാജകുമാരൻ ശഠിച്ചു. അദ്ദേഹം പറഞ്ഞതാണല്ലോ എന്നു കരുതി ഞാൻ അഞ്ചുരൂപാ മുടക്കി പന്തയം വച്ചു. എനിക്ക് 22 രൂപ കിട്ടി. അതിനു മുമ്പോ പിമ്പോ ഞാൻ പന്തയത്തിൽ പങ്കെടുത്തിട്ടില്ല.

## എത്യോപ്യ – രണ്ടാമത്തെ പ്രവാസം (1956–'59)

അതാണ് എത്യോപ്യയിലേക്കുള്ള എന്റെ മടങ്ങിവരവിന്റെ കഥ. എന്റെ രണ്ടാം പ്രവാസം. ആദ്യത്തേതിനോളം തന്നെ കാലം അതും നീണ്ടുനിന്നു. മൂന്നുവർഷത്തിൽ താഴെ.

ഞാൻ എത്യോപ്യയിൽ എത്തിക്കഴിഞ്ഞാലുടൻ എന്തൊക്കെയാണ് ചെയ്യേണ്ടത് എന്നതിനെപ്പറ്റി ചക്രവർത്തി എനിക്കു സൂചനകൾ നൽകി. ഇൻഡോ – എത്യോപ്യൻ സഹകരണം സംബന്ധിച്ച പുതിയ പദ്ധതികൾക്കു മേൽനോട്ടം വഹിക്കുകയാണ് ആദ്യത്തേത്. ഇന്ത്യയിലെ വികസനപ്രവർത്തനങ്ങളിൽ തനിക്കു വലിയ മതിപ്പുണ്ടെന്നും, നെഹ്രു അതിമഹാനായ വ്യക്തിയാണെന്നും അദ്ദേഹം പറഞ്ഞു. ഈ ഇന്ത്യൻ ബന്ധം വ്യാപകമാക്കാൻ അദ്ദേഹം ഉദ്ദേശിക്കുന്നു. എത്യോപ്യയെ സംബന്ധിച്ചിടത്തോളം പാശ്ചാത്യ വികസനമാതൃകയേക്കാൾ ഇന്ത്യൻ പരീക്ഷണം കൂടുതൽ പ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം ഇപ്പോൾ ആരംഭമിട്ടിട്ടുള്ള മൂന്നു പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനാണ് അദ്ദേഹം എന്നെ നിയോഗിച്ചത്. ഹാരാറിലെ മിലിറ്ററി അക്കാദമി (ഇന്ത്യൻ സായുധസേനാ വിഭാഗത്തിലെ ഉദ്യോഗസ്ഥന്മാർക്കാണ് അതിന്റെ ചുമതല. ബ്രിഗേഡിയർ റോലിക്കായിരിക്കും അതിന്റെ നേതൃത്വം). ബിർളയുമായി സഹകരിച്ചുള്ള ടെക്സ്റ്റൈൽ മിൽ പദ്ധതി. കൂടിയാലോചനാഘട്ടത്തിലിരിക്കുന്ന ഇന്ത്യ – എത്യോപ്യ വാണിജ്യക്കരാർ. ഇവയാണു മൂന്നു പദ്ധതികൾ. ചില ഉപദേഷ്ടാക്കൾ ഇന്ത്യയിൽനിന്നു വരാനുണ്ട്. കമ്മ്യൂണിറ്റി വികസനത്തിന് ഒരു സീനിയർ ഐ. സി. എസ്. ഉദ്യോഗസ്ഥനായ മി. രാമചന്ദ്രൻ നായർ, സാമൂഹ്യകാര്യങ്ങൾക്ക് ഡൽഹിയിലെ ഒരു പ്രമുഖ സാമൂഹ്യപ്രവർത്തകനായ മി. ജോൺ ബർണബാസ് എന്നിവർ. മറ്റു ചിലരെ ഞാൻ തന്നെ പിൽക്കാലത്തു റിക്രൂട്ട് ചെയ്യേണ്ടി വരുമെന്നു ചക്രവർത്തി പറഞ്ഞു.

ഭാവിയിൽ ഇന്ത്യയുമായുള്ള ബന്ധം എത്യോപ്യൻ നയത്തിന്റെ ഒരു പ്രധാന ഭാഗമായി മാറാൻ പോവുകയാണ്. ഇതിനെല്ലാമുള്ള ലെയിസൺ ഓഫീസർ (വിവിധ വിഭാഗങ്ങളെ കൂട്ടിയിണക്കുന്ന ഉദ്യോഗസ്ഥൻ) ആയി ഞാൻ പ്രവർത്തിക്കേണ്ടിയിരുന്നു. എത്യോപ്യയിലെ ഇന്ത്യൻ അംബാസഡർ മി. നിരഞ്ജൻ സിംഗ് ഗിൽ, ന്യൂഡൽഹിയിലെ എത്യോപ്യൻ അമ്പാസഡർ മി. റാസ് ഇമ്രു എന്നിവരുമായി ഉറ്റുസഹകരിച്ചുവേണം ഞാൻ ജോലിചെയ്യാൻ. എത്യോപ്യൻ ഗവൺമെന്റിന്റെ ഏതെങ്കിലും ഒരു പ്രത്യേക മന്ത്രികാര്യാലയവുമായി ബന്ധപ്പെട്ടല്ല എന്റെ പ്രവർത്തനം. ചക്രവർത്തിയോടു നേരിട്ടു ബന്ധപ്പെട്ടാണ് ഞാൻ ജോലി ചെയ്യേണ്ടത്. ഔപചാരികമായി ചക്രവർത്തിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിനോടും

"പെൻ" മന്ത്രികാര്യാലയത്തോടും ഞാൻ ബന്ധപ്പെട്ടിരിക്കും. എന്റെ ആദ്യ സംഭാഷണത്തിൽ തന്നെ ചക്രവർത്തി എന്നോടു പറഞ്ഞു: "നമുക്കു വേണ്ടി നീ യഥാസമയം ചെയ്യേണ്ട വ്യക്തിപരമായ കാര്യങ്ങളുണ്ട്." ഇത് പലതരമാണെന്നു പിന്നീടെനിക്കു മനസ്സിലായി. കൊട്ടാരത്തിലെ ഉപയോഗത്തിനു വിദേശങ്ങളിൽനിന്ന് കത്തി, മുള്ള്, സ്പൂൺ മുതലായവയും ഭരണി, മൺപാത്രങ്ങൾ എന്നിവയും വാങ്ങൽ, ചക്രവർത്തിയുടെ പേരിൽ വരുന്ന കത്തുകൾ വായിച്ച് ചിലതിനു മറുപടി തയ്യാറാക്കൽ, അമേരിക്കൻ ഗവൺമെന്റിന്റെ ചില സഹായ പദ്ധതികൾ പഠിക്കുക (എത്യോപ്യയിൽ ഒരു ഹൈവേ പണിയുന്നതു ദൃഷ്ടാന്തം) അതു സംബന്ധിച്ച് കുറിപ്പ് തയ്യാറാക്കുക, ചക്രവർത്തിയുടെ പ്രധാന പ്രസംഗങ്ങളുടെ നക്കൽ തയ്യാറാക്കുക, നീണ്ട ഇംഗ്ലീഷ് പ്രമാണങ്ങളുടെ ചുരുക്കം അംഹാരിക്ക് ഭാഷയിൽ ആക്കുക, വിദ്യാഭ്യാസ നവീകരണം, സാമൂഹ്യപരിഷ്ക്കാരങ്ങൾ എന്നീ നിർദ്ദേശങ്ങളെപ്പറ്റി ചക്രവർത്തിക്ക് ഉപദേശം നല്കുക – അങ്ങനെ പലതും.

ചിലപ്പോൾ ചക്രവർത്തി വിദേശ പര്യടനം കഴിഞ്ഞുവരുമ്പോൾ ചില പുസ്തകങ്ങൾ എന്നെ ഏല്പിച്ചിട്ട് അവ വായിച്ച് അംഹാരിക്കിൽ സംഗ്രഹം എഴുതിക്കൊടുക്കാൻ ആവശ്യപ്പെടും. ഒരിക്കൽ ചക്രവർത്തി യൂഗോസ്ലാവിയായിൽ തന്റെ സുഹൃത്തായ മാർഷൽ ടിറ്റോയെ സന്ദർശിച്ച ശേഷം മടങ്ങി വന്നപ്പോൾ യൂഗോസ്ലാവിയായിൽ നിരോധിച്ച ഒരു ഗ്രന്ഥം കൈയിലുണ്ടായിരുന്നു. ടിറ്റോയുടെ എതിരാളിയും മുമ്പ് യുഗോസ്ലാവിയായിൽ വൈസ്പ്രസിഡന്റുമായിരുന്ന മിലോവൻ ജിലാസ് (Milovan Djilas) എഴുതിയ "ദ ന്യൂ ക്ലാസ്" (പുതിയ വർഗം) എന്ന ഗ്രന്ഥം ടിറ്റോയ്ക്കു മാത്രമല്ല കമ്മ്യൂണിറ്റ് വ്യവസ്ഥിതിക്കു മുഴുവനായുള്ള ഒരു കുറ്റപത്രമാണ്. അക്കാലത്തെ (1956–'57) സംബന്ധിച്ചിടത്തോളം അതു പ്രായത്തിൽ കവിഞ്ഞ ഒരു വിധിയെഴുത്തായി തോന്നാം. മുതലാളിത്തത്തിലെ വസ്തു ഉടമകളെയെല്ലാം നിർമ്മാർജ്ജനം ചെയ്യുന്നതിൽ കമ്മ്യൂണിസം വിജയിച്ചുവെങ്കിലും അതിന്റെ സ്ഥാനത്ത് കമ്മ്യൂണിസ്റ്റ് വ്യവസ്ഥയിൽ ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിന്റെ ഒരു മേലേക്കിട വർഗ്ഗത്തെ പ്രതിഷ്ഠിച്ചുവെന്നു മാത്രമേ പറയാവൂ എന്നും, ആ പുതിയ വർഗം മുതലാളിത്ത യജമാനന്മാരേക്കാൾ കൂടുതൽ നിഷ്കരുണവും കൂടുതൽ മർദ്ദകവും കൂടുതൽ ജനാധിപത്യവിരുദ്ധവുമായി പരിണമിച്ചുവെന്നും ജിലാസ് ഗ്രന്ഥത്തിൽ വാദിച്ചു.

മറ്റൊരിക്കൽ ചക്രവർത്തി കൊണ്ടുവന്ന ഗ്രന്ഥം ആന്റൺ മക്കാരെങ്കോ (Anton Makarenko) യുടെ The Road to Life (ജീവിതത്തിലേക്കുള്ള പാത) എന്ന ഗ്രന്ഥമായിരുന്നു. വിദ്യാഭ്യാസവിദഗ്ധനായ ഒരു റഷ്യൻ കമ്മ്യൂണിസ്റ്റാണ് ഗ്രന്ഥകർത്താവ്. ഭീഷണിപ്പെടുത്താത്തതും അംഗീകരിക്കുന്നതുമായ ഒരു സമൂഹത്തിൽ പരിമിതമായ ഉത്തരവാദിത്വങ്ങൾ നല്കി, കുറ്റവാളികളെയും പാർട്ടി സിദ്ധാന്തങ്ങളിൽ നിന്നു വ്യതിചലിച്ചവരെയും എങ്ങനെ പുനരധിവസിപ്പിക്കാമെന്നു കാണിക്കുന്ന ശ്രദ്ധേയമായ ഒരു ഗ്രന്ഥം. സോഷ്യലിസ്റ്റ് എഡ്യൂക്കേഷൻ സംബന്ധിച്ചുള്ള അന്ന കൃപ്സ്കായ (Anna Krupskaya) യുടെ (ലെനിന്റെ പത്നിയുടെ) വീക്ഷണത്തിൽ

നിന്ന് ഒരു വ്യതിചലനമാണത്. ജിമ്മയിലെ എന്റെ സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ വാദമുഖം എത്യോപ്യയിൽ പ്രസക്തമാണെന്ന് എനിക്ക് തോന്നി. എന്റെ സംഗ്രഹത്തിൽ ചക്രവർത്തി സന്തുഷ്ടനായി. വിഷാംശങ്ങൾ നീക്കിക്കളയുന്നപക്ഷം കമ്മ്യൂണിസത്തിൽ പോലും സ്വീകാര്യമായ നല്ല കാര്യങ്ങളുണ്ടെന്നു ചക്രവർത്തി പറഞ്ഞു. ആ ആശയങ്ങൾ വിദ്യാഭ്യാസമന്ത്രികാര്യാലയത്തിലേക്കയച്ചു. എന്തെങ്കിലും ഫലമുണ്ടായതായി എനിക്കറിവില്ല.

മറ്റൊരു പദ്ധതി ഫരീദ്കോട്ട് രാജാവിന്റെ പദ്ധതിയാണ്. തനിക്കതിൽ വളരെയേറെ താല്പര്യമുണ്ടെന്ന് ചക്രവർത്തി പറഞ്ഞു. ഹെയ്‌ലി സെലാസിയുടെ പരമാധികാരത്തിൻകീഴിൽ ഫരീദ്കോട്ട് രാജാവ് ഒരു സാമന്ത രാജാവ്. ഇന്ത്യക്കാരെ വൻതോതിൽ ഇറക്കുമതി ചെയ്ത് എത്യോപ്യയ്ക്കകത്ത് ഒരു സാമന്തരാജ്യം സൃഷ്ടിക്കുകയാണു പദ്ധതി. അവസാനം ഈ പദ്ധതി അട്ടിമറിച്ചതിൽ എനിക്കും ഒരു പങ്കുണ്ട്. ഫരീദ്കോട്ട് രാജാവിന്റെ സ്വഭാവത്തെപ്പറ്റിയും സത്യസന്ധതയെപ്പറ്റിയും എനിക്ക് വലിയ മതിപ്പില്ലായിരുന്നു. സ്വതന്ത്രഭാരതം എല്ലാ നാട്ടുരാജ്യങ്ങളുടെയും സ്വതന്ത്രഭരണം അവസാനിപ്പിച്ച കൂട്ടത്തിൽ തനിക്കു നഷ്ടപ്പെട്ട നാട്ടുരാജ്യം എത്യോപ്യയിൽ നേടിയെടുക്കാനാണ് രാജാവിന്റെ യത്നം. ഒരു ഇന്ത്യൻ രാജാവിനെ തന്റെ കീഴിൽ സാമന്തനായി കിട്ടിയാൽക്കൊള്ളാമെന്ന് ചക്രവർത്തി അത്യധികം ആഗ്രഹിച്ചിരുന്നു. അങ്ങനെവേണമെങ്കിൽത്തന്നെ ഇന്ത്യയ്ക്കും എത്യോപ്യയ്ക്കും പ്രയോജനം ചെയ്യുന്ന വ്യക്തികളെ വേണം സ്വാഗതം ചെയ്യാൻ. ജനങ്ങളെ നിഷ്കരുണം ചൂഷണം ചെയ്യുന്ന ദുർമാർഗികളെയും സ്ത്രീലമ്പടന്മാരെയുമല്ല എന്നായിരുന്നു എന്റെ ചിന്താഗതി. തന്റെ പദ്ധതി വിജയത്തിലെത്തിക്കാൻ ഫരീദ്കോട്ട് രാജാവ് എന്റെ മേൽ ധാരാളം സ്വാധീനം ചെലുത്തിനോക്കി. പക്ഷേ ശുദ്ധമായ മനസ്സാക്ഷിയോടു കൂടി എനിക്കതിനെ അനുകൂലിക്കാൻ കഴിയുമായിരുന്നില്ല.

കൊട്ടാരം വളപ്പിനുള്ളിലായി ഒരു കെട്ടിടത്തിലായിരുന്നു എന്റെ ഓഫീസ്. ഡ്യൂക്കിന്റെ മന്ദിരം എന്നു പേർ, പൊതുജനങ്ങൾക്ക് അവിടെ പ്രവേശനമുണ്ടായിരുന്നില്ല. പക്ഷേ അത് ചക്രവർത്തിയുടെ വസതിക്കും ഓഫീസിനും തൊട്ടടുത്തായിരുന്നു.

## സിബിൽ രാജകുമാരി, എന്റെ സെക്രട്ടറി

ഏറെത്താമസിയാതെ ഒരു ദിവസം ചക്രവർത്തിയുടെ 26 വയസ്സുകാരി പൗത്രി സിബിൽ വെംഗൽ ദേസ്താ (Seble Wengel Desta) രാജകുമാരി എന്നെ കാണാൻ വന്നു, താൻ ആരാണെന്ന് കുറ്റമറ്റ ഇംഗ്ലീഷിൽ സ്വയം പരിചയപ്പെടുത്തി. എന്റെ സെക്രട്ടറിയായി പ്രവർത്തിക്കാൻ തന്റെ പിതാമഹൻ തന്നോടാവശ്യപ്പെട്ടതായി ശുദ്ധമായ ഇംഗ്ലീഷിൽ അവൾ പറഞ്ഞു. ഇംഗ്ലണ്ടിലെ ബ്രിട്ടീഷ് വിദ്യാലയങ്ങളിൽ അവൾ 17 വർഷം പഠിച്ചു. യൂണിവേഴ്സിറ്റി ബിരുദം നേടി. അടുത്തയിടെയാണ് എത്യോപ്യയിൽ മടങ്ങിയെത്തിയത്. അംഹാരിക് ഭാഷയിൽ അല്പസ്വല്പമൊക്കെ സംസാരിക്കാം. പക്ഷേ സ്വന്തം മാതൃഭാഷ എഴുതാനോ വായിക്കാനോ വശമില്ല. ഓഫീസിൽ രാജകുമാരിക്ക് ഇരിപ്പിടമൊക്കെ തയ്യാറാക്കി. പക്ഷേ കാര്യമായ

പണിയൊന്നുമില്ല. അംഹാരിക് ഭാഷ അവൾക്ക് കൈകാര്യം ചെയ്യാൻ കഴിവില്ലാത്തതിനാലും ചക്രവർത്തിക്കുള്ള എന്റെ കുറിപ്പുകളെല്ലാം അംഹാരിക് ഭാഷയിൽ വേണ്ടിയിരുന്നതിനാലും. ഏതാനും ആഴ്ച കഴിഞ്ഞ് ചക്രവർത്തി കണ്ണിലൊരു മിന്നലാട്ടത്തോടുകൂടി എന്നോടു ചോദിച്ചു: “നിന്റെ പുതിയ സെക്രട്ടറി എങ്ങനെയുണ്ട്?” നയജ്ഞതയോടെ ഞാൻ മറുപടി പറഞ്ഞു: “ഓ, അവളൊരു അത്ഭുത യുവതി തന്നെ, തിരുമേനീ. നല്ല കഴിവുള്ളവൾ. ഇംഗ്ലീഷ് ഒന്നാംതരം. അസാധാരണ പ്രതിഭ. വിവേകശാലി. ഒരു സംഗതിമാത്രം. അംഹാരിക് ഒട്ടുമേ അറിഞ്ഞുകൂടാ.”

“അതൊരു പ്രശ്നമല്ല” ചക്രവർത്തി മറുപടി പറഞ്ഞു: “നിനക്കു സമയം കിട്ടുമ്പോഴെല്ലാം അവളെ അംഹാരിക് പഠിപ്പിക്കാമല്ലോ.” കണ്ണിലെ മിന്നലാട്ടം അപ്പോഴുമുണ്ട്. എനിക്കന്ന് വയസ്സ് 34. വരണയോഗ്യനായ ഒരവിവാഹിതൻ. അവൾക്ക് പ്രായം 26. കുശാഗ്രബുദ്ധി. വിവേകവതി. സൂചന പ്രകടമായിരുന്നു. പൗത്രീഭർത്താവായി എന്നെ രാജകൊട്ടാരത്തിലേക്ക് അംഗീകരിക്കാനാണ് ഭാവം.

സിബിളിനും കാര്യം പിടികിട്ടിയിട്ടുണ്ടെന്ന് പിന്നീടെനിക്കു മനസ്സിലായി. എനിക്കവളെ ഇഷ്ടമായിരുന്നു. പക്ഷേ വിവാഹം അന്നെന്റെ ചിന്തകളിൽ സ്ഥാനം പിടിച്ചതേയില്ല. മതപരമായി അവളുടെ മനോബോധ്യങ്ങൾ എത്യോപ്യൻ ഓർത്തഡോക്സ് സഭയിലെ സാധാരണ നാമമാത്ര അംഗത്വത്തിൽനിന്നു വളരെ വ്യത്യസ്തമായിരുന്നില്ല. അവളുടെ പിതാമഹന്റെ ഭക്തിയിൽ നിന്നു ലഭിച്ച വ്യക്തിപര വിശ്വാസവും ഒരളവുവരെ അവളെ സ്വാധീനിച്ചിരിക്കണം. ഏതായാലും ഒരു രാജകുമാരിയെ വിവാഹം ചെയ്യുകയെന്ന ചിന്തതന്നെ എനിക്കു ദുരൂഹമായിരുന്നു. എന്റെ ജോലി പാവങ്ങളോടു കൂടെയാണ്. ഒരു രാജകീയ കുടുംബത്തിലെ ജീവിതം തന്നെ എനിക്ക് അസാധ്യമാണ്. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ആ സമ്മർദ്ദത്തെ എതിർത്തു നില്ക്കാൻ തന്നെ ഞാൻ ആന്തരികമായി തീരുമാനിച്ചു.

എന്റെ ഉള്ളിൽ ഉണർന്നുവരുന്ന എതിർപ്പ് സിബിലിനും മനസിലാക്കാൻ കഴിഞ്ഞു. അവൾ എന്നിൽ ആകൃഷ്ടയാണെന്ന് വിചാരിക്കാൻ എനിക്കു കാരണമൊന്നുമില്ല. വ്യക്തിപരമായ എന്തെങ്കിലും ചിന്തകൾ തുറന്ന് പറയാൻ ഞാൻ അവൾക്ക് അവസരം നൽകിയിരുന്നുമില്ല. ഞാൻ അവളെ നിരാകരിക്കുന്നതായി അവൾക്കു തോന്നിയെന്നു ഞാൻ വിചാരിക്കുന്നില്ല. തീർച്ച പറഞ്ഞുകൂടാ. അവൾ പിൽക്കാലത്ത് ഒരു എത്യോപ്യൻ പ്രഭുകുലജാതനെ വിവാഹം ചെയ്തു. അദ്ദേഹം ഹെയ്‌ലി സെലാസി യൂണിവേഴ്സിറ്റിയുടെ പ്രസിഡന്റായിത്തീർന്നു. പിൽക്കാലത്ത് ഒരു ലഹളയിൽ റിബലുകളുടെ തോക്കിനിരയായി. സിബിലിനു കുട്ടികളുമുണ്ടായി. ഞാൻ അവിവാഹിതനായി, ഒരു പ്യൂരിറ്റനായി തുടർന്നു. സിബിൽ കുറച്ചുകാലം കൂടി പ്രൈവറ്റു സെക്രട്ടറിയുടെ ഓഫീസിൽ ജോലി തുടർന്നു; താമസിയാതെ അവിടെനിന്നു പോയി. എനിക്ക് ഒരു പുതിയ പുരുഷസെക്രട്ടറിയെ കിട്ടി.

എന്റെ സ്വന്തം താമസം കൊട്ടാരവളപ്പിനു വെളിയിലായിരുന്നതിനാൽ സ്വകാര്യ അതിഥികളെ സ്വീകരിക്കാൻ വിലക്കുണ്ടായിരുന്നില്ല. ഞാൻ കൊട്ടാരത്തിലാണു പാർത്തിരുന്നതെങ്കിൽ അതിഥി സ്വീകരണം അവിടെ വിലക്കപ്പെടുമായിരുന്നു. ഒരു കാറും ഡ്രൈവറും ഒരു വീട്ടുവേലക്കാരിയും ഒരു പാചകവിദഗ്ധനും ഒരു കാവല്ക്കാരനുമെല്ലാം എനിക്കു നല്കി. കൊട്ടാരത്തിൽ നിന്നു വളരെ ദൂരെയല്ലാതെ എനിക്കു നല്കിയിരുന്ന നാലു മുറിയുള്ള വീട് ഉയർന്ന ക്ലാസ്സിൽ പെടുന്നതല്ല. പക്ഷേ ഞാൻ അതുവരെ പരിചയിച്ചുപോന്ന മാനദണ്ഡങ്ങൾ വച്ചുനോക്കുമ്പോൾ ആഡംബരപൂർണ മെന്നു പറയാം.

ആദ്യമായി ഞാൻ ചെയ്ത പല കാര്യങ്ങളിലൊന്ന് എന്റെ വീട്ടിൽ ഒരു ബൈബിൾ ക്ലാസ് ആരംഭിക്കുകയായിരുന്നു. ക്രമമായി ആഴ്ച ദിവസങ്ങ ളിൽ (വാരാന്ത്യമൊഴികെ) നടത്തുന്ന ക്ലാസ്. ഇന്ത്യക്കാരിലും പാശ്ചാത്യ മിഷണറിമാരിലും പലരും ഏതാനും എത്യോപ്യക്കാരും ഈ ക്ലാസിൽ സംബന്ധിച്ചുപോന്നു. ഏറെത്താമസിയാതെ ഞാൻ നടത്തിപ്പോന്ന ബൈബിൾ ക്ലാസുകളുടെ എണ്ണം എട്ടോളമായി. ആഴ്ചതോറും ഏതാനും പ്രഭാഷണങ്ങളും. നഗരത്തിന്റെ പല ഭാഗങ്ങളിലും കോളജുകളിലും വീടു കളിലുമൊക്കെയായിട്ടാണ് അവ നടത്തിപ്പോന്നത്. ഇതിനുപുറമെ ആഡിസ് അബാബയിലെ യൂണിവേഴ്സിറ്റി കോളജിൽ ആഴ്ചതോറും മത ത്തെപ്പറ്റി രണ്ടു സായാഹ്ന പ്രഭാഷണങ്ങളും ഞാൻ നടത്തി. ഈ ക്ലാസു കളിലും പ്രഭാഷണങ്ങളിലും ധാരാളം ആളുകൾ സംബന്ധിച്ചുപോന്നു.

## "സെന്റ് പോൾസ് ഹോസ്പിറ്റൽ"

ഞാൻ ആഡിസ്അബാബയിൽ എത്തിച്ചേർന്ന സമയത്തോടടുത്ത് എത്യോപ്യയുടെ വടക്കൻ പ്രദേശത്ത് ഒരു വലിയ ബസ്സപകടമുണ്ടായി. അനേകം ഇന്ത്യൻ അദ്ധ്യാപകരും കുടുംബങ്ങളും മരിക്കുകയോ ഗുരുത രമായി മുറിവേല്ക്കുകയോ ഉണ്ടായി. കേരളത്തിൽനിന്നുള്ള ഒരു യുവ അദ്ധ്യാപകന്റെ ഭാര്യ കുഞ്ഞൂഞ്ഞമ്മയുടെയും നാലുമാസം പ്രായമായ ശിശുവിന്റെയും കാര്യം അന്നു പരക്കെ സംസാരവിഷയമായിരുന്നു. ഭർ ത്താവ് ബസ്സപകടത്തിൽ മരിച്ചു. ഭാര്യ 22 തയ്യലുമായി (അവയിൽ ചിലത് കോമ്പൗണ്ട് ഫ്രാക്ച്ചർ) ആശുപത്രിയിലും. തണുത്ത കാലാവസ്ഥയിലായി രുന്നു അപകടം; രാത്രി സമയത്തും. ബസ് ഒരു കുന്നിൻ മുകളിൽ നിന്ന് താഴോട്ടു പതിക്കുകയായിരുന്നു. ഭദ്രമായി തുണിയിൽ പൊതിഞ്ഞ നില യിൽ നാലു മാസമുള്ള ശിശു അമ്മയുടെ പിടിയിൽനിന്ന് വഴുതി താഴോട്ട് ഉരുണ്ടുപോയി. അങ്ങു താഴെ ഒരു മരത്തിന്റെ ചുവട്ടിൽ അതു തങ്ങി നിന്നു. അപകടത്തിൽപെട്ടവരെ രക്ഷപ്പെടുത്താൻ തെരച്ചിൽ നടത്തിയ വർ ശിശുവിനെ കണ്ടെത്തുന്നതു 12 മണിക്കൂർ കഴിഞ്ഞാണ്. ശിശുവിനു ജീവനുണ്ട്. പക്ഷേ യാതൊന്നിനോടും പ്രതികരിക്കാത്ത അവസ്ഥയിലാ ണ്. ഭക്ഷണം കഴിക്കില്ല. ആരുടെയും ലാളനകൾക്കോ താലോലിക്കലിനോ ആശ്ലേഷത്തിനോ ശിശുവിൽ ഒരു ഭാവവ്യത്യാസവും ഉളവാക്കാൻ കഴി ഞ്ഞില്ല. തുറിച്ചുനോട്ടം മാത്രം. ഭക്ഷണം നല്കി ജീവൻ നിലനിർത്താൻ ഡോക്ടർമാർ വല്ലാതെ ക്ലേശിച്ചു.

ചക്രവർത്തി ആശുപത്രിയിലെത്തി അപകടത്തിൽനിന്നു രക്ഷപ്പെട്ട വരെ സന്ദർശിച്ചു. ബോധം മറഞ്ഞ അമ്മയിൽനിന്നു വേർപെട്ട ശിശുവിന്റെ അടുക്കലെത്തിയ ചക്രവർത്തി ശിശുവിൽ നിന്ന് ഒരു പുഞ്ചിരിയെങ്കിലും നേടുവാൻ കഴിവതെല്ലാം നോക്കി. പക്ഷേ നിരാശയായിരുന്നു ഫലം. 12 മണിക്കൂർ നേരത്തേക്ക് അമ്മയിൽ നിന്നു വേർപെട്ട ശിശു ഷോക്കിലാ ണെന്നും മാതൃസ്നേഹത്തിനു മാത്രമേ അവനെ അതിൽനിന്ന് ഉണർ ത്താൻ കഴിയൂ എന്നും ഡോക്ടർമാർ ചക്രവർത്തിയോടു വിശദീകരിച്ചു. ആ ശിശുവിന്റെ ചുമതല ഏറ്റെടുക്കാൻ ചക്രവർത്തി ഉടൻതന്നെ തന്റെ കൊട്ടാരത്തിലെ സ്റ്റാഫ് നേഴ്സുമാരിൽ ഒരാളോട് നിർദ്ദേശിച്ചു.

തടിച്ച സ്നേഹമയിയായ ആ അമ്പത്തിയഞ്ചുകാരി സർവ്വാത്മനാ ആ ശിശുവിന്റെ കാര്യത്തിൽ മുഴുകി. മൂന്നു ദിവസത്തെ തുടർച്ചയായ കഠിന തപസ്യയുടെ അന്ത്യത്തിൽ ശിശുവിനെ ഷോക്കിൽ നിന്നു മോചിപ്പിക്കാൻ അവൾക്കു കഴിഞ്ഞു. ഇതിനിടയിൽ ശിശുവിന്റെ അമ്മയായ യുവതിക്കു ബോധം തെളിഞ്ഞു. പക്ഷേ അവളുടെ ശിരസു മുതൽ കാൽവിരൽ വരെ ബാൻഡേജു ചുറ്റിയിരുന്നു. ശിശു സ്വന്തം മാതാവിനോടുപോലും പ്രതി കരിക്കാതായി. ആ നഴ്സിന്റെ പരിചരണത്തിനു മാത്രമേ അവനെ ഉണർത്താൻ കഴിഞ്ഞുള്ളു. ചക്രവർത്തി മിക്കപ്പോഴും ശിശുവിനെക്കാ ണാൻ ആശുപത്രിയിൽ പോയിരുന്നു. അതിന്റെ കാര്യത്തെപ്പറ്റി ചിലപ്പോൾ എന്നോടു സംസാരിക്കുകയും ചെയ്തു.

ഏതാനും മാസം ആശുപത്രിയിൽ കഴിഞ്ഞപ്പോൾ അമ്മയെ ഡിസ് ചാർജു ചെയ്തു. ഇടുപ്പും കാലുകളും എല്ലാം പ്ലാസ്റ്ററിലാകയാൽ ഊന്നു വടികൾ ഉപയോഗിച്ചുവേണം നടക്കാൻ. അവളുടെ യാതൊരു ലാളന കൾക്കും വഴങ്ങാത്ത ശിശുവിനെ പരിചരിക്കുകയും വേണം. രോഗവിമു ക്തയായിക്കൊണ്ടിരിക്കുന്ന അവൾ ആരോഗ്യപ്രാപ്തിവരെ എവിടെ പാർക്കുമെന്നതു പ്രശ്നമായി. അതിന് ഏതാനും മാസങ്ങൾ വേണ്ടിവ ന്നേക്കും. പോകാൻ പ്രത്യേകിച്ചൊരിടം ഇല്ലായ്കയാൽ അവർ എന്റെ വീട്ടിലേക്കു പോന്നു. അമ്മയും ശിശുവും ആയയും. ഇതിനിടയിൽ കേര ളത്തിൽ നിന്നുള്ള മറ്റൊരദ്ധ്യാപകനും ബസ്സപകടത്തിൽ മുറിവേറ്റയാളു മായ മി. നാണുവും ആശുപത്രിയിൽ നിന്നു പുറത്തിറങ്ങി. അയാളും ഊന്നുവടികളിലാണ്. സ്വയം കാര്യങ്ങൾ ചെയ്യാൻ നാണു മാസ്റ്ററും പ്രാപ്ത നല്ല. അദ്ദേഹവും എന്റെ വീട്ടിലേക്കു താമസംമാറ്റി. അങ്ങനെ എന്റെ വീടു നിറയെ ആളുകളായി. "സെന്റ് പോൾസ് ഹോസ്പിറ്റൽ" എന്ന് ആളു കൾ അതിനെ വിളിക്കാൻ തുടങ്ങി. ഏതു സമയത്തും സന്ദർശകർ വന്നു കൊണ്ടേയിരുന്നു. ഒരു തുറന്ന വീട്. പ്രഭാതം മുതൽ രാത്രി ഇരുട്ടുന്നതു വരെ. ഞാൻ മിക്കവാറും വീട്ടിൽ ഉണ്ടാവില്ലെന്നു മാത്രം. ഓഫീസിലെ ജോലിയും സായാഹ്നക്ലാസ്സുകളും എനിക്ക് പിടിപ്പതു ജോലി നല്കി.

ആ ശിശു എന്റെ വീട്ടിൽ വളർന്നു. മിക്കവാറും സാധാരണ ബാലനാ യിത്തന്നെ. പില്ക്കാലത്ത് അവൻ ഇന്ത്യയിലേക്കു പോയി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. മദ്രാസ് ക്രിസ്ത്യൻ കോളജിൽ ചേർന്നു. ഇരുപത്തഞ്ചു വയസ്സായപ്പോൾ ഒരു നാൾ ആ യുവാവ് വളരെയേറെ ഉറക്ക

ഗുളികകൾ കഴിച്ച് ആത്മഹത്യ ചെയ്തു. ശവസംസ്ക്കാരത്തിൽ ഞാൻ സംബന്ധിച്ചു. എനിക്ക് ഹൃദയഭേദകമായ ഒരു അനുഭവമായിരുന്നു അത്.

### വിരുന്നു സല്ക്കാരങ്ങൾ (The Cocktail Circuit)

എംബസികളിലെ കോക്ടെയിൽ സ്വീകരണങ്ങളിലും (ഒരിനം മിശ്രമദ്യമാണു കോക്ടെയിൽ) വിരുന്നു സല്ക്കാരങ്ങളിലും നിർബന്ധപൂർവ്വം ക്ഷണിക്കപ്പെടുന്ന അതിഥിയായിത്തീർന്നു ഞാൻ. കൊട്ടാരവാർത്തകൾ എന്നിൽനിന്നു ചോർത്തിയെടുക്കാമെന്നു വിദേശനയതന്ത്രജ്ഞർ ചിന്തിച്ചിരിക്കണം. ഇന്ത്യൻ സ്ഥാനപതിയും ഇടയ്ക്കിടയ്ക്ക് എന്നെ സല്ക്കരിക്കുമായിരുന്നു. റഷ്യൻ സ്ഥാനപതി ബോറിസ് കരവേവ് (Boris Karavaev) എന്നോടു വളരെ സൗഹൃദപൂർവ്വമാണ് ഇടപെട്ടത്. ഏറ്റവും കൂടുതൽ രഹസ്യവിവരങ്ങൾ എന്നിൽനിന്ന് നേടുകയെന്നതായിരുന്നിരിക്കണം അദ്ദേഹത്തിന്റെ മുഖ്യലക്ഷ്യം. ഒരു സായാഹനത്തിൽത്തന്നെ രണ്ടോ മൂന്നോ കോക്ക്ടെയിൽ പാർട്ടികൾക്കു പോകേണ്ടിവന്ന സന്ദർഭങ്ങളുമുണ്ട്. എന്റെ സായാഹ്ന ക്ലാസുകൾ ഇതുമൂലം നടക്കാതെ പോകരുതെന്ന് എനിക്കു നിർബന്ധമുണ്ടായിരുന്നു. അധികം താമസിയാതെ വിസ്കിയും ലഹരി കൂടിയ മദ്യങ്ങളും ഞാൻ പൂർണ്ണമായിത്തന്നെ വർജിച്ചു. വൈൻ, പഴച്ചാറുകൾ എന്നിവയിൽ എന്റെ പാനീയം ഒതുക്കി.

എത്യോപ്യൻ ഗവൺമെന്റിലെ മന്ത്രിമാരും വിരുന്നുകൾക്കും സൽക്കാരങ്ങൾക്കും എന്നെ ക്ഷണിക്കാൻ തുടങ്ങി. ചക്രവർത്തി നൽകുന്ന അത്യാഡംബരപൂർവവും വിഭവസമൃദ്ധവുമായ സല്ക്കാരങ്ങൾ ഇതിനു പുറമെയാണ്. എത്യോപ്യൻ ഭക്ഷണത്തോട് എനിക്കൊരു പ്രത്യേക അഭിരുചി ജനിച്ചു. പ്രത്യേകിച്ച് ഇൻജേറ, വാട് എന്നീ വിഭവങ്ങളോട്. രണ്ടടി വ്യാസം വരുന്നതും പുളിപ്പിച്ച ഒരു ധാന്യപ്പൊടികൊണ്ടു ചുട്ടെടുക്കുന്നതുമായ ഒരിനം ദോശ (പാൻകേക്ക്) യാണ് ഇൻജേറ. അതു നാലായി മടക്കിയോ ചുരുട്ടിയോ ഉപയോഗിക്കാം. നല്ല സ്വാദുള്ള ഒരു വിഭവമാണ് 'വാട്'. കോഴിയിറച്ചിയോ പിളർന്ന പയറോ മറ്റേതെങ്കിലും ഇറച്ചിയോ അതിൽ ഉപയോഗിച്ചിട്ടുണ്ടാവും.

എന്നെ ഏറ്റവും വികാരഭരിതനാക്കിയ ഒരനുഭവം ഒരു മന്ത്രി എന്നെ സ്വന്തം ഭവനത്തിൽ ഭക്ഷണത്തിനു ക്ഷണിച്ചപ്പോഴായിരുന്നു. അത്താഴസമയത്തു മന്ത്രി ഇൻജേറായും തെരഞ്ഞെടുത്ത മറ്റു വിഭവങ്ങളും സ്വന്തം കൈകൊണ്ടു കുഴച്ച് ഉരുട്ടി ഒരു വലിയ ഉരുള എന്റെ വായിൽ തള്ളിക്കയറ്റി. ഒരു ഇന്ത്യക്കാരന് അത് അതേപടി കഴിക്കുക ബുദ്ധിമുട്ടാണ്. പക്ഷേ അത് ഇറക്കുകയല്ലാതെ പോംവഴിയില്ല. ഇത് വലിയ സ്നേഹത്തിന്റെയും ഊഷ്മളതയുടെയും ഒരു ചിഹ്നമാണെന്നു പിന്നീടാണ് ഞാൻ ഗ്രഹിച്ചത്. ആ സമയത്ത് ഇതെന്നിൽ കുറച്ചൊരു അമ്പരപ്പുളവാക്കിയെന്നു പറയാതെ വയ്യ. പക്ഷേ എന്റെ സാംസ്ക്കാരിക സമന്വയപഠനത്തിന്റെ ഭാഗമായിരുന്നു അത്.

അതേ മന്ത്രിതന്നെ ഒരിക്കൽ ഞങ്ങൾ ചക്രവർത്തിയെ കുതിരപ്പന്തയസ്ഥലത്തേക്ക് അനുയാത്ര ചെയ്യുമ്പോൾ എന്നോടൊപ്പമുണ്ടായിരുന്നു.

അന്നു വെള്ളിയാഴ്ച. മന്ത്രി എനിക്ക് കുടിക്കാൻ പാനീയം വാങ്ങിത്തരാമെന്നു പറഞ്ഞു. ഞാൻ പാലൊഴിച്ച ചായ ആവശ്യപ്പെട്ടു. അദ്ദേഹം തനിക്കായി വിസ്കി ആവശ്യപ്പെട്ടു. എത്യോപ്യക്കാർ നോമ്പു നിയമങ്ങൾ പാലിക്കുന്നതിൽ കർക്കശമായ നിഷ്ഠ പുലർത്തിപ്പോരുന്നു. ബുധനാഴ്ചകളിലും വെള്ളിയാഴ്ചകളിലും നോമ്പുകാലത്തും അവർ ഒരുതരം മാംസാഹാരവും കഴിക്കാറില്ല. പാലും പാലുത്പന്നങ്ങളും അതുപോലെ നിഷിദ്ധമാണ്. വെള്ളിയാഴ്ചദിവസം ഞാൻ പാൽ ചേർത്ത ചായ ആവശ്യപ്പെട്ടതു വിസ്മയനീയമായി തോന്നി. അദ്ദേഹം ചോദിച്ചു: "വെള്ളിയാഴ്ച ദിവസം പാലൊഴിച്ചു ചായ കഴിക്കുന്നത് എന്തുകൊണ്ടാണ്?"

"ഉപവാസ ദിവസത്തിൽ വിസ്കി കഴിക്കുന്നതിനേക്കാൾ ഭേദമല്ലേ പാലൊഴിച്ച ചായ കുടിക്കുന്നത്?"

അദ്ദേഹം അമ്പരന്നു: "പക്ഷേ സുഹൃത്തേ, വിസ്കിയിൽ പാലില്ലല്ലോ"

മറ്റെല്ലാ സെമിറ്റിക് വംശജരെയും പോലെ എത്യോപ്യക്കാരും പന്നിയിറച്ചി (പോർക്ക്) കഴിക്കാറില്ല. പറക്കുന്ന ഏതെങ്കിലും പക്ഷിയുടെ ഇറച്ചിയും അവർ ഉപയോഗിക്കില്ല. അവ മാലാഖമാരോടൊപ്പം സഞ്ചരിക്കുന്നതായാണ് അവർ കരുതുന്നത്. ഞാൻ കഴിയുന്നിടത്തോളം എത്യോപ്യൻ ജീവിതരീതിയോട് (ഭക്ഷണകാര്യങ്ങളിലുൾപ്പെടെ) അനുരൂപമായി ജീവിക്കാൻ ശ്രമിച്ചു. എന്നാൽ ഒരു കാര്യത്തോടു പൊരുത്തപ്പെടാൻ എനിക്കു കഴിഞ്ഞിരുന്നില്ല. പച്ചയിറച്ചി തിന്നുന്ന കാര്യത്തിൽ. പക്ഷേ അംഹാരക്കാർക്ക് ഇതു വളരെ സ്വാദിഷ്ഠമാണ്. മിക്കവാറും എല്ലാ വിരുന്നുസല്ക്കാരങ്ങളിലും മുഖ്യവിഭവത്തിനുശേഷം എപ്പോഴെങ്കിലും ഈ ഇനം കടന്നുവരും. ഗോമാംസത്തിന്റെ ഒരു കാലും മൂർച്ചയുള്ള ഒരു കത്തിയും കുറച്ചു മുളകുപൊടിയും നിങ്ങൾക്കു ലഭിക്കും. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു കഷണം മുറിച്ചെടുത്ത് മുളകുപൊടിയിൽ മുക്കി കഴിക്കാം. ചക്രവർത്തിയുടെ ഔദ്യോഗിക വിരുന്നുകളിൽപോലും ഹാളിനകത്തു പ്രവേശിച്ചാലുടൻ നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത് വലിയ ഇറച്ചിക്കഷണങ്ങൾ പരസ്യതം തൂണുകളിൽ കൊളുത്തിയിട്ടിരിക്കുന്നതാണ്. ഈച്ചകളെ അകറ്റി നിർത്താൻ അവ വൃത്തിയുള്ള തുണികൊണ്ടു മൂടിയിരിക്കും. മുഖ്യയിനം കഴിയുന്നയുടൻ പരിചാരകർ മൂടിയ തുണികൾ മാറ്റിയശേഷം വലിയ കഷണങ്ങൾ ഓരോ മേശയിലുമെത്തിക്കും. പ്രത്യേക കത്തികളും മുളകുപൊടിയും കൊണ്ടുവരും. ഈ സ്വാദിഷ്ഠ വിഭവത്തിൽ നിന്ന് വൈകാരിക കാരണങ്ങളാൽ – തത്വങ്ങളെ ആസ്പദമാക്കിയല്ല – ഞാൻ അകന്നുനിന്നു. 1975 മുതൽ ഞാൻ മാംസം ഉപയോഗിക്കാറേയില്ല. അക്കാരണത്താൽ ത്തന്നെ എന്റെ ആരോഗ്യം വർദ്ധിച്ചുവെന്നാണെന്റെ വിചാരം. പച്ചമാംസം ആഹരിക്കുന്നതിനാൽ മിക്ക എത്യോപ്യക്കാർക്കും പിത്തവിര ബാധിക്കുന്നതായി പറയപ്പെടുന്നു.

### ചക്രവർത്തിയുടെ കൂടെ ജീവിതം

നല്ല സ്നേഹപ്രകൃതിയാണ് ഹെയ്‌ലി സെലാസി. ആരും ഇഷ്ടപ്പെടുന്ന സ്വഭാവം. ഞാൻ അദ്ദേഹത്തിൽ ആകൃഷ്ടനായി. എനിക്ക് അദ്ദേഹ

ത്തോട് സ്നേഹവും ബഹുമാനവും വളർന്നു. ഞങ്ങളുടെ ആശയങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്നു ഞാൻ നേരത്തെ മനസ്സിലാക്കി. ഇതെല്ലാക്കാലത്തും ഒരു പ്രശ്നമായിരിക്കുമെന്നു ഗ്രഹിച്ചതോടെ അതനുസരിച്ചു പെരുമാറുവാൻ തയ്യാറായി.

അദ്ദേഹം ഒരു രാജ്യതന്ത്രജ്ഞനും നയോപായചതുരനുമായിരുന്നു. പക്ഷേ ഊഷ്മളമായ സ്നേഹവായ്പിന്റെ ഉടമയും. അദ്ദേഹം മിതഭോജിയായിരുന്നു. വളരെ കുറച്ചേ ഭക്ഷിക്കൂ. ചില പ്രത്യേക സന്ദർഭങ്ങളിൽ ഒരു ഗ്ലാസ് ഷാംപെയിൻ മാത്രം കഴിക്കും. മദ്യം കൂടുതലായി ഉപയോഗിച്ചിരുന്നില്ല.

ഉപവാസത്തിലും ക്രമമായ പ്രാർത്ഥനകളിലും പള്ളിയാരാധനയിലും അദ്ദേഹം കർശനമായ നിഷ്ഠ പുലർത്തി. പ്രത്യേകിച്ച് ഈസ്റ്ററിനു മുമ്പുള്ള വലിയ നോമ്പിൽ എത്യോപ്യക്കാർ 56 ദിവസം ഉപവസിക്കും. ചക്രവർത്തി ഉച്ചതിരിഞ്ഞു മൂന്നുമണിവരെ ഒന്നും കഴിച്ചിരുന്നില്ല. അദ്ദേഹം ഓഫീസിലിരുന്നു ജോലി ചെയ്യുന്നുണ്ടാവും. മൂന്നുമണിക്ക് സ്വകാര്യചാപ്പലിൽ പോയി ഒരു മണിക്കൂറോളം ദൈർഘ്യമുള്ള പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുക്കും. അതിനുശേഷം മാത്രമേ അദ്ദേഹം ഉപവാസം അവസാനിപ്പിക്കൂ. പ്രായമായ പുത്രീപുത്രന്മാർ ഉൾപ്പെടെ സകലരും ചക്രവർത്തിയെ ആദരിക്കുകയും ഭയപ്പെടുകയും ചെയ്തു. മെനൻ ചക്രവർത്തിനി മാത്രം ഭർത്താവിനെ ഭയന്നില്ല. ജീവിതാവസാനം വരെ ആ വനിത അദ്ദേഹത്തെ നിശിതമായി വിമർശിച്ചുപോന്നു. ചക്രവർത്തിനിയുടെ മരണം ഹെയ്‌ലി സെലാസിയുടെ ജീവിതത്തിലെ അധഃപതന കാലഘട്ടത്തിന്റെ ആരംഭമായി കാണാമെന്നു തോന്നുന്നു.

എത്യോപ്യൻ രീതിയിൽ തന്നെയാണ് ഞാൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ മക്കളെപ്പോലെതന്നെ. ഒരു ദിവസം ആദ്യമായി ചക്രവർത്തിയെ കാണുമ്പോൾ കൈവിരലുകൾ തറയിൽ മുട്ടുന്നതുവരെ ശിരസ്സു കുനിച്ചുകൊണ്ടാണ് അഭിവാദനം. കിരീടാവകാശിയായ രാജകുമാരന്റെ കാര്യത്തിൽ ഔദ്യോഗിക പെരുമാറ്റച്ചട്ടം കുറേക്കൂടി കർശനമായിരുന്നു. കിരീടാവകാശി ശിരസ് മുട്ടുന്ന വിധത്തിൽ ഒരുതരം സാഷ്ടാംഗപ്രണാമം നടത്തണം. ഒരു ദിവസം ആദ്യമായി പിതാവിനെ കാണുന്ന സന്ദർഭത്തിൽ അദ്ദേഹം ഇങ്ങനെ ചെയ്തേ പറ്റൂ. എന്നേക്കാൾ ഏതാനും വർഷം പ്രായക്കൂടുതലുള്ള രാജകുമാരനോട് എനിക്കു സഹതാപം തോന്നി. ആളുകൾ രാജകുമാരനോടുള്ള ഈ പെരുമാറ്റത്തിനു പല വിശദീകരണങ്ങളും പറയുന്നുണ്ട്. ഒരു കഥ, ചക്രവർത്തിയുടെ നേർക്ക് ആദ്യജാതന്റെ കൂറ് (ഭക്തി, വിശ്വസ്തത) നിസ്സംശയമായിരുന്നില്ല എന്നാണ്. മകന്റെ വിധേയത്വവും അനുസരണവും ഉറപ്പുവരുത്താൻ ചക്രവർത്തി തന്നെ അയവില്ലാത്ത ഈ കർശനപെരുമാറ്റ മാതൃക നടപ്പിലാക്കിയത്രെ.

ചക്രവർത്തിയുടെ സ്ഥിരം അംഗരക്ഷകസംഘത്തിൽ മൂന്നുപേരെ എനിക്ക് ഏതു സമയത്തും സമീപിക്കാവുന്ന രീതിയിൽ അധികാരപ്പെടുത്തിയിരുന്നു. ഏതു സമയത്തും ചക്രവർത്തിക്കു നല്കാനുള്ള സന്ദേശമോ

കുറിപ്പോ ഞാൻ അവരിൽ ഒരാളെ ഏല്പിക്കുകയേ വേണ്ടു. അദ്ദേഹം ഓഫീസിലായിരുന്നാലും കിടപ്പറയിൽ ആയിരുന്നാലും അവരത് ഉടൻ തന്നെ എത്തിച്ചുകൊള്ളും. എന്നെ രാജസന്നിധിയിലേക്കു വിളിക്കാൻ ചക്ര വർത്തി നിയോഗിക്കുന്നതും അവരിലൊരാളെ ആയിരിക്കും. കൊട്ടാരത്തി നകത്തോ ചിലപ്പോൾ "സൺഷൈൻ" ക്ലബ്ബിലോ മാത്രമേ അവരെ കണ്ടു മുട്ടാനാവൂ. എന്റെ ഓഫീസിനും (ഡ്യൂക്ബീത്) ചക്രവർത്തിയുടെ കൊട്ടാ രത്തിനും ഇടയ്ക്കുള്ള തുറസ്സായ ഒരു സ്ഥാനമാണ് ഈ ക്ലബ്. കോൺ ക്രീറ്റ് ചെയ്ത് ഉറപ്പിച്ച തറയാണ് അതിനുള്ളത്. ഏതെങ്കിലും പ്രത്യേക കാര്യം പ്രമാണിച്ച് ചക്രവർത്തിയെ സന്ദർശിക്കാനെത്തുന്ന മന്ത്രിമാർ ചില പ്പോൾ പകൽ മുഴുവൻ നാട്ടുവർത്തമാനവും പറഞ്ഞ് അവിടെ കഴിച്ചുകൂട്ടേ ണ്ടിവരും - ചക്രവർത്തി വിളിക്കുന്നതുവരെ. കൊട്ടാരത്തിനുള്ളിൽ കാത്തി രിക്കുന്നതിന് ഒരു മുറിയുണ്ട്. പ്രധാനമന്ത്രിക്കു പുറമെ ചുരുക്കം ചില മന്ത്രിമാർ മാത്രമേ ഈ മുറിയിൽ പ്രവേശിക്കൂ. മറ്റുള്ളവർ വെളിയിൽ സൺഷൈൻ ക്ലബ്ബിൽ കാത്തിരിക്കുന്നതിനാണ് ഇഷ്ടപ്പെട്ടത്. സുപ്രധാന തീരുമാനങ്ങളെല്ലാം എടുക്കുന്നത് ചക്രവർത്തി തന്നെയാകയാലാണ് മിക്ക മന്ത്രിമാരും ഇങ്ങനെ ദീർഘനേരം വൃഥാ ചെലവഴിക്കുന്നത്. ചിലപ്പോൾ ചക്രവർത്തിക്ക് അന്നേദിവസം അവരെ വിളിക്കാൻ കഴിഞ്ഞെന്നുതന്നെ വരില്ല. അദ്ദേഹം വളരെ കാര്യമാത്രപ്രസക്തമായി ദീർഘമണിക്കൂറുകൾ പ്രവർത്തിച്ചിരുന്നെങ്കിലും ഇതാണു സ്ഥിതി. ഗവൺമെന്റു ഭരണം നിർവ ഹിക്കുന്ന ഏറ്റവും കാര്യക്ഷമതാരഹിതമായ രീതിയാണിത്. പക്ഷേ തീരു മാനമെടുക്കാനുള്ള അധികാരം ചക്രവർത്തി മന്ത്രിമാർക്കു കൈമാറുക യില്ല.

ഒരു വാരാന്ത്യം ചക്രവർത്തി ആഡിസ്അബാബയിൽ നിന്ന് ഒരു മണി ക്കൂർ കാറിൽ സഞ്ചരിച്ചാലെത്തുന്ന ഡബ്രേബ്രസീറ്റ് കൊട്ടാരത്തിലേക്കു പോയി. എന്നെയുംകൂടെ ചെല്ലാൻ ക്ഷണിച്ചു. മനോഹരമായ ആ തടാക തീര ഹർമ്യത്തിൽ താമസിക്കുമ്പോൾ ചക്രവർത്തി കൊട്ടാരപൂന്തോ ട്ടത്തിൽ നടക്കാൻ എന്നെ ക്ഷണിച്ചു. ഞാൻ കൊട്ടാരത്തിൽ ജോലി ആരം ഭിച്ചിട്ട് ഏതാനും മാസങ്ങളേ ആയിട്ടുള്ളൂ. ഞങ്ങൾ മുമ്പോട്ടും പിറകോട്ടും നടന്നുകൊണ്ടിരുന്നു. ഞങ്ങളുടെ സ്വരം കേൾക്കാവുന്ന ദൂരത്തിൽ ഒരു മനുഷ്യനുമില്ല. എന്റെ താമസവും ജോലിയും എങ്ങനെയിരിക്കുന്നുവെന്നു തെരക്കിയശേഷം അദ്ദേഹം പറഞ്ഞു.

"എനിക്ക് നിന്റെ ഉപദേശം ഒരു കാര്യത്തിൽ ആവശ്യമാണ്. എന്റെ ഒരു മന്ത്രിയുടെ കാര്യത്തിൽ എനിക്കൊരു പ്രശ്നമുണ്ട്. നിനക്ക് എന്റെ രാജ്യരക്ഷാമന്ത്രി റാസ് അബീബ് അരേഗയെ (Ras Abebe Aregai) അറിയാ മല്ലോ. ഈ രാജ്യത്തെ ഏറ്റവും ധനികനായ വ്യക്തിയാണ് അദ്ദേഹം. എന്നി ട്ടും സൈന്യത്തിലെ ഓരോ പട്ടാളക്കാരന്റെയും ദൈനംദിന റേഷനിൽ നിന്ന് അദ്ദേഹം കൈക്കൂലി സ്വീകരിക്കുന്നു. എന്റെ പക്കൽ തെളിവുണ്ട്. ഞാൻ എന്തു ചെയ്യണം?"

മുസ്സോളിനി എത്യോപ്യയെ കീഴടക്കി അവിടെ ഭരണം കൈയാളു മ്പോൾ, ബഹു. മന്ത്രി റാസ് അബീബ് അരേഗയ ശത്രുവിരുദ്ധ പ്രവർത്ത

നത്തിന്റെ നേതാവാണ്. നയോപായചതുരനും അപകടഭീഷണി നേരിടുന്നതിൽ വിരുതനുമായിരുന്നതു മൂലം നേതൃത്വത്തിലേക്കുയർന്ന ഒരു പരുക്കൻ നാടൻ പട്ടാളക്കാരൻ. ചക്രവർത്തി യൂറോപ്പിൽ കഴിഞ്ഞപ്പോൾ അബീബ് എത്യോപ്യൻ വനങ്ങളിൽ ഒരു നിയമഭ്രഷ്ടനായി കഴിഞ്ഞു. ഗറില്ലാ യോദ്ധാക്കളുടെ നേതാവ്. മുസ്സോളിനിയുടെ ഫാസിസ്റ്റ് പട്ടാളം സദാതേടിക്കൊണ്ടിരുന്ന വ്യക്തി. പക്ഷേ ധൈര്യവും സാമർത്ഥ്യവും കാരണം ജനങ്ങൾ അയാളെ ആദരിക്കുകയും ഫാസിസ്റ്റ് പട്ടാളത്തിന്റെ പിടിയിൽ വീഴാതെ സംരക്ഷിക്കുകയും ചെയ്തു. സ്വന്തം പ്രവാസി പട്ടാളത്തിന്റെയും ഐക്യകക്ഷി സൈന്യത്തിന്റെയും സഹായത്തോടെ ചക്രവർത്തി തന്റെ രാജ്യം വീണ്ടെടുത്തപ്പോൾ അദ്ദേഹം അബീബ് അരേഗയെ നിലങ്ങളും സ്ഥാനമാനങ്ങളും നല്കി ബഹുമാനിച്ചു-രാജ്യത്തിലെ ഏറ്റവും ഉയർന്ന ബഹുമതിയായ 'റാസ്' (ഇന്ത്യൻ രാജാവിനു തുല്യം) വരെ നല്കി അദ്ദേഹത്തെ ആദരിച്ചു. അബീബ് അരേഗയ്ക്ക് രാജ്യരക്ഷാമന്ത്രിസ്ഥാനവും നല്കി. ആഫ്രിക്കയിലെ ഏറ്റവും വലിയ സൈന്യങ്ങളിൽ ഒന്നിന്റെ തലപ്പത്ത് അദ്ദേഹം എത്തിച്ചേർന്നു. എനിക്ക് അദ്ദേഹത്തെ അറിയാം. പക്ഷേ വലിയ ബഹുമാനമൊന്നും തോന്നിയില്ല. സംസ്ക്കാര സമ്പന്നനല്ലാത്തതുകൊണ്ടൊന്നുമല്ല. എല്ലാവരും അദ്ദേഹത്തെ വഞ്ചകനും അഴിമതിവീരനുമായി ചിത്രീകരിച്ചു പോന്നതുകൊണ്ടുമാത്രം. അരേഗയ വമ്പിച്ച സമ്പത്തിനുടമയായിരുന്നു. സ്വന്തം കൊട്ടാരത്തിലാണു പാർത്തിരുന്നത്.

വലിയ വൈമനസ്യമൊന്നും കൂടാതെ ഞാൻ എന്റെ അഭിപ്രായം തുറന്നുപറഞ്ഞു: "തിരുമേനീ, റാസ് അബീബ് ഒരു വലിയ അഴിമതിക്കാരനായാണ് ജനങ്ങൾക്കിടയിൽ അറിയപ്പെടുന്നത്. ഗറില്ലാ പ്രവർത്തനകാലത്ത് അദ്ദേഹം ജനങ്ങളുടെ വീരനായകനായിരുന്നെങ്കിലും, ഇന്ന് അത്ര ജനസംപ്രീതിയൊന്നും അദ്ദേഹത്തിനില്ല. നേരെമറിച്ച്, തിരുമേനിയുടെ പേരും പെരുമയും വളരെ ഉന്നതമാണ്. ഈ അഴിമതിക്കാരനെ വേണ്ടവിധത്തിൽ ശിക്ഷിക്കുന്നപക്ഷം അങ്ങയെ ജനങ്ങൾ കൂടുതലായി ആദരിക്കുകയേയുള്ളു. ഇത്തരത്തിൽ മാതൃകായോഗ്യമായ ശിക്ഷ രാജ്യത്തിനു നന്മയേ വരുത്തൂ. ഞാൻ മനസ്സിലാക്കുന്നിടത്തോളം ഇവിടെ അഴിമതി അഴിഞ്ഞാടുന്നു. അതു ദിനംപ്രതി വളർന്നുകൊണ്ടുമിരിക്കുന്നു. തീർച്ചയായും ഒരു തുറന്ന വിചാരണ വേണ്ടിവരും. അദ്ദേഹത്തിന്റെ കുറ്റവും അതിനുള്ള തെളിവുകളും വെളിപ്പെടുത്തുകയും വേണം".

ചക്രവർത്തി കുറേ നേരത്തേക്കു സംസാരിച്ചില്ല. അനന്തരം അദ്ദേഹം ശോകാർദ്രമായ നയനങ്ങളോടെ എന്നെ നോക്കി പുഞ്ചിരിതൂകി. "ഞാൻ നിന്നെ ഒന്നു പരീക്ഷിക്കുകയായിരുന്നു. നീ പച്ചപരമാർത്ഥിയാണ്. ഞാൻ പ്രതീക്ഷിച്ചതുപോലെ രാഷ്ട്രീയമായി നിനക്കു തീരെ പരിചയമില്ല. ഒരു രാജ്യം എങ്ങനെ ഭരിക്കണമെന്നതിനെപ്പറ്റി നിനക്ക് ഒരു ചുക്കും അറിയില്ല. ഞാൻ അബീബ് അരേഗായിയെ ഔന്നത്യങ്ങളിൽ നിന്നു വലിച്ചു താഴെയിട്ടാൽ എന്തു സംഭവിക്കും? അയാളെപ്പറ്റി ഞാൻ നിന്നോടു പറഞ്ഞതെല്ലാം വാസ്തവമാണ്. എന്റെ പക്കൽ തെളിവുമുണ്ട്. പക്ഷേ ഞാൻ അയാളെ പിരിച്ചുവിടുന്നപക്ഷം, ഒന്നാമത് സമ്പന്നനും സൂത്രശാലിയും

കരുത്തനുമായ ഒരു ശത്രുവിനെ ഞാൻ സൃഷ്ടിക്കുകയായിരിക്കും. രണ്ടാമത് അയാളെപ്പോലെ മറ്റൊരു പ്രഭുവിനെ സൃഷ്ടിക്കേണ്ടിവരും. ഒരു ചക്രവർത്തിക്ക് ജനങ്ങൾക്കും തനിക്കുമിടയിൽ ചില 'തട' (buffet) കൾ ആവശ്യമാണ്. ജനങ്ങളുടെ ധനമെടുത്തു നല്കി ഞാൻ ഇങ്ങനെയൊരു പ്രഭുവിനെ 'തട'യായി സൃഷ്ടിക്കണം. അയാളും ആവശ്യത്തിന് അധികാരം സമാർജിച്ചു കഴിയുമ്പോൾ മുൻഗാമിയെപ്പോലെ അഴിമതിക്കാരനാവും. ഇക്കാര്യങ്ങൾ കർമകുശലതയോടെ, ശ്രദ്ധയോടെ, വ്യത്യസ്ത രീതിയിൽ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. രാജ്യതന്ത്രം നേരെ ചൊവ്വേ ഉള്ളതല്ല. അനായാസവുമല്ല".

ചക്രവർത്തിയുടെ മനസ്സിലെന്താണെന്നു ഊഹിക്കാൻ എനിക്കു കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ യുക്തിചിന്ത എനിക്കു ബോദ്ധ്യമായില്ല. രാജ്യതന്ത്രജ്ഞതയിൽ അദ്ദേഹം നടത്തിയ പരീക്ഷയിൽ ഞാൻ പരാജയപ്പെട്ടു എന്നതു വാസ്തവം. രാഷ്ട്രീയത്തിൽ ഞാനൊരു ശുദ്ധാത്മാവാണെന്ന് എനിക്കറിയാം. അവിടെ ആവശ്യമായ സൂത്രശാലിത്വം എനിക്ക് അശേഷമില്ല. പൊതുകാര്യങ്ങളുടെ തലപ്പത്ത് ഇരിക്കുന്നവർ തങ്ങൾ സത്യസന്ധരാണെന്ന് ഭാവിക്കുന്നതുമൂലം വരുത്തുന്ന നഷ്ടവും ഹാനിയും എത്രമാത്രമാണെന്ന് കുറേക്കഴിഞ്ഞു മാത്രമേ ഞാൻ മനസ്സിലാക്കിയുള്ളു. സത്യസന്ധമായി രാഷ്ട്രീയത്തിലിടപെടാൻ പുറപ്പെട്ട ജിമ്മി കാർട്ടർക്കും രാജീവ് ഗാന്ധിക്കുമുണ്ടായ അനുഭവമാണ് പെട്ടെന്ന് ഓർമയിലെത്തുന്നത്. ഞാൻ പരീക്ഷയിൽ പരാജയപ്പെട്ടു; പക്ഷേ അതിലെനിക്കു ഖേദമില്ല. ഇത്തരം പരീക്ഷകൾ പാസ്സാകാൻ എനിക്കു താല്പര്യവുമില്ല.

ചക്രവർത്തി മറ്റു പല കാര്യങ്ങളെപ്പറ്റിയും സംസാരിച്ചു. മതവും സാർവദേശീയ കാര്യങ്ങളും  മറ്റു പല വിഷയങ്ങളും സംസാരവിഷയമായി. രാജ്യരക്ഷാമന്ത്രിയെപ്പറ്റിയുള്ള ചർച്ച ഞാൻ എന്റെ ഹൃദയാന്തർഭാഗത്തു സൂക്ഷിച്ചു. അതേപ്പറ്റി ചിന്തിക്കുകയും ചെയ്തു. ഇതെല്ലാം സർക്കാർ രഹസ്യങ്ങളാണ്. മറ്റാരുമായും ഇവയെപ്പറ്റി ചർച്ചചെയ്യാൻ എനിക്ക് അനുവാദമില്ല.

### രാജ്യരക്ഷാമന്ത്രി വരുന്നു

ഏതാനും ദിവസം കഴിഞ്ഞ്, ഓഫീസിലെ എന്റെ സ്വകാര്യ ടെലിഫോൺ ശബ്ദിച്ചു. ഞാൻ ഫോൺ കൈയിലെടുത്തു: "ഗുഡ്മോർണിംഗ്, പ്രഭോ. രാജ്യരക്ഷാമന്ത്രിക്ക് അങ്ങയോട് സംസാരിക്കണമെന്നുണ്ട്". ഒരു പരുക്കൻ സൈനികസ്വരം ടെലിഫോണിലൂടെ കേൾക്കായി.

"ഞാൻ തയ്യാറാണ്", ഉടൻ മറുപടി നല്കി.

താമസമെന്യേ റാസ് അബീബ് അരേഗായിയുടെ സ്വരം ടെലിഫോണിലൂടെ മുഴങ്ങി. നല്ല മര്യാദയുള്ള, സൗമ്യമായ സ്വരം. ഇംഗ്ലീഷിലേക്കു തർജമ ചെയ്യാൻ പ്രയാസമാണ്. സാരം ഏതാണ്ട് ഇങ്ങനെ:

"എന്റെ പ്രഭുവിനു സമർപ്പിക്കാൻ എനിക്കൊരു പരാതിയുണ്ട്. അവിടെ വന്ന് ഞാൻ അങ്ങയെ കണ്ടുകൊള്ളാം. അങ്ങേയ്ക്കു സൗകര്യമുള്ള ഒരു സമയം പറഞ്ഞാൽ മതി."

ഒരാളെ “എന്റെ പ്രഭു” എന്നു സംബോധന ചെയ്യുക അംഹാരിക് ഭാഷയിൽ അസാധാരണമല്ല. “സർ” എന്നു വിളിക്കുമ്പോലെ തന്നെ. അതിനേക്കാൾ കൂടുതൽ ഉപചാരം കലർന്നതെന്നു പറയാം. “എന്റെ പ്രഭുവിനു സമർപ്പിക്കാൻ എനിക്കൊരു പരാതിയുണ്ട്” എന്നു പറഞ്ഞാൽ ‘താങ്കൾ എനിക്കൊരു കാര്യം സാധിച്ചു തരണം’ എന്നർത്ഥം. അതെന്തായാലും ഒരു സീനിയർ മന്ത്രി ചക്രവർത്തിയുടെ സ്റ്റാഫിലെ ഒരു ജൂണിയർ അംഗത്തോട് ആ വിധത്തിൽ സംസാരിച്ചത് അമിത മര്യാദയെന്നു തന്നെ പറയാം. രാജ്യരക്ഷാമന്ത്രിക്ക് ഒരു കാര്യം സാധിക്കണമെങ്കിൽ നേരെ ചക്രവർത്തിയുടെ അടുത്തേക്കു പോകുകയാണ് വഴക്കം. പ്രോട്ടോക്കോളും അതുതന്നെ.

ആ പശ്ചാത്തലത്തിൽ, ഈ ഫോൺവിളിയുടെ അർത്ഥമെന്താണെന്ന് എനിക്കു മനസ്സിലായില്ല. എനിക്കെന്തോ സംശയം തോന്നി. ഡബ്രെസീറ്റിൽ വച്ചു ചക്രവർത്തിയുമായി സംഭാഷണം നടന്നിട്ടു കുറച്ചു ദിവസങ്ങളേ കഴിഞ്ഞിരുന്നു എന്നുള്ളതിന്റെ വെളിച്ചത്തിൽ പ്രത്യേകിച്ചും. ആ സംഭാഷണ വിവരം രാജ്യരക്ഷാമന്ത്രി അറിയണമെങ്കിൽ ചക്രവർത്തി തന്നെ അതു പറഞ്ഞിരിക്കണം. കൊട്ടാരത്തിലെ മാഫിയാ, ചക്രവർത്തിയുടെ എല്ലാ മുറികളിലും ടെലിഫോണുകളിലും സംഭാഷണം ചോർത്തിയെടുക്കാൻ രഹസ്യസജ്ജീകരണങ്ങൾ ചെയ്തിരുന്നു. ചക്രവർത്തിക്കും അതിനെപ്പറ്റി സംശയമുണ്ടായിരുന്നു. പക്ഷേ ഞങ്ങളുടെ സംഭാഷണം അക്കാരണത്താൽ തന്നെയാണു ഡബ്രെസീറ്റിലെ പൂന്തോട്ടത്തിലാക്കിയത്. ഞങ്ങൾ നടന്നുകൊണ്ടാണു സംസാരിച്ചതും.

“തിരുമേനി, ഞാൻ അങ്ങയുടെ അടുക്കലേക്കു വരാം. അവിടുന്ന് ഇങ്ങോട്ടു വരണമെന്നില്ല. അങ്ങയുടെ ഓഫീസിലോ വീട്ടിലോ ഞാൻ വന്നുകൊള്ളാം. സമയം പറഞ്ഞാൽ മതി”. ഞാൻ ഉപചാരവും ആദരവും കലർന്ന ഭാഷയിൽ പറഞ്ഞു.

“വേണ്ട...വേണ്ട...ഞാൻ താങ്കളുടെ ഓഫീസിൽ വന്നുകൊള്ളാം. എപ്പോൾ വരണമെന്ന് പറഞ്ഞാൽ മതി.” റാസ് അബീബ് ശഠിച്ചു.

“തിരുമേനീ, അങ്ങനെയെങ്കിൽ ഉടനെ പുറപ്പെട്ടോളൂ. ഞാൻ കാത്തിരിക്കാം.”

“താങ്കൾ വളരെ ദയ കാണിച്ചു. നന്ദി. ഏതാനും മിനിറ്റിനകം ഞാൻ അവിടെ എത്തിക്കൊള്ളാം.”

അദ്ദേഹം അവിടെയെത്താൻ അരമണിക്കൂറെങ്കിലും എടുത്തേക്കുമെന്നാണു ഞാൻ കരുതിയത്. ആ സമയത്തേക്ക് ഞങ്ങളുടെ കെട്ടിടത്തിന്റെ പ്രവേശനസ്ഥാനത്ത് എത്തണമെന്നും ഞാൻ നിശ്ചയിച്ചു. പക്ഷേ അദ്ദേഹം എന്നെ വിസ്മയഭരിതനാക്കി. കൊട്ടാരത്തിൽ നിന്നോ മറ്റോ ആയിരിക്കണം അദ്ദേഹം ഫോൺ ചെയ്തത്. ഏതാനും മിനിറ്റിനകം മന്ത്രി എത്തിക്കഴിഞ്ഞു. സൈന്യാധിപന്മാരും അംഗരക്ഷകഭടന്മാരും ഉൾപ്പെടെയുള്ള പരിവാരങ്ങളുമൊത്താണ് അദ്ദേഹം എത്തിയത്. പരിവാരങ്ങളെയെല്ലാം ഡ്യൂക്ക് ബീത്ത് കൊട്ടാരത്തിന്റെ പ്രവേശന കവാടത്തിൽ

നിറുത്തിയശേഷം മന്ത്രി തനിയെ എന്റെ കെട്ടിടത്തിന് അകത്തേയ്ക്ക് നടന്നു. അദ്ദേഹത്തെ സ്വാഗതം ചെയ്യാൻ ഞാൻ വാതിൽക്കലേയ്ക്കു ചെന്നു. ഞാൻ ഉപചാരഭാവത്തിൽ താഴ്ന്ന് നമിച്ചശേഷം അദ്ദേഹത്തെ എന്റെ സ്വന്തം ഓഫീസ് കസേരയുടെ അടുത്തേക്ക് നയിച്ചു. അദ്ദേഹത്തോട് അതിലിരിക്കാൻ അഭ്യർത്ഥിച്ചു (കാരണം അതായിരുന്നു അവിടെയുള്ള ഏറ്റവും നല്ല കസേര).

“ഒരിക്കലുമില്ല. അത് പ്രഭുവായ താങ്കളുടെ കസേരയാണ്. ഞാനതിൽ ഇരുന്നുകൂടാ. ഞാൻ ഈ കസേരകളിലൊന്നിൽ ഇരുന്നോളാം.” എന്റെ മേശയ്ക്ക് അപ്പുറം കിടന്ന കസേരകളിലൊന്നിന്റെ നേർക്ക് അദ്ദേഹം നീങ്ങി. അതു നല്ല കാര്യം തന്നെ. അദ്ദേഹം തെരഞ്ഞെടുത്ത കസേരയിൽത്തന്നെ ഇരിക്കാൻ ഞാൻ വീണ്ടും അദ്ദേഹത്തെ ക്ഷണിച്ചു. ഞാൻ ഇപ്പോൾ എന്റെ കസേരയ്ക്കും മേശയ്ക്കും ഇടയിലാണ് നില്ക്കുന്നത്.

“പ്രഭോ, അവിടുന്ന് ആദ്യം ഇരിക്കണം,” അദ്ദേഹം പറഞ്ഞു. “ഇല്ല. അവിടുന്നാണ് എന്നേക്കാൾ സീനിയർ. ഞാൻ ഇരിക്കുന്നതിനു മുമ്പ് അവിടുന്ന് ഇരിക്കണം”, ഞാൻ പറഞ്ഞു. കൃത്രിമ മര്യാദയുടെ വാൾപ്പയറ്റുകളിയിൽ വാദങ്ങൾ മാറ്റിച്ചവിട്ടുന്നതിന്റെ വിനോദമാണ് അധികവും എന്റെ മനസ്സിൽ. രാജ്യരക്ഷാ മന്ത്രിയുടെ ഉദ്ദേശ്യം എന്തായാലും അദ്ദേഹത്തിന്റെ വശ്യപ്രയോഗത്തിന് അനായാസം കീഴടങ്ങുന്നില്ലെന്നു ഞാൻ തീരുമാനിച്ചു.

“പ്രഭോ അവിടുന്നാണ് കൂടുതൽ ബഹുമാന്യൻ. അവിടുന്ന് ആദ്യം ഇരിക്കണം. അവിടുന്ന് ഇരിക്കാതെ ഞാൻ എങ്ങനെ ഇരിക്കും?”

ഉപചാരമര്യാദയുടെ കാര്യത്തിലെങ്കിലും വിട്ടുകൊടുത്തുകൂടെന്ന് എനിക്കു നിർബന്ധമായിരുന്നു. അങ്ങനെ ഞങ്ങൾ തട്ടിമാറ്റിയും ഒഴിഞ്ഞുമാറിയും കുറേ നേരം ചിലവഴിച്ചു. അവസാനം ഞാൻ പറഞ്ഞു: “തിരുമേനി, കസേരയിലിരുന്ന് എന്നെ ആദരിക്കാൻ തയ്യാറില്ലെങ്കിൽ ഇരുവരും നിന്നുകൊണ്ടു സംസാരിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല.”

അങ്ങനെയെങ്കിലും ഇരിക്കാൻ അദ്ദേഹം സമ്മതിക്കുമെന്നാണു ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ റാസ് അബീബ് അരാഗേ അതിനും വിസമ്മതിക്കുകയായിരുന്നു. സ്വന്തം ഇച്ഛാശക്തിയെ എന്റെ മേൽ പ്രയോഗിക്കാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. നിഷ്പ്രയാസം വഴങ്ങാൻ അദ്ദേഹം തയാറായില്ല.

“എന്റെ പ്രഭുവിന്റെ ഹിതം അതാണെങ്കിൽ നമുക്കു നിന്നു സംസാരിക്കാം”, അദ്ദേഹം സമ്മതിച്ചു. അങ്ങനെ നിന്നുകൊണ്ടാണു ഞങ്ങൾ കാര്യത്തിലേക്കു കടന്നത്. ഞാൻ എന്റെ ഓഫീസ് കസേരയ്ക്കും മേശയ്ക്കും ഇടയിലും അദ്ദേഹം മേശയുടെ മറുവശത്തുമാണു നിന്നിരുന്നത്. ഇങ്ങനെയുള്ള ആളുകൾക്കും എനിക്കും ഇടയിൽ തടയായി ഒരു മേശയുള്ളതാണ് എപ്പോഴും എനിക്കു സന്തോഷം. ഒരു ക്ലാസ് മുറിയിലോ ലക്ചർ ഹാളിലോ ആയാലും കേൾവിക്കാർ കുറച്ച് എതിർപ്പുള്ളവരാണെങ്കിൽ പ്രത്യേകിച്ചും മേശയാണ് എന്റെ രക്ഷണോപാധി.

“എനിക്കൊരു ചെറിയ സഹായം ആവശ്യമുള്ളതിനാലാണു ഞാൻ അങ്ങയെ കാണാൻ വന്നത്,” അദ്ദേഹം വളരെ കരുതലോടെ പറഞ്ഞു തുടങ്ങി. “ചെറിയ സ്വകാര്യ സഹായം. ഔദ്യോഗികമായി ഒന്നുമല്ല.”

“പക്ഷേ എനിക്കെങ്ങനെ അങ്ങയെപ്പോലുള്ള ബഹുമാന്യ വ്യക്തിയെ സഹായിക്കാനാകും? ഞാനൊരു പാവപ്പെട്ട നവാഗതൻ.”

“അങ്ങേയ്ക്ക് എന്നെ സഹായിക്കാൻ കഴിയും. വാസ്തവം പറഞ്ഞാൽ അങ്ങേയ്ക്കു മാത്രമേ എന്നെ സഹായിക്കാൻ കഴിയൂ.”

“തിരുമേനിയെ എങ്ങനെയാണു സഹായിക്കേണ്ടതെന്ന് ദയവു ചെയ്തു പറയൂ.”

“ഒരു മന്ത്രിക്ക് ഇക്കാലത്ത് ഗൃഹബജറ്റ് സമതുലിതമാക്കി, കിട്ടുന്നതു കൊണ്ടു ചെലവ് ഒതുക്കി ജീവിക്കുക എത്രയോ പ്രയാസമാണെന്ന് അറിയാമല്ലോ. അവിരാമമായി വിരുന്നു സല്ക്കാരങ്ങൾ നടത്തുകയും അമിതമായി ചെലവു ചെയ്തു അതിഥിപൂജ നടത്തുകയും ചെയ്യേണ്ടിവരും. മന്ത്രി ഗംഭീരമായ ശൈലിയിൽ ജീവിക്കണം. വളരെ വലിയ ഭൃത്യസംഘത്തെ പുലർത്തണം. അനേകം കാറുകളും പ്രത്യേക വസ്ത്രങ്ങളും വേണം. അങ്ങനെ പലതും. ഒരു മന്ത്രിയുടെ ശമ്പളം എത്രയോ തുച്ഛമാണെന്ന് അറിയാമല്ലോ. പ്രഭുവായ അങ്ങുന്നിനു കിട്ടുന്നതിനേക്കാൾ വളരെ കുറച്ചു മാത്രം കൂടുതൽ.”

സംഭാഷണഗതി എങ്ങോട്ടാണു നീങ്ങുന്നതെന്ന് എനിക്കു പിടികിട്ടിയില്ല. ഒന്നും ഊഹിച്ചെടുക്കാനാവുന്നില്ല. ഇന്നു ഞാൻ കുറേക്കൂടി ബുദ്ധിയുള്ളവൻ. ഊഹിക്കാൻ എനിക്കു കഴിയും. അന്നു ഞാൻ തീർത്തും ലളിതമാനസനായ ഒരു പച്ചപ്പരമാർഥി; ഇത്തരം കാര്യങ്ങളിൽ. കേവലാശയങ്ങളും ദാർശനിക ധാരണകളും എളുപ്പം ഗ്രഹിക്കാൻ കഴിയുമായിരുന്നുവെന്നു മാത്രം. ഈ സാഹചര്യത്തിൽ തടസ്സപ്പെടുത്താതെ കേട്ടുനില്ക്കുക മാത്രമാണു കരണീയം. അങ്ങനെ എത്യോപ്യയിലെ ഏറ്റവും ധനികനായ വ്യക്തിയെന്ന് ചക്രവർത്തി വിശേഷിപ്പിച്ച ബഹുമാന്യനായ റാസ് അബീബ് സംഭാഷണം തുടർന്നു.

“ഈ പശ്ചാത്തലത്തിൽ, രണ്ടു വീടു പണിതു വാടകയ്ക്കു കൊടുത്താൽ അങ്ങനെയൊരു വരുമാനം കുറച്ചൊരു സഹായമാകുമല്ലോ എന്നു ഞാൻ ചിന്തിച്ചു.”

ഇപ്പോൾ എനിക്കുപോലും തട്ടിപ്പിന്റെ പോക്കു പിടികിട്ടി. റാസ് അബീബിനു നഗരത്തിൽത്തന്നെ അഞ്ഞൂറോളം വീടുകൾ സ്വന്തമായുണ്ടെന്നും വർഷംതോറും വാടകയിനത്തിൽത്തന്നെ പത്തുലക്ഷം ഡോളറിലധികം കിട്ടുന്നുണ്ടെന്നും, രാജ്യത്തിലെ ഏറ്റവും വലിയ ഭൂവുടമകളിൽ ഒരാളാണു മന്ത്രിയെന്നുമുള്ളത് അങ്ങാടിപ്പാട്ടാണ്. ജനങ്ങൾ അദ്ദേഹത്തെ വെറുക്കാൻ ഒരു കാരണമതാണ്. അങ്ങനെയുള്ള കുബേരനാണ് എന്റെ മുമ്പിൽ നിന്നു യാതൊരു ചമ്മലും കൂടാതെ “വാടകയ്ക്കു കൊടുക്കാൻ രണ്ടു വീടു പണിയാൻ ശ്രമിക്കുന്നുവെന്നും” “ഗൃഹബജറ്റ് സമതുലിതമാക്കാൻ ക്ലേശിക്കുന്നു” വെന്നും മറ്റും തട്ടിവിടുന്നത്! പക്ഷേ എന്റെ ധാർമ്മികരോഷം

ഉടൻ പുറത്തുകാണിച്ചുകൂടാ. അദ്ദേഹത്തിനു കഴിയുന്നതുപോലെ ലാഘവത്തോടെ പച്ചക്കള്ളം വെട്ടിവിളമ്പാൻ എന്നെക്കൊണ്ടാവില്ല. ഈ കളി എവിടെവരെ പോകുമെന്നറിയാൻ ഞാൻ ക്ഷമയോടെ കാത്തുനിന്നു. സാധാരണഗതിയിൽ എനിക്കു പ്രയാസമാണെങ്കിലും മുഖത്തു യാതൊരു ചേഷ്ടാചലനങ്ങളും പ്രകടിപ്പിക്കാതെ നിലകൊണ്ടു. അദ്ദേഹം തുടർന്നു:

"ഇക്കാലത്തു കെട്ടിടംപണി എത്രയോ വ്യയഹേതുകമാണെന്നറിയാമല്ലോ. എന്റെ കൈയിലുള്ള പണം തീരുന്നു. ഈ വീടുകൾ പണിതീർക്കാൻ മാർഗം കാണുന്നില്ല. എനിക്കൊരു വായ്പ അത്യാവശ്യമായും കിട്ടിയേ തീരൂ." അദ്ദേഹം നിർത്തി.

ഒരു വിരോധാഭാസം നോക്കുക! എത്യോപ്യയിലെ ഏറ്റവും ധനികനായ മനുഷ്യൻ. ബാങ്കിലെ അക്കൗണ്ടിൽ ആയിരം ഡോളർ പോലും മിച്ചമില്ലാത്ത ഒരു പാവം ഭാരതീയനോട് വായ്പയുടെ കാര്യം സംസാരിക്കുന്നു! ഞാൻ ഇതികർത്തവ്യതാമൂഢനായി. "എന്താണീക്കളി, തിരുമേനീ? കാര്യം തുറന്നു പറയൂ!" എന്നാവശ്യപ്പെടാൻ മനസ്സിൽ വന്നതാണ്. എങ്കിലും ഞാൻ മര്യാദപുലർത്തിക്കൊണ്ടു ചോദിച്ചു.

"തിരുമേനീ, ഇക്കാര്യത്തിൽ എനിക്ക് എന്തു ചെയ്യാൻ കഴിയും?"

"ഓ, എന്നെ സഹായിക്കാൻ അങ്ങേയ്ക്കു തീർച്ചയായും കഴിയും. വാസ്തവത്തിൽ അങ്ങേയ്ക്കു മാത്രമാണ് എന്നെ സഹായിക്കാൻ കഴിയുക. അതുകൊണ്ടാണ് ഞാൻ ഇവിടേയ്ക്കു വന്നത്."

എന്റെ യുക്തിവിചാരവും ധാരണാശക്തിയും അർഥചിന്തയും ന്യായവാദശക്തിയുമെല്ലാം അങ്ങേയറ്റം പരീക്ഷിക്കപ്പെടുകയാണ്. മന്ത്രിക്കൊരു വായ്പ കൊടുക്കണമെന്നു ചക്രവർത്തിയുടെയടുക്കൽ ശുപാർശ ചെയ്യണമെന്ന് ആവശ്യപ്പെടാനായിരിക്കില്ല അദ്ദേഹത്തിന്റെ യത്നം! ചക്രവർത്തി തന്നെപ്പറ്റി എന്താണു ചിന്തിക്കുന്നതെന്നു മനസ്സിലാക്കാൻ കഴിവുള്ള കുശാഗ്രബുദ്ധിയാണദ്ദേഹം.

"പക്ഷേ, തിരുമേനീ! എനിക്കെങ്ങനെ സഹായിക്കാൻ കഴിയും?" നീരസമൊന്നും പ്രകടിപ്പിക്കാതെ തന്നെ ഞാൻ വെട്ടിത്തുറന്നു ചോദിച്ചുപോയി. ഞങ്ങൾ ഇരുവരും ആ സമയത്തും നില്ക്കുകയാണ്.

"ഞാൻ പറയാം. എനിക്കൊരു വായ്പ സംഘടിപ്പിക്കാവുന്ന ഏകസ്രോതസ് ബാങ്കാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് എത്യോപ്യ. അവിടത്തെ മാനേജരെ അങ്ങേയ്ക്കറിയാം. അദ്ദേഹം അങ്ങയുടെ സുഹൃത്തും രാജ്യക്കാരനുമായ മി. മെനസീസ് ആണ്. അങ്ങ് എനിക്കു വേണ്ടി ഒരു വാക്കു പറഞ്ഞാൽ അദ്ദേഹം എനിക്കു വായ്പ തരും."

അന്ന് എത്യോപ്യയിൽ ഒരു ബാങ്കു മാത്രമേയുള്ളൂ. ഗവൺമെന്റ് ബാങ്ക്. മി. മെനസീസ് ഗോവാക്കാരനാണ്. അദ്ദേഹം രാജ്യത്തിലെ അഴിമതിയുടെയെല്ലാം ഒത്തമധ്യത്തിലുണ്ടെന്ന് ഞങ്ങൾക്കെല്ലാം അറിയാം. എനിക്ക് മെനസീസിനെ പരിചയമുണ്ട്. ഒരു സുഹൃത്തെന്നു പറഞ്ഞുകൂടാ. രാജ്യത്തിലെ അഴിമതിക്കാരായ ഭൂവുടമകൾക്കും ലാഭക്കൊതിയന്മാരായ വ്യാപാരികൾക്കുമെല്ലാം അദ്ദേഹം വായ്പ കൊടുത്തു. ഓരോ ഇടപാടുകാരനിൽ

നിന്നും കമ്മിഷൻ കൈക്കലാക്കുകയും ചെയ്യും. രാജ്യരക്ഷാ മന്ത്രിയുടെ പാർപ്പിടനിർമ്മാണ പദ്ധതിയിലും മറ്റു പദ്ധതികളിലും അടുത്ത സഹകാരിയാണു മെനസീസ്.

“ഓ, മി. മെനസീസോ!” ഞാൻ പറഞ്ഞു. “തിരുമേനി ആവശ്യപ്പെടുന്നതെന്തും അദ്ദേഹം ചെയ്തുതരും. അവിടുന്ന് ഇപ്പോൾത്തന്നെ അദ്ദേഹത്തോടു നേരിട്ടു സംസാരിച്ചാലും. ഞാൻ അദ്ദേഹത്തെ വിളിക്കട്ടെയോ?” അടുത്തിരുന്ന ടെലിഫോൺ കറക്കാൻ ഞാൻ ഒരുമ്പെട്ടു. “വേണ്ട...വേണ്ട. ഇപ്പോൾ അദ്ദേഹത്തെ വിളിക്കണ്ട. അദ്ദേഹം പലപ്പോഴും എനിക്ക് വായ്പ തന്നിട്ടുണ്ട്. ഇപ്പോൾ വിളിക്കണ്ട. ഞാൻ പോയിക്കഴിയുമ്പോൾ അവിടുന്ന് അദ്ദേഹത്തെ വിളിച്ച് എനിക്കൊരു വായ്പ തരാൻ ശുപാർശ ചെയ്താൽ മതി.”

കെണി എവിടെയാണെന്ന് ഇപ്പോഴും എനിക്ക് പിടികിട്ടിയില്ല. എവിടെയോ ഒരു കെണിയുണ്ടെന്ന് എനിക്കു മനസ്സിലായി. അതിൽ വീഴാൻ ഞാൻ തയ്യാറില്ല. അതുകൊണ്ട് ശാന്തനായും അതേസമയം ഉറച്ചസ്വരത്തിലും ഞാൻ പറഞ്ഞു:

“ഇല്ല തിരുമേനീ, ഇക്കാര്യത്തിൽ അങ്ങയെ സഹായിക്കാൻ എനിക്കാവില്ല. അങ്ങേയ്ക്ക് ഒരു വായ്പ തരാൻ മി. മെനസീസിനോടു ഞാൻ പറയില്ല. നേരിട്ട് ആവശ്യപ്പെട്ടാൽ അദ്ദേഹം എന്തും തരും. അക്കാര്യത്തിൽ എനിക്കു തരിമ്പും സംശയമില്ല. പക്ഷേ ഇതിൽ ഉൾപ്പെടാൻ എനിക്കാഗ്രഹമില്ല”. ദൃഢവും അന്തിമവുമായിരുന്നു അത്. അദ്ദേഹം അതു മനസ്സിലാക്കി. വളരെ മിതമായ സ്വരത്തിൽ അദ്ദേഹം പറഞ്ഞു: “അങ്ങ് എന്നെ സഹായിക്കാത്തപക്ഷം, സഹായംതേടി ഞാൻ മറ്റെവിടെയെങ്കിലും പോകേണ്ടിവരും. ഇത്രയും സമയം തന്നതിനു നന്ദി. അങ്ങയെ ശല്യപ്പെടുത്തിയതു ക്ഷമിച്ചാലും.” അദ്ദേഹം തലനമിച്ചു. എനിക്ക് ഹസ്തദാനം നല്കി യാത്രപറഞ്ഞു. ഞാൻ അദ്ദേഹത്തെ വാതിൽവരെ അനുഗമിച്ചു. പുറത്തെ പ്രവേശനകവാടം വരെ അദ്ദേഹത്തെ അനുയാത്ര ചെയ്യാൻ ശ്രമിച്ചപ്പോൾ അദ്ദേഹം അത് തടഞ്ഞു. അദ്ദേഹത്തിന്റെ അകമ്പടിക്കാർ പുറത്തു കാത്തുനില്ക്കുന്നുണ്ടായിരുന്നു.

ഞാൻ എന്റെ മുറിയിലേയ്ക്ക് മടങ്ങിവന്നു, പ്രാർത്ഥിച്ചു. കെണി എന്തായിരുന്നാലും അതിൽ വീഴാതെ കാത്തുസൂക്ഷിച്ചതിനു ഞാൻ ദൈവത്തിനു നന്ദി പറഞ്ഞു. അന്നുമുതൽ രാജ്യരക്ഷാ മന്ത്രി എന്റെ ശത്രുവായി മാറുമോ എന്ന് എനിക്ക് തിട്ടമില്ലായിരുന്നു. അതിനെപ്പറ്റി ഞാൻ കൂടുതലായി ക്ലേശിച്ചില്ല. ഈ സന്ദർശനത്തിന്റെ അർത്ഥമെന്താണെന്നതിനെപ്പറ്റി ഞാൻ ആലോചിച്ചു. എനിക്കു കാര്യം പിടികിട്ടിയില്ല. വളരെ രഹസ്യമായി ആരുടെയെങ്കിലും ഉപദേശം തേടുവാൻ ഞാൻ നിശ്ചയിച്ചു. സീനിയർ മന്ത്രിമാരിൽ ഞാൻ പൂർണ്ണമായി വിശ്വസിച്ച ഒരു മനുഷ്യനേയുള്ളു. വടക്കുനിന്നുള്ള ഒരു അതിശക്തിമാൻ. ആരോഗ്യമന്ത്രിയായ മി. അബീബ് രേട്ട. അഴിമതിരഹിതനായി അദ്ദേഹം അറിയപ്പെട്ടിരുന്നു. അതുകൊണ്ട് ഞാൻ അദ്ദേഹത്തിനു ഫോൺ ചെയ്തു. ഒന്നു കാണണമെന്നു പറഞ്ഞു. “ഉടൻ തന്നെ പോന്നോളൂ” അദ്ദേഹം ആജ്ഞ നല്കി.

പ്രായത്തിൽ എന്നേക്കാൾ പല വർഷങ്ങൾ മുതിർന്ന ആ മന്ത്രി സത്യ സന്ധനും ഋജുപ്രകൃതിയുമാണ്. അദ്ദേഹത്തിന് എന്നെ ഇഷ്ടമായിരുന്നു. രാജ്യരക്ഷാമന്ത്രിയെപ്പറ്റി ചക്രവർത്തി പറഞ്ഞ കാര്യങ്ങൾ, സർക്കാർ രഹ സ്യമാകയാൽ എനിക്കദ്ദേഹത്തോടു പറയുവാൻ കഴിയുമായിരുന്നില്ല. രാജ്യ രക്ഷാ മന്ത്രി എന്റെ ഓഫീസ് സന്ദർശിച്ചതിന്റെ വിശദവിവരങ്ങൾ ഞാൻ മന്ത്രിയെ ധരിപ്പിച്ചു.

അദ്ദേഹം ശ്രദ്ധാപൂർവ്വം കേട്ടിരുന്നു. അല്പനേരം മൗനമായിരുന്നു ചിന്തിച്ചശേഷം അദ്ദേഹം പറഞ്ഞു:

"താങ്കൾ ചെയ്തതു പൂർണ്ണമായും ശരിയാണ്. രാജ്യരക്ഷാ മന്ത്രിയുടെ ഉദ്ദേശ്യമെന്താണെന്ന് മനസ്സിലാക്കാൻ എനിക്കൊരു മാർഗ്ഗവുമില്ല. എനിക്ക് ഊഹിക്കുവാനേ കഴിയൂ. ഒമ്പതുപേരോ മറ്റോ അടങ്ങുന്ന ഉന്നതന്മാരുടെ ഒരു സംഘം ചക്രവർത്തിയുടെ ചുറ്റും ശക്തമായ ദുർഗമമായ ഒരു ദുർഗം നെയ്തിരിക്കുകയാണെന്ന് ഒരു പക്ഷേ താങ്കൾക്കറിയാമായിരിക്കും. അവ രുടെ അറിവു കൂടാതെ ഒരു കാര്യവും ചക്രവർത്തിയുടെ അടുക്കലെത്തു കയില്ല. ചക്രവർത്തി അറിയരുതെന്ന് അവർ ആഗ്രഹിക്കുന്ന വിവരങ്ങളും ചക്രവർത്തിക്കു കിട്ടുകയില്ല. ഇപ്പോൾ താങ്കളെ ഇവിടെ കൊണ്ടുവന്നതു വഴി ചക്രവർത്തി അവരെ അമ്പരപ്പിച്ചിരിക്കുന്നു. അവരുടെ വൃത്തം താങ്കൾ തകർത്തു കയറി. താങ്കളെ തങ്ങളുടെ വൃത്തത്തിലേക്കു ദത്തെടുക്കാൻ അവർ ആഗ്രഹിക്കുന്നുണ്ടാവാം. ഏതു കാര്യവും ചക്രവർത്തിയുടെ ശ്രദ്ധ യിൽ പെടുത്താനുള്ള അസാമാന്യ സ്വാതന്ത്ര്യം താങ്കൾക്കുണ്ട്-സീനിയർ മന്ത്രിയായ എനിക്കു പോലുമില്ലാത്ത സ്വാതന്ത്ര്യമാണത്. അവർ അതിൽ അസഹിഷ്ണുക്കളാണ്."

"പക്ഷേ അവർക്കെങ്ങനെ എന്നെ അവരുടെ വൃത്തത്തിലേക്ക് ദത്തെ ടുക്കാൻ കഴിയും? റാസ് അബീബിനു വായ്പ കൊടുക്കാൻ മെനസീസി നോട് ആവശ്യപ്പെടുന്നതുവഴിയോ?" ഞാൻ ചോദിച്ചു.

"അവിടെയും എനിക്ക് ഊഹിക്കാൻ മാത്രമേ കഴിയൂ," ആരോഗ്യമന്ത്രി പറഞ്ഞു.

"താങ്കൾ അവരുടെ കെണിയിൽ വീണുവെന്നും റാസ് അബീബിനു വായ്പ നല്കാൻ താങ്കൾ മെനസീസിനോട് ആവശ്യപ്പെട്ടുവെന്നും നിമിഷ നേരത്തേക്കു ചിന്തിക്കുക. ബാങ്ക് ആരംഭിച്ചതു മുതൽ മെനസീസ് റാസ് അബീബിനു വായ്പ നല്കിക്കൊണ്ടാണിരിക്കുന്നത്. അവർ തമ്മിൽ എന്താണു നടക്കുന്നതെന്ന് താങ്കൾക്ക് ഒരിക്കലും അറിയാനാവില്ല. അവി ടെയും എന്റെ ഊഹമാണ്. മെനസീസ് താങ്കളോട് ഏതാണ്ടിപ്രകാരം പറയും: "ഓ, റാസ് അബീബോ? ഞാൻ ആ മനുഷ്യനു വായ്പ കൊടു ക്കില്ല. കഴിഞ്ഞ കാലത്തു ഞാൻ പല തവണ അദ്ദേഹത്തിനു വായ്പ കൊടുത്തിട്ടുണ്ട്. ആ മന്ത്രിക്കു വായ്പ തിരിച്ചടയ്ക്കുന്നതിൽ യാതൊരു നിഷ്ഠയുമില്ല. പക്ഷേ താങ്കൾ ഇങ്ങനെയൊരു ആനുകൂല്യം ആവശ്യപ്പെ ടുന്നത് ആദ്യമായിട്ടാകയാൽ എന്തുചെയ്യാൻ കഴിയുമെന്നു ഞാൻ നോക്ക ട്ടെ." ഇങ്ങനെയാണു മെനസീസ് പറയുക. റാസ് അബീബിനു പുതിയ

വായ്പ കിട്ടിയോ അദ്ദേഹത്തിന് ഇപ്പോൾ ഇങ്ങനെയൊരു വായ്പ ആവശ്യമായിരുന്നോ എന്നിവയൊന്നും താങ്കൾ ഒരിക്കലും അറിയുകയില്ല. പിന്നീടൊരു ദിവസം റാസ് അബീബ് സൺഷൈൻ ക്ലബിലോ മറ്റെവിടെയെങ്കിലുമോ വച്ചു താങ്കളെ കണ്ടുമുട്ടുമ്പോൾ, മന്ത്രിമന്ദിരത്തിൽ ലഞ്ചിനോ അത്താഴത്തിനോ താങ്കളെ ക്ഷണിക്കും. മൃഷ്ടാന്നമായ സദ്യ നല്കും. അതിഥികൾ പ്രത്യേക രീതിയിൽ തെരഞ്ഞെടുക്കുന്നവർആയിരിക്കും. അത്താഴ സമയത്തു നടക്കുന്നതിനെല്ലാം ഭാവിയിൽ അവർ സാക്ഷികളായിരിക്കും. ഒരു പക്ഷേ ഒരു മൂവി ക്യാമറ അവിടെയെങ്ങാൻ ഒളിപ്പിച്ചുവച്ചിട്ടുണ്ടാവും (അന്ന് വീഡിയോ ക്യാമറ പ്രചാരത്തിൽ വന്നിരുന്നില്ല). ഒരു രഹസ്യ ടേപ്പ് റക്കാർഡർ സദാസമയവും പ്രവർത്തനനിരതമായിരിക്കും. അത്താഴത്തിന്റെ അവസാനത്തോടടുത്ത് രാജ്യരക്ഷാ മന്ത്രി താങ്കളോട് ഏതാണ്ടിപ്രകാരം പറയും: എന്റെ സാമ്പത്തിക വിഷമസന്ധിയിൽ എന്നെ സഹായിക്കാൻ എത്തിയതിന് താങ്കളോട് ഞാൻ എത്ര നന്ദി പറഞ്ഞാലും അധികമാവുകയില്ല. താങ്കൾ അന്ന് എന്നെ സഹായിച്ചിരുന്നില്ലെങ്കിൽ, സഹായത്തിന് വേറെ എവിടേക്കു തിരിയണമെന്ന് എനിക്ക് അറിയില്ലായിരുന്നു. ഒരു ചെറിയ കൃതജ്ഞതാ സൂചക ചിഹ്നത്തിലൂടെ എന്റെ നിസ്സീമമായ നന്ദി പ്രകാശിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ പറഞ്ഞുകൊണ്ടു കുറെ പണം അടക്കംചെയ്ത ഒരു ചെറിയ കവർ താങ്കൾക്കു നല്കും. അതും ദൃക്സാക്ഷികൾ രേഖപ്പെടുത്തിയിരിക്കും. അങ്ങനെ നിങ്ങളും കൈക്കൂലിയിൽ പങ്കുകാരനായി. അതോടെ ഈ വൃത്തത്തിലൊരംഗവുമായി. താങ്കൾക്കെതിരായി ഈ തെളിവ് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാൻ അവർക്കു കഴിയും."

ഇന്ത്യയിലും മറ്റിടങ്ങളിലും രാഷ്ട്രീയ പ്രവർത്തകർക്കെതിരായി ഇത്തരത്തിലുള്ള കരുനീക്കങ്ങൾ സർവ്വസാധാരണമാണെന്ന് ഇന്നെനിക്കറിയാം. അന്ന് ഇത്തരം കാര്യങ്ങളിൽ എനിക്ക് ഏതെങ്കിലും വിധത്തിലുള്ള അറിവോ അനുഭവജ്ഞാനമോ ഉണ്ടായിരുന്നില്ല. മി. അബീബ് രേട്ടയുടെ വിശദീകരണം ചക്രവർത്തിയുടെ ചുറ്റുമുള്ള സുശക്ത സംഘത്തെപ്പറ്റി എന്നെ പൂർണ്ണമായി ബോധ്യപ്പെടുത്തി. സംഘത്തിലെ അംഗങ്ങളിൽ മിക്കവരെയും എനിക്കു തിരിച്ചറിയാൻ കഴിഞ്ഞു. ദൃഷ്ടാന്തത്തിന്, പ്രധാനമന്ത്രി (ചക്രവർത്തിയുടെ പുത്രീ ഭർത്താവ്), രാജ്യരക്ഷാമന്ത്രി, ആഭ്യന്തരമന്ത്രി, ധനകാര്യമന്ത്രി, മിനിസ്റ്റർ ഓഫ് ദ പെൻ, ചക്രവർത്തിയുടെ ധനകാര്യ സൂക്ഷിപ്പുകാരൻ (Holder of the Imperial Purse-ഇദ്ദേഹം ഒരു വൈദികൻ കൂടിയാണ്) ഇവരെല്ലാം അഴിമതിസംഘത്തിന്റെ തലപ്പത്തുണ്ട്. ഗവൺമെന്റിൽ അധികാരം കൈയാളുന്ന ജോലികൾക്ക് ഞാൻ അപ്രാപ്തനാണെന്ന് എനിക്കു മനസ്സിലായി. പണത്തിന്റെയും അധികാരത്തിന്റെയും പ്രലോഭനങ്ങളെ എല്ലാക്കാലത്തും ചെറുത്തു നില്ക്കുക എനിക്കു പ്രയാസമാകുമെന്നും ഞാൻ അറിഞ്ഞു. രാജ്യരക്ഷാമന്ത്രി പറഞ്ഞ ഒരു കാര്യം വളരെ വാസ്തവമാണ്. വസ്ത്രത്തിനും കാറുകൾക്കും ഗൃഹജോലികൾ ചെയ്യുന്ന ഭൃത്യന്മാരുടെ ശമ്പളത്തിനും അതിഥിസൽക്കാരത്തിനും സംഭാവനകൾക്കുമൊക്കെ വേണ്ടിവരുന്ന ചെലവുകൾ വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ എന്റെ

സ്വന്തം ബജറ്റ് സമീകരിക്കുക പ്രയാസമായിത്തുടങ്ങി. എന്റെ സേവനങ്ങളിൽ നിന്നു പ്രയോജനം ലഭിച്ച ആളുകൾ സ്വമേധയാ നല്കുന്ന ചെറിയ സമ്മാനങ്ങൾ സ്വീകരിക്കുക എളുപ്പമായി തോന്നി. അങ്ങനെയാണ് ഇതെല്ലാം ആരംഭിക്കുക. പിന്നീട് താഴോട്ടുള്ള ഒരു കുത്തൊഴുക്കാണ്.

അധികാരക്കളിയുടെ സൂത്രങ്ങൾ സാമാന്യം വേഗത്തിൽ പഠിക്കുവാൻ ഒരുപക്ഷേ എനിക്കു കഴിഞ്ഞേക്കും. പക്ഷേ ആ പ്രക്രിയയിൽ എന്നിൽത്തന്നെ വിലപ്പെട്ടതെന്നു ഞാൻ കണക്കാക്കുന്ന എന്തോ ചിലതു നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഞാൻ കർശനമായും സത്യസന്ധനാണെന്നൊന്നും വാദിക്കുകയല്ല. ആരിൽനിന്നും എവിടെനിന്നും യാതൊരു മനസ്സാക്ഷിക്കുത്തും കൂടാതെ വലുതും ചെറുതുമായ തുകകൾ കൈക്കൂലിയായി കൈക്കലാക്കുന്ന ഇന്ത്യയിലെ അനേകം ഗവൺമെന്റ് ഉദ്യോഗസ്ഥരെപ്പോലെയാകുവാൻ എനിക്കൊട്ടുമേ ആഗ്രഹമില്ല.

ഞാൻ വീട്ടിൽ പോയി പ്രാർത്ഥിച്ചു. പിന്നീടു ചിന്തയിലാണ്ടു. ഈ ജീവിതശൈലി എനിക്കുള്ളതല്ലെന്നു ഞാൻ തീരുമാനിച്ചു. ഞാൻ ശ്രദ്ധാപൂർവ്വം ഒരു രാജിക്കത്തു തയ്യാറാക്കി ചക്രവർത്തിക്കു സമർപ്പിച്ചു. എല്ലാ കാരണങ്ങളും ഞാൻ കാണിച്ചിരുന്നില്ല. ഇന്ത്യയിലേക്കു മടങ്ങിപ്പോയി സാധാരണക്കാരായ എന്റെ സ്വന്തം ജനങ്ങളെ സേവിക്കാൻ ആരംഭിക്കണമെന്ന് ആഗ്രഹിക്കുന്നതായി മാത്രമേ അതിൽ കുറിച്ചിരുന്നുള്ളു.

ഏതാനും ദിവസം കഴിഞ്ഞു ചക്രവർത്തി എന്നെ ഓഫീസിലേക്കു വിളിപ്പിച്ചു. അദ്ദേഹത്തിന് എന്നെ ആവശ്യമുണ്ടെന്നും കൂടെ ജോലി ചെയ്യാൻ സത്യസന്ധരായവരെ കിട്ടുക പ്രയാസമാണെന്നും അദ്ദേഹം പറഞ്ഞു. ഞാൻ പല പുതിയ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നതായി ചക്രവർത്തി ചൂണ്ടിക്കാട്ടി. ഒന്ന് ഒരു ധർമ്മസ്ഥാപനമാണ്. അർഹിക്കുന്ന ദരിദ്രജനങ്ങളുടെ സഹായാർത്ഥം സ്വന്തം പണമുപയോഗിച്ച് അദ്ദേഹം രൂപവല്ക്കരിച്ച ഒരു ചാരിറ്റബിൾ ഫൗണ്ടേഷൻ. മറ്റൊന്ന് വിദ്യാഭ്യാസ മന്ത്രാലയത്തെ ഉപദേശിക്കാനുള്ളതാണ്. കഴിഞ്ഞ യുദ്ധത്തിൽ ഹാനി സംഭവിച്ചവരെ സഹായിക്കാൻ യു. എൻ. റിലീഫ് ആൻഡ് റിഹാബിലിറ്റേഷൻ എയിഡ് എന്ന സംഘടന നല്കുന്ന സഹായം കൈകാര്യം ചെയ്യുന്നതിനുള്ള എത്യോപ്യൻ ഗവൺമെന്റ് ദുരിതാശ്വാസ നിധിയുടെ എക്സിക്യൂട്ടീവ് സെക്രട്ടറി സ്ഥാനമാണ് മറ്റൊന്ന്. വാസ്തവം പറഞ്ഞാൽ ഇത് നിരസിക്കുവാൻ എനിക്കു മനസ്സുവന്നില്ല. ഈ പുതിയ നിയമനങ്ങളിൽ ജനങ്ങളെ യഥാർത്ഥമായി സേവിക്കാൻ അവസരം ലഭിച്ചേക്കാമെന്നു ഞാൻ പ്രത്യാശിച്ചു. വിദ്യാഭ്യാസ മന്ത്രികാര്യാലയത്തിന്റെ ഉപദേഷ്ടാവായും ഹെയിലി സെലാസി ചാരിറ്റബിൾ ഫൗണ്ടേഷന്റെ ഉപദേഷ്ടാവായും യു. എൻ. ആർ. ആർ.എ. കമ്മിറ്റിയുടെ എക്സിക്യൂട്ടീവ് സെക്രട്ടറിയായും നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ഏതാനും ദിവസങ്ങൾക്കകം എനിക്കു കിട്ടി.

കാലം കഴിഞ്ഞതോടെ ഒരു കാര്യം വ്യക്തമായി. ഈ ഉദ്യോഗങ്ങളെല്ലാം അധികപങ്കും ആലങ്കാരിക പ്രാധാന്യം മാത്രമുള്ളതാണെന്ന്. ഞാൻ പല കമ്മിറ്റിയോഗങ്ങളിലും സംബന്ധിച്ചു. പല പദ്ധതികളും നിർദ്ദേശങ്ങളും

പഠിച്ചു. അവ സംബന്ധിച്ച് ഉപദേശം നൽകുകയും ചെയ്തു. പക്ഷേ എന്റെ ഉപദേശങ്ങളിൽ വളരെ ചെറിയ അംശം മാത്രമേ പ്രായോഗികമായി കണ്ടുള്ളു. വിദ്യാഭ്യാസ മന്ത്രാലയത്തിലോ ചാരിറ്റബിൾ ഫൗണ്ടേഷനിലോ എനിക്ക് എക്സിക്ക്യൂട്ടീവ് അധികാരമൊന്നും നൽകിയിരുന്നില്ല. ചുമതലയിലുള്ള എത്യോപ്യക്കാർ-മി. കെബീദ് മൈക്കലും മി. ഷഫാരി ഷാരേയും - ഞാൻ ഇടപെടുന്നതിൽ നീരസം പ്രദർശിപ്പിച്ചു. അവരുടെ പെരുമാറ്റം മര്യാദയോടു കൂടിയതായിരുന്നെങ്കിലും, യഥാർത്ഥ അധികാരം പ്രയോഗിക്കുന്നതിൽനിന്ന് അവർ എന്നെ അകറ്റി നിർത്തി. യു. എൻ. ആർ. ആർ. എ. ജോലി പതിവു കൃത്യനിർവ്വഹണം മാത്രം. യു. എൻ. ഫണ്ടിന്റെ ലഭ്യത കുറഞ്ഞതോടെ ആ പ്രവർത്തനം അവസാനിപ്പിക്കാൻ നടപടി ആരംഭിച്ചുകഴിഞ്ഞിരുന്നു. സർവ്വത്ര നിക്ഷിപ്ത താല്പര്യങ്ങൾ പ്രബലങ്ങളായിരുന്നു. എന്റെ സ്വന്തം അധികാരത്തിനു വേണ്ടി സമരം നടത്തുകയോ എന്റെ സ്ഥാനം ഉറപ്പിക്കാൻ മറ്റുള്ളവരെ അധികാരത്തിൽ നിന്നു മറിച്ചിടുകയോ എന്റെ സ്വഭാവമല്ല. ചക്രവർത്തി എന്റെ പക്ഷത്തായിരുന്നതിനാൽ ഏതാണ്ടൊരു വിജയപ്രതീക്ഷയോടുകൂടിത്തന്നെ എനിക്കു പോരാടിനോക്കാമായിരുന്നു. പക്ഷേ, അധികാരക്കളിയിൽ നിന്നു പുറത്തു കടക്കുക എന്ന ലക്ഷ്യത്തിൽ മനസ്സ് ഊന്നിയിരുന്നതിനാൽ വൻകിട അധികാരപോരാട്ടമെല്ലാം ഞാൻ ഒഴിവാക്കുകയായിരുന്നു.

എത്യോപ്യയിൽ എനിക്കു നല്ല ജനസമ്മതിയുണ്ടായിരുന്നു. എല്ലാ പ്രധാന വ്യക്തികളെയും എനിക്കറിയാം. ചക്രവർത്തിയോടെനിക്കു ആത്മാർത്ഥമായ സ്നേഹവും ആദരവുമുണ്ട്. എന്നിരിക്കിലും ഞാൻ അങ്ങേയറ്റം ഏകാകിയായിരുന്നു. അസന്തുഷ്ടനും ആദ്ധ്യാത്മികമായി അസ്വസ്ഥനും. എന്റെ വികാരങ്ങളെ പങ്കുവയ്ക്കാവുന്ന ഒരു സുഹൃത്തിനെയും കണ്ടില്ല. എന്നെ ശരിയായി മനസ്സിലാക്കുമെന്ന് എനിക്ക് ഉറപ്പുള്ള ആരുമില്ല. ഒരു അയ്മേനി എന്ന നിലയിൽ എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ തലവൻ ആബുനാ ബസേലിയോസിനെ എനിക്ക് അടുത്തറിയാം. പഴയ ചിന്താഗതിക്കാരനായ ഒരു ഭക്തസന്യാസി. അദ്ദേഹത്തിന് എന്നോട് വലിയ വാത്സല്യമായിരുന്നു. ആദ്യം എത്യോപ്യ വിട്ടുപോന്ന സന്ദർഭത്തിൽ എന്നെ ശകാരിച്ച ശക്തനായ സഭാദ്ധ്യക്ഷൻ ആബുനാ തെയോഫിലോസും എന്നോടു വലിയ സൗഹൃദം പുലർത്തി. അദ്ദേഹം ഇംഗ്ലീഷ് സംസാരിച്ചിരുന്നില്ലെങ്കിലും എത്യോപ്യയുടെ പാരമ്പര്യവിജ്ഞാനത്തിൽ ഒരു പണ്ഡിതനായിരുന്നു. ഞാൻ വളരെക്കാര്യങ്ങൾ അദ്ദേഹത്തിൽ നിന്നു പഠിച്ചു.

ഇന്ത്യാക്കാർക്കിടയിൽ എനിക്കു സുഹൃത്തുക്കൾ കുറവായിരുന്നു. ബ്രിഡ്ജ് എന്ന ചീട്ടുകളിക്കാൻ വല്ലപ്പോഴുമൊരിക്കൽ ഞാൻ മി. ജോൺ ബർണബാസിന്റെ വീട്ടിൽപോകും. ഒരു വർഷത്തേക്ക് എത്യോപ്യയിൽ നിയമിതനായ കമ്മ്യൂണിറ്റി വികസനോപദേഷ്ടാവ് മി. ബാലചന്ദ്രൻനായരെ ഞാൻ സന്ദർശിച്ചിരുന്നു. നിയമകാര്യ മന്ത്രാലയത്തിൽ നിയമോപദേഷ്ടാവ് ആയിരുന്ന ഒരു മി. വറുഗീസ് ഉണ്ട്. അദ്ദേഹത്തിന്റെ ഭാര്യ എന്റെ ഒരകന്ന ചാർച്ചക്കാരി (കസിൻ) ആണ്. ഇന്ത്യൻ അദ്ധ്യാപകരുടെ

കുടുംബങ്ങളെ ദുർലഭമായേ ഞാൻ സന്ദർശിച്ചിരുന്നുള്ളു. ഈ കുടുംബങ്ങളിലെല്ലാം കൊച്ചുകുട്ടികൾ ഉണ്ടായിരുന്നു എന്നതാണു പ്രധാന കാര്യം. എനിക്കാകട്ടെ കുട്ടികളെ വളരെയേറെ പ്രിയമായിരുന്നു. കുട്ടികൾ എന്റെ ജീവിതത്തിലെ പച്ചത്തുരുത്തായിരുന്നു. തല്ക്കാലത്തേക്കെങ്കിലും എന്റെ ക്ലേശങ്ങൾ വിസ്മരിക്കാൻ അവരുടെ സാന്നിദ്ധ്യം ഉപകരിച്ചു.

എന്നിരിക്കിലും ഞാൻ അസന്തുഷ്ടനായിരുന്നു. ആരുമായും ഞാൻ എന്റെ അസന്തുഷ്ടി പങ്കിട്ടില്ല. ഞാൻ അതിനെപ്പറ്റി പ്രാർത്ഥിച്ചു. ദൈവവുമായി ഞാൻ നടത്തിയ സംവാദം അർത്ഥഭരിതമായി അനുഭവപ്പെട്ട ഒരു സന്ദർഭം ഞാനോർക്കുന്നു. അക്ഷമയും ക്ഷിപ്രകോപവും കലർന്ന സ്വരത്തിൽ ഞാൻ ദൈവത്തോടു പരാതിപ്പെട്ടുകൊണ്ടിരുന്നു:

"എന്റെ ദൈവമേ, നീ എന്താണ് എന്നോട് ഈ ചെയ്തത്? ഇന്ത്യയിൽ ആദ്ധ്യാത്മികമായി ഞാൻ ജ്വലിച്ചുനില്ക്കുന്ന സന്ദർഭം. ഞാൻ സന്തുഷ്ടനും പ്രയോജനകാരിയുമായിരുന്നു. എന്റെ പ്രവർത്തനത്തിലൂടെ അനേകംപേർ നിന്നെ കൂടുതൽ നന്നായി അറിയുന്നതിന് ഇടവന്നുവെന്ന് നീ സമ്മതിക്കുമല്ലോ. ഇന്ത്യവിട്ടു പോരുന്നതിന് എനിക്കു തീരെ മനസ്സുണ്ടായിരുന്നില്ല. ഇങ്ങനെ പ്രയോജനപ്രദമായ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന എന്നെ എന്തിനാണ് ഇവിടേയ്ക്കു വലിച്ചിഴച്ചത്? ഇവിടം ആദ്ധ്യാത്മികമായി വിരസമായ മണലാരണ്യമാണ്. ഇവിടെ ഞാൻ സമയം നാനാവിധമാക്കുകയാണ്. എന്തിനെന്നെ ഈ ദുരവസ്ഥയിലേക്കു വലിച്ചിഴച്ചു?"

ഇതുപോലെ ഒരു മടയൻ ചോദ്യം ചോദിക്കുന്ന സമയത്തു ദൈവം മിക്കവാറും ദീർഘനേരം മൗനം പാലിച്ചിരിക്കും. പലപ്പോഴും എന്റെ ചോദ്യത്തിന് ഞാൻ തന്നെ ഉത്തരം കണ്ടുപിടിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. നിശ്ശബ്ദധ്യാനത്തിലൂടെ ഞാൻ പോരാട്ടം നടത്തി ഒരുത്തരം കണ്ടെത്തണമെന്നാണ് ദൈവഹിതം. ഉത്തരം തൃപ്തികരമല്ലെങ്കിൽ ദൈവം വീണ്ടും മൗനം പാലിക്കും. ഞാൻ പോരാട്ടം തുടരണം എന്നർത്ഥം. കുറെക്കൂടി മെച്ചപ്പെട്ട ഒരുത്തരം ഞാൻ കണ്ടെത്തുന്നതുവരെ ഞാൻ ഈ അന്വേഷണം തുടരേണ്ടിവരും. ഇപ്രാവശ്യം ശരിയുത്തരം ആദ്യംതന്നെ ഉണ്ടായി. ഇത്തവണ ദൈവം തന്നെയാണതു നല്കിയത്. സൗമ്യവും കുറച്ചൊരു പരിഹാസം ഉൾക്കൊള്ളുന്നതും അതേസമയം സൗഹൃദപൂർണവുമായിരുന്നു സ്വരം:

"എന്റെ മകനേ, ഇന്ത്യയിൽ നിന്റെ സഹായമില്ലെങ്കിൽ ഞാൻ പൂർണമായും നിസ്സഹായനാകുമായിരുന്നില്ലെന്നു നിന്നെ ഗ്രഹിപ്പിക്കാൻ ഞാൻ ശ്രമിക്കുകയായിരുന്നുവെന്ന് നിനക്കു ചിന്തിച്ചുകൂടേ?"

വെള്ളിടിപോലെ ആ സത്യം എന്റെമേൽ വന്നിടിച്ചു. എനിക്കു കാര്യം മനസ്സിലായി. ഇന്ത്യയിൽ എന്നെപ്പറ്റിയും എന്റെ ആദ്ധ്യാത്മിക നേട്ടങ്ങളെപ്പറ്റിയും ദൈവത്തിന് എന്റെ അനുപേക്ഷണീയതയെപ്പറ്റിയും അമിത പ്രാധാന്യത്തോടെ ചിന്തിച്ചുവെന്ന അപകടത്തിനു ഞാൻ വിധേയനായിരുന്നു. അതെന്നെ ആപല്ക്കരമായ ആദ്ധ്യാത്മിക അഹങ്കാരത്തിലേക്കു വഴിനടത്തുമായിരുന്നു. എല്ലാത്തരം അഹങ്കാരവും ഗർവ്വും സ്വാഭാവിക

മായി എനിക്കു പിടിപെടാറുണ്ട്. എന്നാൽ ആദ്ധ്യാത്മികമായ അഹങ്കാരമാണ് ഏറ്റവും വിപല്ക്കരം; ആദ്ധ്യാത്മികമായി ഏറ്റവും വിനാശകരവും. ഹിന്ദുക്കളിലും ക്രിസ്ത്യാനികളിലും അനേകം വിശുദ്ധന്മാർ ആദ്ധ്യാത്മികമായ അഹന്തയുടെ ഇരകളായി വീഴുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവരുടെ ആദ്ധ്യാത്മിക നേട്ടങ്ങൾ, പ്രാഥമികമായി മറ്റുള്ളവരുടെ പ്രശംസയ്ക്കും ആദരവിനും വേണ്ടിയുള്ള ആസക്തിയിൽ നിന്ന് അവർക്കു വിരക്തിയോ വിമോചനമോ നല്കിയിട്ടില്ലെന്നതാണ് അവരുടെ വീഴ്ചയ്ക്കു കാരണം. ഇന്ത്യയിൽ ഒരു വലിയ ആദ്ധ്യാത്മിക വിപത്തിൽ നിന്ന് എന്നെ രക്ഷിച്ചതിന് ഞാൻ ദൈവത്തിനു സർവ്വാത്മനാ നന്ദി പറഞ്ഞു. എനിക്ക് നന്മയായുള്ളത് എന്താണെന്നുള്ള ദൈവത്തിന്റെ വിധിയെ ചോദ്യം ചെയ്യുകയില്ലെന്ന് ഞാൻ സമ്മതിച്ചു. എത്യോപ്യയിലേയ്ക്കാണു ദൈവം എന്നെ കൊണ്ടുവന്നിരിക്കുന്നത്. ഇവിടം വിടുന്നതിനുള്ള നിയോഗം ലഭിക്കുന്നതു വരെ ഞാൻ ഇവിടെ തുടർന്നു താമസിച്ചേ മതിയാവൂ.



പോൾ വർഗീസ് ആലുവാ
ഫെലോഷിപ്പ് ഹൗസിൽ



പോൾ വർഗീസ് ആലുവാ
ഫെലോഷിപ്പ് ഹൗസിൽ



ഡീക്കൻ പോൾ വർഗീസ്

# 5

# എത്യോപ്യാ - II

## ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം

എത്യോപ്യ വിട്ടുപോകാൻ എനിക്കു സാധ്യമല്ലാതെവരുകയും ഗവൺമെന്റു ജോലി എനിക്കു രസകരമല്ലാതെ പരിണമിക്കുകയും ചെയ്ത സാഹചര്യത്തിൽ, മതാത്മകമായ പ്രവർത്തനത്തിന്റെ പരിധി വികസിപ്പിക്കുകയായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം കരണീയം. ആഡിസ് അബാബയിലെ പല കോളജുകളിലും ഞാൻ പഠിപ്പിച്ചുകൊണ്ടിരുന്നു. ചക്രവർത്തിയുടെ അനുവാദത്തോടും എന്റെ വിദ്യാർത്ഥികളുടെ അംഗീകാരത്തോടും കൂടി ഞങ്ങൾ 'ഹൈമനോട്ട് അബിയു' എന്ന ഓർത്തഡോക്സ് വിദ്യാർത്ഥി സംഘടന രൂപവല്ക്കരിക്കാൻ തുടങ്ങി. അനേകംപേർ എന്നെ ഈ സംരംഭത്തിൽ സഹായിച്ചു. പക്ഷേ ഔദ്യോഗിക സഭയുമായി ഉറ്റസമ്പർക്കം വിദ്യാർത്ഥികൾ അഭിലഷിച്ചില്ല. ഒരിക്കൽ ഏകദേശം നൂറു കോളജുവിദ്യാർത്ഥികളെ ഒരു ധ്യാനയോഗത്തിനു ഞാൻ കൊണ്ടുപോയി. മുൻ പ്രധാനമന്ത്രി ബിറ്റ്‌വോഡഡ് മാക്കോന്നൻ എൻഡൽ കാച്ചേവ് (Bitwoded Makonnen Endalkachew) ന്റെ കൊട്ടാരത്തിലെ സ്വകാര്യ ചാപ്പലിലാണു ഞങ്ങൾ സമ്മേളിച്ചത്. എനിക്കു വളരെയധികം ബഹുമാനമുള്ള ഒരു സീനിയർ ഉദ്യോഗസ്ഥനും അഭിജാതകുലാംഗവുമായിരുന്നു മാക്കോന്നൻ എൻഡൽ കച്ചേവ്. ഏതാനും വർഷംമുമ്പ് കറ്റാബെ സെക്കണ്ടറി സ്കൂളിൽ എന്നെ സഹായിച്ചിരുന്ന റവ. അബ്ബാ ഹബ്ടേ മറിയം ഇവിടെ എന്റെ സഹായത്തിനെത്തി.

അക്കാലത്ത്, കൊച്ചുകുട്ടികളായിരിക്കുമ്പോഴോ അഥവാ വയോവൃദ്ധരായിക്കഴിഞ്ഞോ മാത്രമേ എത്യോപ്യക്കാർ വിശുദ്ധ കുർബാന അനുഭവിച്ചിരുന്നുള്ളു. ഒരുവന്റെ ലൈംഗികശക്തി പ്രവർത്തനക്ഷമമായിരിക്കുന്നിടത്തോളം അയാൾ പാപിയാണെന്നും തന്മൂലം കുർബാന അനുഭവിച്ചുകൂടെന്നുമുള്ള ആശയമാണ് ഇതിന്റെ പിന്നിലുള്ളത്. ഇതു മാറ്റിയെടുക്കാൻ ഞാൻ വളരെയേറെ പാടുപെടേണ്ടിവന്നു. ഇതൊരു ക്രിസ്തീയ പ്രമാണമല്ലെന്നും ക്രിസ്തുവിലായ ഓരോ മനുഷ്യവ്യക്തിക്കും പാപക്ഷമ ലഭ്യമാണെന്നും ശരിയായ ക്രിസ്തീയജീവിതം നയിക്കുന്നവനെ സംബന്ധിച്ചിടത്തോളം കൂടെക്കൂടെ കുർബാന അനുഭവിക്കണമെന്നതാണു ശരിയായ മാനദണ്ഡമെന്നും ഞാൻ വളരെയേറെ പ്രേരണയിലൂടെ എന്റെ വിദ്യാർത്ഥികളെ പഠിപ്പിച്ചു. വൃക്ഷനിബദ്ധമായ കുന്നിൻചരിവിലായിരുന്നു മുൻ പ്രധാനമന്ത്രിയുടെ മനോഹരമായ കൊട്ടാരം. അന്നത്തെ ഏകദിന ധ്യാനയോഗത്തിൽ അനേകം കുട്ടികൾ കുർബാന അനുഭവിച്ചു. ഞങ്ങളുടെ ഇടയിൽ ആഴമേറിയ ഒരു ബന്ധം സംജാതമായി. "ഹൈമനോട്ട് അബിയു" (നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം എന്നർത്ഥം) എന്ന സംഘടനയുടെ ആരംഭം അങ്ങനെയാണ്. അതിനെത്തുടർന്നു ഞങ്ങൾ പല പഠന ക്ലാസ്സുകളും സമ്മേളനങ്ങളും സംഘടിപ്പിച്ചു. ഇതെല്ലാം

എനിക്കു വളരെയേറെ സംതൃപ്തി നല്കി. ദൈവത്തെ സ്തുതിക്കുവാൻ അവസരവും ലഭിച്ചു.

ആഴ്ചതോറും ആഡിസ്അബാബയിലെ യൂണിവേഴ്സിറ്റി കോളജിലും (ആഴ്ചയിൽ രണ്ടു സായാഹ്നങ്ങൾ) മഹൻദിസ് എൻജിനിയറിംഗ് കോളജിലും (ആഴ്ചയിലൊരിക്കൽ) ഞാൻ നടത്തിപ്പോന്ന ക്ലാസ്സുകൾ എനിക്കു വളരെയേറെ ആദ്ധ്യാത്മിക സംതൃപ്തി നല്കി. യുവാക്കളായ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കും അതു വളരെ പ്രയോജനപ്രദമായി തോന്നി. ഇവയിൽ സംബന്ധിക്കാൻ ആർക്കും കടപ്പാടൊന്നുമുണ്ടായിരുന്നില്ല. എന്നിരിക്കിലും 50-നും 100-നും ഇടയ്ക്ക് വിദ്യാർത്ഥികൾ ക്രമമായി സംബന്ധിച്ചിരുന്നു. ഇടയ്ക്കിടയ്ക്കു നടന്ന ധ്യാനയോഗങ്ങളും സമ്മേളനങ്ങളും വിദ്യാർത്ഥികൾ വളരെയേറെ വിലമതിച്ചു. പക്ഷേ പഠിച്ചതെല്ലാം എത്യോപ്യൻ ഓർത്തഡോക്സ് വൈദികരോടും ആരാധനയോടും (ഇതു രണ്ടും പുരാതനവും വിമർശനാതീതവുമായ ഫ്യൂഡൽ ചട്ടക്കൂടിനോട് അലംഘ്യം ബന്ധപ്പെട്ടുകിടന്നു) ബന്ധപ്പെടുത്തി കാണുവാൻ യുവജനങ്ങൾ പ്രയാസപ്പെട്ടു. ഫ്യൂഡൽ ചട്ടക്കൂടിൽ നിന്നു യൂണിവേഴ്സിറ്റിയിലെ യുവ വിദ്യാർത്ഥികൾ അർത്ഥഭരിതമായ നിലയിൽ അകന്നാണു നിന്നത്.

അന്തിമമായി 1959-ൽ ഞാൻ എത്യോപ്യ വിടുന്ന സമയത്ത്, യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഇടയിലുള്ള ഈ പ്രവർത്തനമാണ് ഉപേക്ഷിച്ചുപോകുന്നതിൽ എനിക്കേറ്റവും വേദന നല്കിയത്. ഈ പ്രവർത്തനം എന്റെ ഔദ്യോഗിക ജോലിയുടെ ഭാഗമായിരുന്നില്ല. ഞാൻ സ്വമേധയാ ഏറ്റെടുത്തു നടത്തിയ ഒരു സേവനമായിരുന്നു അത്. ഞാൻ എത്യോപ്യ വിട്ടുകഴിഞ്ഞ് "ഹൈമനോട്ട് അബിയു" സംഘടന പൂർവ്വാധികം ശക്തമായി. ആ പ്രസ്ഥാനം മതാത്മകമായ അടിസ്ഥാനം നഷ്ടപ്പെടുത്തിയില്ലെന്നു മാത്രമല്ല, രാഷ്ട്രീയമായ കൂടുതൽ അവബോധം വളർത്തുകയും ചെയ്തു. അതോടൊപ്പം ഹെയിലി സെലാസിയുടെ ഭരണത്തെയും നയങ്ങളെയും വിമർശനബുദ്ധിയോടെ കാണുകയുണ്ടായി.

കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രം ഇതിനകം യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമായി പ്രചരിച്ചുകഴിഞ്ഞു. ഫ്രഞ്ചു-കനേഡിയൻ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള കമ്മ്യൂണിസ്റ്റു വിരുദ്ധരായ ജെസ്വിറ്റ്കാരെയാണു ചക്രവർത്തി യൂണിവേഴ്സിറ്റി നടത്താൻ തെരഞ്ഞെടുത്തു നിയമിച്ചിരുന്നതെന്നു വരുകിലും പ്രൊഫസർമാരിൽ ചിലർ പൂർവ്വയൂറോപ്പിൽ നിന്നുള്ള അഭയാർത്ഥികളായിരുന്നു. കമ്മ്യൂണിസത്തിനെതിരായി പോരാടുകയായിരുന്നു അവരുടെ തത്വശാസ്ത്രം തന്നെ. കമ്മ്യൂണിസ്റ്റാശയങ്ങൾ പല കേന്ദ്രങ്ങളിൽ നിന്നാണ് എത്തിക്കൊണ്ടിരുന്നത്. അതിൽ ഒന്നു മാത്രമായിരുന്നു സോവിയറ്റ് എംബസി. വിദേശത്തു പഠിക്കാൻ പോയ പല എത്യോപ്യൻ യുവാക്കളും സ്വദേശത്തുമടങ്ങിയെത്തിയത് അടിസ്ഥാനപരമായി ഫ്യൂഡൽ വ്യവസ്ഥിതിയിലാണ്ട എത്യോപ്യയുടെ അഴിമതിജടിലമായ സാമൂഹിക സാമ്പത്തികഘടനയെ അംഗീകരിക്കാൻ വിസമ്മതിക്കുന്ന മാനസിക ഭാവത്തോടെയാണ്.

(അപൂർണം)

# 6

# അമേരിക്കയും പാശ്ചാത്യ രാജ്യങ്ങളും

(എഴുതിയിട്ടില്ല)

# 7

# എക്യുമെനിക്കൽ പ്രസ്ഥാനം
## റോമും, കോൺസ്റ്റാന്റിനോപ്പിളും
## ശേഷം നമ്മളും

(എഴുതിയിട്ടില്ല)

# 8

# സോവിയറ്റ് യൂണിയൻ കമ്മ്യൂണിസം, സോഷ്യലിസം, ലിബറലിസം, മറ്റ് ഇസങ്ങൾ

1993 ഏപ്രിൽ. കഷ്ടാനുഭവയാഴ്ച ശുശ്രൂഷകൾക്കായി ഞാൻ യുണൈറ്റഡ് ആരബ് എമിറേറ്റ്സിലെ ഷാർജയിലെത്തി. ഓശാനയ്ക്കു തൊട്ടു മുമ്പുള്ള വെള്ളിയാഴ്ച അബുദാബിയിലെ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ഞാൻ കുർബാന അർപ്പിച്ചു. ഓശാന ഞായറാഴ്ച ദുബായിലെ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിലും. രണ്ടു സ്ഥലത്തും ഏതാനും വർഷം മുമ്പ് മനോഹരമായ പള്ളി പണിയുന്നതിനു മേൽനോട്ടം വഹിക്കാൻ പ്രത്യേക പദവി എനിക്കു ലഭിച്ചിരുന്നു. ഇത് അസാധാരണമാണ്. കാരണം, ഇസ്ലാം പള്ളിയൊഴികെ മറ്റൊരു ആരാധനാലയവും പണിയാൻ എമിറുകളോ ഷെയിക്കുകളോ സാധാരണ അനുവദിക്കാറില്ല. ഇസ്ലാമിക രാജ്യങ്ങളിൽ, സോഷ്യലിസ്റ്റു രാജ്യങ്ങളിൽ നിന്നു വ്യത്യസ്തമായി, ഇസ്ലാം ഒഴികെ മറ്റു മതങ്ങൾക്ക് ആരാധനാസ്വാതന്ത്ര്യമില്ല; തുല്യമതാവകാശങ്ങളുമില്ല. ഈ പരിതസ്ഥിതിയിൽ അബുദാബിയിലും ദുബായിയിലും പ്രത്യേകമായ ഈ സൗജന്യം അനുവദിച്ചതിന് എമിറുകളോടും ഷെയിക്കുകളോടും ഞങ്ങൾ കൃതജ്ഞരാണ്.

ഷാർജയിലും ഗണ്യമായ ഓർത്തഡോക്സ് ജനവിഭാഗമുണ്ട്. അവർക്കു സ്വന്തമായ ആരാധനാകേന്ദ്രമില്ല. വേറെ ഒമ്പതു സഭാവിഭാഗങ്ങളുമായി അവർ ഒരു പ്രാർത്ഥനാഹാൾ പങ്കുവയ്ക്കുന്നു. പൗരസ്ത്യ ഓർത്തഡോക്സ് ആരാധനയ്ക്ക് ആവശ്യമായ അന്തരീക്ഷം അവിടെ ലഭിക്കുക പ്രയാസമാണ്. ഒരു ആരാധനാസ്ഥലം എങ്ങനെയിരിക്കണമെന്നതും സംരക്ഷിക്കണമെന്നതും സംബന്ധിച്ച് മറ്റു ക്രിസ്ത്യാനികൾക്ക് ഭിന്ന ധാരണകളുണ്ടായിരിക്കും. സ്വന്തമായി ഒരു പള്ളി വയ്ക്കാൻ ഞങ്ങളുടെ ആളുകൾക്ക് ആഗ്രഹമുണ്ട്. പക്ഷേ ഷെയിക്കിൽ നിന്നോ ഇസ്ലാമിക് കാര്യ ബോർഡിൽ നിന്നോ വഖഫിൽ നിന്നോ അനുവാദം കിട്ടുക പരമദുഷ്ക്കരം തന്നെ.

എമിറേറ്റ്സ് പ്രസിഡണ്ടിന്റെ മതകാര്യോപദേഷ്ടാവായ ഷെയ്ക്ക് ഡോ. ഇബ്രാഹിം എസഡിൻ എന്റെ പഴയ സുഹൃത്താണ്. വർഷങ്ങൾക്കു മുമ്പ് മോസ്ക്കോയിൽ ചേർന്ന ഇന്റർ റിലീജിയസ് സമ്മേളനത്തിൽ വച്ച് ഞങ്ങൾ പരിചയപ്പെട്ടിരുന്നു. പണ്ഡിതനും ബുദ്ധിമാനും ഭക്തനുമായ എസഡിനോടു എനിക്കു സ്നേഹവും ബഹുമാനവുമുണ്ട്. "അമൂല്യമായ ജീവൻ അണുശക്തിയുടെ സമ്പൂർണ വിനാശത്തിൽ നിന്നു രക്ഷിക്കാൻ മതപ്രവർത്തകർ" എന്നതായിരുന്നു മോസ്ക്കോ സമ്മേളനത്തിന്റെ വിഷയം. ഒരു ഡസനിലേറെ രാജ്യങ്ങളിൽ നിന്ന് 200-ൽപരം അംഗങ്ങളടങ്ങിയ ഒരു

വലിയ ഇസ്ലാമിക പ്രതിനിധി സംഘത്തെ നയിച്ചുകൊണ്ടാണ് ഡോ. എസഡിൻ അവിടെ എത്തിയത്. ലോകത്തിലെ എല്ലാ മതങ്ങളിൽ നിന്നു മായി ആയിരത്തിൽപരം ആളുകൾ സമ്മേളനത്തിൽ സംബന്ധിച്ചു. ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാനായിരുന്നു ഞാൻ. എല്ലാ മതങ്ങൾക്കും ഇട തുപക്ഷ ചിന്താഗതിക്കാർക്കും സ്വീകാര്യമായ അരഡസൻ രേഖകൾ തയ്യാറാക്കേണ്ട  ചുമതല എന്നിൽ നിക്ഷിപ്തമായിരുന്നു. ഷെയിക്ക് ഇബ്രാഹിം എസഡിൻ മുസ്ലീം പ്രതിനിധി സംഘത്തിന്റെ മുഴുവൻ നേതാവും വക്താവുമാണ്. നന്നായി ഇംഗ്ലീഷ് സംസാരിക്കും. വ്യത്യസ്താഭിപ്രായങ്ങൾ പുലർത്തുന്ന മുസ്ലീങ്ങൾക്ക് വ്യാപകമായി  സമ്മതനാണദ്ദേഹം.

ഡ്രാഫ്റ്റിംഗ് കമ്മിറ്റിയദ്ധ്യക്ഷസ്ഥാനം മൂന്നു കാരണങ്ങളാൽ പ്രയാസമേറിയതായി. ഒന്നാമത് കമ്മിറ്റിയിൽ ആശയവിനിമയത്തിനുണ്ടായ വൈഷമ്യം. ഉദാഹരണത്തിന് അഫ്ഗാനിസ്ഥാനിൽ നിന്നുള്ള ഒരു മുസ്ലീം ഷെയിക്ക് അദ്ദേഹത്തിന് പ്രത്യേകമായ രീതിയിലുള്ള അറബിഭാഷ ഉപയോഗിച്ച് ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ ഒരു കാര്യം ഉന്നയിക്കുന്നു. ഒരു പരിഭാഷകൻ ആ കാര്യം അറബിയിൽ നിന്നു റഷ്യൻ ഭാഷയിലേക്കു തർജമ ചെയ്യും. റഷ്യനിൽ നിന്നു മറ്റൊരു പരിഭാഷകൻ അത് ഇംഗ്ലീഷിലാക്കും. അങ്ങനെ രണ്ടു പരിഭാഷകരിലൂടെ കടന്നുവരുന്ന കാര്യം അഫ്ഗാൻ ഷെയിക്ക് പറഞ്ഞതു തന്നെയാണെന്നോ, അതു താനും കമ്മിറ്റിയും ശരിയായിത്തന്നെ മനസ്സിലാക്കിയെന്നോ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാന് ഒരിക്കലും ഉറപ്പുണ്ടാവുകയില്ല. കമ്മിറ്റിയുടെ മറുപടി അഫ്ഗാൻ ഷെയിക്കിനു ശരിയായ രീതിയിൽ പിടികിട്ടിയെന്നും പറയാൻ സാധ്യമല്ല.

രണ്ടാമത്, സമ്മേളനവിഷയം അണുവായുധവിപത്ത് ഒഴിവാക്കുന്നതിനെ സംബന്ധിച്ചാകയാൽ, സോവിയറ്റ് പ്രതിനിധികളും പാശ്ചാത്യപ്രതിനിധികളും തമ്മിൽ മാത്രമല്ല, അണുവായുധ രാഷ്ട്രങ്ങളിലും അണുവായുധരഹിത രാഷ്ട്രങ്ങളിലും തന്നെ അഭിപ്രായഭിന്നതയുണ്ടായിരുന്നു. എല്ലാവർക്കും സ്വീകാര്യമായ ഒരു പൊതുഫോർമുല കണ്ടെത്തുക പ്രയാസമായി.

മൂന്നാമത്, ചെയർമാൻ എന്ത് പറയണമെന്ന് മന്ത്രിച്ചുകൊണ്ട് ആരെങ്കിലും ചെയർമാന്റെ പിറകിലുണ്ടാവും. അതായത് ഔദ്യോഗിക സോവിയറ്റ് നയം നമ്മൾ തയ്യാറാക്കുന്ന പ്രമാണത്തിൽ ആവർത്തിക്കണമെന്ന് ആഗ്രഹമുള്ള ചില ആൾക്കാർ. മിക്കപ്പോഴും അത് പുരോഗമനാത്മകമായിരിക്കും (ഉദാഹരണത്തിന്, ഭൂമുഖത്തുനിന്ന് എല്ലാ അണുവായുധങ്ങളും നിർമാർജനം ചെയ്യണം). പക്ഷേ ചില സന്ദർഭങ്ങളിൽ അത് ചില രാഷ്ട്രങ്ങൾക്ക് അസ്വീകാര്യമായെന്നു വരാം.

യു. എൻ. പ്രമേയങ്ങളുടെ മറപിടിച്ച് മധ്യപൂർവ്വദേശ സമാധാനത്തെപ്പറ്റി ഞങ്ങൾ ഒരു നക്കൽ തയ്യാറാക്കി. ഇത് അറബികളിൽ തീവ്രവാദികൾക്ക് സ്വീകാര്യമായില്ല. അവർ റഷ്യൻ ഓർത്തഡോക്സ് സഭയിലെ ജുവനാലി മെത്രാപ്പോലീത്തായെ കണ്ടു പരാതിപ്പെട്ടു. ജുവനാലി തന്ത്രപൂർവ്വം ഭിന്നാഭിപ്രായക്കാരായ മുസ്ലീം നേതാക്കളെ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാന്റെ അടുക്കലേക്കയച്ചു. അവർ അരിശപ്പെട്ട് എന്നെ സമീപിച്ചു.

തങ്ങൾ തയ്യാറാക്കിയ ഒരു നക്കൽ സമ്മേളനം അംഗീകരിക്കാത്തപക്ഷം മുസ്ലീം പ്രതിനിധിസംഘം ഒന്നടങ്കം ഇറങ്ങിപ്പോകുമെന്നു പറഞ്ഞു. അന്തിമശാസനവുമായി എന്നെക്കാണാൻ വന്നവരിൽ ഒരാളാണ് ഷെയിക്ക് ഇബ്രാഹിം. എന്റെ സ്ഥിതി വിഷമസമ്പൂർണ്ണമായി. അവരുടെ നക്കൽ ഞാൻ സ്വീകരിച്ചാൽ പാശ്ചാത്യ പ്രതിനിധികളിൽ പലരും പ്രതിഷേധിക്കും. നക്കൽ തയ്യാറാക്കുന്നതിൽ വസ്തുനിഷ്ഠമായ മനോഭാവമാണ് എനിക്കുണ്ടായിരുന്നത്. പ്രസക്തമായ യു. എൻ. പ്രമേയങ്ങൾ നടപ്പിലാക്കണമെന്നാണു നക്കലിൽ ആവശ്യപ്പെട്ടത്. ഞാൻ പ്രാർത്ഥനാപൂർവ്വം ശാന്തനായി മുസ്ലീം നേതാക്കളോടു പറഞ്ഞു:

“ബഹുമാന്യരേ, ഭീഷണിയുടെ കീഴിൽ കൂടിയാലോചിക്കാൻ ഞാൻ ശീലിച്ചിട്ടില്ല. നമ്മുടെ നക്കലിനെ എതിർക്കുന്നതിന് നിങ്ങളുടെ ന്യായങ്ങൾ നല്കാമെന്നുണ്ടെങ്കിൽ ചില ഭേദഗതികൾ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കാൻ ഞാൻ തയ്യാറാണ്. എന്നാൽ ഇറങ്ങിപ്പോകുമെന്നു പറഞ്ഞു ഭീഷണി മുഴക്കുന്നപക്ഷം എനിക്കൊന്നും പറയാനില്ല.”

അതു കേട്ടതോടെ മുസ്ലീം നേതാക്കൾ ശാന്തരായി. വാക്കൗട്ടു നടത്തുമെന്നു ഭീഷണി മുഴക്കിയതിന് ഡോ. ഇബ്രാഹിം ക്ഷമ ചോദിച്ചു. അനന്തരം ഞങ്ങൾ ഒന്നിച്ചിരുന്നു കാര്യചർച്ചയിൽ മുഴുകി. ഞങ്ങൾ തയ്യാറാക്കിയ നക്കലിൽ ഒന്നുരണ്ടു പദങ്ങൾ മാറ്റുവാൻ ഞാൻ സമ്മതിക്കേണ്ടിവന്നു. ഗണ്യമായ ഒരു മാറ്റവും വരുത്തിയില്ല. അങ്ങനെ ഭേദഗതി ചെയ്ത നക്കൽ സമ്മേളനം അംഗീകരിച്ചു. അന്ന് ഡോ. ഇബ്രാഹിം എന്റെ സുഹൃത്തായിത്തീർന്നു.

പില്ക്കാലത്ത്, ഡൽഹി ഭദ്രാസനത്തിന്റെ ഭാഗമായിരുന്ന അബുദാബി സന്ദർശിക്കുമ്പോൾ ഞാൻ പലതവണ ഡോ. ഇബ്രാഹിം എസഡിനെ കാണുകയുണ്ടായി. അദ്ദേഹം അപ്പോഴൊക്കെ യു. എ. ഇ. ഭരണാധിപന്റെ പ്രസിഡൻഷ്യൽ അഡ്വൈസർ ആയിരുന്നു. യു. എ. ഇ. യിൽ പുതുതായി തുറന്ന അൽ അയിൻ യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസലറുമായി അദ്ദേഹം. വളരെ ആദരവോടും സ്നേഹത്തോടും കൂടെയാണ് അദ്ദേഹം എന്നെ സ്വീകരിച്ചുപോന്നത്. ഇന്ത്യൻ പ്രധാനമന്ത്രിയാകാൻ യോഗ്യനായ മനുഷ്യനായാണ് അദ്ദേഹം എന്നെ തന്റെ സുഹൃത്തുക്കൾക്കു പരിചയപ്പെടുത്തിയത്. 1993-ൽ ഞാൻ ഫോൺ ചെയ്തപ്പോൾ എന്നെ കാണാമെന്ന് അദ്ദേഹം ഉടൻതന്നെ സമ്മതിച്ചു. ടൗണിൽ അദ്ദേഹത്തിന്റെ സ്വകാര്യവസതിയിൽ വച്ചു സന്ദർശനം നടത്താനും അദ്ദേഹം തരപ്പെടുത്തി. പ്രസിഡൻഷ്യൽ പാലസിൽ വച്ച് അദ്ദേഹത്തെ കാണുന്നതിലുള്ള സെക്യൂരിറ്റി, പ്രൊട്ടോക്കോൾ പ്രശ്നങ്ങൾ അങ്ങനെ ഒഴിവാക്കികിട്ടി.

ഷാർജയിലും അൽ അയിനിലും ഓരോ പള്ളി പണിയാൻ അനുവാദത്തിനും സ്ഥലത്തിനും അപേക്ഷിക്കുന്നത് സംബന്ധിച്ച് ഉപദേശം തേടിയപ്പോൾ അദ്ദേഹം പറഞ്ഞു.

“ഇതുപോലെ ഒരു അപേക്ഷയുമായി ബ്രിട്ടീഷ് ഹൈക്കമ്മിഷണർ കഴിഞ്ഞയാഴ്ച എന്നെ കാണാൻ വന്ന കാര്യം തിരുമേനിക്ക് അറിയാമോ?

ആംഗ്ലിക്കൻ സഭയ്ക്ക് അൽ അയിനിൽ ഒരു പള്ളി പണിയണം. ഞാൻ അദ്ദേഹത്തിനു നല്കിയ മറുപടി എന്താണെന്നു പറയാം. ഞങ്ങളുടെ അറബി രാജ്യങ്ങളിൽ രണ്ടു ചിന്താഗതിയുണ്ട്. യാഥാസ്ഥിതികരായ ഒരു കൂട്ടർ ചിന്തിക്കുന്നത്, അറേബ്യൻ ഉപഭൂഖണ്ഡം മുഴുവൻ വിശുദ്ധ ഭൂമിയാണെന്നും അമുസ്ലീം ആരാധനാ സ്ഥലങ്ങൾ പണിത് ആ ഭൂമിയെ മലിനീകരിക്കരുതെന്നുമാണ്. സൗദിഅറേബ്യ പോലെ ഒരു രാജ്യത്ത് കൂട്ടം ചേർന്ന് ആരാധന നടത്താൻ അമുസ്ലീം ഗ്രൂപ്പുകളെ അവർ അനുവദിക്കില്ല. ഇനി മറ്റൊരു കൂട്ടരുണ്ട്. ഇസ്ലാമിനോടുള്ള കൂറു പുലർത്തുന്നവരെങ്കിലും അവർ അത്രകണ്ടു യാഥാസ്ഥിതികരല്ല. മുസ്ലീം രാജ്യത്ത് ഒരു ക്രിസ്തീയ ആരാധനാ സ്ഥലം പ്രവാചകന്റെ കല്പനക്കെതിരായി അവർ കാണുന്നില്ല - അവൻ അനുഗൃഹീതനാകട്ടെ - പക്ഷേ ഇങ്ങനെയുള്ള സ്ഥലങ്ങൾ മുസ്ലീങ്ങളുടെ വികാരങ്ങളെ മുറിപ്പെടുത്താത്ത വിധത്തിൽ വളരെ ഒതുക്കത്തിൽ പണിയണമെന്നാണ് അവരുടെ പക്ഷം. എമിറേറ്റ്സിലെ ഷെയിക്കുകൾ ഈ രണ്ടാമതു പറഞ്ഞ വിഭാഗത്തിൽപ്പെടുന്നു. അതുകൊണ്ടാണ് ഞങ്ങളുടെ രാജ്യത്ത് നിങ്ങളുടെ സമൂഹത്തിനിപ്പോൾ രണ്ടു പള്ളികൾ ഉള്ളത്. എന്നാൽ ഇന്നത്തെ പ്രവണത ആദ്യംപറഞ്ഞ കൂട്ടരെ അനുകൂലിക്കുന്ന തരത്തിലാണ്. സ്വന്തം പ്രദേശത്ത് ക്രിസ്ത്യൻ പള്ളി പണിയുന്നതു സംബന്ധിച്ച തീരുമാനം അവിടത്തെ ഷെയിക്കാണ് എടുക്കേണ്ടത്. അനുവാദം നൽകുന്നതിനു മുമ്പ് ആ ഷെയിക്ക് മറ്റു ഷെയിക്കുകളോട് ആലോചിക്കാതിരിക്കുകയില്ല. അതാണ് ഞാൻ ബ്രിട്ടീഷ് ഹൈക്കമ്മിഷണറോടു പറഞ്ഞത്. തിരുമേനീ, അങ്ങയോടും എനിക്കത്ര മാത്രമേ പറയാനുള്ളു."

ഞങ്ങൾ അക്കാര്യം കുറച്ചുകൂടി ചർച്ച ചെയ്തു. അനന്തരം അദ്ദേഹം എന്നോടു രണ്ടു വ്യക്തിപരമായ സ്വകാര്യ ചോദ്യങ്ങൾ ചോദിച്ചു (തന്റെ സ്വന്തം ധാരണയ്ക്കു വേണ്ടിത്തന്നെ). ഒന്നാമത്തെ ചോദ്യം മുസ്ലീം - ക്രിസ്ത്യൻ സംവാദത്തെ സംബന്ധിച്ചാണ്. മതബന്ധങ്ങളെപ്പറ്റി ചർച്ച ചെയ്യുമ്പോൾ ഞാൻ ആ ചോദ്യത്തെപ്പറ്റി പരാമർശിക്കാം. രണ്ടാമത്തെ ചോദ്യമാണ് ഈ അദ്ധ്യായത്തിന്റെ വിഷയം.

"ബിഷപ്പ്, വളരെ വ്യക്തിപരമായ ഒരു ചോദ്യം ഉന്നയിക്കുന്നതിൽ അങ്ങു മുഷിയുകയില്ലെന്നു വിശ്വസിക്കുന്നു. ഞാൻ പരകാര്യങ്ങളിൽ അനാവശ്യമായി തലയിടുകയാണെന്നു കരുതരുതേ. അങ്ങയോട് എനിക്കു ആദരവുണ്ട്. കിംവദന്തികളെ ആശ്രയിക്കുന്നതിനേക്കാൾ നല്ലത് നേരിട്ടു ചോദിക്കുകയാണെന്ന് എനിക്കു തോന്നി. പലരും അങ്ങയെ "പിങ്ക് ബിഷപ്പ്" (ഇളംചെമപ്പു നിറമാണ് പിങ്ക്. നല്ല ചെമപ്പു നിറമല്ല) എന്നു വിളിച്ചു കേൾക്കാറുണ്ട്. നോക്കൂ എനിക്കും സോഷ്യലിസ്റ്റ് ആശയങ്ങളുണ്ട്. സോഷ്യലിസത്തെപ്പറ്റി അങ്ങയുടെ ആശയങ്ങൾ എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം."

സ്നേഹാദരങ്ങൾ സൂചിപ്പിക്കുന്ന സ്വരത്തിൽ ഞാൻ പറഞ്ഞുതുടങ്ങി. "ഷെയിക്ക് സാഹിബ്ബേ, ഇന്ത്യയിലും വിദേശത്തും ചിലർ എന്നെ "റെഡ് ബിഷപ്പ്" എന്നു വിളിക്കാറുണ്ട്. ഒരു മുൻ തലമുറയിൽ ഡീൻ ഹ്യൂലറ്റ്

ജോൺസനെ "റെഡ് ഡീൻ" എന്നു വിളിച്ചു പോന്ന പാരമ്പര്യത്തിന്റെ ചുവടുപിടിച്ച്. പക്ഷേ എന്നെ ആരെങ്കിലും "പിങ്ക് ബിഷപ്പ്" എന്നു വിളിച്ചു കേൾക്കുന്നത് ഇതാദ്യമാണ്. എനിക്ക് സോഷ്യലിസത്തോട് ആപേക്ഷികമായ (qualified) പ്രതിബദ്ധതയുണ്ട് – അതാണ് ആളുകൾ ആ പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ. പൂർവ്വയൂറോപ്പിലും മറ്റും ഒരു തരം സോഷ്യലിസം 1989 ആരംഭത്തിൽ തകർന്നതിനു ശേഷവും എന്റെ ആ നിലപാടിൽ മാറ്റമില്ല. എല്ലാവർക്കും സാമൂഹ്യനീതി, എല്ലാ മനുഷ്യർക്കും അന്തസ്സ്, മനുഷ്യരാശിയുടെ ഐക്യം, രാഷ്ട്രങ്ങൾക്കിടയിൽ സമാധാനം, ആരോഗ്യകരവും ജീവസംവർദ്ധകവുമായ പരിസ്ഥിതി – എന്നിങ്ങനെയുള്ള ആദർശങ്ങളോടുള്ള പ്രതിബദ്ധതയാണത്. എന്നാൽ പ്രബുദ്ധതാനന്തര പാശ്ചാത്യ നാഗരികതയിൽ ഉയർന്നുവന്ന ഏതെങ്കിലുമൊരു പ്രത്യേക സോഷ്യലിസ്റ്റു പ്രത്യയശാസ്ത്രത്തോടുള്ള പ്രതിബദ്ധതയല്ല അതെന്ന് എടുത്തുപറയട്ടെ. സാമൂഹ്യ വികസനം മനസ്സിലാക്കുന്നതിനുള്ള ഏകചട്ടക്കൂടെന്ന നിലയിൽ വർഗസമരം, ഉൽപാദനോപാധികളുടെ രാഷ്ട്രഉടമ, പ്രോളിറ്റേറിയറ്റിന്റെ ഏകാധിപത്യം എന്നിങ്ങനെയുള്ള ഏതെങ്കിലും പ്രത്യേക സിദ്ധാന്തത്തോടും എനിക്കു പ്രതിബദ്ധതയില്ല. ഡയലക്ടിക്കൽ മറ്റീരിയലിസം, ഹിസ്റ്റോറിക്കൽ മറ്റീരിയലിസം തുടങ്ങിയ അടിസ്ഥാന പ്രത്യയശാസ്ത്രങ്ങളും ഞാൻ സ്വീകരിക്കുന്നില്ല. ഒരു തരത്തിലുള്ള പാശ്ചാത്യ ആദർശവാദത്തോടും എനിക്കു പ്രതിബദ്ധതയില്ല. പ്രതിബദ്ധതയുള്ള ഒരു ക്രിസ്ത്യാനിയായി ഞാൻ കഴിയുന്നു. മറ്റെല്ലാ പ്രതിബദ്ധതകളും ഒരു ചട്ടക്കൂടിനുള്ളിൽ മാത്രം.

ഷെയിക്ക് ശ്രദ്ധാപൂർവ്വം കേട്ടിരുന്നു. അനുകൂലഭാവത്തിൽ അദ്ദേഹം തലകുലുക്കി. അദ്ദേഹം മതഭ്രാന്തനായ ക്രിസ്തീയ വിരുദ്ധനൊന്നുമായിരുന്നില്ല.

"അങ്ങയുടെ പ്രസ്താവന കേട്ടതിൽ സന്തോഷം. മതവിശ്വാസിയായ ഒരാൾക്ക് പ്രത്യയശാസ്ത്രത്തിന്റെ അർത്ഥതലത്തിൽ എങ്ങനെ സോഷ്യലിസ്റ്റാവാൻ കഴിയുമെന്ന് ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. അങ്ങയെ അങ്ങനെയൊരു മതവിശ്വാസിയായാണ് ഞാൻ പരിഗണിച്ചത്. ആ നിലയ്ക്ക് അങ്ങയുടെ മതവിശ്വാസങ്ങൾ കമ്മ്യൂണിസ്റ്റ് അഭിപ്രായങ്ങളുമായി എങ്ങനെ പൊരുത്തപ്പെടുമെന്ന് അങ്ങയോടു ചോദിച്ചറിയണമെന്നു ഞാൻ കരുതിയിരുന്നു. പിന്നീടൊരിക്കൽ ഈ പ്രശ്നം വിശദമായി അങ്ങ് ചർച്ച ചെയ്തുകേൾക്കാൻ എനിക്കാഗ്രഹമുണ്ട്."

അക്കാര്യമാണ് ഈ അദ്ധ്യായത്തിൽ വിശദീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്. കമ്മ്യൂണിസ്റ്റുകളുമായി എന്റെ ചങ്ങാത്തവും അതിൽവരും. സെക്കുലറിസം, പാശ്ചാത്യ ലിബറലിസം എന്നിവയും അതിൽ ഉൾപ്പെടും. എന്നെ ന്യായീകരിക്കുകയല്ല. അവ സംബന്ധിച്ച എന്റെ സ്വന്തം അഭിപ്രായങ്ങൾ വിശദീകരിക്കുക മാത്രം.

കേരളം എന്ന ഇന്ത്യൻ സംസ്ഥാനത്തു നിന്നാണ് ഞാൻ വരുന്നത്. 1940 മുതൽ അവിടെ കമ്മ്യൂണിസ്റ്റ് കക്ഷികൾ വളരെ സജീവമായി പ്രവർത്തിക്കുന്നു. പലതവണ പാർട്ടി സംസ്ഥാന അധികാരം കൈയാളി

യിട്ടുണ്ട്. കേരളീയരുടെ വോട്ടിൽ 35 ശതമാനം സാധാരണഗതിയിൽ കമ്മ്യൂണിസ്റ്റുകൾക്കു കിട്ടും. ബാക്കിയുള്ള 65 ശതമാനം പല കക്ഷികൾക്കിടയിൽ വിഭജിച്ചു പോകുന്നു. പ്രമുഖ കമ്മ്യൂണിസ്റ്റിതര കക്ഷികളിൽ ഒരു കക്ഷി കമ്മ്യൂണിസ്റ്റുകളുമായി ചേരുന്നപക്ഷം ആ കൂട്ടുകെട്ടിന് ഭരണനേതൃത്വം കൈയടക്കാൻ പ്രയാസമുണ്ടാവില്ല. അധികാരത്തിലെത്താൻ അവർ ജനായത്തവിരുദ്ധമായ നടപടികൾക്കൊന്നും പോകേണ്ട കാര്യമേയില്ല.

1947-ൽ ആദ്യമായി ഞാൻ ഇന്ത്യയ്ക്കു പുറത്തുപോകുന്ന സമയംവരെ ഒരു പത്രറിപ്പോർട്ടർ എന്ന നിലയിലുള്ള സമ്പർക്കം മാത്രമേ എനിക്ക് കമ്മ്യൂണിസ്റ്റുകളുമായി ഉണ്ടായിരുന്നുള്ളു. എന്റെ ട്രേഡ് യൂണിയൻ പ്രവർത്തനംപോലും ഇന്ത്യൻ നാഷണൽ കോൺഗ്രസിനോടു ബന്ധപ്പെട്ട സംഘടന വഴിയായിരുന്നു. 1954–'56-ൽ ഇന്ത്യ സന്ദർശിച്ചപ്പോൾ സജീവ രാഷ്ട്രീയത്തിൽ നിന്നു ഞാൻ വിട്ടുനിന്നതേയുള്ളു. ജനീവയിൽ നിന്ന് 1967-ൽ ഇന്ത്യയിൽ തിരിച്ചെത്തിക്കഴിഞ്ഞാണ് ഞാൻ ഇന്ത്യൻ രാഷ്ട്രീയത്തിൽ മുഴുകുന്നതും ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളുമായി സമ്പർക്കത്തിൽ വരുന്നതും. അക്കാര്യം പിന്നീട്.

സാർവദേശീയ കമ്മ്യൂണിസം സംബന്ധിച്ചിടത്തോളം സോവിയറ്റ് യൂണിയനുമായുള്ള എന്റെ ബന്ധം 1962-ൽ തുടങ്ങി. സോവിയറ്റ് യൂണിയനിലെ അംഗസഭകൾ സന്ദർശിക്കാൻ സഭകളുടെ ലോകകൗൺസിൽ നിയോഗിച്ച രണ്ടാമത്തെ ഔദ്യോഗിക പ്രതിനിധിസംഘത്തിന്റെ നേതാവെന്ന നിലയിലായിരുന്നു എന്റെ യാത്ര. കൗൺസിലിന്റെ എക്സിക്യൂട്ടീവ് സ്റ്റാഫിലെ ഏഴു പേരായിരുന്നു സംഘത്തിൽ. കൗൺസിലിന്റെ അസോഷ്യേറ്റ് ജനറൽ സെക്രട്ടറിയെന്ന നിലയിൽ നേതൃത്വം എന്റെ ചുമതലയിലായി (പ്രതിനിധി സംഘത്തിലെ മറ്റംഗങ്ങളെ അപേക്ഷിച്ച് എനിക്ക് അനുഭവപരിചയം കുറവായിരുന്നെങ്കിലും). സംഘാംഗങ്ങൾ: പ്രൊഫ. സെഡ് കെ. മാത്യൂസ്, പ്രശസ്തനായ ദക്ഷിണാഫ്രിക്കൻ, സഭകളുടെ ലോകകൗൺസിലിന്റെ ആഫ്രിക്കൻ സെക്രട്ടറി.

ഡോ. പോൾ അബ്രെക്ട് (അമേരിക്ക) – കൗൺസിലിന്റെ ആരംഭം മുതൽ അതിൽ പ്രവർത്തിക്കുന്ന ദേഹം. സഭയും സമൂഹവും സംബന്ധിച്ച വകുപ്പിന്റെ ഡയറക്ടറാണപ്പോൾ.

റവ. വിക്ടർ ഹേവാർഡ് (ഇംഗ്ലണ്ട്) – വേൾഡ് മിഷൻ ആൻഡ് ഇവാൻജലിസം വകുപ്പിൽ അംഗം.

ഡൊമിനിക് മൈക്കലി (സ്വിറ്റ്സർലണ്ട്) – അന്താരാഷ്ട്ര കാര്യങ്ങൾ സംബന്ധിച്ച സഭകളുടെ കമ്മിഷനിൽ അംഗം.

ഡോ. ജോൺ ടെയ്‌ലർ (അമേരിക്ക) – ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റിൽ അംഗം.

ഡോ. മൊറീഷ്യോ ലോപസ് (തെക്കേ അമേരിക്ക) – പില്ക്കാലത്ത് അർജന്റീനയിൽ ഒരു യൂണിവേഴ്സിറ്റിയുടെ പ്രസിഡണ്ടായി. തന്റെ രാജ്യത്തിൽ മർദ്ദനത്തിനും ചൂഷണത്തിനും എതിരായി നടത്തിയ ധീരപോരാട്ടത്തിൽ ക്രൂരമായി രക്തസാക്ഷിമരണം വരിക്കുകയായിരുന്നു.

ജനീവയിൽ നിന്നു യാത്ര തിരിക്കുന്ന സമയം വലിയ പ്രതീക്ഷയും ആവേശവുമായിരുന്നു. ഇരുമ്പുയവനിക ഉയരാൻ തുടങ്ങിയിരുന്നു. അതിന്റെ പിന്നിലെ കാഴ്ചകൾ എത്തിനോക്കാൻ ഞങ്ങൾക്കു ധൃതി യായി – പ്രത്യേകിച്ച് പാശ്ചാത്യരായ അംഗങ്ങൾക്ക്. അവിടെ ആരെ വിശ്വ സിക്കാമെന്നും ആരെ വിശ്വസിക്കാൻ വയ്യെന്നും, ഞങ്ങളുടെ പരിഭാഷ കർ എല്ലാവരും തന്നെ കെ. ജി. ബി. ഏജന്റുമാരായിരിക്കുമെന്നും ഞങ്ങ ളുടെ സംഭാഷണവും സമ്പർക്കങ്ങളും പ്രവർത്തനങ്ങളുമെല്ലാം അവർ സ്വന്തം മേലധികാരികൾക്കു റിപ്പോർട്ടു ചെയ്തുകൊണ്ടിരിക്കുമെന്നും അഭി ജ്ഞ പാശ്ചാത്യ ക്രെംലിൻ നിരീക്ഷകർ ഞങ്ങളെ ധരിപ്പിച്ചിരുന്നു.

പ്രൊട്ടസ്റ്റന്റുകാർ ഒരു 'പവിത്ര' നിഗൂഢ ദൗത്യം ഞങ്ങളെ ഏല്പിച്ചു. യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ് സമ്മാനിച്ച 24 റഷ്യൻ വേദപു സ്തകങ്ങൾ ഒളിച്ചുകടത്തുക. വേദപുസ്തകങ്ങൾ റഷ്യക്കാരനായ പ്രൊഫ. അലക്സാണ്ടർ മിർക്കാസിമോവിനെ ഏല്പിക്കാനാണ് എന്നോടു നിർദ്ദേശിച്ചിരുന്നത്. ഒരിക്കൽ അമേരിക്കയിൽ കുടിയേറിപ്പാർത്ത മിർക്കാ സിമോവ് ഒരു ഡസനിലേറെ കൊല്ലങ്ങൾക്കു ശേഷം അമേരിക്കൻ പൗരത്വം ഉപേക്ഷിച്ച് വീണ്ടും സോവിയറ്റ് പൗരനായിത്തീർന്നിരുന്നു. റഷ്യൻ ഓർത്തഡോക്സ് സഭയുടെ വിദേശസഭാബന്ധകാര്യാലയത്തിലാ ണ് അദ്ദേഹത്തിനു ജോലി. 24 വേദപുസ്തകങ്ങളും ആരും കാണാതെ പ്രൊഫ. മിർക്കാസിമോവിനെ ഞാൻ ഏല്പിക്കേണ്ടിയിരുന്നു. 12 ബൈബിൾ ഞാൻ എന്റെ സ്യൂട്ട്കേസിലിട്ടു. ബാക്കിയുള്ളവ രണ്ടു വീതം എന്റെ ആറു സഹപ്രവർത്തകരെയും ഏല്പിച്ചു.

മോസ്ക്കോ വിമാനത്താവളത്തിൽ ഞങ്ങളെ വി. ഐ. പി. മാരായി സ്വീകരിക്കുമെന്നും കസ്റ്റംസ് ഉദ്യോഗസ്ഥർ ഞങ്ങളുടെ ബാഗേജ് പരി ശോധിക്കുകയില്ലെന്നും ഞങ്ങളെ ധരിപ്പിച്ചിരുന്നു. എന്നാൽ ഞങ്ങളുടെ പ്രതീക്ഷകൾക്കു വിരുദ്ധമായി ഞങ്ങളുടെ വിമാനം ജനീവയിൽ നിന്നു മോസ്ക്കോയിലേക്കുള്ള യാത്രാമദ്ധ്യേ കീവിൽ നിർത്തി. സോവിയറ്റ് യൂണിയനിൽ ഞങ്ങൾ ആദ്യം ഇറങ്ങുന്ന സ്ഥലമെന്ന നിലയിൽ കീവിൽ ഞങ്ങളുടെ ബാഗേജ് പരിശോധിക്കുമെന്ന് അവിടെയെത്തിയപ്പോൾ അറി വായി. കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ മര്യാദയോടെ വർത്തിച്ചു. ഞാൻ വൈദിക വേഷത്തിലായിരുന്നു – കറുത്ത കാസക്കും അതിനു മുകളിൽ ഒരു ഗൗണും, കഴുത്തിൽ തിളങ്ങുന്ന ആർച്ചിമാൻഡ്രൈറ്റു കുരിശും. കീവിലോ മോസ്ക്കോയിലോ എന്റെ സ്യൂട്ട്കേസ് തുറന്നുനോക്കിയില്ല. പക്ഷേ എന്റെ സഹപ്രവർത്തകരിൽ ഓരോരുത്തരുടേയും സ്യൂട്ട്കേസ് അവർ തുറന്നു. ഓരോ സ്യൂട്ട്കേസിൽ നിന്നും ഈരണ്ടു ബൈബിൾ പുറ ത്തെടുത്തു. സ്യൂട്ട്കേസിനകത്തെ ഉള്ളടക്കമൊന്നും അവർ നോക്കിയ തേയില്ല. തങ്ങൾ എന്തിനുവേണ്ടിയാണു നോക്കുന്നതെന്ന് അവർക്കറി യാമായിരുന്നുവെന്നു വ്യക്തം. ഡബ്ലിയു. സി. സി. ഓഫീസിൽ എക്കാ ലത്തും ഒരു കെ. ജി. ബി. ഏജന്റുണ്ടായിരുന്നുവെന്നും ഞങ്ങൾ 24 ബൈബിൾ കൊണ്ടുപോകുന്ന വിവരം കസ്റ്റംസ് ഉദ്യോഗസ്ഥന്മാരെ മുൻ കൂട്ടി ധരിപ്പിച്ചുകാണുമെന്നും ഇന്നെനിക്കറിയാം. എന്റെ പെട്ടിയിലെ 12

ബൈബിളും അവർ പിടിച്ചെടുക്കാതിരുന്നത് ഒരു പ്രത്യേക പദവിയായി ഞാൻ കരുതി. സോവിയറ്റ് യൂണിയനിലേക്കു ബൈബിൾ കടത്തുക നിയമവിരുദ്ധമാണെന്നും, മടക്കയാത്രയിൽ ആ ബൈബിളുകൾ ഞങ്ങൾക്കു തിരികെത്തരുമെന്നും കസ്റ്റംസ് ഉദ്യോഗസ്ഥർ മര്യാദപൂർവ്വം ഞങ്ങളോടു പറഞ്ഞു.

മോസ്ക്കോയിൽ എത്തിയപ്പോൾ ഞങ്ങൾക്ക് ഊഷ്മളമായ ഔദ്യോഗിക സ്വീകരണം ലഭിച്ചു. തക്ക അവസരം കിട്ടിയപ്പോൾ ഞാൻ 12 ബൈബിളും രഹസ്യമായി മിർക്കാസിമോവിനെ ഏല്പിച്ചു. ഒരു ദൗത്യം വിജയകരമായി നിറവേറ്റിയ ചാരിതാർത്ഥ്യം എനിക്കു തോന്നി.

യാത്രയുടെ ശേഷം ഭാഗവും ഭംഗിയായി നടന്നു. സോവിയറ്റ് വ്യവസ്ഥിതിയുടെ പല വശങ്ങളും കണ്ടു മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞു. റഷ്യൻ പൗരന്മാർക്കു വേണ്ടത്ര ആഹാരം (പ്രത്യേകിച്ച് ഇറച്ചിയും പച്ചക്കറികളും) കിട്ടുന്നില്ലെന്നാണ് പാശ്ചാത്യലോകത്തിൽ ഞങ്ങൾ കേട്ടിരുന്നത്. ആഹാരവേളകളിൽ ഒരു ലോപവും ഞങ്ങൾക്കനുഭവപ്പെട്ടില്ല. ചായക്കു വേണ്ടത്ര പാൽ കിട്ടിയില്ലെന്നു വേണമെങ്കിൽ പറയാം. അത്രതന്നെ. ഭക്ഷണസന്ദർഭങ്ങളിൽ വീഞ്ഞ് ഒഴുകുകയായിരുന്നു. പ്രഭാതഭക്ഷണത്തിനുപോലും കോഗ്നാക്കും വോഡ്ക്കയും ഇറച്ചിയും മീനും പച്ചക്കറികളും പുകച്ചഇറച്ചിയും പലതരം സാലഡുകളും റൊട്ടിയും വെണ്ണയും ചീസും മുട്ടയും കാപ്പിയും ചായയും പല നിറത്തിലും രുചിയിലുമുള്ള ലമനേഡുകളും ധാരാളം. സാധാരണ സോവിയറ്റ് പൗരന്റെ വീട്ടിൽ ഇതല്ല നിലയെന്നു താമസിയാതെ ഞങ്ങൾക്കു മനസ്സിലായി. ഇറച്ചിക്കും ക്ഷീരവസ്തുക്കൾക്കും ദൗർലഭ്യമുണ്ടായിരുന്നു – പക്ഷേ സോവിയറ്റ് പൗരന് ഭക്ഷണം കഴിക്കുവാൻ വേണ്ടത്ര പദാർത്ഥങ്ങൾ ലഭിച്ചിരുന്നുവെന്നതാണു വാസ്തവം.

രചനാത്മകമായ ചില ലക്ഷണങ്ങൾ എന്നിൽ മതിപ്പ് ഉളവാക്കി. എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞിടത്തോളം പൂർണമായ തൊഴിൽ സൗകര്യമുണ്ട്. ജോലി ചെയ്യാൻ കഴിവുള്ള ഒരു മനുഷ്യനും തൊഴിലില്ലാതെ വരില്ല. കിടന്നുറങ്ങാൻ എല്ലാവർക്കും സൗകര്യമുണ്ട്. വേണ്ടത്ര സ്ഥലസൗകര്യമില്ലായിരിക്കും. എങ്കിലും ആരും തെരുവിൽ കിടന്നുറങ്ങേണ്ടിവരുന്നില്ല. വാടക വളരെ കുറഞ്ഞിരുന്നു (ഗവണ്മെന്റ് സബ്സിഡി നല്കുന്നതിനാൽ). ആരോഗ്യരക്ഷയും വിദ്യാഭ്യാസവും എല്ലാവർക്കും സൗജന്യം. തുണിക്കും വലിയ ചെലവില്ല (വളരെ ഫാഷണബിൾ അല്ലെന്നു മാത്രം). കുട്ടികൾക്കും അവരുടെ ആവശ്യങ്ങൾക്കും പ്രത്യേക പരിഗണന ലഭിച്ചിരുന്നു. ട്രെയിനിലോ ബസിലോ അണ്ടർഗ്രൗണ്ട് മെട്രോയിലോ ആയാലും സോവിയറ്റ് പൗരന്മാർക്ക് യാത്രച്ചെലവ് തുച്ഛമായിരുന്നു. ഓപ്പെറാ, സിംഫണി, ബാലെ, സർക്കസ്, പപ്പറ്റ് പ്രകടനങ്ങൾ തുടങ്ങി നല്ല വിനോദോപാധികൾ കുറഞ്ഞ ചെലവിൽ വൻനഗരങ്ങളിൽ ക്രമീകരിച്ചിരുന്നു. അത്‌ലറ്റിക്സിലും സ്പോർട്സിലും സോവിയറ്റ് യൂണിയൻ മികവുകാട്ടി. അക്കാലത്ത് കുറ്റകൃത്യങ്ങൾ കുറഞ്ഞിരുന്നു.അവധിക്കാല വിശ്രമം നല്ല ഹോട്ടലുകളിൽപോലും സോവിയറ്റ് പൗരന്മാർക്ക് ചെലവുകുറഞ്ഞതാണ് (വിദേശ ടൂറിസ്റ്റുകൾക്ക്

ഈ സൗജന്യം ലഭ്യമല്ല). അത്യാവശ്യമുള്ള ജീവിതാവശ്യങ്ങൾക്ക് - കടകളിലെ പദാർത്ഥങ്ങൾ, ആഹാരവിഭവങ്ങൾ, വീട്ടുസാമാനങ്ങൾ, ഫോണോഗ്രാഫിക് റിക്കാർഡുകൾ, പുസ്തകങ്ങൾ, സ്മാരക വസ്തുക്കൾ തുടങ്ങിയവ - ന്യായവിലയ്ക്ക് വിതരണം ചെയ്തിരുന്നു. ഞാൻ ഇടയ്ക്കിടയ്ക്ക് സ്വയം പറഞ്ഞു: “ഓ, എന്റെ രാജ്യവും, മൂന്നിൽരണ്ടു ലോകത്തിന്റെ ഭൂവിഭാഗവും, എന്ന് ഈ നിലയിലെത്തിച്ചേരും!”

മറുവശത്ത് ജനങ്ങൾക്കു വ്യക്തിസ്വാതന്ത്ര്യങ്ങൾ ലഭ്യമല്ലെന്നു ഞങ്ങൾ കണ്ടു. പ്രതിഷേധിക്കാനും വിയോജിക്കാനുമുള്ള സ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, മതപ്രചാരണ സ്വാതന്ത്ര്യം, ഗവൺമെന്റിനെ വിമർശിക്കാനുള്ള സ്വാതന്ത്ര്യം, സംഘം ചേരാനുള്ള സ്വാതന്ത്ര്യം - ഇങ്ങനെ പാശ്ചാത്യലോകം വിലമതിക്കുന്ന പല സ്വാതന്ത്ര്യങ്ങളും അവിടെ കിട്ടില്ല. ഒരു നിശ്ചിത ബിന്ദുവിനപ്പുറം ധനം കുന്നുകൂട്ടി വയ്ക്കാൻ അവിടെ സ്വാതന്ത്ര്യമില്ല. പല വീടുകളും നിലവും ഉടമസ്ഥതയിലാക്കാൻ ഒരു കുടുംബത്തിനു കഴിയില്ല. നിങ്ങൾക്ക് ഇഷ്ടംപോലെ വിദേശയാത്ര നടത്താനാവില്ല. പല കാറുകൾ സ്വന്തമാക്കാനോ ചിലപ്പോൾ ഒരെണ്ണം തന്നെ വാങ്ങുവാനോ സ്വാതന്ത്ര്യം ഉണ്ടാവില്ല. ആഡംബര ജീവിതത്തിനോ ആർഭാടമായ ചെലവിടലിനോ സ്വാതന്ത്ര്യമില്ല. വല്ലപ്പോഴുമൊരിക്കൽ മദ്യം ഇഷ്ടംപോലെ കഴിക്കാനാവും.

എന്നെ ഒരിക്കൽ ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാദമിയിൽ ഓണററി ലക്ചററായി നിയമിച്ച കാലഘട്ടം ഞാൻ ഓർക്കുന്നു. ആദ്യം എനിക്കു 1200 റൂബിൾ ഓണറേറിയം തന്നു. അക്കാലത്ത് ആ തുക 1800 അമേരിക്കൻ ഡോളറിനു തുല്യം. ഈ പണം ഉപയോഗപ്രദമായി എങ്ങനെ ചെലവഴിക്കാമെന്ന് എനിക്കു മനസ്സിലായില്ല. ചിലർ ഒരു വാച്ചോ ക്യാമറയോ വീട്ടിലാർക്കെങ്കിലും ഓപ്പെറാ ഗ്ലാസ്സോ  വാങ്ങിച്ചെന്നിരിക്കും. പക്ഷേ ഇത്തരം ആഡംബര പദാർത്ഥങ്ങളുടെ ഗുണനിലവാരവും വൈവിധ്യവും സംശയാസ്പദമായിരുന്നു. ബാഹ്യാകാശ ശാസ്ത്രത്തിലും യുദ്ധതന്ത്രത്തിലുമെല്ലാം വലിയ മികവ് ആർജിച്ചിട്ടുള്ള സോവിയററ് ജനത ഉപഭോക്തൃപദാർത്ഥങ്ങളുടെ കാര്യത്തിൽ പിന്നോക്കം നില്ക്കുന്നതെന്തുകൊണ്ടാണെന്നു ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്. കാര്യക്ഷമതയില്ലായ്മയും അഴിമതിയുമാണോ കാരണം? അതോ മനഃപൂർവമായ പരിവ്രാജക തുല്യമായ വൈരാഗ്യമോ? സാമൂഹ്യമായ സന്യാസഭാവമായിരിക്കണം കാരണമെന്ന് ആദ്യമേ ഞാൻ വിചാരിച്ചു. അങ്ങനെയായിരുന്നെങ്കിൽ പില്ക്കാലത്തെ കൺസ്യൂമെറിസത്തിന്റെ ഭാരത്തിലമർന്ന് ആ സമ്പ്രദായം തകരേണ്ട കാര്യമില്ലായിരുന്നു.

കലകളിൽ വ്യക്തിഗത സർഗാത്മകതയ്ക്കോ സ്വാതന്ത്ര്യത്തിനോ സ്ഥാനം കുറവായിരുന്നു. സാഹിത്യവും കലയും പോലെ ചിന്ത തന്നെയും ഭരണകൂടത്തിന്റെ അടിമത്തത്തിനു വഴങ്ങി, വ്യവസ്ഥാപിത സിദ്ധാന്തങ്ങൾക്കനുരൂപമായി വർത്തിക്കുന്നു. പരസ്പരമുള്ള ചാരവൃത്തി വർദ്ധിച്ചു. വിചാരണകൂടാതെയുള്ള ശിക്ഷ നിലനിന്നു. കെ. ജി. ബി. മനുഷ്യത്വ രഹിതമായി പ്രവർത്തിക്കുന്നതിനെപ്പറ്റിയും അധികാരശ്രേണിയുടെ തലപ്പത്തു

ള്ളവർ പ്രത്യേകാവകാശങ്ങൾ ദുർവിനിയോഗം ചെയ്യുന്നതിനെപ്പറ്റിയും ധൈഷണികമായ വിഭിന്നാഭിപ്രായങ്ങളെ രാഷ്ട്രം കൈകാര്യം ചെയ്ത ക്ഷമിക്കാൻ വയ്യാത്ത രീതിയെപ്പറ്റിയും മനുഷ്യാവകാശങ്ങളുടെ ലംഘന ത്തെപ്പറ്റിയുമെല്ലാം ഞങ്ങൾ ധാരാളം കേട്ടു. മതം പീഡിപ്പിക്കപ്പെട്ടു. ഔദ്യോഗികമായി അവഹേളിതമായി; മതത്തിനുനേരേ ആക്രമണങ്ങളും നടന്നു. രാഷ്ട്രത്തിനു മാത്രമല്ല അതു നഷ്ടമുണ്ടാക്കിയത്. സത്യത്തിനും നീതിക്കുംകൂടി ക്ഷതമേറ്റു.

ചില പരിമിതികൾക്കുള്ളിൽ മതസ്വാതന്ത്ര്യമുണ്ടായിരുന്നു. നിയമം സാങ്കേതികമായി ആരാധനാ സ്വാതന്ത്ര്യം അനുവദിച്ചു. എങ്കിലും കുട്ടി കൾക്കും മുതിർന്നവർക്കും മതബോധനം നിഷേധിച്ചു (ഞായറാഴ്ച ആരാ ധനയിലെ പ്രസംഗത്തിലും വൈദിക പരിശീലനകേന്ദ്രങ്ങളിലെ ക്ലാസ്സു മുറികളിലുമൊഴികെ). സ്വന്തം കുടുംബാംഗങ്ങളോടുപോലും മതബോ ധ്യങ്ങൾ പ്രചരിപ്പിക്കുന്നതു തടഞ്ഞു. സോവിയറ്റ് യൂണിയനിൽ റഷ്യൻ ഓർത്തഡോക്സ് സഭയ്ക്ക് മറ്റ് ക്രിസ്ത്യാനികളേക്കാളും മുസ്ലീങ്ങളേ ക്കാളും ബുദ്ധമതക്കാരേക്കാളും യഹൂദന്മാരേക്കാളും കൂടുതൽ സ്വാത ന്ത്ര്യം അനുവദിച്ചിരുന്നു.

1942-നോടടുത്താണ് റഷ്യൻ ഓർത്തഡോക്സ് സഭയ്ക്ക് പ്രത്യേക പദവി സ്ഥാപിച്ചു കിട്ടിയത് - ബോൾഷെവിക്കുകൾ പൊതുജീവിതത്തിൽ നിന്ന് സഭയെ ബഹിഷ്ക്കരിച്ച് കാൽനൂറ്റാണ്ടിനുശേഷം. ഓർത്തഡോക്സ് സഭയുടെ സോവിയറ്റ് ജീവിതത്തിന്റെ മദ്ധ്യത്തിലേക്കുള്ള ഈ തിരിച്ചുവ രവ് ചരിത്രം കണ്ട ഏറ്റവും വലിയ മർദ്ദക സ്വേച്ഛാധിപതികളിൽ ഒരാ ളായ ജോസഫ് സ്റ്റാലിന്റെ കാലത്തു സംഭവിച്ചുവെന്നുള്ളത് വിചിത്രമാ യിത്തോന്നാം.

1942-ൽ ഹിറ്റ്ലറുടെ സൈന്യം ലെനിൻഗ്രാഡിനെ സമീപിച്ചുകൊണ്ടി രുന്നപ്പോൾ ഹിറ്റ്ലറെ തടഞ്ഞുനിർത്തണമെങ്കിൽ സോവിയറ്റ് കമ്മ്യൂ ണിസ്റ്റു പാർട്ടി സോവിയറ്റു ജനതയ്ക്കു നല്കിക്കൊണ്ടിരുന്ന സദുപദേശ ങ്ങളേക്കാൾ കൂടുതലായി ചിലത് ആവശ്യമാണെന്ന് സ്റ്റാലിൻ മനസ്സിലാ ക്കി.

**സ്റ്റാലിൻ, ക്രൂഷ്ചേവ്, മതസ്വാതന്ത്ര്യം എന്നിവയോടെ ആഖ്യാനം പൂർത്തിയാക്കുക. പൗരസ്ത്യ യൂറോപ്യൻ രാജ്യങ്ങളിലുള്ള ലോകസ മാധാന കൗൺസിൽ, ശാസ്ത്ര അക്കാദമികൾ എന്നിവയുമായുള്ള ബന്ധം ചർച്ച ചെയ്യുക. സി. പി. സി. (ക്രിസ്ത്യൻ പീസ് കൗൺസിൽ) യെപ്പറ്റി പ്രതിപാദിക്കുക. 1960-ൽ തുടങ്ങി, ഡബ്ളിയു. സി. സി. സ്റ്റാഫിലെ സേവനത്തിനുശേഷം വൈസ്പ്രസിഡണ്ട്. സോഷ്യലിസ ത്തിന്റെ ഭാവിയെ സംബന്ധിച്ച ചർച്ചയിലേക്കു മടങ്ങുക. ഡൽഹിയിലെ കുറിപ്പുകൾ ഉപയോഗിക്കുക.**

(അപൂർണം)

# അനുബന്ധം 1

## അന്ത്യസന്ദേശം*

ആറുവർഷംമുമ്പ് ഷിംലയിൽ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡിയിൽ എന്റെ പഠനമുറിയിൽ ഇരുന്നുകൊണ്ട് ഇതുപോലെ ഒരു വിൽപ്പത്രം എഴുതിയപ്പോൾ വേറൊരു ആറു വർഷം കൂടി ജീവനോടിരിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ദൈവം നല്ലവനാണ്. അവൻ ആവശ്യപ്പെടുന്നിടത്തോളം കാലം ഈ കണ്ണീർത്താഴ്‌വരയിൽ ഞാൻ ഇനിയും തുടർന്നു ജീവിച്ചേ മതിയാവൂ. ഇപ്പോൾത്തന്നെയോ കുറേ കഴിഞ്ഞോ അവൻ വിളിക്കുന്ന സമയത്തു ഞാൻ പോകണം. ഇപ്പോൾ എനിക്ക് എഴുപത്തൊന്നു വയസ്സുണ്ട്.

വിനീതമായ ഈ സാക്ഷ്യം ഏതെങ്കിലും വിധത്തിൽ, ലോകത്തിൽ എവിടെയെങ്കിലും വച്ചു ഇതു കാണുവാൻ ഇടയാകുന്നവർക്കു ഞാൻ സമർപ്പിക്കുന്നു.

ദൈവം നന്മയാണ്. അവൻ മാത്രമാണു യഥാർത്ഥമായും പൂർണമായും നന്മ. തിന്മയുടെ സങ്കലനം കൂടാതെ നന്മയാണവൻ. അവനിൽ സകല തിന്മയും അന്തർദ്ധാനം ചെയ്യുന്നു. അവനിൽ തിന്മയ്ക്കു യാതൊരു സ്ഥാനവുമില്ല - പ്രകാശത്തിൽ ഇരുട്ടിനു യാതൊരു സ്ഥാനവുമില്ലാത്തതുപോലെതന്നെ. തിന്മ ചെയ്യാൻ അവനു കഴിയുകയില്ല. തിന്മ അവനിൽ നിന്നു വരുന്നില്ല. അവൻ അതിനെ സൃഷ്ടിച്ചില്ല. അവൻ തന്റെ സൃഷ്ടിക്കു സ്വാതന്ത്ര്യം നല്കി; ഒന്നിച്ചുതന്നെ സൃഷ്ടിക്കപ്പെട്ട നന്മയെ നിരാകരിക്കാനുള്ള സ്വാതന്ത്ര്യം, അതുവഴി തിന്മയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും. സൃഷ്ടിക്കപ്പെട്ട ഉണ്മയുടെതന്നെ നിഷേധമാണ് തിന്മ. നന്മയെ കൂടാതെ അതിനു തനിയെ നിലനില്പില്ല. സ്വാതന്ത്ര്യത്തിലാണ് തിന്മയുടെ വേര്. പക്ഷേ തിന്മയ്ക്കു തനിയേ നിലനില്ക്കാൻ കഴിവില്ല. നന്മയോടുള്ള സമ്മിശ്രണത്തിലല്ലാതെ തിന്മയ്ക്കു നിലനില്പില്ല. നന്മയ്ക്കു മാത്രമേ സ്ഥിരമായ നിലനില്പുള്ളു. ഉണ്മയും നന്മയും വേർതിരിക്കാനാവില്ല. ഏതെങ്കിലും വ്യക്തിത്വം നന്മയെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്യുമ്പോൾ സ്വന്തം ഉണ്മയെത്തന്നെ നിഷേധിക്കലാണ് അത്. കാരണം, സൃഷ്ടിക്കപ്പെട്ട യഥാർത്ഥ വ്യക്തി, അതിന്റെ സ്രഷ്ടാവിനെപ്പോലെ, നന്മയാണ്.

“ഈ ദൈവം ആരാണ്, അവനെ എവിടെ കണ്ടെത്താം” എന്നു ചോദിച്ചാൽ, ദൈവത്തെ അറിയാനിടവന്നിട്ടുള്ള മറ്റു മനുഷ്യരെപ്പോലെ എനിക്കും ഇത്രമാത്രമേ പറയാനാവൂ: “നമ്മുടെ ധാരണകളിലൂടെ അവനെ മനസ്സിലാക്കാനോ നമ്മുടെ പദങ്ങൾകൊണ്ട് അവനെ നിർവ്വചിക്കാനോ ഒരു മാർഗവുമില്ല”. നിഷേധാത്മകമായോ രൂപകാലങ്കാര ഭാഷയിലോ അനേകം കാര്യങ്ങൾ അവനെപ്പറ്റി പറയാൻ നമുക്കു കഴിഞ്ഞേക്കും. അവനു രൂപമില്ല, ശരീരവുമില്ല. അവന് ആദിയും അന്തവുമില്ല. അവനു പരിമിതിയില്ല,

വിപുലീകരണവുമില്ല – ശൂന്യാകാശത്തിലുമില്ല, കാലത്തിലുമില്ല. അവൻ അല്ലാത്ത ഏതിലേക്കോ വളരുകയോ, അല്ലാത്ത എന്തോ ആയിത്തീരുകയോ ആവശ്യമില്ല. അക്കാരണത്താൽ അവനു മാറ്റമോ ചലനമോ ഇല്ല. മറ്റെന്തിനെയെങ്കിലും ആശ്രയിക്കുന്നില്ല. മറ്റെന്തിൽ നിന്നെങ്കിലും ഉദ്ഭവിക്കുന്നതുമല്ല. മറ്റുള്ളതെല്ലാം അവനിൽ നിന്ന് ഉദ്ഭവിക്കുന്നു. അവനെ ആശ്രയിച്ചു കഴിയുന്നു. ആര്, എവിടെ എന്നീ ചോദ്യങ്ങൾ അനശ്വരനും അനാദ്യന്തനും അപരിമേയനുമായവന്റെ കാര്യത്തിൽ ഔചിത്യപൂർവമല്ല. അവൻ സന്നിഹിതനല്ലാത്ത സ്ഥലം ശൂന്യമായിരിക്കും.

ദൈവത്തെ സൂചിപ്പിക്കാൻ പുല്ലിംഗ സർവനാമം ഉപയോഗിക്കുന്നതിൽ ഞാൻ സന്തുഷ്ടനല്ല. ദൈവം പുരുഷനല്ല. എന്നാൽ സ്ത്രീലിംഗ സർവനാമം ഉപയോഗിക്കുന്നതുകൊണ്ട് പ്രശ്നം പരിഹൃതമാകുന്നില്ല. കാരണം, അവൻ പുരുഷനുമല്ല, സ്ത്രീയുമല്ല. നപുംസകവുമല്ല. സ്രഷ്ടാവിന് ലിംഗഭേദമില്ല. ലിംഗഭേദം സൃഷ്ടിയുടെ മാത്രം ലക്ഷണമാണ്. അവൻ, അവൻ ആയിരിക്കുന്നവനാണ്. എക്കാലത്തും ആയിരിക്കുന്നവനാണ്. മഹാനായ ദൈവം, എന്റെ മനുഷ്യഭാഷ അവനെ പരാമർശിക്കാൻ സമുചിതമായ ഒരു സർവനാമം എനിക്കു നല്കുന്നില്ല. “അവൻ” എന്ന പദം ഞാൻ തുടർന്ന് ഉപയോഗിച്ചുകൊണ്ടിരിക്കും. അവൻ പുരുഷനാണെന്ന് അതിനർത്ഥമില്ല.

എല്ലാ നന്മയും അവനിൽ നിന്നു വരുന്നു. നന്മയായതെല്ലാം അവനിൽ നിന്നു മാത്രമല്ല, അവന്റെ സാന്നിധ്യത്തിൽനിന്നു കൂടി വരുന്നു. എവിടെ നന്മയുണ്ടോ അവിടെ ദൈവസാന്നിദ്ധ്യവുമുണ്ട്. നന്മയെ വ്യത്യസ്ത വിശ്വാസങ്ങളിലും മതങ്ങളിലുംപ്പെട്ട ജനങ്ങളിലും, ദൈവത്തിൽ വിശ്വസിക്കുന്നില്ല എന്ന് അവകാശവാദം ഉന്നയിക്കുന്നവരിലും, പക്ഷികളിലും, മൃഗങ്ങളിലും, വൃക്ഷങ്ങളിലും പൂക്കളിലും, പർവതങ്ങളിലും, നദികളിലും, വായുവിലും ആകാശത്തിലും, സൂര്യനിലും ചന്ദ്രനിലും, ശില്പങ്ങളിലും ചിത്രരചനയിലും, സംഗീതത്തിലും കലയിലും, ശിശുവിന്റെ പുഞ്ചിരിയിലും ജ്ഞാനിയുടെ ബുദ്ധിയിലും, പ്രഭാതത്തിന്റെ അരുണിമയിലും സൂര്യാസ്തമയത്തിന്റെ വർണ്ണശബളിമയിലും, എവിടെ കാണപ്പെട്ടാലും ഞാൻ പ്രണമിക്കുന്നു. നന്മ എവിടെയോ അവിടെയാണു ദൈവരാജ്യം. അവിടെ ദൈവം സന്നിഹിതനായിരിക്കുന്നു. അവന്റെ സാന്നിധ്യത്തെ അംഗീകരിക്കാത്തിടത്തും അവൻ ഭരണകർതൃത്വം നടത്തുന്നു. ഒരു പ്രത്യേക അർത്ഥത്തിൽ അവനെ അറിയുകയും ആരാധിക്കുകയും ജീവിതം പരിപൂർണമായ അനുസരണത്തിന് സമർപ്പിക്കുകയും ചെയ്തവരുടേതാണ് ദൈവരാജ്യം എന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല.

നന്മ എങ്ങനെ നിർവചിക്കാമെന്നു ചോദിച്ചാൽ, നന്മ ദൈവത്തെപ്പോലെ അനിർവചനീയമാണെന്നേ പറഞ്ഞുകൂടൂ. ദൈവത്തെപ്പോലെ തന്നെ നന്മയെയും വിവേചിച്ചറിയാം, തിരിച്ചറിഞ്ഞ് അംഗീകരിക്കാം, പ്രകീർത്തിക്കാം, പാടിപ്പുകഴ്ത്താം, വിലപ്പെട്ടതായി കാത്തുപുലർത്താം. നന്മ എന്തായിരിക്കുന്നുവോ അതാണ് ദൈവം.

ദൈവം എനിക്കു നന്മ ചെയ്തു. ഒന്നുമില്ലായ്മയിൽ നിന്നു ദൈവം

എന്നെ പുറപ്പെടുവിച്ചു. ഞാൻ പുറത്തു വന്ന ശൂന്യതയിലേക്കു എന്നെ മടക്കി അയയ്ക്കാതെ ദൈവം എന്നെ കാത്തുപരിപാലിക്കുന്നു. അവൻ എന്റെ പാപവും തിന്മയും എന്നോടു ക്ഷമിക്കുന്നു. എന്നിലുള്ള തിന്മ മരണവിധിക്ക് എന്നെ ശിക്ഷിക്കാൻ അർഹമാണ്. പക്ഷേ അവൻ സൗജന്യമായ സ്വന്തം കൃപയാൽ ആ ശിക്ഷാവിധി റദ്ദാക്കുന്നു. ഇന്നു നയിക്കുന്ന ജീവിതം ഒരു ഇരട്ട പാരിതോഷികമായി ഞാൻ കണക്കാക്കുന്നു – നിലനില്പു സാധ്യമാക്കിയെന്ന പാരിതോഷികം ഒന്നാമത്തേത്. എന്നെ ഒരു ദൈവശിശുവാക്കിത്തീർക്കുന്ന നവജീവന്റെ പാരിതോഷികം രണ്ടാമത്തേത്. അവൻ സ്വന്തം പുത്രനിൽ നമ്മുടെ അടുക്കലേക്കു വന്നു. നമ്മിൽ ഒരുവനായിത്തീർന്നു. ഭൂമിയുടെയും മാംസരക്തങ്ങളുടെയും ദ്രവ്യത്തിന്റെ എല്ലാവിധ താൽക്കാലികത്വത്തിലും വ്യക്തിപരിമിതികളിലും സൃഷ്ടിവ്യവസ്ഥിതിയിൽ ഒരു മനുഷ്യവ്യക്തിയായീത്തീർന്നു. അതിനെപ്പറ്റി എനിക്കൊരു സംശയവുമില്ല – ഞാൻ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ആനേകം പേർ എന്റെ ഈ വിശ്വാസത്തെ നിരാകരിക്കുന്നുണ്ടെന്നു വരുകിലും. ദൈവത്തിന്റെ മനുഷ്യാവതാരം ചെയ്ത പുത്രനായ യേശുക്രിസ്തുവിന് അവകാശപ്പെട്ടവനാണു ഞാൻ. ആ നിലയ്ക്ക് യാതൊരു ഉപാധികളും ഉന്നയിക്കാതെ അവന്റെ പുതിയ മനുഷ്യരാശിയിൽ ഒരംഗമാണു ഞാൻ. മറ്റു വിശ്വാസങ്ങൾ പുലർത്തുന്ന വ്യക്തികളുമായി നല്ല ബന്ധങ്ങൾ പുലർത്തുന്നതിനുവേണ്ടിപോലും ആ വിശ്വാസത്തിൽ വിട്ടുവീഴ്ച ചെയ്യാൻ എനിക്കു നിവൃത്തിയില്ല.

അവനിൽ ഞാൻ എന്റെ വിശ്വാസം അർപ്പിക്കുന്നു. എന്റെ സർവ്വസ്വവും ക്രിസ്തുവാണ്. അവനെ കൂടാതെ ഞാൻ ഒന്നുമില്ലാത്തവൻ. ഞാൻ നയിക്കുന്ന ജീവിതം ക്രിസ്തുവിന്റേതാണ്. ആ ജീവിതം ഞാൻ ക്രിസ്തു ശരീരത്തിലുള്ള സകലമാനപേരുമായും പങ്കുവയ്ക്കുന്നു. എനിക്കു സ്വന്തമായി ഒരു ജീവിതമില്ല. ഞാൻ അവനിൽ ജീവിക്കുന്നു. അവൻ എന്നിലും. ക്രിസ്തു ഒരിക്കലും എന്നെ ഉപേക്ഷിക്കുന്നില്ല – ഞാൻ മത്സരബുദ്ധിയും ഉദാസീനനും അനുസരണക്കാര്യത്തിൽ ആലോചനാശൂന്യനുമായിരിക്കുമ്പോൾ പോലും, എന്റെ വിശ്വസ്തത ദുർബലമായിത്തീരുമ്പോഴും എന്റെ വികാര തൈക്ഷ്ണ്യം മന്ദോഷ്ണമാകുമ്പോഴും അവന്റെ സ്നേഹം ദൃഢമായിത്തന്നെ നില്ക്കുന്നു. നിർലോപമായി, പരിമിതികൂടാതെ അവൻ നല്കുകയും ക്ഷമിക്കുകയും ചെയ്യുന്നു. ഇത്ര ഉദാത്തമായ സ്നേഹം എന്റെ സർവ്വസ്വവും അർഹിക്കുന്നു. അവനു ഞാൻ അർച്ചന അർപ്പിക്കുന്നു. ദൈവവും മനുഷ്യനുമായി അവനെ ഞാൻ ആരാധിക്കുന്നു. തുല്യനായി മറ്റൊരാൾ ഇല്ലാത്ത നിലയിൽ, ദൈവത്തിന്റെ ഏകജാതനായി, പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊന്നിച്ച് ഏകസത്യദൈവമായി അവൻ എന്റെ ആരാധ്യമൂർത്തിയാണ്.

ക്രിസ്തുവിന്റെ സ്നേഹം ക്രിസ്ത്യാനികൾക്കു മാത്രമുള്ളതല്ല. മനുഷ്യരാശിക്കു മുഴുവൻ അവകാശപ്പെട്ടതാണ്. മുഴുവൻ മനുഷ്യരാശിക്കും വേണ്ടിയാണ് അവൻ മരിച്ചത്. ക്രിസ്ത്യാനികൾക്കു മാത്രം വേണ്ടിയല്ല. അവൻ സമസ്ത മനുഷ്യവർഗത്തിന്റെയും സ്നേഹിതനും രക്ഷിതാവും

കർത്താവുമാണ്. അങ്ങനെയെങ്കിൽ എന്റെ സ്നേഹത്തിനും സഹാനുഭൂതിക്കും എങ്ങനെ ഞാൻ പരിമിതി കല്പിക്കും? മനുഷ്യരാശിയുടെ ഏതെങ്കിലും ഭാഗത്തിന് ആ സ്നേഹ സഹാനുഭൂതികൾ ഞാൻ എങ്ങനെ നിഷേധിക്കും? എന്റെ ശത്രുക്കളായി സ്വയം പരിഗണിക്കുന്നവരെപ്പോലും ദ്വേഷിക്കുവാനോ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നോ സഹാനുഭൂതിയിൽ നിന്നോ ഒഴിച്ചുനിർത്തുവാനോ എനിക്കു സാധ്യമല്ല. ഇങ്ങനെയുള്ള ജനവിഭാഗങ്ങൾ, മറ്റു മതങ്ങളിൽ വിശ്വസിക്കുന്നവർ, കമ്മ്യൂണിസ്റ്റുകൾ, മൂണിവിശ്വാസികൾ, പ്രത്യേകിച്ച് വെള്ളക്കാരുടെ വർഗങ്ങൾ (ന്യായമായിത്തന്നെ അവരെപ്പറ്റി ആയിരം പരാതികൾ നിരത്താൻ എനിക്കു കഴിയും) ഇവരോടെല്ലാമുള്ള എന്റെ സമീപനത്തിന്റെ അടിസ്ഥാനം മുകളിൽ പറഞ്ഞതു തന്നെ.

ഗൗതമബുദ്ധൻ, വർദ്ധമാന മഹാവീരൻ, ലാവോറ്റ്സെ, മഹാത്മാ ഗാന്ധി, മുഹമ്മദ് റസൂൽ അള്ള, ആദിശങ്കരൻ, പ്ലേറ്റോ, സോക്രട്ടീസ്, മോശ, സൊറോവാസ്റ്റർ എന്നീ ലോകോത്തര ഗുരുക്കന്മാരേക്കാളെല്ലാം ഉയർന്ന ഒരു വ്യക്തിയാണ് എന്നെ സംബന്ധിച്ചിടത്തോളം ക്രിസ്തു. യേശു ക്രിസ്തു ദൈവത്തിന്റെ നിസ്തുലനായ പുത്രനാണ്. അവൻ മനുഷ്യപുത്രനായി അവതരിച്ചു. നമ്മുടെ പാപത്തെയും കഷ്ടാനുഭവത്തെയും സ്വന്തം ചുമലിൽ പേറി, ക്രൂശിന്മേൽ സ്വയം ബലിയായി അർപ്പിച്ചു; മരിച്ചു, എന്നേക്കും ജീവിക്കുന്നതിനും സമസ്ത സൃഷ്ടിയെയും ദൈവത്തോടു രഞ്ജിപ്പിക്കുന്നതിനും വേണ്ടി മരിച്ചവരിൽ നിന്ന് ഉയിർക്കുകയും ചെയ്തു. പാപത്തിന്റെയും മരണത്തിന്റെയും മേലും തിന്മയുടെയും ശിഥിലീകരണത്തിന്റെയും മേലും ജേതാവാണവൻ. അവനിൽ എല്ലാം ഒന്നിച്ചു ചേർന്നു നിൽക്കുന്നു. എല്ലാ തിന്മകളിൽ നിന്നും ശുദ്ധീകരിക്കപ്പെട്ട സമസ്ത സൃഷ്ടിയും അവനിൽ സമ്യക്കായി സമ്മേളിച്ച് സമഞ്ജസമായി പൊരുത്തപ്പെട്ടു പോകും. ഇതെന്റെ വിശ്വാസമാണ്. എന്റെ വിശ്വാസം ഒളിച്ചു വയ്ക്കാൻ കാരണമൊന്നുമില്ല. ഏതു സമയത്തും ഞാൻ അതിനെപ്പറ്റി സംസാരിക്കുന്നുണ്ടാവില്ലെന്നതു വാസ്തവം. ഈ വിശ്വാസത്തിലാണു ഞാൻ ജീവിക്കുന്നത്. ഇതാണ് എന്റെ പ്രവൃത്തികളുടെ മൂലാധാരം. ഇതാണ് നിരാശയിൽ നിന്നും കഠിന വിഷാദത്തിൽ നിന്നും എന്നെ കാത്തുസൂക്ഷിക്കുന്ന പ്രത്യാശ. ദൈവത്തിന്റെ ലോകത്തിൽ സകലതും നിരാനന്ദവും മ്ലാനവുമായി പ്രത്യക്ഷപ്പെടുമ്പോൾപോലും ഈ പ്രത്യാശ എന്നെ നിലനിർത്തുന്നു.

**ക്രാങ്കെൻഹനസ് സെന്റ് ജോസഫ്, വുപ്പർത്താൽ, ജർമ്മനി,**
**ജൂൺ 5, 1993**

ജർമ്മനിയിൽ കോളോൺ നഗരത്തിനു സമീപമുള്ള വുപ്പർത്താൽ-എൽബർഫെൽഡ് എന്ന പട്ടണത്തിൽ സെന്റ് ജോസഫ് ആശുപത്രിയിലെ 341-ാം നമ്പർ മുറിയിൽ വച്ചാണ് ഞാൻ ഇത് എഴുതുന്നത്. തീയതി 1993 ജൂൺ മാസം അഞ്ചാം തീയതി. എനിക്കു വേറൊരു പരീക്ഷണം കഴിഞ്ഞതേയുള്ളു. എന്റെ ഇടതുവശത്തിനു തളർവാതം ബാധിച്ച സ്ഥിതിയിലാണു ഞാൻ ഈ വിൽപ്പത്രം തയ്യാറാക്കുന്നത്. കൃത്യം ഒരാഴ്ച മുമ്പ് -

മേയ് മാസം 29-ാം തീയതി - ഞാൻ ഓക്സ്ഫഡിൽ നിന്നു കൊളോണി ലേക്കു യാത്ര ചെയ്യുന്ന വേളയിലാണ് ഈ രോഗം ബാധിച്ചത്. കൊളോൺ വിമാനത്താവളത്തിൽ നിന്ന് എന്നെ നേരിട്ട് ഈ ആശുപത്രിയിലേക്കു കൊണ്ടുവരുകയായിരുന്നു. ഇന്ന് എനിക്ക് ഒരു കൈകൊണ്ടു ടൈപ്പു ചെയ്യാൻ കഴിയും. ദൈവം നന്മ ചെയ്തു. അത്ഭുതകരമായ രീതിയിൽ എന്നെ സുഖപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. അവന് മനസ്സുണ്ടെങ്കിൽ ഒറ്റയടിക്ക് എന്നെ സൗഖ്യമാക്കുവാൻ കഴിയുമായിരുന്നു. അങ്ങനെ പെട്ടെന്നുള്ള രോഗസൗഖ്യത്തിന് വേണ്ടവിധം എന്റെ വിശ്വാസം സുശക്തമല്ലെന്ന് അവൻ എന്നോടു പറഞ്ഞു. എങ്കിലും രോഗസൗഖ്യം അത്ഭുതകരമാംവിധം വേഗത്തിലാണ് നടക്കുന്നത്.

ഈ പരീക്ഷ ദീർഘകാലം നീണ്ടുനില്ക്കുമായിരിക്കാം. ഈ പരീക്ഷാ വേളയിൽ ചില കാര്യങ്ങൾ വീണ്ടും വളരെ സജീവമായും വ്യക്തമായും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. സാധാരണജീവിതത്തിൽ നമുക്കുള്ള പിടിമുറുക്കം എത്രയോ ക്ഷണഭംഗുരമാണെന്നതാണ് അതിലൊന്ന്. ദൈവം തന്റെ മഹാകൃപയാൽ നമ്മിൽ നിക്ഷേപിക്കുന്ന പുതുജീവന്റെ അടിസ്ഥാനം എത്രയോ അചഞ്ചലമാണെന്നതാണ് മറ്റൊന്ന്. മരണം ഭയ ഹേതുകമല്ല. നിത്യരോഗിയായി തീർന്നേക്കാമെന്ന സാധ്യത (അതായത്, മനുഷ്യശരീരത്തിൽ ഈ ജീവൻ അവസാനിക്കുവോളം) എന്നിൽ ഉഗ്ര ഭയം ജനിപ്പിക്കുകയോ ഉൾക്കിടിലം ഉണ്ടാക്കുകയോ ചെയ്യുന്നില്ല - അതാണ് ദൈവഹിതമെന്നു വരുകിൽ. എന്തുതന്നെ സംഭവിച്ചാലും അത് നന്മയ്ക്കായി രൂപാന്തരപ്പെടുത്താൻ ദൈവത്തിനു കഴിയും.

എന്നെ അതിജീവിക്കുന്ന എല്ലാവർക്കുമായി ഞാൻ ഈ സന്ദേശം നല്കുന്നു. നിങ്ങളുടെ പൂർണമനസ്സുകൊണ്ടും പൂർണമായ ഇച്ഛാശക്തി കൊണ്ടും നിങ്ങളുടെ സമസ്ത വികാരങ്ങൾകൊണ്ടും നിങ്ങളുടെ മുഴുവൻ ശക്തികൊണ്ടും ദൈവത്തെ സ്നേഹിക്കുക. പരനന്മ ലക്ഷ്യമാക്കി ജീവിക്കുക. നശ്വരമായ സ്വർണമോ ലൗകികമായ മഹത്വമോ തേടിപ്പോകരുത്. ആർക്കും തിന്മ വരണമെന്ന് ആഗ്രഹിക്കരുത്. നിങ്ങളുടെ ഹൃദയത്തിൽ ദൈവത്തെ സ്തുതിക്കുക. അവന്റെ എല്ലാ സൃഷ്ടികളെയും അനുഗ്രഹിക്കുക. ദൈവത്തെ സ്നേഹിക്കാനും അവന്റെ സൃഷ്ടിയെ സ്നേഹിക്കാനും സ്വന്തം താല്പര്യങ്ങൾ അന്വേഷിക്കാതെ മറ്റുള്ളവരെ സേവിക്കാനും ചെറുപ്പമായിരിക്കുമ്പോൾതന്നെ നിങ്ങൾ അച്ചടക്കത്തിലൂടെ പരിശീലിക്കുക. ദൈവരാജ്യം വരണമെന്നും സൃഷ്ടിക്കപ്പെട്ട ഈ വ്യവസ്ഥിതിയിൽ നിന്ന് എല്ലാ തിന്മയും ബഹിഷ്ക്കരിക്കപ്പെടണമെന്നും സദാ പ്രാർത്ഥിക്കുക.

*** മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ വിൽപ്പത്രത്തിന്റെ ആദ്യഭാഗമായ അന്ത്യശാസനം.**

## അനുബന്ധം 2

# എന്റെ ആത്യന്തിക ദർശനം

## എന്തുകൊണ്ട് ഞാനൊരു പൗരസ്ത്യ ഓർത്തഡോക്സ് ക്രിസ്ത്യാനിയായി?

ഇന്ത്യയിൽ ക്രിസ്തീയ മാതാപിതാക്കന്മാരിലൂടെ ജനിച്ചുവെന്നതും അനന്തരം എന്റെ മാതാപിതാക്കൾ എന്റെ നാലു സഹോദരന്മാരെയും പോലെ എനിക്കും മലങ്കര ഓർത്തഡോക്സ് സഭാംഗമായി മാമോദീസാ നല്കിയെന്നതും എന്റെ തെരഞ്ഞെടുപ്പിനു മുഖ്യമായി ഹേതുഭൂതമായി. എന്നാൽ പിൽക്കാലത്തു ഞാൻ സ്വയം എന്റെ തീരുമാനമെടുത്തു. മറ്റേതെങ്കിലും ഒരു സഭയിൽ എനിക്ക് അംഗമായി തീരാമായിരുന്നു. ഉദാഹരണത്തിന് മെനോനൈറ്റ് സഭാംഗമോ പ്രസ്ബിറ്ററിയൻ സഭാംഗമോ ആകാമായിരുന്നു. ഇന്ത്യാനയിൽ മെനോനൈറ്റ് ഗോഷൻ കോളജിൽ പഠിക്കുന്ന കാലത്ത് (1950–'52) മെനോനൈറ്റുകളുമായി ഞാൻ ഉറ്റ സമ്പർക്കം പുലർത്തി. പിന്നീട് പ്രിൻസ്ടൺ തിയോളജിക്കൽ സെമിനാരിയിൽ (1952–'54) ബി. ഡി. യ്ക്ക് (പിന്നീടത് മാസ്റ്റർ ഓഫ് ഡിവിനിറ്റി ബിരുദമാക്കി) പഠിക്കുമ്പോൾ പ്രസ്ബിറ്ററിയൻ സഭയിൽ ചേരാമായിരുന്നു. വാസ്തവം പറഞ്ഞാൽ എന്റെ ദൈവശാസ്ത്രവിദ്യാഭ്യാസം അധികപങ്കും (യേൽ, ഓക്സ്ഫഡ് ഉൾപ്പെടെ) പ്രൊട്ടസ്റ്റന്റ് സ്ഥാപനങ്ങളിലാണ് നടന്നത്. എങ്കിലും നവീകരണ സഭകളോട് ഇങ്ങനെ ലഭിച്ച അടുത്ത സമ്പർക്കം ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ അപ്പോസ്തോലിക പാരമ്പര്യത്തോടുള്ള എന്റെ പ്രതിബദ്ധത ഉറപ്പിയ്ക്കുന്നതിനു മാത്രമേ ഉതകിയുള്ളു.

അഖിലലോക സഭാകൗൺസിലിന്റെ അസോസിയേറ്റു സെക്രട്ടറിയായി ജോലി നോക്കുന്ന കാലത്ത് നവീകരണ വിഭാഗത്തിലും പൗരസ്ത്യ ഓർത്തഡോക്സിയിലും ഉൾപ്പെട്ട സഭകളെയെല്ലാം അടുത്തറിയുന്നതിനും അവിടങ്ങളിൽ ബൈബിൾ പഠനം നയിക്കുന്നതിനും സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിനും എനിക്കു ധാരാളം അവസരങ്ങൾ ലഭിച്ചു. പ്രൊട്ടസ്റ്റന്റ് സഭാനേതാക്കളിൽ അധികപങ്കും സഭകളുടെ അഖിലലോക കൗൺസിലിന്റെ കേന്ദ്രകമ്മറ്റിയംഗങ്ങളായിരുന്നതിനാൽ അവരെ വ്യക്തിപരമായി അറിയുന്നതിനും എനിക്കു കഴിഞ്ഞു.

പൗരസ്ത്യ ഓർത്തഡോക്സ് സഭ കാര്യഗൗരവമുള്ള പല കാര്യങ്ങളിലും, നാം പ്രഖ്യാപനം ചെയ്യുന്ന ഏക അപ്പോസ്തോല പാരമ്പര്യത്തോടുള്ള പ്രതിബദ്ധതയിൽ മറ്റു സഭകളേക്കാൾ കൂടുതൽ വിശ്വസ്തമാണെന്ന് ഈ വർഷങ്ങളിൽ എനിക്കു കൂടുതൽ ബോധ്യമായി. പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിൽ പ്രകടമായ അവിശ്വസ്തതയും എനിക്കു മനസ്സിലായി – അമിതമായ വംശീയഭക്തി, മനുഷ്യരാശിയെ സ്നേഹിക്കുന്നതിലും പരമാവധി സേവിക്കുന്നതിലുമുള്ള ദൗർബല്യം,

ആഗോളമനുഷ്യരാശിയുടെ മേൽ ആഞ്ഞടിച്ച ബൂർഷ്വാ മുതലാളിത്ത വ്യാവസായിക നാഗരികതയുടെ സാംസ്ക്കാരികവും ആദ്ധ്യാത്മികവും ധൈഷണികവുമായ പോരാട്ടങ്ങളുമായും പരാജയങ്ങളുമായും പൊരുത്തപ്പെടുന്നതിൽ നേരിട്ട പരാജയം തുടങ്ങിയവ. പൗരസ്ത്യ ഓർത്തഡോക്സിയിൽ തുടർന്നുപോന്ന അങ്ങേയറ്റം അക്രൈസ്തവമായ അധികാര പോരാട്ടങ്ങളും ഞാൻ മനസ്സിലാക്കി - പല പാശ്ചാത്യ സഭകളിലും ഉള്ളതിനേക്കാൾ അല്പം കൂടുതലായിത്തന്നെ അപലപനീയമായിരുന്നു ഇവ. ഇതൊക്കെയാണെങ്കിലും, വർഷങ്ങൾ കഴിയുന്തോറും പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തോടുള്ള എന്റെ ഭക്തിയും സ്നേഹവും ആഴമേറിക്കൊണ്ടിരുന്നു.

പ്രശസ്തരായ റോമൻ കത്തോലിക്കരുമായുള്ള വ്യക്തിഗത സൗഹൃദത്തിലൂടെയും പരന്ന വായനയിലൂടെയും റോമൻ കത്തോലിക്കാ പാരമ്പര്യവും വ്യാപകമായി അഭിമുഖീകരിക്കുന്നതിന് എനിക്ക് അവസരം കിട്ടി. അറുപതുകളിലും എഴുപതുകളിലും വത്തിക്കാനുമായി എനിക്ക് ഉറ്റബന്ധമുണ്ടായി. രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഡലിഗേറ്റഡ് നിരീക്ഷകൻ എന്ന നിലയിലും (1962–'65) പില്ക്കാലത്ത് 12 വർഷം സഭകളുടെ അഖിലലോക കൗൺസിലിന്റെ ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് അംഗമെന്ന നിലയിലും കത്തോലിക്കാ സഭാനേതാക്കളോടൊത്ത് ഞാൻ പ്രവർത്തിച്ചു. പോൾ ആറാമൻ, ജോൺ പോൾ ഒന്നാമൻ, ജോൺ പോൾ രണ്ടാമൻ എന്നീ മാർപ്പാപ്പാമാരുമായി ഞാൻ വ്യക്തിപരമായ ബന്ധം പുലർത്തി. വിയന്നായിലെ പ്രോ - ഓറിയന്റെ ഫൗണ്ടേഷൻ എഴുപതുകളിലും എൺപതുകളിലും ഓറിയന്റൽ ഓർത്തഡോക്സ് - റോമൻ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർ തമ്മിൽ നടത്തിയ അരഡസനോളം അനൗദ്യോഗിക സംഭാഷണങ്ങളിൽ റോമൻ കത്തോലിക്കാ സഭയിലെ പല പ്രമുഖ ദൈവശാസ്ത്രജ്ഞന്മാരുമായി അടുത്തു പ്രവർത്തിക്കുവാൻ എനിക്ക് അവസരം കിട്ടി.

*　　　*　　　*　　　*

പാശ്ചാത്യ ക്രിസ്ത്യാനിത്വത്തിന്റെ സാംസ്ക്കാരികാഹന്തയോടും ധൈഷണിക സങ്കുചിതത്വത്തോടും മറുതലിച്ച് 1954-ൽ പ്രിൻസ്ടണിൽ നിന്നു മടങ്ങിയെത്തിയ ശേഷമുള്ള 40 വർഷങ്ങളിലാണ് മറ്റു മതവിശ്വാസങ്ങളെപ്പറ്റി ഞാൻ ആഴത്തിൽ പഠിക്കുവാൻ ശ്രമിച്ചത്. ക്രിസ്ത്യാനികളും ഹിന്ദുക്കളും തമ്മിലുള്ള സംവാദങ്ങളിൽ ഞാൻ ഭാഗഭാക്കായി. സ്റ്റാൻലി ജോൺസിന്റെ സത്താർ ആശ്രമത്തിൽ വച്ച് നടന്ന ഒരു സംവാദം ശ്രദ്ധേയമായിരുന്നു. പ്രബന്ധങ്ങൾ സാധാരണഗതിയിൽ മര്യാദയുടെ മുഖമുദ്ര ചൂടി. സാർവ്വത്രികമായ സ്നേഹസാഹോദര്യങ്ങളുടെ മുഖാവരണം എടുത്തു ചൂടിക്കൊണ്ട്, തങ്ങൾ മറ്റുള്ളവയെ അപേക്ഷിച്ച് കൂടുതൽ ശരിയാണെന്ന് ഓരോ മതവും ചൂണ്ടിക്കാട്ടി. എന്നാൽ ലഘുഭക്ഷണസമയത്താണ് ഏറ്റവും നല്ല ഏറ്റുമുട്ടലുകൾ നടന്നത്. രണ്ട് അവസരങ്ങൾ വ്യക്തമായി ഓർക്കുന്നു.

ഹിന്ദുവായ ഒരു യൂണിവേഴ്സിറ്റി പ്രൊഫസറുടെ ചോദ്യമായിരുന്നു

ഒന്ന്. അദ്ദേഹം വെട്ടിത്തുറന്ന് ചോദിച്ചു: "താങ്കൾക്ക് ഗണ്യമായ അളവിൽ സത്യസന്ധതയുണ്ടെന്നു തോന്നുന്നു. ഒരു ചോദ്യം ചോദിക്കട്ടെ: എന്തിനാണ് ക്രിസ്ത്യാനികൾ ഹിന്ദുക്കളുമായി സംവാദത്തിന് ഒരുങ്ങുന്നത്? ഹിന്ദുക്കളായ ഞങ്ങളെ മാനസാന്തരപ്പെടുത്തുന്നതിൽ നിങ്ങളുടെ "തീയും ഇടിയും" പ്രസംഗിച്ചു ഭയപ്പെടുത്തുന്ന പഴയ സുവിശേഷപ്രവർത്തനരീതി പരാജയപ്പെട്ടതിനാൽ, ഒരു പുതിയ സമ്പ്രദായമായി നിങ്ങൾ സംവാദം ആസൂത്രണം ചെയ്തതല്ലേ? വളഞ്ഞ വഴിയിൽക്കൂടി ഞങ്ങളെ മതം മാറ്റിയെടുക്കാനുള്ള ഒരു പുതിയ തന്ത്രം?" സംവാദം സംബന്ധിച്ചു റോമൻ കത്തോലിക്കരും, പ്രൊട്ടസ്റ്റന്റുകാരും പുറത്തിറക്കുന്ന ഗ്രന്ഥങ്ങളധികവും ക്രിസ്ത്യാനികളുടെ ലക്ഷ്യം സംബന്ധിച്ച് ആ ഹൈന്ദവസുഹൃത്ത് പ്രകടിപ്പിച്ച സംശയം ബലപ്പെടുത്തുന്നതാണെന്നതാണു നിർഭാഗ്യകരം.

അന്ന് ഞാൻ ഒരു തീരുമാനം എടുത്തു. മറ്റു മതവിശ്വാസികളുമായി ക്രിസ്തീയ സംവാദത്തിന് രണ്ടു തത്വങ്ങൾ സ്വീകരിക്കുമെന്ന്. ഒന്നാമത് പരമാവധി സുതാര്യത. ക്രിസ്ത്യാനികൾക്ക് സംവാദത്തിൽ ഒളിഞ്ഞിരിക്കുന്ന ലക്ഷ്യം ഉണ്ടായിക്കൂടാ. എല്ലാവരും ക്രിസ്തുവിന്റെ സ്നേഹത്തിന് അർഹരാണ്. ക്രിസ്തു അവർക്കുവേണ്ടിയും കൂടിയാണ് ജീവാർപ്പണം ചെയ്തത്. മനുഷ്യരാശിക്കുവേണ്ടിയുള്ള ക്രിസ്തീയ സ്നേഹമായിരിക്കണം സംവാദത്തെ നയിക്കുന്ന മുഖ്യപ്രേരകശക്തി. മനുഷ്യരാശിയുടെ ഐക്യം സംബന്ധിച്ച ഉത്കണ്ഠ, ബഹുത്വമെങ്കിലും സൗഹൃദത്തോടെ സഹവസിക്കുന്ന സമൂഹങ്ങൾ ഓരോ സ്ഥലത്തും ദേശീയതലത്തിലും ആഗോളതലത്തിലും കെട്ടുപണി ചെയ്യേണ്ടതിന്റെ ആവശ്യകത തുടങ്ങിയവ ഉപപ്രേരകശക്തികളായി വന്നേക്കാം. പക്ഷേ അപരനെ മാനസാന്തരപ്പെടുത്തുകയെന്ന ലക്ഷ്യം ഒരിക്കലും അവലംബിച്ചുകൂടാ.

രണ്ടാമത്തെ തത്വം, മതങ്ങൾ തമ്മിലുള്ള സംവാദത്തിൽ ഒരു മതവും തങ്ങൾ മറ്റേതിനേക്കാൾ ഉൽകൃഷ്ടമെന്ന് അവകാശവാദം ഉന്നയിച്ചുകൂടാ. സംവാദത്തിൽ എല്ലാ മതങ്ങളും ഒരേ തലത്തിലാണ്. ആദരപൂർവ്വം മറ്റുള്ളവരെ ശ്രദ്ധിക്കുകയും അവരിൽനിന്ന് പഠിക്കുവാൻ ഉദ്യമിക്കുകയും ചെയ്യുക. നിങ്ങളുടെ വിശ്വാസം മാത്രമാണ് യഥാർത്ഥമെന്ന് നിങ്ങൾക്ക് ബോധ്യമുണ്ടായിരിക്കാം. പക്ഷേ ആ പശ്ചാത്തലത്തിൽ ഔൽകൃഷ്ട്യമൊന്നും അവകാശപ്പെട്ടുകൂടാ. എല്ലാവരും ഒരുപോലെ ദൈവത്തിന്റെ കൃപയിലും കരുണയിലും ആശ്രയിക്കുന്നവരാണ്; ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും. ചിലർ ആ കൃപയും കരുണയും അംഗീകരിക്കുന്നുണ്ടാവാം. മറ്റു ചിലർ അതിനെ അംഗീകരിക്കാത്തവരാണ്.

മനുഷ്യരാശിക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ സ്നേഹത്തെപ്പറ്റി ഒരു ഹൈന്ദവസുഹൃത്തിന്റെ മനസ്സിലുണ്ടായ ചിത്രത്തെ ലഘുഭക്ഷണസമയത്ത് അദ്ദേഹം അനാവരണം ചെയ്തു: "ഇതു മനസ്സിലാക്കുവാൻ നിങ്ങൾക്കു തൊലിക്കട്ടിയുണ്ടെന്നു തോന്നുന്നു." ആമുഖം കേട്ടപ്പോഴേ ഞാൻ കരുതലോടെയിരുന്നു. "ഹിന്ദുക്കളോടുള്ള ക്രിസ്തീയ സ്നേഹത്തെപ്പറ്റി ക്രിസ്ത്യാനികളായ നിങ്ങൾ സംസാരിക്കുമ്പോൾ എന്റെ ഹൈന്ദവ മനസ്സിലൂടെ കടന്നുപോകുന്ന ചില ചിത്രങ്ങളെപ്പറ്റി ഞാൻ പറയട്ടെ. ഭീമാകാര

നായ ഒരു എട്ടുകാലിയെയാണ് ഞാൻ കാണുന്നത്. അതിന്റെ ശരീരത്തിലെ സുഷിരങ്ങളിൽ നിന്ന് 'ക്രിസ്തീയ സ്നേഹം' എന്ന ഒരിനം പശയുള്ള ദ്രാവകം ഊറിക്കൊണ്ടേയിരിക്കുന്നു. അതുപയോഗിച്ച്, പറന്നുനടക്കുന്ന ഹൈന്ദവ ഈച്ചയായ എന്നെ പിടികൂടുന്നതിനു സമർത്ഥമായ മനോഹര വല നെയ്തെടുക്കുകയാണത്." ഞാനൊന്നു ഞെട്ടി, പക്ഷേ,പുറത്തു കാണിച്ചില്ല. ആ സുഹൃത്തിന്റെ ആരോപണം അടിസ്ഥാനരഹിതമല്ലെന്ന് എനിക്കറിയാം. ധർമ്മത്തിന്റെയോ; ആശുപത്രികൾ, സ്കൂളുകൾ, അനാഥാലയങ്ങൾ തുടങ്ങി പരോപകാരപ്രദമായ സ്ഥാപനങ്ങളുടെയോ രൂപത്തിൽ പ്രവഹിക്കുന്ന ക്രിസ്തീയ സ്നേഹത്തിന്റെ പിന്നിൽ 'ക്രിസ്തുവിന് സാക്ഷ്യം വഹിക്കുക', ക്രിസ്തുമതത്തെ ആകർഷകമാക്കിക്കാണിക്കുക എന്നീ പ്രേരകശക്തികൾ ഇന്നും പ്രവർത്തിക്കുന്നുണ്ട്. എല്ലാ വിധത്തിലുള്ള ക്രിസ്തീയ സാമൂഹ്യപ്രവർത്തനവും സുവിശേഷത്തിന്റെ പരസ്യമായി പരിഗണിക്കുക അനുചിതമായിരിക്കും. പക്ഷേ അക്രൈസ്തവർ പലപ്പോഴും അങ്ങനെ അവയെ കാണുന്നുവെന്നതു വാസ്തവം.

മറ്റു മതവിശ്വാസികളുമായി സംവാദത്തിലേർപ്പെടുന്നതു സംബന്ധിച്ച് ഒരു സബ് യൂണിറ്റ് സഭകളുടെ ലോകകൗൺസിൽ ആരംഭിച്ചു. ഒരു ഒന്നാംകിട ഭാരതീയ ക്രിസ്ത്യൻ നേതാവായ ഡോ. സ്റ്റാൻലി സമർത്ഥയെ ആ സബ് യൂണിറ്റിന്റെ അദ്ധ്യക്ഷനായി നിയമിച്ചു. അദ്ദേഹത്തിന്റെ സംഭാവന ഗണ്യമായിരുന്നു. സാംസ്ക്കാരികമായി സങ്കുചിത വീക്ഷണം പുലർത്തിപ്പോന്ന യൂറോപ്യൻ സഭയിൽപ്പോലും കുറെ നല്ല മതസംവാദങ്ങൾ സംഘടിപ്പിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. ഞാനും ഈ പ്രവർത്തനങ്ങളിൽ മുഖ്യനേതൃത്വം വഹിച്ചിരുന്നു. ന്യായവും സത്യസന്ധവുമായ സംവാദത്തിന് ഏതാനും ചട്ടങ്ങളും പ്രമാണങ്ങളും ഞങ്ങൾ ക്രോഡീകരിച്ചു. ഈ സെമിനാറുകളിലും കൺസൽറ്റേഷനുകളിലും മറ്റു മതവിശ്വാസികളുമായിച്ചേർന്ന് അർത്ഥഭരിതമായി പ്രാർത്ഥിക്കുന്ന അനുഭവത്തിലേക്കും ഞങ്ങൾ കടന്നുചെന്നു. യൂറോപ്പിലെ ക്രിസ്തീയ വൃത്തങ്ങളിൽ ഒട്ടുവളരെ ഒച്ചപ്പാടിന് ഇതു കാരണമായി. മുസ്ലീങ്ങളുമായി പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുത്തതിന് എന്റെ സുഹൃത്തായ ഒരു ജർമ്മൻ പ്രൊഫസർക്ക് യൂണിവേഴ്സിറ്റിയിലെ ജോലി മിക്കവാറും നഷ്ടപ്പെടുന്ന അവസ്ഥവരെയെത്തി. എന്നിരിക്കിലും ഞങ്ങൾ ഒച്ചപ്പാടുണ്ടാക്കാതെ അടിവച്ചു നീങ്ങി; 1975-ലെ സഭകളുടെ അഖിലലോക കൗൺസിലിന്റെ നൈറോബി അസംബ്ലി വരെ.

ക്രിസ്ത്യാനിത്വത്തിന് - പ്രത്യേകിച്ച് യൂറോപ്യൻ ക്രിസ്ത്യാനിത്വത്തിന് - പ്രായപൂർത്തിയായെന്ന ഡീട്രിച്ച് ബോൺഹോഫറുടെ അവകാശവാദം പരീക്ഷിച്ചുനോക്കാൻ സമയമായെന്ന് ഡയലോഗ് വർക്കിംഗ് ഗ്രൂപ്പംഗങ്ങളായ ഞങ്ങൾക്ക് തോന്നി. നൈറോബി അസംബ്ലിയിലേക്ക് ലോകത്തിലെ വലിയ മതങ്ങളിൽ നിന്ന് ഏതാനും നിരീക്ഷകരെ ഞങ്ങൾ ക്ഷണിച്ചു. അസംബ്ലിയുടെ ഒരു വിഭാഗം മതസംവാദത്തിനായി മാറ്റിവച്ചു. നൈറോബിയിൽ മുൻഗണന നൽകിയ പരിസ്ഥിതി പ്രശ്നത്തോടൊപ്പം സാംസ്ക്കാരിക ബഹുത്വവും മതസംവാദവും അസംബ്ലി അജണ്ടയുടെ പുറകുവശത്തു നിന്ന് കേന്ദ്രഭാഗത്തേക്ക് സംക്രമിപ്പിക്കണമെന്നായിരുന്നു ഞങ്ങളുടെ

ആഗ്രഹം. സംവാദം സംബന്ധിച്ച വിഭാഗത്തിന് അദ്ധ്യക്ഷത വഹിക്കാൻ എന്നെ നിയോഗിച്ചു.

പ്രസിഡന്റ് എന്ന നിലയിലുള്ള എന്റെ അദ്ധ്യക്ഷപ്രസംഗം കഴിഞ്ഞ യുടൻ എന്റെ ഒരു സുഹൃത്തായ നോർവീജിയൻ ലൂതറൻ ബിഷപ്പ് ചോദിച്ചു: "സത്യമറിയാൻ ക്രിസ്തേതരുടെ അടുക്കൽ പോകുവാൻ നിർബ ന്ധിതനായ വിധത്തിൽ, യേശുക്രിസ്തുവിന്റെ വെളിപ്പാട് ഏതർത്ഥത്തി ലാണ് ചെയർമാൻ അപര്യാപ്തമായി കണ്ടത്?" എന്റെ വികാരങ്ങൾ വ്രണപ്പെട്ടു. പക്ഷേ അദ്ധ്യക്ഷസ്ഥാനത്തിരുന്നതിനാൽ രൂക്ഷമായി പരു ക്കൻ ഭാഷയിൽ തിരിച്ചടിക്കാൻ എനിക്കു നിവൃത്തിയില്ലാഞ്ഞു. ഞാൻ ഇത്രമാത്രം പറഞ്ഞു: "എന്റെ സുഹൃത്തായ നോർവീജിയൻ ബിഷപ്പി നോളം ഭാഗ്യവാനല്ല ചെയർമാനായ ഞാൻ. യേശുക്രിസ്തുവിന്റെ വെളി പ്പാട് അദ്ദേഹം പൂർണ്ണമായി മനസ്സിലാക്കിയതുപോലെ, മറ്റുള്ളവരിൽ നിന്നും ഇനിയൊന്നും പഠിക്കാനില്ലെന്ന ഭാവത്തിൽ അദ്ദേഹം ആത്മസംതൃ പ്തിയടഞ്ഞതുപോലെ തോന്നുന്നു". ഉദ്ദേശിച്ച അർത്ഥം പിടികിട്ടിയോ എന്തോ? പക്ഷേ യൂറോപ്യൻ ക്രിസ്ത്യാനിത്വത്തിന്റെ ലജ്ജാകരമായ സങ്കു ചിതമനോഭാവം എന്റെ ക്രിസ്തേതര സുഹൃത്തുക്കൾക്കു വ്യക്തമായി മനസ്സിലായി. അവരുടെ മനസ്സിനു ക്ഷതമേറ്റു. പക്ഷേ അവർ പ്രശാന്തരാ യിരുന്ന് മര്യാദയോടെ വർത്തിച്ചു. യൂറോപ്യൻ സാംസ്ക്കാരിക സങ്കുചി തഭാവത്തിന്റെ കനത്ത പാറക്കെട്ടിൽ തല്ലി ഞങ്ങളുടെ പ്രതീക്ഷകൾ തകർന്നു.

ഇനിയും ബഹുമത സംവാദങ്ങളിൽ സഭകളുടെ അഖിലലോക കൗൺ സിൽ ഏർപ്പെട്ടുകൂടെന്ന് അസംബ്ലി തീരുമാനിച്ചു. ക്രിസ്ത്യാനികൾക്കു നിയന്ത്രണം കൈകാര്യം ചെയ്യത്തക്കവിധം രണ്ടു മതങ്ങൾ തമ്മി ലുള്ള സംവാദത്തിൽ ഒതുങ്ങി നിൽക്കണം. നൈറോബി അസംബ്ലി എന്നെ മതി മോഹവിമുക്തനാക്കി. പാശ്ചാത്യ ക്രിസ്ത്യാനികളിൽ റോമൻ കത്തോ ലിക്കരോ പ്രൊട്ടസ്റ്റണ്ടുകാരോ ക്രിസ്ത്യാനികൾക്കു നിയന്ത്രണമില്ലാത്ത സംവാദങ്ങളിൽ ഏർപ്പെടാൻ തക്ക പക്വത ആർജ്ജിച്ചിട്ടില്ലെന്ന് ഞാൻ മനസിലാക്കി. ഇക്കാര്യത്തിൽ പൗരസ്ത്യ ക്രിസ്തീയത്വം കൂടുതൽ പക്വ മാണെന്നോ കൂടുതൽ തുറന്ന മനസുള്ളതാണെന്നോ ഞാൻ അവകാശ പ്പെടുകയല്ല. വാസ്തവം പറഞ്ഞാൽ പൗരസ്ത്യ ഓർത്തഡോക്സിയുടെ വരട്ടു വിജ്ഞാന തത്വസംഹിതയുമായും, മറ്റുള്ളവരെ ഒഴിച്ചു നിർത്തുന്ന സ്വമതാവലംബന ശാഠ്യവുമായും തട്ടിച്ചുനോക്കുമ്പോഴാണ് നാം പാശ്ചാത്യ ക്രിസ്ത്യാനിത്വത്തെ മെച്ചപ്പെട്ട വെളിച്ചത്തിൽ കാണുക.

അതെന്തായാലും, പാശ്ചാത്യസഭയുടെ - പ്രൊട്ടസ്റ്റന്റായാലും റോമൻ കത്തോലിക്കരായാലും സെക്ടേറിയനായാലും - നേതൃത്വത്തിൽ എനി ക്കുള്ള ആത്മവിശ്വാസം തകരത്തക്ക പ്രക്രിയ ആരംഭിച്ചു കഴിഞ്ഞു. എന്റെ പൗരസ്ത്യ ഓർത്തഡോക്സി, അനേകം ശക്തികളുമായി വ്യക്തമായ ധാര ണയില്ലാതെ മല്ലടിച്ചുകൊണ്ട് അതിന്റെ മാനവിക വീക്ഷണം നഷ്ടപ്പെ ടുത്തി. മദ്ധ്യപൗരസ്ത്യ ദേശത്ത് ഇസ്ലാമുമായും ആക്രമണോത്സുകരായ റോമൻ കത്തോലിക്കരുമായും പ്രൊട്ടസ്റ്റന്റുകാരുമായും, പലയിടങ്ങളിലും

കാണാവുന്ന മതപരിവർത്തന മിഷനുകളുമായും, മദ്ധ്യയൂറോപ്പിലും കിഴക്കൻ യൂറോപ്പിലും നിരീശ്വര കമ്മ്യൂണിസവുമായും, രക്തം ഊറ്റിക്കുടിക്കുന്ന നാളികളുമായി ലോകമൊട്ടുക്കു പടർന്നുകയറുന്ന ലിബറൽ സെക്കുലറിസവുമായും പൗരസ്ത്യ ഓർത്തഡോക്സിക്ക് മല്ലടിക്കേണ്ടിയിരിക്കുന്നു. സങ്കുചിതത്വത്തിൽ തൃപ്തിപൂണ്ട്, ക്രിസ്തീയസത്യം സംബന്ധിച്ച സ്വന്തം കുത്തകാവകാശത്തെപ്പറ്റി വൻഅവകാശവാദങ്ങൾ ഉയർത്തി, അതേസമയം ആധുനിക ലോകവുമായോ സ്വന്തം യുവജനങ്ങളുമായോ അത്മായരുമായോ (അന്യവൽക്കരിക്കപ്പെട്ട ഓർത്തഡോക്സ് വനിതകൾ ഉൾപ്പെടെ) ആശയവിനിമയം നടത്താൻ കഴിയാതെ നിഷേധാത്മക നിലപാട് വഴി ആത്മരക്ഷയുടെ ഒരു മനഃശാസ്ത്രകവചം അത് വികസിപ്പിച്ചിട്ടുണ്ട്.

* * * *

സഭാ കൗൺസിലിന്റെ ഏഴു പ്രസിഡന്റുമാരിൽ ഒരാളായി എന്നെ 1983-ൽ തിരഞ്ഞെടുത്തു. നയരൂപവൽക്കരണത്തിൽ നിന്നും സജീവമായ പ്രവർത്തനങ്ങളിൽ നിന്നും അധികാരസ്ഥാനങ്ങളിൽ നിന്നും എന്നെ പുറത്തുനിറുത്തുന്നതിനുള്ള ഡബ്ലിയു. സി. സി. അധികൃതരുടെ സാഹസിക നീക്കത്തിന്റെ ഫലമായിരുന്നു അത്. കൗൺസിൽ പ്രസിഡന്റ് എന്നും അലങ്കാര പ്രധാന വ്യക്തിയാണ്. എക്സിക്യൂട്ടീവ് കമ്മറ്റിയിൽ അംഗമാണ് എന്നല്ലാതെ പ്രസിഡന്റിന് ഒരധികാരവും ഇല്ലായിരുന്നു. അപ്രധാനമായ പരസ്യസന്ദർഭങ്ങളിൽ പ്രസിഡന്റ് കൗൺസിലിനെ പ്രതിനിധാനം ചെയ്യുമെന്നാണു പ്രതീക്ഷിക്കുന്നത്. എല്ലാ വിവാദങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കുന്ന ഒരു സീനിയർ വ്യക്തിയാണ് പ്രസിഡണ്ട്.

വാൻകൂവറിൽ അണിയറയിൽ അരങ്ങേറിയ അധികാര വിതരണ കസർത്തുകളെപ്പറ്റി ഞാൻ അറിഞ്ഞുകൊണ്ടാണിരുന്നത്. വെസ്റ്റിൻഡീസിൽ നിന്നുള്ള കറുത്ത വംശജനും ഇംഗ്ലീഷുകാരനുമായ ഫിലിപ്പ് പോട്ടർ ആയിരുന്നു അന്ന് ജനറൽ സെക്രട്ടറി. മെരുക്കിയെടുക്കാവുന്ന ഒരു വ്യക്തിയെ മോഡറേറ്ററായി മതിയെന്നാണ് പോട്ടറുടെ പക്ഷം. ആഗോള സഭയെപ്പറ്റി ഒന്നുമറിഞ്ഞുകൂടാത്ത, മോഡറേറ്റർക്കാവശ്യമായ ദൈവശാസ്ത്ര ജ്ഞാനമില്ലാത്ത ഒരു സ്കോട്ടീഷ് സ്കൂളദ്ധ്യാപകനെ പോട്ടർ മോഡറേറ്റർ സ്ഥാനത്തേക്ക് കണ്ടുപിടിച്ചു. കണ്ണുകളിൽ ജ്വലിക്കുന്ന ധിക്കാരഭാവത്തോടെ, മോഡറേറ്ററായി താൻ കണ്ടുപിടിച്ച വ്യക്തിയെ എന്തെല്ലാം എതിർപ്പുകളുണ്ടായാലും തെരഞ്ഞെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു. എന്റെ പേര് പ്രസിഡണ്ട് സ്ഥാനത്തേക്ക് നിർദ്ദേശിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. പോട്ടറുടെ സ്ഥാനാർത്ഥി മോഡറേറ്ററായി തിരഞ്ഞെടുക്കപ്പെടാൻ സാധ്യതയില്ലെന്ന് ഞാൻ ചൂണ്ടിക്കാട്ടി. കാണിച്ചുതരാമെന്നായിരുന്നു പോട്ടറുടെ മറുപടി. ഒരു കൊല്ലത്തിനകം തന്റെ കാലാവധി തീരുമ്പോൾ ജർമ്മൻകാരനും തന്റെ ആത്മമിത്രവും ഉപദേഷ്ഠാവുമായ പ്രൊഫ. കോൺറാഡ് റെയ്സറെ ജനറൽ സെക്രട്ടറിയാക്കണമെന്നും പോട്ടർ തീരുമാനിച്ചിരുന്നു.

അന്ന് സെൻട്രൽ കമ്മറ്റിയുടെ മോഡറേറ്റർ സ്ഥാനത്തിനു ന്യായമായും ആർഹനായ വ്യക്തി ഞാൻ മാത്രമായിരുന്നു. ഓർത്തഡോക്സ് പാരമ്പര്യത്തിൽ നിന്ന് അന്നുവരെ ആരെയും ജനറൽ സെക്രട്ടറിയായോ മോഡറേറ്ററായോ സേവനമനുഷ്ഠിക്കുവാൻ അനുവദിച്ചിരുന്നില്ല. ജനറൽ സെക്രട്ടറിയുടെ സ്ഥാനം മാത്രമാണ് മോഡറേറ്ററിനേക്കാൾ അധികാരം കയ്യാളുന്ന തസ്തിക.

ഡബ്ലിയു. സി. സി. യിലെ അധികാര വടംവലിയിൽ ഞാൻ പ്രവേശിച്ച ദുർലഭ സന്ദർഭങ്ങളിലൊന്നാണിത്. പോട്ടറും റെയ്സറും സ്കോട്ടീഷ് സ്കൂളദ്ധ്യാപകനും ഒരുമിച്ച് ചേർന്ന് ഡബ്ലിയു. സി. സി. യുടെ അധികാരത്തിൽ വരുന്നത് വിനാശകരമാണെന്ന് എനിയ്ക്ക് ബോധ്യമായിരുന്നു. തങ്ങളെ പൂർണ്ണമായും പുറംതള്ളിയതായി ഓർത്തഡോക്സ് സഭകൾക്ക് തോന്നുവാൻ അതു കാരണമാകും. ഡബ്ലിയു. സി. സി. യുടെ നിലനില്പ്പിനു തന്നെ ഭീഷണി ഉയർന്ന ഒരു സമയം. തന്മൂലം ഞാൻ പ്രവർത്തനനിരതനായി. ഫലം സിദ്ധിക്കുകയും ചെയ്തു. ജനറൽ സെക്രട്ടറിയുടെ നിർദ്ദേശം സെൻട്രൽ കമ്മറ്റി പുറംതള്ളി. കുഴഞ്ഞുമറിഞ്ഞ പ്രക്രിയയിലൂടെ ജർമ്മൻകാരനായ പ്രീസസ് ഹെൽഡിനെ മോഡറേറ്ററായി തെരഞ്ഞെടുത്തു. തൽക്കാലത്തേക്കെങ്കിലും കോൺറാഡ് റെയ്സറുടെ പിന്തുടർച്ചാ സാധ്യത അതോടെ തകർന്നു. രസിക്കാത്ത മട്ടിൽ റെയ്സർ സെൻട്രൽ കമ്മറ്റിയിൽ നിന്നും ഇറങ്ങിപ്പോയി. സെൻട്രൽ കമ്മറ്റി നടപടിയുടെ യഥാർത്ഥ അർത്ഥം അദ്ദേഹത്തിനു മനസ്സിലായെന്നു സാരം.

1983-ൽ ഡബ്ലിയു. സി. സി. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ “വിശിഷ്ട ഉപകരണ”മാണെന്നുള്ള വാദത്തിൽ ഞാൻ ആശങ്കാകുലനായി. മിക്ക രാഷ്ട്രങ്ങളിലും കാണുന്ന രീതിയിലുള്ള വൃത്തികെട്ട രാഷ്ട്രീയം ആ ക്രിസ്തീയ പ്രസ്ഥാനത്തിൽ പ്രകടമാകുന്നതായി എനിക്കു തോന്നി. 1991-ലെ കാൻബറാ അസംബ്ലിവരെ ഞാൻ പ്രസിഡന്റായി പ്രവർത്തിച്ചു. പക്ഷേ സുപ്രധാന തീരുമാനങ്ങളെടുക്കുന്ന സന്ദർഭങ്ങളിൽ എന്നെ ക്രമാനുഗതമായി മാറ്റിനിർത്തി. സുപ്രധാന പരസ്യ സന്ദർഭങ്ങളിലൊന്നും ഡബ്ലിയു. സി. സി. യെ പ്രതിനിധാനം ചെയ്യാൻ എന്നെ അനുവദിച്ചില്ല. പ്രസിഡണ്ടായിട്ടല്ല സ്വന്തം നിലയിൽ എന്തെങ്കിലും ചെയ്യാൻ പോകുന്നതായി പറഞ്ഞിട്ടുള്ളപ്പോഴൊക്കെ ഡബ്ലിയു. സി. സി. നേതൃത്വം ഭയന്നു. എന്നെ തടയുന്നതിനോ കടത്തിവെട്ടുന്നതിനോ നടപടി സ്വീകരിച്ചു. ഉദാഹരണത്തിന്, നിക്കരാഗ്വയുടെ വിമോചനത്തിന്റെ ആറാം വാർഷികത്തിൽ പങ്കെടുക്കുവാൻ ഞാൻ മനാഗ്വ സന്ദർശിക്കുമെന്ന് അറിയിച്ചപ്പോൾ, എനിക്കു തടസ്സം സൃഷ്ടിക്കുവാൻ വേറെ രണ്ടു പ്രസിഡന്റുമാരെയും മറ്റാളുകളെയും കൂടെ അയക്കാൻ അവർ തീരുമാനിച്ചു. സാൻഡിനിസ്റ്റുകൾക്ക് അനുകൂലമായി ഞാൻ എന്തെങ്കിലും പറയുമോ എന്നതായിരുന്നു അവരുടെ ആശങ്ക.

എന്റെ നോട്ടത്തിൽ ശരിയെന്നു തോന്നിയതു മനാഗ്വയിൽ ഞാൻ ചെയ്തു. അമേരിക്കൻ ആക്രമണ ഭീഷണിക്കെതിരായി വിദേശകാര്യമന്ത്രി ഡസ്ക്കോട്ടോ ഉപവസിക്കുന്ന സ്ഥലത്തേക്കാണ് ഞാൻ ആദ്യമേ പോയത്.

സഹാനുഭൂതി സൂചകമായി ഞാൻ അദ്ദേഹത്തോടൊന്നിച്ച് ഒരു ദിവസം ഉപവസിച്ചു. പ്രസിഡണ്ട് ഒർട്ടേഗയെ ഞാൻ സന്ദർശിച്ചു. സാൻഡിനിസ്റ്റു കൾ ഇത്ര വർഗീയമായതെന്താണെന്നും, മോസ്കിറ്റോകളോട് മോശമായി പെരുമാറിയതെന്താണെന്നും ഞാൻ മര്യാദയോടെ ചോദിച്ചു. ഒർട്ടേഗ പ്രസി ഡണ്ടിന്റെ കസേരയിൽ നിന്ന് എഴുന്നേറ്റ് തല നമിച്ചുകൊണ്ട് എന്നോട് പറഞ്ഞു: "സാൻഡിനിസ്റ്റുകൾ തെറ്റു ചെയ്തുവെന്ന് ദൈവമുമ്പാകെയും അങ്ങയുടെ മുമ്പാകെയും ഞാൻ ഏറ്റുപറയുന്നു. മോസ്കിറ്റോകൾക്ക് നഷ്ടപരിഹാരം നൽകാൻ ഞങ്ങൾ കഴിവുള്ളതെല്ലാം ചെയ്തുകൊണ്ടി രിക്കുകയാണ്."

മദ്ധ്യ അമേരിക്കയിലെ മർദ്ദനത്തെ അപലപിച്ച ലാറ്റിൻ അമേരിക്കൻ ക്രിസ്ത്യാനികൾ, ഭൂഖണ്ഡത്തിലെ ആദിവാസികളോട് അവർ അനു വർത്തിച്ച ക്രൂരതകളെപ്പറ്റി ബോധവാന്മാരല്ലെന്നത് എന്നെ ദുഃഖാകുല നാക്കി. വിമോചന ദൈവശാസ്ത്രജ്ഞന്മാരെന്ന് അറിയപ്പെടുന്നവർ പോലും, അവർ ആട്ടിപ്പായിക്കുകയും സംസ്ക്കാരവിരുദ്ധരാക്കുകയും ചെയ്ത തദ്ദേശീയരെ മനസ്സിലാക്കാനോ സഹാനുഭൂതി പ്രദർശിപ്പിക്കാനോ തയ്യാറായിട്ടില്ല.

എൽസാൽവഡോർ, ഡൊമിനിക്കൽ റിപ്പബ്ലിക്ക് തുടങ്ങിയ മറ്റു മദ്ധ്യ അമേരിക്കൻ രാജ്യങ്ങളും ഞാൻ സന്ദർശിച്ചു. കരുത്തരായ അമേരി ക്കനനുകൂല ഫാസിസ്റ്റു ശക്തികൾ പീഡിപ്പിക്കുകയും കൂട്ടക്കൊല ചെയ്യു കയും ചെയ്ത ജനങ്ങളെ ഞാൻ കണ്ടു. എന്റെ സന്ദർശനത്തിന്റെ ഒരു യഥാർത്ഥ റിപ്പോർട്ട് 1985 ജൂലൈ 28 മുതൽ ആഗസ്റ്റ് 8 വരെ അർജന്റീന യിൽ ചേർന്ന സെൻട്രൽ കമ്മറ്റിക്ക് ഞാൻ സമർപ്പിച്ചു. ആ റിപ്പോർട്ടിലെ ഗണ്യമായ വൈകാരികാംശത്തിന്റെ സ്വാധീനം മൂലം, ചർച്ച കൂടാതെതന്നെ മദ്ധ്യഅമേരിക്ക സംബന്ധിച്ച പ്രമേയം കമ്മറ്റി അംഗീകരിച്ചു.

(My Own Vision of the Ultimate: Why am I an Eastern Orthodox Christian? എന്ന ലേഖനത്തിന്റെ പ്രസക്ത ഭാഗങ്ങൾ. വിവർത്തനം: എം. കുര്യൻ.)



പോൾ വർഗീസ് എത്യോപ്യൻ ചക്രവർത്തിയുടെ ഉപദേഷ്ടാവ് ആയിരിക്കുമ്പോൾ.





# യീഹൂദായുടെ സിംഹത്തോടൊപ്പം

## (ആത്മകഥാപരമായ ലേഖനങ്ങൾ)

## ഉള്ളടക്കം


1. വെല്ലുവിളി പ്രാർത്ഥനയായി

2. എത്യോപ്യയിലെ ഓർത്തഡോക്സ് വിദ്യാർത്ഥി സംഘടന

3. യീഹൂദായുടെ സിംഹത്തിന് എന്ത് പറ്റി?


---


**യീഹൂദായുടെ സിംഹത്തോടൊപ്പം**

(ആത്മകഥാപരമായ ലേഖനങ്ങൾ)

**പൗലോസ് മാർ ഗ്രിഗോറിയോസ്**

ഫസ്റ്റ് വെബ് എഡിഷൻ: 2004 നവംബർ

# 1

# വെല്ലുവിളി പ്രാർത്ഥനയായി

1947-ൽ എറണാകുളത്തു ഡോക്ടർ പോൾ പുത്തൂരാൻ പെട്ടെന്നാണു മരിച്ചത്. ടെന്നീസ് കളിക്കുവാൻ ക്ലബ്ബിൽ പോകുമ്പോൾ ക്ലബ്ബിന്റെ ഗേറ്റിനു സമീപം ഹൃദയസ്തംഭനം മൂലം വീണു മരിക്കുകയാണുണ്ടായത്.

എന്റെ സ്നേഹിതന്റെ ഈ അപ്രതീക്ഷിത മരണം എന്നെ വളരെ ചിന്തിപ്പിച്ചു. എനിക്ക് അന്ന് എറണാകുളം കമ്പിത്തപാൽ ഓഫീസിൽ ടെലിഗ്രാഫിസ്റ്റ് ആയി ജോലിയാണ്. വയസ്സ് 25. കൂട്ടുകാർ ധാരാളം. കുറെയൊക്കെ ജനസമ്മതിയുമുണ്ട്. പക്ഷേ, മനസ്സിൽ സമാധാനമില്ല. അമ്മയും ജ്യേഷ്ഠ സഹോദരനും മാനസിക രോഗികളാണെന്നുള്ളത് ഒരു വശം. മറുവശത്ത് ജീവിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണെന്നുള്ള ചോദ്യം മനസ്സിൽ കൂടെക്കൂടെ ഉദിച്ചലട്ടുന്നു. വലിയ സ്വഭാവദൂഷ്യങ്ങളൊന്നുമില്ലെങ്കിലും ദൈവപ്രതിഷ്ഠിതമായ ഒരു ജീവിതം നയിക്കുവാൻ സാധിക്കുന്നില്ല എന്നതിന്റെ അസംതൃപ്തി ഉള്ളിൽ വിഷമമുണ്ടാക്കുന്നുണ്ടായിരുന്നു.

ഡോക്ടർ പുത്തൂരാൻ മരിച്ച ദിവസം ദൈവവുമായി ഒരു ചെറിയ സംഭാഷണം ഞാൻ നടത്തി. കൂടുതൽ സേവന സാധ്യതയും പ്രതിഷ്ഠാ മനോഭാവവും ഉള്ള ഒരു ജീവിതത്തുറയിലേക്കു പോകേണ്ടതാണെന്ന് എനിക്കറിയാമെന്നു ഞാൻ ഈശ്വരനോട് സമ്മതിച്ചു പറഞ്ഞു. പക്ഷേ, എറണാകുളത്തെ ജീവിതശൈലിക്കുള്ളിൽ അങ്ങനെയുള്ള സമർപ്പണജീവിതം സാദ്ധ്യമല്ല എന്നും ജീവിത സാഹചര്യങ്ങൾ മാറ്റിത്തരികയാണെങ്കിൽ ആദ്ധ്യാത്മിക സമർപ്പണജീവിതം നയിച്ചുകൊള്ളാമെന്നും ഞാൻ ഒഴികഴിവെന്ന രൂപേണയാണു ദൈവത്തോടു പറഞ്ഞത്.

പക്ഷേ, പിറ്റേദിവസം തന്നെ എന്റെ വെല്ലുവിളി ഈശ്വരൻ സ്വീകരിച്ചു. ഡോക്ടർ പുത്തൂരാന്റെ ശവസംസ്ക്കാരം രാവിലെ കഴിഞ്ഞു. എനിക്കന്ന് ഉച്ചകഴിഞ്ഞു രണ്ടു മണിക്ക് ഓഫീസിൽ പോയാൽ മതി. ടെലിഗ്രാഫ് ഓഫീസിൽ രണ്ടു മണി മുതൽ പത്തു മണി വരെയാണു ഡ്യൂട്ടി. രാവിലെ ശവസംസ്ക്കാരവും കഴിഞ്ഞു ഷൺമുഖം റോഡിൽ മാത്യു ചൂളയ്ക്കലിന്റെ റേഡിയോ ഷോപ്പിൽ ഇരുന്നു വർത്തമാനം പറഞ്ഞുകൊണ്ടിരുന്ന സമയത്തു തനിക്ക് ഉച്ചയ്ക്കു മുമ്പേ ആലുവായിൽ പോയിട്ടു വരേണ്ടുന്നയാവശ്യമുണ്ടെന്നും കൂടെ വരുന്നോ എന്നും മാത്യു എന്നോട് ചോദിച്ചു. ഞാൻ സമ്മതിച്ചു.

ഏതാനും മിനിട്ടുകൾക്കുള്ളിൽ പോകണം. അപ്പോഴാണ് ഒരു സായ്പ്പ് കടയിൽ കയറി വരുന്നത്. തനിക്കു കോട്ടയം വരെ പോകണമെന്നും എന്നാൽ എറണാകുളത്തു നിന്നും കോട്ടയത്തേക്കു നേരിട്ടു ബസ്സില്ലാത്തതുകൊണ്ട് ആലുവായിൽ പോയി ബസ്സു കയറണമെന്നും പറഞ്ഞിട്ട്

ആലുവായ്ക്കു പോകാനുള്ള വഴിയേതാണെന്നു ഞങ്ങളോടു ചോദിച്ചു.

ഞങ്ങൾ ആലുവായിൽ പോകാൻ തയ്യാറായി നിൽക്കുകയാണെന്നും മാത്യുവിന്റെ കൊച്ചു കാറിൽ സായ്പ്പിനെക്കൂടെ കയറ്റാമെന്നും ഞങ്ങൾ സമ്മതിച്ചു. അങ്ങനെ ഞങ്ങൾ ഒരുമിച്ച് ആലുവാ വരെ യാത്ര ചെയ്തതിന്റ പരിണതഫലം ഞാൻ കുറേ മാസങ്ങൾ കഴിഞ്ഞ് 1947 ഓഗസ്റ്റിൽ എത്യോപ്യയിൽ അധ്യാപകനായി പോയി എന്നതു തന്നെ. എത്യോപ്യൻ ഗവൺമെന്റ് സ്കൂളുകളിലേക്ക് അദ്ധ്യാപകരെ റിക്രൂട്ട് ചെയ്യുവാൻ ആദ്യമായി വന്ന ആളായിരുന്നു ആ സായ്പ്. കാനഡാക്കാരനായ അദ്ദേഹത്തിന്റെ പേര് ഡോക്ടർ ആർ. എൻ. തോംപ്സൺ.

ദൈവത്തെ പരിശോധിക്കാനോ പരീക്ഷിക്കാനോ അല്ലാതെ ആത്മാർത്ഥമായി ദൈവത്തോട് ഇടപെട്ടാൽ ഉടനേതന്നെ പ്രവർത്തിക്കുവാൻ ദൈവത്തിനു സാധിക്കുമെന്നതിനു മറ്റു തെളിവൊന്നും എനിക്കാവശ്യമില്ല.

പുതിയ ജീവിത സാഹചര്യം നൽകിയാൽ കൂടുതൽ സമർപ്പിതജീവിതം നയിച്ചുകൊള്ളാമെന്നായിരുന്നു പകുതി ഒഴികഴിവായിട്ടാണെങ്കിലും എന്റെ വെല്ലുവിളി. അത് ഒരു പ്രാർത്ഥനയായി ദൈവം കണക്കിലെടുത്തു. പിറ്റേന്നു തന്നെ ദൈവം വഴി കാണിച്ചു. അന്നു ഞാൻ എത്യോപ്യയിൽ പോയില്ലായിരുന്നു എങ്കിൽ ഇന്നു ഞാൻ എവിടെയായിരിക്കുമായിരുന്നു എന്നു പലപ്പോഴും ചിന്തിക്കാറുണ്ട്.

(*മലയാള മനോരമ ആഴ്ചപ്പതിപ്പ്, ജനുവരി 13, 1990*)



**ഫാ. പോൾ വർഗീസ് ഹെയ്ലി സെലാസി ചക്രവർത്തിയോടൊപ്പം**





# 2

# എത്യോപ്യയിലെ ഓർത്തഡോക്സ് വിദ്യാർത്ഥി സംഘടന

നമ്മുടെ വിദ്യാർത്ഥിപ്രസ്ഥാനം സുവർണ്ണ ജൂബിലി കൊണ്ടാടുന്ന ഈ വർഷത്തിൽ എത്യോപ്യയിൽ ഒരു ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം ഉടലെടുക്കുവാൻ തുടങ്ങുന്നേയുള്ളു. അതിലത്ഭുതപ്പെടാനൊന്നുമില്ല. ഇവിടെ കോളേജു തന്നെ ആരംഭിച്ചിട്ട് ആറു വർഷത്തിൽ കൂടുതലായിട്ടില്ല. മൂന്നു കോളേജുകളാണുള്ളത്. യൂണിവേഴ്സിറ്റി കോളേജിൽ ആകെ 300 വിദ്യാർത്ഥികളോളമുണ്ട്. എൻജിനീയറിങ്ങ് കോളേജുകൾ രണ്ടിലും കൂടി 100 വിദ്യാർത്ഥികളോളമാണുള്ളത്. പക്ഷേ, ആധുനിക വിദ്യാഭ്യാസത്തിന്റെ തിരത്തള്ളലിൽ സഭയ്ക്ക് യുവജനങ്ങളുടെ മേലുള്ള സ്വാധീനം ക്രമാനുഗതമായി നഷ്ടപ്പെട്ടു പോകുന്നത് ഇവിടെയെല്ലാവർക്കും കാണാം. ഈ വിദ്യാഭ്യാസ വർഷാരംഭത്തിൽ കോളേജിൽ മതവിശ്വാസ സംബന്ധമായ സംഗതികൾ ചർച്ച ചെയ്യുന്നതു പോലും യുവ വിദ്യാർത്ഥികൾക്ക് വലിയ അറപ്പായിരുന്നു.

ഈ കോളേജ് ഗവർമ്മെന്റ് ചെലവിൽ നടത്തുന്നത് ജെസ്യൂട്ടുകളുടെ നേതൃത്വത്തിൽ പടിഞ്ഞാറൻ കത്തോലിക്കരാണ്. കത്തോലിക്കാ വിശ്വാസം പഠിപ്പിച്ചുകൂടെന്ന് ചക്രവർത്തി വിരോധിച്ചിട്ടുണ്ടെങ്കിലും അവർ അവരുടെ ജോലി മുറയ്ക്കു നടത്തുന്നുണ്ട്. ഇവിടെ പഠിപ്പിക്കുന്ന കത്തോലിക്കാ പുരോഹിതന്മാർ അവരുടെ സ്ഥാനവസ്ത്രം ധരിക്കേണ്ടതില്ലെന്ന് മാർപ്പാപ്പാ പ്രത്യേകാനുമതി നൽകിയിട്ടുണ്ടത്രേ. കോളേജിന്റെ പ്രിൻസിപ്പാൾ ഡോക്ടർ മാറ്റ് എത്യോപ്യയെ മുഴുവനായി കത്തോലിക്കാ വിശ്വാസത്തിലേക്ക് കൊണ്ടുവരുവാൻ വത്തിക്കാനിൽ നിന്നും ചുമതലപ്പെടുത്തിയിട്ടുള്ള ഒരു ബിഷപ്പാണെന്നാണ് ഇവിടെ സംസാരം. പക്ഷേ അദ്ദേഹത്തിനെ സാധാരണ വസ്ത്രത്തിലാണ് ഞങ്ങളൊക്കെ കാണുന്നത്.

ഡോക്ടർ മാറ്റിനും കൂട്ടർക്കും ഇന്ത്യാക്കാരോട് വിരോധമാണ്. മുമ്പ് അദ്ദേഹം ഇവിടെ ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന കാലത്ത് നമ്മുടെ ഡോക്ടർ കെ. എം. സൈമൺ അവിടെ ചെന്ന് ഓർത്തഡോക്സ് വിശ്വാസത്തെപ്പറ്റി ഒരു പ്രസംഗം ചെയ്തു. പിറ്റേ ദിവസം ആ സ്കൂളിലെ ആയിരത്തോളം വരുന്ന വിദ്യാർത്ഥികൾ (കത്തോലിക്കരായ പത്തോ ഇരുപതോ ഒഴികെ) ഒന്നടങ്കം പുറത്തിറങ്ങി. "ഈ കത്തോലിക്കാ അദ്ധ്യാപകർ ഇവിടെ നിന്നു പോയല്ലാതെ ഞങ്ങൾ ക്ലാസിൽ കയറുകയില്ല" എന്ന് ശാഠ്യം തുടങ്ങി. പിന്നെ ചക്രവർത്തി തിരുമനസ്സുകൊണ്ട് നേരിട്ടുവന്നാണ് അവരെ ക്ലാസിൽ കയറ്റിയത്.

ഡോക്ടർ സൈമന്റെ പ്രസംഗം കൊണ്ടു മാത്രമല്ല ഇതുണ്ടായത്.

വളരെ നാളുകളായി വിദ്യാർത്ഥി ഹൃദയങ്ങളിൽ എരിഞ്ഞു പുകഞ്ഞു കൊണ്ടിരുന്ന കത്തോലിക്കാ വിദ്വേഷം സൈമൺ ശെമ്മാശന്റെ എരിവേറിയ പ്രസംഗത്തോടു കൂടി ആളിക്കത്തിയെന്നു മാത്രമേയുള്ളു.

ഏതായാലും ജസ്യൂട്ടുകളുടെ ആ വിദ്വേഷം ഇന്നും പോയിട്ടില്ല. “ഒരിന്ത്യാക്കാരനെപ്പോലും ഈ കോളേജിന്റെ പടിക്കകത്ത് പ്രസംഗിക്കാൻ ഞങ്ങൾ സമ്മതിക്കയില്ല” എന്ന് ഡോക്ടർ മാറ്റ് പരസ്യമായി പ്രസ്താവിച്ചുവെന്നാണ് കേൾവി.

അതുകൊണ്ട് കഴിഞ്ഞയാണ്ടിൽ ഞാനിവിടെ വന്നപ്പോൾ കോളേജു വിദ്യാർത്ഥികളുമായി എന്തെങ്കിലുമൊരു ബന്ധം സ്ഥാപിക്കുവാൻ കഴിയുന്നത്ര ശ്രമിച്ചുവെങ്കിലും യാതൊന്നും സാധിച്ചില്ല.

ഈ വർഷത്തിൽ കോളേജ് തുറക്കുന്നതിനു മുമ്പ് യൂണിവേഴ്സിറ്റി കോളേജിലും ഡോക്ടർ സൈമൺ പ്രധാനാദ്ധ്യാപകനായിട്ടുള്ള തിയോളജിക്കൽ സ്കൂളിലും, ഓർത്തഡോക്സ് വിശ്വാസ സംബന്ധമായുള്ള അദ്ധ്യയനം പതിവായി നൽകുന്നതിന് ചക്രവർത്തി തിരുമേനിയോട് അനുവാദം ചോദിച്ചു.

“നിന്റെ ജോലി വളരെയധികം വർദ്ധിച്ചുവരുന്ന ജോലിയാണ്. അതിന്റെ കൂടെ ഈ ഭാരം കൂടി വഹിക്കുവാൻ നിന്നെക്കൊണ്ട് കഴിയുമെന്ന് നമുക്കു തോന്നുന്നില്ല” എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

“ജോലി കുറഞ്ഞുപോയി എന്നല്ലാതെ കൂടിപ്പോയി എന്ന് ഞാൻ സാധാരണ പരാതിപ്പെടാറില്ല തിരുമേനി” എന്നു ഞാൻ മറുപടിയും പറഞ്ഞു.

“നല്ല കാര്യം. നാം ഇപ്പോൾ തന്നെ കൽപ്പന നൽകാം.”

കോളേജിലേക്കുള്ള കല്പന ഉടൻ തന്നെ നൽകപ്പെട്ടു. “തിയോളജിക്കൽ സ്കൂളിലേക്ക് കല്പന വേണ്ട, എന്റെ സ്നേഹിതൻ ഡോക്ടർ സൈമനാണവിടത്തെ പ്രധാനാദ്ധ്യാപകൻ. ഞാൻ നേരിട്ടു പറഞ്ഞു കൊള്ളാം” എന്ന് ഞാൻ അബദ്ധവശാൽ പറഞ്ഞുപോയി. അതു കഴിഞ്ഞു മാസം ആറായെങ്കിലും അവിടെ ഇതുവരെ ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. ഉടനെ അവിടെയും പഠിപ്പിക്കാൻ തുടങ്ങണമെന്ന് ദൈവത്തിൽ ശരണപ്പെടുന്നു. ഏതായാലും കോളേജിലെ ഡോക്ടർ മാറ്റിന് ഗത്യന്തരമൊന്നുമില്ലായിരുന്നു. ‘കോളേജിൽ ഓർത്തഡോക്സ് വിശ്വാസ സംബന്ധമായ അദ്ധ്യയനം നൽകുവാൻ നിങ്ങളെ ചക്രവർത്തി തിരുമനസ്സുകൊണ്ടു കൽപിച്ചു നിയമിച്ചിരിക്കുന്നുവെന്നും ഉടനെ വന്ന് ജോലിയിൽ പ്രവേശിച്ചുകൊള്ളണമെന്നും’ എനിക്കു ഡോക്ടർ മാറ്റിന്റെ കത്തു കിട്ടി. കോളേജ് വർഷത്തിന്റെ ആരംഭത്തിൽ തന്നെ ജോലിയും തുടങ്ങി.

കോളേജിൽ ആകെ ഇരുനൂറോളം ഓർത്തഡോക്സ് വിദ്യാർത്ഥികളാണുള്ളത്. ബാക്കിയുള്ളവർ മുസ്ലീം, കത്തോലിക്കാ, പ്രോട്ടസ്റ്റന്റ് വിശ്വാസികളാണ്. ഈ ഇരുനൂറു പേരെ രണ്ടു ക്ലാസ്സായിട്ട് വിഭാഗിച്ച് ഇരുകൂട്ടർക്കും ആഴ്ചയിൽ ഓരോ പ്രാവശ്യം ഒരു മണിക്കൂർ വീതം അദ്ധ്യയനം നൽകിക്കൊണ്ടാണിരിക്കുന്നത്.

ആദ്യത്തെ ടേമിൽ “ഓർത്തഡോക്സ് വിശ്വാസവും അന്യ ക്രിസ്തീയ വിശ്വാസങ്ങളും” എന്ന ശീർഷകത്തിൽ, കത്തോലിക്കാ, പ്രൊട്ടസ്റ്റന്റു വിശ്വാസങ്ങളുമായുള്ള താരതമ്യ വിവേചനമാർഗത്തിൽ കൂടെ ഓർത്ത ഡോക്സ് വിശ്വാസത്തിന്റെ മൗലിക തത്വങ്ങൾ പഠിപ്പിക്കുകയാണ് ചെയ്തത്. ഇത്രയും ശ്രദ്ധയോടും താല്പര്യത്തോടും കൂടി ക്രിസ്തീയ വിശ്വാസം പഠിക്കുന്ന ഒരു സംഘത്തെ ഞാൻ നമ്മുടെ നാട്ടിൽ കണ്ടിട്ടില്ല.

ഈ ടേമിൽ “ഓർത്തഡോക്സ് വിശ്വാസം വേദപുസ്തകാനുസൃതമോ?” എന്ന ശീർഷകത്തിൽ ഞങ്ങൾ എഫേസ്യാ ലേഖനം പഠിക്കുകയാണ്.

ആദ്യമൊക്കെ എന്റെ ക്ലാസുകളിലെല്ലാം തന്നെ മുടങ്ങാതെ ഒരു ജെസ്യൂട്ട് പ്രൊഫസർ ആദ്യവസാനം ഇരുന്നു ശ്രദ്ധിക്കുമായിരുന്നു. ചിലപ്പോഴെല്ലാം ക്ലാസ്സു കഴിയുമ്പോൾ “നിങ്ങൾ കത്തോലിക്കരെപ്പറ്റി അങ്ങനെയൊന്നും പറയാൻ പാടില്ല” എന്നൊക്കെ പറയുമായിരുന്നു. ഇപ്പോൾ അദ്ദേഹത്തിനെന്നെ വിശ്വാസമാണെന്നു തോന്നുന്നു. ഈയിടെ അധികമായി കാണുന്നില്ല.

ദൈവകൃപയാൽ വിദ്യാർത്ഥികളുടെ താല്പര്യം ക്രമാനുഗതമായി വളർന്നുകൊണ്ടാണിരിക്കുന്നത്. ഞാൻ ഇടയ്ക്കിടയ്ക്കൊക്കെ ഭാരതത്തിലെ ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തെപ്പറ്റിയും, കഴിഞ്ഞ 50 വർഷങ്ങളായി ഈ സ്ഥാപനം സഭയ്ക്ക് നൽകിയിട്ടുള്ള ഉത്തേജനത്തേയും സേവനത്തേയും പറ്റിയുമൊക്കെ അവരോട് സംസാരിക്കാറുണ്ട്.

ഏതായാലും അവർക്കും ഇത്തരത്തിലുള്ള ഒരു വിദ്യാർത്ഥി പ്രസ്ഥാനമുണ്ടാകണമെന്ന് അവർ തന്നെ ഒരുമിച്ചു കൂടി തീരുമാനിച്ചു. അതിലേക്ക് വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുന്നതിനായി അവരുടെ ഇടയിൽ നിന്നു തന്നെ ഒരു കമ്മിറ്റി നിയമിതമായി. നമ്മുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഏകദേശ രൂപത്തിലുള്ള ഒരു പ്രസ്ഥാനം ഇതാ ഉടലെടുക്കുവാൻ തുടങ്ങിയിരിക്കുന്നു.

ചക്രവർത്തി തിരുമനസ്സു കൊണ്ട് രക്ഷാധികാരിയായും എത്യോപ്യൻ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ ആബൂന ബാസേലിയോസ് തിരുമേനി വന്ദ്യാദ്ധ്യക്ഷ (Honourary President) നായും, ഇവിടത്തെ പ്രധാനമന്ത്രിയായിരുന്നതിനു ശേഷം ഇപ്പോൾ സെനറ്റിന്റെ പ്രസിഡണ്ടായിരിക്കുന്ന സർവ്വജനസമ്മതനായ റാസ്ബിത്വൊഡഡ് മകോനൻ അദ്ധ്യക്ഷനായുമാണ് ഈ സംഘത്തിന്റെ ഘടന ഞങ്ങൾ രൂപവൽക്കരിച്ചിരിക്കുന്നത്. ഇവരുടെ എല്ലാവരുടേയും അവസാന സമ്മതം കിട്ടിയിട്ടില്ലെങ്കിലും, ആരും വിസമ്മതിക്കുകയില്ലെന്നാണ് ഞങ്ങളുടെ പ്രത്യാശ.

സംഘടനയുടെ പേര് അമ്ഹാരിക്കിലാണ്. തർജ്ജമ ചെയ്താൽ “പിതൃവിശ്വാസാധിഷ്ഠിത കോളേജ് വിദ്യാർത്ഥി സംഘടന” എന്നു വരും. ജനറൽ സെക്രട്ടറി ഒരു കോളേജു വിദ്യാർത്ഥിയായിരിക്കും. സഭയിലെ മെത്രാന്മാർ പലരും അടങ്ങിയ ഒരു ഉപദേശകസമിതിയും രൂപവൽക്കരിക്കപ്പെടും.

സഭയിൽ നിന്നും വിശ്വാസസംബന്ധമായ പഠനത്തിനും പ്രസംഗത്തിനും മറ്റും വേണ്ടി ആയിരത്തോളം പേർക്കിരിക്കാവുന്ന ഒരു ഹാൾ ഈയിടെ പണിതിട്ടുണ്ട്. ഈ ഹാൾ എല്ലാ ആഴ്ചയിലും ശനിയാഴ്ച ഉച്ച കഴിഞ്ഞ് കോളേജ് വിദ്യാർത്ഥികളുടെ ആവശ്യത്തിനായി വിട്ടുതരാമെന്ന് അധികാരികൾ സമ്മതിച്ചിട്ടുണ്ട്. അവിടെ ആഴ്ച തോറുമുള്ള ഒരു അദ്ധ്യയന പരിപാടി ആരംഭിക്കണമെന്നാണ് ഞങ്ങളുടെ ഉദ്ദേശ്യം.

കോളേജിലെ ജെസ്യൂട്ടുകൾ അതിനിടയ്ക്കു ഒരു പുതിയ വിദ്യ ആരംഭിച്ചിട്ടുണ്ടെന്ന് ഈയ്യിടെ കേട്ടു. കോളേജിൽ ഓർത്തഡോക്സ് വിശ്വാസം പഠിപ്പിക്കുന്നതിനെത്തുടർന്ന്, കുറെ മുസ്ലീം വിദ്യാർത്ഥികൾ തങ്ങൾക്കും തങ്ങളുടെ മതസംബന്ധമായ അദ്ധ്യയനം ലഭിക്കുന്നതിനുള്ള മാർഗ്ഗമുണ്ടായിക്കിട്ടണമെന്ന് കോളേജ് ബോർഡിന് ഒരപേക്ഷ സമർപ്പിച്ചതിനെ തുടർന്ന്, യാതൊരു വിധമായ മതാദ്ധ്യയനവും കോളേജിൽ നടന്നുകൂടെന്ന് ബോർഡ് തീരുമാനിച്ചതായിട്ടാണ് കേൾവി. എന്നാൽ ചക്രവർത്തി തിരുമനസ്സിലെ കല്പനയായതു കൊണ്ട് ഈ വർഷത്തിന്റെ അവസാനം വരെ പോൾ വറുഗീസ് പഠിപ്പിച്ചുകൊള്ളട്ടെ എന്നും തീരുമാനിച്ചിട്ടുണ്ടത്രേ.

ഏതായാലും ഈ പ്രവർത്തനം പ്രശ്നങ്ങൾ നിറഞ്ഞതും, കർത്തൃകൃപ കൊണ്ടു മാത്രം പൂർത്തിയാക്കുവാൻ സാധിക്കുന്നതുമാണ്. വിദ്യാർത്ഥികളിൽ നിന്നും ചക്രവർത്തി തിരുമേനിയിൽ നിന്നുമല്ലാതെ മറ്റാരിൽ നിന്നും വളരെയധികം സഹകരണം പ്രതീക്ഷിക്കാനില്ല.

സർവ്വശക്തനായ ദൈവംതമ്പുരാൻ പ്രയാസങ്ങളുടേയും പ്രശ്നങ്ങളുടേയും മദ്ധ്യത്തിൽ തന്റെ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനാണല്ലോ. ഈ വിദ്യാർത്ഥിപ്രസ്ഥാനം വളർന്നു വന്ന്, എത്യോപ്യയിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും സഭയ്ക്ക് പൊതുവേയും ഉത്തേജനവും ആത്മീയ ചൈതന്യവും നൽകുവാനിടയാകട്ടെ എന്ന് കേരളസഭയിലെ ജനങ്ങളെല്ലാവരും, നമ്മുടെ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ സുവർണ്ണ ജൂബിലി മഹാമഹത്തിന്റെ ഈ അനുഗൃഹീതാവസരത്തിൽ പ്രത്യേകം പ്രാർത്ഥിക്കുവാൻ വിനീതമായപേക്ഷിച്ചുകൊള്ളുന്നു.

നമ്മുടെ വിദ്യാർത്ഥിപ്രസ്ഥാനത്തേയും പിതാവായ ദൈവം തമ്പുരാൻ അനുഗ്രഹിക്കയും തന്റെ രാജ്യത്തിന്റെ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുമാറാകട്ടെ.

(*ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ് മൂവ്മെന്റ് ഓഫ് ഇന്ത്യാ ഗോൾഡൻ ജൂബിലി സുവനീർ, 1958 ഏപ്രിൽ, പേജ് 27-30*)

# 3

# യിഹൂദായുടെ സിംഹത്തിന് എന്ത് സംഭവിച്ചു?

## ഹെയ്‌ലി സെലാസിയെക്കുറിച്ച് ഒരു അനുഭവാധിഷ്ഠിത നിരീക്ഷണം

ഇക്കഴിഞ്ഞ ദിവസം കിടക്കയിൽ മരിച്ചു കിടക്കുന്നതായി വേലക്കാരൻ കണ്ടെത്തിയ ഹെയ്‌ലി സെലാസി ചക്രവർത്തിയെക്കുറിച്ചുള്ള ചില അനുഭവ സ്മരണകൾ കുറിച്ചുവയ്ക്കുന്നതു മറന്നുപോവാതിരിക്കുവാൻ വേണ്ടിയിട്ടു കൂടിയാണ്.

ദാരിദ്ര്യവും സമ്പത്തും ഒരുപോലെ അനുഭവിച്ചിട്ടുള്ള ആളാണ് ഹെയ്‌ലി സെലാസി. മഹത്ത്വത്തിന്റെ ഉച്ചകോടിയും ദുരിതത്തിന്റെ അടിത്തറയും ഇതുപോലെ കണ്ടിട്ടുള്ള മറ്റാളുകൾ അധികം ഉണ്ടായിരിക്കില്ല. മുസ്സോളിനി എത്യോപ്യാ രാജ്യം കൈയേറിക്കഴിഞ്ഞപ്പോൾ ഒരു ഭിക്ഷക്കാരനെപ്പോലെ യൂറോപ്പിൽ അദ്ദേഹത്തിനു തെണ്ടി നടക്കേണ്ടി വന്നിട്ടുണ്ട്. ഒരു കാലത്തു ദൈവതുല്യം ആരാധിച്ചിരുന്ന ഹെയ്‌ലി സെലാസി ചക്രവർത്തിയെ അവസാനകാലത്ത് ആഡിസ് അബാബായിലെ തെരുവിൽ നടക്കുന്ന ഭിക്ഷക്കാർ പോലും പുച്ഛിച്ചു തുപ്പുന്നതു കാണുമ്പോൾ ഹൃദയവേദന തോന്നുമായിരുന്നു.

ആരായിരുന്നു ഹെയ്‌ലി സെലാസി? ലോകചരിത്രത്തിലെ ഉജ്ജ്വല നക്ഷത്രവും പ്രഗൽഭനും ധിഷണാശാലിയുമായ ഒരു മഹാശയനായിരുന്നോ? അതോ സ്വന്തജനങ്ങളെ വഞ്ചിച്ച് അവരുടെ വിയർപ്പു കൊണ്ടുണ്ടാക്കിയ പണം സ്വായത്തമാക്കി യൂറോപ്യൻ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടു പാവപ്പെട്ടവർ പട്ടിണി കിടന്നു ചാവുന്നതു കണ്ടിട്ട് കണ്ണടച്ചുകളഞ്ഞ കശ്മലനായിരുന്നോ?

ഞാൻ അദ്ദേഹത്തെ ആദ്യം കാണുന്നത് 28 വർഷങ്ങൾക്കു മുമ്പ് 1947-ൽ ആണ്. അന്നദ്ദേഹത്തിന് 56 വയസ്സു കാണും. ഉയരമധികമില്ല. കൃശഗാത്രനുമാണ്. പക്ഷേ കണ്ണുകളിൽ കാണുന്ന ചൈതന്യം ആരുടെയും തല കുനിക്കും. 1917 -ൽ ആണ് അദ്ദേഹം അധികാരത്തിൽ വന്നത്. 30 വർഷം കൊണ്ടു സകല ശത്രുക്കളെയും തന്റെ കാൽക്കീഴാക്കി ജനസ്സമ്മതി ആർജ്ജിച്ച ശക്തനും ധീരനും ആയ ഒരു രാജാവിന്റെ ചൈതന്യമാണ് ആ കണ്ണുകളിൽ അന്നു പ്രസരിച്ചിരുന്നത്.

ഞാനൊരു ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് എന്റെ ആരാദ്ധ്യപുരുഷന്മാർ രണ്ടു പേരായിരുന്നു. ഒന്ന് ഹിറ്റ്ലർക്കെതിരായി

സധൈര്യം പോരാടി ജയിലിൽ അടയ്ക്കപ്പെട്ട ജർമ്മൻ പാസ്റ്റർ മാർട്ടിൻ നീ മുള്ളറും, മറ്റത് മുസ്സോളിനിയെ സധൈര്യം ചെറുത്തുനിന്നു രാജ്യം നഷ്ടപ്പെട്ടിട്ടും ഉദാത്തമായ ഉൽപതിഷ്ണുത്വത്തോടെ ജീവിതം നയിച്ചു വീണ്ടും അധികാരത്തിൽ വന്ന ഹെയ്‌ലി സെലാസി ചക്രവർത്തിയുമാണ്.

രണ്ടു പേരെയും അടുത്തു പരിചയപ്പെടുവാനുള്ള ഭാഗ്യമാണ് എനിക്ക് ഉണ്ടായിട്ടുള്ളത്. ഹെയ്‌ലി സെലാസി സ്വകുടുംബാംഗങ്ങളോടു പോലും പറയാത്ത പല കാര്യങ്ങളും എന്നോട് പറഞ്ഞിട്ടുണ്ട്. ഒരു കാലത്ത് ഇതെല്ലാം ചേർത്ത് ഒരു പുസ്തകമെഴുതിയാൽ കൊള്ളാമെന്ന് എനിക്ക് ആഗ്രഹമുണ്ട്. എന്നാൽ ഈ ലേഖനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത് ഈ അസാധാരണ മനുഷ്യന്റെ അസാമാന്യ പ്രതിഭയിലേക്കു വെളിച്ചം വീശുന്ന രണ്ടുമൂന്നു സംഭവങ്ങൾ ചൂണ്ടിക്കാണിക്കുക എന്നു മാത്രമേയുള്ളു.

1957 –ൽ ആണെന്നു തോന്നുന്നു. തീർച്ചയില്ല. ഒരു ദിവസം സായാഹ്നത്തിൽ തന്റെ സ്വകാര്യകൊട്ടാരത്തിലെ ഉദ്യാനത്തിൽ അദ്ദേഹം ഉലാത്തിക്കൊണ്ടു നടക്കുകയാണ്. ഞാൻ മാത്രമേ കൂടെയുള്ളു.

“നിന്നോട് ഞാനൊരു ഉപദേശം ചോദിക്കട്ടെ. എന്റെ രാജ്യസംരക്ഷണമന്ത്രിയെ നിനക്കറിയാമല്ലോ. രാജ്യത്തുള്ളതിലും വലിയ പണക്കാരനാണദ്ദേഹം. പക്ഷേ എന്റെ പാവപ്പെട്ട പട്ടാളക്കാരുടെ റേഷന്റെ ഒരു ഭാഗം ദിവസവും അദ്ദേഹം അടിച്ചെടുക്കുകയാണ്. ഞാനെന്തു ചെയ്യണം?”

ഞാൻ വളരെ വിഷമിച്ചു. എനിക്കന്നു 35 വയസ്സേയുള്ളു. രാഷ്ട്രീയമായ യാതൊരു അടവുകളും പരിശീലിച്ചിട്ടില്ല. അനുഭവത്തെ ആസ്പദമാക്കി ഉപദേശം കൊടുക്കുവാൻ തക്ക ഭരണപരിചയവുമില്ല. എന്റെ ഉള്ളിലുള്ളതറിയുവാൻ വേണ്ടി ചക്രവർത്തി മനഃപൂർവ്വം എടുത്തിടുന്ന ഒരു സംഭാഷണവിഷയമാണോ എന്നു സംശയവുമുണ്ട്. ഏതായാലും സൂത്രത്തിനൊന്നും പോകാതെ ഉള്ളിൽ തോന്നിയതു പറയുക എന്നു തന്നെ തീരുമാനിച്ചു.

“ആ മനുഷ്യനെക്കുറിച്ചുള്ള ആരോപണങ്ങൾക്കു മതിയായ തെളിവുണ്ടെങ്കിൽ സ്ഥാനത്തു നിന്നു നീക്കം ചെയ്യുന്നതു തന്നെയായിരിക്കും ഉത്തമം. അദ്ദേഹം വലിയ പണക്കാരനാണെങ്കിലും അദ്ദേഹവുമായി ഒരു സംഘർഷം ഉണ്ടാവുകയാണെങ്കിൽ പൊതുജനങ്ങളുടെ പിൻതുണ ചക്രവർത്തിക്കായിരിക്കും എന്നതിനെക്കുറിച്ച് എനിക്കു സംശയമില്ല. ഭയപ്പെടാതെ അനീതിയെ ശിക്ഷിക്കുന്നതാണ് എപ്പോഴും നല്ലതെന്നു ചക്രവർത്തി തിരുമേനിക്കറിയാമല്ലോ” എന്നിങ്ങനെ എന്റെ ബാലിശമായ അഭിപ്രായം ഞാൻ പ്രകടിപ്പിച്ചു.

“നീയൊരു മഠയനാണ്.” ചക്രവർത്തി ഒരു പുഞ്ചിരിയോടെ എന്നോടു പറയുകയാണ്. “നിനക്കു രാജ്യം ഭരിക്കുന്നതിനെക്കുറിച്ച് ഒന്നും അറിഞ്ഞുകൂടാ. റാസ് അബ്ബെബയെ (അതാണ് ആ മന്ത്രിയുടെ പേര്) ഇത്രയും വളർത്തിക്കൊണ്ടു വന്നതു ഞാനാണ്. മുസോളിനിയുമായിട്ടുള്ള സമരത്തിൽ എന്റെ ജനങ്ങളെ സുധീരമായി നയിച്ചത് അദ്ദേഹമാണെന്നുള്ളതു പരമാർത്ഥമാണ്. പക്ഷേ അതിനു പ്രതിഫലമായി രാജ്യത്തുള്ള സ്വത്തിന്റെ

ഒരു വലിയ ഭാഗം ഞാനദ്ദേഹത്തിനു കൊടുത്തു. അദ്ദേഹമിതാ എന്നേക്കാൾ വലിയ പണക്കാരനായിരിക്കുന്നു. ഇനി അദ്ദേഹത്തെ സ്ഥാനത്തു നിന്നു നീക്കി അതുപോലെ മറ്റൊരാളെ സൃഷ്ടിക്കണമെങ്കിൽ പാവപ്പെട്ട ജനങ്ങളുടെ പണം എന്തുമാത്രം ചെലവാക്കിയാലാണു നടക്കുക." ആ വിഷയം ഏറെക്കുറെ അവിടെ അവസാനിച്ചു. രാജ്യസംരക്ഷണ മന്ത്രിയെ ആരും ശിക്ഷിച്ചില്ല. അദ്ദേഹത്തിന്റെ ചൂഷണപ്രവൃത്തികൾ അദ്ദേഹം നിർബാധം തുടർന്നു.

ഈ സംഭവത്തെക്കുറിച്ച് ഇന്നു തിരിഞ്ഞാലോചിക്കുമ്പോൾ അൽപം സംശയം തോന്നുന്നുണ്ട്. ചക്രവർത്തിക്കു ചുറ്റുമുള്ള കോഴയുടെയും അഴിമതിയുടെയും വലയത്തിൽ ഈ ഇന്ത്യാക്കാരനും പെട്ടുകഴിഞ്ഞിട്ടുണ്ടോ? രാജ്യസംരക്ഷണ മന്ത്രിയെ ഞാൻ അനുകൂലിച്ചു സംസാരിക്കുമോ എന്നൊക്കെ അറിയുവാൻ വേണ്ടി ആയിരുന്നോ ചക്രവർത്തി ഈ വിഷയം എടുത്തിട്ടത്? സ്വന്ത കുടുംബത്തിലെ ഒരംഗത്തെപ്പോലെ അദ്ദേഹമെന്നെ സ്നേഹിച്ചിരുന്നു എന്നുള്ളത് ഒരു പരമാർത്ഥമാണ്. പക്ഷേ സ്വന്ത കുടുംബത്തിലെ അംഗങ്ങൾ പോലും അഴിമതി വലയത്തിലെ പ്രധാന പങ്കാളികളായിരുന്നു. ചക്രവർത്തിയോട് അടുത്തു പെരുമാറുന്ന ആരെങ്കിലും അഴിമതിവലയത്തിൽ പെടാതെ ചെറുത്തുനിന്നാൽ അവനെ വീഴിക്കുവാനുള്ള പല അടവുകളും അഴിമതിവലയ നേതാക്കന്മാരുടെ കൈയിലുണ്ടെന്നു കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ എനിക്കു മനസ്സിലായി.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ കൊട്ടാരത്തിലെ എന്റെ ഓഫീസിൽ റാസ് അബ്ബബ കയറിവന്നു. 'റാസ്' എന്നു പറഞ്ഞാൽ രാജാവ് എന്നാണ് അർത്ഥം. അന്നു പ്രധാനമന്ത്രിയില്ല. മന്ത്രിമാരിൽ പ്രമുഖനാണു രാജ്യരക്ഷാമന്ത്രി. എത്യോപ്യയിലെ ഏറ്റവും വലിയ പണക്കാരൻ. പതിനായിരക്കണക്കിന് ഏക്കർ ഭൂമിയുണ്ട്. വാടകയ്ക്കു കൊടുക്കുന്ന വീടുകൾ ആയിരത്തിൽ കൂടുതൽ ഉണ്ട്. ചക്രവർത്തി കഴിഞ്ഞാൽ രാജ്യത്തെ ഏറ്റവും ശക്തനായ മനുഷ്യൻ. ഞാനോ? ഒരു പാവപ്പെട്ട ചെറുപ്പക്കാരൻ. ചക്രവർത്തിയുടെ പ്രൈവറ്റ് സെക്രട്ടറിയേറ്റിലെ ഒരംഗമാണെന്നല്ലാതെ വലിയ അധികാരമൊന്നുമെനിക്കില്ല. പക്ഷേ ഒരവകാശം മാത്രമുണ്ട്. ഏതു സമയത്തും ചക്രവർത്തിയുടെ അടുക്കൽ കയറിച്ചെല്ലാം. എന്തെങ്കിലും കാര്യം അദ്ദേഹത്തെ അറിയിക്കണമെങ്കിൽ കടലാസിൽ എഴുതി അദ്ദേഹത്തിന്റെ സ്വകാര്യ ഭൃത്യന്റെ കൈയിൽ കൊടുത്താൽ അര മണിക്കൂറിനകം നേരിട്ടു ചക്രവർത്തിയുടെ കൈയിൽ കിട്ടും. എന്തെങ്കിലും ചെയ്യണമെന്നു ഞാൻ ശുപാർശ ചെയ്താൽ ഒരു മാതിരി കാര്യങ്ങളൊക്കെ ഉടനെ അദ്ദേഹം സമ്മതിക്കും. പ്രധാനപ്പെട്ട കാര്യങ്ങളിൽ എന്റെ ഉപദേശം ചക്രവർത്തി സ്വീകരിക്കയില്ല. ഉദാഹരണത്തിനു, ജനായത്ത സ്വാതന്ത്ര്യം വർദ്ധിപ്പിക്കണമെന്നോ, ഭൂസ്വത്തുടമ നിയമങ്ങൾ പരിഷ്ക്കരിക്കണമെന്നോ പറഞ്ഞാൽ അദ്ദേഹം കേൾക്കുകയില്ല. വിദ്യാഭ്യാസ സമ്പ്രദായം പരിഷ്ക്കരിക്കുന്നതിനെക്കുറിച്ചോ സാമൂഹ്യ സേവനത്തിനുള്ള പുതിയ ഉപാധികൾ ആരംഭിക്കുന്നതിനെക്കുറിച്ചോ ഉപദേശം കൊടുത്താൽ ഉടനെ അത് ആ വിഷയം കൈകാര്യം ചെയ്യുന്ന മന്ത്രിയെ ഏൽപ്പിക്കയെങ്കിലും ചെയ്യും.

ചിലപ്പോൾ മന്ത്രിയോടു ചോദിക്കാതെ തന്നെ ഉത്തരവിടുകയും ചെയ്യും.

ഇതൊക്കെയാണെങ്കിലും വളരെ പരിമിതമായ അധികാരമേ എനിക്കുള്ളൂ. മന്ത്രിമാരിൽ പ്രമുഖനായ രാജപദവിയുള്ള റാസ് അബ്ബെബ എന്റെ ഓഫീസിൽ കയറിവരേണ്ടുന്ന ആവശ്യമെന്ത്? ഞാൻ അദ്ദേഹത്തെ രാജോചിതമായി ബഹുമാനിക്കയും അഭിസംബോധന ചെയ്യുകയും വേണം. അദ്ദേഹത്തിന് എന്നെ 'എടാ' എന്നു വിളിക്കുവാനുള്ള സ്ഥാനവും അധികാരവും പ്രായവും ഉണ്ട്. ആഫീസിൽ ഒരു കസേരയിൽ അദ്ദേഹം ഉപവിഷ്ടനായി. ഔപചാരികമായ അഭിവാദനങ്ങൾക്കു ശേഷം അദ്ദേഹം സംഭാഷണം ആരംഭിച്ചു.

"യജമാനനെക്കൊണ്ട് എനിക്കൊരു സഹായം ആവശ്യമുണ്ട്." ഇതാണ് ആദ്യത്തെ വാചകം.

ഞാൻ അമ്പരന്നു. "എന്റെ യജമാനൻ" എന്നർത്ഥമുള്ള 'ഗേതായേ' എന്ന പ്രയോഗം വലിയ ആളുകളോടു സംസാരിക്കുമ്പോൾ എനിക്കുപയോഗിക്കാമെന്നല്ലാതെ, പ്രമുഖനായ പ്രായമുള്ള ഒരു മന്ത്രി എന്നോടുള്ള സംസാരത്തിൽ അങ്ങനെ ഒരു വാക്കുപയോഗിച്ചപ്പോഴേ ഇയാളെന്നെ കളിപ്പിക്കാൻ വന്നിരിക്കയാണോ എന്നെനിക്കു സംശയം തോന്നി. ഏതായാലും ഞാൻ ബഹുമാനപൂർവ്വമായ നിശ്ശബ്ദതയോടെ ക്ഷമാപൂർവ്വം കേട്ടു. അദ്ദേഹം തുടർന്നു, "എനിക്കീയിടെ കുറച്ചു സാമ്പത്തിക പ്രശ്നങ്ങളൊക്കെയുണ്ട്. ശമ്പളം കിട്ടുന്നതുകൊണ്ടു ജീവിക്കുവാൻ തികയുകയില്ല. ഒന്നു രണ്ടു വീടുണ്ടാക്കി വാടകയ്ക്കു കൊടുത്തെങ്കിലേ കാര്യങ്ങൾ നടക്കുകയുള്ളു. പണി തുടങ്ങിയ വീടുകൾ പൂർത്തിയാക്കാനാവാതെ വിഷമിക്കയാണ്. സ്റ്റേറ്റ് ബാങ്കിൽ നിന്നു കുറെ പണം കടമെടുക്കുകയേ മാർഗമുള്ളു. സ്റ്റേറ്റ് ബാങ്കിലെ മാനേജർ ഇന്ത്യാക്കാരനായ മിസ്റ്റർ മെനസിസ് ആണല്ലോ. അദ്ദേഹത്തിനു യജമാനനെപ്പറ്റി വലിയ ബഹുമാനമാണെന്ന് എനിക്കറിയാം. അവിടുന്ന് അദ്ദേഹത്തോടൊരു വാക്കു പറഞ്ഞാൽ എനിക്ക് സ്റ്റേറ്റ് ബാങ്കിൽ നിന്നു കടം കിട്ടും. അതിനുവേണ്ടിയാണു ഞാൻ വന്നത്. എഴുതി കൊടുത്തയയ്ക്കണമെന്നില്ല. ഫോണിൽ ഒരു വാക്കു പറഞ്ഞാൽ മതി."

മെനസിസിനെ എനിക്കറിയാം. ഗോവാക്കാരനാണ്. അഴിമതിവലയത്തിന്റെ ചൊൽപ്പടിയിൽ നിൽക്കുന്ന ആൾ മാത്രമല്ല, അതിൽ നിന്നു ധാരാളം പ്രയോജനം ലഭിക്കുന്ന ആളുമാണ്. അഴിമതിവലയത്തിന്റെ നേതാക്കന്മാരായ രാജ്യരക്ഷാമന്ത്രിയും ധനകാര്യ മന്ത്രിയും ഒരു വാക്കു കൽപിച്ചാൽ 'എറാൻ' പറയുന്നവനാണ് സ്റ്റേറ്റ് ബാങ്ക് മാനേജർ. പിന്നെയെന്തിനാണ് ഇയാളെന്നെക്കൊണ്ടു പറയിക്കുവാൻ ശ്രമിക്കുന്നത്? എനിക്കതു മുഴുവൻ മനസ്സിലായില്ല. എങ്കിലും സൂത്രമേതോ ഇതിൽ ഉണ്ടെന്നു ബോധ്യമായി. ഏതായാലും കുടുക്കിൽ വീഴരുതെന്നു തീരുമാനിച്ചു.

അതിനു കുറച്ചു ദിവസം മുമ്പു മാത്രമായിരുന്നല്ലോ ഈ രാജാവു പട്ടാളക്കാരുടെ റേഷൻ മോഷ്ടിക്കുന്ന കാര്യം ചക്രവർത്തി എന്നോടു പറഞ്ഞത്. പക്ഷേ ഇയാളതെങ്ങനെ അറിഞ്ഞു? ചക്രവർത്തിയും ഞാനും

അല്ലാതെ മറ്റാരും അത് കേട്ടിട്ടില്ലല്ലോ! ഓഫീസിൽ ഇരുന്നാണ് ചക്രവർത്തി പറഞ്ഞതെങ്കിൽ ചക്രവർത്തിയുടെ ഓഫീസ് ഈ അഴിമതിവലയക്കാർ 'ബഗ്ഗ്' ചെയ്തിട്ടുണ്ടെന്നു വിചാരിക്കാം. തോട്ടത്തിൽ വച്ചു പറഞ്ഞത് ഇവർക്കെങ്ങനെ ചോർത്തിയെടുക്കുവാൻ സാധിച്ചു. ഇന്ന് അതെക്കുറിച്ച് പുറകോട്ട് ആലോചിക്കുമ്പോൾ ഞാനുമായുള്ള സംഭാഷണത്തെക്കുറിച്ചു ചക്രവർത്തി തന്നെ റാസ് അബ്ബബയോടു പറഞ്ഞുകാണുമെന്നാണു തോന്നുന്നത്. ഏതായാലും ദൈവസഹായത്താൽ തക്കതായ മറുപടി പറയുവാൻ എനിക്കു സാധിച്ചു. "അവിടുത്തെ പ്യൂണിനെപ്പോലെയാണു മെനസിസ്. അവിടുന്ന് ഒരു വാക്കു പറഞ്ഞാൽ മെനസിസ് അതു കേട്ടുകൊള്ളുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഞാനിപ്പോൾ ഫോണിൽ വിളിക്കാം. അവിടുന്നു തന്നെ നേരിട്ടു സംസാരിച്ചാൽ മതി."

അദ്ദേഹത്തിന്റെ മുഖത്തൊരു മ്ലാനത. "അതു വേണ്ട. മുൻപൊക്കെ അയാളെനിക്കു കടം തന്നിട്ടുണ്ട്, പഴയ കടം കുറെ വീട്ടാനുള്ളതുകൊണ്ടാണ് ഇപ്പോൾ പ്രയാസം. യജമാനനു മെനസിസിനോടു സംസാരിക്കുവാൻ കഴിയുകയില്ലെങ്കിൽ ഞാൻ നിർബന്ധിക്കുന്നില്ല."

## അഴിമതിക്കാർക്കു നടുവിൽ ധർമ്മനിഷ്ഠനായ ചക്രവർത്തി

അദ്ദേഹം പോയിക്കഴിഞ്ഞ് ഞാൻ വീണ്ടും ആലോചിച്ചു. എനിക്കൊരു പിടിയും കിട്ടിയില്ല. ആരോടെങ്കിലും ചോദിക്കാനും മടി. കൊട്ടാരത്തിൽ ഉള്ളവരിൽ അഴിമതിവലയത്തിൽ പെടാത്തവരായി ആരും കാണുകയില്ല. സത്യസന്ധനാണെന്ന് എനിക്കുറപ്പുള്ള മറ്റൊരു മന്ത്രിയെ കണ്ട് ഉപദേശം ചോദിക്കാമെന്ന് കരുതി ആരോഗ്യമന്ത്രിയുടെ വീട്ടിൽ പോയി അദ്ദേഹത്തോടു കഥ മുഴുവൻ പറഞ്ഞു.

കുറച്ചൊന്ന് ആലോചിച്ചശേഷം അദ്ദേഹം പറഞ്ഞു. "രാജ്യരക്ഷാമന്ത്രിയുടെ ഉദ്ദേശ്യമെന്താണെന്ന് തീർച്ചയായും അറിയുവാൻ പ്രയാസമാണ്. എനിക്കു സംശയം തോന്നുന്നത് നിന്നെ അവരുടെ വലയത്തിൽ ചാടിക്കുവാനുള്ള ഒരു സൂത്രമാണെന്നാണ്. നീ ചിന്തിക്കാതെ ഫോണെടുത്തു മെനസിസിനോട് ഒരു വാക്കു പറയുകയാണെങ്കിൽ മെനസിസ് നിന്നോടു പറയുന്നത് എനിക്ക് ഏറെക്കുറെ ഊഹിക്കാം.

'റാസ് അബ്ബബയ്ക്കു കടം കൊടുക്കുകയോ? ഇതുവരെ കൊടുത്തതു മുഴുവനും തന്നു വീട്ടിയില്ലല്ലോ. അയാൾക്കു മേടിക്കാനല്ലാതെ കൊടുക്കാനറിഞ്ഞു കൂടാ. ബലമായിട്ടു പിടിച്ചു വാങ്ങിക്കുവാൻ നമുക്കാർക്കും ശക്തിയും പോരാ. അതുകൊണ്ടാണ് കൊടുക്കാൻ ഒക്കുകയില്ലെന്നു പറഞ്ഞത്. പിന്നെ നീ പറഞ്ഞതുകൊണ്ടു വല്ലതും ചെയ്യുവാൻ ഒക്കുമോ എന്നു നോക്കട്ടെ.' ഇതൊക്കെയായിരിക്കും മെനസിസ് നിന്നോടു പറയുന്നത്. കടം കൊടുക്കുന്നോ കൊടുക്കാതിരിക്കുന്നോ എന്നുള്ളതു നിന്റെ വാക്കുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യമാണ്. നീ മെനസിസിനോട് ഒരു വാക്കു പറയുന്നതോടു കൂടെ അഴിമതിവലയത്തിൽ നീയും മെമ്പറായിക്കഴിയും."

"അതെങ്ങനെ? എനിക്കു മനസ്സിലായില്ല." ഈവക കാര്യങ്ങളെക്കുറിച്ച്

എട്ടുംപൊട്ടും തിരിയാത്ത ഞാൻ ചോദിച്ചു.

"അതെങ്ങനെയെന്നു തീർത്തു പറയുവാൻ പ്രയാസമാണ്. പലവിധത്തിലാവാം. ഒരുപക്ഷേ കുറക്കഴിയുമ്പോൾ റാസ് അബ്ബെബ നിന്നെ വീട്ടിൽ അത്താഴത്തിനു ക്ഷണിക്കും. അത്താഴം കഴിഞ്ഞു അദ്ദേഹത്തിന്റെ പ്രൈവറ്റ് ആഫീസിൽ വിളിച്ചുകൊണ്ടുപോയി നിന്നോടു പറയും. "അന്നെന്നെ സഹായിച്ചില്ലായിരുന്നെങ്കിൽ ഞാൻ കഷ്ടപ്പെട്ടു പോയേനേ. താൻ പറഞ്ഞതു കൊണ്ടു മാത്രമാണ് അയാളെനിക്കു കടം തന്നത്. വീടിന്റെ പണിയൊക്കെ ഭംഗിയായി നടന്നു. ആദ്യത്തെ വീടിനു വാടകക്കാരനെയും കണ്ടുകിട്ടി. ഒരു മാസത്തെ വാടക അഡ്വാൻസായും കിട്ടിക്കഴിഞ്ഞു. അതു നിനക്കൊരു സമ്മാനമായി തരുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു നിനക്കൊരു കവർ തരും. നീ വീട്ടിൽ ചെന്നു തുറന്നുനോക്കുമ്പോൾ കുറഞ്ഞത് ആയിരം ഡോളർ എങ്കിലും കവറിനകത്ത് കാണും. അതു വാങ്ങിക്കുന്നതോടു കൂടെ നീ പൂർണ്ണമായും അവരുടെ വലയിൽപ്പെട്ടു കഴിയും."

എന്റെ സുഹൃത്തിന്റെ ഉപദേശം ഏറെക്കുറെ ശരിയാണെന്ന് എനിക്കു ബോദ്ധ്യമായി. വീട്ടിൽ പോയി കിടന്നിട്ട് ഉറക്കം വരുന്നില്ല. വലിയ പ്രാരാബ്ധങ്ങളൊന്നുമില്ലാത്ത വിവാഹം കഴിക്കാത്ത ഒരു ചെറുപ്പക്കാരനാണ് ഞാനെങ്കിലും പണസംബന്ധമായ പരീക്ഷ ശക്തിയായിട്ടു വന്നാൽ അതിനെ ചെറുത്തുനിൽക്കുവാൻ എപ്പോഴും കഴിയുമോ എന്നൊരു സംശയം. ശമ്പളമെല്ലാം കൂടി നാലായിരം രൂപയോളം കിട്ടുമെങ്കിലും ഡ്രൈവർക്കും തോട്ടക്കാരനും രണ്ടു വേലക്കാർക്കും ശമ്പളവും കൊടുത്ത് അംബാസിഡറന്മാർക്കും രാജകുടുംബത്തിലുള്ളവർക്കും മറ്റുമൊക്കെ വല്ലപ്പോഴും പാർട്ടികളും കൊടുക്കണമെങ്കിൽ കിട്ടുന്ന ശമ്പളം കൊണ്ട് തികയുവാൻ കുറച്ചു പ്രയാസമാണ്. അങ്ങനെയുള്ള അവസരത്തിൽ സൂത്രമാർഗ്ഗത്തിൽക്കൂടെ കുറെ രൂപ കിട്ടിയാൽ മനസ്സാക്ഷിയുടെ ദൗർബ്ബല്യം കൊണ്ടു വാങ്ങിച്ചു പോകയില്ലേ എന്നൊരു സംശയം. ശക്തിയുടെ കേന്ദ്രസ്ഥാനത്തിരുന്നുകൊണ്ട് പരീക്ഷകളെ അതിജീവിക്കുവാനുള്ള ശക്തി മനസ്സാക്ഷിക്കില്ലെങ്കിൽ ശക്തിയുടെ പീഠത്തിൽ നിന്നും താഴോട്ട് ഇറങ്ങുകയാണ് നല്ലതെന്ന് ധർമ്മഭീരുവായ ഞാൻ തീരുമാനിച്ചു. അധികം താമസിയാതെ കൊട്ടാരത്തിലെ ഉദ്യോഗം രാജിവച്ചുകൊണ്ടുള്ള കത്തു ചക്രവർത്തിക്കു സമർപ്പിച്ചു. മൂന്നു വർഷം കൊട്ടാരത്തിൽ സേവനം ചെയ്യുന്നതിനിടയിൽ അഞ്ചു പ്രാവശ്യം രാജി സമർപ്പിച്ചു. അഞ്ചു പ്രാവശ്യവും ചക്രവർത്തി അതു തള്ളിക്കളയുകയാണ് ചെയ്തത്.

അക്കാലത്തെ സംഭവങ്ങളിലേക്കു രണ്ടു വ്യാഴവട്ടക്കാലത്തോളം കഴിഞ്ഞ് ഇന്നു ഞാൻ തിരിഞ്ഞുനോക്കുമ്പോൾ എന്റെ മനസ്സിലെ ഒരു സംശയം ചക്രവർത്തിക്കു ചുറ്റുമുള്ള അഴിമതിവലയത്തിൽ ചക്രവർത്തിയും പങ്കുകാരനായിരുന്നോ എന്നുള്ളതാണ്. അന്നെനിക്കു ചക്രവർത്തിയുടെ സത്യസന്ധതയെക്കുറിച്ച് ഉറപ്പായ വിശ്വാസമുണ്ടായിരുന്നു. എന്നാൽ പില്ക്കാല സംഭവങ്ങളുടെ പശ്ചാത്തലത്തിൽ എനിക്കദ്ദേഹത്തിന്റെ ആത്മാർത്ഥതയെക്കുറിച്ചു തന്നെ സംശയമുണ്ട്. തന്റെ ചുറ്റും അഴിമതി

വലയം ഉണ്ടെന്നുള്ളത് തനിക്ക് അറിയാമായിരുന്നു എന്നുള്ളതിന് ആ പൂന്തോട്ടത്തിലെ സംഭാഷണം ഒരു മതിയായ തെളിവായിരുന്നു. എന്നാൽ എന്തുകൊണ്ട് അന്ന് അതിനെ അദ്ദേഹം ശക്തിയുക്തം എതിർത്തില്ല എന്നെനിക്ക് തോന്നാറുണ്ടായിരുന്നു. അവരുടെ അഴിമതികളെക്കുറിച്ച് അദ്ദേഹത്തിനറിവുണ്ടായിരുന്നിട്ടും അതിനെതിരായി നടപടിയൊന്നും എടുക്കാതിരുന്നതു ചക്രവർത്തിയുടെ സ്വന്തം അഴിമതികളെക്കുറിച്ച് അവർക്കും അറിയാമായിരുന്നതുകൊണ്ടാണെന്ന് ഇന്നു ഞാൻ സംശയിക്കുന്നു.

എത്യോപ്യയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നു സ്വർണ്ണഖനിയാണ്. ഈ ഖനിയിൽ നിന്നു ലഭിക്കുന്ന സ്വർണ്ണം ചക്രവർത്തിയുടെ സ്വകാര്യ സ്വത്താണ്. അതിൽ നിന്നുള്ള വരുമാനം മുഴുവൻ അദ്ദേഹം വെളിയിൽ കടത്തി യൂറോപ്യൻ ബാങ്കുകളിൽ നിക്ഷേപിക്കുകയായിരുന്നു പതിവ്. അദ്ദേഹത്തിന്റെ സ്റ്റാഫിൽ ഞാൻ ജോലി ചെയ്യുന്ന കാലത്ത് (1956 – 59) എനിക്കിതു വേണ്ടുംവണ്ണം അറിയാമായിരുന്നില്ല. എന്നാൽ വിദേശത്തുള്ള ഒന്നുരണ്ടു ബാങ്കുകളിൽ അദ്ദേഹത്തിന്റെ പേരിലും പൗത്രനായ പോൾ രാജകുമാരന്റെ പേരിലും ഞാൻ തന്നെ കണക്കുകൾ തുടങ്ങിയിട്ടുണ്ട്. ഈ കണക്കുകളുടെ കാര്യം സ്വന്ത കുടുംബത്തിലെ അംഗങ്ങളോടു പോലും പറഞ്ഞുപോകരുതെന്ന് അദ്ദേഹമെന്നെ കർശനമായി വിലക്കിയിരുന്നു. പക്ഷേ, ഇതിലൊക്കെ വലിയ കുംഭകോണമുണ്ടെന്ന് അന്നെനിക്കു മനസ്സിലായിരുന്നെങ്കിൽ ഞാൻ കുറെക്കൂടെ നേരത്തെ അവിടെ നിന്നും കടക്കുമായിരുന്നു.

അഞ്ചു പ്രാവശ്യവും എന്റെ രാജി അദ്ദേഹം നിരാകരിച്ചു. 1958 ഡിസംബറിൽ ഞാൻ നാട്ടിൽ വന്നു ശെമ്മാശുപട്ടം സ്വീകരിച്ചതിനു ശേഷമാണ് അഞ്ചാമത്തെ രാജിക്കത്തു കൊടുത്തത്. അതും നിരാകരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ പിന്നെയെന്താണ് മാർഗ്ഗം? 1959 ജൂണിൽ ചക്രവർത്തി യുഗോസ്ലാവിയായിൽ പോയ തക്കംനോക്കി ഞാൻ രാജ്യത്തു നിന്നും പുറത്തുകടന്ന് ജനീവയിൽ വന്നു. ജനീവയിൽ നിന്ന് യുഗോസ്ലാവിയായിലേക്കു ചക്രവർത്തിക്കു ഒരു കമ്പിയടിച്ചു. രാജ്യം വിട്ടുകഴിഞ്ഞിരിക്കുന്നു. ഉപരിപഠനത്തിനു വേണ്ടി ഒന്നു രണ്ടു മാസങ്ങൾക്കകം അമേരിക്കയിലെ യേൽ (Yale) സർവ്വകലാശാലയിലേക്കു പോകയാണെന്ന് അദ്ദേഹത്തെ ഞാൻ അറിയിച്ചു. അനുഗ്രഹാശിസ്സുകൾക്കായി അപേക്ഷിച്ചു. 'ഉടനെ യുഗോസ്ലാവിയായിൽ വന്ന് എന്നെ കണ്ടിട്ടു പോകുക' എന്നൊരു മറുപടിക്കമ്പിയാണ് എനിക്കു ജനീവയിൽ കിട്ടിയത്. ഞാനുടനെ തിരിച്ചു. യുഗോസ്ലാവിയായുടെ വടക്കുഭാഗത്തുള്ള പുലാ (Pula) നഗരത്തിന്റെ അക്കരെയുള്ള ടിറ്റോയുടെ സ്വകാര്യ ദ്വീപായ ബ്രയോണിലാണു ചക്രവർത്തി താമസം. അവിടെപോയി രണ്ടു ദിവസം കൂടെ താമസിച്ചു.

ചെന്നതിന്റെ പിറ്റേദിവസം രാവിലെ ടിറ്റോയും ഹെയ്‌ലി സെലാസിയും കൂടി ബോട്ടിൽ ഉല്ലാസയാത്രയ്ക്കു പോകയാണ്. എന്നെയും കൂടെ പോകുവാൻ ക്ഷണിച്ചു. ധാരാളം ചെറു ദ്വീപുകൾ യുഗോസ്ലാവിയായുടെ വടക്കുഭാഗത്തുണ്ട്. ടിറ്റോ ഓരോന്നും ചക്രവർത്തിയെ കാണിച്ചുകൊടുക്കുകയാണ്. കുറച്ചു കഴിഞ്ഞപ്പോൾ ഹെയ്‌ലി സെലാസി ടിറ്റോയെ വിട്ടിട്ടു

ബോട്ടിൽ ഞാൻ നില്ക്കുന്നിടത്തേക്കു വന്നു. അംഹാരിക് ഭാഷയിൽ സംഭാഷണമാരംഭിച്ചു. “ഇതാ ഞാനൊരു ചക്രവർത്തിയാണ്. രാജാക്കന്മാരുടെ രാജാവാണ്. ഞാൻ ജീവിക്കുന്ന രീതി നിനക്കറിയാമല്ലോ. എന്റെ കൊട്ടാരവും എത്രയോ എളിയതാണെന്ന്, നിനക്ക് അറിയാമല്ലോ. ഇയാളെ നോക്കൂ. ഇയാളൊരു കമ്മ്യൂണിസ്റ്റാണ്. പ്രോലിറ്റേറിയൻ ആണെന്നു പറയുന്നു. പക്ഷേ ഇയാൾക്ക് ഇക്കാണുന്ന ഈ ദ്വീപുകളിൽ ഏഴു കൊട്ടാരങ്ങൾ ഉണ്ട്. അതിലൊന്നു വേണമെങ്കിൽ എനിക്കു തരാമെന്നാണു പറയുന്നത്.”

ഇപ്പറഞ്ഞതിൽ കുറച്ചൊക്കെ കാര്യമുണ്ട്. ചക്രവർത്തിയാണ്, പണം ധാരാളം ഉണ്ട്. എങ്കിലും ജീവിതരീതി വളരെ ലളിതമാണ്. മദ്യപാനമില്ല. പുകവലിയില്ല. മറ്റു സ്വഭാവദൂഷ്യങ്ങളൊന്നുമില്ല. നല്ല നിഷ്ഠയുള്ള ജീവിതമാണ്. മതാചാരങ്ങളെ കൃത്യവിലോപം കൂടാതെ അനുഷ്ഠിക്കുന്ന ആളാണ്. നോമ്പുകാലത്ത് എല്ലാ ദിവസവും ഉച്ചകഴിഞ്ഞു നാലു മണിക്കു മാത്രമേ പ്രാതൽ ഭക്ഷണം ഉള്ളൂ. എന്നാൽ ഉപവസിക്കുമ്പോഴും രാവിലെ ഒമ്പതു മുതൽ രണ്ടു മണി വരെ ഓഫീസിൽ പോയി ജോലി ചെയ്യും. അതു കഴിഞ്ഞു പള്ളിയിൽ പോയി ആരാധനയിൽ സംബന്ധിച്ച ശേഷം മാത്രമേ എന്തെങ്കിലും ഭക്ഷണം കഴിക്കയുള്ളു. ലളിതജീവിതം, ധർമ്മനിഷ്ഠ, പാവപ്പെട്ടവരോടുള്ള സ്നേഹം ഇതെല്ലാം പുലർത്തുന്നതിനോടൊപ്പം തന്നെ ധനസംബന്ധമായ കാര്യങ്ങളിൽ ഉള്ള അഴിമതികളും ഒരുമിച്ച് അനുവർത്തിച്ചുവന്ന ആളാണു ഹെയ്‌ലി സെലാസി ചക്രവർത്തി. അതായിരുന്നു അവസാനം അദ്ദേഹത്തിന്റെ പരാജയകാരണവും എന്ന് ഞാൻ കരുതുന്നു.

നോമ്പുകാലത്തുണ്ടായ ഒരു രസാവഹമായ സംഭവം കൂടി പറയട്ടെ. ചക്രവർത്തി ഇത്ര വളരെ കർശനമായി ഉപവസിക്കുന്നതു കൊണ്ട്, അദ്ദേഹത്തിന്റെ ആരോഗ്യത്തിനു ഹാനി ഭവിക്കുമെന്ന് സ്വന്ത വീട്ടുകാർക്ക് ഒരു ഭയം. സാധാരണ എല്ലായിടത്തും അങ്ങനെയാണല്ലോ. നമ്മോടു സ്നേഹമുള്ളവരാണല്ലോ നമ്മെക്കൊണ്ട് ആവശ്യത്തിലധികം ഭക്ഷിപ്പിച്ചു നമ്മുടെ ആരോഗ്യം നശിപ്പിക്കുന്നത്. രാവിലെ ഒരു ചെറുനാരങ്ങയെങ്കിലും കഴിച്ചിട്ടു ജോലിക്കു പോയിരുന്നെങ്കിൽ നല്ലതായിരുന്നു എന്നു ചക്രവർത്തിനിക്കു പോലും ആഗ്രഹമുണ്ട്. അവരും വലിയ നിഷ്ഠയുള്ള നോമ്പുകാരിയായിരുന്നു. പക്ഷേ നേരെ പറയുവാൻ ആർക്കും ധൈര്യമില്ല.

ഒരു ദിവസം അദ്ദേഹം ഓഫീസിൽ പോയ സമയംനോക്കി കുടുംബാംഗങ്ങൾ എല്ലാം കൂടി ഒരു കൗൺസിൽ കൂടി. ‘ജാൻഹോയി’യെക്കൊണ്ട് (ഈ പേരിലാണ് അടുപ്പമുള്ളവരെല്ലാം അദ്ദേഹത്തെ അറിയുന്നത്) രാവിലെ എന്തെങ്കിലും കഴിപ്പിക്കണം. മാർഗ്ഗമെന്താ?

കുടുംബാംഗങ്ങളെല്ലാം കൂടി ഒപ്പിട്ട് ഒരു മാസ് പെറ്റീഷൻ കൊടുത്താലോ? അന്ന് ആൺമക്കൾ മൂന്നും മകൾ ഒന്നും ഈ നാലുപേരുടെയും കുട്ടികളും വളർത്താനെടുത്തിട്ടുള്ളവരും കൂടെ വലിയ ഒരു കുടുംബമാണത്. പക്ഷേ പ്രായമായ മക്കൾക്കാർക്കും ധൈര്യമില്ല. ഏതായാലും കൊച്ചുമക്കൾ നാലു പേരുടേയും കൂടിയായി പതിനൊന്നു പേരോളം ഉണ്ട്.

പ്രായം കൂടുതലുള്ളതു പോൾ രാജകുമാരനാണ്. അവനന്നു പതിനൊന്നു വയസ്സേയുള്ളൂവെന്നാണ് എന്റെ ഓർമ്മ. ഏതായാലും പതിനൊന്നു വയസുകാരൻ പോളിന്റെ നേതൃത്വത്തിൽ ഒരു പതിനൊന്നംഗ നിവേദക സംഘം ചക്രവർത്തിയുടെ ഓഫീസിലേക്കു യാത്ര തിരിച്ചു. നേരിട്ടു കാണുവാൻ സെക്രട്ടറിയോട് സമയം ചോദിച്ചു. സമയം അനുവദിച്ചതനുസരിച്ച് ഓഫീസിനകത്തു പ്രവേശിച്ചു. കൊച്ചുമക്കളെന്നു പറഞ്ഞാൽ ചക്രവർത്തിക്കു ജീവനാണ്. അവരുടെ കൂടെ കളിക്കുമ്പോഴാണു ഹെയ്ലി സെലാസിയുടെ മനുഷ്യത്വം കാണപ്പെടാറുള്ളത്. പക്ഷേ ഇത് ഓഫീസിലാണ്. ഡെലിഗേഷൻ തിരുമുൻപിൽ പ്രവേശിച്ചു നിലംതൊട്ടു വന്ദിച്ചു.

"എന്താണു നിങ്ങളുടെ പ്രശ്നം?" ചക്രവർത്തി സഗൗരവം ചോദിച്ചു.

"അടിയങ്ങൾക്ക് ഒരെളിയ അപേക്ഷയുണ്ട്." പോൾ രാജകുമാരനാണു വക്താവ്. പറയാനുള്ളതൊക്കെ പ്രായമുള്ളവർ എഴുതിയുണ്ടാക്കി മിടുക്കൻ രാജകുമാരനെ മനഃപാഠം പഠിപ്പിച്ചിരിക്കയാണ്. "ഞങ്ങളുടെ അപേക്ഷ, ജാൻഹോയി നോമ്പുകാലത്തു ദിവസവും ഒരു ഗ്രേപ്പ് ഫ്രൂട്ടിന്റെ പകുതി വീതമെങ്കിലും ഭക്ഷിപ്പാൻ ദയവുണ്ടാകണമെന്നാണ്." പോൾ രാജകുമാരൻ നല്ല ഭംഗിയായ അംഹാരിക്കിൽ കാര്യങ്ങൾ പറഞ്ഞു ഫലിപ്പിച്ചു.

"നിങ്ങളുടെ അപേക്ഷ നമ്മെ വളരെ സന്തോഷിപ്പിച്ചിരിക്കുന്നു. നിങ്ങൾക്കു നമ്മോടുള്ള യഥാർത്ഥ സ്നേഹത്തിൽ നിന്നുദിക്കുന്നതാണ് ഈ അപേക്ഷയെന്നു നമുക്കറിയാം. നമ്മുടെ സന്തോഷത്തിന്റെ ലക്ഷണമായി നിങ്ങളുടെ അപേക്ഷയെ നാം അനുകൂലമായി പരിഗണിച്ചു താഴെ പറയുന്ന തീരുമാനം നൽകുന്നു. ഇന്നു മുതൽ നോമ്പുകാലത്ത് ഒരു ഗ്രേപ്പ് ഫ്രൂട്ടിന്റെ പകുതിയല്ല, ഒരു മുഴുവൻ ഗ്രേപ്പ് ഫ്രൂട്ടു തന്നെ ദിവസവും രാവിലെ ഭക്ഷിക്കുന്നതിനു നമ്മുടെ കൊച്ചുമക്കളെ നാം അനുവദിച്ചിരിക്കുന്നു. നിങ്ങൾക്കു പോകാം." ഒരു ചെറിയ പുഞ്ചിരിയോടെ ചക്രവർത്തി കല്പിച്ചു. തന്റെ സ്വന്തം നിഷ്ഠയിൽ ഒരിളവും വരുത്താതെ മറ്റുള്ളവരോടു കരുണയോടെ പെരുമാറുവാൻ അദ്ദേഹത്തിന് അറിയാമായിരുന്നു.

## ധൈര്യം കൊണ്ടു ഒരു വിപ്ലവം കീഴടക്കി

നിഷ്ഠയും, ആന്തരികബലവും ഇല്ലാത്തവരെ ഹെയ്ലി സെലാസി ചക്രവർത്തിക്കു പുച്ഛമായിരുന്നു. ഞാൻ ഒരു പുരോഹിതനായതിനു ശേഷം ഒരിക്കൽ അദ്ദേഹത്തെ കാണുവാൻ ചെന്നപ്പോൾ വണ്ണം വയ്ക്കുന്നതിന് എന്നെ വഴക്കു പറഞ്ഞു. "ശരിയായ ഉപവാസവും കുമ്പിടീലുമുണ്ടെങ്കിൽ ഇതുപോലെ വണ്ണം വയ്ക്കുകയും വയറു ചാടുകയുമില്ല."

പോൾ മാർപ്പാപ്പായെ വലിയ ബഹുമാനമായിരുന്നു, കാരണം നിഷ്ഠയും പ്രാർത്ഥനയും ഉള്ള കൃശഗാത്രനും ആന്തരിക ശക്തിമാനുമാണെന്നുള്ളതു തന്നെ. അതുപോലെ തന്നെ ഡിഗോളിനെയും വലിയ ബഹുമാനമായിരുന്നു. ഡിഗോളിനു പ്രാർത്ഥന എന്തുമാത്രമുണ്ടായിരുന്നു എന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷേ നല്ല മനക്കരുത്തുള്ള ആളായിരുന്നുവെന്ന് എല്ലാവർക്കും അറിയാം. മനക്കരുത്തായിരുന്നു ഹെയ്ലി സെലാസിയുടെയും പ്രധാന ശക്തി.

1960 -ൽ ഉണ്ടായ ആദ്യത്തെ 'കൂഡേത്ത' (മിന്നൽ വിപ്ലവം) യുടെ കാര്യം ഓർമ്മ വരുന്നു. തന്റെ സ്വന്തം ബോഡിഗാർഡിന്റെ കമാൻഡറും തന്റെ സീക്രട്ട് സർവ്വീസിന്റെ തലവനും കൂടെ ഭരണകൂടം പിടിച്ചെടുത്തപ്പോൾ ചക്രവർത്തി തെക്കെഅമേരിക്കയിൽ പോയിരിക്കയായിരുന്നു. ഒരു കൊച്ചുവിമാനത്തിൽ അദ്ദേഹം സ്വന്തരാജ്യത്തു തിരികെ വന്നിറങ്ങി, ഒരു തോക്കു പോലും ചൂണ്ടാതെ അധികാരത്തിൽ തിരികെ കയറി തന്റെ ശത്രുക്കളെ ബന്ധിച്ച കഥ ധീരോദാത്തതയുടെ മകുടോദാഹരണം തന്നെ.

അന്ന് ഞാൻ ഓക്സ്ഫോർഡിൽ പഠിക്കയായിരുന്നു. ഭരണസാരഥ്യത്തിൽ പുനഃപ്രവേശിക്കുന്നതിൽ കാണിച്ച ധീരതയെയും ബുദ്ധിയെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ ഒരു സന്ദേശമയച്ചു. ഏതാനും ദിവസങ്ങൾക്കുള്ളിൽ ലണ്ടനിലെ എത്യോപ്യൻ അമ്പാസഡർ എന്നെ ഫോണിൽ വിളിച്ചുപറഞ്ഞു. ഞാൻ ആഡിസ് അബാബായിലേക്ക് ചെല്ലണമെന്നും വിമാനടിക്കറ്റ് ചക്രവർത്തി അയച്ചിട്ടുണ്ടെന്നും.

ചക്രവർത്തി സാരഥ്യത്തിൽ പുനഃപ്രവേശിച്ചിട്ട് ഒരാഴ്ച തികഞ്ഞിട്ടില്ല. ഈ യാത്രയിൽ ഉണ്ടായ എല്ലാ സംഭാഷണങ്ങളുടേയും കഥ എപ്പോഴെങ്കിലും ഒന്ന് എഴുതി വയ്ക്കണം. ചക്രവർത്തിയുടെ മൂത്ത മകനെയും, എതിർഭാഗക്കാർ പ്രധാനമന്ത്രിയായി പ്രഖ്യാപിച്ച ചക്രവർത്തിയുടെ കസിൻ റാസ് ഇമ്റുവിനെയും ഒക്കെ ഞാൻ കണ്ടു ദീർഘമായി സംസാരിച്ചു. മൂന്നു പേരുടെയും ആത്മകഥാകഥനങ്ങൾ ഞാൻ ശ്രദ്ധിച്ചു കേട്ടു.

പക്ഷേ അതല്ല ഇവിടെ പറയാനുദ്ദേശിച്ചത്. മൂന്നോ നാലോ ദിവസം ആഡിസ് അബാബായിൽ താമസിച്ചതിനു ശേഷം ഓക്സ്ഫോർഡിലേക്കു മടങ്ങുന്നതിനു മുമ്പു യാത്ര ചോദിക്കുവാൻ പോയപ്പോഴുണ്ടായ സംഭവം. പൊതുജനങ്ങളെ അതറിയിക്കുവാൻ എനിക്കു ചുമതലയുണ്ടെന്നു തന്നെയാണ് എന്റെ വിശ്വാസം.

കൊട്ടാരത്തിനു താഴെ എന്റെ മുൻ ഓഫീസിനടുത്തു തന്നെയുള്ള ഓഫീസിലാണു ചക്രവർത്തി. മന്ത്രിമാരെല്ലാം പുറത്തു വെയിറ്റിംഗ് റൂമിലുണ്ട്. അന്ന് പ്രധാനമന്ത്രിയും ഉള്ള കാലമാണ്. രാജ്യം ആകെ ഉൽക്കണ്ഠയുടെ വിളുമ്പിൽക്കിടന്നു വിറയ്ക്കുന്നു. കാരണം, ഒരാഴ്ച മുമ്പു ചക്രവർത്തി രാജ്യത്തു തിരികെ വന്ന് അധികാരത്തിൽ പ്രവേശിക്കത്തക്കവിധം വിപ്ലവ ഗവൺമെന്റിനോടു സമരം ചെയ്ത് അവരെ താഴെയിറക്കിയതു കരസൈന്യവും വ്യോമസേനയും കൂടെ ആയിരുന്നു. അവരിന്ന് അൽപം ഒന്നിടഞ്ഞാണു നില്ക്കുന്നത്. അവർക്ക് അവരുടെ ശമ്പളം വർദ്ധിപ്പിച്ചു കിട്ടണം. ആവശ്യപ്പെടുന്നത്ര വർദ്ധിപ്പിക്കാനുള്ള സാമ്പത്തികശക്തി രാജ്യത്തിനില്ലെന്നു ചക്രവർത്തിയും ഗവൺമെന്റും ശഠിക്കുന്നു. എന്നാൽ ഞങ്ങൾ ചക്രവർത്തിക്കും ഗവൺമെന്റിനും എതിരായി സമരം ചെയ്യുമെന്ന് അവർ ഭീക്ഷണിപ്പെടുത്തി. കരസൈന്യം മാത്രമാണു മറുതലിക്കുന്നത്. പക്ഷേ അവർ വിചാരിച്ചാൽ രണ്ടാമതൊരു കൊട്ടാരവിപ്ലവം നടത്തി ചക്രവർത്തിയെ താഴെയിറക്കുവാൻ സാധിക്കും.

ചക്രവർത്തിക്കു വിവരങ്ങളെല്ലാം അറിയാം. അന്നു രാവിലെ പത്തു

മണിക്കു സൈന്യം കൊട്ടാരത്തിലേക്കു മാർച്ച് ചെയ്തുവരുന്നുവെന്നും തങ്ങളുടെ നിവേദനങ്ങൾ ചക്രവർത്തിക്കു നേരിട്ടു സമർപ്പിക്കുകയാണ് അവരുടെ ഉദ്ദേശ്യമെന്നും അവർ പരസ്യമായി പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുകയാണ്.

സമയം 9.45 ആയി. ചക്രവർത്തിയെ രാവിലെ കണ്ടു യാത്ര പറഞ്ഞിട്ട് ഉച്ച കഴിഞ്ഞുള്ള വിമാനത്തിൽ ലണ്ടനിലേക്കു പോകുവാൻ തയാറായിട്ടാണ് ഞാൻ കൊട്ടാരത്തിലെ ഓഫീസിൽ വന്നിരിക്കുന്നത്.

പക്ഷേ ചക്രവർത്തിയുടെ ഓഫീസിന്റെ കതക് അകത്തുനിന്നു പൂട്ടിയിട്ടിരിക്കുകയാണ്. ചക്രവർത്തി അക്ഷമനായി മുറിക്കകത്ത് അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുകയാണ്. പ്രധാനമന്ത്രിയെപ്പോലും അകത്തോട്ടു വിടുന്നില്ല. പിന്നെയുണ്ടോ എനിക്കദ്ദേഹത്തെക്കണ്ടു യാത്ര പറയുവാൻ അവസരം?

ഏതായാലും തന്നെ നേരിടാൻ വരുന്ന സൈന്യത്തെ അഭിസംബോധന ചെയ്യാൻ വേണ്ടി ഓഫീസിൽ നിന്നു പുറത്തേക്കു വരുമല്ലോ. അപ്പോൾ കണ്ടു യാത്ര പറയാം. അതു കരുതി കുറെ സമയം മന്ത്രിമാരുമായി സംസാരിച്ചുകൊണ്ടു നിന്നു. എല്ലാവർക്കും വലിയ ഭയവും ഉൽക്കണ്ഠയുമാണ്. കരസൈന്യം ഇടഞ്ഞാൽ രാജ്യത്തിന് എന്തു ഭദ്രതയാണുള്ളത്? അതിനു രണ്ടാഴ്ച മുമ്പാണു വിപ്ലവകാരികൾ എന്റെ സ്നേഹിതരായ ഇരുപതോളം മന്ത്രിമാരെയും ഉദ്യോഗസ്ഥന്മാരെയും യന്ത്രത്തോക്ക് ഉപയോഗിച്ച് വധിച്ചത്. ഇന്നിപ്പോൾ സൈനിക വിപ്ലവമാണെങ്കിൽ ചോര ഇനിയും ചൊരിയും. ആർക്കും ഒരു ഭദ്രതാബോധവുമില്ല.

അങ്ങനെ സംസാരിച്ചുകൊണ്ടു നില്ക്കുന്നതു ചക്രവർത്തി ജനാലയിൽ കൂടി കണ്ടുകാണണം. ഏതായാലും കതകു തുറന്ന് ചക്രവർത്തിയുടെ അംഗരക്ഷകൻ പുറത്തുവന്നു പ്രഖ്യാപിച്ചു. 'മിസ്റ്റർ വറുഗീസ് ഇത്തറാൽ' (മി. വറുഗീസ് വിളിക്കപ്പെടുന്നു). അന്നു ഞാൻ ശെമ്മാശ്ശനാണെങ്കിലും എത്യോപ്യയിൽ ഞാൻ മി. വർഗീസ് എന്നു തന്നെയാണ് അറിയപ്പെട്ടിരുന്നത്. മന്ത്രിമാരെല്ലാം അമ്പരന്നു. ഈ വിപൽഘട്ടത്തിൽ പ്രധാനമന്ത്രി പോലും പുറത്തു കാത്തിരിക്കെ എന്തിനാണു ഒരു വെറും വിദ്യാർത്ഥിയായ വർഗീസിനെ വിളിക്കുന്നത്. ഏതായാലും ഞാനുടനെ അകത്തു പ്രവേശിച്ചു. അംഗരക്ഷകൻ കതകടച്ചു.

"നീയിന്നിവിടെയുള്ളത് നല്ലതാണ്. നിന്നോടു പറയുന്നതുപോലെ സ്വാതന്ത്ര്യമായി എനിക്കാരോടും പറയുവാൻ സാധിക്കുകയില്ല. നീയെന്റെ സാക്ഷിയാണ്. ലോകത്തിന്റെയും ചരിത്രത്തിന്റെയും മുമ്പിൽ നീയെന്റെ സാക്ഷിയാണ്. എനിക്കെന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ നീ ലോകത്തോടു സാക്ഷ്യം വഹിക്കണം."

ചക്രവർത്തിയുടെ ഈ വാക്കുകൾ എന്നെ കുറച്ചൊന്നമ്പരപ്പിച്ചു എന്നുള്ളതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. ഞാൻ നിശ്ശബ്ദനായി നിന്നു.

"നീ ഓക്സ്ഫോർഡിൽ നിന്നു വന്നത് എന്റെ ഭാഗ്യമാണ്. ഒരഞ്ചു

മിനിട്ടിനകം ഹെയ്‌ലി സെലാസിയുടെ അവസാനമായിരിക്കാം. ഞാനിതാ എന്റെ പട്ടാളക്കാരെ അഭിമുഖീകരിക്കുവാൻ പോകയാണ്. എന്തും സംഭവിക്കാം. എന്റെ ആയുസ്സിന്റെ അവസാന ദിവസമാണിതെന്നുള്ള ചിന്തയോടെയാണു ഞാനിപ്പോൾ ഈ ആഫീസിൽ നിന്നു വെളിയിൽ കടക്കുന്നത്.

നിന്നോടെനിക്കു പറയാനുള്ളത് ഇതാണ്. ഹെയ്‌ലി സെലാസിയുടെ ജീവിതം ഇന്നവസാനിക്കുകയാണെങ്കിൽ രണ്ടു കാര്യങ്ങൾക്കു നീ ലോകത്തിന്റെ മുമ്പിൽ സാക്ഷ്യം വഹിക്കണം. ഒന്ന് ഞാൻ ഭയം കൂടാതെയാണ് ഇപ്പോൾ പുറത്തേക്കിറങ്ങുന്നത്. എനിക്കു ബുള്ളറ്റ് പ്രൂഫ് വെസ്റ്റോ (വെടിയുണ്ട കയറാത്ത കവചമോ) എന്റെ കയ്യിൽ തോക്കോ ഇല്ലാതെയാണു ഞാനെന്റെ പട്ടാളക്കാരെ അഭിമുഖീകരിക്കുവാൻ പോകുന്നത്. ഹെയ്‌ലി സെലാസി അവസാന ശ്വാസം വരെ ആരെയും ഭയപ്പെട്ടിട്ടില്ല എന്നുള്ളതിനു നീ തന്നെ ലോകത്തിനു സാക്ഷി.

രണ്ടാമതൊരു കാര്യം. എനിക്കു ഭയമില്ലാത്തതിന്റെ കാരണം എന്റെ ഈശ്വരവിശ്വാസമാണ്. അവസാന നിമിഷം വരെ ഈശ്വരനിൽ മാത്രം ശരണപ്പെട്ടുകൊണ്ടാണു ഞാൻ ജീവിച്ചതെന്നുള്ളതിനു നീ തന്നെ എനിക്കു സാക്ഷി. ഞാൻ ഇന്നു മരിക്കുകയാണെങ്കിൽ മാത്രം ഈ രണ്ടു കാര്യങ്ങളും നീ ലോകത്തോടു പറഞ്ഞാൽ മതി.”

എന്റെ കണ്ണിൽ കണ്ണുനീർ വാർന്നു. പ്രതിസന്ധി ഇത്രമാത്രം ഗൗരവമുള്ളതാണെന്നു പിന്നീടാണു എനിക്കു ബോദ്ധ്യമായത്.

ചക്രവർത്തി പുറത്തേക്കിറങ്ങി. പ്രധാനമന്ത്രിയോടോ കുടുംബാംഗങ്ങളോടോ എന്തെങ്കിലും പറയുവാൻ കാണുമെന്നു വിചാരിച്ച് അവരൊക്കെ അടുത്തുകൂടി. ഒന്നും പറയാനില്ല. ചക്രവർത്തി കുലുങ്ങാതെ നിശ്ശബ്ദനായി ലക്ഷക്കണക്കിനു വരുന്ന പട്ടാളത്തെ ഒറ്റയ്ക്കഭിമുഖീകരിക്കുവാൻ മുന്നോട്ടു നടക്കുകയാണ്.

അദ്ദേഹം അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് താഴ്ന്ന സ്വരത്തിൽ ശാന്തനായി അഞ്ചു മിനിട്ടു നേരത്തോളം പട്ടാളക്കാരോടു സംസാരിച്ചു. രാജ്യത്തിന്റെ ഇന്നത്തെ സാമ്പത്തികസ്ഥിതിയിൽ അവർ ചോദിക്കുന്നതു കൊടുപ്പാൻ സാദ്ധ്യമല്ലെന്നും, അവർ ചെയ്തിട്ടുള്ള പ്രവൃത്തി രാജ്യത്തിനു വേണ്ടി ചെയ്തിട്ടുള്ളതാകയാൽ പ്രതിഫലം ചോദിക്കരുതെന്നും അവരെ ഉപദേശിച്ചു.

യാതൊരു ബഹളവും കൂടാതെ പട്ടാളം അതു കേട്ടു സന്തോഷത്തോടെ കൈയടിച്ചു. ചക്രവർത്തിയെ സല്യൂട്ട് ചെയ്തു തല വണക്കി. ആ കൊച്ചു മനുഷ്യൻ ഇരമ്പിവരുന്ന ആ വൻകൂട്ടത്തെ തന്റെ കൊച്ചുശബ്ദം കൊണ്ടും ശാന്തമുഖം കൊണ്ടും ധീരമായി പിടിച്ചടക്കി. അലക്സാണ്ടറിന്റെ ജീവചരിത്രം നല്ലതുപോലെ പഠിച്ചിട്ടുള്ള ചക്രവർത്തി കുറെയൊക്കെ അലക്സാണ്ടറെ അനുകരിക്കയായിരുന്നുവെന്നു തോന്നുന്നു. ഏതായാലും അന്ന് ആ അനുകരണം പൂർണ്ണ വിജയമായിരുന്നു.

സംഭവം കഴിഞ്ഞിട്ട് വർഷം ഇന്നു പതിനഞ്ചായി. അദ്ദേഹത്തിന്റെ കാല

ശേഷമേ ഈ സംഭവം ഞാൻ പരസ്യമായി അറിയിക്കുകയുള്ളുവെന്നു തീരുമാനിച്ചിരുന്നതാണ്. ഇന്നത് കേരളത്തിലെ ജനങ്ങളെങ്കിലും അറിയട്ടെ.

ഇത്ര ധീരനും ഉദാത്തനുമായ ഹെയ്‌ലി സെലാസിക്കു പിന്നെയെന്താണു പറ്റിയത്? ഇതെക്കുറിച്ചു ചില ഊഹാപോഹങ്ങൾ ചെയ്യാൻ മാത്രമേ എനിക്കു സാധിക്കൂ. എന്റെ നിഗമനങ്ങളെ വഴിയേ നിങ്ങളെ അറിയിച്ചുകൊള്ളാം. കഥകളിനിയും വളരെ പറയാനുണ്ട്.

## ജനം പട്ടിണി കിടന്നു; വിദേശത്തു ബാങ്ക് നിക്ഷേപം വളർന്നു

1974 സെപ്റ്റംബറിൽ ആണ് അവസാനമായി ചക്രവർത്തിയെ ഞാൻ കാണുന്നത്. പട്ടാള ഗവൺമെന്റ് അധികാരത്തിൽ വന്നു കഴിഞ്ഞിരിക്കുകയാണ്. ഗവൺമെന്റിന്റെ അധിപനായ ജനറൽ അമാൻ എന്റെ പഴയ ഒരു സുഹൃത്താണ്. 1974 ഫെബ്രുവരിയിലാണു കരസൈന്യത്തിലെ ചെറുപ്പക്കാരായ ഓഫീസർമാരിൽ ചിലർ കൂടി അഴിമതി നിറഞ്ഞ മന്ത്രിസഭയെ താഴെയിറക്കി തടവിലിട്ടു ചക്രവർത്തിയെ ഏറെക്കുറെ വീട്ടു തടങ്കലിലാക്കി പൊതുജനസമ്മതനായ ജനറൽ അമാനെ തങ്ങളുടെ നേതാവാക്കി, ഒരു പുതിയ ഭരണക്രമം സൃഷ്ടിച്ചത്.

ചുരുക്കം ചിലർ പ്രതാപത്തിലും ധാരാളിത്തത്തിലും ജീവിക്കുവാൻ വേണ്ടി പാവപ്പെട്ടവരും പട്ടിണി കിടക്കുന്നവരുമായ ജനഭൂരിപക്ഷത്തെ അടിച്ചമർത്തി ചൂഷണം ചെയ്തുകൊണ്ടിരുന്ന കാലങ്ങളുടെ അവസാനം പട്ടാള ഗവൺമെന്റ് പ്രഖ്യാപിച്ചു. 260 ലക്ഷം ജനങ്ങൾക്ക് താമസിക്കുവാൻ 12.5 ലക്ഷം ചതുരശ്ര കിലോമീറ്റർ ഭൂമിയുണ്ട്. നമ്മുടെ നാട്ടിലെപ്പോലെയുള്ള ആൾപ്പെരുപ്പമൊന്നുമില്ല. ഒരു ചതുരശ്ര കിലോമീറ്ററിനു ശരാശരി 21 പേരേയുള്ളു. കേരളത്തിൽ 214 ലക്ഷം ജനങ്ങൾ ഉണ്ട്. രാജ്യമാണെങ്കിൽ 39000 ചതുരശ്ര കിലോമീറ്റർ തികയുകയില്ല. കേരളത്തിന്റെ 32 ഇരട്ടി വലിപ്പമുണ്ട് എത്യോപ്യയ്ക്കെങ്കിലും ജനസംഖ്യ നമ്മുടേതിനേക്കാൾ അല്പം മാത്രമേ കൂടുതലുള്ളു. നമുക്കിവിടെ ഒരു ചതുരശ്ര മൈലിന് 549 പേരുള്ളപ്പോൾ എത്യോപ്യയിൽ 21 പേരേയുള്ളു. കുറെ ഭാഗം മരുഭൂമിയാണെങ്കിലും  അധികഭാഗവും നല്ല ഫലപുഷ്ടിയുള്ളതാണ്. ശരിയായിട്ടു ജനങ്ങളെ സംഘടിപ്പിച്ചു പ്രവർത്തിക്കാമെങ്കിൽ ആഫ്രിക്കയിലെ ഒന്നാംകിടയിലുള്ള രാഷ്ട്രമാകാൻ ഏത്യോപ്യയ്ക്കു സാധിക്കും. പക്ഷേ ദുഷ്പ്രഭുത്വം കൊണ്ടു നശിച്ചുകിടക്കുകയാണ് രാജ്യം.

കഴിഞ്ഞ അമ്പതു വർഷങ്ങളായിട്ട് ദുഷ്പ്രഭുത്വത്തിന്റെ ശക്തി വർദ്ധിക്കുകയും സാധാരണക്കാരന്റെ നില കൂടുതൽ മോശമാവുകയും മാത്രമേ ചെയ്തിട്ടുള്ളു എന്നും അതിനു ഹെയ്‌ലി സെലാസിയാണ് ഉത്തരവാദി എന്നാണു പട്ടാള ഗവൺമെന്റിന്റെ വാദം. ജനങ്ങളുടെ സിംഹഭാഗവും മരവിപ്പിക്കുന്ന ദാരിദ്ര്യത്തിലാണു ജീവിക്കുന്നത്. കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളിലായി ലക്ഷക്കണക്കിനാളുകൾ പട്ടിണി കിടന്നു മരിച്ചിട്ടുണ്ടെന്നു പട്ടാള ഭരണകൂടം പറയുന്നു.

അന്താരാഷ്ട്ര മണ്ഡലങ്ങളിൽ പേരും പെരുമയും സൃഷ്ടിക്കുവാൻ ശ്രമിക്കുന്നതിനിടയിൽ നാട്ടാരുടെ ദൈനംദിനാവശ്യങ്ങളെപ്പറ്റി ചക്രവർത്തിക്കോ ദുഷ്പ്രഭുത്വത്തിനോ ചിന്തയില്ലായിരുന്നു എന്നാണു സൈനിക ഭരണകൂടം ആരോപിക്കുന്നത്.

വല്ലോ എന്ന പ്രവിശ്യയിലാണു പട്ടിണിമരണങ്ങൾ വളരെ ഉണ്ടായത്. അവരുടെ പ്രശ്നങ്ങൾ അറിഞ്ഞിട്ടും പുറത്തറിയിക്കാതെ വച്ചിരുന്നതു കൊണ്ട് ഗവൺമെന്റു സഹായം ലഭിച്ചില്ലെന്നു മാത്രമല്ല പുറമേ നിന്നുള്ള സഹായം പോലും അവർക്കു സമയത്തു ലഭിക്കാൻ സാധിച്ചില്ല എന്നതു പരമാർത്ഥമാണ്.

പട്ടിണി മാത്രമല്ല, സ്കൂളിൽ പോകുവാൻ പ്രായമായിട്ടുള്ള വിദ്യാർത്ഥികളുടെ എൺപതു ശതമാനത്തിനും സ്കൂളും അദ്ധ്യാപകനുമില്ല. ആശുപത്രിയും ഡോക്ടറും ചുരുക്കം ചില പട്ടണങ്ങളിൽ മാത്രമേ ഉള്ളൂ.

പുതിയ സൈനിക ഭരണകൂടം പ്രാമുഖ്യം നൽകുന്ന പ്രധാന കാര്യങ്ങൾ വിദ്യാഭ്യാസം, സാമൂഹികനീതി, കർഷക നിയമപരിഷ്കാരം എന്നിവയാണ്. രാജ്യത്തെ ജനങ്ങളിൽ തൊണ്ണൂറു ശതമാനവും കൃഷി കൊണ്ടു ജീവിക്കുന്നവരാണ്. രാജ്യത്തെ മൊത്ത വരുമാനത്തിൽ അറുപതു ശതമാനം കാർഷികോൽപന്നങ്ങളിൽ നിന്നുള്ളതാണ്. കാപ്പിയാണു പ്രധാന വിഭവം. കയറ്റുമതിയുടെ 59 ശതമാനം കാപ്പിക്കുരുവാണ്.

ഞാൻ കൊട്ടാരത്തിൽ ജോലി നോക്കുന്ന കാലത്താണ് (1957 -ൽ) രാജ്യത്തെ സാമ്പത്തിക വികസനത്തിനുള്ള പഞ്ചവൽസര പദ്ധതികൾ ആരംഭിച്ചത്. ചക്രവർത്തി 1956 -ൽ ഇൻഡ്യ സന്ദർശിച്ചതിൽ നിന്നു ലഭിച്ച പ്രചോദനമായിരുന്നു അതിനു നിദാനം. പക്ഷേ ഈ പഞ്ചവൽസര പദ്ധതികൾ കൊണ്ടു പ്രയോജനമുണ്ടാകാത്തതിന്റെ പ്രധാന കാരണം ഭൂനിയമ പരിഷ്കാരത്തിന്റെ അഭാവമാണെന്ന് പലപ്പോഴും എന്നെപ്പോലെ പലരും ചക്രവർത്തിയെ അറിയിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം അതൊന്നും അധികം വകവയ്ക്കാതിരിക്കുകയാണ് ചെയ്തിട്ടുള്ളത്. ലോകത്തിലെ ഏറ്റവും ദരിദ്രങ്ങളായ പത്തു രാഷ്ട്രങ്ങളിൽ ഒന്നാണ് എത്യോപ്യ എന്ന് ഇന്നു ഗവൺമെന്റ് സമ്മതിക്കുന്നുണ്ട്.

പക്ഷേ ഇതേപ്പറ്റി ചക്രവർത്തിയോട് എത്ര പറഞ്ഞാലും അദ്ദേഹം കേൾക്കുകയില്ല. “നിനക്ക് എത്യോപ്യയെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. നീ അഡീസ് അബാബ മാത്രമേ കണ്ടിട്ടുള്ളു” എന്നൊക്കെ അദ്ദേഹം എന്നോടു പറയും. അദ്ദേഹം ഒരിക്കലും ചെന്നെത്തിയിട്ടില്ലാത്ത റോഡും പാലവും ഇല്ലാത്ത പല സ്ഥലത്തും കോവർ കഴുതപ്പുറത്തു കയറി ഞാൻ പോയിട്ടുണ്ടെന്ന കാര്യം അദ്ദേഹത്തിന് അറിഞ്ഞുകൂടായിരുന്നിരിക്കണം.

1960 ൽ ആണ് ആദ്യത്തെ കൂഡേത്താ ഉണ്ടായത്. അന്നു ഞാൻ ഓക്സ്ഫോർഡിലാണ്. അതു കഴിഞ്ഞ ഉടനെ ഞാൻ എത്യോപ്യയിൽ പോയ കാര്യം പറഞ്ഞല്ലോ. അവിടെ ചക്രവർത്തിയോടും സിംഹാസനാവകാശിയായ രാജകുമാരനോടും മാത്രമല്ല സാധാരണക്കാരോടും പ്രത്യേകിച്ചു സർവ്വകലാശാലാ വിദ്യാർത്ഥികളോടും സംസാരിച്ചിട്ട്, രാജ്യത്തിനാവശ്യ

മായത് ഇന്നതെല്ലാമെന്ന് എനിക്കു തോന്നിയത് ഒരു മെമ്മോറാണ്ടമായി ചക്രവർത്തിക്ക് ഓക്സ്ഫോർഡിൽ നിന്നു ഞാൻ എഴുതി അയച്ചു. അതു വായിച്ചു നോക്കിയിട്ട് അദ്ദേഹം എനിക്ക് അയച്ച മറുപടിയുടെ പരിഭാഷ ഞാൻ താഴെ കൊടുക്കുന്നു:

"യീഹൂദാ ഗോത്രത്തിന്റെ സിംഹം ജയിച്ചിരിക്കുന്നു. എത്യോപ്യയിലെ രാജാക്കന്മാരുടെ രാജാവും ഈശ്വരനിയമിതനുമായ ഹെയ്‌ലി സെലാസി പ്രഥമൻ മിസ്റ്റർ പോൾ വറുഗീസിന്. ആത്മാർത്ഥതയോടെ എഴുതപ്പെട്ടിട്ടുള്ള നിന്റെ എഴുത്തു നമുക്കു കിട്ടി. നാം വായിച്ചു. കെയ്റോ വഴി പോകുമ്പോൾ (ഈഗുപ്തായ) പാത്രിയർക്കീസുമായി സംസാരിച്ചു. അദ്ദേഹത്തെ മനസ്സിലാക്കിയ കാര്യവും അതേക്കുറിച്ചു നിന്റെ വിലയിരുത്തലും മനസ്സിലായി. നമ്മുടെ ഭാഗത്തു നിന്ന് അതേപ്പറ്റി ആലോചിച്ചു വേണ്ടതു ചെയ്യും. ആതൻസിൽ നമ്മുടെ സഭയുടെ കാര്യത്തെക്കുറിച്ചും നീ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ ഭാവിയിൽ സഹായകമായേക്കും. ഞാൻ സഭയ്ക്കു വേണ്ടി ചെയ്തിട്ടുള്ളതിനെക്കുറിച്ചു നീ എഴുതിയിട്ടുള്ളതു നിസ്സാരമായ കാര്യമാണ്.

എത്യോപ്യയുടെ അവസ്ഥയെപ്പറ്റി നീ ഓർമ്മിപ്പിച്ചതു നല്ല കാര്യം തന്നെ. ഉപദേശം നൽകുന്നതു സാദ്ധ്യമായ ഒരു കാര്യമാണ്. എന്നാൽ കൊടുക്കുന്ന ഉപദേശം പ്രാവർത്തികമാണോ അല്ലയോ എന്ന് അറിയണമെങ്കിൽ, ഉപദേശം കൊടുക്കുന്നവൻ പ്രാവർത്തികമായ ഉത്തരവാദിത്വത്തിൽ പ്രവേശിച്ചെങ്കിലേ കഴിയൂ. നീ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ യൂറോപ്പിലും അതുപോലെയുള്ള മറ്റു രാജ്യങ്ങളിലും അറിവുള്ള കാര്യങ്ങളാണ്. ഇക്കാര്യങ്ങളെക്കുറിച്ചു നാം പറഞ്ഞിട്ടുള്ള കാര്യങ്ങൾ പത്രങ്ങളിൽ വന്നിട്ടുണ്ട്. സാമൂഹികനീതിയുടെ കാര്യമാണെങ്കിൽ നമ്മുടെ ജീവിതത്തെ ഇങ്ങനെ നാം ബലിയർപ്പിക്കുന്നത് ജനങ്ങൾക്ക് നീതി ലഭിക്കണം എന്നുള്ള ആഗ്രഹം കൊണ്ടാണ്. സർവകലാശാല, ദൈവം അനുവദിച്ചാൽ ഒക്ടോബർ മാസത്തിൽ തന്നെ ആരംഭിക്കണമെന്നു ചിന്തിക്കുന്നു. അതിന്റെ ചാർട്ടറിന്റെ അവസാനരൂപം ഇതോടൊന്നിച്ച് അയക്കുന്നു. വരുന്ന ജൂലൈ മാസത്തിൽ നീ ഗാനായിൽ വരുമ്പോൾ മൂന്നാഴ്ചത്തേക്ക് എത്യോപ്യയിൽ വരാമെന്നു പറയുന്നതു വളരെ നല്ല കാര്യം. 1961 മെയ് മാസം 13 നു ഹെയ്‌ലി സെലാസി പ്രഥമൻ."

ഉപദേഷ്ടാവുദ്യോഗത്തിൽ നിന്നു വിരമിച്ച ശേഷം ചോദിക്കാതെ കൊടുത്ത ഉപദേശത്തിൽ നാലു കാര്യങ്ങളാണുണ്ടായിരുന്നത്.

1. പൗരസ്ത്യ സഭകളുടെ ഒരു കോൺഫറൻസ് ആഡീസ് അബാബയിൽ വിളിച്ചുകൂട്ടണമെന്നുള്ളതായിരുന്നു ആദ്യത്തേത്. അതെക്കുറിച്ച് ഈഗുപ്തായ പാത്രിയർക്കീസ്, അന്ത്യോക്യാ പാത്രിയർക്കീസ്, കിഴക്കിന്റെ കാതോലിക്കാ, അർമ്മേനിയൻ കാതോലിക്കാ, എത്യോപ്യാ പാത്രിയർക്കീസ് എന്നിവരുമായൊക്കെ ആലോചിച്ചു സമർപ്പിച്ച നിർദ്ദേശങ്ങളാണ് 1965 -ൽ ആഡീസ് അബാബയിൽ കൂടിയ പൗരസ്ത്യ സഭാതലവന്മാരുടെ സമ്മേളനത്തിന്റെ പശ്ചാത്തലം. ഇക്കാര്യത്തിൽ എന്റെ ഉപദേശം മുഴുവൻ ചക്രവർത്തി സ്വീകരിച്ചു.

2. എത്യോപ്യൻ സഭയുടെ നേതൃത്വത്തെ പരിശീലിപ്പിക്കുന്നതിനു ഗ്രീക്കു സഭയുടെ സഹായം തേടി കുറെ സ്കോളർഷിപ്പുകളുടെ കാര്യത്തിൽ ചില തീരുമാനങ്ങൾ ഉണ്ടാക്കുവാൻ വേണ്ടിയാണ് ആഥൻസിൽ പോയത്. അതും വിജയകരമായി. എത്യോപ്യയിൽ നിന്നു പലരും അവിടെ പോയി പഠിച്ചു.

3. രാജ്യത്തെ അഭിപ്രായ സ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, ഭൂനിയമ പരിഷ്കരണം, പാർലമെന്റ് പരിഷ്കരണം, ഗവൺമെന്റ് പരിഷ്ക്കരണം എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചുള്ളതായിരുന്നു മൂന്നാമത്തെ സുദീർഘമായ നിർദേശ പരമ്പര. അതിനു കിട്ടിയ മറുപടി, പാശ്ചാത്യ രാജ്യങ്ങളിലെ ആശയങ്ങളാണു ഞാൻ പ്രകടിപ്പിക്കുന്നത്; അതിനു എത്യോപ്യയിൽ വലിയ പ്രസക്തിയൊന്നുമില്ല; എത്യോപ്യയ്ക്കാവശ്യമുള്ളതു ചക്രവർത്തിക്കറിയാം; ചക്രവർത്തി അതിനെപ്പറ്റി ചെയ്തിട്ടുള്ള പ്രസംഗങ്ങൾ പത്രത്തിൽ വന്നിട്ടുണ്ട്; ചക്രവർത്തിയുടെ ജീവിതം മുഴുവൻ ബലി കഴിക്കുന്നതു ജനങ്ങൾക്കു നീതി ലഭിക്കുവാൻ വേണ്ടിയാണ്; ഇങ്ങനെയൊക്കെയായിരുന്നു. അതായതു താൻ പറയുന്നതൊന്നും ഞാൻ കേൾക്കുവാൻ തയാറില്ലെന്നു ചുരുക്കം.

4. നാലാമത്തെ കാര്യം സർവകലാശാലയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ആയിരുന്നു. ആഡിസിലെ ഹെയ്‌ലി സെലാസി സർവകലാശാല (ഇന്നതിന്റെ പേരു മാറ്റിയിട്ടുണ്ട്) ആവിഷ്ക്കരിക്കുന്ന കാര്യത്തിൽ ചിലതൊക്കെ ചെയ്യുവാൻ എനിക്കും അവസരം ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് അതിന്റെ ചാർട്ടർ ചക്രവർത്തി തന്നെ എനിക്കയച്ചു തന്നത്. ഇക്കാര്യത്തിലും എന്റെ ഉപദേശത്തിന്റെ ഒരു ഭാഗമെങ്കിലും അദ്ദേഹം സ്വീകരിക്കുകയുണ്ടായി. പിന്നീട് 1961 –ന്റെ അവസാനത്തിലും 1962 –ന്റെ ആരംഭത്തിലും നാലു മാസത്തോളം ഞാൻ എത്യോപ്യയിൽ പോയി ശമ്പളമൊന്നുമില്ലാതെ പല ചില്ലറ സേവനങ്ങളും നിർവഹിക്കുകയും വീണ്ടും സാമൂഹിക നീതിയെക്കുറിച്ചും ഗവൺമെന്റ് പരിഷ്കരണത്തെക്കുറിച്ചും നിവേദനങ്ങൾ സമർപ്പിക്കുകയുമുണ്ടായി.

സർവകലാശാലാ വിദ്യാർത്ഥികൾ 1961 –ൽ ബഹുമുഖങ്ങളായ ആരോപണങ്ങൾ ചക്രവർത്തിയെക്കുറിച്ചുന്നയിച്ചു. എന്നോടുള്ള സംഭാഷണത്തിൽ വിദ്യാർത്ഥികൾ പറഞ്ഞ കാര്യങ്ങളെല്ലാം ഞാൻ ചക്രവർത്തിയോടു പറഞ്ഞു. ഇല്ല. എല്ലാം പറഞ്ഞില്ല. ഒരു കാര്യം വിദ്യാർത്ഥികൾ പറഞ്ഞത് ചക്രവർത്തിയുടെ കൊട്ടാരത്തിൽ മന്ത്രവാദികളെ വിളിച്ചുകൂട്ടി ക്ഷുദ്രം ചെയ്യുകയും കുരുതി കഴിക്കുകയും കുഞ്ഞുങ്ങളെ ബലി കഴിക്കുകയും ഒക്കെ ചെയ്യുന്നുണ്ടെന്നായിരുന്നു. ഇതു ഞാൻ ചക്രവർത്തിയോടു പറഞ്ഞില്ലായിരുന്നു. അന്ന് അതിന് ഒട്ടും അടിസ്ഥാനമില്ലെന്നായിരുന്നു എന്റെ ഉത്തമ വിശ്വാസം. അങ്ങനെ തന്നെ വിദ്യാർത്ഥികളോടു ഞാൻ പറയുകയും ചെയ്തു.

പല കാര്യങ്ങൾ പറഞ്ഞതിൽ ഒന്ന്, ചക്രവർത്തി രാജ്യത്തെ പണം മുഴുവൻ എടുത്തു സ്വന്തം പേരിൽ വിദേശ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്നു എന്നതായിരുന്നു. ഇങ്ങനെ വിദ്യാർത്ഥികൾ ആരോപിക്കുന്നു

ണ്ടെന്ന് 1961 -ൽ തന്നെ ചക്രവർത്തിയോടു ഞാൻ പറഞ്ഞു. അങ്ങനെ ചെയ്തിട്ടില്ല എന്നു നിഷേധിക്കുവാൻ എനിക്കും സാദ്ധ്യമല്ല. ചക്രവർത്തിക്കും സാദ്ധ്യമല്ല; കാരണം ഞാൻ തന്നെയാണു രണ്ടു വിദേശബാങ്കുകളിലെ കണക്കുകൾ ആരംഭിച്ചു കൊടുത്തത്. എന്താണു വിദ്യാർത്ഥികളോടു മറുപടി പറയേണ്ടത് എന്നു ഞാൻ ചേദിച്ചു. നല്ല ചങ്കൂറ്റത്തോടെ ചക്രവർത്തി പറയുകയാണ്: "നാം അദ്ധ്വാനിച്ചു, നാം അതിന്റെ ഫലത്തിൽ നിന്നു ഭക്ഷിച്ചു എന്ന് അവരോടു പറയുക." എന്തു പറയാനാണ്? അദ്ധ്വാനിച്ചു എന്നുള്ളതു പരമാർത്ഥം. പക്ഷേ ഫലം ഭക്ഷിക്കുന്നതിന് ഒരു പരിധിയൊക്കെയില്ലേ? ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ കോടിക്കണക്കിനു ഡോളർ സ്വന്ത പേരിൽ വിദേശബാങ്കുകളിൽ നിക്ഷേപിക്കുന്നത് 'അദ്ധ്വാനിച്ചു, ഭക്ഷിച്ചു' എന്ന വാദം കൊണ്ടു ന്യായീകരിക്കാനൊക്കുമോ?

ഏതായാലും ആ സമയത്തു ചക്രവർത്തിയോട് ഒരു സംവാദത്തിനു ഞാൻ മുതിർന്നില്ല. അദ്ദേഹം പറഞ്ഞ കാര്യം അതുപോലെ തന്നെ വിദ്യാർത്ഥികളെ അറിയിച്ചു. വിദേശബാങ്കുകളിലെ നിക്ഷേപം കോടിക്കണക്കിനുള്ളതാണെന്ന് അന്നെനിക്കറിഞ്ഞു കൂടായിരുന്നു. എത്രമാത്രമുണ്ടെന്ന് അദ്ദേഹത്തിനല്ലാതെ മറ്റൊരു വ്യക്തിക്കും അറിഞ്ഞുകൂടായിരുന്നു. പലരിൽ കൂടെ പല സ്ഥലത്തായാണ് കണക്കുകൾ ആരംഭിക്കുന്നതും പണം നിക്ഷേപിക്കുന്നതും.

ഇത്ര വളരെ പണം പുറത്തെ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്നു എന്ന വാർത്ത 1974 -ൽ മാത്രമാണു ജനമദ്ധ്യത്തിൽ പരന്നത്. അതോടുകൂടി അദ്ദേഹത്തിന്റെ ജനസമ്മതിയുടെ അധോഗമനവും ത്വരിതഗതിയിലായി.

വല്ലോ പ്രവിശ്യയിലെ ക്ഷാമത്തെക്കുറിച്ച് ഒന്നും ചെയ്യാതെ വാർത്തകൾ അമർത്തി വച്ചതും, വിദേശ ബാങ്കുകളിലെ നിക്ഷേപത്തെക്കുറിച്ചുള്ള വാർത്ത പരന്നതുമാണ് അദ്ദേഹത്തിന്റെ നാശത്തിനു വഴിതെളിയിച്ചത്.

### ജീവിത സായാഹ്നത്തിൽ പറ്റിയ അമളി

പുതിയ സൈനിക ഭരണകൂടം അധികാരത്തിൽ പ്രവേശിച്ച് ഏതാണ്ട് ആറു മാസങ്ങൾക്കു ശേഷമാണ് അവസാനമായി ഞാൻ അദ്ദേഹത്തെ കാണുന്നത്. അവസാനമായി ഒന്നു കാണുവാൻ വേണ്ടിത്തന്നെ പ്രത്യേകമായി എത്യോപ്യയിൽ പോയതാണ്. 1974 ഓഗസ്റ്റ് അവസാനത്തെ ആഴ്ച. മന്ത്രിമാരെല്ലാം ജയിലിൽ കിടക്കുന്നു. ചക്രവർത്തി കൊട്ടാരത്തടങ്കലിൽ. ചക്രവർത്തിയുടെ കൊച്ചുമകൻ പ്രിൻസ് അലക്സാണ്ടറും ജയിലിലാണ്.

ചക്രവർത്തിയെ നേരത്തേ അറിയിച്ചിട്ടാണു ഞാൻ പോയത്. അതുകൊണ്ടു ചെന്ന ഉടനെ വലിയ പ്രയാസം കൂടാതെ കൊട്ടാരത്തിൽ കയറി ചക്രവർത്തിയുടെ ഓഫീസിൽ ചെല്ലുവാൻ സാധിച്ചു. പിന്നീടാണു മനസ്സിലായത് സാധാരണഗതിയിൽ അസാദ്ധ്യമായ ഒരു കാര്യമാണ് എനിക്കന്നു സാധിച്ചതെന്ന്.

ചക്രവർത്തിയുടെ ഓഫീസിൽ പോകുന്നതിനു മുമ്പു തന്നെ പട്ടാളഗവൺമെന്റ് പ്രധാനമന്ത്രിയായി നിയമിച്ചിട്ടുള്ള മൈക്കിൾ ഇമ്റുവിനോടും

വിദേശകാര്യമന്ത്രിയായ സൗഡേ ഗബ്റസല്ലാസിയോടും ദീർഘമായി സംസാരിച്ചു കാര്യങ്ങൾ ഏറെക്കുറെ മനസ്സിലാക്കിയതിനു ശേഷമാണു ഞാൻ ചക്രവർത്തിയെ കാണുവാൻ പോയത്. പ്രധാനമന്ത്രിയും വിദേശ കാര്യമന്ത്രിയും എന്റെ പഴയ സുഹൃത്തുക്കളും രണ്ടു പേരും ഓക്സ് ഫോർഡിൽ പഠിച്ചിട്ടുള്ളവരുമാണ്. വിദേശകാര്യമന്ത്രി അന്നു കോംഗോ യിൽ ഒരു ആഫ്രിക്കൻ വിദേശകാര്യ മന്ത്രിമാരുടെ കോൺഫറൻസിനു പോകുവാൻ വേണ്ടി തയ്യാറായിരിക്കുകയായിരുന്നെങ്കിലും രണ്ടു മണി ക്കൂർ എന്നോടു സംസാരിച്ചു. മറ്റാരോടും പറയാൻ പ്രയാസമുള്ള പല കാര്യങ്ങളും എന്നോടു പറഞ്ഞു. മിലിട്ടറി ഗവൺമെന്റിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിലയിരുത്തലും അതിരഹസ്യമായി എന്നെ അറിയിച്ചു. അതിപ്പോൾ ഞാൻ പറയുന്നില്ല.

അന്നു നാടുവിട്ട വിദേശകാര്യമന്ത്രി പിന്നെ എത്യോപ്യയിൽ കാലു കുത്തിയിട്ടില്ല. എന്നോടു യാത്ര പറഞ്ഞു കോംഗോയ്ക്കു പോയത്, എത്യോപ്യയോടുള്ള യാത്ര പറയലായിരുന്നു എന്നു പിന്നീടാണു മന സ്സിലാക്കിയത്. അദ്ദേഹത്തിന്റെ പിതാമഹൻ ഒരു രാജാവായിരുന്നു. അതു കൊണ്ട് അദ്ദേഹത്തേയും അധികം താമസിയാതെ ജയിലിലിട്ടു കളയു മെന്ന് ഭയമുള്ളതു കൊണ്ടാണ് നാടു കടന്നത്. ഇന്നും പുറത്താണ്.

ഏതായാലും ഞാൻ ചക്രവർത്തിയുടെ ഓഫീസ് മുറിയിൽ പ്രവേശിച്ചു. എന്നെ പ്രവേശിപ്പിച്ചിട്ട് അംഗരക്ഷകനായ ജനറൽ പിൻവാങ്ങി. അകത്തു ചക്രവർത്തിയും പ്രൈവറ്റ് സെക്രട്ടറിയും ഞാനും മാത്രമേയുള്ളു.

എനിക്കു ചക്രവർത്തിയോടു ചില കാര്യങ്ങൾ തുറന്നു പറയണം. പ്രൈവറ്റ് സെക്രട്ടറി എന്റെ പഴയ സുഹൃത്താണ്. പക്ഷേ എനിക്കു പറ യാനുള്ള കാര്യങ്ങൾ അദ്ദേഹവും കേൾക്കണമെന്ന് എനിക്കു നിർബന്ധ മില്ല.

ഞാൻ അന്നൊരു പുരോഹിതനാണ്. കറുത്ത ളോഹയും എല്ലാം ഇട്ടു കൊണ്ടാണു പ്രവേശിച്ചിരിക്കുന്നത്. തല കുനിച്ചു വന്ദിച്ചു. അദ്ദേഹം മുമ്പോട്ടു വന്നു ഹസ്തദാനം ചെയ്തു സ്വീകരിച്ചു.

“നേരിട്ടു ചില കാര്യങ്ങൾ പറയണമെന്നുണ്ട്. യോഹാന്നസിന്റെ സാന്നി ദ്ധ്യം വേണമെന്നില്ല” എന്നു ഞാൻ പ്രൈവറ്റ് സെക്രട്ടറി കൂടെ കേൾക്ക ത്തക്കവിധത്തിൽ ചക്രവർത്തിയോടു പറഞ്ഞു. പ്രൈവറ്റ് സെക്രട്ടറി യോഹാന്നസ് ചക്രവർത്തിയുടെ മുഖത്തു നോക്കി. പുറത്തു പൊയ്ക്കൊ ള്ളുവാൻ കണ്ണുകൊണ്ട് ഉത്തരവു കൊടുത്തു. അദ്ദേഹം പുറത്തേക്കിറ ങ്ങിപ്പോയി.

എത്യോപ്യ വിട്ടിട്ടു വർഷങ്ങൾ പതിനഞ്ചു കഴിഞ്ഞു. എത്യോപ്യൻ ഭാഷ പണ്ടത്തെപ്പോലെ സുഖമായിട്ടു സംസാരിക്കുവാൻ വിഷമമുണ്ട്. എന്നാലും കാര്യങ്ങൾ പറയാൻ മാത്രം ഇപ്പോഴും അറിയാം.

“ജീവിതത്തിന്റെ സായാഹ്നത്തിൽ അവിടത്തേക്ക് അമളി പറ്റിയല്ലോ.” ആരോഗ്യത്തെപ്പറ്റിയും മറ്റുമുള്ള കുശലപ്രശ്നങ്ങൾക്കു ശേഷം ഞാൻ കുറെ ധൈര്യത്തോടെ സംഭാഷണമാരംഭിച്ചു.

"എന്ത്?.... മനസ്സിലായില്ല." അല്പം ഈർഷ്യയോടെയാണു മറുപടി. "ഇല്ല. ഈ സാഹചര്യങ്ങളെ ഇതിനേക്കാൾ ഭേദമായി അഭിമുഖീകരിക്കാൻ അവിടത്തേക്കു കഴിവുണ്ട്. പിന്നെയെന്താണിങ്ങനെ അബദ്ധം പറ്റിയത്?" അദ്ദേഹം പട്ടാള ഗവൺമെന്റിന്റെ തടവുകാരനാണെന്നുള്ള ബോധ്യം എനിക്കുള്ളതുപോലെ അദ്ദേഹത്തിനും കാണും എന്നു വിചാരിച്ചാണു ഞാൻ ഇത്രയും തുറന്നു സംസാരിച്ചത്.

"ഞാൻ ചെയ്യുന്നതെല്ലാം തെറ്റ് എന്ന് നിങ്ങൾ എപ്പോഴും പറയുന്ന ആളാണല്ലോ. മനുഷ്യന് ഏറ്റവും കൂടുതൽ ആവശ്യമായിട്ടുള്ളതു ദീർഘ ക്ഷമയാണ്. നിങ്ങൾക്കു ദീർഘക്ഷമയുണ്ടെങ്കിൽ നിങ്ങൾ കാണും – ഞാൻ പറയുന്നതോ ശരി, നിങ്ങൾ പറയുന്നതോ ശരി എന്ന്."

ചക്രവർത്തി മുഷിഞ്ഞാണു സംസാരിക്കുന്നത് എന്നു മനസ്സിലായി. അദ്ദേഹത്തിന്റെ മനസിലുള്ള ആശയം എന്താണെന്നും എനിക്കു മനസ്സിലായി. എത്യോപ്യയിൽ ഒരു ആശയവിനിമയ കേന്ദ്ര (കമ്യൂണിക്കേഷൻസ് ബേസ്) ത്തിനുള്ള അനുവാദം കൊടുത്തതിനു പ്രതിഫലമായി, ചക്രവർത്തിയുടെ വ്യക്തിപരമായ സംരക്ഷണ (Protection of His Majesty's Person) ത്തിനുള്ള ചുമതല ഒരു വിദേശ ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ടുള്ള കരാറിന്റെ ഫോട്ടോകോപ്പി ഞാൻ കണ്ണു കൊണ്ട് കണ്ടിട്ടുള്ളതാണ്. ആ കരാറിന്റെ അടിസ്ഥാനത്തിൽ ആ വിദേശ ഗവൺമെന്റ് വന്നു തന്നെ പട്ടാള ഗവൺമെന്റിന്റെ തടങ്കലിൽ നിന്നു മോചിപ്പിച്ചുകൊള്ളും എന്ന പ്രത്യാശയിലാണു "ദീർഘക്ഷമയുണ്ടെങ്കിൽ നിനക്കു കാണാം" എന്നു ചക്രവർത്തി എന്നോടു പറഞ്ഞത് എന്ന് എനിക്കു മനസ്സിലായി.

കിസിംഗറെപ്പോലെയുള്ള വൻകിട രാഷ്ട്രീയ നേതാക്കന്മാർ എത്യോപ്യൻ ചക്രവർത്തിയെ രക്ഷിക്കുന്നത് തങ്ങളുടെ സ്വന്തം രാഷ്ട്രത്തിന്റെ ഭാവി താൽപര്യങ്ങൾക്കു ഹാനികരമാണെന്നു കണ്ടാൽ ഏതു കരാറുണ്ടെങ്കിലും ഒരു പട്ടാള ഗവൺമെന്റിനെതിരേ നേരിട്ടു മുമ്പോട്ടു വരാനിടയില്ലെന്ന് എനിക്കു തോന്നി. ഈ കരാറുള്ളതു കൊണ്ടു പട്ടാള ഗവൺമെന്റ് ചക്രവർത്തിയെ കൊല്ലുകയില്ലെന്നും എനിക്കുറപ്പുണ്ടായിരുന്നു.

ഏതായാലും ചക്രവർത്തിയെ ഞാൻ കുറച്ചു കൂടുതൽ മുഷിപ്പിച്ചു എന്ന് എനിക്കു തന്നെ തോന്നി.

"ചക്രവർത്തിയോടു വളരെ സ്നേഹമുള്ളതുകൊണ്ടാണു ഞാനിങ്ങനെ പറയുന്നത്. അവിടുന്നു വിചാരിച്ചാൽ കാര്യങ്ങൾ ഇത്രയും വഷളാകാതെ സൂക്ഷിക്കാനാവുമായിരുന്നു" ഞാൻ പറഞ്ഞു.

"നിങ്ങൾക്കു നമ്മോടുള്ള സ്നേഹം ഒളിച്ചുവയ്ക്കാവുന്നതല്ല. അതു നമുക്കറിയാം. പക്ഷേ, നമ്മുടെ നയത്തെ എപ്പോഴും വിമർശിക്കുന്നയാളാണു നിങ്ങളെന്നതും നമുക്കറിയാം." ചക്രവർത്തി മറുപടി പറഞ്ഞു.

"ക്ഷമിക്കണം. ഞാനൊരു കാര്യം ചോദിച്ചുകൊള്ളട്ടെ. അവിടുത്തേക്ക് ഇപ്പോഴും പണ്ടത്തെപ്പോലുള്ള ദൈവവിശ്വാസമുണ്ടോ?"

കുറെ കടന്ന ചോദ്യമാണ് അതെന്നെനിക്കറിയാമായിരുന്നു. പക്ഷേ രോഗം വളരെ മൂർച്ചയുള്ളതാണ്. കടന്ന ഔഷധികൾ കൊണ്ടേ

ഫലമുണ്ടാകുകയുള്ളൂ എന്നെനിക്കു തോന്നി.

ചക്രവർത്തിക്കു കുറേ ദേഷ്യം വന്നു. "പിന്നെയല്ലാതെങ്ങനെയാ ഞാൻ ജീവിക്കുന്നത്?" എന്ന് ഇങ്ങോട്ടൊരു ചോദ്യം.

"അല്ല, ദേഷ്യപ്പെടാൻ വേണ്ടിയല്ല. യഥാർത്ഥത്തിൽ അറിയാനുള്ള ആഗ്രഹം കൊണ്ടു ചോദിച്ചുപോയതാണ്." ഞാൻ അൽപം ക്ഷമാപണസ്വരത്തിൽ മറുപടി പറഞ്ഞു.

ശാന്തഗംഭീരമായ സ്വരത്തിൽ ഹെയ്‌ലി സെലാസി എന്നോടു പറഞ്ഞു "യഥാർത്ഥത്തിൽ ദൈവവിശ്വാസം മാത്രമേ എന്നിൽ അവശേഷിക്കുന്നുള്ളു. അതില്ലെങ്കിൽ എന്നെക്കൊണ്ട് ഇതുപോലെയുള്ള സാഹചര്യങ്ങളിൽ മുമ്പോട്ടു പോകാൻ സാദ്ധ്യമല്ല. ഉറച്ച ഈശ്വരവിശ്വാസമാണ് ഇന്നും എന്റെ ജീവിതാടിസ്ഥാനം."

"എന്നാൽ അവിടുത്തെ ഭാവിയെക്കുറിച്ച് എനിക്ക് ആശങ്കയൊന്നുമില്ല."

പിന്നീടു ചില ചെറിയ മറ്റു വിശേഷങ്ങൾ പറഞ്ഞിട്ടു ഞാൻ വിട വാങ്ങി പുറത്തിറങ്ങി. പട്ടാള ഗവൺമെന്റിന്റെ തടവുകാരനായ ചക്രവർത്തിയുമായി ഞാൻ സംസാരിക്കുന്ന സമയത്തു പട്ടാള ഗവൺമെന്റിന്റെ പ്രതിനിധികളാരും സന്നിഹിതരായിരുന്നില്ലെങ്കിലും ചക്രവർത്തി ഇരിക്കുന്ന മുറി നല്ലതുപോലെ "ബഗ്" (സംഭാഷണം ചോർത്തിയെടുക്കാനുള്ള ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഘടിപ്പിച്ചിരിക്കുക) ചെയ്തിട്ടുണ്ടെന്നും ഞാൻ പറയുന്നതെല്ലാം പട്ടാള ഗവൺമെന്റ് അറിയുമെന്നും നല്ല നിശ്ചയമുള്ളതുകൊണ്ടാണു രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ചു ചർച്ച ചെയ്യാൻ ഞാൻ മുതിരാതിരുന്നത്.

## രാജകുമാരനു മരണം;
## രാജകുമാരിയുടെ ഭർത്താവിനു ജയിൽ ശിക്ഷ

ചക്രവർത്തിയുടെ ഓഫീസിൽ നിന്നു പുറത്തു വന്നപ്പോൾ പ്രധാനമന്ത്രി മൈക്കിൾ ഇമ്റു ചക്രവർത്തിയെ കാണാൻ കാത്തു പുറത്തിരിക്കുകയാണ്. ഹെയ്‌ലി സെലാസിയുടെ കൊച്ചുമകൻ പ്രിൻസ് അലക്സാണ്ടർ (വയസ്സ് നാൽപതോളം ഉണ്ട്) ജയിലിലാണെന്നു വിചാരിച്ചിരുന്നയാൾ പുറത്ത് എന്നെ കാണുവാൻ കാത്തു നിൽക്കുന്നു.

"ജയിലിലാണെന്നാണല്ലോ ഞാൻ ധരിച്ചിരുന്നത്? പിന്നെയെങ്ങനെ കൊട്ടാരത്തിലെത്തി" ഞാൻ ജിജ്ഞാസയോടെ ചോദിച്ചു.

"പ്രത്യേക അനുവാദം വാങ്ങിച്ചു പുറത്തിറങ്ങിയതാണ്. അങ്ങയോടു സംസാരിയ്ക്കുവാൻ എനിക്ക് അനുവാദം കിട്ടിയിട്ടുണ്ട്."

കുശലപ്രശ്നങ്ങൾക്കു ശേഷം അദ്ദേഹം എന്നോടു ചോദിച്ചു: "പുറത്തെവിടെയെങ്കിലും ഒരു ജോലി കിട്ടുമെങ്കിൽ രാജ്യം വിടുവാൻ സൈനിക മേധാവിത്വം അനുവദിക്കും. സാമ്പത്തിക വികസനം സംബന്ധിച്ച എന്തെങ്കിലും ഉദ്യോഗം ഇന്ത്യയിൽ കിട്ടുവാൻ വല്ല സാദ്ധ്യതയുമുണ്ടോ?" ഇന്ത്യയിൽ പുറത്തുനിന്നു വികസന വിദഗ്ധന്മാരെ കൊണ്ടുവരുന്ന കാര്യം പ്രായോഗികമല്ലെന്നും മിലിട്ടറി ഗവൺമെന്റ് വിട്ടയയ്ക്കുകയില്ലെന്നും

ഞാനദ്ദേഹത്തോടു പറഞ്ഞു.

അതു കഴിഞ്ഞ് ഏതാനും ആഴ്ചകൾ കഴിഞ്ഞാണു മിലിട്ടറി ഗവൺമെന്റ് അദ്ദേഹത്തെ വെടിവെച്ചു കൊന്നത്. രാജ്യത്തുനിന്നു പുറത്തു പോയി പട്ടാള ഗവൺമെന്റിനെതിരേ സമരം സംഘടിപ്പിക്കാൻ ശ്രമിക്കുന്നു എന്ന കുറ്റത്തിനാണു വെടിവെച്ചു കൊന്നതെന്നു തോന്നുന്നു.

ഞാൻ ചക്രവർത്തിയെ സന്ദർശിച്ച് ഏതാനും ദിവസങ്ങൾ കഴിഞ്ഞാണു (1974 സെപ്റ്റംബർ 12 നു) മിലിട്ടറി ഗവൺമെന്റ് ഹെയ്ലി സെലാസിയെ അറസ്റ്റ് ചെയ്ത്, ഒരു കൊച്ചു കാറിൽ കയറ്റി കൊട്ടാരത്തിൽ നിന്നും വെളിയിൽ കൊണ്ടുപോയി തടങ്കലിലിട്ടത്.

കൊട്ടാരത്തിൽ നിന്നും ഇറങ്ങി പലരെയും ഞാൻ കണ്ടു സംസാരിച്ചു. പ്രിൻസ് അലക്സാണ്ടറിന്റെ സഹോദരി പ്രിൻസസ് സബ്ല പണ്ട് പ്രൈവറ്റ് സെക്രട്ടറിയേറ്റിൽ എന്റെ സഹപ്രവർത്തകയായിരുന്നതുകൊണ്ട് അവരെ കണ്ടു സംസാരിച്ചാൽ കുടുംബത്തിലെ മറ്റംഗങ്ങളുടെ വിവരം അറിയാമല്ലോ എന്നു കരുതി അങ്ങോട്ടു പോയി. സബ്ല രാജകുമാരിക്ക് ഒരു നാൽപത്തിരണ്ടു വയസ്സു കാണും. ഞാൻ ആദ്യം ചക്രവർത്തിയുടെ ഓഫീസിൽ ജോലിയാരംഭിച്ചപ്പോൾ എന്റെ പ്രൈവറ്റ് സെക്രട്ടറിയായിട്ടായിരുന്നു ചക്രവർത്തിയുടെ പൗത്രിയായ ഈ രാജകുമാരി നിയമിതയായത്. ചക്രവർത്തിയ്ക്ക് അന്നതിൽ മറ്റു ചില ഉദ്ദേശ്യങ്ങളുണ്ടായിരുന്നു എന്ന് ഞങ്ങൾക്കു രണ്ടു പേർക്കും വ്യക്തമായി മനസ്സിലായി. എന്നാൽ എന്റെ ജീവിതോദ്ദേശ്യം വ്യത്യസ്തമായിരുന്നതുകൊണ്ടു സംഗതികൾ അന്നു ചക്രവർത്തി ഉദ്ദേശിച്ച വഴിയ്ക്ക് പോയില്ല.

സബ്ല രാജകുമാരി പിന്നീടു രാജവംശത്തിൽത്തന്നെയുള്ള മറ്റൊരാളെ വിവാഹം കഴിച്ചു. രാജകുമാരിയുടെ ഭർത്താവായിരുന്നു വല്ലോ (Wollo) പ്രവിശ്യയിലെ പട്ടിണിമരണങ്ങളുടെ സമയത്ത് ഭക്ഷ്യമന്ത്രി. അദ്ദേഹത്തിന്റെ സൂക്ഷ്മതക്കുറവു കൊണ്ടാണ് ഇത്ര വളരെ മരണങ്ങളുണ്ടായത് എന്നുള്ള നിഗമനത്തിലാണ് ആ മനുഷ്യനെയും ജയിലിലടച്ചത്.

ജയിലിലെ കാര്യങ്ങൾ സബ്ല രാജകുമാരി എന്നോടു പറഞ്ഞു. എല്ലാ മന്ത്രിമാരെയും കൂടി മിലിട്ടറി ബാരക്സിലെ ഒരു വലിയ മുറിയിലാണു താമസിപ്പിച്ചിരിക്കുന്നത്. എത്യോപ്യൻ നിയമമനുസരിച്ചു തടവുകാർക്കു ഗവൺമെന്റ് ഭക്ഷണം കൊടുക്കുകയില്ല (അങ്ങനെ കൊടുത്താൽ വളരെയധികം പേർ ജയിൽ വാസത്തിനു സന്നദ്ധരാകുമെന്നു ഭയന്നായിരിക്കണം ഈ നിയമമുണ്ടാക്കിയത്!) അവരവരുടെ വീടുകളിൽ നിന്നു ഭക്ഷണം കൊണ്ടുചെന്നു കൊടുക്കണം.

അങ്ങനെ സ്വന്തം ഭർത്താവിനു ഭക്ഷണം കൊടുക്കുവാൻ വേണ്ടി ദിവസവും ജയിലിൽ പോകാറുണ്ടായിരുന്നെന്നും, തന്റെ ഭർത്താവിന്റെ പേരിലുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു രേഖകൾ കൊണ്ടു തെളിഞ്ഞുവരികയാണെന്നും രാജകുമാരി എന്നോടു പറഞ്ഞു. വല്ലോയിൽ ക്ഷാമം ഉണ്ടാകുമെന്നു വളരെ നേരത്തെ തന്നെ ഭക്ഷ്യമന്ത്രി എഫ്. എ. ഒ. (യു. എൻ. ന്റെ കീഴിലുള്ള ഭക്ഷ്യ കാർഷിക സമിതി) യ്ക്ക്

എഴുതി സഹായമർത്ഥിച്ചു. എന്നാൽ സഹാറാ മരുഭൂമിയുടെ തെക്കു ഭാഗത്തുള്ള സാഹേൽ പ്രദേശങ്ങളിലെ ക്ഷാമം എത്യോപ്യയിലേതിനെക്കാൾ ഉഗ്രതരമായതുകൊണ്ട് അവർക്കു മുൻഗണന നൽകേണ്ടതാണെന്നും അതുകൊണ്ട് എത്യോപ്യയെ സഹായിക്കുവാൻ സാദ്ധ്യമല്ലെന്നും രേഖാമൂലമായ മറുപടി ഫുഡ് ആൻഡ് അഗ്രിക്കൾച്ചർ ഓർഗനൈസേഷനിൽ നിന്നു കിട്ടി. ഈ എഴുത്തു ഫയലിൽ കണ്ടുകിട്ടിയെന്നും അതുകൊണ്ടു തന്റെ ഭർത്താവിനെ കൊല്ലാൻ വഴിയില്ലെന്നുമാണു സബ്ല രാജകുമാരിയുടെ നിഗമനം.

എനിക്കു വളരെ സങ്കടം തോന്നി. ഈ മിലിട്ടറി ഗവൺമെന്റ് ആവശ്യമില്ലാതെ ആളുകളെ കഷ്ടപ്പെടുത്തുകയാണല്ലോ എന്നു ഞാൻ ചിന്തിച്ചു. സബ്ലയുടെ ഭർത്താവ് ലിജ് കാസാ വളരെ ചുമതലാബോധമുള്ള നല്ല ഒരുദ്യോഗസ്ഥനാണ്.

പിന്നീടു രാജകുമാരിയെയും അറസ്റ്റു ചെയ്തുവെന്നും ഇപ്പോൾ ജയിലിലാണെന്നുമാണ് അറിവ്. കഴിഞ്ഞ മാസത്തിൽ (1975 സെപ്റ്റംബറിൽ) ചക്രവർത്തിയുടെ കൊച്ചുമക്കളെയെല്ലാം വെടിവെച്ചു കൊല്ലാൻ പോകുന്നുവെന്ന വാർത്ത ബി. ബി. സി. പ്രചരിപ്പിക്കുകയുണ്ടായി. അങ്ങനെ ചെയ്യരുതെന്നഭ്യർത്ഥിച്ചു കൊണ്ടു ലോകത്തിന്റെ പല ഭാഗത്തു നിന്നും മിലിട്ടറി ഗവൺമെന്റിനു കമ്പി സന്ദേശങ്ങൾ ലഭിച്ചു. ഇതുവരെ അവരെ കൊന്നിട്ടില്ലെന്നാണറിവ്.

## ചക്രവർത്തി കിരീടം നേടിയ വളഞ്ഞ വഴികൾ

ഉപസംഹാരത്തിലേക്കു പ്രവേശിക്കട്ടെ. കഥകൾ നിരവധി പറയുവാനുണ്ട്. പക്ഷേ അതിന് ഒരു പുസ്തകം തന്നെ എഴുതാതെ പറ്റില്ല.

ഹെയ്‌ലി സെലാസിയെപ്പറ്റി ഒരു വിലയിരുത്തലിനു മുതിരുന്നതിനു മുൻപ് ഈ അടുത്ത കാലത്തുള്ള അദ്ദേഹത്തിന്റെ പ്രവൃത്തികളെക്കുറിച്ചുള്ള വിവരങ്ങൾ മുഴുവൻ ശേഖരിക്കേണ്ടതാണ്. ഇന്നിപ്പോൾ വളരെ ഭാഗികമായ അറിവു മാത്രം അടിസ്ഥാനപ്പെടുത്തി വ്യക്തിപരമായ ഒരഭിപ്രായം പ്രകടിപ്പിക്കുവാനേ സാധിയ്ക്കുന്നുള്ളു.

ഒരു മനുഷ്യനിൽ നന്മയും തിന്മയും എപ്പോഴും സങ്കലിതമായിരിയ്ക്കും. ഏതെങ്കിലും മനുഷ്യൻ പൂർണ്ണമായും നല്ലവനാണെന്നും അവനിൽ യാതൊരു തിന്മയുമില്ലെന്നും ചിന്തിയ്ക്കുന്നതു വലിയ ഭോഷത്വമാണ്. കഴിവിലും കനിവിലും ഒരുപോലെ മികച്ചുനില്ക്കുന്ന മനുഷ്യർക്കുപോലും മറ്റ് അപാകതകൾ കാണുമെന്ന കാര്യത്തിൽ എനിക്കു സംശയമൊന്നുമില്ല. പല വലിയ ആളുകളേയും നേരിട്ടറിയാമെങ്കിലും കറ തീർന്ന ഒരു മനുഷ്യനെപ്പോലും ഇന്നുവരെ കണ്ടെത്താൻ എനിക്കു കഴിഞ്ഞിട്ടില്ല. എന്നെ സംബന്ധിച്ചിടത്തോളം ചരിത്രപുരുഷന്മാരുടെയിടയിലും കർത്താവായ യേശുമിശിഹായല്ലാതെ, അപ്പോസ്തോലന്മാരുടെ ഇടയിലോ, നാം പരിശുദ്ധന്മാരെന്ന് എടുത്തു പറയുന്ന സഭാപിതാക്കന്മാരുടെ ഇടയിലോ കറതീർന്ന മനുഷ്യനെ കണ്ടുകിട്ടുവാൻ സാദ്ധ്യമല്ല.

ഹെയ്‌ലി സെലാസി തന്റെ ചെറുപ്പകാലത്തു സിംഹാസനത്തിൽ കയ

റിയതിനെപ്പറ്റിത്തന്നെ പല കഥകളുണ്ട്. പുറത്തു വരാത്ത കഥകളും വളരെയുണ്ട്.

1913 മുതൽ 1916 വരെ എത്യോപ്യാ ഭരിച്ചിരുന്നതു ലിജ് ഇയാസു എന്ന രാജാവാണ്. അദ്ദേഹത്തെ നിഷ്കാസനം ചെയ്താണു ഹയ്ല സ ല്ലാസേ സിംഹാസനാരൂഢനായതെന്ന് എല്ലാവർക്കും അറിയാം. 1913 –ൽ മരിച്ച മെനലിക്ക് രാജാവിന്റെ പുത്രീപുത്രനായിരുന്നു ലിജ് ഇയാസു. അദ്ദേഹം ഒരു സുഖലോലുപനായിരുന്നു. എത്യോപ്യയിലെ ക്രൈസ്തവസഭ അദ്ദേഹത്തെ എതിർത്തു. കാരണം, ലിജ് ഇയാസുവിനു മുസ്ലീങ്ങളോടു പ്രത്യേക പ്രതിപത്തിയുണ്ടെന്നും അദ്ദേഹം ഒരു മുസ്ലീം ആയേക്കും എന്നും ആയിരുന്നു ജനങ്ങളുടെ ചിന്ത.

ലിജ് ഇയാസുവിന്നെതിരായി എത്യോപ്യായുടെ ഉത്തരഭാഗത്തുള്ള പ്രഭുക്കന്മാർ നടത്തിയ വിപ്ലവത്തിന്റെ യുവനേതാവായിട്ടാണ് കാലം ചെയ്ത ചക്രവർത്തിയുമായി അകന്ന രക്തബന്ധം മാത്രമുള്ള ഹയ്ല സല്ലാസേ - അന്നദ്ദേഹം റാസ് തഫറി മക്കോണൻ എന്ന പേരിലായി രുന്നു അറിയപ്പെട്ടിരുന്നത് - രംഗപ്രവേശം ചെയ്തത്.

അദ്ദേഹത്തിന്റെ പിതാവിനു പതിനൊന്നു മക്കളായിരുന്നു. പക്ഷേ രണ്ടു പേർ മാത്രമേ ശൈശവത്തെ അതിജീവിച്ചുള്ളു. ചെറുപ്പകാലത്ത് ഹര മായ എന്ന തടാകത്തിൽ ബോട്ടു മറിഞ്ഞ് തന്റെ ആറു സഹോദരന്മാരും മരിച്ചിട്ട് തഫറി മാത്രം രക്ഷപെട്ടു. ഇതിനെക്കുറിച്ച് അദ്ദേഹത്തിന്റെ എതി രാളികൾ പറയുന്നതു ബോട്ടു മറിച്ചു സ്വന്ത സഹോദരന്മാരെ കൊന്നതാ ണെന്നാണ്. പരമാർത്ഥമാണെന്നു തോന്നുന്നില്ല.

പതിനേഴു വയസ്സുള്ളപ്പോൾ സിഡാമോ എന്ന പ്രവിശ്യയുടെ ഗവർണ റായി നിയമിതനായ ഈ യുവപ്രഭുവിന് ഒരു ഫ്രെഞ്ച് ജസ്യൂട്ട് പുരോഹി തൻ വീട്ടിലിരുത്തി കൊടുത്ത വിദ്യാഭ്യാസമല്ലാതെ കുറച്ചു വർഷത്തെ സ്കൂൾ വിദ്യാഭ്യാസം മാത്രമേയുണ്ടായിരുന്നുള്ളുവെങ്കിലും എത്യോപ്യ യിലെ ജനങ്ങൾ പ്രായേണ വിദ്യാഭ്യാസം കുറഞ്ഞവരായതുകൊണ്ട് അവ രുടെ ഇടയിൽ സൂര്യനെപ്പോലെ ശോഭിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

ഇരുപത്തഞ്ചു വയസ്സായപ്പോഴേക്കും രണ്ടു പ്രവിശ്യകളിലെ ഗവർണ റായി എട്ടു വർഷത്തെ ഭരണപരിചയം സമ്പാദിച്ചുവെന്നു മാത്രമല്ല, ബ്രിട്ടീഷ് ഗവൺമെന്റിന്റെ പ്രതിനിധിയുമായി വലിയ അടുപ്പത്തിൽ വരുവാൻ കൂടി സാധിച്ചു.

എത്യോപ്യൻ പ്രഭുക്കന്മാരുടെ നേതൃത്വം ഏറ്റെടുത്ത്, രാജ്യത്തിനും മതത്തിനും വേണ്ടിയെന്ന നിലയിൽ ലിജ് ഇയാസുവിനെ സിംഹാസന ത്തിൽ നിന്നു നിഷ്കാസനം ചെയ്ത ശേഷം മരിച്ചുപോയ മെനലിക്കു രാജാവിന്റെ മകൾ സൌദിത്തു രാജകുമാരിയെ, “രാജാക്കന്മാരുടെ രാജ്ഞി” എന്നു പ്രഖ്യാപനം ചെയ്തുകൊണ്ട്, അവരുടെ പ്രതിനിധിയെന്ന നിലയിൽ തഫറി എത്യോപ്യൻ ഭരണസാരഥ്യത്തിൽ പ്രവേശിച്ചത് 1916 ലായിരുന്നു. ഒരു വലിയ യുദ്ധത്തിൽ ലിജ് ഇയാസുവിന്റെ ഭാഗത്തുള്ള 8,000 പേരെയെങ്കിലും കൊന്നൊടുക്കിയിട്ടാണ് തഫറി റീജന്റായത്. ഇയാ

സുവിനെ അഞ്ചു വർഷം കഴിഞ്ഞേ പിടികിട്ടിയുള്ളു.

1917-ൽ സൗദിത്തുവിന്റെ സിംഹാസനാരോഹണത്തിങ്കൽ തഫറി സിംഹാസനാവകാശിയായി പ്രഖ്യാപിയ്ക്കപ്പെട്ടു. എന്നാൽ 12 വർഷത്തേക്ക് അദ്ദേഹത്തിനു ചക്രവർത്തിയാകുവാൻ സാധിച്ചില്ല. അക്കാലത്താണു രാഷ്ട്രീയ അടവും വഞ്ചനയും ഒക്കെ നല്ലപോലെ അഭ്യസിച്ചത്. തഫറി പുരോഗമനവാദിയായിരുന്നു. സൗദിത്തുവിന്റെ ഉപദേഷ്ടാക്കന്മാരും പാർശ്വവർത്തികളുമാകട്ടെ, പ്രായമായ, യാഥാസ്ഥിതിക മനഃസ്ഥിതിയുള്ള കുറെ പ്രഭുക്കന്മാരായിരുന്നു. അവർക്കു തഫറിയോടു വലിയ വിരോധമുണ്ടായതിൽ അത്ഭുതത്തിന്നവകാശമില്ലല്ലോ. അന്ന് എത്യോപ്യൻ സഭ ഭരിച്ചിരുന്ന ഈഗുപ്തായ മെത്രാനും പുരോഗതിയ്ക്കെതിരായിരുന്നു.

ഇവരുടെയെല്ലാം തന്ത്രങ്ങളെ അതിജീവിച്ച് എത്യോപ്യയിൽ ആധുനിക വിദ്യാഭ്യാസത്തിന് ആരംഭമിടാനും, അനേകം ചെറുപ്പക്കാരെ യൂറോപ്പിലയച്ചു പഠിപ്പിക്കുന്നതിനും റാസ് തഫറിക്കു സാധിച്ചു. പലർക്കും പഠിക്കുവാനുള്ള പണം സ്വന്തം കൈയിൽ നിന്നാണു കൊടുത്തത്. ആധുനിക വിദ്യാഭ്യാസത്തെപ്പറ്റി അദ്ദേഹത്തിനു വലിയ വിശ്വാസമായിരുന്നു.

1920 -ൽ എത്യോപ്യയിൽ ഒരു സേഫ്റ്റിപിൻ പോലും വാങ്ങുവാൻ കിട്ടുകയില്ലായിരുന്നു. കെട്ടിടങ്ങളെല്ലാം തന്നെ തടിയും ചെളിയും കൊണ്ടുണ്ടാക്കിയവയായിരുന്നു. രാജ്യത്തെല്ലാം കൂടി ഒറ്റക്കാറേയുള്ളു. അതു ചക്രവർത്തിനിയ്ക്ക് ഇറ്റാല്യൻ ഗവൺമെന്റിന്റെ സമ്മാനമായി കിട്ടിയതാണ്.

റാസ് തഫറിയുടെ ശ്രമഫലമായി വിദേശീയരായ എഞ്ചിനിയറന്മാർ വന്നു കല്ലു കൊണ്ടുള്ള കെട്ടിടങ്ങൾ പണിതു. കാറുകൾ വന്നു. യൂറോപ്യൻ രീതിയിലുള്ള വസ്ത്രങ്ങൾ വന്നു. വിദേശഭാഷകളിലുള്ള പുസ്തകങ്ങളും വന്നു. ആശുപത്രികൾ രണ്ടെണ്ണം വളർന്നുവന്നു. വിദേശ മിഷ്യനറിമാരും ധാരാളമായി വന്നുചേർന്നു. ജയിലുകൾ കുറെക്കൂടി അധിവാസയോഗ്യങ്ങളായി.

1924 -ൽ റാസ് തഫറി ഒരു യൂറോപ്യൻ പര്യടനം നടത്തി. പാശ്ചാത്യ സംസ്ക്കാരം എത്യോപ്യയിൽ കൊണ്ടുവന്നെങ്കിൽ മാത്രമേ രാജ്യം പുരോഗമിയ്ക്കുകയുള്ളുവെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി. ഫ്രെഞ്ചുഭാഷ സാമാന്യം നന്നായി സംസാരിക്കാമായിരുന്നതുകൊണ്ട് പല പുതിയ ആശയങ്ങളും മനസ്സിലാക്കുവാനും എത്യോപ്യയിൽ നടപ്പിൽ വരുത്തുവാനും അദ്ദേഹത്തിനു സാധിച്ചു. 1923 -ൽ എത്യോപ്യാ ലീഗ് ഓഫ് നേഷൻസിൽ അംഗമായി ചേർന്നു. വെള്ളക്കാരന്റെ രാഷ്ട്രതന്ത്രം അദ്ദേഹത്തിനു കുറെയൊക്കെ മനസ്സിലായി. അതിനെതിരായി പൊരുതുവാൻ കുറെയൊക്കെ പഠിച്ചു. ഇറ്റലി, ഫ്രാൻസ്, ബ്രിട്ടൻ – ഇവ മൂന്നാണന്നത്തെ വൻകിട ശക്തികൾ. മൂവർക്കും എത്യോപ്യയിൽ താല്പര്യം ഉണ്ട്. ഇവരെ മൂവരേയും അങ്ങോട്ടുമിങ്ങോട്ടും കലഹിപ്പിച്ചു കാര്യം കാണാനും തഫറി പഠിച്ചു.

പക്ഷേ രാജ്യത്തിനുള്ളിൽ നിന്നു തന്നെയുണ്ടായ എതിർപ്പായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പ്രശ്നം. രണ്ടു കഥകൾ മാത്രം പറയാം. അവ ഹെയ്‌ലി സെലാസിയുടെ സ്വഭാവം വെളിവാക്കുന്നു.

അദ്ദേഹത്തിന്റെ പ്രധാന ശത്രു സിഡാമോ പ്രവിശ്യയിലെ ഗവർണ റായ ബാൽച്ചാ പ്രഭുവായിരുന്നു. അദ്ദേഹത്തെ തഫറി തലസ്ഥാനമായ ആഡിസ് അബാബയിലേക്കു വിളിച്ചു. ബാൽച്ചാ വന്നില്ല. വന്നില്ലെങ്കിൽ നടപടിയെടുക്കുമെന്നറിയിച്ചു. ബാൽച്ചാ വന്നു. പതിനായിരം ഭടന്മാരെയും കൊണ്ടാണു വന്നത്. പട്ടണത്തിൽ പ്രവേശിച്ചില്ല. എട്ടു മൈൽ ദൂരെ ബാൽ ച്ചായുടെ സ്വന്തം വീടുണ്ട്. അവിടെ വന്നു ക്യാമ്പടിച്ചു. യുദ്ധത്തിനുള്ള സന്നാഹമാണ്.

റീജന്റ് തഫറി ബാൽച്ചായെ കൊട്ടാരത്തിലേക്കു ഭക്ഷണത്തിനു ക്ഷണിച്ചു. 500 അംഗരക്ഷകന്മാരെയും കൊണ്ടുവരുവാൻ സമ്മതിക്കുമെ ങ്കിൽ ക്ഷണം സ്വീകരിക്കാമെന്നു ബാൽച്ചാ അറിയിച്ചു. തഫറി സമ്മതിച്ചു.

## തഫറി ചക്രവർത്തിയായ കഥ

വലിയ വിരുന്നാണ്. ഭോജനവും പാനീയവും രാജോചിതമായ ധാരാ ളിത്വത്തോടെ നൽകപ്പെട്ടു. തഫറിയും ബാൽച്ചായും തമ്മിൽ ഉഗ്രമായ വാദപ്രതിവാദം ഉണ്ടായി. ഒരു വിധത്തിലും യോജിക്കുന്നില്ല. "നാം തമ്മിൽ ചേരുകയില്ല. അതുകൊണ്ടു യുദ്ധം മൂലമേ കാര്യം അവസാനിപ്പിയ്ക്കാ നൊക്കൂ..." എന്ന് പറഞ്ഞുകൊണ്ടാണു ബാൽച്ചാ ഇറങ്ങിപ്പോയത്.

പക്ഷേ ബാൽച്ചാ തിരിച്ചു വീട്ടിൽ ചെന്നപ്പോൾ തന്റെ പതിനായിരം പട്ടാളത്തെയും കാണാനില്ല. സദ്യനടന്ന സമയത്ത് തഫറിയുടെ ആളു കൾ ചെന്ന്, പട്ടാളക്കാർക്കു നല്ല സമ്മാനങ്ങളും കൈക്കൂലിയും കൊടുത്ത് എല്ലാവരോടും അവരുടെ നാട്ടിലേക്കു തിരിച്ചു പൊയ്ക്കൊള്ളുവാൻ പറ ഞ്ഞു. അവരങ്ങ് പോയി. അതോടെ ബാൽച്ചായുടെ എതിർപ്പും അവസാ നിച്ചു.

ഇതുപോലെയുള്ള സൂത്രങ്ങൾ ആവശ്യംപോലെ പ്രയോഗിക്കുവാൻ നല്ല കഴിവുള്ള ആളായിരുന്നു ഹെയ്‌ലി സെലാസി. സൂത്രം കൊണ്ടു ജീവിക്കുന്നവർക്കെതിരെ മറ്റാരെങ്കിലും സൂത്രങ്ങൾ പ്രവർത്തിച്ചെങ്കിൽ അതിലത്ഭുതത്തിന്നവകാശമില്ലല്ലോ.

1928 ൽ വേറൊരു സംഭവമുണ്ടായത് ഇന്നു പലരും മറന്നിരിയ്ക്കയാ ണെന്നു തോന്നുന്നു. അന്നു തഫറി (ഹെയ്‌ലി സെലാസി എന്ന പേരു പിന്നീടാണു ഉണ്ടായത്) റീജന്റാണ്. സൌദീത്തു ചക്രവർത്തിനിക്കു വലിയ കഴിവൊന്നുമില്ല. കാര്യങ്ങളൊക്കെ റീജന്റാണു നടത്തുന്നത്.

ഒരു ദിവസം തഫറി പതിവുപോലെ തന്റെ സ്വകാര്യകൊട്ടാരത്തിൽ നിന്നും ചക്രവർത്തിനിയുടെ കൊട്ടാരത്തിൽ പ്രവേശിച്ചു. കൊട്ടാരത്തിന കത്തു കടന്നതോടെ, കൊട്ടാരവാതിലുകൾ അടയ്ക്കപ്പെട്ടു കഴിഞ്ഞു. പട്ടാ ളക്കാർ അടച്ച വാതിലുകൾക്കു കാവൽ നിന്നു. പുറത്തു പീരങ്കികൾ വാതി ലിനു നേരെ ചൂണ്ടപ്പെട്ടിരിയ്ക്കുന്നു.

അകത്തു ചക്രവർത്തിനിയും പാർശ്വവർത്തികളായ യാഥാസ്ഥിതിക പ്രഭുക്കന്മാരും ഉണ്ട്. റീജന്റു തഫറിയെ അഭിമുഖീകരിച്ചുകൊണ്ടു ചക്ര വർത്തിനി ചോദിയ്ക്കുകയാണ് "നീയെന്നെ തട്ടിത്താഴെയിട്ടിട്ടു ചക്രവ ർത്തിയാകാൻ ശ്രമിയ്ക്കുന്നു എന്നു കേൾക്കുന്നതു ശരിയാണോ?" എന്ന്.

തഫറിയ്ക്കെതിരായ ആരോപണങ്ങൾ ഉണ്ടാക്കിയതു ചക്രവർത്തിനിയുടെ പാർശ്വവർത്തികളായ പ്രഭുക്കന്മാരാണെന്നു പെട്ടെന്നു മനസ്സിലായി. മുറിക്കകത്തു പാലസ് ഗാർഡിന്റെ തോക്കുകൾ തഫറിയുടെ നേരേ ചൂണ്ടിയിരിയ്ക്കയാണ്. തഫറിയെ അറസ്റ്റു ചെയ്തു ജയിലിലിടുകയോ തൂക്കിക്കൊല്ലുകയോ ചെയ്യണമെന്നാണു പ്രഭുക്കന്മാർ ചക്രവർത്തിനിക്കു കൊടുത്തിട്ടുള്ള ഉപദേശം.

തഫറി ലേശം കൂട്ടാക്കിയില്ല. തന്റെ പേരിലുള്ള ആരോപണങ്ങൾ തികച്ചും അടിസ്ഥാനരഹിതങ്ങളാണെന്നു യുക്തിയുക്തം സധൈര്യം ചക്രവർത്തിനിയെ ബോദ്ധ്യപ്പെടുത്തി. എന്നിട്ടു തന്റെ നേരേ തോക്കു ചൂണ്ടി നിൽക്കുന്ന പാലസ് ഗാർഡിനെ അഭിമുഖീകരിച്ചു.

"തോക്കെല്ലാം തോളിൽ വച്ചു കൊണ്ടുപോയി കതകു തുറക്കിനെടാ." ശാന്തഗംഭീരമായ സ്വരത്തിൽ നല്ല സൈനിക പരിശീലനമുള്ള തഫറി പാലസ് ഗാർഡിന് ഓർഡർ കൊടുത്തു. പട്ടാളക്കാർ നിശ്ശബ്ദരായി തോക്കെടുത്തു തോളിൽ വച്ചുകൊണ്ടു പോയി കതകു തുറന്നു കൊടുത്തു. ഹെയ്‌ലി സെലാസി അശേഷവും കൂസലില്ലാതെ കൊട്ടാരത്തിൽ നിന്നു പുറത്തിറങ്ങി. അപ്പോഴേയ്ക്ക് തഫറിയുടെ ഭാര്യ (പിന്നീടു ചക്രവർത്തിനിയായിത്തീർന്ന മെനൻ രാജകുമാരി) സ്വന്തം പാർശ്വവർത്തികളായ പട്ടാളക്കാരെ സംഘടിപ്പിച്ചു വലിയ കൊട്ടാരത്തിലേയ്ക്കയച്ച് അണിനിരത്തിക്കഴിഞ്ഞിരുന്നു.

തഫറി പ്രശാന്തഗംഭീരമായ മുഖത്തോടെ, സാവധാനം വലിയ കൊട്ടാരത്തിൽ നിന്നും പുറത്തിറങ്ങി, തന്റെ കോവർകഴുതപ്പുറത്തു കയറി, യാതൊരു ധൃതിയും കൂസലും കൂടാതെ സ്വന്തകൊട്ടാരത്തിലേയ്ക്കു പോയി. ഒരു തോക്കു പോലും പൊട്ടിയില്ല. മനുഷ്യരെല്ലാം അമ്പരന്ന് നിന്നു പോയി. ഒരു ചെറുപ്പക്കാരന്റെ ചങ്കൂറ്റമാണ് അന്നു ജയിച്ചത്. അല്ലാതെ പട്ടാളശക്തിയല്ല.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ തഫറി മക്കോനൻ, ഹെയ്‌ലി സെലാസി ചക്രവർത്തിയായി കിരീടധാരണം ചെയ്യപ്പെട്ടു – രാവിലെ ആറര മണിക്ക് വലിയ ആർഭാടമൊന്നുമില്ലാതെ. സൌദിത്തു ചക്രവർത്തിനി തന്നെയാണു സ്വന്തം കിരീടം തലയിൽ നിന്നെടുത്തു തഫറിയുടെ തലയിൽ ചൂടിച്ചത്. ശത്രുക്കളായ പ്രഭുക്കന്മാരെല്ലാവരും തങ്ങളുടെ വാളുകൾ ഉറയിൽ നിന്നൂരിപ്പിടിച്ചുകൊണ്ടു പുതിയ ചക്രവർത്തിയെ അഭിവാദ്യത്തോടെ സ്വീകരിച്ചു.

ഒറ്റ പ്രഭുവേ എതിർത്തുള്ളു. അയാളോടു യുദ്ധം ചെയ്ത് അയാളെ തോല്പിച്ചു. അയാൾ യുദ്ധത്തിൽ മരിച്ചു.

ഇതാണു ഹെയ്‌ലി സെലാസിയുടെ സ്വഭാവത്തിന്റെ അടിസ്ഥാനം. ശാന്തഗംഭീരമായ ആത്മധൈര്യവും നിമിഷനേരം കൊണ്ടു തീരുമാനമെടുത്തു പ്രവർത്തിയ്ക്കാനുള്ള കഴിവും.

(മലയാള മനോരമ സൺഡേ സപ്ലിമെന്റിൽ പ്രസിദ്ധീകരിച്ചത്. 1976)





**ഫാ. പോൾ വർഗീസ് ഓർത്തഡോക്സ് സെമിനാരിയിലെ ആരാധനയിൽ പങ്കെടുക്കുന്നു**



**ഫാ. പോൾ വർഗീസ്: വിവിധ കാലഘട്ടങ്ങളിലെ ഫോട്ടോകൾ**





# സ്വാതന്ത്ര്യദീപ്തി

**(പൗരസ്ത്യ ക്രൈസ്തവ ദർശനത്തിന്റെ വെളിച്ചത്തിൽ ആരാധനയെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള പഠനം)**


## സ്വാതന്ത്ര്യദീപ്തി

**പൗലോസ് മാർ ഗ്രീഗോറിയോസ്**

| | | |
|---|---|---|
| മൂലകൃതി | : | **The Joy of Freedom** |
| വിവർത്തനം | : | ഡോ. കെ. എം. തരകൻ |
| ഒന്നാം പതിപ്പ് | : | 1970 |
| രണ്ടാം പതിപ്പ് | : | 1982 |
| മൂന്നാം പതിപ്പ് | : | 1997 |

# ആമുഖം

ഇംഗ്ലീഷിലെ 'വർഷിപ്പ്' എന്ന പദത്തിനു സമാനമായ പദം മറ്റ് ആധുനിക ഭാഷകളിലില്ല, വേദപുസ്തകഭാഷകളിലുമില്ല. സ്വകാര്യ പ്രാർത്ഥനകളും സഭ ഏക ശരീരമെന്ന നിലയിൽ നടത്തുന്ന ആരാധനാനുഷ്ഠാനങ്ങളും അതിൽ അടങ്ങിയിരിക്കുന്നു.

പൊതുവായ ഒരു ആദി മാതൃകയിൽനിന്നാണ് ക്രിസ്തീയ ആരാധനാരൂപങ്ങളെല്ലാം തന്നെ ഉളവായത്. ഭിന്ന സംസ്കാരങ്ങളിൽ ഭിന്ന ആരാധനാസമ്പ്രദായങ്ങളും ആദ്ധ്യാത്മിക പാരമ്പര്യങ്ങളും വികാസം പ്രാപിക്കയാണുണ്ടായത്. ഓരോ ഭൂവിഭാഗത്തും രൂപംപ്രാപിച്ച ആരാധനാസമ്പ്രദായവും പാരമ്പര്യവും അതതുഭാഗത്തു നിലവിലിരുന്ന സാംസ്കാരിക പരിതോവസ്ഥയോട് ഒട്ടധികം കടപ്പെട്ടിരിക്കുന്നു.

പൗരസ്ത്യ പാരമ്പര്യങ്ങൾ വികസിച്ചതും ഇങ്ങനെയാണ്. ഗ്രീക്ക്, ഇറാനിയൻ, സിറിയൻ, ഹീബ്രു തുടങ്ങിയ ഭാഷകളിലെ ആരാധനാരൂപങ്ങൾ നോക്കുക. ഓരോ രൂപത്തിലും സുവ്യക്തമായി കാണാം അതുളവായ സാംസ്കാരിക പരിതോവസ്ഥയുടെ മായാത്ത മുദ്ര. അപ്പോൾ പൗരസ്ത്യമെന്ന് വിശേഷിപ്പിക്കാവുന്ന ഒരേ ഒരു ആരാധനാരൂപമേ ഉള്ളുവെന്നു കരുതുന്നത് ശരിയായിരിക്കയില്ല. ആരാധനാരീതിയിലുള്ള സമ്പൂർണ്ണ ഐകരൂപ്യം, ഒരു കാലത്തും, അവിഭക്തമായ ഏകസഭയുടെ കാലത്തുപോലും, പൗരസ്ത്യസംസ്കാരത്തിലോ പാരമ്പര്യത്തിലോ ഉണ്ടായിരുന്നിട്ടില്ല.

മദ്ധ്യപൗരസ്ത്യദേശം പോലെയുള്ള ഒരു ചെറിയ ഭൂവിഭാഗത്തു തന്നെ വിവിധ സംസ്കാരങ്ങൾ നിലവിലിരുന്നതായി നാം കാണുന്നു. തന്മൂലം അവിടെ വികസിച്ച ആരാധനാ സമ്പ്രദായങ്ങളും ആദ്ധ്യാത്മിക പാരമ്പര്യങ്ങളും ഏകരൂപമായിരിക്കുന്നില്ല. ജറുസലേം പാരമ്പര്യം നോക്കുക. അന്ത്യോക്യൻ പാരമ്പര്യത്തിൽനിന്നും അലക്സാണ്ട്രിയൻ പാരമ്പര്യത്തിൽ നിന്നും അത് വ്യത്യസ്തമായിരിക്കുന്നു. ഏഷ്യാമൈനറിന് തികച്ചും തനതായ ഒരു സാംസ്കാരിക മാതൃകയുണ്ടായിരുന്നു. അതിന്റെ സ്പഷ്ടമായ സൂചനകൾ പുതിയനിയമത്തിൽ പ്രതിഫലിച്ചു കാണുന്നതുപോലെ ഏറ്റവും പുരാതന പാരമ്പര്യങ്ങളിൽപോലും കണ്ടെത്താൻ കഴിയുന്നുണ്ട്. ഗ്രീക്കു റോമൻ സംസ്കാരങ്ങൾ പൈതൃകമായി കൈക്കൊണ്ട ബൈസാന്റിയത്തിന്റെ നിലയെടുത്താലോ? ബൈസാന്റിയവും സ്വന്തമായ ഒരു സംസ്കാരം വാർത്തെടുത്തു; ആ സംസ്കാരത്തിന്റേതായ മുദ്ര അവിടെ ഉളവായ ആരാധനാരൂപത്തിൽ പ്രകടവുമാണ്. യഥാർത്ഥ സ്ഥിതി ഇതാണെങ്കിൽ പൊതുവായ പൗരസ്ത്യ പാരമ്പര്യം എന്നൊന്നുണ്ടെന്ന് പറയുന്നതു തന്നെ ശരിയല്ലെന്ന് ചിലർക്ക് സംശയം തോന്നാം. ആഫ്രിക്കയിലെയും ഏഷ്യയിലെയും യുറോപ്പിലെയും വിവിധ സംസ്കാരങ്ങളുടെ സ്വഭാവവിശേഷങ്ങൾ കണക്കിലെടുത്തുകൊണ്ട്, അവിടെയെല്ലാം നിലവിലിരിക്കുന്ന അന്ത്യോക്യൻ, അലക്സാണ്ട്രിയൻ, ബൈസാന്റിയൻ, പേർഷ്യൻ, എത്യോപ്യൻ, സ്ലാവോണിക്ക് എന്നീ വിവിധ കിഴക്കൻ ആരാധനാരൂപങ്ങളുടെ പൊതുരൂപം കണ്ടെത്താനുള്ള ശ്രമം എത്രമാത്രം വിജയി

ക്കുമെന്നുള്ളതിനെക്കുറിച്ചും ശങ്ക തോന്നാം.

വിവിധ ആരാധനാക്രമങ്ങൾ താരതമ്യം ചെയ്തു പഠിക്കുക മാത്രമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ വിവിധ പാരമ്പര്യങ്ങളുടെ സാജാത്യ വൈജാത്യങ്ങൾ താരതമ്യേന എളുപ്പത്തിൽ വിവരിക്കുവാൻ സാധിക്കുന്നതാണ്. ആരാധനാക്രമങ്ങളെക്കുറിച്ചു ഗാഢമായി പഠിച്ചിട്ടുള്ളവർ പണ്ടേ ഇതിന് ശ്രമിച്ചിട്ടുണ്ട്. ഈ രംഗത്ത് ഇപ്പോഴും ഗവേഷണം നടന്നുകൊണ്ടുമിരിക്കുന്നു.

താരതമ്യപഠനമല്ല ഈ ലഘുഗ്രന്ഥത്തിന്റെ ലക്ഷ്യം. ആധുനിക ലോകത്തിൽ പൗരസ്ത്യ രീതിയിലുള്ള ആരാധനയ്ക്ക് എത്രമേൽ പ്രസക്തിയുണ്ടെന്ന് എടുത്തുകാട്ടാനുള്ള ശ്രമമാണിത്. ഇത് അപഗ്രഥനമല്ല, അപേക്ഷമാത്രമാണ്. പരക്കെയുള്ള ചില തെറ്റുധാരണകൾ നീക്കിക്കിട്ടാനാണ് ആദ്യത്തെ ശ്രമം. ഇങ്ങനെയൊരു പരിശ്രമത്തെ വിവാദമായോ, പ്രതിവാദമായോ ആരും ഗണിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. ഉത്തമമായ എക്യൂമെനിക്കൽ താൽപര്യത്തിന്റെ പേരിലാണ് ഇതിലെ പ്രമേയം അവതരിപ്പിക്കുന്നത്. സർവ്വോപരി ഇതൊരു ശുപാർശയാണ്. സർവവും വിനഷ്ടമായെന്ന് തോന്നിയ ഘട്ടങ്ങളിൽപോലും പൗരസ്ത്യസഭകളെ താങ്ങിനിർത്തിയത് അവയുടെ ആരാധനാരൂപങ്ങളാണ്. അങ്ങനെയുള്ള ആരാധനാരൂപങ്ങളിൽനിന്ന് ഏതു പാരമ്പര്യത്തിനും തീർച്ചയായും എന്തെങ്കിലും നേടാൻ കഴിയും.

പൗരസ്ത്യമായ ആരാധനയെന്നല്ല, ഏതൊരു ആരാധനയും അഭ്യസ്തവിദ്യനായ ആധുനിക മനുഷ്യന് അപ്രസക്തവും നിഷ്പ്രയോജനവുമാണെന്ന് വാദിക്കുന്നവരുണ്ട്. ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ അദ്ധ്യായത്തിൽ ഈ വാദത്തെ പരിശോധിച്ചു നോക്കുവാനാണ് ശ്രമിച്ചിരിക്കുന്നത്. ആരാധന ചില കാര്യങ്ങളെല്ലാം നിർവ്വഹിക്കണമെന്ന് ഇന്നത്തെ ആളുകൾ ആവശ്യപ്പെടുന്നു. എന്നാൽ ആരാധന അടിസ്ഥാനപരമായും കടമയാണെന്ന് നാം മനസ്സിലാക്കണം. പ്രയോജനമെന്നതിന് ആരാധനയിൽ താരതമ്യേന കുറഞ്ഞ ഒരു സ്ഥാനമേയുള്ളു.

പൗരസ്ത്യമായതെല്ലാം ഏതെങ്കിലും വിധത്തിലുള്ള രഹസ്യാത്മകതയുമായി ബന്ധപ്പെട്ടതാണെന്ന് പാശ്ചാത്യരിൽ പലരും ധരിച്ചുവശായിട്ടുണ്ട്. അതിനാൽ അതുമായി ബന്ധപ്പെടാനൊരുങ്ങാതെ പലരും അകന്നുനിൽക്കുന്നു. ഇങ്ങനെയൊരു വിശ്വാസത്തിനു യാതൊരു നീതീകരണവുമില്ലെന്ന് വ്യക്തമാക്കുവാൻ ഈ ഗ്രന്ഥത്തിൽ ശ്രമിച്ചിട്ടുണ്ട്.

ചിലർക്കു പൗരസ്ത്യാരാധന പഠിക്കുന്നതിൽ പ്രയാസം തോന്നുന്നു. പരലോകത്തേക്ക് രക്ഷപ്പെടുവാൻ വേണ്ടി, ഇഹലോക യാഥാർത്ഥ്യത്തെ അത് അവഗണിക്കുന്നുവെന്നോ, ചരിത്രത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ അതു വേണ്ടതിലധികം ഉറച്ചുപോയിരിക്കുന്നുവെന്നോ അവർ പരാതിപ്പെടുന്നു. എന്നാൽ മറ്റു ചിലരെ സംബന്ധിച്ചിടത്തോളം പൗരസ്ത്യ ആരാധന പഠിക്കുകയെന്നത് ഗൗരവാവഹമായ ഒരു കടമയാണ്. അറിവുള്ളവർ അത് നിറവേറ്റണം. ആരാധനയുടെ ആദിമാതൃക കണ്ടെത്താനുള്ള

പരിശ്രമമായി അതിനെ അവർ കണക്കാക്കുന്നു.

പൗരസ്ത്യസഭയ്ക്ക് ചരിത്രമെന്നത് ഒരു ഓർമ്മയാണ്, മനസ്സിൽ മാത്രം ഒതുങ്ങിനിൽക്കാത്ത ഓർമ്മ. ചരിത്രത്തിൽക്കൂടി സഭ ആദ്യകാലാനുഭവങ്ങളെ വീണ്ടും ആനന്ദാതിരേകത്തോടെ ജിവിച്ചറിയുന്നു. ചരിത്രത്തെ അതിൽത്തന്നെ യാഥാർത്ഥ്യമായി കാണുന്ന ശാസ്ത്രത്തിന് അങ്ങനെയൊരു ഓർമ്മയെ സൃഷ്ടിക്കാൻ കഴിയില്ല, അതിനെ കൂടുതൽ തെളിക്കാൻ കഴിയുമെങ്കിലും.

പൗരസ്ത്യമായ ആരാധനയുടെ ചില പൊതു സ്വഭാവങ്ങൾ ചൂണ്ടിക്കാണിക്കാൻ ഈ ഗ്രന്ഥം ശ്രമിക്കുന്നുണ്ട്. അവയെ വിശദമായി വിവരിക്കുവാൻ ലേശവും ശ്രമിച്ചിട്ടുമില്ല. അറിവുള്ളവരുടെ അറിവു വർദ്ധിപ്പിക്കുകയെന്നതല്ല, സാധാരണ വായനക്കാരന്റെ താല്പര്യം ഉണർത്തുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

പൗരോഹിത്യത്തെ സംബന്ധിച്ചുള്ള പൗരസ്ത്യ സങ്കൽപത്തെ ആരാധനയിൽനിന്ന് അടർത്തിമാറ്റാൻ സാധ്യമല്ല. ഓർത്തഡോക്സ് വിശ്വാസപ്രകാരം പൗരോഹിത്യംതന്നെ സഭയ്ക്കു പൊതുവേ, അതായത് മാമോദീസ മുങ്ങിയ ഏതൊരുവനും, അവകാശപ്പെട്ടതാണ്.

പൊതുവായ ഈ പൗരോഹിത്യത്തിൽ അഭിഷിക്തനായ മെത്രാനോ പുരോഹിതനോ വിശിഷ്ടമായ ഒരു കടമ നിറവേറ്റുന്നുവെന്നേയുള്ളു. പൊതുവായ പൗരോഹിത്യവും വിശിഷ്ടമായ പൗരോഹിത്യവും സഭയുടെ ആരാധനയ്ക്ക് അത്യന്താപേക്ഷിതമാണ്.

ആധുനിക മനുഷ്യന് ഏറ്റവും ദുഷ്കരമായിത്തീർന്നിരിക്കുന്നത് പ്രാർത്ഥനയാണല്ലോ? ഈ ഗ്രന്ഥത്തിന്റെ അവസാനത്തെ അദ്ധ്യായം പ്രതിപാദിക്കുന്നത് പ്രാർത്ഥനയെപ്പറ്റിയാണ്. ആരാധനയും പ്രാർത്ഥനയും ക്രൈസ്തവന്റെ നൈസർഗിക സവിശേഷതകളാണെന്നാണ് എന്റെ പ്രമേയം.

പരിശുദ്ധാത്മാവിൽ, ക്രിസ്തുവിൽക്കൂടി, ധൈര്യപൂർവ്വം പിതാവിന്റെ സന്നിധാനത്തിലേക്കു കടന്നുചെല്ലാനുള്ള സ്വാതന്ത്ര്യമാണ് ക്രൈസ്തവന് അത്യന്താപേക്ഷിതമായിരിക്കുന്നത്. ആ സ്വാതന്ത്ര്യമാണ് സ്വാതന്ത്ര്യഹർഷത്തിന്റെ ഉറവിടം.

# ഉപോദ്ഘാതം

എന്റെ പ്രഥമ കൃതിയായ ഈ ലഘുഗ്രന്ഥം പാശ്ചാത്യ വായനക്കാരെ ഉദ്ദേശിച്ച് 20 വർഷം മുമ്പ് രചിച്ചതാണ്. അന്നു ഞാൻ ജനീവയിൽ, മുഖ്യമായും പ്രൊട്ടസ്റ്റന്റ് ക്രൈസ്തവ പാരമ്പര്യത്തിന്റേതായ അന്തരീക്ഷത്തിൽ കഴിയുകയാണ്. ആയിരത്തിതൊള്ളായിരത്തി അറുപതുകളിൽ പാശ്ചാത്യ ക്രൈസ്തവ ലോകത്തിൽ നടന്ന സംവാദങ്ങളെപ്പറ്റി പരിചയമില്ലാത്ത ഭാരതീയ ക്രിസ്ത്യാനികൾക്ക് ഈ പുസ്തകത്തിലെ സൂചനകൾ മനസ്സിലാക്കുക വിഷമമായേക്കാം. അന്ന് പ്രധാനമായി മൂന്നു കാര്യങ്ങളാണ് എന്റെ മനസ്സിനെ മഥിച്ചിരുന്നത്. അവ മൂന്നും ഈ താളുകളിൽ പ്രതിഫലിക്കുന്നുണ്ട്.

## 1

ഒന്നാമത് 'സെക്കുലർ ക്രിസ്ത്യാനിറ്റി' എന്നു വിളിക്കുന്നതും വളർന്നുകൊണ്ടിരിക്കുന്നതുമായ ഒരു പ്രസ്ഥാനം. ഡീട്രിച്ച് ബോൺ ഹോഫറുടെ 'മതരഹിത ക്രിസ്തീയതാ' സിദ്ധാന്തത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണത്. മിക്ക ജർമ്മൻ ക്രിസ്ത്യാനികൾക്കും മതം പ്രാഥമികമായി ഹൃദയവുമായി ബന്ധപ്പെട്ട കാര്യമായിരുന്നു. രാഷ്ട്രീയ കാര്യങ്ങൾ മറ്റൊരു മേഖലയാണ്. ഗവൺമെന്റിനാണവിടെ പ്രാമുഖ്യം. ഹിറ്റ്ലറെ ന്യായീകരിക്കുകയോ പിന്താങ്ങുകയോ ചെയ്ത യൂറോപ്യൻ ഭക്തിപ്രസ്ഥാനത്തിനെതിരായ പ്രതികരണത്തോട് അടിസ്ഥാനപരമായി എനിക്കു സഹാനുഭൂതി ഉണ്ടായിരുന്നു. രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിലെ ചൂടുള്ള പ്രശ്നങ്ങളുമായി ബന്ധപ്പെടാതെ, വ്യക്തിഗത ഭക്തിയിൽ ശ്രദ്ധ ഊന്നുന്നതരം ക്രിസ്തീയത അപലപനീയമാണെന്നായിരുന്നു ബോൺ ഹോഫറുടെ ചിന്ത. ഹിറ്റ്ലറുടെ മൂന്നാം റീഷ് പോലെ ബൃഹത്തായ മാനുഷികപ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്ന സജീവ ക്രിസ്തീയത്വമാണ് അദ്ദേഹം ആഗ്രഹിച്ചത്. ക്രിസ്തുവിനുവേണ്ടി ഹിറ്റ്ലറെ കൊല്ലാൻപോലും അദ്ദേഹം സന്നദ്ധനായിരുന്നു! അതിനുള്ള ഗൂഢാലോചനയിൽ ഏർപ്പെട്ടിരിക്കവേ അദ്ദേഹം അറസ്റ്റുചെയ്യപ്പെട്ടു. തടവിൽ കിടന്നുകൊണ്ട് ബോൺ ഹോഫർ എഴുതിയ 'മതരഹിത ക്രിസ്തീയതയെ'പ്പറ്റിയുള്ള കത്ത് ഇതിനകം പ്രസിദ്ധമായിട്ടുണ്ട്. 'മതരഹിത ക്രിസ്തീയത' – മനുഷ്യതാല്പര്യങ്ങളിൽ നിന്നകന്നുപോയ ക്രിസ്തീയത – ലിബറൽ യൂറോപ്യൻ പ്രൊട്ടസ്റ്റന്റിസത്തിന്റെ സ്വതസിദ്ധമായ ലക്ഷണമാണിത് – ദൗത്യത്തെ അഥവാ പ്രവർത്തനത്തെ പ്രാഥമികമായും, ആരാധനയെ അനുബന്ധമായും കരുതുക. 'ഉത്തരവാദിത്വം' ആണു സുപ്രധാന പദം. നമ്മുടെ ഉത്തരവാദിത്വം പ്രവാചകനു ചേർന്ന രീതിയിൽ പ്രസംഗിക്കുകയും പ്രവർത്തിക്കുകയുമാണ്. ഹിറ്റ്ലറുടെ നടപടിയെ അപലപിക്കുകയും കർത്താവായ ക്രിസ്തുവിനോടു അടിസ്ഥാനപരമായ കൂറു പ്രഖ്യാപിക്കുകയും ചെയ്ത ബാർമൻ പ്രഖ്യാപനം വാസ്തവത്തിൽ പ്രവാചകതുല്യമായ പ്രസ്താവനയാണ്. ഹിറ്റ്ലറെ കൊല്ലുന്നതിനുള്ള ബോൺഹോഫറുടെ പരിപാടിപോലുള്ള ധീരപദ്ധതികൾ പ്രവാചകോചിതമായ, ഉത്തരവാദിത്വബോധമുള്ള ക്രിസ്തീയ നടപടികളും –

വളരാനും മനുഷ്യതയുടെ പ്രായപൂർത്തി അംഗീകരിക്കാനും ക്രിസ്ത്യാനികളെ ഉദ്ബോധിപ്പിച്ചു. 'ദൈവം ജീവിച്ചിരിപ്പില്ല' എന്ന നിലയിൽ ലോകത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ അവരോടാവശ്യപ്പെട്ടു. മനുഷ്യനാണു യാഥാർത്ഥ്യത്തിന്റെ കേന്ദ്രത്തിൽ: പുതിയ പശ്ചാത്തലത്തിൽ നീറ്റ്ഷേയുടെ 'ദൈവം മരിച്ചു' എന്ന പ്രസ്താവന ആവർത്തിച്ചവരെ സംബന്ധിച്ചിടത്തോളം മനുഷ്യതയ്ക്കു പ്രായപൂർത്തിയായി. ഇനി സമൂഹത്തിന്റെയും നീതി, ജനാധിപത്യം, സ്വാതന്ത്ര്യം എന്നിവയുടെ നേർക്കുള്ള അതിന്റെ പരിണാമത്തിന്റെയും പരിപൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുകയേ വേണ്ടൂ.

"ദൈവം ജീവിച്ചിരിപ്പില്ല എന്നപോലെ" – ഒരു മുദ്രാവാക്യമായി അതിനു കുറച്ച് അർത്ഥമുണ്ട്. എന്നാൽ "പോലെ" എന്ന പ്രയോഗം ആരാധന കൂടാതെ ജീവിക്കാനുള്ള നിയോഗംപോലെയാണ്. ക്രിസ്തീയാരാധനകൾ, പ്രാഥമികമായി സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങളെപ്പറ്റിയുള്ള പ്രവാചകോചിത ക്രിസ്ത്യൻ പ്രസംഗങ്ങൾക്കുള്ള വേദികളായി. ബൈബിൾ വായനയും പ്രവാചകോചിത ക്രിസ്തീയ നടപടിക്കു പ്രചോദനം നൽകുന്ന ഉപാധിയായി. "മതരഹിത ക്രിസ്തീയതയും" ഒരു മുദ്രാവാക്യമാണ് – ആരാധനയ്ക്കു മുന്നിലായി പ്രവർത്തനത്തെ പ്രതിഷ്ഠിക്കാൻ. "ദൈവം മരിച്ചു" എന്നത് അതുപോലെതന്നെ പ്രവാചകോചിതമായ മുദ്രാവാക്യമായി – രാഷ്ട്രീയ സാമ്പത്തിക പരാധീനതകൾ പരിഹരിക്കാനുള്ള മനുഷ്യന്റെ കേന്ദ്ര ഉത്തരവാദിത്വം അനുസ്മരിക്കാനുള്ള ഉപാധി. "മതേതര ക്രിസ്തീയത" മറ്റൊരു മുദ്രാവാക്യമാണ്. നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമായ ഈ ലോകം മാത്രമേ നിലവിലുള്ളുവെന്നും പരലോകത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും ക്രിസ്തുവിന്റെ കാലത്തിനു മുമ്പുമുതലുള്ള നിലനില്പിനെപ്പറ്റിയും (Pre-existence) നിത്യജീവിതത്തെപ്പറ്റിയും മറ്റുമുള്ള ക്രിസ്തീയ ഉൽക്കണ്ഠ ഇവിടെ സമൂഹത്തെ പരിവർത്തനം ചെയ്യിക്കുന്നതിനുള്ള ക്രിസ്തീയ ഉത്തരവാദിത്വം പൂർണ്ണമായി ഏറ്റെടുക്കുന്നതിനു വിലങ്ങുതടിയായി നില്ക്കുന്നുവെന്നും അതു സൂചിപ്പിക്കുക കൂടി ചെയ്തു.

പാശ്ചാത്യ ക്രിസ്ത്യാനിത്വത്തോടുള്ള എന്റെ അപ്രിയം ഇതോടെ ഏതാണ്ടു പൂർണ്ണമായി. യജമാനനും കർത്താവുമായി ആരാധനാപൂർവ്വം ദൈവത്തെ അംഗീകരിക്കുന്നതിനു പകരം മനുഷ്യനെയും മനുഷ്യമനസ്സിനെയും ഇച്ഛാശക്തിയെയും യാഥാർത്ഥ്യത്തിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുന്നതിനുള്ള ഈ തൃഷ്ണ എനിക്കൊട്ടും രുചിച്ചില്ല. ഈ ലോകത്തെ മെച്ചപ്പെടുത്താൻവേണ്ടി മനുഷ്യയുക്തിക്കും മനുഷ്യപ്രയത്നത്തിനും പ്രാധാന്യം കൊടുക്കുകയാണത്. പക്ഷേ, പാശ്ചാത്യ മനുഷ്യൻ ആരാധനയെ കുരുതി കൊടുക്കുന്നുവെന്നതാണ് അതിലെ അപാകത.

വ്യാവസായികമായി പുരോഗമിച്ച പാശ്ചാത്യ മനുഷ്യന്റെ ധാർഷ്ട്യം മാത്രമല്ല എനിക്ക് ഉൽക്കണ്ഠ ഉണ്ടാക്കിയത്. ക്രിസ്തീയതയുടെ കേന്ദ്ര യാഥാർത്ഥ്യത്തെ – ക്രിസ്തുവിൽ ദൈവത്തിന്റെ ഐക്യവും മനുഷ്യത്വവും – അടിസ്ഥാനപരമായി നിഷേധിക്കുന്നുവെന്നതാണ് ഉൽക്കണ്ഠാജനകം. ക്രിസ്തുവിന്റെ മനുഷ്യത്വവും ദൈവത്വവും വിഭജിച്ചു കാണുക എന്നെ

സംബന്ധിച്ചിടത്തോളം മർമപ്രധാനമായ വേദവിപരീതമാണ്. ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുക പിന്നാലെ വന്നുകൊള്ളും. 'മതേതര ക്രിസ്തീയത' എന്റെ കാഴ്ചപ്പാടിൽ പാശ്ചാത്യ ധാർഷ്ട്യത്തിന്റെ യഥാർത്ഥ പ്രകടനമാണ് – പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമന്റെ മനുഷ്യാവതാരം അവഗണിക്കുന്നതിനുള്ള ലിബറൽ പ്രൊട്ടസ്റ്റന്റിസത്തിന്റെ അടിസ്ഥാന പ്രവണതയും.

ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ എനിക്ക് ദൈവവും മനുഷ്യരാശിയും ക്രിസ്തുവിൽ വേർപിരിക്കാനാവാതവണ്ണം സംയോജിച്ചിരിക്കുന്നു. പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമന്റെ മനുഷ്യാവതാരത്തിന്റെ ഫലമായി മനുഷ്യവർഗ്ഗം ഒരു ദൈവിക – മാനുഷിക യാഥാർത്ഥ്യമാണ്. മനുഷ്യത്വം ഊന്നിപ്പറയുന്നതിനായി ദൈവത്തെ നിഷേധിക്കുന്ന ഒരു മതേതരത്വം എന്നിൽ ആവേശം ഉണർത്തുന്നില്ല. നീതിയോടും സമാധാനത്തോടും പ്രതിബദ്ധത പുലർത്തുന്ന മതേതര മനുഷ്യരെപ്പറ്റി എനിക്കൊരു മുഷിച്ചിലുമില്ല. അവരോടൊന്നിച്ചു പ്രവർത്തിക്കാൻ എനിക്കു സന്തോഷമേയുള്ളു. പക്ഷേ, അവരുടെ സിദ്ധാന്തത്തെ അംഗീകരിക്കാനോ, എന്റെ വിശ്വാസത്തിനു പകരം ഒരു മതേതര വിശ്വാസം സ്വീകരിക്കാനോ എനിക്കു നിവൃത്തിയില്ല. എന്റെ വിശ്വാസമാകട്ടെ സഭയുടെ വിശ്വാസമാണ്. സഭയുടെ ആരാധനയിലും അതുപോലെതന്നെ ജീവിത പ്രവർത്തനങ്ങളിലും ഊന്നിപ്പറയുന്ന വിശ്വാസം തന്നെ. എന്റെ ചിന്തയിൽ ദൈവത്തിന്റെ അഭാവത്തിൽ മനുഷ്യൻ അർത്ഥശൂന്യനാണ്. അതുപോലെതന്നെ ദൈവത്തിന്റെ അഭാവത്തിൽ ചരിത്രവും പ്രപഞ്ചത്തിന്റെ പരിണാമവുമെല്ലാം കേവലം അർത്ഥരഹിതമാണ്. ദൈവസാന്നിദ്ധ്യത്തിൽ മാത്രമേ ഇക്കാണുന്ന പ്രകൃതിക്കുപോലും അർത്ഥമുള്ളു.

ആധുനിക മനുഷ്യനു പക്വത കൈവന്നുവെന്നും ഇനി അവനു ദൈവമില്ലെന്നുള്ള രീതിയിൽ ജീവിക്കാമെന്നുമുള്ള വാദം അസംബന്ധമാണ്. 'ആധുനിക ചിന്താരീതി'യിൽ പരിശീലിതനായ എനിക്ക് അതിന്റെ അടിസ്ഥാനങ്ങൾ ഇളകുന്നതായി തോന്നുന്നു. പാശ്ചാത്യ മനുഷ്യർ ദൈവത്തെ നിഷേധിക്കാനും തൽഫലമായി ദൈവാരാധനയ്ക്കു വിമുഖരായിത്തീരാനും ഇടയാക്കിയത് പാശ്ചാത്യ ധാർഷ്ട്യമാണെന്നു ഞാൻ പറയും. മതരഹിത ക്രിസ്തീയതയും മതേതര ക്രിസ്തീയതയും എന്റെ വീക്ഷണത്തിൽ ദൈവത്തെ അട്ടിമറിച്ചു സ്വയം ആ സ്ഥാനം ഏറ്റെടുക്കാനുള്ള ആധുനിക മനുഷ്യന്റെ തൃഷ്ണയുടെ ദൈവശാസ്ത്രപരമായ ന്യായീകരണമാണ്.

ഈ പശ്ചാത്തലത്തിലാണ് ആരാധിക്കാൻ ആധുനിക മനുഷ്യനുള്ള തീവ്രമായ അഭിവാഞ്ഛയെപ്പറ്റി ഞാൻ ശക്തമായി ഊന്നിപ്പറയുന്നത്. ദൈവത്തെ ആരാധിക്കേണ്ടവിധത്തിൽ ആരാധിക്കുന്നതിൽ മനുഷ്യനുണ്ടായ പരാജയവും കഴിവുകേടുമാണ് അടിസ്ഥാനപരമായി മനുഷ്യന്റെ പ്രശ്നം. ദൈവമാണു യഥാർത്ഥത്തിൽ നിലനില്ക്കുന്നത്. വാസ്തവത്തിൽ നന്മയും. എല്ലാ നന്മയും എല്ലാ ഉണ്മയും അവനിൽ നിന്നു വരുന്നു. ഈ വസ്തുത അംഗീകരിച്ചു, അവന്റെ സ്നേഹത്തോടു പ്രതിസ്പന്ദിച്ചു ജീവി

ക്കുന്നതിനു നാം വിസമ്മതിച്ചുവെന്നത് ദൈവത്തിൽനിന്നു ക്രിസ്തുവിൽ നമുക്കു ലഭിച്ച ദാനമായ മനുഷ്യത്വത്തെ നാം ഒറ്റിക്കൊടുക്കുന്നതിനു തുല്യമാണ്. ദൈവം മാത്രമാണു യഥാർത്ഥത്തിലുള്ള ഉണ്മയും നന്മയും, നമ്മുടെ ഉണ്മയും നന്മയും ദൈവത്തിൽനിന്നു വരുന്നു എന്നീ വസ്തുത കൾ കൂടെക്കൂടെ അംഗീകരിച്ചുകൊണ്ടിരിക്കുക എന്നതാണ് ആരാധന യിലെ മർമ്മബിന്ദു. ഇക്കാര്യം അംഗീകരിക്കുന്നതിൽ നമ്മുടെ കഴിവില്ലാ യ്മയെ ഒരു മതരഹിത ക്രിസ്തീയതയുടെ പേരിൽ ന്യായീകരിക്കുക കൊടിയ ദ്രോഹമായി എനിക്കു തോന്നി. 'സെക്കുലർ സിറ്റി' രചിച്ച ഹാർവി കോക്സ്, 'ദി സെക്കുലർ മീനിങ്ങ് ഓഫ് ദ ഗോസ്പൽ' രചിച്ച പോൾ വാൻ ബ്യൂറൻ എന്നിവർ അനഭിജ്ഞരാണ്; അവർക്കു തെറ്റുപറ്റി. എന്റെ വികാരക്ഷോഭത്തിന്റെ ബഹിർസ്ഫുരണമാണ് 1967-ൽ ഞാൻ പ്രസിദ്ധീ കരിച്ച ഈ ഗ്രന്ഥം.

ഇന്ത്യയിലുള്ള ബുദ്ധിജീവികളായ ക്രിസ്ത്യാനികൾക്ക് ഇതെല്ലാം എത്ര കണ്ടു മനസ്സിലാകുമെന്ന് എനിക്കറിഞ്ഞുകൂടാ. പാശ്ചാത്യ ലിബ റൽ ചിന്ത പിന്തുടരാനുള്ള പ്രലോഭനം ഇന്ത്യയിൽ ക്രിസ്ത്യാനികളും ക്രൈസ്തവേതരരുമായ ബുദ്ധിജീവികൾക്കിടയിൽ സുശക്തമാണെന്ന് എനിക്കു തോന്നുന്നു. ഞാൻ ഇവിടെ പറയുന്ന കാര്യങ്ങൾ അവരുടെ ചിന്തയ്ക്കു പ്രസക്തമാണോ എന്തോ? അവർ തന്നെ വിധിക്കട്ടെ.

## 2

എന്റെ രണ്ടാമത്തെ ഉൽക്കണ്ഠ, ആരാധനയിൽ ക്രിസ്തീയ വ്യക്തി യുടെ അന്യവൽക്കരണമാണ്. സമൂഹത്തിൽനിന്നും സൃഷ്ടിക്രമത്തിൽ നിന്നും വേർവിട്ടുള്ള നില. മറ്റു മനുഷ്യരിൽ നിന്നും പദാർത്ഥങ്ങളിൽ നിന്നും ഗന്ധങ്ങളിൽ നിന്നും ശബ്ദങ്ങളിൽ നിന്നും രുചികളിൽ നിന്നും സ്പർശവേദ്യമായ സകലതിൽ നിന്നും വിട്ടുമാറി, "ഏകാകിയുമൊത്ത് ഏകാകിയായി" ബന്ധം തേടുന്ന ഒരിനം പാശ്ചാത്യ മിസ്റ്റിസിസത്തോട് എനിക്കു കഠിനമായി എതിർപ്പുണ്ട്. ക്രിസ്തീയാരാധന എന്നെ സംബ ന്ധിച്ചിടത്തോളം വ്യക്തിപരവും ആദ്ധ്യാത്മികവും കായികവും മദ്ധ്യസ്ഥ താപരവും അതേസമയം സമൂഹബന്ധിതവുമാണ്. ആരാധന പ്രാഥമിക മായി വിശ്വാസികളുടെ സമൂഹമാണ് അർപ്പിക്കുന്നത് - മരിച്ചവരും ജീവ നോടിരിക്കുന്നവരുമടങ്ങിയ സാർവത്രിക സമൂഹം (മരിച്ചവരാണു ഭൂരിപ ക്ഷവും). സർവ സൃഷ്ടിയുടെയും മദ്ധ്യസ്ഥ മഹാപുരോഹിതനായ ക്രിസ്തു വിനോടൊന്നിച്ചാണ് സമൂഹം ആരാധന നടത്തുക. ക്രിസ്തു ദൈവ മുമ്പാകെ കൃതജ്ഞതാപൂർവ്വം മുഴുവൻ മനുഷ്യരാശിക്കുംവേണ്ടിയാണ് ആരാധന നടത്തുന്നത്. അപ്പവും വീഞ്ഞും പോലുള്ള ഭൗതിക പദാർ ത്ഥങ്ങളിലൂടെ സർവസൃഷ്ടിയെയും ദൈവത്തിനു സമർപ്പിക്കുകയാണ്. കുർബാനയാകുന്ന മിസ്റ്റിസിസത്തെ ചില സിദ്ധന്മാരുടെ 'ഏകാകിയു മൊത്ത് ഏകാകി' എന്ന മിസ്റ്റിസിസത്തിൽ നിന്നു തികച്ചും വ്യതിരിക്ത മാക്കുന്നത് ഇതു തന്നെ. വിശുദ്ധ കുർബാനയെന്ന മിസ്റ്റിസിസത്തിൽ ക്രിസ്തുവിന്റെ മദ്ധ്യസ്ഥത അവഗണിക്കുന്നില്ലെന്നു മാത്രമല്ല, ഏറ്റവും സമഗ്രമായി അതിനെ അംഗീകരിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യു

ന്നുണ്ട്. സുവിശേഷവും മിസ്റ്റിസിസവും തമ്മിൽ വൈരുദ്ധ്യം കണ്ട എമിൽ ബ്രൂണരും ബാർത്യന്മാർ പൊതുവേയും ഭൗതിക പദാർത്ഥങ്ങളർപ്പിച്ചു കൊണ്ടു സമൂഹം അർപ്പിച്ച ഈ യൂക്കാരിസ്റ്റിക് മിസ്റ്റിസിസത്തെ മനസ്സി ലാക്കുന്നതിൽ അമ്പേ പരാജയപ്പെട്ടു. യൂക്കാരിസ്റ്റിക് മിസ്റ്റിസിസം സുവി ശേഷത്തിന്റെ ശത്രുവല്ല, അതിന്റെ ഒത്ത പ്രകാശനമാണ്.

ഇക്കാര്യം എന്റെ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നതിൽ ഞാൻ എത്ര കണ്ടു വിജയിച്ചുവെന്നു നിശ്ചയമില്ല. എന്നെ സംബന്ധിച്ചിടത്തോളം വിശുദ്ധ കുർബാന സുവിശേഷത്തിന്റെ ഏറ്റവും പര്യാപ്തവും സമ്പൂർണ്ണ വുമായ പ്രകാശനമാണ്. ക്രിസ്തുമതത്തിന്റെ കേന്ദ്ര പ്രഖ്യാപനവുമാണ്.

## 3

എന്റെ മൂന്നാമത്തെ ഉൽകണ്ഠ സ്വാതന്ത്ര്യം സംബന്ധിച്ചാണ്. പടി ഞ്ഞാറു വളരെയധികം ദുരുപയോഗത്തിനു വിധേയമായ പദമാണത്. സ്വാതന്ത്ര്യം സംബന്ധിച്ച പാശ്ചാത്യധാരണകളിലധികവും അടിസ്ഥാന പരമായി അന്യഥാത്വത്തിന്റെ പശ്ചാത്തലത്തിൽ രൂപംകൊണ്ടതാണെന്നു തോന്നുന്നു. ഒരു വ്യക്തിക്ക് ആരും തടസ്സപ്പെടുത്താതെ സ്വേച്ഛപോലെ പ്രവർത്തിക്കാൻ സ്വാതന്ത്ര്യം വേണം. എല്ലാ മനുഷ്യരുടെയും സ്വാതന്ത്ര്യം സാധ്യമാക്കിത്തീർക്കുന്നതിനു 'ക്രമം' എന്ന രൂപത്തിൽ സ്വാതന്ത്ര്യത്തിനു ചില പരിമിതികൾ അംഗീകരിക്കാൻ പാശ്ചാത്യലോകം തയ്യാറായിരുന്നു. അമ്പതുകളിലും അറുപതുകളിലും ഞാൻ ഈ ആശയത്തെ ചെറുക്കുക യുണ്ടായി. എന്നെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം പ്രാഥമികമായി വ്യക്തിക്കുള്ളതല്ല, സമൂഹത്തിനു വേണ്ടിയാണ്. വാസ്തവം പറഞ്ഞാൽ, ഒരൊറ്റ സത്തയെന്നനിലയിൽ സമസ്ത മനുഷ്യരാശിക്കും സൃഷ്ടസമൂഹ ത്തിനു മുഴുവനുമായി. നിങ്ങളുടെ ഇഷ്ടംപോലെ പ്രവർത്തിക്കുകയല്ല സ്വാതന്ത്ര്യം. വാസ്തവത്തിൽ ദൈവം മാത്രമാണു യഥാർത്ഥത്തിൽ സ്വത ന്ത്രൻ. ശക്തിയുടെ അഭാവത്താൽ തടസ്സംകൂടാതെ, മറ്റുള്ളവരുടെ നിയ ന്ത്രണംകൂടാതെ, ദൈവം സ്വതന്ത്രമായി നന്മ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യമാണു സർഗാത്മകമായ സ്നേഹത്തിൽ പ്രകാശിതമാകു ന്നത്. ആ സർഗാത്മക സ്നേഹമാണു നമ്മെ സൃഷ്ടിച്ചതും സ്വയം ക്രിസ്തു വിൽ പ്രകാശിതമായതും. നിയമംകൊണ്ടോ നിയന്ത്രണം കൊണ്ടോ അല്ല, പ്രതിഫലം നോക്കിയുമല്ല, നന്മ നന്മയാണെന്നതുകൊണ്ടു മാത്രം ആത്മാർത്ഥമായ ആന്തരിക ചോദനയിൽ നിന്ന് നന്മയെ കാര്യക്ഷമമായി സൃഷ്ടിക്കാൻ സ്വാതന്ത്ര്യത്തിനു കഴിയണം. അതിനു അധികാരം ഉണ്ടാ യിരിക്കുകയും വേണം.

ദൈവത്തോടും മറ്റു മനുഷ്യരോടും സൃഷ്ടിക്കപ്പെട്ട വ്യവസ്ഥിതിയോടും പൂർണമായി താദാത്മ്യം പ്രാപിക്കാൻ നമ്മുടെ മനസ്സില്ലായ്മയും കഴിവു കേടുമാണ് നമ്മുടെ സ്വാതന്ത്ര്യരാഹിത്യം. പുനരുത്ഥാനത്തിലുള്ള സമൂ ഹത്തിന്റെ വിമോചനത്തിൽ നിന്നോ, മനുഷ്യരാശി മുഴുവന്റെയും വിമോ ചനത്തിൽ നിന്നോ, സൃഷ്ടിക്കപ്പെട്ട വ്യവസ്ഥിതി മുഴുവനിൽ നിന്നോ നമ്മുടെ സമ്പൂർണ വിമോചനത്തെ വേർപെടുത്തി കാണാനാവില്ല. സമ സ്തസൃഷ്ടിയും..... ദൈവമക്കളുടെ മഹത്വമേറിയ സ്വാതന്ത്ര്യത്തിനായി

കാത്തിരിക്കുന്നു. സമസ്ത സൃഷ്ടിയും വിമോചനത്തിനായി ഞരങ്ങുന്നു. (റോമർ 8:21 *ff*). സമസ്ത സൃഷ്ടിയും പങ്കുചേരുന്ന ദൈവമക്കളുടെ ഈ സ്വാതന്ത്ര്യം നിങ്ങൾക്കിഷ്ടംപോലെ പ്രവർത്തിക്കാനുള്ളതല്ല. നേരേമറിച്ച് അത് (1) നിഷേധാത്മകമായി, തിന്മയും മരണവുമെന്ന ഇരട്ട ശത്രുക്ക ളിൽനിന്നു സ്വാതന്ത്ര്യം പ്രാപിക്കുകയാണ്. (2) രചനാത്മകമായി, ദൈവ സന്നിധിയിൽ പ്രവേശിച്ചു, യഥാർത്ഥമായ സ്നേഹസമൂഹത്തിൽ ദൈവ വുമായി സംയോജിക്കുകയും ദൈവത്തിന്റെ സ്വതന്ത്രമായ സർഗാത്മക തയിൽ സ്വതന്ത്രമായി പങ്കെടുക്കാൻ അധികാരം ലഭിക്കുകയുമാണ്.

സ്വാതന്ത്ര്യത്തിന്റെ ഈ ആശയം ഗ്രന്ഥത്തിന്റെ ശീർഷകത്തെ വിശ ദീകരിക്കുന്നു. യഥാർത്ഥ ആരാധന, യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ആനന്ദം കൊണ്ടുവരുന്നു; ദൈവസന്നിധിയിൽ പ്രവേശിക്കാനും അവിടെ സമൂഹ ത്തിലും സ്നേഹയുക്തമായ സർഗാത്മകതയിലും അവനോടു സംയോ ജിക്കാനുമുള്ള സ്വാതന്ത്ര്യം. ആ സന്നിധിയിലേക്കുള്ള പ്രവേശനം വിര സതയെ ദുരീകരിക്കുകയും യഥാർത്ഥമായ ആനന്ദം കൊണ്ടുവരുകയും ചെയ്യുന്നു.

പാശ്ചാത്യ സെക്കുലറിസവും ഇന്ത്യയിൽ ശങ്കരവേദാന്തത്തിന്റെ ഇന്ന ത്തെ രൂപങ്ങളും തമ്മിലുള്ള സമാന്തരത്വം എന്നെ എക്കാലത്തും അമ്പര പ്പിച്ചിട്ടുണ്ട്. പണ്ഡിതന്മാരായ ശങ്കരവേദാന്തികളിൽ പലരും യഥാർത്ഥ സാക്ഷാൽക്കാരത്തിൽ നിന്നുവരുന്ന പ്രശാന്തതയോ പ്രസാദമോ പ്രതി ഫലിപ്പിക്കുന്നില്ല. അവർക്ക് രക്ഷ അടിസ്ഥാനപരമായി പൂർണതയോടുള്ള വ്യക്തിയുടെ സ്വത്വാനുഭവമാണ്. സമൂഹത്തോടോ, ഭൗതികലോകത്തോ ടോ അതിനു ബന്ധമില്ല. വ്യവച്ഛേദിക്കാത്ത ഒരു സ്വത്വം മാത്രം. ലൗകിക യാഥാർത്ഥ്യത്തിന്റെ പ്രക്രിയയുമായി അതു ബന്ധപ്പെട്ടിട്ടില്ല. അതുകൊ ണ്ടുതന്നെ സാമൂഹ്യ സാമ്പത്തിക യാഥാർത്ഥ്യവുമായും അതിനു ബന്ധ മില്ല. പാശ്ചാത്യ സെക്കുലറിസവും വേദാന്തചിന്തയുടെ ചില പുതിയ മാതൃ കകളും തമ്മിലുള്ള പ്രധാന വ്യത്യാസം, ആദ്യത്തേത് ഭൗതികയാഥാർ ത്ഥ്യത്തെ പൂർണമായും പിന്തുണയ്ക്കുകയും മറ്റുള്ളതെല്ലാം നിഷേധി ക്കുകയും ചെയ്യുമ്പോൾ, രണ്ടാമത്തേത് ലൗകിക വ്യവസ്ഥിതി മുഴുവനാ യും അതിന്റെ പ്രസക്തിയും നിഷേധിക്കുന്നുവെന്നതാണ്. എന്നാൽ യഥാ ർത്ഥ വേദാന്തത്തിലും ആരാധന, സാക്ഷാൽക്കരിക്കപ്പെടാത്തതിനോടും അപക്വതയോടും ബന്ധപ്പെട്ടിരിക്കുന്നു. ആത്യന്തികമായി ആരാധനാമൂർ ത്തി ആരാധകൻ തന്നെയാകയാൽ ഒരു ആരാധനയും സാദ്ധ്യമല്ല. സ്വന്തം യഥാർത്ഥ സ്വത്വം ഒഴികെ മറ്റൊന്നിനെയും ആരാധിപ്പാനില്ലെങ്കിൽ ആരാ ധന വെറും മറയത്തരവും അസംബന്ധവുമായിത്തീരുകയില്ലേ? ശങ്കരൻ തന്നെ ആരാധന നടത്തി, ആരാധനയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഒരുപക്ഷേ, സ്വന്തം ജീവിതത്തിലെ നിർദ്ധാരണം ചെയ്യാനാവാത്ത ഒരു സംഘർഷം ആയിരുന്നിരിക്കാമത്. എന്നെ സംബന്ധിച്ചിടത്തോളം ആധു നിക അക്കാദമിക ശങ്കരവേദാന്തം, വേദാന്ത പാരമ്പര്യത്തിന്റെ ആധികാ രികമായ ഉൾക്കാഴ്ചകളിൽ നിന്നു വളരെയേറെ അകലെയാണ്. യഥാർത്ഥ മായ ഉൾക്കാഴ്ചകൾ അടിസ്ഥാനപരമായി വിശ്വാസത്തിന്റെ ആർജവ

ത്തിലും ത്യാഗത്തിലും ആരാധനയിലും കേന്ദ്രീകൃതമാണ്. അല്ലാതെ വ്യക്തിപരമായ സാക്ഷാൽക്കാരത്തിലല്ല.

ഇന്ത്യയിൽ ആരാധന തദ്ദേശീയ പാരമ്പര്യത്തിന് അനുരൂപമാക്കുകയെന്നു പറയുമ്പോൾ, ഹിന്ദുബിംബങ്ങളും പദാവലികളും ആരാധനയിൽ അംഗീകരിക്കുകയെന്നല്ല അർത്ഥം. ഒരു നിശ്ചിത കാലഘട്ടത്തിലെ ഹൈന്ദവരൂപങ്ങൾ പുനഃസ്ഥാപിച്ചാൽ ഇന്ത്യയിലെ ക്രിസ്തീയ ആരാധന യഥാർത്ഥത്തിൽ ഭാരതീയമാവുകയില്ല. അത് ഒരു തരത്തിൽ ഹൈന്ദവ - ക്രിസ്ത്യൻ പരിവേഷം അണിയുകയേയുള്ളു. ഇന്ത്യയിൽ കൂടുതലാവശ്യമായിട്ടുള്ളത് ആരാധനയെ യഥാർത്ഥത്തിൽ സമൂഹ നിബദ്ധിതമാക്കുകയാണ്. കാലത്തിലും അതിനപ്പുറത്തും ക്രിസ്തുശരീരത്തിന്റെ സർവാതിശായിയായ യാഥാർത്ഥ്യത്തോട് വാസ്തവത്തിൽ ബന്ധമുള്ളതാക്കുകയാണ്. അതിനു ക്രിസ്തീയാരാധനയുടെ സിദ്ധാന്തങ്ങളെപ്പറ്റി താത്വികമായ ജ്ഞാനം മാത്രം പോരാ (താത്വികമായ ജ്ഞാനം പോലും ഇന്ന് ഇന്ത്യൻ സഭകളിൽ നടക്കുന്ന പല തദ്ദേശീയ പ്രസ്ഥാനങ്ങളിലും കാണുന്നില്ല എന്നതും വാസ്തവം). ആത്മാർത്ഥമായി ആരാധന നടത്തുന്ന ഒരു സമൂഹത്തിന്റെ (ഇന്ത്യയിൽ ഇതു ദുർലഭം) ജീവിതത്തിൽനിന്നു വേണം അത് ഉത്ഭവിക്കാനെന്നതാണ് പ്രധാനം. ഇത്തരത്തിൽ ആത്മാർത്ഥമായും അധികൃതമായും ആരാധിക്കുന്ന സമൂഹങ്ങൾ രൂപവല്ക്കരിക്കാനുള്ള ഒരു ക്ഷണം കൂടിയായി ഈ ഗ്രന്ഥത്തെ പരിഗണിക്കാം.

**പൗലോസ് മാർ ഗ്രിഗോറിയോസ്**

ന്യൂഡൽഹി
ഈസ്റ്റർ 1984

(മൂലകൃതിയുടെ രണ്ടാം ഭാരതീയ പതിപ്പിനെഴുതിയ (ജോയ് ഓഫ് ഫ്രീഡം, സി. എൽ. എസ്., മദ്രാസ്, 1986) ആമുഖം. തർജമ: എം. കുര്യൻ)

# പരിഭാഷയുടെ ഒന്നാം പതിപ്പിന് ഗ്രന്ഥകർത്താവിന്റെ

# മുഖവുര

ഞാൻ പാശ്ചാത്യ രാജ്യങ്ങളിൽ ജീവിച്ചിരുന്ന കാലത്തു ചില സുഹൃത്തുക്കളുന്നയിച്ച പല വേദശാസ്ത്രവാദങ്ങളും വികലങ്ങളായിട്ടാണ് എനിക്കു തോന്നിയത്. അവയിൽ ചിലതിനെപ്പറ്റി ഞാനൊരു ലഘു ഗ്രന്ഥം എഴുതിയത് മലയാളത്തിൽ വിവർത്തനം ചെയ്യുവാൻ എന്റെ പ്രിയ സുഹൃത്ത് ശ്രീ. കെ. എം. തരകൻ വെമ്പൽകൊണ്ടപ്പോൾ ഞാനതിനെ തികച്ചും നിരുത്സാഹപ്പെടുത്തുകയാണുണ്ടായത്. കാരണം, ശ്രീ. തരകനുള്ളതുപോലുള്ള പാശ്ചാത്യവേദശാസ്ത്രജ്ഞാനം നമ്മുടെ നാട്ടിലുള്ള അനുവാചകരിൽ ബഹുഭൂരിപക്ഷത്തിനും കാണുകയില്ലെന്നെനിക്കറിയാം. പാശ്ചാത്യവേദശാസ്ത്രവുമായുള്ള സംവാദത്തിന്റെ പ്രഥമ പടിയാണ് ഈ ലഘുഗ്രന്ഥം. അതിന്റെ പശ്ചാത്തലമറിഞ്ഞുകൂടാത്തവർക്ക് ഇതിലെ പല ആശയങ്ങളും തികച്ചും ദുർഗ്രഹങ്ങളായിരിക്കും.

പക്ഷേ ശ്രീ. തരകൻ വിട്ടില്ല. വിവർത്തനം അദ്ദേഹം പൂർത്തിയാക്കി. ചില ഭാഗങ്ങളൊക്കെ അർത്ഥം വ്യക്തമാക്കുവാൻവേണ്ടി ഞാൻ തിരുത്തിയെഴുതി. ഭാഷയുടെ ഭംഗിക്കുറവുകൊണ്ട് ആ ഭാഗങ്ങളെ തിരിച്ചറിയുവാൻ ആർക്കും സാധിക്കും. ഈ ഗ്രന്ഥം നമ്മുടെ നാട്ടിൽ ഏവർക്കും സുഗ്രഹമാണെന്നോ സംഗതമാണെന്നോ എനിക്കിപ്പോഴും അഭിപ്രായമില്ല.

അനുവാചകരുടെ ദീർഘക്ഷമയ്ക്കും അനുഭാവത്തിനും ആദിമുതലേ നന്ദി പറഞ്ഞുകൊള്ളട്ടെ.

**ഫാ. പോൾ വർഗീസ്**

കോട്ടയം

20–11–1970

# 1

# ആധുനിക മനുഷ്യന് ആരാധന ആവശ്യമാണെന്നുണ്ടോ?

ആധുനിക മനുഷ്യന് പ്രായപൂർത്തിയായെന്നാണ് അവൻ അവകാശപ്പെടുന്നത്. ഈ അവകാശവാദത്തെ യാതൊരു കാരണവശാലും അപഹസിക്കരുതെന്ന് ഡീട്രിക് ബോൺഹോഫർ[1] അനുശാസിക്കുന്നു. ക്രൈസ്തവരുടെ സവിശേഷ ശ്രദ്ധയെ ഈ വിഷയത്തിലേക്ക് ക്ഷണിച്ചത് അദ്ദേഹമാണ്. ആധുനിക മനുഷ്യന്റെ പക്വതയെ സമാദരിക്കയും അവന് പ്രായപൂർത്തിയായെന്ന് നാം അംഗീകരിക്കുകയും വേണം പോലും. 'നാ'മെന്ന പദംകൊണ്ട് സഭയെയാവും അദ്ദേഹം ഉദ്ദേശിക്കുന്നത്. ആകട്ടെ സഭയുടെ പ്രായത്തെക്കുറിച്ചുള്ള മതിപ്പെന്താണ്? സഭ ഇപ്പോൾ, യൗവനത്തിലോ, വാർദ്ധക്യത്തിലോ? യുദ്ധാനന്തര യൂറോപ്പിൽ ക്രിസ്തുമതം പരിപക്വത പ്രാപിച്ചു. ക്രിസ്തുമതത്തിനു മുഴുവനുമല്ലെങ്കിലും കുറഞ്ഞത് അതിന്റെ പ്രോട്ടസ്റ്റന്റ് വിഭാഗത്തിൽ ഒരു സമൂഹത്തിനെങ്കിലും മതത്തെക്കൊണ്ട് മേലാൽ യാതൊരു പ്രയോജനവുമില്ലെന്നായിട്ടുണ്ട്. ഇങ്ങനെ പ്രായപൂർത്തി പ്രാപിച്ച ലോകത്തിൽ, മതരഹിതമായിക്കൊണ്ടിരിക്കുന്ന ക്രിസ്തീയതയിൽ ആരാധനയ്ക്കെന്തെങ്കിലും സ്ഥാനമുണ്ടോ?

ബോൺഹോഫർ ഒരുതരം പ്രത്യേക നിഗൂഢ ശിക്ഷണത്തെപ്പറ്റി പറയുന്നുണ്ട്. ആധുനിക ലോകത്തെ പ്രകോപിപ്പിച്ചെങ്കിലോ എന്നു ഭയന്ന് അവരിൽനിന്ന് ഇത് നാം മറച്ചുവച്ചിരിക്കയാണ്. യൂറോപ്പിലെ ബോൺഹോഫറിയൻ ചിന്തകർ പറയുന്നത് ഇതു ഭാവിയിൽ ഗവേഷണത്തിനു പറ്റിയ വിഷയമാണെന്നാണ്. നമുക്ക് തൽക്കാലത്തേക്ക് ക്രിസ്തുമതത്തിൽനിന്നു 'പള്ളി' മതത്തെ നീക്കംചെയ്തിട്ട് മുന്നോട്ടു പോകാം. പക്ഷേ, സഭയുടെ ആരാധനയിൽ അടങ്ങിയിരിക്കുന്ന പ്രാർത്ഥനാപദ്ധതികളുടെ മൗലികതത്ത്വങ്ങൾ പലപ്പോഴും പള്ളിമതത്തിന്റെ കാലഹരണപ്പെട്ട വകുപ്പിലാവും ഉൾപ്പെട്ടിരിക്കുന്നത്.

ഈ നിലപാടിന് സമാന്തരമാണ് പ്രാർത്ഥനാപദ്ധതി സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിലുണ്ടായിരിക്കുന്ന അനുകൂലമായ വികാസം. ആധുനികലോകത്തെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന അജപരിപാലനോത്സുകനായ ജോൺ മാർപ്പാപ്പാ തിരുമേനി ആരാധനയെ സംബന്ധിച്ചുള്ള കരടു പ്രമേയത്തെ കൗൺസിലിന്റെ ഒന്നാം സെഷന്റെ ഉരകല്ലാക്കി. രണ്ടാം സെഷനിൽ ഈ കരടു പ്രമേയം വമ്പിച്ച ഭൂരിപക്ഷത്തോടെ അംഗീകരിക്കപ്പെട്ടു. ആരാധനയിൽ വരുത്തേണ്ടതെന്ന് കൗൺസിൽ നിർദ്ദേശിച്ച പരിഷ്കാരം നടപ്പാക്കാൻ പാപ്പാ തിരുമനസ്സുകൊണ്ട് തിടുക്കത്തിൽ കൽപനയിട്ടു. ഇത് വ്യക്തമാക്കുന്നത് പ്രസക്ത

മായ ആരാധനാരൂപങ്ങൾ ആധുനിക മനുഷ്യന്റെ അടിയന്തരമായ ആവശ്യമാണെന്നത്രേ. ആരാധനാക്രമം പരിഷ്കരിക്കാനുള്ള കത്തോലിക്കാ പരിശ്രമം ഒരു തലമുറയ്ക്കു മുമ്പേ, വി. പീയൂസ് പത്താമന്റെ കാലം മുതൽ, അല്ലെങ്കിൽ കുറെക്കൂടി മുമ്പേ 19-ാം ശതകത്തിൽ, ആധുനിക ആരാധനാപ്രസ്ഥാനത്തിന്റെ ജനയിതാവ് എന്നറിയപ്പെടുന്ന ബനഡിക്ടൈൻ സന്യാസി ഡോം ഗരാൻഗറിന്റെ[2] കാലം മുതൽക്കേ ആരംഭിച്ചതാണ്. എന്നാൽ കത്തോലിക്കാസഭയിലെ ആരാധനാപ്രസ്ഥാനം, പ്യൂസി, കീബിൾ എന്നിവരുടെ നേതൃത്വത്തിൽ ആംഗ്ലിക്കൻ സഭയിലുണ്ടായ ആരാധനാനവീകരണ പ്രസ്ഥാനത്തിന് പ്രചോദനം നൽകി. ഈ ആരാധനാപ്രസ്ഥാനം ആസ്ട്രിയായിലും, ജർമ്മനിയിലും, ഫ്രാൻസിലും ഏറ്റവും ഫലപ്രദമായി വ്യാപരിച്ചുകൊണ്ടിരുന്നപ്പോൾ, അത്രതന്നെ അനുകൂലസാഹചര്യമുണ്ടായിരുന്ന 'പ്രോട്ടസ്റ്റന്റ് നിയോ ഓർത്തഡോക്സിയിൽ' നിന്ന് അതിനു ലഭിച്ച പ്രതികരണം പ്രതികൂലമായിപ്പോയി. ആരാധനയെക്കുറിച്ചുള്ള അറിവില്ലായ്മ അതിന്റെ നഗ്നരൂപത്തിൽ കാണാവുന്നത് എമിൽ ബ്രൂണ്ണറിന്റെ[3] താരതമ്യേന അപ്രസിദ്ധമായ 'മിസ്റ്റിസിസവും വചനവും' എന്ന ഗ്രന്ഥത്തിലാണ്. അദ്ദേഹം ഗ്രന്ഥം അവസാനിപ്പിക്കുന്നത് 'ഒന്നുകിൽ മിസ്റ്റിസിസം അല്ലെങ്കിൽ വചനം' എന്ന വാക്കുകളുമായാണ്.

പാശ്ചാത്യ നവീകരണപ്രസ്ഥാന പാരമ്പര്യത്തിലും ലൂഥറൻ പാരമ്പര്യത്തിലും 'ആരാധന'യോടുള്ള അപ്രിയം പ്രകടമാണ്. നിയോബോൺഹോഫറിയന്മാരുടെയും നിയോ ബുൾട്ട്മാനിയന്മാരുടെയും'[4] ക്ഷയിച്ചുകൊണ്ടിരിക്കുന്ന ബാർത്തിയന്മാരുടെയും[5] ബ്രൂണ്ണറൈറ്റുകളുടെയും[6] മനോഭാവങ്ങളിൽ ഇപ്പോഴിത് പ്രത്യക്ഷമാണ്. മദ്ധ്യയുഗത്തിലെ ആരാധനാസമ്പ്രദായങ്ങളിൽ കടന്നുകൂടിയ ദുഷ്പ്രവണതകൾക്കെതിരായുണ്ടായ തിരിച്ചടിയുടെ മുദ്രകളാണ് നവീകരണപ്രസ്ഥാനത്തിൽ ഇപ്പോഴും മായാതെ കിടക്കുന്നത്. ഇതിനെപ്പറ്റി ശരിയായൊരു ആത്മപരിശോധന നടത്താൻ അവിടെ ആരംഭിച്ചിട്ടുള്ള പരിശ്രമങ്ങൾക്കു വേണ്ടത്ര ശക്തി ലഭിച്ചിട്ടില്ല. ലൂഥറനിസത്തിന്റെ ജർമ്മൻ പാരമ്പര്യത്തിനും അതോടു ബന്ധപ്പെട്ടിരിക്കുന്ന സ്വിസ്സ് മാതൃകയിലുള്ള നവീകരണപ്രസ്ഥാനത്തിനും ആരാധനയെക്കുറിച്ചുള്ള യഥാർത്ഥ 'ദിഗ്ബോധം' ലഭിക്കണമെങ്കിൽ സമയം കുറെക്കൂടി വേണ്ടിവന്നേക്കും. ഈ രണ്ടു പാരമ്പര്യങ്ങളുമാണ് ഫ്രീചർച്ചുകളിലും, ലോകമെങ്ങുമുള്ള ആംഗ്ലിക്കൻ, ലൂഥറൻ, പ്രോട്ടസ്റ്റന്റിസത്തിലും ഇന്ന് ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നതും.

ഈ പൊരുത്തക്കേടിനെപ്പറ്റി ഇവിടെ പറഞ്ഞത് പ്രാർത്ഥനാക്രമമുപയോഗിച്ചുള്ള ആരാധന ആധുനിക മനുഷ്യന് ഹിതകരമല്ലെന്നുള്ള പൊതുധാരണ അപ്പാടെ അങ്ങു സ്വീകരിക്കേണ്ടെന്ന് വ്യക്തമാക്കാനാണ്. നവീകരണ പ്രസ്ഥാനത്തിൽപ്പെട്ട ഏതാനും വേദശാസ്ത്രജ്ഞർ ആരാധനയ്ക്കെതിരായ നിലപാടു കൈക്കൊണ്ടിട്ടുണ്ടെങ്കിൽ അതേ പ്രസ്ഥാനത്തിൽപ്പെട്ട അനേകം ചിന്തകർ അങ്ങനെയൊരു നിലപാട് ശരിയല്ലെന്ന് വിശ്വസിക്കുന്നുമുണ്ട്. ഒരു കാര്യം വാസ്തവമാണ്. വേദശാസ്ത്രജ്ഞരുടെ ഇടയിലും വിവിധ പ്രോട്ടസ്റ്റന്റ് പാരമ്പര്യത്തിൽപ്പെട്ട സാധാരണ വിശ്വാ

സികളുടെ ഇടയിലും ആരാധനാക്രമമുപയോഗിച്ചു നടത്തുന്ന പ്രാർത്ഥനയോടുള്ള വൈകാരികമായ അപ്രിയം ഇന്നും നിലനിന്നു പോരുന്നു.

ഇത് സമ്മതിച്ചുകൊണ്ടുതന്നെ പറയട്ടെ, ആധുനിക മനുഷ്യൻ ബോധപൂർവ്വകമായോ അല്ലാതെയോ ഏറ്റവും നിസ്സർഗമായ ആരാധനയ്ക്കായി ദാഹിക്കുന്നുണ്ട്. ഒരു കാലത്ത് റോമൻ കുർബാനക്രമത്തിലധികം വൈദികർ കൈയടക്കി. അതു വളരെ ആചാരാനുഷ്ഠാനങ്ങളിൽ കുടുങ്ങിയിരുന്നു. തന്മൂലം വിശ്വാസികളുടെ ബുദ്ധിപരവും ആദ്ധ്യാത്മികവുമായ പരിപോഷണത്തിന് അത് അപര്യാപ്തമായിത്തീർന്നു. അങ്ങനെയൊരു ഘട്ടത്തിൽ നവീകരണപ്രസ്ഥാനത്തിന്റെ നായകന്മാർ 'വചനപ്രസംഗത്തിന്' മറ്റെല്ലാത്തിനുമുപരിയായ സ്ഥാനം നൽകിയതിന്റെ കാരണം സ്പഷ്ടമാണ്. എന്നാൽ നാമിന്ന് ജീവിക്കുന്നത് ആ തിരിച്ചടിയോടുള്ള തിരിച്ചടിയുടെ കാലഘട്ടത്തിലാണെന്നോർക്കണം. വചനപ്രസംഗത്തിൽ നമുക്കിന്ന് മടുപ്പായിരിക്കുന്നു. സുന്ദരങ്ങളായ മൂർത്തരൂപങ്ങളുടെ സഹായത്തോടെ പ്രകൃതിക്കു മീതെയുള്ളതുമായി സമ്പർക്കം പുലർത്താൻ ഇന്നത്തെ മനുഷ്യൻ അതിയായി ആഗ്രഹിക്കുന്നു. അത്യുല്ക്കടമായ ഈ ആഗ്രഹം മനസ്സിന്റെ അത്യഗാധതലത്തിൽനിന്നുമാണ് പൊന്തുന്നത്. വചനപ്രസംഗം ഈ ആഗ്രഹം സഫലമാക്കുന്നതിന് ഒരു പരിധിവരെ പ്രയോജനപ്രദമാണ്. ക്രമാനുസൃതവും അർത്ഥപുഷ്ടവുമായ വചനപ്രസംഗം ഇന്നും നമ്മെ ആകർഷിക്കുന്നു. എന്നാൽ ആധുനിക മനുഷ്യൻ അതു കൊണ്ടുമാത്രം സംതൃപ്തി അടയുന്നില്ല. അതിൽ കൂടുതലായ എന്തിനോ വേണ്ടി അവൻ അതിയായി ദാഹിക്കുന്നു. ആ 'എന്ത്' എന്താണെന്ന് കണ്ടുപിടിച്ചേ മതിയാവൂ. ഇവിടെ നാം വിഷമത്തിൽപ്പെട്ടു പോകാനിടയുണ്ട്. എന്തെന്നാൽ ആ 'കൂടുതൽ' എന്തെന്ന് നിർവചിച്ചാൽ പല വേദശാസ്ത്രജ്ഞരും നമ്മെ കഠിനമായി ശകാരിക്കും. അറിവു കൂടുതലുള്ളവർ ചൂണ്ടിക്കാണിച്ചാൽ തെറ്റു തിരുത്താനുള്ള ഒരുക്കത്തോടെ പറയട്ടെ, ആധുനിക മനുഷ്യന് വേണ്ട കാര്യങ്ങളിൽ താഴെക്കൊടുക്കുന്ന ആറു ഘടകങ്ങളെങ്കിലും അടങ്ങിയ നിസ്സർഗമായ ആരാധനയും ഉൾപ്പെടുന്നു.

1. ഇന്നത്തെ മനുഷ്യന്റെ യഥാർത്ഥ ജീവിതാവശ്യങ്ങളെ ഉൾക്കൊള്ളുക.

2. ലോകാതീതമായതിനെക്കുറിച്ചുള്ള അവബോധമുണ്ടാവുക.

3. മനസ്സിന്റെ സുബോധത്തിനും ആഴത്തിലുള്ള തലങ്ങളെ സ്പർശിക്കുക.

4. മൂർത്തവസ്തുക്കളിൽക്കൂടിയും കർമ്മങ്ങളിൽക്കൂടിയും പ്രകാശിപ്പിക്കുക.

5. യുക്തിയെ മറികടക്കുന്ന രൂപങ്ങൾ വഴിയായി ഭക്തി പ്രകടിപ്പിക്കുക.

6. സമൂഹത്തിന്റെ ലോകാതീതമായ ഐക്യത്തെക്കുറിച്ചുള്ള അനുഭവമുണ്ടാകുക.

ഇവയാണ് ആ ആറു ഘടകങ്ങൾ. ഇവയിൽ ഒന്നാമത്തേതും നാലാമത്തേതും കേൾക്കുമ്പോൾ അധികംപേരും നെറ്റി ചുളിച്ചെന്നു വരില്ല. ഇവിടെയും ആത്മാവിനു നേരെ എതിരാണു വസ്തുവെന്ന്[7] മിഥ്യാബോധ

ത്തിൽ നിന്നുളവായിട്ടുള്ള ആദ്ധ്യാത്മികത പ്രശ്നങ്ങൾ സൃഷ്ടിച്ചെന്നു വരും. മറ്റു നാലു കാര്യങ്ങളും ആധുനിക ലോകത്തിൽ കൂടുതൽ കൂടുതലായി വിവാദവിഷയമായേക്കാം. അതിനാൽ ഈ ആറു കാര്യങ്ങളെക്കുറിച്ചും ലഘുവായെങ്കിലും പ്രതിപാദിക്കേണ്ടത് ആവശ്യമാണ്. യുക്തിവാദികളെ സമ്പൂർണമായും സംതൃപ്തിപ്പെടുത്താനല്ല, എന്താണുദ്ദേശിച്ചിരിക്കുന്നതെന്നു വിശദമാക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

### 1. ഇന്നത്തെ മനുഷ്യന്റെ യഥാർത്ഥ ജീവിതാവശ്യങ്ങളെ ഉൾക്കൊള്ളുക

അനുദിന ജീവിതത്തോടു ബന്ധപ്പെട്ടതല്ലെങ്കിൽ ആരാധന പ്രാമാണികമാവാൻ സാദ്ധ്യമല്ലെന്നു പറയുന്നതു കുറഞ്ഞതു വേദശാസ്ത്രജ്ഞരുടെ ഇടയിലെങ്കിലും സർവ്വസമ്മതമാണ്. ലോകായതികത്വത്തിന്റെ[8] മദ്ധ്യത്തിൽ വിശുദ്ധിയുണ്ടെന്ന കണ്ടുപിടിത്തം നമ്മുടെ കാലത്തെ ഗാഢമായ ഉൾക്കാഴ്ചകളിലൊന്നാണ്. എന്നാൽ ഈ സങ്കല്പം ക്രൈസ്തവ പാരമ്പര്യത്തിനു തികച്ചും നൂതനമാണെന്നു ധരിക്കരുത്. ആദികാലങ്ങളിൽ ആരാധനയുടെ സത്ത അനുദിനജീവിതാവശ്യങ്ങളെ ഉൾക്കൊണ്ടിരുന്നു. അനുദിനജീവിതത്തിലെ അനുഗ്രഹങ്ങൾക്കും, കാലോചിതമായ മഴയും ഭൂമിയിൽനിന്നുള്ള വിളവിനും, ജീവിതാവശ്യങ്ങൾക്കുംവേണ്ടിയുള്ള കൃതജ്ഞതയും അപേക്ഷയും അതിൽ അടങ്ങിയിരുന്നു. പൂർവ്വികന്മാർ അനുദിന ജീവിതാവശ്യങ്ങൾക്കുവേണ്ടി അർപ്പിച്ചിരുന്ന കൃതജ്ഞതയേയും അപേക്ഷയേയും മാറ്റമില്ലാത്ത മന്ത്രങ്ങളാക്കിയിട്ട്, അവയെത്തന്നെ മുറുകെ പിടിച്ചുവെന്നതാണു നമുക്കു പറ്റിയ തകരാറ്.

നമ്മുടെ ജീവിതം അവരുടേതിനേക്കാൾ എത്രമേൽ വൈവിധ്യമുള്ളതും സങ്കീർണ്ണവുമാണ്. ആധുനികലോകം യന്ത്രവൽകൃതവും നാഗരികവുമത്രേ. ഇന്നത്തെ ആവശ്യങ്ങൾക്കും ഇന്നത്തെ ലോകത്തിനുംവേണ്ടി അപേക്ഷിക്കാനും അവ ലഭിക്കുമ്പോൾ നന്ദി അർപ്പിക്കാനും പഴയ ആരാധനാരീതി മതിയാകുന്നില്ല. കാലാനുസൃതമായവിധം പുതിയ ആശയങ്ങളും വാക്യങ്ങളും ആരാധനയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പ്രാർത്ഥനാഗ്രന്ഥങ്ങൾ കാലോചിതമായി പരിഷ്കരിക്കാതിരുന്നതു പൗരസ്ത്യരുടെ ഉന്മേഷക്കുറവിനെയാണു വെളിപ്പെടുത്തുന്നത്. കരയിലും കടലിലും സഞ്ചരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ കൂടെ വായുവിൽ സഞ്ചരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും ഉൾപ്പെടുത്തുമ്പോൾ ഇന്നത്തെ പൗരസ്ത്യസഭാംഗങ്ങൾ എന്തിന് അത്ഭുതപ്പെടണം? കുർബാനക്രമത്തിലെ മദ്ധ്യസ്ഥപ്രാർത്ഥനകളും കൃതജ്ഞതാപ്രകടനങ്ങളും കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരുന്നവയാണ്. ആദ്ധ്യാത്മിക ജീവൻ തുളുമ്പുന്ന സഭയ്ക്കു തലമുറതോറും പുതിയ പുതിയ മദ്ധ്യസ്ഥപ്രാർത്ഥനകൾ തീർക്കാൻ കഴിയണമെന്നാണ് ഇതിന്റെ അർത്ഥം. ഇക്കാര്യത്തിൽ പൗരസ്ത്യരേക്കാൾ വളരെ കൂടുതൽ ഉന്മേഷത്തോടെ പാശ്ചാത്യർ വർത്തിച്ചുപോന്നിട്ടുണ്ട്. സമ്പന്നമായ ആരാധനക്രമങ്ങൾ പരമ്പരയാ ലഭിച്ചിട്ടുള്ള സഭകളിലാണ് ആരാധനയിലെ വാക്കുകൾ മാറ്റാനുള്ള വൈമനസ്യം ഏറ്റവും പ്രകടം. പാരമ്പര്യത്തോടുള്ള ആദരവും ആരാധനയുടെ സ്വഭാ

വത്തെക്കുറിച്ചുള്ള ധാരണക്കുറവുമാവാം കാലോചിതമായ മാറ്റങ്ങൾ വരുത്താനുള്ള ഭയത്തിനു പ്രധാന കാരണം.

സാമ്പത്തികവും രാഷ്ട്രീയവും ശാസ്ത്രപരവും സാങ്കേതിക വിജ്ഞാനപരവുമായ പ്രശ്നങ്ങൾ, സമാധാനം, യുദ്ധം, സംഘർഷം, സംഘട്ടനം, അനീതി, മർദ്ദനം, വർണവിവേചനം, വ്യവഹാരസംബന്ധമായ ചൂഷണം എന്നിവയിൽ നിന്നുളവാകുന്ന കാര്യങ്ങൾ, ഗ്രാമീണവും നാഗരികവുമായ സമുദായങ്ങളുടെ ആവശ്യങ്ങൾ തുടങ്ങിയവയെല്ലാം ആരാധനയിൽ അടങ്ങിയിരിക്കണം. എന്നാൽ മാത്രമേ അവയെ യഥാർത്ഥത്തിൽ ദൈവത്തിനു നാം നടത്തുന്ന ആത്മസമർപ്പണത്തിൽ നമുക്ക് ഉൾപ്പെടുത്താൻ സാധ്യമാവുകയുള്ളു. ആധുനിക കാലത്തെങ്ങും ഏതെങ്കിലും പുരാതന സഭ ഈ വിധത്തിൽ ആരാധനക്രമം പരിഷ്കരിച്ചതായി തോന്നുന്നില്ല. ആരാധനയെ ചരിത്രത്തിൽനിന്നു[9] രക്ഷ നേടാനുള്ള അഭയസ്ഥാനമാക്കാൻ ഒരിക്കലും സാധ്യമല്ല. ചരിത്രത്തെത്തന്നെയും ആവാഹിച്ചു വിശുദ്ധമാക്കേണ്ടത് ആരാധനയുടെ ധർമ്മമാണ്. നിസ്സർഗ്ഗമായ ആരാധന അപ്പവും വീഞ്ഞും മാത്രമല്ല, സമസ്ത മനുഷ്യരാശിയെയും അനുഭൂതികളെയും വേദനകളെയുംകൂടി ബലിപീഠത്തിലെത്തിക്കുന്നു.

**2. ലോകാതീതമായതിനെക്കുറിച്ചുള്ള അവബോധമുണ്ടാവുക**

'ദൈവം ഗ്രഹണത്തിലാവുകയെന്നത്' ഒരു അനുഭവ യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്ന ചരിത്രഘട്ടത്തിലാണ് ആധുനികമനുഷ്യൻ ജീവിക്കുന്നത്. പരമവുമായി സ്വയം ബന്ധിക്കാനുള്ള ശ്രമത്തിൽ ആധുനിക മനുഷ്യനിൽ ഉളവാകുന്ന വർദ്ധിച്ച അഹംബോധത്തിനു നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ മാർട്ടിൻ ബുബർ[10] ചിത്രോജ്ജ്വലമായി വിവരിക്കുന്നുണ്ട്. ലോകാതീതത്തെക്കുറിച്ചു ബോധം വന്നു തുടങ്ങുമ്പോഴേക്കും 'പര'[11] ത്തെക്കുറിച്ചു ബോധം ലഭിച്ചെന്ന് 'അഹംബോധ'ത്തോടെ അവൻ ബോധവാനാകുകയും ഈ അഹംബോധം അവനും 'പര'ത്തിനും ഇടയ്ക്കു കയറി 'പരത്തെ' ഗ്രഹണത്തിലാക്കുകയും ചെയ്യുന്നു. ഈ വികല്പം ആധുനിക മനുഷ്യനെ പലപ്പോഴും എളുപ്പമുള്ള മാർഗ്ഗം തെരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നു. ഒന്നുകിൽ അവൻ ലോകാതീതത്തെ അപ്പാടെ നിഷേധിക്കുന്നു. അല്ലെങ്കിൽ അതിനെ, നമ്മുടെ മദ്ധ്യത്തിലുള്ള അതീതമെന്നോ അസ്തിത്വത്തിന്റെ ആധാരമെന്നോ വിവരിച്ചു സാധാരണമാക്കുവാൻ ശ്രമിക്കുന്നു. എങ്കിലും ലോകാതീതത്തെ തേടുകയെന്നതു നമ്മുടെ കാലത്തിന്റെ സവിശേഷസ്വഭാവമായിത്തീർന്നിരിക്കുന്നു. പാശ്ചാത്യർ ഹിന്ദുമതത്തിലേക്കും ബുദ്ധമതത്തിലേക്കും ആകൃഷ്ടരായിക്കൊണ്ടിരിക്കുന്നുവെന്നത് ഇതിനു മതിയായ തെളിവാണല്ലോ?

ഇന്ദ്രിയപരമായ അനുഭവത്തിന് അപ്പുറത്തുള്ളതോ, ആത്മവിദ്യാപരമോ സത്വവിദ്യാപരമോ ആയ പല പല ആശയങ്ങളുടെയും സാധുത്വം അംഗീകരിക്കുന്നതിനു ചില ദാർശനികവൃത്തങ്ങളിൽ കടുത്ത വിസ്സമ്മതമുണ്ട്.

സത്വവിദ്യാപരമായ[12] ദർശനത്തെ തള്ളിക്കളയുന്നതു ശരിയല്ലെന്ന

നമ്മുടെ നൂറ്റാണ്ടിലെ പ്രതിഭാശാലികളിലൊരാളായ മാർട്ടിൻ ഹൈഡഗർ[13] വാദിച്ചിട്ടും ക്രൈസ്തവവും ക്രൈസ്തവേതരവുമായ വിദ്വൽലോകം അതിനെ സഗൗരവം ഗൗനിച്ചതായി തോന്നുന്നില്ല. കാന്റ്[14] നമ്മുടെ ബുദ്ധിയെ തെറ്റിച്ചെന്നുവേണം പറയുവാൻ. ഇന്നു വികലമായ മനുഷ്യ പ്രതിഭ ദർശിച്ച് ആവിഷ്കരിക്കുന്ന ആധുനിക കലയിലും സംഗീതത്തി ലുംകൂടി മാത്രമേ ലോകാതീതത്തെ അറിയാനാവൂ എന്നായിട്ടുണ്ട്.

ലോകാതീത യാഥാർത്ഥ്യത്തെ അറിയുവാൻ വഴിയില്ലാതെ വലയുന്ന മനുഷ്യനെ സുപ്രസിദ്ധ ജർമ്മൻ ചിന്തകനായ റുഡോൾഫ് ഓട്ടോയുടെ[15] 'വിശുദ്ധമെന്ന ആശയം' എന്ന ഗ്രന്ഥം സഹായിക്കുമെന്ന് ഒരു കാലത്തു പ്രതീക്ഷയുണ്ടായിരുന്നു. സാമാന്യാനുഭൂതിയിൽ നിന്നു തികച്ചും വ്യത്യ സ്തരായ നമ്മിൽ നിന്ന് ഇതരനായവനെ[16] വൈകാരികമായ യോഗാനു ഭൂതിയിൽ അനുഭവിച്ചറിഞ്ഞിട്ടു പിന്നീടു സയുക്തിക മനസ്സുകൊണ്ട് ആവി ഷ്കരിക്കാനാവുമെന്നും അങ്ങനെ പൂർണമായും വ്യത്യസ്തമായ ഒരു വിശുദ്ധതയുടെ അനുഭൂതിയിൽക്കൂടി ലോകാതീത യാഥാർത്ഥ്യവുമായി സമ്പർക്കം പുലർത്തുവാൻ കഴിയുമെന്നുമായിരുന്നു പ്രത്യാശ. എന്നാൽ 'വൈകാരികം', 'സയുക്തികം' എന്നിവ തമ്മിൽ വിവേചിക്കുകയും മതാ നുഭവം ഇതരാനുഭവങ്ങളിൽനിന്നു വ്യത്യസ്തമാണെന്നു ശഠിക്കയും ചെയ്തുവെന്നതിന് അദ്ദേഹം അടുത്ത കാലത്തു കടുത്ത വിമർശനത്തിനു പാത്രമായിരിക്കുന്നു.

എങ്ങനെയാണു നാം നമ്മുടെ കാലത്തു ലോകാതീത പ്രകൃതിയെ വീണ്ടെടുക്കേണ്ടത്? അതിനെ വിവരിക്കാനൊരുങ്ങുന്നത് അരിപ്പയിൽ വെള്ളംകോരുവാൻ ശ്രമിക്കുന്നതുപോലെയാകുന്നു. അതിനെക്കുറിച്ചു ബോദ്ധ്യം ഉളവാക്കാനുള്ള ബോധപൂർവമായ ശ്രമം ദൈവഗ്രഹണത്തി ലാണു പരിണമിക്കുന്നത്. പതിവായി ദീർഘനേരത്തേക്കു നടത്തുന്ന 'സാധന' കൊണ്ടു മാത്രമേ ലോകാതീത പ്രകൃതിയെക്കുറിച്ചുള്ള ജ്ഞാനം ആധുനിക മനുഷ്യന് 'വീണ്ടെടുക്കുവാൻ' കഴിയൂ. അങ്ങനെയൊരു സാധന ശരിയായ ഒരു ആരാധനാ പാരമ്പര്യത്തിൽ മാത്രമേ നടക്കുന്നുള്ളുവെന്ന താണു വാസ്തവം. എന്നാൽ കേവലം തത്ത്വപരമായ സമീപനം ആരാധ നയോടു സ്വീകരിക്കുന്നതും, പാണ്ഡിത്യം പ്രകടമാക്കുവാൻവേണ്ടി ആരാ ധനയുടെ വിശദാംശങ്ങളെ പരിശോധിക്കാനൊരുങ്ങുന്നതും ലോകാതീ തപ്രകൃതിയെക്കുറിച്ചുള്ള വിജ്ഞാനം വീണ്ടെടുക്കുന്നതിനു തടസ്സമായി നിൽക്കാം.

ഗ്രഹണാതീതമായത് എന്നു മാത്രമാണ് 'പരമ'മെന്ന പദംകൊണ്ടുദ്ദേ ശിക്കുന്നതെന്നു ധരിക്കരുത്. ബോൺഹോഫർ പറയുന്നപോലെ: 'ലോകാ തീത യാഥാർത്ഥ്യമെന്നാൽ കേവലം നമ്മുടെ ഗ്രഹണശക്തിക്ക് അതീത മായതെന്നു മാത്രമല്ല നാം മനസ്സിലാക്കേണ്ടത്. മനുഷ്യന്റെ ഗ്രഹണശ ക്തിയുടെ പരിമിതിയെ അടിസ്ഥാനമാക്കി നാം വിഭാവനംചെയ്തിരിക്കുന്ന ലോകാതീത പ്രകൃതിയും ദൈവത്തിന്റെ ഭൗതികാതീത സ്വഭാവവും തമ്മിൽ യാതൊരു ബന്ധവുമില്ല.'

എന്നാൽ നമ്മുടെ 'ജീവിതമദ്ധ്യത്തിലെ പരമ'മാണ് ദൈവമെന്ന്

തീർത്തടിച്ചപ്പോൾ ബോൺഹോഫർ പറഞ്ഞത് അല്പം കടന്നുപോയി ല്ലേയെന്നു സംശയിക്കണം. കേൾക്കാൻ മധുരമായ ഏതെങ്കിലും മുദ്രാ വാക്യം പ്രയോഗിച്ച് ദൈവത്തിന്റെ ലോകാതീതസ്വഭാവവും ലോകാന്ത ര്യാമിത്വവും തമ്മിലുണ്ടെന്നു തോന്നുന്ന വൈരുദ്ധ്യത്തെ പാടെ പരിഹ രിക്കാമെന്നു തോന്നുന്നില്ല. വ്യക്തികൾക്കും ദ്രവ്യത്തിനും സ്ഥലകാലങ്ങ ളിൽ നിശ്ചിതമായ സ്ഥാനമുള്ളതുപോലെ ദൈവത്തിന് നിശ്ചിതസ്ഥാന മുണ്ടോ? നമ്മുടെ സ്പഷ്ടമായ സ്ഥലകാല സങ്കൽപങ്ങൾക്കുള്ളിൽ ദൈവത്തെ ഒരിക്കലും ഒതുക്കിനിർത്താനാവില്ല. ദൈവം മനുഷ്യബുദ്ധിക്ക് അതീതനാണെന്നുള്ളത് ശരിയാണ്. എന്നാൽ ദൈവത്തിന്റെ 'അതിരി ക്തത' മനുഷ്യബുദ്ധിയുടെ പരിമിതത്വത്തെ ആശ്രയമാക്കുന്നില്ല.

നാം പ്രപഞ്ചത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ സ്വീകരിക്കുന്ന സ്ഥലകാല സങ്കൽപങ്ങളെ മാത്രമല്ല സ്ഥലകാല പ്രപഞ്ചത്തെത്തന്നെയും ദൈവം അതിവർത്തിക്കുന്നു. പ്രപഞ്ചത്തിന്റെ ഒരംശമോ, പ്രപഞ്ചം തന്നെയോ അല്ല ദൈവം. അവിടുന്ന് പ്രപഞ്ചത്തിനു അതീതനാകുന്നു. **'അങ്ങവി ടെയോ', 'അങ്ങു മീതെയോ'** പ്രപഞ്ചത്തിനുപരി ഏതെങ്കിലുമൊരു നിയ തസ്ഥാനത്തോ അവിടുന്ന് അമരുന്നുവെന്നല്ല അതിന്റെ അർത്ഥം. ദൈവ ത്തിന്റെ സ്ഥാനം നിർണയിക്കാനോ ദൈവത്തെ ഏതെങ്കിലും വകുപ്പിൽ ഉൾപ്പെടുത്താനോ സാധ്യമല്ല. അതാണ് അടിസ്ഥാനപരമായും ദൈവ ത്തിന്റെ അതീതത്വം. വാനനിരീക്ഷണം നടത്തിയോ, ശൂന്യാകാശപര്യ ടനം നടത്തിയോ തെരഞ്ഞു കണ്ടുപിടിക്കാവുന്ന ഒരു വസ്തുവല്ല 'സ്വർഗ്ഗ സ്ഥനായ പിതാവ്.' ആ വിധത്തിലുള്ള ഈശ്വരസങ്കൽപം മനുഷ്യബുദ്ധി ക്ക് ആക്ഷേപാർഹമാണ്. നമ്മുടെ ചിന്തയിലെ വിടവുകളെ നമ്മുടെ ഇഷ്ടാ നുസരണം വന്നെത്തി നികത്തുന്ന സത്തയല്ല ദൈവം. സംഗതി നേരെ മറിച്ചാണ്. ദൈവമാണ് മനുഷ്യചിന്തയെ യഥാസ്ഥാനത്ത് നിർത്തി ഉറപ്പി ച്ചിരിക്കുന്നത്. ദൈവത്തെ വിചിന്തനത്തിന് വിധേയമാക്കാൻ സാധ്യമല്ല. എളിമയിലും സ്നേഹത്തിലും സമ്പൂർണമായ ആത്മസമർപ്പണത്തിലും കൂടി അവിടുത്തെ ആരാധിക്കുന്നതിനു മാത്രമേ നമുക്കു കഴിയുകയുള്ളു. ഈ അതീത ദൈവത്തെ ആരാധിക്കാൻ പഠിക്കാതെ ആധുനിക മനുഷ്യൻ തികഞ്ഞ മാനവനായിത്തീരുന്നില്ല.

### 3. മനസ്സിന്റെ ബോധത്തിനും ആഴത്തിലുള്ള തലങ്ങൾ

'മനസ്സിന്റെ ബോധത്തിനും ആഴത്തിലുള്ള തലങ്ങൾ' എന്ന പ്രയോഗ ത്തിലെ പ്രത്യക്ഷ വൈരുദ്ധ്യം നമ്മെ അമ്പരപ്പിച്ചെന്നു വരാം. 'ഉപബോ ധമനസ്സ്', 'അബോധമനസ്സ്' എന്നിവയുണ്ടെന്ന് വാദിച്ചതിന് ഫ്രോയിഡ് നിശിത വിമർശനത്തിനു വിധേയനായിക്കൊണ്ടിരിക്കുന്നു. ഹുസറലിന്റെ[17] 'ഫിനോമിനോളജി' അദ്ദേഹത്തിന്റെ ശിഷ്യൻ ജിൻപോൾ സാർത്ര്[18] സർവത്ര പ്രചാരത്തിലാക്കുകയും അജപരിപാലനശാസ്ത്രം[19] അത് സ്വീക രിക്കയും ചെയ്തതോടെ 'ബുദ്ധി സമം ബോധതലം' എന്നതായിത്തീർന്നി രിക്കുന്നു പുതിയ മുദ്രാവാക്യം.

എങ്കിലും ബൗദ്ധിക ഭാവങ്ങൾ എപ്പോഴും നാം ബോധപൂർവ്വം നേടു ന്നതോ പ്രയോജനപ്പെടുത്തുന്നതോ അല്ല; ബോധത്തെപ്പറ്റിയുള്ള ബോധം

ഇനിയും സാർവത്രികമായിട്ടില്ല. ബോധപൂർവ്വമായ ബോധത്തിൽകൂടിയ ല്ലാതെയും പഠനം നടക്കുന്നുണ്ടു താനും. ഇന്ന്, ബോധത്തെക്കുറിച്ച് ബോധവാന്മാരാകുവാൻ നാം ബോധപൂർവ്വം ശ്രമിക്കുന്നു. ഇന്നത്തെ കാല ത്ത് പ്രചാരം നേടിയിരിക്കുന്ന സാഹിത്യം അനേകം നിഗൂഢവിചാരങ്ങളെ ബോധത്തിന്റെ വെളിച്ചത്തു കൊണ്ടുവന്നിരിക്കുന്നു. അങ്ങനെ വെളിച്ചത്തു കാണുന്നതുവരെ അത്തരം ചിന്തകൾ നമ്മുടെ മനസ്സിലുണ്ടായിരുന്നെന്ന് നമുക്കുതന്നെ അറിവില്ലായിരുന്നു. പൂർണ്ണ ബോധത്തോടെ തിരഞ്ഞെടു ക്കാൻ കഴിഞ്ഞെങ്കിലേ നാം തികഞ്ഞ മാനവരാകയുള്ളെന്ന് പറഞ്ഞു കേൾക്കാറുണ്ട്. എന്നാൽ ഇത്തരം 'അസ്തിത്വപരമായ[20] തീരുമാനം' എടു ക്കുവാൻ കഴിവുള്ളവർ നന്നേ ചുരുങ്ങും. നമ്മുടെ രാഷ്ട്രീയവും വാണി ജ്യവ്യവസായങ്ങളുമെല്ലാം വികസിക്കുന്നത് മനുഷ്യരുടെ നിഗൂഢോദ്ദേ ശ്യങ്ങളെയും ബോധേതരമായ ആവശ്യങ്ങളെയും അറിഞ്ഞ് അവയെ ശരിക്കും പ്രയോജനപ്പെടുത്തുന്നതുകൊണ്ടാണല്ലോ.

നമ്മുടെ ബോധപൂർവമായ പെരുമാറ്റത്തിന്മേലും നമ്മുടെ അസ്തിത്വ ത്തിന്മേലും ഇത്ര കനത്ത സ്വാധീനമുള്ള ഉപബോധതലങ്ങളെക്കൂടി കഴുകി ശുദ്ധീകരിക്കണമെങ്കിൽ 'മാനസിക ചികിത്സ' ചുരുങ്ങിയ സമയം കൊണ്ടു സാധിക്കുന്നതും മിതമായ ചെലവിൽ നടത്താവുന്നതും മനു ഷ്യനെ അവഗാഢമായി മനസ്സിലാക്കിയിട്ടുള്ളതുമാവണമല്ലോ. കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന ഒരു മാനസിക ചികിത്സയല്ല ആരാധന. യഥാർത്ഥ ആരാധന ശുദ്ധീകരണം മാത്രമല്ല നിറവേറ്റുന്നത്. സത്യത്തെ ആത്മാവിൽ നേരിടുമ്പോൾ മനുഷ്യന് ഉപബോധതലത്തിൽ രൂപാന്തരം വന്നുചേരുന്നു. കിഴക്കൻ ഓർത്തഡോക്സ് ശൈലിയിൽ പറഞ്ഞാൽ മനുഷ്യൻ 'മറുരൂപ പ്പെടുന്നു.'

വിശുദ്ധ പൗലോസ് എഴുതുന്നത് ഇങ്ങനെയാണ്: 'എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസിനെ കണ്ണാടിപോലെ പ്രതിബിം ബിക്കുന്നവരായ നാം എല്ലാവരും പരിശുദ്ധാത്മാവായ കർത്താവിന്റെ ദാന മായി തേജസിന്മേൽ തേജസു പ്രാപിച്ചു അതേ സാദൃശ്യത്തിൽ രൂപാന്ത രപ്പെടുന്നു' (2 കൊരിന്ത്യർ 3:18).

മഹത്തായ ഈ പ്രക്രിയ കേവലം മാനസിക ചികിത്സയ്ക്കു വിധേയ മാക്കാമെന്ന് ധരിച്ചുകൂടാ. അഗാധ തലങ്ങളിൽ ഭൗതികാതീത ദൈവവു മായി നമുക്കു സമ്പർക്കം സാധിച്ചുതരികയും അങ്ങനെ അവിടുത്തെ ചൈതന്യവത്തും അനിർവചനീയവുമായ പ്രതിബിംബമായി നമ്മെ രൂപാ ന്തരപ്പെടുത്തുകയും ചെയ്യുന്ന ആരാധനയ്ക്കു മാത്രമേ ആധുനിക മനു ഷ്യന്റെ ആവശ്യങ്ങളെ നിറവേറ്റുന്നതിനു കഴിയൂ.

### 4. മൂർത്തവസ്തുക്കളിൽകൂടിയും കർമങ്ങളിൽകൂടിയും പ്രകാശിപ്പിക്കുക

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം ചരിത്രസംഭവമെന്ന നില യിലുള്ള ദൈവപുത്രന്റെ മനുഷ്യാവതാരമാണ്. അതിനാൽ മനുഷ്യജീവി തത്തിന്റെയും സംസ്കാരത്തിന്റെയും സമസ്ത സാരംശങ്ങളെയും

ആരാധന ഉൾക്കൊള്ളണമെന്നു നിർബന്ധമാണ്. എല്ലാ മനുഷ്യ സമ്പർക്കങ്ങൾക്കും ഇന്ദ്രിയപരത അത്യാവശ്യമാണ്. അതേസമയം പഞ്ചേന്ദ്രിയങ്ങളിൽ ശ്രവണമാണ് ലോകാതീത പ്രകൃതിയെ ഗ്രഹിക്കാൻ കൂടുതൽ സമർത്ഥമെന്ന് വാദിക്കുന്നത് ശരിയല്ല താനും. സ്പർശം, രസം, ഗന്ധം, ദർശനം എന്നിവയെ അപേക്ഷിച്ചു ശ്രവണമാണ് മാധ്യമം കൂടാതെ ഗ്രഹണവിധേയമാകുന്നതെന്ന് തോന്നിയേക്കാം. കർണങ്ങളിലേക്ക് ശബ്ദതരംഗങ്ങൾ വന്നടിക്കുന്നത് നാം നേരിൽ കാണുന്നില്ല. അതുകൊണ്ട് ഒരർത്ഥത്തിൽ നാം ആരാധനയിൽ അനുഭവിക്കുകയും കാണുകയും രുചിക്കുകയും മണക്കുകയും ചെയ്യുന്നവയേക്കാൾ 'കേവല വചനം' ശ്രവിക്കുന്നത് വിശുദ്ധമാണെന്ന് വിചാരിക്കാനിട വന്നിട്ടുണ്ട്. വാസ്തവത്തിൽ ഈവലിൻ അണ്ടർഹിൽ പറയുന്നതുപോലെ ഇന്ദ്രിയപരതയും വികാരപരതയുമുള്ള ഒരു സാമൂഹ്യജീവിയെന്ന നിലയിൽ മനുഷ്യൻ തന്റെ ദൃശ്യപരിതോവസ്ഥയെക്കുറിച്ചു സൂക്ഷ്മമായും അദൃശ്യത്തെക്കുറിച്ച് അവ്യക്തമായുമുള്ള ബോധമാണ് പുലർത്തുന്നത്. അതിനാൽ ആരാധനയുടെ ആവിഷ്കാരത്തിൽ സാമൂഹ്യവും ഇന്ദ്രിയപരവും വൈകാരികവുമായ ഉപാധികൾകൂടി സ്വീകരിച്ചെങ്കിലേ മതിയാവൂ.

സ്ഥലകാലപരിധിയിൽ നിന്നുകൊണ്ടാണ് മനുഷ്യൻ ആരാധന അർപ്പിക്കുന്നത്. പ്രാർത്ഥിക്കുമ്പോൾ മനുഷ്യന്റെ സമസ്താവയവങ്ങളും പഞ്ചേന്ദ്രിയങ്ങളും (ബുദ്ധിയും കർണവും മാത്രം പോരാ) ആരാധനയിൽ പങ്കെടുക്കണം. നവീകരണ പിതാക്കന്മാരായ ലൂഥറും കാൽവിനും ഈ വസ്തുത പ്രകാശിപ്പിക്കുന്നതിൽ ചിലപ്പോഴെല്ലാം പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അത് ക്ഷന്തവ്യമാണ്. കാരണം ലേശം ദുഷിച്ചതെങ്കിലും പൊതുവേ പറഞ്ഞാൽ സമ്പന്നമായിരുന്ന കത്തോലിക്കാ ആരാധനയുടെ അന്തരീക്ഷത്തിലാണ് അവർ വളർന്നുവന്നത്. സമതുലിതാവസ്ഥയ്ക്കു[21] ഭംഗം വരാത്തവിധം ആരാധനാപാരമ്പര്യം സജീവമായി നിലനിന്നുപോന്നതുകൊണ്ട് അവർക്ക് സർവ്വശക്തിയും വചനപ്രസംഗത്തിൽ ചെലുത്തുന്നതിന് അന്നൊക്കെ വിഷമമില്ലായിരുന്നു. എന്നാൽ അവരുടെ പിന്മുറക്കാർ അടുത്ത കാലത്തു മാത്രമേ വചനത്തെ സമ്പൂർണമായും സജീവമാക്കുന്നതിന് അത്യന്താപേക്ഷിതമായ ആരാധനാപരിതോവസ്ഥയെപ്പറ്റിക്കൂടി ബോധവാന്മാരായിത്തീർന്നിട്ടുള്ളു. മുൻവിധികൾ ഇപ്പോഴും നിലവിലുണ്ട്. അവയെ അതിജീവിക്കയും വേണം. എങ്കിൽ മാത്രമേ ആധുനിക മനുഷ്യൻ എന്തിനുവേണ്ടി അത്യധികം ദാഹിക്കുന്നുവോ **'ആ കൂടുതൽ'** അവന് ലഭിക്കയുള്ളു.

### 5. യുക്തിയെ അതിക്രമിക്കുന്ന രൂപങ്ങൾ വഴിയായി ഭക്തി പ്രകടിപ്പിക്കുക

ആരാധനയിൽ മാതൃഭാഷ ഉപയോഗിക്കാനുള്ള ശ്രമം തികച്ചും സാധൂകരിക്കാവുന്നതത്രേ. എന്നാൽ ഇങ്ങനെയൊരു സംരംഭത്തിനു തുനിയുമ്പോൾ ഒരു സത്യം നാം വിട്ടുപോകാറുണ്ട്. അയുക്തികമായ ഒരു സത്ത് എപ്പോഴും ആരാധനയിൽ അത്യാവശ്യമാകുന്നു. എബ്രായർ ഉപയോഗിച്ചിരുന്ന വാക്കുകൾ ആദ്യമാദ്യം വിവർത്തനക്ഷമങ്ങളായിരുന്നുവെങ്കിലും

അചിരേണ വാച്യാർത്ഥത്തേക്കാൾ ഗഹനമായ അർത്ഥഗൗരവമുള്ള ശൈലികളായി അവ വികസിച്ചതായി നാം കാണുന്നു. 'ഓശാനാ', 'ഹാലേലുയ്യാ', 'യഹോഷുവാ' എന്നീ പദങ്ങൾ പോലും കാലാന്തരത്തിൽ ദൈവസന്നിധിയിലെത്തിയ ഭക്തഹൃദയത്തിന്റെ അയുക്തികമായ ആനന്ദവും ആഹ്ലാദവും മുറ്റിനിൽക്കുന്ന അട്ടഹാസങ്ങളായി മാറിയതായി നാം കാണുന്നു.

തന്റെ അത്യഗാധങ്ങളായ വികാരങ്ങളുടെയും അഭിലാഷങ്ങളുടെയും യുക്തിയിൽ ഒതുങ്ങാത്ത പ്രകാശനം ആധുനിക മനുഷ്യന് അത്യാവശ്യമാകുന്നു. ആരാധനയിൽ ഉപയോഗിക്കുന്ന പ്രതീകത്തിന്റെ ഓരോരോ അംശത്തെയും ചേഷ്ടയെയും കുറിച്ചു തികച്ചും യുക്തിപൂർവകമായ വിശദീകരണങ്ങൾ നൽകണമെന്നില്ല. ആരാധനയിലെ യുക്തിയിൽ ഒതുങ്ങാത്ത അംശത്തെ പ്രകാശിപ്പിക്കുവാൻ സംഗീതം, വർണം, ഗന്ധം, ചേഷ്ടകൾ, ക്രിയകൾ എന്നിവ ഉപയോഗിക്കാവുന്നതാണ്. പ്രതീകം കൊണ്ടു നിറവേറ്റാവുന്നതെല്ലാം പദവാക്യങ്ങളിലോ ആശയങ്ങളിലോ വിശദീകരിക്കാമായിരുന്നെങ്കിൽ പ്രതീകത്തെ പൂർണമായും ഒഴിവാക്കുവാൻ കഴിയുമായിരുന്നു. പദസമുച്ചയത്തിന്റെ ചുരുക്കെഴുത്തല്ല പ്രതീകങ്ങൾ. അവയുടെ വേരുകൾ കൂടുതൽ ആഴത്തിലേക്കിറങ്ങുന്നു. പ്രതീകങ്ങൾ ആശയപരമായി വിവരിക്കാനാവാത്ത ഔത്സുക്യങ്ങളെയും അഭിവാഞ്ഛകളെയും പ്രകാശിപ്പിക്കുന്നു. വാക്കിലൊതുങ്ങാത്തതിനെ ആവിഷ്ക്കരിക്കുന്നു. യുക്തിക്ക് തികച്ചും നിരക്കുന്ന ആരാധന, അതിന്റെ വാക്കുകൾ എങ്ങനെ നാം തെരഞ്ഞെടുത്തതായാലും എത്ര വ്യക്തമായും ഭദ്രമായും ഉൽക്കൃഷ്ടമായ ആശയങ്ങളെ ആവിഷ്ക്കരിക്കുന്നതായാലും സമ്പൂർണ്ണമായ ആരാധനയാവില്ല. യുക്തിക്കും സുവ്യക്തമായ ആശയത്തിനും അപ്പുറത്തുള്ളവയ്ക്ക് ആവിഷ്ക്കാരം കണ്ടെത്തേണ്ടത് ഉചിത പദങ്ങളിൽക്കൂടിയും, ആരാധനാക്രമങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക കർമ്മങ്ങളിൽകൂടിയുമായിരിക്കണം.

### 6. സമൂഹത്തിന്റെ ലോകാതീതമായ ഐക്യത്തെക്കുറിച്ച് അനുഭവമുണ്ടാകുക

വ്യക്തിക്കു മുൻഗണന നൽകിയ ലോകത്തിന്റെ പതനത്തിനു ശേഷം ഉയിർക്കൊണ്ട പുതിയ ലോകത്തിൽപ്പോലും സമൂഹം എന്ന പദത്തിന്റെ അർത്ഥം വേണ്ടത്ര വ്യക്തമല്ല. പൊതുവായ ധാരണകളും താൽപര്യങ്ങളും ലക്ഷ്യങ്ങളും ബന്ധിച്ചിരിക്കുന്ന വ്യക്തികളുടെ കൂട്ടം എന്നു മാത്രമേ സമൂഹം എന്ന പദം കൊണ്ട് ഏറിയാൽ നാം അർത്ഥമാക്കുന്നുള്ളു. ഒരർത്ഥത്തിൽ വ്യക്തിക്കും മുന്നിൽ വരുന്നതാണ് സമൂഹം. ആരാധന നടത്തേണ്ടത് സമൂഹത്തിലാണ്. തന്റെ അസ്ഥിമജ്ജകളിൽ മനുഷ്യസമുദായവുമായുള്ള ഐക്യം അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത ആൾ ആരാധനയുടെ അന്തരാത്മാവെന്തെന്നു ഗ്രഹിക്കുന്നില്ല.

വൈയക്തികതയുടെ ഉറവിടത്തെ ഓരോ വിശ്വാസിക്കും ദൈവവചനം സ്വന്തമായി വ്യാഖ്യാനിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്ന പ്രോട്ടസ്റ്റന്റ് സിദ്ധാന്തത്തിൽ അന്വേഷിക്കണമെന്നില്ല. അതിന്റെ വേരുകൾ മദ്ധ്യയുഗ

പാശ്ചാത്യ റോമൻകത്തോലിക്കാ ആദ്ധ്യാത്മികതയിൽ, പ്രത്യേകിച്ചു ഹോളണ്ട്, ബൽജിയം എന്നീ രാജ്യങ്ങളിൽ ആണ്ടുകിടക്കുന്നു. ദീവന്നാസ്യോസിന്റെ സമൂഹാധിഷ്ഠിതമായ ഭക്തിപ്രസ്ഥാനം ഹോളണ്ട്, ബൽജിയം എന്നീ രാജ്യങ്ങളിൽ അസാധാരണമാംവിധം ശക്തിപ്രാപിച്ചു. ഗർഹാർഡ് ഗ്രോട്ടെ, റൂയിസ് ബ്രൂക്ക്, തോമസ് എ. കെമ്പിസ് എന്നിവരുടെ വ്യക്തിനിഷ്ഠമായ ആദ്ധ്യാത്മികതയായി അത് രൂപഭേദം പ്രാപിച്ചു. ഇവരെല്ലാം ദൈവത്തിന്റെ മഹാപുരുഷന്മാരായിരുന്നു. ഇവർ തങ്ങളുടെ പ്രാർത്ഥനാജീവിതത്തിന്റെ ലക്ഷ്യമായി കൈക്കൊണ്ടത് ഭഗവദ്ദർശനമായിരുന്നു. ഈ ദിവ്യദർശനത്തിന്റെ സ്വഭാവം 'ഏകം ഏകത്തെ ദർശിക്കുക'[22] എന്നതാണ്. ഇന്നും പാശ്ചാത്യ ഭക്തിപ്രസ്ഥാനത്തിൽ, പ്രോട്ടസ്റ്റന്റായാലും കത്തോലിക്കയായാലും ഈ വൈയക്തികതയുടെയും കൈവല്യപ്രിയത്തിന്റെയും മുദ്രകൾ മായാതെ കിടക്കുന്നു.

നിത്യവും പൂർണവുമായ ആരാധന എപ്പോഴും ക്രിസ്തുവിന്റെ സമഗ്രശരീരത്തിന്റെ ഒരു കർമ്മമാണ്. സഭ തികച്ചും കാതോലികമായിരുന്ന ആദിമകാലത്തു പാലിച്ചുപോന്ന ഈ ആരാധനാസങ്കല്പത്തിന്റെ സൂചനകളെ റോമൻ കത്തോലിക്കാ സഭ ഇപ്പോഴും ദിവ്യബലിയിൽ നിലനിർത്തുന്നുണ്ട്. നിർഭാഗ്യവശാൽ കാലം ചെന്നതോടെ ക്രിസ്തുവിന്റെ തിരുശരീരം 'ദൈവികമായ മാനുഷികസമൂഹം'[23] എന്ന നിലയിൽ ക്രിസ്തുവിന്റെ ദിവ്യബലിയിൽ ഭാഗഭാക്കാകുന്നുവെന്ന സങ്കല്പം നഷ്ടപ്പെടാനിടയായി. ശ്രദ്ധ മുഴുവനും പുരോഹിതന്റെ അനുഷ്ഠാനങ്ങളിലും അപ്പവീഞ്ഞുകളുടെ അവസ്ഥയിലും കേന്ദ്രീകരിക്കപ്പെടും. ദിവ്യബലി അർപ്പിക്കുന്ന സമൂഹം ആരാധനസ്ഥലത്ത് ശാരീരികമായി സന്നിഹിതരായവരെ മാത്രമല്ല ഉൾക്കൊള്ളുന്നത്; സ്രഷ്ടാവിനെ വന്ദിക്കുവാൻ തല കുനിക്കുന്ന സമൂഹം എല്ലാ വിശ്വാസികളെയും മനുഷ്യരാശിയെത്തന്നെയും ഉൾപ്പെടുത്തത്തക്കവിധം അതിന്റെ കൈകൾ വിരിക്കുന്നു. അത് ഭൂതകാലത്തേക്കും ഭാവിയിലേക്കും അന്ത്യദിനം വരേയും ചെന്നെത്തി, ആദം മുതൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെ ദൈവത്തെ പ്രസാദിപ്പിച്ച സർവരെയും ഉൾക്കൊള്ളുന്നു. സ്ഥലത്തിലും കാലത്തിലുമുള്ള ഈ സമസ്ത സമൂഹത്തിലാണ്[24] ഏതൊരു ആരാധകനും ഉൾപ്പെട്ടിരിക്കുന്നത്. അതിനാൽ ആരാധനയിൽ ഈ സമസ്തസമൂഹം ഒരു യാഥാർത്ഥ്യമായിത്തീർന്നെങ്കിലേ മതിയാവൂ. നൈസർഗികമായ ആരാധന നടത്തുന്നതിന് ബോധതലത്തിൽ ചരിത്രത്തെയും യുഗാന്തശാസ്ത്രത്തെയും[25] എല്ലാ തലമുറകളെയും ജനങ്ങളെയും വംശങ്ങളെയും സംവഹിക്കേണ്ടതായുണ്ട്.

ഇതു കേവലം വേദശാസ്ത്രപരമായ കാര്യമല്ല, യഥാർത്ഥ 'ദിഗ്ബോധം' നൽകുന്ന ഈ പരമസമൂഹത്തെ കണ്ടുപിടിക്കുവാൻ ആധുനിക മനുഷ്യന് ഉൽക്കണ്ഠയുണ്ട്. ക്രൈസ്തവമായ ആരാധന സാർത്ഥകമാകണമെങ്കിൽ ആധുനിക മനുഷ്യന് ആകാശത്തിലും ഭൂമിയിലുമുള്ള അതിവിശാല സമൂഹത്തിൽ താനും പങ്കാളിയാണെന്നുള്ള ബോധം നൽകിയേ മതിയാവൂ.

ഇത്രയും പറഞ്ഞതിൽനിന്നും, ആരാധന സാർത്ഥകമാകുന്നത് മാനുഷികമായ ആവശ്യങ്ങളെ നിറവേറ്റുമ്പോഴാണെന്ന നിഗമനത്തിലെത്താൻ

സാധിക്കുന്നു. എന്നാൽ ആരാധന കേവലം പ്രയോജനകരമായ പ്രക്രിയ യാണെന്നോ കർമ്മാനുഷ്ഠാനമാണെന്നോ മാത്രം വ്യവഹരിക്കുന്നത് സത്യവിരുദ്ധമാണ്; അപകടകരവുമാണ്.

പ്രയോജനത്തിന്റെയോ അനുഷ്ഠാനത്തിന്റെയോ ചട്ടക്കൂട്ടിൽ പ്രതി ഷ്ഠിച്ചുകൊണ്ട് ആരാധനയുടെ ആന്തരാർത്ഥത്തെ ഒരിക്കലും വിശദമാ ക്കാൻ കഴിയുന്നതല്ല. ആരാധനയെക്കുറിച്ചുള്ള യാതൊരു വിശദീകര ണവും തികച്ചും സമ്പൂർണമാവാൻ സാദ്ധ്യവുമല്ല. എങ്കിലും താദൃശ ശ്രമ ങ്ങൾ വിജയിക്കണമെങ്കിൽ അടിസ്ഥാനപരമായ മൂന്നു കാര്യങ്ങൾ മന സ്സിലാക്കേണ്ടതുണ്ട്.

(1) ആരാധന അതിൽത്തന്നെ ഒരു ലക്ഷ്യമാണ്.

(2) ആരാധന ബലിയാണ്, എന്നേക്കുമായി ക്രിസ്തു നടത്തിയ ബലി യോട് അത് ബന്ധപ്പെട്ടിരിക്കുന്നു.

(3) ആരാധന സ്വതന്ത്രനായ മനുഷ്യനിൽ വ്യാപരിക്കുന്ന പരിശുദ്ധ റൂഹായുടെ പ്രവർത്തനമാണ്.

## 1. ആരാധന അതിൽത്തന്നെ ഒരു ലക്ഷ്യമാണ്

തീർച്ചയായും ആരാധന സുവിശേഷഘോഷണത്തിന്റെ പരിചാരിക യല്ല, വചനപ്രസംഗത്തിന്റെ ഭാഗവുമല്ല. ചില പൗരസ്ത്യവേദശാസ്ത്ര ജ്ഞർ അങ്ങനെ അതിനെ വ്യാഖ്യാനിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. വചന പ്രസംഗം നടത്താത്ത സഭ, സഭയേ അല്ലെന്ന വാദം വേദപ്രമാണമായി സ്വീകരിക്കാറുള്ള പാശ്ചാത്യചിന്തയുടെ സമ്മർദ്ദത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ ഈ ഭാഷ്യത്തെ നമുക്കു മനസ്സിലാക്കുവാൻ കഴിയൂ. അടുത്ത കാലത്തെ ചരിത്രപരമായ പരിതോവസ്ഥ മൂലം വചനപ്രസംഗം ഫലപ്രദ മായി നടത്താൻ കഴിയാതെവന്ന പൗരസ്ത്യസഭാ പ്രതിനിധികളുടെ വാദം ശ്രദ്ധേയമാണ്. സഭയെന്ന നിലയിൽ തങ്ങൾക്കുള്ള അവകാശങ്ങളെ ന്യായീകരിക്കുവാൻ അവർ തറപ്പിച്ചു പറയുന്നത്, വിശുദ്ധ ബലിയിൽക്കൂടി ക്രിസ്തു ഇനിയും വരുംവരേയും അവിടുത്തെ ക്രൂശുമരണത്തെയും ഉയിർ ത്തെഴുന്നേല്പിനെയും തങ്ങൾ ഘോഷിക്കയാണെന്നും അങ്ങനെ മിഷ നറിദൗത്യം നിർവ്വഹിക്കയാണെന്നുമാണ്. തീർച്ചയായും വി. ബലി, ക്രിസ്തു മനുഷ്യനായി അവതരിച്ച് അനുഷ്ഠിച്ച മഹായാഗത്തെ പ്രകാ ശിപ്പിക്കുന്നു. എന്നാൽ അത് സ്നാപനമേൽക്കാത്തവരെയും അവിശ്വാ സികളെയും പ്രബോധിപ്പിക്കുന്നുവെന്ന് വാദിക്കുന്നത് ഒരിക്കലും ശരിയല്ല. സ്നാപനാർത്ഥികളെപ്പോലും പുറത്താക്കിയിട്ടാണ് വി. ബലി അർപ്പിക്കാ റുള്ളത്. സ്നാപനമേറ്റവർ സ്നാപനമേൽക്കാത്തവർക്കു നൽകുന്ന ദൗത്യത്തെ മാത്രമേ നിയതാർത്ഥത്തിൽ 'മിഷൻ' എന്ന് വ്യവഹരിക്കാവൂ. അതിനാൽ പല കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലും വി. ബലിയിൽ സംബന്ധി ക്കുന്നതു മുഖേന അനേകം അവിശ്വാസികൾ ക്രിസ്തുവിലേക്ക് ആനയി ക്കപ്പെടുന്നുവെന്നുള്ളത് ഗ്രഹിച്ചുകൊണ്ടുതന്നെ പറയട്ടെ, വി. ബലിയെ വചനപ്രസംഗത്തിന്റെ ഉപാധിയായി മാത്രം പരിഗണിക്കുന്നത് ഒരിക്കലും ശരിയായിരിക്കയില്ല. പൗരസ്ത്യ യൂറോപ്പിൽ ഇന്നു നിലവിലിരിക്കുന്ന

പ്രത്യേക പരിതഃസ്ഥിതി സർവസാധാരണമായ ഒരു പ്രതിഭാസമായി അംഗീകരിക്കണമെന്നില്ല.

സുവിശേഷദൗത്യത്തിന്റെയും അനുദിന ജീവിതത്തിന്റെയും ഉപാധിയായി ആരാധനയെ കണക്കാക്കുന്ന ഒരു സിദ്ധാന്തം തന്നെയുണ്ട്. എല്ലാ ഞായറാഴ്ചയും പ്രഭാതത്തിൽ ഒരു സാധാരണ ക്രിസ്ത്യാനി ആദ്ധ്യാത്മികമായി ശുദ്ധീകരിക്കപ്പെടുന്നുവെന്നും, ആഴ്ച മുഴുവൻ കഴിച്ചുകൂട്ടുവാനുള്ള ആത്മികശക്തി അങ്ങനെ അയാൾക്കു ലഭിക്കുന്നുവെന്നുമാണ് സങ്കല്പം. ഈ നിലപാടിനെ അല്പം വിലക്ഷണമായി ചിത്രീകരിച്ചാൽ ഞായറാഴ്ച പ്രഭാതത്തിൽ നടക്കുന്ന ആരാധനയെ ആവശ്യാനുസരണം ശക്തി നിറച്ചുകിട്ടുന്ന ഒരു പെട്രോൾപമ്പായി ചിത്രീകരിക്കുവാൻ കഴിഞ്ഞേക്കും. ആരാധനയിൽക്കൂടി കൃപയും ജീവിക്കാനുള്ള ശക്തിയും സംഭരിക്കുന്നുവെന്ന പ്രസ്താവത്തിൽ കുറെയെങ്കിലും സത്യമില്ലേ എന്നു ചോദിക്കാവുന്നതാണ്. ചില പൗരസ്ത്യ ആരാധനകളിൽ ദിവ്യബലി സമാപിക്കുമ്പോൾ അരുളുന്ന ആശീർവാദങ്ങളിൽ ഈ ആശയം പ്രകടമാണ്.

വി. യാക്കോബിന്റെ തക്സായിൽ പുരോഹിതൻ നല്കുന്ന ആശീർവാദം ശ്രദ്ധിക്കുക: 'പ്രിയ സഹോദരങ്ങളെ, കർത്താവിന്റെ പാപപരിഹാരപ്രദമായ ബലിപീഠത്തിൽ നിന്ന് നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ലൗകിക തീർത്ഥയാത്രയ്ക്കുള്ള ഭക്ഷണത്തോടും അനുഗ്രഹങ്ങളോടുംകൂടി പരിശുദ്ധവും മഹനീയവുമായ ത്രിത്വത്തിന്റെ കൃപയ്ക്കും കരുണയ്ക്കും നിങ്ങളെ സമർപ്പിക്കുന്ന ഈ സമയത്ത് നിങ്ങൾ സമാധാനത്തോടുകൂടി പോകുവിൻ.'

എന്നാൽ ഈ സങ്കല്പം തികച്ചും ശരിയല്ല. ദിവ്യബലിയുടെ ലക്ഷ്യം ലോകയാത്രയ്ക്കുള്ള ഭക്ഷണം നേടുകയെന്നുള്ളത് മാത്രമല്ല; അത് അതിന്റെ ഫലങ്ങളിലൊന്നു മാത്രമാണ്.

'ഞാൻ വരുന്നതു വരെയും ഇതു ചെയ്യുവിൻ' എന്ന തിരുഹിതത്തിനനുസരണമായി അർപ്പിക്കപ്പെടുന്ന ദിവ്യബലിയിൽക്കൂടി നടത്തുന്ന ആരാധന മനുഷ്യന് ഏറ്റവും സഹജമായ കർമ്മങ്ങളിലൊന്നാകുന്നു. സാക്ഷാൽ മാനവനാകുന്നതിന്, സമ്പൂർണ മനുഷ്യനായി ജീവിച്ച സർവേശസുതന്റെ സർവകാലത്തേയ്ക്കുമുള്ള മഹായാഗത്തിൽ ഭാഗഭാക്കാകണമെന്ന് നിർബന്ധമുണ്ട്. നാം ദിവ്യബലിയിൽ സംബന്ധിച്ചും ക്രിസ്തുവിന്റെ മാംസം ഭക്ഷിച്ചും രക്തം പാനം ചെയ്തും സംതൃപ്തരാവേണ്ടത് ജീവിതത്തിൽ അത്യന്താപേക്ഷിതമാണെങ്കിലും അവ മാത്രം അനുഷ്ഠിച്ചാൽ മതിയെന്നു വയ്ക്കുന്നത് ക്രമാനുസൃതമാണെന്ന് പറഞ്ഞുകൂടാ. ആരാധന ആഹ്ലാദത്തിലും സ്നേഹത്തിലും പൂർണസ്വാതന്ത്ര്യത്തിലും അനുഷ്ഠിക്കുന്ന കർമ്മമാണ്. ആ കർമ്മത്തിൽകൂടി മറ്റു പലതും നമുക്ക് ലഭിക്കുന്നുണ്ടെങ്കിലും ആരാധനയുടെ ആത്യന്തികലക്ഷ്യം നാം ആർക്കായി ബലി അർപ്പിക്കുന്നുവോ ആ വിശുദ്ധ ത്രിത്വം തന്നെയാണ്.

### 2. ദിവ്യബലിയും ക്രിസ്തുവിന്റെ ത്യാഗവും

ലത്തീൻ പാരമ്പര്യപ്രകാരം ബലിയെന്നതിൽ പ്രീണിപ്പിക്കുക,

അല്ലെങ്കിൽ ഒരു രൗദ്ര ദൈവത്തിന്റെ കോപം ശമിപ്പിക്കുകയെന്ന ആശയം അടങ്ങിയിരിക്കുന്നു. ബലിയുടെ അർത്ഥം എപ്പോഴും അതാവണമെന്നില്ല. ഇവിടെ ബലിയെക്കുറിച്ചു ദീർഘമായി ഉപപാദിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ കുറഞ്ഞത് ക്രൈസ്തവരെങ്കിലും, ഇസ്രായേൽ ജനതയുടേതായാലും മറ്റേതു ജനതയുടേതായാലും എല്ലാ ബലികളെയും വ്യാഖ്യാനിക്കേണ്ടത് ക്രിസ്തുവിന്റെ ബലിയെ അടിസ്ഥാനമാക്കിയാണ്, മറിച്ചല്ല. പഴയ നിയമത്തിലേതുൾപ്പെടെയുള്ള എല്ലാ പ്രാകൃതിക ബലികളെയും മാതൃകകളായും നിഴലുകളായും മാത്രമേ കണക്കാക്കുവാൻ പാടുള്ളൂ. സാക്ഷാത്തായിരുന്നത് ക്രിസ്തുവിന്റെ ബലി മാത്രമാണ്. വിശ്വാസത്തിലും സ്നേഹത്തിലും അനുസരണത്തിലും പ്രത്യാശയിലും യാതൊന്നും നീക്കിവയ്ക്കാതെയും യാതൊന്നും പ്രതിഫലമായി ആവശ്യപ്പെടാതെയും നടത്തിയ ബലിയാണത്.

അവിടുന്നു പറഞ്ഞത് 'പിതാവേ, എന്റെ ആത്മാവിനെ തൃക്കരങ്ങളിൽ ഞാൻ സമർപ്പിക്കുന്നു' എന്നാണ്. ഇതാണ് സമ്പൂർണ ബലി. ഇത് പ്രീണിപ്പിക്കാനുള്ള ബലിയായിരുന്നില്ല. അന്യർക്ക് ഉദാരമായി നൽകാൻ ഉതുകുന്നവിധം, അധികം നന്മകൾ നേടിയെടുക്കാൻ അർപ്പിച്ചതുമായിരുന്നില്ല. വളരെ ലളിതവും വിശ്വാസപൂർണവും സ്നേഹനിർഭരവുമായ ആത്മസമർപ്പണമായിരുന്നു ഈ ബലി. ഇതാണ് യഥാർത്ഥ ബലി. സ്നേഹത്തിന്റെ അത്യുദാത്തമായ ആവിഷ്കാരം. സ്നേഹത്തിലും ആഹ്ലാദത്തിലും വിശ്വാസത്തിലും സർവവുമായ സർവശക്തൻ തന്നെത്തന്നെ (തനിക്കു പകരം മറ്റെന്തെങ്കിലുമൊന്നിനെയല്ല) സമർപ്പിക്കയാണ് ചെയ്തത്. ഇതാവണം ആരാധനയുടെ അംശിയായ രസം. ദൈവത്തിന്റെ സാത്വികസ്വഭാവത്തെക്കുറിച്ചുള്ള കേവലം അനുധ്യാനമല്ല ആരാധന. പ്രത്യുത, സാത്വികമൂർത്തിയായ പരംപൊരുളിനായി സ്നേഹവായ്പോടെ സ്വയം സമർപ്പിച്ച് അതിൽ ആഹ്ലാദപൂർവ്വം സ്വയം വിലയിക്കുന്ന പ്രക്രിയയാണത്. സമൂഹത്തെ സ്വാതന്ത്ര്യത്തിലും സ്നേഹത്തിലും ആനന്ദത്തിലും ക്രിസ്തുവിന്റെ എന്നേക്കുമായുള്ള അനന്തബലിയിലേക്ക് നടത്തുന്ന ആത്മസമർപ്പണ പ്രക്രിയയാണ് വി. ബലി. അതു കേവലം ആവർത്തനമോ, അനുസ്മരണമോ അല്ല.

നമ്മെയെല്ലാം ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ബലിയാണ് ദിവ്യബലിയുടെ സത്ത. അതിനെ നാം വിസ്മരിക്കയും ദിവ്യബലിയുടെ മറ്റേതെങ്കിലും അംശങ്ങളിൽ പുരോഹിതന്റെ ചേഷ്ടകളിലോ, അപ്പവീഞ്ഞുകൾക്കു വരുന്ന മാറ്റങ്ങളിലോ കുർബാനയിൽ ക്രിസ്തു നമ്മെ ഭക്ഷണം നൽകി തൃപ്തരാക്കുന്നുവെന്നതിലോ ശ്രദ്ധ ഊന്നുകയും ചെയ്യുകയാണെങ്കിൽ ദിവ്യബലിയേയും ആരാധനയേയും ആകെക്കൂടി നാം ദുർവ്യാഖ്യാനം ചെയ്യുകയാവും. ആരാധിക്കുമ്പോൾ നമുക്ക് സ്വയം വിസ്മരിക്കാമെങ്കിലും ക്രിസ്തു ആർക്കുവേണ്ടി ശരീരം ധരിച്ച് സ്വയം സമർപ്പണം ചെയ്തുവോ ആ മനുഷ്യവർഗത്തെയും, ക്രിസ്തുവിൽ അടങ്ങിയ സമസ്ത ക്രിസ്തുശരീരത്തെയും[26] നമുക്കൊരിക്കലും വിസ്മരിക്കാനവകാശമില്ല.

### 3. ആരാധനയിലുള്ള മനുഷ്യസ്വാതന്ത്ര്യവും പരിശുദ്ധ റൂഹായുടെ വ്യാപാരവും

പരിശുദ്ധ റൂഹായും മണവാട്ടിയും പറയുന്നു: 'വരിക'യെന്ന്.[27] ക്രിസ്തുവിന്റെ മണവാട്ടിയായ സഭ പരിശുദ്ധ റൂഹായെ വിട്ടകന്ന് ഒരിക്കലും നില്ക്കുന്നില്ല. 'ഞങ്ങൾക്ക് ശരിയായി ആരാധിക്കുവാൻ അറിഞ്ഞുകൂടാ, എന്നാൽ പരിശുദ്ധാത്മാവു തന്നെ, ഉച്ചരിക്കാനാവാത്ത ദീർഘനിശ്വാസങ്ങളിൽക്കൂടി ഞങ്ങൾക്കായി പ്രാർത്ഥിക്കുന്നു' (റോമർ 8:26).

സഭയ്ക്കകത്തു സർവവ്യാപിയായ അരൂപിയെ ഒതുക്കി നിർത്താനാവില്ലെന്നുള്ളത് ശരിയാണെങ്കിലും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലാണു വിശുദ്ധറൂഹാ നിവസിക്കുന്നത്.

'നിങ്ങൾക്കറിഞ്ഞുകൂടെ, നിങ്ങൾ ദൈവത്തിന്റെ മന്ദിരമാണെന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ നിവസിക്കുന്നുവെന്നും' (നിങ്ങൾ ഒരുമിച്ചാണ് ദൈവത്തിന്റെ മന്ദിരം) (1 കൊരി. 3.16).

ഇത് ദിവ്യബലിയിലെ ഒഴിച്ചുകൂടാനാവാത്ത ദ്രവ്യത്തെയോ,[28] അഥവാ വിശുദ്ധീകരണ മുഹൂർത്തത്തെയോ,[29] സ്ഥാപനവചനങ്ങളോ പരിശുദ്ധാത്മാവിനോടുള്ള വിളിയോ[30] എന്ന വാക്കുകളെച്ചൊല്ലിയുള്ള വിവാദത്തിന്റെയോ പ്രശ്നമല്ല. സഭയാകുന്ന ശരീരത്തിൽ നിവസിക്കുന്ന പരിശുദ്ധ റൂഹായാണ് സഭാശരീരത്തിലുൾപ്പെട്ടവരെ ക്രിസ്തുവിന്റെ എന്നേക്കുമുള്ള ബലിയുടെ പങ്കാളികളാവാൻ സഹായിക്കുന്നത്. പരിശുദ്ധാരൂപിയില്ലാതെ ആരാധനയോ പ്രാർത്ഥനയോ സാദ്ധ്യമല്ല. അരൂപി എപ്പോഴും സ്വാതന്ത്ര്യത്തിന്റെ അരൂപി ആയിരിക്കയും ചെയ്യുന്നു.

'ദൈവം അരൂപിയാകുന്നു. ദൈവത്തിന്റെ അരൂപി എവിടെയുണ്ടോ അവിടെ സ്വാതന്ത്ര്യവുമുണ്ട്. നാമെല്ലാം മൂടുപടമില്ലാത്ത മുഖവുമായി ദൈവികതേജസ്സ് പ്രതിബിംബിപ്പിച്ചുകൊണ്ട് അവിടുത്തെ സാദൃശ്യത്തിലേക്കു മറുരൂപപ്പെടുന്നു. ഇതും നിവർത്തിതമാക്കുന്നത് അരൂപിയായ ദൈവമാകുന്നു' (2 കൊരി. 3:17, 18).

മൂടുപടമില്ലാതെ ദൈവത്തെ അഭിമുഖീകരിക്കാനുള്ള സാദ്ധ്യതയാണ് യഥാർത്ഥ സ്വാതന്ത്ര്യം. ഇത് നൽവരത്തിന്റെ ദാനമാണ്. പരിശുദ്ധാരൂപിയുടെ ദാനമാണ്. ദൈവാലയത്തിലെ തിരശ്ശീല ക്രിസ്തു അന്തരിച്ചപ്പോൾ രണ്ടായി കീറി; പെന്തെക്കോസ്തുദിവസം സർവശക്തന്റെ അഗ്നി സഭയുടെ മേൽ വന്നിറങ്ങി. സഭയെ പാപത്തിൽ നിന്നു ശുദ്ധീകരിച്ചു. അങ്ങനെ ദൈവത്തിന്റെ സന്നിധാനത്തിലേക്കു കടന്നുചെല്ലാനുള്ള ധീരത സഭയ്ക്കു ദാനം ചെയ്തു.

പ്രത്യേക പരിരക്ഷയ്ക്കുള്ള യാതൊരു മൂടുപടവുമണിയാതെ ദൈവത്തോട് അഭിമുഖമായി നില്ക്കത്തക്കവിധം സ്വർഗ്ഗീയ സിംഹാസനത്തിന്റെ സന്നിധാനത്തിലേക്കു പരിശുദ്ധാരൂപി നമ്മെ എത്തിക്കുമ്പോഴാണ് വിശുദ്ധ ബലിയിൽ കൂടിയുള്ള ആരാധന നടക്കുന്നത്. വി. യാക്കോബിന്റെ സുറിയാനി തക്സായിലുള്ള 'സൂർസും കോർഡാ' ഇങ്ങനെയാണ് ഇതു വിശദീകരിച്ചിരിക്കുന്നത്:

'അങ്ങ് ഉയരങ്ങളിൽ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് മിശിഹാ ഇരിക്കുന്ന മഹോന്നതങ്ങളിലേക്ക് ഈ നാഴികയിൽ നമുക്കു നമ്മുടെ ഹൃദയത്തെയും മനസ്സിനെയും ചിന്തയെയും ഉയർത്താം.'

ഇവിടെ പാശ്ചാത്യവും പൗരസ്ത്യവുമായ ആരാധനാക്രമങ്ങൾ തമ്മിൽ പ്രകടമായ അന്തരമുണ്ട്. റോമൻ കുർബാനക്രമത്തിൽ ദിവ്യബലി ഭൂമിയിലാണ് നടക്കുന്നത്. പിന്നെ മാലാഖാ അതിനെ ദൈവസന്നിധാനത്തിലെത്തിക്കുന്നു.

'സർവശക്തനായ പിതാവേ, അത്യധികം എളിമയോടെ ഞങ്ങൾ അപേക്ഷിക്കുന്നു. അവിടുത്തെ വിശുദ്ധ മാലാഖയുടെ കൈകളിൽ അങ്ങയുടെ ബലിപീഠത്തിലേക്ക്, അത്യുന്നതങ്ങളിൽ അവിടുത്തെ ദൈവിക മഹത്വത്തിൻ മുമ്പാകെ ഈ ബലിയെ എത്തിക്കുവാൻ അവിടുന്ന് ആജ്ഞാപിക്കണമേയെന്ന്.'

പൗരസ്ത്യാരാധനക്രമപ്രകാരം വി. ത്രിത്വത്തിൻ മുമ്പാകെ, മാലാഖമാരുടെ ഹൗണികളുമൊത്തു നാമും ചെന്നെത്തുന്നുവെന്ന വിശ്വാസത്തിനാണ് ദിവ്യബലിയിൽ പ്രാബല്യം. ഉദാഹരണമായി ബൈസാന്റിയൻ ആരാധനയിൽ വിശ്വാസപ്രമാണത്തിനും 'സൂർസും കോർഡായ്ക്കും' മുമ്പെ ശെമ്മാശ്ശൻ:

'വാതിലുകൾ, വാതിലുകൾ, ബുദ്ധിപൂർവ്വം നാം ശ്രദ്ധിക്കുക' എന്ന് പ്രബോധിപ്പിക്കുമ്പോൾ സ്നാപനാർത്ഥികളെ പറഞ്ഞയച്ചിട്ട് കതകുകൾ ബന്ധിക്കുവാൻ മാത്രമല്ല അദ്ദേഹം ആവശ്യപ്പെടുന്നത്. ഈ ഘട്ടത്തിൽ അദ്ദേഹം നടത്തുന്ന പ്രതിബിംബാത്മകമായ ക്രിയ ബലിപീഠത്തിന്റെ തിരശ്ശീല വലിച്ചു മാറ്റുക എന്നുള്ളതാണ്. വി. മാക്സ്മസ് പറയുന്നതുപോലെ, ശെമ്മാശ്ശൻ, ചരിത്രത്തിന്റെ വാതിലുകൾ നമ്മുടെ പിന്നിൽ ബന്ധിച്ചിടുവാനും ദൈവം ഭരണം നടത്തുന്ന ലോകാതീത നിത്യരാജ്യത്തിൽ[31] പ്രവേശിക്കുവാനുമാണ് നമ്മോടാവശ്യപ്പെടുന്നത്.

'സൂർസും കോർഡാ'[32] കഴിഞ്ഞിട്ട് ആരാധകസംഘം അനുഷ്ഠിക്കുന്ന ആദ്യത്തെ ക്രിയ അധികം ആരാധനാക്രമങ്ങളിലും (പൗരസ്ത്യമായാലും പാശ്ചാത്യമായാലും) സ്വർഗത്തിൽ മാലാഖമാരുടെ സംഘത്തോടു ചേർന്ന് അവരോടൊപ്പം 'സൈന്യങ്ങളുടെ യഹോവേ, ആകാശവും ഭൂമിയും അവിടുത്തെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു. പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു വിജയഗീതം ആലപിക്കുകയെന്നതാണ്.

നവീകരണപ്രസ്ഥാനം ദൈവത്തിന്റെ ദാനമായ കൃപയ്ക്ക് വലിയ പ്രാധാന്യം നൽകിയെങ്കിലും വിശ്വാസത്തിലും സ്നേഹത്തിലും വിശ്വാസിക്കു ദൈവസാന്നിദ്ധ്യത്തിലേക്ക് കടന്നുചെല്ലാൻ സ്വാതന്ത്ര്യമുണ്ടെന്ന ബോധം പാശ്ചാത്യപാരമ്പര്യത്തിലേക്ക് ഇനിയും തുളച്ചിറങ്ങിയിട്ടില്ല. പാശ്ചാത്യരാജ്യങ്ങളിൽ, ദൈവവും മനുഷ്യനും തമ്മിലുള്ള വിടവിനെ അമിതമായി ഊന്നിപ്പറയുകയും അതിനെ ന്യായീകരിക്കുവാൻ മനുഷ്യന്റെ പാപത്തെ നിരന്തരമായി പൊന്തിച്ചു കാട്ടുകയും ചെയ്യുന്നു. പൗരസ്ത്യരും മനുഷ്യന്റെ പാപത്തെ ഊന്നിപ്പറയാറുണ്ട്. എന്നാൽ ദൈവമഹത്വത്തിന്റെ

ആവിഷ്കാരത്തിന് അവിടുത്തെ വിശുദ്ധിയുടെ സൗന്ദര്യത്തിനാണ് ശക്തിയുടെ പ്രൗഢിക്കെന്നതിനേക്കാൾ പ്രാധാന്യം നൽകിപ്പോന്നിട്ടുള്ളത്. അതിവിശുദ്ധനായ സർവേശനെ സമീപിച്ചാൽ മഹാപാപിയായ മനുഷ്യൻ ദഹിച്ചു ചാമ്പലായിത്തീരുമെന്ന് പാശ്ചാത്യരെപ്പോലെ പൗരസ്ത്യരും വിശ്വസിക്കുന്നുണ്ട്. ദൈവത്തെ സമീപിച്ചാൽ പാപി മരിക്കും. എന്നാൽ ദൈവവുമായി ബന്ധം പുലർത്താതിരുന്നാലും മരണം സംഭവിക്കും. ഇതാണ് മനുഷ്യന്റെ മരണബാന്ധവം.

പാപമുണ്ടെങ്കിലും ദൈവത്തിന്റെ സന്നിധാനത്തിലെത്താനും സ്നേഹത്തിന്റെ അനുഭവത്തിൽ ജീവിക്കാനുമുള്ള അർഹതയുണ്ടെന്നാണ് കൃപയെന്നതിന്റെ അർത്ഥം. പാപത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള മുക്തിയാണ് കൃപ. എന്തെന്നാൽ ദൈവസാന്നിദ്ധ്യത്തിലേക്കുള്ള പ്രവേശനം അവിടുത്തെ സ്നേഹത്തിലുള്ള ജീവിതം എന്നിവയാൽ പാപം തുടച്ചു മാറ്റപ്പെടുന്നു. മരണത്തെ അതിജീവിക്കാനും നമുക്ക് സാധിക്കുന്നു.

ആരാധന കൃപയുടെയും സ്വാതന്ത്ര്യത്തിന്റെയും സാക്ഷാത്ക്കാരമാണ്. ആനന്ദം അതിന്റെ മുഖമുദ്രയാണ്. ആരാധന ജീവൻ തന്നെ; ഇവിടെയും വരുവാനുള്ള ലോകത്തിലും. സ്വാതന്ത്ര്യത്തിന്റെയും കൃപയുടെയും ആനന്ദത്തിന്റെയും ഈ നൈസർഗിക സ്വരം നമ്മുടെ ആരാധനയിൽ മുഴങ്ങണം. സ്വാതന്ത്ര്യവും കൃപയും ആനന്ദവും തന്നെയാണ് യഥാർത്ഥ മനുഷ്യജീവിതത്തിന്റെ സവിശേഷസിദ്ധികൾ. ആരാധനയ്ക്ക് യഥാർത്ഥ 'ദിഗ്ബോധം' ലഭിക്കുമ്പോൾ മാത്രമേ ആധുനിക മനഷ്യന്റെയോ, പൗരാണിക മനുഷ്യന്റെയോ ആവശ്യങ്ങൾ നിറവേറുന്ന മറ്റു ഗുണവിശേഷങ്ങൾ ആരാധിക്കുന്ന സഭയ്ക്ക് സംലബ്ധമാകയുള്ളു.

ദൈവത്തിന്റെ അരൂപി എവിടെയുണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ട്. ദൈവസന്നിധിയിലേക്ക് സുധീരം കടന്നുചെല്ലുവാനുള്ള സ്വാതന്ത്ര്യം, ക്രിസ്തുവിന്റെ അനന്തമായ ബലിക്കൊപ്പം നമ്മെയും ബലിയായി സമർപ്പിക്കാനുള്ള സ്വാതന്ത്ര്യം, അങ്ങനെ യഥാർത്ഥ മാനവനായി ജീവിക്കാനുള്ള സ്വാതന്ത്ര്യം അവിടെയുണ്ട്. ആ ജീവിതരീതി ആവിഷ്കരിക്കുകയെന്നതാണ് ആധുനിക മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യം.

## കുറിപ്പുകൾ

1. ഡീട്രിക്ക് ബോൺഹോഫർ - ഹിറ്റ്ലറെ വധിക്കുവാൻ ഗൂഢാലോചന നടത്തിയതിന് നാസി ഗവർമെന്റ് 1945-ൽ തൂക്കിക്കൊന്ന ഒരു ജർമ്മൻ വേദശാസ്ത്രജ്ഞൻ. മതേതരമായ ക്രിസ്തീയതയ്ക്കു വേണ്ടി ഇദ്ദേഹം വാദിച്ചു. പണ്ഡിതാഗ്രണിയായ ബോൺഹോഫറിന്റെ വേദശാസ്ത്രദർശനം പാശ്ചാത്യ ക്രൈസ്തവലോകത്തിനെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്.
2. ഡോം ഗരാൻഗർ - കത്തോലിക്കാസഭയിലെ ആരാധനാ നവീകരണപ്രസ്ഥാനത്തിന്റെ ജനയിതാക്കളിൽ ഒരാൾ.
3. എമിൽ ബ്രൂണ്ണർ - സ്വിറ്റ്സർലണ്ടുകാരനായ ഈ വേദശാസ്ത്രജ്ഞൻ മിസ്റ്റിസിസമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ പരമശത്രുവെന്ന് വാദിക്കുകയുണ്ടായി.

4. നിയോ ബുൾട്ടുമാനിയന്മാർ – വേദപുസ്തകം വിരചിതമായത് കെട്ടുകഥകളിൽക്കൂടി ചിന്തിക്കുന്ന സമ്പ്രദായം നിലവിലിരുന്ന ഒരു ലോകത്തായിരുന്നുവെന്നും ഇന്നത്തെ കാലത്ത് ക്രിസ്തുമത സന്ദേശം സുഗ്രഹമാവണമെങ്കിൽ അതിനെ പൂർവകാല ചിന്താഗതിയിലുള്ള കാല്പനിക ഘട്ടങ്ങളിൽ നിന്നു വിമുക്തമാക്കി വ്യക്തിയുടെ അസ്തിത്വത്തിൽ അധിഷ്ഠിതമായ ഒരു വിശ്വാസമാക്കിത്തീർക്കണമെന്നും ജർമ്മൻ വേദശാസ്ത്രജ്ഞനായ ബുൾട്ടുമാൻ സിദ്ധാന്തിച്ചു. ഈ ചിന്താഗതിയെ അദ്ദേഹത്തിന്റെ ശിഷ്യന്മാർ വികസിപ്പിച്ചെടുത്തു.
5. ബാർത്തിയന്മാർ – ദൈവവചനം കേൾക്കാനും അനുസരിക്കാനുമല്ലാതെ അതിനെ ചോദ്യം ചെയ്യാനോ വിലയിരുത്താനോ മനുഷ്യന് അവകാശമില്ലെന്ന് വാദിച്ച പ്രമുഖ പ്രോട്ടസ്റ്റന്റ് ചിന്തകനായ ബാർത്തിന്റെ അനുയായികൾ.
6. ബ്രൂണറൈറ്റ്സ് – എമിൽ ബ്രൂണ്ണറുടെ അനുയായികൾ.
7. ആത്മാവും വസ്തുവും – പൗരസ്ത്യപിതാക്കന്മാർ ആത്മാവും വസ്തുവും ഭിന്നമാണെന്ന് അംഗീകരിക്കുന്നില്ല. വസ്തു തന്നെ ആത്മാവിന്റെ ഒരു രൂപമാണെന്നാണ് പൗരസ്ത്യ പിതാക്കന്മാരുടെ വാദം.
8. ലോകായതികത്വത്തിലുള്ള വിശുദ്ധി – ലോകത്തെ ഉപേക്ഷിക്കാതെ, ലോകജീവിതത്തിൽ പൂർണ്ണമായി ഉൾപ്പെട്ടുനിന്ന് പാലിക്കുന്ന വിശുദ്ധിയാണ് ആവശ്യമെന്ന് ബോൺഹോഫർ സിദ്ധാന്തിക്കുന്നു.
9. ആരാധനയെ ചരിത്രത്തിൽനിന്നും – രക്ഷ നേടാനുള്ള .... ഇവിടെ ചരിത്രമെന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് ഐഹിക ജീവിതത്തെയാണ്. കാലിക ജീവിതത്തിൽനിന്നു വ്യതിരിക്തമായ ആരാധന ക്രിസ്തീയമല്ലെന്നാണ് വിവക്ഷ.
10. മാർട്ടിൻ ബുബർ – ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രമുഖനായ ഈ യഹൂദ ദാർശനികൻ. ഏറെക്കാലം ജർമ്മനിയിൽ താമസിച്ചിരുന്നു. പിന്നീട് അദ്ദേഹം ജറുസലേമിലെ ഹീബ്രു സർവ്വകലാശാലയിലെ പ്രൊഫസറായിത്തീർന്നു. ഇദ്ദേഹമാണ് ‘ദൈവഗ്രഹണ’ സിദ്ധാന്തം അവതരിപ്പിച്ചത്. സൂര്യൻ ഗ്രഹണത്തിൽപ്പെടുന്നതുപോലെ, ബോധപൂർവ്വം ദൈവത്തെ അറിയാൻ ശ്രമിക്കുമ്പോൾ ദൈവവും ഗ്രഹണത്തിലാകുന്നുവെന്നാണ് ബുബർ സിദ്ധാന്തിച്ചത്.
11. പരം – കല്പനാതീതനായ ഈശ്വരനെയാണ് ഇവിടെ പരമെന്ന പദംകൊണ്ട് വിവക്ഷിക്കുന്നത് – “The Other” ആണ് പരം.
12. സത്വവിദ്യാപരം – ആധുനിക പാശ്ചാത്യദർശനത്തിൽ യാഥാർത്ഥ്യങ്ങളെ പരസ്പരമുള്ള ബന്ധത്തിന്റെയും ഓരോന്നിന്റെയും അടിസ്ഥാനത്തിലാണ് മനസ്സിലാക്കുന്നത്. ഉണ്മയെക്കുറിച്ചുള്ള ജ്ഞാനമാണു സത്വവിദ്യ. എന്നാൽ ഉണ്മയെ അല്ലെങ്കിൽ സത്തയെക്കുറിച്ചുള്ള ചിന്ത അബദ്ധത്തിലേക്കു നയിക്കുന്നുവെന്നാണ് മിക്ക ദാർശനികരുടെയും വാദം. ഇതാണ് സത്വവിദ്യാപരമായ ദർശനത്തോടുള്ള വിപ്രതിപത്തിയുടെ അടിസ്ഥാനം.
13. മാർട്ടിൻ ഹൈഡഗർ – ജർമ്മനിയിലെ മാർബുർഗ് സർവ്വകലാശാലയിലെ ഫിലോസഫി പ്രൊഫസറായിരുന്നു. ‘ഉണ്മയും കാലവും’ എന്ന പ്രസിദ്ധ ദാർശനിക ഗ്രന്ഥത്തിന്റെ കർത്താവ്.
14. കാന്റ് – ആധുനിക പാശ്ചാത്യ ദർശനത്തിനു അടിസ്ഥാനമിട്ട ജർമ്മൻ ദാർശനികൻ. പതിനെട്ടാം ശതകത്തിലാണ് ജീവിച്ചിരുന്നത്.

15. ഓട്ടോ - ജർമ്മൻ വേദശാസ്ത്രജ്ഞനായ ഇദ്ദേഹത്തിന്റെ 'Idea of Holy' എന്ന ഗ്രന്ഥം പ്രസിദ്ധമാണ്.
16. ഇതരൻ - പൂർണ്ണേതരൻ - ഭൗതികാനുഭൂതിയുടെ ഉദ്ദിഷ്ടം.
17. ഹുസറൽ - പ്രാതിഭാസിക വിജ്ഞാനീയത്തിന്റെ പ്രണേതാവ്. സാർത്രിന്റെയും ഹൈഡഗറിന്റെയും ഗുരുവാണിദ്ദേഹം.
18. സാർത്ര് - അസ്തിത്വവാദത്തിന്റെ പ്രമുഖ വക്താവായ ഫ്രഞ്ച് ദാർശനികൻ.
19. വിശ്വാസികൾ അജങ്ങൾ (ആടുകൾ); അവരെ പരിപാലിക്കുന്ന രീതിയെക്കുറിച്ചും മറ്റുമുള്ള ശാസ്ത്രം.
20. ഇന്ന് അസ്തിത്വവാദത്തെക്കുറിച്ച് നമുക്ക് ധാരാളമറിയാം. പൂർവ്വമാർഗ്ഗങ്ങളെ തേടാതെ സന്ദർഭത്തിനനുസരിച്ച് സ്വയം ചെയ്യുന്ന തീരുമാനം.
21. കാൽവിനും മറ്റും 'വചനത്തെ' ഊന്നിപ്പറഞ്ഞിരുന്ന അന്തരീക്ഷത്തിൽ പഞ്ചേന്ദ്രിയങ്ങളെയും ഉൾക്കൊള്ളുന്ന ആരാധനയുടെ ആത്മാവു നിറഞ്ഞുനിന്നിരുന്നു.
22. ഏകം ഏകത്തെ ദർശിക്കുക - ധ്യാനജീവിതത്തിന്റെ ആത്യന്തികലക്ഷ്യമായി മദ്ധ്യയുഗത്തിലെ ക്രിസ്തീയ ചിന്തകർ കരുതിയിരുന്നത് വ്യക്തി, സമുദായത്തിൽ നിന്നും ലോകത്തിൽ നിന്നും വ്യതിരിക്തനായി ഏകാന്തതയിൽ ഏകാന്തനായ ഈശ്വരനെ അഭിമുഖീകരിക്കുകയെന്നതായിരുന്നു.
23. ദൈവിക മാനുഷിക സമൂഹം- ലോകത്തെയും ലോകാതീത സ്വർഗത്തെയും ഉൾക്കൊള്ളുന്ന സമൂഹം.
24. സമസ്ത സമൂഹം - ആദാം മുതൽ ഇന്നുവരെയുള്ള എല്ലാ കാലങ്ങളിലും ജീവിച്ചിരുന്ന എല്ലാ സ്ഥലത്തുമുള്ള മനുഷ്യരെ ഉൾക്കൊള്ളുന്ന സമൂഹം.
25. യുഗാന്തശാസ്ത്രം - ഇപ്പോഴേ ലോകത്തിൽ വ്യാപരിക്കുന്ന ലോകാതീത ലോകത്തിലെ യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള ദർശനം.
26. സമസ്ത ക്രിസ്തുശരീരം - സ്നാപനം മൂലം വിശ്വാസികളും ക്രിസ്തുശരീരത്തിൽ ഉൾപ്പെടുന്നു. അങ്ങനെയുള്ള എല്ലാവരെയുംകൂടി ഉൾക്കൊള്ളുന്ന ക്രിസ്തുശരീരമാണ് സമസ്ത ക്രിസ്തുശരീരം.
27. വെളിപാട് 22:17.
28. ദ്രവ്യം - അപ്പവീഞ്ഞുകളും അധികാരമുള്ള പുരോഹിതനുമുണ്ടായിരിക്കണമെന്ന നിയമം.
29. വിശുദ്ധീകരണ മുഹൂർത്തം - വി. കുർബ്ബാനയുടെ ഏതു ഘട്ടത്തിലാണ് അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീരരക്തങ്ങളായിത്തീരുന്നതെന്നുള്ളതിനെക്കുറിച്ചുള്ള വിവാദം.
30. സ്ഥാപനവചനം - തിരുവത്താഴസമയത്ത് കർത്താവ് അപ്പം നുറുക്കിക്കൊണ്ട് ഉച്ചരിച്ച വചനങ്ങൾ.
31. ലോകാതീതരാജ്യം - ലോകാതീതരാജ്യം കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ ശേഷമേ പ്രത്യക്ഷമാകുകയുള്ളെങ്കിലും ഇപ്പോഴേ ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.
32. സൂർസും കോർഡാ - വിശ്വാസപ്രമാണത്തിനു ശേഷം വി. കുർബാന ആരംഭിക്കുന്ന സമയത്ത് ഹൃദയങ്ങൾ ദൈവത്തിലേക്ക് ഉയർത്തുവാൻ പുരോഹിതൻ നൽകുന്ന ആഹ്വാനം.

# 2

# യോഗാത്മകതയും ദുർഗ്രാഹ്യരായ പൗരസ്ത്യരും

ഹാർണാക്ക്[1] പൗരസ്ത്യസഭകളുടെ മേൽ അഴിച്ചുവിട്ട ആക്രമണപരമ്പര പൗരസ്ത്യസഭകളുടെ ആരാധന, ആദ്ധ്യാത്മിക ജീവിതം എന്നിവയെക്കുറിച്ചുള്ള പാശ്ചാത്യ ധാരണകളെ വ്യാപകമായി സ്വാധീനിച്ചിരിക്കുന്നു. അദ്ദേഹത്തിന് പൗരസ്ത്യരുടെ വിശ്വാസസംഹിതകളോടു മാത്രമല്ല, യോഗാത്മകതയോടും കടുത്ത വിപ്രതിപത്തിയുണ്ട്. ഹാർണാക്കിന്റെ ശിഷ്യോത്തമനും വിമർശകനുമായ ബാർത്ത് ജർമ്മൻ വേദശാസ്ത്രത്തിലെ 'ഡോഗ്മാ' വിരുദ്ധ പക്ഷപാതത്തെ കുറെക്കാലത്തേക്കെങ്കിലും ചെറുത്തുനിന്നെങ്കിലും ഷ്ളെയർമാഹർക്കെതിരായ[2] നീക്കത്തിൽ അദ്ദേഹവും യോഗാത്മകതാ വിരുദ്ധമനോഭാവത്തിന് കനത്ത പിൻബലം നൽകിയിരിക്കുന്നു. അമേരിക്കയിലും യൂറോപ്പിലുമുള്ള ആധുനിക പ്രൊട്ടസ്റ്റന്റ് ചിന്താഗതിയിൽ യോഗാത്മകതയോടുള്ള പ്രതികൂലമായ മുൻവിധി രൂഢമൂലമാണ്.

ക്രിസ്തുമതം ഒരു ശുദ്ധ ഹീബ്രൂ മതമാണെന്നും പിൽക്കാലത്തുണ്ടായ ഹെലനിസ്റ്റാക്രമണം (ഗ്രീക്കുകാരുടെ) മൂലം അത് അല്പാല്പം ദുഷിക്കാനിടവന്നതാണെന്നും, അങ്ങനെ വന്നടിഞ്ഞുകൂടിയതാണ് മിസ്റ്റിസിസമെന്നും (യോഗാത്മകത) ഉള്ള വിശ്വാസം പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രചരിച്ചിരുന്നു. ഇതിന്റെ മറുപുറമാണ് ആധുനികലോകം യോഗാത്മകതയെക്കുറിച്ചു പുലർത്തുന്ന ധാരണ. നമ്മുടെ കാലത്തു സജീവമായി വ്യാപരിക്കുന്ന 'യുക്തിവിരുദ്ധ ചൈതന്യം'[3] വാദിക്കുന്നത് യോഗാത്മകത ഒരു സാർവലൗകിക പ്രതിഭാസമാണെന്നും അതിനെ മാനവ പ്രതിഭയ്ക്ക് ഉദ്ഗ്രഥിച്ചാവിഷ്കരിക്കാവുന്ന പുതിയ ഏകലോക മതത്തിന്റെ ബീജമാക്കിത്തീർക്കാമെന്നുമാണ്.

ഭാഗ്യവശാൽ മിസ്റ്റിസിസമെന്ന (യോഗാത്മകത) പദത്തിന്റെ ചരിത്രത്തെക്കുറിച്ചു തികച്ചും ശാസ്ത്രീയമായ ഏതാനും പഠനങ്ങൾ അടുത്ത കാലത്തു നടന്നിട്ടുണ്ട്. പ്രത്യേകിച്ചും കിറ്റലിന്റെ 'വേദശാസ്ത്ര നിഘണ്ടു', കേംബ്രിഡ്ജിലെ പ്രൊഫസർ ജി. ഡബ്ല്യൂ. എച്ച്. ലാംപിന്റെ മേൽനോട്ടത്തിൽ ഓക്സ്ഫോർഡിൽ പ്രത്യേക വാല്യങ്ങളിലിറക്കിക്കൊണ്ടിരിക്കുന്ന 'സഭാപിതാക്കന്മാരുടെ ലിഖിതങ്ങളുടെ ഗ്രീക്കു നിഘണ്ടു' എന്നിവ. മിസ്റ്റിസിസത്തിന്റെ അർത്ഥം ശരിയായ കാഴ്ചപ്പാടിൽ ഗ്രഹിക്കുവാൻ ഈ ഗ്രന്ഥങ്ങൾ സഹായിക്കുന്നു. തൂസിഡിഡീസ്, ബ്രാബോ എന്നീ പേഗൻ[4] ലേഖകരുടെ അഭിപ്രായത്തിൽ 'ടാമിസ്റ്റിക്കാ' മിസ്റ്ററി[5] മതങ്ങളിലെ ആരാധനാചടങ്ങുകളും 'ഹോയി മിസ്റ്റിക്കോയി' ഈ ചടങ്ങുകളിലേക്ക് ഉപനീതരായവരുമാണ്. അങ്ങനെയെങ്കിൽ 'മിസ്റ്റി' എന്നത് അകത്തുള്ളവർക്കു മാത്രമറിയാവുന്ന ഒരു നിഗൂഢ രഹസ്യമല്ല, ഉപനീതരല്ലാത്തവർക്കു നിരോ

ധിച്ചിരിക്കുന്ന ആരാധനച്ചടങ്ങാണെന്നു വരുന്നു.

'മിസ്റ്റിറിയൺ'[6] എന്ന ഗ്രീക്കു പദത്തിന്റെ മൂലമായ 'മൂവോ' എന്ന ക്രിയയുടെ വാച്യാർത്ഥം 'നിരോധിക്കുക' (അടയ്ക്കുക) എന്നും അതിന്റെ തത്ഭവമായ 'മൂഏവോ' എന്നതിന്റെ അർത്ഥം ഉപനയിക്കുക എന്നുമാകുന്നു. സോക്രട്ടീസ്, സോസോമൻ എന്നീ ചരിത്രകാരന്മാർ 'മൂവുമെനോസ്' എന്ന വാക്ക് 'കാറ്റക്കൂമൻ' (ഉപനീതൻ അഥവാ ജ്ഞാനസ്നാനാർത്ഥി) എന്ന വാക്കിനു പര്യായമായാണ് ഉപയോഗിക്കുന്നത്. ഉപനീതനാക്കുക എന്ന അർത്ഥത്തിൽ നിന്ന് 'മൂ ഏ ഓ' എന്ന പദത്തിന് അഭിമന്ത്രിക്കുക, അഭ്യസിപ്പിക്കുക എന്നിങ്ങനെ അർത്ഥം സിദ്ധിച്ചതായി പേഗൻ ലേഖകരിൽ നിന്നു തന്നെ ഗ്രഹിക്കുവാൻ കഴിയുന്നതാണ്.

പേഗൻ മിസ്റ്ററിമതങ്ങളുമായുള്ള ബന്ധത്തെക്കുറിച്ച് ആരെത്ര പരിഭവിച്ചാലും 'മിസ്റ്റീറിയണിൽ' വിശുദ്ധ ബലി എന്ന കൂദാശയിൽ അഥവാ രഹസ്യത്തിൽ ക്രൈസ്തവ മിസ്റ്റിസിസം ആഴമായി വേരൂന്നിയിരിക്കുന്നുവെന്നുള്ളതു നിഷേധിക്കാനാവില്ല. പടിഞ്ഞാറ്, പ്രത്യേകിച്ചും സ്പാനിഷ് മിസ്റ്റിക്കുകളുടെയിടയിലും ഹോളണ്ട്, ബൽജിയം, രാജ്യങ്ങളിലെ ആദ്ധ്യാത്മികതയിൽ മദ്ധ്യയുഗാനന്തര കത്തോലിക്കാ, പ്രോട്ടസ്റ്റന്റ് ആദ്ധ്യാത്മിക ജീവിതങ്ങളിൽ വന്ന വികാസത്തിലും വി. ബലിയേക്കാൾ, വ്യക്തിയെന്ന നിലയിൽ വിശ്വാസിക്കുള്ള ഭക്തിക്കും, വിശ്വാസി ലക്ഷ്യമാക്കുന്ന ഭഗവദ്ദർശനത്തിനും പ്രാധാന്യം കല്പിക്കാനുള്ള പ്രവണത പ്രകടമാണ്. ശ്രദ്ധേയമായ ഇത്തരം അപഭ്രംശങ്ങളും വ്യതിയാനങ്ങളും ചിലപ്പോഴെല്ലാം സംഭവിച്ചിട്ടുണ്ടെങ്കിലും പൗരസ്ത്യ ആദ്ധ്യാത്മിക ജീവിതത്തിന്റെ സ്വാഭാവിക കേന്ദ്രം വിശുദ്ധ ബലി തന്നെയാണ്. ആരാധനയും ക്രൈസ്തവയോഗാത്മകതയും തമ്മിൽ അഭേദ്യബന്ധമുള്ളതിനാൽ പൗരസ്ത്യ ആരാധനയുടെ വിശദാംശങ്ങളിലേക്കു കടക്കുന്നതിനു മുമ്പു ക്രിസ്ത്യൻ മിസ്റ്റിസിസത്തെക്കുറിച്ചു ദീർഘമായിത്തന്നെ പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

ഹീബ്രൂ ക്രിസ്തുമതത്തിന്റെ വിശുദ്ധിയിൽ ഹെലനിസ്റ്റ് സംക്രമണം വരുത്തിവച്ച ദൂഷ്യമെന്നതിനു പുറമെ താഴെപ്പറയുന്ന അഞ്ചു മേഖലകളിൽ പാശ്ചാത്യ വിമർശകർക്കു യോഗാത്മകതയെക്കുറിച്ചു സന്ദേഹമുണ്ട്:

1. അതിന്റെ യുക്തിവിരുദ്ധ പ്രവണതകൾ.
2. മദ്ധ്യസ്ഥ സഹായമില്ലാതെ അതു ദൈവസാന്നിദ്ധ്യത്തിലേക്കു പ്രവേശിക്കുന്നു എന്ന ധാരണ.
3. മത സങ്കലനത്തിലേക്ക് അതു നയിക്കുന്നു എന്ന ഭയം.
4. ദൈവവുമായുള്ള സംയോഗത്തിൽ ആരാധകന്റെ വൈയക്തികത പാടെ നഷ്ടപ്പെട്ടേക്കാമെന്ന അപകടം.
5. ഉച്ചരിക്കാനാവാത്തതിനെ സംബന്ധിച്ച ദാർശനിക പ്രശ്നങ്ങളുണർത്തുന്ന ഭീതി.

എന്നാൽ ഇതേ അഞ്ചു മേഖലകളിലാണു പൗരസ്ത്യ ക്രൈസ്തവാരാധനയ്ക്കു പൊതുവായി പാശ്ചാത്യപാരമ്പര്യത്തിനും ആധുനിക മനുഷ്യനും രചനാത്മകമായ സംഭാവനകൾ നൽകാൻ കഴിയുന്നത്.

### 1. യുക്തിവിരുദ്ധ പ്രവണതകൾ

പാശ്ചാത്യരും പൗരസ്ത്യരും തമ്മിലുള്ളതായി പൊതുവേ പൊന്തിച്ചു കാട്ടാറുള്ള വൈരുദ്ധ്യം ഇതാണ്. പാശ്ചാത്യർ യുക്തിനിപുണരാണ്, പൗരസ്ത്യർ മിസ്റ്റിക്കുകളും. ഇതിൽ പ്രത്യക്ഷത്തിൽ അല്പം ന്യായീകരണമില്ലാതില്ല. ഇങ്ങനെ വിധിക്കുന്നവരിൽ അധികം പേരും കിഴക്കിനേയോ പടിഞ്ഞാറിനേയോ കുറ്റപ്പെടുത്തണമെന്നുദ്ദേശ്യമുള്ളവരല്ല. ചിലർക്കു മതവിചിന്തനത്തിൽ ശുഷ്ക്കമായ ന്യായവാദം പ്രയോഗിക്കുന്നതിനോട് മടുപ്പു തോന്നിയെന്നു വരാം. എങ്കിലും ഈ പ്രസ്താവത്തിൽ ഖണ്ഡനാത്മകമായ വിമർശനം അടങ്ങിയിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി തന്റെ 'ആദിമ ക്രൈസ്തവ സിദ്ധാന്തങ്ങൾ' എന്ന ഗ്രന്ഥത്തിൽ 'യുക്തിശാസ്ത്രത്തെക്കുറിച്ചുള്ള പൗരസ്ത്യ പിതാക്കന്മാരുടെ അഭിപ്രായങ്ങളെ ജെ. എൻ. ഡി. കെല്ലിയെപ്പോലെ പ്രഗത്ഭനായ ഒരു പണ്ഡിതൻ വിലയിരുത്തുന്നതു നോക്കുക:

'എന്നാൽ ഇവയെല്ലാം ഉപരിപ്ലവമായ നിഗമനങ്ങളാണ്. അഗസ്റ്റിൻ തുടങ്ങിയിടത്തല്ല അവർ തുടങ്ങിയത്; അതിനാൽ ഈ പ്രശ്നത്തെക്കുറിച്ച് അവർ കൂലങ്കഷമായി ചിന്തിച്ചിട്ടുണ്ടെന്നു പ്രതീക്ഷിക്കാനും നിർവാഹമില്ല.'

അലംഘനീയ ഡോഗ്മാകൾ[7] (ഔദ്യോഗിക മതസിദ്ധാന്തങ്ങൾ) ആവുന്നതും കുറയ്ക്കുവാനുള്ള പൗരസ്ത്യ പ്രവണതയുടെ ഹേതു ബൗദ്ധികമായ അലസതയല്ല. ഡോഗ്മായ്ക്കു ആത്യന്തികസത്തയെ സമ്പൂർണമായി വിവരിക്കാനാവില്ലെന്ന രൂഢമൂലമായ ബോധമാണ്. ഈ ബോധം പാശ്ചാത്യർക്കില്ലെങ്കിലും പൗരസ്ത്യർക്കുണ്ട്. അതിനാൽ ആദികാലം മുതൽക്കേ മൂർത്തമായ വചനത്തെ വിശ്വാസികളെ അനുസ്മരിപ്പിക്കുന്നതിനു പര്യാപ്തമായ മാധ്യമമെന്ന നിലയിൽ പൗരസ്ത്യസഭ കൂടുതൽ പ്രാധാന്യം നൽകിപ്പോന്നിട്ടുള്ളത് ഔദ്യോഗിക മതസിദ്ധാന്തങ്ങൾക്കല്ല, ആരാധനയ്ക്കാണ്. കെല്ലി അവകാശപ്പെടുന്നതുപോലെ കൂലങ്കഷമായ പര്യാലോചനയുടെ ഫലമായല്ല ഡോഗ്മാ നിർദ്ധാരണം ചെയ്യപ്പെടാനിട വന്നത്. തെറ്റുകളെ തിരുത്തുകയെന്നതു മാത്രമായിരുന്നു ഡോഗ്മായുടെ ലക്ഷ്യം.

ഇന്ന് സഭാനേതൃത്വപരിശീലന സ്ഥാപനങ്ങളെല്ലാം മുഖ്യധർമ്മമായി സ്വീകരിച്ചിരിക്കുന്നത് വേദശാസ്ത്രാഭ്യസനമാണ്. വേദശാസ്ത്രത്തിന് മഹനീയമായ ഒരു സ്ഥാനമുണ്ട്. കലാശാലകളിൽ ശ്രദ്ധാപൂർവം നടത്തിവരുന്ന വേദശാസ്ത്രാഭ്യസനത്തെ അപലപിക്കുന്നത് നന്ദികേടാണ്. ക്രൈസ്തവചിന്തയിലെ ഇതിഹാസപരവും വ്യാജജടിലവുമായ ഒട്ടധികം കാര്യങ്ങളെ വേദശാസ്ത്രത്തിന് അരിഞ്ഞുതള്ളുവാൻ കഴിഞ്ഞിട്ടുണ്ട്. സദുദ്ദേശ്യപരമായി സൃഷ്ടിച്ചവയെങ്കിലും സർവത്ര അസ്വീകാര്യമായ പരമാബദ്ധങ്ങൾ ഒരു കാലത്തു പൊതിഞ്ഞിരുന്ന പരമസത്യത്തിന്റെ പല വശങ്ങളിലേക്കും വെളിച്ചം വീശുന്നതിന് അതിന് സാധിച്ചിട്ടുണ്ട്. സമർപ്പിത ചേതസ്സുകൾ അവധാനപൂർവം പടുത്തുയർത്തിയ വേദശാസ്ത്ര സംഹിതയെ താഴ്ത്തി പറയുന്നത് തെറ്റല്ലേ? അതേസമയം വേദശാസ്ത്രത്തിന്റെ പരിമിതിയെ വിസ്മരിക്കുന്നതും തെറ്റു തന്നെയാണ്. വാക്കുകൾക്ക്, അവ എത്ര

സൂക്ഷിച്ചു തെരഞ്ഞെടുത്തവയാണെങ്കിൽപ്പോലും, സമ്പൂർണ്ണ സത്യത്തെ വിവരിക്കാനും വിനിമയം ചെയ്യാനും സാധിക്കുമെന്ന് കരുതുന്നത് അവിശുദ്ധമായ വിഡ്ഢിത്തമാണ്.

'ആരാധനയും ഡോഗ്മായും' എന്ന ഉൾക്കാഴ്ച നൽകുന്ന പ്രബന്ധത്തിൽ ആർഹൂസിലെ പ്രൊഫസർ റജിൻ പ്രിന്റർ എഴുതി:

'യഥാർത്ഥത്തിൽ ആരാധനയും ഡോഗ്മായും അന്യോന്യം അവഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ഡോഗ്മായുടെ ശാരീരിക രൂപമാണ് ആരാധന. ആരാധനയുടെ ആത്മാവാണ് ഡോഗ്മാ. പരസ്പരം ബന്ധിതമായതിനെ വേർപെടുത്താൻ തുനിഞ്ഞാൽ (അവയെ സംയോജിപ്പിക്കുന്നതിനു പകരം വേർപെടുത്താൻ സഭയിൽ ശ്രമം നടത്തുന്നതു പോലെയായാൽ) ആരാധനയുടെയും ഡോഗ്മായുടെയും പൊരുൾ നമുക്കു കാണാൻ കഴിയാതെ പോകും.'

ഡോഗ്മായും ആരാധനയും ശരീരവും ആത്മാവും പോലെ ബന്ധിതമാണെന്നും അവയെ പിരിച്ചുമാറ്റുന്നത് രണ്ടിന്റെയും പൂർണതയെ ബാധിക്കുമെന്നുമാണ് അദ്ദേഹത്തിന്റെ നിഗമനം. അതു അത്രത്തോളം ശരിയുമാണ്. എന്നാൽ അതിനും അപ്പുറത്തേക്കു നാം കടക്കേണ്ടതില്ല.

ഒന്നാമതായി ഡോഗ്മാ, സഭയുടെ ഔദ്യോഗിക വിശ്വാസപ്രഖ്യാപനങ്ങൾ അല്ലെങ്കിൽ വാല്യങ്ങളിലായി ക്രോഡീകരിച്ച വേദശാസ്ത്രമാവാം. രണ്ടാമതായി, അതു സഭാമനസ്സിന്റെ ആവിഷ്ക്കാരം അഥവാ ക്രിസ്തുശരീരം അതിന്റെ അംശങ്ങളിലേക്കു പരിശുദ്ധാത്മാവിൽ ജീവൻ പകരുമ്പോൾ സഭ നൽകുന്ന ബോധനമാവാം. എന്നാൽ ആരാധനയിലും ഐഹികജീവിതത്തിലും കൂടുതൽ ഹൃദയപൂർവം തന്റെ നാഥനെയും മണവാളനെയും അറിഞ്ഞു വളരുന്ന മനസ്സിനെ വേദശാസ്ത്രങ്ങൾക്കോ വേദോപദേശസംഗ്രഹങ്ങൾക്കോ ഭദ്രമായി ആവിഷ്ക്കരിക്കുവാൻ സാധിക്കുന്നതല്ല. സ്നേഹപൂർവമായ വിധേയത്വത്തിലും സജീവമായ ആഭിമുഖ്യത്തിലും കൂടി മാത്രമേ അത് അനുഭവവേദ്യമാവുകയുള്ളു. അതു സർവദാ വളരുന്ന മനസ്സാണ്. അത് അന്തകാലത്തിൽകൂടി വളർന്നുകൊണ്ടിരിക്കയും ചെയ്യും.

സർവകാലത്തേക്കും സ്ഥലത്തേക്കും തന്നിൽനിന്നും പ്രസരിക്കുന്ന അനുസരണ ജീവിതത്തെ ഉറപ്പിക്കുന്നതും വിശുദ്ധ ലിഖിതഭാഗങ്ങളിൽ സമ്പുഷ്ടമായതുമായ ആരാധനയാണ് സഭാ മനസ്സിന്റെ സജീവസത്ത. പടിഞ്ഞാറുള്ളവരും കിഴക്കുള്ളവരും ഇത് ഗ്രഹിക്കുന്നതിൽ ഒരുപോലെ പരാജയപ്പെട്ടിരിക്കുന്നു. പടിഞ്ഞാറ്, പാണ്ഡിത്യഭാണ്ഡങ്ങൾ നിറച്ച വേദശാസ്ത്രനൗകകൾ ആരാധനയുടെ തുറമുഖങ്ങളിൽനിന്ന് അകന്നകന്നു നീങ്ങി യന്ത്രവാദാധിഷ്ഠിതമായ കാര്യകാരണസിദ്ധാന്തത്തിന്റെ[8] മണൽക്കൂനകളിൽപ്പെട്ട് അപകടപ്പെടുമെന്നായിരിക്കുന്നു. ഇതിന് തിരിച്ചടിയെന്നോണം നവീകരണപ്രസ്ഥാനം ആരാധനയെ വചനത്തിന്റെ പ്രകാശനമാക്കാൻ ശ്രമിക്കയുണ്ടായി. ആരാധനയിൽ സഭ ദൈവത്തിന് അഭിമുഖമായി നില്ക്കുമ്പോൾ 'വെളിപാട്' നടന്നുകൊണ്ടിരിക്കുന്നുവെന്ന് നവീകര

ണക്കാർക്ക് ഇനിയും ബോദ്ധ്യമായിട്ടില്ല. അതിനാൽ ദൈവവചനമുൾക്കൊള്ളുന്ന വേദപുസ്തകത്തെ ആരാധനയിൽ യഥോചിതം ഫലപ്രദമായി ഉൾക്കൊള്ളിക്കുവാൻ അവർ പഠിച്ചിട്ടുമില്ല.

ഭാഷയുടെ യഥാർത്ഥ ധർമ്മത്തെക്കുറിച്ചും പരിമിതികളെക്കുറിച്ചും നിരന്തരം പഠനങ്ങൾ നടത്തേണ്ടതുണ്ട്. മനുഷ്യഭാഷയിൽക്കൂടി ബാഹ്യലോകം മാനുഷികമാവുകയും മനുഷ്യരൂപം സ്വീകരിക്കുകയും ചെയ്യുന്നു. വാക്കുകളെ നാം സന്നിവേശിപ്പിക്കുന്നത് സുഘടിതമായ ഒരു വ്യവസ്ഥയിലേക്കാണ്. ഈ വ്യവസ്ഥയിൽ വാക്കുകളുടെ സംവേദനശക്തി സാക്ഷാത്കരിക്കപ്പെടുന്നു. ഭാഷയിൽക്കൂടിയുള്ള ആവിഷ്ക്കാരം മൂലം ലോകത്തെ രൂപാന്തരപ്പെടുത്തുന്ന മനുഷ്യൻ ലോകത്തിനു നൂതനമായ വ്യാഖ്യാനം നൽകുന്നു. സർഗാത്മകമായ പ്രക്രിയയിൽക്കൂടി ഇങ്ങനെ ചെയ്യുന്ന മനുഷ്യൻ സൃഷ്ടികർമ്മത്തിൽ ദൈവത്തെ അനുകരിക്കയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ പൊതുവായ അഭിപ്രായൈക്യം കണ്ടെത്താൻ കഴിഞ്ഞേക്കും.

ഏതു സത്യവും ഭാഷാവിധേയമാക്കുമ്പോൾ പരിമിതമായിത്തീരുന്നു. അതിന്റെ കാലത്തിന്റെയും സംസ്ക്കാരത്തിന്റെയും മുദ്രകൾ അതിൽ പതിയുന്നു. ക്രൈസ്തവസഭ, വിശേഷിച്ചും പൗരസ്ത്യസഭ ഭാഷയെ സമ്പൂർണ്ണമായി പ്രയോജനപ്പെടുത്തുന്ന ആരാധനാസമ്പ്രദായമാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. അത് ഭാഷയ്ക്കും അപ്പുറത്തേക്ക് കടക്കുന്നു. ജഡം വരിച്ച വചനസത്യത്തെ ദിവ്യകർമ്മത്തിൽക്കൂടി; എല്ലാ സംവിധാനസാമഗ്രികളും പശ്ചാത്തലവും യവനികയും പ്രയോജനപ്പെടുത്തുന്നതും, രസനാദഗന്ധസ്പർശങ്ങളെ ഉത്തേജിപ്പിക്കുന്നതുമായ ഒരു നാടകീയ കർമ്മത്തിൽക്കൂടി അതു മൂർത്തമാക്കുന്നു. മാത്രമല്ല, യുക്തിയെ ത്യജിക്കാതെ യുക്തിക്കും മീതെയുള്ള മേഖലയിൽ അതു വ്യാപരിക്കുന്നു (എന്നാൽ ഇവിടെ ഇന്നത്തെ പൗരസ്ത്യസഭ പരാജയപ്പെടുന്നുണ്ട്). മഹത്തായ പൗരസ്ത്യാരാധനാകർമ്മം സത്യത്തെ സജീവമായി പാലിക്കുന്നതിനാൽ ആരാധകർക്കു യുക്തിപരവും യുക്ത്യാതീതവുമായ തലങ്ങളിൽ അതിൽക്കൂടി സംബന്ധിക്കുവാൻ സാധിക്കുന്നു. യുക്തിപരവും യുക്ത്യാതീതപരവുമായവയെ, ഒന്നു മറ്റൊന്നിനെ ഗ്രസിക്കാത്തവിധം നിലനിർത്താൻ ഇന്ന് കഴിയാതെപോകുന്നുണ്ട്. യഥാർത്ഥമായ പൂജയുടെയും ഭക്തിപൂർവകമായ അനുധ്യാനത്തിന്റെയും ദൈവികവും ജൈവകവുമായ ചൈതന്യം ഉൾക്കൊള്ളാത്ത യാന്ത്രികമായ അനുഷ്ഠാനങ്ങളും നാടകീയതയും മൂലം പൗരസ്ത്യാരാധനയ്ക്കു സഹജമായ ശക്തി ഒട്ടധികം നഷ്ടപ്പെട്ടെന്നു വരാം.

ഒന്നിനെ ഒഴിവാക്കി മറ്റതിനെ നിലനിർത്തണമെന്ന വ്യഗ്രത ലേശമില്ലാത്ത പാശ്ചാത്യരും പൗരസ്ത്യരും ഒരേവിധത്തിൽ യുക്തിപരമായതും യോഗാത്മകമായതും തമ്മിലുള്ള സമതുലിതാവസ്ഥ പാലിക്കേണ്ടതായുണ്ട്. എന്നാൽ വാക്കുകളിൽകൂടി ആവിഷ്ക്കരിക്കാവുന്നതും ആവിഷ്ക്കരിക്കാനാവാത്തതും ഏതേതെന്ന് വ്യവച്ഛേദിക്കുവാൻ ഇരുകൂട്ടർക്കും സാധിക്കുന്നതല്ല. പ്രായോഗികതലത്തിൽ തെല്ലു പരാജയപ്പെടുന്നു

ണ്ടെങ്കിലും ഭാവത്തിലും തത്വത്തിലും ഈ സമതുലിതാവസ്ഥ പാലിക്കുവാൻ പൗരസ്ത്യാരാധന ശ്രമിക്കുന്നുണ്ട്. പൗരസ്ത്യയോഗാത്മകത യുക്തിവിരുദ്ധമല്ല, യുക്തിക്കതീതമായതിന്റെ ജൈവകസാന്നിദ്ധ്യം അനുഭവവേദ്യമാക്കിത്തന്ന് അതു യുക്തിയുടെ പരിമിതത്വത്തെക്കുറിച്ച് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

## 2. മദ്ധ്യസ്ഥതയില്ലാതെ നേരിട്ടുള്ള പ്രവേശനം

നിയോ കാൽവിനിസ്റ്റ് പാരമ്പര്യത്തിനുള്ള ഏറ്റം വലിയ ശങ്കകളിലൊന്ന് പൗരസ്ത്യ മിസ്റ്റിസിസം 'കൾട് മിസ്റ്റിക്ക്'[9] (ആരാധനയിൽക്കൂടിയുള്ള ദൈവസാന്നിദ്ധ്യ പ്രവേശനം) അഭ്യസിപ്പിക്കുന്നതു മൂലം ക്രിസ്തുവിന്റെ മദ്ധ്യസ്ഥത ആവശ്യമില്ലാതാക്കുന്നുവെന്നുള്ളതാണ്. ഷ്ലയർ മാഹറിന്റെ ബോധാനുഭൂതി സിദ്ധാന്തം വഴിതെറ്റിക്കാനിടയായ ഈ തലമുറയിൽ മിസ്റ്റിസിസത്തെക്കുറിച്ചുള്ള ഈ ശങ്ക ഏറെക്കുറെ മനസ്സിലാക്കാനുള്ളതേ ഉള്ളൂ. ഇതാണ് മിസ്റ്റിസിസത്തെക്കുറിച്ചുള്ള നിയോ കാൽവിനിസ്റ്റ് ശങ്കയുടെ പശ്ചാത്തലമെങ്കിൽ പൗരസ്ത്യ മിസ്റ്റിക്കൽ ആരാധനയെ സംശയിക്കയല്ല, അതെക്കുറിച്ചുള്ള തെറ്റുധാരണ തിരുത്തുകയാണ് വേണ്ടത്. എമിൽ ബ്രൂണ്ണർ മിസ്റ്റിസിസത്തിനെതിരെ നടത്തിയ ഖണ്ഡനം ഇവലിൻ അണ്ടർഹിൽ, റുഡോൾഫ് ഓട്ടോ എന്നിവർ മിസ്റ്റിസിസത്തെക്കുറിച്ചു നടത്തിയിട്ടുള്ള പ്രതിപാദനത്തെ അടിസ്ഥാനമാക്കിയാണ്. ബ്രൂണ്ണർ വിവരംകെട്ട വിചിത്ര രോഷത്തോടെ വിധിപ്രഖ്യാപനം നടത്തുന്നതു നോക്കുക:

'ക്രിസ്തീയ വീക്ഷണത്തിൽ ഈ മിസ്റ്റിസിസമെന്താണെന്ന് ഇനിയും പരിശോധിക്കാം. മഹത്തും സുദൃഢവുമായ മിസ്റ്റിസിസം വിശ്വാസത്തിന്റെ മഹത്വവും കാഠിന്യവും തികഞ്ഞ മായാത്മക പ്രതിയോഗിയാകുന്നു. ഇന്നു വിശ്വമതങ്ങളുടെ ഇടയിൽ ക്രിസ്തുമതത്തിനു ബഹുമാന്യ പ്രതിയോഗികളില്ല. എന്നാൽ ലോകാവസാനം വരെയ്ക്കും മിസ്റ്റിസിസം അതിന്റെ പ്രതിദ്വന്ദ്വിയായിരിക്കുമെന്നുള്ളത് തീർച്ചയാണ്.'

തുടർന്നു മിസ്റ്റിസിസത്തിനെതിരെ പൊതുവിൽ പല ആരോപണങ്ങളും അദ്ദേഹം ഉന്നയിക്കുന്നു. 'അത് സൃഷ്ടിയും സ്രഷ്ടാവും തമ്മിലും, കാലാവധിയും നിത്യതയും തമ്മിലും ഞാനെന്നും നീയെന്നുമുള്ള ആശയങ്ങൾ തമ്മിലും ദൈവവും ആത്മാവും തമ്മിലും ഉള്ള അന്തരത്തെ അവഗണിക്കുന്നു. അതു പാപത്തിന്റെ പ്രശ്നത്തെ വിട്ടുകളയുന്നു. ദൈവവുമായി മദ്ധ്യസ്ഥതയില്ലാതെ നേരിട്ടു ബന്ധം പുലർത്താനൊരുങ്ങുന്നു. അതാണു പോലും അതിന്റെ ഏറ്റവും ഗുരുതരമായ ന്യൂനതയും അതു നടത്തുന്ന ഏറ്റവും ധിക്കാരപരമായ ദൈവദൂഷണവും.

പാപം പരിഹരിച്ചു കിട്ടുന്നതിനും പാപം മൂലം ദൈവവും മനുഷ്യനും തമ്മിലുണ്ടായിരിക്കുന്ന വിടവു നീങ്ങിക്കിട്ടുന്നതിനും നമ്മുടെ കുറ്റങ്ങൾ ദൈവം നമ്മോടു പൊറുക്കുന്നതിനും ദൈവം നമ്മോടു നിരപ്പാകുന്നതിനും, ഒരേ ഒരു വഴിയേ ഉള്ളൂ. ദൈവവചനം തന്നെ അതിനു മുൻകൈയെടുക്കുകയെന്നത്.'

ബ്രൂണറിന്റെ ദൃഷ്ടിയിൽ മനുഷ്യൻ സ്വയം സാധൂകരിക്കുന്നതിനു

നടത്തുന്ന അവസാന ശ്രമമാണ് മിസ്റ്റിസിസം. തന്റെ ഗ്രന്ഥം അദ്ദേഹം സമാപിപ്പിക്കുന്നത്, ഒന്നുകിൽ മിസ്റ്റിസിസം അല്ലെങ്കിൽ വചനപ്രസംഗം എന്നു ഖണ്ഡിതമായി പ്രഖ്യാപിച്ചുകൊണ്ടാണ്. ഒന്നുകിൽ, അല്ലെങ്കിൽ എന്ന അപ്രകൃതപ്രയോഗത്തിൽ തെറ്റുധാരണ നിറഞ്ഞിരിക്കുന്നു. എഴുതപ്പെട്ടതോ ഉദ്ബോധിപ്പിക്കപ്പെട്ടതോ, ശരീരം വരിച്ചതോ ആയ വചനം യഥാർത്ഥത്തിൽ നിവസിക്കുന്നത് 'മിസ്റ്റീറിയണി'ന്റെ ഹൃദയത്തിലാണ്. അതായത് സഭ അർപ്പിക്കുന്ന വിശുദ്ധ ബലിയിൽ. ഈ സത്യം സാക്ഷാൽക്കരിക്കാതെ കാൽവിനിസ്റ്റ് പാരമ്പര്യത്തിൽ സാക്ഷാത്തായ ആരാധനയുടെ ആത്മാവ് വീണ്ടെടുക്കാൻ സാധ്യമല്ല. ക്രിസ്തുവിന്റെയും വിശുദ്ധ റൂഹായുടെയും മദ്ധ്യസ്ഥതയില്ലാതെ യാതൊരു 'കൾട്ട് മിസ്റ്റീരിയണും' സാധ്യമല്ല. പരിശുദ്ധ റൂഹാ മുഖേന ക്രിസ്തു നിവസിക്കുന്ന ക്രിസ്തുശരീരത്തിനു മാത്രമേ മിസ്റ്റീരിയൺ കർമം നടത്തുവാൻ സാധ്യമാകയുള്ളു. ശരീരം വരിച്ച വചനം യോഗാത്മകതയ്ക്കു വിരുദ്ധമല്ല. വിശുദ്ധ ബലിയിലെ പുരോഹിതനും ബലിവസ്തുവും ആ വചനം തന്നെയാണ്. വി. യാക്കോബിന്റെ തക്സായിലെ പ്രാരംഭശുശ്രൂഷയിൽ പറഞ്ഞിരിക്കുന്ന വിധം 'അല്ലയോ നാഥാ, അവിടുന്നാണ് വിശുദ്ധബലി, അവിടുത്തേക്കാണ് വിശുദ്ധബലി ഞങ്ങൾ അർപ്പിക്കുന്നതും.'

ദിവ്യബലിയിൽക്കൂടിയുള്ള യോഗാത്മകത ബ്രൂണ്ണർ ആരോപിക്കുന്ന ദോഷങ്ങളിൽനിന്നും വിമുക്തമാണ്. ഇതിൽ വിശ്വാസി ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയില്ലാതെ ദൈവത്തിന്റെ സന്നിധാനത്തിൽ പ്രവേശിക്കുന്നില്ല. മനുഷ്യപാപം മൂലം ദൈവവും സൃഷ്ടിയും തമ്മിൽ വന്നുചേർന്നതായ വിടവിനെ വിഗണിക്കുന്നുമില്ല. വചനത്തിൽ മാത്രം ശ്രദ്ധ ചെലുത്തുന്ന 'നിയോ കാൽവിനിസത്തിൽ'[10] ദൈവവും സൃഷ്ടിയും തമ്മിലുള്ള വിടവു നികത്തുന്നത് ദൈവം ദാനം ചെയ്യുന്നതായ പാപമോചനമാണ്. ഇതേ വിധത്തിൽ മനുഷ്യൻ പാപിയാണെന്ന ബോധവും ദൈവമാണ് മനുഷ്യപാപത്തെ പൊറുക്കേണ്ടതെന്ന വിശ്വാസവും ദിവ്യബലിയെ കേന്ദ്രമാക്കിയുള്ള "കൾട്ട് മിസ്റ്റീരിയണിലും" അടങ്ങിയിരിക്കുന്നു. പൗരസ്ത്യാരാധനയിൽ ശരീരം വരിച്ച വചനമായ ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയില്ലാതെ വിശ്വാസികൾക്കു നേരിട്ടു ദൈവസന്നിധിയിലേക്കു പ്രവേശിക്കാനാവില്ല. പൗരസ്ത്യയോഗാത്മകത മനുഷ്യപാപത്തെ യാതൊരുവിധത്തിലും നിസ്സാരമാക്കി തള്ളുന്നില്ല. അവിടവിടന്നായി സുറിയാനി, കോപ്റ്റിക്ക്, ബൈസാന്റിയൻ തക്സാകളിൽ നിന്ന് എടുത്തിട്ടുള്ള ഉദ്ധരണികൾ ഈ വസ്തുത വ്യക്തമാക്കുന്നു.

'മനുഷ്യവർഗത്തോടുള്ള വലുതും വിവരിക്കാനാവാത്തതുമായ സ്നേഹത്താൽ, വഴിതെറ്റിയ ആടുകളെ തേടിപ്പിടിച്ചു തിരികെക്കൊണ്ടുവരുവാൻ സ്വന്തപുത്രനെ ഭൂമിയിലേക്കയച്ച പിതാവായ ദൈവമേ, നാഥനായ അവിടുന്ന് രക്തരഹിതമായ ഈ ബലിയെ തള്ളിക്കളയരുതേ; എന്തെന്നാൽ അവിടുത്തെ നീതിയിലല്ല, കരുണയിലത്രേ ഞങ്ങൾ വിശ്വാസം അർപ്പിച്ചിരിക്കുന്നത്' (വി. യാക്കോബിന്റെ തക്സാ).

'അവിടുത്തെ ഈ വിശുദ്ധ ശുശ്രൂഷ നടത്തുവാൻ അടിയൻ

യോഗ്യനോ യോജിച്ചവനോ ഒരുക്കമെടുത്തിട്ടുള്ളവനോ അല്ലെന്നു നാഥാ അവിടുത്തേക്ക് അറിവുള്ളതാണല്ലോ? അവിടുത്തെ വിശുദ്ധ തേജസ്സിൻ മുമ്പാകെ അടിയന്റെ മുഖം അടുപ്പിക്കാനാവില്ല. അധരങ്ങൾ തുറക്കാനാവില്ല. പിന്നെയോ അവിടുത്തെ അനന്തബഹുലമായ കാരുണ്യവാത്സല്യങ്ങൾക്കു യോജിച്ചവിധം മഹാപാപിയായ അടിയനോട് പൊറുക്കണമേ! ഈ വിനാഴികയിൽ അനുഗ്രഹവും കാരുണ്യവും എന്നിൽ ചൊരിയാൻ കനിയേണമേ' (വി. ബസേലിയോസിന്റെ കോപ്റ്റിക് തക്സായിൽ നിന്ന്. പ്രാരംഭ ശുശ്രൂഷ).

'അവിടുത്തേക്കു മാത്രമല്ലോ കേൾക്കുവാൻ സന്നദ്ധതയും സന്മനസ്സുമുള്ളത്. അങ്ങയോട് അടിയൻ അപേക്ഷിക്കുന്നു. അവിടുത്തെ പ്രയോജനശൂന്യനും പാപിയുമായ ഈ ദാസന്റെ മേൽ തൃക്കൺ പാർക്കേണമേ. തിന്മയുടെ മനസ്സാക്ഷിയിൽ നിന്ന് അടിയന്റെ ഹൃദയത്തെയും ആത്മാവിനെയും കഴുകി ശുദ്ധീകരിക്കേണമേ. അങ്ങനെ അവിടുത്തെ പരിശുദ്ധ റൂഹായുടെ ശക്തിയാൽ ഈ ബലിപീഠത്തിനടുത്തു വരുവാനും അവിടുത്തെ വിലമതിക്കാനാവാത്ത രക്തത്തിനും അനന്ത നിർമ്മലവും വിശുദ്ധവുമായ ശരീരത്തിനും ശുശ്രൂഷ അർപ്പിക്കാനും അടിയനെ സഹായിക്കേണമേ. അടിയനിതാ നമ്രശിരസ്കനായി വന്ന് അവിടുത്തെ മുമ്പിൽ പ്രാർത്ഥന അർപ്പിക്കുന്നു. അടിയനിൽ നിന്നു തിരുമുഖം തിരിച്ചുകളയരുതേ. അവിടുത്തെ അരുമസന്താനങ്ങളുടെ കൂട്ടത്തിൽ നിന്ന് ഈ എളിയവനെ തള്ളിക്കളകയുമരുതേ. അവിടുത്തെ പാപിയും അയോഗ്യനുമായ ദാസനിൽനിന്ന് ഈ കാഴ്ചകൾ കൈക്കൊള്ളുമെന്ന് ഉറപ്പു തരേണമേ. എന്തെന്നാൽ ബലിവസ്തുവും ബലി സ്വീകരിക്കുന്നവനും അവിടുന്നു തന്നെയല്ലോ. അവിടുന്നു ബലി കൈക്കൊള്ളുകയും ബലിയായി അനേകർക്കു സ്വയം നൽകുകയും ചെയ്യുന്നു. ഞങ്ങളുടെ രക്ഷകനായ ഞങ്ങളുടെ ദൈവമേ, അവിടുത്തെ അനാദ്യന്തനായ പിതാവിനോടും അതിവിശുദ്ധിയുള്ളവനും കാരുണ്യവാനും ജീവദായകനുമായ പരിശുദ്ധ റൂഹായോടുമൊന്നിച്ചു ഞങ്ങൾ അവിടുത്തേക്ക് ഇന്നും എന്നേക്കും അന്തമില്ലാത്ത ലോകത്തോളവും മഹത്വം കരേറ്റുന്നു' (വി. ക്രിസോസ്റ്റം – വി. ബേസിൽ എന്നിവരുടെ സ്ലാവോണിക്ക് തക്സാ).

ഒന്നുകിൽ വചനം അല്ലെങ്കിൽ മിസ്റ്റിസിസം എന്ന ബ്രൂണ്ണർ വാദം സത്യവിരുദ്ധമാണ്. വചനവും 'കൾട്ട് മിസ്റ്റിക്കും' എപ്പോഴും ഒന്നിച്ചുനിൽക്കുന്നു. ദിവ്യബലിയിൽകൂടിയുള്ള യഥാർത്ഥ മിസ്റ്റിസിസത്തിൽ മദ്ധ്യസ്ഥതയെ അവഗണിക്കുന്നില്ല, മനുഷ്യപാപത്തെ വിസ്മരിക്കുന്നുമില്ല.

### 3. സർവ്വമത സങ്കലനത്തിനുള്ള പ്രവണത

ദൈവത്തിന്റെ പരാമാധീശത്വത്തിന് യാതൊരു വിധത്തിലും കുറവുണ്ടാകാൻ പാടില്ലെന്ന് കാൽവിനിസത്തിന് നിർബന്ധമുണ്ട്. വിശുദ്ധ സുവിശേഷത്തിൽ വിഗ്രഹാരാധനയുടെ യാതൊരംശവും കടന്നുചെല്ലാതിരിക്കുവാനുള്ള കരുതൽ നടപടിയായി കലയെയും ശില്പത്തെയും അത് നിരുത്സാഹപ്പെടുത്തിയിരിക്കുന്നു. ദൈവത്തെ പ്രാപിക്കാൻ ക്രൈസ്തവസഭയല്ലാതെ മറ്റേതെങ്കിലും മാർഗമുണ്ടെന്ന് വിശ്വസിക്കുന്നവരെ അത് പാടേ

അകറ്റി നിറുത്തുകയും ചെയ്യുന്നു. മിസ്റ്റിസിസത്തെ വചനത്തിന്റെ ബദ്ധ ശത്രുവെന്നാണല്ലോ എമിൽ ബ്രൂണ്ണർ വിവരിച്ചത്. യോഗാത്മക ധ്യാന ത്തിൽക്കൂടി മുസ്ളിം സൂഫിയും ഹിന്ദുമഹർഷിയും ദൈവത്തിലേക്കുള്ള മാർഗം കണ്ടെത്തുന്നുണ്ടോ? യേശുക്രിസ്തുവിന്റെ സുവിശേഷത്തിൽ വിശ്വസിക്കാതെ മുസ്ളീമിനും ഹിന്ദുവിനും ബൗദ്ധനും ദൈവത്തെ കണ്ടെ ത്താമെന്ന് സമ്മതിച്ചാൽ സുവിശേഷത്തിന്റെ അടിത്തറ ആകെക്കൂടി ഇള കിയെന്നു വരില്ലേ?

ക്രിസ്തുമതം പ്രാബല്യത്തിലിരിക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽ അനേകം പേർ ഹൈന്ദവയോഗവും സെൻബുദ്ധമതവും സ്വീകരിച്ചു തുട ങ്ങിയിരിക്കുന്നു. യോഗാത്മകതയുടെ മാർഗം സാധുവാണെന്ന് അംഗീക രിക്കുന്നതു മൂലം മതപരമായ സങ്കലനത്തിന്റെ വാതിൽ തുറന്നിടുകയാ യിരിക്കയില്ലേ? ഈ ഭീതിയെ പാടേ അടിസ്ഥാനരഹിതമെന്നു കരുതി തള്ളി ക്കളയാനാവില്ല. എന്നാൽ ക്രൈസ്തവർ മാത്രമേ രക്ഷ പ്രാപിക്കയുള്ളെന്ന് നാം ശഠിക്കയാണെങ്കിൽ ഹിന്ദു യോഗിയും, മുസ്ളീം സൂഫിയും, ബുദ്ധ സന്യാസിയും ധ്യാനം മുഖേന കണ്ടെത്തുന്നത് ദൈവത്തെയല്ലെന്നു നമുക്കു തീർത്തു പറയേണ്ടി വരും.

ക്രൈസ്തവനു മാത്രമേ മോക്ഷം ലഭിക്കയുള്ളുവെന്ന ധാരണ എത്ര മേൽ യുക്തിസഹമാണെന്ന് ആദ്യമേ നമുക്ക് പരിശോധിക്കണം. ഇതു തെളിയിക്കാൻ തിരുവെഴുത്തുകളിൽ നിന്നു സമൃദ്ധമായി നമുക്ക് ഉദ്ധര ണികൾ എടുത്തു കാണിക്കുവാൻ കഴിയും.

'വിശ്വസിക്കയും സ്നാനമേൽക്കയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും ' (വി. മർക്കോസ് 16:16).

'വിശ്വസിക്കുന്നവൻ ശിക്ഷിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവൻ ശിക്ഷി ക്കപ്പെട്ടു കഴിഞ്ഞു; എന്തെന്നാൽ ദൈവത്തിന്റെ ഏകപുത്രനിൽ അവൻ വിശ്വസിക്കുന്നില്ല. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ലഭിക്കുന്നു. പുത്രനെ അനുസരിക്കാത്തവൻ ജീവൻ എന്തെന്നറിയില്ല. ദൈവകോപം അവന്റെ മേൽ വന്നു പതിക്കുന്നു' (വി. യോഹ. 3:18, 3:6 R.S.V.).

'മറ്റാരിലും രക്ഷയില്ല. എന്തെന്നാൽ ആകാശത്തിനു താഴെ നമ്മെ മോചിപ്പിക്കുന്നതിന് മനുഷ്യരുടെയിടയിൽ മറ്റൊരുവനുമില്ല' (അ. പ്ര. 4:12).

'ഞാനാണ് വഴിയും സത്യവും ജീവനും, ഞാൻ മുഖേനയല്ലാതെ ആരും പിതാവിൽ എത്തുകയില്ല' (വി. യോഹ. 14:6).

ക്രിസ്ത്യാനി പരിശുദ്ധാത്മാവിൽ ഏകജാതനിൽ കൂടിയാണ് പിതാ വിങ്കലേക്കു പ്രവേശിക്കുന്നതെന്നുള്ളതിനെപ്പറ്റി യാതൊരു സംശയവുമില്ല. ഹൈന്ദവനോ മുസ്ളീമിനോ, ബുദ്ധനോ, പേഗനോ ദൈവസന്നിധിയിൽ പ്രവേശിക്കണമെങ്കിൽ ക്രിസ്തുവും പരിശുദ്ധാത്മാവുമല്ലാതെ വേറെ പ്രത്യേക മദ്ധ്യസ്ഥന്മാരില്ല.

എന്നാൽ ദൈവത്തിന് പരിശുദ്ധാത്മാവിൽ ക്രിസ്തുവിൽക്കൂടി മനു ഷ്യരോട് സമ്പർക്കം പുലർത്തുവാൻ 'സഭയോ' 'പ്രസംഗിക്കുന്ന വചനമോ' ആണ് ഏക മാർഗമെന്നോ, അതിലേക്കു മറ്റു മാർഗങ്ങൾ സ്വീകരിക്കുവാൻ

ദൈവത്തിനു സാധ്യമല്ലെന്നോ സിദ്ധാന്തിക്കുന്നത് ശരിയായിരിക്കയില്ല. സുവിശേഷത്തിൽ വിശ്വസിക്കയും ജ്ഞാനസ്നാനമേൽക്കയും ചെയ്യുകയാണ് മോക്ഷത്തിനുള്ള സ്വാഭാവിക മാർഗം. എന്നാൽ ദൈവത്തിന്റെ പ്രവർത്തനത്തെ സ്വാഭാവികത്തിന്റെ പരിധിയിൽ ഒതുക്കിനിർത്താൻ നമുക്ക് അവകാശമില്ല. ദൈവത്തിന്റെ വഴികൾ നമുക്ക് കണ്ടുപിടിക്കാവുന്നവയല്ല. നമുക്കറിയാവുന്നത് അവിടുന്ന് വെളിപ്പെടുത്തിത്തന്ന വഴിയാകുന്നു. ആ വഴിയിൽ നടക്കാൻ നാം കടപ്പെട്ടിരിക്കുന്നു. എന്നാൽ ദൈവം എപ്പോഴും ആ വഴി സ്വീകരിക്കണമെന്ന് നാം ശഠിച്ചുകൂടാ. നമ്മുടെ പോരായ്മകൾക്കു ദൈവത്തെ പരിമിതപ്പെടുത്താനാവില്ല. അവിടുന്ന് സമസ്ത മനുഷ്യരാശിയുടെയും വിമുക്തിക്കായുള്ള പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു. വി. പൗലോസ് പറയുന്നതുപോലെ 'എല്ലാവരിലും കാരുണ്യം കാണിക്കുന്നതിനായി ദൈവം ഏവരേയും അവിശ്വാസത്തിന് ഏൽപ്പിച്ചുകൊടുത്തു. അവിടുത്തെ ന്യായവിധികൾ എത്രമാത്രം അപ്രമേയവും അവിടുത്തെ വഴികൾ എത്രമാത്രം അഗോചരവുമാകുന്നു. അവിടുത്തെ ആരാണറിഞ്ഞത്? ആരാണ് അവിടുത്തെ ഉപദേശകൻ? ആരാണ് ദൈവത്തിൽനിന്നു പ്രതിഫലം ആവശ്യപ്പെടാൻ സാധിക്കുന്നവിധം അവിടുത്തേക്ക് എന്തെങ്കിലും സമർപ്പിച്ചിട്ടുള്ളത്. എന്തെന്നാൽ സമസ്ത ലോകവും ദൈവത്തിൽനിന്നും ദൈവത്തിൽകൂടിയും ദൈവത്തിനു വേണ്ടിയുമുള്ളതാകുന്നു. അവിടുത്തേയ്ക്ക് എന്നേക്കും മഹത്വമുണ്ടാകട്ടെ. ആമ്മീൻ' (റോമർ 11:32–36).

ദൈവത്തിന് നമ്മോടെല്ലാവരോടും കാരുണ്യമുണ്ട്. നാമെല്ലാം ഒരേ വിധത്തിൽ ദൈവകാരുണ്യത്തിന് അനർഹരുമാകുന്നു. അങ്ങനെയെങ്കിൽ പിന്നെ പരാതിപ്പെടാൻ നമുക്കെന്തവകാശം.

ഇങ്ങനെ പരിചിന്തിക്കാതെതന്നെ പറയട്ടെ, ക്രൈസ്തവ ദിവ്യബലിയിലധിഷ്ഠിതമായ യോഗാത്മകത പ്രായോഗികതലത്തിൽ യാതൊരുവിധത്തിലുള്ള സങ്കലനത്തിലേക്കും നയിക്കുന്നില്ല, നയിക്കണമെന്നുമില്ല. താത്വികമായി ദിവ്യബലിയിലടിയുറച്ചിരിക്കുന്ന ക്രൈസ്തവ യോഗാത്മകത ഇതര മതങ്ങളിലെ യോഗാത്മകതയിൽ നിന്നു വ്യത്യസ്തമാണ്. അവ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളെന്തെന്നു നോക്കാം.

1. വ്യക്തിക്കുമുപരി സമൂഹത്തിനു നൽകുന്ന സ്ഥാനം.
2. മനുഷ്യാവതാരം എന്നതിൽ അധിഷ്ഠിതമായ ശരീരബദ്ധത.
3. ചരിത്രസംഭവാധിഷ്ഠിതമായ അന്ത്യകാല പ്രതീക്ഷ.

1. സാധാരണ യോഗാത്മകതയിൽ ഏകനായ വ്യക്തി ഏകനായ സർവേശ്വരനുമായി ബന്ധം തേടുകയാണ് ചെയ്യുന്നത്. എന്നാൽ ജ്ഞാനസ്നാനത്തിലും ദിവ്യബലിയിലും അധിഷ്ഠിതമായ ക്രിസ്തീയ യോഗാത്മകതയിൽ, ത്രിത്വമെന്ന സമൂഹമടങ്ങുന്ന സർവേശ്വരനുമായി സമൂഹത്തെ ഉൾക്കൊള്ളുന്ന ക്രിസ്തുശരീരത്തിലെ ഒരംഗമെന്ന നിലയിലുള്ള ബന്ധമാണ് ക്രിസ്ത്യാനിക്കുണ്ടാവുന്നത്. ഇവിടെ വ്യക്തി എന്നത് അപരിഛിന്നത്തിൽ മാഞ്ഞുപോകുന്നില്ല. ക്രൈസ്തവ യോഗാത്മകത വ്യക്തിയെ

വ്യക്തിപരമായ അടിസ്ഥാനത്തിൽ നിന്നു സമൂഹാടിസ്ഥാനത്തിലേക്കു മാറ്റി അവന്റെ വ്യക്തിത്വത്തെ യഥാസ്ഥാനത്തുറപ്പിക്കുകയാണ് ചെയ്യുന്നത്. ഇതു ക്രൈസ്തവ യോഗാത്മകതയ്ക്കുള്ള പ്രത്യേകതയാണ്.

2. സാധാരണ യോഗാത്മകതയ്ക്ക് ഈ വസ്തുമയമായ പ്രപഞ്ചത്തോടു വലിയ വിരക്തിയാണുള്ളത്. എന്നാൽ വചനം ജഡം ധരിച്ചു എന്ന വിശ്വാസത്തിൽ അധിഷ്ഠിതമായ ക്രിസ്തീയ യോഗാത്മകത, ശാരീരികതയെ അവഗണിക്കുന്നില്ല. ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ പദാർത്ഥരൂപത്തിൽത്തന്നെ അനുഭവിച്ചിട്ടാണു ക്രിസ്ത്യാനി ക്രിസ്തുവുമായി ബന്ധം പാലിക്കുന്നത്. ഈ കാലപ്രപഞ്ചത്തിൽ പദാർത്ഥമയമായ ജഡം ധരിച്ച ക്രിസ്തുവിലൂടെയാണ് ഈശ്വരനുമായുള്ള ബന്ധം തേടുന്നത്. യോഗാത്മകതയിൽ ശാരീരികമായ ബന്ധത്തിനും ശരീരത്തിന്റെ പുനരുത്ഥാനത്തിനും പ്രാധാന്യം നൽകുന്നുവെന്നതും ക്രൈസ്തവ യോഗാത്മകതയുടെ സവിശേഷതകളിലൊന്നാണ്.

3. സാധാരണ യോഗാത്മകത ചരിത്രത്തെ അവഗണിക്കുന്നു. സഫലീകരണത്തിന്റെ ഒരന്തിമ കാലത്തെ വിഭാവനം ചെയ്യുന്നുമില്ല. ചരിത്രത്തെ അർത്ഥരഹിതമായിട്ടാണ് പല യോഗികളും കണ്ടിട്ടുള്ളത്. എന്നാൽ ക്രിസ്തുവിന്റെ മനുഷ്യാവതാരമാകുന്ന ചരിത്രസംഭവത്തിൽ അധിഷ്ഠിതമായ യോഗാത്മകതയാകട്ടെ, കാലത്തിൽ സംഭവിക്കുന്ന നന്മകളെയെല്ലാം ഒരുമിച്ചുകൂട്ടി, തിന്മകളെയെല്ലാം നശിപ്പിച്ച്, നീതി വിളങ്ങി നന്മ വാഴുന്ന ഒരു പുതിയ ലോകത്തിനായി പ്രതീക്ഷിക്കുന്നു. ഇതാണു ക്രൈസ്തവ യോഗാത്മകതയുടെ മൂന്നാമത്തെ സവിശേഷത.

ക്രൈസ്തവ യൂക്കാറിസ്റ്റ് (ബലിയിൽ അധിഷ്ഠിതമായ) മിസ്റ്റിസിസത്തെ മറ്റു യോഗാത്മകതകളുടെ ഗണത്തിലുൾപ്പെടുത്താൻ സാധിക്കാത്തതിന്റെ മൂന്നു കാരണങ്ങളാണു മുകളിൽ എടുത്തു കാണിച്ചത്. ദിവ്യബലിയിൽ പങ്കുകൊള്ളുന്ന ക്രൈസ്തവസഭ ഒരുമിച്ച്, ഒരു സമൂഹമായി, തിരുശരീരരക്തങ്ങളിൽക്കൂടിയുള്ള ശാരീരികബന്ധം കൊണ്ടു ക്രിസ്തുവുമായും പരിശുദ്ധാത്മാവുമായും പിതാവാം ദൈവവുമായും ബന്ധം പ്രാപിക്കയാണു ചെയ്യുന്നത്. മാത്രമല്ല, ഇപ്പോൾ ദിവ്യബലിയിലുണ്ടാകുന്ന ഈ ബന്ധത്തിന്റെ പൂർത്തീകരണമാകുന്ന അന്ത്യകാലത്തു ക്രൈസ്തവർ മാത്രമല്ല, നന്മ പ്രവർത്തിച്ചിട്ടുള്ള എല്ലാവരും ഒരുമിച്ചു വന്നു കൂടുമെന്നാണു ക്രിസ്ത്യാനിയുടെ വിശ്വാസം.

### 4. വ്യക്തിസ്വരൂപം നഷ്ടപ്പെടുമെന്ന അപകടം

അനാദികാലം മുതൽക്കേ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും ഉൽക്കണ്ഠയും കുറ്റബോധവും അടങ്ങിയ ഒറ്റപ്പെട്ട അവസ്ഥ മനുഷ്യനു ഭാരമായി തോന്നിയിരുന്നു. ഈ ഭാരത്തിൽ നിന്നു രക്ഷപ്പെടുവാൻ വിവിധ മാർഗങ്ങൾ അവൻ ആവിഷ്കരിച്ചുപോന്നിട്ടുണ്ട്. ബഹുജനവുമായി ഐക്യം സ്ഥാപിക്കുന്നതിനോ, ക്ലാസ്, ഗ്രൂപ്പ്, മതവിഭാഗം, രാഷ്ട്രം എന്നിവയിലേതെങ്കിലുമായി സമ്പൂർണമായി ഐക്യം തേടുന്നതിനോ സമസ്തവുമായോ അതിന്റെ അടിത്തറയുമായോ യോഗാത്മകമായി ഒന്നിക്കു

ന്നതിനോ അവൻ യത്നിച്ചുപോന്നത് ഇതിനുവേണ്ടിയാണ്. ഇത്തരം രക്ഷപ്പെടലുകളുടെ രോഗവിവരണക്കുറിപ്പുകൾകൊണ്ടു യോഗാത്മകതയുടെ ചരിത്രം നിറഞ്ഞിരിക്കുന്നു. എന്നാൽ യോഗാത്മകതയെ കേവലമൊരു രക്ഷപ്പെടലായി മാത്രം കാണുന്നവർ അടിസ്ഥാനപരമായും അതിനെ തെറ്റുധരിച്ചിരിക്കുന്നു. നാലാം ശതകത്തിൽ ഈജിപ്തിൽ ജീവിച്ചിരുന്ന ആന്റണിെൻ സന്യാസിമാർ[11] പോലും പലായനസ്വഭാവക്കാരോ സമഷ്ടിയെ അവഗണിച്ച വ്യഷ്ടിവാദികളോ ആയിരുന്നില്ല. അവരും അന്യോന്യം ആശ്രയിച്ചിരുന്നു. അവർക്ക് അന്യോന്യം ആവശ്യവുമുണ്ടായിരുന്നു.

വ്യക്തിസ്വരൂപം നഷ്ടപ്പെടുമെന്ന ഭീതി ഒരുതരം മാനസിക വിഭ്രാന്തിയാണ്. ദൈവത്തിൽ ലയിച്ചു വ്യക്തി സ്വരൂപത്തിൽ നിന്നു രക്ഷപ്പെടാനുള്ള വിലക്ഷണശ്രമങ്ങൾ പോലെ ഇതും മാനസികരോഗത്തിന്റെ സൂചനയാണ്. ദൈവത്തിനുവേണ്ടി സ്വന്തജീവൻ നഷ്ടപ്പെടുത്തുന്നതിൽ എന്തിനു ഭയപ്പെടുന്നു. ഇങ്ങനെയൊരു ഭയമില്ലാതെ സ്വയം ദൈവത്തിനു സമർപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ എങ്ങനെയാണു വിശ്വാസമുണ്ടാവുക. 'ഇനിമേൽ ജീവിക്കുന്നതു ഞാനല്ല എന്നിലുള്ള ക്രിസ്തുവാകുന്നു' എന്ന് (ഗലാ. 2:20) വി. പൗലൂസ് പറയുമ്പോൾ യഥാർത്ഥ ക്രിസ്തീയാനുഭവമാണ് അദ്ദേഹം വിവരിക്കുന്നത്. ക്രിസ്തുവിൽ സ്വന്തം വ്യക്തിസ്വരൂപം നഷ്ടപ്പെടുത്തിയ അനുഭവമാണത്. അങ്ങനെ നഷ്ടപ്പെടുത്തിയ വ്യക്തിത്വത്തെ കൂടുതൽ ആരോഗ്യകരമായും സത്യാത്മകമായും വീണ്ടെടുക്കുവാൻ വിശ്വാസിക്കു സാധിക്കുന്നു.

ആധുനികനു തന്റെ വ്യക്തിസ്വരൂപത്തിന്റെ ഭദ്രതയെക്കുറിച്ചും നിലനില്പിനെക്കുറിച്ചും അത്യധികം ഉൽക്കണ്ഠയുണ്ട്. വ്യക്തിപരമായ ഭദ്രതയ്ക്കായുള്ള ഭ്രമം സമ്പത്തു നേടുവാൻ അവനെ പ്രേരിപ്പിക്കുന്നു. അങ്ങനെ വ്യക്തിസ്വരൂപത്തിലുള്ള താൽപര്യം പാശ്ചാത്യസാമ്പത്തിക ജീവിതത്തിലെ ഏറ്റവും രചനാത്മകമായ ശക്തികളിലൊന്നായി തീർന്നിരിക്കുന്നു. എന്നാൽ ഇതു മറ്റൊരുവിധത്തിൽ അനർത്ഥകാരിയുമായിത്തീർന്നിരിക്കുന്നു. വൈയക്തികതയ്ക്കു മുൻഗണന നൽകുന്നയാളിനു ദൈവത്തിൽ ആശ്രയിച്ചു വിശ്രമിക്കുവാൻ സാദ്ധ്യമല്ല. ദൈവസ്നേഹത്തിൽ ആശ്രയിക്കുമ്പോൾ ലഭിക്കുന്ന ശാന്തിയില്ലാതെ, ദൈവത്തിൽ വിശ്രമിച്ചാശ്വസിക്കാതെ, വിശ്വാസമുണ്ടാവാൻ സാധ്യമല്ല.

ദിവ്യബലിയിലധിഷ്ഠിതമായ യോഗാത്മകതയെന്നാൽ വ്യക്തിയുടെ ദൈവത്തിലുള്ള വിലയനമല്ല, ക്രിസ്തുവുമായുള്ള ഏകീഭാവമാണു സാധിക്കുന്നത്. അതിന്റെ അർത്ഥം വ്യക്തി ദൈവത്തിൽ വസിക്കുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നുവെന്നാണ്. കേവലം വ്യക്തികളായിരുന്നാൽ നാം ജീവിക്കുന്നില്ല, ഫലം പുറപ്പെടുവിക്കുന്നുമില്ല. നാം നശിച്ചുപോകുന്നു. വ്യക്തിത്വം നഷ്ടപ്പെടുമെന്ന ഭീതി മൂലം ക്രിസ്തുവുമായി സംയോജിക്കാതിരിക്കുന്നവർ മരണത്തിന്റെ വഴി അന്വേഷിക്കുന്നു. വ്യക്തിസ്വാതന്ത്ര്യം സാക്ഷാത്താവണമെങ്കിൽ സ്നേഹസ്വരൂപനായ ദൈവത്തിനു സ്വന്തം അസ്തിത്വം അടിയറവയ്ക്കാനുള്ള സന്നദ്ധത അത്യന്താപേക്ഷിതമാണ്. ആത്മസമർപ്പണമില്ലാതെ സ്നേഹമില്ല, വിശ്വാസമില്ല. ദൈവം

നമ്മെ സ്നേഹിക്കുന്നതു നമുക്കായി സ്വയം സമർപ്പിച്ചുകൊണ്ടാണ്. അവിടുന്നു സ്വയം ദാനമായി നമുക്കു നൽകി. ഇങ്ങനെ കർത്താവു നമുക്കായി സ്വയം സമർപ്പിച്ചതിനാൽ ക്രിസ്തീയമായ ആത്മസമർപ്പണം ആത്മഹത്യാപരമാകുന്നതിനു പകരം രക്ഷാദായകമായിത്തീർന്നിരിക്കുന്നു.

**5. ഉച്ചരിക്കാനാവില്ല എന്നതു ദാർശനികപ്രശ്നമെന്ന നിലയിൽ**

ദാർശനിക വൃത്തങ്ങളിൽ ഭാഷാപഗ്രഥനമെന്ന ആംഗ്ലോസാക്സൺ പ്രസ്ഥാനത്തിനു സാമാന്യം സ്വാധീനം ലഭിച്ചുവരുന്നു. ഇതിന്റെ പ്രണേതാക്കളിലൊരാളായ വിറ്റ്ഗൻസ്റ്റൈൻ പ്രഖ്യാപിക്കുന്നത്, ആവിഷ്കരിക്കാനാവുന്നതു വ്യക്തമായി ആവിഷ്കരിക്കാനാവുമെന്നും പ്രകാശിപ്പിക്കാനാവാത്തവയെക്കുറിച്ചു നിശ്ശബ്ദത പാലിക്കയേ നിവൃത്തിയുള്ളെന്നുമാണ്. അതിരിക്ത യാഥാർത്ഥ്യത്തിന്റെ അനുഭൂതിയെ വ്യക്തമാക്കാൻ ഈ ദർശനത്തിനു സാധിക്കുന്നതല്ല. എന്തെന്നാൽ അതിരിക്തതയുടെ അനുഭൂതിയിൽ ഉച്ചരിക്കാനാവാത്തതായ അംശമുണ്ടെന്നു യോഗാത്മകത വ്യക്തമാക്കുന്നു. ഈ അനുഭൂതിഘടകത്തെ യുക്തിപൂർവ്വം വിശദീകരിക്കാൻ കഴിയാത്തതിനാൽ അങ്ങനെയൊരു ഘടകമേയില്ലെന്ന നില പലപ്പോഴും ഭാഷാപഗ്രഥനം സ്വീകരിക്കുന്നതായി കാണാം.

'ബ്രഹ്മം അടുത്താണ് അകലെയുമാണ്' എന്നുള്ളതും അതേ വിധത്തിലുള്ളതുമായ പ്രസ്താവനകൾ യോഗാത്മകാനുഭൂതിയെ വിശദീകരിക്കുവാൻ ശ്രമിക്കുന്നു. ഇത്തരം പ്രസ്താവനകൾ പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധമാണെന്നുള്ളതിന് സംശയമില്ല. ഇവയ്ക്കും യുക്തിപരമായ ന്യായങ്ങൾ നിർദ്ദേശിക്കാൻ ചിലർ ശ്രമിച്ചിട്ടില്ലെന്നില്ല. എന്നാൽ മിസ്റ്ററിയേയും (രഹസ്യത്തെയും) മിസ്റ്റിസിസത്തെയും (യോഗാത്മകതയെയും) ചിന്തയിൽ നിന്നേ വർജിക്കേണ്ടതാണെന്നാണ് അധികം ആംഗ്ലേയ അമേരിക്കൻ ദാർശനികരുടെയും അഭിപ്രായം. അവയെ നിരർത്ഥകമായ മാന്ത്രിക ജൽപനങ്ങളായി ചിത്രീകരിക്കാൻ തന്നെ അവർ മടിക്കുന്നില്ല. അവർക്ക് എല്ലാം സുസ്പഷ്ടവും സുവ്യക്തവുമായിരിക്കണമെന്ന് നിർബന്ധമുണ്ട്. എല്ലാ മിസ്റ്ററികളെയും അറിവുകുറവിൽ നിന്നും ചിന്തയുടെ അവ്യക്തതയിൽ നിന്നും ഉളവായ പ്രശ്നങ്ങളായും പ്രഹേളികകളായും വെട്ടിച്ചുരുക്കാമെന്നാണ് അവരുടെ വാദം.

കാലക്രമത്തിൽ പാശ്ചാത്യവീക്ഷണത്തിനു വന്നുചേർന്നതായ വ്യത്യാസം ശ്രദ്ധേയമാണ്. പ്രാചീന പാശ്ചാത്യദർശനം 'അത്ഭുത'ത്തിൽ നിന്നാണ് ഉറവെടുത്തത്. എന്നാൽ ചില ആധുനിക ദർശനങ്ങൾ ജിജ്ഞാസയിൽനിന്ന് ആരംഭിക്കുന്നു. ജിജ്ഞാസയെ നിശേഷം നിർമ്മൂലനം ചെയ്തുകൊണ്ട് പരിസമാപിക്കുകയും ചെയ്യുന്നു. യോഗാത്മകതയുടെ അനുച്ചാരണീയത അനിവാര്യമാണെന്ന് അനുശാസിച്ചിരിക്കുന്നതിന് ദാർശനികമായ കാരണമുണ്ട്. ഈ കാരണം ഭാഷാപഗ്രഥന വാദികൾക്കുപോലും സ്വീകാര്യമാവേണ്ടതാണ്. ദൈവത്തിന്റെ അനുച്ചാരണീയതയെ സാധൂകരിക്കാൻ ഒരു മിസ്റ്റിക്കിനോടാവശ്യപ്പെട്ടാൽ ഒരുപക്ഷേ അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞേക്കും:

'അറിയാവുന്നത് ഉച്ചരിക്കുവാൻ സാധിക്കും. അറിയാനാവാത്തത് വിവരിക്കാനാവില്ല. മനുഷ്യനറിയാവുന്നവ അവനു വിധേയമായിരിക്കും. അറിയുന്നതിനെ അവൻ പലപ്പോഴും കീഴടക്കി നിയന്ത്രണാധീനമാക്കുന്നു. ദൈവത്തെ അറിയാൻ കഴിയും, എന്നാൽ സമ്പൂർണമായി ഗ്രഹിക്കാനാവില്ല. അതിനാൽ അവിടുത്തെക്കുറിച്ചു ഉച്ചരിക്കാനാവും. അവിടുത്തെ വിവരിക്കാൻ സാധ്യമല്ല. അവിടുത്തെ വിധേയനാക്കാവുന്നതോ നിയന്ത്രണാധീനനാക്കാവുന്നതോ അല്ല. ദൈവത്തെ അറിയേണ്ടത് ആത്മസമർപ്പണത്തിലും സ്നേഹത്തിലും കൂടിയാകുന്നു. അതിനാൽ സ്നേഹപൂർവമായ ആത്മസമർപ്പണത്തിൽക്കൂടി അവിടുന്നുമായുള്ള സംയോഗത്തിലേക്കു നയിക്കുന്ന ദൈവജ്ഞാനം സാധ്യമാണെങ്കിലും ദൈവത്തെ നിയന്ത്രണാധീനനാക്കാനുള്ള ജ്ഞാനം മനുഷ്യന് ദത്തമായിട്ടില്ല. എല്ലാത്തിനെയും ദൈവം മനുഷ്യന് വിധേയമാക്കിയിട്ടുണ്ട്. വിധേയമായതു സർവവും മനുഷ്യന് അറിയുവാൻ കഴിയുന്നു. എന്നാൽ സർവത്തേയും മനുഷ്യന് വിധേയനാക്കിയ സർവശക്തൻ സർവത്തിനും നാഥനായിരിക്കുന്നു. അവിടുന്ന് ഏതെങ്കിലുമൊരു വകുപ്പിൽ വന്ന് വാർന്നു വീഴുന്നില്ല. സ്നേഹത്തിലും സമർപ്പണത്തിലും ആരാധനയിലും പ്രാർത്ഥനയിലും കൂടി അവിടുത്തെ അറിയാനാവും. സിദ്ധാന്തപരമോ വിവരണപരമോ ആയ വാക്യങ്ങളിൽക്കൂടി ഒരിക്കലും അവിടുത്തെ അറിയാൻ സാധ്യമല്ല.'

മിസ്റ്റിക്കിന്റെ അനുച്ചരണീയതാവാദം അറിവുകുറവിൽ നിന്ന് ഉളവായതല്ല. ദൈവത്തെക്കുറിച്ച് അറിയാവുന്നതുകൊണ്ടാണ് മിസ്റ്റിക്കിനു ദൈവത്തെക്കുറിച്ച് ഉച്ചരിക്കുവാൻ സാധിക്കാതെ പോകുന്നത്. അറിയുന്നതിനു മുമ്പ് പലതും പറയാൻ കഴിഞ്ഞെന്നു വരാം. എന്നാൽ അറിഞ്ഞുതുടങ്ങുമ്പോൾ വാക്കുകൾ അപര്യാപ്തമായിത്തീരുന്നു. വി. അക്വിനാസ്[12] ദൈവത്തെക്കുറിച്ച് ഒട്ടേറെക്കാര്യങ്ങൾ എഴുതുകയുണ്ടായി. പക്ഷേ, അതെല്ലാം ദൈവത്തെ നേരിട്ട് അറിയുന്നതിനു മുമ്പായിരുന്നു. മൈസ്റ്റർ എക്ഹാർട്ട്[13] എന്ന പാശ്ചാത്യയോഗി അദ്ധ്യയിതാജ്ഞാനത്തെക്കുറിച്ച്,[14] വാക്കുകൾക്കപ്പുറത്തുള്ള അറിവിൽ നിന്നും വരുന്ന മിണ്ടടക്കത്തെക്കുറിച്ച് പറയുന്നു. അദ്ദേഹം അതിനെ രൂപാന്തരം പ്രാപിച്ച വിജ്ഞാനമെന്ന് വിശേഷിപ്പിക്കുന്നു. അത് അറിവില്ലായ്മയിൽ നിന്നുളവാകുന്ന അജ്ഞതയല്ല. അറിവിൽക്കൂടി മാത്രമേ ഈ അറിവില്ലായ്മയിലേക്കു നമുക്കു പ്രവേശിക്കാനാവൂ.

അറിയാവുന്നത് സുവ്യക്തമായി പറയാനാവണമെന്ന് ശഠിക്കുന്ന ഭാഷാപഗ്രഥനശാസ്ത്രത്തിന്, ശാസ്ത്രത്തിന്റെ ജ്ഞാനസമ്പാദനരീതിക്ക്, തികച്ചും അധീനമായ മണ്ഡലത്തിൽ മാത്രമേ സ്ഥാനമുള്ളൂ. കൂടുതൽ സമുന്നതവും സങ്കീർണവുമായ യാഥാർത്ഥ്യതലങ്ങളുണ്ട്. അവയെക്കുറിച്ചുള്ള നമ്മുടെ അറിവ് ഏതാണ്ടൊരു മൂടുപടത്തിൽക്കൂടിയുള്ളതാകുന്നു. വാസ്തവത്തിൽ നിത്യജീവിതാനുഭവത്തിൽ എത്രയെത്ര ലളിതകാര്യങ്ങളുണ്ട്, നമുക്കു വേണ്ടത്ര വ്യക്തമല്ലാത്തവയായി? ചിന്തയും ബുദ്ധിയും തമ്മിലും, ആശയവും യാഥാർത്ഥ്യവും തമ്മിലുമുള്ള ബന്ധമെന്തെന്ന് ഇനിയും ശാസ്ത്രീയമായ രീതിയിൽ വ്യക്തമാക്കാൻ കഴിഞ്ഞിട്ടില്ല. ഇവ

യെക്കുറിച്ച് ദാർശനിക സിദ്ധാന്തപരമ്പരകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നെങ്കിലും സുസ്പഷ്ടമോ സുവ്യക്തമോ ആയ യാതൊരു ശാസ്ത്രീയവിവരണവും ഇതുവരെ നമുക്ക് ലഭിച്ചിട്ടില്ല.

ഭാഷയെക്കുറിച്ച് നാം അവകാശ പ്രഖ്യാപനം നടത്തുമ്പോൾ പലതും വിസ്മരിച്ചു പോകുന്നില്ലേ? കാവ്യം, കല, സംഗീതം എന്നിങ്ങനെ നാം നേരിട്ട് ആസ്വദിക്കേണ്ടവയുടെ അർത്ഥം പകരാൻ തന്നെ ഭാഷ പലപ്പോഴും അസമർത്ഥമാണ്. നമ്മെ മനുഷ്യരാക്കിത്തീർക്കുന്ന മഹത്തായ ഉപകരണങ്ങളിലൊന്നാണ് ഭാഷ. പക്ഷേ, ഭാഷ സർവശക്തമല്ല. അതിന് അതിന്റേതായ പരിമിതികളുണ്ട്. ഭാഷയുടെ പരിമിതികളും ജ്ഞാനത്തിന്റെ പരിമിതികളും ഒന്നായിരിക്കണമെന്നില്ല. ദൈവം, ഭാഷയുടെയോ അറിവിന്റെയോ എന്നല്ല യാതൊന്നിന്റെയും അതിരുകളിൽ ഒതുങ്ങിനിൽക്കുന്നില്ല. എന്നാൽ സ്നേഹപൂർവമായ ആത്മസമർപ്പണത്തിൽക്കൂടിയുള്ള ആരാധനയിൽ ദൈവത്തെ നമുക്കറിയാൻ കഴിയുന്നു. ആരാധനയിൽ മനുഷ്യൻ ഭാഷയെ അതിവർത്തിക്കുന്നു. ദൈവത്തിന്റെ അതിരിക്ത യാഥാർത്ഥ്യത്തെ അനുഭവിച്ചറിയുന്നു. അവിടെ വാക്കുകൾക്ക് ഒഴിഞ്ഞു മാറിനിന്ന് പരിസേവിക്കാനല്ലാതെ ഭരണം നടത്താൻ സാധ്യമല്ല. പൗരസ്ത്യരുടേത് മാത്രമല്ല യോഗാത്മകത. ദിവ്യബലിയിലധിഷ്ഠിതമായ യോഗാത്മകത മാനവാസ്തിത്വത്തിന്റെ തന്നെ കാതലാകുന്നു.

ഈ ഗ്രന്ഥത്തിൽ മിസ്റ്റിസിസം (യോഗാത്മകത) എന്ന വാക്ക് ഏതർത്ഥത്തിലാണ് പ്രയോഗിച്ചിരിക്കുന്നതെന്ന് ചോദിച്ചേക്കാം. വില്യം ജേംസ്[15] പറയുന്നതുപോലെ മിസ്റ്റിസിസം, മിസ്റ്റിക്കൽ എന്നീ പദങ്ങൾ ആക്ഷേപസൂചകങ്ങളായി പലപ്പോഴും ഉപയോഗിക്കാറുണ്ട്. അവ്യക്തമെന്നും അസൂക്ഷ്മമെന്നും അതിഭാവുകത്വപരമെന്നും, വസ്തുതയ്ക്കും യുക്തിക്കും നിരക്കാത്തതെന്നും തോന്നുന്ന ഏതൊരഭിപ്രായത്തെയും വിവരിക്കാനാണ് ഈ പദങ്ങൾ പലപ്പോഴും പ്രയോഗിക്കാറുള്ളത്.

ജേംസ് തുടർന്ന് യോഗാത്മക ബോധാവസ്ഥയെ വിവരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അതിന് അനുച്ചാരണീയത, നേരിട്ടുള്ള ഗ്രഹണീയത, താല്കാലികത, അകർമ്മകത്വം എന്നീ ഗുണവിശേഷങ്ങളുണ്ട്. ആർ. സി. സേനാർ[16] മിസ്റ്റിസിസത്തെ സ്വാഭാവികേതരമായ എല്ലാ അനുഭൂതികൾക്കുമുള്ള പൊതുവായ പേരായാണ് ഉപയോഗിക്കുന്നത്. എഫ്. സി. ഹാപ്പോൾഡ് എന്ന മറ്റൊരു ആംഗ്ലേയ ലേഖകൻ അനേകം നിർവചനങ്ങൾ അതിന് നൽകിക്കൊണ്ടു പറയുന്നത്, മദ്ധ്യയുഗം വരെയും മിസ്റ്റിക്കൽ എന്ന പദം പ്രയോഗത്തിൽ വന്നിരുന്നില്ലെന്നും മിസ്റ്റിസിസമെന്ന പദം ആധുനികകാലത്തു മാത്രമാണുണ്ടായതെന്നുമാണ്. മിസ്റ്റിസിസത്തിന് അനുഭൂതിയുടെ ഒരു പ്രത്യേക രൂപം, ജ്ഞാനത്തിന്റെ ഒരു പ്രത്യേക മാർഗം, ബോധത്തിന്റെ ഒരു പ്രത്യേക അവസ്ഥ എന്നിങ്ങനെ മൂന്നു വശങ്ങളുണ്ടെന്നു മനസ്സിലാക്കാൻ ഹാപ്പോൾഡ് നമ്മെ സഹായിക്കുന്നു.

എന്നാൽ ദിവ്യബലിയിലധിഷ്ഠിതമായ യോഗാത്മകത അനുഭൂതിയുടെയോ ബോധത്തിന്റെയോ ഒരു പ്രത്യേക അവസ്ഥയോ അറിവിന്റെ ഒരു പ്രത്യേക മാർഗ്ഗമോ എന്നതിനേക്കാൾ ഉയർന്നതാണ്. അത് ഒരു ജീവിത

രീതിയാണ്. ക്രിസ്തുവിന്റെ ശരീരത്തിൽക്കൂടിയുള്ള ജീവിതരീതി. ഒരു പക്ഷേ, 'മിസ്റ്റിക്കൽ' എന്ന പദം തെറ്റുധാരണയ്ക്കു വക നൽകുന്നുണ്ടാവാം. ക്രിസ്തുശരീരത്തിന്റെ ഒരു വിശേഷണ പദമെന്ന നിലയിൽ മദ്ധ്യയുഗകാലത്ത് നിലവിലിരുന്ന 'മിസ്റ്റിക്കൽ' എന്ന പദ പ്രയോഗത്തിന് ന്യായീകരണം കാണുന്നില്ല. എല്ലാവരും മിസ്റ്റിക്കുകളാവണമെന്നല്ല, ഇവിടെ നാം ആവശ്യപ്പെടുന്നത്. ക്രിസ്തീയജീവിതമെന്നത് ക്രിസ്തുശരീരത്തിൽ പരിശുദ്ധാത്മാവിൽ ക്രിസ്തുവുമായി നേടുന്ന യോഗാത്മകാനുഭവമാണെന്നാണ്. ആ ജീവിതത്തിന്റെ ഹൃദയാന്തർഭാഗത്തുള്ളത് ദിവ്യബലിയുടെ ഏറ്റവും മഹത്തായ രഹസ്യം (മിസ്റ്ററി) തന്നെ.

1. ഹാർണാക്ക് - പുരാതന വേദശാസ്ത്രത്തിലെ മതസിദ്ധാന്തങ്ങളും (ഡോഗ്മായും) ഭൗതികാനുഭൂതിയും ക്രിസ്തീയതയുടെ നിസർഗരൂപത്തിൽപെട്ടതല്ലെന്നും യവനസംസ്കാരത്തിൽ നിന്നും സംക്രമിച്ചതാണെന്നുമുള്ള അടിസ്ഥാനത്തിൽ അവയെ എതിർത്ത സുപ്രസിദ്ധ ജർമ്മൻ ചിന്തകൻ.
2. ഷ്ളെയർ മാഹർ - ക്രിസ്തീയത അനുഭൂതിയിൽ അധിഷ്ഠിതമാണെന്നുള്ള വാദത്തിൽക്കൂടി ലിബറൽ ക്രൈസ്തവതയ്ക്ക് വഴിതെളിച്ച ജർമ്മൻ ചിന്തകൻ.
3. യുക്തിവിരുദ്ധചൈതന്യം - യുക്തിചിന്തയുടെ അതിപ്രസരം മൂലം മനുഷ്യൻ മരവിച്ചു പോകുന്നുവെന്നും അവനെ ഉന്മിഷിത്താക്കാൻ അവന്റെ മൗലിക വികാരങ്ങളെ ഉണർത്തി വിടണമെന്നുമുള്ള വാദം.
4. ക്രിസ്തുമതത്തിനു മുമ്പ് യൂറോപ്പിൽ നിലവിലിരുന്ന പ്രകൃതിമതമാണ് 'പേഗനിസം.'
5. രഹസ്യാത്മക മതം.
6. മിസ്റ്റീരിയൺ (ഗ്രീക്ക്) - റാസാ (സുറിയാനി) രണ്ടും വി. കുർബാന എന്നതിനുപയോഗിക്കുന്ന പദങ്ങളാണ്. രഹസ്യസഭയെന്നാണ് വാച്യാർത്ഥം.
7. ഡോഗ്മാ - ഔദ്യോഗിക മതസിദ്ധാന്തങ്ങൾ.
8. കാര്യകാരണസിദ്ധാന്തം - പ്രപഞ്ചം പൊതുവേ ഒരു യന്ത്രം പോലെ പരസ്പരം ഘടിപ്പിക്കപ്പെട്ടതാണെന്നും സമസ്തകാര്യത്തിനും കാരണവുമുണ്ടെന്ന വാദം മനുഷ്യസ്വാതന്ത്ര്യത്തിന് സ്ഥാനം നൽകിയില്ല.
9. കൾട്മിസ്റ്റിക്ക് - ആരാധനയിൽക്കൂടിയുള്ള ദൈവസാന്നിദ്ധ്യപ്രവേശനം.
10. നിയോ കാൽവനിസം - ബാർത്ത്, ബ്രൂണ്ണർ, നീബോർ തുടങ്ങിയവർ അവതരിപ്പിച്ച സിദ്ധാന്തം. ഇത് കാൽവിന്റെ ചിന്താഗതിയിലാണ് അധിഷ്ഠിതമായത്.
11. ആന്റണൈൻ സന്യാസിമാർ - വി. ആന്റണിയുടെ സന്യാസപ്രസ്ഥാനത്തിൽപ്പെട്ടവർ.
12. വി. അക്വിനാസ് - മദ്ധ്യയുഗത്തിലെ ഏറ്റവും വലിയ ക്രിസ്തീയ ദാർശനികൻ.
13. മൈസ്റ്റർ എക്ഹാർട്ട് - ജർമ്മൻ മിസ്റ്റിക്ക് ചിന്തകനായ എക്ഹാർട്ട് ഒരു കവി കൂടിയാണ്.

14. അദ്ധ്യയിതാജ്ഞാനം, 'സർവ്വവും നന്നായി പഠിച്ചുകഴിഞ്ഞതിനു ശേഷം' പരമാർത്ഥത്തെ അറിയാനാവില്ലെന്ന അറിവിലെത്തുമ്പോൾ ലഭിക്കുന്നു.

15. വില്യം ജേംസ് - ഹാർവാർഡിലെ മനോവിജ്ഞാനീയ പ്രൊഫസറായിരുന്നു ഇദ്ദേഹം.

16. ആർ. സി. സേനർ - ഓക്സ്ഫോർഡിലെ പൗരസ്ത്യമത പ്രൊഫസർ ആയിരുന്നു.






# 3
# ആരാധനയും ചരിത്രവും

'വർഷിപ്പ്' എന്ന ഇംഗ്ലീഷ് പദത്തിനു തുല്യമായ ഒരു പദം ബൈബിളിലില്ല. പുതിയനിയമത്തിലെ 'ലട്രിയ', 'ലൈത്തൂർഗിയ' എന്നീ പദങ്ങളെയും അവയുടെ പഴയനിയമ തത്സമമായ 'അബോദാ'യെയും ശുശ്രൂഷയെന്നു പരിഭാഷപ്പെടുത്തുന്നതാവും കൂടുതൽ നല്ലത്. ഭൃത്യൻ സ്വാമിയെ എന്ന വിധം ദൈവത്തെ പരിചരിക്കുക (ശുശ്രൂഷിക്കുക) എന്നതായിരുന്നു അതിന്റെ മുഖ്യമായ ആശയം.

പുതിയനിയമത്തിലെ മറ്റൊരു പദമായ 'പ്രോസ്ക്കുനീസീസ്' എന്ന വാക്കും അതിന്റെ ഹിബ്രൂ തത്സമമായ 'മിഷ്ത്താഹാവോയും' കൂടിയെടുത്ത് ആദ്യത്തെ പദവുമായി സംയോജിപ്പിച്ചാൽ 'വർഷിപ്പ്' എന്ന പദത്തിന്റെ അർത്ഥത്തിനു സമാനമായ ആശയം ലഭിക്കുന്നതാണ്. കുമ്പിടുക, സാഷ്ടാംഗം പ്രണമിക്കുക എന്ന് അർത്ഥമുള്ള 'ഷാഹാ' എന്ന ഹിബ്രൂ മൂലം 'ഷൂഹ്' എന്ന വാക്കിൽ നിന്നാണ് വന്നിട്ടുള്ളത്. ഷൂഹിന്റെ അർത്ഥം 'മുങ്ങിപ്പോവുക' എന്നാണ്. മനുഷ്യന്റെ ഗർവ്വുറ്റ സ്വാതന്ത്ര്യത്തിന്റെയും സ്വയം നയിക്കാനാവുമെന്ന ധിക്കാരത്തിന്റെയും അടിയറവാണ് ഈ പ്രക്രിയ സൂചിപ്പിക്കുന്നത്.

അവിടവിടെ ചില നിരീശ്വര മേഖലകളൊഴിച്ചാൽ എല്ലാക്കാലത്തും എല്ലാ സംസ്കാരങ്ങളിലും അപേക്ഷയോടു കൂടിച്ചേർന്നതോ അല്ലാത്തതോ ആയ പ്രാർത്ഥന ഒരു സാർവത്രിക പ്രതിഭാസമായിരുന്നിരിക്കണം. മാനവചരിത്രത്തിൽ, ഈശ്വരനായുള്ള ആത്മസമർപ്പണം വിവിധ രൂപങ്ങൾ കൈക്കൊണ്ടിട്ടുള്ളതായി നമുക്കറിയാം. അവയിൽ ചിലതെല്ലാം ബീഭത്സങ്ങളും ചിലത് പ്രൗഢങ്ങളുമായിരുന്നു. ചിലതു ഹൃദയസ്പർശികളും ചിലത് ഉദാത്തങ്ങളുമായിരുന്നു. കഴിഞ്ഞ നൂറ്റാണ്ടിലാണ് പ്രാർത്ഥനയേയും ആരാധനയേയും ആവുന്നതും ഒഴിവാക്കാനുള്ള ബോധപൂർവകമായ ശ്രമം ആരംഭിച്ചത്. പാശ്ചാത്യർ ചരിത്രമാത്ര യാഥാർത്ഥ്യത്തിന്റെ സമ്പ്രദായത്തെയാണ് ആരാധനയ്ക്കെതിരായി ഫലപ്രദമായി പ്രയോഗിച്ചത്. ഈ സമ്പ്രദായത്തിന്റെ വികാസവും ഈശ്വരാരാധനയുടെ നിഷേധവും തമ്മിൽ പാശ്ചാത്യ സംസ്കാരചരിത്രത്തിൽ അവഗാഢമായ ബന്ധമുള്ളതായി കാണാം. ഇത്തരുണത്തിൽ മിർസിയാ എലിയാദിന്റെ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാകുന്നു:

'ഐതിഹാസികമായ ആരംഭങ്ങളുടെ കാലത്തിനു അതിനെ തുടർന്നു വന്ന കാലത്തിനേക്കാൾ യാതൊരു പ്രാധാന്യവും കൽപിക്കാത്ത ചരിത്രമാത്ര യാഥാർത്ഥ്യവാദം കാലത്തിനെ തികച്ചും മതേതരമാക്കിത്തീർത്തിരിക്കുന്നു. പ്രകാശമാനമായിരുന്നെന്നു കരുതപ്പെട്ടിരുന്ന ആരംഭങ്ങളുടെ കാലം ചരിത്രമാത്ര യാഥാർത്ഥ്യവാദത്തിന്റെ ദൃഷ്ടിയിൽ സാധാരണകാലം മാത്രമാണ്. യാതൊരു മാന്ത്രികശക്തിയും അതിനെ പ്രദീപ്തമാക്കുന്നില്ല. ആരംഭങ്ങളുടെ നല്ല കാലവും തുടർന്നുള്ള കാലവും തമ്മിൽ ഏതെങ്കിലു

മൊരു വിടവുണ്ടായെന്നോ, എവിടെയോ ഒരു വീഴ്ച സംഭവിച്ചെന്നോ ചരിത്രമാത്ര യാഥാർത്ഥ്യവാദികൾ അംഗീകരിക്കുകയില്ല. ചരിത്രമെന്നത് അനന്തമായ ഒരു സംഭവപരമ്പര മാത്രമാകുന്നു. ആ പരമ്പരയിലെ എല്ലാ സംഭവങ്ങളും കൂടിയാണ് നമ്മെ നാമാക്കിയതു പോലും. ഈ സംഭവങ്ങൾ തമ്മിൽ ഗുണവിശേഷത്തിൽ യാതൊരു അന്തരവുമില്ല. ചരിത്രലേഖനപരമായ പുനഃസ്മരണ മൂലം ഇവയെല്ലാം അനുസ്യൂതം ഓർമിക്കപ്പെടുകയും വിലയിരുത്തപ്പെടുകയും ചെയ്യേണ്ടവയാണ്. യാതൊരു സംഭവത്തിനും വ്യക്തിക്കും വിശേഷപദവി കൽപിക്കേണ്ടതില്ല. എല്ലാം ഒരുപോലെയാകുന്നു. യാതൊരു പ്രത്യേക ചരിത്രസംഭവത്തെക്കുറിച്ചുമുള്ള പഠനം നമ്മെ ദൈവത്തോടു കൂടുതലടുപ്പിക്കുന്നില്ലെന്നാണ് ചരിത്രമാത്രയാഥാർത്ഥ്യവാദികൾ പറയുന്നത്. അലക്സാണ്ടറെപ്പറ്റിയും ബുദ്ധനെപ്പറ്റിയും പഠിക്കുമ്പോൾ ഒരു മോണ്ടിനെഗ്രിയൻ ഗ്രാമത്തിന്റെ ചരിത്രമോ വിസ്മൃതനായ ഏതെങ്കിലുമൊരു കടൽക്കൊള്ളക്കാരന്റെ ചരിത്രമോ പഠിക്കുമ്പോഴെന്നതിനേക്കാൾ കൂടുതലായി നാം ദൈവത്തോടടുക്കുന്നില്ല. ദൈവത്തിന്റെ മുമ്പിൽ (ദൈവവിശ്വാസമില്ലാത്തവർക്കാണെങ്കിൽ, ചരിത്രത്തിന്റെ മുമ്പിൽ) എല്ലാ ചരിത്രസംഭവങ്ങളും ഒരുപോലെയാകുന്നു.'

'പൂർവകാലത്തെ അതിന്റെ ദുരഹങ്കാരത്തിന്റെ അസംഖ്യം പാപങ്ങൾക്കു പരിഹാരമെന്നോണം പാശ്ചാത്യമനസ്സു സ്വയം അടിച്ചേൽപ്പിച്ചിട്ടുള്ള ഭീകരമായ ഈ താഴ്ത്തിക്കെട്ടൽ, മഹത്തായ ഈ ആത്മപീഡനം, ഏതൊരു ഹൃദയത്തെയാണ് സ്പർശിക്കാതിരിക്കുക.'

ചില സ്ഥലങ്ങളും കാലങ്ങളും കൂടുതൽ വിശുദ്ധമാണെന്ന ബോധം ആധുനിക മനുഷ്യരിൽ ചിലർക്കു നഷ്ടപ്പെട്ടതായി തോന്നുന്നു. വചനം ജഡം സ്വീകരിച്ച തിരുവവതാര കാലം ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം സവിശേഷ വിശുദ്ധിയുള്ളതാകുന്നു. യേശുതമ്പുരാൻ തന്റെ പാദസ്പർശം കൊണ്ട് അനുഗ്രഹിച്ച പുണ്യഭൂമിക്കുമുണ്ട് പ്രത്യേകമായ പവിത്രത. എന്നാൽ ചരിത്രമാത്ര യാഥാർത്ഥ്യവാദം കാലങ്ങൾക്കെല്ലാം തുല്യ പ്രാധാന്യം കൽപിച്ചിരിക്കുന്നു. ചില പ്രോട്ടസ്റ്റന്റു ചിന്തകർ ഈ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അവരുടെ ദൃഷ്ടിയിൽ മറ്റുള്ളതിനേക്കാൾ കൂടുതൽ വിശുദ്ധിയുള്ള യാതൊരു സ്ഥലവുമില്ല. കൂടുതൽ വിശുദ്ധമായ കാലവുമില്ല. സകലത്തിനും ഒരേ വിശുദ്ധിയാണുള്ളതെന്ന് അവർ സിദ്ധാന്തിക്കുന്നു. അങ്ങനെ വിശുദ്ധിയുടെ തരഭേദങ്ങളെയും ഏറ്റക്കുറച്ചിലുകളെയും അവർ പാടെ നിഷേധിക്കാനിട വന്നിരിക്കുന്നു.

'ക്രിസ്തുവിന് സഭയുടെ മേലും ലോകത്തിന്മേലും ഉള്ള അധീശത്വം' എന്ന മുദ്രാവാക്യം സഭയുടെ മേലുള്ള ക്രിസ്തുവിന്റെ അധികാരത്തെ സ്ഥാപിക്കാൻ വേണ്ടി ലോകത്തിന്മേലുള്ള തന്റെ അധീശത്വത്തെപ്പറ്റി അധികം ചിന്തിക്കാതിരുന്ന ഒരു പശ്ചാത്തലത്തിൽ മാത്രമേ ഉദിക്കാൻ വഴിയുള്ളല്ലോ? എന്നാൽ ഇതേ തത്ത്വത്തിന് ഇപ്പോൾ നൽകിയിരിക്കുന്ന വ്യാഖ്യാനം 'ലോകായതികത്വത്തിലുള്ള വിശുദ്ധത' അല്ലെങ്കിൽ വിശുദ്ധമായ ലോകായതികത്വം എന്നാണ്.

സമസ്ത സ്ഥലകാലങ്ങളിലെ സർവ സൃഷ്ടിയും ക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും മൂലം പരിപൂതമാക്കപ്പെട്ടെന്ന് പൗരസ്ത്യസഭകൾ വിശ്വസിക്കുന്നു. എന്നാൽ വിശുദ്ധിക്ക് തരഭേദമുണ്ടെന്ന് അത് അംഗീകരിക്കുന്നു. സ്ഥലകാലങ്ങളിൽ ചില പ്രത്യേക സന്ധികളുണ്ട്, അസാധാരണ വിശുദ്ധി നേടിയിട്ടുള്ളവയായി. ദൈവത്തിന്റെ നിത്യപുത്രൻ തന്റെ ശാരീരിക സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹിച്ചതിനാൽ ക്രിസ്തുവിന്റെയും അപ്പോസ്തലന്മാരുടെയും കാലം അതിവിശുദ്ധിയുള്ള കാലമായി സവിശേഷമായി നിലകൊള്ളുന്നുവെന്ന് പൗരസ്ത്യസഭകൾ വിശ്വസിക്കുന്നു. ഈ വിശുദ്ധ കാലത്തിന്റെ 'മിസ്റ്ററി'യെ വിശദമാക്കാൻ യാതൊരു ചരിത്രമാത്രയാഥാർത്ഥ്യവാദത്തിനും സാദ്ധ്യമാകുന്നതല്ല.

ക്രിസ്തുവിന്റെ ലൗകിക ജീവിതകാലത്തെ, ചരിത്രത്തിലെ ഒരു കാലഘട്ടമെന്ന നിലയിൽ ചരിത്രപര്യാന്വേഷണത്തിനു വിധേയമാക്കാം. എന്നാൽ അതു കേവലം ചരിത്രത്തിലെ ഒരു കാലഘട്ടം മാത്രമല്ല. അത് 'ഒയിക്കോണോമിയ'യുടെ (ഒയിക്കോണോമിയ – ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന് പൗരസ്ത്യ പിതാക്കന്മാർ നൽകുന്ന പ്രത്യേക പേര്) കാലഘട്ടമാകുന്നു. ചരിത്രമാത്രയാഥാർത്ഥ്യവാദികൾക്ക് ഈ സത്യം ഗ്രഹിക്കാൻ കഴിയുന്നില്ലായിരിക്കാം. ക്രിസ്തു ഭൂമിയിൽ ജീവിച്ചപ്പോൾ സാക്ഷാൽ അനാദ്യന്തൻ സാധാരണ കാലത്തിൽ പ്രകാശിതമായി കാലത്തെത്തന്നെ വിശുദ്ധമാക്കുകയായിരുന്നു. അവിടുന്നു കാലത്തിൽക്കൂടി സ്വയം വെളിപ്പെടുത്തുകയായിരുന്നു. അതിനാൽ ക്രിസ്തുവിന്റെ ലോകജീവിതകാലം അതിവിശുദ്ധമായിരിക്കുന്നു. ഇതുപോലെ തന്നെ ദിവ്യബലി അർപ്പിക്കപ്പെടുന്ന സമയവും പൗരസ്ത്യരെ സംബന്ധിച്ചിടത്തോളം സവിശേഷ വിശുദ്ധിയുള്ളതാണ്. എന്തെന്നാൽ ദിവ്യബലി അർപ്പിക്കപ്പെടുമ്പോൾ അനാദ്യന്തൻ ദിവ്യബലി നടക്കുന്ന സമയത്തിലേക്ക് ഇറങ്ങിവരികയും ആ സമയത്തെയും അതിൽക്കൂടി സമസ്ത കാലത്തെയും വിശുദ്ധമാക്കുകയും ചെയ്യുന്നു. ദിവ്യബലിയിലെ 'പെസഹാ' വിരുന്ന്, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിന്റെ മുൻ സൂചനയാണ്. ലോകാവസാനത്തിനു ശേഷം പ്രത്യക്ഷമാകുന്ന നിത്യരാജ്യത്തിൽ നടക്കേണ്ടതും അതിനാൽ കാലത്തിന് അതീതവുമായ ആ അത്താഴവിരുന്ന് ദിവ്യബലിയിൽക്കൂടി പ്രകാശിതമാകുന്നു. അതിനാൽ ദിവ്യബലി നടക്കുന്നതായ 'സമയം' നിത്യതയിലേക്ക് എടുക്കപ്പെടുന്നു. നിത്യത കാലത്തിൽ പ്രകാശിതമാകുന്നു. ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥലത്തിനുമുണ്ട് സവിശേഷമായ വിശുദ്ധി. സ്ഥലാതീതമേഖലയാകുന്ന സ്വർഗം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥലത്ത്, ഭൗമികതലത്തിൽ നിർമിതമാവുന്നു. രക്ഷകൻ കാലടികൾകൊണ്ട് അനുഗ്രഹിച്ച വിശുദ്ധനാട് വിശുദ്ധമായിരിക്കുന്നതുപോലെ സ്വർഗ്ഗം വന്നിറങ്ങുന്ന ആ പുണ്യബലിപീഠവും വിശുദ്ധമാകുന്നു. 'സ്വർഗവും ഭൂമിയും അവിടുത്തെ മഹത്വത്താൽ നിറഞ്ഞിരിക്കുന്നു' എന്നത് അന്വർത്ഥമാകുന്നത് സ്വർഗവും ഭൂമിയും സമ്മേളിക്കുന്ന ദിവ്യബലിപീഠത്തിലാണ്.

ആധുനിക മനുഷ്യന് ഇത് അവിശ്വസനീയമായി തോന്നാം. ഇതിനെ 'റൊമാന്റി'ക്കെന്നോ, 'മിസ്റ്റിക്കലെ'ന്നോ അവൻ വിവരിച്ചെന്നു വരാം. രണ്ടു

വാക്കുകളും അത്ര നല്ല അർത്ഥത്തിലല്ല ഉപയോഗിക്കുന്നത്. പ്രത്യേകിച്ചും 'മിസ്റ്റിക്കൽ' എന്ന പദം. ആദർശത്തെ സാധാരണത്തിൽ ആരോപിക്കുകയെന്നാണ് റൊമാന്റിക് എന്ന പദം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെങ്കിൽ സമസ്തകാലവും സ്ഥലവും വിശുദ്ധമാണെന്ന ആധുനിക ആശയമാണ് ശരിക്കും റൊമാന്റിക്കായത്. എന്നാൽ 'മിസ്റ്റിക്കൽ' എന്ന പദം കൂടുതൽ തെറ്റുധരിക്കപ്പെട്ടിരിക്കുന്നതിനാൽ മിസ്റ്റിക്കലാണെന്ന ആരോപണത്തിനാണ് കൂടുതൽ ഗൗരവം കല്പിക്കേണ്ടത്. ആധുനിക ചരിത്രമാത്ര യാഥാർത്ഥ്യവാദത്തിന്റെയും ശാസ്ത്രത്തിന്റെയും നിയമങ്ങളെയും സമ്പ്രദായങ്ങളെയും അതിവർത്തിക്കുന്ന പ്രകരണങ്ങളെ വിശേഷിപ്പിക്കുവാൻ ഏറ്റവും സമുചിതമായ പദം 'മിസ്റ്റിക്കൽ' എന്നതു തന്നെ. ചരിത്രയാഥാർത്ഥ്യത്തിന്റെയും ശാസ്ത്രത്തിന്റെയും ആധുനിക ജ്ഞാനസമ്പാദനമാർഗങ്ങൾക്ക് അപ്രാപ്യമാണ് തിരുവവതാരത്തിന്റെയും ദിവ്യബലിയുടെയും മേഖല.

'യുക്തി'പരമെന്നതിന്റെ എതിർപദമായാണ് 'യോഗാത്മക'മെന്ന വാക്കുപയോഗിക്കുന്നതെങ്കിൽ അതിന് യുക്തിവിരുദ്ധം, യുക്തിരഹിതം എന്നിങ്ങനെ അർത്ഥം സിദ്ധിക്കും. പൗരസ്ത്യർ ഇങ്ങനെയൊരു വ്യത്യാസത്തെ പാടെ നിരാകരിക്കും. എങ്കിലും യോഗാത്മകതയുടെ ദർശനവും നിത്യസത്യങ്ങൾക്ക് അത് നല്കുന്ന ഉച്ചാരണവും യുക്തിക്കതീതമാണെന്നും ഭയസംഭ്രമാത്ഭുതങ്ങളുടെ ഭാഷയിലേ അത് ആവിഷ്കരിക്കാനാവുകയുള്ളു എന്നും അവർ അവകാശപ്പെടുന്നു. പൗരസ്ത്യരുടെ ഭാഷയെ യുക്തിപൂർവ്വം അപഗ്രഥിക്കാൻ ശ്രമിച്ചാൽ അത് നിരർത്ഥകവും പരിഹാസ്യവുമായി തോന്നിയെന്നു വരാം. അത്ഭുതാതിരേകത്തോടെ അനുധ്യാനിക്കുക മാത്രം ചെയ്യേണ്ടതിനെ യുക്തിപൂർവ്വം ഗ്രഹിക്കാനൊരുങ്ങുന്നതുകൊണ്ടാണ് ഇതു സംഭവിക്കുന്നത്. ക്രിസ്തീയരഹസ്യത്തെ സമ്പൂർണമായി വ്യാഖ്യാനിക്കുവാൻ മനുഷ്യയുക്തിക്കോ ശാസ്ത്രസമ്പ്രദായത്തിനോ ചരിത്രമാത്ര യാഥാർത്ഥ്യവാദത്തിനോ സാധിക്കുമെന്ന് വീമ്പിളക്കുന്നതിൽ കഥയില്ലെന്നു പറയട്ടെ.

യാഥാർത്ഥ്യത്തിന്റെ മഹാസാഗരത്തിൽക്കൂടിയുള്ള സഞ്ചാരമാർഗങ്ങൾ ക്ലേശിച്ചാണെങ്കിലും അടയാളപ്പെടുത്തുവാൻ ആധുനിക മനുഷ്യനു സാധിച്ചിരിക്കുന്നുവെന്നറിയിക്കുന്ന ചൂണ്ടുപലകകളാണ് ശാസ്ത്രത്തിന്റെയും ചരിത്രയാഥാർത്ഥ്യവാദത്തിന്റെയും ജ്ഞാനസമ്പാദന സമ്പ്രദായങ്ങൾ. അല്പനേരത്തേക്കെങ്കിലും ഈ സമ്പ്രദായങ്ങൾ മാറ്റിവയ്ക്കുന്നതു കണ്ണുകെട്ടി ഇരുട്ടുമുറിയിലേക്കു തള്ളുന്നതിനു തുല്യമാണ് പലർക്കും. എന്നാൽ ഈ വിധത്തിലുള്ള നൂതനസമ്പ്രദായങ്ങളുടെ കണ്ണു ശരിക്കും കെട്ടാതെ പൗരസ്ത്യ യാഥാർത്ഥ്യ ദർശനമെന്തെന്നോ, പൗരസ്ത്യമായ ആരാധനയെന്തെന്നോ മനസ്സിലാക്കുവാൻ സാധിക്കുന്നതല്ല. പൗരസ്ത്യമായ ആരാധനയുടെ പൊരുൾ ഗ്രഹിക്കുവാൻ ആധുനിക പഠിതാവിനെ സഹായിക്കുന്ന യാതൊരു ഗ്രന്ഥവുമില്ല. അസ്സമാനി, ബോംസ്റ്റാർക്ക്, ബ്രൈറ്റ്മാൻ, സലാവിൽ, ഡിക്സ്, യുങ്മാൻ തുടങ്ങിയവർക്ക് പൗരസ്ത്യമായ ആരാധനയുടെ സ്വരൂപമെന്തെന്ന് ഏറെക്കുറെ വിശദമാക്കാൻ കഴിഞ്ഞേക്കും.

എന്നാൽ അവർക്കോ ഈ ലഘുഗ്രന്ഥത്തിനോ പൗരസ്ത്യമായ ആരാധനയിലേക്ക് അനുവാചകരെ അനുനയിക്കാനാവില്ല. ആരാധകരുടെ സമൂഹത്തിൽ ക്രമമായി ബോധപൂർവ്വം ഭക്തിയോടെ പങ്കുകൊള്ളുന്നതിനു സമമായോ പകരമായോ ലഭിക്കാവുന്നതായി യാതൊന്നും തന്നെയില്ല. നിർഭാഗ്യകരമെന്നു പറയട്ടെ, യഥാർത്ഥത്തിൽ ആരാധന അർപ്പിക്കുന്ന സമൂഹങ്ങൾ തുലോം വിരളമാണ്. പടിഞ്ഞാറു മാത്രമല്ല, കിഴക്കും.

പൗരസ്ത്യമായ ആരാധന പഠിക്കുന്നതിനു ചരിത്രമാത്ര യാഥാർത്ഥ്യവാദത്തിന്റെ ജ്ഞാനസമ്പാദനമാർഗ്ഗം അപര്യാപ്തമാണെന്നു വ്യക്തമാക്കാനാണ് ശ്രമിച്ചത്. ഇനിയും ഏതാനും ചരിത്ര വസ്തുതകൾ പരിശോധിക്കേണ്ടതുണ്ട്. പൗരസ്ത്യമായ ആരാധനയുടെ സ്വഭാവം വിശദമാക്കുന്നതിനല്ല, അതിന്റെ പശ്ചാത്തലമെന്തെന്ന് മനസ്സിലാക്കുന്നതിനായാണ്.

ആദിമ യഹൂദരുടെയിടയിൽ പ്രാർത്ഥനയെന്തെന്ന് താരതമ്യേന അറിയപ്പെട്ടിരുന്നില്ല. സോദോമിലെ ജനങ്ങൾക്കുവേണ്ടി അബ്രഹാം ദൈവത്തോടപേക്ഷിക്കുന്നതും സ്വന്തം ജനങ്ങൾക്കു വേണ്ടി മോശ പ്രാർത്ഥിക്കുന്നതും നാം കാണുന്നുണ്ട്. ഇവയെ ദൈവവുമായി അടുത്ത ബന്ധം പുലർത്തിയിരുന്നവർക്ക് മാത്രം സാധിക്കുന്ന വിശിഷ്ടധർമങ്ങളായാണ് ജനങ്ങൾ കണക്കാക്കിപ്പോന്നത്. സാധാരണ ഇസ്രായേലിന് നേരിട്ട് ദൈവത്തോടപേക്ഷിക്കുവാൻ കഴിയുന്നതല്ലെന്നായിരുന്നു പൊതുവിശ്വാസം.

പ്രവാസകാലത്താണ് പൊതുവായ അനുഷ്ഠാനമെന്ന നിലയിൽ ആരാധന വികസിക്കുന്നത്. ബാബിലോണിയർ ദാനീയേലിനെ അറിഞ്ഞിരുന്നത് പ്രാർത്ഥനാനിരതനായ ഒരു മനുഷ്യനെന്നാണ് (ദാനി. 6:10-16). സ്വപ്നങ്ങൾ വ്യാഖ്യാനിക്കാനുള്ള ശക്തി, പ്രാർത്ഥനാജീവിതം മൂലം അദ്ദേഹം നേടിയതാണെന്നാണ് പരക്കെ വിചാരിച്ചുപോന്നത്. പ്രവാസകാലത്ത് ദാവീദിന്റെ സിംഹാസനവും ശലോമോന്റെ ദേവാലയവും വാഗ്ദത്തനാടും നഷ്ടമായിക്കഴിഞ്ഞപ്പോൾ മാത്രമാണ് കൂടുതൽ ആഴമേറിയ ഭക്തി യഹൂദർക്കു വളർത്തിയെടുക്കാൻ കഴിഞ്ഞത്. ഉള്ളതു പലതും നഷ്ടപ്പെട്ട സാംസ്കാരിക പശ്ചാത്തലത്തിലാണ് സങ്കീർത്തനങ്ങളധികവും രചിക്കപ്പെട്ടത്. സഹനത്തിലും ദാരിദ്ര്യത്തിലും കൂടിയല്ലാതെ ഹൃദയപൂർവമായ പ്രാർത്ഥന നിർഗളിക്കുകയില്ലെന്ന് വിചാരിച്ചുപോകയാണ്. ഉദാഹരണമായി കിഴക്കൻ ജർമ്മനിയിലേക്കു നോക്കുക. സമ്പന്നരാഷ്ട്രങ്ങളുടെ വേദശാസ്ത്രം അവരെ സ്പർശിക്കുന്നില്ലെന്ന് അവർ പരാതിപ്പെടുന്നു. സഹനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ വേദശാസ്ത്രത്തിനല്ലാതെ അവരുടെ ഹൃദയത്തെ സ്പർശിക്കുവാൻ സാധിക്കുകയില്ല.

വിദേശീയരുടെ മദ്ധ്യത്തിൽ ന്യൂനപക്ഷമായി താമസിക്കേണ്ടിവന്നപ്പോൾ, അന്യർ അവരെ പീഡിപ്പിക്കുകയും വെറുക്കുകയും ചെയ്തപ്പോൾ മാത്രമാണ് യഹൂദർ 'സിനഗോഗ് ആരാധനാരൂപങ്ങൾ' വികസിപ്പിച്ചെടുത്തത്. പാശ്ചാത്യവും പൗരസ്ത്യവുമായ ആരാധനയെ ഒരേവിധത്തിൽ ശക്തമായി സ്വാധീനപ്പെടുത്തിയിരിക്കുന്നത് ഈ ആരാധനാരൂപങ്ങളാണ്.

സഭയിലെ ആരാധനയുടെ ചരിത്രത്തെ ഇന്ന് ചിലർ അപ്പാടെ അവഗ

ണിക്കുന്നു. ആധുനിക മനുഷ്യന്റെ ആവശ്യങ്ങൾ അവന്റെ സ്വന്തം ഭാഷയിൽ പ്രകാശിപ്പിക്കുന്ന പുതിയ ആരാധനാരൂപങ്ങൾ നിർമ്മിക്കാനാണ് ഇന്നത്തെ പ്രവണത. പരമ്പരാഗതമായ ആരാധനയിൽ പലതും പഴഞ്ചനും കാലഹരണപ്പെട്ടതുമാണെന്നുള്ളത് ശരിയാണ്. പല മദ്ധ്യസ്ഥപ്രാർത്ഥനകളും ഈ വിധത്തിലുള്ളതാണ്. എന്നാൽ അതുകൊണ്ട് ഓരോ പുതിയ തലമുറയും കഴിഞ്ഞ തലമുറയെ അവഗണിക്കുമെന്നോ, യഥേഷ്ടം പുതിയ ആരാധനകൾ നിർമ്മിച്ചുകൊണ്ടിരിക്കുമെന്നോ അർത്ഥമാകുന്നില്ല. പുരാതന രൂപങ്ങളിൽക്കൂടി ആരാധന നടത്തിയിരുന്ന പൂർവിക തലമുറകൾ നമ്മോടൊരുമിച്ച് ദിവ്യബലിയിൽ പങ്കെടുക്കുന്നതുകൊണ്ട് അവരെയും അവരുടെ ആരാധനാരൂപങ്ങളേയും നമുക്ക് അപ്പാടെ അവഗണിക്കാൻ സാധ്യമല്ല. പൗരസ്ത്യമായ ആരാധനയിൽ, ആരാധനാശുശ്രൂഷയുടെ യാതൊരു ഘട്ടത്തിലും വിശ്വാസികളായ മരിച്ചവരെ വിസ്മരിക്കുവാൻ അനുവാദമില്ല. ഇതുകൊണ്ടുകൂടിയാണ് ആരാധന സമൂലം പരിഷ്കരിക്കുവാൻ പൗരസ്ത്യസഭകൾ വിസമ്മതം പ്രകടിപ്പിക്കുന്നത്. ആരാധന വർത്തമാനകാലത്തിന്റേതു മാത്രമാണെന്നു വിചാരിച്ചുകൂടാ. സർവസ്ഥലകാലങ്ങളിലുമുള്ള സഭയാണ് ദിവ്യബലിയിൽ ഒരുമിച്ച് ആരാധന നടത്തുന്നത്.

ആരാധനക്രമങ്ങളെക്കുറിച്ച് ചരിത്രപരമായ ഗവേഷണങ്ങൾ നടത്തേണ്ടതുണ്ട്. എന്നാൽ ഇതിന്റെ ഉദ്ദേശ്യം ആദിമസഭയുടെ ആരാധനയെ അതിന്റെ നിസ്സർഗവിശുദ്ധിയിലും തനിമയിലും വീണ്ടെടുക്കുകയെന്നതല്ല; പിന്നെയോ കഴിഞ്ഞ തലമുറകൾക്കും ഇന്നുള്ളവർക്കും ഒരേ വിധത്തിൽ ഹൃദ്യമായ ആരാധന കണ്ടുപിടിക്കുകയെന്നതാണ്. യഥാർത്ഥമായ ആരാധന വീണ്ടെടുക്കണമെങ്കിൽ ചരിത്രമാത്ര യാഥാർത്ഥ്യവാദത്തിന്റെ ജ്ഞാനസമ്പാദനസമ്പ്രദായത്തിന്റെ ഉരുക്കുമുഷ്ടിയിൽ നിന്ന് രക്ഷ നേടിയേ മതിയാവൂ.

എല്ലാ ചരിത്രകാലത്തെയും തുല്യപ്രാധാന്യമുള്ളതായി കണക്കാക്കുന്ന ചരിത്രമാത്രയാഥാർത്ഥ്യവാദം താരതമ്യേന നൂതനമായ ദർശനമാകുന്നു. ചരിത്രത്തെ അത് ഏകരൂപവും ഏകമാനവുമാക്കിയിരിക്കുന്നു. പ്രാചീന കാലങ്ങളെക്കുറിച്ചുള്ള നമ്മുടെ ജ്ഞാനം ദൃഢതരമാക്കാൻ അതൊട്ടൊക്കെ സഹായിക്കുന്നുണ്ട്. എങ്കിലും അതിന്റെ മേഖല ഉപരിപ്ലവവും സങ്കുചിതവുമാകുന്നു. ശാസ്ത്രീയമായ ചരിത്രലേഖനത്തിനു സമർത്ഥിക്കുവാൻ സാധിക്കുന്നത് മാത്രമേ നമ്മുടെ വർഗ്ഗസ്മരണയിൽ ഉൾപ്പെടുകയുള്ളെന്ന് നാം ശഠിച്ചാൽ നമ്മുടെ സ്മരണ തുലോം ദരിദ്രമായിത്തീരുമെന്നു തീർച്ച. കഴിഞ്ഞതെല്ലാം ചരിത്രപരമായി സമർത്ഥിക്കാനാവുന്നതല്ല. ഇന്നത്തെ ചരിത്രപരമായ ജ്ഞാനസമ്പാദന മാർഗത്തിന് സമർത്ഥിക്കാനാവാത്തതായ പല അനുഭവങ്ങളും നമ്മുടെ പൂർവികർക്ക് അനുഭവപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള അനുഭവങ്ങൾ കൂടിയാണ് ഇന്നു നമ്മെ നാമാക്കിയിരിക്കുന്നത്. അത്തരം അനുഭവങ്ങളിൽ സർവശ്രേഷ്ഠമായത് നമ്മുടെ രക്ഷകന്റെ തിരുവവതാരമാകുന്നു. അതിനെ സുഗ്രഹമാംവിധം സമർത്ഥിക്കാൻ യാതൊരുവിധത്തിലുമുള്ള ചരിത്രലേഖനത്തിനും സാധ്യമല്ല. എല്ലാ

വിശദാംശങ്ങളും വിവരിക്കാനാവുന്ന ഒരു ചരിത്രസംഭവമായി അതിനെ സങ്കുചിതമാക്കുന്നതിന് ചരിത്രമാത്ര യാഥാർത്ഥ്യവാദത്തിന് കഴിയുന്നതല്ല. ആ മഹൽ സംഭവത്തെക്കുറിച്ചു സഭയ്ക്കുള്ള സ്മരണയെ പ്രദീപ്തമാക്കാൻ ചരിത്രയാഥാർത്ഥ്യവാദത്തിന് കഴിഞ്ഞേക്കും. പക്ഷേ, സഭയ്ക്കുള്ള സ്മരണയുടെ സ്ഥാനം ഏറ്റെടുക്കാൻ ചരിത്രമാത്ര യാഥാർത്ഥ്യവാദത്തിനു യാതൊരുവിധത്തിലും കഴിയുന്നതല്ല.

ചരിത്രയാഥാർത്ഥ്യവാദത്തിന്റെ മുഷ്ടിയിൽനിന്നു മോചനം നേടാതെ യഥാർത്ഥ ആരാധനയെ വീണ്ടെടുക്കാനാവില്ല. നൈസർഗികമായ ആരാധനയെ മനസ്സിലാക്കണമെങ്കിൽ ഒട്ടാക്കെ അവ്യക്തവും കേവലം ആശയങ്ങളിലൊതുക്കി നിർത്താനാവാത്തതുമാണ് ചരിത്രമെന്ന ബോദ്ധ്യത്തോടെ അതിനെ അനുസ്മരിക്കുന്നതിനും വീണ്ടും ജീവിക്കുന്നതിനും നമുക്ക് കഴിയണം. ദിവ്യബലി ഇതിന് നമ്മെ സഹായിക്കുന്നു. നിർണ്ണായകമായ ആ ദിവ്യ ചരിത്രസംഭവത്തെ സഭ രചനാത്മകവും വിമോചകവും ആത്മരൂപാന്തര സമർത്ഥവുമായ വിധത്തിൽ ദിവ്യബലിയിൽ വീണ്ടും അനുഭവിക്കുന്നു. ഇത് യഥാർത്ഥമായ ആരാധന നൽകുന്ന സ്വാതന്ത്ര്യപ്രഹർഷത്തിന്റെ അംശമാണ്.



**പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായോടൊപ്പം**



# 4

# അരൂപിയും മണവാട്ടിയും പറയുന്നു വരികയെന്ന്

## (പൗരസ്ത്യാരാധനക്രമത്തിന്റെ ചില പൊതു സ്വഭാവങ്ങൾ)

പാശ്ചാത്യവും പൗരസ്ത്യവുമായ ആരാധനകൾ തമ്മിൽ വ്യത്യാസമുണ്ട്. എന്നാൽ ഇവ തമ്മിലുള്ള അന്തരം വേണ്ടത്ര വ്യക്തമല്ല. മർമ്മപ്രധാനമായ ഏതാനും വ്യത്യാസങ്ങൾ മാത്രം ചർച്ച ചെയ്യാമെന്ന് വിചാരിക്കുന്നു.

### 1. പൗരസ്ത്യസഭകൾ ആരാധന മാതൃഭാഷയിലാക്കുന്നു

ഓർത്തഡോക്സ് സഭകൾ പൊതുവായി ആരാധന മാതൃഭാഷയിൽ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു. ഫാദർ എസ്. സലാവിൽ[1] കിഴക്കും പടിഞ്ഞാറും തമ്മിലുള്ള മഹാവ്യത്യാസങ്ങളിലൊന്നായി ഇതിനെ കണക്കാക്കുന്നു. പടിഞ്ഞാറ് ഡാൽമേഷ്യയിലെ ഗ്ലാഗോലിറ്റിയ്ക്ക് സഭാസമൂഹങ്ങളിലും റോമൻ കുർബാന ഗ്രീക്കുഭാഷയിൽ നടത്തിപ്പോന്ന സിസിലിയിലെ ഏതാനും ഇടവകകളിലുമൊഴിച്ച് മറ്റെല്ലായിടത്തും രണ്ടാം വത്തിക്കാൻ കൗൺസിൽ വരെ സുദീർഘമായ കാലത്തേക്ക് കത്തോലിക്കാസഭയുടെ ആരാധനഭാഷ ലത്തീൻ മാത്രമായിരുന്നു. പൗരസ്ത്യസഭകളിലാകട്ടെ, വേദപുസ്തകവും കുർബാനക്രമവും ബഹുജനങ്ങളുടെ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടണമെന്നത് ഏതാണ്ടൊരു പ്രമാണമെന്ന നിലയിൽ അംഗീകരിക്കപ്പെട്ടുപോന്നിരുന്നു. പൗരസ്ത്യസഭകൾ ഏതെല്ലാം ഭാഷകളാണ് ആരാധനയ്ക്കുപയോഗിച്ചു പോന്നിട്ടുള്ളതെന്നു നോക്കാം.

വി. ജോൺ ക്രിസോസ്റ്റം, വി. ബേസിൽ എന്നിവരുടെ ബൈസാന്റിയൻ ആരാധനാക്രമങ്ങൾ പ്രീ സാൻക്റ്റിഫൈഡ്[2] എന്ന ക്രമവും ഇന്ന് വിവിധ രാജ്യങ്ങളിൽ താഴെക്കൊടുക്കുന്ന ഭാഷകളിൽ നടത്തപ്പെടുന്നു.

1. ഗ്രീക്കുഭാഷ: ഗ്രീസ്, കോൺസ്റ്റാന്റിനോപ്പിൾ (തുർക്കി), സിറിയ, ലബാനോൻ എന്നിവിടങ്ങളിലും യൂറോപ്പ്, അമേരിക്ക തുടങ്ങിയ വിവിധ രാജ്യങ്ങളിൽ ഗ്രീക്കുകാർ നിവസിക്കുന്ന സ്ഥലങ്ങളിലും.

2. പ്രാചീന സ്ളാവോണിക്ക് ഭാഷ: റഷ്യ, അൽബേനിയ, ബൾഗേറിയ, യുഗോസ്ളാവിയ എന്നിവിടങ്ങളിലും വിവിധ രാജ്യങ്ങളിൽ സ്ലാവോണിക്ക് രാജ്യക്കാർ നിവസിക്കുന്ന സ്ഥലങ്ങളിലും.

3. റുമേനിയൻ ഭാഷ: റുമേനിയായിലും വിവിധ രാജ്യങ്ങളിൽ റുമേനിയർ പാർക്കുന്ന ഇടങ്ങളിലും.

4. ജോർജിയൻ ഭാഷ: ജോർജിയൻ സോവ്യറ്റു റിപ്പബ്ലിക്കിലും ജോർജിയൻ ഭാഷ സംസാരിക്കുന്നവർ വിവിധ രാജ്യങ്ങളിൽ നിവസിക്കുന്ന ഇടങ്ങളിലും.

5. അറബിഭാഷ: മദ്ധ്യപൗരസ്ത്യദേശങ്ങളിലും അന്യരാജ്യങ്ങളിൽ മദ്ധ്യ പൗരസ്ത്യർ അധിവസിക്കുന്ന സ്ഥലങ്ങളിലും.

6. ഹങ്കേറിയൻ, ജാപ്പനീസ്, കൊറിയൻ, ലുഗാണ്ടാ, ചൈനീസ് (?) എസ്റ്റോനിയൻ, ഫിന്നിഷ് എന്നീ ഭാഷകൾ: അതതു ഭാഷ സംസാരിക്കുന്നവർ താമസിക്കുന്ന സ്ഥലങ്ങളിലും.

7. ഫ്രഞ്ച്, ഇംഗ്ലീഷ്, ജർമ്മൻ എന്നീ ഭാഷകൾ: അതതു ഭാഷ സംസാരിക്കുന്ന സ്ഥലങ്ങളിലും.

8. സ്പാനീഷ് ഭാഷ: സ്പെയിനിലും ലാറ്റിൻ അമേരിക്കയിലും ഉപയോഗിക്കപ്പെടുന്നു.

ഈ ശതകത്തിന്റെ ആരംഭത്തിൽ ലാറ്റിഷ്, ടാർട്ടാർ, എസ്കിമോ എന്നീ ഭാഷകളിലും വടക്കുകിഴക്കൻ റഷ്യയിലെ ഭാഷകളിലും ബൈസാന്റിയൻ ആരാധനാക്രമത്തിന്റെ വിവർത്തനങ്ങളാണ് ഉപയോഗിച്ചുവന്നത്. എന്നാൽ ഈ ഭാഷകളുപയോഗിക്കുന്ന സഭകളെപ്പറ്റിയുള്ള വിവരം ശേഖരിക്കുന്നത് ആധുനിക പരിതഃസ്ഥിതിയിൽ വിഷമകരമായിത്തീർന്നിരിക്കുന്നു.

ബൈസാന്റിയനല്ലാത്ത പൗരസ്ത്യ ആരാധനാക്രമങ്ങൾ പ്രധാനമായും താഴെപ്പറയുന്ന ഭാഷകളിലാണ്.

1. സിറിയക്ക് ഭാഷ: സിറിയായിലും ഇന്ത്യയിലും വിവിധ രാജ്യങ്ങളിൽ സുറിയാനി സംസാരിക്കുന്നവർ പാർക്കുന്ന ഇടങ്ങളിലും.

2. അറബിഭാഷ: മദ്ധ്യപൗരസ്ത്യ രാജ്യങ്ങളിലും അവിടത്തുകാർ പാർക്കുന്ന ഇടങ്ങളിലും.

3. കോപ്റ്റിക്ക് ഭാഷ: ഈജിപ്തിലും.

4. ഗേസ് ആംഹാരിക്ക്: എത്യോപ്യയിലും.

5. മലയാളം: ഇന്ത്യയിലും.

6. അർമ്മീനിയൻ ഭാഷ: അർമ്മീനിയായിലും അർമ്മീനിയൻ ഭാഷ സംസാരിക്കുന്നവർ പാർക്കുന്ന ഇടങ്ങളിലും.

7. ഇംഗ്ലീഷ്: ഇന്ത്യയിലും എത്യോപ്യൻ സഭയുടെയും സുറിയാനിസഭയുടെയും പാശ്ചാത്യ ഇടവകകളിലും.

ബഹുജനഭാഷ ഉപയോഗിക്കുകയെന്നത് പൊതുവേ ഒരു പ്രമാണമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അനുഭവത്തിൽ വൈദികർക്കും അത്മായക്കാർക്കും വൈകാരികമായ പ്രതിപത്തി പുരാതന ആരാധനാഭാഷകളോടു തന്നെയാണ്. ആധുനിക വിദ്യാഭ്യാസം പ്രചാരത്തിലായതോടു കൂടി നാട്ടുഭാഷയിലുള്ള ആരാധനയ്ക്കും കൂടുതൽ പ്രചാരം സിദ്ധിച്ചുതുടങ്ങി. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന മലങ്കര ഓർത്തഡോക്സ് സഭ ഇന്ന് ആരാധനയ്ക്ക് മിക്കവാറുമുപയോഗിക്കുന്നത് ആധുനിക ഭാരതീയ ഭാഷകളിലൊന്നായ മലയാളമാണ്.

യൂറോപ്പിലും അമേരിക്കയിലുമുള്ള ഓർത്തഡോക്സ് സഭകൾ ആധുനിക യൂറോപ്യൻ ഭാഷകളിലോ ഇംഗ്ലീഷിലോ ആരാധന നടത്തുന്നതിന്

നിർബന്ധിക്കപ്പെടാറുണ്ട്. പാരമ്പര്യ പ്രിയത്വം ഈ പ്രേരണയെ ചെറുത്തുനിൽക്കാൻ ഒട്ടൊക്കെ ശ്രമിക്കാറുണ്ടെങ്കിലും മിക്കപ്പോഴും സഭ ഇതിന് വഴങ്ങിക്കൊടുക്കുന്നതായി കാണാം. ഓക്സ്ഫോർഡ് പോലെയുള്ള സർവകലാശാലാ കേന്ദ്രങ്ങൾ മാതൃഭാഷയിലുള്ള ആരാധനാക്രമത്തെ സർവാത്മനാ സ്വാഗതം ചെയ്യുന്ന ഭക്തസമൂഹങ്ങളെ സംഭാവന ചെയ്തേക്കാം.

ആദിമ യറുശലേം സഭ അറമായിക്ക് ഭാഷയോ അല്ലെങ്കിൽ സൈറോ – കാൽഡിയൻ ഭാഷയോ ആരാധനാഭാഷയായി ഉപയോഗിച്ചിരുന്നിരിക്കണം. ഇതായിരുന്നു നമ്മുടെ രക്ഷകന്റെയും അപ്പോസ്തലന്മാരുടെയും ഭാഷ. ഈ അർത്ഥത്തിൽ ആദ്യത്തെ ആരാധനാഭാഷ സുറിയാനിയായിരുന്നുവെന്ന് പറയാവുന്നതാണ്. എന്നാൽ ആദിമ ശതകത്തിന്റെ മദ്ധ്യത്തിൽ തന്നെ അന്ത്യോക്യയിൽ ഗ്രീക്കു ഭാഷയിൽ ആരാധന നടത്തപ്പെടുന്നതായി നാം കാണുന്നു. ഇത് യവനരുടേതായ ശുദ്ധ ഗ്രീക്ക് ഭാഷയായിരുന്നില്ല; റോമാ സാമ്രാജ്യത്തിലെ പൊതുഭാഷയായി പ്രചരിച്ചു വളർന്നു രൂപാന്തരം പ്രാപിച്ച ഗ്രീക്കു ഭാഷയായിരുന്നു. സ്വന്തമായ ക്ലാസിക്കൽ രൂപവും സാഹിത്യസമ്പത്തും ഒട്ടേറെ നഷ്ടപ്പെട്ടിരുന്നെങ്കിലും ലത്തീന്റെ നിയതത്വവും സെമിറ്റിക് ശൈലികളും, വേണ്ടത്ര വഴക്കവും ഈ ഭാഷയ്ക്കു ലഭിച്ചിരുന്നു. ഭൂമിയുടെ മനുഷ്യാധിവാസമുള്ള അറ്റംവരെയും സഭയുടെ ആരാധനയും സുവിശേഷവും പ്രചരിക്കുവാൻ ദൈവം തെരഞ്ഞെടുത്ത മാധ്യമം ഈ ഗ്രീക്കു ഭാഷയായിരുന്നു.

എന്നാൽ യവനവൽക്കരണത്തെ ശക്തമായി ചെറുത്തുകൊണ്ടിരുന്ന പാലസ്റ്റൈനിലും ഗ്രീക്കോ റോമൻ സാമ്രാജ്യത്തിനപ്പുറത്തു കിടക്കുന്ന പേർഷ്യ തുടങ്ങിയ മഹാരാജ്യങ്ങളിലും സുറിയാനിയുടെ പ്രാധാന്യം നിലനിന്നുപോന്നു. തൽഫലമായി രണ്ടാം ശതകമായപ്പോഴേക്കും സുറിയാനിഭാഷയിൽ ആരാധന നടത്തുന്ന ക്രൈസ്തവസഭകൾ മെഡിറ്ററേനിയൻ മുതൽ പേർഷ്യൻ ഗൾഫ് വരെയുള്ള വിസ്തൃത മേഖലയിൽ വ്യാപിച്ചു കഴിഞ്ഞു. എന്നാൽ കുറഞ്ഞതു റോമാസാമ്രാജ്യത്തിലെങ്കിലും പ്രത്യേകിച്ച് അന്ത്യോക്യാ, അലക്സാണ്ട്രിയ, ആതൻസ്, റോം എന്നീ നഗരങ്ങളിലും ആദ്യംമുതൽക്കേ മുഖ്യമായ ആരാധനാഭാഷ ഗ്രീക്കായിരുന്നു. നമുക്കുള്ള ഏറ്റവും പ്രാചീനമായ ആരാധനാമാതൃകകൾ ഗ്രീക്കുഭാഷയിലാണ്, സുറിയാനിയിലല്ല കാണാൻ കഴിയുന്നത്. പുരാതന സുറിയാനി ആരാധനകൾ യറുശലേം സഭയുടെ ആരാധനയിൽ നിന്നും പ്രചോദനം കൈക്കൊണ്ടവയാണെങ്കിലും നമ്മുടെ നാഥനും അപ്പോസ്തലന്മാരും സംസാരിച്ചുപോന്ന അറമായിക്ക് ഭാഷയിൽ നിന്ന് ഉളവായതാണെന്ന് തോന്നുന്നില്ല. പെഷിറ്റോ സുറിയാനിയിലുള്ള പുതിയനിയമമെന്ന പോലെ അവയും ഗ്രീക്കു ഭാഷയിൽ നിന്നുള്ള വിവർത്തനമാണെന്നു വേണം അനുമാനിക്കുവാൻ.

അർമീനിയയിലേക്ക് ആദ്യമെത്തിയ സുവിശേഷകർ സിറിയയിൽ നിന്നുമാണു വന്നത്. അവരാണു പൊതുപ്രാർത്ഥനയ്ക്കുള്ള ഭാഷയായി സുറിയാനിഭാഷ നടപ്പാക്കിയത്. പെട്ടെന്ന് രണ്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ 'ഉദ്ദീപകനായ വി. ഗ്രിഗോറിയോസ്സി'ന്റെ ശ്രമം മൂലം സുറി

യാനിയുടെ സ്ഥാനത്ത് അർമീനിയൻ ഭാഷ ഉപയോഗിക്കാനിട വന്നു. അഞ്ചാം ശതകത്തിന്റെ ആരംഭത്തിൽ വി. മെസ്രോബു അർമീനിയൻ ഭാഷയ്ക്ക് അക്ഷരമാല നൽകിയതോടെ അർമ്മീനിയൻ ഭാഷയുടെ നില എക്കാലത്തേക്കുമുറച്ചു.

ജോർജിയായിൽ ആദ്യം ആരാധനാഭാഷ ഗ്രീക്കായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിൽ നിന്നു ചെന്ന മിഷനറിമാരാണു ഗ്രീക്കു ഭാഷ അവിടെ നടപ്പാക്കിയത്. ജോർജിയൻ ഭാഷ സമ്പുഷ്ടമായപ്പോൾ ഗ്രീക്കിന്റെ സ്ഥാനം അതേറ്റെടുത്തു. വി. മെസ്രോബ് ഏർപ്പെടുത്തിയ അക്ഷരമാല ജോർജിയൻ ഭാഷയുടെ വികാസത്തിൽ ഒട്ടധികം സഹായിച്ചു. സ്ലാവിയരുടെ അപ്പോസ്തലരായ സിറിലും മെത്തോഡിയസും സ്ലാവിക്കു രാഷ്ട്രങ്ങൾക്കു വേണ്ടി പുതിയ അക്ഷരമാല മാത്രമല്ല ഭാഷ തന്നെ സൃഷ്ടിക്കുകയുണ്ടായി. റഷ്യൻ ഓർത്തഡോക്സ് സഭ ഇക്കഴിഞ്ഞ നൂറ്റാണ്ടിൽ നടത്തിയ സുവിശേഷദൗത്യപ്രയത്നങ്ങൾക്കിടയിൽ റഷ്യൻ ആരാധനാക്രമത്തെ ജാപ്പനീസ് (1985), ചൈനീസ് (1894) ഭാഷകളിലേക്കു മാത്രമല്ല ഫിന്നിഷ് ഭാഷയിലേക്കും വിവർത്തനം ചെയ്യുകയുണ്ടായി.

കഴിഞ്ഞ ശതകത്തിൽ ഗ്രീക്കുസഭ ബൾഗേറിയയിലും റുമേനിയയിലും ഗ്രീക്കുഭാഷ നടപ്പാക്കുന്നതിനു ശ്രമിക്കുകയുണ്ടായി. എന്നാൽ ആ ശ്രമം വേണ്ടത്ര വിജയിച്ചില്ല. മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ പൊതുവേ അറബി ഭാഷയും അമേരിക്കൻ ഗ്രീക്കു സഭകളിൽ ഇംഗ്ലീഷ് ഭാഷയും ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. ലുഗാണ്ടാ ഭാഷയിലാണ് ഉഗാണ്ടായിലുള്ള ആഫ്രിക്കൻ ഗ്രീക്ക് ഓർത്തഡോക്സ് സഭ ആരാധന നടത്തുന്നത്. ഓർത്തഡോക്സ് സഭകൾ എവിടെയെല്ലാം സുവിശേഷപ്രചരണത്തിനു കൂടുതൽ പ്രാധാന്യം കല്പിച്ചിരിക്കുന്നുവോ അവിടെയെല്ലാം ആരാധന മാതൃഭാഷയിലാക്കുന്നതിനുള്ള സർവ പ്രോത്സാഹനവും നൽകിവരുന്നു. പാരമ്പര്യത്തെ അതേപടി സ്വീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന എത്യോപ്യൻ ഓർത്തഡോക്സ് സഭ പോലും ന്യൂയോർക്ക്, ജമേക്കാ, വെസ്റ്റിൻഡീസ് എന്നിവിടങ്ങളിലെ മിഷനറി ഇടവകകളിലെ ആരാധന ഇംഗ്ലീഷ് ഭാഷയിലാണു നടത്തിവരുന്നത്.

### 2. സമൂഹമെന്ന നിലയിലുള്ള പങ്കെടുക്കൽ

ആരാധനയിൽ സമസ്ത വിശ്വാസികളും പങ്കെടുക്കുകയെന്നത് എല്ലാ പ്രദേശങ്ങളിലുമുള്ള ആദിമസഭയുടെ സവിശേഷതകളിലൊന്നായിരുന്നു. പൗരസ്ത്യമായ ആരാധനയിൽ ഇതു വ്യാപകമായ തോതിൽ നിലനിന്നുപോന്നു. കുറഞ്ഞതു ബൈസന്റിയൻ പാരമ്പര്യമെങ്കിലും ഇപ്പോഴും ഈ സ്വഭാവ വിശേഷത്തെ പരിരക്ഷിച്ചുപോരുന്നു.

ഇതിന്റെ ഏറ്റവും പ്രാചീനമായ തെളിവുകൾ ലഭിക്കുന്നതു യറുശലേമിലെ സിറിൽ[3] (കൂറിലോസ്) ക്രി. വ. 348 -ൽ രചിച്ച 'കാറ്റക്കസെസി'ൽ നിന്നും 'എഗേറിയായുടെ തീർത്ഥാടന'ത്തിൽ (c 395) നിന്നുമാണ്. ഇവരുടെ വിവരണങ്ങൾ സൂചിപ്പിക്കുന്നത് അത്മായക്കാർ അപ്പോഴപ്പോൾ ആരാധനയിൽ പ്രതിവചനങ്ങൾ ഉച്ചരിച്ചു വന്നിരുന്നുവെന്നു മാത്രമല്ല,

ആരാധനയിൽ അത്മായക്കാരുടെ സ്വന്ത വാക്കുകളിലുള്ള പ്രാർത്ഥനയും ഉപയോഗിച്ചു വന്നിരുന്നുവെന്നാണ്.

ജ്ഞാനസ്നാനാർത്ഥികളോടു സ്ത്രീകൾ സ്ത്രീകളോടു കൂടെയും പുരുഷന്മാർ പുരുഷന്മാരുടെ കൂടെയും സബഹുമാനം പള്ളിക്കകത്ത് പ്രവേശിക്കണമെന്ന് ഉദ്ബോധിപ്പിച്ച ശേഷം വി. സിറിൽ തുടരുന്നു: 'നിങ്ങൾക്ക് പരസ്പരം അടുത്തിരിക്കുന്നതിന് സൗകര്യം ലഭിക്കുന്നുണ്ടെങ്കിലും വികാരങ്ങളെ അടക്കിനിർത്തുവാൻ ശ്രദ്ധിക്കുവിൻ, ഇരിക്കുമ്പോൾ പുരുഷന്മാരുടെ കൈയിൽ വായിക്കാൻ ഒരു ആരാധനാപുസ്തകം ഉണ്ടായിരിക്കട്ടെ. ഒരുവൻ വായിക്കുമ്പോൾ അപരൻ ശ്രദ്ധിക്കട്ടെ. പുസ്തകം കൈയിലില്ലെങ്കിൽ ഒരുവൻ പ്രാർത്ഥിക്കട്ടെ. അപരൻ ഗുണപ്രദമായ എന്തെങ്കിലും കാര്യങ്ങൾ പറയട്ടെ.'

വി. സിറിൽ ആരാധകസംഘത്തിന്റെ പ്രതിവാക്യങ്ങളായി പ്രത്യേകം എടുത്തു പറയുന്നത്:

'നാം നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവത്തിങ്കലേക്ക് ഉയർത്തുന്നു' ('ഹൃദയം ദൈവോന്മുഖമാക്കണമെന്ന' ആഹ്വാനത്തിന്റെ പ്രതിവചനം) 'അതു യുക്തവും ന്യായവുമാകുന്നു' ('ദൈവത്തെ നമുക്കു സ്തോത്രം ചെയ്യാ'മെന്ന വാക്യത്തിന്റെ പ്രതിവാക്യം), 'ആമ്മിനോടു കൂടിയ കർത്തൃപ്രാർത്ഥന', 'വിശുദ്ധിയുള്ളവൻ ഏകനാകുന്നു, നാഥനായ യേശുക്രിസ്തു ഏകനാകുന്നു' (വിശുദ്ധമായത് വിശുദ്ധിയുള്ളവർക്കു മാത്രം നൽകപ്പെടുന്നു എന്നതിന്റെ പ്രതിവാക്യം) എന്നിവയാകുന്നു. ആരാധനയുടെ ആമുഖവും 'സാൻക്ടസും'[4] വിശുദ്ധ സിറിൽ എടുത്തുപറയുന്നു. എന്നാൽ ഇവിടെ 'നാം' എന്നത് ആർക്കുവേണ്ടിയാണു നിൽക്കുന്നതെന്നു വ്യക്തമല്ല. ദിവ്യബലി അർപ്പിക്കുന്ന പുരോഹിതനോ ഭക്തജനങ്ങളോ അതോ രണ്ടുകൂട്ടരും കൂടിയോ? താഴെക്കൊടുക്കുന്ന ആരാധനയിൽ ആരാധകസംഘം മുഴുവൻ പങ്കുചേരുന്നതായി വേണം വിചാരിക്കുവാൻ.

'സ്വർഗ്ഗവും ഭൂമിയും സമുദ്രവും സൂര്യചന്ദ്രന്മാരും നക്ഷത്രസമൂഹങ്ങളും സർവസൃഷ്ടിയും യുക്തിപരവും യുക്തിരഹിതവും ദൃശ്യവും അദൃശ്യമായവയും മാലാഖമാരും പ്രധാന മാലാഖമാരും രീശൻവോസന്മാരും, ശൂൽത്തോനന്മാരും, ഹൈലന്മാരും അനേകം മുഖങ്ങളുള്ള ക്രൂബേന്മാരും എന്നോടൊത്തു കർത്താവിനെ മഹത്വപ്പെടുത്തുക എന്ന ദാവീദിന്റെ പ്രാർത്ഥനയെ ഫലത്തിൽ ഏറ്റുചൊല്ലുന്നതായി നാം പറയുന്നു. ഇരുചിറകുകൾ കൊണ്ടു മുഖവും ഇരുചിറകുകൾ കൊണ്ടു കാലുകളും മറയ്ക്കുന്നവരും ഇരുചിറകുകൾ വീശി പറക്കുന്നവരും സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ പരിശുദ്ധൻ എന്നിങ്ങനെ അട്ടഹസിച്ചുകൊണ്ടു ദൈവസിംഹാസനത്തെ വലം വയ്ക്കുന്നവരുമായി യശയ്യാ ദീർഘദർശി പരിശുദ്ധാത്മാവിൽക്കൂടി ദർശിച്ച സ്രോപ്പേന്മാരെയും നാം പരാമർശിക്കുന്നു. ഇക്കാരണത്താൽ സ്രോപ്പേന്മാരാൽ നൽകപ്പെട്ട ദൈവത്തെക്കുറിച്ചുള്ള തുറന്ന പ്രഖ്യാപനം സ്വർഗലോകത്തിലെ വൃന്ദങ്ങളോടൊപ്പം സ്തുതിഗീതങ്ങൾ ആലപിക്കുമ്പോൾ നാമും നമുക്കനുയോജ്യമായവിധത്തിൽ ആവർത്തിക്കുന്നു.'

ബൈസാന്റിയൻ പാരമ്പര്യത്തിൽ ആരാധകസംഘത്തിന്റെ സ്ഥാനം ഗായകസംഘം ഏറ്റെടുക്കുന്നുവെന്നതു ഖേദകരമാണ്, ബ്രൈറ്റ്മാൻ പ്രസാധനം ചെയ്ത ഒമ്പതാം ശതകത്തിലെ (വി. ബേസിലും വി. ക്രിസോസ്റ്റോമും) ആരാധനാക്രമത്തിൽ ഗായകസംഘം ആലപിക്കുന്നതായി ഒരു വാക്യം പോലും എടുത്തുകാട്ടാനില്ല. എന്നാൽ ബ്രൈറ്റ്മാൻ പ്രസിദ്ധപ്പെടുത്തിയതും ഇന്ന് ഗ്രീക്ക് ഓർത്തഡോക്സ് സഭ ഉപയോഗിക്കുന്നവിധമുള്ളതുമായ വി. ക്രിസോസ്റ്റോമിന്റെ ആരാധനാക്രമത്തിൽ O Laos[5] എന്ന പദത്തിനു പകരം മിക്കവാറും എല്ലായിടത്തും Ochoros[6] എന്ന വാക്കാണ് ഉപയോഗത്തിലിരിക്കുന്നത്. 'ആമ്മീൻ' തന്നെ ഗായകസംഘവും ശെമ്മാശ്ശനുമാണു പറയുന്നത്. ആരാധകസംഘത്തിനു നീക്കിവച്ചിരിക്കുന്നത് വിശ്വാസപ്രമാണവും രക്ഷകൻ പഠിപ്പിച്ച പ്രാർത്ഥനയുമാകുന്നു. ഈ പാഠപ്രകാരം ആരാധനാക്രമത്തിൽ ജനങ്ങൾ ആകെക്കൂടി ആമ്മീൻ പറയുന്നത് ഈ രണ്ടു പ്രാർത്ഥനകളുടെയും അവസാനമാണ് (വി. അൽബാൻ വി. സർജിയസ് 'ഫെലോഷിപ്പ്' പ്രസിദ്ധപ്പെടുത്തിയ ആധുനിക സ്ലാവോണിക് ആരാധനാക്രമത്തിലെ നിലയും ഇതു തന്നെ). ഇവിടെ എന്തോ തകരാറു ഭവിച്ചിട്ടുണ്ടെന്ന് പ്രത്യക്ഷമാണ്. എന്തെന്നാൽ ഈ പതിവിനെ ന്യായീകരിക്കുവാൻ നൽകുന്ന വേദശാസ്ത്രപരമായ ന്യായം മുടന്തനാണ്. പതിനെട്ടാം ശതകത്തിൽ പാശ്ചാത്യലോകത്ത് ഉച്ചകോടിയെ പ്രാപിച്ച സംഘഗാനത്തിന്റെ ഗണ്യമായ വികാസം, ഗ്രീക്കു സ്ലാവോണിക്ക് സഭകളെ സ്വാധീനിച്ചുകാണാമെന്ന ഏക സമാധാനമേ ഇതിനു നൽകാനുള്ളൂ. ഒന്നുണ്ട്, ഓർത്തഡോക്സ് ആരാധകസമൂഹം നിശ്ശബ്ദമായി ആരാധനയിൽ പങ്കുകൊള്ളുമ്പോഴും യഥാർത്ഥവും ആന്തരികവുമായ ദൈവിക സംയോഗം ഒരു പരിധി വരെ അനുഭവിക്കുന്നു. എന്നാൽ ദിവ്യബലിയിൽ ആരാധകർക്കുള്ള സമ്പൂർണ്ണ പങ്കാളിത്തം പുനഃസ്ഥാപിക്കപ്പെടാതിരിക്കാൻ ഇതിനെ ഒരു ന്യായമായി ഉന്നയിച്ചുകൂടാ.

ദിവ്യബലിയിൽ ആരാധകർക്കുള്ള സമ്പൂർണ്ണ പങ്കാളിത്തം വിശദമാക്കാൻ പൗരസ്ത്യാരാധനാക്രമ ശേഖരത്തിൽ നിന്ന് ഒരുദാഹരണമെടുക്കാം. മറ്റേതൊരു ആരാധനക്രമത്തേക്കാളും യറുശലേം പാരമ്പര്യത്തോടു കൂടുതൽ ബന്ധപ്പെട്ടിട്ടുള്ള വി. യാക്കോബിന്റെ തക്സായിൽ ജനങ്ങളെ ആരാധനയിൽ സംബന്ധിപ്പിക്കുന്നതിനു വേണ്ടത്ര സൗകര്യങ്ങൾ നൽകിയിരിക്കുന്നു. പൊതുവായ ആരാധനയ്ക്കുള്ള ഇംഗ്ലീഷ് തക്സാ ശരാശരി മുപ്പത്തിരണ്ടു വരികളുള്ള മുപ്പത്തിയഞ്ചു പുറത്തോളം വരുന്നു. ഇതിൽ ജനങ്ങൾ ഉച്ചരിക്കേണ്ട വാക്യങ്ങളായി ഇരുനൂറ്റിത്തൊണ്ണൂറ്റിയേഴു വരികൾ കാണാം. ഇത് ആകെയുള്ളതിന്റെ ഇരുപത്തിയാറ് ശതമാനത്തിൽ കൂടുതലുണ്ട്. ഇതിൽ ശെമ്മാശൻ ചൊല്ലേണ്ടതായ വിശ്വാസപ്രമാണമോ പൊതുശുശ്രൂഷയ്ക്കു മുമ്പും പിമ്പും ജനങ്ങൾ ആലപിക്കേണ്ടതായ കീർത്തനങ്ങളോ ഉൾപ്പെട്ടിട്ടില്ല. ഈ പ്രത്യേക തക്സായിൽ ജനങ്ങൾക്ക് ഒരു വരി പോലും ഉച്ചരിക്കാനില്ലാത്തതായ ഒരേ ഒരു പുറം മാത്രമേയുള്ളു. ആ പുറത്തു കാണുന്നതു വിശ്വാസപ്രമാണമാണു താനും. എത്യോപ്യൻ, കോപ്റ്റിക്, അർമീനിയൻ, നെസ്തോറിയൻ എന്നിങ്ങ

നെയുള്ള എല്ലാ പൗരസ്ത്യാരാധനാക്രമങ്ങളിലും കുർബാനയിൽ സംബന്ധിക്കുന്ന ജനങ്ങൾക്ക് ഏറെക്കുറെ ഇത്രയും ഭാഗം തന്നെ ഉച്ചരിക്കേണ്ടതായുണ്ട്.

എന്നാൽ ആധുനിക പൗരസ്ത്യ കുർബാനയ്ക്കു പൊതുവേ പറഞ്ഞാൽ മർമപ്രധാനമായ മറ്റൊരു കാര്യത്തിൽ പോരായ്മയുണ്ട്. സമൂഹപരമായ പങ്കാളിത്തത്തിൽ, അതായതു വി. ബലിയെ എല്ലാ ആരാധകരും അനുഭവിക്കണമെന്ന കാര്യത്തിൽ അതു നിർബന്ധിക്കുന്നില്ലെന്നുള്ളതു തന്നെ. വിശുദ്ധമാക്കപ്പെട്ട അപ്പവീഞ്ഞുകളോടുള്ള ഭക്തിയും ശുശ്രൂഷയിൽ ആദ്യന്തമുള്ള ദൈവികസാന്നിദ്ധ്യത്തെക്കുറിച്ചുള്ള ബോദ്ധ്യവും പാശ്ചാത്യരിലെന്നതിനേക്കാൾ വളരെ കൂടുതലായുണ്ട് പൗരസ്ത്യരിൽ. എന്നാൽ ഇക്കാരണത്താൽ വിശുദ്ധ ശരീരരക്തങ്ങളെ കൈക്കൊള്ളുവാൻ പൗരസ്ത്യരധികവും മടിക്കുന്നു. ഇത് ഏറ്റവും രൂക്ഷമായി കാണാവുന്നത് എത്യോപ്യൻ സഭയിലാണ്. പ്രായപൂർത്തിയായതിനു ശേഷം വാർദ്ധക്യത്തിലെത്തുന്നതു വരെ അനേകം അത്മായക്കാർ അവിടെ വി. ബലി കൈക്കൊള്ളുന്നില്ല. സമ്പൂർണമായും പാപമുക്തി നേടാതെ വി. ബലി കൈക്കൊണ്ടുകൂടാ എന്ന ധാരണ അധികം അത്മായക്കാരുടെയിടയിലും പ്രബലമാണ്. ഈ ധാരണയെ തിരുത്തുവാൻ അവിടെയുള്ള പുരോഹിതന്മാർ ശ്രമിക്കുന്നതായും കാണുന്നില്ല. മറ്റുള്ള മിക്കവാറും എല്ലാ ഓർത്തഡോക്സ് സഭകളിലും വിശ്വാസികളിൽ, ഭൂരിഭാഗവും, ആണ്ടിലൊരിക്കൽ കഷ്ടാനുഭവയാഴ്ചയിൽ, വി. കുർബാന അനുഭവിക്കുന്നു. കൂടുതൽ പ്രാവശ്യം വി. കുർബാന അനുഭവിക്കാൻ മിക്ക ഓർത്തഡോക്സ് സഭകളും വിശ്വാസികളെ പ്രേരിപ്പിക്കുന്നുണ്ടെങ്കിലും താദൃശശ്രമങ്ങൾ വേണ്ടതുപോലെ വിജയിച്ചിട്ടില്ല.

### 3. ആരാധനയിൽ ശെമ്മാശ്ശനുള്ള സ്ഥാനം

റോമൻ കുർബാനയിൽ ശുശ്രൂഷകനുള്ളതിൽ നിന്നു വ്യത്യസ്തമായ പ്രത്യേകമൊരു സ്ഥാനമാണു പൗരസ്ത്യശുശ്രൂഷകളിൽ ശെമ്മാശ്ശനുള്ളത്. വി. ബലിപീഠത്തിന്റെ മുമ്പിൽ ശെമ്മാശ്ശൻ ശുശ്രൂഷകനാണ്. എന്നാൽ അതിനുപരി അദ്ദേഹം ജനങ്ങൾക്കും പുരോഹിതനുമിടയ്ക്കുള്ള മദ്ധ്യസ്ഥനുമാണ്. ശെമ്മാശ്ശൻ ജനങ്ങളെ പ്രാർത്ഥിക്കുന്നതിന് ആഹ്വാനം ചെയ്യുന്നു. പ്രത്യേകിച്ചു മദ്ധ്യസ്ഥപ്രാർത്ഥനകളിൽ ശെമ്മാശ്ശൻ ജനങ്ങൾക്കു നേതൃത്വം കൊടുക്കുന്നു. സുറിയാനി കുർബ്ബാനക്രമത്തിൽ പലപ്പോഴും അദ്ദേഹം ശുശ്രൂഷയെ വിശദീകരിച്ചു കൊടുക്കുന്നതായി കാണാം.

'എന്റെ വാത്സല്യമുള്ളവരെ, ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗമാകുന്ന മേലുള്ള ഉയരങ്ങളിൽ നിന്നും പ്രതാപത്തോടു കൂടി ഇറങ്ങി, വയ്ക്കപ്പെട്ടിരിക്കുന്ന ഈ പരിശുദ്ധ കുർബാന മേൽ പൊരുന്നി ആവസിച്ച് ഇതിനെ ശുദ്ധീകരിക്കുന്നതായ ഈ നാഴിക എത്ര ഭയങ്കരവും ഈ സമയം എത്ര ഭ്രമിക്കത്തക്കതുമാകുന്നു. നിങ്ങൾ അടക്കത്തോടും ഭയത്തോടും നിന്നുകൊണ്ടു പ്രാർത്ഥിപ്പിൻ.'

കോപ്റ്റിക്ക് ആരാധനാക്രമത്തിൽ ശെമ്മാശ്ശന്റെ നിർദ്ദേശങ്ങൾ

തിടുക്കത്തിൽ നൽകപ്പെടുന്നവയും കാര്യമാത്രപ്രസക്തങ്ങളുമാകുന്നു. 'പ്രാർത്ഥിക്കുവാനെഴുന്നേറ്റു നിൽക്കുവിൻ', '......... വേണ്ടി പ്രാർത്ഥിക്കുവിൻ', 'നമ്മുടെ നാഥന്റെ മുമ്പിൽ ശിരസ്സു കുനിക്കുവിൻ', 'വിശുദ്ധ ചുംബനത്താൽ പരസ്പരം ചുംബിക്കുവിൻ' എന്നിങ്ങനെയാണവ.

ബൈസാന്റിയൻ ആരാധനാക്രമത്തിൽ ശെമ്മാശ്ശൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നതു ശ്രദ്ധിക്കുക:

'സഹോദരന്മാരേ നമുക്കു പരസ്പരം സ്നേഹിക്കാം, അങ്ങനെ നമുക്ക് അന്യോന്യം ഏക മനസ്സോടെ അംഗീകരിക്കയും ചെയ്യാം.' 'നമുക്കെല്ലാവർക്കും നിവർന്നു നിൽക്കാം. നമുക്കു ഭയത്തോടുകൂടി നിൽക്കാം, വിശുദ്ധബലിയെ സമാധാനപൂർവ്വം അർപ്പിക്കുന്നതിൽ ശ്രദ്ധിക്കാം. നമുക്കു കർത്താവിന്റെ മുമ്പിൽ നമ്മുടെ ശിരസ്സുകളെ കുനിക്കാം' എന്നിങ്ങനെയാണു ശുശ്രൂഷകൻ പറയുന്നത്.

ആദ്യമാദ്യം ശെമ്മാശ്ശനായിരുന്നു വി. കുർബാന നൽകിപ്പോന്നത്. എന്നാൽ ഈ ധർമ്മം ഇപ്പോൾ വി. ബലി അർപ്പിക്കുന്ന പുരോഹിതൻ തന്നെയാണു നിർവ്വഹിക്കുന്നത്.

### 4. പുരോഹിതൻ തനിയെ വിശുദ്ധബലി അർപ്പിക്കുന്നില്ല

സാധാരണഗതിയിൽ തനിയെ കുർബാന അർപ്പിക്കുവാൻ ഓർത്തഡോക്സ് പുരോഹിതന് അനുവാദമില്ല. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ തനിയെ വി. കുർബ്ബാന അർപ്പിക്കുവാൻ അദ്ദേഹത്തിന് അനുവാദം ചോദിക്കാവുന്നതാണ്. പൊതുവേ പറഞ്ഞാൽ കുറഞ്ഞത് ഒരു ശുശ്രൂഷകനും ആരാധനാസംഘത്തെ പ്രതിനിധാനം ചെയ്ത് ആരെങ്കിലും ഒരാളും കൂടി പുരോഹിതനോടൊപ്പം ഉണ്ടാവണം. ഒരു പുരോഹിതൻ തനിയെ അനുഷ്ഠിക്കാവുന്ന കർമമല്ല ദിവ്യബലി. സഭ മുഴുവൻ കൂടിയാണു ദിവ്യബലി അർപ്പിക്കുന്നത്. അതിനാൽ ഓർത്തഡോക്സ് കുർബാന അർപ്പിക്കുന്നതിനു കുറഞ്ഞത് മൂന്നു പേരെങ്കിലും ഉണ്ടായേ കഴിയൂ. എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ കുറഞ്ഞത് രണ്ടു പുരോഹിതന്മാരും മൂന്നു ശെമ്മാശ്ശന്മാരും വേണമെന്നാണു വ്യവസ്ഥ. ഇതു താരതമ്യേന അടുത്തകാലത്തു നടപ്പായ പതിവാണെന്നു തോന്നുന്നു. ഓർത്തഡോക്സ് പുരോഹിതൻ നിത്യവും ബലിയർപ്പിക്കുവാൻ ബാദ്ധ്യസ്ഥനല്ല. ആവുന്നത്രയും ദിവസവും അദ്ദേഹം ബലി അർപ്പിക്കുന്നത് നന്ന്; അപ്പോഴെല്ലാം അദ്ദേഹത്തോടൊപ്പം ഒരു ആരാധകസമൂഹമുണ്ടായിരുന്നാൽ മതി.

### 5. പരിശുദ്ധാത്മാവിനോടുള്ള അപേക്ഷയും പരിശുദ്ധാത്മാവും

വി. ബലിയിൽ പരിശുദ്ധാത്മാവിനെയുള്ള ആഹ്വാനം പാശ്ചാത്യരുടെയിടയിൽ ഒരു വിവാദവിഷയമാണ്. ഇന്നത്തെ റോമൻ കുർബാനയിൽ പരിശുദ്ധാരൂപിയെ വിളിച്ചപേക്ഷിക്കുന്ന പ്രാർത്ഥനയുടെ സ്വരൂപം ഇങ്ങനെയാണ്:

'സർവ്വവും വിശുദ്ധീകരിക്കുന്ന ദൈവമേ വന്നെത്തണമേ, സർവശക്തനും നിത്യനുമായ ദൈവമേ, അവിടുത്തെ വിശുദ്ധ നാമ മഹത്വത്തിനായി തയ്യാറാക്കപ്പെട്ട ഈ ബലിയെ അവിടുന്ന് അനുഗ്രഹിക്കണമേ.'

ഈ പ്രാർത്ഥന ചേർത്തിരിക്കുന്നതു സ്ഥാപനവചനങ്ങൾക്കു മുമ്പാകുന്നു. പൗരസ്ത്യാരാധനയിൽ പരിശുദ്ധാത്മാവിനെ ആഹ്വാനം ചെയ്യുന്നതു (എപ്പിക്ലീസിസ്[7]) സ്ഥാപനവചനങ്ങൾക്കു ശേഷമാകുന്നു. അതും വിവിധ രൂപങ്ങളിലാണ്.

പുരോഹിതൻ (രഹസ്യമായി) 'ഇങ്ങനെ അവിടുത്തേക്ക് ആദ്ധ്യാത്മികവും രക്തരഹിതവുമായ ആരാധന അർപ്പിച്ചുകൊണ്ട് ഞങ്ങൾ അവിടുത്തോടു യാചിക്കുകയും അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവിടുത്തെ പരിശുദ്ധ റൂഹായെ ഞങ്ങളുടെമേലും ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ കാഴ്ചകളിന്മേലും അയച്ചുതരണമേ' (പരസ്യമായി) 'അങ്ങനെ ഈ അപ്പത്തെ അവിടുത്തെ ക്രിസ്തുവിന്റെ വിലമതിക്കാനാവാത്ത തിരുശരീരമായും ഈ പാനപാത്രത്തിലുള്ളതിനെ അവിടുത്തെ ക്രിസ്തുവിന്റെ തിരുരക്തമായും അവിടുത്തെ പരിശുദ്ധറൂഹാ മുഖേന മാറ്റിത്തീർക്കണമേ' (ബൈസാന്റിയൻ ആരാധന).

കോപ്റ്റിക്ക് ആരാധനാക്രമത്തിൽ കാണുന്നതിപ്രകാരമാണ്. പുരോഹിതൻ (രഹസ്യമായി) 'ഞങ്ങളുടെ നാഥനായ ദൈവമേ, ഞങ്ങൾ അവിടുത്തോടു പ്രാർത്ഥിക്കുന്നു. അവിടുത്തെ നന്മയുടെ പ്രസാദത്താൽ ഞങ്ങളുടെ മേലും ഞങ്ങളുടെ ബലിയുടെ മേലും അവിടുത്തെ പരിശുദ്ധാരൂപിയെ ഇറക്കിക്കൊണ്ടുവന്ന് അവയെ വിശുദ്ധമാക്കുകയും രൂപാന്തരപ്പെടുത്തുകയും അവിടുത്തെ വിശുദ്ധന്മാർക്കു വിശുദ്ധമായി അവയെ വെളിപ്പെടുത്തുകയും ചെയ്യണമേ' എന്ന് പ്രാർത്ഥിക്കുന്നു. സുറിയാനി ആരാധനാക്രമങ്ങളിൽ പല രൂപങ്ങളിലുള്ള സ്ഥാപനവചനങ്ങൾ കാണാം (എപ്പിക്ലീസിസ്).

(a) പുരോഹിതൻ (രഹസ്യമായി) 'പിതാവായ ദൈവമേ, ഞങ്ങളോടു കരുണ ചെയ്യേണമേ, സിംഹാസനത്തിലും രാജത്വത്തിലും അനാദ്യന്തമായ സാരാംശത്തിലും നിന്നോട് ഒന്നായിരിക്കുന്നവനും നിന്റെ പഴയനിയമവും പുതിയനിയമവും വഴിയായി സംസാരിച്ചവനും യോർദ്ദാൻ നദിയിൽ വെച്ച് പ്രാവിന്റെ രൂപത്തിൽ ഞങ്ങളുടെ നാഥനായ യേശുക്രിസ്തുവിന്മേലും മാളികമുറിയിൽ വെച്ച് അഗ്നിനാവുകളുടെ രൂപത്തിൽ ശ്ലീഹന്മാരുടെ മേലും ഇറങ്ങിയവനുമായ നിന്റെ പരിശുദ്ധ റൂഹായെ ഈ കുർബ്ബാനമേൽ നീ അയച്ചുതരികയും ചെയ്യേണമേ.'

1. (പരസ്യമായി) (ആ പരിശുദ്ധറൂഹാ) അപ്രകാരംതന്നെ ഇറങ്ങിവന്ന് ഈ അപ്പത്തെ, ഞങ്ങളുടെ ദൈവവും രക്ഷകനുമായവന്റെ ശരീരം, ജീവദായക ശരീരം, രക്ഷിക്കുന്ന ശരീരം തന്നെ ആക്കിത്തീർക്കുമാറാകട്ടെ. അപ്രകാരംതന്നെ ഈ കാസായെ ഞങ്ങളുടെ ദൈവവും രക്ഷകനുമായവന്റെ രക്തം, പുതിയ ഉടമ്പടിയുടെ രക്തം, രക്ഷിക്കുന്ന രക്തം ആക്കിത്തീർക്കുമാറാകട്ടെ.

(വി. യാക്കോബിന്റെ തക്സാ)

(b) പുരോഹിതൻ (രഹസ്യമായി) 'കർത്താവേ എന്നിൽ കരുണ തോന്നി സഭയിലെ സല കൂദാശകളേയും തന്റെ ആവാസത്താൽ പൂർത്തി

കരിക്കുന്നവനായ നിന്റെ പരിശുദ്ധ റൂഹായെ എന്റെ മേലും സമർപ്പിതമായിരിക്കുന്ന ഈ കുർബാനയുടെ മേലും നീ അയച്ചുതരുമാറാകണമേ.'

(പരസ്യമായി) 'പരിശുദ്ധ റൂഹാ ആവസിച്ച് ഈ അപ്പത്തെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ ശരീരമായി പൂർത്തീകരിക്കുമാറാകണമേ. കലർത്തപ്പെട്ട ഈ കാസയെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ രക്തമായി രൂപാന്തരപ്പെടുത്തുമാറാകണമേ.'

(മാർ ദീവന്നാസ്യോസിന്റെ തക്സാ)

(c) പുരോഹിതൻ (രഹസ്യമായി) 'അവിടുത്തെ പരിശുദ്ധമായ അധിവാസസ്ഥാനത്തുനിന്ന് അവിടുത്തെ പരിശുദ്ധാരൂപിയെ അയച്ചുതരണമേ. പരിശുദ്ധാരൂപി ഇവിടെ സമർപ്പിച്ചിരിക്കുന്ന ഈ അപ്പത്തിന്മേലും വീഞ്ഞും വെള്ളവും ചേർന്ന ഈ പാനീയത്തിന്മേലും പറന്നു വന്നിറങ്ങുകയും അവയിൽ അധിവസിക്കുകയും അവയെ വിശുദ്ധമാക്കുകയും എന്നെ കുറ്റമില്ലാത്തവനും കളങ്കരഹിതനുമാക്കിത്തീർക്കുകയും ചെയ്യണമേ.'

2. (പരസ്യമായി) 'അങ്ങനെ ഈ അപ്പത്തെ നമ്മുടെ ദൈവവും നമ്മുടെ രക്ഷകനുമായവന്റെ ശരീരമായും ഈ കാസായിലുള്ള സങ്കലിത പാനീയത്തെ ഞങ്ങളുടെ രക്ഷകനും ദൈവവുമായവന്റെ രക്തമായും ആക്കിത്തീർക്കുമാറാകട്ടെ.'

(വി. ജോൺ ക്രിസോസ്റ്റം, സുറിയാനി തക്സാ)

(d) പുരോഹിതൻ (രഹസ്യമായി) 'ദയാലുവും മഹാകാരുണ്യവാനുമായ കർത്താവേ എന്നിൽ കരുണ തോന്നേണമേ. ജീവനുള്ളവനും പരിശുദ്ധനും, ജീവദായകനും, സകലത്തേയും ശുദ്ധീകരിക്കുന്നവനും വിശുദ്ധി നൽകുന്നവനും വിശുദ്ധ ദീർഘദർശിമാർ വഴിയായി സംസാരിച്ചവനും, ശ്ലീഹന്മാരെയും സഹദേന്മാരെയും കിരീടം ധരിപ്പിച്ചവനുമായ റൂഹായെ എന്റെ മേലും ഈ കുർബ്ബാനയുടെ മേലും അയക്കണമേ. ഈ രഹസ്യങ്ങളുടെ മേൽ അരൂപി ആവസിച്ച് ഇവയെ ശുദ്ധീകരിക്കുകയും ചെയ്യുമാറാകണമേ.'

(പരസ്യമായി) 'പരിശുദ്ധറൂഹാ ആവസിച്ച് ഈ അപ്പത്തെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ ശരീരമാക്കിത്തീർക്കണമേ. ഈ കാസായെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ രക്തമാക്കിത്തീർക്കുമാറാകണമേ.'

(വി. യോഹന്നാൻ ഏവൻഗേലിസ്തായുടെ - സുറിയാനി)

ഓരോ സുറിയാനി ആരാധനാക്രമത്തിലും 'എപ്പിക്ലീസിസ്' ഓരോ രൂപത്തിലാണ്.

വാദപ്രതിവാദങ്ങളിൽ പാശ്ചാത്യരുടെ സംജ്ഞകൾ തെറ്റായി പ്രയോഗിക്കുന്നതു മൂലം ഓർത്തഡോക്സുകാർ കുടുക്കിൽപ്പെട്ടു പോകുന്നതിന്റെ ഒരുദാഹരണമാണ് 'എപ്പിക്ലീസിസിനെപ്പറ്റിയുള്ള വാദം.'

ഏതാണ്ടു 14-ാം ശതകത്തിൽതന്നെ വാദം ആരംഭിച്ചതായി കാണാം. 14-ാം ശതകത്തിൽ നിക്കോളാസ് കബാസിലാസ്[8] എപ്പിക്ലീസിസിനെ സംബന്ധിച്ചുള്ള ലത്തീൻ വിമർശനത്തെക്കുറിച്ച് പരാമർശിക്കുന്നു.

പുരോഹിതൻ സ്ഥാപനവചനങ്ങൾ ഉച്ചരിക്കുമ്പോൾതന്നെ അപ്പവീഞ്ഞുകൾ വിശുദ്ധമാക്കപ്പെടുന്നു. അഥവാ, അവയ്ക്കു വസ്തുഭേദം വന്നുകഴിയുന്നുണ്ട്. അങ്ങനെയെങ്കിൽ വിശുദ്ധമാക്കപ്പെട്ടതിന്റെ മേൽ പരിശുദ്ധ റൂഹാ വീണ്ടും ഇറങ്ങിവരണമെന്ന് അപേക്ഷിക്കുന്ന പൗരസ്ത്യരുടെ പതിവ് അവിശുദ്ധമാണെന്നു മാത്രമല്ല, പ്രയോജനശൂന്യവും വെറും അനാവശ്യവുമാണെന്ന് ലത്തീൻ വിശ്വാസികൾ കരുതിപ്പോന്നു. സ്ഥാപനവചനങ്ങൾ അപ്പവീഞ്ഞുകളെ വിശുദ്ധമാക്കുന്നുണ്ടെന്ന് സ്ഥാപിക്കുവാൻ അവർ പ്രമാണമായി ഉദ്ധരിച്ചത് വി. ക്രിസോസ്റ്റോമിൽ നിന്നുമാണ്. 'എപ്പിക്ലീസിസാണ്' അപ്പവീഞ്ഞുകളെ വിശുദ്ധീകരിക്കുന്ന കർമ്മമെന്നും, ലത്തീൻകാർക്കും സ്ഥാപനവചനങ്ങൾക്കു ശേഷം വിശുദ്ധീകരണത്തിനായുള്ള പ്രാർത്ഥനകളുണ്ടെന്നും സ്ഥാപിക്കുവാൻ കബാസിലാസ് സങ്കീർണവും സുദീർഘവുമായ വാദങ്ങൾ ഉന്നയിക്കുന്നു. ക്രിസോസ്റ്റോമിനെത്തന്നെ ഉചിതമായി ഇവിടെ ഉദ്ധരിക്കുവാൻ വിഷമമില്ല. 'നമ്മുടെ ഇപ്പോഴുള്ള കർമ്മങ്ങളിൽ പുരോഹിതൻ താഴേക്കിറക്കിക്കൊണ്ടുവന്നത് അഗ്നിയെയല്ല, പരിശുദ്ധ റൂഹായെയാകുന്നു' എന്ന് വി. ക്രിസോസ്റ്റോം രേഖപ്പെടുത്തിയിരിക്കുന്നു.

വിശുദ്ധീകരണം നടക്കുന്ന കൃത്യമുഹൂർത്തത്തെക്കുറിച്ചു വേണ്ടതിലധികം ഊന്നിപ്പറയണമെന്നില്ല. ഓരോ പാരമ്പര്യവും അതിന്റേതായ സവിശേഷതകൾ വളർത്തിയെടുക്കുകയാണ് ചെയ്തത്. വിശുദ്ധമാക്കുന്ന ദൈവത്തോടു വിളിച്ചപേക്ഷിക്കുന്ന രൂപം റോമൻ കുർബാനക്രമത്തിലും കാണാവുന്നതാണ്. കിഴക്ക്, ഇതിന് കൂടുതൽ പ്രാധാന്യം സിദ്ധിച്ചു. പ്രത്യേകിച്ചും യറുശലേമിലെ വി. സിറിൽ നാലാം ശതകത്തിന്റെ മദ്ധ്യത്തിൽ തന്റെ വേദശാസ്ത്ര പ്രഭാഷണങ്ങൾ നിബന്ധിച്ചതിനു ശേഷം:

'ഈ ആദ്ധ്യാത്മികഗീതങ്ങളിൽ നമ്മെത്തന്നെ വിശുദ്ധരാക്കിയതിനു ശേഷം തിരുമുമ്പാകെ സമർപ്പിച്ചിരിക്കുന്ന ബലിയുടെ മേൽ അവിടുത്തെ പരിശുദ്ധ റൂഹായെ അയയ്ക്കണമേയെന്ന് കാരുണ്യവാനായ ദൈവത്തോടു നാം അപേക്ഷിക്കണം. അങ്ങനെ വിശുദ്ധ റൂഹാ അപ്പത്തെ വിശുദ്ധ ശരീരമാക്കുകയും വീഞ്ഞിനെ ക്രിസ്തുവിന്റെ രക്തമാക്കുകയും ചെയ്യുമാറാകണം. എന്തെന്നാൽ വിശുദ്ധറൂഹാ സ്പർശിക്കുന്നതെന്തും വിശുദ്ധമാക്കപ്പെടുന്നു. അത് രൂപാന്തരപ്പെടുകയും ചെയ്യുന്നു.'

'എപ്പിക്ലീസിസി'നെ വിശുദ്ധീകരണ മുഹൂർത്തമായി അംഗീകരിക്കുവാൻ പൗരസ്ത്യ വേദശാസ്ത്രജ്ഞർ ഇന്ന് മടിക്കുന്നു. ഏതെങ്കിലുമൊരു പ്രാർത്ഥനയെ പൊതുവായ ആരാധനാകർമ്മത്തിൽ നിന്ന് അടർത്തി ഒറ്റപ്പെടുത്തി അതിനു പ്രത്യേക ശക്തി കൽപിക്കുന്നത് അടിസ്ഥാനപരമായും പൗരസ്ത്യ ഓർത്തഡോക്സ് വീക്ഷണത്തിനു കടകവിരുദ്ധമാകുന്നു. പുരോഹിതന്റെ പ്രാർത്ഥനയെയും പൊതുവായ ആരാധനാകർമ്മത്തിൽ നിന്നു അടർത്തിമാറ്റുക വയ്യാ. പൊതുവായ ആരാധനാകർമത്തിന്റെ അവിഭാജ്യഘടകം മാത്രമാണത്. അതിനാൽ പൊതുവായ ആരാധനയുടെ ഘടകം മാത്രമായ പുരോഹിതന്റെ പ്രാർത്ഥനയ്ക്കു സ്വയമായി വസ്തു

ഭേദം അഥവാ 'മെറ്റാത്തെസിസ്'[9] നിർവ്വഹിക്കാനാവുമെന്ന് ഓർത്തഡോക്സ് വിശ്വാസികൾക്കു വാദിക്കാനും സാധ്യമല്ല.

### 6. ഐക്കോണുകളുടെ ഉപയോഗവും ഐക്കോണോസ്റ്റാസീസും

ഐക്കോണുകളുടെ ശാസ്ത്രം സ്ലാവോണിക്കു സൃഷ്ടിയാണ്; ബൈസാന്റിയൻ പാരമ്പര്യത്തിന്റേതുമാണ്. ഐക്കോണുകൾ ആദ്യം ഉപയോഗത്തിൽ വന്നത് സിറിയയിലാണെങ്കിലും ഐക്കോണുകളുടെ വേദശാസ്ത്രം വികസിച്ചത് ബൈസാന്റിയൻ സാമ്രാജ്യത്തിലും സഭയിലുമാണ്. വിശേഷിച്ച് ഏഴും എട്ടും ശതകത്തിൽ നടന്ന വേദശാസ്ത്രപരമായ വിവാദങ്ങളിൽ വിഗ്രഹഭഞ്ജകരുടെ[10] പാർട്ടി പരാജയപ്പെട്ടതിനുശേഷം സിറിയയിലും ഈജിപ്തിലും എത്യോപ്യയിലും വിവിധ രൂപത്തിലുള്ള ഐക്കോണുകൾ ഉപയോഗത്തിൽ വന്നുകൊണ്ടിരുന്നു. എങ്കിലും അവിടെയുള്ളവർക്കു വിവാദത്തിലേർപ്പെടേണ്ടി വരാതിരുന്നതു മൂലം ഐക്കോണുകളുടെ വേദശാസ്ത്രം വികസിപ്പിക്കേണ്ടി വന്നില്ല.

പാശ്ചാത്യർക്കും ഇതെക്കുറിച്ചു വേദശാസ്ത്രപരമായ ചർച്ചയിൽ ഉൾപ്പെടേണ്ട ആവശ്യമധികമുണ്ടായിട്ടില്ല. അതിനാൽ ഐക്കോൺ ശാസ്ത്രത്തെ പാശ്ചാത്യർ വിലയിരുത്തുന്നത് നിരുന്മേഷരായിട്ടാണ്; അതേസമയം അൽപം സൂക്ഷിച്ചും. ട്രന്റിനും, പതിനാറാം ശതകത്തിലെ റോമൻ വേദശാസ്ത്രജ്ഞർക്കും[11] ഐക്കോണുകളെപ്പറ്റി യാതൊരു ധാരണയുമില്ലായിരുന്നു. നവോത്ഥാനകാലത്ത് വികാസം പ്രാപിച്ച പാശ്ചാത്യ മതാത്മകകലയ്ക്ക് പൗരസ്ത്യ ഐക്കണോഗ്രാഫിയുടെ[12] ഊറ്റുറവകളുമായുള്ള ബന്ധം പാടേ നഷ്ടപ്പെട്ടിരുന്നു. അതുകൊണ്ടാവാം, നിരീക്ഷണശക്തിയുള്ള പൗരസ്ത്യർ അഭിപ്രായപ്പെടുന്നത്, പാശ്ചാത്യകല (ശ്രദ്ധേയങ്ങളായ ചില അപവാദങ്ങളൊഴിച്ചാൽ) ആരാധനയ്ക്ക് തികച്ചും സഹായകമല്ലെന്ന്. ഓർത്തഡോക്സുകാരന് സിസ്റ്റൈൻ ചാപ്പലിലെ കലയുടെ സാങ്കേതിക ഭംഗി ആസ്വദിക്കുവാൻ കഴിയും. എങ്കിലും മതപരമായ വിഷയത്തെ സമുജ്ജ്വലമായി അവതരിപ്പിക്കുന്ന അതിലെ ചിത്രങ്ങൾ ക്രിസ്തേതരമാണെന്ന തോന്നലാണ് പലപ്പോഴും ജനിപ്പിക്കുന്നത്.

നവീകരണപ്രസ്ഥാനം ഐക്കോണുകളുടെ പ്രചാരത്തിന് തടസ്സമായിരുന്നു. വിശുദ്ധരഹസ്യത്തിന്റെ ചിത്രീകരണമെന്ന നിലയിൽ ലൂഥർ അവയെ കഷ്ടിച്ച് അനുവദിച്ചിരുന്നു. ഒന്നിലധികം പേരുടെ ചിത്രങ്ങളാണെങ്കിൽ ചരിത്രസംഭവങ്ങളുടെ ചിത്രണമെന്ന നിലയിൽ സ്വീകരിക്കാമെന്നായിരുന്നു കാൽവിന്റെ നിർദ്ദേശം (ഒരാളിന്റെ ചിത്രമായാൽ വിശ്വാസികൾ അതിനെ ആരാധിച്ചു വിഗ്രഹാരാധനയിൽ വീണുപോയേക്കാനിടയുണ്ടെന്ന് കാൽവിൻ ശങ്കിച്ചു).

പന്ത്രണ്ടും പതിമൂന്നും ശതകങ്ങളിലാണ് ഓർത്തഡോക്സ് ആരാധനയിൽ ഐക്കോണുകൾക്കു മുഖ്യസ്ഥാനം ലഭിക്കാൻ തുടങ്ങിയത്. ചിത്രകാരന്മാരധികവും സന്യാസിമാരായിരുന്നു. ഐക്കോൺ ലേഖനം ചെയ്യുന്നതിന് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയുമായ സമ്പൂർണ്ണ

ശിക്ഷണം വേണമെന്നുണ്ടായിരുന്നു. സർഗപ്രതിഭ യഥേഷ്ടം പ്രകാശി പ്പിക്കാൻ കലാകാരന് സ്വാതന്ത്ര്യമില്ലായിരുന്നു. അഗാധമായ ആന്തരിക ആദ്ധ്യാത്മികശിക്ഷണത്തോടെ കലാസങ്കേതങ്ങളെ പാലിച്ചുകൊണ്ടു വേണം ഐക്കോൺ രചിക്കുവാൻ. യഥാർത്ഥ സംഭവങ്ങളുടെയും യഥാർ ത്ഥത്തിൽ വെളിപ്പെടുത്തപ്പെട്ട രഹസ്യങ്ങളുടെയും ഐക്കോണുകൾ മാത്രമേ അനുവദിക്കപ്പെട്ടിരുന്നുള്ളൂ. ഉദാഹരണമായി ത്രിത്വത്തിന്റെ ഐക്കോൺ ആകെ രണ്ടു രീതിയിലാവാനേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. ഒന്നുകിൽ അബ്രഹാമിനു പ്രത്യക്ഷപ്പെട്ട മൂന്നു മാലാഖമാരുടെ രീതിയിൽ. അല്ലെങ്കിൽ രക്ഷകന്റെ സ്നാപനരംഗത്തിന്റെ അവതരണത്തിൽകൂടി (അപ്പോൾ പരിശുദ്ധാത്മാവു രക്ഷകന്റെ മേൽ ഇറങ്ങിവരികയും സ്വർഗ ത്തിൽനിന്നു പിതാവിന്റെ ശബ്ദം കേൾക്കപ്പെടുകയും ചെയ്തു).

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഐക്കോണുകൾ ദൈവപ്രതിഭാസങ്ങ ളാണ്. സ്ഥലകാലങ്ങളിൽക്കൂടി ലോകാതീതവും വിശുദ്ധവുമായത് പ്രകാ ശിക്കുകയാണ്. വചനംപോലെ ഐക്കോണും പ്രകാശനമാകുന്നു. അതൊരു സാന്നിദ്ധ്യമാകുന്നു. കേവലം ചിത്രീകരണമോ അലങ്കാരമോ അല്ല.

ഐക്കോണുകളുടെ വേദശാസ്ത്രത്തെക്കുറിച്ചുള്ള ഏറ്റവും സമർ ത്ഥവും സവിസ്തരവുമായ പ്രതിപാദനം ലയോണിഡ് ഊസ്പെൻസ്കി യുടെ 'ഐക്കോൺ വേദശാസ്ത്രത്തെക്കുറിച്ചുള്ള പ്രബന്ധ'ത്തിൽ നിന്നു ലഭിക്കുന്നു. ഓർത്തഡോക്സ് ആരാധനയിൽ ഐക്കോണുകൾ അവിഭാ ജ്യഘടകമാണെന്നു മാത്രം ഇവിടെ പറയട്ടെ. പള്ളിയിൽ പ്രവേശിക്കു മ്പോൾത്തന്നെ ദൈവം, വിശുദ്ധ ത്രിത്വം, വിശുദ്ധന്മാർ എന്നിവരുടെ സാന്നിദ്ധ്യത്തെപ്പറ്റി ഏതൊരുവനും ബോധവാനാകുന്നു. എന്നാൽ ഐക്കോണുകൾ കേവലം ചിത്രങ്ങളല്ലെന്നോർക്കണം. സ്ഥലത്ത് നേരി ട്ടില്ലാത്തവരെയാണ് ചിത്രങ്ങളും ഫോട്ടോകളും പ്രതിമകളും അനുസ്മ രിപ്പിക്കുന്നത്. അവ അഭാവത്തിന്റെ സൂചനയാണ് നൽകുന്നത്. എന്നാൽ ഐക്കോണുകൾ നൽകുന്നത് സാന്നിദ്ധ്യത്തിന്റെ സൂചനയാണ്. ദൈവവും വിശുദ്ധന്മാരുമുള്ള മന്ദിരമാണ് ദേവാലയം. അവിടെയുള്ള അവരുടെ സാന്നിദ്ധ്യത്തെയാണ് ഐക്കോണുകൾ അറിയിക്കുന്നത്.

വി. മാതാവിനും വിശുദ്ധന്മാർക്കും ബഹുമതി നൽകുന്നതു മൂലം ദൈവ ത്തിനു നൽകേണ്ടതായ മഹത്വത്തിൽ നിന്ന് ഒന്നും കുറഞ്ഞുപോകുന്നില്ല. യാഥാർത്ഥത്തിൽ ക്രിസ്തു നിവസിക്കുന്നവരും തന്നിലേക്ക് അവിടുന്ന് വിശേഷാൽ സംയോജിപ്പിച്ചവരുമെന്ന അർത്ഥത്തിലാണ് 'തെയോടോക്കോ സിനെ'യും[13] വിശുദ്ധന്മാരെയും പ്രഥമമായും നാം ആദരിക്കുന്നത്.

ദിവ്യബലിയിൽക്കൂടിയുള്ള ആരാധന ക്രിസ്തുശരീരത്തിന്റെ മുഴുവൻ കർമ്മമായിരിക്കുന്നതിനാൽ വിശുദ്ധന്മാരുടെ ഐക്കോണിക്ക് സാന്നിദ്ധ്യം ബലിയിലുണ്ടാവേണ്ടത് ഉചിതവും ആവശ്യവുമാണ്. ആരാധിക്കാൻ നമ്മെ സഹായിക്കുന്ന ദൃശ്യോപകരണങ്ങളല്ല ഐക്കോണുകൾ. ആരാകസമൂ ഹത്തിലുള്ള രക്ഷകന്റെയും വിശുദ്ധന്മാരുടെയും പ്രകാശനങ്ങളാണവ.

ഐക്കോണുകൾ ദുരുപയോഗപ്പെടുത്തുവാൻ സാദ്ധ്യതയുണ്ട്. ഐക്കോണുകളെക്കുറിച്ചു നടന്ന വിവാദങ്ങൾ ഇതിനു മതിയായ തെളിവാണ്. ക്രി. വ. 824-ൽ ലൂയിലഡിബൊണയറിന് ബൈസാന്റിയൻ ചക്രവർത്തി മൈക്കൽ അയച്ച കത്തിൽ മറ്റു പലതും എഴുതിയ കൂട്ടത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

"നമ്മുടെ ശിശുക്കളുടെ തലത്തൊട്ടപ്പന്മാരാവാൻ അവർ വിശുദ്ധരുടെ രൂപങ്ങൾ തെരഞ്ഞെടുക്കുന്നു. ചില പുരോഹിതന്മാർ ഐക്കോണുകളിലെ ചായം ചെരണ്ടിയെടുത്ത് അപ്പവീഞ്ഞുകളോടു ചേർത്ത് ദിവ്യബലിക്കു ശേഷം വിശ്വാസികൾക്ക് നൽകുന്നത് ഒരു പതിവായി സ്വീകരിക്കുന്നു. മറ്റു ചിലർ, വിശ്വാസികൾ വി. കുർബ്ബാന സ്വീകരിക്കാൻ വന്നുനില്ക്കുമ്പോൾ ഐക്കോണുകളുടെ കൈകളിൽ തിരുശരീരത്തെ വച്ചിട്ട് അവിടെ നിന്ന് അതിനെ സ്വീകരിച്ച് അനുഭവിക്കുന്നു."

എന്നാൽ ദുരുപയോഗപ്പെടാനിടയുള്ളതിനാൽ ഐക്കോൺ ഉപയോഗിക്കുന്നത് തികച്ചും ശരിയല്ലെന്ന വാദത്തിന് യുക്തിബലമില്ല. പൗരസ്ത്യാരാധനക്രമമനുസരിച്ചുള്ള ആരാധനയുടെ അവിഭാജ്യഘടകമാണ് ഐക്കോണുകളുടെ ഉപയോഗം; വിശേഷിച്ചും ബൈസാന്റിയൻ പാരമ്പര്യത്തിൽ. യഥാർത്ഥത്തിൽ പൗരസ്ത്യാരാധനയുടെ ആത്മാവിലേക്കു തുളഞ്ഞിറങ്ങാൻ സഹായിക്കുന്ന ഏറ്റവും മികച്ച പീഠികയെന്ന നിലയിൽ ഐക്കോണുകളുടെ വേദശാസ്ത്രത്തെക്കുറിച്ചുള്ള ജ്ഞാനം തീർച്ചയായും പ്രയോജനപ്പെടും.

ഈ ലേഖകന്റെ സഭയിൽ പുരാതനകാലം മുതലേയുള്ള മാറ്റാവുന്ന തിരശ്ശീലയ്ക്കു പകരം ഐക്കൊണാസ്റ്റാസിസ്[14] ഇനിയും ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. എങ്കിലും ഐക്കൊണാസ്റ്റാസിസിന്റെ വേദശാസ്ത്രം സഭയുടെ വിശ്വാസാചാരങ്ങൾക്ക് അത്യന്താപേക്ഷിതമാകുന്നു. എന്തെന്നാൽ അത് ദിവ്യബലിയിൽ വിശുദ്ധരും അന്തരിച്ച വിശ്വാസികളും നമ്മോടൊത്തുണ്ടെന്ന് വ്യക്തമായും സൂചിപ്പിക്കുന്നു.

1. ഫാ. എസ്. സലാവില്ലി – ആരാധനയോടു ബന്ധപ്പെട്ട വിഷയങ്ങളെപ്പറ്റി എഴുതിയ ഒരു റോമൻ കത്തോലിക്കാ എഴുത്തുകാരൻ.
2. കൂടുതൽ അപ്പം കൂട്ടിച്ചേർത്ത് (കുർബ്ബാനയിൽ മുമ്പ് ശുദ്ധീകരിച്ച അപ്പത്തെ) വർദ്ധിപ്പിക്കുന്നതിനു നോമ്പുകാലങ്ങളിൽ ഉപയോഗിക്കുന്ന പ്രത്യേക ആരാധനക്രമം.
3. യറുശലേമിലെ സിറിൾ – നാലാം നൂറ്റാണ്ടിൽ യരുശലേമിലെ ഒരു ബിഷപ്പായിരുന്നു. യരുശലേം സഭയുടെ നാലാം നൂറ്റാണ്ടിലെ ആരാധനയെ സംബന്ധിച്ച് നോമ്പുകാലത്തു നടത്തിയ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ ഇന്നു ലഭ്യമാണ്.
4. ആമുഖവും സാൻക്ടസും – 'ആകാശവും ഭൂമിയും തന്റെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്ന ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന പ്രതിവാക്യം ജനങ്ങൾ പറയുന്നതിനു മുമ്പ് പുരോഹിതൻ ചൊല്ലുന്ന പ്രാർത്ഥനയാണ് ആമുഖം; ജനങ്ങളുടെ പ്രതിവാക്യം സാൻക്ടസും.

5. Olaos - ഗ്രീക്കു ഭാഷയിൽ ജനങ്ങൾ എന്നർത്ഥം.

6. Ochoros- ഗായകസംഘം.

7. പരിശുദ്ധാത്മാവിനെ ആഹ്വാനം ചെയ്തുകൊണ്ടുള്ള പ്രാർത്ഥന.

8. നിക്കോളാസ് കബാസിലാസ് - കുർബാനക്രമത്തെപ്പറ്റി മദ്ധ്യകാലങ്ങളിൽ എഴുതിയിരുന്ന ഒരു ഗ്രീക്ക് എഴുത്തുകാരൻ.

9. മെറ്റാത്തെസിസ് - പരിവർത്തനം അല്ലെങ്കിൽ വ്യത്യാസം എന്നർത്ഥം. അപ്പവീഞ്ഞുകൾ ശരീരരക്തങ്ങളായിത്തീരുന്നതിനെ സൂചിപ്പിക്കുന്നു.

10. വിഗ്രഹഭഞ്ജകർ - എട്ടാം ശതാബ്ദത്തിൽ പ്രതിമകളും ചിത്രങ്ങളും വിഗ്രഹാരാധനയാണെന്നു പറഞ്ഞു സഭയിൽനിന്നു സകല രൂപങ്ങളും ചിത്രങ്ങളും മാറ്റിക്കളയുവാൻ ശ്രമിച്ച ഒരു വിഭാഗം.

11. ട്രന്റിനും പതിനാറാം ശതകത്തിലെ റോമൻ വേദശാസ്ത്രജ്ഞർക്കും - പ്രൊട്ടസ്റ്റന്റ് നവീകരണത്തെ ചെറുക്കുവാൻ ട്രന്റു നഗരത്തിൽവെച്ചു കൂടിയ സുന്നഹദോസും അതിനെ അവലംബമാക്കി വേദശാസ്ത്രം രചിച്ച പണ്ഡിതന്മാരും.

12. ഐക്കണോഗ്രാഫി - ഐക്കോണുകൾ ചിത്രമെഴുതിയുണ്ടാക്കുന്ന പ്രവൃത്തി.

13. തെയോടോക്കോസ് - ദൈവധാരിണി അല്ലെങ്കിൽ ദൈവപ്രസവിത്രി.

14. ഐക്കൊണാസ്റ്റാസിസ് - ബൈസാന്റിയൻ ദേവാലയങ്ങളിൽ മദ്ബഹായെ ദേവാലയത്തിന്റെ ബാക്കി ഭാഗത്തുനിന്നു വേർതിരിക്കുന്ന ചിത്രപൂരിതമായ യവനിക (നമ്മുടെ മറയുടെ സ്ഥാനത്തുള്ളത്)



# 5

# ആരാധനക്രമത്തിലെ വേദശാസ്ത്രം

## പൗരസ്ത്യാരാധനയുടെ ചില പൊതുസ്വഭാവങ്ങൾ (തുടർച്ച)

### ആരാധനയിലെ വേദശാസ്ത്രം

വിശ്വാസിയുടെ മനസ്സു രൂപവൽക്കരിക്കാൻ ഏറ്റവും യോജിച്ച സാംസ്കാരികാന്തരീക്ഷം ആരാധനയുടേതാണെന്ന് പൗരസ്ത്യർ വിശേഷിച്ചും സിറിയൻ പാരമ്പര്യത്തിൽപ്പെട്ടവർ ആദിമുതൽക്കേ വിശ്വസിച്ചുപോന്നിരുന്നു. പ്രഭാഷണത്തിനും പ്രബോധനത്തിനും വിശ്വാസിയെ ഉദ്ബോധിപ്പിക്കുന്നതിൽ അവയുടേതായ പങ്കുണ്ട്. എങ്കിലും പൗരസ്ത്യർ വിശ്വാസോദ്ബോധനത്തിനു കൂടുതൽ ആശ്രയിച്ചത് പ്രബോധകരെയല്ല, ആരാധനക്രമത്തെയാണ്. എന്തെന്നാൽ പൗരസ്ത്യാരാധന വേദശാസ്ത്രസത്ത കൊണ്ട് സമ്പുഷ്ടമായിരുന്നു. അതിൽ ഭക്തിപൂർവ്വം സംബന്ധിക്കുന്ന വിശ്വാസിക്കു വിശ്വാസത്തെ പാലിക്കുന്നതിനും ഉറപ്പിക്കുന്നതിനും പ്രഭാഷകരുടെ സഹായം ആവശ്യമായിരുന്നില്ല.

മൂന്നു വിധത്തിലാണ് സിറിയൻ ആരാധന വിശ്വാസികൾക്ക് വേദശാസ്ത്രാഭ്യസനം നൽകാൻ സഹായിച്ചത്. ആരാധനാവർഷത്തിലെ പ്രാർത്ഥനകൾ, വി. ഏവൻഗേല്യോൻ (ജീവന്റെ പുസ്തകം), വിവിധരൂപത്തിൽ വികസിച്ച സെദറ എന്ന പ്രത്യേക പ്രാർത്ഥന എന്നിവയുടെ മൂലം സിറിയൻ ആരാധനയിൽ അടങ്ങിയിരിക്കുന്നു.

ആരാധനാവർഷത്തിലെ പ്രാർത്ഥനകളുടെ മർമ്മം കഷ്ടാനുഭവവാരത്തിലെ പ്രാർത്ഥനകളായിരുന്നു. ഈ പ്രാർത്ഥനകളിൽ മണിക്കൂറുകൾ നീണ്ടുനിന്ന ധ്യാനങ്ങളും പ്രാർത്ഥനകളുമുണ്ടായിരുന്നു. അവ അനായാസേന കുരിശാരോഹണത്തിന്റേയും ഉയിർത്തെഴുന്നേൽപ്പിന്റെയും അർത്ഥം ഗ്രഹിക്കാനുള്ള പുതിയ വഴികൾ വിശ്വാസികൾക്കു തെളിച്ചുകൊണ്ടിരുന്നു. ഏറെക്കുറെ വിചിത്രമെന്നു തോന്നാമെങ്കിലും മിക്കവാറും ഭക്തിപരവും ഹൃദയസ്പർശിയുമായ വ്യാഖ്യാനത്തോടുകൂടിയ വേദപുസ്തകഭാഗങ്ങൾ അവയെ സമ്പുഷ്ടമാക്കിയിരുന്നു. ഇതിനും പുറമേ ഓരോ പെരുന്നാളിനും സഭ രൂപപ്പെടുത്തിയ ഉചിതങ്ങളായ ധ്യാനപ്രാർത്ഥനകളുമുണ്ടായിരുന്നു. പുരോഹിതന്റെ പ്രസംഗവും വ്യാഖ്യാനവുമില്ലാതെ തന്നെ അതതു ദിവസത്തെ വേദപുസ്തകഭാഗങ്ങളുടെ സമ്പൂർണ്ണ വ്യാഖ്യാനം ഇടവകജനങ്ങൾക്ക് നൽകുന്നതിന് ഈ ധ്യാനപ്രാർത്ഥനകൾ സഹായിച്ചുപോന്നു. അപ്പോഴപ്പോൾ ഉണ്ടായിക്കൊണ്ടിരുന്ന വേദശാസ്ത്രപരമായ വിവാദങ്ങൾ പോലും സഭയിലെ ആരാധനാക്രമത്തിൽ മായാത്ത മുദ്ര വീഴ്ത്തിയിരുന്നു.

ക്രിസ്തുവിന്റെ ആളത്തം, സ്വഭാവം എന്നിവയെ സംബന്ധിച്ചുണ്ടായ ഏകസ്വഭാവ വാദത്തെപ്പറ്റി ദിവന്നാസ്യോസ് ബാർ സലിബിയുടെ പ്രാർത്ഥന ഉൾക്കാഴ്ച നൽകുന്നു:

"അങ്ങനെ സത്യത്തിൽ ദൈവത്തിന്റെ വചനം ശരീരത്തിൽ കഷ്ടതകൾ സഹിച്ചു; ബലി കഴിക്കപ്പെട്ടു; കുരിശിൽ തറയ്ക്കപ്പെട്ടു. അവിടുത്തെ ദൈവത്വം യാതൊരുവിധത്തിലും അവിടുത്തെ ആത്മാവിൽ നിന്നോ ശരീരത്തിൽ നിന്നോ വേർപെടുത്തപ്പെട്ടില്ലെങ്കിലും അവിടുത്തെ ആത്മാവു ശരീരത്തിൽ നിന്നും വേർപെടുത്തപ്പെട്ടു. അവർ അവിടുത്തെ നെഞ്ചിൽ ശൂലം തറച്ചു. അവിടെനിന്നു ലോകത്തിന്നു മുഴുവൻ പാപപരിഹാരത്തിനായി രക്തവും വെള്ളവും ഒഴുക്കി. അവിടുത്തെ ശരീരം മുഴുവൻ അതു പുരണ്ടു. ലോകത്തിന്റെ മുഴുവൻ പാപങ്ങൾക്കുവേണ്ടി പുത്രൻതമ്പുരാൻ കുരിശിൽ മരിച്ചു. പിന്നീട് അവിടുത്തെ ആത്മാവു മടങ്ങിവന്ന് അവിടുത്തെ ശരീരവുമായി സംയോജിച്ചു. അവിടുന്നു ഞങ്ങളെ ഇടത്തേതിന്റെ വഴികളിൽനിന്നു വലത്തേതിന്റെ വഴികളിലേക്കു തിരിച്ചുകൊണ്ടുവന്നു. തന്റെ ശരീരത്തിന്റെ രക്തത്താൽ അവിടുന്നു സ്വർഗ്ഗീയത്തെ ഭൗമികവുമായും ജനങ്ങളെ ജാതികളുമായും ആത്മാവിനെ ശരീരവുമായും രമ്യപ്പെടുത്തുകയും സംയോജിപ്പിക്കുകയും കൂട്ടിച്ചേർത്ത് ഒന്നാക്കുകയും ചെയ്തു. മൂന്നാം ദിവസം അവിടുന്നു കല്ലറയിൽ നിന്നു ഉത്ഥാനം ചെയ്തു. ഈ സ്വഭാവങ്ങളുടെ അവിഭാജ്യമായ ഐക്യത്തിനുശേഷം ഇനിയൊരിക്കലും വിഭജിതനാവാൻ സാധ്യമല്ലാത്ത ഏകമാണ് ഇമ്മാനുവേൽ. അങ്ങനെ ഞങ്ങൾ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. അതുതന്നെ സത്യമായും നാം ഉറപ്പിച്ചു പറയുന്നു. ഈ ശരീരം ഈ രക്തത്തിന്റെയും ഈ രക്തം ഈ ശരീരത്തിന്റെയുമാകുന്നു."

അല്ലെങ്കിൽ ഇതാ മറ്റൊരു പ്രാർത്ഥന. വിശുദ്ധ ത്രിത്വത്തെക്കുറിച്ചും പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെക്കുറിച്ചുമുള്ളതാണിത്:

"ജനിക്കാത്തവനും ജനിപ്പിക്കുന്നവനുമായ പിതാവു പരിശുദ്ധൻ, ജനിച്ചവനും ജനയിതാവല്ലാത്തവനുമായ പുത്രൻ പരിശുദ്ധൻ. പിതാവിൽ നിന്നു പുറപ്പെട്ടു പുത്രനിൽനിന്നു കൈക്കൊള്ളുന്ന പരിശുദ്ധ റൂഹാ പരിശുദ്ധൻ. തന്റെ കരുണയാലും കൃപയാലും നമ്മെ രക്ഷിച്ച സത്യദൈവം ഏകനാകുന്നു."

വേദശാസ്ത്രപരമായി സമ്പന്നമായ ഈ ദീർഘപ്രാർത്ഥനകൾ പ്രാർത്ഥനകളെന്നതിനേക്കാൾ പ്രഭാഷണപരമായ ധ്യാനങ്ങളാകുന്നു. Lex credendi lex orandi എന്ന് അതിനെ വിവരിക്കുന്നത് അതിലളിതവൽക്കരണമാകാം. യഥാർത്ഥ ഡോഗ്മാ (വേദോപദേശം) പ്രാർത്ഥനയോടു ചേർന്നിരിക്കുമെന്നും പ്രാർത്ഥനയെ ഡോഗ്മാ നിയന്ത്രിക്കുന്നില്ലെന്നുമാണു വ്യക്തമാക്കുന്നത്. പ്രാർത്ഥനയുടെ പശ്ചാത്തലത്തിൽനിന്നു ഡോഗ്മായെ അടർത്തിമാറ്റി അതിനെ വിചിന്തനത്തിനു വിധേയമാക്കുന്നത് അപകടകരമാണ്. നിർഭാഗ്യവശാൽ നമ്മുടെ കാലത്തെ കലാശാല വേദശാസ്ത്രാഭ്യസനം വരണ്ട ഊഷരതയുടെ നിർജ്ജീവതയിലേക്കാണു നീങ്ങിക്കൊണ്ടിരിക്കുന്നത്. വേദശാസ്ത്രത്തെ കൂടുതൽ അരോഗമാക്കാനുള്ള മാർഗം

വിശ്വാസത്തെ വീണ്ടും പ്രാർത്ഥനകളിലും ശുശ്രൂഷകളിലും ഉൾക്കൊള്ളു കയെന്നതുതന്നെയാണ്.

## ക്രിസ്തുവിന്റെ സമ്പൂർണ ശരീരത്തെക്കുറിച്ചുള്ള ബോധം

റോമൻകത്തോലിക്കാ കുർബാനക്രമത്തിൽ വിശുദ്ധന്മാരെക്കുറിച്ചുള്ള അനുസ്മരണം കുർബ്ബാനയുടെ കാനോനിലാണു ചേർത്തിരിക്കുന്നത്:

"വിശുദ്ധ കൂട്ടായ്മയുടെ ഏകത്വത്തിൽ ഏറ്റവുമാദ്യമായി മഹത്വമേറി യവളും നമ്മുടെ രക്ഷകനായ ദൈവത്തിന്റെ ജനനിയുമായ നിത്യകന്യക മറിയാമിന്റെ സ്മരണയെ ഞങ്ങൾ പാലിക്കുന്നു. പിന്നെ അവിടുത്തെ അനു ഗൃഹീത അപ്പോസ്തലന്മാർ, രക്തസാക്ഷികൾ, പത്രോസ്, പൗലോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, തോമസ്, യാക്കോബ്, ഫിലി പ്പോസ്, ബർത്തലോമിയ, മത്തായി, ശിമോൻ, തദ്ദിയൂസ് എന്നിവരുടെയും ലീനസ്, ക്ലീറ്റസ്, ക്ലെമെന്റ്, സിക്സ്റ്റസ്, കോർണീലിയസ്, സിപ്രിയാൻ, ലോറൻസ്, ക്രിസോഗോണസ്, ജോൺ, പോൾ, കോസ്മാസ്, ഡാമിയൻ എന്നിവരുടെയും സ്മരണയെ ഞങ്ങൾ പാലിക്കുന്നു. ഇവരുടെ മേന്മക ളാലും പ്രാർത്ഥനകളാലും നമ്മുടെ രക്ഷകനായ ക്രിസ്തുവിൽക്കൂടി അവി ടുന്നു നൽകുന്ന സുരക്ഷിതത്വത്തിന്റെ സഹായം ഞങ്ങൾക്കു കോട്ടക ളായിത്തീരുമാറാകേണമേ."

റോമൻ കത്തോലിക്കാ കുർബാനക്രമത്തിൽ വിശുദ്ധീകരണത്തിനു ശേഷം, അന്തരിച്ചവരേയും പ്രത്യേകം നിർദേശിച്ചിട്ടുള്ളവരേയും അനു സ്മരിക്കുന്ന പ്രാർത്ഥനകളുണ്ട്.

"അല്ലയോ രക്ഷകാ അവിടുത്തെ ദാസന്മാരെയും ദാസിമാരെയും (പേര്) ഞങ്ങൾക്കു മുമ്പ് വിശ്വാസത്തിന്റെ അടയാളത്തോടെ കടന്നുപോയി സമാ ധാനത്തിൽ നിദ്രകൊള്ളുന്ന............ (ഇവിടെ മരിച്ചവരെ ഓർക്കുക) ഓർക്കേ ണമേ രക്ഷകാ. ഇവർക്കും ക്രിസ്തുവിൽ വിശ്രമിക്കുന്ന ഏവർക്കും അവി ടുത്തെ നന്മയുടെ ദാനത്തിൽനിന്നും ആശ്വാസമുള്ള ഇടവും, പ്രകാശവും ശാന്തിയും നമ്മുടെ രക്ഷകനായ കർത്താവിൽക്കൂടി നൽകണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

പാപികളായ ഞങ്ങൾക്ക്, അവിടുത്തെ മഹാകാരുണ്യത്തിൽ വിശ്വാ സമർപ്പിച്ചിരിക്കുന്ന അവിടുത്തെ ദാസന്മാർക്ക്, ജോൺ, സ്റ്റീഫൻ, മത്തി യാസ്, ബർന്നബാസ്, ഇഗ്നാത്തിയോസ്, അലക്സാണ്ടർ, മാർസലീനസ്, പീറ്റർ, ഫെലിസിറ്റാസ്, പെർപെറ്റ്വാ, അഗത്താ ലൂസി, ആഗ്നസ്, സെസ ലിയാ, അനസ്റ്റേസിയാ എന്നിവരുടെയും, അവിടുത്തെ സർവവിശുദ്ധരു ടെയും കൂടെ, അവിടുത്തെ വിശുദ്ധ അപ്പോസ്തലന്മാരും രക്തസാക്ഷിക ളുമായുള്ള കൂട്ടായ്മയും പങ്കാളിത്തവും നൽകേണമേ. ഞങ്ങളുടെ നന്മ കളെ അളന്നുനോക്കാതെ, ഞങ്ങളുടെ രക്ഷകനായ ക്രിസ്തുവിൽക്കൂടി ഞങ്ങളുടെമേൽ സമൃദ്ധിയായി കൃപ ചൊരിഞ്ഞുകൊണ്ട് ഇവരുടെ കൂട്ട ത്തിൽ ഞങ്ങളേയും ചേർക്കേണമേ."

ഇതെല്ലാം യഥാർത്ഥ പാശ്ചാത്യപാരമ്പര്യത്തിൽ സംക്ഷിപ്തവും കാര്യ മാത്ര പ്രസക്തവുമാകുന്നു. പൗരസ്ത്യമായ ആരാധനാക്രമങ്ങളിൽ ഇതിനു

നൽകുന്ന അമിത പ്രാധാന്യം നമ്മെ അലോസരപ്പെടുത്തുകപോലും ചെയ്യുന്നു. പ്രസിദ്ധ ബൈസാന്റിയൻ വേദശാസ്ത്രവിശാരദനായ ഫാദർ സലാവിൽ ആവർത്തനപ്രവണതയാണ് പൗരസ്ത്യാരാധനയുടെ ഏറ്റവും വലിയ ബലഹീനതയെന്ന് ചൂണ്ടിക്കാണിക്കുന്നു. പാശ്ചാത്യാരാധനക്രമത്തിൽ ക്രിസ്തുശരീരത്തിന്റെ സിംഹഭാഗമുൾക്കൊള്ളുന്നവരും ദിവ്യബലിയിൽ നമുക്കൊഴിവാക്കാനാകാത്ത പങ്കാളികളുമായ മരിച്ചവരെയും വിശുദ്ധന്മാരെയും കുറിച്ചുള്ള സ്മരണ പുരോഹിതന്റെ നിശ്ശബ്ദ പ്രാർത്ഥനയിൽ മിക്കവാറും അമർന്നുപോയിരിക്കുന്നു. എന്നാൽ ക്രിസ്തുശരീരത്തിലുള്ള അവരുടെ സാന്നിദ്ധ്യത്തെ വിസ്മരിക്കുവാൻ പൗരസ്ത്യാരാധനക്രമങ്ങളിൽ ജനങ്ങളെ ഒരിക്കലും അനുവദിക്കുന്നില്ല. ഉദാഹരണമായി റഷ്യൻ ആരാധനാക്രമത്തിൽ പ്രാരംഭശുശ്രൂഷയുടെ ആദ്യത്തെ പ്രാർത്ഥനയിൽത്തന്നെ മരിച്ചവരെ ഓർക്കുന്നതായി കാണാം.

“നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ പ്രാർത്ഥനകളാൽ ഞങ്ങളുടെ ദൈവവും നാഥനുമായ യേശുക്രിസ്തുവേ, ഞങ്ങളോടു കാരുണ്യം ചെയ്യണമേ. ആമേൻ.”

പ്രാരംഭ പ്രാർത്ഥനകളിൽ ഇടവിട്ട് ക്രിസ്തുശരീരത്തിന്റെ മുഴുവൻ മൂർത്തിമദ്ഭാവമായ അനുഗൃഹീതയായ വിശുദ്ധ കന്യകമറിയാം പ്രത്യക്ഷപ്പെടുന്നുണ്ട്. ‘വിശുദ്ധവും ദൈവികവുമായ ആരാധന ചിട്ടപ്പെടുത്തുന്ന’ സന്ദർഭത്തിൽ ക്രമാനുസൃതം കന്യകമറിയം, സ്നാപകയോഹന്നാൻ, മോശ, അഹറോൻ, ഏലിയാ, ഏലിശാ, ദാവീദ്, ജസി, മൂന്നു വിശുദ്ധ ശിശുക്കൾ, പ്രവാചകനായ ദാനിയേൽ എന്നിവരെയും അവരോടൊപ്പം എല്ലാ വിശുദ്ധ പ്രവാചകരെയും പത്രോസ്, പൗലോസ് എന്നിവരേയും അവരോടൊപ്പം എല്ലാ വിശുദ്ധ അപ്പോസ്തലന്മാരെയും വിശുദ്ധന്മാരിൽ ഉൾപ്പെട്ട പിതാക്കന്മാരായ മഹാനായ ബേസിൽ, ദൈവിക ഗ്രിഗറി, ജോൺ ക്രിസോസ്റ്റം, അനന്യാസ്, സിറിൽ, മൈറായിലെ നിക്കൊലാസ്, പീറ്റർ, അലക്സിസ്, ജോനാൻ, മോസ്ക്കോയിലെ ഫിലിപ്പ് എന്നിവരെയും നികിതാ, ലയോൻറ്യസ് എന്നിവരെയും എല്ലാ രക്തസാക്ഷികളെയും രക്തസാക്ഷികളായ തെക്ലാ, ബർബറാ, സിറിയാക്ക, യൂഫീമിയ, പ്രാസ്ക്കോവിയാ, കാത്തറീൻ എന്നിവരെയും മറ്റെല്ലാ രക്തസാക്ഷികളെയും സന്യാസിമാരായ ആന്റണി, യൂത്തീമിയസ്, സാബാ, ഓണിഫോറസ്, അതോസിലെ അത്താനാസിയോസ് എന്നിവരെയും മറ്റു പലരെയും സന്യാസിനിമാരായ പെലിജിയാ, തിയോഡാസിയാ, അനാസ്റ്റേസിയാ തുടങ്ങിയവരെയും, അത്ഭുതപ്രവർത്തകരായ കോസ്മാസ്, ഡാമിയൻ തുടങ്ങിയവരെയും ‘ദൈവ’ത്തിന്റെ പൂർവ്വികരായ ജോയാക്കീമിനെയും അന്നായെയും ഈ പള്ളി ഏതൊരു വിശുദ്ധന്റെ നാമം സ്വീകരിച്ചിരിക്കുന്നുവോ ആ വിശുദ്ധനെയും, ഈ ദിവസത്തിന്റെ വിശുദ്ധനെയും അപ്പോസ്തലന്മാർക്കു സമന്മാരായ സിറിൽ, മെത്തോഡിയസ് എന്നിവരെയും വ്ളാഡിമീർ പ്രഭുവിനെയും എല്ലാ വിശുദ്ധരെയും ഈ ആരാധനാക്രമം എഴുതിയ വിശുദ്ധരെയും (നേരത്തെ ഓർമിപ്പിക്കപ്പെട്ടവരാണെങ്കിൽ തന്നെയും ആരാധനാ

കർത്താക്കളായ വി. ബസേലിയസ്, വി. ക്രിസോസ്റ്റം എന്നിവരെ വീണ്ടും ഓർക്കണം) പുരോഹിതൻ പ്രത്യേകം ഓർക്കുന്നു.

ക്രിസ്തുശരീരത്തിലുള്ള പൂർവ്വികരായ വിശ്വാസികളുടെ എട്ടുവകുപ്പ് അനുസ്മരിച്ചശേഷം ജീവിച്ചിരിക്കുന്നവരിലേക്ക് ആരാധന കടക്കുന്നു. ഓർത്തഡോക്സ് മെത്രാന്മാർ എല്ലാവരും, പാത്രിയർക്കീസന്മാർ, സ്വന്തം പാത്രിയർക്കീസ്, ആർച്ചുബിഷപ്പ്, ബിഷപ്പ്, പുരോഹിത സമുദായം, ശെമ്മാശ്ശന്മാരുടെ സമൂഹം, അത്മായക്കാരുടെ കൂട്ടായ്മ മുഴുവൻ, രാജാവ്, രാജകുടുംബം, വിശുദ്ധ കുർബാനയിൽ പ്രത്യേകം ഓർമ്മിക്കുവാൻ നൽകിയിട്ടുള്ള പേരുകൾ എന്നിവ ക്രമത്തിൽ ഓർമിക്കപ്പെടുന്നു. അനന്തരം ദിവ്യബലിയിൽ സംബന്ധിക്കുന്ന ഈ മഹാവലിയ സമൂഹത്തെ വിസ്മരിക്കാൻ ജനങ്ങൾക്കോ ശെമ്മാശ്ശനോ പുരോഹിതനോ കഴിയുന്നതല്ല. ലുത്തീനിയ എപ്പോഴും സമാപിക്കുന്നത്, സമസ്ത ക്രിസ്തുശരീരത്തോടൊപ്പം നമ്മെത്തന്നെ ദൈവത്തിന് അനുസ്മരണാപൂർവ്വം സമർപ്പിച്ചുകൊണ്ടാണ്.

മറ്റു പൗരസ്ത്യാരാധനകളുടെ സ്വഭാവവും ഇതുതന്നെ. ഓരോ ആരാധനാക്രമത്തിൽനിന്നും ഇതുപോലെയുള്ള ഭാഗങ്ങൾ സമൃദ്ധമായി ഉദ്ധരിക്കാനാവും. സകലത്തെയും, ഉൾപ്പെടുത്തുന്ന വിശാലതയോടെയാണ് ക്രിസ്തുശരീരത്തിന്റെ പരിധികൾ നിർണയിച്ചിരിക്കുന്നത്. ഉദാഹരണമായി താഴെക്കൊടുക്കുന്ന പ്രാർത്ഥന സിറിയൻ കുർബാനയുടെ പ്രാരംഭശുശ്രൂഷയിൽ നിന്നാണ്:

“ആദ്യമായി ഞങ്ങളുടെ പിതാവായ ആദാമിനെയും ഞങ്ങളുടെ മാതാവായ ഹവ്വയേയും വി. ദൈവമാതാവായ മറിയാമിനെയും പ്രവാചകന്മാരെയും അപ്പോസ്തലന്മാരെയും, സുവിശേഷകരെയും രക്തസാക്ഷികളെയും, സാക്ഷ്യം പറഞ്ഞിട്ടുള്ളവരെയും, നീതിമാന്മാരെയും, യഥാർത്ഥ ഇടയന്മാരെയും, യഥാർത്ഥ മഹത്വത്തിന്റെ (ഓർത്തഡോക്സ് വിശ്വാസത്തിന്റെ) ഗുരുക്കന്മാരെയും ഏകാന്തവാസികളെയും സമൂഹജീവികളെയും ഞങ്ങളോടൊപ്പം പ്രാർത്ഥനയിൽ പങ്കുകൊള്ളുന്ന എല്ലാവരെയും ‘ലോകാരംഭംമുതൽക്കെ ആദാമിന്റെയും ഹവ്വായുടെയും കാലം മുതൽക്കെ ദിനങ്ങളുടെ ദിനം വരെയും അവിടുത്തെ പ്രസാദിപ്പിച്ചിട്ടുള്ളവരെയും’ ഞങ്ങൾ ഓർക്കുന്നു. ഞങ്ങളുടെ മാതാപിതാക്കന്മാരെയും സഹോദരന്മാരെയും സന്താനങ്ങളെയും ഞങ്ങളെ സത്യം പഠിപ്പിച്ചിട്ടുള്ള സകലരെയും ഞങ്ങളിൽനിന്നും അന്തരിച്ചിട്ടുള്ളവരെയും വിശ്വാസികളായ എല്ലാ മരിച്ചവരെയും വിശേഷിച്ചും ഞങ്ങളോട് രക്തബന്ധമുള്ളവരെയും ഈ പള്ളിയുടെ സ്ഥാപനത്തിൽ സഹകരിച്ചിട്ടുള്ളവരും സഹകരിക്കുന്നവരുമായ സകലരെയും ഞങ്ങളുമായി വാക്കിലോ പ്രവൃത്തിയിലോ ചെറുതോ വരുതോ ആയ കാര്യങ്ങളിലോ ബന്ധപ്പെട്ടവരെയും പ്രത്യേകിച്ചും ആരുടെ അപേക്ഷപ്രകാരമാണോ ഈ ദിവ്യബലി അർപ്പിക്കപ്പെടുന്നത് ആ ദാസനെയും (ദാസിയെയും) ഞങ്ങൾ ഓർക്കുന്നു.”

അങ്ങനെ ആരാധനയിൽ അനേക പ്രാവശ്യം പുരോഹിതനാലും ശെമ്മാശ്ശനാലും ജനങ്ങളാലും അവർ സ്മരിക്കപ്പെടുന്നു.

ഈ അവസരങ്ങളിൽ വീശാറുള്ള ധൂപക്കുറ്റി ക്രിസ്തുവിന്റെ ആകമാനശരീരവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. പാരമ്പര്യപ്രകാരം ധൂപക്കുറ്റി സഭയെ മുഴുവൻ, സ്വർഗത്തിലും ഭൂമിയിലുമുള്ള ക്രിസ്തുവിന്റെ ശരീരത്തെ മുഴുവൻ, പ്രതിനിധാനം ചെയ്യുന്നു. ഈ ലേഖകന്റെ സഭയിലെ മല്പാന്മാർ താഴെക്കാണുന്ന വിധത്തിലുള്ള വ്യാഖ്യാനമാണ് ധൂപക്കുറ്റിക്കു നൽകുന്നത്:

ധൂപക്കുറ്റി ഭൂമിയെയും അതിന്റെ അടുപ്പ് ആകാശങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. അതിലിട്ടിരിക്കുന്ന കരി പാപം നിറഞ്ഞ മനുഷ്യസമുദായത്തിന്റെയും അതിലുള്ള തീ മനുഷ്യശരീരത്തിൽ അവതരിച്ച് അതിനെ സജീവമാക്കിയ ദൈവപുത്രന്റെയും പ്രതീകമാണ്. നാലു ചങ്ങലകൾ കാലത്തിലും സ്ഥലത്തിലുമുള്ള (ecumenicity) സാർവ്വലൗകികതയെ കാണിക്കുന്നു. ചങ്ങലയിലെ ഓരോ കണ്ണിയും ഓരോ തലമുറയ്ക്കു വേണ്ടി നിൽക്കുന്നു. ചങ്ങലകൾ നാലാണെന്നുള്ളത് ഭൂമിയുടെ നാല് വശങ്ങളെയും കാണിക്കുന്നു. നാലു ചങ്ങലകളിലായുള്ള പന്ത്രണ്ടു കിലുങ്ങുന്ന മണികൾ സഭയിൽ മുഴങ്ങുന്ന അപ്പോസ്തലികശബ്ദത്തെ അനുസ്മരിപ്പിക്കുന്നു. ധൂപം ദൈവസാന്നിദ്ധ്യത്തിൽ മധുരസൗരഭ്യമായി ഉയർന്നെത്തുന്ന വിശ്വാസികളുടെ ജീവിതവും പ്രാർത്ഥനയുമാകുന്നു. സുറിയാനി ആരാധനയിൽ ധൂപത്തിൽ കുന്തുരുക്കം വയ്ക്കുമ്പോൾ ഉച്ചരിക്കുന്ന നാല് ഈരടികൾ ഇതു സൂചിപ്പിക്കുന്നു.

കിഴക്കായി: ഈ പരിമളധൂപത്താൽ ദൈവമാതാവായ വി. മറിയം ഓർമ്മിക്കപ്പെടട്ടെ.

പടിഞ്ഞാറായി: ഈ പരിമളധൂപത്താൽ പ്രവാചകന്മാരും അപ്പോസ്തലന്മാരും വിശുദ്ധരായ രക്തസാക്ഷികളും ഓർമ്മിക്കപ്പെടട്ടെ.

വടക്കായി: ഈ പരിമളധൂപത്താൽ ഗുരുക്കന്മാരും പുരോഹിതന്മാരും നീതിമാന്മാരും ഓർമ്മിക്കപ്പെടട്ടെ.

തെക്കായി: ഈ പരിമളധൂപത്താൽ വിശുദ്ധ സഭയും സഭയുടെ എല്ലാ സന്താനങ്ങളും ഓർമ്മിക്കപ്പെടട്ടെ.

ഓർത്തഡോക്സ് സഭയിൽ വിശ്വാസികൾ വിശുദ്ധരോടു പ്രാർത്ഥിക്കുക മാത്രമല്ല വിശുദ്ധന്മാർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ജീവിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം നടത്താൻ വിശുദ്ധന്മാരോടുള്ള പ്രാർത്ഥന മാത്രമല്ല, അവരെ സമാശ്വസിപ്പിക്കണമെന്ന ദൈവത്തോടുള്ള പ്രാർത്ഥനയും അടങ്ങിയിരിക്കുന്നു. ഇത് സുറിയാനി ആരാധനാക്രമത്തിൽ സുവ്യക്തമാണ്. അന്തരിച്ചവർക്കായുള്ള മൂന്നു വകുപ്പ് പ്രാർത്ഥനകളും (ഒന്നാമത്തേത് വി. മറിയത്തിനും അപ്പോസ്തലന്മാർക്കും പ്രവാചകർക്കും രക്തസാക്ഷികൾക്കും എല്ലാ വിശുദ്ധന്മാർക്കും വേണ്ടിയുള്ളത്; രണ്ടാമത്തേത് വിശ്വാസം പാലിച്ചു നമുക്കു നൽകിയ സഭയുടെ എല്ലാ ഗുരുക്കന്മാർക്കും വേണ്ടിയുള്ളത്; മൂന്നാമത്തേത് വിശ്വാസികളായ മരിച്ചവർക്കു വേണ്ടിയുള്ളത്) അവർക്കായുള്ള മദ്ധ്യസ്ഥപ്രാർത്ഥനകളാണ്. നമുക്കായി അവർ

മദ്ധ്യസ്ഥപ്രാർത്ഥന നടത്തണമന്ന അപേക്ഷയും അവയിൽ അടങ്ങിയിരിക്കുന്നു.

ആദ്യത്തെ രണ്ടു ഗ്രൂപ്പുകളിലും പ്രാർത്ഥനകൾ സമാപിക്കുന്നത് 'അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിപ്പാൻ നമ്മുടെ കർത്താവിനോടു പ്രാർത്ഥിക്കാം' എന്ന അർത്ഥനയുമായാണ്. അവസാനത്തേത് ഇങ്ങനെ സമാപിക്കുന്നു:

"അവരുടെ ആത്മാക്കളെയും അരൂപികളെയും തന്റെ അടുക്കലേക്ക് എടുത്തുകൊണ്ടവനായി നമ്മുടെ ദൈവമായ മിശിഹാ ധാരാളമായി തന്റെ അനുഗ്രഹങ്ങൾ മൂലം കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും അവരെ യോഗ്യരാക്കുവാനും നമ്മെയും അവരെയും തന്റെ സ്വർഗരാജ്യത്തിൽ ചേർത്തുകൊള്ളുവാനുമായിട്ട് തന്നോടു നാം അപേക്ഷിച്ചു പ്രാർത്ഥിക്കാം."

ദിവ്യബലിക്കു ശേഷമുള്ള പ്രാർത്ഥനകളിൽ പുരോഹിതൻ ഇങ്ങനെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു:

"ഈ ദിവസം ഞങ്ങൾ അർപ്പിച്ചതായ ഈ വി. ബലിയിൽ ദൈവമായ നാഥനും അവിടുത്തെ തെരഞ്ഞെടുക്കപ്പെട്ട മാലാഖമാരും പ്രസാദിക്കുമാറാകട്ടെ. അതിനാൽ അവിടുത്തെ വി. മാതാവിനും വിശുദ്ധന്മാർക്കും വിശ്വാസികളായ മരിച്ചവർക്കും ശാന്തിയും അവരെക്കുറിച്ചു നല്ല സ്മരണയുമുണ്ടാവാൻ തിരുവുള്ളമുണ്ടാകണമെ."

പരസ്പരമുള്ള അനുസ്മരണയിലും മദ്ധ്യസ്ഥതയിലും ആവിഷ്കൃതമായ ക്രിസ്തുശരീരത്തിലെ ഈ പരസ്പരബന്ധം പാശ്ചാത്യാരാധനക്രമങ്ങളിൽ അന്തർലീനമാണെങ്കിലും ഏറ്റം മതിയാംവിധം സുവ്യക്തമായി പ്രകാശിതമായിരിക്കുന്നത് പൗരസ്ത്യാരാധനക്രമങ്ങളിലാണ്. ഈ പശ്ചാത്തലത്തിൽ ഐക്കോണുകൾ നിർവഹിക്കുന്ന ധർമ്മത്തെപ്പറ്റി കൂടുതൽ വ്യക്തമായി നമുക്കു ഗ്രഹിക്കുവാൻ സാധിക്കുന്നു.

### കാവ്യത്തിൽ ആവിഷ്കൃതമായിരിക്കുന്ന ഭക്തിയുടെ ആത്മാവ്

യുക്തിനിഷ്ഠവും കാര്യമാത്രപ്രസക്തവുമായ പാശ്ചാത്യ മനസ്സിനു ചില പൗരസ്ത്യാരാധനാ ഭാഗങ്ങൾ വേണ്ടതിലധികം കാവ്യാത്മകമാണെന്നു തോന്നാം. ഫാദർ സലാവിൽ പ്രസ്താവിക്കുന്നതുപോലെ അലങ്കാരങ്ങൾ പലതും കൃത്രിമങ്ങളാണ്. ആവർത്തനവും അലങ്കാരപ്പകിട്ടും എടുത്തുപറയത്തക്ക മറ്റു രണ്ടു ദോഷങ്ങളാണ്. എന്നാൽ പൗരസ്ത്യരുടെ ഹൃദയാന്തരത്തെ സ്പർശിക്കുന്നതിന് ഇതിനു മാത്രമേ കഴിയൂ. പാശ്ചാത്യാരാധനാസംഹിതയുടെ ബൗദ്ധികഗഹനതയും ക്ലിപ്തമായ സ്പഷ്ടതയും അവരെ ലേശവും ആകർഷിച്ചെന്നു വരില്ല. അവർക്കു താഴെക്കൊടുക്കുന്നവിധം സമ്പന്നവും ഭക്തിനിർഭരവുമായ ഭാഷയിൽക്കൂടിയുള്ള ആരാധന ആവശ്യമാകുന്നു.

'സ്വന്തം തിരു മേനിയെ ധാരാളമായി എനിക്കു ആഹാരമായി നല്കിയ എന്റെ സ്രഷ്ടാവേ, അയോഗ്യരെ ദഹിപ്പിക്കുന്ന അഗ്നിയായ അവിടുന്ന്

എന്നെ ദഹിപ്പിച്ചുകളയരുതേ. അവിടുന്ന് എന്റെ അവയവങ്ങളിൽ, എന്റെ ഓരോ സന്ധിയിലും ഹൃദയത്തിലും സിരാകേന്ദ്രത്തിലും പ്രവേശിക്കണമേ. എന്റെ എല്ലാ അതിക്രമങ്ങളെയും മുള്ളുകളെയെന്നവിധം ദഹിപ്പിച്ചില്ലാതെയാക്കണമെ.

എന്റെ ആത്മാവിനെ അവിടുന്ന് ശുദ്ധീകരിക്കണമേ. എന്റെ ഭാവനയെ വിശുദ്ധമാക്കണമേ. എന്റെ സന്ധിബന്ധങ്ങളെയും അസ്ഥികളെയും ബലമായി ഉറപ്പിക്കണമേ. എന്റെ ശരീരത്തിന്റെ എല്ലാ ഇന്ദ്രിയങ്ങളിലും കയറി പ്രകാശിക്കണമേ. അവിടുത്തോടുള്ള ഭയംകൊണ്ട് എന്നെ പൂർണ്ണമായി ബന്ധിക്കണമേ. ആത്മാവിനെ മലിനമാക്കുന്ന വാക്കിൽനിന്നും പ്രവൃത്തിയിൽനിന്നും എന്നന്നേക്കും എന്നെ സൂക്ഷിക്കുകയും രക്ഷിക്കുകയും ചെയ്യണമേ.

എന്നെ ശുദ്ധീകരിച്ച് അലങ്കരിക്കണമേ, എന്നെ അവിടുന്ന് നേർവഴിക്ക് നടത്തേണമേ, എനിക്ക് ജ്ഞാനം നൽകണമേ. എന്നെ പ്രബുദ്ധനാക്കണമേ. ഞാൻ അവിടുത്തെ ആത്മാവിന്റെ ആവാസസ്ഥലമാണെന്നും യാതൊരുവിധത്തിലും പാപത്തിന്റെ ഇരിപ്പിടമല്ലെന്നും സ്ഥാപിക്കണമേ.

അവിടുത്തെ ഈ മന്ദിരത്തിൽനിന്നു ഞാനീ കൈക്കൊണ്ടിട്ടുള്ളതിന്റെ പ്രവേശത്തോടുകൂടി ദുഷിച്ച വികാരവും ദുഷ്കൃത്യവും തീയിൽനിന്നെന്നപോലെ പറന്നകലട്ടെ" (വി. കുർബാനയ്ക്കുശേഷമുള്ള വി. ശിമോൻെറ പ്രാർത്ഥന. സ്ലാവോണിക് ആരാധനാക്രമത്തിൽനിന്നും).

ദിവ്യബലിക്കു മുമ്പുള്ള പുരോഹിതന്റെ പ്രാർത്ഥനകൾ ഓർത്തഡോക്സ് പാരമ്പര്യത്തിൽ എപ്പോഴും ഭക്തിനിറഞ്ഞ വിനയത്തിന്റെ കണ്ണാടികളാണ്:

"സർവഹൃദയങ്ങളെയും അറിയുന്ന രക്ഷകാ, അവിടുത്തെ വിശുദ്ധരിൽ വിശ്രമിക്കുന്ന വിശുദ്ധി നിറഞ്ഞ പ്രഭോ, അവിടുന്ന് മാത്രം പാപരഹിതനും പാപപരിഹാരകനുമാകുന്നു. ഞാൻ അയോഗ്യനാണെന്നും വിശുദ്ധ ശുശ്രൂഷയ്ക്ക് ചേർന്നവനോ ഒരുക്കമുള്ളവനോ അല്ലെന്നും അവിടുത്തേയ്ക്ക് അറിവുള്ളതാണല്ലോ? അവിടുത്തെ വിശുദ്ധിയുള്ള മഹത്വത്തിനു മുമ്പാകെ എന്റെ മുഖം അടുപ്പിക്കാവുന്നതല്ല. എന്റെ അധരങ്ങൾ തുറക്കാൻ കഴിയുന്നതല്ല. എന്നാൽ അവിടുത്തെ കാരുണ്യത്തിന്റെ ബാഹുല്യത്തിൽ ഈ നാഴികയിൽ കരുണയും കൃപയും കണ്ടെത്തുവാൻ മഹാപാപിയായ എന്നെ അനുവദിക്കണമേ. ഉന്നതങ്ങളിൽ നിന്ന് അവിടുന്നു എന്നെ ബലപ്പെടുത്തുമാറാകണമേ."

അല്ലെങ്കിൽ അർമേനിയൻ ആരാധനാക്രമത്തിൽ പുരോഹിതൻ വേഷവിധാനമണിയുന്ന സമയത്തെ ഈ പ്രാർത്ഥന നോക്കുക:

"സ്വർഗീയ മണ്ഡലങ്ങളെ ഭാസുരപ്രഭകൊണ്ടും അപ്രാപ്യപ്രകാശമണവറയിലെ കോടാനുകോടി ആഗ്നേയാരൂപികൾകൊണ്ടും അലങ്കരിച്ചിരിക്കുന്ന അത്യഗാധവും അപ്രമേയവും അനാദ്യന്തവുമായ രഹസ്യമേ! രാജകീയ പ്രതിച്ഛായയിൽ അത്ഭുതാവഹമാംവിധം അവിടുന്ന് ആദാമിനെ സൃഷ്ടിച്ചു. ആനന്ദകേദാരമായ ഏദൻതോട്ടത്തിൽ കൃപയുടെ മഹത്വ

തേജസ്സുകൊണ്ട് അവിടുന്നവനെ വേഷവിധാനമണിയിച്ചു. .... അതിവിശുദ്ധമായ ആ മാളികമുറിയിൽവച്ച് അപ്പോസ്തലസമൂഹത്തിന്മേൽ അഗ്നിനാവുകളുടെ തീമാരി വർഷിച്ച അത്ഭുതപാനപാത്രമേ, പരിശുദ്ധാത്മാവേ, ഈ വസ്ത്രവിധാനത്തോടെ ഞങ്ങളുടെ മേലും ദിവ്യജ്ഞാനത്തെ കോരിച്ചൊരിയണമേ! മഹത്വ വസ്ത്രവിഭൂഷിതനായ അവിടുത്തെ ഭവനത്തിന്ന് വിശുദ്ധിയുടെ അലങ്കാരം അനുയോജ്യം തന്നെ. വിശുദ്ധിയുടെ മഹത്വതേജസ്സുകൊണ്ട് അവിടുന്നു അരപ്പട്ട കെട്ടിയിരിക്കുന്നു. സത്യത്തിന്റെ ശക്തികൊണ്ട് ഞങ്ങളേയും അരപ്പട്ട കെട്ടിയ്ക്കണമേ."

അല്ലെങ്കിൽ സ്ലാവോണിക്ക് കുർബാനയുടെ പ്രാരംഭശുശ്രൂഷയുടെ എട്ടാം ഗാനത്തിന്റെ ഈ ഭാഗം നോക്കുക: "അഗ്നിയെ കയ്യിലെടുത്ത ഞാനിതാ വിറയ്ക്കുന്നു! മെഴുകുപോലെ  പുല്ലു പോലെ, ഞാൻ കത്തിപ്പോകരുതേ! അല്ലയോ ഭയാനക മഹാ മർമങ്ങളേ! അല്ലയോ, ദൈവിക കാരുണ്യമേ!  എന്റെ ദുർബലത എങ്ങനെ അവിടുത്തെ തിരുശരീരരക്തങ്ങളെ കയ്യിലെടുക്കും? എങ്ങനെ ഞാൻ നാശരഹിതനായിത്തീരും!"

എളിമനിറഞ്ഞ ഭക്തിയും ദൈവത്തിന്റെ വർണനാതീതമായ മഹത്വസാന്നിദ്ധ്യബോധവും പ്രാർത്ഥനാവാക്യങ്ങളിൽ നിഴലിക്കുന്നുവെന്നു വിശദമാക്കാൻ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും എടുത്തു കാണിക്കാം. വാക്കുകൾക്കും രൂപങ്ങൾക്കും ഈ ഭക്തിയെയും ബോദ്ധ്യത്തെയും എപ്പോഴും ആവിഷ്ക്കരിക്കാൻ  സാധിച്ചെന്നു വരില്ല. ഭക്തിയും സാന്നിദ്ധ്യബോധവും നഷ്ടപ്പെട്ടാൽ പൗരസ്ത്യാരാധന നിർജ്ജീവമാകും, കേവലം ചടങ്ങായിത്തീരുകയും ചെയ്യും.

പൗരസ്ത്യസഭയുടെ ഗീതസമുച്ചയത്തിനും ഇതേ സവിശേഷത കാണാം. ഗീതങ്ങൾ ഒന്നുകിൽ രക്ഷാകരമായ സംഭവങ്ങളുടെ വിവരണമാണ്. അല്ലെങ്കിൽ വിശുദ്ധന്മാരെ അനുസ്മരിപ്പിക്കുന്നവയാണ്. പത്തൊമ്പതാം ശതകത്തിലെ പ്രോട്ടസ്റ്റന്റ് ഗീതസമുച്ചയം ചെയ്യുന്നതുപോലെ ഇവയൊന്നും വ്യക്തിയുടെ വികാരങ്ങളെ ആവിഷ്കരിക്കുന്നതേ ഇല്ല.

### വേദപുസ്തകഭാഗങ്ങളിൽ സമ്പന്നമായ ആരാധന

പൂർവദേശങ്ങളിൽ സഭയുടെ ജീവിതകേന്ദ്രത്തിൽ വേദപുസ്തകത്തിനുണ്ടാവേണ്ട സ്ഥാനം ആരാധന ഏറ്റെടുക്കുന്നുവെന്ന ആരോപണത്തെ നേരിടേണ്ടതായുണ്ട്. പൗരസ്ത്യചിന്താഗതിയിൽ വേദപുസ്തകവും ആരാധനയും രണ്ടല്ല, രണ്ടും അഭേദ്യമാണ്.

വാസ്തവത്തിൽ ആധുനിക വേദപുസ്തകപണ്ഡിതന്മാരുടെ നിഗമനം പഴയനിയമവും പുതിയനിയമവും ഉണ്ടായതുതന്നെ ആരാധനയുടെ പശ്ചാത്തലത്തിൽ നിന്നാണെന്നാണ്. ഭക്തനായ യെഹൂദന്റെ ആരാധനയിൽ പഴയനിയമ ഭാഗങ്ങൾ മുറ്റിനിൽക്കുന്നുണ്ട്. യഹൂദമതത്തിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചവർക്ക് പ്രാർത്ഥിക്കുക അല്ലെങ്കിൽ സുവിശേഷം ഘോഷിക്കുകയെന്നാൽ വേദപുസ്തകത്തിലെ വാക്കുകൾ ഉപയോഗിക്കുകയെന്നായിരുന്നു അർത്ഥം.

ആരാധനാക്രമങ്ങളിലെ പ്രാർത്ഥനകൾ രചിച്ച ആദിമ പൗരസ്ത്യ പിതാക്കന്മാർ പഴയനിയത്തിലും പുതിയനിയമത്തിലും അവഗാഹം നേടിയവരായിരുന്നു. പ്രസക്തമായ വേദപുസ്തകഭാഗങ്ങളെല്ലാംതന്നെ വർഷമടക്കമുള്ള പ്രാർത്ഥനാക്രമത്തിൽ ഉൾക്കൊള്ളിക്കുവാൻ അവർക്കു കഴിഞ്ഞിരുന്നു. അതിനാൽ വർഷംതോറുമുള്ള ആരാധനാ ചക്രത്തിൽക്കൂടി ധ്യാനം നടത്തിയ വിശ്വാസിയുടെ ഹൃദയത്തിൽ വേദപുസ്തകഭാഗങ്ങൾ അനായാസേന തറഞ്ഞിറങ്ങുമായിരുന്നു. ബോധപൂർവമായ ബോധനത്തിനുപോലും ഇത്ര രൂഢമൂലമായി വേദപുസ്തക ജ്ഞാനത്തെ വിശ്വാസിയുടെ ഹൃദയത്തിൽ വളർത്തുവാൻ കഴിയുമായിരുന്നില്ല.

കാവ്യരൂപങ്ങളും ഭക്തിനിർഭരവും അഗാധവുമായ വേദശാസ്ത്രവും തമ്മിലുള്ള ഗാഢമായ സംയോജനം, പ്രാർത്ഥനയിൽ സമസ്ത മനുഷ്യരാശിയിലുമുള്ള ഹൃദയംഗമമായ താൽപര്യം, പശ്ചാത്താപനിർഭരമായ താഴ്മയോടു ചേർന്ന കൃതജ്ഞതാപ്രകടനത്തിന്റെ ആഹ്ലാദം, ഇവയാണ് പൗരസ്ത്യാരാധനക്രമങ്ങൾക്കു വിശിഷ്ടത സമ്മാനിക്കുന്ന ഘടകങ്ങൾ.

എന്നാൽ ആരാധനാക്രമങ്ങൾ രചിച്ചവർക്കു വേദപുസ്തകജ്ഞാനമില്ലാതിരുന്നെങ്കിൽ നില ഇതാകുമായിരുന്നില്ല. വേദപുസ്തകഭാഗം ഒഴിവാക്കിയ ആരാധന പ്രാർത്ഥനയ്ക്ക് അപര്യാപ്തമാകുമായിരുന്നു.

പണ്ഡിതരായ പൗരസ്ത്യാരാധനാരചയിതാക്കൾക്ക് ആരാധകസമൂഹത്തിലുള്ള അഭിജ്ഞരുടെ താല്പര്യങ്ങൾ പരിപാലിച്ചുകൊണ്ടു തന്നെ അനഭിജ്ഞരിലേക്കു വേദപുസ്തകസത്ത പകർന്നുകൊടുക്കാൻ സാധിച്ചുവെന്നതു വലിയ ഒരു നേട്ടമാണ്. അച്ചടി നാട്ടിൽ നടപ്പായ കാലം മുതൽക്കേ മലയാളത്തിലുള്ള വി. വേദഗ്രന്ഥം ഈ ലേഖകന്റെ ഭവനത്തിലുണ്ടായിരുന്നു. എന്നാൽ ഗ്രന്ഥപഠനം കൊണ്ടെന്നതിനേക്കാൾ ആരാധനയിൽക്കൂടിയാണ് ഈ ലേഖകന് ബൈബിൾ പഠിക്കുവാൻ സാധിച്ചിട്ടുള്ളത്.

ആരാധകന് ലഭിക്കുന്ന ബൈബിൾജ്ഞാനം, സുശിക്ഷിതവും വിമർശനത്താൽ ദീപ്തവുമായ ബൈബിൾ പഠനത്തിൽക്കൂടി ആർജ്ജിക്കുന്ന ബൈബിൾജ്ഞാനം പോലെ ക്ലിപ്തമോ, പ്രബുദ്ധമോ, നിയതമോ ആണെന്നുവരില്ല. എന്നാൽ ബൈബിൾ ക്ലാസ്സുകളിൽ ക്രമമായി സംബന്ധിക്കുന്നവരുടെ അറിവുകുറവിന്റെ അളവുനോക്കിയാൽ ബോധപൂർവ്വകമായ ബോധനമാണ് കൂടുതൽ ഫലപ്രദമെന്ന അവകാശവാദത്തെ ചോദ്യം ചെയ്യാതിരിക്കാൻ തരമില്ല. ഒരുപക്ഷേ, കേവലം ബോധപൂർവകമായ അഭ്യസനത്തിനു സാധിക്കാവുന്നതിനേക്കാൾ വളരെ കൂടുതലായി ബോധത്തിന്റെ അഗാധതലത്തിൽ വേദപുസ്തക സത്യത്തെ ആഞ്ഞു തറപ്പിക്കുന്നതിന് സഹായകമായിട്ടുള്ളത് ആരാധന മുഖേന മനസ്സിനെ പാകപ്പെടുത്തിയതിനുശേഷം നടത്തുന്ന ബോധനമായിരിക്കും.

ആരാധനയിൽ വേദപുസ്തകഭാഗം എത്രമാത്രം ആഴ്ന്നിരിക്കുന്നുവെന്ന് താഴെക്കൊടുക്കുന്ന പെന്തിക്കോസ്തുദിവസത്തിലെ സെദറാ വ്യക്തമാക്കുന്നു:

“ഞങ്ങളുടെ ദൈവമായ ക്രിസ്തുവേ, ഞങ്ങളുടെ മനസ്സുകളെ പ്രകാശിപ്പിക്കുന്ന പ്രകാശമേ, പിതാവിനോടും വിശുദ്ധ റൂഹായോടുംകൂടി എന്നേക്കും അനുഗ്രഹിക്കപ്പെട്ടവനും സ്വർഗീയ വൃന്ദങ്ങളാൽ വിശുദ്ധനാക്കപ്പെടുന്നവനുമായ തമ്പുരാനെ, സ്വന്തം തിരുവിഷ്ടത്താൽ അവിടുന്നു ഭൂമിയിലേക്കിറങ്ങിവന്ന്, അവിടുന്ന് ഞങ്ങളിലൊരാളായിത്തീർന്നു. ഞങ്ങളുടെ രക്ഷയ്ക്കാവശ്യമായ ജനനം, മാമ്മോദീസാ, ക്രൂശാരോഹണം എന്നിവ നിറവേറ്റുന്നതിനായി വിശുദ്ധ കന്യകയിൽ നിന്നു ജനിക്കുവാൻ അവിടുത്തേക്കു തിരുമനസ്സായി.

പിതാവിങ്കലേക്കു തിരിച്ച് ആരോഹണം ചെയ്യാൻ തിരുമനസ്സായപ്പോൾ അവിടുന്ന് ഒലിവുമലയിൽ സ്വന്തം അപ്പോസ്തലന്മാരെ വിളിച്ചുകൂട്ടി അവരുടെ മേൽ വിശുദ്ധമായ അവിടുത്തെ തൃക്കൈകൾ വിരിച്ച്, അവരെ അനുഗ്രഹിച്ചു. അവർക്കു പൗരോഹിത്യത്തിന്റെ നൽവരം സമൃദ്ധിയായി നൽകി. അവിടുന്നു അവരിൽ പരിശുദ്ധാത്മാവിനെ അയച്ചു. അവരോട് അരുളിച്ചെയ്തു: ‘പിതാവിൽനിന്നു നിങ്ങളിലേക്കു ഞാൻ വിശുദ്ധ റൂഹായെ അയയ്ക്കുന്നതുവരെയും നിങ്ങൾ ജെറുസലേമിൽ തന്നെ താമസിക്കുക. പരിശുദ്ധാത്മാവു നിങ്ങളെ പ്രബുദ്ധരാക്കും. അവിടുത്തെ സമൃദ്ധമായ നൽവരത്താൽ നിങ്ങൾക്കു ജ്ഞാനം നൽകും. ഞാൻ പോകുന്നില്ലെങ്കിൽ പരിശുദ്ധ റൂഹാ നിങ്ങളിലേക്കു വരുന്നതല്ല’ എന്നിങ്ങനെ.

അങ്ങനെ അവിടുന്ന് തന്റെ അപ്പോസ്തലന്മാരെ ഏർപ്പെടുത്തിയശേഷം വിജയപൂർവം സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു. അവിടുത്തെ പിതാവിന്റെ വലത്തുഭാഗത്തുള്ള സിംഹാസനത്തിൽ മഹത്വത്തോടെ ഇരുന്നു. പെന്തിക്കോസ്തുദിവസം പെട്ടെന്ന് പരിശുദ്ധാത്മാവ് അവരുടെ മേൽ ഇറങ്ങിവന്നു. അവരിൽ സ്വർഗീയമായ നൽവരം പകർന്നു. അവരിൽ ദൈവികജ്ഞാനം ചൊരിഞ്ഞു. സ്വർഗീയജ്ഞാനം കൊണ്ട് അവരെ പ്രബുദ്ധരാക്കി. എല്ലാ രാജ്യങ്ങളിലെയും ഭാഷകൾ അവരെ പഠിപ്പിച്ചു. അറിവില്ലാത്തവർ അറിവു പകർന്നു വിശുദ്ധവും സ്വർഗീയവുമായ രഹസ്യങ്ങളെ നിറവേറ്റുന്നതു കണ്ട് പകയുള്ള യൂദർ ഇന്ന് അത്ഭുതസ്തിമിതരായിത്തീർന്നു. ഇന്ന് വിശുദ്ധ അപ്പോസ്തലന്മാർ വിശുദ്ധവും ജീവദായകവുമായ വിശുദ്ധ റൂഹായുടെ ദാനങ്ങളാൽ ദൈവത്തിന്റെ പുതിയ വീഞ്ഞു പാനം ചെയ്തു. ഇന്ന് നമ്മുടെ നാഥന്റെ വാഗ്ദാനം നിറവേറിയതിനാൽ ശിമോൻ പത്രോസ് ആഹ്ലാദവിവശനായി. അന്ത്രയോസും സെബദിയുടെ മക്കളും മറ്റു വിശുദ്ധ അപ്പോസ്തലന്മാരും അത്യധികം ആനന്ദത്തോടും ആഹ്ലാദത്തോടും നിന്നു. ഇന്ന് മാളികമുറി വിശുദ്ധാത്മാവ് അവിടേക്കു ഇറങ്ങിവന്നതുമൂലം രണ്ടാമതൊരു ബാബേലായി. ആദ്യത്തെ പ്രാവശ്യമെന്നപോലെ ഭാഷകളുടെ വിഭ്രാന്തിയാകുന്ന ശിക്ഷ നൽകികൊണ്ടല്ല; പിന്നെയോ അപ്പോസ്തലന്മാരെ പരിശുദ്ധാത്മാവിന്റെ ശാന്തിയാൽ, കൃപയുടെ പ്രകാശത്താൽ പ്രകാശിതരും സത്യത്തെ വിളംബരം ചെയ്യാനുള്ള വിജ്ഞാനത്താൽ ധന്യരാക്കിയുമത്രേ.

സ്വന്തം സുഹൃത്തുക്കളായിരുന്ന വിശുദ്ധ അപ്പോസ്തലന്മാർ സ്വർഗീയ രഹസ്യങ്ങളുടെ ദൈവികപ്രകാശത്താൽ ആത്മാവിലും മനസ്സിലും

പ്രബുദ്ധരാക്കപ്പെടുന്നതായും അവർക്കു രൂപാന്തരം ഭവിക്കുന്നതായും കണ്ട് ഇന്ന് യൂദാസ്കറിയോത്താ ലജ്ജിതനായിത്തീർന്നു.

ഇപ്പോൾ രക്ഷകാ അവിടുത്തോടു ഞങ്ങൾ വാച്യാതീതമായ സ്നേഹത്താൽ അപേക്ഷിക്കുന്നു. പെന്തിക്കോസ്തു ദിവസമായ ഇന്ന് ഞങ്ങളുടെ മേൽ അവിടുത്തെ ജീവദായകവും വിശുദ്ധവുമായ കൃപ വർഷിക്കണമേയെന്ന്. അങ്ങനെ ഞങ്ങളുടെ പാപങ്ങളുടെ മുള്ളുകളെല്ലാം ഛേദിക്കപ്പെടട്ടെ. ഞങ്ങൾക്ക് അവിടുത്തെ വിശുദ്ധ റൂഹായുടെ സൽഫലങ്ങളായ വിശ്വാസസമൃദ്ധിയും പ്രത്യാശയും നിസർഗസ്നേഹവും സമർപ്പിക്കാൻ സാധിക്കുമാറാകട്ടെ. അവിടുത്തെ വിശുദ്ധ സഭയുടെമേലും അവിടുത്തെ ശാന്തിയും കരുണയും ചൊരിയണമേ. രോഗികളെയും ദുഃഖിതരെയും, പാപികളും ബലഹീനരുമായ ഞങ്ങൾ പ്രാർത്ഥനകളിൽ ഓർക്കണമേയെന്ന് ഞങ്ങളോട് അപേക്ഷിച്ചിട്ടുള്ളവരെയും അവിടുന്ന് കാരുണ്യത്തോടെ തൃക്കൺപാർക്കേണമേ. മനുഷ്യസമുദായത്തോടുള്ള അവിടുത്തെ സ്നേഹത്താൽ ഞങ്ങളുടെ പിതാക്കന്മാർക്കും സഹോദരന്മാർക്കും നേതാക്കന്മാർക്കും വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവർക്കും ശാന്തി അരുളേണമേ. അങ്ങനെ അവരും ഞങ്ങളും ഒരേ സ്വരത്തിൽ അവിടുത്തേക്ക് അവിടുത്തെ പിതാവിനോടും വിശുദ്ധറൂഹായോടും കൂടി മഹത്വവും ബഹുമതിയും ഇന്നുമെന്നേക്കും സമർപ്പിക്കാൻ കഴിയുമാറാകണമേ."

ഇവിടെയും ആരാധനാക്രമങ്ങളിലെ ഇതര ഭാഗങ്ങളിലും കാണുന്നത് തിരുവെഴുത്തുകൾ മുറ്റിനിൽക്കുന്ന മനസ്സിന്റെ സ്വതന്ത്രരചനകളാണ്. വേദപുസ്തകവാക്യങ്ങൾ ഒരു പഠിതാവിന്റെ വിശ്വസ്തതയോടെ അക്ഷരംപ്രതി വരവണ്ണം വ്യതിചലിക്കാതെ ഹൃദിസ്ഥമാക്കുന്നവർക്ക് ഇങ്ങനെയുള്ള ആരാധനകൾ രചിക്കാൻ സാദ്ധ്യമായെന്നുവരില്ല. വേദപുസ്തക ലേഖകർ തന്നെയും വിശുദ്ധ ഗ്രന്ഥങ്ങൾ രചിക്കുന്നതിൽ വേണ്ടത്ര സ്വാതന്ത്ര്യം പ്രയോഗിച്ചിട്ടുണ്ടെന്നത് വിസ്മരിച്ചുകൂടാ. ആരാധനക്രമങ്ങളുടെ നിർമിതിയിൽ ഇങ്ങനെയുള്ള സ്വാതന്ത്ര്യം ഇന്നും രചയിതാക്കളെടുത്തുപോരുന്നു. എക്കാലവും വിശുദ്ധ ഗ്രന്ഥം സഭയെ നയിക്കുകയും പോഷിപ്പിക്കുകയും ചെയ്തുപോന്നിട്ടുണ്ട്. എങ്കിലും അതിനാലാണ് സഭ നിയന്ത്രിക്കപ്പെടുന്നതെന്ന തോന്നൽ ആദികാലങ്ങളിൽ അശേഷവുമുണ്ടായിരുന്നതായി തോന്നുന്നില്ല. മാത്രമല്ല സഭയുടെ ചില സുവർണഘട്ടങ്ങളിൽ വിരചിതമായ ചില ആരാധനാക്രമങ്ങൾക്കു സവിശേഷമേന്മയുണ്ടായിരുന്നെന്നും കാണാം. അവ വിശുദ്ധ ഗ്രന്ഥത്തോട് തികഞ്ഞ വിശ്വസ്തത പാലിക്കുന്നുണ്ട്. എന്നാൽ അവയിൽകൂടി ദൈവത്തിന് മനുഷ്യസമുദായത്തോടുള്ള സ്നേഹത്തിന്റെ മഹാരഹസ്യത്തെ അത്ഭുതാതിരേകത്തോടെ ആവിഷ്കരിക്കുന്നതിൽ സഭ വിശുദ്ധ ഗ്രന്ഥത്തെത്തന്നെയും പിന്നിലാക്കിയിട്ടുള്ളതായി കാണാം.

**മൂർത്തരൂപങ്ങളുടെയും ക്രിയകളുടെയും പ്രയോഗം**

ആരാധന പഠിക്കാനുള്ള പാഠമല്ല, അനുഷ്ഠിക്കാനുള്ള കർമ്മമാണ്. ആരാധനാരൂപ പണ്ഡിതന്മാർ പലപ്പോഴും പഠിക്കുന്നത് വാഗ്രൂപങ്ങളെ

മാത്രമാണ്. ആ പ്രേരണയ്ക്കു വഴങ്ങി ആരാധനാരൂപം അനുഷ്ഠാനത്തിനുള്ള വഴികാട്ടി മാത്രമാണെന്ന സത്യം വിസ്മരിക്കാനിട വരരുത്. 'ലിത്തൂർഗിയ' അഥവാ ശുശ്രൂഷ എന്ന പദം യഥാർത്ഥത്തിൽ കർമത്തെയാണ് സൂചിപ്പിക്കുന്നത്, പാഠത്തെയല്ല. പാഠം എത്രമേൽ സൂക്ഷ്മമായി പഠിച്ചാലും പൗരസ്ത്യാരാധനയെ മനസ്സിലാക്കാൻ സാദ്ധ്യമല്ല. ആരാധന നാടകീയമായാണ് ആവിഷ്കരിച്ചിരിക്കുന്നത്. പക്ഷേ, അത് വായിച്ചു രസിക്കാനുള്ള നാടകമല്ല, ദൃശ്യരൂപകമാണെന്നും ധരിച്ചുപോകരുത്.

പൗരസ്ത്യാരാധനയുടെ ആദ്ധ്യാത്മിക സമ്പത്തിനെക്കുറിച്ച് ബോദ്ധ്യം വരണമെങ്കിൽ പൗരസ്ത്യാരാധനാ പാരമ്പര്യത്തിൽ വളർന്ന് ആരാധക സമൂഹത്തോടൊപ്പം ആവർത്തിച്ചാവർത്തിച്ച് ആരാധനയിൽ പങ്കുകൊണ്ടെങ്കിലേ മതിയാവൂ. ആരാധനയിൽ എന്തൊക്കെയാണ് അനുഷ്ഠിക്കുന്നതെന്നോ ഉച്ചരിക്കുന്നതെന്നൊ ഓർത്തഡോക്സ് വിശ്വാസികൾ ബോധപൂർവം പഠിച്ചിട്ടുണ്ടാവുകയില്ല. ധൂപക്കുറ്റിയുടെ ഉപയോഗം തന്നെ എത്രമാത്രം അർത്ഥഗർഭമാണെന്ന് വിശദീകരണമില്ലാതെ മനസ്സിലാവാനിടയില്ല. ധൂപത്തിന്റെ പരിമളം ഘ്രാണേന്ദ്രിയത്തിനു മാത്രമല്ല അനുഭൂതി പകരുന്നത്. ദൈവത്തിന് അർപ്പിക്കപ്പെട്ട മധുരസുരഭിലമായ ബലിയെ മാത്രമല്ല അത് സൂചിപ്പിക്കുന്നത്. അതു സ്ഥലകാലങ്ങളിലുള്ള ക്രിസ്തുശരീരത്തിന്റെ മുഴുവൻ പ്രതിരൂപമാണെന്നും, നമുക്കുവേണ്ടിയും നമ്മോടൊത്തും സ്വർഗത്തിൽ ആരാധന നടത്തുന്ന വിശുദ്ധരിലേക്കു നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടെന്നും ഗ്രഹിച്ചിട്ടുള്ള ഓർത്തഡോക്സ് സഭാ വിശ്വാസികൾ ചുരുക്കമാണ്.

സമാധാനചുംബനം, ശിരസ്സുനമിക്കൽ, ഐക്കോണുകൾക്കും വി. അപ്പവീഞ്ഞുകൾക്കും നൽകുന്ന ആദരം, കുരിശു വരയ്ക്കൽ എന്നീ ക്രിയകൾ പുരോഹിതന്മാരും അത്മായക്കാരും ഒരുമിച്ചു നടത്തുന്ന ആരാധനയുടെ ഭാഗമാകുന്നു. അർപ്പണവും അനുഭവവും ആരാധക സംഘത്തിന്റെ മുഴുവൻകൂടിയുള്ള സമ്പൂർണ്ണ ക്രിയകളാണ്. ആരാധനയിലുപയോഗിക്കുന്ന നിറങ്ങളും ഉളവാക്കുന്ന ശബ്ദങ്ങളും (മണിയടിയും മറ്റും) പുരോഹിതന്റെയും ശെമ്മാശ്ശന്റെയും അംഗവിക്ഷേപങ്ങളുമെല്ലാം ആരാധനാകർമ്മത്തിന്റെ അവിഭാജ്യഘടകങ്ങളാണ്.

ആരാധന കേവലം പ്രാർത്ഥനയല്ല, ആരാധകർ മുഴുവനായി നടത്തുന്ന കർമ്മമത്രേ. ക്രിസ്തു സ്വന്തശരീരം മുഖേന നടത്തുന്ന ഒരു കർമ്മമാണത്. നിരക്ഷരകുക്ഷികൾക്കു മാത്രമല്ല അതിസാക്ഷരത്വം നേടിയ ആധുനിക മനുഷ്യർക്കുമുണ്ട് മൂർത്തവും സ്ഥൂലവുമായ ആരാധനാകർമത്തിന്റെ അതിശക്തമായ ആവശ്യം.

പദങ്ങൾ ആരാധനാത്മകമായ പ്രാർത്ഥനയുടെ ഒരു ഘടകം മാത്രമാണ്. എത്രമാത്രം ആരാധകസമൂഹത്തിൽ നിന്നുള്ള പ്രതിവാക്യങ്ങൾ ആരാധനയിൽ ഉൾക്കൊള്ളിച്ചാലും വാക്കുകൾകൊണ്ടു മാത്രം നിസർഗമായ ആരാധന അനുഷ്ഠിക്കാൻ സാദ്ധ്യമല്ല.

**രൂപവൈവിധ്യം**

പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ ആരാധനാകർമ്മത്തിൽ (ബൈസാന്റിയൻ പാരമ്പര്യത്തിലുള്ളത്) മാത്രം സംബന്ധിച്ചിട്ടുള്ള പാശ്ചാത്യ ക്രൈസ്തവന് തോന്നും ഭാഷയുടെ വ്യത്യാസം (സ്ലാവോണിക്, ഗ്രീക്ക് എന്നിങ്ങനെ) മാറ്റിയാൽ എല്ലാ പൗരസ്ത്യാരാധനാക്രമങ്ങളും ഒരേ വിധത്തിലുള്ളതാണെന്ന്. എന്നാൽ പൗരസ്ത്യ ഓർത്തഡോക്സ് സഭകളിൽ (കൽക്കദൂന്യ പാരമ്പര്യത്തിൽ പെടാത്തവയിൽ) അനുപമമായ രൂപവൈവിധ്യം കാണാൻ കഴിയും. ഉദാഹരണമായി സുറിയാനി ഓർത്തഡോക്സ് സഭ കുറഞ്ഞത് അറുപത്തഞ്ച് ആരാധനാക്രമങ്ങളെങ്കിലും (ചിലവ ഇന്നു പ്രചാരത്തിലില്ലെങ്കിലും) സൂക്ഷിച്ചിട്ടുണ്ട്. എത്യോപ്യൻ ഓർത്തഡോക്സ് സഭ അടുത്തകാലത്ത് കുറഞ്ഞത് വ്യത്യസ്തങ്ങളായ പതിന്നാലു ആരാധനാക്രമങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇതിലുമധികം ക്രമങ്ങൾ കയ്യെഴുത്തുപ്രതികളായുണ്ടെന്നാണ് പറയപ്പെടുന്നത്.

ഭിന്നങ്ങളായ ഈ രൂപങ്ങൾ പരിശോധിച്ചാൽ പന്ത്രണ്ടാം ശതകം വരെയും പുതിയ പുതിയ ആരാധനാക്രമങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതായി മനസ്സിലാക്കാം. സുറിയാനിയിൽ സുവിശേഷകനായ യോഹന്നാൻ, വി. പത്രോസ്, പന്ത്രണ്ടു വിശുദ്ധ അപ്പോസ്തലന്മാർ, വി. യാക്കോബ്, വി. യോഹന്നാൻ ക്രിസോസ്റ്റം, അന്ത്യോക്യയിലെ ഒസ്താത്യോസ്, റോമായിലെ ക്സുസ്തോസ്, റോമായിലെ യൂലിയോസ് എന്നിവരുടെ ക്രമങ്ങൾ മാത്രമല്ല പില്ക്കാലത്ത് പന്ത്രണ്ടാം ശതകത്തിൽ ദിവന്നാസ്യോസ് ബാർ സാലിബി, ദീർഘദർശിയായ വിശുദ്ധ മത്തായി, വി. ഇസഹാക്ക് (നാലാം ശതകം), മാർ ഏബ്രഹാം നാഹശിർത്തോനോ എന്നിവരുടെ ആരാധനാക്രമങ്ങളുണ്ടായി. എത്യോപ്യൻ ക്രമത്തിൽ നിഖ്യായിലെ മൂന്നൂറ്റിപ്പതിനെട്ടു പിതാക്കന്മാരുടെ ക്രമവും വിശുദ്ധ മറിയാമിന്റെ ക്രമവും വളരെ കഴിഞ്ഞു രചിക്കപ്പെട്ടവയാകണം. ഈ വിഷയത്തെപ്പറ്റി ചരിത്രപരമായി കൂലങ്കഷ പഠനം നടത്തുന്നത് പ്രയോജനപ്രദമായിരിക്കും. ആധുനിക കാലത്തിനനുസൃതമായ മദ്ധ്യസ്ഥ പ്രാർത്ഥനകൾ ചേർത്ത് പുതിയ ആരാധനാക്രമങ്ങൾ രചിക്കാൻ കിഴക്കൻ ഓർത്തഡോക്സ് സഭകൾക്ക് ഈ പഠനത്തിൽ നിന്ന് ഉത്തേജനവും ധൈര്യവും ലഭിക്കും. പുതിയ ആരാധനകൾ രചിക്കാൻ ഓർത്തഡോക്സ് സഭകൾക്ക് സങ്കോചം തോന്നിത്തുടങ്ങിയത് അടുത്ത കാലത്തു മാത്രമാണ്. ഇത് സൂചിപ്പിക്കുന്നത് സഭകളുടെ ആദ്ധ്യാത്മിക പരിക്ഷയത്തെയാണെന്ന് വേണം പറയാൻ. ആരാധനയിലെ രൂപത്തെയും സത്തയെയും വേർതിരിച്ചു മനസ്സിലാക്കാനുള്ള ശക്തി അവയ്ക്ക് നഷ്ടപ്പെട്ടു. സത്തയെ പരിപാലിക്കാനുള്ള ശ്രമത്തിൽ കേവലം രൂപങ്ങളെ അവർ മുറുകെപ്പിടിക്കാനിടവന്നത് അങ്ങനെയാണ്.

# 6

# രാജാക്കന്മാരും പുരോഹിതന്മാരും

## (സഭ മുഴുവന്റെയും രാജകീയ പൗരോഹിത്യം)

നമ്മുടെ കാലത്തെ മർമ്മപ്രധാനമായ വേദശാസ്ത്ര പ്രശ്നങ്ങളിലൊന്നാണ് പൗരോഹിത്യ സിദ്ധാന്തത്തെക്കുറിച്ചുള്ളത്. ജ്ഞാനസ്നാനമേറ്റ സർവർക്കും രാജകീയ പൗരോഹിത്യമുണ്ടെന്ന ധാരണ നവീകരണത്തിനു മുമ്പുള്ള കത്തോലിക്കാസഭയിൽത്തന്നെ നാം കാണുന്നു. എന്നാൽ ജ്ഞാനസ്നാനമേറ്റ സർവരുടെയും പൗരോഹിത്യവും അഭിഷിക്തരായ പുരോഹിതരുടെ സവിശേഷ പൗരോഹിത്യവും തമ്മിലുള്ള അന്തരം ഇന്നും അവ്യക്തമാണ്. പ്രത്യേകിച്ചും സമീകരണ ശക്തികൾ അത്മായരും പുരോഹിതരും തമ്മിലുള്ള അന്തരങ്ങളെല്ലാം തുടച്ചുമാറ്റുന്ന ഇക്കാലത്ത്.

ദിവ്യബലിയിൽ പുരോഹിതനുള്ള സ്ഥാനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന 'സുമ്മാ'[1]യിലെ എൺപത്തിരണ്ടാമത്തെ ചോദ്യത്തിൽ വി. തോമസ് അക്വിനാസ് ഇതേക്കുറിച്ചു ചർച്ച ചെയ്യുന്നു. ചോദ്യം ഇതാണ്:

'ഈ ബലി അർപ്പിക്കുവാൻ പുരോഹിതനു മാത്രമേ അവകാശമുള്ളോ?' 'അത്രേ ഉള്ളു' എന്നാണ് സുമ്മാ ഉത്തരം നൽകുന്നത്. അതിനു പ്രമാണമായി 'ദൈവത്തിന്റെ ബലിപീഠത്തിൽ രക്ഷകന്റെ തിരുശരീരരക്തങ്ങളുടെ കൂദാശ പൂർത്തീകരിക്കേണ്ടത് പുരോഹിതനാകുന്നു' എന്ന ഇസിഡോറിന്റെ[2] വാക്കുകൾ ഉദ്ധരിക്കുകയും ചെയ്യുന്നു.

വി. അക്വിനാസ് സമാധാനം നൽകുന്ന നാലു തടസ്സവാദങ്ങളിൽ രണ്ടാമത്തതിൽ വിശുദ്ധരായവരെല്ലാം പുരോഹിതരാണെന്ന വി. ജോൺ ക്രിസോസ്റ്റോമിന്റെ വാക്കുകൾ ഉദ്ധരിച്ചിരിക്കുന്നു. അതിന് ഈ വിശുദ്ധ മഹാപണ്ഡിതൻ മറുപടി നൽകുന്നു:

'ഭക്തനായ അത്മായക്കാരന് ആദ്ധ്യാത്മിക പൗരോഹിത്യമുണ്ട്. കൂദാശപരമായ പട്ടത്വമില്ല. വിശ്വാസത്താലും പ്രത്യാശയാലും സ്നേഹത്താലും കർത്താവിനോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ വിശ്വാസിക്കു ഫലപ്രദമാം വിധം ദൈവത്തിന് ആദ്ധ്യാത്മിക ബലികളും യാഗങ്ങളും അർപ്പിക്കാം. എന്തെന്നാൽ ദൈവത്തിനർപ്പിക്കേണ്ട യാഗം വേദനിച്ചു നുറുങ്ങിയ ആത്മാവാകുന്നു. പോരെങ്കിൽ, നിങ്ങളുടെ ദേഹങ്ങളെ ജീവനുള്ള യാഗങ്ങളായി സമർപ്പിക്കുവിൻ എന്ന കല്പനയുണ്ടല്ലോ? അതിനാൽ വി. പത്രോസ് പറയുന്നു: 'വി. പൗരോഹിത്യം ആദ്ധ്യാത്മികയാഗങ്ങൾ അർപ്പിക്കുന്നതിനു വേണ്ടിയാകുന്നു. എന്നാൽ ഔദ്യോഗിക പൗരോഹിത്യത്തിന്റെ യാഗം നടത്താനുള്ള അധികാരത്തിൽനിന്ന് ഇത് വ്യത്യസ്തമാണ്.'

വിശ്വാസികൾക്കു ദത്തമായ ആദ്ധ്യാത്മിക പൗരോഹിത്യത്തെക്കുറിച്ച് അവരെ അറിയ്ക്കാതെയിരിക്കുകയെന്നതായിരുന്നു മദ്ധ്യയുഗ വേദ

ശാസ്ത്രപാണ്ഡിത്യത്തിന്റെ നയം. എന്നാൽ ഈ അവകാശത്തെ വേദ ശാസ്ത്രചിന്തയിൽ പുനഃപ്രതിഷ്ഠിച്ചുവെന്ന ബഹുമതി മാലാഖയ്ക്ക് സദൃ ശനായ തോമസ് അക്വിനാസിനു നൽകിയേ മതിയാവൂ. കൂദാശയുടെ സ്വഭാ വത്തെക്കുറിച്ചുള്ള ചർച്ചയിൽ അദ്ദേഹം പറയുന്നു:

'ക്രിസ്തുമതത്തിന്റെ എല്ലാ ആരാധനാകർമ്മവും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ നിന്നാണ് ഉളവായിട്ടുള്ളത്. ക്രിസ്തുവിന്റെ സവി ശേഷ സ്വഭാവമാണ് കൌദാശികമുദ്രയെന്ന്[3] സുവ്യക്തമാണ്. അവിടുത്തെ പൗരോഹിത്യത്തോട് കൌദാശികമുദ്ര മുഖേന വിശ്വാസികൾ സമന്മാരും സമരൂപന്മാരുമാക്കപ്പെടുന്നു. കൌദാശികമുദ്ര ക്രിസ്തുവിൽ നിന്നുളവായ ക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വം മാത്രമാണ്.'

എന്നാൽ സഭയ്ക്കാകമാനമുള്ള രാജകീയ പൗരോഹിത്യത്തിൽ നിന്നു പട്ടക്കാരുടെ പൗരോഹിത്യത്തിനുള്ള വ്യത്യാസം എടുത്തു കാണിക്കുവാ നുള്ള ശ്രമത്തിൽ ആധുനിക വേദശാസ്ത്രജ്ഞന്മാരെപ്പോലെ അക്വി നാസും കുഴങ്ങിപ്പോകുന്നു. ഇന്ന് അധികം വേദശാസ്ത്രജ്ഞരുടെയും വാദം ആദ്ധ്യാത്മിക പൗരോഹിത്യവും കൂദാശാപരമായ പൗരോഹിത്യവും തമ്മിൽ അന്തരമില്ലെന്നാണ്. എന്തെന്നാൽ കൂദാശാപരമായത് ആദ്ധ്യാ ത്മികമല്ലെങ്കിൽ പിന്നെ അതുകൊണ്ട് വിശേഷിച്ചൊരു പ്രയോജനമില്ലല്ലോ?

പൗരസ്ത്യ പാരമ്പര്യത്തിൽ പട്ടക്കാരനു തനിയെ വിശുദ്ധ ബലി അർപ്പി ക്കുവാനാവതല്ലെന്ന് സൂചിപ്പിച്ചല്ലോ. ശെമ്മാശ്ശന്റെയും ആരാധകസംഘ ത്തിന്റെയും ഭാഗഭാഗിത്വം ആരാധനയിലുണ്ട്. ആരാധനാക്രമത്തിൽ അവർ ഉച്ചരിക്കേണ്ട വാക്യങ്ങൾ വേർതിരിച്ചിട്ടുണ്ട്. കാനോൻ നിയമപ്രകാരം ആരാധനയിൽ അവരുടെ പങ്കാളിത്തം അനിവാര്യമാകുന്നു. അതിനാൽ കൂദാശാപരമായ ശുശ്രൂഷകളിൽ അത്മായക്കാർക്കു പങ്കില്ലെന്നു പറയാ വുന്നതല്ല. ബലിയർപ്പിക്കുന്ന കൂദാശാപരമായ കർമത്തിൽ അവർ പുരോ ഹിതന്റെ സഹകാരികളാണ്.

ആദിമ ശതകങ്ങളിൽ പട്ടക്കാരെയും മേൽപ്പട്ടക്കാരെയും തെരഞ്ഞെ ടുത്തു പോന്നിരുന്നത് വൈയക്തിക വിശുദ്ധിയുടെയും ആദ്ധ്യാത്മിക വിജ്ഞാനത്തിന്റെയും അടിസ്ഥാനത്തിലായിരുന്നുവെന്ന് സഭാപിതാക്ക ന്മാരുടെ പാരമ്പര്യം തെളിയിക്കുന്നു. പുരോഹിതന്മാരല്ലാത്തവർക്കും പുരോഹിതന്മാർക്കും പ്രത്യേകം പ്രത്യേകം മാനദണ്ഡങ്ങളുപയോഗിക്കു ന്നതിന് എന്തെല്ലാം വൈകാരിക തടസ്സങ്ങളുന്നയിച്ചാലും സവിശേഷമായ വിധത്തിൽ ദൈവത്തോട് കൂടുതലടുക്കുവാനുള്ള സാദ്ധ്യതയും ചുമത ലയും പുരോഹിതനുണ്ടെന്നുള്ളതിനു സംശയമില്ല. ഈ വിശ്വാസം, ദൈവ ത്തിന്റെ എല്ലാ ജനങ്ങൾക്കും വിശുദ്ധിയുണ്ടെന്ന തത്ത്വത്തിനു വിരുദ്ധ മല്ല. അല്ലെങ്കിൽ വിശുദ്ധിക്കു തരഭേദമുണ്ടെന്ന സത്യത്തെ നാം നിരാക രിക്കണം. ജ്ഞാനസ്നാനവും വിശുദ്ധ മൂറോനഭിഷേകവും സ്വീകരിച്ചിട്ടു ണ്ടെന്ന ഏക അവകാശം മൂലം എത്ര അനാസ്ഥയുള്ള ക്രിസ്ത്യാനിയും അതിവിശുദ്ധന്മാരെപ്പോലെ വിശുദ്ധനാണെന്നു വാദിക്കേണ്ടതായും വരും. ഇത് ജനാധിപത്യസമ്പ്രദായത്തിനു യോജിച്ച വീക്ഷണമാകാമെങ്കിലും പിതാക്കന്മാരുടെ വിശ്വാസത്തിനു നിരക്കുന്ന സിദ്ധാന്തമല്ല.

അത്മായക്കാരേക്കാൾ കൂടുതലായി ദൈവത്തിന്റെ ബലിപീഠത്തിനടുത്തേക്ക് ചേർന്നുനിൽക്കുവാനുള്ള സവിശേഷാവകാശം പുരോഹിതന്മാർക്കുണ്ട്. അതിനാൽ പുരോഹിതന്മാർ വിശേഷാൽ വിശുദ്ധജീവിതം നയിക്കുന്നവരായിരിക്കണമെന്ന് നവീകരണ നായകന്മാർ നിർബന്ധിച്ചത് ന്യായാനുസൃതമാണ്. എന്നാൽ ശുശ്രൂഷയുടെ ഫലപ്രാപ്തി പുരോഹിതന്മാരുടെ വിശുദ്ധിയെ ആശ്രയിച്ചിരിക്കുന്നുവെന്ന ധാരണയെ ക്രിസ്തീയ പാരമ്പര്യം ഖണ്ഡിക്കുന്നുമുണ്ട്.

സീനായി മലമുകളിലെത്തിയ ഇസ്രയേൽ ജനങ്ങളോട് ആരാധകസംഘത്തെ ഉപമിക്കുന്ന ഭാഗം, നാസിയാൻസിലെ വി. ഗ്രിഗോറിയോസ്[4] നിബന്ധിച്ച രണ്ടാം വേദശാസ്ത്ര പ്രഭാഷണത്തിൽ നിന്ന് ഉദ്ധരിക്കട്ടെ:

"ഞാൻ കുതൂഹലത്തോടെ മലമുകളിലേക്കു കയറുമ്പോൾ, അല്ലെങ്കിൽ കുറെക്കൂടി ശക്തമായി പറഞ്ഞാൽ, മേഘത്തിനകത്തേക്കു കടക്കുന്നതിനും, ദൈവകല്പനപ്രകാരം, ദൈവവുമായി മുഖാമുഖം സംസാരിക്കുന്നതിനും അതിയായി കുതൂഹലപ്പെടുകയും ഭയപ്പെടുകയും ചെയ്യുമ്പോൾ നിങ്ങളുടെ കൂട്ടത്തിൽ അഹരോനുണ്ടെങ്കിൽ അദ്ദേഹം മാത്രം എന്നോടൊപ്പം വരട്ടെ. വേണ്ടിവന്നാൽ മേഘത്തിനു പുറത്തേക്കു പോവാൻ തയ്യാറായി എന്റെ അടുക്കൽ വന്നു നിൽക്കട്ടെ.

നാദാബോ, അബിഹൂവോ, കശ്ശീശന്മാരിലുൾപ്പെട്ട ആരെങ്കിലുമോ ഉണ്ടെങ്കിൽ അദ്ദേഹവും എന്നോടൊപ്പം വന്ന് തന്റെ വിശുദ്ധീകരണത്തിന്റെ മാത്രയ്ക്കനുസൃതമായി അകന്നു മാറി നിൽക്കട്ടെ.

ജനക്കൂട്ടത്തിൽ ഈ അനുധ്യാനശൃംഗത്തിനു അയോഗ്യനായി, തീരെ അശുദ്ധനായി ആരെങ്കിലുമുണ്ടെങ്കിൽ അയാൾ അടുത്തേക്കെങ്ങും വരാതിരിക്കട്ടെ. എന്തെന്നാൽ അങ്ങനെ ചെയ്യുന്നത് അയാൾക്ക് വിനാശകരമാകുന്നു. എന്നാൽ താൽക്കാലികമായെങ്കിലും ശുദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവൻ താഴെനിന്ന് വേദവചനത്തിന്റെ ശബ്ദം മാത്രം, കാഹളം മാത്രം കേൾക്കട്ടെ. അവിടെനിന്നുകൊണ്ട് സീനായി മലയിൽനിന്നും അഗ്നിയും പുകയും പുറപ്പെടുന്ന കാഴ്ച, അവിടേക്കു കയറാനാവാത്തവർക്ക് അത്യത്ഭുതകരവും ഭയാനകവുമായ ആ കാഴ്ച കാണട്ടെ...."

വിശുദ്ധിയുടെ അളവനുസരിച്ചു കൂടുതൽ കൂടുതൽ അടുത്തേക്കു പ്രവേശിക്കാനുള്ള അവകാശം വൈയക്തിക വിശുദ്ധിയെ ആശ്രയിച്ചല്ല ഇരുന്നത്. എങ്കിലും ദൈവസാന്നിദ്ധ്യത്തിലേക്ക് പ്രവേശിക്കാൻ കഴിയുന്ന വിധമെങ്കിലും വൈയക്തിക വിശുദ്ധി നേടിയിട്ടില്ലെങ്കിൽ ധർമനിർവഹണത്തിൽ പരാജയപ്പെടുമെന്നായിരുന്നു അനുമാനം. ക്രിസ്തുശരീരത്തിന്റെ മുഴുവൻ കൂടിയുള്ള രാജകീയ പൗരോഹിത്യത്തിന്റെ നിലയും ഇതുതന്നെയാണ്. നാം മറ്റുള്ളവരേക്കാൾ വിശുദ്ധരായതുകൊണ്ടല്ല പൗരോഹിത്യസംഘമാകാൻ നിയുക്തരായത്. എന്നാൽ അടിസ്ഥാനപരമായ ഈ നിയോഗം ക്രൈസ്തവസമൂഹത്തിൽ ഉൾപ്പെട്ടുനിന്നു പാലിക്കേണ്ടതായ വൈയക്തിക വിശുദ്ധിയിലേക്ക് അനുനയിക്കുന്നില്ലെങ്കിൽ വിഘ്നപ്പെടുന്നതായിരിക്കും.

ലോകത്തിന്റെ മുഴുവൻ പുരോഹിതനാണ് വിശുദ്ധ സഭ. ലോകം ദൈവത്തെ അറിയുന്നില്ല. ദൈവസവിധത്തിലേക്കു പ്രവേശിക്കാനും ലോകം സമർത്ഥമല്ല. എന്നാൽ സഭ ദൈവത്തെ അറിയുന്നു. കൂടുതൽ ജ്ഞാനിയും വിശുദ്ധയുമായതുകൊണ്ടല്ല, പിന്നെയോ ദൈവത്തെ ഹൃദ്യമായി അറിയുന്നതിന് ദൈവം സഭയെ നിയോഗിച്ചതുകൊണ്ട്. നിയോഗത്തിനനുസൃതമായ വിജ്ഞാനവും വിശുദ്ധിയും സഭ വളർത്തിയെടുത്തേ മതിയാവൂ. ലോകത്തിനുവേണ്ടി ലോകത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് ബോധവതിയായി, ലോകത്തോട് താദാത്മ്യം പ്രാപിച്ച്, ലോകത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ച്, സഭ വിശുദ്ധ ഗിരിശൃംഗത്തിൽ നിൽക്കേണ്ടതുണ്ട്. തുംഗമായ ആ മഹാഗിരിയുടെ അടിവാരത്തിൽ നിൽക്കുന്ന ലോകം ചിലപ്പോഴെങ്കിലും ഗിരിശൃംഗത്തിൽ നിന്നു പുക പുറപ്പെടുന്നതായും അവിടെ അഗ്നി ജ്വലിക്കുന്നതായും കാണേണ്ടതാണ്. അല്ലെങ്കിൽ ഇന്നു പലരും ചെയ്യുന്നതുപോലെ സഭയെ നഷ്ടപ്പെട്ടതായി കരുതി അവർ സ്വന്ത ഭവനങ്ങളിലേക്കു മടങ്ങാനിടയുണ്ട്. ദൈവസാന്നിദ്ധ്യത്തിലേക്കുള്ള പ്രവേശനവും പ്രവേശനസാദ്ധ്യതയനുസരിച്ചു വളരുന്ന വിശുദ്ധിയും തമ്മിലുള്ള ഈ സംയോജനം ക്രിസ്തുശരീരമാകുന്ന സഭയുടെ ജീവിതത്തിന്റെ സവിശേഷ സ്വഭാവമായിത്തീരണം. ഇതാണ് സഭയുടെ പൗരോഹിത്യം. വിശുദ്ധമായ ജീവിതം നയിച്ചുകൊണ്ടും, സാർവലൗകിക സാമ്രാജ്യങ്ങൾക്കുംവേണ്ടി അത്യുന്നത പൗരോഹിത്യത്തിനു യോജിച്ച മദ്ധ്യസ്ഥപ്രാർത്ഥന അർപ്പിച്ചുകൊണ്ടും രാജാക്കന്മാരുടെ രാജാവിന്റെ മുമ്പിൽ നിൽക്കയെന്നാണ് ഇതിന്റെ അർത്ഥം. സുവിശേഷദൗത്യത്തിന്റെ അടിസ്ഥാനം ജീവിതവിശുദ്ധിയും മദ്ധ്യസ്ഥപ്രാർത്ഥനയുമാകുന്നു. ആരാധനയും വിശുദ്ധജീവിതവുമില്ലാതെ ദൗത്യം നിർവഹിക്കുവാൻ സാദ്ധ്യമാകുന്നതല്ല. എന്നാൽ മലയുടെ അടിവാരത്തു നിൽക്കുന്ന ജനതയെ വിസ്മരിക്കാത്ത നിസർഗമായ ആരാധനയും ജീവിതത്തെ തന്നെ നിസർഗമാക്കുന്ന വിശുദ്ധിയുമുള്ളിടത്ത് ദൗത്യം അനർഗളമായിരിക്കും. ഇതാണു ദൗത്യം. അല്ലാതെ പെരുമ്പറ മുഴക്കി സമ്മർദ്ദം പ്രയോഗിച്ചു നടത്തുന്ന കൃത്രിമ സുവിശേഷ പ്രചാരണ പരിപാടികളല്ല.

പൗരോഹിത്യ ശുശ്രൂഷയുടെ ആത്മാവ് വിശുദ്ധ കുർബാനയത്രേ. ജ്ഞാനസ്നാനമേറ്റ ഓരോ ക്രൈസ്തവനും ദിവ്യബലിയിൽക്കൂടിയുള്ള പൗരോഹിത്യത്തിൽ പങ്കുകൊള്ളുന്നു. പൗരസ്ത്യസഭയിൽ ജ്ഞാനസ്നാനത്തേയും വി. മുറോനഭിഷേകത്തെയും രണ്ടു പ്രത്യേക കൂദാശകളാക്കി തരംതിരിക്കാതിരിക്കുന്നതിന്റെ കാരണങ്ങളിലൊന്നിതാണ്.

ജ്ഞാനസ്നാനമേൽക്കുകയെന്നാൽ പരിശുദ്ധ റൂഹാ ജീവനും ആത്മാവുമായ ക്രിസ്തുശരീരത്തിന്റെ അംഗമാവുകയെന്നത്രേ. വി. കുർബാന അർപ്പിക്കുകയെന്ന പൗരോഹിത്യശുശ്രൂഷ അനുഷ്ഠിക്കുവാനുള്ള പരിശീലനം അതോടൊപ്പം ലഭിക്കുന്നു.

സുറിയാനി ഓർത്തഡോക്സ് മാമോദീസാ കർമത്തോടനുബന്ധിച്ചു വി. മൂറോൻ അഭിഷേകം ചെയ്യുമ്പോൾ പാടുന്ന കീർത്തനമിതാണ്:

"ദൈവം ചൊന്നാൻ, അഹറോനെ പൂശുക പാവനനാവാൻ, പാവന തൈലത്താൽ പൂശുന്നിപ്പോൾ, സ്നാനം പ്രാപിപ്പൊരു കുഞ്ഞാടിനെയീപ്പാവന തൈലത്താൽ മാമ്മോദീസായേൽക്കും, കുഞ്ഞാടിനെ വെളിവായ് പൂശും തൈലവുമിതുതന്നെ, റൂഹാ ഗുഡ്ഢം റൂശ്മാ ചെയ്തമ്പൊടു ദൈവികമായ് വാണിവനെ വാഴ്ത്തുന്നു."

ഇങ്ങനെ മൂറോൻ പൂശിക്കഴിയുമ്പോൾ മാമോദീസ സ്വീകരിച്ച ശിശുവിനെ പുരോഹിതൻ ബലിപീഠത്തിലേക്ക് കൊണ്ടുപോയി ബലിപീഠത്തിനു ചുറ്റും മൂന്നു പ്രാവശ്യം വലംവയ്പിക്കുന്നു. അനന്തരം അതിനെ മുടി ചൂടിക്കുമ്പോൾ താഴെ കൊടുക്കുന്ന പ്രാർത്ഥന ഉരുവിടുന്നു:

"രക്ഷകനായ ദൈവമെ, നിന്റെ ഈ ദാസൻ / ദാസി മഹത്വത്താലും ബഹുമതിയാലും മകുടമണിയണമേ. ഇവന്റെ / ഇവളുടെ ജീവിതം അവിടുത്തേക്കു പ്രസാദകരവും എന്നേക്കും അവിടുത്തെ വിശുദ്ധനാമ മഹത്വത്തിനും പിതൃസുതപരിശുദ്ധാത്മ മഹത്വത്തിനും അനുയോജ്യവുമായി ത്തീരണമെ. ആമ്മീൻ."

ജീവിതവിശുദ്ധിയിലും ബലിപീഠത്തിലേക്കുള്ള പ്രവേശന സാദ്ധ്യതയിലും പ്രകാശിതമായ അഹറോന്റെ പൗരോഹിത്യവും മിശിഹായുടെ രാജത്വവും തമ്മിലുള്ള സംയോജനമാണ് ഇവിടെ നാം കാണുന്നത്. ജ്ഞാനസ്നാനി മകുടമണിയുന്ന മഹത്വവും ബഹുമതിയും, ആത്മത്യാഗപരവും ദൈവപ്രസാദകരവുമായ സഹനം നിറഞ്ഞ സ്നേഹത്തിന്റെ ജീവിതമാകുന്ന രാജത്വം തന്നെയാണ്.

**അഭിഷേകത്തിലുള്ള അന്തരം**

പട്ടത്വാഭിഷേകത്തെ കൂദാശയായി ഗണിക്കുന്നതിനെ ലൂഥർ രൂക്ഷമായി എതിർത്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ക്രൈസ്തവകൂട്ടായ്മയ്ക്ക് കോട്ടം തട്ടുന്നത് ഇവിടെയാണ്. ഇതുമൂലമാണ് പ്രബോധകർ ചെന്നായ്ക്കളാകുന്നതും, ശുശ്രൂഷകർ സ്വേച്ഛാധിപതികളാകുന്നതും, സഭയുടെ സന്താനങ്ങൾ ലോകത്തിന്റെ സന്താനങ്ങളേക്കാൾ അധഃപതിക്കുന്നതും.

പൗരോഹിത്യത്തെക്കുറിച്ചുള്ള മഹാപ്രശംസ രചിച്ച നാലാം ശതകത്തിലെ പിതാവ് വിശുദ്ധ ഗ്രീഗോറിയോസ് തന്നെ പഴയനിയമകാലത്തും തന്റെ കാലത്തും കാണപ്പെട്ട പൗരോഹിത്യദൂഷ്യങ്ങളെ എണ്ണിയെണ്ണി വിവരിച്ചിട്ടുണ്ട്. പൗരോഹിത്യത്തിൽ എപ്പോഴും ദൂഷ്യങ്ങൾ വന്നുചേരാനിടയുണ്ടെന്നു തോന്നിപ്പോകുന്നു. നാലാം ശതകത്തിലാണ് പൗരോഹിത്യം പൂർണ്ണ വികാസം പ്രാപിച്ചത്. അക്കാലത്തെ പൗരോഹിത്യത്തിൽതന്നെ ലൂഥറിന്റെ വിമർശനത്തിനു വിധേയമായ പതിനാറാം ശതകത്തിലെ പൗരോഹിത്യത്തിലെന്നപോലെ ദൂഷ്യങ്ങളുണ്ടായിരുന്നതായി കാണാം. ദുഷിച്ചുപോകാനിടയുണ്ടെന്ന ഏക കാരണത്താൽ ഒരു കൂദാശ നിഷിദ്ധമാണെന്ന് വാദിക്കുന്നത് യുക്തിപൂർവകമല്ല. എന്നാൽ പട്ടത്വാഭിഷേകമെന്ന കൂദാശ രക്ഷകൻ നേരിട്ടു സ്ഥാപിച്ചതാണെന്നുള്ള വാദത്തെ വിശ്വസനീയമാംവിധം സ്ഥാപിക്കേണ്ടതായിട്ടുമാണിരിക്കുന്നത്.

ക്രിസ്തു അപ്പോസ്തലന്മാർക്കു പാപമോചനത്തിനുള്ള അധികാരം

നൽകിയെന്നും ആ കർമ്മംമൂലം അപ്പോസ്തലന്മാർ അഭിഷിക്തരായെന്നുമുള്ളതിന് നമുക്കു വേദപുസ്തകത്തിൽ തെളിവുണ്ട്. അവിടുന്ന് അപ്പോസ്തല സമൂഹത്തിന്മേൽ ഊതി പരിശുദ്ധാത്മാവിനെ അവരിൽ പകർന്നു. അപ്പോസ്തലന്മാർ എപ്പിസ്ക്കോപ്പന്മാരെയും കശീശന്മാരേയും ശെമ്മാശ്ശന്മാരേയും അധികാരപ്പെടുത്തി എന്നതിനും വേദപുസ്തകത്തിൽ തെളിവുണ്ട്. എന്നാൽ ഇങ്ങനെ ചെയ്യുന്ന അവസരത്തിൽ പുരോഹിതൻ എന്ന പദം ഉപയോഗിച്ചു കാണുന്നില്ല. പുരോഹിതൻ എന്ന അർത്ഥത്തിൽ ഇപ്പോഴും ഉപയോഗിക്കുന്ന 'കശീശ'[5] എന്ന സുറിയാനി അരാമായിക് പദത്തിന്റെ വാച്യാർത്ഥം വൃദ്ധൻ അഥവാ കാരണവൻ എന്നാണ്. ഇതേ അർത്ഥം തന്നെയാണ് അറബി, എത്യോപിക് തുടങ്ങിയ പല സെമറ്റിക് ഭാഷകളിലും പുരോഹിതൻ എന്ന വാക്കിനുള്ളത്. ഇന്ന് ഗ്രീക്കുകാർ പുരോഹിതൻ എന്നു തന്നെ അർത്ഥമുള്ള 'ഹിയേറൂസ്'[6] എന്ന പദമാണുപയോഗിക്കുന്നത്. സുറിയാനിയിലാകട്ടെ കോഹൻ എന്ന എബ്രായപദത്തോടു ബന്ധപ്പെട്ട 'കൊഹനൊ'[7] എന്ന പദം ഉപയോഗിച്ചുവരുന്നു.

വേദശാസ്ത്രപ്രകാരം കശീശായുടെ പൗരോഹിത്യപദവി മെത്രാന്റെ പൗരോഹിത്യത്തിൽനിന്ന് എടുക്കപ്പെട്ട ഒരു പദവിയായി വേണം കണക്കാക്കുവാൻ. സഭയിൽ മെത്രാന്മാർക്കും ശെമ്മാശ്ശന്മാർക്കും അവരുടേതായ ധർമ്മമുണ്ടെന്നു കാണാം. എന്നാൽ കശീശായുടെ സ്ഥാനം എപ്പിസ്ക്കോപ്പൽ പദവിയോടനുബന്ധം ഉള്ളതാണ്. ആദികാലം മുതൽക്കേ നിലനിന്നിരുന്ന പദവി ക്രമസംഹിത മൂന്നു പദവികളെക്കുറിച്ചല്ല, രണ്ടു പദവികളെപ്പറ്റി മാത്രമേ പറയുന്നുള്ളു.

മെത്രാനായിരുന്നു പ്രധാന ആട്ടിടയനും പ്രധാന പുരോഹിതനും. 'പട്ടം കൊട' സമയത്തെ ആരാധന ഇതു വ്യക്തമാക്കുന്നു. "ഹൃദയങ്ങളെ പരിശോധിക്കുന്ന പിതാവേ, അവിടുത്തെ എപ്പിസ്ക്കോപ്പയായി അവിടുന്നു തെരഞ്ഞെടുത്ത ഈ ദാസന് അവിടുത്തെ ആട്ടിൻപറ്റത്തെ തീറ്റിപ്പോറ്റാനും, അവിടുത്തെ മഹാപുരോഹിതനായി സേവനമർപ്പിക്കാനും അങ്ങനെ രാവും പകലും കുറ്റമില്ലാതെ അവിടുത്തെ ശുശ്രൂഷിക്കാനും അവിടുത്തെ തിരുമുഖത്തെ അനുസ്യൂതം പ്രസാദിപ്പിക്കുന്നതിനും അവിടുത്തെ വിശുദ്ധസഭയുടെ കാഴ്ചകൾ അവിടുത്തേക്ക് സമർപ്പിക്കുന്നതിനും ശക്തി നൽകണമേ."

"അങ്ങനെ അവിടുത്തെ മഹാപൗരോഹിത്യശക്തിയാൽ ഈ ദാസന് അവിടുത്തെ ആജ്ഞപ്രകാരം പാപങ്ങൾ ക്ഷമിക്കുന്നതിനും, അവിടുത്തെ ആജ്ഞാനുസാരം ചുമതലകൾ ഏല്പിച്ചുകൊടുക്കുന്നതിനും അവിടുന്ന് അപ്പോസ്തലന്മാർക്കു നൽകിയ അധികാരശക്തിയാൽ ഏതു കെട്ടുകളെയും അഴിക്കുന്നതിനും, അങ്ങനെ സൗമ്യതയിലും ഹൃദയവിശുദ്ധിയിലും അവിടുത്തെ പ്രസാദിപ്പിക്കുന്നതിനും അവിടുത്തേക്ക് പരിമളധൂപം അർപ്പിക്കുന്നതിനും ശക്തി നൽകണമേ.

അവിടുത്തെ പുത്രനായ യേശുക്രിസ്തുവിൽ കൂടി മഹത്വവും ശക്തിയും സ്തുതിയും ഉണ്ടാകട്ടെ. പിതാവിനും, പരിശുദ്ധറൂഹായോടു കൂടി പുത്രനും ഇന്നും എല്ലാക്കാലത്തേക്കും തന്നെ. ആമ്മേൻ."

എന്നാൽ 'എപ്പിസ്ക്കോപ്പോസി'ന്റെ ഉന്നത പൗരോഹിത്യ ധർമ്മങ്ങളും അജപരിപാലന ധർമ്മങ്ങളും ശുദ്ധമായ നിയമഭാഷയിൽ മാത്രം വിവരിക്കപ്പെടാവുന്നവയല്ല. അഭിഷേക സമയത്ത് പ്രത്യേകാധികാരങ്ങൾ പുരോഹിതനു നൽകുന്നുണ്ടെന്നുള്ള ആശയവും തെറ്റുധരിക്കപ്പെടാനിടയുണ്ട്. ക്രിസ്തുവെന്ന ഒരേ ഒരുവനായ ഏക പ്രധാന പുരോഹിതൻ അപ്പോസ്തലിക പാരമ്പര്യശൃംഖലയിൽക്കൂടി തന്റെ അധികാരങ്ങളെ മുഴുവൻ മെത്രാന്മാർക്ക് ഏൽപിച്ചുകൊടുക്കുന്നില്ല. എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യംവഹിക്കാൻ ഏറ്റവും വലിയ മഹാപുരോഹിതനായ യേശുക്രിസ്തു എന്നേക്കും ജീവിക്കുന്നില്ലെങ്കിൽ എപ്പിസ്ക്കോപ്പേറ്റ് ഫലപ്രദമാവുകയില്ല. എങ്കിലും ദിവ്യബലി അർപ്പിക്കുന്ന ഓരോരോ സമൂഹത്തിലും ക്രിസ്തുവിന്റെ മഹാപുരോഹിതത്വം കൂദാശാപരമായി അതായത് ദൃശ്യമായിത്തന്നെ ഉണ്ടാവണമെന്നുള്ളതാണ് ദൈവത്തിന്റെ ഇംഗിതവും വ്യക്തമായ ഉദ്ദേശ്യവും. ഇതാണ് മഹത്തായ അപ്പോസ്തലിക നിയോഗത്തിന്റെ അർത്ഥം. ചില വേദശാസ്ത്രവൃത്തങ്ങളിൽ പൗരോഹിത്യത്തെയും സുവിശേഷക ദൗത്യത്തേയും ഒരു ചങ്ങലയിൽപ്പെട്ട കണ്ണികളായോ പിരമിഡിന്റെ കട്ടകളായോ കണക്കാക്കാനുള്ള പ്രവണത പ്രകടമാണ്. ആദ്യം വിശുദ്ധ ത്രിത്വം, പിന്നെ തിരുവവതാരം ചെയ്ത പുത്രൻ, പിന്നെ അപ്പോസ്തലന്മാർ, പിന്നെ മെത്രാന്മാർ എന്നിങ്ങനെ. ഈ ധാരണ സ്വർഗവും ഭൂമിയും തമ്മിലോ നിത്യതയും കാലവും തമ്മിലോ നിലനിൽക്കുന്ന ബന്ധത്തെക്കുറിച്ച് വി. വേദപുസ്തകം നമുക്കു നൽകുന്ന വിജ്ഞാനത്തോട് യാതൊരുവിധത്തിലും നീതി പുലർത്തുന്നില്ല.

എപ്പിസ്കോപ്പാ മഹാപുരോഹിതനായ ക്രിസ്തുവിന്റെ നിയുക്ത പുരുഷനോ, പ്രതിപുരുഷനോ ആണെന്നു ധരിക്കരുത്. എപ്പിസ്കോപ്പായുടെ നില അതിനേക്കാൾ ശ്രേഷ്ഠമായതാണ്. എന്തെന്നാൽ എപ്പിസ്കോപ്പയിൽക്കൂടി, അനുദിനജീവിതത്തിലെ നല്ല ഇടയനായി വി. ബലിയിൽ സംബന്ധിക്കുന്ന സമൂഹത്തിന്റെ മഹാപുരോഹിതനായി വിശുദ്ധസമൂഹത്തിൽ ക്രിസ്തുതന്നെ കൗദാശികമായി ദർശനസ്പർശനശ്രവണക്ഷമനായി സന്നിഹിതനാകുന്നു. കശീശായുടെയോ മെത്രാന്റെയോ സ്ഥാനം നൽകൽ മാത്രമല്ല കൂദാശയായി കരുതേണ്ടത്. പുരോഹിതനെന്ന ആൾ തന്നെ നമ്മുടെ ഇന്ദ്രിയങ്ങൾക്കനുഭൂതമായ വിധത്തിലുള്ള ക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യമാകുന്നു. പുരോഹിതന്റെ 'ആളത്ത'മത്രയും കൂദാശാപരമായതാണ്. അതുകൊണ്ടാണ്, അല്ലാതെ ശിരസ്സിൽ പൂശിയ പട്ടത്വാഭിഷേക മുദ്ര മായിച്ചുകളയാനാവില്ലെന്ന ധാരണ നിലവിലുള്ളതുകൊണ്ടല്ല, മെത്രാന്മാർ വാർദ്ധക്യകാലത്തു സ്ഥാനമൊഴിയണമെന്ന് പൗരസ്ത്യ സഭ യാതൊരുവിധത്തിലും ചിന്തിക്കാതിരിക്കുന്നത്.

പടിഞ്ഞാറും കിഴക്കും 'ഹൈരാർക്കി'[8]യെ സംബന്ധിച്ച് നിലവിലിരിക്കുന്ന തെറ്റുധാരണയെക്കുറിച്ച് പരാമർശിക്കേണ്ടത് ഈ കാലഘട്ടത്തിലാവശ്യമാകുന്നു. 'ഹൈരാർക്കി' എന്ന പദം ഉപയോഗിക്കുന്നത് മെത്രാന്മാരുടെ സമൂഹത്തെ (കൊളീജിയത്തെ) സൂചിപ്പിക്കാനാണ്. സഭയ്ക്കകത്തു പുരോഹിതന്മാർക്കുള്ള അധികാരത്തെയാണ് ആ പദം സൂചിപ്പി

ക്കുന്നത്. 'ഹിയേറൂസ്' എന്ന പദത്തിന്റെ അർത്ഥം 'പുരോഹിത'നെന്നും 'ആർക്കി' എന്നതിന്റെ അർത്ഥം 'ഭരിക്കുക' എന്നും വരുമ്പോൾ 'ഹൈരാർക്കി'ക്ക് പുരോഹിതന്മാരുടെ ഭരണമെന്ന അർത്ഥം സിദ്ധിക്കണമെന്നാണ് പൊതുവായ ധാരണ. എന്നാൽ ഈ പദം പൗരോഹിത്യഭാഷയിൽ കടന്നുവന്നത് വി. ദീവന്നാസ്യോസ് മുഖേനയാണ്. അദ്ദേഹം തന്റെ കൃതികളിൽ കുറഞ്ഞത് ഇരുന്നൂറ് പ്രാവശ്യമെങ്കിലും 'ഹൈരാർക്കിയാ' എന്ന പദവും അതിന്റെ തത്ഭവങ്ങളുമുപയോഗിക്കുന്നുണ്ട്. വി. ദീവന്നാസ്യോസ് ഉപയോഗിക്കുന്ന 'ഹൈരാർക്കി' എന്ന പദം 'ഹിയേറോസ്' അഥവാ വിശുദ്ധിയുടെ 'ആർക്കിയാ' അഥവാ ക്രമപ്പെടുത്തലാണ്. ഹൈരാർക്കിയാ പ്രധാനമായും സ്വർഗീയ സേനകളെ ഉദ്ദേശിച്ചാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. വി. ത്രിത്വത്തിന്റെ സിംഹാസനത്തിനു ചുറ്റും വിശുദ്ധിയുടെ ഏറ്റക്കുറച്ചിലിന്റെ ക്രമമനുസരിച്ച് അരൂപികളും മാലാഖമാരും അണിനിരക്കുന്നു. അവർ ദൈവത്തിന്റെ പ്രകാശത്തെ പ്രതിബിംബിപ്പിക്കയും കൂട്ടം മുഴുവനായും ദൈവസ്വഭാവത്തിലേക്ക് മറുരൂപപ്പെടുത്തപ്പെടുകയും ചെയ്യുന്നു. ക്രൂബേന്മാർ, സ്രാപ്പേന്മാർ, അധികാരങ്ങൾ, ശക്തികൾ, സാധാരണ മാലാഖമാർ എന്നീ ക്രമത്തിനാണ് അവർ നിലകൊള്ളുന്നത്.

വിശുദ്ധതയുടെ ഈ സ്വർഗീയ വ്യവസ്ഥിതി, കൌദാശികമായി, അതായത് ഇന്ദ്രിയഗോചരമായി, വിശുദ്ധ ബലിയർപ്പിക്കുന്ന ഭൌമികസഭയിലും സന്നിഹിതമായിരിക്കുന്നുവെന്നാണ് വി. ദീവന്നാസ്യോസിന്റെ വിവക്ഷ. സ്വർഗത്തിൽ മാലാഖമാരുടെ സ്ഥാനത്ത് ഭൂമിയിലുള്ളത് ജ്ഞാനസ്നാപനം, മൂറോൻ, കുർബാന, മെത്രാൻ, കശ്ശീശാ, ശെമ്മാശ്ശൻ, സാധാരണ വിശ്വാസി, ജ്ഞാനസ്നാപനമേൽക്കാത്ത സ്നാനാർത്ഥി എന്നിങ്ങനെ സഭയിൽ കാണപ്പെടുന്ന വിശുദ്ധതകളാണെന്നു മാത്രം. ഇവിടെയും സ്വർഗ്ഗത്തിലേതുപോലെ തന്നെ സമസ്തവും ദൈവാനുരൂപമായിത്തീരുവാൻ ദൈവപ്രഭയുടെ ശക്തിയാൽ നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. സ്വർഗീയ വ്യവസ്ഥിതിയുടെ പ്രതിബിംബനവും സാന്നിദ്ധ്യവുമാണ് ഭൂമിതലത്തിൽ കാണപ്പെടുന്ന സഭ. ഇങ്ങനെ സ്വർഗീയവും സഭാപരവുമായ ഹയരാർക്കികളെക്കുറിച്ച് വി. ദീവന്നാസ്യോസ് എഴുതിയതും, ഇന്ന് പലരും മനസ്സിലാക്കുന്ന പുരോഹിതഭരണം എന്നർത്ഥമുള്ള ഹയരാർക്കിയും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. വി. ദീവന്നാസ്യോസിന്റെ സിദ്ധാന്തപ്രകാരം ഭൗതികവിശുദ്ധിയുടെ ക്രമത്തിൽ അത്മായക്കാരും സമ്പൂർണ്ണമായി ഉൾപ്പെടുന്നു.

ക്രിസ്തുശരീരത്തിലെ വിവിധ അവയവങ്ങൾക്ക് വിശുദ്ധ റൂഹാ നൽകുന്ന നൽവരത്തിന്റെ രൂപത്തിലല്ലാതെ പട്ടത്വത്തിന്റെ വിശേഷ വ്യത്യാസം വരച്ചുകാട്ടുവാൻ സാധ്യമല്ല. വിശുദ്ധ റൂഹാ സഭയ്ക്ക് നൽകിയ വിശിഷ്ട നൽവരമാണ് 'എപ്പിസ്ക്കോപ്പേറ്റ്.' സർവർക്കും നൽകപ്പെടുന്ന ക്രിസ്തീയ സ്നേഹമെന്ന ദാനത്തിനുപരി ക്രിസ്തുശരീരത്തിന് ലഭിക്കുന്ന ഏറ്റവും വലിയ വൈയക്തിക സമ്മാനമാണിത്. നല്ല അജപാലകനും മഹാപുരോഹിതനുമായ ക്രിസ്തുവിന്റെ ആളത്തപരവും മൂർത്തവും കൂദാശാപരവുമായ സാന്നിദ്ധ്യമാണിത്. ഇതിനെ ക്രിസ്തുശരീരത്തിലുള്ള ക്രിസ്തു

സാന്നിദ്ധ്യത്തിൽനിന്നു വേർപ്പെടുത്താനാവുന്നതല്ല. എപ്പിസ്ക്കോപ്പേറ്റിന്റെ കേന്ദ്രിക ഘടകങ്ങൾ, ദിവ്യബലിയിലും അനുദിന പ്രാർത്ഥനയിലുമുള്ള മഹാപുരോഹിതത്വവും, വിശ്വാസികൾക്ക് പഠനം, ആത്മീയഭോജനം എന്നിവ നൽകി, പാപമോചനവും രോഗശാന്തിയും കൊടുത്ത് അവരെ ഭരിച്ച് വളർത്തിയെടുക്കുന്നതിൽ കാണിക്കുന്ന രാജകീയ അജപാലകവൃത്തിയുമാണ്.

പുരോഹിതൻ മെത്രാന്റെ നിയുക്ത പുരുഷനാണ്. തന്റെ ധർമങ്ങൾ അന്യരെ ഏൽപിക്കാൻ പുരോഹിതന് അധികാരമില്ല. ഇങ്ങനെയൊരു പരിമിതിയോടുകൂടി ഓരോ പ്രാദേശിക ആരാധകസംഘത്തിന്റെയും മെത്രാനായി അദ്ദേഹം വർത്തിക്കുന്നു. ഈ മെത്രാനെ അദ്ദേഹത്തിന്റെ പൗരോഹിത്യ ധർമങ്ങളിലും അജപരിപാലനധർമങ്ങളിലും ശെമ്മാശ്ശൻ സഹായിക്കുന്നു. ഈ ശുശ്രൂഷകളെയൊന്നും ക്രിസ്തുശരീരത്തിൽ നിന്നു വേർപെടുത്തിയോ അത്മായക്കാരെ ഉൾപ്പെടുത്താതെയോ സങ്കല്പിക്കാൻ സാദ്ധ്യമാകുന്നതല്ല.

ക്രിസ്തുവിന്റെ രാജത്വവും പ്രഭുത്വവും മറ്റുള്ളവർക്ക് പങ്കാളിത്തമുള്ളതാണ്. എന്തെന്നാൽ ക്രിസ്തുശരീരം മുഴുവൻ അതിൽ പങ്കുകൊള്ളുന്നു. തന്റെ പ്രതിനിധികൾ മുഖേനയല്ല, നമ്മെ സ്വന്ത ശരീരത്തിലുൾപ്പെടുത്തിയാണ് ക്രിസ്തു നമ്മെ രാജാക്കന്മാരും പുരോഹിതന്മാരുമായി അഭിഷേകം ചെയ്തിരിക്കുന്നത്. എന്നാൽ ക്രിസ്തുവിന്റെ രാജത്വമെന്തെന്ന് ശരിക്കും ഗ്രഹിക്കേണ്ടതുണ്ട്. രാജത്വത്തെക്കുറിച്ചു നമ്മിലധികം പേർക്കുള്ളതും, പീലാത്തോസിനുണ്ടായിരുന്നതുമായ സങ്കല്പത്തിൽനിന്നു തികച്ചും വിഭിന്നമാണത്. സൈന്യവ്യൂഹങ്ങൾ കൊണ്ടു പടുത്തുയർത്തിയ സാമ്രാജ്യമല്ല, സത്യത്തിന്റെ മഹാരാജ്യമാണ് അവിടുത്തേത്. യുദ്ധങ്ങളോ രാഷ്ട്രീയ സംഭവവികാസങ്ങളോ വരുത്തുന്ന വ്യതിയാനങ്ങൾ അതിനെ സ്പർശിക്കുന്നതേയില്ല. ക്രിസ്തുവിന്റെ രാജത്വം, സത്യത്തിന്റെയും സഹനത്തിന്റെയും രാജത്വം, നീതിക്കും ന്യായത്തിനുംവേണ്ടി പരാജയം സ്വീകരിക്കുന്നതിന്റെ രാജത്വം - ഇതത്രേ നാം പങ്കുകൊള്ളുന്ന ക്രിസ്തുവിന്റെ പ്രഭുത്വത്തിന്റെ സവിശേഷത.

സ്വന്തം ജയഭേരിയടിക്കുന്ന സഭയുടെ വലിയ ന്യൂനത ക്രിസ്തുവിന്റെ രാജത്വസ്വഭാവത്തെക്കുറിച്ച് അതു പുലർത്തുന്ന തെറ്റുധാരണയാണ്. ഇന്നും സ്വന്തം ജയഭേരിയടിക്കാത്ത ക്രിസ്തുരാജത്വത്തിന്റെ വേദശാസ്ത്രത്തിൽപ്പോലും ക്രിസ്തുവിന്റെ രാജത്വത്തെക്കുറിച്ചുള്ള തെറ്റുധാരണ അടിയുറച്ചുനിൽക്കുന്നത്, ക്രിസ്തുവിന്റെ രാജത്വം കാൽവിനിസ്റ്റ് അർത്ഥത്തിൽ സ്വേച്ഛാപരവും പരമാധികർത്തൃത്വമുള്ളതുമാണെന്ന സങ്കൽപനത്തിലാണ്. അധികാരം പ്രയോഗിക്കുന്നവരെ ശരിക്കും കുറിക്കുന്ന യഥാർത്ഥ പഴയനിയമ പദങ്ങൾ അജപാലകൻ, ന്യായാധിപൻ എന്നിവയാണ്, രാജാവെന്നല്ല. പരിപാലനം, ഭക്ഷണദാനം, മർദ്ദകരിൽനിന്നുള്ള സംരക്ഷണം, സാമൂഹികവും വൈയക്തികവുമായ നീതി ഇവയെല്ലാമാണ് ഭരണകർത്താക്കളുടെ ചുമതലയിൽപ്പെട്ടവ. ആധുനിക കാലത്തും ക്രിസ്തുവിന്റെ രാജകീയവും പരിപാലനാത്മകവുമായ ശുശ്രൂഷയും ഇതേ വിധത്തിലുള്ളതാ

കണം. 'ആടുകൾക്കുവേണ്ടി സ്വന്തം ജീവനെ ബലി നൽകുന്ന നല്ല ഇടയനാണു ഞാൻ' എന്ന വീക്ഷണമാണ് യഥാർത്ഥ മിശിഹായുടെ സ്വഭാവത്തെ വിശദമാക്കുന്നത്.

സഭയുടെ രാജകീയ പൗരോഹിത്യം ക്രിസ്തുവിന്റെ പരിപാലനശുശ്രൂഷയിലും മാദ്ധ്യസ്ഥ്യ ധർമ്മത്തിലുമുള്ള പങ്കാളിത്തമാണ്. വി. റൂഹായുടെ നൽവരത്തിൽ അഥവാ ദൈവികദാനങ്ങളുടെ വിശുദ്ധമായ ക്രമീകരണത്തിൽക്കൂടി സഭ മുഴുവനും അതിൽ പങ്കുകൊള്ളുന്നു. ആരാധകസമൂഹത്തിൽ വിശുദ്ധിയും ജ്ഞാനവും സ്നേഹവും ആദ്ധ്യാത്മികബലവും സമൃദ്ധമായി നൽകി വിശുദ്ധറൂഹാ ഏറ്റവും അനുഗ്രഹിച്ച ആളിനെ തെരഞ്ഞെടുത്ത് അഭിഷേകം ചെയ്ത് സഭ അദ്ദേഹത്തെ ആരാധക സമൂഹത്തിലുള്ള ക്രിസ്തുവിന്റെ കൂദാശാപരമായ സാന്നിദ്ധ്യത്തിന്റെ കേന്ദ്രമാക്കുന്നു. മെത്രാന്മാരുടെ പ്രതിനിധികളെന്ന നിലയിൽ കശീശന്മാർ അതേ സേവനമനുഷ്ഠിക്കുന്നു. എന്നാൽ മെത്രാന്മാർക്ക് പുരോഹിതന്മാരെ ചുമതലകൾ ഏൽപിക്കാവുന്നവിധം പുരോഹിതന്മാർക്ക് ചുമതലകൾ മറ്റുള്ളവരെ ഏൽപിക്കാനുള്ള അവകാശമില്ലെന്നു മാത്രം. ശെമ്മാശ്ശന്മാർ പുരോഹിതന്മാരെയും മെത്രാന്മാരെയും പൗരോഹിത്യപരവും പരിപാലനപരവുമായ സേവനത്തിൽ സഹായിക്കുന്നു. ലോകത്തിലും ലോകത്തിനുവേണ്ടിയും ലോകത്തിനകത്തുമുള്ള പൗരോഹിത്യപരവും പരിപാലനപരവുമായ ശുശ്രൂഷയിൽ ജനങ്ങൾ പരിപൂർണ്ണമായി പങ്കുകൊള്ളുന്നു. സഭയ്ക്കു ദത്തമായിരിക്കുന്ന നൽവരം സമസ്ത ജനസമൂഹത്തിന്റെയും ജീവിതങ്ങളിൽ സ്നേഹത്തിലും, ആനന്ദത്തിലും അനുരഞ്ജനത്തിലും ആത്മാവിന്റെ വിശാലതയിലും കരുണയിലും നന്മയിലും വിശ്വസ്തതയിലും ഫലം പുറപ്പെടുവിക്കുന്നു. ഈ ഫലങ്ങളാൽ മനുഷ്യർ ദൈവത്തെ ആരാധിക്കുന്നതിനും വന്ദിക്കുന്നതിനും ദൈവത്തോടു കൂടുതൽ കൂടുതൽ അടുപ്പിക്കപ്പെടുമ്പോൾ സഭയുടെ സേവനമെന്ന ശുശ്രൂഷ നിറവേറ്റപ്പെടുന്നു.

വൈദികരെ പരിശീലിപ്പിക്കുന്നതിൽ ഇവയെല്ലാം ഗൗരവമായി കണക്കിലെടുക്കേണ്ടതുണ്ട്. ഈ അവസരത്തിൽ ഇവയെപ്പറ്റി ചർച്ച ചെയ്യണമെന്നില്ല. സെമിനാരികൾ ആരംഭിച്ച കാലം മുതൽക്കേ വേദശാസ്ത്രപരമായ പരിശീലനമാതൃക രൂപപ്പെടുത്തിയതെല്ലാം പുരോഹിതനും പരിപാലകനും മുഖ്യമായും വചനപ്രസംഗകനോ പ്രബോധകനോ ആണെന്ന ധാരണയിലാണ്. വിശ്വാസികളുടെ സമൂഹത്തിൽ താൻ, മഹാപുരോഹിതനും നല്ല ഇടയനുമായ ക്രിസ്തുവിന്റെ കൂദാശാപരമായ സാന്നിദ്ധ്യബോധം വളർത്തേണ്ടതുണ്ടെന്ന് ഓരോ പുരോഹിതനും ഗ്രഹിക്കണം. ഇതു സഭയുടെ ആരാധനാനവീകരണത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ കാര്യമാണ്. നാം സ്വഭാവദാർഢ്യമെന്നും ജനങ്ങളെ സ്നേഹിക്കാനുള്ള അഗാധശക്തിയെന്നും വിവരിക്കുന്ന ഗുണവിശേഷം ഉൾക്കൊള്ളുന്ന ആദ്ധ്യാത്മികമായ പക്വതയെ, അഥവാ വ്യക്തിപരമായ വിശുദ്ധിയെ, ലോകത്തിന്റെ ജീവിതത്തെയും പ്രശ്നങ്ങളെയും പറ്റിയുള്ള പൂർണബോധ്യവുമായി സംയോജിപ്പിക്കുന്ന ഒരു ബോധനമാതൃക വേണം. അതിൽ വൈദികർക്കു പരിശീലനം നൽകിക്കൊണ്ടുവേണം നമ്മുടെ

യഥാർത്ഥമായ ആരാധനയെ നാം വീണ്ടെടുക്കേണ്ടത്. ഏറ്റവും പക്വതയും ആദ്ധ്യാത്മിക വിശ്വാസവുമുള്ള വ്യക്തികളെ തെരഞ്ഞെടുത്ത് പുരോഹിതനായി അഭിഷേകം ചെയ്യുന്ന കീഴ്വഴക്കം സഭ പാലിക്കാതെപോയത് വലിയ ഒരു തെറ്റായിപ്പോയെന്നു വേണം പറയുവാൻ. ലൗകിക ജീവിതത്തിൽ ദീർഘകാലപരിചയം സമ്പാദിക്കാതെ സെമിനാരി പരിശീലനം നേടാൻ സ്വയം മുന്നോട്ടുവരുന്ന ആൺകുട്ടികളെയും യുവാക്കന്മാരെയും പുരോഹിതരാക്കുന്ന പുതിയ സമ്പ്രദായം മാതൃകായോഗ്യരായ പുരോഹിതരെയും ശുശ്രൂഷകരെയും സൃഷ്ടിക്കുന്നതിൽ പരാജയപ്പെടുന്നില്ലേ?

ഏക കാലത്ത് സാമാന്യവും സവിശേഷവുമായ പൗരോഹിത്യത്തോട് ഗാഢമായി ബന്ധപ്പെടുത്താതെ നൈസർഗികമായ ആരാധനയെ വീണ്ടെടുക്കാനാവില്ല. അതുപോലെ ആരാധകസംഘവും തങ്ങൾ പരിപാലകരുടേതും പുരോഹിതരുടേതുമായ സമൂഹമാണെന്ന ബോധം വളർത്തിയെടുക്കുന്നില്ലെങ്കിലും ആരാധനയുടെ സ്വഭാവത്തെ അടിസ്ഥാനപരമായി മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതല്ല. ലോകജീവിത യാഥാർത്ഥ്യങ്ങളുടെ നട്ടംതിരിച്ചിലാൽ ശോധന ചെയ്തെടുത്തിട്ടുള്ള പക്വതയുള്ള മനുഷ്യരെ പൗരോഹിത്യപദവിയിലേക്ക് വിളിക്കുവാൻ ഇടവകകൾക്ക് കഴിഞ്ഞെങ്കിൽ മാത്രമേ സവിശേഷ പൗരോഹിത്യം ശരിയായി ക്രമീകരിക്കപ്പെടുകയുള്ളൂ. അങ്ങനെയുള്ള പൗരോഹിത്യം സ്വാതന്ത്ര്യ പ്രഹർഷത്തെ വീണ്ടെടുക്കാനുള്ള അതിപ്രധാനമായ ഉപാധിയാകുന്നു.

ലോകത്തിനുവേണ്ടിയും തനിക്കുവേണ്ടിയും സമസ്തസഭയും പുരോഹിതനായി വർത്തിക്കണം. തന്റെയും ലോകത്തിന്റെയും പരിപാലകനുമാവണം. ഇങ്ങനെ മാത്രമേ സഭയ്ക്ക് ക്രിസ്തുവുമായുള്ള സംയോജനത്തിൽ രാജാക്കന്മാരും പുരോഹിതന്മാരുമാക്കിത്തീർക്കുന്ന 'മൂറോനഭിഷേകത്തിന്റെ' അർത്ഥം നമ്മെ ശരിക്കും വെളിവാക്കാൻ സാധിക്കയുള്ളൂ. രാജകീയവും പരിപാലനാത്മകവും പൗരോഹിത്യപരവുമായ ശുശ്രൂഷ നടത്തുന്നതിലാണ് സ്വാതന്ത്ര്യപ്രഹർഷം സജീവമായിത്തീരുന്നത്.

1. സുമ്മാ - തോമസ് അക്വിനാസിന്റെ ദൈവശാസ്ത്ര സംബന്ധമായ പുസ്തകങ്ങളെയാണ് 'സുമ്മാ തിയളോജിക്കാ' എന്നു പറയുന്നത്. സുമ്മാ എന്ന പദത്തിന് Summary - എന്നോ ആകത്തുക (Sum) എന്നോ അർത്ഥമാക്കാം.
2. ഇസിഡോർ - ഒരു സ്പാനിഷ് ക്രൈസ്തവ ചിന്തകൻ.
3. കൌദാശികമുദ്ര = Sacramental character. മാമ്മോദീസാ, പട്ടംകൊട മുതലായ കൂദാശകൾ മായ്ക്കാനാവാത്ത ഒരു മുദ്ര നമ്മിൽ പതിപ്പിക്കുന്നുവെന്നും ഈ മുദ്ര നമ്മെ ക്രിസ്താനുരൂപികളാക്കുന്നു അഥവാ ക്രിസ്തീകരിക്കുന്നു (Christify) എന്നൊരു ചിന്ത പാശ്ചാത്യവേദശാസ്ത്രത്തിൽ പണ്ടേയുള്ളതാണ്. പൗരസ്ത്യർ പൊതുവേ ഇതിനെ സ്വീകരിക്കുന്നില്ല.
4. നാസിയാൻസിലെ വി. ഗ്രീഗോറിയോസ് - വി. ബസേലിയോസിന്റെ സഹപാഠിയും സ്നേഹിതനുമായിരുന്ന നാലാം ശതകത്തിലെ ഒരു പ്രമുഖ പിതാവ്.
5. കശീശാ - സുറിയാനി. പ്രസ്ബിറ്റർ, മൂപ്പൻ, വൃദ്ധൻ, പുരോഹിതൻ എന്നെല്ലാം അർത്ഥമാക്കാം.
6. ഹിയേറൂസ് - ഗ്രീക്കുഭാഷയിൽ പുരോഹിതൻ.

7. കൊഹനാ - സുറിയാനിഭാഷയിൽ പുരോഹിതൻ.
8. ഹൈരാർക്കി - ബിഷപ്പിന്റെ കീഴിൽ പട്ടക്കാരുടെ Rule എന്നു സാധാരണ തെറ്റുധരിക്കാറുണ്ട്.





# 7

# വ്യക്തിപരമായ പ്രാർത്ഥനയും പൊതുവായ ആരാധനയും

ദിവ്യബലിയിൽക്കൂടിയുള്ള ആരാധനയിൽനിന്നു വ്യത്യസ്തമായ സ്വകാര്യ പ്രാർത്ഥനയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. യഥാർത്ഥത്തിൽ പ്രാർത്ഥന ഒരിക്കലും സ്വകാര്യമാവാൻ സാധ്യമല്ല. എല്ലാ പ്രാർത്ഥനകളും പരസ്യമാണ്. ക്രിസ്തുശരീരം അതിന്റെ ഏതെങ്കിലുമൊന്നോ അതിൽ കൂടുതലോ അവയവത്തിൽകൂടി നടത്തുന്ന കർമമാണത്. എപ്പോഴുമത് വിശുദ്ധ റൂഹാ മുഖേന ക്രിസ്തുവിൽ പിതാവിനോട് നടത്തുന്ന പ്രാർത്ഥന തന്നെ.

പരമ്പരാഗതമായ പ്രാർത്ഥനയിൽ വ്യക്തി സ്വയം മറ്റുള്ളവരിൽനിന്നു വേറിട്ടുനിർത്തുന്നുവെന്നു പ്രസ്താവിക്കുമ്പോൾ ബിഷപ്പ് റോബിൻസൺ ഈ വസ്തുത വിസ്മരിച്ചുകളയുന്നു (1952 – ൽ 'ശരീര'മെന്ന കൃതി രചിച്ചിട്ടുണ്ടെങ്കിലും അതിലെ നിഗമനങ്ങൾ 'ദൈവത്തോടു സത്യസന്ധനായി'[1] എന്ന ഗ്രന്ഥത്തിലേക്കു കടന്നുചെന്നിട്ടുള്ളതായി തോന്നുന്നില്ല). ജ്ഞാനസ്നാനം മൂലം നാമുൾപ്പെട്ടുകഴിഞ്ഞ ക്രിസ്തുശരീരത്തിൽനിന്നു നമുക്ക് നമ്മെത്തന്നെ മാറ്റിനിർത്താനാവില്ല. ക്രിസ്തുശരീരമാകുന്ന സഭയിലാണ് പരസ്യപ്രാർത്ഥനയും രഹസ്യപ്രാർത്ഥനയും സഹോദരങ്ങളോടു ചെയ്യുന്ന ഔദാര്യപ്രവൃത്തിയും നടക്കുന്നത്. ക്രിസ്ത്യാനി തന്റെ ജീവിതകാലത്ത് സഭ, ലോകം എന്നിങ്ങനെ പരസ്പരം വേറിട്ടുനില്ക്കുന്ന വ്യത്യസ്ത മേഖലകളിൽ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കുന്നില്ല. അവ ഏക കേന്ദ്രബിന്ദു വൃത്തങ്ങളോ പരസ്പരം ഇറുകെ ചേർന്നുകിടക്കുന്ന മേഖലകളോ ആകുന്നു. സഭയിലുൾപ്പെടുകയെന്നാൽ ലോകത്തിലുൾപ്പെടുകയെന്നാണർത്ഥം. എന്നാൽ മറിച്ചു സംഭവിക്കുന്നില്ല. പ്രത്യക്ഷത്തിൽ പ്രാർത്ഥിക്കാത്ത വകുപ്പിൽപ്പെട്ട അനേകം ആധുനിക മനുഷ്യരിൽ ഒരാളായി ബിഷപ്പ് റോബിൻസൺ സ്വയം കരുതുന്നു. ഒരു മെത്രാന്റെ ഈ പരസ്യ പ്രഖ്യാപനം ഉന്മേഷപ്രദമായി തോന്നാം. ഇതിന്റെ അടിസ്ഥാനത്തിൽ ബിഷപ്പ് റോബിൻസൺ ആധുനിക മനുഷ്യനു നൂതനമായ പ്രാർത്ഥനാരൂപം നിർദേശിക്കുന്നു.

ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ വെളിച്ചത്തിൽ ക്രിസ്തീയാരാധനയെ നിർവചിക്കേണ്ടത് 'ലോകത്തിൽനിന്നു പിന്മാറി ദൈവത്തിലേക്കു ചെല്ലുന്നതെന്നല്ല, ലോകത്തിനകത്തേക്കു തുളച്ചിറങ്ങി ദൈവത്തിലേക്കു ചെല്ലുന്നതെന്നാവണമെന്നു തോന്നിപ്പോകുന്നു' എന്ന് അദ്ദേഹം പറയുന്നു.

ആരാധനയുടേയും കർമത്തിന്റെയും മണ്ഡലങ്ങളെ ഖണ്ഡിതമായി വേർതിരിക്കാനുള്ള ഈ പ്രവണത പടിഞ്ഞാറും കിഴക്കും വികാസം പ്രാപിച്ച ആദ്ധ്യാത്മികതയിൽ പലപ്പോഴും പ്രകടമാണ്. ബിഷപ്പ് റോബിൻ

സണും ഇതേ പ്രവണതയ്ക്കു വിധേയനാകുന്നതുകൊണ്ടാണു യഥാർത്ഥ ആരാധന പിൻവാങ്ങലിലല്ല, സഹോദരനെ സേവിക്കുന്നതിലാണെന്നു വാദിക്കുന്നത്. ജനാവലി തിങ്ങിക്കൂടിയിട്ടുള്ളപ്പോൾ നമ്മുടെ രക്ഷകൻ പലപ്പോഴും അവരിൽനിന്നു ശാരീരികമായി പിൻവാങ്ങി വിജനതയിലെത്തി ദീർഘനേരം പ്രാർത്ഥനാനിരതനായിരുന്നിട്ടുണ്ടെന്നുള്ളത് അദ്ദേഹം വിസ്മരിച്ചതായി തോന്നുന്നു (വി. മത്തായി 23; മർക്കോസ് 1:35; 6:46; ലൂക്കോസ് 5:16; 6:12; 9:18....). മറുരൂപപ്പെട്ട മലയിലും ഗത്സമേൻ തോട്ടത്തിലും അവിടുന്നു തന്നോടൊപ്പം പ്രാർത്ഥിക്കുവാൻ രണ്ടോ മൂന്നോ ശിഷ്യരെ കൂട്ടിക്കൊണ്ടു പോകുന്നുണ്ടെങ്കിലും ഏകാകിയായി പ്രാർത്ഥിക്കുവാൻ അവരിൽനിന്നു പോലും അകന്നു മാറുന്നു.

ശാരീരികമായ പിൻവാങ്ങലും ഏകാന്തത തേടലും മറ്റുള്ളവരിൽനിന്നുള്ള അകന്നുമാറ്റമാണെന്നു വിചാരിക്കുന്നതു ശരിയല്ല. നാം നമ്മുടെ സഹജീവികളുമായി ബന്ധപ്പെട്ടിരിക്കുന്നതുതന്നെ നമ്മുടെ ബോധത്തിലാണ്. അല്ലാതെ ഭൂമിശാസ്ത്രപരമായി അടുത്തടുത്ത സ്ഥലങ്ങളിലുള്ള താമസംകൊണ്ടല്ല. പ്രാർത്ഥനയെക്കുറിച്ചുള്ള ചർച്ചയിൽ ബിഷപ്പ് ഈ വസ്തുത ഗ്രഹിച്ചിട്ടുള്ളതായി തോന്നുന്നില്ല. അദ്ദേഹത്തിന്റെ രണ്ടാമത്തെ തെറ്റ്, ലോകത്തെ തുളച്ചിറങ്ങി ദൈവത്തിലേക്കു ചെല്ലുന്നതാണു പ്രാർത്ഥനയെന്ന നിർവചനം പാരമ്പര്യപ്രകാരമുള്ള പ്രാർത്ഥനാനിർവചനത്തിൽനിന്നു വിഭിന്നമല്ലെന്നത് അദ്ദേഹം ഗ്രഹിച്ചിട്ടില്ലെന്നുള്ളതാണ്. പ്രാർത്ഥനയിൽക്കൂടി ദൈവത്തെ സമീപിച്ചിട്ടുള്ള എല്ലാ ക്രൈസ്തവ മിസ്റ്റിക്കുകളും സഹജീവികളുമായി സമ്പൂർണമായി സഹതപിക്കുകയും അവരുമായി താദാത്മ്യം നേടുകയും ചെയ്തിട്ടുണ്ടെന്നു കാണാൻ വിഷമമില്ല. ആറാം ശതകത്തിൽ സിറിയാക്കാരനായ വി. ഇസഹാക്ക് എന്ന സന്യാസി എഴുതിയിരുന്നതു നോക്കുക:

'സഹാനുഭൂതി നിറഞ്ഞ ഹൃദയമെന്നു പറഞ്ഞാലെന്താണ്? സമസ്ത സൃഷ്ടിയോടും ഓരോ ഭൂതത്തോടും മൃഗത്തോടും പക്ഷിയോടും മനുഷ്യനോടുമുള്ള സഹാനുഭൂതികൊണ്ടു ജ്വലിക്കുന്ന ഹൃദയം തന്നെയാണത്. സൃഷ്ടികളെ കാണുകയും ഓർക്കുകയും ചെയ്യുമ്പോൾ കണ്ണുകൾ നിറയുന്നു. സഹാനുഭൂതിയുള്ളയാൾ അവയ്ക്കുവേണ്ടി നിത്യവും പ്രാർത്ഥന അർപ്പിക്കുന്നു. എല്ലാ സത്യവിരോധികൾക്കുവേണ്ടിയും തനിക്കു ദ്രോഹം ചെയ്യുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. അവർക്കു സംരക്ഷണവും പൊറുതിയും ലഭിക്കാനിടയാകട്ടെയെന്നാണു പ്രാർത്ഥന.'

ലോകത്തെക്കൂടാതെ നാമെങ്ങനെ മനുഷ്യരാകും. സഹജീവികളും ഭക്ഷണപാനീയങ്ങളുമില്ലാതെ യാതൊരു ശിശുവിനും വളരുവാൻ സാധ്യമല്ലല്ലോ? ലോകമെന്ന അസംസ്കൃത സാധനം കൊണ്ടാണു നമ്മെ തീർത്തിരിക്കുന്നത്, അതിനു വേറെ തെളിവു വേണ്ട. ലോകത്തെ പരിത്യജിക്കണമെന്നു പിതാക്കന്മാർ പറയുമ്പോൾ നാം അസംസ്കൃത സാധനവുമായി എല്ലാ ബന്ധവും വേർപെടുത്തണമെന്ന് അവർ അർത്ഥമാക്കുന്നില്ല. ലൗകികത്തിൽപ്പെട്ട മൂന്നു വസ്തുക്കളിലുള്ള അഭിലാഷത്തെയാണു ലോകത്തോടുള്ള സ്നേഹമായി വിശുദ്ധ യോഹന്നാൻ നിർവചിക്കുന്നത്.

എന്തൊക്കെയാണവ? ജഡമോഹം, കൺമോഹം, ജീവനത്തിന്റെ ഗർവ് എന്നിവയാണവ. ഇവയാണു ദൈവസ്നേഹത്തിനു വിരുദ്ധമായത്. 'ലോകത്തെയും അതിലുള്ളവയെയും സ്നേഹിക്കാതിരിക്കുക, എന്തെന്നാൽ അവയെ സ്നേഹിക്കുന്നവനിൽ പിതാവിനോടുള്ള സ്നേഹമില്ല.' ലോകത്തിനു പ്രായപൂർത്തിയായെങ്കിലും ഇപ്പോഴും ദൈവസ്നേഹത്തിനു വിപരീതമാണു മുൻ സൂചിപ്പിച്ച ലോകസ്നേഹം. പ്രത്യക്ഷത്തിൽ ലോകത്തെ രണ്ടു വിധത്തിൽ സ്നേഹിക്കാവുന്നതാണ്. ഒന്ന്, വി. യോഹന്നാന്റെ സുവിശേഷം 3:16 – ൽ കാണുന്ന വിധത്തിൽ. ആ ഭാഗത്ത് ഇങ്ങനെയാണു നമ്മെ ഉദ്ബോധിപ്പിച്ചിരിക്കുന്നത്: 'തന്റെ ഏകജാതനായ പുത്രനെ ദാനം ചെയ്യത്തക്കവിധം ദൈവം ലോകത്തെ സ്നേഹിച്ചു' എന്ന്. അങ്ങനെയുള്ള ലോകസ്നേഹം ഇപ്പോഴും വിലയുള്ളതും ദൈവസ്നേഹത്തിന്റെ അവിഭാജ്യഘടകവുമാകുന്നു. അങ്ങനെയുള്ള സ്നേഹത്തെ വെടിഞ്ഞ് ആർക്കും വിശുദ്ധനാവാൻ സാധ്യമല്ല. ദൈവത്തിൽ കാണുന്ന വിധത്തിലുള്ള ആഗാധമായ ലോകസ്നേഹത്തെ നാം പരിത്യജിക്കണമെന്നു സഭയുടെ വിശുദ്ധന്മാരും ഒരിക്കലും പ്രബോധിപ്പിച്ചിട്ടില്ല.

എന്നാൽ മറ്റെ വിധത്തിലുള്ള ലോകസ്നേഹത്തെ അപ്പോസ്തലന്മാരും ക്രിസ്തു തന്നെയും തികച്ചും നിരുത്സാഹപ്പെടുത്തിയിരുന്നു. അതായതു ജഡാഭിലാഷ സമ്പൂർത്തിക്കായുള്ള ദാഹം; അതെപ്പോഴും വഞ്ചിക്കുക തന്നെ ചെയ്യും. ധനദാഹം, ജീവിതത്തിന്റെ അർത്ഥത്തെത്തന്നെ വികലമാക്കുന്ന അധികാരശക്തിക്കും പ്രതാപത്തിനും വേണ്ടിയുള്ള ദാഹം എന്നിങ്ങനെയുള്ള മൂന്നു മൗലികാഭിലാഷങ്ങളിൽക്കൂടി പ്രകാശിക്കപ്പെടുന്ന ലോകമാണിത്. ഇത് എത്രമാത്രം വഞ്ചനാത്മകമാണെന്ന് പ്രായപൂർത്തിയായ ലോകത്തിനറിയാം. നഗ്നമായ അധികാരലബ്ധിയോ നഗ്നമായ കാമമോ പരമമായ സംതൃപ്തി നൽകയില്ലെന്ന് നവീന നൈഷിയന്മാരും[2] ലോറൻസു ഭക്തന്മാരും[3] സമ്മതിക്കാനൊരുക്കമാണ് (എന്നാൽ അവ ലഭിക്കയെന്നതിനപ്പുറം മനുഷ്യനൊന്നും നേടാനാവില്ലെന്ന് അവർ വാദിച്ചെന്നു വന്നേക്കാം).

പ്രാർത്ഥനയെക്കുറിച്ച് നൽകുന്ന പരമ്പരാഗതമായ ബോധനത്തിൽ രണ്ടാമത്തെ വകുപ്പിൽപ്പെട്ട ലോകസ്നേഹത്തെ വർജിക്കാനല്ലാതെ ആദ്യത്തെ വകുപ്പിൽപെട്ട ലോകസ്നേഹത്തെ ഉപേക്ഷിക്കണമെന്ന് പറയുന്നില്ല. രണ്ടാമത്തെ വകുപ്പിൽപ്പെട്ട സ്നേഹത്തെ ഉപേക്ഷിക്കാതെ യാതൊരു ആധുനികമനുഷ്യനും ലോകത്തിൽക്കൂടി ദൈവത്തിലെത്തുന്നതിനോ ലോകത്തിൽ ദൈവത്തെ അന്വേഷിക്കുന്നതിനോ സാധിക്കയില്ല.

ആധുനിക മനുഷ്യന് ഇന്ന് പ്രാർത്ഥിക്കാൻ അനുഭവപ്പെടുന്ന അശക്തി തികച്ചും നൂതനമായ ഒരു പ്രതിഭാസമല്ല. വി. യാക്കോബ് എത്ര പരുഷമായി ഇത് ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നുള്ളത് നോക്കുക: 'നിങ്ങൾ യാചിക്കുന്നു, നിങ്ങൾക്കു ലഭിക്കുന്നില്ല. എന്തെന്നാൽ നിങ്ങൾ പ്രാർത്ഥിക്കുന്നത് തലതിരിഞ്ഞ രീതിയിലാണ്. നിങ്ങൾക്കു യഥേഷ്ടം ഭോഗിക്കാനുള്ള സൗകര്യത്തിനായാണ് നിങ്ങൾ പ്രാർത്ഥിക്കുന്നത്.' പുരാതനകാലം

മുതൽക്കേ പ്രാർത്ഥനയെന്നാൽ സ്വന്തം ആവശ്യത്തിനുവേണ്ടി ദൈവത്തിൽ നിന്ന് ആനുകൂല്യം യാചിക്കുകയെന്നാണ് മനുഷ്യർ മനസ്സിലാക്കി വന്നത്. ആവശ്യപ്പെടുന്നത് ദൈവം നൽകാതിരിക്കുമ്പോൾ പ്രാർത്ഥന നിഷ്പ്രയോജനമാണെന്നു നാം വിധിക്കുന്നു. വീണ്ടെടുക്കപ്പെട്ട മനുഷ്യന്റെ രാജകീയമായ പൗരോഹിത്യത്തിന്റെ അവകാശമാണ് പ്രാർത്ഥനയെന്ന് വിശദമാക്കട്ടെ. ലോകമോഹത്തെ പരിത്യജിച്ചതിനുശേഷം മാത്രമേ ആധുനിക മനുഷ്യനോ പൗരാണിക മനുഷ്യനോ പ്രാർത്ഥനയെന്തെന്ന് ഗ്രഹിച്ചിട്ടുള്ളൂ.

ഈ ലഘുഗ്രന്ഥത്തിന്റെ പ്രമേയത്തെ സംഗ്രഹിച്ചു പറയട്ടെ. ക്രൈസ്തവനെ മറ്റുള്ളവരിൽനിന്നു യഥാർത്ഥത്തിൽ മാറ്റിനിർത്തുന്നതു പ്രാർത്ഥിക്കാൻ അവനുള്ള ശക്തിയും സാധ്യതയുമാകുന്നു. പ്രാർത്ഥനയില്ലാതെ യാതൊരാൾക്കും പക്വത പ്രാപിച്ച ക്രൈസ്തവനാകാനോ, തികഞ്ഞ മാനവനാകാനോ സാധ്യമല്ല. സ്വതന്ത്ര്യത്തിന്റെ ആഹ്ലാദമാണ് പ്രാർത്ഥന. അതാണ് ദൈവസുതന്മാരുടെ സവിശേഷ സ്വഭാവം.

ഭക്തനായ ഒരു പ്രസംഗകന്റെ വെറും വാഗാടോപമാണോ ഇത്. ഒരു പക്ഷേ, ആയിരിക്കാം. എങ്കിലും മേൽപ്പറഞ്ഞതിനെ കുറെക്കൂടി വിശദീകരിക്കേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെ പ്രഹർഷമെന്നാൽ സ്വാതന്ത്ര്യദീപ്തിയെന്നാൽ എന്താണർത്ഥമാക്കുന്നതെന്ന് ചോദിക്കാം. എന്താണ് സ്വാതന്ത്ര്യം? സ്വാതന്ത്ര്യമെന്ന പദം പോലെ ക്രിസ്തീയ ചിന്തയിൽ ഇത്രമേൽ കുഴപ്പം സൃഷ്ടിച്ചിട്ടുള്ള പദങ്ങൾ വേറെയില്ലെന്ന് പറയാം. പാശ്ചാത്യവേദശാസ്ത്രത്തിൽ വന്നുചേർന്നിട്ടുള്ള എല്ലാ വ്യതിയാനങ്ങൾക്കും ഭേദഗതികൾക്കും ഹേതുഭൂതൻ പാശ്ചാത്യ ചിന്താലോകത്തിലെ അപ്രതിമ പ്രതിഭാശാലിയാകുന്ന വി. അഗസ്റ്റിനാകുന്നു. എന്നാൽ നിസർഗ സ്വാതന്ത്ര്യത്തിന് പാശ്ചാത്യ മതചിന്തയിൽ വേണ്ടത്ര മൂല്യം ലഭിക്കാതെ പോയത് അദ്ദേഹം മൂലമാണെന്നും പറയേണ്ടിയിരിക്കുന്നു. രണ്ടു വിധത്തിലുള്ള സ്വാതന്ത്ര്യമുണ്ടെന്ന് വി. അഗസ്റ്റിൻ ചൂണ്ടിക്കാണിക്കുന്നു: 'ലിബർട്ടാസ് മേജർ', 'ലിബർട്ടാസ് മൈനർ' എന്നിങ്ങനെ. 'ലിബർട്ടാസ് മേജർ' നന്മതിന്മകളിലേതെങ്കിലുമൊന്നിനെ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമാകുന്നു. 'ലിബർട്ടാസ് മൈനർ' ദൈവത്തിന്റെ മാറിടത്തിൽ തിന്മയുടെ ശക്തിയിൽ നിന്നു നേടുന്ന സ്വാതന്ത്ര്യമാകുന്നു. വി. അഗസ്റ്റിൻ തെരഞ്ഞെടുത്തത് രണ്ടാമത്തെ സ്വാതന്ത്ര്യമാണ്. ആദ്യത്തെ സ്വാതന്ത്ര്യത്തെ അദ്ദേഹം എതിർത്തു. ആവശ്യമായത് രണ്ടാമത്തെ സ്വാതന്ത്ര്യമാണെന്നാണ് അദ്ദേഹത്തിന്റെ ജീവിതം തെളിയിച്ചത്. ആരംഭത്തിൽ അദ്ദേഹത്തെ വഴിതെറ്റിച്ചത് ആദ്യത്തെ സ്വാതന്ത്ര്യമായിരുന്നു. ആദ്യത്തേതിനെ അദ്ദേഹം എതിർത്തത് അതുകൊണ്ടാണ്.

എന്നാൽ തെരഞ്ഞെടുക്കുന്നതിനുള്ള ശക്തിയിലോ ആന്തരികവും ബാഹ്യവുമായ പ്രേരണയിൽ നിന്നുള്ള മുക്തിയിലോ അല്ല സ്വാതന്ത്ര്യത്തിന്റെ സത്ത. ഇവ സ്വാതന്ത്ര്യത്തിന്റെ സുപ്രധാന വശങ്ങളാകാമെന്നേ ഉള്ളൂ. ആദ്ധ്യാത്മിക സർഗശക്തിയാണ് സ്വാതന്ത്ര്യത്തിന്റെ സത്ത. ഹേതു

ശൃംഖലയുടെ ജനയിതാവാകുന്നതിലാണ്, അതായത് ഹേതുവില്ലാത്ത ഹേതുവാകുന്നതിലാണ് അതിന്റെ സാക്ഷാത്ക്കാരം. തെരഞ്ഞെടുക്കുക യെന്നാലർത്ഥമെന്താണ്? തെരഞ്ഞെടുപ്പു സാർത്ഥകമാവണമെങ്കിൽ തെര ഞ്ഞെടുത്തതിനെ സാക്ഷാത്ക്കരിക്കുവാൻ സാധിക്കണം. ഒരുദാഹരണം നോക്കുക, നിങ്ങളേതാണ് തെരഞ്ഞെടുക്കുക, കോടീശ്വരനാവുന്നതിനോ, പരമദരിദ്രനായിത്തീരുന്നതിനോ? നിങ്ങൾ തെരഞ്ഞെടുക്കുന്നതു നിങ്ങൾ കോടീശ്വരനാവണമെന്നായിരിക്കാം. എന്നാൽ ആ തെരഞ്ഞെടുപ്പ്, സാക്ഷാത്ക്കരിക്കാനുള്ള ശക്തി നിങ്ങൾക്കില്ലെങ്കിൽ നിങ്ങൾ നടത്തിയ തെരഞ്ഞെടുപ്പിനു യാതൊരു അർത്ഥവുമില്ല.

പുരാതന സമൂഹങ്ങളിലെന്നതിനേക്കാൾ മനുഷ്യനിന്നു സ്വതന്ത്ര നാണ്. തെരഞ്ഞെടുക്കുവാൻ അവനിന്ന് വമ്പിച്ച സാദ്ധ്യതകളുണ്ട്. തെര ഞ്ഞെടുപ്പു സാക്ഷാത്ക്കരിക്കാനുള്ള അവന്റെ ശക്തിയും വർദ്ധിച്ചിരി ക്കുന്നു. എന്നാൽ സ്നേഹത്തിലേക്കും ജ്ഞാനത്തിലേക്കും പ്രവേശനം നേടിയെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ സ്വാതന്ത്ര്യം അവന്റെ വളർച്ചയെ സഹായിക്കുന്നതിനു പകരം അവനെ നശിപ്പിക്കയായിരിക്കും ചെയ്യുന്നത്. തെരഞ്ഞെടുക്കാനുള്ള കഴിവും, തെരഞ്ഞെടുക്കുന്നത് സാക്ഷാത്ക്കരി ക്കാനുള്ള ശക്തിയുമാണ് സ്വാതന്ത്ര്യം.

നമുക്ക് നിയന്ത്രിക്കാനാവാത്ത ശക്തികളുടെ കളിപ്പാവയല്ലാതായിത്തീ രുകയെന്നതാണ് സ്വാതന്ത്ര്യം. സ്വതന്ത്ര മാനവസമുദായമെന്നാൽ സ്വന്തം ഭാഗധേയത്തെ തെരഞ്ഞെടുക്കുന്നതും, അതിനെ ലക്ഷ്യമാക്കി അനു സ്യൂതം യത്നിക്കുന്നതും, അതിനെ കരുപ്പിടിപ്പിക്കുന്നതുമായ മാനവസ മുദായമാകുന്നു. ബാഹ്യശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന സമുദായ ത്തെയോ നിർബന്ധപൂർവമായ ആന്തരിക പ്രേരണകളാൽ മാത്രം നിയ ന്ത്രിക്കപ്പെടുന്ന സമുദായത്തെയോ യാതൊരുവിധത്തിലും സ്വതന്ത്രമെന്ന് വിശേഷിപ്പിച്ചുകൂടാ.

യഥാർത്ഥത്തിൽ സർവത്ര നിരപേക്ഷവും സ്വതന്ത്രവുമായിട്ടുള്ളതു ദൈവം മാത്രമാകുന്നു. അവിടുന്നു മാത്രമാകുന്നു ബാഹ്യസംവിധാനശ ക്തികളിൽനിന്നും നിർബന്ധപൂർവകമായ ആന്തരികപ്രേരണകളിൽ നിന്നും സമ്പൂർണ്ണമായും സ്വതന്ത്രനായിട്ടുള്ളത്. അവിടുത്തേക്കു മാത്രമേ 'അങ്ങനെയാകട്ടെ' എന്നു കൽപിക്കുന്ന നിമിഷം എന്തും 'അങ്ങനെ'യാ ക്കിത്തീർക്കുവാൻ സാധിക്കുകയുള്ളൂ. അവിടുത്തേക്കു ഹേതുവില്ല. അവി ടുന്നു മാത്രമാണ് ഹേതുവില്ലാത്ത ഹേതു. സൃഷ്ടിയെന്ന നിലയിൽ മനു ഷ്യൻ സമ്പൂർണ്ണമായും ദൈവത്താൽ നിർമ്മിതനാകുന്നതിനാൽ അവൻ സ്വതന്ത്രനാവാൻ സാധ്യമല്ലെന്നു തോന്നാം. എന്നാൽ അതുതന്നെയാ കുന്നു മനുഷ്യനെ സംബന്ധിച്ചുള്ള 'ദ്വിസ്വഭാവം.' അവൻ സൃഷ്ടിയാണ്. അതേസമയം സ്രഷ്ടാവുമാകുന്നു, എന്തെന്നാൽ സ്രഷ്ടാവ് മനുഷ്യനെ സൃഷ്ടിച്ചത് സ്വന്തം സാദൃശ്യത്തിലാണ്. മനുഷ്യനെ മനുഷ്യനാക്കുന്നതും മൃഗങ്ങളിൽനിന്നും വേർതിരിച്ചു നിർത്തുന്നതും ഈ ദൈവസാദൃശ്യമാ കുന്നു. മനുഷ്യസ്വഭാവത്തിന്റെ അഗാധതയിലുള്ളത് മനുഷ്യന്റെ പാപ മല്ല, സ്വാതന്ത്ര്യമാണ്. ആഴത്തിൽ മനുഷ്യൻ സ്വതന്ത്രനത്രേ. ആഴത്തിൽ

അവൻ തന്റെ സ്വാതന്ത്ര്യത്തിന്റെ ഉറവിടത്തെ, സ്രഷ്ടാവായ ദൈവത്തെ കണ്ടെത്തുന്നു. ഇതുകൊണ്ട് നമ്മുടെ അസ്തിത്വത്തിന്റെ അടിസ്ഥാനമോ, പരമമായ അഗാധതയോ മാത്രമാണ് ദൈവമെന്നു ധരിച്ചുകൂടാ. മനുഷ്യാസ്തിത്വത്തിന്റെ ആധാരമായിരിക്കുന്നതിനും ദൈവത്തിനു കഴിയുന്നുവെന്നു വേണം മനസ്സിലാക്കേണ്ടത്. താഴെ നൽകുന്ന വിവരണം ഒരുപക്ഷേ, കുറേക്കൂടി ശരിയായിരിക്കാം. ദൈവം സ്വാതന്ത്ര്യമാകുന്നു. അവിടുത്തെ സാദൃശ്യത്തിൽ ആണ് നമ്മെ അവിടുന്ന് സൃഷ്ടിച്ചിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ അഗാധത്തിൽ നമുക്ക് സ്വാതന്ത്ര്യം കണ്ടെത്താൻ കഴിയുന്നു. അഗാധത്തിൽ ജ്ഞാനത്തേയും സ്നേഹത്തേയും കൂടി ഈ സ്വാതന്ത്ര്യം കണ്ടെത്തുമ്പോഴാണ് ഇതിനെ ദൈവസന്നിധാനത്തിലേക്കു കടന്നുചെല്ലാനുള്ള സ്വാതന്ത്ര്യമായി നാം അനുഭവിക്കുന്നത്. ഇതാണ് ആഹ്ലാദം; പുത്രസ്ഥാനത്തേയ്ക്ക് ദത്തെടുക്കപ്പെടുകയെന്നാൽ ഇതാണ്. ഇവിടെയാണ് പ്രാർത്ഥന അഭിജ്ഞമായി തീരുന്നത്.

എന്നാൽ അഗാധതയിലേക്കുള്ള വഴി ഒറ്റയ്ക്കു മാറിനിന്ന് ഒരിക്കലും കണ്ടെത്താവുന്നതല്ല. മറ്റു മനുഷ്യഹൃദയങ്ങളുടെ അഗാധതയിൽക്കൂടിയാണ് ആ പാത നീങ്ങുന്നത്. ഏതോസ് ദ്വീപിലെ മിണ്ടാമുനികളുടെ ഏകാഗ്രമായ 'നാഭിനോട്ടം' പോലും സ്വയം വേറിട്ടു നിന്ന് ആഴങ്ങളിൽ ദൈവത്തെ കണ്ടെത്താനുള്ള ശ്രമമായിരുന്നില്ല. സ്നേഹവും ജ്ഞാനവും സ്വാതന്ത്ര്യവുമെല്ലാം പാലിക്കപ്പെടുന്നത് സമൂഹത്തിലാണ്. അവ പകർത്തപ്പെടുന്നതും അങ്ങോട്ടേയ്ക്കു തന്നെ. പരിശുദ്ധ റൂഹായാൽ രമ്യപ്പെടുത്തപ്പെട്ട സമൂഹം ദൈവത്തെ അവിടുത്തെ മഹാ കാരുണ്യത്താൽ കണ്ടെത്തുകയും, സ്നേഹപൂർവകമായ സമർപ്പണത്തിലും കുരിശിൽ ക്രിസ്തു നടത്തിയ ബലിയോടുള്ള താദാത്മ്യത്തിലും കൂടി ആത്മയാഗം അനുഷ്ഠിക്കയും ചെയ്യുമ്പോഴാണ് സമൂഹത്തിലുള്ള മനുഷ്യൻ സ്വാതന്ത്ര്യ പ്രഹർഷം അനുഭവിക്കുന്നത്.

ദിവ്യബലിയിൽക്കൂടി ദൈവവുമായി പുലർത്തുന്ന സമ്പർക്കമാണ് മനുഷ്യനെ നിസർഗമാനവനാക്കുന്നത്. ഇവിടെയാണ് മനുഷ്യൻ അവനെ അലട്ടുന്ന അതിഭീകരമായ ആ വൈരുദ്ധ്യത്തിൽനിന്നും – പരിശുദ്ധനായ ദൈവത്തെ സമീപിച്ചാലും സമീപിക്കാതിരുന്നാലും മരിക്കുമെന്ന വൈരുദ്ധ്യത്തിൽനിന്നും – മോചനം അനുഭവിക്കുന്നത്. ദൈവസുതന്മാരെന്ന അനുഭവം സഭയ്ക്ക് ലഭിക്കുന്നുവെന്നാണ് വിശുദ്ധ റൂഹായാൽ ക്രിസ്തുവുമായി സംയോജിക്കപ്പെട്ട സമൂഹത്തിന്റെ അപ്പവീഞ്ഞുകളിൽക്കൂടിയുള്ള ദിവ്യബലി വ്യക്തമാക്കുന്നത്. ദിവ്യബലി അർപ്പിക്കുന്നത് കോപിഷ്ഠനായ ദൈവത്തിന്റെ ക്രോധം ശമിപ്പിക്കുന്നതിനോ നമുക്കായി എന്തെങ്കിലും ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനോ വേണ്ടിയല്ല. ഇത് സൃഷ്ടിക്ക് സ്രഷ്ടാവിനോടുള്ള സ്നേഹത്തിന്റെ പ്രതികരണമാണ്. ഇത് മറ്റേതെങ്കിലും കാര്യത്തിന് സഹായകമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. സാക്ഷാൽ മനുഷ്യനെന്നു പറയാവുന്ന ഏക മനുഷ്യൻ ദൈവപുത്രൻ മാത്രമാകുന്നു. അവിടുത്തെ എന്നേക്കുമായുള്ള മഹായാഗത്താൽ സാധ്യമായിത്തീർന്നിരിക്കുന്ന തികച്ചും മാനുഷികമായ കർമ്മമാണിത്.

മഹാപുരോഹിതനായ ക്രിസ്തു പിതാവായ ദൈവത്തിന് മുമ്പിൽ സമസ്ത സൃഷ്ടിക്കുംവേണ്ടി നടത്തുന്ന അനന്തമായ ശുശ്രൂഷയും സഭയിലുള്ള വിശുദ്ധ റൂഹായുടെ സാന്നിദ്ധ്യവും മൂലമാണ് പ്രാർത്ഥനയെന്ന ഈ മപാപുരോഹിതോചിത കർമത്തിൽ ഭാഗഭാക്കാകാൻ നമുക്ക് കഴിയുന്നത്. കൂടുതൽ കൂടുതൽ ഭാഗഭാഗിത്വം സാധ്യമാകുന്നതോടുകൂടി കൂടുതൽ കുടുതലായി നാം ദൈവസാദൃശ്യത്തിനോട് അടുക്കുന്നു. ആധുനിക മനുഷ്യൻ അന്തരാ അത്യധികം ദാഹിക്കുന്നത് ഈ സ്വാതന്ത്ര്യ പ്രഹർഷത്തിനുപരി മറ്റൊന്നിനും വേണ്ടിയല്ല. മനുഷ്യന്റെ എല്ലാ ജീവിതവൃത്തികളും ഈ ആനന്ദത്തെയും സ്വാതന്ത്ര്യത്തെയും ഉന്മുഖമാക്കിയാണ് നീങ്ങുന്നത്. എന്നാൽ അവൻ ആനന്ദത്തിനു പകരം സുഖത്തെയും യഥാർത്ഥ സ്വാതന്ത്ര്യത്തിനു പകരം അച്ചടക്കത്തിൽ നിന്നുള്ള മോചനത്തെയും തേടിപ്പോകുന്നു. സുഖം വെറുതെ കയ്യിലിരുന്നു പൊടിഞ്ഞു ദുസ്സഹമായ വിരസതയെന്ന ചാമ്പലായിത്തീരുന്നു. നേടിയെടുത്ത മോചനമാകട്ടെ ഏകാന്തതയുടെയും കുറ്റബോധത്തിന്റെയും കടുത്ത ഭാരമായും അനുഭവപ്പെടുന്നു.

ആരാധനയോടും പ്രാർത്ഥനയോടും അഭേദ്യമായി ബന്ധപ്പെട്ട രണ്ടു ഘടകങ്ങൾ സ്വാതന്ത്ര്യപ്രഹർഷത്തിൽ അടങ്ങിയിരിക്കുന്നതായി കാണാം.

(എ) യേശുക്രിസ്തുവിൽകൂടി ദൈവം വർഷിച്ചതായ കാരുണ്യം പാപത്തിന്റെ വിഘ്നമില്ലാതെ പരിശുദ്ധാത്മാവിൽകൂടി, പിതാവിന്റെ സന്നിധാനത്തിലേക്കുള്ള സ്വതന്ത്രമായ പ്രവേശനം നമുക്ക് നല്കിയിരിക്കുന്നു. പ്രവേശിക്കാനുള്ള ഈ ധൈര്യമാണ് സ്വാതന്ത്ര്യത്തിന്റെ ആദ്യത്തെ ഘടകം. ഉദാഹരണമായി ഇത് 'ലണ്ടൻ നഗരത്തിന്റെ സ്വാതന്ത്ര്യം' പോലെയാകുന്നു.[4] ദൈവദൂതന്മാരുടെ സ്വാതന്ത്ര്യം ഒന്നാമതായി ദിവ്യബലിയുടെ ആരാധനയിലും സ്വകാര്യപ്രാർത്ഥനയിലും കൂടി ക്രിസ്തുവിൽ മുഖാമുഖമായിരുന്ന് ദൈവവുമായി ഹൃദ്യസംയോഗം പ്രാപിക്കുവാൻ അവർക്കുള്ള സാധ്യതയാണ്. ഉണ്ടായേക്കാവുന്ന ന്യായവിധിയെപ്പറ്റിയുള്ള ഉത്കണ്ഠയിൽ നിന്നും കുറ്റബോധത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദം നിറഞ്ഞ അനുഭവമാണിത്.

(ബി) രണ്ടാമതായി സ്വാതന്ത്ര്യപ്രഹർഷം അടങ്ങിയിരിക്കുന്നത് പ്രപഞ്ചത്തിന്റെ അനുസ്യൂത സൃഷ്ടിയിൽ ദൈവവുമായി പങ്കുകൊള്ളാനുള്ള സ്വാതന്ത്ര്യത്തിലാണ്. പ്രാർത്ഥനയിൽകൂടി വ്യക്തിപരവും സാമുദായികവുമായ ചരിത്രത്തിന്റെ ഗതി എങ്ങോട്ടായിരിക്കണമെന്ന ബോധം ദൈവത്തിൽനിന്നും നമുക്കു ലഭിക്കുന്നു. സർഗാത്മകമായ വിധത്തിൽ വിശുദ്ധറൂഹാ നിയന്ത്രിക്കുന്ന നമ്മുടെ ആഗ്രഹങ്ങളെ സൃഷ്ടിക്ക് നല്കിയിട്ടുള്ള സ്വാതന്ത്ര്യത്തിന്റെ പ്രകാശനമെന്ന നിലയിൽ ദൈവം പലപ്പോഴും അംഗീകരിച്ചെന്നു വരാം. പലപ്പോഴും ദൈവം അവയെ തിരുത്തിയെന്നു വരാം. ചിലപ്പോൾ അവയെ പാടെ തള്ളിക്കളഞ്ഞേക്കാം. സഭയിലുള്ള പരിശുദ്ധ റൂഹായുടെ അനുസ്യൂതമായ വ്യാപാരത്തിൽക്കൂടിയും, ജ്ഞാനസമ്പന്നവും സ്നേഹനിർഭരവുമായ ദൈവഹിതവുമായുള്ള സംവാദത്തിൽക്കൂടിയുമാണ് മനുഷ്യന്റെ ബോധങ്ങളും ആഗ്രഹങ്ങളും വളരേണ്ടത്.

ദൈവത്തിന്റെ ജ്ഞാനസ്നേഹങ്ങളോടു പുലർത്തുന്ന ഈ സംവാദമാണ് കല, ശാസ്ത്രം, സാഹിത്യം, സാങ്കേതികശാസ്ത്രം, രാഷ്ട്രതന്ത്രം, സാമ്പത്തികശാസ്ത്രം, ബോധനം, ചികിത്സാശാസ്ത്രം എന്നിവയെല്ലാം യഥാർത്ഥത്തിൽ രചനാത്മകമാക്കുന്നത്. യുഗാരംഭം മുതല്ക്കേ സൃഷ്ടിയിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാരൂപിയിൽക്കൂടി സത്യത്തിന്റെ ആഴങ്ങളുമായി സ്വയമറിയാതെ സംയോഗത്തിലേർപ്പെട്ടിട്ടുള്ള അക്രൈസ്തവരുടെയും നിരീശ്വരന്മാരുടെയും ഇടയിലും ഇത് സംഭവിക്കുന്നുണ്ട്. ക്രിസ്ത്യാനിക്ക് ദൈവവുമായി ബോധപൂർവകമായ സംയോഗത്തിലേർപ്പെടാൻ സാധിക്കണം. സർഗാത്മകരചന, ക്രിസ്തേതരർ നടത്തുന്നതാണെങ്കിൽത്തന്നെയും ദൈവദൂതന്മാർക്ക് ലഭിക്കുന്ന സ്വാതന്ത്ര്യപ്രഹർഷത്തിന്റെ സ്വാദെന്തെന്നു സൂചിപ്പിക്കുന്നുണ്ട്. എന്നാൽ അനേകം ക്രൈസ്തവർ ബന്ധനത്തിന്റെ നുകവും നിർജീവാവസ്ഥയുടെ വിരസതയും കൂടുതലിഷ്ടപ്പെടുകയും സൃഷ്ടിക്കാനോ പ്രാർത്ഥിക്കാനോ പഠിക്കാതിരിക്കയും ചെയ്യുന്നു.

കുറ്റബോധവും ഉൽക്കണ്ഠയും ഇല്ലാതാക്കുകയും ദൈവത്തിന്റെ സ്നേഹം നിറഞ്ഞ സന്നിധാനത്തിലേക്ക് നമുക്ക് ആത്മധൈര്യവും ആനന്ദവും നിറഞ്ഞ പ്രവേശനം നൽകുകയും, ദൈവമഹത്വത്തിനനുസരിച്ചു ലോകത്തെ കരുപ്പിടിപ്പിക്കാനുള്ള സർഗാത്മക സ്വാതന്ത്ര്യം നമ്മിൽ ഉളവാക്കുകയും ചെയ്യുന്നത് ക്രിസ്തുവിൽ ജീവിക്കാവുന്നവിധം ക്രിസ്തുവിന്റെ ശരീരത്തിലേക്കു നമ്മെ ഉൾപ്പെടുത്തുന്ന പരിശുദ്ധാത്മാവിന്റെ സ്വാതന്ത്ര്യമാണ്.

എന്നാൽ നാം പ്രാർത്ഥിക്കുവാൻ പഠിക്കുന്നത് എങ്ങനെയാണ്? നാമെന്തിനെയാണ് പ്രാർത്ഥിക്കുന്നത്. ഗുരുവിന്റെ ശക്തിയുടെ നല്ലൊരംശം അവിടുത്തെ പ്രാർത്ഥനാജീവിതത്തിലാണെന്ന് ശിഷ്യന്മാർ വേഗത്തിൽ മനസ്സിലാക്കുന്നു. അനന്തരം, ഈ ശക്തിയിൽ പങ്കുകൊള്ളുവാനാശിച്ച് അവിടുത്തെ അടുത്തുചെന്ന് അവർ അപേക്ഷിച്ചു, 'ഗുരോ, പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ' എന്ന്. അവിടുന്ന് അവരെ പഠിപ്പിച്ച പ്രാർത്ഥന നമ്മുടെ ഒന്നാമത്തെ ചോദ്യത്തിനെന്നതിനേക്കാൾ രണ്ടാമത്തെ ചോദ്യത്തിനാണുത്തരം നൽകുന്നത്. ഗുരു പഠിപ്പിച്ച പ്രാർത്ഥന, പ്രാർത്ഥനയുടെ സങ്കേതത്തെയല്ല, ഉള്ളടക്കത്തെയാണ് വിശദമാക്കുന്നത്. എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്നല്ല, എന്താണ് അർത്ഥിക്കുന്നതെന്നാണ് ഗുരു കൂടുതലായും വ്യക്തമാക്കുന്നത്.

ആധുനിക മനുഷ്യന് നൂതന സങ്കേതങ്ങൾ ഇത്രയധികമുണ്ടായിരുന്നിട്ടും തികച്ചും മാനുഷികവും നിസർഗവുമായ പ്രാർത്ഥനയുടെ സങ്കേതം നഷ്ടപ്പെട്ടെന്നു തോന്നിപ്പോകുന്നു. ആ സങ്കേതമെന്തെന്നു പഠിപ്പിക്കുവാൻ യാതൊരു ഗ്രന്ഥത്തിനും സാധ്യമല്ല. സ്വയം വായിച്ച് പഠിക്കത്തക്കവിധം ലളിതമായി പ്രാർത്ഥനയെക്കുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥപരമ്പരയില്ല. പ്രാർത്ഥനാ സമൂഹത്തിൽ പ്രാർത്ഥനാ ഗുരുവിന് മാത്രമേ, മറ്റുള്ളവരെ ആ സങ്കേതം പഠിപ്പിക്കുവാൻ സാധിക്കയുള്ളു. ഈ ഗ്രന്ഥത്തിലും ആ സങ്കേതമെന്തെന്നു ചർച്ച ചെയ്യാനുദ്ദേശിക്കുന്നില്ല. എന്നാൽ ഒരു

കാര്യം വ്യക്തമായും ധരിക്കണം. പ്രാർത്ഥനയുടെ ഉള്ളടക്കത്തിൽ നിന്നും വ്യത്യസ്തമായിരിക്കയില്ല പ്രാർത്ഥനയുടെ സങ്കേതം. പ്രാർത്ഥനാസങ്കേതത്തെക്കുറിച്ചും പ്രാർത്ഥനയുടെ ഉള്ളടക്കത്തെക്കുറിച്ചും കർത്തൃപ്രാർത്ഥന വ്യക്തമായ സൂചനകൾ നൽകുന്നു.

### (എ) ബന്ധത്തിന്റെ ദാർഢ്യം

'സ്വർഗത്തിലുള്ള ഞങ്ങളുടെ പിതാവേ' (അരാമിയാക്കിൽ ആബൂൻ ഒബെഗ്മായോ എന്നാണ്) എന്ന സംബോധന ആരാധനാക്രമത്തിന്റെ രൂപമനുസരിച്ച് അല്പം വിപുലമാക്കിയതാവണം. ലൂക്കൻ ആരാധനാക്രമത്തിലുള്ള 'അപ്പാ' എന്നാവണം രക്ഷകൻ പഠിപ്പിച്ചത്. ഈ സംബോധന സൂചിപ്പിക്കുന്നതു നാമും ദൈവവുമായുള്ള ഗാഢബന്ധത്തെയാണ്. ഈ ബന്ധം ക്രിസ്തീയ പ്രാർത്ഥനയുടെ സവിശേഷതയത്രേ. ദൈവത്തിന് വിശുദ്ധിയും മഹത്വവുമുണ്ടെന്ന ബോധം മൂലമാണ് ദൈവസന്നിധാനത്തിലെത്താൻ ഏക കാലത്ത് ഭയവും സ്വാതന്ത്ര്യവും അനുഭവപ്പെടുന്നത്. പിതാവേ, എന്നു ദൈവത്തെ വിളിക്കാൻ നമുക്കു ധൈര്യം നൽകിയിരിക്കുന്ന അവിടുത്തെ ഭയജനകമായ മഹാ കാരുണ്യത്തെക്കുറിച്ചുള്ള ബോധത്തിലാണ് നമ്മുടെ സ്വാതന്ത്ര്യപ്രഹർഷം അടങ്ങിയിരിക്കുന്നത്.

പുതിയനിയമത്തിലെ 'പരേസിയാ' എന്ന പദം സൂചിപ്പിക്കുന്നത് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിനും ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിനും തടസ്സമായി നില്ക്കുന്ന ലജ്ജ, കാപട്യം, ഭയം എന്നിവയുടെ അഭാവത്തെയാകുന്നു. എഫേസ്യർക്കുള്ള ലേഖനത്തിൽ (3:10 – 12) നമ്മോടു പറയുന്നത് 'സഭയിൽക്കൂടി സ്വർഗത്തിലുള്ള വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുമുഖ വിജ്ഞാനം അറിയിക്കണമെന്നതാണ് ' ദൈവഹിതമെന്നത്രേ. ഈ വിജ്ഞാനമാണ് ദൈവത്തിന്റെ 'സോദ്.' ദൈവത്തിന്റെ അനന്തമായ പദ്ധതി. ദൈവസുതന്മാരായി ധൈര്യപൂർവ്വം അവിടുത്തെ സന്നിധാനത്തിൽ ചെന്ന് അവിടുത്തെ പ്രപഞ്ചഭരണത്തിൽ പങ്കുകൊണ്ട് ഈ രഹസ്യത്തിൽ ഭാഗഭാഗിത്വം വഹിക്കാൻ നാം ക്ഷണിക്കപ്പെടുന്നു. യേശുക്രിസ്തുവിന്റെ വിശ്വസ്തതയിൽക്കൂടി സാധ്യമാകുന്ന ഈ വിശ്വാസത്തിന്റെ കർമ്മമാകുന്നു ഇത്. നമുക്ക് 'പാർഹെസിയായും' (ദൈവസാന്നിദ്ധ്യത്തിൽ ധൈര്യപൂർവ്വം പ്രവേശിക്കാനുള്ള അനുമതിയും ) ക്രിസ്തുവിന്റെ വിശ്വാസത്താൽ ക്രിസ്തുവിൽ ലഭിച്ചിട്ടുണ്ട്. ക്രിസ്തുവിൽകൂടി തന്റെ ഹിതം നിറവേറ്റിയ ദൈവത്തിന്റെ ഉദ്ദേശ്യപ്രകാരമാണ് ഇങ്ങനെ സംഭവിക്കുന്നത്.

ദൈവസുതരാകുന്നതിനാൽ ലഭിക്കുന്ന പ്രത്യേകാനുകൂല്യമായ 'പാർഹെസിയായുടെ' ഏറ്റം സ്വാഭാവികമായ പ്രകാശനമാണ് പ്രാർത്ഥനയും ആരാധനയും. വിശുദ്ധ റൂഹായുടെ വരവിന്റെ ഉടനടിയുള്ള ഫലമാണ് 'പാർഹസിയാ.' അത് സ്വാതന്ത്ര്യപ്രഹർഷത്തിന്റെ സവിശേഷ മുദ്രയാകുന്നു.

## (ബി) ലോകത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ലക്ഷ്യത്തോടും ഹിതത്തോടുമുള്ള യോജിപ്പ്

രക്ഷകൻ പഠിപ്പിച്ച പ്രാർത്ഥനയുടെ ആദ്യത്തെ അപേക്ഷകളും ചരിത്രത്തിൽ ദൈവഹിതം നിറവേറ്റപ്പെടുന്നതിനാണ്. 'സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകേണമെ' എന്ന വാക്യം 'അവിടുത്തെ നാമം വിശുദ്ധമാകപ്പെടേണമെ, അവിടുത്തെ രാജ്യം വരണമെ, അവിടുത്തെ ഹിതം നിറവേറണമേ' എന്നീ മൂന്ന് അർത്ഥനകളെ സംബന്ധിച്ചും സാർത്ഥകമാണ്. മനുഷ്യാധികാരത്തിന് വിധേയമായ സ്ഥലകാല പരിഛിന്നമായ മേഖലയിൽ ദൈവം നിഷേധിക്കപ്പെട്ടെന്നും അവിടുത്തെ ലക്ഷ്യങ്ങൾ തകർക്കപ്പെട്ടെന്നും വരാം. ദൈവനാമം വഹിക്കുന്നവരുടെ പ്രവൃത്തികൾ കൊണ്ടും അവിടുത്തെ നാമം ശ്രവിക്കുന്നവരുടെ ചിന്തകളും വാക്കുകളും കൊണ്ടും ദൈവനാമം അധിക്ഷേപിക്കപ്പെട്ടെന്നും ദൂഷിതമായെന്നും വരാം. അങ്ങനെയുള്ള ലോകത്തേക്കു സ്വാധികാരം പ്രയോഗിച്ച് ദൈവരാജ്യം കടന്നുചെല്ലുന്നില്ല. സ്വാതന്ത്ര്യത്തിൽ മനുഷ്യൻ നടത്തുന്ന പ്രാർത്ഥനയും പ്രവർത്തനവും മൂലം മാത്രമേ ദൈവരാജ്യം വരുകയുള്ളൂ. ക്രൈസ്തവമായ പ്രാർത്ഥനയുടെ ദിഗ്ബോധം ദൈവരാജ്യത്തെ ലക്ഷ്യമാക്കിയിട്ടുള്ളതാകുന്നു. അതായത് അവിടുത്തെ ഹിതം സൃഷ്ടിക്രമത്തിന്റെ സ്വാതന്ത്ര്യാനുഭവത്തിൽ അവരുടേയും ഹിതമാകണം. ഭൂമിയിലുള്ള ദൃശ്യദൈവനാമവും ദൈവിക വ്യക്തിത്വത്തിന്റെ വിശുദ്ധിയും തമ്മിലുള്ള പൊരുത്തം വളർന്നുകൊണ്ടിരിക്കുകയും വേണം.

നമ്മുടേതായ ലക്ഷ്യങ്ങൾ ഉടനടി സാധിച്ചുകിട്ടാൻവേണ്ടി പ്രാർത്ഥനയെ ഉപയോഗപ്പെടുത്തുമ്പോൾ അത് അപഥസഞ്ചരണം നടത്തുന്നു. പ്രാർത്ഥനയുടെ ദിഗ്ബോധം പൗരസ്ത്യർക്കും പാശ്ചാത്യർക്കും പലപ്പോഴും നഷ്ടപ്പെട്ടെന്ന് ക്രൈസ്തവാരാധനയുടെ ചരിത്രം വ്യക്തമാക്കുന്നു. പലപ്പോഴും സന്യാസജീവിതത്തിന്റെയും ആദ്ധ്യാത്മികതയുടെയും ലക്ഷ്യം ഭഗവദ്ദർശനമോ ഭഗവദ് സംയോഗമോ ആയിരുന്നെന്നു കാണാം.

നമ്മുടെ പിതാക്കന്മാരുടെ ഭക്തിമാർഗത്തെക്കുറിച്ച് വിധിയെഴുതാൻ ഈ ലേഖകൻ യാതൊരുവിധത്തിലും ധൈര്യപ്പെടുന്നില്ല. കഴിഞ്ഞ തലമുറകളിൽപ്പെട്ട പാശ്ചാത്യ ക്രൈസ്തവരുടെ ഭക്തിയെ വെറുതെയങ്ങു കുറ്റപ്പെടുത്താനും ഈയുള്ളവൻ ശക്തനല്ല. എങ്കിലും നാം ജീവിക്കുന്ന കാലഘട്ടം കഴിഞ്ഞ യുഗങ്ങൾ ഒരിക്കലും ശരിയായി അറിഞ്ഞിട്ടില്ലാത്ത വിധമുള്ള നൂതനമായ ആദ്ധ്യാത്മികത ആവശ്യപ്പെടുന്നുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. ഇന്ന് നമുക്കാവശ്യമായത് യേശുക്രിസ്തുവിന്റെ വൈയക്തികജീവിതത്തിന്റെ വിശുദ്ധി തന്നെയാകുന്നു. പ്രാർത്ഥനയെയും പ്രവൃത്തിയെയും ഇത് സർഗാത്മകവും പ്രോജ്ജ്വലവുമായ വിശുദ്ധ സ്നേഹമായി സംയോജിപ്പിച്ചെടുക്കുന്നു. പൊള്ളത്തരം, കാപട്യം, കള്ളം, നാട്യം, സംഭ്രാന്തി, തിന്മ എന്നിവയെയും ഈ സ്നേഹം ദഹിപ്പിക്കുന്നു. ഇത് വെല്ലുവിളിക്കുന്നു, ആശ നൽകിയിട്ടു ഫലം നൽകാതെ പിടിച്ചുനിർത്തുന്നു, വലിച്ചടുപ്പിക്കുന്നു, അനുനയിക്കുന്നു. എന്നാൽ വിശ്രമിക്കാനാവുന്ന

ലക്ഷ്യത്തിലെത്തിച്ചേരുന്നില്ല. ഇത് യുക്തിയെ വെല്ലുവിളിക്കുന്നു. എങ്കിലും മനസ്സിന്റെ ദർശനശക്തിയെ തീവ്രമാക്കുന്നു. ആത്യന്തികമായ ഉത്തരങ്ങൾ ഇത് നിർദ്ദേശിക്കുന്നില്ല. എങ്കിലും ശരിയായ പാത കാണിക്കുന്നു. ഇത് പടുത്തുയർത്തുന്നു. മനുഷ്യന്റെ വളർച്ചയ്ക്ക് ഹേതുവായി വ്യാപരിക്കുന്നു. ഇത് സമൂഹത്തെ സൃഷ്ടിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പങ്ങളെയും, നമ്മുടെ കഴിവുകളെയും കുറിച്ച് നാം പുലർത്തുന്ന മതിപ്പിനെയും ഇത് സർവഥാ വെല്ലുവിളിക്കുന്നു.

ഭൗതീകാതീതമായതിനെ നിഷേധിക്കയും ലോകത്തെ അവഗണിക്കയും ചെയ്യുന്ന ആദ്ധ്യാത്മികതയല്ല ഇത്. വി. പൗലോസിന്റെ വാക്കുകളിൽ പറഞ്ഞാൽ 'ജഡത്തിന്റേ'തായി യാഥാർത്ഥ്യത്തെ ഒരിക്കലും വീക്ഷിക്കാത്ത ആദ്ധ്യാത്മികതയാണിത്. അദൃശ്യമായതിന്റെ (2 കൊരിന്ത്യർ 4:18) അത്ഭുതാവഹമായതും നിഗൂഹനം ചെയ്യപ്പെട്ടതുമായ ധന്യതയിലേക്ക് മനുഷ്യമിഴികൾ തുറക്കപ്പെടുന്നു. ലോകത്തെ അതിന്റെ അദൃശ്യമായ, അഥവാ പ്രകടമല്ലാത്തതായ അർത്ഥത്തിൽ വീക്ഷിക്കുവാൻ മനുഷ്യർ പഠിക്കുന്നു. കാലത്തിലോ സമയത്തിലോ പ്രതിഷ്ഠിക്കാനാവാത്ത ഒരു വൈയക്തിക ദൈവവുമായി അവൻ ക്രമേണ സ്നേഹബന്ധത്തിലാകുന്നു (കാലത്തിന്റെയും സ്ഥലത്തിന്റെയും ഏതു ബിന്ദുവിനെയും അതേസമയം നിയന്ത്രിക്കുകയും ചെയ്യുന്നു). അവൻ കൂടുതൽ അഗാധമായി സൃഷ്ടികൾക്കായി ദൈവം മനസ്സിൽ കണ്ടിട്ടുള്ള ലക്ഷ്യങ്ങളെ മനസ്സിലാക്കുകയും അവ നിറവേറ്റപ്പെടട്ടെ എന്ന് കൂടുതലായി ആഗ്രഹിക്കയും ചെയ്യുന്നു. അവിടുത്തെ രാജ്യം വരണം, അവിടുത്തെ ഹിതം നിറവേറ്റപ്പെടുകയും വേണം. എന്നാൽ തന്റെ സൃഷ്ടിയെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതവും ലക്ഷ്യവും സമ്പൂർണ്ണമായും മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളവയല്ല.

സ്ഥലകാലങ്ങളുടെ ഓരോ ഘട്ടത്തിലും ദൈവലക്ഷ്യത്തെയും ഹിതത്തെയും രൂപപ്പെടുത്തുവാൻ മനുഷ്യൻ വിളിക്കപ്പെടുന്നു. എന്നാൽ അതിന്റെ സമ്പൂർണ്ണ പ്രക്രിയ ഒരിക്കലും അവന്റെ നിയന്ത്രണത്തിലാകുന്നില്ല. ദൈവത്തിന്റെ ചരിത്രപരമായ തീരുമാനമെടുക്കലിലും പരിവർത്തനത്തിലും മനുഷ്യനു സഹകരിക്കുവൻ കഴിയുന്ന ഒരു മാർഗമാണ് പ്രാർത്ഥന.

ദൈവഹിതത്തെക്കുറിച്ചുള്ള നമ്മുടെ അറിവിന്റെ വെളിച്ചത്തിൽ അതത് സ്ഥലത്തിനും കാലത്തിനും ഏറ്റവും ശ്രേഷ്ഠമായവയ്ക്കുവേണ്ടി നാം ആഗ്രഹിക്കയും പ്രാർത്ഥിക്കയും വേണം. നെപ്പോളിയന്റെ നിശ്ചയങ്ങളേക്കാളും ക്ലയോപാട്രായുടെ നാസികയുടെ ആകൃതിയേക്കാളും കൂടുതലായി പ്രാർത്ഥന ചരിത്രഗതിയെ മാറ്റുന്നു.

ദൈവത്തെ ഗാഢമായറിയുന്ന സമൂഹങ്ങളും അവയിൽ ഉൾപ്പെട്ട വ്യക്തികളും, മനുഷ്യസമുദായത്തിന്റെ മുഴുവൻ പൊതുവിലുള്ളതും ശാശ്വതമായതുമായ ആവശ്യങ്ങൾക്കുവേണ്ടിയും അനുദിനം പത്രം വായിക്കുമ്പോഴോ, സഹജീവിയുടെ അവസ്ഥയെപ്പറ്റി അറിയുമ്പോഴോ നമ്മുടെ മനസ്സിൽ തോന്നുന്ന കാര്യങ്ങൾക്കുവേണ്ടിയും ആത്മാർത്ഥമായി പ്രാർത്ഥിക്കണം. മനുഷ്യസ്വാതന്ത്ര്യത്തിന്റെ പ്രകാശനങ്ങളാണ് പ്രാർത്ഥനകൾ. അവ സാങ്കേതികശാസ്ത്രത്തേക്കാളും നഗരവൽക്കരണത്തേക്കാളും

കൂടുതലായി സംഭവഗതികളെ സ്വാധീനമാക്കുകയും ചെയ്യുന്നു. നമുക്കു നാം ജീവിക്കുന്ന ലോകത്തിന്റെ ശാശ്വതവും സവിശേഷവുമായ ആവശ്യത്തെക്കുറിച്ചുള്ള അവഗാഢവും പ്രാർത്ഥനാപരവുമായ ബോധം ആവശ്യമാണ്. ഈ ബോധത്തോടു ചേർന്ന ദൈവവുമായുള്ള സ്നേഹബന്ധത്തിന്റെ പക്വതയെയാണ് നൂതനമായ ആദ്ധ്യാത്മികത ക്രൈസ്തവനിൽ നിന്ന് ആവശ്യപ്പെടുന്നത്.

## (സി) പ്രാർത്ഥനയുടെ രണ്ടു മുഖങ്ങൾ

പ്രാർത്ഥനയുടെ ആദ്യത്തെ ഭാഗത്ത് ദൈവഹിതം നിറവേറ്റപ്പെടട്ടെ എന്നു നാം അപേക്ഷിക്കുന്നു. കർത്തൃപ്രാർത്ഥനയിലെ ആദ്യത്തെ മൂന്ന് അർത്ഥനകളും ദൈവനാമത്തിനും ദൈവരാജ്യത്തിനും ദൈവഹിതത്തിനും വേണ്ടിയുള്ളതാകുന്നു. മനുഷ്യരാശിക്കുവേണ്ടി സഭ നമ്മുടെയെല്ലാം (എന്റെയല്ല) ആവശ്യങ്ങൾ സാധിച്ചുകിട്ടണമെന്ന് പ്രാർത്ഥിക്കുന്നതാണ് കർത്തൃപ്രാർത്ഥനയുടെ രണ്ടാം ഭാഗത്തും കാണുന്നത്. അതതു ദിവസത്തെ അപ്പം, പാപങ്ങളുടെ പൊറുതി, തിന്മയുടെ ശക്തിയിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നുമുള്ള മോചനം എന്നിവയ്ക്കായി ഇവിടെ നാം അപേക്ഷിക്കുന്നു.

അന്ന് രക്ഷകൻ പഠിപ്പിച്ച പ്രാർത്ഥന തന്നെയാണ് ഇക്കാലത്ത് നമുക്കാവശ്യമായിട്ടുള്ളത്. ഉൽക്കടമായ ദാഹത്തോടും സമ്പൂർണ്ണമായ താല്പര്യത്തോടും കൂടി നാമും 'എല്ലാവരാലും ദൈവനാമം വിശുദ്ധമാക്കപ്പെടണമേ' (പലരാലും അത് ദുഷിക്കപ്പെടുന്നു), 'അവിടുത്തെ ഭരണം വരേണമേ' എന്നീ അഭിവാഞ്ഛകൾ ആത്മാർത്ഥമായി പ്രകാശിപ്പിക്കണം. ഇതാണ് പ്രാർത്ഥനയുടെ ആദ്യത്തെ മുഖം. നമ്മുടെ സ്വകാര്യ പ്രാർത്ഥനകളും മദ്ധ്യസ്ഥപ്രാർത്ഥനകളുമായി പ്രാർത്ഥന ആരംഭിച്ചാൽ അതിന്റെ സ്വഭാവത്തെ അല്പമായെങ്കിലും നാം വികലമാക്കുകയായിരിക്കും ചെയ്യുന്നത്. ദൈവഹിതം നിറവേറ്റപ്പെടണമെന്ന ആഗ്രഹത്തോട് ഗാഢമായി ബന്ധപ്പെടാത്ത യാതൊരു മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കും ക്രിസ്തീയ സാധുത്വം ഉണ്ടാവാൻ സാധ്യമല്ല.

പ്രാർത്ഥനയുടെ രണ്ടാമത്തെ മുഖവും ഇതേ വിധത്തിൽ പ്രധാനപ്പെട്ടതത്രേ. കർത്തൃപ്രാർത്ഥനയുടെ രണ്ടാം ഭാഗത്തു സൂചിപ്പിച്ചിരിക്കുന്ന നമ്മുടെ അർത്ഥനകളുടെ മൂന്നു വശങ്ങൾക്കെങ്കിലും നാം അർത്ഥഗൗരവം നൽകേണ്ടതുണ്ട്. സമ്പന്നമായ സമുദായത്തിൽ ജീവിക്കുന്നവർക്കു തോന്നാം, 'നിത്യവും ഞങ്ങൾക്കുള്ള അപ്പം നൽകണമേ' എന്ന പ്രാർത്ഥനയ്ക്ക് യാഥാർത്ഥ്യവുമായി ബന്ധമില്ലെന്ന്. എന്നാൽ സമസ്ത മാനവവംശത്തെക്കുറിച്ചും ബോധവാന്മാരാകുമ്പോൾ ഈ പ്രാർത്ഥനയ്ക്ക് തികഞ്ഞ അർത്ഥഗൗരവം സിദ്ധിക്കുന്നു. ഉത്പാദന സൗകര്യങ്ങളും വിതരണ സൗകര്യങ്ങളും ഇത്രമേൽ വികസിച്ചിട്ടുള്ള ആധുനികകാലത്ത്, പട്ടിണി കിടക്കേണ്ടിവരുന്ന അനേകായിരങ്ങളെ നമ്മുടെ പ്രാർത്ഥനയിൽ ഉൾക്കൊള്ളാൻ കഴിഞ്ഞാൽ ഈ പ്രാർത്ഥന ശൂന്യമെന്നോ അയഥാർത്ഥമെന്നോ ലേശവും നമുക്കു തോന്നുകയില്ല. 'പാപപ്പൊറുതി'യ്ക്കുള്ള അപേക്ഷയ്ക്കും 'ഞങ്ങൾ' എന്ന പദം ഗൗരവമായെടുക്കുമ്പോൾ നൂതനമായ

അർത്ഥം സിദ്ധിക്കുന്നു. രാഷ്ട്രങ്ങൾ, സഭകൾ, ഗ്രൂപ്പുകൾ, കുടുംബങ്ങൾ എന്നീ നിലകളിൽ നാം ചെയ്യുന്ന അതിക്രമങ്ങൾ സ്വയം വെറുക്കാതെ ഓർമ്മിക്കുവാൻ കഴിയാത്തവിധം കഠിനമാകുന്നു. മാത്രമല്ല, രാഷ്ട്രങ്ങൾ, സഭകൾ, ഗ്രൂപ്പുകൾ, കുടുംബങ്ങൾ എന്നീ നിലകളിൽ നാം അന്യരോടു ക്ഷമിച്ചിട്ടുണ്ടോ? ഇങ്ങനെയൊരു ബോധം കൊണ്ടുതന്നെ നമ്മുടെ പ്രാർത്ഥനയ്ക്ക് നൂതനമായ അർത്ഥവ്യാപ്തി ലഭിക്കുന്നു. നാം ക്ഷമിക്കുന്നതാണെന്ന സമ്മതത്തോടുകൂടി ആരംഭിക്കുന്ന ഈ പ്രാർത്ഥന പരസ്പരം ക്ഷമിക്കയെന്നത് യാഥാർത്ഥ്യമായിത്തീരുന്ന ലോകസമൂഹത്തിനു വേണ്ടിയുള്ള പ്രാർത്ഥനയായി പരിണമിക്കയാണു ചെയ്യുന്നത്. നമ്മെ പ്രലോഭനത്തിലേക്കു നയിക്കരുതേ എന്നു പ്രാർത്ഥിക്കുന്നതും പ്രഥമ വീക്ഷണത്തിൽ അയഥാർത്ഥമാണെന്നു തോന്നാം. വി. യാക്കോബു പറയുന്നതു പോലെ ദൈവം നമ്മെ പ്രലോഭനത്തിലേക്കു നയിക്കുന്നില്ല എന്നതാണ് ഇതിന്റെ ഒരു വശം. 'പെയിരാസ്മോസ്' (പ്രലോഭനം) എന്ന വാക്കിന്റെ യഥാർത്ഥമായ അർത്ഥം പരീക്ഷിച്ചുനോക്കുകയെന്നാകുന്നു. പരിശോധിക്കപ്പെടുന്നതും പരീക്ഷിക്കപ്പെടുന്നതും നല്ലതാകുന്നു. അങ്ങനെയാണ് നാം തനിത്തങ്കമായിത്തീരുന്നത്.

കർത്തൃപ്രാർത്ഥനയിൽ പറഞ്ഞിരിക്കുന്ന 'പരീക്ഷ' ലോകാവസാനത്തിനുശേഷം നിത്യരാജ്യമുണ്ടാകുമ്പോൾ വരാവുന്ന പരീക്ഷയെയാണ് സൂചിപ്പിക്കുന്നതെന്ന് സിദ്ധാന്തിക്കുന്നവരുണ്ട്. ലോകാവസാനദിനത്തെക്കുറിച്ചുള്ള നമ്മുടെ ആധുനിക പരിഷ്കൃത വിജ്ഞാനം ഇക്കാര്യം മനസ്സിലാക്കുവാൻ നമ്മെ സഹായിച്ചേക്കും. 'അന്ത്യകാലം' പരീക്ഷണത്തിന്റെ സമയമായിരിക്കും. തിന്മയുമായി മൽപ്പിടുത്തം നടത്തേണ്ട കാലം. എന്നാൽ നാം ജീവിക്കുന്നത് ഉൽക്കണ്ഠയിലും ഭയത്തിലുമല്ല, വിശ്വാസത്തിന്റേയും രക്തസാക്ഷിത്വത്തിന്റേയും ധീരതയോടെയാണ്. നാം ജീവിക്കുന്നതു കാലാവസാനത്തിലാകുന്നതിനാൽ തിന്മയുടെ ശക്തികളുമായി മൽപ്പിടുത്തം നടത്തേണ്ടി വരുന്നതിൽ ലേശവും ഭയപ്പെടേണ്ടതില്ല. ശത്രുവിനെ നേരിട്ടപ്പോൾ ക്രിസ്തുവിനോ, ക്രിസ്തുശിഷ്യന്മാർക്കോ, യാതൊരു ആൾജാമ്യവും ഉറപ്പാക്കി കിട്ടിയിരുന്നില്ല. ഉടനടിയുള്ള ഫലങ്ങൾ, കുരിശാരോഹണവും മരണവുമാണെന്ന് അവർക്ക് അറിയാമായിരുന്നു. എന്നാൽ കുരിശാരോഹണത്തിൽ നിന്നും മരണത്തിൽ നിന്നുമാണ് ഉയിർത്തെഴുന്നേൽപിന്റെ വിജയമുണ്ടായത്. ഇതിനേക്കാൾ ലേശവും കുറവല്ല, നമ്മുടെ കാലത്ത് നാമും ചെയ്യേണ്ടത്.

ചിലർ അവകാശപ്പെടുന്നതുപോലെ ക്രിസ്തു ജേതാവാണെന്നും ക്രൈസ്തവരുടെ വരവോടുകൂടി അധികാരങ്ങളും വാഴ്ചകളും ജരിഹോയുടെ മതിലുകൾ പോലെ തകരുമെന്നുമുള്ള ബോധത്തോടെ തിന്മയുടെ കിടങ്ങുകളിലേക്കു നാം ഇറങ്ങിച്ചെല്ലുന്നില്ല. ഇങ്ങനെയുള്ള വിജയാത്മകശുഭാപ്തി വിശ്വാസത്തിനു തിരുവെഴുത്തുകളിൽ യാതൊരു അടിസ്ഥാനവുമില്ല. പരാജിതശക്തികളെ പരിഹാസംകൊണ്ട് തറപറ്റിക്കാൻ സാദ്ധ്യമല്ല. തിന്മയ്ക്കെതിരായുള്ള ആധുനിക സമരം ജീവന്മരണപ്പോരാട്ടമാണ്. അമിതമായ ആത്മധൈര്യത്തോടെ പോരാട്ടത്തിനിറങ്ങിത്തിരിച്ചാൽ

ഒന്നുകിൽ വി. പത്രോസിനെപ്പോലെ സ്വന്തം വിശ്വാസത്തിൽ പൂർണ്ണമായും ഉറയ്ക്കാനാവില്ലെന്ന വേദനാജനകമായ പാഠം പഠിക്കേണ്ടിവരും. അല്ലെങ്കിൽ യൂദയെപ്പോലെ തിന്മയ്ക്കടിപ്പെട്ടു സ്വയം നഷ്ടമായിപ്പോയെന്നു വരും.

അന്ത്യദിനത്തിൽ പരീക്ഷിക്കപ്പെടുകയെന്നത് നമ്മുടെ ധർമ്മമാണെങ്കിൽ പരീക്ഷയിലേക്ക് നയിക്കരുതേയെന്ന് എന്തിനാണ് നാം ദൈവത്തോടു പ്രാർത്ഥിക്കുന്നത്? ഇത് ക്രിസ്തുവിനു തികച്ചും അസ്വീകാര്യമായിരുന്ന അകർമ്മണ്യതയ്ക്കായുള്ള ആഗ്രഹത്തെയാണോ സൂചിപ്പിക്കുന്നത്. യാതൊന്നിലും ഉൾപ്പെടാതെയും എല്ലാത്തിൽനിന്നും വേറിട്ടു നിൽക്കുന്നതുമായ ജീവിതത്തിനുവേണ്ടിയുള്ള പ്രാർത്ഥനയാണോ ഇത്? നാം പ്രാർത്ഥിക്കുന്നത് ശാന്തമായ ജീവിതത്തിനും സന്തോഷകരമായ മരണത്തിനും വേണ്ടിയാണോ? അതോ, പ്രത്യക്ഷമായ തോൽവിയിലോ പരാജയത്തിലോ അസന്തോഷകരമായി അവസാനിക്കാവുന്ന തിന്മപ്പെട്ട ശക്തികളോടുള്ള സമരത്തിന്റെ കുരിശേന്തിയ ജീവിതത്തിനുവേണ്ടിയാണോ? ഇവിടെയും ഉത്തരം ക്രിസ്തുവിന്റെ മാതൃക തന്നെയാകുന്നു. സുഖസൗകര്യങ്ങൾ നിറഞ്ഞ ജീവിതത്തിനുവേണ്ടി അവിടുന്നു പ്രാർത്ഥിച്ചിട്ടില്ല. എന്നു മാത്രമല്ല, പരീക്ഷിക്കപ്പെടേണ്ട അന്ത്യനിമിഷം വന്നപ്പോൾ നമ്മെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതുപോലെ നമ്മുടെ കർത്താവും പ്രാർത്ഥിച്ചു. 'പിതാവേ അവിടുത്തേക്കു സർവവും സാദ്ധ്യമാണല്ലോ? ഈ പാനപാത്രം എന്നിൽനിന്നു നീക്കിക്കളയണമേ. എങ്കിലും എന്റെ ഹിതമല്ല അവിടുത്തെ ഹിതമാകുന്നു നടക്കേണ്ടത്.' ഇതിന്റെ രത്നച്ചുരുക്കം, തന്നെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കരുതേയെന്ന് യാഥാർത്ഥത്തിൽ ക്രിസ്തുവും പ്രാർത്ഥിച്ചെന്നാണ്. നമ്മുടെ കഴിവുകൾ കൊണ്ടു മാത്രം വിജയം നേടിയെടുക്കാമെന്ന് നമുക്ക് ഒരിക്കലും അറിയാൻ കഴിയുന്നതല്ല. ജീവിതത്തിൽ ഇവ്വിധത്തിലുള്ള കഠിന പരീക്ഷകളെ മൂന്നു വിധത്തിലെങ്കിലും തരണം ചെയ്യാവുന്നതാണ്. ഒന്ന് ക്രിസ്തുവിനെപ്പോലെ, രണ്ട് വി. പത്രോസിനെപ്പോലെ, മൂന്ന് യൂദയെപ്പോലെ. പരീക്ഷണത്തിൽ നിന്നു തന്നെ മാത്രം രക്ഷപ്പെടുത്തണമെന്നല്ല ക്രിസ്തു പ്രാർത്ഥിച്ചത്. തീർച്ചയായും അവിടുന്നു പത്രോസിനുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്. മിക്കവാറും യൂദായ്ക്കുവേണ്ടിയും. മൂന്നു പേരുടേയും കാര്യത്തിൽ ഫലം മൂന്നു വിധത്തിലായിരുന്നല്ലോ?

ക്രൈസ്തവർ ആയാസരഹിതമായ ശുഭാപ്തിവിശ്വാസത്തിൽ വഴുതിവീഴരുതെന്ന മുന്നറിയിപ്പാണ് ക്രിസ്തുവിന്റെ പ്രാർത്ഥന നൽകുന്നത്. പരീക്ഷയിലേക്കു നയിക്കപ്പെടരുതെന്നുള്ളത് ഇന്നത്തെ ക്രിസ്തീയ പ്രാർത്ഥനയുടെ അനിവാര്യമായ ഘടകമാകുന്നു. നമ്മുടെ ബലത്തിൽ മാത്രം നമുക്ക് സമ്പൂർണ്ണമായും ആശ്രയിക്കാവുന്നതല്ല. പരീക്ഷണം എല്ലാവർക്കും വരും. ഫലമെന്തായിരിക്കുമെന്ന ഉറപ്പു ലഭിച്ചിട്ടുമില്ല. ക്രിസ്ത്യാനിക്കുപോലും 'പാപം ചെയ്യാൻ പാടില്ലായ്മ' എന്ന ആനുകൂല്യം മനുഷ്യസ്വാതന്ത്ര്യം അനുഭവിക്കുന്നതിനാൽ ലഭിക്കുന്നില്ല. നാം ജീവിക്കുകയും പ്രാർത്ഥിക്കുകയും വേണം – നമുക്ക് ഉറപ്പുതന്നിട്ടുള്ള സ്വാതന്ത്ര്യപ്രഹർഷ

ത്തോടുകൂടി മാത്രമല്ല, ന്യായവിധിയെക്കുറിച്ചുള്ള ഭയസംഭ്രമങ്ങളോടു കൂടിത്തന്നെ. അപ്പോൾ പ്രാർത്ഥനയുടെ ഉള്ളടക്കത്തിന്റെ കേന്ദ്രം തന്നെയാണു മൂന്നാമത്തെ ഈ അർത്ഥനയും: 'പ്രലോഭനത്തിലേക്ക് ഞങ്ങളെ നയിക്കരുതേ, തിന്മപ്പെട്ടവരിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.' ജീവിതം ഒരു സാധാരണ വിനോദമല്ല. വെറും കളിയല്ല. ഇതിൽ പരാജയപ്പെട്ടാൽ സ്വയം നഷ്ടപ്പെടുകയെന്നതായിരിക്കും ഫലം. അതിനാൽ തിന്മപ്പെട്ടവന്റെ ശക്തിയെയും അവൻ പ്രവർത്തിക്കുന്ന അധികാരങ്ങളുടേയും വാഴ്ചകളുടേയും ബലത്തേയും നാം നിസ്സാരമാക്കുന്നില്ല. തന്മൂലമുള്ള ആരോഗ്യകരമായ ഭയവും അന്തഃസംഘർഷവും എപ്പോഴും സ്വാതന്ത്ര്യപ്രഹർഷത്തിന്റെ കൂടെയുണ്ടായിരിക്കും. ഇങ്ങനെ നോക്കിയാൽ നമ്മുടെ രക്ഷകനു തന്നെയും ലോകാവസാനകാലത്ത് പാലിക്കേണ്ടിവരുന്നതായ അന്ത്യദിന ജാഗരൂകതയ്ക്കു വേണ്ടിയുള്ള അപേക്ഷയാണ് അനസാനത്തെ ഈ അർത്ഥനയെന്നു കാണാം.

അവസാനത്തെ ന്യായവിധിയെപ്പറ്റി മാത്രമല്ല, നമ്മുടെ തീർത്ഥാടനത്തിൽ നാം വിധേയരാക്കപ്പെടുന്ന കഠിന പരീക്ഷയെപ്പറ്റിയുള്ള തീവ്രബോധം മുറ്റിനില്ക്കുന്നതാണ് ക്രൈസ്തവ പാരമ്പര്യത്തിന് അനുസ്യൂതമായ പ്രാർത്ഥന. അങ്ങനെ നോക്കിയാൽ പ്രാർത്ഥനയുടെ ജീവിതം അന്തഃസംഘർഷത്തിന്റെയും ജാഗരൂകതയുടേയും നിത്യസന്നദ്ധതയുടെയും ജീവിതമാണെന്നു കാണാം. അത് ആത്മസംതൃപ്തി നേടുന്നതല്ല; ആയാസരഹിതവുമല്ല. പ്രാർത്ഥന അതികഠിനമായ സാധനയാകുന്നു. നന്നേ ഉറക്കം വരുമ്പോൾ കണ്ണു തുറന്നുവയ്ക്കുന്നതു പോലെയാണത്. അതിന് ഒരിക്കലും തികച്ചും അനർഗളമാവാനോ യാന്ത്രികമാവാനോ സാദ്ധ്യമല്ല. അത് അഭ്യസിക്കേണ്ടതായ ഒരു സാങ്കേതികവിദ്യയാണ്; ശ്രദ്ധാപൂർവം പാലിക്കേണ്ടതായ ഒരു ശിക്ഷണക്രമമാണ്.

നമ്മെ വളരെ വേഗം 'ബാധിക്കാനിടയുള്ള' പാപവുമായി സംഘട്ടനം നടത്തിയാണ് സ്വാതന്ത്ര്യഹർഷം വളരുന്നത്. പ്രാർത്ഥന നമുക്ക് കിട്ടിയ ദാനമാണ്, കഠിന സാധനയുമാണ്. പ്രാർത്ഥിക്കുവാൻ പഠിക്കണമെങ്കിൽ നമ്മുടെ ഇച്ഛാശക്തിയെയും അവശ്യം ബലവത്താക്കണം. ഗത്സമേൻ തോട്ടത്തിൽവച്ച് പത്രോസിനും യോഹന്നാനും കണ്ണുതുറന്നു പിടിക്കുന്നതിനു സാധിച്ചില്ല. ഉറങ്ങുന്നതിന് അവർക്ക് യാതൊരു ക്ലേശവും അനുഭവപ്പെട്ടുമില്ല. അതേസമയം ക്രിസ്തു തീവ്രദുഃഖത്തോടെ പ്രാർത്ഥിക്കയായിരുന്നു. അവിടുത്തെ വിയർപ്പുതുള്ളികൾ രക്തബിന്ദുക്കൾ പോലെയായി. പത്രോസിന്റെയും യോഹന്നാന്റെയും അടുത്തേക്കു വന്നപ്പോൾ ദുഃഖംകൊണ്ട് അവർ ഉറങ്ങുന്നതായി രക്ഷകൻ കണ്ടു. ഉറക്കം ഒരു രക്ഷപ്പെടലാണ്. പ്രാർത്ഥന ഒരു മൽപ്പിടുത്തവും. പ്രാർത്ഥിക്കുന്നതിനു ധീരതയും ശിക്ഷണവും പ്രാഗത്ഭ്യവും ആവശ്യമാകുന്നു. ഇവ്വിധത്തിലുള്ള ജാഗരൂകമായ പ്രാർത്ഥനയാണ് നാലാം ശതകത്തിലെ സന്യാസിമാർ വികസിപ്പിച്ചത്. ഇതാണ് പരീക്ഷയിൽനിന്നും മരണത്തിൽനിന്നും ബൈസാന്റിയൻ സഭയെ രക്ഷിച്ചത്. ഇന്ന് പുതിയ വിധത്തിലുള്ള പ്രാർത്ഥനയുടെ ശക്തമായ ആദ്ധ്യാത്മിക ശിക്ഷണം വികസിപ്പിച്ചെടുക്കാവുന്ന ഒരു

പുതിയ സന്യാസസമൂഹമാണാവശ്യം. അങ്ങനെ മാത്രമേ സഭയുടെ മൂർച്ച കുറഞ്ഞ ദിവ്യബലിയിൽകൂടിയുള്ള ആരാധനയ്ക്കു മൂർച്ച വരുത്താനും രക്തം കുറഞ്ഞ അതിന്റെ ധമനികളിലേക്ക് പുതിയ രക്തം പ്രവഹിപ്പിക്കാനും സാധിക്കയുള്ളു. പ്രായപൂർത്തിയായ ലോകം സുവിശേഷത്തെ സഗൗരവം സ്വീകരിക്കയും അതിൽ ദൈവത്തിന്റെ ഭൗതികാതീത ശക്തിയെ വീണ്ടും ദർശിക്കയും ചെയ്യണമെങ്കിൽ ലോകത്തെ ഗൗരവമായെടുക്കുന്ന ആദ്ധ്യാത്മിക ശിക്ഷണം അതിന് അത്യാവശ്യമാകുന്നു.

ഈ ലോകത്തിൽ സ്വാതന്ത്ര്യഹർഷമുള്ളത് സുഖസൗകര്യങ്ങളിലല്ല, സഹനത്തിലും നിരന്തരമായ പോരാട്ടത്തിലുമാകുന്നു. സ്വാതന്ത്ര്യമെന്നാൽ പരിണാമപ്രവാഹത്തിൽപ്പെട്ട് ഒഴുകിപ്പോകാതെ, നിശ്ചയിക്കുന്ന സ്ഥാനത്ത് ഒഴുക്കിനെതിരെ അടിയുറച്ചു നിൽക്കാമെന്ന ആന്തരികമനുഷ്യന്റെ ദൃഢവ്രതമാണ്. ഇത് അനായാസവും വേദനാരഹിതവും അനർഗളവുമാണെന്നാണ് അനുഭവമെങ്കിൽ ഇതിൽകൂടി വികസിപ്പിക്കുന്നത് സ്വാതന്ത്ര്യമായിരിക്കാൻ സാധ്യമല്ല. ദൈവത്തിന്റെ കൃപയും മനുഷ്യന്റെ ഈ സ്വാതന്ത്ര്യവും തമ്മിൽ യാതൊരു പൊരുത്തക്കുറവുമില്ല. എന്തെന്നാൽ ഈ സ്വാതന്ത്ര്യം അടിസ്ഥാനപരമായും പാപത്തോടുള്ള സ്ഥിരമായ അടിമത്തത്തിൽ നിന്നുമുള്ള വിമോചനമല്ല. ജഡത്തിന്റെ ജീവിതമെന്ന് വിശുദ്ധ പൗലോസ് വിവരിച്ച പരിണാമപ്രവാഹത്തിൽപ്പെട്ട് ഒഴുകിപോകാതെയിരിക്കുകയെന്നതാണ്. സ്വന്തം അസ്തിത്വത്തെ കരുപ്പിടിപ്പിക്കാനുള്ള ഉത്തരവാദിത്വവും മനുഷ്യനെ ഏല്പിച്ചിട്ടുണ്ട്. ഇത് സാധ്യമാവണമെങ്കിൽ മനുഷ്യൻ സ്വയമറിയണം. പരിതഃസ്ഥിതിയെന്തെന്നറിയണം. ഇവ രണ്ടിനേയും മാറ്റാൻ അവൻ തയ്യാറാവണം. ഇവയെ മാറ്റാനുള്ള ശക്തി അവനുണ്ടായിരിക്കയും വേണം. ഈ ചുമതല നിറവേറുന്നില്ലെങ്കിൽ മനുഷ്യൻ പരിണാമപ്രവാഹം രൂപംകൊടുക്കുന്ന മൃഗങ്ങളുടെ നിലയിലേക്ക് അധഃപതിക്കുന്നു.

സ്വതന്ത്രനാവുകയെന്നാൽ ജന്തുപരവും, വാസനാപരവും, മാനസികവുമായ ലോകശക്തികളുടെ അധീനതയിൽനിന്നു മുക്തി നേടാനുള്ള സാധ്യതയുണ്ടാവുകയെന്നാണർത്ഥം. ഇതാണ് ഈ കാലത്തോട് രമ്യപ്പെടാതിരിക്കുക എന്ന് റോമർക്കുള്ള ലേഖനത്തിൽ (12:2) വി. പൗലോസ് പറയുന്നതിന്റെ അർത്ഥം.

കുത്തിയൊലിക്കുന്ന പ്രവാഹത്തിൽപ്പെട്ടുപോവാതെയിരിക്കണമെങ്കിൽ ഈ പ്രവാഹത്തിൽത്തന്നെ ഒഴുക്കു പിഴുതെടുത്തു കൊണ്ടുപോകാത്തവിധം ഉറച്ചുനിൽക്കാനുള്ള ഒരിടമുണ്ടായിരിക്കണം. ഈ ഇടമാണ് യേശുക്രിസ്തുവും അവിടുത്തെ തിരുശരീരവും. രക്ഷകനെ ഭൂമിയിലേക്കയച്ചതിലും നമ്മെ വി. റൂഹായാൽ അവിടുത്തെ ശരീരത്തിൽ ഉൾപ്പെടുത്തുന്നതിന് സൗകര്യം ചെയ്തുതന്നതിലും ദൈവത്തിന്റെ മഹാകാരുണ്യമാണു നാം കാണുന്നത്.

നമുക്ക് നില്ക്കാനുള്ള ഇടം നല്കിയത് ദൈവകാരുണ്യമാണ്. അവിടെ നിന്നാൽ മാത്രം പോരാ അവിടുത്തെ ഉറപ്പുള്ള സ്നേഹത്തെക്കുറിച്ചും അനുസ്യൂതമായ കൃപയെക്കുറിച്ചുമുള്ള ദൃഢവിശ്വാസത്തിൽ ജീവിച്ചു

കൊണ്ട് നമ്മുടെ ധർമം നാം അനുഷ്ഠിക്കയും നമ്മുടെ പരിതഃസ്ഥിതിയെയും നമ്മെത്തന്നെയും രൂപാന്തരപ്പെടുത്തുകയും ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു. വി. പൗലോസ് പറയുന്നു: 'നിങ്ങളുടെ മനസ്സിന്റെ പുതുക്കംകൊണ്ട് നിങ്ങൾ സ്വയം രൂപാന്തരപ്പെടുവിൻ.' മനസ്സിനെ ഇങ്ങനെ പുതുക്കേണ്ടത് സഭയിൽതന്നെ നിന്ന് ശിക്ഷണപൂർവമുള്ള അനുസരണം, ധ്യാനം, പഠനം, ആരാധന, പ്രാർത്ഥന എന്നിവയിൽക്കൂടിയാണ്. നമ്മിൽനിന്നു ശക്തവും ശിക്ഷിതവുമായ ശ്രമം ആവശ്യപ്പെടുന്ന നിരന്തരമായ പ്രാർത്ഥനയാണിത്.

ദൈവദാനമാകുന്ന സ്വാതന്ത്ര്യത്തെ ഇങ്ങനെ വ്യാപിപ്പിച്ചുകൊണ്ടാണ് അതിനെ സജീവവും ആഹ്ലാദപ്രദവുമാക്കുന്നത്. വിശുദ്ധ റൂഹായിൽ യേശുക്രിസ്തുവിൽക്കൂടി നമുക്ക് ദൈവത്തിലേക്ക് പ്രവേശനം അനുവദിച്ചു കിട്ടിയിട്ടുണ്ട്. പരിശുദ്ധ റൂഹായിൽ നാം അവിടേക്കു പ്രവേശിക്കയും അവിടെ അധിവസിക്കയും വേണം. സ്വാതന്ത്ര്യമെന്ന ദാനത്തിൽ ഈ ആഹ്ലാദം അനർഗളമായി പ്രവേശിക്കുന്നില്ല. വി. റൂഹാ നമ്മുടെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. നാം ആഗ്രഹിക്കുന്നില്ലെങ്കിൽ ആരാധിക്കുവാൻ അരൂപി നമ്മെ നിർബന്ധിക്കുന്നില്ല. ദൈവസാന്നിദ്ധ്യത്തിലേക്കു പ്രവേശിക്കാനുള്ള ആനുകൂല്യം വ്യക്തിയെന്ന നിലയിലും സമൂഹമെന്ന നിലയിലും പ്രയോജനപ്പെടുത്തുമ്പോൾ മാത്രമേ നമ്മുടെ ജീവിതങ്ങളിൽ സ്വാതന്ത്ര്യഹർഷം പൊന്തിവരികയും മറുരൂപം പ്രാപിച്ച ജീവിതങ്ങളിൽ കൂടി ലോകത്തിന് ആഹ്ലാദം പകരുന്ന ശക്തിയായി അതു തീരുകയുമുള്ളൂ.

ആരാധനയും പ്രാർത്ഥനയും നമ്മുടെ സ്വാതന്ത്ര്യത്തിന്റെ വ്യാപാരത്തിൽപ്പെട്ടവയാണ്. പ്രാർത്ഥിക്കയും ആരാധിക്കയും ചെയ്തെങ്കിൽ മാത്രമേ തിന്മയിൽ നിന്നു നാം രക്ഷപ്പെടുകയുള്ളൂ. പ്രലോഭനത്തിൽ നിന്നു നാം പാലിക്കപ്പെടേണ്ടതും അങ്ങനെയാകുന്നു. എന്നാൽ നമ്മുടെ കാലത്തിന്റെ സ്വഭാവദോഷങ്ങളാകുന്ന അലസത, സുഖാസക്തി എന്നിവയും പ്രാർത്ഥനയും കൂടി ഒരിക്കലും ഒത്തുപോകുന്നതല്ല. ആരാധനയുടെ ശിക്ഷണത്തിലും സാധനയിലും ജീവിച്ച് സ്വാതന്ത്ര്യത്തെ പ്രയോഗിക്കുവാൻ ആധുനികൻ സന്നദ്ധനായിരിക്കണം.

പ്രാർത്ഥന അനർഗളമായും യാന്ത്രികമായും വന്നുചേരണമെന്ന് നാം പ്രതീക്ഷിക്കുന്നെങ്കിൽ പ്രാർത്ഥന നിഷ്പ്രയോജനമെന്നോ നിരർത്ഥകമെന്നോ നാം പരാതിപ്പെടുന്നതിൽ യാതൊരു കഥയുമില്ല. എന്നാൽ ഇത് കേവലം നമ്മുടെ ഇച്ഛാശക്തിയുടേയും ശിക്ഷണത്തിന്റെയും പ്രശ്നം മാത്രമല്ല. നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്നതിനും നാം രാജത്വത്തിലും പൗരോഹിത്യത്തിലും, പൂർണ്ണമായി വളരുന്നതിനുമായി നമ്മെ രാജാക്കന്മാരും പുരോഹിതന്മാരുമാക്കിയ വിശുദ്ധ റൂഹായും താല്പര്യപൂർവം കാത്തുനിൽക്കുന്നു.

വിശുദ്ധാരൂപിയുടെ ദാനങ്ങൾ സഭയിൽ എല്ലാവർക്കും ധാരാളമായുണ്ട്. എന്നാൽ അവയെല്ലാം ഒരേ വിധത്തിലുള്ളവയല്ല. പ്രാർത്ഥനയും പരിശുദ്ധാരൂപിയുടെ ദാനമാകുന്നു. ഇത് സർവർക്കും നൽകപ്പെട്ടിരിക്കുന്നു. എന്നാൽ ചിലർക്ക് മദ്ധ്യസ്ഥപ്രാർത്ഥനയും ആരാധനയും നട

ത്താനും ദൈവവുമായി കൂടുതൽ ഉറ്റബന്ധം പുലർത്താനുമുള്ള വിശേഷാൽ ധർമ്മം കൂടി നല്കപ്പെട്ടിരിക്കുന്നു. ശിക്ഷണപൂർവം പരിശീലിക്കാതെ ഇത് യാതൊരാൾക്കും നിർവഹിക്കാൻ കഴിയുന്നതല്ല.

സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദം സർവർക്കും ലഭിക്കാവുന്നതാകുന്നു. ദൈവത്തിന്റെ ഏറ്റവും വലിയ ദാനമാണിത്. ഇത് സ്വീകരിക്കയെന്നാൽ വമ്പിച്ച ഉത്തരവാദിത്വം കയ്യേൽക്കുകയെന്നത്രേ അർത്ഥം. ഈ ദാനവും ഇതോടൊപ്പം ദൈവത്തിന്റെ മക്കളായി ജീവിക്കാനുള്ള ഉത്തരവാദിത്വവും സ്വീകരിക്കുന്നില്ലെങ്കിൽ നാം നശിച്ചുപോകുന്നു. നാമിത് സ്വീകരിക്കയാണെങ്കിൽ ആഹ്ലാദം യാഥാർത്ഥ്യമായിത്തീരുന്നു. ദുഃഖവും സഹനവും ആകെക്കൂടി രൂപാന്തരപ്പെടുന്നു. വിരസത ദൂരെ മാറ്റപ്പെടുന്നു. അസ്തിത്വത്തിന് അസ്തിവാരം കിട്ടുന്നു. ജീവിതലക്ഷ്യവും, ശക്തിയുടെ ഉറവിടവും ലഭിക്കുന്നു. ചരിത്രം മറുരൂപപ്പെടുന്നു. എന്നാൽ അതിലൊക്കെ ഉപരിയായി ദൈവനാമം വിശുദ്ധമാക്കപ്പെടുന്നു. അവിടുത്തെ ഹിതം നിറവേറ്റപ്പെടുന്നു.

പിതാവേ അങ്ങനെ ഭവിക്കണമേ.

1. ബിഷപ്പ് റോബിൻസൺ എഴുതിയ 'Honest to God' എന്ന ഗ്രന്ഥം.
2. നൈഷിയന്മാർ – ദൈവം അന്തരിച്ചു എന്ന് ആദ്യം പ്രഖ്യാപിച്ച ജർമ്മൻ തത്വശാസ്ത്രജ്ഞനായ നീറ്റ്ഷേയുടെ അനുഗാമികൾ.
3. ലോറൻസ് ഭക്തന്മാർ – കാമവികാരത്തെ അടിച്ചമർത്തി നിറുത്തിയതുമൂലമാണ് പാശ്ചാത്യമനുഷ്യന് മനുഷ്യത്വം നഷ്ടപ്പെട്ടതെന്ന് വാദിച്ച ഇംഗ്ലീഷ് സാഹിത്യകാരനായ ഡി. എച്ച്. ലോറൻസിന്റെ അനുയായികൾ.
4. ലോകത്തിലെ മഹാന്മാരായ ആളുകൾക്ക് എപ്പോൾ വേണമെങ്കിലും ലണ്ടൻ നഗരത്തിൽ പ്രവേശിക്കുവാൻ അനുവാദം നൽകുന്ന താക്കോൽ കൊടുക്കുക പതിവായിരുന്നു. ഇത് വലിയ ഒരു ബഹുമതിയായി കരുതപ്പെട്ടു.



# 8
# സമാപനം

ആരാധിക്കയെന്ന ധർമത്തിൽ നിന്ന് ആധുനിക മനുഷ്യൻ യഥാർത്ഥ ത്തിൽ വിമുക്തനായിട്ടില്ലെന്നു നാം കണ്ടു കഴിഞ്ഞു. ആരാധിക്കുന്നതിൽ അനാസ്ഥ കാണിക്കയോ ആരാധിക്കുന്നതിന് വിസമ്മതിക്കയോ ചെയ് താൽ ആധുനികമനുഷ്യന്റെ വ്യക്തിത്വം വികലമാകുന്നു; വളർച്ച മുട്ടി പ്പോകുന്നു. സ്ഥലകാലങ്ങൾക്ക് പരിമിതപ്പെടുത്താനാവാത്തതും നമ്മു ടെ ദാർശനികവും യുക്തിപരവുമായ കഴിവുകൾക്കപ്പുറത്തു ചെന്നെത്തു ന്നതുമായ വ്യാപ്തി ആരാധനയ്ക്കുണ്ട്. അത് മനുഷ്യന്റെ സമസ്ത വ്യക്തിത്വത്തേയും ഉൾക്കൊള്ളേണ്ടതാകുന്നു. ദൈവത്തോടും സഹജീ വികളോടുമുള്ള സംയോജനം ഒരു പരിധി വരേയ്ക്കും അതിൽ അടങ്ങി യിരിക്കുന്നു. സ്വന്തം വൈയക്തികമുദ്രയും സ്വയംഭരണാവകാശവും ഭാഗി കമായെങ്കിലും ബലി കഴിക്കാനുള്ള സന്നദ്ധതയില്ലാതെ യാതൊന്നുമാ യുള്ള സംയോജനം സാധ്യമാകുന്നതല്ല. കാലത്താൽ പരിഛിന്നമായ ലോകത്തെ ആരാധന അതിവർത്തിക്കുന്നു. ലോകാതീതപ്രകൃതിയുമായി നമ്മെ അതു ബന്ധിപ്പിക്കുന്നു. ഭൗതികാതീതമായ അനുഭവമില്ലെങ്കിൽ മനുഷ്യാസ്തിത്വത്തിന്റെ അർത്ഥം പാടേ ശുഷ്കമായിത്തീരുന്നു.

എവിടെയും എക്കാലത്തും മനുഷ്യനാവശ്യമായ ചില ആരാധനാഘ ടകങ്ങളുണ്ട്. പരിശുദ്ധാരൂപിയിൽക്കൂടിയുള്ള ക്രിസ്തുശരീരത്തിന്റെ മുഴു വൻ കർമ്മമെന്ന നിലയിൽ നടത്തുന്ന പൗരസ്ത്യാരാധനയിൽ മിക്കവാറും എല്ലാം ഘടകങ്ങളുമടങ്ങിയിരിക്കുന്നു. ചില കാര്യങ്ങളിൽ അത് പിന്നി ലായിപ്പോയിട്ടുണ്ട്. എന്നാൽത്തന്നെയും ഇന്നത്തെ 'കെട്ടിക്കിടക്കുന്ന' അവസ്ഥയിൽപ്പോലും അതിന് ആരാധന നവീകരിക്കുന്നതിനുള്ള ഉത്തേ ജനം നൽകാവുന്നതാണ്.

പരിത്രാണനം ചെയ്യപ്പെട്ട മനുഷ്യസമുദായത്തിന്റെ ഏറ്റവും സ്വാഭാ വികകർമ്മങ്ങളാണ് ആരാധനയും പ്രാർത്ഥനയും. മറ്റേതെങ്കിലും വിധ ത്തിലുള്ള ബോധനത്തിനോ സാമൂഹ്യസേവനത്തിനോ ഒരിക്കലും ആരാ ധനയുടേയും പ്രാർത്ഥനയുടേയും സ്ഥാനം ഏറ്റെടുക്കാൻ കഴിയുന്നതല്ല. സഹോദരസ്നേഹമാകുന്ന പരിപാലന ശുശ്രൂഷയുമായി ആരാധന അവി ഭാജ്യമാംവിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ആരാധനയും സേവനവുമാണ് ക്രിസ്തുവിനോടൊപ്പം നമ്മെ രാജാക്കന്മാരും പുരോഹിതന്മാരുമാക്കു ന്നത്. ഇതാണ് യഥാർത്ഥ പുത്രത്വത്തിന്റെ മുദ്ര. തന്മൂലം ഇതു തന്നെ യാണ് യഥാർത്ഥ മനുഷ്യത്വത്തിന്റെയും മുദ്ര.

ദൈവസാന്നിദ്ധ്യത്തിലേക്കു പ്രവേശിക്കുവാനും സൃഷ്ടിയുടെ മേൽ അവിടുന്നു നടത്തുന്ന ഭരണത്തിൽ പങ്കുകൊള്ളുവാനുമുള്ള സ്വാതന്ത്ര്യ മാണ് യഥാർത്ഥ സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യം ആഹ്ലാദമുളവാക്കുന്നു. ആധുനിക മനുഷ്യൻ ഏറ്റവും കൂടുതലായി ദാഹിക്കുന്നത് ഈ ആഹ്ലാദ ത്തിനുവേണ്ടിയാകുന്നു.




DEC-27-29.
KAMARAJ UNIVERSITY
ONS CLUB WELCOMES ALL..



# ദർശനത്തിന്റെ പൂക്കൾ

## ഉള്ളടക്കം


1. ഘടനാ വാദം
2. സാഹിത്യവും മനഃശാസ്ത്രവും
3. നിന്ദിതരും പീഡിതരും –
   ഡസ്റ്റയെവ്സ്കിയുടെ കഥാപാത്രങ്ങൾ
4. പ്രതിഭാസ വിജ്ഞാനീയവും അസ്തിത്വവാദവും
5. ഈശ്വരസ്വാതന്ത്ര്യവും മനുഷ്യസ്വാതന്ത്ര്യവും
6. നാളത്തെ സമൂഹം


---


**ദർശനത്തിന്റെ പൂക്കൾ**

പൗലോസ് മാർ ഗ്രിഗോറിയോസ്

ഒന്നാംപതിപ്പ് : 1992 മെയ്

# 1

# ഘടനാവാദം

പാശ്ചാത്യ ദർശനത്തിന്റെ ഒരു പ്രത്യേകതയാണെന്നു തോന്നുന്നു യാഥാർത്ഥ്യത്തിന്റെ ഒരറ്റത്തുനിന്നു മറ്റൊരറ്റത്തേക്കു സദാ ചംക്രമണം ചെയ്തുകൊണ്ടിരിക്കുകയെന്നുള്ളത്. വ്യക്തിയുടെ അനുഭവത്തിലും ആത്മസാപേക്ഷതയിലും (individual experience and subjectivity) അധിഷ്ഠിതമായ അസ്തിത്വവാദം അല്ലെങ്കിൽ എക്സിസ്റ്റൻഷ്യലിസമായിരുന്നു രണ്ടാം മഹായുദ്ധത്തിനു ശേഷമുള്ള യൂറോപ്പിന്റെ കേന്ദ്രിക ചിന്താഗതി. എന്നാൽ ഇന്നു കാറ്റു മറിച്ചാണ് ഊതുന്നത്. സ്ട്രക്ചറലിസം അല്ലെങ്കിൽ ഘടനാവാദം എന്നു പറയുന്ന ഈ പുതിയ ദർശനം കൊണ്ടു യാഥാർത്ഥ്യത്തിന്റെ വസ്തുനിഷ്ഠമായ പ്രത്യേകതകളെ നിഷ്കർഷയോടെ കണക്കിലെടുത്ത് അവയുടെ പരസ്പര ഘടനയെ മാനസികമായ അധ്യാരോപം കൊണ്ടു വാർത്തുണ്ടാക്കി യാഥാർത്ഥ്യത്തെ വസ്തുനിഷ്ഠമായും സാമൂഹികമായും (objectively and Corporately) കാണുന്നതിനാണ് ഇപ്പോഴത്തെ ഉദ്യമം. സാങ്കേതിക സംസ്കാരത്തിന്റെ ദർശനമാണു സ്ട്രക്ച്ചറലിസം എന്നു വേണമെങ്കിൽ പറയാം. സൈബർ നെറ്റിക്സ് (കമ്പ്യൂട്ടർ ശാസ്ത്രം), സിസ്റ്റംസ് അനാലിസിസ് (Systems analysis) തുടങ്ങി ഗണിതശാസ്ത്രത്തിലെ പുതിയ അറിവുകളെ പൂർണ്ണമായി ഉപയോഗിച്ചുകൊണ്ടുള്ള ഒരു ദർശനസമ്പ്രദായം സൃഷ്ടിക്കുവാനാണു സ്ട്രക്ചറലിസ്റ്റുകൾ ഉദ്യമിക്കുന്നത്. ഈ പുതിയ ദാർശനികരിൽ പ്രധാനിയായിട്ടുള്ളതു ഫ്രാൻസിലെ ക്ളോഡ് ലേവി സ്റ്റ്റൗസ് (Claude Levi-Strauss) ആണ് (1908-ൽ ജനിച്ചു).

ഈ വാദഗതി പ്രത്യേകിച്ചു ഫ്രാൻസിൽ വലിയ കോളിളക്കം സൃഷ്ടിച്ചിരിക്കുകയാണ്. ഒരു ത്രികോണയുദ്ധമാണ് ഇന്നവിടെ നടക്കുന്നത്. ഒരു വശത്തു ഘടനാവാദികളും മറുവശത്ത് അസ്തിത്വവാദികളും തമ്മിൽ ഏറ്റുമുട്ടുമ്പോൾ മൂന്നാം കക്ഷിക്കാരായ ഫ്രെഞ്ചു മാർക്സിസ്റ്റുകൾ ഈ ഏറ്റുമുട്ടലിനെ നിഷ്പക്ഷമായി നിരീക്ഷണം ചെയ്യുകയല്ല ചെയ്യുന്നത്. ഫ്രെഞ്ചു മാർക്സിസത്തെത്തന്നെ വ്യത്യാസപ്പെടുത്തിയെടുക്കുന്നതിനുള്ള ശക്തി ഘടനാവാദത്തിന് ഉണ്ടായിരിക്കുന്നു. ഫ്രാൻസിലെ മാർക്സിസ്റ്റുകൾ തന്നെ ഘടനാവാദികളും അല്ലാത്തവരുമായി രണ്ടു സംഘമായിത്തിരിഞ്ഞിരിക്കുകയാണ്.

## ഘടനാവാദത്തിന്റെ പശ്ചാത്തലം

ഈ പുതിയ ദർശനത്തിന്റെ ജനയിതാക്കൾ ഭാഷാശാസ്ത്രവും സാംസ്കാരിക മാനവശാസ്ത്രവുമാണ്. ഫെർഡിനാൻഡ് ഡിസൊസ് യൂർ (1857-1913) ജനീവായിലെ ഭാഷാശാസ്ത്രവിജ്ഞാനീയത്തിന്റെ പണ്ഡിതനായിരുന്നു. ഭാഷയെന്നു പറയുന്നതു വ്യക്തിപരമായ ഒരു പ്രതിഭാസമല്ലെന്നും സംഘടിതമായ ഒരു മനുഷ്യവർഗ്ഗത്തിന്റെ പരസ്പരഘടനയുടെ ഒരു പ്രതിഭാസമാണെന്നും ഡിസൊസ് യൂർ വാദിച്ചു. ഡിസൊസ് യൂറിന്റെ

ഈ വാദം അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ ശിഷ്യനായ റോമാൻ ജേക്കബ്സൺ (Roman Jakobson - born 1896) മോസ്കോ സർവകലാശാലയിൽ 1915-ൽ ഒരു ഭാഷാശാസ്ത്രവൃത്തം (Moscow Linguistic Circle) സ്ഥാപിച്ചു. കവിതയെന്നു പറയുന്നതും വ്യക്തിയുടെ ഒരു പ്രതിഭാസമല്ല, സാമൂഹ്യ ഘടനയ്ക്കകത്തുണ്ടാകുന്ന ഒരു സാമൂഹ്യ പ്രതിഭാസമാണെന്നും കവിത വെറും പദ സമാഹാരമല്ല, പ്രത്യുത പദങ്ങളെ മനുഷ്യനിർമ്മിതമായ ഒരു ഘടന ഉപയോഗിച്ച് ഒരു പ്രത്യേക വിധത്തിൽ ഘടിപ്പിക്കുന്നതാണെന്നും ജേക്കബ്സൺ വാദിച്ചു. കവി സൃഷ്ടിക്കുന്നതു പദങ്ങളല്ല, ഘടനയാണ്. മനുഷ്യനിർമ്മിതമായ സൃഷ്ടികളിൽ സുപ്രധാനമായ ഒന്നാണു കവിതാഘടനയെന്നുള്ള ജേക്കബ്സണ്ണിന്റെ വാദം അദ്ദേഹം 1920 ൽ ചെക്കോസ്ളോവാക്യയിലെ പ്രാഗിൽ റഷ്യൻ എംബസിയിലെ കൾച്ചറൽ അറ്റാച്ചെയായി നിയമിതനായതോടെ യൂറോപ്പിന്റെ മറ്റു ഭാഗങ്ങളിലേക്കും പരക്കുവാനാരംഭിച്ചു. അങ്ങനെ 1925 മാർച്ചിൽ സംജാതമായ പ്രാഗ്സർക്കിളിൽ നിന്നാണ് പിന്നീട് ഈ ഭാഷാഘടനയുടെ വിശകലനത്തിനുള്ള താൽപര്യം വിയന്നയിലേക്കും, കേംബ്രിഡ്ജിലേക്കുമൊക്കെ പരന്നത്. ഘടനാവിശകലന സമ്പ്രദായം (Structural Analysis) കവിതയിലും സാഹിത്യനിരൂപണത്തിലുമൊക്കെ ധാരാളമായി പ്രയോഗിച്ചു ഘടനാവാദത്തിന്റെ അടിത്തറ പൂർത്തിയാക്കിയത് ജേക്കബ്സൺ ആണെന്നു പറയാം.

1965-ൽ മോസ്കോ ലിംഗ്വിസ്റ്റിക്സ് സർക്കിളിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ചു റോമാൻ ജേക്കബ്സണിന്റെ ചിന്താഗതിയെക്കുറിച്ചുള്ള ഒരു സുപ്രധാന ലേഖനം ഫ്രാൻസിലെ ബുദ്ധിജീവികളുടെ മാസികയായ 'റ്റെൽ -കെൽ' എന്ന പ്രസിദ്ധീകരണത്തിൽ വന്നതോടെയാണു ഘടനാവാദത്തിനു ഫ്രാൻസിൽ മികച്ച സ്ഥാനമുണ്ടായത്. ക്ളോഡ് ലേവി സ്റ്റ്റൗസ്, ജേക്കബ്സന്റെ ചിന്തയിൽ നിന്നു ഡിസൊസ് യൂറിന്റെ ഭാഷാശാസ്ത്രത്തിലുള്ള ഘടനാവിശകലനത്തിലേക്കു തിരികെപ്പോയി.ഡിസൊസ് യൂറിന്റെ ചിന്താഗതിയിൽ ഭാഷയുടെ ഘടകങ്ങൾ വാക്കുകൾ മാത്രമല്ല. മതകർമ്മങ്ങളും പുരാണേതിഹാസങ്ങളും സാമൂഹികാചാരങ്ങളും ഒക്കെ ആശയ വിനിമയോപാധികൾ എന്ന നിലയിൽ ഭാഷയുടെ ഘടകങ്ങളാണ്. ബോയ്സ് സ്ക്കൗട്ടുകളും, സൈനികരും ഉപയോഗിക്കുന്ന സംജ്ഞകളും ആംഗ്യങ്ങളും ഒക്കെ ഭാഷയുടെ ഘടകങ്ങളാണ്. എന്നാൽ ഭാഷയെ സംബന്ധിച്ചിടത്തോളം പ്രധാനമായി വ്യവച്ഛേദനം ചെയ്യേണ്ടതു സംജ്ഞയും സംജ്ഞിതവും തമ്മിലാണ് (The Signifying and the Signified). വാക്കുകൾ, അടയാളങ്ങൾ, ആംഗ്യങ്ങൾ, ചിത്രങ്ങൾ മുതലായവയെല്ലാം സംജ്ഞകളാണ്. വാക്കുകൾ യാതൊന്നിനെക്കുറിക്കുന്നുവോ അത്, അതായത് ആശയങ്ങൾ, ചിന്തകൾ, ഭാവങ്ങൾ, അർഥങ്ങൾ, മുതലായവയെല്ലാം സംജ്ഞിത യാഥാർഥ്യങ്ങൾ ആണ്.

### ഘടനാവാദം ഇന്നു ഫ്രാൻസിൽ

ഡിസൊസ് യൂറിന്റെ താൽപര്യം മുഴുവൻ ഭാഷയെക്കുറിച്ചായിരുന്നു. ലേവി സ്റ്റ്റൗസ് ആകട്ടെ ശ്രമിച്ചത് യാഥാർഥ്യത്തെ മുഴുവൻ തന്നെ ഘടനാത്മകമായി ദർശിക്കുവാനാണ്. മാനവശാസ്ത്ര വിജ്ഞാനീയത്തിലെ

ഒന്നാംകിട പണ്ഡിതനാണു ലേവി സ്റ്റ്റൗസ്. വ്യക്തിയുടെ മാനസിക ഘടനയെപ്പറ്റിയുള്ള ഫ്രോയിഡിന്റെ ചിന്താഗതിയും, സമൂഹത്തിന്റെ ഘടനയെപ്പറ്റിയുള്ള മാർക്സിന്റെ ചിന്താഗതിയും ഒരുമിച്ചു കണക്കിലെടുത്തുകൊണ്ടു യാഥാർഥ്യത്തിന്റെ ഘടനയെ ശാസ്ത്രീയമായി അവലോകനം ചെയ്യുവാൻ ലേവി സ്റ്റ്റൗസ് ഉദ്യമിച്ചു. നമ്മുടെ കൺമുൻപിൽ കൂടി കടന്നുപോകുന്ന യാഥാർഥ്യത്തിൽ പലതും ആഗന്തുകമായോ ആകസ്മികമായോ നിരർഥകമായോ നമുക്കനുഭവപ്പെടുന്നതിന്റെ കാരണം പൊതുഘടനയിൽ അവയ്ക്കുള്ള സ്ഥാനം മനസ്സിലാകാത്തതുകൊണ്ടാണ്. മനുഷ്യൻ സബോധം പ്രവർത്തിക്കുന്ന പല പ്രവൃത്തികളും അബോധതലത്തിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കുവാൻ ഫ്രോയ്ഡ് സഹായിച്ചതുപോലെ യാഥാർഥ്യത്തിന്റെ പൊതുഘടനയുടെ അടിസ്ഥാനത്തിൽ സാധാരണഗതിയിൽ മനസ്സിലാകാത്ത പലതും പൂർണ്ണമായും മനസ്സിലാക്കുവാൻ സാധിക്കുമെന്നു ലേവി സ്റ്റ്റൗസ് വാദിച്ചു. ആകസ്മികതയെന്നും യാദൃച്ഛികതയെന്നും പലപ്പോഴും നാം തെറ്റിദ്ധരിക്കുന്നതു യാഥാർഥ്യത്തിന്റെ കാര്യകാരണാധിഷ്ഠിതമായ ഘടന മനസ്സിലായിക്കഴിയുമ്പോൾ താനേ ഇല്ലാതായിക്കൊള്ളും. ഘടനാവാദത്തിൽ യാതൊന്നും യാദൃച്ഛികതയ്ക്കു വിട്ടുകൊടുക്കുന്നില്ല. എല്ലാറ്റിനെയും കൃത്യമായി അറിയണം. ഓരോ ഘടകത്തിനും മറ്റു ഘടകങ്ങളോടുള്ള ബന്ധം കൃത്യമായി വിശദീകരിക്കണം. എല്ലാറ്റിനും കഴിയുന്നത്ര പൂർണ്ണമായ വിവരണം ഉണ്ടാകണം. ഉദാഹരണത്തിന് ഒരു കാർ എടുക്കാം. കാർ എന്നു മാത്രം പറഞ്ഞതുകൊണ്ടായില്ല. അതിന്റെ വിശദവിവരങ്ങൾ നല്കണം, അതായതു, പത്മിനി, 1100D, 1976 മോഡൽ, പുറത്തെ നിറം നീല, അകത്തെ നിറം ചുവപ്പ്, ടയറിന്റെ നിറം കറുപ്പും വെള്ളയും, 1977 ഫെബ്രുവരി 15 -ാം തീയതി വരെ ഓടിയ കിലോമീറ്റർ 34267 എന്നിങ്ങനെ എല്ലാ കാര്യങ്ങളും വിശദമായിക്കുറിക്കണം. പക്ഷേ അതുകൊണ്ടായില്ല. യാഥാർഥ്യത്തിന്റെ ഘടനയിൽ ഒരു കാറിനുള്ള സ്ഥാനം കൂടി വിവരിക്കണം. ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു പോകുന്നതിനുള്ള റോഡുകളും ആ റോഡുകളിലുള്ള ട്രാഫിക്ക് പോലീസുകാരും, കാറുണ്ടാക്കിയ ഫാക്ടറിയും, ഫാക്ടറിയുടമസ്ഥനും, തൊഴിൽക്കാരും, വില്പനക്കാരും, പെട്രോൾ സ്റ്റേഷനും, സ്റ്റേഷനിലെ ജോലിക്കാരും, പെട്രോൾ കമ്പനിക്കാരും, അറബിരാജ്യങ്ങളിലെ പൊളിറ്റിക്സും, കാറുണ്ടാക്കി വില്ക്കുന്ന മുതലാളിത്ത വ്യവസ്ഥിതിയും, കാറിനകത്തു നടക്കുന്നവരുടെ സാമൂഹ്യനിലവാരവും, എല്ലാം തന്നെ കാർ എന്ന യാഥാർഥ്യവുമായി ഘടനാപരമായി ബന്ധമുള്ള കാര്യങ്ങളായതുകൊണ്ട് ഈ ഘടനയെ വേണ്ടുംവിധം മനസ്സിലാക്കിയെങ്കിലേ കാറിനെയും മനസ്സിലാക്കുവാൻ സാധിക്കൂ. എല്ലാ താദാത്മ്യങ്ങളെയും വൈവിധ്യങ്ങളെയും വ്യക്തമാക്കണം.

മനുഷ്യനെന്നു പറഞ്ഞാൽ പ്രകൃതിയുടെ ഒരു ഭാഗമാണ്. പ്രകൃതിയുമായി താദാത്മ്യമുണ്ട്. എന്നാൽ മനുഷ്യേതര പ്രകൃതിയുമായി വൈവിധ്യമുണ്ട്. എവിടെയാണ് ഈ വ്യത്യാസം? മനുഷ്യൻ തീ ഉപയോഗിച്ചു ഭക്ഷണം പാകം ചെയ്തു ഭക്ഷിക്കുന്നവനാണെന്നുള്ളതാണ് പ്രധാന

വ്യത്യാസമെന്നു നരവംശശാസ്ത്രജ്ഞന്മാർ പറയുന്നു. മറ്റു ജീവികളെല്ലാം പ്രകൃതിദത്തമായതിനെ അതേപടി ആന്തരീകരിക്കുമ്പോൾ പ്രകൃതിയെ അഗ്നി കൊണ്ടു രൂപഭേദപ്പെടുത്തി സംസ്കൃതിയാക്കി ആന്തരീകരിക്കുന്നവനാണു മനുഷ്യൻ. സംസ്കാര സ്രഷ്ടാവ്, ഘടനാ കർത്താവ് എന്നതാണു മനുഷ്യന്റെ പ്രത്യേകത.

### എന്താണു ഘടനാവാദം

എല്ലാ മനുഷ്യർക്കും പരസ്പരം താദാത്മ്യമുണ്ട്. എന്നാൽ അവർ തമ്മിൽ വൈവിധ്യവുമുണ്ട്. ഓരോ വ്യക്തിക്കും അവന്റേതായ പേരുണ്ട്. അവന്റെ വ്യക്തിപരമായ താദാത്മ്യത്തെ ഈ പേരു സൂചിപ്പിക്കുന്നു. ഓരോ വ്യക്തിക്കും മറ്റു വ്യക്തികളോടു വിവിധ തരത്തിലുള്ള ബന്ധങ്ങളുണ്ട്. 'എ' എന്ന സ്ത്രീ 'എക്സി'ന്റെ പുത്രിയാണ്. 'വൈ'യുടെ സഹോദരിയാണ്. 'ഇസഡി'ന്റെ ഭാര്യയാണ്. 'ബി' യുടെ അമ്മയാണ്, 'സി'യുടെ മാതാമഹിയാണ്. 'ഡി'യുടെ മാതുലയാണ്. ഇങ്ങനെ ഒരാൾക്കുതന്നെ പല വിധത്തിലുള്ള ബന്ധതാദാത്മ്യങ്ങൾ ഉണ്ട്. ഓരോ താദാത്മ്യത്തിനും വെവ്വേറെ സംജ്ഞ നാം കൊടുക്കുന്നു. ഈ സംജ്ഞകൾ വ്യത്യസ്തങ്ങളാണെങ്കിലും, അവകൊണ്ടു സംജ്ഞിതമാകുന്ന ഏക വസ്തുവിന്റെ ബഹുവിധ ബന്ധങ്ങൾ മനസ്സിലാക്കുവാൻ അവ സഹായിക്കുന്നു. ഘടനാവിശകലനം എന്നു പറയുന്നത് ഈ ബന്ധവൈവിധ്യങ്ങളുടെ ഒരു ആൾജിബ്രയാണ്. വാക്കുകളും, സംജ്ഞകളും, കർമ്മങ്ങളും, ആചാരങ്ങളും, കവിതയും, സാഹിത്യവും എല്ലാം ഉൾക്കൊള്ളുന്ന ഈ ആൾജിബ്രാ കൊണ്ടു യാഥാർഥ്യത്തിന്റെ ഘടനയെ അപോദ്ധരിക്കുവാൻ നമുക്കു സാധിക്കുമ്പോഴേ ശാസ്ത്രമാത്ര വിജ്ഞാനീയവാദത്തിന്റെ (Scientism) ഏകപക്ഷീയമായ ഏകഛത്രാധിപത്യത്തിൽ നിന്നു നമുക്കു രക്ഷപ്പെടുവാൻ സാധിക്കുകയുള്ളു.

ഘടനാവാദത്തിന്റെ പ്രധാന ഘടകമാണു സംജ്ഞാവിജ്ഞാനീയം (semiology of the science of signs). സംജ്ഞാവിജ്ഞാനീയത്തെക്കുറിച്ചു മാത്രം രണ്ടു പുസ്തകം എഴുതിയ ആളാണു ഘടനാവാദികളിൽ പ്രമുഖനായ റോളണ്ട് ബാർട്ട് (Roland Barthes, *Elements of Semiology*, London, 1967; *L'empire des signes*, Paris, 1970). സംജ്ഞ എന്നു പറയുന്നതു വാക്കുകൾ മാത്രമല്ല. ഒരു ഘടന മൂലം ദത്തവസ്തുക്കളെ പുതിയ രൂപത്തിൽ ഘടിപ്പിച്ച് ഒരു പുതിയ യാഥാർഥ്യം ഉണ്ടാക്കുന്നതിന്റെ പ്രാരംഭം മാത്രമാണു സംജ്ഞാവിജ്ഞാനീയം. ഓരോ വസ്തുവിന്റെയും വിവിധ സാധ്യതകൾക്കു പൂർണ്ണമായ അർത്ഥം കല്പിച്ച് ഓരോന്നിനും ഓരോ സംജ്ഞ നല്കി ഓരോന്നിനെയും വ്യക്തിപരമായി അറിയുക എന്നുള്ളത് ഒരു നല്ല ചിത്രകാരൻ തന്റെ കാൻവാസിനെയും ചായങ്ങളെയും ബ്രഷുകളെയും വേണ്ടതുപോലെ അറിയുന്നതിനു തുല്യമാണ്.

### ഘടനാസൃഷ്ടി എങ്ങനെ?

ഘടനാവാദികളിൽ മറ്റൊരു പ്രമുഖനായ ലൂസിയാൻ ഗോൾഡ്മാൻ പറയുന്നതു മനുഷ്യന്റെ സർഗാത്മകമായ സർവപ്രവൃത്തികളിലും രണ്ടു

വിധത്തിലുള്ള നീക്കങ്ങൾ ഉണ്ടെന്നാണ്. ഒന്നാമത്, സംഘടിതമായതിനെ വിഘടിപ്പിച്ചു വിശകലനം ചെയ്തു പഠിക്കുക. രണ്ടാമത്, അഘടിതമായിട്ടുള്ളതിനെ പുതിയ രൂപത്തിൽ സംഘടിപ്പിക്കുക. ചെറിയ കുട്ടികൾ വാസനാബലത്തിന്റെ നിയമം കൊണ്ടുമാത്രം സാധാരണ ചെയ്യുന്ന പ്രവൃത്തിയാണ് ആദ്യത്തേത്. അതായത് കാണുന്നതിനെയെല്ലാം കഷണം കഷണമായി വേർപെടുത്തി അവയെ മനസ്സിലാക്കുവാൻ ശ്രമിക്കുകയെന്നത്. ഒരു യാഥാർത്ഥ്യത്തെ ശരിയായി മനസ്സിലാക്കണമെങ്കിൽ ഈ വിഘടന പ്രക്രിയ കൂടാതെ സാധ്യമല്ലെന്നാണ് ഗോൾഡ്മാൻ പറയുന്നത്. വിഘടിതങ്ങളായ വിവിധ ഘടകങ്ങളെ വേണ്ടുംവിധം വിശകലനം ചെയ്തതിനു ശേഷം മാത്രമേ അവയെ നവരൂപത്തിൽ സംഘടിപ്പിച്ച് ഒരു നവീന യാഥാർത്ഥ്യം ഉണ്ടാക്കുവാൻ സാധിക്കുകയുള്ളു. ഒരു കവി കവിതയെഴുതുന്നതിനു മുമ്പു വാക്കുകൾ എന്നു പറയുന്ന വിഘടിത ഘടകങ്ങളുടെ വിവിധ ഗുണങ്ങളെക്കുറിച്ച് അവഗാഹപൂർവ്വം പഠിച്ചെങ്കിൽ മാത്രമേ കവിതയെഴുതുവാൻ സാധിക്കൂ. എന്നാൽ പഠിച്ചിട്ടുള്ള വാക്കുകളെല്ലാം കൂടി കടലാസ്സിൽ എഴുതി വച്ചാൽ കവിതയാവുകയില്ല. കവിയുടേതായ പ്രത്യേക ഘടനയുപയോഗിച്ചു സാർഥകമായ ഒരു നവീന രൂപത്തിൽ വാക്കുകളെ പരസ്പരം ഘടിപ്പിക്കുമ്പോഴാണ് കാവ്യം എന്ന നവീന യാഥാർത്ഥ്യം സൃഷ്ടമാകുന്നത്. കവിയുടെ സൃഷ്ടിയിൽ മുമ്പ് ഇല്ലാതിരുന്നതായി ഇപ്പോൾ ഉണ്ടായിത്തീർന്നിട്ടുള്ളതു പുതിയ വാക്കുകളല്ല. പഴയ വാക്കുകളെ ഒരു നവീന രൂപത്തിൽ സംഘടിപ്പിച്ചു പുതിയ ഘടനയാകുന്ന പുതിയ സൃഷ്ടിയിൽക്കൂടെ പഴയ സൃഷ്ടിയുടെ വിഘടിത ഘടകങ്ങൾ ഉപയോഗിച്ച് ഒരു പുതിയ സൃഷ്ടിക്കു രൂപം കൊടുക്കുകയാണു കവി ചെയ്യുന്നത്.

ഈ രൂപം കൊടുക്കൽ, അല്ലെങ്കിൽ ഘടനാസൃഷ്ടി ഏതെങ്കിലും ബാഹ്യനിയമങ്ങൾ അനുസരിച്ചു ചെയ്യുന്നതല്ല. കവി മാത്രമല്ല, ശാസ്ത്രകാരനും ഇതു തന്നെയാണു ചെയ്യുന്നത്. ശാസ്ത്രം എന്നു പറയുന്നതു വിവിധ വസ്തുക്കൾ തമ്മിലുള്ള ബന്ധത്തെ ഒരു പുതിയ ഘടനയുടെ അധ്യാരോപണം മൂലം പുതിയ അർത്ഥത്തിൽ കാണുന്നതാണ്.

ശാസ്ത്രം മാത്രമല്ല ചരിത്രവും ഇതുപോലെ ഘടനാകല്പനം മൂലം മാത്രം സൃഷ്ടിക്കപ്പെടുന്ന ഒരു യാഥാർത്ഥ്യമാണ്, മനുഷ്യൻ എന്നു പറയുന്നതു ഘടനയുടെ സൃഷ്ടിമൂലം വസ്തുക്കളുടെ പരസ്പര ബന്ധമാകുന്ന അർത്ഥത്തെ പുറത്തുകൊണ്ടുവരുന്ന ഒരു പ്രതിഭാസമാണ്. ചരിത്രത്തിലാണെങ്കിലും സംഘടിതമായിട്ടുള്ളതിനെ വിഘടിപ്പിച്ചെങ്കിൽ മാത്രമേ ഒരു പുതിയ ഘടന മൂലം ഒരു പുതിയ സാമൂഹ്യയാഥാർത്ഥ്യം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളു. 1968-ലെ പാരീസ് സർവ്വകലാശാലയിലെ വിദ്യാർത്ഥി വിപ്ലവത്തെ റോളണ്ട് ബാർട്ട് കാണുന്നത് ഈ വിധമാണ്. വിദ്യാർത്ഥി വിപ്ലവത്തിന്റെ നേതാവായ ദാനിയേൽ കോഹ്ൻ ബാൻഡി എന്ന യുവാവു വിദ്യാർത്ഥി വിപ്ലവത്തിന്റെ അർത്ഥത്തെക്കുറിച്ച് എഴുതിയ പുസ്തകത്തിലും ഇതു തന്നെയാണു പറഞ്ഞിരിക്കുന്നത്. മനുഷ്യൻ എന്ന പ്രതിഭാസത്തിന്റെ യഥാർത്ഥമായ അർഥത്തെ സാക്ഷാത്ക

രിക്കുവാൻ സമൂഹത്തിന്റെ ഇന്നത്തെ ഘടന സഹായിക്കുന്നില്ല. ഈ സമൂഹത്തെ വിഘടിതമാക്കിയിട്ടു പുതിയ ഒരു ഘടന ഉണ്ടാക്കിയെങ്കിൽ മാത്രമേ മനുഷ്യന്റെ മഹത്വം വെളിപ്പെടുകയുള്ളു.

**ഉടച്ചു വാർക്കുക**

എന്നാൽ സുഘടിതമായ ഇന്നത്തെ മനുഷ്യസമൂഹത്തെ വിഘടിതമാക്കുന്നതിനുള്ള മാർഗ്ഗമെന്ത്? ഇന്നത്തെ സമൂഹം എന്നു പറയുന്നതു സാങ്കേതികതയിലും (technology) ഭരണത്തിലും (management) ആണ് അധിഷ്ടിതമായിരിക്കുന്നത്. ഇന്നത്തെ സമൂഹത്തിന്റെ ഘടനയിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു സാങ്കേതിക പ്രവർത്തകരും ഭരണകർത്താക്കളുമാണ്. അവരില്ലെങ്കിൽ വ്യവസായവുമില്ല, നഗരവുമില്ല, സമൂഹവുമില്ല. ഇന്നത്തെ സമൂഹത്തിന്റെ ഘടനയെ വിഘടിപ്പിക്കണമെങ്കിൽ അതിനെ നിലനിർത്തിക്കൊണ്ടു പോകുന്ന സാങ്കേതിക പ്രവർത്തകരെയും ഭരണകർത്താക്കളെയും ഇല്ലാതാക്കണം. ഈ സാങ്കേതിക പ്രവർത്തകരെയും ഭരണകർത്താക്കളെയും വാർത്തെടുക്കുന്ന ഫാക്ടറിയുടെ പേരാണു സർവ്വകലാശാലയെന്നുള്ളത്. അതിനെ നശിപ്പിച്ചാൽ പിന്നെ ഇപ്പോഴത്തെ സമൂഹത്തിന്റെ ഘടനയെ നിലനിർത്തിക്കൊണ്ടു പോകുവാൻ സാധിക്കാതെ വരും. അതുകൊണ്ടു വിദ്യാർത്ഥികളുടെ പ്രധാനമായ ചുമതല ഒരു പുതിയ സമൂഹഘടന കെട്ടിപ്പടുക്കുന്നതിനു മുമ്പായി പഴയ ഘടനയുടെ അവശ്യ ഘടകങ്ങളെ വാർത്തെടുക്കുന്ന ഫാക്ടറിയായ സർവ്വകലാശാലയെ അട്ടിമറിക്കുകയെന്നതാണ്. അങ്ങനെ അട്ടിമറിക്കുന്നതിന് ആവശ്യമായ സംജ്ഞകൾ ഉണ്ടാകണം. സംജ്ഞകളെ പിടിച്ചിളക്കുക എന്നുള്ളതു വിപ്ലവത്തിന്റെ പ്രഥമ പ്രവൃത്തിയാണ്.

പഴയ സമൂഹത്തെ നിലനിർത്തുന്നതും മനുഷ്യനെ മനംമയക്കുന്നതുമായ പ്രധാന സംജ്ഞ വാക്കുകൾ ആണ്. വാക്കുകൾ പ്രൊഫസർമാരുടെ പ്രഭാഷണങ്ങളിലും ടെക്സ്റ്റ് ബുക്കുകളിലും പത്രങ്ങളിലും സാധാരണ സംഭാഷണത്തിലുമൊക്കെക്കൂടി കുത്തിയൊഴുകി മനുഷ്യനെ വഴി തെറ്റിക്കുന്നു. വിദ്യാർത്ഥികളുടെ 1968-ലെ പ്രധാന മുദ്രാവാക്യങ്ങളിലൊന്നു പ്രൊഫസർമാരുടെ കൈയിൽ നിന്നു വാക്കുകളെ പിടിച്ചടക്കുക എന്നുള്ളതായിരുന്നു. വാക്കുകൾ മയക്കുവാനല്ല യാഥാർത്ഥ്യത്തെ ഉള്ളതുപോലെ പ്രഖ്യാപിക്കുവാൻ മാത്രം ഉപയോഗിക്കണമെന്നും, അല്ലാതെ ഉപയോഗിക്കുന്ന പ്രൊഫസർമാരെ ക്ലാസ്സുകളിൽ നിശ്ശബ്ദരാക്കണമെന്നും, 1968-ലെ വിപ്ലവവാദികളായ ഫ്രഞ്ചു വിദ്യാർത്ഥികൾ ശഠിച്ചു. 1968 ൽ ഫ്രഞ്ചു സർവ്വകലാശാലകളിലെ മിക്കവാറും ക്ലാസ്സുകളിൽ വിദ്യാർത്ഥികൾ ചോദിക്കുന്ന ചോദ്യങ്ങൾക്കു മറുപടി പറയുന്നതല്ലാതെ ലെക്ച്ചർ ചെയ്യുവാൻ അധ്യാപകരെ അനുവദിച്ചിരുന്നില്ല.

എന്നാൽ സാമൂഹ്യഘടനയുടെ ഘടകങ്ങൾ വാക്കുകൾ മാത്രമല്ല. സംജ്ഞകൾ മറ്റു പലതുണ്ട്. മോട്ടോർ കാർ എന്നു പറയുന്നതാണു യൂറോപ്പിലെ ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയുടെ കേന്ദ്ര സംജ്ഞ. ഓരോരുത്തനും, ഓരോരുത്തിക്കും ഓരോ മോട്ടോർ കാറുണ്ട്. അവന്റെയോ അവളുടേയോ സ്വകാര്യസാമ്രാജ്യത്തിന്റെ പ്രതീകമാണത്. സ്വകാര്യതയുടെയും

വ്യക്തിവാദത്തിന്റെയും സ്വത്തിന്റെയും (Privacy, Individualism, Property) പ്രതീകമായ മോട്ടോർ കാറിനെ നശിപ്പിക്കുകയെന്നതു ഫ്രെഞ്ചു വിദ്യാർത്ഥി വിപ്ലവത്തിന്റെ ഒരു പ്രധാന പ്രവർത്തനമായിരുന്നു. ബൂർഷ്വാ വ്യവസ്ഥിതിയുടെ വസ്ത്രധാരണരീതിയും അതിലെ ഘടനകളുടെ സംജ്ഞകളിലൊന്നാണ്. അതിനെയും നശിപ്പിച്ചിട്ടു വിപ്ലവാത്മകത്വത്തിന്റെ പ്രതീകങ്ങളായ പുതിയ വസ്ത്രധാരണരീതികളെ ആവിഷ്കരിക്കുവാൻ ഫ്രെഞ്ചു വിദ്യാർത്ഥിലോകം പരിശ്രമിച്ചു.

മനുഷ്യനെ കൂട്ടിനകത്തടച്ചിട്ടിരിക്കുകയാണ്. അവൻ തടവുകാരനാണ്. അവൻ തടവിൽ നിന്നു മോചനം പ്രാപിക്കണമെങ്കിൽ അവന്റെ ഇച്ഛാശക്തി പ്രവർത്തിക്കണം. പക്ഷേ ആ ഇച്ഛാശക്തിക്കും പ്രതീകങ്ങൾ ആവശ്യമാണ്. വിമുക്തമായ ഇച്ഛാശക്തിക്കു, സയുക്തമായ പ്രതീകം “അതിർത്തിയില്ലാത്ത സ്ഥല” (Unbounded space) മാകുന്നു, തെരുവുകളാകുന്നു. ആരുടെയും സ്വകാര്യസ്വത്തല്ലാത്ത അതിർത്തിയില്ലാത്ത, സ്ഥാപനവിരുദ്ധമായ (Anti-institution) അൺ-പാർലമെന്ററിയായ, ബൂർഷ്വാ ബുദ്ധിജീവികൾക്കു വിരോധമായ, തുറന്ന സ്ഥലമാണു തെരുവ്. തെരുവിലിറങ്ങി മനുഷ്യന്റെ ഇച്ഛാശക്തിയുടെ പ്രതിഭാസമായ അക്രമത്തെ അഴിച്ചുവിടുകയെന്നതാണു മനുഷ്യനെ തടവിലിട്ടിരിക്കുന്ന ഇപ്പോഴത്തെ സാമൂഹ്യവ്യവസ്ഥിതിയെ വിഘടിതമാക്കാനുള്ള മറ്റൊരുപാധി.

**ത്രികോണയുദ്ധം**

ഘടനാവാദവും മാർക്സിസ്റ്റ് വിപ്ലവവാദവും തമ്മിൽ കൂട്ടിക്കുഴച്ചുണ്ടാക്കിയ ഒരു പ്രതിഭാസമായിരുന്നു പാരീസിലെ വിദ്യാർത്ഥിവിപ്ലവം. അതിന്റെ കാറ്റും കോളും കുറെയൊക്കെ അടങ്ങി. ഭഗ്നപ്രത്യാശരായ വിദ്യാർത്ഥികൾ വീണ്ടും “സ്വന്തം കാര്യം സിന്ദാബാദ്” വാദത്തിലേക്കു പ്രവേശിച്ചിരിക്കുകയാണ്.

എന്നാൽ മാർക്സിസവും അസ്തിത്വവാദവും ഘടനാവാദവും തമ്മിലുള്ള ത്രികോണയുദ്ധം ഫ്രാൻസിൽ ഇന്നും നടമാടുന്നു. മാർക്സിസ്റ്റും അസ്തിത്വവാദിയുമായ സാർത്ര് ഘടനാവാദത്തിനെതിരെ ഖഡ്ഗമൂരിയിട്ടു വർഷങ്ങൾ പത്തുപതിനഞ്ചായി. എന്നാൽ മാർക്സിസ്റ്റുകളിൽ പലരും ഇന്നു ഘടനാവാദികളായിത്തീർന്നിരിക്കുകയാണ്. ഘടനാവാദത്തിന്റെ അടിസ്ഥാനത്തിൽ മാർക്സിസ്റ്റ് ചിന്തയെത്തന്നെ പുനസ്സംഘടിപ്പിക്കുവാനാണ് ഈ എക്സ്മാർക്സിസ്റ്റ് ചിന്തകരുടെ ഉദ്യമം. ഇവരിൽ പ്രധാനി ലൂയി ആൾട്ട് ഹൂസർ (Luis Althusser) ആണ്. മറ്റു രണ്ടു പ്രധാന പേരുകൾ ലുസിയൻ സിബാഗും (Lucien Sebag) ആങ്ങ്റി ലെഫെബറും (Henri Lefebvre) ആണ്. ഫ്രെഞ്ചു കമ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം ആൾട്ട് ഹൂസർ ഒരു കരിങ്കാലിയത്രേ. മാർക്സിസത്തെ ഘടനാവാദത്തിന് ഒറ്റിക്കൊടുത്തു എന്നാണ് അദ്ദേഹത്തെക്കുറിച്ചുള്ള ആരോപണം. ഏതായാലും മാർക്സിന്റെ ചിന്തയെ ഒരു പുതിയ രൂപത്തിലാണ് ആൾട്ട് ഹൂസർ അവതരിപ്പിക്കുന്നത്. “മാർക്സിന്റെ ഭാഗത്ത്” (For Marx) എന്ന ശീർഷകത്തിൽ 1965-ൽ അദ്ദേഹം പ്രസിദ്ധം ചെയ്ത പുസ്തകം ഇന്ന് ഇംഗ്ലീഷ് പരിഭാഷയിൽ ലഭ്യമാണ്. “ദാസ് കാപ്പിത്താൽ വായിക്കുക” എന്ന അദ്ദേ

ഹത്തിന്റെ രണ്ടു വാല്യം ഗ്രന്ഥം 1966-ൽ പുറത്തിറങ്ങി. ആൾട്ട് ഹൂസർ പറയുന്നത് 1848 വരെ മാർക്സ്, സ്വാതന്ത്ര്യം, യുക്തി മുതലായ കാര്യങ്ങളിൽ വിശ്വസിക്കുന്ന ഒരു ഹ്യൂമനിസ്റ്റ് ആശയവാദിയായിരുന്നുവെന്നും, 1848 ന് ശേഷം മാർക്സ് ഒരു ശാസ്ത്രീയ സ്ഥിതിസമത്വവാദിയായി ത്തീർന്നുവെന്നുമാണ്. 1848 ന് മുമ്പുള്ള മാർക്സ് വെറും ഐഡിയോളജിസ്റ്റ് മാത്രം. 1848 ന് ശേഷമുള്ള മാർക്സ് കറതീർന്ന ശാസ്ത്രകാരൻ. ഐഡിയോളജിയും ശാസ്ത്രവും തമ്മിൽ യാതൊരു ബന്ധവുമില്ല. പരസ്പര വിരുദ്ധമാണവ. ഹ്യൂമനിസം ഐഡിയോളജിയാണ്. സോഷ്യലിസം ശാസ്ത്രവും. ഐഡിയോളജി സമൂഹത്തെ വഴിതെറ്റിക്കുന്നു. ശാസ്ത്രം ശരിയായ വഴി കാണിക്കുന്നു. ആൾട്ട് ഹൂസറുടെ അഭിപ്രായത്തിൽ 1848-ൽ മാർക്സ്, ഹ്യൂമനിസം എന്ന ആശയവാദത്തെ നിരാകരിച്ചിട്ടു സോഷ്യലിസം എന്ന ശാസ്ത്രത്തെ അനുധാവനം ചെയ്യുവാൻ ആരംഭിച്ചു. സോഷ്യലിസം എന്നു പറയുന്നത് സാമൂഹ്യഘടനയിൽ വിവിധ ഘടകങ്ങൾ എപ്രകാരം പരസ്പരബന്ധിതമായിരിക്കുന്നു എന്നുള്ളതും ഘടനയ്ക്കകത്ത് ഓരോ ഘടകത്തിനുമുള്ള പ്രവർത്തന സവിശേഷതയും പഠിച്ചറിഞ്ഞ് സമൂഹത്തിന് യുക്തമായ പുതിയ ഘടന വാർത്തെടുക്കുക എന്നുള്ളതാണ്. ശാസ്ത്രീയമായ സാമൂഹ്യചിന്തയിൽ മനുഷ്യനെക്കുറിച്ചുള്ള നിർവ്വചനത്തിനൊന്നും സ്ഥാനമില്ല. മനുഷ്യനെ സാമ്പത്തിക മനുഷ്യനെന്നോ ചരിത്ര മനുഷ്യനെന്നോ സ്രഷ്ടാവായ മനുഷ്യനെന്നോ (Homo-economicus or Homo Historicus or Homo - faber) ലോകചരിത്രത്തിന്റെ കർത്താവെന്നോ വസ്തുവെന്നോ നിർവചിക്കേണ്ട. യഥാർത്ഥത്തിൽ സാമ്പത്തിക പ്രവർത്തനത്തിന്റെ കർത്താവ് മനുഷ്യനല്ല. ഉല്പാദകനോ ഉപഭോക്താവോ അല്ല. പ്രത്യുത, ഉല്പാദന ഉപഭോജന വിതരണ പ്രക്രിയയിലുള്ള പരസ്പര ബന്ധങ്ങളാണ് എന്നാണ് ആൾട്ട് ഹൂസറുടെ പക്ഷം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, യഥാർത്ഥ ശാസ്ത്രീയ സ്ഥിതിസമത്വവാദം ഈ പരസ്പര സാമ്പത്തിക ബന്ധങ്ങളെ വസ്തുനിഷ്ഠമായി വിശകലനം ചെയ്ത്, ശാസ്ത്രീയമായ അടിസ്ഥാനത്തിലുള്ള ഒരു പ്രവർത്തന പദ്ധതി (Praxis) സ്വീകരിക്കുകയെന്നതാണു മാർക്സിസത്തിന്റെ ചുമതല.

ഏതായാലും പ്രതിയോഗികൾ ഈ ഘടനാവാദാധിഷ്ഠിതമായ മാർക്സിസത്തെ, ശാസ്ത്രവുമല്ല, ആശയവാദവുമല്ല എന്നു പറഞ്ഞ് പരിഹസിക്കുകയാണ്. ‘സത്യവിശ്വാസികളായ മാർക്സിസ്റ്റു’കളിൽ പ്രധാനി ആങ്ഗ്റി ലെഫേബറാണ്. ലേവി സ്ട്രൗസിനെതിരെ തന്നെയാണ് ലെഫേബർ ഖഡ്ഗമൂരുന്നത്. ഭാഷയുടെ ഘടനയുടെ അടിസ്ഥാനത്തിൽ മനുഷ്യസമൂഹത്തെ മനസ്സിലാക്കാനൊക്കുകയില്ലെന്നും ഘടനാവാദം എന്നു പറയുന്നത് ക്രിസ്തുവിനു മുൻപ് അഞ്ചാം ശതാബ്ദത്തിൽ തന്നെ ഹെറാക്ലീറ്റസ് നിരാകരിച്ച പാർമെനിഡീസിന്റെ വാദമാണു ലേവി സ്ട്രൗസ് പുറത്തുകൊണ്ടുവന്നിട്ടുള്ളതെന്നും അദ്ദേഹം അപലപിക്കുന്നു. എല്ലാ വസ്തുക്കളും ഒരുമിച്ച് ഒരു ആയിത്തീരൽ പ്രസ്ഥാനത്തിലാണെന്നുള്ള ഹെറാക്ലീറ്റസിന്റെ വാദത്തിനെതിരായി, മനുഷ്യമനസ്സാണു വിഘടിത വസ്തുക്കളെ പരസ്പരം ഘടിപ്പിക്കുന്നതെന്നുള്ള പാർമെനീഡിസിന്റെ

വാദം അന്നും ഇന്നും തെറ്റാണെന്നു ലെ ഫേബർ ശഠിക്കുന്നു.

### സാങ്കേതിക വിജ്ഞാനത്തിന്റെ കുട്ടിക്കളി

ടെക്നോളജിയുടെ കുട്ടിക്കളിയാണു കാണുന്നതിനെയൊക്കെ വിഘടിപ്പിച്ചു സർവത്തെയും വ്യക്തീകരിക്കുകയെന്നത്. പ്രാപഞ്ചിക കാലത്തെയും ലോകത്തെയും ജീവനെയുമൊക്കെ വിശകലനാസക്തമായ ശാസ്ത്രം വെട്ടിമുറിച്ചു പരിശോധിക്കുന്നു. ആഗന്തുകവും യാദൃച്ഛികവുമായ സകലത്തെയും ഒഴിച്ചുമാറ്റി നവീനത്വവും അദ്ഭുതാവഹതയും നിർമ്മാർജനം ചെയ്യാനുള്ള ഘടനാവാദികളുടെ ഈ ശ്രമം പ്രതിലോമപരമായ ഒരു പിന്തിരിപ്പൻ ശക്തി മാത്രമാണെന്നു ലെ ഫേബർ അധിക്ഷേപിക്കുന്നു. നിശ്ചലമായ വസ്തു ലോകത്തെ ദൃഷ്ടാന്തമാക്കി ചലനമില്ലാത്ത ഒരു മനുഷ്യലോകത്തെ കെട്ടിപ്പടുക്കാനാണ് ഈ വ്യാജശാസ്ത്രജ്ഞന്മാർ ശ്രമിക്കുന്നതത്രെ. സമൂഹത്തെ അപ്പാടെ വിശകലനം ചെയ്ത് ഓരോരുത്തനും വ്യക്തവും സ്ഥിരവുമായ ഒരു ജോലിയും കൊടുത്തു, സമൂഹത്തിന്റെ മുൻപോട്ടുള്ള പുരോഗതിയെ തടയത്തക്കവണ്ണം മരവിപ്പിക്കാനാണു ഘടനാവാദികൾ ശ്രമിക്കുന്നത് എന്നാണ് ഔദ്യോഗിക മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം. ലെ ഫേബറും ലൂസിയൻ ഗോൾഡ്മാനും ഒക്കെ ഈ അഭിപ്രായക്കാരാണ്. മനുഷ്യനെ മറക്കുന്ന ഈ ഘടനാവാദാധിഷ്ഠിത മാർക്സിസം മനുഷ്യരാശിയുടെ ശത്രുവാണെന്നും ബുർഷ്വാവ്യവസ്ഥിതിയെ നിലനിർത്തിക്കൊണ്ടു പോകാനുള്ള ഉദ്യമമാണെന്നും അവർ വ്യാഖ്യാനിക്കുന്നു.

ഏതായാലും ത്രികോണയുദ്ധം ഫ്രാൻസിൽ നിന്നു മറ്റു രാജ്യങ്ങളിലേക്കു വ്യാപിച്ചു തുടങ്ങിയിട്ടേയുള്ളു. അധികം താമസിയാതെ ഘടനാവാദം ഇവിടെയും എത്തും; സംശയമില്ല. ഈ ലേഖനത്തെ അതിന്റെ ഒരു ബിറ്റ് നോട്ടീസായി മാത്രം എടുത്താൽ മതി.

(*ഭാഷാപോഷിണി*, ജൂൺ - ജൂലൈ, 1977)



# 2

# സാഹിത്യവും മനശ്ശാസ്ത്രവും

മനശ്ശാസ്ത്രം ഇന്നലെയുണ്ടായതല്ലേ? സാഹിത്യമോ അതിപുരാതനവും. പിന്നെ മനശ്ശാസ്ത്രത്തിനെങ്ങനെ സാഹിത്യത്തിൽ സ്ഥാനമുണ്ടാകും? ന്യായമായ ഒരു ചോദ്യമാണിത്.

മനശ്ശാസ്ത്രം എന്നതിനെ രണ്ടർത്ഥത്തിൽ വിവക്ഷിക്കേണ്ടതുണ്ട്. ഇരുപതാം ശതകത്തിന്റെ ആദ്യ ദശകങ്ങളിൽ ഓസ്ട്രിയയിലെ യഹൂദ ഘെറ്റോ ജീവിതത്തെയും അനുഭവങ്ങളെയും ആസ്പദമാക്കി സിഗ്മൺഡ് ഫ്രോയിഡ് ചമച്ചുണ്ടാക്കിയതും പിന്നീടു പലർ വികസിപ്പിച്ചതും തിരുത്തിയതുമായ ആധുനിക മനശ്ശാസ്ത്രം ഒന്ന്. കാളിദാസനിലും ഇതിഹാസകർത്താക്കന്മാരിലും ഷേക്സ്പിയറിലും ഗീഥെയിലും ഡോസ്റ്റോയെവ്സ്കിയിലും കീർക്കഗോറിലും ഒരുപോലെ കാണപ്പെടുന്ന അഗാധമായ മനോവിജ്ഞാനീയം മറ്റൊന്ന്.

ഫ്രോയ്ഡ് തന്നെ സമ്മതിക്കുമായിരുന്നു, താനുണ്ടാക്കിയ മനശ്ശാസ്ത്രത്തിലെ പ്രധാനാശയങ്ങൾ ഗീഥെയിൽ നിന്നും ഷേക്സ്പിയറിൽ നിന്നും ഡോസ്റ്റോയെവ്സ്കിയിൽ നിന്നുമാണ് ആർജിച്ചതെന്ന്.

എന്നാൽ സാഹിത്യകാരൻ സാഹിത്യത്തിൽ പ്രയോഗിച്ചിട്ടുള്ള മനോവിജ്ഞാനം ഒന്ന്; സാഹിത്യകാരന്റെ സർഗാത്മക പ്രവൃത്തിയുടെ മനോവിജ്ഞാനീയാധിഷ്ഠിതമായ വിശകലനം മറ്റൊന്ന്; സാഹിത്യാസ്വാദകനായ അനുവാചകനിലുളവാക്കുന്ന മാനസിക പരിവർത്തനങ്ങളുടെ വിശകലനം മൂന്നാമതൊന്ന്. ഇതു മൂന്നും കൂടാതെ സാഹിത്യകൃതികളെ പൊതുവെ എടുത്തിട്ട്, മനശ്ശാസ്ത്രാധിഷ്ഠിതമായി അവയെ തരംതിരിക്കുന്ന പ്രക്രിയ നാലാമതുണ്ട്. ഇതെല്ലാം സാഹിത്യവും മനശ്ശാസ്ത്രവും എന്ന വിഷയത്തിൽപ്പെടും.

### സർഗാത്മകതയുടെ പ്രതിപാദനങ്ങൾ

സാഹിത്യകാരന്റെ സർഗാത്മകതയുടെ സവിസ്തരങ്ങളായ പ്രതിപാദനങ്ങൾ പലതുണ്ടല്ലോ? സാഹിത്യകാരൻ ഒരുതരം മാനസികരോഗിയാണെന്നും ആ രോഗാവസ്ഥയിൽ നിന്നാണു സാഹിത്യത്തിന്റെ ഉദയമെന്നും വാദിക്കുന്നവരുണ്ട്. ഫ്രോയ്ഡ് തന്നെ ഏറെക്കുറെ ആ അഭിപ്രായക്കാരനായിരുന്നു. വാസനകളെ അടിച്ചമർത്തുന്നതിലാണു കലയുടെയും സംസ്ക്കാരത്തിന്റെയും ഉദ്ഭവമെന്നാണല്ലോ അദ്ദേഹത്തിന്റെ മൗലികചിന്ത. നൈസർഗിക വാസനകളെ പിടിച്ചുനിർത്തണമെന്നു സമൂഹമോ ധാർമികമൂല്യങ്ങളോ അവയിൽ നിന്നുണ്ടാകുന്ന അവനവന്റെ സൂപ്പർ ഈഗോയോ നിർബന്ധിക്കുമ്പോൾ അത് അതേപടി സ്വീകരിക്കാതെ, യാഥാർഥ്യത്തിൽ വാസനകളുടെയും ആഗ്രഹങ്ങളുടെയും മോഹങ്ങളുടെയും പൂരണം നിവർത്തിക്കുവാൻ സാധ്യതയില്ലാത്ത പശ്ചാത്തലത്തിൽ, ഭാവനയിലും ഭാവനാരചനയിലും കൂടെ സാഹിത്യകാരനും കലാകാരനു

മൊക്കെ (ആസ്വാദകനും?) ആഗ്രഹപൂരണം നിവർത്തിക്കുന്നുവെന്നാണു ഫ്രോയ്ഡ് പറയുന്നത്. ആ ഭാവനാലോകത്തെ ഭാവനയിൽ മാത്രം വിടാതെ, സമൂഹത്തിനു സ്വീകാര്യമായ ഒരു ബാഹ്യയാഥാർഥ്യമായി രചിക്കുന്നതാണു സാഹിത്യം അല്ലെങ്കിൽ കല. തന്റെ മനസ്സിൽ തന്നെയുള്ള മോഹങ്ങളെയും കാമങ്ങളെയുമൊക്കെത്തന്നെയാണു സാഹിത്യകാരൻ കഥാപാത്രങ്ങളിൽ കൂടി വെളിപ്പെടുത്തുന്നത്.

കല രോഗമാണ്, കലാകാരൻ രോഗിയാണ്, സാഹിത്യം മാനസിക രോഗത്തിൽ നിന്നാണുദിക്കുന്നത്, കവി തന്റെ ദിവാസ്വപ്നങ്ങളെ കവിതയിൽ കൂടെ യാഥാർഥ്യമാക്കുന്നവനാണ്, സാഹിത്യകാരൻ അവന്റെ രഹസ്യമോഹങ്ങളെ സമൂഹം നീതീകരിക്കുന്ന രീതിയിൽ പരസ്യമായി പൂരണം ചെയ്യുന്നവനാണ് എന്ന വാദത്തിന് ഒട്ടും കഴമ്പില്ലെന്നു വാദിക്കുവാൻ സാദ്ധ്യമല്ല. പൂർണ്ണമായും 'നോർമൽ' ആയിട്ടുള്ള ഒരു മനുഷ്യനു സാഹിത്യം എഴുതുവാൻ സാദ്ധ്യമല്ലെന്ന് നമുക്ക് അനുഭവം കൊണ്ടറിയാം. ഒരുപക്ഷേ, അതുകൊണ്ടായിരിക്കാം ക്രിസ്തുഭഗവാൻ ഒന്നും എഴുതാതിരുന്നത്!

പക്ഷേ രോഗം കൊണ്ട് മാത്രം കലയുണ്ടാവുകയില്ലെന്നുള്ളത് ആ നാണയത്തിന്റെ മറുവശമല്ലേ? ആ മറുവശം കാണിക്കുന്നവരിൽ പ്രധാനിയാണു സാർത്ര്. മനുഷ്യമനസ്സിന്റെ പ്രവർത്തനങ്ങളെല്ലാം കാര്യകാരണ ശൃംഖലയിൽ അടക്കിനിർത്താവുന്നതല്ലെന്നും, ഭാവനയും വികാരവും ഒക്കെ കാര്യകാരണതത്വം കൊണ്ടു മാത്രം മനസ്സിലാക്കാവുന്നതല്ലെന്നും അദ്ദേഹം വാദിച്ചു. കാര്യത്തിനൊക്കെ കാരണമുണ്ട്, സകല കാര്യവും അതിന്റെ കാരണം തേടിയാണു മനസ്സിലാക്കേണ്ടത് എന്നുള്ള സ്പിനോസായുടെ വാദത്തെ സാർത്ര് നിഷേധിച്ചു. മനുഷ്യമനസ്സ് ഒരു സ്വാതന്ത്ര്യമുള്ള അസ്തിത്വമാണെന്നും ഭാവനാസൃഷ്ടിയിലാണു മനുഷ്യസ്വാതന്ത്ര്യം ഏറ്റവും കൂടുതൽ പ്രകാശിതമാകുന്നതെന്നുമാണ് അദ്ദേഹത്തിന്റെ ചിന്ത. വിവിധ സാധ്യതകളെ വിഭാവനം ചെയ്ത് അവയിലൊന്നിനെ തെരഞ്ഞെടുക്കാനും മനുഷ്യോദ്ദേശ്യം എന്ന പ്രതിഭാസം സൃഷ്ടിക്കാനും സാധിക്കുന്നതു ഭാവന കൊണ്ടല്ലേ?

ഹുസ്സേളിന്റെ പ്രതിഭാസവിജ്ഞാനീയ ദർശന (Phenomenology) ത്തെ അടിസ്ഥാനമാക്കി "ഭാവനാത്മകം" (I' imaginaire - ഇംഗ്ലീഷിൽ imagination) എന്ന അദ്ദേഹത്തിന്റെ അടിസ്ഥാനഗ്രന്ഥത്തിൽ സാർത്ര് വാദിക്കുന്നതേതാണ്ടിങ്ങനെയാണ്. ഡേക്കാർട്ടിന്റെ കാലം മുതൽ നമുക്കറിയാം പ്രജ്ഞ (Consciousness) പൂർണ്ണമായും വിശ്വസനീയമായ ജ്ഞാനത്തെ നമുക്കു നല്കുന്നുവെന്ന്. നമ്മുടെ പ്രജ്ഞയിൽ അല്ലെങ്കിൽ ബോധതലത്തിൽ നമുക്കു വ്യക്തമായി പ്രത്യക്ഷപ്പെടുന്നതിനെ നാം സത്യമായി സ്വീകരിക്കണം. പ്രജ്ഞാമണ്ഡലത്തിലുണ്ടാക്കുന്ന (നാം തന്നെയുണ്ടാക്കുന്ന) ചിത്രങ്ങളെ അല്ലെങ്കിൽ രൂപങ്ങളെ (images) കൃത്യനിഷ്ഠയോടെ നിരീക്ഷണം ചെയ്ത്, അവയുടെ എല്ലാ വിശദവിവരങ്ങളും സൂക്ഷിച്ചറിഞ്ഞ് എഴുതിവയ്ക്കുന്നതാണു സത്യം. അതല്ലേ സാഹിത്യവും.

## ഗിൽബർറ്റു റൈൽ

ഇതു കുറെ കൂടിപ്പോയെന്നായിരുന്നു ഇംഗ്ലണ്ടിലെ വിശകലനദർശകന്മാരിൽ മുമ്പനായിരുന്ന ഗിൽബർറ്റ് റൈലിന്റെ മതം. അദ്ദേഹം സ്ഥാപിക്കുന്നത് മനസ്സെന്നു പറയുന്ന സാധനമേയില്ലെന്നും, മാനസികലോകമെന്നൊരു ലോകമേയില്ലെന്നും, സംഭവങ്ങളും യാഥാർത്ഥ്യങ്ങളുമൊക്കെയുണ്ടാകുന്നതു ബാഹ്യലോകത്തിൽ മാത്രമാണെന്നും ഒക്കെയാണ്. മനസ്സെന്നൊന്നുണ്ടെന്ന മിഥ്യാബോധം മാറിക്കഴിയുമ്പോൾ പ്രജ്ഞാമണ്ഡലത്തെ വിശകലനം ചെയ്യുകയെന്ന നാഭിധ്യാനവും ഇല്ലാതായിക്കൊള്ളും എന്ന് എന്റെ ഗുരു കൂടിയായ ഈ ഇംഗ്ലീഷുകാരൻ നമ്മെ ഉദ്ബോധിപ്പിച്ചു.

പക്ഷേ, നാഭിധ്യാനം അതുകൊണ്ടു നിലച്ചില്ലെന്നു തോന്നുന്നു. ഏതായാലും ഭാവനയിൽ മനുഷ്യസ്വാതന്ത്ര്യം സൃഷ്ടിച്ചു സാഹിത്യത്തിൽ കൂടെ അവതരിപ്പിക്കുന്ന ലോകം "ബാഹ്യലോക"വുമായി ബന്ധമൊന്നുമില്ലാത്തതാണോയെന്ന ചോദ്യം ഇന്നും സംഗതമാണ്. ഇസോപ്പിന്റെ കഥകൾ ബാഹ്യലോകത്തിൽ നടക്കുന്നതിന്റെ ശരിപ്പകർപ്പുകളല്ലെങ്കിൽത്തന്നെയും, മനുഷ്യർ തമ്മിലുള്ള ബന്ധത്തെ മൂകജീവികൾ തമ്മിലുള്ള ബന്ധമാകുന്ന ഭാവനാരൂപത്തിൽ കൂടെ പ്രകാശിപ്പിക്കുന്നതല്ലേ?

## കെട്ടുകഥയും യാഥാർത്ഥ്യവും

എന്നാൽ ഡിക്കെൻസിനെപ്പോലെയുള്ള ചിലർ പറയുന്നത്, തങ്ങളുടെ കഥാപാത്രങ്ങളെ അവരുടെ ഭാവനയിൽ മാത്രമല്ല ബാഹ്യലോകത്തിൽത്തന്നെ കാണുന്നു, ഈ കഥാപാത്രങ്ങൾ തന്റെ ഭാവനയിൽ നിന്നുദിച്ചു പുറത്തുവന്നു തന്നോടു സംസാരിക്കുന്നു, ചിലപ്പോൾ ഡിക്കെൻസ് ഉദ്ദേശിക്കാത്തവിധത്തിൽ കഥയുടെ പ്ലോട്ടിനെത്തന്നെ കൊണ്ടുപോയി കളയുന്നു എന്നൊക്കെയാണ്. അതായതു ചുരുക്കം ചിലരുടെ കാര്യത്തിലെങ്കിലും ഭാവനാലോകവും ബാഹ്യലോകവും തമ്മിൽ അത്ര വലിയ അന്തരമൊന്നുമില്ലെന്നും ചെറിയ കുട്ടികളുടെ മനസ്സിൽ കെട്ടുകഥയും യാഥാർത്ഥ്യവും തമ്മിലുള്ള വ്യത്യാസം വ്യക്തമല്ലാത്തതുപോലെ, സാഹിത്യകാരനും കുട്ടിക്കാലത്തുണ്ടായിരുന്ന ഭാവനാസമ്പത്ത് ഇപ്പോഴും ഉണ്ടെന്നുള്ളതാണു പരമാർത്ഥമെന്നും തോന്നുന്നു.

## പ്രത്യക്ഷണം

ദർശനം അല്ലെങ്കിൽ വീക്ഷണം അല്ലെങ്കിൽ പ്രത്യക്ഷണം (perception) എന്നു പറയുന്നത് (അതായത് ഇന്ദ്രിയങ്ങൾ കൊണ്ടു ബാഹ്യലോകത്തെ ദർശിക്കുന്നത്) പോലെയല്ല, ഭാവനാലോകത്തിലെ ദർശനം.

ബാഹ്യലോകത്തെ ഇഷ്ടം പോലെ വ്യത്യാസപ്പെടുത്താൻ നമുക്കു സ്വാതന്ത്ര്യമില്ല. എന്നാൽ ഭാവനാലോകത്തിൽ നമ്മുടെ ഇഷ്ടവും കഴിവുമനുസരിച്ചു വ്യത്യാസങ്ങൾ വരുത്താം. ഇതാണു യഥാർഥ മനുഷ്യസ്വാതന്ത്ര്യത്തിന്റെ പ്രകാശനങ്ങളിൽ ഒന്ന് എന്ന സാർത്രിന്റെ വാദമാണ്, മനസ്സെന്നും ഭാവനയെന്നും ഒന്നുമില്ലയെന്നുള്ള റൈലിന്റെ വാദത്തേക്കാൾ സ്വീകാര്യമെന്നു മനസ്സില്ലാമനസ്സോടെയാണെങ്കിലും മിക്കവരും സമ്മതിക്കുമെന്നു തോന്നുന്നു.

ഭാവനാലോകത്തിൽ സൃഷ്ടിയുണ്ടാക്കുക എന്നതു കുട്ടികൾക്കും പഴയകാലത്തെ മനുഷ്യർക്കും കൂടുതൽ ഉണ്ടായിരുന്ന കഴിവായതുകൊണ്ടു സാഹിത്യകാരനിൽ കുറച്ചൊരു ശൈശവവും പുരാതനത്വം അഥവാ കുറെ അസംസ്കൃതമായ ആധുനിക യുക്തിചിന്തയുടെ വെയിലേറ്റു കരിഞ്ഞു പോയിട്ടില്ലാത്ത, കിരാതത്വവും കൂടി വേണമെന്നാണു ടി. എസ്. എലിയട്ട് പറയുന്നത്.

### പുരാതന പ്രജ്ഞ

1918-ൽ അങ്ങനെ പറഞ്ഞ എലിയട്ട് 1932 ആകുമ്പോഴേക്ക് ഈ ഭാവനാലോകത്തിലെ സർഗാത്മകത മുഴുവനും നമ്മുടെ സ്വാതന്ത്ര്യത്തിൽ നിന്നുദ്ഭൂതമാകുന്നതല്ലെന്നും അദൃഷ്ടമായ ഏതോ ഒരു ലോകത്തിലേക്കു വിരൽ ചൂണ്ടുന്ന സംജ്ഞകളാണു സാഹിത്യകാരന്റെ മനോമണ്ഡലത്തിലുയർന്നു വരുന്നതെന്നും അതിനെ മുഴുവൻ നിയന്ത്രിക്കുവാൻ സാഹിത്യകാരനു കഴിയുന്നില്ലെന്നും ചൂണ്ടിക്കാണിച്ചു. ഈ സൂചനകളും സംജ്ഞകളും മനുഷ്യന്റെ പുരാതനപ്രജ്ഞ (primitive consciousness) യിലേക്ക്, യുക്തിവാദത്തിനു മുമ്പുള്ള (pre - logical) മനുഷ്യമനസ്സിലേക്കാണു കടന്നുചെല്ലുന്നതെന്ന് അദ്ദേഹം അമ്പതുകൊല്ലം മുമ്പ് വാദിച്ചു.

### സമൂഹപ്രജ്ഞ

അന്നു ഫ്രോയ്ഡിന്റെ ചിന്താഗതിയോടൊപ്പം യുങ്ങിന്റെ (Yung) ചിന്താഗതിയും ഉയർന്നുവന്നു. മനശ്ശാസ്ത്രത്തിന്റെ ശൈശവത്തിലേ കോളിളക്കമുണ്ടാക്കിയ കാലമാണ്. സാർത്ര് വിശകലനം ചെയ്ത വ്യക്തിപ്രജ്ഞയ്ക്കു പിറകിൽ ഒരു സമൂഹപ്രജ്ഞ (collective unconsiousness) യുണ്ടെന്നും സാഹിത്യകാരന്റെ അന്തശ്ചൈതന്യത്തിലുണ്ടാകുന്ന രൂപങ്ങളും സംജ്ഞകളും പ്രതീകങ്ങളുമൊക്കെ ഈ സമൂഹപ്രജ്ഞയിലേക്കാണു കടന്നുചെല്ലുന്നതെന്നും ഒരു വിവക്ഷ എലിയട്ടിൽത്തന്നെയുണ്ട്.

### ക്രെറ്റ്ഷ്മർ

എന്നാൽ സാഹിത്യകാരന്മാരെയെല്ലാം ഒരു തരത്തിൽപ്പെടുത്താനാവില്ല. അവരുടെയിടയിൽത്തന്നെ മനശ്ശാസ്ത്രീയ വ്യത്യസ്തതകളുണ്ടെന്നു സ്പഷ്ടമാണ്. പക്ഷേ, വകുപ്പു തിരിക്കുന്നതു പല തരത്തിലാകാം. ജർമ്മൻ നിരീക്ഷകനായ ക്രെറ്റ്ഷ്മർ (Kretschmer) കവികളെ സ്ഖിസോഫ്രെനിയായുള്ള വെളിച്ചപ്പാടന്മാരായും, കാഥികന്മാരെ മാനിക്ഡിപ്രസിവ് അല്ലെങ്കിൽ ഉൻമാദ അവസാദചാക്രിക മനസ്കൻമാരായും തരം തിരിക്കുന്നു. നീറ്റ്ഷെയുടെ ചിന്താഗതിയിൽ ഗ്രീക്ക് കലാദേവതകളായ അപ്പോളോ, ദിയോനീസസ് (ദീവന്നാസ്യോസ് എന്നത് ഈ പേരു തന്നെയാണ്) എന്ന പേരുകളിലാണ് തരം തിരിക്കുന്നത്. അപ്പോളോ ശില്പകലയുടെയും, ദിയോനീസസ് സംഗീതത്തിന്റെയും ദേവതയാണ്. അപ്പോളോ ചിന്തയിൽ നിന്നും ഭാവനയിൽ നിന്നും സമചിത്തതയിൽ നിന്നുമാണു സർഗക്രിയയനുഷ്ഠിക്കുന്നത്. ദിയോനീസസാകട്ടെ ഉൻമാദദേവതയാണ്, സാഹിത്യകാരൻ സ്വയം മദത്തിനു വിട്ടുകൊടുത്തിട്ട് (മദത്തിന്റെ ഉദ്ഭവം മതമോ മദ്യമോ, രതിയോ, വികാരക്ഷോഭമോ ഒക്കെയാകാം) ഒരു ദേവത സാഹി

ത്യകാരനിലോ കലാകാരനിലോ പ്രവേശിച്ചു സർഗപ്രക്രിയ നിർവ്വഹിക്കുന്നതിന്റെ പ്രതിരൂപമാണ്.

## മ്യൂസിന്റെ അധിനിവേശം

ഒരു മ്യൂസ് (Muse) അല്ലെങ്കിൽ ദേവതയുടെ അധിനിവേശമില്ലാതെ നല്ല സാഹിത്യമോ കലയോ ഉണ്ടാകുന്നില്ലെന്നു തലയെടുപ്പുള്ള നിരീക്ഷകന്മാരൊക്കെ സമ്മതിക്കും. എന്നാൽ അപ്പോളോയും ദീയോനീസസും ഒരുമിച്ച് അനുരഞ്ജിപ്പിച്ചിട്ടുള്ളവരായിട്ടാണു കാളിദാസനെയും ഗീഥെയെയും, ഷേക്സ്പിയറിനെയും, ടോൾസ്റ്റോയിയെയും ഒക്കെ നാം കാണേണ്ടുന്നത് എന്നു തോന്നുന്നു. നീറ്റ്ഷെ തന്നെയും വെറും ദിയോനിസസാണെന്നു തോന്നുന്നില്ല. ക്രിസ്ത്യാനികൾ പരിശുദ്ധാത്മ പ്രചോദനത്തിന്റെ ഫലങ്ങളിൽ സാധാരണ സാഹിത്യത്തെയുൾപ്പെടുത്താറില്ലെങ്കിൽ, കലാവാസനയൊക്കെത്തന്നെ ദൈവാത്മപ്രചോദിതമാണെന്നു ബൈബിളിലെ പഴയനിയമത്തിൽ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. സൃഷ്ടിപരതയെന്നു പറയുന്നതു തന്നെ "ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തെയും പൂർത്തിയാക്കിത്തികയ്ക്കുന്ന" ദൈവാത്മാവിന്റെ പ്രവർത്തനമെന്നാണു ക്രൈസ്തവർ തങ്ങളുടെ ആരാധനയിൽ എല്ലാ പ്രാവശ്യവും ആവർത്തിച്ചു പറയുന്ന പുരാതനോപദേശം. ബെസാലേലിനും ഓഹോലിയാബിനും ദേവാലയത്തിന്റെ പണി തീർക്കുവാനുള്ള കലാവൈഭവം നല്കിയ ദൈവാത്മാവ് എല്ലാ 'കലാസാഹിത്യസൃഷ്ടിയിലും' പ്രവർത്തിക്കുന്നുണ്ടെന്നു വാദിക്കുവാൻ ഇന്നത്തെ ക്രൈസ്തവദാർശനികർ കുറച്ചൊന്നു സംശയിക്കും. ദൈവാത്മാവാണോ വേറെ ഏതെങ്കിലും ആത്മാവാണോ പ്രചോദനം നല്കിയിരിക്കുന്നതെന്നു സാഹിത്യകാരന്റെ സർഗാത്മകതയുടെ ഫലം കണ്ടു വേണമല്ലോ തീരുമാനിപ്പാൻ!

## ഉപാധികൾ

ഏതാത്മാവായാലും ഏതെങ്കിലുമൊരു ആത്മാവില്ലാതെ സാഹിത്യസൃഷ്ടി സാധ്യമല്ലെന്ന് അധികംപേരും സമ്മതിക്കും. പിന്നെ ആ ആത്മാവിനെ വരുത്തുവാനുള്ള പ്രത്യേക ഉപാധികളുണ്ടോ എന്നാണു സംശയം. ചിലർക്കു കറുപ്പു തിന്നാലേ ആത്മാവു വരികയുള്ളു (ഡികിൻസി), മറ്റു ചിലർക്കു ബീഡിയോ ചായയോ അതിൽ കൂടുതലെന്തെങ്കിലുമോ ആയിരിക്കും. ചിലർക്കു പ്രാർത്ഥനയായിരിക്കും പ്രചോദനത്തെ ക്ഷണിച്ചു വരുത്തുന്നത്. ചിലർക്കു രാത്രിയായിരിക്കും പ്രചോദനം വരുന്നത്. മറ്റു ചിലർക്ക് അതിരാവിലെയായിരിക്കും. ഏതായാലും സാഹിത്യത്തിലെ സർഗാത്മകതയുടെ അവശ്യഘടകങ്ങളായി ബാഹ്യമായ ഏതെങ്കിലും കാര്യത്തെ ഉന്നയിക്കാൻ സാധിക്കുമോ എന്നു സംശയമാണ്. സബോധതലത്തിലും അബോധതലത്തിലും ഉള്ള പ്രവർത്തനങ്ങൾ ഒരുമിച്ചുണ്ടാകുമ്പോഴാണു നല്ല സാഹിത്യമുണ്ടാകുന്നതെന്നു മാത്രമേ തീർത്തുപറയാനൊക്കൂ.

ഒരു നല്ല ആഖ്യായികാകാരനോ നാടകകൃത്തോ ചെയ്യുന്നത് അവനവന്റെ ബോധാബോധതലങ്ങളിലുള്ള സ്വസ്വഭാവത്തിന്റെ പല വശങ്ങൾക്കു രൂപംകൊടുക്കുകയാണെന്നു തോന്നുന്നു. ഫവുസ്റ്റും മെഫിസ്റ്റോഫലസും

വെർതറും വിൽഹെം മൈസ്റ്ററും ഒക്കെ ഗീഥെയുടെ സ്വഭാവത്തിന്റെ വിവിധ വശങ്ങളാണെന്നു നിരൂപകർ പറയുന്നു. ഡോസ്റ്റോയെവ്സ്കിയുടെ "കാരമസോവ് സഹോദരന്മാർ" നാലു പേരും അദ്ദേഹത്തിനകത്തു തന്നെയുണ്ടത്രേ. ഷേക്സ്പിയറിന്റെ എല്ലാ കഥാപാത്രങ്ങളും അടങ്ങുന്നതാണു പോൽ അദ്ദേഹത്തിന്റെ യഥാർത്ഥ സ്വഭാവം. അങ്ങനെയെങ്കിൽ മനശ്ശാസ്ത്രം സാഹിത്യത്തിന്റെ അടിസ്ഥാനമാണെന്നു വരും.

ഏതായാലും ഒന്നു തീർച്ചയാണ്. മനസ്സിൽ നിന്നാണു സാഹിത്യത്തിന്റെ ഉത്ഭവം എന്നു സമ്മതിക്കാമെങ്കിൽ മനോവിജ്ഞാനീയം സാഹിത്യവിജ്ഞാനീയത്തിന്റെയും അടിസ്ഥാനമാണെന്നു വരും.

അത് എഴുത്തുകാരനെയും നിരൂപകനെയും ഒരുപോലെ ബാധിക്കും. നിരൂപകൻ ശ്രമിക്കുന്നത്, ഒരു സാഹിത്യകൃതിയുടെ ഉദ്ഭവകേന്ദ്രമായ ഗ്രന്ഥകർതൃബോധത്തെ സ്വന്തബോധത്തിൽ പടുത്തുയർത്തി അതിനെ നിരീക്ഷണം ചെയ്ത്, ആ കൃതി കൂടുതൽ അഗാധമായി മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നതിനാണല്ലോ. അങ്ങനെയെങ്കിൽ കവിയെയോ ഗ്രന്ഥകാരനെയോകാൾ കൂടുതലായി മനശ്ശാസ്ത്രജ്ഞാനം ആവശ്യമുള്ളതു നിരൂപകനാണ്. നിരൂപകൻ ഗ്രന്ഥകാരന്റെ മനസ്സിൽ പ്രവേശിക്കുന്നതോടൊപ്പം കഥാപാത്രങ്ങളുടെ മനസ്സിലും പ്രവേശിച്ച് അവരുടെ ഉദ്ദേശ്യങ്ങളെയും ഭാവനയെയും ഒക്കെ മനസ്സിലാക്കുവാൻ അനുവാചകനെ സഹായിക്കണം.

പക്ഷേ, മനശ്ശാസ്ത്രവും സാഹിത്യവും രണ്ടും ഒന്നല്ലല്ലോ. വ്യത്യാസമെന്താണ്? കലയെന്ന് ഒരു വാക്കിൽ പറയാം. ശാസ്ത്രത്തിന്റെ പ്രതിപാദനരീതിയിലും കല നിശ്ശേഷമില്ലെന്ന് ഇന്നു പറയാനാവില്ല. ഭാവനാജന്യമാണു ശാസ്ത്രസിദ്ധാന്തങ്ങളും എന്ന് ഇന്നു ശാസ്ത്രദർശകന്മാർ (philosophers of science) സമ്മതിച്ചു തുടങ്ങിയിരിക്കുകയാണ്. അങ്ങനെയെങ്കിൽ ശാസ്ത്രത്തെ വിലയിരുത്തുന്ന തത്ത്വങ്ങളും, സാഹിത്യത്തെ വിലയിരുത്തുന്ന തത്ത്വങ്ങളും തമ്മിലുള്ള ഒരു താരതമ്യ വിവേചനം കൊണ്ടു മാത്രമേ രണ്ടും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ സാധിക്കൂ. ശാസ്ത്രത്തിൽ വസ്തുനിഷ്ഠതയ്ക്കു ഗണ്യമായ പ്രാധാന്യം നല്കുമ്പോൾ സാഹിത്യത്തിൽ സരസതയ്ക്കാണു സ്ഥാനം. രണ്ടും സത്യത്തിന്റെ വിവിധ വശങ്ങളെയാണു കാണിക്കുന്നത്. ഒരു സസ്യവിജ്ഞാനീയ ശാസ്ത്രജ്ഞൻ (botanist) ഒരു പുഷ്പത്തെപ്പറ്റി പറയുന്നതും ഒരു കവി അതേ പുഷ്പത്തെപ്പറ്റി പാടുന്നതും തമ്മിൽ പ്രത്യക്ഷത്തിൽ അന്തരമുണ്ട്. രണ്ടും സത്യം തന്നെ. രണ്ടിലും ഭാവനയ്ക്കു സ്ഥാനമുണ്ട്. ഭാവനയില്ലാതെ ബോട്ടണിയുണ്ടാകാൻ സാധ്യമല്ല. എന്നാൽ വസ്തുനിഷ്ഠമായി പുഷ്പത്തിന്റെ വിഭാഗങ്ങളെയും വളർച്ചയെയും ഉദ്ദേശ്യത്തെയും വർണ്ണിക്കുന്നതും, കവി പുഷ്പത്തിന്റെ ലാവണ്യത്തെയും സന്ദേശത്തെയും പറ്റി പാടുന്നതും തമ്മിലുള്ള വ്യത്യാസം പോലെ തന്നെയാണു മനശ്ശാസ്ത്രവും സാഹിത്യവും തമ്മിലുള്ള അന്തരം. രണ്ടിന്റേയും വിഷയം മനുഷ്യമനസ്സും അതിന്റെ ചലനങ്ങളുമാണ്. ചിലപ്പോൾ മനുഷ്യമനസ്സിനെക്കുറിച്ചു ശാസ്ത്രീയമായ മനോവിജ്ഞാനീയത്തിൽ കാണാത്ത പല അഗാധദർശനങ്ങളും നല്ല

സാഹിത്യത്തിൽ കാണാമെന്നത് ഈ ബന്ധത്തിന്റെ ഒരു പ്രത്യേകതയാണ്. സാഹിത്യത്തിലുള്ള മനോവിജ്ഞാനീയമാണ് ഒരു വിധത്തിൽ പറഞ്ഞാൽ ആധുനിക മനശാസ്ത്രത്തിന്റെ ഉദ്ഭവസ്ഥാനം എന്നു പറയാം. പക്ഷേ, മനശ്ശാസ്ത്രത്തിന് അതിന്റേതായ ഒരു രീതി (method) ഇതുവരെയുണ്ടായിട്ടില്ല. സാഹിത്യത്തിൽ നിന്ന് അതിന് ഇനിയും വളരെ പഠിക്കാനുണ്ടെന്നാണ് എന്റെ എളിയ അഭിപ്രായം.

(*ഭാഷാപോഷിണിയിൽ* പ്രസിദ്ധീകരിച്ചത്)





# 3
# നിന്ദിതരും പീഡിതരും ഡസ്റ്റയെവ്സ്കിയുടെ കഥാപാത്രങ്ങൾ

പാവപ്പെട്ടവർക്ക് അവരുടേതായ ഒരു ധാർമ്മികതയുണ്ട് - പ്രഭുവൃന്ദ ങ്ങളിൽ അധികം കാണാത്തത്. പട്ടിണിക്കാരും പുറംതള്ളപ്പെട്ടവരുമായ സ്ത്രീപുരുഷന്മാരുടെയിടയിൽ കാണുന്ന പരസ്പര സ്നേഹവും ത്യാഗ ശീലവുമാണ് ഡസ്റ്റയെവ്സ്കിയുടെ ഇതിവൃത്തം. അതു വലിയ സഹാ നുഭൂതിയോടും ചമൽക്കാരത്തോടും കൂടെ അദ്ദേഹം തന്റെ ആഖ്യായിക കളിൽക്കൂടി അവതരിപ്പിച്ചു.

“കുറ്റവും ശിക്ഷയും” (Crime and Punishment), “കരമസോവ് സഹോ ദരന്മാർ” (Brothers Karamazov), “വിഡ്ഢി” (The Idiot) ഇവ മൂന്നുമാണ് അദ്ദേഹത്തിന്റെ സുപ്രസിദ്ധ കൃതികൾ. എന്നാൽ ഇവയുടെ ആന്തരികത യിലേക്കു പ്രവേശിക്കുന്നതിനുള്ള ഉത്തമ മാർഗ്ഗം, പാശ്ചാത്യലോകത്തിലും നമ്മുടെ നാട്ടിലും അത്രതന്നെ പേരു കിട്ടാത്ത ‘നിന്ദിതരും പുഛിതരും’ (The Insulted and the Humiliated) എന്ന നോവലാണ്.

1846-ൽ 25 വയസ്സുള്ള ഒരു ആർമി എൻജിനീയറായി പണിയെടുക്കുന്ന കാലത്തു ഡസ്റ്റയെവ്സ്കി ഒരു കൊച്ചു നോവലെഴുതി. ലേഖനരൂപത്തിൽ “പാവപ്പെട്ട മനുഷ്യർ” (Poor Folk) എന്ന തലക്കെട്ടിലാണു തന്റെ ആദ്യ ത്തെ ഈ നോവൽ പുറത്തുവന്നത്. അന്നത്തെ റഷ്യൻ സാഹിത്യലോകം ഉടൻതന്നെ ഈ കൊച്ചു നോവലെഴുത്തുകാരനെ ആകാശംമുട്ടുവോളം പ്രശംസിച്ചു പൊക്കി. പൊക്കൽ കുറെ കൂടിപ്പോയെന്നാണ് ഡസ്റ്റയെ വ്സ്കി തന്നെ പറയുന്നത്. ഏതായാലും അതേതുടർന്നുണ്ടായ ചില അനു ഭവങ്ങൾ കൂടി വച്ചുകൊണ്ടാണ് “നിന്ദിതരും പുഛിതരും” എഴുതിയത്.

സൈനികസേവനം വിട്ടിട്ട് ഒരു പത്തു വർഷത്തെ തപസ്സും (അധി കവും ജയിലിലും നാടുകടത്തലിലും ആയിരുന്നു) കഴിഞ്ഞ് 1860-ൽ ലെനി ൻഗ്രാഡിൽ തിരിച്ചുവന്നപ്പോഴാണ് സാഹിത്യവും സമ്പത്തും കൊണ്ടു കളി ക്കുന്ന ധനികലോകത്തിന്റെ പൊള്ളത്തരവും ദരിദ്ര ലോകത്തിന്റെയകത്തു കാണാവുന്ന ആത്മാർത്ഥതയും അദ്ദേഹം ചിത്രീകരിക്കുവാൻ തുടങ്ങി യത്. “നിന്ദിതരും പുഛിതരും” എന്ന നോവലിലെ (ഇംഗ്ലീഷിൽ 406 പേജ്) പ്രധാന കഥാപാത്രം ഈവാൻ പെറ്റ്റോവിച്ച് ഒരു എഴുത്തുകാരനാണ്. എഴുത്തുകാരന്റെ ആത്മകഥാകഥനമായിട്ടാണ് തന്റെ ആശയങ്ങൾ അവ തരിപ്പിക്കുന്നത്.

ആദ്യം സ്വർഗ്ഗത്തോളം ഉയർത്തപ്പെട്ട നോവലെഴുത്തുകാരൻ പിന്നീട് ഒരു പത്തു കൊല്ലം നരകത്തിന്റെ അടിത്തറയിലായിരുന്നു. പട്ടിണിയും, ജയിൽവാസവും, രോഗവും, നാടുകടത്തലും, രൂക്ഷമായ ഏകാന്തവാസവും

പ്രേമ ഭഗ്നാശതയും ഒക്കെ എഴുത്തുകാരന്റെ അനുഭവമായി എന്നു മാത്രമല്ല, പത്തു കൊല്ലത്തെ പ്രവാസം കഴിഞ്ഞു തിരിച്ചുവന്നപ്പോഴേക്കു വിമർശകരുടെ പഴയ പ്രശംസയൊക്കെ അവരും മറന്നുകഴിഞ്ഞിരുന്നു.

നരകവാതിലിൽ നിന്ന് റഷ്യൻ സംസ്കാരത്തിന്റെയും രാഷ്ട്രത്തിന്റെയും തലസ്ഥാനമായ സെന്റ് പീറ്റേഴ്സ്ബർഗിൽ (പിന്നീട് പെറ്റ്റോഗ്രാഡ് എന്നും, ലെനിന്റെ കാലത്തിനു ശേഷം ലെനിൻഗ്രാഡ് എന്നും വിളിക്കപ്പെട്ട നഗരം) രംഗപ്രവേശം ചെയ്യുന്ന ഈവാൻ പെറ്റ്റോവിച്ചിന്റെ അനുഭവങ്ങൾ, ഡസ്റ്റയെവ്സ്കിയുടേതു തന്നെയായിരുന്നു. പിന്നീട് എഴുതിയ മൂന്നു നോവലുകളുടേയും പശ്ചാത്തലം ഈ പത്തു കൊല്ലത്തെ നരകപ്രവാസത്തിൽ അധിഷ്ഠിതമാണെന്നു വേണമെങ്കിൽ പറയാം.

### രൂക്ഷമായ സാമൂഹ്യവിമർശനം

തനിക്കിപ്പോഴും എഴുതാൻ കഴിവുണ്ടെന്നു കാണിക്കാനാണ് 'നിന്ദിതരും പുഛിതരും' എഴുതിയതെന്നു തോന്നുന്നു. രൂക്ഷവും എന്നാൽ സഹാനുഭൂതി വിടാത്തതുമായ സാമൂഹ്യവിമർശനമാണ് ഈ നോവലിൽ കാണുന്നത്. അനീതിയും അക്രമവും നിറഞ്ഞ ഒരു സമൂഹത്തിൽ എഴുത്തുകാരൻ മാത്രമല്ല, സാധാരണക്കാരെല്ലാവരും അനുഭവിക്കുന്ന വേദനയാണ് തന്റെ നോവലുകളിലെല്ലാമുള്ള അന്തരീക്ഷത്തിനു മുഖരിതത്വം നൽകുന്നത്.

പത്തൊൻപതാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിലെ റഷ്യ പടിഞ്ഞാറൻ സംസ്കാരം പകർത്തിയെടുക്കുന്നതിനുള്ള വ്യഗ്രതയിലായിരുന്നു. ഏറെക്കുറെ ഇന്നത്തെ ഇന്ത്യ പോലെ. ഈ പകർത്തൽസംസ്കാരത്തിന്റെ കേന്ദ്രബിന്ദുവായിരുന്നു സെന്റ് പീറ്റേഴ്സ്ബർഗ്. ഒരുവശത്ത് ഒരു ന്യൂനപക്ഷം യൂറോപ്യൻ നാഗരികതയെയും പുതിയ സംസ്കാരത്തിന്റെ വാഹനമായ ഫ്രഞ്ചുഭാഷയെയും സ്വായത്തമാക്കി ആത്മാവില്ലാത്ത ഒരു ജീവിതരീതി ആവിഷ്ക്കരിച്ച് തങ്ങൾ സുഖിക്കയാണെന്ന പ്രതീതി പരത്തിക്കൊണ്ടിരിക്കുമ്പോൾ, മറുവശത്തു ബഹുഭൂരിപക്ഷമായ പട്ടിണിക്കാരും പാവപ്പെട്ടവരും വീട്ടുവാടക കൊടുക്കുവാനോ ഭക്ഷണം വാങ്ങിക്കുവാനോ കാശില്ലാതെ, കച്ചവടക്കാരന്റെയും, മുറി കൂലിക്കു കൊടുക്കുന്നവരുടേയും, കടവായ്പ കൊടുക്കുന്നവരുടെയും, മർദ്ദനങ്ങൾക്കും, ഭൽസനങ്ങൾക്കും, ചൂഷണങ്ങൾക്കും വിധേയരായിക്കിടക്കുന്ന ഒരു സമൂഹമാണ് ഡസ്റ്റയെവ്സ്കി കണ്ടത്.

പുതിയ നാഗരികതയുടെ ഒരു ഭീകരപ്രതീകമാണ് 'നിന്ദിതരും പുഛിതരു'മിലെ വാൽകോവ്സ്കി രാജകുമാരൻ. "എനിക്കു സുഖമായി കഴിയാൻ കഴിയുന്നിടത്തോളം ഏതഭിപ്രായത്തോടും ഞാൻ യോജിക്കാം." ഇതാണു രാജകുമാരന്റെ തത്ത്വസംഹിത. "സുഖിക്കലാണ് ധാർമ്മികത." "കുറ്റവും ശിക്ഷയും" എന്ന നോവലിലെ സ്വിദ്രിഗയലോവ് (SVIDRIGAILOW) "പിശാചുബാധിത"രിലെ (The Possessed) സ്റ്റവ്റോഗിൻ, അവസാനം കരമസോവ് സഹോദരങ്ങളുടെ പിതാവായ കരമസോവ്, ഇവരെയൊക്കെ സുഖമായിക്കഴിയുന്നതു മാത്രം മൂല്യമായി ജീവിക്കുന്ന

ബൂർഷ്വാ സംസ്കാരത്തിന്റെ പ്രതീകങ്ങളായിട്ടാണ് ആഖ്യായികാകാരൻ അവതരിപ്പിച്ചിട്ടുള്ളത്.

1838 മുതൽ 43 വരെ സെന്റ് പീറ്റേഴ്സ്ബർഗിലെ മിലിട്ടറി എൻജിനീയറിംഗ് കോളജിൽ പഠിച്ച സമയത്തോ, അതിനുമുമ്പു ബോർഡിംഗ്സ്കൂളിൽ പഠിച്ച സമയത്തോ, ഒരു മിലിട്ടറി സർജന്റെ പുത്രനായ ഫിയഡോർ ഡസ്റ്റയെവ്സ്കിക്ക് പാവപ്പെട്ടവരെയും പുച്ഛിതരേയും അത്രയടുത്തറിയുവാൻ കഴിഞ്ഞിരിക്കുകയില്ല.

ജീവിതത്തിന്റെ രുചിയറിയുവാൻ തുടങ്ങിയത് 1849-ാം ആണ്ടിൽ, തന്റെ 28-ാം വയസ്സിൽ, വിപ്ലവ പ്രവർത്തനങ്ങൾക്കായി യുവാവായ മിലിട്ടറി എൻജിനീയർ അറസ്റ്റ് ചെയ്യപ്പെട്ടപ്പോഴാണ്. നിലവിലുള്ള വ്യവസ്ഥിതികൾക്കെതിരായി പ്രവർത്തിച്ചു, സംസാരിച്ചു എന്നതായിരുന്നു ആരോപണം. കാറൽ മാർക്സ് 1848-ൽ തന്റെ വിപ്ലവാത്മക ലേഖനങ്ങൾ യൂറോപ്പിലെങ്ങും പരത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അതെന്നുള്ളത് മറക്കരുത്. സാർ ചക്രവർത്തിമാരുടെ ഏകാധിപത്യമേധാവിത്വത്തിന്റെ ചവിട്ടുകൊണ്ടു ജനങ്ങൾ ചതയുന്ന കാലം. പാവപ്പെട്ടവർക്കു പ്രാഥമിക വിദ്യാഭ്യാസം പോലും ലഭ്യമല്ല. പണമുള്ളവർക്ക് സർവ്വകലാശാലകളും സെക്കൻഡറി വിദ്യാലയങ്ങളുമൊക്കെ ആവശ്യംപോലെ.

സാർ നിക്കോലാസ് പ്രഥമൻ (1825-55) ഒരു വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചു. പ്രധാന തത്ത്വങ്ങൾ: 1. സമൂഹത്തിൽ ഉയർന്നവരും അധഃകൃതരും ഒരുമിച്ചു പഠിക്കരുത്. 2. വിദ്യാഭ്യാസം കഴിയുന്നത്ര ഉയർന്നവർക്കു മാത്രം കൊടുത്താൽ മതി.

“ഉയർന്ന”വരിൽ പെട്ടവനാണ് ഡസ്റ്റയെവ്സ്കിയും. “താഴ്ന്ന”വരാണു തൊണ്ണൂറു ശതമാനവും. “താഴ്ത്തപ്പെട്ടവർ” എന്നു വേണമെങ്കിൽ പറഞ്ഞോളൂ. ഏതായാലും ഈ തൊണ്ണൂറു ശതമാനത്തിന്റെ അവശതയാണ് നമ്മുടെ യുവ ഗ്രന്ഥകാരന്റെ സഹാനുഭൂതിയുള്ള ഹൃദയത്തെ അന്നേ പിടിച്ചുപറ്റിയത്.

## വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു

പക്ഷേ, ഈ താഴ്ത്തപ്പെട്ടവരെ എങ്ങനെ ഉയർത്താൻ കഴിയും? ഇതേക്കുറിച്ചു യുവാവായ മിലിട്ടറി എൻജിനീയർക്കുണ്ടായിരുന്ന ആശയങ്ങളാണ് അദ്ദേഹത്തിന്റെ അറസ്റ്റിലേക്കു വഴിനയിച്ചത്. കേസ് ചാർജ് ചെയ്തു. എട്ടു മാസം കഴിഞ്ഞു വിധിയും പ്രഖ്യാപിച്ചു - വധശിക്ഷ.

മരിക്കാൻ ഏതാനും ആഴ്ചകൾ കൂടിയേയുള്ളൂ. കഴുത്തിൽ കയറു കെട്ടി തന്നെ തൂക്കിക്കൊല്ലും. ഈ പരിതസ്ഥിതിയിലാണു നമ്മുടെ യുവ ഗ്രന്ഥകാരൻ തന്റെ 28-ാം വയസ്സിൽ ജീവിതത്തിന്റെ അർത്ഥത്തെപ്പറ്റി ചിന്തിക്കുന്നതും ഗ്രഹിക്കുന്നതും. അതിനേക്കാൾ നല്ല പാഠശാലയുണ്ടോ?

1825 ഡിസംബറിലാണു ചക്രവർത്തിക്കും, ജന്മികൾക്കുമെതിരായുള്ള ആദ്യത്തെ സമരം. അന്ന് ഡസ്റ്റയെവ്സ്കിക്കു നാലു വയസ്സേയുള്ളൂ. ആ സമരം പരാജയപ്പെട്ടു. അതിന്റെ നേതാക്കന്മാരെ തൂക്കിക്കൊന്നു. അവരെപ്പോലെ, കൊല്ലപ്പെടാനായിരുന്നോ ഡസ്റ്റയെവ്സ്കിയുടെയും വിധി?

അല്ല, ചക്രവർത്തിക്കു ദയവുണ്ടായി യുവാവായ എൻജിനീയറുടെ വധ ശിക്ഷ മാറ്റി, സൈബീരിയയിലേക്കു നാടുകടത്തപ്പെട്ടു. നാലു കൊല്ലം കഠി നതടവായി ശിക്ഷ ഇളച്ചുകൊടുത്തു. അങ്ങനെ 1849 മുതൽ 53 വരെ സൈ ബീരിയയിലെ ഒരു കൂലിക്കാരനെപ്പോലെ കഠിന ദേഹാദ്ധ്വാനം ചെയ്ത കാലത്താണ് നമ്മുടെ യുവ ഗ്രന്ഥകാരൻ ജീവിതത്തിന്റെ സാരത്തെക്കു റിച്ചും, പാവപ്പെട്ടവരുടെ ധാർമ്മികതയേക്കുറിച്ചും ചിന്തിച്ചു പഠിക്കുവാൻ തുടങ്ങിയത്. 1854 -ൽ 33 വയസ്സുകാരനായി തടവിൽ കിടക്കുന്ന ആഭിജാ ത്യമുള്ള മിലിട്ടറി എൻജിനീയറെ, തടവിൽ നിന്നും മോചിപ്പിച്ച്, ഒരു സാധാ രണ പട്ടാളക്കാരനായി വീണ്ടും സൈനിക സേവനത്തിൽ ബന്ധിച്ചു. 1856-ൽ ഒരു വിവാഹവും നടന്നു. അതും ആദ്യം മുതലേ നരകമായിരുന്നു.

1863-ൽ ആദ്യ ഭാര്യ മരിക്കുന്നതുവരെ ഈ നരകം തുടർന്നു. ഈ നര കത്തിൽ കിടന്നുകൊണ്ടാണ് നിന്ദിതരുടെയും പീഢിതരുടെയും കഥ എഴു തിച്ചമച്ചത്.

പക്ഷേ, സാഹിത്യലോകത്തിൽ പുതിയ നോവലിനു പഴയതിന്റെ പകു തിപോലും അഭിനന്ദനം ലഭിച്ചില്ല. "സാരമില്ല, എനിക്കു പറയാനുള്ളതു ഞാൻ പറഞ്ഞു. നോവൽ അത്ര കേമമൊന്നുമല്ലെങ്കിൽ അതിനകത്ത് യഥാ ർത്ഥ കവിതയുണ്ട്. രണ്ടുമൂന്നു ഭാഗങ്ങൾ ഹൃദയം തുളച്ചുകയറുന്നതു തന്നെയാണ്. പ്രധാനപ്പെട്ട രണ്ടു കഥാപാത്രങ്ങളും ഞാൻ സർഗ്ഗാത്മക മായിത്തന്നെ വിഭാവനം ചെയ്തവതരിപ്പിച്ചിട്ടുള്ളതാണ്" എന്നിങ്ങനെ കഥാകാരൻ തന്നെ ഈ വിമർശനപ്രതികരണത്തിന്റെ പ്രതികരണമായെ ഴുതി. തന്റെ ജ്യേഷ്ഠസഹോദരനോടൊരുമിച്ച് 1861-ൽ തുടങ്ങിയ "വ്റേമ്യ" എന്ന മാസികയിൽക്കൂടെ തന്റെ ആശയങ്ങൾ അവതരിപ്പിക്കുവാൻ തുടങ്ങി.

1863-ൽ വ്റേമ്യ ഗവൺമെന്റ് കണ്ടുകെട്ടി. ആ ആണ്ടിൽത്തന്നെ തന്റെ ഭാര്യയും മരിച്ചു. നരകത്തിൽ നിന്നും പുറത്തേക്കുള്ള വാതിലായിരുന്നോ ഭാര്യയുടെ മരണം? അല്ല! കഷ്ടം! ഫിയഡോർ കണ്ടുപിടിച്ച വാതിൽ നരകത്തിന്റെ മൂന്നാം നിലയിലേക്കുള്ളതായിരുന്നു. മദ്യപാനം, ചൂതുകളി, വേശ്യാലയങ്ങളിലുള്ള അധിവാസം ഇവയായി ഡസ്റ്റയെവ്സ്കിയുടെ ജീവിതരീതി. അതിനിടയ്ക്കു കുറേശ്ശേ അപസ്മാരവും, വിറച്ചുവീഴലും, വായിൽ പത പതയലും.

## യുക്തിയുക്തതയ്ക്ക് എതിരായ പടവെട്ടൽ

സമൂഹത്തെ ഒരു വിപ്ലവം കൊണ്ടു നേരെയാക്കാം എന്ന ചിന്തയ്ക്കു കുറെ വ്യത്യാസം വന്നതും ഇക്കാലത്താണ്. പാശ്ചാത്യചിന്തയുടെ മൂല ക്കല്ലായ യുക്തിയുക്തതയ്ക്കെതിരായിട്ടാണ് ഡസ്റ്റയെവ്സ്കിയുടെ പട വെട്ടൽ. താൻ സ്നേഹിക്കുന്ന റഷ്യയിലെ സാധാരണജനങ്ങളുടെ സംസ് ക്കാരത്തിനു മുകളിൽ ബുൾഡോസർ പോലെ സകലവും നശിപ്പിച്ചു കൊണ്ട് മുമ്പോട്ടുപോകുന്ന പാശ്ചാത്യസംസ്കാരത്തിന്റെയും അതിന്റെ യുക്തിമോഹത്തെയും (rationalism) എതിർക്കാൻ വേണ്ടിത്തന്നെയാണ് തന്റെ *നോട്ട്സ് ഫ്രം ദ് അണ്ടർ ഗ്രൗണ്ട്* (Notes from the Underground,

1864) എഴുതിയത്. മനുഷ്യൻ വെറും യുക്തിമൃഗമല്ല. അവന്റെ സ്വാതന്ത്ര്യവും, അവന്റെ അഭിമാനവുമാണു യുക്തിയേക്കാൾ കൂടുതലായി മനുഷ്യൻ സ്നേഹിക്കുന്നതും, സ്നേഹിക്കേണ്ടതും എന്നാണ് നമ്മുടെ ഗ്രന്ഥകാരന്റെ വാദം.

"കുറ്റവും ശിക്ഷയും" (1865-66) എഴുതുമ്പോഴേക്ക് ഒരു ആഖ്യായികാകാരൻ എന്ന നിലയിൽ നമ്മുടെ ഗ്രന്ഥകാരൻ അതുല്യമായ കലാശേഷി പ്രകടിപ്പിക്കത്തക്കവിധം വളർന്നുകഴിഞ്ഞിരുന്നു. നിരപരാധിയുടെ കഷ്ടത, നല്ലവർ നിർദ്ദയം മർദ്ദനമേൽക്കുന്നുവെന്നത്, തെറ്റൊന്നും ചെയ്യാത്ത ഒരു കൊച്ചുകുട്ടി മറ്റുള്ളവരുടെ ക്രൂരത കൊണ്ടു കഷ്ടപ്പെടുന്നത്. ഇതൊന്നും യുക്തിയുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിനിൽക്കുന്നവയല്ല. മനുഷ്യന്റെ അകത്തുനിന്നും പുറത്തേയ്ക്കു വരുന്ന ആഗ്രഹങ്ങളും, ഇച്ഛകളും ഒക്കെ യുക്തിക്കു നിരക്കുന്നവയോ, യുക്തികൊണ്ടു മനസ്സിലാക്കുന്നവയോ അല്ല.

1867-ൽ തന്റെ സെക്രട്ടറിയെത്തന്നെ രണ്ടാംവിവാഹം കഴിച്ചു. മിടുക്കിയായ ഭാര്യ തന്റെ പുസ്തകങ്ങളുടെ പ്രസാധിക കൂടെയായിത്തീർന്നു. 1871-ൽ 'പിശാചുബാധിതർ' (The Possessed) പുറത്തിറങ്ങി. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ "ഗ്രാഷ്ഡാനിൽ" എന്നൊരു പുതിയ മാസികയുടെ പത്രാധിപരായതോടു കൂടെ ധാരാളം ആശയങ്ങൾ പ്രസിദ്ധം ചെയ്യുവാൻ കഴിഞ്ഞു.

റഷ്യൻ ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തിൽത്തന്നെയാണ് പുരോഹിത പാരമ്പര്യമുള്ള കുടുംബത്തിൽ വളർന്ന ഫിയഡോറിന്റെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. ഈ വിശ്വാസം കടലാസിൽ എഴുതി പഠിക്കാവുന്നതോ പ്രസംഗിച്ചു ഫലിപ്പിക്കാവുന്നതോ ആയ പാശ്ചാത്യ ക്രൈസ്തവവിശ്വാസത്തിൽ നിന്നു സ്വഭാവത്തിൽത്തന്നെ വ്യത്യാസമുള്ളതാണ്. ആരാധനയിലാണതിന്റെ അടിസ്ഥാനമെങ്കിൽ, അതിർത്തിയില്ലാത്ത അൻപാണ് അതിന്റെ ജീവൻ. സ്നേഹം, ത്യാഗം നിറഞ്ഞ സ്നേഹം, നല്ലവൻ മറ്റുള്ളവർക്കു തന്നെക്കൊണ്ടു മുതലെടുക്കുവാൻ താനെ വിട്ടുകൊടുക്കുന്ന സ്നേഹം (irrational compassion) ഇതാണു റഷ്യൻ ഓർത്തഡോക്സ് പാരമ്പര്യത്തിലെ യഥാർത്ഥ ധാർമ്മികത.

ഡസ്റ്റയെവ്സ്കിക്കു സഭയുടെ ഔദ്യോഗിക നേതൃത്വത്തോട് വലിയ പ്രീതിയോ, ബഹുമാനമോ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ തനിക്കു പ്രിയംകരനായ ദാർശനികൻ, ഓർത്തഡോക്സ് ഫിലോസഫറായ സൊലോവിയവ് (Vladimar Soloviev) ആയിരുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ ടോൾസ്റ്റോയിയും, സൊലോവിയവും, ഔദ്യോഗിക ക്രിസ്തീയതയെ വെറുത്തവരായിരുന്നു. ടോൾസ്റ്റോയി ധാർമ്മികത (morality) യ്ക്ക് ഊന്നൽ കൊടുത്തപ്പോൾ, സൊലോവിയവ് സ്നേഹത്തിനും, ത്യാഗത്തിനുമാണ് പ്രാധാന്യം നൽകിയത്. ഇതാണു ഡസ്റ്റയെവ്സ്കിക്കും അഭികാമ്യമായിത്തോന്നിയ റഷ്യൻ ഓർത്തഡോക്സ് ക്രിസ്തീയതയുടെ മുഖം.

തന്റെ അവസാന ഗ്രന്ഥമായ 'കരമസോവ് സഹോദരന്മാർ' (1880) എഴുതുമ്പോഴേക്ക് ഈ ഔദ്യോഗിക ക്രിസ്തീയതയോടുള്ള തന്റെ ബദ്ധവി

രോധം Grand Inquisitor പോലുള്ള കഥകളിൽകൂടെ അവതരിപ്പിച്ചു. ഫാദർ ഡോസിമയാണു തന്റെ ആദർശപുരുഷൻ.

ഡസ്റ്റയെവ്സ്കിയെ എക്സ്റ്റൻഷ്യലിസത്തിന്റെ സ്ഥാപകന്മാരിലൊരാളായി പാശ്ചാത്യർ വിവക്ഷിക്കാറുണ്ട്. ഇത് അബദ്ധമാണെന്നു തോന്നുന്നു. മനഃശാസ്ത്രത്തിന്റെ പിതാവ് എന്നു പറഞ്ഞാൽ കുറേക്കൂടെ അർത്ഥമുണ്ട്. ഫ്രോയിഡിന്റെ കാലത്തിന് അര ശതാബ്ദം മുമ്പു തന്നെ അത്യാഗാധവും സമഗ്രവുമായ മനോവിശകലനം അദ്ദേഹം അവതരിപ്പിച്ചു. പക്ഷേ, മനഃശാസ്ത്രമായിരുന്നില്ല അത്. മനഃസാഹിത്യമെന്നു വേണമെങ്കിൽ പറഞ്ഞോളു. എന്നാൽ മനുഷ്യമനസ്സിന്റെ പ്രവർത്തനങ്ങളെ അദ്ദേഹം അടി മുതൽ പഠിച്ചു വിശദമായി വിവരിച്ചു.

പക്ഷേ പുസ്തകത്തിൽ നിന്നും ലാബറട്ടറിയിൽ നിന്നുമല്ല ഡസ്റ്റയെവ്സ്കി മനഃശാസ്ത്രം പഠിച്ചത്. സ്വന്തമായി നരകജീവിതമനുഭവിച്ചും, മറ്റുള്ളവരുടെ കഷ്ടപ്പാടു കണ്ടു മനസ്സിലാക്കിയുമാണു താൻ പാണ്ഡിത്യം സമ്പാദിച്ചത്. ആ പാണ്ഡിത്യമാണ് അദ്ദേഹത്തിന്റെ കൃതികളിൽ നെടുനീളെ കാണുന്നത്.

(*ഭാഷാപോഷിണി*, 1985)



# 4

# പ്രതിഭാസ വിജ്ഞാനീയവും അസ്തിത്വവാദവും

പ്രതിഭാസവിജ്ഞാനീയം (Phenomenology) എന്ന ദർശനവിഭാഗത്തിന് കാന്റും ഹേഗലും കൂടിയാണ് അടിത്തറയിട്ടത്. പതിനേഴാം ശതാബ്ദത്തിൽ ഡേക്കാർട്ട് (Descartes 1596-1650) അതിന്റെ പദ്ധതിയാവിഷ്ക്കരിച്ചെങ്കിലും പതിനെട്ടാം ശതാബ്ദത്തിൽ കാന്റും (1724–1804) ഹേഗലും (1770–1831) അടിത്തറ കെട്ടിയില്ലായിരുന്നെങ്കിൽ പത്തൊമ്പതാം ശതാബ്ദത്തിൽ ഫ്രാൻസ് ബ്രെന്റാനോയ്ക്കും (F. Brentano 1838-1917) അദ്ദേഹത്തിന്റെ ശിഷ്യരായ മൈനോങ്ങിനും (A. Meinong 1853-1921) എഡ്മണ്ട് - ഹുസ്സേളിന്നും (E. Husserl 1859–1938) ഈ പാശ്ചാത്യവീക്ഷണസൗധം കെട്ടി പ്പെടുക്കുവാനൊക്കുമായിരുന്നോ എന്ന് സംശയമാണ്. പ്രതിഭാസവിജ്ഞാ നീയമുണ്ടായിരുന്നില്ലെങ്കിൽ അസ്തിത്വവാദ (Existentialism) ത്തിന് ഒരു ദർശനമായിത്തീരുവാൻ സാധിയ്ക്കുമായിരുന്നോ എന്നും സംശയിക്കേ ണ്ടിയിരിക്കുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ ജി. ഇ. മൂർ പിതാവായി ട്ടുള്ള ഭാഷാവിശകലന ദർശന (Linquistic analysis) ത്തിന് പോലും വഴി യൊരുക്കിയത് പ്രതിഭാസ വിജ്ഞാനീയമായിരുന്നു.

ഇരുപതാം ശതാബ്ദത്തിലെ പാശ്ചാത്യ സംസ്ക്കാരത്തിന്റെയും അതിൽ നിലീനമായിട്ടുള്ള മൂല്യസംഹിതയുടെയും അടിസ്ഥാനം ഈ പ്രതിഭാസ വിജ്ഞാനീയമാണെന്ന് പറഞ്ഞാൽ അതിൽ വലിയ അതിശ യോക്തിയൊന്നുമില്ല. അതുകൊണ്ട് ഈ ദർശനസൗധത്തിന്റെ കെട്ടുപ ണിയൊന്നു കാണാൻ സഹായിയ്ക്കുന്ന ഒരു വഴികാട്ടിയായി മാത്രമേ ഈ ലഘുലേഖനത്തെ കരുതേണ്ടതുള്ളു.

### 1. കാന്റിന്റെ ചിന്തയിൽ ഉൽഭവിക്കുന്നു

പതിനാറാം ശതാബ്ദം മുതൽ ഇരുപതാം ശതാബ്ദത്തിന്റെ ആരംഭം വരെ യൂറോപ്യൻ സംസ്കാരത്തിന്റെ ആശയങ്ങൾക്കുറവയായിരുന്ന "ആധുനിക" പാശ്ചാത്യദർശനത്തിന് അടിസ്ഥാനമിട്ടവർ ഒരു വശത്ത് (ജെർമ്മനിയിൽ) കാന്റും, ഹേഗലും; മറുവശത്ത് (ഫ്രാൻസിൽ) ഡേക്കാർട്ടു മായിരുന്നല്ലോ.

മനുഷ്യന്റെ മനസ്സ് സർവ്വപ്രപഞ്ചത്തെയും അറിയുവാൻ ശക്തമാ ണെന്ന് ശ്രീ ശങ്കരനെപ്പോലെ ഈ പാശ്ചാത്യദാർശനികരും വിശ്വസിച്ചി രുന്നു. എന്നാൽ കാന്റിന്റെയും ഹേഗലിന്റെയും ദർശനരീതി ശങ്കരന്റേതു പോലെ അനുഭവാധിഷ്ഠിതമായിരുന്നെന്നു പറയാനാവില്ല. മനുഷ്യന്റെ ജ്ഞാനസമ്പാദനമാർഗ്ഗങ്ങളെയും ഇച്ഛാശക്തിയുടെ വ്യാപാരത്തെയും അപഗ്രഥനം ചെയ്ത് ജ്ഞാനത്തിൽ നിശ്ചിതി (certainty) സമ്പാദിയ്ക്കു വാനായിരുന്നു ഈ ജെർമ്മൻകാരുടെ ഉദ്യമം. അതിഭൗമികത്വവാദമുൾ ക്കൊള്ളുന്ന തത്ത്വമീമാംസയെ (metaphysics) താത്ത്വികതർക്കബുദ്ധി

യുടെ അടിമത്വത്തിൽ നിന്നു രക്ഷപെടുത്തിയെടുക്കാനുള്ള കാന്റിന്റെ ഭഗീരഥപ്രയത്നഫലമായി അവശേഷിച്ചത് ജ്ഞാനസമ്പാദനമാർഗ്ഗത്തിന്റെ അപഗ്രഥനത്തിനുള്ള ഒരു മാർഗ്ഗവും, Thing - in - itself അഥവാ ജ്ഞാനനിരപേക്ഷവസ്തു എന്ന ഒരാശയവുമാണെന്നു പറയാം.

നിയോകാന്റിയനിസത്തിൽ ജ്ഞാനനിരപേക്ഷമായി ഒരു വസ്തുവുമില്ലെന്നും വസ്തുക്കളെ വസ്തുക്കളാക്കുന്നത് ജ്ഞാനമാണെന്നും ഉള്ള ചിന്ത ഉദിയ്ക്കാൻ തുടങ്ങിയപ്പോഴേയ്ക്ക് അതിന് മറുപടിയായി ജ്ഞാനത്തിനു നിദാനമായ ഒരു വസ്തുനിഷ്ഠലോകമുണ്ടെന്ന് ബ്രെന്റാനോയുടെ ശിഷ്യനായ മൈനോങ്ങിന് വാദിയ്ക്കേണ്ടി വന്നു. ഈ ബാഹ്യാർത്ഥസിദ്ധാന്തം (ജെർമ്മൻ ഭാഷയിൽ gegenstandstheorie) ഒരു സിദ്ധാന്തം മാത്രമാണെന്നും അതിന് ശാസ്ത്രീയമായ നിദാനമൊന്നുമില്ലെന്നും കണ്ടും കൊണ്ട് മൈനോങ്ങിന്റെ സതീർത്ഥ്യനായ എഡ്മൺഡ് ഹുസ്സേൾ സ്ഥാപിച്ച പ്രതിഭാസ വിശകലന വിജ്ഞാനീയം ജർമ്മനിയിൽ മാത്രമല്ല പാശ്ചാത്യ ലോകത്തിൽ പലയിടത്തും പെട്ടെന്ന് വ്യാപിയ്ക്കുകയാണുണ്ടായത്.

### 2. ചില പദങ്ങളും ആശയങ്ങളും

ഈ പുതിയ വിജ്ഞാനീയത്തെ വേണ്ടുംവിധം മനസ്സിലാക്കുന്നതിന്ന് ചില പുതിയ ആശയങ്ങൾ കൃത്യമായ നിർവ്വചനത്തോടുകൂടെ നാം ഗ്രഹിയ്ക്കേണ്ടിയിരിക്കുന്നു. ഹൂസ്സേളിന്റെ കൃതികൾ ഇന്ന് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിലും ഒറ്റ വായനയ്ക്ക് പിടികിട്ടുന്നവയല്ല അവയിലെ ആശയങ്ങൾ. ശാസ്ത്രോചിതമായ നിഷ്ഠയോടുകൂടെയാണ് ഹൂസ്സേൾ ഈ പദങ്ങൾക്കർത്ഥം കൊടുക്കുന്നത്. കാര്യം പെട്ടെന്ന് മനസ്സിലാകാൻവേണ്ടി ചുരുക്കമായി നിർവ്വചിയ്ക്കുവാനേ ഇവിടെ സ്ഥലമുള്ളു.

#### (a) പ്രതിഭാസം (phenomenon)

നമ്മുടെ ബോധത്തിന്നു മാധ്യമമില്ലാതെ പ്രത്യക്ഷമാകുന്നതേതോ അതാണ് പ്രതിഭാസം. കാന്റ് പറയുന്നതുപോലെ അതിൽത്തന്നെയുള്ള ബാഹ്യാർത്ഥം (thing-in-itself) അവിടെയുണ്ടോ ഇല്ലയോ എന്ന ചോദ്യം തല്ക്കാലം മാറ്റിവച്ചിട്ട് പിന്നീടങ്ങോട്ട് പ്രവേശിച്ചാൽ മതി. ജ്ഞാനസമ്പാദനമാർഗ്ഗത്തിന്റെ അപഗ്രഥനത്തിനും ആദിയിലേ ഒരുമ്പെടുന്നതിന്നാവശ്യമില്ല. പ്രത്യയവാദവും ഇന്ദ്രിയാനുഭവവാദവും തമ്മിലുള്ള സംവാദത്തിലേയ്ക്കും പ്രവേശിയ്ക്കേണ്ടയാവശ്യമില്ല. ബോധതലത്തിൽ പ്രത്യക്ഷമാകുന്നതേതോ അതാണ് പ്രതിഭാസം.

#### (b) വിജ്ഞേയസത്ത

പ്രതിഭാസത്തിൽ വസ്തുനിഷ്ഠമായ എന്തെങ്കിലും ഉണ്ടായാലും ഇല്ലെങ്കിലും, പ്രതിഭാസത്തിന്റെ വിജ്ഞേയസത്ത (eidetic essence) ബോധതലത്തിലുണ്ടല്ലോ. അതിന്റെ മാത്രം അപഗ്രഥനത്തിന്നാണ് ആദ്യം നാം തയ്യാറാകേണ്ടത്. ഈ സത്ത ബോധതലത്തിൽ സ്വയം പ്രകാശിതവും മാധ്യമം കൂടാതെ നമുക്കാന്തരീകരിയ്ക്കാവുന്നതുമാണ്.

**(c) സത്താന്തരീകരണം (intuition of essence അഥവാ ജെർമ്മൻ ഭാഷയിൽ wesensschau)**

പ്രതിഭാസത്തിന്റെ വിജ്ഞേയസത്തയെ മാധ്യമരഹിതമായ ദർശനം മൂലം ആന്തരീകരിക്കുകയെന്നതാണ് നമ്മുടെ ബോധം ചെയ്യുന്ന പ്രവൃത്തി.

**(d) മാനസീകരണം (noesis)**

വിജ്ഞേയസത്തയെ സത്താന്തരീകരണം കൊണ്ട് ബോധതലത്തിൽ കാണുന്ന പ്രക്രിയയ്ക്കാണ് മാനസീകരണം അല്ലെങ്കിൽ noesis എന്നു പറയുന്നത്.

**(e) മാനസീകൃതം (noema)**

ബോധതലത്തിൽ ഉള്ള മാനസീകൃതമായ ജ്ഞാനസത്തയ്ക്ക് noema അല്ലെങ്കിൽ മാനസീകൃതരൂപം എന്നു പേർ പറയുന്നു.

**(f) ഉദ്ദേശനം (intentionality)**

ഒരു വസ്തുവിന്റെ ജ്ഞേയസത്തയെ ആന്തരീകരിയ്ക്കുവാൻ വേണ്ടി ബോധത്തെ ആ ഉദ്ദിഷ്ടവസ്തുവിങ്കലേയ്ക്ക് തിരിച്ച് ആ വസ്തുവിൽ ശ്രദ്ധിയ്ക്കുന്ന പ്രക്രിയയ്ക്ക് ഉദ്ദേശനം എന്ന് പേർ.

ഹുസ്സേൾ പുതിയ പദങ്ങൾ പലതും പ്രത്യേക അർത്ഥത്തോടെ ഉപയോഗിയ്ക്കുന്നുണ്ട്. അവയുടെ ഒരു ലിസ്റ്റ് തന്നെ ഒരു പുസ്തകം മുഴുവൻ നിറയ്ക്കും. അതുകൊണ്ട് ഈ ആറു വാക്കുകളെ മാത്രം നമുക്കു മുറുകെപ്പിടിച്ച് മുമ്പോട്ടു പോകാം. പോരാത്തത് വഴിയെ പറയാം.

## 3. പ്രതിഭാസ വിശകലന പരിപാടി

പത്തൊമ്പതാം ശതാബ്ദം പാശ്ചാത്യതത്വശാസ്ത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിഘട്ടമാണ് വരുത്തി വെച്ചത്. ലോകത്തിലുള്ളതിനെയെല്ലാം പഠിച്ചു മനസ്സിലാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ശാസ്ത്രം (science) നൽകുന്നു. പിന്നെ ദർശനത്തിനെന്താണ് ജോലി? എന്തു വിഷയത്തെയാണ് ദർശനം പഠിയ്ക്കുന്നത്? ഇത് ഒരു പ്രശ്നം.

രണ്ടാമത്, കാന്റ് പറഞ്ഞു, ജ്ഞാനനിരപേക്ഷിത വസ്തുവിനെ (thing-in-itself) കണ്ടുപിടിപ്പാൻ മനുഷ്യമനസ്സിന് സാദ്ധ്യമല്ലെന്ന്. അങ്ങനെയെങ്കിൽ ജ്ഞേയസത്തയും ജ്ഞാനനിരപേക്ഷിത വസ്തുവും തമ്മിൽ നികത്താൻ കഴിയാത്ത ഒരു വിടവാണു കാണുന്നത്. ഈ വിടവു നികത്തുവാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ ശാസ്ത്രത്തിന്റെ മുൻപിൽ ദർശനം വാൽ മടക്കി പുറകോട്ട് നടക്കുകയേ തരമുള്ളു.

ശാസ്ത്രങ്ങളുടെയെല്ലാം രാജ്ഞിയായിരുന്നല്ലോ പണ്ടത്തെ യൂറോപ്പിൽ ക്രൈസ്തവവേദശാസ്ത്രം. ഇപ്പോൾ ശാസ്ത്രങ്ങൾക്ക് പ്രായപൂർത്തിയായതോടെ അവരൊരു കൊട്ടാരവിപ്ലവം നടത്തി. വേദശാസ്ത്രത്തെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടിട്ട് ശാസ്ത്രങ്ങളുടെ നിയന്ത്രണത്തിലുള്ള ഒരു റവല്യൂഷനറി ഗവൺമെന്റായിരുന്നല്ലോ അടുത്തകാലം വരെ പാശ്ചാത്യജ്ഞാനലോകത്തെ ഭരിയ്ക്കുന്നതായി ഭാവിച്ചിരുന്നത്.

പഴയ വേദശാസ്ത്രത്തിന്റെ സ്ഥാനം ദർശനത്തിന് വീണ്ടെടുപ്പാൻ കഴിയുമെന്നായിരുന്നു ഹുസ്സേളിന്റെ പ്രത്യാശ. സർവ്വശാസ്ത്രങ്ങളുടെയും ശാസ്ത്രമായി പ്രതിഭാസവിശകലനത്തെ അദ്ദേഹം കണ്ടു. ശാസ്ത്രമാർഗ്ഗത്തിലൂടെ സിദ്ധമാകുന്ന സകല ജ്ഞാനത്തെയും ഒറ്റ അപഗ്രഥനച്ചരടിൽ കോർത്തിണക്കി പരസ്പരം ഘടിപ്പിപ്പാനായിരുന്നു ഈ ജെർമ്മൻ ദാർശനികന്റെ പൊതുപരിപാടി.

## 4. പ്രാതിഭാസിക വിങ്കുലീകരണം അഥവാ സ്ഥഗിത നിർണ്ണയം (Phenomenological epoche*)

ഡേക്കാർട്ടിന്റെ ചിന്തയിൽ മൂന്നാണ് യാഥാർത്ഥ്യത്തിന്റെ പ്രധാന ഘടകങ്ങൾ – ഈശ്വരൻ, ലോകം, അഹം. ഇവയിൽ ആദ്യത്തെ രണ്ടിനെയും പറ്റി നമുക്ക് അവ്യവഹിത നിശ്ചയം (immediate certainty) സാദ്ധ്യമല്ല. ‘ഞാൻ ചിന്തിയ്ക്കുന്നു. അതുകൊണ്ട് ഞാൻ ഉണ്ട്.’ എന്നാൽ ഹുസ്സേളിന്റെ പരിപാടിയിൽ ഇതു തന്നെയും നിശ്ചയമല്ല. ഈശ്വരൻ ഉണ്ടോ എന്ന കാര്യത്തിൽ ഏതായാലും യാതൊരു നിശ്ചയവും ഇല്ല. പിന്നെ ഞാനും ഈ ലോകവും ഉണ്ടോയെന്ന ചോദ്യത്തിന് അത്ര നിശ്ചയമല്ല എന്നാണ് ഹുസ്സേളിന്റെ സമാധാനം. സ്ഥലകാലനിശ്ചിതവും സദാപരിവർത്തനവിധേയവുമായ ഈ ലോകം എന്റെ ബോധം ഉണർന്നിരിക്കുമ്പോഴൊക്കെയും എന്റെ ഇന്ദ്രിയങ്ങൾക്കനുഭൂതമാകുന്നുണ്ട്. ഞാനും ഉണ്ടെന്ന് ഞാൻ കരുതുകയോ അനുമാനിക്കുകയോ ചെയ്യുന്നുണ്ട്. പക്ഷേ ഇതൊക്കെ അനുമാനമാണ്.

ഞാൻ ഈ കാണുന്ന സ്ഥൂലപ്രപഞ്ചം എന്റെ ഇന്ദ്രിയങ്ങൾക്ക് ഗോചരമാകുന്നതു കൂടാതെ മറ്റൊരു ലോകം കൂടെ ഞാൻ കാണുന്നുണ്ട് – അതായത് സംഖ്യകളുടെ ലോകം. ഈ സംഖ്യകളെ സ്ഥൂലപ്രപഞ്ചത്തിൽ ഞാൻ കാണുന്നില്ല. ഉദാഹരണം “പതിനായിരം കോടി” എന്നൊരു സംഖ്യ എനിയ്ക്കു ചിന്തിയ്ക്കുവാൻ സാധിയ്ക്കും. പക്ഷേ, അതിനെ ഞാൻ ബാഹ്യലോകത്തിൽ ആ വിധത്തിൽ കാണുന്നില്ല. ഈ സംഖ്യാലോകത്തെ ഞാൻ അവലോകനം ചെയ്യുന്നത് സ്ഥൂലപ്രപഞ്ചത്തെ കാണുന്നതുപോലെയല്ല. ഞാനതിൽ ശ്രദ്ധ ചെലുത്തിയില്ലെങ്കിലും സ്ഥൂലപ്രപഞ്ചം അവിടെ കാണുന്നുണ്ട്. എന്നാൽ ശ്രദ്ധ ചെലുത്തുമ്പോൾ മാത്രമേ സംഖ്യാപ്രപഞ്ചത്തെ കാണുന്നുള്ളു. അതായത് എന്റെ സ്വാഭാവികവീക്ഷണകോണത്തിൽ നിന്നുകൊണ്ട് നോക്കുമ്പോൾ സ്ഥലകാലികമായ സ്ഥൂലപ്രപഞ്ചത്തെ ഞാൻ കാണുന്നു. എന്നാൽ വീക്ഷണകോണം സംഖ്യാലോകത്തിന്റേതാകുമ്പോൾ അനുഭവവേദ്യമാകുന്ന ലോകം സ്ഥൂലലോകത്തിൽ നിന്നും വ്യത്യസ്തമാണ്. സ്ഥൂലലോകം തിരോധാനം ചെയ്യുന്നില്ലെങ്കിലും ശ്രദ്ധാമണ്ഡലത്തിൽ ഞാൻ ബോധവാനാകുന്നത് മറ്റൊരു ലോകത്തെപ്പ

---

* epoche എന്ന പദത്തിന് ‘നിർണ്ണയം തൽക്കാലത്തേയ്ക്ക് മാറ്റി വയ്ക്കുക’ എന്നാണ് അർത്ഥം. ഇംഗ്ലീഷിൽ ഇതിന് suspended judgement അല്ലെങ്കിൽ bracketing എന്നു പറയുന്നു. വിങ്കുലീകരണത്തിന്റെ ധാതു ലത്തീൻ ഭാഷയിലുള്ള Vinculum = bracket ആണ്.

റ്റിയാണ്. ഇങ്ങനെ എന്റെ വീക്ഷണകോണത്തിന്റെ വ്യത്യാസമനുസരിച്ച് ബോധതലത്തിലെ ലോകവും വ്യത്യസ്തമായ്ക്കൊണ്ടിരിയ്ക്കുന്നു.

എന്നാൽ ഈ സ്വാഭാവികലോകത്തിന്റെ അപഗ്രഥനം തൽക്കാലം നമുക്കൊന്നു മാറ്റിവയ്ക്കാം. സ്ഥൂലലോകത്തിൽ നിന്നു സംഖ്യാലോകത്തിലേയ്ക്ക് ഞാൻ ശ്രദ്ധ മാറ്റുമ്പോൾ വീക്ഷണകോണം മാറുന്നതുപോലെ, ഞാൻ മൗലികമായി എന്റെ സ്വാഭാവികവീക്ഷണകോണമൊന്നു മാറ്റാൻ ശ്രമിയ്ക്കട്ടെ. ഈ ബാഹ്യലോകത്തിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്വാൻ എനിയ്ക്ക് സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യം ഞാൻ ഉപയോഗിയ്ക്കുകയാണ്. സ്വാഭാവികവീക്ഷണകോണത്തിൽ നില്ക്കുമ്പോൾ ഇന്ദ്രിയഗോചരമാകുന്ന ഈ ബാഹ്യലോകത്തെ ഞാൻ തല്ക്കാലം ഉപവലയീകരണപ്രക്രിയ മൂലം (bracketing), സ്ഥഗിതനിർണ്ണയത്തിൽ (epoche' യിൽ അല്ലെങ്കിൽ Suspended judgment ൽ) നിർത്തുകയാണ്. അങ്ങനെയതിന്റെ അസ്തിത്വത്തെക്കുറിച്ചോ തത്വത്തെക്കുറിച്ചോ തല്ക്കാലം ഒന്നും തീരുമാനിയ്ക്കുവാൻ ഞാൻ മുതിരുന്നില്ല. ജ്ഞാനനിരപേക്ഷമായ വസ്തുവിനെയും ബാഹ്യലോകത്തിലെ ജ്ഞേയവസ്തുക്കളെയും ഒക്കെ ഞാനീ ഉപവലയത്തിൽ കൊള്ളിച്ച് തല്ക്കാലം എന്റെ ബോധതലത്തിൽ നിന്ന് പുറന്തള്ളുന്നു.

ഈ ഉപവലയീകരണപ്രക്രിയ അഥവാ പ്രാതിഭാസികവിങ്കുലീകരണം പ്രാതിഭാസികവിജ്ഞാനീയത്തിന്റെ പ്രഥമ പ്രക്രിയയാണ്. ഭൗതികശാസ്ത്രങ്ങളെല്ലാം തന്നെ പഠിച്ചുകൊണ്ടിരിയ്ക്കുന്ന ഈ സ്ഥൂലപ്രപഞ്ചത്തിൽ നിന്നും ഞാനെന്റെ ബോധത്തെ വിടർത്തുന്നു. അങ്ങിനെ ശാസ്ത്രത്തിന്റെ മാർഗ്ഗങ്ങളെയും മാത്രകളെയും ഉപേക്ഷിച്ച് ഒരു പുതിയ മാർഗ്ഗത്തിൽകൂടെ ജ്ഞാനസമ്പാദനം പ്രാപിച്ചതിനുശേഷം, ശാസ്ത്രവുമായും സ്ഥൂലപ്രപഞ്ചവുമായുമുള്ള ബന്ധം ഞാൻ പുനഃസ്ഥാപിച്ചുകൊള്ളാം. പക്ഷേ തല്ക്കാലം ശാസ്ത്രവും ബാഹ്യലോകവുമവിടെ ത്രിശങ്കു സ്വർഗ്ഗത്തിൽ നില്ക്കട്ടെ.

### 5. അതിരിക്തബോധതലം അവശേഷിയ്ക്കുന്നു

ബാഹ്യലോകത്തെ ഞാൻ ബോധതലത്തിൽ നിന്നും ഉപവലയീകരണപ്രക്രിയകൊണ്ട് വിയോജനം ചെയ്തതുകൊണ്ട് എനിയ്ക്ക് എല്ലാം നഷ്ടപ്പെട്ടെന്ന് കരുതി ആരും ആശങ്കപ്പെടേണ്ട. പരമാർത്ഥത്തിൽ ബാഹ്യലോകത്തെ മാത്രമല്ല, ചിന്തകനായ ഈ അഹത്തെത്തന്നെയും ഞാൻ ഉപവലയത്തിന്നകത്താക്കി മാറ്റിവച്ചിട്ടും എല്ലാം എനിയ്ക്കു നഷ്ടപ്പെടുന്നില്ല. കാരണം ചിന്തകനായ എന്റെ ചിന്ത അപ്പോഴും നടക്കുന്നുണ്ടല്ലോ. ഞാനും ലോകവും ഉണ്ടോ ഇല്ലയോ എന്ന് അനുമാനം കൊണ്ടേ സിദ്ധിയ്ക്കൂ. പക്ഷേ എന്റെ ചിന്ത എനിയ്ക്കു മാദ്ധ്യമം കൂടാതെ സന്നിഹിതമാണ്. ഞാനെന്നുള്ളതിനേക്കാൾ നേരിട്ടറിയാവുന്നത് എന്റെ ചിന്തയേയാണ്. എന്റെ ഈ ചിന്താതലത്തെ ഞാൻ ഒന്നു നിരീക്ഷിയ്ക്കട്ടെ. അതിന് എന്റെ വീക്ഷണകോണമൊന്നു മാറ്റാതെ സാധ്യമല്ല. ഒരതിരിക്ത വീക്ഷണകോണം ഞാൻ സ്വീകരിച്ച് എന്റെ ബോധതലത്തെ ഒന്നു നിരീക്ഷണം ചെയ്തുനോക്കട്ടെ. ഇത് പണ്ട് ഞാൻ കണ്ട സംഖ്യാലോകം പോലെ,

വളരെ രസകരമായ ഒരു ലോകമാണ്, അതിന് അതിന്റേതായ പ്രത്യേകതകളുമുണ്ട്.

ഈ ബോധതലത്തിന്റെ അപഗ്രഥനമാണ് പ്രാതിഭാസിക വിജ്ഞാനീയം. അല്ലാതെ ബാഹ്യലോകത്തിലെ പ്രതിഭാസങ്ങളെ അപഗ്രഥനം ചെയ്യലല്ല. അത് സയൻസിന്റെ ജോലി. ആ ജോലിയ്ക്കുള്ള ഉപകരണങ്ങളും മാത്രകളും ഒക്കെ വേറെയാണ്. പ്രാതിഭാസികവിജ്ഞാനീയത്തിൽ ദാർശനികൻ അതിരിക്ത വീക്ഷണകോണ (Transcendent standpoint) ത്തിൽ നിന്നുകൊണ്ട് നിരീക്ഷണം ചെയ്യുന്നത് അഹത്തെയും ബാഹ്യലോകത്തെയും ഉപവലയീകരണപ്രക്രിയ മൂലം വിയോജിപ്പിച്ചതിനു ശേഷം അവശേഷിയ്ക്കുന്ന ബോധതലലോകത്തെയാണ്.

### 6. ആന്തരിക ലോകാപഗ്രഥനം

ഉപവലയീകരണപ്രക്രിയ മൂലം രണ്ടു വ്യത്യസ്തലോകങ്ങൾ കാണപ്പെടുന്നു. ഒന്നു ബോധതലത്തിന്നു ദൃഷ്ടമാകുന്ന ബാഹ്യലോകം; മറ്റൊന്നു ബോധതലത്തിൽ പ്രത്യക്ഷമാകുന്ന ആന്തരികലോകം. ബോധത്തെ അഭിമുഖീകരിയ്ക്കുന്ന ഉണ്മ (being - for - consciousness) യും ബോധത്തിലെ ഉണ്മ (being - in - consciousness) യും രണ്ടും രണ്ടാണ്. ബാഹ്യലോകത്തെ നാം മാറ്റിവച്ചതിന്നുശേഷവും ആന്തരീകലോകം ബോധതലത്തിൽ കാണപ്പെടുന്നു. ഈ ബോധത്തിലെ ഉണ്മയാകുന്ന ആന്തരീകലോകത്തെ ഒന്നപഗ്രഥിച്ചു വിശകലനം ചെയ്യുകയാണ് അടുത്ത പടി.

ഈ ആന്തരീകലോകത്തിൽ ആശയങ്ങൾ മാത്രമല്ല കാണപ്പെടുന്നത്. ഇച്ഛകൾ, ഭയങ്ങൾ, സ്വപ്നങ്ങൾ, ഭാവനകൾ, സ്മരണകൾ, വിരോധം, സ്നേഹം എന്നിങ്ങനെ പലതും കാണപ്പെടുന്നുണ്ട്. ഇവയെ എല്ലാം പ്രത്യേകം പ്രത്യേകം അപഗ്രഥനം ചെയ്തേ മതിയാകൂ.

ഉദാഹരണത്തിന് അസങ്കീർണ്ണമായ ഒരാശയമെടുക്കാം. ഞാനീയെഴുതുന്ന കടലാസ്. എനിയ്ക്കതു കാണാം, തൊടാം. ബാഹ്യലോകത്തിലുള്ളതാണത്. ഞാനതിനെ കാണുന്ന പ്രക്രിയയ്ക്ക് മാനസീകരണം (noesis) എന്ന് പേർ പറയാം. ഞാൻ കാണുന്ന ഈ കടലാസിന്റെ ജ്ഞേയസത്ത ഒരു പ്രക്രിയയല്ല, എന്റെ ബോധതലത്തിലുള്ള കടലാസാണ്. ഇതുപോലുള്ള മറ്റു കടലാസുകളും എന്റെ ബോധതലത്തിലുണ്ട്. ഇപ്പോൾ ഞാൻ കാണുന്നത് വെളുത്ത, ഘനം കുറഞ്ഞ കടലാസാണ്. പക്ഷേ എന്റെ ബോധതലത്തിൽ പലതരം കടലാസുകളുണ്ട്. ചുവന്ന കടലാസ്, കട്ടിക്കടലാസ്, വരയിട്ട കടലാസ്. ബാഹ്യലോകത്തിലുണ്ടായാലും ഇല്ലെങ്കിലും എന്റെ ബോധതലത്തിലുള്ള ഈ പലതരം കടലാസുകളുണ്ടല്ലോ; അവയെയാണ് എനിയ്ക്ക് അപഗ്രഥിയ്ക്കേണ്ടത്. ബോധതലത്തിലുള്ള ഈ ജ്ഞേയസത്തയ്ക്ക് മാനസീകൃതരൂപം അഥവാ noema എന്നു പേർ.

ഈ ബോധതലത്തിലെ ജ്ഞേയസത്ത അഥവാ മാനസീകൃതരൂപത്തിന്ന് അതിന്റേതായ അസ്തിത്വമുണ്ട്. ബാഹ്യലോകത്തിൽ അതിന്നനുരൂപമായതില്ലാതായിത്തീർന്നാലും ആന്തരീകലോകത്തിൽ ഈ മാനസീകൃതരൂപം നിതാന്തമായി അവശേഷിയ്ക്കുന്നു.

എന്നാൽ ബോധതലത്തിലെ മാനസീകൃതരൂപ (noema) ത്തിന് ബാഹ്യ ലോകത്തിലെ ഉദ്ദിഷ്ട വസ്തുക്കളെ (external objects) ഉദ്ദേശന പ്രക്രിയ (intentional act) മൂലം ആന്തരീകരിയ്ക്കുന്ന മാനസീകരണപ്രക്രിയ (noesis) യുമായി ബന്ധമൊന്നുമില്ലെന്ന് പറയാനാവില്ല.

### 7. അർത്ഥമെന്നാലെന്ത്? (The meaning of meaning)

ഹുസ്സേൾ പറയുന്നു: ഓരോ മാനസീകൃത രൂപത്തിന്നും ഒരു അന്തർ വസ്തു (Content) ഉണ്ട്. അർത്ഥം (meaning) എന്നു പറയുന്നത് ഈ മാനസീകൃതരൂപത്തിന്റെ ഉള്ളടക്കത്തെയാണ്. അതായത് ലേഖനമെഴു തുന്ന കടലാസ് എന്നൊരു മാനസീകൃതരൂപം എന്റെ ബോധതലത്തി ലുണ്ട്. ചിലപ്പോഴൊക്കെ അതിന്നനുസൃതമായ ഒരു ബാഹ്യലോക വസ്തു വിനെത്തേടി ഞാൻ നടക്കാറുണ്ട്. മേശപ്പുറത്തു കണ്ടില്ലെങ്കിൽ കടയിൽ പോയി വാങ്ങിച്ചുകൊണ്ടു വരണം. പക്ഷേ വാങ്ങിയ്ക്കുന്നതിന്നു മുൻപേ യെനിയ്ക്കറിയാം ഞാൻ അന്വേഷിയ്ക്കുന്ന വസ്തുവെന്താണെന്ന്. അത് എന്റെ ബോധതലത്തിലുള്ളതിനെ ഞാനൊന്ന് വിവരിച്ചുകൊള്ളട്ടെ. ഏതാണ്ട് പതിന്നാലിഞ്ചുനീളവും, പത്തിഞ്ചുവീതിയും ലേശം മാത്രം ഘന മുള്ളതും തീരെ മാർദ്ദവമുള്ളതല്ല, എന്നാൽ തീരെ പരുപരുത്തതുമല്ല, ഏറെക്കുറെ വെള്ളനിറമുള്ളതാണ് (ഇപ്പഴത്തെക്കാലത്ത് നല്ല വെള്ളക്ക ടലാസ് കിട്ടുകയില്ലെന്നെനിയ്ക്കറിയാം). ഇതാണ് എന്റെ മനസ്സിലുള്ള മാനസീകൃതരൂപം (noema).

പക്ഷേ, ഇപ്പറയുന്ന വിധേയതകളൊക്കെ (predicates) എന്തിന്റെ വിധേ യതകളാണ്? ബോധതലത്തിലുള്ള ഏതോ ഒന്നിനെയാണല്ലോ അവ വിശേ ഷിപ്പിയ്ക്കുന്നത്. പക്ഷേ, ബോധതലത്തിനകത്ത് കടലാസുണ്ടോ? കട ലാസിന്റെ ഒരു മാനസീകൃതരൂപം മാത്രമല്ലേയുള്ളു? പക്ഷേ ആ രൂപത്തിന് ഒരു കേന്ദ്രകം (nucleus) ഉണ്ട്. അതിനെയാണ് ഈ വിധേയതകൾ വിശേ ഷിപ്പിയ്ക്കുന്നത്. വിധേയതകളുടെ വെറും ആകത്തുകയല്ല മാനസീകൃ തരൂപം. The noema in consciousness is not the sum of the predicates, but the predicates are organized around an x which we call the nucleus of the noema.

എന്തിനീ കേന്ദ്രകം വലിച്ചുകൊണ്ടു വരുന്നു? വേറൊരുദാഹരണം കൊണ്ട് വിശദീകരിയ്ക്കാൻ ശ്രമിക്കട്ടെ. കടലാസു കിട്ടിക്കഴിഞ്ഞാൽ എഴു തണമെങ്കിൽ പേന വേണമല്ലോ. എനിയ്ക്ക് ജപ്പാനിലുണ്ടാക്കിയ ഒരു പൈലട്ട് പേനയാണുള്ളത്. അത് എന്റെ ബോധതലത്തിലുണ്ട്. ഉടനെ ഓർമ്മയിൽ വരുന്ന അതിന്റെ വിധേയതകൾ അഥവാ സവിശേഷതകൾ: മാർദ്ദവമുള്ള മുന, എളുപ്പത്തിൽ മഷിവരുന്നു; നീലക്കറുപ്പു മഷിയാണ്; എഴുതാൻ സുഖമുണ്ട്; ഇതൊക്കെയാണ്. പക്ഷേ, ആ പേനയെപ്പറ്റി ഇന്നലെ ഞാൻ ചിന്തിച്ചത് വേറൊരു രൂപത്തിലായിരുന്നു. പച്ചയുടൽ, സ്വർണ്ണത്തൊപ്പി, ഘനംകുറവ്, കണ്ടാൽ നല്ല ഭംഗി, പോക്കറ്റിൽ കുത്തി യാൽ ഒരു ഗമയുണ്ട്.

വിധേയതകളുടെ സമുച്ചയം രണ്ടു മാനസീകൃതരൂപങ്ങളിലും വ്യത്യ

സ്തങ്ങളായിരുന്നു. പേന കൊണ്ട് എഴുതുന്ന കാര്യം ആലോചിച്ചപ്പോൾ ബോധതലത്തിലുളവായ സവിശേഷതാ സമുച്ചയമൊന്ന്. പോക്കറ്റിൽ കുത്തുന്നകാര്യം ആലോചിച്ചപ്പോഴുളവായ മാനസീകൃതരൂപത്തിലെ സവിശേഷതാ സമുച്ചയം മറ്റൊന്ന്. പക്ഷേ, പേന രണ്ടും ഒന്നു തന്നെ.

അതുകൊണ്ടാണ് കേന്ദ്രകം എന്നൊന്ന് നമുക്ക് വിഭാവനം ചെയ്യേണ്ടി വരുന്നത്. സവിശേഷതകളുടെ ആകെത്തുക മാത്രമാണ് മാനസീകൃത രൂപത്തിന്റെ ഉള്ളടക്കമെന്ന് പറഞ്ഞാൽ പേന രണ്ടും രണ്ടാണെന്ന് വരും. പക്ഷേ, ഒരു പേനയെപ്പറ്റിയുള്ളതാണ്, രണ്ട് മാനസീകൃത രൂപങ്ങളും. അതുകൊണ്ടാണ് ഒരേ കേന്ദ്രകത്തിൽ വ്യത്യസ്തങ്ങളായ സവിശേഷതാ സമുച്ചയങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ മാനസീകൃത രൂപങ്ങളിൽ വ്യത്യാസം കാണുന്നുണ്ടെങ്കിലും കേന്ദ്രകം ഒന്നാണെന്നു പറയേണ്ടിവരുന്നത്.

ഈ കേന്ദ്രകം (nucleus) അഥവാ ഏകീകരണകേന്ദ്രമാണ് മാനസീകൃതരൂപത്തിലെ സവിശേഷതകളുടെ അഥവാ വിധേയതകളുടെ പ്രതിപാദ്യവസ്തു അഥവാ വിഷയി. ബോധതലത്തിലുള്ള മാനസീകൃത രൂപത്തെ ബോധപ്രക്രിയയുടെ ഉദ്ദിഷ്ടമായി നാം കരുതുമ്പോൾ ഈ കേന്ദ്രകത്തെ കേവലമാനസീകൃതവിഷയം (noematic object simpliciter) എന്ന് ഹുസ്സേൾ പേർ വിളിയ്ക്കുന്നു. ഈ കേന്ദ്രകത്തെ ഒരു സവിശേഷതാ സമുച്ചയത്തോടുകൂടി വിഭാവനം ചെയ്യുമ്പോൾ അതിനെ ഭാവ നിശ്ചിത മാനസീകൃത വിഷയം (noematic object as modally determined അഥവാ ജർമ്മൻ ഭാഷയിൽ Gegenstand in Wie seiner Bestimmtheiten) എന്ന് ഹുസ്സേൾ പേർ വിളിയ്ക്കുന്നു. ഈ ഭാവനിശ്ചിത മാനസീകൃതരൂപത്തെയാണ് "അർത്ഥം" എന്ന പദം കൊണ്ട് നാം വിവക്ഷിക്കുന്നത്. അതിൽ കേന്ദ്രകവുമുണ്ട് സവിശേഷതാസമുച്ചയവുമുണ്ട്.

## 8. അർത്ഥ സംഹിതാ സിദ്ധാന്തം

ഒരു പേനയുടെ രണ്ട് മാനസീകൃതരൂപങ്ങൾ നാം കണ്ടു. രണ്ടിന്റെയും കേന്ദ്രകം ഒന്നാണെന്ന് മനസ്സിലായതോടെ, മാനസീകൃതരൂപങ്ങൾ രണ്ടും സങ്കലിതമായി ഒരു പുതിയ സംശ്ലേഷിത മാനസീകൃത രൂപമുണ്ടായപ്പോൾ, പേനയുടെ അർത്ഥത്തിന്നു ഒരു പുതിയ പുഷ്ടി വന്നു. ഒരേ കേന്ദ്രകത്തിൽ പുതിയ വിധേയതകൾ വന്നു ചേരുന്നതോടെ ആ മാനസീകൃതരൂപത്തിന്റെ ഉള്ളടക്കം അഥവാ അർത്ഥം വർദ്ധിയ്ക്കുന്നു. അറിയാവുന്ന അർത്ഥങ്ങളെത്തന്നെ കൂടുതൽ അപഗ്രഥനം ചെയ്താൽ കൂടുതൽ അർത്ഥപുഷ്ടി കിട്ടും. ഈ പേന പച്ചയാണെങ്കിൽ അത് ചുവന്നതല്ല; നീലയല്ല; കറുത്തതല്ല എന്നൊക്കെ അറിയാൻ സാധിയ്ക്കും. അതായത് ഒരു വിധേയതയിൽ നിന്നു അതിനോടു ബന്ധമുള്ള പുതിയ വിധേയതകൾ സ്ഥാപിച്ച് വിഷയിയായ കേന്ദ്രകത്തിന്നു ചുറ്റും ഉള്ള അർത്ഥപുഷ്ടിയെ വർദ്ധിപ്പിയ്ക്കുവാൻ സാധിയ്ക്കും. ഭാവാത്മകവിധേയതകളിൽ നിന്ന് നിഷേധാത്മകവിധേയതകളെ കാണുവാൻ നമ്മുടെ ബോധത്തിനു കഴിയും.

മാത്രമല്ല വിഷയിയും വിധേയവും (Subject and predicate) തമ്മിലുള്ള

ബന്ധത്തിലും അഭിപ്രായനിശ്ചിതിയുടെ മാത്രയ്ക്ക് പല വ്യത്യാസങ്ങൾ കാണുവാൻ കഴിയും. അതായത് വിഷയി വിധേയമായിരിയ്ക്കാം (S may be P). വിഷയി നിശ്ചയമായും വിധേയമാണ്. വിഷയി വിധേയമാണോ? വിഷയി വിധേയമാണെന്നു തോന്നുന്നു. ഇങ്ങനെ പല രൂപത്തിലാവാം നിശ്ചിതിയുടെ മാത്ര.

അഭിപ്രായനിശ്ചിതിയുടെ മാത്രയിൽ മാത്രമല്ല ഭാവത്തിലും വ്യത്യാസങ്ങൾ വരുത്താം. വിഷയി വിധേയമായിരുന്നെങ്കിൽ എന്നത് ഇച്ഛയാണ്. വിഷയിയെ വിധേയമാക്കൂ എന്നു പറഞ്ഞാൽ ആജ്ഞയായി.

ഇങ്ങനെ മാനസീകൃതരൂപത്തിന്റെ ഉള്ളടക്കമാകുന്ന അർത്ഥത്തിന്നുണ്ടാകാവുന്ന ഭാവരൂപവ്യത്യാസങ്ങളെ അപഗ്രഥനംചെയ്ത് ഒരു അർത്ഥവ്യാകരണം* സൃഷ്ടിയ്ക്കുകയാണ് പ്രതിഭാസവിജ്ഞാനീയത്തിന്റെ പ്രധാനപ്രവൃത്തികളിൽ ഒന്ന്. ഇവ്വിധം ചിന്തിയ്ക്കുമ്പോൾ പ്രതിഭാസവിജ്ഞാനീയം ഒരു ജ്ഞേയസത്താശാസ്ത്രമാണ് (Science of eidetic essences).

### 9. സാധ്യതകളുടെ ശാസ്ത്രം

നാം ഉപവലയത്തിന്നകത്താക്കിയ ബാഹ്യലോകത്തെ നമുക്കൊന്ന് പുറത്തുകൊണ്ടുവന്ന് പരിശോധിയ്ക്കാം. അതിനെ ഉപവലയീകരണം ചെയ്തതു തൽക്കാലം ഈ ആന്തരീകലോകത്തിൽ വികർഷണം കൂടാതെ ശ്രദ്ധ ചെലുത്താൻ വേണ്ടിയായിരുന്നല്ലോ. അർത്ഥസമുച്ചയമാണ് ഈ ബോധലോകത്തിന്റെ ഉള്ളടക്കമെന്നു നാം കണ്ടു. ഇനി ഈ ബോധത്തെയും കൊണ്ട് ബാഹ്യലോകത്തിലേയ്ക്ക് ഒന്ന് ഇറങ്ങിവരാം.

ഇപ്പോൾ നാം എന്താണ് കാണുന്നത്? ഈ ബാഹ്യലോകത്തിൽ നാം കാണുന്ന ഓരോ വസ്തുവിന്നും സമമായ ഒരർത്ഥം ഇതാ എന്റെ ആന്തരീകലോകത്തിന്നകത്ത് ഞാൻ കാണുന്നു. ഇപ്പോൾ ഞാനീ മേശയെ ബാഹ്യലോകത്തിൽ കാണുന്നു. പ്ലാവാണ് തടി; നാലു കാലും മൂന്നു വലിപ്പുകളുമുണ്ട്. പുസ്തകങ്ങളും കടലാസുകളും ലജ്ജാവഹമായ വിധത്തിൽ അതിന്റെ മുകളിൽ കുന്നുകൂടികിടക്കുന്നു. മഷിക്കുപ്പികൾ, പേനാകൾ, പെൻസിലുകൾ ഇങ്ങിനെ പലതും അതിന്റെ മുകളിലുണ്ട്.

അത് ബാഹ്യലോകത്തിലെ മേശ. ഞാനൊന്നു കണ്ണടച്ചു നോക്കട്ടെ. അല്ലാ, മേശ നഷ്ടപ്പെട്ടിട്ടില്ലല്ലോ. എന്റെ ബോധതലത്തിനകത്ത് അതേ രൂപത്തിലുള്ള ഒരു മേശയുണ്ടല്ലോ. ബാഹ്യലോകത്തെ ഞാൻ ഉപവലയത്തിൽ ആക്കിയാലും അതിലുള്ള സർവ്വവും എന്റെ ബോധതലലോകത്തിന്നകത്ത് കാണപ്പെടുന്നുണ്ട്.

ബാഹ്യലോകത്തിലെ വസ്തുനിഷ്ഠമായ ഓരോ വിഷയത്തിന്നും സമാന്തരമായ വസ്ത്വേതരമായ ഒരു വിഷയം (object) എന്റെ ബോധത്തിൽ (consciousness ൽ) ഞാൻ കാണുന്നു. ബാഹ്യലോകത്തേക്കാൾ ഐക്യ

---

* ഹുസ്സേളിന്റെ ഈ ആശയം എടുത്തു വികസിപ്പിച്ചിട്ടുള്ളത് നമ്മുടെ സമകാലീനനും അമേരിയ്ക്കൻ ദാർശനികനുമായ നോവാം ചോമ്സ്കി (Noam Chomsky) ആണ്.

മുള്ളതും തന്മൂലം കൂടുതൽ വിശകലനക്ഷമവുമാണ് ആന്തരീകലോകം. ഈ ആന്തരീകലോകത്തിലില്ലാത്തതൊന്നും ബാഹ്യലോകത്തിൽ ഉണ്ടാകാൻ സാദ്ധ്യമല്ല. ബാഹ്യലോകത്തിലില്ലാത്തതും ഉണ്ടാകാനുള്ളതും വേണമെങ്കിൽ ആന്തരീകലോകത്തിൽ കണ്ടെന്നു വരാം.

അതുകൊണ്ട് ആന്തരീകലോകത്തിന്റെ നിയമങ്ങളെ നിഷ്ഠയോടെ പഠിയ്ക്കുന്നപക്ഷം ലഭിയ്ക്കുന്ന ജ്ഞാനം ബാഹ്യലോകപഠനത്തിന്നുള്ള സകല ശാസ്ത്രങ്ങൾക്കും നിദാനവും അടിസ്ഥാനവുമായി വരും. പ്രതിഭാസവിജ്ഞാനീയം എന്ന് പറയുന്നത് ഇങ്ങനെ സാദ്ധ്യതകളുടെ ശാസ്ത്രമാണെന്ന് പറയാം. ബോധതലത്തിൽ സാദ്ധ്യമല്ലാത്തതൊന്നും ബഹിർലോകത്തിലും സാദ്ധ്യമല്ലല്ലോ.

### 10. സാദ്ധ്യതയിൽ നിന്ന് സിദ്ധതയിലേയ്ക്ക് (From possibility to actuality)

ജ്ഞേയസത്തകളാകുന്ന സാദ്ധ്യതകളാൽ നിബിഡമായിരിയ്ക്കുന്ന ഈ ആന്തരീകലോകത്തിൽ നിന്നും വസ്തുനിഷ്ഠങ്ങളായ സിദ്ധതകൾ കൊണ്ടു നിറഞ്ഞ ബാഹ്യലോകത്തിലേയ്ക്കുള്ള പ്രയാണം എങ്ങനെ സാദ്ധ്യമാകും?

ബാഹ്യലോകത്തെ നാം അറിയുന്നത് രണ്ടു തരത്തിലാണ്. ഒന്ന് പ്രത്യക്ഷവീക്ഷണം കൊണ്ട് (direct vision); മറ്റൊന്ന് വ്യവഹിതാന്തർദർശനം (Mediated insight) കൊണ്ട്. പ്രത്യക്ഷവീക്ഷണത്തിൽ ബാഹ്യലോകത്തിലെ ഒരു വസ്തുവിന്മേൽ വിന്യസിതമാകുന്ന ആന്തരീയ ജ്ഞേയസത്തയ്ക്ക് അഥവാ മാനസീകൃതരൂപത്തിന്ന് അവ്യവഹിതമായ, പ്രാക്തനമായ (Primordial) സിദ്ധത സ്ഥിരീകരണമായി ലഭിയ്ക്കുന്നു. ഈ ജനാലയിൽകൂടെ ഞാൻ കാണുന്ന ഈ മരത്തിന്മേൽ എന്റെ ആന്തരീകലോകത്തിലെ ഒരു മരത്തിന്റെ ജ്ഞേയസത്ത ഞാൻ വിന്യസിയ്ക്കുമ്പോൾ അതിന്നു പൂർണ്ണമായ സ്ഥിരീകരണം നൽകുന്ന ഒരു സിദ്ധത (givenness) പ്രത്യക്ഷവീക്ഷണത്തിൽ ഞാൻ കാണുന്നു. പിന്നീട് ജനൽ അടച്ചിട്ട്, അല്ലെങ്കിൽ കണ്ണടച്ചിട്ട്, ഞാൻ ആ മരത്തെ വിഭാവനം ചെയ്യുമ്പോൾ അതിന്ന് ബാഹ്യലോകത്തിൽ പ്രാക്തനസിദ്ധത ലഭിയ്ക്കുന്നില്ല. എന്നാൽ മാനസീകൃതരൂപത്തിൽ, ബോധതലത്തിൽ, അത് സ്ഥിതിചെയ്യുന്നതായി എനിക്ക് നേരിട്ടനുഭവമാകുന്നു. ഇതാണ് വ്യവഹിതാന്തർദർശനം.

ആദ്യത്തേതിൽ, അതായത് പ്രത്യക്ഷവീക്ഷണത്തിൽ ബോധത്തിലുള്ള ഒരു മാനസീകൃതസത്തയെ ഞാൻ മാനസീകരണവിന്യസന പ്രക്രിയ കൊണ്ട് ബാഹ്യവൃക്ഷത്തിൽ വിക്ഷേപിയ്ക്കുമ്പോൾ അതിന്ന് ബാഹ്യലോകത്തിലെ വിഷയത്തിന്റെ പ്രത്യക്ഷവീക്ഷണം സ്ഥിരീകരണം നൽകുന്നു. എന്നാൽ രണ്ടാമത്തേതിൽ, അതായത് വ്യവഹിതാന്തർദർശനത്തിൽ ഞാൻ വിന്യസിയ്ക്കുന്നത് ഒരു വൃക്ഷത്തിന്റെ മാനസീകൃതരൂപത്തിന്റെ മാനസീകൃതരൂപത്തെയാണ് (noema of a noema). വിന്യസിയ്ക്കുന്നത് ബാഹ്യലോകത്തിലല്ല, ബോധമാകുന്ന അന്തർലോകത്തിൽ തന്നെയാണ്. വിന്യസിതമാകുന്ന മാനസീകൃതരൂപത്തിന്റെ മാനസീകൃതരൂപത്തെ

സ്ഥിരീകരിയ്ക്കുന്ന ഒരു മാനസീകരൂപം ബോധതലത്തിൽ കാണപ്പെടുന്നു.

സാദ്ധ്യതാലോകത്തിൽ നിന്ന് സിദ്ധതാലോകത്തിലേയ്ക്കുള്ള പ്രയാണം ഈ വിന്യസനപ്രക്രിയയിൽക്കൂടെയാണ് നടക്കുന്നത്. എന്നാൽ ഇവിടെ ഒരു പ്രശ്നം ഉണ്ട്. സാദ്ധ്യതാലോകത്തിലേ വിഷയം (object) അഥവാ ജ്ഞേയസത്ത (meaning - eidetic essence) ഒരു കേന്ദ്രകത്തിൽ സംഘടിതമായിരിയ്ക്കുന്ന പല ഗുണങ്ങളാണല്ലോ. സിദ്ധതാലോകത്തിലെ, അഥവാ ബാഹ്യലോകത്തിലെ ഒരു വിഷയവും (object) ഇതുപോലെതന്നെ ഒരു കേന്ദ്രകത്തിൽ സംഘടിതമായിരിയ്ക്കുന്ന ഗുണസമുച്ചയമാണ് (aqqregate of Predicates or attributes organized around an x). മാനസീകൃതരൂപത്തിലും, ബാഹ്യലോകവസ്തുവിലും കാണുന്ന ഗുണസമുച്ചയം ഒന്നു തന്നെ. എന്നാൽ അവയുടെ രണ്ടിന്റെയും കേന്ദ്രകം ( nucleus) ഒന്നല്ല; രണ്ടാണ്. വിന്യസനപ്രക്രിയ മൂലം ബാഹ്യവസ്തുവിന്റെ ഗുണസമുച്ചയത്തെ മുഴുവൻ ആന്തരീകരിച്ച് മാനസീകൃതരൂപത്തിന്റെ ഗുണസമുച്ചയമായി സംഘടിപ്പിയ്ക്കാമെങ്കിലും ബാഹ്യവസ്തുവിന്റെ കേന്ദ്രകത്തെ ആന്തരീകരിക്കുവാൻ സാധിയ്ക്കുന്നില്ല. അതുകൊണ്ട് ബാഹ്യവസ്തുവിൽ എന്തോ ഒന്ന്, ജ്ഞേയസത്തയ്ക്ക് പിറകിൽ നിൽക്കുന്നത്, നമ്മുടെ വീക്ഷണത്തെ മറികടന്ന് മാറി നിൽക്കുന്നു. ഇത് ബാഹ്യലോകത്തിലെ വസ്തുക്കളിന്മേലുള്ള വിന്യസനപ്രക്രിയ മൂലം ലഭിയ്ക്കുന്ന ജ്ഞാനത്തിന്റെ ഒരു പ്രധാന ന്യൂനതയാണ്.

അങ്ങനെയെങ്കിൽ ബാഹ്യലോകത്തിലെ വസ്തുക്കളെ സംബന്ധിച്ചിടത്തോളം പ്രതിഭാസ വിജ്ഞാനീയം നൽകുന്ന അറിവ് അപൂർണ്ണവും അവ്യക്തവുമാണെന്ന് പറയാതെ നിവൃത്തിയില്ല.

മാത്രമല്ല, ഈ ബാഹ്യവസ്തുവിൽ പരിപ്രേക്ഷ്യവിചരണം (perspective variation) എന്ന സംഗതി കൂടെ ഉള്ളതുകൊണ്ട് ഒരിക്കൽ കണ്ട ഗുണസമുച്ചയമായിരിയ്ക്കില്ല മറ്റൊരിയ്ക്കൽ കാണുന്നത്. മദ്ധ്യാഹ്നസൂര്യനും അസ്തമനസൂര്യനും തമ്മിലുള്ള വ്യത്യാസം നോക്കുക. ഉച്ചയ്ക്കു കണ്ട് നാം തണലിൽ പോയി ഓടി ഒളിയ്ക്കാൻ നമ്മെ പ്രേരിപ്പിച്ച ആ സൂര്യനെത്തന്നെയാണ് സായാഹ്നത്തിൽ അതിന്റെ സൗന്ദര്യലഹരിയിൽ മതിമറന്ന് നാം വീക്ഷിയ്ക്കുന്നത്. പല വസ്തുക്കൾക്കും ഈ പരിപ്രേക്ഷ്യവിചരണം സംഭവിയ്ക്കുന്നതുകൊണ്ട് ഒരേ വസ്തു തന്നെ പല വിന്യസനങ്ങളിൽ പരിപ്രേക്ഷ്യത്തിന്റെ വ്യത്യാസമനുസരിച്ച് വിവിധങ്ങളായ ഗുണസമുച്ചയങ്ങളെ ആന്തരീകരിയ്ക്കുവാൻ ഇടയാക്കുന്നു. ചിലപ്പോൾ ഒരിക്കൽ കണ്ട ഗുണത്തെ മറ്റൊരിയ്ക്കൽ കാണുന്നത് നിഷേധിച്ചു എന്നും വരാം. പല വിന്യസനങ്ങളിൽ കൂടി ആന്തരീകരിയ്ക്കുന്ന ജ്ഞേയസത്തകളെ ഒരേ ഒരു കേന്ദ്രകത്തിൽ സംഘടിപ്പിച്ച് ഒരു സംശ്ലിഷ്ടാശയം (Synthetic noema) ഉണ്ടാക്കുവാൻ സാധിയ്ക്കുന്നു. പ്രത്യക്ഷവീക്ഷണത്തിൽ നിന്നാണ് ഈ സംശ്ലിഷ്ടാശയത്തിലെ വിശേഷണങ്ങളൊക്കെയും ഉദ്ഭൂതമായത്.

ഇതൊക്കെയാണെങ്കിലും, മാനസീകരണപ്രക്രിയ (noesis) യുടെ വിന്യ

സനം മൂലം സംസിദ്ധമാകുന്ന ജ്ഞേയസത്ത ബാഹ്യലോകത്തിലെ വസ്തുവിന്റെ ജ്ഞേയസത്ത തന്നെയാണ്. ബോധതലത്തിലെ മാനസീകൃതരൂപത്തിന്റെ കേന്ദ്രകവും ബാഹ്യലോകത്തിന്റെ വസ്തുവിന്റെ കേന്ദ്രകവും തമ്മിൽ വ്യത്യാസം (non - identity) ഉണ്ടെങ്കിലും കേന്ദ്രകം അർത്ഥശൂന്യമായതുകൊണ്ട്, ബാഹ്യലോകത്തിലെ വസ്തുവിന്റെ അർത്ഥത്തെ അവശിഷ്ടം കൂടാതെ ആന്തരീകരിയ്ക്കുവാൻ നമുക്കു കഴിയുന്നുവെന്നായിരുന്നു ഹുസ്സേളിന്റെ വാദം.

എന്നാൽ പ്രതിഭാസവിജ്ഞാനീയം മൂലം യാതൊരവശിഷ്ടവും കൂടാതെ അറിയുവാൻ സാധിയ്ക്കുന്നത് ബോധതലത്തിൽത്തന്നെയുള്ള ജ്ഞേയസത്തകളെയാണെന്ന് മുൻപേ പറഞ്ഞുവല്ലോ. ബോധാന്തരീകലോകം, ബോധാഭിമുഖലോകം എന്നിങ്ങനെയുള്ള രണ്ടും തമ്മിൽ അർത്ഥത്തെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ സാമ്യമാണുള്ളത്. സാധാരണശാസ്ത്രങ്ങൾ ബോധാഭിമുഖലോകത്തെ വിശകലനം ചെയ്ത് പഠിയ്ക്കുന്നു. പ്രതിഭാസവിജ്ഞാനീയമാകട്ടെ ബോധാന്തരികലോകത്തെയാണ് അപഗ്രഥിച്ചു പഠിയ്ക്കുന്നത്.

## 11. പ്രതിഭാസവിശകലനത്തിൽ നിന്നും ഇതര വിജ്ഞാനീയ വിഭാഗങ്ങളിലേയ്ക്ക്

ഹുസ്സേൾ കാണിച്ചുകൊടുത്ത മാർഗ്ഗം പല ദാർശനികന്മാരുടെയും കണ്ണു തുറന്നു. രണ്ടോ മൂന്നോ പേരുടെ കാര്യം ചുരുക്കമായി പറയാനേ ഇവിടെ സ്ഥലമുള്ളു.

ഒന്നാമത് മാക്സ് ഷേലർ (Max Scheler; 1874-1928). ജർമ്മനിയിലെ സമകാലീന ദാർശനികരുടെയിടയിൽ അഗ്രഗണ്യനായിരുന്ന ഈ പണ്ഡിതന്റെ ശ്രദ്ധയെ കൂടുതലായും ആകർഷിച്ചത് മതം, ധാർമ്മികത മുതലായ മണ്ഡലങ്ങളിൽ പ്രതിഭാസവിജ്ഞാനീയത്തെ എങ്ങനെ ഉപയോഗിയ്ക്കാം എന്ന പ്രശ്നമായിരുന്നു. അഗസ്റ്റിന്റെ ആദ്ധ്യാത്മികതയെയാണ് ഷേലർ അനുധാവനം ചെയ്തത്. പ്രത്യേകിച്ചും സ്നേഹത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികതയെ, ഹുസ്സേളിന്റെയും, ബെർഗ്സന്റെയും, നീറ്റ്ഷേയുടെയും ചിന്തകൾ വഴി അദ്ദേഹം തന്റെ ആദ്ധ്യാത്മിക ധാർമ്മികപ്രശ്നവലയത്തിന്നുള്ളിലേയ്ക്ക് കൊണ്ടുവന്നു.

ഷേലർ 1916 മുതൽ ഈശ്വരവിശ്വാസിയായാണ് ചിന്തയാരംഭിച്ചതെങ്കിലും ആറു കൊല്ലം കഴിഞ്ഞപ്പോൾ ഇതിന്ന് വ്യത്യാസം വന്നിട്ട്, ദിവ്യതയുടെ വാസ്തവീകരണം നടക്കുന്നത് മനുഷ്യനിൽ മാത്രമാണെന്ന് വാദിയ്ക്കുകയായിരുന്നു അവസാനത്തെ ആറു കൊല്ലം.

കാന്റിന്റെ ചിന്താഗതിയിൽ അനുഭവനിരപേക്ഷ (a priori) മായിട്ടുള്ളത് വാക്യങ്ങളാണ് (propositions). എന്നാൽ ഷേലർ പറയുന്നു അനുഭവനിരപേക്ഷമായി പലതുണ്ടെന്ന്. ഒന്നാമത് ജ്ഞേയസത്തകൾ (essences); രണ്ടാമത് മൂല്യങ്ങൾ (values). ആദ്യത്തേത് ഹുസ്സേളിൽ നിന്ന് കിട്ടിയതാണ്. രണ്ടാമത്തേത് ഹുസ്സേൾ സൂചിപ്പിച്ചിരുന്നതെങ്കിലും വികസിപ്പിയ്ക്കാതെ വിട്ടിരുന്നത് ഷേലർ എടുത്ത് പരിചിന്തനം ചെയ്തു. ജ്ഞേയസത്തക

ളുടെ (essences) ഒരു സംഘം ബോധതലത്തിലുള്ളതുപോലെ കാമ്യസത്തകളുടെ (values) ഒരു സംഘവും ആ ബോധതലത്തിൽ തന്നെയുണ്ട്. ഈ കാമ്യസത്തകൾ അഥവാ മൂല്യങ്ങൾ നിരപേക്ഷകങ്ങളാണ്. നമുക്കവയെക്കുറിച്ചുള്ള അറിവ് അനുഭവാപേക്ഷകമായിരിക്കാമെങ്കിലും മൂല്യങ്ങൾ അവയിൽത്തന്നെ നിരുപാധികങ്ങൾ (absolute) ആണ്.

ഈ മൂല്യവിജ്ഞാനീയമാണ് ഷേലറുടെ വലിയ സംഭാവന. മൂല്യങ്ങളെ സർഗ്ഗാത്മകങ്ങളും, നിഷേധാത്മകങ്ങളും എന്നും, ഉന്നതങ്ങളും, അധമങ്ങളും എന്നും അദ്ദേഹം തരംതിരിയ്ക്കുന്നു. ഉന്നതമൂല്യങ്ങളാണ് ഏറ്റവും അവിഭാജ്യങ്ങളും അനുപാധികങ്ങളുമായിട്ടുള്ളവ.

മൂല്യസോപാനം ഷേലറുടെ ചിന്തയിൽ ഇങ്ങനെയാണ്. ഏറ്റവും താഴെ 1. ഇന്ദ്രിയാനുഭൂതമൂല്യങ്ങൾ; സുഖദായകങ്ങളും അസുഖദായകങ്ങളും (values of sensible feeling - pleasant and unpleasant); 2. ഉദാത്ത വികാരമൂല്യങ്ങൾ – അഭിജാതങ്ങളും മ്ളേച്ഛങ്ങളും (noble and vulgar); 3. ആദ്ധ്യാത്മിക മൂല്യങ്ങൾ – സുന്ദരം – അസുന്ദരം, ന്യായം – അന്യായം ഇങ്ങനെയുള്ളത്. 4. പരിശുദ്ധതാമൂല്യങ്ങൾ – വിശുദ്ധിയും അശുദ്ധിയും. ഇവ ഈശ്വര സംബന്ധി മൂല്യങ്ങളായതുകൊണ്ട് സോപാനത്തിലെ ഏറ്റവും ഉന്നതപടിയാണ്.

മനുഷ്യവികാരങ്ങളെയും ഇച്ഛകളെയും പ്രതിഭാസവിജ്ഞാനീയമുപയോഗിച്ചപഗ്രഥിയ്ക്കാൻ ശ്രമിച്ച ഹുസ്സേളിന്റെ ഈ ഉത്തമസ്നേഹിതന്റെ ചിന്തയ്ക്ക് പ്രതിഭാസവിജ്ഞാനീയവുമായി ബന്ധമൊന്നുമില്ലെന്ന് ഹുസ്സേൾ തന്നെ അവസാനം പ്രഖ്യാപിക്കേണ്ടി വന്നു.

മെർലോ – പോണ്ടി (1908–1961) യെപ്പറ്റി ഒരു വാക്ക് ഇവിടെ പറയേണ്ടതാണെങ്കിലും സ്ഥലപരിമിതി കൊണ്ട് തൽക്കാലം വിടുന്നു. മനഃശാസ്ത്രത്തിലും, ഗണിതശാസ്ത്രദർശനത്തിലും നിയമദർശനത്തിലുമൊക്കെ പ്രതിഭാസവിജ്ഞാനീയം മൂലം പല മാറ്റങ്ങൾ വരുത്തിയ ഈ പണ്ഡിതൻ ഒരു അസ്തിത്വവാദിയാണ്.

## 12. പ്രതിഭാസവിജ്ഞാനീയവും അസ്തിത്വവാദവും

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം യൂറോപ്പിലെ ഫാഷനബിൾ ചിന്താഗതിയായിത്തീർന്ന അസ്തിത്വവാദം (existentialism) ഉടലെടുത്തത് പ്രതിഭാസവിജ്ഞാനീയത്തിന്റെ ഉദരത്തിൽ നിന്നാണെന്നതിനു സംശയമൊന്നുമില്ല.

എന്നാൽ അസ്തിത്വചിന്തയെപ്പറ്റി പൊതുവായെന്തെങ്കിലും പറയാനാവില്ല. ഓരോ വ്യക്തിയ്ക്കും വൈയക്തികമായ ചിന്താവൈശിഷ്യം ഉള്ളതുകൊണ്ട് ചിന്തകന്മാരുടെ പേരു കുറിച്ച് അവരുടെ ചിന്തയുടെ ചില സൂചനകൾ മാത്രം നല്കാനേ ഇവിടെ സ്ഥലമുള്ളു.

പേരുകളാണെങ്കിൽ വളരെയധികം. രണ്ടാംലോകമഹായുദ്ധത്തിന് മുൻപുള്ള അസ്തിത്വവാദികളെയെല്ലാം നമുക്കങ്ങ് വിടാം. സോക്രട്ടീസും അഗസ്റ്റിനും പാസ്കാലും ഒക്കെ അസ്തിത്വവാദികളായിരുന്നുവെന്ന് വാദിയ്ക്കുന്നവരുണ്ട്. കഴിഞ്ഞ ശതാബ്ദത്തിലെ ഡെൻമാർക്കുകാരൻ കീർക്ക

ഗോറിനേയും (1813-1855) റഷ്യാക്കാരൻ ഡോസ്റ്റോയെവ്സ്കി (1821-1881) യേയും പോലും വിടാതെ നിവൃത്തിയില്ല. അതുപോലെ നീറ്റ്ഷേ (1844-1900), റിൽക്കേ (1875-1926), ഊനമുനോ (1864-1937) ഇവരെപ്പറ്റിയും പ്രതിപാദിക്കാൻ സാദ്ധ്യമല്ല. നാലു പേരുടെ കാര്യം ചുരുക്കമായി പറയാം. ഗബ്റിയൽ മാഴ്സൽ, കാൾ യാസ്പേഴ്സ്, മാർട്ടിൻ ഹൈഡഗ്ഗർ, ജോൺ പോൾസാർട്ര്.

## 13. ജോൺ പോൾ സാർട്ര്

അസ്തിത്വചിന്തയ്ക്ക് ദർശനാത്മകമായ നിദാനം നൽകി അതിനെ ഒരു സിദ്ധാന്ത വ്യവസ്ഥിതിയാക്കിത്തീർത്തത് സാർട്രാണെന്ന് നിസ്സംശയം പറയാം. സാർട്രിയൻ ചിന്താഗതിയുടെ പൂർണ്ണരൂപം വേണമെങ്കിൽ ഫ്രെഞ്ചിലെ L'etre et le Neant അല്ലെങ്കിൽ ഇംഗ്ലീഷ് പരിഭാഷ Being and Nothingness വായിച്ചുനോക്കണം. 900 പേജു മാത്രമേയുള്ളു. ഓരോ പേജും രണ്ടു പ്രാവശ്യം വായിച്ചെങ്കിലേ വല്ലതും മനസ്സിലാകയുള്ളു. ഹുസ്സേളിന്റെയും ഹൈഡഗറിന്റെയും ചിന്താഗതി നല്ലതുപോലെ പഠിച്ചതിനുശേഷം സാർട്ര് വായിച്ചാൽ കുറെക്കൂടെ എളുപ്പം മനസ്സിലാകും. എന്നാൽ ആദ്യം പറഞ്ഞ രണ്ടു പേരും മുറിയ്ക്കകത്തിരുന്നു ദർശനം സൃഷ്ടിക്കുന്ന പ്രൊഫസർമാരാണ്. സാർട്രാകട്ടെ ജീവിതത്തിന്റെ എല്ലാ തുറകളിലും കടന്നുചെന്ന് രാഷ്ട്രീയത്തിലും സാഹിത്യത്തിലും സാമൂഹ്യജീവിതത്തിലും മുൻകൈ എടുത്തു പ്രവർത്തിയ്ക്കുന്ന ഒരു കർമയോഗിയത്രേ.

1905-ൽ പാരീസിൽ ജനിച്ച സാർട്ര് 1940 ആയപ്പോഴേയ്ക്ക് ഹിറ്റ്ലർ കലക്കിക്കുഴച്ച യൂറോപ്പിന്റെ മനഃസാക്ഷിയും ദാർശനിക വക്താവുമായി ഉയർന്നു. ഫ്രെഞ്ച് പാരമ്പര്യത്തിലെ വ്യക്തിസ്വാതന്ത്ര്യത്തിന്റേയും ജർമ്മൻ പാരമ്പര്യത്തിലെ ദാർശനിക സങ്കീർണ്ണതയുടെയും ഒരുപോലെയുള്ള ഉദാഹരണമാണീ മതവിരോധിയായ ദാർശനികൻ.

അദ്ദേഹത്തിന്റെ ദർശന സംഹിത, അസ്തിത്വവാദത്തെപ്പറ്റി പലരും പറയുന്നതുപോലെ യുക്തിവിരോധമായിട്ടുള്ളതല്ല. നേരേമറിച്ച് യുക്തി കൊണ്ടു മാത്രമാണ് സാർട്ര് തന്റെ അസ്തിത്വചിന്താസൗധം കെട്ടിയുയർത്തുന്നത്. അടിസ്ഥാനം ഉണ്മ (Being) യുടെ വിശകലനം ആണ്.

ഉള്ളതിനെയെല്ലാം കൂടെയാണ് ഉണ്മയെന്ന് പറയുന്നത്. ഉണ്മയ്ക്ക് രണ്ടു വിഭാഗങ്ങളാണുള്ളത്. ഒന്നിന് (Being (in itself) (I'en soi) എന്ന് പേർ. തൽസ്ഥിതസത്ത എന്ന് നമുക്ക് പേരു കൊടുക്കാം. ഉണ്മ ഉണ്ട്. അത് യാതൊന്നിന്റെയും ഒരു വിശേഷണമല്ല (Being is not a predicate of anything). ഉണ്മ ഉണ്മയിൽത്തന്നൊന്ന്. ഉള്ളത് ഉണ്മയാണ്. മറ്റു യാതൊന്നുമല്ല. ഉണ്മ ക്രിയാത്മകവുമല്ല, നിഷ്ക്രിയവുമല്ല; വിധായകവുമല്ല, നിഷേധകവുമല്ല. ഉറച്ചതാണ്, നിശ്ചലമാണ്, ഇല്ലാതാക്കാനാകാത്തതാണ്. ഉണ്മയ്ക്ക് ആയിത്തീരലില്ലെന്നല്ല സാർട്ര് പറയുന്നത്. പക്ഷേ, ആയിത്തീർന്നാലും അത് ഉണ്മയാണല്ലോ. ഇല്ലാതായിത്തീരൽ ഇല്ലാത്തിടത്തോളം കാലം ഉണ്മ ഉണ്മയായിത്തന്നെ അവശേഷിയ്ക്കുന്നു. ഇതാണ് Being in itself അഥവാ I'an soi അല്ലെങ്കിൽ തൽസ്ഥിതസത്ത.

ഉണ്മയുടെ രണ്ടാം വിഭാഗത്തിന് Being for itself അഥവാ is pur soi എന്ന് പേർ. ഈ സചേതന സത്ത അതിന്റെ ബോധതലത്തിൽ ഉണ്മയെ ഉൾക്കൊള്ളുന്നതുകൊണ്ട് അതിന് തൽസ്വാർത്ഥസത്ത എന്ന് നമുക്ക് പേരു കൊടുക്കാം. അതായത് ഉണ്മയെപ്പറ്റി ചേതന അല്ലെങ്കിൽ ബോധം ഉള്ള ഉണ്മ. സാധാരണയായി മനുഷ്യന്റെ ഉണ്മയെപ്പറ്റിയാണ് സാർട്ര് ഈ പദം ഉപയോഗിയ്ക്കുന്നത്. ഹുസ്സേൾ പറഞ്ഞതുപോലെ ബാഹ്യലോക ത്തിലെ സകല ഉണ്മയിൽ നിന്നും സ്വയം വേർപെടുത്തിയാലും സ്വന്ത ബോധതലത്തിൽ ഉണ്മയെ ഉൾക്കൊള്ളുന്ന ഉണ്മയാണല്ലോ മനുഷ്യൻ. അതുകൊണ്ട് ഈ തൽസ്വാർത്ഥസത്ത അഥവാ സചേതനസത്ത ഉണ്മയുടെ ഒരു പ്രത്യേക വിഭാഗമാണ്.

സചേതനസത്തയ്ക്കുള്ള ഒരു പ്രത്യേക കഴിവ് ഉണ്മയെ ചോദ്യം ചെയ്യു കയെന്നതാണ്. ഞാൻ ഒരു ചോദ്യം ചോദിയ്ക്കട്ടെ: “മനുഷ്യനും ലോകവും തമ്മിലുള്ള ബന്ധത്തെ വെളിപ്പെടുത്തുന്ന എന്തെങ്കിലും ക്രിയയുണ്ടോ?”

ചോദിയ്ക്കുന്നതാരെങ്കിലുമായിക്കൊള്ളട്ടെ; ലേഖകനോ, അനുവാച കനോ മറ്റാരെങ്കിലുമോ. ആരായാലും ഒരു മനുഷ്യനാണീ ചോദ്യം ചോദി യ്ക്കുന്നത്. ആരോട്? ഉണ്മയോട്. എന്തിനെപ്പറ്റി? ഉണ്മയുടെ ചില ഭാവ ങ്ങളെപ്പറ്റി. ഉണ്മ അതിന് നൽകുന്ന മറുപടി “ഉണ്ട്’ അല്ലെങ്കിൽ “ഇല്ല” ഇവ രണ്ടിൽ ഏതെങ്കിലുമാകാം.

ഈ ഇരുസാദ്ധ്യതയില്ലെങ്കിൽ ചോദ്യം ചോദ്യമാവില്ലല്ലോ. ചോദ്യം നിഷേധകവുമല്ല, വിധായകവുമല്ല. സമാധാനം ‘ഇല്ല’ എന്നാണെങ്കിൽ ഞാൻ അന്വേഷിയ്ക്കുന്ന ഉണ്മ ഇല്ലായ്മയാണെന്നു വരും. അങ്ങനെ എല്ലാ സാക്ഷാൽ ചോദ്യങ്ങളുടേയും പിറകിൽ ഇല്ലായ്മയുടെ ഒരു പ്രതീക്ഷ തങ്ങിനിൽക്കുന്നുണ്ട്. പക്ഷേ സമാധാനം ലഭിയ്ക്കുന്നത് വരെ ചോദ്യകർത്താവിന്റെ നിലയെന്താണ്? അനിശ്ചിതത്വം. അറിവിന്റെയും അറിവില്ലായ്മയുടെയും പ്രതീക്ഷകളുടെ നടുവിൽ അറിവിന്റെ ഇല്ലായ്മ യാണ് അവസാനം എന്നുവരാൻ വഴിയുണ്ട്. സമാധാനം ലഭിയ്ക്കുകയാ ണെങ്കിൽ ഒന്നുകിൽ ഉണ്ട്, അല്ലെങ്കിൽ ഇല്ല എന്നായിരിയ്ക്കണമല്ലോ. അല്ലാതെ രണ്ടുംകൂടിയാവാൻ വഴിയില്ല. സത്യം ഒന്നാണെങ്കിൽ, മറ്റത് സത്യമല്ലല്ലോ. അങ്ങനെ സത്യത്തിന്നും ഒരു പരിധിയുണ്ട്. പരിധിയ്ക്ക് പുറത്തുള്ളത് ഇല്ലായ്മയാണ്.

ഇങ്ങനെ ഇല്ലായ്മ മൂന്നു തരത്തിലാവാം. ഞാൻ വിഭാവനം ചെയ്യുന്ന ഉണ്മ (അതായത് “ലോകമനുഷ്യബന്ധത്തെ അനാഛാദനം ചെയ്യുന്ന പ്രക്രിയ”) ഇല്ലായ്മയാണെന്ന് വരാം. എന്റെ അറിവിനും ഇല്ലായ്മയുണ്ടാ കാം, സത്യ പരിധിയ്ക്ക് പുറത്തും ഇല്ലായ്മ. ഇങ്ങനെ ഈ മൂന്നുതരത്തി ലുള്ള ഇല്ലായ്മയെയും ഉളവാക്കുന്നത് ആര്? ചോദ്യകർത്താവായ മനു ഷ്യൻ. അങ്ങനെ മനുഷ്യനിൽകൂടെ ഉണ്മയിലേയ്ക്ക് ഇല്ലായ്മ വന്നു ചേരുന്നു.

വി. പൗലോസ് മനുഷ്യനിൽക്കൂടെ പാപവും മരണവും ലോകത്തി ലേയ്ക്ക് പ്രവേശിച്ചു എന്ന് വാദിയ്ക്കുന്നതിനോട് സമാന്തരമാണെന്ന്

തോന്നും സാർട്രിന്റെ ഈ വാദം.

സാർട്രിന്റെ ചിന്താഗതിയിൽ സുപ്രധാനമായിട്ടുള്ളത് സ്വാതന്ത്ര്യം (liberte) എന്ന ആശയമാണല്ലോ. എന്നാൽ സ്വാതന്ത്ര്യമെന്തെന്ന് മനസ്സിലാക്കുന്നതിന് മുൻപ് അഭാവം അഥവാ ഇല്ലായ്മ എന്നുള്ള ഉണ്മയുടെ എതിരാശയത്തെ നാം മനസ്സിലാക്കേണ്ടിയിരിയ്ക്കുന്നു. ഇല്ലായ്മയിൽ നിന്ന് ഉണ്മയുണ്ടാകാൻ സാദ്ധ്യമല്ല എന്നുള്ളതുകൊണ്ട് ക്രിസ്ത്യാനികളുടെ "ഇല്ലായ്മയിൽ നിന്നുളവാക്കി" (creatioex nihilo) എന്നുള്ള സൃഷ്ടിവാദത്തെ സാർട്ര് പാടെ നിഷേധിക്കുന്നു. അദ്ദേഹത്തിന്റെ പ്രധാനകൃതിയുടെ പേര് "ഉണ്മയും ഇല്ലായ്മയും" അല്ലെങ്കിൽ "ഭാവവും അഭാവവും" എന്നാണെന്നുള്ളത് നാം മറക്കരുത്. "നിഷേധത്തിന്റെ ദാർശനികൻ" (the philosopher of negativity) എന്നാണ് സാർട്ര് അറിയപ്പെടുന്നത്. ഈ ഉണ്മ ഉണ്ട്. പക്ഷേ, അതിന്റെ ഉണ്മയ്ക്ക് കാരണവും അടിസ്ഥാനവുമില്ല. അതായത് ഉണ്മ ഉണ്ടായിക്കൊള്ളണമെന്ന് നിർബ്ബന്ധമൊന്നുമില്ല. അരനിമിഷനേരം കൊണ്ട് ഉണ്മ ഇല്ലായ്മയായിത്തീരാം.

ഹിറ്റ്ലർ ആക്രമിച്ചു പ്രവേശിച്ച ഫ്രാൻസിലെ തടങ്കൽ വലയങ്ങളിൽക്കിടക്കുന്നയവസരത്തിൽ സാർട്രും കൂട്ടുകാരും അനുഭവിച്ച ഒരു യഥാർത്ഥ്യമാണിത്. എപ്പോഴാണ് ജർമ്മൻ പട്ടാളക്കാർ വന്ന് കുറെ തടവുകാരെ വിളിച്ചുകൊണ്ടുപോയി മതിലിന്നെതിരേ നിർത്തി വെടിവെയ്ക്കുവാൻ പോകുന്നതെന്നറിയില്ല. ഇന്നുള്ള എന്റെ ഉണ്മ നാളെ ഇല്ലാതായിത്തീരാമെന്ന അറിവോടെയാണ് തടവിൽക്കിടന്നിരുന്നവരുടെയെല്ലാം ജീവിതം.

ഇല്ലായ്മയെയും നിഷേധത്തെയും പറ്റിയുള്ള ഈ ദർശനം വെറുമൊരു വിനോദമാണെന്നാരും ധരിയ്ക്കരുത്. തൽസ്വാർത്ഥസത്തയായ മനുഷ്യൻ സകല സത്തയുടെയും അന്ത്യമായി നമുക്കനുഭവപ്പെടുന്ന മരണത്തെ അഭിമുഖീകരിച്ചാണ് എന്നും ജീവിയ്ക്കുന്നതെന്നുള്ള പരമാർത്ഥമാണ് സാർട്ര് നാടകീയമായി എടുത്തു കാണിയ്ക്കുവാനുദ്യമിയ്ക്കുന്നത്.

എന്റെ മാത്രം ഇല്ലായ്മയല്ല എന്നെ വിഷമിപ്പിക്കുന്നത്. ഞാനെന്റെ സുഹൃത്ത് രാമൻനായരെക്കാണാൻ കാപ്പിക്കടയിൽ പോകുന്നു. വാടക കൊടുക്കാൻ കൈയിൽ രൂപയില്ല. രാമൻനായരോട് ചോദിച്ചപ്പോൾ നാളെ കാപ്പിക്കടയിൽ വെച്ചു കാണാം എന്നാണ് ഇന്നലെ പറഞ്ഞത്. പക്ഷേ രാമൻനായരെ, അവിടെ കാണുന്നില്ല. രാമൻനായരുടെ "ഇല്ലായ്മ" അല്ലെങ്കിൽ "അഭാവം" ഒരു ഉണ്മയാണ്. എന്നെ വല്ലാതെ വിഷമിപ്പിയ്ക്കുന്ന ഉണ്മയായ ഇല്ലായ്മ. ഇന്ന് വാടക കൊടുത്തില്ലെങ്കിൽ വീട്ടിൽ നിന്നടിച്ചിറക്കും. രാമൻനായരുടെ, കാപ്പിക്കടയിലെ ഇല്ലായ്മ എന്നെ സംബന്ധിച്ചിടത്തോളം വളരെ ആശങ്കാജനകമായ ഒരു ഉണ്മയാണ്. കാപ്പിക്കടയിൽ മറ്റു പല ഇല്ലായ്മകളുമുണ്ട്. ഹുസ്സേളും, മിസ്സിസ് ഗാന്ധിയും കാപ്പിക്കടയിലില്ല. പക്ഷേ, അവരുടെ അഭാവം എന്നെ അമ്പരപ്പിയ്ക്കുകയോ എനിയ്ക്കൊരാശങ്കയ്ക്ക് വകതരികയോ ചെയ്യുന്നില്ല. അതുപോലെയല്ല രാമൻനായരുടെ ഇല്ലായ്മ. രാമൻനായരുടെ ഇല്ലായ്മകൊണ്ട് ആ കാപ്പിക്കട നിറഞ്ഞിരിയ്ക്കുന്നു. ഇല്ലായ്മയെന്ന് പറയുന്നത് ദാർശനികന്റെ ഭാവനാസൃഷ്ടിയൊന്നുമല്ല, സാധാരണജീവിതത്തിൽ സാധാരണയനുഭവം തന്നെ

യാണ്. ബസ്സിൽ നിന്നിറങ്ങി പോക്കറ്റ് തപ്പുമ്പോൾ പേഴ്സ് കാണുന്നില്ല എന്നനുഭവപ്പെടുന്ന സമയത്തുള്ള അനുഭവം പോലെ.

അങ്ങനെ ഈ ഉണ്മയുടെ ലോകത്തിന്നകത്ത് വളരെയധികം ഇല്ലായ്മകൾ, നിഷേധങ്ങൾ എനിയ്ക്കനുഭവപ്പെടുന്നുണ്ട്. ഇല്ലായ്മ ഉണ്മയ്ക്കകത്ത് പ്രവേശിച്ച് അർബ്ബുദം പോലെ ഉണ്മയെ നശിപ്പിച്ചുകൊണ്ടിരിയ്ക്കുന്നു. ഉണ്മയ്ക്ക് വലിയ ബലമൊന്നും കാണുന്നില്ല. ഇല്ലായ്മ എപ്പോഴും അതിന്റെ സാദ്ധ്യതയാണ്. അതുതന്നെയാണ് ഉണ്മയുടെ ദൗർബല്യവും.

ഹിറ്റ്ലറുടെ യൂറോപ്പിൽ മാത്രമല്ല, ചിലപ്പോഴൊക്കെ നമ്മുടെ ജീവിതത്തിലും അനുഭവപ്പെടുന്ന ഒരു യാഥാർത്ഥ്യമല്ലേ ഉണ്മയുടെ ഈ ദൗർബ്ബല്യം, ഇല്ലായ്മയുടെ ഈ സാമീപ്യം? മനുഷ്യന്റെ സാധാരണ ദൗർബ്ബല്യം, എപ്പോൾ വേണമെങ്കിലും വെടിവെയ്ക്കപ്പെടാം എന്നുള്ള സാദ്ധ്യത ധാരാളമുണ്ടായിരുന്ന ഹിറ്റ്ലറിന്നധീനമായ ഫ്രാൻസിൽ, നാടകീയമായി പ്രത്യക്ഷപ്പെട്ടു. അതിന് സാർട്ട്ര് ദാർശനികമായി ഒരടിസ്ഥാനം കൊടുത്തു.

ആരാണീ ദൗർബ്ബല്യത്തിനുത്തരവാദി? ബാഹ്യലോകത്തെ കുറ്റംപറയാൻ ലോകമെന്തു പിഴച്ചു? മനുഷ്യന്റെ സ്വാതന്ത്ര്യമാണീ പ്രശ്നമൊക്കെ സൃഷ്ടിയ്ക്കുന്നത്. നിഷേധത്തിനും നിഷ്കരണത്തിനും വേണ്ടി മനുഷ്യൻ തന്റെ സ്വാതന്ത്ര്യത്തെ  ഉപയോഗിയ്ക്കുന്നു. അതായത് നിഷ്കരണം മനുഷ്യത്വത്തിന്റെ മൗലികയാഥാർത്ഥ്യങ്ങളിൽപ്പെട്ടതാണ്. ലോകത്തിൽ, കാലത്തിൽ ജീവിയ്ക്കുന്ന മനുഷ്യൻ ഇല്ലായ്മയാണ് തന്റെ സ്വന്തം ഇല്ലായ്മയാണ്; അവനിൽകൂടെ ഇല്ലായ്മ ലോകത്തിലുണ്ടാകുന്നു.

ഇങ്ങനെ ഉണ്മയുടെയും ഇല്ലായ്മയുടെയും മദ്ധ്യവർത്തിയായ മനുഷ്യന്റെ സ്വാതന്ത്ര്യമെന്നാലെന്താണ്? ഉണ്മയിൽ കാണപ്പെടുന്ന മനുഷ്യന്റെ യാഥാർത്ഥ ഉണ്മ ഇല്ലായ്മയാണ്. തൽസ്വാർത്ഥസത്ത അഥവാ സചേതനസത്തയുടെ പ്രധാന വൈശിഷ്ട്യം നിഷേധത്തിനും നിഷ്കരണത്തിനുമുള്ള ശക്തിയാണ്. Le pour soi ആണ് ഇല്ലായ്മയുടെ സ്രഷ്ടാവ്.  I'en. Soi അതായത് തൽസ്ഥിതസത്തയിൽ നിന്ന് ഇല്ലായ്മ ഉദിയ്ക്കുന്നില്ല. ഇല്ലായ്മയുടെ നാരായവേരു മനുഷ്യബോധത്തിലാണ്; സചേതനസത്തയിലാണ്.

മനുഷ്യന്റെ ഉദ്യമം മുഴുവൻ ഇല്ലായ്മയെ എപ്പോഴും അഭിമുഖീകരിച്ചുകൊണ്ടിരിയ്ക്കുന്ന, തൽസ്വാർത്ഥസത്തയും ഇല്ലായ്മയുടെ പ്രശ്നമേ ഇല്ലാത്ത, പൂർണ്ണവും പുഷ്ടവും ആയ തൽസ്ഥിതസത്തയും തമ്മിലുള്ള താദാത്മ്യം പ്രാപിയ്ക്കുവാനാണ്. പക്ഷേ അത് മനുഷ്യന് സാദ്ധ്യമല്ല. ഇല്ലായ്മയെ ഇല്ലാതാക്കി വെറും ഉണ്മയായിത്തീരാനുള്ള മനുഷ്യന്റെ ഉദ്യമം ദൈവമാകാനുള്ള ഉദ്യമമാണ്. എന്നാൽ അത് നിരാശയിലേ കലാശിയ്ക്കൂ. ഇങ്ങനെ ഒരു നിരർത്ഥക ഭാവാവേശമാണ് മനുഷ്യൻ (a passion inutile). പരാജയത്തിന് വിധിയ്ക്കപ്പെട്ടിട്ടുള്ള മനുഷ്യൻ, ഒരു വിരോധാഭാസമാണ് (absurd).

പിന്നെയെന്താണ് മനുഷ്യന്റെ ഗതി? സ്വാതന്ത്ര്യം? എന്ന് വെച്ചാലെ

ന്താണ്? മനുഷ്യന്റെ ഇല്ലായ്മയെ തന്റെ സ്വായത്തമാക്കിയിട്ട് അതിനെ അഭിമുഖീകരിയ്ക്കുക. ഉണ്ടായിരിക്കാനുള്ള ഉദ്യമം പരാജയത്തിലേ കലാശിയ്ക്കൂ എന്നറിഞ്ഞുകൊണ്ട്, ഉണ്മയ്ക്കാഗ്രഹിയ്ക്കാതെ കർമ്മത്തെ മാത്രം പിന്തുടരുക, പ്രവർത്തിയ്ക്കുക. മറ്റുള്ളവരുടെ സമ്മർദ്ദത്തിന് വശംവദനായി എന്നെത്തന്നെ മറ്റുള്ളവരുടെ ക്രിയകൾക്ക് വിഷയമാക്കാതെ എന്റെ വിഷയിത്വം സ്വാതന്ത്ര്യകൃത്യങ്ങളിൽക്കൂടെ പ്രകടമാക്കുക. അന്യൻ എപ്പോഴും എന്റെ ശത്രുവാണ്. എന്നെ അവന്റെ ഇഷ്ടത്തിന്റെ ഉപകരണമാക്കാൻ ശ്രമിക്കുന്നവനാണ്. അതുകൊണ്ട് അന്യന് എന്റെ സഹോദരനോ സ്നേഹിതനോ ആകാൻ സാദ്ധ്യമല്ല. ഓരോ വ്യക്തിയും അവന്റെ സഹവ്യക്തികളോട് യുദ്ധം പ്രഖ്യാപിക്കണം. മറ്റവൻ എന്നെ അവന്റെ ക്രിയകൾക്ക് വിഷയമാക്കി എന്റെ സ്വാതന്ത്ര്യത്തെ നിഹനിയ്ക്കുവാൻ ശ്രമിയ്ക്കുന്ന ശത്രുവാണ്. ഒന്നുകിൽ അന്യനെ ഞാൻ എന്റെ സ്വാതന്ത്ര്യത്തിന്റെ ഉപകരണമാക്കണം. അല്ലെങ്കിൽ അവൻ എന്നെ അവന്റെ ഉപകരണമാക്കും. രണ്ടായാലും ഒന്നുകിൽ എന്റെ അല്ലെങ്കിൽ അവന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടണം.

ഇതാണ് മനുഷ്യൻ പരാജയത്തിന് വിധിയ്ക്കപ്പെട്ട ഒരു വിരോധാഭാസമാണെന്ന് പറയുന്നതിന്റെ അർത്ഥം.

### 14. ഹൈഡഗ്ഗർ (1889 ൽ ജനിച്ചു)

സാർട്ര് പറയുന്നതാണ് അസ്തിത്വവാദമെങ്കിൽ താനൊരു അസ്തിത്വവാദിയല്ലെന്ന് ഹൈഡഗർ പരസ്യമായി പറഞ്ഞിട്ടുണ്ട്. ഹൈഡഗ്ഗറിന്റെ ഉദ്ദേശ്യം മനുഷ്യന്റെ അസ്തിത്വത്തിന്റെ പിറകിൽക്കിടക്കുന്ന ഉണ്മയുടെ സത്ത അനാവരണം ചെയ്യുകയെന്നതാണ്. സാർട്രിനെപ്പോലെ ഹൈഡഗ്ഗറും ഉപയോഗിയ്ക്കുന്നത് ഹുസ്സേളിന്റെ പ്രതിഭാസ വിശകലന സമ്പ്രദായമാണ്. എന്നാൽ ഹുസ്സേൾ ബാഹ്യലോകത്തെ ഉപവലയനക്രിയമൂലം സ്ഥിതിനിർണ്ണയത്തിൽ നിറുത്തുന്നതിനോട് അസ്തിത്വവാദികൾക്ക് പൊതുവേ വലിയ അഭിപ്രായൈക്യമില്ല. ബാഹ്യലോകത്തിൽ നമ്മെ അഭിമുഖീകരിയ്ക്കുന്ന തൽസ്ഥിത സത്തയെത്തന്നെയാണ് നമ്മുടെ ബോധം അപഗ്രഥിയ്ക്കുന്നത്.

ഹൈഡഗ്ഗറിന്റെ ചിന്താഗതിയിലെ ഏറ്റവും പ്രധാനമായ ആശയം ഈ ബാഹ്യലോകത്തിൽ നമ്മെ അഭിമുഖീകരിയ്ക്കുന്ന അസ്തിത്വങ്ങളേയും നിരീക്ഷകനായ മനുഷ്യനേയും ഒരുമിച്ച് "ഡാസൈൻ" എന്ന ഒരു വർഗ്ഗത്തിൽ ചേർത്തു വിശകലനം ചെയ്യുന്നുവെന്നതാണ്. 'ഡാ' എന്നു പറഞ്ഞാൽ 'അവിടെ' എന്നാണർത്ഥം ജെർമ്മൻ ഭാഷയിൽ. "സൈൻ" എന്ന് പറഞ്ഞാൽ "ഉണ്ടായിരിയ്ക്കുക" (to be or being) എന്നർത്ഥം. Desseion എന്നു പറഞ്ഞാൽ being there, അവിടെ ഉണ്ടായിരിയ്ക്ക എന്ന് വിവക്ഷ.

പ്രത്യേകമായും ഹൈഡഗ്ഗറിന്റ ശ്രദ്ധ പതിയുന്നത് ഡാസൈന്റെ മുഖ്യവിഭാഗമായ മാനുഷിക ഡാസൈന്റെ വിശകലനത്തിലാണ്. നമുക്ക് അകത്തുനിന്നറിയാവുന്ന അസ്തിത്വം അതാണല്ലോ. കാലത്തിലാണ് മനുഷ്യാസ്തിത്വം. അതായത് ആരംഭവും അവസാനവുമുള്ളത്. മരണത്തിലേയ്ക്ക്

നാം നിമിഷം തോറും എറിയപ്പെട്ടുകൊണ്ടാണിരിയ്ക്കുന്നത്. ഈ സ്ഥിതി വിശേഷത്തിൽ നിന്നാണ് ഉൽക്കണ്ഠയുടെ ഉത്ഭവം. ഇതു പൊതുവേ മനുഷ്യന്റെ മരണത്തെപ്പറ്റിയുള്ള ഉൽക്കണ്ഠയല്ല. ഞാൻ, എന്റെ അസ്തിത്വം, നാമാവശേഷമാകുമെന്നതാണ് എന്റെ ആശങ്കയുടെ നിദാനം. അത് അനുഭവിച്ചറിയേണ്ടുന്ന വസ്തുതയാണ്. അല്ലാതെ വിവരിച്ചറിയിയ്ക്കാൻ സാദ്ധ്യമല്ല. ഈ അനുഭവത്തിൽക്കൂടിയുള്ള അറിവ്, ഉൽക്കണ്ഠയോടെ നേരിട്ടുള്ള അറിവാണ് മനുഷ്യനെ തന്റെ അസ്തിത്വത്തെപ്പറ്റിയുള്ള അഗാധമായ അറിവിലേയ്ക്ക് നയിയ്ക്കേണ്ടത്.

മനുഷ്യനെ ലോകത്തിലെ മറ്റു വസ്തുക്കൾ അഭിമുഖീകരിയ്ക്കുന്നു. അവയിൽ ചിലവ അവന്റെ ഉപകരണങ്ങൾ ആകാവുന്നവയാണ് അതായത് മാനുഷിക ഡാസൈന്റെ ഉദ്ദേശ്യങ്ങളുടെ നിവൃത്തിയ്ക്കുതകുന്നവ. മറ്റു ചിലവ ഇതുവരെ ഉപകരണങ്ങളായിട്ടില്ല. എന്നാൽ അവയും ആത്യന്തികമായി മനുഷ്യന്റെ ഉപകരണങ്ങളാവാനുള്ളവയാണ്.

മനുഷ്യൻ ഏകാകിയല്ല, അവനൊരു സഹലോക (Mitwelt) ത്തിലാണ്. അവിടെ പല മാനുഷിക ഡാസൈനുകളുടെയും സഹാസ്തിത്വം (Being together) ആണ് നാം അനുഭവിയ്ക്കുന്നത്.

ഉപകരണങ്ങളുടേയും അന്യമനുഷ്യരുടേയും സഹവർത്തിയായുള്ള എന്റെ അസ്തിത്വം ഞാൻ അറിഞ്ഞു ജീവിക്കണം. അതിന് മൂന്നു കാര്യങ്ങളാണാവശ്യം.

a) എന്റെ സ്ഥിതിവിശേഷത്തെക്കുറിച്ചുള്ള ബോധം.

b) ധാരണ (understanding or Verstehen)

c) ഉച്ചാരണം (discourse or Rede)

ഈ മാനുഷ്യകാസ്തിത്വം ഇപ്പോഴും ഒരു പ്രക്ഷേപണം, ഒരു Project ആണ്. അസ്തിത്വത്തിൽ കാണപ്പെടുന്ന ഈ ഡാസൈൻ അതിന്റെ സത്തയെ ആരായുന്നു. പക്ഷേ ഉണ്മയുടെ സത്തയ്ക്കു പകരം ഇല്ലായ്മയുടെ സാദ്ധ്യതയാണ് അതിനെ അഭിമുഖീകരിയ്ക്കുന്നത്. ഈ മരണത്തെപ്പറ്റിയുള്ള ഭയത്തിൽ ജീവിയ്ക്കുന്ന മനുഷ്യന്റെ അസ്തിത്വം അനധികൃതം (inauthentic) ആയിത്തീരുന്നു. മനുഷ്യൻ മരിക്കണമെന്നുള്ള ഭയജനക യാഥാർത്ഥ്യത്തെ, ഒരു സാധാരണ യാഥാർത്ഥ്യമെന്നനിലയിൽ ചിന്തിച്ച്, "എല്ലാവരും മരിയ്ക്കണം, അതുപോലെ ഞാനും മരിയ്ക്കണം, എന്നൊക്കെപ്പറഞ്ഞു മനുഷ്യൻ അവനവനെത്തന്നെ മയക്കുന്നു."

ഇല്ലായ്മയെ നാം സബോധം അഭിമുഖീകരിയ്ക്കുമ്പോൾ ഉൽക്കണ്ഠ മാത്രമല്ല, മൗലികമായ കുറ്റബോധവും ഉണ്ടാകുന്നു. എന്തെങ്കിലും ഒരു തെറ്റായ പ്രവൃത്തിയെപ്പറ്റിയുള്ള വ്യക്തമായ ബോധമല്ല, പ്രത്യുത എന്റെ അസ്തിത്വത്തിന്റെ അടിത്തറ നാസ്തിത്വം ആണെന്ന ബോധം.

ഇല്ലായ്മയുടെ സാദ്ധ്യതയേയും അതിൽനിന്നുത്ഭവിക്കുന്ന സാമാന്യ കുറ്റബോധത്തേയും സധൈര്യം അഭിമുഖീകരിച്ചുകൊണ്ടുള്ള ജീവിതമാണ് അധികൃതാസ്തിത്വം (authentic existence). അതിന് ഇച്ഛാശക്തിയുടെ ഉറ

പ്പുണ്ടാകണം (resoluteness).

ഈ മനസ്സുറപ്പിൽ നിന്നുകൊണ്ട് നാം ചിന്തിയ്ക്കുമ്പോൾ, ഈ “ഞാൻ, ഞാൻ” എന്ന ജല്പനത്തിന്ന് തെല്ലൊന്നു കുറവു വരും. ആരാണീ ഞാൻ? ഞാനുണ്ടോ? ഉണ്ടെങ്കിൽ അതിന്നടിസ്ഥാനമുണ്ടോ? അടിസ്ഥാനമില്ലാത്ത ഒരസ്ഥിത്വമാണ് എനിയ്ക്കുള്ളതെങ്കിൽ പിന്നെ ആരുടെ അസ്തിത്വത്തെ പ്പറ്റിയാണ് എനിയ്ക്കിത്ര വലിയ ഉൽക്കണ്ഠ?

കാലത്തിൽ മരണാഭിമുഖമായ അസ്തിത്വത്തിലേയ്ക്ക് വലിച്ചെറിയ പ്പെട്ടിട്ടുള്ള ഞാൻ ഭാവിയിൽ മരണത്തെ കാണുന്നു എന്നത് എന്റെ സീമി തത്വത്തെ infinteness അറിയുവാൻ എന്നെ സഹായിക്കുന്നു.

മനുഷ്യന്റെ മനസ്സാണ് ലോകത്തെ ഏകീകരിയ്ക്കുന്നത്. മനുഷ്യനില്ലെ ങ്കിൽ വിവിധാസ്തിത്വങ്ങളുണ്ടാകുമെങ്കിലും അവയെ ബോധതലത്തിലെ ഒരു ചരടിൽ കോർത്തിണക്കുന്ന യാഥാർത്ഥ്യമുണ്ടാകയില്ല. ഇങ്ങനെ ലോകത്തെ ഏകീകരിയ്ക്കുന്ന മനുഷ്യൻ ആ പ്രവൃത്തിമൂലം ലോകത്തെ മറികടക്കുന്നു; ലോകാതിരിക്തനാകുന്നു.

പക്ഷേ ഈ അതിരിക്തത ശൂന്യതയെ, ഇല്ലായ്മയെയാണഭിമുഖീകരി ക്കുന്നത്. ഒന്നാമത്, എന്റെ അടിസ്ഥാനം ഇല്ലായ്മയാണ്. കാരണം, ഞാൻ ഇല്ലായ്മയിൽ നിന്നാണ് അസ്തിത്വത്തിലേക്ക് വലിച്ചെറിയപ്പെട്ടത്. രണ്ടാ മത്, എന്റെ ഭാവിയും ഇല്ലായ്മ തന്നെ. മരണോന്മുഖമാണല്ലോ എന്റെ ജീവിതം. മൂന്നാമത്, ഇന്ന് ഞാൻ അസ്തിത്വത്തിലുള്ളതു തന്നെ ഇല്ലാ യ്മയിൽ നിന്ന് ഇല്ലായ്മയിലേയ്ക്കുള്ള ഒരു നീക്കമാണല്ലോ. അതുകൊണ്ട് ഇപ്പോഴെനിയ്ക്കുള്ള അസ്തിത്വവും യഥാർത്ഥത്തിൽ ഇല്ലായ്മയാണ്.

### 15. ഗബ്റിയേൽ മാഴ്സൽ

മാഴ്സലും യാസ്പേഴ്സും മതവിശ്വാസികളായ അസ്തിത്വവാദിക ളാണ്; അസ്തിത്വവാദത്തിന്റെ കാരണവരായ കീർക്കഗാർഡിനെപ്പോലെ.

മാഴ്സലിന്ന് ക്രമീകൃതചിന്ത (System) യോട് വലിയ വിരോധമാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ക്രമാനുഗതമായി അവ തരിപ്പിയ്ക്കുവാൻ നന്നേ പ്രയാസമുണ്ട്, തീർത്തും സാദ്ധ്യമല്ലെന്നു തന്നെ പറയാം.

ഒരു വിധത്തിൽ പറഞ്ഞാൽ നമ്മുടെ ശതാബ്ദത്തിൽ ഇദ്ദേഹമാണ് ഈ അസ്തിത്വചിന്താഗതിയെ ആദ്യം അവലംബിച്ചതെന്നു തോന്നുന്നു. അന്നദ്ദേഹം കീർക്കഗാർഡിനെപ്പറ്റി അറിഞ്ഞിരുന്നേയില്ല. 1914 മുതൽ 1917 വരെയുള്ള കാലത്താണദ്ദേഹത്തിന്റെ “Journal metaphysique” പ്രസിദ്ധം ചെയ്യപ്പെട്ടത്. 1918 മുതൽ “Being and Having” (സത്തയും സ്വത്തും) പ്രസിദ്ധം ചെയ്യാൻ തുടങ്ങി.

പക്ഷേ ഒരു പ്രൊഫസറല്ല മാഴ്സൽ. തത്വം പറയുന്നത് പുസ്തകമെ ഴുതാനോ ശമ്പളം കിട്ടാനോ അല്ല. യുക്തിവാദിയായി ആരംഭിച്ചു. പക്ഷേ ചിന്തയുടെ ഫലമായി കത്തോലിക്കാസഭയിലെ അംഗമായി. ആ സഭയിലെ ഔദ്യോഗിക ചിന്താസംഹിതയായിരുന്ന തോമിസത്തോട് അദ്ദേഹത്തിന്

വലിയ വിരക്തിയായിരുന്നു. സ്വന്തം ഒരു ചിന്താസൗധമാണ് അദ്ദേഹം കെട്ടിയുയർത്തിയത്. പക്ഷേ അതൊരു സൗധമല്ലെന്നു മാത്രം, പല മുറികളുണ്ട്. എല്ലാറ്റിനേയും കൂട്ടിഘടിപ്പിയ്ക്കുന്ന ചട്ടക്കൂടൊന്നുമില്ല.

പ്രശ്നവും മർമ്മവും (Problem and Mystery) തമ്മിൽ വ്യത്യാസമുണ്ട്. പ്രശ്നം എന്റെ മുമ്പിൽ കിടക്കുന്ന യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ച് അവയുടെ പരസ്പരബന്ധത്തെ ആരാഞ്ഞറിയുകയാണ്. മർമ്മമെന്നു പറഞ്ഞാൽ എന്റെ അസ്തിത്വത്തെ മൗലികമായി ബാധിയ്ക്കുന്ന കാര്യമാണ്. നിർവ്വികാരമായി പരിഹാരം തേടാവുന്നതാണ് പ്രശ്നം. മർമ്മമാകട്ടെ എന്റെ ഉണ്മയെത്തന്നെ ബാധിയ്ക്കുന്ന കാര്യമായതുകൊണ്ട് നിർവ്വികാരതയിൽ പരിഹാരം തേടാനാവില്ല.

ദർശനം പ്രശ്നത്തെയല്ല മർമ്മത്തെയാണ് അഭിമുഖീകരിയ്ക്കുന്നത്. അത് വൈയക്തികമാണ്, നാടകീയമാണ്, ശോകാത്മകം (tragic) തന്നെയാണ്. അടി കുലുക്കുന്നതാണ്, കാഴ്ച കാണലല്ല. ആത്മഹത്യയ്ക്കുള്ള സാദ്ധ്യതയാണ് യഥാർത്ഥ ദർശനത്തിന്റെ പ്രഥമപടി എന്നാണ് മാഴ്സൽ പറയുന്നത്.

ഇത് സത്തയുടെയും സ്വത്തിന്റെയും കാര്യമൊന്നുമല്ല. ഇതാ എന്റെ ഈ ശരീരം ഒന്നു നോക്കൂ. എന്താണ് ഞാനും ഈ ശരീരവും തമ്മിലുള്ള ബന്ധം. ഞാനും ശരീരവും രണ്ടും ഒന്നാണോ? ഞാൻ തന്നെയല്ലേ എന്റെ ശരീരം. പക്ഷേ എന്റെ ശരീരമാണോ ഞാൻ? എന്റെ സ്വത്തുമല്ല, സത്തയുമല്ല എന്റെ ശരീരം. പിന്നെ ഞാനെവിടെ, ഞാനാര്?

ഞാനൊരു പറക്കുന്ന പക്ഷിയാണ്. എപ്പോഴും ആയിത്തീർന്നുകൊണ്ടിരിയ്ക്കുന്ന ഒരുണ്മ. Being always in the process of being. Homo viator. ഈ ആയിത്തീർന്നുകൊണ്ടിരിക്കുന്ന ഉണ്മയായ മനുഷ്യനെ പിടിച്ചു നിർത്തി വിശകലനം ചെയ്യാനുള്ള ദർശനത്തിന്റെ ഉദ്യമം വ്യർത്ഥമാണ്. വിവരണംകൊണ്ടും ക്രമീകൃതതത്ത്വസംഹിത കൊണ്ടുമൊന്നും മനുഷ്യനെ മനസ്സിലാക്കാനാവില്ല. ഞാനും നീയും തമ്മിലുള്ള ക്രയവിക്രയങ്ങൾകൊണ്ടാണ് മനുഷ്യൻ തന്നെത്തന്നെ കരുപ്പിടിയ്ക്കയും അറിയുകയും ചെയ്യുന്നത്. ഇവിടെ മാഴ്സലിന് മാർട്ടിൻ ബൂബറോടുള്ള കടപ്പാടു നമുക്കു കാണാം (ബൂബർ 1878 ൽ ആണ് ജാതനായത്, ഈയടുത്ത കാലത്ത് യറൂശ്ലേമിൽ വച്ച് അന്തരിച്ചു).

വസ്തുനിഷ്ഠമായ ജ്ഞാനമല്ല മനുഷ്യന്നാവശ്യം. പ്രത്യുത മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലും മനുഷ്യനും ഈശ്വരനും തമ്മിലുള്ള ബന്ധത്തിലും വഞ്ചനയും കാപട്യവുമില്ലാത്ത വിശ്വസ്തത (fidelity) ഉണ്ടാവുകയെന്നതാണാവശ്യം. അതുപോലെ ആവശ്യമാണ് പ്രത്യാശ. പ്രത്യാശകൊണ്ടേ മരണത്തെ ജയിയ്ക്കാനും സ്വതന്ത്രമായി ജീവിയ്ക്കാനും സാധിക്കൂ. മാഴ്സലിന്റെ ചിന്താഗതിയുടെ പ്രത്യേകതയാണീ പ്രത്യാശ. സാർട്രിയൻ ചിന്തയുടെ അന്ത്യം നിരാശയിലാണ്. മാഴ്സലാകട്ടെ മനുഷ്യന് പ്രത്യാശകൊണ്ട് മരണഭയത്തെ വെന്ന് വിജയിയായി ജീവിയ്ക്കാനൊക്കുമെന്ന് വാദിച്ചു.

മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ വിശ്വസ്തതയും, പ്രത്യാശയും പോലെതന്നെ പ്രാധാന്യമുള്ളതാണ് സ്നേഹം. അന്യൻ, മാഴ്സലിന്റെ ചിന്തയിൽ, ശത്രുവല്ല സ്നേഹിതനാണ്. ഈ സ്നേഹിതനുമായുള്ള ബന്ധത്തിൽക്കൂടെ ഓരോ 'നീ' യുടേയും പിറകിൽ ഒരേ ഒരു പരമ "നീ" നിൽക്കുന്നുണ്ടെന്ന് ബോധ്യമാകും. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽക്കൂടെയല്ലാതെ ഈശ്വരനെ അറിയാനാവില്ല.

ഈശ്വരനുണ്ട് എന്ന് തെളിയിയ്ക്കാൻ തോമിസത്തിലുള്ള വാദങ്ങളെ അഭിമുഖീകരിച്ച് അവയുടെ ബലഹീനത കണ്ടുകൊണ്ടാണ് മാഴ്സൽ ദാർശനിക ചിന്തയാരംഭിച്ചത്. "ഈശ്വരന്റെ അസ്തിത്വം" എന്നു പറഞ്ഞാൽ നാം എന്താണ് ഉദ്ദേശിക്കുന്നത്? അസ്തിത്വം എന്നാലെന്ത്? ഈ ചോദ്യങ്ങളിൽക്കൂടെയാണ് മാഴ്സൽ മനുഷ്യാസ്തിത്വത്തിന്റെ വിശകലനത്തിലേയ്ക്ക് പ്രവേശിച്ചത്.

**16. കാൾ യാസ്പേഴ്സ്**

ആധുനിക അസ്തിത്വവാദത്തിന്റെ ആദിപിതാക്കന്മാരിലൊരാളാണ് ജർമ്മൻകാരനായ കാൾ യാസ്പേഴ്സ്. 1883 ൽ ജനിച്ച ഈ പണ്ഡിതൻ യുവജീവിതമാരംഭിച്ചത് ഒരു മാനസികഭിഷക്കായി (Psychiatrist) ട്ടാണ്. 1919 ൽ ദർശനത്തിലേയ്ക്ക് പ്രവേശിച്ചു. 1932 ൽ തന്റെ "ദർശനം" എന്ന ഗ്രന്ഥം മൂന്നു വാല്യങ്ങളായി പ്രസിദ്ധം ചെയ്തു.

യാസ്പേഴ്സിന്റെ ചിന്തയിൽ അസ്തിത്വവാദം മാത്രമല്ല കാണപ്പെടുന്നത്. കുറെ കാന്റും കുറേ നിയോപ്ലേറ്റോണിസവും ഒക്കെ കാണാം.

ദർശനത്തിലെ മുഖ്യവിഷയം ഉണ്മ തന്നെ. "ഉണ്മയെന്താണെന്നെല്ലാവർക്കുമറിയാമെന്നു ചിന്തിയ്ക്കുന്നവന് ഭ്രാന്താണ്." ഉണ്മയും അസ്തിത്വവും ഒന്നല്ല.

'ദർശന'ത്തിന്റെ ഒന്നാം വാല്യത്തിൽ അദ്ദേഹം ഉന്നയിക്കുന്നത് അസ്തിത്വങ്ങളെല്ലാം തന്നെ വെറും ഭാവങ്ങളാണ്, പ്രതിഭാസങ്ങളാണ്, എന്നുള്ള വേദാന്ത ചിന്തയാണ്. രണ്ടാം വാല്യത്തിൽ "എന്റെ അസ്തിത്വം" എന്നാലെന്താണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ഇത് രണ്ടിന്റേയുമടിസ്ഥാനത്തിൽ യഥാർത്ഥ ഉണ്മ എന്തെന്നു കാണിയ്ക്കുവാൻ മൂന്നാം വാല്യം ശ്രമിയ്ക്കുന്നു.

പക്ഷേ, അദ്ദേഹം തന്നെ പറയുന്നത് ഉണ്മയുടെ വിവരണം സാദ്ധ്യമല്ലെന്നാണ്. നമ്മെ വലയം ചെയ്തു നില്ക്കുന്ന ഈ ഉണ്മയുമായി ഏതു വിധത്തിലുള്ള ബന്ധത്തിലാണ് നാമേർപ്പെടേണ്ടതെന്ന് വ്യക്തമാക്കുകയാണ് യാസ്പേഴ്സിന്റെ ഉദ്ദേശ്യം. അതിരിക്തതയിലാണ് ഉണ്മയുടെ നാരായവേര്. അതിനെ വിവരണത്തിലൊന്നും പിടിച്ചൊതുക്കാനൊക്കുകയില്ല. അസ്തിത്വം പൊളിയുമ്പോഴേ ഉണ്മയുടെ അടിത്തറയിലേയ്ക്ക് കണ്ണെത്തൂ. പരാജയത്തിൽ കൂടെ മാത്രമേ ഉണ്മയെ അറിയാനൊക്കൂ.

വിഷയവുമല്ല വിഷയിയുമല്ല ഉണ്മ. വിഷയത്തിന്റേയും വിഷയിയുടേയും ഉത്ഭവകേന്ദ്രമാണത്.

ഉണ്മ ഏകരൂപമല്ല. വസ്തു (Matter), ജീവൻ (life) ദേഹി (soul), ശക്തി (Spirit) എന്നിങ്ങനെയുള്ള ഉണ്മയുടെ നാലു വിഭാഗങ്ങളേയും ഒരേ ഒരു ചരടിൽ കോർത്തിണക്കാനാവില്ല. ശാസ്ത്രത്തിന്റെ പ്രശ്നമിതാണ്. ഇവയെല്ലാം ഒരേയൊരു തത്വത്തിൽ കൂടെ കാണാനുള്ള ശാസ്ത്രത്തിന്റെ ഉദ്യമവും പരാജയത്തിലേ കലാശിക്കൂ.

ദർശനത്തിന്നും ഒരു സാർവ്വലൗകീക വിശ്വ വീക്ഷണം സാദ്ധ്യമല്ല. ഈ അസാദ്ധ്യതയെ അനുഭവിച്ചു കഴിയുമ്പോഴാണ് അസ്തിത്വചിന്തയിലേയ്ക്കുയരുവാൻ മനുഷ്യന് സാധിയ്ക്കുന്നത്. പക്ഷേ മതത്തിനും ദർശനത്തിനും ഒരു നിശിത നിശ്ചയത്തിലേയ്ക്ക് തെളിവുമൂലം മനുഷ്യനെ കൊണ്ടുവരാനാവില്ല. മനുഷ്യന്റെ സ്വാതന്ത്ര്യത്തോട് ഒരാഹ്വാനം - അതാണ് ദർശനത്തിന് കഴിയുക.

മതഭാഷയിൽ ആത്മാവെന്നോ ദേഹിയെന്നോ ഒക്കെ പറയുന്ന soul നെ തന്നെയാണ് യാസ്പേഴ്സ് "അസ്തിത്വം" എന്ന് വിളിയ്ക്കുന്നത്. ലോകത്തിന്റെ ആകമാനകതയ്ക്കെതിരായി പുറന്തള്ളിനിൽക്കുന്ന അസ്തിത്വം; അത് യഥാർത്ഥത്തിൽ ഇല്ല. പക്ഷേ അതിന് ഉണ്മയിലേയ്ക്ക് വരാൻ സാധിയ്ക്കും; സ്വന്തം തീരുമാനം മൂലം അത് ഉണ്മയിലേയ്ക്ക് വരണം. അപ്പോഴേ അതിന്ന് ഉറപ്പുള്ള ഉണ്മയുണ്ടാകൂ.

മൂന്നാണ് അസ്തിത്വത്തെ ഉറപ്പിയ്ക്കുന്നതിന്നാവശ്യമായ ഉപാധികൾ: അർത്ഥവിനിമയം (communication), കാലജീവിതം (historicity), സ്വാതന്ത്ര്യം (Freedom).

"ഞാൻ മറ്റൊരാളുമായി അർത്ഥവിനിമയം ചെയ്യുമ്പോഴാണ് സ്വയം ഉത്ഭൂതനാകുന്നത്. "ഞാനും" "നീയും" തമ്മിലുള്ള ആശയവിനിമയത്തിലാണ് യഥാർത്ഥ അസ്തിത്വം സംജാതമാകുന്നത്. സ്നേഹത്തിലാണ് ഈ അസ്തിത്വം ഉത്ഭവിക്കുന്നത്. അർത്ഥവിനിമയമല്ല സ്നേഹം. സ്നേഹത്തിൽനിന്ന് അർത്ഥവിനിമയം ഉത്ഭവിക്കുന്നു. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലേ ദർശനത്തിന്നുതന്നെ ഉത്ഭവിയ്ക്കാനൊക്കൂ. കാരണം പരസ്പരബന്ധത്തിലാണ് അസ്തിത്വമുണ്ടാകുന്നത്. അസ്തിത്വമില്ലാതെ ദർശനം സാദ്ധ്യമല്ല. അതുകൊണ്ട് ഒരു ദർശനവും പരമമല്ല. അർത്ഥവിനിമയത്തിൽക്കൂടെ അതിന്ന് വളർന്നുകൊണ്ടിരിയ്ക്കാൻ സാധിയ്ക്കും.

അസ്തിത്വം എപ്പോഴും ഒരു കാലീന സാഹചര്യവിശേഷത്തിലാണ് (in situation of historicity). ഓരോ അസ്തിത്വവും സ്ഥലത്തിലും കാലത്തിലുമുള്ള ഒരു പ്രത്യേക സാഹചര്യത്തെ അഭിമുഖീകരിയ്ക്കുന്നു. ഈ സാഹചര്യത്തിൽ ചിലതൊക്കെ നമുക്കുതന്നെ വ്യത്യാസപ്പെടുത്താവുന്നതാണ്. മറ്റു ചിലത് അനിവാര്യവും. ഈ അനിവാര്യസാഹചര്യങ്ങളെ നാം ചെറുത്താൽ പരാജയപ്പെടുകയേ നിവൃത്തിയുള്ളു. ഉദാഹരണം: ഇരുപതാം ശതാബ്ദത്തിലാണ് എന്റെ അസ്തിത്വം. ഞാൻ വിചാരിച്ചാൽ മാറ്റാനാവില്ല. മരണമാണ് എന്റെ ഭാവി. മാറ്റാനൊക്കുമോ? അതുപോലെതന്നെ കഷ്ടത (suffering), കുറ്റബോധം (guilt), സമരം (struggle) ഇതൊക്കെ

അനിവാര്യം തന്നെ. ഇതൊക്കെ അനുഭവിച്ചുതന്നെ അറിയണം. വിവരണംകൊണ്ട് വിശേഷമൊന്നുമില്ല. ചരിത്രത്തിലാണ്, കാലത്തിലാണ് എന്റെ അസ്തിത്വമെങ്കിലും, ഞാൻ കാലജീവിയല്ല. അതിരിക്തതയിലാണ് എന്റെ ഉണ്മയുടെ നാരായവേര്. ഇങ്ങനെ നിത്യത ചരിത്രത്തിൽ പ്രകടമാകുന്നതാണ് എന്റെ അസ്തിത്വം. അതുകൊണ്ടാണതിനെ നിർവ്വചിയ്ക്കാനാവാത്തത്.

സ്വാതന്ത്ര്യം എന്നാലെന്താണ്? അത് തർക്കിച്ച് തെളിയിക്കാനാവുന്നതൊന്നുമല്ല. അത് നിയമവുമല്ല, തെരഞ്ഞെടുക്കലുമല്ല, അറിവുമല്ല. പക്ഷേ ഇതു മൂന്നുമുണ്ടെങ്കിലേ സ്വാതന്ത്ര്യം സാദ്ധ്യമാകൂ. സ്വാതന്ത്ര്യമാണ് അസ്തിത്വം. രണ്ടും അനിർവ്വചനീയം തന്നെ. പ്രധാനമായിട്ടുള്ളത് ഞാനെന്നെത്തന്നെ ഒരു വിഷയം (object) ആക്കാതിരിയ്ക്കുകയെന്നുള്ളതാണ്. ഞാൻ വിഷയി (subject) ആയിരുന്നുകൊണ്ട് അകത്തുനിന്നും ബാഹ്യലോകത്തേയും സാഹചര്യത്തേയും, എന്നെത്തന്നെയും സദാ നിയന്ത്രിയ്ക്കണം. അതാണ് സ്വാതന്ത്ര്യം. അതാണ് അസ്തിത്വം.

അതിരിക്തതയിലാണ് അസ്തിത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും വേര്. ചരിത്രത്തിൽമാത്രം ഉള്ള അസ്തിത്വം വേരറ്റത്, അടിസ്ഥാനമില്ലാത്തത്, കീറിപ്പറിഞ്ഞത്, വെറുമൊരു പോരായ്മ മാത്രം. ഉണ്മ എന്നു പറഞ്ഞാൽ, ഉറപ്പുവേണം, സ്വാതന്ത്ര്യം വേണം, ഇല്ലായ്മ ആക്രമിയ്ക്കാത്തതായിത്തീരണം.

പക്ഷേ ഈ അതിരിക്തതയോട്, എന്റെ അസ്തിത്വത്തിന്റെ അടിത്തറയും ഉത്ഭവകേന്ദ്രവുമായ ഈ അതിരിക്ത ഉണ്മയോട് എന്റെ മനോഭാവം എന്തായിരിയ്ക്കണം? രണ്ടു സാദ്ധ്യതകളുണ്ട്. "പകലിന്റെ നിയമം" (the law of the day), അല്ലെങ്കിൽ "രാത്രിയുടെ കാമം" (the passion of the night). ആദ്യത്തേത്, വ്യവസ്ഥിതിയേയും ക്രമീകരണത്തെയും ഉളവാക്കുന്നു; വിശ്വസ്തതയെയും വ്യക്തതയെയും സൃഷ്ടിക്കുന്നു. കാലത്തിൽ ഉണ്മയെ സമൂർത്തമാക്കുന്നു. രണ്ടാമത്തേത്, രാത്രിയുടെ കാമം പരനാശത്തിന്നും സ്വയനാശത്തിന്നുമായുള്ള ഒരു വ്യഗ്രതയാണ്. സകല വ്യവസ്ഥിതിയേയും നശിപ്പിച്ച്, പ്രകാശത്തെ വിപാടനം ചെയ്ത്, മാതൃഗർഭത്തിലെ അന്ധകാരത്തിലേയ്ക്ക് തിരികെപ്പോകാനുള്ള ഉദ്യമം, കാമാസക്തിയാണ് അതിന്റെ പ്രത്യക്ഷപ്രകടനം.

ഈ രണ്ടു സാദ്ധ്യതകൾക്കിടയിലാണ് നമ്മുടെ സ്വാതന്ത്ര്യം വ്യാപരിയ്ക്കേണ്ടത്. സീമിതത്വം, നിസ്സീമിതത്വത്തെ വഹിയ്ക്കണം. പക്ഷേ അതിന്റെ ഫലം സീമിതത്വം വിള്ളിപ്പൊട്ടിപ്പോകയെന്നതാണ്. അങ്ങനെ വിള്ളലുണ്ടായി എങ്കിൽ മാത്രമേ നിസ്സീമിതത്വം കാലത്തിൽ കാണപ്പെടുകയുള്ളു. അതുകൊണ്ടാണ് അസ്തിത്വം ഇത്രയെളുപ്പത്തിൽ പൊട്ടുന്നത് (fragile) ആയി കാണപ്പെടുന്നത്.

യാസ്പേഴ്സിന്റെ ചിന്തയിൽ ദർശനത്തിന്റെ ലക്ഷ്യം അസ്തിത്വം സ്വയം വിള്ളിപ്പൊട്ടി, ആ പൊട്ടലിൽക്കൂടെ നിസ്സീമിതവും അതിരിക്തവുമായ ഉണ്മ പ്രത്യക്ഷപ്പെടുകയെന്നതാണ്. മരിയ്ക്കാൻ പഠിപ്പിയ്ക്കുന്ന ഗുരുവാണ് ദർശനം.

**ഉപസംഹാരം**

പ്രതിഭാസവിജ്ഞാനീയത്തിലും അസ്തിത്വവാദത്തിലും ഒരുപോലെ കാണപ്പെടുന്ന ചില സവിശേഷതകളെ ചൂണ്ടിക്കാണിയ്ക്കാൻ ശ്രമിയ്ക്കട്ടെ. ഇരുപതാം നൂറ്റാണ്ടിൽ യൂറോപ്യൻ സംസ്കാരത്തെ ബാധിച്ചിട്ടുള്ള ഒരു മാരകരോഗത്തിന്റെ ലക്ഷണങ്ങളാണിവയെന്ന് പറയുന്നത്, ഭാരതീയരായ നാം ഈ രോഗത്തിൽ നിന്ന് പൂർണ്ണമായും വിമുക്തരാണെന്നോ നമ്മെയും നശിപ്പിക്കുവാൻ ഈ രോഗത്തിനു ശക്തിയില്ലെന്നോ ഉള്ള അർത്ഥത്തിലല്ല.

വളരെ വേദനയുളവാക്കുന്ന ഒരു രോഗമാണെങ്കിലും അതുകൊണ്ട് ചില ചില്ലറ പ്രയോജനങ്ങളില്ലാതില്ല. ഉണ്മയുടെ ചില പ്രത്യേക വശങ്ങൾ ഇന്ന് വെളിപ്പെട്ടുവന്നിട്ടുള്ളത് യൂറോപ്യൻ ദർശനത്തിന്റെ ഈ രോഗഫലമായിട്ടാണ്.

ഈ രോഗത്തിന് ഒരു പേരുണ്ട്. യൂറോപ്യൻ സംസ്കാരം തന്നെ ഉണ്ടാക്കിയിട്ടുള്ള പേരാണത് – “ഐതര്യം” അഥവാ alienation.

വ്യക്തിയുടെ ഏകാന്തതയിൽ നിന്നാണ് പ്രതിഭാസവിജ്ഞാനീയവും അസ്തിത്വവാദവും ഉത്ഭവിക്കുന്നത്. ഹുസ്സേൾ തന്നെ ഒരിയ്ക്കൽ പറഞ്ഞു:– “ഏകാന്തതയിൽ കൂടെ മാത്രമേ ഒരാൾക്ക് ദാർശനികനാകാൻ കഴിയുകയുള്ളു.” നീറ്റ്ഷേയും പറഞ്ഞ വാചകമാണിത്. പക്ഷേ, ഭാരതത്തിലെ മഹർഷിമാരുടെ ഏകാന്തതയും യൂറോപ്യൻ സംസ്കാരത്തിലെ ഈ ഏകാന്തതയും തമ്മിൽ മൗലികമായ വ്യത്യാസമുണ്ട്. മഹർഷിയുടെ ഏകാന്തത ഏകാഗ്രതയ്ക്ക് വേണ്ടിയാണ്. ശ്രദ്ധാവിചരണമുളവാക്കുന്ന ബാഹ്യലോകത്തെ മഹർഷിയും ഉപവലനപ്രക്രിയകൊണ്ട് അകറ്റിവെച്ചു. പക്ഷേ അത് “അഹം ബ്രഹ്മാസ്മി” “തദ്ത്വംഅസി” എന്നിങ്ങനെ ഈശ്വരനുമായും ബാഹ്യലോകവുമായും മഹർഷിയ്ക്കുള്ള താദാത്മ്യത്തെ സാക്ഷാത്ക്കരിയ്ക്കുന്നതിനു വേണ്ടിയായിരുന്നു. പാശ്ചാത്യദർശനത്തിലാകട്ടെ ഈശ്വരനിൽ നിന്നും ദാർശനികൻ തന്നെത്തന്നെ വേർപെടുത്തിക്കൊണ്ടാണ് ദർശനം ആരംഭിയ്ക്കുന്നത്. തിരികെ ഈശ്വരസാക്ഷാൽക്കാരമുണ്ടാകണമെന്ന ഉദ്ദേശ്യവും ദർശനത്തിന്നില്ല. ഈശ്വരൻ, അഥവാ ഉണ്മയുടെ നിദാനവും കേദാരവുമായ പരമാർത്ഥികസത്ത, ഇല്ലാതായിക്കഴിഞ്ഞാൽ പിന്നെ ഞാനുമീലോകവുമേ അവശേഷിയ്ക്കുന്നുള്ളു. ഇവ രണ്ടും തമ്മിൽ ഒരു സമരമാണ്. ഈ ലോകം എന്നെ കീഴ്പ്പെടുത്തി ആറടി മണ്ണിൽ താഴ്ത്താനാണ് എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനോട് സമരംചെയ്ത് ഞാനതിനെ നിയന്ത്രണാധീനമാക്കണമെങ്കിൽ എനിയ്ക്കുള്ള ഉപാധികൾ ജ്ഞാനവും ക്രിയയും മാത്രം. അങ്ങനെ ഒരു വശത്ത് ശാസ്ത്രവിജ്ഞാനവും, സാങ്കേതികവിജ്ഞാനീയവും കൊണ്ട് ലോകത്തെ കീഴ്പ്പെടുത്തുന്നതിന്നുള്ള ഉദ്യമം നടക്കുന്നു. മറുവശത്ത് ദർശനംകൊണ്ട് “ഞാൻ” കേന്ദ്രമായിട്ടുള്ള ഒരു പുതിയ ലോകത്തെയുണ്ടാക്കുവാനുള്ള ശ്രമമാണ്.

പക്ഷേ, കേന്ദ്രമാകാൻ ശ്രമിയ്ക്കുന്ന ഈ “അഹ”ത്തിന്ന് ഉറപ്പൊന്നു

മില്ല. കാലധാരയിൽ ശൂന്യതാസമുദ്രത്തിലേയ്ക്കൊഴുകിപ്പൊയ്ക്കൊണ്ടിരിക്കുന്ന ഒരു പാഴ്തടിയാണ് ഈ അഹം. എന്നാൽ ഈ കാലധാരയേയും (historicity) ഈ അഹത്തേയും ഒരുപോലെ നിഷേധിച്ച്, ബോധതലം (consciousness) എന്നൊരു പുതിയ ലോകം സൃഷ്ടിച്ച് അവിടെ താമസിയ്ക്കാമെന്നുവച്ചാൽ അവിടെയും കാണുന്നത് ഈ ഒഴുകിപ്പോകലാണ്. സാർട്രിന്റെ വിവരണത്തിൽ ബോധതലം അഥവാ consciousness കഫം പോലെയോ മൂക്കട്ട പോലെയോ ഉള്ള കൊഴുത്ത് അറപ്പുണ്ടാക്കുന്ന ഒരു ദ്രാവകമാണ്; പിടിച്ചാൽ കിട്ടില്ല. കുറേനേരം നോക്കിനിന്നാൽ ഛർദ്ദിയ്ക്കാൻ വരും. ഒടുവിൽ മനുഷ്യൻ ഒരു വെറും വിരോധാഭാസമായിത്തീരുന്നു. ഇതാണ് ഐതര്യമെന്ന രോഗത്തിന്റെ ലക്ഷണം.

പതിനാറാം ശതാബ്ദത്തിൽ യൂറോപ്പിൽ ഉടലെടുത്ത ആധുനിക നാഗരികതയുടെ അവസാന നൈരാശ്യനിലപാടാണ് വ്യക്തിത്വത്തിൽ പിടിച്ചുനില്പാനുള്ള ഈ പരിശ്രമം. വ്യക്തിയെ അടിച്ചമർത്തുന്ന ഒരു കൂട്ട സംസ്കാരത്തിന്നെതിരെയുള്ള പ്രതികരണമെന്ന നിലയിൽ നമുക്കതിനെ അനുഭാവപൂർവ്വം വീക്ഷിയ്ക്കാൻ സാധിയ്ക്കും. പക്ഷേ, മനുഷ്യത്വത്തിന്റെ മൂന്നു നാരായവേരുകളാണ് മനുഷ്യനും പരമാർത്ഥികസത്തയും തമ്മിലുള്ള ബന്ധം, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം, മനുഷ്യനും ലോകവും തമ്മിലുള്ള ബന്ധം. ഈ മൂന്നു ബന്ധങ്ങളിൽ ഏതെങ്കിലുമൊന്നിൽ ഐതര്യം അഥവാ വിശ്ലേഷണം സംഭവിച്ചാൽ മനുഷ്യന് പൂർണ്ണ വളർച്ചയിലെത്താനാവില്ല എന്ന് മനുഷ്യചരിത്രം നമ്മെ പഠിപ്പിയ്ക്കുന്നുണ്ട്.

(കേരളാ ദാർശനിക സമിതിയുടെ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം. *അസ്തിത്വം: ദാർശനിക ദൃഷ്ടിയിൽ*, എഡി. ആൽബർട്ട് നമ്പ്യാപറമ്പിൽ, ജനത ബുക്സ്, തേവര, 1973)



# 5

# ഈശ്വരസ്വാതന്ത്ര്യവും മനുഷ്യസ്വാതന്ത്ര്യവും

സ്വാതന്ത്ര്യം എന്ന പദത്തിന്, വിവക്ഷ പല വിധത്തിലാകാം. സ്വയ നിയാമനസാദ്ധ്യത എന്നാണെന്നു തോന്നുന്നു യാഥാർത്ഥം. പരാധീനത യിൽനിന്നുള്ള വിമുക്തി എന്ന അർത്ഥത്തിലാണ് സാധാരണ ഈ പദം ഉപയോഗിച്ചുവരുന്നത്. പുരാതന റോമാസാമ്രാജ്യത്തെപ്പോലുള്ള ഒരു അടി മത്വവ്യവസ്ഥിതിയിൽ അടിമ അസ്വതന്ത്രനും, അടിമയുടെ ഉടമസ്ഥൻ സ്വത ന്ത്രനുമാണ്.

എന്നാൽ ഭാരതചിന്താമണ്ഡലത്തിൽ സ്വാതന്ത്ര്യപദത്തിന് മോക്ഷം, മുക്തി എന്നൊക്കെ പര്യായമാകാം. മോക്ഷത്തിലും മുക്തിയിലും കൂടി പ്രധാനമായി വിവക്ഷിക്കുന്നത് ബാന്ധവത്തിൽ നിന്നുള്ള മോചനം എന്നു തന്നെയാണല്ലോ. നമ്മുടെ നാട്ടിലെ വ്യവസ്ഥിതിയിൽ കൈവല്യം എന്ന പദവും മുക്തിയുടെ പര്യായമാണ്. സംസാരാന്ധകാരത്തിൽ കുടുങ്ങിക്കി ടന്ന് ഈശ്വരസാക്ഷാത്കാരം സാധിക്കാതെ മായാബദ്ധതയിൽ കിടക്കുന്ന ജീവാത്മാവ് തന്റെ ബന്ധനങ്ങളെ കുടഞ്ഞെറിഞ്ഞ് പരമാത്മാവുമായി ഐക്യം പ്രാപിക്കുന്നതിനാണല്ലോ കൈവല്യം അഥവാ മുക്തി എന്നു നാം പേർ പറയുന്നത്.

എന്നാൽ മൂന്നാമതൊരു വ്യവസ്ഥിതിയിലെ സ്വാതന്ത്ര്യചിന്തയെ ദാർശ നികസമക്ഷം അവതരിപ്പിക്കുക എന്നതാണ് ഈ എളിയ പ്രബന്ധത്തിന്റെ പരിമിതലക്ഷ്യം.

ക്രിസ്താബ്ദം നാലാം ശതകത്തിലെ ഒരു പൗരസ്ത്യ ദാർശനികന്റെ ചിന്തയെയാണ് ഇവിടെ പ്രധാനമായും അടിസ്ഥാനമായെടുക്കുന്നത്. പ്രഗ ത്ഭവും പ്രൗഢവുമായ ഈ ചിന്താസൗധത്തിന്റെ ഒരു ഛായാചിത്രം നിങ്ങളെ കാണിക്കുന്നതിനു മാത്രമേ ഇവിടെ ശ്രമിക്കുന്നുള്ളു.

നിസ്സായിലെ ഗ്രീഗോറിയോസിന്റെ ചിന്തയ്ക്ക് അടിസ്ഥാനമായിട്ടുള്ളതു മനുഷ്യൻ ഈശ്വരസാരൂപ്യത്തിൽ സൃഷ്ടിതനാണ് എന്ന മൗലികതത്വ മാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രീഗോറിയോസ് വാദിക്കുന്നത് ഇങ്ങ നെയാണ്.

മനുഷ്യൻ സ്വതന്ത്രനാണോ അതോ വെറും അടിമയാണോ? മനുഷ്യൻ അടിമയാണെങ്കിൽ ഈശ്വരനും അടിമ തന്നെ; അല്ലെങ്കിൽ അവർ തമ്മിൽ സാരൂപ്യം എങ്ങനെ ഉണ്ടാകും? ഈശ്വരൻ സ്വതന്ത്രനാണെങ്കിൽ മനു ഷ്യനും സ്വതന്ത്രനായിരിക്കണം. ഈ തത്വം വേണ്ടത്ര മനസ്സിലാകാത്ത തുകൊണ്ടായിരിക്കണം പാശ്ചാത്യ ക്രൈസ്തവ ചിന്തയിൽ ഈശ്വരന്റെ പരമാധികാരവും മനുഷ്യന്റെ സ്വാതന്ത്ര്യവും തമ്മിൽ പരസ്പരവൈരുദ്ധ്യം ആരോപിക്കപ്പെടുന്നത്. എന്നാൽ ചിന്തയുടെ ആരംഭവും അടിസ്ഥാനവും

ഈശ്വരനും മനുഷ്യനും തമ്മിലുള്ള സാരൂപ്യമാണെങ്കിൽ രണ്ടേ രണ്ടു സാധ്യതകൾ മാത്രമേയുള്ളു. ഒന്നുകിൽ ഈശ്വരൻ മനുഷ്യനെപ്പോലെ മരണാധീനനും അധർമ്മബദ്ധനുമാണ്. അല്ലെങ്കിൽ മനുഷ്യൻ ഈശ്വരനെപ്പോലെ അമർത്യനും അധർമ്മം തീണ്ടാത്തവനും ആയിത്തീരണം.

ഏതായിരുന്നാലും ഈശ്വരനും മനുഷ്യനും തമ്മിലുള്ള സാരൂപ്യം പ്രാഥമിക തത്വമായി നാം സ്വീകരിക്കുന്നെങ്കിൽ മനുഷ്യന്റെ സ്വാതന്ത്ര്യത്തെ നിഷേധിക്കുക എന്നതിന്റെ അർത്ഥം ഈശ്വരന്റെ സ്വാതന്ത്ര്യത്തെ നിഷേധിക്കുകയാണ്. ഈശ്വരനെ പരാധീനനാക്കുകയാണ്.

## ഈശ്വരന്റെ സ്വാതന്ത്ര്യം

പക്ഷേ, ഈശ്വരൻ സ്വതന്ത്രനാണെന്നു പറഞ്ഞാൽ എന്താണതിനർത്ഥം? ഗ്രീഗോറിയോസ് ഈശ്വരസ്വാതന്ത്ര്യത്തെ വിശദീകരിക്കുന്നത് ഈശ്വരന്റെ അതിരിക്തതയുടെ (transcendance) മാത്രം അടിസ്ഥാനത്തിലല്ല, അതിരിക്തതയുടേയും അന്തര്യാമിത്വത്തിന്റേയും ഒരുമിച്ചുള്ള അടിസ്ഥാനത്തിലാണ്. അദ്ദേഹത്തിന്റെ കാലത്തിനു മുമ്പുള്ള യവനചിന്തകന്മാരിൽ സ്റ്റോയിക്കുകൾ (Stoics) ഈശ്വരനെ പൂർണ്ണമായും പ്രപഞ്ചാന്തര്യാമിയായി മാത്രവും നേരെമറിച്ച് അരിസ്റ്റോട്ടിലിനെപ്പോലുള്ളവർ പൂർണ്ണമായും പ്രപഞ്ചാതിരിക്തനായും വിവക്ഷിച്ചിരുന്നു. അരിസ്റ്റോട്ടിലിന്റെ 'കേവലക്രിയ' (Pure Act) അഥവാ അചലിത ചലയിതാവ് (unmoved mover) പ്രപഞ്ചവുമായി യാതൊരു വേഴ്ചയുമില്ലാതെ അതിരിക്തതയുടെ പൂർണ്ണ കൈവല്യത്തിലാണ് നിലകൊള്ളുന്നത്. ഗ്രീഗോറിയോസിനെ സംബന്ധിച്ചിടത്തോളം സ്റ്റോയിക്കുകളുടെയും അരിസ്റ്റോട്ടിലിന്റേയും പരസ്പരവിരുദ്ധങ്ങളായ ചിന്താഗതികളെ അനുരഞ്ജിപ്പിച്ചുകൊണ്ടുള്ള ഒരു ഈശ്വരവിഭാവനത്തിനാണ് അദ്ദേഹം ഉദ്യമിക്കുന്നത്.

ഈശ്വരൻ അതിരിക്തനാണ്. അതേസമയം അന്തർയ്യാമിയുമാണ്. എന്നാൽ തന്റെ അതിരിക്തതയിലും അന്തർയ്യാമിത്വത്തിലും ഒരുപോലെ താൻ സ്വതന്ത്രനായി നിലകൊള്ളുന്നു. അതിരിക്തതയിലുള്ള സ്വാതന്ത്ര്യം നമുക്ക് ഏറെക്കുറെ മനസ്സിലാക്കാം. എന്നാൽ വസ്തുനിഷ്ഠമായ പ്രപഞ്ചത്തിൽ അന്തർലീനനായിക്കൊണ്ട് സ്വാതന്ത്ര്യം പാലിക്കുവാൻ ഈശ്വരനുപോലും സാധിക്കുന്നതെങ്ങനെയാണെന്ന് നമുക്കു സംശയം തോന്നാം. ഒന്നാമത് ഈശ്വരനും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെ ഗ്രീഗോറിയോസ് വിഭാവനം ചെയ്യുന്നതെങ്ങനെ എന്നു നോക്കാം.

സ്റ്റോയിക്കുകളുടെ ചിന്താഗതിയിൽ ഈശ്വരൻ പ്രപഞ്ചാന്തർലീനനാണ്. പ്രപഞ്ചത്തിൽ നിന്നു സ്വതന്ത്രമായ ഒരു അസ്തിത്വം ഈശ്വരനു സാദ്ധ്യമേ അല്ല. ഗ്രീഗോറിയോസ് പറയുന്നത് ഈശ്വരൻ പൂർണ്ണമായും അതിരിക്തനാണെന്നാണ്. അതുകൊണ്ട് പൂർണ്ണമായും നിഷ്പ്രപഞ്ചതയിൽ തന്റെ അസ്തിത്വം പാലിക്കുന്നവനാണ്.

അങ്ങനെയെങ്കിൽ ഈ പ്രപഞ്ചം എവിടെനിന്നുണ്ടായി? എവിടെ എന്തിലാണത് ഇന്നു നിലകൊള്ളുന്നത്? വസ്തുപ്രപഞ്ചം ഒന്നുകിൽ ഈശ്വരനിലാണ്, അല്ലെങ്കിൽ ഈശ്വരനു പുറത്താണ്. ഈശ്വരനിലാകണമെങ്കിൽ

ഈശ്വരൻ തന്നെ വസ്തുമയനായിരിക്കണം. വസ്തുമയമായത് വസ്തുവിലല്ലാതെ നിലകൊള്ളുവാൻ സാധിക്കുന്നതെങ്ങനെ? ഈശ്വരനു പുറത്താണെങ്കിൽ അത് ഈശ്വരനിൽ നിന്നു സ്വതന്ത്രമായിരിക്കും. അങ്ങനെയെങ്കിൽ, പ്രപഞ്ചവും ഈശ്വരനെപ്പോലെ അനാദ്യന്തമാണ്.

ഈ പ്രശ്നത്തിനു ഗ്രീഗോറിയോസ് മറുപടി നൽകുന്നത് വസ്തുവിനുതന്നെ ഒരു പുതിയ നിർവ്വചനം നൽകിയാണ്. ആ നിർവ്വചനം തന്റെ സമകാലീനന്മാർക്ക് എത്രമാത്രം മനസ്സിലായി എന്നു നമുക്കറിഞ്ഞുകൂടാ. ഇക്കാലത്തുള്ളവർക്ക് അത് മനസ്സിലാക്കുവാൻ കുറേക്കൂടി എളുപ്പമാണ്. വസ്തുവെന്നു പറയുന്നത് ശക്തിയുടെ ഒരു ഭാവം മാത്രമാണ് എന്നാണ് ഗ്രീഗോറിയോസിന്റെ വാദം. 'ആത്മാവിനേയും പുനരുത്ഥാനത്തേയും പറ്റി' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം തന്റെ സഹോദരിയെക്കൊണ്ടു പറയിക്കുന്നു: "വസ്തുപ്രപഞ്ചം എങ്ങനെ ഉണ്ടായി എന്നു തീർത്തു പറയുവാൻ സാദ്ധ്യമല്ല. ആരെങ്കിലും പറയാൻ ശ്രമിച്ചാൽ അത് അബദ്ധമായിതീരുകയേയുള്ളു. പക്ഷേ, ഒന്നു നമുക്കു പറയാൻ കഴിയും, ഈശ്വരൻ ഇച്ഛിക്കുമ്പോൾ ഈശ്വരേച്ഛയുടെ ശക്തി പദാർത്ഥമായി പരിണമിക്കുന്നു. സർവ്വപദാർത്ഥത്തിന്റേയും അസ്തിത്വത്തിനു നിദാനം ഈശ്വരേച്ഛയാണ്."

ഈ പ്രപഞ്ചത്തിൽ ഈശ്വരൻ അന്തർയ്യാമിയായിരിക്കുന്നു എന്നു പറഞ്ഞാൽ ഈശ്വരാസ്തിത്വം വസ്തുപ്രപഞ്ചത്തിൽ അധിഷ്ഠിതമാണെന്നല്ല അർത്ഥം. ഈശ്വരന്റെ ഇച്ഛാശക്തിയാണു വസ്തുനിഷ്ഠമായ പ്രപഞ്ചമായി പരിണമിക്കുന്നത് എന്നതിൽതന്നെയാണ് തന്റെ അന്തർയ്യാമിത്വം. അതായത് തന്റെ അസ്തിത്വത്തിൽ കൂടെയല്ല. പ്രത്യുത തന്റെ ഇച്ഛാശക്തിയിൽകൂടിയാണ് ഈശ്വരൻ പ്രപഞ്ചത്തിൽ അന്തർയ്യാമി ആയിരിക്കുന്നതെന്നു സാരം.

എന്നാൽ ഈശ്വരന്റെ ഇച്ഛാശക്തി നിശ്ചലമല്ല, പ്രത്യുത സചേഷ്ടമാണ്, ക്രിയാത്മകമാണ്. അതുകൊണ്ടാണ് തന്റെ അന്തർയ്യാമിത്വവും തന്റെ അതിരിക്തതയെപ്പോലെതന്നെ സ്വതന്ത്രമായി നിലകൊള്ളുന്നത്.

## ഈശ്വരന്റെ അജ്ഞേയത
## – ഈശ്വരസ്വാതന്ത്ര്യത്തിന്റെ ഒരു വശം

തന്റെ അതിരിക്തതയിലും തന്റെ അന്തർയ്യാമിത്വത്തിലും ഈശ്വരൻ അജ്ഞേയനായി നിലകൊള്ളുന്നു. ഗ്രീഗോറിയോസിന്റെ കാലത്തിനു മുൻപു ജീവിച്ചിരുന്ന നിയോപ്ലേറ്റോണിസ്റ്റ് യവന ദാർശനികനായ പ്ലോട്ടൈനസ് പറയുമായിരുന്നു, ഈശ്വരന്റെ അജ്ഞേയത മനുഷ്യമനസ്സ് വസ്തുനിഷ്ഠമായ ഒരു ശരീരത്തിൽ കുടുങ്ങിക്കിടക്കുന്നതുകൊണ്ടാണ് ഉണ്ടാകുന്നതെന്ന്. ശരീരത്തിൽ നിന്നു മുക്തി പ്രാപിച്ചാൽ ഈശ്വരനെ അറിയുവാൻ മനുഷ്യനു സാധിക്കുമെന്നായിരുന്നു പല ഹൈന്ദവ ദാർശനികന്മാരേയുംപോലെ പ്ലോട്ടൈനസും അഭിപ്രായപ്പെട്ടിരുന്നത്. എന്നാൽ ഗ്രീഗോറിയോസ് പറയുന്നത്, ഈശ്വരസ്വാതന്ത്ര്യത്തിന്റെ ലക്ഷണമാണ് ഈശ്വരന്റെ അജ്ഞേയത; അല്ലാതെ മനുഷ്യമനസ്സിന്റെ ബാന്ധവത്തിൽ നിന്ന് ഉത്ഭൂതമാകുന്നതല്ല എന്നാണ്.

ഗ്രീഗോറിയോസിന്റെ സമകാലീനനും സ്നേഹിതനുമായ നാസ്സിയാൻസിലെ ഗ്രീഗോറിയോസ് പറയുമായിരുന്നു, ഈശ്വരനെപ്പറ്റി മനുഷ്യമനസ്സിന് അറിയുവാൻ കഴിയുന്ന ഏകവസ്തുത ഈശ്വരന്റെ അജ്ഞേയത മാത്രമാണെന്ന്. നിസ്സായിലെ ഗ്രീഗോറിയോസിന്റെ സഹോദരനായ മഹാനായ ബസ്സേലിയോസിന്റെ അഭിപ്രായം അതിലും കടന്നതാണ്. ഈശ്വരനെ ഗ്രഹിക്കുവാൻ സൃഷ്ടിയിലുള്ള യാതൊരു മനസ്സിനും സാദ്ധ്യമല്ല. എന്നു മാത്രമല്ല, സൃഷ്ടജീവികളെപ്പോലും പരിപൂർണ്ണമായി ഗ്രഹിക്കുവാൻ മനുഷ്യനു സാദ്ധ്യമല്ല. ഒരു യാഥാർത്ഥ്യത്തെ അല്ലെങ്കിൽ സൃഷ്ടിയെ മനസ്സിലാക്കുവാൻ അതിന്റെ പ്രവർത്തനരീതി എന്തായിരിക്കുമെന്നു ഗ്രഹിക്കുകയാണല്ലോ മാർഗ്ഗം. ഒരു സൃഷ്ടിത ജീവിയെ പൂർണ്ണമായി നാം ഗ്രഹിക്കണമെങ്കിൽ അതിന്റെ സകല പ്രവർത്തന സാദ്ധ്യതയേയും സകല ഭാവിയേയും നാം ഗ്രഹിച്ചിരിക്കണം. അങ്ങനെ ഒരു സൃഷ്ടിത ജീവിയുടെ സകല പ്രവൃത്തിയേയും മുൻകൂട്ടി അറിയുവാൻ നമുക്കു സാധിക്കുമെങ്കിൽ പിന്നെ അതിനു സ്വാതന്ത്ര്യം ഒന്നുമില്ലല്ലോ. സൃഷ്ടിയിൽ എല്ലാം തന്നെ അതിനുള്ള സ്വാതന്ത്ര്യത്തിന്റെ പരിണാമത്തിൽ അജ്ഞേയമാണ്. ഈശ്വരനെക്കുറിച്ചു ഗ്രഹിക്കണമെങ്കിൽ ഈശ്വരൻ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നു നാം ഗ്രഹിക്കണമല്ലോ. ഈശ്വരന്റെ പ്രവർത്തന സാദ്ധ്യതകളെക്കുറിച്ച് നാം ഗ്രഹിക്കുന്നിടത്തോളം ഈശ്വരസ്വാതന്ത്ര്യത്തിന് നാം പരിമിതി കല്പിക്കുകയാണ്. അതുകൊണ്ടാണ് ഈശ്വരന്റെ അജ്ഞേയത, ഈശ്വരന്റെ സ്വാതന്ത്ര്യത്തിന്റെ ഒരു വശമായി ഈ ദാർശനികന്മാർ കരുതുന്നത്.

മതപുരോഹിതന്മാരായ ഞങ്ങളെപ്പോലെയുള്ളവർ ഈശ്വരനെക്കുറിച്ച് എല്ലാം ഞങ്ങൾക്ക് അറിയാമെന്നും മറ്റുള്ളവരെ പഠിപ്പിക്കാമെന്നുമൊക്കെ നടിച്ചു നടക്കാറുണ്ട്. യഥാർത്ഥത്തിൽ ഞങ്ങൾക്കു ചെയ്യാൻ സാധിക്കുന്നത് ഈശ്വരന്റെ അജ്ഞേയത മനുഷ്യന്റെ അനുഭവത്തിൽ കൊണ്ടുവരിക മാത്രമാണ്. അജ്ഞാനം, അതേ അധീതമായ ഒരു അജ്ഞാനം അഭ്യസിപ്പിക്കുവാൻ കടപ്പെട്ടവരാണ് ഞങ്ങൾ. അതല്ലാതെ ഈശ്വരൻ ഞങ്ങളുടെ ചെപ്പിനകത്തിരിക്കുന്ന ഒരു വസ്തുവായി കരുതി ദീർഘവിവരണങ്ങൾ മൂലം ആ അജ്ഞേയനെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഞങ്ങൾ പലപ്പോഴും ശ്രമിക്കുന്നത് ഞങ്ങളുടെ സ്വന്തം അജ്ഞാനത്തിന്റെ ലക്ഷണം മാത്രമാണ്.

**ഈശ്വരന്റെ അതിരിക്തസ്വാതന്ത്ര്യം**

ഈശ്വരൻ അതിരിക്തനെന്നു പറഞ്ഞാൽ സർവ്വത്തിൽനിന്നും വിദൂരനും വ്യത്യസ്തനുമാണെന്നു മാത്രമല്ല അർത്ഥം. സ്ഥലകാലനിശ്ചിതമായ ഒരു രൂപമോ ഭാവമോ ഈശ്വരനില്ലാത്തതുകൊണ്ട് നമ്മുടെ ജ്ഞാനപരിമിതിയിലുള്ളതോ അതിനപ്പുറമായതോ ആയ ഏതെങ്കിലും അസ്തിത്വവുമായി ഈശ്വരനെ താരതമ്യവിവേചനം ചെയ്യുവാൻ സാദ്ധ്യമല്ല.

സർവ്വസാദ്ധ്യത (Potentially) യുടേയും കേദാരമായ ഈശ്വരൻ തന്റെ ഏതെങ്കിലും സാദ്ധ്യതയെ യാഥാർത്ഥ്യ (realisation actuality) ത്തിലേക്ക് കൊണ്ടുവന്നു കഴിയുമ്പോഴേയ്ക്ക് ആ പ്രത്യേക സാദ്ധ്യതയെക്കുറിച്ചു

തനിക്കുള്ള സ്വാതന്ത്ര്യം നഷ്ടപ്പെട്ടു കഴിയുകയില്ലേ എന്ന് ദാർശനികന്മാർ സംശയിക്കാറുണ്ട്. ഉദാഹരണമായി നിഷ്പ്രപഞ്ചതയിൽ നിലകൊണ്ടിരുന്ന ഈശ്വരന് പ്രപഞ്ചസൃഷ്ടി മൂലം സപ്രപഞ്ചനായിത്തീരുകയോ തീരാതിരിക്കുകയോ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ പ്രപഞ്ചസൃഷ്ടി മൂലം സപ്രപഞ്ചനായിക്കഴിഞ്ഞതോടെ ആ സ്വാതന്ത്ര്യം നഷ്ടപ്പെട്ടില്ലേ എന്നാണ് സംശയം. ഇല്ല, എപ്പോൾ വേണമെങ്കിലും സപ്രപഞ്ചതയോ നിഷ്പ്രപഞ്ചതയോ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം തനിക്കിപ്പോഴും അവശേഷിക്കുന്നുണ്ടെന്നും, ഓരോ 'നിമിഷ'ത്തിലും താൻ സപ്രപഞ്ചതയെ ഇച്ഛിക്കുന്നതു മാത്രമാണ് പ്രപഞ്ചത്തിന്റെ അസ്തിത്വത്തിന്നടിസ്ഥാനമെന്നുമാണ് സൃഷ്ടിവാദികളായ ക്രൈസ്തവ ദാർശനികന്മാർ പഠിപ്പിക്കുന്നത്. അടുത്ത 'നിമിഷ'ത്തിൽ ഈശ്വരൻ തന്റെ സ്വാതന്ത്ര്യമുപയോഗിച്ച് നിഷ്പ്രപഞ്ചതയെ ഇച്ഛിക്കുന്നെങ്കിൽ പ്രപഞ്ചത്തിന്റെ അഭാവമായിരിക്കും ആ ഇച്ഛയുടെ ഫലം.

സർവ്വനിശ്ചിതത്വത്തിനും അതിരിക്തനാണ് ഈശ്വരൻ എന്നത് ഈശ്വരസ്വാതന്ത്ര്യത്തിന്റെ ഒരു വശം മാത്രമാണ്. എന്നാൽ പൗരസ്ത്യ ക്രിസ്തീയദർശനത്തിൽ സ്വാതന്ത്ര്യത്തിന് നിഷേധാത്മകമായ ഈ അർത്ഥത്തേക്കാൾ കൂടുതൽ പ്രാമുഖ്യം കല്പിക്കുന്നത് രചനാത്മകമായ ശക്തിക്കാണ്. ഇച്ഛിപ്പാൻ സ്വാതന്ത്ര്യമുണ്ടായതുകൊണ്ട് സ്വാതന്ത്ര്യമാകയില്ല. രണ്ടു സാദ്ധ്യതകൾ തമ്മിൽ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടായതുകൊണ്ടും വലിയ വിശേഷമൊന്നുമില്ല. ഭിക്ഷുവിന് കോടീശ്വരനാകണമെന്ന് ഇച്ഛിക്കുവാൻ പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ദാരിദ്ര്യം, ധനസമ്പത്ത് എന്നിവ തമ്മിൽ രണ്ടാമത്തേതിനെ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവുമുണ്ട്. പക്ഷേ, അതുകൊണ്ടെന്തു ഫലം? ദിവാസ്വപ്നം കാണാനുള്ള സ്വാതന്ത്ര്യം മാത്രം ലഭിച്ചതുകൊണ്ട് എന്തു വിശേഷം? ഇച്ഛിച്ചതും തെരഞ്ഞെടുത്തതും യാഥാർത്ഥ്യവൽക്കരിക്കുവാനുള്ള ശക്തി കൂടെയുണ്ടെങ്കിലേ രചനാത്മകമായ സ്വാതന്ത്ര്യമാകയുള്ളു.

ഈശ്വരന്റെ സ്വാതന്ത്ര്യമെന്നു പറയുന്നത് നിർദ്ദിഷ്ടതയിൽ നിന്നും നിശ്ചിതതയിൽ നിന്നുമുള്ള സ്വാതന്ത്ര്യം മാത്രമല്ല, പ്രത്യുത സർവ്വസാദ്ധ്യതകളേയും തന്നിൽ ഉൾക്കൊള്ളുവാനും തന്റെ ഇച്ഛയ്ക്കനുസരിച്ച് അവയെ യാഥാർത്ഥ്യത്തിൽ കൊണ്ടുവരുവാനുമുള്ള ശക്തി തനിയ്ക്കുണ്ടെന്നുള്ളതിലാണ് ഈശ്വര സ്വാതന്ത്ര്യത്തിന്റെ മർമ്മം കിടക്കുന്നത്.

### മനുഷ്യസ്വാതന്ത്ര്യം

മനുഷ്യസ്വാതന്ത്ര്യത്തേയും പൗരസ്ത്യ ക്രിസ്തീയ ദാർശനികന്മാർ വിവക്ഷിക്കുന്നത് ഈശ്വര സ്വാതന്ത്ര്യത്തിന്റെ രൂപത്തിലും അടിസ്ഥാനത്തിലുമാണ്. ഈശ്വരനെപ്പറ്റി ഇതുവരെ പറഞ്ഞതുതന്നെ വളരെക്കൂടുതലായിപ്പോയെന്നാണ് എന്റെ ഭയം. പറഞ്ഞതിൽ വളരെയധികം അബദ്ധങ്ങളും കണ്ടേക്കും. അതുകൊണ്ടിനി മനുഷ്യനെപ്പറ്റിയും അവന്റെ സ്വാതന്ത്ര്യത്തെപ്പറ്റിയും രണ്ടു വാക്കു പറയുവാൻ ശ്രമിയ്ക്കട്ടെ.

മനുഷ്യസ്വാതന്ത്ര്യത്തിന് ആറു വശങ്ങളുണ്ട്. ഒന്നാമത് വ്യക്തിയുടെ

സ്വാതന്ത്ര്യവും രണ്ടാമത് സമൂഹത്തിന്റെ സ്വാതന്ത്ര്യവും. ഇവ തമ്മിൽ ബന്ധവുമുണ്ട്, വ്യത്യാസവുമുണ്ട്. കൂടാതെ, ചരിത്രത്തിൽ അല്ലെങ്കിൽ കാലത്തിലുള്ള മനുഷ്യന്റെ സ്വാതന്ത്ര്യമുണ്ട്. കാലാതീതമായ മനുഷ്യ സ്വാതന്ത്ര്യവുമുണ്ട്. ഈ നാലു വശങ്ങളിലും നിഷേധാത്മകാർത്ഥത്തിൽ അതായത് ബാന്ധവത്തിൽ നിന്നുമുള്ള വിമുക്തി എന്ന അർത്ഥത്തിലുള്ള സ്വാതന്ത്ര്യവുമുണ്ട്. രചനാത്മകമായ അഥവാ ബാഹ്യസമ്മർദ്ദം കൂടാതെ സ്വമേധയാ നന്മയെ സൃഷ്ടിക്കുവാനുള്ള സ്വാതന്ത്ര്യവുമുണ്ട്. ഈ ആറു വിധത്തിലുള്ള സ്വാതന്ത്ര്യത്തിന്റെയും പ്രകടനങ്ങൾ ഈശ്വരസ്വഭാവ ത്തിന്റെ മനുഷ്യരൂപത്തിൽ കൂടെയുള്ള പ്രദർശനങ്ങളായി കരുതാം.

### വ്യക്തിയും സമൂഹവും

നിസ്സായിലെ ഗ്രീഗോറിയോസിന്റെ ചിന്തയിൽ മനുഷ്യൻ എന്ന പദപ്ര യോഗം കൊണ്ട് പ്രധാനമായി വിവക്ഷിക്കുന്നതു മനുഷ്യവർഗ്ഗത്തെ മുഴു വൻ ഒന്നായിട്ടാണ്. അതായത് ഇന്നു ജീവിച്ചിരിക്കുന്ന മനുഷ്യൻ മാത്ര മല്ല, മനുഷ്യവർഗ്ഗത്തിന്റെ ആരംഭം മുതൽ ഉള്ള എല്ലാ മനുഷ്യരേയും കൂടി ഒരു മനുഷ്യവർഗ്ഗമായി അദ്ദേഹം വിഭാവനം ചെയ്യുന്നു. മനുഷ്യ വർഗ്ഗത്തിന്റെ മുഴുവനുമായുള്ള സ്വാതന്ത്ര്യത്തെ വിഭാവനം ചെയ്തിട്ട് ആ പശ്ചാത്തലത്തിൽ വ്യക്തിയുടെ സ്വാതന്ത്ര്യത്തെ കാണുവാനാണ് അദ്ദേഹം ശ്രമിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ സ്വാതന്ത്ര്യം എന്നു പറയു ന്നത് മനുഷ്യരെല്ലാവരും ഒന്നായി പരിവർത്തനം ചെയ്യപ്പെട്ട് ഈശ്വരസ്വ രൂപം പ്രാപിക്കുക എന്ന അർത്ഥത്തിലാണ്.

വ്യക്തിത്വത്തിന്റെ അടിസ്ഥാനം ലിംഗഭേദത്തിലാണ്. മനുഷ്യസൃഷ്ടി യുടെ ആദിയിൽ ലിംഗഭേദമില്ലായിരുന്നുവെന്നും മനുഷ്യന്റെ ആത്യന്തിക ലക്ഷ്യപ്രാപ്തിയിൽ ലിംഗഭേദം ഒഴിഞ്ഞുപോകുമെന്നുമാണ് ഗ്രീഗോറിയോ സിന്റെ വിവക്ഷ. ലിംഗഭേദത്തിൽ നിന്നുത്ഭൂതമാകുന്ന ബഹുത്വവും വ്യക്തി ത്വവും മാനുഷികതയുടെ അവശ്യഘടകങ്ങളിൽപ്പെട്ടതല്ലെന്നും അവ സാനം അവ ഇല്ലാതായിത്തീരുമെന്നുമാണ് അദ്ദേഹം പറയുന്നത്.

പാശ്ചാത്യദർശനത്തിൽ പലപ്പോഴും മനുഷ്യന്റെ സ്വാതന്ത്ര്യം എന്നു പറയുമ്പോൾ ചിന്തിക്കുന്നത് വ്യക്തിയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചു മാത്ര മാണ്. എന്നാൽ വ്യക്തികൾക്കു തന്നെയും പൂർണ്ണ സ്വാതന്ത്ര്യം പ്രാപി ക്കുന്നതിനു രാഷ്ട്രങ്ങളുടേയും വർഗ്ഗങ്ങളുടേയും വിമോചനം ആവശ്യ മാണെന്നും മനുഷ്യവർഗ്ഗം മുഴുവൻ വിമുക്തമായി എല്ലാവരും ഒരുമിച്ചു നന്മയെ സൃഷ്ടിക്കുന്നതിലാണു മനുഷ്യവർഗ്ഗത്തിന്റെ സ്വാതന്ത്ര്യവും സാക്ഷാത്കരിക്കപ്പെടുന്നതെന്നും ഇന്നു നമുക്കു കുറെശ്ശേ മനസ്സിലായി ക്കൊണ്ടിരിക്കുകയാണ്. മനുഷ്യവ്യക്തി പൂർണ്ണമായി സ്വാതന്ത്ര്യം പ്രാപി ക്കണമെങ്കിൽ അവനെ അടിച്ചമർത്തി ചൂഷണം ചെയ്യുന്ന വ്യവസ്ഥിതി പാടേ മാറണം. ഓരോ രാജ്യത്തേയും വ്യവസ്ഥിതി മാത്രമല്ല അന്താരാ ഷ്ട്രീയ വ്യവസ്ഥിതി കൂടെ സ്വാതന്ത്ര്യത്തിന്റെ വളർച്ചയ്ക്ക് ഉതകുന്നതാ യിത്തീരണം.

## ചരിത്രവും കാലാതീതതയും

ലിംഗഭേദവും വ്യക്തിത്വവും തെറ്റാണെന്നല്ല മേൽ പറഞ്ഞതിനർത്ഥം. മനുഷ്യവർഗ്ഗത്തിന്റെ ആകമാന വിമോചനത്തിന്, വ്യക്തിത്വവും വ്യക്തികളും ഉണ്ടാകുന്നതിന്, ലിംഗഭേദവും ആവശ്യമാണ്. ഗ്രീഗോറിയോസിന്റെ ചിന്താഗതിയിൽ പാപാധീനനാകുന്ന മനുഷ്യൻ മരണാധീനനുമായിത്തീരുമെന്ന് ഈശ്വരൻ മുൻകൂട്ടി കണ്ടതുകൊണ്ടാണ് മനുഷ്യൻ മരണം മൂലം നിശ്ശേഷം നശിച്ചുപോകാതിരിക്കത്തക്കവണ്ണം മരണത്തോടനുബന്ധിച്ച് ജനനവും ജനനത്തിനാവശ്യമായ ലിംഗഭേദവും മനുഷ്യനു നൽകിയത്. ഇങ്ങനെ പാപത്തിന്റെ പരിണതഫലം മരണം. മരണത്തിനുള്ള താല്ക്കാലിക മറുമരുന്ന് ജനനം. മനുഷ്യന്റെ അനുഭവത്തിൽ ജനനവും മരണവും തമ്മിലുള്ള ഇടക്കാലത്തിനാണ് അവൻ കാലമെന്നു പേർ പറയുന്നത്. മനുഷ്യന്റെ പൂർണ്ണവിമോചനം എന്നു പറയുന്നത് കാലികതയിൽനിന്നുള്ള വിമോചനം ആകണം. അതായത് ജനനമരണങ്ങളിൽനിന്നും ലിംഗഭേദത്തിൽ നിന്നുമുള്ള മോചനം.

ഒരു വ്യക്തിയുടെ വീക്ഷണത്തിൽ കാലമെന്നു പറയുന്നത് അവന്റെ ആയുഷ്കാലമാണ്. എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ വീക്ഷണത്തിൽ കാലമെന്നു പറയുന്നതു മനുഷ്യവർഗ്ഗത്തിന്റെ ചരിത്രമാണ്. മനുഷ്യവർഗ്ഗത്തിന്റെ പൂർണ്ണമോചനം ചരിത്രത്തിൽകൂടെ ഉള്ളതായിരുന്നാൽപോലും ചരിത്രത്തിൽ നിന്നുതന്നെ ഉള്ള മോചനം ആയിരിയ്ക്കണം. ചരിത്രം എന്നു പറയുന്നത് ഉത്പത്തിയും സാക്ഷാത്കാരവും തമ്മിലുള്ള അന്തരമാണ്. ഈ അന്തരത്തെ അതിജീവിച്ച് ചരിത്രത്തിന്നതീതമായ ഒരു സാക്ഷാത്കാരമാണ് മനുഷ്യന് ആവശ്യമായിട്ടുള്ളത്.

## യാതൊന്നിൽനിന്നുള്ള സ്വാതന്ത്ര്യവും യാതൊന്നിനായുള്ള സ്വാതന്ത്ര്യവും (Freedom from and freedom for)

വ്യക്തിയായാലും സമൂഹമായാലും, കാലത്തിനുള്ളിലായിട്ടായാലും കാലാതീതമായിട്ടായാലും സ്വാതന്ത്ര്യത്തിനു രണ്ടു വശങ്ങളുണ്ടെന്നു നാം പറയുന്നു. ഒന്നു നിഷേധാത്മകാർത്ഥത്തിൽ നമ്മുടെ സ്വാതന്ത്ര്യത്തെ നിഹനിക്കുന്ന വസ്തുക്കളിൽനിന്നുള്ള സ്വാതന്ത്ര്യം. മറ്റൊന്ന് രചനാത്മകാർത്ഥത്തിൽ, നാം തെരഞ്ഞെടുക്കുന്നതോ ഇച്ഛിക്കുന്നതോ ആയിട്ടുള്ളതിനെ സഫലീകരിക്കുന്നതിനുള്ള ശക്തിയാകുന്ന സ്വാതന്ത്ര്യം. സാധാരണയായി നാം സ്വാതന്ത്ര്യത്തെപ്പറ്റി ചിന്തിക്കുമ്പോൾ ബാന്ധവത്തിൽ നിന്നുള്ള മോചനം എന്നുള്ള നിഷേധാത്മകമായ അർത്ഥമാണ് നമ്മുടെ മനസ്സിൽ പലപ്പോഴുമുള്ളത്. വ്യക്തിയായാലും രാഷ്ട്രമായാലും ബാന്ധവത്തിൽ നിന്നുള്ള മോചനം കൊണ്ടു മാത്രം മനുഷ്യന് സ്വാതന്ത്ര്യമാകുന്ന ഈശ്വരസ്വരൂപം സംസിദ്ധിക്കുന്നില്ല. നന്മയെ തെരഞ്ഞെടുക്കുന്നതിനുള്ള വാസനയും, നന്മ ഏതെന്നു തിരിച്ചറിയുവാനുള്ള വിവേചനയും, തിരിച്ചറിഞ്ഞു തെരഞ്ഞെടുത്ത നന്മയെ സാഫല്യത്തിലെത്തിക്കുവാനുള്ള ശക്തിയും ചേർന്നെങ്കിൽ മാത്രമേ സ്വാതന്ത്ര്യം പൂർണ്ണമാകയുള്ളു.

## സ്വാതന്ത്ര്യത്തിന്റെ ഘടന

സ്വാതന്ത്ര്യത്തിന്റെ രണ്ടു പ്രധാന ഘടകങ്ങൾ വ്യക്തിത്വത്തിൽ നിന്നുള്ള വിമോചനവും മരണാധീനതയിൽ നിന്നുള്ള വിമോചനവും ആണെന്ന് മുകളിൽ പറഞ്ഞല്ലോ. ഗ്രീഗോറിയോസിന്റെ ചിന്തയിൽ സ്വാതന്ത്ര്യത്തിന്റെ മൂന്നാമത്തെ ഘടകത്തിന് 'അപാഥിയ' (apatheia) അല്ലെങ്കിൽ നിഷ്കാമത എന്നു പേർ പറയും. നിഷ്കാമത എന്നുള്ളത് തികച്ചും തൃപ്തികരമായ പരിഭാഷയല്ല. മനുഷ്യനെ നന്മയുടെ പഥത്തിൽ നിന്നു തിന്മയുടെ മാർഗ്ഗത്തിലേയ്ക്കു വ്യതിചലിപ്പിക്കുന്നതൊക്കെയും കാമ (Pathos) മാണ്; സ്റ്റോയിക്കുകളുടെ ചിന്തയിൽ അപാഥിയ എന്ന പദത്തിന് തൃഷ്ണയുടെ അഭാവം എന്നാണ് അർത്ഥം. എന്നാൽ ഗ്രീഗോറിയോസിന്റെ ചിന്താഗതിയിൽ തൃഷ്ണയുടെ അഭാവം കൊണ്ടുമാത്രം കാര്യം നടക്കുകയില്ല. മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത് പദാർത്ഥമയമായ ഈ ലോകത്തേയും പദാർത്ഥേതരമായ ദിവ്യലോകത്തേയും ഒരുമിച്ചാസ്വദിക്കുന്നതിനാണ്. നിഷ്കാമത എന്നതുകൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്നത് ബാന്ധവത്തിൽ വീഴാതെ നന്മയെ ആസ്വദിക്കുന്നതിനുള്ള ശക്തിയേയാണ്. മനുഷ്യന്റെ നിഷ്കാമത എന്നു പറയുന്നത് നിശ്ചലമല്ല; പദാർത്ഥലോകത്തിൽനിന്ന് പൂർണ്ണമായും അതിരിക്തവുമല്ല. പദാർത്ഥലോകത്തേയും പദാർത്ഥേതരലോകത്തേയും ആസ്വദിച്ചു സ്വർഗ്ഗത്തിനും ഭൂമിയ്ക്കും മദ്ധ്യവർത്തിയായി ജീവിക്കുവാനാണ് അവൻ വിളിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യന്റെ സ്വാതന്ത്ര്യമെന്നു പറയുന്നതു പദാർത്ഥലോകത്തിൽ നിന്നും ശരീരപഞ്ജരത്തിൽനിന്നും ഉള്ള പൂർണ്ണമായ വിമുക്തിയല്ല, പ്രത്യുത ബാന്ധവഭയം കൂടാതെ സർവ്വനന്മയേയും ആസ്വദിക്കുന്നതിനുള്ള ശക്തിയാണ്.

സ്വാതന്ത്ര്യത്തിന്റെ പൂർണ്ണതയിങ്കൽ ഗുരുത്വാകർഷണ (gravity) ത്തിന്റേയും മരണത്തിന്റെയും ബാന്ധവത്തിലുള്ള ഇപ്പോഴത്തെ സ്ഥൂലശരീരത്തെ നാം താഴെവയ്ക്കാതെ സാദ്ധ്യമല്ല. എന്നാൽ ശരീരത്തിൽനിന്നുമുള്ള മുക്തിയേക്കാൾ സ്വാതന്ത്ര്യത്തിന്റെ അവശ്യഘടകമായിട്ടുള്ളത് നമ്മെ അങ്ങോട്ടുമിങ്ങോട്ടും പിടിച്ചുവലിക്കുന്ന എല്ലാ ആകർഷക ശക്തികളിൽനിന്നും മോചനം പ്രാപിച്ച് അതേസമയം തന്നെ നിശ്ചലരായി നിൽക്കാതെ നാം ഉദ്ദേശിക്കുന്ന മാർഗ്ഗത്തിൽകൂടെ ചരിക്കുവാനുള്ള സ്വാതന്ത്ര്യമാണ്. കാമം നമ്മെ അടിപ്പെടുത്തിക്കൂടാ. പക്ഷേ, സ്വാതന്ത്ര്യമെന്നു പറയുന്നതിന് കാമത്തിന്റെ അഭാവമെന്നല്ല അർത്ഥം. പ്രത്യുത നമ്മുടെ ആഗ്രഹങ്ങളെ നമ്മുടെ ഇച്ഛാശക്തിക്കനുസരണമായി നിയന്ത്രിക്കുവാനും ഭൗതിക ലോകത്തേയും ആദ്ധ്യാത്മിക ലോകത്തേയും ബാന്ധവം കൂടാതെ ആസ്വദിക്കുവാനുമുള്ള കഴിവ് എന്നാണർത്ഥം.

സ്വാതന്ത്ര്യമെന്നുള്ള പദത്തിന് ഈശ്വരസന്നിധിയിലേക്കു ഭയം കൂടാതെ പ്രവേശിക്കുവാനുള്ള സാദ്ധ്യത എന്നുകൂടെ അർത്ഥമുണ്ട്. ഈശ്വരസവിധത്തിൽ നിന്നും നമ്മെ അകറ്റി നിർത്തുന്ന സംഗതികൾ തിന്മയും കാപട്യവുമാണ്. കളങ്കമില്ലാത്ത മനഃസാക്ഷിയുള്ളവർക്കു മാത്രമേ ധൈര്യപൂർവ്വം ഈശ്വരസന്നിധിയിൽ പ്രവേശിക്കുവാൻ സാധിക്കൂ. കുറ്റബോധത്തിൽനിന്നും തിന്മയിൽ നിന്നുമുള്ള മോചനം കൂടാതെ മനുഷ്യനു

സ്വതന്ത്രനാകുവാൻ സാദ്ധ്യമല്ല. ആകാംക്ഷയിൽ നിന്നും വ്യാകുലത്തിൽ നിന്നും വിമുക്തരായി ശിക്ഷാഭയം കൂടാതെ ഈശ്വര സവിധത്തിൽ ആടിപ്പാടി ആനന്ദിക്കുന്നതാണു സ്വാതന്ത്ര്യത്തിന്റെ പരമ പ്രകടനം. പാപം ചെയ്ത ആദാമും ഹവ്വായും ഈശ്വരൻ അവരെ അന്വേഷിച്ചു വരുമ്പോൾ ഓടി ഒളിക്കേണ്ടതായി വരുന്നു. ഈശ്വരനിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ ഒളിക്കുവാൻ ആവശ്യമില്ലാത്ത ഒരു സ്ഥിതിവിശേഷത്തിനാണ് സ്വാതന്ത്ര്യമെന്നു പറയുന്നത്. തികഞ്ഞ സ്വാഭാവികതയോടെ ആനന്ദനൃത്തം ചെയ്തു മുഷിച്ചിലും അല്ലലും ഇല്ലാതെ അനുസ്യൂതമായി പ്രസരിക്കുന്ന അനന്തമായ ആനന്ദത്തെയാണ് മനുഷ്യസ്വാതന്ത്ര്യമായി നിസ്സായിലെ ഗ്രീഗോറിയോസ് വിവക്ഷിക്കുന്നത്.

ഇവിടെ ഒരു പ്രശ്നം ഉദിക്കുന്നുണ്ട്. ഈശ്വരൻ പ്രകൃത്യാ അപ്രാപ്യനും അജ്ഞേയനും ആണെങ്കിൽ മനുഷ്യനെങ്ങനെയാണു ആ സന്നിധാനത്തിലേയ്ക്കു പ്രവേശിക്കുക? പൗരസ്ത്യ ക്രിസ്തീയ ദർശനത്തിന്റെ ചില പ്രത്യേകതകൾ ഇവിടെയാണു വെളിപ്പെടുന്നത്. ഒന്നാമത്: ഈശ്വരസന്നിധാനം എന്നു പറയുന്നത് അങ്ങു ദൂരെ ലോകത്തിന്നതീതമായ ഒരു സ്ഥലത്തുള്ളതല്ല. ഈ പ്രപഞ്ചത്തിൽ തന്റെ ഇച്ഛാശക്തി മൂലം അന്തർയ്യാമിയായി സന്നിഹിതനായിരിക്കുന്ന ഈശ്വരൻ മനുഷ്യന്റെ അന്തസ്സത്തയിലും സന്നിഹിതനാണ്. ഈശ്വരദർശനം എന്നു പറയുന്നത് ഈശ്വരമുകുരമായ മനുഷ്യൻ തിന്മയിൽനിന്നും വഞ്ചനയിൽ നിന്നും അജ്ഞാനത്തിൽ നിന്നും മോചനം പ്രാപിച്ച് ഈശ്വര സാരൂപ്യം പ്രാപിക്കുമ്പോൾ മനുഷ്യൻ തന്നെ ഈശ്വരനെ പ്രതിബിംബിപ്പിക്കുന്നതിൽ നിന്നാണുണ്ടാകുന്നത്. രണ്ടാമത്: സത്തയിൽ ഈശ്വരൻ അജ്ഞേയനാണെങ്കിലും, തന്റെ ശക്തി (power, energia) യിലും ക്രിയയിലും (act) അവന്റെ സന്നിധിയിൽ പ്രവേശിപ്പാനും ഈശ്വരനെ അറിയുവാനും മനുഷ്യനു സാധിയ്ക്കും.

### കർത്തൃത്വത്തിൽ കൂടെയുള്ള സ്വാതന്ത്ര്യം

ഇതുവരെ പ്രതിപാദിച്ചത് മനുഷ്യന് ഈശ്വരനോടുള്ള ബന്ധത്തിൽ കൂടെയുള്ള സ്വാതന്ത്ര്യാനുഭവത്തെക്കുറിച്ചാണ്. ഇനി പ്രതിപാദിക്കുവാനുള്ളത് സൃഷ്ടിയുടെ നാഥനും നന്മയുടെ കർത്താവും എന്ന നിലയിൽ മനുഷ്യനുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചാണ്. മനുഷ്യപ്രകൃതി സൃഷ്ടിയിങ്കൽതന്നെ രാജകീയമാണ്. ഈശ്വരൻ പ്രഭുവാണ്. അവന്റെ സ്വരൂപമായ മനുഷ്യനും പ്രഭു തന്നെ. അല്ലാതെ ദാസനല്ല. സർവ്വ പ്രപഞ്ചത്തിന്റേയും അധിപനാകുവാൻ വേണ്ടിയാണു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളതെന്നു ഗ്രീഗോറിയോസ് വാദിക്കുന്നു. ഇതേപ്പറ്റി അദ്ദേഹം പറയുന്നത് മനുഷ്യന്റെ മനസ്സു മാത്രമല്ല അവന്റെ ശരീരം കൂടെ ഈ രാജത്വത്തിന് ഉതകത്തക്കവണ്ണമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നാണ്. മൃഗങ്ങൾ തങ്ങളുടെ മുൻകാലുകൾ ഉപയോഗിക്കുന്നത് അവയുടെ താഴ്ത്തപ്പെട്ട തല താങ്ങാനാണ്. മനുഷ്യനാകട്ടെ തല താഴ്ത്താതെ ഉയർത്തിപ്പിടിച്ച് രണ്ടു കാലുകളിന്മേൽ മാത്രം സഞ്ചരിക്കുന്നു. അവന്റെ മുൻകാലുകളായ കൈകൾ മനസ്സിന്റെ ഇച്ഛയെ അനുവർത്തിക്കുന്ന ഉപകരണങ്ങളായി മാറുന്നു. മൃഗങ്ങളുടെ വായും നാക്കും മൂക്കും ഒക്കെ ഉപയോഗിക്കുന്നത് ഭക്ഷണം മണത്തറിഞ്ഞു

കണ്ടുപിടിച്ച് ചുണ്ടും നാക്കുംകൊണ്ട് പെറുക്കി എടുത്ത് വായ്ക്കകത്താക്കാനാണ്. മനുഷ്യനാകട്ടെ അവന്റെ വായും ചുണ്ടും നാവുമൊക്കെ ഭാഷയെ ഉത്പാദിപ്പിക്കുവാനും, ഭാഷ മൂലം മനസ്സിന്റെ ശക്തിയേയും മനുഷ്യർ തമ്മിലുള്ള പരസ്പരബന്ധത്തേയും വർദ്ധിപ്പിക്കുവാനും ഉപയോഗിക്കുന്നു.

മൃഗങ്ങൾക്ക് കൊമ്പുണ്ട്, പല്ലുണ്ട്, നഖമുണ്ട്, വേഗതയുണ്ട്, ശക്തിയുണ്ട്. മനുഷ്യന് ഇവയൊന്നുമില്ല. പക്ഷേ, അതൊരു ബലഹീനതയല്ല. കാരണം സ്വാഭാവികമായി അവനില്ലാത്ത ശക്തികളെ തന്റെ ചിന്താശക്തി കൊണ്ട് ഉത്പാദിപ്പിക്കുവാൻ മനുഷ്യനു കഴിയുന്നു. ആയുധങ്ങളും ഉപകരണങ്ങളും വസ്ത്രങ്ങളും വാഹനങ്ങളുമൊക്കെ ഉണ്ടാക്കി മനുഷ്യൻ മൃഗങ്ങളുടെയും നാഥനായിത്തീരുന്നു. ഇതെല്ലാം മനുഷ്യ സ്വാതന്ത്ര്യത്തിന്റെ ഒരു പ്രകടനം തന്നെയാണ്. സ്ഥൂലപ്രപഞ്ചത്തിൽനിന്നു വിമുക്തനായി പരമാത്മാവോടു ചേരുന്നതിൽ മാത്രമല്ല മനുഷ്യന്റെ സ്വാതന്ത്ര്യം കിടക്കുന്നത്. പ്രത്യുത സ്ഥൂലപ്രപഞ്ചത്തിലുള്ള വസ്തുക്കളേയും ജീവികളേയും കീഴടക്കി അവയെ ശരിയായി ഭരിക്കുന്നതിലും കൂടെയാണ് മനുഷ്യന്റെ സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നത്.

പക്ഷേ, ഇങ്ങനെ ഭരിക്കുന്നതു നിഷേധാത്മകമായ രീതിയിലോ സമാധാനപാലനം എന്ന അർത്ഥത്തിലോ എടുത്തുകൂടാ. പ്രകൃതിയെ കീഴടക്കുന്നത് അതിൽതന്നെ സ്വാതന്ത്ര്യമാകുന്നില്ല.

ഈശ്വരൻ സർവ്വ നന്മയുടേയും കേദാരമാണ്; ഈശ്വരസ്വരൂപമായ മനുഷ്യനും അങ്ങനെ തന്നെയാണ്. സൃഷ്ടിയെ മനുഷ്യൻ കീഴടക്കുന്നതു നന്മയെ ഉത്പാദിപ്പിക്കുവാൻ വേണ്ടിയാണ്. സയൻസും ടെക്നോളജിയും കൊണ്ട് ലോകത്തെ കീഴടക്കിയതുകൊണ്ടു മാത്രം മനുഷ്യൻ മനുഷ്യനാകുന്നില്ല. പ്രപഞ്ചത്തിലുള്ള വസ്തുക്കളേയും ജീവികളേയും ഉപയോഗിച്ചു പുതിയ നന്മകളെ സൃഷ്ടിച്ച് ഈശ്വരസ്വഭാവമാകുന്ന നന്മയുടെ പ്രകടനത്തിനായി പ്രകൃതിയെ ഉപയോഗിക്കുവാൻ മനുഷ്യനു കഴിയുമ്പോഴേ മനുഷ്യൻ പൂർണ്ണമായും സ്വതന്ത്രനാകുവാൻ ആരംഭിക്കുകയുള്ളു.

ഈശ്വരൻ നന്മയാണ്; പ്രകൃതി നന്മയുമല്ല തിന്മയുമല്ല. മനുഷ്യന് നന്മയും തിന്മയും സാദ്ധ്യതകളാണ്. ഈശ്വരന്റെ നന്മയെ പ്രകൃതിയിൽ കൂടെ പ്രദർശിപ്പിക്കുന്നതിലാണ് മനുഷ്യന്റെ സൃഷ്ടിപരമായ നന്മ കാണേണ്ടത്.

ഈശ്വരൻ തന്റെ സ്വാതന്ത്ര്യത്തിൽ നന്മയെ സൃഷ്ടിക്കുന്നു. മനുഷ്യനും നന്മയെ സൃഷ്ടിക്കുന്നതു മൂലമാണ് യഥാർത്ഥത്തിൽ ഈശ്വരസ്വരൂപനും സ്വതന്ത്രനുമായിത്തീരുന്നത്.

(കേരളാ ദാർശനിക സമിതി 'സ്വാതന്ത്ര്യം' എന്ന വിഷയത്തെക്കുറിച്ച് നടത്തിയ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം, *സ്വാതന്ത്ര്യം: ദാർശനിക ദൃഷ്ടിയിൽ*, എഡി. ആൽബർട്ട് നമ്പ്യാപറമ്പിൽ, ജനത ബുക്സ്, തേവര, 1970)

# 6

# നാളത്തെ സമൂഹം

ദാർശനികരീത്യാ ചിന്തിയ്ക്കുമ്പോൾ നാളത്തെ സമൂഹത്തെക്കുറിച്ച് ഉദിയ്ക്കുന്ന ചില പ്രാഥമിക ചോദ്യങ്ങളെ ഉന്നയിയ്ക്കുക മാത്രമാണ് ഈ ലഘുപ്രബന്ധത്തിന്റെ ഉദ്ദേശ്യം. പ്രശ്നത്തെ കൈകാര്യം ചെയ്യുന്ന രീതിയെ സംബന്ധിയ്ക്കുന്ന (methodological) ചോദ്യങ്ങളെ ആദ്യം അഭിമുഖീകരിച്ചില്ലെങ്കിൽ പ്രശ്നങ്ങൾക്കു നൽകുന്ന സമാധാനം മൗലികമായിത്തന്നെ തെറ്റിപ്പോകാൻ വഴിയുണ്ട്.

ഒന്നാമത്തെ പ്രശ്നം നാളത്തെ സമൂഹം എന്നു പറയുന്നത് ഒരു കെട്ടിടം പണിയുകയോ ഒരു പാലമോ ഡാമോ തീർക്കുകയോ ചെയ്യുന്നതുപോലെ എഞ്ചിനീയറന്മാർ ഒരുമിച്ചിരുന്ന് ഏട്ടിൽ വരച്ചിട്ട് കൺട്രാക്റ്റ് കൊടുത്തു പണിയിയ്ക്കാവുന്ന ഒരു സാധനമാണോ എന്നുള്ള വിഷയമാണ്. സമൂഹം എന്നു പറയുന്നത് മനുഷ്യർ വിഭാവനം ചെയ്ത് സൃഷ്ടിയ്ക്കുന്ന ഒരു വസ്തുവാണോ? അതോ ചെടികളും മറ്റും നടുന്നതുപോലെ ശരിയായ വിത്ത് വിതച്ച് വേണ്ട വെള്ളവും വളവും കൊടുത്താൽ താനേ വളർന്നുവരുന്ന സംഗതിയാണോ? അതോ കോഴിയെ വളർത്തുന്നതുപോലെ കുറെ മുട്ട വിരിയുവാൻവച്ച് കോഴിക്കുഞ്ഞ് വിരിഞ്ഞു കഴിയുമ്പോൾ കൂടുകെട്ടി വേണ്ട ഭക്ഷണവും കൊടുത്ത് രോഗങ്ങൾക്കെതിരായുള്ള കുത്തിവയ്പുമെല്ലാം കഴിച്ച് വളർത്തിക്കൊണ്ടു വരാവുന്ന ഒരു സാധനമാണോ? ഡാമായാലും മരമായാലും ജീവജാലസമൂഹമായാലും മനുഷ്യന്റെ അറിവിന്നും അടവുകൾക്കും വിധേയമായ വസ്തുക്കളെ പ്രകൃതിനിയമങ്ങളനുസരിച്ച് വളർത്തിയെടുക്കുക എന്നത് നമുക്കു സാധിയ്ക്കുന്ന കാര്യമാണ്. അതുപോലെയാണോ സമൂഹം കെട്ടിപ്പടുക്കുന്നത്? പ്രഥമദൃഷ്ട്യാ ചില വ്യത്യാസങ്ങളൊക്കെയുണ്ടെന്ന് ആർക്കും കാണാവുന്നതാണ്. ഒന്നാമത്, ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്ന് നാളത്തെ സമൂഹത്തെ കെട്ടിപ്പടുക്കുകയല്ല, ഇന്നുള്ള സമൂഹത്തെ നാം വിഭാവനം ചെയ്യുന്ന രീതിയിലുള്ള നാളത്തെ സമൂഹമായി പരിവർത്തനം ചെയ്യിച്ചെടുക്കുകയാണല്ലോ കർത്തവ്യം. നാളെയുടെ ആകൃതി മാത്രമറിഞ്ഞാൽപ്പോരാ ഇന്നത്തേതിൽനിന്ന് നാളത്തേതിലേക്ക് മാറുവാനുള്ള മാർഗ്ഗംകൂടി അറിയണം. ഇന്നുള്ളതിന്റെ ഒരു പരിവർത്തിതരൂപമായിട്ടു മാത്രമേ നാളത്തേതിനെ വിഭാവനം ചെയ്യുവാൻ സാധിക്കൂ. രണ്ടാമത്തെ പ്രശ്നം കല്ലും കുമ്മായവും പോലെയൊ വിത്തും വളവും പോലെയൊ മുട്ടയും കോഴിത്തീറ്റയും പോലെയൊ മനുഷ്യജ്ഞാനത്തിന്നും മനുഷ്യന്റെ കൈകാര്യത്തിനും വിധേയമാകുന്ന വസ്തുവല്ല മനുഷ്യൻ എന്നു പറയുന്നത്. സ്വാതന്ത്ര്യമുള്ള ജീവിയാണ് മനുഷ്യൻ. അവൻകൂടെ സമ്മതിച്ചെങ്കിലേ അവനെ പരിവർത്തനം ചെയ്യിക്കാനാവൂ. കോഴി വളർത്തുന്നതിൽ കോഴിയുടെ സഹകരണം കിട്ടുന്നതിനേക്കാൾ കുറെക്കൂടി പ്രയാസവും, കുറെക്കൂടെ ആവശ്യവും ആണ് സമൂഹപരിവർത്തനത്തിന് സമൂഹാംഗ

ങ്ങളുടെ സഹകരണം സിദ്ധിയ്ക്കുകയെന്നത്.

**ഭവ്യവിജ്ഞാനീയം**

പാശ്ചാത്യരാജ്യങ്ങളിൽ അടുത്ത കാലത്ത് ഉടലെടുത്തിട്ടുള്ള ഒരു നവീന ശാസ്ത്രമാണ് Futurology അഥവാ ഭവ്യവിജ്ഞാനീയം എന്നു പറയുന്നത്. ഏതെങ്കിലും ഒരു സമൂഹത്തിന്റെ ഇന്നത്തെ സ്ഥിതിയും സാദ്ധ്യതകളും അറിയാമെങ്കിൽ, നാളത്തെ സമൂഹം ഏതു തരത്തിലായിരിക്കാമെന്നുള്ളതിനെക്കുറിച്ച് പരിമിതമായ, വിരലിലെണ്ണാവുന്ന, സാദ്ധ്യതാസംഹിതകൾ മാത്രമേയുള്ളുവെന്നും, ഈ സാദ്ധ്യതാസംഹിതകളെ കമ്പ്യൂട്ടർകൊണ്ട് കണക്കാക്കിയെടുക്കാമെന്നുമാണ് ഈ ശാസ്ത്രത്തിന്റെ ഭാവം. പാശ്ചാത്യ രാജ്യങ്ങളിലും ഐക്യരാഷ്ട്രമണ്ഡലങ്ങളിലും വളരെയധികം കോളിളക്കങ്ങൾ ഉണ്ടാക്കിയ ഒരു ഗ്രന്ഥമാണ് *വികസനത്തിന്റെ പരിമിതികൾ* അഥവാ The Limits to Growth എന്ന ലഘുഗ്രന്ഥം. അമേരിക്കയിലെ മാസച്യുസറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി 1970-ൽ ഗവേഷണം ആരംഭിച്ച മനുഷ്യവർഗ്ഗത്തിന്റെ പരിതസ്ഥിതി (Predicament of Mankind) എന്ന പ്രോജക്ടിന്റെ ആദ്യത്തെ റിപ്പോർട്ടാണ് ഈ ഗ്രന്ഥം. മനുഷ്യവർഗ്ഗത്തിന്റെ ഭാവിയെക്കുറിക്കുന്ന അഞ്ചു വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള സ്ഥിതിവിവരണക്കണക്കുകൾ ഒരു കമ്പ്യൂട്ടറിൽ പ്രോഗ്രാം ചെയ്തു ഈ ഉപഗ്രഹത്തിലെ മനുഷ്യവർഗ്ഗത്തിന്റെ ഭാവിയെക്കുറിച്ചുള്ള സാദ്ധ്യതകളെ കണക്കാക്കുന്നതാണ് ഈ റിപ്പോർട്ട്. ജനസംഖ്യ, കാർഷികവിഭവങ്ങളുടെ ഉൽപ്പാദനം, പ്രകൃതിവിഭവങ്ങളുടെ ലഭ്യത, വ്യാവസായിക ഉൽപ്പാദനം, പരിസര മലിനീകരണം എന്നിങ്ങനെ അഞ്ചു കാര്യങ്ങളാണ് കണക്കിലെടുത്തത്. ലോകത്തിന്റെ ഭാവിയെക്കുറിച്ചുള്ള ആറേഴു വ്യത്യസ്ത മാതൃകകളെ പരിശോധിച്ചു നോക്കിയതിൽ നിലനിന്നുപോകുവാൻ സാധ്യതയുള്ള ഏക മാതൃക മാത്രമേയുള്ളുവെന്നായിരുന്നു അന്താരാഷ്ട്രീയ പണ്ഡിതന്മാരുടെ ഈ സംഘത്തിന്റെ ദൃഢമായ നിഗമനം.

ലോകജനസംഖ്യയും ലോകസാമ്പത്തിക വികസനവും ഇനിയൊരിക്കലും വർദ്ധിക്കാത്ത വിധത്തിൽ നിയന്ത്രിക്കപ്പെടുന്ന ഒരു ലോകത്തിന്നു മാത്രമേ ഈ ശതാബ്ദത്തിന്റെ അന്ത്യത്തെ അതിജീവിക്കുവാൻ സാധിക്കയുള്ളുവെന്നതാണ് ഈ പ്രാഥമിക റിപ്പോർട്ടിന്റെ ചുരുക്കമായ ഉള്ളടക്കം. 1972 ൽ ഈ ഗ്രന്ഥം പ്രസിദ്ധം ചെയ്തതിനുശേഷം അതേക്കുറിച്ച് അന്താരാഷ്ട്രമണ്ഡലങ്ങളിലുണ്ടായിട്ടുള്ള വിമർശനങ്ങളെ കണക്കിലെടുത്തുകൊണ്ട് രണ്ടാമതൊരു ഗവേഷണം നടക്കുകയും അതിന്റെ ഫലം ഈ വർഷത്തിൽ പ്രസിദ്ധം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ ഗവേഷണ റിപ്പോർട്ടിനെതിരായി ഉണ്ടായ ഏറ്റവും നിശിതമായ വിമർശനം സാമ്പത്തിക വികസനത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിയിട്ടുള്ള ലോകവിഭാഗങ്ങളെ വെവ്വേറെ കണക്കിലെടുക്കാതെ, ലോകത്തെ മുഴുവനും കൂടെ ഒറ്റ യൂണിറ്റായി കണക്കിലെടുത്തു എന്നുള്ളതായിരുന്നു. രണ്ടാമത്തെ റിപ്പോർട്ടിലാകട്ടെ, വികസിത രാഷ്ട്രങ്ങളെയും വികസ്വരരാഷ്ട്രങ്ങളെയും വികസനത്തിന്റെ മാത്രയനുസരിച്ച് പല ഗ്രൂപ്പുകളായി തരംതിരിച്ചുകൊണ്ട് ലോകത്തിന്റെ ഭാവിസാദ്ധ്യതകളെ നിർണ്ണയിക്കുവാനാണ്

ഉദ്യമിച്ചിട്ടുള്ളത്. വികസിത രാഷ്ട്രങ്ങളിൽ പലതും ആവശ്യത്തിലധികം വികസിച്ചു പോയിട്ടുള്ളതുകൊണ്ട് വിവികസനം അഥവാ De-development ഉണ്ടായെങ്കിൽ മാത്രമേ ലോകത്തിന്റെ ഭാവി സുക്ഷിതമാകയുള്ളു എന്നും വികസ്വരരാഷ്ട്രങ്ങളുടെ വികസനത്തിനുള്ള താമസവും വികസിതരാഷ്ട്രങ്ങളുടെ ആവശ്യത്തിൽ കവിഞ്ഞുള്ള വികസനവും തമ്മിൽ അടുത്ത ബന്ധമുണ്ടെന്നും ഈ ഗവേഷണംകൊണ്ട് തെളിഞ്ഞിരിയ്ക്കുന്നു.

## ഭാരതത്തിലെ മനുഷ്യവർഗ്ഗത്തിന്റെ ഭാവി

ഒരു രാഷ്ട്രത്തിൽ പ്രതിവർഷം ഉണ്ടാകുന്ന കാർഷിക വ്യവസായിക ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ആകെത്തുകയാകുന്ന Gross National Product അഥവാ G.N.P. എന്ന മാത്രയാണ് രാഷ്ട്രങ്ങളുടെ വികസനത്തെ അളക്കുവാൻ ഈ അടുത്ത കാലം വരെ ഉപയോഗിച്ചു വന്നിരുന്നത്. ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ആകെത്തുക വർദ്ധിപ്പിക്കുന്നതിനോടൊപ്പംതന്നെ അവയുടെ വിതരണത്തിൽ നീതി പുലർത്തുകയെന്നുള്ളത് കൂടെ നടന്നെങ്കിലേ വികസനം കൊണ്ട് പാവപ്പെട്ടവന് പ്രയോജനം ഉണ്ടാവുകയുള്ളു. വിതരണത്തിലുള്ള നീതിയെ അളക്കുവാൻ G.N.P. എന്ന അളവുകോൽ കൊണ്ടു സാദ്ധ്യമല്ല. വിതരണനീതി കൂടി അളക്കാവുന്ന അളവുകോൽ ഉണ്ടാക്കുന്ന പ്രശ്നം ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധയെ ആകർഷിയ്ക്കുവാൻ തുടങ്ങിയിട്ട് വർഷങ്ങൾ പലതായിട്ടുണ്ടെങ്കിലും തികച്ചും തൃപ്തികരമായ ഒരു ഉപകരണം ഇതുവരെ ഉടലെടുത്തിട്ടില്ല. ഉൽപ്പാദന മാധ്യമങ്ങളുടെ ഉടമയും നിയന്ത്രണവും ചുരുക്കം ചില മുതലാളിമാരുടെ കയ്യിലാണോ, ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടെ കയ്യിലാണോ, മഹാജനങ്ങളുടെ സ്വാധീനത്തിലാണോ എന്നുള്ള കാര്യവും G.N.P. എന്നുള്ള അളവുകോൽ കൊണ്ട് അറിയുവാൻ സാദ്ധ്യമല്ല.

ഭാരതത്തിലുണ്ടായിട്ടുള്ള വികസനത്തെ, അന്താരാഷ്ട്രീയമണ്ഡലങ്ങളിൽ ഇന്നലെവരെ വിലയിരുത്തിയിരുന്നത് G.N.P. എന്ന അളവുകോൽ കൊണ്ടു മാത്രമായിരുന്നതുകൊണ്ട് താരതമ്യേന പിന്നോക്കം കിടക്കുന്നവരുടെ കൂട്ടത്തിലാണ് വ്യാവസായിക വികസനത്തിൽ ലോകത്തിലെ നൂറിൽപ്പരം രാഷ്ട്രങ്ങളിൽ അഞ്ചാം സ്ഥാനമുള്ള ഇന്ത്യയെ മറ്റുള്ളവർ കണക്കാക്കുന്നത്. വിതരണനീതിയിലും ജനസംഖ്യാനുപാതികമായ ഉൽപ്പാദനത്തിലും നമ്മുടെ സ്ഥിതി വേണ്ടത്ര മെച്ചപ്പെട്ടിട്ടില്ലെന്നതാണ് പരമാർത്ഥം. ഇത് രണ്ടും ഭേദപ്പെടാതെ നിവൃത്തിയില്ല.

പക്ഷേ, അതിനേക്കാൾക്കവിഞ്ഞ ഒരു പ്രശ്നം നമ്മെ അഭിമുഖീകരിക്കുന്നില്ലേ എന്ന് ചിന്തിയ്ക്കേണ്ടുന്നത് ആവശ്യമാണ്. എല്ലാവർക്കും ഉണ്ണാനും ഉടുക്കാനും കിടക്കാനും പഠിക്കാനും ഉള്ള സാദ്ധ്യതകൾ ഒരു പരിധി വരെ ഉണ്ടാവുകയെന്നുള്ളത് ആവശ്യമെന്ന് നിസ്സംശയമാണ്. പക്ഷേ സാമ്പത്തിക വികസനത്തിൽ വികസിതരാഷ്ട്രങ്ങളുടെ ഒപ്പമെത്തുക എന്നുള്ള രാഷ്ട്രീയലക്ഷ്യം വഹിച്ചുകൊണ്ടുള്ള പദ്ധതികളെ നാം ആവിഷ്കരിക്കുന്നത് എത്രമാത്രം ബുദ്ധിപൂർവ്വകമായിരിയ്ക്കുമെന്ന് ചിന്തിച്ചില്ലെങ്കിൽ കുഴപ്പമുണ്ട്. ഉദാഹരണമായിട്ട് സ്വീഡൻ പോലുള്ള ഒരു രാഷ്ട്രത്തെ നമുക്കെടുക്കാം. ഗർഭപാത്രം മുതൽ ശവകുടീരം വരെയുള്ള

സ്ഥിതിസമത്വം (Socialism from womb to tomb) എന്ന് സ്വീഡീഷ് സോഷ്യ ലിസത്തെ വിശേഷിപ്പിക്കാറുണ്ട്. സ്വീഡനിൽ പാവപ്പെട്ടവരില്ല. ഉൽപ്പാദനം വേണ്ടത്രയുണ്ട്. വിതരണത്തിൽ നീതിയും ഏറെക്കുറെയുണ്ട്. അതേസ മയംതന്നെ ആത്മഹത്യകളുടേയും ആൽകോഹോളിസത്തിന്റെയും Drug addiction ന്റെയും അനുപാതം അനുദിനം വർദ്ധിച്ചുവരുന്നുവെന്നു മാത്ര മല്ല, മനുഷ്യന് മറ്റു മനുഷ്യരെക്കൊണ്ടുള്ള ആവശ്യം കുറയുന്നതോടു കൂടെ മാനുഷികബന്ധങ്ങളുടെ ശിഥിലീകരണവും തൽഫലമായ വിമാ നുഷീകരണവും (De-humanisation) വർദ്ധിച്ചുവരുന്നതായിട്ടാണ് കാണു ന്നത്. നാമും സ്ഥിതിസമത്വവും ഒക്കെ അന്വർത്ഥമാക്കിത്തീർത്ത്, വിതര ണത്തിൽ നീതിയും പുലർത്തി സ്വീഡൻകാരെപ്പോലെ ആയിക്കഴിഞ്ഞ ശേഷം അതിൽനിന്നുണ്ടാകുന്ന മറ്റു പ്രശ്നങ്ങളെക്കുറിച്ച് പരിചിന്തനം ചെയ്താൽ മതിയോ അതോ സ്വീഡീഷ് സോഷ്യലിസത്തിന്റെ ലക്ഷ്യ ദർശനത്തിൽ പാകപ്പിഴ വല്ലതും വന്നുപോയിട്ടുണ്ടോ എന്നു ഇപ്പോൾ തന്നെ പരിശോധിയ്ക്കേണ്ട ആവശ്യമുണ്ടോ?

### നാളത്തെസമൂഹം: മൂലതത്വങ്ങൾ

ഭാരതത്തോട് വലിയ മൈത്രിയൊന്നും കാണിക്കാത്ത, നമ്മുടെ അയ ൽക്കാരി ചൈനയുടെ ചരിത്രത്തിൽ അടുത്തകാലത്ത് ഉണ്ടായിട്ടുള്ളതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതുമായ ഒരു വിവാദവിഷയമാണ്, രാഷ്ട്രീയപദ്ധതിയിൽ പ്രഥമസ്ഥാനം നൽകേണ്ടത്, ഉൽപ്പാദനമാത്ര വർദ്ധി പ്പിയ്ക്കുന്നതിനാണോ, ഉൽപ്പാദനപ്രക്രിയയുടെ ഉദ്ദേശ്യത്തിൽ വ്യത്യാസം വരുത്തി മഹാജനങ്ങളുടെ മനഃപരിവർത്തനം വരുത്തുന്നതിന്നാണോ എന്നുള്ള ചോദ്യം. മഹാജനങ്ങൾ ഉൽപ്പാദന പ്രക്രിയകളിൽ ഏർപ്പെടു ന്നത് ലാഭതൃഷ്ണ കൊണ്ടും സ്വാർത്ഥത്തെ അല്ലെങ്കിൽ സ്വന്തസുഖത്തെ ആരായുന്നതുകൊണ്ടും ആണെങ്കിൽ ഉൽപ്പാദനം എത്ര തന്നെ വർദ്ധി ച്ചാലും വിതരണത്തിൽ എത്ര തന്നെ നീതി ഉണ്ടായിരുന്നാലും മനുഷ്യൻ മനുഷ്യനായി വളരുവാൻ സാധിയ്ക്കുകയില്ലെന്നുള്ളതാണ് ഇരുപതാം ശതാബ്ദത്തിലെ ഉന്നത ദാർശനികന്മാരിലൊരാളായ മാവോ - സെ - തുംഗിന്റെ ഉപദേശം. അതുപോലെ തന്നെ പ്രാധാന്യമുള്ള മറ്റൊരു സംഗ തിയാണ് നേതാക്കന്മാരും നയിക്കപ്പെടുന്നവരും തമ്മിലുള്ള ബന്ധവും, പ്രത്യേകിച്ച് രാജ്യത്തെ വികസനശ്രമങ്ങളിൽ ഗവൺമെന്റ് ഉദ്യോഗസ്ഥ ന്മാർക്കുള്ള പ്രത്യേക മനോഭാവവും.

വ്യക്തിപരമായ ലാഭമോഹത്തെ വിപാടനം ചെയ്യാതെ, ഓരോ വ്യക്തി യ്ക്കും സ്വാർത്ഥത്തിന് വേണ്ടിയല്ല സാമൂഹ്യസേവനത്തിനു വേണ്ടി, വേല ചെയ്യാനുള്ള പ്രചോദനം നൽകാതെ, ഭാരതത്തിൽ ദാരിദ്ര്യം വിപാടനം ചെയ്ത് വിതരണനീതി പുലർത്തിയതുകൊണ്ടു മാത്രം മനുഷ്യന്റെ മനു ഷ്യത്വം പുലർത്തുന്ന നാളത്തെ സമൂഹം കെട്ടിപ്പടുക്കാനാവില്ലെന്ന് നിശ്ച യമാണ്. ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടേയും ഉദ്ദേശ്യം ശമ്പളമോ കൈക്കൂലിയോ വാങ്ങി സ്വന്തവരുമാനം വർദ്ധിപ്പിയ്ക്കുകയെന്നുള്ളതാ ണെങ്കിൽ അങ്ങനെയൊരു ഗവൺമെന്റിന് മാനുഷികതയുള്ള നാളത്തെ സമൂഹം കെട്ടിപ്പടുക്കുവാൻ സാധിക്കയില്ലെന്നുള്ളത് നമുക്കിന്നും ബോദ്ധ്യ

മായിട്ടില്ലെന്നു തോന്നുന്നു.

അതേപ്പറ്റി ചിന്തിയ്ക്കുമ്പോൾ ഉദിയ്ക്കുന്ന പ്രധാന പ്രശ്നം, മനുഷ്യ സമൂഹത്തിൽ രാഷ്ട്രത്തിന് അഥവാ ഗവൺമെന്റിന് ഉള്ള സ്ഥാനമെന്തെന്നുള്ളതാണ്. ഇത് സംബന്ധിച്ച് തന്റെ ചെറുപ്പകാലത്ത് (1843-ൽ) കാറൽ മാർക്സ് എഴുതിയിട്ടുള്ള ചില പ്രബന്ധങ്ങൾ ഇന്നും ചിന്തോദ്ദീപകങ്ങളാണ്. ഹേഗലിന്റെ രാഷ്ട്രദർശനത്തെ വിമർശിച്ചുകൊണ്ട് അദ്ദേഹമെഴുതിയ ഈ പ്രബന്ധങ്ങളിൽ പലതും ഹേഗൽ സ്പെഷലിസ്റ്റുകൾക്ക് മാത്രം താല്പര്യമുള്ളവയാണ്. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ളത് ഇന്നത്തെ രാഷ്ട്രമീമാംസയിൽ പലരും അടിസ്ഥാനമായി കരുതുന്ന ചില തത്വങ്ങളെ മാർക്സ് ചോദ്യം ചെയ്യുന്നുവെന്നുള്ളതത്രെ.

സ്റ്റേറ്റ് അല്ലെങ്കിൽ ഗവൺമെന്റ് എന്ന് പറയുന്നത് വ്യക്തികളുടെ സ്വകാര്യതാല്പര്യങ്ങൾക്കും സ്വന്ത അവകാശങ്ങൾക്കും ഉപരിയായുള്ളതും എന്നാൽ അതേസമയം തന്നെ എല്ലാ വ്യക്തികളുടെയും പൊതുവായ താല്പര്യങ്ങളെ ഉൾക്കൊള്ളുന്നതു മൂലം പ്രത്യേക വ്യക്തിതാല്പര്യങ്ങളെ പൊതുതാല്പര്യങ്ങളുമായി അനുരഞ്ജിപ്പിയ്ക്കത്തക്കവിധം വ്യക്തികൾക്ക് അവകാശങ്ങൾക്കനുസൃതമായ ചുമതലകളും നല്കുന്നതുമായ ഒരു പൊതു യാഥാർത്ഥ്യമാണെന്നാണ് ഹേഗലിന്റെ നിർവചനം. അതായത് സമൂഹത്തിൽ യഥാർത്ഥ സ്വാതന്ത്ര്യം പുലർത്തണമെങ്കിൽ വ്യക്തികളുടേയും കുടുംബങ്ങളുടേയും സ്വകാര്യ താല്പര്യങ്ങളും അവരുടെ പൊതുതാല്പര്യങ്ങളും തമ്മിൽ അനുരഞ്ജിപ്പിയ്ക്കുന്ന ഒരു വ്യവസ്ഥിതിയുണ്ടാകണമെന്ന് ചുരുക്കം. സ്വകാര്യതാല്പര്യങ്ങളെ സംരക്ഷിയ്ക്കുന്ന നിയമങ്ങൾ പൊതു താല്പര്യവിരുദ്ധമാകരുതല്ലോ. രണ്ടും തമ്മിൽ പൊരുത്തമില്ലാതെ വന്നാൽ പൊതുതാല്പര്യത്തിന് മാത്രം പരിഗണന കൊടുത്തിട്ട്, കുറേപ്പേരുടെ സ്വകാര്യ താല്പര്യത്തെ അവഗണിയ്ക്കാമെന്നൊരു വ്യംഗ്യം ഇവിടെയില്ലേ? സ്വകാര്യതാല്പര്യങ്ങൾ പൊതുതാല്പര്യത്തിന് വിധേയമാണ്, പൊതുതാല്പര്യത്തെ ആശ്രയിച്ചു മാത്രമേ സ്വകാര്യതാല്പര്യങ്ങളുടെ സംരക്ഷണയ്ക്കുള്ള നിയമങ്ങൾ രാഷ്ട്രത്തിന് വിഭാവനം ചെയ്യാൻ സാധിയ്ക്കൂ. പക്ഷേ പൊതുതാല്പര്യങ്ങൾക്ക് വേണ്ടി സ്വകാര്യതാല്പര്യങ്ങളെ മുഴുവനേ ബലികഴിയ്ക്കാനാവില്ല. രണ്ടിനും പരിധികൾ നിർണ്ണയിയ്ക്കണം. പ്രശ്നം അവിടെ നില്ക്കുന്നില്ല. ഹേഗലിന്റെ ചിന്തയിൽ രാഷ്ട്രമാണ് ആത്യന്തികമായ 'ആശയ'ത്തിന്റെ (idea) അല്ലെങ്കിൽ 'ആത്മാ'വിന്റെ (spirit) ഉടലെടുത്തരൂപം. രാഷ്ട്രമെന്നുള്ള ആ യാഥാർത്ഥ്യം കാണപ്പെടുന്നത് കുടുംബങ്ങളായും സമൂഹമായും എന്നല്ലാതെ കുടുംബങ്ങളും സമൂഹങ്ങളുമല്ല യാഥാർത്ഥ്യം. രാഷ്ട്രമാകുന്ന യാഥാർത്ഥ്യം വ്യത്യസ്ത നിലകളിലുള്ള കുടുംബങ്ങളായും സാഹചര്യങ്ങളനുസരിച്ച് ഉച്ചനീചത്വമുള്ള കൂട്ടങ്ങളായും കാണപ്പെടുന്നു എന്നാണ് ഹേഗൽ പറയുന്നത്. ജനങ്ങളല്ല പ്രധാനം, രാഷ്ട്രമാണ് പ്രധാനം എന്നിവിടെ വിവക്ഷയുണ്ടെന്നതാണ് മാർക്സിന്റെ വിമർശനം. രാഷ്ട്രത്തിന് പരമാധികാരം (sovereignty) ഉണ്ടാകുന്നതിന്റെയും കാരണം ഇതു തന്നെ. രാഷ്ട്രമെന്ന യാഥാർത്ഥ്യം "ആത്മാ'വിന്റെ ദൃഷ്ടപ്രകടനമാണെങ്കിൽ അതിന് അതിന്റേ

തായ ഇച്ഛാശക്തി (will) യുണ്ടായിരിയ്ക്കണമല്ലോ. ഈ ഇച്ഛാശക്തിയുടെ ദൃഷ്ടരൂപമാണ് പരമാധികാരം അല്ലെങ്കിൽ (sovereignty) എന്ന് ഹേഗൽ വാദിച്ചു.

അപ്പോൾ രാഷ്ട്രം ഉണ്ടാകുന്നത് ജനങ്ങളിൽ നിന്നല്ല. 'ആത്മാവാ'കുന്ന ആ യാഥാർത്ഥ്യം ദൃഷ്ടരൂപം കൈക്കൊള്ളുന്നതാണ് രാഷ്ട്രം. ആ ദൃഷ്ട യാഥാർത്ഥ്യത്തിന്റെ ഇഷ്ടികകളാണ് വ്യക്തികളും കുടുംബങ്ങളുമൊക്കെയെന്ന് ഹേഗൽ ചിന്തിച്ചതായി തോന്നും എന്നാണ് മാർക്സ് പറഞ്ഞത്. രാഷ്ട്രമാണ് കർത്താവ്, subject ജനങ്ങൾ, അതിന്റെ ക്രിയ അല്ലെങ്കിൽ predicate. അങ്ങിനെവന്നാൽ രാഷ്ട്രം എന്ന് പറയുന്നത് മനുഷ്യരിൽ നിന്നും ഇതരീകരണം ഭവിച്ച ഒരു യഥാർത്ഥ്യമായിത്തീരുന്നു എന്ന് മാർക്സ് വാദിച്ചു.

ഹേഗലിന്റെ ചിന്തയിൽ രാഷ്ട്രമാകുന്ന personality യെ രാജാവിന്റെ വ്യക്തിത്വത്തിലാണ് കേന്ദ്രീകരിച്ചത്. രാജാവ് എന്ന് പറയുന്ന യാഥാർത്ഥ്യം സമൂഹത്തിൽ നിന്നുണ്ടാവുന്നതല്ല. സ്വയംഭൂ (self originating) ആണെന്ന് വാദിയ്ക്കുവാൻ മാത്രം അത്രയ്ക്ക് ആസ്ട്രിയൻ മോണാർക്കിയുടെ അടിമയായിരുന്നു ഹേഗൽ. മാർക്സ് പറഞ്ഞു: രാജാവു മാത്രമല്ല രാജാവിന്റെ തലയിലുള്ള പേനുംകൂടെ സ്വയംഭൂവാണ്. അതുകൊണ്ടുമാത്രം രാജാവിന്റെ പരമാധികാരം വകവെച്ചു കൊടുക്കാനാവില്ല. രാഷ്ട്രത്തിന്റെ പരമാധികാരം എന്നു പറയുന്നത് രാജാവിന്റെ സ്വേച്ഛാ പ്രഭുത്വമാണെന്ന് വാദിയ്ക്കുന്ന ഐഡിയലിസം അടിമുതലേ തെറ്റാണെന്ന് മാർക്സ് തീരുമാനിച്ചു.

അവിടെനിന്ന് പിന്നെ ഫോയർബാഖിന്റെയും പ്രൂധോണിന്റെയും ഹെഗേലിയൻ വിമർശനം ഉപയോഗിച്ചുകൊണ്ട് മാർക്സ് മുൻപോട്ട് പോയി. മനുഷ്യസമൂഹത്തിലെ യഥാർത്ഥ കർത്താവ് തൊഴിൽക്കാരനാണെന്നും, എന്നാൽ അവനെ വെറും ഒരു വസ്തുവാക്കി മാറ്റിയിട്ട്, അവനെ ഉപയോഗിച്ച് തങ്ങളുടെ അത്യാർത്തിയെ പൂരിപ്പിയ്ക്കുവാൻ ശ്രമിയ്ക്കുന്ന ഒരു വർഗ്ഗത്തിന്റെ വക്താവാണ് ദാർശനികനെന്നും മാർക്സ് തീരുമാനിച്ചു.

### രണ്ട് പ്രശ്നങ്ങൾ

മാർക്സിന്റെ വിമർശനത്തിൽ നിന്ന് ഉദിയ്ക്കുന്ന രണ്ട് പ്രശ്നങ്ങൾ മാത്രം ഉന്നയിച്ചുകൊണ്ട് ഈ പ്രബന്ധം ഉപസംഹരിയ്ക്കണമെന്നാഗ്രഹിക്കുന്നു.

ഒന്നാമത്തേത് objectification - വസ്തുവൽക്കരണം. രണ്ടാമത്തേത് theory - practice separation - ദർശകപ്രാവർത്തിക വ്യവച്ഛേദനം.

M.I.T. പ്രോജക്റ്റിൽ മാത്രമല്ല, നമ്മുടെ നാഷനൽ പ്ലാനുകളിലും ഒക്കെ മനുഷ്യനെ വെറും ഒരു Object ആയി കാണുന്നതുകൊണ്ടല്ലേ അവനെ കോഴിമുട്ടയെണ്ണുന്നതുപോലെ എണ്ണി, ജനസംഖ്യ എന്നൊരു സ്ഥിതിവിവരക്കണക്കാക്കി, കമ്പ്യൂട്ടറിന്നകത്തേയ്ക്ക് പ്രോഗ്രാം ചെയ്യുന്നത്? മനുഷ്യനെ വെറും labour force (മലയാളത്തിൽ കൂലിപ്പട്ടാളം എന്നാണോ തർജ്ജമ) അല്ലെങ്കിൽ productor labour എന്നൊക്കെയാണല്ലോ നമ്മുടെ നാഷനൽ പ്ലാനിലും ഒക്കെ കണക്കാക്കുന്നത്. ഇത് എന്തുമാത്രം

ന്യായീകരിക്കാം. 'നാളത്തെ സമൂഹം' എന്ന് പറയുന്നതിന്റെ ഇഷ്ടികകളാണോ നമ്മുടെ നാട്ടിലെ 57 കോടി മനുഷ്യർ? അവരെ വെറും ഒരു employment potential ആയി മാത്രം കരുതി capital, management, resources, labour എന്നിങ്ങനെയുള്ള വികസനമാദ്ധ്യമങ്ങളുടെ കൂട്ടത്തിൽ കോഴിമുട്ടയും കോഴിത്തീറ്റയുംപോലുള്ള ഒരു object ആയിട്ടല്ലേ നാം കണക്കാക്കുന്നത്.

ഈ പ്രശ്നം വെറും ഒരു സാങ്കേതിക പ്രശ്നമാണ്. പ്രായോഗികമായി ഈ ചോദ്യത്തിന് പ്രാധാന്യമൊന്നുമില്ല എന്ന് പ്രഥമദൃഷ്ട്യാ തോന്നിയേക്കാം. പക്ഷേ the objectification of humanity എന്ന് പറയുന്നത് വിമാനുഷീകരണത്തിന്റെ പ്രഥമപടിയാണ്. മനുഷ്യനെ മനുഷ്യനല്ലാതാക്കുന്ന കാര്യമാണ് എന്ന് ദാർശനികൻ പറഞ്ഞാൽ, ഈ വിമാനുഷീകരണം ഉണ്ടാകുന്നത് എങ്ങിനെയാണെന്ന് കൂടി പറഞ്ഞു മനസ്സിലാക്കേണ്ടുന്ന ചുമതല ദാർശനികനുണ്ട്.

കാറൽ മാർക്സ് 1845-ൽ എഴുതിയ ചില കുറിപ്പുകൾ ഈ വിഷയത്തെക്കുറിച്ചുള്ള ചിന്തയുടെ അടിസ്ഥാനമിട്ടു. കാന്റിന്റെ ചിന്തയെ പിന്തുടർന്നുകൊണ്ട് ഫോയർ ബാഖ് വസ്തുക്കളായി ബാഹ്യലോകത്തിലുള്ള object കളെയും ബോധതലത്തിലുള്ള object കളെയും രണ്ടായി വേർതിരിച്ചു. പക്ഷേ ഫോയർ ബാഖിന് രണ്ടു തെറ്റുകൾ പറ്റിയെന്നാണ് മാർക്സിന്റെ കുറിപ്പുകളിലെ സൂചന. ഒന്നാമത് ബാഹ്യലോകത്തിലെ വസ്തുക്കളെ ബോധതലത്തിലാക്കിയതിനു ശേഷം ഉണ്ടാകുന്ന ബോധതലത്തിലവശേഷിയ്ക്കുന്ന പ്രതീതിയെ അഥവാ പ്രതിച്ഛായയെ ആണ് ഫോയർ ബാഖ് കണക്കിലെടുത്തത്. അല്ലാതെ ബോധമുള്ള മനുഷ്യനും ബാഹ്യലോകത്തിലെ വസ്തുവും തമ്മിൽ ഇന്ദ്രിയാനുഭൂതി മൂലം ഉണ്ടാകുന്ന ബന്ധത്തെ (Perceiving activity not perception remaining in Consciousness) കണക്കിലെടുക്കുവാൻ ഫോയർ ബാഖിനു സാധിക്കാത്തതിൽ തെറ്റ് പറ്റി എന്നുള്ളത് ഒരു വശത്ത്; മറുവശത്ത് വ്യക്തിയും വസ്തുവും തമ്മിലുള്ള ബന്ധത്തെ മാത്രം കണക്കിലെടുക്കുന്നതു മൂലം അതായത് സാമൂഹ്യമായ അടിസ്ഥാനത്തിൽ ചിന്തിക്കാതെ വ്യക്തിയുടെ ബോധതലത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ചിന്തിയ്ക്കുന്നതുമൂലം മനുഷ്യസ്വഭാവത്തെ പ്രധാനമായി കരുപ്പിടിപ്പിയ്ക്കുന്ന ഉൽപ്പാദനാധിഷ്ഠിതമായ സാമൂഹ്യബന്ധങ്ങളെ (Social relations of Production) അടിസ്ഥാനമായെടുക്കുവാൻ ഫോയർ ബാഖിനു കഴിയാതെപോയി എന്നുള്ളത്.

ഫോയർ ബാഖിന്റെ ഈ രണ്ടു പരാജയങ്ങൾ പാശ്ചാത്യസംസ്കാരത്തിന്റെ പൊതുവെയുള്ള പരാജയങ്ങളാണ്. മനുഷ്യൻ എന്ന യാഥാർത്ഥ്യത്തിൽ പ്രാഥമികമായുള്ളത് വ്യക്തിയാണെന്നും വ്യക്തികൾ കൂടുമ്പോഴാണ് സമൂഹങ്ങൾ ഉണ്ടാകുന്നതെന്നുമുള്ള അബദ്ധസിദ്ധാന്തം, പാശ്ചാത്യരിൽനിന്ന് നമുക്കു കിട്ടിയിട്ടുണ്ട്. അതുപോലെതന്നെയുള്ള മറ്റൊരു അബദ്ധമാണ് യാഥാർത്ഥ്യം അല്ലെങ്കിൽ സത്യം എന്നു പറയുന്നത് വാചകങ്ങളിൽ ഉൾക്കൊള്ളിക്കാവുന്ന അല്ലെങ്കിൽ വാക്യങ്ങൾകൊണ്ട് വിവരിക്കാവുന്ന ഒന്നാണെന്നുള്ള അബദ്ധസിദ്ധാന്തം. ഈ പ്രശ്നത്തിന്റെ വ്യാപ

കമായ വിദൂരഫലങ്ങളെ മാർക്സ് തന്നെ മുഴുവനായി കണ്ടില്ല. എങ്കിലും ഫോയർ ബാഖ് തീസിസുകളിൽ അവസാനത്തേതായ പത്തും പതിനൊന്നും വാക്യങ്ങളിൽ മാർക്സ് പറയുന്നത് ഈ രണ്ടു കാര്യങ്ങളെക്കുറിച്ചു മാണ്. ഫോയർ ബാഖിന്റെ വ്യക്തിയിൽ അധിഷ്ഠിതമായ വസ്തുമാത്ര യാഥാർത്ഥ്യവാദത്തെ ഉപേക്ഷിച്ചിട്ട് സമൂഹാധിഷ്ഠിതമായ ഒരു മാനവ ശാസ്ത്രത്തിലേക്ക് പ്രവേശിക്കണമെന്നുള്ളതാണ് മാർക്സിന്റെ പത്താമത്തെ തീസിസ്. ദാർശനികന്മാർ ലോകത്തെ ബഹുവിധത്തിൽ വ്യാഖ്യാനിച്ചിട്ടേയുള്ളു, ഇന്നത്തെ ആവശ്യം ലോകത്തെ വ്യാഖ്യാനിക്കാനല്ലാ, പരിവർത്തനം ചെയ്യിക്കാനാണെന്ന് ആയിരുന്നു മാർക്സിന്റെ പതിനൊന്നാമത്തെ തീസിസ്. കാന്റിന്റെ കാലം മുതൽ വസ്തു അതിൽതന്നെ എന്താണെന്ന് നമുക്കറിയാൻ സാധിക്കാത്തിടത്തോളം കാലം വസ്തുനിഷ്ഠമായ യാഥാർത്ഥ്യം (objective truth) അറിയാനേ സാധ്യമല്ല എന്നുള്ള കാന്റിയൻവാദത്തിന് മറുപടിയായി മാർക്സ് പറഞ്ഞത് വ്യക്തിയുടെ ബോധതലത്തിന്റെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ദർശകയുക്തിയേയും പ്രാവർത്തിക യുക്തിയേയും (Theoretical Reason and Practical Reason) രണ്ടായി വേർതിരിച്ചത് ബൂർഷ്വാ മനസ്ഥിതിയിൽ പറ്റുന്ന ഒരബദ്ധമാണെന്നും ദർശനവും പ്രയോഗവും (Theory and praxis) ഒരുമിച്ചുകൊണ്ടു പോകുന്ന സമൂഹാധിഷ്ഠിതമായ ചിന്താഗതിയിൽ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തെ അറിയുന്നതിലുള്ള ദാർശനിക പ്രശ്നങ്ങളെല്ലാം നീങ്ങിപ്പോകുന്നുവെന്നുമാണ് മാർക്സിന്റെ വാദം. യഥാർത്ഥമായ ജ്ഞാനം ഉണ്ടാകുന്നത് ചിന്തയിൽ നിന്നു മാത്രമല്ല, ചിന്തയും പ്രവർത്തനവും കൂടെ ഒരുമിച്ചു പോകുമ്പോഴാണെന്നുള്ള മാർക്സിയൻ ചിന്തയെ അടിസ്ഥാനമാക്കിയാണ് ഈ അടുത്തകാലത്ത് ചൈനീസ് സർവ്വകലാശാലകളിലെ നവീകരണ പരിശ്രമങ്ങൾ നടന്നിട്ടുള്ളത്.

പക്ഷേ, പ്രശ്നം അവിടംകൊണ്ടും തീരുന്നില്ല. ആധുനികശാസ്ത്രവും സാങ്കേതികതയും (Modern Science and Technology) അവയിൽ തന്നെ വിമാനുഷീകരണത്തിലേക്കു നയിക്കുവാൻ ശക്തങ്ങളാണെന്നുള്ള വാദമാണ് ഇന്നു പൊന്തിവന്നുകൊണ്ടിരിക്കുന്നത്. ഈ വാദത്തെ ഏറ്റവും ലളിതമായ രീതിയിൽ നിങ്ങളുടെ മുൻപിൽ അവതരിപ്പിയ്ക്കുവാൻ ശ്രമിക്കുന്നത് സാഹസമാണെന്ന് എനിയ്ക്കറിയാം. എങ്കിലും ശ്രമിയ്ക്കട്ടെ. ഇന്നത്തെ ശാസ്ത്രം ഉപയോഗിക്കുന്ന ജ്ഞാനസമ്പാദനരീതിയിൽ തന്നെ വിമാനുഷീകരണ സാദ്ധ്യതകൾ ഉണ്ടെന്നുള്ള ഈ വാദത്തെ തക്കതായ എതിർവാദങ്ങൾ കൊണ്ട് നിങ്ങൾക്കാർക്കെങ്കിലും തകർക്കാമെങ്കിൽ ശാസ്ത്രത്തിന് അത് വലിയൊരു സഹായമായിരിയ്ക്കും.

ശാസ്ത്രത്തിന്റെ ജ്ഞാനസമ്പാദനരീതിയിൽ ജ്ഞാതാവിന്നും ജ്ഞേയത്തിന്നും, ജ്ഞാനത്തിനും കോട്ടം തട്ടുന്നു എന്നാണ് വാദം. ഒന്നാമത് ജ്ഞേയവസ്തുവിനെ മറ്റു വസ്തുക്കളിൽ നിന്നും വേർപെടുത്തി നമ്മുടെ ജ്ഞാനസമ്പാദനപ്രക്രിയയുടെ വിഷയമാക്കി നിരീക്ഷണത്തിനും വിശകലനത്തിനും വിധേയമാക്കുന്നതോടെ അതിന് രൂപവ്യത്യാസം വരുന്നുവെന്നാണ് വിമർശനം. അതായത് ഒരു പൂവോ, പക്ഷിയോ, പുഴയോ,

മലയോ ഒരു കവിയുടെ നിരീക്ഷണത്തിന് വിധേയമാകുന്നതും ഒരു ശാസ്ത്രജ്ഞന്റെ നിരീക്ഷണത്തിന് വിധേയമാകുന്നതും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ട്. കവിയുടെ നിരീക്ഷണത്തിൽ നിരീക്ഷിതവസ്തുവിന് കവിയുമായുള്ള ബന്ധം സജീവമായിത്തന്നെ തുടരുന്നു. മരമായാലും പുഴയായാലും പക്ഷിയായാലും പൂവായാലും കവിയോട് സംസാരിക്കുന്നതും കവിയുമായുള്ള ബന്ധത്തിൽ ഏർപ്പെടുന്നതും നിരീക്ഷിത വസ്തു അതിന്റെ കർത്തൃത്വം (Subject character) കൈവെടിയാതെയാണ്. എന്നാൽ ശാസ്ത്രജ്ഞന്റെ നിരീക്ഷണത്തിൽപ്പെടുമ്പോൾ അതു വെറും Object ആയിത്തീരുന്നു. ഇങ്ങനെ Objectification അഥവാ വസ്തുവൽക്കരണം എന്നുള്ള പ്രക്രിയ കൊണ്ട് ജ്ഞേയവസ്തു രൂപാന്തരപ്പെട്ടിട്ട് അതിന്റെ സ്വാഭാവികരൂപത്തെ മറച്ചുവെച്ചിട്ടാണ് ശാസ്ത്രീയ ജ്ഞാനത്തിനു വിധേയമാവുന്നത്.

ശാസ്ത്രത്തിൽ ജ്ഞേയവസ്തു മാത്രമല്ല ജ്ഞാതാവും തന്റെ Subjective ആയിട്ടുള്ള വികാരങ്ങളും ആഗ്രഹങ്ങളും ഒക്കെ മാറ്റിവച്ചിട്ട് തന്നെത്തന്നെ നിഷ്പക്ഷമായ ഒരു നിരീക്ഷണയന്ത്രമായി പരിവർത്തനം ചെയ്യിയ്ക്കുവാൻ നിർബന്ധിതനാകുന്നു. ആ പരിവർത്തനത്തിൽ ജ്ഞാതാവായ മനുഷ്യനും വിരൂപണം ഉണ്ടാകുന്നു. മാത്രമല്ല ശാസ്ത്രം മൂലം ലഭ്യമാകുന്ന ജ്ഞാനം ജ്ഞാതാവും ജ്ഞേയവും തമ്മിലുള്ള ഒരു ബന്ധമായി അവശേഷിക്കാതെ വാക്യങ്ങളായി രൂപഭേദംകൊണ്ട് പ്രമാണവാക്യങ്ങളായോ സ്ഥിതിവിവരങ്ങളായോ രൂപഭേദപ്പെട്ട് പുസ്തകങ്ങളിൽ ശേഖരിക്കപ്പെട്ട് വായനശാലകളിൽ കൂട്ടിവയ്ക്കപ്പെടുന്നു. അങ്ങിനെ ജ്ഞാനവും ഒരു വസ്തുവായി മാറുന്നു. ഇങ്ങനെ പദാർത്ഥീകരണം അല്ലെങ്കിൽ Reification എന്ന പ്രക്രമം മനുഷ്യനേയും വസ്തുവിനേയും ജ്ഞാനത്തേയും വിരൂപണം ചെയ്യുന്നു.

മാത്രമല്ല, നമ്മുടെ സംസ്കാരത്തിൽ കവി കാണുന്ന കാഴ്ചപ്പാടിനെ ഭാവന കൊണ്ട് ഉൽപ്പാദിപ്പിക്കുന്ന കെട്ടുകഥയായി കണക്കാക്കുമ്പോൾ ശാസ്ത്രജ്ഞൻ കാണിയ്ക്കുന്ന കാഴ്ചപ്പാടിനെ വസ്തുനിഷ്ഠ യാഥാർത്ഥ്യം എന്ന് നാം വിശേഷിപ്പിക്കുന്നു. അതായത് കവി കാണുന്നത് സത്യമല്ല, ശാസ്ത്രജ്ഞൻ കാണുന്നതു മാത്രമാണ് സത്യം എന്നാണ് പൊതുവേ നമുക്കുള്ള ചിന്ത. വേറൊരു വിധത്തിൽ പറഞ്ഞാൽ, മനുഷ്യന്റെ വികാരങ്ങളേയും ഭാവനയേയും പൂർണ്ണമായും മാറ്റിവച്ചുകൊണ്ട് മനുഷ്യനെ ഒരു നിഷ്പക്ഷ നിരീക്ഷണയന്ത്രമാക്കി നിരീക്ഷിതവസ്തുവിനേയും പദാർത്ഥവൽക്കരിച്ചുകൊണ്ടുള്ള സത്യത്തിന് ആണ് നാം കൂടുതൽ വില കൽപ്പിയ്ക്കുന്നത്. ശാസ്ത്രീയ ജ്ഞാനത്തെ സാങ്കേതികതയിൽക്കൂടെ അതായത് ടെക്നോളജിയിൽകൂടെ പ്രയോഗിച്ച് ജ്ഞേയവസ്തുക്കളെക്കൊണ്ട് മുതലെടുക്കാനുള്ള സാധ്യതയുള്ളതു കൊണ്ടായിരിക്കണം ശാസ്ത്രീയ സാങ്കേതികജ്ഞാനത്തിന് മനോധർമ്മ സാഹിത്യത്തേക്കാൾ നാം വില കൽപ്പിക്കുന്നത്.

ഏതായാലും ശാസ്ത്രത്തിനും സാങ്കേതികതയ്ക്കും പ്രാഥമികസ്ഥാനം നൽകുന്ന ഒരു സമൂഹത്തിൽ Objectification and manipulation അഥവാ

വസ്തുവൽക്കരണവും കൈകാര്യവും അതിപ്രധാനമായിത്തീരുന്നതോടെ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെയും ഈ പ്രവണത ബാധിയ്ക്കുന്നു. രാഷ്ട്രീയമണ്ഡലത്തിലും സാമ്പത്തികമണ്ഡലത്തിലും മനുഷ്യനെ ഒരു commodity ആക്കിത്തീർത്ത് മറ്റു മനുഷ്യരുടെ ഒരു ക്രയവിക്രയവസ്തുവായി പരിവർത്തനം ചെയ്യിക്കാനുള്ള പ്രവണത കൂടുതലായി കാണപ്പെടുന്നു. ശാസ്ത്രത്തിലും സാങ്കേതികതയിലും അധിഷ്ഠിതമായ സംസ്കാരത്തിന്റെ വിശകലനത്തിന്റെ ഒരു മുഖവുരയായി മാത്രമേ ഞാനിപ്പറഞ്ഞതിനെ നിങ്ങൾ എടുക്കേണ്ടതുള്ളു.

മാർക്സ് ചൂണ്ടിക്കാണിച്ച രണ്ടാമത്തെ പ്രശ്നവും ദാർശനികനെ ബാധിയ്ക്കുന്നതാണ്. അതായത് ദർശകയുക്തിയും പ്രാവർത്തികയുക്തിയും തമ്മിലുള്ള വ്യവച്ഛേദനം, ദാർശനികസമിതി അംഗങ്ങളായി ഇവിടെ കൂടുന്നവരായ നമ്മിലധികം പേരും പ്രാവർത്തികമണ്ഡലത്തിൽ വളരെയൊന്നും പരിചയമില്ലാത്തവരും ചിന്താശക്തി കൊണ്ടു മാത്രം നാളത്തെ സമൂഹത്തെ വിഭാവനം ചെയ്യുവാൻ ശ്രമിയ്ക്കുന്നവരുമാണ്. നാളത്തെ സമൂഹത്തെ വിഭാവനം ചെയ്യുന്നതിൽ മാത്രമല്ല, നമ്മെ അഭിമുഖീകരിക്കുന്ന, അല്ലെങ്കിൽ നമ്മിൽത്തന്നെയുള്ള യാഥാർത്ഥ്യത്തെ അപഗ്രഥിയ്ക്കുന്നതിലും നാം ഉപകരണമാക്കുന്നത് പ്രാവർത്തിക യുക്തിയിൽനിന്നും വ്യവഛേദിതമായ ഒരു ദർശക യുക്തിയല്ലേ എന്നുള്ള പ്രശ്നം ഇവിടെ അവശേഷിക്കുന്നുണ്ട്. പ്രാവർത്തികമണ്ഡലത്തിൽത്തന്നെ മൗലികങ്ങളായ ചില വ്യത്യാസങ്ങളെ ആദ്യമേ നാം അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. ഒരു മാർക്സിസ്റ്റു പ്രവർത്തകനായ ശ്രീ. എം. എം. ചെറിയാനും ഒരു ആദ്ധ്യാത്മിക പ്രവർത്തകനായ ശ്രീ. സിദ്ധിനാഥാനന്ദ സ്വാമിയും പ്രാവർത്തികമണ്ഡലത്തിൽ ധാരാളം പരിചയമുള്ളവരാണ്. പക്ഷേ, രണ്ടു പേരുടെയും പ്രാവർത്തികയുക്തി ഒരേ വഴിക്കാണോ പോകുന്നത് എന്നുള്ള കാര്യത്തിൽ എനിക്കൽപ്പം സംശയമുണ്ട്. സമൂഹമാകുന്ന യാഥാർത്ഥ്യത്തിൽകൂടെ മനുഷ്യനെ കരുപ്പിടിക്കുവാനുള്ള പ്രാവർത്തികപദ്ധതികളിലാണ് ശ്രീ. ചെറിയാന്റെ ശ്രദ്ധ. എന്നാൽ ഓരോ വ്യക്തിയും തന്റെ സ്വന്തം അസ്തിത്വത്തിന്റെ അന്തസ്സത്തയേതാണെന്ന് ധരിച്ച് ബ്രഹ്മബോധം പ്രാപിക്കുമ്പോൾ മനുഷ്യൻ സിദ്ധി പ്രാപിക്കുന്നു എന്നുള്ള ചിന്തയാണ് സ്വാമിജിയുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനമെന്നു തോന്നുന്നു. ഇവ രണ്ടും പ്രാവർത്തികയുക്തിയുടെ പ്രവർത്തനങ്ങളാണെങ്കിൽ ഇവയെ തമ്മിൽ പൊരുത്തപ്പെടുത്താനുള്ള മാർഗ്ഗമെന്താണ് എന്നൊരു പ്രശ്നം അവശേഷിയ്ക്കുന്നു. നാളത്തെ സമൂഹം വേണ്ടുംവിധം രൂപവൽക്കരിക്കണമെങ്കിൽ ദർശകയുക്തിയും പ്രാവർത്തികയുക്തിയും യോജിച്ചു പ്രവർത്തിക്കണമെന്നുള്ളതിന് സംശയമൊന്നുമില്ല. പക്ഷേ, ഏതു ദർശകയുക്തി? ഏതു പ്രാവർത്തികയുക്തി? ഓരോ പ്രാവർത്തികയുക്തിയുടെയും പിറകിൽ ഒരു ദർശകയുക്തിയില്ലേ? വിവിധ ദർശകയുക്തികളും വിവിധ പ്രാവർത്തികയുക്തികളും തമ്മിൽ വിവേചനം ചെയ്യുന്നതിന് നമുക്കെന്താണടിസ്ഥാനം?

(കേരളാ ദാർശനിക സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 'നാളത്തെ സമൂഹം' എന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം, *നാളത്തെ സമൂഹം ദാർശനിക ദൃഷ്ടിയിൽ*, എഡി. ആൽബർട്ട് നമ്പ്യാപറമ്പിൽ, ജനത ബുക്സ്, തേവര, 1976)

# മതനിരപേക്ഷത
# ഒരു സംവാദം

## ഉള്ളടക്കം


1. മതനിരപേക്ഷത പ്രശ്നപരിഹാരമല്ല
2. സെക്കുലറിസവും ഭാരത ഭരണഘടനയും
3. വർഗീയത സെക്കുലർ രാഷ്ട്രത്തിൽ
4. നീതിയിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രം പുനഃസ്ഥാപിക്കുക
5. നമുക്കാവശ്യം സർവ്വമത സംഗ്രാഹിയായ ഒരു വിശ്വനാഗരികത
8. അഭികാമ്യം വിശ്വനാഗരികത തന്നെ


---


**മതനിരപേക്ഷത**
**ഒരു സംവാദം**

**പൗലോസ് മാർ ഗ്രിഗോറിയോസ്**

ഒന്നാംപതിപ്പ് : 1996 നവംബർ

# 1
# മതനിരപേക്ഷത പ്രശ്നപരിഹാരമല്ല

മതങ്ങളെ പുനർവ്യാഖ്യാനം ചെയ്യണമെന്നു മാർക്സിസ്റ്റുകാർക്കു പോലും ഇപ്പോൾ ബോധ്യമായിട്ടുണ്ട്. പണ്ട് അതു ജനത്തെ മയക്കിയിരുന്ന കറുപ്പ് ആയിരിക്കാം (അല്ലായിരിക്കാം). ഏതായാലും മാർക്സും ഏംഗൽസുമടക്കമുള്ള പത്തൊമ്പതാം നൂറ്റാണ്ടിലെ ചില യൂറോപ്യൻമാർ മതത്തെ മയക്കുമരുന്നായാണു കണ്ടത്. എന്നാൽ ഈ നൂറ്റാണ്ടിൽ മതം ജനത്തെ നിർവീര്യമാക്കുന്ന മയക്കുമരുന്നൊഴിച്ചു മറ്റെന്തുമാണ്. മതം ജനങ്ങളിൽ മൃഗീയ വികാരങ്ങൾ ഉണർത്തുന്നു. കൊടുംപകയുടെ വിത്തു വിതയ്ക്കുന്നു. കൊള്ളയ്ക്കും കൊള്ളിവയ്പിനും പ്രേരിപ്പിക്കുന്നു. രാമന്റെയും അള്ളാഹുവിന്റെയും നാമത്തിൽ ജനം നിയമം കൈയിലെടുത്ത് പുരാതന ക്ഷേത്രങ്ങളും പള്ളികളും പൊളിക്കുന്നു. വിഗ്രഹങ്ങൾ തകർക്കുന്നു. ശ്രീകോവിലുകൾ അശുദ്ധമാക്കുന്നു. ഇതിനു പിന്നിൽ മദ്യപന്മാരുണ്ടാകാം. ഏതായാലും കറുപ്പുതീനികളല്ല.

ഇക്കാര്യത്തിൽ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ലെന്ന് അയോദ്ധ്യാസംഭവവും അതിനെ തുടർന്നുണ്ടായ കലാപങ്ങളും തെളിയിച്ചതാണ്. ക്രിസ്ത്യാനികളും സിക്കുകാരും ഇതിനെല്ലാം ഒട്ടും പിന്നോട്ടല്ല. ഇതാണോ യഥാർത്ഥ മതം? സനാതനധർമവും പരിശുദ്ധ ഖുർആനും പഠിപ്പിച്ചത് ഇതാണോ?

രാഷ്ട്രീയക്കാർ അയോധ്യാപ്രശ്നത്തിൽ ഇടപ്പെട്ടിരുന്നില്ലെങ്കിൽ ഇതൊന്നും സംഭവിക്കുമായിരുന്നില്ലേ? അയോധ്യ ആരംഭം മുതലേ ഒരു മതപ്രശ്നമേ ആയിരുന്നില്ല. രാഷ്ട്രീയക്കാർ പാവം ഹിന്ദുക്കളെ തെറ്റിദ്ധരിപ്പിച്ചു. വോട്ടുകൾക്കു വേണ്ടി മാത്രം. അതിന്റെ പ്രത്യാഘാതമായി ഉണ്ടായ കലാപാഗ്നിയും ആളിപടർത്തിയതു രാഷ്ട്രീയ ഗണിതത്തിലെ കൂട്ടലും കിഴിക്കലുമാണ്.

ഏതായാലും ഇതിന്റെ പിന്നിലെ യഥാർത്ഥ വസ്തുതകൾ 10 കൊല്ലത്തിനെങ്കിലും പുറത്തുവരില്ല. സ്ഥിതിഗതികൾ അത്രകണ്ട് സംഘർഷഭരിതമാണെന്നതിനാൽ ഈ സത്യം പുറത്തുവരാതിരിക്കുന്നതാണു നല്ലത്. ഏതായാലും എനിക്കു നേരിട്ടറിവുള്ള ചില സംഭവങ്ങൾ രാഷ്ട്രീയ നേതാക്കൾ ഈ തക്കം പ്രതികാരം വീട്ടാനുപയോഗിച്ചു എന്നതിന്റെ തെളിവുകളാണ്.

ഇതാണോ രാഷ്ട്രീയം? ഇതാണോ ധർമശാസ്ത്രങ്ങളും ശരിഅത്തും പഠിപ്പിക്കുന്നത്?

രാഷ്ട്രീയവും മതവും തമ്മിൽ വെറുതെ കൂട്ടിക്കുഴച്ചതല്ല പ്രശ്നമായത്. ജീർണിച്ച മതവും നാറിയ രാഷ്ട്രീയവും ഒത്തുചേർന്നതാണു കുഴപ്പത്തിന്റെ മൂലകാരണം.

എന്താണ് ഹിന്ദുത്വം? എന്താണ് ഇസ്ലാം? ആർക്കുമുന്നയിക്കാവുന്നതാണ് ഈ ചോദ്യങ്ങൾ. രണ്ടാമത്തെ ചോദ്യത്തിനു പോലും ഉത്തരം നൽകുക എളുപ്പമല്ല. കാരണം ശരിയുത്തരം ഏതെന്ന അഭിപ്രായവ്യത്യാസം തന്നെ. ആദ്യത്തെ ചോദ്യമാകട്ടെ ഉത്തരം തന്നെ അസാധ്യമാക്കുന്നു.

എന്താണ് ഹിന്ദുത്വം? ഹിന്ദുത്വമെന്ന വാക്കുതന്നെ ഭാരതീയ സംസ്കൃതിയിലുള്ളതല്ല. അടുത്തകാലത്തെ രാഷ്ട്രീയക്കാരുടെ സൃഷ്ടിയാണ് ആ വാക്ക്. ഇതിഹാസങ്ങളിൽ എത്ര തെരഞ്ഞാലും ഹിന്ദുവെന്ന വാക്കു കണ്ടുകിട്ടില്ല. ഇന്ത്യ എന്ന വാക്കുപോലും ഹെറോഡോട്ടസിന്റെ രചനകളിലാണ് ആദ്യം പ്രത്യക്ഷപ്പെടുന്നത്.

ധർമസംഹിതകളെ നാലായി തിരിച്ചിട്ടുണ്ട്. ജ്ഞാനം (കേവല സത്യത്തെ അറിയുക), യോഗം (ആത്മജ്ഞാനം നേടുക), ക്രിയ (ക്ഷേത്രങ്ങളും വിഗ്രഹങ്ങളും നിർമിക്കുക), കാര്യം (ആത്മനിയന്ത്രണവും അച്ചടക്കവും). ഈ നാലു വശങ്ങളും പരിഗണിക്കുമ്പോൾ ഹിന്ദുത്വത്തിനു നൽകാവുന്ന വ്യാഖ്യാനങ്ങൾ അനന്തമാണ്. അതേസമയം ഏതു വ്യാഖ്യാനവും ഏകപക്ഷീയമാകുമെന്നു തീർച്ചയാണ്.

എല്ലാ മതങ്ങൾക്കുമുപരിയായി ജീവജാലങ്ങളുടെയെല്ലാം നിലനിൽപ്പിനു പിന്നിലുള്ള കേവലസത്യമാണ് യഥാർത്ഥ ധർമ്മമെന്ന് എന്റെ സുഹൃത്ത് ചതുർവേദി ബദരീനാഥ് പറയുന്നു. ജനസംഘം പ്രസിഡന്റായിരുന്ന ദീൻദയാൽ ഉപാധ്യായയുടേയും വിശ്വാസം ഇതു തന്നെയായിരുന്നു. എനിക്കും ഇതിനോട് യോജിപ്പാണ്. കേവല സത്യത്തോടുള്ള ബന്ധമാണ് അല്ലാതെ വരട്ടുതത്വവാദങ്ങളിലല്ല യഥാർത്ഥ ധർമം കുടികൊള്ളുന്നത്. ഈ അടിസ്ഥാന യാഥാർത്ഥ്യം ഹിന്ദുവിനും മുസ്ലീമിനും ബൗദ്ധർക്കും ജൈനർക്കും ക്രിസ്ത്യാനിക്കും ശിഖർക്കുമെല്ലാം സ്വീകാര്യമാകണം. മതവിശ്വാസികളല്ലാത്തവർക്കു പോലും.

ഈ ചർച്ചയിൽ കാതലായി മൂന്നു കാര്യങ്ങളാണു നയിക്കപ്പെടേണ്ടത്.

സനാതനധർമത്തിന്റെ ശരിയായ വ്യാഖ്യാനം ഏതാണ്? ദീൻദയാൽ ഉപാധ്യായയുടെ കേവലസത്യ വ്യാഖ്യാനമോ, വി. ഡി. സാവർക്കറുടെ ഹിന്ദുത്വവാദമോ, എം. എസ്. ഗോൾവാക്കറുടെ ഹിന്ദുരാഷ്ട്രവാദമോ? മഹാത്മാഗാന്ധിയുടെ തത്വങ്ങൾക്കു സനാതനധർമവും ഗോൾവാക്കറുടെ സിദ്ധാന്തങ്ങളുമായുള്ള ബന്ധമെന്ത്?

സനാതനധർമത്തിന്റെയോ ശരി അത്തിന്റെയോ ഏതെങ്കിലും വ്യാഖ്യാനങ്ങൾക്ക് അയോധ്യയിലെ പള്ളി (അഥവാ വിവാദമന്ദിരം) പൊളിച്ചതും തുടർന്നു ചോരപ്പുഴ ഒഴുക്കിയതും ന്യായീകരിക്കാനാവുമോ?

സനാതനധർമത്തിനും ഇസ്ലാമിനും പൊതുവായ ചില മൂല്യങ്ങളുണ്ടോ?

എന്താണ് ഇസ്ലാം? എന്താണതിന്റെ സന്ദേശം, എല്ലാ മനുഷ്യരും തുല്യരാണെന്ന വേദാന്തതത്വം പ്രായോഗികമാക്കിയത് ഇസ്ലാമാണെന്നു സ്വാമി വിവേകാനന്ദൻ പറഞ്ഞതിന്റെ സാരമെന്താണ്? ഇസ്ലാമിന്റെ സാരാംശം എന്തെന്ന കാര്യത്തിൽ സുന്നികളും ഷിയാക്കളും സൂഫികളും വഹാബി

കളും ദേവ്ബന്ധികളും ബ്രെൽവികളും തമ്മിൽ ഒരിക്കലും യോജിപ്പുണ്ടാവില്ല. അതുപോലെ തന്നെ ഇക്കാര്യത്തിൽ മുല്ലമാരും മൗലവിമാരും ഒരു പക്ഷവും വിദ്യാസമ്പന്നരായ മുസ്ലീങ്ങൾ മറുപക്ഷത്തുമാണ്. ഇവർ ഇരുകൂട്ടരും ഇന്ത്യൻ മുസ്ലീങ്ങളിൽ ന്യൂനപക്ഷമാണ്. സാധാരണ മുസ്ലീംജനതയാവട്ടെ ഇവർക്കിടയിൽ വിഭജിക്കപ്പെട്ടിരിക്കയാണ്.

വിശ്വാസത്തിന് അഞ്ചു വശങ്ങളുണ്ടെന്ന് ഇസ്ലാം പറയുന്നു. അല്ലാഹു, മാലാഖമാർ, ഖുർ ആൻ, ദൈവദൂതന്മാർ, അന്ത്യവിധിനാൾ എന്നിവയിൽ അചഞ്ചലമായ വിശ്വാസം വേണം. പ്രായോഗിക ജീവിതത്തിൽ അഞ്ചു കാര്യങ്ങൾ - ഏകദൈവവിശ്വാസം, നമസ്ക്കാരം, ദാനധർമ്മം ചെയ്യൽ, റമസാൻ ഉപവാസം, ഹജ് അനുഷ്ഠിക്കുകയും വേണം. പാശ്ചാത്യ വിദ്യാഭ്യാസത്തെ മൗലവിമാർ എതിർക്കാനുള്ള ഒരു പ്രധാന കാരണം അത് ഈ വിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വിലങ്ങുതടിയായേക്കുമെന്ന ഭയമാണ്.

പാശ്ചാത്യ സങ്കൽപമായ മതനിരപേക്ഷതയെയും മൗലവിമാർ തിരസ്ക്കരിക്കുന്നു. അതുകൊണ്ടു തന്നെ മുസ്ലീം കുട്ടികൾക്കു പാശ്ചാത്യ രീതിയിലുള്ള വിദ്യാഭ്യാസം നൽകുന്നതിനേയും അവർ എതിർത്തു. മതനിരപേക്ഷതയെ എതിർക്കുന്ന കാര്യത്തിൽ ബി. ജെ. പി. യേക്കാളും ഹിന്ദുവിരാട് സഭയേക്കാളും മുന്നിലാണു മൗലവിമാർ. അവരുടെ കണ്ണിൽ വിദ്യാസമ്പന്നരായ മുസ്ലീങ്ങൾ ഇസ്ലാമിക പാരമ്പര്യത്തെ വഞ്ചിച്ചവരാണ്. ജാമിയമിലിയ ഇസ്ലാമിയ, ജാമിയമിലിയ ഹംദർദ്, അലിഗഡ് സർവകലാശാല എന്നീ ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങൾ പോലും ഇസ്ലാമിനു ഗുണം ചെയ്യുന്നവയാണെന്നു മൗലവിമാർക്കു വിശ്വാസമില്ല.

താത്വികമായി എല്ലാത്തരം ജ്ഞാനവും ആർജിക്കുന്നതിനെ ഇസ്ലാം സ്വാഗതം ചെയ്യുന്നു. എന്നാൽ ജ്ഞാനാർജനമെന്നാൽ മതവിജ്ഞാനം നേടൽ മാത്രമാണെന്നു മൗലവിമാർ കരുതുന്നു. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ പഠിക്കുമ്പോൾ അതിന്റെ അടിസ്ഥാനങ്ങളിലൊന്നായ മതനിരപേക്ഷതയും സ്വീകരിക്കേണ്ടിവരില്ലേ? ഇസ്ലാമിക വിശ്വാസത്തിനു യോജിച്ച രീതിയിൽ ആധുനിക വിജ്ഞാനം പകർന്നുകൊടുക്കാൻ പറ്റിയ പഠനക്രമം ആവിഷ്കരിക്കാൻ ഇസ്ലാമിക സർവകലാശാലകൾക്കു കഴിയുമോ?

മതനിരപേക്ഷത കൊണ്ടുമാത്രം പ്രശ്നപരിഹാരമാവില്ല. യഥാർത്ഥത്തിൽ അതു പ്രശ്നം രൂക്ഷമാക്കുകയാണ് ചെയ്യുക. നമ്മുടെ ഭരണനേതൃത്വത്തിന് ഇതുപോലും മനസിലാക്കാൻ കഴിയുന്നില്ലേ?

ഹിന്ദുവിരാട് സഭക്കാരും മാർക്സിസ്റ്റുകാരും ഒരു കാര്യം മനസിലാക്കണം. ഹിന്ദുത്വമോ, മതനിരപേക്ഷതയോ പ്രചരിപ്പിച്ചതുകൊണ്ട് അഖണ്ഡജനാധിപത്യഭാരതം സൃഷ്ടിക്കാനാവില്ല. വിജ്ഞാനത്തിന്റെ അടിസ്ഥാനമായി മതനിരപേക്ഷതയ്ക്കു പകരം സനാതനധർമ്മ സിദ്ധാങ്ങളേയും ഇസ്ലാമികതത്വങ്ങളേയും പ്രതിഷ്ഠിക്കണം. ഈ സിദ്ധാന്തങ്ങളും തത്വങ്ങളും തുറന്ന സൗഹൃദപൂർണമായ ചർച്ചകളിലൂടെ ഉരുത്തിരിയണം. മത

നിരപേക്ഷതയ്ക്കു ജനാധിപത്യഭാരതത്തിന്റെ അടിസ്ഥാനശിലയാവാൻ പറ്റില്ല. പരസ്പരം ബഹുമാനിക്കുന്ന വിവിധ വിശ്വാസങ്ങളെ പൊറുപ്പിക്കുന്ന സനാതനധർമ സാരാംശമാവണം അതിന്റെ അടിത്തറ. യുഗങ്ങളായി ഇന്ത്യയിൽ നാം അത് പ്രയോഗിച്ചുവരികയാണ്. ചിലപ്പോഴെല്ലാം ദുഃഖകരമായ വ്യതിയാനങ്ങളുണ്ടായിട്ടുണ്ടെങ്കിൽ പോലും.

*(ഇംഗ്ലീഷ് ലേഖനത്തിന്റെ തർജ്ജമ. മലയാള മനോരമ ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ചത്)*






# 2
# സെക്കുലറിസവും ഭാരത ഭരണഘടനയും

സെക്കുലറിസവും സെക്കുലർ സ്റ്റേറ്റും സംബന്ധിച്ച ഭാരതീയ ചർച്ചാ സംവാദങ്ങളിൽ നിന്നു രണ്ടു കാര്യങ്ങൾ വ്യക്തമായിരിക്കുന്നു. ഒന്നാമത് സെക്കുലർ എന്ന പദത്തിന് പാശ്ചാത്യ സാമൂഹ്യസാമ്പത്തിക വ്യവസ്ഥിതിയുടെ പരിവർത്തനചരിത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മനസ്സിലാക്കാവുന്ന ഒരു പ്രത്യേക അർത്ഥമാണുള്ളത്. രണ്ടാമത് സെക്കുലറൈസേഷൻ, സെക്കുലറിസം എന്നീ പദപ്രയോഗങ്ങളിൽ കാണുന്ന 'സെക്കുലർ' എന്ന ധാതുവിന് വ്യത്യസ്തങ്ങളായ അർത്ഥങ്ങളാണുള്ളത്.

പാശ്ചാത്യരാജ്യങ്ങളിൽ - അതായത് യൂറോപ്പിൽ, മാദ്ധ്യമിക കാലം (Medieval Period) എന്ന പ്രത്യേക സവിശേഷതകളോടുകൂടിയ ഒരു കാലഘട്ടമുണ്ടായിരുന്നു. പ്രധാന സവിശേഷതയിതാണ്. അസാമാന്യമായ ഒരു സംഘടിത രാഷ്ട്രീയ സാമ്പത്തികശക്തിയെന്ന നിലയിൽ മാദ്ധ്യമിക കത്തോലിക്കാ സഭ, രാഷ്ട്രത്തെ മാത്രമല്ല സമൂഹത്തിലെ എല്ലാ പ്രസ്ഥാനങ്ങളേയും സ്ഥാപനങ്ങളേയും (രാഷ്ട്രീയവും, സാമ്പത്തികവും, അക്കാദമികവും സാംസ്കാരികവും ആയി) നിയന്ത്രിച്ചിരുന്നു എന്നത് യൂറോപ്യൻ ചരിത്രത്തിന്റെ ഒരു സവിശേഷതയാണ്.

അതുപോലെ ഒരു കാലഘട്ടമോ സംഭവവികാസമോ ഭാരതത്തിൽ ഉണ്ടായിരുന്നിട്ടില്ല. വിവിധ മതങ്ങളുടെ പാരമ്പര്യങ്ങൾ ചിന്തയേയും സ്ഥാപനങ്ങളേയും സ്വാധീനിച്ചിരുന്നു എന്നത് ഇവിടെയും ഉണ്ടായി. എന്നാൽ എല്ലാറ്റിനേയും ഒരേ സമയത്ത് നിയന്ത്രിയ്ക്കുന്ന ഒരു മതവിഭാഗവും ഭാരതത്തിലുണ്ടായിട്ടില്ല. മാദ്ധ്യമികകാലം യൂറോപ്യൻ ചരിത്രത്തിന്റെ ഒരു പ്രത്യേകതയാണ്.

മനുഷ്യചിന്തയും മനുഷ്യസ്ഥാപനങ്ങളും ഒരു മതത്തിന്റെ നിയന്ത്രണത്തിൽനിന്ന് പുറത്തുചാടി സ്വതന്ത്രവും മതനിരപേക്ഷവുമാകുന്ന പ്രസ്ഥാനങ്ങളായിത്തീരുന്നതിനാണ് സെക്കുലറൈസേഷൻ എന്നു പറയുന്നത്. ആ വിമോചനം ചിലപ്പോൾ വിപ്ലവത്തിൽകൂടെയും ചിലപ്പോൾ പരിണാമത്തിൽകൂടെയും ആകാം.

ഇന്ത്യയിൽ ഹൈന്ദവധർമ്മമോ മറ്റു ധർമ്മങ്ങളോ, അവയിലെ ഏതെങ്കിലും ഒരു സമ്പ്രദായമോ ഇങ്ങനെ ചിന്തയേയും സ്ഥാപനങ്ങളേയും പരിപൂർണ്ണമായി നിയന്ത്രിക്കുവാൻ ശ്രമിച്ചിട്ടുമില്ല, സാധിച്ചിട്ടുമില്ല.

ഭാരതത്തിലേക്ക് സെക്കുലറൈസേഷൻ കടന്നുവന്നിട്ടുള്ളത് യൂറോപ്യൻ സംസ്കാരത്തിന്റെ രാഷ്ട്രീയമീമാംസയേയും വിദ്യാഭ്യാസസമ്പ്രദായത്തേയും നാം അനുധാവനം ചെയ്യുവാൻ ആരംഭിച്ചതോടുകൂടെയാണ്. പാശ്ചാത്യസംസ്കാരത്തിൽ കത്തോലിക്കാസഭയുടെ അധികാരകേന്ദ്രീക

രണത്തെ തകർത്ത് തൽസ്ഥാനത്ത് മനുഷ്യയുക്തി (Human rationality) യുടെ പേരിലാണ് ഒരു മുതലാളിവർഗ്ഗം അധികാരത്തിൽ വന്നത്.

മനുഷ്യയുക്തി അടിസ്ഥാനമാക്കിയുള്ള അതേ സെക്കുലറൈസേഷൻ പ്രക്രിയ നമ്മുടെ രാജ്യത്ത് ഒരു നാഷണൽ സ്റ്റേറ്റിനെയും ഭരണവർഗ ത്തേയും സൃഷ്ടിച്ചു. രാഷ്ട്രനിർമ്മാണം, പഞ്ചവത്സരപദ്ധതികൾ, വിദേ ശനയം, ആഭ്യന്തരപരിപാടികൾ എന്നിവ ഇപ്രകാരമുള്ള സെക്കുലറൈ സേഷനു വിധേയമായ ഒരു വരേണ്യവിഭാഗം രൂപം നല്കിയതാണ്.

മറുവശത്ത് സെക്കുലറിസം ഒരു പ്രത്യയശാസ്ത്രം എന്ന നിലയിൽ മതങ്ങളുടെ വിഭാഗത്തിൽ വരുന്നതാണ്. അതൊരു സംഘടിത മതമല്ല. നമ്മുടെ ഭൂരിപക്ഷമതമായ ഹിന്ദുമതവും സമ്പൂർണ്ണമായി സംഘടിപ്പിക്ക പ്പെട്ട മതമല്ലല്ലോ. സിദ്ധാന്തങ്ങളുടേയും മൂല്യങ്ങളുടേയും ഒരു പ്രത്യയ ശാസ്ത്രസമ്പ്രദായമെന്ന നിലയിൽ സെക്കുലറിസം നമ്മുടെ ജനങ്ങളു ടെമേൽ അടിച്ചേല്പ്പിക്കാനാവില്ല (ഒരു മതവും ഇവിടെ അങ്ങിനെ അടി ച്ചേല്പിക്കാൻ സാദ്ധ്യമല്ല). ഒരു രാഷ്ട്രമെന്ന നിലയിൽ നമുക്കുള്ള പ്രതി ബദ്ധത സെക്കുലർ രാഷ്ട്രത്തോടാണെന്നും അല്ലാതെ സെക്കുലറിസം എന്ന പ്രത്യയശാസ്ത്രത്തോടല്ലെന്നും ഇതുവരെയുള്ള ചർച്ചകൾ കൊണ്ട് വ്യക്തമായിരിക്കണം.

രാഷ്ട്രവും ജനങ്ങളും തമ്മിലുള്ള മൂന്ന് ബന്ധസമുച്ചയങ്ങളുടെ വെളി ച്ചത്തിലാണ് സെക്കുലർസ്റ്റേറ്റിന്റെ നിർവചനം.

(എ) സംഘടിതമോ വ്യക്തിഗതമോ ആയ മതാനുഷ്ഠാനത്തിനുള്ള സ്വാതന്ത്ര്യം (ഭരണഘടന 25–28 വകുപ്പുകൾ).

(ബി) രാഷ്ട്രം ഒരു വ്യക്തിയുടെ മതം ആസ്പദമാക്കി അനുകൂലമോ പ്രതികൂലമോ ആയ വിവേചനം കാണിക്കാതിരിക്കുക (പീഠികയും 15–ാം വകുപ്പും).

(സി) മതത്തിൽനിന്നു രാഷ്ട്രത്തെ വേർതിരിക്കൽ. ഒരു പ്രത്യേക മതത്തെ പുലർത്താനോ മതത്തിനകത്ത് പ്രവേശിച്ച് പ്രവർത്തിയ്ക്കുന്ന തിനോ രാഷ്ട്രത്തിന് അവകാശമില്ല.

ഈ തത്വങ്ങളും ആധുനികരാഷ്ട്രം എന്ന ആശയംപോലെ തന്നെ പാശ്ചാത്യ ലിബറൽ പാരമ്പര്യത്തിൽ നിന്നു നേരിട്ട് കടംകൊണ്ടതാണ്. പക്ഷേ, ഭാരതീയരെന്ന നിലയിൽ നാം ദേശീയ രാഷ്ട്രമെന്ന പാശ്ചാത്യ സ്ഥാപനത്തോടും നമ്മുടെ ദേശീയരാഷ്ട്രം ഭരണഘടനാപരമായി അംഗീ കരിച്ചിരിക്കുന്ന സെക്കുലർ രാഷ്ട്രസിദ്ധാന്തങ്ങളോടും പ്രതിബദ്ധരാണ്. പക്ഷേ, ഭരണഘടനയുടെ പീഠികയിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം നമ്മുടെ പ്രതിബദ്ധത ഒരു പരമാധികാരസോഷ്യലിസ്റ്റ് സെക്കുലർ ജനാ ധിപത്യ റിപ്പബ്ലിക്കിനോടാണ് (Sovereign, Socialist, Secular, democratic republic). ഈ അഞ്ചു പദങ്ങളുടേയും നിഷ്കൃഷ്ടമായ അർത്ഥം ഭരണ ഘടനയിലെങ്ങും നിർവചിച്ചിട്ടില്ല. 'സെക്കുലർ' എന്ന പദത്തെപ്പറ്റി പ്രതി പാദിക്കുമ്പോൾ പ്രത്യേകിച്ചും മതവും രാഷ്ട്രവും തമ്മിലുള്ള വേർപെടു ത്തലിന്റെ തത്വം വ്യക്തമാക്കിയിട്ടില്ല തന്നെ. ഏതെങ്കിലുമൊരു മതത്തെ

പുലർത്താനോ പരിപോഷിപ്പിക്കാനോ നികുതിവരുമാനം ഉപയോഗിച്ചു കൂടെന്നു 27-ാം വകുപ്പ് അനുശാസിക്കുന്നു.

ഒരു രാഷ്ട്രമെന്ന നിലയിൽ നമ്മുടെ ഭരണഘടനാപ്രതിബദ്ധത ഒരു പരമാധികാര, സോഷ്യലിസ്റ്റ്, സെക്കുലർ ജനാധിപത്യ റിപ്പബ്ലിക്കിനോടാണെന്നും, സെക്കുലറൈസേഷൻ പ്രക്രിയയോടോ സെക്കുലർ പ്രത്യയശാസ്ത്രത്തോടോ അല്ലെന്നും ഒരിക്കൽക്കൂടി വ്യക്തമാക്കിക്കൊള്ളട്ടെ.

**പരമാധികാരം**

മുകളിൽ ഉപയോഗിച്ച നാലു വിശേഷണങ്ങൾക്കും വിശദീകരണം ആവശ്യമാണ്. ഉദാഹരണത്തിന് സമ്പൂർണ്ണ പരമാധികാരം ഇന്ന് ഒരു രാഷ്ട്രത്തിന്റേയും പിടിയിൽ ഒതുങ്ങുന്നില്ല. തനിയെ നില്ക്കാൻ ആഗ്രഹിക്കുന്ന അൽബേനിയയിൽ പോലും സമ്പൂർണ്ണ പരമാധികാരം ഭദ്രമായ അടിസ്ഥാനത്തിൽ സ്ഥാപിക്കാൻ സാദ്ധ്യമാണോയെന്നു സംശയമാണ്. പ്രമുഖ ന്യൂക്ലിയർ രാഷ്ട്രങ്ങളിൽ പോലും ഇത്തരം സമ്പൂർണ്ണ പരമാധികാരം ലഭ്യമല്ല. ഇന്ത്യയിലും പരമാധികാരമെന്ന പദത്തിനു വിശേഷണം വേണ്ടിയിരിക്കുന്നു. വർദ്ധിച്ച തോതിൽ പരസ്പരാശ്രിതമായ ലോകത്തിൽ ജീവിക്കുന്ന നമുക്കു സമ്പൂർണ്ണ സ്വാതന്ത്ര്യത്തെപ്പറ്റി പ്രസംഗിക്കാൻ പ്രയാസമാണ്. അങ്ങേയറ്റം നമുക്കു പറയാവുന്നത് ഓട്ടോണമി (autonomy) എന്നോ ഓട്ടോ - ജഷൻ (auto - gestion) എന്നോ മാത്രമാണ്. ഓട്ടോജഷൻ എന്നതിനു സ്വയം നയിക്കുക എന്നർത്ഥം. സ്വന്തം കാര്യങ്ങൾ ക്രമീകരിക്കാനുള്ള അധികാരം പക്കലുണ്ടെന്നാണ് ഓട്ടോണമിയുടെ അർത്ഥം. എവിടെനിന്നു നാം സഹായം തേടുമെന്നും ഏതു വ്യവസ്ഥകളിലാണതെന്നും തീരുമാനിക്കാനുള്ള അധികാരം അതിലുൾപ്പെടും. രാഷ്ട്രത്തിനു നമ്മുടെ ജനങ്ങളുടെമേൽ പരമാധികാരം അവകാശപ്പെടാനാവില്ല. പരമാധികാരം എന്നതു ഫ്യൂഡൽ വ്യവസ്ഥിതിയിലെ പദമാണ്. അതു നാം വർജിക്കണം. നാം ഇനിയും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കീഴിലല്ലെന്നും സ്വതന്ത്രരാണെന്നുമായിരിക്കണം നമ്മുടെ ഭരണഘടനയുടെ നക്കലെഴുതിയവർ സോവറിനിറ്റി എന്ന പദംകൊണ്ടു വിവക്ഷിച്ചത്. എന്നാൽ ഇന്നാകട്ടെ പരമാധികാരത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും സിദ്ധാന്തങ്ങളിൽ നിന്നു മുമ്പോട്ട് പരസ്പരാശ്രിതമായ സ്വയംഭരണ രാഷ്ട്രങ്ങളുടെ ആഗോളസമൂഹത്തിലേക്കു, നീങ്ങുന്നതിനുള്ള ചരിത്ര സമ്മർദ്ദത്തിലാണു നാം. നീതി, സമത്വം, പരസ്പരം പ്രയോജനപ്രദമായ സഹകരണം എന്നിവയുടെ നിഴലിലാണു പരസ്പരാശ്രിതത്വം.

**സോഷ്യലിസ്റ്റ്**

സോഷ്യലിസ്റ്റ് എന്ന പദം നമ്മുടെ പ്രതിബദ്ധതയെ വിശേഷിപ്പിക്കുന്നതാണ് (ഇന്നത്തെ സാമൂഹ്യ സാമ്പത്തിക യാഥാർത്ഥ്യത്തെയല്ല). ഈ പദത്തിന് ഗുരുതരമായ അർത്ഥച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ജനങ്ങളിലെ പ്രാമാണികാംശം സ്വതന്ത്ര മാർക്കറ്റ് സമ്പദ്വ്യവസ്ഥയെ അനുകൂലിക്കുന്നവരാണ് – സ്റ്റേറ്റു കൺട്രോൾ സംബന്ധിച്ച ചില കെയ്നീഷ്യൻ സിദ്ധാന്തങ്ങൾ കൂട്ടിച്ചേർക്കുമെന്നു മാത്രം.

അടിസ്ഥാനപരമായി സോഷ്യലിസത്തിൽ രണ്ടു ഘടകങ്ങളാണുള്ളത്:

ഒന്ന്: പ്രതിബദ്ധതയും ഒരു മനോഭാവവും – ഓരോ വ്യക്തിയും സ്വന്തം ലാഭത്തിനു വേണ്ടിയല്ല, എല്ലാവരുടേയും പ്രയോജനാർത്ഥം തന്നെ തന്റെ തൊഴിൽ സംഭാവന ചെയ്യണം. എല്ലാവരും ഓരോരുത്തരേയും കരുതണം.

രണ്ട്: സ്വകാര്യ സ്വത്തിനെതിരായിട്ടല്ല, ഉല്പാദനോപാധിയെ സംബന്ധിച്ച് ഒരു പ്രതിബദ്ധതയുണ്ടാകണം. ഈ രണ്ടു തത്വങ്ങളും നമ്മുടെ രാഷ്ട്രം നടപ്പിലാക്കുന്നില്ല. വർഗസൗഹാർദത്തിലേക്കുള്ള പരമപ്രധാനമായ അടിവയ്പ് സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളുടെ അംഗീകാരവും നിർവഹണവുമാണ്. യഥാർത്ഥമായ സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയിൽ മതസമൂഹങ്ങൾ പരസ്പരം കലഹിക്കാൻ കാര്യമില്ല. സോഷ്യലിസത്തിൽ സാമൂഹ്യനീതി അന്തർഹിതമാണ്. വർഗീയസംഘട്ടനത്തിനുള്ള സിദ്ധൗഷധം ഇതുതന്നെ.

## സെക്കുലർ

മൂന്നാമത്തെ വിശേഷണമായ 'സെക്കുലർ' നിർവചിക്കാൻ ഏറ്റവും പ്രയാസമേറിയതാണ്. രാഷ്ട്രത്തോടുള്ള നമ്മുടെ പ്രതിബദ്ധതയെ ആണതു വിശേഷിപ്പിക്കുന്നത്. ഇന്ത്യൻ പശ്ചാത്തലത്തിൽ ആ പദം നിർവചിക്കാനുള്ള ഭാരതീയ യത്നങ്ങൾ ഇനിയും വിജയിച്ചിട്ടില്ല. അടിസ്ഥാനതലത്തിൽ അതിന്റെ അർത്ഥം നമ്മുടെ അയൽരാഷ്ട്രമായ പാക്കിസ്ഥാൻ ഇസ്ലാമിനെ സ്റ്റേറ്റുമതമായി അംഗീകരിച്ചതിനൊരു വ്യതിരേകമാണ് ഇന്ത്യയുടെ നിലയെന്നതാണ്. അതിന്റെ രചനാത്മകമായ അർത്ഥം യാതൊരു മതസമൂഹത്തിനും – ഭൂരിപക്ഷമാകട്ടെ, ന്യൂനപക്ഷമാകട്ടെ – പ്രത്യേക പരിഗണനകളൊന്നും ലഭിക്കുകയില്ലെന്നു തന്നെ. പക്ഷേ നാം ആദ്യം മുതൽതന്നെ ഈ തത്വത്തെ ലംഘിച്ചു പ്രവർത്തിച്ചു. ഭൂരിപക്ഷസമൂഹത്തിന്റെ മതസംസ്ക്കാരം പരിപോഷിപ്പിച്ചും ന്യൂനപക്ഷസമൂഹങ്ങൾക്ക് പ്രത്യേകാവകാശങ്ങളും സംവരണവും തിരഞ്ഞെടുപ്പിൽ പ്രത്യേക നിയോജകമണ്ഡലങ്ങളും അനുവദിച്ചു.

ഇന്നു ഭൂരിപക്ഷസമൂഹത്തിൽ പല പ്രാമാണികരും ഹൈന്ദവ ഭാരതത്തിനുവേണ്ടി വാദിക്കുന്നുണ്ട്. ഹിന്ദുമത പാരമ്പര്യത്തിനു അധീശാധികാരം നല്കുന്നതും നിർവചനാത്മകവുമായ സ്ഥാനം വേണമെന്നവർ അഭിപ്രായപ്പെടുന്നു. ഈ വീക്ഷണം ഭരണഘടനയുടെ അന്തസത്തയ്ക്കു കടകവിരുദ്ധമാണ്. പൂർണപൗരന്മാരായി ഈ രാജ്യത്തു വസിക്കുന്ന അഹിന്ദുസമൂഹങ്ങളുടെയും രാജ്യത്തെ ഹൈന്ദവ ജനകോടികളുടെയും ഉത്തമതാല്പര്യങ്ങളെ വഞ്ചിക്കുന്നതിനു തുല്യമായിരിക്കുമത്. ആ നിലയ്ക്ക് ഹൈന്ദവാധീശത്വത്തിലുള്ള ഒരു രാഷ്ട്രീയ സമ്പദ്വ്യവസ്ഥയെന്ന ആശയത്തെ ഹിന്ദുക്കളും മറ്റു മതസമൂഹങ്ങളും ഒറ്റക്കെട്ടായി എതിർത്തേ മതിയാവൂ. തീർത്തും അനീതിപൂർവവും വിവേചനാപരവുമായിരിക്കും ആ ആശയം.

വർഗീയ സംഘട്ടനത്തിനു പ്രതിവിധിയായി നമ്മുടെ ചില ബുദ്ധിജീവികൾ നിർദേശിക്കുന്ന 'ശാസ്ത്രീയ കാലാവസ്ഥ'യ്ക്കായുള്ള ആഹ്വാനം

നമ്മൾ ചെറുത്തേ മതിയാവൂ. ജവഹർലാൽ നെഹ്റു തന്നെ ഉപയോഗിച്ച ആ പദം ഇന്നും അവ്യക്തമായി അവശേഷിക്കുന്നു. ശാസ്ത്രജ്ഞന്മാരും സാധാരണ ജനങ്ങളും യാഥാർത്ഥ്യത്തോടു പുലർത്തേണ്ട ശാസ്ത്രീയ മനോഭാവമാണു വിവക്ഷിതമെങ്കിൽ, അതിന്റെ തത്വജ്ഞാനപരമായ ന്യായീകരണം, ശാസ്ത്രം സംബന്ധിച്ചു പര്യാപ്തമായ ദർശനത്തിൽ അധിഷ്ഠിതമായിരിക്കണം. ആധുനികശാസ്ത്രം പ്രായോഗിക വിജ്ഞാനത്തിന്റെ ഒരു മുഖ്യായുധമാണെന്നും എന്നാൽ സമസ്തയാഥാർത്ഥ്യത്തെയും കൈകാര്യം ചെയ്യാൻ അതു സമർത്ഥമല്ലെന്നുമാണ് ഇന്നു മിക്ക ശാസ്ത്രജ്ഞന്മാരിലും ശാസ്ത്രദാർശനികന്മാരിലും വളർന്നുകൊണ്ടിരിക്കുന്ന കാഴ്ചപ്പാട്. യാഥാർത്ഥ്യം സംബന്ധിച്ച നമ്മുടെ ദർശനത്തിലും ഉച്ചാരണത്തിലും കലയും സാഹിത്യവും സംസ്കാരം മൊത്തത്തിലും ആധുനിക ശാസ്ത്രത്തിന് അനുപൂരകമായി വർത്തിക്കണം. നല്ലതെന്ത്? നീതിപൂർവകമായതേത്? വാസ്തവമേത്? എന്നിവയുടെ ദർശനീയത സംബന്ധിച്ച ആഴത്തിലുള്ള ന്യായയുക്തചിന്ത ശാസ്ത്രീയ ന്യായയുക്തതയ്ക്കു പിൻബലമാകണം. ശാസ്ത്രീയ കാലാവസ്ഥയുടെ വക്താക്കൾ പലപ്പോഴും ശാസ്ത്രീയ ന്യായയുക്തതയുടെ പങ്ക് അമിതമായി പൊലിപ്പിച്ചു കാട്ടുകയെന്ന തെറ്റിലും, വർഗീയസംഘട്ടനത്തിന്റെ നാരായവേരായി മതാധിഷ്ഠിത നിലപാടിനെ പൊന്തിച്ചു കാണിക്കുകയെന്ന തെറ്റിലും ചെന്നുവീഴാറുണ്ട്.

വർഗീയതയ്ക്കു എതിരായ സമരം ഒരു ബഹുമുഖ സമരമായിരിക്കണം – ശാസ്ത്രീയ മനോഭാവം വളർത്തുന്നതിലൂടെയും, കല, സാഹിത്യം, സംസ്കാരം എന്നിവയിലൂടെയും സാമൂഹ്യനീതി, വർഗീയ സൗഹാർദം, സത്യസ്നേഹ സ്വാതന്ത്ര്യങ്ങളിലുള്ള മാനസിക ഐക്യം എന്നിവയിലൂടെയും ആ സമരം തുടർന്നു നടക്കണം.

ഒരു പ്രത്യയശാസ്ത്രമെന്ന നിലയിൽ സെക്കുലറിസത്തെ പിന്തുണയ്ക്കുന്നവരുടെ അവകാശങ്ങളെ നാം മാനിക്കുമ്പോൾ തന്നെ, ഒരു സെക്കുലർ രാഷ്ട്രത്തിൽ അത് അടിച്ചേല്പ്പിച്ചുകൂടെന്നു നാം ഓർത്തിരിക്കണം. സെക്കുലറിസം രണ്ടു മൗലിക പ്രമേയങ്ങളിൽ അധിഷ്ഠിതമാണ് – രണ്ടും തുല്യനിലയിൽ അശാസ്ത്രീയമാണ്. ഒന്നാമത്തെ പ്രമേയം: പഞ്ചേന്ദ്രിയങ്ങൾക്ക് അനുഭവവേദ്യമായ ലോകം മാത്രമാണു നിലവിലുള്ള ലോകം. രണ്ടാമത്തേത്: പാശ്ചാത്യ രാജ്യങ്ങളിൽ വികസിപ്പിച്ച വിമർശനാത്മകമായ ന്യായയുക്തത, യാഥാർത്ഥ്യത്തെ മനസ്സിലാക്കാനും കൈകാര്യം ചെയ്യുവാനും തികച്ചും സമർത്ഥമാണ്.

ഒരു അർദ്ധമതാത്മക പ്രത്യയശാസ്ത്രമാണ് സെക്കുലറിസം. വളരെ സങ്കുചിതവും പ്രാദേശികവുമാണത്. പ്രേരണയിലൂടെ അതിനെ പരിപോഷിപ്പിക്കാൻ അതിന്റെ വക്താക്കൾക്ക് അവകാശമുണ്ട് – സ്വന്തം വീക്ഷണം പ്രേരണയിലൂടെ പ്രഘോഷിക്കുവാൻ മതവിശ്വാസികൾക്ക് അവകാശമുള്ളതുപോലെ തന്നെ.

സെക്കുലർ രാഷ്ട്രത്തിൽ സെക്കുലറിസവും മതാത്മകതയും ഒരുപോലെ ആദരണീയമാണ്. എന്നാൽ, ഒരു രാഷ്ട്രമെന്ന നിലയിൽ നാം ഭരണഘടനാപരമായി സെക്കുലറിസമെന്ന പ്രത്യയശാസ്ത്രത്തിനു പ്രതി

ജ്ഞാബദ്ധരാണെന്നു വാദിക്കുന്നതു ഭാരതം ഒരു ഹിന്ദുരാഷ്ട്രമാണെന്നു വാദിക്കുന്നതുപോലെ വഞ്ചനാത്മകമായിരിക്കും.

എന്റെ അഭിപ്രായത്തിൽ, സെക്കുലർ പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്ന ലിബറൽ ചിന്താഗതിക്കാരും, മാർക്സിസ്റ്റുകളും ഒക്കെ വർഗീയ സംഘട്ടനങ്ങളേയും മതസമൂഹങ്ങൾക്കു പ്രത്യേക പരിഗണന വേണമെന്നു ആവശ്യപ്പെടുന്നവരേയും ഒരുപോലെ എതിർക്കുന്ന മതവിശ്വാസികളുമായി കൈകോർത്തു സഹകരിച്ചു പ്രവർത്തിക്കുകയാണു വേണ്ടത്.

## ജനാധിപത്യം

ഇതോടെ നമ്മൾ ഭരണഘടനയിലെ നാലാമതു വിശേഷണത്തിലേക്കു വരുന്നു - ജനാധിപത്യപരം. ആദ്യത്തെ പ്രയോഗം “പരമാധികാര ജനാധിപത്യ റിപ്പബ്ലിക്” എന്നായിരുന്നു. 1977 ജനുവരി 3-ലെ 42-ാം ഭേദഗതിയിൽ അത് “പരമാധികാര സോഷ്യലിസ്റ്റ് സെക്കുലർ ജനാധിപത്യ റിപ്പബ്ലിക്ക്” എന്നു മാറ്റി. ഡമോക്രസി എന്നാൽ അധികാരം ജനങ്ങളുടെ കരങ്ങളിൽ എന്നർത്ഥം. ഇന്നു നമ്മുടെ റിപ്പബ്ലിക്കിൽ ഇതിലേറെ ഒരു വിരോധാഭാസമില്ല. വോട്ടിലൂടെ ജനങ്ങൾ ഗണ്യമായ അധികാരം പ്രയോഗിക്കുന്നുണ്ട്. എന്നാൽ അധികാരം അവർക്കു തീർത്തും അപ്രാപ്യമായിരിക്കുന്നു. തങ്ങൾ വലിയൊരളവിൽ അന്യവൽക്കരിക്കപ്പെട്ടതായി ജനങ്ങൾ വിശ്വസിക്കുന്നു. രാഷ്ട്രീയപാർട്ടികൾ വോട്ടുകളോടു പ്രതികരിക്കുന്നുണ്ട്. പക്ഷേ, അതു മിക്കപ്പോഴും വിഭാഗീയമോ പ്രാദേശികമോ ആയ അഭ്യർത്ഥനകളിലൂടെയാണ്. വോട്ടുകൾ നേടുന്നതിനു മതമോ പ്രാദേശികത്വമോ ഉപാധിയാക്കുമ്പോൾ നാം സെക്കുലർ തത്വങ്ങളും ജനാധിപത്യ തത്വങ്ങളും ഉല്ലംഘിക്കുക തന്നെ ചെയ്യുന്നു.

പ്രത്യക്ഷമായോ പരോക്ഷമായോ മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ കക്ഷികൾ രൂപവല്ക്കരിക്കുന്നതിനെ നമ്മുടെ ഭരണഘടന നിർഭാഗ്യവശാൽ നിരോധിച്ചിട്ടില്ല. വോട്ടു നൽകാൻ വർഗീയമോ മതപരമോ ആയ കൂറിനോട് അഭ്യർത്ഥിക്കുന്നതിനേയും നിരോധിച്ചിട്ടില്ല. ഒരുപക്ഷേ ഇക്കാര്യത്തിൽ ഒരു ഭരണഘടനാഭേദഗതി ആവശ്യമായിത്തീർന്നിരിക്കുന്നു. സെക്കുലർ, ജനാധിപത്യം എന്നീ വിശേഷണങ്ങളെ വിശദീകരിച്ചും രാഷ്ട്രീയത്തിൽ മതത്തിന്റെ ദുരുപയോഗം നിരോധിച്ചും കൊണ്ടുള്ള ഭേദഗതി. ഈ വ്യവസ്ഥ നിഷ്പക്ഷമായി പാലിക്കാൻ കഴിവുള്ളതും വർഗീയ ചായ്‌വുകളിൽ നിന്നു സ്വതന്ത്രവുമായ ജുഡീഷ്യറിയും എക്സിക്യൂട്ടീവും ഉറപ്പുവരുത്തുകയും വേണം.

ന്യൂനപക്ഷങ്ങൾക്കുള്ള പ്രത്യേകാനുകൂല്യങ്ങളെപ്പറ്റി ഒരു വാക്ക്. ഈ ആനുകൂല്യങ്ങൾ താല്ക്കാലികവും സോപാധികവും ആയിരിക്കാനാണ് ആദ്യം ഉദ്ദേശിച്ചിരുന്നത്. ജനങ്ങൾ വേണ്ടവിധത്തിൽ കാര്യങ്ങൾ ഗ്രഹിക്കുന്നതിനു മുമ്പ് ഈ ആനുകൂല്യങ്ങൾ പിൻവലിക്കുവാനുള്ള ശ്രമം വർഗീയസംഘട്ടനങ്ങൾക്ക് ഇടയാക്കിയേക്കാം. ഈ വ്യവസ്ഥകളുടെ താല്ക്കാലികസ്വഭാവം സദാ മുമ്പിലുണ്ടായിരിക്കണം. ഇന്നത്തെ നിലയിൽ താല്ക്കാലികമായി അവയുടെ ആവശ്യകതയെപ്പറ്റിയും അതേ

സമയം സെക്കുലർ ജനാധിപത്യരാഷ്ട്രത്തിൽ ആത്യന്തികമായി അവയുടെ അസാംഗത്യത്തെപ്പറ്റിയും ന്യൂനപക്ഷ കക്ഷികളേയും ഭൂരിപക്ഷ കക്ഷി കളേയും തുടർന്ന് ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കേണ്ടിവരും.

വിവിധ മതസമൂഹങ്ങളുടെ സ്വത്തവകാശവും വിവാഹവും സംബ ന്ധിച്ച പ്രത്യേക ചട്ടങ്ങൾക്കും ഇത് ബാധകമാക്കണം. പരിപക്വമായ സെക്കുലർ ജനാധിപത്യ റിപ്പബ്ലിക്കിൽ ഒരു പൊതു സിവിൽകോഡ് അത്യ ന്താപേക്ഷിതമാണ്. ഇങ്ങനെയൊരു നിയമത്തോടുള്ള പ്രതിബദ്ധത കൈ വിടാതെ നാം ജനങ്ങളെ – ന്യൂനപക്ഷ സമൂഹങ്ങളേയും ഭൂരിപക്ഷ സമൂ ഹങ്ങളേയും – തുടർന്നു പഠിപ്പിച്ചുകൊണ്ടിരിക്കണം. ഒരു പൊതു സിവി ൽകോഡ് നടപ്പിലാക്കുമ്പോൾ വർഗീയസംഘട്ടനങ്ങൾ ഉണ്ടായേക്കാമെന്ന വസ്തുത തല്ക്കാലം നമ്മുടെ പ്രവർത്തനത്തെ നിയന്ത്രിക്കേണ്ടതാണ്.

എന്നിരിക്കിലും, ആത്യന്തികമായി സെക്കുലർ ജനാധിപത്യ റിപ്പബ്ലി ക്കിനു മാത്രമേ നിയമസമാധാനം പുലർത്താൻ കഴിയുകയുള്ളുവെന്ന് ന്യൂനപക്ഷങ്ങളും ഭൂരിപക്ഷങ്ങളുമായ മതസമൂഹങ്ങൾ മനസ്സിലാക്കണം. മതപരമായ ശിക്ഷണമോ പ്രത്യേക മതങ്ങൾ പോലുമോ അടിച്ചേല്പ്പി ക്കാൻ കഴിയില്ലെന്ന ബോധവും ഉണ്ടാകണം.

വിവാഹം, വിവാഹമോചനം തുടങ്ങിയ വ്യക്തിഗതങ്ങളായ കാര്യങ്ങ ളിൽ മതപരവും ധാർമ്മികവുമായ ശിക്ഷണം നടപ്പാക്കൽ അതതു മത സമൂഹത്തിന്റെ കർത്തവ്യമാണ്; ഒരു സെക്കുലർ ജനാധിപത്യ റിപ്പബ്ലി ക്കിന്റെ ചുമതലയല്ല. പൊതുധാർമ്മികത കൈകാര്യം ചെയ്യാനേ റിപ്പബ്ലി ക്കിന്റെ നിയമങ്ങൾ ഉപയോഗിക്കാവൂ. മനുഷ്യജീവനും സ്വത്തിനും നേർക്കുള്ള അക്രമങ്ങൾ തടയാനും വഴക്കും സംഘട്ടനങ്ങളും ഒഴിവാ ക്കാനും സൗഹാർദ്ദവും നീതിയും പുരോഗതിയും പുലർത്തി പരിപോ ഷിപ്പിക്കാനും റിപ്പബ്ലിക്കിന്റെ നിയമങ്ങൾ നമുക്കാവശ്യമാണ്.

വിദ്യാഭ്യാസം രാഷ്ട്രത്തിന്റെ കുത്തകയാക്കുന്നതിനു ജനാധിപത്യ തത്വം എതിരാണ്. സ്വാഭാവികവും പര്യാപ്തവുമായ രീതികളിൽ സ്വന്തം വിദ്യാഭ്യാസത്തിനു ക്രമീകരണങ്ങൾ നടത്തുവാൻ ജനങ്ങൾക്ക് അവകാശം ഉണ്ടായിരിക്കണം. പക്ഷേ, നിരക്ഷരതയോ അജ്ഞാനമോ അനാരോഗ്യമോ അവർക്ക് വിധിക്കപ്പെട്ടതല്ല. ഇതൊക്കെ ഇല്ലായ്മ ചെയ്യാൻ രാഷ്ട്രത്തിന് ഉത്തരവാദിത്വമുണ്ട്.

മതസമൂഹങ്ങളും സെക്കുലർ പ്രത്യയശാസ്ത്രക്കാരും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന വിഷയം പ്രകോപനഹേതുകമാണ്. ഈ അവ കാശങ്ങൾ നിഷേധിക്കുക ജനാധിപത്യവിരുദ്ധമായിരിക്കും. രാഷ്ട്രത്തിന്റെ വിദ്യാഭ്യാസ സംവിധാനം പ്രത്യയശാസ്ത്രഘടകങ്ങൾ ആധിപത്യം ചെലു ത്തുന്നതാവാം. ചിലപ്പോൾ വർഗീയ ഘടകങ്ങൾ അതിനു നിറം പിടിപ്പി ച്ചുവെന്നും വരാം. ഇവയൊന്നും ജനങ്ങളുടെമേൽ അടിച്ചേല്പിക്കുക യുക്തമല്ല. ന്യൂനപക്ഷ സമൂഹങ്ങൾക്കും ഭൂരിപക്ഷ സമൂഹങ്ങൾക്കും അവ രവരുടേതായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (എല്ലാവർക്കും പ്രവേശന സ്വാത ന്ത്ര്യമുള്ളവ) നടത്താൻ അവകാശമുണ്ടെന്ന തത്വം അംഗീകരിച്ചുകഴി

ഞ്ഞാൽ, രാഷ്ട്രത്തിനു പാഠ്യപദ്ധതി സംബന്ധിച്ചു പരിമിതമായ ചില നിയന്ത്രണങ്ങൾ വേണം. ഇത്തരം സ്ഥാപനങ്ങൾ വർഗീയ കലാപത്തിനോ വിദ്വേഷത്തിനോ വിത്തു പാവുകയില്ലെന്നും കുട്ടികളുടെ മനസ്സിൽ വർഗീയമായ ആധിപത്യാശയങ്ങൾ കുത്തിവയ്ക്കുകയില്ലെന്നും നോക്കാൻ രാഷ്ട്രത്തിന് ഉത്തരവാദിത്വമുണ്ട്. ഇക്കാര്യത്തിൽ സമ്പൂർണ്ണമായ അധികാരങ്ങൾ ന്യൂനപക്ഷസമൂഹത്തിനും ഭൂരിപക്ഷസമൂഹത്തിനും അവകാശപ്പെടാനാവില്ല.

ഈ സ്ഥാപനങ്ങൾക്കു സാമ്പത്തികസഹായം അനുവദിക്കുന്ന വിഷയവും വികാരങ്ങളെ പ്രകോപിപ്പിക്കുന്ന വിഷയമാണ്. എല്ലാ പൗരന്മാരും കൊടുക്കാൻ ബാദ്ധ്യസ്ഥമായ നികുതികൾ ഭാഗികമായി എല്ലാവരുടേയും വിദ്യാഭ്യാസത്തിന്റെ ചെലവു വഹിക്കാൻ വേണ്ടിയാണ്. മതസമൂഹങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ രാഷ്ട്രത്തിന്റെ വിദ്യാഭ്യാസധർമ്മങ്ങൾ ഭാഗികമായി നിർവഹിക്കുന്നിടത്തോളം കാലം, ഈ സ്ഥാപനങ്ങൾക്കു രാഷ്ട്രത്തിന്റെ ഫണ്ടിൽ നിന്ന് ആനുപാതികമായ ധനസഹായത്തിന് അവകാശമുണ്ട്. അതേസമയം ഭരണഘടനാവിരുദ്ധമോ, ജനാധിപത്യവിരുദ്ധമോ ആയ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക്, അവ ന്യൂനപക്ഷസമൂഹങ്ങൾ നടത്തുന്നതായാലും ഭൂരിപക്ഷസമൂഹങ്ങൾ നടത്തുന്നതായാലും, ധനസഹായം നിഷേധിക്കണം. മറ്റു മതസമൂഹങ്ങളെപ്പറ്റി ആക്ഷേപം, വിദ്വേഷം, അസത്യം എന്നിവ പ്രചരിപ്പിക്കുന്ന സ്ഥാപനങ്ങളും ഇക്കൂട്ടത്തിൽപെടും; അങ്ങനെയൊരു ഘട്ടത്തിൽ ഈ സ്ഥാപനങ്ങളിലെ മതബോധനം സംവിധാനം ചെയ്യാൻ രാഷ്ട്രത്തിനു കടമയുണ്ട്. ജനാധിപത്യതത്വം ഇവിടെ വളരെ ലോലവും പ്രക്ഷോഭഹേതുകവുമായ ഒരു കർത്തവ്യത്തെയാണ് അഭിമുഖീകരിക്കുന്നത്. ചിലപ്പോൾ വർഗീയ സംഘട്ടനങ്ങൾക്കും അക്രമങ്ങൾക്കും അതു വഴിമരുന്നിട്ടുവെന്നും വരാം.

തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റേയും രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങളുടേയും ചെലവ് ഭീമമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നതും ഇവയുടെ നല്ല പങ്കും വൻകിട കോർപ്പറേഷനുകളും ഡിഫൻസ് കോൺട്രാക്ടർമാരും സിവിൽ കോൺട്രാക്ടർമാരും വഹിക്കേണ്ടി വരുന്നുവെന്നതും ജനാധിപത്യ സിദ്ധാന്തങ്ങൾക്കു തുരങ്കം വയ്ക്കുന്ന ഘടകങ്ങളാണ്. ഇവയ്ക്കു രാഷ്ട്രത്തിന്റെ ഭരണയന്ത്രത്തിന്മേൽ ജനാധിപത്യവിരുദ്ധമായ അധികാരം നൽകുന്നു. മിക്കപ്പോഴും ഇത് ദരിദ്രരുടേയും ദുർബലരുടേയും താല്പര്യങ്ങൾക്കു വിരുദ്ധമായാണു ചെന്നുകൊള്ളുക. ഭരണഘടന പ്രകാരം നാം പുലർത്താൻ ബാദ്ധ്യസ്ഥമായ സാമൂഹ്യനീതിയെപ്പോലും അത് തകിടം മറിക്കുന്നു.

ഇന്നു നമ്മുടെ രാജ്യത്തു സെക്കുലറിസത്തിന്റെ ഭാരതീയാർത്ഥം സംബന്ധിച്ചു നടക്കുന്ന സംവാദം സെക്കുലറൈസേഷൻ, സെക്കുലറിസം, സെക്കുലർ സ്റ്റേറ്റ് എന്നിവ തമ്മിലുള്ള അർത്ഥവ്യത്യാസം മനസ്സിലാക്കുന്നതിലുള്ള പരാജയത്താൽ വികലമാക്കപ്പെട്ടിരിക്കുന്നു. സോഷ്യലിസ്റ്റ്, ഡമോക്രാറ്റിക്, സെക്കുലർ സ്റ്റേറ്റ് എന്ന യഥാർത്ഥ പശ്ചാത്തലത്തിൽ നിന്ന് "സെക്കുലർ" പദത്തെ വേർതിരിച്ച് ഒറ്റതിരിക്കുന്നതിനുള്ള ശ്രമവും

അതിനെ വികലമാക്കുന്നുണ്ട്. 'സെക്കുലർ' സിദ്ധാന്തം ഒരു ശാസ്ത്രീയ കാലാവസ്ഥയ്ക്കുവേണ്ടിയുള്ള അന്വേഷണമായി ഇനം തിരിച്ചതും സെക്കുലറിസത്തെ വർഗീയ കലാപത്തിനു മറുമരുന്നായി നിർദ്ദേശിച്ചതും ആ വികലതയ്ക്കു മാറ്റുകൂട്ടുന്നു. നമ്മുടെ ഭരണഘടനാപരമായ പ്രതിബദ്ധതയുടെ പശ്ചാത്തലത്തിൽ സെക്കുലർ എന്ന പദത്തിനു മതവുമായി ഒരു ബന്ധവുമില്ലെന്നും അതു മതവിരുദ്ധമാണെന്നും വ്യവഹരിച്ചതും വിനയായി.

വർഗീയവൈരം, അനൈക്യം, സംഘട്ടനം എന്നിവയ്ക്കെതിരായി വ്യാപകവും വൈവിധ്യമിയന്നതുമായ ഒരു ചർച്ചാവേദി സംഘടിപ്പിക്കുകയാണ് ഇന്നത്തെ ആവശ്യം. ജനങ്ങളുടെ പൊതുശത്രുവിനെ നേരിടാൻ സെക്കുലർ പ്രത്യയശാസ്ത്രങ്ങളുടേയും വിവിധ മതങ്ങളുടേയും സന്മനസ്സുള്ള അനുയായികൾക്ക് ഒന്നിച്ചു പ്രവർത്തിക്കാൻ കഴിയണം.

*(ഇംഗ്ലീഷ് ലേഖനത്തിന്റെ പരിഭാഷ. പരിഭാഷകൻ: എം. കുര്യൻ)*



# 3
# വർഗീയത സെക്കുലർ രാഷ്ട്രത്തിൽ

ജവഹർലാൽ നെഹ്റുവിനെപ്പോലുള്ളവർ എല്ലാ തലമുറയിലും പിറവിയെടുക്കുന്നില്ല - നമ്മുടേതുപോലെ ജനപ്പെരുപ്പം ധാരാളമുള്ള രാഷ്ട്രത്തിൽപോലും. നമ്മുടെ അപര്യാപ്തതകൾ എന്തൊക്കെയാണെങ്കിലും നെഹ്റു രാഷ്ട്രത്തിനു മുമ്പിൽ വച്ചിട്ടുള്ള കർത്തവ്യങ്ങളിൽ ചിലത് നാം ഏറ്റെടുത്തു നിർവഹിച്ചേ മതിയാവൂ.

ഇന്ത്യയിൽ നാം കൈകാര്യം ചെയ്യേണ്ട ദുഷ്കരമായ മേഖലകളിലൊരെണ്ണം, നമ്മുടെ ജനങ്ങൾ അനുവർത്തിച്ചുവരുന്ന വിഭിന്ന മതങ്ങളും രാഷ്ട്രവും തമ്മിലുള്ള ബന്ധമാണ്. കഴിഞ്ഞ നാലു ദശകങ്ങളിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ നെഹ്റുവിന്റേയും ടാഗോറിന്റേയും ഗാന്ധിജിയുടേയും മറ്റുള്ളവരുടേയും ആശയങ്ങൾ നാം വികസിപ്പിക്കേണ്ടിയിരിക്കുന്നു.

ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം ഭാരതം സെക്കുലർ സ്റ്റേറ്റ് ആണ്. എന്നാൽ അതിനു താങ്ങാൻ പറ്റാത്ത തരത്തിലുള്ള അർത്ഥങ്ങൾ കൊണ്ട് ആ പദത്തെ നാം ഭാരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. നെഹ്റു ജീവനോടിരിക്കുമ്പോൾ ഇന്നു നമുക്കു നേരിടേണ്ടിവരുന്ന രീതിയിൽ ഫണ്ടമെന്റലിസമെന്ന പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിയിരുന്നില്ല. അതിനാൽ ഒരു മതേതര രാഷ്ട്രത്തിൽ രാഷ്ട്രവും രാഷ്ട്രീയ ഘടനയും ഫണ്ടമെന്റലിസത്തെ എങ്ങനെ കൈകാര്യം ചെയ്യുമെന്നതിനെപ്പറ്റി അദ്ദേഹം വിശദമായ തന്ത്രങ്ങളൊന്നും മെനഞ്ഞെടുത്തിരുന്നില്ല.

ഫണ്ടമെന്റലിസത്തിനു മറുമരുന്നായി സെക്കുലറിസം ചികിത്സാവിധിയായി കുറിക്കുന്ന നിലപാട് ഈ പശ്ചാത്തലത്തിൽ തെറ്റാണെന്ന് ഞാൻ വിനയപൂർവ്വം അഭിപ്രായപ്പെട്ടുകൊള്ളട്ടെ. പ്രശ്നപരിഹാരം വേറെയാണ്. എന്റെ വീക്ഷണത്തിൽ, ഫണ്ടമെന്റലിസം - ക്രിസ്തീയമായാലും ഇസ്ലാമികമായാലും, ഹൈന്ദവമായാലും, സിക്കുകാരുടേതായാലും - അധികപങ്കും ധാർമ്മികമായി ദുർബലമായ ഒരു രാഷ്ട്രീയ സമ്പദ്വ്യവസ്ഥയിൽ സെക്കുലറിസത്തിനു കല്പിക്കുന്ന അമിതമായ ഊന്നലിനെതിരെയുള്ള പ്രതികരണമാണ്. നമ്മുടെ രാഷ്ട്രത്തിന്റെ ആദ്യദശയിൽ നെഹ്റു രാഷ്ട്രത്തിന്റെ സാരഥിയായി ഭരണചക്രം തിരിച്ച നാളുകളിൽ അദ്ദേഹം വിഭാവനംചെയ്ത തരത്തിലുള്ള സെക്കുലറിസത്തിനു ഏതാണ്ടൊരു അർത്ഥമുണ്ടായിരുന്നു. ദുർബലരുടേയും നിരാലംബരുടേയും ക്ഷേമത്തിൽ തനിക്കുള്ള ആകാംക്ഷ പ്രതിഫലിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ സെക്കുലറിസം. അന്നത്തെ നേതൃത്വത്തിൽ നെഹ്റുവിന്റെ സെക്കുലർ സിദ്ധാന്തം ഭീഷണി ഉയർത്തുന്നതായി മതനേതാക്കന്മാർക്കു പോലും തോന്നിയില്ല.

ഇന്ന് സ്ഥിതി പാടെ മാറിയിരിക്കുന്നു. രാഷ്ട്രീയ സമ്പദ്വ്യവസ്ഥയുടെ ധാർമ്മിക തന്തുക്കൾ ഗുരുതരമാംവിധം ദുർബലമായി. ദേശീയ നയത്തിന്റെ

ആസൂത്രണത്തിൽ പോലും – നിർവഹണദശയെപ്പറ്റി പറയുകയേ വേണ്ട – ദരിദ്രർക്കും മർദ്ദിതർക്കും നീതികിട്ടുമെന്ന യാതൊരു ഉറപ്പും ജനങ്ങൾക്കില്ലാതെയായി.

ജനാധിപത്യം നമ്മുടെ നാട്ടിൽ ഇന്നും കരുത്തുറ്റതാണെന്നതിൽ നമുക്കഭിമാനിക്കാം. കുറഞ്ഞപക്ഷം ഡൽഹിയിലെങ്കിലും മൃഗീയ മർദ്ദനങ്ങൾക്കിരയാകാതെ പൊതുപ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കാനും തങ്ങളുടെ ആവശ്യങ്ങൾ രാഷ്ട്രനേതൃത്വത്തിനു സമർപ്പിക്കാനും ജനങ്ങൾക്കിന്നും ധൈര്യമുണ്ട്, സാദ്ധ്യതയുമുണ്ട്. ഇവിടെ എന്തെങ്കിലും സാധിക്കണമെങ്കിൽ സംഘടിതമായ ശക്തിപ്രകടനം വേണ്ടിയിരിക്കുന്നുവെന്നാണിതു വ്യക്തമാക്കുന്നത്.

ഈ പശ്ചാത്തലത്തിലാണു വർഗീയതയും ഫണ്ടമെന്റലിസവും തഴച്ചു വളരുന്നത്. വർഗീയത, ഫണ്ടമെന്റലിസം, പ്രാദേശിക താല്പര്യങ്ങൾ ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകൾ സംഘടിച്ചു ശക്തി സ്വരൂപിക്കുന്നു. ദേശീയ സ്വത്വം ചെറിയ ചെറിയ ഗ്രൂപ്പുകൾക്കു വഴിമാറുന്നു. ഈ ഗ്രൂപ്പുകൾ സംഘടിച്ച് രാഷ്ട്രത്തിൽ നിന്നു ബലം പ്രയോഗിച്ചു ആവശ്യങ്ങൾ നേടിയെടുക്കുവാൻ ഉദ്യമിക്കുന്നു.

വർഗീയതയ്ക്കു മറുമരുന്നായി സെക്കുലറിസം പ്രസംഗിക്കുന്നത് നിഷ്ഫലമായി തോന്നുന്നു. പ്രശ്നം വാസ്തവത്തിൽ മതമല്ല, ജനാധിപത്യസമൂഹത്തിലെ അനീതിയാണ്. അവിടെയാണു രോഗനിർണ്ണയത്തിനു തെറ്റുപറ്റിയത്. മതമായിരുന്നു പ്രശ്നമെങ്കിൽ നിർമതത്വമോ നാസ്തികത്വമോ പരിഹാരമാകുമായിരുന്നു. എന്നാൽ പ്രശ്നം നീതി ലഭിക്കുന്നില്ലെന്നതാണെങ്കിൽ (ശക്തിപ്രകടനം കൂടാതെ), പരിഹാരം പരാതിക്കാരനും മർദ്ദിതനും നീതി ലഭ്യമാക്കുകയാണ്. അപ്പോൾ മതവും ഭാഷയും പ്രാദേശികത്വവുമൊക്കെ ഗ്രൂപ്പുതാല്പര്യങ്ങൾ നേടിയെടുക്കാൻ ബലപ്രയോഗം സംഘടിപ്പിക്കുന്നതിനുള്ള സൗകര്യപൂർവമായ ഉപാധിയായിത്തീരുന്നു.

ഭരണഘടനയനുസരിച്ച് ഭാരതം പരമാധികാര സോഷ്യലിസ്റ്റ് സെക്കുലർ ജനാധിപത്യ റിപ്പബ്ലിക് ആണ്. സെക്കുലർ രാഷ്ട്രമെന്ന സങ്കല്പം സോഷ്യലിസ്റ്റ് ജനാധിപത്യ സ്വഭാവത്തോടുള്ള അവിഭാജ്യബന്ധത്തിൽ നിന്നു വേർപെടുത്തി കാണാനാവില്ല. ജനാധിപത്യ സോഷ്യലിസ്റ്റ് അല്ലാത്ത ഒരു സെക്കുലർ രാഷ്ട്രം സ്ഥാപിക്കുവാൻ ഒരു നീതീകരണവുമില്ല, മാർഗ്ഗവുമില്ല. അനീതിപൂർവമായ സെക്കുലർ രാഷ്ട്രത്തിനു ജനങ്ങളുടെ കൂറു നേടാനാവില്ല. നിയമവ്യവസ്ഥയിൽ സാമൂഹ്യനീതി ഉറപ്പു നല്കാത്ത ഒരു രാഷ്ട്രത്തിൽ സ്വാഭാവികമായും ഗ്രൂപ്പിസവും വർഗീയതയും ഫണ്ടമെന്റലിസവും പ്രാദേശികവാദവും തലപൊക്കും.

ഒരു സോഷ്യലിസ്റ്റ് രാഷ്ട്രത്തിൽ ധനത്തിന്റെ കൈകാര്യ കർത്തൃത്വം ജനങ്ങൾ ഒത്തൊരുമിച്ചാണ്. ആ അവസ്ഥയിൽ എല്ലാവർക്കും ജനാധിപത്യനീതി ഉറപ്പുനല്കാനാവും. ഇന്നു നമ്മുടെ രാഷ്ട്രീയ സമ്പദ്വ്യവസ്ഥയിൽ ജനങ്ങളാണു ധനം ഉല്പാദിപ്പിക്കുന്നവർ. പക്ഷേ അത് കൈകാര്യം ചെയ്യുന്നതിൽ അവർക്ക് വലിയ പങ്കൊന്നുമില്ല.

സ്വാതന്ത്ര്യം കിട്ടിയ സന്ദർഭത്തിൽ രാഷ്ട്രം അഭിമുഖീകരിച്ച വിഭജന പ്രശ്നത്തിന്റെ പശ്ചാത്തലത്തിലേ സെക്കുലർ രാഷ്ട്രം എന്ന ആശയം മനസ്സിലാക്കുവാൻ കഴിയൂ. ഒരു ഭാഗം ഇസ്ലാമിക രാഷ്ട്രത്തിനുവേണ്ടി വാദിച്ചപ്പോൾ മറ്റേ ഭാഗത്തിനു ഹിന്ദുമത രാഷ്ട്രമെന്ന പ്രലോഭനം ആകർഷകമായി തോന്നി. എങ്കിലും മതാത്മക രാഷ്ട്രമെന്ന ആശയം വർജിച്ചു സെക്കുലർ രാഷ്ട്രമെന്ന സങ്കല്പം അന്ന് അംഗീകരിച്ചതോടെ ഭാരതം രാഷ്ട്രീയപക്വത പ്രദർശിപ്പിച്ചു.

അപ്പോൾ സെക്കുലർ രാഷ്ട്രമെന്ന ആശയത്തിനു, രാഷ്ട്രം ഒരു പ്രത്യേക മതത്തെ പരിപോഷിപ്പിക്കുകയില്ലെന്ന അർത്ഥമാണുള്ളത്. അതുപോലെ തന്നെ മതത്തിന്റേയോ ജാതിയുടേയോ അടിസ്ഥാനത്തിൽ രാഷ്ട്രം വിവേചനം കാണിച്ചുകൂടാ താനും.

നിർഭാഗ്യവശാൽ ഭരണഘടനയിലെ ഈ സിദ്ധാന്തം പില്ക്കാലത്ത് ലംഘിക്കപ്പെട്ടു. പാർലമെന്റിൽ സീറ്റു സംവരണത്തിലൂടേയും ജാതിമതാടിസ്ഥാനത്തിൽ ജോലിക്കും സ്കോളർഷിപ്പുകൾക്കും ക്വോട്ടാ നിശ്ചയിക്കുന്നതിലൂടേയും മതന്യൂനപക്ഷങ്ങൾക്ക് പ്രത്യേകാനുകൂല്യങ്ങൾ അനുവദിച്ചപ്പോഴാണ് ഇത് സംഭവിച്ചത്.

ഹരിജനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ അവർ ഹിന്ദുമതത്തിലും സിക്കുമതത്തിലും വിശ്വസിച്ചെങ്കിൽ മാത്രമേ ലഭ്യമാകൂ എന്നു നിശ്ചയിച്ചപ്പോഴും ഭരണഘടനാവ്യവസ്ഥകൾ ലംഘിക്കുകയായിരുന്നു. ഹരിജനങ്ങൾ ഇസ്ലാമിലേക്കോ ക്രിസ്തുമതത്തിലേക്കോ മതപരിവർത്തനം ചെയ്താൽ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സ്ഥിതി സെക്കുലർ സിദ്ധാന്തത്തിന്റെ വ്യക്തമായ ലംഘനം തന്നെ.

അധഃസ്ഥിതരായ ന്യൂനപക്ഷങ്ങൾക്കു പ്രത്യേക പരിരക്ഷ അനുവദിച്ചതല്ല തെറ്റ്. ന്യൂനപക്ഷങ്ങൾക്ക് ഇത്തരം പരിരക്ഷ നല്കണമെന്നത് ജനാധിപത്യത്തിന്റെ മൗലികതത്വമാണ്. ന്യൂനപക്ഷങ്ങളുടെ മൗലികാവകാശങ്ങളെ ബാധിക്കുന്നതും ഭൂരിപക്ഷത്തിന്റെ താല്പര്യങ്ങൾക്കു മാത്രം അനുഗുണവുമായ തീരുമാനങ്ങളെടുക്കുവാൻ ഭൂരിപക്ഷത്തെ അനുവദിക്കുന്ന ഒരു ജനാധിപത്യരാഷ്ട്രം ഒരിക്കലും വാസ്തവത്തിൽ ജനാധിപത്യ രാഷ്ട്രമായിരിക്കുകയില്ല. ജനാധിപത്യ രാഷ്ട്രത്തിൽ ഭൂരിപക്ഷ തീരുമാനതത്വമെന്ന പോലെ തന്നെ മൗലികമാണീ സിദ്ധാന്തം. ന്യൂനപക്ഷങ്ങളെ ഭൂരിപക്ഷത്തിന്റെ ദയാദാക്ഷിണ്യങ്ങൾക്കു വിട്ടുകൊടുക്കാനാവില്ല.

അധഃസ്ഥിതരായ ന്യൂനപക്ഷത്തിനു ലഭിക്കേണ്ട പ്രത്യേകാനുകൂല്യം ഒരു പ്രത്യേക മതവിഭാഗത്തിലെ അംഗത്വത്തോട് കെട്ടപ്പെട്ട നിലയിലാകുമ്പോൾ സെക്കുലർ രാഷ്ട്രമെന്ന സിദ്ധാന്തം തന്നെ ധ്വംസിക്കപ്പെടുകയാണ്.

മതന്യൂനപക്ഷങ്ങളുടെ സംവരണവും ക്വോട്ടായുമെന്ന അടിസ്ഥാനത്തിൽ ഭരണഘടന അനുവദിയ്ക്കുന്നതിനേക്കാൾ കൂടുതൽ കാലം കഴിഞ്ഞുകൂടിയെന്നതാണ് ഇന്ത്യയിൽ ഇന്നു നമുക്കു നേരിടുന്ന ദുരനുഭവം. ഈ ഘട്ടത്തിൽ ഭരണഘടനയനുസരിച്ച് നിയമം മാറ്റുന്നതിനു നാം ഉദ്യ

മിക്കുമ്പോൾ ഭരണഘടന അനുവദിച്ചു ന്യൂനപക്ഷങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പിൻവലിക്കണമെന്ന പ്രശ്നം നമ്മെ തുറിച്ചുനോക്കുന്നു. തന്മൂലം ഇക്കാര്യത്തിൽ ഭരണഘടന ഭേദഗതി ചെയ്യുക രാഷ്ട്രീയമായി അപ്രായോഗികമായിട്ടാണ് കാണുന്നത്.

മതം സംബന്ധിച്ചു നെഹ്റുവിനുണ്ടായിരുന്ന ധാരണകൾ ജീവിതാന്ത്യത്തോടടുത്തു വിപ്ലവാത്മകമാംവിധം മാറിയതായി തോന്നുന്നു. ആദ്യമാദ്യം മതത്തെ ഒരു പ്രതിലോമ ശക്തിയായാണ് അദ്ദേഹം കണ്ടത്. ശാസ്ത്രം രചനാത്മകശക്തിയാണ്, മതം നേരെ മറിച്ചും. മുപ്പതുകളുടെ അന്ത്യത്തിൽ ഇന്ത്യൻ സയൻസ് കോൺഗ്രസിൽ നെഹ്റു ഇപ്രകാരം പ്രസംഗിച്ചു:

"രാഷ്ട്രമീമാംസ എന്നെ സാമ്പത്തികശാസ്ത്രത്തിലേക്കു നയിച്ചു. എല്ലാ പ്രശ്നങ്ങൾക്കും ജീവിതത്തിനു തന്നെയും ശാസ്ത്രീയ സമീപനം വേണമെന്ന് അങ്ങനെ ഞാൻ മനസ്സിലാക്കി. പട്ടിണി, ദാരിദ്ര്യം, ശുചിത്വമില്ലായ്മ, നിരക്ഷരത, അന്ധവിശ്വാസം, നിർജ്ജീവമായ ഒരു മതപാരമ്പര്യം, വമ്പിച്ച വിഭവങ്ങൾ പാഴാക്കൽ, വിഭവ സമൃദ്ധമായ ഒരു രാജ്യത്ത് ആളുകൾ പട്ടിണി കിടക്കുന്ന അവസ്ഥ - ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ ശാസ്ത്രത്തിനു മാത്രമേ കഴിയൂ."[1]

നെഹ്റുവിന്റെ മനസ്സിൽ ശാസ്ത്രം ഇരട്ടശക്തിയാണ് - സാങ്കേതിക വിദ്യയുടെ അടിസ്ഥാനമെന്ന നിലയിലും, പാരമ്പര്യത്തിനും മതപരമായ പ്രതിലോമതയ്ക്കും എതിരായ സാമൂഹ്യശക്തിയെന്ന നിലയിലും. ശാസ്ത്രത്തോടുള്ള, നെഹ്റുവിന്റെ പ്രതിബദ്ധത സാങ്കേതികവും വ്യാവസായികവും കാർഷികവുമായ ഉല്പാദനത്തിൽ ആധുനിക ശാസ്ത്രത്തിനുള്ള സ്ഥാനം മാത്രം പരിഗണിച്ചുകൊണ്ടുള്ളതായിരുന്നില്ല. ആ പ്രതിബദ്ധത ശാസ്ത്രീയ ഹ്യൂമനിസത്തിന്റെ അവിഭാജ്യഘടകമായിരുന്നു. ആദ്യകാല കൃതിയായ "ഡിസ്കവറി ഓഫ് ഇൻഡ്യ"യിൽ[2] നെഹ്റു ഇതിനെപ്പറ്റി ദീർഘമായും വാചാലമായും പ്രതിപാദിച്ചിരിക്കുന്നു.

ആദ്യകാലത്തു നെഹ്റുവിനു മതത്തിന്റെ നേർക്കുണ്ടായിരുന്ന മനോഭാവം ആത്മകഥയിൽ ഇപ്രകാരം വിശദീകരിക്കുന്നു:

"സാധാരണഗതിയിൽ മതം ദൈവത്തിനു വേണ്ടിയോ പരമാത്മാവിനു വേണ്ടിയോ ഉള്ള ഒരന്വേഷണമായിത്തീരുന്നു. മതവിശ്വാസി സമൂഹത്തിന്റെ നന്മയേക്കാളേറെ സ്വന്തം രക്ഷയിൽ ശ്രദ്ധ ഊന്നുന്നു. സംഘടിത മതം അനിവാര്യമായും നിക്ഷിപ്ത താല്പര്യമായി മാറുന്നു. അങ്ങനെ അത് അനിവാര്യമായി പരിവർത്തനത്തേയും പുരോഗതിയേയും തടസ്സപ്പെടുത്തുന്ന പ്രതിലോമ ശക്തിയായി പരിണമിക്കുന്നു."[3]

സെക്കുലറിസത്തോടും ശാസ്ത്രീയ ഹ്യൂമനിസത്തോടുമുള്ള നെഹ്റുവിന്റെ പ്രതിബദ്ധത, മതമൊരു പ്രതിലോമ ശക്തിയാണെന്ന ധാരണയിൽ അധിഷ്ഠിതമാണ്. ഈ വീക്ഷണത്തിൽ ജീവിതാന്ത്യത്തോടടുത്ത് മാറ്റം വന്നതായി കാണാം. 1958 –ൽ പ്രഥമ മൗലാനാ ആസാദ് പ്രഭാഷണം (ഇന്ത്യ ഇന്നും നാളെയും) നടത്തിയപ്പോൾ ഇന്ത്യയുടെ മതപൈതൃകത്തിൽ

കൂടുതൽ രചനാത്മകമായ മൂല്യം അദ്ദേഹം കണ്ടെത്തുകയുണ്ടായി. ഇന്ത്യയുടെ അത്യുൽകൃഷ്ട ഭൂതകാലത്തിന് അദ്ദേഹം നമോവാകം അർപ്പിച്ചു:

"വീറും വീര്യവും അന്വേഷണത്വരയുമുള്ള ഒരു ജനത, സ്വതന്ത്രമായ അന്വേഷണബുദ്ധിക്കൊരു അഭിവാഞ്ഛ, ഇന്നറിയപ്പെടുന്നതിൽ ഏറ്റവും പുരാതനകാലത്തു തന്നെ അവർ പരിപക്വവും സഹിഷ്ണുത വളർത്തുന്നതുമായ ഒരു നാഗരികതയ്ക്കു സാക്ഷ്യം വഹിച്ചു. ജീവിതവും അതിന്റെ ആഹ്ലാദങ്ങളും ഭാരങ്ങളും സ്വീകരിച്ചുകൊണ്ട് അവർ ആത്യന്തികവും സാർവ്വത്രികവുമായതിനുവേണ്ടി തേടി അലഞ്ഞുകൊണ്ടിരുന്നു.... നമ്മുടെ വംശം ബുദ്ധനെയും ഉപനിഷത്തുക്കളെയും പുരാണേതിഹാസങ്ങളേയും വിസ്മരിക്കുന്നപക്ഷം എന്തു സംഭവിക്കുമെന്നു ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. ദീർഘകാലമായി അട്ടിപിടിച്ചു പോന്നതും യുഗായുഗങ്ങളായി അതിനു വൈശിഷ്ട്യം നല്കിയിരുന്നതും ആയ അടിസ്ഥാനസ്വഭാവങ്ങൾ നഷ്ടപ്പെട്ട, വേരുകൾ ദ്രവിച്ച ഒരു വംശമായി അതു പരിണമിക്കും. ഇന്ത്യ ഇന്ത്യയല്ലാതായിത്തീരും."[4]

വർഗീയത, മതമൗലികത എന്നീ പ്രശ്നങ്ങൾക്ക് രണ്ടു വിധത്തിലാണ് പരിഹാരമുള്ളത്. സെക്കുലറിസത്തെ മറുമരുന്നായി നിർദ്ദേശിക്കുന്ന രീതിയിൽ നിന്നു തികച്ചും വിഭിന്നമാണത്.

ഒന്നാമത്തേത് ഏറ്റവും പ്രധാനമാണ്. കൂടുതൽ സാമൂഹ്യനീതി ഉറപ്പു നല്കുന്ന ഒരു സമൂഹം - സങ്കുചിതവും പ്രാദേശികവും മതാത്മകവും വർഗീയവുമായ കൂറുകളിൽ നിന്നു വിമുക്തമായ കേന്ദ്രനേതൃത്വത്തോടു കൂടിയ ഒരു സമൂഹം. ഗ്രൂപ്പു ശക്തി കൂടാതെ തന്നെ നീതി ലഭിക്കുമെന്നു ജനങ്ങൾക്ക് ഉറപ്പുണ്ടായാൽ രാഷ്ട്രീയമായി ഗ്രൂപ്പുശക്തി സംഘടിപ്പിക്കുന്ന വർഗീയതയുടെ ആവശ്യം ഇല്ലാതാകും.

രണ്ടാമത്തെ മാർഗ്ഗം, ഇന്ത്യയിലെ എല്ലാ മതങ്ങളിലും പ്രബുദ്ധവും അഭിജ്ഞവുമായ മതനേതൃത്വം സൃഷ്ടിക്കുകയാണ്. എല്ലാ മതത്തിനും സങ്കുചിതവും തനതുമായ സ്വത്വവീക്ഷണവും അതേസമയം ഉൽകൃഷ്ടവും കൂടുതൽ മാനവികവുമായ തുറന്ന വീക്ഷണവും ഉണ്ട്. ഈ വിരുദ്ധശക്തികളുടെ അനുരഞ്ജനവും പുനർവ്യാഖ്യാനവും സ്വന്തം മതപൈതൃകത്തെപ്പറ്റിയും നാം ജീവിക്കുന്ന ലോകത്തിന്റെ സ്വഭാവത്തെപ്പറ്റിയും നല്ല അറിവുള്ള ഒരു മതനേതൃത്വത്തിൽ നിന്നേ ഉണ്ടാവുകയുള്ളൂ. നിർഭാഗ്യവശാൽ നമ്മുടെ മതനേതൃത്വത്തിന്റെ പരിശീലനം വളരെ സങ്കുചിതവും സ്വന്തം മതപൈതൃകത്തിന്റെ സ്രോതസ്സു കണ്ടു മാത്രം നിർബന്ധിക്കുംവിധം പരിമിതവുമായിപ്പോയി.

ഹൈന്ദവ ക്ഷേത്രങ്ങൾ പണ്ടെന്നത്തേക്കാളുപരിയായി ഇന്ന് മതസംഘടനയ്ക്കും മതാത്മക പ്രവർത്തനങ്ങൾക്കുമുള്ള കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു.

യുക്തിചിന്തയിലധിഷ്ഠിതമായ നല്ല വിദ്യാഭ്യാസവും ഇന്നത്തെ ലോകത്തിന്റെ യാഥാർത്ഥ്യങ്ങളെപ്പറ്റി അവഗാഹവും നേടിയ ഒട്ടനേകം പൂജാരികൾ ക്ഷേത്രങ്ങളിൽ ഉണ്ടാകുന്നതോടെ ധിഷണാശാലികളും മാനവിക

മൂല്യബോധമുള്ളവരുമായ ഒരു പുതിയയിനം ഹൈന്ദവമതം ഉയിർത്തെഴുന്നേല്ക്കും. മുസ്ലിം ദേവാലയങ്ങളിലും ക്രിസ്തീയ സഭകളിലും സിക്ക് ഗുരുദ്വാരകളിലും അതുതന്നെ സംഭവിക്കണം. ഈ വിധത്തിൽ മതം അതിൽത്തന്നെ പുരോഗതിക്കുള്ള കരുത്തുറ്റ ശക്തിയായിത്തീരും. വർഗീയതയേയും ഫണ്ടമെന്റലിസത്തേയും ചെറുക്കുകയും ചെയ്യും.

ഇന്ത്യയിലെ എല്ലാ മതങ്ങളിലും പ്രബുദ്ധരായ വൈദികഗണത്തിന്റെ പരിശീലനവും വിദ്യാഭ്യാസവും പിന്തുണയ്ക്കാനും സഹായിക്കാനും – നിയന്ത്രിക്കാനല്ല – സ്റ്റേറ്റിനു കഴിയും. അങ്ങനെ വർഗീയതയ്ക്കും മതത്തിന്റെ ദുർവിനിയോഗത്തിനും എതിരായുള്ള സമരത്തിൽ മതനേതൃത്വത്തെ തന്നെ അണിനിരത്താനാവും. ഇതായിരുന്നു അശോകന്റെ പരിപ്രേക്ഷ്യവും.

നെഹ്റു ഇന്ന് ജീവിച്ചിരുന്നെങ്കിൽ ഈ വീക്ഷണത്തിലെ സത്യം മനസ്സിലാക്കുമായിരുന്നു. 1958-ലെ മൗലാനാ ആസാദ് പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു:

"മതം ആവശ്യമാണെങ്കിലും അല്ലെങ്കിലും, ഉത്തമമായ ഒരാദർശത്തിലുള്ള വിശ്വാസം അത്യന്താപേക്ഷിതമാണ് – നമ്മുടെ ജീവിതത്തിനു സാരസത്ത നല്കാനും നമ്മെ ഒന്നിച്ചുനിർത്താനും. ഭൗതികവും ശാരീരികവുമായ ദൈനംദിനാവശ്യങ്ങൾക്കുമപ്പുറം നമുക്കൊരു ഉദ്ദേശ്യബോധം കൂടിയേ തീരു."[5]

1. J. S. Bright (ed) *Before and After Independence - A Collection of the Most Important Speeches delivered by Jawaharlal Nehru, 1922-1950*, 2 Vols, New Delhi, Indian Printing Works, no date, p. 292.
2. Calcutta, Signet Press, 1946. See especially the concluding peroration on pp. 680-681.
3. J. Nehru, *An Autobiography*, London, The Bodley Head, 1955, p. 377.
4. J. Nehru, A Toynbee and E. R. Attlee, *India and the World*, Allied Publishers, New Delhi, Bombay, Calcutta and Madras, no date, p.4
5. op. cit. p. 8.

*(ഇംഗ്ലീഷ് ലേഖനത്തിന്റെ പരിഭാഷ. പരിഭാഷകൻ: എം. കുര്യൻ)*

# 4

# നീതിയിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രം പുനഃസ്ഥാപിക്കുക

## വർഗ്ഗീയതയുടെ അടിസ്ഥാനം മതമോ? പരിഹാരം മതനിരപേക്ഷതയോ?

വർഗീയതയ്ക്ക് കാരണം മതമാണെന്ന ചിന്ത പലരുടേയും മനസ്സിലുണ്ട്. മതത്തെ, സമൂഹത്തിൽനിന്ന് ബഹിഷ്ക്കരിച്ചാൽ സമൂഹം നേരെയായിക്കൊള്ളും എന്ന അഭിപ്രായം ചില സർക്കാർ പ്രസീദ്ധീകരണങ്ങളിൽ പോലും കാണുന്നുണ്ട്. സെൻട്രൽ ഗവൺമെന്റിന്റെ പ്ലാനിംഗ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന "യോജന" എന്ന മാസികയുടെ ഒരു ലക്കം മുഴുവൻ ഈ അഭിപ്രായം പ്രചരിപ്പിക്കുന്നതിനുവേണ്ടി പ്ലാനിംഗ് കമ്മീഷൻ തന്നെ ഉപയോഗിച്ചിട്ടുണ്ട്. ആ അഭിപ്രായത്തെ ഏറെക്കുറെ പിൻതാങ്ങിക്കൊണ്ട്, ഭാരതത്തിലെ പല നല്ല ശാസ്ത്രജ്ഞന്മാരും ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

ആ ലക്കത്തിന്റെ മുഖ്യചിന്ത ഇംഗ്ലീഷിൽ "Why live with nonsense?" (അർത്ഥരാഹിത്യത്തോട് എന്തിന് സഹജീവിക്കണം) എന്നായിരുന്നു. അർത്ഥരാഹിത്യമെന്ന പദംകൊണ്ട് മതത്തെതന്നെയാണ് വിവക്ഷിച്ചിരിക്കുന്നത് എന്ന് ലക്കം മുഴുവൻ പരിശോധിച്ചാൽ മനസ്സിലാകും. അതിന്റെ ഒന്നാം ഭാഗത്തിന്റെ ശീർഷകം "മതത്തെ അറസ്റ്റ് ചെയ്യുക" (Arrest Religion!) എന്നായിരുന്നു. ആ ലക്കത്തിൽ ലേഖനങ്ങൾ എഴുതിയ പി. എൻ. ഹസ്കറിനെയും എം. ജി. കെ. മേനോനെയും പോലുള്ള പല സുപ്രസിദ്ധരും ഈ അഭിപ്രായത്തോട് യോജിച്ചില്ലെങ്കിലും, മതതീഷ്ണതയിലാണ് വർഗീയതയുടെ വേര് എന്ന അഭിപ്രായം അവരുടെ ലേഖനങ്ങളിലും പ്രതിഫലിച്ചിരുന്നു.

മതത്തെ രാഷ്ട്രീയത്തിൽ ഉപയോഗിക്കുമ്പോഴാണ്, വർഗീയത എന്നൊന്ന് ഉത്ഭൂതമാകുന്നത് എന്ന് ചിന്തിക്കുന്നവർക്ക് അറിയാം. ഒരു പ്രത്യേക വിഭാഗത്തിന്റെ താല്പര്യങ്ങൾക്ക്, സമൂഹത്തിലെ മറ്റ് വിഭാഗങ്ങളുടെ താല്പര്യത്തേക്കാൾ മുൻതൂക്കം കൊടുക്കുവാനും, ആ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി സമരത്തിനിറങ്ങുവാനും, മറ്റു വിഭാഗങ്ങളുടേമേൽ അക്രമവും, സമ്മർദ്ദവും ചെലുത്തുവാനുമുള്ള പ്രവണതയ്ക്കാണ് നാം വർഗീയതയെന്നു പറയുന്നത്. ഇത് ഒരിക്കലും മതത്തിന്റെ നല്ല വശങ്ങൾ സംരക്ഷിക്കുവാനല്ല. പ്രത്യുത മതാനുയായികളുടെ സ്വകാര്യതാല്പര്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടി മാത്രമാണ്. എല്ലാ മതങ്ങളുടെയും മൗലികമായ ഉപദേശം "ലോകാ സമസ്താ സുഖിനോ ഭവന്തു"- ലോകത്തിലുള്ള എല്ലാ മനുഷ്യരും സ്വാതന്ത്ര്യത്തോടും സുഖത്തോടും കൂടി ജീവി

ക്കണമെന്നാണ്. വർഗീയതയുടെ പ്രത്യേകത, മതാനുയായിത്വത്തെ മനുഷ്യരാശിയുടെ ഉൽക്കർഷത്തിനായി ഉപയോഗിക്കാതെ, സ്വകാര്യ താല്പര്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ഉപാധിയായി ഉപയോഗിക്കുക എന്നതുമാണ്.

സ്വന്തമതത്തെ ആത്മാർത്ഥമായി സ്നേഹിക്കുകയും അതേസമയം തന്നെ, മനുഷ്യരാശിയുടെ ഉല്ക്കർഷത്തിനായി, അക്ഷീണപരിശ്രമം ചെയ്യുകയും ചെയ്യുന്ന അനേകം സുഹൃത്തുക്കൾ എല്ലാ മതങ്ങളിലുമുണ്ട്. അവരുടെ മതതീക്ഷ്ണതയും, അന്യമതാനുയായികളുടെ ന്യായമായ താല്പര്യങ്ങളുമായി സംഘർഷമൊന്നുമില്ല. അങ്ങനെയുള്ള മതതീക്ഷ്ണത വർഗീയതയിലേക്ക് വഴി നയിക്കുന്നതുമില്ല.

1978-ൽ സെൻട്രൽ ഗവൺമെന്റ് ഏർപ്പെടുത്തിയ മൈനോറിറ്റീസ് കമ്മീഷന്റെ പ്രധാന ഉദ്ദേശ്യം ന്യൂനപക്ഷങ്ങളുടെ ന്യായമായ താല്പര്യങ്ങളെ സംരക്ഷിക്കുക എന്നതായിരുന്നു. പ്രസ്തുത കമ്മീഷന്റെ നിർദേശങ്ങളിൽ പ്രധാനമായിട്ടുള്ളത് സെക്കുലർ പാരമ്പര്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, ദേശീയഐക്യം (National Intergration) പുനഃസ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ഒരു കുരിശുയുദ്ധം തന്നെ നടത്തുകയെന്നതായിരുന്നു. 1984-ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ചെയ്ത ഒരു പ്രസംഗത്തിൽ പറഞ്ഞത് "ഭാരതത്തിന്റെ ആഭ്യന്തര സുരക്ഷിതത്വം സുസ്ഥാപിക്കുന്നതിൽ അങ്ങനെ ഒരു കുരിശുയുദ്ധം ആവശ്യമാണ്" എന്നായിരുന്നു. പിന്നീട് പ്രധാനമന്ത്രിയായി വന്ന ശ്രീ. രാജീവ് ഗാന്ധി ന്യൂനപക്ഷ സംരക്ഷണത്തിനായി ഒരു പതിനഞ്ചിന പരിപാടി ആവിഷ്ക്കരിക്കുകയും ഭാരതത്തിലെ വിദ്യാഭ്യാസപദ്ധതിയിൽ പൊതുവെ, സെക്കുലർ മൂല്യങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

ഈ അഭിപ്രായഗതിയിൽ കാണുന്ന ഒരു പ്രത്യേക തത്വം ഗ്രൂപ്പ് ഐഡന്റിറ്റിയെ പരിഹരിക്കാൻ വേണ്ടി, ഒരു വശത്ത് നാഷണൽ ഐഡന്റിറ്റിയും മറുവശത്ത് വ്യക്തിയുടെ ഐഡന്റിറ്റിയും കൂടുതൽ പ്രോത്സാഹിപ്പിക്കണം എന്നായിരുന്നു. എന്നാൽ ഇതുവരെയുള്ള പരിശ്രമങ്ങളിൽ ഒന്നും ഈ രണ്ട് പരിഹാരമാർഗ്ഗങ്ങളും വളരെയധികം വിജയം കൈവരിച്ചിട്ടുണ്ട് എന്ന് തോന്നുന്നില്ല.

ഭാരതത്തിലെ വർഗീയതയുടെ പുറകിലുള്ള വൻശക്തി വിദേശരാജ്യങ്ങളുടെ സമ്മർദ്ദമാണെന്ന് വാദിക്കുന്നതിൽ കുറെയൊക്കെ പരമാർത്ഥമുണ്ട്. നമ്മുടെ രാജ്യത്ത് വർഗീയ വിദ്വേഷം നട്ടുവളർത്തുന്നതിനും അതിൽനിന്ന് സംഘർഷങ്ങൾ സംജാതമാക്കുന്നതിനും പാക്കിസ്ഥാൻ മാത്രമല്ല മറ്റ് പല വൻകിട രാഷ്ട്രങ്ങളും കാര്യമായി പ്രവർത്തിക്കുന്നുണ്ട് എന്നുള്ളതിന് ഇന്ന് ധാരാളം തെളിവുകളുണ്ട്. പക്ഷേ കാശ്മീരിലെ വർഗീയ സംഘർഷം മുഴുവനും പുറമേനിന്ന് ഉളവാക്കിയതാണെന്ന് പറഞ്ഞാൽ വിലപ്പോവില്ല. കഴിഞ്ഞ അമ്പതോളം വർഷങ്ങളായിട്ടുള്ള ഭാരത സർക്കാരിന്റെ ബുദ്ധിമോശങ്ങൾ ആ വർഗ്ഗീയ സംഘർഷത്തിന്റെ പ്രധാനകാരണങ്ങളിലൊന്നാണ്. വർഗീയ സംഘർഷം ഉളവാകും എന്ന് ഭയമുള്ള ഒരു സംഘത്തെ, തന്ത്രങ്ങളും ഉപായങ്ങളും ഉപയോഗിച്ച് അടിച്ചമർത്തുന്നതി

നുള്ള പരിശ്രമങ്ങൾ എപ്പോഴും പരാജയപ്പെടുമെന്ന് മാത്രമല്ല അങ്ങനെയുള്ള പരിശ്രമങ്ങൾ കൊണ്ട് ന്യൂനപക്ഷങ്ങൾക്ക് കേന്ദ്രസർക്കാരിനോടുള്ള ഉത്തമവിശ്വാസം നഷ്ടപ്പെടുന്നതോടെ വർഗീയതയ്ക്ക് ബലം വർദ്ധിക്കുകയുമാണ് യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ളത്.

1947 -ൽ ഭാരതത്തിൽ പരന്ന വർഗീയതയുടെ വിഷം കുറച്ചെങ്കിലുമൊക്കെ ശമിപ്പിക്കുന്നതിന് ജവഹർലാൽ നെഹ്രുവിന്റെ "സെക്കുലർ സ്റ്റേറ്റ് (Secular State) എന്ന ആശയം സഹായിച്ചു എന്നതിന് സംശയമില്ല. എല്ലാവർക്കും ഒരുപോലെ നീതി ലഭിക്കും എന്നുള്ള വിശ്വാസം ഭാരതജനതയുടെ ഒരു വലിയ വിഭാഗത്തിന് നെഹ്റു ഗവണ്മെന്റിനെക്കുറിച്ച് ഉണ്ടായിരുന്നു. പ്രത്യേകിച്ചും ന്യൂനപക്ഷത്തിന്റെ അവകാശ സംരക്ഷണത്തിനുള്ള ഒരു പ്രത്യേക ശ്രദ്ധ നെഹ്രു ഗവണ്മെന്റിനും നെഹ്രു കുടുംബത്തിനും ഉണ്ടായിരുന്നു എന്നത് സമ്മതിക്കേണ്ട കാര്യമാണ്. നെഹ്രുവിന്റെ കാലത്ത് തന്നെ അതിനെതിരായി ഒരു നീക്കം സർദാർ പട്ടേൽ, ഗോവിന്ദ വല്ലഭ പാന്റ് മുതലായ പ്രഗല്ഭരായ ഭാരതീയ നേതാക്കളിൽ നിന്ന് ഉണ്ടായിരുന്നു. അതിനെ സധൈര്യം ചെറുത്തുനില്ക്കുവാൻ കഴിയുന്ന ഒരു വ്യക്തിവിലാസമായിരുന്നു നെഹ്രുവിന്റേത്. ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾ സെൻട്രൽ ഗവൺമെന്റ് സംരക്ഷിച്ചുകൊള്ളും, കേന്ദ്രസർക്കാരിൽ നിന്ന് ന്യൂനപക്ഷങ്ങൾക്ക് നീതി ലഭിക്കുമെന്ന വിശ്വാസം ന്യൂനപക്ഷങ്ങളിൽ ഉളവാക്കിയതിലും ആ വ്യക്തിവിലാസത്തിന് പ്രധാനമായ പങ്കുണ്ട്. ഭാഷാധിഷ്ഠിതമോ മതാധിഷ്ഠിതമോ ആയ യാതൊരു വർഗീയതയ്ക്കും നെഹ്രു കൂട്ടുനിൽക്കില്ലെന്ന് ജനങ്ങൾക്ക് പരക്കെ ബോധ്യം ഉണ്ടായിരുന്നു. അക്കാലത്ത് ഭാരതത്തിൽ വർഗീയ സംഘർഷം വളരെ കുറവായിരുന്നു. നെഹ്രുവിന്റെ കാലത്തിന് ശേഷമാണ് തദ്ദേശവും ഭൂരിപക്ഷ സമുദായത്തിൽ നിന്ന് ഉത്ഭവിക്കുന്നതുമായ ഒരുതരം പ്രത്യേക വർഗീയത ഭാരതത്തിൽ തലപൊക്കാൻ തുടങ്ങിയത്. മുസ്ലീംങ്ങൾക്കും ക്രിസ്ത്യാനികൾക്കും പുറംലോകത്തു നിന്നും ധനസഹായം ലഭിക്കുന്നു എന്നൊരാരോപണം ഭൂരിപക്ഷ മതവിഭാഗത്തിലെ ചില സ്ഥാപിത താല്പര്യക്കാർ പ്രചരിപ്പിക്കുവാൻ ഇടയായി. അതോടെ ഹിന്ദുമതത്തിൽ തന്നെയുള്ള പിന്നോക്കവിഭാഗങ്ങൾക്ക് ബ്രാഹ്മണ മേധാവിത്വത്തിനെക്കുറിച്ച് ചില ചിന്തകളും പരന്നു. ഉത്തരേന്ത്യയിലെ ഹിന്ദിമേഖലയിലെ മേധാവിത്വത്തെക്കുറിച്ച് ഭാരതത്തിന്റെ വടക്കു പടിഞ്ഞാറും വടക്കു കിഴക്കും, തെക്കുമുള്ള അനേകം ദശലക്ഷം ജനങ്ങൾക്ക് പ്രതിഷേധവും ആരംഭിച്ചു.

ഇതിന്റെയെല്ലാം പുറകിലുള്ള സുപ്രധാന യാഥാർത്ഥ്യങ്ങൾ രണ്ടാണ്. നെഹ്രുവിന്റെ കാലം കഴിഞ്ഞതോടെ രാജ്യത്തിന്റെ പൊതുതാല്പര്യങ്ങൾക്കുവേണ്ടി ശക്തിയോടെ നിലകൊള്ളുന്ന ഒരു കേന്ദ്ര നേതൃത്വം ഇല്ലാതെയായി. ശ്രീമതി ഇന്ദിരാഗാന്ധി പോലും രാഷ്ട്രീയ താല്പര്യങ്ങൾക്കുവേണ്ടി കുടുംബപാരമ്പര്യത്തിൽ നിന്നും തനിക്ക് ലഭിച്ചിരുന്ന ആശയങ്ങളെ ബലികഴിച്ച് ഭൂരിപക്ഷ വിഭാഗത്തിലെ ചില വർഗീയ നേതാക്കളുമായി രഹസ്യ ഉടമ്പടികൾ ഉണ്ടാക്കാൻ തുടങ്ങിയതോടെ കേന്ദ്ര സർക്കാരിനെപ്പറ്റിയുള്ള ഭാരതീയ ജനതയുടെ ഉത്തമ വിശ്വാസത്തിന് സാരമായ

കോട്ടം തട്ടി. കേന്ദ്രത്തിൽ നിന്ന് എല്ലാവർക്കും നീതി ലഭിക്കുമെന്ന് അല്പമെങ്കിലും പ്രതീക്ഷയുള്ളപ്പോൾ വർഗീയതയ്ക്ക് വലിയ പിൻബലം കിട്ടുകയില്ല. എന്നാൽ കേന്ദ്രം തന്നെ പ്രത്യേക വിഭാഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി നിലകൊണ്ട് കഴിയുമ്പോൾ ഭാഷാധിഷ്ഠിതമായും, മതാധിഷ്ഠിതമായുമുള്ള വർഗീയതകൾ തലപൊക്കിത്തുടങ്ങുമെന്നുള്ളത് സ്വാഭാവികമാണ്. ഇന്നത്തെ വർഗീയതയുടെ പ്രധാന കാരണം കേന്ദ്രത്തിൽ നിന്നും നീതി ഒരുപോലെ ലഭിക്കുമെന്നുള്ള ഉത്തമവിശ്വാസം ഇല്ലാതെപോയതാണ്. നീതിയിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രം ഭാരതത്തിൽ പുനഃസ്ഥാപിക്കുകയാണ് പരിഹാരമാർഗം എന്ന് ശക്തമായി വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ദേശീയവികാര ഐക്യത്തിനും സെക്കുലർ പാരമ്പര്യത്തിന്റെ പ്രോത്സാഹനത്തിനും വേണ്ടിയുള്ള കുരിശ് യുദ്ധങ്ങൾ വർഗീയതയ്ക്ക് പരിഹാരമല്ലെന്ന് എനിക്ക് ഉത്തമ വിശ്വാസമാണ്.

ഇന്നത്തെ വർഗ്ഗീയ സംഘർഷങ്ങൾക്കു പിന്നിലുള്ള രണ്ടാമത്തെ പ്രധാന കാരണം, വിദേശനയത്തിൽ നമുക്ക് പറ്റിയിട്ടുള്ള ചില പോരായ്മകളാണ്. നമ്മുടെ വിദേശനയം നെഹ്രുവിന്റെ കാലത്ത് ആവിഷ്ക്കരിച്ചിട്ടുള്ളത്, നമ്മുടെ ആഭ്യന്തര നയത്തേക്കാൾ നീതിയുക്തമായിരുന്നുവെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. നിയോകൊളോണിയലിസത്തിന്റെ ശക്തി 1945 മുതൽ ലോകവ്യാപകമായി വളർന്ന് വരികയായിരുന്നു. അതിനെതിരായി ധൈര്യത്തോടും ശക്തിയോടുംകൂടെ നിലകൊള്ളുന്ന ഒരു അന്താരാഷ്ട്രീയ വിഭാഗമായിരുന്നു സോവിയറ്റ് യൂണിയൻ. 1947-ൽ ഭാരതത്തിന്റെ സ്വാതന്ത്ര്യം സ്ഥാപിക്കുന്നതിനും, സോവിയറ്റ് യൂണിയൻ വളരെയധികം സഹായിച്ചിട്ടുണ്ട് എന്ന് എല്ലാവർക്കും അറിഞ്ഞുകൂടാ. നമ്മുടെ സാമ്പത്തിക വ്യവസ്ഥിതി അല്പമെങ്കിലും ആന്തരീക സ്വാതന്ത്ര്യം ഉള്ളതാക്കി തീർക്കുവാൻ വേണ്ടിയുള്ള നമ്മുടെ പരിശ്രമങ്ങൾക്ക് ശക്തിയായ എതിർപ്പാണ് ബ്രിട്ടൺ, ജർമ്മനി, അമേരിക്ക മുതലായ രാഷ്ട്രങ്ങളിൽ നിന്ന് നമ്മൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ആധുനിക സാങ്കേതികവിജ്ഞാനം ആവശ്യംപോലെ കരസ്ഥമാക്കുന്നതിനും സാമ്പത്തിക വ്യവസ്ഥിതിയുടെ അടിസ്ഥാനമായ ഉരുക്കിന്റെ ഉല്പാദനത്തിൽ പോലും വിലങ്ങുതടിയായാണ് ആദ്യകാലങ്ങളിൽ പാശ്ചാത്യരാജ്യങ്ങൾ നിന്നിട്ടുള്ളത്. അവരുടെ ഉല്പന്നങ്ങളുടെ അനുഭോജനത്തിനുള്ള ഒരു വലിയ കമ്പോളമായിട്ടാണ് ഭാരതത്തെ അവർ അക്കാലം മുതൽ ഇന്നോളം കണ്ടുവന്നിട്ടുള്ളത്. ഒരു സ്റ്റീൽമിൽ തുടങ്ങുന്നതിന് അമേരിക്കയും ജർമ്മനിയും ഇംഗ്ലണ്ടും ഒരുപോലെ സഹായം നിഷേധിച്ച സാഹചര്യത്തിലാണ് സോവിയറ്റ് യൂണിയൻ ഒരു സ്റ്റീൽ മിൽ ഉണ്ടാക്കുവാൻ നമ്മെ സഹായിച്ചത്. അതെത്തുടർന്നു മാത്രമാണ് പാശ്ചാത്യരാജ്യങ്ങളും ഗത്യന്തരമില്ലാതെ കുറെയൊക്കെ സാങ്കേതിക വിജ്ഞാനീയം പകർന്നുതന്ന് കുറയൊക്കെ നമ്മെ സഹായിക്കാൻ മുതിർന്നത്. ഇതുതന്നെയാണ് പെട്രോൾ ഗവേഷണത്തിലും നമ്മുടെ അനുഭവം.

ഈ സാഹചര്യത്തിൽ നമ്മുടെ വിദേശനയം സോവിയറ്റ് യൂണിയന്റെ വിദേശനയത്തോട് പല കാര്യങ്ങളിലും യോജിക്കാൻ തുടങ്ങി. സോവിയറ്റു

യൂണിയനിൽ അഭ്യന്തരമായിട്ടുണ്ടായിരുന്ന സ്റ്റാലിനിസ്റ്റ് മേധാവിത്വത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് കുറെയൊക്കെ നമ്മൾക്ക് അറിയാമായിരുന്നു എങ്കിലും അതിനോടുള്ള എതിർപ്പിന് മുൻതൂക്കം കൊടുക്കാതെ, സോവിയറ്റ് യൂണിയനെ നമ്മുടെ പ്രധാന സഹായിയായി നാം സ്വീകരിച്ചത് പാശ്ചാത്യരാജ്യങ്ങളിൽ നിന്നുള്ള സമ്മർദ്ദത്തേയും ചൂഷണ വ്യഗ്രതയേയും ചെറുത്തുനിൽക്കുവാൻ നമ്മൾക്ക് സ്വയമേവ കഴിവില്ലാത്തതുകൊണ്ടായിരുന്നു.

സോവിയറ്റ് യൂണിയന്റെ പിൻതാങ്ങലോടും സഹായത്തോടും കൂടി, പാശ്ചാത്യ മുതലാളിത്ത വ്യവസ്ഥിതിയുടെ ലോകമേധാവിത്വത്തിനുള്ള പരിശ്രമത്തിന് നാമൊരു പ്രധാന വിലങ്ങുതടിയായിത്തീർന്നു. അതോടുകൂടി ഭാരതത്തെ അട്ടിമറിക്കുവാനുള്ള ശ്രമങ്ങൾ പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് ധാരാളമായിട്ടുണ്ടായി. ഭാരതീയ ഹൈന്ദവ ഭൂരിപക്ഷവുമായി ന്യൂനപക്ഷങ്ങളെ സമരം ചെയ്യിക്കുവാനും, ഹിന്ദിമേധാവിത്വത്തിന് എതിരായി, തമിഴ്നാടു പോലെയുള്ള തെക്കൻ സംസ്ഥാനങ്ങളിൽ ശക്തമായ ഒരു മൂവ്മെന്റ് സംഘടിപ്പിക്കുന്നതിനും രഹസ്യത്തിൽ വിദേശസഹായമുണ്ടായി എന്നുള്ളത് തെളിയിക്കാൻ അത്ര എളുപ്പമല്ലെങ്കിലും ഊഹിച്ചെടുക്കാൻ പ്രയാസമുള്ളതല്ല. അമേരിക്കയിൽ പ്രസിഡന്റ് റെയ്ഗൺ അധികാരത്തിൽ വന്നതോടുകൂടി, വൈസ്പ്രസിഡന്റ് ജോർജ് ബുഷിന്റെ നേതൃത്വത്തിൽ സി. ഐ. എ. പോലെയുള്ള രഹസ്യ സംഘടനകളുടെ ആഭിമുഖ്യത്തിലും അട്ടിമറി പ്രസ്ഥാനത്തിന്റെ പ്രസരം നമ്മുടെ നാട്ടിലുണ്ടായി. കഴിഞ്ഞ ഇരുപത് വർഷങ്ങളോളമുള്ള നമ്മുടെ വർഗീയ കലഹങ്ങളിൽ വിദേശരാജ്യങ്ങളുടെ De stabilization tactics ഒരു പ്രധാന പങ്കാണ് ഇപ്പോഴും നിർവ്വഹിക്കുന്നത്. അതൊന്നുകൂടി ത്വരിതപ്പെടുത്തുന്നതിന് പ്രസിഡന്റ് ക്ലിന്റണും തയ്യാറാണെന്ന് അദ്ദേഹം തന്നെ പറയുന്നു. പാക്കിസ്ഥാൻ കാശ്മീരിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ഈ ആഗോള വ്യാപകമായ അട്ടിമറി പ്രസ്ഥാനത്തിന്റെ ഒരു പ്രധാനമുഖം മാത്രമാണ്. De stabilization tactics ന്റെ ഒരു പ്രധാന തത്വം അതിൽ അമേരിക്കയ്ക്കും മറ്റ് പാശ്ചാത്യ രാജ്യങ്ങൾക്കുമുള്ള പങ്ക് കഴിയുന്നത്ര ഒളിച്ചുവച്ചിട്ട്, പാക്കിസ്ഥാനെപ്പോലെയുള്ള മറ്റ് രാഷ്ട്രങ്ങളെയും ഭാരതത്തിൽ തന്നെയുള്ള പ്രത്യേക ശക്തിവിഭാഗങ്ങളെയും ഉപയോഗിച്ച് ഇവിടെ വർഗീയകലാപങ്ങൾ ഉളവാക്കുകയെന്നതാണ്. ഇത് നാം കണക്കിലെടുക്കാതെ നമ്മുടെ വർഗീയതാപ്രശ്നം പരിഹരിക്കാൻ നാഷണൽ ഇന്റഗ്രേഷനും സെക്കുലർ പ്രിൻസിപ്പിൾസിനും വേണ്ടിയുള്ള കുരിശ് യുദ്ധം കൊണ്ടൊന്നും നടക്കുകയില്ല.

ഭാരതത്തിൽ ആന്തരിക കലഹങ്ങൾ സൃഷ്ടിക്കുവാനുള്ള ബാഹ്യശക്തികളുടെ പരിശ്രമങ്ങൾ ചെറുത്തുനിൽക്കുവാൻ ഇന്ന് സോവിയറ്റ് യൂണിയൻ പോലുള്ള ഒരു വൻശക്തിയുടെ സഹായം ലഭ്യമല്ല. സാമ്പത്തികമായി ആഗോള കമ്പോള വ്യവസ്ഥിതിയുടെ ഒരവിഭാജ്യ ഘടകമായി കഴിഞ്ഞിരിക്കുന്ന ഭാരതത്തിന് ഈ സമ്മർദ്ധത്തെ ചെറുക്കാൻ സാമ്പത്തികമായോ സൈനികമായോ ശക്തിയില്ല. പാശ്ചാത്യ രാജ്യങ്ങൾ നമ്മുടെ

മദ്ധ്യത്തിൽ അട്ടിമറി പ്രസ്ഥാനങ്ങൾ മുമ്പോട്ടുകൊണ്ടുപോകാതിരിക്കാനുള്ള ഏകമാർഗ്ഗം നമ്മുടെ ജനങ്ങൾ തന്നെ അതിനെ ചെറുക്കുക എന്നുള്ളതാണ്. എന്നാൽ ജനങ്ങൾക്കും വ്യക്തികൾക്കും ചില്ലറ ആനുകൂല്യങ്ങൾ കൊടുത്ത് അവരെ വശീകരിക്കുന്ന ഒരു പദ്ധതിയാണിപ്പോൾ ഉള്ളത്. അങ്ങനെയുള്ള പദ്ധതിയെ ചെറുക്കുവാനുള്ള ഒരു വിദേശീയനയം ഉളവാക്കുവാൻ നമ്മൾക്ക് സാമ്പത്തികമായും സൈനികമായും ശക്തിയില്ല.

ചില്ലറ പ്രലോഭനങ്ങൾക്കു വേണ്ടി വർഗീയത സൃഷ്ടിക്കുവാനുള്ള പ്രവണത നമ്മുടെ ഇടയിൽ പല വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ഉണ്ട്. ഇത് പരിഹരിക്കുവാനുള്ള ഏകമാർഗ്ഗം, നീതിയുക്തമായ ഒരു സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥിതി ഭാരതത്തിൽ കെട്ടിപ്പെടുക്കുക എന്നുള്ളതാണ്. അത് സാധിക്കുന്നതുവരെ വർഗീയത ഭാരതത്തിൽ ഇടയ്ക്കിടെ തലപൊക്കികൊണ്ടിരിക്കുമെന്നുള്ളത് നാം അഭിമുഖീകരിക്കുന്ന ഒരു നഗ്നയാഥാർത്ഥ്യം ആണ്.

വർഗീയതയുടെ മൂലകാരണം മതമല്ല, മതത്തെ രാഷ്ട്രീയ നേതാക്കൾ സ്വകാര്യതാല്പര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നു എന്നുള്ളതുമല്ല. ഈ രാജ്യത്ത് സാധാരണക്കാരന് നീതി ലഭിക്കുമെന്ന് ഉത്തമബോദ്ധ്യം വരുക മാത്രമാണ് വർഗീയതയുടെ പരിഹാരം. വർഗീയതയുടെ മൗലിക കാരണം അനീതി നിറഞ്ഞ ഒരു വ്യവസ്ഥിതിയാണ്. ആ വ്യവസ്ഥിതിയെ അടിസ്ഥാനപരമായി വ്യത്യാസപ്പെടുത്താതെ വർഗീയത മാറിപ്പോകുമെന്ന് തോന്നുന്നില്ല.

മതസൗഹാർദ്ദത്തെ പ്രോത്സാഹിപ്പിക്കുന്നത് തികച്ചും അഭികാമ്യമാണ്. മതത്തെ രാഷ്ട്രീയത്തിൽ ഉപയോഗിക്കാതിരിക്കാൻ വേണ്ടി നിയമങ്ങൾ ഉണ്ടാക്കുവാൻ നമുക്ക് സാധിച്ചാലും ആ നിയമങ്ങളെ നടപ്പിൽ വരുത്തുവാൻ നമ്മൾക്കത്ര എളുപ്പമാണെന്ന് തോന്നുന്നില്ല.

മതസൗഹാർദ്ദം വളർത്തുന്നതിനും രാഷ്ട്രീയത്തിൽ വർഗീയത അശേഷം തലപൊക്കാതിരിക്കുവാനും ഒരു ചെറിയ നിർദേശം ഈ സദസ്സിന് മുമ്പാകെ അവതരിപ്പിച്ചുകൊണ്ട് ഞാനെന്റെ ലഘു പ്രസംഗം അവസാനിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

മതവും രാഷ്ട്രീയവും തമ്മിൽ വേർപെടുത്തുക (Seperation of Religion and Politics), ഭാരതംപോലെ ഭൂരിപക്ഷം പേരും മതാനുയായികളായിട്ടുള്ള ഒരു രാജ്യത്ത് പ്രാവർത്തികമാകുമെന്ന് തോന്നുന്നില്ല.

മതവും രാഷ്ട്രീയവും തമ്മിൽ "വേർപെടുത്തൽ" അല്ല നമ്മൾക്കാവശ്യം. ഭാരതം പോലെയുള്ള രാജ്യത്ത്, മതവും രാഷ്ട്രീയവും തമ്മിൽ, സർഗാത്മകമായ ഒരു ബന്ധം സ്ഥാപിക്കുകയാണാവശ്യം. ഇത് സെക്കുലർ പ്രിൻസിപ്പിളിന് വിരോധമാണെങ്കിലും മനുഷ്യനന്മയ്ക്ക് ആവശ്യമാണ്.

ഇന്ന് പരസ്പരം സംഘർഷത്തിലിരിക്കുന്ന മതനേതാക്കൾക്ക്, ഒരുമിച്ച് കൂടി സംസാരിക്കുവാനുള്ള വേദി ഒന്നും ഇല്ല. സംഘർഷത്തിലിരിക്കുന്ന മതങ്ങൾ മാത്രമല്ല, മറ്റ് മതങ്ങളും ഒരു പൊതുവേദിയിൽ പങ്കെടുക്കുവാൻ ഗവൺമെന്റ് തന്നെ സഹായിക്കണം. ആണ്ടിൽ ഒരിക്കലോ രണ്ടു

പ്രാവശ്യമോ സമ്മേളിക്കുന്ന ഒരു "മതപാർലമെന്റ്" ഇവിടെ ഉത്ഭൂതമാകണം. അതിന് ഗവൺമെന്റ് മുൻകൈ എടുക്കണം. അങ്ങനെയുള്ള ഒരു പാർലമെന്റിൽ മതനേതാക്കൾ മാത്രമല്ല, പുരോഗമന ചിന്തയുള്ളവരായി എല്ലാ മതങ്ങളിലുമുള്ള വ്യക്തികളും സംബന്ധിക്കണം. ഇങ്ങനെയുള്ള പാർലമെന്റിൽ ഒരു മതവും മറ്റ് മതങ്ങളുടെമേൽ സമ്മർദ്ദം ചെലുത്താത്ത ഒരു സാഹചര്യം സൃഷ്ടിക്കണം. ഈ മതപാർലമെന്റ് സാധാരണഗതിയിൽ ആണ്ടിൽ ഒരിക്കലോ രണ്ടു പ്രാവശ്യമോ ഒരുമിച്ച് കൂടിയിട്ട് വർഗീയ സംഘർഷത്തെപ്പറ്റി മാത്രമല്ല, രാജ്യത്തിന്റെ പൊതുക്ഷേമത്തിനാവശ്യമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ഗാഢമായി ചിന്തിക്കുകയും അഭിപ്രായം രൂപവൽക്കരിക്കുകയും ചെയ്യണം. ഒന്നോ രണ്ടോ ആഴ്ചയെങ്കിലും ഈ മത പാർലമെന്റ് കൂടണം. അതിലെ വാദപ്രതിവാദത്തിന് സഹായകമായി സമഗ്രമായ പഠനങ്ങൾ മുൻകൂട്ടി ഉണ്ടാകണം. ഈ മതപാർലമെന്റിന് ഒരു റിസർവ് ഫണ്ട് കൂടി ഉണ്ടാകണം. അത് കൂടാതെ ഒരു ട്രബിൾ ഷൂട്ടിംഗ് വിംങ് കൂടി ഉണ്ടാകണം. സംഘർഷം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഈ "ട്രബിൾ ഷൂട്ടിംഗ് വിംങ്" നേരത്തേ തന്നെ സന്ദർശിച്ച് രമ്യതയുടെ പാതകൾ സൃഷ്ടിക്കണം.

ഇപ്പോൾ ഗവൺമെന്റ് ഒരു "മൈനോറിറ്റീസ് കമ്മീഷൻ" ഉണ്ടാക്കിയിട്ടുണ്ട്. അതിൽ ഏതാനും വ്യക്തികൾ മാത്രമേ ഉള്ളൂ. മാത്രവുമല്ല ഭൂരിപക്ഷ സമൂഹത്തിന്റെ പ്രാധിനിത്യവുമില്ല. എല്ലാ മതങ്ങളുടെയും പ്രാതിനിത്യമുള്ളതും ജനങ്ങൾ ബഹുമാനിക്കുന്നതുമായ അഞ്ഞൂറോളം അംഗങ്ങൾ ഈ പാർലമെന്റിൽ ഉണ്ടാകണം. അതിന് ഒരു സെക്രട്ടറിയേറ്റും ബഡ്ജറ്റും ഗവേഷണ വിഭാഗവും പ്രാവർത്തിക വിഭാഗവും എല്ലാം ഉണ്ടാകണം. ഇത് സർക്കാർ വിചാരിച്ചെങ്കിലേ നടക്കുകയുള്ളു. മതങ്ങൾക്കുള്ളിൽ തന്നെ മനുഷ്യരാശിയുടെ മുഴുവൻ ക്ഷേമത്തിനുതകുന്ന പരിവർത്തനങ്ങൾ ധാരാളമുണ്ടാകുന്നതിന് ഈ പാർലമെന്റ് വിവേകബുദ്ധിയോടെ പ്രവർത്തിക്കണം. മതനേതാക്കന്മാരെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങളിലും ഈ പാർലമെന്റിന്റെ ശ്രദ്ധ ചെല്ലണം. സങ്കുചിതമായ മനസ്ഥിതി ഈ സ്ഥാപനങ്ങളിൽ ഉദിച്ചുയരാതിരിക്കുന്നതിനുവേണ്ടി മനുഷ്യരാശിയെ മുഴുവനായി സ്നേഹിക്കുന്ന മതനേതാക്കളെ വളർത്തിയെടുക്കണം.

മതങ്ങളുടെ ആന്തരിക ജീവിതത്തിൽ രാഷ്ട്രീയ നേതാക്കൾ കൈകടത്തണമെന്നല്ല ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം. നേരെമറിച്ച് മതനേതാക്കന്മാർ തന്നെ പരസ്പര ഉത്തരവാദിത്വവും ആത്മനിയന്ത്രണവും പരിശീലിക്കുവാനുള്ള ഒരു വേദിയായിരിക്കണം ഈ പാർലമെന്റ്.

അതിന്റെ പ്രായോഗിക നിർദ്ദേശങ്ങളെക്കുറിച്ച് ദീർഘമായി ചർച്ച ചെയ്യുവാൻ ഇവിടെയുദ്ദേശിക്കുന്നില്ല. വർഗീയതയുടെ പ്രശ്നം പരിഹരിക്കുവാൻ ദേശീയതയോ, വ്യക്തിവിലാസമോ മാത്രം വളർത്തിയെടുത്താൽ പോരാ. മൂന്ന് കാര്യങ്ങളാണ് ഞാൻ നിർദ്ദേശിക്കുന്നത്:

1. സമൂഹത്തിൽ നീതി വർദ്ധിക്കണം. എല്ലാവർക്കും നീതി ലഭിക്കും എന്ന ബോദ്ധ്യം ജനമദ്ധ്യത്തിൽ പൊതുവെ ഉണ്ടാകണം.

2. ബാഹ്യരാജ്യങ്ങളുടെ സമ്മർദ്ദങ്ങളും അട്ടിമറി പ്രസ്ഥാനങ്ങളും സംബന്ധിച്ച് വേണ്ടത്ര തെളിവ് ശേഖരിച്ച് അന്താരാഷ്ട്ര അഭിപ്രായ മണ്ഡലങ്ങളിൽ പ്രകാശിപ്പിക്കുകയും ഇങ്ങനെയുള്ള അട്ടിമറി പ്രസ്ഥാനങ്ങൾക്ക് എതിരെ നമ്മുടെ ജനങ്ങളെയും ലോകജനതയെയും അണിനിരത്തുകയും ചെയ്യണം.

3. മതനേതാക്കളും ഓരോ മതത്തിലെയും മനുഷ്യാനുഭാവികളായ ചിന്തകന്മാരും ഉൾക്കൊള്ളുന്ന ഒരു സദസ്സ് ഗവൺമെന്റ് സഹായത്തോടെ എന്നാൽ ഗവണ്മെന്റിന്റെ നിയന്ത്രണം കൂടാതെ ഉടലെടുക്കണം.

ഈ മൂന്ന് കാര്യങ്ങളിലും എല്ലാ മതങ്ങളും മുൻകൈ എടുത്ത് പ്രവർത്തിക്കുകയും പരസ്പരം സഹകരിക്കുകയും ചെയ്യുക എന്നുള്ളതാണ് വർഗീയതയ്ക്കെതിരെയുള്ള സമരത്തിൽ മതങ്ങളുടെ പ്രധാന ചുമതല.

*(പ്രോ ഓറിയന്റേ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ 1995 ഒക്ടോബർ 2-ന് നടന്ന "വളരുന്ന വർഗീയത ഉയർത്തുന്ന വെല്ലുവിളികൾ" എന്ന സെമിനാറിലെ മുഖ്യ പ്രഭാഷണം)*



# 5
# നമുക്കാവശ്യം സർവ്വമത സംഗ്രാഹിയായ ഒരു വിശ്വനാഗരികത

മലയാളി സുഹൃത്തുക്കളെ, കേരള സഹോദരങ്ങളെ,

എ. കെ. ജി. പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞവർഷം തിരുവനന്തപുരത്തു വച്ച് പ്രതീക്ഷയിലധികം വിജയകരമായി നടന്ന കേരളാ പഠന കോൺഗ്രസിന്റെ തുടർച്ചയായി കോഴിക്കോട് കേളു ഏട്ടൻ പഠനകേന്ദ്രത്തിൽ വച്ചു നടക്കുന്ന ഈ ത്രിദിന സെമിനാറിൽ ഞാൻ സംബന്ധിക്കുന്നത് അതീവ ചാരിതാർത്ഥ്യത്തോടും പ്രത്യേക പ്രതീക്ഷയോടുമാണ്.

'മതനിരപേക്ഷ കേരളത്തിലേയ്ക്ക്' എന്ന സെമിനാറിന്റെ വിഷയം എനിയ്ക്കത്ര സുഖമായിട്ട് തോന്നിയില്ല. 'കേരളത്തിൽ ഒരു മതനിരപേക്ഷ രാഷ്ട്രീയ വ്യവസ്ഥിതിയിലേക്ക്' എന്ന് പറഞ്ഞിരുന്നെങ്കിൽ കുറേക്കൂടെ സ്വീകാര്യമായിരുന്നു. കേരള സമൂഹത്തിന്റെ ജീവിതവും സംസ്കാരവും പൂർണ്ണമായി മതനിരപേക്ഷമാകുമെന്നോ ആകണമെന്നോ എനിയ്ക്കഭിപ്രായമില്ല. 'മതം കേരളീയ സമൂഹത്തിന്റെ സൃഷ്ടിയിലും വികാസത്തിലും വലിയ പങ്കു വഹിച്ചു' എന്ന് സെമിനാർ ക്ഷണക്കത്തിൽ തന്നെ പറയുന്നുണ്ടല്ലോ. ഭാവിയിൽ കേരള സമൂഹത്തിന്റെ വികാസത്തിൽ മതം ഒരു പങ്കും വഹിക്കരുതെന്ന് എനിക്ക് ചിന്തിക്കാൻ പ്രയാസമുണ്ട്.

'ഒരു സെക്കുലർ സ്റ്റേറ്റിനു' വേണ്ടി ഒരു പരിധിവരെ മറ്റുള്ളവരൊത്ത് പരിശ്രമിക്കാൻ ഞാൻ തയ്യാറാണ്. പക്ഷേ, ഒരു 'സെക്കുലർ സൊസൈറ്റി' അല്ലെങ്കിൽ ഒരു 'സെക്കുലർ സംസ്കാരം' എന്ന ലക്ഷ്യം എന്നെ സംബന്ധിച്ചിടത്തോളം സ്വീകാര്യമല്ല. തികച്ചും മതനിരപേക്ഷമായ ഒരു കേരളം എന്റെ ലക്ഷ്യങ്ങളിലൊന്നല്ല. കാരണങ്ങൾ പിന്നാലെ വിശദീകരിച്ചുകൊള്ളാം.

### 1. സമൂഹവും രാഷ്ട്രീയ വ്യവസ്ഥിതിയും (Society and Polity)

ഒരു സമൂഹത്തിന് അതിന്റേതായ സംസ്കാരവും പാരമ്പര്യവും ഉണ്ട്. മതം ഇല്ല എന്നു പറയുന്നവർക്കും മതാനുയായികൾക്കും സഹകരിച്ച് പ്രവർത്തിക്കുവാനും ഒരുമിച്ചു ജീവിക്കാനും സാധ്യതയുള്ളതായിരിക്കണം സമൂഹം. സമൂഹത്തിൽ നിന്ന് മതത്തേയോ മതവിരോധത്തേയോ പൂർണ്ണമായി നിഷ്കാസനം ചെയ്യുവാൻ സാധ്യമല്ല. വൈവിധ്യം സമൂഹത്തിന്റെ സമ്പത്താണ്. ഐകരൂപ്യം സംസ്കാരത്തിനും സമൂഹത്തിനും ചേരാത്തതും ജീവിതത്തിന്റെ ക്രിയാത്മകത നശിപ്പിക്കുന്നതുമാണ്.

സമൂഹത്തിൽ നിന്ന് മതത്തെ ബഹിഷ്കരിക്കാനുള്ള ശ്രമം സോവിയറ്റ്

യൂണിയനിലും ചൈനയിലും നടന്നെങ്കിലും വിജയിച്ചിട്ടില്ല. മതം സംസ്കാരത്തിന്റെ ഒരു അവിഭാജ്യഘടകമായിരുന്നു. നമ്മുടെ ഭാരതത്തിൽ കലയും നാട്യശാസ്ത്രവും ശില്പകലയും സംഗീതവും എല്ലാം മതത്തിൽ നിന്നാണല്ലോ ഉരുത്തിരിഞ്ഞിട്ടുള്ളത്.

അതുകൊണ്ട് സമൂഹത്തെയും രാഷ്ട്രീയവ്യവസ്ഥിതിയേയും കൂട്ടിക്കുഴയ്ക്കുന്നത് തികച്ചും അനാശാസ്യമായിരിക്കും. രാഷ്ട്രീയ വ്യവസ്ഥിതിയിൽ മതനിരപേക്ഷതയുണ്ടാവണം. പക്ഷേ, സാമൂഹ്യജീവിതത്തിലും സംസ്കാരസൃഷ്ടിയിലും മതത്തിന് പങ്ക് ഒന്നുമരുതെന്ന് ശഠിക്കുന്നത് മൗഢ്യമായിരിക്കും.

## 2. മതവും രാഷ്ട്രീയ വ്യവസ്ഥിതിയും

ചരിത്രത്തിൽ നമുക്കറിയാവുന്നിടത്തോളം രാഷ്ട്രീയ വ്യവസ്ഥിതികളൊന്നും, ഈ പത്തൊൻപതാം നൂറ്റാണ്ടു വരെ മതനിരപേക്ഷങ്ങളായിരുന്നില്ല. ആദ്യത്തെ ഭാരതീയ ചക്രവർത്തി ചന്ദ്രഗുപ്ത മൗര്യൻ (BCE: 322-298) മതവിരോധിയല്ലായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമി അശോകൻ (BCE: 269-232) ദിഗ്വിജയത്തേക്കാൾ ധർമ്മ വിജയത്തിനാണ് പ്രാധാന്യം കൊടുത്തത്. ഹൈന്ദവ, ബൗദ്ധ, ജൈന ധർമ്മങ്ങളെ അദ്ദേഹം ഒരുപോലെ പ്രോത്സാഹിപ്പിച്ചു. 'മതം' എന്നൊരു വാക്ക് ഇന്നത്തെ അർത്ഥത്തിൽ അന്ന് ഇല്ലായിരുന്നു. ധർമ്മം എന്ന പദത്തിന് ഒരു പ്രത്യേക മതം എന്നും അന്ന് അർത്ഥം ഇല്ലായിരുന്നു. എല്ലാ മതങ്ങളിലും കാണുന്ന ഒന്നായിരുന്നു ധർമ്മം.

അശോകന്റെ ഭൂപാലനം ധർമ്മനിരപേക്ഷമല്ലായിരുന്നു. പ്രത്യുത, ധർമ്മസംസ്ഥാപനാത്മകമായിരുന്നു. ധർമ്മം എന്ന പദത്തിന് അശോകന്റെ ശിലാപ്രഖ്യാപനങ്ങളിൽ കാണുന്ന അർത്ഥം, ഏതെങ്കിലും ഒരു പ്രത്യേക മതമെന്നല്ല, പ്രത്യുത എല്ലാ മതങ്ങളിലുമുള്ള ധർമ്മതത്വങ്ങൾ എന്നു തന്നെയായിരുന്നു. ബുദ്ധ, ജൈന, ഹൈന്ദവ മതങ്ങളിലുള്ള എല്ലാ നല്ല തത്വങ്ങളേയും ഉൾക്കാഴ്ചകളേയും അദ്ദേഹം ഒരുപോലെ പ്രോത്സാഹിപ്പിച്ചു. അവയിലുള്ള തെറ്റുകളേയും ദുഷ്പ്രേരണകളേയും ഒരുപോലെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു. ബുദ്ധ ധർമ്മത്തിന് അനേകം പ്രത്യേക ആനുകൂല്യങ്ങൾ അശോകൻ നൽകിയെങ്കിലും അതുപോലെ ജൈനധർമ്മത്തെയും ബ്രാഹ്മണ ധർമ്മത്തെയും പ്രോത്സാഹിപ്പിച്ചു.

ഇന്നു നമുക്കിത് മനസ്സിലാക്കുവാൻ പ്രയാസമുളവാക്കുന്നത് 'ധർമ്മം' എന്ന പദത്തിന്റെ മൂല്യാർത്ഥത്തിൽ വന്നു കൂടിയ അർത്ഥ വ്യതിയാനങ്ങളാണ്. ധർമ്മം എന്നാൽ അസ്തിത്വത്തിന് നിദാനമായിട്ടുള്ളത്, ഉൺമയെ താങ്ങിനിർത്തുന്ന മൗലികാടിസ്ഥാനം എന്നായിരുന്നു പുരാതനകാലങ്ങളിലുണ്ടായിരുന്ന അർത്ഥം. ഇന്നത്തെ സമകാലീന ഭാഷയിൽ പറഞ്ഞാൽ അസ്തിത്വത്തിന് നിദാനമായിട്ടുള്ള ശാസ്ത്രനിയമങ്ങളും (natural laws), ധാർമ്മിക നിയമങ്ങളും (നീതി അല്ലെങ്കിൽ moral laws എന്ന് ഇന്ന് പറയുന്നത്) ഒരുമിച്ചുൾക്കൊള്ളുന്നതും എന്നാൽ അതിനേക്കാളും വ്യാപകമായ അർത്ഥമുള്ളതുമായ ഒരു പദപ്രയോഗമായിരുന്നു 'ധർമ്മം.'

സത്യത്തെയും നീതിയെയും ഒരുമിച്ചുൾക്കൊള്ളുന്ന ധർമ്മമാണ് ഒരു സമൂഹത്തിന്റെയും വ്യക്തിയുടെയും അസ്തിത്വത്തിന്റെ നിദാനം, ആശ്രയം. അങ്ങനെയെങ്കിൽ ധർമ്മനിരപേക്ഷമായ കേരളത്തിനുവേണ്ടി ധർമ്മബോധമുള്ളവരാരും പരിശ്രമിക്കുകയോ ചിന്തിക്കുക പോലുമോ ചെയ്യുകയില്ലല്ലോ. പ്രത്യുത ഒരു ധർമ്മാധിഷ്ഠിത കേരളത്തിനു വേണ്ടിയാണ് നാം എല്ലാവരും തന്നെ ആഗ്രഹിക്കേണ്ടതും പ്രവർത്തിക്കേണ്ടതും.

'മതനിരപേക്ഷ കേരളം' എന്നാൽ തീർച്ചയായും ധർമ്മനിരപേക്ഷ കേരളമല്ലല്ലോ. ധർമ്മനിരപേക്ഷ കേരളം എന്ന് പറഞ്ഞാൽ അധർമ്മാധിഷ്ഠിത കേരളം എന്നാവും വിവക്ഷ. അതല്ലല്ലോ നമ്മുടെ ലക്ഷ്യം.

ധർമ്മാടിസ്ഥാനമില്ലാതെ സ്ഥായിയായ ഒരു സമൂഹം സാദ്ധ്യമല്ല. ഉൺമയും നന്മയും, അതായത് സത്യവും നീതിയും – ശുദ്ധ ജലത്തിൽ ഹൈഡ്രജനും ഓക്സിജനും ഒരുമിച്ച് കാണുന്നതുപോലെ – അവിഭാജ്യമായി സങ്കലിതമാവുന്നതാണ് ധർമ്മം. അതുകൊണ്ട് മതനിരപേക്ഷം എന്ന പദപ്രയോഗം കൊണ്ട് ധർമ്മനിരപേക്ഷം എന്ന് ആരും അർത്ഥമാക്കരുത്. പ്രത്യേകിച്ച്, ഉത്തരേന്ത്യൻ ഭാഷകളിൽ 'മതം' എന്ന പദം കൊണ്ട് നാം വിവക്ഷിക്കുന്നതിന് 'ധർമ്മം' എന്ന് അവർ പറയുന്ന പശ്ചാത്തലത്തിൽ.

### 3. കേരളത്തിന്റെ സവിശേഷത മതവൈവിദ്ധ്യത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും സഹവർത്തിത്വം

ചരിത്രം നോക്കുമ്പോൾ നാം കാണുന്നത് ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലേക്കാൾ കൂടുതലായി വിവിധ ധർമ്മങ്ങളെ അഥവാ വിവിധ മതങ്ങളെ സന്തോഷത്തോടും സഹിഷ്ണുതയോടും സ്വാഗതം ചെയ്യുകയും മതപീഡിതർക്ക് അഭയം നൽകുകയും ചെയ്യുന്ന ഒരു സർവ്വ നാഗരിക സംസ്ക്കാരമാണ് (Cosmopolitan Culture) നമുക്കുണ്ടായിരുന്നിട്ടുള്ളത്. ഭാരതത്തിനുള്ളിൽ നിന്നും വെളിയിൽ നിന്നും വന്നിട്ടുള്ള എല്ലാ മതങ്ങളേയും സ്വാഗതം ചെയ്യുന്ന ഒരു സംസ്ക്കാരമായിരുന്നു നമ്മുടേത്. ഉത്തരേന്ത്യയിൽ ബുദ്ധമതവും ജൈനമതവും അന്നുണ്ടായിരുന്ന ബ്രാഹ്മണമതത്തോട് മറുതലിച്ചു തന്നെയാണ് ബി. സി. ആറാം നൂറ്റാണ്ടിൽ ഉടലെടുത്തത്. അശോകൻ ബി. സി. മൂന്നാം നൂറ്റാണ്ടിൽ ബുദ്ധധർമം പ്രചരിപ്പിക്കുന്നതിന് ബുദ്ധ ഭിക്ഷുക്കൾക്ക് സഹായം നല്കിയപ്പോൾ ബുദ്ധ മിഷണറിമാർ കേരളത്തിലും വന്നു. വലിയ സ്വാഗതമാണ് അവർക്കിവിടെ ലഭിച്ചത്. അവരുടെ തണൽപറ്റി ഉത്തരേന്ത്യയിലെ മതപീഡനത്തിൽ നിന്നും രക്ഷപെടാൻ പല ജൈന മുനികളും കേരളത്തിലഭയം തേടി. അന്നു ബ്രാഹ്മണമതം കേരളത്തിൽ പ്രചാരത്തിൽ വന്നിട്ടേയില്ലായിരുന്ന അവസ്ഥയിൽ ബുദ്ധമതത്തിനും ജൈനമതത്തിനും കേരളീയരുടെ ഇടയിൽത്തന്നെ വലിയ പ്രചാരം ലഭിച്ചു. ഇവിടെ അന്നു നിലവിലുണ്ടായിരുന്ന ആദിവാസികളുടെ മതവുമായി (പ്രാഥമിക ദർശനം) യാതൊരു സംഘർഷത്തിന്റെയും ആവശ്യം വന്നില്ല.

മാത്രമല്ല, ജൈന, ബുദ്ധ ചിന്തകന്മാരിൽ കൂടി ഭാരത ദർശനത്തിന്റെ അടിസ്ഥാന ചിന്തകളിൽ പലതും കേരളത്തിലേക്ക് കടന്നുവന്നു. സാംഖ്യ

ചിന്ത, യോഗശാസ്ത്രം, ആയുർവേദം എന്നിവയും എല്ലാ ധർമ്മങ്ങൾക്കും സാമാന്യനിദാനമായി കേരളത്തിൽ പ്രചരിയ്ക്കുകയും വികസിക്കുകയും ചെയ്തു. ശൈവ മതാനുയായി ആയിരുന്ന ശേഷം ബുദ്ധമതം അവലം ബിച്ച അശ്വഘോഷ (50 BC - 100 AD) ന്റെ തത്വദർശനം ഒന്നാം ശതാബ്ദ ത്തിലേ കേരളത്തിൽ വന്നു. പിന്നീട് വളരെ കഴിഞ്ഞാണ് ബ്രാഹ്മണധർമ്മം ഇവിടെ പ്രവേശിച്ചതും പ്രചരിച്ചതും. ആദിവാസികളുടെ പ്രാഥമികദർശ നത്തോടൊപ്പം ബുദ്ധധർമ്മം, ജൈനമതം, സാംഖ്യദർശനം, യോഗശാ സ്ത്രം, ആയുർവേദം എന്നിവയെല്ലാമാണ് കേരള സംസ്ക്കാരത്തിന്റെ അടി സ്ഥാനമായി ഒന്നാം നൂറ്റാണ്ടിനു മുമ്പ് തന്നെ ആവിഷ്ക്കരിച്ചത്.

അക്കാലങ്ങളിൽത്തന്നെ ഭാരതത്തിന് പുറത്തുള്ള രണ്ട് സംസ്ക്കാര ങ്ങളുമായും കേരളത്തിന് തുറന്ന ബന്ധമുണ്ടായിരുന്നു; പ്രധാനമായും വാണിജ്യ മാർഗത്തിൽക്കൂടി. ഒന്ന് ചൈനയുമായുള്ള സമ്പർക്കവും മറ്റേത് നമ്മുടെ സ്പൈസസ് (Spices), മയിൽ, കുരങ്ങ് (ഒരുപക്ഷേ സ്വർണ്ണം കൂടെ) കച്ചവടം ചെയ്യാൻ വരുന്ന മധ്യപൂർവദേശത്തെ സംസ്ക്കാരവുമാ യുള്ള ബന്ധം. ശലോമോൻ രാജാവിന്റെ കാലത്തിന് (ക്രി. മു. പത്താം ശതാബ്ദം) മുമ്പു തന്നെ സുറിയാക്കാരും ഫൊയ്നീക്യക്കാരും കപ്പലു കളിൽ ഇവിടെ വന്ന് കേരളക്കരയിലെ ചേരപുത്രന്മാരുമായി വാണിജ്യ സമ്പർക്കം പുലർത്തിയിരുന്നു എന്നതിന് യഹൂദ പുസ്തകത്തിൽ തെളി വുകളുണ്ട് (I Kings 9:28; I Kings 10:22). എബ്രായ ഭാഷയിൽ കുരങ്ങിന് കൊടുക്കുന്ന 'കൊപി' എന്ന പേരും മയിലിന് നൽകുന്ന 'തുക്കി' എന്ന പേരും ചേരനാട്ടിൽ നിന്നുണ്ടായതാകാനാണ് വഴി എന്ന് പണ്ഡിതന്മാർ സമ്മതിക്കുന്നു.

ചൈനീസ് സംസ്ക്കാരവുമായുള്ള ബന്ധം വഴി ചൈനയിലെ മതങ്ങ ളേതെങ്കിലും ഇവിടെ പ്രചരിച്ചതായി കാണുന്നില്ല. എന്നാൽ മധ്യപൗര സ്ത്യദേശത്ത് യഹൂദ മതത്തിന് പീഡനം ഉണ്ടായപ്പോൾ അവരും വന്ന് അഭയം തേടിയത് കേരളക്കരയിലുള്ളവരിലാണ്. ക്രിസ്തുവിന് ഒന്നോ രണ്ടോ ശതാബ്ദം മുമ്പ് തന്നെ യഹൂദമതം കേരളത്തിൽ സ്ഥാപിക്ക പ്പെട്ടിരിക്കാനാണ് വഴി. അതേത്തുടർന്നാണ് തോമാ ശ്ലീഹായുടെ കാലത്ത് ക്രിസ്തുമതവും ഇവിടെ സംസ്ഥാപിതമായത്.

ഇതിനൊക്കെ ശേഷം ബ്രാഹ്മണമതം ഇവിടെ വന്നു. ഏതാണ്ട് നാലാം നൂറ്റാണ്ടിന് ശേഷം. അതേ തുടർന്ന് ശൈവസിദ്ധാന്തം മുതലായി ഇന്നു നാം ഹിന്ദുമതത്തിന്റെ വിഭാഗങ്ങളെന്ന് ചിന്തിക്കുന്ന മറ്റു മതങ്ങളും വന്നു ചേർന്നു. അവസാനം എട്ടാം ശതാബ്ദത്തിൽ വന്നതാണ് ഇസ്ലാം. അതും ഉത്തരേന്ത്യയിലെപ്പോലെ കടന്നാക്രമണങ്ങളിൽ കൂടിയല്ല, പ്രത്യുത മധ്യ പൗരസ്ത്യദേശങ്ങളുമായുള്ള വാണിജ്യ സമ്പർക്കത്തിൽക്കൂടിയാണ് കേര ളത്തിൽ കടന്നത്.

ഇത്രയും മതവൈവിധ്യവും അതേ സമയം മതസൗഹാർദ്ദവും പുലർ ത്തുന്ന സമൂഹം ഭാരതത്തിലോ ലോകത്തിലോ മറ്റെവിടെയും ഉണ്ടായി രുന്നു എന്നു തോന്നുന്നില്ല. ഒരു കാലത്ത് മതങ്ങളുടെ വേലിയേറ്റം അനേക ശതവർഷങ്ങൾ നിലകൊണ്ട കാശ്മീരിലോ പഞ്ചാബിലോ അഫ്ഗാനി

സ്ഥാനിലോ ഇത്രയും മതവൈവിദ്ധ്യവും മതസൗഹാർദ്ധവും ഒരേ സമയത്ത് നിലനിന്നതായി അറിവില്ല. ആ ഭാഗങ്ങളിലും യഹൂദമതവും ക്രൈസ്തവ മതവും ബുദ്ധ മതവും ഇസ്ലാമും പ്രചരിക്കുകയും വികസിക്കുകയും ചെയ്തെങ്കിലും ഒന്ന് മറ്റൊന്നിനെ പുറന്തള്ളുകയല്ലാതെ സഹവർത്തിത്വം ശീലിക്കാൻ ശ്രമിച്ചതായി അറിവില്ല.

കേരളത്തിൽ രണ്ടായിരത്തിലധികം വർഷങ്ങളായി നിലനിന്ന ഒരു സവിശേഷതയാണ് മതവൈവിധ്യത്തിന്റേയും മതസൗഹാർദ്ധത്തിന്റേയും ഈ സഹവർത്തിത്വം. ഇത് കേരളത്തിന്റെ വിലതീരാത്ത പൈതൃകമാണ്. ഇത് നാം കളഞ്ഞുകുളിക്കരുത്. രാഷ്ട്രീയ വേലിയേറ്റത്തിൽ മതിമറന്ന് കേരളത്തിന്റെ ഈ അനർഘ പൈതൃകം മതരാഷ്ട്രീയമായി അധഃപതിക്കാൻ നാം ഒരിക്കലും അനുവദിക്കരുത്.

### 4. മതനിരപേക്ഷ രാഷ്ട്രങ്ങൾ: ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം

പത്തൊമ്പതാം ശതാബ്ദം വരെയുള്ള ലോകചരിത്രത്തിലേക്ക് നാം തിരിഞ്ഞു നോക്കുമ്പോൾ മതനിരപേക്ഷരാഷ്ട്രങ്ങൾ ഏതെങ്കിലും ഉണ്ടായിരുന്നതായി കാണുന്നില്ല. മതനിരപേക്ഷമായി വളർന്നു വികസിച്ച ഒരു സംസ്ക്കാരവും ലോകചരിത്രത്തിൽ കാണുമെന്ന് തോന്നുന്നില്ല.

കുറെ ഉദാഹരണങ്ങൾ എടുക്കാം. റോമാ സാമ്രാജ്യം തികച്ചും റോമൻ ദേവന്മാരുടെ ആരാധനയിലും അവർക്കുള്ള ദൈനംദിന ബലിയർപ്പണങ്ങളിലും അധിഷ്ഠിതമായിരുന്നു. ഓരോ സ്ഥലത്ത് ഈ ബലിയനുഷ്ഠാനങ്ങൾ തക്കസമയത്ത് നടത്തുകയെന്നത് സിവിൽ ഉദ്യോഗസ്ഥന്മാരുടെ ചുമതലയായിരുന്നു. ദേവന്മാരുടെ ലോകവുമായി ബലി മൂലമുള്ള ബന്ധം പുലർത്തുന്നതിനും അങ്ങനെ സാമ്രാജ്യത്തെ നിലനിർത്തുന്നതിനുമുള്ള പ്രധാന ചുമതല ചക്രവർത്തിക്കു തന്നെയായിരുന്നു. അത്യുന്നത പാലം പണിക്കാരൻ (Supreme pontiff) എന്ന സംജ്ഞയും ചക്രവർത്തിക്കുള്ളതായിരുന്നു. പിന്നീടാണ് റോമാ സഭയുടെ അധിപനായ പാപ്പാ ആ പേരേറ്റെടുത്തത്. നീതിയിലും നിയമത്തിലും അധിഷ്ഠിതമായ റോമാ സാമ്രാജ്യം ക്രിസ്ത്യാനികളെ അതിദാരുണമായി പീഡിപ്പിക്കാൻ മുതിർന്നതിന്റെ പ്രധാന കാരണം, ക്രിസ്ത്യാനികൾ ദേവന്മാർക്ക് ബലിയർപ്പിക്കാൻ വിസമ്മതിക്കുകയും അങ്ങനെ റോമാ സാമ്രാജ്യത്തിന്റെ ധാർമികാടിസ്ഥാനത്തെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു എന്നതായിരുന്നു.

### 5. 'സെക്കുലർ' എന്ന ആശയം പാശ്ചാത്യചിന്തയിൽ

ഭാരത സംസ്ക്കാരത്തിലും ഭാരതീയ ഭാഷകളിലും തത്സമമില്ലാത്ത ഈ സെക്കുലർ ചിന്താഗതി പാശ്ചാത്യചരിത്രത്തിൽ എങ്ങനെയുണ്ടായെന്ന് അല്പം ചിന്തിക്കുന്നത് നമുക്ക് പൊതുവേ പ്രയോജനകരമായിരിക്കും. യൂറോപ്യൻ ചരിത്രത്തിലുണ്ടായ ചില പ്രത്യേക പരിണാമങ്ങളുടെ പശ്ചാത്തലത്തിൽ അടുത്ത കാലത്ത് മാത്രമാണ് സെക്കുലർ ചിന്താഗതി ഉയർന്ന് വന്നിട്ടുള്ളത്.

യൂറോപ്യൻ ചരിത്രത്തിൽ മതവും രാഷ്ട്രീയവും തമ്മിലുള്ള സങ്കലനം പലവിധത്തിലായിരുന്നു. പുരാതന റോമാസാമ്രാജ്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ ആ സാമ്രാജ്യത്തിന്റെ നിലനിൽപ്പിനാവശ്യമായ വിവിധ ഘടകങ്ങളായിരുന്ന കൈസർ അല്ലെങ്കിൽ എംപററുടെ സ്ഥാനം, റോമൻ സേന, റോമൻ സിവിൽ സർവീസ് (Curia), റോമൻ നിയമസംഹിത മുതലായവയോടൊപ്പം പ്രധാനമായിരുന്നു റോമാ ദേവന്മാരെ പ്രസാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ബലികളും അനുഷ്ഠാനങ്ങളും. ഈ ബലികളും അർച്ചനകളും നിർബാധം തുടർന്നുകൊണ്ടു പോകുന്നതിനുള്ള ചുമതല സുപ്രീം പോണ്ടിഫായ ചക്രവർത്തിയിലും അതുപോലെ ഓരോ സിവിൽ ഉദ്യോഗസ്ഥനിലും നിക്ഷിപ്തമായിരുന്നു.

അതു കഴിഞ്ഞുണ്ടായ (330 - 1453 എ.ഡി.) ബൈസാന്റൈൻ സാമ്രാജ്യവും ഒരു ക്രിസ്തീയ ചക്രവർത്തിക്ക് വിധേയമായി ക്രിസ്തുമതത്തെ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമാക്കി തീർക്കുകയും, ഗവൺമെന്റിന്റെ വിശ്വാസത്തോട് യോജിക്കാതിരുന്നവരെ നിഷ്കരുണം പീഡിപ്പിക്കുകയും ചെയ്തു.

എട്ടാം ശതാബ്ദത്തിനു ശേഷം യൂറോപ്പിലുണ്ടായ ചാർലമേഞ്ഞിന്റെ (Charlemagne) 'ഹോളി റോമൻ എംപയറും' (800 - 1806) പൂർണ്ണമായും ഒരു മതാധിഷ്ഠിത രാഷ്ട്രമായിരുന്നു. ദൈവരാജ്യം വേദശാസ്ത്രജ്ഞന്മാരുടെ നിർദേശപ്രകാരം ഭൂമിയിൽ സ്ഥാപിക്കാൻ ബാധ്യതയുള്ള ആളായാണ് ചാർലമേഞ്ഞ് തന്നെത്തന്നെ കണ്ടത്. പത്തൊമ്പതാം ശതാബ്ദത്തിന്റെ ആരംഭത്തിൽ 1806 -ൽ നെപ്പോളിയനാണ് അതിനെ തട്ടിത്താഴെയിട്ടത്.

സിവിൽപവർ വേദശാസ്ത്രത്തിന് കീഴായിരിക്കണമെന്ന അതേ തത്വം ഉപയോഗിച്ച് 'ഹോളി റോമൻ എംപയറിന്' ബദലായി ഇറ്റലിയിലും ഫ്രാൻസിലും പേപ്പൽ സ്റ്റേറ്റ്സ് രൂപംകൊണ്ടു. മാർപാപ്പാമാർ നേരിട്ട് രാജ്യം ഭരിച്ചു. പല രാജാക്കന്മാർ പലയിടങ്ങളിലായി റോമാസഭയ്ക്ക് ദാനം നൽകിയ വസ്തുക്കളാണ് റോമാപാപ്പാ ഇങ്ങനെ നേരിട്ട് ഭരിച്ചത്. ഒരു കാലത്ത് യൂറോപ്പിന്റെ മൂന്നിലൊന്നുണ്ടായിരുന്ന പേപ്പൽ സ്റ്റേറ്റ്സ്, ഇന്ന് വത്തിക്കാൻ ലേറ്ററൽ ചാപ്പൽ, കാസ്റ്റൽ, ഗോണ്ടോൾഫോയിലെ പാപ്പായുടെ കൊട്ടാരം എന്നിവ മാത്രമായി അവശേഷിക്കുന്നു.

പ്രൊട്ടസ്റ്റന്റ് നവീകരണം 16-ാം ശതാബ്ദത്തിൽ വന്നതോടെ യൂറോപ്പിലെ കോണ്ടിനന്റൽ സ്റ്റേറ്റ്സ്, മതാടിസ്ഥാനത്തിൽ രണ്ടു ചേരികളായി തിരിഞ്ഞു. പ്രൊട്ടസ്റ്റന്റ് സ്റ്റേറ്റ്സും കാത്തലിക് സ്റ്റേറ്റ്സും തമ്മിലുള്ള യുദ്ധം വളരെ നാൾ നീണ്ടു നിന്നു യൂറോപ്പിൻ മുഴുവൻ വ്യാപിച്ചു. അന്ന് യൂറോപ്പിലെ എല്ലാ രാഷ്ട്രങ്ങളും മതാധിഷ്ഠിത രാഷ്ട്രങ്ങളായിരുന്നു. ഒന്നുകിൽ പ്രൊട്ടസ്റ്റന്റ് അല്ലെങ്കിൽ കാത്തലിക്. 30 വർഷത്തെ പടവെട്ടിന് ശേഷം ഇരുചേരികളും തമ്മിലുള്ള അനുരഞ്ജനക്കരാർ 1648 -ൽ ഉടലെടുത്തതോടെയാണ് ഇന്നത്തെ സെക്കുലർ സ്റ്റേറ്റിന്റെ അടിസ്ഥാനം ഉണ്ടാകുന്നത്. 'സെക്കുലറൈസേഷൻ' എന്ന പദപ്രയോഗവും ആദ്യമായി ഉണ്ടാകുന്നത് 1648 -ലെ വെസ്റ്റ് ഫേലിയൻ ഉടമ്പടി (Treaty of Westphalia)

യോടെയാണ്. 'Cuius regioeius religio' – 'രാജമതം രാജ്യമതം', ഒരു രാജ്യത്തെ രാജാവ് പ്രൊട്ടസ്റ്റന്റ് ആണെങ്കിൽ അവിടത്തെ ജനങ്ങളെല്ലാവരും പ്രൊട്ട സ്റ്റന്റ് ആയിക്കൊള്ളണം. രാജാവ് കത്തോലിക്കനാണെങ്കിൽ ജനങ്ങളും കത്തോലിക്കരാകണം. ഇതാണ് തത്വം. ഇതിന്റെ പൂർണ നിഷേധമായി ട്ടാണ് 'സെക്കുലർ സ്റ്റേറ്റ്സ്' പിന്നീട് ഉടലെടുക്കുന്നത്. 'സെക്കുലറൈസേ ഷൻ' എന്ന പദത്തിന് അന്ന് വെസ്റ്റ് ഫേലിയൻ ഉടമ്പടി കൊടുത്ത അർത്ഥം സഭയുടെ മുതൽ അല്ലെങ്കിൽ 'എക്ലീസിയാസ്റ്റിക്കൽ പ്രോപ്പർട്ടി'യായി കിട ന്നിരുന്ന അനേക വസ്തുവകകൾ സഭാ നിയന്ത്രണത്തിൽ നിന്ന് വേർപ്പെ ടുത്തി ഒരു പ്രൊട്ടസ്റ്റന്റ് രാജാവിനോ കത്തോലിക്കാ രാജാവിനോ കൊടു ക്കുന്ന പ്രക്രിയയ്ക്കായിരുന്നു. 17-ാം ശതാബ്ദം വരെ യൂറോപ്പിലെ ഒരു രാഷ്ട്രവും മതനിരപേക്ഷമായിരുന്നില്ല. പ്രത്യുത തികച്ചും മതാധിഷ്ഠി തമായിരുന്നു. പാശ്ചാത്യ സോഷ്യലിസ്റ്റു പിതാവായ സാന്റ് സിമോണിന്റെ (1760-1825) അഭിപ്രായത്തിൽ ഒരു സമൂഹത്തിലെ ഏറ്റവും സുപ്രധാന മായ ഘടകം മതമാണ്. പത്തൊമ്പതാം ശതാബ്ദത്തിൽ അമേരിക്ക സന്ദർശിച്ച അലെക്സിസ് ഡി. ടോക്കേവിൽ (Alexis de Tocqueville: 1805-1859) ഈ അഭിപ്രായക്കാരനായിരുന്നു എന്നു മാത്രമല്ല, അമേരിക്കയിൽ ഡെമോക്രസി വേരൂന്നിയതിന്റെ പ്രധാന കാരണം, ഇവാഞ്ചലിക്കൽ പ്രോട്ട സ്റ്റന്റിസമായിരുന്നു എന്ന് വാദിക്കുകയും ചെയ്തു.

ഇവരുടെ രണ്ടുപേരുടെയും ചിന്താഗതിയെ വിമർശിച്ചുകൊണ്ട് സുപ്ര സിദ്ധ മാനവശാസ്ത്രകാരൻ Enile Duskhein (1858-1917) മതത്തേയും സമൂ ഹത്തേയും രണ്ട് യാഥാർത്ഥ്യങ്ങളായി കാണുന്നതുതന്നെ തെറ്റാണെന്ന് വാദിച്ചു. മതമാകുന്ന സിമന്റില്ലാതെ, സംസ്ക്കാരം കെട്ടിപ്പടുക്കുവാനേ സാദ്ധ്യമല്ല എന്നായിരുന്നു ദുർക്ക് ഹൈമിന്റെ വാദം. അതിമാനുഷികനായ ഒരു ഈശ്വരനെ വിഭാവനം ചെയ്യില്ലെങ്കിൽത്തന്നെ സമൂഹത്തെ കൂട്ടിപ്പി ടിയ്ക്കുവാനും അതിന്റെ വിശ്വാസസംഹിതയെ ന്യായീകരിക്കുവാനും (For ligitinizing society) ഒരു സിവിൽമതം (വ്യക്തിയുടെ മതമല്ല, സമൂഹം സ്വീക രിയ്ക്കുന്ന ഒരു മതം) ആവശ്യമാണെന്ന് റൂസ്സോ (J. J. Rousseau) വാദിച്ചു.

മതമെന്നും, ദൈവശാസ്ത്രം, മെറ്റാഫിസിക്സ് എന്നും ഒക്കെ പറയു ന്നത് മനുഷ്യന്റെ ബാല്യദശയിലെ അപൂർണ്ണ ചിന്തകളിൽപ്പെട്ടതായിരുന്നു എന്നും, അവയെ മറികടന്ന് ശാസ്ത്രത്തിന്റെ അസന്നിഗ്ദ്ധ ജ്ഞാനത്തിൽ മനുഷ്യൻ ഉറച്ചു നിൽക്കണമെന്നും വാദിച്ച ആഗസ്റ്റു കോൺട് (Auguste Conte 1798 - 1857) തന്റെ പിൽക്കാലത്തുള്ള ചിന്തയിൽ ഒരു മതമാനവി കത അല്ലെങ്കിൽ മാനവികമതമില്ലാതെ സമൂഹത്തെ കൂട്ടിപ്പിടിക്കുവാൻ സാദ്ധ്യമല്ലെന്നാണ് വാദിച്ചത്. ഹേഗലും ഈ അഭിപ്രായക്കാരനായിരുന്നു.

എന്നാൽ 19-ാം നൂറ്റാണ്ടിൽ ഹെർബർട്ട് സ്പെൻസർ, ലുഡ്വിഗ് ഫോയർ ബാഖ്, മാർക്സ്, ഏംഗൽസ് തുടങ്ങിയവർ മതം സമൂഹപുരോ ഗതിക്ക് വിലങ്ങുതടിയാണെന്നും ചൂഷിത മനുഷ്യനെ നിഷ്ക്രിയനാക്കുന്ന മയക്കുമരുന്നാണെന്നും, മനുഷ്യൻ പുരോഗമിക്കുന്നതോടെ മതം മനുഷ്യ ചരിത്രത്തിൽ നിന്ന് തിരോധാനം ചെയ്തുകൊള്ളുമെന്നും പഠിപ്പിച്ചു.

## ഉള്ളതെന്താണ്? അടിസ്ഥാന ചോദ്യം

ആധുനിക ശാസ്ത്രത്തിന്റെ വേലിയേറ്റത്തിൽ മതവും മെറ്റാഫിസിക്സും പാരമ്പര്യവുമൊക്കെ താനെ തിരോധാനം ചെയ്തുകൊള്ളുമെന്ന 19–ാം ശതാബ്ദത്തിലെ വാദഗതിക്ക് ഇന്ന് ബലക്ഷയം വന്നിരിക്കുന്നു. മനുഷ്യയുക്തിയുടേയും ശാസ്ത്രത്തിന്റേയും സാദ്ധ്യതകളുടെ പരിമിതി കാണാൻ കഴിയാതിരുന്ന ഒരു യൂറോപ്യൻ സമൂഹമാണ് മതത്തിന്റെയും പാരമ്പര്യത്തിന്റേയും സ്വാഭാവിക തിരോധാനത്തെപ്പറ്റി ഇത്രയധികം ഉൽപതിഷ്ണുത്വം കാണിച്ചത്. ആ ഉൽപതിഷ്ണുത്വത്തിന്റെ വേലിയേറ്റത്തിലാണ് മാർക്സും ഏംഗൽസും യൂറോപ്പിൽ ജീവിച്ചതും ചിന്തിച്ചതുമൊക്കെ.

മാർക്സിസത്തിന്റെ അനുധാവകനല്ലെങ്കിലും ഒരു എളിയ സുഹൃത്ത് എന്ന നിലയിൽ എനിയ്ക്ക് എന്റെ ഇടതുപക്ഷ സഹോദരങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്, മാർക്സിയൻ ഫണ്ടമെന്റലിസവും മറ്റു ഫണ്ടമെന്റലിസങ്ങളെപ്പോലെ തന്നെ അത്ര വളരെ ശാസ്ത്രീയമായ ഒരു നിലപാടല്ലെന്ന് മനസിലാക്കി, മനുഷ്യരാശിയുടെ "അനുഭവ"ത്തിൽ അധിഷ്ഠിതമായ ഒരു പുതിയ മൗലിക ചിന്താഗതി അവലംബിക്കുവാൻ നാം എല്ലാവരും തയ്യാറാകണമെന്നുള്ളതാണ്. മാർക്സിസത്തിന്റെ പഴയ ഫണ്ടമെന്റൽ ഓൺടോളജി ഇന്നത്തെ ബുദ്ധിജീവിയ്ക്കോ സമാധാന പ്രവർത്തകനോ അതേപടി സ്വീകാര്യമല്ല.

ഉള്ളതെന്താണ്? ഇതാണ് അടിസ്ഥാന ചോദ്യം. മാറ്റർ – ഇൻ – മോഷൻ എന്നോ മാറ്റർ – എനർജി ഇൻ പ്രോസസ് ഓഫ് ഡയലറ്റിക്കൽ ഡവലപ്പ്മെന്റ് എന്നോ ഒക്കെ ഇന്ന് പറഞ്ഞാൽ ശോഭിയ്ക്കില്ല. ശാസ്ത്രദർശന (Philosophy of Science) വും യാഥാർത്ഥ്യ പ്രത്യക്ഷതാ ചിന്തയും (the nature of reality perception) കഴിഞ്ഞ അൻപത് വർഷങ്ങൾ കൊണ്ട് പുതിയ ഉൾക്കാഴ്ചകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഉള്ളതെന്താണ്? അതിനെ എങ്ങനെ അറിയാം? എന്ന ചോദ്യങ്ങൾക്ക് ഇന്ന് ആധുനിക ശാസ്ത്രത്തിലും ആധുനിക ദർശനത്തിലും സമാധാനമില്ല എന്ന അവസ്ഥയിലാണ് നാം വന്നു ചേർന്നിരിക്കുന്നത്. പാശ്ചാത്യ ചിന്താരീതി മാത്രം സത്യാന്വേഷണ മാർഗ്ഗമായി കരുതുന്നവർക്ക് വളരെയധികം നിരാശ ജനിപ്പിയ്ക്കുന്ന ഒരു സ്ഥിതിവിശേഷമാണിതെന്ന് പ്രത്യേകിച്ചും ആധുനികോത്തര (Post Modern) ചിന്താരീതിയിൽ വിളങ്ങിക്കാണാം.

പക്ഷേ, ഭാരതീയരായ നാം എന്തിന് പാശ്ചാത്യ ഗവേഷണരീതി മാത്രമാണ് സത്യാന്വേഷണ മാർഗ്ഗം എന്ന് ശഠിയ്ക്കുന്നു? നമ്മുടെ പ്രാചീന പാരമ്പര്യത്തിൽ ബഹുവിധങ്ങളായ സത്യാന്വേഷണ രീതികൾ നമുക്ക് അനായാസേന പ്രാപ്യങ്ങളായിട്ടുണ്ടല്ലോ. ഉൺമ എന്താണ് എന്ന ചോദ്യത്തിന് നമ്മുടെ സാംഖ്യ ദർശനവും യോഗചിന്തയും ഒക്കെ നൽകുന്ന സമാധാനങ്ങൾ നമുക്ക് പ്രത്യേകം ശ്രദ്ധേയമാണ്. ശ്രീശങ്കരന്റെ വേദാന്തം മാത്രമല്ല നമുക്കു തുറന്നു കിടക്കുന്ന വഴി. നാഗാർജ്ജുനന്റെ മാദ്ധ്യമികദർശനവും ജൈനമതത്തിലെ അനേകാന്ത വാദവുമൊക്കെ ഈ

ചോദ്യത്തിന് സമാധാനം നൽകുവാൻ സഹായിക്കുന്നവയാണ്. അവയി ലേതെങ്കിലുമൊന്നിനെ ഭാരതത്തിലെ ഔദ്യോഗിക ചിന്താസരണിയായി നാം സ്വീകരിയ്ക്കണമെന്നല്ല ഇവിടത്തെ വാദം.

പക്ഷേ, രണ്ട് കാര്യങ്ങൾ തീർച്ചയാണ്. ഒന്നാമത് ചിന്താസരണികളിൽ ഇത്രമാത്രം വൈവിധ്യവും വിശാലതയുമുള്ള ഒരു സാഹചര്യം പാശ്ചാത്യ സംസ്ക്കാരത്തിൽ ലഭ്യമല്ല. എല്ലാ ദാർശനിക പ്രശ്നങ്ങൾക്കും മനുഷ്യ മനസ്സുണ്ടാക്കിയിട്ടുള്ള സമാധാനങ്ങൾ മിക്കവാറും എല്ലാം തന്നെ ഭാര തീയ പാരമ്പര്യത്തിലുണ്ട്. ഇതിനെ ഒന്ന് പരിശോധിയ്ക്കുകപോലും ചെയ്യാതെ സെക്കുലർ പോലുള്ള ഉപരിപ്ലവ ചിന്താരീതികളിൽ നാം ചെന്ന് കുടുങ്ങുന്നത് എത്ര പരിതാപകരമാണ്! കേരളത്തിന്റെ സംസ്കാരല ക്ഷ്യവും രാഷ്ട്രീയ വ്യവസ്ഥിതി ലക്ഷ്യവും 'സെക്കുലർ' എന്ന ഒരു ചിന്താ രീതികൊണ്ട് പരിമിതപ്പെടുത്താൻ പരിശ്രമിക്കുന്നത്, നമ്മുടെ സംസ്ക്കാര വൈവിധ്യത്തിന് എത്രയോ അനനുയോജ്യമാണ്?

## വിശ്വനാഗരികതയും മതവും

കേരളത്തിൽ നമുക്ക് ആവശ്യമുള്ളത് മതനിരപേക്ഷതയല്ല, പുരാ തനകാലം മുതലുള്ള Cosmopolitan വിശ്വനാഗരികതയാണ്. ആ വിശ്വനാ ഗരികതയിൽ മതത്തിനുള്ള പങ്കിനെപ്പറ്റി ചില പ്രധാന തത്വങ്ങൾ മാത്രം അവതരിപ്പിയ്ക്കുവാനേ ഇവിടെ സമയമുള്ളു.

1. വിശ്വനാഗരികത മതബദ്ധവുമല്ല, മതനിരപേക്ഷവുമല്ല.

2. ഏതെങ്കിലും ഒരു പ്രത്യേക മതത്തിന് വിശ്വനാഗരികതയിൽ മുൻതൂക്കം കൊടുക്കുവാൻ സാദ്ധ്യമല്ല.

3. വിശ്വനാഗരികത ലോകത്തിലുള്ള എല്ലാ മതങ്ങളേയും ബഹുമാനി യ്ക്കുകയും ഒരു മതത്തേയും അധിക്ഷേപിയ്ക്കുകയോ നീതികരിയ്ക്കു കയോ ചെയ്യാത്തതുമാണ്.

4. മതവിരോധത്തിന് അതായത് സെക്കുലറിസത്തിന് ഒരു മതത്തിന്റെ എല്ലാ ലക്ഷണങ്ങളുമുണ്ട്. വിശ്വനാഗരികതയിൽ മറ്റു മതങ്ങളോടൊപ്പം സഹകരിയ്ക്കുകയല്ലാതെ സെക്കുലറിസത്തിന് (സെക്കുലറിസം എന്ന മതത്തിന്) സർക്കാർ ഒരു മുൻതൂക്കവും കൊടുത്തുകൂടാ.

5. ഒരാളുടെ മതാനുയായിത്വത്തിന്റെ പേരിൽ ഒരു ഭാരതീയ പൗരന് യാതൊരു പ്രത്യേക ആനുകൂല്യങ്ങളോ സാമ്പത്തിക സഹായങ്ങളോ നൽകിക്കൂടാ. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ സാമൂഹ്യവും സാമ്പ ത്തികവുമായ പിന്നോക്കാവസ്ഥയെ മാത്രം ആസ്പദമാക്കിയുള്ളതാ കണം.

6. മതാധിഷ്ഠിതമായ രാഷ്ട്രീയ പാർട്ടികൾ വിശ്വനാഗരികതയിൽ ഉണ്ടായിക്കൂടാ. ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ പ്രചാരത്തിനു വേണ്ടി ഒരു രാഷ്ട്രീയ പാർട്ടിയും നിലകൊണ്ടു കൂടാ.

7. എന്നാൽ എല്ലാ വിശ്വമതങ്ങളുടേയും ധാർമ്മിക മൂല്യങ്ങളെ ഒരു മിച്ച് ഉൾക്കൊള്ളുന്ന ഒരു വിശ്വധാർമ്മികതയായിരിക്കണം ഏത് വിശ്വനാ

ഗരികതയുടെയും നിദാനവും അടിസ്ഥാനവും.

ഞാൻ എടുത്തു പറയട്ടെ, കേരളത്തിലെന്നപോലെ ഭാരതത്തിലും മറ്റു രാജ്യങ്ങളിലും നമുക്കാവശ്യമായിട്ടുള്ളത് മതനിരപേക്ഷ സമൂഹമോ സെക്കുലർ സമൂഹമോ അല്ല; പ്രത്യുത മതവൈവിധ്യത്തെ ഉൾക്കൊള്ളുന്നതും എല്ലാ മതങ്ങൾക്കും ഒരുപോലെ സ്വർഗ്ഗാത്മക സ്വാതന്ത്ര്യമുള്ളതും, എന്നാൽ ഒരു പ്രത്യേക മതത്തിനും മുൻതൂക്കം കൊടുക്കാത്തതുമായ ഒരു വിശ്വനാഗരികതയാണ്.

രണ്ടാമത്, മൗലികമായ മറ്റൊരു കാര്യം കൂടെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഈ ലഘുപ്രബന്ധം അവസാനിപ്പിച്ചു കൊള്ളാം.

സെക്കുലർ സംസ്ക്കാരത്തിന്റെ പ്രധാന ബലഹീനതയെന്താണ്? ഈശ്വരനെ നിഷേധിയ്ക്കുന്നു എന്നതല്ല. നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ഗോചരമാകുന്നതിനപ്പുറത്ത് യാഥാർത്ഥ്യമൊന്നും ഇല്ലെന്നും, അങ്ങനെ ഉണ്ടെങ്കിൽ അത് നമ്മെ ബാധിക്കുന്നില്ലെന്നും ഉള്ള ചിന്തയാണ്. ഉണ്മയെന്നു പറഞ്ഞാൽ ഇക്കാണുന്നതൊക്കെത്തന്നെയാണെന്നും, നമ്മുടെ പഞ്ചേന്ദ്രിയങ്ങളും അവയുടെ വികസനമായ സാങ്കേതികോപാധികളും ഉപയോഗിച്ച് കണ്ടുപിടിയ്ക്കാവുന്നത് മാത്രമേ സംഗതയാഥാർത്ഥ്യമായിട്ടുള്ളു എന്നും ഉള്ള വാദത്തിന് ശാസ്ത്രത്തിലോ ദർശനത്തിലോ അടിസ്ഥാനമൊന്നുമില്ല.

സാംഖ്യ ദർശനത്തിലെ ഉൾക്കാഴ്ചകളെ ഉൾക്കൊണ്ടുകൊണ്ടു തന്നെ ഭഗവദ്ഗീത (8.18) പറയുന്നത് ഇന്ദ്രിയഗോചരമായത്, അതായത് വ്യക്തമായത് എല്ലാം, ഇന്ദ്രിയഗോചരമല്ലാത്ത അവ്യക്തത്തിൽ നിന്ന് പ്രസരിയ്ക്കുന്നത് മാത്രമാണ് എന്നും, ബ്രഹ്മനിശ വരുമ്പോൾ വ്യക്തമായതെല്ലാം അവ്യക്തം എന്ന് പറയപ്പെടുന്നതിലേക്ക് പുനർവിലയം ചെയ്യുമെന്നുമാണ്.

അവ്യക്താദ് വ്യക്തയഃ സർവ്വാഃ
പ്രദവന്ത്യ ഹരാഗമേ
രാത്ര്യാഗമേ പ്രലീയന്തേ
തത്രൈവാവ്യക്ത സംജ്ഞകേ.

അതായത് 'വ്യക്തം' manifest reality അതിൽത്തന്നെ നിലകൊള്ളുന്ന ഒന്നല്ല, പ്രത്യേകിച്ച് അവ്യക്തമായതിന്റെ അതായത് Unmanifest reality യുടെ ഒരു പ്രസരം മാത്രമാണെന്നാണ് ഭാരതീയ പാരമ്പര്യം. ആധുനിക സംസ്ക്കാരം വരുന്നതുവരെ ലോകത്തിലെ എല്ലാ പാരമ്പര്യങ്ങളും പഠിപ്പിച്ചിട്ടുള്ളത്, ദൃഷ്ടമായതിന് അദൃഷ്ടമായതിന്റെ അടിസ്ഥാനം കൂടാതെ നിലനിൽക്കുവാൻ സാധ്യമല്ലെന്നുമാണ്. നേരെ മറിച്ച് സെക്കുലറിസത്തിന്റെ ചിന്താഗതിയിൽ, ദൃഷ്ടമായത് അതിൽത്തന്നെ പൂർണ്ണമാണെന്നും അതിന് നിദാനമായ ഒരു അദൃഷ്ടത്തെക്കുറിച്ച് ചിന്തിക്കേണ്ടുന്ന ആവശ്യമേയില്ലെന്നുമാണ്.

എന്താണുള്ളത്? ദൃഷ്ടമായത് ഉണ്മയാണ് എന്ന് സെക്കുലറിസം പറയുന്നു. എല്ലാ ദൃഷ്ടത്തിന്റെയും പിറകിൽ അതിന് നിദാനമായ ഒരു അദൃഷ്ടമുണ്ടെന്നും, ദൃഷ്ടത്തിന് അതിൽത്തന്നെ നിലനിൽക്കാൻ സാദ്ധ്യ

മല്ലെന്നും പുരാതന പാരമ്പര്യങ്ങളും പറയുന്നു.

ഈ പ്രശ്നത്തെക്കുറിച്ച് കുറച്ചൊന്ന് ഗാഢമായി ചിന്തിച്ചശേഷം വേണം, നമ്മുടെ ലക്ഷ്യം മതനിരപേക്ഷ കേരളമോ, സർവ്വമതസംഗ്രാഹിയായ ഒരു വിശ്വനാഗരികതയോ എന്ന് തീരുമാനിയ്ക്കുവാൻ.

(എ. കെ. ജി. പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കേരള പഠന കോൺഗ്രസിന്റെ തുടർച്ചയായി കോഴിക്കോട് കേളു ഏട്ടൻ പഠന കേന്ദ്രത്തിൽ വച്ചു നടന്ന ത്രിദിന ദേശീയ സെമിനാറിലെ ഉദ്ഘാടന പ്രസംഗം. *ചിന്ത*, 1995 സെപ്റ്റംബർ 1)



# 6

# അഭികാമ്യം വിശ്വനാഗരികത തന്നെ

കോഴിക്കോട്ടു നടന്ന മതനിരപേക്ഷ കേരളത്തിലേക്ക് എന്ന സെമിനാറിൽ വായിക്കാൻവേണ്ടി ഞാൻ തയ്യാറാക്കിയിരുന്ന ഉദ്ഘാടന പ്രസംഗത്തിന്റെ ഒരു ഭാഗത്ത് മാർക്സിസ്റ്റ് ഫണ്ടമെന്റലിസം എന്ന വിഷയത്തെക്കുറിച്ച് എന്റെ പരാമർശത്തിൽ ശ്രീ. ഇ. എം. എസ്. തന്റെ മറുപടി ദേശാഭിമാനിയിൽ എഴുതിയിരുന്നല്ലോ.

"യഥാർത്ഥത്തിൽ മാർക്സിസ്റ്റ് ഫണ്ടമെന്റലിസം എന്നൊന്നില്ല. ക്രിസ്തീയരും അല്ലാത്തവരുമായ മതപണ്ഡിതന്മാർ സ്വപ്നം കാണുന്ന "സ്വർഗ്ഗരാജ്യ" (കമ്യൂണിസ്റ്റ് സമൂഹം) കെട്ടിപ്പടുക്കുവാനുള്ള പ്രവർത്തനമാണ് മാർക്സിസത്തിന്റെ അന്തഃസത്ത. അതിന്റെ പ്രയോഗം ഓരോ രാജ്യത്തും ഓരോ കാലത്തും ഓരോ തരത്തിലായിരിക്കും."

മാർക്സിസം എങ്ങനെയാണ് ആയിരിക്കേണ്ടത് എന്നുള്ള ശ്രീ. ഇ. എം. എസ്സിന്റെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. നീതിയും ശാന്തിയുമുള്ള ഒരു നല്ല മനുഷ്യസമൂഹം ഓരോ രാജ്യത്തും സൃഷ്ടിക്കപ്പെടുവാൻ വേണ്ടി മതവിശ്വാസികളും മതവിരോധികളും ഒരുമിച്ച് സഹകരിക്കണമെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തോടും ഞാൻ പൂർണ്ണമായും യോജിക്കുന്നു.

ഞാൻ മാർക്സിസ്റ്റ് ഫണ്ടമെന്റലിസം എന്ന പദപ്രയോഗത്തെക്കുറിച്ച് വിവക്ഷിച്ചിരുന്നത് പ്രത്യേകിച്ചും ഫണ്ടമെന്റൽ ഓണ്ടോളജിയുടെ പശ്ചാത്തലത്തിലാണ്. ഫണ്ടമെന്റൽ ഓണ്ടോളജിയിലെ പ്രധാന ചോദ്യം 'എന്താണ് ഉള്ളത്?' എന്നാണ്. ചലനാത്മകമായ പദാർത്ഥം (Matter in motiion) മാത്രമേയുള്ളുവെന്ന് ഒരു കാലത്ത് മാർക്സിസ്റ്റുകാർ വാദിക്കുമായിരുന്നു. എന്നാൽ പദാർത്ഥവും ഊർജ്ജവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് ആധുനികശാസ്ത്രം നമുക്കു നൽകുന്ന ഉൾക്കാഴ്ചകളിൽ പദാർത്ഥവും ഊർജ്ജവും ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ടു മുഖങ്ങൾ മാത്രമാണ് എന്ന് ബോധ്യമായിരിക്കുകയാണ്. അതുകൊണ്ട് അടുത്തകാലത്ത് സോവിയറ്റ് യൂണിയനിലെ അക്കാദമികളിലും മറ്റും എന്താണുള്ളത് എന്ന ചോദ്യത്തിനുള്ള സമാധാനം "വൈരുദ്ധ്യാത്മകമായി വികസിക്കുന്ന" പദാർത്ഥ – ഊർജ്ജം (matter - energy in process of dilectical development) എന്നായിരുന്നു.

എന്താണുള്ളത് എന്ന ചോദ്യത്തിന്റെ ഒരു ഉപചോദ്യമായി ഞാൻ ഉന്നയിക്കുന്ന ചോദ്യം 'ഇന്ദ്രിയഗോചരമായിട്ടുള്ളതു മാത്രമേ ഉള്ളോ?' എന്നതാണ്. സെക്കുലർ ചിന്താഗതിയിൽ ഇന്ദ്രിയഗോചരമായിട്ടുള്ളതിനെ വിശകലനം ചെയ്യുവാനുള്ള ഉപാധി മാത്രം ആധുനികശാസ്ത്രത്തിൽ ഉള്ളു

എന്നും അതിനപ്പുറത്തുള്ളതിനെക്കുറിച്ചു ചിന്തിക്കാനുള്ള ഉപാധി ഇല്ലാത്തതുകൊണ്ട് അങ്ങനെ ചിന്തിക്കേണ്ട ആവശ്യമേ ഇല്ലായെന്നുമായിരുന്നു വാദം. എനിക്ക് എന്റെ മാർക്സിസ്റ്റ് സുഹൃത്തുക്കളോടു ചോദിക്കാനുള്ളത്, നിങ്ങളുടേയും വിശ്വാസം ഇതു തന്നെയോ, എന്നാണ്?

മനുഷ്യന്റെ യുക്തിചിന്ത ബാഹ്യലോകത്തിലെ വസ്തുക്കളെ പഠിക്കാനും അവയുടെ പരിസ്പരബന്ധങ്ങളെ മനുഷ്യപ്രയോജനത്തിനായി ഉപയോഗിക്കുവാനും ഉതകുന്നതാണ്. എന്നാൽ മനുഷ്യചിന്തയിൽ ഈ ഉപകരണചിന്ത മാത്രമാണുള്ളതെന്ന് തോന്നുന്നില്ല. മനുഷ്യാനുഭവത്തിന്റെയും മനുഷ്യാവസ്ഥയുടെയും അർത്ഥമെന്താണ് എന്നു ചിന്തിക്കുവാൻ കൂടെ മനുഷ്യയുക്തിക്ക് സാധിക്കണം. അക്കാര്യത്തിൽ ആധുനിക ശാസ്ത്രം നമ്മെ വളരെയൊന്നും സഹായിക്കുകയില്ല. മനുഷ്യാവസ്ഥയുടെയും മനുഷ്യാനുഭവത്തിന്റെയും അർത്ഥം തേടുവാനുള്ള ഉപകരണം മാർക്സിസത്തിൽ 'ഐഡിയോളജി' അഥവാ പ്രത്യയശാസ്ത്രം ആണെന്നു തോന്നുന്നു. ഈ പ്രത്യയശാസ്ത്രം ആധുനിക ശാസ്ത്രത്തിൽ അധിഷ്ഠിതമാണെന്ന് മാർക്സിസം പലപ്പോഴും വാദിക്കുന്നുണ്ടെങ്കിലും ആധുനികശാസ്ത്രത്തിന്റെ നിഗമനങ്ങളിൽ നിന്ന് പ്രത്യയശാസ്ത്രത്തിലേക്കുള്ള വഴി അത്ര തന്നെ തെളിഞ്ഞല്ല കിടക്കുന്നത്.

ഈ പ്രത്യയശാസ്ത്രത്തിന്റെ ആവിഷ്കരണത്തിൽ ശാസ്ത്രവും യുക്തിയും മാത്രമല്ല മനുഷ്യരാശിയുടെ അഭിനിവേശങ്ങൾ കൂടെ വലിയ ഒരു പങ്കു വഹിക്കുന്നുണ്ട്. ചൂഷണവും മർദ്ദനവുമില്ലാത്ത, നീതിയിൽ അധിഷ്ഠിതമായ ഒരു മനുഷ്യസമൂഹത്തെ നമുക്ക് ലക്ഷ്യമായി കാണിച്ചുതരുന്നത് യുക്തിയും ശാസ്ത്രവും മാത്രമല്ല മനുഷ്യമനസ്സിൽ അന്തർലീനമായിക്കിടക്കുന്ന ചില മൗലിക അഭിനിവേശങ്ങൾ ആണ്. ഈ മൗലിക അഭിനിവേശങ്ങളുടെ ഉത്ഭവം മതത്തിലാണെന്ന് ഞാൻ വാദിച്ചാൽ ശ്രീ. ഇ. എം. എസ്. അതു സമ്മതിച്ചുകൊള്ളണമെന്നില്ല.

മനുഷ്യരാശിയുടെ സാമൂഹ്യലക്ഷ്യത്തെപ്പറ്റി മാർക്സിസ്റ്റുകാരും ക്രിസ്ത്യാനികളും തമ്മിൽ അല്പമൊരു അഭിപ്രായവ്യത്യാസമുള്ളത് ഭാവിയിൽ ഒരു ക്രിസ്ത്യൻ – മാർക്സിസ്റ്റ് ഡയലോഗിന് വിഷയമാക്കേണ്ടതാണ്. വർഗസമരമില്ലാത്ത, അനീതിയും അക്രമവുമില്ലാത്ത, നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ എല്ലാ മനുഷ്യന്റെയും അന്തസ്സിനെ പാലിക്കുന്ന ഒരു സമൂഹം ചരിത്രത്തിൽ തന്നെ കെട്ടിപ്പടുക്കാമെന്ന് മാർക്സിസ്റ്റുകൾ വാദിക്കുന്നു.

ക്രിസ്ത്യാനികളാകട്ടെ, ചരിത്രമുള്ളിടത്തെല്ലാം മനുഷ്യനുള്ള നിഷേധാത്മക പ്രവണതകളും നിലനിൽക്കുമെന്നുള്ളതുകൊണ്ട് എല്ലാം തികഞ്ഞ ഒരു സമൂഹം ചരിത്രത്തിന് അപ്പുറത്തു മാത്രമേ സാധിക്കയുള്ളൂ എന്നും, ചരിത്രത്തിൽ നമുക്ക് ലക്ഷ്യമാക്കാവുന്നതും ചരിത്രാതീത സമൂഹത്തോട് എത്രമാത്രം അടുത്തുവരാമോ അത്രയും അടുത്തുവരുക എന്നതാണെന്ന് ചിന്തിക്കുന്നു.

മനുഷ്യനിലുള്ള സ്വാർത്ഥപ്രവണതകളെ പരിപൂർണ്ണമായി അതിജീവി

ക്കുവാൻ ചരിത്രത്തിൽ തന്നെ മനുഷ്യനു സാധിക്കുമെന്ന് ഒരു ശുഭ പ്രതീക്ഷ മാർക്സിസത്തിനുള്ളതിനോട് ക്രിസ്ത്യാനികൾക്ക് പൂർണ്ണമായി യോജിക്കുക സാധ്യമല്ല. മധ്യപൗരസ്ത്യ യൂറോപ്പിലെ സോഷ്യലിസ്റ്റ് എക്സ്പരിമെന്റ് പരാജയമടഞ്ഞതിന്റെ പിറകിൽ പ്രധാനമായുള്ളത് മനുഷ്യസ്വഭാവത്തിലെ ഈ വൈകല്യങ്ങളും മനുഷ്യ സ്വാർത്ഥതയുടെ പ്രകടനവുമാണെന്ന് ക്രിസ്ത്യാനികൾ പറയുന്നു. ഏതായിരുന്നാലും ഈ വിഷയം ഭാവിയിൽ ഒരു ഡയലോഗിന് വിഷയമാക്കുകയല്ലാതെ ഇവിടെ പൂർണ്ണമായി വിഷയമാക്കുവാൻ സാധ്യമല്ല.

"എന്താണുള്ളത്?" "ഇന്ദ്രിയഗോചരമായതു മാത്രമേയുള്ളോ?" "ഇന്ദ്രിയഗോചരമായതിനപ്പുറത്ത് ഒരു യാഥാർത്ഥ്യമുണ്ടെങ്കിൽ അതിനെ കണ്ടുപിടിക്കുവാൻ പാശ്ചാത്യരീതിയിലുള്ള പ്രത്യയശാസ്ത്രമേ ഉപാധിയായിട്ടുള്ളോ?" അതോ ഒരു വിശ്വനാഗരികതയിലെ ബഹുവിധ പാരമ്പര്യങ്ങളിൽ "ഉള്ളതെന്താണ്?" എന്ന ചോദ്യത്തിന് നൽകപ്പെട്ടിട്ടുള്ള ബഹുവിധ സമാധാനങ്ങളെ ഗാഢമായി ഒന്നു പരിശോധിക്കുന്നത് പ്രയോജനകരമാവില്ലേ? ഇന്ദ്രിയഗോചരമാകുന്നതിനെ മാത്രം അടിസ്ഥാനമാക്കിയുള്ള സെക്കുലർ ചിന്താഗതിയേക്കാൾ വിശ്വനാഗരികതയിലെ ബഹുവിധ പാരമ്പര്യങ്ങളുടെ പരസ്പര സമ്പർക്കവും ആഴത്തിലുള്ള ആരായലും നമ്മെ കുറെക്കൂടെ സഹായിക്കുകയില്ലേ? സഹായിക്കും എന്നാണ് എന്റെ പക്ഷം. അതുകൊണ്ടാണ് മതനിരപേക്ഷതയേക്കാൾ വിശ്വനാഗരികതയാണ് അഭികാമ്യം എന്നു ഞാൻ വാദിച്ചത്.

*(ദേശാഭിമാനി ദിനപത്രം, 1995 ഒക്ടോബർ 7)*



# പാശ്ചാത്യ പ്രബുദ്ധതയും ആധുനികോത്തരതയും

## ഉള്ളടക്കം

1. പ്രബുദ്ധതയുടെ പ്രകാശം

2. പാശ്ചാത്യ പ്രബുദ്ധതയുടെ മാറുന്ന മുഖങ്ങൾ

3. പാശ്ചാത്യ പ്രബുദ്ധത - ഒരു വിശദീകരണം

---

**പാശ്ചാത്യ പ്രബുദ്ധതയും ആധുനികോത്തരതയും**

**പൗലോസ് മാർ ഗ്രിഗോറിയോസ്**

ഒന്നാംപതിപ്പ്: 1996 നവംബർ

'പാശ്ചാത്യ പ്രബുദ്ധതയുടെ മാറുന്ന മുഖങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് ഭാഷാപോഷിണിയിൽ വന്ന സംവാദം (ഭാഷാപോഷിണി, 1994, സെപ്റ്റംബർ) പുസ്തകരൂപത്തിലാക്കിയതാണീ ഗ്രന്ഥം. മെത്രാപ്പോലീത്തായുടെ പ്രബന്ധത്തോട് ഇ. എം. എസ്. തുടങ്ങി കെ. പി. അപ്പൻ വരെയുള്ള കേരളത്തിലെ ബുദ്ധിജീവികൾ പ്രതികരിച്ചിരിക്കുന്നത് ഗ്രന്ഥത്തിലുണ്ട്. ഇവിടെ ആ പ്രതികരണങ്ങൾ ഒഴിവാക്കിയിരിക്കുന്നു. - സമ്പാദകൻ

# 1
# പ്രബുദ്ധതയുടെ പ്രകാശം

യൂറോപ്യൻ ഭൂഖണ്ഡത്തിലെ പ്രബുദ്ധതയുടെ കാലഘട്ടമായ പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകൾ യൂറോപ്യൻ സംസ്ക്കാരത്തിന്റെയും രാഷ്ട്രീയ അധികാരത്തിന്റെയും പാരമ്യഘട്ടം കൂടിയാണ്. പ്രബുദ്ധതയുടെ പ്രകാശത്തിനു തിരികൊളുത്തിയവരുടെ നീണ്ട പട്ടികയും അവരുടെ ആശയങ്ങളും ഇവിടെ പൂർണ്ണമായി നിരത്തുന്നില്ല.

ഈ കാലഘട്ടം കത്തോലിക്കാ മിഷൻ പ്രവർത്തനങ്ങളുടെ തളർച്ചയുടെയും പ്രൊട്ടസ്റ്റന്റ് മിഷൻ പ്രവർത്തനങ്ങളുടെ അരങ്ങേറ്റത്തിന്റെയും അവസരം കൂടിയായിരുന്നു. കത്തോലിക്കാ മിഷൻ ഏഷ്യയിലെയും ആഫ്രിക്കയിലെയും മഹിതങ്ങളായ സംസ്ക്കാരങ്ങളുമായി സമ്പർക്കത്തിൽ വരികയുണ്ടായി. ഈ സംസ്കാരങ്ങൾ മിഷനെ ചെറുത്തുനിന്നെന്നു മാത്രമല്ല, ചില കാര്യങ്ങളിൽ യൂറോപ്യൻ നാഗരികതയേക്കാൾ മേൽത്തരമായി നിലകൊള്ളുകയും ചെയ്തു.

സാംസ്ക്കാരികമായ ആക്രമണതന്ത്രം പരാജയപ്പെടുമെന്നു കണ്ട് അവർ സ്വീകരിച്ച സാംസ്ക്കാരികമായ ഒത്തുതീർപ്പ് പരിപാടി യൂറോപ്പിൽ ഏഷ്യൻ വിജ്ഞാനത്തിന്റെ തിരിച്ചുവരവിനു കളമൊരുക്കി. 1775 ആയപ്പോഴേക്കും കാത്തലിക് മിഷനുകൾ തീരെ ക്ഷയിച്ചു. സ്പെയിനിന്റെയും പോർട്ടുഗലിന്റെയും സാമ്രാജ്യശക്തിയും അങ്ങനെതന്നെ. അവയുടെ സ്ഥാനം ഹോളണ്ട്, ഇംഗ്ലണ്ട്, ജർമ്മനി തുടങ്ങിയ പ്രൊട്ടസ്റ്റന്റ് അധികാരശക്തികൾ ക്രമേണ കൈക്കലാക്കി.

അതിനിടയ്ക്കു വ്യവസായവിപ്ലവം അരങ്ങേറി. വാണിജ്യ, മുതലാളിത്ത വ്യവസ്ഥിതി ക്ഷയിച്ചുകൊണ്ടിരുന്നു. ആംഗ്ലിക്കൻ സഭയിൽനിന്നു വിഘടിച്ചു നിൽക്കുന്നവർക്കു ബ്രിട്ടീഷ് പാർലമെന്റിൽ പ്രവേശനം ഉണ്ടായിരുന്നില്ല. 1828 വരെ ആ വ്യവസ്ഥ തുടർന്നു. 1779 വരെ റോമൻ കത്തോലിക്കർക്കു ഇംഗ്ലണ്ടിൽ പരസ്യമായി ആരാധിക്കാൻ അനുവാദമുണ്ടായിരുന്നില്ല. ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റികളിൽ അവർക്കു 1871 വരെ പ്രവേശനവും നൽകിയിരുന്നില്ല.

പ്രബുദ്ധതയുടെ ജ്ഞാനപ്രകാശവും അതു കൊണ്ടുവന്ന സ്വാതന്ത്ര്യവും യൂറോപ്യരുടെ ഇടയിൽപോലും ശരിയായി വിതരണം ചെയ്യപ്പെട്ടില്ല. എന്നാൽ സ്കോട്ട്ലൻഡിൽ അതു രണ്ടു വഴികളിലൂടെ പ്രസരിക്കാൻ അവസരമുണ്ടായി. ആൻഡ്രൂ ഫ്ളെച്ചറിനെപ്പോലെയുള്ള ചിന്തകന്മാരായിരുന്നു ഒരു മാർഗം. കോഫിഹൗസുകൾ മറ്റൊരു വഴിയായിരുന്നു. അവിടെ ഒത്തുകൂടിയ അഭ്യസ്തവിദ്യർ നടത്തിയ ചർച്ചകൾ അതിന് അവസരമൊരുക്കി. ഡേവിഡ് ഹ്യൂമിന്റെ പല ആശയങ്ങളും കോഫി ഹൗസുകളിലെ സംഭാഷണങ്ങളിലൂടെയാണ് ഉരുത്തിരിഞ്ഞതും പ്രചരിച്ചതും. ഹ്യൂമിന്റെ അഭിപ്രായത്തിൽ സന്തുഷ്ടനായ മനുഷ്യൻ എന്നു പറയുന്നതു കൂട്ടം

ചേർന്നു പോകുന്നവനും മറ്റുള്ളവരുടെ ആശയങ്ങളോടു പ്രതികരിക്കുന്നവനുമാണ്. ഇക്കൂട്ടർ ജീവിതപ്രശ്നങ്ങൾ പരസ്യമായി മാത്രമല്ല സ്വകാര്യ സംഭാഷണങ്ങളിലും ചർച്ച ചെയ്യുന്നു. കോഫിഹൗസുകളിലെ അഭിപ്രായങ്ങൾ ഗൗരവപൂർവ്വം കണക്കിലെടുക്കാൻ പാർലമെന്റുകൾ പോലും നിർബന്ധിതമായി.

നെതർലൻഡിൽ ചേക്കേറിയ സ്വതന്ത്ര ചിന്തകന്മാർ ആ രാജ്യത്തിനു വിലപ്പെട്ട സംഭാവനകൾ നൽകി. പിയേർ ബയിൽ, ഡെകാർട്ട്, ലോക്ക്, ഷാഫ്റ്റ്സ്ബറി, കൊളിൻസ്, ലക്ലർക്, ബാസ്നാഗ് എന്നിവർ ആ സംഘത്തിൽപ്പെടുന്നു. വോൾട്ടെയർ, മോണ്ടെസ്ക്യൂ എന്നിവർക്കു അവിടുത്തെ സന്ദർശനം ഇഷ്ടപ്പെട്ടു. അവർക്കവിടെ നിരപായം ഇഷ്ടമുള്ളതു പ്രസംഗിക്കാൻ കഴിഞ്ഞു.

ഇറ്റാലിയൻ സംസ്ഥാനങ്ങളിൽ നേപ്പിൾസായിരുന്നു മുമ്പിൽ. അവിടെ യുവവൈദികനായ ആന്റോണിയോ ജിനോവെസി അക്കാദമിക് സ്വാതന്ത്ര്യത്തിനുവേണ്ടിയും സാമ്പത്തിക കാരണങ്ങൾ മുൻനിർത്തി ഇറ്റലിയുടെ പുനഃസംയോജനത്തിനുവേണ്ടിയും വാദിച്ചു. ജിയാൻ ബറ്റിസ്റ്റാ വിക്കോയുടെ 'സിയൻസാനുവോവ' (1725), ഹിലൻഹ്യേരിയുടെ 'ലാ സിയൻസാ ഡല്ലാ', 'ലജിസ്ലേപ്പിയോൺ' (1780) എന്നീ ഗ്രന്ഥങ്ങൾ ഇറ്റലിയിലെ പ്രബുദ്ധരെ ഉണർത്തിയ ഗ്രന്ഥങ്ങളാണ്. ബഞ്ചമിൻ ഫ്രാങ്ക്ളിന്റെ പോലും ശ്രദ്ധയെ അവ പിടിച്ചുപറ്റി. ഇങ്ങനെയുണ്ടായ പ്രബുദ്ധത യുക്തിഭദ്രവും നിഗൂഢവുമായി തോന്നാമെങ്കിലും മതവിരുദ്ധമായിരുന്നില്ല.

ഇറ്റലിയിലും കോഫിഹൗസുകളായിരുന്നു പ്രബുദ്ധതാ പ്രകാശനത്തിന്റെ മുഖ്യവേദി. അന്ന് ആസ്ട്രിയൻ ഭരണത്തിലായിരുന്ന മിലാനിൽ വെരി (Verri) സഹോദരന്മാർ തുടങ്ങിയ ജേർണൽ, പ്രബുദ്ധതാ ജ്ഞാനപ്രകാശത്തിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു. ഇറ്റലിയിലെ പ്രബുദ്ധതാ പ്രകാശത്തിൽ യുക്തിയുടെ ഘടകത്തേക്കാൾ ഏറെ സഹാനുഭൂതിയുടെ ആവേശം മുന്തിനിന്നു. സീസർ ബക്കാറിയായുടെ 'of crime and punishment' എന്ന ഗ്രന്ഥം ചൂടപ്പംപോലെ വിറ്റഴിഞ്ഞു. നിയമവ്യവസ്ഥയുടെ മനുഷ്യത്വരാഹിത്യവും മർദ്ദനവും പീഡനങ്ങളും ദരിദ്രരോടുള്ള ക്രൂരതയും എല്ലാം അതിൽ തുറന്നുകാട്ടി. വോൾട്ടയറും ജെറമി ബെന്താമും ബക്കാറിയായുടെ ഗ്രന്ഥത്തിനു യൂറോപ്പ് മുഴുവൻ പ്രചാരണം നൽകി.

ഇറ്റാലിയൻ പ്രബുദ്ധത പരിപോഷിപ്പിക്കുന്നതിൽ വൈദികർ ഗണ്യമായ പങ്കുവഹിച്ചു. ഫ്രീമേസൺറിയോടും (Freemasonry) മിസ്റ്റിസിസത്തോടും അതിനു ബന്ധമുണ്ടായിരുന്നു. ഔദ്യോഗികമായി അതൊരിക്കലും സഭയിൽ നിന്നു വിച്ഛേദിച്ചു മാറിയില്ല. ഒരു പുതിയ ഇനം വിജ്ഞാനത്തിന്റെയും യുക്തിചിന്തയുടെയും അടിസ്ഥാനത്തിൽ സഭയ്ക്കകത്തു തന്നെയുള്ള നവീകരണപ്രസ്ഥാനമായി അതു നിലകൊണ്ടു. ഫെർഡിനാൻഡോ ഗാലിയാനി അവസാനം വരെ ഭക്തനായ ഒരു കത്തോലിക്കനായി ജീവിച്ചു. അദ്ദേഹത്തിന്റെ സാമ്പത്തികശാസ്ത്ര ഗ്രന്ഥങ്ങൾ കാൾ മാർക്സ് പഠിക്കുകയുണ്ടായി. വാസ്തവം പറഞ്ഞാൽ മറ്റാരുടെയും ഇറ്റാലിയൻ ഗ്രന്ഥങ്ങൾ മാർക്സ് ശ്രദ്ധിച്ചിരുന്നില്ല.

ഇമ്മാനുവേൽ കാന്റ് മനുഷ്യസ്വാതന്ത്ര്യത്തിനും "പക്വത"യ്ക്കും കേന്ദ്ര സ്ഥാനം നൽകി. ഇതു സാധിക്കാൻ യുക്തിചിന്തയ്ക്കു പരമപ്രാധാന്യം കല്പിക്കേണ്ടിയിരുന്നു. കാന്റ് പറഞ്ഞു: "പ്രബുദ്ധത പ്രകാശിപ്പിച്ച കാല ഘട്ടത്തിലാണോ നാം ജീവിക്കുന്നതെന്ന ചോദ്യത്തിനുത്തരം, അല്ല, പ്രബു ദ്ധതയുടെ കാലഘട്ടത്തിലാണെന്നായിരിക്കും." പ്രബുദ്ധത മനസ്സിലാക്കാ നുള്ള മാർഗ്ഗം, കാന്റിന്റെ ദൃഷ്ടിയിൽ ചിന്തയിലോ വികാരതലത്തിലോ ഇച്ഛാരംഗത്തോ ഒരദ്ധ്യാപകനോ ബാഹ്യശക്തിയോ അവശ്യമില്ലാതെ വരു കയെന്നതാണ്. വേദത്തിലോ വെളിപാടിലോ മതം അധിഷ്ഠിതമായിരി ക്കുന്നിടത്തോളം കാലം മനുഷ്യൻ അപക്വജീവിയായിരിക്കും. വ്യക്തിചിന്ത യുടെ പരിധിക്കുള്ളിൽ വരുന്ന മതത്തിനു മാത്രമേ അയാളെ സ്വതന്ത്രനാ ക്കാൻ കഴിയൂ. അതായിരിക്കും മനുഷ്യപക്വതയുടെ ഉരകല്ല്. കലയിലും ശാസ്ത്രത്തിലും മനുഷ്യൻ സ്വതന്ത്രനും പക്വമതിയുമായി കഴിഞ്ഞതായി കാന്റ് ചിന്തിച്ചു.

യഹൂദ ദാർശനികനായ മോസസ് മെൻഡൽ സോണിന് (1729–1786) മനുഷ്യരാശിയുടെ താത്വിക വിദ്യാഭ്യാസമായിരുന്നു പ്രബുദ്ധത. ഇന്ന് ഇന്ത്യയിൽ ശ്രദ്ധിക്കപ്പെടേണ്ട രസകരമായ ഒരു പ്രശ്നം അദ്ദേഹം ഉന്ന യിച്ചു. പ്രബുദ്ധത ഒരിനം വിദ്യാഭ്യാസമാണെങ്കിൽ മനുഷ്യരെ കബളിപ്പി ക്കാൻ അത് ഉപയോഗിച്ചുകൂടേ? പൗരന്മാർ ഏതുവിധത്തിൽ ചിന്തിക്കണ മെന്നു രാഷ്ട്രത്തിനു തീരുമാനിക്കുവാൻ കഴിയുമോ?

ഈ പ്രശ്നത്തിൽ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും ഭിന്നാഭിപ്രായ ക്കാരായിരുന്നു. ഇതിന്റെ ഫലമായി ജർമ്മനിയിൽ രണ്ടിനം പ്രബുദ്ധതയു ണ്ടായി. ഒന്നു കത്തോലിക്കാ പ്രബുദ്ധതയും മറ്റൊന്നു പ്രൊട്ടസ്റ്റന്റ് പ്രബു ദ്ധതയും. സത്യത്തിലേക്കുള്ള മാർഗ്ഗമെന്ന നിലയിൽ യുക്തിചിന്തയെന്ന ആശയത്തോടു പ്രൊട്ടസ്റ്റന്റുകാർ പൊതുവെ രചനാത്മകമായി പ്രതി കരിച്ചു.

പ്രഷ്യയിലെ മഹാനായ ഫ്രെഡറിക് ചക്രവർത്തി "മനുഷ്യരെ കബളിപ്പി ക്കുന്നത് പ്രയോജനപ്രദമോ?" എന്ന ചോദ്യത്തിന്റെ ഏറ്റവും മികച്ച ചോദ്യ ത്തിന്റെ ഉത്തരത്തിന് സമ്മാനം വാഗ്ദാനം ചെയ്തുകൊണ്ടു ബർലിൻ അക്കാദമിയിൽ പൊതുചർച്ചയ്ക്കു തുടക്കം കുറിച്ചു. ഒരു ദശവർഷക്കാ ലത്തേക്ക് അത് ജർമ്മൻ ബുദ്ധിജീവിതത്തിന്റെ കേന്ദ്ര വാദവിഷയമായി ത്തീർന്നു. അവസാനം സമ്മാനം ഒരു നിഷേധാത്മകമായ ഉത്തരത്തിനും ഒരു രചനാത്മകമായ ഉത്തരത്തിനുമായി വിഭജിച്ചുകൊടുക്കേണ്ടി വന്നു.

ഈ പ്രശ്നം ഇപ്പോൾ ഇന്ത്യയിൽ പുനരവതരിപ്പിക്കേണ്ടി വന്നിരി ക്കുന്നു. പരിഹരിക്കാൻ അന്ത്യന്തം വിഷമമേറിയ ഒന്നാണത്; ഇന്ന് ഏറ്റവും അധികം പ്രസക്തവുമാണത്. ഗവൺമെന്റ് എത്രമാത്രം വിവരം ജന ങ്ങൾക്കു നൽകണം? എത്രമാത്രം രഹസ്യമാക്കി വയ്ക്കണം? ജനങ്ങൾക്കു വെളിപ്പെടുത്താത്ത വിവരങ്ങളുടെ അടിസ്ഥാനത്തിൽ – ആ തീരുമാനം ജനങ്ങളെ സാരമായി ബാധിക്കുന്നതാകുമ്പോൾ – രാഷ്ട്രത്തിനു തീരു മാനമെടുക്കാനാകുമോ?

എല്ലാ വിവരങ്ങളും പങ്കിടണമെന്നാണു നിഷേധാത്മക വീക്ഷണം. കാരണം പൂർണവിവരങ്ങളും വ്യക്തമായ യുക്തിചിന്തയും ജനങ്ങളുടെ രക്ഷ ആവശ്യപ്പെടുന്നു. പ്രബുദ്ധതയുടെ ദുരുപയോഗം മർക്കടമുഷ്ടിയിലേക്കും നിർമതത്വത്തിലേക്കും അരാജകത്വത്തിലേക്കും നയിച്ചേക്കാമെന്നു മെൻഡൽ സോൺ ഭയപ്പെട്ടു. മനുഷ്യവ്യക്തിയെന്ന നിലയിൽ മനുഷ്യനും, പൗരനെന്ന നിലയിൽ മനുഷ്യനും തമ്മിൽ വ്യത്യാസമുണ്ടെന്ന് അദ്ദേഹം വാദിച്ചു. മനുഷ്യവ്യക്തിയുടെ അവകാശങ്ങളും കർത്തവ്യങ്ങളും ഒരു പൗരന്റേതിനോടു തുല്യമല്ല - അവ പലപ്പോഴും ഒരേ തലത്തിൽ ആണെന്നു വരാമെങ്കിലും. പ്രബുദ്ധത മനുഷ്യവ്യക്തിയുടേതാണ്, പൗരന്റേതല്ല.

ജർമ്മനിയിൽ വാദപ്രതിവാദം പണ്ഡിതന്മാരുടേതായ ജേർണലുകളിൽ നിന്ന് വർത്തമാന പത്രങ്ങളിലേക്കു വ്യാപിച്ചു. പ്രബുദ്ധതയുടെ ചിന്താസരണി ഇറ്റലിയിലും സ്കോട്ട്ലൻഡിലും കോഫി ഹൗസുകളിലും ചെറുകിട ക്ലബ്ബുകളിലുമാണ് വേരുപിടിച്ചതെങ്കിൽ, ജർമ്മനിയിൽ അതു വേരുപിടിച്ചതു പത്രങ്ങളിലൂടെയായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ജർമ്മനിയിൽ ഡസൻ കണക്കിനു പുതിയ പത്രങ്ങൾ തുടങ്ങി. വാർത്തകൾ നൽകുന്നതിനേക്കാൾ കൂടുതലായി പ്രബുദ്ധത സംബന്ധിച്ച ചർച്ച ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയായിരുന്നു അവയുടെ മുഖ്യലക്ഷ്യം. വാദപ്രതിവാദത്തിൽ നിന്ന് പ്രസിദ്ധീകരണവിഭാഗം മുതലെടുക്കുകതന്നെ ചെയ്തു.

പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ ആൻഡ്രീസ് റീം പേരു വെളിപ്പെടുത്താതെ പ്രതിഷേധം രേഖപ്പെടുത്തി. പ്രബുദ്ധത മനുഷ്യധാരണയുടെ ധീരസാഹസികതയാണെന്നു നിർവചിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചു: "പ്രബുദ്ധതയ്ക്ക് അതിരുകളുണ്ടോ ഇല്ലയോ? അതു രാഷ്ട്രത്തിന്റെ പുരോഗതിയെ സഹായിക്കുകയാണോ തടസ്സപ്പെടുത്തുകയാണോ?"

നല്കപ്പെട്ട ഉത്തരം ജനലക്ഷങ്ങളെ പുറത്തുനിർത്തിക്കൊണ്ടുള്ള ഒരു ഒത്തുതീർപ്പായിരുന്നു. യഥാർത്ഥപ്രബുദ്ധതയും ആപേക്ഷിക പ്രബുദ്ധതയും മുഖ്യപദങ്ങളായി മാറി. സമൂഹത്തെ നയിക്കുന്ന പൗരന്മാർക്കു മാത്രമേ 'പ്രബുദ്ധത' ആവശ്യമുള്ളു എന്നായി.

ജർമ്മൻ പ്രബുദ്ധതയുടെ ഇടത്തരം വർഗസ്വഭാവം പാശ്ചാത്യലിബറലിസത്തിന്റെ ഭൂമികയായിത്തീർന്നു. അതു ഭരണാധികാരികൾക്കും പ്രഭുകുലത്തിനും നയതന്ത്ര പ്രതിനിധികൾക്കും ഓഫീസർമാർക്കും പണ്ഡിതന്മാർക്കും വൈദികർക്കും കലാകരന്മാർക്കും - അതായതു പ്രാഥമികമായി ഭരണം നടത്തുന്നവർക്കു മാത്രമായി പരിമിതമാക്കപ്പെട്ടു.

ജർമ്മനിയിൽ പ്രബുദ്ധത പ്രസരിപ്പിച്ച ജേർണലുകളും പത്രങ്ങളും മുഖ്യമായി അഭ്യസ്തവിദ്യരെയാണു സ്വാധീനിച്ചത്. വിദ്യാഭ്യാസമായിരുന്നു മുഖ്യ ഉപാധി. വിദ്യാഭ്യാസം സ്വതന്ത്രരാക്കുന്നുവെന്നു ജോഹാൻ ഹൈൻറിഖ് മേയർ പറഞ്ഞു. 'സ്വതന്ത്ര'രുടെ വിശേഷാധികാരമുള്ള ഭരണവർഗത്തിലേക്കു സാമൂഹ്യമായി കയറ്റം കിട്ടുന്നതിനുള്ള ഗോവണിയായി വിദ്യാഭ്യാസത്തെ അഭ്യസ്തവിഭാഗം പരിഗണിക്കാൻ തുടങ്ങി.

'പ്രബുദ്ധരുടെ ലീഗ്' ആയിരിക്കണം ഭരണവർഗ്ഗം. പ്രബുദ്ധരായവരിൽ വളരെ കുറച്ചു പേർ മാത്രമേ മതത്തെ ഒന്നടങ്കം നിരാകരിച്ചുള്ളു. ജനങ്ങളെ കീഴടക്കി ഭരിക്കുന്നത് ജനങ്ങൾക്ക് നല്ലതാണ്. അത് ജനങ്ങളാൽ ആദരിക്കപ്പെടണം. മനുഷ്യന്റെ സ്വന്തം ഉദ്ദേശ്യങ്ങൾക്ക് സംതൃപ്തി നൽകുന്ന ഒരു മതത്തെ മനുഷ്യനു തന്നെ സൃഷ്ടിക്കാവുന്നതാണ്. അത് അധികപങ്കും ആന്തരികവും ആദ്ധ്യാത്മികവും ധർമ്മനിഷ്ഠയുള്ളതുമായിരിക്കും. ഇങ്ങനെ പ്രബുദ്ധവർഗ്ഗത്തിന്റെ അധീശത്വത്തിനു പിന്തുണ നൽകുന്ന ഘടകമായിത്തീർന്നു ഭക്തിനിഷ്ഠ.

ഒരു ഭരണാധിപനോ നേതാവോ കൂടാതെ ഒരു രാഷ്ട്രത്തിനും നിലനില്ക്കാനാവില്ല. രാഷ്ട്രമാകുന്ന കപ്പലിനകത്തുള്ള ജനങ്ങൾ കപ്പിത്താനെ അനുസരിച്ചേ മതിയാവുകയുള്ളു. അയാൾക്കെതിരായി അവർ വിപ്ലവത്തിനു മുതിർന്നുകൂടാ. ആർക്കെങ്കിലും കപ്പൽ ഇഷ്ടപ്പെടാതെ വന്നാൽ അവർക്ക് ഇറങ്ങിപ്പോകാം. കപ്പലിനെ മറിച്ചുകൂടാ.

പ്രബുദ്ധത ഏറ്റവും ഭയപ്പെട്ട വിപത്താണു 'വിപ്ലവം.' പ്രബുദ്ധതയുടെ പരിമിതിയും അതു തന്നെ. സാധാരണക്കാർ പ്രബുദ്ധരായിക്കഴിഞ്ഞാൽ രാഷ്ട്രം വിപ്ലവമെന്ന അപകടത്തെ അഭിമുഖീകരിക്കേണ്ടി വരും. എന്തു വന്നാലും അത് ഒഴിവാക്കുക തന്നെ വേണം.

അങ്ങനെ അഭ്യസ്തവർഗത്തിന്റെ പവിത്ര സമ്മേളനരംഗമായ യൂണിവേഴ്സിറ്റി, വിപ്ലവം തടഞ്ഞുനിർത്തി നിയമപാലനം സുഖകരമാക്കുന്ന ഒരു രാഷ്ട്രീയ വ്യവസ്ഥിതിയുടെ ശാസ്ത്രീയ വികസനത്തിനുള്ള മുഖ്യവേദിയായി.

ജർമ്മനിയിലെ പ്രബുദ്ധരിൽ പ്രൊട്ടസ്റ്റന്റുകാർക്കായിരുന്നു മുൻതൂക്കം. കത്തോലിക്കരിൽ അധികപങ്കിനും പുതിയ വിദ്യാഭ്യാസത്തോട് കമ്പമില്ലായിരുന്നു. എന്നാൽ കത്തോലിക്കരിലെ ഒരു ന്യൂനപക്ഷം, സൈദ്ധാന്തികതയുടെയും പ്രതിനവീകരണത്തിന്റെയും ജസ്വീറ്റു വൈദികരുടെയും ആധിപത്യത്തെ വെല്ലുവിളിക്കാൻ ചെറിയതോതിൽ ശ്രമം നടത്തി. പള്ളി നിർമ്മാണത്തിലെ വാസ്തുവിദ്യയിലാണിത് ആദ്യം പ്രയോഗിച്ചത്. ഗോഥിക് ശൈലിയിൽ നിന്നു ബാരോക്കിലേക്കുള്ള മാറ്റം, ധാരാളിത്തത്തോടുള്ള പ്രതികരണവും കൂടെയായി.

ജർമ്മനിയിലെ കത്തോലിക്കർ പ്രബുദ്ധതയ്ക്കുള്ള പ്രചോദനം സ്വീകരിച്ചത് കത്തോലിക്കാ ഫ്രാൻസിൽ നിന്നല്ല, പ്രൊട്ടസ്റ്റന്റ് ജർമ്മനിയിൽ നിന്നാണ് – ലൈപ്സിഗ് യേന, ഹാലെ, ഗോട്ടിങ്ങൻ എന്നീ യൂണിവേഴ്സിറ്റികളിൽ നിന്ന്.

യൂറോപ്പിലെ പ്രബുദ്ധതയ്ക്ക് അതുവരെ സാർവലൗകികമോ ഏകീകൃതമോ ആയ രൂപമുണ്ടായിരുന്നില്ല. ഫ്രഞ്ചുകാർക്കിടയിൽ അത് അരാജകത്വവും ആഡംബരലോലുപതയും സുഖാന്വേഷണവും വളർത്തി. മനുഷ്യജീവനും നിലനില്പും സംബന്ധിച്ച് പുനഃസംഘടനയായിരുന്നു അത് അവലംബിച്ച ഒരു മാർഗ്ഗം. ബാഹ്യയാഥാർത്ഥ്യത്തെ പുനർഘടന ചെയ്തു ഓർഗാനിക് യൂണിറ്റിയുള്ള ഒരു സമൂഹം കെട്ടിപ്പണിയുകയായിരുന്നു

രണ്ടാമത്തെ മാർഗ്ഗം. ജനാധിപത്യ സ്ഥാപനം, ശാസ്ത്രീയവും സാമൂഹ്യവുമായ പുരോഗതിക്കു വഴിയൊരുക്കൽ, സ്വാതന്ത്ര്യത്തിന്റെയും സഹിഷ്ണുതയുടെയും ചൈതന്യത്തിൽ മനുഷ്യപെരുമാറ്റത്തെ നിയന്ത്രിക്കൽ, അന്ധതമസ്സിനെ തരണം ചെയ്തു സുഖം കണ്ടെത്താൻ ആളുകളെ സഹായിക്കൽ ഇതൊക്കെ രണ്ടാം മാർഗ്ഗത്തിൽ പെടുന്നു.

ഭൂതകാലത്തിൽ നിന്നു തീർത്തും വേറിട്ടു മാറുന്നതിനുള്ള യത്നമായിരുന്നു ഫ്രഞ്ചു പ്രബുദ്ധതയുടേത്. നെഹ്റു വിഭാവനം ചെയ്തതും ഏതാണ്ട് ഇതു തന്നെ. സ്വേച്ഛാധിപത്യത്തിൽ നിന്നും മതഭ്രാന്തിൽ നിന്നും സ്വതന്ത്രമായതും, പ്രബുദ്ധദാർശനികർ രൂപം നൽകുന്നതുമായ ഒരു ഭാവി കരുപ്പിടിപ്പിക്കാനുള്ള ധീരസാഹസികതയും അതോടൊന്നിച്ചുണ്ട്. അവരുടെ മുദ്രാവാക്യം യുക്തി, സഹിഷ്ണുത, മാനവികത എന്നായിരുന്നു; സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നതല്ല. കണ്ടോർസേ (Condorcet) പറഞ്ഞതുപോലെ, ഫ്രഞ്ചു പ്രബുദ്ധത സമൂഹത്തിന്റെ സമഗ്ര സമ്പദ് വ്യവസ്ഥമേലുള്ള ഒരാക്രമണമായിരുന്നു. എല്ലാ സാമൂഹ്യബന്ധങ്ങളിലും മാറ്റമുണ്ടാക്കുക, രാഷ്ട്രീയ ശൃംഖലയുടെ അവസാനകണ്ണി വരെ ആഴത്തിൽ ഇറങ്ങിച്ചെല്ലുക എന്നതായിരുന്നു ലക്ഷ്യം.

പല രൂപത്തിലായി യൂറോപ്പൊട്ടുക്കു പടർന്ന ഇംഗ്ലീഷ് ചിന്ത ഫ്രഞ്ചു പ്രത്യയശാസ്ത്രത്തോടു വളരെയേറെ കടപ്പെട്ടിരിക്കുന്നു. അതു പ്രഷ്യയിലേക്കും റഷ്യയിലേക്കും വ്യാപിച്ചു. അങ്ങനെ ഫ്രഞ്ചു സംസ്ക്കാരം ഒരു ഏകീകാരക ബന്ധം ആയിത്തീർന്നു. അതിന്റെ ഫലമായി ഒരു ഇംപീരിയലിസ്റ്റ് - കൊളോണിയലിസ്റ്റ് വികസനോദ്യമത്തിനു കളമൊരുങ്ങി. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ലിബറൽ പ്രത്യയശാസ്ത്രത്തിന്റെയും അകമ്പടിയോടെ സ്വന്തം മേധാശക്തി ലോകത്തിനു കാണിച്ചു കൊടുക്കാൻ യൂറോപ്പ് പ്രബുദ്ധതയുടെ പ്രത്യയശാസ്ത്രത്തെ ഉപയോഗപ്പെടുത്തി.

## ലിബറലിസം പ്രബുദ്ധതയുടെ സന്താനം

ലിബറലിസത്തിന്റെ സ്രോതസ്സ് മനസ്സിലാക്കുക ദുഷ്ക്കരമാണ്. ലിബർട്ടി എന്ന പദത്തിൽ നിന്നാണ് അതിന്റെ ഉത്ഭവം. ഗ്രീക്ക് - ലാറ്റിൻ സംസ്ക്കാരത്തിൽ ലിബർട്ടി, സ്വതന്ത്രപൗരനെ അടിമയിൽ നിന്നു വേർതിരിച്ചു നിർത്തുന്ന ആശയമാണ്. സോഫോക്ലീസ് ലിബർട്ടിയെ സ്തുതിച്ച് പാട്ടുകൾ രചിച്ചിട്ടുണ്ട്. അഗസ്റ്റിന്റെ ആശയം അത്രത്തോളം ഉന്നതമല്ല. അടിമത്തം പ്രകൃതിവിരുദ്ധമാണെന്ന് അഗസ്റ്റിൻ സമ്മതിച്ചുവെങ്കിലും സമാധാനപരമായ ഒരു നിയമക്രമമാണെന്നാണ് അദ്ദേഹം ഉപദേശിച്ചത്. അദ്ദേഹം പറഞ്ഞു: “മനുഷ്യർ സമാധാനപരമായ വ്യവസ്ഥിതിയിൽ പരസ്പരം വ്യവഹരിക്കുമ്പോൾ, താണനില ഭൃത്യനു എത്ര കണ്ടു നന്മ ചെയ്യുന്നുവൊ അതിനേക്കാൾ കൂടുതൽ ദോഷം അഹങ്കാരനില യജമാനനു വരുത്തിവയ്ക്കുന്നു.”

ലിബറലിസത്തെപ്പറ്റിയുള്ള നമ്മുടെ ചർച്ച ജോൺ സ്റ്റുവാർട് സ്മിത്തിന്റെ (1806–1873) ‘ഓൺ ലിബർട്ടി’ എന്ന ഗ്രന്ഥത്തിലെ ആശയത്തോടു

കൂടി ആരംഭിക്കാം. ഇന്ത്യാ ചരിത്ര രചയിതാവായ ജയിംസ് മില്ലിന്റെ പുത്രനായിരുന്നു ജോൺ സ്റ്റുവാർട് മിൽ. ഈസ്റ്റിന്ത്യാ കമ്പനിയിൽ ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം സാമ്പത്തിക ശാസ്ത്രജ്ഞനും രാഷ്ട്രീയ പ്രവർത്തകനുമായിരുന്നു. 1860 –കളിലെ വനിതാ വോട്ടവകാശ സമൂഹത്തിന്റെ സ്ഥാപക നേതാക്കളിലൊരാളാണു മിൽ.

ലിബർട്ടി സംബന്ധിച്ച ചർച്ചയെ മിൽ കേവല വിവാദത്തിന്റെ തലത്തിൽ നിന്നു മാറ്റി പൊളിറ്റിക്കൽ ഇക്കോണമിയുടെ തലത്തിൽ പ്രതിഷ്ഠിച്ചു. വ്യക്തിയുടെ ഇച്ഛാശക്തിയുടെ സ്വാതന്ത്ര്യത്തെപ്പറ്റിയല്ല, സമൂഹത്തിന്റെ സോഷ്യൽ ലിബർട്ടിയെപ്പറ്റിയാണ് അദ്ദേഹം സംസാരിച്ചത്. പാശ്ചാത്യ ചിന്തയിലെ പരമപ്രധാനമായ ഒരു സംഭവവികാസമാണിത്. പോരാട്ടം 'സ്വാതന്ത്ര്യവും' 'അധികാരവും' തമ്മിലായി.

ഗ്രീക്ക് നാടകകർത്താക്കൾക്കും ദാർശനികർക്കും സ്വാതന്ത്ര്യം എന്നാൽ സ്വേച്ഛാധിപത്യത്തിൽ നിന്നു സ്വതന്ത്രപൗരനുള്ള സ്വാതന്ത്ര്യമാണ്. സ്വേച്ഛാധിപതിയുടെ മേൽ ചില പരിമിതികൾ കല്പിച്ചാണ് ഇതു സാധിക്കുക. ഭരണാധിപന് ഒരു സന്മാർഗിക നിയമാവലി ഉണ്ടായിരിക്കണമെന്നും സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനു മുമ്പ് സമിതിയോട് ആലോചിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. സ്വേച്ഛാധിപതികൾ രണ്ടാമത്തെ വ്യവസ്ഥ നിരാകരിച്ചപ്പോൾ, പാശ്ചാത്യ രാഷ്ട്രീയ ലിബറലിസം രണ്ടാമത്തെ വ്യവസ്ഥ നടപ്പിലാക്കാൻ യത്നിക്കുകയാണുണ്ടായത്.

താഴെപറയുന്ന ജനാധിപത്യ വ്യവസ്ഥയനുസരിക്കുമ്പോൾ മാത്രമാണു ജനകീയ പോരാട്ടം വിജയിക്കുകയെന്ന് മിൽ പറഞ്ഞു. ഭരണാധിപന്മാരെ ജനങ്ങൾ തെരഞ്ഞെടുക്കണം. അവരെ മാറ്റുന്നതും അങ്ങനെതന്നെ. വോട്ടവകാശവും ഉത്തരവാദിത്വവുമുള്ള ബഹുമുഖ ഭരണസാരഥ്യതത്വം നടപ്പിലാക്കണം. ഇങ്ങനെയുള്ള ജനാധിപത്യതത്വം നമ്മുടെ ഭരണഘടനയുടെ ഭാഗമാണ്. ഭൂരിപക്ഷത്തിന്റെ സ്വേച്ഛാഭരണത്തിനെതിരായി ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണ സിദ്ധാന്തം വ്യക്തമായി ഉപന്യസിച്ചതും മിൽ തന്നെ.

മില്ലിന്റെ ഗ്രന്ഥങ്ങൾ നെഹ്റു എത്രമാത്രം വായിച്ചിട്ടുണ്ടെന്ന് എനിക്ക് നിശ്ചയമില്ല. മില്ലിന്റെ രചനകൾ, മനുഷ്യസ്വാതന്ത്ര്യം സംബന്ധിച്ച കത്തോലിക്കാ – പ്രൊട്ടസ്റ്റന്റ് വീക്ഷണങ്ങളോടുള്ള ബോധപൂർവ്വമായ പ്രതികരണമാണ്. ഇരുസഭകളുടെയും വീക്ഷണങ്ങളുടെ സ്രോതസ്സ് അഗസ്റ്റിനാണ്. അവ വിഭിന്ന രീതികളിലാണു വ്യാഖാനിക്കപ്പെടുന്നത്. മിൽ കാൽവിനിസ്റ്റ് വീക്ഷണത്തെ ഒറ്റപ്പെടുത്തി വ്യാഖ്യാനിക്കുന്നതു കാണാം. കാൽവിനെ വികൃതമായി ചിത്രീകരിച്ചുകൊണ്ടു മിൽ പറയുന്നു. "ദൈവത്തിന്റെ പരമാധികാരത്തിനു സ്വയം സമർപ്പിക്കാനുള്ള കഴിവേ മനുഷ്യനു വേണ്ടൂ. മറ്റേതൊരു കഴിവ് ഉപയോഗിച്ചാലും മനുഷ്യൻ പാപത്തിൽ നിപതിക്കും."

പാശ്ചാത്യ ലിബറലിസത്തിൽ വ്യക്തിഗതമായ ലിബർട്ടി ഊന്നിപ്പറയുന്നതിനു രണ്ടു വശങ്ങളുണ്ട്. സമൂഹത്തിന്റെയും പാരമ്പര്യത്തിന്റെയും സമഗ്രാധിപത്യശക്തിക്കെതിരെ തൊടുത്തുവിട്ടതാണ് ഒന്ന്. മറ്റേത്

ദൈവത്തിന്റെ ഇച്ഛാശക്തിക്കെതിരായി നീങ്ങുന്ന പാപമയമായ മനുഷ്യന്റെ ഇച്ഛാശക്തി. സ്വയം വർജനം (സ്വാത്മപരിത്യാഗം) എന്ന ക്രിസ്തീയാദർശ ത്തിനു പകരമായി മിൽ നിർദേശിച്ചത് സ്വയം വികസനമെന്ന യവനാ ദർശമാണ്. മതവിരുദ്ധമായ സ്വാത്മദൃഢീകരണമെന്നു മിൽ അതിനെ വിളിച്ചു. അങ്ങനെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഉദാരപ്രഖ്യാപനത്തിന് ക്രിസ്തീയ വിരുദ്ധമോ, കുറഞ്ഞപക്ഷം അഗസ്തീനിയ വിരുദ്ധമോ ആയ ഒരു ചുവയുണ്ട്. അതോടുകൂടി ലിബറലിസം സെക്കുലറിസത്തോട് അടുത്തു വരുന്നതായും കാണാം.

പീഠികകളെ നിർവചിക്കാത്ത ഒരു പ്രത്യയശാസ്ത്രമാണു ലിബറലിസം. പഴയതിനെ നിഷേധിയ്ക്കുക എന്നതിൽ കവിഞ്ഞൊന്നുമില്ല. രാഷ്ട്രീ യമായ മർദ്ദനഭരണം കൊണ്ടോ സൈദ്ധാന്തികമായ സമഗ്രാധിപത്യം കൊണ്ടോ ഉള്ള ബാഹ്യനിയന്ത്രണത്തെ നിഷേധിക്കുന്നുവെന്നതിനാൽ അതിന്റെ പ്രാഥമികഭാവം നിഷേധാത്മകമാണ്. ജീവിതത്തിനു ദിശ നിർണ്ണ യിക്കാനോ, ദേശീയ ലക്ഷ്യങ്ങൾ തിരഞ്ഞെടുക്കാനോ വേണ്ടത്ര അടിത്ത റയില്ലാത്ത ഒരവസ്ഥ.

## ലിബറലിസം ഇന്ത്യയിലേക്ക്

ബ്രിട്ടൻ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത സ്ഥാപനങ്ങളിൽ ഏറ്റവും കരുത്താർജിച്ചത് വിദ്യാഭ്യാസ സമ്പ്രദായമാണ്. പാശ്ചാത്യ വിദ്യാഭ്യാസ സമ്പ്രദായം ഇവിടെ അവതരിപ്പിച്ചപ്പോൾ രണ്ട് വിരുദ്ധ വീക്ഷണങ്ങൾ ഉണ്ടായിരുന്നു. ഒന്ന്, പ്രഗത്ഭനായ സർ വില്യം ജോൺസ് നിർദ്ദേശിച്ച ഇൻഡോളജിക്കൽ (ഓറിയന്റലിസ്റ്റ്) സ്ഥിതി നിർണ്ണയം (ഓറിയന്റേഷൻ). രണ്ട്, ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് ഇന്ത്യയ്ക്കാവശ്യമെന്നുള്ള മെക്കാളേ പ്രഭുവിന്റെ വീക്ഷണം. രണ്ടാമതു പറഞ്ഞതാണ് അവസാനം ഇവിടെ അംഗീകരിച്ചത്.

ആദ്യത്തേതിന്റെ ഊന്നൽ 'ക്ലാസിക്കൽ' വിദ്യാഭ്യാസത്തിലായിരുന്നു. അതായത് പേർഷ്യൻ, അറബി, സംസ്കൃതം എന്നിവ പഠിക്കുന്നതിൽ. അവ 'ഉത്കൃഷ്ട' ഭാഷകളായി പരിഗണിക്കപ്പെട്ടിരുന്നു. യൂറോപ്യൻ പ്രബു ദ്ധതയുടേയും ലിബറലിസത്തിന്റെയും മൂല്യങ്ങൾ സർ വില്യം ജോൺ സിനെ (1746 – 1794) മസ്തിഷ്ക പ്രക്ഷാളനം ചെയ്തിരുന്നില്ലെന്നു വ്യക്തം. ഭരണവർഗത്തിൽ പെട്ട ഇംഗ്ലീഷുകാർ ഈ ഭാഷകൾ പഠിച്ചിരിക്കണമെ ന്നാണ് ജോൺസിന്റെ നിർദ്ദേശം.

രാജാറാം മോഹൻ റോയിയുടെ നേതൃത്വത്തിൽ മേൽജാതിക്കാർ ഇംഗ്ലീ ഷ്‌വിദ്യാഭ്യാസം തിരഞ്ഞെടുത്തു. ഗണിതശാസ്ത്രം, നാച്ചുറൽ ഫിലോ സഫി, കെമിസ്ട്രി, അനാറ്റമി തുടങ്ങിയ പ്രയോജനപ്രദമായ ശാസ്ത്രങ്ങൾ ഇന്ത്യക്കാരെ പഠിപ്പിക്കാൻ പാണ്ഡിത്യവും വാസനയുമുള്ള യൂറോപ്യൻ മാന്യന്മാരെ ബ്രിട്ടീഷുകാർ ഇവിടെ നിയോഗിക്കണമെന്നായിരുന്നു റോയി യുടെ നിലപാട്. സംസ്കൃതപഠനം യുവമനസ്സുകളെ ഭാരപ്പെടുത്തുകയേ യുള്ളുവെന്നും വ്യാകരണസംബന്ധവും തത്വജ്ഞാനപരവുമായ ചില്ലറ വ്യത്യാസങ്ങളെപ്പറ്റിയുള്ള സൂക്ഷ്മപഠനം സമൂഹത്തിനു കാര്യമായ

പ്രയോജനമൊന്നും ചെയ്യില്ലെന്നും റോയ് ചിന്തിച്ചു. ഗണിതശാസ്ത്രം, നാച്ചുറൽ ഫിലോസഫി, കെമിസ്ട്രി, അനാറ്റമി തുടങ്ങി പ്രയോജനകരമായ ശാസ്ത്രങ്ങളെ ഉൾക്കൊള്ളുന്ന, ലിബറലും പ്രബുദ്ധവുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം ഇവിടെ ഏർപ്പെടുത്തണമെന്ന് 1823-ൽ ഗവർണർ ജനറൽ ആംഹേഴ്സ്റ്റ് പ്രഭുവിനു സമർപ്പിച്ച മെമ്മോറിയൽ അഡ്രസ്സിൽ റോയി അഭ്യർത്ഥിക്കുകയുണ്ടായി.

പ്രബുദ്ധമായ ലിബറലിസത്തിന്റെ ബുർഷ്വാ പ്രത്യയശാസ്ത്രമാണ് ഇന്ത്യയിലെ ബൂർഷ്വാസി ആവശ്യപ്പെട്ടത്. അവരുടെ മാതൃക വിജയശ്രീലാളിതരായ യൂറോപ്യരായിരുന്നു. എന്തിന് ഇംഗ്ലീഷ്കാരെയോ പാവം തോമസ് ബാബിംഗ്ടൺ മെക്കാളെയോ കുറ്റം പറയുന്നു? നമ്മുടെ വരേണ്യവർഗം അന്നത് ആവശ്യപ്പെട്ടു. 1947-ൽ അവർ അതുതന്നെ ആവശ്യപ്പെട്ടു. ഇന്നും നമ്മുടെ വരേണ്യവിഭാഗത്തിനു അതുമാത്രം മതി. നമ്മുടെ പൈതൃകം നിഷ്പ്രയോജനമാണെന്നു രാജാറാം മോഹൻ റോയിയോടൊപ്പം അവരും ചിന്തിക്കുന്നു.

മെക്കാളേയുടെ വിധിതീർപ്പ് രാജാറാം മോഹൻ റോയിയുടെ അഭിപ്രായത്തിന് അടിവരയിടുകയാണ് ചെയ്യുന്നത്. പൗരസ്ത്യ വീക്ഷണക്കാരുടെ ഒരഭിപ്രായത്തോടു മെക്കാളേ യോജിപ്പു പ്രകടിപ്പിച്ചു. മെക്കാളേ പറയുന്നു:

“പരിമിതമായ നമ്മുടെ വിഭവങ്ങൾ വച്ചുകൊണ്ട് ഇന്ത്യയിലെ ജനസഞ്ചയത്തെ മുഴുവൻ വിദ്യയഭ്യസിപ്പിക്കാൻ നമ്മെക്കൊണ്ട് സാദ്ധ്യമല്ലെന്ന് എനിക്കു തോന്നുന്നു. നമുക്കും നാം ഭരിക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾക്കുമിടയിൽ പരിഭാഷകരായി വർത്തിക്കാൻ കഴിയുന്ന ഒരു സംഘം ആളുകളെ രൂപവല്ക്കരിക്കാൻ നാം പരമാവധി യത്നിക്കണം. രക്തത്തിലും നിറത്തിലും ഇന്ത്യാക്കാരും, എന്നാൽ അഭിരുചികളിലും അഭിപ്രായങ്ങളിലും സാന്മാർഗ്ഗിക നിലയിലും ബുദ്ധിശക്തിയിലും ഇംഗ്ലീഷുകാരുമായ ഒരു സംഘം ആളുകൾ. രാജ്യത്തെ നാട്ടുഭാഷകൾ സംസ്ക്കരിക്കുക, പാശ്ചാത്യനാടുകളിൽ നിന്നു കടംകൊണ്ട ശാസ്ത്രനാമങ്ങളാൽ നാട്ടുഭാഷകളെ സമ്പന്നമാക്കുക, ക്രമേണ ജനലക്ഷങ്ങൾക്കു വിജ്ഞാനം എത്തിച്ചുകൊടുക്കുന്നതിന് അവരെ ഉചിതവാഹനങ്ങളാക്കി രൂപാന്തരപ്പെടുത്തുക എന്നീ ചുമതലകൾ ഇപ്പോൾ നാം പരിശീലിപ്പിക്കുന്ന ഈ ജനവിഭാഗത്തിന് വിട്ടുകൊടുക്കണം.”

മെക്കാളേയുടെ ഈ നിലപാട് തീർത്തും ശരിയാണ്. ശരിയെന്നു തോന്നിയതനുസരിച്ച് അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ സഹായത്തോടെ പടച്ചുവിട്ട വർഗമാണു നമ്മുടെ പൈതൃകം. നെഹ്റു ആ വർഗത്തിൽ പെടുന്നു. അതേ വർഗമാണ് ഇന്നു നമ്മുടെ രാഷ്ട്രത്തെ നയിക്കുന്നത്. “രക്തത്തിലും നിറത്തിലും ഇന്ത്യാക്കാർ; അതേസമയം അഭിരുചികളിലും അഭിപ്രായങ്ങളിലും സാന്മാർഗ്ഗികതയിലും ബുദ്ധിശക്തിയിലും ഇംഗ്ലീഷുകാർ.”

പ്രബുദ്ധതാപ്രകാശം യൂറോപ്പിൽ പ്രചരിച്ച് ഒരു തലമുറ കഴിഞ്ഞാണ് ഇന്ത്യയിലെത്തിയത്. യൂറോപ്യൻ ബുർഷ്വാസിയുടെ പ്രത്യയശാസ്ത്രം

ഇന്ത്യൻ ഭരണവർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രമായിത്തീർന്നു. ആ പ്രക്രിയയിൽ സ്കോട്ടിഷ് മിഷനറിയായ അലക്സാണ്ടർ ഡഫിന്റെ പങ്ക് സുപ്രധാനമാണ്.

നൂറു വർഷം മുമ്പ് ഡോ. ജോർജ് സ്മിത്ത് രചിച്ചു പ്രസിദ്ധപ്പെടുത്തിയ "അലക്സാണ്ടർ ഡഫ് ഡി. ഡി. എൽ. എൽ. ഡി. യുടെ ജീവിതം" എന്ന ഗ്രന്ഥം നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തെയും അതെങ്ങനെ നമ്മുടെ ഉണ്മയെ രൂപപ്പെടുത്തിയെന്നതിനെയും മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർ വായിക്കേണ്ടതാണ്. പേർത്ത് ഗ്രാമർസ്കൂളിലും സെന്റ് ആൻഡ്രൂസ് യൂണിവേഴ്സിറ്റിയിലും പഠിച്ചു ബിരുദം നേടിയ ഡഫിനു അക്കാലത്തു സ്കോട്ട്ലൻഡിൽ ലഭിക്കാവുന്ന ഏറ്റവും മികച്ച വിദ്യാഭ്യാസമാണു ലഭിച്ചത്. ഗ്രീക്കിലും ലത്തീനിലും ലോജിക്കിലും നാച്ചുറൽ ഫിലോസഫിയിലും അദ്ദേഹം പാണ്ഡിത്യം നേടി. പ്രശസ്തനായ തോമസ് ചാമേഴ്സിന്റെ കീഴിലാണു ഡഫ് പഠിച്ചത്. യൂണിവേഴ്സിറ്റിയിലെ ഏറ്റവും മികച്ച വിദ്യാർത്ഥിയായിരുന്നു ഡഫ്. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ഡഫ്, സ്റ്റുഡന്റ് മിഷനറി സൊസൈറ്റി രൂപവല്ക്കരിച്ചു. അതിന്റെ ലൈബ്രേറിയൻ ആയി.

ഒരു കപ്പലപകടത്തെ അതിജീവിച്ച് ഡഫ് 1830-ൽ കൽക്കട്ടയിലെത്തി. ഇന്ത്യൻ സർവ്വസൈന്യാധിപനായിരുന്ന ഡൽഹൗസിപ്രഭു, ഗവർണർ ജനറൽ വില്യം ബൻറിക് പ്രഭു എന്നിവർക്കു പരിചയപ്പെടുത്തുന്ന കത്തുകളുമായാണു ഡഫ് വന്നത്. അന്ന് 24 വയസ്സുണ്ട് ഡഫിന്. ദീർഘകായനും സുമുഖനും ജ്വലിക്കുന്ന നയനങ്ങളോടു കൂടിയവനും അവിശ്രമമായ മനോബോദ്ധ്യത്താൽ അനുഗൃഹീതനുമായ ആ യുവാവിന്റെ ലക്ഷ്യങ്ങളെപ്പറ്റി ജീവചരിത്രകാരൻ പറയുന്നു:

"യുവാവായ സ്കോട്ട്ലണ്ടുകാരൻ ഹൈന്ദവമതത്തെ തകർക്കുമെന്നു പ്രതിജ്ഞ ചെയ്തു. ഇതിന് ഏറ്റവും പറ്റിയ മാർഗ്ഗം അതിന്റെ മസ്തിഷ്ക്കത്തിൽ പ്രഹരമേല്പിക്കുകയാണ്. കൽക്കട്ടയാണു മസ്തിഷ്കം. ഡഫ് ഇവിടെത്തന്നെ ഉറച്ചുനില്ക്കും." ഡഫിന്റെ പ്രവർത്തനരീതി പൗരസ്ത്യമതങ്ങളെ തകർക്കുകയായിരുന്നു. ഒരിനം ആംഗ്ലിക്കൻ ക്രിസ്തുമതവും, ഇംഗ്ലീഷ് ഭാഷ, സാഹിത്യം, മൂല്യങ്ങൾ എന്നിവ നേരിട്ടു പഠിപ്പിക്കുന്ന സമ്പ്രദായവും സംയോജിപ്പിച്ചുള്ള സംവിധാനത്തിലൂടെ ഇതു സാധിക്കുമെന്നായിരുന്നു ഡഫിന്റെ കണക്കുകൂട്ടൽ.

അന്നു കൽക്കട്ടാ നഗരത്തിൽ അയ്യായിരത്തിൽ താഴെ ഇന്ത്യൻ കുട്ടികൾ മാത്രമേ വിദ്യാലയങ്ങളിൽ പോയിരുന്നുള്ളുവെന്ന് സ്മിത്ത് പറയുന്നു. അവരിൽ 500 പേർ മാത്രമേ ഇംഗ്ലീഷ് പഠിച്ചിരുന്നുള്ളു. അക്കാലത്ത് ഇംഗ്ലീഷ് സംസാരിച്ചിരുന്ന പ്രഗല്ഭരുടെ കൂട്ടത്തിൽ ബ്രിട്ടീഷ്കാരുടെ വർത്തക പങ്കാളിയായിരുന്ന ദ്വാരകനാഥ് ടാഗോർ, ജന്മിയും അധ്വക്കറ്റുമായ പ്രസന്നകുമാർ ടാഗോർ തുടങ്ങിയവർ ഉൾപ്പെട്ടിരുന്നു. ഒരു വിശ്വാസ സമ്പ്രദായവും ജീവിതവും പുരാതന നാഗരികതയും തകർക്കാൻ ഇന്ത്യാക്കാരനായ ഒരു പങ്കാളി ഡഫിനു വേണ്ടിയിരുന്നു. ഇന്ത്യൻ ജനതയെ ക്രിസ്തുവിനു വേണ്ടി ആദായപ്പെടുത്തുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

അലക്സാണ്ടർ ഡഫ് തന്റെ ഇന്ത്യൻ സഹപ്രവർത്തകനെ മഹാനായ രാജാറാം മോഹൻ റോയിയിൽ കണ്ടെത്തി. യാഥാസ്ഥിതിക ബ്രാഹ്മണ മതത്തെ എതിർത്ത വിപ്ലവകാരിയും ബുദ്ധമതക്കാരനായി മാറിയ സാമൂഹ്യപരിഷ്ക്കർത്താവുമായിരുന്നു അദ്ദേഹം. റോയ് പേർഷ്യനും സംസ്കൃതവും ഇംഗ്ലീഷും പഠിച്ചു. ലിബറൽ ചിന്താഗതിക്കാരെപ്പോലെ അദ്ദേഹവും ചിന്താക്കുഴപ്പത്തിലായി. റാം മോഹൻ സന്തോഷപൂർവ്വം ബ്രിട്ടീഷുകാരെ സേവിച്ചു. അവരെ ഇന്ത്യയുടെ വിമോചകരായി കണ്ടു. അമ്പതാം വയസ്സിൽ അദ്ദേഹം ബ്രിട്ടീഷ് സർവ്വീസിൽ നിന്നു വിരമിച്ചശേഷം 1814-ൽ കൽക്കട്ടയിൽ താമസമാക്കി. വേദാനുസൃതമായ ഏകദൈവവിശ്വാസവും ഹൈന്ദവമതത്തിലെ ആചാരവിരുദ്ധമായ പരിഷ്ക്കാരങ്ങളും അടിസ്ഥാനമാക്കി ബ്രഹ്മസമാജം ആരംഭിച്ചു. ഹൈന്ദവമതത്തിനുള്ളിൽ ഇറാസ്മസിന്റെയും സ്വിംഗ്ലിയുടെയും സമ്മേളിതരൂപമായിരുന്നു റാം മോഹൻ റോയ്.

ഇന്ത്യാക്കാർക്കു വിജ്ഞാനം പകരുന്നതിനുള്ള ഏറ്റവും മെച്ചപ്പെട്ട മാധ്യമം ഇംഗ്ലീഷ് തന്നെയാണെന്ന് ഡഫിനോടൊപ്പം റോയിയും വിശ്വസിച്ചു. ഡഫിനു പ്രസംഗിക്കാൻ ബ്രഹ്മസമാജം വക ഹാൾ അദ്ദേഹം വിട്ടുകൊടുത്തു. പ്രതിമാസം അഞ്ചു പവൻ വാടകയ്ക്കാണതു നൽകിയത്. പില്ക്കാലത്തു സ്വന്തം ചെലവിൽ ബ്രഹ്മസമാജക്ഷേത്രം പണിയാൻ കഴിഞ്ഞതോടെ വാടകക്കെട്ടിടം ഡഫിന്റെ ഉപയോഗത്തിനു നൽകാൻ കഴിഞ്ഞു. 1830 ജൂലൈ 13-ന് വാടകക്കെട്ടിടത്തിൽ ഡഫ് തന്റെ പുതിയ സ്കൂൾ തുറന്നു. ഉദ്ഘാടന സമ്മേളനത്തിൽ സന്നിഹിതനായ റോയ് തന്റെ പ്രസംഗത്തിൽ ബൈബിൾ വായിക്കുന്നതിൽ ഒരു അപകടവുമില്ലെന്ന് ബ്രാഹ്മണ വിദ്യാർത്ഥികളോടു പറഞ്ഞു.

ഡഫിന്റെ പുതിയ വിദ്യാലയം ഒരു വലിയ വിജയമായിരുന്നു. സ്ഥലസൗകര്യക്കുറവുകൊണ്ട് വർഷംതോറും പരശതം വിദ്യാർത്ഥികൾക്ക് പ്രവേശനം നിഷേധിക്കേണ്ടി വന്നു. ഇംഗ്ലീഷ് സാഹിത്യം, യൂറോപ്യൻ ചരിത്രം (മതേതരവും വൈദികവും), വ്യാകരണം, ബൈബിൾ, രാഷ്ട്രീയ സമ്പദ് വ്യവസ്ഥ, ആഡം സ്മിത്തിന്റെ ഉദ്ബോധനങ്ങൾ ഇവയായിരുന്നു പഠന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ മെക്കാളെ പ്രഭുവിന്റെ നാമത്തോടു ചേർത്തുപറയുകയാണു സാധാരണ ചെയ്യാറുള്ളത്. എന്നാൽ മെക്കാളേ എത്രമാത്രം ഡഫിനോടു കടപ്പെട്ടിരിക്കുന്നുവെന്നു പലർക്കും അറിഞ്ഞുകൂടാ. മെക്കാളേ ഒരു വലിയ നിയമനിർമ്മാതാവാണ്. 1833-ൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ ചാർട്ടർ നവീകരിക്കുവാൻ ഹേതുഭൂതമായ 1832-ലെ റിഫോം ആക്ട് തയ്യാറാക്കിയത് മെക്കാളേയാണ്. ഡഫിന്റെ പ്രവർത്തനമാണു ഇക്കാര്യത്തിൽ മെക്കാളേയ്ക്കു പ്രചോദനം നൽകിയത്. ബ്രിട്ടീഷ് മിഷനറികൾക്കു സ്വതന്ത്രമായി ഇന്ത്യയിൽ പ്രവേശിക്കുവാനുള്ള വിലക്കുകൾ ചാർട്ടർ നവീകരണത്തിൽ നീക്കിക്കളഞ്ഞു. ഡഫ് മെക്കാളേയേക്കാൾ ചെറുപ്പമായിരുന്നുവെങ്കിലും ഡഫിന് മെക്കാളേയുടെ ഗുരുസ്ഥാനമുണ്ട്.

ഇംഗ്ലീഷ് ഭാഷയും സംസ്ക്കാരവും ഉപയോഗിക്കുന്ന ആംഗ്ലിസിസ്റ്റു കളുടെ നേതാവെന്ന നിലയിൽ പൗരസ്ത്യഭാഷയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന ഗവർണർ ജനറലിന്റെ ഉപദേഷ്ടാക്കളുടെ മേൽ ഡഫിനുണ്ടായ വിജയമാണ് 1835 ഫെബ്രുവരി 2-നു പ്രഖ്യാപിതമായ 'മിനുറ്റ്' (Minute) രചിയ്ക്കുവാൻ മെക്കാളേയ്ക്കു പ്രചോദനം നൽകിയത്. മെക്കാളേയുടെ പ്രസ്തുത പ്രബന്ധം ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായ ത്തിൽ പൗരസ്ത്യഭാഷാവാദത്തിന്റെ (ഓറിയന്റലിസം) മരണമണിമുഴക്ക മായി കലാശിച്ചു. 150 വർഷം മുമ്പ് അതൊരു പ്രധാന സംവാദമായിരുന്നു. ഇന്നത്തെ ഇന്ത്യൻ സ്വത്വം - പ്രത്യേകിച്ചു നമ്മുടെ വരേണ്യ വിഭാഗത്തിന്റെ സ്വത്വം - ആവിഷ്ക്കരിക്കുന്നതിൽ അതൊരു നിർണ്ണായക ഘടകമായി. ഡഫിന്റെ ജീവചരിത്ര രചയിതാവ് പൗരസ്ത്യഭാഷാവാദികൾക്കെതിരായി ആംഗ്ലിസിസ്റ്റുകളുടെ പക്ഷം പിടിക്കുന്നുണ്ടെങ്കിലും ചില ചരിത്ര വസ്തുത കളും ഉൾക്കാഴ്ചകളും നൽകുന്നുണ്ട്. പ്രധാനമായി മൂന്നു ഗ്രൂപ്പുകളെ അദ്ദേഹം കണ്ടെത്തുന്നു:

1. ആംഗ്ലിസിസ്റ്റുകൾ: ഇംഗ്ലീഷ് ഭാഷയിലൂടെ ഇംഗ്ലീഷ് സാഹിത്യവും ശാസ്ത്രവും മൂല്യങ്ങളും പഠിപ്പിക്കുകമാത്രം ചെയ്താൽ ഇന്ത്യൻ സമൂഹത്തിന്റെ യാഥാസ്ഥിതിക പിന്നോക്കാവസ്ഥ പരിഹരിച്ച് പുരോഗതി യിലേക്കും ആധുനികതയിലേക്കും നീങ്ങാൻ സാധിക്കുമെന്ന് ഡഫ്, റാം മോഹൻ എന്നിവരോടൊപ്പം ചിന്തിച്ചവർ.

2. പൗരസ്ത്യഭാഷാവാദികൾ (ഓറിയന്റലിസ്റ്റ്സ്): ഇന്ത്യൻ സ്വത്വം സംസ്കൃതത്തിലും പാലിയിലും പേർഷ്യനിലും അധിഷ്ഠിതമാണെന്നു വിശ്വസിച്ചവർ. ഈ ഭാഷകളുടെയും സാഹിത്യങ്ങളുടെയും പഠനം പുനരു ദ്ധരിച്ചു പുരോഗമിപ്പിക്കുകയാണ് ഇന്ത്യൻ സ്വത്വത്തിന്റെ ശീഘ്രവളർച്ച യ്ക്ക് ആവശ്യമെന്നവർ കരുതി.

3. തദ്ദേശീയ ഭാഷാവാദികൾ (വെർണാക്കുലറിസ്റ്റ്സ്): ഒരു ചെറിയ സംഘം ചിന്തകന്മാർ (അധികപങ്കും ബ്രിട്ടീഷുകാർ) ജനങ്ങളുടെ ഭാഷയ ല്ലാത്ത സംസ്കൃതവും പേർഷ്യനും അറബിയും ഇംഗ്ലീഷു പോലെ തന്നെ നിഷ്പ്രയോജനമാണെന്നു വിശ്വസിച്ചു. ഡോ. മാർഷ്മൗൻ (ജൂണിയർ), ബ്രയാൻ എച്ച്. ഹോഡ്ജ്സൺ എന്നിവർ ഈ ഭാഷകൾ (ഇംഗ്ലീഷ് ഉൾ പ്പെടെ) ഭരണകൂടത്തിന്റെ നിഗൂഢതയുടെ മാറ്റു വർദ്ധിപ്പിക്കുന്നുവെന്നു വിശ്വസിച്ചു. ഭരണകൂടത്തിൽ നിന്നു ജനങ്ങളെ അകറ്റി നിർത്താൻ മാത്രമേ ഇത് ഉപകരിക്കുകയുള്ളു എന്നവർ വാദിച്ചു. തദ്ദേശീയ ഭാഷകളെ പ്രോത്സാഹിപ്പിയ്ക്കുവാനാണ് അവർ ആഗ്രഹിച്ചത്.

ഡഫ്, മെക്കാളേ, മെക്കാളേയുടെ സ്യാലനായ ചാൾസ് ട്രവില്യൻ എന്നി വരാണ് ആംഗ്ലിസിസ്റ്റുകളുടെ നേതാക്കൾ. ട്രവില്യൻ നാലു വർഷം ഡൽ ഹിയിൽ ചെലവഴിച്ചശേഷം 1931-ൽ കൽക്കട്ടയിലെത്തുകയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ഹൈന്ദവമതത്തെ അട്ടിമറിക്കുന്നതിന് ഡഫിന്റെ പരിപാടിയിൽ മുഴുകുകയും ചെയ്തു.

പക്ഷേ, അധികാരം പൗരസ്ത്യഭാഷാവാദികളുടെ (ഓറിയന്റലിസ്റ്റ്സ്)

പക്കലായിരുന്നു. പൊതു വിദ്യാഭ്യാസത്തിന് വകയിരുത്തിയ പണം അവരുടെ നിയന്ത്രണത്തിലും. ആംഗ്ലിസിസ്റ്റുകൾ അവരെ ബ്രാഹ്മണ പക്ഷപാതികളെന്നു വിളിച്ചു. ഗവർണർ ജനറലിന്റെ സഹപ്രവർത്തകനായിരുന്ന എച്ച്. ഷേക്സ്പിയർ, ഗവൺമെന്റ് സെക്രട്ടറിയും അറബി – സംസ്കൃത പണ്ഡിതനുമായ എച്ച്. തോബി പ്രിൻസെഫ്, ഗവർണർ ജനറൽ വില്യം ബെന്റിക്കിന്റെ സെക്രട്ടറി വില്യം ഹേം മാക്നോട്ടൻ, വിദ്യാഭ്യാസ വകുപ്പു സെക്രട്ടറി ടി. സി. സി. സതർലൻഡ് തുടങ്ങിയവരായിരുന്നു അവരുടെ നേതാക്കൾ.

മെക്കാളെ 'മിനുറ്റ്' എന്ന പ്രബന്ധം (1835) എഴുതിയതു പ്രത്യേക ലക്ഷ്യം വച്ചായിരുന്നു. 1813-ൽ ബ്രിട്ടീഷ് പാർലമെന്റ് അനുവദിച്ച വിദ്യാഭ്യാസ ഫണ്ടിന്റെ നിയന്ത്രണം ഓറിയന്റലിസ്റ്റുകാർക്കായിരുന്നു. ഫണ്ടിന്റെ നിയന്ത്രണം ആംഗ്ലിസിസ്റ്റുകൾക്കു കൈമാറുക എന്നതായിരുന്നു മെക്കാളെയുടെ ലക്ഷ്യം. ഡഫിന്റെ ജീവചരിത്രകാരൻ ഈ 'മിനുറ്റ്' ഇന്ത്യൻ ജനതക്കുവേണ്ടിയുള്ള ബുദ്ധിജീവികളുടെ സ്വാതന്ത്ര്യത്തിന്റെ ഒന്നാം ചാർട്ടറാണെന്നു രേഖപ്പെടുത്തി. പാർലമെന്ററി കമ്മിറ്റി മുമ്പാകെ ഡഫ് നൽകിയ തെളിവിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച വിദ്യാഭ്യാസ തീട്ടൂരമാണ് രണ്ടാമത്തേത്.

പൗരസ്ത്യഭാഷാവാദികൾ (ഓറിയന്റലിസ്റ്റ്) അടിസ്ഥാനപരമായി യാഥാസ്ഥിതികരായിരുന്നു. ജാതിവ്യവസ്ഥ ഭദ്രമായി സംരക്ഷിക്കണമെന്നവർ ആഗ്രഹിച്ചു. വിദ്യാഭ്യാസം പ്രാഥമികമായി ബ്രാഹ്മണർക്കു നൽകണമെന്നാണതിനർത്ഥം. നേരെമറിച്ചു ആംഗ്ലിസിസ്റ്റുകൾ ധീരരായ സാമൂഹ്യ പരിഷ്ക്കർത്താക്കളായിരുന്നു. ജാതിവ്യവസ്ഥ ദൈവഹിതത്തിനു വിരുദ്ധമാണെന്നു ചിന്തിക്കുന്ന ക്രിസ്ത്യൻ മിഷനറിമാരായിരുന്നു അവരിൽ പലരും.

ബ്രിട്ടീഷ് ഗവൺമെന്റിന്റെ മഹത്തായ ലക്ഷ്യം ഇന്ത്യയിലെ ജനങ്ങളെ യൂറോപ്യൻ സാഹിത്യവും ശാസ്ത്രവും പഠിപ്പിക്കുകയാണെന്നും വിദ്യാഭ്യാസത്തിനുള്ള എല്ലാ ഫണ്ടുകളും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുവേണ്ടി ഉപയോഗിക്കുകയാണെന്നും 1835 മാർച്ച് ഏഴിനു ഗവർണർ ജനറൽ നടത്തിയ പ്രഖ്യാപനത്തിൽ പറഞ്ഞു. ഈ ഡിക്രി തയ്യാറാക്കിയതും മെക്കാളെ തന്നെയായിരുന്നു. വളരെയേറെ പണം പൗരസ്ത്യകൃതികളുടെ പ്രസാധനത്തിന് കമ്മിറ്റി ചെലവിട്ടതായി ഗവർണർ ജനറലിന്റെ ശ്രദ്ധയിൽപെട്ടിരിക്കുന്നുവെന്നും ഇനിമേൽ ഫണ്ടിന്റെ ഒരംശവും ഈ ആവശ്യത്തിന് ഉപയോഗിക്കാൻ പാടില്ലെന്ന് ഗവർണർ ജനറലിന്റെ കൗൺസിൽ അനുശാസിക്കുന്നുവെന്നും ഡിക്രിയിൽ പറഞ്ഞു.

ഇതൊന്നും ഡഫിനെ തൃപ്തനാക്കിയില്ല. ഡിക്രി അദ്ദേഹത്തിന്റെ ആദർശത്തോളം ഉയർന്നിരുന്നില്ല. മെക്കാളേ വിഗ് പാർട്ടിക്കാരനായിരുന്നു. മതനിരപേക്ഷതയായിരുന്നു മെക്കാളേയുടെ പ്രബുദ്ധതയുടെ പ്രമാണം. തന്മൂലം ഡിക്രിയിൽ ക്രിസ്തീയ ബോധനത്തിനു വ്യവസ്ഥയില്ല. ഡഫ് ആകട്ടെ ക്രിസ്ത്യൻ മിഷനറിയായിരുന്നു. ലൗകികമായ ഒത്തുതീർപ്പിനു വേണ്ടി 'ക്രിസ്തീയത' ബലികഴിക്കുന്നത് കുറ്റകരമാണെന്ന് അദ്ദേഹം

ചിന്തിച്ചു. എന്നിരിക്കിലും ക്രിസ്തുമതപ്രചരണത്തിന് പ്രസ്തുത ഡിക്രി ഉപയോഗിക്കാൻ അദ്ദേഹം തയ്യാറായി.

കൊളോണിയലിസത്തോടുള്ള ഇന്ത്യയുടെ എതിർപ്പ് ഇല്ലാതാക്കുവാൻ ഹിന്ദുമതത്തെ നശിപ്പിക്കണമെന്നതായിരുന്നു മെക്കാളേയുടെ താല്പര്യം. ക്രിസ്തുമതസ്ഥാപനത്തിനുവേണ്ടി ഹിന്ദുമതത്തെ നശിപ്പിക്കണമെന്നായിരുന്നു ഡഫിന്റെ ലക്ഷ്യം. സ്വാഭാവികമായും, കൊളോണിയൽ ഗവൺമെന്റ് മെക്കാളേയുടെ പ്രവർത്തനരീതിയ്ക്കു പിന്തുണ നൽകി. എന്തായാലും രണ്ടു പേരുടേയും ഉദ്ദേശ്യം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ഹിന്ദുമതത്തെ നശിപ്പിക്കുകയായിരുന്നു.

കൽക്കട്ടയിൽ 1822-ൽ സ്ഥാപിച്ച ഗവൺമെന്റ് മെഡിക്കൽ സ്ഥാപനത്തിലൂടെ ആയുർവേദത്തെ പുനരുദ്ധരിക്കുവാൻ പൗരസ്ത്യവാദികൾ (ഓറിയന്റലിസ്റ്റുകൾ) പരിശ്രമിച്ചു. വിദ്യാഭ്യാസം ആംഗ്ലിസിസ്റ്റുകളുടെ രീതിയിൽ മുന്നേറുന്നപക്ഷം, കുറഞ്ഞപക്ഷം ഒരു ഓറിയന്റലിസ്റ്റ് മെഡിക്കൽ സമ്പ്രദായമെങ്കിലും വളരട്ടെയെന്നായിരുന്നു അവരുടെ ചിന്ത. ഡഫും സുഹൃത്തുക്കളും പ്രതിഷേധിച്ചു, പ്രക്ഷോഭം നടത്തി. 1835 ജനുവരി 28-നു ഗവർണർ ജനറൽ ഈ മെഡിക്കൽ സ്ഥാപനം നിർത്തലാക്കി. പാശ്ചാത്യ ഔഷധത്തിനു പുതിയ കോളജ് ആരംഭിച്ചു. ആ പുതിയ കോളജ് 1835 ജൂൺ ഒന്നിനു കൽക്കട്ടായിൽ തുറന്നു. ഈ സ്ഥാപനം താമസിയാതെ ലോകത്തിലെ ഏറ്റവും വലിയ മെഡിക്കൽ വിദ്യാലയമായി മാറി. ഡഫിന്റെ പ്രചാരണ പ്രവർത്തനം ബോംബെയിലും മദ്രാസിലും ലാഹോറിലും ആഗ്രയിലും മെഡിക്കൽ വിദ്യാഭ്യാസം വ്യാപിക്കാൻ കാരണഭൂതമായി.

ഡഫിന്റെ പുരോഗാമിയായ പ്രവർത്തനങ്ങളുടെ മൂന്നാമത്തെ മേഖല സാഹിത്യമായിരുന്നു. ഇന്ത്യൻ ഭാഷകളിലെ സാഹിത്യത്തിന് ഇംഗ്ലീഷ് സാഹിത്യം ബോധനം നൽകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഡഫ് തന്റെ വിദ്യാലയത്തിൽ ഒരു ബംഗാളി ഡിപ്പാർട്ട്മെന്റ് തുറന്നു. പാശ്ചാത്യസത്യവും ഇംഗ്ലീഷുകാരുടെ ഔദാര്യവും പരഗുണകാംക്ഷയും ഇന്ത്യയിലെ ജനലക്ഷങ്ങളിൽ എത്തണമെന്നും അവരുടെ മാതൃഭാഷയിലെ സാഹിത്യത്തിൽ അതു ബീജോൽപാദനത്തിനു ഹേതുഭൂതമാകണമെന്നും ഡഫ് ദൃഢമായ തീരുമാനത്തിലെത്തി എന്ന് ജോർജ് സ്മിത്ത് രേഖപ്പെടുത്തുന്നു.

ഡഫിന്റെ വിഭാവനത്തിൽപെട്ട ഡിക്രി എന്തു നേടിയെന്നു വിലയിരുത്തുന്നതു പ്രയോജനകരമായിരിയ്ക്കും. വിജയം സമ്പൂർണ്ണമായിരുന്നില്ലെന്നു വ്യക്തം. എന്നിരിക്കിലും ഗണ്യമായ നേട്ടം കൈവന്നു. പാശ്ചാത്യ സംസ്ക്കാരത്തിന്റെ ആഘാതത്തിൽ ഇന്ത്യയിലെ ഹൈന്ദവസംസ്ക്കാരത്തിനു ഇളക്കം തട്ടുകതന്നെ ചെയ്തു. എല്ലായ്പ്പോഴും സംഭവിക്കുന്നതുപോലെ ആ ആഘാതത്തിനു നിഷേധാത്മകവും രചനാത്മകവുമായ ഫലങ്ങളുണ്ട്. ഒരു ഇന്ത്യൻ സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനം ആരംഭിച്ചത് നല്ല ഫലമാണ്. സതി പോലെ പല മനുഷ്യത്വരഹിതമായ ആചാരങ്ങൾ അവസാനിപ്പിക്കുവാൻ കഴിഞ്ഞു.

പാശ്ചാത്യലിബറൽ വിദ്യാഭ്യാസത്തിന്റെ സ്വാധീനത്തിൽ ഇന്ത്യാ

ക്കാർക്കു പുതിയ അധികാരസ്രോതസ്സ് ലഭ്യമായി. പവിത്രമെന്നും ഹൈന്ദവവേദങ്ങളുടെ പിൻബലമുള്ളതെന്നും പരിഗണിച്ചുപോന്ന പല സിദ്ധാന്തങ്ങളേയും എതിർക്കാനും ഉല്ലംഘിക്കാനും ആവശ്യമായ ധീരത ജനങ്ങൾക്ക് അതിൽനിന്നും ലഭിച്ചു. ആരോഗ്യപരിരക്ഷയും വിദ്യാഭ്യാസവും ഗവൺമെന്റാഫീസുകളും വിപുലമായ തോതിൽ ജനങ്ങൾക്കു പ്രാപ്യമായി. ജനങ്ങളെ അകറ്റിനിർത്തുവാൻ ഉണ്ടാക്കിയിരുന്ന വിലക്കുകൾ ഇടിച്ചുനിരത്താൻ മാർഗ്ഗമുണ്ടായതോടെ ജനസമ്പർക്കം വർദ്ധിച്ചു.

ഡഫ്, വിത്സൺ, മെക്കാളേ എന്നിവർ നമ്മുടെ ജനങ്ങളിലെ വരേണ്യവിഭാഗത്തിന്മേൽ ഇംഗ്ലീഷ് വിദ്യാഭ്യാസം അടിച്ചേല്പിച്ചില്ലായിരുന്നുവെങ്കിൽ കൊളോണിയൽ ഭരണകാലത്തെ ഐക്യം സാദ്ധ്യമാകുമായിരുന്നോ എന്ന ചോദ്യം പ്രസക്തമാണ്. ഓറിയന്റലിസ്റ്റ് പക്ഷക്കാരുടെ അഭിപ്രായമനുസരിച്ചു പോയിരുന്നെങ്കിൽ ഈ രാഷ്ട്രം ഏതു രീതിയിലാകുമായിരുന്നു? ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഈ രീതിയിൽ രൂപവല്ക്കരിക്കപ്പെടുമായിരുന്നോ. ജവഹർലാൽ നെഹ്റു ഇത്രയേറെ സമുന്നതമായ സ്ഥാനത്തെത്തുമായിരുന്നോ? ഇത്തരം ചോദ്യങ്ങൾ ഒരുപക്ഷേ അലസമായ വ്യർത്ഥഭാവനകളിലേക്കാവും നമ്മെ നയിക്കുക. പക്ഷേ, നമ്മുടെ ഇന്നത്തെ നില മനസ്സിലാക്കുവാനും ഒരു രാഷ്ട്രമെന്ന നിലയിൽ ഭാവികരുപ്പിടിപ്പിക്കാനും ശ്രമിക്കുമ്പോൾ അതിനെല്ലാം സാംഗത്യവും പ്രസക്തിയുമുണ്ടെന്നതിൽ തർക്കമില്ല.

സങ്കുചിതവും അടഞ്ഞതുമായ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ നാം സൃഷ്ടിച്ച വരേണ്യവിഭാഗത്തെ അപേക്ഷിച്ച്, കൂടുതൽ ജീവവത്തും സർഗ്ഗാത്മകവും വിവിധ സംസ്കാരങ്ങളിൽ നിഷ്ണാതരുമായ ഒരു സംഘം അഭ്യസ്തവിദ്യരെ സൃഷ്ടിക്കാൻ നമുക്കു കഴിയുമായിരുന്നില്ലേ എന്നു ചിന്തിക്കാവുന്നതാണ്.

അങ്ങനെ ഇംഗ്ലീഷ് വിദ്യാഭ്യാസം അതിന്റെ ലക്ഷ്യം ഭാഗികമായി നേടി; സാംസ്കാരികമായ നിർവീര്യമാക്കലിലൂടെ ഇന്ത്യക്കാർ കൊളോണിയൽ ഭരണത്തോടു മെല്ലെ അനുഭാവമുള്ളവരായി മാറി. വിത്സന്റെയും ഡഫിന്റെയും ഉപദേശാനുസരണം മെക്കാളേ പാകിയ മൈനുകൾ പൊട്ടിത്തെറിച്ചു. പരമ്പരാഗത ഹൈന്ദവാചാരങ്ങൾക്ക് അഭ്യസ്തവിദ്യരുടെ മേലുള്ള സ്വാധീനം ക്ഷയിച്ചു. പാശ്ചാത്യരാജ്യത്തെ ലിബറലുകളുടെ പ്രതിച്ഛായയിൽ ഏതു രീതിയിലും മെരുക്കിയെടുക്കാവുന്ന പരുവത്തിലായി ഇന്ത്യൻ ജനതയുടെ നേതൃത്വം.

ഹിന്ദുമതത്തെയും ഹിന്ദുക്കളെയും 'ക്രിസ്തു'വിനു മുമ്പിൽ അടിയറവു പറയിക്കണമെന്നു ക്രിസ്തീയ മിഷനറി എന്ന നിലയിൽ ഡഫ് ആഗ്രഹിച്ചിരുന്നു. ഇന്ത്യയെ ക്രിസ്തുമതത്തിനു വിധേയയാക്കാൻ കൊളോണിയൽ ഭരണാധിപന്മാരെ ഉപയോഗിക്കണം. ഇക്കാര്യത്തിൽ ഡഫിന്റെ ലക്ഷ്യം വളരെ പരിമിതമായ തോതിലെ നേടാൻ കഴിഞ്ഞുള്ളൂ. ക്രിസ്ത്യൻ സ്കൂളുകളിലും കോളജുകളിലും പഠിച്ചു ക്രിസ്തീയ മൂല്യങ്ങൾ ആഗിരണം ചെയ്ത യുവാക്കളും യുവതികളും വളരെയേറെയൊന്നും ക്രിസ്തുമതം സ്വീകരിച്ചതായി കാണുന്നില്ല. ചുരുക്കം ചിലർ ക്രിസ്ത്യാനികളായി.

രാജാ സർ മഹാരാജസിംഗ്, രാജകുമാരി അമൃത കൗർ തുടങ്ങിയ ചില രുടെ പേരുകൾ ക്രിസ്ത്യാനികളായി മതപരിവർത്തനം നടത്തിയ നേതാക്കളുടെ കൂട്ടത്തിൽ ഓർക്കാനുണ്ട്. ഇവർ പോലും പരമ്പരാഗത ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നുള്ളവരല്ല. ക്രിസ്തീയ വിദ്യാലയങ്ങളിൽ പഠിച്ച ഹിന്ദുക്കളിൽ ഭൂരിഭാഗവും ബ്രിട്ടീഷ് ക്രിസ്തുമതത്തിൽ നിന്നും യൂറോപ്യൻ പ്രബുദ്ധതാപ്രകാശത്തിൽ നിന്നും അനേകം മൂല്യങ്ങൾ സ്വായത്തമാക്കിയെങ്കിലും നാമമാത്ര ഹിന്ദുക്കളായിത്തന്നെ തുടരുകയാണുണ്ടായത്.

നാമമാത്ര ഹിന്ദുക്കളായിരുന്നുവെന്നു പറയുവാൻ കാരണമുണ്ട്. ക്ഷേത്രാരാധന, ഭവനത്തിലെ ഭജനപാരായണം തുടങ്ങിയ ഹിന്ദുമതാചാരങ്ങളോട് അവരിൽ പലരും യാത്ര പറഞ്ഞു. ആംഗ്ലിക്കൻ സംസ്ക്കാരാവേശിതരായ ഈ ഹിന്ദുക്കൾ സാംസ്ക്കാരികമായ ഹിന്ദു പാരമ്പര്യത്തെ അഭിമാനപൂർവ്വം ഉയർത്തിപ്പിടിച്ചുവെങ്കിലും അവരുടെ ചിന്തയും പ്രതിസ്പന്ദനങ്ങളും പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ സ്വാധീനത്തിനു വിധേയമായി. ഹിന്ദു സ്വത്വം സംരക്ഷിക്കുന്നതോടൊപ്പം തന്നെ, നെഹ്റു രൂപപ്പെടുത്തിയ ഒരു 'സെക്കുലർ' സ്വത്വത്തോട് അവർ വിധേയത്വം വാഗ്ദാനം ചെയ്തു. മുസ്ലീങ്ങളിലും സിക്കുകാരിലും ഉള്ള അഭ്യസ്തവിദ്യർക്കും ഇങ്ങനെതന്നെ സംഭവിച്ചു.

അങ്ങനെ ഇന്ത്യയിലെ അഭ്യസ്തവിദ്യരുടെ ആത്മാവിൽ ഒരു സ്വത്വപ്രതിസന്ധി പല തലമുറകളിലേയ്ക്കു തുടർന്നുണ്ടായി. ഈ സംഘട്ടനമാണിപ്പോൾ പല രീതിയിലുള്ള വർഗ്ഗീയതയായി മറപൊക്കി വെളിയിൽ വന്നിട്ടുള്ളത്. ഭൂരിപക്ഷ ഹൈന്ദവ വർഗീയതയാണ് അവയിൽ പ്രധാനം.

ഇംഗ്ലീഷ് വിദ്യാഭ്യാസം അടിച്ചേല്പിച്ച നിർവീര്യതയിൽനിന്നു സടകുടഞ്ഞ് എഴുന്നേറ്റ് വീറും വീര്യവും വീണ്ടെടുക്കണമെന്നു അഭ്യസ്തവിദ്യരായ ഹിന്ദുക്കളിൽ പലരും ചിന്തിച്ചുതുടങ്ങി. ആ ഉൽക്കടാഭിവാഞ്ഛ, നിർവീര്യമാക്കപ്പെട്ട സ്വത്വത്തിൽ നിന്ന് ഉയരുന്നതാകയാൽ, അതു പല സരണികളെ അവലംബിക്കുന്നു; ഇംഗ്ലീഷിന്റെ സ്ഥാനത്തു ഹിന്ദി പ്രതിഷ്ഠിക്കാനുള്ള പ്രക്ഷോഭം, ഇന്ത്യൻ രാഷ്ട്രീയ സമ്പദ്വ്യവസ്ഥയിൽ ഹിന്ദി മേഖലയുടെ നിയന്ത്രണം ഉറപ്പാക്കാനുള്ള പ്രയത്നങ്ങൾ, ഉപരിപ്ലവമായ ഒരു ഹിന്ദുമത നവീകരണത്തിനു ശീഘ്രഫലം നൽകുന്ന മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കൽ, ആർ. എസ്. എസ്. ന്റെയും ഹിന്ദു രാഷ്ട്രീയ പാർട്ടികളുടെയും രൂപവല്ക്കരണം തുടങ്ങിയവ, പല സരണികളിൽ ചിലതാണ്. അതേസമയം സിക്കുകാരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും അവരവരുടെ സ്വത്വം സ്ഥാപിക്കാൻ വക്രമാർഗ്ഗങ്ങൾ അവലംബിക്കുന്നു. ഇതെല്ലാം വർഗ്ഗീയ സംഘട്ടനങ്ങൾക്കും വർഗീയ ലഹളകൾക്കും കാരണമാകുന്നുണ്ട്.

മതത്തെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും തൽഫലമായി വർഗീയ സംഘട്ടനങ്ങൾക്കിടയാകുന്നതിനും രാഷ്ട്രീയക്കാരെ പഴി പറയുക എളുപ്പമാണ്. എന്നാൽ സെക്കുലർ സ്വത്വം, ഇന്ത്യൻ സ്വത്വം, വർഗീയ സ്വത്വം എന്നിവ തമ്മിലുള്ള സംഘട്ടനം നമ്മുടെ സെമിനാറുകളിലോ ജേർണലുകളിലോ ഗ്രന്ഥങ്ങളിലോ കൈകാര്യം ചെയ്യാതെ പോകുന്നുവെന്നതാണു പ്രസക്തമായ കാര്യം. ഇന്ത്യൻ സ്വത്വത്തിന്റെ സ്വഭാവവും

പരിഗണനീയമാണ്. വരേണ്യവർഗ്ഗത്തിന്റെ സ്വത്വവും സാധാരണ ജനങ്ങളുടെ സ്വത്വവും തമ്മിലുള്ള സംഘട്ടനവും അങ്ങനെതന്നെ.

ആംഗ്ലിസിസ്റ്റുകളും നമ്മുടെ ദേശീയ നേതാക്കളും താലോലിച്ചുപോന്ന ആശയമാണ് ഭൂതകാലവുമായുള്ള സമ്പൂർണ്ണ വിച്ഛേദം. ഇന്ത്യൻ സ്വത്വത്തിന്റെ പശ്ചാത്തലത്തിൽ ഈ നിലപാട് പുനഃപരിശോധന അർഹിക്കുന്നു. സ്വാതന്ത്ര്യപ്രക്ഷോഭണത്തോടുകൂടി ആരംഭിക്കുന്ന ഭാരത ചരിത്രത്തിൽ ആ സ്വത്വം അധിഷ്ഠിതമായിക്കൂടാ.

ഈ പ്രശ്നം ആർഷഭാരതത്തിലേക്കാൾ കൂടുതലായി, നാസ്തികമെന്നു പ്രഖ്യാപിതമായ സോവിയറ്റ് യൂണിയനിൽ അംഗീകരിക്കപ്പെടുന്നുണ്ടെന്നതു വിചിത്രമായിത്തോന്നാം. അരനൂറ്റാണ്ടു മുമ്പ് സ്റ്റാലിന്റെ ഭരണകാലത്താണു സോവിയറ്റ് യൂണിയൻ ആദ്യമായി ഈ പ്രശ്നം അഭിമുഖീകരിച്ചത്. നാസികളുടെ ആക്രമണ കാലത്ത്. ആക്രമണം തുടങ്ങുമ്പോൾ ബോൾഷെവിക് വിപ്ലവം തീർന്നിട്ടു കഷ്ടിച്ചു 25 വർഷമാകുന്നതേയുള്ളു. ധീരോചിതമായ ഒരു ചെറുത്തുനില്പു സംഘടിപ്പിക്കാൻ ആ ചുരുങ്ങിയ കാലചരിത്രം പര്യാപ്തമായില്ല. ടാർട്ടാറുകളുടെയും മംഗോളികളുടെയും ആക്രമണത്തെ എതിർത്തുനിന്ന റഷ്യയുടെ ചരിത്രപ്രസിദ്ധമായ പ്രതിരോധത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള അവബോധം സ്റ്റാലിന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടി വന്നു. റഷ്യൻ ഓർത്തഡോക്സ് സഭയെയും സന്യാസാശ്രമങ്ങളെയും ബിഷപ്പുമാരെയും ചുറ്റിപ്പറ്റിയുള്ള ചെറുത്തുനില്പായിരുന്നു അത്. സാഹിത്യം, ബാലെ, നാടകം, ചലച്ചിത്രം എന്നിവയിലൂടെ ഈ ഓർമ്മകളെ സജീവമായി പുനരവതരിപ്പിക്കുന്നതിനു നാസ്തികഗവൺമെന്റും പാർട്ടിയും കിണഞ്ഞുപരിശ്രമിച്ചു. സമർത്ഥമായ ഒരു ജോലിയാണ് അന്നവർ നിർവഹിച്ചത്. ഈ പ്രക്രിയയിൽ ജനങ്ങളുടെ പിന്തുണ നേടാൻ ക്രൈസ്തവ സഭയെപ്പോലും പഴയ സോവിയറ്റ് യൂണിയന് ഉപയോഗിക്കേണ്ടിവന്നു. മോസ്ക്കോ പാത്രിയർക്കീസ് അലക്സിസ്, ഹിറ്റ്ലറോടുള്ള എതിർത്തുനില്പിന്റെ ധീര നേതാവായിത്തീരുകയും ചെയ്തു.

പെരിസ്ട്രോയിക്കയുടെ കാര്യവും വ്യത്യസ്തമല്ല. റഷ്യയും മറ്റും വിദേശീയാക്രമണത്തിന്റെ ഭീഷണിയിലല്ലെങ്കിലും മുതലാളിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും ശക്തികളിൽനിന്നു കൂടുതൽ വിപൽക്കരമായ ഭീഷണികളാണ് ആ രാജ്യങ്ങൾ നേരിടുന്നത്. രാജ്യത്തെ ഞെക്കിഞെരുക്കുന്ന ഈ വിപത്തിനെ നേരിടുന്നതിനുള്ള മുഖ്യമാർഗം ഈ രാജ്യങ്ങളെ സാമ്പത്തികമായും സാംസ്ക്കാരികമായും ശക്തമാക്കുകയാണ്. സമ്പദ്വ്യവസ്ഥയെ പുനഃസംഘടിപ്പിച്ചു ബലവത്താക്കുന്നതിലും രാഷ്ട്രത്തിന്റെ സാംസ്ക്കാരിക ചൈതന്യം പുനഃസ്ഥാപിക്കുന്നതിലും പ്രധാനസ്ഥാനം വഹിക്കുന്ന ഘടകം മാനവിക ഘടകവും ജനങ്ങളുടെ സ്വത്വവുമാണെന്ന വസ്തുത ഇന്നു പൊതുവേ മനസ്സിലാക്കി വരുന്നുണ്ട്.

ഇന്ത്യയിൽ ഭൂതകാലവുമായുള്ള ബന്ധം സമ്പൂർണ്ണമായി വിച്ഛേദിച്ചത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുകൂടിയാണ്. പക്ഷേ, പില്ക്കാലത്ത് കൂട്ടുപിരിഞ്ഞ ഭൂതകാലചരിത്രത്തെ പുനഃസൃഷ്ടിക്കേണ്ടതിന്റെ ആവശ്യക

തയും നാം മനസ്സിലാക്കി. അങ്ങനെ പുനഃസൃഷ്ടിക്കപ്പെട്ട ഭൂതകാലത്തിന്റെ അധികപങ്കും മുൻവിധി കലർന്നതും പറഞ്ഞെഴുതിച്ചതുമാണ്. അതാണിന്ന് നമ്മുടെ സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും ഇന്ത്യാചരിത്രത്തിന്റെ രൂപത്തിൽ പഠിപ്പിക്കുന്നത്.

മതത്തിലും സംസ്ക്കാരത്തിലും എക്കാലത്തും ഭാരതം ഹൈന്ദവമായിരുന്നെന്ന ധാരണ പ്രകടിപ്പിക്കാൻ നമ്മുടെ ബുദ്ധമത പൈതൃകവും ജൈനമത പൈതൃകവും അധികപങ്കും നാം ചവുട്ടിമെതിച്ചു. മദ്ധ്യേഷ്യ, പശ്ചിമേഷ്യ, ഗ്രീസ് എന്നിവിടങ്ങളിലെ നാഗരികതകളോടും സംസ്ക്കാരങ്ങളോടും നമുക്കുള്ള കടപ്പാട് തുറന്നു സമ്മതിക്കുന്നതിലും നാം അധികപങ്കും പരാജയപ്പെട്ടു.

ഇന്ത്യൻ സ്വത്വം ഉത്തേജിപ്പിക്കുന്നതിലും പുനഃസ്ഥാപിക്കുന്നതിലും മൂന്നു ഘടകങ്ങൾ അത്യന്താപേക്ഷിതങ്ങളായി തോന്നുന്നു. നമ്മുടെ ഭൂതകാലം സംബന്ധിച്ച കൂടുതൽ സത്യസന്ധമായ വിലയിരുത്തൽ, നമ്മുടെ സാർവജനീനവും സാർവദേശീയവുമായ സമ്പർക്കങ്ങളെപ്പറ്റി കൂടുതൽ സന്തുലിതമായ അവബോധം, ആംഗ്ലോ - അമേരിക്കൻ സംസ്ക്കാരങ്ങൾ ഒഴിച്ചുള്ള മറ്റു സംസ്ക്കാരങ്ങളിലേക്കു കൂടുതൽ ഋജുവായ പ്രവേശനം എന്നിവയാണീ ഘടകങ്ങൾ.

(Enlightenment East and West (Published by Indian Institute of Advanced Studies, Shimla, 1991) എന്ന ഗ്രന്ഥത്തിലെ പത്താം അദ്ധ്യായത്തിന്റെ സംഗ്രഹം. പരിഭാഷകൻ: എം. കുര്യൻ)



**ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിനൊപ്പം**

# 2

# പാശ്ചാത്യ പ്രബുദ്ധതയുടെ മാറുന്ന മുഖങ്ങൾ

ആധുനികം (Modern), ആധുനികോത്തരം (Post - Modern), ഘടനാവാദം (Structuralism), അപനിർമാണം എന്നിങ്ങനെ പാശ്ചാത്യ സാഹിത്യത്തിലും ദർശനത്തിലും ഉടലെടുത്തിരിക്കുന്ന ആശയങ്ങളെ നാം മലയാളീകരിക്കുമ്പോൾ ഈ ആശയങ്ങളുടെ ചരിത്രപശ്ചാത്തലത്തെ അവഗണിച്ചാണു പലപ്പോഴും നാം അതു ചെയ്യുന്നത്. പാശ്ചാത്യരീതികളെ ഭാഗികമായിട്ടെങ്കിലും അനുധാവനം ചെയ്യുകയെന്നതു ഭാരതത്തിലെ എല്ലാ ചിന്താസരണികളിലും കാണപ്പെടുന്ന ഒരു പ്രവണതയാണ്.

ഭാരതീയ ചിന്താവിഭാഗങ്ങളെക്കുറിച്ചു ഭാരതീയർക്കുള്ള അറിവ് മിക്കപ്പോഴും പരിമിതമാണ്. അതിനേക്കാൾ കൂടുതൽ ഉപയോഗിച്ചു പരിചയമുള്ളത് പാശ്ചാത്യചിന്താവിഭാഗങ്ങളാണ് (Categories of thought).

പാശ്ചാത്യചിന്ത മാത്രമല്ല, പാശ്ചാത്യ സംസ്കാരം തന്നെ ഇന്ന് സുപ്രധാനമായ ഒരു വഴിത്തിരിവിലെത്തി, എങ്ങോട്ടു തിരിയണമെന്നറിയാതെ അന്ധാളിച്ചു നിൽക്കുകയാണ്. ആ അന്ധാളിപ്പിൽ നിന്നുദിച്ചതാണ് ഇന്നു കാണുന്ന പല ചിന്താസരണികളും. ഇരുന്നൂറിൽപരം വർഷങ്ങളായി ആഗോളസ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന പാശ്ചാത്യനാഗരികതയ്ക്ക് അടിസ്ഥാനപരമായ അമളി ആരംഭത്തിൽത്തന്നെ പറ്റിയിട്ടുണ്ടെന്ന കാര്യം ഈയിടെ മാത്രമാണ് അധികം പേരുടെയും ചിന്തയ്ക്കു വിഷയമായിട്ടുള്ളത്. ഈ അടിസ്ഥാനപരമായ അമളിയെപ്പറ്റി കേരളീയ ചിന്തകരും ബോധവാന്മാരാകേണ്ടത് വളരെ അവശ്യം തന്നെ. പക്ഷേ, അതിനുവേണ്ടുന്ന ചരിത്രജ്ഞാനവും ദാർശനികബോധവുമുള്ള ചിന്തകരോ കേരളത്തിൽ വളരെ വിരളവും.

ആംഗലസാഹിത്യത്തിന്റെ ചുവടു പിടിച്ചാണു മലയാള സാഹിത്യവും ഭാരതീയ ദർശനവും പുരോഗമിക്കാൻ ശ്രമിക്കുന്നതെന്നു പലപ്പോഴും തോന്നിപ്പോകും. ആംഗല സംസ്കാരമെന്നു പറഞ്ഞാൽ, ഇംഗ്ലണ്ടിലും അമേരിക്കയിലും ഉള്ളവരുടെയും അതുപോലെ ഇംഗ്ലീഷ് ഭാഷ അഭ്യസിച്ചിട്ടുള്ള മറ്റു മനുഷ്യരുടെയും സംസ്കാരം. പക്ഷേ ആ സംസ്കാരത്തിന്റെ തന്നെ ചരിത്രപശ്ചാത്തലത്തെപ്പറ്റി പഠിക്കുവാനുള്ള അവസരം നമ്മുടെ സാഹിത്യകാരന്മാരിൽ വളരെക്കുറച്ചുപേർക്കു മാത്രമേ ഉണ്ടായിട്ടുള്ളു. ആ പശ്ചാത്തലത്തിലേക്ക് അൽപം വെളിച്ചം വീശുകയും അതിൽ നിന്നുരുത്തിരിഞ്ഞിട്ടുള്ള സാഹിത്യ – ദർശന സരണികളെ ആ പശ്ചാത്തലത്തിൽ മനസ്സിലാക്കുവാൻ സഹായിക്കുകയുമാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നത്.

### ആധുനിക പ്രബുദ്ധത

പ്രബുദ്ധത എന്ന പദം തികച്ചും ഭാരതീയമാണ്. ബുദ്ധധർമ്മത്തിലെ

കേന്ദ്രആശയമാണ് പ്രബുദ്ധത അഥവാ ബോധി (Enlightenment). ഈ ലോകത്തിലുള്ള ഒന്നിനും അതിന്റേതായ സ്വഭാവമില്ലെന്നും, മനുഷ്യ മനസ്സും അതിനെ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രതിഭാസവും തമ്മിൽ പരസ്പരസമ്പർക്കമുണ്ടാകുമ്പോൾ, ചില പ്രത്യേക സാഹചര്യങ്ങളിൽ ഉദിച്ചുയരുന്ന ഈ ലോകവും ഈ അഹവും സത്യവുമല്ല, അസത്യവുമല്ല, യഥാർത്ഥവുമല്ല, അയഥാർത്ഥവുമല്ല 'പ്രതീത്യസമുത്പന്നം' മാത്രമാണ് എന്നും അറിവുണ്ടാകുമ്പോൾ എല്ലാ കർത്താ, കർമ്മവിഷയ വിവേചനങ്ങൾക്കുമതീതമായി ചിന്തയ്ക്കും പ്രജ്ഞയ്ക്കും അപ്പുറത്തു മനുഷ്യപ്രജ്ഞയുടെ അതിരിക്തപ്രതിഭാസമായി നിർവാണം അഥവാ സമ്യക്സംബോധിയുണ്ടാകുന്നു. അതിനാണു ബുദ്ധഭഗവാന്റെ ശിഷ്യന്മാർ ബോധി എന്ന പേരു കൊടുത്തത്.

ഈ പ്രബുദ്ധതാപദത്തിനു ഭാരതീയ പാരമ്പര്യത്തിൽ നിന്നു തികച്ചും വ്യത്യസ്തമായ മറ്റൊരർത്ഥമാണ് പതിനെട്ടാം നൂറ്റാണ്ടിലെ ആധുനിക പാശ്ചാത്യപ്രബുദ്ധത (Modern Western Enlightenment) നൽകിയത്. ബുദ്ധധർമ്മത്തിലെ ബോധി സർവ്വത്തെയും ഒന്നായിക്കാണുന്നു. പാശ്ചാത്യബോധി നിരീക്ഷകനെയും നിരീക്ഷിതത്തെയും രണ്ടായിത്തന്നെ കാണുന്നു. ലോകത്തെ തന്നെ അതു കാണുന്നത് അതിന്റെ ബഹുസ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ്. ബുദ്ധബോധിയിലെ ഏകത്വം അതു കാണുന്നേയില്ല. ബുദ്ധബോധിയുടെ ഫലം കരുണയും ഭൗതിക മൂല്യങ്ങളോടുള്ള വൈരാഗ്യവും സർവ്വസൃഷ്ടികളോടുമുള്ള മൈത്രിയും ആണെങ്കിൽ, പാശ്ചാത്യബോധിയിൽ നിന്നുണ്ടാകുന്നത് സർവത്തെയും വിഷയവൽക്കരിച്ച്, അറിഞ്ഞ്, നിയന്ത്രിച്ച്, അധീനമാക്കി, സ്വായത്തമാക്കുവാനുള്ള വ്യഗ്രതയാണ്.

പതിനെട്ടാം ശതാബ്ദത്തിൽ തഴച്ചുവളർന്ന ഈ മനോഭാവത്തിന്റെ പര്യായപദങ്ങളാണ് 'ആധുനികതയും', 'പ്രബുദ്ധതയും.' ആധുനികതയെ നിർവചിക്കണമെങ്കിൽ ഈ പ്രബുദ്ധതയുടെ വിശകലനത്തിന്റെ പശ്ചാത്തലത്തിലേ സാധിക്കൂ.

പാശ്ചാത്യരുടെ ഈ ആധുനിക പ്രബുദ്ധതയുടെ ലക്ഷണങ്ങൾ നാലാണ്.

### മനുഷ്യസ്വാതന്ത്ര്യം

ഒന്നാമതു മനുഷ്യസ്വാതന്ത്ര്യത്തിന്മേലുള്ള ഊന്നൽ. 'എന്താണു പ്രബുദ്ധത?' എന്ന ശീർഷകത്തിൽ ബെർലീനിഷെ മോണാറ്റ്സ്ഷ്റിഫ്റ്റ് എന്ന മാസികയുടെ 1784 ഡിസംബർ ലക്കത്തിൽ ഇമ്മാനുവൽ കാന്റ് പ്രബുദ്ധതയുടെ അഥവാ ജ്ഞാനോദ്ദീപനത്തിന്റെ നിർവചനം നൽകുന്നത് ഈ വിധത്തിലാണ്:

"മനുഷ്യൻ തന്റെ സൃഷ്ടിയായ അപക്വതയുടെ തടവിൽനിന്നു വിമുക്തിപ്രാപിച്ചു പുറത്തിറങ്ങുന്നതാണ് പ്രബുദ്ധത. അന്യനിർദേശത്തിനു കീഴ്പ്പെടാതെ സ്വന്തം ബോധത്തിനനുസരിച്ചു ജീവിക്കുവാനുള്ള ഉൾക്കരുത്തില്ലായ്മയാണ് ഈ അപക്വത എന്നു പറയുന്നത്. ഇതൊരു

സ്വയാർജ്ജിതമായ അപക്വത തന്നെ. യുക്തിചിന്ത (reason) യ്ക്ക് അലസതയും ഗ്ലാനിയും ഭവിച്ചിരിക്കുന്നത് ഗ്രഹണജ്ഞാനശക്തിയുടെ കുറവുകൊണ്ടല്ല, പ്രത്യുത മറ്റൊരാളുടെ നിർദ്ദേശം കൂടാതെ അവനവനെ ത്തന്നെ സേവിക്കുവാനുള്ള തീരുമാനശക്തിയും ധൈര്യവും ഇല്ലാതെ പോവുന്നതുകൊണ്ടാണ്. സധൈര്യം ചിന്തിക്കൂ (SAPERE AUDE), സ്വന്തം ഗ്രഹണശക്തിക്കനുസരിച്ചു ജീവിക്കുവാനുള്ള ധൈര്യം കയ്യിലെടുക്കൂ. ഉറക്കത്തിൽ നിന്ന് ഉണരൂ. ഇതാണു പ്രബുദ്ധതയുടെ മുദ്രാവാക്യം."

ഇതാണ് ആധുനികതയുടെയും പാശ്ചാത്യപ്രബുദ്ധതയുടെയും ഒന്നാമത്തെ ലക്ഷണം. വെറും മനുഷ്യസ്വാതന്ത്ര്യമല്ല ഇവിടെ സൂചിപ്പിക്കുന്നത്. ഇന്നലെവരെ മാനസിക അടിമത്തത്തിൽ മയങ്ങിക്കിടന്നിരുന്ന മനുഷ്യൻ ഉണർന്നെഴുന്നേറ്റിട്ട്, തനിക്കു യജമാനനായി ഈശ്വരനോ, മതമോ, വെളിപാടോ പാരമ്പര്യമോ ഇല്ല. ഞാൻ തന്നെയാണ് എന്റെ അധിപൻ എന്നുൽഘോഷിക്കുന്ന പ്രക്രിയയ്ക്കാണു സ്വാതന്ത്ര്യം എന്നു പറയുന്നത്. ആ സ്വാതന്ത്ര്യമാണ് ആധുനികതയുടെയും പാശ്ചാത്യ പ്രബുദ്ധതയുടെയും മുഖമുദ്ര.

ഈ സ്വാതന്ത്ര്യ പ്രഖ്യാപനം സകലവിധമായ ബാഹ്യാധികാരങ്ങൾക്കുമെതിരായുള്ള വിപ്ലവമാണ്. യൂറോപ്പിൽ പ്രഭുത്വം സ്ഥാപിച്ച് മനുഷ്യമനസ്സിനെ അപക്വതയുടെ ചങ്ങലകൾ കൊണ്ടു ബന്ധിച്ചിട്ടിരുന്ന മെഡീവൽ കത്തോലിക്കാസഭയുടെ മാത്രമല്ല, നവീകരണപ്രസ്ഥാനത്തിൽ കൂടെ പ്രോട്ടസ്റ്റന്റ് ക്രിസ്ത്യാനികളുടെ വേദപുസ്തകത്തിന്റെ അധികാരം കൂടി വലിച്ചെറിയുകയായിരുന്നു യൂറോപ്പിൽ പ്രബുദ്ധത ചെയ്തത്. ഒറ്റയടിക്കു ദൈവശാസ്ത്രത്തി (theology) ന്റെയും സഭാനേതൃത്വത്തിന്റെയും തിരുവെഴുത്തുകളുടെയും വെളിപാടുകളുടെയും മാത്രമല്ല, സകല പ്രാചീന പാരമ്പര്യങ്ങളുടെയും നിരാകരണമാണു പാശ്ചാത്യപ്രബുദ്ധത അഥവാ ആധുനികത.

**പരമാധികാരം**

രണ്ടാമത്തേതു വിധിവിധേയയുക്തിയുടെ പരമാധികാരമാണ്. ബാഹ്യാധികാരങ്ങളെല്ലാം എടുത്തെറിഞ്ഞു കഴിയുമ്പോൾ അവശേഷിക്കുന്നത് മനുഷ്യന്റെ യുക്തി മാത്രമാണ്. ആ യുക്തിക്കു പരിമിതികളുണ്ടെങ്കിലും ആ പരിമിതികൾക്കുള്ളിൽ ഓരോവിധ യുക്തിക്കുമുള്ള ചട്ടങ്ങളനുസരിച്ചു മുമ്പോട്ടുപോയാൽ വഴിതെറ്റുകയില്ല എന്നായിരുന്നു ഇമ്മാനുവേൽ കാന്റിന്റെ വാദം. ശുദ്ധയുക്തി (Pure Reason), പ്രായോഗിക യുക്തി (Prectical Reason), ആസ്വാദന വിവേചനയുക്തി (Judgement) ഇങ്ങനെ മൂന്നായി മനുഷ്യമനസ്സിന്റെ പ്രവർത്തനങ്ങളെ കാന്റ് വേർതിരിച്ചു. ശുദ്ധയുക്തി കൊണ്ടു വസ്തുക്കളെയും വിഷയങ്ങളെയും അറിയാം. പ്രായോഗിക യുക്തി കൊണ്ടു പ്രവർത്തിക്കുവാൻ പറ്റിയതേതെന്നു സ്ഥാപിക്കാം. ആസ്വാദനവിവേചന യുക്തി കൊണ്ടു കലാവസ്തുക്കളെയും സാഹിത്യകൃതികളെയും മറ്റും വിലയിരുത്താം. ആദ്യത്തേത് ചിന്തയ്ക്കു നിയമം സൃഷ്ടിക്കുന്നു. രണ്ടാമത്തേത് ഇച്ഛാശക്തിക്ക്; മൂന്നാമത്തേതു സ്വാദിന് അഥവാ വിവേചനത്തിന്.

ത്രിവിധയുക്തികൊണ്ടു നേടുന്ന ഏതറിവും എപ്പോഴും വീണ്ടും ചോദ്യം ചെയ്യാൻ യുക്തിക്കു സാധിക്കും. നിശ്ചിത മാർഗ്ഗത്തിൽ കൂടിയാണോ ഒരു പ്രത്യേക അറിവുണ്ടായത് എന്നു പരിശോധിക്കുവാൻ യുക്തിയല്ലാതെ മറ്റുരകല്ലില്ല. യുക്തികൊണ്ടുണ്ടാകുന്ന അറിവൊന്നും പരമമല്ല. ചോദ്യം ചെയ്യാനാവാത്തതുമല്ല. പക്ഷേ, ചോദ്യം ചെയ്യാൻ യുക്തിക്കല്ലാതെ മറ്റാർക്കും അധികാരമില്ല. യുക്തിയുടെ എല്ലാവിധിയും വിധിവിധേയമാണ്. ഇതാണു വിധിവിധേയയുക്തിയെന്നു ഞാൻ വിവക്ഷിക്കുന്ന 'ക്രിറ്റിക്കൽ റീസൺ.' യുക്തിയെ നിയന്ത്രിക്കുവാനോ ചോദ്യം ചെയ്യാനോ സാധിക്കുന്ന ഏകശക്തി യുക്തി തന്നെ.

പാശ്ചാത്യ പ്രബുദ്ധതയുടെ മൗലികതത്ത്വങ്ങളിൽ അതിപ്രാധാന്യമുള്ളതാണ് ഈ വിധിവിധേയയുക്തി. ആധുനികം എന്നു പറയുന്ന സമീപനരീതിയിലും വിധിവിധേയ യുക്തിക്കു കേന്ദ്രീകൃതമായ സ്ഥാനമുണ്ട്. പരാശ്രയം അല്ലെങ്കിൽ പരനിയന്ത്രണം (heteronomy) ഇല്ലാത്ത, സ്വന്തനിയമവിധേയമായ (autonomous) അസ്തിത്വത്തിൽ മനുഷ്യൻ വളരണമെങ്കിൽ പാരമ്പര്യം, മതവിശ്വാസം മുതലായ ജ്ഞാനോപാധികളെ നിരോധിച്ച്, അവനവന്റെ വിധിവിധേയ യുക്തിയെ മാത്രം ആശ്രയിച്ചു ജീവിക്കാനാവണം.

ആധുനികതയുടെ അല്ലെങ്കിൽ പാശ്ചാത്യ - പ്രബുദ്ധതയുടെ അടിസ്ഥാനപ്രമാണങ്ങളിൽ മൂന്നാമത്തേത് ആധുനികശാസ്ത്ര (Modern science) ത്തെ മാത്രം യഥാർത്ഥ ജ്ഞാനമായി സ്വീകരിച്ച് അതിൽ അധിഷ്ഠിതമായ സാങ്കേതിക വിജ്ഞാനം ഉപയോഗിച്ച് ഒരു നാഗരികത കെട്ടിപ്പടുക്കുകയെന്നതാണ്. കഴിഞ്ഞ ഇരുനൂറ്റാണ്ടുകളിൽ ആധുനിക ശാസ്ത്രത്തിനും സാങ്കേതികവിജ്ഞാനത്തിനും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ അഭൂതപൂർവങ്ങളും ആശ്ചര്യകരങ്ങളും തന്നെ. സംശയമൊന്നുമില്ല. എന്തെല്ലാം അന്ധവിശ്വാസങ്ങളെ കാറ്റിൽ പറപ്പിക്കുവാൻ ശാസ്ത്രത്തിനു സാധിച്ചിട്ടുണ്ട്. മനുഷ്യന്റെ ആരോഗ്യത്തെ അപകടത്തിലാക്കുന്ന ഏതെല്ലാം രോഗങ്ങളെയും ബാധകളെയും നാമാവശേഷമാക്കി! എത്ര സൗധങ്ങളും അണക്കെട്ടുകളും പാലങ്ങളും യന്ത്രങ്ങളും ആധുനിക സാങ്കേതികതയുടെ സർഗശക്തിക്കു സാക്ഷ്യം വഹിക്കുന്നു. ആകാശസഞ്ചാരവും വേഗത്തിലുള്ള വാർത്താവിനിമയവും സാങ്കേതികതയല്ലേ നമുക്കു നിഷ്പ്രയാസമാക്കിത്തീർത്തത്.

മനുഷ്യസ്വാതന്ത്ര്യം, വിധിവിധേയയുക്തി, ശാസ്ത്രസാങ്കേതികത എന്നീ മൂന്നു പ്രധാന തൂണുകളിന്മേലാണ് പാശ്ചാത്യ സംസ്കാരവും, അതിനു നിദാനമായ പ്രബുദ്ധതയും ആധുനികതയും നിലനിൽക്കുന്നത്. നാലാമത്തെ തൂണ് സെക്യുലർ സ്റ്റേറ്റ് ആണ്. ലോകമെങ്ങും വ്യാപിച്ച് വിശ്വത്തെ ഏകവൽക്കരിക്കാൻ ഈ പ്രബുദ്ധതയ്ക്കു സാധിച്ചു. മതനിരപേക്ഷമായ ഈ സെക്യുലർ നാഗരികത മറ്റുള്ളവരെപ്പോലെ ഭാരതീയരും സ്വായത്തമാക്കി.

ആ പ്രബുദ്ധതയുടെ അടിസ്ഥാനത്തിലാണു നമ്മുടെ ഭരണസ്ഥാപനങ്ങളും വിദ്യാഭ്യാസ സമ്പ്രദായവും ചികിത്സാരീതിയും വാർത്താവിനി

മയമാധ്യമങ്ങളും സാഹിത്യവും ദർശനവുമൊക്കെ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

## നെഹ്റു

പഴയ പാരമ്പര്യം പുരോഗമനത്തിനു വിലങ്ങുതടിയാണ്, പൂർവകാലവുമായി ഒരു പൂർണ്ണവിച്ഛേദനം (a clean break with the past) ആണ് സ്വതന്ത്രഭാരതത്തിനാവശ്യം എന്നായിരുന്നു ഭാരതരാഷ്ട്ര ശിൽപ്പികളിൽ പ്രമുഖനായ പണ്ഡിറ്റ് നെഹ്റുവിന്റെയും അഭിപ്രായം. ഭൂതകാലത്തെ വിസ്മരിച്ച് ഭാവിയെ മാത്രം ലാക്കാക്കി മുമ്പോട്ടു പോകണമെന്നു കേംബ്രിഡ്ജിൽ പഠിച്ചതാണ് ജവഹർലാൽ നെഹ്റു ഇവിടെയും നടപ്പാക്കുവാൻ ശ്രമിച്ചത്. പാശ്ചാത്യ പ്രബുദ്ധതയുടെ ഉത്തമ സന്താനമായ നെഹ്റു മനുഷ്യസ്നേഹിയായിരുന്നു. പക്ഷേ, പുരോഗമനത്തിനു നല്ല മാർഗ്ഗമായി അദ്ദേഹം കണ്ടത് ഭാരതീയ പാരമ്പര്യങ്ങളെ നിരാകരിച്ചു പാശ്ചാത്യ പ്രബുദ്ധതയിലെ പുതിയ ആശയങ്ങളെ ഭാരതത്തിലും നടപ്പിൽവരുത്തുകയായിരുന്നു. ആ പാശ്ചാത്യപ്രബുദ്ധതയുടെ രണ്ടു കൃതികളായ മാർക്സിസത്തിൽ നിന്നും ലിബറലിസത്തിൽ നിന്നും ഏടുകൾ പറിച്ചെടുത്താണു നമ്മുടെ രാഷ്ട്രത്തിന്റെ ഭാവി കരുപ്പിടിപ്പിക്കുവാൻ അദ്ദേഹം ഉദ്യമിച്ചത്. മഹാത്മാഗാന്ധിയുടെയും ടാഗോറിന്റെയും വിശ്വദർശനങ്ങൾ നെഹ്റുവിനു സ്വീകാര്യമല്ലായിരുന്നു. രാജാറാം മോഹൻറോയിയെപ്പോലെ ജവഹർലാൽ നെഹ്റുവും ഇംഗ്ലീഷിലുള്ള പത്തു പുസ്തകം വായിക്കുന്നതു സംസ്കൃതത്തിലും ഭാരതീയഭാഷകളിലുമുള്ള നൂറു പുസ്തകങ്ങൾ വായിക്കുന്നതിനേക്കാൾ പ്രയോജനകരമായി കണ്ടു.

## സെക്യുലർ സ്റ്റേറ്റ്

നാലാമത്തേതു സെക്യുലർ സ്റ്റേറ്റാണ്. ഭാരതത്തിൽ പാശ്ചാത്യപ്രബുദ്ധതയ്ക്കു പന്ഥാവു തെളിച്ച നെഹ്റുവിൽകൂടിയാണ് ഇന്നു നിലവിലുള്ള പല നല്ല ആശയങ്ങളും നമ്മുടെ ഇടയിൽ കടന്നു വന്നത്. വീരസവർക്കറിന്റെയും ഹിന്ദുമഹാസഭയുടെയും ചിന്തയിലുള്ള ഒരു ഹൈന്ദവരാഷ്ട്രമാണ് നെഹ്റു ഏറ്റവും കൂടുതലായി ഭയപ്പെട്ടത്. അന്നദ്ദേഹവും കൂടെയുള്ള കുറെപ്പേരും ഹിന്ദുരാഷ്ട്രലക്ഷ്യത്തെ സധൈര്യം ചെറുത്തില്ലായിരുന്നുവെങ്കിൽ നാം എവിടെച്ചെന്നു നിൽക്കുമായിരുന്നു എന്നു ചിന്തിച്ചുനോക്കൂ. സംഘപരിവാരത്തിന്റെ നേതൃത്വത്തിൽ ഇന്നു കാണുന്ന പ്രവണതകൾ 1947-ൽ പ്രാബല്യത്തിൽ വന്നിരുന്നെങ്കിൽ ഭാരതത്തിന്റെ ഇന്നത്തെ അവസ്ഥ എന്തായിരിക്കുമായിരുന്നു?

പക്ഷേ, ഹിന്ദുരാഷ്ട്രത്തിനു പകരം അദ്ദേഹം വിഭാവനം ചെയ്തത് ഒരു ഭാരതീയ ഭാഷയിലും വിവർത്തനം ചെയ്യാനൊക്കാത്ത 'സെക്യുലർ സ്റ്റേറ്റ്' ആയിരുന്നു. സെക്യുലർ എന്ന ഇംഗ്ലീഷ് പദത്തിന്റെ പരിഭാഷ 'പ്രാപഞ്ചികം', 'ഐഹികം', 'ലോകായതം' എന്നൊക്കെയാണ്. പക്ഷേ, നെഹ്റു വിഭാവനം ചെയ്തത് ഒരു 'പ്രാപഞ്ചിക രാഷ്ട്രമോ, 'ഐഹിക രാഷ്ട്രമോ', 'ലോകായതരാഷ്ട്രമോ' അല്ലായിരുന്നല്ലോ. അർത്ഥമില്ലാത്ത പദപ്രയോഗങ്ങളല്ലേ അവ? 'മതനിരപേക്ഷ രാഷ്ട്ര'മെന്നോ, 'മതേതര

രാഷ്ട്ര'മെന്നോ ഉള്ള പദപ്രയോഗവും അർത്ഥപുഷ്ടമല്ല. വടക്കേ ഇന്ത്യയിൽ 'മതം' എന്ന പദത്തേക്കാൾ 'ധർമ്മം' എന്ന പദമാണു നാം 'റിലിജ്യൻ' എന്ന പേർ പറയുന്ന യാഥാർത്ഥ്യത്തിനു തൽസമം. പക്ഷേ, 'ധർമ്മ നിരപേക്ഷം' എന്നു ഭാരതീയഭാഷകളിൽ തർജ്ജമ ചെയ്താൽ 'അധർമ്മാപേക്ഷിതം' എന്നർത്ഥം വന്നുപോകാം.

'സെക്യുലർ സ്റ്റേറ്റ്' കുഴപ്പമുള്ള പദപ്രയോഗമാണെന്നു നെഹ്റുവിന് അറിയാമായിരുന്നു. പക്ഷേ, പാക്കിസ്ഥാൻ ഒരു ഇസ്ലാമിക രാഷ്ട്രമായി സ്വയം പ്രഖ്യാപിക്കുമ്പോൾ ഭാരതം ഒരു ഹൈന്ദവ രാഷ്ട്രമായിക്കരുതാനുള്ള പ്രവണതയെ ചെറുക്കാൻ പറ്റിയ ഒരു പദത്തിന്റെ അഭാവത്തിലാണു നെഹ്റു ഈ വിശേഷണം തെരഞ്ഞെടുത്തത്. മഹാത്മജിയുടെ എതിർവാദങ്ങളൊന്നും വിലപ്പോയില്ല. 1931-ൽ കോൺഗ്രസ്സിന്റെ 'സെക്യുലർ സ്റ്റേറ്റ്' പ്രമേയം പാസായി. എല്ലാ മതത്തിനും വിശ്വാസത്തിനും പൂർണ്ണ സ്വാതന്ത്ര്യമുള്ള ഒരു സ്വതന്ത്ര സെക്യുലർ സ്റ്റേറ്റാണ് നാം പണിതുയർത്തുന്നത് എന്ന് അന്നു തന്നെ അദ്ദേഹം പറഞ്ഞു.

ആധുനിക പാശ്ചാത്യ പ്രബുദ്ധതയുടെ നാലാമത്തെ പ്രധാന ആശയമാണ് ഈ 'സെക്യുലർ സ്റ്റേറ്റ്.' യൂറോപ്പിൽ കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും തമ്മിൽ ഏറെനാൾ യുദ്ധം ചെയ്ത് അവസാനം 1648-ൽ വെസ്റ്റ്ഫേലിയാ ഉടമ്പടി കൊണ്ടു സമാധാനം സ്ഥാപിച്ചപ്പോൾ ഉണ്ടാക്കിയ തത്ത്വമാണ് രാജാവിന്റെ മതം ജനങ്ങളും സ്വീകരിക്കണമെന്നത്. ആ തത്ത്വത്തിന്റെ നിഷേധമാണ് ഫ്രഞ്ചുവിപ്ലവത്തിൽ നിന്നുണ്ടായ സെക്യുലർ പ്രിൻസിപ്പിൾ. അതായതു രാഷ്ട്രവും മതവും തമ്മിൽ ബന്ധമില്ല. ഒരു രാജ്യത്തെ പൗരനായതു കൊണ്ട് ആ രാജ്യത്തു പ്രാബല്യത്തിൽ നിൽക്കുന്ന മതം ഒരാൾ സ്വീകരിച്ചുകൊള്ളണമെന്നില്ല. ഒരു വ്യക്തിയുടെ മതം അയാളുടെ തീരുമാനത്തിൽപ്പെട്ടതാണ് എന്ന ഈ തത്വം ഒരളവു വരെ നീതികരിക്കാമെങ്കിലും വളരെ ചുരുക്കം വ്യക്തികൾ മാത്രമേ തങ്ങൾ ഇന്നു പിന്തുടരുന്ന മതം സ്വയം തെരഞ്ഞെടുത്തവരായുള്ളു. അധികം പേർക്കും ഏതെങ്കിലും ഒരു പ്രത്യേക മതത്തോടുള്ള ബന്ധം ചരിത്ര സാഹചര്യങ്ങൾ കൊണ്ടുണ്ടായിട്ടുള്ളതാണ്.

### മതവിരുദ്ധം

പക്ഷേ, മതം എന്നുള്ളതു വ്യക്തിസ്വാതന്ത്ര്യത്തിനു വിട്ടുകൊടുത്തു കഴിയുമ്പോൾ, മനുഷ്യന്റെ സാമൂഹിക പൊതുജീവിതത്തിൽ മതത്തിനു സ്ഥാനമോ സാംഗത്യമോ ഇല്ല എന്നു വരുന്നു.

പാശ്ചാത്യ പ്രബുദ്ധത അടിസ്ഥാനപരമായിത്തന്നെ മതവിരുദ്ധമാണ് (ഈശ്വരനിഷേധമാണ്). ശാസ്ത്രത്തിൽ 'ഈശ്വരൻ' ഒരു ആവശ്യമില്ലാത്ത സങ്കല്പം (unnecessary hypothesis) അഥവാ 'അനാവശ്യപ്രതിജ്ഞ'യായി അവശേഷിക്കുന്നു. ദർശനത്തിൽ ഈശ്വരനു സ്ഥാനമൊന്നുമില്ല. വിദ്യാഭ്യാസത്തിലുമില്ല ഈശ്വരന്റെയാവശ്യം. ചികിത്സാശാസ്ത്രവും ഈശ്വര നിരപേക്ഷമാണ്. രാഷ്ട്രീയത്തിൽ ഈശ്വരനു സ്ഥാനം കൊടുക്കാനാവില്ല. സാങ്കേതിക വിജ്ഞാനത്തിനും വാർത്താവിനിമയ മാധ്യമങ്ങൾക്കും ഈശ്വരന്റെയാവശ്യമൊന്നുമില്ല.

ഈശ്വരൻ ഇല്ല എന്നു ശാസ്ത്രം തെളിയിക്കാൻ ശ്രമിക്കുന്നില്ലെങ്കിലും അടിസ്ഥാനപരമായി നിരീശ്വരമാണ് ശാസ്ത്രത്തിന്റെ ചിന്താസരണികൾ.

സെക്യുലറിസം എന്ന് ഇന്നു നമ്മുടെ കോൺഗ്രസ് പ്രമാണികളും ഇടതുപക്ഷക്കാരും ചൊല്ലിക്കൊണ്ടുനടക്കുന്ന ഈ 'ഇസം' ദാർശനികമായി നീതീകരിക്കാനാവാത്തതാണ്. 'സംഘപരിവാര'ത്തോടു പടവെട്ടുവാൻ മാത്രം സഹായിക്കുന്ന മുനയില്ലാത്ത ഒരു 'കുന്തം' ആണത്. നമ്മുടെ സംസ്കാരത്തിന്റെ പ്രധാന ശത്രുവായ ജാതിവിവേചനത്തോടു പോരാടുവാൻ ഈ 'ഇസം' ഒട്ടും സഹായിക്കുന്നില്ല താനും.

**അമളി**

പാശ്ചാത്യ പ്രബുദ്ധതയിലെ നടുത്തൂണുകളായ നാലിനും യഥാർത്ഥത്തിൽ അടിസ്ഥാനമില്ല എന്നതാണു പാശ്ചാത്യ സംസ്കാരം പ്രതിഫലിപ്പിക്കുന്ന ദാരുണയാഥാർത്ഥ്യം. നാലിനെക്കുറിച്ചും സമഗ്രമായി പ്രതിപാദിക്കുവാൻ ഈ ഹ്രസ്വലേഖനം കൊണ്ടു സാധിക്കുകയില്ല. ആ വിമർശനം എന്റെ അഞ്ചാറു പുസ്തകങ്ങളിലായി ഞാൻ അവതരിപ്പിച്ചിട്ടുള്ളത് പാശ്ചാത്യ പ്രബുദ്ധതയിൽ അഭ്യസ്തവിദ്യരായ നമ്മുടെ ബുദ്ധിജീവികൾക്കു വളരെയൊന്നും സ്വീകാര്യമാകാൻ വഴിയില്ല.

ഏതായാലും അടിസ്ഥാനപരമായ അമളിയെപ്പറ്റി വാദിക്കുന്നയാൾ ഞാൻ മാത്രമല്ല. ആംഗലഭാഷാ ചിന്തകരേക്കാൾ കൂടുതലായി ജർമ്മനിയിലും ഫ്രാൻസിലുമാണ് ഈ ചിന്തകൾ ഉയർന്നുവന്നിട്ടുള്ളത്. കുറച്ചു പേരുടെ പേരു മാത്രം ഇവിടെ എടുത്തുപറയട്ടെ.

**1. മാർട്ടിൻ ഹൈഡഗ്ഗർ**

ആധുനിക ശാസ്ത്രവും സാങ്കേതിക വിജ്ഞാനവുമാണു പാശ്ചാത്യ സംസ്കാരത്തിന്റെ യഥാർത്ഥസ്വഭാവം വെളിപ്പെടുത്തുന്ന രണ്ടു പ്രതിഭാസങ്ങളെന്നു ഹൈഡഗ്ഗർ വാദിക്കുന്നു. മനുഷ്യന് അവനെ ചുറ്റി നിൽക്കുന്ന മറ്റ് അസ്തിത്വങ്ങളെക്കുറിച്ചു ഗാഢമായ ആകാംക്ഷ (Anxiety) ഉണ്ട്. തന്റെ അസ്തിത്വത്തിനു സഹായകമായി അവയെ പരിവർത്തനം ചെയ്തില്ലെങ്കിൽ ആ അസ്തിത്വത്തെ അവ അപകടത്തിലാക്കുമെന്നാണ് ആകാംക്ഷ. ഈ ആശങ്കയിൽ നിന്നാണു ശാസ്ത്രവും സാങ്കേതികതയും ഉദിക്കുന്നത്. വസ്തുക്കളെ അറിയുന്നത് അറിവിനു വേണ്ടി മാത്രമാണെന്നു ശാസ്ത്രം പലപ്പോഴും പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ശാസ്ത്രത്തിന്റെ ഉദ്ദേശ്യം എന്താണ് എന്നുള്ളത്, അതിൽ നിന്ന് ഉളവാകുന്ന സാങ്കേതികവിജ്ഞാനീയത്തിൽ കൂടിയാണു വെളിപ്പെടുന്നത്. അന്യവസ്തുക്കളെ സ്വന്ത ഉദ്ദേശ്യങ്ങൾക്കായി കൈകാര്യം ചെയ്ത് അവയുടെമേൽ തന്റെ അധികാരവും ശക്തിയും സ്ഥാപിക്കുകയാണു സാങ്കേതികവിജ്ഞാനത്തിന്റെ പ്രധാന പ്രവൃത്തി. ശാസ്ത്രത്തിന്റെ ഈ ഗൂഢോദ്ദേശ്യം ഇങ്ങനെ സാങ്കേതികതയിൽ കൂടി വെളിപ്പെടുന്നു. ഈ ആകാംക്ഷയുടെയും വ്യഗ്രതയുടെയും പിറകിൽകിടക്കുന്നതു പാശ്ചാത്യ മനുഷ്യനു സംഭവിച്ചിരിക്കുന്ന 'ഉൺമയുടെ മറവി' (Forgetfullness of Being) ആണ്. ഉൺമയെന്താണെന്ന് അറിയാവുന്നതു മറന്നിട്ട്, ഉൺമയെ

മനുഷ്യന്റെ അടിമയാക്കുകയാണു ശാസ്ത്രത്തിന്റെയും സാങ്കേതിക തയുടെയും പ്രാഥമികോദ്ദേശ്യം. പ്രകൃതിയുടെമേൽ ആധിപത്യം നേടി മനുഷ്യയുക്തിയുടെ അറിവിനും കൈകാര്യത്തിനും വിധേയമാക്കാനുള്ള ഉദ്യമത്തിൽ മനുഷ്യൻ സ്വയം നഷ്ടപ്പെടുത്തുന്നു. സത്യത്തിൽ നിന്നു വ്യതിചലിക്കുന്നു. സ്വന്തം നേട്ടങ്ങളുടെ മഹത്ത്വത്തിൽ മയങ്ങി സ്വന്തം സ്വഭാവത്തെ മറക്കുന്നു. തന്റെ ശാസ്ത്രവലയ്ക്കകത്തു കുരുങ്ങുന്നതു മാത്രമാണ് 'സത്യം' എന്ന മാരക മായയിൽ ചെന്നുവീഴുന്നു. ശാസ്ത്ര ത്തിനു ചിന്തിക്കാനേ അറിയില്ല. ശാസ്ത്രം എന്താണെന്നു ശാസ്ത്രത്തിനു ശാസ്ത്രീയമായി സ്ഥാപിക്കാനൊക്കുമോ?

ശാസ്ത്രവും സാങ്കേതികതയും സൃഷ്ടിക്കുന്ന ഈ ലോകമാണോ സത്യം? ആണെന്നു നമ്മെ തെറ്റിദ്ധരിപ്പിച്ച്, ശാസ്ത്രത്തിനപ്പുറമുള്ള സത്യ ത്തെ തേടുന്നതിൽ നിന്നു നമ്മെ വിമുഖരാക്കുകയാണു ശാസ്ത്രം ചെയ്യു ന്നത് എന്ന് ഹൈഡഗ്ഗർ പറയുന്നു.

### മനുഷ്യസാഫല്യം

എന്താണീ സത്യം? സത്യം മറ്റ് ഉൺമകളെപ്പോലെ 'ഉള്ള' ഒന്നല്ല. അത് 'ഉള്ളത്' ഒരു പ്രത്യേക രീതിയിലാണ്. മറ്റു വസ്തുക്കൾ 'ഉണ്ട്' എന്നു നാം പറയുമ്പോൾ സ്ഥലകാലങ്ങളിലെവിടെയോ ഉണ്ടെന്നാണു നമ്മുടെ വിവക്ഷ. പക്ഷേ, അങ്ങനെയുള്ള 'ഉൺമ'കളിൽ ഒന്നോ, അവയിൽ നിന്നു വ്യത്യസ്തമായ മറ്റേതൊന്നോ അല്ല, 'സത്യം.' സത്യം ഒരാശയമല്ല. ഒരു പ്രതിഭാസമല്ല. ഒരു വിഷയം അല്ല. എല്ലാ വിഷയങ്ങളുടെയും പ്രതിഭാസ ങ്ങളുടെയും ആശയങ്ങളുടെയും നിദാനമാണത്. അടി കാണാത്ത അടി സ്ഥാനം. ചിന്ത കൊണ്ട് അതിനെ തേടിപ്പിടിക്കാനാവില്ല. ആദിയുമന്തവു മില്ലാത്ത ആ സത്യം സ്നേഹമാണ്. സ്നേഹത്തിൽ സ്വയം ഒഴുക്കിക്കൊ ടുക്കുന്ന, സ്വയം പരിത്യാഗിയാണു സത്യം. ആ സത്യത്തിനു മനുഷ്യൻ തന്നെത്തന്നെ ഒരു യജ്ഞമായി ബലിയർപ്പിക്കുന്നതാണു മനുഷ്യസാ ഫല്യം. അതു ശാസ്ത്രത്തിലും സാങ്കേതികതയിലും കൂടി സംസിദ്ധമാ കയില്ല. മനുഷ്യന്റെ യുക്തിക്ക് അതിനെ തേടിപ്പിടിക്കാൻ ഒക്കുകയില്ല. ഈ സത്യത്തിൽ നിന്നു വ്യതിരിക്തമായ മനുഷ്യസ്വാതന്ത്ര്യം കപടമാണ് എന്നൊക്കെ ഹൈഡഗ്ഗർ വാദിക്കുമ്പോൾ പാശ്ചാത്യ പ്രബുദ്ധതയുടെ തൂണുകൾ ഇളകുന്നു. പാശ്ചാത്യചിന്താസൗധം കുലുങ്ങുന്നു. വിമർശ കർ ഹൈഡഗ്ഗറെ താഴ്ത്തിക്കെട്ടുന്നു.

### 2. മിഷേൽ ഫൂക്കോയും കൂട്ടുകാരും

ആധുനികോത്തരതയുടെ പ്രധാന ഉൾക്കാഴ്ചതന്നെ ആധുനികതയ്ക്ക് അഥവാ പാശ്ചാത്യ പ്രബുദ്ധതയ്ക്ക് അടിസ്ഥാനപരമായ അമളി പറ്റി യെന്നും അതിന്റെ ദാർശനികാടിസ്ഥാനം തികച്ചും ദുർബലമാണെന്നുമു ള്ളതാണ്.

സ്വയം പ്രകാശിതമെന്നു നടിക്കുന്ന എല്ലാ ചിന്താവ്യവസ്ഥിതികളും ചോദ്യം ചെയ്യുകയാണു യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ആരംഭമെന്നു വാദിച്ച ഫ്രഞ്ചുകാരിൽ പ്രഥമനാണു മിഷേൽ ഫൂക്കോ. വ്യവസ്ഥാപിത

ചിന്ത തന്നെ അസാദ്ധ്യമാണെന്നും ദാർശനികാടിസ്ഥാനമുള്ള ഒരു ഹ്യൂമനിസം സാദ്ധ്യമല്ലെന്നും തന്റെ 'ദർശനത്തിന്റെ സ്വാതന്ത്ര്യം' (The Freedom of Philosophy, 1985) എന്ന ഗ്രന്ഥത്തിൽ ഫൂക്കോ വാദിച്ചു.

എല്ലാറ്റിനെക്കുറിച്ചും എഴുതാം; പ്രതിപാദിക്കാം. പക്ഷേ ഒന്നും ദാർശനികാടിസ്ഥാനത്തിൽ തെളിയിക്കാനാവില്ല. എഴുതണം. സാഹിത്യത്തിലാണു പ്രത്യാശയുള്ളത്; ദർശനത്തിലല്ല. എല്ലാ പ്രശ്നങ്ങളെക്കുറിച്ചും എഴുതിക്കൊള്ളൂ. കുറ്റങ്ങളെക്കുറിച്ചും ലൈംഗികതയെക്കുറിച്ചും മാനസികരോഗത്തെക്കുറിച്ചും ഫൂക്കോ ധാരാളം എഴുതി. പലരും വായിച്ചു. ഫൂക്കോയെ ചിലർ അരാജകത്വവാദിയെന്നു വിളിച്ചു. ഘടനാവാദി (Structuralist) എന്നും ഘടനാനന്തരവാദി (Post structuralist) യുക്തിരാഹിത്യവാദി (Irrationalist) ശൂന്യതാവാദി (nihilist) എന്നൊക്കെ പേർ വിളിച്ചു. അതോടെ ഒരു കൂട്ടം പുതിയ ഫ്രഞ്ച് സാഹിത്യകാരന്മാർ ഉദിച്ചുയർന്നു. റൊളാംഗ് ബാർത്ത്, ഷാക്‌ലകാൻ, ഷാക് ഡെറീഡാ എന്നിവരാണു പ്രമുഖർ. ഇവരുടെ വാദങ്ങൾ അധികവും വിമർശനമാണ്. ഫൂക്കോ തേടിയത് ഒരു പ്രബുദ്ധതാനന്തര സംസ്കാരം (Post enlightenment culture) ആണ്. പാശ്ചാത്യ പ്രബുദ്ധത അബദ്ധാധിഷ്ഠിതവും അസ്വീകാര്യവുമാണ്. ആധുനികതയുടെ അടിസ്ഥാനാബദ്ധങ്ങളിൽ ഒന്ന് ഭാഷയാണ് സകല ചിന്തയുടെയും മൂലമെന്നുള്ള മുൻവിധിയത്രേ. ഭാഷാദർശനത്തിനു ഭാഷയുടെ സ്വഭാവത്തെ വിശകലനം ചെയ്യാനുള്ള വ്യഗ്രതയായിരുന്നു. പക്ഷേ, ഭാഷയ്ക്കും സാഹിത്യത്തിനും സത്യത്തെ തേടിപ്പിടിക്കാൻ കഴിവില്ലെന്നു വ്യക്തമായി. അനുഭവത്തിന്റെ പരിമിതികളെ പ്രദർശിപ്പിക്കുകയേ സാഹിത്യത്തിനു സാധിക്കൂ. മനുഷ്യസ്വഭാവം (Human Nature) എന്നൊന്നില്ല. ധാർമ്മികത സാദ്ധ്യമല്ല. ശാസ്ത്രമായിരുന്നു പാശ്ചാത്യ പ്രബുദ്ധതയുടെ അടിസ്ഥാനം. പക്ഷേ, ശാസ്ത്രത്തിന് അടിസ്ഥാനമില്ലെന്ന് ഇന്നു വ്യക്തമാണ്. ശാസ്ത്രംകൊണ്ടും, സാഹിത്യംകൊണ്ടും അറിവൊന്നുമുണ്ടാകയില്ല. ആധുനികതയുടെ നിദാനം ശാസ്ത്രമാണെങ്കിൽ, ആധുനികാനന്തരത (Post modernity) യുടെ ജിഹ്വ സാഹിത്യമാണ്. സാഹിത്യത്തിൽ കൂടിയാണു പ്രബുദ്ധതാനന്തര നാഗരികത സംസൃഷ്ടമാക്കാനൊക്കുന്നത് എന്നൊക്കെ ഫൂക്കോ വാദിച്ചു.

### അപനിർമാണം

ഡെറിഡാ മറ്റുള്ളവരെക്കാൾ ദാർശനികമായി ചിന്തിക്കുന്നയാൾ തന്നെ. 1967-ൽ പ്രസിദ്ധീകരിച്ച 'ലെക്റിറ്റൂർ ഏ ലഡി ഫറാന്റ്' (Writing and Differance, 1978), "Of Grammatology" (Eng. tr. 1976), ശബ്ദവും പ്രതിഭാസവും (Speech and Phenomena, 1973) ഇങ്ങനെ അനേകഗ്രന്ഥങ്ങൾ രചിച്ച് നിലവിലിരുന്ന ലെവി - സ്ട്രോസിന്റെയും ഫെർഡിനാൻഡ് ഡി സോസൂറിന്റെയും ഘടനാവാദത്തെ തകർത്തു. എഴുത്തു വെറും ചിഹ്നം, സംജ്ഞ അല്ലെങ്കിൽ ലിംഗം മാത്രമാണ്. പ്ലേറ്റോ പറഞ്ഞതുപോലെ രചന (writing) വെറുമൊരു വ്യഭിചാരസന്തതി (Bastard) ആണ്. ഭാഷയും രചനയും രണ്ടാണ്. രചന നിലനിൽക്കുന്നതു ഭാഷയ്ക്കുവേണ്ടി മാത്രമാണ്. രചനയെ മനുഷ്യശബ്ദവുമായി കൂട്ടിക്കുഴയ്ക്കരുത്. പക്ഷേ, മനുഷ്യശബ്ദ

ത്തിന്റെ പിറകിൽ 'അർത്ഥം' (Meaning sign) ഉണ്ട്. മനുഷ്യന്റെ എല്ലാ അനുഭവവും ഈ അർത്ഥത്തിന്റെ അനുഭവമാണ്. ഈ അർത്ഥം ഭാഷയിൽനിന്നും ഭാഷയെ രചനയാക്കുന്ന ചിഹ്നവ്യവസ്ഥിതിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ഏതു രചനയെടുത്താലും അതിൽ ആദ്യം കാണുന്ന അനുപദാർത്ഥത്തിന്റെ പിറകിൽ പോയി ആദ്യാർത്ഥത്തെ അന്വേഷിക്കുന്നു. ഇങ്ങനെ പോകുന്നു ഡെറിഡായുടെ അപനിർമ്മാണ (Deconstruction) ചിന്ത.

(ഡെറിഡായുടെ ലിഖിതശാസ്ത്രം (Of Grammatology) ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയത് ഒരു ഇന്ത്യാക്കാരിയാണ് – ഗായത്രി ചക്രവർത്തി സ്പിവാക്ക്; ആ പരിഭാഷയുടെ ഇന്ത്യൻ എഡിഷൻ ഈ ഏപ്രിൽ മാസത്തിൽ ഡൽഹിയിലെ മോത്തിലാൽ ബനാർസിദാസ് പ്രസിദ്ധം ചെയ്തിട്ടുണ്ട്). വിധിവിധേയയുക്തിയുടെയും പാശ്ചാത്യ പ്രബുദ്ധതയുടെയും ആധുനികതയുടെയുമൊക്കെ അന്ത്യം കുറിക്കുന്ന സുപ്രധാന കൃതിയാണിതെന്നതിനു സംശയമില്ല. മുമ്പോട്ടു വഴികാണിക്കാൻ അപനിർമ്മാണ പ്രസ്ഥാനത്തിനു സാധിക്കുമോയെന്നു സംശയമാണ്. മറ്റ് അപനിർമ്മാണ ചിന്തകർ അപനിർമ്മാണത്തെ അതുകൊണ്ടു തന്നെ നിഹനിക്കാനാണു സാദ്ധ്യത.

### 3. സംസൃഷ്ടയാഥാർത്ഥ്യവാദം (Constructive Realism)

ശാസ്ത്രത്തിന്റെ അടിസ്ഥാന ബലഹീനതയാണ് അതിന്റെ അചിന്തിത യാഥാർത്ഥ്യവാദം (naive realism). വസ്തുക്കൾക്കു നാം കാണുന്ന രൂപത്തിൽത്തന്നെ നമ്മുടെ പ്രേക്ഷയിലും ഉപലബ്ധിയിലും ആശ്രയിക്കാത്ത സ്വന്തംഅസ്തിത്വമുണ്ടെന്നുള്ള അശാസ്ത്രീയവാദമായിരുന്നു ശാസ്ത്രത്തിന്റെ ആദിയിലെ അടിസ്ഥാനം. ആധുനിക ഭൗതിക ശാസ്ത്രത്തിൽ (Modern Physics) വ്യക്തമാക്കുന്നത് പ്രേക്ഷകനിരപേക്ഷമായ അസ്തിത്വം യാതൊന്നിനും കൽപ്പിക്കാനാവില്ല എന്നു തന്നെയാണ്.

അചിന്തിത യാഥാർത്ഥ്യവാദം പണ്ടേ തകർന്നതാണെങ്കിലും ശാസ്ത്രജ്ഞന്മാരിൽ പലരും അതറിയാതെ ആ വാദത്തെത്തന്നെ മുറുകെപ്പിടിക്കുകയാണ്. ജ്ഞാനമെന്ന നിലയിൽ ശാസ്ത്രത്തിനുള്ള സ്ഥാനം ഇന്നു സംശയാസ്പദമായിക്കഴിഞ്ഞിരിക്കുന്നു. പ്രേക്ഷകനിരപേക്ഷകമായ, ആത്മനിഷ്ഠമല്ലാത്ത, വസ്തുനിഷ്ഠതയെത്തേടി പ്ലേറ്റോയുടെ കാലം മുതൽ ഇന്നുവരെയുള്ള പാശ്ചാത്യരുടെ അന്വേഷണം പരാജയപ്പെട്ടിരിക്കുകയാണ്.

### ഫ്രിറ്റ്സ് വാൾനർ

എന്നാൽ നാശത്തിൽനിന്നു ശാസ്ത്രത്തെ വീണ്ടെടുത്ത്, പാശ്ചാത്യ സംസ്കാരത്തിന്റെ പരമാധികാരത്ത ഉറപ്പിച്ചു നിർത്താനുള്ള ഒരു ശ്രമം ചില പാശ്ചാത്യദാർശനികർ ഇക്കഴിഞ്ഞ മാർച്ച് മാസത്തിൽ ഡൽഹി സർവകലാശാലയിലെ ഒരു സെമിനാറിലൂടെ നടത്തി. അചിന്തിത യാഥാർത്ഥ്യവാദത്തിന്റെ സ്ഥാനത്തു സൃഷ്ടിപരമായ യാഥാർത്ഥ്യവാദത്തെ പ്രചരിപ്പിക്കാനായിരുന്നു അവരുടെ ശ്രമം. വിയന്നാ സർവകലാശാലയിലെ

ഫ്രിറ്റ്സ് വാൾനർ എന്ന ദാർശനികനായിരുന്നു ഈ സംഘത്തിന്റെ പ്രധാന വക്താവ്.

ആധുനികശാസ്ത്രം യഥാർത്ഥജ്ഞാനമാണെന്നുള്ള വാദത്തെ ദാർശനികമായി സ്ഥാപിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു ശാസ്ത്രം ജ്ഞാനമാണെന്നുള്ള അവകാശവാദം ഉപേക്ഷിക്കണം എന്നാണു വാൾനർ പറയുന്നത്. ഉൺമയിൽ ഉള്ള ഒരു യാഥാർത്ഥ്യത്തെ ഉള്ളതുപോലെ വിവരിപ്പാൻ ശാസ്ത്രത്തിനു കഴിവില്ല. അനുഭവത്തിന്റെയും ചിന്തയുടെയും അടിസ്ഥാനത്തിൽ ഒരു പുതിയ യാഥാർത്ഥ്യത്തെ സൃഷ്ടിക്കുക മാത്രമാണ് ശാസ്ത്രത്തിനു കഴിയുന്നത്. ഈ സൃഷ്ടി പ്രയോജനകരമാണ്. ജ്ഞാനമല്ല, മനുഷ്യന്റെ മനസ്സുകൊണ്ടു സൃഷ്ടിക്കുന്ന ഈ യാഥാർത്ഥ്യമാണു സംസൃഷ്ടയാഥാർത്ഥ്യം. അതാണു ശാസ്ത്രം. ഇങ്ങനെ പോകുന്നു സംസൃഷ്ട യാഥാർത്ഥ്യവാദം.

കുറെയൊക്കെ അനുകമ്പയോടെയാണു ഞാൻ ഈ കസർത്തിനെ വീക്ഷിക്കുന്നത്. മനുഷ്യമസ്തിഷ്ക നിർമ്മിതമായ യാഥാർത്ഥ്യം മാത്രമാണ് ശാസ്ത്രം. അതുകൊണ്ടു പ്രയോജനമുണ്ട്. അതു മതിയെന്ന് ഇന്ന് 1994-ൽ വാദിക്കുന്ന ജർമ്മൻകാരനായ ചിന്തകന്റെ ശിശുസഹജമായ ഈ കളി, പതിനെട്ടാം ശതാബ്ദത്തിൽത്തന്നെ പാശ്ചാത്യർ പ്രായപൂർത്തിയിലെത്തി എന്നു വാദിച്ച ഇമ്മാനുവൽ കാന്റിന്റെ വാദത്തേക്കാൾ യുക്തിയുക്തമായി തോന്നുന്നു. പാശ്ചാത്യർ തന്റെ 'സംസൃഷ്ട' യാഥാർത്ഥ്യവും കൊണ്ടു കുറെനാൾ കൂടി നടക്കട്ടെ. വളരുന്നതുവരെ.

### നാഗരികത

ആധുനികതയുടെ എല്ലാ ചട്ടങ്ങളെയും ചോദ്യം ചെയ്യുന്നുവെന്നാണ് ആധുനികോത്തരന്റെ അവകാശവാദം. ആധുനികോത്തരതയുടെ ദാർശനികാടിസ്ഥാനം ആധുനികതയുടേതിനേക്കാൾ ദുർബലമാണ്. അതിൽ നിന്നു മനുഷ്യന് ആത്മീയമായും ബുദ്ധിപരമായും ഭക്ഷിക്കാൻ വലുതായിട്ടൊന്നും കിട്ടുകയില്ല. മുമ്പേ പറഞ്ഞതുപോലെ അപനിർമ്മാണം സ്വയം നിഷ്ഘടിപ്പിച്ചു നശിക്കാനാണു സാദ്ധ്യത. പുതിയ ഒരു നാഗരികതയുടെ അടിസ്ഥാനം കെട്ടിപ്പടുക്കുവാൻ ആധുനികതയ്ക്കോ ഘടനാവാദത്തിനോ, ആധുനികോത്തരതയ്ക്കോ, അപനിർമ്മാണത്തിനോ കഴിവില്ല.

പാരമ്പര്യം നൽകുന്ന വെളിച്ചമില്ലാതെ സത്യത്തിലേക്കുള്ള വഴി കാണുവാൻ സാദ്ധ്യമല്ല എന്നുള്ളത് പാശ്ചാത്യർക്ക് ഈയിടെയാണ് മനസ്സിലായത്. അതോടെ പാശ്ചാത്യ പ്രബുദ്ധതയുടെ അടിത്തറ തകർന്നു. പക്ഷേ, വ്യാഖ്യാനവാദം അഥവാ ഹെർമ്മെന്യൂട്ടിക്സ് എന്ന പുതിയ ജാലവിദ്യ കൊണ്ടു തകർന്ന അടിസ്ഥാനം നന്നാക്കിയെടുക്കാനാണ് ജർമ്മനിയിലെ ഹാൻസ് - ഗേയോർഗ് ഗാഡമർ, ഫ്രാൻസിലെ പാൾറിക്കേർ മുതലായവർ ശ്രമിക്കുന്നത്. പാരമ്പര്യമില്ലാതെ സത്യപ്രകാശനമില്ല എന്നവർ സമ്മതിക്കുന്നുവെന്നു മാത്രമല്ല, പാരമ്പര്യം വ്യാഖ്യാനത്തിന്റെ അടിസ്ഥാനശിലയായി അവർ കാണുന്നു. ആത്മനിഷ്ഠമല്ലാത്ത വസ്തുനിഷ്ഠത സാദ്ധ്യമല്ലെന്ന് അവർ സമ്മതിക്കുന്നു. ഓരോ മനുഷ്യന്റെയും

പ്രത്യേക ചരിത്രം അവന്റെ ദൃഷ്ടിയെത്തന്നെ കരുപ്പിടിപ്പിക്കുന്നുവെന്നും ഒരേ പ്രതിഭാസത്തെ, തങ്ങളുടെ പ്രജ്ഞയുടെ പ്രത്യേകതയിലുള്ള വ്യത്യാസംകൊണ്ടു പലരും പലതായിക്കാണുന്നുവെന്നും അവർ സമ്മതിക്കുന്നു. പക്ഷേ, ഈ വ്യാഖ്യാനവാദത്തിനും ഒരു പുതിയ നാഗരികതയ്ക്കടിസ്ഥാനമാകുന്ന മൂല്യസംഹിതയെക്കുറിച്ചു വിധി കൽപ്പിക്കാനുള്ള ഉപാധികളൊന്നുമില്ല.

പുതിയ നാഗരികതയ്ക്ക് അടിസ്ഥാനം തീരുമാനിക്കുവാൻ ആർക്കാണധികാരം? സാധാരണ ജനങ്ങൾക്കു തന്നെ. പണ്ഡിതന്മാർക്ക് അവരെ സഹായിക്കാം. വഴി പറഞ്ഞു കൊടുക്കാം. പക്ഷേ, തീരുമാനിക്കുവാനുള്ള അധികാരം ജനങ്ങൾക്കു തന്നെ. പണ്ഡിതന്മാരും ജനങ്ങളും ഒത്തൊരുമിച്ചു ചിന്തിച്ചെങ്കിലേ ഇങ്ങനെയൊരു മൂല്യസംഹിതയ്ക്കു രൂപം കൊടുക്കാനൊക്കുകയുള്ളു.

**പാരമ്പര്യം**

അങ്ങനെ ചെയ്യണമെങ്കിൽ, ജനങ്ങൾ, ഏതെങ്കിലും വിദേശീയപാരമ്പര്യത്തെ അതേപടി സ്വീകരിക്കുന്നതു നല്ലതല്ല. വിദേശപാരമ്പര്യങ്ങൾ നിരീക്ഷിച്ചുപഠിക്കണം. തദ്ദേശീയ പാരമ്പര്യം വിദേശപാരമ്പര്യത്തിന്റെ വേലിയേറ്റത്തിൽ മുങ്ങിപ്പോയിട്ടുണ്ടെങ്കിൽ, അതിനെ പൊക്കിയെടുത്തു നിരീക്ഷിക്കണം.

ഭാരതീയരെ സംബന്ധിച്ചിടത്തോളം ഭാരതത്തിൽ തന്നെയുള്ള പാരമ്പര്യവൈവിധ്യത്തെ വേണ്ടത്ര എടുത്തുകാണിക്കുവാൻ നമ്മുടെ എഴുത്തുകാർക്കും ദാർശനികർക്കും വളരെ പരിമിതമായി മാത്രമേ സാധിച്ചിട്ടുള്ളു. അവഗണിക്കപ്പെട്ടുകിടക്കുന്ന പല പാരമ്പര്യങ്ങളും പുനരുദ്ധരിക്കേണ്ടതുണ്ട്. ഉദാഹരണം ആദിവാസി പാരമ്പര്യം, ശ്രമണപാരമ്പര്യം, ജൈനപാരമ്പര്യം, ബുദ്ധപാരമ്പര്യം. കേരളത്തിൽ ഹിന്ദുമതത്തിന്റെ വിജയമുണ്ടാകുന്നതുവരെ ഈ നാലു പാരമ്പര്യങ്ങളാണു പ്രധാനമായി ഉണ്ടായിരുന്നത്. ബ്രാഹ്മണമതം ശ്രീശങ്കരന്റെ കാലത്തിനു മുന്നൂറു വർഷംമുമ്പു മാത്രമാണ് കുറച്ചൊക്കെ പ്രാബല്യത്തിൽ വന്നത്. അതിനുമുമ്പു തന്നെ യഹൂദപാരമ്പര്യവും ക്രൈസ്തവ പാരമ്പര്യവും കേരളത്തിൽ വേരൂന്നിക്കഴിഞ്ഞിരുന്നു. ശ്രീരാമാനുജന്റെ കാലത്തിനു മുമ്പു തന്നെ അറബിക്കച്ചവടക്കാരിൽ നിന്നും ലഭിച്ച മുസ്ലിം പാരമ്പര്യവും കേരളത്തിന്റെ സ്വന്തപാരമ്പര്യങ്ങളിലൊന്നായി കഴിഞ്ഞിരുന്നു. ഇതെല്ലാം കഴിഞ്ഞ് ഒടുവിൽ പറങ്കികളുടെയും ഇംഗ്ലീഷുകാരുടെയും പാശ്ചാത്യ സംസ്കാരവും അതുപോലെത്തന്നെ ഈ ശതാബ്ദത്തിൽ മാർക്സിസവും നമ്മുടെ രാജ്യത്തു വളരെയധികം സ്വാധീനം ചെലുത്തി.

ഈ പാരമ്പര്യങ്ങളെയെല്ലാം തന്നെ തങ്ങളുടേതായി കേരളീയരും ഭാരതീയരും കണക്കിലെടുക്കണം, പഠിക്കണം, ഗ്രഹിക്കണം. ഇതിലാണു പണ്ഡിതന്മാർക്കും എഴുത്തുകാർക്കും സിനിമാ - ടെലിവിഷൻ - റേഡിയോ രംഗത്തു പ്രവർത്തിക്കുന്നവർക്കുമൊക്കെ വളരെയധികം ചെയ്യുവാൻ കഴിയുന്നത്.

ഈ പാരമ്പര്യത്തെ വീണ്ടെടുക്കുന്ന കാര്യത്തിൽ കേരളത്തിലെ ആദിവാസികളും ഹിന്ദുക്കളും മുസ്ലീങ്ങളും മാർക്സിസ്റ്റുകളും ക്രൈസ്തവരുമൊക്കെ സഹകരിച്ചു പ്രവർത്തിക്കണം.

ഇതെല്ലാം കൂടാതെ നാം തീരെ ശ്രദ്ധ ചെലുത്താത്ത മറ്റു പല പാരമ്പര്യങ്ങളും ഈ ലോകത്തിലുണ്ട്. അവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നവ രണ്ടാണ്. ഒന്ന് ആഫ്രിക്കയിലും അമേരിക്കയിലും ഓസ്ട്രേലിയയിലും ഏഷ്യയിലും ഒക്കെയുള്ള ആദിവാസികളുടെ പാരമ്പര്യം. രണ്ടാമതു ജനസംഖ്യയിൽ ഏറ്റവും മികച്ചുനിൽക്കുന്ന ചൈനയിലെ ഡാവോ - കൺഫ്യൂഷൻ - ബുദ്ധമത പാരമ്പര്യങ്ങൾ. ചൈനയിലെ ബുദ്ധമതം ഇന്ത്യയിൽനിന്നു വന്നതാണെങ്കിലും ചൈനീസ് സംസ്കാരം അതിനു പ്രത്യേകം രൂപങ്ങൾ കൊടുത്തു. ഛാൻ, ടെൻഡായി, ഹ്വായെൻ എന്നീ മൂന്നു പ്രധാനരൂപങ്ങൾ നാം പഠിക്കണം.

ഇങ്ങനെ ഈ പാരമ്പര്യങ്ങളെയൊക്കെ നാം സ്വായത്തമാക്കിക്കഴിയുമ്പോൾ നമ്മുടെ സംസ്കാരത്തിൽ ഒരു നവോത്ഥാനമുണ്ടാകും. അതിൽനിന്നേ പുതിയ നാഗരികതയ്ക്കുള്ള പുതിയ മൂല്യങ്ങൾ ഉരുത്തിരിയാൻ വഴിയുള്ളൂ.

*(ഭാഷാപോഷിണി, 1994, സെപ്റ്റംബർ)*



# 3
# പാശ്ചാത്യ പ്രബുദ്ധത – ഒരു വിശദീകരണം

പാശ്ചാത്യ പ്രബുദ്ധതയെപ്പറ്റി ഭാഷാപോഷിണിയുടെ 1994 സെപ്റ്റംബർ ലക്കത്തിൽ ഞാൻ എഴുതിയവതരിപ്പിച്ച പ്രബന്ധം കുറെ ചിന്താക്കുഴപ്പത്തിന് വഴി തെളിച്ചിട്ടുണ്ട്. പലരും അതിലെ മുഖ്യാശയത്തെ കൈകാര്യം ചെയ്യാതെ അചിന്തിതങ്ങളായ വിധിയെഴുത്തുകളിലേക്കാണ് ചാടി വീണതെന്നു തോന്നുന്നു.

ഉദാഹരണമായി എന്റെ സുഹൃത്തായ ശ്രീ. പരമേശ്വരൻ ഉന്നയിക്കുന്ന വാദം ക്രിസ്തുമതമാണോ ബ്രാഹ്മണമതമാണോ കേരളത്തിൽ ആദ്യം ഉടലെടുത്തതെന്നതിനെക്കുറിച്ചായിരുന്നു. മറ്റു ചിലർ എന്നിൽ ആരോപിക്കുന്നത് സംസ്ക്കാര വൈവിദ്ധ്യങ്ങളുടെ ആകെതുകയേയാണ് ഞാൻ അഭിലഷിക്കുന്നതെന്നത്രേ.

ഏതായാലും ഒരു സർവസംസ്ക്കാര സമന്വയം അല്ല എന്റെ പ്രധാന ഉദ്ദേശ്യം. ഭാരതത്തിലെപ്പോലെ അതുല്യ സംസ്ക്കാര സംപുഷ്ടിയുള്ള ഒരു പാരമ്പര്യത്തെ ഹൈന്ദവധർമ്മമെന്നോ സനാതനധർമ്മമെന്നോ ഉള്ള ഒരേ ചരടിൽ കോർത്തിണക്കി, ബുദ്ധദർശനത്തെയും ജൈനദർശനത്തെയും അതിന് മുൻപേയുള്ള സാംഖ്യയോഗദർശനങ്ങളെയും ഒക്കെ വെറും 'അപ്പൻഡിക്സു'കളാക്കിത്തീർക്കാനുള്ള ഉദ്യമത്തോടാണെനിക്കെതിർപ്പുള്ളത്.

ഭാരതീയ സംസ്ക്കാരം നിരവധി തലങ്ങളുള്ള ഒന്നാണ്. അതിന്റെ വൈവിദ്ധ്യവും സംപ്രദായ സവിശേഷതകളും നാം മറക്കരുത്. ക്രിസ്തുവിന് മുമ്പ് ആറാം ശതകത്തിൽ ബ്രാഹ്മണമതത്തിലെ ആത്മവാദത്തോടും മൃഗബലിയിൽ അധിഷ്ഠിതമായ കർമ്മമീമാംസയോടും മറുതലിച്ച് ബ്രാഹ്മണമതത്തിലെ പ്രധാന മൂല്യങ്ങളായ ആത്മൻ, ബ്രഹ്മൻ എന്നീ ആശയങ്ങളെ തന്നെ ഉപയോഗിക്കാതെ ഒരു പുതിയ ചിന്താരീതിയും ജീവിതശൈലിയുമാണ് ബുദ്ധഭഗവാൻ ആവിഷ്ക്കരിച്ചത്.

ആയിരക്കണക്കിന് പ്രധാന ഗ്രന്ഥങ്ങൾ ബുദ്ധമതം ഭാരതത്തിൽ രചിച്ചു. ചിലവ ചൈനീസ് ഭാഷയിലോ ടിബറ്റൻ ഭാഷയിലോ പ്രാചീന പാലി പ്രാകൃതഭാഷകളിലോ നിന്നും സംസ്കൃതത്തിലാക്കാൻ നമുക്കിന്നും കഴിഞ്ഞിട്ടില്ല. ബുദ്ധമതത്തിൽ തന്നെ പതിനെട്ടിലധികം സമ്പ്രദായങ്ങൾ ഉടലെടുത്തു. അവയെല്ലാം കൂടെ സനാതന ധർമ്മത്തിന്റെ ഒരു ഫുട്ട്നോട്ടായി എഴുതിത്തള്ളുന്നതിനോടാണെനിക്കെതിർപ്പ്.

ഈ പാരമ്പര്യങ്ങളെല്ലാംകൂടെ നാം എന്തിന് പഠിയ്ക്കണം? അവയുടെ എല്ലാം കൂടെ സമാഹാരമായ ഒരു പുതിയ ഭാരതീയ പാരമ്പര്യം സൃഷ്ടിയ്ക്കാനാണ് ഞാൻ ഉദ്യമിയ്ക്കുന്നതെന്ന് എന്റെ നിരൂപകരിൽ പലരും തെറ്റിദ്ധരിയ്ക്കുന്നു.

ഞാൻ എന്റെ സ്വന്ത അനുഭവത്തെ അടിസ്ഥാനമാക്കി ചില കാര്യങ്ങൾ ഇവിടെ എടുത്തുപറയട്ടെ. നാല്പത് വർഷം മുമ്പ് ശ്രീശങ്കരന്റെ അദ്വൈത വേദാന്തവും ശ്രീ രാമാനുജന്റെ വിശിഷ്ടാദ്വൈതവും ശ്രീ. മാധ്വാചാര്യ രുടെ ദ്വൈതവാദവും കുറെയൊക്കെ കരളിലാക്കി, അവയാണ് ഭാരതദർശന പാരമ്പര്യത്തിന്റെ പ്രധാന ഭാഗങ്ങൾ എന്ന് നിരൂപിച്ചിരുന്ന ഒരാളാണ് ഞാൻ. പിന്നീടാണ് ബോദ്ധ്യം വന്നത് ലോകാചാര്യന്മാരെന്ന് നാം വിവക്ഷി ക്കുന്ന ഈ ശങ്കരന്റെയും രാമാനുജന്റെയും മാധ്വന്റെയും ചിന്ത മുഴുവൻ കൂടി കൂട്ടിയാൽ ഭാരതപാരമ്പര്യത്തിലെ ഒരു മെഡീവൽ ഫിലോസഫി മാത്രമേ ആകുന്നുള്ളുവെന്നും ബുദ്ധദർശനവും ജൈനദർശനവുമൊക്കെ സമുദ്രം പോലെ വ്യാപിച്ചു കിടക്കുന്ന വലിയ ഒരു ചിന്താക്ഷേത്രമാണെ ന്നും.

ഭാരതപാരമ്പര്യമെന്താണെന്ന് സമഗ്രമായി വിവരിപ്പാൻ ഇന്നും എനിക്ക് കഴിവോ അറിവോ ഇല്ല. പക്ഷേ, ആ പാരമ്പര്യത്തിലെ ഉപേക്ഷിച്ചു തള്ളി യിരിക്കുന്ന പല ഭാഗങ്ങളെക്കുറിച്ച് ഇന്ന് ഞാൻ അല്പംകൂടെ ബോധവാ നാണെന്നു മാത്രം.

സംസ്കൃതത്തിലുള്ള എല്ലാ ഗ്രന്ഥങ്ങളെയും ഒരുമിച്ചെടുത്താൽ അതി നേക്കാൾ കൂടുതൽ പ്രയോജനം പാശ്ചാത്യ സാഹിത്യത്തിലെ ഒരൊറ്റ ഗ്രന്ഥം കൊണ്ടാണുണ്ടാകുന്നത് എന്ന് റാജാറാം മോഹൻറോയി പറഞ്ഞ തായി എവിടെയോ വായിച്ചപ്പോൾ ഞാൻ ക്ഷുഭിതനായി, കുപിതനായി. റാം മോഹൻ റോയ് സംസ്കൃതവും പേർഷ്യൻ സാഹിത്യവും ഉർദ്ദുസാഹി ത്യവും കുറെയൊക്കെ അറിയാവുന്ന ആളായിരുന്നു. ആ അഭിപ്രായത്തേ ക്കാൾ കൂടുതൽ ഇന്നെന്നെ ക്ഷോഭിപ്പിയ്ക്കുന്നത് ഭാരതീയ സംസ്ക്കാര സാഗരത്തിന്റെ ഒരു മുക്കു പോലും കണ്ടിട്ടില്ലാത്ത ചില ഇന്ത്യൻ ബുദ്ധി ജീവികൾ ആ സംസ്ക്കാരത്തെ തീരെ അവഗണിയ്ക്കുന്നതു കാണുമ്പോ ഴാണ്.

ഞാൻ പറയുന്നത് സമഗ്രമായ പുരാതന ഭാരതീയ പാരമ്പര്യത്തെ അതേപടി പുനരുജ്ജീവിപ്പിയ്ക്കുകയാണിന്ന് കരണീയം എന്നല്ല. പാശ്ചാ ത്യദർശനത്തിൽ ഇന്നലെയുണ്ടായ ആധുനികതയെയും ആധുനികോത്ത രതയേയും സെക്കുലറിസത്തെയുമൊക്കെ മാത്രം അടിസ്ഥാനമാക്കി ഇവിടെ ഒരു നാഗരികത കെട്ടിപ്പടുക്കുവാൻ ഉള്ള ഉദ്യമത്തെയാണ് ഞാൻ ചോദ്യം ചെയ്യുന്നത്.

ഈ ഭാരതീയ പാരമ്പര്യസാഗരത്തിൽ ഒന്ന് മുങ്ങിക്കുളിച്ചാൽ പാശ്ചാ ത്യപാരമ്പര്യം നമ്മുടെ മനോഫലകത്തിൽ ഒരു നൂറ്റാണ്ടുകൊണ്ട് വരച്ചു തേച്ചിരിക്കുന്ന ചെളി കുറെയെങ്കിലും കഴുകിക്കളയാനൊക്കുമെന്നാണ് എന്റെ അനുഭവം.

മാർക്സിസ്റ്റ് സുഹൃത്തുക്കളും പാശ്ചാത്യ പാരമ്പര്യത്തിലെ ഒരു സുപ്ര ധാന ചിന്താരീതിയായ മാർക്സിയൻ വിശകലനത്തെ മാത്രം അവലം ബിച്ചു ചിന്തിച്ചും പ്രവർത്തിച്ചുംകൊണ്ടിരിയ്ക്കുന്നതിനെപ്പറ്റിയാണ് എനി യ്ക്ക് പരാതി. ദേവീപ്രസാദ് ചതോപാദ്ധ്യായയെയും ഹിരൺ മുക്കർജി

യേയും പോലെ ഭാരതീയ പാരമ്പര്യം പഠിച്ചിട്ടുള്ളവർ മാർക്സിസ്റ്റുകാരുടെ ഇടയിലും ഉണ്ട്. പക്ഷേ അവർ ഭാരതീയ പാരമ്പര്യത്തെ അളന്നറിയുവാൻ ശ്രമിച്ചത് മാർക്സിയൻ വിശകലനത്തിന്റെ അളവുകോൽ മാത്രം ഉപയോഗിച്ചായിരുന്നു എന്നതുകൊണ്ട് ആ പാരമ്പര്യത്തിന്റെ അഗാധതയറിയുവാൻ അവർക്ക് സാധിച്ചില്ല എന്നുള്ളതാണ് വസ്തുത.

ഞാനീ പറയുന്നതിന്റെ ചുരുക്കം ഒരിയ്ക്കൽ കൂടി അവതരിപ്പിയ്ക്കട്ടെ. ആധുനിക പാശ്ചാത്യ ചിന്താരീതിയുടെ രണ്ട് പ്രധാന ഭാഗങ്ങളാണ് ലിബറലിസവും മാർക്സിസവും. രണ്ടും 18-ാം ശതാബ്ദത്തിലുണ്ടായ പാശ്ചാത്യ പ്രബുദ്ധത (western enlightenment) യിൽ നിന്നുരുത്തിരിഞ്ഞതാണ്. രണ്ടിലും ഒരുപോലെ കാണുന്നത് മനുഷ്യയുക്തിയുടെ സിംഹാസനാരോഹണമാണ്. മനുഷ്യയുക്തികൊണ്ട് പരസഹായം കൂടാതെ പിടിച്ചെടുക്കാവുന്നത് മാത്രമാണ് യാഥാർത്ഥ്യം എന്ന ചിന്ത ആധുനിക ശാസ്ത്രത്തിലെന്നപോലെ ലിബറലിസത്തിലും മാർക്സിസത്തിലും കാണുന്നുണ്ട്. അതിന്റെ ഒരു പ്രതിഭാസം മാത്രമാണ് മാർക്സിസ്റ്റുകാരല്ലാത്തവർ പോലും ഇന്ന് സഹർഷം അംഗീകരിയ്ക്കുന്ന സെക്കുലർ ഹ്യൂമനിസം. അതിന് നിദാനമായിരിക്കുന്ന മാനവികതാ ദർശന (Anthropological vision) ത്തേയാണ് ഞാനിന്ന് ചോദ്യം ചെയ്യുന്നത്.

മനുഷ്യന്റെ മാനദണ്ഡം മനുഷ്യൻ തന്നെയാണെന്നും മനുഷ്യനതിരിക്തമായി മാനവികതയുടെ വികസനത്തെ നിയന്ത്രിക്കുന്ന യാതൊന്നുമില്ലെന്നുമുള്ള വാദങ്ങൾ, മാർക്സിസത്തിലും ലിബറലിസത്തിലും കാണുന്നുണ്ട്. ഇതിന് ശാസ്ത്രീയമായി യാതൊരു അടിസ്ഥാനവുമില്ല. മാർക്സിസത്തിൽ ചരിത്രത്തെ ചിലപ്പോഴൊക്കെ മാനവികതാ വികസനത്തിന്റെ നിയാമക ശക്തിയായി വിഭാവനം ചെയ്യാറുണ്ട്. എന്നാൽ ഇത് ഹേഗലിന്റെ മതദർശനത്തിൽനിന്നു മാർക്സ് - ഏംഗത്സ് അടർത്തിയെടുത്ത ഒരു വിശ്വാസമെന്നല്ലാതെ അതിനെ ശാസ്ത്രാധിഷ്ഠിതമായി നീതീകരിയ്ക്കാനൊക്കുകയില്ല.

മാനവികതാവാദം (humanism), സെക്കുലറിസം, സോഷ്യലിസം ഇവ മൂന്നും ഇന്ന് മാർക്സിസത്തിലെന്നപോലെ ലിബറലിസത്തിലും പ്രധാന തത്വങ്ങളാണല്ലോ. പാശ്ചാത്യപ്രബുദ്ധതയിലാണ് മൂന്നിന്റെയും ഉദയം. ഇവയുടെ വേരുകൾ ഭാരതീയ പാരമ്പര്യത്തിൽ തേടിയാൽ കാണുകയില്ല.

ഭാരതീയ പാരമ്പര്യത്തിന്റെ അടിസ്ഥാന ഉൾക്കാഴ്ചകളേവയാണ്? ഈ ചോദ്യത്തിന്റെ സമാധാനത്തിൽ നാം അവഗണിച്ചുകൂടാത്ത മൂന്നു വശങ്ങൾ ചൂണ്ടിക്കാണിയ്ക്കുകയേ ഇവിടെ സാദ്ധ്യമായിട്ടുള്ളു.

ഭാരതീയ പാരമ്പര്യത്തിന്റെ ഏറ്റവും കാതലായ അടിസ്ഥാനം ആദിവാസികളുടെ യാഥാർത്ഥ്യദർശനവും ജീവിത സമീപനവുമാണ്. അത് എഴുതിവച്ചിട്ടുള്ള ഒരു ദർശന സംഹിതയല്ല. അതിന് സ്ഥാപക ദർശകന്മാരില്ല, ലിഖിത വേദങ്ങളുമില്ല. പക്ഷേ സമഗ്രമായ ഒരു വീക്ഷണമാണതിനുള്ളത്. മനുഷ്യൻ എന്നു പറയുന്ന ഒരു പ്രതിഭാസത്തെ ഭൂമിയോടും ആകാശത്തോടും മലയോടും നദിയോടും മൃഗജാലങ്ങളോടും പക്ഷിവൃന്ദങ്ങ

ളോടും വായുവിനോടും ജലത്തോടും ഒരുമിച്ചും അവയെ ആശ്രയിച്ചും മാത്രം സഹജീവിയ്ക്കുന്ന ഒരു പ്രതിഭാസമായിട്ടാണ് ഈ വീക്ഷണം വിവക്ഷിയ്ക്കുന്നത്. എന്നാൽ സെക്കുലറിസം – ലിബറലിസത്തിലെ മൗലിക ചിന്ത ഇതിന് കടകവിരുദ്ധമാണ്. ലോകം മനുഷ്യപ്രജ്ഞയ്ക്ക് പുറത്താണെന്നും ലോകത്തിൽ നിന്നും മാറിനില്ക്കുന്ന, ലോകനിരീക്ഷകനും നിയാമകനുമായ ഒരു സബ്ജെക്ടായി നിലകൊണ്ട്, ലോകത്തെ ഒരു ഒബ്ജക്ടാക്കി അതിനെ വസ്തുനിഷ്ടമായി ശാസ്ത്രം മുഖേന അറിയുവാനും സാങ്കേതിക വിജ്ഞാനീയം കൊണ്ട് മനുഷ്യഹിതത്തിനനുസരിച്ച് ലോകത്തെ കരുപ്പിടിപ്പിയ്ക്കാനും സാദ്ധ്യമാണെന്നുള്ള മിത്ഥ്യാബോധമാണ് സെക്കുലറിസം – ലിബറലിസത്തിനുള്ളത്. ശാസ്ത്രവും സാങ്കേതിക വിജ്ഞാനീയതയുംകൊണ്ട് ബാഹ്യലോകത്തെ മനുഷ്യഹിതത്തിനനുസരിച്ച് രൂപപ്പെടുത്തുവാൻ മനുഷ്യന്റെ യുക്തിയ്ക്ക് സാദ്ധ്യമാണെന്നുള്ള ഒരു വ്യാമോഹം ഇന്ന് നിർണ്ണായകമായ ഒരു പ്രതിസന്ധിയിലെത്തിയിരിക്കേ ആ സെക്കുലറിസം – ലിബറലിസത്തെ നമ്മുടെ മൗലിക ദർശനമാക്കി സ്വീകരിയ്ക്കുവാൻ ഞാൻ മടിയ്ക്കുന്നു.

ഇക്കാര്യത്തിൽ മാർക്സിസ്റ്റ് ദർശനം കുറെക്കൂടെ യാഥാർത്ഥ്യത്തോട് നിരക്കുന്നതാണ്. മനുഷ്യപ്രതിഭാസം പ്രകൃതിയിൽ നിന്ന് വ്യതിരിക്തമല്ലെന്നും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള മെറ്റാബോളിസം അഥവാ വസ്തുവിനിമയംകൊണ്ടു മാത്രമാണ് മനുഷ്യൻ എന്ന പ്രതിഭാസം രൂപം കൊള്ളുന്നതെന്നുമാണ് മാർക്സിസ്റ്റുകാർ (അറിയാവുന്നവർ) പഠിപ്പിയ്ക്കുന്നത്. അതുകൊണ്ട് സാമൂഹ്യ സംഘടിത പ്രയത്നം (socially organised Labour) മനുഷ്യപ്രതിഭാസത്തിന്റെ സ്രഷ്ടാവായിത്തന്നെ അവർ കരുതുന്നു. ആദിവാസികളുടെ ചിന്ത അതിനേക്കാൾ അല്പം കൂടി പ്രൗഢമാണ്. പരസ്പര വസ്തുവിനിമയത്തേക്കാൾ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സ്നേഹസമന്വിതമായ ബഹുമാനപൂർവ്വമുള്ള സഹജീവിതത്വത്തിനും പരസ്പര സാഹോദര്യത്തിനും ആദിവാസികൾ പ്രാമാണ്യം നൽകി.

ഭാരതീയ പാരമ്പര്യത്തിന്റെ രണ്ടാമത്തെ അടിത്തറ, ബുദ്ധമതവും ജൈനമതവുമൊക്കെ വേർതിരിയുന്നതിന് മുമ്പേ ഭാരതത്തിലുള്ളതും അതിന്റെ ഉപദേശങ്ങൾ ഭഗവദ്ഗീതയിലും മഹാഭാരതത്തിലും പൊതുവെ ഉപനിഷത്തുകളിലും മാത്രമല്ല അശ്വഘോഷന്റെ ബുദ്ധചരിത്രത്തിലും ജൈനകൃതികളിലുമൊക്കെ പ്രതിഫലിച്ചുകാണുന്നതുമായ സാംഖ്യദർശനമാണ്. അർത്ഥസംപുഷ്ടമായ ഈ ദർശനത്തിന്റെയും ആദ്യലിഖിതങ്ങൾ നമുക്ക് നഷ്ടപ്പെട്ടിരിയ്ക്കുന്നു. ബ്രാഹ്മണമതത്തിലല്ല സാംഖ്യദർശനത്തിന്റെ ഉദയം എന്നാണ് പണ്ഡിതാഭിപ്രായം. റിച്ചാർഡ് ഗാർബേ പറയുന്നതനുസരിച്ച് സാംഖ്യം ഒരു ക്ഷത്രിയ ദർശനമായിരുന്നത്രേ.

ഗുഹാവാസികളായി സാംഖ്യയോഗം ശീലിയ്ക്കുന്ന സന്യാസിമാരുടെ ഒരാശ്രമം ഇന്നും ബീഹാറിലെ മധുപുര എന്ന നഗരത്തിലുണ്ട്. പഴയ സാംഖ്യ ദർശനത്തെപ്പറ്റി അവരുടെ പ്രസിദ്ധീകരണങ്ങളുമുണ്ട്. എന്നാൽ കപില, ആസൂരി, പഞ്ചശിഖ മുതലായ പ്രധാനാചാര്യന്മാരുടെ ലിഖിത

ങ്ങൾ നമ്മുടെ കൈയിലില്ല. കപിലാചാര്യന്റെ 23 ശ്ലോകങ്ങളടങ്ങിയ "തത്വസമാസം" പോലും നമുക്ക് നഷ്ടമായിരിക്കുന്നു. 60 ശ്ലോകങ്ങളുള്ള പുരാതന "ഷഷ്ടിതന്ത്രം" രണ്ടാം ശതാബ്ദത്തിൽ ഈശ്വരകൃഷ്ണന്റെ കൈയിൽ കിട്ടിയിട്ട് അതിനെ 70 ആക്കി പുനഃപ്രസാധനം ചെയ്ത "സാംഖ്യാകാരിക"യാണ് ഇന്ന് നമുക്ക് ആശ്രയം. സേശ്വരസാംഖ്യവും നിരീശ്വരസാംഖ്യവും രണ്ടും ഒരുമിച്ചു വളർന്നു വികസിച്ചു.

വളരെയധികം ആന്തരിക വൈവിദ്ധ്യങ്ങൾ ഉൾക്കൊള്ളുന്ന ഈ സാംഖ്യ ദർശനത്തിൽനിന്ന് ഇന്ന് നമുക്ക് പലതും പഠിയ്ക്കാനുണ്ട്. രണ്ടെണ്ണം എടുത്തു പറയട്ടെ.

ഒന്നാമത് ദൃഷ്ടമായതിനെല്ലാം അടിസ്ഥാനം അദൃഷ്ടമായതാണ്. ദൃഷ്ടപ്രപഞ്ചം അതിൽ തന്നെ അടിസ്ഥാനമുള്ളതല്ല. വ്യക്ത (manifest) മായത് അവ്യക്തത്തിൽ (unmanifest) അധിഷ്ടിതമാണ്. മൂലപ്രകൃതിയെന്ന് പറയുന്നത് വേര് മുകളിലും കൊമ്പുകൾ താഴെയുമായി നിലകൊള്ളുന്ന ഒരു മഹാവൃക്ഷമാണ്. അതിന്റെ കൊമ്പുകളും ഇലകളും മാത്രമേ ഈ ദൃഷ്ടപ്രപഞ്ചമായി നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ഗോചരമാകുന്നുള്ളു. ഇന്ദ്രിയ ഗോചരമായതിന് അതിൽതന്നെ നിലകൊള്ളാൻ സാധ്യമല്ല. ഇന്ദ്രിയഗോചരമല്ലാത്ത ഒരു അവ്യക്ത (unmanifest) യാഥാർത്ഥ്യത്തിൽ ആശ്രയിച്ചു നിൽക്കുന്ന ഒന്നാണ് നമ്മുടെ ഇന്ദ്രിയഗോചരലോകം.

ഈ അഭിപ്രായത്തിന് നേരെ മറിച്ചാണ് സെക്കുലറിസത്തിന്റെ വിശ്വാസം. ഇന്ദ്രിയഗോചരമാകുന്നത് എല്ലാം അതിൽതന്നെ അസ്തിത്വമുള്ളതാണ് എന്നുള്ള അചിന്തിത യാഥാർത്ഥ്യവാദമാണ് (naive - realism) സെക്കുലറിസത്തിൽ കാണുന്നത്. ആ അടിസ്ഥാനത്തിലാണ് ശാസ്ത്രവും സാങ്കേതിക വിജ്ഞാനീയവും വളർന്നുവന്നത്. ഇന്ന് അതിനെ ശാസ്ത്ര ദാർശനികന്മാർ അത്രതന്നെ ഊന്നിപ്പറയുന്നില്ല. അചിന്തിത യാഥാർത്ഥ്യ വാദത്തിന്റെ സ്ഥാനത്ത് സംസൃഷ്ടയാഥാർത്ഥ്യവാദം (constructive realism) എന്നൊരു ദാർശനിക അടിസ്ഥാനം സൃഷ്ടിച്ച് ആധുനിക ശാസ്ത്രത്തേയും സാങ്കേതിക വിജ്ഞാനത്തെയും ഈ സംസൃഷ്ടയാഥാർത്ഥ്യ വാദത്തിൽ ഉറപ്പിക്കാനാണ് അവരിൽ പലരും ശ്രമിക്കുന്നത്.

ശാസ്ത്രത്തിലെ വിജ്ഞാനം ഉണ്മയെപ്പറ്റിയുള്ള അറിവൊന്നുമല്ലെന്നും എന്നാൽ മനുഷ്യനു പ്രയോജനകരമായി മനുഷ്യൻതന്നെ സൃഷ്ടിക്കുന്ന ഒരു യാഥാർത്ഥ്യമാണെന്നും അവർ വാദിക്കുന്നു. ഇന്നലെവരെ ശാസ്ത്രത്തിൽ മാത്രമാണ് യാഥാർത്ഥ്യമെന്ന് വാദിച്ചവർ തന്നെയാണ് ഇന്ന് ഇങ്ങനെ കടകവിരുദ്ധമായി പറയുന്നത്.

ഇങ്ങനെയുള്ള ഉണ്മയിൽ അടിസ്ഥാനമില്ലാത്ത ഒരു ശാസ്ത്രവിജ്ഞാനീയത്തിന്മേൽ ഭാരതീയ നാഗരികത പടുത്തുറപ്പിക്കുന്നതിനോടാണ് എനിക്ക് എതിർപ്പ്. സാംഖ്യദർശനത്തിലെ ദൃഷ്ടമായതിനടിസ്ഥാനമായുള്ള അദൃഷ്ടത്തെക്കുറിച്ചുള്ള ഭാവന ഭാരതീയ പാരമ്പര്യത്തിന്റെ മൂലക്കല്ലാണെന്നു ഞാൻ കരുതുന്നു. അതുകൊണ്ടാണ് സെക്കുലറിസം എന്നപ്പോലുള്ളവർക്ക് അനഭികാമ്യമായി തോന്നുന്നത്. സാംഖ്യദർശനത്തിൽ

കാണുന്ന രണ്ടാമത്തെ പ്രധാന ഉൾക്കാഴ്ച "അഹം", "ബുദ്ധി" എന്നിവ രണ്ടും അവ്യക്തയാഥാർത്ഥ്യം വ്യക്തമായി രൂപംകൊള്ളുന്നതോടുകൂടെ ഉണ്ടാകുന്ന ത്രിഗുണ സംസൃഷ്ടമായ "മഹത്" എന്ന പ്രതിഭാസത്തിൽ ഉണ്ടാകുന്ന ചില രൂപാവിർഭാവങ്ങളാണെന്നും അവയ്ക്കു രണ്ടിനും നിതാന്തമായ അടിസ്ഥാനമൊന്നുമില്ലെന്നുമുള്ളതാണ്. പാശ്ചാത്യപ്രബുദ്ധതയിൽ അഹം അഥവാ experiencing subject, ബുദ്ധി അഥവാ conciousness, പ്രജ്ഞ എന്നിവ രണ്ടിനെയും മനുഷ്യൻ എന്ന പ്രതിഭാസത്തിന്റെ പ്രമുഖ വശങ്ങളായി എടുത്ത് മനുഷ്യബുദ്ധിയിൽകൂടി യാഥാർത്ഥ്യത്തെ സ്വാംശീകരിക്കുവാനാണ് ഉദ്യമിക്കുന്നത്. ഇത് ഒരിക്കലും വിജയിക്കാത്ത ഉദ്യമമാണെന്നാണ് ഇതുവരെയുള്ള മനുഷ്യന്റെ അനുഭവം കൊണ്ടു കാണുന്നത്. അഹത്തെയും ബുദ്ധിയേയും അന്തിമയാഥാർത്ഥ്യമായി കരുതാതെ അവയെ ഒരു മാത്രയ്ക്കുള്ളിൽ മനസ്സിലാക്കാനുള്ള സാംഖ്യത്തിന്റെ ഉദ്യമം സെക്കുലറിസത്തിലെ മനുഷ്യബുദ്ധികൊണ്ട് ഉണ്മയെ പിടിച്ചെടുക്കാം എന്ന വ്യാമോഹത്തേക്കാൾ അഭികാമ്യമായി എനിക്കു തോന്നുന്നു.

ആദിവാസി പാരമ്പര്യമൊഴിച്ചാൽ ഭാരതസംസ്കാരത്തിന്റെ പൊതുവെയുള്ള അടിത്തറയായ സാംഖ്യദർശനത്തിലെ രണ്ട് മൗലിക ഉൾക്കാഴ്ചകൾ നിഷേധിക്കുന്നരീതിയിൽ ഉള്ളതാണ് പാശ്ചാത്യ പ്രബുദ്ധത. അത്രകണ്ട് ആ പ്രബുദ്ധത അബദ്ധജഡിലമാണെന്ന് ഞാൻ കരുതുന്നു.

ബുദ്ധമതത്തിലും ജൈനമതത്തിലും ഹിന്ദുമതത്തിലും ഒരുപോലെ കാണുന്നതും അവയ്ക്കു മൂന്നിനും അടിസ്ഥാനമായതും ആയ സാംഖ്യദർശനത്തെ രണ്ടു കാരണങ്ങൾകൊണ്ട് ശ്രീ ശങ്കരൻ നിരാകരിച്ചു. സാംഖ്യത്തിലെ അടിസ്ഥാനപരമായ പുരുഷനും പ്രകൃതിയും എന്ന ദ്വന്ദാത്മകത്വം അദ്വൈതവാദിയായിരുന്ന ശ്രീ ശങ്കരന് സ്വീകാര്യമല്ലായിരുന്നു. ഇത് ഒരു പ്രധാന പ്രശ്നം തന്നെയാണ്. അതു കൈകാര്യം ചെയ്യാൻ ഇവിടെ സ്ഥലമില്ല. രണ്ടാമത് സാംഖ്യത്തിൽ പ്രത്യക്ഷം, അനുമാനം എന്ന രണ്ടു പ്രമാണങ്ങളെ ഉള്ളൂവെന്നും ഇവകൊണ്ടുമാത്രം ബ്രഹ്മസാക്ഷാത്ക്കാരം സാദ്ധ്യമല്ലെന്നും അദ്ദേഹം വാദിച്ചു. ബ്രഹ്മനെ അറിയണമെങ്കിൽ പ്രത്യക്ഷത്തിലും അനുമാനത്തിലും സിദ്ധിക്കുന്ന അറിവിന് അതിരിക്തമായി ഒരു പരാവിജ്ഞാനം വേണമെന്നും അതു വേദത്തിൽകൂടെയും ആഗമത്തിൽ കൂടെയും ആപ്തവചനത്തിൽകൂടെയും മാത്രമേ സംസിദ്ധമാകൂ എന്നും അദ്ദേഹം വാദിച്ചു. അതും ഇന്ന് സംഗതമായ ഒരു വിവാദവിഷയമാണ്. പക്ഷേ സ്ഥലച്ചുരുക്കംകൊണ്ട് അതിലേക്കു കടക്കുന്നില്ല.

സാംഖ്യം പോലെ തന്നെ പുരാതനമായതും ബ്രാഹ്മണമതം, ബുദ്ധമതം, ജൈനമതം എന്നിവയ്ക്കു മുമ്പു തന്നെ ഭാരതപാരമ്പര്യത്തിലെ പ്രധാന മുഖങ്ങളിലൊന്നായിത്തീർന്നിരുന്നതുമായ യോഗദർശനം മൂന്നു മതങ്ങളും ധാരാളം പകർത്തി എടുത്തിട്ടുണ്ട്. ഈ മൂന്നു മതങ്ങളുടെയും ആദ്ധ്യാത്മികത യോഗദർശനത്തിൽ അധിഷ്ടിതമാണെന്നു പറയാം.

വിപുലമായ യോഗദർശനത്തിലെ ഒരു ഉൾക്കാഴ്ച മാത്രമേ ഞാനിവിടെ എടുത്തു കാണിക്കുന്നുള്ളു. മനുഷ്യൻ എന്ന പ്രതിഭാസം അതിൽതന്നെ അപൂർണമാണെന്നും ആ പ്രതിഭാസത്തിന്റെ അടിത്തറയായ ഒരു നിത്യ

യാഥാർത്ഥ്യവുമായുള്ള താദാത്മ്യംകൊണ്ടു മാത്രമേ മനുഷ്യൻ പൂർണത പ്രാപിക്കുന്നുള്ളു എന്നും യോഗദർശനം വാദിക്കുന്നു. ഇതിനെതിരാണ് സെക്കുലറിസത്തിന്റെ ഉൾക്കാഴ്ച. മനുഷ്യൻ അവനിൽതന്നെ പൂർണ്ണനാണെന്നും മനുഷ്യനുപരിയായി ഒരു അതിരിക്തയാഥാർത്ഥ്യവും ഇല്ലെന്നും സെക്കുലറിസം പഠിപ്പിക്കുന്നത് യോഗദർശനത്തിലെ ഉൾക്കാഴ്ചയ്ക്കു കടകവിരുദ്ധമാണ്. ഒരു ഭാരതീയനായ ഞാൻ സെക്കുലറിസത്തിന്റെ മനുഷ്യൻ അവനിൽതന്നെ പൂർണ്ണനാണെന്നുള്ള ഉൾക്കാഴ്ചയെ നിഷേധിക്കുന്നു. മനുഷ്യൻ ഒരു ആയിത്തീരലിന് (Becoming) വിധേയനാണ്, എന്നും ആയിത്തീരലിന്റെ ഫലമായി അവനിലുള്ള അവിദ്യ നീങ്ങുമ്പോൾ അവൻ പൂർണ്ണത പ്രാപിക്കുന്നു എന്നുമുള്ള യോഗദർശനത്തിന്റെ ഉൾക്കാഴ്ചയെ ഞാൻ അതേപടി സ്വീകരിക്കുന്നില്ലെങ്കിലും അതെനിക്ക് പ്രചോദനം നൽകുന്നു.

ഭാരതീയ പാരമ്പര്യത്തിന്റെ അടിത്തറയിൽ കിടക്കുന്ന ആദിവാസി ദർശനം, സാംഖ്യദർശനം, യോഗദർശനം എന്നിവ മൂന്നും ബ്രാഹ്മണമതത്തേക്കാൾ പുരാതനവും എല്ലാ മതങ്ങൾക്കും അടിസ്ഥാനമാകേണ്ടതും ആണ്.

ഭാരത സംസ്ക്കാരത്തിന്റെ അടിത്തറയിൽ ഉള്ള അതിവിപുലമായ മറ്റൊരു ദർശനമാണ് ബുദ്ധദർശനം. ബഹുമുഖങ്ങളായ അഭിപ്രായ വൈവിദ്ധ്യങ്ങളേയും സമ്പ്രദായ ബഹുലതയെയും ഉൾക്കൊള്ളുന്ന ഈ ബുദ്ധദർശനസാഗരത്തിൽനിന്ന് പരസ്പരബദ്ധങ്ങളായ രണ്ട് ഉൾക്കാഴ്ചകളെ മാത്രം ഞാൻ ഇവിടെ എടുത്തുകാണിക്കട്ടെ. ഒന്നാമത് "പ്രതീത്യസമുദ്പന്നവാദം." രണ്ടാമത് "ശൂന്യതാവാദം." ഈ രണ്ടു പദങ്ങളെയും സമഗ്രമായി വിശകലനം ചെയ്യാൻ ഇവിടെ സ്ഥലമില്ല. എന്നാൽ നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമാകുന്ന ലോകത്തിന്റെ സ്ഥിതിയെക്കുറിച്ച് മായാവാദത്തേക്കാൾ ആധുനികചിന്തയോടു നിരക്കുന്നതും അഭികാമ്യമായി എനിക്കു തോന്നുന്നതും ആയ ഒരു ഉൾക്കാഴ്ചയാണ് 'പ്രതീത്യസമുദ്പന്നവാദം.' ഇന്ദ്രിയഗോചരമാകുന്ന ലോകം മിഥ്യയുമല്ല, സത്യവുമല്ല, രണ്ടുംകൂടെയുള്ള ഒരു സങ്കലനവും അല്ല. പ്രത്യുത മനുഷ്യമനസ്സിനെപ്പോലുള്ള ഒരു പ്രതിഭാസം ഇന്ദ്രിയഗോചരമാകുന്ന ഒരു ലോകത്തെ അഭിമുഖീകരിക്കുമ്പോൾ, നമ്മുടെ മനസ്സിന്റെ ഘടനയും അതിനെ അഭിമുഖീകരിക്കുന്ന യാഥാർത്ഥ്യത്തിന്റെ ചില മുഖങ്ങളും ഒരുമിച്ച് ചില പ്രത്യേക സാഹചര്യങ്ങളിൽ ഉൽപ്പാദിതമാകുന്ന ഒരു യാഥാർത്ഥ്യം മാത്രമാണ് നമുക്കനുഭവമാകുന്ന ലോകമെന്നുള്ള ബുദ്ധമതത്തിലെ ഉൾക്കാഴ്ച സെക്കുലറിസത്തിലെ naive realism, constructive realism എന്നിവയേക്കാൾ നേരിനുനിരക്കുന്നതും അഭികാമ്യവുമായ ഒന്നായി ഞാൻ കരുതുന്നു.

ശൂന്യതാവാദം അതിഗഹനവും തെറ്റിദ്ധരിക്കാൻ എളുപ്പമുള്ളതുമാണ്. അസ്തിത്വമുള്ള യാതൊന്നിനും അതിന്റേതായ നിത്യസ്വഭാവം ഇല്ലെന്നും അവ്യക്തതയിൽനിന്നും വ്യക്തതയിലേക്കു വരുമ്പോൾ, രൂപം പ്രാപിക്കുന്നതുമൂലമുള്ള താത്കാലിക യാഥാർത്ഥ്യം മാത്രമേ ഉള്ളൂ എന്നും, രൂപപ്രാപ്തിക്കു മുമ്പുള്ളത് രൂപരഹിതമായ ശൂന്യതയാണെന്നും ശൂന്യതാവാദം പഠിപ്പിക്കുന്നു. എനിക്ക് വളരെ പ്രിയങ്കരമായ ഒരു ഉൾക്കാഴ്ചയാണിതും.

പാശ്ചാത്യദർശനത്തിലെ അനുദിനവ്യതിയാനങ്ങളെ അനുധാവനം ചെയ്യുന്നതിനോട് എനിക്കു വിരോധമൊന്നുമില്ല. പക്ഷേ അതിന്റെ കുടുക്കുകളിൽ പെട്ട് അതിൽ നിന്നും പുറത്തിറങ്ങാൻ വിഷമിക്കുന്ന പാശ്ചാത്യ മനുഷ്യനെ പോലെ ഭാരതീയരും ആയിത്തീരരുതെന്നും പാശ്ചാത്യർ തന്നെ ഈ കുടുക്കുകളിൽ നിന്നും രക്ഷപെടണമെന്നുമാണ് എന്റെ ആഗ്രഹം. ശ്രീ. കെ. പി. അപ്പൻ പറയുന്നതുപോലെ പാശ്ചാത്യസാഹിത്യം നമുക്ക് അനന്യമല്ലെന്നല്ല എന്റെ വാദം. സംപൂർണ മാനവികതയുടെ സ്വരം കേൾക്കാൻ വേണ്ടി ലിബറലിസത്തിലും മാർക്സിസത്തിലും ചെലുത്തുന്ന ശ്രദ്ധ ഭാരതപാരമ്പര്യത്തിലും ചെലുത്തണമെന്നേ എനിക്ക് വാദമുള്ളു. പാശ്ചാത്യ പാരമ്പര്യത്തെ പഠിക്കുന്നവരെല്ലാം അതിനെ അടിമകളായി അനുധാവനം ചെയ്യുന്നു എന്നും എനിക്ക് വിവക്ഷയില്ല. പക്ഷേ, ഭാരതത്തിലെ ബുദ്ധിജീവികളുടെ ശ്രദ്ധയുടെ വലിയ പങ്ക് പിടിച്ചുപറ്റിയത് പാശ്ചാത്യ പ്രബുദ്ധതയാണെന്നും ആ ശ്രദ്ധ ഭാരത പാരമ്പര്യത്തിലേക്ക് കുറച്ചൊക്കെ തിരിച്ചുവിടണമെന്നുമേ എനിക്ക് ആഗ്രഹമുള്ളു.

"കാലത്തിന്റെ ഉദാരമായ രക്ഷ"യിൽ എനിക്ക് വിശ്വാസമില്ല. കാലം പലതും പുറത്തുകൊണ്ടുവരും. പക്ഷേ, അവയെ വിവേചിച്ചറിഞ്ഞ് മനുഷ്യന്റെ പ്രയോജനത്തിനായി ഉപയോഗിക്കാനുള്ള ചുമതല മനുഷ്യനിൽ തന്നെയാണ് നിക്ഷിപ്തമായിട്ടുള്ളത്.

അഹത്തെയും ബുദ്ധിയേയും ഇത്രവളരെ ആശ്രയിക്കാതെ, പത്തൊമ്പതാം ശതകത്തിനു മുമ്പുള്ള പാശ്ചാത്യചിന്തയെയും പൗരസ്ത്യ ചിന്തയെയും അവഗണിയ്ക്കാതെ, ഇന്നത്തേയ്ക്കുതകുന്ന ഒരു സമഗ്രവീക്ഷണം സൃഷ്ടിക്കാൻ ഭാരതീയർക്കേ കഴിവുള്ളു എന്നാണ് എന്റെ വിശ്വാസം. ഇതു നാം താഴ്മയോടും ബുദ്ധിയോടുംകൂടെ ചെയ്താൽ ഭാരതം മാത്രമല്ല മനുഷ്യരാശി മുഴുവൻ ധന്യമാകും.







# പ്രഭാഷണങ്ങൾ

# ഗ്രിഗോറിയൻ വാമൊഴികൾ

## ഉള്ളടക്കം


1. അയ്യോ ഞാൻ കേവലം ബാലനല്ലേ
2. വി. മൂറോൻ
3. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത
4. പ്രഭാവവും ഭാരവും
5. വ്യക്തിത്വം വെളിവാക്കുക
6. മേൽപ്പട്ടക്കാരന് ഉണ്ടായിരിക്കേണ്ട അഞ്ചു യോഗ്യതകൾ
7. ക്രൈസ്തവസഭയിൽ കശ്ശീശായുടെ ചുമതലകൾ
8. വൈ. എം. സി. എ. യിലെ യുവജനപങ്കാളിത്തം
9. പുതിയൊരു സംസ്കാരം കെട്ടിപ്പടുക്കുക
10. ഭൗമ ഉച്ചകോടി
11. പുതിയ ജീവിതത്തിലേയ്ക്കുള്ള പ്രവേശനം
12. 'സഭ ദൈവത്തിന്റെ പ്രത്യക്ഷ രൂപമായിത്തീരണം'
13. നീതിക്കായി വിശന്നു ദാഹിച്ചിരിക്കുക
14. കുരിശിന്റെ വഴി
15. അന്തിമ വിജയം നീതിയ്ക്ക്
16. മനസ്സിനും ശരീരത്തിനും ആശ്വാസം കിട്ടണം
17. കുട്ടികളുടെ അവകാശങ്ങൾ
18. ഭാരതസഭ ആദിമുതലേ സ്വതന്ത്രം
19. കാഴ്ചയും ശ്രവണവും
20. സഭയും സ്ത്രീകളും
21. ശ്രീനാരായണ ഗുരുദേവൻ: ആദ്ധ്യാത്മിക ചൈതന്യത്തിന്റെ.....

# 1
# അയ്യോ ഞാൻ കേവലം ബാലനല്ലോ

“അയ്യോ, യഹോവയായ കർത്താവേ, എനിക്കു സംസാരിപ്പാനറിഞ്ഞുകൂടാ. ഞാൻ കേവലം ബാലനല്ലോ” (യിരമ്യാവ് 1:6).

പതിനെട്ടു വയസ്സിൽ കവിയുകയില്ല പ്രായം. പ്രോജ്വല നയനങ്ങൾ കുറിക്കുന്നത് മസ്തിഷ്ക്കത്തിന്റെ തീക്ഷ്ണതയെയോ ഹൃദയത്തിന്റെ ഉറപ്പിനേയോ. അതോ രണ്ടിനേയും കൂടിയോ? യഹൂദബാലന്മാർക്കു പതിവുള്ള ആചാരങ്ങളുടെ പഠിത്തം കുറച്ചു കഴിച്ചിട്ടുണ്ട്. ദൈവഭയം വളരെ കൂടും. തന്റെ സാന്നിദ്ധ്യം മൂലം സീനായി പർവ്വതത്തെ കുലുക്കി അതിൽ നിന്നും തീ പുറപ്പെടുവിച്ച അഗ്നിമയനും അപ്രാപ്യനുമായ യിസ്രായേലിന്റെ ദൈവത്തെപ്പറ്റി ഭയമല്ലാതെ സ്നേഹമെങ്ങിനെ ആ ബാലനുണ്ടാകും? തന്റെ പിതാവായ ഹില്കീയ പുരോഹിതൻ യഹോവയ്ക്കു നൽകുവാൻ വേണ്ടി വളർത്തിക്കൊണ്ടു വന്നിട്ടുള്ളതാണ് തന്നെയെന്ന് യുവാവായ യെറമിയായ്ക്കറിയാമായിരുന്നു. യെറം യാഹൂ - യഹോവാ ഉയർത്തും അഥവാ സ്ഥാപിക്കും എന്നാണ് തന്റെ പേരിന് തന്നെ അർത്ഥം.

ഇതൊക്കെയാണെങ്കിലും യോശയാ രാജാവിന്റെ വാഴ്ചയുടെ പതിമൂന്നാം വർഷത്തിലുണ്ടായ ആ സംഭവത്തിന് താൻ തയാറായിരുന്നില്ല. അഗ്നിവസ്ത്രരായ തേജോമയമാലാഖമാർ ദൂരെ നിന്ന് തന്നെ ആരാധിച്ചു വന്ദിക്കുന്ന യഹോവയായ ദൈവം തനിയ്ക്ക് നേരിട്ട് പ്രത്യക്ഷനാകുമെന്ന് ആ യുവാവെങ്ങനെയാണ് കരുതുന്നത്? പ്രത്യക്ഷനായിട്ട് പറയുന്നതോ: “നീ മാതൃഗർഭത്തിൽ രൂപമെടുക്കുന്നതിന് മുമ്പേ നിന്നെ ഞാൻ തെരഞ്ഞെടുത്തിരിക്കുകയാണ്. നീ ജാതനാകുന്നതിനെത്രയോ മുമ്പുതന്നെ ഞാൻ നിന്നെ മാറ്റിവച്ചിരിക്കുകയാണ് - രാഷ്ട്രങ്ങളോട് എന്റെ വചനം ഉച്ചരിപ്പാനായി നിന്നെ ഞാൻ പ്രവാചകനായി നിയമിച്ചിരിക്കുന്നു” എന്ന്.

അത്ഭുതത്തിന്നവകാശമുണ്ടോ ആ യുവാവിന്റെ മറുപടിയിൽ: “അയ്യോ, നിതാന്തനാഥനായ ദൈവമേ, എനിക്ക് പ്രഭാഷണപാടവമില്ല, ഞാൻ ബാലനല്ലോ!”

നാഥനായ ദൈവമോ അവനോടു പറയുകയാണ്, “ഞാൻ ബാലനല്ലോ, എന്ന് നീ പറയരുത്; ഞാൻ നിന്നെ അയയ്ക്കുന്നിടത്തു നീ പോകണം; ഞാൻ നിന്നോട് ആജ്ഞാപിക്കുന്നതിനെ നീ പ്രഭാഷിക്കണം. അവരെക്കണ്ട് നീ ഭയപ്പെടേണ്ട. നിന്നെ സഹായിക്കുന്നതിന് ഞാൻ നിന്നോടു കൂടെയുണ്ട്.”

എന്ന് പറയുക മാത്രമല്ല ദിവ്യഹസ്തം നീട്ടി അത്ഭുതസ്തബ്ധനായ ആ യുവാവിന്റെ അധരങ്ങളെ തൊടുകയും കൂടെ ചെയ്തുകൊണ്ട് കല്പിക്കുകയാണ്:

"ഇതാ, എന്റെ വചനങ്ങളെ ഞാൻ നിന്റെ വായിൽ നിക്ഷേപിച്ചിരിക്കുന്നു. രാഷ്ട്രങ്ങളുടേയും സാമ്രാജ്യങ്ങളുടേയും മേൽ നിനക്ക് ഞാൻ അധികാരം നൽകുന്നു - നിർമ്മൂലനം ചെയ്വാനും പൊളിച്ചുകളയുവാനും, തകർപ്പാനും ഇടിച്ചുകളയുവാനും, അപ്രകാരംതന്നെ പണിയുവാനും നടുവാനുമുള്ള അധികാരം."

പതിനെട്ടു വയസ്സുള്ള ബാലൻ, ദരിദ്രപുരോഹിതന്റെ പുത്രൻ, വിദ്യാഭ്യാസമില്ല, വാഗ്ചാതുരിയില്ല. നേതൃത്വശക്തികളൊന്നുമില്ല. രാജാധിരാജാവായ ദൈവം വിളിക്കുന്നതോ മനുഷ്യചരിത്രത്തിലെ മഹാനിമിഷങ്ങളിലൊന്നായ യറൂശലേമിന്റെ നാശഘട്ടത്തിൽ, യിസ്രായേൽ ജനതയോടും അന്യ സാമ്രാജ്യങ്ങളോടും അവരുടെ ഹിതത്തിന് കടകവിരുദ്ധമായ ദൈവഹിതം ധൈര്യപൂർവ്വം കൊട്ടിഘോഷിക്കുവാൻ. നടുങ്ങുകയില്ലേ ലോകപരിചയവും ജിഹ്വാ ബലമുള്ളവർ പോലും!

ഒരുദാഹരണം: യരുശലേം നഗരം ബാബിലോൺ രാജാവിന്റെ സൈന്യങ്ങളാൽ വളയപ്പെട്ടിരിയ്ക്കുന്നു. ഈജിപ്തിൽ നിന്നും സഹായം ലഭിയ്ക്കുവാനിടയുണ്ട്. യരുശലേമിന്റെ മതിലുകൾ പല ദിഗ്‌വിജയികളേയും പിന്തിരിപ്പിച്ചിട്ടുള്ളതാണ്. യരുശലേം യഹോവയുടെ നഗരമാണ്. അതിന് യാതൊരു കേടുപാടും പറ്റുവാൻ സാദ്ധ്യമല്ല എന്നാണ് മഹാപുരോഹിതന്മാരുടെ അഭിപ്രായം. നാടു നശിച്ചാലും പട്ടിണി കൊണ്ടു ഇസ്രായേൽ മുഴുവൻ ചത്തൊടുങ്ങിയാലും ബാബേൽ രാജാവിന് കീഴടങ്ങരുതെന്നാണ് രാജ്യ പ്രഭുക്കന്മാരുടെ ശാഠ്യം. ഈയവസരത്തിൽ ഒരു പ്രവാചകന് യഹോവയിൽ നിന്നും നല്കപ്പെട്ടിട്ടുള്ള സന്ദേശമോ ഒരൊറ്റ വാക്ക് മാത്രം: "കീഴടങ്ങുക." പ്രവാചകനെ രാജ്യദ്രോഹിയെന്നും ബാബേൽ ചാരനെന്നും വിളിക്കുവാൻ കാരണം വേറെ വല്ലതും വേണമോ? "അവനെ കൊല്ലുക. അവനെ കൊല്ലുക" എന്ന് (ഏഴു ശതവത്സരക്കാല ശേഷം പീലാത്തോസിന്റെ അരമനയ്ക്ക് മുൻപിൽ വെച്ച് നിലവിളിച്ചതിന്റെ മുന്നോടിയെന്ന വണ്ണം) ജനങ്ങൾ ആർത്തു വിളിച്ചതിലോ, ചേർക്കുണ്ടിൽ തന്നെ വലിച്ചെറിഞ്ഞു കളഞ്ഞതിലോ, അത്ഭുതത്തിന്നവകാശമുണ്ടോ?

ദൈവം മനുഷ്യനെ വിളിക്കുന്നത്, സഭയിലെ പ്രമാണിയായി, ജനങ്ങളാലെല്ലാം പൂജിതനായ നേതാവായി, സുഭഗവും സുരഭിലവുമായ ഒരു പുഷ്പമെത്തയിൽ കിടന്ന് ദൈവത്തെ സേവിക്കുവാനല്ല. അക്രമവും അനീതിയും, മാധുര്യമുള്ള കാപട്യവും, മനുഷ്യൻ മനുഷ്യനെയുള്ള ചൂഷണവും, സഹഭാവലേശം പോലുമില്ലാത്ത സ്വാർത്ഥതയും രാജ്യം ഭരിക്കുന്ന മനുഷ്യവംശത്തിൽ വൈനീത്യത്തോടും ദൈവഭയത്തോടും കൂടെ, മനുഷ്യസ്നേഹവും സേവനസന്നദ്ധതയും കൈവളർത്തി, കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ നമുക്ക് കാണിച്ചുതരപ്പെട്ടിട്ടുള്ള ദൈവസ്നേഹം നമ്മുടെ ജീവിതം വഴിയായി അന്യർക്ക് പകർന്നുകൊടുക്കുവാൻ തന്റെ ഉപകരണമായിത്തീരുവാൻ വേണ്ടിയാണ്. അങ്ങനെ ചെയ്യുകയെന്നുള്ളത് ക്ലേശരഹിതമോ മനുഷ്യശക്തിയാൽ മാത്രം ക്ഷിപ്രസാദ്ധ്യമോ ആയിട്ടുള്ള കാര്യമല്ല. "അയ്യോ, ഞാൻ കേവലം ബാലനല്ലോ?" എന്നു മനുഷ്യന് തോന്നിപ്പോകുന്നത് അത്ഭുതാവഹമല്ല.

ഇന്നും ദൈവത്തിന്റെ അധരങ്ങളും പ്രതിപുരുഷന്മാരുമായി, മനുഷ്യരുടെ എതിർപ്പായ ക്രൂശുമേന്തി കാൽവറി മാർഗ്ഗത്തിലൂടെ നടക്കുവാൻ ദൈവം യുവാക്കന്മാരെയും പ്രായമായവരെയും വിളിക്കുന്നുണ്ട്. എന്നാൽ കർത്തവ്യത്തിന്റെ വ്യാപ്തിയും കഴിവിന്റെ പരിമിതിയും തന്നത്താനറിയുന്നവർ, “അയ്യോ എനിക്ക് സംസാരിപ്പാനറിഞ്ഞുകൂടല്ലോ, ഞാൻ കേവലം ബാലനല്ലോ” എന്ന് യഥാർത്ഥമായി പരിതപിച്ചുകൊണ്ടിരിക്കുകയാണ്.

യുവാവായ യെറമിയാവിന്റെ വിശ്വദൃഷ്ടാന്തമായ ഈ വിഷമസന്ധിയിൽ നാഥനായ ദൈവം അവനെ കാണിക്കുന്ന ദർശനദ്വയത്തെപ്പറ്റി യെറമ്യാവിന്റെ പുസ്തകത്തിന്റെ ആദ്യ അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്. ആദ്യം താൻ കാണുന്നത് ബദാം (almond) വൃക്ഷത്തിന്റെ ഒരു ശിഖരം. ഗാഢമായ അർത്ഥമാണീ ദർശനത്തിന്. മദ്ധ്യപൂർവ്വദേശത്തെ ശൈത്യകാലത്ത് വൃക്ഷങ്ങളെല്ലാം ഇല പൊഴിഞ്ഞ് കൊമ്പുകൾ മാത്രമായാണ് നിലകൊള്ളുന്നത്. ശരൽക്കാലം വരുമ്പോൾ ഓരോന്നിൽനിന്നും ഇലയും പൂവും പൊട്ടിപ്പുറപ്പെട്ട് മരുഭൂമി പോലെ കിടന്നിരുന്ന വൃക്ഷലോകം ജീവൻ വീണ്ടും പ്രാപിച്ച് പച്ച ധരിക്കുന്നു. ഇങ്ങനെ ആദ്യം പച്ച പിടിക്കുന്ന വൃക്ഷമാണ് ബദാം. എബ്രായഭാഷയിൽ ഈ വൃക്ഷത്തിനു ഷോക്കേദ് എന്നാണ് പേർ. ഷോക്കേദ് എന്ന പദത്തിന് ഉണർന്നിരിക്കുന്നവൻ, അഥവാ കാവൽക്കാരൻ എന്നും അർത്ഥമുണ്ട്. ശരൽക്കാലത്തിന്റെ സമയമറിഞ്ഞ് ശൈത്യകാലനിശയുടെ അന്ത്യയാമത്തിൽ ഉണർന്നെഴുന്നേൽക്കുന്ന ബദാം വൃക്ഷത്തെപ്പോലെ, മരുഭൂമിപോലെ ഉണങ്ങിവരണ്ടു കിടക്കുന്ന യിസ്രായേൽ ജനതയെ പച്ചപിടിപ്പിക്കുവാൻ താൻ ജാഗരൂകനായിരിക്കുന്നുവെന്നാണ് ഈ പ്രഥമ ദർശനത്തിന്റെ അർത്ഥം.

രണ്ടാമത്തെ ദർശനമോ, തിളച്ചുമറിയുന്ന ഒരുരുളി. ഉരുളിയുടെ വടക്കുഭാഗം അല്പം പൊന്തിനിൽക്കുന്നതുകൊണ്ട് വടക്കു നിന്നും തെക്കോട്ട് ഈ തിളയ്ക്കുന്ന എണ്ണ മറിഞ്ഞേക്കാനിടയുണ്ടെന്നുള്ളതാണർത്ഥം. ഉത്തരഭാഗങ്ങളിൽ നിന്നുമുള്ള സ്കിതിയാ (Seythians) ക്കാരുടെ ആക്രമണമോ, അല്ലെങ്കിൽ, കിഴക്കുനിന്നും വടക്കൻവഴിയിൽ കൂടി ഇറങ്ങിവരുന്ന ബാബേൽപ്പടകളോ ആയിരിക്കും ദൈവകോപത്തിന്റെ തിളച്ചുമറിയുന്ന ഉരുളിയായി ഇസ്രായേൽ ജനതയുടെ മേൽ വീഴുന്നത്. അങ്ങനെയുള്ള ഒരത്യാപത്തുകൊണ്ടു മാത്രമേ ഇസ്രായേൽ ജനതയുണരുവാനും അങ്ങനെയവർ ദൈവകാരുണ്യമാകുന്ന പച്ചപിടിക്കുവാനുമിടയാവുകയുള്ളുവെന്നാണ് ദർശനസാരം. ചരിത്രത്തിലുമങ്ങിനെ തന്നെയാണുണ്ടായത്. ക്രിസ്തുവിനു മുൻപുള്ള ആറാം ശതകത്തിന്റെ ആരംഭകാലത്തുണ്ടായ യെറുശലേമിന്റെ നാശവും യഹൂദ്യജനതയുടെ ബന്ധിതമായ ബാബേൽ വാസവും കഴിഞ്ഞതിനോടുകൂടിയാണ് യഹൂദമതത്തിന്റെ ആദ്ധ്യാത്മിക സുവർണ്ണയുഗമാരംഭിക്കുന്നത്. യരുശലേമിലെ ദേവാലയവും ദാവീദിന്റെ രാജസിംഹാസനവും നിശ്ശേഷം നിർമ്മൂലമായതിനു ശേഷമേ, ദൈവം ബലിയേക്കാൾ തകർന്ന ഹൃദയത്തെ താല്പര്യപ്പെടുന്നുവെന്ന് യഹൂദർക്ക് ബോദ്ധ്യമായുള്ളു.

ഇന്ന് ആദ്ധ്യാത്മിക മരുഭൂമിയുടെ പ്രതീതി തോന്നിക്കുന്ന നമ്മുടെ സഭയിൽ ബദാംവൃക്ഷത്തിന്റെ കൊമ്പുകൾ പലതും കാണുന്നുണ്ട്. ആദ്ധ്യാത്മിക ശരൽക്കാലത്തിന്റെ മുന്നോടിയായ ഒരു അസ്വാസ്ഥ്യം (restlessness) നമ്മുടെ യുവജനങ്ങളുടെ ഇടയിൽ ധാരാളം കാണാനുണ്ട്.

തിളച്ചുമറിയുന്ന ഉരുളികളും നമ്മുടെ ചുറ്റും വേണ്ടത്ര കാണുന്നുണ്ട്. നിരീശ്വരജീവിതയവലോകനങ്ങളുടെ വേലിയേറ്റമായാലും സഹിഷ്ണുതയില്ലാത്ത ദേശീയ മതാഭിനിവേശമായാലും ക്രിസ്തീയസഭയുടെ അലംഭാവത്തെ പൊള്ളിച്ചു നശിപ്പിക്കുവാൻ കഴിവുള്ള പല വിപ്ലവശക്തികളും നമ്മുടെ സമുദായികാന്തരീക്ഷത്തിൽ സ്ഥലം പിടിച്ചിരിക്കുന്നു.

"ഞാൻ കേവലം ബാലനല്ലോ" എന്ന് കരുതി ദൈവവേലയ്ക്ക് മുന്നോട്ടിറങ്ങുവാൻ ധൈര്യപ്പെടാത്ത ചെറുപ്പക്കാരും ധാരാളം. എന്നാൽ ക്രൂശെടുപ്പാൻ സന്നദ്ധതയുള്ളവർക്ക് ക്രൂശു വഹിപ്പാനുള്ള ശക്തി ക്രൂശിനെ ജയത്തിന്റെ അടയാളമാക്കിയ കാൽവറിയിലെ കർത്താവ് തരും. "ഞാൻ നിങ്ങളോടു കൂടെയുണ്ട് പ്രപഞ്ചാവസാനത്തോളം" എന്നല്ലോ തന്റെ അന്ത്യവചനം.

*(ചർച്ച് വീക്ക്‌ലി, വാല്യം 8, ലക്കം 39, ഒക്ടോബർ 3, 1954)*



# 2
# വി. മൂറോൻ

ആദിമസഭയിൽ ക്രിസ്ത്യാനികൾ എന്ന പേര് ആദ്യമായി ഉണ്ടായത് അന്ത്യോക്യായിൽ വച്ചാണല്ലോ. ക്രിസമുള്ളവർ അതായത് അഭിഷേകം പ്രാപിച്ചിട്ടുള്ളവർ ആകയാലാണു ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് ക്രി. 150-ൽ ജിവിച്ചിരുന്ന അന്ത്യോക്യായുടെ മാർ തേയോപ്പീലോസ് പാത്രിയർക്കീസ് പ്രസ്താവിച്ചിട്ടുണ്ട്. ക്രിസം, മൂറോൻ എന്ന വാക്കിന്റെ മറ്റൊരു രൂപമാണ്. ഏറ്റം പ്രശസ്തന്മാരായ പ്രോട്ടസ്റ്റന്റു പണ്ഡിതന്മാർ പറയുന്നത് കർത്താവിന്റെ കാലംമുതൽ 16-ാം നൂറ്റാണ്ടുവരെ മൂറോനഭിഷേകം സഭയിൽ സാർവ്വത്രികമായി നിലവിലിരുന്നു എന്നാണ്.

പാശ്ചാത്യസഭകൾക്കും മൂറോൻ ഉണ്ട്. മാമോദീസ്സായ്ക്കു മൂറോൻ വേണമെന്നാണു പാശ്ചാത്യ വേദശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായം. പാശ്ചാത്യസഭയിൽ മാമോദീസ്സാ മുങ്ങുന്ന ആളിന്റെ (ശിശുവിന്റെ) തലയിലും സ്ഥിരീകരണ (Confirmation-ൽ) ത്തിൽ നെറ്റിയിലും പുരോഹിതപട്ടമേൽക്കുമ്പോൾ കൈയിലും, മെത്രാൻപട്ടമേൽക്കുമ്പോൾ തലയിലും കൈയിലും വി. തൈലം പൂശുന്നു.

ആദിമസഭയിലെ പിതാക്കന്മാർ മൂറോനെപ്പറ്റി പറയുന്നുണ്ട്. 'ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു' എന്നു വി. പൗലൂസ് പറയുന്നു (2 കൊരി. 1:21, 22). 'നിങ്ങളോ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ചു, അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു' എന്നു വി. യോഹന്നാൻ ശ്ലീഹായും (1 യോഹ. 2:20, 27) പറയുന്നു. വി. മൂറോൻ, അപ്പോസ്തോലകാലം മുതലേ ഉണ്ടായിരുന്ന കൂദാശയാണ്. നമ്മുടെ കർത്താവു തന്നെ ഇത് ആരംഭിച്ചു എന്നാണു പാരമ്പര്യം.

പാശ്ചാത്യസഭയിൽ എല്ലാ മേല്പട്ടക്കാർക്കും മൂറോൻകൂദാശ ചെയ്വാൻ അധികാരമുണ്ട്. എന്നാൽ പൗരസ്ത്യ സഭകളിലാകട്ടെ ഏറ്റം പ്രധാന മേലദ്ധ്യക്ഷനാണ് ഈ കൂദാശ നിർവ്വഹിക്കുന്നത്. അതു മറ്റു മേല്പട്ടക്കാരുടെയും, സഭയിലെ മറ്റു വിവിധ സ്ഥാനികളുടെയും സഹകരണത്തോടുകൂടി ആയിരിക്കും. ഇതു സഭയുടെ ഐക്യതയുടെ ഒരു ദൃശ്യമായിട്ടും കൂടിയാണ്. പാശ്ചാത്യസഭയും ഒലിവെണ്ണയും ബൽസാമും മറ്റു സുഗന്ധദ്രവ്യങ്ങളും ചേർത്താണു മൂറോൻ തൈലം ഉണ്ടാക്കുന്നത്. അവർ ബൽസാമും ഒലിവെണ്ണയും രണ്ടു വെള്ളിപ്പാത്രങ്ങളിൽവച്ചു പള്ളിയിൽ കൊണ്ടുവരുന്നു. രണ്ടും കൂട്ടി യോജിപ്പിച്ച് ഒരു വെള്ളിഭരണിയിലായിരിക്കും സൂക്ഷിക്കുന്നത്. മെത്രാൻ കൂദാശചെയ്ത വി. തൈലം പട്ടക്കാർ വെള്ളിക്കുപ്പികളിൽ വാങ്ങി കൊണ്ടുപോയി ഉപയോഗിക്കുന്നു. മൂറോൻ പുരാതനസഭകൾക്കെല്ലാം ഉണ്ടെന്ന് ഇതിൽ നിന്നു വ്യക്തമാണല്ലോ. പുരാ

തനവും പരിശുദ്ധവുമായ ഈ കൂദാശ നമ്മുടെ സഭയിൽ ഇന്നേയോളം നിലനിൽക്കുന്നു.

ഈ അക്ഷയതൈലം സന്തോഷതൈലമാണ്. ദൈവം തമ്പുരാനു തന്റെ സഭയോടുള്ള സന്തോഷത്തിന്റെ ദൃശ്യമാണു വി. മൂറോൻ. നമ്മുടെ ആരാധനകളെല്ലാംതന്നെ സന്തോഷത്തിന്റേതാണ്. ദൈവസന്നിധി എപ്പോഴും സന്തോഷകരമാണല്ലോ. എണ്ണ ആരോഗ്യത്തെ ദ്യോതിപ്പിക്കുന്നു. ദൈവസന്നിധിയിൽ ആരാധനയ്ക്കായി അടുത്തുവരുന്നവനു താൻ കൊഴുപ്പും നിശ്ചലതയും നൽകുന്നു. നാം മെലിഞ്ഞുവരണ്ടു ദൈവസന്നിധിയിലേക്കു പ്രവേശിക്കുന്നു, എന്നാൽ താൻ നമ്മെ കൊഴുപ്പും വെടിപ്പുമുള്ളവരാക്കി തിരിച്ചയക്കുന്നു. അതാണു വി. മൂറോനഭിഷേകം മൂലം സാധിക്കുന്നത്. ദൈവകൃപയുടെ ഫലമായ സ്നിഗ്ദ്ധതയും ശോഭയും മൂറോൻ മൂലം ലഭിക്കുന്നു.

നാമെല്ലാവരും വി. മൂറോൻ അഭിഷേകം പ്രാപിച്ചവരാണ്. ഇതു നിമിത്തമാണു നാം രാജകീയ പുരോഹിത വർഗ്ഗമായിത്തീരുന്നത്. രാജകീയ പുരോഹിതവർഗ്ഗത്തിനു മാത്രമേ നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഭക്ഷിച്ചു കുടിക്കാൻ അർഹതയുള്ളു. ആകയാൽ വി. മൂറോൻ വി.കുർബാനയിൽ സംബന്ധിക്കുന്നതിനും അനുഭവിക്കുന്നതിനും യോഗ്യത നൽകുന്നു. വി. കുർബാന അർപ്പിക്കുന്നതിനുള്ള പ്രത്യേക വരമാണ് ആചാര്യന്മാർക്കും പ്രധാനാചാര്യന്മാർക്കുമുള്ളത്. അവർ ദൈവതുല്യരായി നമ്മുടെ ഇടയിൽ വസിക്കുവാൻവേണ്ടിയാണ് ഈ കൃപ അവർക്ക് നൽകപ്പെട്ടിരിക്കുന്നത്. അവർ ദൈവമുമ്പാകെയും മനുഷ്യമുമ്പാകെയും ദൈവത്തിന്റെ ദൃശ്യപ്രതിമകളായി വസിക്കുവാനുള്ളവരാണ്. അതിനനുസരിച്ച് ചുമതലകളും അവർക്കുണ്ട്.

സഭയ്ക്ക് എതിരെ പിശാച് അതിന്റെ അസൂയയുടെ അമ്പുകളെ നിരന്തരം എയ്തുകൊണ്ടാണിരിക്കുന്നത്. സഭാമക്കളെ തെറ്റിക്കുവാൻ പിശാച് എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ പൈശാചികശക്തിക്കെതിരായി നിരന്തരം സമരം ചെയ്യുവാൻ നാം ബാദ്ധ്യസ്ഥരാണ്. മൂന്നു വിധത്തിലുള്ള പൈശാചികശക്തികളാണ് ആധുനികകാലത്ത് സഭയ്ക്കെതിരായി ഉയർന്നുവരുന്നത്.

**1. കലഹത്തിന്റെ ആത്മാവ്**

തെരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വീഴിച്ചു കലഹകാരികളാക്കാൻ പിശാചു പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വി. മൂറോൻ ഐക്യത, സ്നേഹം, സമാധാനം ഇവ വിളിച്ചറിയിക്കുന്നു. വി. മൂറോൻ സഭാംഗങ്ങളെ സ്നേഹത്തിന്റെ ആത്മാവിൽ ഒരുമിച്ചുകൂട്ടുകയും സമാധാനത്തിൽ സുദൃഢമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

**2. ദ്രവ്യാഗ്രഹം**

ദ്രവ്യാഗ്രഹം സഭയെ നശിപ്പിക്കുന്നതാണ്. ദ്രവ്യത്തിന്റെ മേലോ ധനത്തിന്റെ മേലോ അല്ല സഭ പടുത്തുയർത്തിയിട്ടുള്ളത്. പിന്നെയോ ക്രിസ്തു തന്റെ രക്തം മൂലം സമ്പാദിച്ചിട്ടുള്ളതാണ്. തന്റെ, വിശോത്തരമായ പരി

ത്യാഗത്തിലാണ് അതു സ്ഥാപിതമായിട്ടുള്ളത്. മൂറോൻ ദ്രവ്യാഗ്രഹത്തിന്റേതല്ല (ക്ഷുദ്രക്കാരനായ ശിമോൻ ഇതു വിലയ്ക്കു വാങ്ങുവാൻ ആഗ്രഹിച്ചതു ശിക്ഷാർഹമായി വി. പത്രോസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അപ്പോ. 8:20). മൂറോൻ നമ്മെ ബലിയായി കർതൃസന്നിധിയിൽ സമർപ്പിക്കുന്നതിനു വേണ്ടിയുള്ളതാണ്.

**3. സ്ഥാനമോഹം**

പല കലഹങ്ങൾക്കും കാരണം സ്ഥാനമോഹമാണ്. സ്ഥാനമോഹത്തിനുവേണ്ടി മനുഷ്യൻ ഏത് അധർമ്മത്തിനും മുതിരും. മൂറോൻ താഴ്മയുടെ ആത്മാവാണ്. അതിനാൽ തമ്മിൽ തമ്മിൽ താഴുവാനുള്ള മനസ്സാണു നമുക്കു വേണ്ടത്.

ആധുനികസഭയെ അലട്ടുന്ന ഈ മൂന്നു ശത്രുതകൾക്കെതിരായി ദൈവാത്മബലത്തോടെ സമരം ചെയ്യുവാൻ നമുക്കു സാധിക്കണം. ഇന്നു നിർവ്വഹിക്കപ്പെട്ട ദൈവികമായ ഈ കൂദാശ അതിനു പ്രചോദനം നൽകട്ടെ.

*(1967 ഡിസംബർ 21-ാം തീയതി മൂറോൻ കൂദാശയോടനുബന്ധിച്ച് ചെയ്ത പ്രസംഗം. സമ്പാദകൻ: ഫാ. റ്റി. വി. ജോർജ് നെടുമാവ്)*



# 3
# പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത

പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത ക്രിസ്തുവിന്റെ ഏകമദ്ധ്യസ്ഥതയെ അവഗണിക്കുന്നതോ ലാഘവപ്പെടുത്തുന്നതോ ആണെന്നു ചില ആധുനിക സമുദായവിഭാഗങ്ങൾ പറയുന്നുണ്ട്. എന്നാൽ അത് അർത്ഥശൂന്യമായ ഒരു അഭിപ്രായമാണ്. പരിശുദ്ധന്മാരെ ആദരിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും ചെയ്ക എന്നത് ആദിമസഭയിൽ, വി. സ്തേപ്പാനോസിന്റെ രക്തസാക്ഷിത്വത്തോടു കൂടിത്തന്നെ ആരംഭിച്ചതാണ്. വി. സ്തേപ്പാനോസിന്റെ ആത്മാവിനെ സ്വീകരിക്കാൻ കർത്താവായ യേശു, പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതായിട്ടാണ് കണ്ടത്. സ്തേപ്പാനോസിന്റെ പ്രാർത്ഥന കർത്താവിന്റെ മദ്ധ്യസ്ഥതയോടു സംയോജിപ്പിക്കപ്പെടുകയാണുണ്ടായത്. സ്തേപ്പാനോസിന്റെ മൃതശരീരം ഭക്തിപൂർവ്വം അടക്കം ചെയ്യപ്പെട്ടു.

2-ാം നൂറ്റാണ്ടായപ്പോഴേക്കും രക്തസാക്ഷികളുടെ ഭൗതികാവശിഷ്ടങ്ങൾ സമ്പൂജ്യങ്ങളായി സമാദരിക്കപ്പെട്ടിരുന്നു. അവരുടെ കബർ ത്രോണോസായി ഉപയോഗിച്ചു വി. കുർബ്ബാന അർപ്പിച്ചു വന്നു. മാത്രമല്ല, ആണ്ടിൽ ഒരിക്കൽ സിമിറ്ററിയിൽ ബലി അർപ്പിക്കുന്ന ഒരു പതിവു കൂടെയുണ്ടായി. 4-ഉം, 5-ഉം നൂറ്റാണ്ടുകളിൽ ത്രോണോസിന്റെയും തബ്ലൈത്തായുടെയും കൂദാശയ്ക്ക്, കടന്നുപോയ ഒരു പരിശുദ്ധന്റെ അസ്ഥി കൂടി അവശ്യം വേണമെന്നായി. ബലിപീഠങ്ങൾ സ്ഥാപിക്കുന്നതിന് തിരുശേഷിപ്പ് ഒരു അനുപേക്ഷണീയ വസ്തുവായിത്തീർന്നു. പിന്നീടു പള്ളികൾ വർദ്ധിച്ചുവന്നപ്പോൾ അസ്ഥികൾ കിട്ടാനില്ലാതായി. അപ്പോൾ അവരെ അടക്കിയിട്ടുള്ള സ്ഥലത്തെ മണ്ണു മതി എന്നുവച്ചു. അതും കിട്ടാനില്ലാതായപ്പോൾ അവരുടെ കബറിങ്കൽ കൊളുത്തിയിട്ടുള്ള നിലവിളക്കിലെ എണ്ണയായാലും മതിയാകും എന്നു സഭ നിശ്ചയിച്ചു.

ജീവിച്ചിരിക്കുന്നവർ തമ്മിൽ തമ്മിൽ 'എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ' എന്നു പറയുക ആധുനിക സഭാവിഭാഗങ്ങളിലും സാധാരണമാണ്. ഇതു ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയെ അനാദരിക്കുന്ന ഒന്നാണെന്ന് അവർ പറയുന്നില്ല. അങ്ങനെയെങ്കിൽ ശരീരം വിട്ടു ക്രിസ്തുവിനോട് ഏറെ അടുത്തുജീവിക്കുന്ന പരിശുദ്ധന്മാരോട് 'ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ' എന്നു പറയുന്നതും ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയെ അവഗണിക്കുന്നതാകയില്ല.

നമ്മുടെ സഭയിൽ സംഭവിച്ചിട്ടുള്ള വൻകാര്യങ്ങളെല്ലാം തന്നെ നമ്മുടെ ബുദ്ധിശക്തികൊണ്ടോ ഭരണവൈഭവംകൊണ്ടോ ആണെന്നു നമുക്ക് അവകാശപ്പെടാൻ നിവൃത്തിയില്ല. നമ്മുടെ നിലനില്പിനുതന്നെയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത ഈടുറ്റ സഹായമാണ്. അവർ എല്ലായ്പോഴും നമുക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ശാരീരിക പരാധീനതകൾക്ക്

അവർ വശംവദരല്ല. ബലഹീനരായ നാം കുറെ സമയം അടുപ്പിച്ചു പ്രാർത്ഥിക്കുമ്പോഴേക്കും ക്ഷീണിക്കുന്നു. എന്നാൽ കടന്നുപോയവർ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ആത്മവർദ്ധന പ്രാർത്ഥനയിലാണ്. ആകയാൽ പ്രാർത്ഥിക്കുന്നതിന് അവർക്കുള്ള കഴിവ്, ജീവിച്ചിരിക്കുന്നവരുടേതിനേക്കാൾ വളരെ മടങ്ങു കൂടുതലാണ്. പരിശുദ്ധ പരുമല തിരുമേനി നമുക്കുവേണ്ടി നടത്തുന്ന മദ്ധ്യസ്ഥത നമ്മുടെ കർത്താവിന്റെ മദ്ധ്യസ്ഥതയോടു സംയോജിപ്പിക്കപ്പെടുകയും അങ്ങനെ നമുക്ക് അനുഗ്രഹത്തിനും വാഴ്വിനും ഹേതുവായിത്തീരുകയും ചെയ്യുന്നു.

*(1969 നവംമ്പർ 3-ാം തീയതി വി. കുർബ്ബാനാനന്തരം പരുമല സെമിനാരി ചാപ്പലിൽ ചെയ്ത പ്രസംഗം. സമ്പാദകൻ: ഫാ. റ്റി. വി. ജോർജ് നെടുമാവ്)*



# 4

# പ്രഭാവവും ഭാരവും

**നി**ങ്ങളെന്നെ യോഗ്യനെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഞാൻ ഈ സ്ഥാനത്തിന് അയോഗ്യനാണെന്ന് എനിക്കറിയാം. ദൈവവും അതറിയുന്നു. ദൈവത്തിനു മാത്രമേ എന്നെ യോഗ്യനായ ഒരു നല്ല ഇടയനാക്കിത്തീർക്കുവാൻ കഴിയൂ. എന്നെ ചെറിയ ആട്ടിൻകൂട്ടത്തിന്റെ കുറ്റമറ്റ മഹാപുരോഹിതനാക്കിത്തീർക്കുവാനും, അവരുടെ മധ്യത്തിൽ ക്രിസ്തുസ്ഥാനീയനായി നിലകൊള്ളുന്ന, അവരെ സേവിക്കുന്ന, അവർക്കുവേണ്ടി കഷ്ടപ്പെടുന്ന, പ്രാർത്ഥിക്കുന്ന, എന്റെ രക്ഷകൻ എനിക്കുവേണ്ടി ജീവൻവച്ചതുപോലെ അവർക്കായി എന്റെ ജീവനെ വയ്ക്കുന്ന, ഒരിടയനാക്കിത്തീർക്കുവാനും ദൈവത്തിനേ കഴിയൂ.

മഹാപുരോഹിതനായ അഹറോന്റെ അംശവസ്ത്രങ്ങൾ ദൈവം നിശ്ചയിച്ചവയായിരുന്നു. സുവർണ്ണനൂൽ, നീലനൂൽ, ചുവപ്പുനൂൽ, ധൂമ്രനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ടുള്ളതായിരുന്നു ആ വിശുദ്ധവസ്ത്രം (പുറ. 28:5). തിരുവെഴുത്തു പറയുന്നതുപോലെ 'മഹത്വത്തിനും അലങ്കാരത്തിനും' പതക്കം, ഏഫോദ്, നീളക്കുപ്പായം, ചിത്രത്തയ്യലുള്ള നിലയങ്കി, മുടി, നടുക്കെട്ട് എന്നിവയാണ് ദൈവം കല്പിച്ച വിശുദ്ധ വസ്ത്രങ്ങൾ. എന്തിനാണീ മഹത്വവും അലങ്കാരവുമെല്ലാം? പാവപ്പെട്ട ജനങ്ങൾ വസിക്കുന്ന, ദാരിദ്ര്യവും, ലാളിത്യവും വിശുദ്ധിയുടെ പര്യായങ്ങളായി കാണുന്ന നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ് ഈ ചോദ്യം.

ക്രിസ്തുവിന്റെ സ്ഥാനത്താണ് മഹാപുരോഹിതൻ നിൽക്കുന്നത്. നമ്മുടെ മദ്ധ്യസ്ഥനായി ദൈവമുമ്പാകെ നിത്യമായി നിൽക്കുന്ന ഏക യഥാർത്ഥ മഹാപുരോഹിതനാണ് ക്രിസ്തു. ക്രിസ്തുവിന്റെ ആ മഹത്വത്തെയാണ് ഭൗമീകമഹാപുരോഹിതനായ മേല്പട്ടക്കാരൻ പ്രതിനിധീകരിക്കുന്നത്. അതിനാൽ ബലിപീഠത്തിങ്കൽ എത്രയും മഹത്തരമായ വസ്ത്രാലങ്കാരത്തോടെ അദ്ദേഹം നിൽക്കണമെന്ന് നമ്മുടെ പാരമ്പര്യം നിഷ്കർഷിക്കുന്നു. എന്നാൽ ദേവാലയത്തിനു പുറത്ത് ഒരു സന്യാസിയുടെ ലളിതമായ വസ്ത്രധാരണമാണ് അദ്ദേഹത്തിനു വേണ്ടത്. ബലിപീഠത്തിങ്കൽ നിൽക്കുന്ന മഹാപുരോഹിതന്റെ 'മഹത്വവും അലങ്കാരവും', ദൈവസന്നിധിയിൽ എല്ലാവർക്കുമായി മദ്ധ്യസ്ഥതയണയ്ക്കുന്ന ക്രിസ്തുവിന്റെ മഹത്വത്തിന്റെയും അലങ്കാരത്തിന്റെയും പ്രതിഫലനമാണ്.

പുറപ്പാട് പുസ്തകത്തിൽ മഹാപുരോഹിതന്റെ വേഷവിധാനങ്ങളിൽ പറയുന്ന പതക്കം, ഏഫോദ്, ഉറീം തുമ്മീം, കിരീടം എന്നിവയെപ്പറ്റിയാണ് എനിക്ക് ഇനിയും പറയുവാനുള്ളത്.

ഏഫോദ്, യഹൂദപുരോഹിതൻ ധരിക്കുന്ന ഒരു മേൽവസ്ത്രമാണ്. സ്വർണ്ണം, നീലനൂൽ, ചുവപ്പുനൂൽ, ധൂമ്രനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ടാണ് ഇതുണ്ടാക്കുന്നത്. അത്തരമൊന്നും നമുക്കിന്നില്ല. നെഞ്ചിലെ

പതക്കത്തിന് മുമ്പിലായി തോളിലൂടെ ഇത് കെട്ടിമുറുക്കുന്നു. ഏഫോദിന്റെ കെട്ടുകളിൽ സ്വർണ്ണത്തിൽ പതിച്ചിട്ടുള്ള രണ്ട് ഗോമേദക കല്ലുകൾ, രണ്ടു തോളിലുമായി ഉണ്ടായിരിക്കും. ഓരോ കല്ലിലും ആറാറുവീതം പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകൾ ആ കല്ലുകളിൽ കൊത്തിയിരുന്നു. നെഞ്ചിലെ പതക്കവും, ഏഫോദ് ഉണ്ടാക്കിയ വസ്തുക്കൾ തന്നെ ഉപയോഗിച്ച് നിർമ്മിക്കുന്നതാണ്. സ്വർണ്ണം, നീലനൂൽ, ചുവപ്പുനൂൽ, ധൂമ്റനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ട് ഉണ്ടാക്കിയ സമചതുരാകൃതിയിലുള്ളതാണ് പതക്കം. അതിൽ നാലുവരികളിലായി പന്ത്രണ്ടു കല്ലുകൾ പതിച്ചിരുന്നു. ഓരോ കല്ലിലും ഓരോ ഗോത്രത്തിന്റെ പേരുകൾ കൊത്തിയിരുന്നു.

ഇതാണ് മഹാപുരോഹിതന്റെ ചിത്രം. അദ്ദേഹം ഇസ്രായേലിലെ പന്ത്രണ്ടുഗോത്രങ്ങളുടെ പേരുകൾ തന്റെ ചുമലിലും, ഹൃദയത്തിലും വഹിച്ചിരുന്നു. ജനങ്ങളാണ് അദ്ദേഹത്തിന്റെ അഭിമാനവും, മഹത്വത്തിന്റെയും അലങ്കാരത്തിന്റെയും പ്രഭാവസ്ഥാനവും. ഒരിടയൻ കുഞ്ഞാടിനെ തോളിൽ വഹിക്കുന്നതുപോലെ, അദ്ദേഹം അവരെ തന്റെ തോളിൽ വഹിക്കുകയാണ്. അദ്ദേഹം അവരെ തന്റെ ഹൃദയത്തിലാണ് വഹിക്കുന്നത്, കാരണം അവരുടെ ക്ഷേമമാണ് അദ്ദേഹത്തിന്റെ ഏക ലക്ഷ്യം. ജനങ്ങളുടെ ക്ഷേമത്തെപ്പറ്റിയുള്ള ഉത്തരവാദിത്വം; ഹൃദയസ്പർശകവും, അനിർഗ്ഗളവുമായ മദ്ധ്യസ്ഥപ്രാർത്ഥന ഇവ രണ്ടുമാണ് ഒരു മഹാപുരോഹിതന്റെ മഹത്വവും അലങ്കാരവും. ജനങ്ങളുടെ ക്ഷേമത്തെപ്പറ്റിയുള്ള ഉത്തരവാദിത്വത്തെയാണ്, തോളിലെ രണ്ട് ഗോമേദകക്കല്ലുകൾ കുറിക്കുന്നത്. ആ ഉത്തരവാദിത്വമാണ് ജനങ്ങളെക്കുറിച്ച് ശ്രദ്ധാലുവായ, അവരെ പോഷിപ്പിക്കുന്ന, മേച്ചിൽപ്പുറത്തേക്കും നീരുറവയിങ്കലേക്കും അവരെ നയിക്കുന്ന, ചെന്നായ്ക്കളിൽനിന്ന് അവരെ രക്ഷിക്കുന്ന, ആട്ടിൻപറ്റത്തിന്റെ ശത്രുക്കളോട് അടരാടുന്ന, ജനങ്ങൾക്കുവേണ്ടി ജീവൻ വയ്ക്കുവാൻപോലും തയ്യാറാകുന്ന ഒരു നല്ല ഇടയനാക്കി അദ്ദേഹത്തെ തീർക്കുന്നത്.

പ്രാർത്ഥന, മദ്ധ്യസ്ഥത, ദിവസേനയുള്ള ധൂപാർപ്പണം, എല്ലാ ജനങ്ങളുടെയും ക്ഷേമൈശ്വര്യങ്ങൾക്കും, ആത്മീയവളർച്ചയ്ക്കും വി. കുർബാനയർപ്പണം ഇതാണ് യഥാർത്ഥ ഉത്തമ മഹാപുരോഹിതനായ ക്രിസ്തു ചെയ്യുന്നത്. ക്രിസ്തു തന്റെ ജനങ്ങളെ സ്വഹൃദയത്തിൽ വഹിക്കുന്നതുപോലെ മഹാപുരോഹിതൻ തന്റെ ജനങ്ങളെ അമൂല്യരത്നങ്ങളായി ഹൃദയത്തിൽ വഹിച്ചുകൊണ്ട് മുട്ടിപ്പായി പ്രാർത്ഥിക്കുകയാണ്.

നെഞ്ചിലെ പതക്കത്തിനടിയിലായി ഉറീം, തുമ്മീം എന്നറിയപ്പെടുന്ന രണ്ടു കല്ലുകളുണ്ട്. ഞാൻ അദ്ധ്യയനം നടത്തിയിട്ടുള്ള അമേരിക്കയിലെ യേൽ യൂണിവേഴ്സിറ്റിയുടെ മുദ്രാവാക്യം ഈ രണ്ടു ഏബ്രായ വാക്കുകളാണ്. ഉറീമും, തുമ്മീമും, അതായത് പ്രകാശവും, ധാർമ്മികോന്നമനവും; അറിവും വിശ്വസ്തതയും, വിജ്ഞാനവും സ്വഭാവവൈശിഷ്ട്യവും. ഇവ രണ്ടും ഒരു നല്ല ഇടയന്റെ അത്യാവശ്യ യോഗ്യതകളാണ്. ഏഫോദിന്റെയും പതക്കത്തിന്റേയും മേന്മകളൊക്കെ, ധരിക്കുന്ന മനുഷ്യൻ സ്വഭാവവൈശിഷ്ട്യമില്ലാത്തവനാണെങ്കിൽ വെറും കെട്ടുകഥയായിരിക്കും. തിന്മയെ

ചെറുക്കുവാനും, നന്മയെ സധൈര്യം അനുധാവനം ചെയ്യുവാനും അദ്ദേഹം കഴിവുള്ളവനായിരിക്കണം. മാറിലെ പതക്കത്തിനിടയിൽ ഊറിമും തുമ്മീമും ഇല്ലാത്ത മേൽപ്പട്ടക്കാരൻ, പൗരോഹിത്യത്തിന് അപ മാനമായിരിക്കും. മേൽപ്പട്ടക്കാരന്റെ ബാഹ്യമായ ആർഭാടങ്ങൾക്ക് നീതീ കരണം ലഭിക്കുന്നത് ആന്തരീക ജ്ഞാനത്തിലും, ജീവിതവിശുദ്ധിയിലും മാത്രമാണ്.

അഹറോനും ഒരു കിരീടമുണ്ടായിരുന്നു; അദ്ദേഹത്തിന്റെ ശിരോവസ്ത്ര ത്തിനു (മുടിക്ക്) ചുറ്റുമായി സ്വർണ്ണംകൊണ്ടുള്ള ഒരു പട്ടം. അതിൽ 'യഹോവയ്ക്ക് വിശുദ്ധം' എന്ന് കൊത്തിയിരുന്നു (പുറ. 28:36). 'യഹോ വയ്ക്ക് വിശുദ്ധം' എന്ന് കിരീടം വിളിച്ചുപറയുന്നതെന്തിനെക്കുറിച്ചാണെ ന്നോ, ഈ മഹാപുരോഹിതനെക്കുറിച്ചും, അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ജനത്തെക്കുറിച്ചുമാണ്. ജനങ്ങൾക്കുവേണ്ടി മഹാപുരോഹിതൻ കറപുരളാത്ത വിശുദ്ധിയുടെ ജീവിതമാണ് നയിക്കുന്നത്. സ്നേഹത്തിൽ, കരുണയിൽ, പ്രാർത്ഥനയിൽ, ജനങ്ങളെപ്പറ്റിയുള്ള കരുതലിൽ, ത്യാഗ നിർഭരമായ ജീവിതത്തിൽ എല്ലാ അർത്ഥത്തിലും മഹാപുരോഹിതൻ സമർപ്പിത ജീവിതത്തിന്റെ ഉത്തമ നിദർശനമായിരിക്കണം. തന്റെ ജന ങ്ങൾ വിശുദ്ധിയിൽ ജീവിക്കുന്നതുപോലെ അദ്ദേഹവും വിശുദ്ധിയിൽ ജീവിക്കുന്നു. അതിനാൽ ഒരു പുരോഹിതന്റെ അത്യാവശ്യ യോഗ്യതകൾ താഴെ പറയുന്ന നാലു കാര്യങ്ങളാണ്.

1) പന്ത്രണ്ടു കല്ലുകളോടുകൂടിയ നെഞ്ചിലെ പതക്കം: ജനങ്ങളെ സ്നേഹിക്കുന്ന, അവരെ കരുതുന്ന, അവർക്കുവേണ്ടി മദ്ധ്യസ്ഥത യാചി ക്കുന്ന ഒരു പൗരോഹിത്യശുശ്രൂഷയെയാണ് ഇതു കാണിക്കുന്നത്.

2) ഏഫോദിന്റെ ഗോമേദകകല്ലുകൾ പതിച്ചിട്ടുള്ള കെട്ടുകൾ (ചുമൽക്ക ണ്ടങ്ങൾ). ജനങ്ങളെക്കുറിച്ചുള്ള ഉത്തരവാദിത്വം, അവരെ തോളിൽ വഹി ക്കുവാനുള്ള കടപ്പാട്, ദൈവമുമ്പാകെ അവരെക്കുറിച്ച് ഉത്തരം നൽകേണ്ട കടമ ഇവയെയാണിത് കുറിക്കുന്നത്.

3) ഊറിമും തുമ്മീമും: വിജ്ഞാനത്തേയും സ്വഭാവവൈശിഷ്ട്യ ത്തെയും കുറിക്കുന്നു. നെഞ്ചിലെ പതക്കത്തിനടിയിലായി അവ മറയ്ക്ക പ്പെട്ടിരിക്കുകയാണ്; എന്നാൽ മനുഷ്യന്റെ വ്യക്തിത്വത്തിന്റെ കേന്ദ്രമായി അവ നിലകൊള്ളുന്നു.

4) 'യഹോവയ്ക്ക് വിശുദ്ധം' എന്ന് വിളിച്ചുപറയുന്ന തലയിലെ പട്ടം. പ്രാർത്ഥനാനിരതവും കുറ്റരഹിതവുമായ ജീവിതത്തെ-വിശുദ്ധ ജീവിത ത്തെ-ആകുന്നു ഇതു കാണിക്കുന്നത്.

അതിനാൽ ഒരു മേല്പ്പട്ടക്കാരന്റെ വെട്ടിത്തിളങ്ങുന്ന വേഷവിധാനങ്ങൾ, അദ്ദേഹത്തിൽ നിന്നു പ്രതീക്ഷിക്കപ്പെടുന്ന ഉന്നതമായ സ്വഭാവത്തിന്റെ പ്രതീകമാണ്. പന്ത്രണ്ടു വർഷങ്ങൾക്കുമുമ്പ് ഈ ഉത്തരവാദിത്വത്തിൽ നിന്നും എന്നെ ഒഴിവാക്കണമെന്ന് ആവശ്യപ്പെടാൻ എന്നെ പ്രേരിപ്പിച്ച ഘടകം ഇതാണ്. എപ്പിസ്ക്കോപ്പാ പദവി എനിക്ക് ആഗ്രഹിക്കാൻ കഴി യാത്തവിധം അത്രയ്ക്ക് ഉന്നതമായ ഒരു സ്ഥാനമാണെന്ന ചിന്തയാണെ

നിക്കുള്ളത്. ഈ സ്ഥാനത്തെക്കുറിച്ചും കർത്താവ് എന്നിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്നുള്ളതിനെക്കുറിച്ചും എനിക്കു ഭയമുണ്ട്. ദൈവവിളിക്കു മുമ്പിൽ ഭയത്തോടും വിറയലോടും കൂടെയാണ് ഞാൻ തലകുനിച്ചത്.

സ്വന്തം കഴിവുകളിൽ ആശ്രയിച്ചുകൊണ്ട് യാതൊരുവനും ഈ പദവിയിലേക്ക് വരുവാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ കരുണയിലും എന്റെ ജനത്തിന്റെ പ്രാർത്ഥനയിലും, ഇവ രണ്ടിലുമേ എനിക്ക് ആശ്രയിക്കാനാവൂ. ദൈവകൃപയില്ലെങ്കിൽ ഞാനേതുമില്ല. ആ അളവറ്റ കൃപയിലും നിങ്ങളുടെ ഹൃദയംഗമമായ പ്രാർത്ഥനകളിലും സങ്കേതപ്പെട്ടുകൊണ്ട് ദൈവം എന്നെ ഇരുത്തിയിരിക്കുന്ന ഈ ദൈവീക സിംഹാസനത്തെ, ഞാൻ സ്വീകരിക്കുന്നു.

സ്വന്തം ജനത്തിന്റെ പൗരനേതാവും കൂടെയാണ് ഒരു മേല്പ്പട്ടക്കാരൻ. ആ നിലയിൽ അദ്ദേഹത്തിന്റെ കർത്തവ്യങ്ങളെപ്പറ്റിയും ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ.

ഒരു മേല്പ്പട്ടക്കാരന് എല്ലാ അർത്ഥത്തിലും ഒരു സന്യാസിയായിരിപ്പാൻ കഴിയുന്നതല്ല. ലോകത്തിൽ നിന്നും രാഷ്ട്രത്തിൽ നിന്നും പൂർണ്ണമായും വേർപെട്ടു ജീവിക്കുവാൻ അദ്ദേഹത്തിനു കഴിയുകയില്ല. എല്ലാ മനുഷ്യർക്കുംവേണ്ടിയുള്ള എന്റെ ലോകവ്യാപകമായ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് അടിച്ചമർത്തപ്പെടുന്നവരും, മർദ്ദിതരും, ചൂഷിതരും, ദരിദ്രരുമായ മനുഷ്യർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടരുന്നതിന് ദൈവം എനിക്ക് ശക്തിതരുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. ദക്ഷിണാഫ്രിക്കയിലെ കറുത്തവർക്കുവേണ്ടിയും അമേരിക്കൻ ഐക്യനാടുകളിലെ അമേരിക്കൻ ഇൻഡ്യാക്കാർക്കുവേണ്ടിയും, ലാറ്റിൻ അമേരിക്കയിലും, ഏഷ്യൻ ആഫ്രിക്കയിലുമുള്ള ദരിദ്രവിഭാഗത്തിനുവേണ്ടിയും ഉള്ള എന്റെ എളിയ പ്രവർത്തനങ്ങൾ ഞാൻ തുടരുന്നതാണ്. ഈ രാജ്യത്തിലെ പാവപ്പെട്ടവരും ചൂഷിതരുമായ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാൻ ഞാൻ സ്വയം സമർപ്പിച്ചിരിക്കുന്നു. അവരുടെ ക്ഷേമം എന്റെ രാജ്യത്തിന്റെ ക്ഷേമമായി ഞാൻ കാണുന്നു. ദരിദ്രർക്കും മർദ്ദിതർക്കും നീതി കിട്ടുവാൻ വേണ്ടി ഞാൻ ഉദ്യുക്തനായിരിക്കുന്നു. അതിനാൽ മനുഷ്യർക്ക് ദൈനംദിന ആവശ്യത്തിനുള്ള ഉല്പാദിതവസ്തുക്കൾ അനായാസേന ലഭിക്കുന്ന ഒരു സാമ്പത്തിക വ്യവസ്ഥിതിക്കുവേണ്ടി ഞാൻ നിലകൊള്ളുന്നു. ആ വസ്തുക്കൾ സമൂഹത്തിലെ അപൂർവം ചിലരാലോ ഗവർമെന്റിനാൽ മാത്രമോ നിയന്ത്രിക്കപ്പെടേണ്ടതല്ല. വിദേശശക്തികളുടെ ഇടപെടലുകളിൽ നിന്നും സ്വതന്ത്രമായ; ജനങ്ങളെ ബാധിക്കുന്ന സുപ്രധാന നിയമങ്ങളുടെ നിർമ്മാണത്തിൽ ജനങ്ങൾക്ക് പങ്കാളിത്തം ലഭിക്കുന്ന; കള്ളക്കടത്തുകാർ, കരിഞ്ചന്തക്കാർ, കോഴ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നവർ, അധികാരം ദുർവിനിയോഗം ചെയ്യുന്നവർ തുടങ്ങിയ സാമൂഹ്യ വിരുദ്ധന്മാരെ ജനങ്ങൾ തന്നെ ശിക്ഷിക്കുന്ന ഒരു രാഷ്ട്രത്തിനുവേണ്ടി ഞാൻ നിലകൊള്ളുന്നു.

നമ്മുടെ രാഷ്ട്രത്തിന്റെ തലസ്ഥാനത്തുള്ള ഈ സിംഹാസനത്തിന്റെ ചുമതല സ്വീകരിക്കുന്നത് ഒരു രാഷ്ട്രസേവനം കൂടെയാണ് എന്ന നിലയിൽ രാഷ്ട്രത്തോടു തന്നെയുള്ള ഒരു വലിയ ചുമതലയുടെ സ്വീകരണമായി ഞാൻ ഇതിനെ കണക്കാക്കുന്നു. ജനങ്ങളുടെ ഹിതമറിഞ്ഞ് പ്രവർത്തിക്കുവാൻ ഞാൻ എപ്പോഴും ഒരുക്കമായിരിക്കും. രാഷ്ട്രത്തോടു നീതിയെയും സമാധാനത്തെയും കുറിച്ച് പ്രസംഗിക്കുവാൻ ഞാൻ ശ്രമിക്കും. ഇന്നാട്ടിലെ ജനക്ഷേമത്തിനുള്ള എല്ലാ പ്രവർത്തനങ്ങളിലും എന്റേതായ സേവനം നൽകാൻ ഞാൻ തയ്യാറാണെന്ന് എന്റെ ജനത്തിന്റെ നേതാക്കന്മാരോട് ഞാൻ വാഗ്ദാനം ചെയ്യുന്നു.

റോമൻകത്തോലിക്കാ, പ്രോട്ടസ്റ്റന്റ്, ഓർത്തഡോക്സ് സഭകളുടെ വിശാലമായ ക്രിസ്തീയ കൂട്ടായ്മക്കുവേണ്ടി എന്റേതായ പങ്കു വഹിക്കാൻ ഞാൻ സന്നദ്ധനാണ്. ജനങ്ങളുടെ ക്ഷേമത്തിനായുള്ള ക്രിസ്തീയ സഭകളുടെ എല്ലാ പ്രവർത്തനങ്ങളിലും സേവനത്തിന്റെ സന്തോഷകരമായ ഭാരം വഹിക്കുന്നതിൽ പങ്കുകൊള്ളാൻ ഞാൻ ഒരുക്കമാണ്. ഒരു ഉപദേശകനെന്ന നിലയിൽ എന്റെ പരിമിതമായ കഴിവുകൾ ഈ തലസ്ഥാന നഗരിയിലെ ക്രൈസ്തവർക്കും, മറ്റുള്ളവർക്കും പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്നും ഞാൻ ആശിക്കുന്നു.

ഈ നഗരത്തിലും ഈ രാജ്യത്തിലുമുള്ള ബുദ്ധിജീവികളോടൊത്ത് പ്രവർത്തിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദേശീയപദ്ധതികളുടെ ആസൂത്രണത്തിൽ മാത്രമല്ല, ദേശീയ താല്പര്യങ്ങളുടെ പുനഃചിന്തനത്തിലും, പുതിയ ദേശീയ നയങ്ങളുടെ ആവിഷ്ക്കരണത്തിനും എനിക്ക് താല്പര്യമുണ്ട്. സംഗീതം, ശില്പവിദ്യ, വാസ്തുശില്പവേല മുതലായ കലകളുടെ ആസ്വാദനത്തിൽ ഞാൻ തല്പരനാണ്. ഈ നഗരത്തിലെ സാംസ്ക്കാരിക ജീവിതത്തിൽ പങ്കാളിയാകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ തലസ്ഥാന നഗരിയിൽ മുഴുവൻ സമയവും താമസിച്ചുകൊണ്ട് എന്റെ ഈ താല്പര്യങ്ങളോട് നീതി പുലർത്തുവാൻ കഴിഞ്ഞെങ്കിൽ എന്നാശിക്കുകയാണ്. എന്റെ സഭയുടെ വേദശാസ്ത്രവിദ്യാഭ്യാസത്തിലും, സഭയുടെ ബാഹ്യകാര്യങ്ങളിലും എനിക്കുള്ള ചുമതലകൾ തുടരേണ്ടതുകൊണ്ട് എന്റെ സമയത്തിന്റെ ഏറിയപങ്കും, സഭയുടെ ആസ്ഥാനമായ കോട്ടയത്ത് ചെലവിടേണ്ടിവരും. കാലക്രമേണ തലസ്ഥാനനഗരിയിൽ കൂടുതൽ സമയം താമസിക്കുവാനും, ഇവിടുത്തെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുവാനും സാധിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

*(ഡൽഹി ഭദ്രാസന ഇടവകയുടെ ഭരണം ഏറ്റെടുത്തുകൊണ്ട് ചെയ്ത നയപ്രഖ്യാപന പ്രസംഗം. 1976 ജൂലൈ 11, സഫ്ദർജങ്ങ് സെന്റ് മേരീസ് പള്ളി, ന്യൂഡൽഹി)*

# 5
# വ്യക്തിത്വം വെളിവാക്കുക

ദൈവം സൃഷ്ടിയുടെ മകുടമായി മനുഷ്യനെ സൃഷ്ടിച്ചു. തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് വിവേചനാശക്തിയും അതോടൊപ്പം ഇച്ഛാശക്തിയ്ക്കൊപ്പം പ്രവർത്തിക്കുന്നതിനു സ്വാതന്ത്ര്യവും, അങ്ങനെ സ്വതന്ത്ര ചിന്തയ്ക്കുള്ള വ്യക്തിത്വവും നൽകി. തന്റെ പരിശുദ്ധാത്മ പ്രവർത്തനം മൂലം ലോകത്തെ താൻ അനുനിമിഷം പുതുക്കുന്നു. 'Behold, I make all things new.' 'ഇതാ ഞാൻ സകലവും പുതുതാക്കുന്നു' (വെളി. 21:5) എന്ന് തിരുവെഴുത്തിലും കാണുന്നു.

'ഇന്നലെ'കളിൽ കണ്ട ലോകം പതിന്മടങ്ങ് വികാസം പ്രാപിച്ചതായി, പുതുക്കത്തോടെ 'ഇന്നു'കളിൽ കാണുന്നു. ശാസ്ത്രീയമായും, സാങ്കേതികമായും, വിദ്യാഭ്യാസപരമായും - അങ്ങനെ വിവിധ മണ്ഡലങ്ങളിൽ കാണുന്ന പുതുക്കം, മാനസികമായും ആത്മീകമായും വന്നുചേരുന്നതിന്റെ പ്രതിരൂപമോ ഭാഗമോ എന്നതിനു രണ്ടു തരമില്ല. 'പിതാവേ, ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നാകേണം' എന്നുള്ള കർത്താവിന്റെ മഹാപുരോഹിതപ്രാർത്ഥന നിവൃത്തിയാകുന്ന ഈ എക്യുമിനിസത്തിന്റെ നൂറ്റാണ്ട് മനുഷ്യ മനസ്സാക്ഷിയുടെ പുതുക്കത്തിനു നിദാനമല്ലേ? എന്നാൽ ഇന്നത്തെ സമീപനരീതിയിൽ, പൊതുവിൽ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം 'പുതിയ ആകാശവും പുതിയ ഭൂമിയും' സംജാതമാകുന്ന കർത്താവിന്റെ രണ്ടാമത്തെ വരവ്, കുറെയെങ്കിലും നിരാശയ്ക്കു വകനല്കുന്നതത്രെ.

സകലത്തെയും അനുനിമിഷം താൻ പുതുക്കുമ്പോൾ 'നാളെ നല്ലത്' എന്ന ദൃഢവിശ്വാസം, പ്രത്യാശാകിരണങ്ങൾ ചൊരിയുന്നു. നിരാശയുടെ സ്ഥാനത്ത് പ്രത്യാശ - ജീവിതത്തിന് ഒരു പുതിയ കാഴ്ചപ്പാട് - അനുദിന ജീവിതത്തിൽ ഈ പുതുക്കം അനുഭവവേദ്യമോ? സകലവും മാറുന്നതിനും നശിക്കുന്നതിനും നിമിഷങ്ങളെണ്ണി കഴിയുമ്പോൾ ഈ ലോകത്തെ ദൈവം അനുനിമിഷം പുതുക്കുന്നു എന്നും കൂടുതൽ കൂടുതൽ പുതുക്കത്തിലേക്കു നയിക്കുന്നതിനു വ്യക്തികളെ യഥാസ്ഥാനപ്പെടുത്തിയിരിക്കുന്നുവെന്നും തോന്നേണ്ടതല്ലേ? ഈ പുതുക്കം രക്ഷയിലേക്കു നയിക്കുന്നു.

പഴയനിയമത്തിൽ ആദ്യന്തം കാണുന്ന നിരന്തരസമരം, രക്ഷ, വീണ്ടെടുപ്പ്, പുതുക്കം എന്നിവയുടെ ഭാഗമത്രെ. രക്ഷ പ്രാപിക്കുന്നതിനുള്ള 'struggle' നേതാക്കന്മാരിലൂടെ വീണ്ടെടുപ്പ്, പഴയനിയമത്തിൽ. മറുവശത്ത്, പുതിയനിയമത്തിൽ, യേശുക്രിസ്തുവിലൂടെ സമസ്ത ലോകത്തിന്റേയും വീണ്ടെടുപ്പും കാണുന്നു. യേശുക്രിസ്തുവിലൂടെ ക്രിസ്ത്യാനിക്കു മാത്രമല്ല, സകല സൃഷ്ടിക്കുമുള്ള വീണ്ടെടുപ്പാകയാൽ അവന്റെ കർത്തൃത്വവും കൂടുതൽ വെളിപ്പെടുന്നു. യേശുക്രിസ്തു 'മനുഷ്യത്വ'ത്തിന്റെ പൂർണ്ണതയിൽ അളവുകോലായി ചരിത്രത്തിൽ നിൽക്കുന്നു. ആ പരിപൂർണ്ണ മനു

ഷ്യത്വത്തിലെത്തുവാൻ തക്കവണ്ണം സമൂഹത്തെ മാനവവല്ക്കരിക്കുന്നതിനുള്ള ചുമതല സഭയ്ക്കു താൻ നല്കിയിരിക്കുന്നു.

മനുഷ്യൻ അവന്റെ 'മനുഷ്യത്വം' നഷ്ടമാക്കുമ്പോൾ മൃഗീയ യാന്ത്രിക തലങ്ങളിലേക്ക് അധഃപ്പതിക്കുന്നു, വെറും പിണ്ഡത്തിനു സമാനമാകുന്നു. അങ്ങനെ സമൂഹത്തിൽ നിന്നും അന്യവൽക്കരിക്കപ്പെടുന്നു. "When dehumanisation takes place, people become mere masses", അന്യപ്പെട്ട സമൂഹത്തെ മനുഷ്യവല്ക്കരിക്കുന്നതിന്, സമൂഹത്തെ ക്രൈസ്തവവല്ക്കരിക്കാനുള്ള ചുമതല സഭയുടെ തോളിൽ നിക്ഷിപ്തമത്രേ. ഇവിടെയാണ് സഭ സമൂഹത്തിലേക്ക് ഇറങ്ങേണ്ടത്. ആയതിനു ചില തയ്യാറെടുപ്പും ആവശ്യമത്രേ.

സമൂഹത്തിലേക്കിറങ്ങുന്ന ക്രിസ്തീയവ്യക്തി, ആദ്യം തന്റെ 'വ്യക്തിത്വം' മനസ്സിലാക്കണം. ക്രിസ്ത്യാനിയെന്ന നിലയിൽ ക്രിസ്തുവിന്റെ വിളി സ്വീകരിച്ച വ്യക്തി, ക്രിസ്തുവിനോട് ഏകീഭവിക്കേണം. യേശുക്രിസ്തു തന്നെ അനുഗമിക്കാൻ വിളിക്കുന്നത്, അവനോടുകൂടി മരിക്കുന്നതിനാകുന്നു ('When Jesus Christ calls you to follow Him, he calls you to die with Him') എന്നത്രേ ഒരു മഹാൻ പറയുന്നത്. യേശുക്രിസ്തുവിനോടു കൂടി മരിക്കുന്നത്, സമൂഹത്തിനോടും സാമൂഹ്യപ്രശ്നങ്ങളോടും താദാത്മ്യം പ്രാപിക്കുന്നതിലൂടെയാകുന്നു. "എനിക്കു വിശന്നു. ..... ഈ ചെറിയവരിൽ ഒരുത്തന് ചെയ്തതെല്ലാം എനിക്കാകുന്നു" എന്നു കർത്താവു പറയുന്നത് സമൂഹത്തിലെ കഷ്ടപ്പെടുന്ന ഓരോരുത്തനേയും കുറിച്ചല്ലെന്ന് ആർക്കു പറയാനാവും? ആകയാൽ സമൂഹത്തിലേക്കു വരുമ്പോൾ, സമൂഹത്തോടും ക്രിസ്തുവിനോടും താദാത്മ്യം പ്രാപിക്കണം. വ്യക്തിയെ സംബന്ധിച്ചിടത്തോളം ബഹുവിധ സമ്മർദ്ദങ്ങളേയും ഇരുവശങ്ങളിൽ നിന്നുള്ള പിന്തിരിപ്പൻ ശക്തികളെയും അതിജീവിക്കാൻ കഴിയുകയും വേണം. കാറൽ മാർക്സ് പറയുന്നത് അല്പം ചിന്തിക്കുന്നതിനു പര്യാപ്തമാണ്, വിശുദ്ധനാകാൻ വിഷമമില്ല. പ്രത്യുത ഒരു മനുഷ്യനാകുക വിഷമമത്രേ ("It's easy to be a saint, but not easy to be a man"). ഇത്തരുണത്തിൽ ക്രിസ്തീയ വ്യക്തി 'ലോകത്തിൽ പ്രകാശിക്കുന്ന വിളക്കും', 'രഹസ്യത്തിൽ സ്വർഗ്ഗീയ പിതാവിനോടു പ്രാർത്ഥിക്കു'ന്നവനുമാകണം. പരിശുദ്ധനായ പരുമല തിരുമേനിയെപ്പോലുള്ള ശ്രേഷ്ഠ പിതാക്കന്മാരുടെ ജീവിതം കൂടുതൽ മാർഗ്ഗദർശനം നല്കും.

"സമൂഹത്തെ ക്രൈസ്തവവല്ക്കരിക്കുക (christianise) യല്ല, പ്രത്യുത മാനവവല്ക്കരിക്കുക (humanise) യത്രേ സഭയുടെ കർത്തവ്യം" എന്നു പലർക്കും പറയാനുണ്ടാകും. എന്നാൽ മനുഷ്യത്വത്തിന്റെ പൂർണ്ണതയും അളവുകോലും ക്രിസ്തുവിൽ ലഭ്യമാകയാൽ ക്രൈസ്തവവല്ക്കരണമാണ് സമൂഹത്തിൽ സഭയുടെ ദൗത്യം. വ്യക്തികളായും, സഭയായും ലോകത്തിലേക്ക് ഇറങ്ങണം.

'ലോകത്തിൽ നിന്നും വേറിട്ടുനില്ക്കുന്ന ക്രിസ്തീയത്വം' (Metaphysical thinking) മാറ്റണം. 'ഞാനും എന്റെ ദൈവവും' എന്ന വ്യക്തിജീവിതത്തിൽ മാത്രം അധിഷ്ഠിതമായ ക്രിസ്തീയ സമീപനവും (Individualistic

thinking), നന്നല്ല. ഉപരിയായി കാര്യസാദ്ധ്യത്തിനു വേണ്ടി മാത്രം ദൈവത്തെ തേടുന്ന രീതിയും അഭിലഷണീയമല്ല, ക്രിസ്തീയജീവിതത്തിൽ. ക്രിസ്ത്യാനികൾ സകല ലൗകിക പ്രശ്നങ്ങളിലും പ്രത്യേകമായി മാറി നില്ക്കുക, പ്രത്യേകമായ മേന്മ അവകാശപ്പെടുക, ലോകത്തിന്റെ മുഴുവൻ വിധികർത്താക്കളാകുക തുടങ്ങിയ രീതികളും ക്രൈസ്തവലോകത്തിന്റെ പൊതുവിലുള്ള മതപരിവേഷങ്ങളുടെ ഭാഗമാണ്. വൈരുദ്ധ്യം നിറഞ്ഞ മതപരിവേഷങ്ങളെ അവഗണിക്കുന്നതിനും, കേന്ദ്രസത്യം മുറുകെപ്പിടിക്കുന്നതിനും കഴിയണം. സകല നന്മയും ക്രിസ്തീയമെന്നഭിമാനിക്കാതെ, പ്രതിപക്ഷ ബഹുമാനത്തോടുകൂടിയ സമീപനമുണ്ടാകണം. അതേസമയം, വിമർശനങ്ങളിലൂടെ മാത്രമേ വിഗ്രഹങ്ങളെ തകർക്കാനാവൂ. സാമൂഹിക പരിവർത്തനത്തിൽ ക്രിസ്ത്യാനിക്കു നിർവ്വഹിക്കാനുള്ളത് കർത്തവ്യ പൂരണം മാത്രമാണ്.

ബാബിലോണാകുന്ന ഈ ലോകത്തിലേക്കു ദൈവം നമ്മെ വിളിച്ചാക്കിയിരിക്കുന്നതു വിലപിക്കുന്നതിനും സ്വർഗ്ഗീയ യരുശലേമിലേക്ക് ഓടി രക്ഷപ്പെടുന്നതിനുമല്ല. പ്രത്യുത, ബാബിലോണിൽ വേല ചെയ്യുന്നതിനും, അവിടെ ദൈവത്തിന്റെ സാക്ഷ്യം നിറവേറ്റുന്നതിനുമത്രേ. എന്തെന്നാൽ, കർത്താവായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ വലിയ രഹസ്യം സ്വർഗ്ഗീയ യരുശലേം ബാബിലോണിലേക്ക് ഇറങ്ങിവന്നിരിക്കുന്നു എന്നതത്രേ. ആകയാൽ നമ്മെ വിളിച്ച വിളിക്ക് യോഗ്യമായപ്രകാരം, നമ്മുടെ ഉത്തരവാദിത്വം സഭയായും വ്യക്തികളായും ഏറ്റെടുക്കണം. ദൈവരാജ്യ സംസ്ഥാപനത്തിന്, തന്റെ രക്ഷയുടെ വക്താക്കളായി, വാഹകരായി പുറപ്പെടണം. സുഖദുഃഖങ്ങളിലൊരുപോലെ, തന്നോടുകൂടി കഷ്ടമനുഭവിപ്പാനും, സന്തോഷിപ്പാനും, നാളത്തെ ദിവസം വ്യത്യസ്തമായിരിക്കും.' 'നാളെ നല്ലത്' എന്ന ദൃഢവിശ്വാസത്തോടെ പുറപ്പെടുവാൻ തയ്യാറാകുക. സഭയ്ക്കു വേണ്ടി മാത്രം പ്രവർത്തിക്കാതെ സമൂഹത്തിനു മുഴുവനുംവേണ്ടി പ്രവർത്തിക്കുക. സകല സൃഷ്ടിയേയും സ്രഷ്ടാവിലേക്ക് ആനയിക്കുവാനുള്ള പരിശ്രമം ആരംഭിക്കുക; അങ്ങനെ സൃഷ്ടിയുടെ മുഴുവൻ ദൈവീകരണം (Theosis) സാധിക്കട്ടെ.

'പുതിയ ആകാശവും പുതിയ ഭൂമിയും' സംജാതമാകുന്ന നല്ല നാളേ' ക്കു വേണ്ടി മുന്നേറുക.

*(വിദ്യാർത്ഥി പ്രസ്ഥാനം പരുമല യൂണിറ്റിന്റെ ഏകദിന സമ്മേളനത്തിൽ ചെയ്ത പ്രഭാഷണത്തിന്റെ സംഗ്രഹം. സമ്പാദകൻ: കെ. സി. സഖറിയ, നിരണം)*

# 6

# മേൽപ്പട്ടക്കാരന് ഉണ്ടായിരിക്കേണ്ട അഞ്ചു യോഗ്യതകൾ

**അ**തിമഹത്തായ ഒരു പെരുന്നാളിൽ സംബന്ധിക്കുവാനായി നാം ഇന്ന് വന്നുകൂടിയിരിക്കുകയാണ്. സഭയെ സംബന്ധിച്ചിടത്തോളം ഇന്ന് ഒരു വലിയ പെരുന്നാളാണ്; കാരണം സഭാംഗങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട, പരിശുദ്ധ സുന്നഹദോസിനാൽ അംഗീകരിക്കപ്പെട്ട, ദൈവത്താൽ വിളിക്കപ്പെട്ട അഞ്ച് സന്യാസവര്യന്മാരെ ഇന്ന് മേൽപട്ടക്കാരായി അഭിഷേകം ചെയ്യുകയാണ്. ഈ ദൈവീക ശുശ്രൂഷയിൽ പങ്കെടുക്കുന്ന നിങ്ങളോട് മേൽപ്പട്ടക്കാർക്ക് ഉണ്ടായിരിക്കേണ്ട അഞ്ച് യോഗ്യതകളെപ്പറ്റി വളരെ ചുരുക്കമായി പറയുവാനാണ് ഞാൻ കർത്താവിൽ പ്രത്യാശിക്കുന്നത്. ഈ എല്ലാ യോഗ്യതകളും എനിക്കില്ല എന്ന് നല്ലവണ്ണം അറിഞ്ഞുകൊണ്ടു തന്നെയാണ് ഞാൻ സംസാരിക്കുന്നത്. ഒരു മേൽപ്പട്ടക്കാരന് അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട അഞ്ച് യോഗ്യതകൾ ഇവയാണ്: ഉപദേശം; ഭരണം; ബലി; പ്രാർത്ഥന; പ്രതീകം.

**ഉപദേശം**

ഒരു മേൽപ്പട്ടക്കാരൻ തന്റെ ജനങ്ങളെ ഉപദേശിക്കുവാൻ പ്രാപ്തനായിരിക്കണം. ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണ്. ദൈവവചനത്തെ വിശ്വാസികളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കുകയാണ് അദ്ദേഹത്തിന്റെ പ്രധാന ചുമതല. അതായത് ജനങ്ങളെ അദ്ദേഹം വി. വേദപുസ്തകം പഠിപ്പിച്ചു കൊടുക്കണം. അതിനായി ഒരു മേൽപ്പട്ടക്കാരൻ വേദപുസ്തകം പ്രാർത്ഥനയിൽ വായിച്ച് ധ്യാനിച്ച് ജനങ്ങൾക്ക് വ്യാഖ്യാനിച്ചു കൊടുക്കണം. സഭാപിതാക്കന്മാർ എല്ലാവരും തന്നെ വി. വേദപുസ്തകം വായിച്ച് ധ്യാനിക്കുമായിരുന്നു. എനിക്കറിയാവുന്ന മേൽപട്ടക്കാരായ സഭാപിതാക്കന്മാർ എല്ലാവരും തന്നെ വേദപുസ്തകം നല്ലവണ്ണം അരച്ചുകലക്കി കുടിച്ചിട്ടുള്ളവരായിരുന്നു. അവർ വേദപുസ്തകം വായിച്ച് ധ്യാനിച്ച് ആത്മീയ പോഷണം പ്രാപിക്കുകയും ജനങ്ങളെ പോഷിപ്പിക്കുകയും ചെയ്യുന്നവരായിരുന്നു.

**ഭരണം**

ഇടയൻ തന്റെ ആടുകൾക്കുവേണ്ടി നടത്തുന്ന ഭരണത്തിന്റെ ഉദ്ദേശ്യം, ഐക്യത്തിലും, രമ്യതയിലും അവർ വസിക്കണം എന്നുള്ളതാണ്. എവിടെ എങ്കിലും അഭിപ്രായ വ്യത്യാസമോ ഭിന്നിപ്പോ ഉണ്ടായാൽ അതൊക്കെ പരിഹരിച്ച് സഭയിൽ സമാധാനവും യോജിപ്പും ഉണ്ടാകുവാനായി മേൽപ്പട്ടക്കാരൻ ശ്രമിക്കണം. സമൂഹത്തിലും കുടുംബത്തിലും കലഹങ്ങൾ മാറി, നിലനിൽക്കാനായി അദ്ദേഹം യത്നിക്കണം. ആരോടും സ്പർദ്ധയില്ലാതെ

താഴ്മയോടു കൂടി ജനങ്ങളെ സേവിക്കണം. രാജാക്കന്മാരെപ്പോലെ അധികാരം ചെലുത്തുകയല്ല, സ്നേഹത്തിൽ തന്റെ ജനങ്ങളുടെ ക്ഷേമത്തിനായി പ്രയത്നിക്കുകയാണ് ഭരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

### ബലി

സഭയുടെ പ്രധാന ചുമതലയാണ് ബലിയർപ്പിക്കുന്നത്. ഭദ്രാസനത്തിൽ എല്ലാ സ്ഥലങ്ങളിലും ബലി-വി. കുർബ്ബാന-നടക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടത് മേൽപട്ടക്കാരന്റെ കടമയാണ്. അതിന് ആവശ്യമായ പട്ടക്കാരെ അദ്ദേഹം ഏർപ്പെടുത്തുകയും, അനുയോജ്യമായ സ്ഥലങ്ങൾ ക്രമീകരിക്കുകയും ചെയ്യണം. വി. കുർബ്ബാന മാത്രമല്ല ബലി. ബലിയുടെ ഉദ്ദേശ്യം മനുഷ്യരെ ദൈവവുമായി രമ്യതപ്പെടുത്തുകയാണ്. വി. കുർബ്ബാന - ക്രിസ്തീയ ബലി - കർത്താവിന്റെ തിരുശരീര രക്തങ്ങൾ വഴി അനുഷ്ഠിക്കുന്ന അനുരഞ്ജന ശുശ്രൂഷയാണ്. ലോകത്തിന്റെ കാവലും രക്ഷയുമാണ് വി. ബലി. ആ വിശുദ്ധ ബലിയുടെ ക്രമമായ അർപ്പണത്തിന് മേൽനോട്ടം വഹിക്കുക ഒരു എപ്പിസ്കോപ്പായുടെ കർത്തവ്യമാണ്.

### പ്രാർത്ഥന

ഒരു മേൽപ്പട്ടക്കാരൻ എപ്പോഴും തന്റെ ആടുകൾക്കുവേണ്ടി പ്രാർത്ഥിക്കണം. പഴയനിയമ കാലത്തെ മഹാപുരോഹിതനായിരുന്നു അഹറോൻ. അദ്ദേഹം ദൈവമുമ്പാകെ നിൽക്കുമ്പോൾ തന്റെ മാർവ്വിടത്തിൽ ഒരു പതക്കം അണിയുമായിരുന്നു. പന്ത്രണ്ട് വിലയേറിയ കല്ലുകൾ പതിച്ചതായിരുന്നു ആ പതക്കം. ഓരോ കല്ലിലും ഇസ്രായേലിലെ ഗോത്രങ്ങളുടെ പേരുകൾ കൊത്തിയിരുന്നു. അതായത് 12 ഗോത്രങ്ങളുടെ പേരുകൾ തന്റെ ഹൃദയഭിത്തിക്കടുത്ത് സ്ഥാപിച്ചുകൊണ്ടായിരുന്നു മഹാപുരോഹിതനായ അഹറോൻ ദൈവമുമ്പാകെ പ്രാർത്ഥിച്ചിരുന്നത്. ഓരോ മെത്രാപ്പോലീത്തായും, തന്റെ ചുമതലയിലുള്ള ആളുകളെ തന്റെ പ്രാർത്ഥനയിൽ ഓർക്കണം. സ്വന്ത കാര്യത്തിനു വേണ്ടിയല്ല ഒരു മേൽപ്പട്ടക്കാരൻ പ്രാർത്ഥിക്കുന്നത്. സഭയുടെ, ഭദ്രാസനത്തിന്റെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം പ്രാർത്ഥനയാണ്. ഇടവകയിലെ ഒരു മനുഷ്യൻ പോലും നശിച്ചുപോകാതിരിക്കുവാൻ മേൽപ്പട്ടക്കാരൻ പ്രാർത്ഥിക്കണം. തന്നെ വിമർശിക്കുന്നവർക്കുവേണ്ടി പോലും, തന്നെ എതിർക്കുന്നവർക്കുവേണ്ടി പോലും അദ്ദേഹം പ്രാർത്ഥിക്കണം. ദൈവം തന്നെ ഏൽപ്പിച്ചിട്ടുള്ള ജനങ്ങളെ മുഴുവനും തന്റെ ഹൃദയത്തിൽ വഹിച്ചുകൊണ്ടായിരിക്കണം ഒരു മെത്രാപ്പോലീത്താ പ്രാർത്ഥിക്കുവാൻ നിൽക്കേണ്ടത്.

### പ്രതീകം

അഞ്ചാമത്തെ ഗുണം, ഒരു മേൽപ്പട്ടക്കാരൻ 'പ്രതീകം' ആണ് എന്നുള്ളതാണ്. 'പ്രതീകം' എന്നു പറഞ്ഞാൽ എന്താണെന്ന് അധികം പേർക്കും മനസ്സിലാവുകയില്ലെന്ന് തോന്നുന്നു. ഒരു വിധത്തിൽ കൂദാശ എന്നു പറയാം. ഇന്ന് ഇവരെ കൂദാശ ചെയ്യുകയാണ്. മേൽപ്പട്ടക്കാരായി കൂദാശ ചെയ്ത് ശുദ്ധീകരിക്കുകയാണ്. അങ്ങനെ ഇവർ ദൈവവാഹികളായി

ത്തീരുന്നു. അവർ ദൈവത്തിന്റെ 'പ്രതീകം' ആയി തീരുന്നു. അതു കൊണ്ടാണ് നമ്മുടെ സഭയിൽ മെത്രാപ്പോലീത്തന്മാർക്ക് റിട്ടയർമെന്റ് ഇല്ലാത്തത്. ഒരിക്കൽ കൂദാശ ചെയ്യപ്പെട്ടു കഴിഞ്ഞാൽ അവർ മരണം വരെ ആ സ്ഥാനത്ത് തുടരുന്നു. മെത്രാപ്പോലീത്താ തന്റെ ഇടവകയിൽ കർത്താ വിന്റെ പ്രതീകമാണ്. മനുഷ്യനായിത്തീർന്ന കർത്താവിന്റെ കാണപ്പെടുന്ന പ്രതീകമാണ് ഓരോ മെത്രാപ്പോലീത്തായും. വിശക്കുന്നവന് ഭക്ഷണം നൽകി; ദാഹിക്കുന്നവന് വെള്ളം നൽകി, കർത്താവിന്റെ പ്രതീകമായി ലോകത്തിൽ മെത്രാപ്പോലീത്താ കാണപ്പെടണം. ദൈവം ലോകത്തിൽ കാണപ്പെട്ടത് യേശുവിലൂടെയാണ്. യേശുവിനെ നോക്കിയവർ ദൈവത്തെ കണ്ടു. അതുപോലെ മെത്രാപ്പോലീത്തായിലൂടെ ലോകം ദൈവത്തെ കാണണം.

*(1985 മെയ് 15 നു മാവേലിക്കരയിൽ വച്ചു നടന്ന മേൽപട്ട സ്ഥാനാരോ ഹണ ശുശ്രൂഷാമദ്ധ്യേ ചെയ്ത പ്രസംഗം. സമ്പാദകൻ: ഫാ. കെ. വി. ശമുവേൽ)*



# 7

# ക്രൈസ്തവ സഭയിൽ കശ്ശീശായുടെ ചുമതലകൾ

**ഇ**ന്നിപ്പോൾ നമ്മുടെ പ്രിയങ്കരനായ ജോർജ്ജ് പൗലോസ് ശെമ്മാശനെ സഭയിലെ ശ്രേഷ്ഠമായ കശ്ശീശാ സ്ഥാനത്തേയ്ക്കുയർത്തിയിരിക്കുകയാണ്. അറിവും പരിജ്ഞാനവും പക്വതയും പരിപാവനമായ ജീവിത നൈർമ്മല്യവും നേടിയിട്ടുള്ളവരെയാണ് കശ്ശീശാ സ്ഥാനത്തേയ്ക്കു നിയോഗിക്കേണ്ടത്. അവരുടെ പ്രായപരിധിയും നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് മുപ്പതു വയസ്സു കഴിഞ്ഞവരെ മാത്രമേ കശ്ശീശാ സ്ഥാനത്തേയ്ക്കു നിയോഗിക്കുകയുള്ളു. അതുകൊണ്ടാണ് കശ്ശീശാമാരെ സഭയിലെ 'മൂപ്പന്മാർ' എന്നു വിളിച്ചിരുന്നത്.

കശ്ശീശാ എന്ന സുറിയാനി പദത്തിന് 'ഉണങ്ങിവരണ്ടവൻ' എന്നും അർത്ഥമുണ്ട്. കശ്ശീശാ ഉപവാസത്തിലും പ്രാർത്ഥനയിലും സദാ ജാഗരൂകനായിരിക്കണമെന്നാണ് ആ പദത്തിന്റെ അർത്ഥസൂചന. അവൻ കേവലം ഭക്ഷണപ്രിയനായിരിക്കരുത്.

### കശ്ശീശായുടെ പ്രധാനപ്പെട്ട മൂന്നു ചുമതലകൾ

കശ്ശീശാ ഇടയനും ജനങ്ങൾ ആടുകളുമാകുന്നു. ആകയാൽ സർവ പ്രധാനമായി മൂന്നു ചുമതലകളാണ് കശ്ശീശായ്ക്കുള്ളത്. ഒന്നാമത്തെ ചുമതല ആടുകൾക്കു ഭക്ഷണം കൊടുക്കുകയാണ്. ജനങ്ങളാകുന്ന ആടുകൾക്ക് സത്യവിശ്വാസമാകുന്ന ആത്മീയ ഭക്ഷണം നൽകി അവയെ പുഷ്ടിപ്പെടുത്തേണ്ടത് ഇടയന്റെ ചുമതലയാണ്. ആടുകൾക്കു നല്ല ഭക്ഷണപാനീയങ്ങൾ നൽകാത്ത ഒരിടയന് അവയുടെ പാൽ കറന്നെടുത്തുപയോഗിക്കാൻ അവകാശമില്ല.

രണ്ടാമത്തെ ചുമതല ആടുകൾ തമ്മിലുണ്ടാകുന്ന വഴക്കും പിണക്കവും പോരും തമ്മിൽകുത്തും അവസാനിപ്പിച്ച് അവയെ രമ്യപ്പെടുത്തുക എന്നുള്ളതാണ്. ചില മുഷ്ക്കരന്മാരായ മുട്ടാടുകൾ തമ്മിൽ ചിലപ്പോൾ കൊമ്പു കുലുക്കി ചാടിയടുത്ത് ഇടിയും കുത്തും നടത്താറുണ്ട്. അപ്പോൾ ഇടയൻ അവയുടെ നടുവിൽ ചാടി രണ്ടിനെയും പിടിച്ചുമാറ്റി സമാധാനമുണ്ടാക്കണം.

മൂന്നാമത്തെ ചുമതല വഴിതെറ്റിപ്പോകുന്ന ആടുകളെ പിടിച്ചു നേർവഴിയിലേയ്ക്കു കൊണ്ടുവരണം എന്നുള്ളതാണ്. ചില ആടുകൾ വഴിതെറ്റി വല്ല കുഴിയിലും അപകടത്തിലുമൊക്കെ ചാടിയെന്നു വരാം. അവയെ പിടിച്ചുകയറ്റി അപകടത്തിൽ നിന്നും രക്ഷിക്കേണ്ടത് ഇടയന്റെ ചുമതലയാണ്. ഇടയപ്രമുഖരായ മേൽപ്പട്ടക്കാരുടെ അറ്റം വളഞ്ഞ അംശവടി ആ ചുമതലയെ സൂചിപ്പിക്കുന്നതാണ്. ഇടയനായ കശ്ശീശാ ആടുകൾക്കു

വേണ്ടി ആരാധന നടത്തിയാൽ മാത്രം പോരാ, അവയെ നല്ല നിലയിൽ ഭരിക്കുകയും വേണം. കശ്ശീശാ ഇടയനും ഭരണകർത്താവുമാകുന്നു.

അവസാനമായി ജനങ്ങൾക്ക് കശ്ശീശായോടുള്ള ചുമതല കൂടി പറയട്ടെ. ചിലർ വൈദികരെ കുറ്റം പറയാറുണ്ട്. വൈദികർ കുറ്റമില്ലാത്തവരല്ല. അവരും നിങ്ങളെപ്പോലെ സാധാരണ മനുഷ്യരാണ്. തെറ്റും കുറ്റവുമൊക്കെ അവരിലും കാണും. അവയെ നിങ്ങൾ ക്ഷമിക്കുകയും അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും അവർക്കു വേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും വേണം.

*(1987 ഡിസംബർ 26 നു മെത്രാപ്പോലീത്താ ഓണക്കൂർ സെന്റ് മേരീസ് പള്ളിയിൽ പട്ടംകൊട ശുശ്രൂഷാ മദ്ധ്യേ ചെയ്ത പ്രസംഗം. സമ്പാദകൻ: പി. മത്തായി ഓണക്കൂർ. 1988 ജനുവരിയിലെ ചർച്ച്വീക്ക്ലിയിൽ നിന്നും)*



# 8
# വൈ. എം. സി. എ. യിലെ യുവജനപങ്കാളിത്തം

**നാ**ഷണൽ കൗൺസിൽ ഓഫ് വൈ. എം. സി. എ. ഓഫ് ഇന്ത്യയുടെ നൂറാം വാർഷികവേളയിൽ നന്ദിസ്തോത്രത്തിലും, ആനന്ദത്തിലും പങ്കാളിയാവുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷമുള്ള വസ്തുതയാണ്. ദൈവം ചെയ്ത വൻകാര്യങ്ങൾക്കായും, ദൈവം തന്റെ മുന്തിരിത്തോപ്പിലേക്ക് കണ്ടെത്തിയ മഹത് വ്യക്തികൾക്കായും ദൈവത്തിന് നന്ദിയർപ്പിക്കേണ്ട സമയമത്രെ ഇത്. ഈ മഹത് വ്യക്തികളിൽ, മൺമറഞ്ഞു പോയ ബിഷപ്പ് അസ്സറിയ, കെ. റ്റി. പോൾ, പി. ഡി. ദേവനാനന്ദൻ, സി. എഫ്. ആൻഡ്രൂസ് തുടങ്ങിയവരും, ഇപ്പോഴും Y. M. C. A. മുഖേന ദൈവമഹത്വത്തിനായി വൻകാര്യങ്ങൾ ചെയ്യുന്ന കെ. എം. ഫിലിപ്പിനെപ്പോലെ ഉള്ളവരും ഉൾപ്പെടുന്നു. ഭാരത വൈ. എം. സി. എ. കൾ ഈ നൂറ്റാണ്ടിലും ചെയ്ത അത്ഭുതാവഹമായ പ്രവർത്തനങ്ങൾക്കായി ദൈവത്തെ സ്തുതിക്കാം. ആരംഭകാലത്തിൽ കലാലയ വിദ്യാർത്ഥി പ്രവർത്തനം, സ്പോർട്സ്, ചെറുപ്പക്കാർക്കും, ആൺകുട്ടികൾക്കുമായി ഹോസ്റ്റലുകൾ, ഗ്രാമീണ വികസനം, നേതൃത്വപരിശീലനം, അടുത്ത കാലത്തായി അഭയാർത്ഥി പ്രവർത്തനം, സാങ്കേതിക വിദ്യാഭ്യാസം, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, വികലാംഗർക്കിടയിലുള്ള പ്രവർത്തനങ്ങൾ, ആദിവാസി പ്രശ്നങ്ങൾ, സമുദായ ഐക്യത്തിനായുള്ള പ്രവർത്തനം ഇത്യാദി മേഖലകളിൽ ദൈവം ഭാരതീയ വൈ. എം. സി. എ. യെ ശക്തിമത്തായി ഉപയോഗിച്ചിട്ടുണ്ട്-നാം വളരെയധികം നന്ദി പറയേണ്ടതായിട്ടുണ്ട്. ദൈവത്തിന് നന്ദിയർപ്പിക്കുന്ന മഹത്സന്തോഷത്തിൽ ഞാൻ നിങ്ങളോടൊപ്പം ചേരുന്നു.

ആദ്യകാലഘട്ടത്തിലെ വൈ. എം. സി. എ. 1854-ൽ കൽക്കട്ടയിൽ ആരംഭിച്ചു എന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. 1854-ൽ വൈ. എം. സി. എ. ആരംഭിക്കാനുള്ളത് ഒരു അധിനിവേശ ശ്രമമായിരുന്നു. പക്ഷേ അതു പരാജയപ്പെട്ടു. ലഹളയ്ക്കും അടിച്ചമർത്തലിനുംശേഷം 1857-ൽ വൈ. എം. സി. എ. വീണ്ടും ആരംഭിച്ചു. കൽക്കട്ട വൈ. എം. സി. എ. വീണ്ടും പ്രയാസമനുഭവിക്കാൻ തുടങ്ങി. പക്ഷേ വൈ. എം. സി. എ. യുടെ പ്രവർത്തനം ക്രിസ്ത്യൻ യുവജനങ്ങളുടെ ഇടയിൽ മാത്രമായിരുന്നു എന്നതായിരുന്നു പ്രശ്നം. ഫിലാഡൽഫിയ വൈ. എം. സി. എ. യുടെ പിന്തുണയുള്ള ഡേവിഡ് മക്ക് കോണോഗി, ഭാരത വൈ. എം. സി. എ. യെ ഇന്ത്യയിലെ ചെറുപ്പക്കാർക്കുവേണ്ടിയുള്ള വൈ. എം. സി. എ. ആക്കിത്തീർത്തു. ഒരു ക്രിസ്തീയ പ്രസ്ഥാനമെന്ന നിലയിൽ വൈ. എം. സി. എ. സ്വാന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിലും; ഭാരത സ്വാതന്ത്ര്യത്തിനും വേണ്ടി വഹിച്ച പങ്ക് നിസ്തുലമായിരുന്നു. കെ. റ്റി. പോളിനെ പോലെയുള്ള നേതാ

ക്കൾ നമുക്കുണ്ടായിരുന്നെങ്കിലും ഭാരത സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ നാം മുൻപന്തിയിൽ ഉണ്ടായിരുന്നു (YWCA, WSCF ഇത്യാദി സംഘടനകൾ YMCA യിൽ നിന്നത്രെ ഉടലെടുത്തത്. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ഈറ്റില്ലവും YMCA ആയിരുന്നു).

നമ്മുടെ YMCA ഭാരതത്തെ ഒരു കാലത്ത് ഭരിച്ചിരുന്ന ക്രിസ്തീയ രാജ്യവുമായി ഉറ്റ ബന്ധത്തിലായിരുന്നു. നമ്മുടെ സ്വന്ത ഇഷ്ടപ്രകാരമാണ് നാം (YMCA) സ്വദേശത്തേക്കാൾ ഉപരിയായി വിദേശീയരെ പിന്തുണച്ചതെന്ന് നാം ചിന്തിക്കും. നമ്മുടെ പേര് ഇന്നും ഭാരതത്തിലെ വലിയൊരു വിഭാഗം ജനങ്ങൾ സംശയബുദ്ധ്യാ വീക്ഷിക്കുന്നു.

ക്രൈസ്തവ സമുദായത്തെയും, YMCA യേയും, പാശ്ചാത്യ തല്പരരായി മുദ്രകുത്തിയിരുന്നു. പക്ഷേ ഇന്നോ? വിദേശ ആശയങ്ങളിൽ നിന്നും വിദേശ സിദ്ധിത നേതൃത്വത്തിൽ നിന്നും മോചനം പ്രാപിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ഭാരത YMCA സാമ്പത്തികമായി സ്വയംപര്യാപ്തി നേടി എന്നറിയുന്നതിൽ എനിക്ക് ആഹ്ലാദമുണ്ട്. ഇത് ഒരു വലിയ സംഗതിയാണ്. പക്ഷേ ആശയങ്ങളുടെയും, പരിപാടികളുടെയും കാര്യത്തിലും, നാം എന്തു ചെയ്യുന്നുവോ അതിനുള്ള വഴികാട്ടലിലും നാം പാശ്ചാത്യരെ ഇപ്പോഴും ആശ്രയിക്കുന്നു. നാം എത്രയും കാലം ഇങ്ങനെ തുടരുന്നുവോ അത്രയും നാൾ ഭാരതീയരിൽ നിന്നും അകന്നിരിക്കുന്നു.

YMCA യ്ക്ക് ഇതിൽ നിന്നും എന്തെങ്കിലും വഴി കണ്ടുപിടിക്കാനുണ്ടോ? വിദേശീയാശ്രയം YMCA യ്ക്ക് മാത്രമല്ല ഭാരതത്തിന്റെ മുഴുവൻ നേതൃത്വവും പരിശീലനം സിദ്ധിച്ചത് പാശ്ചാത്യ സംസ്ക്കാരത്തിൽ നിന്നും, നാഗരികത്വത്തിൽ നിന്നും ആയിരുന്നു. അവരുടെ ഓരോ ആശയവും പാശ്ചാത്യ നാഗരികത്വത്തിൽ നിന്നും ഉടലെടുത്തതാണ്. പാശ്ചാത്യ നാഗരികത്വത്തിന്റെ മൂല്യങ്ങളുടെ അടിമത്വത്തിൽ നിന്നുമുള്ള മോചനത്തെക്കുറിച്ച് YMCA യും, YWCA യും, സഭകളും എല്ലാ ക്രിസ്തീയ സംഘടനകളും ഗഹനമായി ചിന്തിക്കേണ്ടതുണ്ട്.

YMCA-യുടെ Yയെക്കുറിച്ച് എന്റെ എല്ലാ സുഹൃത്തുക്കളോടും ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. YMCA, MMMM എന്നു പുനർനാമം ചെയ്യണമെന്ന് ആരോ ഒരു ദിവസം അഭിപ്രായപ്പെട്ടു. MMMM എന്തിനു വേണ്ടി നില്ക്കുന്നു? Middle Class, Middle Aged, Men's Movement (മദ്ധ്യവയസ്കരായ, സാമാന്യ ജനങ്ങൾക്കു വേണ്ടിയുള്ള പ്രസ്ഥാനം). YMCA അംഗങ്ങളിലും, നയാവിഷ്ക്കരണ വിഭാഗങ്ങളിലും, 1/3 ഭാഗം 39 വയസ്സിൽ താഴെയുള്ളവരായിരിക്കണം എന്ന് ഭരണഘടന ഇപ്പോൾ അനുശാസിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 1/3 ഭാഗം മാത്രം ചെറുപ്പക്കാരായതുകൊണ്ട് അത് ചെറുപ്പക്കാരുടെ സംഘടനയാകുന്നില്ല. YMCA അംഗങ്ങളിലും നയാവിഷ്ക്കരണ വിഭാഗങ്ങളിലും 51%, 30 വയസ്സിൽ താഴെയുള്ള ചെറുപ്പക്കാരായിരിക്കണം എന്ന അവസ്ഥയിലേക്ക് YMCA നീങ്ങും എന്ന് പ്രത്യാശിക്കുന്നു. YMCA, YWCA പോലുള്ള ചെറുപ്പക്കാരുടെ സംഘടനകളിൽ, 1/3 ഭാഗത്തിനു മേൽ ആളുകൾ പ്രായമുള്ളവരായിരിക്കണം എന്ന കാര്യത്തിൽ ഞാൻ ന്യായീകരണം ഒന്നും കാണുന്നില്ല.

നമ്മുടെ രാജ്യത്തിന് മഹത്തായ ഒരു പൈതൃകമുണ്ട്. പ്രായമുള്ളവർ നമ്മുടെ ചെറുപ്പക്കാർക്കുവേണ്ടി ചിന്തിക്കാൻ ആഗ്രഹിക്കുന്നു. ചെറുപ്പക്കാർ നമ്മുടെ വഴികാട്ടലിലും, മേൽനോട്ടത്തിലും ആയിരിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തിലെ ചെറുപ്പക്കാർക്കു വേണ്ടി നല്ലതേതെന്ന് നിശ്ചയിക്കുവാൻ നമുക്ക് മാത്രമേ പക്വതയും, ജ്ഞാനവുമുള്ളെന്ന് നാം ചിന്തിക്കുന്നു. നമ്മുടെ സംരക്ഷണത്താൽ നാം സംഘടനയെ അധികഭാരമുള്ളതാക്കി. മദ്ധ്യവയസ്കരായ നമ്മുടെ ഈ സംരക്ഷണം പിൻവലിക്കപ്പെടുന്നതുവരേയും യുവജനങ്ങളുടെ സൃഷ്ടി പരമായ ശക്തി ഉപയോഗിക്കുവാൻ നമുക്ക് കഴിയുകയില്ല.

സഭകളിലുള്ള എന്റെ പരിചയത്തിൽ നിന്നും, താഴെയുള്ള ചെറുപ്പക്കാർക്ക് ഇപ്പോൾ ലോകത്തിൽ എന്തു നടക്കുന്നുവെന്ന് ശരിയായ ഗ്രാഹ്യമുണ്ടെന്ന് പറയാൻ കഴിയും. എന്നെപ്പോലെ 60 വയസ്സിനുമേൽ പ്രായമുള്ളവർ ലോകത്തിൽ ഇപ്പോഴുള്ള യാഥാർത്ഥ്യങ്ങളെക്കുറിച്ച് പെട്ടെന്ന് മനസ്സിൽ പതിയുന്ന സ്വഭാവമുള്ളവരല്ല. ഒരു പുതിയ ലോകം സൃഷ്ടിക്കാമെന്ന ശുഭാപ്തി വിശ്വാസവും ധൈര്യവുമുള്ള ചെറുപ്പക്കാരുടെ കരങ്ങളിൽ പ്രസ്ഥാനത്തിന്റെ സൃഷ്ടിപരമായ ശക്തി ആകുക എന്നത് YMCA, യുടെയോ, YWCA യുടേയോ ഭാവിയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതത്രേ. മറ്റുള്ളവരുടെ ദോഷവശം മാത്രം കണ്ടെത്തുന്ന സ്ഥിതിയിൽ നാം എത്തിച്ചേർന്നിട്ടുണ്ട്. നാം ഒരു വിഷമഘട്ടത്തിലാണ്. പാശ്ചാത്യർ നിർമ്മിച്ച ഘടനകളിൽ നിന്നും പുറത്തുചാടാൻ നമുക്ക് കഴിയുന്നില്ല. ഈ അവസ്ഥകൾ നമ്മുടെ സഭകളിലും, നമ്മുടെ രാഷ്ട്രീയ സംഘടനകളിലും നിഴലിച്ചു കാണാം. പഴയ തലമുറക്ക് ഇതു മാറ്റുവാൻ സാധിക്കുകയില്ല. യുവജനങ്ങൾ ധൈര്യപുരസ്സരം അവരുടേതായ ശ്രമം നടത്തും.

ഞാൻ പറയാൻ ആഗ്രഹിക്കുന്ന മറ്റൊരു വസ്തുത, ചെറുപ്പക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനമേഖലയിലുള്ള മാറ്റമാണ്. YMCA യെക്കുറിച്ചും ഞാൻ ഇത് പറയാൻ ആഗ്രഹിക്കുന്നു. യുവജനസംഘടനകളുടെ ശ്രദ്ധ 'യുവജനങ്ങൾക്ക് സേവനം' എന്നത് ആയിതീർന്നിട്ടുണ്ട്. പ്രായമുള്ളവരുടെ, ചെറുപ്പക്കാർക്കായുള്ള സേവനം എന്ന ആശയത്തിൽ നിന്നും യുവജനങ്ങളുടെ മുഴുവൻ സമൂഹത്തിനുവേണ്ടിയുള്ള സേവനം എന്നതിലേക്ക് വ്യതിയാനം വന്നുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. മുഴുവൻ സമൂഹത്തേയും സേവിയ്ക്കുവാനുള്ള അവസരം യുവജനങ്ങൾക്ക് പ്രായമുള്ളവരായ നാം ഒരുക്കിക്കൊടുക്കണം. 'യുവജനങ്ങൾക്ക് സേവനം' എന്ന ആശയത്തിൽ നിന്നും യുവജനങ്ങളിലുള്ള സേവനം എന്നതുകൊണ്ട് ഞാൻ ഉദ്ദേശിച്ചത് ഇതത്രെ. യുവജനങ്ങൾ അതു ചെയ്യുവാൻ നാം പൈതൃകം ഉപേക്ഷിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യത്തുള്ള ഭാഷാപരവും, പ്രാദേശികവുമായ സംഘട്ടനങ്ങളാൽ നമ്മുടെ രാഷ്ട്രത്തിന്റെ ഐക്യം അപകടത്തിലാണെന്ന് രാഷ്ട്രപതിപോലും കഴിഞ്ഞ ദിവസം അഭിപ്രായപ്പെട്ടു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട ആയിരക്കണക്കിന് ചെറുപ്പക്കാരെ ചലനാത്മകമായി നിറുത്തിയാൽ വർഗ്ഗീയതയുടെ ബന്ധനങ്ങളെ തകർക്കുവാൻ അവർക്കു സാധി

ക്കുകയില്ലേ? പ്രാദേശികത്വവും, ഭാഷാപ്രശ്നങ്ങളും നമ്മുടെ രാഷ്ട്രത്തെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ നാം അത് അനുവദിയ്ക്കരുത്. വർഗ്ഗീയത, പ്രാദേശികത്വം, ഭാഷാപ്രശ്നം ഇത്യാദി സംഗതികൾക്കെതിരെ പോരാടുവാൻ ചെറുപ്പക്കാരെ നാം സജ്ജമാക്കുകയാണെങ്കിൽ നമുക്ക് അവയെ ഒക്കെ ഭേദിയ്ക്കാൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ രാജ്യം കൈക്കൂലികൊണ്ടും, അഴിമതികൊണ്ടും നിറഞ്ഞിരിയ്ക്കുന്നു. എല്ലാവരും ഹിംസാത്മകമായി ശിക്ഷിക്കപ്പെടരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു. ചെറുപ്പക്കാരായ വ്യക്തികളെ നാം അനുവദിക്കുമെങ്കിൽ, അവർ സാമൂഹ്യതിന്മയ്ക്കെതിരെ തങ്ങളെതന്നെ പ്രദർശിപ്പിക്കുകയും അങ്ങനെ സമൂഹത്തിന്റെ അന്തരീക്ഷത്തിൽ മാറ്റം വരികയും ചെയ്യും. ഇതാണ് വാസ്തവത്തിൽ YMCA ചെയ്യേണ്ടത്. അശരണരും അംഗവൈകല്യമുള്ളവരും ചേരിയിലെ കുട്ടികളും, തീർച്ചയായും ശ്രദ്ധിയ്ക്കപ്പെടണം. മുഴുരാഷ്ട്രത്തിലേക്കും മുഴുലോകത്തിലേക്കും നമ്മുടെ ശ്രദ്ധതിരിയപ്പെടുന്നതും തുല്യനിലയിൽ പ്രാധാന്യമുള്ളതാണ്. യുവജനങ്ങൾ മാർഗ്ഗദർശികൾ മാത്രം ആയാൽപോരാ, നേതൃത്വം നൽകുകയും വേണം.

19-ാം നൂറ്റാണ്ടിൽ സൃഷ്ടിയ്ക്കപ്പെട്ട YMCA യുടെ വലിയ ത്രികോണമെന്ന മഹത്തായ അടയാളം - ശരീരം, മനസ്സ്, ആത്മാവ്, ആരാധന, സേവനം, പഠനം എന്നിങ്ങനെ അത് എന്തായിരുന്നാലും ആ ത്രികോണത്തിന് നാം പുനർവ്യാഖ്യാനം നൽകേണ്ടതാണ്. ഇപ്പോൾ കാണുന്നതിന് വിരുദ്ധമായി ത്രികോണത്തിന്റെ ശിഖരം മുകളിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. മുകളിൽ ദൈവവും താഴത്തെ രണ്ടു മൂലകളിൽ ഒന്നിൽ മാനവരാശിയും, മറ്റേ മൂലയിൽ മറ്റു സൃഷ്ടികളും. ദൈവത്തിനും അവന്റെ സൃഷ്ടികൾക്കും മദ്ധ്യവർത്തിയായി വർത്തിക്കുക എന്നത് മാനവരാശിയുടെ ചുമതലയത്രെ. ദൈവവും സൃഷ്ടികളും തമ്മിൽ രഞ്ജിപ്പിന്റെ അനുഭവത്തിൽ കൊണ്ടുവരിക-YMCA യുടെ അടിസ്ഥാനപരമായ കർത്തവ്യം അതായിരിക്കണം. ഒരു ക്രിസ്ത്യാനി തന്റെ മനസ്സിനേയും ശരീരത്തെയും ആത്മാവിനെയും വികസിപ്പിച്ചെടുക്കുന്നതായുള്ള ത്രികോണമല്ല. ഈ ലോകത്തെ ഒരു ത്രികോണമായി കണ്ടുകൊണ്ട് ദൈവം മുകളിലും, താഴെ ഒരു മൂലയിൽ മനുഷ്യരും മറ്റേ മൂലയിൽ മറ്റു സൃഷ്ടികളുമായിരിക്കുന്ന അവസ്ഥ വീക്ഷിക്കുക.

ഇവ മൂന്നും ചേർന്ന് സമൂഹം ഇന്ന് അഭിമുഖീകരിയ്ക്കുന്ന വലിയ പ്രശ്നങ്ങൾക്കും നീതി, സമാധാനം എന്നിവയ്ക്ക് എതിരായ പ്രശ്നങ്ങൾക്കും പരിഹാരം കാണും. നാം 19-ാം നൂറ്റാണ്ടിൻപ്രകാരം ഒരു വ്യക്തിയുടെ ശരീരത്തിന്റേയും, മനസ്സിന്റേയും, ആത്മാവിന്റേയും വികാസം എന്ന നിലയിൽ ചിന്തിക്കുമ്പോൾ, നമുക്ക് വിജയം ആശിക്കുവാൻ സാധിക്കുകയില്ല. ദൈവത്താൽ സ്നേഹിക്കപ്പെടുകയും, നിലനില്ക്കപ്പെടുകയും ചെയ്യുന്ന മനുഷ്യരും മറ്റു സൃഷ്ടികളും താഴെ ഇരുമൂലകളിലുമായി വരത്തക്കരീതിയിൽ YMCA ത്രികോണത്തിന്റെ ഒരു പുനർവ്യാഖ്യാനം ആവശ്യമാണെന്ന് ഞാൻ കരുതുന്നു.

നാം സൃഷ്ടിയെ ദൈവവുമായി അനുരഞ്ജനത്തിൽ കൊണ്ടുവരുമ്പോൾ മാനവരാശിയുടെ മുഴുജീവിതവും അർത്ഥപൂർണ്ണമാകുന്നു. 1855 ലെ പാരീസ് ബേസിസ് 19-ാം നൂറ്റാണ്ടിലെ വ്യക്തിജീവിതത്തെ പ്രതിനിധീകരിക്കുന്നു. പാരീസ് ബേസിസ് പുനഃപരിശോധിക്കുക എന്നത് ബുദ്ധിമുട്ടുള്ള സംഗതിയത്രെ. എന്തുകൊണ്ടെന്നാൽ എല്ലാ രാഷ്ട്രീയങ്ങളും വാദപ്രതിവാദത്തിന് വരും.

1855 ലെ പാരീസ് ബേസിസിനെ പുനഃപരിശോധിക്കുക വിഷമമുള്ള സംഗതിയത്രെ. പക്ഷേ മാനവരാശിയുടെ പുതുമുഖം നാം ദർശിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സഭ മാത്രമെന്നതിനേക്കാൾ ഉപരി മുഴുവൻ മാനവരാശിയെക്കുറിച്ചും നാം ചിന്തിക്കണം. മറ്റു മതങ്ങളോടുകൂടി നാം തുടക്കം ആരംഭിക്കേണം. ഇപ്രകാരം മുഴുസൃഷ്ടികൾക്കും ദൈവാനുഗ്രഹം പ്രാപിയ്ക്കാൻ കഴിയുന്നു.

ഒരു സമൂഹം അനീതി പ്രവർത്തിക്കുമ്പോഴും, യുദ്ധങ്ങൾ നടത്തുമ്പോഴും, ചുറ്റുപാടും മുഴുവനും വേദന അനുഭവിക്കുന്നു. “സമൂഹത്തിൽ നീതിയും, സത്യവും വസിക്കുമ്പോൾ, മരങ്ങൾ ചിരിയ്ക്കുകയും, പുഴകൾ ആനന്ദത്താൽ പാടുകയും, പർവ്വതങ്ങൾ അഹ്ലാദിക്കുകയും ചെയ്യുന്നു” എന്ന് പഴയനിയമത്തിൽ പറയുന്നതായി നമുക്കു കാണാൻ കഴിയും. മനുഷ്യമക്കൾ ദൈവേഷ്ടപ്രകാരം ജീവിക്കുമ്പോൾ മുഴുസൃഷ്ടിക്കും അതിന്റെ പ്രയോജനം ലഭിക്കുന്നു. മനുഷ്യസമൂഹത്തിലും, ചുറ്റുപാടിലും നീതിയും സമാധാനവുമായുള്ള അഭേദ്യബന്ധം സ്പഷ്ടമായിരിക്കുകയാണ്. നമ്മുടെ ഇളം തലമുറയുടെ ദൃഷ്ടി ഇവിടെ ആയിരിക്കേണം.

1991 ലും യുദ്ധം നടന്നു. പക്ഷേ ഈ യുദ്ധം നമ്മെ എന്തു പഠിപ്പിക്കുന്നു? ശാസ്ത്രവും, സാങ്കേതിക വിദ്യയും, മാനവീകതയ്ക്കും, പുരോഗതിക്കും, പുനർനിർമ്മാണത്തിനും ഉപരിയായി, മാനവരാശിയുടെ നാശത്തിനായി വികാസം പ്രാപിച്ചു എന്ന് ദൈവം നമുക്ക് കാണിച്ചുതന്നു. നാശത്തിന്റേയും, മരണത്തിന്റേയും ശക്തികളുടെ തടവറയിൽ ശാസ്ത്രവും, സാങ്കേതിക വിദ്യയും അകപ്പെട്ടു എന്ന ദുഃഖസത്യം-ഇതത്രെ നമ്മുടെ ഭീഷണി. നമ്മുടെ ഇളംതലമുറ ഈ പ്രശ്നം കാണണം. എന്തുകൊണ്ട് ശാസ്ത്രവും, സാങ്കേതികവിദ്യയും ഒന്നുകിൽ യുദ്ധത്തിന്റേയും, അല്ലെങ്കിൽ ലാഭത്തിന്റേയും അടിമത്വത്തിലായി എന്ന് അവർ കണ്ടു മനസ്സിലാക്കണം. ഈ മേഖലകളിലേക്ക് നമ്മുടെ ഇളംതലമുറയെ നാം എത്തിക്കേണം. നമുക്ക് ഇതുവരെ കാണാൻ കഴിയാതിരുന്ന പലതും അവർ നമ്മെ പഠിപ്പിക്കും.

തന്റെ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ തക്കവണ്ണം, YMCA സജ്ജമാകുവാൻ ദൈവം ഇനിയും കാത്തിരിക്കുകയാണ്. നാം നമ്മെ മുഴുവനായും അവന്റെ കരങ്ങളിൽ ഏൽപിക്കുമ്പോൾ, നമ്മെയും, നമ്മുടെ ഇളം തലമുറയേയും ദൈവത്തിന്റെ ഉപകരണങ്ങൾ ആക്കിത്തീർക്കുവാൻ തക്കവണ്ണം ദൈവത്തിന്റെ ആത്മാവ് നമ്മുടെ മേൽ ആഞ്ഞടിക്കപ്പെടുകയും ചെയ്യും. YMCA യ്ക്കും, സഭയ്ക്കുമുള്ള വിളി ഇതത്രെ. ആ വലിയ ദൗത്യം സഫ

ലീകരിക്കുവാനുള്ള കൃപ ദൈവം നമുക്ക് നൽകട്ടെ. ഈ നൂറ് വർഷങ്ങൾ നമ്മെ നയിച്ചവൻ, ഈ 21-ാം നൂറ്റാണ്ടിലും നമുക്ക് വഴികാട്ടിയായിരിക്കട്ടെ. ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ.

*(1992)*





# 9

# പുതിയൊരു സംസ്ക്കാരം കെട്ടിപ്പടുക്കുക

മറുപടി പ്രസംഗം പറയേണ്ടത് എങ്ങനെയാണെന്ന് എനിക്കറിഞ്ഞുകൂടാ. നിങ്ങൾ ആത്മാർത്ഥതയോടു കൂടിയാണ് എല്ലാം പറഞ്ഞതെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇവിടെ കോട്ടയത്ത് പല ചർച്ചകളും നടത്തുന്ന പതിവുണ്ടായിരുന്നു. കേരള സ്റ്റഡിഗ്രൂപ്പ് എന്നു പറഞ്ഞ് പല പ്രധാനപ്പെട്ട വിഷയങ്ങളും ചിന്തിക്കുകയും പഠിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ കെട്ടിടം (സോഫിയാ സെന്റർ) ഉണ്ടാകുന്നതിന് മുമ്പ് തന്നെ തുടങ്ങിയതാണ് കേരള സ്റ്റഡി ഗ്രൂപ്പ്. സെമിനാറുകളിൽ കേരളത്തിലെ പ്രതിഭാശാലികളായ പല ആളുകളും വന്ന് സംബന്ധിച്ചിട്ടുണ്ട്. സി. അച്യുതമേനോൻ, കെ. എം. ചെറിയാൻ, പി. ഗോവിന്ദപ്പിള്ള, പി. ടി. ഭാസ്ക്കരപണിക്കർ തുടങ്ങി അനേകം ആളുകൾ അക്കാലത്ത് വന്ന് സെമിനാറുകളിൽ സംബന്ധിക്കുമായിരുന്നു. പലപ്പോഴും പല പുതിയ ആശയങ്ങളും കേരളത്തിൽ ഉദിച്ചിട്ടുള്ളത് ഈ സ്റ്റഡി ഗ്രൂപ്പിൽ നിന്നായിരുന്നു. Trans-National Corporations നെക്കുറിച്ചുള്ള വളരെ പ്രധാനപ്പെട്ട ഒരു സെമിനാർ 1977 ൽ ഇവിടെ നടക്കുകയുണ്ടായി. ആ സെമിനാറിൽ പല പ്രഗത്ഭരുടെയും പ്രസംഗങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണ് T.N.C. എന്നു പറയുന്നത് മനുഷ്യരാശിയുടെ ഒരു പ്രധാനപ്പെട്ട പ്രശ്നമാണെന്നുള്ളത് അന്ന് പലർക്കും ബോധ്യമായത്. അതുപോലെ മറ്റു പല കാര്യങ്ങളെക്കുറിച്ചും ഇവിടെ പല ചർച്ചകളും നടന്നിട്ടുണ്ട്.

നമ്മുടെ സർവ്വകലാശാല അദ്ധ്യാപകരുടെ Initiative ൽ ഉണ്ടായിട്ടുള്ള ഒരു സംഘടനയാണ് ശാസ്ത്രസാഹിത്യ പരിഷത്ത്. കേരളത്തിലുള്ള ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിയ ശ്രമങ്ങൾ വളരെ വിലപ്പെട്ടതാണ്. അതുപോലെ ഇന്ന് ഇവിടെ പങ്കെടുക്കുന്ന എല്ലാ സംഘടനകളും മനുഷ്യരെ പ്രബുദ്ധരാക്കുവാൻ വേണ്ടി പ്രവർത്തിക്കുന്ന സംഘടനകളാണ്. അവയോട് ഒരുമിച്ച് എനിക്കും പ്രവർത്തിക്കുവാൻ ഭാഗ്യം ഉണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു.

ഇവിടെ ചിലർ പറയുകയുണ്ടായി, ഞാൻ മുതലാളിത്തത്തിന് എതിരാണ്; West –ന് എതിരാണ് എന്ന്. എല്ലാ മനുഷ്യരാശിയ്ക്കും അനുകൂലമാണ് ഞാൻ. മുതലാളിത്തത്തിന് എതിരാണ് ഞാൻ എന്നു പറയാൻ ഒക്കത്തില്ല. അനീതിക്ക് എതിരാണ്. അനീതി എവിടെനിന്നുവരുന്നോ, ആ പ്രസ്ഥാനങ്ങൾക്ക് എതിരാണ്. അല്ലാതെ West – ൽ ഉള്ള മനുഷ്യരോട് എതിരൊന്നുമില്ല. വലിയ കോടീശ്വരന്മാരോട് പോലും ചിലപ്പോഴൊക്കെ വർത്തമാനം പറയുവാൻ മാത്രമുള്ള സൗഹൃദം എനിക്കുണ്ട്. അല്ലാതെ

വ്യക്തിപരമായിട്ട് അവരോട് വിരോധമില്ല. കോടീശ്വരന്മാരോട് പോലും എനിക്കങ്ങനെ വിരോധമില്ല. ഇന്ന് ലോകത്തിൽ നിലനിൽക്കുന്ന അനീതിയുടെ പ്രധാന ചുമതല ഇന്നത്തെ പാശ്ചാത്യ വ്യവസ്ഥിതിയ്ക്കാണെന്ന് ഞാൻ സാധാരണ ചിന്തിക്കുന്നതുകൊണ്ട് പലപ്പോഴും പാശ്ചാത്യ വ്യവസ്ഥിതിയുടെ പ്രാബല്യത്തിനെതിരായി സമരം ചെയ്യേണ്ടുന്ന ചുമതല എനിക്കുണ്ടായിട്ടുണ്ട് എന്നല്ലാതെ എന്റെ ലളിതമായ തത്വം പറഞ്ഞാൽ എല്ലാ മനുഷ്യരാശിക്കും അനുകൂലമാണ് ഞാൻ. മനുഷ്യരാശിക്ക് എതിരായി പ്രവർത്തിക്കുന്നവരോട് എതിർക്കേണ്ടുന്ന ചുമതല എനിക്കുണ്ടെന്നല്ലാതെ ആരെയും വ്യക്തിപരമായിട്ട് ഞാൻ എതിർക്കുന്നില്ല. അവരും കാര്യങ്ങൾ മനസ്സിലാക്കി പുതിയ ഒരു രീതിയിലേക്കു വരണം എന്നാഗ്രഹിക്കുക അല്ലാതെ, അവരെ കൊല്ലണമെന്നോ അവരോട് ബലം പ്രയോഗിക്കണമെന്നോ ഞാൻ ആഗ്രഹിക്കുന്നില്ല. പാശ്ചാത്യ സംസ്ക്കാരത്തെക്കുറിച്ചാണെങ്കിലും അതിനെ നശിപ്പിക്കണമെന്നല്ല എന്റെ ആഗ്രഹം. ഒരു പരിവർത്തനത്തിലൂടെ പുതിയ ഒരു സംസ്ക്കാരത്തിലേക്ക് വരുവാൻ ലോകത്തെ മുഴുവൻ സഹായിക്കണം എന്നുള്ള ആഗ്രഹമാണെനിക്ക് ഉള്ളത്. എന്റെ ഈ ദീർഘയാത്രയിൽ ഈ എഴുപതാം വയസിൽ നിങ്ങളീ പറഞ്ഞ വാക്കുകൾ എനിക്ക് വളരെയധികം പ്രചോദനം നൽകുന്നു. പലപ്പോഴും നമ്മുടെ നാട്ടിൽ നമ്മൾ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര appreciation കിട്ടുന്നുണ്ടോ എന്നൊരു സംശയം വരുന്ന സമയത്ത് ഇങ്ങനെയുള്ള നിങ്ങളുടെ പ്രതികരണങ്ങൾ പ്രചോദനവും പ്രോത്സാഹനവും എനിക്ക് നൽകുന്നുണ്ട്.

ഭാവിയെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ഇനിയും പ്രവർത്തിക്കണമെന്ന് ആഗ്രഹമുണ്ട്. ചില കാര്യങ്ങളിൽ ഇപ്പോൾ ഞാൻ ചില പുതിയ വഴികൾ കണ്ടെത്തിയിട്ടുണ്ട്. ഒന്നാമത്തേത്, നമ്മുടെ ഇന്നത്തെ സംസ്ക്കാരം എന്നു പറയുന്നത് പാശ്ചാത്യ സംസ്ക്കാരത്തിൽ നിന്നും ഉരുത്തിരിഞ്ഞിട്ടുള്ള ഒരു സംസ്ക്കാരമാണ്. പുതിയതായിട്ട് ചിലതൊക്കെ ഉണ്ടെങ്കിലും നമ്മുടെ Institutions ഉം നമ്മുടെ Education -ഉം നമ്മുടെ Medical സിസ്റ്റവും നമ്മുടെ Political സിസ്റ്റവുമെല്ലാം west -ൽ നിന്ന് പകർത്തിയിട്ടുള്ളതാണ്. അത് അടിയിൽ കിടക്കുന്ന നമ്മുടെ ഭാരതീയതയുടെ മുകളിൽ കിടക്കുന്നു. നമ്മുടെ Identity നഷ്ടപ്പെട്ടിരിക്കുന്നു എന്ന് ആത്മാർത്ഥമായിട്ട് ഞാൻ വിശ്വസിക്കുന്നു. എന്നാൽ പാശ്ചാത്യ സംസ്കാരത്തിന്റെ പഠിപ്പിക്കലുകൾ എല്ലാം നിരാകരിക്കാതെ അതിനെ സ്വായത്തമാക്കിക്കൊണ്ട് നമ്മുടേതായ ഒരു സ്വന്തം സംസ്കാരം കെട്ടിപ്പടുക്കുവാൻ നമുക്ക് സാധിക്കണം എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. അതിൽ ഒരു പ്രിൻസിപ്പിൾ ഞാൻ കാണുന്നുണ്ട്. പാശ്ചാത്യ സംസ്കാരത്തിന് സെക്കുലർ പ്രിൻസിപ്പിൾ എന്നൊരു പ്രിൻസിപ്പിൾ ഉണ്ട്. ആ പ്രിൻസിപ്പിൾ Separate from religion and politics. Separation എന്നുള്ള വാക്കിനെക്കുറിച്ചാണ് എനിക്ക് അഭിപ്രായവ്യത്യാസമുള്ളത്. Separation സാധ്യമല്ല. Politics-ഉം Religion -ഉം തമ്മിൽ എത്ര separate ചെയ്താലും മറുവശത്തു കൂടി അത് പിന്നെയും ഒന്നിക്കും. Politics -ഉം Religion -നും തമ്മിൽ മനുഷ്യന് അനു

കൂലമായ ബന്ധമാണ് ഉണ്ടാകേണ്ടത്. അല്ലാതെ separation അല്ല. മതത്തെ എല്ലാ കാര്യത്തിൽ നിന്നും ഈ പ്രിൻസിപ്പിൾ നീക്കം ചെയ്തു. അതായത് മതത്തിന് വിദ്യാഭ്യാസത്തിൽ സ്ഥാനമില്ല, ചികിത്സാവിധിയിൽ സ്ഥാനമില്ല, രാഷ്ട്രീയത്തിൽ സ്ഥാനമില്ല. ഇങ്ങനെ വരുമ്പോൾ എന്തു പറ്റും? മതം ഒരു മൂലയിലേക്ക് മാറും. മൂലയിലേക്ക് മാറുന്ന മതത്തിന് അതിന്റേതായ ചില പരിവർത്തനങ്ങൾ ഉണ്ടാകും. മതം അതിനെപ്പറ്റിത്തന്നെ വളരെക്കൂടുതൽ ചിന്തിക്കാൻ തുടങ്ങുന്നു. എങ്ങിനെയെങ്കിലും അതിന് survive ചെയ്യണമെന്ന ഒരു വിചാരമേയുള്ളു. മതം നിലനിൽക്കുന്നത് മനുഷ്യരാശിയ്ക്ക് വേണ്ടിയാണെന്നുള്ളത് മറന്നിട്ട്, അതിന്റെ സ്വയം നിലനില്പിനുവേണ്ടി അത് പ്രവർത്തിക്കുവാൻ തുടങ്ങുന്നതുകൊണ്ട് മതങ്ങൾ തമ്മിലുള്ള സമരവും വഴക്കും ഉണ്ടാകുന്നു. മതങ്ങൾ തമ്മിലുള്ള സമരത്തിന്റെ പ്രധാനപ്പെട്ട അടിസ്ഥാനം ഇതാണ്.

അവനവന്റെ അഹം എന്ന ഭാവത്തിന് വലിപ്പമുണ്ടാക്കാൻ വേണ്ടിയോ അവനവന്റെ മതത്തിനു വലിപ്പമുണ്ടാക്കാൻവേണ്ടിയോ അല്ല മതം പ്രവർത്തിക്കേണ്ടത് – ഓരോ മതവും മനുഷ്യരാശിയ്ക്കുവേണ്ടി പ്രവർത്തിക്കുകയും മറ്റു മതങ്ങൾ ഒരുമിച്ചും, secular ആളുകൾ ഒരുമിച്ചും സഹകരിച്ച് മനുഷ്യരാശിയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യണം.

രണ്ടാമത് എന്റെ ചിന്തയിൽ വന്നിട്ടുള്ള ഒരു പ്രധാനപ്പെട്ട കാര്യം, ഈ ലോകസംസ്കാരം എന്നു പറയുന്നതിനെക്കുറിച്ചാണ്.

Global Civilization എന്നൊക്കെ പറയുന്നത് എല്ലാംകൂടി Enlightenment based civilization -നകത്തേയ്ക്ക് ലോകത്തെ വലിച്ചിഴച്ചുകൊണ്ടിരിക്കുകയാണ്. അതൊന്നു പിടിച്ചുനിർത്തണം. എന്നിട്ട് നമുക്കൊരു പുതിയ മാനുഷിക സംസ്കാരത്തിന് അടിത്തറ രണ്ടാമത് കെട്ടി ഉയർത്തണം. ആ പറയുന്ന സെക്കുലർ സംസ്കാരത്തിന്റെ അടിത്തറയാകേണ്ടത് enlightenment ആണ്. മനുഷ്യനെ അവന്റെ പൂർണ്ണതയിൽ കണ്ടുകൊണ്ടുള്ള ഒരു പുതിയ സംസ്കാരം ഉടലെടുക്കണം. സംസ്കാരത്തിന്റെ അടിസ്ഥാനം മാറണം. ഇപ്പോഴത്തെ സംസ്കാരത്തിന്റെ അടിസ്ഥാനം justice - നായാലും war - നായാലും മാറണം. നമ്മുടെ രാജ്യത്ത് രാജ്യം ഭരിക്കുന്ന അഭ്യസ്തവിദ്യരെന്നു പറയുന്ന ആളുകൾ എല്ലാവരും west സിസ്റ്റത്തിൽ പരിശീലനം നേടിയവരാണ്. Western Enlightement intellectuallity യിൽ പരിശീലനം നേടിയിട്ടുള്ളവരാണ്. അങ്ങനെ മാത്രം ചിന്തിക്കുവാൻ കഴിയുന്നവരും ആണ്. അങ്ങനെയുള്ളവരൊക്കെയാണ് ഈ രാജ്യം ഭരിക്കുന്നത്. അവരെ ഇക്കാര്യം പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിക്കണം. മനസ്സിലാക്കുകയാണെങ്കിൽ അതിന്റെ consequence വളരെ implode ആയിരിക്കും. ഈ സമരമാണ് ഇപ്പോൾ ഞാൻ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സമരം വളരെയൊന്നും ഫലപ്രദമായിട്ടില്ല. പാശ്ചാത്യരാജ്യങ്ങളിലും ഡൽഹിയിലുമൊക്കെ ഇതിനുവേണ്ടി ഞാൻ പ്രവർത്തിക്കുന്നു. നിങ്ങളെല്ലാവരുടേയും ചിന്താഗതിയിൽ, നമ്മുടെ വിദ്യാഭ്യാസ രീതിയിൽ, നമ്മളെ പഠിപ്പിച്ചിട്ടുള്ള ചിന്താഗതിയിൽ തന്നെ ലോകത്തെ അവലോകനം ചെയ്യുന്നതിനുവേണ്ടി വളരെ വ്യത്യാസം വരണം.

ഇങ്ങനെയുള്ള കാര്യങ്ങൾക്കുവേണ്ടി അദ്ധ്വാനിക്കുന്നതിനിടയിൽ നിങ്ങൾ വളരെ ആത്മാർത്ഥമായി എന്നെ പ്രോത്സാഹിപ്പിച്ചതിൽ നന്ദി യുണ്ട്. നിങ്ങളുടെ പ്രാർത്ഥനകളും ഭാവുകങ്ങളും പ്രതിബദ്ധതയോടെ സ്വീകരിക്കുകയും താഴ്മയോടെ ഈ കാര്യങ്ങൾക്കുവേണ്ടി, മനുഷ്യരാശി യ്ക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിയ്ക്കാം എന്നു പ്രസ്താവിക്കുകയും ചെയ്യുന്നു.

*(1992 സെപ്റ്റംബർ 13-ന് കോട്ടയം സോഫിയാ സെന്ററിൽ വച്ച് കേര ളത്തിലെ വിവിധ പരിസ്ഥിതി, സാംസ്ക്കാരിക, രാഷ്ട്രീയ സംഘടനക ളുടെ ആഭിമുഖ്യത്തിൽ മെത്രാപ്പോലീത്തായുടെ സപ്തതി ആഘോഷിച്ചു. ആ സമ്മേളനത്തിൽ ചെയ്ത മറുപടി പ്രസംഗം.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*



# 10
# ഭൗമ ഉച്ചകോടി

റയോഡി ജനീറോയിൽ നടന്ന ഭൗമഉച്ചകോടി സമ്മേളനത്തിന് രണ്ട് പ്രധാന ഭാഗങ്ങളാണ് ഉണ്ടായിരുന്നത്. ഒന്ന് യുണൈറ്റഡ് നേഷൻസിന്റെ ആഭിമുഖ്യത്തിൽ നടന്ന ഔദ്യോഗിക സമ്മേളനം; രണ്ട് ഗവൺമെന്റേതര സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന അനൗദ്യോഗിക സമ്മേളനം. ഔദ്യോഗിക സമ്മേളനത്തിൽ ഗവൺമെന്റുകളെ പ്രതിനിധീകരിച്ച് എത്തിയവർക്കു മാത്രമേ പ്രവേശനം ഉണ്ടായിരുന്നുള്ളു. ബ്രസീലിലെ അസ്വസ്ഥാവസ്ഥ കൊണ്ട് ജനങ്ങൾ പ്രക്ഷോഭം ഉണ്ടാക്കുമോ എന്ന ഭയത്തിൽ സമ്മേളനത്തിൽ സംബന്ധിക്കുന്നവരെ സംരക്ഷിക്കുവാൻ വേണ്ടി കനത്ത സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്.

ഔദ്യോഗിക സമ്മേളനം നടക്കുന്ന സ്ഥലത്തുനിന്ന് അഞ്ചാറുമൈൽ ദൂരെ ഒരു വലിയ പാർക്കിൽ അനേകം കൂടാരങ്ങൾ നിർമ്മിച്ചാണ് ഗവൺമെന്റേതര സംഘടനകൾ സമ്മേളനം നടത്തിയത്. അതിനാൽ ഔദ്യോഗിക സമ്മേളനത്തിൽ പങ്കെടുത്തവർക്ക് ഗവൺമെന്റേതര സംഘടനകളെ പ്രതിനിധീകരിക്കുന്നവരുമായി ആശയവിനിമയം നടത്തുന്നതിന് യാതൊരു സാദ്ധ്യതയും ഉണ്ടായിരുന്നില്ല. എന്നാൽ ഫ്ളമന്റോ പാർക്കിൽ കൂടിയ സമ്മേളനത്തിൽ എല്ലാവർക്കും സംബന്ധിക്കാമായിരുന്നു. രണ്ടു സമ്മേളനങ്ങളും പരസ്പരബന്ധമില്ലാതെയാണ് നടന്നത്. ഫ്ളമന്റോ പാർക്കിൽ 39 വലിയ കൂടാരങ്ങളിലും അവ കൂടാതെയുള്ള ചെറിയ കൂടാരങ്ങളിലുമായി വിവിധ തരത്തിലുള്ള സംഘടനകൾ വന്ന് അവരുടേതായ ആശയങ്ങൾ അവതരിപ്പിച്ചുകൊണ്ടിരുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ പ്രസംഗങ്ങളും പ്രദർശനങ്ങളും സംഗീതശില്പങ്ങളും നടന്നുകൊണ്ടിരുന്നു. ഗ്ലോബൽ ഫോറം ഫോർ പാർലമെന്റൽ ലീഡേഴ്സ് ആൻഡ് സ്പിരിചൽ ലീഡേഴ്സ് എന്നു പറയുന്ന സംഘടന ഇവിടെവച്ച് ഒരു വലിയ കോൺഫ്രൻസ് നടത്തി. പല പുതിയ ആശയങ്ങളും ഈ കോൺഫ്രൻസിൽ അവതരിപ്പിക്കുകയുണ്ടായി.

ഞങ്ങളുടെ ഈ ഫോറത്തിൽ പ്രസംഗിച്ചതിൽ ഒരാൾ അമേരിക്കൻ കോൺഗ്രസ് ഡലിഗേഷൻ ചീഫും മറ്റെയാൾ സെനറ്റർ ആൽഗോറും (ഇപ്പോഴത്തെ വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥി) ആയിരുന്നു. അമേരിക്കൻ ഡലിഗേഷൻ ചീഫ് പറഞ്ഞത്, 'ഞങ്ങളുടെ പ്രസിഡണ്ട് പറയുന്നതിനോട് ഞങ്ങൾ യോജിക്കുന്നില്ല' എന്നും സെനറ്റർ ആൽഗോർ പറഞ്ഞത് 'പ്രസിഡണ്ട് ബുഷ് പറയുന്നത് മുഴുവൻ നോൺസെൻസ് ആണ്' എന്നുമായിരുന്നു. അതുകൊണ്ട് അമേരിക്കയിൽ നിന്നു വന്നിരിക്കുന്ന ഗവൺമെന്റേതര സംഘടനകൾ പ്രസിഡണ്ട് ബുഷിനെ സ്വാധീനിക്കുവാൻ വേണ്ടി വളരെ ശ്രമിച്ചെങ്കിലും അതിന് യാതൊരു ഫലവും ഉണ്ടായില്ല.

യുണൈറ്റഡ് നേഷൻസ് വിവിധ കാര്യങ്ങളെപ്പറ്റി ചിന്തിക്കുവാനായി

കുറച്ചു വർഷങ്ങളായിട്ട് പല കോൺഫ്രൻസുകളും നടത്തുന്നുണ്ട്. ഒരിക്കൽ *യു. എൻ. കോൺഫ്രൻസ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി ഫോർ ഡവലപ്മെന്റ്* എന്നൊരു കോൺഫ്രൻസ് നടത്തി. അതിന്റെ ഫലമായിട്ട് ഒരു ഡിപ്പാർട്ടുമെന്റ് ഉണ്ടായി. സയൻസിനെക്കുറിച്ചും ടെക്നോളജിയെക്കുറിച്ചുമുള്ള ഗവേഷണങ്ങളുടെ 96 ശതമാനവും വികസിത രാജ്യങ്ങളിലാണ് നടക്കുന്നത്. ശാസ്ത്രവികസനത്തിന്റെ നിയന്ത്രണം മുഴുവൻ വികസിത രാഷ്ട്രങ്ങൾക്കാണ്. വികസ്വര രാഷ്ട്രങ്ങൾക്ക് എല്ലാം കൂടി നാലു ശതമാനം പങ്കു മാത്രമേയുള്ളു. ഈ സത്യം കണ്ടുപിടിച്ചതിന്റെ ഫലമായിട്ടാണ് മേൽപ്പറഞ്ഞ കോൺഫ്രൻസ് നടത്തിയത്.

എന്നാൽ ആ കോൺഫ്രൻസുകൊണ്ട് എന്താണ് ഫലമുണ്ടായത്? കോൺഫ്രൻസ് നടത്തുവാൻ തന്നെ 25 ലക്ഷം ബില്യൻ ഡോളർ ചിലവായി. അതിന്റെ ഫലമായി ഒരു ചെറിയ ഫണ്ട് രൂപീകരിച്ചു. വികസ്വര രാജ്യങ്ങൾക്ക് ശാസ്ത്രീയ ഗവേഷണം നടത്തുവാൻ വേണ്ടി സഹായം കൊടുക്കുക എന്നതായിരുന്നു ഫണ്ടിന്റെ ഉദ്ദേശ്യം. ആ ഫണ്ടുകൊണ്ട് യുൻ. എൻ. ഹെഡ്ക്വാർട്ടേഴ്സിൽ ഒരു പുതിയ ഡിപ്പാർട്ട്മെന്റ് (ഡിപ്പാർട്ടുമെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി) ഉണ്ടാക്കി കുറേപ്പേർക്ക് ജോലി കൊടുക്കാൻ മാത്രമാണ് സാധിച്ചത്. ആ ഫണ്ടുകൊണ്ട് ഒരു രാജ്യത്തും ഒരു ഗവേഷണവും നടന്നില്ല.

യു. എൻ. കോൺഫ്രൻസ് ഓൺ ഡവലപ്മെന്റ് ആൻഡ് ഡിസാർമമെന്റ് എന്നൊരു കോൺഫ്രൻസ് നടത്തി. അതിനുവേണ്ടി ഞാൻ ഒരുപാട് ജോലി ചെയ്തതാണ്. യാതൊരു പ്രയോജനവും ഇതുവരെ ഉണ്ടായിട്ടില്ല. ഡിസാർമമെന്റിൽ നിന്നുവരുന്ന നിക്ഷേപങ്ങൾ എങ്കിലും ഡവലപ്മെന്റിലേക്ക് തിരിച്ചുവിടാൻ സാധിക്കണം എന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് കോൺഫ്രൻസ് നടത്തിയത്. ഒരുപാട് പുതിയ ആശയങ്ങൾ ഉണ്ടായി. അതിന്റെ ഫലമായിട്ട് യാതൊന്നും നടന്നിട്ടില്ല. യു. എൻ. കോൺഫ്രൻസ് ഓഫ് സ്റ്റേറ്റ് ആൻഡ് ഡെവലപ്മെന്റ് എന്നൊരു കോൺഫ്രൻസ് നടത്തി. അതിനു കുറെ പ്രവർത്തനങ്ങളൊക്കെ ഉണ്ടായി. ഈ അവസാനത്തെ കോൺഫ്രൻസിന്റെ കാര്യം പറഞ്ഞാൽ കോൺഫ്രൻസുകൊണ്ട് വലിയ പ്രയോജനമൊന്നുമുണ്ടായിട്ടില്ല. റയോഡി ജനീറോയിൽ വച്ചുണ്ടായ കോൺഫ്രൻസിലെ തീരുമാനങ്ങൾ കൊണ്ട് പ്രധാനമായ അഞ്ചാറു പ്രശ്നങ്ങൾ ഉണ്ടാകുന്നുമുണ്ട്.

### ഭൗമ ഉച്ചകോടിയുടെ പ്രധാനനേട്ടം

ഭൗമഉച്ചകോടികൊണ്ടുണ്ടായ പ്രധാന നേട്ടം ആഗോളവ്യാപകമായി പരിസ്ഥിതി പ്രശ്നത്തെപ്പറ്റിയുള്ള ഒരു ബോധവത്ക്കരണം നടന്നു എന്നുള്ളത് മാത്രമാണ്. അല്ലാതെ അവിടെ ഉണ്ടായിട്ടുള്ള തീരുമാനങ്ങളുടെ ഫലമായി എന്തെങ്കിലും പുതിയ കാര്യങ്ങൾ നടക്കുമോ എന്നുള്ളത് വളരെ സംശയമാണ്. ചില തത്വങ്ങൾ അവിടെ പ്രസ്താവിക്കപ്പെടുകയും അവ പൊതുവെ സ്വീകാര്യമായി തീരുമാനിക്കുകയും ചെയ്തു. ഒരു പ്രധാന തത്വം പരിസ്ഥിതിയെ മലിനീകരിക്കുന്നവർ അതുമൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളുടെയും ചിലവു വഹിക്കണം എന്നുള്ളതാണ്.

ഇന്നത്തെ മലിനീകരണത്തിന്റെ പ്രധാന ചുമതലയുള്ളത് Industrial Establishment - നും അതുപോലെതന്നെ Nuclear Establishment - നും ആണ്. ഇന്നത്തെ മലിനീകരണത്തിന്റെ പ്രധാനപ്പെട്ട രണ്ടു കാരണങ്ങൾ നമ്മുടെ Industrial System ഉം നമ്മുടെ Nuclear weapons ഉം ആണ്. അപ്പോൾ ഇവ ആരുടെ കൈയിലിരിക്കുന്നുവോ അവരാണ് മലിനീകരണം പരിഹരിക്കുവാനുള്ള ചിലവ് വഹിക്കുവാൻ ബാദ്ധ്യസ്ഥതയുള്ളവർ എന്നുള്ള ഒരു തത്വം പൊതുവെ സ്വീകരിക്കപ്പെട്ടു. അല്ലാത്തവരും തീർച്ചയായും പ്രകൃതിയെ മലിനീകരിക്കുന്നുണ്ട്. കല്ക്കട്ടായിലും ബോംബെയിലും ഡൽഹിയിലുമൊക്കെ ധാരാളം മലിനീകരണം ഉണ്ട്. അത് മുഴുവൻ Industrial system ത്തിന്റേതാണോയെന്ന് അറിയാൻ പാടില്ല.

മറ്റു ചില തത്വങ്ങൾ പരിശോധിക്കപ്പെട്ടതിനു ശേഷം തള്ളപ്പെട്ടു. ഒന്നാമത്തേത് വനസംരക്ഷണം. ഇത് ഭൗമികമായ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഇന്ന് എത്യോപ്യയിലും സുഡാനിലും വലിയ വരൾച്ചയുണ്ടാകുന്നുണ്ടെങ്കിൽ അതിന്റെ കാരണം ഒരുപക്ഷേ തെക്കേ അമേരിക്കയിലെ ആമസോൺ താഴ്വരയിലെ മരങ്ങൾ വെട്ടി ഫർണിച്ചർ ഉണ്ടാക്കുന്നു എന്നുള്ളതാണ്. അങ്ങനെയാണ് നമ്മുടെ ഭൂമിയുടെ കിടപ്പ്. ഒരിടത്ത് മരം വെട്ടുന്നതിന്റെ ഫലം ചെന്നുനില്ക്കുന്നത് വേറെ എവിടെയെങ്കിലുമായിരിക്കും. ഇങ്ങനെയുള്ള സാഹചര്യത്തിൽ അമേരിക്കക്കാർ ലോകത്തിലെ വനത്തിന്റെ മുഴുവൻ നിയന്ത്രണം ഒരു ആഗോള സംഘടനയ്ക്ക് കൊടുക്കണമെന്ന ഒരു നിർദ്ദേശം കൊണ്ടുവന്നു. ഈ നിർദ്ദേശമാണ് ഭാരതം ഉൾപ്പെടെയുള്ള രാജ്യങ്ങൾ സമ്മതിക്കാതിരുന്നത്. അതായത് ഒരു ആഗോള സംഘടനയ്ക്ക് ലോകത്തിലെ വനത്തിന്റെ മുഴുവൻ നിയന്ത്രണം കൊടുക്കാമെങ്കിൽ ആ സംഘടനയുടെ പേരുപറഞ്ഞ് അമേരിക്കക്കാർക്ക് ഓരോ രാജ്യത്തും കയറി അവിടുത്തെ കാടുകൾ ഭരിക്കുന്നതെങ്ങനെയാണെന്ന് തീരുമാനിക്കുവാനും (ഇപ്പോൾ യുണൈറ്റഡ് നേഷൻസിന്റെ പേരും പറഞ്ഞാണല്ലോ അമേരിക്ക പല കാര്യങ്ങളും ചെയ്യുന്നത്) ഓരോ രാജ്യത്തിലും മറ്റു പലതും ചെയ്യുവാനും കഴിയും എന്നുള്ളതുകൊണ്ട് നമ്മുടെ ഭാരത ഡലിഗേഷൻ വളരെ ശക്തിയായി ഇതിനെ എതിർക്കുകയും International Forest Conservation Board സാദ്ധ്യമല്ല എന്നൊരു പൊതുതത്വം തീരുമാനിക്കുകയും ചെയ്തു. ഇങ്ങനെ ഒന്നുരണ്ട് പൊതുതത്വം തീരുമാനമായിട്ടുണ്ട്. അവ എഴുതിവച്ച തീരുമാനമൊന്നുമല്ല. പൊതുവെ മനുഷ്യമനസ്സുകളിൽ ഉദിച്ചിട്ടുള്ള ചില തത്വങ്ങൾ ഒരുമാതിരി എല്ലാവരാലും സ്വീകരിക്കപ്പെട്ടു എന്നതാണ് ഉച്ചകോടിയുടെ പ്രധാനപ്പെട്ട നേട്ടം എന്നു പറയാമെന്ന് തോന്നുന്നു.

പരിസ്ഥിതി പ്രശ്നത്തിന് പല വശങ്ങളുണ്ട്. അവ എല്ലാം കൂടി സമഗ്രമായിട്ട് പ്രതിപാദിക്കുവാനുള്ള ഒരു ചട്ടക്കൂട് പോലും നമുക്കുണ്ടാക്കുവാൻ സാധിച്ചിട്ടില്ല. ഉദാഹരണമായി പരിസ്ഥിതി മലിനീകരണം എന്നു പറയുന്നത് ഒരു കാര്യം. ഭൗമമണ്ഡലത്തിന്റെ സംരക്ഷണം എന്നു പറയുന്നത് മറ്റൊരു കാര്യം, ഭൂമിയിൽ നിന്നും ലഭിക്കുന്ന വിഭവങ്ങളുടെ സാമ്പത്തികമായ ഉപഭോഗം എന്നു പറയുന്നത് മൂന്നാമത് ഒരു കാര്യം. ഇവ

എല്ലാം കൂടി ഉൾപ്പെടുന്ന ഒരു ഏകീകൃത സിദ്ധാന്തം ഇതുവരെ ആരും വ്യക്തമായ രൂപത്തിൽ പ്രസ്താവിച്ചിട്ടില്ല. ബന്ധപ്പെട്ട കാര്യങ്ങൾ പലയിടത്തായിട്ട് കിടപ്പുണ്ട്. അവ എല്ലാം കൂടി കൂട്ടിയിണക്കി ഏകീകൃതസിദ്ധാന്തം ഉണ്ടാക്കേണ്ട ആവശ്യം വളരെയധികമാണ്.

**മലിനീകരണം**

വായുവിന്റെയും വെള്ളത്തിന്റെയും മണ്ണിന്റെയും മലിനീകരണം ഇന്നുണ്ട്. ഇതിന്റെ പ്രധാനപ്പെട്ട ലക്ഷണങ്ങൾ ലോസ്ആഞ്ചലസ് നഗരത്തിൽ നമുക്ക് കാണാം. 'സ്മോഗ്' എന്നു പറയുന്ന പൊടി അന്തരീക്ഷത്തിൽ നില്ക്കുന്നത് മൂലം ഈ നഗരത്തിലെ ആളുകൾക്ക് ശുദ്ധവായു ശ്വസിക്കുവാൻ കഴിയുന്നില്ല. ഒരുപാട് ജനങ്ങൾ ഇവിടെനിന്ന് മറ്റു നഗരങ്ങളിലേക്ക് താമസം മാറ്റിക്കൊണ്ടിരിക്കുന്നു. ഇതുപോലെ അനേകം നഗരങ്ങൾ ഇന്ന് പലതരത്തിലുള്ള മലിനീകരണം മൂലം വീർപ്പുമുട്ടുന്നു.

വെള്ളത്തിന്റെ മലിനീകരണത്തെപ്പറ്റി പറയുമ്പോൾ വേമ്പനാട്ടു കായലിലെ മത്സ്യരോഗം ഉദാഹരണമായിട്ട് എടുക്കാം. വെള്ളത്തിനുള്ളിൽ വിഷമയം ക്രമാതീതമായപ്പോൾ മത്സ്യങ്ങൾ ചത്തൊടുങ്ങിത്തുടങ്ങി. വളരെ നാളുകളായി ജപ്പാനിലും മറ്റു സ്ഥലങ്ങളിലുമൊക്കെ ധാരാളം കണ്ടിട്ടുള്ളതാണ് ഈ സ്ഥിതിവിശേഷം. എന്നാൽ നമ്മുടെ നാട്ടിൽ ഇപ്പോൾ മാത്രമാണ് ഉണ്ടായതെന്നേയുള്ളു.

രാസവളങ്ങളുടെ അമിതമായ ഉപയോഗമാണ് മണ്ണ് മലിനീകരണത്തിന്റെ പ്രധാന കാരണം. ഇതിന്റെ ഫലമായി മണ്ണിന്റെ Life Generating Power കുറയുന്നു. മണ്ണിനകത്ത് ഒരു ബാക്ടീരിയൽ സിസ്റ്റമുണ്ട്. ആ ബാക്ടീരിയകൾ എല്ലാം കൂടി ജോലി ചെയ്യുന്ന സിസ്റ്റത്തിൽ നിന്നാണ് പുതിയ മരങ്ങളും ഒക്കെ വളരാനുള്ള അവസരമുണ്ടാകുന്നത്. ആ ബാക്ടീരിയകളെ എല്ലാം കൊന്നിട്ട്, നേരിട്ട് കുറെ Chemical elements മാത്രം മണ്ണിന് നൽകുന്ന രാസവളങ്ങളുടെ ഉപയോഗം ക്രമത്തിലധികം വർദ്ധിച്ചപ്പോൾ മണ്ണ് മലിനീകരിക്കപ്പെട്ടിരിക്കുകയാണ്. അത് ഭാവിയിൽ നിശ്ചയിക്കുവാൻ സാധിക്കാത്തത്ര വിധത്തിൽ ആയിത്തീരുവാൻ വഴിയുണ്ട് എന്ന് പറയുന്നു.

**കാർബൺ ഡയോക്സൈഡിന്റെ അമിത വർദ്ധനവ്**

കാർബൺ ഡയോക്സൈഡിന്റെ അമിത വർദ്ധനവ് ഇന്ന് അന്തരീക്ഷത്തിന്റെ സന്തുലനാവസ്ഥയ്ക്ക് സാരമായ പരിവർത്തനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. കാർബൺ ഡയോക്സൈഡിന്റെ അമിത വർദ്ധനവ് മൂലം വളരെയധികം നാശങ്ങൾ ലോകത്തിന് ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. കാർബൺ ഡയോക്സൈഡിന്റെ അമിത ഉല്പാദനം എവിടെ നിന്നുണ്ടാകുന്നു? പെട്രോൾ, ഗ്യാസ്, കൽക്കരി ഇവ മൂന്നും ഭൂഗർഭത്തിൽ അനേക സഹസ്രാബ്ദങ്ങൾ ആയിട്ടുള്ള ഒരു Geological Process ന്റെ ഫലമായിട്ട് ഉത്ഭൂതമായിട്ടുള്ളവയാണ്. ഇവയെ ഇപ്പോൾ നമ്മൾ പത്തിരുന്നൂറ് വർഷങ്ങൾകൊണ്ട് തീർക്കുകയാണ്. പെട്രോൾ, ഗ്യാസ്, കൽക്കരി ഇവയുടെ അമിതമായ ഉപയോഗം കൊണ്ടാണ് ഇത്രയധികം കാർബൺ ഡയോ

ക്സൈഡ് ഉണ്ടാകുന്നത് എന്നുള്ളത് ഒരു പരമാർത്ഥമാണ്.

പക്ഷേ ഈയടുത്ത കാലത്തെ ഒരു കണ്ടുപിടുത്തത്തിൽ പറയുന്നത് കാർബൺ ഡയോക്സൈഡ് ആഗിരണം ചെയ്യുന്ന കുറെ ബാക്ടീരിയകളുടെ നാശമാണ് അതിന്റെ വർദ്ധനവിന്റെ കാരണമെന്നാണ്. കാർബൺ ഡയോക്സൈഡ് ആഗിരണം ചെയ്യുന്ന കുറെ ബാക്ടീരിയകൾ കൃഷി ചെയ്യാത്ത മണ്ണിൽ ഉണ്ടെന്നാണ് പറയുന്നത്. അങ്ങനെയുള്ള ബാക്ടീരിയകൾ സൈബീരിയായിലെ കൃഷി ചെയ്യപ്പെടാത്ത മണ്ണിൽ ധാരാളമുണ്ടായിരുന്നു. ഈ സ്ഥലങ്ങൾ മുഴുവൻ രാസവളങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാൻ തുടങ്ങിയപ്പോൾ ഈ പ്രത്യേകതരം ബാക്ടീരിയകളുടെ പ്രവർത്തനം നിലച്ചതുകൊണ്ട് കൂടിയാണ് കാർബൺ ഡയോക്സൈഡിന്റെ വർദ്ധനവ് ഇത്രയധികമുണ്ടായതെന്ന് പറയുന്നു. രാസവളങ്ങളും കാർബൺ ഡയോക്സൈഡിന്റെ വർദ്ധനവും തമ്മിൽ ഒരു ബന്ധം ഉണ്ടെന്നാണ് ഇപ്പോഴത്തെ നിഗമനം. അപ്പോൾ നമ്മുടെ വിളവെടുപ്പ് രീതികളിൽതന്നെ പ്രശ്നങ്ങളുണ്ട്. രാസവളങ്ങളുടെ ഉപയോഗം കഴിയുന്നത്ര കുറച്ചിട്ട് ജൈവവളം കൂടുതൽ ഉപയോഗിക്കുന്നതാണ് നല്ലത്.

നമ്മുടെ ഇപ്പോഴത്തെ അന്തരീക്ഷം ഉണ്ടായത് കോടിക്കണക്കിനു വർഷത്തെ ബാക്ടീരിയകളുടെ പ്രവർത്തനം ഭൂതലത്തിൽ ഉണ്ടായതിന്റെ ഫലമായിട്ടാണ്. ഓക്സിജനും കാർബൺ ഡയോക്സൈഡും തമ്മിൽ സമതുലനാവസ്ഥയുള്ള അന്തരീക്ഷം ഉണ്ടായത് മനുഷ്യൻ ഉണ്ടാകുന്നതിനും മുമ്പ് കോടിക്കണക്കിനു വർഷത്തെ ബാക്ടീരിയാകളുടെ  പ്രവർത്തനം മൂലമാണ്. അങ്ങനെയുണ്ടായ ആ സിസ്റ്റത്തെ മനുഷ്യൻ ചിന്താരഹിതമായി നശിപ്പിച്ചു കളയുന്നു എന്നുള്ളതാണ് ഇന്നത്തെ പ്രധാനപ്പെട്ട പ്രശ്നം.

ന്യൂക്ലിയർ ഫാക്ടറികളിൽ നിന്നും പുറത്തുവിടുന്ന സാധനങ്ങളും സാധാരണ ഓസോൺ ലെയറിന്റെ പദാർത്ഥങ്ങളുമായി ഏറ്റുമുട്ടി ഓസോൺ ലെയറിന്റെ പദാർത്ഥങ്ങളെ ന്യൂട്രലൈസ് ചെയ്ത് സുഷിരങ്ങൾ ഉണ്ടാക്കുന്നു. ഈ സുഷിരങ്ങളിൽ കൂടി അൾട്രാവയലറ്റ് രശ്മികൾ അകത്തേക്ക് കടന്ന് മനുഷ്യനു മാത്രമല്ല മറ്റു ജീവജാലങ്ങൾക്കും ക്യാൻസർ ഉളവാക്കുന്നു. ക്യാൻസർ രോഗത്തിന്റെ വർദ്ധനവ് ഈയടുത്ത കാലങ്ങളിൽ വളരെയധികം ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്റെ ഒരു പ്രധാന കാരണം ഓസോൺലെയറുകളിൽ സുഷിരങ്ങൾ ഉണ്ടാകുന്നതാണ്.

കാട്ടിലെ മരങ്ങൾ വെട്ടി ഫർണിച്ചർ ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്നത് തടിവ്യവസായികളാണ്. ഇവരെ നിയന്ത്രിക്കുവാൻ ഗവണ്മെന്റിനും സാദ്ധ്യമല്ല. ഇവരുടെ സഹായം ഉണ്ടെങ്കിലേ ഗവണ്മെന്റിനു പിടിച്ചുനിൽക്കുവാൻ ഒക്കുകയുള്ളു. 'ചിപ്കോ' മൂവ്മെന്റ് പരിസ്ഥിതി മലിനീകരണത്തിനെതിരെയുള്ള നമ്മളുടെ സുപ്രധാനമായ ഒരു നീക്കമായിരുന്നു. സുന്ദർലാൽ ബഹുഗുണയും അദ്ദേഹത്തിന്റെ ഭാര്യയുമാണതിന് നേതൃത്വം നല്കിയത്. മിസിസ് ബഹുഗുണയുടെ കാര്യം പ്രത്യേകിച്ചാരും എടുത്തുപറയുന്നില്ല. പക്ഷേ അവരാണ് ഗ്രാമത്തിലുള്ള സ്ത്രീകളെ സംഘടിപ്പിച്ചത്. മരം വെട്ടുവാൻ വരുന്ന ആളുകൾ വന്നപ്പോൾ മരത്തിൽ കെട്ടി

പ്പിടിച്ച് നിന്നുംകൊണ്ട് 'മരം വെട്ടുമ്പോൾ എന്നെക്കൂടി വെട്ടിക്കോ' എന്നു ധൈര്യസമേതം പറയുവാൻ സ്ത്രീകൾക്ക് നേതൃത്വം കൊടുത്തത് ആ സ്ത്രീരത്നമായിരുന്നു. അതുപോലെ ജനങ്ങൾ കൂടിച്ചേർന്ന് ഒരു മുന്നേറ്റമുണ്ടായാൽ അവസാനം അതു വളർന്നു വലുതാകും.

മരങ്ങൾ വെട്ടി ഫർണിച്ചറുകളും മറ്റും നിർമ്മിക്കുന്ന വ്യവസായികൾ അവ വിദേശത്തേക്ക് കയറ്റി അയച്ച് വലിയ ലാഭം ഉണ്ടാക്കുകയാണ്. ഇതിനെയൊക്കെ പിടിച്ചുനിർത്തുവാൻ ആരെക്കൊണ്ട് സാധിക്കും? ഗവണ്മെന്റ് മരം വെട്ടു നിയന്ത്രിക്കുവാനോ ഇല്ലാതാക്കുവാനോ ഒരു ഡിപ്പാർട്ടുമെന്റിന് അധികാരം കൊടുത്താൽ ആ ഡിപ്പാർട്ടുമെന്റിൽ ഉള്ള കുറെ ജോലിക്കാർക്ക് കുറച്ചു കൂടി വരുമാനം ലഭിക്കുവാനുള്ള അവസരം ഉണ്ടാകുമെന്നല്ലാതെ യാതൊരു പ്രയോജനവും ഉണ്ടാവുകയില്ല. അതുകൊണ്ട് ഗവണ്മെന്റിനെ നമുക്ക് ആശ്രയിക്കുവാൻ ഒക്കുകയില്ല. ഗവണ്മെന്റിന്റെ കൂടെ ജനങ്ങളുടെ പ്രതിനിധികൾ (അവരെയും കൈക്കൂലി കൊടുത്ത് വാങ്ങിക്കുവാൻ സാധിക്കുമോ എന്നെനിക്ക് അറിയാൻ പാടില്ല) കൂടി പരിശ്രമിക്കുന്ന ഒരു സ്ഥിതി ഉണ്ടായെങ്കിലേ ഇത് നടക്കൂ.

### എൻ. ജി. ഒ. പങ്കാളിത്തം

ഈസ്റ്റേൺ യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് ഭരണങ്ങൾ ഇല്ലാതായതിനു ശേഷമുള്ള ആദ്യത്തെ യു. എൻ. കോൺഫ്രൻസായിരുന്നു റയോ ഉച്ചകോടി. അതിന്റെ ഫലം ഞങ്ങൾ കണ്ടു. ഇതുവരെയുള്ള എല്ലാ യു. എൻ. കോൺഫ്രൻസുകളിലും പ്രധാനമായ ഒരു പങ്ക് നിർവ്വഹിച്ചിരുന്നത് ഗവണ്മെന്റ് ഉദ്യോഗസ്ഥരല്ല. പല യു. എൻ. കോൺഫ്രൻസുകളിലും ഞാൻ സംബന്ധിച്ചിട്ടുള്ളത് ഏതെങ്കിലും ഗവണ്മെന്റേതര സംഘടനകളുടെ പ്രതിനിധിയായിട്ടാണ്. പക്ഷേ ഈയടുത്ത കാലത്തായിട്ട് ഗവണ്മെന്റേതര സംഘടനാ പ്രതിനിധികളുടെ പങ്കാളിത്തം ഇല്ലാതാക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ ഒരു ശ്രമം സൂപ്പർ സെവനിൽ (ഏഴു വികസിത രാജ്യങ്ങളെയും കൂടിയാണ് സൂപ്പർ സെവൻ എന്നു പറയുന്നത്) നിന്നുമുണ്ടായി. അവരെ ചെറുത്തുനിൽക്കുവാൻ വികസ്വര രാജ്യങ്ങൾക്ക് സാധിച്ചില്ല. റയോ കോൺഫ്രൻസിന്റെ തയ്യാറെടുക്കൽ മിക്കവാറും എൻ. ജി. ഒ. (ഗവണ്മെന്റേതര ഏജൻസികളെ പ്രതിനിധീകരിക്കുന്നവർ) കളുടെ പങ്കാളിത്തം ഇല്ലാതെയാണ് നടന്നിട്ടുള്ളത്. എൻ. ജി. ഒ. കളെ എവിടെയെങ്കിലും ഒരുമിച്ചൊന്ന് ഒരു മീറ്റിംഗ് പോലെ കൂട്ടി ഒരു പ്രമേയവും പാസ്സാക്കി, അതിന് ഒട്ടും പ്രാധാന്യം കൊടുക്കാതെ അജണ്ടാ നിർമ്മിക്കുന്ന ഒരു സമ്പ്രദായമാണ് ഇപ്പോൾ നടക്കുന്നത്.

മുൻ. യു. എൻ. കോൺഫ്രൻസുകൾക്ക് മുമ്പ് ഞങ്ങളൊക്കെ പോയി അജണ്ടാ തയ്യാർ ചെയ്യുന്നവരുമായിട്ട് നേരിട്ടു കണ്ടു സംസാരിച്ച് അവരോട് അവികസിത രാജ്യങ്ങൾക്ക് ഇങ്ങനെയൊരു താല്പര്യമുള്ള വിഷയം ഉണ്ട് എന്നു പറഞ്ഞ് അത് Draft നകത്ത് കടത്തിവിടുവാനുള്ള അവസരം ഉണ്ടായിരുന്നു. എൻ. ജി. ഒ. കളെ പൂർണ്ണമായി മാറ്റി നിറുത്തി – ഔദ്യോഗിക കോൺഫ്രൻസുമായി യാതൊരു ബന്ധവും ഇല്ലാതെ ഫ്ളമന്റോ പാർക്കിൽ കുറെ കൂടാരങ്ങളിൽ ഇരുന്ന് വർത്തമാനം പറയുവാൻ മാത്രം

അനുവദിച്ച് - യു. എൻ. നടത്തിയ ഒരു കോൺഫ്രൻസായിരുന്നു ഇത്. ഇതു ചിന്തിക്കേണ്ട ഒരു കാര്യമാണ്. അവികസിത രാജ്യങ്ങളിലെ ഗവണ്മെന്റ് പ്രതിനിധികൾ എല്ലാവരും അവരുടെ ജനങ്ങളുടെ യഥാർത്ഥ താല്പര്യം മനസ്സിലാക്കിക്കൊള്ളണമെന്നില്ല. അതിന് എൻ. ജി. ഒ. കൾ ഉണ്ടെങ്കിലേ ഒക്കൂ. ഗവണ്മെന്റുകൾക്ക് അതിന്റേതായ ചില പോളിസി പർപ്പസും പോളിസി ഇന്ററസ്റ്റും ഒക്കെ ഉണ്ടായിരിക്കും. അത് വച്ചായിരിക്കും കോൺഫ്രൻസിൽ വന്ന് പ്രസംഗിക്കുക. പല പ്രശ്നങ്ങളും ഗവൺമെന്റ് ഉയർത്തിക്കൊണ്ടുവരത്തില്ല. അവ ഉയർത്തിക്കൊണ്ടു വരുന്നത് എൻ. ജി. ഒ. കൾ ആണ്. അതുകൊണ്ട് എൻ. ജി. ഒ. കളുടെ അഭിപ്രായങ്ങൾ Strike ചെയ്യുവാനുള്ള ഒരു പരിശ്രമം വികസിത രാഷ്ട്രങ്ങൾ നടത്തുകയും അതു വിജയിക്കുകയും ചെയ്തു. യു. എൻ. -ൽ ലോകരാഷ്ട്രങ്ങളിലെ പാവപ്പെട്ടവരുടെ ആശയങ്ങൾ പ്രകടിപ്പിക്കുവാനുള്ള അവസരം ഇല്ലാതായിത്തീർന്നിരിക്കുകയാണ്. യു. എൻ. പ്രധാനമായും വികസിത രാഷ്ട്രങ്ങളുടെ ഒരു ഉപകരണമായി തീർന്നുകൊണ്ടിരിക്കുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഇതിനെതിരെ നമ്മുടെ ഗവണ്മെന്റ് പറയുന്ന പ്രധാന കാര്യം, സെക്യൂരിറ്റി കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്തണമെന്നതാണ്. അതിനുള്ളിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തണമെന്ന്. അതിന്റെയർത്ഥം ഇൻഡ്യയ്ക്കും കൂടി അംഗമാകണം എന്നേയുള്ളു; അതല്ല പ്രശ്നം. ഈ സെക്യൂരിറ്റി കൗൺസിലിനും അസംബ്ലിക്കുമൊന്നും സാധാരണ ജനങ്ങളുടെ വികാരങ്ങൾ മനസിലാവുകയില്ല.

ഗവണ്മെന്റ് പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു കൗൺസിലും ഗവണ്മെന്റേതര പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു കൗൺസിലും യു. എൻ. -ൽ ഉണ്ടാകണം. അല്ലാതെ ഗവണ്മെന്റ് പ്രതിനിധികൾ മാത്രം കൂടിയാൽ യുണൈറ്റഡ് നേഷൻസ് ആവുകയില്ല. രണ്ടു മണ്ഡലങ്ങൾ ഉണ്ടാകണം. ഗവണ്മെന്റുകളെ പ്രതിനിധീകരിക്കുന്ന ഒരു മണ്ഡലം; ജനങ്ങളെ പ്രതിനിധീകരിക്കുന്ന രണ്ടാമതൊരു മണ്ഡലം. ആ ലൈനിലേക്കു യു. എൻ. പോയെങ്കിലേ ഇതുപോലെ ആഗോളവ്യാപകമായ പ്രശ്നങ്ങൾ തീർക്കാനൊക്കൂ. പരിസ്ഥിതിയെ മലിനീകരിക്കുന്നവർ അതു മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങളുടെയും ചിലവു വഹിക്കണം എന്ന തത്വം നടപ്പിൽ വന്നാൽ പരിസ്ഥിതി മലിനീകരണത്തിന്റെ പ്രധാനപ്പെട്ട ചുമതലയുള്ള വികസിത രാഷ്ട്രങ്ങൾ വിഷമത്തിലാവും. അതുകൊണ്ട് അതിൽനിന്ന് എങ്ങനെയെങ്കിലും ഒഴിഞ്ഞുമാറുവാൻ വേണ്ടിയുള്ള നിയമങ്ങൾ ഒക്കെയാണ് ഇപ്പോൾ അവർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ പ്രതിനിധികൾ ഇക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും പ്രതികരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

**അണുവായുധ മലിനീകരണം**

അണുവായുധ മലിനീകരണത്തെക്കുറിച്ച് റയോ ഉച്ചകോടിയിൽ അധികം ചർച്ചകൾ നടന്നില്ല. അണുവായുധങ്ങൾ നിർമ്മിക്കുന്ന സമ്പ്രദായം മുഴുവൻ മലിനീകരണം ഉണ്ടാക്കുന്നവയാണ്. അത് ഉച്ചകോടി ചർച്ച ചെയ്തില്ല. യുറേനിയം, തോറിയം എന്നീ മിനറൽസ് ഉപയോഗിച്ചാണല്ലോ

അണുവായുധങ്ങൾ ഉണ്ടാക്കുന്നത്. യുറേനിയം മൈനിംഗ് നടക്കുന്ന സ്ഥലങ്ങളിൽ മൈനിംഗ് കഴിഞ്ഞ് കഴുകിയെടുക്കുന്ന വെള്ളം റേഡിയോ ആക്ടീവാണ്. യുറേനിയം എടുത്തുകഴിഞ്ഞ് ബാക്കി വരുന്ന ഗെയിലിംഗ്സും റേഡിയോ ആക്ടീവാണ്. ഈ മണൽ (റേഡിയോ ആക്ടീവായ ഗെയിലിംഗ്സ്) വീടുപണിക്ക് ഉപയോഗിക്കുവാനായി സൗജന്യമായിട്ട് കൊടുക്കുമായിരുന്നു. അതുപയോഗിച്ച് ഒരുപാട് ആളുകൾ വീടു പണിതു. ആ വീടുകളിൽ താമസിക്കുന്നവരുടെ സ്ഥിതി എന്തായി തീരും എന്ന് ചിന്തിക്കുക.

Fuel minerals കൊണ്ടുപോകുന്ന വഴിക്ക് എവിടെവച്ചെങ്കിലും ഒരു അപകടമുണ്ടായാൽ അവിടെ മലിനീകരണം ഉണ്ടാകും. മാത്രവുമല്ല ഈ Fuel minerals ഉപയോഗിച്ചു കഴിഞ്ഞ് ഉപേക്ഷിക്കുവാൻ ഇതുവരെ സുരക്ഷിതമായ ഒരു മാർഗ്ഗം കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല. ആദ്യകാലത്തൊക്കെ കടലിന്റെ അടിത്തട്ടിലേക്ക് ഉപേക്ഷിക്കുകയാണ് ചെയ്തത്. അവിടെ കിടന്ന് എത്ര കൊല്ലം കഴിഞ്ഞാണ് ഇതിന്റെ റേഡിയോ ആക്ടിവിറ്റി മേല്പോട്ടു വന്ന് മത്സ്യങ്ങളെയും മനുഷ്യനെ തന്നെയും നശിപ്പിക്കുന്നതെന്ന് അറിയാൻ പാടില്ല. ഇപ്പോൾ അമേരിക്കയിൽ Salt's Mines നകത്താണ് ഇത് ഉപേക്ഷിക്കുന്നത്. സ്വീഡൻ മറ്റൊരു ടെക്നിക്കൽ പ്രോസസാണ് ഉണ്ടാക്കിയിരിക്കുന്നത്. ആദ്യം ഗ്ലാസ്സ് കൊണ്ട് കവർ ചെയ്തു, പിന്നെ സിമന്റുകൊണ്ട് കവർ ചെയ്തു മാറ്റിവയ്ക്കുക. ഇതൊന്നും പരിപൂർണ്ണ സുരക്ഷിതത്വം വാഗ്ദാനം ചെയ്യുന്ന നടപടികളല്ല. ഇതിൽനിന്നുമൊക്കെ റേഡിയോ ആക്ടിവിറ്റീസ് വന്ന് നമ്മുടെ ലോകത്തിൽ ക്യാൻസർ വരുത്തുകയും മലിനീകരണം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വലിയ രണ്ട് അപകടങ്ങൾ ചെർണോബിലും ബീമൈലായിലും ഉണ്ടായിക്കഴിഞ്ഞു. ഇതുപോലെയുള്ള അപകടങ്ങൾ ഇനിയും ധാരാളം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. എവിടെയെങ്കിലും ഒരു അപകടം ഉണ്ടായിക്കഴിയുമ്പോൾ മാത്രമാണ് ഇതിന്റെ ഫലങ്ങൾ എന്തെല്ലാമാണെന്ന് അറിയുവാൻ സാധിക്കുന്നത്.

### യുദ്ധമലിനീകരണം

യുദ്ധങ്ങൾക്ക് വേണ്ടിയുള്ള പുതിയ ഇനം ആയുധങ്ങൾ നിർമ്മിക്കുവാനുള്ള രാഷ്ട്രങ്ങളുടെ അമിതമായ വ്യഗ്രത ലോകത്തിന്റെ തന്നെ നിലനില്പിന് ഇന്നു ഭീഷണി ഉയർത്തുന്നു. Bacteriological research for weapons മൂലമുണ്ടാകാവുന്ന കുഴപ്പങ്ങൾ എന്താണെന്നുള്ളത് നമുക്കിപ്പോഴും കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല. 30 വർഷങ്ങൾക്ക് മുമ്പ് ഞാൻ മനസ്സിലാക്കിയ ഒരു കാര്യമുണ്ട്. റഷ്യൻ ഗവൺമെന്റും അമേരിക്കൻ ഗവൺമെന്റും മറ്റു പല ഗവൺമെന്റുകളും അന്ന് ഒരു പുതിയ ഗവേഷണം നടത്തിക്കൊണ്ടിരുന്നു. മനുഷ്യനു പ്രതിരോധശക്തി കണ്ടുപിടിക്കുവാനാവാത്ത ഒരു രോഗം ഉണ്ടാക്കുന്ന ബാക്ടീരിയാകളെ സൃഷ്ടിക്കുവാൻ വേണ്ടി. സ്ഫോടനമോ മറ്റു വല്ലതുമോ ഒന്നുമില്ലാതെ ആളുകൾ താനെ മരിക്കുന്ന ഒരു ആയുധത്തിനുവേണ്ടിയാണീ ഗവേഷണം നടന്നത്.

ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന ബാക്ടീരിയാകളിൽ ഒരെണ്ണം, ലാബൊറട്ടറിയിൽ നിന്നും അബദ്ധവശാൽ രക്ഷപെട്ടു പുറത്തുപോയെങ്കിലോ എന്നൊരു ചോദ്യം 25 വർഷം മുമ്പ് ഞാൻ ഉയർത്തിക്കൊണ്ടു വന്നു. ലാബൊറട്ടറിയിൽ നിന്ന് ഒരെണ്ണം രക്ഷപെട്ടാൽ എന്തുണ്ടാകും? ആ ചോദ്യത്തിന് ഉത്തരം ഇപ്പോൾ അറിയാം: എയിഡ്സ്. അതാണ് അവർ ഉണ്ടാക്കുവാൻ ശ്രമിച്ച മാരകായുധം. ആ ബാക്ടീരിയ ലാബൊറട്ടറിയിൽ നിന്നും രക്ഷപെട്ടോ ഇല്ലയോ എന്നു പറയുവാൻ എനിക്കു സാദ്ധ്യമല്ല. രക്ഷപെട്ടാൽ ഉണ്ടാകാവുന്ന ഫലങ്ങൾ എയിഡ്സിന്റേതിനോടു സമമാണ്. മനുഷ്യനു പ്രതിരോധശക്തി ഇല്ലാത്ത ഒരു രോഗത്തെ മനുഷ്യർ തന്നെ മാനവരാശിക്ക് സംഭാവന ചെയ്തിരിക്കുന്നു!

സമാധാനം, നീതി തുടങ്ങിയവയ്ക്കൊക്കെ പരിസ്ഥിതി മലിനീകരണവുമായി ബന്ധമുണ്ട്. സമാധാനത്തിന്റെയും നീതിയുടെയും വീക്ഷണങ്ങൾ പരിസ്ഥിതി മലിനീകരണ പ്രശ്നത്തിൽ നിന്ന് മാറ്റിവച്ചുകൊണ്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും സാദ്ധ്യമല്ല. ഇവ മൂന്നിനുംകൂടി ഒരുമിച്ച് ഒരു പരിഹാരം കണ്ടെത്തുവാൻ ശ്രമിച്ചാൽ നന്നായിരിക്കും.

**പ്രകൃതിയും മനുഷ്യനും**

വളരെയധികം ചിന്തിക്കേണ്ട ചില ചോദ്യങ്ങളാണ് ഇപ്പോൾ പാശ്ചാത്യ രാജ്യങ്ങളിൽ ഉദിച്ചുകൊണ്ടിരിക്കുന്നത്. ഒന്നാമത്തേത്, പ്രകൃതി എന്നു പറയുന്നതിൽ മനുഷ്യനും ഉൾക്കൊള്ളുമോ, അതോ മനുഷ്യനെ കൂടാത്തതാണോ പ്രകൃതി എന്നുള്ളതാണ്. നമ്മൾ സാധാരണ ചിന്തിച്ചുകൊണ്ടിരുന്നത്, മനുഷ്യർ subject ഉം പ്രകൃതി object ഉം ആണെന്നാണ്. പ്രകൃതിയെ ഇഷ്ടം പോലെ പഠിക്കുവാനും ചൂഷണം ചെയ്യുവാനുമുള്ള അവകാശം മനുഷ്യന് ഉണ്ട് എന്ന് നമ്മൾ ഓട്ടോമാറ്റിക് ആയിട്ട് കണക്കുകൂട്ടിയതിന്റെ ഫലമായിട്ടാണ് ഇപ്പോഴത്തെ സയൻസും ടെക്നോളജിയും ഇൻഡസ്ട്രിയൽ സിസ്റ്റവും എല്ലാം ഡവലപ് ചെയ്തു വന്നിട്ടുള്ളത്. മനുഷ്യൻ പ്രകൃതിയിൽ നിന്നും സ്വതന്ത്രനല്ല, പ്രകൃതിയിൽ നിന്നും വ്യത്യസ്തനല്ല എന്നുള്ളത് വളരെ ലളിതമായ കാര്യമാണെങ്കിലും നമ്മൾ അത് സമ്മതിച്ചിട്ടില്ല.

മനുഷ്യന്റെ ചുറ്റും വായുവില്ലെങ്കിൽ അവൻ മരിച്ചുപോകും. ഈ വായുവും സൂര്യനും ഭൂമിയുമെല്ലാം ഇല്ലാതെ മനുഷ്യന് ജീവിക്കുക സാദ്ധ്യമല്ല. മനുഷ്യൻ പ്രകൃതിയുടെ ഒരു Integral part ആണ്. അല്ലാതെ പ്രകൃതി object ഉം മനുഷ്യർ subject ഉം അല്ല.

മനുഷ്യൻ ദൈവവും പ്രകൃതി അതിന്റെ അധീനതയിലുള്ള മറ്റൊന്നുമാണെന്നുള്ള ചിന്ത മാറുമ്പോൾ നമ്മളുടെ ഇപ്പോഴത്തെ Knowledge സിസ്റ്റവും Industrial സിസ്റ്റവും ഒക്കെ മാറേണ്ടിവരും. മനുഷ്യനും പ്രകൃതിയും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടെന്നും പ്രകൃതിയെ കൂടാതെ മനുഷ്യനു ജീവിക്കാൻ സാദ്ധ്യമല്ലെന്നുമുള്ള ഒരു ചിന്തയിലേക്കു നമ്മൾ വളർന്നുവരേണ്ടിയിരിക്കുന്നു. മനുഷ്യന്റെ മനോഭാവങ്ങളിൽ വലിയൊരു പരിവർത്തനം വരേണ്ടത് വളരെ അത്യാവശ്യമാണ്.

## പരിസ്ഥിതിയും വികസനവും

നമ്മുടെ ഇപ്പോഴത്തെ വികസനം എന്നുപറയുന്ന ആശയത്തെ മൗലികമായി ചോദ്യം ചെയ്യേണ്ട ആവശ്യമുണ്ട്. ഇപ്പോൾ ഒരു നാഷണൽ ഡവലപ്മെന്റ് റൂൾസ് രൂപവൽക്കരിച്ചിട്ടുണ്ട്. ഇത് രൂപവല്ക്കരിച്ചപ്പോൾ നമ്മുടെ ഗിരിജനങ്ങളെക്കുറിച്ച് നമ്മൾ ചിന്തിച്ചോ? അവരെ കണ്ട് വികസനത്തെക്കുറിച്ചുള്ള അവരുടെ വീക്ഷണങ്ങൾ മനസ്സിലാക്കുവാൻ ആരെങ്കിലും ശ്രമിച്ചോ? ഇല്ല. അവരുടെ ചിന്തയിൽ വികസനം എന്നു പറയുന്നത് വിഭവങ്ങളുടെ വർദ്ധനവ് മാത്രമല്ല, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിലും ഉണ്ടാകുന്ന പുരോഗതിയാണ്. ഇതാണ് മൗലികമായിട്ടുള്ളത് എന്ന് ഗിരിജനങ്ങൾ പഠിപ്പിക്കുന്നു. ഈ തത്വം നമ്മുടെ ഡവലപ്മെന്റ് സിസ്റ്റത്തിനകത്ത് എവിടെയെങ്കിലും ഉണ്ടോ?

ഗിരിജനങ്ങളുടെ ഈ ചിന്താഗതിയെ നമ്മൾ വളരെയധികം വളർത്തിക്കൊണ്ടു വരേണ്ടത് ആവശ്യമാണ്. അവരുടെ ഇടയിൽ നിന്നും ഒരു പ്രത്യേക ഉൾക്കാഴ്ച നമ്മൾ വികസിപ്പിച്ച് എടുക്കേണ്ടത് വളരെ അത്യാവശ്യമാണ്. പ്രകൃതിയെ ബഹുമാനിച്ചുകൊണ്ട്, പ്രകൃതിയും ജീവിക്കേണ്ട ആവശ്യമുണ്ട്, മനുഷ്യനും ജീവിക്കേണ്ട ആവശ്യമുണ്ട് എന്നു മനസ്സിലാക്കിക്കൊണ്ട് ഒരു പുതിയ ടെക്നോളജി വിഭാവനം ചെയ്ത് ഉണ്ടാകുന്ന ഒരു വികസനമേ നിലനിൽക്കുകയുള്ളു.

ഇപ്പോൾ എല്ലാ വിഷയങ്ങൾക്കും Environmental fact നോക്കണം. വികസനത്തെ സംബന്ധിച്ച എന്ത് പ്രോജക്ട് ഉണ്ടായാലും, പരിസ്ഥിതി പ്രശ്നത്തെക്കുറിച്ചുള്ള പഠനം ഉണ്ടാകണമെന്നു പറയുന്നു. ഇതിന്റെ ഫലമായിട്ട് ഉണ്ടായിരിക്കുന്ന പ്രശ്നം, പരിസ്ഥിതി മന്ത്രാലയം വിചാരിച്ചാൽ ഏതു വികസന പദ്ധതിയും പിടിച്ചുനിർത്തുവാനും ഇല്ലാതാക്കുവാനും സാധിക്കും എന്നതാണ്. പരിസ്ഥിതിയുടെ പേരും പറഞ്ഞുകൊണ്ട് മനുഷ്യരെ ഞെരുക്കുവാനുള്ള ഒരു അവസരം കൂടി ഉണ്ടായിരിക്കുന്നു. അതുകൊണ്ട് ഇതിനെക്കുറിച്ചൊക്കെ ജനങ്ങൾ ബോധവാന്മാരാകണം. ലോക്കൽ ആക്ഷൻ ഗ്രൂപ്പുകൾ ധാരാളമായി ഉണ്ടാക്കുകയും പരിസ്ഥിതി മലിനീകരണത്തെക്കുറിച്ച് പ്രതികരിക്കുകയും സാധാരണക്കാരനു മനസിലാവുന്ന ഭാഷയിൽ അവതരിപ്പിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും വേണം. നമ്മുടെ കുഞ്ഞുങ്ങളെ ഇക്കാര്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് പരമ പ്രാധാന്യം നല്കേണ്ടത് അത്യാവശ്യമാണ്. കുഞ്ഞുങ്ങൾക്ക് വളരെയധികം മനസ്സിലാക്കുവാനുള്ള കഴിവ് ഉണ്ട്. അവരെ ഇതിനെക്കുറിച്ച് പഠിപ്പിക്കുന്നത് വഴി അടുത്ത തലമുറയെ ഈ വൻവിപത്തിൽ നിന്നും ഒരു പരിധി വരെയെങ്കിലും രക്ഷിക്കുവാൻ കഴിയും.

*(1992 സെപ്തംബർ 13-ാം തീയതി കോട്ടയം സോഫിയാ സെന്ററിൽ വച്ച് കേരളത്തിലെ വിവിധ പരിസ്ഥിതി, സാംസ്ക്കാരിക, രാഷ്ട്രീയ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന ഭൗമ ഉച്ചകോടി സെമിനാറിൽ ചെയ്ത പ്രഭാഷണം.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

# 11
# പുതിയ ജീവിതത്തിലേക്കുള്ള പ്രവേശനം

എന്റെ സുഹൃത്തും സഹോദരനുമായ പി. റ്റി. തോമസ് അച്ചൻ കർത്താവിൽ നിദ്ര പ്രാപിച്ച്, നമ്മിൽ നിന്നും വിടപറയുന്ന ഈ സന്ദർഭത്തിൽ, അദ്ദേഹത്തിന്റെ അപദാനങ്ങളെക്കുറിച്ച് വർണ്ണിക്കുവാൻ ഞാൻ ശക്തനല്ല.

നമ്മുടെ ക്രൈസ്തവ പാരമ്പര്യത്തിൽ ഒരു സഹോദരനോ സഹോദരിയോ വിടപറയുമ്പോൾ നാം വിലപിക്കരുത്. ദൈവഭക്തന്മാരുടെ മരണം സ്വർഗ്ഗത്തിൽ സന്തോഷമുളവാക്കുന്നു. സ്വർഗ്ഗത്തിൽ ഒരംഗംകൂടി പ്രവേശിക്കുന്നതിനാൽ മാലാഖമാർ സന്തോഷിക്കുന്നു. നാമോ വിലപിക്കേണ്ട ആവശ്യമില്ല.

ലാസർ മരിച്ചതായ സമയത്ത്, ലാസറിന്റെ സഹോദരിമാരും, സുഹൃത്തുക്കളും കരയുന്നതു കണ്ടിട്ട് കർത്താവും കരഞ്ഞു. ദുഃഖം മനുഷ്യസഹജമാണ്. എന്നാൽ കർത്താവ് എന്തുകൊണ്ടു കരഞ്ഞു എന്നത് പ്രസക്തിയുള്ള ചോദ്യമാണ്. അവരുടെ, മരണത്തോടുള്ള ഭയവും ദുഃഖവും കണ്ടിട്ട് കർത്താവിന് അവരോടുണ്ടായ സഹതാപമായിരുന്നു അത്.

ജീവിച്ചിരിക്കുന്നവരെ ഉദ്ബോധിപ്പിക്കുക എന്നതാണ് മരണത്തിന്റെ ലക്ഷ്യം. മരണത്തിന് നമ്മെ ദൈവത്തിൽ നിന്നു വേർപിരിക്കാനാവില്ല. നാമെല്ലാവരും മാതൃഗർഭത്തിൽ നിന്നാണ് ഈ ലോകത്തിലേക്ക് വന്നത്. ഗർഭസ്ഥ അവസ്ഥയിൽ ശിശുവിന് പുറത്തുള്ള ലോകത്തിലെ കാര്യങ്ങൾ മനസ്സിലാക്കുവാൻ സാധിക്കുകയില്ല; അറിയുവാൻ കഴിയുകയില്ല. ഗർഭസ്ഥ അവസ്ഥയിൽ കഴിയുന്ന കാലയളവ് പോലെയാണ് മനുഷ്യന്റെ 70–തോ 80–തോ വയസു വരെയുള്ള ജീവിതവും. മരണശേഷം അടുത്ത പുതിയ ജീവിതത്തിലേക്കുള്ള പ്രവേശനമാണ്.

ഈ ശരീരത്തിൽ നിന്നും നാം വാങ്ങിപ്പോകുമ്പോൾ സ്ഥലകാല പരിമിതിയുള്ള ഈ ലോകവും താനേ തിരോധാനം ചെയ്തിട്ട്, വർണ്ണിക്കാവതല്ലാത്ത മറ്റൊരു ലോകവ്യവസ്ഥിതിയിലേക്കു നാം പ്രവേശിക്കുന്നു. അവിടെ മാലാഖമാരെപ്പോലെ നാമും ജനനമരണങ്ങളോ സ്ഥലകാല പരിമിതികളോ ഇല്ലാത്ത ഒരു മനുഷ്യരാശിയായിത്തീരുന്നു. അതിന്റെയും അടുത്ത ലോകമായ പുനരുത്ഥാന ലോകത്തിൽ പുതിയ ശരീരം നമുക്കു ലഭിക്കുന്നുവെങ്കിലും അവിടെയും ജനനമരണങ്ങളോ വിവാഹബന്ധങ്ങളോ ഇല്ലെന്നു കർത്താവു നമ്മെ പഠിപ്പിക്കുന്നു (വി. ലൂക്കോസ് 20:35–36).

മനുഷ്യജീവിതത്തിൽ മനുഷ്യൻ ആർജ്ജിക്കേണ്ടതായ മൂന്ന് കാര്യങ്ങൾ ഉണ്ട്.

### 1) വിശ്വാസം - ദൈവത്തിലുള്ള ഉറപ്പ്

എന്റെ ദൈവമാണ് എന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനം, എന്തു

വന്നാലും ദൈവം എന്നെ കരുതിക്കൊള്ളും എന്ന ഉറപ്പാണ് വിശ്വാസം.

**2) പ്രത്യാശ**

പ്രത്യാശ എന്നുപറഞ്ഞാൽ നാം എവിടെച്ചെന്നു ചേരണമെന്നാണോ നാം ഉദ്ദേശിക്കുന്നത് (ലക്ഷ്യമാക്കുന്നത്) അതാണ് പ്രത്യാശ. ലോകത്തിൽ പലതരത്തിലുള്ള പ്രത്യാശകളുണ്ട്. എന്നാൽ ക്രിസ്തീയ പ്രത്യാശ; തനിക്ക് ദൈവമുമ്പാകെ നിന്നുകൊണ്ട് ജീവിതത്തിൽ എന്തെല്ലാം നേരിട്ടാലും ദൈവത്തെ സ്തുതിച്ചുകൊണ്ട് ജീവിക്കുവാൻ സാധിക്കും എന്നതാണ്. നമ്മെയും നമ്മുടെ ജീവിതത്തെയും രൂപവൽക്കരിക്കുന്നത് ക്രിസ്തീയ പ്രത്യാശയാകണം.

**3) സ്നേഹം**

സ്നേഹം അഭ്യസിക്കുവാനുള്ള സന്ദർഭമാണ് ഈ ലോകത്തിൽ നമുക്കുള്ളത്. ചുറ്റുമുള്ള സമൂഹങ്ങളിലെ മനുഷ്യർക്കു വേണ്ടി കരുതുകയും ജീവിക്കുകയും ചെയ്യുക എന്നതാണ് സ്നേഹം. തന്നെക്കുറിച്ച് വ്യാകുല ചിന്തകളില്ലാതെ, മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാനും, കരുതുവാനും നമുക്ക് സാധിക്കണം.

ഞാൻ ഉറപ്പിച്ചു പറയട്ടെ, മേൽ പ്രസ്താവിച്ച മൂന്നു കാര്യങ്ങളിലും പി. റ്റി. തോമസ് അച്ചൻ അടിയുറച്ചിട്ടുണ്ടായിരുന്നു.

*(മാങ്ങാനം ക്രൈസ്തവാശ്രമത്തിലെ ആചാര്യയും പ്രമുഖ ചിന്തകനും എഴുത്തുകാരനും സംഘാടകനുമായിരുന്ന പി. റ്റി. തോമസ് അച്ചന്റെ കബറടക്ക ശുശ്രൂഷാ മധ്യേ ചെയ്ത പ്രസംഗം. സമ്പാദകൻ: സന്തോഷ് മാങ്ങാനം)*



# 12

# സഭ ദൈവത്തിന്റെ പ്രത്യക്ഷ രൂപമായിത്തീരണം

പരുമല തിരുമേനിയേപ്പോലെ ഒരു പരിശുദ്ധനെ സൃഷ്ടിക്കുവാൻ (കേരളത്തിലെ) മറ്റു സഭകൾക്ക് സാധിച്ചിട്ടില്ല എന്നുള്ളത് നമ്മുടെ സഭ യുടെ വിശ്വാസം ഉറയ്ക്കുവാൻ വളരെയധികം കാരണമായിട്ടുണ്ട്. "ഒരു പരിശുദ്ധനോടുള്ള മദ്ധ്യസ്ഥത എന്തിനാണ്? പരിശുദ്ധനെ എന്തിന് ബഹു മാനിക്കണം? നേരിട്ട് ദൈവത്തോട് പ്രാർത്ഥിച്ചാൽ പോരെ?" എന്നു ചോദി ക്കുന്ന ആളുകൾ നമ്മുടെ ഇടയിലും നമ്മുടെ സഭയ്ക്ക് പുറത്ത് നവീക രണ സഭകളിലുമൊക്കെ ഉണ്ട്. മദ്ധ്യസ്ഥ പ്രാർത്ഥന ഒന്നും ആവശ്യമില്ല, ഇതൊക്കെ മൂഢവിശ്വാസമാണ് എന്നാണ് അവർ പറയുന്നത്.

എന്റെ വാത്സല്യമുള്ളവരേ, നാം ഒരു പരിശുദ്ധനെ ബഹുമാനിക്കു മ്പോൾ ആ വ്യക്തിയെ ബഹുമാനിക്കുക എന്നുള്ളതിൽ കൂടുതലായി ആ പരിശുദ്ധനിൽ തെളിഞ്ഞുകാണുന്ന ദൈവസ്വരൂപത്തെയാണ് ബഹുമാ നിക്കുന്നത്. ഒരു പരിശുദ്ധനെ ബഹുമാനിക്കുമ്പോൾ ആ ബഹുമതി ദൈവ ത്തിങ്കലാണ് ചെന്നു ചേരുന്നത്. "എന്നിൽ യാതൊന്നുമില്ല. എന്നിൽ എന്തെങ്കിലും നന്മയുണ്ടെങ്കിൽ അത് ദൈവം എനിക്ക് നൽകുന്നത് മാത്ര മേയുള്ളു. ദൈവസ്വരൂപത്തോട് ഞാൻ എത്രയും കൂടുതൽ അടുത്തു വരു ന്നുവോ അത്രയും മാത്രമേ എനിക്ക് വിശുദ്ധിയുള്ളു" എന്നുള്ളത് എല്ലാ പരിശുദ്ധന്മാരും സമ്മതിക്കുന്നതാണ്.

അതുകൊണ്ട് ഒരു പരിശുദ്ധനെ നാം ബഹുമാനിക്കുമ്പോൾ ദൈവത്തെ തന്നെയാണ് ബഹുമാനിക്കുന്നത്. ദൈവത്തിന്റെ അദൃശ്യമായ രൂപം കർത്താവായ യേശുമശിഹായിൽ പൂർണ്ണമായി കാണപ്പെട്ടതുപോലെ, തന്റെ പരിശുദ്ധന്മാരിലും അതേ ദിവ്യരൂപമാണ് കാണപ്പെടുന്നത്. നാം പരുമല തിരുമേനിയെ ബഹുമാനിക്കുമ്പോൾ യഥാർത്ഥമായി ഈ പിതാ വിൽ പ്രത്യക്ഷമായി കാണപ്പെട്ട ദൈവസ്വരൂപത്തെയാണ് ബഹുമാനിക്കു ന്നത്. നമ്മുടെ സ്തുതികളും സ്തോത്രങ്ങളും പ്രാർത്ഥനകളുമെല്ലാം പിതാ വാംദൈവത്തിന്റെയടുക്കൽ, പുത്രൻതമ്പുരാന്റെയടുക്കൽ, പരിശുദ്ധ റൂഹാ യുടെ അടുക്കൽ ചെന്നുചേരുവാനുള്ളതാണ്. അതുകൊണ്ട് ഒരു മനു ഷ്യനെ ദൈവമാക്കുകയല്ല, ദൈവം മനുഷ്യനിൽ കൂടി കാണപ്പെട്ടു എന്നു ള്ളതിനെ വിശ്വസിക്കുകയാണ് ചെയ്യുന്നത്. പ. പരുമല തിരുമേനി കാലം ചെയ്ത ഈ കബറിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം പ്രത്യേകമായി ഉള്ളതു കൊണ്ട് ദൈവസാന്നിദ്ധ്യവും പ്രത്യേകമായിട്ട് ഉണ്ട് എന്നു നാം വിശ്വസി ക്കുന്നത് അതുകൊണ്ടാണ്.

ഒരു സ്ഥലത്തിന് വിശുദ്ധിയൊന്നും ഇല്ല എന്നാണ് നവീകരണ സഭ ക്കാർ പറയുന്നത്. സ്ഥലത്തിനും സമയത്തിനും പ്രത്യേക വിശുദ്ധി

യൊന്നും ഇല്ല എന്നവർ പറയുന്നു. എന്നാൽ നമുക്ക് അങ്ങനെയല്ല. സ്ഥലങ്ങൾ വിശുദ്ധമാണ് എന്നു നാം കരുതുന്നു. പരിശുദ്ധനായ ഒരു തിരുമേനിയുടെ ശരീരം വിശുദ്ധമാണ്. ആ ശരീരത്തിന്റെ തിരുശേഷിപ്പുകൾ ഇരിക്കുന്ന സ്ഥലവും വിശുദ്ധമാണ്. അതുകൊണ്ട് സ്ഥലത്തിന് വിശുദ്ധിയുണ്ട് എന്നു തന്നെയാണ് നാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്.

കാലത്തിനും വിശുദ്ധിയുണ്ട്. കർത്താവായ യേശുമശിഹായും അപ്പോസ്തോലന്മാരും ജീവിച്ചിരുന്ന കാലം, മറ്റ് എല്ലാ കാലങ്ങളേക്കാൾ വിശുദ്ധമാണ് എന്നു തന്നെ വിശ്വസിക്കുന്നവരാണ് നാം. അതുകൊണ്ട് ഈ സ്ഥലകാലങ്ങളിൽ കൂടി പ്രത്യക്ഷനാകുന്ന ദൈവത്തിന്റെ സാമീപ്യത്തെയാണ് നാം പ്രത്യേകമായി ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുന്നത് എന്നുള്ള കാര്യം നിങ്ങളെ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

പരിശുദ്ധനായ പരുമല തിരുമേനിയെ നാം ബഹുമാനിക്കുന്നതിന്റെ പിറകിൽ മറ്റൊരു കാര്യമുണ്ട്. ഇന്നത്തെ കാലത്ത് സാത്താൻ എന്നു പറഞ്ഞാൽ ആളുകൾക്ക് വലിയ വിശ്വാസമൊന്നുമില്ല. അങ്ങനെ ഒരാൾ ഉണ്ടോ? അതോ വെറും മൂഢവിശ്വാസമാണോ എന്നൊക്കെയാണ് ഇന്നത്തെ പരിഷ്കാരത്തിൽ പലരും ചോദിക്കുന്നത്. "ഉണ്ടായിരുന്നവനും ഇല്ലാത്തവനും ഇല്ലാതാകുവാൻ ഉള്ളവനും" എന്നാണ് വി. വേദപുസ്തകത്തിലെ വെളിപ്പാട് പുസ്തകത്തിൽ സാത്താന്റെ നിർവ്വചനം. സാത്താനും ഒരു സൃഷ്ടിയാണ്. പക്ഷേ അവൻ തന്റെ തിന്മ മൂലം ദൈവത്തിന് എതിരായി തീർന്നതുകൊണ്ട് അവന് അസ്തിത്വം തന്നെ ഇല്ലാതായിത്തീർന്നിരിക്കുന്നു. എങ്കിലും ചരിത്രമുള്ളിടത്തോളം കാലം നമ്മെ പരിശോധിക്കുവാനുള്ള ഒരു ഉപകരണമായി ഇല്ലാത്തവനായ സാത്താനെ ദൈവം അഴിച്ചുവിട്ടിരിക്കുകയാണ്.

എന്റെ വാത്സല്യമുള്ളവരേ, ഇന്നും ഉണ്ട് ഈ സാത്താൻ. ഈ സാത്താനെ വേറൊരുവിധത്തിൽ നമുക്ക് കാണാം. നാമെല്ലാവരും കൂടി ചെയ്യുന്ന തിന്മകളുടെ മുഴുവൻ സമാഹാരമാണ് സാത്താൻ. മനുഷ്യരാശിയിൽ അക്രൈസ്തവരും ക്രൈസ്തവരും ചെയ്യുന്ന അനേകായിരം തിന്മകൾ ഉണ്ട്. ആദാമും ഹവ്വായും പാപത്തിൽ വീണു പോയതു മുതൽ ഇന്നുവരെ നാം ചെയ്തുപോയിട്ടുള്ള എല്ലാ തിന്മകളുടെയും കൂടെ ഒരു സംയുക്തരൂപം പ്രാപിക്കുന്നതാണ് സാത്താൻ എന്നു ഞാൻ പറയും. അങ്ങനെയാണെങ്കിൽ കൂടുതൽ തിന്മ ഞാൻ ചെയ്യുമ്പോൾ സാത്താന് കൂടുതൽ ശക്തി കിട്ടുന്നു. ഇന്നത്തെ പ്രശ്നമതാണ്. മനുഷ്യർ പൊതുവെ നന്മയിൽ നിന്ന് വേർപെട്ടിട്ട് സ്വന്തകാര്യത്തിനുവേണ്ടി അനേക തിന്മകൾ ചെയ്യുന്നു. അത്തരമൊരു സമൂഹമാണ് ഇന്നുള്ളത്. അങ്ങനെ കൂടുതൽ തിന്മകൾ നാം ചെയ്യുമ്പോൾ സാത്താന് കൂടുതൽ ശക്തി കിട്ടുന്നു. ഇക്കഴിഞ്ഞ പത്തുമുപ്പതു വർഷങ്ങളായിട്ട് സാത്താന്റെ കയർ കുറച്ചുകൂടെ അയച്ചുകൊടുത്തിരിക്കുകയാണ്. നമ്മെ എല്ലാവരെയും ഉപദ്രവിക്കുവാൻ വേണ്ടി സാത്താൻ നടക്കുകയാണ്. പ്രത്യേകിച്ച് ദൈവത്തോട് അടുത്തു നില്ക്കുന്നവരെ വീഴിക്കുവാനാണ് സാത്താന് ഏറ്റവും വലിയ വ്യഗ്രത. അതുകൊണ്ട് സഭയുടെ തലവന്മാരെന്ന് പറയുന്ന ഞങ്ങൾ പ്രത്യേകം

സൂക്ഷിക്കേണ്ടതുണ്ട്. കാരണം ഞങ്ങളെ വീഴിക്കുവാൻ സാത്താന് പ്രത്യേകഉദ്ദേശ്യമുണ്ട്. ഞങ്ങൾ വീഴ്ചക്കാരായാൽ ബാക്കിയുള്ളവരൊക്കെ താനേ വീണുകൊള്ളും എന്ന് സാത്താനൊരു വിചാരമുണ്ട്.

എന്റെ വാത്സല്യമുള്ളവരേ, ഇന്ന് ലോകം മുഴുവൻ സാത്താന്റെ ഭയങ്കരമായ ശക്തി കാണുന്നു. ചിന്തിക്കാത്ത അക്രമം; അതായത് ഒരാൾ ഒരു ദിവസം അല്പം കുടിച്ചിട്ട്, കാണുന്നവരെയെല്ലാം തോക്കെടുത്ത് വെടിവയ്ക്കുന്നു. അമേരിക്കയിൽ സാധാരണ നടക്കുന്ന സംഭവമാണ്. ഒരു കാരണവും വേണ്ട. തന്നെത്താനെ ഇരിക്കുമ്പോൾ എനിക്ക് പുറത്തേയ്ക്ക് പോയി കുറേപ്പേരെ വെടിവയ്ക്കണമെന്ന് തോന്നുക. തോക്കെടുത്ത് വെടിവയ്ക്കുക. ഇതാണ് ചിന്തിക്കാത്ത അക്രമം. സാത്താൻ അവനിൽ പ്രവേശിച്ച് അവനെക്കൊണ്ട് ചെയ്യിക്കുന്നതാണ്. അങ്ങനെയുള്ള അനേക തിന്മകൾ അമേരിക്കയിൽ മാത്രമല്ല ഇവിടെയും ഉണ്ടെന്നുള്ളത് നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. നമ്മുടെ ആളുകളിലും സാത്താൻ പ്രവേശിച്ച് അനേക തിന്മകൾ ചെയ്യിക്കുന്നു. അങ്ങനെ തിന്മകൾ ചെയ്യിച്ച് സാത്താൻ കൂടുതൽ ശക്തിപ്രാപിക്കുന്ന ഒരു കാലമാണ്.

എന്റെ വാത്സല്യമുള്ളവരേ, അതിന്റെ കാര്യം ഞാൻ പറയുന്നത്, രണ്ട് പ്രത്യേക സംഗതികൾ നിങ്ങളെ പ്രബോധിപ്പിക്കുവാനാണ്. ഒന്നാമത്തേത് ഞാൻ എപ്പോഴും ആലോചിക്കുന്ന ഒരു കാര്യമാണ്. “എന്റെ ദൈവംതമ്പുരാനേ, നിന്റെ പേരും പറഞ്ഞ് നിന്റെ സഭയിൽ ജീവിക്കുന്ന ഞങ്ങൾ ഇത്രയുമെല്ലാം തിന്മ ചെയ്തിട്ടും, ഈ സഭയെ നീ നശിപ്പിക്കുന്നില്ലല്ലോ” എന്ന് ചിലപ്പോൾ ഞാൻ ദൈവംതമ്പുരാനോട് പറയാറുണ്ട്. വേറെ ഏതെങ്കിലും സംഘടനയാണെങ്കിൽ ഇത്രയും തെറ്റ് ചെയ്താൽ അതിനെ ദൈവം ഇല്ലാതാക്കും; നാമാവശേഷമാക്കും. ഇത് ഇന്നു ജീവിച്ചിരിക്കുന്നവരുടെ മിടുക്കുകൊണ്ടൊന്നും അല്ല. നിങ്ങളുടെ കാലത്തിന് മുമ്പ് ജീവിച്ചിരുന്ന ഒരുപാട് പരിശുദ്ധന്മാർ ഇപ്പോഴും സഭയിൽ ഉള്ളതുകൊണ്ടാണ് സഭയെ നശിപ്പിക്കാത്തത്.

എന്റെ വാത്സല്യമുള്ളവരേ, ഇന്ന് ദൈവം നമ്മുടെ സഭയെ നശിപ്പിക്കാതിരിക്കുന്നത്, സോദോമിലും ഗോമോറായിലും ഉണ്ടായതുപോലെയുള്ള ഭയങ്കര നാശം നമ്മുടെ മേൽ വരുത്താതിരിക്കുന്നത് ഈ സഭയിൽ അനേക പരിശുദ്ധന്മാർ മുമ്പ് ജീവിച്ചിരുന്നിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ്. മറയ്ക്കു പുറകിൽ പരുമലത്തിരുമേനിയെപ്പോലെയുള്ള അനേകം പരിശുദ്ധന്മാർ നിൽക്കുന്നതു കൊണ്ടാണ് ഈ സഭയെ നശിപ്പിക്കാതിരിക്കുന്നത്. അല്ലെങ്കിൽ നമ്മളെയൊക്കെ നശിപ്പിക്കാനുള്ള എല്ലാ സന്നാഹങ്ങളും ഒരുക്കുന്നുണ്ട്. ഇപ്പോഴും ഒരുക്കിക്കൊണ്ടാണിരിക്കുന്നത്. നമ്മളുടെ പേരിലുള്ള തെറ്റുകൾ നിരവധിയാണ്. നശിക്കാതിരിക്കുന്നത് ഈ പരിശുദ്ധന്റെ മദ്ധ്യസ്ഥ പ്രാർത്ഥന കൊണ്ടാണ്. അതുപോലെ പരിശുദ്ധനായ തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥന കൊണ്ടാണ്. അതുപോലെ നമുക്ക് പേരറിഞ്ഞുകൂടാത്ത അനേകായിരം പരിശുദ്ധന്മാരുണ്ട്. ലോകത്തിലുള്ള ക്രൈസ്തവസഭയിൽ ഉണ്ടായിട്ടുള്ള എല്ലാ പരിശുദ്ധന്മാരും ഇന്നും ഈ സാത്താന്റെ ശക്തികൾക്ക് എതിരായി പോരാടി

ക്കൊണ്ട് മറയ്ക്കു പുറകിൽ നില്ക്കുന്നുണ്ട് എന്ന കാര്യം നിങ്ങളെ ഞാൻ പ്രത്യേകമായിട്ട് ഓർപ്പിക്കുവാൻ ശ്രമിക്കുകയാണ്.

എന്റെ വാത്സല്യമുള്ളവരെ, പരുമലതിരുമേനി, പ. കന്യകമറിയാം, സകല നീതിമാന്മാരും, സകല പരിശുദ്ധന്മാരും, സകല ശുദ്ധിമതികളും ഇന്നും നമുക്ക് കാണാവുന്ന മറയ്ക്ക് പുറകിൽ നിന്നുകൊണ്ട് നമുക്കു വേണ്ടി പ്രാർത്ഥിക്കുന്നുണ്ട് എന്നുള്ളത് നാം മറക്കരുത് എന്ന് മാത്രമല്ല, അവരോടുള്ള പ്രാർത്ഥനയും അവരെ ഓർക്കുന്നതും കൂടുതലായി ഈ സമയത്ത് വർദ്ധിപ്പിയ്ക്കണം.

എന്റെ വാത്സല്യമുള്ളവരേ, സഭ എന്തിനാണ്? ലോകം മുഴുവനും തിന്മയിലേക്ക് പോകുന്ന സമയത്ത് അതിന്റെ പുറകെ സഭയും പോകാതെ സഭ ദൈവഹിതം എന്താണെന്ന് വ്യക്തമാക്കുന്ന ഒരു സമൂഹമായി, ദൈവത്തിന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു കോളനിയായി, നന്മയ്ക്ക് വേണ്ടി മാത്രം നിൽക്കുന്ന നേരും നീതിയുമുള്ള സമൂഹമായി, മനുഷ്യസ്നേഹമുള്ള ഒരു സമൂഹമായി, ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന ഒരു സമൂഹമായി, ഇന്ന് നിലനിന്നെങ്കിൽ മാത്രമേ സാത്താന്റെ ശക്തി നശിച്ചു പോകുകയുള്ളു.

എന്റെ വാത്സല്യമുള്ളവരേ, നാം ഓരോരുത്തരും നീതിയോടും വിശുദ്ധിയോടും വ്യാജം പറയാതെയും മറ്റുള്ളവരെ വഞ്ചിക്കാതെയും ദ്രവ്യാഗ്രഹം കൊണ്ട് തെറ്റായ കാര്യങ്ങൾ ചെയ്യാതെയും ഇനിയും ജീവിച്ചില്ല എങ്കിൽ സാത്താന്റെ ശക്തി വർദ്ധിച്ചുകൊണ്ടിരിക്കും. ഞാനും നേരോടും നീതിയോടും സത്യസന്ധതയോടും ദുരാഗ്രഹമില്ലാതെയും താഴ്മയോടും ജീവിച്ചെങ്കിൽ മാത്രമേ എന്റെ സഭയ്ക്ക് നന്മയുണ്ടാകുന്നുള്ളു; ഈ ലോകത്തിനു നന്മയുണ്ടാകുന്നുള്ളു. സഭ സഭയായി തീരണം. സഭ ദൈവത്തിന്റെ പ്രത്യക്ഷരൂപമായി തീരണം. സഭ ക്രിസ്തുവിന്റെ ശരീരമായി, ക്രിസ്തുവിന്റെ സ്വഭാവം ലോകത്തിന് കാണിച്ചു കൊടുക്കണം. എന്റെ വാത്സല്യമുള്ളവരേ, ഞാൻ അവസാനിപ്പിക്കുന്നു.

ഇന്ന് നിങ്ങൾ ഇവിടെ വന്നുകൂടിയിരിക്കുന്ന എല്ലാവരും തന്നെ ഒരു തീരുമാനം ചെയ്യണം. "ഞാൻ തിന്മ ചെയ്യുകയില്ല. അനീതി ഞാൻ പ്രവർത്തിക്കുകയില്ല. കള്ളം ഞാൻ പറയുകയില്ല. വഞ്ചന ഞാൻ പരിശീലിക്കുകയില്ല. സത്യസന്ധതയോടുകൂടെ എന്റെ ചുറ്റുമുള്ള മനുഷ്യരുടെ ആവശ്യങ്ങളെ കണ്ടുകൊണ്ട് അവർക്കുവേണ്ടി ജീവിക്കുവാൻ എന്റെ ജീവിതം ഇന്നുമുതൽ ഞാൻ ഉഴിഞ്ഞു വയ്ക്കുന്നു". ഇത് കർത്താവിന്റെ സന്നിധിയിൽ പറഞ്ഞ് കർത്താവിൽ നിന്ന് കൃപയും അനുഗ്രഹങ്ങളും പ്രാപിച്ച് പരിശുദ്ധനായ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത മൂലം അനുഗ്രഹങ്ങൾ പ്രാപിക്കുന്ന ഒരു നല്ല സമൂഹമായി തീരുവാൻ, ദൈവം തമ്പുരാൻ നിങ്ങളെ എല്ലാവരെയും സഹായിക്കട്ടെ.

*(പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ (1994 നവം. 2) ചെയ്ത പ്രസംഗം.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)

# 13
# നീതിക്കായി വിശന്നു ദാഹിച്ചിരിക്കുക

**1902** നവംബർ മാസം 2-ാം തീയതി കൃത്യം 92 വർഷം മുമ്പാണ് പരുമല തിരുമേനി നമ്മിൽ നിന്നും വാങ്ങിപ്പോയത്. 1947-ലാണ് ആ പിതാവിനെ ഒരു പരിശുദ്ധനായി പ്രഖ്യാപിച്ചത്. അതായത് അദ്ദേഹത്തിന്റെ കാലശേഷം 45 വർഷം കഴിഞ്ഞ്. പക്ഷേ ഈ 1947-ൽ, പരിശുദ്ധനല്ലാതിരുന്ന പരുമല തിരുമേനി പരിശുദ്ധനായി തീർന്നു എന്നർത്ഥമില്ല. അതിനു മുമ്പു തന്നെ ആ പിതാവ് പരിശുദ്ധനായിരുന്നു. അക്കാര്യം 1947-ൽ സഭ അംഗീകരിച്ചു, പ്രഖ്യാപിച്ചു എന്നുള്ളത് മാത്രമേയുള്ളു. ആ പിതാവ് ജീവിച്ചിരുന്ന കാലത്ത് ഈ സഭയുടെ വലിയ പ്രകാശസ്തംഭമായിത്തന്നെ നില നിന്നു എന്നുള്ളതിന് യാതൊരു സംശയവുമില്ല. സുപ്രസിദ്ധനായ ബാർ എബ്രായയെപ്പോലെ തന്റെ 20-ാം വയസുകളിൽ തന്നെ ഒരു മെത്രാപ്പോലീത്തായായിത്തീർന്ന വലിയ പണ്ഡിതനും വലിയ ഭക്തനുമായ ആ പിതാവിന്റെ സന്നിധിയിൽ എല്ലാ വർഷവും നമുക്ക് ഒരുമിച്ച് കൂടുവാൻ സാധിക്കുന്നു എന്നുള്ളത് ഒരു വലിയ ഭാഗ്യം തന്നെയാണ്.

### സിറിയൻ സ്റ്റുഡൻസ് കോൺഫ്രൻസ്

ആ പിതാവ് നമ്മിൽ നിന്നും കാലം ചെയ്ത് ഏതാണ്ട് രണ്ട് വർഷം കഴിഞ്ഞപ്പോൾ സഭയിൽ ഒരു പുതിയ പ്രസ്ഥാനം സംജാതമായി. അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് ഉണ്ടായിരുന്നതല്ല. ആ പിതാവ് കാലം ചെയ്ത് ഏതാണ്ട് രണ്ടു വർഷങ്ങൾക്കു ശേഷമാണ് സിറിയൻ സ്റ്റുഡൻസ് കോൺഫ്രൻസ് (S. S. C.) അഥവാ സിറിയൻ സ്റ്റുഡൻസ് അസോസിയേഷൻ എന്നു പേരുള്ള ഒരു സംഘടന ഇവിടെ രൂപവൽകൃതമായത്. അതിനകത്ത് ഏറ്റവും കൂടുതൽ മുൻകൈ എടുത്ത് പ്രവർത്തിച്ചത് സഭയിലെ അല്മായക്കാരായിരുന്നു. സുപ്രസിദ്ധന്മാരായ നമ്മുടെ അല്മായക്കാരെല്ലാം ആദ്യകാലം മുതലെ അതിന് നേതൃത്വം കൊടുത്തിട്ടുണ്ട്. സ്റ്റുഡൻസ് കോൺഫ്രൻസ് കൂടുകയാണെങ്കിൽ സഭയിലെ വലിയ അല്മായ നേതാക്കന്മാരെല്ലാം അവിടെ കാണും എന്നുള്ളത് ഒരു കാലത്തെ പതിവായിരുന്നു. കെ. സി. മാമ്മൻമാപ്പിള, ഒ. എം. ചെറിയാൻ, എം. എ. ചാക്കോ - ഇതുപോലെയുള്ള പ്രശസ്തന്മാരായ വലിയ അല്മായക്കാർ വന്ന് നേതൃത്വം നൽകിയ ഒരു സംഘടനയായിരുന്നു സിറിയൻ സ്റ്റുഡൻസ് അസോസിയേഷൻ അല്ലെങ്കിൽ സിറിയൻ സ്റ്റുഡൻസ് കോൺഫ്രൻസ്.

### മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം

1955-ലാണ് ഈ പ്രസ്ഥാനത്തിന്റെ ചുമതല ഏറ്റെടുക്കുവാൻ എനിക്ക് ഭാഗ്യമുണ്ടായത്. മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ

സ്റ്റുഡന്റ് മൂവ്മെന്റ് എന്നൊരു പ്രസ്ഥാനം രൂപവൽക്കരിക്കാൻ എനിക്ക് 1955 ലും 1956 ലും ആയിട്ട് സാധിച്ചു. മുമ്പ് വെറും ആനുവൽ കോൺഫ്രൻസ് മാത്രമായിരുന്ന ഈ സംഘടനയ്ക്ക് തദ്ദേശീയ യൂണിറ്റുകൾ ഓരോ കോളജ് സെന്ററിലും ഉണ്ടാക്കി, അവിടെ തദ്ദേശീയ ഭാരവാഹികളെയാക്കി മൂവ്മെന്റിനെ ഒരു പ്രസ്ഥാനമാക്കി ഉയർത്തി. ഇന്നേക്ക് ഏതാണ്ട് 38 വർഷം മുമ്പാണ്. അതിന്റെ ആരംഭകാലത്ത് ഉത്തരേന്ത്യയിൽപ്പോലും പല കോളജുകളിലും – ആഗ്രായിലും കൽക്കട്ടായിലുമൊക്കെ പോയി – അതിന്റെ ബ്രാഞ്ചുകൾ സ്ഥാപിക്കുവാൻ അന്നെനിക്ക് സാധിച്ചിട്ടുള്ളത് വലിയ സന്തോഷത്തോടെ ഞാൻ ഓർക്കുകയാണ്. ഞാനന്ന് അല്മായക്കാരനായിരുന്നു – പോൾ വർഗീസ്. ആലുവാ ഫെലോഷിപ്പ് ഹൗസിലെ ഒരു അന്തേവാസിയായിട്ട് ജീവിക്കുന്ന കാലത്താണ് ഞാനിത് ചെയ്തത്. എന്നാൽ അതിനു മുമ്പുള്ള അനുഭവം വച്ച് നോക്കുമ്പോൾ നമ്മുടെ സഭയിൽ നല്ല തലയെടുപ്പുള്ള മെത്രാപ്പോലീത്തന്മാർ പലരും ഉണ്ടായിട്ടുള്ളത് സ്റ്റുഡന്റ് മൂവ്മെന്റിൽ നിന്നാണ്. ഭാസുരന്മാരായ വൈദിക ശ്രേഷ്ടന്മാർ ഉണ്ടായിട്ടുള്ളത് സ്റ്റുഡന്റ് മൂവ്മെന്റിൽ നിന്നാണ്. സഭാനേതൃത്വത്തിലേക്ക് എല്ലായ്പ്പോഴും നല്ല സ്ഥാനാർത്ഥികളെ കാഴ്ച വച്ചിരുന്ന ഒരു പ്രസ്ഥാനമായിരുന്നു വിദ്യാർത്ഥിപ്രസ്ഥാനം. ഇന്ന് അത് എത്രമാത്രം ശരിയാണെന്ന് എനിക്കറിഞ്ഞു കൂടാ. ഇന്ന് വിദ്യാർത്ഥിപ്രസ്ഥാനത്തിൽ നിന്ന് മുമ്പോട്ട് വന്ന് മെത്രാന്മാരാകുന്ന ചിലരൊക്കെ ഉണ്ടായിരിക്കാം. അങ്ങനെ സഭയ്ക്ക് ഒരു നേതൃത്വപരിശീലന ക്യാമ്പു കൂടിയായിട്ടാണ് ഈ സ്റ്റുഡന്റ് മൂവ്മെന്റ് പണ്ട് പ്രവർത്തിച്ചിട്ടുള്ളത് എന്ന കാര്യം ഞാൻ വലിയ ചാരിതാർത്ഥ്യത്തോടുകൂടെത്തന്നെ ഓർക്കുകയാണ്.

### ഗിരിപ്രഭാഷണം

കർത്താവിൽ വാത്സല്യമുള്ളവരെ, ഇന്ന് ദീർഘമായ ഒരു പ്രസംഗം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വേദപുസ്തകത്തിലെ ഒരു ഭാഗത്തെ അടിസ്ഥാനമാക്കി രണ്ടു മൂന്നു കാര്യങ്ങൾ നിങ്ങളെ ഓർപ്പിക്കാനാണ് എനിക്ക് ആഗ്രഹം. അതായത് നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരെ വളരെയധികം കാര്യങ്ങൾ പഠിപ്പിച്ചു. അതിൽ ഏറ്റവും പ്രധാനമായ ഒരു സന്ദേശം വ്യക്തമാക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ കർത്താവിന്റെ ഗിരി പ്രഭാഷണത്തെപ്പറ്റി എല്ലാവരും കേട്ടിട്ടുണ്ട്. കർത്താവിന്റെ പഠിപ്പിക്കൽ എന്താണ് എന്നുള്ളതിന്റെ ഒരു സംക്ഷിപ്ത രൂപമാണ് ഗിരിപ്രഭാഷണം. ആ ഗിരിപ്രഭാഷണത്തിന്റെ ആദ്യത്തെ രണ്ടു മൂന്നു Beatitudes നെ സംബന്ധിച്ച് നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. കർത്താവ് തന്റെ ഗിരിപ്രഭാഷണം ആരംഭിച്ചത് അന്നത്തെ ആളുകൾക്ക് മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു വാചകത്തിലാണ്. ലൂക്കോസിന്റെ സുവിശേഷം വായിച്ചാൽ കാണുന്നത് “ദരിദ്രരായ നിങ്ങൾ ഭാഗ്യവാന്മാർ” എന്നാണ്. പരീശന്മാരുടെ പഠിപ്പിക്കൽ ധനവാന്മാർ ഭാഗ്യവാന്മാർ എന്നായിരുന്നു. അതായത് മോശയുടെ ന്യായപ്രമാണപ്രകാരമുള്ള നീതി മുഴുവനാക്കുന്ന ആളുകളാണ് ഭാഗ്യവാന്മാർ. പക്ഷേ അവരുടെ കൂട്ടത്തിൽ ഈ പരീശന്മാർ എന്നു പറയുന്നവർ അങ്ങേയറ്റം വന്നാൽ അയ്യാ

യിരം പേരേ ഉള്ളൂ. എന്നാൽ യഹൂദ സമൂഹത്തിലെ ഏറ്റവും പണക്കാരായ ആളുകളുടെ പകുതി ഭാഗമാണ് ഈ പരീശന്മാരായിരുന്നത്. അതുകൊണ്ട് അവരുടെ പഠിപ്പിക്കൽ ദൈവത്തെ സേവിച്ചാൽ ദൈവം അനുഗ്രഹിക്കും, പണമുണ്ടാകും എന്നായിരുന്നു. ഇപ്പോഴും പലരുടെയുമൊക്കെ വിചാരം അങ്ങനെയാണെന്നാണ് എനിക്ക് തോന്നുന്നത്. പരുമല പോവുകയും പ്രാർത്ഥിക്കുകയും ഒക്കെ ചെയ്യാമെങ്കിൽ ദൈവം അനുഗ്രഹിക്കും, അഭിവൃദ്ധി ഉണ്ടാകും, പണമുണ്ടാകും, സുഖമായിട്ട് ജീവിക്കാം എന്നൊരു മതം നമുക്കൊക്കെയുണ്ട്. അതാണ് പരീശന്മാരുടെ മതം എന്നു കർത്താവ് പറയുന്നത്. അതായത് ദൈവത്തെ പ്രസാദിപ്പിച്ചാൽ ദൈവം നമുക്ക് പ്രതിഫലം നൽകും എന്നുള്ള പഠിപ്പിക്കൽ. അത് പരീശന്മാരുടെ പഠിപ്പിക്കലാണ്. ആ പഠിപ്പിക്കൽ പ്രകാരം പാവപ്പെട്ടവരെന്നു പറഞ്ഞാൽ പാപികൾ എന്നാണ് അർത്ഥം. ഇതാണ് പരീശന്മാരുടെ പഠിപ്പിക്കൽ. എന്തുകൊണ്ട് നീ പാവപ്പെട്ടവനായി? നീ ദൈവനിയമപ്രകാരം ജീവിക്കാത്തതുകൊണ്ട് നീ പാവപ്പെട്ടവനായി. അതുകൊണ്ട് പാവപ്പെട്ടവനെന്നും പാപിയെന്നും പറയുന്നത് രണ്ടും ഒന്നാണെന്നായിരുന്നു പരീശന്മാരുടെ പഠിപ്പിക്കൽ. അതിന് കടകവിരുദ്ധമായ ഒരു പഠിപ്പിക്കൽ ആണ് കർത്താവിന്റെ പ്രഖ്യാപനം. ദൈവരാജ്യത്തിൽ ധനവാന് പ്രത്യേക സ്ഥാനമൊന്നും ഇല്ല എന്നുള്ളത് കർത്താവ് ഇവിടെ വ്യക്തമാക്കുകയാണ്. മാത്രമല്ല ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവർ കുഞ്ഞുങ്ങളെപ്പോലെയും പാവപ്പെട്ടവരെപ്പോലെയും ഉള്ളവരായിരിക്കണമെന്ന് കർത്താവ് വ്യക്തമാക്കുകയും ചെയ്തു. മത്തായിയുടെ സുവിശേഷത്തിൽ കാണുന്നത് 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ' എന്നാണ്. എന്താണ് ഈ ആത്മാവിൽ ദരിദ്രത? പാവപ്പെട്ടവൻ എന്നു പറഞ്ഞാൽ രണ്ട് കാര്യങ്ങളാണ് പ്രധാനപ്പെട്ടതായിട്ടുള്ളത്. ഒന്ന് അവന് അവനവനെ തന്നെ ആശ്രയിക്കുവാൻ സാദ്ധ്യമല്ല. മറ്റുള്ളവരുടെ സഹായംകൊണ്ടേ ജീവിക്കുവാൻ ഒക്കൂ. അതാണ് poverty എന്നുപറയുന്നത്. Poverty എന്നുപറഞ്ഞാൽ Independence കൂടെ ഇല്ലാത്ത അവസ്ഥ. അതായത് always in need. എപ്പോഴും മറ്റുള്ളവർ വല്ലതുമൊക്കെ സഹായിച്ചെങ്കിലേ ജീവിക്കാൻ ഒക്കൂ. ആത്മാവിൽ ദരിദ്രരായവരെന്ന് പറഞ്ഞാലും ഏറെക്കുറെ അത് തന്നെയാണ്. അതായത് ഞാൻ ആത്മാവിൽ ധനികനാണ്, എനിക്ക് യാതൊന്നും ആവശ്യമില്ല, Spiritual power ഉണ്ട്, Energy ഉണ്ട് എന്ന് വിചാരിക്കുന്നവന് ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല. ഞാൻ ദരിദ്രനാണ്, ദൈവത്തിന്റെ കരുണകൊണ്ട് മാത്രമേ എനിക്ക് ജീവിക്കാൻ ഒക്കൂ എന്ന് വിചാരിക്കുന്നവരെക്കുറിച്ചാണ് poor in spirit എന്നു പറയുന്നത്.

എന്റെ വാത്സല്യമുള്ളവരേ, എനിക്ക് നിങ്ങളോട് പറയാനുള്ള പ്രധാനകാര്യം; നമ്മൾ എന്തെങ്കിലും ചെയ്തിട്ട് അതിന്റെ പ്രതിഫലമായിട്ട് ദൈവം നമുക്കെന്തെങ്കിലും തരും, ദൈവരാജ്യം തരും എന്നല്ല പഠിപ്പിക്കുന്നത്. പക്ഷേ ദൈവരാജ്യത്തിന്റെ മക്കൾക്ക് ഉണ്ടായിരിക്കേണ്ട ചില പ്രത്യേകഗുണവിശേഷങ്ങളെക്കുറിച്ചാണ് ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നത്. ഒന്നാമത്തെ ഗുണവിശേഷം poverty of spirit. ആത്മാവിൽ ദരിദ്ര

രായിരിക്കുക. ആത്മീയമായി പാവപ്പെട്ടവനായിരിക്കുക. എനിക്ക് എന്നിൽ തന്നെ ആത്മീയമായി യാതൊന്നുമില്ല എന്നു മനസിലാക്കിക്കൊണ്ട് ദൈവത്തിന്റെ കരുണയിൽ ആശ്രയിക്കുക. അതാണ് ദൈവരാജ്യത്തിന് ഏറ്റവും ആവശ്യമായിട്ടുള്ളത്. ഇന്ന് വളരെ വിരളമാണീ കാര്യം. എനിക്ക് കഴിവില്ല, എന്നെക്കൊണ്ടൊന്നും വയ്യ, ദൈവം തമ്പുരാൻ വിചാരിച്ചെങ്കിലേ എനിക്ക് ജീവിക്കാൻ ഒക്കൂ എന്നു പറയുന്നവർ ചുരുക്കമാണ്. ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നവർ തങ്ങളുടെ സ്വന്തം അപര്യാപ്തതയും അപ്രാപ്തിയും അറിഞ്ഞുംകൊണ്ട് താഴ്മയോടെ ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്നവരായിരിക്കണം.

രണ്ടാമത് കർത്താവ് പറയുന്നത്, അതുപോലെ തന്നെ പ്രയാസമേറിയ ഒരു വാക്കാണ്: “വിലപിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ.” അന്നു പരീശന്മാർ പഠിപ്പിക്കുന്നതിന്റെ നേരെ വിപരീതമാണ്. ദൈവം അനുഗ്രഹിക്കുന്നവൻ ഒരിക്കലും സങ്കടം കാണുകയില്ല എന്നാണ് പരീശന്മാരുടെ പഠിപ്പിക്കൽ. അതിന്റെ നേരെ വിപരീതമാണ് കർത്താവിന്റെ പഠിപ്പിക്കൽ. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവർ എപ്പോഴും വിലപിച്ചുകൊണ്ടിരിക്കുന്നവരാണ്. അവനവന്റെ പരാജയങ്ങളെക്കുറിച്ച് മാത്രമല്ല, ലോകത്തിന്റെ പരാജയത്തെക്കുറിച്ചും, ധാർമ്മികതയുടെ പരാജയത്തെക്കുറിച്ചും, മനുഷ്യന്റെ പ്രയാസങ്ങളെക്കുറിച്ചുമൊക്കെ വിലപിച്ചുകൊണ്ടിരിക്കുന്നവരാണ് ദൈവരാജ്യത്തിന്റെ മക്കൾ. ലോകം അനുഭവിക്കുന്ന കഷ്ടപ്പാടുകളെപ്പറ്റി മനസ്സലിവുണ്ടായിട്ട് അതിനെപ്പറ്റി കരഞ്ഞ് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരെയാണ് ദൈവരാജ്യത്തിലേക്ക് ദൈവം പ്രവേശിപ്പിക്കുന്നത്. എനിക്ക് ഇന്ന് നിങ്ങളോട് പറയാനുള്ള ഒരു കാര്യമതാണ്. ലോകത്തിനു വേണ്ടി കരയാൻ, നമുക്കു വേണ്ടി തന്നെയല്ല, ലോകത്തിനു മുഴുവൻ വേണ്ടി, സഭയ്ക്കുവേണ്ടിയും - അതിന്റെ പ്രയാസങ്ങളും കഷ്ടപ്പാടുകളും മനസ്സിലാക്കി, കരയാൻ സാധിക്കുന്നവരെയാണ് ദൈവരാജ്യത്തിന് ആവശ്യം. അതുപോലെ സുപ്രധാനമായിട്ടുള്ളതാണ് “താഴ്മയുള്ളവർ ഭാഗ്യവാന്മാർ” എന്നതും. ഇന്ന് നമ്മുടെ സമൂഹത്തിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളുടെയും പുറകിൽ കിടക്കുന്നത് അഹങ്കാരമാണ്. ഓരോ മനുഷ്യന്റെയും അഹങ്കാരം. ഞാൻ മറ്റൊരാളേക്കാൾ വലിയവനാണ് എന്ന അഹങ്കാരം. ആ അഹങ്കാരം നമ്മിൽ നിന്നു മാറിയെങ്കിലേ ദൈവരാജ്യത്തിന്റെ മക്കളായിത്തീരുവാൻ സാധിക്കൂ.

നാലാമത് നമ്മുടെ കർത്താവ് പറയുന്നു, “നീതിക്കായി വിശന്നു ദാഹിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ.” നിങ്ങൾക്ക് അങ്ങനെയൊരു വിശപ്പുണ്ടോ? ലോകത്തിൽ നീതിയുണ്ടാകണം, ലോകത്തിൽ നിന്ന് അനീതി പരിഹരിക്കപ്പെടണം, എല്ലാ മനുഷ്യരും നീതിയോടു കൂടെ സമൂഹത്തിലും വ്യക്തിപരമായും ജീവിക്കണം എന്നു ദാഹത്തോടും വിശപ്പോടും കൂടെ ആഗ്രഹിക്കുന്നുണ്ടോ? ദൈവരാജ്യത്തിന്റെ മക്കൾ, നീതി ലോകത്തിൽ മുഴുവൻ, സഭയിൽ മുഴുവൻ, നടക്കുവാൻ വേണ്ടി വളരെയധികം വിശപ്പും ദാഹവും ഉള്ളവരാണ്. അല്ലാതെ ഞാൻ മാത്രം പരിശുദ്ധനാകണം എന്നു പറയുന്നയാളല്ല. നീതി എല്ലായിടത്തും നടപ്പിലാകുവാൻ വേണ്ടി നിന്റെ രാജ്യം

വരേണമേ, നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകേണമേ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് ദൈവരാജ്യത്തിന്റെ മക്കൾ.

മറ്റൊന്ന് കർത്താവ് നമ്മെ പഠിപ്പിച്ചിട്ടുള്ളത്, “കരുണ കാണിക്കുന്നവർ ഭാഗ്യവാന്മാർ” എന്നാണ്. ദൈവരാജ്യം അവരുടേതാണ്. മറ്റുള്ളവരുടെ പ്രയാസം എന്റെ സ്വന്തം പ്രയാസമായി കാണുക. അതിനുവേണ്ടി എന്നെക്കൊണ്ട് കഴിയുന്നത് എല്ലാം ചെയ്യുക. എന്റെ പ്രയാസങ്ങളെ മറന്നിട്ട് മറ്റുള്ളവരുടെ പ്രയാസങ്ങളിൽ കഷ്ടപ്പെട്ട് അവരെ സഹായിക്കുവാൻ സാധിക്കുക. അങ്ങനെയുള്ളവരാണ് ദൈവരാജ്യത്തിന്റെ മക്കൾ.

പിന്നെ കർത്താവ് പഠിപ്പിക്കുന്നത്, “ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണുന്നു” എന്നാണ്. എന്താണ് ഈ ഹൃദയശുദ്ധി? ഹൃദയം എന്നു പറഞ്ഞാൽ സാധാരണ നമ്മൾ ചിന്തിക്കുന്നത് വികാരങ്ങളുടെ ആസ്ഥാനം എന്നാണ്. വേദപുസ്തകത്തിൽ ഹൃദയം എന്നു പറയുന്നത് വികാരങ്ങളുടെ ആസ്ഥാനമല്ല. മനുഷ്യന്റെ വ്യക്തിത്വത്തിന്റെ സെന്റർ ആണ്. നമുക്കുള്ള ഇച്ഛാശക്തി, വികാരശക്തി, ചിന്താശക്തി – ഈ മൂന്നു ശക്തികളുടെയും പിറകിൽ നിൽക്കുന്ന ഞാൻ എന്നു പറയുന്ന ആ പ്രതിഭാസം, അതാണ് ഹൃദയം. ഇതാണ് പഴയനിയമത്തിൽ ഹൃദയം എന്ന വാക്കിന്റെ അർത്ഥം. മനുഷ്യവ്യക്തിത്വത്തിന്റെ കേന്ദ്രമാണ് ഹൃദയം. ഏതിൽ നിന്ന് നമ്മുടെ വികാരങ്ങളും നമ്മുടെ ചിന്തകളും നമ്മുടെ ഇച്ഛകളും ഉദിക്കുന്നുവോ അതാണ് ഹൃദയം. Poor in Heart എന്നു പറഞ്ഞാൽ, വികാരങ്ങൾ ദുഷിച്ചതാകുന്നതിനെക്കുറിച്ച് മാത്രമല്ല, ദൈവത്തിന്റെ തിരുവിഷ്ടം നടക്കണമെന്ന ഒറ്റ ആഗ്രഹമേ ഉള്ളൂ. മറ്റു യാതൊരു അഗ്രഹങ്ങളുമില്ല. ആരെല്ലാം തള്ളിക്കളഞ്ഞാലും കുഴപ്പമില്ല, എനിക്ക് സ്ഥാനമുണ്ടായാലും ഇല്ലെങ്കിലും കുഴപ്പമില്ല, ഞാൻ ഭക്ഷണം കഴിച്ചാലും ഇല്ലെങ്കിലും കുഴപ്പമില്ല, അതൊന്നുമല്ല പ്രധാനമായിട്ടുള്ളത്. ഏകാഗ്രമായി ദൈവതിരുഹിതം ഈ സൃഷ്ടിയിൽ നടക്കുവാൻ വേണ്ടി, ആത്മാർത്ഥമായ ഹൃദയത്തോടെ ഏകാഗ്രമായി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നവരാണ് ഹൃദയശുദ്ധിയുള്ളവർ. അവരാണ് ദൈവത്തെ കാണുകയും അറിയുകയും ചെയ്യുന്നത്. അതുകൊണ്ട് വാത്സല്യമുള്ളവരെ, നമ്മുടെ ഹൃദയങ്ങൾക്ക് ശുദ്ധിയുണ്ടാകണമെങ്കിൽ വികാരങ്ങളുടെ മേൽ വിജയം പ്രാപിച്ചാൽ മാത്രം പോരാ. ആന്തരിക മനുഷ്യന്റെ സർവ്വ ഓറിയന്റേഷനും ദൈവത്തിന്റെ ഇഷ്ടം നടക്കാൻ വേണ്ടിയാകണം.

അവസാനം കർത്താവ് പറഞ്ഞ ആ beatitude അന്ന് ആർക്കും ഒരു പിടിയും കിട്ടിയില്ല. നീതിക്കു വേണ്ടി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ. നന്മ ചെയ്തിട്ട് മറ്റുള്ളവർ നമ്മെപ്പറ്റി തിന്മ പറയുമ്പോൾ ദൈവത്തെ സ്തുതിക്കുക. ഇത് എങ്ങും കാണുകയില്ല. ഹിന്ദുമതത്തിലും ഇസ്ലാമിലും ഒന്നും കാണുകയില്ല. നമുക്കെതിരായിട്ട് നിൽക്കുന്നവൻ നമ്മുടെ ശത്രുവാണ് എന്ന ചിന്തയേ മറ്റു മതത്തിൽ അധികവും കാണുകയുള്ളു. എന്നാൽ അങ്ങനെയല്ല, നമ്മൾ നന്മ ചെയ്യുമ്പോൾ പോലും നമ്മെപ്പറ്റി ചീത്ത പറയുമ്പോൾ അതാണ് ദൈവരാജ്യത്തിന്റെ മക്കളുടെ സ്വഭാവം.

അല്ലാതെ ഇയാൾ നല്ലവനാണ്, പരിശുദ്ധനാണ്, വലിയ ആളാണ് എന്നു പറഞ്ഞുകൊണ്ട് ജനങ്ങളെല്ലാം കൊണ്ടാടിക്കൊണ്ട് നടക്കുകയൊന്നുമില്ല. ദൈവരാജ്യത്തിന്റെ മകനോ മകളോ ആണെങ്കിൽ നമ്മൾ നന്മ ചെയ്യുമ്പോൾ നമ്മെ പീഡിപ്പിക്കും, നമ്മെപ്പറ്റി കുറ്റം പറയും. അതിന് തയ്യാറുള്ളവരെയാണ് കർത്താവ് തിരഞ്ഞെടുത്ത് വിളിച്ചത്. പത്രോസ് ശ്ലീഹായായാലും തോമ്മാശ്ലീഹായായാലും, പിന്നീട് പൗലോസ് ശ്ലീഹായായാലും. അവരെയെല്ലാം വിളിച്ചത് അതിനുവേണ്ടിയാണ്. ദൈവരാജ്യത്തിനുവേണ്ടി കഷ്ടമനുഭവിക്കുവാൻ, ദൈവരാജ്യത്തിനുവേണ്ടി നല്ലത് പ്രവർത്തിക്കുവാനും, അതേസമയത്ത് ആ നല്ലതിന് പകരമായി ചീത്ത കേൾക്കാനുമായിട്ടാണ് ദൈവം തന്റെ മക്കളെ വിളിച്ചിരിക്കുന്നത്. വലിയ ഒരു പ്രത്യേക പ്രതിഭാസമാണ്. ഈ ലോകത്തിൽ നന്മ ചെയ്തുകൊണ്ട് തിന്മ പറയപ്പെടുന്നവരായിട്ട് ജീവിക്കുക എന്നുള്ളതാണ് ദൈവരാജ്യത്തിന്റെ അർത്ഥം.

എന്റെ വാത്സല്യമുള്ളവരേ, ദൈവരാജ്യത്തിന്റെ മക്കളായി നിങ്ങളെല്ലാവരും ജീവിക്കാൻ തക്കവിധം നിങ്ങളെയും എന്നെയും നമ്മുടെ സഭയിലുള്ള എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. പരിശുദ്ധനായ പരുമലതിരുമേനിയുടെ നാമത്തിലുള്ള ഈ സ്ഥാപനം മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കട്ടെ. ഇത് മൂലം അനേകർ ദൈവത്തിങ്കലേക്ക് അടുത്തുവരുകയും ദൈവത്തിനായി തങ്ങളെത്തന്നെ ഉഴിഞ്ഞുവയ്ക്കുകയും ചെയ്യുവാൻ ഇടവരട്ടെ. നിങ്ങളെ എല്ലാവരെയും ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെ.

*(1994 ലെ പരുമലപ്പെരുന്നാളിനോടനുബന്ധിച്ചു നടന്ന മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം സമ്മേളനത്തിൽ ചെയ്ത പ്രസംഗം.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)



# 14
# കുരിശിന്റെ വഴി

**ക**ർത്താവിൽ വാത്സല്യമുള്ളവരേ, ഇന്ന് സ്ലീബായ്ക്ക് ശേഷം ഒന്നാമത്തെ ഞായറാഴ്ചയാണ്. സ്ലീബാ പെരുനാളിന് ശേഷമുള്ള ഞായറാഴ്ചകളിൽ സഭ ക്രമീകരിച്ചിരിക്കുന്ന വായനകൾ ശ്രദ്ധേയമാണ്. സ്ലീബായുടെ മാർഗം എന്താണ്? സ്ലീബായുടെ അർത്ഥം എന്താണ്? കുരിശിന്റെ വഴി എന്താണ് എന്ന് നമുക്ക് വ്യക്തമായി മനസ്സിലാക്കുവാനുള്ള പല ഭാഗങ്ങളാണ് വായനകളായി ക്രമീകരിച്ചിരിക്കുന്നത്.

ക്രിസ്ത്യാനികളായ നാം എല്ലാവരും കുരിശിന്റെ വഴിയെ അനുഗമിക്കുന്നവരാണ്. പക്ഷേ ആ വഴി എന്താണ് എന്നുള്ളത് വീണ്ടും വീണ്ടും നമ്മെ പ്രബോധിപ്പിക്കേണ്ടിയിരിക്കുന്നു. കാരണം ആ വഴിയെ വിട്ട് നമുക്ക് ഇഷ്ടമുള്ള വഴിയെ നടക്കുവാനാണ് നമുക്ക് പലപ്പോഴും ആഗ്രഹം തോന്നുന്നത്. നാം സാധാരണ നടക്കുന്ന വഴിയിൽ നിന്ന് വീണ്ടും കുരിശിന്റെ വഴിയിലേക്ക് തിരിയുക എന്നുള്ളതാണ് ഈ ദിവസങ്ങളിലെ വായനകളുടെ പ്രത്യേകമായ അർത്ഥം.

കഴിഞ്ഞ വായനയിൽ, ശ്ലീഹന്മാർ കർത്താവിനെ ദേവാലയത്തിനകത്തേക്ക് കൊണ്ടുപോകുകയായിരുന്നു. ദേവാലയത്തിനകത്ത് അതിമനോഹരങ്ങളായ മന്ദിരങ്ങൾ പണിതുയർത്തിയിരിക്കുന്നു. നല്ല നല്ല കെട്ടിടങ്ങളും ഗോപുരങ്ങളുമൊക്കെ കാണിച്ചുകൊടുത്തിട്ട്, എന്തു മനോഹരമായിരിക്കുന്നു ഈ കെട്ടിടങ്ങൾ എന്ന് ശ്ലീഹന്മാർ പറഞ്ഞു. കർത്താവ് എന്താ പറഞ്ഞത്? “നിങ്ങൾ കാണുന്ന ഈ മന്ദിരങ്ങളെല്ലാം കല്ലിന്മേൽ കല്ല് ശേഷിക്കാതെ നാമാവശേഷമാകുവാൻ ഉള്ളതാകുന്നു.” ഈ ലോകത്തിൽ ഒരു നന്മയും സൗന്ദര്യവും ഒന്നും ultimate ആയിട്ട് നിലനിൽക്കുവാൻ ഒക്കുകയില്ല. അന്തിമമായിട്ട് നന്മയുണ്ട്, സൗന്ദര്യമുണ്ട്, ബ്യൂട്ടിയുണ്ട്, സത്യമുണ്ട്. എല്ലാമുണ്ട്. പക്ഷേ അതിന്റെ പ്രതിഫലനങ്ങളായിട്ട് ഈ ലോകത്തിൽ കാണുന്ന ഒന്നിനെയും നമുക്ക് അവസാനമായി പിടിക്കുവാൻ ഒക്കുകയില്ല.

ദൈവാലയം ദൈവത്തിന്റെ ആലയമാണ്, അതിമനോഹരമായ കെട്ടിടങ്ങളാണ്. പക്ഷേ അതിനോട് നമ്മുടെ Final attachment ആകാൻ ഒക്കുകയില്ല. നമ്മുടെ Final attachment, പ്രധാനമായ നമ്മുടെ ബന്ധം എന്നു പറയുന്നത് കുരിശിനോടും, കുരിശിന്റെ വഴിയോടും അതിന്റെ ലക്ഷ്യമാകുന്ന ദൈവസാന്നിദ്ധ്യത്തോടും മാത്രമേ ഒക്കൂ. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഇതു വളരെ പ്രയാസമുള്ള കാര്യമാണ്.

എന്റെ എളിയ ചിന്തയിൽ Beauty അല്ലെങ്കിൽ സൗന്ദര്യം എന്നു പറയുന്നത് ദൈവത്തിന്റെ സ്വഭാവമാണ്. പക്ഷേ നമ്മൾ ഉദ്ദേശിക്കുന്നതുപോലെയുള്ള beauty യല്ല. അതായത് ദൈവത്തിന് രൂപമില്ല. രൂപത്തിന്റെ സൗന്ദര്യമല്ല. പക്ഷേ ഇഹലോകത്തിൽ ആ സൗന്ദര്യം കാണപ്പെടുന്നത് രൂപങ്ങ

ളുടെ സൗന്ദര്യത്തിൽ കൂടെയും നിറങ്ങളുടെ സൗന്ദര്യത്തിൽ കൂടെയും വരകളുടെയും വരികളുടെയും സൗന്ദര്യത്തിൽ കൂടെയും കെട്ടിടങ്ങളുടെയും മറ്റ് എല്ലാറ്റിന്റെയും, സൗന്ദര്യത്തിൽ കൂടെയും വസ്ത്രത്തിന്റെ സൗന്ദര്യത്തിൽ കൂടെയുമാണ്. എല്ലാ സൗന്ദര്യങ്ങളും ദൈവത്തിൽ നിന്ന് വരുന്നതാണ്. അതിന്റെ പല പ്രതിഫലനങ്ങളാണ് ഈ ലോകത്തിൽ കാണുന്നത്. പക്ഷേ ഇതിലേതെങ്കിലുമൊരു പ്രതിഫലനത്തോട് നമ്മുടെ attachment ആയാൽ അതു കുരിശിന്റെ വഴിയല്ല. ഇതെല്ലാം നീങ്ങിപ്പോകാൻ വേണ്ടിയുള്ളതാണ്. ഈ ലോകത്തിലെ എല്ലാ മഹത്വങ്ങളും ഭംഗികളും സൗന്ദര്യങ്ങളും – സംഗീതത്തിന്റേതായാലും കലയുടേതായാലും മറ്റെന്തിന്റേതായാലും – എല്ലാം നീങ്ങിപ്പോകാനുള്ളതാണ്.

പക്ഷേ ഈ ലോകത്തിൽ നമുക്ക് അവയെ ഉപയോഗിക്കാം. എന്തിനു വേണ്ടി? പ്രത്യേകിച്ച് ദൈവാരാധനയ്ക്ക് വേണ്ടി ഉപയോഗിക്കാം. എല്ലാ ഭംഗിയും എല്ലാ സൗന്ദര്യവും ദേവാലയത്തിൽ കൊണ്ടുവന്ന് നിക്ഷേപിക്കുക എന്നുള്ളതാണ് ശലോമോന്റെ കാലം മുതലുള്ള പ്രധാന തത്വം. നമുക്കുള്ളതിൽ ഏറ്റവും നല്ലത് ദേവാലയത്തിൽ സ്ഥാപിക്കണം. ദേവാലയം ദൈവത്തിന്റെ സൗന്ദര്യത്തിന്റെ ഒരു പ്രതീകമായി നമ്മുടെയിടയിൽ നിൽക്കണം. പക്ഷേ ദേവാലയം എന്നു പറയുന്നത് കല്ലും മണ്ണും മരവും കൊണ്ട് കെട്ടിയുണ്ടാക്കുന്നതാണ്. അതിന് നിത്യമായ സൗന്ദര്യമൊന്നുമില്ല. നിത്യമായ സൗന്ദര്യത്തിന്റെ പ്രതീകമാണ് ദേവാലയം. അതുകൊണ്ട് ദേവാലയം ഭംഗിയായിരിക്കണം. പക്ഷേ അധികം അതിനോട് attachment വരുമ്പോൾ ശത്രുക്കൾ വന്ന് ദേവാലയം പൊളിച്ച് നാശമാക്കിക്കളയും. നമുക്ക് നമ്മുടെയീ ഭാരതത്തിൽ ദൈവം സഹായിച്ച് സ്വതന്ത്രമായിട്ട് ജീവിക്കാൻ ഒക്കുന്നുണ്ട്. സ്വതന്ത്രമായി ആരാധിക്കാൻ ഒക്കുന്നുണ്ട്. ഇത് എന്നും നിലനിന്നുകൊള്ളണമെന്നില്ല. നാളെ ഒരു ഗവൺമെന്റ് വന്നിട്ട്, “ഒക്കുകയില്ല, ക്രിസ്ത്യാനികൾക്ക് ഇവിടെ ആരാധിക്കുവാൻ അവകാശമില്ല” എന്നു പറയുകയും നമ്മുടെ ദേവാലയങ്ങളെല്ലാം തകർക്കുകയും ചെയ്താൽ എന്തു സംഭവിക്കും? ഒന്നും സംഭവിക്കില്ല. കാരണം യഥാർത്ഥ ദേവാലയം എന്നു പറയുന്നത് നാം തന്നെയാണ്. നമ്മിലാണ് യഥാർത്ഥമായ സൗന്ദര്യവും ഭംഗിയും കാണേണ്ടത്. ക്രിസ്ത്യാനികളുടെ സമൂഹമാണ് ദൈവത്തിന്റെ ശരീരം, ദൈവത്തിന്റെ ആലയം, ദൈവത്തിന്റെ മന്ദിരം. നാമാണ് ആ മന്ദിരത്തിലെ കല്ലുകൾ. നാം പരസ്പരം അനുയോജ്യമായി സ്നേഹത്തിലും സമാധാനത്തിലും ജീവിക്കുമ്പോൾ അതാണ് ദൈവത്തിന്റെ യഥാർത്ഥ മന്ദിരം. അതിനെ ഒന്നും ചെയ്യാൻ അവർക്ക് ഒക്കുകയില്ല. കൊല്ലാനൊക്കും, കൊന്നാലും ആ മന്ദിരം തീർന്നുപോകുകയില്ല, അതു നിത്യമായ മന്ദിരമാണ്, ദൈവത്തിന്റെ മന്ദിരമാണ്. ക്രിസ്തുവിന്റെ ശരീരത്തിലേക്ക് ഒട്ടിച്ചേർക്കപ്പെട്ടിട്ടുള്ള കല്ലുകളാകുന്ന ജീവനുള്ള കല്ലുകളാകുന്ന, നമ്മെക്കൊണ്ട് കെട്ടിപ്പടുക്കപ്പെട്ടിട്ടുള്ള മന്ദിരമാണ്.

വാത്സല്യമുള്ളവരേ, നമുക്ക് ഒന്നുകൊണ്ടും ഭയപ്പെടേണ്ട ആവശ്യമില്ല. എന്തെല്ലാം നാശങ്ങൾ വന്നാലും ഒന്നും ഭയപ്പെടേണ്ട. ദൈവം നമുക്ക് നൽകിയിട്ടുള്ള തന്റെ ജീവൻ എന്നുള്ളത് ഈ ലോകത്തിൽ ഒരാൾക്കും

നശിപ്പിക്കുവാൻ ഒക്കുകയില്ല. ഏതു ഗവൺമെന്റ് വന്നാലും ശരി, ഏത് സർവ്വാധികാരി വന്നാലും ശരി, ഒരാൾക്കും നശിപ്പിക്കുവാൻ ഒക്കാത്ത ഒരു ജീവിതം ദൈവംതമ്പുരാൻ നമുക്ക് നൽകിയിട്ടുണ്ട്. അതിന്റെ വഴി യാണ് കുരിശിന്റെ വഴി എന്നുള്ളതെന്ന് നിങ്ങളുടെ സ്നേഹത്തോടെ ആദ്യ മായി ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ ലോകത്തിലുള്ള യാതൊന്നിനും നമ്മെ നശിപ്പിച്ചുകൂടായെങ്കിലും ഈ ലോകത്തിലുള്ള എല്ലാറ്റിനെയും നാം ഭംഗിയാക്കി ദൈവത്തിന്റെ ഭംഗി, ആ ഭംഗിയിൽ കൂടി കാണപ്പെടുവാൻ തക്കവിധം നമ്മുടെ പരിസരങ്ങളെ നാം ഉപയോഗിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യണമെന്നുള്ളതാണ് ആദ്യമായി എനിക്ക് നിങ്ങ ളോട് പറയുവാനുള്ളത്.

രണ്ടാമത്, ഇന്നത്തെ ഈ വായന നിങ്ങൾ ശ്രദ്ധിച്ചുവെങ്കിൽ ഏവൻഗേ ലിയോനിൽ പറഞ്ഞത് കർത്താവ് എപ്പോഴാണ് വരുന്നതെന്ന് നമുക്ക് അറി ഞ്ഞുകൂടാ. എവിടെ വരും, എങ്ങിനെവരും, ഇതാ അവിടെ, ഇതാ ഇവിടെ എന്നു പറഞ്ഞാൽ നിങ്ങൾ ഓടരുത്. അല്ലെങ്കിൽ ഇന്ന ദിവസം ഇത്രാം തീയതി കർത്താവ് വരും എന്നു പറഞ്ഞാൽ നിങ്ങൾ കേൾക്കണ്ട. പല പെന്തിക്കോസ്തുകാരും, പല രണ്ടാം വരവുകാരും, അഡ്വന്റിസ്റ്റുകളു മൊക്കെ ഇതിനുമുമ്പ് പലപ്രാവശ്യം ഇങ്ങനെ പ്രവചിച്ചിട്ടുണ്ട്. ഇത്രാം തീയതി കർത്താവ് തിരിച്ചുവരുമെന്നും പറഞ്ഞ്. അമേരിക്കയിലാണ് ഏറ്റവും വലിയ വിഭ്രാന്തി കണ്ടിട്ടുള്ളത്. നല്ല പ്രാസംഗികന്മാർ പോയി ഒക്ടോ. മാസം 15-ാം തീയതി 4 മണിക്ക് കർത്താവ് വരുമെന്ന് അനൗൺസ് ചെയ്യും. എന്നിട്ട് ആളുകളോട് പറയും, "നിങ്ങൾ വീട്ടിൽ നിന്നൊക്കെ ഇറങ്ങി വല്ല മണലാരണ്യത്തിലുമൊക്കെ പോയി നിന്നുകൊണ്ട്, കർത്താവ് വരുവാൻ വേണ്ടി കാത്തുനിൽക്കുവാൻ." അത് വിശ്വസിച്ച് പതിനായിര ക്കണക്കിനാളുകൾ വിജനസ്ഥലങ്ങളിലേക്ക് പോയി കാത്തുനിൽക്കും. കർത്താവ് ഈ പറഞ്ഞ ദിവസം വരികയില്ല. അപ്പോൾ വേറൊന്നു പറയും. "ഓ കർത്താവ് വന്നു. പക്ഷേ ഇങ്ങോട്ടല്ല വന്നത്. സ്വർഗ്ഗത്തിൽ തന്നെ വേറെയൊരിടത്തേക്കാണ് പോയത്" എന്നുപറഞ്ഞ് ഒരു മുടന്തൻ വാദമു ണ്ടാക്കി ജനങ്ങളെ സമാധാനിപ്പിക്കും. അങ്ങിനെയാണ് ഈ സെവന്ത്ഡേ അഡ്വൻന്റിസ്റ്റുകളും യഹോവയുടെ സാക്ഷികളുമൊക്കെ ഉണ്ടായിട്ടു ള്ളത്. ഈ പറയുന്ന അബദ്ധചിന്തകൊണ്ടാണ്.

കർത്താവ് നമ്മോട് പറയുന്നു, നിങ്ങളത് കേൾക്കരുത്. ഇന്ന ദിവസം ഇന്ന സമയത്ത് വരുമെന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ കേൾക്കണ്ട. അല്ലെങ്കിൽ ഇത്രാം ആണ്ടിൽ ലോകാവസാനം ഉണ്ടാകുമെന്നു പറഞ്ഞാൽ അത് കേൾക്കണ്ട. ലോകാവസാനവും കർത്താവിന്റെ വരവും ഈ നിമിഷ ത്തിൽ തന്നെയുണ്ടാകാം. അതിന് വിരോധമൊന്നുമില്ല. പക്ഷേ ആയിരം കൊല്ലം കഴിഞ്ഞും ആവാം. ഏതു നിമിഷത്തിൽ വന്നാലും നമ്മൾ attentive ആയിട്ട് കാണണം. 'യജമാനൻ വരുമന്നേരം ഉണർവ്വുള്ളോരായി തൻ മുന്തി രിത്തോട്ടത്തിൽ കാൺമോരീ ഭാഗ്യവാന്മാർ'. അതാണ് നമ്മളിൽ നിന്ന് പ്രതീ ക്ഷിക്കുന്നത്. എപ്പോൾ കർത്താവ് വന്നാലും we must be found working and labouring in the vineyard of God. കർത്താവ് നമ്മെ പഠിപ്പിച്ചിട്ടുള്ളത് അതാണ്.

ഇന്നു വന്നാലും, രണ്ടായിരമാണ്ടിൽ വന്നാലും, ഈ ആണ്ടിൽ വന്നാലും അടുത്താണ്ടിൽ വന്നാലും, എപ്പോൾ വന്നാലും വരുമ്പോഴൊക്കെ, നാം ദൈവത്തിന്റെ കുരിശിന്റെ വഴിയിൽ നടക്കുന്നവരായി കാണപ്പെടണം. ആ വഴിയുടെ പ്രത്യേകമായിട്ടുള്ള അർത്ഥം രണ്ടാണ്. ഏറ്റവും പ്രധാനമായിട്ടുള്ളത് എല്ലായ്പ്പോഴും ദൈവതിരുനാമത്തെ ആരാധിക്കുകയും ദൈവത്തിന് ബലിയായി തന്നെത്തന്നെ അർപ്പിക്കുകയും ചെയ്യുക. രണ്ടാമത്തേത്, മനുഷ്യരാശിക്കു വേണ്ടി നമ്മുടെ സ്വന്തം ജീവിതത്തെ ഒഴിഞ്ഞു കൊടുത്ത് അവരെ പരിചരിക്കുക. ആവശ്യമുള്ളവരെ, പ്രയാസപ്പെടുന്നവരെ പരിചരിക്കുക. 'യജമാനൻ വരുമന്നേരത്ത് പരിചരിക്കുന്ന വര്' എന്ന് പറയുന്നത് അതാണ്. അതായത് പരിചാരകൻ എന്നുള്ള വാക്ക് ഗ്രീക്ക് ഭാഷയിൽ ഡിയാക്കോൻ എന്നാണ്; ഡീക്കൻ എന്നാണ്. ഡീക്കൻ, ശംശോനോ, ശെമ്മാശൻ എന്നു പറഞ്ഞാൽ ശുശ്രൂഷകൻ, പരിചാരകൻ എന്നാണ് അർത്ഥം. എന്താണ് ശുശ്രൂഷ? ദൈവാലയത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തെക്കുറിക്കുക, ലോകത്തിൽ പ്രയാസമുള്ള മനുഷ്യരെ ശുശ്രൂഷിക്കുക. ഇത് രണ്ടുമാണ് ഡിയാക്കോണിയ എന്നു പറയുന്നത്. ഒരു ശെമ്മാശന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ആരാധനയിൽ സഹായിക്കുക, ലോകത്തിലെ മനുഷ്യരുടെ ആവശ്യങ്ങളെ അറിഞ്ഞ് അവരെ സഹായിക്കുക എന്നിവയാണ്. ഇതാണ് കർത്താവ് നമ്മെ ഏല്പിച്ചിട്ടുള്ള ദൗത്യം. ഇതാണ് കുരിശിന്റെ വഴി.

*(ഡൽഹി ഭദ്രാസന അരമനപള്ളിയിൽ ചെയ്ത പ്രസംഗം. 1994 സെപ്റ്റം. 18.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*



# 15
# അന്തിമവിജയം നീതിയ്ക്ക്

**ലോക**കമ്പോള വ്യവസ്ഥിതിയെ തങ്ങളുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരുന്നതിനും ഒരു ഗവൺമെന്റിനും നിയന്ത്രണമില്ലാതെ ലോക മെമ്പാടും വ്യാപാരം നടത്താനുള്ള സ്വാതന്ത്ര്യം തങ്ങൾക്കു ലഭിക്കുന്ന തിനുമായി രാഷ്ട്രാന്തരകമ്പനികൾ സൃഷ്ടിച്ചതാണ് ഈ വരുന്ന ജനു വരി ഒന്നിന് നടപ്പിൽ വരുന്ന ഗാട്ട് കരാർ.

ദരിദ്രരാജ്യങ്ങളിലെ പണം തങ്ങളുടെ രാജ്യങ്ങളിലേക്ക് ഒഴുക്കാൻ പാശ്ചാത്യരാജ്യങ്ങൾ ഏറെക്കാലമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന അട വുകളിൽ ഒന്നാണ് ഇതിലൂടെ പ്രാവർത്തികമാകുന്നത്.

എല്ലായിടത്തുമുള്ള കുറെ 'പ്രിവിലേജ്ഡ് പീപ്പിൾസിന്റെ' പോക്കറ്റി ലേക്ക് പണം പോകത്തക്കവിധത്തിലുള്ള ഒരു വ്യവസ്ഥിതിയാണവർ ഉണ്ടാ ക്കിയിരിക്കുന്നത്. ആ വ്യവസ്ഥിതിയുടെ ചാർട്ടറാണ് ഇപ്പോഴത്തെ വേൾഡ് ട്രേഡ് എഗ്രിമെന്റ്.

കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ പരാജയമാണ് ഗാട്ട് മെച്ചപ്പെടുത്താനുള്ള ഉറുഗ്വേവട്ട ചർച്ചകൾ തുടങ്ങാനുള്ള പ്രധാനപ്പെട്ട കാരണം. കമ്മ്യൂണി സത്തിന്റെ ട്രേഡ് സർക്കിൾ നശിച്ചതോടുകൂടി ആഗോള വ്യാപാരത്തിന്റെ ചിത്രം മാറി. ലോകത്തിന്റെ ഒരു ഭാഗം വ്യാപാരസ്വാതന്ത്ര്യം ഉള്ളവരാ യിട്ട് ഗാട്ടിനകത്ത് മുമ്പ് നിന്നുകൊണ്ടിരുന്നു. ഇപ്പോൾ അത് ഇല്ലാതായി രിക്കുന്നു. ആഗോളവ്യാപാരം ഒരൊറ്റ ലോകകമ്പോള സമ്പദ്‌വ്യവസ്ഥയാ ക്കാൻ ഇപ്പോഴേ സാധിക്കുകയുള്ളു. ആ ലക്ഷ്യപ്രാപ്തിക്കായിട്ടാണ് ഗാട്ട് മെച്ചപ്പെടുത്തിയത്.

ഗാട്ട് കരാർ പ്രാവർത്തികമാകുന്നതോടെ ഇൻഡ്യയുടേത് മാത്രമല്ല ലോകത്തിലെ എല്ലാ രാജ്യങ്ങളുടേയും ഭരണഘടനകൾ അപ്രസക്ത മാകും. ഭരണഘടനകളിൽ പറയുന്നപോലുള്ള പരമാധികാരമൊന്നും ഇനി ഒരു രാജ്യത്തിനും ലഭിക്കുകയില്ല. പരമാധികാരം നേഷൻ സ്റ്റേറ്റിൽ നിന്നും എക്കണോമിക് യൂണിറ്റുകളിലേക്ക് മാറ്റപ്പെടും. അതിനാൽ ഭരണഘടന കളൊക്കെ കടലാസിൽ കിടക്കുമെന്നല്ലാതെ അതിനകത്തെ പരമാധികാരം ആർക്കും ഉണ്ടായിരിക്കുകയില്ല. യഥാർത്ഥ അധികാരം രാഷ്ട്രാന്തരകമ്പ നികൾ പിടിച്ചടക്കും. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ സഹനസമ രത്തിലൂടെ നാം നേടിയെടുത്ത സ്വാതന്ത്ര്യം അപകടത്തിലാണ് എന്നു തന്നെ ഇപ്പറഞ്ഞതിനർത്ഥം.

മുമ്പ് നാം പറയുമായിരുന്നു, ഗവൺമെന്റുകളിലാണ് ശക്തി എന്ന്. പക്ഷേ ഏഴു വികസിത രാജ്യങ്ങളിലുള്ള പതിനേഴായിരത്തോളം ബഹു രാഷ്ട്രകുത്തകകളുടെ കൈയിലാണ് ഇന്നത്തെ ശക്തി മുഴുവനും. ഗവൺമെന്റുകളുടെ വരുമാനത്തെക്കാൾ കൂടുതലുണ്ട് ഈ പതിനേഴായിരം കമ്പനികളുടെ വരുമാനം. അവരാണ് ഇന്ന് ലോകത്തെ മുഴുവൻ കൈപ്പി

ടിയിൽ ഒതുക്കിയിരിക്കുന്നത്. വ്യാവസായിക ഉത്പാദനത്തിന്റെ 80 ശതമാനം അവരുടെ കൈകളിലാണ്. ഈ കമ്പനികൾക്കാണ് ഓരോ രാജ്യത്തെയും സർക്കാരിനേക്കാൾ കൂടുതൽ ശക്തി. ഈ കമ്പനികൾ പറയുന്നതുപോലെയുള്ള നയങ്ങളേ സർക്കാരുകൾക്ക് സ്വീകരിക്കാൻ സാധിക്കൂ. ഇവർക്ക് കൂടുതൽ ആദായം ലഭിക്കാൻ തക്കവിധമുള്ള ഒരു വ്യവസ്ഥിതിക്കാണ് നാം ഒപ്പുവെച്ചുകൊടുത്തിരിക്കുന്നത്.

മിക്ക രാജ്യങ്ങളിലെയും അധികാരസ്ഥാപനങ്ങളിലേക്ക് ലോകബാങ്ക് അവരുടെ ആളുകളെ കടത്തിവിട്ടുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ അധികാരം വെട്ടിക്കുറക്കുകയും അവ രാജ്യാന്തരകുത്തകകൾക്ക് വീതിച്ചു നൽകുകയുമാണ് അവരുടെ ലക്ഷ്യം.

160 രാഷ്ട്രങ്ങളുടേയും, ലോകം അടക്കി വാഴുവാൻ വെമ്പൽകൊള്ളുന്ന 500 രാജ്യാന്തരകുത്തകകളുടേയും പ്രതിശീർഷവരുമാനം താരതമ്യപ്പെടുത്തിയാൽ നൂറിലേറെ രാഷ്ട്രങ്ങളുടെ വരുമാനത്തേക്കാൾ കൂടുതൽവരും 500 കമ്പനികളുടെ വാർഷികവരുമാനം.

പല കൊച്ചു രാജ്യങ്ങളെയുംകാൾ കൂടുതൽ സാമ്പത്തികശേഷിയുള്ളത് ഈ കമ്പനികൾക്കാണ്. അതായത് ചെറിയ രാജ്യങ്ങൾ അധികാരമില്ലാത്തവയായിത്തീരുന്നു.

ഈ രാഷ്ട്രാന്തരകുത്തകകളിൽ നിന്ന് പ്രയോജനം സ്വീകരിക്കുന്ന ഒരു 'ശ്രേഷ്ഠ ഗ്രൂപ്പിനെ' ഓരോ രാജ്യത്തും അവർ സൃഷ്ടിക്കുന്നു. ഈ ഗ്രൂപ്പിൽ കൂടിയാണ് ഓരോ രാജ്യത്തും രാഷ്ട്രാന്തരകുത്തകകളുടെ അധികാരപ്രയോഗം നടക്കുന്നത്. ഈ ഗ്രൂപ്പിന് കൂടുതൽ ശമ്പളവും എല്ലാ വിധസൗകര്യങ്ങളും അവർ ചെയ്തുകൊടുക്കും. ഇവർ കമ്പനികളുടെ ഏജന്റുമാരായി പ്രവർത്തിച്ചുകൊണ്ടിരിക്കും.

ഇപ്പോൾ നാം ഉത്പാദിപ്പിക്കുന്നതിന്റെ സിംഹഭാഗവും പുറത്തേക്കു പൊയ്ക്കൊണ്ടിരിക്കുകയാണ്. പുറത്തുനിന്നുവരുന്ന നിക്ഷേപത്തിന്റെ മൂന്നിരട്ടി പുറത്തേക്കു പൊയ്ക്കൊണ്ടിരിക്കുന്നു. അങ്ങനെ നാം പോകുന്നത് കൂടുതൽ ദാരിദ്ര്യത്തിലേക്കും കടത്തിലേക്കുമാണ്.

ഒരു രാജ്യത്തിന് അതിന്റെ അതിർത്തിക്കകത്ത് സാമ്പത്തികമായി എന്തെങ്കിലും ചെയ്യാനുള്ള സ്വാതന്ത്ര്യം ഇനി ഉണ്ടായിരിക്കുകയില്ല. കാരണം ഗാട്ട് കരാർ സാമ്പത്തിക സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു. അവർ സാമ്പത്തിക സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നത് മുതലാളിത്ത വ്യവസ്ഥിതിക്കാണ് ഗുണം ചെയ്യുക.

ഗാട്ട്കരാർ അംഗീകരിക്കുന്നതോടെ എല്ലാ രാജ്യങ്ങളും വിപണിയുടെ ഒരേ തട്ടിൽ വരുമെന്നാണ് വികസിതരാജ്യങ്ങളുടെ പ്രചരണം. പുറമേ കുറ്റമറ്റതാണെന്നു തോന്നുമെങ്കിലും ഭീകരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന നിർദ്ദേശങ്ങളാണ് ഈ കരാറിൽ ഒളിച്ചിരിക്കുന്നത്.

ഇൻഡ്യൻ വിപണിയെ ലോകവിപണിക്ക് അടിയറവെക്കുകയാവും ഇതിന്റെ ഫലം. ഈ വിപണിവ്യവസ്ഥയിലൂന്നിയ സാമ്പത്തികക്രമമാകട്ടെ

ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുന്നതും സമ്പന്നരെ കൂടുതൽ സമ്പന്നരാക്കുന്നതുമാണ്.

ഔഷധരംഗത്ത് വൻവിലക്കയറ്റമാണ് ഗാട്ടുകരാറിലൂടെ ഉണ്ടാകാൻ പോകുന്നത്. ജീവൽപ്രധാനമായ അത്യാവശ്യ ഔഷധങ്ങൾക്കുപോലും വിദേശികളുടെ കാരുണ്യം തേടേണ്ട അവസ്ഥ നമുക്കുണ്ടാവും. പേറ്റന്റ് സംബന്ധിച്ച് ഗാട്ട് കരാറിലുള്ള വ്യവസ്ഥകളും നമ്മുടെ രാജ്യത്തിന് ദോഷകരമാണ്.

ഇൻഡ്യൻ സമ്പദ്മേഖലയുടെ നട്ടെല്ലായ കാർഷികമേഖലയെ തകർക്കുന്ന കരാറാണിത്. രാസവളങ്ങളുടേയും കീടനാശിനികളുടേയും സബ്സിഡി നിർത്തലാക്കുന്നത് ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കും.

തെറ്റായ ആസൂത്രണങ്ങളുടെ ഫലമായി ഇൻഡ്യ ഇന്നൊരു നിസഹായാവസ്ഥയിലാണ്. ഇതിൽനിന്ന് രക്ഷപെടാനുള്ള ഒരു മാർഗം ഗാന്ധിയൻ സാമ്പത്തിക വ്യവസ്ഥിതിയിലേക്കു നീങ്ങുക എന്നതാണ്. പക്ഷേ അതിനുള്ള ചങ്കൂറ്റം ഇന്നുള്ള ഒരു രാഷ്ട്രീയ പാർട്ടിക്കും നേതാവിനും ഉണ്ടെന്ന് ഞാൻ കരുതുന്നില്ല.

നാമൊരു വെട്ടിൽ ചാടിയിരിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ വി. പി. സിംഗും രാജീവ് ഗാന്ധിയും ചന്ദ്രശേഖറുമെല്ലാം ധനകാര്യം തെറ്റായ രീതിയിൽ കൈകാര്യം ചെയ്തതിന്റെ ഫലമായി നമ്മുടെ അവശിഷ്ടമിച്ചം ഇല്ലാതെയായി. കടക്കെണിയിൽ എത്തിയ ഇൻഡ്യക്ക് സ്വയം രക്ഷിക്കാൻ ലോകബാങ്കിന്റെ നിബന്ധനകൾക്ക് വഴങ്ങുകയല്ലാതെ മറ്റ് യാതൊരു നിർവാഹവും ഇല്ലായിരുന്നു. നമ്മുടെ സാമ്പത്തികസ്വാതന്ത്ര്യവും രാഷ്ട്രീയസ്വാതന്ത്ര്യവും സാമൂഹികസ്വാതന്ത്ര്യവുമെല്ലാം നമുക്ക് നഷ്ടപ്പെട്ടു. പാശ്ചാത്യരാജ്യങ്ങളുടെ ചൂഷണാധിഷ്ഠിത വ്യവസ്ഥിതിയിലേക്ക് നാംകൂടി വലിച്ചുചേർക്കപ്പെട്ടു. ഇതിൽനിന്ന് തലയൂരുക വളരെ ആയാസകരമാണ്. ആഗോളവ്യാപാര ഉടമ്പടികൾ വരുത്തുന്ന പ്രശ്നങ്ങളെക്കുറിച്ച് ഭരണകക്ഷികളും പ്രതിപക്ഷകക്ഷികളും എത്രമാത്രം മനസ്സിലാക്കിയിട്ടുണ്ടെന്ന് സംശയമുണ്ട്. ഇതിനെതിരെ ഏതാനും കത്തോലിക്കാ പുരോഹിതന്മാരല്ലാതെ, ഏതെങ്കിലും സഭ പ്രതികരിച്ചതായി അറിയില്ല. ഏതായാലും ഗൗരവമായ പഠനം ആവശ്യമാണെന്നുള്ള കാര്യത്തിൽ സംശയമില്ല.

ബഹുരാഷ്ട്രകുത്തകകൾ നിയന്ത്രിക്കുന്ന ലോകവിപണിയിലേക്ക് രാജ്യം വലിച്ചിഴയ്ക്കപ്പെടുകയാണ്. ലോകബാങ്കിനും മറ്റ് അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾക്കും മുൻതൂക്കമുള്ള ഈ വ്യവസ്ഥയിൽ നിന്ന് ഒരു രാജ്യത്തിനും രക്ഷയില്ലാത്ത സ്ഥിതിയാണ്. ഇതിനെതിരായ പോരാട്ടം അടിയന്തിരാവശ്യമാണ്. അതിന് അടിത്തറയൊരുക്കാൻ എല്ലാവിധ അടിമത്തമനോഭാവവും നാം കൈവെടിയണം. ഇന്ന് എല്ലാ രംഗത്തും ഇൻഡ്യാക്കാർ പാശ്ചാത്യ സംസ്ക്കാരത്തിന്റെ തടവുകാരാണ്. നമ്മുടെ സംസ്ക്കാരത്തിന്റെ ഉത്തമ മൂല്യങ്ങൾ പുനരുദ്ധരിച്ച് നിലവിലുള്ള അപകർഷതാ

ബോധത്തിൽ നിന്ന് മോചനം നേടി നാം സ്വയം പോരാട്ടത്തിനൊരുങ്ങണം. പുതിയൊരു സ്വാതന്ത്ര്യസമരത്തിനും വിമോചനപ്പോരാട്ടത്തിനും കാലമായിരിക്കുന്നു.

ഗാട്ട് കരാർ തിരസ്ക്കരിക്കുക എന്നൊരു സാധ്യത ഇപ്പോൾ നമുക്കു മുന്നിലില്ല. നമ്മുടെ സർക്കാർ കരാറിൽ ഒപ്പിട്ടു കഴിഞ്ഞിരിക്കുന്നു. ഈ സർക്കാരിനെ മാറ്റിയെങ്കിലേ അത് തിരസ്ക്കരിക്കാൻ നമുക്ക് സാധിക്കൂ. ഇപ്പോഴത്തെ സർക്കാർ എങ്ങനെയെങ്കിലും പാർലമെന്റിൽ ഇക്കാര്യം പാസാക്കിയെടുക്കും. നമ്മുടെ സ്വാതന്ത്ര്യം അതോടെ നമുക്ക് നഷ്ടപ്പെട്ടു പോകും.

അത് തിരികെ എടുക്കാനൊക്കുമോ, എന്ന കാര്യം നോക്കണം. ഇതിന്റെ പരിണതഫലങ്ങൾ കാണുമ്പോഴേ അങ്ങനെ ചെയ്യണമെന്ന ബോധ്യം വരൂ. 'സാരമില്ല, നമുക്ക് വലിയ നഷ്ടം ഒന്നും വരില്ല.. നമുക്ക് കുറച്ചു പേർക്കൊക്കെ ഇങ്ങനെ അങ്ങ് പോകാം' എന്നുള്ള പൊതുവായ ഒരു ചിന്തയാണ് ഇപ്പോഴുള്ളത്. ഒരു പത്തുകൊല്ലം കഴിഞ്ഞ് ഈ ഗാട്ടിന്റെ പരിണതഫലങ്ങൾ ആളുകൾക്ക് മനസ്സിലായിത്തുടങ്ങുമ്പോൾ വിപ്ലവം ഉണ്ടാകും. അതുവരെ ഇങ്ങനെയൊക്കെ പോകുകയേ ഉള്ളു.

ഇൻഡ്യക്ക് ഇന്ന് സംഭവിച്ചിരിക്കുന്ന അടിസ്ഥാനപരമായ പ്രശ്നം മൗലികമായി ചിന്തിക്കുന്ന മനുഷ്യർ ഇല്ലാത്തതാണ്. നമ്മുടെ നാട്ടിൽ പാശ്ചാത്യരെപ്പോലെ ചിന്തിക്കുന്ന മനുഷ്യരാണ് അധികവും. പാശ്ചാത്യരുടെ ആസൂത്രിതമായ കരുനീക്കങ്ങളുടെ ഫലമാണ് ഇത്. അവരെപ്പോലെ ചിന്തിക്കാൻ മാത്രം കഴിയുന്ന ഒരു പറ്റം മനുഷ്യരെ സൃഷ്ടിച്ചുവിടുന്ന ഫാക്ടറികളായി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അധഃപതിച്ചിരിക്കുന്നു. ഇവിടെയാണ് ആദ്യം മാറ്റമുണ്ടാകേണ്ടത്.

പാശ്ചാത്യർ നൽകിയ വികസനം (ഡെവലപ്മെന്റ്) എന്ന മുദ്രാവാക്യത്തിന്റെ കെണിയിൽ മൂന്നാംലോക രാഷ്ട്രങ്ങൾ വീണുപോയിരിക്കുന്നു. ഈ വ്യവസ്ഥിതിയിൽ കുടുങ്ങിയിരിക്കുന്ന ഇൻഡ്യയെ സ്വതന്ത്രമാക്കുക എന്നതാണ് ഇന്ന് ഇൻഡ്യൻ സമൂഹത്തിന്റെ ഒന്നാമത്തെ ചുമതല.

സ്വാതന്ത്ര്യസമരം പോലുള്ള ഒരു വലിയ സമരം മൂലം മാത്രമേ ഇന്ന് നമ്മെ പിടിച്ചടക്കിയിരിക്കുന്ന സാമ്പത്തിക വ്യവസ്ഥിതിയിൽ നിന്ന് നമുക്ക് രക്ഷപ്രാപിക്കാൻ സാധിക്കുകയുള്ളു. കാരണം ആ സാമ്പത്തിക വ്യവസ്ഥിതിക്കു പിന്നിൽ ലോകബാങ്കുണ്ട്; അന്താരാഷ്ട്ര നാണ്യനിധിയുണ്ട്. മാത്രമല്ല, ഇതിന്റെ പ്രയോജനം കിട്ടുന്ന കമ്പനികളെ സംരക്ഷിക്കാൻ വേണ്ടിയാണ് ലോകത്തിലെ മുഖ്യ പങ്ക് സൈനികശേഷിയും ഉപയോഗിക്കപ്പെടുന്നത്. ഇന്ന് സൈനിക ശക്തികളുടെ ഉദ്ദേശ്യം ഈ കമ്പനികളെ സംരക്ഷിക്കുക എന്നതാണ്.

എല്ലാ മാധ്യമങ്ങളെയും ഈ ശക്തികൾ പിടിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. പത്രത്തിൽക്കൂടിയും റേഡിയോയിൽക്കൂടിയും ടെലിവിഷനിൽ കൂടിയും സത്യമറിയാൻ വയ്യാത്ത സ്ഥിതിയാണിന്ന്. ഈ കമ്പനികളുടെ താത്പര്യമനുസരിച്ച് എഴുതിയുണ്ടാക്കുന്ന സത്യമാണ് നമുക്ക് കിട്ടുന്നത്.

ഇപ്പോൾ നാം വലിയൊരു ബന്ധനത്തിൽ കിടക്കുകയാണ്. മോചനം ഉണ്ടാകണമെങ്കിൽ ഈ അവസ്ഥയെപ്പറ്റി നാം ബോധവാന്മാരാകുകയും സ്വാതന്ത്ര്യസമരം നടന്നതുപോലെ, ആഗോളവ്യാപകമായ ഒരു സാമ്പത്തികവിമോചനസമരം നടത്തുകയും വേണം. എന്നിട്ട് കുറെക്കൂടി ജനാധിപത്യപരമായ ഒരു ലോകസാമ്പത്തിക വ്യവസ്ഥിതിക്ക് രൂപം നൽകണം.

നാം സമരം ചെയ്യേണ്ടത് അമേരിക്കയ്ക്ക് എതിരായിട്ടോ ജർമ്മനിക്ക് എതിരായിട്ടോ അല്ല. മുമ്പു പറഞ്ഞ പതിനേഴായിരം കമ്പനികൾക്കെതിരായിട്ടാണ്. ഈ കമ്പനികളുടെ നിയന്ത്രണത്തിൽ നിന്ന് ദേശീയോത്പാദനത്തെ വിമോചിപ്പിക്കുക എന്നുള്ളതാണ് ഭാവിയെ സംബന്ധിച്ച് ഞാൻ കാണുന്ന ഏകമാർഗം. അതിനുവേണ്ടി ഒരു സഹനസമരത്തിനുള്ള സമയമായി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഇതേപ്പറ്റി യാതൊരു ചിന്തയുമില്ല. ജനങ്ങൾ സ്വയം ബോധവാന്മാരായി പരസ്പരം സംഘടിപ്പിച്ച് ഒരു വിമോചന സമരത്തിലേക്ക് ഇറങ്ങാനുള്ള സമയം വന്നിരിക്കുന്നു.

എന്റെ അഭിപ്രായത്തിൽ കാര്യങ്ങൾ മാറ്റാനുള്ള കഴിവുള്ളത് ജനശക്തിക്കാണ്. ജനശക്തിയെ ബോധവത്ക്കരിക്കുക എന്നുള്ളതാണ് അല്പമെങ്കിലും വിവരമുള്ളവർക്ക് ചെയ്യാവുന്ന ഒരു പ്രധാനകാര്യം.

ആ ജനശക്തി സംഘടിതമായി ശക്തമായി പ്രവർത്തിക്കുന്ന സമയത്ത് സാമൂഹിക പരിവർത്തനങ്ങൾ ഉണ്ടാകും. ജനശക്തിയിലാണെനിക്ക് പ്രത്യാശയുള്ളത്.

രാഷ്ട്രീയ പാർട്ടികൾക്കൊന്നും ഇപ്പോൾ ജനങ്ങളുടെ പൊതുതാത്പര്യങ്ങളെ സംരക്ഷിക്കാനുള്ള വ്യഗ്രത കാണുന്നില്ല. അവരവരുടെ പാർട്ടിയുടെ താല്പര്യത്തെ സംരക്ഷിക്കാനുള്ള താല്പര്യം മാത്രമേ അവർക്കുള്ളു. രാഷ്ട്രീയമില്ലാത്ത പാർട്ടികളാണ് വല്ലതുമൊക്കെ ആത്മാർത്ഥമായി ചെയ്യുന്നത്. ജനതാല്പര്യം സംരക്ഷിക്കുന്ന രാഷ്ട്രീയേതരപാർട്ടികൾ ഉണ്ടായി വന്ന് അവരിനിയും ഒരു രാഷ്ട്രീയ ശക്തിയായി വരണം.

ജനങ്ങൾക്ക് നന്മയായിട്ടുള്ളത് എന്താണ് എന്ന് ജനങ്ങളെ പറഞ്ഞു മനസ്സിലാക്കി, അവരെ അത് നേടിയെടുക്കുന്നതിനുള്ള ഇച്ഛാശക്തിയുള്ളവരാക്കിത്തീർക്കുകയാണ് കാര്യവിവരമുള്ളവർ ചെയ്യേണ്ടത്. അതിനാവശ്യമായ ബോധവത്ക്കരണത്തിന് ഇനിയും വൈകിക്കൂടാ.

ദൈവം എല്ലാ കാര്യങ്ങളിലും അവസാനം നീതി ഉണ്ടാക്കും. കുറച്ചു നാളത്തേക്ക് അനീതിക്ക് വിജയം കിട്ടുമെങ്കിലും അത് എന്നും നിലനിൽക്കുകയില്ല. അനീതി തോൽക്കണം. നീതി വിജയിക്കണം. അതിനുവേണ്ടി ജനങ്ങൾ സഹകരിച്ച് പ്രവർത്തിക്കണം. അന്തിമവിജയം നീതിയുടെ പക്ഷത്തിനായിരിക്കും.

*(കോട്ടയം സോഫിയാ സെന്ററിൽ ചെയ്ത പ്രഭാഷണത്തിന്റെ സംക്ഷിപ്തരൂപം. 1994 ജൂൺ 16.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*

# 16

# മനസ്സിനും ശരീരത്തിനും ആശ്വാസം കിട്ടണം

നമ്മുടെ നാട്ടിൽ അലോപ്പതിയെന്നു പറയുന്ന പാശ്ചാത്യ വൈദ്യശാസ്ത്രത്തെക്കുറിച്ച് അടുത്ത രണ്ടു ദശകങ്ങളിലായി പല ചോദ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. യഥാർത്ഥത്തിൽ അലോപ്പതി എന്നൊരു വാക്ക് പാശ്ചാത്യർ ഉപയോഗിക്കുന്നില്ല. അവരുടെ വാക്ക് മെഡിക്കൽ സയൻസ് എന്നാണ്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം നമ്മുടെ ഗവൺമെന്റ് തന്നെ നാലു പ്രധാന വൈദ്യസമ്പ്രദായങ്ങൾക്ക് ഔദ്യോഗിക അംഗീകാരം നൽകിയിട്ടുണ്ട്. ആയൂർവേദ - സിദ്ധവൈദ്യ - ഹോമിയോപ്പതി - യുനാനി എന്നിവ.

പാശ്ചാത്യ ചികിത്സാസമ്പ്രദായങ്ങളെപ്പറ്റിയുള്ള വിമർശനങ്ങളിൽ ചിലതു താഴെചേർക്കുന്നു. അതിന്റെ ചെലവു വളരെ കൂടുതലാണ്. അതു പലരുടെയും സാമ്പത്തികശേഷിക്ക് അപ്പുറമാണ്. ഇവിടെ മാത്രമല്ല, പാശ്ചാത്യ രാജ്യങ്ങളിലും സ്ഥിതി ഇതുതന്നെ. ഡോക്ടർമാരുടെ അനാസ്ഥയോ അറിവില്ലായ്മയോ കാരണവും ആശുപത്രിയിലെ ക്രമക്കേടു മൂലവും രോഗങ്ങളുടെ സംഖ്യ വർദ്ധിച്ചുവരികയാണ്.

കെമിക്കൽ ഔഷധങ്ങളുടെ വർധനമൂലം മനുഷ്യശരീരത്തിൽ വളരെയധികം പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. അതോടു ചേർന്നു പോകുന്നതാണു രാസവളങ്ങളും കീടനാശിനികളും മൂലവും മനുഷ്യശരീരത്തിലേക്കു വന്നുകൊണ്ടിരിക്കുന്ന രാസദ്രവ്യങ്ങളുടെ വർദ്ധന. ഇതു മനുഷ്യമനസിനെത്തന്നെ സ്വാധീനിക്കാൻ ശക്തിയുള്ളതാണ്.

എല്ലാ രോഗത്തിനും ആന്റിബയോട്ടിക്സ് നിർണ്ണയിച്ചു നിർണ്ണയിച്ചു, ഇപ്പോൾ ആന്റിബയോട്ടിക്സിനോട് പ്രതിരോധശക്തിയില്ലാത്ത രോഗങ്ങളുടെ സംഖ്യയും വർദ്ധിച്ചുവരികയാണ്. 1992-ൽ അമേരിക്കയിൽ 13,300 പേർ ആന്റിബയോട്ടിക്സിനെ ചെറുക്കുന്ന രോഗങ്ങൾ മൂലം മരിച്ചു. ഇപ്പോൾ ആന്റിബയോട്ടിക്സ് ഫലിക്കാത്ത മലേറിയ, ക്ഷയം എന്നിവ വർദ്ധിച്ചുവരുന്നു. എയിഡ്സ് പോലെതന്നെ ഭീതിജനകമായ ഒരവസ്ഥയാണിത്.

രോഗനിവാരണത്തിന്റെ ഒരു പ്രാഥമിക ഉപാധിയായിരുന്നു രോഗിയും ഡോക്ടറും തമ്മിലുള്ള മാനുഷിക ബന്ധം. ഇന്നതു ബലഹീനമായിക്കൊണ്ടിരിക്കുന്നു. ഒരു രോഗി വന്നാൽ ഉടനെ കുറേ ടെസ്റ്റുകൾ ഭരമേൽപ്പിക്കുന്നു. ഡോക്ടർ രോഗിയോട് സംസാരിക്കുന്നില്ല. അതാണ് അവസ്ഥ. അത് രോഗം വർദ്ധിപ്പിക്കുന്നു.

പാശ്ചാത്യ രാജ്യങ്ങളിൽ ചിലരുടെ ഭാവനയിൽ അടുത്തകാലത്തുണ്ടാകാവുന്ന ഒരു പ്രത്യേക സ്ഥിതിവിശേഷം, ഒരു മാതിരി രോഗങ്ങൾ

ക്കൊക്കെ ചികിത്സ വിധിക്കാൻ ഒരു കേന്ദ്രിത കമ്പ്യൂട്ടറിനു കഴിയുന്ന അവസ്ഥയാണ്. ഏതു രോഗിയായാലും അയാളുടെ രോഗവിവരങ്ങൾ സ്വന്തം കമ്പ്യൂട്ടർ വഴി കേന്ദ്രിത കമ്പ്യൂട്ടറിലേയ്ക്ക് അറിയിച്ചാൽ അവിടെനിന്നും ചികിത്സ പറയും; ഡോക്ടറെ കാണേണ്ട. രോഗനിർണ്ണയവും ചികിത്സയും കൂടുതൽ കൂടുതലായി യന്ത്രങ്ങളെ ആശ്രയിച്ചാണ് ഇപ്പോൾ മുമ്പോട്ടുപോകുന്നത്.

ഓരോ രോഗിക്കും ആവശ്യത്തിൽ കൂടുതൽ ടെസ്റ്റുകൾ ഡോക്ടർമാർ വിധിക്കാറുണ്ട്. കാരണം ഏതെങ്കിലും ഒരു ടെസ്റ്റ് ചെയ്യാതിരുന്നതുമൂലം രോഗി അപായത്തിലായാൽ അതിനു നഷ്ടപരിഹാരം ഡോക്ടർ കൊടുക്കണമെന്നാണു നിയമം. അതിന്റെ പരിണതഫലമെന്താണ്? ഒരാവശ്യവും ഇല്ലാത്ത അനേകം ടെസ്റ്റുകൾ വിധിച്ച് രോഗിയുടെ ധനശക്തിക്ക് അപ്പുറമായ ഭാരം അയാളുടെമേൽ ഏൽപ്പിക്കുന്നു. ധനശക്തിക്കും ശാരീരിക കഴിവിനും അപ്പുറമായ ഭാരം ഇതുമൂലം ഉണ്ടാകുന്നു.

പത്തൊൻപതാം ശതാബ്ദത്തിൽ മനുഷ്യന്റെ ശരീരം തന്നെ ഒരു യന്ത്രമാണെന്നുള്ള അടിസ്ഥാനത്തിൽ ഉയർന്നുവന്നതാണ് പാശ്ചാത്യ വൈദ്യശാസ്ത്രം. ശരീരത്തിന്റെ ചികിത്സയ്ക്ക് ഒരു വൈദ്യസമ്പ്രദായത്തെയും മാനസികരോഗ ചികിത്സയ്ക്ക് മറ്റൊരു വൈദ്യസമ്പ്രദായത്തെയും ആവിഷ്ക്കരിച്ചു.

അടിസ്ഥാനപരമായി ചോദ്യം ചെയ്യാവുന്ന തത്വസംഹിതയിന്മേലാണു പാശ്ചാത്യ വൈദ്യശാസ്ത്രം വളർന്നുയർന്നിട്ടുള്ളത്. മനുഷ്യൻ എന്ന പ്രതിഭാസത്തെപ്പറ്റി പാശ്ചാത്യ വൈദ്യശാസ്ത്രത്തിനുള്ള വിലയിരുത്തൽ വളരെ വികലവും വഴിതെറ്റിയതുമാണെന്നു ബോധ്യമായിത്തുടങ്ങിയിട്ടുണ്ട്.

ചൈനീസ് വൈദ്യം അക്യുപങ്ചർ, അക്യുപ്രഷർ, ടിബറ്റൻ വൈദ്യശാസ്ത്രം, സൈബീരിയൻ വൈദ്യശാസ്ത്രം, യോഗവൈദ്യശാസ്ത്രം എന്നിങ്ങനെ ഏതാണ്ട് അറുപതോളം പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങൾ ലോകജനത ഇന്ന് ഉപയോഗിക്കുന്നു.

അലോപ്പതി വൈദ്യന്മാർക്ക് മറ്റു വൈദ്യന്മാരെ ഏറെക്കുറെ പുച്ഛമാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് നാലര ലക്ഷം അലോപ്പതി ഡോക്ടർമാരാണ്. സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ എന്ന സർക്കാർ സംഘടനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് അഞ്ചര ലക്ഷം പരമ്പരാഗത ചികിത്സകന്മാരാണ്. ഈ രണ്ടു സംഘടനകളും കൂടി ഒന്നാകണമെന്ന് ആരെങ്കിലും പറഞ്ഞാൽ ഉടനെ അലോപ്പതി ഡോക്ടർമാരാണ് എതിർക്കുന്നത്.

പരമാർത്ഥത്തിൽ അലോപ്പതി ഡോക്ടർമാരോളം നല്ല പരിശീലനം ലഭിച്ചിട്ടുള്ള പരമ്പരാഗത ചികിത്സകന്മാർ വളരെക്കുറച്ചേയുള്ളു. ആയുർവേദത്തിന്റെയും ഹോമിയോപ്പതിയുടെയും സിദ്ധവൈദ്യത്തിന്റെയും യുനാനിയുടെയും പരിശീലന വ്യവസ്ഥകൾ കുറേക്കൂടി ഉയർന്ന നിലവാരത്തിലാക്കണമെന്നു പറയാൻ തുടങ്ങിയിട്ടു വർഷം ഏറെയായി.

അലോപ്പതി ഡോക്ടർമാരെ പരിശീലിപ്പിക്കുന്ന മെഡിക്കൽ കോളജു

കളിൽ പരമ്പരാഗത ചികിത്സാസമ്പ്രദായങ്ങൾ കൂടി ഉൾപ്പെടുത്തി എല്ലാ ഡോക്ടർമാർക്കും മറ്റു ചികിത്സാരീതികൾ കൂടി അറിയാവുന്ന ഒരു വ്യവസ്ഥിതിയിലേക്കാണു നാം നീങ്ങേണ്ടിയിരിക്കുന്നത്.

അതിനു മുമ്പുതന്നെ നമുക്കു ചെയ്യാവുന്ന ഒന്നുരണ്ടു കാര്യങ്ങളുണ്ട്. ഒന്നാമത്, നിലവിലുള്ള അലോപ്പതി ആശുപത്രികളിൽ ആയുർവേദവും ഹോമിയോപ്പതിയും കൂടി ഉൾപ്പെടുത്തിയാൽ വളരെ പ്രയോജനം ഉണ്ടാകും. അതോടുകൂടെത്തന്നെ യുനാനി, സിദ്ധവൈദ്യം, അക്യുപങ്ചർ, യോഗചികിത്സ എന്നിവ കൂടി ഉൾപ്പെടുത്താമെങ്കിൽ ഏറെ നന്ന്.

ആശുപത്രിയിൽ വരുന്ന എല്ലാ രോഗികളെയും പാശ്ചാത്യരീതിയിൽത്തന്നെ ചികിത്സിച്ചുകൊള്ളണമെന്ന് എന്തിനാണ് നിർബന്ധിക്കുന്നത്? ഒരു ചെറിയ കുട്ടിയുടെ പ്രശ്നം ഹോമിയോകൊണ്ടു തീരാവുന്നതേയുള്ളു. അല്ലെങ്കിൽ ഒരു വാതരോഗിയുടെ പ്രശ്നത്തിന് ആയുർവേദമായിരിക്കും കൂടുതൽ ഉപയുക്തം. ഓരോ രോഗിക്കും അയാൾക്ക് ഉതകുന്ന ചികിത്സാരീതി നിർണയിക്കാൻ സാധിക്കുന്ന ബഹുമുഖ ചികിത്സാരീതിയുള്ള ആശുപത്രി നമ്മുടെ നാട്ടിൽ ഉണ്ടാകണം.

ഇന്നു പാശ്ചാത്യ ചികിത്സാരീതിക്ക് എത്താൻ സാധിക്കാത്ത പല മണ്ഡലങ്ങളിലും പ്രയോജനം ചെയ്യാൻ ബഹുവിധ ചികിത്സാരീതികൾ ഉള്ള ഒരു ആശുപത്രിക്കു കഴിയും.

ഇന്നത്തെ ആശുപത്രികൾ ഓരോ രോഗിയെയും ഒരു കെട്ടിടത്തിനകത്ത് അടച്ചു പൂട്ടുന്നതിനു പകരം കുറേക്കൂടി പ്രകൃതി സൗന്ദര്യം ഉള്ള പശ്ചാത്തലത്തിൽ കുറേ ദിവസം കഴിച്ചുകൂട്ടാൻ അനുവദിച്ചാൽ രോഗം വേഗം സൗഖ്യമാകും. ഇന്നത്തെ ആശുപത്രികൾ ഒരുവിധത്തിൽ പറഞ്ഞാൽ ജയിൽകെട്ടിടങ്ങളാണ്. രോഗികൾക്കു കലകളും പ്രകൃതിസൗന്ദര്യവും ആസ്വദിക്കാനുള്ള ഒരവസരവും അവിടെ കിട്ടുന്നില്ല. രോഗിയുടെ ആശുപത്രി ജീവിതം ഒരുവിധം നരകമാണ്. കുറേക്കൂടി മനസിനും ആത്മാവിനും ഉത്തേജനം നൽകുന്ന ജീവിതസാഹചര്യങ്ങളാണ് ആശുപത്രിയിൽ ഉണ്ടാകേണ്ടത്.

ഒഴുകുന്ന വെള്ളവും വളരുന്ന മരങ്ങളും പച്ചപിടിച്ച പുൽത്തകിടികളും കണ്ണിനാശ്വാസം തരുന്ന തോട്ടങ്ങളും ഒക്കെയായിരിക്കും രോഗിക്കു കുറേക്കൂടി പ്രയോജനം നൽകുക.

രോഗികൾ തമ്മിലും ഇന്നു സമ്പർക്കമില്ല. അവർ തമ്മിലുള്ള സഹകരണവും സഹവർത്തിത്വവും വർധിക്കുമ്പോൾ മനസിന് ആശ്വാസം ഉണ്ടായി രോഗശാന്തിക്കു വേഗത വർധിക്കും.

മനസിനും ശരീരത്തിനും ആത്മാവിനും ഒരുപോലെ ആശ്വാസം നൽകുന്ന പുതിയ ചികിത്സാപരിസരങ്ങളെ നമുക്കു വിഭാവനം ചെയ്യാൻ കഴിയണം. വിവിധ രീതിയിലുള്ള ചികിത്സാക്രമങ്ങളും ലഭ്യമാക്കണം.

പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും അന്തരീക്ഷം ഈ ചികിത്സാസ്ഥലങ്ങളിൽ ഉണ്ടായിരിക്കണം. എല്ലാവർക്കും ആരോഗ്യം സംസിദ്ധമാകാൻ ഇങ്ങനെയൊക്കെയുള്ള സമീപനമാണ് ആവശ്യമായിട്ടുള്ളത്.

പാശ്ചാത്യ ചികിത്സാരീതികളെ അപ്പാടെ തള്ളിക്കളയണമെന്നല്ല വാദം. അതോടൊപ്പം പരമ്പരാഗത ചികിത്സാരീതികളുംകൂടി വളർന്നു വരണമെന്നാണ് അർത്ഥമാക്കുന്നത്. ആശുപത്രികൾ അരോഗതയുടെയും ആശ്വാസത്തിന്റെയും കേന്ദ്രങ്ങളായി മാറണമെന്നു മാത്രം.

*(കോട്ടയം സോഫിയാ സെന്ററിൽ ചെയ്ത പ്രഭാഷണത്തിന്റെ സംക്ഷിപ്തരൂപം. 1994 ജൂലൈ 7.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*





# 17
# കുട്ടികളുടെ അവകാശങ്ങൾ

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ഈ സെമിനാറിൽ സംബന്ധിക്കുന്നത് ഒരു വലിയ ഭാഗ്യമായിട്ട് ഞാൻ കരുതുന്നു. അതിന്റെ ഉദ്ഘാടനം നിർവഹിക്കുവാൻ എനിക്ക് അർഹതയുണ്ടോ എന്ന് വളരെ സംശയമുണ്ട്. ...... എന്നാലും കുട്ടികളുടെ ഒരു വലിയ സ്നേഹിതനാണ് ഞാൻ. കുട്ടികളെ ആത്മാർത്ഥമായി സ്നേഹിക്കുകയും അവരെപ്പറ്റി കരുതുകയും ചിന്തിക്കുകയും ചെയ്തുകൊണ്ടിരുന്ന പ്രമുഖനായ ഒരു മനുഷ്യവ്യക്തി എന്ന നിലയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന് എന്റെ ആദരാഞ്ജലികൾ ഈ സമയത്ത് ഞാൻ സവിനയം അർപ്പിക്കുന്നു.

'കുട്ടികളുടെ അവകാശങ്ങൾ' എന്ന വിഷയം ഈ അടുത്ത കാലത്താണ് വ്യക്തമായി പൊട്ടിവന്നിട്ടുള്ളത്. മനുഷ്യന്റെ മൗലിക അവകാശങ്ങളെപ്പറ്റി ചിന്തിക്കുന്ന കൂട്ടത്തിൽ കുട്ടികളുടെ അവകാശങ്ങളെപ്പറ്റി കൂടി ചിന്തിക്കേണ്ടത് ആവശ്യമാണെന്ന ഒരു കാഴ്ചപ്പാട് ഈ അടുത്ത കാലത്താണ് നമുക്ക് ഉണ്ടായിട്ടുള്ളത്. അതിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. എങ്കിലും അതിനകത്ത് ഒരു പ്രശ്നം ഉള്ളത് മാത്രം ഞാൻ പറയാം. അവകാശങ്ങൾ എന്നു പറയുന്നത് കോടതിയിൽ പോയി നേടിയെടുക്കാൻ സാധിക്കുന്ന അവകാശങ്ങളാണ്. കുട്ടികളുടെ അവകാശങ്ങൾ കോടതിയിൽ പോയി നേടിയെടുക്കണമെങ്കിൽ കുട്ടികൾക്ക്, നേരെ കോടതിയിൽ പോകുവാനുള്ള കഴിവില്ല. അവർക്കുവേണ്ടി അവരുടെ അവകാശങ്ങളെ സംരക്ഷിക്കുവാൻ വേണ്ടി വാദിക്കുകയും കോടതിയിൽ പോവുകയും ചെയ്തെങ്കിൽ മാത്രമേ അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയുള്ളു. നിയമങ്ങൾ കൊണ്ടു മാത്രം തീരുന്ന ഒരു കാര്യമല്ല കുട്ടികളുടെ അവകാശങ്ങൾ. കുട്ടികളുടെ മൗലികമായ മനുഷ്യത്വത്തെ ധ്വംസിക്കുന്ന പല പ്രക്രിയകളും ഇന്നത്തെ സമൂഹത്തിൽ നടക്കുന്നുണ്ട്. ഒന്നാമത് ബാലവേല. കുട്ടികളെക്കൊണ്ട് പണിയെടുപ്പിച്ച് മറ്റുള്ളവർ പണമുണ്ടാക്കുന്നു. ഇത് ഭാരതത്തിൽ പൊതുവെ ഉള്ളതാണ്. കേരളത്തിൽ പ്രത്യേകിച്ചും ഉണ്ട്. കന്യാകുമാരി പോലുള്ള ജില്ലകളിലും മറ്റു പല സ്ഥലങ്ങളിലും ബാലന്മാരെയും ബാലികമാരെയും എട്ടും പത്തും മണിക്കൂർ വീതം ജോലി ചെയ്യിച്ച് അതുകൊണ്ട് മുതലെടുക്കുന്ന ഒരു സമ്പ്രദായം നിലനിൽക്കുന്നു. നമ്മുടെ കേരളത്തിലുമുണ്ടിത്. വടക്കേയിന്ത്യയിലും ധാരാളമുണ്ട്.

ഞാൻ ഡൽഹിയിൽ പോയപ്പോൾ ആദ്യം കണ്ട ഒരു കാര്യം ഇതായിരുന്നു. അവിടെ റോഡുപണിക്കായി കല്ലുപൊട്ടിക്കുവാൻ വേണ്ടി രാജസ്ഥാനിൽ നിന്ന് കുറെ പാവപ്പെട്ട ആളുകളെ റോഡ് കോൺട്രാക്ടർമാർ ഇറക്കുമതി ചെയ്ത് താമസിപ്പിച്ചിട്ടുണ്ട്. പതിനായിരക്കണക്കിന് ആളുകളുണ്ട്. ഒരിയ്ക്കൽ അവരുടെ കുഞ്ഞുങ്ങളെ കാണാൻ ഞാൻ പോയപ്പോൾ ആ കുഞ്ഞുങ്ങളുമൊക്കെ ജോലി ചെയ്യുകയാണ്. രാവിലെ മുതൽ വൈകു

ന്നേരം വരെ ജോലി ചെയ്താൽ അന്ന് രണ്ടു രൂപായൊന്നും കുട്ടികൾക്ക് കിട്ടുകയില്ല. അതിൽ താഴെയേ കിട്ടുകയുള്ളു. പക്ഷേ ആ രൂപാ കൂടി കിട്ടാൻവേണ്ടി മാതാപിതാക്കൾ കുട്ടികളെ ഈ കല്ല് പൊട്ടിക്കുവാൻ വേണ്ടി പറഞ്ഞയയ്ക്കുകയാണ്. “ഞാനൊരു സ്കൂളുണ്ടാക്കിത്തരാം, സ്കൂളിലേക്ക് കുട്ടികളെ അയയ്ക്കാമോ?” എന്നു ചോദിച്ചപ്പോൾ “അതെങ്ങനെയാ കുട്ടികളെ അയയ്ക്കുന്നത്? കുട്ടികളെ സ്കൂളിൽ അയച്ചാൽ അവർ ഉണ്ടാക്കുന്ന പണം ഞങ്ങൾക്ക് കിട്ടുകയില്ലല്ലോ” എന്നാണ് മാതാപിതാക്കൾ പറയുന്നത്. കുറച്ചുസമയം അവരുമായിട്ട് സംസാരിച്ചതിന്റെ ഫലമായിട്ട് അവർക്ക് തന്നെ ചില പ്രശ്നങ്ങളുണ്ടെന്ന് മനസ്സിലായി. തുടർച്ചയായി കല്ലു പൊട്ടിക്കുന്ന ജോലി ചെയ്യുന്നതുമൂലം, കല്ലിൽ നിന്നും വമിക്കുന്ന വിഷങ്ങൾ അവരുടെ മൂക്കിൽ കയറി മാതാപിതാക്കന്മാരിൽ പലർക്കും റ്റി. ബി. പിടിച്ചിരിക്കുകയാണ്. അതുകൊണ്ട് അവരെക്കൂടി ചികിത്സിക്കാതെ കുട്ടികളെ നോക്കുവാൻ സാധിക്കുകയില്ല എന്നു വരുകയും, അവസാനം അവരുടെ സമ്മതത്തോടുകൂടി രണ്ടു ബാലവാടികൾ തുടങ്ങുകയും, ആ ബാലവാടികളിൽ ഈ കുഞ്ഞുങ്ങളെ കഴുകി വെടിപ്പാക്കി, അവരുടെ ലംഗ്സിനകത്തുള്ള പൊടിയുമൊക്കെ എടുത്തുകളഞ്ഞ്, ചിലർക്കൊക്കെ റ്റി. ബി. യുടെ ആരംഭം ഉണ്ടായിരുന്നതു പോലും ചികിത്സിച്ച് മാറ്റി അവരെ ഒരു വിധത്തിൽ ആക്കിയെടുത്തു എന്നുള്ളത് ഞാൻ സ്വന്തമായിട്ട് അവിടെ ചെയ്തിട്ടുള്ള ഒരു പരിശ്രമമാണ്.

അതിൽനിന്ന് എനിക്ക് മനസ്സിലായിട്ടുള്ള ഒരു കാര്യം, കുട്ടികളുടെ അവകാശങ്ങൾ എന്നുപറയുന്നത് കുട്ടികളോടുള്ള പരിഗണനയിൽ മാതാപിക്കൾക്കു തന്നെ ഉണ്ടാകേണ്ടുന്ന ചില പരിവർത്തനങ്ങളാണ്. കുട്ടികൾ എന്നു പറയുന്നത് നമ്മുടെ സ്വത്താണ്, അത് നമ്മുടെ ആവശ്യം പോലെ ഉപയോഗിക്കാം, അവരെക്കൊണ്ട് മുതലെടുക്കാം എന്നൊരു വിചാരം മാതാപിതാക്കൾക്ക് പോലും ഉള്ളതായിട്ടാണ് അവിടെ കണ്ടത്.

അപ്പോൾ കുട്ടികളുടെ അവകാശങ്ങൾ എന്നുള്ളതിൽ പ്രധാനമായി ഞാൻ കാണുന്നത് കുട്ടികളോടുള്ള മനുഷ്യരുടെ മനോഭാവമാണ്. അവരെ വെറും നിസഹായരും സ്വന്തമായി ചിന്തിക്കാൻ കഴിവില്ലാത്തവരുമായി കണ്ടുകൊണ്ട് അവരെ ഇഷ്ടംപോലെ ഉപയോഗിക്കാം എന്നൊരു ചിന്ത പ്രായമുള്ളവർക്കു വരുമ്പോഴാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. അത് നിയമങ്ങൾ കൊണ്ട് കുറെയൊക്കെ പരിഹരിക്കാനൊക്കും. കുട്ടികൾ പത്ത് പതിനാലു വയസുവരെ ജോലി ചെയ്യുവാൻ പാടില്ല എന്നൊരു നിയമം ഉണ്ടാക്കാം. എന്നാൽ അതൊന്ന് നടപ്പാക്കുവാൻ നമ്മുടെ രാജ്യത്ത് സാധിക്കുന്നില്ല.

ഫാക്ടറിയിലായാലും, കല്ല് പൊട്ടിക്കുന്നിടത്തായാലും, കശുവണ്ടി ഫാക്ടറിയിലായാലും, നമ്മുടെ കുട്ടികളെ നമ്മൾ നിർദയമായി ജോലി ചെയ്യിച്ച് അതുകൊണ്ട് മറ്റുള്ളവർ പ്രയോജനം സിദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത്; കുട്ടികളുടെ അവകാശങ്ങൾ എന്നതു പോലെ തന്നെ പ്രധാനമാണ് കുട്ടികളോടുള്ള സമൂഹത്തിന്റെ മനോഭാവം. ഇതാണ് എനിക്ക് ആദ്യമായിട്ട് പറയുവാനുള്ളത്. കുട്ടികൾ മനുഷ്യവ്യക്തികളാണ്. അവ

രെയും ഈശ്വരരൂപത്തിലാണ് നാം കാണേണ്ടത്. സാധാരണ എല്ലാ മനുഷ്യരെയും ബഹുമാനിക്കുന്നതുപോലെ അവരെയും ബഹുമാനിക്കണം. മനുഷ്യന്റെ അന്തസ്സ് എന്നു പറയുന്നത് കുട്ടിക്കും ഉണ്ട്. അത് എടുത്തു കളയുവാൻ സാധ്യമല്ല എന്ന ഒരു കാര്യം ആദ്യമായിട്ട് ഞാനൊന്ന് പറയട്ടെ.

രണ്ടാമത്, കുട്ടികളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ പ്രധാനമായ ഒരു പ്രശ്നം അവരുടെ ആരോഗ്യമാണ്. ഭാരതത്തിൽ കുട്ടികളുടെ ആരോഗ്യത്തെ വേണ്ടവിധം സംരക്ഷിക്കാത്തതു മൂലം അനേകായിരം ശിശുക്കൾ പ്രായമാകുന്നതിനു മുമ്പു തന്നെ മരിച്ചുപോകുന്നതായിട്ട് കണക്കുകളിൽ കാണുന്നുണ്ട്. കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് മുൻകൈയെടുത്ത് പലതും ചെയ്തിട്ടുണ്ട്. എങ്കിലും കുട്ടികളോടുള്ള സമീപനത്തിൽ അവരെ വേണ്ടവിധം നോക്കുക, അവരുടെ ആരോഗ്യം സംരക്ഷിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ മാത്രം ചുമതലയല്ല; മാതാപിതാക്കന്മാരുടെ കൂടെ ചുമതലയാണ്. മാതാപിതാക്കന്മാർ അക്കാര്യത്തിൽ ശുഷ്കാന്തിയായി പ്രവർത്തിച്ചില്ലെങ്കിൽ വലിയ കുഴപ്പമുണ്ടാകും. അതോട് അനുബന്ധിച്ച് പറയാനുള്ളത്, വടക്കേയിന്ത്യയിൽ പെൺകുട്ടികളോട് പ്രത്യേകിച്ചും വിവേചനപരമായിട്ടാണ് പെരുമാറുന്നത് (കേരളത്തിൽ എത്രമാത്രമുണ്ടെന്ന് എനിക്ക് അറിഞ്ഞു കൂടാ). പെൺകുട്ടികൾ അങ്ങ് മരിച്ചുപോയാലും നഷ്ടമൊന്നുമില്ല; ആൺകുട്ടികളാണെങ്കിൽ കുടുംബത്തിന് വരുമാനം വർദ്ധിക്കുവാൻ ഉപകരിക്കും എന്ന മനോഭാവത്തോടുകൂടി പല സ്ഥലങ്ങളിലും പെൺകുട്ടികളെ നിർദയമായിട്ട് അവഗണിക്കുന്ന ഒരവസ്ഥ ഉണ്ട് എന്നുള്ളത് പരമാർത്ഥമാണ്. കേരളത്തിൽ അത് അത്രയും ഇല്ല എന്നു തോന്നുന്നു.

മനുഷ്യകുഞ്ഞുങ്ങളെ സംബന്ധിച്ച് ഒരു പ്രത്യേകതയുണ്ട്. ഒരു പശുവിന് ഒരു കിടാവുണ്ടായി കഴിഞ്ഞാൽ, പെറ്റുവീണാൽ ഒരു മിനിറ്റിനകത്ത് ആ കിടാവ് ചാടിയെഴുന്നേറ്റ് തന്നെത്താനെ നടക്കാൻ തുടങ്ങും. മനുഷ്യക്കുഞ്ഞാണെങ്കിലോ പെറ്റുവീഴുമ്പോൾ പൂർണമായും നിസഹായ അവസ്ഥയിലാണ്. അതിനെക്കൊണ്ട് കരയാനല്ലാതെ വേറെയൊന്നും സാധ്യമല്ല. ഇത് മനുഷ്യപ്രതിഭാസത്തിന്റെ ഒരു പ്രത്യേകതയാണ്. മൃഗങ്ങൾക്ക് വളരെ ഹ്രസ്വമായ ഒരു ശൈശവമേ ഉള്ളൂ. ആ ശൈശവ കാലത്ത് പ്രധാനമായിട്ടുള്ള ചില കാര്യങ്ങളൊക്കെ സമ്പാദിച്ചിട്ട് അവർ പെട്ടെന്ന് പ്രായമായവരുടെ കൂട്ടത്തിൽ ചേരും. പക്ഷേ മനുഷ്യക്കുഞ്ഞ് 20 വർഷം മറ്റുള്ളവരെ ആശ്രയിച്ച് ജീവിച്ച് സ്വന്തമായി നിലനിൽക്കാനുള്ള കഴിവ് സമ്പാദിക്കുന്നു. എന്തുകൊണ്ടാണ് പ്രകൃതി മനുഷ്യനെ ഇങ്ങനെ സൃഷ്ടിച്ചിട്ടുള്ളത്? കാളക്കിടാവിനെയും കോഴിക്കുഞ്ഞിനെയും പോലെ പെറ്റുവീണാൽ ഉടനെ, അല്ലെങ്കിൽ മുട്ട വിരിഞ്ഞാൽ ഉടനെ സ്വന്തം കാര്യം നോക്കാനുള്ള കഴിവ് മനുഷ്യക്കുഞ്ഞിനും കൂടി കൊടുത്തിരുന്നെങ്കിൽ എത്ര നല്ലതായിരുന്നുവെന്ന് നിങ്ങൾക്ക് തോന്നിയേക്കാം. അങ്ങനെ കൊടുക്കാഞ്ഞതിന് പ്രത്യേക കാരണമുണ്ട്. ഈ പത്തോ ഇരുപതോ വർഷക്കാലം മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുന്ന കാലത്താണ് ഒരു മനുഷ്യ പ്രതിഭാസത്തിന്റെ

മനുഷ്യത്വം ഉരുത്തിരിയുന്നത്. നീണ്ട കാലത്തെ വിദ്യാഭ്യാസം, അതിൽ കൂടി മാത്രമാണ് ഒരു മനുഷ്യൻ മനുഷ്യനായി തീരുന്നത്. അപ്പോൾ കുട്ടികളെ നാം ശരിയായിട്ട് രൂപവൽക്കരിക്കുകയാണെങ്കിൽ ഒരു നല്ല സമൂഹം നമുക്ക് ഉണ്ടാകും. നേരെ മറിച്ച് കുട്ടികളുടെ കാര്യത്തിൽ നമ്മൾ വരുത്തുന്ന വീഴ്ചകൾ സമൂഹത്തെ മുഴുവൻ ബാധിക്കും. ഒരു മനുഷ്യക്കുഞ്ഞിനെ മനുഷ്യനാക്കിയെടുക്കുന്ന പ്രക്രിയയിൽ മൂന്നു വശങ്ങളാണുള്ളത്. ഒന്ന്, കുടുംബം; രണ്ട്, വിദ്യാഭ്യാസം/വിദ്യാലയം; മൂന്ന്, സമൂഹം. ഇത് മൂന്നും കൂടിയാണ് ഒരു കുഞ്ഞിന്റെ മനസ്സും മനോഭാവവും രൂപവൽക്കരിക്കുന്നത്. അതിലാണിന്ന് നമുക്ക് വലിയ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സ്കൂളിലായാലും സമൂഹത്തിലായാലും കുടുംബത്തിലായാലും തെറ്റായ മനോഭാവങ്ങൾ മാതാപിതാക്കന്മാരിലും, സ്കൂളധികാരികളിലും, സമൂഹത്തിന്റെ കാര്യങ്ങൾ കരുപ്പിടിപ്പിക്കുന്നവരിലും ഉണ്ടാകുമ്പോൾ അതനുസരിച്ച് ഈ മനുഷ്യ പ്രതിഭാസത്തിന്റെ രൂപവൽക്കരണത്തിൽ വളരെയധികം വൈകല്യങ്ങൾ വന്നുചേരുന്നുണ്ട്. ഒരു ചെറിയ ഉദാഹരണം ഞാൻ പറയാം.

നമ്മുടെ ഭാരതത്തിൽ 1930-ൽ ഉണ്ടായ ഒരു യഥാർത്ഥ സംഭവമാണ് - Kamala The Wolf Child ന്റെ കഥ. നിങ്ങളിൽ കുറെപ്പേരെങ്കിലും ഈ കഥ വായിച്ചുകാണും. അന്നത്തെ കാലത്തെ എല്ലാ സൈക്കോളജി ടെസ്റ്റ് ബുക്കുകളിലും ഉണ്ടായിരുന്നു Kamala The Wolf Child ന്റെ കഥ. ഒരു ആദിവാസി സ്ത്രീക്ക് ഒരു കുഞ്ഞുണ്ടായ സമയത്ത് ആ കുഞ്ഞിനെ അവർ, കാട്ടിൽ കൊണ്ടുപോയി ഉപേക്ഷിച്ചു. കുടിക്കാനുള്ള പാൽ മാത്രം അതിന്റെ വായിൽ വച്ചുകൊടുത്തിട്ട് അവിടെ ഇട്ടിട്ട് പോന്നു. ആ കുഞ്ഞ് കിടന്ന് കരയാൻ തുടങ്ങിയപ്പോൾ ചെന്നായ്ക്കളുടെ ഒരു വ്യൂഹം അതിലെ വന്നു. ഒരു അമ്മ ചെന്നായും അതിന്റെ എട്ടോ പത്തോ കുട്ടികളുമടങ്ങുന്നതാണാ കൂട്ടം. ഈ മനുഷ്യക്കുഞ്ഞ് നിസ്സഹായമായി കിടന്ന് കരയുന്നതു കണ്ടപ്പോൾ അമ്മ ചെന്നായയ്ക്ക് മാതൃസഹജമായ അനുകമ്പ തോന്നിയിട്ട് ഈ കുഞ്ഞിനെ എടുത്തുകൊണ്ടുപോയി അതിന്റെ സ്വന്തം വയറ്റിൽ വച്ചു വളർത്തിയെടുത്തു. ആ കുഞ്ഞ് ചെന്നായ് കുഞ്ഞുങ്ങളുടെ ഇടയ്ക്കാണ് വളർന്നുവന്നത്. ഒരു പത്ത് പതിമൂന്ന് കൊല്ലം കഴിഞ്ഞപ്പോൾ ഈ ആദിവാസികൾ നോക്കുമ്പോൾ, ഒരു കൂട്ടം ചെന്നായ്ക്കൾ നടക്കുന്നു. ആ കൂട്ടത്തിൽ ഒരെണ്ണത്തിന്റെ മുഖം മനുഷ്യന്റേതുപോലെയിരിക്കുന്നു. നീണ്ട തലമുടി താഴേക്കു വീണുകിടക്കുന്നു, നാലു കാലിലാണ് നടക്കുന്നതെങ്കിലും മനുഷ്യനാണെന്ന് തോന്നുന്ന ഒരു പ്രതിഭാസമാണത് എന്നു കണ്ടപ്പോൾ ആദിവാസികൾ ഭയപ്പെട്ടു. ഇത് എന്തോ ഒരു പൈശാചിക പ്രതിഭാസമാണെന്ന് അവർ കരുതി. ആ സമയത്ത് സമൂഹത്തിലുണ്ടായിരുന്ന ചില ആളുകൾ ഈ കുഞ്ഞിനെ എങ്ങനെയെങ്കിലും പിടിച്ചെടുത്ത് മനുഷ്യസമൂഹത്തിലേക്ക് കൊണ്ടുവരണമെന്നും, ഇതൊരു മനുഷ്യക്കുഞ്ഞായിരിക്കുവാൻ വഴിയുണ്ടെന്നും പറഞ്ഞ് ഇറങ്ങിത്തിരിച്ചു. ആ കുഞ്ഞിനെ പിടിച്ചെടുക്കുവാൻ ശ്രമിച്ച സമയത്ത്, അമ്മ ചെന്നായ് ഒരു കാരണവശാലും ആ കുഞ്ഞിനെ വിട്ടുകൊടുക്കാതെ ആ മനുഷ്യരെ ആക്രമിക്കു

വാൻ ശ്രമിച്ചു. അവസാനം അമ്മ ചെന്നായയെ കൊന്നിട്ടാണ് ആ കുഞ്ഞിനെ മനുഷ്യസമൂഹത്തിലേക്ക് കൊണ്ടുവന്നത്. മനുഷ്യസമൂഹത്തിൽ കൊണ്ടുവന്ന് അതിന് കമല എന്നു പേരുമിട്ടു. മനുഷ്യന്റെ ഭക്ഷണം കൊടുത്താൽ ആ കുട്ടി കഴിക്കുകയില്ല. നീണ്ട നഖങ്ങൾ കൊണ്ട് ചെല്ലുന്നവരെയെല്ലാം മാന്താനും കടിക്കാനും ശ്രമിക്കും. മനുഷ്യ ശബ്ദമല്ല ചെന്നായ്ക്കളുടെ ശബ്ദമാണ് ഉണ്ടാക്കുന്നത്. ആ കുഞ്ഞ് രണ്ടു വർഷത്തോളം മനുഷ്യസമൂഹത്തിൽ വളർത്തപ്പെട്ടുവെങ്കിലും അവസാനം മരിച്ചുപോയി. ഈ കഥ ഞാൻ പറഞ്ഞതിന്റെ കാരണം ആ കുഞ്ഞിന്റെ സ്വഭാവം രൂപവൽക്കരിക്കപ്പെട്ടത് അത് ആരുടെ കൂടെ വളർന്നുവോ, ആ ചെന്നായ് കുഞ്ഞുങ്ങളുമായിട്ടുള്ള സമ്പർക്കം മൂലമാണ്.

നമ്മുടെയുമെല്ലാം സ്വഭാവം രൂപവൽക്കരിക്കുന്നത് ഇങ്ങനെയാണ്. നാം ആരുമായി സമ്പർക്കം പുലർത്തുന്നുവോ അവരിൽ നിന്നാണ് നമ്മുടെ മനോഭാവങ്ങളും ആശയങ്ങളും ചിന്താരൂപങ്ങളുമൊക്കെ ഉരുത്തിരിയുന്നത്. കുടുംബത്തിലെയും വിദ്യാലയത്തിലെയും സമൂഹത്തിലെയും സാമൂഹ്യസമ്പർക്കത്തിൽ കൂടി കരുപ്പിടിപ്പിക്കപ്പെട്ടിട്ടുള്ളവരാണ് നാമെല്ലാവരും. സമൂഹത്തിലുള്ള വൈകല്യങ്ങൾ, കുടുംബത്തിലുള്ള വൈകല്യങ്ങൾ, വിദ്യാലയത്തിലുള്ള വൈകല്യങ്ങൾ തുടങ്ങിയവ മനുഷ്യരാശിയെത്തന്നെ കരുപ്പിടിപ്പിക്കുന്നതിൽ പ്രധാനമായ ഒരു ഭാഗഭാഗിത്വം വഹിക്കുന്നുണ്ട്. അതിനെക്കുറിച്ച് നാം മനസ്സിലാക്കുകയും സമൂഹത്തിൽ തന്നെ മനോഭാവത്തിൽ മൗലികമായ പരിവർത്തനം വരികയും വേണം. നാമോരോരുത്തരും സ്വാർത്ഥപരന്മാരായി ജീവിക്കുന്ന സമയത്ത് നമ്മുടെ കുഞ്ഞുങ്ങൾക്ക് സ്വാർത്ഥം ഉണ്ടാകരുതെന്ന് പറഞ്ഞാൽ നടക്കില്ല. സമൂഹത്തിലുള്ള മനോഭാവങ്ങളും മൂല്യങ്ങളുമാണ് കുഞ്ഞുങ്ങൾക്കും കിട്ടുന്നത്. അതുകൊണ്ട് കുഞ്ഞുങ്ങളെ സംരക്ഷിക്കുവാനുള്ള പ്രധാനമായ ഉപാധി സമൂഹത്തിൽ തന്നെ മനുഷ്യൻ മനുഷ്യനോട് മനുഷ്യത്വത്തോടുകൂടെ പെരുമാറുക എന്നുള്ളതാണ്. ഇന്ന് അത് പൊയ്ക്കഴിഞ്ഞിട്ട് കമ്പോള വ്യവസ്ഥിതിയുമൊക്കെ വന്നിട്ട് എല്ലാവരും പണത്തിനുവേണ്ടി എന്തും ചെയ്യാം, കുഞ്ഞുങ്ങളെ വിൽക്കാം, സ്വന്തബന്ധങ്ങളെ ത്യാഗം ചെയ്യാം എന്നുള്ള ഒരു മൂല്യ വ്യവസ്ഥിതിയിലാണ് ജീവിക്കുന്നത്. ഈ ഒരു സാഹചര്യത്തിലേക്ക് സമൂഹം വന്നിരിക്കുകയാണെങ്കിൽ കുഞ്ഞുങ്ങളും ആ വിധത്തിലേ വളർന്നുവരികയുള്ളു. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, കുഞ്ഞുങ്ങളുടെ ഭാവിഭാഗധേയമാണ് നാം അന്വേഷിക്കുന്നതെങ്കിൽ സമൂഹത്തിൽ മൗലികമായ പരിവർത്തനങ്ങൾ വന്നിട്ട് മനുഷ്യത്വമുള്ള മനോഭാവങ്ങൾ ഇവിടെ കൂടുതലായി വളർന്നുവരണം. എങ്കിൽ മാത്രമേ കുഞ്ഞുങ്ങളുടെ ഉത്കർഷം ശരിയായിട്ട് ഉണ്ടാവുകയുള്ളു.

*(കോട്ടയം ജവഹർ ബാലഭവനിൽ നടന്ന 'കുട്ടികളുടെ അവകാശങ്ങൾ' എന്ന സെമിനാറിൽ ചെയ്ത ഉദ്ഘാടനപ്രസംഗം, 1995.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*

# 18

# ഭാരതസഭ ആദിമുതലേ സ്വതന്ത്രം

പരിശുദ്ധ തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നു സ്ഥാപിച്ച സഭ വിദേശത്തുള്ള മറ്റേതെങ്കിലും സഭയ്ക്കു വിധേയമായിരുന്നോ, അതോ സ്വതന്ത്രവും അന്യനിരപേക്ഷവുമായിരുന്നോ? കത്തോലിക്കാസഭയിലെ ചില ചരിത്രലേഖകന്മാരുടെ ചിന്തയിൽ ഭാരതത്തിലെ സഭ ആദിമുതലേ റോമൻ കത്തോലിക്കാസഭയുടെ കീഴിലായിരുന്നു. പക്ഷേ എ. ഡി. 52 ലാണ് ഇവിടെ സഭയുണ്ടായതെങ്കിൽ ആ സമയത്ത് റോമാ നഗരത്തിൽ ഒരു സഭയുണ്ടോയെന്നുതന്നെ സംശയമാണ്. ഉണ്ടായിരുന്നെങ്കിൽ തന്നെയും പരിശുദ്ധ തോമ്മാശ്ലീഹായ്ക്ക് അതേക്കുറിച്ച് അറിവുണ്ടായിരുന്നിരിക്കാനും വഴിയില്ല. ഏതായാലും ഒരപ്പോസ്തോലനും എവിടെയെങ്കിലും സഭ സ്ഥാപിക്കുമ്പോൾ അത് മറ്റൊരു സഭയ്ക്കു വിധേയമായി സ്ഥാപിച്ചു എന്നുള്ളതിനു ലവലേശം തെളിവില്ല.

പരിശുദ്ധ തോമ്മാശ്ലീഹാ ഇന്ത്യയിൽ പലയിടത്തും സഭ സ്ഥാപിച്ചു. പ്രധാനമായും ഉത്തരപശ്ചിമദേശത്തുള്ള തക്ഷശിലയിലും, ദക്ഷിണപശ്ചിമതീരത്തുള്ള കൊടുങ്ങല്ലൂരും, കേരളത്തിലെ മറ്റു പട്ടണങ്ങളിലും, ദക്ഷിണപൂർവതീരത്തുള്ള മൈലാപ്പൂരിലുമായിരിക്കണം സഭകൾ സ്ഥാപിച്ചത്. ഇന്ത്യയുടെ ഈ മൂന്നു കോണിലുമുള്ള സഭകൾ തമ്മിൽ എന്തെങ്കിലും പരസ്പരസമ്പർക്കമുണ്ടായിരുന്നുവോ എന്നുതന്നെ സംശയമാണ്.

കേരളത്തിലുള്ള ക്രൈസ്തവരുടെ പാരമ്പര്യമനുസരിച്ചു (വീരടിയാൻ പാട്ട്, റമ്പാൻപാട്ട്, മാർഗംകളി മുതലായവയൊക്കെ പതിനേഴാം ശതാബ്ദത്തിനു ശേഷമുള്ളതാണെങ്കിലും അവയുടെ പിമ്പിൽ വലിയ പഴക്കമുള്ള പാരമ്പര്യങ്ങളാണുള്ളത്) പരിശുദ്ധ തോമ്മാശ്ലീഹാ ഏഴു പള്ളികൾ ഇവിടെ സ്ഥാപിക്കുകയും ഏഴു പുരോഹിതന്മാരെ വാഴിക്കയും ചെയ്തു എന്നാണല്ലോ പറയുന്നത്. നാലാം ശതാബ്ദത്തിനുശേഷം മാത്രമാണ് ഇടവകകളുടെ ഭരണചുമതല കശീശന്മാർ വഹിക്കാൻ തുടങ്ങിയത്. അതിനുമുമ്പ് ഓരോ ഇടവകയ്ക്കും കശീശന്മാരുടെ ഒരു സംഘവും അവരുടെ തലവനായി ഒരു എപ്പിസ്കോപ്പായുമാണുണ്ടായിരുന്നത്. ഓരോ പട്ടണത്തിലും ഒരു എപ്പിസ്കോപ്പാ ഉണ്ടായിരുന്നു.

പരിശുദ്ധ തോമ്മാശ്ലീഹാ ഇവിടെ വന്ന് ഏഴ് പുരോഹിതർക്ക് പട്ടം കൊടുത്തു എന്നു പറയുന്നത് ഏഴ് കശീശന്മാരല്ല. ഏഴ് മെത്രാന്മാരത്രെ. പറവൂർ, പാലയൂർ, കൊല്ലം, നിരണം, കോക്കമംഗലം മുതലായ ഏഴു സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചു എന്നു പറയുന്നതിന്, ആ സ്ഥലങ്ങളിൽ ഓരോ കെട്ടിടങ്ങൾ പണിതു എന്നല്ല അർത്ഥം. നേരെമറിച്ച് ഈ സ്ഥലങ്ങളിലെല്ലാം വിശ്വാസികളുടെ സംഘങ്ങളാകുന്ന തദ്ദേശീയ സഭകൾ സ്ഥാപിക്കുകയും മറ്റുള്ള എല്ലാ അപ്പോസ്തോലന്മാരും ചെയ്തതുപോലെ

ഓരോ സ്ഥലത്തും ഒരു സംഘം കശീശന്മാരെയും ശെമ്മാശന്മാരെയും, അവരുടെ മേലധികാരിയായി ഓരോ എപ്പിസ്ക്കോപ്പന്മാരെയും പട്ടം കെട്ടി എന്നുതന്നെയാണ്.

ഏഴ് പട്ടക്കാർ അല്ലെങ്കിൽ ഏഴു പുരോഹിതന്മാർ എന്ന് അന്ന് പറഞ്ഞതിന് ഏഴു കശീശന്മാർ എന്നല്ല അർത്ഥം. പ്രത്യുത ഏഴു മെത്രാന്മാർ എന്നു തന്നെയാണ്. യഥാർത്ഥത്തിൽ കശീശന്മാർ, പുരോഹിതന്മാർ എന്നു വിളിക്കപ്പെടുവാൻ തുടങ്ങിയത് ഏറെക്കുറെ നിഖ്യാ സുന്നഹദോസിന്റെ കാലത്തായിരുന്നു. കുസ്തന്തീനോസ് ചക്രവർത്തിയും ലിസിനിയസ് ചക്രവർത്തിയും ഒരുമിച്ച് 313-ാം ആണ്ടിൽ മിലാനിൽ കൂടി ക്രിസ്തീയവിശ്വാസത്തെ നിയമദൃഷ്ടിയിൽ സാധുതയുള്ള മതമായി അംഗീകരിച്ചതോടെയാണ് സഭയുടെ അംഗസംഖ്യ പതിന്മടങ്ങ് വർദ്ധിച്ചത്. തത്ഫലമായി ഓരോ ഇടവകയും പല പള്ളികളായി വിഭജിക്കപ്പെടുകയും കശീശന്മാർ ഇടവകയുടെ ചുമതല ഏറ്റെടുക്കേണ്ടിവരികയും ചെയ്തു. അതിനുമുമ്പ് ഓരോ ഇടവകയ്ക്കും അതായത് ഓരോ തദ്ദേശീയ സഭയ്ക്കും ഒരു എപ്പിസ്കോപ്പായും അദ്ദേഹത്തോടൊരുമിച്ചു കുറെ കശീശന്മാരും ശെമ്മാശന്മാരുമുണ്ടായിരുന്നു.

പരിശുദ്ധന്മാരായ അപ്പോസ്തോലന്മാർ ഓരോ സ്ഥലത്തും സഭ സ്ഥാപിക്കുമ്പോൾ അവിടെയുള്ള ആദ്യഫലങ്ങളായുള്ള ക്രിസ്ത്യാനികളിൽ ആത്മീകവളർച്ചയുള്ള കുറേപ്പേരെ മൂപ്പന്മാരായും അവരിലൊരാളെ എപ്പിസ്ക്കോപ്പായായും വാഴിക്കുന്ന പതിവാണുണ്ടായിരുന്നത് എന്ന് അപ്പോസ്തോലിക പിതാക്കന്മാരായ റോമ്മായിലെ വി. ക്ലീമീസിന്റെയും അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസിന്റെയും എഴുത്തുകളിൽ കാണുന്നു.

അതുതന്നെയാണ് പരിശുദ്ധനായ തോമ്മാശ്ലീഹാ ഇന്ത്യയിലും ചെയ്തത്. ഏഴു പള്ളികൾ സ്ഥാപിച്ച് ഏഴു പുരോഹിതന്മാർക്ക് പട്ടം കൊടുത്തു എന്നു പാരമ്പര്യം പറയുന്നതിന്റെ അർത്ഥം ഏഴു എപ്പിസ്കോപ്പന്മാരെ വാഴിച്ചു എന്നുതന്നെയാണ്. ഏഴരപള്ളി എന്നു പാരമ്പര്യത്തിൽ കാണുന്നത് നിലയ്ക്കലോ തിരുവിതാംകോട്ടോ എപ്പിസ്കോപ്പായില്ലാതെ കശീശന്മാർ മാത്രമുള്ള ഒരു പള്ളി സ്ഥാപിച്ചതിനെ ഉദ്ദേശിച്ചായിരിക്കണം.

ഏഴു എപ്പിസ്ക്കോപ്പന്മാരെ വാഴിച്ചതിന്റെ ഉദ്ദേശ്യം അവരിൽ ഒന്നോ രണ്ടോ പേർ കാലം ചെയ്താലും അവശേഷിക്കുന്ന എപ്പിസ്കോപ്പന്മാരിൽ മൂന്നുപേർക്ക് ഒരുമിച്ചുകൂടി കാലം ചെയ്തവരുടെ പിൻഗാമികളെ വാഴിക്കുവാൻ സാധിക്കുമെന്നതിനാലായിരുന്നു. ഒരു സഭയുടെ സ്വയംശീർഷകത്വത്തിന് എത്രയും അത്യാവശ്യമുള്ളത് നാല് എപ്പിസ്കോപ്പന്മാരെങ്കിലും ഉള്ള ഒരു സുന്നഹദോസാണ്. ഒരു മെത്രാനെ വാഴിക്കുന്നതിന് മൂന്നു മെത്രാന്മാരെങ്കിലും വേണമെന്നാണ് സഭാപാരമ്പര്യം. അല്ലാതെ പാത്രിയർക്കീസിനും ഒറ്റയ്ക്ക് ഒരു എപ്പിസ്കോപ്പായെ വാഴിക്കുവാനുള്ള അധികാരമില്ല.

അതുകൊണ്ട് ഒരു മെത്രാൻ കാലം ചെയ്യുമ്പോൾ പിൻഗാമിയെ വാഴി

ക്കുന്നതിന് ഏറ്റവും ആവശ്യമുള്ള മിനിമം ഘടനയാണ് നാലംഗങ്ങളെങ്കിലും ഉള്ള ഒരു എപ്പിസ്കോപ്പൽ സുന്നഹദോസ്. സഭയുടെ സ്വയംശീർഷകത്വം നിലനിർത്തിക്കൊണ്ട് പോകുന്നതിനുള്ള ഏറ്റവും കുറഞ്ഞ ഉപാധിയാണ് നാലംഗ സുന്നഹദോസ്. എന്നാൽ ഒന്നിൽ കൂടുതൽ മെത്രാന്മാർ ഒരേ സമയത്തു കാലം ചെയ്യുവാനും ശേഷിക്കുന്നവരിൽ ചിലർക്ക് രോഗം കൊണ്ടോ വാർദ്ധക്യസഹജമായ ബലഹീനതകൊണ്ടോ എപ്പിസ്കോപ്പായെ വാഴിക്കുന്നതിൽ സഹകരിക്കാൻ സാധിക്കാതെ വരുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനും വേണ്ടിയാണ് സുന്നഹദോസിന്റെ മിനിമം അംഗസംഖ്യ ഏഴ് എന്നു അപ്പോസ്തോലന്മാർ ക്രമീകരിച്ചത്. ഏഴ് എന്ന സംഖ്യ പൂർണതയുടെ പ്രതീകമാണല്ലോ.

ഒരു സഭയുടെ സ്വയംശീർഷകത്വത്തിനു പാത്രിയർക്കീസിനേക്കാൾ അത്യാവശ്യമാണ് ഈ ഏഴംഗ സുന്നഹദോസ്. അങ്ങിനെ ഒരു സുന്നഹദോസാണ് പരിശുദ്ധ തോമ്മാശ്ലീഹാ ഇവിടെ സ്ഥാപിച്ചത്. നമുക്ക് മറ്റാരെയും ആശ്രയിക്കാതെ ഭാരതസഭയുടെ സ്വയംശീർഷകത്വം തുടർന്നു കൊണ്ടുപോകുവാൻ എക്കാലവും സാധിക്കേണ്ടതായിരുന്നു. നമ്മുടെ ബുദ്ധിമോശം കൊണ്ട് പല പ്രാവശ്യം നാം ഈ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തി. പേർഷ്യൻ സഭയ്ക്കും പിന്നീട് അന്ത്യോക്യൻ സഭയ്ക്കും നാം നമ്മുടെ സ്വാതന്ത്ര്യം അടിയറവച്ചു. മാർത്തോമ്മാക്കാരെ തോല്പിക്കുവാനായി നമ്മൾ അന്ത്യോക്യയെ കൂട്ടുപിടിച്ചു.

## സുപ്രീം കോടതിവിധിയും സമാധാന ശ്രമങ്ങളും

സുപ്രീംകോടതി വിധിയോടെ നമ്മളൊരു വെട്ടിൽ വീണിരിക്കുകയാണ്. നമ്മൾ തലകൊണ്ടു പോയി സുപ്രീംകോടതിയിൽ കൊടുത്തു. കോടതി നമ്മളെ ഒരു വെട്ടിൽ കൊണ്ടുചെന്നു ചാടിച്ചിരിക്കുകയാണ്. കോടതിയിൽ പോയില്ലായിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നു. കോടതിയിൽ പോയി കഴിഞ്ഞാൽ കോടതി പറഞ്ഞത് അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. ഈ രാജ്യത്തെ നിയമവും മറ്റും അനുസരിക്കാൻ നമ്മൾ കടപ്പെട്ടവരാണ്.

കോടതിവിധി പ്രകാരം സ്റ്റാറ്റസ്കോ നിലനിൽക്കുന്നു. അസോസിയേഷൻ കൂടിക്കഴിഞ്ഞാലേ സ്റ്റാറ്റസ്കോ മാറുകയുള്ളു. സ്റ്റാറ്റസ്കോ അനുസരിച്ച് തങ്ങളും മലങ്കര അസോസിയേഷൻ വൈസ്പ്രസിഡന്റുമാരാണെന്ന് പാത്രിയർക്കീസ് വിഭാഗം മെത്രാന്മാർ വാദിക്കുന്നു. നമ്മളിത് അംഗീകരിച്ചുകൊടുത്തിട്ടില്ല. അവർക്ക് ഇപ്പോൾ അവരുടെയിടയിൽ ഭരണമൊക്കെ നടത്താമെന്നല്ലാതെ, അസോസ്യേഷൻ കൂടി കഴിഞ്ഞശേഷമേ അവർ ആ നിലയിലെത്തുകയുള്ളു. ഇന്ത്യയിലെ എല്ലാ മെത്രാന്മാരും ഇവിടുത്തെ സുന്നഹദോസിലെ അംഗങ്ങളാണെന്നും അവർ സുന്നഹദോസിന് കീഴ്പെട്ട് പ്രവർത്തിക്കേണ്ടതാണെന്നുമാണ് നമ്മൾ വാദിക്കുന്നത്.

സിംഹാസനപള്ളികളും പൗരസ്ത്യ സുവിശേഷ സമാജം പള്ളികളും സുന്നഹദോസിന്റെ കീഴിൽ വരണം. പാത്രിയർക്കീസ് മെത്രാന്മാരെ വാഴിക്കുകയില്ലായിരിക്കാം. പക്ഷേ ഈ മെത്രാന്മാർ ചേർന്ന് മെത്രാന്മാരെ വാഴിച്ചെന്നു വരാം. അങ്ങനെ ഉണ്ടാകാതിരിക്കുവാനുള്ള വഴികൾ നോക്കണം.

അവരെ സുന്നഹദോസിന്റെ കീഴിൽ കൊണ്ടുവന്ന് ഭരണഘടനയ്ക്കു വിധേയമാക്കണം. ആ രീതിയിലാണ് ഇപ്പോൾ നെഗോസിയേഷനുള്ള ശ്രമങ്ങൾ പോകുന്നത്. മലങ്കരസഭയിൽ ശാശ്വത സമാധാനമുണ്ടാക്കുക എന്നതാണ് നമ്മുടെ ഇപ്പോഴത്തെ ലക്ഷ്യം.

**മാർത്തോമ്മാ സിംഹാസനം**

മാർത്തോമ്മാ ശ്ലീഹായ്ക്ക് സിംഹാസനമില്ല എന്ന വാദം പൂർണ്ണമായും വിഡ്ഢിത്തമാണ്. യാക്കോബ് തൃതീയൻ ബുദ്ധിമോശമായ പല കാര്യങ്ങളും എഴുതുകയും പറയുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തോട് നേരിട്ട് ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. ഒരു ഓർത്തഡോക്സ് വേദശാസ്ത്രജ്ഞനും ബാവാതിരുമേനിയുടെ ഈ വാദഗതി അംഗീകരിക്കുകയില്ല എന്നു ഞാൻ തുറന്നുപറഞ്ഞു. ഓർത്തഡോക്സ് സഭകളുടെ പാരമ്പര്യത്തിൽ ഇങ്ങനെയൊരു ചിന്താഗതി ഇല്ല എന്നു ഞാൻ ചൂണ്ടിക്കാട്ടി. ഇപ്പോൾ മാർത്തോമ്മാശ്ലീഹായെ തുബ്ദേനിൽ ഓർക്കാൻ പാത്രിയർക്കീസ് തന്നെ കല്പന ഇറക്കിയിട്ടുണ്ട്.

ഇപ്പോഴത്തെ ഈ പ്രത്യേക സാഹചര്യത്തിൽ സഭാസമാധാനത്തിനായി ഏവരും പ്രാർത്ഥിക്കുകയും അതിനോട് സഹകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ട് എന്റെ വാക്കുകളെ ചുരുക്കുന്നു.

*(കോട്ടയം ഓർത്തഡോക്സ് സെമിനാരിചാപ്പലിൽ വി. മാർത്തോമ്മാ ശ്ലീഹായുടെ ദുഖ്റോനോ പെരുനാളിൽ വി. കുർബാന മദ്ധ്യേ നടത്തിയ പ്രസംഗം. 1996.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*



# 19
# കാഴ്ചയും ശ്രവണവും

ഇന്ന് ഈ അത്ഭുതഗ്രന്ഥം പ്രസിദ്ധീകരിക്കുന്ന ദിവസത്തിൽ ഒരു ശതാബ്ദി വർഷമായി ഇതേതുടർന്നുള്ള ആത്മീയപരിപാടികൾകൂടി ഉദ്ഘാടനം ചെയ്യപ്പെടുകയാണ്.

ഈ പുസ്തകത്തിന്റെ 90-ാം പേജിൽ തിരുമേനി പറയുന്നു: "സത്യ ദൈവത്തെ സേവിക്കുന്നതിനു ഇന്ന സ്ഥലമെ ആവൂ എന്നില്ല. ആത്മാ വിലും സത്യത്തിലും നാം സേവിക്കണം. എന്നാലും, ആത്മാവിന്റെയും സത്യത്തിന്റെയും പൂർണ്ണത പ്രാപിക്കുവാൻ കാഴ്ച ഏറ്റവും ഉപയോഗമു ള്ളതാകകൊണ്ടു നമ്മുടെ ജനങ്ങളിൽ കഴിയുന്നവർ എല്ലാം ഈ വിശുദ്ധ സ്ഥലങ്ങളെ സന്ദർശിക്കുന്നതായാൽ നന്നായിരിക്കുമെന്നു നാം അഭിപ്രാ യപ്പെടുകയും ഗുണദോഷിക്കുകയും ചെയ്യുന്നു".

ആദ്ധ്യാത്മികമായി എല്ലാ കാര്യങ്ങളും സംസിദ്ധമാകുന്നത് പഞ്ചേന്ദ്രി യങ്ങളിൽ കൂടിയാണ് എന്ന കാര്യം നാം പലപ്പോഴും വിസ്മരിക്കുന്നു. പൗരസ്ത്യ സഭയുടെ ആരാധനയുടെ അടിസ്ഥാനതത്വം ഇതാണ്. നമ്മുടെ ആരാധനയിലും എപ്പോഴും കാണുന്ന തത്വമിതാണ്.

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചപ്പോൾ പ്രകാശ ത്തിന് അസ്തിത്വം നൽകിക്കൊണ്ടാണു സൃഷ്ടിച്ചത്. ദൈവം നൽകുന്ന പ്രകാശത്തിലൂടെ സാധ്യമാകുന്ന ഒന്നാണ് കാഴ്ച. അതിൽ കൂടിയും ആദ്ധ്യാത്മികത പ്രാപിക്കേണ്ടതാണ്. എന്നാൽ കാഴ്ചയ്ക്കും ശ്രവണ ത്തിനും എന്റെ വീക്ഷണത്തിൽ തുല്യ പ്രാധാന്യമാണുള്ളത്.

ഹൈന്ദവ പാരമ്പര്യത്തിൽ ഒരു പ്രത്യേക വിശ്വാസമാണ് 'നാദബ്രഹ്മ വാദം.' സൃഷ്ടി എന്നത് ബ്രഹ്മനാദത്തിന്റെ വിവിധ സ്ഫുരണങ്ങൾ മാത്ര മല്ല. എല്ലാം ഈശ്വരനാദമാണ്. അത് നമുക്ക് ശ്രവിക്കാൻ കഴിഞ്ഞാൽ അതു മൂലം നമുക്ക് ജന്മസാഫല്യം ഉണ്ടാകാം. തീർത്ഥയാത്ര എന്നത് ഈ പഞ്ചേന്ദ്രിയങ്ങൾക്കും പ്രധാനമായ അനുഭൂതി നൽകാൻ സാധിക്കു ന്നതാണ്. അതിന്റെ വർണ്ണനയാണ് പുസ്തകത്തിന്റെ അവസാനഭാഗത്തു പറയുന്നത്.

വരുംനാളുകളിൽ ഈ പരിശുദ്ധസ്ഥലങ്ങളിൽ നാം പോകുമ്പോൾ വെറും വിനോദയാത്രയായിട്ട് പോകാതെ ആദ്ധ്യാത്മികമായ തപശക്തി യോടും ഭക്തിയോടും കൂടെ ഈ തീർത്ഥാടന യാത്രകളിൽ നാം സംബ ന്ധിക്കുകയും അതിൽനിന്ന് ഈശ്വരന്റെ പ്രത്യേക കാരുണ്യം പ്രാപിക്കു കയും ചെയ്യുവാൻ തക്കവണ്ണം ഈ അടുത്തവർഷം നമുക്ക് പല പരിപാ ടികളും രൂപീകരിക്കുവാൻ സാധ്യമാവട്ടെ എന്ന് ആശംസിക്കുന്നു. ഈ പുസ്തകത്തിന്റെ പ്രസാധനത്തിനുവേണ്ടി അത്യധികം ഉത്സാഹിച്ചിട്ടു ള്ളതും അതിന് വളരെ രസാവഹമായ ഒരു മുഖവുര എഴുതിയിട്ടുള്ളതു മായ ശ്രീ. പോൾ മണലിലിനെയും അത് പ്രസിദ്ധീകരിച്ച കറന്റ് ബുക്സി

നെയുമെല്ലാം ഞാൻ വളരെ പ്രത്യേകമായി അനുമോദിക്കുന്നു. ആ പിതാവിന്റെ അനുഗ്രഹങ്ങൾ നമുക്കെല്ലാവർക്കും ദൈവത്തിങ്കലേക്ക് ഒരു പടി കൂടി അടുക്കുവാൻ സഹായകമാവട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

*(പ. പരുമല തിരുമേനി രചിച്ച 'ഊർശ്ലേം യാത്രാവിവരണ'ത്തിന്റെ ശതാബ്ദി സമ്മേളനത്തിൽ തീർത്ഥാടന ശതാബ്ദി ഉദ്ഘാടനം ചെയ്തുകൊണ്ട് മെത്രാപ്പോലീത്താ നടത്തിയ പ്രഭാഷണത്തിൽ നിന്ന്. 1996 ജൂലൈ 12.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*





# 20

# സഭയും സ്ത്രീകളും

വേദപുസ്തകപരമായി (ഉല്പത്തി 1:27) ദൈവം ആദാമിനെ (മനുഷ്യനെ) സൃഷ്ടിച്ചു. സ്വന്തരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവൻ അവരെ സൃഷ്ടിച്ചു; അവൻ അവരെ അനുഗ്രഹിച്ചു. രണ്ടു മൂന്നു കാര്യങ്ങൾ ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. ദൈവസ്വരൂപം എന്നു പറയുന്നത് സ്ത്രീയും പുരുഷനും ഉൾപ്പെടുന്ന മനുഷ്യനിലാണ്: സ്ത്രീയും പുരുഷനും ഒരുപോലെ ദൈവത്തിന്റെ സ്വന്തരൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടത്. അവരുടെ പരസ്പരബന്ധത്തിലാണ് ദൈവികസ്വരൂപം ദൃഷ്ടമായത്. പുരുഷനിൽ മാത്രമായല്ല സ്ത്രീയോടൊപ്പം പുരുഷനിലാണത്. സ്ത്രീപുരുഷന്മാരുടെ പാരസ്പര്യം ദൈവസ്വരൂപത്തിന്റെ നിദർശനമാണ്.

Image എന്ന ഇംഗ്ലീഷ് പദത്തിന്റെ ഗ്രീക്കുപദം Icon എന്നാണ് (എബ്രായഭാഷയിൽ സേലം). അതായത് ദൃഷ്ടമല്ലാത്ത ഒരാളുടെ ദൃഷ്ടരൂപം. ഏതെങ്കിലും വസ്തുവിന്റെ പുനരാവിഷ്ക്കരണം എന്നും ആകാം.

ദൈവം കാണപ്പെട്ടവനല്ല എന്നും ദൈവത്തിന്റെ ദൃഷ്ടമായ രൂപമായാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്നുമുള്ള മൗലിക യാഥാർത്ഥ്യം പലപ്പോഴും നാം വിസ്മരിക്കുന്നു. ക്രിസ്തീയ വേദശാസ്ത്രത്തെ സംബന്ധിച്ച് ആദാമിൽ അതിന്റെ മങ്ങിയ ചിത്രം നമുക്കു കാണാമെങ്കിലും അതിന്റെ പൂർത്തീകരണം രണ്ടാമത്തെ ആദാമായ ക്രിസ്തുവിലാണ്. ക്രിസ്തു സഭയെയും സൃഷ്ടിയെയും എല്ലാം തന്നിൽ ഒന്നാക്കി തിന്മയുടെ ലേശം പോലും ഇല്ലാതെ ദൃഷ്ടമാക്കുന്നതാണ് സകലത്തിന്റെയും സമ്പൂർത്തി.

അപ്പോൾ സ്ത്രീപുരുഷബന്ധം ആദിമ സൃഷ്ടിയിലെ ദൈവസ്വരൂപത്തിന്റെ തന്നെ പ്രകാശനമാണ്. ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്ന ഒന്നാണ്. പൗലോസ് അപ്പോസ്തോലൻ പറയുന്നുണ്ടല്ലോ ക്രിസ്തുവും തന്റെ സഭയും തമ്മിലുള്ള ബന്ധം വിവാഹബന്ധത്തിലെ സ്ത്രീപുരുഷബന്ധം പോലെ നിഗൂഢമായ ഒരു രഹസ്യവും അഗാധമായ ഒരു ബന്ധവും ആണെന്ന്. ദൈവവും തന്റെ പ്രതിരൂപമായ മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ഒരു അവശ്യഘടകമാണ് സ്ത്രീപുരുഷ ബന്ധമെന്നുള്ളത് വേദശാസ്ത്രപരമായ അടിസ്ഥാന ആശയങ്ങളിൽ ഒന്നാമത്തേതാണ്.

രണ്ടാമത്തെ സംഗതി വീഴ്ചയുടെ ഉത്തരവാദിത്വം മനുഷ്യകുടുംബത്തിന് പൊതുവെ ഉള്ളതാണ്. ആദാം ഹവ്വയിൽ നിന്നാണ് പഴം വാങ്ങി തിന്നത്. ഹവ്വയാണ് അത് പാമ്പിൽ നിന്ന് ഏറ്റുവാങ്ങിയത്. ഇതിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്നു ചോദിക്കുമ്പോൾ ഓരോ ആളും ഒഴിഞ്ഞുമാറുകയായിരുന്നു. എന്നാൽ വീഴ്ചയുടെ ഉത്തരവാദിത്വം സ്ത്രീയുടേതും പുരുഷന്റേതും (ആദം - ഹവ്വാ) പൊതുവായുള്ളതാണ്. മനുഷ്യന് മാത്ര

മല്ല, ജന്തുലോകത്തിനും അതിൽ പങ്കുണ്ട്. സൃഷ്ടി മുഴുവൻ വീണുപോകാനുള്ള കാരണം മനുഷ്യന്റെ പാപവും ആ പാപത്തിന്റെ പുറകിൽ ജന്തുലോകത്തിൽ നിന്നുണ്ടായിട്ടുള്ള ചില കാര്യങ്ങളുമാണ്. വീഴ്ചയ്ക്കുശേഷം ദൈവം പാമ്പിനെ ശപിക്കുന്നു, സ്ത്രീയെ ശപിക്കുന്നു, പുരുഷനെ ശപിക്കുന്നു. എന്താണ് ഈ ശാപം. ജന്തുലോകത്തോട്: 'മനുഷ്യൻ നിന്റെ ശത്രുവായി തീരും. അവൻ നിന്റെ തല ചതക്കും. നീ അവന്റെ കുതികാൽ തകർക്കും." ഈ ശത്രുത ദൈവസ്വരൂപത്തിൽ നിന്നുള്ള വീഴ്ചയാണ്. ദൈവസ്വരൂപം തിരികെ പ്രാപിക്കുമ്പോൾ ഈ ശത്രുതയും മാറണം. സ്ത്രീയോടുള്ള ശാപം: ഒന്ന് ഗർഭധാരണത്തിലും പ്രസവത്തിലുമുള്ള നിന്റെ പ്രയാസങ്ങൾ (കഷ്ടത, വേദന) ഞാൻ വർദ്ധിപ്പിക്കും. രണ്ടാമത് നിന്റെ ആഗ്രഹം (desire) നിന്റെ ഭർത്താവിനോടാകും. സ്ത്രീക്ക് പുരുഷനോടുള്ള ആസക്തി (ഇതിന്റെ മറുവശവും) ഒരു ശാപം പോലെയാണ്. മൂന്നാമത്തെ ശാപം അവൻ നിന്നെ അടക്കിഭരിക്കും. അതായത് പുരുഷൻ സ്ത്രീയെ അടക്കി ഭരിക്കുന്നത്, അഥവാ പുരുഷമേധാവിത്വം ദൈവസൃഷ്ടിയിലുള്ളതല്ല, വീഴ്ചയാലുണ്ടായതാണ്. മനുഷ്യന്റെ പാപത്തിന്റെ പ്രകാശനമാണ് പുരുഷൻ സ്ത്രീയെ അടിച്ചമർത്തുന്നത്, അടക്കി ഭരിക്കുന്നത്. ഇതു സൃഷ്ടിയുടെ ആദിഭാവത്തിലുള്ളതല്ല, പാപാവസ്ഥയുടെ ഫലമായി പിന്നീടുണ്ടായതാണ്. അല്ലാതെ ഈ അടിച്ചമർത്തൽ 'സൃഷ്ടി'യിൽ തന്നെ ഉള്ളതാണെന്നു പറഞ്ഞ് ആരും അതിനെ absolutize ചെയ്ത് പരമമായി കാണേണ്ടതില്ല. യഥാർത്ഥ ദൈവസ്വരൂപം വരുമ്പോൾ ഈ ശാപവും മാറണം. ദൈവസ്വരൂപം പൂർണത കിട്ടുമ്പോൾ പ്രസവത്തിന്റെ വേദന, അമിതമായ ലൈംഗികാസക്തി, ഒരാൾ മറ്റേ ആളെ അടക്കി ഭരിക്കുക ഇതെല്ലാം മാറും. ദൈവം പുരുഷനോട് പറയുന്നു: നീ വിയർപ്പോടെ അപ്പത്തിനായി അദ്ധ്വാനിക്കും. അതായത് ക്ലേശം നിറഞ്ഞ അദ്ധ്വാനം കൊണ്ട് മാത്രമേ ജീവിക്കാൻ സാധിക്കൂ.

ഉല്പത്തി പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ മറ്റൊരു കഥയുണ്ട്. അവിടെ പറയുന്നത് ആദ്യം പുരുഷനെ (ആദമിനെ) സൃഷ്ടിച്ചു. അതിനുശേഷം അവന് സഖിത്വം നല്കാൻ (തനിയെ ആയിരിക്കുന്നത് നന്നല്ല എന്ന് കണ്ടിട്ട്) ജന്തുലോകത്തെ മുഴുവൻ അണിനിരത്തി നോക്കി. അവർക്ക് ഒക്കെ അവൻ പേരു നല്കി. എങ്കിലും തനിക്ക് തക്കതായ 'തുണ' യായി അവയിൽ ഒന്നിനെയും അവൻ കണ്ടില്ല. അവസാനം പുരുഷന് വലിയ ഒരുറക്കം കൊടുത്തിട്ട് അവന്റെ വാരിയെല്ലിൽ നിന്നും സ്ത്രീയെ ഉണ്ടാക്കി. സൃഷ്ടിയെപ്പറ്റിയുള്ള ഈ രണ്ടു കഥകളിലും രണ്ട് വശങ്ങളാണ് പറയുന്നത്. രണ്ടാമത്തെ കഥയിൽ ആദം ഉറക്കത്തിൽ നിന്നുണർന്നു വന്നപ്പോൾ തന്റെ വാരിയെല്ലിൽ നിന്നെടുത്ത സ്ത്രീ മുന്നിൽ നില്ക്കുന്നു. അങ്ങനെ ആദം (പുരുഷൻ) സന്തോഷത്തോടെ പറഞ്ഞു: ഇതാ 'എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവും – ഇവളാണ് എന്റെ ശരിയായ തുണ, എന്റെ യഥാർത്ഥ കൂട്ടുകാരി.' അതുകഴിഞ്ഞ് ദൈവം പറയുന്നു, അതിനാൽ ഏതു പുരുഷനും തന്റെ അപ്പനെയും അമ്മയെയും ഉപേക്ഷിച്ച് ഭാര്യയോട് പറ്റിച്ചേരും. അവരിരുവരും ഒരു ശരീരമാകും

(മത്താ. 19:5). പുരുഷനാണ് അപ്പനെയും അമ്മയെയും വിട്ട് സ്ത്രീയോട് പറ്റിച്ചേരേണ്ടത്; മറിച്ചല്ല. നമ്മുടെ സാമൂഹിക ആചാരങ്ങളിൽ അപ്പനെയും അമ്മയെയും 'വിട്ടുപിരിഞ്ഞ്' പറ്റിച്ചേരുന്നത് സ്ത്രീയായി തീർന്നിട്ടുണ്ട്. എന്നാൽ ആദിയിൽ ദൈവം കല്പിച്ചത് അങ്ങനെയല്ല. ഉല്പത്തി 2:22 ൽ പറയുന്നത് അതീവ ഗൗരവമായ ഒരു കാര്യമാണെന്ന് വിവാഹമോചനത്തെ പ്പറ്റി ചോദിക്കുമ്പോൾ യേശുവും പറയുന്നുണ്ട്. "മോശ വിവാഹമോചനം അനുവദിച്ചത് നിങ്ങളുടെ ഹൃദയകാഠിന്യം കൊണ്ടാണ്" (മത്താ. 19:8). സ്വാഭാവികമായിട്ടുള്ളത് 'പുരുഷൻ മാതാപിതാക്കളെ വിട്ട് സ്ത്രീയോട് ചേർന്ന് ഇരുവരും ഒരു ശരീരമായി' ജീവിക്കുക എന്നുള്ളതാണ് എന്ന് കർത്താവ് പഠിപ്പിച്ചു. പുരുഷൻ സ്ത്രീയോട് ചേർന്ന് ഇരുവരും വേർപെ ടുത്താൻ പറ്റാത്തവണ്ണം ഒന്നായി തീരണം എന്നത് ഗൗരവമായെടുക്കേണ്ട കാര്യമാണ്. അതുകൊണ്ട് സ്ത്രീപുരുഷബന്ധം നിസാരമായല്ല ക്രിസ്തീയ പഠിപ്പിക്കലിൽ പ്രതിപാദിക്കുന്നത്. മറ്റു ചില മതങ്ങൾ അത്ര തന്നെ ഗൗരവ മായല്ല ഈ വിഷയം കൈകാര്യം ചെയ്യുന്നത്. ബുദ്ധമതത്തിൽ സ്ത്രീയെ വളരെ താണതരത്തിലാണ് വിലയിരുത്തിയിട്ടുള്ളത്; പുരുഷന് ആധ്യാത്മി കമായി ഒരു പ്രതിബന്ധം എന്ന തരത്തിൽ. എന്നാൽ ക്രിസ്തീയ വിശ്വാസ ത്തിൽ സ്ത്രീക്കും പുരുഷനും തുല്യപദവി ഉണ്ടെന്നു തന്നെയല്ല, സ്ത്രീ പുരുഷബന്ധത്തിനും സമുന്നതമായ പദവിയാണ് കൊടുത്തിട്ടുള്ളത്. സ്ത്രീപുരുഷ ബന്ധത്തിൽക്കൂടിയാണ് ദൈവത്തിന്റെ സ്വരൂപം പ്രകാശിപ്പി ക്കപ്പെടുന്നത്.

വേദശാസ്ത്രപരമായി ഒന്നു രണ്ടു കാര്യങ്ങൾ കൂടി പരാമർശിക്കേണ്ട തുണ്ട്. പഴയനിയമത്തിൽ സ്ത്രീകളുടെ സ്ഥാനം എന്തായിരുന്നു? അസാ ധാരണമെന്നും അപൂർവമെന്നും പറയാവുന്ന സ്ഥാനമാണ് പഴയനിയമ കാലത്ത് സ്ത്രീക്ക് നല്കിയിട്ടുള്ളത്. സ്ത്രീകളെ ധാരാളമായി നേതൃത്വ സ്ഥാനത്ത് കാണുന്നുണ്ട്. ന്യായാധിപന്മാരിൽ, പ്രവാചകരിൽ നിരവധി ഉദാഹരണങ്ങൾ എടുത്തു പറയാം. എന്നാൽ 'പുരോഹിതൻ' എന്ന എബ്രാ യപദത്തിന്റെ സ്ത്രീലിംഗപദം മാത്രം പഴയനിയമത്തിൽ കാണുന്നില്ല. ഇതിൽ നിന്ന് ഏതെങ്കിലും നിഗമനത്തിലെത്തുകയല്ല. പ്രവാചിക എന്നത് സ്ത്രീകൾക്ക് ശരിയായ, സാധാരണയായ സ്ഥാനമായി കാണുന്നു. പുതിയ നിയമത്തിലേക്ക് വരുമ്പോൾ നാം പല സ്ത്രീകളേയും അസാമാന്യമായ നേതൃത്വ സ്ഥാനത്ത് കാണുന്നുണ്ട്.

കർത്താവിന്റെ മനുഷ്യാവതാരത്തിൽ വിശുദ്ധ കന്യകമറിയവും എലി സബത്തും പ്രമുഖമായ പങ്കു വഹിച്ചതായി കാണുന്നു. സഭാചരിത്രത്തിൽ യേശുവിന്റെ അമ്മ മറിയയ്ക്ക് മറ്റേതൊരാളെയുംകാൾ, അപ്പോസ്തോല ന്മാരെക്കാളൊക്കെ ഉയർന്ന സ്ഥാനമാണ് കല്പിച്ചിരിക്കുന്നത് എന്നത് അസാധാരണമായി തോന്നാം. സഭയ്ക്ക് ദൈവം കൊടുത്ത ഒരു സവി ശേഷ ജ്ഞാനമാണിത്. യേശുക്രിസ്തുവിനെ ഒരു 'പുരുഷ' ഭാവത്തിൽ മാത്രം കാണാതിരിക്കാൻ വേണ്ടി കൂടിയാണോ ഇത്തരം ഒരു സ്ഥാനം കൊടുത്തത് എന്ന് സംശയം തോന്നുന്നു. പാമ്പ് പറഞ്ഞത് അനുസരിച്ചതി ലൂടെ ഹവ്വ ഉണ്ടാക്കിവെച്ച പ്രശ്നം മാറ്റിയിട്ട്, അതിന് വിപരീതമായി ദൈവ

ത്തിന്റെ മാലാഖാ വന്നു പറഞ്ഞത് വിശ്വസിച്ചതിലൂടെ വി. കന്യകമറിയ മാണ് വീഴ്ചയിലേക്ക് നയിച്ച പ്രക്രിയയെ തിരിച്ചുകൊണ്ടുവരുന്നത്.

പാശ്ചാത്യ പാരമ്പര്യത്തിൽ ഇതിനെ EVA - AVE doctrine എന്നു പറയും. EVA (ഹവ്വാ) ഉണ്ടാക്കിയ പ്രശ്നം പരിഹരിച്ചത് Ave അഥവാ കൃപ നിറഞ്ഞ മറിയം ആണ്. Eva എന്ന വാക്കു നേരെ തിരിഞ്ഞ് Ave എന്നാകുന്നതുപോലെ നേരെതിരിച്ചുവരുന്ന പ്രക്രിയയാണിവിടെ നട ക്കുന്നത്. രണ്ടാമത്തെ ഹവ്വായായ മറിയമാണ് മനുഷ്യരാശിയെ രക്ഷിക്കു ന്നതിൽ പ്രമുഖ പങ്ക് വഹിച്ചത്. അവളുടെ വിശ്വാസമാണ് മനുഷ്യാവതാരം സാധ്യമാക്കിയത് എന്നത് സഭയുടെ ഒരു പ്രധാനപ്പെട്ട ചിന്തയായി കരു തുന്നു. പൗരസ്ത്യസഭയുടെ ചിന്തയിൽ മനുഷ്യാവതാരത്തിന്റെ (Incar- nation) ആരംഭം മാലാഖയുടെ അറിയിപ്പിൽ (annunciation) ആണ്. മാലാഖ യുടെ അറിയിപ്പാകട്ടെ വിശ്വസിക്കാൻ ഏറ്റം പ്രയാസമുള്ളതാണ്. ഒന്നാമത്, പതിനെട്ട് വയസ്സുള്ള ഒരു പെൺകുട്ടിയോട് പറയുന്നു: 'നീ പുരുഷബന്ധം കൂടാതെ ഗർഭിണി ആകുമെന്ന്.' രണ്ടാമത് 'അങ്ങനെ ജനിക്കുന്ന ശിശു ദൈവപുത്രനായിരിക്കു'മെന്ന്. പാമ്പ് വന്ന് ഹവ്വായോട് പറഞ്ഞതിലും വിശ്വസിക്കാൻ പ്രയാസമുള്ള വചനമാണ് മാലാഖാ മറിയത്തോട് അറിയി ക്കുന്നത്. അവൾ അത് വിശ്വസിച്ചില്ലായിരുന്നെങ്കിൽ മനുഷ്യാവതാരം അസാധ്യമാകുമായിരുന്നു. അതായത് മനുഷ്യരാശിയുടെ അനുവാദത്തോ ടുകൂടി മാത്രമേ ദൈവം മനുഷ്യനായി തീർന്നിട്ടുള്ളൂ. ദൈവം ഒരു തീർപ്പ് കല്പിക്കയോ തന്റെ ആജ്ഞ മനുഷ്യനിൽ അടിച്ചേല്പിക്കുകയോ അല്ല ചെയ്തത്. മറിച്ച് തന്നോടൊപ്പം സഹകരിക്കാൻ, തന്നെ സ്വീകരിക്കാൻ ഒരു മനുഷ്യവ്യക്തിയെ കണ്ടെത്തിയതാണ് മനുഷ്യാവതാരത്തിന്റെ വലിയ മർമ്മം. മുഴുവൻ മനുഷ്യരാശിക്കും വേണ്ടി ദൈവത്തെ സ്വീകരിച്ചത്, ദൈവ ത്തിനു മനുഷ്യനാകാൻ അനുവാദം കൊടുത്തത് കന്യകമറിയം ആയി രുന്നു. അതാണ് വി. കന്യകമറിയത്തിന് പരമോന്നതമായ സ്ഥാനം കല്പി ച്ചിരിക്കുന്നതിന്റെ അടിസ്ഥാനം.

നമ്മുടെ പ്രതിരൂപശാസ്ത്ര ചിന്തയിൽ കർത്താവിന്റെ അമ്മ മറിയം നാലു പ്രകാരത്തിൽ പ്രതിബിംബിക്കപ്പെടുന്നുണ്ട്. ഒന്ന്, രണ്ടാമത്തെ ഹവ്വാ എന്ന നിലയിൽ. രണ്ടാമത്, വിശ്വാസികളുടെ മുഴുവൻ മാതാവ് അതായത്, മനുഷ്യാവതാരം നടക്കുന്നതിനു മുമ്പു തന്നെ 'സുവിശേഷം' അവൾക്കാ ണ് നൽകപ്പെട്ടത് എന്നതുകൊണ്ട് സഭ മറിയാമിനെ വിശ്വാസികളുടെ മാതാവായി, സഭയുടെ തന്നെ ഒരു പ്രതീകമായി കരുതുന്നു.

മൂന്നാമതായി, മനുഷ്യരാശിയുടെ മുഴുവൻ പ്രതീകമായിട്ടും കന്യക മറിയം കരുതപ്പെടുന്നു. കാരണം കർത്താവായ യേശുമിശിഹാ എടുത്ത 'മനുഷ്യത്വം' യഹൂദ മനുഷ്യത്വമല്ല, ക്രിസ്തീയ മനുഷ്യത്വമല്ല, സാർവ ത്രിക മനുഷ്യത്വമാണ് - എല്ലാ മനുഷ്യരുടേതുമാണ്. എല്ലാ മനുഷ്യരും ഉൾപ്പെടുന്നതുകൊണ്ട് വി. കന്യകമറിയം 'മനുഷ്യവർഗ്ഗ'ത്തിന്റെ മുഴുവൻ പ്രതീകം കൂടിയാണ്. മുമ്പുണ്ടായിരുന്നവരും ഇന്നുള്ളവരും വരാനിരിക്കു ന്നവരുമായ മുഴുവൻ 'മനുഷ്യരാശിയെയും ഉൾക്കൊള്ളുന്ന ഒരു ജഗദ് രൂപം (Cosmic figure) കൂടിയാണ്.

നാലാമതായി, മുഴുവൻ സൃഷ്ടിയുടെയും പ്രതിരൂപമാണ് കന്യകമറിയം. സൃഷ്ടി എന്നു പറയുന്നത് ദൈവം തന്റെ മുഖാഭിമുഖമായി സൃഷ്ടിച്ചിരിക്കുന്നത് (Ochma) ദൈവവിജ്ഞാനത്തിന്റെ ദൃഷ്ടപ്രദർശനം ആണ്. ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രജാലം ഇവയെല്ലാം കൂടിയ സൃഷ്ടികർമം ദൈവവിജ്ഞാനമാണ്. Ochma എന്ന എബ്രായപദത്തിന്റെ ഗ്രീക്ക് രൂപമാണ് Sophia - എല്ലാ മനുഷ്യരാശിക്കുമായുള്ള ദൈവവിജ്ഞാനം. സൃഷ്ടിയുടെ മുഴുവൻ പ്രതിരൂപമായാണ് കന്യകമറിയമിനെ സങ്കല്പിച്ചിരിക്കുന്നത്.

സഭയിൽ സ്ത്രീകളുടെ സേവനം പ്രാരംഭം മുതൽ വളരെ പ്രധാനമായിരുന്നു. യേശുക്രിസ്തുവിന്റെ അനുയായികളിൽ ഭൂരിപക്ഷം പേരും സ്ത്രീകളായിരുന്നു എന്നു മാത്രമല്ല; വളരെ കഴിവുള്ള സ്ത്രീകൾ വരെ തന്റെ കൂടെ ഉണ്ടായിരുന്നു. കർത്താവ് പന്ത്രണ്ട് ശിഷ്യന്മാരെ തെരഞ്ഞെടുത്തപ്പോൾ പുരുഷന്മാരിൽ നിന്നു മാത്രം തെരഞ്ഞെടുത്തതുകൊണ്ടാവാം, 'ചോയ്സ്' അല്പം മോശമായത് എന്നു ചിന്തിക്കുന്നതു സ്വാഭാവികമാണ്. ഇവരെക്കാളധികം കഴിവുള്ളവർ തന്റെ ചുറ്റും ഉണ്ടായിരുന്നു (ഒരുപക്ഷേ വളരെ അധികം കഴിവുള്ളവരെ, താൻ തെരഞ്ഞെടുക്കാതിരുന്നത് തല അധികം വലുതാകാതിരിക്കാനായിരിക്കാം!). ഏതായാലും കഴിവില്ലാത്ത 12 മീൻപിടുത്തക്കാരെ പിടിച്ച് അവരെ 12 ഗോത്രതലവന്മാരുടെ സ്ഥാനത്ത് പുതിയ ഇസ്രായേലിന്റെ 12 അധിപതികൾ - പാത്രിയർക്കീസുമാർ - ആക്കുകയാണ് യേശു ചെയ്തത്. എന്നാൽ അവരേക്കാൾ ഉന്നതമായ സ്ഥാനം കന്യകമറിയാമിന് ആദിമുതൽ തന്നെ ഉണ്ടായിരുന്നു.

സ്ത്രീകളുടെ സേവനത്തിന് സഭ കല്പിച്ച സ്ഥാനത്തിന്, ഒരുദാഹരണം കൂടിയുണ്ട്. ആദ്യ അപ്പോസ്തലൻ ആരെന്ന് ചോദിച്ചാൽ 'മഗ്ദലക്കാരി മറിയ' എന്ന് പറയണം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ വർത്തമാനം ആദ്യം പോയി അറിയിച്ചത് അവളാണ്. "നീ പോയി അപ്പോസ്തോലന്മാരോടു പറയുക" (മർക്കോ. 16:7). അസാധാരണമായ ഒരു ജോലിയാണ് യേശു അവൾക്കു കൊടുക്കുന്നത്.

സഭയ്ക്കുള്ളിൽ, സ്ത്രീകളുടെ പ്രധാന പ്രവർത്തനം സഭയുടെ തന്നെ ഏറ്റം വലിയ പ്രവർത്തനമായ ആതുരശുശ്രൂഷയായിരുന്നു. രോഗികളെ ശുശ്രൂഷിക്കുക, വൃദ്ധരെ പരിചരിക്കുക, വഴിയാത്രക്കാർക്ക് ഭക്ഷണം കൊടുക്കുക എന്നിങ്ങനെ അശരണർക്ക് ആശ്രയം കൊടുക്കുന്ന സഭയുടെ കർത്തവ്യം ഏതാണ്ട് മുഴുവൻ പങ്കും സ്ത്രീകളുടെ നേതൃത്വത്തിലായിരുന്നു നിറവേറ്റപ്പെട്ടിരുന്നത്. ആശുപത്രി ഒക്കെ അവരുടെ Hospitality യിൽ നിന്നുണ്ടായതാണ്. സഭയുടെ 'ഡയക്കോനിയാ' (ശുശ്രൂഷ) യുടെ പ്രധാന സ്വഭാവം രോഗികളായി നോക്കാനാരുമില്ലാത്തവരെ പള്ളിമുറിയിൽ കൊണ്ടുവന്നു ശുശ്രൂഷിക്കുക എന്നതായിരുന്നു. രണ്ടാം ശതകത്തിന്റെ അവസാനം റോമിലെ സഭയിൽ 2000 വിധവകൾ പേര് ചേർത്തിരുന്നതായി കാണുന്നു. അവരുടെ രണ്ടു പ്രധാന ചുമതലകൾ: ഒന്ന്, നിരന്തരമായി പ്രാർത്ഥനയിൽ ജാഗരിക്കുക. ഇത് സഭയുടെ ഒരു വലിയ ശക്തിസ്രോത

സായിരുന്നു. അതുപോലെ ആതുരശ്രുശ്രൂഷ ചെയ്യുക. ഇവ രണ്ടും സഭയുടെ അടിസ്ഥാന പ്രവർത്തനങ്ങളായിരുന്നു.

ഇതു കൂടാതെ മതബോധനത്തിലും സ്ത്രീകൾക്ക് പങ്കുണ്ടായിരുന്നു. ഇവിടെ ഒരു കുഴപ്പം വന്നു ഭവിച്ചു. കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിന്റെ 14:34–37 വരെ ഭാഗത്ത് ശ്ലീഹാ "നിങ്ങളുടെ സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കട്ടെ; അവർ വല്ലതും പഠിക്കണമെങ്കിൽ വീട്ടിൽവെച്ചു ഭർത്താക്കന്മാരോടു ചോദിച്ച് പഠിക്കട്ടെ" എന്നൊക്കെ പറഞ്ഞ് മറ്റുള്ളിടത്ത് ഒക്കെ ഇങ്ങനെയാണ് എന്ന് കഠിനമായി വാദിച്ചു. ഇത് ചിന്താക്കുഴപ്പം ഉണ്ടാക്കി. എന്നാൽ ഒന്നാമതായി, ഈ വീക്ഷണം സഭ അതിന്റെ പാരമ്പര്യത്തിൽ എടുത്തില്ല. സ്ത്രീകളെ സഭായോഗത്തിൽ സംസാരിക്കാൻ സഭ അനുവദിച്ചിരുന്നു. ആദ്യത്തെ മൂന്നുനാല് ശതകങ്ങളിൽ സഭയുടെ ബോധന ശുശ്രൂഷയിൽ സ്ത്രീകൾ ഉണ്ടായിരുന്നു. പൗലോസ് ശ്ലീഹാ ഒരു പ്രാവശ്യം പറഞ്ഞു എന്നതു ശരി തന്നെ; എന്നാൽ ആ പൗലോസ് ശ്ലീഹാ തന്നെ പുരുഷൻ തല മൂടിക്കൊണ്ട് പ്രാർത്ഥിക്കുന്നത് ലജ്ജാകരമാണ് എന്നു പറഞ്ഞു. ബിഷപ്പന്മാർ തലമൂടിയല്ലേ പ്രാർത്ഥിക്കുന്നത്? സ്ത്രീകൾ തല മൂടണം എന്ന് കോരിന്തിലെ സഭയോട് പറഞ്ഞതിന്റെ അർത്ഥം വ്യത്യസ്തമായിരുന്നു. റോമിലെ വിഗ്രഹാരാധനക്കാരായ വിജാതീയ സമൂഹത്തിൽ അവിവാഹിതകളായ സ്ത്രീകൾക്ക് ശിരോവസ്ത്രം അണിയേണ്ടതില്ല. തല മൂടുന്നത് വിവാഹിതകളായ സ്ത്രീകൾ മാത്രം.

കോരിന്ത് ഒരു വലിയ വാണിജ്യനഗരമായിരുന്നു. Acro - Corinth (അക്രോ കോരിന്ത്) അവിടെയുള്ള ഒരു കുന്നാണ്. അതിന്റെ ഉച്ചിയിൽ ഒരു വലിയ ദേവീക്ഷേത്രം ഉണ്ടായിരുന്നു. അവിടെ ക്ഷേത്രപരിസരം കൊണ്ടു കഴിയുന്ന ആയിരക്കണക്കിന് ക്ഷേത്രവേശ്യകൾ ഉണ്ടായിരുന്നു. അന്നത്തെ കോരിന്ത്യൻ സംസ്കാരത്തിന്റെ ഒരു പ്രധാന മുഖം തന്നെ അതായിരുന്നു. അങ്ങനെ വേശ്യകൾ ഒരു പ്രധാന പങ്ക് വഹിച്ചിരുന്ന കോരിന്തിലാണ് പൗലോസ് സഭ സ്ഥാപിച്ചത്. അവിടത്തെ 'ക്ഷേത്രവേശ്യകൾ' എപ്പോഴും ചിലച്ചുകൊണ്ടിരിക്കുന്നവരും 'വെളിച്ചപ്പാട്' പറയുന്നവരും ഒക്കെ ആയിരുന്നു. ഈ ക്ഷേത്രവേശ്യകളിൽ നിന്ന് വ്യത്യസ്തമായിരിക്കട്ടെ എന്നു കരുതിയാണ് കോരിന്തിലെ സ്ത്രീകളോട് തല മൂടണമെന്നും തലമുടി വെട്ടരുതെന്നും പൗലോസ് ശ്ലീഹാ കല്പിക്കുന്നത്.

ആ ആചാരം സഭ ഒരു ചട്ടം ആക്കിയിട്ടില്ല. 'പുരുഷൻ തല മൂടാൻ പാടില്ല. എന്നാൽ, സ്ത്രീകൾ പ്രവചിക്കുമ്പോൾ തല മൂടണം' എന്നു വ്യക്തം. സഭയിൽ മിണ്ടാതിരിക്കണമെന്നതിന് അപ്പോൾ അർത്ഥമില്ലല്ലോ. പ്രവചന ശുശ്രൂഷയിൽ നിന്ന് സ്ത്രീകളെ രണ്ടാം തരക്കാരായി മാറ്റിനിർത്തിയിട്ടില്ല എന്നു സാരം. പഠിപ്പിക്കുന്നതിനുള്ള പദവി, സ്ഥാനം ആദ്യം മുതലേ ഉണ്ടായിരുന്നു. പരിശുദ്ധ ബസ്സേലിയോസ് മെത്രാന്റെ ചരിത്രം ഏറ്റം ശ്രദ്ധേയമാണ്. അദ്ദേഹം വലിയ പരിശുദ്ധനും മഹാനുമായിരുന്നു. അദ്ദേഹം പറയുന്നു: "എന്റെ വിശ്വാസം എനിക്കു ലഭിച്ചത് മൂന്നു സ്ത്രീകളിൽ നിന്നാണ് – മറ്റൊരു മെത്രാനിൽ നിന്നല്ല." തന്റെ വലിയമ്മ മക്രീന, തന്റെ അമ്മ എമിലിയാ, തന്റെ സഹോദരി മക്രീനാ ഇങ്ങനെ മൂന്നു സ്ത്രീ

കളാണ് വിശ്വാസത്തിന്റെ കാര്യങ്ങൾ തന്നെ പഠിപ്പിച്ചത് എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. സഭയിലെ ഏറ്റം വലിയ പണ്ഡിതനും വിശുദ്ധനും പരിശുദ്ധനുമായ പരിശുദ്ധ ബസേലിയോസിന്റെ സാക്ഷ്യത്തിൽ നിന്ന് സ്ത്രീകൾക്ക് കുടുംബത്തിനുള്ളിലും പുറത്ത് സഭയിലും പഠിപ്പിക്കുന്നതിനുള്ള നേതൃത്വം അംഗീകരിക്കപ്പെട്ടിരുന്നു എന്നു കാണാം. ഇവിടെയും ഒരു നിഗമനത്തിലേക്കു ഞാൻ വരുന്നില്ല. ഇന്ന് തീർച്ചയായും സ്ത്രീകൾക്ക് ബോധന ശുശ്രൂഷയിൽ പ്രാമുഖ്യം നല്കുക തന്നെ വേണം എന്നത് യാതൊരു സംശയവുമില്ലാത്ത കാര്യമാണ്. അങ്ങനെ വന്നാൽ തന്നെ കാര്യങ്ങൾക്ക് വലിയ വ്യത്യാസം വരും.

സഭയിൽ സ്ത്രീകളായ രക്തസാക്ഷികൾ വളരെ ഉണ്ടായിട്ടുണ്ട്. പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത ഓർത്തഡോക്സ് സഭയിലുണ്ട്. എന്നാൽ പരിശുദ്ധകളോടും മദ്ധ്യസ്ഥത വേണ്ടതാണ്; അത് നാം പലപ്പോഴും മറന്നുപോകുന്നു. അവരെ നാം ഓർക്കേണ്ടതുണ്ട്. ആദ്യകാലത്ത് ജീവൻ ബലി കഴിച്ചാണ് അവർ സഭയെ വളർത്തിയെടുത്തത്.

ശെമ്മാശിനിമാരെ (Deaconesses) പറ്റി ധാരാളം പറയാനുണ്ട്. സഭയുടെ ആരംഭകാലം മുതൽ ശെമ്മാശിനിമാർ ഉണ്ടായിരുന്നു. പിന്നീടാണ് കന്യാസ്ത്രീകൾ വന്നത്. ശെമ്മാശിനിമാർക്ക് കുർബാന കൊടുക്കുവാനുള്ള അധികാരം തീർച്ചയായും ഉണ്ടായിരുന്നു. മാമ്മോദീസാ മുക്കാനും മൂറോൻ അഭിഷേകം ചെയ്യാനും അവർക്ക് അനുവാദമുണ്ടായിരുന്നു. കൗദാശികമായ ചുമതലകളും സ്ത്രീകൾക്ക് ഉണ്ടായിരുന്നു. ശെമ്മാശിനിമാരെക്കുറിച്ച് നാം കൂടുതലായി പഠിക്കേണ്ടിയിരിക്കുന്നു. നാലാം ശതാബ്ദം വരെ അവർക്ക് പ്രാധാന്യമുണ്ടായിരുന്നു. എന്നാൽ അഞ്ചാം ശതകത്തിൽ സന്ന്യാസിമാർ (Monks) മെത്രാന്മാരായി വന്നുതുടങ്ങിയപ്പോളാണ് സ്ത്രീകളുടെ സ്ഥാനത്തിന് പ്രശ്നം വരുന്നത്. കാരണം സന്യാസിമാർക്ക് പൊതുവെ സ്ത്രീകൾ അടുത്തുവരുന്നത് ഭയമാണ്. സ്ത്രീകളെ ഒരു പ്രലോഭനമായും പ്രതിബന്ധമായും അവർ കാണാൻ തുടങ്ങി. അന്നുമുതലാണ് സഭാജീവിതത്തിൽ സ്ത്രീകൾക്കുള്ള ചുമതലകൾ കുറഞ്ഞു വന്നത്.

### വർത്തമാനകാലത്ത്

അഖിലലോക സഭാകൗൺസിലിൽ 1947-ൽ മിസ് സാറാ ചാക്കോ ഒരു പ്രസിഡണ്ടായിരുന്നു. അവർ ഒരു പുരുഷന്റെയും കീഴിലായിരുന്നില്ല. ആരെയും കവച്ചുവെക്കുന്ന കഴിവുകൾ വളർത്തിയ ഒരു വനിതയായിരുന്നു അവർ. ഇന്നത്തെ കാലത്ത് സ്ത്രീകൾക്ക് ഇടവകകളിൽ വേണ്ടത്ര സ്ഥാനം കൊടുക്കുന്നില്ല. സുറിയാനിക്രിസ്ത്യാനി സഭകൾ നേതൃത്വത്തിൽ അർഹമായ സ്ഥാനം സ്ത്രീകൾക്കു കൊടുക്കാതെ വന്നതുകൊണ്ടാണ് അവർ Y. W. C. A. പോലുള്ള പ്രസ്ഥാനങ്ങളിൽ ചേർന്ന് പ്രവർത്തിക്കാനിടയായത്. നേതൃത്വസ്ഥാനങ്ങളിൽ നമ്മുടെ സഭകളിൽ, സ്ത്രീകളെ ഉൾപ്പെടുത്താത്തതിനു കാരണം വിദ്യാഭ്യാസവും കഴിവുമുള്ള സ്ത്രീകളെ പൊതുവെ ഭയമാണ് എന്നതുകൊണ്ടാണ്. വിദ്യാഭ്യാസമുള്ള സ്ത്രീകൾ വന്നാൽ അച്ചന്മാർ പറയുന്നിടത്ത് അവർ നില്ക്കുകയില്ല എന്ന ഭയം. അതുകൊണ്ട് കഴിവുള്ള സ്ത്രീകളെപ്പോലും സഭയ്ക്ക് ഉപയോഗപ്പെടു

ത്താൻ കഴിയുന്നില്ല. നമ്മുടെ ഈ നയം തിരുത്തിയില്ലെങ്കിൽ നമുക്കുള്ള നഷ്ടം ഭീമമായിരിക്കും.

അന്തർദേശീയമായി പറയുമ്പോൾ വനിതാപ്രസ്ഥാനം ഈ നൂറ്റാണ്ടിന്റെ ആരംഭകാലം മുതൽ ഇംഗ്ലണ്ടിലും മറ്റും സജീവമായി ഉടലെടുത്തു. സ്ത്രീകളുടെ വോട്ടവകാശത്തിനു വേണ്ടിയുള്ള പ്രസ്ഥാനം വളരെ ശക്തമായിരുന്നു. 1970-ലാണ് പിന്നീട് അത്തരം ശബ്ദങ്ങൾ കാര്യമായി ഉയർന്നുവന്നത്. 1968-70 കാലഘട്ടത്തിൽ തന്നെയാണ് മൂന്നാംലോക രാഷ്ട്രങ്ങളുടെ (ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനങ്ങൾ) ശബ്ദം ഉറക്കെ കേട്ടുതുടങ്ങിയതും, അത് വെള്ളക്കാരുടെ സമ്പന്ന രാഷ്ട്ര നേതൃത്വങ്ങൾക്ക് ഭീതി ഉളവാക്കാൻ തുടങ്ങിയതും. ആ ഭീതി ലോകത്തിൽ ഭൂരിപക്ഷമായ ദരിദ്രരാഷ്ട്രങ്ങളിലെ ജനങ്ങൾ തങ്ങളെ ഒതുക്കിക്കളയുമോ എന്നതായിരുന്നു. മൂന്നാംലോക ജനതയെ ഭിന്നിപ്പിച്ചാൽ അവർ ഉയർന്നുവരില്ല എന്ന കണക്കുകൂട്ടലിൽ മനുഷ്യാവകാശ പ്രസ്ഥാനത്തെയും വനിതകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ഫെമിനിസ്റ്റു പ്രസ്ഥാനത്തെയും പടിഞ്ഞാറൻ രാഷ്ട്രങ്ങൾ ബോധപൂർവം ഉപയോഗപ്പെടുത്താൻ കൂട്ടായ ശ്രമം നടത്തിയിട്ടുണ്ടെന്ന് നേരിട്ട് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ആദ്യകാലത്ത് പാശ്ചാത്യഫെമിനിസ്റ്റുകൾ പറയുന്നതൊക്കെ ഏഷ്യൻ വനിതകളും ആവർത്തിക്കുമായിരുന്നു. കുറച്ചു കഴിഞ്ഞപ്പോഴാണ് ഏഷ്യൻ വനിതാ പ്രസ്ഥാനങ്ങൾ തങ്ങളുടേതായ തനതായ ശബ്ദം ഉയർത്താൻ തുടങ്ങിയത്. ഏഷ്യൻ സ്ത്രീകളുടെ പോരാട്ടം ഏഷ്യയിലെ എല്ലാ ജനങ്ങളുടെയും മോചനത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമാകണമെന്നത് ഒരു പ്രധാന ഉൾക്കാഴ്ചയായി സ്വീകരിക്കണം. അതായത് സ്ത്രീകളുടെ മോചനം എന്നു പറയുന്നത് പുരുഷന്മാരിൽ നിന്നുള്ള മോചനം മാത്രമല്ല. പുരുഷന്മാരും സാമ്പത്തികമായ അനീതിക്ക് വിധേയരായി കിടക്കുകയാണ്. അവരുടെ വിമോചനവും സ്ത്രീകളുടെ വിമോചനവും ഒരു പാക്കേജ് ആയി കാണേണ്ടിയിരിക്കുന്നു. ഒന്നു കളഞ്ഞിട്ട് മറ്റത് നേടാൻ കഴിയില്ല.

സ്ത്രീയും പുരുഷനും തമ്മിലുള്ള അസമത്വം രണ്ടു തലത്തിലുണ്ട്. ഒന്ന് പ്രകൃത്യാലുള്ളത് (ജീവശാസ്ത്രപരം). പുരുഷന്മാർ സംഘടിച്ച് ഗർഭധാരണത്തിനും പ്രസവത്തിനും ഉള്ള അവകാശം തങ്ങൾക്കും വേണമെന്നു പറഞ്ഞാൽ വലിയ കാര്യമായിട്ടൊന്നും നടക്കില്ല. പ്രകൃത്യാലുള്ള ചില വൈജാത്യങ്ങളുണ്ട്. ചില ചുമതലകൾ പ്രകൃതി സ്ത്രീകൾക്കും പുരുഷന്മാർക്കും എന്ന് വിഭജിച്ചിട്ടുണ്ട്. സാംസ്കാരികമായി വളർന്നുവന്നിട്ടുള്ള അസമത്വങ്ങളാണ് പ്രധാന പ്രശ്നം. ആചാരപരമായും മറ്റും ഉണ്ടായിട്ടുള്ള അസമത്വങ്ങൾ എങ്ങനെ ഉണ്ടായി എന്നുള്ളതിന്റെ ചരിത്രം പഠിച്ച് അതിനെ പരിഹരിക്കാൻ വേണ്ടതു ചെയ്കയാണ് വനിതാ പ്രസ്ഥാനങ്ങളിലൂടെ നമുക്ക് ചെയ്യാവുന്നത്.

*(കോട്ടയം സോഫിയാ സെന്ററിൽ നടത്തിയ പ്രഭാഷണം, 1995)*

# 20

# ശ്രീനാരായണ ഗുരുദേവൻ

## ആദ്ധ്യാത്മിക ചൈതന്യത്തിന്റെ ഉത്തുംഗഗോപുരം

**ന**മ്മുടെ ദക്ഷിണ ഭാരതത്തിന്റെ ആദ്ധ്യാത്മിക ചൈതന്യത്തിന്റെ ഉത്തുംഗശിബിരം എന്ന് ഞാൻ കരുതുന്ന ശ്രീനാരായണ ഗുരുദേവന്റെ പാവന സ്മരണയ്ക്കു മുമ്പിൽ എന്റെ എളിയ ആദരവുകൾ.

എനിക്ക് രണ്ടു വയസ്സുള്ളപ്പോഴാണ് ശ്രീനാരായണഗുരുദേവൻ ആലുവായിൽ സർവ്വമത മഹാപാഠശാല സ്ഥാപിക്കണമെന്നുള്ള അഭിപ്രായം പറഞ്ഞത് – 1924 ൽ. അതുകഴിഞ്ഞ് അര ശതാബ്ദകാലത്തിനു ശേഷമേ അത് നടപ്പിൽ വന്നുള്ളു. 1971 ൽ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികമായ മദ്ധ്യസ്ഥത മൂലം അത് നടപ്പിൽ വന്നു. അതിന്റെ രജതജൂബിലി ആഘോഷിക്കുന്നു എന്നതിൽ നിങ്ങളോടൊപ്പം ഞാനും വളരെയധികം സന്തോഷിക്കുന്നു.

ഈ കേരളത്തിന്റെ മണ്ണിൽ ഉണ്ടായിട്ടുള്ള രണ്ട് വലിയ പ്രഭാപ്രസരങ്ങളിൽ ഒരാൾ ശ്രീ ശങ്കരാചാര്യരും മറ്റെയാൾ ശ്രീ നാരായണ ഗുരുവുമാണ്. ഈ ചൈതന്യപ്രസരത്തിന്റെ പിറകിൽ വളരെ വലിയ ഒരു പാരമ്പര്യം തെക്കേഇന്ത്യയിൽ ഉണ്ടെന്നുള്ളത് പലപ്പോഴും ദക്ഷിണഭാരതീയരായ നാം ഓർക്കാത്ത ഒരു കാര്യമാണ്. ആദ്ധ്യാത്മികത നമ്മുടെ കേരളത്തിൽ പരന്നത് വടക്കുനിന്നാണ് എന്നൊരു തെറ്റിദ്ധാരണ പലർക്കും ഉണ്ടായിട്ടുണ്ട്. ഈയടുത്ത കാലത്തായിട്ട് നമ്മുടെ ചരിത്രരചനയും അങ്ങനെയാണ്. എന്നാൽ അതല്ല യാഥാർത്ഥ്യം. വടക്കുണ്ടായിരുന്നതിനേക്കാൾ ശക്തമായ ഒരു ചൈതന്യപ്രസരം ഇവിടെയുണ്ടായിരുന്നുവെന്നതിന് ധാരാളം തെളിവുകളുണ്ട്. രണ്ടുമൂന്നെണ്ണം ഞാൻ നിങ്ങളുടെ മുമ്പാകെ വയ്ക്കാം.

നമ്മുടെ ഭാരതീയ ആദ്ധ്യാത്മിക ചൈതന്യപ്രസരത്തിലെ സിംഹഭാഗം വരുന്ന വലിയ ഉത്തുംഗന്മാരായ പരിശുദ്ധന്മാർ ഉണ്ടായിട്ടുള്ളത് ഹിന്ദി ബെൽറ്റിൽ നിന്നല്ല. ഹിന്ദി ബെൽറ്റിൽ ഉണ്ടായിട്ടുള്ള വലിയ ആദ്ധ്യാത്മിക നേതാക്കൾ രണ്ടുപേരും അന്ന് നിലവിലുണ്ടായിരുന്ന ബ്രാഹ്മണമതത്തോട് എതിരിട്ടവരാണ്: ഭഗവാൻ ശ്രീ ബുദ്ധനും ശ്രീ ജൈനമഹാവീരനും. രണ്ടുപേരും വടക്കേ ഇന്ത്യയിൽ ഉണ്ടായിട്ടുള്ള വലിയ വ്യക്തികളാണ്. എന്നാൽ മറ്റുള്ള വലിയ ആദ്ധ്യാത്മിക ശക്തികളെപ്പറ്റി ചിന്തിക്കുമ്പോൾ രണ്ടുപേരെക്കൂടി കൂട്ടാം: ശ്രീരാമകൃഷ്ണ, ശ്രീ അരബിന്ദോ.

ബാക്കിയുള്ളവരൊക്കെ തെക്കേഇന്ത്യക്കാരാണ്. ശ്രീ ശങ്കരാചാര്യ, ശ്രീ രാമാനുജൻ, ശ്രീ മാധ്വൻ, ഈയടുത്ത കാലത്തുണ്ടായിട്ടുള്ള വലിയ ആദ്ധ്യാത്മിക ശക്തികളായ ശ്രീ രമണ മഹർഷി, ശ്രീ നാരായണഗുരു – ഇവരെല്ലാം തെക്കേഇന്ത്യയിൽ ഉണ്ടായിട്ടുള്ളവരാണ്. ഈ തെക്കേ ഇന്ത്യയിലെ, ദക്ഷിണാവൃത്തത്തിലെ ഒരു വലിയ പാരമ്പര്യത്തിന്റെ ഉടമകളാണ്

നാമെല്ലാവരും. ക്രിസ്ത്യാനിയായാലും മുസ്ലീമായാലും ഹിന്ദുവായാലും മറ്റ് മതങ്ങളിൽപെട്ടവരായാലും എല്ലാവരുടെയും ചരിത്രത്തിന്റെ പിന്നിൽ ഈ "മഹാചൈതന്യപ്രസരം" കിടപ്പുണ്ട് എന്നുള്ളതാണ് എനിക്ക് നിങ്ങളോട് പറയുവാനുള്ളത്.

ഞാനിപ്പോൾ ഒരു ഉദാഹരണമായിട്ട് എന്റെയൊരു ചെറിയ അഭിപ്രായം നിങ്ങളുടെ മുമ്പിൽ വയ്ക്കുവാൻ ശ്രമിക്കുകയാണ്. നാമിപ്പോൾ ഭാരതീയ ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെ പഠനത്തിന് അടിസ്ഥാനമാക്കുന്നത് സംസ്കൃതമാണ്. ഈ സംസ്കൃതഭാഷ ഉണ്ടാകുന്നതിനുമുമ്പ് ശ്രീ ബുദ്ധനും മഹാവീരനുമൊക്കെ ഉപയോഗിച്ച ഭാഷ 'പ്രാകൃത' എന്നു പറയുന്നതാണ്. അതിന്റെ ഒരു ഭാഗമാണ് 'പാലി.' ഇത് നമ്മുടെയാളുകളൊന്നും പഠിക്കാറില്ല. എന്നാൽ അതിനേക്കാൾ പഴക്കമുള്ള വലിയ ഭാഷയാണ് തമിഴ്. മലയാളികളായ നാമെല്ലാവരും ഒരുകാലത്ത് തമിഴന്മാരായിരുന്നു എന്നു പറഞ്ഞാൽ നമുക്കത്രവേഗം അത് സ്വീകാര്യമല്ല. കാരണം നമ്മുടെ മനസ്സിന്റെ ഒരു മൂലയിൽ തമിഴരെപ്പറ്റി അല്പം കുറഞ്ഞ ഒരു അഭിപ്രായം എവിടെയോ ഒളിഞ്ഞുകിടപ്പുണ്ട്. അതുകൊണ്ടാണ് തമിഴ് നമ്മുടെ മാതൃഭാഷയാണെന്ന് സമ്മതിക്കുവാൻ പ്രയാസം. ശ്രീ ശങ്കരാചാര്യരുടെ കാര്യമെടുത്താൽ തന്നെ സംസ്കൃതത്തിലാണ് അദ്ദേഹം പുസ്തകമെഴുതിയതെങ്കിലും അദ്ദേഹത്തിന്റെ മാതൃഭാഷ തമിഴായിരുന്നു. ശ്രീ രാമാനുജനും ശ്രീ മാധ്വനുമൊക്കെ സംസ്കൃത പണ്ഡിതന്മാർ ആയിരുന്നെങ്കിലും അവരുടെ ഭാഷ എപ്പോഴും ദ്രാവിഡഭാഷയായിരുന്നു.

ഈ തമിഴിന്റെ പാരമ്പര്യം മലയാളികളായ നാം മറന്നുകളയുന്നത് സങ്കടകരമായ ഒരു കാര്യമാണ്. കാരണം, ആദ്ധ്യാത്മികതയുടെ ഭാരതത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ പ്രസരം ഉണ്ടായിട്ടുള്ളത് ഈ ദക്ഷിണാവൃത്തത്തിൽ നിന്നാണ്. അല്ലാതെ ഗംഗാതീരത്തുനിന്നല്ല എന്നുള്ളത് എനിക്ക് വളരെ ബോധ്യമാണ്. അതിന്റെ തെളിവുകളെന്താണ് എന്ന് ചോദിക്കുകയാണെങ്കിൽ ഒന്നു രണ്ടെണ്ണം ഞാൻ പറയാം.

ഒന്നാമത്, ഈ സംഘംകൃതികൾ എന്നു പറയുന്ന തമിഴ് സാഹിത്യത്തെപ്പറ്റി മലയാളികൾക്ക് വലിയ താല്പര്യമൊന്നും കാണുന്നില്ല. മധുര കാമരാജ് യൂണിവേഴ്സിറ്റി അതിന് വലിയ പ്രാധാന്യം കൊടുത്ത് പഠിപ്പിച്ചുവരുന്നുണ്ടെങ്കിലും ഇന്ന് ഈ സംഘംകൃതികളുടെ ഒരു എഡിറ്റഡ് വേർഷൻ കിട്ടാൻ പ്രയാസമാണ്. ആദ്യ ശതാബ്ദത്തിൽ എഴുതപ്പെട്ടിട്ടുള്ള കൃതികളാണ് സംഘംകൃതികളെന്ന് പറയുന്നത്. അതെല്ലാം നമ്മുടെ കയ്യിൽ കിട്ടിയിട്ടില്ല. ചിലത് വളരെ ശുദ്ധസാഹിത്യത്തിലാണ് എഴുതിയിരിക്കുന്നത്.

പുറനാനൂറ്, അകനാനൂറ് മുതലായ അനേക കൃതികൾ നമുക്ക് ഇന്ന് സംസിദ്ധമായിട്ടുണ്ട്. ഈ സംഘം എന്നു പറഞ്ഞാൽ സാഹിത്യകാരന്മാരുടെ സംഘമാണ്. അന്നത്തെയെഴുത്തുകാരുടെയെല്ലാം കൂടി സംഘടനയാണ്. ഈ സംഘടനയുടെ പ്രധാന പ്രോത്സാഹകന്മാരായി ഉണ്ടായിരുന്നത് ഈ ദക്ഷിണഭാരതത്തിലെ ചേരമാൻ പെരുമാക്കന്മാരായ രാജാക്കന്മാരാണ്. ചേരമാൻ പെരുമാക്കന്മാർ കേരളം ഭരിച്ചിരുന്ന കാല

ഘട്ടത്തിൽ കേരളത്തെപ്പറ്റി എഴുതപ്പെട്ടിട്ടുള്ള ഒരു കൃതിയാണ് പതിറ്റിപ്പത്ത്. പത്ത്, പത്ത് പാട്ടുകളുള്ള പത്ത് എണ്ണം ഒരുമിച്ച് കൂടിയിട്ടുള്ള ഒരു ബൃഹദ്ഗ്രന്ഥം. പുരാതന സാഹിത്യകൃതികളിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഒന്നാണിത്. എന്തുകൊണ്ടോ ഇപ്പോഴും ഭാരതത്തിൽ പലർക്കും അതിനെപ്പറ്റി അറിയാൻവയ്യ എന്നുള്ളതിൽ എനിക്ക് സങ്കടം തോന്നിയിട്ടുണ്ട്.

മലയാളികളായ നമ്മുടെ പഴയ ചരിത്രമാണിത്. ഇത് നമ്മൾ പഠിച്ചാൽ നമ്മുടെ ആദ്ധ്യാത്മികതയുടെ വേരുകൾ എവിടെയാണെന്ന് കാണുവാൻ പറ്റും. അതിനെപ്പറ്റി കൂടുതൽ ഞാനിപ്പോൾ പറയുന്നില്ല. നാം ശ്രദ്ധിക്കാത്ത പല കാര്യങ്ങളും ആ കൃതി പഠിക്കുമ്പോൾ കാണും. ഒന്നാമത്, ഉത്തരേന്ത്യയിൽ നിന്നു വന്ന ഹിന്ദുദേവതമാരുടെ പേരുകൾ ഒന്നും അവിടെ കാണുകയില്ല. വേദത്തെപ്പറ്റിയോ ഉപനിഷത്തുകളെപ്പറ്റിയോ ഒന്നും അവിടെ കാണുകയില്ല. അവിടെ കാണുന്നത് ഈ ദക്ഷിണാവൃത്തത്തിൽ തന്നെയുണ്ടായിരുന്ന അതിപ്രൗഢമായ ഒരു സാഹിത്യ, ആദ്ധ്യാത്മിക പാരമ്പര്യമാണ്. അതൊന്ന് പഠിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

രണ്ടാമത്തെ കൃതി, ഈ അടുത്തകാലത്ത് നമ്മുടെ കയ്യിൽ കിട്ടിയിട്ടുള്ളത് 13-ാം ശതാബ്ദത്തിൽ ഉണ്ടായ ഒരു മഹാകൃതിയാണ്. "ആചാര്യഹൃദയം" എന്നാണതിന്റെ പേര്. ഈ കൃതി അക്കാലത്ത് ഇവിടെയുള്ള മതപാരമ്പര്യത്തിന്റെ ഏറ്റവും വലിയ ഒരു സാക്ഷിയാണ്. അത് പിന്നീട് വന്ന വൈഷ്ണവമതം, ശൈവമതം എന്നൊക്കെ പറയുന്ന മതത്തിന്റെ മുമ്പുണ്ടായിരുന്ന മതപാരമ്പര്യമാണ്. ഈ 'ആചാര്യഹൃദയ'ത്തിന്റെ ഒരു പ്രധാന വ്യാഖ്യാതാവ് ആയിരിക്കുന്ന മണവാളമാമുനി എന്നു പറയുന്നയാൾ തമിഴ് മണിപ്രവാളത്തിൽ എഴുതിയിരിക്കുന്ന ഒരു രേഖയാണ് നമുക്ക് ഇപ്പോൾ കിട്ടിയിട്ടുള്ളത്. തമിഴും സംസ്കൃതവും ഇടകലർത്തി എഴുതിയിട്ടുള്ള ഒരു കൃതിയാണ് ആചാര്യഹൃദയവും, അതിനെക്കുറിച്ചുള്ള വ്യാഖ്യാനവും. പഴയകാലത്തെ ആചാര്യന്മാരിൽ ഉത്തുംഗനായിരുന്ന തെങ്കലപിള്ളൈ ലോകാചാര്യയുടെ സഹോദരനാണ് ഈ മണവാളമാമുനി.

വളരെ പ്രൗഢമായ ഒരു നിധിയാണീ ഗ്രന്ഥം. അതിൽ പറയുന്നത് വടക്കൻ രാജ്യങ്ങളിൽ വേദവും ഉപനിഷത്തുമുണ്ടെങ്കിൽ നമുക്ക് തെക്കും ഉണ്ട്. ദക്ഷിണ ഭാരതീയന്റെ ഒരു വേദവും ശാസ്ത്രവും ഉണ്ട്. ആ വേദത്തിന്റേയും ശാസ്ത്രത്തിന്റെയും ഏറ്റവും പ്രധാനമായ ഒരു കാര്യം ഉത്തരഭാരതീയർ പ്രധാനമായി കരുതുന്ന രണ്ട് കാര്യങ്ങളെ അത് നിഷേധിക്കുന്നുവെന്നതാണ്. ഒന്ന്, ജാതി (വർണ്ണാശ്രമം). ഉത്തരഭാരതീയർ പലപ്പോഴും പറയുന്നു, വർണ്ണാശ്രമധർമ്മമുള്ളിടത്തേ ഹിന്ദുമതമുള്ളു എന്ന്. ഇപ്പോഴും പറയുന്നവരുണ്ട്. ഒരിക്കലുമല്ല. വർണ്ണാശ്രമധർമ്മം അല്ലെങ്കിൽ ജാതി എന്നു പറയുന്നത് ഈ മായാപ്രപഞ്ചത്തിന്റെ പ്രത്യേകത മാത്രമല്ലാതെ അതിന് മൗലികമായി യാതൊരു അടിസ്ഥാനവുമില്ല എന്ന് വാദിക്കുന്നതോടുകൂടിത്തന്നെ മറ്റൊരു കാര്യവും അദ്ദേഹം പറയുന്നു. അത് 'കർമ്മ' എന്ന പേരിലുള്ള, വടക്കു നിന്നുള്ള പഠിപ്പിക്കലിനെപ്പറ്റിയാണ്.

അതും വെറുതെയാണെന്നദ്ദേഹം പറയുന്നു. ഒരു മനുഷ്യന്റെ കർമ്മം കൊണ്ട് അവൻ ദൈവത്തെ അറിയാതെ കിടന്നുകൊള്ളണമെന്ന് എങ്ങും പറഞ്ഞിട്ടില്ല. എല്ലാ മനുഷ്യരിലും ഒരുപോലെ പ്രധാനമായിട്ടുള്ളത് കൈങ്കര്യം എന്നു പറയുന്നതാണ്. കൈങ്കര്യം എന്നു പറയുന്നത് ജാതി മത ഭേദമെന്യേ സകലമനുഷ്യരിലും ഒരുപോലെ കാണപ്പെടുന്ന ദൈവ ജ്ഞാനത്തിനുള്ള പ്രവണതയാണ്. അത് ബ്രാഹ്മണനായാലും ശൂദ്രനാ യാലും, സ്ത്രീയായാലും പുരുഷനായാലും ചെറിയ കുട്ടിയായിരുന്നാലും, ആരെയും അതിൽ നിന്നു തടഞ്ഞു നിർത്തിക്കൂടാ എന്നതാണ് നമ്മുടെ ദക്ഷിണ ഭാരതത്തിലെ പാരമ്പര്യം. ശ്രീ നാരായണ ഗുരു എടുത്തുയർത്തി ക്കാണിച്ച ഇത്, പണ്ടേ നമ്മുടെ പാരമ്പര്യത്തിലുള്ള കാര്യമാണെന്ന് മന സിലാക്കുവാൻ വേണ്ടിയാണ് ഞാൻ ഇത് എടുത്ത് പറഞ്ഞത്.

അതുപോലെ 11-ാം ശതാബ്ദത്തിൽ രചിക്കപ്പെട്ടിട്ടുള്ള ശൈവമത ത്തിന്റെ ഒരു പ്രധാനപ്പെട്ട തമിഴ് രേഖയുണ്ട്. അതിൽ പറയുന്നത്, എല്ലാ മതസമ്പ്രദായങ്ങളും അവയുടെ പരസ്പരവ്യത്യാസങ്ങളും ആവശ്യമില്ലാ ത്തവയാണ് എന്നാണ്. ശ്രീ നാരായണഗുരുവിന്റെ പഠിപ്പിക്കൽ തന്നെയാ ണത്. ഒരേയൊരു മതമേയുള്ളു. ആ മതം മാത്രം മതി. അതാണ് ഈ കൃതിയുടെ പ്രധാനമായ ചുരുക്കം.

അതിൽ അല്പം ചില പ്രയാസം തോന്നുന്ന കാര്യങ്ങൾ ഒക്കെ കണ്ടേ ക്കും. ഒന്നു പറയുന്നത്, ഈ ശൈവമതമൊഴികെ ബാക്കിയുള്ള ഒരു സമ്പ്ര ദായവും മോക്ഷത്തിലേക്ക് നയിക്കുകയില്ല, മോക്ഷത്തിൽ പോകണമെ ങ്കിൽ ശൈവമതം സ്വീകരിക്കണമെന്ന് മാത്രമല്ല, അതിന് മുമ്പുണ്ടായി രുന്ന മതത്തെ എടുത്തുകളയണമെന്നുമാണ്. ഈ പുസ്തകത്തിൽ പറ യുന്നത്. ഓരോ മതവും അതിന്റെ അനുയായികളിൽ ചില പ്രത്യേകത കൾ സൃഷ്ടിക്കുന്നു. അവയ്ക്ക് പുസ്തകത്തിൽ കൊടുക്കുന്ന പേര് ലിംഗം (അടയാളം) എന്ന വാക്കാണ്. എല്ലാ മതാനുയായികൾക്കും ആ മതത്തി ന്റേതായ അടയാളങ്ങളുണ്ട്. അപ്പോൾ ഇവരെ ശരിയായിട്ട് മോക്ഷത്തി ലേക്ക് കൊണ്ടുപോകണമെങ്കിൽ ആദ്യം ഈ അടയാളങ്ങൾ എടുത്തു മാറ്റണം. അതിനു വേണ്ടുന്ന റിചൽസാണ് ഈ പുസ്തകത്തിലുള്ള പ്രധാ നപ്പെട്ട ഒരു ഭാഗം. അതുകഴിഞ്ഞ് പിന്നെ പറയുന്നത് ഏക മാർഗ്ഗമേയുള്ളു വെന്നാണ്; പരമശിവൻ സർവ്വത്തിന്റെയും ഉടയവനായ എല്ലാറ്റിന്റെയും അധിപനായ പരമശിവനിലുള്ള ഭക്തിമൂലം എല്ലാ മനുഷ്യർക്കും മോക്ഷ ത്തിലേക്ക് പ്രവേശിക്കുവാൻ സാധിക്കും. നോക്കണം, ആരെയും തടഞ്ഞു വയ്ക്കുന്നില്ല. ഇതുതന്നെയാണ് ശ്രീനാരായണഗുരു നമ്മെ പഠിപ്പിച്ചിട്ടുള്ള പാഠം. അല്ലാതെ ദൈവത്തെ അറിയുക എന്നുള്ളത് കുറച്ചുപേർക്ക് മാത്ര മുള്ള ഒരു പ്രത്യേകതയായിട്ട് ഗുരുദേവൻ ഒരു കാലത്തും കണ്ടില്ല എന്നു ള്ളത് ഈ പുസ്തകങ്ങളെപ്പറ്റി പഠിക്കുമ്പോൾ എനിക്ക് പ്രത്യേകം ഓർമ്മവന്നു. നമ്മുടെ ദക്ഷിണഭാരത പാരമ്പര്യത്തിന്റെ ഉത്തുംഗഗോപുര മെന്ന് ഞാൻ വിളിക്കുന്ന ശ്രീനാരായണഗുരുദേവനിൽ നാം കാണുന്നത് ഇങ്ങനെയുള്ള സാർവ്വലൗകികങ്ങളായ കാര്യങ്ങളാണ്.

ഒരു കാര്യം കൂടി പറയട്ടെ. സർവ്വമത മഹാപാഠശാല സംസ്ഥാപിത

മായിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളും കുറെയൊക്കെ നടന്നിട്ടുണ്ട്. പ്രസിദ്ധീകരണങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇന്ന് ലോകത്തിന്റെ ഏറ്റവും വലിയ ആവശ്യമെന്താണ്? രണ്ടു കാരണങ്ങൾ ഞാൻ പറയാം.

ഒന്നാമത്, ഞാനീ സർവ്വമതസൗഹാർദ്ദത്തിനുവേണ്ടി ലോകമാകെ ഓടി നടന്നിട്ടുണ്ട്. അപ്പോൾ എനിക്ക് ഉണ്ടായിട്ടുള്ള വളരെ സങ്കടകരമായ ഒരു അനുഭവമിതാണ്. ഈ ലോകമതനേതാക്കന്മാരെ എല്ലാം കൂടെ എടുത്താൽ യഥാർത്ഥത്തിൽ പരിശുദ്ധന്മാരായിട്ടുള്ളവർ വളരെ കുറച്ചേ ഉള്ളൂ. അധികം പേരും അധികാരത്തിനും ശക്തിക്കും സ്ഥാനത്തിനും വേണ്ടി വടംവലി നടത്തിക്കൊണ്ട് സർവ്വമതസമ്മേളനങ്ങളും സംഘടനകളും നടത്തിക്കൊണ്ട് പോകുന്നവരാണ്. ഇത് വളരെയധികം എന്നെ വേദനിപ്പിക്കുന്ന ഒരു കാര്യമാണ്. ഈ മനുഷ്യരാശിക്ക് രക്ഷയുണ്ടാകണമെങ്കിൽ മതനേതാക്കന്മാരായ ഞങ്ങളെപ്പോലെയുള്ളവർ ആന്തരികമായി പരിവർത്തനം ചെയ്ത് ഈശ്വരവാഹികളായി തീരണം. അല്ലെങ്കിൽ യാതൊന്നും നടക്കുകയില്ല. മനുഷ്യർ ഇന്ന് മതത്തിൽ നിന്നു അധികമൊന്നും പ്രതീക്ഷിക്കുന്നില്ല. കാരണം നമ്മുടെ മതനേതാക്കന്മാരെ ജനങ്ങൾ നോക്കിയിട്ട്, "ഓ.. ഇവരാണോ ദൈവത്തിങ്കലേക്ക് നമ്മളെ നയിക്കാനുള്ളവർ..!" എന്നു പറയുന്നു. ഇതാണ് പരമാർത്ഥം. വളരെ ദുഃഖത്തോടുകൂടിയാണു ഞാനിത് പറയുന്നത്. കൂടുതൽ എന്തെങ്കിലും ഞാൻ പറയുന്നത് വളരെ മോശമായിരിക്കും.

രണ്ടാമത് എനിക്കുള്ള ഒരു പ്രധാനപ്പെട്ട അഭിപ്രായം, നമ്മുടെ മതനേതാക്കന്മാരെ പരിശീലിപ്പിക്കുന്ന വിദ്യാലയങ്ങളെക്കുറിച്ചാണ്. എന്റെ ചുമതലയിൽ ഒന്ന് അതാണ്. ഓർത്തഡോക്സ് സെമിനാരിയിൽ നൂറ്റമ്പതുപേരെ പഠിപ്പിക്കുന്നുണ്ട്. ഈ പഠിപ്പിച്ച് വിട്ട് ക്രിസ്തീയ ഗുരുക്കന്മാരും ഉപദേഷ്ടാക്കന്മാരുമായി പുറത്തു പോകുന്നയാളുകൾക്ക് മറ്റു മതങ്ങളെപ്പറ്റി വളരെയൊന്നും അറിയില്ല. ഹിന്ദുമതത്തെപ്പറ്റിയും ജൈനമതത്തെപ്പറ്റിയും ബുദ്ധമതത്തെപ്പറ്റിയുമൊക്കെ ഞങ്ങൾ ക്ലാസുകൾ എടുക്കുന്നുണ്ട്. അതു പരീഷയ്ക്ക് പാസ്സാകുവാൻ വേണ്ടി ഇവരൊക്കെ പഠിക്കുന്നുമുണ്ട്. പക്ഷേ, അതിന്റെ അനുഭവം അവരുടെ ജീവിതത്തിൽ, അവരുടെ നേതൃത്വത്തിൽ പലപ്പോഴും കാണുന്നില്ല എന്നുള്ളത് ക്രിസ്തുമതത്തെപ്പറ്റി ഞാൻ പറയുകയാണ്. ഇതുപോലെ തന്നെ മുഹമ്മദീയ ഗുരുക്കന്മാരെ പരിശീലിപ്പിക്കുന്ന മദ്രസകളിലും വിദ്യാലയങ്ങളിലും അതുപോലെ മറ്റു മതങ്ങളിലെ നേതൃത്വത്തെ പരിശീലിപ്പിക്കുന്ന സ്ഥലങ്ങളിലും ഒരു സർവ്വമത സമന്വയമുള്ള ശിക്ഷണം ലഭിക്കുകയും, അവയെപ്പറ്റി തിയറിട്ടിക്കൽ ആയിട്ട് പഠിച്ചാൽ പോരാ, നേരിട്ട് അവരുടെ ആദ്ധ്യാത്മികത അനുഭവിക്കുവാൻ ശ്രമിക്കുകയും ചെയ്യണം

ഞാൻ രണ്ടാമത് മനസ്സിലാക്കിയ ഒരു പ്രധാനപ്പെട്ട കാര്യം, ഈ സർവ്വമതമെന്നും പറഞ്ഞ് ഒരുപാട് പ്രസംഗം പറഞ്ഞതുകൊണ്ട് ഒരു വിശേഷവുമില്ല. ശ്രീ രമണ മഹർഷിയെപ്പോലുള്ള ഒരാളുടെ പാദത്തിങ്കൽ ഇരുന്നുകഴിഞ്ഞാൽ പിന്നെ എനിക്ക് ഒരു പ്രസംഗവും കേൾക്കണ്ടാ. ആ പരിശുദ്ധമായ ആത്മാവിൽ നിന്നു വരുന്ന ചൈതന്യപ്രസരം എന്നെ ആത്മി

കമായി വ്യത്യാസപ്പെടുത്തിക്കൊള്ളും. അങ്ങനെയുള്ള ചൈതന്യപ്രസരമുള്ള ആത്മാക്കൾ ധാരാളമായി രൂപപ്പെടണം. അവരിൽ യാതൊരുവിധ അന്യമത വിദ്വേഷവും ഇല്ലാതെയിരിക്കണം. ഇത് ഇന്നത്തെ ലോകത്തിന്റെ വലിയ ഒരാവശ്യമാണ്.

ഈ രണ്ടു കാര്യങ്ങൾ സർവ്വമത മഹാപാഠശാല നടത്തുമ്പോഴും പ്രത്യേകം ഓർക്കുകയും, മറ്റ് മതങ്ങളുടെ പ്രസംഗം കേട്ടാൽ മാത്രം പോരാ. മറ്റ് മതങ്ങളിലുള്ളവരുടെ ആരാധനയിൽ സംബന്ധിക്കണം. അവരെങ്ങനെ ദൈവത്തെ അറിയുന്നു, അനുഭവിക്കുന്നു എന്നുള്ളത് തൊട്ട്, കണ്ട്, അടുത്ത് അറിയുമ്പോഴേ അതിനോട് ബഹുമാനം ഉണ്ടാവുകയുള്ളു.

ഞാനും ഒരു കാലത്ത് ഒരുപാട് പ്രസംഗങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ പ്രസംഗത്തേക്കാൾ കൂടുതൽ പരിശുദ്ധന്മാരായ മറ്റു മതങ്ങളിലുള്ള മനുഷ്യരുമായുള്ള സമ്പർക്കമാണ് എനിക്ക് ഏറ്റവും വലിയ പ്രചോദനം നൽകിയിട്ടുള്ളത്. അങ്ങനെയുള്ള മനുഷ്യരെ വാർത്തെടുക്കുന്ന സ്ഥാപനങ്ങളായി നമ്മുടെ പരിശീലന കേന്ദ്രങ്ങൾ വരണം എന്നുള്ള എളിയ അഭ്യർത്ഥനയോടുകൂടി, ശിവഗിരിയിൽ സ്ഥാപിതമായിട്ടുള്ള മഹാപാഠശാലയുടെ പ്രവർത്തനങ്ങളിൽ എളിയവനായ എന്റെ സർവ്വ സഹകരണങ്ങളും വാഗ്ദാനം ചെയ്തുകൊണ്ടും, ഈ സമ്മേളനം ഞാൻ ഉദ്ഘാടനം ചെയ്തുകൊള്ളുന്നു.

*(മെത്രാപ്പോലീത്താ കേരളത്തിൽ നടത്തിയ അവസാനത്തെ പ്രഭാഷണം. ചങ്ങനാശ്ശേരി എസ്. എൻ. ഡി. പി. യുടെ ആഭിമുഖ്യത്തിൽ നടന്ന 'ശിവഗിരി ബ്രഹ്മവിദ്യാലയത്തിന്റെ രജതജൂബിലി ആഘോഷങ്ങളുടെ' കോട്ടയം ജില്ലാതല ഉദ്ഘാടന സമ്മേളനത്തിൽ ചെയ്തത്. 1996 ഓഗസ്റ്റ് 18.* സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്*)*



# ലേഖനങ്ങൾ

## ദളം 1

# മതം, മാർക്സിസം, പുതിയ മാനവികത

## ഉള്ളടക്കം


1. നമുക്കും വേണം ഒരു പെരിസ്ട്രോയിക്ക

2. സോഷ്യലിസവും മാർക്സിസവും

3. മാർക്സിസം, മതനിരപേക്ഷത, മതം: ചില പുതു പരാമർശങ്ങൾ

4. പുതിയ മാനവികത

# 1

# നമുക്കും വേണം ഒരു പെരിസ്ട്രോയിക്ക

ചൈന 1979 ൽ ആരംഭിച്ചതും പെരിസ്ട്രോയിക്ക എന്ന പേരിൽ 1985-ൽ സോവിയറ്റ് യൂണിയൻ ആരംഭിച്ചതുമായ സമഗ്രമായ വ്യവസ്ഥിതി പരിഷ്ക്കാരങ്ങൾ അന്താരാഷ്ട്ര മണ്ഡലത്തെ മുഴുവൻ ബാധിക്കുന്നവയാണ്. സോഷ്യലിസത്തിന്റെ മൗലിക തത്വങ്ങളെ ബലികഴിച്ചുകൊണ്ടുള്ളവയാണ് ഈ പരിഷ്കാരങ്ങളെന്നു ചിലർ ചിന്തിക്കുമ്പോൾ, സോഷ്യലിസത്തിന് യഥാർത്ഥമായ മനുഷ്യമുഖം നൽകുന്നതിന്റെ നാന്ദിയാണ് ഈ പരിഷ്ക്കാരങ്ങളെന്ന് അവയുടെ വക്താക്കൾ വാദിക്കുന്നു.

ഒരു കാലത്തു സോവിയറ്റ് യൂണിയനും ചൈനയും രണ്ടു ചേരികളായി നിന്ന് പസ്പരം കുറ്റപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ സോഷ്യലിസത്തിന്റെ ശത്രുക്കൾ ആഹ്ലാദിക്കുകയും ആ ചേരിതിരിവിനെ കൂടുതൽ ശക്തമാക്കാൻ ശ്രമിക്കുകയും ചെയ്തു. ഇന്ന്, ഗോർബച്ചോവിന്റെ ചരിത്രപ്രധാനമായ ചൈനാ സന്ദർശനത്തോടെ ഈ ചേരിതിരിവു തീർത്തും അവസാനിച്ചു എന്നു തന്നെ പറയാം. എല്ലാ കാര്യങ്ങളിലും യോജിപ്പായി എന്നു പറയുക വയ്യ. പക്ഷേ ചേരിതിരിവു തീർന്നു. ഇന്ന് ഇരുകൂട്ടരും ഒരു വശത്താണ്; ഒരു ചേരിയിലാണ്; പരസ്പരം ശത്രുക്കളല്ല.

ഇരുകൂട്ടരും മൗലികമായ പരിവർത്തനങ്ങളുടെ മദ്ധ്യത്തിലാണ്.

### സാംസ്ക്കാരിക വിപ്ലവം

റഷ്യ പെരിസ്ട്രോയിക്ക ആരംഭിക്കുന്നതിന് ആറു വർഷം മുമ്പേ 1979-ൽ ചൈനയിൽ സാമ്പത്തികപരിഷ്ക്കരണം ആരംഭിച്ചു. മാവോയും ചൗ എൻ ലായിയും 1976-ൽ മരിച്ചു മൂന്നു വർഷം കഴിഞ്ഞാണിതിനു തുടക്കം കുറിച്ചത്. പണ്ടു സാമ്പത്തികവ്യവസ്ഥിതിയുടെ പരിഷ്ക്കരണത്തിനുദ്യമിച്ച ലിയു ഷാവോചി പുറംതള്ളപ്പെട്ടു. 1966 മുതൽ 1969 വരെയുള്ള സാംസ്ക്കാരിക വിപ്ലവം (Cultural revolution) കൊണ്ടു നാട്ടിലുടനീളം സമത്വമനോഭാവം സൃഷ്ടിക്കാൻ മാവോയ്ക്കു സാധിച്ചു.

പക്ഷേ ചൈനയുടെ ഉത്പാദന വ്യവസ്ഥിതി ആധുനികമാക്കാൻ മാവോയ്ക്കു സാധിച്ചില്ല. രോഗിയും വൃദ്ധനുമായ മാവോയുടെ അവസാനകാലത്തു പോലും ഡെങ്ങ് സിയാവോ പിങ്ങിനെ അധികാരശൃംഗത്തു കയറ്റാനും പാശ്ചാത്യസാങ്കേതിക വിജ്ഞാനത്തിനുവേണ്ടി മുതലാളിത്ത വ്യവസ്ഥിതിയുടെ കൂട്ടുതേടാനും സമ്മതിച്ചില്ല. മാവോയുടെ തണലിൽ സാമ്പത്തിക പരിഷ്കാരത്തേയും പാശ്ചാത്യരാഷ്ട്രങ്ങളുമായുള്ള സൗഹൃദത്തെയും എതിർക്കുകയും പട്ടിണി കിടന്നാലും ജനതയുടെ സമത്വവും ചൈനയുടെ സ്വയംപര്യാപ്തതയും സംരക്ഷിക്കണമെന്നു ശഠിക്കുകയും ചെയ്തിരുന്ന ചിയാങ്ങ് ചിങ്ങും അവരുടെ ചതുർസംഘവും (gang four)

ശക്തി പ്രാപിച്ചു. ഇവരുടെ ഫുട്ബോൾകളിയിൽ അമ്പയറായിരുന്ന ചൗ എൻ ലായി എല്ലാറ്റിന്റെയും നടുക്കായിരുന്നു.

എഴുപത്താറിൽ മാവോയുടെ നിര്യാണത്തിനു മുമ്പുതന്നെ ചൗ എൻ ലായിയും അന്തരിച്ചു. പിന്നീടുണ്ടായ പിടിവലിയിൽ ആദ്യം ഡെങ്ങ് തോറ്റു പോയെന്നു തോന്നിയെങ്കിലും അധികം താമസിയാതെ 'ചതുർ സംഘത്തെ' തോല്പിച്ചോടിച്ച് അദ്ദേഹം അധികാരത്തിന്റെ ചരടുവലിച്ചു. അങ്ങനെ സാമ്പത്തിക വ്യവസ്ഥിതിപരിഷ്കാരം ജയിച്ചു.

## വ്യത്യാസങ്ങൾ

എഴുപത്തൊമ്പതിൽ ചൈനയിലാരംഭിച്ച പരിഷ്കാരങ്ങളും 1985-ൽ സോവിയറ്റ് യൂണിയനിലാരംഭിച്ച പുനഃസംഘടനാ പ്രവർത്തനങ്ങളും തമ്മിൽ രണ്ടു വ്യത്യാസങ്ങളാണു പ്രധാനമായിട്ടുള്ളത്. ചൈനയിൽ തത്വസംഹിതയൊന്നും പരിഷ്ക്കരിക്കാതെയും വലിയ പ്രസംഗധോരണിയൊന്നും കൂടാതെയും ശാന്തമായി സാമ്പത്തികവ്യവസ്ഥിതിയുടെ പുനഃസംഘടന ആരംഭിച്ചു. എട്ടൊമ്പതു വർഷത്തെ പ്രായോഗികാനുഭവത്തിന്റെ വെളിച്ചത്തിൽ മാത്രമാണു തത്വങ്ങൾ ആവിഷ്ക്കരിക്കാനാരംഭിച്ചത്. സോവിയറ്റ് യൂണിയനിൽ തത്വാവിഷ്ക്കാരം ആദ്യമേ ആരംഭിച്ചു - സാമ്പത്തിക പരിഷ്കാരങ്ങൾ ഫലം കായ്ക്കാൻ തുടങ്ങുന്നതിനു മുൻപു തന്നെ.

രണ്ടാമത്തെ വ്യത്യാസം ചൈനയിൽ പെരിസ്ട്രോയിക്കയുടെ കൂടെ ഗ്ലാസ്നോസ്ത് ഔദ്യോഗികമായി ആരംഭിച്ചില്ല. വിമർശന സ്വാതന്ത്ര്യവും തുറന്ന ചർച്ചയും ഇല്ലാതെ തന്നെ സാമ്പത്തിക പരിഷ്ക്കാരം നടപ്പിൽവരുത്തിക്കഴിഞ്ഞപ്പോഴാണ് 1989-ൽ വിദ്യാർത്ഥിലോകം ചിന്താസ്വാതന്ത്ര്യത്തിനായുള്ള സമരം രൂക്ഷമാക്കിയത്. സോവിയറ്റ് യൂണിയനിലെ വിദ്യാർത്ഥിലോകം വലിയ വിപ്ലവചിന്തയൊന്നുമുള്ളവരല്ല. അവർ ചിന്താസ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യേണ്ട ആവശ്യവും ഇപ്പോഴില്ല.

മൂന്നാമതൊരു വ്യത്യാസം കൂടിയുണ്ട്: ചൈനയിൽ പുതിയ വ്യവസ്ഥിതി വന്നിട്ടു നാല്പതു വർഷമേ ആയുള്ളു. പഴയ വ്യവസ്ഥിതി ഓർമ്മയുള്ള ധാരാളം പേർ ഇപ്പോഴുമുണ്ട്. സോവിയറ്റ് യൂണിയനിലാകട്ടെ, വിപ്ലവം കഴിഞ്ഞു വർഷം 72 ആയി. വിപ്ലവത്തിനു മുമ്പുള്ള സാറിസ്റ്റ് വ്യവസ്ഥിതി ഓർമ്മയുള്ളവർ വളരെ കുറച്ചേയുള്ളു.

ചൈനക്കാർക്കു മുതലാളിത്ത വ്യവസ്ഥിതി കുറെയെങ്കിലും തിരികെ കൊണ്ടുവരുവാൻ കുറേക്കൂടി എളുപ്പമുണ്ട്. 1949-നു മുമ്പുണ്ടായിരുന്ന ചൈന മുതലാളിത്ത വ്യവസ്ഥിതിയുടെ സകല ദൂഷ്യങ്ങളുമുള്ള ഒന്നായിരുന്നു. അല്പം വാതിൽ തുറന്നു കൊടുത്താൽ ആ ദൂഷ്യങ്ങളൊക്കെ കാറ്റടിച്ച് അകത്തു കയറുമെന്നു കഴിഞ്ഞ പത്തു വർഷത്തെ അനുഭവം കൊണ്ട് ഇപ്പോൾ വ്യക്തമായി. പക്ഷേ, അതോടൊപ്പം പുതുതായിത്തുടങ്ങിയ മുതലാളിത്തമേഖല സോവിയറ്റ് യൂണിയനേക്കാൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനു ചൈനക്കാർക്കു കഴിയുന്നുണ്ട്.

റഷ്യയിൽ ഒരു സ്വതന്ത്രവിപണിവിഭാഗം നിയമം കൊണ്ട് അനുവദി

ക്കുന്നുണ്ടെങ്കിലും പ്രായോഗികമായി വലിയ കാര്യക്ഷമതയൊന്നും കാണിക്കുവാൻ ആ വിഭാഗത്തിന് ഇതുവരെയും സാധിച്ചിട്ടില്ല.

**ചില ചിന്തകൾ**

മുതലാളിത്ത വ്യവസ്ഥിതിയും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയും പരസ്പര ശത്രുതാമനോഭാവത്തിലാണു കഴിഞ്ഞ രണ്ടു മൂന്നു തലമുറകളായി വർത്തിച്ചിട്ടുള്ളത്. ആ സംഘർഷം ഒരു പരിധി വരെയെങ്കിലും മാറ്റി സഹവർത്തിത്വമനോഭാവത്തോടെ വർത്തിക്കണമെന്നാണു ഗോർബച്ചോവിന്റെ മതം. അതെന്തിന്, ഒരുതരം തോൽവി സമ്മതിക്കലല്ലേ എന്നു ചിലർ ചോദിക്കുന്നതിൽ അത്ഭുതമൊന്നുമില്ല. യുദ്ധസന്നാഹങ്ങളിൽ മുതലാളിത്ത വ്യവസ്ഥിതിക്കു മുൻതൂക്കം കൂടുതലായതല്ലേ ഈ തോൽവി സമ്മതിക്കലിനു കാരണം? അങ്ങനെയെങ്കിൽ പാശ്ചാത്യരാഷ്ട്രങ്ങളുടെ യുദ്ധബജറ്റ് കുറേക്കൂടി വർദ്ധിപ്പിക്കുന്നതല്ലേ ലോകത്തിനു നല്ലത് എന്നും ചിലർ ചോദിക്കുന്നു.

ഇതിനു സമഗ്രമായ സമാധാനം പറയാൻ ഇവിടെ ശ്രമിക്കുന്നില്ല. ഗോർബച്ചോവിന്റെ ചിന്തയിൽ ചില ആശയങ്ങൾ മുൻപന്തിയിൽ നിൽക്കുന്നു. ഒന്ന്: സമരസന്നാഹങ്ങൾ നരവംശത്തിന്റെ ആത്മഹത്യയിലേക്കാണു നയിക്കുന്നതെന്നുള്ള ഏറെക്കുറെ ശരിയായ നിഗമനം. അതുകൊണ്ടു യുദ്ധസന്നാഹത്തിന്റെ അന്തരീക്ഷത്തിൽ നിന്നുതന്നെ ലോകത്തെ രക്ഷിച്ചെങ്കിലേ മനുഷ്യരാശിക്കു മാത്രമല്ല, ജീവനെന്ന പ്രതിഭാസത്തിനു തന്നെ, ഇപ്പോഴത്തെ പ്രതിസന്ധിയെ അതിജീവിക്കാനൊക്കൂ എന്ന സോവിയറ്റു കമ്യൂണിസ്റ്റ് പാർട്ടിയുടെ നിഗമനം യാഥാർത്ഥ്യങ്ങളിന്മേൽ അധിഷ്ഠിതമാണെന്ന് നമുക്കു പറയാൻ കഴിയും.

മാത്രമല്ല, യുദ്ധത്തെ നരവംശത്തിന്റെ ആത്മഹത്യയാക്കിത്തീർക്കുന്ന പ്രതിഭാസം അണ്വായുധങ്ങൾ തന്നെ. അതുകൊണ്ട് അണ്വായുധങ്ങളെ പ്രപഞ്ചത്തിൽ നിന്നു തന്നെ ഉന്മൂലനം ചെയ്യണം. അതു രണ്ടായിരമാണ്ടോടെ സഫലമാകണം. ഇതിനു വേണ്ടുന്ന സത്വര നടപടികൾ ഉടനടി കൈക്കൊള്ളണം. ഇത് എല്ലാവരുടെയും ആവശ്യമാണ്. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും മുതലാളിത്തരാഷ്ട്രങ്ങളും ഒരുപോലെ മുൻഗണന നൽകി അണ്വായുധങ്ങളെ ഉന്മൂലനം ചെയ്യണം. അതു സാധിക്കണമെങ്കിൽ യുദ്ധസന്നാഹങ്ങളുടെയും പരസ്പര സംഘർഷത്തിന്റെയും അന്തരീക്ഷം മാറണം. സഹവർത്തിത്വമനോഭാവത്തോടെ എല്ലാ രാഷ്ട്രങ്ങളും ഒരുമിച്ചു പ്രവർത്തിച്ചാലേ മനുഷ്യരാശിയുടെ ഭദ്രത സംരക്ഷിതമാകയുള്ളു. ഇതാണു ഗോർബച്ചോവിന്റെയും സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെയും ചിന്തയിലെ പ്രഥമാശയം.

**യുദ്ധസന്നാഹം**

രണ്ടാമത്, യുദ്ധസന്നാഹങ്ങളുടെ അന്തരീക്ഷത്തിൽ സോഷ്യലിസത്തിനു പുരോഗമിക്കാനാവില്ലെന്നുള്ള നിഗമനമാണ്. യുദ്ധസാമഗ്രികളുടെ നിർമ്മാണത്തിനും വ്യാപാരത്തിനും വേണ്ടി വളരെയധികം ശ്രമവും വ്യയവും ചെയ്യുന്നതു മുതലാളിത്തവ്യവസ്ഥിതിക്കു താൽക്കാലികമായെ

ങ്കിലും പ്രയോജനകരമാണ്. കാരണം, വിപണി വികസനമാണ് വിപണി വ്യവസ്ഥിതിയുടെ ജീവശ്വാസം. ഈ യുദ്ധവ്യയവും യുദ്ധായുധ വ്യാപാരവുമാണ് ഏറ്റവും വലിയ ആദായം നൽകുന്നത്. യുദ്ധവും യുദ്ധായുധ വ്യാപാരവും കൊണ്ടല്ലാതെ വിപണി വികസിപ്പിക്കാൻ സാധിക്കും. എന്നാൽ ഇതത്ര എളുപ്പമല്ല; ലാഭകരവുമല്ല.

നേരേമറിച്ച്, സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്ക് ആയുധദുർവ്യയവും ആയുധവ്യാപാരവും കണ്ഠകോടാലിയാണ്. കാരണം, മനുഷ്യന്റെ ജീവിതനിലവാരം ഉയർത്തുന്നതിനു സോഷ്യലിസ്റ്റ് വ്യവസ്ഥിതി ചെയ്യുന്ന സകല പരിശ്രമങ്ങൾക്കും പ്രധാന പ്രതിബന്ധം ഈ ദുർവ്യയമാണ്. ഇതൊന്നില്ലാതാക്കാമെങ്കിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലെ ജീവിതനിലവാരത്തെ മുതലാളിത്ത രാഷ്ട്രങ്ങളിലുള്ളതിനേക്കാൾ മെച്ചവും ഉച്ചനീചത്വങ്ങളില്ലാത്തതുമാക്കാമെന്നാണു സോഷ്യലിസ്റ്റ് ചിന്ത. സമാധാനത്തിന്റെ അന്തരീക്ഷത്തിൽ സംഘർഷം കൂടാതെ മൽസരിച്ചാൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്കു മുതലാളിത്ത വ്യവസ്ഥിതിയെ തോല്പിക്കാമെന്ന് അവർ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

**വർഗസമരം**

വർഗസമരം പിന്നെയും തുടരേണ്ടിവരും. പക്ഷേ, അത് അണ്വായുധ വെടിക്കോപ്പുകളോടെയുള്ള സമരമായിരിക്കയില്ല. സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും അന്തരീക്ഷത്തിൽ വർഗസമരം തുടരാതെ നിവൃത്തിയില്ല. അവസാനം തൊഴിലാളിവർഗം ജയിച്ചിട്ട് വർഗഭേദമില്ലാത്ത ഒരു സമൂഹം കെട്ടിപ്പടുക്കണം. ഒരു മുതലാളിക്ക് തന്റെ അദ്ധ്വാനം മൂലം സമൂഹത്തിനു വേണ്ടതു നൽകാനും ഒരു തൊഴിലാളിയുടെ അഭിമാനത്തോടെ ജീവിക്കാനും സാധിക്കണം. ഇതാണു സോഷ്യലിസ്റ്റ് ചിന്താപദ്ധതി.

മലയാളത്തിൽ സോഷ്യലിസത്തിനു സ്ഥിതിസമത്വവാദം എന്നു തെറ്റായി പേരുപറഞ്ഞുവരുന്നു. ഇതു പരിഭാഷയാണെങ്കിൽ 'സാമൂഹ്യവാദം' എന്നായിരിക്കണം. മനുഷ്യവ്യക്തി സമൂഹത്തിൽ ജനിക്കുന്നു; വളരുന്നു; മനുഷ്യനായിത്തീരുന്നു. സാമൂഹ്യമായി സംഘടിച്ചു പ്രകൃതിയെ അദ്ധ്വാനം കൊണ്ടും ഉപാധി (Tool) കൊണ്ടും കൈകാര്യം ചെയ്ത്,പ്രകൃതിയെ മാനുഷീകരിക്കയും സ്വയം മനുഷ്യപ്രകൃതിയെ കരുപ്പിടിപ്പിക്കയും ചെയ്യുന്ന സാമൂഹ്യജീവിയാണു മനുഷ്യൻ എന്ന തത്വമാണു സാമൂഹ്യവാദത്തിന്റെ മൗലികമായ അടിസ്ഥാനം.

പെരിസ്ട്രോയിക്കയിൽ ഇതിനു വ്യത്യാസമൊന്നും വരുന്നില്ല. എന്നാൽ പ്രകൃതിയെ കൈകാര്യം ചെയ്യുന്നതിനുള്ള സംഘടിതമായ മനുഷ്യത്തൊഴിലിന്റെ മാനുഷവൽക്കരണം സാധിക്കണമെങ്കിൽ മനുഷ്യാദ്ധ്വാനം കൊണ്ടുണ്ടാകുന്ന ഉല്പന്നത്തിന്റെ ഒരു പങ്ക് മുതലാളി കൊണ്ടുപോയി അതു തൊഴിലാളിവർഗത്തെ ചൂഷണം ചെയ്യുന്നതിനുള്ള ഉപാധിയാക്കുന്ന പ്രസ്ഥാനം ഇല്ലാതാകണം. ഉത്പാദനമാദ്ധ്യമങ്ങൾ (means of production) മുതലാളിയുടേതായതുകൊണ്ടാണു മുതലാളിക്ക് അദ്ധ്വാനിക്കാതെ അന്യ

രുടെ അദ്ധ്വാനഫലം കരസ്ഥമാക്കാൻ സാധിക്കുന്നത്.

ഇത് ഇല്ലാതാക്കണമെങ്കിൽ ഉത്പാദനമാദ്ധ്യമങ്ങൾ മുഴുവൻ തൊഴിലാളിവർഗത്തിന്റെ ഉടമയിലാകണം എന്ന തത്വം സാമൂഹ്യവാദത്തിന്റെ രണ്ടാം നിലയിലെ തത്വമാണ്. ഇതിനുവേണ്ടിയാണ് ഇപ്പോൾ സോഷ്യലിസ്റ്റ് പുനഃസംഘടനയിൽ അല്പം ഭേദഗതി വരുത്തുന്നത്. അതായത്, ഉത്പാദന വ്യവസ്ഥിതിയുടെ ഒരു ഭാഗം വികസനത്തിന്റെ ഒരു ഘട്ടത്തിൽ വിപണി വ്യവസ്ഥിതിയിൽക്കൂടിത്തന്നെ വികസിക്കുവാൻ അനുവദിക്കുന്നതിൽ തെറ്റില്ല എന്നു ചൈനയും സോവിയറ്റ് യൂണിയനും ഒരുപോലെ സമ്മതിക്കുന്നു. ആ മേഖലയിൽ മാത്രം പരിമിതവും നിയന്ത്രിതവുമായ രീതിയിൽ ഉത്പാദനമാദ്ധ്യമങ്ങളുടെ ഉടമ സ്വകാര്യവ്യക്തികളുടെയോ ചെറിയ കമ്പനികളുടെയോ കൈയിൽ കൊടുത്താൽ, പൊതുവേയുള്ള വികസനത്തിന് അതു സഹായിക്കുമെന്നാണു സോവിയറ്റ് നേതൃത്വവും ചൈനീസ് നേതൃത്വവും ഇന്നു വിശ്വസിക്കുന്നത്. പരമാബദ്ധമെന്നു മാവോ വിശേഷിപ്പിച്ച ഒരു ചിന്തയാണ് ഇന്ന് അധികാരത്തിലിരിക്കുന്ന സോഷ്യലിസ്റ്റ് പാർട്ടികളിൽ പലതും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

**സാങ്കേതികജ്ഞാനം**

പക്ഷേ, മുതലാളിത്ത വ്യവസ്ഥിതി എന്നു പറയുന്നത് സോഷ്യലിസത്തിലേക്ക് ഒരു സമൂഹം കടക്കുന്നതിനു മുൻപുള്ള സമൂഹ വികസനത്തിന്റെ ഒരവശ്യ ഘട്ടമാണെന്നും പഴയ ഭൂവുടമ വ്യവസ്ഥിതി (feudalism) യിൽ നിന്നു സോഷ്യലിസത്തിലേക്കു നേരിട്ടു വഴിയില്ലെന്നുമുള്ളത് മാർക്സ് തന്നെ സമ്മതിക്കുന്ന കാര്യമാണ്. സോവിയറ്റ് യൂണിയനും ചൈനയും അങ്ങനെ മുതലാളിത്ത വ്യവസ്ഥിതിയിൽ വേണ്ടത്ര വികസിക്കാതെ ഫ്യൂഡലിസത്തിൽ നിന്ന് ഏറെക്കുറെ നേരേ സോഷ്യലിസത്തിലേക്കു കുതിക്കാൻ ശ്രമിച്ചതിന്റെ ഫലമായി സാങ്കേതിക വിജ്ഞാനീയം വേണ്ടത്ര വികസിച്ചില്ല.

ചരിത്രത്തിൽ സാങ്കേതിക വിജ്ഞാനീയം പെട്ടെന്നു പുരോഗമിച്ചതു വിപണിവ്യവസ്ഥിതിയിൽ (market economy എന്നതിനു കമ്പോള സാമ്പത്തിക വ്യവസ്ഥിതി എന്നു ചിലർ പേർ വിളിക്കുന്നു) ക്കൂടിയാണ്. ആ വ്യവസ്ഥിതി കുറെയെങ്കിലും ഇല്ലാതെ സാങ്കേതിക വിജ്ഞാനീയം (technology) വേണ്ടത്ര വളരുകയില്ല എന്ന് മാർക്സ് സമ്മതിക്കുമായിരുന്നോ എന്നു സംശയമാണ്. മാവോ തീർച്ചയായും സമ്മതിക്കുകയില്ലായിരുന്നു. ചൈനയിലെയും സോവിയറ്റ് യൂണിയനിലെയും ചിന്തകന്മാർ ഇപ്പോൾ പറയുന്നതു വെറും സൈദ്ധാന്തിക കടുംപിടിത്തം (ideological dogmatism) കൊണ്ടുമാത്രം സമൂഹത്തെ നയിക്കാനോ വികസിപ്പിക്കാനോ ഒക്കുകയില്ലെന്നും പ്രയോഗവും ചിന്തയും (practice and theory) തമ്മിലുള്ള ദ്വന്ദ്വാത്മക ബന്ധം (dialectical relation) മറന്നാൽ സൈദ്ധാന്തിക കടുംപിടിത്തം അപകടത്തിൽ ചാടിക്കുമെന്നുമാണ്.

പ്രായോഗികാനുഭവത്തിന്റെ വെളിച്ചത്തിൽ സിദ്ധാന്തത്തിനു തുടർച്ചയായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കണമെന്ന ശാസ്ത്രതത്വം സ്റ്റാലിന്റെയും

മാവോയുടെയും കാലത്തു മറന്നതാണ് രണ്ടു സമൂഹങ്ങളും ഇന്നനുഭവിക്കുന്ന സാമ്പത്തിക പ്രാതികൂല്യങ്ങൾക്കു കാരണം എന്ന വാദം പണ്ടു പരിഷ്ക്കരണവാദം (revisionism) എന്നു പേരു പറഞ്ഞ് സോവിയറ്റ് പാർട്ടി പുച്ഛിച്ചിരുന്ന ചിന്താഗതിയുടെ പുതിയ രൂപം മാത്രമാണെന്നു വിമർശകർ പറയുന്നു. സോഷ്യലിസത്തിനകത്തു ലാഭോദ്ദേശ്യവും (profit motive) ഉത്പാദന മാദ്ധ്യമങ്ങളുടെ സ്വകാര്യഉടമയും (private ownership of the means of production) പ്രവേശിപ്പിച്ചാൽ സോഷ്യലിസത്തിന്റെ അടിത്തറ മാന്തുകയാണ് എന്ന് വിമർശകർ കരുതുന്നു.

## നമ്മെ ബാധിക്കുന്നു

അന്താരാഷ്ട്രതലത്തിൽ വന്നുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങളും കോളിളക്കങ്ങളും ഭാരതത്തിലെ സാധാരണക്കാരനെ ബാധിക്കുന്ന കാര്യങ്ങളാണ്.

ഒന്നാമത്, ആഗോള യുദ്ധസന്നാഹത്തിന് അവസാനമുണ്ടാക്കുകയെന്നതു നമ്മെ സംബന്ധിച്ചിടത്തോളം അതിപ്രധാനമാണ്. കാരണം, നമ്മുടെ പ്രധാനപ്പെട്ട ആഭ്യന്തര പ്രശ്നങ്ങളെല്ലാം അന്താരാഷ്ട്ര സമരസന്നാഹവുമായി അടുത്ത ബന്ധമുള്ളവയാണ്. ഉദാഹരണത്തിനു പഞ്ചാബ് പ്രശ്നമെടുക്കൂ. ആരാണ് ഈ ഭീകരപ്രവർത്തകരെ പരിശീലിപ്പിച്ച് ഇങ്ങോട്ടയയ്ക്കുന്നത്?

യുവാക്കളെ മനംമയക്കി, കൊല്ലാനും ചാകാനും പഠിപ്പിച്ച്, ഇങ്ങോട്ടു വിട്ടുകൊണ്ടിരിക്കുന്നതിന്റെ പിറകിൽ അന്താരാഷ്ട്രീയ രാഷ്ട്രീയമുണ്ട്. ഇന്ത്യ അമേരിക്കയോടും മറ്റു പാശ്ചാത്യ മുതലാളിത്ത രാഷ്ട്രങ്ങളോടും ഉള്ളതിനേക്കാൾ കൂടുതലായി സോവിയറ്റ് യൂണിയനുമായി സാമ്പത്തിക രാഷ്ട്രീയ ബന്ധങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നും അങ്ങനെയുള്ള ഇന്ത്യയെ അട്ടിമറിച്ചു പാശ്ചാത്യ മുതലാളിത്ത വ്യവസ്ഥിതിയോടു കൂടുതൽ സഹകരിക്കുന്ന ഒരു നേതൃത്വവും ഭരണകൂടവും ഇവിടെ ഉണ്ടാക്കണം എന്നുമുള്ള ആ വ്യവസ്ഥിതിയുടെ മനോഭാവം അതിന്റെ പിറകിലുണ്ട്. ഇപ്പോഴത്തെ ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥിതി മൗലികമായി അന്താരാഷ്ട്ര വിപണിവ്യവസ്ഥിതിയുടെ ഒരു ഭാഗമാണ്. പക്ഷേ, നമ്മുടെ ആഭ്യന്തരവ്യവസ്ഥിതി അങ്ങനെയുള്ളതാണെങ്കിലും വിദേശീയ നയത്തിലും അന്താരാഷ്ട്രീയ നയത്തിലും നമ്മുടെ അഭിപ്രായവും സോവിയറ്റ് യൂണിയന്റെ അഭിപ്രായവും തമ്മിലാണു കൂടുതൽ യോജിച്ചുപോകുന്നത്.

നമുക്കു ചുറ്റുമുള്ള പാക്കിസ്ഥാൻ, ശ്രീലങ്ക, ബംഗ്ലാദേശ് മുതലായ രാജ്യങ്ങൾ അമേരിക്കൻ സമരസന്നാഹങ്ങളെ നാം ചെയ്യുന്നത്ര എതിർക്കുന്നില്ല. നമ്മേക്കൂടി അവരെപ്പോലെയാക്കാനും ചേരിചേർക്കാനുമാണു മുതലാളിത്ത രാഷ്ട്രങ്ങൾ ശ്രമിക്കുന്നത്.

## ഭീകരപ്രവർത്തനം

എന്നാൽ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തങ്ങളുടെ ശത്രുക്കളല്ലെന്നും അന്താരാഷ്ട്രീയ പ്രശ്നങ്ങൾക്കു യുദ്ധം കൊണ്ടു പരിഹാരമുണ്ടാക്കാനാവില്ലെന്നും മുതലാളിത്ത രാഷ്ട്രങ്ങൾ സമ്മതിച്ചു കഴിഞ്ഞാൽ നമുക്ക്

ആഭ്യന്തരഭീകരപ്രവർത്തനങ്ങളെ നിയന്ത്രണത്തിലാക്കാൻ സാധിക്കുമെന്നു തീർച്ചയാണ്.

ഭാരതം യുദ്ധസന്നാഹത്തിനായി ചെലവാക്കുന്ന തുക ഭീമമെന്നു വിശേഷിപ്പിക്കാതിരിക്കാൻ സാധ്യമല്ല. മുതലാളിത്ത വ്യവസ്ഥിതിയുടെ പ്രധാന ആദായമാർഗങ്ങളിലൊന്നു നമ്മുടെ രാജ്യരക്ഷാ ബജറ്റാണ്. നമ്മുടെ നാട്ടിലെ നാറുന്ന രാഷ്ട്രീയത്തെ തീറ്റിപ്പോറ്റുന്നതിൽ ആ ബജറ്റിനു വലിയ പങ്കുണ്ടെന്നു ബോഫോഴ്സ് കുഴപ്പം മാത്രമല്ല തെളിയിക്കുന്നത്.

അന്താരാഷ്ട്ര വ്യവസ്ഥിതിയിൽ സമാധാനത്തിന്റെ ആത്മാവു പ്രവേശിച്ചാൽ സമരസന്നാഹത്തിന്റെ അന്തരീക്ഷം മാറി പാക്കിസ്ഥാൻ പോലെയുള്ള രാഷ്ട്രങ്ങളുമായി സഹവർത്തിത്വവും സാഹോദര്യവും സഹകരണവും പുലർത്തുവാൻ നമുക്കു സാധിക്കും. നമ്മുടെ രാജ്യരക്ഷാ ബജറ്റും കാര്യമായി വെട്ടിച്ചുരുക്കി ആ തുകയും കഴിവും ഗ്രാമീണവികസനത്തിനായി ഉപയോഗിക്കാം.

**പ്രബുദ്ധരാക്കണം**

നമ്മുടെ സങ്കര സാമ്പത്തിക വ്യവസ്ഥിതിക്ക് (mixed economy) ഇതുകൊണ്ടു കാര്യമായ വ്യത്യാസങ്ങളുണ്ടാകാം. ഇപ്പോൾ നമുക്കുള്ളതു തത്വത്തിൽ സോഷ്യലിസവും പ്രയോഗത്തിൽ ക്യാപ്പിറ്റലിസവുമാണല്ലോ. പൊതുമേഖലയിൽ നാം മുടക്കുന്ന മുതലിന്റെ പോലും പ്രയോജനം അധികമുണ്ടാകുന്നത് സ്വകാര്യ മേഖലയിലെ കൊച്ചു മുതലാളിമാർക്കാണ്.

ഈ നിലയൊന്നു മാറിയിട്ടു ജനാധിഷ്ഠിതമായ ഒരു സാമൂഹ്യവ്യവസ്ഥിതി ഇവിടെ ഉണ്ടാക്കുവാൻ വേണ്ടി രാഷ്ട്രീയ പാർട്ടികൾ ജനങ്ങളെ പ്രബുദ്ധരാക്കി സംഘടിപ്പിക്കുന്നതിനുള്ള പരിപാടിയിലേക്കു പ്രവേശിച്ചാൽ നമ്മുടെ പാവപ്പെട്ടവർക്കും ഗ്രാമീണർക്കും പ്രത്യാശയ്ക്കു വഴിയുണ്ടാകും; അന്തസ്സോടും അഭിമാനത്തോടും കൂടി തങ്ങളുടെ ഭാവി കരുപ്പിടിപ്പിക്കുന്നതിനുള്ള സംഘടിതപ്രവർത്തനങ്ങൾക്കു രൂപംകൊടുക്കാൻ ജനങ്ങൾക്കു സാധിക്കും. അന്താരാഷ്ട്രീയ അന്തരീക്ഷം ശാന്തമായി, മുതലാളിത്ത രാഷ്ട്രങ്ങളുടെ അട്ടിമറി പ്രസ്ഥാനങ്ങൾക്ക് അറുതിയുണ്ടായി, അണ്വായുധങ്ങൾ ഭൂതലത്തിൽ നിന്ന് വിപാടനം ചെയ്തു കഴിഞ്ഞ ഒരു സ്ഥിതിയിൽ നമുക്കു സർവോദയത്തിനും സർവ നന്മയ്ക്കുമുള്ള ഒരു പരിപാടി ആവിഷ്കരിക്കാനും നടപ്പിൽ വരുത്തുവാനും കൂടുതൽ സാദ്ധ്യതയുണ്ടാകും.

മുതലാളിത്തവ്യവസ്ഥിതിയാകുന്ന അസ്തിവാരത്തിന്മേൽ അല്പം സോഷ്യലിസം ചേർത്ത വ്യവസ്ഥിതിയാണ് ഇന്നു നമുക്കുള്ളത്. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ അസ്തിവാരത്തിന്മേൽ അല്പം മുതലാളിത്ത വ്യവസ്ഥിതിയെക്കൂടി ഉൾക്കൊള്ളാനുള്ള പദ്ധതിയാണു ചൈനയുടെയും സോവിയറ്റ് യൂണിയന്റേതും. രണ്ടിലും പ്രശ്നങ്ങളും പ്രാതികൂല്യങ്ങളും ധാരാളമുണ്ട്.

സാങ്കേതികവിജ്ഞാനീയ വികസനത്തിൽ നാം ചൈനയുടെ വളരെ പിറകിലല്ല. ചില കാര്യങ്ങളിലെങ്കിലും ചൈനയെയും സോവിയറ്റ്

യൂണിയനെപ്പോലും കവച്ചു വയ്ക്കുവാനും നമുക്കു സാധിക്കുന്നുണ്ട്. ഉപഭോക്താക്കൾക്കുള്ള ഉല്പന്നങ്ങളുടെ ഉത്പാദനത്തിൽ (Consumer Commodity Production) നമ്മുടെ സാങ്കേതിക വിജ്ഞാനത്തിന്റെ കുറവുകൊണ്ടല്ല പ്രത്യുത, നീതി നടപ്പില്ലാത്തതുകൊണ്ടാണു നമുക്കു പ്രശ്നമുള്ളത്.

ജനക്ഷേമത്തിനു വേണ്ടി പ്രയത്നിക്കുന്നതും ജനനേതൃത്വത്തിലുള്ളതുമായ ഒരു സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനുള്ള പ്രഥമ ഘട്ടത്തിലേക്കു പോലും ഭാരതം ഇനിയും പ്രവേശിച്ചിട്ടില്ല.

**നമുക്കും വേണം**

ചൈനയെയോ സോവിയറ്റ് യൂണിയനെയോ അനുകരിക്കേണ്ട ആവശ്യം നമുക്കില്ല. ഭാരതത്തിന്റെ ചരിത്രപശ്ചാത്തലവും വ്യവസ്ഥിതിയുടെ പ്രത്യേകതയും കണക്കിലെടുത്തുകൊണ്ടുള്ള ഒരു സമീപനത്തിനേ ഇവിടെ പ്രസക്തിയുള്ളൂ. എല്ലാ മനുഷ്യരും അന്തസ്സോടും അഭിമാനത്തോടും കൂടി തൊഴിലെടുത്ത്, സർഗാത്മകമായ സാമൂഹ്യപ്രക്രിയകളിലും സംസ്ക്കാര സൃഷ്ടിയിലും പങ്കെടുത്ത്, സമാധാനത്തിലും നീതിയിലും സുഭദ്രതയിലും അധിഷ്ഠിതമായി ജീവിക്കാൻ സാധിക്കുന്ന ഒരു വ്യവസ്ഥിതിയാണു നമുക്കും വേണ്ടത്.

പക്ഷേ, അതു ഗവൺമെന്റ് ഉണ്ടാക്കി നമുക്കു തരുമെന്നു പ്രതീക്ഷിക്കുന്നതു വലിയ അബദ്ധമാണ്. ജനങ്ങൾക്കു പ്രബുദ്ധത നൽകി, ഇന്നത്തെ ഉച്ചനീചത്വങ്ങളുടെ കാരണങ്ങൾ കണ്ടുപിടിക്കാൻ അവരെ സഹായിച്ച്, അവർക്കു സ്വന്തം ഭാവി കരുപ്പിടിക്കുവാനുള്ള വ്യവസ്ഥിതി സൃഷ്ടിക്കാൻ കഴിയണം. നമ്മുടെ ഇന്നത്തെ രാഷ്ട്രീയം മുഴുവൻ ഗവൺമെന്റിനെ ചുറ്റിപ്പറ്റിയുള്ളതാണ്. അതിൽ നമ്മുടെ ശ്രദ്ധ മുഴുവൻ ചെലുത്തുമ്പോൾ ജനങ്ങളുടെ കാര്യം ചിന്തിക്കാനാളില്ലാതെ പോകുന്നു. ജനങ്ങളുടെ പ്രബുദ്ധതയെയും ജനങ്ങളുടെ സംഘടിത സർഗാത്മക പ്രവർത്തനങ്ങളെയും ചുറ്റിപ്പറ്റിയുള്ള ഒരു പുതിയ രാഷ്ട്രീയമാണു നമുക്കാവശ്യം. കമ്യൂണിസ്റ്റ് പാർട്ടികൾ പോലും അക്കാര്യത്തിൽ ഉദാസീനതയാണു കാണിക്കുന്നത്. മറ്റു പാർട്ടികളുടെ കാര്യം പറയാനുമില്ല.

ഗവൺമെന്റ്, ഭരണാധികാരം ഇവയെ അധികരിച്ചുള്ള രാഷ്ട്രീയത്തെ കുറെയൊക്കെ അവഗണിച്ച്, ജനപ്രബുദ്ധതയേയും ജനക്ഷേമത്തേയും സംഘടിച്ച ജനതയേയും അടിസ്ഥാനപ്പെടുത്തിയ ഒരു പുതിയ രാഷ്ട്രീയമാണു ഭാരതത്തിൽ ഇന്ന് ഏറ്റവും ആവശ്യം.

*(ഭാഷാപോഷിണി, 1989)*

# 2

# സോഷ്യലിസവും മാർക്സിസവും

എന്റെ സുഹൃത്തായ പ്രൊഫ. ഇർഫാൻ ഹബീബിന്റെ ലേഖനം കൗതുകത്തോടെ തന്നെ വായിച്ചു. മാർക്സിസ്റ്റ് ചിന്താരീതിയിൽ "സോഷ്യലിസം" എന്ന പ്രതിഭാസത്തെ എങ്ങനെ കാണുന്നു, എന്തുകൊണ്ടു യൂറോപ്പിൽ അതു പരാജയപ്പെട്ടു എന്നതാണ് പ്രതിപാദ്യവിഷയം.

മുതലാളിത്ത വ്യവസ്ഥിതി തകർന്നു കഴിയുമ്പോൾ ശരിയായ കമ്യൂണിസ്റ്റ് വ്യവസ്ഥിതി നടപ്പിൽ വരുന്നതു വരെ നിലനില്ക്കുന്ന ഈ സോഷ്യലിസ്റ്റ് സാമൂഹ്യ സാമ്പത്തിക വ്യവസ്ഥിതി, സമൂഹ വികസനത്തിലെ ഒരു അവശ്യ ഘട്ടമാണ് എന്ന് മാർക്സിസം പഠിപ്പിക്കുന്നു. കമ്യൂണിസം നടപ്പിൽ വന്നു കഴിയുമ്പോൾ ചൂഷകവർഗം നിശ്ശേഷം ഇല്ലാതായിപ്പോകുന്നു. എന്നാൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതി നടപ്പിൽ വരുന്ന രാജ്യത്ത് അവിടത്തെ മുതലാളി വർഗത്തിന്റെ മുതൽ മുഴുവൻ ജനങ്ങളുടേതായിത്തീരുന്നുവെങ്കിലും മറ്റു രാഷ്ട്രങ്ങളിൽ മുതലാളിത്ത വ്യവസ്ഥിതി നിലനില്ക്കുന്നിടത്തോളം കാലം, സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കകത്ത് വർഗസമരം നിലച്ചുവെങ്കിലും രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധത്തിൽ വർഗസമരം നിലനിൽക്കുക തന്നെ ചെയ്യുന്നു.

സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ ജന്മിയും മുതലാളിയും ഇല്ലാതായിത്തീരുന്നതോടെ, സ്വകാര്യാദായം, പാട്ടം മുതലായതൊക്കെ ഇല്ലാതായിട്ട്, മുൻപ് ജന്മിയും മുതലാളിയും സ്വായത്തമാക്കിക്കൊണ്ടിരുന്ന "അധിക അദ്ധ്വാനവും" (Surplus labour) അഥവാ അധിക വേലയുടെ മൂല്യവും, തൊഴിലാളിക്ക് ലഭിക്കുന്ന വേതനവും തമ്മിലുള്ള വ്യത്യാസം സമൂഹത്തിന് ലഭിക്കുന്നു. സമൂഹം അത് ഒന്നുകിൽ തൊഴിൽ ചെയ്യുന്നവർക്ക് അധികവേതനമായോ സാമൂഹ്യസേവനങ്ങളായോ വിതരണം ചെയ്യുന്നു. അല്ലെങ്കിൽ ഉല്പാദനോപകരണങ്ങൾ (Means of production) പുതുക്കാനും വികസിപ്പിക്കാനും ഉപയോഗിക്കുന്നു. കുറെയൊക്കെ ഭരണചെലവായും എടുക്കുന്നു.

രണ്ടാമത്, മുതലാളിത്ത വ്യവസ്ഥിതിയിൽ കേന്ദ്രീകൃത ആസൂത്രണം (central planning) ഇല്ലാത്തത് മൂലം കുഴഞ്ഞു കിടന്നിരുന്ന സാമൂഹ്യ ഉൽപാദനം സോഷ്യലിസത്തിൽ കൂടുതൽ ക്രമീകൃതവും കാര്യക്ഷമവുമായിത്തീരുന്നു.

മൂന്നാമത്, സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ ശാസ്ത്രവും സാങ്കേതിക വിജ്ഞാനവും അനുക്രമം പുരോഗമിക്കുന്നതു കൊണ്ട് ഉല്പാദനത്തിന്റെ കാര്യക്ഷമതയും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലമായി തൊഴിലാളിയുടെ ജീവിതനിലവാരം അനുദിനം ഉയർന്നുകൊണ്ടിരിക്കുന്നു.

ഇതാണ് തത്വത്തിൽ സോഷ്യലിസം - മാർക്സും എംഗൽസും ലെനിനും വിഭാവനം ചെയ്ത മാർക്സിസ്റ്റ് സോഷ്യലിസം. പക്ഷേ, ഈ തത്വങ്ങൾ പൂർണമായും പ്രയോഗത്തിൽ വരുത്തുവാൻ യൂറോപ്യൻ സോഷ്യലിസത്തിനു സാധിച്ചില്ല. അതുകൊണ്ട് യൂറോപ്പിലെ സോഷ്യ ലിസ്റ്റ് വ്യവസ്ഥിതികളിൽ ഉല്പാദന കാര്യക്ഷമത വർദ്ധിക്കുന്നതിന് പകരം ഉല്പാദനരീതി ഭരണകൂട (State) മുതലാളിത്തവും ഉല്പാദനം ഗവൺമെന്റ് കുത്തകയുമായിത്തീർന്നതിന്റെ ഫലമായി ജീവിതനിലവാരം താഴോട്ട് പോയി വ്യവസ്ഥിതി തന്നെ അധഃപതിച്ചു എന്നാണ് ഇർഫാൻ ഹബീ ബിന്റെ വാദം. സോവിയറ്റു യൂണിയൻ സാങ്കേതിക വിജ്ഞാനീയത്തിൽ ബഹിരാകാശ മണ്ഡലത്തെ സംബന്ധിച്ചിടത്തോളം വലിയ പുരോഗതിയും വിഭവോല്പാദനോപകരണങ്ങളുടെ സാങ്കേതികാധുനികീകരണത്തിൽ വലിയ പരാജയവുമാണ് നേടിയത്. അതുകൊണ്ട് ഉല്പാദനം ആദ്യഘട്ട ത്തിൽ അത്ഭുതാവഹമാംവിധം തന്നെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. പിന്നീട് താഴോട്ടു പോയതിന്റെ ഫലമായി തൊഴിലാളിയുടെ ജീവിത നിലവാരം ഉയർത്തുവാൻ വേണ്ടത്ര സാധിച്ചില്ല എന്നുള്ളതും പരമാർത്ഥം തന്നെ.

സോഷ്യലിസ്റ്റ് വ്യവസ്ഥിതി അതിനുള്ള പ്രവർത്തന സാമഗ്രികൾ യഥാ വിധം ഉപയോഗിക്കാതിരുന്നതുകൊണ്ടാണോ അതിന് പരാജയമുണ്ടായത്? അതോ ഉന്നതവും ഉദാത്തവുമായ ഒരു പ്രത്യയശാസ്ത്ര ചിന്താരീതി കാഡ റുകളിൽക്കൂടെ തൊഴിലാളിവർഗത്തിന്നിടയിൽ വളർത്തിയെടുക്കുന്നത് നിലനിർത്താൻ കഴിയാതെപോയതു കൊണ്ടാണോ?

ഈ രണ്ടു ചോദ്യങ്ങളുടെയും സമാധാനം "അതെ" എന്നു തന്നെ യാണ്. യൂറോപ്യൻ സോഷ്യലിസ്റ്റ് വ്യവസ്ഥിതികൾ താഴോട്ടുപോയതിന് ഒന്നോ രണ്ടോ അല്ല, പല കാരണങ്ങളുണ്ടെന്നാണ് എന്റെ അഭിപ്രായം. ആ പല കാരണങ്ങളിൽ ചിലത് മേൽസൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഒരിക്കൽ ക്കൂടെ എടുത്തു പറയട്ടെ.

1. ഉൽപാദനം നൂറു ശതമാനവും ഗവൺമെന്റ് കുത്തകയാകുന്നത് നല്ലതല്ലെന്ന് അനുഭവം കൊണ്ട് വ്യക്തമായി. അതുകൊണ്ട് ഉല്പാദനം സ്വകാര്യസ്വത്തുടമകളുടെ നിയന്ത്രണത്തിനു വിട്ടുകൊടുക്കണമെന്ന് അർത്ഥമാകുന്നില്ല. വ്യത്യസ്ത സഹകരണ സംഘങ്ങൾ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദനോപകരണങ്ങൾ വികേന്ദ്രീകൃതമായിട്ടെങ്കിലും കേന്ദ്രീകൃത ആസൂത്രണത്തിൻ കീഴിൽ നിലനിർത്തുന്ന ബഹുമുഖ വ്യവസ്ഥ എന്നത് അടുത്ത കാലത്ത് പലരും ശുപാർശ ചെയ്യുന്നുണ്ട്. തദ്ദേശീയ സഹകരണ സംഘങ്ങളുടെ കയ്യിൽ ഉല്പാദനോപകരണങ്ങൾ ഏല്പിച്ചു കൊടുക്കുന്നത് അവ മേൽപടി സംഘങ്ങളുടെ സ്വകാര്യസ്വ ത്തായിത്തീരാൻ വേണ്ടിയല്ല; പ്രത്യുത ട്രസ്റ്റായിട്ടാണ്. ഒരു തദ്ദേശീയ സഹ കരണസംഘം അതിന്റെ ഉല്പാദനോപകരണങ്ങളെ ദുരുപയോഗപ്പെടു ത്തിയാൽ അതിനെ നിയന്ത്രിക്കുവാനുള്ള അധികാരം തദ്ദേശീയ പാർ ട്ടിക്കും കേന്ദ്രാധികാരികൾക്കും ഉണ്ടായിരിക്കണമെന്ന് മാത്രമല്ല, ഓരോ സഹകരണസംഘത്തിനും അവർ ഇന്നത് ഇത്രമാത്രം ഉല്പാദിപ്പിക്കണ മെന്നുള്ള നിർദേശവും കേന്ദ്ര ആസൂത്രണാധികാരികളിൽ നിന്നു തന്നെ

വരണം. അതേസമയം തന്നെ ഉല്പാദനം സംബന്ധിച്ച പല തീരുമാന ങ്ങളെടുക്കുന്നതിനും ഉൽപാദനോപകരണങ്ങളെ ആധുനികീകരിക്കാനും അവയെ കാര്യക്ഷമമായി ഉപയോഗിക്കുവാനുമുള്ള ചുമതല തദ്ദേശീയ സഹകരണസംഘത്തിൽ തന്നെ നിക്ഷിപ്തമായിരിക്കണം.

ഇക്കാര്യത്തിൽ സോവിയറ്റു യൂണിയനിൽ 1989 –ൽ ആരംഭിച്ച സാമ്പ ത്തിക പരിഷ്കാരങ്ങൾ വേണ്ടവിധം നിയന്ത്രിക്കുവാൻ ഗോർബച്ചോവ് ഗവൺമെന്റിന് സാധിക്കാതെ പോയതാണ് സോഷ്യലിസത്തിന്റെ പരാജ യത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന്.

ഏതായാലും ഭാവിസോഷ്യലിസത്തിൽ ഉല്പാദനം ഗവൺമെന്റു കുത്ത കയാക്കുന്നത് ഒട്ടും അഭിലഷണീയമല്ലെന്ന് തെളിഞ്ഞു കഴിഞ്ഞു.

### 2. നവവർഗം

മാർഷൽ ടിറ്റോയോടൊപ്പം യൂഗോസ്ലാവിയയുടെ വൈസ് പ്രസിഡ ണ്ടായിരുന്നിട്ട് പിന്നീട് ടിറ്റോ ജയിലിലിട്ട മിലോവൻ ജീലാസിന്റെ 'നവ വർഗം' എന്ന കൃതിയെപ്പറ്റി ഇർഫാൻ ഹബീബ് പ്രതിപാദിക്കുന്നുണ്ട്. 1954 –ൽ പുറത്തിറങ്ങിയ ഈ പുസ്തകത്തിൽ പറയുന്നത് മുതലാളി – ജന്മി വർഗങ്ങളെ തകർത്തതിനു ശേഷം പാർട്ടിയുടെയും ഗവൺമെന്റി ന്റേയും സാരഥ്യം വഹിക്കുന്ന ഉദ്യോഗസ്ഥമേധാവികൾ തൊഴിലാളിവർ ഗത്തെ ചൂഷണം ചെയ്യുകയും അടിച്ചമർത്തുകയും ചെയ്യുന്ന ഒരു പുതിയ "മർദക വർഗ"മായി ഉദയം ചെയ്തിട്ടുണ്ടെന്നാണ്. ഈ ആശയത്തെ ചൈനായിലെ മൗ സെ ദോങ്ങും തന്റെ സ്വന്തം ഭാഷയിൽ അവതരിപ്പിച്ചു. തൊഴിലാളിവർഗത്തിന്റെ ഒരു ചെറിയ അംശം പാർട്ടിയേയും ഗവൺമെന്റി നേയും നയിക്കുവാൻ വേണ്ടി നിയുക്തരാകുമ്പോൾ അവരുടെ കൈയിൽ വന്നുചേരുന്ന അധികാരശക്തിയെ അവർ പലപ്പോഴും ഉത്തരവാദിത്വബോ ധത്തോടെ ജനതാല്പര്യങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്നില്ല. ഈ ആരോപണത്തിന് കുറെയൊക്കെ അടിസ്ഥാനമുണ്ടെന്നുള്ളത് നമുക്ക് അനുഭവത്തിൽ നിന്നു അറിയാവുന്നതാണ്.

ക്രിസ്തീയ മതത്തിൽ പോലും ആദിയിലേ ഉണ്ടായ ഒരു പ്രശ്നമാ ണിത്. ഉള്ളവരിൽ നല്ലവരെ തെരഞ്ഞെടുത്ത് ഭരണനേതൃത്വം നല്കണ മെന്നും, അവർ ക്രിസ്തുവിന്റെ രീതിയിൽ സ്വയംപരിത്യാഗ ജീവിതം നയിച്ച്, സ്വന്തം താല്പര്യങ്ങളെ അധികം കണക്കാക്കാതെ, ധനാർജന ത്തേയും അധികാരത്തേയും പറ്റി ചിന്തിക്കാതെ, ജനക്ഷേമത്തിനു വേണ്ടി മാത്രം, പ്രവർത്തിക്കുന്നവരായിരിക്കണമെന്നാണ് ക്രിസ്തുമതത്തിലെ അടി സ്ഥാന തത്വം. ആട്ടിടയന്മാർ ആടുകളെ കൊന്നുതിന്നുന്നവരും ആടു കൾക്കുള്ള ഭക്ഷണം വിറ്റ് മുതൽ കൂട്ടുന്നവരും ആയിത്തീരുമ്പോൾ ആട്ടിൻപറ്റം അധോഗതിയിലേക്ക് പോകുന്നുവെന്നാണ് ക്രിസ്തീയാനു ശാസനം. പക്ഷേ, പ്രയോഗത്തിൽ ക്രിസ്തുമതത്തിലുണ്ടായ അനുഭവം, നല്ലയാളുകൾ പോലും അധികാരത്തിൽ വരുമ്പോൾ അധികാരം ദുരുപ യോഗപ്പെടുത്തുന്നു എന്നതാണ്. അത് അന്നെന്നപോലെ ഇന്നും ഉള്ള താണ്.

കമ്യൂണിസത്തിലേയും പ്രധാന പ്രശ്നം ഇതു തന്നെ. ഇരുപത് വർഷങ്ങൾക്കു മുൻപ് ഞാൻ പി. ഗോവിന്ദപ്പിള്ളയോടു പറഞ്ഞ തത്വമാണിത്. സ്വയം പരിത്യാഗത്തിലും രക്തസാക്ഷിത്വത്തിലും ഉടലെടുത്ത ക്രിസ്തീയസഭയുടെ നേതൃത്വം ഏതാനും തലമുറകൾക്കുള്ളിൽ സ്വാർത്ഥമോഹികളും അധികാര കാംക്ഷികളും ദ്രവ്യാഗ്രഹികളുമായിത്തീർന്നത് ഒരു ചരിത്രയാഥാർത്ഥ്യമാണ്.

കമ്യൂണിസത്തിന്റെ കേരള ചരിത്രം പരിശോധിക്കുമ്പോഴും ഇതു കാണുന്നു. എ. കെ. ജി. യെയും ഇ. എം. എസിനെയും സി. അച്യുതമേനോനെയും, എം. എൻ. ഗോവിന്ദൻനായരെയും പോലുള്ള അനേകം ത്യാഗശീലന്മാർ അതിന്ന് നേതൃത്വം കൊടുത്തതുകൊണ്ടാണ്, തൊഴിലാളി വർഗത്തിന്റെ മാത്രമല്ല, ഇടത്തരക്കാരിൽ പലരുടെയും സ്നേഹബഹുമാനങ്ങൾ ആർജിക്കുവാനും കേരളത്തിൽ വ്യാപകമായി വികസിക്കുവാനും കമ്യൂണിസത്തിന് കഴിഞ്ഞത്. അധികാരത്തിൽ വരുന്ന സമയത്തും ആ ത്യാഗശീലവും സേവന മനഃസ്ഥിതിയും അച്ചടക്കവും അവിടെയുണ്ടായിരുന്നു. കുറേ നാൾ അധികാരം ജനസമ്മതിയോടെ കയ്യിൽ വച്ചിരുന്ന ശേഷം കേന്ദ്ര ഗവൺമെന്റും അതിനു പിറകിലുള്ള സ്വകാര്യ താല്പര്യങ്ങളും ഒന്നുചേർന്ന് ആ ജനായത്ത ഗവൺമെന്റിനെ ജനായത്ത ഭരണത്തിന് ചേരാത്ത വിധത്തിൽ അടിച്ചിറക്കി. അതു കഴിഞ്ഞ് വീണ്ടും ജനങ്ങൾ ജനായത്ത രീതിയിൽ തന്നെ ഇടതുപക്ഷത്തെ അധികാരത്തിൽ കൊണ്ടുവന്നു. ഇന്ന് ആ പൊതുജന പിന്തുണയ്ക്ക് കാര്യമായ ക്ഷതം ഭവിച്ചിട്ടുണ്ടെങ്കിൽ അതിന്നുള്ള പ്രധാന കാരണം കാഡറുകളുടെ ബലഹീനതയാണെന്നതിനെക്കുറിച്ച് എനിക്ക് സംശയമില്ല.

സോവിയറ്റ് യൂണിയനിലും സംഭവിച്ചത് ഇതു തന്നെ. കേരളത്തിന്റെ നൂറിരട്ടി ഉല്പാദനമുള്ള ഭീമമായ ഒരു രാഷ്ട്രശക്തിയാണ് സി. പി. എസ്. യു. കാഡറുകളുടെ കയ്യിൽ കിട്ടിയത്. ആ കാഡറുകളുടെ അക്ഷീണയത്നം മൂലമാണ് രണ്ടു മൂന്ന് വലിയ കാര്യങ്ങൾ സോവിയറ്റു യൂണിയന് സാധിച്ചത്. ഒന്നാമത് ജനക്ഷേമത്തിന് വേണ്ടിയുള്ള "പൂർണ്ണ തൊഴിലുള്ള" ഒരു സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥിതി കെട്ടിപ്പടുത്തു. രണ്ടാമത്, ഫാസിസവുമായുള്ള സംഘർഷത്തിൽ വിജയം പ്രാപിച്ച് സ്വന്തം സ്വാതന്ത്ര്യം സംരക്ഷിക്കുക മാത്രമല്ല, പാശ്ചാത്യ രാജ്യങ്ങളുടെ സ്വാതന്ത്ര്യം കൂടെ സംരക്ഷിക്കുവാൻ സഹായിച്ചു. മൂന്നാമത്, ഒന്നാംകിടയിലുള്ള, ശാസ്ത്ര സാങ്കേതിക വിജ്ഞാനീയത്തിൽ അധിഷ്ഠിതമായിട്ടുള്ള, ഒരു ഉഗ്രൻ വ്യാവസായിക വ്യവസ്ഥിതി കെട്ടിപ്പടുത്തു. ശ്രമത്തിന്റെ അധികഭാഗവും ആയുധനിർമാണത്തിലും ബഹിരാകാശ ഗവേഷണത്തിലും, ചെറിയഭാഗം മാത്രം ഉപഭോക്താക്കൾക്കാവശ്യമായ വിഭവോല്പാദനത്തിലും ചെലവഴിച്ചു എന്ന വിമർശനം കണക്കിലെടുത്തു കൊണ്ടു തന്നെ, സാർ ചക്രവർത്തിയുടെ കാലത്തുണ്ടായ വ്യാവസായിക പുരോഗതിയുമായി താരതമ്യ വിവേചനം ചെയ്യുമ്പോൾ, വ്യാവസായിക തലത്തിൽ വലിയ ഒരു നേട്ടം തന്നെയായിരുന്നു അത്. കാർഷിക തലത്തിലും സേവന തലത്തിലും അത്രയും തന്നെ വിജയമുണ്ടായില്ല എന്നത് സത്യം തന്നെ.

പക്ഷേ ഇതിനെല്ലാം നേതൃത്വം കൊടുത്ത കമ്മ്യൂണിസ്റ്റ് കാഡറുകൾക്ക് ആദ്യമുണ്ടായിരുന്ന ത്യാഗശീലവും ശിക്ഷണബോധവും പിന്നീട് ഇല്ലാതാകാൻ തുടങ്ങി. അതോടുകൂടെത്തന്നെ പരസ്പരം ചാരവൃത്തിയും കൂടെ സ്റ്റാലിന്റെ കാലത്ത് വർദ്ധിച്ചതിന്റെ ഫലമായി മാനുഷിക ബന്ധങ്ങളും പരസ്പര വിസ്വാസവും ധാർമ്മിക ബോധവും ശിഥിലമാകാൻ തുടങ്ങി. യൂറോപ്പിൽ സോഷ്യലിസം തകരാനുള്ള മൗലിക കാരണം ഇതു തന്നെയായിരുന്നു.

കാഡറുകളുടെ മാനുഷിക ബന്ധങ്ങളും ധാർമ്മികബോധവും നില നിർത്തിക്കൊണ്ടു പോകാൻ നിയമങ്ങൾ കൊണ്ടുമാത്രം സാധിക്കുകയില്ല. ധീരോദാത്തതയും അമാനുഷിക ത്യാഗശീലവുമുള്ള നേതാക്കളിൽ നിന്ന് ആവേശം ഉൾക്കൊണ്ട് ജീവിക്കുവാൻ കാഡറുകൾക്കും പാർട്ടി മെമ്പർമാർക്കും ജനങ്ങൾക്കും സാധിക്കണം. ജനമധ്യത്തിലും പാർട്ടിയിലുമുള്ള പ്രത്യയശാസ്ത്ര പ്രബോധനം ഉയർന്ന നിലവാരത്തിലുള്ളതായിരിക്കണം. ഇതിലുള്ള പരാജയമാണ് സോവിയറ്റ് യൂണിയനിലെന്നപോലെ കേരളത്തിലും കാണുന്നത്.

3. യൂറോപ്യൻ സോഷ്യലിസ്റ്റ് വ്യവസ്ഥിതി തകരാൻ കാരണമായതിന്റെ മറ്റു കാരണങ്ങൾ ദീർഘമായി പ്രതിപാദിക്കുവാൻ ഇവിടെ സൗകര്യമില്ലാത്തതുകൊണ്ട് ചില കുറിപ്പുകൾ മാത്രം താഴെ കൊടുക്കുന്നു:

മൂന്നാമത്തെ പ്രധാന പ്രശ്നം ഉല്പാദന ഘടനയുടെ വൈകല്യങ്ങൾ തന്നെ. അമിത കേന്ദ്രീകരണം അവയിൽ സുപ്രധാനമാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ കേന്ദ്രത്തിൽ നിന്ന് സാമാന്യമായി ആസൂത്രണം ചെയ്യുന്നതും എന്നാൽ ഉൽപാദനോപകരണങ്ങളുടെ ഉടമയും കൈകാര്യവും വികേന്ദ്രീകരിച്ചു തദ്ദേശീയമാക്കുന്നതുമായ ഒരു ഉല്പാദന രീതി തക്ക സമയത്ത് നടപ്പിലാക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നെങ്കിൽ 1989 മുതലുണ്ടായ സംഭവവികാസത്തെ കുറയൊക്കെ ഒഴിവാക്കാമായിരുന്നു.

സ്വതന്ത്ര ഗവേഷണ സാധ്യതയില്ലാതായപ്പോൾ ശാസ്ത്രവും സാങ്കേതിക വിജ്ഞാനീയവും വേണ്ടവിധത്തിൽ വകസിച്ചില്ല. സോഷ്യലിസ്റ്റ് മനുഷ്യനിൽ കാണേണ്ടുന്ന ബൗദ്ധികവും സാംസ്ക്കാരികവുമായ സർഗാത്മകത അവിടെ നശിക്കുവാൻ തുടങ്ങിയിട്ട് അര നൂറ്റാണ്ടായി. പരാജയത്തിന്റെ മൗലിക കാരണം ഇതു തന്നെ.

4. നാലാമത്, സാമ്പത്തിക പരിഷ്കാരങ്ങൾ ഗോർബച്ചോവിന്റെയും പോളിറ്റ് ബ്യൂറോയുടേയും നേതൃത്വത്തിൽ നടപ്പിലാക്കുവാൻ തുടങ്ങിയ സമയത്ത്, സാമ്പത്തികവും സാമൂഹ്യവും മാനുഷികവുമായ എല്ലാ ഘടകങ്ങളെയും കണക്കിലെടുക്കാതെ, പെരിസ്ട്രോയിക്ക, ഗ്ലാസ്നസ്ത് എന്നീ മുദ്രാവാക്യങ്ങൾ മാത്രം വെച്ചുകൊണ്ടുള്ള ഒരു ഉപരിപ്ലവമായ ചിന്താഗതിയുടെ അടിസ്ഥാനത്തിൽ, വേണ്ടത്ര പഠനവും ആസൂത്രണവും കൂടാതെ സ്വകാര്യവൽക്കരണത്തിനും കമ്പോളവൽക്കരണത്തിനും വേണ്ടി എടുത്തുചാടി എന്നതിനുള്ള പ്രധാന ഉത്തരവാദിത്വം ഗോർബച്ചോവിനും പോളിറ്റ് ബ്യൂറോയിക്കും തന്നെ. 1989 –ന് ആറു വർഷങ്ങൾക്കു മുൻപ്

ചൈനയിൽ ആരംഭിച്ച സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ വിജയവും പരാജയവും ഒന്ന് വിലയിരുത്തിയിട്ട് മുൻപോട്ട് പോകുന്നതല്ലേ നല്ലതെന്ന് അന്നു ഞാൻ സോവിയറ്റു കമ്യൂണിസ്റ്റ് പാർട്ടിയിലെ ഒരു പ്രധാന പ്രവർത്തകനോട് നിർദേശിച്ചപ്പോൾ എനിക്ക് കിട്ടിയ സമാധാനം അന്നെന്നെ വളരെയധികം വേദനിപ്പിച്ചു. വെള്ളക്കാരിൽ പലർക്കും ഉള്ള വർണചിന്തയാണ് ഞാൻ ആ മറുപടിയിൽ പ്രതിഫലിച്ചുകണ്ടത്. "ചൈനക്കാരിൽ നിന്ന് റഷ്യക്കാർ പഠിക്കേണ്ട കാലം വന്നോ?" എന്ന അർത്ഥത്തിലായിരുന്നു ആ മറുപടി.

സ്വന്തമായി ചിന്തിക്കാനുള്ള കഴിവ് റഷ്യക്കാർക്ക് കുറെയേറെ നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു എന്നുള്ളത് ഗോർബച്ചോവ് പോലും സമ്മതിക്കുന്ന ഒരു കാര്യമായിരുന്നു. മുതലാളിത്ത വ്യവസ്ഥിതി വീണ്ടും നടപ്പിൽ വരുമ്പോൾ സോവിയറ്റു യൂണിയന്റെ പ്രശ്നങ്ങളൊക്കെ തീർന്ന് അതു പാശ്ചാത്യ രാജ്യങ്ങളെപ്പോലെയായിത്തീർന്നുകൊള്ളുമെന്ന ഒരു മിഥ്യാമോഹം ഗോർബച്ചോവിന്നില്ലായിരുന്നെങ്കിലും സോവിയറ്റു യൂണിയനിൽ പലർക്കും ഉണ്ടായിരുന്നു എന്നുള്ളത് എനിക്ക് നേരിട്ടറിയാവുന്ന കാര്യമാണ്.

പാശ്ചാത്യ രാജ്യങ്ങളെ അനുകരിക്കാനും, മറ്റു രാജ്യങ്ങളിൽ നിന്നോ സാമ്പത്തിക വ്യവസ്ഥിതികളിൽ നിന്നോ ഒന്നും പഠിക്കാതിരിക്കുന്നതിനുമുള്ള ബോധം പലർക്കുമുണ്ടായിരുന്നതു കൊണ്ടാണ് യൂറോപ്യൻ സോഷ്യലിസം ഇത്ര പെട്ടെന്ന് തകർന്നത് എന്നെനിക്ക് തോന്നുന്നു.

5. അഞ്ചാമതായി ഞാൻ കണ്ടത് യൂറോപ്യൻ സോഷ്യലിസത്തിൽ ഉപഭോക്തൃ ചിന്ത മാത്രമല്ല "കമ്മോഡിറ്റി ഫെറ്റിഷിസം" (ചരക്കാരാധന) എന്നു മാർക്സ് വിശേഷിപ്പിച്ച വിഭവോപഭോഗത്തെ ദൈവമാക്കുന്ന ചിന്താരീതിയും വളരെ നാളായി കടന്നുകൂടിയതാണ്. ആവശ്യമുള്ള സാധനങ്ങൾ ഒരു നിയന്ത്രണവും കൂടാതെ കടയിൽ വേണ്ടത്ര ലഭിക്കുന്നതാണ് മനുഷ്യന്റെ ജീവിതലക്ഷ്യമെന്ന ചിന്താരീതിയാണിത്. സോഷ്യലിസത്തിന്റെ മൗലികാടിസ്ഥാനം മനുഷ്യരാശിയുടെ ശാരീരികവും മാനസികവും സാംസ്ക്കാരികവുമായ എല്ലാ യഥാർത്ഥ ആവശ്യങ്ങളും കഴിയുന്നത്ര നിവർത്തിക്കുവാൻ അവസരം നല്കുന്നതാണ്. മനുഷ്യന്റെ മൗലികാവശ്യം വിഭവങ്ങൾ ധാരാളമുണ്ടാക്കി അവയെ അനുഭവിക്കുന്നതാണെന്ന ചിന്ത ഇതിന് കടകവിരുദ്ധമാണ്. ഈ വിഭവോപഭോഗത്തിനുള്ള അത്യാഗ്രഹവും വ്യഗ്രതയും സോവിയറ്റ് യൂണിയനെ നാശത്തിലേക്ക് നയിക്കും എന്നുള്ള എന്റെ അഭിപ്രായം, റഷ്യൻ ഓർത്തഡോക്സ് സഭയുടെ സഹസ്രാബ്ദി പ്രമാണിച്ച് ബോൾഷോയി തീയേറ്ററിൽ കൂടിയ 1988 -ലെ സമ്മേളനത്തിൽ ഞാൻ പരസ്യമായിത്തന്നെ അവതരിപ്പിച്ചതാണ്. റയിസ്സാ ഗോർബച്ചോവും സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയിലെ നേതാക്കന്മാരുടെ ഒരു വലിയ സംഘവും സംബന്ധിച്ച ഒരു പൊതുയോഗമായിരുന്നു അത്.

മുതലാളിത്ത വ്യവസ്ഥിതിയുമായുള്ള സമ്പർക്കം വർദ്ധിപ്പിച്ചതോടുകൂടിയാണ് ഈ "ചരക്കാരാധന" സോവിയറ്റ് നഗരങ്ങളിൽ വ്യാപകമായി

വികസിക്കുവാൻ തുടങ്ങിയത്. അതിന്നെതിരെ വ്യാപകമായിത്തന്നെ ഒരു പ്രത്യയശാസ്ത്രാധിഷ്ഠിത സമരം നടപ്പിൽ വരുത്താൻ സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിക്ക് സാധിക്കാതിരുന്നത് യൂറോപ്യൻ സോഷ്യലിസത്തിന്റെ പരാജയത്തിന് പ്രധാന കാരണങ്ങളിലൊന്നായിത്തീർന്നു.

6. ആറാമത്, സോവിയറ്റ് നേതാക്കന്മാർ പാശ്ചാത്യ നേതാക്കന്മാരോട് അമിതമായ വിശ്വാസബന്ധം സ്ഥാപിച്ചു പുലർത്തി എന്ന് മാത്രമല്ല, സോവിയറ്റ് യൂണിയൻ നേരിട്ട സാമ്പത്തിക പ്രതിസന്ധിയിൽ നിന്നു പാശ്ചാത്യ സാമ്പത്തിക വ്യവസ്ഥിതിക്ക് മാത്രമേ അതിനെ രക്ഷിക്കാനാവൂ എന്ന അന്ധവിശ്വാസവും അവർ വച്ചു പുലർത്തുകയും ചെയ്തുവെന്നുള്ളതാണ്.

റെയ്ക്കാവിക്കിൽ റേഗനും ഗോർബച്ചോവും കൂടിക്കണ്ടപ്പോൾ ആരംഭിച്ച ഈ വിശ്വാസബന്ധം പിന്നീട് ഗോർബച്ചേവിന്റെ നേതൃത്വത്തിൽ പ്രബലപ്പെട്ടു. റേഗനെയും ബുഷിനെയും താച്ചറിനെയും മാർപ്പാപ്പായെയും ഗോർബച്ചോവ് പൂർണമായി വിശ്വസിച്ചു. അവരുടെ അഭിനന്ദനം നേടുന്നതിനുള്ള സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്താൻ ഒരുമ്പെട്ടു. അക്കാര്യത്തിൽ പോളിറ്റ് ബ്യൂറോയിലെ യാക്കോബ് ലെവും ഷവർദ്നാദ്സേയും മറ്റും ഗോർബച്ചോവിന് കൂട്ടുനിന്നു.

പാശ്ചാത്യരെ വളരെയധികം അഭിനന്ദിക്കുകയും അതേസമയം തന്നെ അവരെ ഒട്ടും വിശ്വസിക്കാതിരിക്കുകയും ചെയ്തിരുന്ന ആന്ദ്രേ ഗ്രോമിക്കോവിന്റെ നയത്തെ അവർ പിന്തിരിപ്പനെന്ന് ലേബലടിച്ച് താഴെക്കളഞ്ഞു. മുതലാളിത്ത വ്യവസ്ഥിതിക്കാവശ്യമായ സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തിയാൽ  അളവില്ലാതെ സാമ്പത്തിക സഹായം നല്കി പാശ്ചാത്യർ സോവിയറ്റ് വ്യവസ്ഥിതിയെ രക്ഷിച്ചുകൊള്ളുമെന്നുള്ള വ്യഥാമോഹം സോവിയറ്റു യൂണിയനെ അപകടത്തിൽ ചാടിച്ചു. ഭാരതത്തിനും അതേ അബദ്ധമല്ലേ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് ഭാരതീയർ അവധാനപൂർവം ചിന്തിക്കുന്നത് നല്ലതായിരിക്കും.

ഭാരതീയരെപ്പോലെ സോവിയറ്റ് യൂണിയനും "N. O. A." (No other alternative) ചിന്താക്കുഴപ്പത്തിൽ വീണു. ഭാരതത്തിന്റെ സാമ്പത്തിക പ്രതിസന്ധിയിൽ ഭാരതീയർക്കാവശ്യമായ ഉല്പന്നങ്ങളുണ്ടാക്കി തദ്ദേശീയ കമ്പോളത്തെ ആസ്പദമാക്കിയുള്ള സാമ്പത്തിക ശക്തിയാർജ്ജിക്കുന്നതിന് പകരം കയറ്റുമതിയിൽ അധിഷ്ഠിതമായ, വിദേശമുതൽ മുടക്കിനെ ആശ്രയിക്കുന്ന, ഒരു സാമ്പത്തിക പന്ഥാവിനെയാണ് നരസിംഹറാവുവിന്റേയും മൻമോഹൻസിംഗിന്റേയും നേതൃത്വത്തിൽ ഭാരതം തെരഞ്ഞെടുത്തത്. അങ്ങനെ നമ്മുടെ സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ സ്വാതന്ത്ര്യങ്ങൾ പണയം വെച്ച് തല്ക്കാലം പ്രശ്നം പരിഹരിച്ചു എന്നു വിചാരിക്കാമെങ്കിലും 'കടപ്പത്തായ'ത്തിൽ ചാടിക്കഴിഞ്ഞിരിക്കുന്ന ഭാരതത്തിന്റെ ഭാവിയെന്താണെന്ന് ഏകദേശം ചിന്തിക്കുവാൻ ഇപ്പോൾത്തന്നെ നമുക്ക് കഴിയും.

ലോകബാങ്കിന്റെയും അന്താരാഷ്ട്ര സാമ്പത്തിക നിധി (IMF) യുടേയും

മറ്റ് വിദേശ സ്വകാര്യ മുതലിന്റെയും തണലിൽ രക്ഷപ്പെടുവാനുള്ള കുറുക്കുവഴിയിലേക്ക് സോവിയറ്റ് യൂണിയൻ എടുത്തുചാടി. ചൈനയും നിയന്ത്രിതമായിട്ടെങ്കിലും ആ വഴിയിലേയ്ക്കാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് തോന്നുന്നു. അങ്ങനെയെങ്കിൽ യൂറോപ്പിലെ പോലെ ഏഷ്യയിലും സോഷ്യലിസം തകരുവാനാണ് സാധ്യത.

7. കമ്യൂണിസത്തെ തകർക്കാനുള്ള ഒരു ആഗോളപദ്ധതി ലോകമുതലാളിത്ത വ്യവസ്ഥിതി പണ്ടേ ആസൂത്രണം ചെയ്തിരുന്നതും അപ്പഴപ്പോൾ പുതുക്കിക്കൊണ്ടിരുന്നതുമാണ്. ജൻമ്മനിയെ പണ്ട് (1918 -ൽ) തകർത്തതു പോലെ ജപ്പാനെയും തകർക്കുവാനുള്ള ഉദ്യമത്തിന്റെ മധ്യത്തിലാണ് ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിന്ന് മുൻപ് തന്നെ (1917 -ൽ) മുതലാളിത്തത്തിന്റ ജന്മശത്രുവായ സോവിയറ്റ് യൂണിയൻ ഉടലെടുത്തത്. സോവിയറ്റ് യൂണിയന്റെ കയ്യിൽ അണ്വായുധങ്ങൾ കൂടെ വന്നുചേർന്നതോടെ അതിനെ തകർക്കുന്നത് സങ്കീർണ്ണവും ദുസ്സാധ്യവുമായിത്തീർന്നു.

എന്നാൽ 1945 -ന് ശേഷമുള്ള പാശ്ചാത്യ മുതലാളിത്ത ചിന്താഗതിയിൽ കമ്യൂണിസത്തെ തകർക്കുക മാത്രമല്ല, പുതിയതായി സാമ്രാജ്യശക്തികളിൽ നിന്ന് രാഷ്ട്രീയ സ്വാതന്ത്ര്യം പ്രാപിച്ച രാഷ്ട്രങ്ങൾ കമ്യൂണിസത്തിന്റേയും വിപ്ലവത്തിന്റേയും മാർഗത്തിൽ ചരിക്കാതിരിക്കാൻ "ഡവലപ്മെന്റ് ഐഡിയോളജി" എന്ന വികസന പ്രത്യയശാസ്ത്രം സോഷ്യലിസത്തിന് മറുമരുന്നായി ഉന്നതതലങ്ങളിൽ (1945 -ലെ ട്രൂമാൻ ഡോക്ട്രീനിലെ ഒരു പ്രധാന ആശയമായിരുന്നു ഇത്) ആവിഷ്കരിച്ച് ഹാർവോർഡ്, എം. ഐ. റ്റി. മുതലായി മുതലാളിത്ത വ്യവസ്ഥിതിയുടെ പ്രഗത്ഭ വിദ്യാലയങ്ങളിൽ കൂടെ അവതരിപ്പിച്ച് വികസ്വര രാജ്യങ്ങളിലെ ബുദ്ധിജീവികളിൽ അടിച്ചേൽപിച്ചത് ആ വ്യവസ്ഥിതിയുടെ വലിയ ഒരു വിജയം തന്നെയായിരുന്നു. ആ പ്രത്യയശാസ്ത്രത്തിലേക്കാണ് സോവിയറ്റ് യൂണിയനും, കുറെയൊക്കെ ചൈനയും വീണത്. ഈ വികസന പ്രത്യയശാസ്ത്രത്തിന്റ ഒരു സമൂല പഠനത്തിന്ന് ഇന്ത്യയിലെ ഇടതുപക്ഷക്കാർക്ക് ഇന്നും സാധിക്കുന്നില്ലെന്ന് തോന്നുന്നു.

എന്നാൽ, കമ്യൂണിസത്തെ തകർക്കുന്നതിന്ന് പ്രത്യയശാസ്ത്രം മാത്രമല്ല യുദ്ധസാമഗ്രിയായി മുതലാളിത്തം ഉപയോഗിച്ചത്. ജോർജ് ബുഷ്, സി. ഐ. എ. മേധാവിയായിരുന്ന കാലത്തു വികസിപ്പിച്ച "അസ്ഥിരീകരണ സൂത്രങ്ങൾ" (Dirty tricks of de-stabilisation) എല്ലാ രാജ്യങ്ങളിലും പ്രയോഗിക്കുവാൻ തുടങ്ങി. അദ്ദേഹം വൈസ് പ്രസിഡണ്ടായ സമയത്ത് റേഗന്റെ വലിയ അറിവൊന്നും കൂടാതെയും സി. ഐ. എ. യെ കുറ്റം ചുമത്താത്ത വിധത്തിലും അന്യരാജ്യങ്ങളെ അട്ടിമറിക്കുവാനുള്ള ഒരു വലിയ പ്രസ്ഥാനം നടപ്പിൽവന്നു. അതിന്നുള്ള പണം കോൺഗ്രസും സെനറ്റും കൂടെ പല വിധമായ സംഘടനകളെ ഏല്പിച്ചു. ഓരോ രാജ്യത്തുമുള്ള ബുദ്ധിജീവികളെ പണം കൊണ്ടും മറ്റു ആനുകൂല്യങ്ങൾ കൊണ്ടും കയ്യിലെടുത്ത്, അവരെ ഉപയോഗിച്ച് വർഗീയ - വംശീയ സംഘർഷങ്ങൾ (Com-

munal conflict, ethnic conflict) തൊടുത്തുവിട്ടും ആശയക്കുഴപ്പങ്ങൾ മറ്റു വിധത്തിൽ സൃഷ്ടിച്ചുമാണ് ഈ അട്ടിമറി പ്രസ്ഥാനം ഇന്നു നടന്നുകൊണ്ടിരിക്കുന്നത്.

1989 –ലെ പോളിഷ് തെരഞ്ഞെടുപ്പായിരുന്നല്ലോ സോഷ്യലിസത്തിന്റെ പരാജയ സംഭവപരമ്പരകളുടെ നാന്ദി. ജറുസൽസ്കിയുടെ പോളിഷ് വർക്കേഴ്സ് പാർട്ടിയെ തോല്പിച്ച് ലെഖ് വലേസയുടെ സോളിഡാരിറ്റി എന്ന ട്രേഡ് യൂണിയൻ ഫെഡറേഷനെ ഒരു രാഷ്ട്രീയ പാർട്ടിയായി സംഘടിപ്പിച്ച് വിജയം നേടിയത്, (1) ജോൺപോൾ മാർപ്പാപ്പാ, (2) ഈ തിരഞ്ഞെടുപ്പിന്റെ സാമ്പത്തികഭാരം വഹിയ്ക്കുന്നതിന് വേണ്ടി അമേരിക്കൻ കോൺഗ്രസും സെനറ്റും കൂടി ബഡ്ജറ്റനുവദിച്ച് സൃഷ്ടിച്ച നാഷണൽ ഫൗണ്ടേഷൻ ഫോർ ഡെമോക്രസി, (3) അമേരിക്കയിലെ പോളിഷ് തൊഴിലാളികളുടെ നേതൃത്വത്തിൽ അമേരിക്കൻ ട്രേഡ് യൂണിയനുകൾ എന്നീ മൂന്നു ഘടകങ്ങളുടെ സംയുക്ത പ്രയത്ന ഫലമായിരുന്നു. ഇതിന്റെ രണ്ടും മൂന്നും ഘടകങ്ങളുടെ പ്രവർത്തന വിവരണം ഭാരതത്തിലെ 'ഹിന്ദുസ്ഥാൻ ടൈംസ്,' തുടങ്ങിയ പത്രങ്ങളിൽ അന്നു തന്നെ വന്നത് ഇന്നും ഞാൻ ഓർക്കുന്നു. മാർപ്പാപ്പായുടെ നേതൃത്വത്തെപ്പറ്റി ഗോർബച്ചോവ് തന്നെ, സ്ഥാനത്ത് നിന്ന് വീണശേഷം ഇറ്റാലിയൻ പത്രങ്ങളിൽ എഴുതിയിരുന്നല്ലോ. അദ്ദേഹം എഴുതാതിരുന്ന ഒരു കാര്യം എനിക്കറിയാം. ഗോർബച്ചോവ് വത്തിക്കാനിൽ ചെന്ന് മാർപ്പാപ്പായ്ക്ക് ഒരുറപ്പ് കൊടുത്തു. പോളണ്ടിലെ പൊതുതെരഞ്ഞെടുപ്പിൽ ഭരണകക്ഷി തോൽക്കാൻ തുടങ്ങുമ്പോൾ സോവിയറ്റ് സൈനികശക്തി പ്രയോഗിക്കുകയില്ലെന്ന് മാത്രമല്ല, സോളിഡാരിറ്റിക്കെതിരെ പോളണ്ടിന്റെ സൈനികശക്തി പോലും പ്രയോഗിക്കുകയില്ല എന്ന ഉറപ്പായിരുന്നു അത്. പോളണ്ടിലെ ജറുസൽസ്കിയോട് ആലോചിച്ചശേഷം കൊടുത്ത ഉറപ്പായിരുന്നു അത്. ആ ഉറപ്പ് കിട്ടിയതിന്നു ശേഷമാണ് ലെഖ് വലേസയോട് "അങ്ങേയറ്റം വരെ പൊയ്ക്കൊള്ളൂ" എന്ന നിർദേശം പോളണ്ടുകാരനായ മാർപ്പാപ്പാ നൽകിയത്.

യാതൊരു രാഷ്ട്രീയ പരിചയവുമില്ലാത്ത സോളിഡാരിറ്റിക്ക് ആവശ്യമായ എല്ലാ സഹായങ്ങളും അമേരിക്കയിൽ നിന്നും വത്തിക്കാനിൽ നിന്നും ലഭിച്ചു. തെരഞ്ഞെടുപ്പിനുള്ള പോസ്റ്ററുകൾ അടിക്കുവാനുള്ള പ്രിന്റിംഗ് പ്രസ്, കടലാസ്, മഷി, കംപ്യൂട്ടറുകൾ ഇവയെല്ലാം അമേരിക്കയിൽ നിന്ന് വിമാനത്തിൽ ഇറക്കുമതി ചെയ്യുകയായിരുന്നു. ധനക്ഷാമം സോളിഡാരിറ്റിക്ക് അനുഭവിക്കേണ്ടി വന്നതേയില്ല. പോളിഷ് നിയമം ലംഘിക്കുന്നതിന് പിഴയൊടുക്കേണ്ടി വന്നാൽ അതുകൂടെ അമേരിക്കയിൽ നിന്ന് കൊടുത്തുകൊള്ളാമെന്ന് ഉറപ്പു നല്കിയിരുന്നു. ലോക ചരിത്രത്തിൽ തികച്ചും വിദേശ രാജ്യത്തു നിന്ന് സംഘടിപ്പിക്കുന്ന ഒരു തെരഞ്ഞെടുപ്പു പ്രചാരണം ഇതുപോലെ ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല.

ലെഖ് വലേസയുടെ വിജയം 1989 ആഗസ്റ്റിൽ ഉണ്ടായി. ഒട്ടും താമസിയാതെ ചെക്കോസ്ലോവാക്കിയയിലും ഹംഗറിയിലും അതേ അനുഭവം ഉണ്ടായി. ഡിസംബറിന് മുൻപ് ബൾഗേറിയയിലും റൊമാനിയയിലും ഗവൺമെന്റുകൾ വീണു. ബെർലിൻ മതിൽ താഴെ വീണു. ചൈനയിൽ

മാത്രം ടിയാനെൽമെൻ വിദ്യാർഥി സമരം അഴിച്ചുവിട്ട് ഗവൺമെന്റിനെ താഴെവീഴിക്കാനുള്ള ഉദ്യമം നടന്നില്ല. സോവിയറ്റ് യൂണിയനിലും കമ്യൂണിസ്റ്റ് ഗവൺമെന്റ് താഴെ വീണു.

വളരെ സംഘടിതവും ആസൂത്രിതവുമായ ഒരു പ്രവർത്തന പരിപാടിയുടെ വിജയമായിരുന്നു യൂറോപ്യൻ സോഷ്യലിസത്തിന്റെ പതനം. തല്ക്കാലം വിജയം മുതലാളിത്ത വ്യവസ്ഥിതിക്ക് തന്നെ.

പക്ഷേ അതിന്നകത്തെ പാകപ്പിഴകളും ക്രമക്കേടുകളും കൊണ്ട് ആ മുതലാളിത്ത വ്യവസ്ഥിതി കൂടെ തകർന്നു താഴെവീഴുന്ന സമയം വളരെ വിദൂരമല്ല. ആ പതനം വളരെ ഭയങ്കരം തന്നെയായിരിക്കും. മുതലാളിയും തൊഴിലാളിയും ഒരുപോലെ കഷ്ടപ്പെടും. ആ കഷ്ടപ്പാടിൽക്കൂടെ ഒരു പുതിയ ചിന്താരീതിയും ജീവിതരീതിയും ഉദിച്ചുയരുമോ?

(*മാർക്സിസ്റ്റ് സംവാദം* - എ. കെ. ജി. പഠന ഗവേഷണ കേന്ദ്രം പ്രസിദ്ധീകരിക്കുന്ന സൈദ്ധാന്തിക ത്രൈമാസിക, 1994 ആഗസ്റ്റ് - ഒക്ടോബർ)



# 3

# മാർക്സിസം, മതനിരപേക്ഷത, മതം: ചില പുതു പരാമർശങ്ങൾ

പ്രഗത്ഭമതികളായ എന്റെ സുഹൃത്തുക്കൾ ഇ. എം. എസ്., പി. ഗോവിന്ദപ്പിള്ള തുടങ്ങിയവർ *ദേശാഭിമാനി*യുടെയും *ചിന്ത*യുടെയും *ഫ്രണ്ട് ലൈനിന്റെയും* പംക്തികളിൽ എന്റെ കോഴിക്കോട്ടെ സെമിനാർ പ്രബന്ധത്തെക്കുറിച്ച് (നമുക്കാവശ്യം സർവ്വമത സംഗ്രാഹിയായ ഒരു വിശ്വനാഗരികത) എഴുതിയ ലേഖനങ്ങളെക്കുറിച്ച് പൂർണമായ ഒരു പ്രതികരണം എഴുതാൻ എന്റെ ഇന്നത്തെ ആരോഗ്യനില അനുവദിക്കുന്നില്ല. അതിനാവശ്യമായ റഫറൻസ് കൃതികളെല്ലാം കണ്ടെടുക്കാൻ ഇപ്പോൾ എനിക്ക് കഴിയുന്നുമില്ല. കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുവാൻ എന്റെ ഒരു കൈ പ്രവർത്തനക്ഷമമായി ബാക്കി ഉള്ളതുകൊണ്ടാണ് ഞാൻ ഈ വരികൾ രേഖപ്പെടുത്തുന്നത്.

ഈ കാലിക പ്രസിദ്ധീകരണങ്ങളിൽ എന്റെ വാദമുഖങ്ങളെ നേരിടാൻ ഇത്രയേറെ പംക്തികൾ ചെലവഴിച്ചതിനും എന്റെ വാദമുഖങ്ങളെ ഗൗരവപൂർവ്വം പരിഗണിച്ചതിനും മാത്രമല്ല എനിക്കവരോട് കൃതജ്ഞത ഉള്ളത്. ഈ വാദ വിവാദങ്ങളിലെല്ലാം അവരെന്നോടു പ്രകടിപ്പിച്ച അങ്ങേയറ്റത്തെ ബഹുമാനാദരങ്ങൾക്കും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. എന്റെ വ്യക്തിപരമായ മതവിശ്വാസത്തെക്കുറിച്ച് സ്വന്തമായ കാഴ്ചപ്പാടിലൂടെ വിലയിരുത്തൽ നടത്താൻ ഇ. എം. എസ്. ഒരു പൂർണ്ണ ലേഖനം പോലും എഴുതുകയുണ്ടായി. പി. ഗോവിന്ദപ്പിള്ളയാകട്ടെ ഞാൻ അർഹിക്കുന്നതിലേറെ ആദരവോടെ എന്റെ അറിവിനെയും നേട്ടങ്ങളെയും കുറിച്ച് വിലയിരുത്തുകയും അദ്ദേഹത്തിനെന്നോടുള്ള ബൗദ്ധികമായ കടപ്പാടുകളെ അതിശയോക്തിയോടെ അംഗീകരിക്കുകയും ചെയ്യുന്നു. അതദ്ദേഹം ഇതിനു മുമ്പും ചെയ്തു കേട്ടിട്ടുണ്ട്.

ഈ ലേഖനത്തിൽ മൂന്നു കാര്യങ്ങളാണ് ഞാൻ ഊന്നിപ്പറയാൻ ശ്രമിക്കുന്നത്. ഒന്നാമതായി മതനിരപേക്ഷതയെക്കുറിച്ച് ഞാൻ നേരത്തെ തന്നെ പറഞ്ഞ കാര്യങ്ങൾ ചുരുക്കമായി സംഗ്രഹിക്കാം. രണ്ടാമതായി ഒരു പ്രത്യയശാസ്ത്രമെന്ന നിലയിലും കർമ്മപരിപാടി എന്ന നിലയിലും മാർക്സിസം ഇന്നു നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ് എന്നതിനെക്കുറിച്ചുള്ള എന്റെ ധാരണകൾ വളരെ ചുരുക്കി വിവരിക്കാം. മൂന്നാമതായി സമൂഹത്തിലും സംസ്ക്കാരത്തിലും മതത്തിനുള്ള സ്ഥാനത്തെക്കുറിച്ച് എനിക്കുള്ള അഭിപ്രായങ്ങൾ ചുരുക്കി പുനരവതരിപ്പിക്കാം. അത് ഉപസംഹരിക്കുമ്പോൾ എന്റെ വ്യക്തിപരമായ മതവിശ്വാസത്തിന്റെ സത്തയും കാരണങ്ങളും ചുരുക്കമായി വിവരിക്കുകയും ചെയ്യാം. ഈ വിവാദത്തിൽ ഉയർന്നുവന്ന മറ്റ് പ്രശ്നങ്ങൾ സംബന്ധിച്ച് എഴുതിപോകുന്നതോടൊപ്പം കഴിയുന്നത്ര പരാമർശിക്കുകയും ചെയ്യാം.

## മതനിരപേക്ഷം, മതനിരപേക്ഷതാവാദം, ആധുനിക ശാസ്ത്രം

നിഘണ്ഡുവിൽ കാണുന്ന അർത്ഥത്തിൽ നിന്നും തികച്ചും വ്യത്യസ്ത മായ അർത്ഥമാണ് ഇന്ത്യൻ ബുദ്ധിജീവികൾ 'മതനിരപേക്ഷം' എന്നതിനും 'മതനിരപേക്ഷതാ വാദം' (സെക്കുലർ, സെക്കുലറിസം) എന്നതിനും നൽകുന്നതെന്ന വസ്തുത ഞാൻ അംഗീകരിക്കുന്നു. നമ്മുടെ സർക്കാരും ഭരണകക്ഷിയായ കോൺഗ്രസ്സും ഇടതുപക്ഷ പ്രസ്ഥാനങ്ങളും മതനിര പേക്ഷതാവാദത്തെ ഏകദേശം താഴെ പറയുംപോലെയാണ് നിർവ്വചിച്ചി രിക്കുന്നത്. മതനിരപേക്ഷതയുടെ ഇന്ത്യൻ രൂപത്തിന്റെ മുഖ്യതത്വങ്ങൾ ഇവയാണ്.

(i) മതവും രാഷ്ട്രീയവും തമ്മിലുള്ള പൂർണ വിഭജനം.

(ii) എല്ലാ മതങ്ങളോടും ഒരേപോലെ പെരുമാറണം. ഗവൺമെന്റ് ഇവ യിൽ നിന്നെല്ലാം സമദൂരത്തിൽ വർത്തിക്കും.

(iii) ഭരണകൂടത്തിൽ നിന്നോ ഭരണകൂടത്തിന്റെ പിന്തുണയുള്ള സ്ഥാപ നങ്ങളിൽ നിന്നോ ഒരു മതത്തിനും സവിശേഷ പരിഗണനകൾ ലഭിക്കു ന്നതല്ല.

(iv) സ്വയം തെരഞ്ഞെടുക്കുന്ന ഏതു മതത്തിൽ ചേർന്നു പ്രവർത്തി ക്കുവാനും, ഒന്നിലും ചേരാതെ കഴിയാനും എല്ലാ ഭാരതീയർക്കും സ്വാത ന്ത്ര്യമുണ്ടായിരിക്കും (തീർച്ചയായും നിലവിലുള്ള നിയമങ്ങൾക്കു വിധേ യമായി വേണം വിശ്വാസാചാരങ്ങൾ).

(v) മതം തികച്ചും ഒരു സ്വകാര്യ ഏർപ്പാടായിരിക്കണം. വിദ്യാഭ്യാസം, വൈദ്യസേവനം, രാഷ്ട്രീയ സ്ഥാപനങ്ങൾ, മാധ്യമപ്രവർത്തനം എന്നിവ ഉൾപ്പെടെ പൊതുജീവിതത്തിൽ അതിനൊരു സ്ഥാനവും ഉണ്ടായിരിക്ക രുത്.

ഓക്സ്ഫോർഡ് അഡ്വാൻസ് ലേണേഴ്സ് ഡിക്ഷ്ണറി, *സെക്യൂലർ* എന്നതിനു നൽകുന്ന അർത്ഥം ഇതാണ്: 'ലൗകികം; ആത്മീയമോ മതപ രമോ ആയ ഏർപ്പാടുകളുമായി ബന്ധമില്ലാത്തത്' (പുറം 1143). മതനിര പേക്ഷതാ വാദത്തെപറ്റി അതിൽ പറയുന്നത്: "സന്മാർഗം, വിദ്യാഭ്യാസം മുതലായ കാര്യങ്ങൾ മതത്തെ ആധാരമാക്കി അരുത് എന്ന വിശ്വാസം." സെക്കുലറിസ്റ്റ് അഥവാ മതനിരപേക്ഷതാ വാദി എന്നതിന്റെ നിർവ്വചനം: "മതനിരപേക്ഷതയിൽ വിശ്വസിക്കുന്നയാളോ അതിനെ അനുകൂലിക്കുന്ന ആളോ." ഇതിൽ നിന്ന് സിദ്ധിക്കുന്നത് മതനിരപേക്ഷതാ വാദവും ഒരു പ്രത്യയശാസ്ത്രമാണ്, ഒരു വീക്ഷണകോൺ ആണ്, ഒരു മതരൂപമാണ് എന്നത്രേ! ചരിത്രപരമായി പറഞ്ഞാൽ ജി. ജെ. ഹോളിയോക്ക് ( 1877–1907) കഴിഞ്ഞ നൂറ്റാണ്ടിൽ സൃഷ്ടിച്ച ഒരു അർധമത പ്രത്യയശാസ്ത്രമാണ് സെക്കുലറിസം. ആധുനിക ശാസ്ത്രവുമായി പൊരുത്തപ്പെടാത്തതിനാൽ എല്ലാ പരമ്പരാഗത മതങ്ങളും അപ്രസക്തമാവുകയും അതുകൊണ്ട് ആധു നിക മാനവരാശിക്ക് അസ്വീകാര്യം ആകുകയും ചെയ്യുന്ന ശാസ്ത്രയുഗ ത്തിൽ സെക്കുലറിസം മാത്രമാണ് പ്രായോഗികമായ ഏകമതം എന്നദ്ദേഹം സിദ്ധാന്തിച്ചു.

വെളിപാടുകളോ വിശുദ്ധ ഗ്രന്ഥങ്ങളോ പൗരോഹിത്യമോ ഇല്ലാത്ത ഒരു മതം. ഇംഗ്ലണ്ടിൽ ഇതാദ്യം ശാസ്ത്രജ്ഞരുടെ ഇടയിൽ പ്രചരിച്ചു. പിന്നീടത് അമേരിക്കയിലും വ്യാപിച്ചു. രണ്ടു തലമുറക്കാലത്ത് ഈ രണ്ടു രാജ്യങ്ങളിലും അത് വളർന്നു വ്യാപിച്ചു. മാത്രമല്ല, അവർ സ്വന്തമായി സണ്ടേസ്ക്കൂളുകളും ചോദ്യോത്തര രൂപത്തിലുള്ള ഉപദേശ വിധികളും വികസിപ്പിച്ചെടുത്തു. രണ്ടാം ലോകമഹായുദ്ധാനന്തരം ഒരു സംഘടിത മതമെന്ന നിലയിൽ അത് അലസിപ്പോയി. പിന്നീടത് ശാന്തമായി ആധുനിക ലിബറലിസത്തിൽ ലയിച്ചു. നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയിലൂടെ ഈ മതം നമ്മുടെ ചിന്താധാരയിൽ ഇഴുകിച്ചേർന്നു. ആധുനിക ലിബറലിസം പൊതുവെ ഈ മതനിരപേക്ഷ പാരമ്പര്യം പിൻതുടരുന്നു. മാർക്സിസ്റ്റ് പൈതൃകവും അങ്ങനെതന്നെ. 17–ാം നൂറ്റാണ്ടു മുതൽ 19–ാം നൂറ്റാണ്ടു വരെയുള്ള കാലയളവിൽ യൂറോപ്പിൽ വളർന്നുവന്ന എൻലൈറ്റൻമെന്റ് (പ്രബുദ്ധത) പ്രസ്ഥാനത്തിന്റെ സന്തതികളാണ് ലിബറലിസവും മാർക്സിസവുമെന്ന് ഞാൻ കരുതുന്നു.

വൈരുദ്ധ്യാത്മക ഭൗതിക വാദത്തിന് മാർക്സിസം ഒരു ദാർശനികാടിത്തറ നൽകാൻ ശ്രമിച്ചു. വൈരുദ്ധ്യാത്മക ഭൗതികവാദമാണ്, മാർക്സിസത്തിന്റെ സെക്യുലറിസത്തിന്റെ രൂപം. ഈ നൂറ്റാണ്ടിന്റെ ആദ്യം ശാസ്ത്രത്തിൽ ഉണ്ടായ പുതിയ ഉൾക്കാഴ്ചകളെ ഉൾക്കൊണ്ടുകൊണ്ട് ഭൗതികവാദത്തെ പുനർനിർവചിക്കാൻ ലെനിൻ നടത്തിയ ശ്രമത്തെക്കുറിച്ച് പി. ഗോവിന്ദപ്പിള്ള പറയുന്നുണ്ട്. ദ്രവ്യവും ഊർജ്ജവും പരസ്പരം മാറ്റിത്തീർക്കാവുന്നതാണ്. ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ടു രൂപങ്ങൾ മാത്രമാണെന്നായിരുന്നു ശാസ്ത്രത്തിലെ പുതിയ ഉൾക്കാഴ്ച. ഇതുപ്രകാരം മനുഷ്യന്റെ ആത്മനിഷ്ഠമായ ഗ്രഹണ പ്രക്രിയയ്ക്ക് വിധേയമാകുന്ന എന്തും, ഖരമായാലും ദ്രവ്യമായാലും, വാതകമായാലും ഊർജ്ജമായാലും പദാർത്ഥം തന്നെ എന്നാണ് ലെനിൻ പുനർനിർവചിക്കാൻ ശ്രമിച്ചത്. ബാഹ്യലോകത്തെ, മനുഷ്യാവബോധം സത്യസന്ധമായി പ്രതിഫലിപ്പിക്കുന്നു. പരിണാമത്തിന്റെ അന്ത്യദശയിൽ സൃഷ്ടിക്കപ്പെട്ട ഭൗതിക യാഥാർത്ഥ്യം സംബന്ധിച്ച ഒരു സമവർത്തിയായ പ്രതിഭാസം ആണ് ആ അവബോധം. അല്ലാതെ അതിനു മുമ്പ് രൂപം കൊണ്ടതല്ല. ദ്രവ്യോല്പാദനത്തിന് മുമ്പ് അവബോധം നിലവിലിരുന്നു എന്ന് സങ്കല്പിക്കുന്ന ആശയവാദത്തെ മാർക്സിസം വിമർശിക്കുന്നത് ഈ സങ്കല്പത്തെയാണ്. അവബോധമുൾപ്പെടെയുള്ള സകലമാന വൈരുദ്ധ്യാത്മക വികാസത്തിന്റെയും സാധ്യത ഭൗതിക യാഥാർത്ഥ്യമാണ് പ്രാഥമികം (അവബോധം അതിനെ തുടർന്ന്) എന്നതത്രെ.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലത്ത് പാശ്ചാത്യ രാഷ്ട്രങ്ങളിൽ ഉണ്ടായ ശാസ്ത്രദർശന വികാസം മേൽചേർത്ത വാദത്തിനെതിരെ ചില പുതിയ ചോദ്യങ്ങൾ ഉയർത്തുന്നു. ബാഹ്യ യാഥാർത്ഥ്യം സത്യസന്ധമായി മനുഷ്യാവബോധത്തിൽ പ്രതിഫലിക്കുന്നുവെന്നു കരുതാൻ വേണ്ട ദാർശനികമോ ശാസ്ത്രീയമോ ആയ തെളിവുകളൊന്നും ഇന്നില്ല എന്നതാണ് ആദ്യത്തെ കാര്യം. യാഥാർത്ഥ്യത്തെ എങ്ങിനെയോ അങ്ങിനെ

മനസ്സിലാക്കാൻ ആധുനിക ശാസ്ത്രത്തിന് കഴിയുമെന്ന് ഏതാനും പതിറ്റാണ്ടുകൾ മുമ്പുവരെ നിലനിന്നിരുന്ന ധാരണ ഇനിമേൽ നിലനിൽക്കുന്നതല്ല. മനുഷ്യന്റെ ആത്മവത്ത എല്ലാ ഗ്രഹണ പ്രക്രിയയുടെയും അവിഭാജ്യ ഘടകമാണെന്ന് മാത്രമല്ല ഗ്രഹണത്തിൽ നിന്നും ആത്മവത്തയിൽ നിന്നും വ്യതിരിക്തമായി യാഥാർത്ഥ്യത്തെ അറിയാൻ നമുക്കാവുകയുമില്ല. ഗ്രഹണകർമ്മത്തിനു നാം ഉപയോഗപ്പെടുത്തുന്ന ഐന്ദ്രികവും മാനസികവും ആയ ഉപാധികൾ നാം ഗ്രഹിക്കുന്ന യാഥാർത്ഥ്യത്തെ രൂപപ്പെടുത്തുകയും ചെയ്യുന്നു. നിരീക്ഷകന്റെ അഥവാ നിരീക്ഷകയുടെ ഗ്രഹണോപാധി ഗ്രഹിത യാഥാർത്ഥ്യത്തിന്റെ അവിഭാജ്യ ഘടകമായിത്തീരുകയും ചെയ്യുന്നു. നമ്മുടെ ഗ്രഹണാതീതമായ യാഥാർത്ഥ്യം എന്തെന്ന് ഒരിക്കലും കണ്ടുപിടിക്കാനാവുകയുമില്ല. ബുദ്ധൻ ചൂണ്ടിക്കാട്ടിയ പോലെ നാം ഗ്രഹിക്കുന്ന ലോകം "പ്രതീത്യ സമുല്പന്നമാണ്." അതായത് സോപാധികമായി സഹജാതം. നമ്മുടെ മാതിരിയുള്ള മനസ്സായിരിക്കെ, അതിനു ബാഹ്യമായി സ്ഥിതിചെയ്യുന്ന ലോകം മനുഷ്യമനസ്സിൽ അത് ഏറ്റുമുട്ടുമ്പോൾ സിദ്ധിക്കുന്ന ഉല്പന്നം മാത്രമാണ്. അതുപോലെ തന്നെ ആ ലോകം യാഥാർത്ഥ്യമെന്നും മറ്റേ ലോകം അയഥാർത്ഥമെന്നും പറയുന്നതും യാഥാർത്ഥ്യായഥാർത്ഥ്യങ്ങളെ സമന്വയിക്കുന്നതും അസത്യമായിരിക്കുമെന്നും ബുദ്ധമതക്കാർ പറയുന്നു. അത്തരം ഒരു ലോകം നമ്മുടെ അവബോധത്തിൽ ചില സവിശേഷ സാഹചര്യങ്ങളിൽ ഉയർന്നു കാണുന്നു എന്നേ പറയാനാവൂ.

ഏറെക്കുറെ ഇതു തന്നെയാണ് ആധുനിക ശാസ്ത്ര ദാർശനികർ പറയുന്നതും - ഒരുപക്ഷേ കുറെ എന്നതിനേക്കാൾ ഏറെ എന്നു പറയാം. അനാത്മനിഷ്ഠമായ വസ്തുനിഷ്ഠത എന്നൊന്നില്ല. എന്തുകൊണ്ടെന്നാൽ എല്ലാ ഗ്രഹണ പ്രക്രിയയും സ്വഭാവേന തന്നെ ആത്മനിഷ്ഠമാണ്. ശാസ്ത്രത്തിൽ 'തെളിയിക്കപ്പെട്ട സത്യം' എന്നൊന്നില്ല. എന്തുകൊണ്ടെന്നാൽ എല്ലാ ശാസ്ത്രീയ തെളിവുകളും ആഗമികമായേ പറ്റൂ. പരിമിതമായ ഏതാനും അനുഭവങ്ങളിൽ നിന്നുള്ള സാമാന്യവൽക്കരണം. അവ ഭാവി അനുഭവങ്ങളുടെ വെളിച്ചത്തിൽ തെളിവിന് വിധേയവുമാണ്. വസ്തുനിഷ്ഠയാഥാർത്ഥ്യത്തിൽ നിന്നും ഉരുത്തിരിയുന്നതല്ല ശാസ്ത്ര സിദ്ധാന്തം; മനുഷ്യഭാഷയിലും സംവർഗങ്ങളിലും മനുഷ്യൻ സൃഷ്ടിക്കുന്നത് മാത്രമാണ്. പ്രയോഗത്തിനു പ്രയോജനപ്രദവും പൊതുവെ പരസ്പരം പൊരുത്തപ്പെടുന്നതുമായി കാണപ്പെടുന്ന മനുഷ്യനിർമ്മിതികൾ എന്ന് മാത്രമേ ശാസ്ത്ര സിദ്ധാന്തങ്ങളെക്കുറിച്ച് അങ്ങേയറ്റം പോയാൽ നമുക്കു പറയാനാവൂ. അതുകൊണ്ട് സത്യത്തിലേക്ക് ശാസ്ത്രത്തിന്റെ പാത മാത്രമേയുള്ളൂ എന്നും അതുകൊണ്ട് ശാസ്ത്രരീത്യാ തെളിയിക്കപ്പെടാൻ കഴിയാത്ത ഒന്നും ശാസ്ത്രമല്ലെന്നും മറ്റുമുള്ള പഴയ അവകാശവാദങ്ങൾ വിവരമുള്ള ശാസ്ത്രജ്ഞന്മാരോ ശാസ്ത്രദാർശനികരോ ഇനിമേൽ ഉന്നയിക്കുകയില്ല. ശാസ്ത്ര സാങ്കേതികവിദ്യ മനുഷ്യരാശിയുടെ മഹത്തായ നേട്ടങ്ങളിലൊന്നാണെന്നും അതിന്റെ സഹായം കൂടാതെ ഇന്നത്തെ സാഹചര്യങ്ങളിൽ മനുഷ്യജീവിതം അസാധ്യമാകുമെന്നും ഇനിയും പറയാവു

ന്നതാണ്. എന്നാൽ വിജ്ഞാനത്തിന്റെ മേലുള്ള കുത്തകാവകാശവാദങ്ങൾ ശാസ്ത്രം കൈവെടിഞ്ഞേ മതിയാകൂ.

19-ാം നൂറ്റാണ്ടിലെ ശാസ്ത്രധാരണയേയും വിജ്ഞാനത്തിന്റെ മേൽ അതുന്നയിച്ച കുത്തകാവകാശവാദത്തെയും ആധാരമാക്കിയാണ് മതനിരപേക്ഷതാ പ്രത്യയശാസ്ത്രം പടുത്തുയർത്തിയത്. ആധുനിക ശാസ്ത്രത്തിൽ വേരോട്ടമില്ലാത്ത കാലഹരണപ്പെട്ട ഒരു വിശ്വാസ വ്യവസ്ഥയാണ് മതനിരപേക്ഷതാ പ്രത്യയശാസ്ത്രം. എല്ലാ മതങ്ങളുടെയും പാരമ്പര്യങ്ങളുടെയും ചങ്ങലക്കെട്ടുകളിൽ നിന്ന് മനുഷ്യരാശിയെ മോചിപ്പിക്കാനുതകുന്നതായ മതനിരപേക്ഷതാ പ്രത്യയശാസ്ത്രം വിമോചിത മാനവരാശിയുടെ വിലപ്പെട്ട നേട്ടമായി ഒരു കാലത്ത് അവകാശപ്പെട്ടിരുന്നു. പ്രായപൂർത്തിയെത്തിയ മാനവരാശിയുടെ 'പോസിറ്റീവ്' (വാസ്തവികവും അനുഭവൈകവേദ്യവും) വിജ്ഞാനമാണ് ശാസ്ത്രം എന്നു കരുതപ്പെട്ടു. മതവും മെറ്റാഫിസിക്സും (അദ്ധ്യാത്മജ്ഞാനം, സത്താമീമാംസ മുതലായവ) മറ്റും മനുഷ്യരാശിയുടെ ബാല്യത്തിലേയും കൗമാരത്തിലേയും ചിന്തയാണെന്നു വിധിക്കപ്പെട്ടു. ശാസ്ത്രത്തെക്കുറിച്ചുള്ള ഈ ലാഘവ ശുഭ ചിന്തയെയാണ് ഇപ്പോൾ ശാസ്ത്രദർശനം തന്നെ തകർത്തു കളഞ്ഞിരിക്കുന്നത്.

യാഥാർത്ഥ്യം എങ്ങിനെയാണോ അങ്ങിനെ തന്നെ നാമവയെ ഗ്രഹിക്കുന്നു എന്നും നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ഗോചരമായ ലോകം മാത്രമേ നിലവിലുള്ളു എന്നും മറ്റുമുള്ള സെക്കുലർ സമർത്ഥനങ്ങൾക്ക് ആധുനിക ശാസ്ത്രത്തിൽ അടിസ്ഥാനമില്ലെന്നു പറയേണ്ടി വന്നത് ഈ പശ്ചാത്തലത്തിലാണ്. ദൈവാസ്തിത്വത്തെ നിഷേധിക്കാനോ സമർത്ഥിക്കാനോ ശാസ്ത്രത്തിനു കഴിവില്ല. അത് ശാസ്ത്രത്തിന്റെ മേഖലയല്ല. അതുപോലെ തന്നെ മാനവികാസ്തിത്വത്തിന്റെ അർത്ഥവും പ്രാധാന്യവും സംബന്ധിച്ച സർവപ്രധാന കാര്യങ്ങളും ശാസ്ത്രത്തിന്റെ അന്വേഷണരീതികൾക്കും പ്രവർത്തനമേഖലയ്ക്കും പുറത്താണ്. നാസ്തിക വാദത്തെയോ ആസ്തികവാദത്തെയോ ന്യായീകരിക്കാനോ തെളിയിക്കാനോ ആധുനിക ശാസ്ത്രത്തിനാവില്ല.

ദ്രവ്യ (പദാർത്ഥം) മാണോ അവബോധമാണോ ആദ്യം പ്രത്യക്ഷപ്പെട്ടത് എന്ന വാദം ഇപ്പോൾ തികച്ചും നിരർത്ഥകമായിരിക്കുന്നു. പരിണാമത്തെയും പ്രപഞ്ചോല്പത്തിയെയും കുറിച്ചുള്ള സമകാലിക സിദ്ധാന്തങ്ങൾ നാം ഗൗരവപൂർവ്വം കണക്കിലെടുത്താൽ എന്താണ് മനസ്സിലാകുന്നത്. 'ബൃഹദ് സ്ഫോടന'ത്തെ (ബിഗ് ബാങ്ങ്) തുടർന്ന് അത്യുഗ്ര താപനിലവാരത്തിലുള്ള ഊർജ്ജം മാത്രമാണ് പ്രത്യക്ഷപ്പെട്ടത്. അത് ഖരമായോ ദ്രവമായോ വാതകമായോ പ്ലാസ്മയായോ രൂപാന്തരപ്പെട്ടിരുന്നില്ല. പരിണാമത്തിലെ 'മാനവ കേന്ദ്രീകൃത തത്വം' (ആന്ത്രോപിക് പ്രിൻസിപ്പൾ) അംഗീകരിക്കുന്നവരെ സംബന്ധിച്ചിടത്തോളം പരിണാമ പ്രക്രിയയുടെ തുടക്കം തൊട്ടേ മാനവോദയത്തിലേക്കുള്ള ബോധപൂർവ്വമായ ചായ്‌വോടുകൂടിയ നീക്കം ഉണ്ടായിരുന്നതായി മനസ്സിലാക്കാം. ആകസ്മികമായ ചേരുവകളുടെയും പരിവർത്തനങ്ങളുടെയും ഫലമായി അത് സംഭവി

ക്കുമായിരുന്നില്ല. ആശയവാദവും ഭൗതികവാദവും തമ്മിൽ 19-ാം നൂറ്റാണ്ടിൽ നടന്ന വിവാദം അപ്പാടെ നിരർത്ഥകങ്ങളായ പൂർവ്വപക്ഷങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു എന്നിപ്പോൾ തോന്നുന്നു.

നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ഗോചരമായ ലോകം മാത്രമേയുള്ളു എന്നും അതുകൊണ്ട് അത് മാത്രമേ നാം പരിഗണിക്കേണ്ടതുള്ളു എന്നും ഉള്ള അശാസ്ത്രീയവാദം ചില അന്യായമായ ആവശ്യങ്ങൾ ഉന്നയിക്കുന്നതിലേക്കാണ് ചെന്നെത്തുന്നത്. വിദ്യാഭ്യാസം, ചികിത്സ, സർക്കാർ, സംവേദന മാധ്യമങ്ങൾ തുടങ്ങിയവയെല്ലാം മനുഷ്യരുടെ മതവിശ്വാസങ്ങളിൽ നിന്ന് വേർതിരിച്ചു നടത്തണമെന്നതാണ് ഈ ആവശ്യങ്ങൾ. ശാസ്ത്രീയാടിത്തറയില്ലാത്ത ഈ ആവശ്യങ്ങൾ തിരസ്കരിച്ചേ മതിയാവൂ. മാർക്സിസ്റ്റുകാർ ഉൾപ്പെടെയുള്ള നമ്മുടെ ബുദ്ധിജീവികൾ പടിഞ്ഞാറു നിന്നും ഇറക്കുമതി ചെയ്ത ഈ കാലഹരണപ്പെട്ട പ്രത്യയശാസ്ത്രത്തിൽ കടിച്ചുതൂങ്ങിക്കിടക്കുന്നതും ഖേദകരം തന്നെ. നമ്മുടെ ഭരണകൂടത്തിന്റെയും സംസ്ക്കാരത്തിന്റെയും അടിത്തറയ്ക്ക് രൂപകല്പന ചെയ്യാൻ നാം നമ്മുടെ സ്വന്തം സർഗശക്തിയും ഭാവനയുമാണ് ഉപയോഗിക്കേണ്ടത്. അവശ്യസന്ദർഭങ്ങളിൽ പടിഞ്ഞാറു നിന്നും പഠിക്കേണ്ടത് പഠിക്കാം. എന്നാൽ നമ്മുടെ സ്വന്തം സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ വിഭവങ്ങളെ പൂർണമായി ഉപയോഗപ്പെടുത്തണം.

## മാർക്സിസം ഇന്നു നേരിടുന്ന വെല്ലുവിളികൾ

കഴിഞ്ഞ നൂറു വർഷത്തിനിടയിൽ രണ്ടാമത്തെ വൻ പരാജയത്തെയാണ് ഇപ്പോൾ മാർക്സിസം തരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആദ്യത്തെ പരാജയം കഴിഞ്ഞ നൂറ്റാണ്ട് സമാപിക്കുന്ന സന്ദർഭത്തിലായിരുന്നു. എഡുവേർഡ് ബെൺസ് റ്റൈനിന്റെയും പിന്നീട് ലിയോൺ ട്രോട്സ്കിയുടെയും നേതൃത്വത്തിൽ രണ്ടാം ഇന്റർനാഷനിലെ സോഷ്യൽ ഡെമോക്രാറ്റിക് കക്ഷികളാണ് ഈ പരാജയം ഏൽപിച്ചത്. ഈ യൂറോപ്യൻ പരിഷ്ക്കരണവാദികളിൽ നിന്നു കമ്യൂണിസത്തെ രക്ഷിച്ചത് ലെനിനായിരുന്നു. ശിൽപിയും നിർമ്മാതാവുമെന്ന നിലയിൽ ലെനിൻ പടുത്തുയർത്തിയ പുതിയ സോഷ്യലിസ്റ്റ് വ്യവസ്ഥയാണിപ്പോൾ ഈ നൂറ്റാണ്ടിന്റെ സമാപനവേളയിൽ തകർക്കപ്പെട്ടിരിക്കുന്നത്. ഗൊർബച്ചോവിനെപ്പോലുള്ള ലാഘവബുദ്ധികളും വഴിതെറ്റിയവരുമായ സോവിയറ്റ് നേതാക്കളുടെ ഒത്താശയോടെ വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലെ ഏജൻസികൾ ശ്രദ്ധാപൂർവ്വം ആസൂത്രണം ചെയ്തു നടപ്പിലാക്കിയ അട്ടിമറിയിലൂടെയാണ് ഈ കൃത്യം നിർവഹിച്ചത്.

എന്നാൽ മാർക്സിസത്തിന്റെ അന്ത്യം കുറിക്കുന്നതിന്റെ അടുത്തൊന്നും അവർക്കെത്താനായിട്ടില്ല. ഇതിനകം തന്നെ റഷ്യയിലും പോളണ്ടിലും നവശക്തിയാർജിച്ച് അത് ഉയർന്നു തുടങ്ങിയിരിക്കുന്നു. അവിടങ്ങളിൽ ലക്ഷോപലക്ഷം ജനങ്ങൾ ഇപ്പോഴും ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയിലാണ് പ്രതീക്ഷകൾ അർപ്പിച്ചിരിക്കുന്നത്. സകലർക്കും തൊഴിലുള്ള ഒരു സമ്പദ് വ്യവസ്ഥ, സാമൂഹ്യ ധനസഹായത്തോടെയുള്ള വിദ്യാഭ്യാസവും സാമൂഹ്യരക്ഷയും ഭവന സംവിധാനവും ഗതാഗതസൗകര്യവും ആരോഗ്യപരിപാല

നവും ലഭിക്കുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയിലാണവർ കണ്ണുനട്ടിരിക്കുന്നത്. ഭൂഗർഭ കൊള്ളസംഘമായ മാഫിയയ്ക്കും സമ്പദ്വ്യവസ്ഥയുടെ ക്രിമിനൽവൽക്കരണത്തിനും എതിരെ നിർണ്ണായക നടപടികൾ അവരാവശ്യപ്പെടുന്നു. മുതലാളിത്തത്തിന്റെ തിരിച്ചുവരവിന്റെ ആദ്യഘട്ടത്തിലെ ഉൽസാഹതിമിർപ്പിൽ പ്രത്യക്ഷപ്പെട്ട സ്വാർത്ഥതയും അത്യാഗ്രഹവും മുറ്റിയ സാമൂഹ്യ വിരുദ്ധ വ്യക്തിത്വത്തിനെതിരേ പടിപടിയായുള്ള സോഷ്യലിസ്റ്റ് വ്യക്തിത്വ വികസനത്തിനവർ വെമ്പൽ കൊള്ളുന്നു. കമ്യൂണിസ്റ്റ് പാർട്ടികൾ അധികാരത്തിലെത്തിയാലും ഇല്ലെങ്കിലും ഈ പ്രവണത പല രാഷ്ട്രങ്ങളിലും തീർച്ചയായും വളർന്നുവരും. തൽക്കാലം മുതലാളിത്തവുമായി ഏറ്റുമുട്ടുന്ന നടപടിക്കവർ അത്ര പ്രാധാന്യം കൽപിച്ചെന്നു വരില്ല. എന്നാൽ മുതലാളിത്തത്തിന്റെ അപമാനവീകരണ സ്വഭാവത്തിന്റെ അനുഭവം വർദ്ധിച്ചുവരുന്നതോടെ ആ സംഘട്ടനവും അനിവാര്യമാകും.

കഴിഞ്ഞ കാലത്തെ തെറ്റുകളിൽ നിന്നു കമ്യൂണിസം പാഠങ്ങൾ പഠിക്കും. തൊഴിലാളിവർഗ്ഗ സർവാധിപത്യമെന്നത് പാർട്ടിയുടേയോ പാർട്ടിയുടെ തലപ്പത്തിരിക്കുന്ന ചിലരുടെയോ സർവാധിപത്യമല്ലെന്നവർ പഠിക്കും. ജനാധിപത്യപരവും പരസ്പര പരിഗണനയോടു കൂടിയതുമായ ബന്ധങ്ങൾ അത് മനുഷ്യന് സംഘടനയുടെ സത്തയാണെന്നും, പരസ്പര വിശ്വാസം നശിച്ചാൽ പിന്നെ ആളുകളെ ഒരുമിച്ചുനിർത്താൻ ഭീതി മാത്രമേ അവശേഷിക്കൂ എന്നും, അത് തന്നെ നീണ്ടനാൾ നിലനിൽക്കില്ലെന്നും അവർ മനസ്സിലാക്കും. നേതാക്കൾക്ക് അധികാരം കയ്യാളാൻ കഴിയണമെങ്കിൽ സ്വന്തം താൽപര്യങ്ങളേക്കാൾ കൂടുതൽ ജനകീയ താൽപര്യങ്ങൾക്ക് മുൻഗണന നൽകുകയും ജീവിതശൈലിയിൽ സന്യാസതുല്യമായ ലാളിത്യവും വൈയയക്തികവും സാമൂഹ്യവും ആയ അച്ചടക്കവും പുലർത്തണമെന്നും അവർ മനസ്സിലാക്കും. പാർട്ടിയുടെ താൽക്കാലിക താല്പര്യങ്ങൾക്കുതകുന്നവയെല്ലാം ജനതാൽപര്യവുമായി പൊരുത്തപ്പെടുന്നതായിരിക്കണമെന്നില്ല. പാർട്ടിയുടെ ഹ്രസ്വകാല താൽപര്യത്തിന്റെ ബലിപീഠത്തിൽ സത്യസന്ധതയും ആത്മാർത്ഥതയും അത്ര അനായാസമായി ഹോമിച്ചുകൂട. നേതാക്കൾ വിധിക്കുന്നതെല്ലാം അടിമകളെപ്പോലെ ജനങ്ങളും കാഡർമാരും അനുസരിച്ചുകൊള്ളുമെന്നും കരുതിക്കൂട. സത്യസന്ധമായ തീരുമാനങ്ങൾ ഉത്തമബോധ്യത്തോടെ കൈക്കൊള്ളുവാൻ നേതാക്കൾ തങ്ങളുടെ ഉചിതജ്ഞത പ്രകടിപ്പിക്കണം. ജനങ്ങൾക്കും പൊതുസ്ഥാപനങ്ങളുടെ നടത്തിപ്പിനും വേണ്ടി തീരുമാനങ്ങൾ കൈക്കൊള്ളുന്ന രീതി ജനാധിപത്യപരവും വികേന്ദ്രീകൃതവും ആയിരിക്കണം – എന്നിങ്ങനെയുള്ള പാഠങ്ങളാണ് കമ്യൂണിസ്റ്റുകാർ അനുഭവത്തിൽ നിന്നും പഠിക്കേണ്ടതും പഠിച്ചുകൊണ്ടിരിക്കുന്നതും.

മാർക്സിസ്റ്റുകാർ അല്ലെങ്കിൽ കമ്യൂണിസ്റ്റുകാർ ആത്മപരിശോധന നടത്തി മുൻകാലത്തെ പരാജയങ്ങളിൽ നിന്ന് പാഠങ്ങൾ പഠിക്കാൻ വളരെയേറെ ശ്രമിക്കേണ്ട ഒരു കാലമാണിത്. സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്ക് അകത്തുനിന്നും ജീർണത സംഭവിക്കാത്ത ഒരു വ്യവസ്ഥയ്ക്ക് അവർ രൂപകൽപന ചെയ്യേണ്ടിയിരിക്കുന്നു. മാർക്സിസത്തിന് ഇന്ന് ലെനിന്റെ

കഴിവും പദവിയുമുള്ള ഒരാളെ വേണ്ടിയിരിക്കുന്നു - അല്ലെങ്കിൽ ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മാർക്സിസത്തിനു വേണ്ടി ലെനിൻ ചെയ്ത കാര്യങ്ങൾ ചെയ്യാൻ കഴിവുള്ള ഒരു സാർവദേശീയ നേതൃസംഘം. ആ നേതൃസംഘം ചെയ്യേണ്ട കാര്യങ്ങൾ: വികസിത അല്ലെങ്കിൽ പിൽക്കാല മുതലാളിത്തത്തിന്റെ സ്വഭാവവിശേഷങ്ങൾ പൂർണമായി കണക്കിലെടുക്കണം, പുത്തൻ കൊളോണിയലിസാനന്തര സാമ്രാജ്യത്വത്തിന്റെ പുതിയ രൂപഭേദങ്ങളും വ്യാപാരബന്ധങ്ങളും വിപണിയുടെ ആഗോളവൽക്കരണവും ലോക വ്യാപാര സംഘടനയുടെ രൂപീകരണവും ഐക്യരാഷ്ട്രസഭ അമേരിക്കയുടെയും കൂട്ടരുടെയും ചൊൽപടിയിലായ അവസ്ഥയും ദേശീയവും സാർവദേശീയവും ആയ വ്യവസായ - വ്യാപാര കോർപ്പറേഷനുകൾക്ക് കുറെക്കൂടി സാമൂഹ്യോത്തരവാദിത്വബോധം നിർബന്ധിച്ചോ പ്രേരിപ്പിച്ചോ നൽകേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് വിലയിരുത്തി പോംവഴികൾ ആരായണം.

പാക്കേജിംഗ്, പരസ്യം, വിൽപ്പന, അനാവശ്യവും കൃത്രിമവുമായ ആവശ്യങ്ങൾ ഉപഭോക്താക്കളിൽ സൃഷ്ടിക്കുന്ന സമ്പ്രദായം തുടങ്ങി ഉപഭോക്തൃ പ്രശ്നത്തിന്റെ അനാരോഗ്യ വശങ്ങൾ അവർ പരിശോധിക്കണം. ഒരു ആഗോള ധനകാര്യ വ്യവസ്ഥയുടെ കൈവശം ചെന്നുചേർന്നിരിക്കുന്ന ദുഷ്ടവും അന്യായവും ചൂഷണാത്മകവും മർദ്ദകവും ആയ അധികാര കേന്ദ്രീകരണത്തിന്റെ പ്രശ്നങ്ങൾ; വികസ്വരരാജ്യങ്ങളുടെ മേലുള്ള ദുർവഹമായ കടഭാരം; കമ്പോളശക്തികളുടെ താൽപര്യ സംരക്ഷണത്തിനുതകുന്ന സാർവദേശീയ വികസന പ്രത്യയശാസ്ത്രത്തെ വെല്ലുവിളിക്കൽ; വാർത്താവിതരണവും സാങ്കേതിക വിജ്ഞാനവും വിൽപ്പനച്ചരക്കുകളായി മാറ്റുന്ന നടപടികൾ; മിക്ക രാഷ്ട്രങ്ങളുടെയും സമ്പദ് വ്യവസ്ഥയുടെ മേൽ അട്ടയെപ്പോലെ കടിച്ചുപിടിച്ചു ചോരയൂറ്റുന്ന സൈനിക പ്രവണത; ഉഗ്രവാദത്തിന്റെയും ഹിംസയുടെയും വ്യാപകമായ വർദ്ധനവ്, മയക്കുമരുന്ന് സേവയുടെയും എയ്ഡ്സ് പോലുള്ള മാരക രോഗങ്ങളുടെയും വ്യാപനം - ഇങ്ങനെ പലതും മേൽപ്പറഞ്ഞ ആധുനിക നേതൃക്കൂട്ടായ്മ കണക്കിലെടുത്ത് ഭാവിപരിപാടികൾ ആസൂത്രണം ചെയ്യണം. ആവശ്യമായ ഇടങ്ങളിൽ പ്രാദേശികമായ വ്യത്യാസങ്ങൾക്ക് സൗകര്യം നൽകുംവിധം ജനങ്ങളുടെ പിന്തുണയോടെ ഒരു പുതിയ സാമൂഹ്യ രാഷ്ട്രീയ പരിപാടി അവർ ആവിഷ്ക്കരിക്കണം.

ഇപ്പോൾ യാതൊരു പ്രയോജനവും ചെയ്യാത്ത പഴയ ചില വരട്ടുവാദ നിലപാടുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കുക എന്നത് ഒരുപക്ഷേ ഇതിനേക്കാളെല്ലാം പ്രധാന്യമർഹിക്കുന്ന നടപടിയാണ്. ഉദാഹരണത്തിന്: ശാസ്ത്രീയമായ പിൻബലമില്ലാത്ത നിരീശ്വര - ഭൗതികവാദ ദാർശനികാടിത്തറ ആഴത്തിൽ പഠിച്ചു മനസ്സിലാക്കാൻ ശ്രമിക്കാതെ എല്ലാവിധ മത - സാംസ്ക്കാരിക പൈതൃകങ്ങളോടും കൈക്കൊണ്ടുവരുന്ന അന്ധമായ എതിർപ്പ്; ആദിവാസികളും ഗോത്രവർഗ്ഗക്കാരുമുൾപ്പെടെയുള്ള ലോകജനതയുടെ സമ്പന്നമായ പൈതൃകത്തെ അവഗണിച്ചുകൊണ്ട് പടിഞ്ഞാറൻ മതനിരപേക്ഷ പ്രത്യയശാസ്ത്രം പോലുള്ളവയോടുള്ള മമത - എന്നി

ങ്ങനെ വീണ്ടുവിചാരത്തിന് വിധേയമാക്കേണ്ട കാര്യങ്ങൾ പലതുണ്ട്. വംശീയ സംഘട്ടനം, ജാതി രാഷ്ട്രീയം, ഉഗ്രവാദത്തിന്റെ വളർച്ച, സൈനിക രാഷ്ട്രീയത്തിന്റെ നിരന്തരമായ മുന്നേറ്റം, നിഷ്ക്കണ്ടകമായ ഹിംസ എന്ന വ്യാപക പ്രതിഭാസം തുടങ്ങി സകലമാന പ്രശ്നങ്ങളെയും വർഗ്ഗസമര സിദ്ധാന്തം കൊണ്ടു മാത്രം വിലയിരുത്തുന്ന ശീലം പുനഃപരിശോധിക്കേണ്ടത് ഒട്ടും കുറയാത്ത പ്രാധാന്യമർഹിക്കുന്നു.

മാർക്സിസ്റ്റുകാരെയും മറ്റും പോലെ നീതി, സമാധാനം, ആരോഗ്യകരമായ ജീവിത പരിസ്ഥിതി, ഒരു പ്രാപഞ്ചിക സാമൂഹ്യ ജീവി എന്ന നിലയിലുള്ള മനുഷ്യവംശ പുരോഗതി മുതലായവയോട് പ്രതിബദ്ധതയുള്ളയാളെന്ന നിലയിൽ ഞാൻ നിർദ്ദേശിക്കുകയാണ് – സമാന പ്രതിബദ്ധതയുള്ളവരുമായി സോഷ്യലിസ്റ്റുകാരും സംവാദങ്ങളിലേർപ്പെടേണ്ടിയിരിക്കുന്നു:

നമ്മുടെ വിദ്യാഭ്യാസ – ചികിത്സാ വ്യവസ്ഥകൾ അഴിച്ചുപണിയുന്ന കാര്യത്തെപ്പറ്റി, നമ്മുടെ സംവേദന മാധ്യമങ്ങളുടെമേൽ ജനകീയ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെപ്പറ്റി, ഒരു പുതിയ മാനവികതയുടെ വികാസത്തിനു വേണ്ടി, കൂടുതൽ സ്വതന്ത്രവും കൂടുതൽ സഹകരാണാത്മകവുമായി ഏകീകൃതവും അർത്ഥവത്തുമായ സാക്ഷാൽക്കാരം നേടുവാൻ, കൂടുതൽ സമർത്ഥവും ഇന്നത്തേക്കാൾ കുറഞ്ഞ അമാനവികതയോടു കൂടിയതുമായ ഒരു വ്യവസ്ഥയ്ക്കുവേണ്ടി, വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി.

### മതം സമൂഹത്തിലും സംസ്ക്കാരത്തിലും

19–ാം നൂറ്റാണ്ടിലെ മതനിരപേക്ഷതാവാദവും യൂറോപ്യൻ പ്രബുദ്ധയുഗവും മതവിശ്വാസങ്ങളുടെയൊന്നും സഹായമില്ലാതെ മനുഷ്യന്റെ ശുദ്ധമായ യുക്തിബോധത്തിന്റെ പ്രവർത്തനത്തിലൂടെ യാഥാർഥ്യത്തെ മനസ്സിലാക്കാൻ കഴിയുമെന്ന് നിശ്ചയിച്ചതോടെ “മതം” എന്ന പദത്തിന് ഒരു പുതിയ അർത്ഥം കൈവന്നു. ഒരു കാലത്ത് മതത്തിൽ അധിഷ്ഠിതമായ ഒരു ലോകവീക്ഷണമാണ് ക്രിസ്ത്യാനികൾക്കും യഹൂദർക്കും തങ്ങളുടെ ജീവിതവും ചിന്തയും ഉൾപ്പെടെ എല്ലാ അനുഭവങ്ങളെയും ഏകീകരിച്ച് രൂപപ്പെടുത്താൻ ഒരു ചട്ടക്കൂടു നൽകിയത്. എന്നാൽ യൂറോപ്യൻ പ്രബുദ്ധതയാകട്ടെ പകരം മറ്റൊരു ചട്ടക്കൂടു നൽകി – മാനവയുക്തി. അങ്ങനെ 19 ഉം 20 ഉം നൂറ്റാണ്ടുകളിൽ ശാസ്ത്രമോ യുക്തിയോ കൊണ്ട് തെളിയിക്കാൻ കഴിയാത്ത വിശ്വാസങ്ങളുടെ പിൻബലം മാത്രമുള്ള മതം ജീവിതത്തിന്റെ അത്ര അത്യാവശ്യമല്ലാത്ത അറകളിലേക്കു തള്ളപ്പെട്ടു.

ഞങ്ങളെപ്പോലുള്ള ചിലർക്കാകട്ടെ മതം ജീവിതത്തിന്റെ ഏതെങ്കിലും ഒരറയിൽ ഒതുങ്ങുന്ന കാര്യമല്ല. ഞങ്ങൾക്കത് ഇപ്പോഴും എല്ലാ അനുഭവങ്ങളെയും അറിവിനെയും ഏകീകരിക്കാനുതകുന്ന ഒരു ചട്ടക്കൂടു തന്നെയാണ്. ആ ചട്ടക്കൂട് നൽകുന്ന അന്തർഘടനക്കു കീഴിലാണ് ഞങ്ങൾ അറിവും അനുഭവവും ഏകീകരിച്ച് ക്രമപ്പെടുത്താൻ യത്നിക്കുന്നത്. ഞങ്ങളുടെ യത്നം എപ്പോഴും വിജയിക്കാറില്ല. പരിഹൃതമല്ലാത്ത പല

വൈരുധ്യങ്ങളും അവശേഷിക്കുന്നു. എന്നിട്ടും യാഥാർത്ഥ്യത്തെക്കുറിച്ചുള്ള മതാധിഷ്ഠിത വീക്ഷണം മുറുകെപ്പിടിച്ചുകൊണ്ട് മുന്നോട്ടു പോവുകയാണ്. പരസ്പരം പൊരുത്തപ്പെടാത്ത പല മതാധിഷ്ഠിത ലോകവീക്ഷണങ്ങളും നിലവിലുണ്ട് എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. സാർവലൗകികമായ പൊതുശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രജ്ഞന്മാർക്ക് നേടാൻ കഴിഞ്ഞ നിലവാരത്തിലുള്ള വീക്ഷണൈക്യം നേടാൻ ഞങ്ങൾക്ക് കഴിയുന്നില്ല.

എന്നാൽ ഇ. എം. എസ്. നിർദ്ദേശിക്കുന്നതായി തോന്നുന്നതുപോലെ ഞങ്ങളുടേത് "വിടവുകളുടെ ദൈവ"മല്ല. ഞങ്ങളുടെ അറിവിലെ വിടവുകൾ അടയ്ക്കാൻ ദൈവത്തെ ഉപയോഗപ്പെടുത്താറില്ല. ശാസ്ത്രജ്ഞൻ പഠനവിഷയമാക്കുന്ന യാഥാർത്ഥ്യത്തിന്റെ സ്രഷ്ടാവും ദൈവം തന്നെയാണ് എന്ന സങ്കൽപത്തെ അടിസ്ഥാനമാക്കിയാണ് ഞങ്ങളുടെ ശാസ്ത്രജ്ഞാനം. അതുപോലെ ശാസ്ത്ര ഗവേഷണം നടത്താനും ശാസ്ത്രജ്ഞാനം നേടാനുമുള്ള കഴിവ് ദൈവാനുഗ്രഹം തന്നെ. ശാസ്ത്രം ദൈവത്തിനു പുറത്തല്ല. അതുപോലെ ദൈവം ശാസ്ത്രവിജ്ഞാനമേഖലയെന്ന് അറിയപ്പെടുന്നതിനും പുറത്തല്ല താനും. ശാസ്ത്രത്തിന് പരിമിതികൾ ഉണ്ടെന്നും ശാസ്ത്രത്തിന് കൈകാര്യം ചെയ്യാൻ കഴിവില്ലാത്ത ചില കാര്യങ്ങളുണ്ടെന്നും ഞങ്ങൾ വിശ്വസിക്കുന്നു. മിക്ക ധാർമ്മിക പ്രശ്നങ്ങൾക്കുമുള്ള മറുപടി, മനുഷ്യജീവിതത്തിന്റെ അർത്ഥവും പ്രാധാന്യവും, മനുഷ്യാസ്തിത്വത്തിന്റെ ലക്ഷ്യം എന്നിങ്ങനെ പോകുന്നു ശാസ്ത്രത്തിന് കൈകാര്യം ചെയ്യാൻ കഴിവില്ലാത്ത കാര്യങ്ങളുടെ പട്ടിക. ശാസ്ത്രം പലപ്പോഴും അതിനറിയാൻ പ്രാപ്തിയില്ലാത്ത കാര്യങ്ങൾ അറിയുമെന്ന് നടിക്കുന്നതായി എനിക്കു തോന്നുന്നു. ഉദാഹരണത്തിന് പ്രപഞ്ചത്തിന്റെ ഉല്പത്തിയും ഉറവിടവും, പ്രപഞ്ചത്തെ ഉദ്ഗ്രഥിച്ചു നിർത്തുന്ന ഘടകം, പ്രപഞ്ചത്തിന്റെയും മാനവരാശിയുടെയും ആത്യന്തിക വിധി എന്നിങ്ങനെയുള്ള കാര്യങ്ങൾ. ഇവയെക്കുറിച്ചെല്ലാം വളരെയേറെ പുസ്തകങ്ങൾ വരുന്നുണ്ട് എന്നത് നേര്. അവയിൽ ചിലവ ഉത്തമരായ ശാസ്ത്രജ്ഞർ എഴുതിയതാണു താനും. ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ പ്രശ്നങ്ങൾക്കവർ ഇത്തരം എഴുതുന്നത് എന്നാണ് നാട്യം. പക്ഷേ അവയിൽ പലതിലും സത്യത്തേക്കാൾ കൂടുതലുള്ളത് തട്ടിപ്പാണ്.

എന്റെ വ്യക്തിപരമായ വിശ്വാസം അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. എന്റെ സ്വന്തം അനുഭവവും എന്റെ വിശ്വാസസമൂഹത്തിന്റെ അനുഭവവും. ചില കാര്യങ്ങളറിയാനായി ഞാൻ സയൻസിനെ സമീപിക്കുകയും, സയൻസിന് പറയാൻ കഴിയാത്ത കാര്യങ്ങൾ അറിയാൻ ഞാൻ മതത്തെ സമീപിക്കയുമല്ല ചെയ്യുന്നത്. സയൻസ് പറയുന്ന കാര്യങ്ങൾ ഞാൻ കേൾക്കുന്നത് തന്നെ ദൈവത്തിൽ വിശ്വസിക്കുന്ന ഒരാളെന്ന നിലയിലാണ്. ദൈവത്തെ വിശ്വസിക്കുന്ന രീതിയിലല്ല ഞാൻ സയൻസിനെ വിശ്വസിക്കുന്നത്. ശാസ്ത്രം പറയുന്ന കാര്യങ്ങൾ തെറ്റും വഴിതെറ്റിക്കുന്നതുമാകാൻ ഇടയുണ്ട് എന്നറിയാൻ മാത്രം ശാസ്ത്രചരിത്രം ഞാൻ പഠിച്ചിട്ടുണ്ട്. എനിക്കേറ്റവും ബോധ്യമുള്ള കാര്യങ്ങൾ ശാസ്ത്രത്തിൽ നിന്നല്ല

ലഭിച്ചത് - എല്ലാ മനുഷ്യരോടും സ്നേഹവും കാരുണ്യവും, നീതിയോടൊപ്പം സമാധാനത്തിന് വേണ്ടിയുള്ള തീവ്രാഭിലാഷം, എല്ലാ മനുഷ്യർക്കും സ്വാതന്ത്ര്യത്തോടെയും അന്തസ്സോടെയും ജീവിക്കാൻ കഴിയുന്ന ലോകത്തിൽ അനേകർ വിശപ്പിലും ദാഹത്തിലും കഴിയുന്നതിലെ അനീതി - ഇങ്ങനെ പോകുന്നു അത്തരം ഉത്തമ ബോധ്യങ്ങൾ. അവയെല്ലാം എന്റെ മതവിശ്വാസത്തിൽ നിന്നും ദൈവവിശ്വാസത്തിൽ നിന്നും ലഭിച്ചതാണ്.

ഇപ്പോൾ നിലവിലുള്ള മതനിരപേക്ഷ സംസ്ക്കാരത്തെ കഴിച്ചാൽ, ലോകചരിത്രത്തിലെ നാഗരികതകൾക്കെല്ലാം പ്രചോദനമായതും അവയെ നിലനിർത്തിയതും മതമാണ്. ഇന്ത്യയിൽ ചാർവാക ദർശനം സ്വന്തമായ ഒരു സംസ്കാരത്തിന് ജന്മം നൽകുകയോ നിലനിർത്തുകയോ ചെയ്തില്ല. സെക്കുലർ പാത വിനാശകരവും അപമാനവീകരണത്തിന് വഴിവെക്കുന്നതുമാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. അതിൽ നിന്ന് പിൻവാങ്ങുകയും മറ്റു വഴികൾ തേടുകയുമല്ലാതെ ഗത്യന്തരമില്ല.

മാർക്സിസ്റ്റ് ഫണ്ടമെന്റലിസം എന്ന എന്റെ പരാമർശം ഇ. എം. എസിൽ വളരെ നിഷേധാത്മകമായ പ്രതികരണങ്ങൾ സൃഷ്ടിച്ചതായി ഞാൻ കാണുന്നു. അങ്ങനെയൊന്നുണ്ട് എന്നതേ അദ്ദേഹം അപ്പാടെ നിഷേധിക്കുന്നു. ഞാനും ഒന്നു വ്യക്തമാക്കിക്കൊള്ളട്ടെ. മതം ബഹുജനങ്ങൾക്ക് കറുപ്പായി (അവീൻ) അനുഭവപ്പെടുന്നു എന്നു മതത്തെക്കുറിച്ചുള്ള മാർക്സിന്റെയും എംഗൽസിന്റെയും അഭിപ്രായത്തെക്കുറിച്ചു പരാമർശിച്ചപ്പോൾ, അവർ പറഞ്ഞത് അത് മാത്രമാണ് എന്ന് ഞാൻ വാദിച്ചിരുന്നില്ല. മാർക്സ് തന്നെ ഒരു ലൂതറൻ പുരോഹിതന്റെ പുത്രനായിരുന്നു. ഒരു ബാലനായിരുന്നപ്പോൾ അദ്ദേഹത്തിന് ഒരു ലൂതറൻപള്ളിയിൽ മാമൂദീസാ ചടങ്ങും നടത്തിയിരുന്നു. അദ്ദേഹത്തിന് യഹൂദമതത്തെയും ലൂതറൻ വിശ്വാസത്തെയും കുറിച്ച് നേരിട്ടറിവുണ്ടായിരുന്നു. എംഗൽസ് വളരെ മിഴിവും പക്വതയും ഉള്ള ഒരു ചിന്തകനായിരുന്നു. അദ്ദേഹം മതമെന്ന പ്രതിഭാസത്തെ അത്ര ലളിതമായി കണ്ടിരുന്നില്ല. എന്നാൽ അവരിരുവരും 19-ാം നൂറ്റാണ്ടിലെ ലിബറൽ (ഉൽപതിഷ്ണു) വീക്ഷണം കൈക്കൊണ്ടിരുന്നു - മതം പുരോഗതിക്ക് പ്രതിബന്ധം സൃഷ്ടിക്കുന്ന ഒരു പിന്തിരിപ്പൻ ശക്തിയാണെന്ന്. നെഹ്രുവും അതേ അഭിപ്രായക്കാരനായിരുന്നു.

മാർക്സിസ്റ്റുകാർ മതത്തെക്കുറിച്ച് ഒരു ശാസ്ത്രീയ വീക്ഷണമാണ് കൈക്കൊള്ളുന്നത് എന്നും മാർക്സും എംഗൽസും അതേക്കുറിച്ചു പറഞ്ഞതെല്ലാം അന്ധമായി അനുസരിക്കുകയല്ല ചെയ്തത് എന്നും ഇ. എം. എസ്. പറഞ്ഞത് തികച്ചും ശരി. കുറെയേറെ മാർക്സിസ്റ്റുകാർ കൂടി ഈ നിലപാട് കൈക്കൊണ്ടിരുന്നെങ്കിൽ നന്നായിരുന്നു എന്ന് ഞാനാശിച്ചു പോകുന്നു.

യൂറോപ്യൻ മതത്തെക്കുറിച്ചുള്ള പരിമിതമായ അറിവിനെ ആസ്പദമാക്കി 19-ാം നൂറ്റാണ്ടിലെ മതത്തെപ്പറ്റി മാർക്സും എംഗൽസും പറഞ്ഞുവച്ചതിനെ മാത്രം ആശ്രയിക്കാതെ മതമെന്ന ആഗോള പ്രതിഭാസത്തെ അതിന്റെ ഇന്നത്തെ അവസ്ഥയിൽ കാണേണ്ട കടമ ഒരു ശാസ്ത്രീയ പ്രത്യയശാസ്ത്രമായ മാർക്സിസത്തിനുണ്ട് എന്നു ഞാൻ നിർദ്ദേശിക്കുകയു

ണ്ടായി. ഇ. എം. എസ്. ഉം പി. ഗോവിന്ദപ്പിള്ളയും ഇക്കാര്യത്തിൽ സാമാന്യമായി എന്നോടു യോജിക്കും എന്നെനിക്കുറപ്പുണ്ട്.

ഭൗതികവാദം, നിരീശ്വരവാദം തുടങ്ങിയ അശാസ്ത്രീയവും കാലഹരണപ്പെട്ടതുമായ വരട്ടുതത്വങ്ങൾ മുറുകെ പിടിക്കുന്നതു വഴി പല മാർക്സിസ്റ്റ് നിലപാടുകളും ഫണ്ടമെന്റലിസ്റ്റുകളുടേത് പോലെ തന്നെ കാണപ്പെടുന്നു എന്ന് എന്നെപ്പോലുള്ള ഒരു ബാഹ്യവ്യക്തിക്ക് തോന്നിപ്പോകുന്നു. ഇവ വരട്ടു തത്വങ്ങളാണെന്നും കാലഹരണപ്പെട്ടതും അശാസ്ത്രീയവും ആണെന്നുമുള്ള ആരോപണം അവർ നിഷേധിച്ചേക്കാം. ദാർശനിക ലോകത്തെക്കുറിച്ച് പരിമിതമായ അറിവ് മാത്രമുള്ള എന്നെപ്പോലുള്ളവർക്ക് തോന്നുന്നത് ഭൗതികവാദവും നിരീശ്വരവാദവും വ്യക്തമായും അശാസ്ത്രീയമാണെന്നത്രെ. അവയുടെ വിപരീതങ്ങളും അങ്ങനെ തന്നെ. സത്യസന്ധരായ മാർക്സിസ്റ്റുകാർക്ക് വൈരുദ്ധ്യാത്മക ഭൗതികവാദം പോലുള്ള ഒരു നിലപാടിനെപ്പോലും ചോദ്യം ചെയ്യാനനുവാദം വേണമെന്ന് നിർദ്ദേശിക്കുക മാത്രമാണ് ഞാൻ ചെയ്തത്.

ഇതെല്ലാം ഒരു ലേഖനപരമ്പരയിലെന്നതിനേക്കാൾ കൂടുതൽ വ്യക്തമാക്കാൻ കഴിയുക മുഖാമുഖമായിട്ടുള്ള സംവാദത്തിലായിരിക്കും.

മതനിരപേക്ഷത പോലുള്ള ഒരു സങ്കുചിത പ്രത്യയശാസ്ത്രത്തേക്കാൾ ഞാൻ അനുകൂലിക്കുക “കൊസ്മോപൊളിറ്റൻ ഡിമോക്രാറ്റിക് പ്ലൂറലിസ”ത്തെയാണ് എന്ന എന്റെ നിലപാടിൽ മാറ്റമില്ല. അപ്രകാരമുള്ള ഒരു പ്ലൂറൽ (ബഹുത്വ) വ്യവസ്ഥയിൽ മാനവവംശത്തിന്റെ മതപൈതൃകത്തിന് വലിയൊരു പങ്കു വഹിക്കാനുണ്ട്.

മതനേതാക്കളായതുകൊണ്ടു മാത്രം രാഷ്ട്രീയത്തിൽ പങ്കെടുക്കാനവകാശമുണ്ട് എന്ന മട്ടിൽ അവർ രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെ എതിർക്കണമെന്ന വാദത്തോട് എനിക്ക് യോജിപ്പാണ്. എന്നാൽ പക്വതയും തുറന്ന മനോഭാവവുമുള്ള മതവിശ്വാസികൾക്ക് രാഷ്ട്രീയത്തിൽ വലിയ ഒരു പങ്കു നൽകുന്നത് ഇന്നത്തെ രാഷ്ട്രീയ രംഗത്തെ അപചയങ്ങൾ പലതിനും പരിഹാരം കാണാൻ സഹായിച്ചേക്കുമെന്നെനിക്ക് തോന്നുന്നു. രാഷ്ട്രീയത്തെ ഇന്നത്തെ ജീർണതയിൽ നിന്നും അഴിമതിയിൽ നിന്നും രക്ഷിക്കാനും സെക്യുലറിസത്തെ ലക്ഷ്യമാക്കിയുള്ള വഴി തെറ്റിയ പോക്ക് തടയാനും രാഷ്ട്രീയ - സാമ്പത്തിക തലത്തിൽ നിന്ന് നമ്മുടെ മഹത്തായ മത - സാംസ്കാരിക പൈതൃകത്തിന്റെ മൂല്യങ്ങളെ ഒഴിച്ചുനിർത്താനുമുള്ള ശ്രമങ്ങളെ തടയാനും മറ്റും അത് ഉപകരിച്ചേക്കും.

കുറെക്കൂടി മനുഷ്യപ്പറ്റുള്ള പുതിയ രാഷ്ട്രീയ സ്ഥാപനങ്ങൾ നമുക്കാവശ്യമായിരിക്കുന്നു. ചരക്കുകളുടെ ഉൽപാദന വിതരണങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാതെ മനുഷ്യബന്ധങ്ങളേയും മനോഭാവങ്ങളേയും സ്പർശിക്കുന്ന തികച്ചും നവീനമായ ഒരു ധാരണ സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ച് നമുക്കുണ്ടാവേണ്ടിയിരിക്കുന്നു. യാഥാർത്ഥ്യവുമായി കൂടുതൽ ക്രിയാത്മകമായി പ്രതികരിക്കാനുതകുന്ന ഒരു പുതിയ വിദ്യാഭ്യാസ വ്യവസ്ഥയും വിഷാംശങ്ങൾ കുറഞ്ഞതും ജനങ്ങൾക്ക് താങ്ങാനാവുന്ന

തുമായ ഒരു ചികിൽസാ സമ്പ്രദായവും നമുക്കാവശ്യമായിരിക്കുന്നു. ഇന്ന ത്തെപ്പോലെ ജനങ്ങളെ വഞ്ചിക്കുന്നതും അമാനവീകരിക്കുന്നതുമായ വാർത്താ വിതരണ മാധ്യമ വ്യവസ്ഥയിൽ നിന്നുള്ള മോചനവും ആവ ശ്യമായിരിക്കുന്നു. ഈ രംഗങ്ങളിലാണ് നമ്മുടെ മതപൈതൃകത്തിന് പുതിയ ഉൾക്കാഴ്ചകൾ നൽകാനും മനുഷ്യജീവിതത്തിനും ധരയ്ക്കും പുതിയ കാഴ്ചപ്പാടു നൽകാനും കഴിയുക.

ഈ സംവാദം ഗൗരവബോധത്തോടെ ആരംഭിച്ചു എന്നതിൽ ഞാൻ സന്തുഷ്ടനാണ്. വിദ്വേഷമോ ശത്രുതയോ കൂടാതെ മാനവരാശിയുടെ നന്മക്കായി നമുക്കിതു തുടരാം.

(കേരളത്തിലെ കമ്മ്യൂണിസ്റ്റ് – മാർക്സിസ്റ്റ് പാർട്ടിയുടെ സൈദ്ധാന്തിക വാരികയായ *ചിന്ത*യിൽ 1996 ഫെബ്രുവരി 2, 9 ലക്കങ്ങളിൽ പ്രസിദ്ധീക രിച്ചത്. ഇംഗ്ലീഷിൽ നിന്നു വിവർത്തനം. വിവർത്തകൻ ആരെന്നു നിശ്ച യമില്ല. പി. ഗോവിന്ദപ്പിള്ളയോ ഏതെങ്കിലും മാർക്സിസ്റ്റ് എഴുത്തുകാ രനോ ആവാം. തിരുമേനിയുടെ ആശയങ്ങൾ അതേ അർത്ഥത്തിൽ വിവർ ത്തനത്തിൽ വന്നിട്ടുണ്ടോ എന്ന് സംശയമുണ്ട്. – പ്രസാധകർ)



# 4

# പുതിയ മാനവികത

"പുതിയ മാനവികത" എന്റെ കേന്ദ്രിക ആശയമാണെന്ന് പറയാം. പക്ഷേ അത് "മോഡേൺ ഹുമാനിറ്റി" എന്ന് വിവക്ഷിക്കാതെ "ന്യൂ ഹുമാനിറ്റി" എന്ന് തന്നെ പറഞ്ഞെങ്കിലേ ഒക്കൂ. പുതിയതിനുവേണ്ടി പഴയതിനെയെല്ലാം നിരാകരിയ്ക്കുന്ന "ഫാഷണബിൾ മോഡേണിറ്റി"യെപ്പറ്റി എനിയ്ക്ക് വലിയ അഭിപ്രായം പണ്ടേ ഇല്ല. "മോഡേൺ" എന്ന പദം ഫാഷൻ എന്നർത്ഥമുള്ള "മോഡ്" (Mode) അല്ലെങ്കിൽ ലത്തീനിലെ "മോഡോ" (Modo) യിൽ നിന്നുളവായതാണ്.

"മോഡേൺ" എന്ന പാശ്ചാത്യപ്രയോഗത്തിന്റെ സാഹിത്യത്തിലും ദർശനത്തിലുമുള്ള മറ്റൊരർത്ഥം പാരമ്പര്യത്തേയോ മതസിദ്ധാന്തത്തേയോ ആദ്ധ്യാത്മിക വെളിപ്പാടിനെയോ ആശ്രയിക്കാതെ, സ്വതന്ത്രമായ മനുഷ്യമസ്തിഷ്ക്കത്തിൽ നിന്നുമാത്രം ഉല്പാദിതമാകുന്നത് എന്നാണ്. അത്തറി മോഡേണിറ്റിയാണ് ഇന്ന് ദാർശനികമായ അടിസ്ഥാനമില്ലാതെ കുഴഞ്ഞു കിടക്കുന്നത്.

ആധുനികതയോട് പൊതുവേ എനിക്ക് ബഹുമാനമാണുള്ളത്. ആധുനികത അഥവാ അനുകാലികത്വം മനുഷ്യന്റെ ചിന്തയിൽ എപ്പോഴും ഉയിർന്നു നില്ക്കുകതന്നെ വേണം. പക്ഷേ ഇന്ന് കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന പാശ്ചാത്യ "മോഡേണിറ്റി"യും ആധുനികതയും ഒന്നാണെന്നോ ഒരുകാലത്ത് ഒന്നായിരുന്നെന്നോ എനിയ്ക്ക് വിചാരമില്ല. പാശ്ചാത്യ ആധുനികതയുടെ പ്രധാന പ്രശ്നങ്ങൾ രണ്ടാണ്. ഒന്ന് ആധുനികതയെ പ്രാചീനത്തിൽനിന്നും പാരമ്പര്യത്തിൽ ഒറ്റപ്പെടുത്തി അതിനെ പരമീകരിയ്ക്കുന്നു (absolutizes) എന്നതാണ്. രണ്ടാമത് ആധുനികതയുടെ അളവുകോൽ സ്വതന്ത്രമായി മനുഷ്യമനസ്സിൽ നിന്ന് ഉദിയ്ക്കുന്നതായി കരുതുന്ന "വിധിവിധേയ യുക്തി" (critical rationality) എന്നൊന്നായി സങ്കല്പിക്കുന്നതാണ്.

മനുഷ്യൻ സ്വതന്ത്രനാകണമെങ്കിൽ എല്ലാ കീഴ്പ്പെടലുകളേയും വലിച്ചെറിഞ്ഞ് സ്വന്ത യുക്തിയിലും, സ്വന്തം ശാസ്ത്രസാങ്കേതിക ജ്ഞാനത്തിലും മാത്രം ആശ്രയിച്ച് ജീവിക്കാൻ പഠിയ്ക്കണമെന്നാണ് വിവക്ഷ. അതിന് സാമ്പത്തികമായിപ്പോലും മറ്റാരെയും ആശ്രയിയ്ക്കാതെ കഴിയാൻ സാധിക്കുന്ന സ്വകാര്യ സ്വത്തുടമയായി മനുഷ്യവ്യക്തി തീരണം എന്നും. ധനികന്റെ വീട്ടിൽ കുട്ടികളെ പഠിപ്പിയ്ക്കാൻ വേണ്ടി, വീട്ടുകാർ കൊടുക്കുന്ന ഭക്ഷണം കഴിച്ച് ജീവിക്കുന്ന ഒരു പ്രൈവറ്റ് ട്യൂട്ടർ പോലും സ്വതന്ത്രനല്ല എന്നായിരുന്നല്ലോ വിധിവിധേയയുക്തിയുടെ സ്രഷ്ടാക്കളിൽ പ്രമുഖനായ ഇമ്മാനുവേൽ കാന്റിന്റെ അഭിപ്രായം. സാമ്പത്തിക സ്വാതന്ത്ര്യത്തിന്മേൽ മാത്രമേ മാനസിക സ്വാതന്ത്ര്യത്തിന് നിലനില്ക്കാൻ സാധിക്കൂ എന്ന ഈ ചിന്ത മാർക്സിസത്തിൽ കൂടെ മഹാത്മാഗാന്ധി

യെപ്പോലും സ്വാധീനിച്ചു. ഈ ചിന്തയ്ക്ക് ഒരർത്ഥവുമില്ലെന്നല്ല എന്റെ വാദം. “അതിമാനസിക സ്വാതന്ത്ര്യ”മാണ് മനുഷ്യന് ഏറ്റവും അഭികാമ്യ മെന്നും അതിലേയ്ക്ക് പ്രവേശിക്കാൻ സഹായിക്കാത്ത ബൂർഷ്വാസ്വാത ന്ത്ര്യത്തിനും വിധിവിധേയയുക്തിക്കും വളരെ പരിമിതമായ പ്രസക്തിയേ ഉള്ളൂ എന്നുമുള്ള എന്റെ ആശയം തെറ്റിദ്ധരിക്കുവാനും ആക്ഷേപിക്കു വാനും വഴികൊടുക്കുന്ന ഒന്നുതന്നെയാണ്. പക്ഷേ പാവപ്പെട്ടവന് ദൈവ ത്തേക്കാൾ അപ്പമാണ് ആദ്യം ആവശ്യം എന്നുള്ള ഗാന്ധിയൻ സിദ്ധാന്തം എനിക്ക് സ്വീകാര്യമല്ല. ജൈനപാരമ്പര്യത്തിലും ബുദ്ധപാരമ്പര്യത്തിലും ഹൈന്ദവപാരമ്പര്യത്തിൽ പൊതുവേയും അതീതസ്വാതന്ത്ര്യം, അഥവാ പരാവിദ്യ യുക്തിയ്ക്കതീതവും സാമ്പത്തികസ്വാതന്ത്ര്യത്തെ ആശ്രയിക്കേ ണ്ടയാവശ്യമില്ലാത്തതുമാണെന്നാണ് വിവക്ഷ. ഒരു ബുദ്ധഭിക്ഷുവിനോ, ജൈനതീർത്ഥാങ്കരനോ, ഹൈന്ദവസാധുവിനോ, മറ്റുള്ളവരെ ആശ്രയിച്ച് ഭിക്ഷതേടിനടക്കുന്നത് ആദ്ധ്യാത്മസിദ്ധിയ്ക്ക് പ്രതിബന്ധമോ സ്വാതന്ത്ര്യ ത്തിന് ഹാനികരമോ അല്ലെന്ന് മാത്രമല്ല അങ്ങിനെയുള്ള ഭിക്ഷാടനം കൊണ്ടുള്ള സാമ്പത്തിക പരാശ്രയം യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് വഴി നടത്തുന്നു. ബുദ്ധിയുടെ സാമാന്യയുക്തിയുക്തതയെ കടന്നുചെന്ന് സംയഗ് സംബോധിയുടെ ദ്വന്ദാതീതമായ പ്രജ്ഞാപരാമിത ബോധത്തിൽ പ്രവേശിക്കുമ്പോഴേ മനുഷ്യൻ സ്വതന്ത്രനാകുന്നുള്ളു എന്നാണ് ഭാരതീയ പാരമ്പര്യം എന്നെ പഠിപ്പിക്കുന്നത്.

അതുകൊണ്ട് പാശ്ചാത്യ ആധുനികത, പാരമ്പര്യത്തെയും മതപ്രദ്യോ തനത്തെയും നിസ്സാരമായും അനാവശ്യമായും തള്ളിക്കൊണ്ട് മനുഷ്യ യുക്തിയിലും സാമ്പത്തിക പരാധീനതയില്ലായ്മയിലും അധിഷ്ഠിതമായ ഒരു മനുഷ്യസ്വാതന്ത്ര്യത്തെ വിഭാവനം ചെയ്യുന്നത് കടുത്ത തെറ്റാണെന്നു തന്നെയാണ് എന്റെ ഉറച്ച അഭിപ്രായം.

പുതിയ മാനവികത വിധിവിധേയയുക്തിയിൽ അധിഷ്ഠിതമായ, ആദ്ധ്യാത്മിക പ്രദ്യോതനത്തെയും പാരമ്പര്യത്തെ മുഴുവൻതന്നെയും നിഷേധിച്ചു നിരാകരിക്കുന്ന വ്യാജാധുനികതയെ നിഷേധിക്കുന്നു. ഒരു അബദ്ധസ്വാതന്ത്ര്യത്തെ ലക്ഷ്യമാക്കി ഇരുനൂറിലധികം വർഷങ്ങളായി മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുന്ന ഈ വ്യാജാധുനികത അബദ്ധത്തിൽ നിന്ന് ആരംഭിച്ച് പരമാബദ്ധത്തിൽ ചെന്ന് നില്ക്കുന്നു.

ഒരു സംഘം ഫ്രഞ്ച്, ജർമ്മൻ ചിന്തകരാണ് വിധിവിധേയയുക്തിയും മോഡേണിറ്റിയും ഒക്കെ യുക്തിവിരോധമാണെന്ന് അടുത്തകാലത്ത് വാദി ക്കാൻ തുടങ്ങിയത്. ഫൂക്കോയും (Foucault), റോലൻഡ് ബാർത്തും (Roland Barthes), ലേവി സ്റ്റ്രൗസും (Lave Straws) ഒക്കെ വിധിവിധേയ യുക്തിയുടെ വിമർശകരിൽപ്പെടുമെങ്കിലും ജാക് ഡെറീഡായാണ് നിസ്സംഘടന വാദം (Jacques Derrida-Deconstructionism) ഒരു പ്രത്യയശാസ്ത്രമായിത്തന്നെ അവ തരിപ്പിയ്ക്കാൻ തുടങ്ങിയത്. ദാർശനികരുടെയിടയിൽ അമേരിക്കയിലെ റിച്ചേർഡ് റോർട്ടിയെ (Richard Rorty) യെപ്പോലുള്ള ചിന്തകർ ഈ നിസ്സം ഘടന സ്വഭാവമുള്ള ലേഖനങ്ങൾ ഇറക്കിയിട്ടുണ്ടെങ്കിലും അതിന്റെ പശ്ചാ ത്തലം ഫ്രഞ്ചുകാരുടേതിൽ നിന്ന് കുറെയൊക്കെ വ്യത്യസ്തമാണ്.

എന്നാൽ ദാർശനികരുടെ ഇടയിലുള്ളതിനേക്കാൾ കൂടുതലായി പാശ്ചാത്യരാജ്യങ്ങളിലെ സാഹിത്യകാരന്മാരുടെയിടയിലാണ് ഈ നിസ്സംഘടന പ്രസ്ഥാനത്തിന് മുൻതൂക്കം കുറിച്ചുകൊണ്ടുള്ള സാഹിത്യകൃതികളും ഉപന്യാസരചനകളും ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഇത് തികച്ചും സ്വാഭാവികമാണ്. വ്യവസ്ഥിതിയുള്ള (Systematic) വിധിവിധേയ യുക്തിയിൽ അധിഷ്ഠിതമായ ഒരു ദർശനശാസ്ത്രം സാധ്യമേ അല്ലെന്ന് ഇന്ന് പാശ്ചാത്യചിന്തയ്ക്കുതന്നെ ബോദ്ധ്യം വന്നിരിക്കുകയാണ്. അതുകൊണ്ടാണവർ ശാസ്ത്രം പോലും പ്രത്യയവ്യവസ്ഥിതിയിൽ അധിഷ്ഠിതമല്ലാത്ത ഒരു പ്രായോഗിക ഉപകരണം മാത്രമാണെന്ന് വിവക്ഷിക്കുകയും ശാസ്ത്രത്തിന്റെ പഴയ നിദാനമായിരുന്ന അചിന്തിത വസ്തുവാദ (naive realism) ത്തെ പരിത്യജിച്ച് പുതിയ ഒരു സംഘടക വസ്തുവാദം (constructive realism) കൊണ്ട് ശാസ്ത്രത്തിന്റെ പ്രത്യയവ്യവസ്ഥിതിയിൽ (theorectical-systematic basis) ഉള്ള ദയനീയമായ ബലഹീനതയെ മറച്ചുവയ്ക്കാൻ ശ്രമിക്കുകയും ചെയ്യുന്നത്.

ഈ പുതിയ സംഘടക വസ്തുവാദം കുറെ മാസങ്ങൾക്കു മുമ്പ് (മാർച്ച് 9–16, 1994) ഓസ്റ്റ്രിയയിൽ നിന്നും ജർമ്മനിയിൽ നിന്നും അമേരിക്കയിൽ നിന്നും വന്ന ചില ശാസ്ത്ര ദാർശനികർ ഡൽഹി സർവ്വകലാശാലയിലെ സെമിനാറിൽക്കൂടി നമ്മുടെ ദാർശനികരെ പഠിപ്പിയ്ക്കുവാൻ ഒരു ഉഗ്രശ്രമം നടത്തി. പക്ഷേ നമ്മുടെ ദാർശനികരിൽ വിവരമുള്ളവർ പൊതുവേ അത് നിരാകരിയ്ക്കയാണുണ്ടായത്. എന്നാൽ വിശകലനദർശന മാത്ര വക്താക്കളായ ഏതാനും ഭാരതീയ ദാർശനികരും സാഹിത്യകാരന്മാരും പാശ്ചാത്യ രാജ്യത്തുനിന്നും വരുന്ന ഏത് പുതിയ ആശയങ്ങളെയും മനസ്സിലാക്കാതെതന്നെ സ്വീകരിച്ചവതരിപ്പാൻ വെമ്പൽകൊള്ളുന്നവരാണ്.

സംഘടകവസ്തുവാദത്തിന്റെ പ്രമുഖ വക്താക്കളിലൊരാളായ പ്രൊഫസർ ഫ്റിറ്റ്സ് വാൽനർ (Prof. Fritz G Wallner, Vienna University) അവതരിപ്പിച്ച പ്രബന്ധത്തിന്റെ സമാഹാരത്തിൽ നിന്ന് രണ്ടുമൂന്ന് വാചകങ്ങൾ ഇവിടെ എടുത്ത് ചേർക്കട്ടെ.

“1.1 അസ്തിത്വത്തിലുള്ള ഒരു ദത്തമായ യാഥാർത്ഥ്യത്തെ വിവരിയ്ക്കുകയല്ല ശാസ്ത്രം ചെയ്യുന്നത്. പ്രത്യുത ഒരു പുതിയ യാഥാർത്ഥ്യത്തെ സൃഷ്ടിക്കുകയത്രെ.

1.2 അതുകൊണ്ട് ശാസ്ത്രം എന്ന് പറയുന്നത് പരസ്പരൈക്യമുള്ള ഒരു ദത്തയാഥാർത്ഥ്യത്തെയല്ല കുറിയ്ക്കുന്നത് (Science does not refer to a unity of given reality); പ്രത്യുത മനുഷ്യനിർമ്മിതങ്ങളായ ബഹുവിധ യാഥാർത്ഥ്യങ്ങളെ അല്ലെങ്കിൽ ഉപലോകങ്ങളെയാണ് (but refers to a multitude of constructed realities or micro-worlds).

1.3 ഈ ഉപലോകങ്ങൾ മനുഷ്യബുദ്ധിയുടെ സൃഷ്ടികളാണ്.... അവയെ ജ്ഞാനമായി കരുതിക്കൂടാ.”

സ്വന്തഭാഷയിൽ പറഞ്ഞാൽ പാശ്ചാത്യചിന്തയുടെ വ്യവസ്ഥിതനിദാനമെന്ന് പലരും കരുതിയിരുന്ന ആധുനിക ശാസ്ത്ര (Modern Science) ത്തിന്

ദാർശനികമായ അടിസ്ഥാനമൊന്നുമില്ല. അത് വസ്തുനിഷ്ഠമോ (objective) തെളിയിക്കപ്പെട്ടതോ (proved) അല്ലെന്ന് മാത്രമല്ല, ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങൾ യാഥാർത്ഥ്യത്തെ (Reality) ക്കുറിച്ചുള്ള ജ്ഞാനം (knowledge) പോലുമല്ല. പ്രായോഗിക ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിനുള്ള മനുഷ്യബുദ്ധിയുടെ ഒരു സൃഷ്ടി മാത്രമാണ്. ശാസ്ത്രീയ യാഥാർത്ഥ്യമെന്നു പറയുന്നത് ബുദ്ധിയുടെ സർഗ്ഗശക്തിയിൽ നിന്നുളവാകുന്ന ഒന്നുമാത്രം.

ഞാൻ മനസ്സിലാക്കിയിടത്തോളം പടിഞ്ഞാറുനിന്നുവന്ന പല പണ്ഡിതന്മാരും തുറന്നുപറഞ്ഞത് ഇതാണ്. ഇന്നലെവരെ ശാസ്ത്രമായിരുന്നു യൂറോപ്യൻ സംസ്ക്കാരത്തിന്റെ അടിസ്ഥാനം. അതിന്റെ പേരിലാണ് മറ്റെല്ലാ ജ്ഞാനത്തെയും നിഷ്കാസനം ചെയ്ത് യൂറോപ്യൻ സംസ്ക്കാരം ലോകംമുഴുവൻ സ്വീകരിച്ചുകൊള്ളണമെന്ന് വാദിച്ചത്. ശാസ്ത്രം യഥാർത്ഥ ജ്ഞാനമാണെന്നുള്ള അവകാശവാദത്തിന് ഇന്ന് ദാർശനികമായ അടിസ്ഥാനമില്ല. പക്ഷേ അതുകൊണ്ട് നിങ്ങൾ യൂറോപ്യൻ സംസ്ക്കാരത്തെ നിരാകരിക്കാനൊരുമ്പെടരുത്. പല പ്രയോജനങ്ങളുമുള്ള ഒരു മനുഷ്യനിർമ്മിത യാഥാർത്ഥ്യമാണ് ശാസ്ത്രം. അതിന് ദാർശനിക അടിസ്ഥാനമില്ലെന്ന് വെച്ച് അതിൽ അധിഷ്ഠിതമായ യൂറോപ്യൻ സംസ്ക്കാരത്തെ ആരും നിരാകരിയ്ക്കരുത്. ശാസ്ത്രത്തിന്റെ ദാർശനിക അടിസ്ഥാനത്തെപ്പറ്റിയുള്ള ചർച്ചയൊക്കെ നിർത്തിവച്ചിട്ട് അതിന്റെ പ്രായോഗിക പ്രയോജനങ്ങളെ മാത്രം കണക്കിലെടുത്ത് യൂറോപ്യൻ സംസ്ക്കാരത്തിൽ തന്നെ ഉറച്ചു നിന്നുകൊള്ളൂ. ഇതാണവർ പറയുന്നതായി ഞാൻ കേൾക്കുന്നത്.

ഞാൻ പറയുന്നത് ഈ ദാർശനിക അടിസ്ഥാനത്തെപ്പറ്റിയുള്ള ചർച്ച നിർത്തിവെയ്ക്കാൻ എനിക്ക് സാദ്ധ്യമല്ല. ഭാരതീയ സംസ്ക്കാരത്തിന്റെയും ചൈനീസ് സംസ്ക്കാരത്തിന്റെയും മറ്റു പല സംസ്ക്കാരങ്ങളുടെയും ദാർശനികാടിസ്ഥാനങ്ങൾ കൂടെ നാം പഠിക്കണം. ഏതെങ്കിലും ഒന്നിന് അനിഷേദ്ധ്യമായ ദാർശനിക അടിസ്ഥാനമുണ്ടെന്ന് വരികയില്ല. ഭാരതീയ സംസ്ക്കാരത്തിന്റെയും ചൈനാ സംസ്ക്കാരത്തിന്റെയും അടിസ്ഥാനങ്ങളും "ശാസ്ത്രീയ"മായി തെളിയിയ്ക്കാവുന്നവയൊന്നുമല്ല.

പക്ഷേ അവയെ ഒന്നും പരിശോധിയ്ക്കാതെ തന്നെ പ്രായോഗിക പ്രയോജനമുള്ള പാശ്ചാത്യ ശാസ്ത്രീയതയുടെ അടിസ്ഥാനത്തിൽ എല്ലാവരും ജീവിച്ചുകൊള്ളണം എന്ന വാദമാണ് എന്നെ വളരെയധികം കുപിതനാക്കുന്നത്. എല്ലാം പരിശോധിച്ചിട്ടേ, എല്ലാറ്റിലുമുള്ള പ്രധാന നന്മകളെയെല്ലാം ഉൾക്കൊള്ളുന്ന ഒരു ദർശനം നമുക്ക് തെരഞ്ഞെടുത്ത് സ്വീകരിയ്ക്കാനൊക്കൂ. "മോഡേണിറ്റി"യും വേണം; പക്ഷേ അതിന്റെ ദാർശനിക അടിസ്ഥാനരാഹിത്യത്തെക്കുറിച്ച് മനുഷ്യർ ബോധവാന്മാരാകുകയും വേണം. മറ്റു സംസ്ക്കാരങ്ങൾ കൂടെ പരിശോധിക്കണം. ഇരുനൂറുവർഷം മുമ്പ് ഉടലെടുത്ത പാശ്ചാത്യ ശാസ്ത്രീയതയേക്കാൾ കൂടുതൽ യാഥാർ ത്ഥ്യബന്ധമുള്ള ഒരു ദർശനസംഹിതയെ നാം സൃഷ്ടിക്കണം. അതിന്റെ അടിസ്ഥാനത്തിൽ പുതിയ സംസ്ക്കാരങ്ങളെ അവിടവിടെ രൂപവൽക്കരിക്കണം. തദ്ദേശീയ വ്യത്യാസങ്ങൾ സംസ്ക്കാരത്തിൽ എപ്പോഴുമുണ്ടാകും. ഭാരതത്തിനകത്തു തന്നെ ഏകരൂപമായ സംസ്ക്കാരം ഉടലെടുത്തുകൊള്ളണമെന്നില്ല.

പക്ഷേ, പാശ്ചാത്യ ശാസ്ത്രീയതയെ മാത്രം അടിസ്ഥാനമാക്കിയുള്ള ഒരു സംസ്ക്കാരം പാശ്ചാത്യരല്ലാത്തവർക്കും ചേരുകയില്ല; പാശ്ചാത്യർക്ക് തന്നെയും ചേരുകയില്ല. അതവരെ നാശത്തിൽ കൊണ്ടുചെന്ന് ചാടിക്കും. അവരും മറ്റു സംസ്ക്കാരങ്ങളെ അവജ്ഞയോടെ വീക്ഷിയ്ക്കാതെ, അവരുടെ യൂറോപ്യൻ സംസ്ക്കാരത്തെ ലോകസംസ്ക്കാരങ്ങളുടെ സഹായത്തോടെ പുനർ രൂപീകരിയ്ക്കണം. ഭാരതത്തിൽ പാശ്ചാത്യസംസ്ക്കാരം പഠിച്ചിട്ടുള്ള ബുദ്ധിജീവികൾ നമ്മുടെ പാരമ്പര്യത്തെയും മറ്റു ലോകപാരമ്പര്യങ്ങളെയും ശ്രദ്ധാപൂർവ്വം പഠിക്കാമെങ്കിൽ, ഒരു പക്ഷേ നമുക്ക് മറ്റുള്ളവരെ സഹായിക്കാനൊത്തേക്കും. സ്വയം തലപൊക്കി നടക്കത്തക്കവിധം ഈ പാശ്ചാത്യ അടിമത്തത്തിൽ നിന്ന് നമ്മുടെ ജനങ്ങളേയും വീണ്ടെടുക്കാൻ സഹായിച്ചേക്കും. ഇതാണ് പുതിയ മാനവികതയായി ഞാൻ കാണുന്നത്.

(*ദാർശനികന്റെ വിചാരലോകം* (എഡിറ്റർ: ജോയ്സ് തോട്ടയ്ക്കാട്) എന്ന ഗ്രന്ഥത്തിനെഴുതിയ ആമുഖം. 1994)



# ലേഖനങ്ങൾ

## ദളം 2

# കലയും വചനവും ഓർത്തഡോക്സ് ചിന്തയിൽ

## ഉള്ളടക്കം


1. കലയും വചനവും ഓർത്തഡോക്സ് ചിന്തയിൽ: ഒരു മുഖവുര
2. ഓരോ ശിശുവിനും ഓരോ മാലാഖയോ?
3. നോമ്പും വിവാഹ ബന്ധവും
4. സ്ത്രീകൾക്കു സഭയിൽ സ്ഥാനം
5. നന്മയുടെ പ്രകാശം വരട്ടെ
6. പുതുക്കത്തിന്റെ ശുശ്രൂഷകൾ
7 സന്യാസജീവിതം എന്തിനുവേണ്ടി?
8 സഭൈക്യപ്രസ്ഥാനം: പ്രതീക്ഷകളും പ്രശ്നങ്ങളും
9 സ്നേഹം: ക്രിസ്തുമതത്തിന്റെ അടിസ്ഥാനം
10 ദൈവപുത്രന്റെ മർത്ത്യീകരണം അതിന്റെ മൗലികോദ്ദേശ്യമെന്ത്?
11 അഞ്ചാം തൂബ്ദേനിലെ പരിശുദ്ധ പിതാക്കന്മാർ
12 പാപ്പായുടെ സന്ദർശനം
13 സഭാക്കേസിൽ ആരു ജയിച്ചു?

# 1

# കലയും വചനവും ഓർത്തഡോക്സ് ചിന്തയിൽ: ഒരു മുഖവുര

സഭയെ സംബന്ധിച്ചിടത്തോളം അതിന്റെ ജീവിതത്തിന്നതിപ്രധാന മായി ആവശ്യമുള്ളത് വചന ശുശ്രൂഷയും വിശുദ്ധ രഹസ്യങ്ങളുടെ ശുശ്രൂ ഷയും തന്നെ. ഇത് തർക്കമറ്റ സംഗതിയാണ്.

എന്നാൽ വചനം എന്ന് പറയുന്നത് അക്ഷരങ്ങൾ കൊണ്ടുണ്ടാക്കുന്ന വാക്കുകൾ മാത്രമാകണമെന്നില്ല. രൂപകലകളും സംഗീതവും വചനത്തിൽ ഉൾപ്പെടുന്നു. പൗരസ്ത്യസഭകൾ സംഗീതം, സൗധശില്പം (archukchun) നാടകം, ചിത്രരചന എന്നിവയ്ക്ക് വളരെയധികം പ്രാധാന്യം കൊടു ക്കുന്നു. സഭാവിശ്വാസസംബന്ധമായും ആരാധനാജീവിത സംബന്ധ മായും ഉള്ള കാര്യങ്ങൾ നമ്മുടെ ജനങ്ങളെ പഠിപ്പിയ്ക്കുന്നത് പ്രസംഗം കൊണ്ടു മാത്രം സാദ്ധ്യമല്ല. ദേവാലയത്തിന്റെ ശില്പം, അതിലുള്ള ചിത്ര ങ്ങൾ, മറ്റു ഛിഹ്നരൂപങ്ങൾ, സംഗീതം എന്നിവ വചനം പോലെ തന്നെ കാര്യക്ഷമങ്ങളായ അദ്ധ്യയന മാധ്യമങ്ങളാണ്. പഴയകാലത്ത് നമ്മുടെ സഭാചരിത്രവും വിശ്വാസവുമൊക്കെ ജനങ്ങളെ പഠിപ്പിച്ചിരുന്നത് ചിത്ര ങ്ങളിൽ കൂടെയും, ചവിട്ടുനാടകം, പരിശമുട്ട്, റമ്പാൻപാട്ടുകൾ എന്നിങ്ങ നെയുള്ള മാധ്യമങ്ങളിൽ കൂടെയുമായിരുന്നു.

അന്നത്തെ ജനങ്ങൾക്ക് ഇന്നത്തെപ്പോലെ വിദ്യാഭ്യാസമില്ലാതിരുന്ന തുകൊണ്ട് അവർക്ക് മാധ്യമങ്ങൾ വേണ്ടിവന്നു എന്നു മാത്രം ചിന്തിയ്ക്കു ന്നത് തെറ്റായിരിക്കും. ഏറ്റവും അഭ്യസ്തവിദ്യരായവർക്കു പോലും പ്രസം ഗത്തിലും വാചക പഠനത്തിലും കൂടെ മാത്രമുള്ള അദ്ധ്യയനം അപര്യാ പ്തമായിട്ടാണ് കാണുന്നത്. എത്രതന്നെ അഭ്യസ്തവിദ്യരായാലും കാര്യ ങ്ങൾ മനസ്സിൽ ഉറയ്ക്കണമെങ്കിൽ കലാരൂപങ്ങളിൽ കൂടെയുള്ള അദ്ധ്യ യനം അത്യാവശ്യമാണ്. പ്രത്യേകിച്ചും ബോധതലത്തിന്റെ അടിത്തട്ടിലുള്ള (Unconscious, Subconscious) ചിന്താപ്രകരണങ്ങളെ കരുപ്പിടിയ്ക്കുവാൻ വചനങ്ങളേക്കാൾ കൂടുതൽ കഴിവുള്ളത്, കലയ്ക്കും വികാരത്തിനും അനുഭവത്തിനുമാണ്.

പ്രോട്ടസ്റ്റന്റ് വിശ്വാസത്തിന്റെ ശക്തി പ്രധാനമായും വസിയ്ക്കുന്നത് ബോധത്തിന്റെ ഉപരിതലങ്ങളിൽ മാത്രമാണ്. താഴെയുള്ള തലങ്ങളി ലേയ്ക്ക് വചനങ്ങൾക്ക് അത്രയെളുപ്പം പ്രവേശിപ്പാൻ കഴിയുന്നില്ല. വച നത്തിന് പരമപ്രാധാന്യം നല്കുന്നതുകൊണ്ട് വചനതലമായ സബോധ മനസ്സിൽ മാത്രമേ വിശ്വാസത്തിന് സ്ഥാനം ലഭിയ്ക്കുന്നുള്ളു.

സബോധമനസ്സറിയാതെ തന്നെ അബോധപ്രജ്ഞാ തലങ്ങളിലേയ്ക്കി

റങ്ങുന്നതിനുള്ള ശക്തി കലാരൂപങ്ങൾക്കും ചിഹ്നങ്ങൾക്കും ക്രമങ്ങൾ (Rictual, or liturgy) ക്കുമാണ് പ്രധാനമായുള്ളത്. പൗരസ്ത്യസഭ ഈ വചനേതര തലങ്ങളിലുള്ള ആദ്ധ്യാത്മികാദ്ധ്യയനത്തിനു പരമപ്രാധാന്യം നല്കുന്നു.

നാടകരൂപമായി ഇന്ന് നമുക്കവശേഷിക്കുന്നത് പരിശുദ്ധ കുർബാന മാത്രമാണ്. നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം മുതലായ രക്ഷാമാർഗ്ഗങ്ങളെ നാടകരൂപത്തിൽ അവതരിപ്പിക്കുന്നതാണ് വി. കുർബാന. എന്നാൽ ഇപ്പോഴത്തെ നാടകങ്ങളിലെന്നപോലെ കുറെപ്പേർ അരങ്ങത്തും കുറെപ്പേർ വീക്ഷകരായി താഴെയും നിലകൊള്ളുവാനല്ല ഉദ്ദേശിയ്ക്കപ്പെട്ടിരിക്കുന്നത്. വിശ്വാസികളെല്ലാവരും തന്നെ ഈ രക്ഷാനാടകത്തിൽ അരങ്ങത്താണ്. വീക്ഷകരായി മാലാഖമാരും വിശ്വാസികളായ സ്വർഗ്ഗീയ ഗണങ്ങളുമുണ്ട്. പക്ഷേ വിശ്വാസികൾ എല്ലാവരും സജീവമായി കുർബാനയിൽ പങ്കെടുക്കുകയും തങ്ങളുടെ കണ്ണു കൊണ്ടും, ചെവി കൊണ്ടും മാത്രമല്ല, മൂക്കു കൊണ്ടും (ധൂപം) രസന കൊണ്ടും, സ്പർശം കൊണ്ടും ഈ ബലിയിൽ ഭാഗഭാക്കുകളാകുന്നു.

പൗരസ്ത്യസഭകളെ സംബന്ധിച്ച് വചന ശുശ്രൂഷയെന്ന് പറയുന്നതുപോലും ഈ പരിശുദ്ധ കുർബ്ബാനയുടെ നാടകീയമായ ചട്ടക്കൂടിനകത്താണ് നാം നടത്തുന്നത്. നമ്മുടെ കർത്താവ് സ്വന്തകൈ കൊണ്ട് ഒന്നും തന്നെ വചനമായി നമുക്കെഴുതിത്തന്നില്ല. എന്നാൽ നിങ്ങൾ ഇപ്രകാരം അനുഷ്ഠിച്ചുകൊള്ളുവിൻ എന്ന് കല്പിച്ചുകൊണ്ട് പരിശുദ്ധ കുർബ്ബാനയാകുന്ന 'കർമ്മം' അല്ലെങ്കിൽ പ്രവൃത്തി (liturgical act) നമ്മെ ഭരമേൽപ്പിച്ചു. ഈ കുർബ്ബാനയാണ് സത്യവിശ്വാസത്തെ പലപ്പോഴും പല പൗരസ്ത്യസഭകളിലും സംരക്ഷിച്ചുപോന്നിട്ടുള്ളത്.

എന്നാൽ പരിശുദ്ധ കുർബ്ബാനയാകുന്ന രക്ഷയുടെ നാടകം കൂടാതെ അദ്ധ്യാപനത്തിന്റേയും അദ്ധ്യയനത്തിന്റെയും നാടകങ്ങളും നമ്മുടെ സഭയിലുണ്ടായിരുന്നു. ചവിട്ടുനാടകം, പരിശമുട്ട്, മാർഗ്ഗംകളി എന്നിങ്ങനെയുള്ള വിവിധ കലാരൂപങ്ങളിൽ കൂടെയാണ് സഭ വിശ്വാസികളെ വിശ്വാസത്തിൽ ദാർഢ്യപ്പെടുത്തി കൊണ്ടുപോന്നിട്ടുള്ളത്.

പോർത്തുഗീസുകാരിൽക്കൂടെയും ഇംഗ്ലീഷുകാരിൽകൂടെയും വന്ന യുക്തിയിലും വചനത്തിലും അധിഷ്ഠിതമായ പാശ്ചാത്യസംസ്കാരത്തിന്റെ ആഘാതമാണ് ഈ കലാരൂപങ്ങളെ നശിപ്പിയ്ക്കുവാനും നിഷേധിയ്ക്കുവാനും കാരണമായിത്തീർന്നിട്ടുള്ളത്. ഈ കലാരൂപങ്ങളെ നാം വീണ്ടും വീണ്ടെടുക്കേണ്ടിയിരിയ്ക്കുന്നു.

ക്രൈസ്തവരുടെ ശിക്ഷണത്തിനും അഭ്യസനത്തിനും അത്യധികം ആവശ്യമായ മറ്റു മൂന്ന് കലാരൂപങ്ങളും ഇന്ന് നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കുകയാണ്. സൗധശില്പം (Architecture), ആരാധനാ സംഗീതം (liturgical music), ആരാധനയ്ക്കുള്ള ചിത്രങ്ങൾ (icons), ഇവയിൽ മൂന്നിലും നമുക്കുള്ള പുരാതനപാരമ്പര്യം നമുക്കിന്നു നഷ്ടപ്രാചമായിരിക്കുന്നു.

നമ്മുടെ പള്ളികളുടെ ശില്പകലയിലെ ചില പ്രധാന തത്വങ്ങൾ

ഉദാഹരണരൂപത്തിൽ താഴെ കുറിയ്ക്കുന്നു.

1. മദ്ബഹാ മുഴുവൻ താഴെനിന്നു കാണത്തക്കവിധം പണിയരുത്. മദ്ബഹാ സ്വർഗ്ഗത്തിന്റെ പ്രതീകമാകുന്നു. സ്വർഗ്ഗം നമുക്കിന്ന് മുഴുവനും വെളിപ്പെട്ടിട്ടില്ല. അതുകൊണ്ട് മദ്ബഹായുടെ കുറെ ഭാഗങ്ങളെങ്കിലും താഴെ നിന്ന് കാണാത്തവിധത്തിൽ ക്രമീകരിയ്ക്കണം.

2. മദ്ബഹായ്ക്കകത്തു നേർവരകൾ വളരെ ചുരുങ്ങിയിരിയ്ക്കണം. കഴിയുന്നത്ര വൃത്തങ്ങളും ആർച്ചുകളുമായിരിയ്ക്കണം. ഈ വൃത്തങ്ങളുടെ പണിയിൽ ശബ്ദവഹനത്തിന് (acoustics) പ്രത്യേക പ്രാധാന്യം നല്കണം. മദ്ബഹായിൽ ചൊല്ലുന്നതിന്റെ ശബ്ദം പടിഞ്ഞാറോട്ട് മുഖരിതമാകത്തക്കവിധം മദ്ബഹായുടെ കിഴക്കേ മതിൽ വളഞ്ഞതായിരിയ്ക്കണം.

3. മദ്ബഹായുടെ പ്രവേശനദ്വാരം ആർച്ചായിരിയ്ക്കണം. ആരാധനയെ സംബന്ധിച്ചിടത്തോളം ഉയർന്ന മെലിഞ്ഞ ആർച്ചിന് വളരെ പ്രാധാന്യമുണ്ട്. ജനലുകളും വാതിലുകളുമൊക്കെ ഈ ആർച്ചിന്നകത്തായിരിക്കണം. കൂർത്ത മുന മുകളിലുള്ള ഗോഥിക്ക് ആർച്ച് അധികം ഉപയോഗിക്കരുത്.

4. പള്ളിയുടെ മേൽപ്പുര കഴിയുന്നത്ര ഉയർന്നതായിരിക്കണം. ചെലവു ചുരുക്കുവാൻ വേണ്ടി പള്ളിയുടെ ഉയരം കുറയ്ക്കുന്നതു നല്ലതല്ല. സാധാരണഗതിയിൽ മദ്ബഹായുടെ മേൽപ്പുര പള്ളിയുടെ ബാക്കിഭാഗത്തിന്റെ മേൽപ്പുരയിൽ നിന്നും അല്പം ഉയർന്നതായിരിയ്ക്കണം. മദ്ബഹായുടെ മേൽത്തട്ട് ഉയർന്നതും വളഞ്ഞതുമായിരിയ്ക്കുന്നതാണ് ആരാധനയ്ക്ക് നല്ലത്.

5. ഒരു ക്രിസ്തീയ പള്ളിക്ക് നാലു ഭാഗങ്ങളാണുണ്ടായിരിക്കേണ്ടത്. (a) മദ്ബഹാ, പുരോഹിതന്മാരും കർമ്മികളും നിൽക്കുന്നതിനുള്ളത് (b) ഹൈക്കല, കുർബ്ബാനയനുഭവിയ്ക്കുന്നവരും മുടക്കപ്പെടാത്തവരുമായ സത്യവിശ്വാസികൾ നിൽക്കാനുള്ളത് (c) പള്ളി (nave); കുർബ്ബാനയനുഭവിക്കാതെ സുവിശേഷവചനം കേൾക്കാൻ വേണ്ടി ദേവാലയത്തിൽ വരുന്ന മാമ്മോദീസാ മുങ്ങാത്തവരും മുടക്കപ്പെട്ടവരുമായവർ നില്ക്കാനുള്ളത്. (d) നാടകശാല, ജനങ്ങളുടെ ആദ്ധ്യാത്മിക അഭ്യസനത്തിനുതകുന്ന നാടകങ്ങളും കലാപരിപാടികളും മറ്റും നടത്തുവാനുള്ളത്.

6. മാമ്മോദീസാ തൊട്ടി ഹെക്കലായുടെ പുറത്ത് വലതു വശത്തായിരിക്കണം. മാമ്മോദീസായിൽ കൂടെ മാത്രമേ ഹൈക്കലായിലേയ്ക്ക് പ്രവേശിയ്ക്കുവാനൊക്കുകയുള്ളു.

7. പള്ളിയ്ക്ക് തൂണുകൾ ഉണ്ടെങ്കിൽ അവ ചതുരത്തിലായിരിക്കരുത്. നിവൃത്തിയുള്ളിടത്തോളം വൃത്താകൃതിയിലുള്ളതായിരിക്കണം.

8. പള്ളിയുടെ നടുക്ക് ഒരു വിളക്ക് എപ്പോഴും കത്തിക്കൊണ്ടിരിക്കണം. അതിൽ അവിശ്വാസികളുൾപ്പെടെ എല്ലാ ജനങ്ങൾക്കും എണ്ണയൊഴിക്കുവാനും തിരി കത്തിയ്ക്കുവാനും സാധിക്കത്തക്കവണ്ണം ഹൈക്കലായ്ക്ക് വെളിയിലായിരിക്കണം ഈ വിളക്ക്.

9. ഒരു പള്ളിയ്ക്ക് ഒരു മണിമാളികയും മണിയുമുണ്ടായിരിക്കണം. യാമങ്ങളനുസരിച്ച് ജനങ്ങളെ പ്രാർത്ഥനയ്ക്ക് ആഹ്വാനം ചെയ്തുകൊണ്ടുള്ള മണിനാദം രാവിലെയും വൈകിട്ടും ഞായറാഴ്ച ആരാധനാ സമയങ്ങളിലും മുഴങ്ങണം.

10. ത്രോണോസിന്മേൽ മെഴുകുതിരിക്കാലുകളും ഒരു കുരിശും മാത്രം മതി. മൂന്നു കുരിശുകൾ വെയ്ക്കേണ്ടയാവശ്യമില്ല. മെഴുകുതിരി രണ്ടോ മൂന്നോ ഏഴോ പന്ത്രണ്ടോ എന്നാണ് പാരമ്പര്യം. 'അരുളിയ്ക്കാ' വെയ്ക്കരുത്. രോഗികൾക്ക് കുർബ്ബാന കൊടുക്കുവാൻവേണ്ടി പരിശുദ്ധ കുർബ്ബാന സൂക്ഷിച്ചുവെയ്ക്കുന്ന ചെപ്പ് ഒരു പെട്ടകരൂപത്തിലോ പള്ളിയുടെ രൂപത്തിലോ ആവാം. അരുളിയ്ക്കാ, കത്തോലിക്കർ 'റാസ' അല്ലെങ്കിൽ കുർബ്ബാനഘോഷയാത്രയായിയെഴുന്നെള്ളിക്കുവാൻ ഉണ്ടാക്കിയതാണ്. കുർബ്ബാനയെ അരുളിയ്ക്കാകത്ത് വെച്ച് ആരാധിയ്ക്കുക എന്നും എഴുന്നെള്ളിയ്ക്കുക എന്നും ഉള്ള പതിവ് പൗരസ്ത്യർക്കില്ല. ത്രോണോസിൽ പുഷ്പങ്ങൾ വെയ്ക്കുന്നതിൽ തെറ്റില്ല. പക്ഷേ പ്ലാസ്റ്റിക് പുഷ്പങ്ങൾ അരുത്. പുഷ്പങ്ങൾ വെളുത്തതായിരുന്നാൽ ഏറെ നല്ലത്. ത്രോണോസിൽ മാറാമ്പലും പൊടിയും ഉണ്ടാകാതെ സൂക്ഷിക്കേണ്ടത് വൈദികന്റെ ചുമതലയാണ്. അതിൽ വിരിച്ചിരിക്കുന്ന വസ്ത്രങ്ങൾ അലക്കി വെടിപ്പാക്കിയതായിരിക്കണം. മുഷിഞ്ഞത് കിടക്കാനനുവദിക്കരുത്.

മദ്ബഹായിൽ പ്രവേശിക്കുന്നവർ പട്ടക്കാരനായാലും ശുശ്രൂഷക്കാരനായാലും എപ്പോഴും വളരെ ഭയഭക്തിയോടും ബഹുമാനത്തോടും കൂടെയായിരിക്കണം. ശുശ്രൂഷകർ അലക്ഷ്യമായി മദ്ബഹായിൽ നിൽക്കുവാനോ ത്രോണോസിനെ തൊടുവാനോ അനുവദിക്കരുത്. എല്ലായ്പ്പോഴും ദൈവസാന്നിദ്ധ്യമുള്ള ദൈവസിംഹാസനമാണെന്നുള്ള ബോധത്തോടെ വേണം വൈദികരും ശുശ്രൂഷകരും പെരുമാറുവാൻ.

*(പുരോഹിതൻ ത്രൈമാസിക, മെയ് - ജൂലൈ, 1988)*



# 2

# ഓരോ ശിശുവിനും ഓരോ മാലാഖയോ?

**എന്തുതന്നെയായാലും, ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ**

ശിശുക്കൾ മാലാഖമാരാണ് - കുറഞ്ഞ പക്ഷം മിക്ക ശിശുക്കളും. പക്ഷേ, അവർക്കു മാലാഖമാരുണ്ടോ? ഓരോ ശിശുവിനും ഓരോ മാലാഖയുണ്ടോ? ക്രിസ്തു നമ്മെ അങ്ങനെ പഠിപ്പിച്ചുവോ? വിശുദ്ധ മത്തായി എഴുതിയ സുവിശേഷത്തിൽ (18:10) നമ്മുടെ കർത്താവു തന്റെ ശിഷ്യന്മാരെ ഇങ്ങനെ താക്കീതു ചെയ്തു: “ഈ ചെറിയവരിൽ ആരെയും നിസ്സാരരായി കാണാതിരിക്കാൻ സൂക്ഷിക്കുക. സ്വർഗ്ഗത്തിൽ അവരുടെ മാലാഖമാർ എപ്പോഴും എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുഖം കണ്ടുകൊണ്ടാണ് ഇരിക്കുന്നത് എന്നു ഞാൻ നിങ്ങളോടു പറയുന്നു.”

ശിഷ്യന്മാരുടെ ഇടയിൽ, അവരിൽ ആര് സ്വർഗ്ഗരാജ്യത്തിൽ ‘ഒന്നാമൻ’ ആകും എന്നതിനെക്കുറിച്ചുള്ള തർക്കമായിരുന്നു പശ്ചാത്തലം. ഒരു ശിശുവിനെ അടുക്കെ വിളിച്ച് അവരുടെ നടുവിൽ നിറുത്തിയിട്ടു ക്രിസ്തു ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു: “നിങ്ങൾ മനഃപരിവർത്തനം വന്ന് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ ഒരിക്കലും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല” (മത്താ. 18:1-3).

എന്നാൽ ‘അവരുടെ മാലാഖമാർ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുഖം കണ്ടുകൊണ്ടാണ് ഇരിക്കുന്നത്’ എന്നു കർത്താവ് പറഞ്ഞതിന്റെ അർത്ഥമെന്താണ്? അദ്ദേഹം എന്ത് ഉദ്ദേശിച്ചിരുന്നുവെങ്കിലും രണ്ടു മൂന്നു കാര്യങ്ങൾ ഇതിൽ നിന്നും വ്യക്തമാണ്.

1. ക്രിസ്തു ദരിദ്രരുടെ പക്ഷത്തിരിക്കുന്നതുപോലെ അവൻ ശിശുക്കളുടെയും പക്ഷത്തിരിക്കുന്നു. എന്നാൽ ദരിദ്രർ സ്വർഗരാജ്യം അവകാശമാക്കുന്നതോടെ നീക്കുപോക്കുണ്ടാകുന്ന ഒരു അവസ്ഥയാണു ദാരിദ്ര്യം. ഇതിനു വിപരീതമായി, സ്വർഗരാജ്യത്തിൽ കടക്കുവാൻ മുതിർന്നവർ ആയിത്തീരേണ്ടുന്ന - അവർ ആഗ്രഹിക്കുന്ന - ഒരു അവസ്ഥയാണു ശൈശവം.

2. ശിശുക്കൾക്കു വിശ്വാസം ഉണ്ടാകുവാൻ പ്രായമായിട്ടില്ലാത്തതിനാൽ അവർക്കു രക്ഷിക്കപ്പെടുവാൻ സാദ്ധ്യതയില്ലെന്നു നാം ചിന്തിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതു വലിയ തെറ്റാണ്. മുതിർന്നവർക്കു മാത്രമേ സ്വർഗരാജ്യത്തിൽ കടക്കുവാൻ സാധിക്കുകയുള്ളു എന്നു വിചാരിക്കുന്നത് എത്ര അർത്ഥശൂന്യതയാണ്! ക്രിസ്തു തികച്ചും വിപരീതമായാണു പറയുന്നത്. ഉദാഹരണത്തിനു മർക്കോസ് 10:14 ൽ ഇങ്ങനെ പറയുന്നു: ‘ശിശുക്കൾ എന്റെ അടുക്കൽ വരട്ടെ. അവരെ തടയരുത്. ദൈവരാജ്യം ഇവരെപ്പോലുള്ളവരുടേതാകുന്നു’. അപ്പോൾ കർത്താവു പഠിപ്പിച്ചതു സ്വർഗരാജ്യം ശിശുക്കളുടേതാണെന്നതാണ്; മുതിർന്നവർ അവിടെ പ്രവേശിക്കുന്നത് അവർ തിരിഞ്ഞു ശിശുക്കളെപോലെയാകുമ്പോൾ മാത്രമാണ്. ശിശുസ്നാനത്തെപ്പറ്റി എതിർത്തു പറയുകയും മുതിർന്ന സ്നാനത്തെ

നിർബന്ധിക്കുകയും ചെയ്യുന്ന കൂട്ടർ ക്രിസ്തുവിനും വേദപുസ്തകത്തിനും എതിരായതിനെക്കുറിച്ചു പഠിപ്പിക്കുന്നു.

അതേ, ദൈവരാജ്യം ദരിദ്രരുടേയും, സൗമ്യതയുള്ളവരുടേയും യാതനയനുഭവിക്കുന്നവരുടെയും അതോടൊപ്പം തന്നെ ശിശുക്കളുടേതുമാണ്. അത് അവരുടെ അവകാശമാണെന്നു തോന്നുന്നു. ശിശുക്കൾ വിലപ്പെട്ടവരാണ്. അവർ മുതിർന്നവരാകുമ്പോൾ വലിയവരാകുമെന്നതുകൊണ്ടല്ല, അവർ ശിശുക്കളായിതന്നെ വിലപ്പെട്ടവരാണ്. ഇതാണു നമ്മുടെ കർത്താവു പഠിപ്പിച്ചത്.

എന്നിരുന്നാലും, 'അവരുടെ മാലാഖമാർ' എന്നതുകൊണ്ടു കർത്താവ് അർത്ഥമാക്കിയതെന്താണ്? ശിശുക്കൾക്കു ദൈവത്തെപ്പറ്റി വ്യക്തമായും സൂക്ഷ്മമായും ബോധമില്ലായിരിക്കാം. എങ്കിലും സ്വർഗ്ഗത്തിലുള്ള അവരുടെ പ്രതിനിധികൾ ദൈവസാന്നിദ്ധ്യം നിരന്തരമായി അനുഭവിക്കുന്നു എന്നത് അനുമാനിക്കാവുന്നതാണ്. ഓരോ ശിശുവിനും സ്വർഗത്തിൽ ഓരോ 'എയ്ഞ്ചലോസ്' അഥവാ മാലാഖ അഥവാ പ്രതിനിധി ഉണ്ട്. അപ്പോൾ മുതിർന്നവരാകുമ്പോൾ നമ്മുടെ പാപങ്ങൾ മൂലം നമ്മുടെ മാലാഖമാർ നമുക്കു നഷ്ടപ്പെടുന്നുവോ? ഉത്തരം എനിക്ക് അറിയുവാൻ വയ്യ. പക്ഷേ ഒന്നെനിക്കറിയാം – ദരിദ്രർ പ്രാധാന്യം അർഹിക്കുന്നതുപോലെ തന്നെ ശിശുക്കളും പ്രാധാന്യമുള്ളവരാണ്, കാരണം സ്വർഗരാജ്യം ഇങ്ങനെയുള്ളവരുടേതാണല്ലോ.

സ്വർഗരാജ്യത്തിൽ ആർ കടക്കുമെന്നതിനെക്കുറിച്ചു ക്രിസ്തുവിന് എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ അവിടെ അനേകം ശിശുക്കളും ലാസറിനെപ്പോലെ അനേകം പാവപ്പെട്ടവരും ഉണ്ടാകും. ഇപ്പോൾ നാം ഇങ്ങനെയുള്ളവരെ കൈക്കൊള്ളുകയും നമുക്കു ചെയ്യാവുന്നതൊക്കെയും അവർക്കു ചെയ്തുകൊടുക്കുകയും ചെയ്യണം. എന്തുകൊണ്ടെന്നാൽ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളും; അവന്റെ മനസ്സും ആഗ്രഹവും ഉദ്ദേശ്യവും പങ്കിടുന്നവരുമാകുന്നുവല്ലോ.

നമ്മുടെ വിദ്യാലയങ്ങൾ ശിശുക്കളെ എങ്ങനെ വഴിതെറ്റിക്കുന്നുവെന്നും, സമൂഹം എങ്ങനെ അവരെ ദുഷ്ടവഴികൾ പഠിപ്പിക്കുന്നുവെന്നും പോഷകാഹാരങ്ങൾ നിരോധിക്കുന്നുവെന്നതും, പട്ടിണിയും രോഗവും മൂലം അവർ എങ്ങനെ കഷ്ടപ്പെടുന്നു എന്നതിനെക്കുറിച്ചും നമുക്കു ചിന്തിക്കാം. നമ്മുടെ ശിശുക്കളെ ബഹുമാനിക്കുകയും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഒരു സമൂഹം നമുക്കു കെട്ടിപ്പടുക്കാം. ചുരുക്കം ചില ബാലഭവനുകളും ബാലവാടികളുമുള്ളതുകൊണ്ടു മാത്രം അപ്രകാരമൊരു സമൂഹമുണ്ടാക്കുവാൻ സാധ്യമല്ല. നമ്മുടെ പാപം നിറഞ്ഞ സമൂഹമാണു മാലാഖമാരോടു സമരായ ശിശുക്കളെ പാപികളാക്കുന്നത്. ദൈവത്തിന്റെ മാലാഖമാരോടു തുല്യരായ ശിശുക്കൾ അവരെക്കാളും നല്ല മനുഷ്യരായി വളരുവാൻ തക്കതായ ഒരു സമൂഹം കെട്ടിപ്പടുക്കുവാൻ നമുക്കു യജ്ഞിക്കാം.

*(സെന്റ് തോമസ് സൺഡേസ്കൂൾ മാങ്ങാനം, പ്ലാറ്റിനം ജൂബിലി സുവനീർ, 1995, ഇംഗ്ലീഷ് ലേഖനത്തിന്റെ മലയാള തർജമ)*

# 3
# നോമ്പും വിവാഹ ബന്ധവും

നോമ്പാരംഭിക്കുന്ന ദിവസങ്ങളിൽ വിവാഹം നടത്തുവാൻ സഭ സാധാരണഗതിയിൽ അനുവദിയ്ക്കാത്തതിനെക്കുറിച്ച് സഭയിൽ പലർക്കും പരാതിയുണ്ട്. ഇയ്യിടെ "ഇളച്ചി വർഗീസ്" എന്ന പേരിൽ ഒരു ലേഖനം ചർച്ചു വീക്കിലിയിൽ പ്രസിദ്ധം ചെയ്തിരുന്നു. "ദൈവത്തിന്റെ ദിവസം ഏത്?" എന്നാണ് തലക്കെട്ട്. പേത്തർത്താ ഞായറാഴ്ചയും വ്യാഴാഴ്ചയുമൊക്കെ കല്യാണം നടത്താൻ അനുവദിയ്ക്കാത്തതു കൊണ്ടുണ്ടായ വലിയ അസൗകര്യങ്ങളെപ്പറ്റി ലേഖനത്തിൽ വികാരോദ്വേഗത്തോടെ പ്രതിപാദിയ്ക്കുന്നു.

എനിയ്ക്കറിയാവുന്ന ചില കാര്യങ്ങൾ ഇവിടെ എഴുതുന്നത്, വലിയ വാഗ്വാദത്തിലേക്ക് നയിക്കാൻ വഴിയുണ്ടെന്ന് അറിഞ്ഞുകൊണ്ടാണ്.

ഒന്നാമത് സഭയിലെ നോമ്പുകൾ എല്ലാം നമ്മുടെ കർത്താവോ ശ്ലീഹന്മാരോ ഏർപ്പെടുത്തിയതല്ല. പിന്നീടുണ്ടായ സഭാ ക്രമീകരണത്തിൽ പെട്ടതാണ്.

ക്രിസ്തീയ സമൂഹത്തിന്റെ സംശിക്ഷണത്തിനും ആത്മീയ വളർച്ചയ്ക്കും വേണ്ടി, അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും സമയമായി, സഭ മുഴുവൻ ഒരുമിച്ച് ദൈവതിരുമുമ്പാകെ വരുവാനുള്ള സമയമാണ് നോമ്പ്.

ഞായറാഴ്ച എല്ലാ ക്രിസ്ത്യാനികളും കുർബാന അനുഭവിക്കേണ്ട ദിവസമാണ്. പക്ഷേ ഇന്ന് ഒരു ചെറിയ ശതമാനം പേർ പോലും അങ്ങിനെ എല്ലാ ഞായറാഴ്ചയും കുർബാന അനുഭവിക്കുന്നുണ്ടെന്ന് തോന്നുന്നില്ല.

അതുപോലെ തന്നെയാണ് സഭയിലെ നോമ്പുകളുടെ ആചരണവും. നമ്മുടെ സഭയിൽ ഇപ്പോഴത്തെ ക്രമീകരണമനുസരിച്ച് അഞ്ചു നോമ്പുകളും, പിന്നെ എല്ലാ ആഴ്ചയിലും ബുധനാഴ്ചയും വെള്ളിയാഴ്ചയുമുള്ള നോമ്പുമാണുള്ളത്. 50 നോമ്പും 25 നോമ്പും 15 നോമ്പും, 13 നോമ്പും, മൂന്നു നോമ്പും കൂടെ 106 ദിവസം - ശേഷിക്കുന്ന 259 ദിവസത്തിലെ ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെയുള്ള 49 ദിവസം കുറച്ചാൽ 210 ദിവസം. അല്ലെങ്കിൽ 30 ആഴ്ച. ഈ മുപ്പതു ആഴ്ചയിലെ ബുധനും വെള്ളിയും കൂടെ 60 ദിവസം. 106 + 60 = 166 ദിവസമാണ് നമ്മുടെ സഭയിൽ ഉപവാസ ദിവസങ്ങളായി ക്രമീകരിച്ചിട്ടുള്ളത്. 12 മാസത്തിൽ അഞ്ചര മാസം എന്നു വെയ്ക്കാം.

ഇത് ദയറായക്കാരെ ഉദ്ദേശിച്ചിട്ടുള്ള ക്രമീകരണമാണ്. യഥാർത്ഥത്തിൽ പഴയ പതിവനുസരിച്ച് യൽദാ നോമ്പ് 25 അല്ല 40 ദിവസമാണ്. അതുപോലെ ശ്ലീഹാ നോമ്പ് 13 ദിവസമല്ല, പ്രത്യുത പെന്തിക്കോസ്തിയുടെ പിറ്റേദിവസം മുതൽ ജൂൺ 29 വരെയുള്ള ദിവസങ്ങളാണ്. 1978 -ൽ പെന്തിക്കോസ്തി മേയ് 14 -നു ആയിരുന്നു. അതനുസരിച്ച് ശ്ലീഹാ നോമ്പ്, മെയ് 15 മുതൽ ജൂൺ 28 വരെയുള്ള 45 ദിവസമായിരുന്നു. ഇങ്ങനെ നോക്കു

മ്പോൾ ഒരു സംവത്സരത്തിന്റെ പകുതിയിലധികം നോമ്പു നോക്കുക എന്നുള്ളത് ദയറായക്കാരെ ഉദ്ദേശിച്ചുണ്ടാക്കിയ ഒരു ക്രമീകരണമാണെന്നു മാത്രമല്ല, പഴയ കാനോൻ നിയമങ്ങളിലും കാണുന്നില്ല. നോമ്പു ദിവസങ്ങളിൽ മത്സ്യമാംസ വർജ്ജനം മാത്രമല്ല, ഭക്ഷണവും പാനീയവും കൂടാതെ സന്ധ്യ വരെയോ സാദ്ധ്യമല്ലെങ്കിൽ 3 മണി വരെയോ ഉപവസിയ്ക്കുക എന്നുള്ളതാണ് സഭ അനുശാസിക്കുന്നത്. അത് ജോലിക്കാരായ അൽമായർക്ക് പലപ്പോഴും പ്രയാസമാണെന്നുള്ളത് നിസ്തർക്കം തന്നെ.

അതുകൊണ്ട് സഭയിൽ ആദ്യം ഉണ്ടാകേണ്ടുന്ന ക്രമീകരണം ഈ അഞ്ചു നോമ്പുകളും എല്ലാ അൽമായക്കാരും നോൽക്കണമെന്ന് നിർബന്ധിക്കാതെ ദയറായക്കാരും പട്ടക്കാരും നിർബന്ധമായി നോൽക്കണമെന്നും മറ്റുള്ളവർക്ക് 50 നോമ്പ്, മൂന്നു നോമ്പ് എന്നിവ മാത്രം നിഷ്ഠമായി നോൽക്കണമെന്നും, ശേഷിയ്ക്കുന്ന നോമ്പുകൾ Voluntary അതായത് അതിന്ന് വിളിയും സൗകര്യവുമുള്ളവർ മാത്രം നോൽക്കുക എന്നും തീരുമാനിക്കുന്നതായിരിക്കും നല്ലതെന്നു തോന്നുന്നു.

സഭയുടെ പാരമ്പര്യമനുസരിച്ച് ഏറ്റവും പഴയ നോമ്പുകൾ ബുധനാഴ്ചയും വെള്ളിയാഴ്ചയുമുള്ളതാണ്. അതു കഴിഞ്ഞാൽ പഴക്കം കൂടുതൽ ഉള്ളത് വലിയ നോമ്പിനാണ്. അപ്പസ്തോലിക കാനോന 69 ഇങ്ങനെ പറയുന്നു:

“ഏതെങ്കിലും ഒരു എപ്പിസ്ക്കോപ്പയോ, കശീശായോ, ശെമ്മാശ്ശനോ, കോറൂയായോ, മ്സമ്റോനോയോ, ഉയിർത്തെഴുന്നേൽപ്പിന്റെ പരിശുദ്ധ 40 ദിവസത്തെ നോമ്പോ, ആഴ്ചവട്ടത്തിലെ നാലാം ദിവസമോ (ബുധനാഴ്ചയോ) ഒരുക്ക ദിവസമോ (വെള്ളിയാഴ്ച) നോമ്പായി അനുഷ്ഠിക്കാതിരുന്നാൽ, ഏതെങ്കിലും ശരീരരോഗം മൂലമല്ലെങ്കിൽ അയാളെ സ്ഥാനത്തു നിന്ന് നീക്കണം. അൽമായക്കാരനാണെങ്കിൽ മുടക്കണം.”

എന്നാൽ വിവാഹം നടത്തിക്കൊടുക്കുന്നതിനെപ്പറ്റിയുള്ള പഴയ കാനോൻ ലവോദിക്യാ സുന്നഹദോസിന്റേത് (343 എ. ഡി.) കുസ്തന്തീനോപോലീസ് (381 എ. ഡി.) അംഗീകരിച്ചതാണ്. “കല്യാണങ്ങളും പിറന്നാൾ സദ്യകളും വലിയനോമ്പിൽ നടത്തിക്കൂടാ”എന്നു മാത്രമേ ഈ നിയമം (ലവോദിക്യാ 52) പറയുന്നുള്ളു. ബുധനാഴ്ചയുടേയും വെള്ളിയാഴ്ചയുടെയും കാര്യം ഒന്നും പറയുന്നില്ല. മറ്റു നോമ്പുകളെപ്പറ്റിയും പഴയ കാനോനകളിലൊന്നും കാണുന്നില്ല.

വിവാഹബന്ധത്തെപ്പറ്റിയുള്ള നിരോധനം കാനോനകളിൽ കാണുന്നത് കുർബാനയുള്ള ദിവസങ്ങളുടെ തലേ രാത്രികളേക്കുറിച്ചു മാത്രമാണ്. നോമ്പിൽ വിവാഹബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിയ്ക്കണം എന്ന നിബന്ധന കാനോനിൽ കാണുന്നില്ല. പരിശുദ്ധ വലിയനോമ്പിനെക്കുറിച്ചുള്ള കാനോനകളിലും ഇതു കാണുന്നതു പിൽക്കാലത്തുണ്ടാക്കിയ ചില നിയമങ്ങളിൽ മാത്രമാണ്.

നമ്മുടെ ഹൂദായ കാനോൻ (മലയാളം) അഞ്ചാം അദ്ധ്യായത്തിലാണല്ലോ നോമ്പിനെപ്പറ്റിയുള്ള നിബന്ധനകൾ ഉള്ളത്. അവയിൽ ഒന്നും വിവാഹബന്ധത്തെക്കുറിച്ച് പറയുന്നില്ല.

വിവാഹത്തെപ്പറ്റി പറയുന്നത് എട്ടാം അദ്ധ്യായത്തിലാണ്. വിവാഹ ശുശ്രൂഷ നിരോധിച്ചിരിക്കുന്നത് വലിയനോമ്പിലും പെന്തിക്കോസ്തിയുടെ കാത്തിരിപ്പ് ദിവസങ്ങളിലുമാണ്. പേത്തർത്താ ഞായറാഴ്ച വിവാഹം നടത്തിക്കൂടാ എന്നു കാനോൻ നിയമമില്ല. നോമ്പ് ആരംഭിക്കുന്ന ഞായറാഴ്ച പാതിരാത്രിക്കു ശേഷം വിവാഹം പാടില്ല എന്നു വ്യക്തമായി കാണുന്നു (മലയാളം ഹൂദായ കാനോൻ, p. 144). എന്നാൽ ചൊവ്വാഴ്ചയും വ്യാഴാഴ്ചയും ശനിയാഴ്ചയും പാടില്ല എന്ന് കാനോനിൽ കാണുന്നില്ല.

വിവാഹബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിക്കേണ്ടതായി പറയുന്നത് കുർബ്ബാനയനുഭവിക്കേണ്ടുന്ന ഞായറാഴ്ചകളേയും മാറാനായ പെരുന്നാളുകളേയുംകുറിച്ച് മാത്രമാണ് (മലയാളം ഹൂദായ, p. 189).

ഈ വിഷയത്തെക്കുറിച്ച് സഭ കൂടുതൽ ചിന്തിക്കേണ്ടുന്നയാവശ്യമുണ്ട്. സഭയുടെ പാരമ്പര്യമായി ഞാൻ കാണുന്നത് താഴെപ്പറയുന്നത് മാത്രമാണ്.

(1) ഭാര്യാ ഭർത്താക്കന്മാർ വിവാഹബന്ധത്തിൽ ജീവിക്കുന്നത് ദൈവതിരുമുമ്പാകെ അനുഗ്രഹീതമാകുന്നു. വിവാഹബന്ധത്തിൽ നിന്ന് ഉഭയസമ്മതത്തോടെ ഒഴിഞ്ഞിരിക്കുന്നതും ദൈവതിരുമുമ്പാകെ പ്രസാദകരമാണ്.

(2) അവർ വിവാഹബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിയ്ക്കേണ്ടുന്നതായി സഭ പറയുന്നത് പരിശുദ്ധ കുർബ്ബാന അനുഭവിയ്ക്കേണ്ടുന്ന ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും മാത്രമാകുന്നു.

(3) മറ്റു സമയങ്ങളിൽ പരസ്പര സമ്മതത്തോടു കൂടെ മാത്രം വിവാഹബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിയ്ക്കാവുന്നതാണ്.

(4) നോമ്പുകാലങ്ങളിൽ വിവാഹബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നത് സ്വന്ത മനസ്സാലെയായിരിക്കണം.

(5) വലിയനോമ്പിന്റെ ആരംഭമായ ഞായറാഴ്ച സന്ധ്യയ്ക്കു ശേഷം ഉയിർപ്പു പെരുന്നാൾ വരെയുള്ള ദിവസങ്ങളിൽ വിവാഹം നടത്തരുത് എന്ന് പറയുന്നത് സദ്യകൾ നടത്തരുത് എന്നതിനോടനുബന്ധിച്ചാണ്. അല്ലാതെ വിവാഹബന്ധത്തിൽ നിന്ന് വേർപ്പെട്ടിരിയ്ക്കുന്നതിന്റെ പശ്ചാത്തലത്തിലല്ല.

(6) മറ്റു നോമ്പുകളെപ്പറ്റിയോ ബുധനാഴ്ച വെള്ളിയാഴ്ചയെക്കുറിച്ചോ പ്രധാനമായി നോക്കുവാനുള്ളത് ആ ദിവസങ്ങളിൽ കല്ല്യാണസദ്യകൾ നടത്തരുത് എന്നുള്ളത് മാത്രമാണ്.

(7) സ്വർഗ്ഗാരോഹണപ്പെരുന്നാളിന് ശേഷം പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളും കാത്തിരിപ്പിന്റെയും വ്രതാനുഷ്ഠാനത്തിന്റയും സമയങ്ങളായതുകൊണ്ട് ആ ദിവസങ്ങളിൽ സാധാരണഗതിയിൽ വിവാഹ ആഘോഷങ്ങൾ നടത്തിക്കൂടാ.

ഇവയത്രയും ഇപ്പോഴത്തെ വളരെ പരിമിതമായ അറിവു വെച്ചുകൊണ്ടുള്ള എന്റെ വ്യക്തിപരമായ അഭിപ്രായങ്ങളാണ്. ഇതിൽ തെറ്റുണ്ടെങ്കിൽ തിരുത്തിത്തരുവാൻ മറ്റു പിതാക്കന്മാരേയും കശീശന്മാരേയും സവിനയം ക്ഷണിക്കുന്നു.

*(എഡിറ്റോറിയൽ, പുരോഹിതൻ ത്രൈമാസിക, മെയ് - ജൂലൈ, 1988)*

# 4
# സ്ത്രീകൾക്കു സഭയിൽ സ്ഥാനം

സഭയുടെ പാരമ്പര്യമനുസരിച്ച്, പുരുഷന്മാർക്കുള്ളതായി സ്ത്രീകൾക്ക് സഭയിൽ ഇല്ലാത്ത സ്ഥാനമെന്താണെന്ന് ചിന്തിക്കുന്നതായിരിക്കും പ്രയോജനം.

അടിസ്ഥാനപരമായി ചിന്തിക്കുമ്പോൾ രണ്ടു കാര്യങ്ങളാണ് വേദപുസ്തകത്തിൽ കാണുന്നത്. ഒന്നാമത് കർത്താവിന്റെ തിരുവചനം സുവിശേഷത്തിൽ കാണുന്നത് വി. മത്തായി 19:4, വി. മർക്കോസ് 10:6 എന്നീ ഭാഗങ്ങളിലാണ്.

കർത്താവിങ്ങനെയരുളിച്ചെയ്തു; "ആദിയിൽ അവരെ സൃഷ്ടിച്ചവൻ പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു എന്ന് നിങ്ങൾക്കറിഞ്ഞുകൂടെയോ?"

എന്നു പറഞ്ഞാൽ ആദിമുതലേ മനുഷ്യരാശിയുടെ രണ്ട് അവിഭാജ്യ ഘടകങ്ങളാണ് സ്ത്രീയും പുരുഷനും. അവയിൽ ഒന്നില്ലെങ്കിൽ മറ്റേതും ഇല്ലാതായിപ്പോകും. മാത്രമല്ല കർത്താവരുളിച്ചെയ്തിരിക്കുന്നതിൻപ്രകാരം സ്ത്രീയും പുരുഷനും ഒന്നാണ്; ഏകശരീരമാണ് (വി. മത്തായി 19:6). അവയെ പൂർണ്ണമായി വേർതിരിപ്പാൻ നമുക്കവകാശമില്ല. കാരണം ദൈവമാണവരെ ഒന്നായി സൃഷ്ടിച്ചിട്ടുള്ളതും അവരെ ഒന്നാക്കിത്തീർക്കുന്നതും (19:6).

മറുവശത്ത് വി. പൗലോസ് ശ്ലീഹായുടെ ഉപദേശമാണ്. ഒന്നാം കോരിന്ത്യലേഖനത്തിലെ ഉപദേശം കോരിന്ത്യാക്കാരുടെ പ്രത്യേക സാമൂഹ്യ സാഹചര്യങ്ങൾ കൂടെ കണക്കിലെടുത്തുകൊണ്ടുള്ളതാണ്. അതിൽ പറയുന്നതെല്ലാം അപ്പാടെ സഭ സ്വീകരിക്കുന്നില്ല. പുരുഷൻ തല മൂടരുത് (11:7), തല മൂടിക്കൊണ്ടു പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്നവൻ തലയെ അവമതിക്കുന്നു (11:4). നമ്മുടെ എല്ലാ സന്യാസിമാരും കശീശ്ശന്മാരും മെത്രാന്മാരും ഈ നിയമങ്ങളെ ലംഘിക്കുന്നവരാണല്ലോ.

സ്ത്രീ സഭയിൽ മിണ്ടാതിരിക്കണമെന്നും (1 കോരി. 14:34, 35; 1. തീമോത്തി 2:11, 12), സഭയിൽ പഠിപ്പിക്കാൻ അനുവാദമില്ല എന്നും പൗലോസ് ശ്ലീഹാ ഉപദേശിക്കുകയും തന്റെ സഭകളിൽ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു എന്ന് വി. വേദപുസ്തകത്തിൽ വ്യക്തമായി കാണുന്നു. എന്നാൽ സ്ത്രീക്ക് പ്രവചന നൽവരമുണ്ടായിരുന്നു. തല മൂടിക്കൊണ്ട് പ്രവചിക്കണം എന്നു മാത്രമേയുള്ളു എന്നാണല്ലോ 1 കോരി. 11:5 ന്റെ അർത്ഥം. യോവേൽ പ്രവാചകന്റെ ദീർഘദർശനത്തിൽ "നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും" എന്ന് വ്യക്തമായി കാണുന്നു (യോവേൽ 2:28, അ: പ്രവർത്തികൾ 2:17). അപ്പോസ്തല പ്രവൃത്തി

കൾ 21:9 ൽ ഏഴ് ശെമ്മാശ്ശന്മാരിൽ ഒരുവനായ ഫീലിപ്പോസിന്റെ നാല് അവിവാഹിത പുത്രികൾ പ്രവചിച്ചിരുന്നു എന്ന് കാണുന്നു. പഴയനിയമത്തിൽ അഹറോന്റെ സഹോദരി മിറിയാം (പുറ. 15:20), ലപ്പീദോത്തിന്റെ ഭാര്യ ദിബോറാ (ന്യായാധിപതിമാർ 4:4), ഷാലൂമിന്റെ ഭാര്യ ഹൂൽദാ (2 രാജാ. 22:14; 2 ദിനവൃത്താന്തം 34:22) എന്നിവർ പ്രവചിച്ചിരുന്നതായി നാം കാണുന്നു. പുതിയനിയമത്തിൽ ഫാനുയേലിന്റെ പുത്രി ഹന്നാ നമ്മുടെ കർത്താവിനെക്കുറിച്ച് ദേവാലയത്തിൽ പരസ്യമായി പ്രവചിച്ചതായി വി. ലൂക്കോസ് നമ്മെ അറിയിക്കുന്നു (വി. ലൂക്കോസ് 2:38).

എന്നാൽ സഭാപാരമ്പര്യത്തിൽ നമുക്കറിയാവുന്നിടത്തോളം സ്ത്രീകൾ പരിശുദ്ധ കുർബാനയർപ്പിച്ചതായോ, പട്ടം കൊടുത്തതായോ നാം കാണുന്നില്ല. ശെമ്മാശിനിമാർ സ്ത്രീകൾക്ക് കുർബാന കൊടുക്കും. സ്ത്രീകളെ മാമോദീസാ മുക്കും. കൂദാശകൾ അഥവാ സഭാരഹസ്യങ്ങളെ സംബന്ധിച്ചിടത്തോളം സ്ത്രീകൾക്ക് ഇതിൽ കൂടുതൽ അധികാരം നല്കപ്പെട്ടതായി പാരമ്പര്യത്തിൽ കാണുന്നില്ല.

എന്നാൽ ഇന്നത്തെ സാഹചര്യങ്ങളിൽ വിശ്വാസം പഠിപ്പിക്കുക. പ്രായപൂർത്തിയായ സ്ത്രീകളെ മാമോദീസാ മുക്കുക മുതലായ കാര്യങ്ങൾക്ക് പ്രത്യേക അധികാരമുള്ള ശെമ്മാശിനിമാർക്ക് പട്ടം കൊടുക്കുക സാദ്ധ്യമാണ്.

സ്ത്രീ മെത്രാനായെങ്കിലേ സ്ത്രീപുരുഷ സമത്വം സ്ഥാപിതമാകയുള്ളു എന്ന അമേരിക്കൻ ചിന്ത എത്രകണ്ട് ന്യായീകരിക്കാമെന്ന് നാം ചിന്തിക്കേണ്ടതാണ്. ഓർത്തഡോക്സ് പാരമ്പര്യത്തിൽ സ്ത്രീക്ക് മാത്രമല്ല വിവാഹിതനായ പുരുഷന് പോലും മെത്രാനാകാൻ സാദ്ധ്യമല്ല. ഇത് മൗലികാവകാശ ലംഘനമാണെന്ന് വാദിക്കുന്നത് എത്ര വലിയ അബദ്ധമാണ്. കശീശയാകാനും മെത്രാനാകാനുമൊക്കെ പുരുഷനും സ്ത്രീക്കും അവകാശമില്ല. പരിശുദ്ധാത്മാവ് സഭയിൽ കൂടെ വിളിക്കുന്നവർക്കേ ഈ സ്ഥാനങ്ങൾ നല്കപ്പെടുന്നുള്ളു.

എന്നാൽ സ്ത്രീകൾക്ക് പുരുഷന്മാരോട് തുല്യമായ സ്ഥാനമാണ് കർത്തൃ ശരീരത്തിലുള്ളത്. ക്രിസ്തുവിൽ സ്ത്രീ പുരുഷഭേദമില്ല. നാമെല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു എന്ന് പരിശുദ്ധ പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നു (ഗലാ. 3:28).

സഭാഭരണത്തിലും ഉപദേശത്തിലും സ്ത്രീകൾക്കുള്ള പങ്ക് സാമൂഹ്യ വ്യവസ്ഥിതി മാറുന്നതനുസരിച്ച് മാറിക്കൊണ്ടാണിരുന്നിട്ടുള്ളത്. അങ്ങിനെ ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിക്കനുസൃതമായ വ്യത്യാസങ്ങൾ വരുത്തുവാൻ സഭയ്ക്കവകാശമുണ്ട്. അതിലേയ്ക്കുള്ള ഒരു മുഖവുരയായിട്ടാണ് 'പുരോഹിത'ന്റെ ഈ ലക്കം കാണേണ്ടത്.

*   *   *   *   *

ചില വൈദികർ എന്നോട് പറയുന്നത് ഇങ്ങനെയുള്ള കാര്യങ്ങളിൽ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് ഒരു തീരുമാനമുണ്ടാക്കിയതിന് ശേഷം മാത്രമേ ഒരു മെത്രാപ്പോലീത്താ പുതിയ അഭിപ്രായങ്ങൾ

സഭയിൽ പരസ്യമായി പറയാവൂ എന്നാണ്. ഞാൻ ആ അഭിപ്രായത്തോട് യോജിക്കുന്നില്ല. വിശ്വാസികളുടെയും വൈദികരുടെയും അഭിജ്ഞ ചിന്ത കൂടെ ഉൾക്കൊണ്ടുകൊണ്ടുള്ള തീരുമാനങ്ങളാണ് പരിശുദ്ധ സുന്നഹദോസ് ചെയ്യേണ്ടത്. ചില കാര്യങ്ങൾ ജനങ്ങൾക്കിടയിൽ കുറെ വിമർശനങ്ങൾ നടന്നതിന് ശേഷം സുന്നഹദോസ് തീരുമാനിക്കുന്നതായിരിക്കും നല്ലതെന്നാണ് എന്റെ വിനീതാഭിപ്രായം.

പുരോഹിതനിൽ കൂടെ സഭാവിശ്വാസത്തേയും പാരമ്പര്യത്തേയും കുറിച്ചുള്ള സത്യങ്ങൾ പ്രതിപാദിക്കുകയും പരസ്യമായി ചർച്ച ചെയ്കയും ചെയ്യുന്നത് സഭയ്ക്ക് നല്ലതാണ്. വൈദീകരുടെ കൂടെ അഭിപ്രായം അറിഞ്ഞതിന് ശേഷം മാത്രം ചില തീരുമാനങ്ങൾ ചെയ്യുന്നതാണ് അഭികാമ്യം എന്ന് എനിക്കു തോന്നുന്നു. എന്റെ അഭിപ്രായം ഈ മാസികയിൽ കൂടെ അവതരിപ്പിക്കുന്നത് ആധികാരികമായ സഭാപ്രഖ്യാപനമായി എടുക്കാതെ ചർച്ചക്കുള്ള വിഷയാവതരണമായി വൈദികർ സ്വീകരിക്കുകയും അവരുടെ പ്രതികരണങ്ങൾ അറിയിക്കയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ബേത്‌ലഹേമിൽ ജാതം ചെയ്ത് അറിവില്ലായ്മയുടെയും തിന്മയുടേയും അന്ധകാരത്തിൽ നിന്ന് നമ്മെ വീണ്ടെടുത്ത ദൈവം തമ്പുരാന്റെ പ്രകാശം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കട്ടെ. പുതുവത്സരം ശാന്തിയും സമാധാനവും അനുഗ്രഹവും ഫലസമൃദ്ധിയുമുള്ളതായിത്തീരട്ടെ.

*(എഡിറ്റോറിയൽ, പുരോഹിതൻ,, ഓഗസ്റ്റ് - ഡിസംബർ 1988)*



# 5

# നന്മയുടെ പ്രകാശം വരട്ടെ

വായനക്കാർക്ക് എന്റെ എളിയ ക്രിസ്തുമസ് ആശംസകൾ. യേശു ക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും ജാതി മതഭേദമെന്യേ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും തിരുനാളായി ആഘോഷിക്കുന്നു.

2000 വർഷം മുമ്പാണ് സ്വർഗ്ഗീയമായ മാലാഖമാർ ബേത്‌ലഹേമിലെ മലമ്പുറങ്ങളിൽ ആടിനെ നോക്കിക്കൊണ്ടു കിടന്ന പാവപ്പെട്ടവരായ ആട്ടിട യന്മാരോട് സദ്വാർത്ത അറിയിച്ചത്. ലോകരക്ഷകൻ ജാതം ചെയ്തത് രാജകൊട്ടാരത്തിലൊന്നുമല്ല. വഴിയമ്പലത്തിൽ സ്ഥലമില്ലാഞ്ഞിട്ട് പുറത്ത് പശുക്കളുടെ തൊഴുത്തിലെ പുൽക്കൂട്ടിലായിരുന്നു ആ മഹാജനനം.

എന്നാലിന്ന്, 2000 വർഷം കഴിഞ്ഞിട്ടും ലോകത്തിൽ സമാധാനമില്ല. സന്തോഷവുമില്ല. ലോകജനതയുടെ നാല്പത് ശതമാനത്തിനുമാത്രമേ മൂന്നു നേരം വയറുനിറച്ചു കഴിച്ച് കിടന്നുറങ്ങുവാൻ വകയുള്ളു. പക്ഷേ അവരുടെയിടയിൽത്തന്നെ അനീതിയും അക്രമവുമാണ് നടമാടുന്നത്. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നു. വിവാഹബന്ധങ്ങൾ ശീഘ്റത്തിൽ ശിഥിലമായ്ക്കൊണ്ടിരിക്കുന്നു. മനുഷ്യർ സ്വാർത്ഥതയിലും സ്നേഹമി ല്ലായ്മയിലും കിടന്ന് നട്ടംകറങ്ങുന്നു. ക്രിമിനൽ കുറ്റങ്ങളുടെ സംഖ്യ പ്രതിവർഷം വർദ്ധിച്ചുവരുന്നു. എയ്ഡ്സിനും മയക്കുമരുന്നിനും അധീ നരാവുന്നവരുടെ സംഖ്യാ വർദ്ധനവിന് നിയന്ത്രണമില്ലാതെ കാണുന്നു. ഭീകരപ്രവർത്തനങ്ങൾ സാധാരണക്കാരിൽപ്പോലും ഭീതി വളർത്തുന്നു. സർക്കാർ മുഴുവൻ അടിമുതൽ മുടി വരെ കോഴയും കൈക്കൂലിയും കൊണ്ട് നാറുന്നു. പണമുണ്ടെന്നു പറയാവുന്ന നാല്പതു ശതമാനത്തിന് പോലും സാമൂഹ്യഭദ്രതയോ മനഃസമാധാനമോ യഥാർത്ഥത്തിൽ സംസിദ്ധ മാകുന്നില്ല.

മറ്റേ അറുപതു ശതമാനത്തിന്റെ നിലയെന്താണ്? കുഞ്ഞുങ്ങൾ അര പ്പട്ടിണിയാണ്. കിടപ്പാടം ഉണ്ടെങ്കിൽ അത് പൊളിഞ്ഞ് ജീർണ്ണിച്ചു കിട ക്കുന്നു. തൊഴിലുണ്ടെങ്കിൽ അത് എപ്പോഴാണ് ഇല്ലാതായിത്തീരുന്നതെ ന്നറിഞ്ഞുകൂടാ. പകുതിപ്പേർ വഴിയിലാണ് കിടപ്പ്. തൊഴിലെടുക്കുന്നവർക്ക് ജീവസന്ധാരണത്തിനുള്ള വക കൂലിയായിക്കിട്ടുന്നില്ല. മർദ്ദനത്തിൽ നിന്നും ചൂഷണത്തിൽ നിന്നും രക്ഷ നേടുവാൻ അധികം പേരും വഴികാ ണുന്നില്ല. ധനികനും ദരിദ്രനും തമ്മിലുള്ള വിടവ് പ്രതിവർഷം വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

ഇങ്ങനെ അനീതിനിറഞ്ഞ ഒരു ലോകത്തിന് എന്താശംസയാണ് ക്രിസ്തുമസ് പ്രമാണിച്ചു നൽകുവാൻ സാധിയ്ക്കുക? അനീതിയുടെ അടി മയിൽക്കിടക്കുന്നവർ ഈശ്വരസഹായവും സൻമനസ്സുള്ള മനുഷ്യരുടെ സഹകരണവുംകൊണ്ട് തങ്ങളെത്തന്നെ വിമോചിതരാക്കുവാൻ ശക്തരാ യിത്തീരട്ടെ. മനുഷ്യനെ സഹായിയ്ക്കുവാൻ വേണ്ടിയുണ്ടാക്കിയിട്ടുള്ള

രാഷ്ട്രഘടനകളും ഐക്യരാഷ്ട്ര സംഘടനയുമൊക്കെ നാൽപതു ശതമാനത്തിന്റെ ഉപകരണങ്ങളായിത്തീരാതെ, മനുഷ്യരാശിയുടെ മുഴുവൻ ഉന്നമനത്തിനും നീതിനിഷ്ഠമായ ഒരു സമൂഹത്തിന്റെ കെട്ടുപണിയ്ക്കും ഉതകട്ടെ. ആഗോളകമ്പോള വ്യവസ്ഥിതിയുടെ വലയിൽപ്പെട്ടു കിടക്കുന്ന മനുഷ്യവർഗ്ഗം വല പൊട്ടിച്ച് പുറത്തിറങ്ങി, അനീതിയും ചൂഷണവുമില്ലാത്ത, മനുഷ്യന്റെ അന്തസ്സും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കുന്ന, ഒരു പുതിയ ലോകവ്യവസ്ഥിതിയിലേയ്ക്ക് ലോകത്തെ നയിയ്ക്കട്ടെ.

രാഷ്ട്രീയ മണ്ഡലങ്ങളിൽ നേരും നെറിവും തിരികെ വരട്ടെ. കുടുംബങ്ങളിൽ സമാധാനം വിലസട്ടെ. മനുഷ്യബന്ധങ്ങൾ സ്നേഹത്തിലും പരസ്പര സഹകരണത്തിലും അധിഷ്ഠിതങ്ങളായിത്തീരട്ടെ. യുദ്ധവും ഭീകരപ്രവർത്തനങ്ങളും ആയുധക്കച്ചവടവും നീങ്ങിപ്പോയിട്ട്, മനുഷ്യർ പരസ്പരം സഹകരിച്ച് സമാധാനത്തിന്റയും നീതിയുടെയും മാർഗ്ഗങ്ങളെ അനുധാവനം ചെയ്യട്ടെ. സ്ത്രീകളും കുഞ്ഞുങ്ങളും അക്രമവിധേയരാകാതെ സ്നേഹഭാജനങ്ങളായി സമാധാനത്തിൽ ജിവിയ്ക്കുമാറാകട്ടെ. തൊഴിലാളിവർഗ്ഗം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പുരോഗതിക്കും ശ്രേയസ്സിനും വേണ്ടി അദ്ധ്വാനിയ്ക്കുന്നവരായിത്തീരട്ടെ.

തിൻമയുടെ അന്ധകാരം നീങ്ങിപ്പോയിട്ട്, മനുഷ്യഹൃദയങ്ങളിലും മനുഷ്യ സമൂഹത്തിലും സ്നേഹത്തിന്റെയും നൻമയുടെയും പ്രകാശം ഉദിയ്ക്കട്ടെ.

(*അദ്ധ്യാപകലോകം*, ജനുവരി 1996)



# 6

# പുതുക്കത്തിന്റെ ശുശ്രൂഷകൾ

പരിശുദ്ധാത്മാവിലുള്ള പുതുക്കം വ്യക്തിയിൽ മാത്രം ഉണ്ടാകുന്ന ഒരു പ്രതിഭാസമല്ല. കർത്തൃശരീരമാകുന്ന സഭയ്ക്കും വ്യക്തികളായ കർത്തൃശരീരാംഗങ്ങൾക്കും ഒരേ സമയത്തു പുതുക്കം നല്കുന്നതാണു പരിശുദ്ധാത്മാവിന്റെ പ്രവർത്തനം.

നമ്മുടെ സഭ തന്നെയല്ല ലോകമെങ്ങുമുള്ള സഭകൾ പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ കുറവും ദുരാത്മ പ്രവർത്തനത്തിന്റെ ആധിക്യവും കൊണ്ടു പഴകി ദ്രവിക്കാൻ തുടങ്ങുന്നു എന്നുള്ളതു ഒരു ദാരുണ യാഥാർത്ഥ്യമാണ്. പരിശുദ്ധാത്മശക്തിയാൽ പുതിയ ജീവൻ പ്രാപിച്ചു പുതുക്കപ്പെടുകയെന്നുള്ളത് ഇന്ന് എല്ലാ സഭകളുടെയും എല്ലാ ക്രിസ്ത്യാനികളുടെയും ആവശ്യമാണ്.

സഭയുടെ പുതുക്കം മനുഷ്യനെക്കൊണ്ടു സാധിക്കുന്നതല്ല. അത് എപ്പോഴും പരിശുദ്ധാത്മാവാം ദൈവത്തിന്റെ പ്രവർത്തനമാണ്. പക്ഷേ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതു മനുഷ്യരായ നമ്മിൽക്കൂടെയാണെന്നുള്ളതു നാം മറക്കരുത്. പരിശുദ്ധാത്മാവു ദൈവമാണ്, നാഥനാണ്: ദാസനല്ല. തന്നെക്കൊണ്ട് എന്തെങ്കിലും ചെയ്യിക്കാൻ മനുഷ്യർക്കു സാദ്ധ്യമല്ല. പരിശുദ്ധാത്മാവിനു മനുസ്സുണ്ടെങ്കിലേ പരിശുദ്ധാത്മാവു പ്രവർത്തിക്കൂ.

അപ്പോൾ പിന്നെ പരിശുദ്ധാത്മാവിനു മനസ്സുണ്ടാകുമ്പോൾ താൻ പ്രവർത്തിച്ചുകൊള്ളുമെന്നു പറഞ്ഞു ക്രിസ്ത്യാനികൾ നിഷ്ക്രിയരായിരിയ്ക്കണമെന്നാണോ അർത്ഥം? അല്ല, പരിശുദ്ധാത്മാവിന്റെ അഭിഷേക നൽവരമുള്ളവരായ നാം പുതുക്കത്തിന്റെ ശുശ്രൂഷകളായി ചിലതൊക്കെ ചെയ്യാനുണ്ട്. പ്രാഥമികങ്ങളായ മൂന്നു കാര്യങ്ങൾ: ഒരുക്കം, പോരാട്ടം, കാത്തിരിപ്പ് എന്നിവയാണ്.

**1. ഒരുക്കം**

ഒരുക്കം എന്ന ശീർഷകത്തിൽ പല കാര്യങ്ങൾ ഉൾപ്പെടുന്നു. ചിലതിവിടെ കുറിക്കാം.

**(a) വിശ്വാസത്തിന്റെ പുതുക്കം**

വിശ്വാസത്തിനു തന്നെ പല വശങ്ങളുണ്ട്. അവയിൽ മൂന്നെണ്ണം നാം പുതുക്കിക്കൊണ്ടിരിക്കണം. ഒന്നാമതു മനുഷ്യനു സാദ്ധ്യമല്ലാത്തതു ദൈവത്തെക്കൊണ്ടു സാധിയ്ക്കുമെന്ന് അകത്തു നാം ഉറയ്ക്കണം. പറഞ്ഞാൽ പോരാ ദൈവം പ്രവർത്തിക്കുമെന്നു വിശ്വസിക്കണം. പരിശുദ്ധനായ യാക്കോബ് ശ്ലീഹാ നമ്മോടു പറയുന്നു:

'നിങ്ങളിൽ ആർക്കെങ്കിലും പരിജ്ഞാനത്തിന്റെ കുറവുണ്ടെങ്കിൽ

അവൻ ദൈവത്തോടു അപേക്ഷിക്കട്ടെ. ദൈവം വഴക്കു പറയാതെ എല്ലാവർക്കും ഉദാരമായി ദാനം ചെയ്യുന്നവനല്ലോ. ചോദിക്കുന്നവനു ദൈവം കൊടുക്കും. പക്ഷേ, ഒന്നിലും പതറിപ്പോകാതെ വിശ്വാസത്തോടെ ചോദിക്കണമെന്നു മാത്രം. പതറുന്നവൻ കാറ്റും കോളും കൊണ്ടു ഇളകുന്ന കടലിലെ ഓളം പോലെയുള്ളവനാണ്' (വി. യാക്കോബിന്റെ ലേഖനം 1:5-6).

### (b) അനുതാപം

കണ്ണുനീർ ഒഴുക്കിയതുകൊണ്ടു മാത്രം അനുതാപമാവുകയില്ല. ദൈവത്തിൽ നിന്ന് അകന്നു സ്വന്തയാഗ്രഹങ്ങളെ പൂരിപ്പിക്കുവാൻവേണ്ടി ഓടിനടക്കുന്ന അപഥസഞ്ചാരത്തിൽ നിന്ന് വിരമിച്ച്, ദൈവത്തിങ്കലേയ്ക്ക് ആന്തരികമായി തിരിയുന്നതാണു യഥാർത്ഥ അനുതാപം.

### (c) അനുരഞ്ജനം

വഴക്കും വൈരാഗ്യവും വെടിഞ്ഞ്, ആരെയും വെറുക്കാതെ, എല്ലാവരെയും സ്നേഹിക്കുന്നവരായ ദൈവമക്കൾക്കിടയിൽ പരിശുദ്ധാത്മാവു പ്രവർത്തിക്കും. സ്പർദ്ധയും കലാപവും പരസ്പരം കുറ്റംപറച്ചിലും മറ്റുള്ളവരെ പഴിചാരലും സ്വയനീതീകരണവും ഉള്ളിടത്തു ദൈവത്തിന്റെ ആത്മാവു പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നില്ല. സകല കുറ്റബോധത്തിൽ നിന്നും ദൈവത്തിന്റെ കരുണയാൽ പാപമോചനം പ്രാപിച്ച്, പരസ്പരം സ്നേഹിക്കുകയും ആത്മാവിൽ ഒന്നായിത്തീരുകയും ചെയ്യുന്ന ചെറിയകൂട്ടത്തിന്നിടയിൽ പരിശുദ്ധ റൂഹാ അത്ഭുതങ്ങൾ പ്രവർത്തിക്കും.

### 2. പോരാട്ടം

'നമ്മുടെ സമരം ജഡരക്തങ്ങളോടല്ല, പിന്നെയോ, ഇഹലോകത്തിലെ ഇരുട്ടിന്റെ അധിപതികളോടും വാഴ്ചകളോടും ശക്തികളോടുമത്രെ. അതേ, ഉയർന്ന തലങ്ങളിലെ അദ്ധ്യാത്മിക ദുഷ്ടശക്തികളോടു തന്നെ ' (എഫേസ്യർ 6:12). സാത്താന്യ ശക്തികളോടു മടുപ്പില്ലാതെ പോരാടുവാൻ, നമ്മിൽ തന്നെ എപ്പോഴും ഉടലെടുക്കുന്ന ദുഷ്ടാത്മശക്തികളോട് അലസത കൂടാതെ അടരാടുവാൻ, ഒരു കൂട്ടം വിശ്വാസികൾ വ്രതനിഷ്ഠയോടെ ദൈവത്തിന്റെ മുഴുവൻ പടച്ചട്ടയും ധരിച്ച്, അതായതു സത്യം, നീതി, സമാധാനാകാംക്ഷ, വിശ്വാസം, ദൈവത്തിന്റെ രക്ഷാകവചം, ദൈവവചന പഠനം, ആത്മാവിലുള്ള മുടങ്ങാത്ത പ്രാർത്ഥന, മടുത്തു പോകാതെ കാത്തിരിപ്പോടെയുള്ള മദ്ധ്യസ്ഥപ്രാർത്ഥന ഇവയൊക്കെ ധരിച്ചു പോരാട്ടത്തിന്നൊരുങ്ങുന്ന ഒരു ചെറിയ സംഘത്തിൽ കൂടെ പരിശുദ്ധാത്മാവു പ്രവർത്തിച്ച് സഭയെ പുതുക്കും. ഒരുക്കവും കാത്തിരിപ്പുമുള്ള ചെറിയ കൂട്ടങ്ങൾ അരമണിക്കൂറോ അര ദിവസമോ അല്ല, തുടർച്ചയായി ദീർഘകാലം അടരാടാൻ മുന്നോട്ടുവരുമ്പോൾ വലിയ അത്ഭുതങ്ങൾ സഭയിലും ലോകത്തിലുമുണ്ടാകുന്നത് നാം കാണും.

### 3. കാത്തിരിപ്പ്

ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു നമ്മോടരുളിച്ചെയ്തു: 'കണ്ടാലും എന്റെ പിതാവിന്റെ പ്രതിജ്ഞ നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു

(അതായത് പരിശുദ്ധാത്മാവിനെത്തന്നെ). നിങ്ങൾ ഊർശ്ലേമിൽ കാത്തിരിപ്പിൻ, മേലിൽ നിന്നുള്ള ശക്തി നിങ്ങളിൽ ഇറങ്ങിവരുന്നതു വരെ' (വി. ലൂക്കോസ് 24:49). എല്ലാ ശിഷ്യന്മാരും ഏകമനസ്സോടെ, ഏക ആത്മാവിൽ ഊർശ്ലേമിൽ കൂടിവന്നു കാത്തിരുന്നപ്പോഴാണല്ലോ, ദൈവത്തിന്റെ റൂഹാ പെന്തക്കോസ്തു പെരുന്നാളിൽ, കൊടുങ്കാറ്റു പോലെ ഇറങ്ങിവന്നു തീനാവുകളുടെ രൂപത്തിൽ ഓരോരുത്തരുടെയും മേൽ ആവസിച്ച് അവരെ പുതുക്കി ശക്തിപ്പെടുത്തിയത്.

പരിശുദ്ധാത്മാവു വരും. നമ്മെയും നമ്മുടെ സഭയേയും പുതുക്കും. പുതുക്കത്തിന്റെ ശുശ്രൂഷകളിൽ വ്യാപൃതരായി, പോരാട്ടത്തിനുള്ള പടക്കോപ്പ് ധരിച്ച് ഒരുക്കത്തോടെ നാം കാത്തിരിക്കുമ്പോൾ പരിശുദ്ധാത്മാവു വരും. അനാസ്ഥയുടെയും, അലസതയുടെയും അസമാധാനത്തിന്റെയും, കുത്തഴിഞ്ഞ സഭാനേതൃത്വത്തിന്റെയും കരിപടലങ്ങൾ നീങ്ങിപ്പോകും. അത്യുന്നതന്റെ ശക്തിയും ശോഭയും സഭയിലൂടെ പ്രസരിയ്ക്കും. ഒരുക്കത്തോടും അനുതാപത്തോടും ഉറച്ച പ്രതീക്ഷയോടും കൂടെ നമുക്കു പോരാട്ടത്തിൽ കാത്തിരിക്കാം. ദൈവം കരുണ ചെയ്യും.

*(എഡിറ്റോറിയൽ, പുരോഹിതൻ, ആഗസ്റ്റ്, 1992)*



# 7
# സന്ന്യാസജീവിതം എന്തിനുവേണ്ടി?

ക്രിസ്ത്യാനികൾ സന്ന്യാസജീവിതത്തിൽ പ്രവേശിക്കുന്നതെന്തിനു വേണ്ടിയാണ്? സ്വന്തം ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി ലോകജീവിതത്തിൽ നിന്നും പിന്മാറി തപസ്സു ചെയ്യുകയെന്നത് ഹൈന്ദവാശയമല്ലേ? ക്രിസ്തീയ വിശ്വാസത്തിൽ അതിന് സ്ഥാനമെന്തെങ്കിലുമുണ്ടോ? പ്രത്യേകിച്ചും ആധുനിക ലോകത്തിൽ?

ഈ പ്രശ്നങ്ങളുടെ മറുപടി പറയുവാൻ ഈ ലേഖനത്തിന് കഴിവു പോരാ. എന്നാൽ മറുപടിയുടെ ആരംഭം മാത്രമാണിവിടെയുദ്ദേശിക്കുന്നത്. ഭക്തരും പണ്ഡിതരുമായ ക്രൈസ്തവർ ഇക്കാര്യത്തിൽ ചിന്ത ചെലുത്തേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു.

ഈശ്വരനിഷേധമാണ് ഇന്നു ലോകചിന്തയുടെ അന്തരീക്ഷം. ഈശ്വരനുണ്ടോ എന്നുതന്നെ സംശയമായിരിയ്ക്കുന്ന ഇക്കാലത്ത്, അല്ലാ, ഈശ്വരൻ ഇല്ല എന്നു തന്നെ തീർത്തുപറയുവാൻ മടിയ്ക്കാത്ത ധാരാളം ചിന്തകന്മാരെ ഉല്പാദിപ്പിയ്ക്കുന്ന ഈ ആധുനികലോകത്തിൽ സന്ന്യാസജീവിതത്തെപ്പറ്റി പ്രതിപാദിയ്ക്കുകയെന്നതുതന്നെ മൗഢ്യമായേ പലർക്കും തോന്നൂ.

രണ്ടു കാര്യങ്ങൾ മാത്രമേ ഇവിടെ പ്രതിപാദിയ്ക്കുവാനുദ്ദേശിക്കുന്നുള്ളു. ഒന്നാമത്, താപസവൃത്തിയുടെ ലക്ഷ്യമെന്ത്? രണ്ടാമത് ആധുനികജീവിതത്തിന്നുതകുന്ന ഒരു താപസവൃത്തിയ്ക്കെന്തെല്ലാമാണ് പ്രത്യേകമായി ആവശ്യമുള്ളത്?

സമഗ്രമായി ഈ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിയ്ക്കണമെങ്കിൽ വലിയ പുസ്തകങ്ങൾ തന്നെ എഴുതണം. പക്ഷേ ചുരുക്കമായി ചില കാര്യങ്ങൾ ഇവിടെ കുറിയ്ക്കട്ടെ.

### 1. സന്ന്യാസജീവിതത്തിന്റെ ലക്ഷ്യമെന്ത്?

വനാന്തരത്തിലോ മരുഭൂമിയിലോ ഉള്ള താപസജീവിതം കൊണ്ടു മാത്രമേ മനുഷ്യനു രക്ഷയുണ്ടാകൂ എന്ന് ഒരു മതവും പഠിപ്പിയ്ക്കുന്നില്ല. ഹൈന്ദവമതത്തിൽ പോലും കർമ്മയോഗികളുണ്ട്. പരിശുദ്ധനായ മാർ ബസേലിയോസ് പറയുന്നത് സാധാരണ ജീവിതമദ്ധ്യത്തിലിരുന്നുകൊണ്ട് ക്രിസ്ത്യാനിയാകുവാനുള്ള മനഃശക്തി തനിയ്ക്കില്ലാത്തതുകൊണ്ടാണ് കുറെക്കൂടെ എളുപ്പമുള്ള താപസജീവിതം താൻ തെരഞ്ഞെടുക്കുന്നതെന്നത്രെ.

നാലാം ശതാബ്ദത്തിലാണല്ലോ താപസജീവിതത്തിന്ന് ക്രിസ്തീയ വിശ്വാസത്തിൽ പ്രചുരപ്രചാരമുണ്ടായത്. അന്തോനിയോസിനേയും പക്കോമിയോസിനേയും മക്കാറിയോസിനേയും ബാസേലിയോസിനേയും

ഗ്രിഗോറിയോസിനേയും ഒക്കെ ഈ ജീവിതരീതിയിലേയ്ക്കാകർഷിച്ച സാഹചര്യങ്ങളേവയായിരുന്നു എന്നറിയുന്നത് നമുക്ക് പ്രയോജനകരമായിരിക്കും.

ഒരുവിധത്തിൽ പറഞ്ഞാൽ നാലാം ശതാബ്ദത്തിന്ന് ഇരുപതാം ശതാബ്ദവുമായി വളരെയധികം സാമ്യമുണ്ടായിരുന്നു. ഈ ലോകത്തിന്റെ സർവ്വപ്രാധാന്യം കൂടുതലായി പ്രഖ്യാപിയ്ക്കപ്പെട്ടുകൊണ്ടിരുന്ന ഒരു കാലമായിരുന്നു ഇന്നെന്നപോലെ അന്നും. മൂന്നു ശതാബ്ദങ്ങളിലെ പീഡനങ്ങളനുഭവിച്ച് മനുഷ്യന്റെ ആത്മാവ് തളർന്നതിന്റെ ഫലമായി അദ്ധ്യാത്മിക ധാർമ്മിക മാനദണ്ഡങ്ങളെയൊക്കെ താഴ്ത്തി, സാധാരണക്കാരന്റെ സാധാരണധാർമ്മികതയെ സർവ്വരുടേയും മാനദണ്ഡമായി ഉയർത്തുവാൻ സഭ പോലും മുതിരുന്ന കാലമായിരുന്നന്നെന്ന് 300–ാ മാണ്ടിൽ കൂടിയ എൽവീറാ സുന്നഹദോസിന്റെ തീരുമാനം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഈ ലോകം കടന്നുപോകാനുള്ളതാണ്; സ്ഥാവരമായ മറ്റൊരു ലോകം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടുകൂടെ വന്നുചേരും എന്നുള്ള പ്രതീക്ഷയൊക്കെ മറന്നിട്ട്, കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ഗവർമ്മെന്റിന്റെ സേവ പിടിച്ച് ലോകദൃഷ്ടിയിൽ സമ്പത്തും ബഹുമതിയുമാർജ്ജിയ്ക്കുവാനാണ് മെത്രാപ്പോലീത്തന്മാർ പോലും പ്രധാനമായും ശ്രമിച്ചുകൊണ്ടിരുന്നത്.

ക്രിസ്തുവിന്റെ ആളത്വത്തേയും ഇരുസ്വഭാവത്തേയും പരിശുദ്ധാത്മാവിന്റെ പുറപ്പാടിനേയും മറ്റും പറ്റിയുള്ള വേദശാസ്ത്ര വാദപ്രതിവാദങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തിയിരുന്ന സഭാപണ്ഡിതന്മാർ, ക്രിസ്തുവിനേയും, പരിശുദ്ധാത്മാവിനേയും മറന്ന്, സ്ഥാനലാഭത്തിനും വഴക്കിനും വാശിക്കും വേണ്ടി മാത്രം വേദശാസ്ത്രം വിശദീകരിയ്ക്കുന്നവരായിത്തീർന്നു. കോൺസ്റ്റന്റയിന്റെ കാലം കഴിഞ്ഞപ്പോൾ അറിയൂസിന്റെ വേദവിപരീതം സാമ്രാജ്യത്തിന്റെ സിംഹാസനത്തിലും സഭയുടെ ഗുരുപീഠങ്ങളിലും ഒരുപോലെ ആരോഹണം ചെയ്യാൻ തുടങ്ങി. റോമിലെ പാപ്പായായ ലൈബീരിയാസും, അലക്സന്ത്രയായിലെ മെത്രാപ്പോലീത്തായായ ഗീവറുഗീസും, അന്ത്യോഖ്യായിലേയും കുസ്തന്തീനോപ്പോലീസിലേയും മെത്രാപ്പോലീത്തന്മാരും ഒരുപോലെ വേദവിപരീതികളായിത്തീർന്ന ഒരു കാലമായിരുന്നു അത്.

സ്ഥാനത്ത് കയറുവാൻവേണ്ടി ആരും എന്തും ചെയ്യും. നാസിയാൻസിലെ വി. ഗ്രീഗോറിയോസ് പറയുന്നു: "ഇക്കാലത്ത് ഏറ്റവും പരിശുദ്ധമായ പൗരോഹിത്യം ഏറ്റവും അപഹാസ്യമായിത്തീർന്നേക്കാനിടയുണ്ട്. കാരണം ഒരു ഭദ്രാസനത്തിലെ പ്രധാന സ്ഥാനം ലഭിയ്ക്കണമെങ്കിൽ തിന്മയിൽക്കൂടെയല്ലാതെ നന്മയിൽക്കൂടെ സാദ്ധ്യമല്ല. ഏറ്റവും യോഗ്യനായവനല്ല ഭദ്രാസനാദ്ധ്യക്ഷനാകുന്നത്, പ്രത്യുത ഏറ്റവും കയ്യൂക്കുള്ളവനാണ്."

പരിശുദ്ധ ബാസേലിയോസ് പറയുന്നത് കേൾക്കുക: "പിതാക്കന്മാരുടെ ഉപദേശം പരിഹസിയ്ക്കപ്പെടുന്നു. പുതുമതങ്ങളുടെ പ്രണേതാക്കൾക്കാണ് സഭയിൽ സ്ഥാനം. വേദശാസ്ത്രപണ്ഡിതന്മാരല്ലവർ, പ്രത്യുത മനുഷ്യസാമർത്ഥ്യം കൊണ്ട് പുതിയ തത്വസംഹിതകളെ സൃഷ്ടിക്കുന്ന

വരാണ്. ക്രൂശിലുള്ള പ്രശംസയെ മറന്നിട്ട്, ഈ ലോകത്തിന്റെ ജ്ഞാനത്തിനാണ് സ്ഥാനവും ബഹുമതിയും. നല്ല ഇടയന്മാരെ അടിച്ചു പുറത്തിറക്കിയിട്ട്, അവരുടെ സ്ഥാനത്ത് ചെന്നായ്ക്കളെ ആട്ടിൻപറ്റത്തിൽ കയറ്റി ആടുകളെ പീഡിപ്പിയ്ക്കയാണ്. പള്ളിയിൽ പോകുവാനാളില്ല. യഥാർത്ഥ ഭക്തിയുള്ളവൻ മരുഭൂമിയിൽ പോയി കരയുകയാണ്"(90-ാം ലേഖനം).

ധനമോഹം, സ്ഥാനമോഹം, കലഹപ്രിയം ഇവയാണ് പുരോഹിതന്മാരുടെ ബഹുഭൂരിപക്ഷത്തെയും നയിച്ചിരുന്ന തത്വങ്ങൾ. രണ്ടാം ശതാബ്ദത്തിൽ ക്രിസ്ത്യാനികളെക്കുറിച്ച് പുറത്തുള്ളവർ പറഞ്ഞിരുന്നത് "കണ്ടാലും, ഈ ക്രിസ്ത്യാനികൾ എത്രമാത്രം പരസ്പരം സ്നേഹിയ്ക്കുന്നു!" എന്നായിരുന്നു. നാലാം ശതാബ്ദത്തിൽ അറിയൂസിന്റെ വേദവിപരീതം മൂലമുണ്ടായ കലഹങ്ങളുടെ പശ്ചാത്തലത്തിൽ അമിയാനസ് മാഴ്സലീനസ് എന്ന അക്രൈസ്തവ ചരിത്രകാരൻ പറയുന്നു. "ക്രിസ്ത്യാനികൾക്ക് പരസ്പരമുള്ള ഘോരശത്രുത മനുഷ്യവർഗ്ഗത്തോടു വന്യമൃഗങ്ങൾക്ക് പോലുമില്ല." റോമാ നഗരത്തിലെ പള്ളിയിൽവെച്ച് സ്ത്രീകളും പുരുഷന്മാരും പരസ്പരം വെട്ടിക്കൊന്ന കഥ ആ ചരിത്രകാരൻ വിവരിയ്ക്കുന്നുണ്ട്. രണ്ടു ബദൽ പാപ്പാമാരുടെ പരസ്പര സമരത്തിന്റെ ഫലമായിരുന്നത്.

ഇങ്ങനെയുള്ള ഒരു സഭയിൽ പൈശാചിക ശക്തികൾ പ്രവേശിച്ചിരിക്കുന്നുവെന്നത് നിസ്സംശയം. ഈ ശക്തികളുമായി സമരം ചെയ്യണമെങ്കിൽ കർത്താവ് മരുഭൂമിയിൽ 40 ദിവസം ഉപവസിച്ച് സാത്താനുമായി സമരം ചെയ്ത് വിജയം പ്രാപിച്ചതുപോലെ ക്രിസ്ത്യാനികളും ചെയ്തെങ്കിൽ മാത്രമേ സാധിക്കൂ. അങ്ങിനെയേ സഭ ശുദ്ധീകൃതമായിത്തീരുകയുള്ളൂ എന്ന വിശ്വാസം കൊണ്ടാണ് പല യഥാർത്ഥ ക്രിസ്ത്യാനികളും താപസവൃത്തിയ്ക്കിറങ്ങിയത്. ലോകത്തെപ്പറ്റിയുള്ള നിരാശ കൊണ്ടല്ല, ലോകം നന്നാകണമെങ്കിൽ കുറെ വ്യക്തികളെങ്കിലും സുശിക്ഷിതജീവിതത്തോടെ തിന്മയുടെ രാജാവായ സാത്താനുമായി സമരം ചെയ്തെങ്കിലേ സാധിക്കൂ എന്നുള്ള ബോദ്ധ്യംകൊണ്ടാണ് അവർ താപസവൃത്തിയ്ക്കിറങ്ങിയത്.

ദ്രവിച്ചുകൊണ്ടിരിക്കുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് വിശുദ്ധിയിലും നീതിയിലും പുതിയ മനുഷ്യനെ ധരിയ്ക്കുകയെന്നതാണ് ക്രിസ്തീയ വിശ്വാസജീവിതത്തിന്റെ പരമോദ്ദേശ്യം. ഈ ഉദ്ദേശ്യം തന്നെയാണ് താപസജീവിതത്തിന്നുമുള്ളത്. താപസജീവിതത്തിന്റെ ലക്ഷ്യങ്ങൾ ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യങ്ങൾ തന്നെയാണ്.

ഈജിപ്ഷ്യൻ മണലാരണ്യത്തിലെ താപസപിതാക്കന്മാരുടെ ഉദ്ദേശ്യം ഇതുതന്നെയായിരുന്നു. സാത്താനുമായുള്ള മൽപിടുത്തത്തിനുവേണ്ട അടവുകളെല്ലാം കണ്ടുപിടിച്ച് നമ്മെ പഠിപ്പിച്ചതും അവർ തന്നെ. ഭയങ്കരമായ ഈ സമരത്തിന്നുള്ള ശക്തി അവർക്കെവിടെ നിന്നു ലഭിച്ചു? അടിസ്ഥാനവും സ്ഥാവരതയുമുള്ള ഒരു നിത്യനഗരത്തെ, അതേ ദൈവരാജ്യത്തെത്തന്നെ അവർ കണ്ടു. മ്ശീഹാതമ്പുരാൻ നമുക്ക് വാഗ്ദാനം ചെയ്തിട്ടുള്ള ആ ഭാഗധേയത്തെപ്പറ്റി ഉറപ്പായ ബോധമുണ്ടെങ്കിൽ മാത്രമേ പൈശാ

ചിക ശക്തികളുമായുള്ള കഠിനസമരത്തിന് വേണ്ടുന്ന ധൈര്യവും ബലവും നമുക്ക് സിദ്ധിയ്ക്കുകയുള്ളു.

ഇഹലോകത്തിന് വിരാമമിട്ട് പരലോകം വേഗം വരുത്തുവാനുള്ള ഒരു ശ്രമമായിരുന്നു മിസ്രയിമിലെ മണലാരണ്യങ്ങളിൽ ക്രിസ്തീയാദ്ധ്യാത്മി കായോദ്ധാക്കൾ നടത്തിയത്. മൂന്നാം ശതാബ്ദത്തിലേ ഡോസീത്തിയസ് പറഞ്ഞിട്ടുണ്ടായിരുന്നു: "വിവാഹജീവിതം ഇഹഃലോകത്തെ തുടർന്നുകൊണ്ടുപോകുവാൻ സഹായിക്കുന്നു. താപസജീവിതം അതിന് വിരാമമിടുവാനും." പരലോകമായ പറുദീസയിലെ മാലാഖമാർക്കടുത്ത ജീവിതം ഇഹത്തിൽവച്ചേ ആരംഭിയ്ക്കുവാനുള്ള ശ്രമമായിരുന്നു സന്യാസാശ്രമങ്ങളെ ഉത്ഭവിപ്പിച്ചത്.

നാലാം ശതകത്തിലെ താപസവര്യന്മാരുടെ പ്രധാനോദ്ദേശ്യം അവരവരുടെ ആത്മാക്കളെ രക്ഷിയ്ക്കയെന്നതായിരുന്നില്ല. പ്രത്യുത ലോകം മുഴുവനും അതിന്റെ കൂടെ സഭയും, ക്രൈസ്തവമൂല്യങ്ങളെ മറന്നിട്ട് ഐഹികതയും സ്വാർത്ഥമോഹവും മാത്രം അടിസ്ഥാനമൂല്യങ്ങളായിക്കണ്ട്, തങ്ങളെത്തന്നേയും ലോകത്തേയും വിനാശത്തിലേക്ക് നയിക്കുന്നത് കണ്ടിട്ട്, അതിനെതിരായ ഒരു കഠിനപ്രതിഷേധമായിരുന്നത്. വരുന്നതും വരുവാനുള്ളതുമായ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ഐഹികജീവിതത്തിൽ സമൂർത്തമാക്കുക, സാത്താന്റെ ഘോരശക്തികളുമായി സാമ്രാജ്യമായ മരുഭൂമിയിൽ വച്ച് സമരം ചെയ്ത്, സാത്താനേയും അവന്റെ സേനകളെയും മറിച്ചിടുക, പ്രാർത്ഥനമൂലം ഇഹലോകത്തെ അകമേനിന്നും പരിവർത്തനം ചെയ്യിക്ക, ഉറച്ച നിഷ്ഠയോടെയുള്ള താപസവൃത്തികൊണ്ട് തന്നെത്തന്നെ ദൈവത്തോട് യോജിപ്പിച്ച് അങ്ങിനെ ദൈവശക്തിയെ ഇഹലോകത്തിൽ വ്യാപരിപ്പിയ്ക്കുന്ന ഒരു മദ്ധ്യസ്ഥനായിത്തീരുക, ഇതൊക്കെയായിരുന്നു താപസവൃത്തിയുടെ ഉന്നതലക്ഷ്യങ്ങൾ.

(*ബേത്‌ലഹേം സെന്റ് മേരീസ് മഠം സുവനീർ, കിഴക്കമ്പലം,* 1971)



# 8

# സഭൈക്യപ്രസ്ഥാനം: പ്രതീക്ഷകളും പ്രശ്നങ്ങളും

സഭകൾ തമ്മിൽ ഭിന്നിച്ചിരിക്കുന്നത് ദൈവഹിതത്തിന് നിരക്കാത്തതാണ്. സ്നാനത്തിന്റെ അർത്ഥം ക്രിസ്തുവിനോട് ചേരുക എന്നുള്ളതാണ്. അപ്പോൾ ക്രിസ്തുവിനോട് ചേർന്നിട്ടുള്ളവർ എല്ലാം ഒരേ ശരീരത്തിലെ അവയവങ്ങളുമാണ്. എന്നാൽ ഈ ഏകശരീരം ഒരു യാഥാർത്ഥ്യമാകുന്നില്ലെങ്കിൽ സുവിശേഷം അസത്യമായി മാറുന്നു. ഈ വസ്തുത മനസ്സിലാക്കി സഭകൾ തമ്മിൽ കൂടുതൽ സഹകരിക്കുവാനും, ധാരണകൾ മെച്ചപ്പെടുത്തുവാനും, അങ്ങനെ ദൈവം ആഗ്രഹിക്കുന്ന ഐക്യം സംജാതമാക്കുവാനും ഉള്ള സംരംഭമാണ് സഭൈക്യ പ്രസ്ഥാനം. അതിന്റെ ലക്ഷ്യങ്ങളും, മാർഗ്ഗമദ്ധ്യേ അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങളുമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

1.'പുനർജ്ജീവനം' (Renewal) ഐക്യസംരംഭത്തിന്റെ ഒരു പ്രാഥമിക ലക്ഷ്യമെങ്കിലും, അതിന്റെ വ്യാഖ്യാനത്തിലും സമീപനത്തിലും ചില വ്യത്യാസങ്ങൾ ഉണ്ട്. ഭിന്നതയുടെ കാരണം പാപമാണ്, പാപത്തിന്റെ പരിഹാരത്തിന് ദൈവകൃപയാവശ്യമാണെന്ന് എല്ലാവരും സമ്മതിക്കും. ഈ കൃപ നമുക്കുണ്ടാകുന്നത് വി. രഹസ്യങ്ങളിലും, പ്രാർത്ഥനയിലും, ദൈവവചനത്തിലും അധിഷ്ഠിതമായ സഭാജീവിതത്തിൽകൂടിയാണെന്ന് ഓർത്തഡോക്സ് സഭ വിശ്വസിക്കുന്നു. ഈ പ്രാഥമിക ലക്ഷ്യം നേടുവാനുള്ള ഐക്യസംരംഭം പ്രധാനമായും ആത്മീയമായിരിക്കണം എന്ന് നാം നിഷ്ക്കർഷിക്കുന്നു. പക്ഷേ പല പ്രൊട്ടസ്റ്റന്റു സഭകളുടേയും പൊതുവായ ഒരു പ്രവണത രാഷ്ട്രീയ, സാമൂഹ്യപ്രവർത്തനങ്ങളിൽ സഹകരിക്കുകയാണു വേണ്ടതെന്നും, അതിലൂടെയാണ് ആത്മീയ പുനർജ്ജീവനം സാധിക്കുന്നതെന്നുമാണ്. ഇപ്രകാരമുള്ള, പുനർജ്ജീവനത്തെ സംബന്ധിച്ചുള്ള വ്യത്യസ്തമായ സമീപനങ്ങൾ ഐക്യപ്രസ്ഥാനത്തിന്റെ അടിസ്ഥാനപരമായ ഒരു പ്രശ്നമാണ്. പ്രാർത്ഥനയിലും ഉപവാസത്തിലും വി. കുർബാനാനുഭവത്തിലും കൂടി വളരുന്നതായ വിശുദ്ധാത്മ പ്രക്രിയയായി ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുമ്പോൾ, ബാഹ്യമായ നീതിയും സമാധാനവുമാണ് പുനർജ്ജീവനത്തിന്റെ അടയാളമെന്ന് പ്രൊട്ടസ്റ്റന്റു വിഭാഗക്കാർ വാദിക്കുന്നു. റോമൻ കത്തോലിക്കാ സഭയിലെ ചിന്തകരിൽ ഈ രണ്ട് ആശയഗതികളേയും പിന്താങ്ങുന്നവരുണ്ട്. എങ്കിലും സഭാനേതൃത്വം, ആത്മീയ ഐക്യത്തേയും പുനരുജ്ജീവനത്തെയുമാണ് പിന്താങ്ങുന്നത്.

2. ഓർത്തഡോക്സ് സഭകൾ സഭൈക്യത്തിന്റെ പ്രതീകമായിട്ട് കാണുന്നത് വി. കുർബ്ബാനയിലെ സമ്പർക്കമാണ്. വി. കുർബ്ബാനയിലെ പരസ്പര സമ്പർക്കം ഐക്യത്തിന്റെ പൂർത്തീകരണമായിട്ടാണ് നാം കാണുന്നത്. ആയതിനാൽ വിശ്വാസത്തിലും പട്ടത്വത്തിലും ഏകത്വം സാധിച്ചാൽ

മാത്രമേ തന്മൂലം വി. കുർബ്ബാനാനുഭവത്തിൽ കൂടിയുള്ള സഭൈക്യം സാദ്ധ്യമാകയുള്ളു.

എന്നാൽ അഖിലലോക സഭാകൗൺസിലിൽ ചില നവീകരണ സഭാവിഭാഗങ്ങൾ വി. കുർബ്ബാനയിലെ സമ്പർക്കത്തെ കാണുന്നത് കർത്താവ് തന്റെ അടുക്കലേയ്ക്ക് ചെല്ലുന്നവർക്കു നൽകുന്ന ഒരു വിരുന്നായിട്ടു മാത്രമാണ്. തന്മൂലം 'തിരുവത്താഴം' കഴിക്കുവാൻ 'സ്നാന'മേറ്റ എല്ലാ വിശ്വാസികളും അർഹരാണ്. വിവിധ സഭകൾ തമ്മിൽ കുർബ്ബാനാസമ്പർക്കം ആദ്യമേ തുടങ്ങണമെന്നും, അങ്ങനെ അത് ഐക്യത്തിന്റെ മുഖാന്തിരം ആകണമെന്നുമാണ് അവരുടെ അഭിപ്രായം. ഇപ്രകാരം വി. കുർബ്ബാനാസമ്പർക്കത്തെയും അതിൽ കൂടിയുള്ള ഐക്യവീക്ഷണത്തെയും കുറിച്ചുള്ള വ്യത്യസ്ത ചിന്താഗതികൾ എക്യുമെനിക്കൽ പ്രസ്ഥാനത്തിന് പരിഹരിക്കേണ്ട മറ്റൊരു പ്രശ്നമാണ്.

3. പട്ടത്വത്തിലുള്ള ഐക്യം, സഭൈക്യത്തിന്റെ വേറൊരു മുഖാന്തിരവും പ്രകാശനവുമാണ്. പക്ഷേ പട്ടത്വത്തോട് ഉള്ള സമീപനത്തിൽ നവീകരണ സഭകളും ഓർത്തഡോക്സ് സഭകളും തമ്മിൽ കാതലായ വ്യത്യാസമുണ്ട്. പട്ടത്വത്തെ പരിഹസിക്കുന്ന ചിലരടക്കമുള്ള പല നവീകരണ സഭാവിഭാഗങ്ങളും, സഭയിലെ കാര്യനിർവ്വഹണത്തിനായിട്ടുള്ള നിയോഗം ആയിട്ടു മാത്രമേ പട്ടത്വത്തെ കാണുന്നുള്ളു. സഭയുടെ കാതലായ സ്വഭാവവുമായി പട്ടത്വത്തിന് വലിയ ബന്ധമൊന്നുമില്ല എന്നതാണ് ഇവിടുത്തെ പ്രത്യേകത. സഭയിലെ ഇടയന്മാരായി നിയോഗിക്കപ്പെടുന്നവരുടെ ജോലി വചനഘോഷണവും കൂദാശാനുഷ്ഠാനവുമാണ്.

എന്നാൽ ഇത്തരത്തിലല്ല ഓർത്തഡോക്സ് സഭകൾ കാണുന്നത്. സഭയുടെ കാതലായ സ്വഭാവത്തിന്റെ അവശ്യഘടകമാണ് ഓർത്തഡോക്സ് പാരമ്പര്യത്തിൽ പട്ടത്വം. ഒരു മെത്രാപ്പോലീത്താ, മഹാപുരോഹിതനും, നല്ല ഇടയനും ആയ ക്രിസ്തുവിന്റെ സാക്ഷാൽ സാന്നിദ്ധ്യം ആണെന്നും, അദ്ദേഹമില്ലാതെ സഭയുടെ ഐക്യം അപൂർണ്ണമാണെന്നുമാണ് ഓർത്തഡോക്സ് വിശ്വാസം. ആയതിനാൽ പട്ടത്വം കേവലമൊരു ധർമ്മമല്ല; സഭാപൂർണ്ണതയുടെ കൗദാശിക യാഥാർത്ഥ്യമാണ്. മെത്രാപ്പോലീത്താ പ്രാദേശികസഭയ്ക്ക് ആകമാനസഭയെ പ്രതിനിധീകരിക്കുകയും, ആകമാന സഭയ്ക്ക് പ്രാദേശിക സഭയെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു.

പട്ടത്വത്തെ സംബന്ധിച്ചുള്ള ഈ രണ്ടു വീക്ഷണങ്ങൾ സഭൈക്യ പ്രസ്ഥാനത്തിന് അഭിമുഖീകരിക്കേണ്ടതാണ്.

## സഭൈക്യപ്രസ്ഥാനവും, അഖിലലോക സഭാകൗൺസിലും, ഓർത്തഡോക്സ് വീക്ഷണത്തിൽ

സഭൈക്യസംരംഭം വ്യാപകമാകേണ്ടിയിരിക്കുന്നു. എല്ലാ സഭാവിഭാഗങ്ങളുടേയും പങ്കാളിത്വം പ്രത്യേകിച്ച് ഏറ്റംവലുതും ആഗോളവ്യാപകവുമായ റോമൻ കത്തോലിക്കാസഭയുടെ സഹകരണം അതിന് അനുപേക്ഷണീയമാണ്. അപ്പോൾ മാത്രമേ സഭൈക്യസംരംഭങ്ങൾക്ക് ഒരു പൂർണ്ണത അവകാശപ്പെടാൻ സാധിക്കുകയുള്ളു. സഭാകൗൺസിൽ കത്തോ

ലിക്കേതര സഭാവിഭാഗങ്ങളുടെ സംരംഭമായിരുന്നാൽ മാത്രം പോരാ, എല്ലാവർക്കും പങ്കാളിത്തമുള്ള ഒന്നായിരുന്നാലേ കാതോലിക വീക്ഷണത്തിന് അതിന്റേതായ മാന്യത സിദ്ധിക്കുകയുള്ളു. ഇന്ന് അഖിലലോക സഭാ കൗൺസിലിൽ നവീകരണവിഭാഗത്തിലെ അവാന്തര ഘടകങ്ങളും (റിഫോംഡ്, ലൂഥറൻ, മെതഡിസ്റ്റ്, ആംഗ്ലിക്കൻ, പഴയ കത്തോലിക്കർ, സെക്റ്റേറിയൻ വിഭാഗങ്ങൾ) ഓർത്തഡോക്സ് സഭകളും ആണ് അംഗങ്ങളായുള്ളതെങ്കിലും പ്രൊട്ടസ്റ്റന്റു ഭൂരിപക്ഷമുള്ളതിനാൽ ഓർത്തഡോക്സ് ചിന്താഗതികൾ കേവലം ന്യൂനപക്ഷാഭിപ്രായമായി ഗണിക്കപ്പെടുന്നുണ്ട്. അതിനാൽ കാതോലിക വീക്ഷണത്തിന് അർഹമായ അംഗീകാരം ലഭിക്കുവാൻ റോമൻകത്തോലിക്കരുടേയും അംഗത്വം അതിനാവശ്യമാണ്. ലോകസമാധാനത്തിനും, സാമൂഹ്യനീതിക്കുമായി പോരാടുവാനുള്ള സഭാകൗൺസിലിന്റെ പ്രവർത്തനങ്ങൾ ഓർത്തഡോക്സ് സഭകൾ സ്വാഗതം ചെയ്യുന്നുണ്ട്. പക്ഷേ രക്ഷയെക്കുറിച്ച് കേവലം ബാഹ്യമായ അളവുകോലുകളിൽ നടത്തുന്ന വിലയിരുത്തലുകൾക്ക് ഓർത്തഡോക്സ് സഭകൾ മുന്നറിയിപ്പുകളും, ശക്തമായ പ്രതിഷേധങ്ങളും അറിയിക്കുന്നുമുണ്ട്. എങ്കിലും അഖിലലോക സഭാകൗൺസിലിലെ ഓർത്തഡോക്സ് പങ്കാളിത്തം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാകുവാൻ ശക്തമായ നേതൃത്വവും പ്രവർത്തനശേഷിയും ആവശ്യമാണ്.

### എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ

എക്യുമെനിക്കൽ സംരംഭത്തിന്റെ ഏറ്റം കേന്ദ്രിക ലക്ഷ്യങ്ങൾ സഭയുടെ ഐക്യവും, സമാധാനത്തിലും നീതിയിലും മനുഷ്യവർഗ്ഗത്തിന് കഴിയുവാനുതകുന്ന ഒരു ലോകവുമാണ്. ആദ്യത്തെ ലക്ഷ്യം സഭൈക്യ പ്രസ്ഥാനത്തിന്റെ ആരംഭം മുതലേ പ്രാഥമികമായിട്ടുള്ളതാണെങ്കിലും അതിനു പിമ്പിലേ പല പ്രശ്നങ്ങളും നിമിത്തം അത്ര ത്വരിതമായി പുരോഗമിക്കുന്നില്ല. സഭൈക്യ സംരംഭത്തിന്റെ പ്രായോഗിക പ്രശ്നം രണ്ടു തരത്തിലാണന്തർഭവിക്കുന്നത്.

ഒന്നാമത്തേത്, പ്രൊട്ടസ്റ്റന്റു സഭാവിഭാഗങ്ങളിൽ തന്നെ അഭ്യന്തര ഐക്യം സംജാതമാക്കുന്നതിൽ. ഇത് വിശ്വാസത്തേക്കാളധികം പല പ്രായോഗിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. പ്രൊട്ടസ്റ്റന്റു സഭകൾ ഏകീഭവിച്ചാൽ അവയുടെ ഘടനയിൽ വരുന്ന മാറ്റവും, തന്മൂലം നേതൃത്വത്തിലുള്ള പ്രശ്നങ്ങളും ഒരുവശത്ത്.

മറുവശത്ത് മൂന്നു ക്രിസ്തീയ പാരമ്പര്യങ്ങളും (ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ്, റോമൻ കത്തോലിക്കാ) തമ്മിൽ ഐക്യപ്പെടുമ്പോഴുളവാകുന്ന വിശ്വാസപരവും, പ്രായോഗികവുമായ പ്രശ്നങ്ങൾ: പ്രൊട്ടസ്റ്റന്റുകാർ ഒരു വശത്തും, കത്തോലിക്കരും ഓർത്തഡോക്സുകാരും മറുവശത്തുമായി നോക്കുമ്പോൾ വ്യത്യാസങ്ങൾ പ്രധാനമായും സഭ, പൗരോഹിത്യം, കൂദാശകൾ എന്നിവയെ സംബന്ധിച്ചാണ്. വി. ത്രിത്വത്തെ സംബന്ധിച്ചോ യേശുക്രിസ്തുവിനെ സംബന്ധിച്ചോ, അവതീർണ്ണനായ ദൈവപുത്രനെ സംബന്ധിച്ചോ കാതലായ വ്യത്യാസങ്ങൾ ഇല്ലായെങ്കിലും, കൂടുതൽ കടന്നുചെല്ലുമ്പോൾ അവിടെയും സാരമായ ചില വ്യത്യാസങ്ങൾ

ആവിർഭവിക്കുന്നു. അവ പ്രധാനമായും താഴെ പറയുന്നവയോടനുബന്ധിച്ചാണ്:

1. കന്യകമറിയാമും അവൾക്ക് ദൈവീക രക്ഷാവ്യാപാരത്തിലുള്ള സ്ഥാനവും. 2. വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത. 3. വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള ആചരണങ്ങൾ. 4. സഭയിൽ മെത്രാപ്പോലീത്തായുടെ സ്ഥാനം. 5. സഭൈക്യത്തെ പ്രകാശിപ്പിക്കുന്നതിൽ എപ്പിസ്കോപ്പൽ സുന്നഹദോസുകൾക്കുള്ള സ്ഥാനം. 6. വി. കുർബ്ബാനയുടെ യഥാർത്ഥ സ്വഭാവം, രൂപം. 7. പട്ടത്വം, മൂറോനഭിഷേകം, കുമ്പസാരം.

ഇവയെ സംബന്ധിച്ചുള്ള അഭിപ്രായൈക്യം ഇനിയും വളരെ വിദൂരമെന്നാണ് തോന്നുന്നത്. സംഭാഷണങ്ങൾ കുറ്റപ്പെടുത്തലുകൾക്കു വഴി തെളിച്ചേക്കാമെങ്കിലും ഇവയെക്കുറിച്ച് അടിസ്ഥാനപരമായി ചില ധാരണകളിലെത്താതെ സഭൈക്യസംരംഭം പുരോഗമിക്കയില്ല. നിർഭാഗ്യവശാൽ അഖിലലോക സഭാകൗൺസിൽ സമ്മേളനങ്ങളിലും അതിന് എന്തോ മടിയുള്ളതായി തോന്നിപ്പോകുന്നു.

റോമൻ കത്തോലിക്കരും ഓർത്തഡോക്സുകാരും തമ്മിലുള്ള പ്രധാന വിവാദം സഭയുടെ ഐക്യത്തിന്റെ സ്വഭാവത്തെ സംബന്ധിച്ചാണ്. റോമിലെ മെത്രാപ്പോലീത്താ ആഗോളസഭയുടെ അജപാലകനും അധികാരിയുമാണെന്നും, അദ്ദേഹം വി. പത്രോസിന്റെ പിൻഗാമിയും ക്രിസ്തുവിന്റെ കാര്യസ്ഥനും ആകമാനസഭയുടെ തലവനും ആണെന്നും റോമൻ കത്തോലിക്കാസഭ പറയുന്നു. തന്നിമിത്തം സഭയുടെ ഐക്യത്തിന്റെ സ്വഭാവം, ഏകനായകന്റെ കീഴിൽ സഭകൾ വന്നുചേരുകയാണെന്ന് അവർ പറയുന്നു. എന്നാൽ എല്ലാ മെത്രാപ്പോലീത്താമാരും തുല്യരും, അവരവരുടെ പ്രദേശത്തെ ആളുകളുടെ ഇടയിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം പ്രകാശിപ്പിക്കുന്നവരുമാണെന്നു ഓർത്തഡോക്സുകാർ പറയുന്നു. തന്നിമിത്തം ആകമാനസഭയുടെ മേലുള്ള ഭരണാധികാരം മെത്രാപ്പോലീത്താമാരുടെ കൗൺസിലുകൾക്കു മാത്രമാണുള്ളത്. അല്ലാതെ ഏതെങ്കിലും മെത്രാപ്പോലീത്തായ്ക്കോ പാത്രിയർക്കീസിനോ ഉള്ളതല്ല. അവർ കൗൺസിലിനു മീതെയല്ല: കൗൺസിലിനു താഴെയാണവർ. ആകമാന സുന്നഹദോസുകളുടെ ഒന്നിന്റെയും അദ്ധ്യക്ഷൻ പോലുമായി ഒരു റോമാപാപ്പായെ കാണുവാൻ കഴിയുന്നില്ല. തന്നിമിത്തം നാലാം നൂറ്റാണ്ടു വരെയെങ്കിലും സഭയിൽ ഇന്നത്തെ റോമൻ കത്തോലിക്കാ ചിന്താഗതി നിലവിലില്ലായിരുന്നു എന്നു മനസ്സിലാക്കാം. ആകമാനസഭയുടെ മേൽ ആദിമുതലേ ഉള്ള അധികാരം ആകമാന സുന്നഹദോസുകൾക്കാണ്. ഒരു പ്രദേശത്തുള്ള എല്ലാ ക്രിസ്ത്യാനികളും പരസ്പരവും, അവരുടെ മെത്രാപ്പോലീത്തായുമായി വിശ്വാസത്തിലും സ്നേഹത്തിലും ഒന്നായി വി. കുർബ്ബാനാസമ്പർക്കത്തിൽ വരുകയും, എല്ലാ മെത്രാപ്പോലീത്താമാരും ഒരേ കൗൺസിലിൽ, ഒരേ വിശ്വാസത്തിൽ, ഒരേ സ്നേഹത്തിൽ, ഒരേ കുർബ്ബാനയിൽ പരസ്പരം സമ്പർക്കത്തിൽ വരുകയും ചെയ്യുന്നതു മൂലം മാത്രമേ സഭൈക്യം സ്ഥായിയായ യാഥാർത്ഥ്യമാകയുള്ളു.

# 9
# സ്നേഹം: ക്രിസ്തുമതത്തിന്റെ അടിസ്ഥാനം

സ്നേഹമാണ് ക്രിസ്തുമതത്തിന്റെ അന്തഃസത്തയെന്നു സാധാരണ വ്യവഹരിക്കാറുണ്ട്. പക്ഷേ ഈ അഭിമതത്തെ വിമർശനബുദ്ധ്യാ സ്വീകരിക്കാനേ ഈ ലേഖകനു സാധിക്കൂ. 'മതം' എന്നു പറഞ്ഞാൽ അഭിപ്രായം എന്നാണല്ലോ അർത്ഥം. പല അഭിപ്രായങ്ങൾ ലോകത്തിലുള്ളതിൽ ഒരഭിപ്രായമാണ് ക്രിസ്തുമതമെന്നു പറഞ്ഞാൽ പല ക്രിസ്ത്യാനികൾക്കും അതു സമ്മതിച്ചുകൊടുക്കാനാവില്ല. അല്ല, കുറെ സനാതനതത്വങ്ങളുടെ സംഹിതയാണോ മതം? ക്രിസ്തുമതത്തെ ഏതാനും ചില തത്വങ്ങളുടെ സമുച്ചയമാക്കി വെട്ടിക്കുറക്കാനും പ്രയാസം തന്നെ. ഏതർത്ഥത്തിലാണ് ക്രിസ്തുമതത്തെ ഒരു മതമായി നാം കണക്കാക്കുന്നത്? അതിനെ ഒരു വിശ്വാസം എന്നു പറഞ്ഞാലും ആചാരമെന്നു പറഞ്ഞാലുമൊക്കെ പ്രശ്നങ്ങളുണ്ട്.

ക്രിസ്തുമതം ഒരു മതമാണെന്നു സമ്മതിച്ചാൽത്തന്നെ അതിനൊരു അന്തഃസത്തയുണ്ടെന്നു വാദിക്കുവാൻ നന്നേ പ്രയാസമാണ്. ഒരു കേന്ദ്ര പ്രമേയം ക്രൈസ്തവ പാരമ്പര്യത്തിനുണ്ടെന്നതിനു സംശയമൊന്നുമില്ല. പക്ഷേ, അത് അന്തഃസത്തയാണെന്നു പറയാൻ പ്രയാസം. അടിസ്ഥാനമെന്നോ, മൗലിക യാഥാർത്ഥ്യമെന്നോ പറയുന്നതായിരിക്കും കുറെക്കൂടി ഉചിതം. എന്താണ് ക്രൈസ്തവ പാരമ്പര്യത്തിലെ മൗലിക യാഥാർത്ഥ്യം അല്ലെങ്കിൽ അടിസ്ഥാനം? സ്നേഹമാണതെന്നു പറയുവാൻ അത്ര എളുപ്പം സാദ്ധ്യമല്ല. ചുരുക്കിപ്പറയണമെങ്കിൽ ഒന്നുരണ്ടു വാക്യങ്ങളെങ്കിലും വേണം.

"സർവ്വേശ്വരൻ നസ്രത്തിലെ യേശുവിൽ മനുഷ്യനായിത്തീർന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി മരിച്ചു. ഒരു പുതിയ മനുഷ്യവർഗ്ഗത്തിന്റെ ഉദ്ഘാടനമെന്നോണം മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. സർവ്വപ്രപഞ്ചത്തിന്റെയും ആധിപത്യം യേശുക്രിസ്തുവിൽ മനുഷ്യവർഗ്ഗത്തിനു നൽകപ്പെട്ടിരുന്നു. സർവ്വമനുഷ്യരും യേശുക്രിസ്തുവിൽ ദൈവമക്കളാകുവാൻ വിളിക്കപ്പെടുന്നു."

ഇത്രയുമെങ്കിലും പറഞ്ഞെങ്കിലേ ക്രിസ്തീയ പാരമ്പര്യത്തിലെ മൗലിക യാഥാർത്ഥ്യങ്ങളെ കുറിക്കാനാവൂ.

എന്നാൽ ഈ പറഞ്ഞതെല്ലാം സർവ്വേശ്വരന് മനുഷ്യവർഗ്ഗത്തോടുള്ള മഹാസ്നേഹത്തിന്റെ പ്രകടനമാണെന്ന നിലയിൽ, സ്നേഹമാണ് ക്രിസ്തീയപാരമ്പര്യത്തിന്റെ അടിസ്ഥാനമെന്നു വേണമെങ്കിൽ പറയാം. ദൈവവിളി കേൾക്കുന്നവരിൽ നിന്നു സർവ്വേശ്വരൻ പ്രതീക്ഷിക്കുന്നതും സ്നേഹം തന്നെയാണ്. ദൈവമക്കളാകുക എന്നു പറഞ്ഞാൽ പിതാവി

നെപ്പോലെ സ്നേഹസ്വരൂപരാകുക എന്നാണർത്ഥം. ആ വിധത്തിൽ ചിന്തിച്ചാലും സ്നേഹമാണു സർവ്വസ്വവും എന്നു പറയാം.

**എന്താണു സ്നേഹം?**

സ്നേഹമെന്ന മലയാളപദത്തിന് അർത്ഥക്ലിപ്തത നൽകുക വളരെ വിഷമമാണ്. ഉദാഹരണങ്ങൾ കാണിക്കാൻ സാധിക്കും. പക്ഷേ, അതുകൊണ്ടു മാത്രം അർത്ഥം വ്യക്തമാകുകയില്ല.

ഉദാഹരണത്തിനു കാമുകീകാമുകന്മാരുടെ സ്നേഹമെടുക്കൂ. അതാണോ ദൈവസ്നേഹത്തിന്റെ മാതൃക? കാമുകിയും കാമുകനും തങ്ങൾക്കു തന്നെ നിയന്ത്രിക്കാനാവാത്ത ഒരു വികാരപാരവശ്യത്താൽ പരസ്പര അകൃഷ്ടരാകുന്നതു പോലെയാണോ ഈശ്വരനും മനുഷ്യനും തമ്മിലുള്ള സ്നേഹം?

അല്ല, മാതാവിനു കുഞ്ഞിനോടുള്ള സ്നേഹമെടുക്കൂ. അതിലും മാതാവിന്റെ ഇച്ഛാശക്തി (will) യേക്കാൾ കൂടുതൽ പ്രവർത്തിക്കുന്നത് വാസനാശക്തി (instinct) യാണ്. ഈശ്വരനു മനുഷ്യനോടുള്ള സ്നേഹം ഇങ്ങനെ പരാദത്തമായ ഒരു വാസനാശക്തിയാണോ?

ക്രൈസ്തവപാരമ്പര്യം സ്നേഹമെന്ന പദത്തിനു പുതിയ ഒരർത്ഥം തന്നെ കൊടുത്തു എന്നതാണു പരമാർത്ഥം. അതുകൊണ്ടാണു സ്നേഹത്തെക്കുറിച്ചുള്ള ഒരു സാഹിത്യം തന്നെ ക്രൈസ്തവ പാരമ്പര്യത്തിലുടലെടുത്തത്.

ക്രിസ്തു തന്നെ പഠിപ്പിച്ചതു പ്രധാനമായും സ്നേഹമായിരുന്നു. “അമർത്യതയുടെ ആനന്ദത്തിലേക്കു പ്രവേശിപ്പാൻ ഞാൻ എന്തു ചെയ്യണം?” വേദവിശാരദനും ധനസമ്പന്നനുമായ ഒരു യുവാവിന്റേതാണു ചോദ്യം. “നിനക്കെന്തു തോന്നുന്നു?” ക്രിസ്തുവിന്റെ മറുചോദ്യം. യുവാവിന്റെ മറുപടി: ‘ഹൃദയപൂർണ്ണതയോടും സർവ്വശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സർവ്വേശ്വരനെ സ്നേഹിക്കണം. എന്നെപ്പോലെയുള്ള മനുഷ്യരാണു മറ്റുള്ളവരും എന്ന ബോധത്തോടെ അവരേയും സ്നേഹിക്കണം.’ “ശരി, നിന്റെ ഉത്തരം വളരെ ശരി തന്നെ. അങ്ങിനെ ചെയ്തുകൊള്ളൂ. നിത്യജീവനുണ്ടാകും” (ലൂക്കോ. 10:25-28.).

യേശുവിന്റെ ഗിരിപ്രഭാഷണം എടുത്തുനോക്കൂ. “കൂട്ടുകാരനെ സ്നേഹിക്കണം. ശത്രുവിനെ പകയ്ക്കണം എന്നൊക്കെയല്ലേ നിങ്ങൾ കേട്ടിട്ടുള്ളത്? പക്ഷേ ഞാൻ പറയുന്നു, ശത്രുക്കളെ സ്നേഹിക്കൂ. നിങ്ങളെ വിഷമിപ്പിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കൂ. അങ്ങനെയേ നിങ്ങൾ സ്വർഗ്ഗീയ പിതാവിന്റെ പുത്രന്മാരായിത്തീരൂ. ദുഷ്ടർക്കും ശിഷ്ടർക്കും ഒന്നുപോലെ ഈശ്വരൻ സൂര്യനെ ഉദിപ്പിക്കുന്നു. നീതിമാനും അനീതിയുള്ളവനും ഒരുപോലെ മഴ കൊടുക്കുന്നു. നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേഹിച്ചാൽ അതിലെന്താണ് പ്രത്യേകത?.... അന്യമതസ്ഥരും അതു ചെയ്യുന്നുണ്ടല്ലോ. നിങ്ങൾ അങ്ങനെയല്ല. നിങ്ങളുടെ പിതാവ് എപ്രകാരം സർവ്വസ്നേഹിയായിരിക്കുന്നോ അതുപോലെ നിങ്ങളും ആകണം” (മത്താ. 5:43-48).

യോഹന്നാൻ പറയുന്നു: “തന്റെ ഏകപുത്രനെ ലോകത്തിനായി നൽകുവോളം ഈശ്വരൻ നമ്മെ സ്നേഹിച്ചു” എന്ന് (യോഹ. 3:16). “ഒരു പുതിയ ശാസനം ഞാൻ നിങ്ങൾക്കു നൽകുന്നു: നിങ്ങൾ പരസ്പരം സ്നേഹിക്കണം. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്നു ലോകത്തിനു മനസ്സിലായിക്കൊള്ളും” (യോഹ. 13:34-35). യോഹന്നാന്റെ സുവിശേഷത്തിൽ യേശു ഈ കല്പന പല പ്രാവശ്യം ആവർത്തിച്ചുപറയുന്നുണ്ട്. “ഇതാണെന്റെ കല്പന. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. തന്റെ സ്നേഹിതർക്കു വേണ്ടി ജീവൻ ബലികഴിക്കുക എന്നതിൽ കവിഞ്ഞ് എന്തു സ്നേഹമാണ് ഒരു മനുഷ്യനു സാധിക്കുക?.. ഇതാണെന്റെ ശാസനം: നിങ്ങൾ പരസ്പരം സ്നേഹിക്കുക” (യോഹ. 15:12-17).

യോഹന്നാന്റെ ഒന്നാം ലേഖനം സ്നേഹത്തെ കുറെക്കൂടി ഉയർത്തിക്കാണിക്കുന്നു: “വത്സലരേ, നമുക്കു പരസ്പരം സ്നേഹിക്കാം. കാരണം, സ്നേഹം ഈശ്വരനിൽ നിന്നാണ്. സ്നേഹിക്കുന്നവൻ ഈശ്വരജാതനാണ്. അവൻ ഈശ്വരനെ അറിയുന്നു. സ്നേഹിക്കാത്തവന് ഈശ്വരജ്ഞാനം സാദ്ധ്യമല്ല: കാരണം, ഈശ്വരൻ സ്നേഹം തന്നെയാണ്. ഇതിലാണ് ഈശ്വരന് നമ്മോടുള്ള സ്നേഹം നമ്മുടെ ഇടയിൽ പ്രദൃഷ്ടമായത്. തന്റെ ഏകപുത്രനെ ഈശ്വരൻ ലോകത്തിലേയ്ക്കയച്ചു, നാം അവൻമൂലം അവനിൽ ജീവിക്കേണ്ടതിനു തന്നെ. ഇതാണു സ്നേഹം. നാം ഈശ്വരനെ സ്നേഹിച്ചു എന്നതല്ല, ഈശ്വരൻ നമ്മെ സ്നേഹിച്ചു, നമ്മുടെ പാപങ്ങളിൽ നിന്നു നമുക്കു വിമുക്തിയുണ്ടാക്കാൻവേണ്ടി തന്റെ പുത്രനെ നമ്മുടെ ഇടയിലേയ്ക്കയച്ചു. വത്സലരേ, ഈശ്വരൻ നമ്മെ ഇത്ര വളരെ സ്നേഹിച്ചെങ്കിൽ നാമും പരസ്പരം സ്നേഹിക്കണമല്ലോ. ഈശ്വരനെ ആരും കണ്ണുകൊണ്ടു കണ്ടിട്ടില്ല. എന്നാൽ നാം പരസ്പരം സ്നേഹിക്കുമ്പോൾ ഈശ്വരൻ നമ്മിൽ വസിക്കുന്നു. അവിടുത്തെ സ്നേഹം നമ്മിലൂടെ വർത്തിച്ചു പൂർണ്ണത പ്രാപിക്കുന്നു” (യോഹ. 4:7-12).

കുറെക്കൂടി സവിസ്തരമായി സ്നേഹത്തിന്റെ രൂപത്തെക്കുറിച്ച് പ്രതിപാദിക്കുന്നത് വിശുദ്ധ പൗലോസാണ്. കോരിന്തിലെ ക്രൈസ്തവർക്കെഴുതിയ ലേഖനത്തിലെ ആ സ്നേഹവിവരണത്തിന് ഇന്നും നമ്മെ കോരിത്തരിപ്പിക്കുവാൻ കഴിവുണ്ട്.

“മനുഷ്യരുടേയും മാലാഖമാരുടേയും ഭാഷകളിൽ സംസാരിപ്പാൻ എനിക്കു കഴിഞ്ഞാലും സ്നേഹമില്ലെങ്കിൽ ഞാൻ ഒരു വെറും മുഴങ്ങുന്ന ചെമ്പ്, കിലുങ്ങുന്ന കൈത്താളം! എത്ര തന്നെ ദാർശനിക ശക്തികളെനിക്കുണ്ടായാലും സകല മർമ്മവും ജ്ഞാനവും ഞാൻ ഹൃദിസ്ഥമാക്കിയാലും, മലകളെ മറിക്കാനുള്ള വിശ്വാസശക്തി എനിക്കുണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ വെറുമൊരു ശൂന്യതയാണ്. എനിക്കുള്ളതെല്ലാം ഞാൻ ദാനം ചെയ്താലും എന്റെ ശരീരം തന്നെ ഞാൻ അഗ്നിയിൽ ദഹിപ്പിച്ചാലും സ്നേഹമില്ലെങ്കിൽ എനിക്കു പ്രയോജനമൊന്നുമില്ല.

സ്നേഹത്തിനു ക്ഷമയും കരുണയുമുണ്ട്. സ്നേഹത്തിൽ അസൂയയുമില്ല, അഹങ്കാരവുമില്ല. അത് ഉദ്ധതയുമല്ല, പരുഷവുമല്ല. അതിന്റെ

ഇഷ്ടം നടക്കണമെന്ന് അതിന് ശാഠ്യമില്ല. അതിനു വിരോധവുമില്ല, കാലുഷ്യവുമില്ല. സ്നേഹം സർവ്വവും സഹിക്കും: സർവ്വവും വിശ്വസിക്കും: സർവ്വവും പ്രത്യാശിക്കും: സർവ്വവും സക്ഷമം അനുഭവിക്കും.

സ്നേഹത്തിന് അന്ത്യമില്ല, പ്രവചനം നീങ്ങിപ്പോകും. മറുഭാഷകളും മാറിപ്പോകും. ജ്ഞാനംതന്നെയും മാഞ്ഞുപോകും. കാരണം, നമ്മുടെ ജ്ഞാനം അപൂർണ്ണമാണല്ലോ. പ്രവചനവും അപൂർണ്ണം തന്നെ. പൂർണ്ണമായത് വരുമ്പോൾ അപൂർണ്ണമായത് അഴിഞ്ഞുപോകും..... വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നാണ് നിലനില്ക്കുന്നത്. എന്നാൽ സ്നേഹമാണ് ഇവയിൽ ഏറ്റവും ശ്രേഷ്ഠം. സ്നേഹം നിങ്ങളുടെ ജീവിതലക്ഷ്യമാക്കൂ" (1 കൊരി. 13:1–14:1).

## സ്നേഹം പാശ്ചാത്യക്രൈസ്തവ ചിന്തയിൽ

സ്നേഹത്തിന്റെ ദാർശനികനായിരുന്നു ആഗസ്തീനോസ്. "നമുക്ക് ഈശ്വരനെ സ്നേഹിക്കാം" ഇതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. "സ്നേഹിക്കൂ – എന്നിട്ടെന്തു വേണമെങ്കിലും ചെയ്തുകൊള്ളൂ." സ്നേഹം എല്ലാറ്റിലും ഉപരി ഈശ്വരനോടായിരിക്കണം. സ്നേഹമെന്നു പറഞ്ഞാൽ നന്മയിലേക്കുള്ള ഒരു ആകർഷണമാണ്, സാധാരണഗതിയിൽ. നന്മകളുടെ നന്മയാണല്ലോ ഈശ്വരൻ. അതുകൊണ്ട് ഈശ്വരനിലേക്കു നാം ആകൃഷ്ടരാകുന്നതാണ് ഏറ്റവും വലിയ സ്നേഹം. ഈശ്വരനെ നാം സ്നേഹിക്കുന്നത് ഈശ്വരൻ സ്നേഹം തന്നെ ആയതുകൊണ്ടാണ്. amor amoris - സ്നേഹത്തോടുള്ള സ്നേഹമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അന്തഃസത്തയെന്ന് ആഗസ്തീനോസ് വാദിക്കുന്നു. "സ്നേഹിക്കപ്പെടേണ്ടതിന്റെ സ്നേഹത്തെയാണു നാം സ്നേഹിക്കേണ്ടത്." നാം ഏറ്റവും സ്നേഹിക്കുന്ന മനുഷ്യരിലുള്ള ഏറ്റവും വലിയ നന്മ അവരുടെ സ്നേഹം തന്നെയല്ലോ. ക്രിസ്തുവിലും നാം സ്നേഹിക്കുന്നതു ക്രിസ്തുവിന്റെ സ്നേഹത്തെയാണ്. ഈശ്വരൻ തന്നെ സ്നേഹമാണെങ്കിൽ ഈശ്വരനോടുള്ള സ്നേഹം സ്നേഹത്തോടുള്ള സ്നേഹമാണല്ലോ. അതുകൊണ്ട് എന്തിനെയാണു ഞാൻ സ്നേഹിക്കേണ്ടത് എന്നു ചിന്തിച്ചു വ്യാകുലപ്പെടേണ്ട ആവശ്യം എനിക്കില്ല. സഹോദരനെ നാം സ്നേഹിക്കുമ്പോൾ സ്നേഹത്തെയാണ് ഞാൻ സ്നേഹിക്കുന്നത്. അതുതന്നെയാണു ഈശ്വരസ്നേഹവും. സ്നേഹത്തെ ഞാൻ ആശ്ലേഷിക്കുമ്പോൾ ഈശ്വരനെതന്നെയാണ് ഞാൻ ആശ്ലേഷിക്കുന്നത്" (De Trinitate, VIII, 10 ff.).

ആഗസ്തീനോസിന്റെ ചിന്തയിൽ പ്ലേറ്റോനിസത്തിനുള്ള സ്വാധീനമാണിവിടെ കാണുന്നതെന്ന് അക്വീനാസ് ചൂണ്ടിക്കാട്ടുന്നു (S. T. II-IIae, q. 23, art. 2). അതായത് എല്ലാ സ്നേഹവും ദിവ്യസ്നേഹത്തിലുള്ള നമ്മുടെ പങ്കാളിത്തത്തെ കുറിക്കുന്നു എന്നുള്ള ചിന്ത തന്നെ.

സ്നേഹത്തോടുള്ള സ്നേഹമാണ് യഥാർത്ഥ സ്നേഹമെങ്കിൽ, ഈശ്വരന്റെ സ്നേഹമോ? ഈശ്വരൻ നമ്മെ സ്നേഹിക്കുന്നതെന്തിന്? നാം സ്നേഹമായതുകൊണ്ടോ, നന്മയായതുകൊണ്ടോ ആണോ? അല്ല. ഈശ്വരന്റെ സ്നേഹവും സ്നേഹത്തോടുള്ള സ്നേഹമാണ്. പക്ഷേ സ്നേഹം

ദൈവമാണെങ്കിൽ സ്നേഹത്തോടുള്ള സ്നേഹം തന്നെത്തന്നെയുള്ള സ്നേഹമാവില്ലേ? ഒരുവിധത്തിൽ അതെ. ഈശ്വരസ്നേഹത്തിന്റെയും ഈശ്വരേച്ഛയുടേയും ഈശ്വരജ്ഞാനത്തിന്റേയും ഒക്കെ വിഷയം (object) ഈശ്വരൻ തന്നെയല്ലെങ്കിൽ, ഈശ്വരന് ഏതാണ്ട് പോരായ്മയുണ്ടായിട്ട് ഈശ്വരനല്ലാത്ത മറ്റൊന്നിനെ സ്നേഹിക്കുക എന്നോ? അത് തീർച്ചയായും സാദ്ധ്യമല്ല.

പക്ഷേ, സൃഷ്ടി ഈശ്വരനാണോ? പിന്നെയെങ്ങിനെയാണ് ഈശ്വരൻ സൃഷ്ടിയെ സ്നേഹിക്കുക? തീർച്ചയായും നാം ഈശ്വരനെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതലായി ഈശ്വരൻ നമ്മെ സ്നേഹിക്കുന്നുണ്ട്. നാം ഈശ്വരനല്ലെങ്കിൽ അതെങ്ങിനെ സാധിക്കും? ആ ചോദ്യത്തിനുമുണ്ട് സമാധാനം, ആഗസ്തീനോസിന്റെ കൈയിൽ.

സൃഷ്ടിയുടെ തന്നെ തത്വമെന്താണ്? സ്നേഹം. സൃഷ്ടിയുടെ സോപാനത്തിൽ ഓരോ പടിയിലുമുള്ള സൃഷ്ടിക്ക് അതിനുമുകളിൽ ഉള്ളതിനോട് ആകർഷണമുണ്ട്. ഉപരിയായുള്ളതിനെക്കുറിച്ചു വിഭാവനം ചെയ്ത് അതിന്റെ മുദ്ര താഴെയുള്ളതിൽ പതിയുമ്പോഴാണ് രണ്ടാമത്തേതിനു രൂപഭേദമുണ്ടാകുന്നത്. അങ്ങിനെ സൃഷ്ടിയിൽത്തന്നെ കാണപ്പെടുന്നത് ഈശ്വരന്റെ സ്നേഹസ്വരൂപമാണ്. ഈശ്വരൻ സൃഷ്ടിയെ നോക്കിയിട്ട് കണ്ടതെന്താണ്? അതു നല്ലതാണെന്നല്ലേ? അതുകൊണ്ടു സൃഷ്ടി ഈശ്വരന്റെ നന്മയുടെ പ്രതിഫലനമാണ്. അങ്ങിനെയെങ്കിൽ സൃഷ്ടിയെ സ്നേഹിക്കുന്നതിൽ ഈശ്വരൻ സ്വയം സ്നേഹിക്കയാണെന്നു പറയുന്നതിൽ വലിയ തെറ്റില്ല.

പക്ഷേ, ഈശ്വരന്റെ സ്നേഹമെന്നു പറയുന്നത് സൃഷ്ടിയുടെ കാര്യത്തിലെന്നതുപോലെ അപൂർണ്ണത പൂർണ്ണതയെ തേടുന്നതല്ല. പൂർണ്ണതയുടെ കവിഞ്ഞൊഴുകലാണ് ഈശ്വരനു സൃഷ്ടിയോടുള്ള സ്നേഹം. സൃഷ്ടിയുടെ ഉത്ഭവം തന്നെ ആ കവിഞ്ഞൊഴുക്കിലാണ്. അല്ലാതെ ഈശ്വരന്റെ ആഗ്രഹത്തിലൊന്നുമല്ല. അപൂർണ്ണതയ്ക്കു പൂർണ്ണതയോടുള്ള സ്നേഹത്തിൽ സ്നേഹിക്കുന്നവൻ സ്നേഹവിഷയത്തിനു (object of love) സ്വയം കീഴ്പ്പെടുത്തിക്കൊടുക്കേണ്ടിവരുന്നു. സൃഷ്ടിയിലാവട്ടെ ഈശ്വരസ്നേഹമാകുന്ന അരൂപി ജലത്തിന്റെ മീതെ പറന്നുനടക്കുന്നതേയുള്ളു. അതിനു വെള്ളത്തെക്കൊണ്ട് ആവശ്യമൊന്നുമില്ല. ദൈവസ്നേഹത്തിലാണ് സൃഷ്ടിയുടെ ഉത്ഭവം. ദൈവസ്നേഹത്തിലാണതിന്റെ നിലനിൽപ്. പക്ഷേ ദൈവം തന്റെ സൃഷ്ടിയുടെ അടിമയല്ല.

ആഗസ്തീനോസിന്റെ ഈ ചിന്താഗതിയുടെ ഒരു വിമർശനത്തിന് ഇവിടെ ഒരുങ്ങുന്നില്ല. രണ്ടു മൂന്നു ബലഹീനതകൾ ചൂണ്ടിക്കാണിക്കാതെ നിവൃത്തിയുമില്ല. ഒന്നാമതായി നിയോപ്ലേറ്റോണിസത്തിലുള്ള സ്നേഹത്തിന്റെ നിർവ്വചനം വലിയ വ്യത്യാസങ്ങളൊന്നും കൂടാതെ അദ്ദേഹം എടുത്തുപയോഗിക്കുന്നു എന്നുള്ളത്. സ്നേഹം വെറും ഒരു ആകർഷണശക്തി മാത്രമാണോ? അതിൽ വികാരവും ഇച്ഛയും മനസ്സും ഒരുപോലെ പ്രവർത്തിക്കേണ്ടതല്ലേ? സ്നേഹം ആകർഷണം മാത്രമല്ല, യോഗമാണ്, സംയോജനമാണ്. അതുപോലെ തന്നെ, സ്നേഹം ആത്മസമർപ്പണവുമാണ്. സേവ

നമാണ്; ആത്മത്യാഗമാണ്; മറ്റു പലതുമാണ്. വളരെ പരിമിതമായ ഒരു സ്നേഹനിർവ്വചനമാണ് ആഗസ്തീനോസിന്റെ ചിന്തയിലുള്ളത്. രണ്ടാമത്തെ ബലഹീനത സ്നേഹം പരമന്മ (Summum bonum) യെ തേടിയുള്ള ഗതിയാണെന്നുള്ള വിഭാവനത്തിലാണ് കാണപ്പെടുന്നത്. തേടുന്നതെന്തിന്? സ്വായത്തമാക്കുന്നതിനോ ആസ്വദിക്കുന്നതിനോ അതോ, പരമനന്മയ്ക്ക് നമ്മെത്തന്നെ നൽകി നിർവൃതി നേടുന്നതിനോ? ആഗസ്തീനോസിന്റെ ചിന്തയിൽ ഈ വ്യത്യാസം അത്ര വ്യക്തമല്ല.

പരമനന്മയെ തേടുന്നതിനുള്ള ഒരു പ്രവണത നമ്മിൽത്തന്നെ ഉണ്ടെന്നു പറഞ്ഞാൽ നമ്മിൽ നന്മയൊന്നുമില്ല, നാം പൂർണ്ണമായും പാപികളാണ്, തിന്മയ്ക്കുള്ള വ്യഗ്രതയാണ് മനുഷ്യൻ എന്നുള്ള ആഗസ്തീനോസിന്റെ സിദ്ധാന്തവുമായി അത് എത്രമാത്രം യോജിക്കുമെന്നുള്ളതാണ് അദ്ദേഹത്തിന്റെ ചിന്താസൗധത്തിന്റെ മറ്റൊരു ബലഹീനത.

ഇതൊക്കെയാണെങ്കിലും, സ്നേഹമാണീശ്വരൻ, ഈശ്വരസംയോഗം സാധിക്കുന്നതുവരെ മനുഷ്യഹൃദയം ചഞ്ചലമാണ്, ശാന്തതയില്ലാത്തതാണ് എന്നുള്ള അദ്ദേഹത്തിന്റെ ചിന്ത ക്രിസ്തീയവിശ്വാസത്തിന്റെ മാത്രമല്ല, ഉൽകൃഷ്ടമതങ്ങളുടെ ഒക്കെയും അന്തഃസത്തയിൽ കാണപ്പെടുന്നുണ്ടെന്നതിനു സംശയമില്ല.

## സ്നേഹം - ഒരു പൗരസ്ത്യ ചിന്തകനിൽ

സ്നേഹത്തെപ്പറ്റി അധികം ചിന്തിച്ചിട്ടുള്ള പൗരസ്ത്യക്രിസ്തീയപിതാക്കന്മാരിൽ അഗ്രഗണ്യനാണ് മാക്സിമോസ്. അദ്ദേഹത്തിന്റെ ചിന്താസൗധത്തിന്റെ അടിസ്ഥാനം നിഷ്കാമത (detachment) എന്നുള്ളതാണ്. സദ്ഗുണം (virtue) ദുർഗുണം (vice) എന്നിവയാണു മനുഷ്യന്റെ രണ്ടു സാദ്ധ്യതകൾ. ഇവയിൽ മനുഷ്യനു 'സ്വാഭാവിക'മായിട്ടുള്ളത് സദ്ഗുണമാണ്.

സദ്ഗുണസോപാനത്തിന്റെ ഉച്ചകോടിയാണു സ്നേഹം. ദുർഗുണങ്ങൾ പലതാണ്. ദുർഗുണങ്ങൾ ശരീരത്തിന്റെയോ, ആത്മാവിന്റെയോ, മനസ്സിന്റെയോ ആകാം. അവയുടെ എല്ലാം ഉത്ഭവം ശരീരത്തിനു പഞ്ചേന്ദ്രിയങ്ങൾവഴി, ലോകവുമായുള്ള ബന്ധത്തിൽനിന്നാണെന്നു മാക്സിമസ് പറയുന്നു. ആത്മാവിന്റെ ശക്തികളുടെ ദുരുപയോഗമാണ് ഇന്ദ്രിയങ്ങൾ തെറ്റായ വഴിയിൽ പോകുന്നതിനു കാരണം. എന്നാൽ ആത്മാവിന്റെ ശക്തി തന്നെ രണ്ടുവിധത്തിലുള്ളതാണ് - ക്രോധാധിഷ്ഠിതം (irascible) അല്ലെങ്കിൽ മാനസികം (concupiscible); കാമാധിഷ്ഠിതം അഥവാ വൈകാരികം ആത്മനിയന്ത്രണവും യഥാർത്ഥ സ്നേഹവുമാണ് ഇവയുടെ പ്രതിവിധികൾ. എന്നാൽ ദുർഗുണങ്ങളുടെയെല്ലാം അടിസ്ഥാനം കാമാധിഷ്ഠിതമായ, വൈകാരികമായ ആത്മസ്നേഹമാണ്. അതിൽനിന്ന് ഉൽഭൂതമാകുന്ന മറ്റു ദുർഗുണങ്ങളിൽ പ്രധാനമായുള്ളത് ഉദരമോഹം (gluttony). അടുത്തത് ലൈംഗികമോഹം. ഉദരമോഹത്തിന്റെ പിരിയാത്ത കൂട്ടുകാരനാണ് ഇത്. മൂന്നാംസ്ഥാനത്ത് ദ്രവ്യമോഹം നിൽക്കുന്നു. ഈ ആർജ്ജനാസക്തിയും വൈകാരികം അഥവാ, കാമാധിഷ്ഠിതം തന്നെ. കാമാധിഷ്ഠിത ദുർഗുണങ്ങളെ അനുഗമിക്കുന്ന ക്രോധാധിഷ്ഠിതദുർഗുണങ്ങളിൽ കോപ

ദുഃഖങ്ങളാണ് ഒന്നാംസ്ഥാനത്ത്. പരസ്പരബന്ധിതങ്ങളാണു കോപവും ദുഃഖവും. ആനന്ദത്തിന്റെ അഭാവത്തിൽനിന്നാണു രണ്ടിന്റേയും ഉത്ഭവം. അശ്രദ്ധയാണ് അടുത്ത ദുർഗുണം. മനസ്സിനെ നിയന്ത്രിക്കുവാനുള്ള ഈ കഴിവില്ലായ്മ ക്രോധാധിഷ്ഠിതമാണ്. കാരണം ക്രോധം എന്നു പറയുന്നത് മാനസികമായ ആത്മനിയന്ത്രണത്തിന്റെ അഭാവംതന്നെയാണല്ലോ. പക്ഷേ, കാമാധിഷ്ഠിത ദുർഗുണങ്ങളിലേയ്ക്കുള്ള ആസക്തിയാണു ശ്രദ്ധയെ നിയന്ത്രണമില്ലാതാക്കിത്തീർക്കുന്നത്. പ്രശംസാമോഹം (vain glory) അഹങ്കാരബന്ധിയായ മാനസികപാപങ്ങളിൽ പ്രധാനമായിട്ടുള്ളതാണ്. ഔദ്ധത്യമാണ് (pride) ദുർഗുണങ്ങളിലഗ്രഗണ്യൻ. അവസാനം മാത്രമേ അവൻ കീഴടങ്ങുകയുള്ളു. സത്യത്തിന്റെ നിഷേധമായ ഈ ദുർഗുണം അടിസ്ഥാനത്തിൽ മാനസികമാണ്. ഈശ്വരൻ സർവ്വോപരി നന്മയാണ്. സകല നന്മയുടേയും ഉണ്മയുടേയും ഉറവാണ് എന്ന സത്യം മറന്നിട്ട്, ഞാൻ തന്നെയാണു നന്മയുടേയും ഉണ്മയുടേയും ഉത്ഭവകേന്ദ്രം എന്ന മിഥ്യാബോധമാണു ഔദ്ധത്യത്തിന്റെ അടിസ്ഥാനം.

മനുഷ്യനെ ദ്രവിപ്പിക്കുന്നവയാണീ ദുർഗുണങ്ങൾ. മനുഷ്യൻ മരണോന്മുഖനായി ജീവിക്കുന്നതിന്റെ കാരണവും ഈ വിവിധ ദുർഗുണങ്ങൾ തന്നെ. മാനസികവും വൈകാരികവുമായി മനുഷ്യാത്മാവിനുള്ള ശക്തികളുടെ ദുർവിനിയോഗമാണ് മനുഷ്യനെ മരണത്തിലേക്കു നടത്തുന്നത്.

ബഹുരൂപമായ ഈ ദുർഗുണസമുച്ചയം മനുഷ്യാത്മാവിന്റെ ഐക്യത്തെ ശിഥിലീകരിച്ചു സാഫല്യം നൽകാൻ സാധിക്കാത്ത മോഹങ്ങളുടെ വൈവിദ്ധ്യത്തിലേയ്ക്കു മനുഷ്യനെ വലിച്ചിഴയ്ക്കുന്നു. ഈശ്വരബന്ധത്തെ ഖണ്ഡിച്ച്, നന്മയുടേയും, ഉണ്മയുടേയും ഉറവയുമായുള്ള ബന്ധത്തിൽ നിന്നു മനുഷ്യനെ ഛേദിച്ചുകളയുന്നു. ഈശ്വരനേയും സഹോദരനേയും സ്നേഹിച്ചു ജീവിക്കുവാൻ നിയുക്തനായ മനുഷ്യൻ, ഈ ദ്വിബന്ധങ്ങളുടെ നിഷേധംമൂലം മനുഷ്യനല്ലാതായിത്തീരുന്നു. സ്നേഹം വീണ്ടും സാദ്ധ്യമായിത്തീരുമ്പോഴേ അവനു വീണ്ടും മനുഷ്യനായിത്തീരുവാൻ കഴിയുകയുള്ളു. ഏകോന്മുഖമായ സ്നേഹം മൂലം ആനന്ദനിർവൃതി അടയേണ്ട മനുഷ്യൻ ബഹുമുഖമായ ദുർഗുണങ്ങളെത്തേടി കാമപൂരണം പ്രാപിക്കുവാൻ ശ്രമിക്കുന്നതോടെ അവൻ മനുഷ്യനല്ലാതായിത്തീരുന്നു. ഈ ദുർഗുണങ്ങളോടും ഐന്ദ്രികാനുഭൂതിയോടുമുള്ള ഒരു ആസക്തി അവനിൽ ഉൽഭൂതമായി, ഒന്നായിരിക്കേണ്ട മനുഷ്യൻ പലതായിത്തീരുന്നു. പല ഇന്ദ്രിയങ്ങളിൽക്കൂടി പല അനുഭവങ്ങളെ തേടുന്നു. ഒന്നും നിർവൃതി നൽകുന്നില്ലാതാനും. മനുഷ്യവ്യക്തിയിലുണ്ടാകുന്ന ഈ തകർച്ച മനുഷ്യവർഗ്ഗത്തെത്തന്നെയും ബാധിച്ചിട്ടുണ്ട്. മനുഷ്യവർഗ്ഗം തന്നെ സ്നേഹത്തിന്റെ അഭാവം മൂലം ഛിന്നഭിന്നമായിപ്പോകുന്നു. മനുഷ്യസ്നേഹത്തിനു പകരം സ്വാർത്ഥസ്നേഹം മനുഷ്യരെ ഭരിക്കുന്നതോടുകൂടെ അവന്റെ സാർവ്വലൗകികവും വ്യക്തിപരവുമായ ഐക്യം നശിക്കുന്നു.

സ്നേഹത്തിൽ അധിഷ്ഠിതമായ സദ്ഗുണസമുച്ചയം "വിശ്വാസം, ഈശ്വരാരാധന, ആത്മനിയന്ത്രണം, ക്ഷമിപ്പാനും സഹിപ്പാനുമുള്ള ശക്തി, ഈശ്വരനിലുള്ള പ്രത്യാശ, നിഷ്കാമത, സ്നേഹം" എന്നിവയാണ്.

സ്നേഹമാണിവയുടെയെല്ലാം കേന്ദ്രവും ഉച്ചകോടിയും. സ്നേഹത്തിൽ സകല സദ്ഗുണങ്ങളും അടങ്ങിയിരിക്കുന്നു. സ്നേഹം ഛിന്നഭിന്നമായ തിനെ വീണ്ടും ഒരുമിപ്പിക്കുന്നു.

സ്നേഹം നമ്മെ ദൈവാരൂപികളാക്കുന്നു. സ്നേഹംമൂലം നാം ദൈവി കീകൃതരാകുന്നു. സ്നേഹം അന്ത്യവിശ്രമത്തിലേക്ക് അനന്തശാന്തിയി ലേക്ക്, പരമാനന്ദത്തിലേക്ക് നമ്മെ വഴി നടത്തുന്നു. സ്നേഹത്തിന്റെ പാരമ്യമാണ് ഈശ്വരനുമായുള്ള പൂർണ്ണമായ സംയോജനം. അതാണു സായൂജ്യം. അവിടെ സ്നേഹം പൂർണ്ണതയിലെത്തുമ്പോൾ മനുഷ്യൻ ഈശ്വരരൂപിയായിത്തീരുന്നു. അതിൽ കവിഞ്ഞൊന്നുമില്ലല്ലോ.

മാക്സിമസ്സിന്റെ ഈ പൗരസ്ത്യചിന്താഗതിയിലും ചില മൗലികബല ഹീനതകൾ ഇല്ലാതില്ല. ഒന്നാമത് ഈ സ്നേഹ നിർവ്വചനത്തിൽ ക്രൈസ്ത വമായി എന്താണുള്ളതെന്ന് ആധുനിക ക്രൈസ്തവർ ചോദിക്കും. ഏതു മതത്തിലും അംഗീകാര്യങ്ങളായ തത്വങ്ങളാണല്ലോ ഇവ. ക്രിസ്തു ഇങ്ങ നെയൊന്നുമല്ലല്ലോ പഠിപ്പിച്ചത്. ഇതാണോ ക്രിസ്തുമതം? ഇത് അരിസ്റ്റോ ട്ടിലും പ്ലോറ്റൈനസും, സ്റ്റോയിക്കുകളും പഠിപ്പിച്ച ചിന്തയല്ലേ?

## സ്നേഹം ഒരാധുനിക ചിന്തകനിൽ

സ്നേഹത്തെപ്പറ്റി എഴുതിയിട്ടുള്ള ആധുനിക പാശ്ചാത്യക്രൈസ്തവ രുടെ പട്ടിക സുദീർഘമാണ്. സി. എസ്. വില്യംസ്, സി. എസ്. ലൂവീസ്, ആൻഡേഴ്സ് നീഗ്രൻ, എം. സി. ഡാഴ്സി തുടങ്ങിയവർ അതിൽ ഉൾപ്പെ ടുന്നു. നീഗ്രനും ഡാഴ്സിയും വായിച്ചാലേ ഈ "സ്നേഹവിവാദ"ത്തിന്റെ കഥ മുഴുവനും മനസ്സിലാകയുള്ളു. നീഗ്രന്റെ "അഗാപ്പെയും ഈറോസും" എന്ന ഗ്രന്ഥം സ്നേഹനിർവ്വചനത്തിന്റെ ക്രൈസ്തവചരിത്രത്തെ സമ ഗ്രമായി വിദതമാക്കാൻ ശ്രമിക്കുന്നുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ സ്വന്ത മായ ചില പദ്ധതികൾക്കുള്ളിൽ സ്നേഹത്തെ നിർത്തുവാൻ വേണ്ടി ഈ ചരിത്രത്തെ പലപ്പോഴും അദ്ദേഹം തെറ്റിദ്ധരിക്കുന്നില്ലേ എന്ന് സംശയി ക്കേണ്ടിയിരിക്കുന്നു.

സ്നേഹത്തെ അദ്ദേഹം മൂന്നായി തരംതിരിച്ചിരിക്കുന്നു. അഗാപ്പെ (agape) യാണു പുതിയനിയമത്തിലെ ക്രൈസ്തവസ്നേഹം. ഈറോസ് (eros) ഗ്രീക്ക് പാരമ്പര്യത്തിലെ സ്നേഹവിഭാവനമാണ്. ഇവ രണ്ടിനേയും കൂട്ടിച്ചേർത്തു മധ്യശതകങ്ങളിൽ കത്തോലിക്കാസഭ ഉളവാക്കിയ ഒരാശ യസങ്കേതമാണ് കാരിത്താസ് (caritas - ഇംഗ്ലീഷിൽ charity).

ഈറോസ് – മനുഷ്യന് ഈശ്വരനോടുള്ള സ്നേഹമാണ്. പൂർണ്ണത യോടുള്ള ഒരാസക്തിയാണിത്. ഈശ്വരനെത്തേടി കണ്ടുപിടിച്ചു നിർവൃതി അടയുന്നതുവരെ ആളിക്കത്തിയോ വഴിതെറ്റിയോ മങ്ങിമയങ്ങിയോ കിട ക്കുന്ന ഒരു മൗലിക ബുഭുക്ഷയാണ് ഈറോസ്. "നിന്നിൽ വിശ്രാന്തിയട യുന്നതുവരെ അക്ഷമമാണെന്റെ ഹൃദയം" എന്ന് ആഗസ്തീനോസു പറ ഞ്ഞതു മനുഷ്യഹൃദയത്തിന്റെ ഈ പ്രാഥമിക വാഞ്ഛയെക്കുറിച്ചാണ്. ഒട്ടിയ വയറു നിറക്കാൻ വിശപ്പു വാഞ്ഛിക്കുന്നതുപോലെ ശൂന്യമായ മനുഷ്യഹൃദയം ഈശ്വരനെക്കൊണ്ടു നിറയാനാഗ്രഹിക്കുന്നു. അതാണു

ഈറോസ്. പോരായ്മയെ തീർക്കാനുള്ള ഒരു വ്യഗ്രത. മൂല്യങ്ങളെ സ്വായത്തമാക്കുവാനുള്ള ആഗ്രഹം.

അഗാപ്പെയാകട്ടെ പൂർണ്ണതയുടെ ഒരു കവിഞ്ഞൊഴുക്കാണ്. മൂല്യത്തെയല്ല അതു തേടുന്നത്. അതിനു പോരായ്മയൊന്നുമില്ല. നിറവിൽ നിന്നാണ് അഗാപ്പെയുടെ ഉത്ഭവം. കുറവിൽ നിന്നാണ് ഈറോസ് ഉടലെടുക്കുന്നത്. ഈറോസിനു കുറവുതീർക്കാൻ മൂല്യത്തെ സ്വായത്തമാക്കണം. അഗാപ്പെയാകട്ടെ വിലയില്ലാത്തതിനു വിലയുണ്ടാക്കിക്കൊടുക്കുന്നു. ആർജ്ജനാസക്തിയൊന്നുമതിനില്ല. അഗാപ്പെ ഈശ്വരനു മാത്രമേ സാധിക്കൂ. കാരണം നിറവ് അവിടെ മാത്രമേയുള്ളു. നമുക്ക് ഈശ്വരനോടുള്ള സ്നേഹം നിറവിൽ നിന്നുള്ളതല്ല, പ്രത്യുത കുറവിൽനിന്നാണ്. പാപികളായ നാം പൂർണ്ണതയെ സ്നേഹിക്കുന്നത് ഈറോസ്. പൂർണ്ണതയുള്ള ഈശ്വരൻ പാപികളെ സ്നേഹിച്ച് അവർക്കു വിലയുണ്ടാക്കിക്കൊടുക്കുന്നത് അഗാപ്പെ. അഗാപ്പെ നിഷ്കാമമാണ്. നമ്മുടെ സ്നേഹം ആർജ്ജനാസക്തിയുള്ളതാണ്. നാം ലഭിക്കുവാൻ വേണ്ടി സ്നേഹിക്കുന്നു. അത് ഈറോസ്. ഈശ്വരൻ നൽകുവാൻ വേണ്ടി സ്നേഹിക്കുന്നു. അത് അഗാപ്പെ. അഗാപ്പെ നിസ്വാർത്ഥമായ ഈശ്വരദാനമാണ്. ഈറോസ് സ്വാർത്ഥമോഹമുള്ള ആർജ്ജനാസക്തിയാണ്. രണ്ടും പൂർണ്ണമായും പരസ്പരവിരുദ്ധമാണ്. ഇതാണ് നീഗ്രന്റെ പ്രശസ്തമായ നിർവ്വചനം.

എന്നാൽ, ഇവയുടെ സ്വാഭാവികമായ പരസ്പരവൈരുദ്ധ്യം മനസ്സിലാക്കാതെ രണ്ടിനെയും പരസ്പരം അനുരഞ്ജിപ്പിച്ച് ഒരു സങ്കലിത ആശയം ഉണ്ടാക്കിയതാണ് മാദ്ധ്യമികകാലങ്ങളിലെ പാശ്ചാത്യസഭയുടെ സൃഷ്ടിയായ കാരിത്താസ്. ഈ സങ്കലനംമൂലം ക്രിസ്തീയ വിശ്വാസത്തിന്റെ ജീവനാഡിയായ അഗാപ്പെയ്ക്കു ബലക്ഷയമുണ്ടാകയാണു ചെയ്തതെന്നാണു നീഗ്രന്റെ വാദം. ശത്രുവായ ഈറോസ് അഗാപ്പെയെ കീഴ്പ്പെടുത്തിയില്ല. ഇടയ്ക്കിടയ്ക്ക് അഗാപ്പെ വീണ്ടും പൊന്തിവരും. അപ്പോഴാണത്രേ ക്രൈസ്തവസഭയ്ക്കു നവോത്ഥാനമുണ്ടാകുന്നത്.

ലൂഥറൻ പാരമ്പര്യത്തിലാണു സ്വീഡൻകാരനായ ബിഷപ്പ് നീഗ്രന്റെ ചിന്തയുടെ ഉത്ഭവം. ക്രൈസ്തവവിശ്വാസത്തെയും ഗ്രീക്കു പാരമ്പര്യത്തെയും പരസ്പര വിരോധികളായി കാണുകയെന്നുള്ളതു നവീകരണസഭകളിൽ സാധാരണ കാണുന്ന ഒരു പ്രവണതയാണ്. യോഗാത്മകത (mysticism) യോടുള്ള വൈരുദ്ധ്യവും ഈ ജർമ്മൻ പാരമ്പര്യത്തിൽ രൂഢമൂലമാണ്. ഈശ്വരനും മനുഷ്യനും പരിപൂർണ്ണമായും പരസ്പര വൈരുദ്ധ്യമുള്ളവരായിക്കാണുവാൻ സാധിക്കുന്ന ഒരു പ്രത്യേക പാരമ്പര്യമാണു കാൽവിനിസത്തിലും ലൂഥറനിസത്തിലും കാണുന്നത്. അത് മനസ്സിലാക്കിയെങ്കിലേ അഗാപ്പെയും ഈറോസും തമ്മിൽ പരിപൂർണ്ണവൈരുദ്ധ്യം കൽപ്പിക്കുന്ന നീഗ്രന്റെ ചിന്തയും മനസ്സിലാക്കാൻ കഴിയൂ. ഈ വൈരുദ്ധ്യത്തിന്റെ പ്രമുഖവശങ്ങൾ അദ്ദേഹം തന്നെ നൽകുന്നത് ഇവിടെ കുറിച്ചുകൊള്ളട്ടെ: (ഇ: ഈറോസ്; അ: അഗാപ്പെ)

1. ഇ: ആർജ്ജനാസക്തിയും വാഞ്ഛയുമാണ്.

അ. ത്യാഗാത്മകമായ ആത്മദാനമാണ്.

2. ഇ. മുകളിലോട്ടുള്ള നീക്കമാണ്.

അ. താഴോട്ടു നീങ്ങുന്നു.

3. ഇ. മനുഷ്യരിൽ നിന്ന് ഈശ്വരനിലേക്കു പ്രയാണം ചെയ്യുന്നു.

അ. ഈശ്വരനിൽ നിന്നു മനുഷ്യരിലേക്ക്.

4. ഇ. മനുഷ്യന്റെ പ്രവൃത്തിയാണ്. മനുഷ്യന്റെ മുക്തി അവനവന്റെ പ്രയത്നത്തിന്റെ ഫലമായി അതു കാണുന്നു.

അ. ഈശ്വരന്റെ കൃപയാണ്. ഈശ്വരസ്നേഹത്തിന്റെ ഫലമാണു രക്ഷ.

5. ഇ. അഹംകേന്ദ്രമായ (egocentric) സ്നേഹമാണ്. അതിശ്രേഷ്ഠവും ഉദാത്തവും ഉൽകൃഷ്ടവുമായ ഒരു സ്വോപോദ്വലനമാണ് (Self assertion). എന്നാൽ

അ. നിസ്വാർത്ഥ സ്നേഹമാണ്. സ്വാർത്ഥത്തെ കാംക്ഷിക്കുന്നില്ല.

അ. ആത്മസമർപ്പണം ചെയ്യുന്നു.

6. ഇ. ഇതിന്റെ ജീവനെ നേടുവാൻ വെമ്പൽകൊള്ളുന്നു: ദൈവികമായ, നിദാന്തമായ ജീവനെത്തന്നെ.

എന്നാൽ

അ. ഈശ്വരന്റെ ജീവിതം ജീവിക്കുന്നു. അതുകൊണ്ടു ജീവനെ നഷ്ടപ്പെടുത്തുവാൻ അതിനു സങ്കോചമില്ല.

7. ഇ. സ്നേഹവിഷയത്തെ നേടുവാനും സ്വന്തമാക്കുവാനും ശ്രമിക്കുന്നു; അഗ്രഹവും ആവശ്യവുമാണ് അതിന്റെ അടിസ്ഥാനം.

അ. നല്കുവാനുള്ള സ്വാതന്ത്ര്യമാണ്; സമ്പദ്സമൃദ്ധിയിൽ നിന്നേ അ. ഉദിക്കുകയുള്ളു.

8. ഇ. യിൽ മനുഷ്യൻ സ്നേഹിക്കുന്നു. ദൈവം സ്നേഹിക്കപ്പെടുന്നു.

അ. ഈശ്വരനു മനുഷ്യനോടുള്ള സ്നേഹമാണ്. മനുഷ്യൻ ദൈവത്തെ സ്നേഹിക്കുന്ന രൂപത്തിൽ മനുഷ്യനോടുള്ള സ്നേഹത്തെ വിഭാവനം ചെയ്താൽ അത് ഇ. ആണ്. ദൈവം മനുഷ്യനെ സ്നേഹിക്കുന്ന രൂപത്തിലുള്ള സ്നേഹം മനുഷ്യനിൽ കണ്ടാൽ അത് അ. ആണ്.

9. ഇ. യ്ക്ക് സ്നേഹിക്കപ്പെടുന്നതിന്റെ ഗുണം, സൗന്ദര്യം, മൂല്യം ഇവയാണ് പ്രധാനം. അതു സ്വതസ്ഫൂർത്ത (spontaneous) മല്ല: ആകൃഷ്ടമാണ്; പ്രേരിതമാണ്.

അ. സ്നേഹിക്കപ്പെടുന്നതിനാൽ ഭരിക്കപ്പെടുന്നില്ല. നന്മയേയും തിന്മയേയും ഇഷ്ടംപോലെ സ്നേഹിപ്പാൻ അതിനു കഴിയുന്നു. അതു സ്വതസ്ഫൂർത്തമാണ്; കവിഞ്ഞൊഴുകുന്നതാണ്; അനാകൃഷ്ടമാണ്.

10. ഇ. സ്നേഹിതമായതിൽ വിലകണ്ടിട്ട് ആ വിലയേയാണ് സ്നേഹിക്കുന്നത്.

അ. സ്നേഹിക്കുന്നതു മൂലം വിലയില്ലാത്തതിൽ വില സൃഷ്ടിക്കുന്നു.

നീഗ്രന്റെ ഈ വാദത്തിന് ദീർഘമായി മറുപടി പറയുവാൻ ഇവിടെ

സ്ഥലമില്ല. എം. സി. ഡാഴ്സിയുടെ "സ്നേഹത്തിന്റെ മനസ്സും ഹൃദയവും" എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന മറുപടി, നീഗ്രന്റെ ചിന്താഗതിയിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ലെന്നാണ് അദ്ദേഹം തന്റെ ഗ്രന്ഥത്തിന്റെ 1953-ലെ രണ്ടാം പതിപ്പിന്റെ മുഖവുരയിൽ പറഞ്ഞിരിക്കുന്നത്.

ഈ ലേഖകന് ഒരു ചോദ്യമേയുള്ളു. അഗാപ്പെ ഈശ്വരനു മാത്രമേ സാദ്ധ്യമാകയുള്ളുവോ? അതോ മനുഷ്യനും അതു സാദ്ധ്യമാണോ? ഈശ്വരൻ സാദ്ധ്യമാക്കിയെങ്കിലേ അതു സാദ്ധ്യമാകൂ എന്നു പറഞ്ഞാൽ, ഈശ്വരൻ സാദ്ധ്യമാക്കിയില്ലെങ്കിൽ മനുഷ്യന് അസ്തിത്വം പോലും ഉണ്ടാകയില്ലായിരുന്നു എന്നു പറയേണ്ടിവരും. സ്നേഹം ആത്മസമർപ്പണവും കവിഞ്ഞൊഴുക്കുമാണെങ്കിൽ ആദം മുതലേ ഇതുപോലെയുള്ള സ്നേഹം പലയിടത്തും കാണപ്പെട്ടിട്ടുണ്ട്; ക്രിസ്തു വന്നതിനുമുൻപും അതിനുശേഷവും, ക്രൈസ്തവരിലും അക്രൈസ്തവരിലും. അതുകൊണ്ട് ഈശ്വരന്റെ സ്നേഹവും മനുഷ്യന്റെ സ്നേഹവും പരസ്പരവിരുദ്ധമാണെന്നു പറയുന്നതിൽ വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല.

"ഈശ്വരനെ സമസ്തഹൃദയത്തോടും കൂടെ സ്നേഹിക്കുക. സഹോദരനേയും നിന്നെപ്പോലെതന്നെ സ്നേഹിക്കുക" എന്ന ഈശ്വരശാസനത്തിലടങ്ങിയിരിക്കുന്നത് ദാനസ്നേഹമാണോ, ഇച്ഛാസ്നേഹമാണോ, അഗാപ്പെയാണോ, ഈറോസാണോ? എന്നൊക്കെ ചോദിക്കുന്നതിൽ വലിയ അർത്ഥമൊന്നുമില്ല.

**ഉപസംഹാരം**

സ്നേഹത്തിനു രണ്ടു വശങ്ങളുണ്ടെന്നതാണു പരമാർത്ഥം. ഐക്യത്തിൽ നിന്നകന്നുപോയിരിക്കുന്ന മനുഷ്യന് ഈശ്വരനുമായും സഹോദരനുമായും പുനരൈക്യം പ്രാപിക്കുവാനുള്ള ഒരു വ്യഗ്രതയുണ്ട്. ഇതു ന്യായമായിട്ടുള്ളതാണ്, ദൈവദത്തമായിട്ടുള്ളതാണ്. ഇതിനെ ഈറോസ് എന്നോ ഇച്ഛാസ്നേഹമെന്നോ എന്തുവേണമെങ്കിലും വിളിച്ചുകൊള്ളു. പക്ഷേ അതു തിന്മയാണെന്നു പറയാതിരുന്നാൽ മതി. അവിടെയാണു നീഗ്രന് വലിയ തെറ്റുപറ്റിയിരിക്കുന്നത്. അഗാപ്പെ എന്നു പറയുന്ന ദാനസ്നേഹം മാത്രമേ ദൈവദത്തമായിട്ടുള്ളു, മറ്റതു മാനുഷികമാണ്, മനുഷ്യനിർമ്മിതമാണ്, അതുകൊണ്ടു ദൈവവിരുദ്ധമാണ് എന്നൊക്ക വാദിക്കുന്നത്, മനുഷ്യൻ ഈശ്വരസൃഷ്ടിയല്ലാതെ മറ്റെങ്ങോനിന്നു വന്ന ഒരു ദൈവശത്രുവാണെന്ന തെറ്റിദ്ധാരണയിലാണ് അധിഷ്ഠിതമായിരിക്കുന്നത്. ഈശ്വരനിൽനിന്നും ഐതര്യം (alienation) സംഭവിച്ചവനായ മനുഷ്യൻ തന്റെ സഹോദരനിൽനിന്നു മാത്രമല്ല, വസ്തുപ്രപഞ്ചത്തിൽ നിന്നും തന്റെ സ്വന്തം അസ്തിത്വത്തിൽ നിന്നു പോലും ഇതരനായിത്തീർന്നിരിക്കുന്നു. ഈശ്വരനുമായും സഹോദരനുമായും വസ്തുപ്രപഞ്ചവുമായും സ്വന്തം അസ്തിത്വവുമായും താദാത്മ്യം പ്രാപിക്കുന്നതിനുള്ള ഒരു വ്യഗ്രത മനുഷ്യനിലുണ്ട്. പോരായ്മയിലാണതിന്റെ ഉത്ഭവം. ഇല്ലായ്മയിൽ നിന്നാണത് ഉണ്മയെ ആരായുന്നത്. പക്ഷേ അതുകൊണ്ട് അതു തെറ്റാണെന്ന് വാദിച്ചുകൂടാ.

എന്നാൽ നിറവിൽനിന്നു കവിഞ്ഞൊഴുകുന്ന സ്നേഹം (അഗാപ്പെ) കുറവിൽ നിന്ന് ഉത്ഭവിക്കുന്ന സ്നേഹ (ഈറോസ്) ത്തിന്റെ പൂർത്തീകരമാണെന്നുള്ളതാണ് പരമാർത്ഥം. ഇങ്ങനെയുള്ള സ്നേഹം ക്രിസ്തു വന്നതിനുശേഷമേ ഉണ്ടായുള്ളു എന്നോ ക്രിസ്തുവിലൂടെ മാത്രമേ സാദ്ധ്യമാകയുള്ളു എന്നോ ഒക്കെയുള്ള വാദം ഒരുതരം അഹംകേന്ദ്രമായ, പരിമിതമായ ക്രൈസ്തവദർശനത്തിൽ നിന്നാണുദിക്കുന്നതെന്നു തോന്നുന്നു. പഴയനിയമത്തിലെ രൂത്തിനു നവോമിയോടുള്ള സ്നേഹം അഗാപ്പെയാണോ ഈറോസാണോ? – “നീ പോകുന്നിടത്തു ഞാനും പോകും, നീ പാർക്കുന്നിടത്തു ഞാനും പാർക്കും, നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം.” വിദേശിയായ ഒരു മരുമകൾ അമ്മാവിയമ്മയോടു പറഞ്ഞ ഈ വാക്കുകൾ അഗാപ്പെയുടെതന്നെ പ്രകടനമാണ്. അവൾക്കൊന്നും കിട്ടാൻവേണ്ടിയല്ല, അവളിതു പറഞ്ഞത്. കഷ്ടപ്പെട്ടു ദാരിദ്ര്യത്തിൽ കഴിയുന്ന പരദേശിക്ക് ഒരു കോപ്പ വെള്ളമോ കൊയ്ത്തുകഴിഞ്ഞ് രണ്ടു കതിരോ കൊടുക്കുന്നത് ഒന്നും കിട്ടാൻവേണ്ടിയല്ല. കുമാരനാശാന്റെ കരുണയും ബുദ്ധനു ചിറകൊടിഞ്ഞ മാടപ്രാവിനോടുള്ള സ്നേഹവുമൊക്കെ വെറും മാനുഷികമെന്നോ ഇച്ഛാസ്നേഹമെന്നോ ഒക്കെ വിശേഷിപ്പിച്ചാൽ അത് എത്രമാത്രം വിശ്വാസ്യമായിരിക്കും?

ഈശ്വരനു നമ്മോടുള്ള സ്നേഹമാണ് സ്നേഹത്തിന്റെ ഉന്നതരൂപമെന്നു പറഞ്ഞാൽ അതിൽ ന്യായമുണ്ട്. മനുഷ്യന് ഈശ്വരനോടുള്ള സ്നേഹം ഈശ്വരനു മനുഷ്യനോടുള്ള സ്നേഹത്തിന്റെ പ്രതികരണമാണെന്നു പറഞ്ഞാലും ന്യായമുണ്ട് (പൂർണ്ണമായും ന്യായമല്ലെങ്കിലും). പക്ഷേ, രണ്ടും പരസ്പര വിരുദ്ധമാണെന്നു പറയുന്ന ദ്വിത്വവാദം ക്രിസ്തീയ വിശ്വാസത്തിനു പുറമേനിന്നു കടന്നുകൂടിയ ഒരു ഭയങ്കര വേദവിപരീതമാണ്. അത് വേദഗ്രന്ഥത്തിൽ കാണുകയില്ല; പിന്നീടുള്ള ക്രിസ്തീയ പാരമ്പര്യത്തിലുമില്ല. അഗസ്തീനോസ് കൊടുത്ത അടിസ്ഥാനത്തിന്മേൽ കാൽവിൻ കെട്ടിപ്പടുത്ത ഈ അബദ്ധചിന്തയുടെ വികസിത രൂപമാണു നീഗ്രന്റെ ചിന്ത.

ഈശ്വരൻ സ്നേഹമാണ്. അവിടുത്തെ നിറവിൽനിന്നാണു സ്നേഹം ഉദിക്കുന്നത്. ആ സ്നേഹത്തിൽനിന്നു തന്നെയാണു പ്രപഞ്ചസൃഷ്ടിയുടെ ഉല്പത്തിയും. അതുകൊണ്ടാണു സ്നേഹത്തിന്റെ സഹചാരിയായ സ്വാതന്ത്ര്യം ഉപയോഗിച്ചു മനുഷ്യൻ തന്നെത്തന്നെ ഈശ്വരനിൽ നിന്നു വേർപെടുത്തിയപ്പോൾ അവന് എല്ലാവശത്തും ഐതര്യം ഭവിച്ച് അവൻ വിവശനായിത്തീർന്നത്. ഈ വൈവശ്യത്തിൽ അവൻ ഈശ്വരനിലേക്ക് ഇച്ഛയുടെ കണ്ണുയർത്തുകയും കരൾ ചലിപ്പിക്കുകയും ചെയ്യുന്നത് സ്വാഭാവികമാണ്. അതിൽ തെറ്റൊന്നുമില്ല. ഈശ്വരവിരോധവുമില്ല. പക്ഷേ, അതുകൊണ്ടുമാത്രം അവന്റെ വൈവശ്യം പരിഹരിക്കപ്പെടുകയില്ല.

അവന്റെ ബലഹീനതയിലും വൈവശ്യത്തിലും സ്നേഹസ്വരൂപിയായ ഈശ്വരൻ മനുഷ്യനായിത്തീർന്നു പങ്കുവഹിച്ചു, മരിച്ചു, ഉയിർത്തെഴുന്നേറ്റു. ആ ക്രിസ്തു മൂലം ഈശ്വരനുമായി വീണ്ടും ബന്ധമുണ്ടാകുന്നതിന്റെ ഫലമായി വീണ്ടും ഈശ്വനിൽനിന്നെന്നപോലെ നിറവിൽ നിന്നുള്ള

കവിഞ്ഞൊഴുക്കിന്റെ സ്നേഹം മനുഷ്യനും സാദ്ധ്യമായിത്തീരുന്നു. എന്നാൽ ആ ബന്ധത്തെ ഉറപ്പിക്കുന്നതിനു കുറവിൽ നിന്നുത്ഭവിക്കുന്ന സ്നേഹത്തിനു നിറവിന്റെ സ്നേഹത്തിൽനിന്നു ലഭിക്കുന്ന കഴിവിന്റെ പ്രകടനമാണു ക്രിസ്തീയ യോഗാത്മകത. അതിന്റെ ഉച്ചകോടിയിലുള്ള പ്രകടനം, കാലത്തിലുള്ളത്, ദിവ്യബലിയാണ്. അതാണു സ്നേഹത്തിന്റെ പരമപ്രകടനം. അതിലാണു ക്രിസ്തുമതത്തിന്റെ അന്തഃസത്തയും.

(*മതവും ചിന്തയും*, ജനുവരി, 1972)





# 10

# ദൈവപുത്രന്റെ മർത്ത്യീകരണം അതിന്റെ മൗലികോദ്ദേശ്യമെന്ത് ?

മർത്ത്യീകരണം എന്ന പ്രയോഗം ഒരുപക്ഷേ പുത്തരിയായിരിക്കും. പക്ഷേ പ്രചാരത്തിലുള്ള മനുഷ്യാവതാരം എന്ന പദത്തേക്കാൾ ദൈവ പുത്രൻ മനുഷ്യനായിത്തീർന്നു എന്ന സംഭവത്തെ അറിയിക്കുവാൻ മർത്ത്യീ കരണം എന്ന പ്രയോഗമാണ് കുറെക്കൂടെ അർത്ഥപുഷ്ടമെന്നു തോന്നു ന്നു. മാനവീകരണം എന്നു പറഞ്ഞാൽ humanization എന്നതിന്റെ പരിഭാ ഷയാണ്. എന്നാൽ ഗ്രീക്കിലുള്ള enanthropesis എന്ന പ്രയോഗത്തിന്റെ ഇംഗ്ലീഷ് പരിഭാഷയായ incarnation എന്ന പദത്തെ മലയാളത്തിൽ മനു ഷ്യാവതാരം എന്നു പരിഭാഷപ്പെടുത്തുന്നത് ചിന്താക്കുഴപ്പമുളവാക്കും. കാരണം അവതാരം എന്ന ആശയത്തിൽ 'ആയിത്തീരൽ' (becoming) എന്ന അർത്ഥമില്ല. ഹൈന്ദവ ദർശനത്തിൽ പരിണാമാതീതനായ പരമാത്മാവിന് "ആയിത്തീരു"വാൻ സാദ്ധ്യവുമല്ല. മനുഷ്യനായി കാണപ്പെട്ടു എന്നല്ലാതെ മനുഷ്യനായിത്തീർന്നു എന്ന അർത്ഥം ലഭിക്കണമെങ്കിൽ മർത്ത്യീകരണ മാണ് കുറേക്കൂടി ചേർച്ചയുള്ള പദം.

വചനം ജഡം ധരിച്ചു എന്നല്ല ക്രൈസ്തവവേദം പഠിപ്പിക്കുന്നത്. വി. യോഹന്നാന്റെ സുവിശേഷം 1:14 ൽ പറയുന്നത് "വചനം ജഡം *ആയി ത്തീർന്നു"* എന്നു തന്നെയാണ്. പരിണാമമില്ലാത്ത ദൈവം എങ്ങിനെ മനു ഷ്യനായിത്തീർന്നു എന്നു പണ്ഡിതന്മാർ പണ്ടേ അമ്പരന്നിട്ടുള്ളതാണ്. പല ദാർശനികാദ്ധ്യായങ്ങളുംകൊണ്ട് ഈ അത്ഭുതത്തെ ഗ്രഹിക്കുവാൻ പലരും ശ്രമിച്ചിട്ടുണ്ട്. ഒരു ആളത്വത്തിൽ രണ്ടു പ്രകൃതികളടങ്ങിയിരിക്കു ന്നുവെന്ന് കൽകിദോൻ സുന്നഹദോസും, അതല്ല ഒരാൾക്ക് ഒരു പ്രകൃ തിയെ ഉണ്ടാകുവാൻ സാധിക്കയുള്ളു എന്നതുകൊണ്ട് ദൈവ - മനുഷ്യ പ്രകൃതികൾ ഏകമായിത്തീർന്ന് ഒരാളിൽ സംയുക്തമായിരിക്കുന്നു എന്ന് കൽകിദോൻ വിരുദ്ധരും വാദിക്കുന്നു.

ജഡം ധരിച്ച ദൈവവചനത്തിന്റെ ഏക സ്വഭാവം എന്നു അലക്സ ന്ത്ര്യയിലെ കൂറിലോസും, വചനം പരിവർത്തനം കൂടാതെ വചനമായി രുന്നുകൊണ്ടുതന്നെ മനുഷ്യനായിത്തീർന്നുവെന്ന് മാബൂഗിലെ ഫീലക്സി നോസും ഈ മഹാരഹസ്യത്തെ വ്യാഖ്യാനിക്കുവാൻ തുനിയുന്നു.

എന്നാൽ ഇങ്ങനെ നമ്മുടെ സ്ഥലകാല ജ്ഞാനത്തിന്റെ വഴികാട്ടിക ളായ പദപ്രയോഗങ്ങളിൽ ഒതുക്കിനിർത്താവുന്നതല്ല ദൈവപുത്രന്റെ മർത്ത്യീകരണത്തിന്റെ മഹാമർമ്മം.

ദാർശനികമായി ഈ വിഷയത്തെക്കുറിച്ച് ആദ്യം അപഗ്രഥിക്കുവാനാ രംഭിച്ചത് നാലാം ശതാബ്ദത്തിൽ അലക്സന്ത്ര്യായിലെ മാർ അത്താനാ സ്യോസായിരുന്നു. കൂർമ്മബുദ്ധിയായ ഈ ഇരുപത്തൊന്നുവയസ്സുകാരൻ ക്രിസ്താബ്ദം 318-ാമാണ്ടിൽ രചിച്ച "വചനത്തിന്റെ മർത്ത്യീകരണത്തെ

പ്പറ്റി" (peri enanthropeseos tou logou) എന്ന കൃതിയെ പലരും തെറ്റിദ്ധരിച്ചിട്ടുണ്ടെന്നു തോന്നുന്നു. അജ്ഞാതനായ ദൈവത്തെ ജ്ഞാതനാക്കുവാൻ വേണ്ടിയാണ് ലോഗോസ് ജഡം ധരിച്ചതെന്നുള്ളതല്ല ഈ കൃതിയുടെ മൗലികാശയം.

Revelation എന്ന ഇംഗ്ലീഷ് പദം a poka lypsis എന്ന ഗ്രീക്ക് പദത്തിന്റെ തൽസമമാണ്. മലയാളത്തിൽ 'അനാവരണം' എന്നാണ് അനുപദ പരിഭാഷ. മൂടുപടം മാറ്റുക, അനാച്ഛാദനം ചെയ്യുക, തിരശ്ശീല നീക്കുക എന്നൊക്കെയാണ് ധാത്വർത്ഥം. ഗുപ്തനായ ഈശ്വരനെ വിദിതനാക്കുവാൻ വേണ്ടിയാണ് പുത്രനാംദൈവം ജഡം ധരിച്ചതെന്ന് ഒരു തെറ്റിദ്ധാരണയുളവാക്കാൻ മാർ അത്താനാസ്യോസിന്റെ ഈ പ്രഗത്ഭമായ ഹ്രസ്വകൃതിയിലെ ചില ഭാഗങ്ങൾ ഉപയുക്തങ്ങളായിട്ടുണ്ട്. ഇങ്ങനെയൊരു വാദത്തിന് പിറകിൽ കിടക്കുന്നത് മനുഷ്യന്റെ മൗലിക പ്രശ്നം ജ്ഞാനത്തിന്റെ (അതേ, ദൈവജ്ഞാനത്തിന്റെ തന്നെ) അഭാവമാണെന്നുള്ള തെറ്റിദ്ധാരണയാണ്.

സാധാരണ മതഗുരുക്കന്മാർക്കും ദർശനാദ്ധ്യാപകർക്കും പറ്റുന്ന ഒരമളിയാണ് അജ്ഞാനത്തെ മനുഷ്യന്റെ മൗലിക പ്രശ്നമായി ഗണിയ്ക്കുകയെന്നത്. അജ്ഞാനമാണ് പ്രശ്നമെങ്കിൽ അതിനുള്ള പ്രതിവിധി തീർച്ചയായും ജ്ഞാനം അഥവാ വെളിപ്പാട് (ജ്ഞാനപ്രകാശനം, Revelation) തന്നെയാണല്ലോ.

എന്നാൽ അത്താനാസ്യോസിന്റെ ചിന്തയിൽ മനുഷ്യന്റെ ആത്യന്തിക പ്രശ്നം അജ്ഞാനമല്ല ഐതര്യമാണ്. ഐതര്യ (alienation) ത്തിൽ നിന്നാണ് അജ്ഞാനത്തിന്റെ ഉത്ഭവം. സ്വന്തം തെറ്റു മൂലം ദൈവത്തിൽ നിന്ന് വേർപ്പെട്ട മനുഷ്യൻ, ദൈവത്തെ ഭയന്നിട്ടോ, ശങ്കിച്ചിട്ടോ എന്തോ, സ്വന്ത ഇഷ്ടപ്രകാരമുള്ള പുതിയ ദേവന്മാരെ സൃഷ്ടിച്ച്, അങ്ങിനെ കൂടുതൽ കൂടുതൽ ദൈവത്തിൽനിന്നകന്നു പോയതോടെയാണ് അജ്ഞതയും വർദ്ധിച്ചത്. ദൈവത്തിൽനിന്നു മനുഷ്യൻ ഇതരനായിത്തീർന്നിരിക്കുന്നുവെന്നതാണ് മനുഷ്യന്റെ മഹാപ്രശ്നം.

മൗലികപ്രശ്നം അജ്ഞാനമല്ല. അന്യത്വം അഥവാ ഐതര്യമാണെങ്കിൽ, ജ്ഞാനം അഥവാ വെളിപ്പാട് മാത്രം മതിയായ പ്രതിവിധിയാവുകയില്ല. ഐതര്യം പരിഹരിക്കുവാൻ യോഗത്തിനു മാത്രമേ സാധിക്കൂ. വിട്ടുപോയതു വീണ്ടും കൂടിച്ചേരണം. ശത്രുതയുള്ളതു രമ്യപ്പെടണം. ദൈവവും മനുഷ്യനും തമ്മിൽ ഐക്യം (union) തന്നെയുണ്ടായെങ്കിലേ പ്രശ്നം പരിഹരിക്കപ്പെടൂ. അല്ലാതെ ദൈവത്തെ അറിഞ്ഞതുകൊണ്ടു മാത്രമായില്ല. യഥാർത്ഥത്തിൽ മനുഷ്യൻ ദൈവത്തെ അറിഞ്ഞു ജീവിക്കണമെങ്കിൽ ദൈവവും മനുഷ്യനും തമ്മിൽ നാഥനും ദാസനും എന്ന ബന്ധമോ അറിയപ്പെടുന്നവനും അറിയുന്നവനും തമ്മിലുള്ള ബന്ധമോ ഉണ്ടായാൽ പോരാ. പ്രത്യുത ശരീരവും അതിലെ അംഗങ്ങളും തമ്മിലുള്ളതുപോലെയുള്ള ഒരു യഥാർത്ഥ സംയോഗം തന്നെയുണ്ടാകണം.

അതുകൊണ്ടാണ് ലോഗോസിന്റെ മർത്യീകരണത്തെ വെളിപ്പാടായി

മാത്രം കണ്ടാൽ പോരാ എന്നു വാദിക്കുന്നത്. മനുഷ്യന്നു ദൈവത്തെ വെളിപ്പെടുത്തിക്കൊടുക്കുകയെന്നതല്ല മർത്ത്യീകരണത്തിന്റെ മൗലികോദ്ദേശ്യം. പ്രത്യുത വചനം മർത്ത്യനായിത്തീർന്നിട്ട്, ആ മർത്ത്യീകൃത ദൈവ ശരീരത്തിൽ നാമും അംഗങ്ങളായിത്തീർന്ന് ആ ശരീരത്തിന്റെ ആത്മാവായ പരിശുദ്ധാരൂപിയിൽ നാമും പങ്കാളികളാവുകയെന്നതാണ് മർത്ത്യീകരണത്തിന്റെ യഥാർത്ഥ ലക്ഷ്യം.

എന്നാൽ അങ്ങനെയുള്ള ശാരീരിക യോഗബന്ധത്തിൽ നാം നിൽക്കുമ്പോൾ നമുക്കുണ്ടാവുന്ന ഒരനുഭവമാണ് വെളിപ്പാട് അഥവാ ഈശ്വരനെ യഥാർത്ഥമായി അറിയുവാൻ കഴിയുകയെന്നത്. അതായതു രക്ഷയുണ്ടാകുന്നതു വെളിപ്പാടു മൂലമല്ല. പ്രത്യുത വെളിപ്പാടുണ്ടാകുന്നതു രക്ഷ മൂലമാണെന്നു ചുരുക്കം.

വേദഗ്രന്ഥത്തിൽ കൂടെ ഈശ്വരജ്ഞാനമുളവായി നാം രക്ഷിതരാകുന്നുവെന്ന് ചില ക്രൈസ്തവ വിഭാഗങ്ങൾ പഠിപ്പിക്കാറുണ്ട്. പക്ഷേ അത് ക്രൈസ്തവ പാരമ്പര്യത്തിൽ വേണ്ടത്ര അവഗാഹം നേടാത്തതുകൊണ്ടുണ്ടാകുന്ന ഒരു തെറ്റിദ്ധാരണയാണ്. ചരിത്രത്തിൽ ഉണ്ടായതായ വെളിപ്പാട് വേദപുസ്തകത്തിൽ കുറിച്ചുവെച്ചിരിക്കുന്നുവെന്നല്ല ക്രൈസ്തവ പാരമ്പര്യം പഠിപ്പിക്കുന്നത്. വേദപുസ്തകം വായിച്ചതുകൊണ്ടുമാത്രം ഏതൊരുവനും ദൈവജ്ഞാനമുളവായിക്കൊള്ളണമെന്നില്ല.

എന്നാൽ പൗലോസ് ശ്ലീഹാ പ്രശ്നത്തെക്കുറിച്ചുള്ള അത്ഭുതാവഹമായ അന്തർദർശനത്തോടെ പറയുന്നതെന്താണ്?

"ഈശ്വരങ്കലേയ്ക്കു തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകുന്നു. ഈശ്വരൻ അരൂപി തന്നെ. ഈശ്വരാരൂപിയുള്ളിടത്ത് സ്വാതന്ത്ര്യവുമുണ്ട്. എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു ഈശ്വരതേജസ്സിനെ മുകുരസമാനം പ്രതിബിംബിക്കുന്നവരായി നാം ഏവരും, അരൂപിയായ ഈശ്വരന്റെ ദാനമായിത്തന്നെ തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് ആ അരൂപിയുടെ രൂപമായി പരിവർത്തനം ചെയ്യപ്പെടുന്നു" (കോരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം 3:16–18).

അതിഗഹനമായ ഒരാശയമാണ് ഇവിടെ പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ പിറകിൽ കിടക്കുന്ന ചിത്രോജ്ജ്വലമായ ഭാവരൂപം പഴയനിയമത്തിൽ മോശയ്ക്കുണ്ടായ ഒരനുഭവത്തിൽ നിന്നുമാണ് പൗലോസപ്പോസ്തലൻ കരുപ്പിടിപ്പിക്കുന്നത്. പുറപ്പാടു പുസ്തകത്തിന്റെ 33-ാം അദ്ധ്യായത്തിൽ കഥയാരംഭിക്കുന്നു. ഒരു മനുഷ്യൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ മുഖാമുഖമായി, ദൈവം മോശയുമായി സംഭാഷണത്തിലേർപ്പെട്ടു എന്നാണ് വിവക്ഷ (33:11). പക്ഷേ സംസാരിച്ചതേയുള്ളു; ദൈവത്തെ കണ്ടില്ല. മോശ കാണണമെന്നാഗ്രഹമുള്ളതുകൊണ്ട് അനുവാദം ചോദിച്ചു (33:18). 'നിന്റെ തേജസ്സ് (glory) എന്നെ കാണിക്കണമേ' എന്നാണപേക്ഷ. അതിനു മറുപടി "എന്റെ സർവ്വ നന്മയും നിന്റെ മുഖത്തിനു മുമ്പാകെ ഞാൻ കടത്തിക്കൊണ്ടുപോകും; യഹ്‌വെ എന്ന എന്റെ നാമം ഞാൻ നിന്റെ മുമ്പാകെ പ്രഖ്യാപിക്കും. .......... പക്ഷേ എന്റെ മുഖം

കാണുന്നതിനു നിനക്കു സാദ്ധ്യമല്ല; കാരണം ആദാമ്യർക്കു എന്റെ മുഖം കണ്ടാൽ പിന്നെ ജീവിപ്പാൻ സാദ്ധ്യമല്ല തന്നെ."

അതുകൊണ്ട് മോശയെ ഒരു പാറക്കെട്ടിന്റെ വിടവിനകത്തു നിർത്തിയിട്ട്, ദൈവം തന്റെ കൈകൊണ്ട് മോശയെ ആച്ഛാദനം ചെയ്യുന്നു. എന്നിട്ട് ആ പാറക്കെട്ടിനു മുകളിൽ കൂടെ ദൈവതേജസ്സ് കടന്നുപോകയാണു ചെയ്തത്. കടന്നുപോയിക്കഴിഞ്ഞപ്പോൾ ദൈവം കൈ എടുത്തു. അപ്പോൾ ദൈവമഹത്വത്തിന്റെ പിറകുവശം മോശയ്ക്കു കാണാൻ സാധിച്ചു (33:21-23).

ഇതാണ് സീനായ് മലമുകളിൽ സംഭവിച്ചത്. അവിടെ വെച്ചാണ് ന്യായപ്രമാണ കല്പലകകളും ലഭിക്കുന്നത്. ഈ കല്പലകകളും കൊണ്ടു താഴെ വരുമ്പോൾ മോശയുടെ മുഖം പ്രഭാപ്രസരം കൊണ്ടു തിളങ്ങുകയാണ്. (34:29). കാണുന്നവർക്ക്, അഹറോനു പോലും, മോശയുടെ അടുത്ത് വരുവാൻ പേടി തോന്നുന്നത്ര തേജസ്സാണ് മോശയുടെ മുഖത്ത്.

കല്പനകളെല്ലാം ജനങ്ങൾക്കു കൊടുത്തുകഴിഞ്ഞപ്പോൾ മോശ മുഖത്ത് ഒരു മുഖാവരണമണിഞ്ഞു. ആ മൂടുപടം നീക്കുന്നത് യഹോവയോടു സംസാരിക്കുവാൻവേണ്ടി അങ്ങോട്ടു തിരിയുമ്പോൾ മാത്രം. ജനങ്ങളുടെ നേരെ തിരിയുമ്പോൾ മൂടുപടം മുഖത്തു വീണ്ടും ഇടും (34:33-35).

ഇക്കഥയിൽ മോശ മൂടുപടമിട്ടത് എന്തിനാണെന്ന് പഴയനിയമം പറയുന്നില്ല. സാധാരണരീതിയിൽ അനുമാനിക്കാവുന്നത് ഈ മുഖപ്രകാശം കാണുമ്പോൾ ജനങ്ങൾക്കു ഭയം തോന്നിയതുകൊണ്ട് അവരുടെ സൗകര്യത്തിനു വേണ്ടിയെന്നോ, അല്ലെങ്കിൽ പാപികളായ മനുഷ്യർ യഹോവയുടെ തേജസ്സ് ദർശിച്ച് അവർക്ക് വല്ല കുഴപ്പവുമുണ്ടാക്കേണ്ട എന്നു വിചാരിച്ചോ ആയിരിക്കാമെന്നാണ്.

പക്ഷേ പൗലോസ് ശ്ലീഹാ ഒരു പുതിയ അർത്ഥമാണ് ഈ സംഭവത്തിനു കൊടുക്കുന്നത്. പഴയനിയമത്തിൽ ലഭിക്കുന്ന ദൈവജ്ഞാനം മൂടുപടത്തിൽ കൂടെയുള്ള ഒരു ദർശനം മാത്രമേ ആകയുള്ളു എന്നും ക്രിസ്തുവിൽ മൂടുപടമില്ലാതെ മുഖാമുഖമായുള്ള ഈശ്വരസമീപനത്തിന് നമുക്ക് അവസരം ലഭിക്കുമെന്നുമാണ് ശ്ലീഹാ വാദിക്കുന്നത്.

പക്ഷേ ആ ദർശനം നമുക്കുണ്ടാവുന്നത് ക്രിസ്തുവുമായി നാം സംയോജിതരാകുമ്പോൾ മാത്രമാണ്. അതായത് ക്രിസ്തുശരീരത്തിലെ അംഗങ്ങളായി നാം തീരുമ്പോൾ, ക്രിസ്തുവിന്റെ അരൂപിയായ പരിശുദ്ധാത്മാവ് നമുക്ക് മൂടുപടം മാറ്റിത്തരുന്നു. അങ്ങനെ പിതാവായ സർവ്വേശ്വരനുമായി മുഖാമുഖം സമ്പർക്കം നമുക്കു സാദ്ധ്യമാകുന്നതുമൂലം നമ്മുടെ മുഖവും പ്രഭ പൂണ്ടു തെളിയുന്നു. ക്രമേണ ഈശ്വരപ്രഭയുടെ രൂപത്തിങ്കലേയ്ക്കു നാം പരിവർത്തിതരാകുന്നു.

താബോർ മലയിൽവച്ച് ദൈവപ്രഭ പ്രസരിച്ചുകൊണ്ട് തന്റെ നിദ്രാധീനരായ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട ആ മാനവരൂപമാണ് ക്രിസ്തുവിൽ ദൈവം നമുക്കും നൽകിയിട്ടുള്ളത്. ആ രൂപത്തിലേയ്ക്കു നാം ആന്തരീക പരിണാമം മൂലം പരിവർത്തിതരാകുന്നത് ക്രിസ്തുശരീരത്തിൽ

വസിച്ചു ക്രിസ്തുവിൽകൂടെ പരിശുദ്ധാരൂപി മൂലം പിതാവാം ദൈവത്തെ ആരാധിക്കുകയും ക്രിസ്തു നമ്മിൽ വസിച്ച് പിതാവിന്റെ സ്നേഹ പ്രവർത്തനങ്ങൾ നമ്മിൽകൂടെ പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ്.

അതായത് രക്ഷയുടെ അടിസ്ഥാനം പ്രസ്തുത ശരീരത്തിലുള്ള നമ്മുടെ നിലപാടാണ്. ആ നിലപാടുകൊണ്ടു മൂന്നു കാര്യങ്ങൾ ഒരുമിച്ചു നടക്കണം. മൂന്നും പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങളാണ്. ക്രിസ്തുവിൽകൂടെയുള്ള പിതാവാം ദൈവത്തിന്റെ പ്രവർത്തനങ്ങളുമാണ്.

എന്താണീ മൂന്നു കാര്യങ്ങൾ? ഒന്നാമത് ക്രിസ്തുവുമായും ക്രിസ്തുശരീരത്തിലെ അംഗങ്ങളായ ഇതര ക്രൈസ്തവരുമായും നമുക്കുള്ള അഭേദ്യബന്ധം. ഈ ബന്ധത്തിന്റെ ആന്തരികരൂപം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാണ്. അതിന്റെ കൗദാശികരൂപം ജ്ഞാനസ്നാനവും തിരുബലിയിലുള്ള നമ്മുടെ സംബന്ധവും തന്നെ. ജ്ഞാനസ്നാപനത്തിലും തിരുബലിയിലും കൂടെയും വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ പ്രകടനത്തിൽ കൂടെയും നാം തിരുശരീരത്തിലെ അംഗങ്ങളായിത്തീരുകയെന്നത് അതിൽത്തന്നെ പൂർണ്ണമായ ഒരു കാര്യമല്ല.

ക്രിസ്തുശരീരത്തിലുള്ള നമ്മുടെ ജീവിതത്തിന് രണ്ടു ധ്രുവങ്ങളുണ്ട്. ഈ ധ്രുവങ്ങൾ തമ്മിൽ പ്രസരിക്കുന്ന പരിശുദ്ധാത്മ ശക്തിയാകുന്ന ആയസ്താന്തിക വിദ്യുത്ശക്തി നമ്മിൽ പ്രവർത്തിക്കുമ്പോൾ മാത്രമേ തേജസ്ക്കരണം പൂർത്തിയാകുകയുള്ളു. ഈ ദ്വിധ്രുവങ്ങളെ ഈശ്വരാരാധനയെന്നും സൃഷ്ടിയിലുള്ള നമ്മുടെ നന്മപ്രവർത്തികളെന്നും വിഭാവനം ചെയ്യാം. ആരാധനയും സേവനവും പരസ്പരം വേർതിരിക്കാൻ സാദ്ധ്യമല്ല. രണ്ടുമുണ്ടായെങ്കിലേ ശക്തിപ്രസരവും തേജസ്ക്കരണവും ശരിയായി പ്രവർത്തിക്കയുള്ളൂ. സേവനതല്പരതയിൽ നിന്നു മാത്രമേ സൃഷ്ടി മുഴുവനും വേണ്ടി ഈശ്വരസന്നിധാനത്തിൽ ദിവ്യപൂജയർപ്പിപ്പാനാവശ്യമുള്ള ജ്ഞാനവും കഴിവും ലഭിക്കയുള്ളൂ. സേവനത്തിന്നായും, സേവനം മൂലവും മനുഷ്യവർഗ്ഗത്തിന്റെ പ്രയാസങ്ങളേയും പ്രശ്നങ്ങളേയും അറിഞ്ഞിട്ട് മനുഷ്യവർഗ്ഗത്തിന് മുഴുവനും വേണ്ടിയാണ് ത്രിത്വസവിധത്തിൽ സഭ ബലിയർപ്പിക്കുന്നത്. സൃഷ്ടിയിലുള്ള നമ്മുടെ പ്രവർത്തനം കൊണ്ടു മാത്രമേ ബലിയർപ്പണത്തിനുള്ള അപ്പവും വീഞ്ഞും അതുപോലുള്ള മറ്റു സാമഗ്രികളുമുണ്ടാവുകയുള്ളൂ. സേവനം, കൃഷി, വ്യവസായം, കല, സാഹിത്യം എന്നിവയിൽ നിന്നെല്ലാം ഉടലെടുക്കുന്ന സകല നന്മയേയും നാം ഈശ്വരന് കാഴ്ചവെയ്ക്കുകയും വേണം.

എന്നാൽ ആരാധനയിൽനിന്നു മാത്രമേ സൃഷ്ടിയെ യഥാർത്ഥത്തിൽ വളർത്തിക്കൊണ്ടുവരുവാനും മനുഷ്യവർഗ്ഗത്തെ സേവിപ്പാനും, ആവശ്യമായ കഴിവും കൃപയും ലഭിക്കുകയുള്ളൂ. നമ്മുടെ സ്വാർത്ഥ ലാഭമോഹങ്ങളുടെ ബാന്ധവത്തിൽ നിന്ന് വിമുക്തരാകുന്നതും സത്യാരാധനകൊണ്ടു തന്നെ. മനുഷ്യൻ സൃഷ്ടിതനായിട്ടുള്ളത് ഈശ്വരസമ്പർക്കത്തിലും ഈശ്വരാഭിമുഖത്തിലും ജീവിക്കുവാൻ വേണ്ടിയാണ്. ഈ സംസർഗ്ഗവും ആഭിമുഖ്യവുമാണ് ആരാധനയിൽ സമ്പോത്കരിക്കപ്പെടുന്നത്. ആരാധനയിൽ സമസ്ത സൃഷ്ടിയുടെയും പുരോഹിതനായി ക്രിസ്തുസഭ

നിലകൊള്ളുന്നതുകൊണ്ടാണ് സൃഷ്ടിയെ യഥാവിധി കൈകകാര്യം ചെയ്യുന്നതിനുള്ള സാദ്ധ്യത മനുഷ്യനുണ്ടാകുന്നതും. ആരാധനയില്ലായിരുന്നാൽ സ്വാർത്ഥത്തിലോ ഐഹികാർത്ഥങ്ങളിലോ കേന്ദ്രീകൃതനായി മനുഷ്യന്റെ പ്രകൃതിക്കു തന്നെ വൈകല്യം ഭവിച്ചുപോകും.

ഈ മൂന്നു കാര്യങ്ങളുമാണ് പരമപുരുഷനായ വചനത്തിന്റെ മർത്ത്യീകരണംമൂലം സിദ്ധങ്ങളാകേണ്ടത്. അതായത് ഈശ്വരനുമായുള്ള സംയുക്തബന്ധത്തിൽ നിലകൊള്ളുവാനുള്ള ഒരു അനശ്വരശരീരം, ഈശ്വരനെ മുഖാമുഖമായി നേരിൽക്കണ്ടാരാധിക്കുന്നതിനുള്ള വേദി, മനുഷ്യസേവനത്തിനും സൃഷ്ടിയിൽ രചനാത്മകമായി പ്രവർത്തിച്ചു നന്മയുളവാക്കുന്നതിനുമുള്ള സാദ്ധ്യത. ഇവ മൂന്നുമാണ് ക്രിസ്തുവിന്റെ മർത്ത്യീകരണം മൂലം സംസിദ്ധമാകുന്നതും. ഇവയെ കൂടാതെ മറ്റു പലതും ക്രിസ്തുവിലുള്ള ജീവിതം മൂലം മനുഷ്യന്നു സാധിക്കും. അതിലൊന്നാണ് ജ്ഞാനം. പക്ഷേ ആ ജ്ഞാനം തന്നെയും യഥാർത്ഥത്തിൽ സംസിദ്ധമാകുന്നത് ശരീരത്തിൽ നിലകൊണ്ട് ആരാധനയും രചനാത്മക സേവനവും വേണ്ടുംവിധം നിർവ്വഹിച്ച് തേജസ്ക്കരണം പ്രാപിക്കുന്ന പശ്ചാത്തലത്തിൽ മാത്രമാണ്.

ജ്ഞാനം അഥവാ അജ്ഞതയാകുന്ന ആവരണം നീങ്ങിപ്പോയി ആന്തരികമായി പ്രഭയുദിക്കുകയെന്നത് ബുദ്ധിപരമായ ഒരനുഭവം മാത്രമല്ല. പ്രത്യുത സ്നേഹപരവും ആരാധനാപരവും ധാർമ്മികവും കൂടിയായ ഒരനുഭവമാകുന്നു. അതായത് ജ്ഞാതാവിലുള്ള പരിവർത്തനമാണ് അവനെ ജ്ഞാനിയാക്കേണ്ടുന്നത്. പാപം അഥവാ തിന്മ നമ്മിലുള്ള മൂടുപടമാണ്, ആവരണമാണ്, അന്ധകാര മറയാണ്. അത് കുറേശ്ശയായി നീങ്ങിപ്പോയിട്ടു നമ്മുക്കു ക്രിസ്തുവിൽ ദത്തമായിട്ടുള്ള തേജോരൂപം നാം സാക്ഷാൽക്കരിക്കണം. അങ്ങിനെ നാം തേജോരൂപിയായ സർവ്വേശ്വരന്റെ പുത്രീപുത്രന്മാരായിത്തീരണം. അതിനുവേണ്ടിയാണ് വചനം മർത്ത്യനായിത്തീർന്നത്.

പരിശുദ്ധാരൂപിയുടെ പ്രധാന പ്രവർത്തനം, പരിശുദ്ധ സഭയിൽ കൂടെ ഇതു നമുക്കു സാദ്ധ്യമാക്കിത്തീർക്കുകയെന്നതാണ്. ആ പരിശുദ്ധാരൂപിയുടെ മനുഷ്യനിലേയ്ക്കുള്ള സ്ഥിരമായ പ്രവേശനമാണ് പെന്തിക്കോസ്തി പെരുനാളിൽ നാം ദർശിച്ചത്. ഈശ്വരന്റെ മർത്ത്യീകരണത്തിന്റെ പ്രത്യക്ഷഫലം സഭയാണ്. ജ്ഞാനശേഖരമല്ല. ആ സഭയാണ് പുതിയ വ്യവസ്ഥിതിയിൽ പരിശുദ്ധാരൂപി ആദ്യമായി ഉല്പാദിപ്പിച്ചതും. ആ സഭയിൽക്കൂടെ നാമും മനുഷ്യനായിത്തീർന്ന ഈശ്വരനുമായി സംയോജിപ്പിക്കപ്പെട്ട് ഉണ്മയുടെ ആരാധനയിലേയ്ക്കും നന്മയുടെ സൃഷ്ടിയിലേക്കും ആനയിക്കപ്പെടുന്നു. അവിടെ ജ്ഞാനവുമുണ്ട്, സ്നേഹവുമുണ്ട്. എല്ലാറ്റിനുമുപരി അനന്തമായ ആനന്ദവും.

(*മതവും ചിന്തയും*, ഡിസംബർ, 1970)

# 11

# അഞ്ചാം തൂബ്ദേനിലെ പരിശുദ്ധ പിതാക്കന്മാർ

ശ്ലൈഹികവും ന്യൂനതയില്ലാത്തതുമായ സത്യേകവിശ്വാസത്തെ സംരക്ഷിച്ച് നമുക്കേല്പിച്ചു തന്നിട്ടുള്ള പിതാക്കന്മാരെയാണ് അഞ്ചാം തൂബ്ദേനിൽ നാം അനുസ്മരിക്കുന്നത്. ഇവരുടെ പേരുകൾ എല്ലാ കുർബാനയിലും നാം കേൾക്കാറുണ്ടെങ്കിലും അവരെക്കുറിച്ച് വ്യക്തിപരമായി നമ്മിൽ പലർക്കും വളരെയൊന്നും അറിവില്ല. അവരിൽ ചിലരെപ്പറ്റി ചുരുങ്ങിയ ഒരു വിവരണം താഴെ കൊടുക്കുന്നു:- നിഖ്യാ സുന്നഹദോസിലും (ക്രിസ്താബ്ദം 365-ാമാണ്ട്) എഫേസോസ് സുന്നഹദോസിലും (381) കുസ്തന്തീനോപോലീസ് സുന്നഹദോസിലും (431) വെച്ചാണ് ഇന്നു നാം ഏറ്റുപറയുന്ന വിശ്വാസപ്രമാണം രൂപംകൊണ്ടത്. നിഖ്യാ വിശ്വാസപ്രമാണമെന്നു പറയുന്നുണ്ടെങ്കിലും അതിന്റെ ചില ഭാഗങ്ങൾ (പ്രത്യേകിച്ചും പരിശുദ്ധറൂഹായേയും മാമോദീസായേയും മറ്റും കുറിച്ചുള്ള ഭാഗങ്ങൾ) രൂപംകൊണ്ടത് നിഖ്യാ സുന്നഹദോസിനു 96 വർഷങ്ങൾക്കു ശേഷമുണ്ടായ കുസ്തന്തീനോപോലീസ് സുന്നഹദോസിൽ വച്ചായിരുന്നു. ഈ മൂന്നു സുന്നഹദോസുകളിലേയും പിതാക്കന്മാരെ പൊതുവായി ഏറ്റുപറഞ്ഞതിനുശേഷം ആദ്യകാലം മുതൽ ഏഴാം ശതാബ്ദം വരെയുണ്ടായിട്ടുള്ള ചില പ്രധാന മല്പാന്മാരെ പ്രത്യേകമായി ഓർക്കുകയാണ് നാം ചെയ്യുന്നത്.

**1. വി. യാക്കോബ്** (64-ൽ അന്തരിച്ചു)

നമ്മുടെ കർത്താവിന്റെ കാലശേഷം ഊർശ്ലേം മെത്രാപ്പോലീത്തായായിരുന്ന വി. യാക്കോബിനെക്കുറിച്ചു നാം അപ്പൊസ്തോല പ്രവൃത്തികളിൽ വായിക്കുന്നു. ഇദ്ദേഹം പന്തിരുവരിൽ ഒരാളായിരുന്നില്ലെങ്കിലും ശ്ലീഹാ എന്ന് തന്നെ സംബോധനം ചെയ്യുന്നു. നമ്മുടെ കർത്താവിന്റെ "സഹോദരൻ" എന്നു വിളിക്കപ്പെടുന്ന ഈ ആദ്യ മെത്രാപ്പോലീത്താ, സഭയുടെ ആദ്യത്തെ രക്തസാക്ഷികളിലൊരാളായിരുന്നു. 62-ാമാണ്ടിൽ സന്നിദ്രിംസംഘത്തിന്റെ തീരുമാനപ്രകാരം അദ്ദേഹം വധിയ്ക്കപ്പെട്ടു. ഭക്തനും സന്യാസിയും പണ്ഡിതനുമായ അദ്ദേഹത്തിന്റെ കാൽമുട്ടുകൾ ഒട്ടകത്തിന്റേതുപോലെ ഉറച്ചതായിരുന്നുവെന്ന് ഹെഗസിപ്പസ് പറയുന്നു (അപ്പൊസ്തലപ്രവൃത്തികൾ 12:17; 15:13; ഗലാത്യലേഖനം 1:19; 2:12 മുതലായവ നോക്കുക).

ശ്ലീഹന്മാരെ പൊതുവേയും പത്രോസിനേയും പൗലോസിനേയും പ്രത്യേകമായും നാലാം തൂബ്ദേനിൽ ഓർത്തുകഴിഞ്ഞു. അഞ്ചാം തൂബ്ദേനിൽ ഇദ്ദേഹത്തിന്റെ കാര്യം പ്രത്യേകം എടുത്തുപറയുന്നതിനുള്ള കാരണം, സുറിയാനി സഭയുടെ പാരമ്പര്യം പ്രത്യേകമായും യെറുശലേമിലെ

സഭയുടെ പാരമ്പര്യത്തിന്റെ തുടർച്ചയായതുകൊണ്ടായിരിക്കണം. നാം ഉപയോഗിക്കുന്ന യാക്കോബിന്റെ ക്രമത്തിന്റെയും ജനയിതാവ് ഈ പിതാവാണല്ലോ.

**2. മാർ ഇഗ്നാത്യോസ് നൂറോനോ** (ക്രിസ്താബ്ദം 35-107)

അന്ത്യോഖ്യയിലെ രണ്ടാമത്തെയോ മൂന്നാമത്തെയോ മെത്രാപ്പോലീത്തായായ മാർ ഇഗ്നാത്യോസ് അപ്പൊസ്തലന്മാരുടെ ശിഷ്യരിൽ ഒരുവനായിരുന്നു. സുറിയാനിസഭയുടെ പാരമ്പര്യം ഊർശ്ലേമിൽ നിന്നും ആരംഭിച്ച് അന്ത്യോഖ്യായിലേക്കു മാറിയത് ഏതാണ്ട് 45-ാം വർഷത്തിനു ശേഷമാണ്. അന്ത്യോഖ്യായിൽ ആ പാരമ്പര്യത്തിന്റെ ജനയിതാക്കൾ അപ്പൊസ്തലന്മാരായ പത്രോസും പൗലോസും യൂഹാനോനും അവരുടെ ശിഷ്യരായ ബർന്നബാസും ശിമയോനും മറ്റുമായിരുന്നു (അ. പ്ര. 13:1). അന്ത്യോഖ്യായിൽ നിന്നുമാണ് സുവിശേഷ പ്രഖ്യാപനത്തിനായി വി. പൗലോസും മറ്റു ശ്ലീഹന്മാരും ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കു യാത്ര പുറപ്പെട്ടത്.

അങ്ങനെ അപ്പൊസ്തോലിക കേന്ദ്രമായിരുന്ന അന്ത്യോഖ്യായിൽ ശ്ലീഹന്മാരോടൊരുമിച്ചു വളർന്നുവന്ന ഒരു ബാലനായിരുന്നു അഗ്നിമയനായ മാർ ഇഗ്നാത്യോസ്. ക്രിസ്താബ്ദം 45-ാമാണ്ടിലാണ് സഭയുടെ കേന്ദ്രം അന്ത്യോഖ്യായിലേക്കു മാറ്റിയതെങ്കിൽ അന്നദ്ദേഹം പത്തു വയസ്സുള്ള ഒരു ബാലനായിരുന്നു. ശ്ലീഹന്മാർ പലസ്തീൻകാരായ യഹൂദന്മാരായിരുന്നു. മാർ ഇഗ്നാത്തിയോസ് സുറിയാനിക്കാരനായിരുന്നു. അദ്ദേഹത്തിന്റെ മാതൃഭാഷ സുറിയാനിയായിരുന്നു. ഏതാണ്ട് 69-ാമാണ്ടിലാണ് അദ്ദേഹം അന്ത്യോഖ്യായിലെ മെത്രാനാകുന്നത്. ഏതാണ്ട് 106-ാമാണ്ടിൽ അദ്ദേഹത്തെ അറസ്റ്റു ചെയ്ത് റോമിൽ കൊണ്ടുപോയി അവിടെയുള്ള കൊലോസ്യത്തിൽ വച്ച് വന്യമൃഗങ്ങൾക്ക് എറിഞ്ഞു കൊടുക്കപ്പെട്ട് രക്തസാക്ഷിമരണം പ്രാപിച്ചു.

സഭയിൽ മെത്രാപ്പോലീത്തായ്ക്കുള്ള സ്ഥാനം, പരിശുദ്ധ കുർബ്ബാനയുടെ ഔന്നത്യം എന്നീ രണ്ടു കാര്യങ്ങൾ അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ നിന്നു നമുക്കു പ്രത്യേകം പഠിക്കുവാൻ സാധിക്കുന്നുണ്ട്.

**3. മാർ ക്ലീമീസ്** (ഒന്നാം ശതാബ്ദം)

ഇംഗ്ലീഷിൽ ക്ലെമന്റ് എന്ന പേരിലറിയപ്പെടുന്ന ഈ പിതാവ് ആദിമ ശതാബ്ദത്തിന്റെ അവസാനത്തിൽ റോമിലെ മെത്രാപ്പോലീത്തായായിരുന്നു (ക്രിസ്താബ്ദം 96). മാർ ഇഗ്നാത്യോസിനെപ്പോലെ അദ്ദേഹവും വി. പത്രോസിന്റെ രണ്ടാം പിൻഗാമിയായിരുന്നു. ആദിമസഭയിൽ ആചാര്യത്വത്തേയും കൂദാശകളേയും പറ്റി അപ്പൊസ്തലന്മാർ പഠിപ്പിച്ചിട്ടുള്ളത് മാർ ഇഗ്നാത്യോസിന്റെയും മാർ ക്ലീമിസിന്റെയും ലേഖനങ്ങളിൽ നിന്നാണ് നാം മനസ്സിലാക്കുന്നത്.

**4. അലക്സന്ത്ര്യായിലെ മാർ ദീവന്നാസ്യോസ്**
(264-ൽ അന്തരിച്ചു)

ഊർശ്ലേം, അന്ത്യോഖ്യാ, റോം, അലക്സന്ത്ര്യാ - ഇവ നാലുമായി

രുന്നു ആദിമസഭയിലെ പ്രധാന കേന്ദ്രങ്ങൾ. നാലു സഭയിലേയും പാരമ്പര്യം ആദിയിൽ ഒന്നായിരുന്നു. ആ പാരമ്പര്യമാണ് ഇന്നും സത്യവിശ്വാസത്തിന്റെ അടിസ്ഥാനം.

അലക്സന്ത്ര്യായിലെ സുപ്രസിദ്ധമായ ക്രിസ്തീയ വിദ്യാലയത്തിന്റെ തലവനും പിന്നീടു മെത്രാപ്പോലീത്തായുമായിത്തീർന്ന ഈ പരിശുദ്ധ പണ്ഡിതനിൽ നിന്നു പലതും നമുക്ക് പഠിക്കുവാനുണ്ട്. പാപത്തിൽ വീണു മുടക്കപ്പെട്ട ക്രിസ്ത്യാനികൾക്കു പശ്ചാത്താപമുണ്ടെങ്കിൽ അവർക്കു മോചനം കൊടുത്തു അവരെ തിരികെയെടുക്കുന്ന കാര്യവും, വേദവിപരീതികൾ മാമോദീസാ മുക്കിയവരെ സത്യസഭയിലേക്കു വരുമ്പോൾ വീണ്ടും മാമ്മോദീസാ മുക്കേണ്ടുന്നയാവശ്യമില്ല എന്നതും ഇദ്ദേഹമാണ് സ്ഥാപിച്ചത്. അന്നു റോമ്മായിലെ മെത്രാപ്പോലീത്തായായിരുന്ന മറ്റേ ദീവന്നാസ്യോസ് വിശ്വാസകാര്യങ്ങളിൽ തനിക്കു പരമാധികാരമുണ്ടെന്ന് അവകാശപ്പെടാൻ തുടങ്ങിയപ്പോൾ അതിനെ ചോദ്യം ചെയ്തതും ഇദ്ദേഹമാണ്.

### 5. അലക്സന്ത്ര്യായിലെ വലിയ മാർ അത്താനാസ്യോസ് (296–373)

നിഖ്യാ സുന്നഹദോസിൽ അലക്സന്ത്ര്യാ പാത്രിയർക്കീസിന്റെ സെക്രട്ടറിയായി സംബന്ധിച്ച അത്താനാസ്യോസ് ശെമ്മാശ്ശൻ മൂന്നു വർഷങ്ങൾക്കുശേഷം മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടു. അറിയൂസിന്റെ വേദവിപരീതത്തിന്നെതിരായുള്ള സമരത്തിന്റെ നേതാവായിരുന്നു ഇദ്ദേഹം. ചക്രവർത്തിമാരേയും അനേകം വേദവിപരീതികളായ മെത്രാന്മാരേയും ഭയപ്പെടാതെ സുധീരമായ ഒരു സമരം മൂലം ക്രിസ്തുവിന്റെ ദൈവത്വത്തിലുള്ള സത്യവിശ്വാസത്തെ സംരക്ഷിച്ച ഈ പിതാവ് സഭയുടെ ഒരു നടുത്തൂണാണ്.

### 6. റോമിലെ മാർ യൂലിയോസ് (352-ൽ അന്തരിച്ചു)

മാർ അത്താനാസ്യോസിന്റെ സ്നേഹിതനായിരുന്ന ഈ പുണ്യവാൻ, അറിയൂസിന്റെ വേദവിപരീതക്കാർ മാർ അത്താനാസ്യോസിനെ പീഡിപ്പിച്ചയവസരത്തിൽ അദ്ദേഹത്തിനു താങ്ങും തണലുമായി നിന്നു. അക്കാലത്തു റോമ്മാസഭയും മറ്റു സഭകളെല്ലാം ഒന്നായിരുന്നു. അദ്ദേഹത്തിന്റെ വകയായ ഒരു കുർബ്ബാനക്രമം നമ്മുടെ തക്സായിലുണ്ട്.

### 7. കൈസറിയായിലെ വലിയ മാർ ബാസേലിയോസ് (330–379)

പണ്ഡിതാഗ്രേസരനും താപസവര്യനുമായ ഈ മഹാപിതാവ് സഭയുടെ അഭിമാനസ്തംഭം തന്നെയാണ്. തന്റെ സമകാലീനരിൽ വച്ച് ഏറ്റവും അഭ്യസ്തവിദ്യനായിരുന്നു അദ്ദേഹം. സഭയിൽ സന്യാസമഠങ്ങൾക്ക് മാതൃകയായ ആദ്യത്തെ ദയറാ സ്ഥാപിച്ചത് അദ്ദേഹമായിരുന്നു. ത്രിത്വവിശ്വാസത്തെ പണ്ഡിതോചിതമായ രീതിയിൽ അടിയുറപ്പിച്ചതും അദ്ദേഹം തന്നെ. ചക്രവർത്തിമാരോടു പോലും നേരിട്ടെതിർത്തു നിന്ന് അറിയൂസിന്റെ വേദവിപരീതത്തിൽ നിന്നു സഭയെ രക്ഷിച്ചതദ്ദേഹമായിരുന്നു.

**8. മാർ ഗ്രീഗോറിയോസ്**

സമകാലീനന്മാരും വിസ്വാസ സംരക്ഷണത്തിൽ പ്രധാനപങ്കു വഹിച്ചിട്ടുള്ളവരുമായ മാർ ഗ്രീഗോറിയോസുമാർ രണ്ടു പേരുണ്ട്. തൂബ്ദേനിൽ ഒരു കാലത്ത് "മാർ ബാസേലിയോസും മാർ ഗ്രീഗോറിയോസും മാർ ഗ്രീഗോറിയോസും" എന്നുണ്ടായിരുന്നില്ലേയെന്നു ഞാൻ സംശയിക്കുന്നു. മാർ ബാസേലിയോസിന്റെ സഹപാഠിയും സ്നേഹിതനുമായിരുന്ന നാസിയാൻസിലെ മാർ ഗ്രീഗോറിയോസിനേയും (329–389), മാർ ബാസേലിയോസിന്റെ ഇളയ സഹോദരനായിരുന്ന നിസ്സായിലെ മാർ ഗ്രീഗോറിയോസിനേയും (330–395) ഒരുപോലെ സഭ ഓർക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുണ്ട്. പണ്ഡിതാഗ്രേസരരായ മൂന്നു കപ്പദോക്യൻ പിതാക്കന്മാരേയും (ബാസേലിയോസ്, ഗ്രീഗോറിയോസ്, ഗ്രീഗോറിയോസ്) വിശ്വാസസംരക്ഷകന്മാരായി നാം ഓർക്കണം.

**9. ദീയസ്ക്കോറോസ്** (454-ൽ അന്തരിച്ചു)

അലക്സന്ത്ര്യാ പാത്രിയർക്കീസായി സുപ്രസിദ്ധനായ മാർ കൂറിലോസിന്റെ അനന്തിരവനും പിൻഗാമിയുമായ ഇദ്ദേഹം ഇരുസ്വഭാവവിശ്വാസിയായ റോമ്മാ പാപ്പാ ലേയോനുമായി സത്യവിശ്വാസത്തിനു വേണ്ടി സമരം ചെയ്തു. പാശ്ചാത്യസഭക്കാരും ഗ്രീക്കുകാരും ഇദ്ദേഹത്തെ മുടക്കപ്പെട്ടവനായി കരുതുന്നു. 449-ലെ എഫേസൂസ് സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

**10. അലക്സന്ത്ര്യായിലെ മാർ തീമോത്തിയോസ്**
(477-ൽ അന്തരിച്ചു)

ഇരുസ്വഭാവവിശ്വാസത്തിനെതിരായി സമരം ചെയ്ത ഈ പിതാവ് ചക്രവർത്തിയുടെ വിശ്വാസം (ഇരുസ്വഭാവവിശ്വാസം) സ്വീകരിക്കായ്കയാൽ നാടുകടത്തപ്പെട്ടു. എവുത്തിക്കോസിന്റേയും ലേയോന്റെയും വേദവിപരീതങ്ങൾക്കെതിരായി പല പുസ്തകങ്ങളുമെഴുതി.

**11. മാബൂഗിലെ മാർ ഫീലക്സീനോസ്** (440–523)

പണ്ഡിതനായ ഈ സുറിയാനി പിതാവ് ദൈവം എങ്ങനെ മനുഷ്യനായിത്തീർന്നു എന്ന വിഷയത്തെക്കുറിച്ചും തന്റെ ദൈവത്വവും മനുഷ്യത്വവും പൂർണ്ണമായിട്ടുള്ള ഏക സ്വഭാവത്തെക്കുറിച്ചും പ്രഗത്ഭങ്ങളായ ഗ്രന്ഥങ്ങൾ രചിച്ചു.

**12. അന്തിമോസ്**

457-ാമാണ്ടിനോടടുത്തു ജീവിച്ചിരുന്ന ഈ സന്യാസി പിതാവ് സുപ്രസിദ്ധ ഗായകനായ ഔക്സന്തിയോസിന്റെ ശിഷ്യനും നമ്മുടെ സഭയിലെ ആരാധനകളിലെ എക്ബാകൾ പലതും എഴുതിയ ആളുമായിരുന്നു. അദ്ദേഹം സന്യാസിയാകുന്നതിനു മുമ്പ് രാജകൊട്ടാരത്തിലെ ഒരുദ്യോഗസ്ഥനായിരുന്നു.

**13. സ്വർണ്ണനാവുകാരൻ മാർ ഈയോവാനീസ്** (347–407)

സുപ്രസിദ്ധ വാഗ്മിയും കപ്പദോക്യൻ പിതാക്കന്മാരുടെ സ്നേഹിത

നുമായിരുന്ന ഈ പിതാവ് മാർ ബാസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും ഗുരുവായ ലീബാനിയോസ് എന്ന അക്രൈസ്തവനിൽ നിന്നാണ് തന്റെ വാഗ്മിത്വം (rhetoric) അഭ്യസിച്ചത്. 386-ൽ കശ്ശീശാസ്ഥാനം പ്രാപിക്കുകയും നാമമാത്ര ക്രിസ്തീയ നഗരമായിരുന്ന അന്ത്യോഖ്യായിലെ അവിശ്വാസത്തിനും ദുർമ്മാർഗ്ഗങ്ങൾക്കുമെതിരായി വിപുലവും സുദീർഘവുമായ ഒരു വാക്സമരം പന്ത്രണ്ടു വർഷക്കാലത്തോളം നടത്തുകയും ചെയ്തു. ഇക്കാലത്താണ് സ്വർണ്ണനാവുകാരൻ എന്ന പേരു കിട്ടിയത്. വേദപുസ്തക പണ്ഡിതനായ അദ്ദേഹം വേദവ്യാഖ്യാനപരമായ പ്രസംഗങ്ങളാണ് അധികവും ചെയ്തിട്ടുള്ളത്. ഉല്പത്തിപുസ്തകം, മത്തായിയുടേയും യോഹന്നാന്റേയും സുവിശേഷങ്ങൾ, റോമാ, ഗലാത്യ, കോരിന്ത്യ, എഫെസ്യ ലേഖനങ്ങൾ, തീമോത്തിയോസിനും തീത്തോസിനും എഴുതിയ ലേഖനങ്ങൾ ഇവയെ ക്രമാനുഗതമായി പഠിപ്പിച്ചു.

അതുപോലെ ദുർമ്മാർഗ്ഗം നിറഞ്ഞ നഗരമായ കുസ്തന്തീനോപോലീസിനേയും സന്മാർഗ്ഗത്തിലേക്കു കൊണ്ടുവരുവാനെന്നവണ്ണം 398-ാമാണ്ടിൽ കുസ്തന്തീനിയാ പാത്രിയർക്കീസായി അവരോധിക്കപ്പെട്ടു. ദുർമ്മാർഗ്ഗത്തിനെതിരായ പ്രസംഗങ്ങളിൽ ചിലത് ചക്രവർത്തിനിയെ കോപിപ്പിച്ചു. 403-ാമാണ്ടിൽ ആ സ്ത്രീയുടെ ഉത്സാഹഫലമായി വ്യാജാരോപണങ്ങളിന്മേൽ മാർ ഈവാനിയോസിനെ സ്ഥാനഭ്രംശം ചെയ്തു. ആരോഗ്യമില്ലാതിരുന്ന അദ്ദേഹത്തെ ഹേമിച്ചു കൊന്നു.

### 14. അലക്സന്ത്രിയായിലെ മാർ കൂറിലോസ്

(444-ൽ അന്തരിച്ചു)

സുപ്രസിദ്ധ വേദശാസ്ത്രപണ്ഡിതനും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള സഭാവിശ്വാസം ശരിയായി പഠിപ്പിച്ചവനുമായ ഈ പിതാവ് 412 ൽ അലക്സന്ത്രിയാ പാത്രിയർക്കീസായി അവരോധിക്കപ്പെട്ടു. അവിശ്വാസികളും വേദവിപരീതികളുമായ എല്ലാവരുമായി സമരം ചെയ്തു. ഈജിപ്തിലെ റോമൻ വൈസ്റോയിയായ ഒറസ്റ്റസിനേയും കുസ്തന്തിനിയാ പാത്രിയർക്കീസ് നേസ്റ്റോറിയസിനേയും ഒരുപോലെ എതിരിട്ടു തോല്പിച്ചു. ഏകസ്വഭാവവിശ്വാസികളായ നമ്മുടെ പ്രധാന പിതാവായ ഇദ്ദേഹത്തിന്റെ വിശ്വാസമാണ് ഇരുസ്വഭാവവിശ്വാസികളെന്നു വിളിക്കപ്പെടുന്നവരായ ഗ്രീക്കുകാരും അടിസ്ഥാനമായി സ്വീകരിക്കുന്നത്. അലക്സന്ത്രിയാ വിഹായസ്സിലെ രണ്ടുജ്ജ്വല നക്ഷത്രങ്ങളാണ് മാർ അത്താനാസ്യോസും മാർ കൂറിലോസും.

### 15. അന്ത്യോഖ്യായിലെ മാർ സേവേറിയോസ് (465-538)

488-ൽ ഇദ്ദേഹം ക്രിസ്ത്യാനിയായി. ഉടനെതന്നെ സന്യാസജീവിതം സ്വീകരിച്ചു. 508 ൽ കുസ്തന്തീനിയായിൽ പോയി ഇരുസ്വഭാവവിശ്വാസികളായ ഗ്രീക്കുകാർ ഏകസ്വഭാവവിശ്വാസികളായവരെ പീഡിപ്പിക്കുന്ന കാര്യത്തിൽ ചക്രവർത്തിയോടു പരാതിപ്പെട്ടു. ചക്രവർത്തിയുടെ സഹായത്തോടെ 512-ൽ അന്ത്യോഖ്യാ പാത്രിയർക്കീസായി അവരോധിക്കപ്പെട്ടു. 518 -ൽ ചക്രവർത്തി മരിച്ചു. പുതിയ ചക്രവർത്തി അദ്ദേഹത്തിനെതിരാ

യിരുന്നതുകൊണ്ട് സ്ഥാനഭ്രഷ്ടനാക്കി. ഈജിപ്തിൽ പോയി മാർ തീമോത്തിയോസിന്റെയടുക്കൽ അഭയം പ്രാപിച്ചു. കുസ്തന്തീനോപോലീസിൽ വച്ച് 536 ൽ കൂടിയ ഗ്രീക്ക് സുന്നഹദോസിൽ അദ്ദേഹത്തെ മുടക്കി. 538-ൽ അന്തരിച്ചു.

ഏകസ്വഭാവ വിശ്വാസത്തെ മാർ കൂറിലോസിന്റെ പഠനത്തെയാസ്പദമാക്കി ശരിയായി നിർവചിച്ചതു പണ്ഡിതനായ ഈ പിതാവായിരുന്നു. ഇദ്ദേഹത്തെ ഗ്രീക്കുകാരും കത്തോലിക്കരും വേദവിപരീതിയായി കരുതുന്നു. പണ്ഡിതാഗ്രേസരനായിരുന്ന അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളാണ് ക്രിസ്തുവിനെക്കുറിച്ച് ഇന്നു നമുക്കുള്ള വിശ്വാസത്തിനടിസ്ഥാനം. അവയിൽ യാതൊരു വേദവിപരീതവും കണ്ടുപിടിപ്പാൻ ഇരുസ്വഭാവവിശ്വാസികൾക്കു കഴിഞ്ഞിട്ടുമില്ല.

**16. മാർ യാക്കോബ് ബൂർദ്ദോനോ** (500-578)

“യാക്കോബായക്കാർ” എന്ന പേർ നമുക്ക് ഗ്രീക്കുകാരും കത്തോലിക്കരും കൂടി ഇട്ടത്, നാം ഇദ്ദേഹത്തിന്റെ അനുഗാമികളാണെന്നുള്ള നിലയിലാണ്. യഥാർത്ഥത്തിൽ സുറിയായിലെ പുരാതനസഭയെ ഗ്രീക്കു ഗവൺമെന്റും ഗ്രീക്കുസഭയും മർദ്ദിച്ചു നശിപ്പിക്കാൻ ശ്രമിച്ചിട്ട്, അങ്ങനെ പൂർണ്ണമായും സാധിക്കാതെ പോയത് മാർ യാക്കോബ് ബൂർദ്ദോനോയുടെ തീവ്രപരിശ്രമങ്ങളുടെ ഫലമായിരുന്നു. 528-ൽ ചക്രവർത്തിനിയോടു സുറിയാനിക്കാരെ ഉപദ്രവിക്കരുതെന്നഭ്യർത്ഥിക്കുവാൻ വേണ്ടി കുസ്തന്തീനോപോലീസിൽ പോയി. പതിനഞ്ചു വർഷം അവിടെ താമസിച്ചു. 542-ൽ ഉറഹായിലെ (എഡേസ്സായിലെ) മെത്രാപ്പോലീത്തായായി അഭിഷിക്തനായി. അവിടെ നിന്നും ഈജിപ്തിലും സിറിയായിലും ബാബിലോന്യൻ പ്രദേശങ്ങളിലും ഒളിവിൽ സഞ്ചരിച്ച് ഏകസ്വഭാവവിശ്വാസമുള്ള സഭകൾക്കു പുരോഹിതന്മാരെ നിയമിച്ചുകൊടുത്തു. വേഷപ്രച്ഛന്നനായി കീറത്തുണിയുടുത്താണ് സഞ്ചരിച്ചിരുന്നത്. ബൂർദ്ദോനോ എന്നാൽ “കീറത്തുണിയുടുത്തവൻ” എന്നാണർത്ഥം. നമ്മുടെ സഭയുടെ പുനരുദ്ധാരകനാണിദ്ദേഹം. സ്ഥാപകനല്ല. അതുകൊണ്ടു “യാക്കോബായക്കാർ” എന്നു ഗ്രീക്കുകാരും കത്തോലിക്കരും കൂടി നമ്മെ പുതിയ സഭക്കാരെന്ന നിലയിൽ ആക്ഷേപിച്ചിട്ട ഈ പേര് നമുക്കു സ്വീകാര്യവുമല്ല.

**17. പരിശുദ്ധനായ മാർ അപ്രേം** (306-373)

വളരെയധികം വേദവ്യാഖ്യാനങ്ങൾ എഴുതുകയും ഗാനങ്ങൾ (മെമ്രാകൾ) രചിക്കുകയും ചെയ്ത പരിശുദ്ധനായ മഹാകവി. നിസിബിസിലെ മെത്രാപ്പോലീത്തായായ മാർ യാക്കോബുമൊന്നിച്ച് ഒരു ചെറുപ്പക്കാരനായ സന്യാസിയായി ഇദ്ദേഹം നിഖ്യാ സുന്നഹദോസിൽ സംബന്ധിച്ചെന്നു തോന്നുന്നു. 338-ൽ ഇദ്ദേഹത്തിന്റെ പ്രാർത്ഥനയാണ് പേർഷ്യൻ സേനയിൽ നിന്നും തന്റെ സന്യാസാശ്രമാസ്ഥാനമായ നിസിബിസ് നഗരത്തെ രക്ഷിച്ചത്. 363-നു ശേഷം നിസിബിസ് പേർഷ്യാക്കാർ കീഴടക്കിയപ്പോൾ അദ്ദേഹം ഉറഹായിൽ (എഡേസ്സായിൽ) താമസമുറപ്പിച്ചു. ഈജിപ്തിൽ പോയി മാർ അത്താനാസ്യോസിനേയും കപ്പദോക്യായിൽ പോയി മാർ

ബാസേലിയോസിനെയും സന്ദർശിച്ചു.

നമ്മുടെ ഇന്നത്തെ സഭയിലെ യാമപ്രാർത്ഥനകളുടെ ഒരു വലിയ ഭാഗം ഈ മഹർഷിയാൽ രചിക്കപ്പെട്ടിട്ടുള്ളവയാണ്. പരിശുദ്ധ കന്യകമറിയാമിനോടുള്ള ഭക്തിയും ആരാധനയിൽ അവളെ ബഹുമാനിക്കുന്നതിന്റെ ആവശ്യകതയും ഇദ്ദേഹം പഠിപ്പിച്ചു. കന്യകമറിയാം പാപരഹിതയായിരുന്നുവെന്നു തീർത്തു പറയുന്നുണ്ട്. എന്നാൽ അമലോത്ഭവം പഠിപ്പിക്കുന്നുമില്ല.

ആകമാനസഭയുടെ പുണ്യവാനായ ഇദ്ദേഹത്തെ എല്ലാ സഭകളും ബഹുമാനിക്കുന്നു. അദ്ദേഹത്തിന്റെ സുറിയാനി കൃതികൾ ഗ്രീക്കിലും ലത്തീനിലും അർമ്മേനിയൻ ഭാഷയിലും ആദ്യകാലത്തു തന്നെ പരിഭാഷ ചെയ്യപ്പെട്ടു. 1920-ാമാണ്ടിൽ റോമാ മാർപ്പാപ്പാ ഇദ്ദേഹത്തെ "സഭാഗുരു" (Doctor of the Church) ആയി പ്രഖ്യാപിച്ചു. ഉല്പത്തിപുസ്തകം മുതൽ വെളിപാടു വരെയുള്ള സകല വേദഗ്രന്ഥങ്ങളുടെയും വ്യാഖ്യാനമെഴുതി.

### 18. നിസിബിസിലെ മാർ യാക്കോബ്

(നാലാം ശതാബ്ദത്തിന്റെ ആദ്യഭാഗം)

"മെസോപ്പൊട്ടേമ്യയിലെ മോശ" എന്ന് മറുപേർ വിളിക്കപ്പെട്ട ഈ പരിശുദ്ധൻ പാണ്ഡിത്യത്തിലും വിശുദ്ധിയിലും ഒരുപോലെ വിഖ്യാതനായിരുന്നു. നിഖ്യാസുന്നഹദോസിലെ വാദപ്രതിവാദങ്ങളിൽ അദ്ദേഹം സത്യവിശ്വാസത്തിന് നേതൃത്വം നല്കി. അറിയൂസിന്റെ വേദവിപരീതം എല്ലാവരും സ്വീകരിക്കണമെന്ന് ചക്രവർത്തി ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം എല്ലാവരും ഏഴു ദിവസത്തേക്കു ഉപവാസത്തിലും പ്രാർത്ഥനയിലുമിരിക്കണമെന്നാവശ്യപ്പെടുകയും സഭയുടെ പ്രാർത്ഥനാഫലമായി അറിയൂസ് പെട്ടെന്നു മരണം പ്രാപിക്കുകയും ചെയ്തു.

ഈ പേരിൽ മറ്റു പിതാക്കന്മാരും സുറിയാനി സഭയ്ക്കുണ്ട്. സറുഗീലെ മാർ യാക്കോബ് (451-521) രചിച്ചിട്ടുള്ള അനേകം ഗാനങ്ങൾ (ബോവൂസോകൾ) നാം ഇന്ന് ആരാധനയിലുപയോഗിക്കുന്നു. "പരിശുദ്ധാത്മാവിന്റെ മുരളി" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപേർ.

കൂടാതെ ഉറഹായിലെ മാർ യാക്കോബ് (649-708) പ്രശസ്ത പണ്ഡിതനും സമഗ്രമായ വേദഭാഷാജ്ഞാനമുള്ളവനുമായിരുന്നു. 692-ാമാണ്ട് വരെയുള്ള സഭാചരിത്രവും വ്യാകരണഗ്രന്ഥങ്ങളും വേദവ്യാഖ്യാനങ്ങളും എഴുതിയതിനു പുറമെ സുറിയാനിവേദപുസ്തക വിവർത്തനത്തെ എബ്രായഭാഷയിലുള്ള വേദപുസ്തകവുമായി താരതമ്യം ചെയ്ത് തെറ്റു തിരുത്തി.

ഇതിൽ ഏത് മാർ യാക്കോബിനെയാണിവിടെ അനുസ്മരിക്കുന്നത് എന്ന് തീർത്തു പറയുവാൻ പ്രയാസമാണ്.

### 19. നിനവയിലെ മാർ ഇസ്ഹാക്ക്

(ക്രിസ്താബ്ദം 700-ൽ അന്തരിച്ചു)

കുർദ്ദിസ്താനിൽ മെത്രാനായിരുന്ന ശേഷം സ്ഥാനമൊഴിഞ്ഞ് വീണ്ടും സന്യാസിയായിത്തീർന്ന ഈ പിതാവ് സന്യാസാശ്രമജീവിതത്തെക്കുറിച്ച്

അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതു ഗ്രീക്കിലും അറബിയിലും എത്യോപ്യൻ ഭാഷയിലും വിവർത്തനം ചെയ്ത് എല്ലാ പൗരസ്ത്യാശ്രമങ്ങളും ഉപയോഗിച്ചു വന്നു.

**20. സഭാഗായകനായ മാർ ബാലായി**

(450 -നോടടുത്ത് അന്തരിച്ചു)

നമ്മുടെ പ്രാർത്ഥനാഗ്രന്ഥങ്ങളിലെ ബോവൂസാകളിൽ പലതും ഈ പിതാവാണെഴുതിയിട്ടുള്ളത്. പഞ്ചാക്ഷരിമാത്രയിലാണെഴുതിയതിലധികവും. വളരെ ഭക്ത്യുദ്ദീപകങ്ങളും സത്യവിശ്വാസത്തിന്നടിസ്ഥാനവുമാണീ പിതാവിന്റെ പദ്യകൃതികൾ.

**21. ആബീലന്മാരുടെ തലവനായ മോർ ബർസൌമ്മാ**

(458-ൽ അന്തരിച്ചു)

ഒരു സന്യാസമഠത്തിന്റെ അധിപനായിരുന്ന ഈ താപസവര്യൻ 449-ൽ എഫേസൂസിൽ വെച്ചു നടന്ന സുന്നഹദോസിലും 451-ലെ കല്ക്കിദൂൻ സുന്നഹദോസിലും സന്യാസാശ്രമങ്ങളുടെ പ്രതിനിധിയായി പങ്കെടുത്തു. തേവോദോസ്യോസ് ചക്രവർത്തിയുടെ പ്രത്യേക ക്ഷണപ്രകാരം എഫേസൂസിൽ സന്നിഹിതനായിരുന്ന ഇദ്ദേഹവും കൂടെയുണ്ടായിരുന്ന സന്യാസിമാരുമാണ് ലിയോയുടെ വേദവിപരീതത്തിന്നെതിരായി ദീയസ്കോറോസിനോടൊരുമിച്ചു സമരം ചെയ്തത്. കൽക്കിദൂൻ സുന്നഹദോസിനു ശേഷം നാടുകടത്തപ്പെട്ടു.

**22. ശെമ്വൂൻ ദെസ്തുനേ** (390-459)

ഇംഗ്ലീഷിൽ Simeon Stylites എന്ന് വിളിക്കപ്പെടുന്ന ഈ പിതാവ് തൂണിന്മേൽ തപസ്സു ചെയ്യുന്ന സന്യാസിമാരിൽ ആദ്യത്തെയാളായിരുന്നു. 16 വയസ്സിൽ ഏകാന്തവാസം ആരംഭിച്ച ഈ താപസവര്യൻ ഭാരതത്തിലെ പുരാതനകാലത്തെ മഹർഷിമാരോടു തുല്യനായിരുന്നു. തന്നെ ആളുകൾ ബുദ്ധിമുട്ടിക്കുന്നതുകൊണ്ട് അവരിൽ നിന്നു രക്ഷപെടുവാൻ വേണ്ടി തുണുകെട്ടി അതിന്മേൽ ഇരുന്ന് പ്രാർത്ഥന തുടങ്ങി. ആളുകൾ താഴെ കൂട്ടംകൂടിയുപദ്രവിച്ചതുകൊണ്ടു തൂണിന്റെ ഉയരം 60 അടിയായി. കൂട്ടി. എന്നാൽ തൂണിന്റെ മുകളിൽ ഇരുന്നുകൊണ്ട് അനേകരെ സത്യവിശ്വാസത്തിലേക്കു വഴി നയിക്കുകയും തേവോദോസ്യോസ് ചക്രവർത്തിക്കു പോലും ഉപദേശം നല്കുകയും ചെയ്തു.

**23. തെരഞ്ഞെടുക്കപ്പെട്ടവനായ മാർ അബ്ഹായി**

(അഞ്ചാം ശതാബ്ദത്തിന്റെ ആദ്യഭാഗം)

401 മുതൽ 450 വരെ രാജ്യം ഭരിച്ചിരുന്ന തെവോദോസ്യോസ് ചക്രവർത്തിയുടെ കാലത്ത് നിഖ്യായിലെ മെത്രാപ്പോലീത്തായായി ചക്രവർത്തിയാൽ നിയമിക്കപ്പെട്ടത് നിഖ്യാ വിശ്വാസസംരക്ഷണത്തിനു വേണ്ടിയായിരുന്നു. മാർ കുറിയാക്കോസിനോടും മാതാവായ മർത്ത യൂലീത്തിയോടും ഒരുമിച്ച് ജൂലൈ 15-നു ഓർമ്മ കൊണ്ടാടപ്പെടുന്നു. എന്നാൽ ഒക്ടോബർ 1-നും മാർ അബ്ഹായി സഹദായുടെ ഓർമ്മ കൊണ്ടാടുന്നുണ്ട്. രണ്ടും രണ്ടു പേരാണെന്ന് തോന്നുന്നു.

* * * * * * * *

ഈ ലിസ്റ്റിൽ കാണുന്ന പിതാക്കന്മാർ ക്രിസ്താബ്ദം 8–ാം നൂറ്റാണ്ടു വരെ ജീവിച്ചിരുന്നവരാണ്. അതിനുശേഷമുള്ള പേരുകളൊന്നും കാണുന്നില്ല. എട്ടാം നൂറ്റാണ്ടിലോ അതിനുശേഷമോ ആണ് ഈ പ്രാർത്ഥന വിരചിതമായതെന്ന് ചിന്തിക്കാം. ആ കാലത്തിനു ശേഷമുള്ള പിതാക്കന്മാരാണ് മോശേ ബർകീപ്പാ, ദീവന്നാസ്യോസ് ബർസ്ളിബി, ഗ്രീഗോറിയോസ് ബാർ എബ്രായ മുതലായവർ. "സത്യവിശ്വാസത്തെ പാലിച്ച് നമുക്ക് എല്പിച്ചു തന്നവരായി" സുറിയായിലും ഇവിടെയുമുള്ള മറ്റു പിതാക്കന്മാരേയും നാം ഓർക്കുന്നുണ്ട്. അവരുടെ പേര് പറയുന്നില്ലെന്നു മാത്രം.

ആരാധനയിൽ ആദിമകാലം മുതലുള്ള സഭ മുഴുവൻ സംബന്ധിക്കുന്നുവെന്നുള്ളതും, ഇന്ന് നമുക്ക് സത്യവിശ്വാസികളായിരിക്കുവാൻ സാധിക്കുന്നതും ഈ പിതാക്കന്മാരുടെ ത്യാഗബുദ്ധിയും ജീവിതശുദ്ധിയും സത്യസന്ധതയും കൊണ്ടാണെന്നുള്ളതും നമുക്കു മറക്കുവാൻ അനുവാദമില്ല.

*(ഓർത്തഡോക്സ് സെമിനാരി വാർഷിക റിപ്പോർട്ട്, 1968)*



# 12

# പാപ്പായുടെ സന്ദർശനം

പടിഞ്ഞാറിന്റെ പാത്രിയർക്കീസ് - റോമ്മിലെ ബിഷപ്പ്, നമ്മുടെ നാടും സഭയും സന്ദർശിച്ചിരിയ്ക്കുന്നു. ചരിത്രത്തിലാദ്യമായിട്ടാണ്. അദ്ദേഹത്തിന്റെ ആടുകളായ കത്തോലിക്കാ ക്രിസ്ത്യാനികളെ സന്ദർശിയ്ക്കുന്നതിനാണ് വന്നത്. ഐക്യത്തിനു വേണ്ടി കൂടെയാണെന്ന് പറയുന്നുണ്ട്. ക്രൈസ്തവരുടെ ഐക്യം മാത്രമല്ല, മനുഷ്യരാശിയുടെ മുഴുവൻ ഐക്യം മനസ്സിൽ വെച്ചുകൊണ്ടാണ് ഐക്യം എന്ന് പറയുന്നതെന്ന് സാഹചര്യങ്ങൾ കൊണ്ട് വ്യക്തം.

സഭയുടെ ഐക്യവും മനുഷ്യരാശിയുടെ ഐക്യവും പരസ്പര ബന്ധമുള്ളവയാണ്. സഭകളിലെ പിളർപ്പുകളിൽ അധികവും വിശ്വാസ വ്യത്യാസത്തിൽ നിന്നല്ല, പ്രത്യുത രാഷ്ട്രീയ, സാമുദായിക വൈരുദ്ധ്യങ്ങളിൽ നിന്നാണ് ഉടലെടുത്തിട്ടുള്ളതെന്ന് ചരിത്രം പരിശോധിച്ചാലറിയാം.

റോമ്മാ പാപ്പായുമായി പൗരസ്ത്യ ക്രിസ്ത്യാനികൾ അകന്നത് പ്രധാനമായും അഞ്ചും ആറും ശതാബ്ദങ്ങളിലായിരുന്നു. അതുവരെ നാമെല്ലാവരും ഒരു സഭയായിരുന്നു. ഈ സഭയ്ക്ക് കർത്താവായ യേശുമിശിഹായല്ലാതെ മറ്റൊരു തലവനുമില്ലായിരുന്നു.

നിഖ്യാ സുന്നഹദോസ് 325-ൽ കൂടിയപ്പോൾ, ഇരിപ്പിടങ്ങളുടെ മുറക്രമീകരിയ്ക്കുന്ന (Protocol) ചുമതല കുസ്തന്തീനോസ് ചക്രവർത്തിയുടെ ഉദ്യോഗസ്ഥന്മാരാണ് ഏറ്റെടുത്തത്. റോമ്മാസാമ്രാജ്യത്തിലെ പ്രോട്ടോക്കോൾ അനുസരിച്ച് ചക്രവർത്തിയ്ക്ക് ഒന്നാം സ്ഥാനവും, ആഫ്രിക്കയിലെ വൈസ്റോയി അലക്സാൻഡ്റിയയിലെ പ്രീഫെക്റ്റിന്ന് രണ്ടാം സ്ഥാനവും, ആസ്യയിലെ പ്രീഫെക്റ്റ്, അന്ത്യോഖ്യായിൽ നിവസിയ്ക്കുന്ന "കിഴക്കിന്റെ പ്രഭു''വിന്ന് മൂന്നാം സ്ഥാനവുമായിരുന്നു. ഉൽഘാടന പ്രസംഗം കുസ്തന്തീനോസ് ചക്രവർത്തി തന്നെ ചെയ്തു. റോമിലെ ബിഷപ്പ് വന്നില്ലായിരുന്നു. അദ്ദേഹത്തിന്റെ പ്രതിനിധിയായി കൊർഡോവയിലെ ഹോസിയസും പാപ്പായുടെ രണ്ടു പുരോഹിതന്മാരും ചക്രവർത്തിയുടെ തൊട്ടടുത്തും, അലക്സന്തറിയാ പാത്രിയർക്കീസായ അലക്സാണ്ടർ അതിനടുത്തും ഇരുന്നിരുന്നു അന്ത്യോഖ്യായ്ക്ക് അതിനടുത്ത സ്ഥാനം. അവിടെ പരിശുദ്ധനായ മാർ എവുസ്താത്തിയോസ് (ഒസ്താത്ത്യോസ് ലോപരൂപമാണ്) ആസനസ്ഥനായിരുന്നു. ഈ പ്രോട്ടോക്കോൾ നിഖ്യാസുന്നഹദോസ് സഭയുടെ പ്രോട്ടോക്കോളായി സ്വീകരിച്ചതിൽ നിന്നാണ് റോമ്മാ പാപ്പായ്ക്ക് "തുല്യരിൽ ആദ്യൻ" എന്ന സ്ഥാനം സഭ കൊടുക്കാനിടയായത്.

അന്ന് സഭയ്ക്ക് 'ആകമാന സഭാതലവൻ' ഇല്ല. റോമ്മാ സാമ്രാജ്യത്തിലെ സഭകളെ ഒരുമിച്ചു കൊണ്ടുപോയിരുന്നത് ചക്രവർത്തി തന്നെയായിരുന്നു. റോമ്മാ സാമ്രാജ്യത്തിന് പുറത്ത് അനേക സഭകളുണ്ടായിരുന്നു. ഓരോന്നിനും അതതിന്റെ എപ്പിസ്കോപ്പന്മാരും, അവരുടെ സുന്നഹദോസിന്റെ അദ്ധ്യക്ഷനായി, രാജ്യത്തെ തലസ്ഥാന നഗരിയിലെ

ബിഷപ്പും ഉണ്ടായിരുന്നു. ന്യൂബിയാ, അറേബിയ, അർമ്മീനിയ, ജോർ ജ്ജിയാ, പേർഷ്യ, ഇന്ത്യ എന്നീ രാജ്യങ്ങളിലെ സഭകൾ സ്വയംപര്യാപ്ത ങ്ങളായിരുന്നു. എത്യോപ്യയിലെ സ്വതന്ത്രസഭയും ഇക്കാലത്ത് ഉടലെ ടുത്തു. റോമ്മാ ചക്രവർത്തിയ്ക്കോ റോമ്മാസാമ്രാജ്യത്തിലെ ഏതെങ്കിലും മെത്രാപ്പോലീത്തായ്ക്കോ സാമ്രാജ്യത്തിന്ന് പുറത്തുള്ള സഭകളുടെമേൽ യാതൊരു അധികാരവുമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് ആ സഭകൾ അവയുടെ പാരമ്പര്യമനുസരിച്ചു നടന്നുകൊള്ളട്ടെ എന്ന് നിഖ്യാ പറയു ന്നത്.

അന്ന് റോമ്മായിലെ ബിഷപ്പിന്റെ അധികാരപരിധി റോമ്മാ നഗരത്തിന് ചുറ്റും മാത്രമേയുണ്ടായിരുന്നുള്ളു. പാശ്ചാത്യസഭയെ പ്രതിനിധീകരി യ്ക്കുന്ന ബിഷപ്പന്മാർ നിഖ്യായിൽ ആറ് പേരേയുണ്ടായിരുന്നുള്ളു. സാമ്രാ ജ്യത്തിൽ ആകെയുള്ള 300 ൽപ്പരം മെത്രാന്മാരിൽ ആറു പേർ മാത്രം യൂറോപ്യന്മാരായിരുന്നു എന്നുള്ളതിൽ നിന്ന് റോമാസാമ്രാജ്യത്തിന കത്തെ സഭ തന്നെ ഏഷ്യയ്ക്കും ആഫ്രിയ്ക്കയ്ക്കും ബഹുഭൂരിപക്ഷ മുള്ള ഒരു പൗരസ്ത്യ സഭയായിരുന്നു എന്ന് കാണാം. എന്നാൽ ആക മാന സഭയുടെ മേൽ അധികാരം വഹിയ്ക്കുന്ന ഒരു മെത്രാപ്പോലീത്തായും ഒരിടത്തുമുണ്ടായിരുന്നില്ല.

എങ്ങിനെ റോമ്മാ ബിഷപ്പിന് പിന്നെ ഇത്ര വലിയ പ്രതാപവും ശക്തിയും ലഭിച്ചു എന്നുള്ള ചരിത്രത്തിലേയ്ക്കിവിടെ പ്രവേശിയ്ക്കുന്നില്ല. അദ്ധ്യാത്മിക ശക്തിയേക്കാൾ ലൗകിക ശക്തിയാണ് ഈ വികാസത്തിന്റെ പിറകിലുണ്ടായിരുന്നത്. അദ്ധ്യാത്മികശക്തി ഇല്ലായിരുന്നു എന്നല്ല ഇപ്പ റഞ്ഞതിനർത്ഥം. മറ്റേതൊരു സഭയേയും പിറകിലാക്കുന്ന അദ്ധ്യാത്മിക ചൈതന്യം പാശ്ചാത്യസഭയിൽ ചില കാലങ്ങളിലുണ്ടായിരുന്നു. പക്ഷേ അതിനേക്കാൾ ശക്തമായ ലൗകിക സാമ്രാജ്യത്വശക്തി കൂടെ ഉണ്ടായി രുന്നതുകൊണ്ടാണ് ഈ കൊച്ചുസഭ ലോകമെങ്ങും പടർന്നു പന്തലിച്ചത്.

നിഖ്യാ സുന്നഹദോസിന്റെ കാലത്ത് ആറു മെത്രാന്മാർ സുന്നഹദോ സിൽ സംബന്ധിച്ച ആ പാശ്ചാത്യസഭയ്ക്ക്, ഇന്നൊരു ലോകസുന്നഹ ദോസുണ്ടാകുകയാണെങ്കിൽ 4000 എപ്പിസ്കോപ്പന്മാരെ അയയ്ക്കാൻ കഴി യുമെന്നുള്ളത് അത്ഭുതാവഹമായ ഒരു യാഥാർത്ഥ്യമാണ്.

ഈ അത്ഭുതാവഹമായ സഭയുടെ പ്രധാന തലവനെന്ന നിലയിലാണ് റോമാ പാപ്പായെ നാം സ്വാഗതം ചെയ്തതും.

ഏലിയാ കത്തീഡ്രലിൽ വെച്ചുള്ള നമ്മുടെ പരിശുദ്ധ ബാവായുടെ സ്വാഗതപ്രസംഗത്തിൽ രണ്ടു കാര്യങ്ങൾ എടുത്തുപറഞ്ഞു. ഒന്നാമത്, അജമോഷണം എന്ന പ്രസ്ഥാനം നിലയ്ക്കണം. രണ്ടാമത്, കത്തോലിക്കാ സഭാ പണ്ഡിതന്മാരും പൗരസ്ത്യ ഓർത്തഡോക്സ് സഭാ പണ്ഡിതന്മാരും തമ്മിൽ 1972-78 വർഷങ്ങളിൽ വിയന്നായിൽ വെച്ചു നടന്ന സംഭാഷണ ങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ കത്തോലിക്കാ – ഓർത്തഡോക്സ് സഭകൾ തമ്മിൽ ഒരു സംഭാഷണം നടക്കണം. ഇത് രണ്ടും ഉണ്ടാകുക യാണെങ്കിൽ അനേക കാര്യങ്ങളിൽ പരസ്പരം സഹകരിയ്ക്കാനൊക്കും.

മാർപ്പാപ്പായുടെ മറുപടിയിൽ സഭയൊന്നാകണമെന്നല്ലാതെ കൂടുതൽ വ്യക്തമായി ഒന്നും പറഞ്ഞില്ല. ഒന്നാകുന്നതിന്റെ അടിസ്ഥാനമായി പിരി

യുന്ന സമയത്ത്, കാറിൽ കയറുന്നതിന് മുൻപായി മാർപാപ്പാ നമ്മുടെ ബാവായോട് പറഞ്ഞു. 'ഞാൻ റോമ്മയിലെ പാപ്പാ, അവിടുന്ന് കോട്ടയത്തെ പാപ്പാ' എന്ന്. അതിന്റെ പിറകിൽ കിടക്കുന്നത് റോമ്മാ പാപ്പായുടെ പരമാധികാരം സമ്മതിച്ചുകൊടുക്കാമെങ്കിൽ നമ്മുടെ കാതോലിക്കായുടെ പാത്രിയർക്കാ സ്ഥാനം അംഗീകരിയ്ക്കാമെന്നോ മറ്റോ ആയിരിയ്ക്കണം. കാരണം അങ്ങിനെയൊരു വിചിത്രമായ നിർദ്ദേശം ഇവിടെയുള്ള ചില കത്തോലിക്കാ മെത്രാന്മാർ നമ്മുടെ ബാവായുടെ മുൻപിൽ കുറെ ആഴ്ചകൾക്ക് മുൻപിൽ സമർപ്പിച്ചു എന്നുള്ളത് പരമാർത്ഥമാണ്. വത്തിക്കാനിൽ നിന്നുള്ള നീക്കമായിരുന്നു ഇതെന്നും, പാപ്പാ ഇവിടെയുള്ളപ്പോൾ 'പുനരൈക്യം' സാധിയ്ക്കാമെന്നുമൊക്കെയായിരുന്നിരിയ്ക്കണം ചിലരുടെ മോഹമെന്നും അറിവുള്ളവർ പറയുന്നു. അതുകൊണ്ടു തന്നെയായിരിയ്ക്കണം പരിശുദ്ധ ബാവായുടെ പ്രസംഗത്തിൽ അല്പം കൂടുതൽ കർക്കശത്വം കണ്ടതും. കുന്നശ്ശേരി മെത്രാച്ചന്റെ വീട്ടിൽ പാപ്പായുടെ കൂടെ ഊണുകഴിയ്ക്കാൻ നമ്മുടെ ബാവാ ചെന്നാൽ മതിയെന്നും പാപ്പാ നമ്മെ വന്ന് കാണേണ്ടുന്നയാവശ്യമില്ലെന്നും ഇവിടത്തെ കത്തോലിക്കാ മെത്രാന്മാർ നിർദ്ദേശിച്ചതും ഈ കർക്കശത്വത്തിന്റെ പിറകിൽ കാണും.

പാപ്പായുടെ സന്ദർശനത്തിന് ഏതാനും വാരങ്ങൾക്കുമുമ്പ് നമ്മുടെ ബാവായെക്കാണാൻ മൂന്നു കത്തോലിക്കാ മെത്രാന്മാർ വരുന്നുവെന്നും അവരെ സ്വീകരിയ്ക്കണമെന്നും ഒരു കത്തോലിക്കാ പുരോഹിതൻ വന്ന് നമ്മുടെ ബാവായോടഭ്യർത്ഥിച്ച് ബാവാ സമ്മതിച്ചശേഷം, ബാവാ ഈ മെത്രാന്മാരെ ദേവലോകത്തേയ്ക്ക് ക്ഷണിയ്ക്കുന്നതായി ബാവായുടെ ഒപ്പിട്ട എഴുത്ത് വേണമെന്ന് പറഞ്ഞ് സൂത്രത്തിൽ എഴുത്തുവാങ്ങിക്കൊണ്ടുപോയത് "പുനരൈക്യ"ത്തിനുള്ള പ്രഥമനീക്കം നമ്മുടെ ബാവായിൽ നിന്നാണുണ്ടായതെന്ന് കാണിയ്ക്കാനുള്ള രേഖയുണ്ടാക്കുകയായിരുന്നുവെന്നും സംശയമുണ്ട്. നമ്മുടെ സഭയും കത്തോലിക്കാ സഭയും തമ്മിലുള്ള സൗഹൃദബന്ധത്തെ കണക്കിലധികം ഉലയ്ക്കുന്ന ഒരു പ്രവൃത്തിയായിരുന്നു അന്ത്യോഖ്യാ റീത്തുകാരിൽ നിന്നു മാത്രമല്ലാതെ സുറിയാനിക്കത്തോലിക്കാ (മലബാർ റീത്തു) ബിഷപ്പന്മാരിൽനിന്ന് കൂടെവന്ന ഈ "പുനരൈക്യ" നീക്കം.

കത്തോലിക്കാ സഭയും പൗരസ്ത്യസഭകളും തമ്മിൽ അടിസ്ഥാനപരമായ വിശ്വാസൈക്യം ഉണ്ടെന്നു പറയാം. പക്ഷേ പല കാര്യങ്ങളിലും കത്തോലിക്കാസഭ പഠിപ്പിക്കുന്നത് അബദ്ധമാണെന്ന് നാം വിശ്വസിയ്ക്കുന്നു. ഉദാഹരണമായി, റോമ്മാ പാപ്പായ്ക്ക് മറ്റ് ബിഷപ്പന്മാരുടെ മേൽ ഏതെങ്കിലും അധികാരമുണ്ടെന്ന് നാം സമ്മതിയ്ക്കില്ല. ലോകത്തിലെ സഭ മുഴുവന്റെയും തലവൻ റോമ്മാ ബിഷപ്പാണെന്നും അദ്ദേഹത്തെ കൂടാതെ സഭയില്ലെന്നും നമുക്ക് വിശ്വസിക്കാനാവില്ല. റോമ്മാ ബിഷപ്പിന്റെ സ്ഥാനം മറ്റു ബിഷപ്പന്മാർക്കില്ലാത്തതാണെന്നും അത് പത്രോസിന്റെ "പരമാധികാര"ത്തിൽ അധിഷ്ടിതമാണെന്നും നമുക്ക് വിശ്വസിയ്ക്കാനാവില്ല. മാർപ്പാപ്പായുടെ അപ്രമാദിത്വം, കന്യകമറിയാമിന്റെ അമലോൽഭവം മുതലായതും തെറ്റായ ഉപദേശങ്ങൾ തന്നെ.

തെറ്റായ ഉപദേശങ്ങളെ കത്തോലിക്കാസഭ തിരുത്താൻ തയ്യാറാണെങ്കിൽ പരിശുദ്ധ കുർബാനയിൽ കൂടെയുള്ള ഐക്യത്തിന് പൗരസ്ത്യ സഭകൾ എപ്പോഴും തയ്യാറാണ്. പക്ഷേ പരമാധികാരം ഒന്നും സമ്മതിച്ചു കൊടുക്കുകയില്ല. ക്രൈസ്തവ സഭയ്ക്കങ്ങിനെ ഒരു പാരമ്പര്യവുമില്ല. പടിഞ്ഞാറിന്റെ പാത്രിയർക്കീസായി റോമ്മാപാപ്പായെ അംഗീകരിയ്ക്കുന്നതിന്ന് ഇപ്പോൾ പ്രധാന തടസ്സമായി നിൽക്കുന്നത് പരമാധികാരത്തെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ തെറ്റായ ഉപദേശം തന്നെയാണ്.

കത്തോലിക്കാ സഭയെക്കുറിച്ച് പൗരസ്ത്യ സഭകൾക്കെല്ലാമുള്ള അനുഭവത്തിൽ വഞ്ചനയുടെ ആത്മാവ് വളരെയധികം കാണുന്നു. നമ്മുടെ സഭയെ അട്ടിമറിക്കാനല്ലാതെ സഹായിയ്ക്കാനുള്ള ഉദ്യമങ്ങൾ അധികം കാണുന്നുമില്ല. അടുത്തകാലത്തെ അനുഭവം ഇതിൽ നിന്ന് വ്യത്യസ്തമല്ല.

സ്നേഹവും ആത്മാർത്ഥതയുമില്ലാതെ സഭൈക്യം സാദ്ധ്യമല്ല. ആ സ്നേഹത്തിലേയ്ക്കും ആത്മാർത്ഥതയിലേയ്ക്കും ക്രിസ്തുവിലുള്ള ഐക്യത്തിലേയ്ക്കും നമ്മെയെല്ലാവരേയും നയിയ്ക്കാൻ നമുക്ക് ക്രിസ്തുവിനോടപേക്ഷിക്കാം.

സ്നേഹവും ആത്മാർത്ഥതയും എന്നുള്ളത് സഭകൾ തമ്മിലുള്ള പെരുമാറ്റത്തിൽ മാത്രം പോരാ. ഇതര മതവിശ്വാസികളുമായുള്ള ബന്ധത്തിലും, ഒരു മതവുമില്ലാത്തവരോടുള്ള പെരുമാറ്റത്തിലും കാണണം. അവർക്കും ക്രിസ്ത്യാനികളെ വിശ്വാസമില്ല എന്ന നിലയിൽനിന്ന് ഭേദപ്പെടുത്താൻ പാപ്പായുടെ ഇപ്പോഴത്തെ സന്ദർശനം സഹായിച്ചോ എന്നുള്ളതിനേക്കുറിച്ചും വളരെയേറെ സംശയമുണ്ട്.

പാപ്പായ്ക്ക് മലങ്കര ഓർത്തഡോക്സ് സഭ കൊടുത്തതുപോലുള്ള സ്വീകരണം ലോകത്തിലെ മറ്റൊരു ഓർത്തഡോക്സ് സഭയും നൽകുകയില്ല. ഗ്രീസിലാണെങ്കിൽ അദ്ദേഹത്തെ ഒരു ഓർത്തഡോക്സ് പള്ളിയിൽ സ്വീകരിയ്ക്കുമായിരുന്നോ എന്ന് സംശയമുണ്ട്. ഇവിടത്തെ സഭ നൽകിയ സ്വാഗതം മറ്റുള്ള ഓർത്തഡോക്സ് സഭകൾ നൽകാത്തത് അവർക്കും തിക്തകങ്ങളായ അനുഭവങ്ങൾ അവരുടെ റോമാബന്ധ ചരിത്രത്തിലും ധാരാളം ഉള്ളതുകൊണ്ടാണ്.

മാർപാപ്പായുടെ പെരുമാറ്റം ഏറ്റവും വിനീതവും ഹൃദ്യവുമായിരുന്നുവെങ്കിലും, 'ഞാൻ റോമ്മായുടെ പാപ്പാ, അങ്ങ് കോട്ടയത്തിന്റെ പാപ്പാ' എന്നുള്ള വാക്കുകളിൽ നിന്ന് ധ്വനിയ്ക്കുന്നത്, ഓർത്തഡോക്സ് സഭകളെ പാപ്പായുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരാനുള്ള ഉദ്യമത്തിൽ നിന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്ന് ശേഷവും ജോൺ പോൾ രണ്ടാമൻ അധികം പിന്മാറിയിട്ടില്ലെന്നല്ലേ? അല്ലെങ്കിൽ അദ്ദേഹം അത് വ്യക്തമാക്കുന്നത് നല്ലതായിരിയ്ക്കും. അത് തന്നെയാണദ്ദേഹത്തിന്റെ ഉദ്ദേശ്യമെങ്കിൽ, രണ്ടാം വത്തിക്കാന്റെ നിർദ്ദേശമനുസരിച്ച് അജമോഷണത്തിൽ നിന്ന് പിന്മാറാൻ തന്റെ ഇടയന്മാരെ നിർദ്ദേശിയ്ക്കാനെങ്കിലും അദ്ദേഹത്തിന് സാധിയ്ക്കുമോ? ഇതാണ് നമ്മുടെ ബാവാ പറഞ്ഞതിന്റെ പിറകിൽ കിടക്കുന്ന ചോദ്യങ്ങൾ എന്ന് തോന്നുന്നു.

(*പുരോഹിതൻ*, ഏപ്രിൽ 1986)

# 13
# സഭാക്കേസിൽ ആരു ജയിച്ചു

മലങ്കരസഭാ സംബന്ധമായ ഇരുനൂറിലധികം കേസുകൾ സ്പെഷ്യൽ കോടതിയിൽ കിടക്കവേ, അവയിലെ പ്രധാന തർക്കവിഷങ്ങളടങ്ങിയ എട്ട് കേസുകളെടുത്തു മൊഴിയെടുക്കുകയും വിസ്തരിക്കുകയും ചെയ്യുകയാണല്ലോ ഉണ്ടായത്. ഇതു സംബന്ധമായ ഇരുഭാഗത്തേയും വാദങ്ങൾ കഴിയുന്നതും വേഗത്തിൽ കേട്ട് ഒരു തീരുമാനമെടുക്കുവാൻ ഹൈക്കോടതിയുടെ ഒരു സിംഗിൾ ബഞ്ചിനോട് ആവശ്യപ്പെട്ടുകൊണ്ട്, സുപ്രീംകോടതി കൊടുത്തിരുന്ന നിർദ്ദേശക്കല്പനയിൽ തന്നെ പറഞ്ഞിട്ടുണ്ടായിരുന്നു, കോടതിക്കു വെളിയിൽ ഒരനുരഞ്ജനത്തിനു വഴിതെളിക്കുന്നവിധം കാര്യങ്ങൾ തീരുമാനിക്കണമെന്ന്.

ജസ്റ്റീസ് ചന്ദ്രശേഖരമേനോൻ, തന്റെ വിധിയിൽ ആദ്യഭാഗത്തു തന്നെ സുപ്രീംകോടതിയുടെ ഈ നിർദ്ദേശം ഉദ്ധരിക്കുന്നുണ്ട്. “ഇരുകൂട്ടരും ആയുധം താഴെവച്ച്, കോടതികളിൽ കൂടിയുള്ള മുഷ്ടിയുദ്ധം ഉപേക്ഷിച്ച്, പഴയ മുറിവുകൾ ഉണങ്ങുന്നതിനും, പുതിയ രമ്യത സൃഷ്ടിക്കുന്നതിനും, ക്രിസ്തുവിന്റെ ആത്മാവിനെ പ്രസാദിപ്പിക്കുന്നതിനും ഉതകുന്ന ഒരു ‘മോഡസ് വിവെൻഡി’ (സമാധാനപൂർവമായ സഹവർത്തിത്വം) സ്ഥാപിക്കത്തക്കവണ്ണം, നിവൃത്തിയുണ്ടെങ്കിൽ ഒരു നിവേദനരീത്യാ (if persuasively possible), നിർഭാഗ്യകരമായ ഈ ചരിത്രാദ്ധ്യായത്തിനു വിരാമമിടണം” എന്നാണ് സുപ്രീംകോടതി നിർദ്ദേശം.

ജനങ്ങൾ വികാരപ്രക്ഷുബ്ധരായിരിക്കുന്ന സാഹചര്യത്തിൽ യുക്തിയും നിയമവും നോക്കിക്കൊണ്ടുള്ള ഒരു കോടതി തീരുമാനത്തിന് ഈ പ്രശ്നം പരിഹരിക്കാൻ സാദ്ധ്യമല്ലെന്നും, അതുകൊണ്ടു സമാധാനത്തിനു വഴിതെളിക്കുന്ന ഒരു വിധിയാണു താൻ നല്കുന്നതെന്നും ജസ്റ്റീസ് മേനോൻ പറയുന്നു. “സമുദായത്തിൽ ദീർഘകാലം നീണ്ടുനിന്നിട്ടുള്ള ഈ കോടതിക്കേസുകളുടെ അന്ത്യത്തിലേക്കു വഴികാണിക്കാനെങ്കിലും എന്റെ ഈ തീരുമാനം ഉതകുമെന്ന പ്രത്യാശയിൽ വളരെ താഴ്മയോടെ മാത്രമാണു ഞാൻ ഈ പ്രശ്നങ്ങളെ സമീപിച്ചിട്ടുള്ളത്...”

ആകെയുള്ള എട്ടു കേസുകളിൽ ഏഴെണ്ണം കാതോലിക്കാഭാഗത്തു നിന്നും ഉന്നയിക്കുന്ന പ്രധാന വാദമുഖങ്ങളെ ഉൾക്കൊള്ളുന്നതും, ഏഴാം നമ്പർ കേസ് പാത്രിയർക്കീസ് ഭാഗത്തെ എല്ലാ പ്രധാന വാദമുഖങ്ങളെയും ഉൾക്കൊള്ളുന്നതുമാണ്. എട്ടു കേസുകളും തള്ളിയപ്പോൾ ഇരുഭാഗത്തേയും എല്ലാ പ്രത്യേക അപേക്ഷകളും തള്ളിയെന്നർത്ഥം. ഇരുകൂട്ടരും ജയിച്ചിട്ടില്ല. ഇരുകൂട്ടരുടേയും കേസുകളിൽ അനുകൂലമായ വിധിയുണ്ടായിട്ടില്ല.

ഈ കേസുകളിലെ പ്രധാന വാദമുഖങ്ങളിലുണ്ടായിട്ടുള്ള തീരുമാനങ്ങളെന്തെല്ലാമാണ്?

കാതോലിക്കാഭാഗത്തു നിന്നും വാദിച്ചതു പാത്രിയർക്കീസ് ബാവായ്ക്കു മലങ്കരസഭയിൽ അധികാരമൊന്നുമില്ലെന്നും, അദ്ദേഹത്തിന് ഇവിടത്തെ മെത്രാന്മാരെയോ, കാതോലിക്കോസിനെയോ മുടക്കാനോ, പുതിയ മെത്രാന്മാരെ വാഴിക്കാനോ അധികാരമില്ലെന്നുമായിരുന്നു. ഈ വാദത്തിന്റെ പകുതി കോടതി തള്ളി, പകുതി സ്വീകരിച്ചു. വിധിയിൽ പറയുന്നത്, പാത്രിയർക്കീസിനു തങ്ങളുടെമേൽ അധികാരം വേണമെന്നു പറയുന്നവരുടെമേൽ അദ്ദേഹത്തിന് അധികാരമുണ്ടെന്നും, അങ്ങനെ അധികാരമില്ല എന്നു പറയുന്നവരുടെമേൽ അദ്ദേഹത്തിനു യാതൊരു അധികാരവുമില്ലെന്നും ആണ്. അതായതു വിദേശ പാത്രിയർക്കീസിനെ തങ്ങളുടെ മേലാവായി സ്വീകരിക്കണമെന്നാഗ്രഹമുള്ളവരെ പിടിച്ചുനിർത്താൻ ആർക്കും അവകാശമില്ല എന്നാണ്. പക്ഷേ അധികാരം ഉണ്ടെന്നു പറയുന്നവരും, ഇല്ലെന്നു പറയുന്നവരും സഭയ്ക്ക് ഇതരന്മാരാകയില്ലെന്നും വിധിയിൽ പറയുന്നു.

കാതോലിക്കാഭാഗത്തെ രണ്ടാമത്തെ പ്രധാന വാദം, ഒരു ഇടവക ഒരു പ്രത്യേക ട്രസ്റ്റ് അല്ലെന്നും, പൊതുസഭയുടെ ഒരു ഘടകം മാത്രമാണെന്നും അതിനു പൊതുഭരണഘടനയ്ക്കു വിരുദ്ധമായ തീരുമാനങ്ങളെടുക്കാൻ അധികാരമില്ലെന്നുമായിരുന്നു. വിധിയിൽ പറയുന്നത്, ഇടവകകളുടെ മേൽ മെത്രാന്മാർക്ക് ആത്മീയ അധികാരം മാത്രമേയുള്ളുവെന്നും വസ്തുക്കളെ സംബന്ധിച്ചിടത്തോളം ഇടവകകൾ വ്യത്യസ്ത ട്രസ്റ്റുകളാണെന്നുമാണ്. പാത്രിയർക്കീസ് ഭാഗത്തു നിന്നും ഹാജരാക്കിയിട്ടുള്ള ചില പ്രത്യേക ഇടവകകളുടെ ഭരണഘടനകളെ അടിസ്ഥാനമാക്കിയാണു കോടതി ഈ നിഗമനത്തിലെത്തിയിട്ടുള്ളതെന്നു വിധിയിൽ പറയുന്നു.

എന്നാൽ, അതേസമയം തന്നെ, പൊതു ഭരണഘടനയെ അംഗീകരിച്ചിട്ടുള്ള ഇടവകകൾക്ക് അതു പൂർണ്ണമായും ബാധകമാണെന്നും കോടതി പറയുന്നുണ്ട്. പക്ഷേ "അംഗീകരിക്കുക" എന്ന പദത്തിന് ഒരു പ്രത്യേക നിർവചനം നൽകുന്നത്, ഓരോ ഇടവകയും തങ്ങളുടെ സ്വന്ത ഭരണഘടനയിൽ നിർദ്ദേശിക്കുന്ന ക്രമങ്ങളിൽകൂടി പൊതുഭരണഘടന അംഗീകരിക്കണമെന്നു മാത്രമാണ്. മലങ്കരസഭയിലെ 1100 ഇടവകകളിൽ 90 ശതമാനത്തിനും സ്വന്തം ഭരണഘടന ഇല്ലാത്ത അവസ്ഥയ്ക്കു പിന്നെ ഏതു ക്രമമനുസരിച്ചാണ് ഇടവകകൾ പൊതുഭരണഘടന അംഗീകരിക്കേണ്ടതെന്നു വിധിയിൽ പറയുന്നില്ല.

സുപ്രീംകോടതി വിധിയും ഭരണഘടനയുമൊക്കെ സഭയുടെ പൊതുസ്വത്തുക്കളെ മാത്രമേ ബാധിക്കുകയുള്ളുവെന്നും, ഇടവകകളുടെയും ഭദ്രാസനങ്ങളുടെയും സ്വത്തുക്കളെ അവ ബാധിക്കയില്ലെന്നുമാണു വിധി.

വിധിയിൽ പാത്രിയർക്കീസ് ഭാഗത്തിനനുകൂലമായി എന്തു തീരുമാനങ്ങളാണുള്ളത്?

1. മലങ്കര അസോസിയേഷൻ തെരഞ്ഞെടുക്കാതെ തന്നെ, മലങ്കര സഭയിൽ മെത്രാപ്പോലീത്താമാരെ വാഴിക്കാൻ അന്ത്യോഖ്യാ പാത്രിയർക്കീസിനധികാരമുണ്ടെന്നും, അങ്ങനെയുള്ള മെത്രാന്മാരെ സ്വീകരിക്കുന്ന ഇട

വകളിന്മേൽ അവർക്ക് ആത്മീയമായ അധികാരമുണ്ടെന്നും ഉള്ള തീരുമാനം.

ഈ തീരുമാനം, കേരള ഹൈക്കോടതിയുടെ തീരുമാനം നിരാകരിച്ചുകൊണ്ട്, സുപ്രീംകോടതി അംഗീകരിച്ചു പ്രാബല്യത്തിൽ വരുത്തിയിട്ടുള്ള ജില്ലാ കോടതി വിധിക്കു വിപരീതമാണെന്നു വിധിയിൽ തന്നെ സമ്മതിക്കുന്നുണ്ട് (പേജ് 628–629): “ഭദ്രാസന മെത്രാപ്പോലീത്താമാരെ സംബന്ധിച്ചും, അവരെ സ്വീകരിക്കുന്നതിനുള്ള അവസാനതീരുമാനം ചെയ്യേണ്ടതു മലങ്കരസഭയെ മുഴുവനായി പ്രതിനിധാനം ചെയ്യുന്ന അസോസിയേഷനാണെന്നുള്ള സമുദായക്കേസിലെ ട്രയൽ കോർട്ടിലെ പണ്ഡിതനായ ജില്ലാ ജഡ്ജിയുടെ തീരുമാനത്തോടു യോജിക്കുവാൻ എനിക്കു പ്രയാസമുണ്ടെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു” എന്നാണു വിധി പറയുന്നത്.

ഹൈക്കോടതിയുടെ അപ്പീൽ തീരുമാനത്തെ തള്ളിക്കൊണ്ടും, കീഴ്ക്കോടതിവിധിയെ ശരിവച്ചുകൊണ്ടും, സുപ്രീംകോടതി നല്കിയ വിധിയെ മാറ്റിവച്ചുകൊണ്ട് ഇങ്ങനെയൊരു തീരുമാനം നല്കുവാൻ ഹൈക്കോടതിയുടെ ഒരു സിംഗിൾ ബഞ്ചിന് അധികാരമുണ്ടോ എന്നത് ഒരു നിയമപ്രശ്നമാകയാൽ ഉന്നതകോടതികൾക്കു മാത്രമേ അതിൽ തീരുമാനമുണ്ടാക്കുവാൻ സാധിക്കൂ.

2. ഇടവകകളും, മെത്രാസനങ്ങളും സ്വതന്ത്ര ട്രസ്റ്റുകളാണെന്നും, ഭരണഘടനയ്ക്ക് അവയിന്മേൽ അവകാശമില്ലെന്നും ഉള്ള തീരുമാനം നിരുപാധികമല്ല – വിധി ഇങ്ങനെയാണ്: “ഭൗതികകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇടവകപ്പള്ളികൾ സ്വതന്ത്ര ട്രസ്റ്റുകളാണ്. ഇടവകാംഗങ്ങൾ തെരഞ്ഞെടുക്കുന്ന ട്രസ്റ്റികളിലാണു ഭരണാധികാരം നിക്ഷിപ്തമായിരിക്കുന്നത്. ഏതെങ്കിലുമൊരു ഭരണഘടന സംവിധാനം ചെയ്യുന്നതുമൂലം ഇടവകകൾക്കുള്ള ഈ ഭരണാധികാരത്തിൽ കൈകടത്തുവാൻ അസോസിയേഷനു സാദ്ധ്യമല്ല – ഒരു പ്രത്യേക പള്ളിയോ, പള്ളികളോ അനുകൂലവും സുവ്യക്തവുമായ ഒരു തീരുമാനം മൂലം തങ്ങൾക്കുള്ള സ്വാതന്ത്ര്യത്തെ കീഴ്പ്പെടുത്തിക്കൊടുത്തിട്ടില്ലെങ്കിൽ (Unless there has been a surrender of such autonomy by any particular church or churches by a positive and express action).

“അനുകൂലവും സുവ്യക്തവുമായ തീരുമാനം” ഏതു രൂപത്തിലുള്ളതായിരിക്കണമെന്നു കോടതി തീരുമാനിച്ചിട്ടില്ല. ഭരണഘടനപ്രകാരമെന്നു വ്യക്തമായിപ്പറയുന്ന കല്പനകളെയും നോട്ടീസുകളെയും അനുസരിച്ചു ദീർഘകാലം പ്രതിനിധികളെ അയക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് ‘അനുകൂലവും സുവ്യക്തവുമായ’ തീരുമാനമായി പരിഗണിക്കപ്പെടാമോ എന്നുള്ളതും ഇപ്പോൾ അവ്യക്തമാണ്.

ഇക്കാര്യത്തിൽ കോടതിവിധി പാത്രിയർക്കീസ് ഭാഗത്തെ വാദങ്ങളെയാണു കൂടുതൽ അവലംബമാക്കിയിരിക്കുന്നതെങ്കിലും, ഈ തീരുമാനം പാത്രിയർക്കീസ് ഭാഗത്തിന് അനുകൂലമാണോ എന്നുള്ളതു ചരിത്രം

തന്നെ വ്യക്തമാക്കും. അനുകൂലമല്ലെന്നു വിചാരിക്കുന്നവർ പാത്രിയർക്കീസ് വിഭാഗത്തിൽ ധാരാളമുണ്ടെന്നാണ് എന്റെ അറിവ്. തങ്ങൾക്ക് അനുകൂലമാണെന്നു വിചാരിക്കുന്നവർ കാതോലിക്കാ ഭാഗത്തും ഉണ്ട്.

3. മലങ്കര അസോസിയേഷൻ ഉണ്ടാക്കിയിട്ടുള്ള ഭരണഘടന അധികാരാതീതം (ULTRA VIRES) ആണെന്നുള്ള കോടതിവിധി പാത്രിയർക്കീസ് വിഭാഗത്തിന് അനുകൂലമാണെന്നു പറയാം - ഭരണഘടന ഉണ്ടാക്കിയ അസോസിയേഷൻ യോഗം അസാധുവല്ല - എല്ലാ ഇടവകളേയും ഭദ്രാസനങ്ങളേയും ബാധിക്കുന്ന ഒരു ഭരണഘടന പാസ്സാക്കുവാനുള്ള അധികാരം മുളന്തുരുത്തി സുന്നഹദോസ് അസോസിയേഷനു കൊടുത്തിട്ടില്ലെന്നു മാത്രം. സമുദായത്തിന്റെ പൊതുസ്വത്തുക്കളിന്മേൽ മാത്രമേ അസോസിയേഷനും മാനേജിംഗ് കമ്മിറ്റിക്കും അധികാരമുള്ളു എന്നാണു വിധി പറയുന്നത്.

ഇതു പാത്രിയർക്കീസ് വിഭാഗത്തിനനുകൂലമാണോ എന്നു തീർച്ചയായി അറിയാൻ സാധിക്കുന്നത്, അവർ ഒരു പ്രത്യേക ജൂറിസ്ഡിക്ഷൻ ആയി നിന്ന്, ഒരു പൊതുഭരണഘടന ഉണ്ടാക്കുവാനോ, ഭരണഘടനയില്ലാതെ ഭരിക്കുവാനോ ശ്രമിക്കുമ്പോഴാണ് - രണ്ടും കുറെയൊക്കെ ശ്രമിച്ചുവെന്നും നടക്കുന്നില്ലെന്നുമാണ് കേൾവി - പാത്രിയർക്കീസ് വിഭാഗത്തിന് അനുകൂലമാണു വിധിയെന്നു തത്വത്തിൽ പറയാമെങ്കിലും, പ്രായോഗികമായി തരണം ചെയ്യാൻ സാദ്ധ്യമല്ലാത്ത വൈഷമ്യങ്ങൾ അവർക്ക് ഉണ്ടാക്കിത്തീർക്കുന്ന ഒരു തീരുമാനമാണിതെന്ന് ആഴമായി ചിന്തിക്കുന്നവർക്കു ബോദ്ധ്യമാകും.

* * * * * * * * * *

കാതോലിക്കോസ് വിഭാഗത്തിന് അനുകൂലമായ എന്തെങ്കിലും ഈ വിധിയിലുണ്ടോ എന്നു പലർക്കും സംശയമുണ്ട്. പരമാർത്ഥം പറഞ്ഞാൽ മേൽപറഞ്ഞ മൂന്നു കാര്യങ്ങളൊഴിച്ചാൽ, മറ്റെല്ലാവിധത്തിലും മലങ്കരസഭയിലെ വ്യവസ്ഥാപിതാധികാരമുള്ള കാതോലിക്കോസ് വിഭാഗത്തിന് അനുകൂലമാണ് ഈ വിധി. ഏറ്റവും പ്രധാനമായിട്ടുള്ളതു മൂന്നു കാര്യങ്ങളാണ്.

1. ഒന്നാമത്, അന്ത്യോഖ്യാ പാത്രിയർക്കീസിനു 19-ാം ശതാബ്ദം മുതൽ ഇവിടെ ഉണ്ടായിരുന്ന അധികാരം പൂർണ്ണമായി നിഷേധിച്ചാലും ആരും സഭക്കിതരരാവുകയില്ലെന്നുള്ള വിധിയാണ്. ഈ വിധിയുടെ ബലത്തിൽ ഭരണഘടനയെ അംഗീകരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഭരണഘടനയിൽ നാം അംഗീകരിക്കുന്ന അന്ത്യോഖ്യാ പാത്രിയർക്കീസുണ്ടെങ്കിൽ അദ്ദേഹത്തിനുണ്ടാകാവുന്ന അവകാശങ്ങളെപ്പോലും ഇല്ലാതാക്കിക്കൊണ്ടു ഭരണഘടനയുടെ ഒന്നു മുതൽ മൂന്നു വരെ വകുപ്പുകളും, 104, 114, 118 മുതലായി അന്ത്യോഖ്യാ പാത്രിയർക്കീസിനെ പരാമർശിക്കുന്ന എല്ലാ പ്രസക്ത വിഭാഗങ്ങളും പരിഷ്ക്കരിക്കുവാനുള്ള സാഹചര്യം സംജാതമായിരിക്കുന്നു. ഇത് ഒരു ചെറിയ കാര്യമല്ല. പുരാതനകാലം മുതൽ ഭാരതസഭയ്ക്കുണ്ടായിരുന്ന പൂർണ്ണസ്വാതന്ത്ര്യം പൂർണമായിത്തന്നെ പുനഃ

സ്ഥാപിക്കുവാൻ അവസരം നൽകിക്കൊണ്ടുള്ള ഒരു തീരുമാനം, ഒരു വിദേശ മേലധികാരിയുടെ കീഴിലിരുന്നാൽ മാത്രമേ തങ്ങൾക്ക് അദ്ധ്യാത്മികമായി ശ്രേയസ് ഉണ്ടാകയുള്ളുവെന്നു വിശ്വസിക്കുന്നവർക്കൊഴികെ മറ്റെല്ലാ മലങ്കര സഭാംഗങ്ങൾക്കും വളരെയധികം സ്വാഗതാർഹമാണ്.

2. പരിശുദ്ധ കാതോലിക്കാബാവായേയും, സുന്നഹദോസിലെ മറ്റു മെത്രാപ്പോലീത്താമാരേയും അന്ത്യോഖ്യാ പാത്രിയർക്കീസോ, അന്ത്യോഖ്യൻ സഭയിലെ കുറെ മെത്രാന്മാർ കൂടിയോ മുടക്കിയാൽ ഇവിടെ നമ്മെ ആരെയും ആ തീരുമാനം ബാധിക്കുകയില്ലെന്നുള്ള വിധി തീർച്ചയായും കാതോലിക്കാവിഭാഗത്തിന് അനുകൂലമാണ്. ഈ തീരുമാനം ഭാവിയിൽ പാത്രിയർക്കീസ് വിഭാഗത്തെ ശ്രേഷ്ഠ കാതോലിക്കായേയും, മറ്റു മെത്രാപ്പോലീത്താമാരെയും ബാധിക്കുമോ എന്നു വിധിയിൽ പറയുന്നില്ലെങ്കിലും, പാത്രിയർക്കീസ് വിഭാഗത്തിനും ഈ വിധി നല്ലതല്ലേയെന്ന് എനിക്കു തോന്നിപ്പോകുന്നു. അവർക്കും എപ്പോൾ വേണമെങ്കിലും പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിച്ചു മലങ്കരസഭയുടെ ഭരണഘടനയ്ക്കുള്ളിൽ വരാമല്ലോ - ഏതായാലും പാത്രിയർക്കീസ് ബാവാ ഇവിടെ അദ്ദേഹത്തെ മേലധികാരിയായി അംഗീകരിക്കുന്നവരെപ്പോലും മുടക്കിയാൽ അവർ അതു സ്വീകരിക്കുന്നില്ലെങ്കിൽ അവരെയും അതു ബാധിക്കുകയില്ലെന്നുള്ള തീരുമാനം പാത്രിയർക്കീസു ഭാഗക്കാർക്കു ഭോഷകരമല്ലെങ്കിലും, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ താല്പര്യങ്ങൾക്കു തികച്ചും വിരുദ്ധമാണെന്നു സ്പഷ്ടമാണ് - മലങ്കരസഭയെ സംബന്ധിച്ചിടത്തോളം അതു തികച്ചും നമുക്ക് അനുകൂലമാണ്.

3. ഇപ്പോഴത്തെ വിധി മലങ്കരസഭയുടെ ഭരണഘടനയെ ഒരുവിധത്തിൽ അംഗീകരിക്കുന്നു എന്നുള്ളതാണു മൂന്നാമത്തെ പ്രധാന ആനുകൂല്യം. അതിനെ അംഗീകരിക്കുന്നവരെ അതു ബാധിക്കുമെന്നു വിധിയിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. ഒരിക്കൽ ഭരണഘടന അംഗീകരിച്ചു കഴിഞ്ഞാൽ പിന്നെ അതിൽ നിന്നു പുറത്തുപോകണമെങ്കിൽ ആ ഭരണഘടനയ്ക്ക് അനുസൃതമായി മാത്രമേ സാധിക്കൂ. അതിനു വിധേയത്വമുള്ളവർക്ക് അതിൽ നിന്നു പുറത്തുപോകാനുള്ള വ്യവസ്ഥയൊന്നും ഭരണഘടനയിലില്ല. ഒരിക്കൽ ഭരണഘടന സ്വീകരിച്ചിട്ടുള്ള ഇടവകകൾ അതിൽ നിന്നു പുറത്തുപോകുമ്പോൾ, ഇടവക വസ്തുക്കളിന്മേൽ അവർക്കുള്ള എല്ലാ അവകാശങ്ങളും നഷ്ടപ്പെട്ടു പോകുമെന്നതാണു സാമാന്യനീതി. അതു സ്വീകരിച്ചിട്ടുള്ള എല്ലാ ഭദ്രാസനങ്ങളേയും ഭരണഘടന ബാധിക്കുമെന്നു സുവ്യക്തമായി പ്രഖ്യാപിച്ചിട്ടുള്ളതു കാതോലിക്കാ വിഭാഗത്തിന് അനുകൂലമാണ്.

സമാധാനപരമായ ഒരു ഒത്തുതീർപ്പിലേക്കു വിധി വഴിതെളിക്കുമെന്നുള്ള ജഡ്ജിയുടെ ആശംസ യാഥാർത്ഥ്യമായിത്തീരട്ടെ - കേസിൽ രണ്ടു കൂട്ടരും ജയിച്ചില്ല - ക്രിസ്തീയമായും സഭാപാരമ്പര്യങ്ങൾക്കനുസൃതമായുമുള്ള ഒരൊത്തുതീർപ്പിലും എല്ലാവർക്കും വിജയം ആശംസിക്കണമല്ലോ.

(*മലയാള മനോരമ* ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്. 1980 ജൂൺ.)